
# ഏഷ്യയിലെ മാർത്തോമ്മാസഭകൾ



ശ്രീലങ്കയിലെ അനുരാധപുരം കുരിശ്
(A. D. 3–ാം നൂററാണ്ട്)

റവ. ഡോ. എൻ. എ. തോമസ് നങ്ങച്ചിവീട്ടിൽ

www.malankaralibrary.com

# ഏഷ്യയിലെ
# മാർത്തോമ്മാസഭകൾ

(വാല്യം രണ്ട്)

ഗ്രന്ഥകർത്താ:

റവ. ഡോ. N. A. തോമസ് നങ്ങച്ചിവീട്ടിൽ
(Retd. പ്രിൻസിപ്പൽ)

1985

www.malankaralibrary.com

*Malayalam*

**ASIAYILE MARTHOMMA SABHAKAL Vol. II**

**(Church History)**

Author:

**Rev. Dr. N. A. Thomas M. A. Ph. D. (Econ)**
**Nangachiveettil**
(Retd. Principal)

First Published - April 1985

Printed at
Mar Mathews Press
Muvattupuzha - 686 661

Price : Rs. 80.00

Copy right and translations reserved by the author

Published by the Author
Jaya Matha Bhavan
1 Law College Road
Trivandrum - 33

www.malankaralibrary.com

# ഏഷ്യയിലെ മാർത്തോമ്മാസഭകൾ

## ഒന്നും രണ്ടും വാല്യങ്ങൾ

1500-ൽപരം പേയ്ജുകളുള്ള ഈ രണ്ടു വാല്യങ്ങളും റിട്ട. പ്രിൻസിപ്പൽ റവ. ഡോ. എൻ. എ. തോമസ് നങ്ങച്ചിവീട്ടിലിൻെറ ഒരു വ്യാഴവട്ടക്കാലത്തെ ഗവേഷണതപസ്യയുടെ ഫലമാണ്. ആദ്യവാല്യം മാർത്തോമ്മാശ്ലീഹായുടെ ഇൻഡ്യൻ പ്രവേശനത്തിൻെറ പശ്ചാത്തലഘട്ടം മുതൽ പോർച്ചുഗീസുകാരുടെ വരവുവരെയും രണ്ടാം വാല്യം പോർച്ചുഗീസുകാരുടെ വരവുമുതൽ ഏതാണ്ട് ഇന്നോളമാണ്.

## ഒന്നാം വാല്യം

ഒന്നാം വാല്യം 1982 ജൂലൈ 4-ാംനു- തിരുവനന്തപുരത്തു് V. J. T. ഹാളിൽവച്ച് തിരുവനന്തപുരം മെത്രാപ്പോലീത്താ ബനഡിക്ട് മാർ ഗ്രിഗോരിയോസ് തിരുമേനിയുടെ അദ്ധ്യക്ഷതയിൽക്കൂടിയ യോഗത്തിൽ, കേരള മുഖ്യമന്ത്രി ശ്രീ. കെ. കരുണാകരൻ ശ്രീ. M. K. ജോസഫിനു (Director General of Police) അതിൻെറ ഒരു പ്രതി നല്കിക്കൊണ്ട് പ്രകാശനം ചെയ്തു. തദവസരത്തിൽ ബ. മന്ത്രി പി. ജെ. ജോസഫ്, ശ്രീമാന്മാരായ ശൂരനാട്ടു കുഞ്ഞൻപിള്ള, ബാബു പോൾ മുതലായവർ ആശംസാപ്രസംഗങ്ങൾ നടത്തി. കേരളകത്തോലിക്കകോൺഗ്രസ്സിൻെറ 1984-ലെ വാഷികത്തിൽ, കേരള ഗവർണർ ബ. പി. രാമചന്ദ്രൻ ഈ പുസ്തകത്തിനു അവാർഡ് നല്കി. വേറെ സ്വർണ്ണമെഡലുകളും പ്രശംസാപത്രങ്ങളും ഈ ഗ്രന്ഥത്തിനു ലഭിച്ചിട്ടുണ്ട്.

''....... ഒരു പുരുഷായുസ്സിനു തൻെറ സമുദായത്തിനു നല്കാവുന്ന വലിയ സംഭാവനയാണ് ഫാ. തോമസ് നല്കുന്നതു്''.

ദീപിക, 1982 മേയ് 16.

''........ മാർത്തോമ്മായുടെ പ്രേക്ഷിതവൃത്തിയെക്കുറിച്ച് നിലവിലുള്ള പാരമ്പര്യങ്ങൾ വിശ്വാസയോഗ്യമാണെന്ന് ചർച്ചചെയ്ത് ഗ്രന്ഥകാരൻ സ്ഥാപിച്ചിട്ടുണ്ട്. ചുരുക്കി പറഞ്ഞാൽ, ഈ ചരിത്രഗ്രന്ഥം അത്യന്തം സ്തുത്യർഹമായ ഒരു കൃതിതന്നെയാണ്''.

മലയാള മനോരമ, 1982 മേയ് 23

www.malankaralibrary.com


# ഒന്നാം വാല്യം

പാലസ്തീനായിൽ ആരംഭിച്ച ക്രിസ്തുമതം കിഴക്കോട്ടും പടിഞ്ഞാറോട്ടും വ്യാപിച്ചു. കിഴക്കോട്ട്, ഏഷ്യയുടെ എല്ലാ ഭാഗങ്ങളിലും വ്യാപിച്ച ക്രിസ്തുമതത്തിന്റെ ഉത്ഭവവും വളർച്ചയും തളർച്ചയുമാണ് ഈ ഗ്രന്ഥത്തിന്റെ ആകെ കൂടിയുള്ള പ്രതിപാദനം. ഏഷ്യയിലെ ഈ മഹാ വിശാല സഭ മാർത്തോമ്മാ അപ്പസ്തോലന്റെയും അദ്ദേഹത്തിന്റെ പിൻഗാമികളുടെയും പ്രവർത്തനഫലമായിട്ടാണ് പ്രചരിച്ചത്. ഏഷ്യയിൽ ക്രിസ്തുവിനു മുമ്പുള്ള മതങ്ങളുടെയും സംസ്ക്കാരങ്ങളുടെയും പശ്ചാത്തലം അവതരിപ്പിച്ചുകൊണ്ട്, ഗ്രന്ഥകാരൻ ഏഷ്യൻ ക്രിസ്തുമതത്തെപ്പററി ചർച്ചചെയ്യുന്നു. ഏഷ്യൻക്രിസ്തുമതചരിത്രം ശരിയായി പറഞ്ഞാൽ സുറിയാനിസഭയുടെ ചരിത്രമാണ്. മംഗോളിയാ, ചൈനാ, മദ്ധ്യേഷ്യാ, ടിബററ്, പേർഷ്യാ, ബാബിലോൺ, ഇന്ത്യാ, അറേബ്യാ എന്നീ സ്ഥലങ്ങളിൽ മാർത്തോമ്മാ സഭകൾ, പ്രബലമായിരുന്നുവെന്ന് ഗ്രന്ഥകാരൻ തെളിവുകൾ സഹിതം സ്ഥാപിക്കുന്നു. 27 മെത്രാപ്പോലീത്തമാരും (ദേശീയസഭാദ്ധ്യക്ഷന്മാർ) 200-ൽ പരം മെത്രാന്മാരും ഉണ്ടായിരുന്ന സഭയാണതെന്ന് ചരിത്രകാരന്മാർ പറയുന്നു.

ഒന്നാം നൂററാണ്ടിൽ ദക്ഷിണേഷ്യയും പാശ്ചാത്യരാജ്യങ്ങളുമായിട്ടുള്ള വാണിജ്യബന്ധങ്ങൾ, ചരിത്രപരമായ തെളിവുകൾകൊണ്ടു സ്ഥാപിച്ചശേഷം, മാർത്തോമ്മാശ്ലീഹായുടെ ഇന്ത്യയിലേക്കുള്ള വരവ് അനിവാര്യമായ ഒരു വസ്തുതയായിട്ട് അദ്ദേഹം സ്ഥാപിക്കുന്നു. അന്നത്തെ സാഹചര്യങ്ങളിൽ മാർത്തോമ്മാശ്ലീഹായ്ക്ക് ഇന്ത്യയിൽ വരാതിരിക്കുവാൻ നിർവ്വാഹമില്ലായിരുന്നുവെന്നാണ് ഗ്രന്ഥകർത്താവ് സമർത്ഥിക്കുന്നത്, സാന്ദർഭികമായി, പാരമ്പര്യത്തേയും അവയുടെ ഘടകങ്ങളേയും ശാസ്ത്രീയമായി അപഗ്രഥനം ചെയ്തശേഷം, കേരളത്തിലെ മാർത്തോമ്മാ പാരമ്പര്യം വിശ്വാസയോഗ്യമാണെന്ന് അദ്ദേഹം ബോദ്ധ്യപ്പെടുത്തുന്നു. മാർത്തോമ്മാശ്ലീഹാ നേരിട്ട് സ്ഥാപിച്ചുവെന്ന് ഗ്രന്ഥകർത്താവ് തെളിവുകളോടുകൂടി അവകാശപ്പെടുന്ന സ്ഥലങ്ങൾ സൊക്കോട്രാ, പഞ്ചാബ് – സിന്ധ്, ഇന്ത്യൻ ഉപദ്വീപിന്റെ തീരപ്രദേശങ്ങൾ, സിലോൺ, ദക്ഷിണ ചൈന എന്നിവയാണ്. അനന്തരം അദ്ദേഹം നൂററാണ്ടുകൾ തിരിച്ചുള്ള ഭാരത ക്രൈസ്തവസഭാചരിത്രം, കിട്ടിയിട്ടുള്ള തെളിവുകളെ ആധാരമാക്കി വിവരിക്കുന്നു. ഇത്രയുമാണ് ഒന്നാം വാല്യത്തിന്റെ ഉള്ളടക്കം.


ജയമാതാ പബ്ളിക്കേഷൻസ്
ലോകോളേജ് റോഡ്,
തിരുവനന്തപുരം—33

www.malankaralibrary.com



ശ്രീലങ്കയിലെ അനുരാധപുരം
കുരിശ്
(A. D. 3–ാം നൂററാണ്ട്)

www.malankaralibrary.com



ശ്രീലങ്കയിലെ മാർത്തോമ്മാക്രിസ്ത്യൻ
രാജാവായ മുഗലാനയുടെ നാണയം
(A. D. 5–ാം നൂററാണ്ടു്)

www.malankaralibrary.com

# I മുഖചിത്രം

ഈ മുഖചിത്രത്തിനു് ഒരു ചരിത്രമുണ്ടു്. അതു് ഈ വാല്യത്തിന്റേതായതിനും ഒരു ചരിത്രമുണ്ടു്. ദക്ഷിണേഷ്യയിൽ, പ്രത്യേകിച്ചും തെക്കേഇന്ത്യയിൽനിന്നും കിട്ടിയിട്ടുള്ള മാർത്തോമ്മാ കുരിശുകളിൽ ഏററവും പുരാതനമായതാണു് ശ്രീലങ്കയുടെ പഴയ തലസ്ഥാനമായ അനുരാധപുരത്തുനിന്നും കിട്ടിയിട്ടുള്ള ഈ കുരിശു്, അനുരാധപുരം കുരിശെന്നാണു് അതിന്റെ പേരുതന്നെ. അതു് തെക്കേ ഇന്ത്യയ്ക്കും തെക്കുള്ള ശ്രീലങ്കയിൽനിന്നും കണ്ടെടുത്തിട്ടുള്ളതുതന്നെ വളരെ അർത്ഥവത്താണു്. മാർത്തോമ്മാശ്ലീഹാ ശ്രീലങ്കയിൽ പോയിട്ടുണ്ടെന്നു് വിശ്വസിക്കുവാൻ നിർബന്ധിക്കുന്ന ന്യായങ്ങളെപ്പററി ഈ ഗ്രന്ഥത്തിന്റെ ഒന്നാം വാല്യം 261 മുതൽ 265 വരെ പുറങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ടു്. അതിൽ അനുരാധപുരം (അനിരുദ്ധപുരം) കുരിശിനെപ്പററിയും പരാമർശിച്ചിട്ടുണ്ടു്. കേരളത്തിലും മൈലാപ്പൂരിലും ഉള്ള കുരിശുകളെക്കാൾ രണ്ടോമൂന്നോ ശതാബ്ദങ്ങളുടെ പഴക്കം ഈ കുരിശിനുണ്ടെന്നുള്ള ഫാ. ഹോസ്റ്റന്റെ അഭിപ്രായവും ഉദ്ധരിച്ചിട്ടുണ്ടു്. അനുരാധപുരം കുരിശു് പല്ലവി കുരിശുകളുടെ ആദിരൂപമായി തോന്നത്തക്കവിധം അത്ര കേവലവും ലളിതവും ആയിരിക്കുന്നതു് ഫാ. ഹോസ്റ്റന്റെ അഭിപ്രായത്തെ ന്യായീകരിക്കുന്ന വസ്തുതയാണു്.

വളരെ പ്രധാനമായ മറെറാരു ചരിത്രവസ്തുത ഇവിടെ സംഗതമായിത്തീരുന്നു, അതായതു് അന്താരാഷ്ട്ര വാണിജ്യത്തിൽ ബാബിലോൺ ഉൾപ്പെട്ടുന്ന പെർഷ്യായും പൗരസ്ത്യ വാണിജ്യത്തിൽ ശ്രീലങ്കയും ഉണ്ടായിരുന്ന കേന്ദ്രസ്ഥാനങ്ങൾ. തന്മൂലം, അവ പരസ്പരം ബന്ധപ്പെട്ടിരുന്നെന്നു പറയാം. ശ്രീലങ്കയിൽ കൈമാറിയ ചൈനയുടേയും മററും ഉല്പന്നങ്ങൾ, ബാബിലോണിയായിൽ (യൂഫ്രറീസു്, ടൈഗ്രീസ് നദീതുറമുഖങ്ങൾ) കൊണ്ടുചെന്നിട്ടു്, കരമാർഗ്ഗം കിഴക്കേമെഡിററേനിയൻ തുറമുഖങ്ങളിൽ എത്തിക്കുകയും, അവിടെനിന്നു് കപ്പൽ മാർഗ്ഗം യൂറോപ്പിലേയും ഈജിപ്‌ററിലേയും തുറമുഖങ്ങളിൽ ചെന്നുചേരുകയും ആയിരുന്നു

www.malankaralibrary.com

പതിവ്. പല നൂററാണ്ടുകളായി പാശ്ചാത്യപൌരസ്ത്യവാണിജ്യത്തിൻെറ കുത്തകപിടിച്ചിരുന്ന അറബികളെ പിൻതള്ളുന്ന ഘട്ടമായിരുന്നെന്നു് ശ്രീലങ്കയുടെ ഏററവും പ്രമുഖചരിത്രകാരനായ J. E. Tennent പറയുന്നു[1]. വാണിജ്യമാർഗ്ഗങ്ങളിലൂടെയാണല്ലോ മതപ്രചാരകരും സഞ്ചരിച്ചിരുന്നതു്. മാർത്തോമ്മാശ്ലീഹായുടെ പ്രേഷിതപര്യടനവും കച്ചവടക്കപ്പലുകൾവഴിയായിരുന്നു. കന്യാകുമാരിയിലും മൈലാപ്പൂരും എത്തിയ മാർ തോമ്മാശ്ലീഹാക്കു് ആഴവും വീതിയും ($21\frac{1}{2}$ മൈൽ) കുറഞ്ഞു്, നാവികൾക്കു് ഒരു തോടുപോലെ തോന്നിക്കുന്ന പാക്കു് ഉൾക്കടൽ കടക്കുവാൻ കഴിഞ്ഞില്ലെന്നോ, വാണിജ്യകേന്ദ്രമായ ശ്രീലങ്കയിൽ ആ പ്രേഷിതവര്യൻ പോയിട്ടില്ലെന്നോ വിചാരിക്കുവാൻ യാതൊരു ന്യായവും കാണുന്നില്ല. മറിച്ചു്, സിലോണിലെ പ്രേഷിതപര്യടനം ശ്ലീഹാക്കു് അനിവാര്യമായിരുന്നെന്നു വേണം കരുതുവാൻ. മാർത്തോമ്മാശ്ലീഹാക്കുശേഷം ശ്രീലങ്കയിൽ എത്തിയിരുന്ന അനവധി പേർഷ്യൻ കച്ചവടക്കാരുടെ കൂട്ടത്തിൽ മാർ അദ്ദായിയുടേയും മാർ മാരിയുടേയും ആത്മീയ പുത്രന്മാർ ഉണ്ടായിരുന്നെന്നു വിചാരിക്കുവാൻ ന്യായം കാണുന്നുണ്ടു്. അതിൻെറ കാരണം, ചരിത്രരേഖകൾ അങ്ങോട്ടു വിരൽ ചൂണ്ടുന്നുണ്ടെന്നുള്ളതുതന്നെ.

ഉത്തരലങ്കയുടെ മദ്ധ്യഭാഗത്താണു് അനുരാധപുരം. ഈ ഗ്രന്ഥകർത്താവിനു് അനുരാധപുരം കുരിശു് നേരിട്ടു് കണ്ടു് പഠിക്കുവാനും തത്സംബന്ധമായി ശ്രീലങ്കയിലുള്ള രേഖകൾ പരിശോധിക്കുവാനും അതിയായ ആഗ്രഹമുണ്ടായിരുന്നു. അതനുസരിച്ചു് യാത്രയ്ക്കുവേണ്ട എല്ലാ ഒരുക്കങ്ങളും ചെയ്തു. എന്നാൽ അവസാനനിമിഷത്തിൽ, വാർദ്ധക്യവും ഹൃദ്രോഗവും പരിഗണിച്ചു് ഡാക്ടർമാർ അതിനെ ''വീറേറാ'' ചെയ്തു് യാത്ര മുടക്കി. അപ്പോൾ സഹായത്തിനോടിയെത്തിയ സുഹൃത്തും ചരിത്രഗവേഷകനുമാണു്, ഫ്രാൻസിസ്കൻ സഹോദരസഭയിലെ (C.M.S.F.) ബ്ര. മാർട്ടിൻ പാമ്പൂരിക്കൽ. അദ്ദേഹം അടുത്തകാലത്തു പ്രസിദ്ധീകരിച്ച ഭഗവദ്ഗീതയെപ്പററിയുള്ള നിരൂപണപഠനം (critical study) പണ്ഡിതന്മാരുടെ അഭിനന്ദനങ്ങൾക്ക പാത്രീഭവിച്ചിട്ടുള്ളതാണു്. അദ്ദേഹം അനുരാധപുരത്തു പോകുകയും കുരിശിൻെറ പടവും

1. J. E. Tennent, Ceylon, Vol I, 1860, P. 564

www.malankaralibrary.com

വിലയേറിയ വിവരങ്ങളും അയച്ചുതരുകയും ചെയ്തതു് കൃതജ്ഞതയോടെ സ്മരിക്കുന്നു.

മാർത്തോമ്മാശ്ലീഹാശ്ലേഷം, ശ്രീലങ്കയിലെ ക്രൈസ്തവ സഭയെപ്പററിയുള്ള ആദ്യവിവരം നല്കുന്നതു് സുഡോക് (Zudoc) എന്ന പെർഷ്യൻ സഞ്ചാരിയാണു്.[2] അദ്ദേഹത്തിനു ശേഷമാണു്, അലക്സാണ്ഡ്രിയാക്കാരനും ഗ്രീക്കുവംശജനും പൌരസ്ത്യസുറിയാനിസഭാംഗവുമായ ''ഇൻഡ്യൻ സഞ്ചാരി''യെന്നറിയപ്പെടുന്ന കോസ്മസ് ഇൻഡിക്കോപ്ലെയുസ്റ്റസ് (Cosmos Indicopleustes) ശ്രീലങ്കയിലെത്തുന്നതു്. ഇദ്ദേഹം നെസ്തോറിയനായിരുന്നെന്നു് ഫ്രെഞ്ചുചരിത്രകാരനായ ലാ ക്രോസ് (La Croze) പറയുന്നു. എന്നാൽ കോസ്മസിൻെറ ഗ്രന്ഥത്തിൽ ക്രിസ്തുനാഥൻെറ അമ്മയായ കന്യകാമറിയത്തെ പ്പററി "ദൈവമാതാവു്'' (Theotokos) എന്നു പറയുന്നതു കൊണ്ടു് ആ ആരോപണം ശരിയല്ല. കോസ്മസിൻെറ യാത്രാവിവരണം പഠിച്ചിട്ടുള്ള പണ്ഡിതന്മാരുടെ അഭിപ്രായത്തിൽ അദ്ദേഹം ''ഒരു സൂക്ഷ്മനിരീക്ഷകനും കുശാഗ്രബുദ്ധിയും അതീവ ജിജ്ഞാസുവും'' ആണു്. സഞ്ചാരകാലത്തു് അദ്ദേഹം ഒരു കച്ചവടക്കാരനായിരുന്നെങ്കിലും, പിന്നീടു് അദ്ദേഹം സുറിയാനിസഭയിലെ ഒരു സന്ന്യാസാംഗമായി. തൻെറ സന്ന്യാസാശ്രമത്തിൽവച്ചു്, എ. ഡി. 547-ൽ എഴുതിയതാണു് ഈ ഗ്രന്ഥം.

അദ്ദേഹം പറയുന്നതു് "ഇൻഡ്യയുടെ അങ്ങേ അററത്തു്, ഇൻഡ്യൻസമുദ്രത്തിലുള്ള 'തപ്രൊബാനാ' ദ്വീപിലും ക്രിസ്ത്യാനികളുടെ ഒരു ദൈവാലയവും വിശ്വാസികളുടെ ഒരു സമൂഹവും വൈദികരുമുണ്ടെന്നാണു്. ഈ സ്ഥലത്തിൻെറ അപ്പുറത്തും ക്രിസ്ത്യാനികളുണ്ടോ എന്നറിഞ്ഞുകൂടാ. മലൈ എന്നു വിളിക്കപ്പെടുന്ന കുരുമുളകു വിളയുന്ന നാട്ടിലും ഒരു ക്രൈസ്തവ സഭയുണ്ടു്''[3]. ഗ്രീക്കുകാരും റോമ്മാക്കാരും 'തപ്രൊബാനാ' എന്നാണു് ശ്രീലങ്കയെ വിളിച്ചിരുന്നതു്. തപ്രൊബാനാ, താമ്രവർണ്ണിയുടെ തത്ഭവമാണു്: അർത്ഥം: ചെമ്മണ്ണു്.

കോസ്മസ് ശ്രീലങ്കയെപ്പററി വീണ്ടും പറയുന്നു "ശ്രീലങ്കയിൽ സ്ഥിരതാമസമാക്കിയ പെർഷ്യൻ ക്രിസ്ത്യാനികൾക്കു്

2. Quintus Fernando, Messenger, 11th July 1982, Pg. 5
3. Christian Topography of Cosmos, translated by J. W.McCrindle, 1897, Book III, Pg 118-119.

www.malankaralibrary.com

ഒരു സഭയും പെഷ്യയിൽനിന്നും നിയമിക്കപ്പെടുന്ന ഒരു വൈദികനും ഡീക്കനും സമ്പൂർണ്ണമായ ഒരു ആരാധനാക്രമവും ("a complete ecclesiastical ritual") ഉണ്ടെന്നും[4]. പൌരസ്ത്യസുറിയാനിസഭയുടെ ആരാധനക്രമത്തെപ്പററി താല്പര്യവും നല്ല അറിവും ഉള്ള ഒരാൾക്കേ അതിൻെറ സംപൂർണ്ണതയെപ്പററി എടുത്തുപറയാനാവൂ. ഗ്രീക്കുമൂലത്തിൽ, "Kai Passan Ekkleasten Leitorvgian" എന്നാണു് കാണുന്നതു്. 'Passan' എന്ന വാക്കിനു് സംപൂർണ്ണമായതു്, മുഴവനായതു് എന്നാണത്ഥം. മതഭക്തനായ കോസ്മോസ് ശ്രീലങ്കയുടെ തീരത്തിറങ്ങി കടൽക്കരയിലെ സുറിയാനിപ്പള്ളിയിൽ കുർബ്ബാനയിൽ പങ്കുകൊണ്ടിരിക്കും. കുർബ്ബാനയിലെ മൂന്നു അനാഫറകളായിരിക്കുമോ അതിനെ സംപൂർണ്ണമായ ആരാധനാക്രമം എന്നു വിശേഷിപ്പിക്കുവാൻ ഇടയാക്കിയതു്? ഒരു കാര്യം ഏതാണ്ടു തീർച്ചയായിട്ടു പറയാം: കോസ്മോസ് ആറാം നൂററാണ്ടിൽ ശ്രീലങ്കയിലെ സുറിയാനിപ്പള്ളിയിൽ കണ്ട കുർബ്ബാനയും ഇന്നു് കേരളസഭയിലെ പുനരുദ്ധരിക്കപ്പെട്ട സീറോ–മലബാർ കുർബ്ബാനയും ഒന്നുതന്നെ ആയിരിക്കണം. സഭയുടെ പുരാതനത്വത്തിനുമാത്രമല്ല, അതിൻെറ ദേശീയതത്വത്തിനും അതൊരു സാക്ഷിയാണു്.

തലസ്ഥാനത്തോ അതിൻെറ പ്രാന്തങ്ങളിലോ വാണിജ്യകേന്ദ്രങ്ങൾ ഉണ്ടാകുക സ്വാഭാവികവും സംഗതവുമാണു് ശ്രീലങ്കക്കു് ഒരു തൊട്ടുകുറിപോലെയാണു് അതിൻെറ പുരാതന തലസ്ഥാനമായ അനുരാധപുരം. അവിടെ വിലയേറിയതും കൗതുകകരവും ആയ വിദേശസാധനങ്ങൾക്കു് നല്ല ചെലവാണു്. ധനസമൃദ്ധിയിലും ആഡംബരത്തിലും കഴിയുന്നവരെ ധാരാളമായി കാണുന്നതു് തലസ്ഥാനനഗരങ്ങളിലാണു്. വിദേശികൾ ശ്രീലങ്കയിൽവന്നു് കച്ചവടം നടത്തിയെന്നല്ലാതെ ശ്രീലങ്കാക്കാർ വിദേശങ്ങളിൽ പോയി കച്ചവടം നടത്തിയതായി ചരിത്രത്തിൽ കാണുന്നില്ല. വിയപ്പ്ണിയുന്ന പണികൾക്കു് ശ്രീലങ്കാക്കാർ തീത്തും വിമുഖരായിരുന്നെന്നു ചരിത്രകാരനായ ടെന്നെൻറു പറയുന്നു. ശ്രീലങ്ക ഒരു ദ്വീപായിട്ടുപോലും ''ജലവാഹനങ്ങൾ ഉണ്ടാക്കുവാൻ ശ്രീലങ്കാക്കാർ പഠിച്ചതു് മലബാർകാരിൽനിന്നാണെ''ന്നും അദ്ദേഹം പറയുന്നുണ്ടു്[5]. ശ്രീലങ്കാക്കാർക്കുണ്ടായിരുന്നതു് ചെ

---

4. Ibid, Book XI, P. 365.
5. Tennent, Vol. I P. 441.

www.malankaralibrary.com

റിയ തോണികളാണ്. അവർ അതിനെ വിളിച്ചിരുന്നത് ''ബള്ളം'' എന്നാണ്6.

അനുരാധപുരം ശ്രീലങ്കയിലെ ബുദ്ധമതകേന്ദ്രവുമായിരുന്നു. ലോകമതങ്ങളിലെല്ലാം മരത്തിന് ഒരു വലിയ സ്ഥാനമുണ്ട്. ക്രിസ്തുമതത്തിൽ, മനുഷ്യന്റെ വീഴ്ച ഒരു മരത്തോടുകൂടി ആണെങ്കിൽ അവന്റെ ഉയിപ്പ് വെട്ടിമുറിച്ച ഒരു മരത്തോടുകൂടിയാണ്. പുരാതന മതങ്ങൾക്കെല്ലാം പുണ്യവൃക്ഷങ്ങളുണ്ടായിരുന്നു. ഗ്രീക്കുകാർക്കും റോമ്മാക്കാർക്കും കൽദായക്കാർക്കും ഹിന്ദുക്കൾക്കും ബുദ്ധമതസ്ഥർക്കും ഡ്രൂയിഡ്സിനും (Druids) അവർ വന്ദിക്കുകയും പൂജിക്കുകയും ചെയ്യുന്ന പ്രത്യേക വൃക്ഷങ്ങളുണ്ട്. ഗൗതമന് ബോധോദയം ഉണ്ടായതും ശ്രീബുദ്ധനായതും ബോധിമരത്തിന്റെ ചുവട്ടിൽവച്ചാണല്ലോ. ആ മരത്തിന്റെ ഒരു ശാഖ ശ്രീലങ്കയിലെ രാജാവായ ദേവനമ്പി തീസ്സായുടെ അപേക്ഷയനുസരിച്ച് അശോകചക്രവർത്തി തന്റെ മകൻ മഹിന്ദായുടേയും മകൾ സംഘമുത്തുവിന്റെയും കൈവശം ശ്രീലങ്കയിലേല്ക്കു കൊടുത്തയച്ചു. ആ ശാഖയിൽ നിന്നും വികസിച്ച മരമാണ് ഇന്നും അനുരാധപുരത്തു പൂജിക്കുന്നതെന്ന് ജനങ്ങൾ വിശ്വസിക്കുന്നു.

അനുരാധപുരത്തെ പുണ്യസ്ഥലമാക്കിയ മറ്റൊന്ന് ശ്രീബുദ്ധന്റെ ഒരു പല്ലാണ്. ഇപ്പോൾ അതു് കാൻഡിയിൽ സൂക്ഷിക്കപ്പെടുന്നു. ശ്രീലങ്കാരാജകുടുംബത്തിൽ വിവാഹിതയായ കലിംഗയിലെ ഒരു രാജകുമാരി എ. ഡി. 311-ൽ തന്റെ തലമുടിക്കെട്ടിൽ ഉടക്കിമറച്ചുവെച്ചുകൊണ്ടു പോന്നതാണ് ശ്രീബുദ്ധന്റെ ഇടത്തുവശത്തെ ഈ പല്ല്7 ബുദ്ധമതസ്ഥർക്ക്ഇതു് ആരാദ്ധ്യമായ പുണ്യാവശിഷ്ടമാണ്.

ശ്രീലങ്കയുടെ തലസ്ഥാനമായതുകൊണ്ടും ബുദ്ധമതസ്ഥരുടെ തീർത്ഥാടനകേന്ദ്രമായതുകൊണ്ടും, അനുരാധപുരം ലക്ഷക്കണക്കിനു ആളുകളെ ആകർഷിച്ചിരുന്നു. ഈ തലസ്ഥാനത്തു് 113 രാജാക്കന്മാർ ഭരിച്ചിരുന്നു. സ്വാഭാവികമായും വിദേശവണിക്കുകളുടെ വിഹാരരംഗമായിരുന്നു അതു്. അവരിൽകൂടുതലും പേർഷ്യൻ ക്രിസ്ത്യാനികളായിരുന്നു. കച്ചവടത്തിനു മാത്രമല്ല അവർ വന്നതു്, സ്വന്തനാടുപേക്ഷിച്ചുവന്ന അവർക്കു മറ്റൊരു നാട് സ്വന്തമാക്കേണ്ടിയിരുന്നു. ശ്രീല

6. Ibid.
7. Tennent J. E., Ceylon, 1860, P. 387

www.malankaralibrary.com

കയുടെ ഫലഭൂയിഷ്ഠമായ മണ്ണും വിളകളും ശ്രീലങ്കയിലെ സൗമ്യരും ശാന്തരും ആയ ജനങ്ങളും ശ്രീലങ്കയിൽ താമസി ക്കുവാൻ പെർഷ്യൻ ക്രിസ്ത്യാനികളെ പ്രേരിപ്പിച്ചു. കൂടാ തെയും A. D. 150–ൽ അലക്സാണ്ട്രിയായിൽ ഉണ്ടായിരുന്ന ടോളമി എന്ന ചരിത്രകാരൻ "Anugramum regio" എന്നു പറ യത്തക്കവിധം അനുരാധപുരം ലോകപ്രസിദ്ധമായിരുന്നു[8]. ക്രിസ്താബ്ദത്തിന്റെ ആദ്യശതകങ്ങളിൽ മതപീഡനംമൂലം നാടു വിട്ടുപോന്ന പെർഷ്യൻ ക്രിസ്ത്യാനികൾക്കു ശ്രീലങ്ക പോലെ അനുയോജ്യവും സുഖപ്രദവും ആയ മറെറാരഭയസ ങ്കേതം കണ്ടെത്തുവാൻ കഴിഞ്ഞില്ല.

മഹാനാമ പാലി ഭാഷയിൽ എഴുതിയ മഹാവംശം ആണു് ശ്രീലങ്കയിലെ ഏററവും പുരാതനവും പൂജ്യവും പ്രാമാ ണികവും ആയ ഗ്രന്ഥം. അതിനെ ശ്രീലങ്കയുടെ ബൈബിൾ എന്നാണു് വിളിക്കുന്നതു്. എഴുതിയ കാലം എ.ഡി. 459–നും 478–നും മദ്ധ്യേ ആണെന്നു ടെന്നൻറു് പറയുന്നു[9]. ഇതു ശരി യാണെങ്കിൽ മഹാവംശ കർത്താവു് ധാതുസേന രാജാവിന്റെ പിതൃസഹോദരനാകാൻ വഴിയില്ല. അദ്ദേഹത്തിന്റെ സഹോ ദരി സംഘരാജകുമാരിയുടെ പൌത്രനായിരിക്കാനാണു് ഇട യുള്ളതു്. അയാൾ ഒരു മാർത്തോമ്മാ ക്രിസ്ത്യാനിയായിരുന്നു. അഞ്ചാംനൂററാണ്ടിലെ മഹാവംശം നാലാംനൂററാണ്ടിലെ ദ്വീപവംശം എന്ന അപൂർണ്ണമായ പ്രാഥമികക്കുറിപ്പുകളുടെ വികസിച്ചതും പൂർണ്ണമായതും ആയ രൂപമായതുകൊണ്ടു് ധാതു സേനയുടെ പിതൃസഹോദരനായി അറിയപ്പെടുന്ന മഹാനാമ ദ്വീപവംശത്തിന്റെ കർത്താവായിരിക്കാം. എ. ഡി. 459 മുതൽ 478വരെയുള്ള കാലം ധാതുസേനയുടെ പിതൃസഹോദ രന്റെ തലമുറയുടേതാകാൻ വഴിയില്ല.

മഹാവംശത്തിൽ ശ്രീലങ്കയുടെ ബുദ്ധമതത്തിന്റെയും രാജവംശങ്ങളുടേയും ചരിത്രമാണു് ഉള്ളടക്കം. അതിനാൽ അനുരാധപുരം രാജധാനിയെപ്പററി പ്രസ്താവിക്കുമ്പോൾ ''യവനസഭാഗാവട്ടു'' എന്നൊരു പദമുണ്ടു്. അതിന്റെ അർത്ഥം വിദേശിയരുടെ വിഹാരരംഗം, അഥവാ സമ്മേളന സ്ഥലം, കോളനി എന്നൊക്കെയാണു്. യവനർ എന്ന പദം ആദ്യം ഗ്രീക്കുകാരെ ഉദ്ദേശിച്ചുണ്ടായതാണെങ്കിലും അനന്തരം

8. Willians Harry, Ceylon, the Peard of the East, 1953, P. 58

9. Tennent. Vol I, P 617

www.malankaralibrary.com

വിദേശിയരുടെ പൊതുവായ പേരായിത്തീൻ. ജോനകർ അതിൻെറ തത്ഭവമാണ്. 'ജെ'ക്ക് (J) ഗ്രീക്കിലും ലത്തീനിലും 'യ'യുടെ ശബ്ദമുണ്ടാകാറുണ്ട്. Jesu, യേശു ആകുമല്ലോ. വിദേശികളുടെ കോളനികളെപ്പററിയുള്ള പരാമശം അഞ്ചാംനൂററാണ്ടിലെ ഗ്രന്ഥത്തിലാണെങ്കിലും കോളനികഠം ഉണ്ടായതു് അതിനു് എത്രയോ ശതവർഷങ്ങഠംക്കു മുമ്പായിരിക്കണം. വിദേശികഠം ധാരാളമായി ശ്രീലങ്കയിൽ കച്ചവടം തുടങ്ങിയ കാലംമുതൽതന്നെ എന്നു പറയാം.

ബി. സി അഞ്ചാംനൂററാണ്ടു മുതൽ ഏ. ഡി. അഞ്ചാംനൂററാണ്ടുവരെ അനുരാധപുരമായിരുന്നു ശ്രീലങ്കയുടെ തലസ്ഥാനനഗരം. എന്നാൽ ''മലബാർകാർ'' എന്നു ശ്രീലങ്കയുടെ ചരിത്രങ്ങളിലെല്ലാം അറിയപ്പെടുന്ന ദക്ഷിണേന്ത്യർ അനുരാധപുരം ആക്രമിച്ചുകൊള്ളയിടുകയും ഒരു ശതാബ്ദത്തോളം തുടർച്ചയായി ശ്രീലങ്കയിൽ രാജ്യഭരണം നടത്തുകയും ഉണ്ടായിട്ടുണ്ടു്. ഇടവിട്ടുള്ള ആക്രമണങ്ങളും ഭരണവും മററു കാലങ്ങളിലും ചോള, പാണ്ഡ്യ, കലിംഗ രാജാക്കന്മാരിൽനിന്നുമുണ്ടായിട്ടുണ്ടു്. ഇക്കാലത്താണ്, ദക്ഷിണേന്ത്യർ സിംഹളരുമായി മിശ്രവിവാഹം നടത്തുകയും ശ്രീലങ്കയിൽ ധാരാളമായി കുടിയേറിപ്പാർക്കുകയും ചെയ്തതു്. ഇന്നത്തെ തമിഴ് സിംഹള വഴക്കിൻെറ ഉത്ഭവംതന്നെ ഇവിടെ നിന്നാണ്.

ദക്ഷിണേന്ത്യൻ ആക്രമണങ്ങഠംക്കു് ''മലബാർ ആക്രമണങ്ങഠം'' എന്നു പേരുണ്ടായതു് പ്രത്യേകം ശ്രദ്ധാർഹമാണ്. അതിനു രണ്ടു കാരണം ഉണ്ടാവാം. ഒന്നു്, കടൽ മാർഗ്ഗമായുള്ള ഈ ആക്രമണം ആരംഭിച്ചതു് കേരളീയരായിരിക്കാം. അതിനും രണ്ടു കാരണം പറയുവാനുണ്ടു്. സഹ്യൻെറ ഭിത്തികളാൽ ദക്ഷിണേന്ത്യയുടെ ഇതരഭാഗങ്ങളിൽനിന്നും വേർതിരിക്കപ്പെട്ടതായതുകൊണ്ടും വിദേശവാണിജ്യത്തിൽ മുൻപന്തിയിൽ നിന്നിരുന്നതുകൊണ്ടും കേരളീയക്കു് സമുദ്രവാഹനങ്ങളുടെ ആവശ്യം കൂടുതലായുണ്ടായി. രണ്ടാമത്തെ കാരണം അപ്പപ്പോഴുള്ള പെർഷ്യൻ ക്രിസ്ത്യാനികളുടെ കേരളത്തിലെ കുടിയേററമാണ്. അവർ കടൽയാത്രയിലും കപ്പൽ നിമ്മാണത്തിലും വിദഗ്ദ്ധരായിരുന്നു. ഈ അഭിരുചിയും സാങ്കേതിക വിജ്ഞാനവും കേരളത്തിലെ മാർത്തോമ്മാക്രിസ്ത്യാനികളുമായി അവർ പങ്കുവെച്ചു. ഇൻഡ്യാ കണ്ടുപിടിക്കുവാൻ പുറപ്പെട്ട വാസ്കോഡിഗാമാ ആഫ്രിക്കയിലെ 'മെലിൻഡേ'

www.malankaralibrary.com

യിൽ വന്നപ്പോൾ കണ്ടതു് കച്ചവടക്കാരും കപ്പലുടമകളുമായ മാർത്തോമ്മാ ക്രിസ്ത്യാനികളെയാണെന്നും അറബികളുടെ വഞ്ചനയിൽനിന്നും രക്ഷപ്പെടാനുള്ള മാർഗ്ഗങ്ങൾ പറഞ്ഞുകൊടുത്തെന്നും വാസ്കോഡിഗാമ എഴുതിയിട്ടുള്ളതു് മുകളിൽ ഉദ്ധരിച്ചിട്ടുണ്ടു്. ദക്ഷിണേന്ത്യാ – ശ്രീലങ്കാ യുദ്ധങ്ങളിൽ പെർഷ്യാക്കാരും ഇൻഡ്യാക്കാരുമായ മാർത്തോമ്മാക്രിസ്ത്യാനികൾ ഇരുഭാഗത്തും ചേർന്നു് നേതൃത്വം നല്കിയതായി രേഖകളുമുണ്ടു്.

## A. അനുരാധപുരം കുരിശു്

എ. ഡി. ആറാം നൂററാണ്ടാകുമ്പോൾ ശ്രീലങ്കയുടെ തലസ്ഥാനം അനുരാധപുരത്തുനിന്നും 'പൊളോന്നാറുവാ'യിലേയ്ക്കു മാറി. ബുദ്ധമതപ്രാധാന്യംമാത്രം പഴയ തലസ്ഥാനത്തു മങ്ങാതെനിന്നു. കാലക്രമേണ, അനുരാധപുരം ചരിത്രാവശിഷ്ടങ്ങളുടെ കുമിഞ്ഞുകൂടിയ കൂമ്പാരമായി. ഈ അവശിഷ്ടങ്ങളുടെ ഇടയിൽ ഒരു പുതിയ കെട്ടിടത്തിനു് 1912-ൽ അടിത്തറ തോണ്ടുമ്പോഴാണു്, ചതുരത്തിലുള്ള ഒരു കരിങ്കൽ തൂണിൽ കൊത്തിയ ഈ കുരിശു കണ്ടെത്തിയതു്. നാഗർകോവിലിനടുത്തുള്ള വടക്കംകുളത്തും അതുപോലുള്ള കരിങ്കൽ തൂണും ഇരുവശവുമുള്ള ലതകൾ കൂടാതെയുള്ള കുരിശും ഉണ്ടു് (തിരുനൽവേലി ജില്ലയിലെ മലങ്കരക്കുരിശുകൾ പടം കാണുക) അനുരാധപുരത്തെ പുരാതനാവശിഷ്ടങ്ങളിൽ കുരിശു കണ്ടെത്തിയ വിവരം പൊടുന്നനവേ പരസ്യമായി. ചരിത്രപഠിതാക്കളും പുരാവസ്തുഗവേഷകരും അവിടെ ഓടിക്കൂടി പരിശോധന തുടങ്ങി. ചരിത്രവും സുറിയാനി സഭയും സംബന്ധിച്ചു് അവഗാഹമുള്ള എച്ച്. ഡബ്ല്യൂ. കോഡ്രിംഗ്ടൻെറ (H. W. Codrington) അഭിപ്രായത്തിൽ സിലോണിലുണ്ടായിരുന്ന പുരാതന പെർഷ്യൻ സമൂഹത്തിൻെറ കുരിശാണെന്നു് കപിൻറഡു് ഫെർണാണ്ടോ പറയുന്നു. ഇതുപോലൊരു കുരിശു് ശ്രീലങ്കയിലെ കെലാനി നദീമുഖത്തുള്ള മുട്ടവാൽ എന്ന സ്ഥലത്തുനിന്നും കിട്ടിയതായി Queroz എന്ന പോർച്ചുഗീസു ചരിത്രകാരൻ പറയുന്നു. എന്നാൽ ഇപ്പോൾ ആ കുരിശു് എവിടെയാണെന്നു് അറിഞ്ഞുകൂടാ.

ശ്രീലങ്കയിലെ പ്രമുഖചരിത്രകാരനായ ഡോക്ടർ പരണവിതാന പറയുന്നതു് പെർഷ്യയിൽനിന്നുംവന്ന ക്രിസ്ത്യാനികൾ വളരെ നേരത്തെതന്നെ മലബാറിലും ശ്രീലങ്കയിലും സ്ഥിരതാമസമാക്കിയെന്നും അവർ നല്ല യോദ്ധാക്കളായതു

www.malankaralibrary.com

കൊണ്ടു് ദക്ഷിണേന്ത്യയിലെയും ശ്രീലങ്കയിലെയും രാജാക്കന്മാർക്കു് സൈനികസേവനം നടത്തിയിരുന്നെന്നുമാണു്. ഈ ഇരുകൂട്ടരുടെയും പ്രധാനപ്പെട്ട സൈനികോദ്യോഗസ്ഥന്മാർ പെഷ്യൻ (സുറിയാനി) ക്രിസ്ത്യാനികളായിരുന്നുവെന്നും അവർ ശ്രീലങ്കയിലെ രാജകുമാരിമാരെ വിവാഹം ചെയ്തിരുന്നെന്നും അദ്ദേഹം പറയുന്നു.

ഡോ: പരണവിതാന പറയുന്ന അഞ്ചു കാര്യങ്ങൾ പ്രത്യേകം ശ്രദ്ധാർഹമാണു്. (1) പെഷ്യൻ ക്രിസ്ത്യാനികൾ ഏററവും കൂടുതൽ കുടിയേറിപ്പാർത്തിട്ടുള്ളതു് മലബാറെന്നു വിളിക്കുന്ന കേരളത്തിലാണു്. (2) അവർ നല്ല യോദ്ധാക്കളും സൈനികനേതാക്കന്മാരുമായിരുന്നു. (3) അക്കൂട്ടർ ശ്രീലങ്കയിലും ദക്ഷിണേന്ത്യയിലുമുള്ള രാജാക്കന്മാരെ സേവിച്ചിരുന്നു. (4) അവർ ക്രിസ്ത്യാനികളായിരുന്നു. (5) പെഷ്യൻ ക്രിസ്ത്യാനികൾ എന്ന സംജ്ഞയിൽ കേരളക്രിസ്ത്യാനികൾ ഭാഗികമായിട്ടെങ്കിലും ഉൾപ്പെട്ടിരുന്നു.

ഡോ: പരണവിതാനത്തിന്റെ ഈ അഭിപ്രായത്തെ സ്ഥിരീകരിക്കുന്നവയാണു് താഴെ പറയുന്ന കാര്യങ്ങൾ (1) ക്രിസ്തബ്ദാരംഭംമുതൽ പേഷ്യയിലുണ്ടായിട്ടുള്ള ക്രിസ്തുമതപീഡനങ്ങൾ. (2) കേരളത്തിന്റേയും ശ്രീലങ്കയുടേയും പാരമ്പര്യം (3) അനുരാധപുരം കുരിശു്, കൊല്ലത്തെ തരിസ്സാപള്ളിയുടെ ചെപ്പേടു്, വാസ്കോഡിഗാമയുടെ രേഖ മുതലായവ.

## B. മുഗലാന-ശ്രീലങ്കയിലെ മാർത്തോമ്മാ ക്രിസ്ത്യൻ രാജാവ്-A. D. 477-495

കേരളത്തിലെ വില്ലാർവട്ടം രാജാവിനെപ്പററി ചരിത്രത്തിൽ വായിക്കാറുണ്ടു്. എന്നാൽ രാജകീയാവകാശങ്ങളുള്ള ഒരു ഗോത്രത്തലവൻ എന്നതിൽ കവിഞ്ഞു് മറെറാരു സ്ഥാനമോ അധികാരമോ അദ്ദേഹത്തിനുണ്ടായിരുന്നതായി തോന്നുന്നില്ല. എന്നാൽ സഞ്ചാരിയായിരുന്ന മാർക്കോപോളോ പതിമൂന്നാം നൂററാണ്ടിൽ മദ്ധ്യേന്ത്യയിൽ (രാജസ്ഥാൻ) കണ്ട മൂന്നു മാർത്തോമ്മാക്രിസ്ത്യൻ രാജാക്കന്മാരും രാജ്യത്തിന്റെ യഥാർത്ഥ ഭരണാധിപന്മാരായിരുന്നു. ശ്രീലങ്കയിലെ രാജാവായിരുന്ന മുഗലാനാ ബുദ്ധമതം ഉപേക്ഷിച്ചു ക്രിസ്തുമതം സ്വീകരിക്കുകയും കുരിശിന്റെ ചിഹ്നമുള്ള നാണയങ്ങൾ അടിച്ചിറക്കുകയും ചെയ്തു. അദ്ദേഹം മരണംവരെ ക്രിസ്ത്യാനി

www.malankaralibrary.com

ആയിരുന്നില്ലെന്നാണ്‌ ഡാ. പരണവിതാനത്തിന്റെ അഭി പ്രായം. അതു ശരിയാണെങ്കിലും, അല്ലെങ്കിലും മുഗലാനാ രാജാവിന്റെ ക്രിസ്തുമതപരിവർത്തനത്തിന്‌ സാഹചര്യങ്ങളും ശക്തിയായ പ്രേരണ നല്കിയെന്നുള്ളതു്‌ വാസ്തവമാണ്‌.

A. D. 433-ൽ ശ്രീലങ്കയിലെ രാജാവായിരുന്ന ധാതു സേനയെ (433–459A. D.) ദക്ഷിണേന്ത്യർ തോല്പിച്ചു്‌, തല സ്ഥാനമായ അനുരാധപുരം കൈവശപ്പെടുത്തി. സ്ഥാനഭ്രഷ്ട നായ ധാതുസേന രാജാവും അദ്ദേഹത്തിന്റെ കുടുംബവും ശ്രീലങ്കയിലെ മലമ്പ്രദേശങ്ങളിലും ദക്ഷിണേന്ത്യയിലും ഒളി വിൽ കഴിഞ്ഞുകൊണ്ടു്‌, യോദ്ധാക്കളായ പേർഷ്യയിലെയും കേരളത്തിലെയും ക്രിസ്ത്യാനികളുടെ സഹായത്താൽ രാജ്യം വീണ്ടെടുക്കുവാൻ ശ്രമിക്കുകയായിരുന്നു. ഈ സൈന്യ ത്തിന്റെ പ്രധാനവിഭാഗവും നേതൃത്വവും പേർഷ്യാക്കാരും കേരളീയരുമായ മാർത്തോമ്മാക്രിസ്ത്യാനികൾക്കായിരുന്നെന്നു ഡാ: പരണവിതാന പറയുന്നുണ്ടു്‌. ധാതുസേനാരാജാവിന്റെ സഹോദരി, സംഘയെന്ന രാജകുമാരിയെ വിവാഹം ചെയ്തി രുന്നതു്‌ ഒരു മർത്തോമ്മാക്രിസ്ത്യാനിയായിരുന്നെന്നും അവ രുടെ മകൻ മിഗീറ ക്രിസ്ത്യൻ സൈന്യങ്ങളോടുകൂടി ശ്രീല ങ്കയിൽച്ചെന്നു്‌ ധാതുസേനയുടെ ശത്രുക്കളെ തോല്പിക്കുകയും തന്റെ മാതുലനായ ധാതുസേനയെ രാജസിംഹാസനത്തിൽ പുനഃസ്ഥാപിക്കുകയും ചെയ്തു. ധാതുസേനയുടെ അനന്തര വനും മാർത്തോമ്മാക്രിസ്ത്യാനിയുമായ മിഗീറായായിരുന്നു, 459 മുതൽ 477 വരെ രാജ്യത്തിന്റെ സർവ്വസൈന്യാധിപനാ യിരുന്നതു്‌. ഈ രാജാവിന്റെ പ്രധാന ഉപദേഷ്ടാവായിരു ന്നതു്‌, സഞ്ചാരിയായിരുന്ന ഒരു ക്രിസ്ത്യൻ വൈദികനായി രുന്നെന്നും, ഇദ്ദേഹത്തിനു്‌ ധാതുസേനാരാജാവിൽ വളരെ സ്വാധീനശക്തിയുണ്ടായിരുന്നെന്നും ക്വിൻറസ്സ്‌ ഫെർണാ ണ്ടോയുടെ ലേഖനത്തിൽ കാണുന്നു.

രാജസ്ഥാനം വീണ്ടുകിട്ടിയ ധാതുസേനരാജാവു്‌ അധിക നാൾ ഭരിച്ചില്ല. അദ്ദേഹത്തിനു്‌ രണ്ടു പുത്രന്മാരുണ്ടായി രുന്നു. കാശ്യപനും, മുഗലാനായും. തന്റെ അച്ഛനായ ധാതു സേനാരാജാവു്‌ ധാരാളം പണവും രത്നാഭരണങ്ങളും ഒളിച്ചു വെച്ചിരുന്നെന്നും അവയെല്ലാം തന്റെ അനുജനായ മുഗലാ നായ്ക്കു്‌ കൊടുക്കുവാനാണെന്നും തെറ്റിദ്ധരിച്ച കാശ്യപൻ അസൂയയും കോപവും പൂണ്ടു്‌, A. D. 459-ൽ തന്റെ അച്ഛനെ ജയിലിലാക്കി രാജ്യം പിടിച്ചെടുത്തു. അനന്തരം അദ്ദേഹ

www.malankaralibrary.com

ത്തെ ഒരു ഭിത്തിയിലടച്ച് കൊല്ലുകയുംചെയ്തു. പിന്നീട് തന്റെ അനുജനായ മുഗലാനെയെ വിഷം കൊടുത്തു് കൊല്ലുവാൻ ശ്രമിച്ചുവെങ്കിലും അതു് ഫലിച്ചില്ല. ഈ അവസരത്തിൽ മുഗലാന കേരളത്തിലും മററു ദക്ഷിണേന്ത്യൻ ഭാഗങ്ങളിലും അഭയാൎത്ഥിയായിത്തീൎന്നു. ധാതുസേനയുടെ രാജസദസ്സിലെ ക്രിസ്ത്യൻ സ്വാധീനത്തിനു് അദ്ദേഹം പൂൎണ്ണമായി വിധേയനായിരുന്നില്ലെങ്കിൽത്തന്നെയും അദ്ദേഹം കേരളത്തിലോ ദക്ഷിണേന്ത്യയുടെ മറേറതെങ്കിലും ഭാഗത്തോ വെച്ചായിരിക്കണം ക്രിസ്ത്യാനിയായതു്. ഏതായാലും അദ്ദേഹം പേർഷ്യാക്കാരും ഇന്ത്യാക്കാരുമായ ക്രിസ്ത്യൻ യോദ്ധാക്കളെ സംഘടിപ്പിച്ച് A. D. 477–ൽ ഒരു സൈന്യവുമായി പിതൃഹത്യ നടത്തിയ കാശ്യപനു് എതിരായിട്ടു നീങ്ങി. തന്റെ സഹോദരൻ സമരവീരന്മാരായ ക്രിസ്ത്യൻ യോദ്ധാക്കളുമായി വരുന്നതറിഞ്ഞു് സംഭീതനായ കാശ്യപൻ അനുരാധപുരത്തുനിന്നും 60 മൈൽ ദൂരെ 400 അടി ഉയരത്തിലുള്ള 'സിഗ്രിയാ' എന്ന പാറക്കെട്ടിൽ, കിടങ്ങുകളും കോട്ടകളും തീർത്തു്, ആസ്ഥാനമുറപ്പിച്ചു. മുഗലാനാ ക്രിസ്ത്യൻ നേതൃത്വത്തിലുള്ള സൈന്യങ്ങളുമായി ശ്രീലങ്കയിൽ പ്രവേശിച്ച്, തന്റെ ജ്യേഷ്ഠന്റെ സങ്കേതത്തെ ആക്രമിക്കുവാൻ തുടങ്ങി. കാശ്യപൻ സ്വന്തമായൊരു സൈന്യവുമായി എതിരിട്ടെങ്കിലും അദ്ദേഹം പരാജിതനായി പിൻതിരിഞ്ഞോടുമ്പോാ, ആനയുടെ ചവിട്ടേററു് മൃതിയടഞ്ഞു. അതേത്തുടൎന്നു് മുഗലാനാ ശ്രീലങ്കയുടെ രാജാവായി പ്രഖ്യാപിക്കപ്പെട്ടു. ഒരു മാൎത്തോമ്മാ ക്രിസ്ത്യാനിയായ അദ്ദേഹം കമ്മട്ടത്തിൽ അടിപ്പിച്ച് പ്രചരിപ്പിച്ചിട്ടുള്ള കുരിശോടുകൂടിയ സ്വർണ്ണനാണയത്തിന്റെ പടമാണു് ഈ പുസ്തകത്തിന്റെ മുഖചിത്രത്തിലുള്ളതു്. H. W. Codrington പ്രസിദ്ധം ചെയ്തിട്ടുള്ള Ceylon Coins and Currency എന്ന പുസ്തകത്തിൽ series A. No.8 48–ാം പേജിൽ ഈ നാണയത്തിന്റെ പടവും വിശദമായ വിവരണവുമുണ്ടു്.

മുഗലാനായുടെ ഭരണകാലം പ്രത്യേകമായി രണ്ടുകാര്യത്തിൽ സ്മരണീയമാണു്. ''ശ്രീലങ്കയുടെ നാവികശക്തിയുടെ പിതാവെ''ന്നാണു് മുഗലാനാ അറിയപ്പെടുന്നതു്. പെർഷ്യൻ ക്രിസ്ത്യാനികളുടേയും കേരളക്രിസ്ത്യാനികളുടേയും പരിശീലനത്തിലും ശിക്ഷണത്തിലും ശ്രീലങ്ക ആദ്യമായി ഒരു നാവികസേനയ്ക്കു രൂപംകൊടുത്തു.

www.malankaralibrary.com

രണ്ടാമതായി, ഭരണനയത്തിൽ ഒരു മുദ്രാവാക്യം സ്വീകരിച്ചു. മനുഷ്യനു് കുടിക്കുവാനും ചെടികൾക്കു് വളരുവാനും ഉള്ള ശുദ്ധജലത്തിൽ ഒരു തുള്ളിപോലും കടലിൽ നഷ്ടപ്പെടരുതെന്നായിരുന്നു ആ മുദ്രാവാക്യം. അതിനുവേണ്ടി രാജ്യത്തിന്റെ നാനാഭാഗങ്ങളിലും വിപുലമായ ജലസംഭരണികൾ ഉണ്ടാക്കി.

## ശ്രീലങ്കയിലെ മഹാവംശം എന്ന ഗ്രന്ഥത്തിന്റെ കർത്താവ് ഒരു മാർത്തോമ്മാ ക്രിസ്ത്യാനിയോ?

ചരിത്രഗവേഷകനായ കവിൻറസ് ഫെർണാഡൊ 1983 ജൂൺ 20-ാം തീയതി കൊളംബിലെ Daily News പത്രത്തിന്റെ നാലാം പേജിൽ പ്രസിദ്ധീകരിച്ച ലേഖനം, മഹാവംശം എന്ന ഗ്രന്ഥത്തിന്റെ കർത്താവു് ഒരു മാർത്തോമ്മാ ക്രിസ്ത്യാനിയാണെന്നു വിചാരിക്കുവാൻ ന്യായം നല്കുന്നുണ്ടു്. ശ്രീലങ്കയിലെ ധാതുസേനാരാജാവിന്റെ സഹോദരിയും ക്രിസ്തുമതം സ്വീകരിച്ചവളുമായ സംഘയെ വിവാഹം ചെയ്തതു് ഒരു മാർത്തോമ്മാക്രിസ്ത്യാനിയായിരുന്നു. ഇവരുടെ പുത്രൻ മിഗീറാ പതിനെട്ടു വർഷത്തോളം ധാതുസേനാ രാജാവിന്റെ സർവ്വസൈന്യാധിപനായിരുന്നു. ഭൂരിപക്ഷവും ക്രിസ്ത്യൻ ഉദ്യോഗസ്ഥന്മാരും ക്രിസ്ത്യൻ യോദ്ധാക്കളും അടങ്ങിയ സൈന്യമായിരുന്നു മിഗീറാക്കുണ്ടായിരുന്നതു്. മിഗീറായുടെ പുത്രനാണു് മഹാവംശമെഴുതിയ മഹാനാമയെന്നു് മേൽ പറഞ്ഞ ലേഖനത്തിൽ ഫെർണാണ്ടൊ പ്രസ്താവിക്കുന്നുണ്ടു്. ധാതുസേനയുടെ രണ്ടാമത്തെ മകൻ മുഗലാനോ ഒരു മാർത്തോമ്മാ ക്രിസ്ത്യാനിയായിരുന്നുവെന്നു നേരത്തെ പ്രസ്താവിച്ചിട്ടുണ്ടല്ലോ. ശ്രീലങ്കയിലെ രാജകുടുംബത്തിൽ ക്രിസ്തുമതത്തിനു് മുൻതൂക്കവും സ്വാധീനശക്തിയുമുണ്ടായിരുന്നകാലത്തു് മഹാനാമ അദ്ദേഹത്തിന്റെ മാതാപിതാക്കന്മാരെയും മററു ചില രാജകുടുംബാംഗങ്ങളെയും പ്രത്യേകിച്ചു് പിതൃസഹോദരനായ (first cousin) മുഗല്ലാരാജാവിനേയും പിൻതുടർന്നു് ഒരു ക്രിസ്ത്യാനിയാകാതിരിക്കാൻ വഴിയില്ലെന്നാണു് കരുതേണ്ടതു്. തന്റെ മാതാവു് അതിദാരുണമായി മരണമടഞ്ഞതറിഞ്ഞപ്പോൾ മഹാനാമ സർവ്വസംഗപരിത്യാഗിയായി സന്യസിക്കുവാൻ തുടങ്ങി. അദ്ദേഹം ചേർന്നതു് ബുദ്ധമതസന്ന്യാസാശ്രമത്തിലായിരുന്നു. മദ്ധ്യേഷ്യയിൽ മദ്ധ്യശതാബ്ദങ്ങളിലെ സന്ന്യസ്ഥരായ ബുദ്ധമതക്കാരെയും സുറിയാനി ക്രിസ്ത്യാനികളെയുംപററി മാക്സ്മുള്ളർ പറയുമ്പോൾ, ഇവർ

www.malankaralibrary.com

തമ്മിൽ വലിയ വിവേചനം കാണിച്ചിരുന്നില്ലെന്നാണ് പ്രസ്താവിക്കുന്നത്. അതേ കാരണത്താലായിരിക്കാം മാർത്തോമ്മാക്രിസ്ത്യാനിയായ മഹാനാമ ബുദ്ധസന്ന്യാസാശ്രമത്തിൽ ചേർന്നത്[10]. എന്നാൽ ചില ഗ്രന്ഥങ്ങളിൽ മഹാനാമ ധാതുസേനാരാജാവിന്റെ പിതൃസഹോദരനായിട്ടാണ് കാണപ്പെടുന്നത്.

## ശ്രീലങ്കയിലെ മാർത്തോമ്മാക്രിസ്ത്യാനികളുടെ അവസാനഘട്ടം

പോർച്ചുഗീസുകാരുടെ വരവിനുമുമ്പ് ശ്രീലങ്കയിലെ ക്രിസ്ത്യാനികൾ മൈലാപ്പൂരിലേക്കു തീർത്ഥയാത്ര നടത്തിയിരുന്നതിനെപ്പററി ഒന്നാം വാല്യത്തിൽ പ്രസ്താവിച്ചിട്ടുണ്ട്[11]. 12-ാം നൂററാണ്ടിലും ശ്രീലങ്കയിൽ മാർത്തോമ്മാക്രിസ്ത്യാനികൾക്ക് പരിഗണനാർഹമായ സ്ഥാനമുണ്ടായിരുന്നെന്നു തെളിയിക്കുന്ന മറെറാരു രേഖയുണ്ട്. ശ്രീലങ്കയിലെ രാജാക്കന്മാരിൽ മഹാനെന്നറിയപ്പെട്ടിരുന്ന പരാക്രമബാഹുവിന്റെ ഭരണകാലത്ത് അദ്ദേഹത്തിന്റെ ഉപദേശകസമിതിയിൽ പതിനാറു അംഗങ്ങളുണ്ടായിരുന്നു. അവരിൽ നാലുപേർ ബുദ്ധമതസ്ഥരും നാലുപേർ ക്രിസ്ത്യാനികളും നാലുപേർ മുഹമ്മദീയരും ശേഷിച്ച നാലുപേർ യഹൂദരുമായിരുന്നു. ഈ വിവരം നമുക്കു കിട്ടുന്നത്, A. D. 1154-ൽ ശ്രീലങ്കയിൽവെച്ചെഴുതിയ എഡ്രീസിയുടെ ഭൂമിശാസ്ത്രം (Geography of Edrisi) എന്ന ഗ്രന്ഥത്തിൽനിന്നാണ്. എന്നാൽ 12-ാം നൂററാണ്ടിൽ ശ്രീലങ്കയിൽ ഗണനീയരായിരുന്ന മാർത്തോമ്മാക്രിസ്ത്യാനികൾ പോർച്ചുഗീസുകാർ വന്നപ്പോൾ എങ്ങനെ അപ്രത്യക്ഷരായി? ഗോവായിൽ സംഭവിച്ചതുതന്നെ ശ്രീലങ്കയിലും നടന്നിരിക്കണം. ലത്തീനവത്കരണംകൊണ്ടു, മാർത്തോമ്മാക്രിസ്ത്യൻ സമൂഹവും സംസ്ക്കാരവും നിർമ്മാർജനം ചെയ്യപ്പെട്ടു. ആ സ്ഥാനത്തു് പാശ്ചാത്യസംസ്ക്കാരമുള്ള ലത്തീൻ സമൂഹത്തെ കെട്ടിപ്പടുക്കുവനാണ് പോർച്ചുഗീസുകാർ ശ്രമിച്ചത്. എന്നാൽ ദേശീയത്വം സടകുടഞ്ഞെണീററപ്പോൾ പാശ്ചാത്യസംസ്ക്കാരവും ലത്തീൻ റീത്തും അസ്ഥാനത്താണെന്ന് ബോധോദയമുണ്ടായിട്ടുണ്ട്. ഇന്ത്യയിലെ ക്രിസ്തീയസഭയ്ക്കും ദേശീയത്വത്തിനു് ഇണങ്ങുന്ന ഒരു പൗരസ്ത്യത്വം കൂടിയേ

10. 1-ാം വാല്യം പുറം 210 മുതൽ കാണുക

11. P. 264

www.malankaralibrary.com

തീരുവെന്നു് ലത്തീൻകാക്കു് ഇപ്പോഠം തോന്നിത്തുടങ്ങിയിട്ടുണ്ടു്.

## II മൺമറഞ്ഞ പിതാക്കന്മാരുടെ കാല്പാടുകഠം തേടി


പോർച്ചുഗീസുകാർ വരുന്നതിനുമുമ്പു് സിന്ധുനദീമുഖം മുതൽ പെഗു (സയാം-ബർമ്മ) വരെയുള്ള കടൽത്തീരപ്രദേശങ്ങളിൽ മാർത്തോമ്മാക്രിസ്ത്യാനികളുടെ അധിവാസകേന്ദ്രങ്ങഠം ഒരു നീണ്ട ശൃംഖലപോലെയുണ്ടായിരുന്നുവെന്നു് ഫാ. ഹൊസ്റ്റൻ മുതലായ ചരിത്രകാരന്മാർ പറഞ്ഞിട്ടുണ്ടു്. എന്നാൽ ഇരുപതാംനൂററാണ്ടാകുമ്പോഠം കേരളമൊഴിച്ചു് മററെങ്ങും മാർത്തോമ്മാ ക്രിസ്ത്യാനികളെ കാണാനില്ലെന്നുള്ള ദുഃഖസത്യമാണു് നമ്മെ അഭിമുഖീകരിക്കുന്നതു്. കൂടാതെയും, അപ്രത്യക്ഷരായ മാർത്തോമ്മാക്രിസ്ത്യാനികളോടൊപ്പം അവരുടെ ചരിത്രവും മൺമറഞ്ഞുപോയിരിക്കുകയാണു്. അതു് വീണ്ടെടുക്കുവാനുള്ള ശ്രമങ്ങഠം തുടങ്ങേണ്ടകാലം അതിക്രമിച്ചിരിക്കുന്നു.

ഏതാനും മാസങ്ങഠംക്കുമുമ്പു്, ഈ ഗ്രന്ഥകാരൻ നാഗർകോവിൽ-വടക്കംകുളം ബസ്സിൽ യാത്രചെയ്യുകയായിരുന്നു. സഹയാത്രികനായി തിരുനൽവേലി ജില്ലയിൽ ജോലി ചെയ്യുന്ന ഒരു വൈദികനേയും കിട്ടി. ഇദ്ദേഹവുമായി സംസാരിച്ചപ്പോഠം, തിരുച്ചെന്തൂരിന്നടുത്തു് മാർത്തോമ്മാശ്ലീഹായുടെ നാമത്തിൽ ഒരു വലിയ ദേവാലയമുണ്ടെന്നും തിരുനൽവേലി ജില്ലയിൽ, പ്രത്യേകിച്ചും തീരപ്രദേശങ്ങളിലെ ആളുകഠംക്കു്, ആ അപ്പോസ്തലനോടു് അത്യധികമായ ഭക്തിയുണ്ടെന്നും പറയുകയുണ്ടായി. ഇത്രയുമറിഞ്ഞപ്പോഠം, ആ സ്ഥലങ്ങളെല്ലാം സന്ദർശിക്കണമെന്നു് അതിയായ മോഹമുണ്ടായി. അതു് സാക്ഷാൽക്കരിക്കുവാൻ മാർഗ്ഗങ്ങഠം തേടിയിരിക്കുമ്പോഴാണു്, കന്യാകുമാരിയിലെ C. M. I. പ്രവർത്തനങ്ങഠംക്കു് നിയുക്തനായ ഫാ. ഡാമിയൻ തുരുത്തുമാലിയുടെ അതിഥിയായി നാഗർകോവിലിൽ താമസിക്കുവാനിടയാകുന്നതു്. സഭാചരിത്രപ്രേമിയായ അദ്ദേഹം ഈ ഗ്രന്ഥകർത്താവിന്റെ അഭിലാഷമറിഞ്ഞപ്പോഠം സന്തോഷപൂർവ്വം സഹകരിക്കുവാൻ തയ്യാറായി. അങ്ങനെ അരദിവസത്തെ യാത്രകൊണ്ടു് നാഗർകോവിൽ-തൂത്തുക്കുടി പാതയിൽ പുന്നക്കായൽവരെ ചെന്നെത്തി.

www.malankaralibrary.com

# മലങ്കര കുരിശുകൾ

## തിരുനെൽവേലി ജില്ലയിൽ




1



2




3




4



5




6




7

www.malankaralibrary.com






8




9





10



11

www.malankaralibrary.com

അപരിചിതരും അസമയത്തു ചെന്നവരുമായിട്ടും അവിടത്തെ കന്യകാമഠത്തിലുള്ള വി. അന്നയുടെ കന്യാസ്ത്രീകരം (എല്ലാം മലയാളികരം) വളരെ നാളായി കാണാതിരുന്ന സഹോദരന്മാരെ കണ്ടതുപോലെയുള്ള സന്തോഷത്തോടും ഉത്സാഹത്തോടും ഞങ്ങരംക്കു് ഹൃദ്യമായ ആതിഥ്യം നല്കി. പുന്നക്കായലിനു് തൊട്ടു് മാർത്തോമ്മാശ്ലീഹായുടെ പ്രസിദ്ധമായ തീർത്ഥകേന്ദ്രമുണ്ടു്. എല്ലാ ചൊവ്വാഴ്ചയും വ്യാഴാഴ്ചയും ദക്ഷിണേന്ത്യയുടെ പല ഭാഗങ്ങളിൽനിന്നും ആയിരക്കണക്കിനാളുകരം പ്രാർത്ഥനയുടെയും ത്യാഗത്തിൻെറയും ഉപഹാരമർപ്പിക്കുവാൻ അവിടെ വന്നുകൂടുന്നു. പുന്നക്കായൽ യാത്ര ഒരു നെട്ടോട്ടമായിരുന്നെങ്കിലും, ഏതാനും മണിക്കൂറുകരം കൊണ്ടു് മാർത്തോമ്മാസഭാചരിത്രത്തിൻെറ ദീർഘശതാബ്ദങ്ങളുടെ ചുരുളു്നിവർത്തിയ അനുഗൃഹീത സംഭവമായിരുന്നു അതു്.

## മലങ്കരക്കുരിശു്

ഈ പുസ്തകത്തിൻെറ ഒന്നാം വാല്യം 237-ാം പേജിൽ മലങ്കരകുരിശിനെപ്പററിയുള്ള ഒരു വിവരണമുണ്ടു്. മലങ്കര കുരിശെന്നു പറയുന്നതിനേക്കാരം മാർത്തോമ്മാക്രിസ്ത്യാനികളുടെ കുരിശെന്നു പറയുകയാണു് ഉചിതം. അതിൻെറ കാരണം, തെക്കേഇന്ത്യയിൽ, മാർത്തോമ്മാക്രിസ്ത്യാനികളുടെ പുരാതന സ്ഥലങ്ങളിൽ ചരിത്രാവശിഷ്ടങ്ങളായി ഇവ കാണുന്നുവെന്നതുതന്നെ. കുരിശിനുമുകളിൽ കുറുകെയുള്ള ചെറുതായ ഫലകമാണു് ഇതിൻെറ പ്രത്യേകത. ക്രിസ്തുവിൻെറ കുരിശിൽ ഈ ഫലകത്തിൽ എഴുതിയിരുന്നതു് യൂദന്മാരുടെ രാജാവായ നസ്രായൻ ഈശോ എന്നായിരുന്നു. ഏതായാലും ഫലകത്തോടുകൂടിയ ഈ കുരിശു് ഇന്ത്യയിലെ മാർത്തോമ്മാക്രിസ്ത്യാനികളുടെ ഏററവും പുരാതനമായ മുഖമുദ്രയാണു്. ഇന്നു കേരളത്തിലുള്ള കത്തോലിക്കാപള്ളികളിൽ ദുർല്ലഭമായും യാക്കോബായ മാർത്തോമ്മാവിഭാഗങ്ങളിൽപ്പെട്ട ദേവാലയങ്ങളിൽ സുലഭമായും, കാണുന്ന കുരിശാണിതു്. കന്യാകുമാരി-തിരുനൽവേലി ഡിസ്ട്രിക്ററിലുള്ള പുരാതന ലത്തീൻ പള്ളികളിലും മലങ്കരകുരിശു് സാധാരണമായിരുന്നെങ്കിലും, കാലക്രമേണ അവയുടെ സ്ഥാനം ലത്തീൻ കുരിശുകരം അപഹരിച്ചെടുത്തുകൊണ്ടിരിക്കുന്നു. അതു് വിദേശമിഷ്നറിമാരുടെ വരവോടുകൂടിയുമാണു്. കേരളത്തിൽ ചരിത്രപ്രാധാ

www.malankaralibrary.com

ന്യമുള്ള പല്ലവീകരിശ്ശുകൾ പിന്നീടുണ്ടായ പേഷ്യൻ സ്വാധീനത്തിൻെറ ഫലമാണെന്നു തോന്നുന്നു.

ഏതായാലും, ദക്ഷിണേന്ത്യയിൽ കേരളമൊഴിച്ചുള്ള പല ഭാഗങ്ങളിലും ചരിത്രാവശിഷ്ടങ്ങളായി ഈ കുരിശ്ശുകൾ കാണാൻ സാധിക്കും. അവയുടെ പ്രത്യേകതയും ശ്രദ്ധാർഹമാണ്. ഒന്നാമതായി, ചരിത്രപരമായ പുരാതന സാഹചര്യങ്ങളിൽപ്പെട്ടാണ്, ഈ കുരിശ്ശുകൾ തമിഴ്നാട്ടിൽ കാണപ്പെടുന്നതു്. ജനവാസമൊഴിഞ്ഞ സ്ഥലങ്ങളിലും, പഴയ സെമിത്തേരികളിലും. പുരാതന ദേവാലയങ്ങളിലും മലങ്കരക്കുരിശ്ശുകൾ കാണുവാൻ കഴിയുമെന്നുള്ളതാണ് ഈ പ്രത്യേകത.

രണ്ടാമത്തെ പ്രത്യേകത, മലങ്കരക്കുരിശ്ശുകൾക്ക് ജനങ്ങൾ നല്കുന്ന അച്ചനയുടെ രൂപം തനിഭാരതീയവും (ഹിന്ദു രൂപത്തിൽ) മററു കുരിശ്ശുകൾക്കൊന്നും ഒരിക്കലും കൊടുക്കാത്തതുമാണ്. ഒരു ദേവാലയത്തിൽത്തന്നെ പല കുരിശ്ശുകളുണ്ടെങ്കിലും മലങ്കര കുരിശ്ശുകളെമാത്രം അവർ പാലും, എണ്ണയുംകൊണ്ടു് അഭിഷേകം ചെയ്യുകയും പുഷ്പഹാരങ്ങൾ അണിയിക്കുകയും ചെയ്യുന്നു. ഇതു് മറെറാരു കുരിശ്ശുകൾക്കും ജനങ്ങൾ നല്കുന്നില്ല. മൺമറഞ്ഞുപോയ ഒരു ദേശീയ സംസ്കാരത്തിൻെറ അവശിഷ്ടമാണിതെന്നുള്ളതിനു് യാതൊരു സംശയവുമില്ല. വിജനസ്ഥലങ്ങളിലുള്ള മലങ്കരക്കുരിശ്ശുകളെ പാലും എണ്ണയുംകൊണ്ടും അഭിഷേകം ചെയ്യുന്നതും പുഷ്പഹാരങ്ങൾ അണിയിക്കുന്നതും ഈ യാത്രയിൽ നേരിട്ടുകണ്ട കാര്യങ്ങളാണ്.

മൂന്നാമത്തെ പ്രത്യേകത കുരിശിനോടുള്ള അനിതരസാധാരണമായ ഭക്തിയാണ്. ഇതു് ലത്തീൻസഭയ്ക്കുള്ളതല്ലെന്നു് സ്പഷ്ടമാണ്. ഇതിൻെറ ഉറവിടം സുറിയാനിസഭയും അതിൻെറ പാരമ്പര്യവുമാണ്. കേരളത്തിൽവന്ന വിദേശമിഷ്നറിമാരുടെ പ്രത്യേക ശ്രദ്ധയിൽപ്പെട്ട കാര്യമായിരുന്നു ഇതു്. മാർത്തോമ്മാക്രിസ്ത്യാനികൾക്ക് വി. കുരിശിനോടുള്ള അന്യാദൃശമായ ഭക്തി ലത്തീൻസഭ ദുഃഖവെള്ളിയാഴ്ച മാത്രമേ പ്രകടിപ്പിക്കാറുള്ളു. എന്നാൽ മാർത്തോമ്മാക്രിസ്ത്യാനികൾക്കാകട്ടെ, അനുദിനവന്ദനക്കും വണക്കത്തിനും വിഷയമായിരുന്നു മനുഷ്യരാശിക്കു രക്ഷനേടിയ കർത്താവിൻെറ കുരിശ്ശ്.

ഏഴെട്ടു മണിക്കൂർ മാത്രമേ ഞങ്ങൾ കാറിൽയാത്ര ചെയ്തുള്ളുവെങ്കിലും നാഗർകോവിൽ മുതൽ പുന്നക്കായൽവരെ പാത

www.malankaralibrary.com

യുടെ ഇരുവശങ്ങളിലുംകണ്ട മലങ്കരക്കുരിശുകൾ ഒരു നൂറോളം വരും. അവയിൽ ചിലതിൻെറ പടങ്ങളാണ് ഇതോടൊന്നിച്ചു കൊടുത്തിട്ടുള്ളതു്. പാതവിട്ടുള്ള സ്ഥലങ്ങളിൽ അന്വേഷിച്ചാൽ അതിൻെറ പതിന്മടങ്ങു കുരിശുകൾ കണ്ടെത്താൻ സാധിക്കുമെന്നതിൽ യാതൊരു സംശയവുമില്ല. മൺമറഞ്ഞുപോയ സുറിയാനിസഭയിലും അതിൻെറ പാരമ്പര്യത്തിലും മാത്രമേ കുരിശിനോടുള്ള ഈ വിശേഷവിധമായുള്ള ഭക്തിയും മാർത്തോമ്മാശ്ലീഹായുടെ മദ്ധ്യസ്ഥതയിലുള്ള തീക്ഷ്ണമായ വിശ്വാസവും കണ്ടെത്താൻ സാധിക്കുകയുള്ളൂ.

## വടക്കുംകുളം പള്ളിയും സുറിയാനി അടിത്തറയും

തൂത്തുക്കുടി രൂപതയിലെ ഏററവും പുരാതനവും വളരെ പ്രധാനപ്പെട്ടതുമായ ദേവാലയമാണ് വടക്കുംകുളത്തുള്ളതു്. അതിൻെറ സ്ഥാപനം രൂപതാഡയറക്ടറിയിൽ കാണുന്നതു് 1896-ൽ എന്നാണ്. എന്നാൽ പോർച്ചുഗീസുകാരുടെ വരവിനുമുമ്പ് വടക്കുംകുളത്തുണ്ടായിരുന്ന മാർത്തോമ്മാക്രിസ്ത്യാനികളുടെ പള്ളി ലത്തീനിൽ ചേർക്കപ്പെട്ടതായിരിക്കാം ആ വർഷമെന്നു താഴെപ്പറയുന്ന ന്യായങ്ങൾ ചൂണ്ടിക്കാട്ടുന്നു.

### 1. കരിങ്കൽത്തൂണുകൾ

പഴയ പള്ളിയുടെ കരിങ്കൽത്തൂണുകൾ ഇന്നു കാണപ്പെടുന്നതു് വൈദികമന്ദിരത്തിലും സെമിത്തേരിപ്പള്ളിയിലുമാണ്. ഉരുണ്ട ഈ കരിങ്കൽത്തൂണുകൾ ഇടവിട്ടിടവിട്ട് ചതുരരൂപത്തിലാണ് കാണുന്നതു്. ഒരു കുരിശ്, ഒരു താമരപ്പൂവ്, ഒരു മയിൽ ഇത്രയുമാണ് ചതുരത്തിൽ കൊത്തിയിട്ടുള്ള രൂപങ്ങൾ. അവിടെ കണ്ട ഈ ഒററക്കൽത്തൂണുകളെല്ലാം ഈ രൂപങ്ങൾ ഉൾക്കൊണ്ടിട്ടുള്ളവയാണ്. ഇവ പാശ്ചാത്യസംസ്കാരത്തിൻെറ പ്രതീകമായി കണക്കാക്കുവാൻ പാടില്ലെന്നുള്ളതു് സ്പഷ്ടമാണ്. മറിച്ച്, പോർച്ചുഗീസുകാർക്കു മുമ്പുണ്ടായിരുന്ന ദേശീയസഭയുടെ പ്രതീകമാണെന്നുള്ളതു് വ്യക്തവും.

### 2. സെമിത്തേരിയിലെ മലങ്കരക്കുരിശുകൾ

ഏകദേശം ഇരുപതോളം പഴയ മലങ്കരക്കുരിശുകൾ വടക്കുംകുളം പള്ളിയുടെ സെമിത്തേരിയിൽ കാണപ്പെടുന്നു. ഇത്രയുമധികം മലങ്കരക്കുരിശുകളുള്ള സെമിത്തേരി തമിഴ്

**

www.malankaralibrary.com

നാട്ടിൽ മറെറവിടെയെങ്കിലും കാണുവാൻ സാധിക്കുമോ യെന്നു സംശയമാണു്.

## 3. വഴിയിലുള്ള മലങ്കരക്കുരിശ്

1974-ൽ ഈ ഗ്രന്ഥകാരൻ വടക്കംകുളം സന്ദർശിച്ചപ്പോൾ പള്ളിക്കടുത്തുള്ള വഴിയിൽ പത്തടിയോളം പൊക്കമുള്ള ഭിത്തിയുടെ മുകളിൽ ഒരു മലങ്കരക്കുരിശു കണ്ടു. ആ കുരിശിനടുത്തു ചെല്ലുവാൻ ഭിത്തിയുടെ ഉള്ളിൽ ചേർത്തുകെട്ടിയിരുന്ന നഗ്നമായ കരിങ്കൽക്കഷണങ്ങളുടെ പടികളുണ്ടായിരുന്നു. അന്നും ആളുകൾ കുരിശിനെ എണ്ണകൊണ്ടു പൂശുവാനും പുഷ്പമാലകൾ ചാർത്തുവാനും തിരക്കിട്ടുവരുന്നതുകണ്ടു. ആ കുരിശു് മതിലിൽ കയറുവാനുള്ള കാരണം അന്വേഷിച്ചപ്പോൾ ആ മലങ്കരക്കുരിശു് മുമ്പു വഴിയരികിൽവച്ചു് പൂജിച്ചിരുന്നെന്നും, എന്നാൽ വഴിക്കു് വീതികൂട്ടി മതിൽകെട്ടിയപ്പോൾ, ആ മതിലിൻെറ മുകളിൽ അതിനു് സ്ഥാനം നല്കിയെന്നുമാണറിഞ്ഞതു്. എന്നാൽ ഇത്തവണ അവിടെ ചെന്നപ്പോൾ കുരിശിരുന്ന സ്ഥാനത്തു് സുന്ദരമായ ഒരു കപ്പേളയും അതിനുള്ളിൽ കന്യകാമറിയത്തിൻെറ മനോഹരമായ വലിയൊരു രൂപവും കണ്ടു. പഴയ മലങ്കരക്കുരിശു്, കപ്പേളയുടെ ഒരരികിൽ പൂജ്യമായി സ്ഥാപിച്ചിട്ടുണ്ടു്. ഞങ്ങൾ അതുനോക്കിനില്ക്കെത്തന്നെ എണ്ണയും പുഷ്പഹാരങ്ങളുമായി ഭക്തജനങ്ങൾ അതിനെ സമീപിക്കുന്നതും കണ്ടു.

## തിരുനൽവേലി ജില്ലയിലെ മലങ്കരക്കുരിശുകൾ II

ഫാ. ഡാമിയനും ഗ്രന്ഥകർത്താവുംകൂടി തിരുച്ചെന്തൂർ മുതൽ പുന്നക്കായൽവരെയുള്ള സ്ഥലങ്ങളിൽ മലങ്കരക്കുരിശുകൾ തേടിനടക്കുമ്പോൾ, ഫാ. മാത്യു വാക്കയിൽ വള്ളിയൂർ മുതൽ തിരുനൽവേലിവരെയുള്ള വിശാലപാതയുടെ ഇരുവശങ്ങളിലും മലങ്കരക്കുരിശുകളുടെ സംഖ്യയും രൂപങ്ങളും അന്വേഷിച്ചുള്ള ഗവേഷണത്തിലായിരുന്നു. ഇരുകൂട്ടരും പരസ്പരം അറിയാതെയും, അറിയിക്കാതെയുമുള്ള ഒരു സംരംഭമായിരുന്നു ഇതു്. സഭാചരിത്രപ്രേമിയും തീക്ഷ്ണമിഷനറിയുമായ ഫാ. വാക്കയിലിനെപ്പററി ഇതിനുമുമ്പു് (612-ാം പേജിൽ) പ്രസ്താവിച്ചിട്ടുണ്ടു്. നാഗർകോവിലിൽനിന്നും തിരുനൽവേലിക്കുള്ള റോഡിൻെറ ഏതാണ്ടു് മദ്ധ്യത്തിലാണു് വള്ളിയൂർ എന്ന പട്ടണം. അവിടെവച്ചു് ഈ റോഡ് രണ്ടായി തിരിഞ്ഞു്, ഒന്നു നേരെ വടക്കുപടിഞ്ഞാറായി തിരുനൽ

www.malankaralibrary.com

വേലിയ്ക്കും, മററതു് നേരെ പടിഞ്ഞാറു്, കടൽത്തീരത്തുള്ള തിരുച്ചെന്തൂർ എത്തിയശേഷം, വടക്കോട്ടു്തിരിഞ്ഞു് തൂത്തുക്കുടിയ്ക്കും പോകുന്നു. തിരുനൽവേലി ജില്ലയുടെ കിഴക്കും പടിഞ്ഞാറുമായിട്ടുള്ള രണ്ടു പ്രധാന റോഡുകളാണിവ.

താഴെ പറയുന്ന വിവരങ്ങൾക്കു് ഈ ഗ്രന്ഥകർത്താവു് ഫാ. മാത്യൂ വാക്കയലിനോടാണു് കടപ്പെട്ടിരിക്കുന്നതു്. ഫാ. വാക്കയിൽ വള്ളിയൂർനിന്നും നേരെ തിരുനൽവേലിക്കാണു് പോയതു്. വള്ളിയൂർ തിരുനൽവേലി റോഡിൽ അഞ്ചുമൈൽ ചെല്ലുമ്പോൾ ദളപതിസമുദ്രം എന്നൊരു ഗ്രാമമുണ്ടു്. അവിടെയുള്ളവർ അധികവും ക്രിസ്ത്യാനികളായ തട്ടാന്മാരാണു്. ഇവരുടെ തലവന്മാരെക്കണ്ടു് അദ്ദേഹം സംസാരിച്ചതിൽ, ഈ തട്ടാന്മാരുടെ ശാഖകൾ കുളച്ചലിനടുത്തുള്ള ആശാരിപള്ളത്തും, വടക്കംകുളത്തും, തക്കലയിലും, നാഗർകോവിലിലും, തിരുവനന്തപുരത്തും (അവക്കിവിടെ സ്വന്തമായൊരു പള്ളിയുണ്ടു്), ആലപ്പുഴയ്ക്കടുത്തുള്ള തത്തംപള്ളിയിലുമുണ്ടെന്നു് അറിഞ്ഞു. തട്ടാൻപള്ളി തത്തംപള്ളിയായതാണോ എന്നു് ഫാ. വാക്കയിലിനു് സംശയമുണ്ടു്. തട്ടാന്മാരെ ആശാരിമാരാണെന്നാണു് തമിഴ്നാട്ടിൽ വിളിക്കാറുള്ളതു്. ഇവരെല്ലാം പുരാതനക്രിസ്ത്യാനികളാണെന്നു് (മാർത്തോമ്മാ ക്രിസ്ത്യാനികൾ) അവർ അവകാശപ്പെടുന്നു. മാർത്തോമ്മാ ശ്ലീഹായും ഒരു ആശാരിയായിരുന്നല്ലോ. ഫാ. വാക്കയിൽ സന്ദർശിച്ച ആശാരിപള്ളത്തും മലങ്കരക്കുരിശുകൾ കണ്ടു. മേല്പറഞ്ഞ റോഡിൻെറ ഇരുവശങ്ങളിലും മലങ്കരക്കുരിശുകൾ പുരാതനങ്ങളും ഇടിഞ്ഞുപൊളിഞ്ഞുകിടക്കുന്നതുമായ സ്ഥലങ്ങളിൽ, പ്രത്യേകിച്ചു് പഴയ സെമിത്തേരികളിൽ കണ്ടുവെന്നും ഫാ. വാക്കയിൽ പറയുന്നുണ്ടു്. അവയെല്ലാം കരിങ്കൽ കുരിശുകളാണു്. തമിഴ്നാട്ടിൽ ജാതിതിരിച്ചുള്ള ആരാധനാസ്ഥലങ്ങളും ശ്മശാനഭൂമികളുമാണുണ്ടായിരുന്നതു്. പഴയ കാലത്തു്, നമ്മുടെ കുരിശിൻതൊട്ടിയിലുള്ളതുപോലെ, I.N.R.I. അക്ഷരങ്ങളില്ലാതെ കുറുകെയുള്ള ഹ്രസ്വശിലയോടുകൂടിയവയാണു് ഈ കുരിശുകളെല്ലാം. പടികളോടുകൂടിയ പാദപീഠംകെട്ടി അതിൻെറ മുകളിലാണു് കുരിശു് പ്രതിഷ്ഠിച്ചിരിക്കുന്നതു്. ഹിമാലയപ്രദേശത്തുള്ള ലഡാക്കിൽ ഈ രൂപത്തിലുള്ള സുറിയാനിസഭാകുരിശുകൾ ഏഴോ, എട്ടോ നൂററാണ്ടുകളിൽ പാറകളിൽ കൊത്തപ്പെട്ടു കാണുന്നതായി ഒന്നാം വാല്യത്തിൽ പറഞ്ഞിട്ടുണ്ടു്. പഴയകാലത്തു്, ഇവിടെ ഉണ്ടാ

www.malankaralibrary.com

യിരുന്ന സുറിയാനി ക്രിസ്ത്യാനികളായ ആശാരിമാർ അവരുടെ സമുദായാചാരമനുസരിച്ച് മരിച്ചവരെ വലിയ മൺഭരണികളിലിരുത്തിയാണ് അടക്കം ചെയ്തിരുന്നത്. ഇങ്ങനെയുള്ള ഭരണികരം ഉടഞ്ഞതും ഉടയാത്തതുമായി പലതും ഫാ. വാക്കയിൽ അവിടെ കണ്ടു. എന്നാൽ ഭരണിയിലിരുത്തിയുള്ള ശവസംസ്കാരം കേരളത്തിലുമുണ്ടായിരുന്നതായി തെളിവുണ്ട്. ദേവികുളം, കട്ടപ്പന, ഇടുക്കി മുതലായ സ്ഥലങ്ങളിൽനിന്നും ഇതുപോലുള്ള ഭരണികളുടെ അവശിഷ്ടങ്ങരം കണ്ടെടുത്തിട്ടുണ്ട്. പക്ഷേ അവ ക്രിസ്ത്യാനികളുടേതായിരുന്നോ?

ഫാ. വാക്കയിൽ തുടരുന്നു, ''ഇതിലും അത്ഭുതം അതിന്റെയടുത്ത് ഇടിഞ്ഞുപൊളിഞ്ഞുകിടക്കുന്ന പഴയ ചുമടുതാങ്ങിയാണ്. അതിന്റെ ഒരു കല്ല് ആരോ കൊണ്ടുപോയി അമ്പലംകെട്ടുവാൻ ഉപയോഗിച്ചു. ചുമടുതാങ്ങിയുടെ വീണു കിടക്കുന്ന തൂണായിരുന്ന കല്ലിൽ മലങ്കരക്കുരിശു കൊത്തിയിട്ടുണ്ട്. ആ കുരിശിന്റെ നടുക്ക് ഏഴു ദ്വാരങ്ങരം കാണാം. ഏഴു കൂദാശകളുടെ പ്രതീകമായിരിക്കുമോ? 1485-ാം വർഷം ആവണിമാസം 15-ാം നു- (ആഗസ്റ്റ്മാസം 15) മരിയനായകം എന്ന ആശാരി ആ ചുമടുതാങ്ങി സ്ഥാപിച്ചുവെന്ന് തമിഴിൽ കൊത്തിയിട്ടുണ്ട്. ''മരിയനായകി തുണൈ''യെന്ന് അവസാനവും രേഖപ്പെടുത്തിയിരിക്കുന്നു. കാലപ്പഴക്കംകൊണ്ട് ഈ ശിലാരേഖയിലെ ചില അക്ഷരങ്ങരം നന്നായി തെളിഞ്ഞുകാണുന്നില്ല എന്ന് ഫാ. വാക്കയിൽ പറയുന്നുണ്ട്. എന്നാൽ ആ രേഖയുടെ മൂല്യം നിശ്ചയിക്കുന്ന '1485'-ന്റെ സ്ഥിതി എന്തെന്നറിഞ്ഞുകൂടാ. പുരാവസ്തുഗവേഷക വിദഗ്ദ്ധന്മാരാണ് ശിലാരേഖയുടെ പഴക്കം നിശ്ചയിക്കേണ്ടതും അക്ഷരങ്ങരം മുഴുവനായി വായിച്ചെടുക്കേണ്ടതും. അവിടെയുള്ള തട്ടാന്മാരുടെ തലവനായ ഒരാളുടെ വീട്ടിൽ അത്രവളരെ പുരാതനമല്ലാത്ത ഒരു രേഖ കണ്ടുവെന്നും അതിൽ ചുമടുതാങ്ങിയിലെ രേഖകളും അതിന്റെ ചരിത്രവും കൊടുത്തിട്ടുണ്ടെന്നുമാണ് ഫാ. വാക്കയിലിന്റെ അഭിപ്രായം. 1485-ശരിയാണെങ്കിൽ ഒരുപിടി ചോദ്യങ്ങരം ഉതിക്കുന്ന രേഖയാണിത്.

മരിയനായകിയെന്നതു വി. കന്യകാമറിയത്തിന്റെ പേരാണ്. പോർച്ചുഗീസുകാർ 1498-ൽ ഇന്ത്യയിൽ വന്നപ്പോരം മാർത്തോമ്മാക്രിസ്ത്യാനികളിൽ കണ്ടുവെന്നു പറയുന്ന

www.malankaralibrary.com

നെസ്റ്റോറിയനിസത്തിൻെറ 1485-ലെ നിഷേധമാണ്് മാതാവിനോടുള്ള ഈ പ്രാൎത്ഥന. ദളപതിസമുദ്രം ഗ്രാമത്തിലുള്ള ക്രിസ്ത്യാനികളെല്ലാം തട്ടാന്മാരാണ്. 1485 ആഗസ്റ്റ് മാസം 15-ാംനു- ആ ചുമടുതാങ്ങി സംഭാവനചെയ്ത മരിയനായകവും മററു ക്രിസ്ത്യാനികളും സുറിയാനിക്രിസ്ത്യാനികളായിരുന്നുവെന്നു സ്പഷ്ടമാണ്. കാരണം, 1485-ൽ വാസ്ക്കോഡിഗാമയുടെ ഇന്ത്യൻയാത്ര ആരംഭിച്ചിട്ടുപോലുമില്ലായിരുന്നു. അന്നുവരെയും ഇന്ത്യയിലും വിശാലമായ ഏഷ്യയിലുമുണ്ടായിരുന്നതു് സുറിയാനിസഭ മാത്രമായിരുന്നല്ലോ. ആഗസ്റ്റ് 15 എന്നു പറയുന്നതും മാതാവിൻെറ സ്വർഗ്ഗാരോപണത്തിരുന്നാളാണ്. സുറിയാനിക്കാരായിരുന്ന ഈ തട്ടാന്മാർ ഭൂരിപക്ഷമുള്ള ഇടവകകളിൽ പുരാതനമായിത്തന്നെ ആഗസ്റ്റ് 15-ാംനു- പ്രധാന തിരുന്നാളായി ആഘോഷിച്ചുപോരുന്നു. ദളപതിസമുദ്രം എന്ന ഗ്രാമത്തിലും വടക്കംകുളത്തും തത്തംപള്ളിയിലും തട്ടാന്മാരുടെ മററുചില കേന്ദ്രങ്ങളിലും ആഗസ്റ്റ് 15-ാം നു- യാണ് പ്രധാനതിരുന്നാൾ. തത്തംപള്ളിയിലുള്ള സുറിയാനിക്കാരായ തട്ടാന്മാരെ ലത്തീൻറീത്തിൽ ചേർക്കുവാൻ അതിശക്തമായ ശ്രമങ്ങൾ നടത്തിയിട്ടും പ്രലോഭനങ്ങൾ നല്കിയിട്ടും അവയെല്ലാം ചെറുത്തും നിരാകരിച്ചും സുറിയാനി സഭാംഗങ്ങളായിത്തന്നെ നിലനില്ക്കുന്നതു്, അവരുടെ പാരമ്പര്യബോധത്തിൻെറ ശക്തികൊണ്ടായിരിക്കണം. അത്രത്തോളം പാരമ്പര്യബോധം നമുക്കുണ്ടോയെന്നു് ആത്മശോധന ചെയ്യുന്നതു് നല്ലതാണ്. എന്നാൽ തട്ടാൻപള്ളി തത്തംപള്ളി ആയതായാലും അല്ലെങ്കിലും അമേരിക്കയിലെ റെഡ് ഇന്ത്യൻവൎഗ്ഗക്കാരെപ്പോലെ, ചങ്ങനാശ്ശേരി അതിരൂപതയിലെ അവഗണനയുടെ കയത്തിൽപ്പെട്ടു് സുറിയാനികത്തോലിക്കരായ ഈ തട്ടാന്മാർ വലയുകയാണെന്നത്രേ റിപ്പോർട്ടുകളുള്ളതു്. ഇന്നവരെ പീഡിപ്പിക്കുന്നതു് തൊഴിലില്ലായ്മയും പട്ടിണിയുമാണ്.

www.malankaralibrary.com

# വീണ്ടുമൊരാമുഖം

ഈ ഗ്രന്ഥത്തിൻെറ ഒന്നാം വാല്യം പ്രസിദ്ധീകരിച്ചിട്ട് രണ്ടു വഷത്തിലധികമായി. അതിനു ലഭിച്ച പ്രശംസകളും അനുമോദനങ്ങളും തികച്ചും അപ്രതീക്ഷിതമെങ്കിലും, സംതൃപ്തിക്കും പ്രോത്സാഹനത്തിനും വകതരുന്നതായിരുന്നു. തിരുവനന്തപുരത്തെ മഹാമനസ്ക്കരായ സുഹൃത്തുക്കൾ, പ്രത്യേകിച്ചും C. C. M. ഭാരവാഹികൾ സംഘടിപ്പിച്ച യോഗത്തിൽ വച്ച്, കേരളാമുഖ്യമന്ത്രി ശ്രീ. കെ. കരുണാകരൻ, ശ്രീ. എം. കെ. ജോസഫിനു് (Director General of Police) ഒന്നാം വാല്യത്തിൻെറ ഒരു പ്രതി നല്കിക്കൊണ്ടു് പ്രകാശനംചെയ്തു. യോഗാദ്ധ്യക്ഷനായിരുന്ന തിരുവനന്തപുരം ആർച്ചു ബിഷപ്പ് ബനഡിക്റ്റ് മാർ ഗ്രിഗോറിയോസു തിരുമേനിയും, ബ. മന്ത്രി ശ്രീ. പി. ജെ. ജോസഫും ഡാക്റ്റർ ശൂരനാട്ടു കുഞ്ഞൻപിള്ളയും ശ്രീ എം. കെ. ജോസഫും ശ്രീ. ബാബു പോളും ദയാപൂർവ്വമായ അവരുടെ പ്രശംസകൾകൊണ്ടു് ആ ഗ്രന്ഥത്തെ അനുഗ്രഹിച്ചു. കേരളകത്തോലിക്കാകോൺഗ്രസ്സ് വാർഷികത്തിൽവച്ച് കേരളാഗവർണർ, ബ. പി. രാമചന്ദ്രൻ ഈ ഗ്രന്ഥത്തിനു് 'അവാർഡു്' നല്കുകയുണ്ടായി. നവജീവപരിഷത്തിൻെറ സ്വർണ്ണമെഡലും പാരിതോഷികങ്ങളും വളരെയാളുകളുടെ അനുമോദനങ്ങളും ഒന്നാം വാല്യത്തിനു സിദ്ധിച്ചിട്ടുണ്ടു്. തങ്ങളുടെ നന്മനസ്സും ദയാവായ്പും പ്രദർശിപ്പിച്ച മേല്പറഞ്ഞവരോടും മററനേകരോടും ഈ ഗ്രന്ഥകാരൻ അതീവ കൃതജ്ഞനാണ്.

ഒന്നാം വാല്യം പ്രസിദ്ധീകരിക്കുമ്പോൾ രണ്ടാം വാല്യത്തിൻെറ സ്ഥൂലമായ രൂപരേഖയേ മനസ്സിലുണ്ടായിരുന്നുള്ളു. രണ്ടാം വാല്യം പ്രസിദ്ധീകരിക്കുവാനുണ്ടായ കാലവിളംബത്തിൻെറ ഒരു കാരണം അതാണ്. മററു കാരണങ്ങൾ, വാദ്ധക്യത്തിൻെറ ഏറിവരുന്ന അവശതകളും, വിട്ടൊഴിയാത്ത ഹൃദ്രോഗവും, എഴുതിയെടുക്കാൻ ആളില്ലാതെവന്ന ക്ലേശങ്ങളുമാണ്. അതോടുകൂടി, രണ്ടാം വാല്യം ഒന്നാം വാല്യത്തിൻെറ ഏകദേശം ഇരട്ടിയായതും ഒരു പ്രധാന ഹേതുവായി. രണ്ടാം വാല്യത്തിൻെറ തീർത്ഥയാത്രയിലും, പ്രവർത്തനത്തിൽ

www.malankaralibrary.com

ഏകാന്തപഥികനും സാമ്പത്തികമായി അനന്യശരണനുമായി ത്തന്നെ കഴിഞ്ഞുകൂടി.

കടലാസ്, മഷി മുതലായവയുടെ വിലയിലും അച്ചടി ക്കൂലിയിലും വന്ന ക്രമാതീതമായ വദ്ധനവ് ഈ പുസ്തകത്തി ൻെറ അച്ചടിച്ചെലവിനെ വളരെ ഗൗരവമായി ബാധിച്ചി ട്ടുണ്ട്. ഗവേഷണഗ്രന്ഥമാകുമ്പോരം കണക്കിലും കണ്ണിലും പിടിയിലും ഒതുങ്ങാത്ത വളരെ ചെലവുകരം വന്നുകൂടുക സ്വാ ഭാവികമാണ്. രാപകലോളം വലയിട്ടു വലഞ്ഞിട്ടും, വെറും കയ്യോടെ മടങ്ങുന്ന മുക്കുവൻെറ കഥയാണ്, വിഷയവിവര ങ്ങരംതേടി ഗ്രന്ഥശാലകളിലെ പുസ്തകത്താളുകളിൽക്കൂടിയുള്ള തിരച്ചിലുകളിൽ പലതിൻെറയും പരിണാമം. പ്രയത്നവും പ്രതിഫലവും തമ്മിൽ നിശ്ചിതമോ പ്രതീക്ഷിതമോ ആയ യാതൊരു അനുപാതിക ബന്ധവുമില്ലാത്ത ഏപ്പാടാണ് ഗവേ ഷണം—സ്ഥിരനിശ്ചയവും ആഴമേറിയ ക്ഷമയും വേണ്ട തപസ്യ.

ചരിത്രരചനയിൽ കാലികവും (Chronological) വിഷയ പരവും (topical) എന്ന രണ്ടു മാഗ്ഗങ്ങരം നിർദ്ദേശിച്ചിട്ടുള്ളതിൽ വിഷയങ്ങളുടെ സ്വഭാവമനുസരിച്ച് രണ്ടും മാറിമാറി ഉപ യോഗിക്കാമെന്നു ചരിത്രശാസ്ത്രജ്ഞന്മാർ വിധിച്ചിട്ടുണ്ട്. ഈ ഗ്രന്ഥരചനയിലും ആ സമ്പ്രദായവും സ്വാതന്ത്ര്യവും ആണ് പിൻതുടന്നിട്ടുള്ളതു്. രണ്ടു വാല്യങ്ങളും എഴുതിക്ക ഴിഞ്ഞ് പുനരവലോകനം ചെയ്യുതിൽ ഉപയോഗപ്രദമാകുമാ യിരുന്ന ചില ഭാഗങ്ങരം വിട്ടുപോയിട്ടുള്ളതുപോലെ തോ ന്നുന്നു. അതു് പരിഹരിക്കുന്നതിനു് ഒരു മൂന്നാം വാല്യമോ അനുബന്ധവാല്യമോ എഴുതുവാൻ ആഗ്രഹമുണ്ട്—എണ്ണതുകളി ലിറങ്ങിയ ഈ ഗ്രന്ഥകാരനെ ദൈവകാരുണ്യം ആയുസ്സും ആരോഗ്യവുംതന്നു് അനുഗ്രഹിക്കുമെങ്കിൽ.

പ്രസിദ്ധീകരണക്കാരുടെ വ്യവസായലക്ഷ്യങ്ങളോ ലാ ഭേച്ഛകളോ ഈ ഗ്രന്ഥത്തെ തെല്ലും ബാധിച്ചിട്ടില്ലെന്നു പറ യാവുന്ന വിധത്തിലാണ് വരവിനെ വളരെ മടങ്ങു കവിഞ്ഞു നില്ക്കുന്ന ചെലവ്. കാലാതീതമായി ജീവിക്കുവാൻതക്ക രേഖാബലം ഈ ഗ്രന്ഥത്തിനുണ്ടെങ്കിൽ, ആ മെച്ചമാണ് മിച്ച മായി കിട്ടുന്നതു്. വിജ്ഞാനമേഖലയിൽ ചരിത്രം അധഃ കൃതവർഗ്ഗത്തിൽ പെട്ടതാണ്. ഇന്നിൻെറ സാങ്കേതികശാസ്ത്ര ങ്ങളുടെ തിളക്കമേറിയ പ്രഭാവത്തിലും പ്രൌഢിയിലും കൊ

www.malankaralibrary.com

ഴിഞ്ഞുപോയ ഇന്നലെകൾ കറുപ്പുശീലപൊതിഞ്ഞ അസ്ഥി
പേടകങ്ങളാണു്. ഗ്രന്ഥപ്രദർശനത്തിൽ ചരിത്രവിഭാഗം
സൗന്ദര്യമത്സരത്തിൽ പൌഡറണിഞ്ഞ മുത്തശ്ശിയെന്നാണു്
വച്ചു്. അത്രത്തോളം നമ്മുടെ ജീവിതവീക്ഷണം ഉപരിപ്ല
വമായിട്ടുണ്ടു്–താല്ക്കാലിക ഭൗതികസുഖസൗകര്യങ്ങൾക്കപ്പുറം
കാണാൻ വയ്യാത്ത കണ്ണുകൾ!!

സഭയുടെ ഭൗതികമായ ആസ്തികളിലും വസ്തുക്കളിലും ഉള്ള
കൈകാര്യകർത്തൃത്വത്തിൽ അല്മായർക്കു ഭാഗഭാഗിത്വം വേ
ണമെന്നുള്ളതിനെപ്പററി ശക്തമായും നിശിതമായും ചില
പ്പോൾ കർക്കശമായും ഈ ഗ്രന്ഥത്തിൽ പ്രതിപാദിച്ചിട്ടുണ്ടു്.
അതിന്റെ കാരണം അതു് ന്യായയുക്തവും നമ്മുടെ സഭയിൽ
പുരാതനമായി നിലനിന്നുപോരുന്നതും സഭയുടെ പുരോഗ
തിയ്ക്കു്, എന്നത്തെക്കാളും ഇന്നു അവശ്യമാണെന്നു ബോദ്ധ്യ
പ്പെട്ടതുംകൊണ്ടാണു്. എന്നാൽ ഇതിനു് ഒരു മറുവശമുള്ളതു
കൂടി പ്രസ്താവിക്കാതിരുന്നാൽ അതു് ന്യായകേടായിരിക്കും.
എല്ലാ അവകാശങ്ങളും കർത്തവ്യങ്ങൾ കൂടാതെയുള്ളതല്ലെന്നു്
ഓർക്കേണ്ടതാണു്. പണ്ടു്, മതഭക്തരായ നമ്മുടെ പിതാക്ക
ന്മാർ പള്ളികൾക്കും മതസ്ഥാപനങ്ങൾക്കും ഉദാരമായി സംഭാ
വന ചെയ്തുവരായിരുന്നു. ഇന്നു് സഭാവസ്തുക്കളുടെ ഭരണത്തിൽ
ഭാഗഭാഗിത്വത്തിനുവേണ്ടി മുറവിളി കൂട്ടുന്നവർ അധികം
പേരും സഭയ്ക്കു നല്കേണ്ട സംഭാവനയെപ്പററിയല്ല, മററുള്ളവർ
കൊടുത്ത സംഭാവനകളുടെ വിനിയോഗത്തെപ്പററിയാണു്
ചിന്തിക്കുന്നതും സംസാരിക്കുന്നതും–അതും രാഷ്ട്രീയത്തിലെ
പ്രവർത്തനങ്ങളുടെയും പ്രസംഗങ്ങളുടെയും ശൈലിയിൽ.
ഇതു് സഭയ്ക്കു അപകടകരമാണു്.

ഇതിനെക്കാൾ ഗൗരവമേറിയ മറെറാന്നുണ്ടു്. മേല്പ
റഞ്ഞ പങ്കാളിത്വത്തിനുവേണ്ടി ആക്രോശിക്കുന്നവരിൽ ഒരു
വിഭാഗം കത്തോലിക്കാവിശ്വാസമോ കൗദാശിക ജീവിതമോ
ഇല്ലാത്തവരാണു്. അധികാരമോഹമോ രാഷ്ട്രീയത്തിലെ
'കയ്യിട്ടുവാരലോ' ആയിരിക്കാം അവർക്കു പ്രേരണ നല്കുന്നതു്.
ഇവർ ഏതൊരു അല്മായസംഘടനയുടെ വക്താക്കളോ പ്രതി
നിധികളോ ആയിരുന്നാലും, അവർ സഭയ്ക്കു് ഗുരുതരമായ ഭീ
ഷണിയും അപകടകാരികളും ആയിരിക്കുമെന്നതിൽ സംശയ
മില്ല.

www.malankaralibrary.com

നമ്മുടെ ജീവിതത്തിൻെറ എല്ലാ തലങ്ങളിലും അർബ്ബുദം പോലെ ബാധിച്ചിട്ടുള്ള ഒരു രോഗമാണ് രാഷ്ട്രീയത്തിൻെറ അതിപ്രസരം. പള്ളിയോഗപ്രതിനിധികളെ തിരഞ്ഞെടുക്കുന്നതു് രാഷ്ട്രീയ പാർട്ടികളുടെ ശൈലിയിലായാൽ, സഭയുടെ നന്മയെ കരുതി ആ കാരണത്താൽത്തന്നെ പ്രാതിനിധ്യാവകാശം നഷ്ടപ്പെടുന്നതിൽ അത്ഭുതപ്പെടുവാനില്ല. നമ്മുടെ സ്വന്തം സഹോദരങ്ങളായ വിയോജിത സുറിയാനിക്കാരുടെ പല ദേവാലയങ്ങളും കേസിൽപ്പെട്ടു് വർഷങ്ങളോളം അടച്ചു കിടക്കുന്നതു് നമുക്കൊരു പാഠമാണ്. അവർക്കാണെങ്കിൽ ദേവാലയങ്ങളുടെ ആവശ്യം ഞായറാഴ്ചകൊണ്ടു് പരിമിതപ്പെടുത്താവുന്നതാണ്. നമുക്കാണെങ്കിൽ ഒരിക്കലും അങ്ങനെയല്ലല്ലോ. എന്നാൽ നല്ല കത്തോലിക്കരെ മുട്ടുകുത്തിക്കുന്ന ഈ സാഹചര്യം മുതലാക്കിക്കൊണ്ടു് സഭാധികാരികൾ അനീതിയ്ക്കും അപമര്യാദയ്ക്കും വഴിതെളിക്കാതിരുന്നാൽ നന്നായിരുന്നു.

ഈ പുസ്തകത്തിൻെറ രണ്ടാം വാല്യം പോർച്ചുഗീസുകാരുടെ ഇൻഡ്യയിലേക്കുള്ള വരവോടുകൂടിയാണ് ആരംഭിക്കുന്നതു്. അതു് പതിനാറാം നൂററാണ്ടിലാണെന്നു പറയാമെങ്കിലും, മദ്ധ്യയുഗങ്ങളിലെ ഫ്യൂഡലിസ്റ്റ് ചട്ടക്കൂടും ഭരണരീതികളുംതന്നെയാണ് വിദേശങ്ങളിലേക്കു വ്യാപിച്ച ലത്തീൻ സഭയ്ക്കുണ്ടായിരുന്നതു്. കേരളത്തിലെ മാർത്തോമ്മാസഭയെ സംബന്ധിച്ചിടത്തോളം, പതിനാറാം നൂററാണ്ടിൻെറ ആരംഭംമുതൽ പത്തൊൻപതാം നൂററാണ്ടിൻെറ അവസാനംവരെ, നാന്നൂറു കൊല്ലത്തോളം, വിമോചനത്തിനും സ്വാതന്ത്ര്യത്തിനുംവേണ്ടിയുള്ള ജീവന്മരണസമരമായിരുന്നു. സമരം എപ്പോഴും രണ്ടു കക്ഷികൾ തമ്മിൽ ശത്രുഭാവത്തിൽ, ഒരാൾ അപരനെ തോല്പിക്കുവാനുള്ള പോരാട്ടമാണല്ലോ. മാർത്തോമ്മാക്രിസ്ത്യാനികൾ ഒടുവിൽ ഭരണസ്വാതന്ത്ര്യം നേടി. വിദേശാധിപത്യം സ്ഥലംവിട്ടു. എന്നാലും അവരുടെ സംസ്ക്കാരവും ആചാരങ്ങളും ആരാധനാക്രമവും സ്വീകരിച്ചവർ ഇപ്പോഴും കേരളക്കരയിൽ ഉണ്ടു്. വിദേശാധിപത്യത്തിൻെറ ചെയ്തികളെപ്പററിയുള്ള ചരിത്രപരമായ വിമർശനത്തിൽ അവർക്ക് വൈകാരികമായ വിഷമം ഉണ്ടാക്കരുതെന്നു് ഗ്രന്ഥകർത്താവിനു് ആഗ്രഹമുണ്ടു്. വ്യക്തികളേയും വ്യക്തിയുടെ ദോഷങ്ങളേയും വേർതിരിച്ചു കാണുവാൻ കഴിയുന്നവരോടു് ഒരു ക്ഷമായാചനത്തിനു് ആവശ്യമില്ല. അല്ലാത്തവരോടു ക്ഷമായാചനം ചെയ്യുതുകൊണ്ടു് പ്രയോജനവുമില്ല. വസ്തുതകൾ

www.malankaralibrary.com

ചരിത്രപരവും വിമശ്നങ്ങരം വസ്തുനിഷ്ഠവും ആയിരിക്കുവാൻ ഗ്രന്ഥകാരൻ പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ടു്.

ആശിച്ചു് ശ്രമിച്ചിടത്തോളം, ഈ പുസ്തകം ഭദ്രവും ഭംഗിയാർന്നതും ആക്കുവാൻ കഴിഞ്ഞിട്ടില്ലെന്നുള്ള ബോധം ഈ ഗ്രന്ഥകാരനുണ്ടു്. അതിൻെറ കാരണം 'ഏകാന്തപഥികത്വം' തന്നെ. സാഹചര്യങ്ങരം അങ്ങനെ ആക്കിത്തീത്തുവെന്നേ പറയേണ്ടതുള്ളൂ. ഒന്നും രണ്ടും വാല്യങ്ങളിലെ ഉദ്ധൃതഗ്രന്ഥങ്ങളുടെ പട്ടിക ഒന്നിച്ചായിപ്പോയതും ഒരു ന്യൂനതയാണു്. ഓരോ അദ്ധ്യായത്തിൻെറയും ഒടുവിൽ ഉദ്ധൃതഗ്രന്ഥങ്ങളുടെ പട്ടിക ചേക്കുന്ന ചില ഗ്രന്ഥങ്ങളിലെ പതിവു്, ഈ ഗ്രന്ഥകാരൻ മനഃപൂവ്വം ഉപേക്ഷിച്ചു്, അവ അതാതു പുറങ്ങളുടെ അടിയിലാണു് ചേത്തിരിക്കുന്നതു്. അതിൻെറ കാരണം ഓരോ പുറവും വായിച്ചുപോകുമ്പോരം, ഉദ്ധൃതഗ്രന്ഥങ്ങളെ വിലയിരുത്തി മനസ്സിലാക്കിപ്പോകുവാനാണു്.

പ്രൂഫുനോക്കുവാൻ സഹായിച്ച പ്രഫ. K. R. V. പണ്ടാലയോടു ഞാൻ കൃതജ്ഞനാണു്. രണ്ടാം വാല്യവും ഭംഗിയായി അച്ചടിച്ചുതരുവാൻ സഹായിച്ച M. M. പ്രസ്സു മാനേജർ ബ. മാത്യു ആനിക്കഴിക്കാട്ടിലച്ചനോടും അദ്ദേഹത്തിൻെറ സഹ. പ്രവത്തകരോടും എനിക്കു ഹൃദയപൂവ്വമായ നന്ദിയുണ്ടു്.

27 ഫെബ്രു. 1985 | ഫാ. എൻ. എ. തോമസ്സു്
ജയമാതാഭവൻ | നങ്ങച്ചിവീട്ടിൽ
1 ലോകോളേജു് റോഡു്,
തിരുവനന്തപുരം–33.

www.malankaralibrary.com

II

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| I | മുഖചിത്രം | iii |
| A. | അനുരാധപുരം കുരിശ് | x |
| B. | മുഗലാന – ശ്രീലങ്കയിലെ മാർത്തോമ്മാ ക്രിസ്ത്യൻ രാജാവ് – (A. D. 477–495) | xi |
| | ശ്രീലങ്കയിലെ മഹാവംശം എന്ന ഗ്രന്ഥത്തിന്റെ കർത്താവ് ഒരു മാർത്തോമ്മാ ക്രിസ്ത്യാനിയോ? | xiv |
| | ശ്രീലങ്കയിലെ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ അവസാനഘട്ടം | xv |
| II | മൺമറഞ്ഞ പിതാക്കന്മാരുടെ കാല്പാടുകൾ തേടി | xvi |
| | മലങ്കരക്കുരിശ് | xvii |
| | വടക്കുളം പള്ളിയും സുറിയാനി അടിത്തറയും | xix |
| | 1 കരിങ്കൽത്തൂണുകൾ | ,, |
| | 2 സിമിത്തേരിയിലെ മലങ്കരക്കുരിശുകൾ | ,, |
| | വഴിയിലുള്ള മലങ്കരക്കുരിശ് | xx |
| | തിരുനൽവേലി ജില്ലയിലെ മലങ്കരക്കുരിശുകൾ | xx |
| | ആമുഖം | xxiv |

ഒന്നാം അദ്ധ്യായം

പശ്ചാത്തലവിവരണം

| | | |
|---|---|---|
| | വാസ്കോഡിഗാമായ്ക്കുമുമ്പ് | 1 |
| I | വേർപെട്ടലോകങ്ങൾ | 1 |
| II | പുന:സ്ഥാപനശ്രമങ്ങൾ | 2 |
| i) | അറബികളുടെ മദ്ധ്യവർത്തിത്വം | 2 |
| ii) | ക്രിസ്ത്യൻ തീർത്ഥാടകർ | 3 |
| iii) | മതപ്രേഷിതരും വിജ്ഞാനദാഹികളും | 3 |
| III | യൂറോപ്പിലെ ഭാരതപ്രസിദ്ധി–മദ്ധ്യയുഗത്തിൽ | 4 |
| i) | വാണിജ്യപരം | 4 |
| ii) | ക്രൈസ്തവസഭാപരം | 4 |
| a) | പ്രെസ്റ്റർ ജോൺ ചക്രവർത്തി | 4 |
| b) | ഏഷ്യയിലെ ക്രൈസ്തവസമൂഹങ്ങൾ | 9 |
| c) | മിഷനറിമാരായ മുന്നോടികൾ | 13 |
| 1 | മോന്തേ കൊർവീനോ (എ. ഡി. 1292) | 14 |
| 2 | ജോർഡാൻ സെവറാക്ക് | 16 |
| 3 | ജോൺ മരിഞ്ഞോളി–മാർപ്പാപ്പായുടെ ചൈനയിലെ പ്രതിനിധി | 19 |
| 4 | ലൂയിസ് വർത്തേമാ | 20 |


www.malankaralibrary.com

രണ്ടാം അദ്ധ്യായം

A. പോർച്ചുഗീസുകാരുടെ കവാടഭേദനം

I പോർച്ചുഗലും പോർച്ചുഗീസ് സാമ്രാജ്യവും 21
ii) ബൗദ്ധികാധഃപതനം 23
iii) ആദ്ധ്യാത്മികാധഃപതനം 23
iv) മിശിഹായും മാമ്മോനും 25
v) മാമ്മോന്റെ ഉരുക്കുമുഷ്ടി 26
vi) മാമ്മോനും അടിമക്കച്ചവടവും 29
II പ്രാരംഭശ്രമങ്ങൾ 32
III ലക്ഷ്യപ്രാപ്തി 35
IV പോർച്ചുഗീസ്–നസ്രാണി മധുവിധു 37
V പ്രാരംഭമതപ്രചരണയത്നങ്ങൾ 38
i) കേരളരംഗം 38
ii) സാമ്രാജ്യമോഹവും മതപ്രചരണവും കൈകോർത്തുകൊണ്ട് 39
B കുരിശും കിരീടവും–അഥവാ പദ്രവാദോ 43
i) വാദങ്ങൾ–എതിർവാദങ്ങൾ 47
പദ്രവാദോയെ എതിർക്കുന്നു 49
പ്രൊപ്പഗാന്തായുടെ മുന്നേററം 50

മൂന്നാം അദ്ധ്യായം

കേരളസഭ
പോർച്ചുഗീസുകാർ വന്നപ്പോൾ 52

1 ബാബിലോണിയൻ ബന്ധങ്ങൾ– പോർച്ചുഗീസുകാർ വരുമ്പോൾ 52
2 ബാബിലോണിയൻ മെത്രാന്മാർ 53
3 പോർച്ചുഗീസുകാർ കണ്ട മാർത്തോമ്മാക്രിസ്ത്യാനികൾ
കൊടുങ്ങല്ലൂർ 55
കൊല്ലം 56
കൊച്ചി 56
ഇൻഡ്യയിലെ പോർച്ചുഗീസ് കേന്ദ്രങ്ങൾ 60

നാലാം അദ്ധ്യായം

മാർ യാക്കോബ് 1504–1550

1 മാർ യാക്കോബും പോർച്ചുഗീസ് ആധിപത്യവും 62
2 വിശുദ്ധ ശൗര്യാർ (ഫ്രാൻസീസ് സേവ്യർ) കേരളത്തിലേയ്ക്ക് 63
a) മതപ്രചരണനയം 64
b) വിശുദ്ധ ശൗര്യാർ – കൊടുങ്ങല്ലൂരിൽ 67
c) മാർ യാക്കോബും വി. ശൗര്യാരും 68
d) വി. ശൗര്യാരും സൊക്കോട്രായിലെ മാർത്തോമ്മാസഭയും 69
e) വി. ശൗര്യാരും കേരളസഭയും 70
4 കേരളത്തിലെ പോർച്ചുഗീസ് സിമ്മനാരികൾ 71

www.malankaralibrary.com

5 സുലാക്കാ പാത്രിയക്കീസ് 72
6 അബ്ദീശോ പാത്രിയക്കീസ് 73

അഞ്ചാം അദ്ധ്യായം

**മാർ ജോസഫ് 1556-69**

i) സംഘർഷത്തിന്റെ അന്തരീക്ഷം 74
a) മാർ ജോസഫ് കേരളത്തിലേയ്ക്കു് 74
b) മാർ ജോസഫിന്റെ വിശ്വാസാചാരങ്ങൾ 74
ii) മാർ ജോസഫ് കേരളത്തിൽ വന്നപ്പോൾ 76
iii) മാർ ജോസഫ് വീണ്ടും കേരളത്തിൽ 77
iv) ഇടക്കാലഭരണം 77
a) മാർ അബ്രഹാമിന്റെ വരവ് 77
b) മാർ അബ്രഹാമിന്റെ പിൻതിരിവ് 78
v) മാർ ജോസഫിന്റെ രണ്ടാമത്തെ വിചാരണ 79
vi) മാർ അബ്രഹാം വീണ്ടും കേരളത്തിലേയ്ക്കു് (1568) 81
a) യാത്രാശകുനങ്ങൾ 81
b) ഗോവയിൽ വീണ്ടും തടങ്കലിൽ 81

ആറാം അദ്ധ്യായം

**മാർ അബ്രഹാം (1568-1597)**

i) മാർ അബ്രഹാമും ജസ്യൂട്ട് വൈദികരും 83
ii) വൈപ്പിക്കോട്ട സിമ്മനാരി 85
iii) ഗോവാ കൌൺസിലെന്ന കടുവാക്കൂട്ട് 86
a) 1575-ലെ രണ്ടാം ഗോവാകൌൺസിൽ 87
iv) അങ്കമാലി സൂനഹദോസ് 87
v) മൂന്നാം ഗോവാ കൌൺസിൽ (1585) 88
vi) മാർ അബ്രഹാം-മൂന്നാം ഗോവാകൌൺസിലിൽ 91
vii) കഴുമരം ഒരുക്കുന്നു – നാലാം ഗോവാ കൌൺസിലിൽ 93

ഏഴാം അദ്ധ്യായം

**ആർച്ചുബിഷപ്പ്**
**അലക്സിസ് മെനേസിസ്**

കഴിവുകളും, മോഹങ്ങളും 96
ചൂടുപിടിപ്പിക്കുന്ന അന്തരീക്ഷം 97
മെനേസിസിന്റെ ആസൂത്രിതപദ്ധതി 98
മെനേസിസ് കേരളത്തിലേയ്ക്കു് തിരിയുന്നു 99
മെനേസിസ് കേരളത്തിലേയ്ക്കു് 101
മെനേസിസ് കേരളത്തിൽ 102
മെനേസിസ് – വൈപ്പിക്കോട്ട് 103
മെനേസിസ് – കൂനൻ കുരിശിനു് പീഠം പണിയുന്നു 104
മെനേസിസിന്റെ ഉരുകിയലിയുന്ന ഉടമ്പടി 109

എട്ടാം അദ്ധ്യായം

**ഉദയംപേരൂർ സൂനഹദോസ്**

www.malankaralibrary.com

i) പശ്ചാത്തലം 113
ii) സൂനഹദോസിന്റെ പ്രാധാന്യം 114
iii) മെനേസിസ് സൂനഹദോസ് വിളിച്ചുകൂട്ടുന്നു 115
a) അഭിവാദ്യങ്ങൾ — ആരുടേതു് 116
b) അഭിവാദ്യങ്ങൾ — ആക്കു് 116
iv) വിളിച്ചുകൂട്ടുവാനുള്ള കാരണങ്ങൾ 117
മെനേസിസ് കേരളസഭാഭരണത്തിലെ അല്മായ പ്രാതിനിദ്ധ്യം അംഗീകരിക്കുന്നു
i) അതിന്റെ പ്രാധാന്യം 117
ii) മെനേസിസിന്റെ കല്പന 118
iii) അല്മായപ്രാതിനിദ്ധ്യ സ്വഭാവം 119
iv) പൌരസ്ത്യസഭകളുടെ പാരമ്പര്യം 121
അങ്കമാലി ഭദ്രാസനത്തിനു് ചാപ്പ്റററില്ല!! 121
ബാബിലോണിയൻ പാത്രിയക്കീസ് നെസ്തോറിയനോ? 124
അനധികൃതമായ സൂനഹദോസ് 125
സംവിധാനം 126
പ്രാരംഭദിനം 126
യോഗനടപടികൾ 128
പ്രതിനിധികളുടെ വിശ്വാസസത്യപ്രതിജ്ഞ 129
പോർച്ചുഗീസ് സംരക്ഷണം 130
ഒൻപതാം അദ്ധ്യായം
A. സൂനഹദോസുനിശ്ചയങ്ങൾ
മഹറോൻ തട്ടം 131
മഹറോൻ 132
i) വിശ്വാസസത്യങ്ങളെ സംബന്ധിച്ചു്:– 133
ii) കൂദാശകളെ സംബന്ധിച്ചു്:– 133
iii) സാമൂഹ്യമായി:– 134
B. വിമർശനങ്ങൾ 135
C. മെനേസിസും സുറിയാനിരേഖകളുടെ പട്ടടയും 136
ഉദയംപേരൂർ സൂനഹദോസ് ചില രജതരേഖകൾ 139
4 സൈത്തും ഉപയോഗങ്ങളും 140
5 സൂനഹദോസ് അംഗങ്ങളിൽ അത്മായരുടെ മഹാഭൂരിപക്ഷം 142
6 അത്മായരും സഭയുടെ ഭൗതികസ്വത്തുക്കളും 143
അത്മായരുടെ പ്രാതിനിദ്ധ്യം 147
D. നെസ്റ്റോറിയൻ ആരോപണത്തെപ്പററി 154
E. 'കാട്ടുകയററിയ' സുറിയാനിക്കാർ 152
F. സൂനഹദോസിനുശേഷം 151
പത്താം അദ്ധ്യായം

www.malankaralibrary.com

**കുരിശിൻെറ ഗീവറുഗീസ്**
**അർക്കദിയാക്കോൻ (1593-1637)** 158
അക്കദിയാക്കോൻ സ്ഥാനം 161
കേരളസഭയിലെ അക്കദിയാക്കോന്മാർ 163
പതിനൊന്നാം അദ്ധ്യായം
**ജസ്യൂട്ട് ഭരണം തുടങ്ങുന്നു**
I ഫ്രാൻസിസ് റോസ് മെത്രാൻ (1601-24) 170
II സ്റ്റീഫൻ ബ്രിട്ടോ (1624-41) 179
പന്ത്രണ്ടാം അദ്ധ്യായം
**ഫ്രാൻസിസ് ഗാർഷ്യാ (1641-59) യും**
**കൂനൻകുരിശുസത്യവും**
A. ഗാർഷ്യാ മെത്രാപ്പോലീത്താ 183
B. അഹത്തല്ലാ 186
C. കൂനൻകുരിശുസത്യം – എ. ഡി. 1653 191
കൂനൻകുരിശുസത്യത്തിനുശേഷം 193
D. ആഞ്ഞിലിമൂട്ടിൽ ഇട്ടിത്തൊമ്മൻകത്തനാർ 195
സഭാപിളർപ്പിലെ 'കാസാംബിയാൻകാ' 199
ആ കത്ത് 201
പതിമൂന്നാം അദ്ധ്യായം
**മാർത്തോമ്മാക്രിസ്ത്യാനികളുടെ**
**സാമൂഹ്യസ്ഥിതി**
വംശോത്ഭവം 203
നസ്രാണി 204
മാർത്തോമ്മാക്രിസ്ത്യാനികളുടെ സവർണ്ണത്വം 204
നസ്രാണികളിൽ ആചാര്യത്വം 205
നസ്രാണിസമുദായത്തിൻെറ മൂലബിന്ദു 206
നായരും നസ്രാണിയും 209
മാർത്തോമ്മാക്രിസ്ത്യാനികളുടെ
ഷോഡശസംസ്കാരങ്ങൾ 212
പതിനാറു സംസ്കാരങ്ങളിൽ: സീമന്തകർമ്മം: 214
പുംസവനം, ജാതകർമ്മം, നാമകരണം: ,,
അന്നപ്രാശം: ചൌളം: വിദ്യാരംഭം: 215
ഉപനയനം: 216
വിവാഹം 217
a) വധൂവരന്മാരെ തിരഞ്ഞെടുക്കൽ ,,
b) സ്ത്രീധനം ,,
c) 'അയിനിഊൺ' 218
പാണിഗ്രഹണം, താലികെട്ട്, മന്ത്രകോടി 219
ഗൃഹപ്രവേശം, സേകം: 220
മരണവും മരണാനന്തരവും, കച്ചയിടൽ 221
മിഷ്നറിമാർ കണ്ട സാമൂഹ്യസ്ഥിതി 222
സുറിയാനി വൈദികരും ജനങ്ങളും 223

www.malankaralibrary.com

i) വൈദികർ 223

സൈനികപരിശീലനം 226

പുരുഷന്മാർ 227

നസ്രാണിസ്ത്രീകൾ 228

ഭക്ഷണരീതികൾ 231

അയിത്താചരണം ,,

നസ്രാണികളുടെ ക്ഷയോന്മുഖസാഹചര്യങ്ങൾ 232

ഇടവകഭരണം 233

പ്രേഷിതചൈതന്യം 234

പതിനാലാം അദ്ധ്യായം

**ബാബിലോണിയൻ സഭയും കേരളസഭയും തമ്മിലുള്ള ബന്ധങ്ങൾ** 240

1 വിശ്വാസസംരക്ഷണം 241

2 കുടിയേററങ്ങൾ 243

A. സ്ഥാനമാനങ്ങൾ ,,

B. വാണിജ്യാഭിരുചി 247

C. അന്താരാഷ്ട്രവീക്ഷണം 248

D. രക്തസാക്ഷിത്വത്തിന്റെ പൈതൃകം 249

കർമ്മലീത്തരുടെ വരവും ഭരണവും 251

റോമ്മാ ഉണരുന്നു.

പതിനഞ്ചാം അദ്ധ്യായം

കർമ്മലീത്തർ കേരളത്തിലേയ്ക്കു് 255

a) കർമ്മലീത്താസഭ ,,

കർമ്മലീത്തർ ഭാരതത്തിൽ – ഗോവയിൽ, 1620

കേരളത്തിൽ 1634 256

**കേരളത്തിൽ കർമ്മലീത്തരുടെ ഭരണം**

ഫാ. ജോസഫ് സെബസ്ത്യാനിയും ഫാ. വിൻസെന്റും 257

മാർത്തോമ്മാ ഒന്നാമനുമായി കൂടിക്കാഴ്ച 260

പദ്രവാദോയും പ്രൊപ്പഗാന്തായും മുഖാമുഖം 260

കർമ്മലീത്തരുടെ നുഴഞ്ഞുകയററം 262

ഫാ. ഹയസീന്ത് വരുന്നു, ഫാ. സെബസ്ത്യാനി പോകുന്നു 265

ഫാ. ജോസഫ് സെബസ്ത്യാനി മലബാറിന്റെ മെത്രാൻ–1659 266

ഗാർഷ്യായ്ക്കുശേഷം കയ്ക്കുന്ന മധുരക്കനി 267

പതിനാറാം അദ്ധ്യായം

**ബിഷപ്പ് സെബസ്ത്യാനി മലയാളത്തിന്റെ വികാരി അപ്പസ്തോലിക്ക** 269

പോർച്ചുഗീസ് ആധിപത്യത്തിന്റെ അവസാനം 271

സെബസ്ത്യാനി മെത്രാനും വിയോജിതവിഭാഗവും 272

ബിഷപ്പ് സെബസ്ത്യാനി നാടുവിടുന്നു 276


www.malankaralibrary.com

| | |
|---|---|
| പതിനേഴാം അദ്ധ്യായം | |
| **പറമ്പിൽ ചാണ്ടിമെത്രാൻ** (1663-1693) | 278 |
| ചാണ്ടിമെത്രാനും പുനരൈക്യശ്രമങ്ങളും | 279 |
| കേരളത്തിലെ ഒന്നാമത്തെ കത്തോലിക്കാ ആശ്രമം | 280 |
| തട്ടാരശ്ശേരി അഥവാ വരാപ്പുഴ | ,, |
| അതിഥിയുടെ വരവ്-ഫാ. പീററർ പോൾ | 281 |
| വിലയിരുത്തൽ | 284 |
| നേരിയ വെളിച്ചവും കനത്ത ഇരുട്ടും | 286 |
| കമ്മലീത്തരുടെ വിപ്രവാസവും<br>പ്രത്യാഗമശ്രമങ്ങളും | 287 |
| ഒന്നാം അങ്കം | 290 |
| രണ്ടാം അങ്കം-''വിവേക''ത്തിന്റെ മൂടുപടം | 292 |
| കമ്മീഷന്റെ നിയമനം | 293 |
| മൂന്നാം അങ്കം – കമ്മലീത്താകമ്മീഷനും<br>ഡച്ച് അധികാരികളും | 295 |
| നാലാം അങ്കം | 298 |
| അഞ്ചാം അങ്കം | 300 |
| റപ്പായേൽ സൽഗാദോയുടെ മെത്രാൻവാഴ്ച | 303 |
| പതിനെട്ടാം അദ്ധ്യായം | |
| **റപ്പായേൽ മെത്രാന്റെ ദുരന്തനാടകം** | 308 |
| റപ്പായേൽ ഫിഗറാദോ മെത്രാന്റെ പശ്ചാത്തലം | 310 |
| ഔന്നത്യസോപാനങ്ങൾ (careers) | 311 |
| പോർച്ചുഗീസുകൊച്ചി | ,, |
| കാനനും ചാപ്ററും | 312 |
| കമ്മലീത്താ മിഷന്റെ വിലയിരുത്തൽ | 316 |
| പത്തൊൻപതാം അദ്ധ്യായം | |
| കമ്മലീത്താ ഭരണം | 320 |
| **കൂരിരുട്ടും കൂരമ്പുകളും** (1700-1887) | |
| i) ആഞ്ചലൂസ് ഫ്രാൻസിസ്<br>(1700-1704; 1709-1712) | 322 |
| ii) പദ്രവാദോയുടെ പുനഃപ്രവേശനം<br>ബിഷപ്പ് റിബെയ്ഗോ (1704-1716) | 325 |
| iii) അർണോസ് പാതിരി | 330 |
| iv) അന്തോണി പിമെന്റൽ (1716-1752) | 830 |
| v) ഫ്ളോറൻസ് മെത്രാൻ (1750-1773) | 331 |
| b) കൊരട്ടിപ്പള്ളി | 333 |
| ഇരുപതാം അദ്ധ്യായം | |
| **അങ്കമാലി പടിയോല** | 336 |
| സാലസ് മെത്രാൻ (1775-1779) | 347 |
| സാലസ് മെത്രാനശേഷം | 351 |
| ജോൺ മേരി (1783) | ,, |
| അലോഷ്യസ് മേരി (1784-1802) | 352 |


***

www.malankaralibrary.com

ഇരുപത്തൊന്നാം അദ്ധ്യായം
**കരിയാററിൽ ജോസഫ് മെത്രാപ്പോലീത്താ** 354
മിന്നിപ്പൊലിഞ്ഞ പൊൻതാരം ,,
രണ്ടാം റോമായാത്ര 357
കരിയാററിൽ മെത്രാപ്പോലീത്താ കേരളസഭയുടേയും നസ്രാണി സമുദായത്തിൻേറയും രക്തസാക്ഷി 371
ഇരുപത്തിരണ്ടാം അദ്ധ്യായം
**ഗവർണദോർ പാറേമ്മാക്കൽ തോമ്മാകത്തനാർ** (1786–1799) 373
പണ്ടാരി പൗലോസ് മെത്രാൻ 380
ഗവർണദോർ ശങ്കുരിക്കൽ ഗീവർഗീസ് കത്തനാർ 382
i) മാർ ദിവന്നാസ്യോസിൻെറ പുനരൈക്യം 382
ii) പുത്തൻചിറ 383
ശങ്കുരിക്കലിനുശേഷം 384
ഇരുപത്തിമൂന്നാം അദ്ധ്യായം
**മൈസൂർ ആക്രമണങ്ങളും മാർത്തോമ്മാ ക്രിസ്ത്യാനികളും** 386
ഇരുപത്തിനാലാം അദ്ധ്യായം
**റെയ്മോണ്ട്** (1802–16) 394
പെൻററ്ഗാസ്ററ് മിലസ് (1821–1826) ,,
മൗറേലിയൂസ് സ്തബിലീനി (1826–1831) 395
സി. എം. ഐ. യുടെ ജനനവും ശൈശവവും 396
ഫ്രാൻസിസ് സേവ്യർ (1831–1844) 397
പദ്രവാദോ ശീശ്മ 398
വരാപ്പുഴയ്ക്ക് മെത്രാപ്പോലീത്തൻസ്ഥാനം 399
പദ്രവാദോ ശീശ്മയുടെ അവസാനം ,,
ലൂദോവിക് (1844–'53) 400
ബർണർദീൻ 1853–59'–'68 ,,
a) സുറിയാനി കമ്മലീത്താസഭയുടെ വളർച്ച ,,
ബർണർദീൻെറ പരിഷ്ക്കാരങ്ങൾ 405
ഇരുപത്തിയഞ്ചാം അദ്ധ്യായം
**കുടക്കച്ചിറ അന്തോനി അച്ചൻ** 407
റോക്കോസ് ഭിന്നത (1861–62) 411
''പാലം കടക്കുവോളം നാരായണ, നാരായണ'' 416
ഇരുപത്തിയാറാം അദ്ധ്യായം
**ലെയൊനാർഡ് മെല്ലാനോ** (1868–1887) 418
മേലൂസിൻെറ വിമോചനശ്രമങ്ങൾ 422
മേലൂസിനു വഴിയൊരുക്കൽ ,,
മേലൂസിൻെറ വരവ് 423
മർസിലിൻ പാതിരി 424
ഇരുപത്തിയേഴാം അദ്ധ്യായം
റോമ്മാ വീണ്ടും ഉണരുന്നു

www.malankaralibrary.com

| | |
|---|---|
| മെയുറീൻ മെത്രാൻെറ ദൗത്യം | 430 |
| i) കമ്മലീത്താ ദുർഭരണത്തിൻെറ വിചാരണ മെയുറീൻെറ കോടതിയിൽ | 431 |
| മെയുറീനും മേല്പസുകക്ഷികളും | 433 |
| നിധീരിക്കൽ മാണി അച്ചൻ | 434 |
| രഹസ്യക്കമ്മീഷൻെറ ചാരവൃത്തി | 436 |
| മർസലിൻ മെത്രാൻ (1877–87) | 437 |
| അധികാരക്കൊതിയുടെ അവസാനക്കൈയ് | 441 |
| സുറിയാനിസഭയുടെ വിമോചനം | 445 |
| ഇരുപത്തിയെട്ടാം അദ്ധ്യായം | |
| **നടുക്കടലിൽ നട്ടംതിരിയുന്ന നൗക** | 445 |
| ഭിന്നതയുടെ തുടർച്ച | 447 |
| മാർത്തോമ്മാ ഒന്നാമൻ 1653–'85 | 447 |
| യാക്കോബായസഭയുടെ ആവിർഭാവം | 448 |
| മാർ ഗ്രിഗോരിയോസ് 1665–'72 | 448 |
| മാർ അന്ത്രയോസ് 1676–'82 | 449 |
| മാർ ബസീലിയോസും മാർ ഇവാനിയോസും 1678–'94 | 450 |
| മാർത്തോമ്മാ രണ്ടാമൻ 1685–'86 | ,, |
| മാർത്തോമ്മാ മൂന്നാമൻ 1686–'88 | 451 |
| മാർത്തോമ്മാ നാലാമൻ 1688–1728 | ,, |
| മാർ ഗബ്രിയേൽ 1708–'30 | 452 |
| മാർത്തോമ്മാ അഞ്ചാമൻ 1728–1765 | 453 |
| വിസ്തൃതമായ തിരുവിതാംകൂർ | 454 |
| ടാൻകംബാർ സംഭവം | 456 |
| വീണ്ടും പുനരൈക്യശ്രമങ്ങൾ | 457 |
| ഇവാനിയോസ് മെത്രാൻ വേഷധാരിയോ? | ,, |
| മെത്രാൻ പട്ടത്തിനുവേണ്ട ശ്രമങ്ങൾ | 458 |
| മെത്രാൻ പട്ടത്തിൻെറ വില | 460 |
| ഇരുപത്തൊൻപതാം അദ്ധ്യായം | |
| **മാർ ദിവന്നാസ്യോസ് I** (1772–1808) | 464 |
| മാർ ദിവന്നാസ്യോസും അഞ്ഞൂർസഭയും | 465 |
| വീണ്ടും പുനരൈക്യശ്രമങ്ങൾ | 467 |
| വിദേശിയരായ രണ്ടു വിശിഷ്ടാതിഥികൾ | 472 |
| റവ. റിച്ചാർഡ് കേർ | 475 |
| മാർത്തോമ്മാ ഏഴാമൻ (1808–1809) | ,, |
| മുപ്പതാം അദ്ധ്യായം | |
| **ബ്രിട്ടീഷുഭരണവും വിയോജിതസഭയും** | 478 |
| മാർത്തോമ്മാ എട്ടാമൻ 1809–1816 | 479 |
| മാർത്തോമ്മാ ഒൻപതാമൻ | 480 |
| ദിവന്നാസ്യോസ് മൂന്നാമൻ (1818–1825) | 480 |
| മറെറാരു പരദേശമെത്രാൻ | 484 |


www.malankaralibrary.com

C. M. S. വിത്തുകരം 485
നവീകരണക്കാർ 486
ഇനിയും പരദേശമെത്രാൻ 488
പുലിക്കോട്ട മാർ ദിവന്നാസ്യോസ് 489
പത്രോസ് പാത്രിയർക്കീസ് 490
മുളന്തുരുത്തി സുനഹദോസ് 491
മാർ ദിവന്നാസ്യോസ് അഞ്ചാമൻ 493
മുപ്പത്തൊന്നാം അദ്ധ്യായം
**സുറിയാനി രൂപതകൾ**
A. തൃശ്ശൂർ വികാരിയാത്തു്
ബിഷപ്പ് അഡോൾഫ് മെഡ്‌ലിക്കോട്ട് (1887–1896) 500
B. കോട്ടയം വികാരിയാത്തു്
ബിഷപ്പ് ചാറൽസ് ലവീഞ്ഞു് S. J. 502
മുപ്പത്തിരണ്ടാം അദ്ധ്യായം
**നിധീരിക്കൽ മാണിക്കത്തനാർ** (1842–1904) 507
കുടുംബം 509
ഭാഷാജ്ഞാനം 510
നിയമപാണ്ഡിത്യം ,,
ജാത്യൈക്യസംഘം 511
"എൻെറ മന്ദിരം" 512
തിരുസഭ ക്രിസ്തുവിൻെറ ഒരു ട്രസ്റ്റ് 516
"എൻെറ പണം" 518
സ്വയംഭരണത്തിൻെറ വിധാതാക്കം 520
ഒന്നാം ഘട്ടം (1868–72) ,,
രണ്ടാം ഘട്ടം (1872–76) 522
മൂന്നാം ഘട്ടം (1876–86) 527
മുപ്പത്തിമൂന്നാം അദ്ധ്യായം
**സ്വജാതിമെത്രാന്മാർ വന്നപ്പോൾ—** 529
നവവസന്തം–സ്വാതന്ത്ര്യത്തിനുശേഷം 530
എറണാകുളം അതിരൂപത–
മാർ ളൂയിസ് പഴേപറമ്പിൽ (1896–1919) 534
കണ്ടത്തിൽ മാർ അഗസ്റ്റിൻ (1919–1956) 540
തൃശ്ശൂർ രൂപത–
മേനാച്ചേരി മാർ യോഹന്നാൻ (1896–1919) 542
വാഴപ്പള്ളി മാർ ഫ്രാൻസിസ് (1921–1942) 543
ആലപ്പാട്ട് മാർ ജോർജ്ജ് (1944–1970) ,,
കുണ്ടുകുളം മാർ ജോസഫ് (1970– ) 543
ചങ്ങനാശ്ശേരി അതിരൂപത 544
കുര്യാളശ്ശേരി മാർ തോമ്മാമെത്രാൻ (1911–1925) ,,
കാളാശ്ശേരി മാർ ജെയിംസ് മെത്രാൻ (1927–1949) 546

www.malankaralibrary.com

കാവുകാട്ട മാർ മത്തായി
മെത്രാപ്പോലീത്താ (1950–1969) 548
കട്ടിനാതം തിസ്സറാൻറും കേരളസഭയും 549

മുപ്പത്തിനാലാം അദ്ധ്യായം

**കേരളസഭയുടെ ഭരണസ്വാതന്ത്ര്യം–പമ്പയ്ക്കു തെക്ക്** 552

കേരളസഭയുടെ അംഗവിച്ഛേദനം 553
തിരുവനന്തപുരം പട്ടണം 554
തിരുവനന്തപുരത്തെ ആദ്യത്തെ ക്രൈസ്തവ–ദൈവാലയം–തച്ചിൽ മാത്തുത്തരകൻ–പണിയിച്ച സുറിയാനിപ്പള്ളി 556
ധർമ്മരാജാവും ക്രിസ്ത്യാനികളും ,,
ധർമ്മരാജാവും തച്ചിൽ മാത്തുത്തരകനും 559
തിരുവനന്തപുരത്തെ ആദിമക്രൈസ്തവ–സമൂഹങ്ങളും വളർച്ചയും 561
L. M. S., C. M. S. സമൂഹങ്ങൾ 562
L. M. S. പ്രവർത്തനങ്ങൾ 564
സാൽവേഷൻ ആർമി 568
ലൂഥറൻസ് 569

മുപ്പത്തഞ്ചാം അദ്ധ്യായം

**പമ്പയ്ക്ക് തെക്ക്** (തുടർച്ച)

**തിരുവനന്തപുരത്തെ ലത്തീൻ ക്രിസ്ത്യാനികൾ**

ജനസമൂഹങ്ങൾ 570
പാളയം പള്ളി 571
ബൽജിയം കർമ്മലീത്തർ 572
ബൽജിയം കർമ്മലീത്തരും–തെക്കുള്ള മാർത്തോമ്മാക്രിസ്ത്യാനികളും 573
ബിഷപ്പ് അലോഷ്യസ് ബൻസിഗർ 573
ഫാ. അദയോദാത്തൂസ് O. C. D. 577
തിരുവനന്തപുരത്തെ വിയോജിത സുറിയാനിക്കാർ 579
ഓർത്തഡോക്സ്കാർ 580
മാർത്തോമ്മാക്കാർ അഥവാ നവീകരണക്കാർ 580
സുറിയാനിക്കത്തോലിക്കർ 581
ലത്തീൻ രൂപതകളിൽ സുറിയാനിവൈദികർ 582
തിരുവനന്തപുരത്തു സീറോ–മലങ്കരസഭ 584
തടവറഭിത്തികൾ തകരുന്നു 587
തിരുവനന്തപുരത്തെ ലൂർദ്ദ്പള്ളി ,,
ലൂർദ്ദ് ഇടവകയുടെ സാമൂഹ്യരൂപം 591
ലൂർദ്ദ് ഇടവക–സീറോ–മലബാർ സഭയുടെ പരിച്ഛേദനതലം ,,
ലൂർദ്ദ് ഇടവകയും സ്ഥാപനങ്ങളും 592
ലൂർദ്ദ് പള്ളിയും സെമിത്തേരിയും 594


www.malankaralibrary.com

തിരുവനന്തപുരത്ത് C. M. I. സ്ഥാപനങ്ങൾ 597
തിരുവനന്തപുരം നഗരത്തിലെ
ക്രൈസ്തവവിഭാഗങ്ങൾ 599
പോർച്ചുഗീസ് ''കൊളോണിയലിസം''
വീണ്ടും രംഗത്ത് 599
കുസൃതിക്കുട്ടനായ കുട്ടിച്ചാത്തൻ 600
പോർച്ചുഗീസ് ഏകാധിപത്യദുർഭൂതം വീണ്ടും
പൊങ്ങുന്നു 603

മുപ്പത്താറാം അദ്ധ്യായം
വീണ്ടും തെക്കോട്ട്—
**സീറോ മലബാർ സഭയുടെ മിഷ്ൻ പ്രവർത്തനം** 605
നമ്മുടെ തെക്കൻ മിഷന്റെ ആരംഭം 606

മുപ്പത്തേഴാം അദ്ധ്യായം
**മലബാർ കുടിയേററം പുനരധിവാസമോ? കുടിയേററമോ?**
i) പുനരധിവാസം 613
മലബാറിലെ പുരാതന മാർത്തോമ്മാ ക്രിസ്ത്യാനികൾ
എവിടെപ്പോയി? 617
ii) കുടിയേററം 618
കുടിയേററത്തിന്റെ കാലഘട്ടം 621
മലബാർ കുടിയേററത്തിന്റെ വിവിധ ഘട്ടങ്ങ
ളിൽ അവരെ സഹായിച്ചിട്ടുള്ള ഘടകങ്ങൾ 627
വള്ളോപ്പിള്ളി തിരുമേനിയുടെ നേതൃത്വം 624
കർഷക പ്രാതിനിധ്യം 629
മലബാർ സഭയുടെ ശില്പി 629
ജന്മി – കുടിയാൻ സമ്പ്രദായം 630

മുപ്പത്തിയെട്ടാം അദ്ധ്യായം
**പുനരൈക്യശ്രമങ്ങൾ 1653-1930** 632
വിയോജിപ്പിന്റെ പ്രശ്നങ്ങൾ 634
കാരണവരുടെ ആഗ്രഹം സാധിച്ച അനന്തരവൻ 636
പുലിക്കോട്ട മാർ ദിവന്നാസ്യോസ് 637
ഇരുപതാം നൂററാണ്ടിലേയ്ക്കു കടക്കുമ്പോൾ 638
കണ്ടത്തിൽ മാർ ആഗസ്തീനോസും
പുനരൈക്യയത്നങ്ങളും 639
പുനരൈക്യക്കടവിൽ അടുക്കാതെപോയ വഞ്ചി 640
ബിഷപ്പ് ചൂളപ്പറമ്പിലും പുനരൈക്യശ്രമങ്ങളും 642
ചങ്ങനാശ്ശേരി രൂപതയും പുനരൈക്യശ്രമങ്ങളും 645
ഫാ. ഡോമിനിക് തോട്ടാശ്ശേരിയും
പുനരൈക്യശ്രമങ്ങളും ,,
സി. എം. ഐ. വൈദികരുടെ പുനരൈക്യശ്രമ–
ങ്ങൾ ചങ്ങനാശ്ശേരി രൂപത 647

www.malankaralibrary.com

സി. എം. ഐ. അച്ചന്മാർ – കൊല്ലം രൂപതയിൽ 648
ചക്കാലമണ്ണിൽ വല്യപ്പൻ 650
പൗവ്വത്തു് (സ്കറിയാ) വല്യപ്പൻ 652
കൊല്ലം രൂപതയിലെ പുനരൈക്യശ്രമങ്ങൾ 654

മുപ്പത്തൊൻപതാം അദ്ധ്യായം

**വിജയമണിഞ്ഞ പുനരൈക്യശ്രമത്തിന്റെ പൂർണ്ണിമ** 656
മാർ ഈവാനിയോസ് – (പ്രവചിതൻ) (?) 657
വഴവാടിക്കു് ദൂരം ഒരു മൈൽ, റോമാക്കു് ദൂരം നാല്പതു വഷം 660
ദിവ്യശ്രീ തര്യത്തു സ്കറിയാക്കത്തനാർ 661
മാർ ഈവാനിയോസ് – പ്രതീക്ഷിതൻ 663
ഫാ. പി. ടി. ഗീവർഗീസ് സെറാംപൂരിൽ 664
മാർ ഈവാനിയോസ് – പ്രതിഷ്ഠിതൻ 666
മാർ ഈവാനിയോസിന്റെ സൂക്ഷ്മദർശനം ,,
മാർ ഈവാനിയോസിന്റെ ദീർഘദൃഷ്ടി 667
പുനരൈക്യത്തിനുള്ള ആഗ്രഹം 668
ദീർഘദൃഷ്ടിയെ സഹായിച്ച ദൈവകരം 670
കണ്ടത്തിൽ മാർ അഗസ്റ്റിൻ 671
പോർക്കളത്തിൽ രണ്ടുഗജവീരന്മാർ 675
വീക്ഷണകോണത്തിൽ ഒരു കരടു് അഥവാ – നിർഭാഗ്യകരമായ ആ കത്തു് 678
വേലിക്കിടയിൽക്കൂടി 680
കലങ്ങിയ കുളത്തിൽ മീൻ പിടിക്കാൻ 682
പിന്നേം ചങ്കരൻ തെങ്ങേൽ 683
വിശദാംശവീക്ഷണം 688
വിസ്മയകരമായ ഏകാഗ്രബുദ്ധി ,,
അത്ഭുതകരമായ അദ്ധ്വാനശക്തി 689
പ്രത്യുല്പന്നമതിയായ മാർ ഈവാനിയോസ് 692
പ്രസിഡന്റ് ട്രൂമാനോടുകൂടി 694
വിഷമമേറിയ വഷങ്ങൾ (1940–1945) 696
മാർ ഈവാനിയോസ് തിരുമേനിയും സുറിയാനി കമ്മലീത്താ (സി. എം. ഐ.) വൈദികരും 697
മററു വൈദികരും കന്യാസ്ത്രീമാരും 699
പുനരൈക്യപ്രസ്ഥാനത്തിനു രണ്ടു ചിറകുകൾ ,,
പുനരൈക്യവും ഫ്രാൻസിസ്കൻ സഹോദരസമൂഹവും 700
ഫാ. ജോസഫ് കുഴിഞ്ഞാലിയും മേരിമക്കളും 703
മാർ ഈവാനിയോസിന്റെ ജീവിതസായാഹ്നം 704
ആ അനർഘനിമിഷവും സാന്നിദ്ധ്യത്തിന്റെ ഭാഗ്യവും 705

www.malankaralibrary.com

നാല്പതാം അദ്ധ്യായം
കേരള അസ്സീസ്സി അഥവാ
പുത്തൻപറമ്പിൽ തൊമ്മച്ചൻ 707
തൊമ്മച്ചന്റെ കുടുംബം 710
തൊമ്മച്ചന്റെ ഭക്തിമാർഗ്ഗവും കർമ്മമാർഗ്ഗവും
ഒന്നിച്ച് 711
തൊമ്മച്ചൻ പള്ളിക്കു പുറത്തും അകത്തും 713
പുത്തൻപറമ്പിൽ തൊമ്മച്ചനും കുര്യാളശ്ശേരി
ബ. തോമ്മാച്ചനും 715
തൊമ്മച്ചന്റെ നോമ്പുകാലങ്ങളിലെ തപസ്സ് 717
ക്രൈസ്തവചൈതന്യത്തിന്റെ നാനാമുഖങ്ങൾ 717
തൊമ്മച്ചന്റെ തീർത്ഥയാത്രകൾ 719
മററു ക്രിസ്തീയ സേവനങ്ങൾ 720
ജീവിതാന്ത്യഘട്ടം 720
ഭൂമിയിലെ സ്വർഗ്ഗീയ മദ്ധ്യസ്ഥൻ
ആധുനികലോകത്തിൽ 721
തൊമ്മച്ചന്റെ ദൗത്യം 722
ശവസംസ്ക്കാരം 722
നാല്പത്തൊന്നാം അദ്ധ്യായം
മാർത്തോമ്മാ ക്രിസ്ത്യാനികളും
ഹിന്ദു-ബുദ്ധമതഗ്രന്ഥങ്ങളും 724
മതപ്രധാനങ്ങളായ ഇതിഹാസങ്ങൾ 729
1) രാമായണം 729
2) മഹാഭാരതം 730
മതഗ്രന്ഥങ്ങളിലെ സാദൃശ്യങ്ങൾ 735
1) കർമ്മങ്ങൾ 736
വിശിഷ്ടദ്വൈതത്തിലെ സുറിയാനി
കുർബാന അഥവാ മഹാപ്രസാദം 736
2) കഥകൾ 739
മധുരയിലെ തിരുക്കുടുംബവണക്കം 742
3) തത്ത്വങ്ങൾ
ഹിന്ദുമതത്തിലെ ഏകദൈവവിശ്വാസം 743
മഹാഭാരതത്തിലെ സുറിയാനിക്കുർബാന 743
i) നാരദമഹർഷിയുടെ ശ്വേതദ്വീപുസന്ദർശനം 744
ii) മൂന്നു മഹർഷിമാരുടെ ശ്വേതദ്വീപ് സന്ദർശനം 745
ഗോകുലകൃഷ്ണൻ 750
ഭഗവത്ഗീതയും സുറിയാനി സഭയും 752
ബുദ്ധമതത്തിൽ 754
ബുദ്ധമതത്തിലെ ജാതകകഥകൾ 758

www.malankaralibrary.com

# ഏഷ്യയിലെ മാർത്തോമ്മാസഭകൾ

## [രണ്ടാം ഭാഗം]

# പോർച്ചുഗീസ്കാലം

## ഒന്നാം അദ്ധ്യായം

## വാസ്കോഡിഗാമയ്ക്കുമുമ്പ്

### I വേർപെട്ട ലോകങ്ങൾ

ഏഷ്യയും യൂറോപ്പും ചരിത്രാതീതകാലം മുതല്ക്കേ നാനാവിധ സമ്പർക്കങ്ങളിലേർപ്പെട്ടിരുന്നു; പൂർവ്വമെഡിററേനിയൻ ദേശങ്ങളായ ഏഷ്യാമൈനർ, സിറിയ, പലസ്തീനാ എന്നിവയായിരുന്നു ഇവയ്ക്കുള്ള കവാടങ്ങൾ: തെക്കുപടിഞ്ഞാറെ ഏഷ്യയിലാണ്, ആഫ്രിക്കൻ ഭൂഖണ്ഡവും സന്ധിച്ചിരുന്നത്. 7-ാം നൂററാണ്ടിൽ, ആ ദേശങ്ങൾ മഹമ്മദീയരായ അറബികൾക്കധീനമായതോടെ, നേരിട്ടുള്ള പൗരസ്ത്യപാശ്ചാത്യബന്ധങ്ങൾ നിലച്ചു. അഗ്നിപർവ്വതംപോലെ പൊട്ടിപ്പുറപ്പെട്ട മഹമ്മദീയാക്രമണങ്ങൾ ഒരു നൂറുകൊല്ലംകൊണ്ട് അറേബ്യൻ മണലാരണ്യങ്ങളിൽനിന്നും അററ്ലാൻറിക് കടൽത്തീരത്തെത്തി. ഇതിന് പ്രധാനമായും കളമൊരുക്കിയത് ക്രൈസ്തവസഭയിലെ അന്ത:ച്ഛിദ്രങ്ങളും, അധികാരികളുടെ ദുഷിച്ച 'ഫ്യൂഡൽ'ഭരണവും, ദാരിദ്ര്യവും കഷ്ടതയുംകൊണ്ട് വലഞ്ഞ ക്രൈസ്തവജനലക്ഷങ്ങളുടെ നിസ്സഹായാവസ്ഥയും ആയിരുന്നു. ഗ്രീക്കുസഭയുടെ ദുർന്നയങ്ങളിലും അധികാരപ്രമത്തതയിലും സഹികെട്ടാണ് അലക്സാൺഡ്രിയായിലെ കോപ്ററിക് പാത്രിയർക്കീസ് സൈറസ് (എ. ഡി. 642) മഹമ്മദീയാധിപത്യത്തെ ഔദ്യോഗികമായി സ്വാഗതം ചെയ്തത്. ഭരണീയരുടെ ക്ഷമയുടെ നെല്ലിപ്പലകയ്ക്കു പരിമിതമായ കട്ടിയേ ഉള്ളുവെന്ന് പലപ്പോഴും അധികാരികൾ മനസ്സിലാക്കുന്നില്ല. കേരളത്തിലും മൈസൂർ ആക്രമണങ്ങൾ ആരംഭിക്കുന്നത്, കോമാട്ടുതമ്പുരാൻ ഹൈദരാലിയോടു



www.malankaralibrary.com

സഹായാഭ്യർത്ഥന ചെയ്തതോടുകൂടിയാണല്ലോ. അതിൻെറ നീരാളിപ്പിടുത്തം മലബാർ വേണ്ടുവോളം സഹിച്ചുവെന്ന തിനു ചരിത്രം സാക്ഷ്യംവഹിക്കുന്നു. കുലം കുത്തികളാണ ല്ലോ കുലം തോണ്ടുന്നതും. കിഴക്കിനും പടിഞ്ഞാറിനും മദ്ധ്യേ അറബികൾ സൃഷ്ടിച്ച ഇരുമ്പുമറ ഭേദിക്കുവാൻ പല ശ്രമങ്ങളും നടന്നു. അവയിലൊന്നായിരുന്നു കുരിശുയുദ്ധ ങ്ങൾ. എന്നാൽ അവകൊണ്ടൊന്നും, കൊട്ടിയടച്ചിരുന്ന കവാടം തുറക്കുവാൻ കഴിഞ്ഞില്ല. കുരിശുയുദ്ധങ്ങൾ ക്രിസ്ത്യൻനേതാക്കന്മാരുടെ ദുർമ്മോഹങ്ങളും ഉൾപ്പോരുകളും കൊണ്ടു് പരാജയമടയുകയാണുണ്ടായതു്.

## II പുന:സ്ഥാപനശ്രമങ്ങൾ

എങ്കിലും വേർപെട്ടുപോയ ഭൂഖണ്ഡങ്ങളിൽ, 7–ാം നൂററാ ണ്ടുവരെയുണ്ടായിരുന്ന ബന്ധങ്ങളുടെ സ്മരണകൾ വാടാതെ തന്നെ നിലനിന്നു. മാത്രമല്ല, മനുഷ്യൻെറ സർഗ്ഗശക്തി എല്ലാ ഭൗതികബന്ധങ്ങളേയും അതിലംഘിക്കുന്നതുമാണല്ലോ. മനു ഷ്യസാഹോദര്യത്തിൻെറയും, ആത്മസാധർമ്മ്യങ്ങളുടെയും ഹസ്തങ്ങൾ, അടഞ്ഞുപോയ കവാടങ്ങളിൽക്കൂടി അങ്ങോട്ടു മിങ്ങോട്ടും നുഴഞ്ഞുകയറിക്കൊണ്ടിരുന്നു. ഇതിനുംപുറമേ, വാണിജ്യതല്പരരും വിജ്ഞാനകുതുകികളും ആയ സാഹസി കർ, ഈ ഇരുമ്പുമറയ്ക്കിടയിൽക്കൂടി നുഴഞ്ഞും, ഇഴഞ്ഞും കയ റാൻ ശ്രമിച്ചിട്ടുമുണ്ടു്. മൂന്നു വഴികളാണു് ഇങ്ങനെ തുറന്നു കിട്ടിയതു്.

### i) അറബികളുടെ മദ്ധ്യവർത്തിത്വം

കിഴക്കും പടിഞ്ഞാറുമായി നേരിട്ടുള്ള ബന്ധങ്ങൾ അറബികൾ അവസാനിപ്പിച്ചുവെങ്കിലും, ഈ രണ്ടു ഭൂഖണ്ഡ ങ്ങളുമായുള്ള വാണിജ്യത്തിൽ അവരായിരുന്നു മദ്ധ്യവർത്തി കൾ. അറബികൾ ഏഷ്യയിലും ആഫ്രിക്കയിലുംനിന്നും കിട്ടുന്ന ഉല്പന്നങ്ങളും മററു വാണിഭവസ്തുക്കളും പൂർവ്വമെഡിററ റേനിയലും ഉത്തരആഫ്രിക്കയിലുമുള്ള തുറമുഖങ്ങളിൽ എത്തി ക്കുകയായിരുന്നു പതിവു്. അവിടെനിന്നും, ക്രിസ്ത്യാനി കളായ വെനീസ് കച്ചവടക്കാരാണു്, അവ തങ്ങളുടെ കപ്പലുകളിൽ കയററി യൂറോപ്പിലുള്ള വാണിജ്യകേന്ദ്രങ്ങ ളിൽ വിററഴിച്ചിരുന്നതു്. 10–ാം നൂററാണ്ടു മുതൽ വെനീസു റിപ്പബ്ളിക്കു് ഒരു വാണിജ്യകേന്ദ്രമായി ഉയരാൻ തുടങ്ങി. 19–ാം നൂററാണ്ടിൽ ''സമുദ്രറാണി''യെന്നറിയപ്പെട്ടിരുന്ന

www.malankaralibrary.com

ബ്രിട്ടനു്, ഹോങ്കോങ്ങു്, സിങ്കപ്പൂർ, കൊളംബു്, ബോംബെ, ഏഡൻ, പോർട്ടുസെയിഡ്, മാൾട്ടാ, ജിബ്രാൾട്ടർ, ലണ്ടൻ എന്നീ വാണിജ്യകേന്ദ്രകുസുമങ്ങൾ കോർത്തെടുത്ത വരണമാല്യം ഉണ്ടായിരുന്നതുപോലെതന്നെ, 15–ാം നൂററാണ്ടാകുമ്പോൾ ഫ്ളാൻഡേഴ്സ്, ബ്രിട്ടൻ, ഫ്രാൻസ് എന്നീ രാജ്യങ്ങളുടേയും മെഡിററേനിയൻ കടൽത്തീരങ്ങളുടേയും തുറമുഖങ്ങൾ ഉൾപ്പെടുന്ന ഒരു വാണിജ്യസാമ്രാജ്യം വെനീസ് റിപ്പബ്ളിക്കിൻെറ അധീനത്തിലുണ്ടായിരുന്നു. കുരിശുയുദ്ധകാലത്തു് പടയാളികളെയും യുദ്ധസാമഗ്രികളെയും വഹിച്ചിരുന്നതു് വെനീസിൻെറ കപ്പലുകളാണു്. പലസ്തീനാജ്ജം മററുമുള്ള ക്രൈസ്തവതീർത്ഥാടകരെ സുരക്ഷിതരായി കയററി ഇറക്കുവാനും തിരിയെക്കൊണ്ടുവരാനും ഉള്ള അനുവാദം 1399–ൽ തുർക്കിസുൽത്താനിൽനിന്നു് വെനീസ് റിപ്പബ്ളിക്കു് സമ്പാദിച്ചിരുന്നു. വാണിജ്യവസ്തുക്കൾ കൈമാറുമ്പോൾ ഉല്പാദനരാജ്യങ്ങളെപ്പററി രസകരവും വിചിത്രങ്ങളുമായ അനേകം കൗതുകകഥകളും കൈമാറുമായിരുന്നു. ഇവയിലൂടെ ആചാരങ്ങൾ, ആശയങ്ങൾ, ചിന്തകൾ, മതതത്ത്വങ്ങൾ, ചരിത്രസംഭവങ്ങൾ, ജീവിതരീതികൾ മുതലായവയെപ്പററിയുള്ള വിപുലമായ വിജ്ഞാനവും വിപണനവസ്തുക്കളോടൊപ്പം ബഹുദൂരം സഞ്ചരിച്ചു. അവയ്ക്കു് കൈമാററങ്ങളനുസരിച്ചു് രൂപഭേദങ്ങളും സംഭവിക്കാതിരുന്നില്ല. എന്നാൽ ചിലപ്പോൾ കൈമാററവസ്തുക്കളുടെ പേരുകൾപോലും അതുപടി കൈമാറിയിട്ടുണ്ടു്.

## ii) ക്രിസ്ത്യൻ തീർത്ഥാടകർ

വാർത്താവിനിമയത്തിനുള്ള അടുത്തമാർഗ്ഗം, കിഴക്കും പടിഞ്ഞാറുമുള്ള ക്രൈസ്തവതീർത്ഥാടകർ, ക്രിസ്തുവുമായി ബന്ധപെട്ട പലസ്തീനായിലും മററു പുണ്യസ്ഥലങ്ങളിലും സന്ധിച്ചിരുന്ന അവസരങ്ങളാണു്. അവർ ക്രിസ്തുമതത്തിൻെറ സാർവ്വത്രികത്വം വെളിപ്പെടുത്തുന്നവരായിരുന്നു. അവരുടെ അനുഭവങ്ങളും അറിവുകളും കൈമാറാൻ പററിയ സ്ഥലങ്ങളായിരുന്നു, പലസ്തീനാ, അന്ത്യോക്യാ, എഫേസൂസ്, എദേസ്സാ മുതലായ തീർത്ഥാടനകേന്ദ്രങ്ങൾ.

## iii) മതപ്രേഷിതരും വിജ്ഞാനദാഹികളും

ഏഴാം നൂററാണ്ടിലെ മഹമ്മദീയാധിപത്യം പാശ്ചാത്യപൗരസ്ത്യസഭകളെ വേർതിരിക്കുന്ന ഇരുമ്പുമറ കെട്ടിപ്പടുത്തു

www.malankaralibrary.com

വെങ്കിലും, അതിനിടയിലൂടെ കിഴക്കും പടിഞ്ഞാറും ഒളിച്ചു കടന്നിട്ടുള്ള മതപ്രേഷിതരും വിജ്ഞാനദാഹികളും ജിജ്ഞാസുക്കളും ധാരാളമുണ്ടായിരുന്നു. മതപ്രേഷിതരിൽ ഫ്രാൻസിസ്ക്കരും ഡൊമിനിക്കരും ആയിരുന്നു പ്രമുഖർ: ജിജ്ഞാസുക്കളിൽ മുമ്പൻ, മാക്കോപോളോ തന്നെ. ഇവരെക്കൂടാതെ അനേകംപേർ ചരിത്രത്തിനു് അജ്ഞാതരായിട്ടുണ്ടെന്നും അനുമാനിക്കുവാൻ ന്യായമുണ്ടു്.

## III യൂറോപ്പിലെ ഭാരതപ്രസിദ്ധി – മദ്ധ്യയുഗത്തിൽ

### i) വാണിജ്യപരം

മദ്ധ്യശതാബ്ദങ്ങളിൽ യൂറോപ്പിലെ ജനങ്ങളുടെ ഇടയിൽ പൗരസ്ത്യരാജ്യങ്ങളെക്കുറിച്ചു് പ്രത്യേകിച്ചു്, ഇന്ത്യയെപ്പററി, കൗതുകവും അത്ഭുതവും നിറഞ്ഞ വർണ്ണപ്പൊലിമയാന്ന അനേകം കഥകൾ പ്രചരിച്ചിരുന്നു. ഋഷിവര്യന്മാരുടെ തപോവേദി, ഗഹനങ്ങളായ ചിന്താധാരകളുടെ ഉറവിടം, അഗ്നികുണ്ഡത്തിൽ നഗ്നപാദരായി നടക്കുന്ന യോഗിവര്യന്മാർ, മാന്ത്രികരുടേയും പാമ്പാട്ടികളുടേയും മായാലോകം, കേരളത്തിലെ കാട്ടുവള്ളിയിൽ വിളയുന്ന കറുത്ത പൊന്നു് (കുരുമുളകു്), സ്വാദും സൗരഭ്യവും വമിക്കുന്ന ഏലം, കറുവാപ്പട്ട മുതലായ സുഗന്ധദ്രവ്യങ്ങൾ – ഇങ്ങനെ ഇന്ത്യാ പലവിധത്തിൽ യൂറോപ്പിൽ പ്രസിദ്ധി ആർജ്ജിച്ചിരുന്നു. ഇവയെല്ലാം പാശ്ചാത്യജനങ്ങൾക്കു് ഇന്ത്യയിലേയ്ക്കു് നേരിട്ടൊരു മാർഗ്ഗം കണ്ടുപിടിക്കുവാൻ പ്രേരണയും ആവേശവും നല്കി.

### ii) ക്രൈസ്തവസഭാപരം

#### a) പ്രെസ്റ്റർ ജോൺ ചക്രവർത്തി

ക്രൈസ്തവരായ യൂറോപ്യൻ ജനതയ്ക്കു് ഏററവും കൂടുതൽ ആമോദവും ആവേശവും നല്കിക്കൊണ്ടിരുന്നതു് ഏഷ്യയുടെ നാനാഭാഗങ്ങളിലുമുണ്ടെന്നു കേട്ടിരുന്ന സിറിയൻ ക്രിസ്ത്യൻ ജനസമൂഹങ്ങളും, മഹാശക്തനും പ്രതാപവാനും ആയിരുന്ന പ്രെസ്റ്റർ ജോൺ എന്ന സിറിയൻ ചക്രവർത്തിയെ സംബന്ധിച്ച ഐതിഹാസികമായ കഥകളും ആണു്. അക്കാലത്തെ യൂറോപ്യൻ ക്രിസ്ത്യാനികൾ ഏഷ്യയിലെ മഹാവിശാല സുറിയാനി സഭയെപ്പററിയും സുറിയാനി ക്രിസ്ത്യാനികളായ മംഗോളിയൻ, ചൈനീസ് രാജകുടുംബങ്ങളെപ്പററിയും ഉള്ള വർണ്ണോജ്ജ്വലകഥകൾ ധാരാളമായി കേട്ടിരുന്നു.

www.malankaralibrary.com

ഇവയുടെയെല്ലാം നാട്ടനായകത്വമാണ് പ്രെസ്റ്റർ ജോൺ ചക്രവത്തിക്കണ്ടായിരുന്നതു്. ക്രൈസ്തവയൂറോപ്പിലെ എല്ലാ ഭാഗത്തും, എല്ലാവക്കുംതന്നെയും, പ്രെസ്റ്റർ ജോൺ ചക്രവത്തി എന്ന അത്ഭുതപുരുഷനെപ്പററി ഓരോരോ കഥകരം പറയുവാനുണ്ടായിരുന്നു. എന്നാൽ അദ്ദേഹം എത്രമാത്രം ഒരു ചരിത്രപുരുഷനെന്നു് ഖണ്ഡിതമായി പറയത്തക്ക ചരിത്രതെളിവുകരം നമുക്കു് ലഭിച്ചിട്ടില്ല. ഒരുപക്ഷേ വിസ്മൃതമായ പൗരസ്ത്യസഭാചരിത്രത്തിന്റെ ഏടുകളിൽ അദ്ദേഹം പള്ളിയുറക്കമായിരിക്കാം.

കുറെ വഷംമുമ്പു്, അദ്ദേഹത്തെ കേരളീയക്കു് പരിചിതനാക്കിയ ഒരു സംഭവമുണ്ടായി. മഹാപുരുഷനായിരുന്ന കാലംചെയ്ത മാർ ഇവാനിയോസ് മെത്രാപ്പോലീത്താ, ഡബ്ളിനിലെ ദിവ്യകാരുണ്യകോൺഗ്രസ്സിൽ സംബന്ധിച്ചപ്പോരം, അവിടെ കൂടിയിരുന്ന പരസഹസ്രം ജനങ്ങളുടെ മുഖ്യശ്രദ്ധയും താല്പര്യവും പിടിച്ചുപററിയതിനെപ്പററി പ്രസിദ്ധ ഇംഗ്ലീഷ് സാഹിത്യകാരനായ ജി. കെ. ചെസ്റ്റർട്ടൺ എഴുതിയിരുന്നു. അതിൽ അദ്ദേഹം പറയുകയാണു്, മാർ ഇവാനിയോസ് മെത്രാപ്പോലീത്താ, ഏഷ്യയിലെ പ്രെസ്റ്റർ ജോൺ ചക്രവർത്തിതന്നെ ആയിരിക്കാമെന്നു്. പൗരാണികത്വത്തിന്റെയും രാജകീയത്വത്തിന്റെയും വ്യക്തിപ്രാഭവത്തിന്റെയും സമന്വിതരൂപം ചെസ്റ്റർട്ടൺ മാർ ഇവാനിയോസിൽ കണ്ടിരിക്കാം. മാർ ഇവാനിയോസിന്റെ ഔദ്യോഗികവേഷഭൂഷാദികരം– അദ്ദേഹം ധരിച്ചിരുന്ന കാവിക്കുപ്പായത്തിനുമേൽ ഒഴുകി ഓളംവെട്ടിയിരുന്ന കറുത്ത മേലങ്കി, കൃഷ്ണവണ്ണമുള്ള ശിരോവസ്ത്രത്തിലെ ജ്വലിക്കുന്ന പന്ത്രണ്ടു പൊൽക്കുരിശടയാളങ്ങരം അവസ്സുപരി, കറുത്ത പട്ടിൽ ചുററിയെടുത്തെന്നു തോന്നിക്കുന്ന തലപ്പാവുപോലുള്ള ‘‘മത്തങ്ങാത്തൊപ്പി’’, എന്നിവയും, അധൃഷ്യതയും തേജസ്സും വിളിച്ചോതുന്ന നീണ്ടമുഖവും ആരുടെയും ഉള്ളിലേയ്ക്കു് ആഴ്ന്നിറങ്ങിക്കാണാൻ കഴിവുള്ള അദ്ദേഹത്തിന്റെ ‘ഗൃദ്ധ്രദൃഷ്ടികളും’ പിതൃസഹജമായ സ്നേഹവാത്സല്യങ്ങരം തഴുകിയൊഴുകുന്ന തിളങ്ങുന്ന രജതതന്ത്രികരംപോലുള്ള നീണ്ടനരച്ച താടിമീശയും–അന്നവിടെ സംബന്ധിച്ച മററു പാശ്ചാത്യസഭാധികാരികളുടെ ലത്തീൻ വേഷപ്രൗഢി പ്രവാഹത്തിൽ, ഒരു സുവർണ്ണഹംസം കണക്കെ വിരാജിച്ചു. പരേതനായ ഐ. സി. ചാക്കോ ചെസ്റ്റർട്ടന്റെ പ്രസ്താവനയ്ക്കു് ഒരു ഭാഷ്യവും നല്കി

www.malankaralibrary.com

യിട്ടുണ്ട്. അങ്ങനെയാണ്, പ്രെസ്റ്റർ ജോൺ ചക്രവർത്തി കേരളീയർക്ക് പരിചിതനായതു്.

എന്നാൽ മദ്ധ്യശതാബ്ദങ്ങളിൽ, ക്രൈസ്തവയൂറോപ്പ് മുഴവൻ, പ്രഖ്യാതനായിരുന്ന ഈ അത്ഭുതപുരുഷനെപ്പററി ഇവിടെ പ്രസ്താവിക്കുന്നതു്; ഇന്ത്യയിലെത്തുവാൻ പോർച്ചു ഗീസുകാരെ പ്രേരിപ്പിച്ച പ്രധാനപ്പെട്ട രണ്ടു കാരണങ്ങളി ലൊന്നു്, പ്രെസ്റ്റർ ജോൺ ചക്രവർത്തിയെ കണ്ടുപിടിക്കുവാ നുള്ള ശ്രമം ആയതുകൊണ്ടാണ്. അദ്ദേഹത്തിൻെറ സാമ്രാ ജ്യം മുസ്ലീംരാജ്യങ്ങളുടെ അപ്പുറത്തായിരുന്നുവെന്നത്രേ യൂറോ പ്യൻ ക്രിസ്ത്യാനികൾ ധരിച്ചിരുന്നതു്. ആദ്യം, അതു് മദ്ധ്യേഷ്യയിലായിരുന്നുവെന്നു് ജനങ്ങൾ മനസ്സിലാക്കിയി രുന്നു. 14-ാം നൂററാണ്ടിൽ, ലോകഭൂപടം വരച്ച, റെനൂംഫ് ഹിഗ്ഡൻ (Renulf Hygden) പ്രെസ്റ്റർ ജോൺ ചക്രവർത്തി യുടെ രാജ്യമായി കാണിച്ചിരിക്കുന്നതു് ടാർട്ടർമാരുടെ ദേശ മാണ്. എ. ഡി. 1320-ൽ എഴുതിയ Chronicon-ൽ പ്രെസ്റ്റർ ജോണിൻെറ രാജ്യമായി കൊടുത്തിരിക്കുന്നതു് ഇന്ത്യയാണ്. അതേകാലത്തുതന്നെ, വെനീസുകാരനായ മറീനോസന്തു ത്തോ എഴുതിയ ഗ്രന്ഥത്തിൽ പ്രെസ്റ്റർ ജോൺ ചക്രവർത്തി യുടെ രാജ്യം തെക്കേഇന്ത്യ ആണെന്നു കാണിച്ചിരിക്കുന്നു. ബോർജിയാ മ്യൂസിയത്തിൽ സൂക്ഷിച്ചിരിക്കുന്ന എ. ഡി. 1404-ലെ ഭൂപടത്തിൽ അദ്ദേഹത്തിൻെറ രാജ്യം ചൈനാ ആയി കാണുന്നു. ഇവയിൽ വിശ്വാസയോഗ്യമായി തോന്നു ന്നതു് പ്രെസ്റ്റർ ജോൺ ചക്രവർത്തിയുടെ രാജ്യം ചൈനാ യെന്നുള്ളതാണ്. പതിമ്മൂന്നാം നൂററാണ്ടിലെ പ്രസിദ്ധ സഞ്ചാരിയായ മാർക്കോപോളോ പ്രെസ്റ്റർ ജോൺ ചക്രവർത്തി യുടെ കുടുംബത്തിലെ പിൻതുടർച്ചക്കാരനായ ഗീവർഗ്ഗീസ് രാജകുമാരനെ ചൈനായിൽവെച്ച് കണ്ടുവെന്നു പറയുന്നുണ്ട്. ജോൺ മോന്തേ കൊർവീനോ എന്ന മിഷ്നറി, 1305 ജനുവരി 8-ാം നു- പീക്കിംഗിൽനിന്നും നിക്കോളോസ് 4-ാമൻ മാർപ്പാപ്പാക്കു് അയച്ച എഴുത്തിൽ പ്രെസ്റ്റർ ജോണിൻെറ പിൻ ഗാമിയെ കണ്ടതായി പറയുന്നു. എന്നാൽ ഒരു ക്രിസ്ത്യൻ രാജ്യമായ എത്യോപ്യായെപ്പററി പിന്നാലെ അറിയുവാൻ തുടങ്ങിയപ്പോൾ, പ്രെസ്റ്റർ ജോണിൻെറ സാമ്രാജ്യം മദ്ധ്യാ ഫ്രിക്കയായിരിക്കാമെന്നും വിചാരിച്ചു. എങ്ങനെയായാലും, മഹമ്മദീയാധിപത്യത്തിൻെറ കരിങ്കൽക്കോട്ടക്കു് അപ്പുറത്താ

www.malankaralibrary.com

ണ്ട് അദ്ദേഹത്തിൻെറ സാമ്രാജ്യമെന്ന ധാരണയിൽ എല്ലാവരും യോജിച്ചിരുന്നു.

ബിസാൻറീൻ (ഗ്രീക്ക) ചക്രവർത്തിയായിരുന്ന കോമ്നേനൂസിന് (Comneus) പ്രെസ്റ്റർ ജോൺ ചക്രവർത്തി അയച്ച എഴുത്തോടുകൂടിയാണ് പാശ്ചാത്യർ അദ്ദേഹത്തെപ്പററി അറിയുവാൻ തുടങ്ങുന്നത്. മൂന്നാം അലക്സാണ്ടർ മാർപ്പാപ്പാ പ്രെസ്റ്റർ ജോൺ ചക്രവർത്തിക്കയച്ച എഴുത്തിൽ, ഇപ്രകാരം പറയുന്നു, "പ്രശസ്തനും മഹാനും ഇന്ത്യാ മുതലായ രാജ്യങ്ങളുടെ രാജാവും നമുക്ക് ഏററവും പ്രിയപ്പെട്ട മകനുമായ ജോണിന്" ഈ ചക്രവർത്തിയുടെ കീഴിൽ രണ്ടു മഹാരാജാക്കന്മാരുണ്ടായിരുന്നുവെന്നും, അദ്ദേഹം അന്തമില്ലാത്ത സ്വത്തിന് അവകാശിയായിരുന്നുവെന്നും അദ്ദേഹത്തിൻെറ രാജ്യം തേനും പാലും ഒഴുകുന്ന നാടായിരുന്നെന്നുമത്രേ, യൂറോപ്പിലെ ജനങ്ങൾ വിശ്വസിച്ചിരുന്നത്. ചിലർ പ്രെസ്റ്റർ ജോണിൻെറ സാമ്രാജ്യത്തെപ്പററി വിവരിക്കുന്നത്, അത് "ഭൂമിയിലെ പറുദീസായും കുരുമുളക് വളരുന്ന മരങ്ങളുടെ നാടെ"ന്നുമാണ്[1].

ഈ പൌരസ്ത്യസുറിയാനി ചക്രവർത്തി ഒരു ശീശ്മക്കാരനാണെന്നത്രേ (സുറിയാനിക്കാരനായതുകൊണ്ട്) യൂറോപ്പിലെ അന്നത്തെ ക്രിസ്ത്യാനികൾ വിചാരിച്ചിരുന്നത്. ഒരു പുരോഹിതശ്രേഷ്ഠനെന്നും അദ്ദേഹത്തെ അവർ ധരിച്ചിരുന്നു. ഒരേസമയത്ത്, മുപ്പതിനായിരം അതിഥികൾ ഒന്നിച്ചിരുന്ന് വിരുന്നു കഴിക്കത്തക്ക ഭക്ഷണശാലയാണ് അദ്ദേഹത്തിനുണ്ടായിരുന്നത്. മരതകക്കല്ലുകൊണ്ട് നിർമ്മിച്ചതായിരുന്നു, ഭക്ഷണശാലയിലെ അദ്ദേഹത്തിൻെറ മേശ. അദ്ദേഹം വിരുന്നു നടത്തുന്ന അവസരങ്ങളിൽ, പന്ത്രണ്ടു മെത്രാപ്പോലീത്താമാർ അദ്ദേഹത്തിൻെറ വലത്തുവശത്തും ഇരുപത് മെത്രാന്മാർ ഇടതുവശത്തും ഇരുന്നിരുന്നു[2]. ഇതുപോലുള്ള അനേകം കഥകൾ പ്രെസ്റ്റർ ജോൺ ചക്രവർത്തിയെപ്പററി യൂറോപ്പിലെങ്ങും പ്രചരിച്ചിരുന്നു. അന്നത്തെ യൂറോപ്യൻ ജനതയെ ഇത്രയധികം ആകർഷിക്കുവാൻ കാരണം അദ്ദേഹമൊരു ക്രിസ്ത്യാനിയായിരുന്നതു മാത്രമല്ല, മഹമ്മദീയരുടെ വിജയകരമായ

---

1. Charles E. Nowell, History of Portugal, P. 183
2. C. R. Boxer, Portugal Seaborne, Empire 1415–1825, 1969, P. 19

www.malankaralibrary.com

യൂറോപ്യൻ ആക്രമണത്തിൽ, മഹാശക്തനായ പ്രെസ്റ്റർ ജോൺ ചക്രവത്തിയുടെ നേതൃത്വവും സൈനികബലവും മഹമ്മദീയാക്രമണത്തെ തടയുവാൻ ഉണ്ടാകുമെന്നു് യൂറോപ്പിലെ രാജാക്കന്മാരും ജനങ്ങളും വിശ്വസിച്ചതുകൊണ്ടുകൂടിയാണു്.

പോർച്ചുഗൽ രാജാവായ ഡോം ജോ ആവോ രണ്ടാമന്റെ സ്ഥാനപതി, വാസ്ക്കോ ഫെർണാണ്ടസ് ഡെലൂച്ചേനാ, 1485 ഡിസംബറിൽ മാർപ്പാപ്പായോടു പറഞ്ഞതു്, പോർച്ചുഗീസുകാർ ഇന്ത്യയിലേയ്ക്കുള്ള കടൽമാർഗ്ഗം താമസിയാതെ കണ്ടുപിടിക്കുമെന്നും പ്രെസ്റ്റർ ജോൺ ചക്രവത്തിയും അവിടെയുള്ള മററു ക്രിസ്ത്യൻ രാജാക്കന്മാരും സമൂഹങ്ങളുമായി സമ്പക്കം പുലർത്തുമെന്നുമാണു്. ജോ ആവോ 1487—ൽ ബത്ത്ലൂമ്മിയോ ഡയസിന്റെ നേതൃത്വത്തിൽ മൂന്നു കപ്പലുകളെ പ്രെസ്റ്റർ ജോൺ ചക്രവത്തിയെ കണ്ടുപിടിക്കുവാൻ ആഫ്രിക്കയുടെ തീരങ്ങളിലേയ്ക്കു് അയച്ചു. അതിന്റെ കാരണം അക്കാലത്തു് സ്പെയിനിൽവന്ന രണ്ടു് എത്യോപ്യൻ സന്ന്യാസിമാർ പ്രെസ്റ്റർ ജോണിന്റെ രാജ്യം തങ്ങളുടെ രാജ്യത്തിന്നടുത്തെന്നു് അവകാശപ്പെട്ടതാണു്. ഡോം ജോ രണ്ടാമന്റെ പിൻഗാമിയായിവന്ന ഡോം മാനുവൽ ഒന്നാമനും ഏഷ്യയിലെ ക്രിസ്ത്യൻ സമ്രാട്ടായ പ്രെസ്റ്റർ ജോണിനെ കണ്ടുപിടിക്കുവാനുള്ള തീവ്രശ്രമത്തിലായിരുന്നു. വാസ്ക്കോഡിഗാമ കേരളത്തിലെത്തുമ്പോഠം അദ്ദേഹത്തിന്റെ കൈവശമുണ്ടായിരുന്ന പോർച്ചുഗൽ രാജാവിന്റെ രണ്ടു കത്തുകളിൽ ഒന്നു്, സുറിയാനി ചക്രവത്തിയായിരുന്ന പ്രെസ്റ്റർ ജോണിനും, മറെറതു്, കോഴിക്കോട്ടു സാമൂതിരിക്കും ആയിരുന്നു. പോർച്ചുഗീസുനാവികർ ചെന്നെത്തുന്ന രാജ്യങ്ങളിൽ അവിടെയുള്ള ആളുകളുടെ ഭാഷ അറിയാതെവന്നാൽ, ആംഗ്യംകൊണ്ടും മററും തങ്ങളുടെ ഇംഗിതങ്ങഠം ഗ്രഹിപ്പിക്കുന്നതിനു് അവർ കുരുമുളകു്, കറുവാപ്പട്ട, ഏലം മുതലായ സുഗന്ധദ്രവ്യങ്ങളുടേയും സ്വർണ്ണത്തിന്റേയും മുത്തുകളുടേയും 'സാമ്പിഠം' കൂടെ കൊണ്ടുപോയിരുന്നു[3]. അങ്ങനെയാണു്, ഇന്ത്യ കണ്ടുപിടിക്കുവാനുള്ള യൂറോപ്യൻശ്രമങ്ങഠം ജന്മമെടുത്തതും ഊജ്ജിതപ്പെട്ടതും. ഏഷ്യയിലെ സുറിയാനിസഭകളുമായി സൗഹാർദ്ദബന്ധത്തിൽപ്പെട്ടു് ക്രിസ്തുവിന്റെ രക്ഷാകരമായ സുവി

3. Ibid: P. 35

www.malankaralibrary.com

ശേഷം പ്രചരിപ്പിക്കുവാനുള്ള ഉദ്ദേശ്യം പോർച്ചുഗീസുകാരായ ജസ്യൂട്ടരുടേയും ഇററാലിയരായ കമ്മലീത്തരുടേയും ഭൗതിക താല്പര്യങ്ങൾക്കും മാനുഷികബലഹീനതകൾക്കും അടിപ്പെട്ടു് വിഫലമായതാണു്, കേരളസഭയുടെ കഴിഞ്ഞ നാലു നൂററാണ്ടുകളിലെ ശോകാത്മകമായ വിദേശാധിപത്യചരിത്രം.

## b) ഏഷ്യയിലെ ക്രൈസ്തവസമൂഹങ്ങൾ

ഇന്ത്യയിലെ ക്രിസ്ത്യാനികളെപ്പററി, പ്രത്യേകിച്ചു് മാർത്തോമ്മാശ്ലീഹായുടെ മൈലാപ്പൂരുള്ള കബറിനെപ്പററി, യൂറോപ്പിലെ ജനങ്ങൾക്കു് അറിയാമായിരുന്നു. 9-ാം നൂററാണ്ടിലാണല്ലോ ഇംഗ്ലണ്ടിലെ മഹാനായ ആൽഫ്രഡ് രാജാവു്, മാർത്തോമ്മാശ്ലീഹായുടെ കബറിടത്തിലേയ്ക്കു് നേർച്ചകാഴ്ചകൾ കൊടുത്തയച്ചതു്. അതു് അവിടത്തെ ജനങ്ങളുടെ സംസാരവിഷയമാകാതിരുന്നില്ല. ഏഷ്യയിലെ വിദൂരസ്ഥലങ്ങളിൽ അവിടവിടെ ക്രിസ്ത്യാനിസമൂഹങ്ങൾ ഉണ്ടായിരുന്നുവെന്ന വസ്തുത, യൂറോപ്യൻ ക്രിസ്ത്യാനികൾക്കു് ആമോദവും ആഹ്ലാദവും വളർത്തിയിരുന്ന കാര്യമാണു്. അതോടൊപ്പം, അക്രൈസ്തവരുടെ മാനസാന്തരത്തിനു് ധീരന്മാരും മതതീക്ഷ്ണരുമായ അസ്സീസിയിലെ വി. ഫ്രാൻസീസും സ്പെയിനിലെ വി. ഡൊമിനിക്കും ആരംഭിച്ച മിഷ്നറി പ്രസ്ഥാനങ്ങൾ ജനങ്ങൾക്കുണ്ടായിരുന്ന താല്പര്യങ്ങൾക്കു് ആക്കം കൂട്ടുകയും ചെയ്തു.

മാർത്തോമ്മാശ്ലീഹായുമായുള്ളബന്ധം കൂടാതെതന്നെ, ഇന്ത്യൻ ക്രിസ്ത്യാനികളെപ്പററി യൂറോപ്യൻ ജനങ്ങൾക്കു് അറിയുവാൻ മാർഗ്ഗങ്ങൾ ധാരാളമുണ്ടായിരുന്നു. കോസ്മോസ്സിൻെറ സന്ദർശനവിവരങ്ങൾ അവർ അറിഞ്ഞിരിക്കാൻ സാദ്ധ്യതയുണ്ടു്. മാർത്തോമ്മാശ്ലീഹായുടെ മൈലാപ്പൂരിലെ കബറിനെപ്പററി ടൂഴ്സ്സി (Tours)ലെ വി. ഗ്രിഗറി മെത്രാൻ (എ. ഡി. 6-ാം നൂററാണ്ടു്) പ്രസ്താവിക്കുന്നതു്, ഇൻഡ്യാക്കാരനായ തിയോഡോർ (Theodore) നല്കിയ വിവരങ്ങളെ ആസ്പദമാക്കിയാണു്. ഒരു ജസ്യൂട്ടു് വൈദികനായ ഫാ. ദേവോസിൻെറ പുസ്തകം ഉദ്ധരിച്ചുകൊണ്ടു് കട്ടിനാറും തിസറാൻറ് പറയുന്നതു്, എ. ഡി. 1122-ൽ യോഹന്നാൻ എന്നു പേരുള്ള ഒരു ഭാരതീയ മെത്രാൻ യൂറോപ്പിൽ ചെല്ലുകയും മാർത്തോമ്മാശ്ലീഹായുടെ തിരുനാളിൽ ഇൻഡ്യയിൽ നടക്കുന്ന അത്ഭുതങ്ങൾ പ്രസിദ്ധപ്പെടുത്തുകയും ചെയ്തുവെന്നാണു്.

www.malankaralibrary.com

കർദ്ദിനാൾ തിസറാൻറിൻെറ അഭിപ്രായത്തിൽ ഇദ്ദേഹം തെക്കേയിന്ത്യയിലെ ഒരു വൈദികശ്രേഷ്ഠനായിരിക്കാൻ വഴിയുണ്ട്[4]. 1288–ൽ മൈലാപ്പൂരും കേരളവും സന്ദർശിച്ച മാർക്കോപോളോയുടെ യാത്രാവിവരണങ്ങൾ അവർ തീർച്ചയായും അറിഞ്ഞിരിക്കാം. അദ്ദേഹത്തിൻെറ ചൈനായാത്രകൾ യൂറോപ്പാകെ പ്രസിദ്ധിയാർജ്ജിച്ച സംഭവമായിരുന്നു.

1291–ൽ ജോൺ മോന്തേ കൊർവീനോ (John Monte Corvino) തൻെറ ചൈനായ്ക്കുള്ള യാത്രാമദ്ധ്യേ, പതിമ്മൂന്ന് മാസത്തോളം മൈലാപ്പൂരിൽ താമസിച്ച്, പ്രേഷിതപ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. അദ്ദേഹം യൂറോപ്പിലേയ്ക്ക് ഇടവിടാതെ അയച്ചിരുന്ന കത്തുകളിലെ വിവരങ്ങൾ യൂറോപ്പിൽ പലയിടത്തും പ്രസിദ്ധമായിരുന്നു. അദ്ദേഹത്തിൻെറ കത്തുകളിൽ ഒന്നിൽ ഇൻഡ്യയുടെ പ്രധാനഭാഗം അദ്ദേഹം കണ്ടുവെന്നും, അദ്ദേഹം കത്തുകൾ എഴുതുന്നത് മൈലാപ്പൂരുള്ള മാർത്തോമ്മാശ്ലീഹായുടെ ദേവാലയത്തിൽനിന്നാണെന്നും കാണിച്ചിട്ടുണ്ട്.

അദ്ദേഹത്തെ തുടർന്ന്, മാർത്തോമ്മാക്രിസ്ത്യാനികളെപ്പററി നമുക്കു കിട്ടുന്ന വിവരം 1321–ൽ ഇൻഡ്യയുടെ പശ്ചിമതീരം സന്ദർശിച്ച ഫ്രഞ്ചുകാരനായ സെവറാക്കിലെ ജോൺ കത്തലാനി എന്ന ഡൊമിനിക്കൻ സന്യാസിയുടേതാണ്. അദ്ദേഹം ഡൊമിനിക്കൻ സന്യാസിയായിരുന്നെങ്കിലും പിന്നാലെ അദ്ദേഹം ഫ്രാൻസിസ്ക്കൻ സഭയിൽ ചേർന്നു. അദ്ദേഹത്തിന് പേർഷ്യൻഭാഷയിൽ നല്ല പാണ്ഡിത്യമുണ്ടായിരുന്നു. 1321–ൽ അദ്ദേഹം താനായിൽ വന്നിറങ്ങി. താനായിലുള്ള മാർത്തോമ്മാക്രിസ്ത്യാനികൾ വൈദികസേവനമില്ലാതെ വലയുന്ന ഗുജറാത്തിലുള്ള അവരുടെ സഹോദരന്മാരെപ്പററി പറഞ്ഞപ്പോൾ അദ്ദേഹം അങ്ങോട്ടു പുറപ്പെട്ടു. വടക്കു് കച്ചുമുതൽ തെക്കു് കന്യാകുമാരിവരെയുള്ള തീരപ്രദേശങ്ങളിൽപ്പെടുന്ന, താനാ, സൊപ്പാറാ, ബ്രോച്ച്, കല്യാണ, കൊല്ലം മുതലായ സ്ഥലങ്ങളിൽ കണ്ട മാർത്തോമ്മാക്രിസ്ത്യാനികളെപ്പററി അദ്ദേഹം പ്രസ്താവിക്കുന്നുണ്ട്. അദ്ദേഹം യൂറോപ്പിൽചെന്ന് അന്നത്തെ മാർപ്പാപ്പായായ ജോൺ 22–ാമനെ (1316–34) ഇൻഡ്യയിലെ സ്ഥിതിഗതികൾ അറിയിക്കുകയും മാർപ്പാപ്പാ

---

4. E. Tisserant, P. 19

www.malankaralibrary.com

അദ്ദേഹത്തെ 1330-ൽ കൊല്ലത്തിന്റെ മെത്രാനായി വാഴിച്ച് ഇൻഡ്യയിലേയ്ക്ക് അയയ്ക്കുകയും ചെയ്തു. ഇദ്ദേഹമാണ് ഇൻഡ്യയിലെ ആദ്യത്തെ ലത്തീൻ മെത്രാൻ. മാർപ്പാപ്പാ അദ്ദേഹത്തിന്റെ കൈവശം പല എഴുത്തുകളും കൊടുത്തയച്ചിരുന്നു. അവയിലൊന്ന് ഇൻഡ്യയിലുള്ള എല്ലാ മാർത്തോമ്മാ ക്രിസ്ത്യാനികൾക്കും, മറ്റൊന്ന് അക്രൈസ്തവമതങ്ങളിൽ നിന്നോ പാഷണ്ഡതയിൽനിന്നോ പരിവർത്തനം ചെയ്യപ്പെട്ട കത്തോലിക്കർക്കും, മൂന്നാമത്തേത്, കൊല്ലത്തുള്ള മാർത്തോമ്മാ ക്രിസ്ത്യാനികൾക്കും ആയിരുന്നു. കൊല്ലത്തുള്ള ക്രിസ്ത്യാനികളെ നസ്രാണികളെന്നാണ് സംബോധന ചെയ്യുന്നത്.

മാർത്തോമ്മാക്രിസ്ത്യാനികളുടെ ഈ സമൂഹങ്ങളെപ്പററി ഫാ. ഹോസ്റ്റൻ (Hosten) പറയുന്നതിപ്രകാരമാണ്. ‘‘പോർച്ചുഗീസുകാർ ഇൻഡ്യയിൽ വരുന്നതിനുമുമ്പ് കണ്ണി പൊട്ടാത്ത ശൃംഖലപോലെ മാർത്തോമ്മാക്രിസ്ത്യാനികളുടെ സമൂഹങ്ങൾ സിൻഡുമുതൽ കന്യാകുമാരിവരെയും (അവിടെനിന്ന്) മൈലാപ്പൂർവരെയും ഉണ്ടായിരുന്നതായി കാണപ്പെടുന്നു. Cosmos (എ. ഡി. 535) ഈ സ്ഥലങ്ങളിലും സിലോണിലുമുള്ള ക്രൈസ്തവസമൂഹങ്ങളെപ്പററി പ്രസ്താവിക്കുന്നുണ്ട്’’[5].

ക്രോണിക്കോൺ (Chronicon) അഥവാ വിവിധ ചരിത്രങ്ങളുടെ ഗ്രന്ഥം, ഫാ. ഗോളോവോവിച്ച്, ഫാ. ജോൺ ഇലമോസിനോ എന്ന ഫ്രാൻസിസ്കൻ സന്ന്യാസിക്ക് 1336-ൽ അയച്ചതാണ്. അതിൽ മദ്ധ്യേന്ത്യയിൽ ഏഴു രാജ്യങ്ങളുണ്ടെന്നും അവയിൽ ഒന്നിൽ മാർത്തോമ്മാക്രിസ്ത്യാനിയായ ഒരു രാജാവ് ഭരിക്കുന്നുവെന്നും എഴുതിയിട്ടുണ്ട്. 1293-ൽ മദ്ധ്യേഷ്യ സന്ദർശിച്ച മാർക്കോപോളോ അവിടെയുള്ള മാർത്തോമ്മാക്രിസ്ത്യാനികളായ മൂന്നു രാജാക്കന്മാരെപ്പററിയാണ് പറയുന്നത്, എന്നാൽ ഏകദേശം 50 വർഷം കഴിഞ്ഞപ്പോൾ മൂന്നു രാജാക്കന്മാരിൽ ഒരാൾമാത്രം അവശേഷിച്ചതായി കാണുന്നു. മദ്ധ്യേന്ത്യയിലുള്ള മാർത്തോമ്മാക്രിസ്ത്യാനികളുടെ അധഃപതനമാണ് ഇതു് കാണിക്കുന്നത്.

ഒഡോറിക് ഉദാനാ (Odoric Udana) എന്ന ഡൊമിനിക്കൻ സന്ന്യാസി 1302-ൽ, താനായിൽവച്ചു കൊല്ലപ്പെട്ട രക്തസാക്ഷികളുടെ അവശിഷ്ടങ്ങൾ ശേഖരിക്കുവാൻ 1321-ൽ

5. Antiquities, San Thome and Mylapore: 1956, P. 402

www.malankaralibrary.com

ഇന്ത്യയിലേയ്ക്കു വന്നു. അദ്ദേഹം താനായിലും മൈലാപ്പൂരിലും കൊല്ലത്തും താമസിച്ചിട്ടുണ്ട്. അദ്ദേഹത്തിൻെറ കത്തുകളിലൂടെ മാർത്തോമ്മാക്രിസ്ത്യാനികളുടെ വിവരങ്ങൾ യൂറോപ്പിൽ പരസ്യമായിരുന്നു.

1347-ൽ (വാസ്കോഡിഗാമ ഇൻഡ്യയിൽ വരുന്നതിനു 151 വർഷംമുമ്പ്) ചൈനായിലേയ്ക്കുപോയ ജോൺ മരിഞ്ഞോലി മെത്രാനെ, കൊല്ലത്തെ മാർത്തോമ്മാക്രിസ്ത്യാനികൾ, "മാർപ്പാപ്പായുടെ പ്രതിനിധിയെന്ന നിലയിൽ" രാജകീയാതിഥിയായി 16 മാസത്തോളം താമസിപ്പിച്ചതിനെപ്പററി, അദ്ദേഹം കൃതജ്ഞതാപൂർവ്വം ശ്ലാഘിച്ചെഴുതിയിട്ടുണ്ട്. പേപ്പൽ പ്രതിനിധിയായിരുന്ന മരിഞ്ഞോലിയുടെ ചൈനായാത്രതന്നെ കുബ്ളയിഖാൻെറ ചൈനായിലുള്ള ആയിരത്തിൽപരം സുറിയാനിക്രിസ്ത്യാനികളായ ഭടന്മാരുടെ ആത്മീയശുശ്രൂഷയ്ക്കു വൈദികരെ അയയ്ക്കുവാൻ ഖാൻ തന്നെ മാർപ്പാപ്പായോടുചെയ്ത അഭ്യർത്ഥനയുടെ ഫലമായിട്ടാണ്. ഇങ്ങനെ മതത്തിനോ, വിജ്ഞാനത്തിനോ, കൗതുകത്തിനോവേണ്ടി വിദൂരയാത്രചെയ്ത സാഹസികസഞ്ചാരികളുടെ കത്തുകളിലെ വിവരങ്ങൾ, ദക്ഷിണേഷ്യയിലും, പ്രത്യേകിച്ച് ഇന്ത്യയിലും, ഉള്ള മാർത്തോമ്മാക്രിസ്ത്യാനികളെ യൂറോപ്പിലെല്ലാം പ്രസിദ്ധരാക്കിയിരുന്നു.

കേരളത്തിലെ മാർത്തോമ്മാക്രിസ്ത്യാനികളെപ്പററിയും ധാരാളം കഥകൾ യൂറോപ്പിലെ ഉപരിമണ്ഡലങ്ങളിൽ പ്രചരിച്ചിരുന്നുവെന്നുള്ളതു് നിസ്സംശയമാണ്. എ. ഡി. 1439-ൽ (വാസ്കോഡിഗാമ ഇന്ത്യയിൽ വരുന്നതിനു് 60 വഷം മുമ്പ്) യവുജിൻ നാലാമൻ മാർപ്പാപ്പാ കേരളത്തിലെ നസ്രാണികളുടെ രാജാവിനു് ഒരെഴുത്തയയ്ക്കുന്നതിപ്രകാരമാണ്. "നമുക്കു് ഏററവും പ്രിയപ്പെട്ടവനും പ്രശസ്തനുമായ, ഇന്ത്യക്കാരുടെ ചക്രവർത്തി തോമ്മാസ്സു് ആരോഗ്യവും, അപ്പസ്തോലികാശീർവാദവും; തിരുമേനിയെപ്പററിയും തിരുമേനിയുടെ രാജ്യത്തുള്ള ജനങ്ങൾ ക്രിസ്ത്യാനികളാണെന്നതിനെപ്പററിയും ഞാൻ കൂടെക്കൂടെ കേൾക്കാറുണ്ടു്"[6]. ഇതിൽനിന്നും സിദ്ധിക്കുന്നതു് വളരെക്കാലത്തോളം കേരളത്തിലെ ക്രിസ്ത്യാനികളും അവരുടെ നേതാവായ തോമ്മാരാജാവും യൂറോപ്യൻ ജനതയുടെ

6. Travancore State Manual, 1906, Vol II: P.147.

www.malankaralibrary.com

ഉന്നതമണ്ഡലങ്ങളിൽ സംസാരവിഷയമായിരുന്നിട്ടുണ്ടെന്നാണല്ലോ.

നസ്രാണികളുടെ തോമ്മാരാജാവിനു് 1439–ൽ സന്ദേശമയച്ച 4–ാം യവുജിൻ മാപ്പാപ്പായുടെ സെക്രട്ടറിയായ Pogge Bracciolini 'ഭാഗ്യവൈവിദ്ധ്യത്തിൻെറ ചരിത്രം' (Historia de Varietate Fortunae) എന്ന ഗ്രന്ഥത്തിൻെറ നാലാം പുസ്തകത്തിൽ, എ. ഡി. 1438–ൽ ഇപ്രകാരമെഴുതുന്നു, "നിക്കളോ എന്ന മിഷനറി എന്നോടു് ഇന്ത്യാക്കാരെപ്പററി പറഞ്ഞിട്ടുള്ള വിവിധകാര്യങ്ങൾ ഞാൻ ഈ പുസ്തകത്തിൽ ചേർക്കുന്ന അവസരത്തിൽ, വടക്കേ ഇന്ത്യയിൽനിന്നുവന്ന ഒരാൾ എന്നെക്കണ്ടു. അദ്ദേഹം പറയുന്നു, ചൈനായിൽനിന്നു് ഇരുപതു ദിവസത്തെ യാത്രാദൂരമുള്ള (ഇന്ത്യയിലെ) ഒരു രാജ്യത്തെ രാജാവും അദ്ദേഹത്തിൻെറ ജനങ്ങളും ക്രിസ്ത്യാനികളാണെന്നു്, പക്ഷേ അവർ നെസ്റ്റോറിയന്മാർ (സുറിയാനിക്കാർ) ആയതുകൊണ്ടു് പാഷണ്ഡരാണു്"[7].

## c) മിഷ്നറിമാരായ മുന്നോടികൾ

ഏഷ്യൻ ക്രിസ്ത്യാനികളെപ്പററിയുള്ള വാർത്താതരംഗങ്ങൾ ഒന്നിനുപുറകെ മറെറാന്നായി യൂറോപ്യൻ ക്രിസ്ത്യാനികളിൽ ആഞ്ഞടിച്ചപ്പോൾ അതിന്നനുരൂപമായ പ്രതികരണവും അവരിൽ ഉണ്ടായി. 1252 ൽ ഇനസെൻറു് നാലാമൻ മാപ്പാപ്പായുടെ കാലത്താണു്, 'ക്രിസ്തുവിൻെറ വഴിപോക്കരുടെ സംഘം' ("The Society of the Wayfarers of Christ") സ്ഥാപിതമായതു്. അവരുടെ ഉദ്ദേശ്യം പൗരസ്ത്യരാജ്യങ്ങളിലെ ജനങ്ങളെ മാനസാന്തരപ്പെടുത്തുകയായിരുന്നു. അതിനുവേണ്ടി 1318–ൽ ജോൺ 22–ാമൻ മാപ്പാപ്പാ, ഏഷ്യയിലുള്ള രാജ്യങ്ങളെല്ലാം മിഷൻപ്രവർത്തനത്തിനു് ഫ്രാൻസിസ്ക്കരും ഡൊമിനിക്കരും ആയ സന്ന്യാസിമാർക്ക് വീതിച്ചുകൊടുത്തു. ഇരുസഭകളിലേയും അംഗങ്ങൾ പ്രേഷിതവൃത്തിയിൽ ഉജ്ജ്വലഭാവംകൊണ്ട സന്ന്യാസിമാരായിരുന്നു. മൈലാപ്പൂരിലുള്ള മാർത്തോമ്മാശ്ലീഹായുടെ കബറിടം ഇവരെ അത്യധികം പ്രചോദിപ്പിച്ചു[8]. ഇക്കൂട്ടത്തിൽ ജസ്യൂട്ടു് വൈദികർ ഉൾപ്പെ

7. G. M. Moraes, History of Christianity in India: 1964, P. 69.

8. P. Thomas, Christians and Christianity in India and Pakistan: 1954, P. 42 and G. M. Moraes, History of Christianity in India: 1964, P. 90.

www.malankaralibrary.com

ട്ടിരുന്നില്ല. കാരണം, വി. ഇഗ്നേഷ്യസ് ലയോളാ ഈശോ സഭ സ്ഥാപിച്ചതു് എ. ഡി. 1535–ൽ ആയിരുന്നല്ലൊ.

## 1. മോന്തേ കൊർവീനോ (എ. ഡി. 1292)

ആവേശംപൂണ്ട "ക്രിസ്തുവിൻെറ വഴിപോക്കരിൽ" പലരും ചൈനായിലേയ്ക്കും ഇന്ത്യയിലേയ്ക്കും പുറപ്പെട്ടു. അവരുടെ മുന്നോടിയായിരുന്നു, ഡൊമിനിക്കൻ സന്ന്യാസിയായ ജോൺ മോന്തേ കൊർവീനോ. അദ്ദേഹം മാർപ്പാപ്പായുടെ പ്രതിനിധിയെന്ന നിലയിൽ 1291–ൽ ചൈനീസ് ചക്രവർത്തിയായ ഖാനിൻെറ അടുക്കലേയ്ക്കു് നിയുക്തനായി.

ശതാബ്ദങ്ങളായി യൂറോപ്പിനേയും ഏഷ്യയേയും വേർതിരിച്ചിരുന്നതു് മതാസക്തരായ അറബികളുടെ ശക്തിയാണു്. പശ്ചിമേഷ്യാ മുഴുവൻ മതതീക്ഷ്ണരായ മഹമ്മദീയരുടെ ആധിപത്യത്തിലായിരുന്നതുകൊണ്ടു് യൂറോപ്പിൽനിന്നും ഏഷ്യയിലേയ്ക്കോ പ്രത്യേകിച്ചു് ഇന്ത്യയിലേയ്ക്കോ ഉള്ള യാത്ര ദുഷ്കരവും അപകടസമ്പൂർണ്ണവും ആയിരുന്നു.

മോന്തേ കൊർവീനോയ്ക്കു് ചൈനയിലെത്തുവാൻ പുരാതനമായ രണ്ടു മാർഗ്ഗങ്ങളാണുണ്ടായിരുന്നതു്: ഒന്നു്, കാസ്പിയൻകടൽചുററി, മദ്ധ്യേഷ്യയിലെ മരുഭൂമിയിൽക്കൂടിയുള്ളതു്; മററൊന്നു് ടർക്കിസ്ഥാൻ കടന്നു് ടിബററിൻെറ വടക്കേ അതിർത്തിവഴിയുള്ളതു്. ഈ രണ്ടു മാർഗ്ഗങ്ങളും കൊള്ളക്കാരും, മതഭ്രാന്തരും പതിയിരുന്ന സ്ഥലങ്ങളായിരുന്നു; കൂടാതെ, ഗോത്രവർഗ്ഗങ്ങളുടെ യുദ്ധങ്ങൾ കൂടക്കൂടെ പൊട്ടിപ്പുറപ്പെട്ടിരുന്ന രണഭൂമിയും. മൂന്നാമതായിട്ടുണ്ടായിരുന്നതു് അറേബ്യൻകടലും ബംഗാൾ ഉൾക്കടലും, ചൈനാക്കടലും വഴിയുള്ളതായിരുന്നു; അതും അറബികളായ കച്ചവടക്കാരുടെ പൂർണ്ണമായ നിയന്ത്രണത്തിലും.

മോന്തേ കൊർവീനോ കടൽമാർഗ്ഗമുള്ള യാത്രയാണു് തിരഞ്ഞെടുത്തതു്. അദ്ദേഹത്തിൻെറകൂടെ നിക്കളസ് എന്നൊരു ഡൊമിനിക്കൻ സന്ന്യാസിയും ഉണ്ടായിരുന്നു. അവർ ഹോർമസ് (Hormuz) –ൽ ചെന്നു് കപ്പൽകയറി ഇന്ത്യയിൽ വന്ന ശേഷം, കന്യാകുമാരിചുററി മലേഷ്യായിലും, അവിടെനിന്നും ഇൻഡോ–ചൈനവഴി, ചൈനയുടെ പ്രധാനതുറമുഖമായ കാൻറണിലും (Canton) എത്താമെന്നുദ്ദേശിച്ചിരുന്നു. അവിടെ

www.malankaralibrary.com

ഉണ്ടായിരുന്ന കടൽക്കള്ളന്മാരും കൂടക്കൂടെ അടിച്ചുകൊണ്ടിരുന്ന കൊടുങ്കാററുകളും നിമിത്തം ഈ വഴിയും വിപത്ക്കരമായിരുന്നു. ഏതായാലും മോന്തേ കൊർവീനോ കടൽവഴി തന്നെ ചിരപ്രതീക്ഷിതലക്ഷ്യമായ മൈലാപ്പൂർ വന്നിറങ്ങി; ചൈനക്കു കപ്പൽ കിട്ടാഞ്ഞതുകൊണ്ട്, അവർ 13 മാസം മൈലാപ്പൂരിൽ താമസിച്ചു. ചൈനക്കും യൂറോപ്പിനും മദ്ധ്യേയുള്ള ഒരു പ്രധാന ക്രിസ്ത്യൻ മിഷ്യൻകേന്ദ്രമായി മൈലാപ്പൂരിനെ വികസിപ്പിച്ചെടുക്കാൻ അദ്ദേഹം ആഗ്രഹിച്ചു. തമിഴ് ഭാഷ വശമില്ലാതിരുന്നതുകൊണ്ട് ജനങ്ങളുമായി അധികം സമ്പക്കം പുലത്തുവാൻ അദ്ദേഹത്തിനു സാധിച്ചില്ല. അദ്ദേഹം ഹിന്ദുക്കളുടെ മതാചാരങ്ങളെപ്പററി കുറെയെല്ലാം എഴുതിയിട്ടുണ്ട്. എന്നാൽ ഒരു കാര്യം അദ്ദേഹമെടുത്തുപറയുന്നതു്, അവിടുള്ള ജനങ്ങളുടെ ലളിതജീവിതവും സൗഹാർദ്ദമനഃസ്ഥിതിയുമാണ്. മൈലാപ്പൂരിനുചുററും നൂറുപേരെ സ്നാനപ്പെടുത്തിയതായി അദ്ദേഹം പറയുന്നു. ഇവർ 'നെസ്തോറിയന്മാർ' എന്നു കരുതപ്പെട്ടിരുന്ന സുറിയാനിക്രിസ്ത്യാനികളായിരിക്കാം. അല്ലെങ്കിൽ, ഇവർ ഇന്ത്യയിലെ ആദ്യത്തെ ലത്തീൻ ക്രിസ്ത്യാനികളായിരിക്കാം. അങ്ങനെയെങ്കിൽ, ഇന്ത്യയിലെ ലത്തീൻസഭ ആരംഭിക്കുന്നതും മാർത്തോമ്മാശ്ലീഹായുടെ കബറിടമായ മൈലാപ്പൂരിൽവച്ചാണ്. ആ കബറിടത്തിൽതന്നെയാണ്, ഭാരതത്തിൻെറ ദ്വിതീയ അപ്പസ്തോലനായ വി. ശൗര്യാർ പുണ്യവാളൻ തൻെറ പ്രേഷിതവീര്യം വീണ്ടെടുക്കാൻ വളരെ ദിവസങ്ങൾ പ്രാർത്ഥനയിലും ധ്യാനത്തിലും കഴിച്ചുകൂട്ടിയതും: പിന്നാലെവന്ന ജോർഡാനും മററു വിദേശമിഷ്യനറിമാരും ചെയ്യതുപോലെ, നെസ്റ്റോറിയരെന്നറിയപ്പെട്ടവക്കു ജ്ഞാനസ്നാനം നല്കുകയായിരിക്കാം അദ്ദേഹവും ചെയ്യതു്. നിക്കോളസ് രോഗബാധിതനായി താമസംവിനാ മരണമടഞ്ഞു. 1292-ൽ, മോന്തേ കൊർവീനോ മൈലാപ്പൂർവിട്ട് ചൈനായിലേയ്ക്കുപോയി, 12 വഷം അവിടെ താമസിച്ചു. 1306-ൽ അദ്ദേഹം യൂറോപ്പിലേയ്ക്കും, പെർഷ്യയിലുണ്ടായിരുന്ന ഡൊമിനിക്കൻ സന്ന്യാസിമാർക്കും, ഇന്ത്യയിലേയ്ക്ക് കൂടുതൽ സന്ന്യാസിമാരെ നിയോഗിക്കുവാൻ എഴുതി; തൽഫലമായി ജോർഡാൻ സെവറാക്ക് (Jordan of Severak) എന്നൊരു ഡൊമിനിക്കൻ സന്ന്യാസി ഇന്ത്യയിലേയ്ക്ക് പുറപ്പെട്ടു. ഇദ്ദേഹമാണ് ഇന്ത്യയിലെത്തുന്ന രണ്ടാമത്തെ ലത്തീൻ മിഷ്യനറി.

www.malankaralibrary.com

## 2. ജോർഡാൻ സെവറാക്ക്

കൊല്ലം പ്രസിദ്ധിയേറിയ തുറമുഖപട്ടണവും ക്രിസ്ത്യാനികളുടെ കേന്ദ്രവുമെന്ന് ജോർഡാൻ കേട്ടിരുന്നു. അതിനാൽ അങ്ങോട്ടുപോകുവാൻ, ജോർഡാൻ 1320-ൽ 'ഓർമസ്' (Hormuz)-ൽ നിന്നും കപ്പൽകയറി. കൊടുങ്കാററുമൂലം അലഞ്ഞുതിരിഞ്ഞു് രണ്ടു മാസത്തിനുശേഷം ആ കപ്പൽ ബോംബെയ്ക്കടുത്തുള്ള താനാ (Thana) യിലടുത്തു. അദ്ദേഹത്തിൻെറ സഹചാരികൾ തോമസ്, ജെയിംസ്, പീററർ, ദെമേട്രിയൂസ് എന്നിവരായിരുന്നു. തോമസ്സായിരുന്നു ഈ സംഘത്തിൻെറ നേതാവ്. ജനങ്ങൾ ഭൂരിപക്ഷവും ഹിന്ദുക്കൾ ആയിരുന്നെങ്കിലും, താനാ ഭരിച്ചിരുന്നതു്, മഹമ്മദീയരാജാക്കന്മാരായിരുന്നു. ജോർഡാനും കൂട്ടരും കരയ്ക്കിറങ്ങിച്ചെന്നപ്പോൾ, 15 സുറിയാനിക്രിസ്ത്യാനി കുടുംബങ്ങളെ അവിടെ കണ്ടു. അവരുടെ ഒരു ഭവനത്തിലാണു് ഈ സന്ന്യാസിമാർ പാർത്തതു്. അവിടെനിന്നും അവർ ബ്രോച്ച് (Broach) എന്ന പട്ടണത്തിലേയ്ക്കു് പോയി: അവിടെയും അനേകം സുറിയാനിക്രിസ്ത്യാനി കുടുംബങ്ങൾ ഉണ്ടായിരുന്നു. പക്ഷേ ''നാമമാത്രക്രിസ്ത്യാനികൾ''—അധികംപേരും വൈദികരുടെ ദീർഘകാലത്തെ അഭാവത്താൽ മാമ്മോദീസാ മുങ്ങിയവരായിരുന്നില്ല. അവിടെനിന്നും ബോംബെയ്ക്കു് വടക്കുള്ള 'സൊപ്പാറ' (Sopara) യിലേയ്ക്കുപോയി. അവിടെ നിരവധി ക്രിസ്ത്യാനികളേയും, മാർത്തോമ്മാശ്ലീഹായുടെ നാമത്തിലുള്ള മനോഹരമായ ഒരു ദേവാലയവും അദ്ദേഹം കണ്ടു; ആ ക്രിസ്ത്യാനികൾ ജോർഡാനോടു പറഞ്ഞതു് * <u>മാർത്തോമ്മാശ്ലീഹാ അവിടെയൊരു ദേവാലയം സ്ഥാപിച്ചുവെന്നും</u> മതവിരോധികൾ അതു് നശിപ്പിച്ചുവെന്നും ക്രിസ്ത്യാനികൾ അതു പുനരുദ്ധരിച്ചുവെന്നുമാണു്. ആ ക്രിസ്ത്യാനികൾ 'നെസ്തോറിയന്മാർ' ആയിരുന്നുവെന്നും, അവരിൽ പലർക്കും പേർഷ്യൻഭാഷ സംസാരിക്കുവാൻ കഴിയുമായിരുന്നുവെന്നും ജോർഡാൻ പറയുന്നു[9]. പേർഷ്യൻഭാഷയിലുള്ള അവരുടെ വ്യുല്പത്തി ഇന്ത്യയിലെ പശ്ചിമതീരത്തുള്ള ക്രൈസ്തവസമൂഹങ്ങളും പേർഷ്യൻസഭയുമായിട്ടുള്ള ബന്ധമാണു് കാണിക്കുന്നതു്. 6-ാം നൂററാണ്ടിലെ കോസ്മസ് പറയുന്നതു്, പേർഷ്യയിൽ വാഴിക്കപ്പെട്ട മെത്രാന്മാരാണു്

---

* അടിവര ഗ്രന്ഥകർത്താവിൻേറതു്.

9. J. R. A. S: 1928, P. 362.

www.malankaralibrary.com

തീരദേശസഭകളെ ഭരിച്ചുകൊണ്ടിരുന്നതെന്നാണ്. ജോർഡാൻ സൊപ്പാറയിൽചെന്നശേഷം അവിടെയുണ്ടായിരുന്ന സുറിയാനിക്രിസ്ത്യാനികളെ മതതത്ത്വങ്ങൾ പഠിപ്പിക്കുകയും അവരിൽ തൊണ്ണൂറുപേർക്ക് മാമ്മോദീസായും വിശുദ്ധ കുർബ്ബാനയും നല്കുകയുംചെയ്തു.

ഈ അവസരത്തിലാണ്, താനായിൽ താമസിച്ചിരുന്ന തന്റെ സഹചാരികൾ ഒരപകടത്തിൽപ്പെട്ടുവെന്ന് ജോർഡാൻ അറിയാനിടയായത്. ഒരു കുടുംബവഴക്കിലെ സാക്ഷികളായിട്ട്, അവിടത്തെ മഹമ്മദീയനായ ഗവർണ്ണറുടെ മുമ്പാകെ, മിഷ്നറിമാർക്ക് ഹാജരാകേണ്ടിവന്നു. അവർക്ക് ചില ശത്രുക്കൾ അവിടെ ഉണ്ടായിരുന്നു. അവരിലൊരാൾ, അലക്സാൺഡ്രിയക്കാരനായ ഒരു മുസ്ലീം ആയിരുന്നു. അയാളുടെ പ്രേരണയാൽ, ഒരു മുസ്ലീമായ ഗവർണ്ണറുടെ മുൻപാകെ പല പ്രാവശ്യം അവർ ഹാജരാക്കപ്പെടുകയും, അത് ഒരു മതപരമായ വാദപ്രതിവാദത്തിന് വഴിതെളിക്കുകയും ചെയ്തു. അപ്പോൾ ആ ഗവർണ്ണർ സന്ന്യാസിമാരോട് ചോദിച്ചു, "നിങ്ങൾ മഹമ്മദുനബിയെപ്പററി എന്താണു പറയുന്നത്?" ഇതിന് മറുപടിയായി തോമസ് എന്ന സന്ന്യാസി മഹമ്മദുനബിയെ ദൂഷിച്ചുപറഞ്ഞു. ഇതു കേട്ടപ്പോൾ, ഗവർണ്ണർ ഉൾപ്പെടെ അവിടെയുണ്ടായിരുന്ന മഹമ്മദീയരെല്ലാം കോപംകൊണ്ടു വിറച്ചു. അവർ മിഷ്നറിമാരെ തീയിലിട്ടു; തീയ് അവരെ സ്പർശിച്ചില്ല. അവിടെ ഉണ്ടായിരുന്ന ഹിന്ദുക്കൾ "അവർ വിശുദ്ധന്മാരാണെന്ന് വിളിച്ചുപറഞ്ഞു." എന്നാൽ ഒടുവിൽ അവർ കൊല്ലപ്പെടുകയാണുണ്ടായത്.

ജോർഡാൻ താനായിൽ മടങ്ങിവന്നപ്പോൾ ഇവരെല്ലാം വധിക്കപ്പെട്ടതായി അറിഞ്ഞു. താനായിലുണ്ടായിരുന്ന സുറിയാനിക്രിസ്ത്യാനികളുടെ സഹായത്തോടുകൂടി, അവരുടെ ശവശരീരങ്ങൾ സൊപ്പാറയിൽ കൊണ്ടുവന്ന്, മാത്തോമ്മാശ്ലീഹായുടെ പള്ളിയിൽ ആഘോഷപൂർവ്വം സംസ്കരിച്ചു. സന്ന്യാസിമാരുടെ വധമറിഞ്ഞ ഡൽഹിയിലെ മഹമ്മദീയ ചക്രവർത്തി അവരെ കൊല്ലുവാൻ വിധിച്ച മഹമ്മദീയഗവർണ്ണർക്കു വധശിക്ഷ നല്കി. ജോർഡാൻ താനായിൽ ആറു മാസത്തോളം താമസിച്ചു. മാമ്മോദീസാ കിട്ടാത്ത സുറിയാനിക്കാരായി ബ്രോച്ചിലുണ്ടായിരുന്ന 115 പേർക്കും താനായിലുണ്ടായിരുന്ന 35 പേർക്കും അദ്ദേഹം മാമ്മോദീസാ നല്കിയെന്നു കാണുന്നു.



www.malankaralibrary.com

ജോഡാൻെറ അഭ്യർത്ഥനയനുസരിച്ച് അഞ്ചു ഡൊമിനിക്കൻ സന്ന്യാസിമാർ വന്നു. അവർ കാനറായിലും, മൈസൂറിലും തിരുവിതാംകൂറിലുമാണ് ജോലി ചെയ്തത്. എന്നാൽ ഈ പ്രേഷിതരംഗങ്ങൾ പുഷ്പദളങ്ങൾ വിരിച്ചതായിരുന്നില്ല. അഞ്ചു ഡൊമിനിക്കൻ സന്ന്യാസിമാരും നാലു ഫ്രാൻസിസ്കൻ സന്യാസിമാരും രക്തസാക്ഷികളായി. അനന്തരം ജോർഡാൻ റോമിലേയ്ക്കുപോവുകയും അന്നത്തെ മാപ്പാപ്പായായിരുന്ന ജോൺ 22–ാമനെ, ഇന്ത്യയിലേയും ചൈനയിലേയും സ്ഥിതിഗതികൾ ധരിപ്പിക്കുകയും ചെയ്തു. മാപ്പാപ്പാ, ജോർഡാനെതന്നെ, എ. ഡി. 1328–ൽ, കൊല്ലത്തിൻെറ മെത്രാനായി ഇന്ത്യയിലേയ്ക്കയച്ചു. ഇദ്ദേഹമാണ്, ഇന്ത്യയിലെ ആദ്യത്തെ ലത്തീൻമെത്രാൻ. അദ്ദേഹത്തിൻെറ കൈവശം ഡൽഹിയിലെ സുൽത്താനും, കൊല്ലത്തെ രാജാവിനും, കേരളത്തിലെ നസ്രാണികളുടെ രാജാവിനും മൈലാപ്പൂരുള്ള നസ്രാണികൾക്കും മാപ്പാപ്പാ ഓരോ എഴുത്ത് കൊടുത്തയച്ചിരുന്നു. ആ എഴുത്തിൽ മാപ്പാപ്പാ മാർത്തോമ്മാക്രിസ്ത്യാനികളെ സംബോധന ചെയ്തിരുന്നത്, ''മൈലാപ്പൂരിലെ നസ്രാണികൾ'' എന്നാണ്. സഭയുടെ ഏകത്വത്തെപ്പററിയും ഏക ഇടയനു് വിധേയരാകേണ്ടതിനെപ്പററിയും ആ എഴുത്തിൽ ഊന്നിപ്പറഞ്ഞിട്ടുണ്ട്. ബിഷപ്പ് ജോർഡാൻ ഇന്ത്യയിൽവന്ന് വളരെപ്പേരെ മാനസാന്തരപ്പെടുത്തുകയും ഏതാനും സന്യാസമന്ദിരങ്ങൾ സ്ഥാപിക്കുകയും ചെയ്തു. എന്നാൽ അസൂയാകലുഷിതരും കോപാക്രാന്തരുമായ മഹമ്മദീയർ ഇദ്ദേഹത്തെ താനായിൽവെച്ചുതന്നെ കല്ലെറിഞ്ഞുകൊന്നു10.

പതിന്നാലാം നൂററാണ്ടിൽ ഇന്ത്യയിലുണ്ടായിരുന്ന മാർത്തോമ്മാക്രിസ്ത്യാനികളെപ്പററി ജോർഡാൻ പറയുന്നത് ശ്രദ്ധേയമാണ്, ''കുറേപ്പേർ അവിടെയും കുറേപ്പേർ ഇവിടെയുമായി, ഈ ഇന്ത്യയിലാകെ ചിതറിക്കിടക്കുന്ന ഒരു ജനസമൂഹമാണ് ഈ മാർത്തോമ്മാക്രിസ്ത്യാനികൾ. അവർ ക്രിസ്ത്യാനികളെന്നാണ് തങ്ങളെപ്പററി പറയുന്നത്. അവർ മാമ്മോദീസാ സ്വീകരിച്ചവരോ വിശ്വാസസത്യങ്ങൾ അറിയുന്നവരോ അല്ല, പോരാഞ്ഞിട്ട്, അവർ വിശ്വസിക്കുന്നത് മഹാത്മാവായ മാർത്തോമ്മാശ്ലീഹാതന്നെ ക്രിസ്തുവെന്നുമാണ്.

10. G. M. Moraes: Pp. 100—102.

www.malankaralibrary.com

ഞാൻ അവരിൽ 300 പേരെ മാമ്മോദീസാമുക്കി വിശ്വാസ ത്തിലേയ്ക്കു കൊണ്ടുവന്നു''11.

### 3. ജോൺ മരിഞ്ഞോളി—മാർപ്പാപ്പായുടെ ചൈനയിലെ പ്രതിനിധി

1347 ഏപ്രിൽ—1348 ആഗസ്റ്റ് ആണ്, മാർപ്പാപ്പായുടെ പ്രതിനിധിയായ മറെറാരു ലത്തീൻ മിഷ്നറിയുടെ കേരള സന്ദർശനകാലം. അത് ഫ്രാൻസിസ്ക്കൻ മിഷ്നറിയായ ജോൺ മരിഞ്ഞോളി (Marignolli) ആയിരുന്നു. വയറുകടി പിടിപെടുകയാൽ അദ്ദേഹം കൊല്ലത്തിറങ്ങുകയും അവിടെ പതിനാറുമാസം താമസിക്കുകയും ചെയ്തു. അദ്ദേഹം കൊല്ലത്തു വന്നപ്പോൾ അവിടെയുള്ള പള്ളികളിൽ സേവനം അനുഷ്ഠി ക്കാൻ വൈദികരാരും ഉണ്ടായിരുന്നില്ല. മരിഞ്ഞോളിയുടെ ഒരെഴുത്തിൽ ഇങ്ങനെ കാണുന്നു. ''എ. ഡി. 1348—ലെ ഓശാന ഞായറാഴ്ച ഇന്ത്യയിലെ വളരെ കുലീനമായ കൊല്ലം പട്ടണത്തിൽ ഞാനെത്തി. ഇവിടെയാണ് ലോകത്തിലെ ങ്ങും ആവശ്യമുള്ള കുരുമുളക് വിളയുന്നത്. നമ്മുടെ മുന്തിരി വള്ളികൾപോലുള്ള വള്ളികളിലാണ് ഈ കുരുമുളക് വളരു ന്നത്................ ഈ കാര്യങ്ങൾ 14 മാസത്തോളം എന്റെ കണ്ണുകൾകൊണ്ടു കണ്ടതും എന്റെ കൈകൾകൊണ്ടു ബോദ്ധ്യ പ്പെട്ടതുമാണ്. ചില ഗ്രന്ഥകാരന്മാർ പറയുന്നതുപോലെ, കുരുമുളക് വറത്തെടുക്കുന്നതോ കാട്ടിൽ വളരുന്നതോ അല്ല; അവ വളരുന്നത് തോട്ടങ്ങളിലാണ്; ചിലർ വിചാരിക്കു ന്നതുപോലെ മഹമ്മദീയരല്ല, അതിന്റെ ഉടമസ്ഥർ: അളക്കു കയും തൂക്കുകയും ചെയ്യുന്ന സ്ഥലങ്ങളിലെല്ലാം മാർത്തോമ്മാ ക്രിസ്ത്യാനികളാണ് അവയെല്ലാം ചെയ്തിരുന്നത്. ഞാൻ * മാർപ്പാപ്പായുടെ പ്രതിനിധിയായതുകൊണ്ട്, അവർ എനി ക്ക് മാസംതോറും നൂറു സ്വർണ്ണനാണയങ്ങളും അവിടംവിട്ടുപോ രുമ്പോൾ, ആയിരം സ്വർണ്ണനാണയങ്ങളും തന്നു. കൊല്ലത്ത് വി. ജോർജ്ജിന്റെ നാമത്തിൽ ഒരു ലത്തീൻപള്ളിയുണ്ട്, അവിടെയാണ് ഞാൻ താമസിച്ചത്. ഞാൻ ആ പള്ളി ചിത്രങ്ങൾകൊണ്ടലങ്കരിക്കുകയും അവിടത്തെ ജനങ്ങളെ മത തത്വങ്ങൾ പഠിപ്പിക്കുകയും ചെയ്തു. മഹാനായ അലക്സാ ണ്ടർ ചക്രവർത്തിയെ അതിലംഘിക്കുമാറ്, എന്റെ വരവി നേയും ഓർമ്മയേയും നിലനിറുത്തുന്നതിന് ഞാൻ ഒരു

11. Brown: P. 83.

* അടിവര ഗ്രന്ഥകർത്താവിന്റേത്.

www.malankaralibrary.com

സ്ത്രൂപിക ഉണ്ടാക്കിവച്ചു. അതിനെ എണ്ണകൊണ്ട് അഭിഷേകംചെയ്തു. യഥാർത്ഥമായും അതൊരു മാർബിൾ തൂണായിരുന്നു. അതു് ലോകാവസാനംവരെ നിലനില്ക്കണമെന്നു് ഞാൻ ആഗ്രഹിച്ചു. ആ മാർബിൽത്തൂണിൽ, മാർപ്പാപ്പായുടേയും എൻെറയും മുദ്രകളും ലത്തീൻഭാഷയിലും ഇന്ത്യൻഭാഷയിലുമുള്ള ലിഖിതങ്ങളുമുണ്ടായിരുന്നു. അനേകായിരം ആളുകളുടെ സാന്നിദ്ധ്യത്തിൽ, ഞാനതിനെ ആശീർവ്വദിക്കുകയും പ്രതിഷ്ഠിക്കുകയും ചെയ്തു. സോളമൻ രാജാവിനെപ്പോലെ അവർ എന്നെ ഒരു പല്ലക്കിൽ കയററി തോളിൽ ചുമന്നു........''12. ഇതു് സംഭവിക്കുന്നതു് 1348–ലാണ്. 1662–ൽ ആ സ്ഥലം സന്ദർശിച്ച ഡച്ചു് ചാപ്ലിൻ ബൽഡെയ്യൂസ്സ് ആ മാർബിൾത്തൂണു് കണ്ടതായി പറയുന്നു. 1864–ൽ കൊല്ലം സന്ദർശിച്ച Howard പറയുന്നതു് അദ്ദേഹമവിടെ ചെല്ലുന്നതിനു് ഏതാനും വഷംമുമ്പ്, ആ മാർബിൾത്തൂണു് കടലെടുത്തുപോയി എന്നാണു്. അങ്ങനെ ലോകാവസാനംവരെ നിലനില്ക്കുവാനുള്ള വ്യാമോഹത്തിൽ പണിതുയർത്തിയ മാർബിൾശില, സമുദ്രതരംഗങ്ങൾ വിഴുങ്ങിക്കളഞ്ഞു. മനുഷ്യൻെറ വ്യർത്ഥമോഹങ്ങളെ മായ്ച്ചുകളയുന്ന കാലത്തിൻെറ കല്ലോലകരങ്ങൾ!!

## d. ലൂയീസ് വർത്തേമാ

പോർച്ചുഗീസുകാർ ഇന്ത്യയിൽ വന്നതിനോടടുത്തു്, 1505–ൽ, ഇററാലിയനായ ലൂയീസ് വർത്തേമാ, (Louis Varthema) കേരളത്തിലെത്തുന്നുണ്ട്. അദ്ദേഹം കായംകുളത്തു കണ്ട കാര്യത്തെപ്പററി ഇപ്രകാരമെഴുതുന്നു. ''ഈ പട്ടണത്തിൽ (കായംകുളം) കുറെ മാർത്തോമ്മാക്രിസ്ത്യാനികൾ ഉണ്ട്. ക്രിസ്തുവിലുള്ള അവരുടെ വിശ്വാസം നമ്മുടേതുപോലെയാണു്. അവർ പറയുന്നതു്, മൂന്നു വഷത്തിലൊരിക്കൽ ബാബിലോണിയായിൽനിന്നു് ഒരു വൈദികൻവന്നു് അവക്കു് ജ്ഞാനസ്നാനം കൊടുക്കുന്നുവെന്നാണു്. അവരുടെ നൊയമ്പുകാലം നമ്മുടേതിനേക്കാൾ നീണ്ടതാണു്. എന്നാൽ ഈസ്റ്റർ നമ്മുടേതുപോലെതന്നെ. തിരുനാളാഘോഷങ്ങളും നമ്മുടേതുപോലെതന്നെ. ഗ്രീക്കുകാരുടേതുപോലെയാണു്, അവരുടെ കർബാന. നാലു പേരുകളാണു് അവക്കുള്ളതു്; തോമ്മാ, മത്തായി, യാക്കോബ്, യോഹന്നാൻ''13.

---

12. Brown: P. 83–84.
13. Varthema di Lwdovico. The Travels of, Translated by J. W Jones & G. P. Badger, 1763, P. 180.

www.malankaralibrary.com

# രണ്ടാം അദ്ധ്യായം

## A. പോർച്ചുഗീസുകാരുടെ കവാടഭേദനം

### I. പോർച്ചുഗലും പോർച്ചുഗീസ് സാമ്രാജ്യവും

യൂറോപ്പിൻെറ ഭൂപടത്തിൽ തെക്കുപടിഞ്ഞാറെ മൂലയിൽ കാണുന്ന ഒരു തുണ്ടുരാജ്യമാണ് പോർച്ചുഗൽ. അമ്മയുടെ നെഞ്ചിൽ അള്ളിപ്പിടിച്ചിരിക്കുന്ന ശിശുവിനെപ്പോലെയാണ് സ്പെയിനിനോടു ചേർന്നുള്ള അതിൻെറ കിടപ്പ്. യൂറോപ്പിലെ ഏററവും ചെറിയ രാജ്യങ്ങളിലൊന്നാണത്. കേരളത്തിൻെറ കഷ്ടിച്ചു മൂന്നിരട്ടി വലിപ്പമേയുള്ള അതിനു്. അതായത്, 34,000 ചതുരശ്രമൈൽ. അററ്ലാൻറിക് മഹാസമുദ്രത്തിലേയ്ക്കു തള്ളിനില്ക്കുന്നതുകൊണ്ട് അക്കരെയുള്ള അമേരിക്കയിലേയ്ക്ക്, യൂറോപ്പിൻെറ ഒരു വാതായനമായി അതിനെ കണക്കാക്കാം. ഭൂപ്രകൃതിയിൽ, സ്പെയിനും പോർച്ചുഗലും തമ്മിൽ വ്യത്യാസമൊന്നും കാണുന്നില്ല. തന്മൂലം, എട്ടു നൂററാണ്ടുമുമ്പ് സ്പെയിനിൽനിന്നും വേർപെട്ട ഒരു സ്വതന്ത്രരാജ്യമായി പോർച്ചുഗലിനെ കാണുന്നത് അത്ഭുതകരമാണ്. അതു് യൂറോപ്പിലെ സ്വതന്ത്രരാഷ്ട്രങ്ങളിൽ ആദ്യത്തേതുമായിരുന്നു. യാദൃച്ഛികമായ കാരണങ്ങളാൽ ആരംഭിച്ച വികാരംപൂണ്ട ചരിത്രമായിരിക്കാം, അതിനു നിദാനം, ചരിത്രവും വികാരവും, ഭൂമിയ്ക്കും ഭാഷയ്ക്കും ഉപരിയായി, രാഷ്ട്രരൂപവൽക്കരണത്തിൽ ശക്തിയേറിയ ഘടകങ്ങളാണെന്നു് പോർച്ചുഗൽ തെളിയിക്കുന്നുണ്ട്.

യൂറോപ്യൻ രാഷ്ട്രങ്ങൾക്കിടയിലോ അന്താരാഷ്ട്രബന്ധങ്ങളിലോ ഇന്ന് പോർച്ചുഗലിന് യാതൊരു സ്ഥാനവുമില്ല. അതു് നിസ്സാരമായി ഗണിക്കപ്പെട്ട ഒരു രാജ്യമാണ്. എന്നാൽ ഒരു കാലത്തു് ലോകത്തിലെ ഏററവും വലിയ സാമ്രാജ്യം പോർച്ചുഗലിൻേറതായിരുന്നുവെന്നും, ആസ്ട്രേലിയ ഒഴിച്ച് മററു ഭൂഖണ്ഡങ്ങളിൽ, പോർച്ചുഗീസുഭാഷയ്ക്ക് അവശേഷിക്കപ്പെട്ട സ്ഥാനമുണ്ടെന്നും ഓർക്കുമ്പോൾ, അതിൻെറ പുരാതനമഹത്വം നമുക്ക് മനസ്സിലാക്കാം. ബ്രസീലിലേയും, അംഗോളയിലേയും, മോസാംബിക്കിലേയും, ഔദ്യോ

www.malankaralibrary.com

ഗികഭാഷ പോർച്ചുഗീസാണ്. ഇൻഡ്യയിൽ ബ്രിട്ടീഷ് ആധിപത്യത്തിന് അടിത്തറ പാകിയ സർ റോബർട്ട് ക്ലൈവിൻെറ ഔദ്യോഗിക കത്തുകളിൽ മിക്കവാറും ഉപയോഗിച്ചിരുന്നതു് പോർച്ചുഗീസുഭാഷയാണ്. കേവലം ഹ്രസ്വമായ കാലത്തെ നാവികാധിപത്യവും ആഫ്രിക്കയുടെയും ദക്ഷിണേഷ്യയുടെയും കടൽത്തീരങ്ങളിൽ കുറെ കച്ചവടശാലകളും ഉണ്ടായിരുന്നതുകൊണ്ടുമാത്രം പോർച്ചുഗലിനെ ഒരു സാമ്രാജ്യമായി കണക്കാക്കുവാൻ പാടില്ലെന്നു് കെ. എം. പണിക്കർ പറയുന്നു.

16-ാം നൂററാണ്ടിൽ, പോർച്ചുഗലിലെ ജനസംഖ്യ പത്തു ലക്ഷമായിരുന്നു. അന്നു്, തലസ്ഥാനനഗരമായ ലിസ്ബണിൽ 40,000 പേർ മാത്രമേ ഉണ്ടായിരുന്നുള്ളു. പോർച്ചുഗൽ രാജ്യം അധികവും പാറക്കെട്ടുകളും, ഊഷരഭൂമികളും മലയിടുക്കുകളും ആയതുകൊണ്ടു്, ആദായകരമായ തോതിൽ കൃഷി നടന്നിരുന്നില്ല. മഴ വളരെ അനിശ്ചിതമായിരുന്നു. എന്നാൽ പോർച്ചുഗലിലെ ജനസംഖ്യയിൽ മഹാഭൂരിപക്ഷവും കൃഷിക്കാരായിരുന്നു. കൃഷിക്കാരല്ലാതെയുണ്ടായിരുന്ന മറെറാരു കൂട്ടർ മത്സ്യബന്ധനത്തിലേർപ്പെട്ടിരുന്നവരാണ്. വേറെ കുറെപ്പേർ കൈത്തൊഴിൽ പണിക്കാരും കരകൗശലവിദഗ്ധരുമായ ആളുകളാണ്.

പോർച്ചുഗലിൻെറയും പോർച്ചുഗീസ് സാമ്രാജ്യത്തിൻെറയും പ്രമുഖ ചരിത്രകാരനായ C. R. Boxer എഴുതിയ The Portugese Seaborne Empire, 1415-1825, എന്ന പുസ്തകത്തിൻെറ (1969) അവതാരികയിൽ, ജെ. എച്ച്. പ്ളംബ്ബ് (J. H. Plumb) പറയുന്നതു്, ആ സാമ്രാജ്യചരിത്രം ലോകചരിത്രത്തിലെ ഒരു നിഗൂഢരഹസ്യമായി കാണപ്പെടുന്നുവെന്നാണ്. അദ്ദേഹം തുടർന്നുപറയുന്നു, ഭാഗ്യദേവത കടാക്ഷിച്ചിരുന്നെങ്കിൽ, പോർച്ചുഗീസ് സാമ്രാജ്യത്തിൻെറ വിസ്തൃതി വളരെയധികം വിപുലമാകുമായിരുന്നുവെന്നും. അതിൻെറ കാരണം, ജെനോവാക്കാരനായ ക്രിസ്റ്റഫർ കൊളംബസ് പ്രസിദ്ധിപെററ ഇന്ത്യാരാജ്യം കണ്ടുപിടിക്കുവാൻ നേരെ പടിഞ്ഞാട്ടു് പുറപ്പെട്ടപ്പോറം (ഭൂമി ഉരുണ്ടതാണെന്നുള്ള വിശ്വാസത്തിൽ) അദ്ദേഹത്തിൻെറ സംരംഭത്തെ പ്രോത്സാഹിപ്പിക്കുവാനും സഹായിക്കുവാനും പോർച്ചുഗീസുരാജാവു് തയ്യാറായില്ല; അതിന് സന്നദ്ധത പ്രകടിപ്പിച്ചതു് സ്പാനിഷ്

www.malankaralibrary.com

രാജാവാണ്; തന്മൂലം, കണ്ടുപിടിക്കപ്പെട്ട ബ്രസ്സീൽ ഒഴിച്ചുള്ള തെക്കേ അമേരിക്ക സ്പെയിനിന്റെ അധീനതയിലായി.

കടൽമാർഗ്ഗം ചെന്നെത്താവുന്ന ആഫ്രിക്കാ-ഏഷ്യാ ഭൂഖണ്ഡങ്ങളെ സംബന്ധിച്ചിടത്തോളം, പോർച്ചുഗലിന്റെ നാവികശക്തി, ''ഒരു കൊള്ളിമീൻപോലെ ഉയരുകയും അസ്തമിക്കുകയും ചെയ്തു''വെന്ന് പ്ളംബ്പ് പറയുന്നു. അൻപതുവർഷം മാത്രമേ പോർച്ചുഗലിന്റെ ആധിപത്യം നിലനിന്നുള്ളു. കുറഞ്ഞൊരു കാലംകൊണ്ട്, ആഫ്രിക്കൻ തീരങ്ങളിലും അറേബ്യൻകടൽ, ബംഗാറംഉറംക്കടൽ, ചൈനാക്കടൽ എന്നിവയുടെ തീരങ്ങളിലും പോർച്ചുഗീസ് കച്ചവടശാലകറം അതിവേഗം ഉയന്നുവന്നു; എന്നാൽ അവയെല്ലാം അതുപോലെ നശിക്കുകയും ചെയ്തു.

## ii) ബൗദ്ധികാധഃപതനം

15-ാം നൂററാണ്ടിൽ വൈദികമണ്ഡലത്തിൽ അസാന്മാർഗ്ഗികത്വം കാൻസർപോലെ വ്യാപിച്ചിരുന്നു. പഠനത്തിലും അവർ വളരെ പിന്നോക്കമായിരുന്നു. ലിസ്ബൺ സവ്വകലാശാലയിൽ പഠിപ്പിച്ചിരുന്ന ദൈവശാസ്ത്രത്തിന്റെ നിലവാരം വളരെ താഴ്ന്നിരുന്നതുകൊണ്ട്, നിക്കോളസ് നാലാമൻ മാപ്പാപ്പാ അവിടെ ദൈവശാസ്ത്രം പഠിപ്പിക്കുന്നതു നിരോധിച്ചു. അവിടെനിന്നും ദൈവശാസ്ത്രബിരുദങ്ങളെടുത്തവരെ മററു സ്ഥലങ്ങളിൽ പഠിപ്പിക്കുന്നതിനു്, ഏഴാം ക്ലെമൻറ് മാപ്പാപ്പാ അനുവദിച്ചില്ല. വൈദികരുടേയും സന്ന്യാസിമാരുടേയും ലത്തീൻഭാഷാജ്ഞാനം വളരെ തുച്ഛമായിരുന്നു. 1537-ൽ കോയിംബ്രാ (Coimbra) യിൽ സവ്വകലാശാല സ്ഥാപിക്കപ്പെട്ടുവെങ്കിലും അതിന്റെ ബോധനനിലവാരം യൂറോപ്പിലെ മററു സവ്വകലാശാലകളെക്കാറം വളരെ പിന്നിലായിരുന്നു. കാര്യമായ വിദ്യാഭ്യാസം ആഗ്രഹിച്ചിരുന്നവർ ഫ്രാൻസിലും ഇംഗ്ലണ്ടിലും ഇററലിയിലുമാണ് പഠിച്ചതു്.

## iii) ആദ്ധ്യാത്മികാധഃപതനം

പോർച്ചുഗീസുകാർ ഇന്ത്യയിലേയ്ക്കു് പുറപ്പെടുന്നതു്, പാശ്ചാത്യസഭ സാന്മാർഗ്ഗികമായും ആത്മീയമായും വളരെ അധഃപതിച്ചിരുന്ന കാലത്താണ്. അതു് നീറിപ്പുകയുന്ന ഒരു അഗ്നിപവ്വതം തന്നെയായിരുന്നുവെന്നു പറയാം. അതിന്റെ

www.malankaralibrary.com

സ്റ്റോടനമായിരുന്നു, പ്രോട്ടസ്റ്റൻറ് വിപ്ലവം. വിപ്ലവത്തിന്റെ മുന്നോടികളും നേതാക്കന്മാരും എല്ലാ രാജ്യങ്ങളിലും കതിച്ചു പൊങ്ങി. എന്നാൽ അവരെയെല്ലാം ചങ്ങലയിലിട്ടും, പീഡിപ്പിച്ചും, തീയിലിട്ടുചുട്ടും അടിച്ചമർത്തി. അവരുടെ പ്രമുഖ നേതാവു് മാർട്ടിൻ ലൂഥർ ആയിരുന്നു. (1483–1546) റോമൻ സഭയ്ക്കെതിരായ ഈ വിപ്ലവം കാട്ടുതീപോലെ എല്ലായിടത്തും വ്യാപിച്ചു. വാസ്കോഡിഗാമ ഇന്ത്യയിലെത്തുമ്പോഴും, പാശ്ചാത്യസഭാദ്ധ്യക്ഷനായിരുന്നതു് സന്മാർഗ്ഗജീവിതത്തിൽ കുപ്രസിദ്ധിയാർജ്ജിച്ച അലക്സാണ്ടർ ആറാമൻ മാർപ്പാപ്പാ (1492–1503) എന്നറിയപ്പെടുന്ന, സ്പെയിൻകാരനായ റോഡ്രീഗോ ബോർജിയാ ആയിരുന്നു. അദ്ദേഹത്തിന്റെ കാലത്തു് പ്രഖ്യാപിച്ച വി. ജൂബിലിവർഷത്തിൽ (എ. ഡി. 1500) പതിനായിരക്കണക്കിനു് തീർത്ഥയാത്രക്കാർ റോമിൽവന്നു് വിശുദ്ധ സ്ഥലങ്ങൾ സന്ദർശിക്കുകയും റോമ്മായുടെ ശക്തിയും പ്രതാപവും പ്രൗഢിയുംകണ്ടു് അത്ഭുതപ്പെടുകയും ചെയ്തു. എന്നാൽ ദശവർഷങ്ങൾ കഴിഞ്ഞില്ല, പ്രോട്ടസ്റ്റണ്ടു് വിപ്ളവജ്വാലയിൽ റോമ്മൻ സിംഹാസനം ഉരുകിയൊഴുകുമെന്നു് ഭയമുണ്ടായി. വിപ്ളവം അവസാനിച്ചപ്പോൾ റോമൻസഭയ്ക്കു് ഉത്തര യൂറോപ്പുമുഴുവൻ നഷ്ടപ്പെട്ടു. അപ്പോഴും ആപാദചൂഡം ദുഷിച്ച സഭാഭരണത്തെയും ജനജീവിതത്തെയും നവീകരിക്കുവാനുള്ള പോററ്നോവു് പാശ്ചാത്യസഭയിലെങ്ങും ദൃശ്യമായിരുന്നു. സഭയുടെ വൈദികലോകത്തിന്റെ സാന്മാർഗ്ഗിക നിലവാരം എത്രമാത്രം അധഃപതിച്ചിരുന്നുവെന്നു കാണിക്കുവാൻ C. R. Boxer ഒരു കണക്കു് കൊടുക്കുന്നുണ്ടു്. ആ കണക്കനുസരിച്ചു്, 1389 നും 1438 നും മദ്ധ്യേ പോർച്ചുഗലിലെ രണ്ടു മെത്രാപ്പോലീത്താമാരുടേയും അഞ്ചു് മെത്രാന്മാരുടേയും പതിനൊന്നു് ആർച്ചുഡീക്കന്മാരുടേയും ഒൻപതു് ഡീക്കൻമാരുടേയും നാലു് സംഗീതസംഘാദ്ധ്യക്ഷന്മാരുടേയും (Chanters) എഴുപത്തിരണ്ടു് കാനൻമാരുടേയും അറുന്നൂറു വൈദികരുടേയും ഔരസസന്താനങ്ങളെ നിയമാനുസൃത പൗരന്മാരാക്കിത്തീർത്തു. ഈ കണക്കിൽ ചെറിയ പട്ടങ്ങൾ വാങ്ങിച്ചവരുടേയും തങ്ങളുടെ സന്താനങ്ങൾക്കു് നിയമസാധുത്വം വാങ്ങുവാൻ അപേക്ഷിക്കാത്തവരുടേയും സംഖ്യ ഉൾപ്പെടുന്നില്ലെന്നു് Boxer പറയുന്നുണ്ടു്[1].

1, Ibid P. 6.

www.malankaralibrary.com

### iv) മിശിഹായും മാമ്മോനും

ക്രിസ്തുമതപ്രചരണം പോർച്ചുഗീസ് സാമ്രാജ്യത്തിൻെറ പ്രധാന ഉദ്ദേശ്യമെന്ന് പ്രഖ്യാപിച്ചിട്ടും, യഥാർത്ഥത്തിൽ പോർച്ചുഗീസ് ആധിപത്യം ക്രിസ്തുമതപ്രചരണത്തെ സഹായിക്കുന്നതിനെക്കാറം വളരെക്കൂടുതൽ തടയുകയാണ് ചെയ്തതു്. C. R. Boxer പറയുന്നതു്, പോർച്ചുഗീസ് സാമ്രാജ്യസ്ഥാപനത്തിനു മൂന്ന് ഘടകങ്ങളുണ്ടെന്നാണ്. ഒന്നാമത്തേതു്, മതവിശ്വാസം, അതാണ് മതപ്രചരണത്തിനു് അവക്ക് ഊർജ്ജവും ആവേശവും നല്കിയതു്: രണ്ടാമത്തെ ഘടകം ''മാമ്മോൻ'' എന്നറിയപ്പെടുന്ന ഭൗതികത്വം അഥവാ പണത്തോടും സുഖസൗകര്യങ്ങളോടും അതിരററ ആസക്തി: ദൈവവിശ്വാസവും ധനാർജ്ജനതൃഷ്ണയും പരസ്പരവിരുദ്ധമായിട്ടാണ് കാണാറുള്ളതു്. പോർച്ചുഗീസുകാരുടെ സാമ്രാജ്യസ്ഥാപനശ്രമങ്ങളിൽ ഭയങ്കരമായ കൂട്ടക്കൊലകളും അതിക്രൂരമായ അനീതികളും കാണുവാൻ കാരണം, പരസ്പരവിരുദ്ധമായ തത്വങ്ങളുടെ ഈ വേഴ്ചയാണ്. ബോക്സർ പറയുന്ന മൂന്നാമത്തെ ഘടകം, സാമ്രാജ്യമോഹമാണ്. ഈ മോഹത്തിൽ കുടികൊണ്ടിരുന്നതും മാമ്മോൻ തന്നെ. അതിനോടു് അനുബന്ധിച്ചാണ് സ്വർണ്ണത്തിനും മററു സമ്പാദ്യങ്ങറംക്കും വേണ്ടിയുള്ള തീവ്രശ്രമം. അതിനുപയോഗിച്ച മാർഗ്ഗങ്ങറം ക്രൈസ്തവതത്വങ്ങളനുസരിച്ചല്ലെന്നുള്ളതോ പോകട്ടേ, സാമാന്യമായിട്ടെങ്കിലും ശരിയോ തെറേറായെന്നു ചിന്തിക്കുവാൻ പോർച്ചുഗീസുകാർ മെനക്കെട്ടില്ല. അതുതന്നെയായിരുന്നു അവരുടെ അധഃപതനകാരണവും. അവരുടെ സങ്കല്പത്തിലും സമ്പ്രക്ക്ത്തിലുമുള്ള റോമൻസഭ പ്രചരിപ്പിക്കുവാനുള്ള തിടുക്കവും ആവേശവും ആയിരുന്നു അവക്ക്. അതിൽ ക്രിസ്തു പഠിപ്പിച്ച തത്വങ്ങളോടു് ലവലേശം ആദരവും ബഹുമാനവും കാട്ടിയിരുന്നില്ല. ഇതു് മദ്ധ്യയുഗങ്ങളിലെ പാശ്ചാത്യസഭയുടെ മുഖമുദ്രയായിരുന്നു. അതായതു് കിളിയൊഴിഞ്ഞ കൂടുപോലെ, ജീവനററ ജഡംപോലെ, ക്രിസ്തുവില്ലാത്ത ക്രൈസ്തവസഭയായിട്ടാണ് അനുഭവപ്പെട്ടതു്, പ്രസംഗവും പ്രവൃത്തിയും തമ്മിലും വിശ്വാസവും ജീവിതവും തമ്മിലുമുള്ള അന്തരം അത്ര വലുതായിരുന്നു. സഭാഭരണത്തിലും ജനജീവിതത്തിലും മാമ്മോൻെറ നായകത്വമാണ് നടമാടിയിരുന്നതു്.

www.malankaralibrary.com

## v) മാമ്മോന്റെ ഉരുക്കുമുഷ്ടി

സഭയുടെ ഭൗതികത്വത്തിന് മറ്റൊരു കാരണം സഭയും രാഷ്ട്രവും തമ്മിലുള്ള ഗാഢബന്ധമാണ്. അത്, ഒന്ന് മറ്റൊന്നിനുവേണ്ടി നിലനില്ക്കുന്നുവെന്നതിൽ പ്രകടമായിക്കാണാം. പോർച്ചുഗീസു ഭരണത്തിൽ സഭാധികാരവും രാജ്യഭരണവും അനായാസേന അന്യോന്യം കൈമാറാവുന്നവയായിരുന്നു. ഒരു ഫ്രാൻസിസ്ക്കൻ സന്ന്യാസിയായിരുന്ന ഫാ. പൗളോദാ ട്രിനിഡാഡേ, 1638-ൽ ഗോവായിൽവച്ച് എഴുതിയ അദ്ദേഹത്തിന്റെ ഗ്രന്ഥത്തിൽ പറയുന്നു, ''രാഷ്ട്രത്തിന്റേയും സഭയുടേയും വാളുകൾ പരസ്പരം ചേർന്നാണ് പൗരസ്ത്യരാജ്യങ്ങളെ ആക്രമിച്ച് അധീനപ്പെടുത്തുന്നത്. ഈ ഏകോപിതസഖ്യത്തിൽ, ഒന്നു മറ്റൊന്നിനെക്കൂടാതെ പ്രവർത്തിക്കുന്നില്ല. സുവിശേഷം പ്രസംഗിക്കുവാനുള്ള അവകാശത്തിൽനിന്നാണ് ആയുധങ്ങൾ ഉപയോഗിക്കുവാനുള്ള കർത്തവ്യം ഉത്ഭവിക്കുന്നത്. സുവിശേഷം പ്രയോജനപ്പെടണമെങ്കിൽ അതിനെ സംരക്ഷിക്കുവാനും ആയുധങ്ങൾ വേണ്ടിവരും''2. ഇങ്ങനെയാണ് രാജ്യഭരണത്തിൽ കാണുന്ന ബലപ്രയോഗം സഭയിലും ധാരാളമായി കടന്നുകൂടിയത്. അതിന്റെ ഫലമാണ് കേരളസഭ വിദേശമിഷ്നറിമാരിൽനിന്നും 400 കൊല്ലത്തോളം അനുഭവിച്ച പീഡനങ്ങൾ. ക്രിസ്തുവിന്റെ ബോധനങ്ങളുമായി യാതൊരു ബന്ധവുമില്ലാത്ത തരത്തിലാണല്ലോ രാഷ്ട്രീയകാര്യങ്ങളധികവും നടക്കുന്നത്. ബലപ്രയോഗത്തിന് സഭയിൽ സ്ഥാനം കിട്ടുമ്പോൾ, ആ സഭ ക്രിസ്തുവിന്റേതല്ലാതായിത്തീരുന്നു. നാലഞ്ചു നൂറ്റാണ്ടു മുമ്പ് ഇന്ത്യയുടെ തീരങ്ങളിൽ പോർച്ചുഗീസുകാർ കൊണ്ടുവന്ന ബലപ്രയോഗത്തിൽ അധിഷ്ഠിതമായ സഭാരാഷ്ട്രബന്ധപാരമ്പര്യം ഇന്നും ഇന്ത്യയിൽ നിലനില്ക്കുന്നുവെന്നുള്ളത് ശോചനീയമായ പരമാർത്ഥമാണ്. തങ്ങളുടെതല്ലാത്ത മതങ്ങളോടും ആരാധനാക്രമങ്ങളോടുമുള്ള അസഹിഷ്ണുത, പോർച്ചുഗീസ് പാരമ്പര്യത്തിന്റെ കാമ്പാണ്. മതസഹിഷ്ണുതയ്ക്ക് പ്രസിദ്ധിപെറ്റ ഭാരതമണ്ണിൽ അത് വളരുവാൻ അനുവദിച്ചുകൂടാ. കേരളത്തിലെ പുരാതനമായ പൗരസ്ത്യസഭയെ ഇന്ത്യയിലെ ഇതരഭാഗങ്ങളിലെല്ലാം വളരുവാൻ അനുവദിക്കുകയില്ലെന്നുള്ള ദുശ്ശാഠ്യം ക്രൈസ്തവതത്ത്വങ്ങൾക്ക് എതിരെന്ന്

2. C. R. Boxer P. 268.

www.malankaralibrary.com

മാത്രമല്ല, ഇൻഡ്യൻ ഭരണഘടനയിൽ ഓരോ പൗരനും അനുവദിക്കുന്ന മതസ്വാതന്ത്ര്യത്തിനു് വിരുദ്ധവുമാണു്. അതിനാൽ അതു് നാമ്പിലെതന്നെ നുള്ളിക്കളയേണ്ടതു് ആവശ്യമാണു്.

സ്നേഹത്തിൻേറയും സമാധാനത്തിൻേറയും സേവനത്തിൻേറയും എളിമയുടേയും മതമാണു് ക്രിസ്തു പഠിപ്പിച്ചതു്. എന്നാൽ അതു് പോർച്ചുഗീസുകാരുടെ കൈയിൽ കിട്ടിയപ്പോാം, ക്രൂരമായ ബലപ്രയോഗത്തിൻേറയും മനുഷ്യത്വനിഷേധത്തിൻേറയും കഠിനമായ ശത്രുതയുടേയും മതമായി മാറി. ഇതു് അവരുടെ രാഷ്ട്രീയനയമായിത്തീരുന്നതു് 1567-ൽ ഗോവയിൽവെച്ചുനടന്ന കൗൺസിലിനുശേഷമാണു്.

ആ കൗൺസിലിലെ നിശ്ചയങ്ങരം പ്രധാനമായി മൂന്നാണു്. "1) ട്രൻറു് (Trent) സൂനഹദോസിൽ നിർവ്വചിക്കപ്പെട്ട റോമൻ കത്തോലിക്കാവിശ്വാസം ഒഴിച്ചുള്ളവയെല്ലാം മൗലികമായി തെററും ദോഷകരവുമാണു്." 2) റോമൻ കത്തോലിക്കാവിശ്വാസം പ്രചരിപ്പിക്കുന്നതിൽ പോർച്ചുഗൽ രാജാവിനു് ഒഴിച്ചുകൂടാൻ പാടില്ലാത്ത കടമയുണ്ടു്. സഭയുടെ ആത്മീയാധികാരത്തെ രാജ്യത്തിൻെറ രാഷ്ട്രീയശക്തി പൂർണ്ണമായും പിൻതാങ്ങുകയും പ്രായോഗികമാക്കുകയും ചെയ്യേണ്ടതാണു്.

മൂന്നാമതായിട്ടുള്ള നിശ്ചയം, മേൽപ്പറഞ്ഞ നിശ്ചയങ്ങരംക്കു് കടകവിരുദ്ധമായി തോന്നും; അതായതു്, "മതപരിവർത്തനം ഭീഷണികൊണ്ടോ, ബലപ്രയോഗംകൊണ്ടോ നടത്താൻ പാടില്ല." ഈ നിശ്ചയം പിറവിയിലേതന്നെ ചാപ്പിള്ളയായിരുന്നു. കാരണം, മൂന്നാമത്തെ നിശ്ചയം ഒരിക്കലും പ്രയോഗത്തിൽ വന്നില്ല. പോർച്ചുഗീസു് ഗവൺമെൻറിൻെറ 1567 ഡിസംബർ 4-ാംനു-യിലെ കല്പനയനുസരിച്ചു് ഹിന്ദുക്കളുടെ എല്ലാ ക്ഷേത്രങ്ങളും നശിപ്പിക്കുകയും മഹമ്മദീയരുടെ പള്ളികളിൽനിന്നുള്ള വാങ്കു്വിളി നിർത്തലാക്കുകയും ചെയ്തു. മഹമ്മദീയപള്ളികളും പിന്നാലെ നശിപ്പിക്കപ്പെട്ടു. അവ നിന്നിരുന്ന സ്ഥാനങ്ങളിൽ പോർച്ചുഗീസുപള്ളികരം ഉയൎന്നു. ക്ഷേത്രങ്ങരംക്കും മഹമ്മദീയപള്ളികരംക്കുമുണ്ടായിരുന്ന സ്വത്തുക്കരം മുഴവൻ പോർച്ചുഗീസു് ദേവാലയങ്ങളോടു ചേർത്തു. പോർച്ചുഗീസുപ്രദേശങ്ങളിലെ ഹിന്ദുക്കളും, മുസ്ലീങ്ങളും, ബുദ്ധമതസ്ഥരും, 50 വീതമുള്ള

www.malankaralibrary.com

സംഘങ്ങളായി പോർച്ചുഗീസ് ദേവാലയങ്ങളിലെ മതബോധനത്തിൽ പങ്കുകൊള്ളുവാൻ നിർബ്ബന്ധരായി. മാതാപിതാക്കന്മാരില്ലാത്ത ഹിന്ദു–മുസ്ലീം ശിശുക്കളെയും ബാലികാബാലന്മാരെയും പോർച്ചുഗീസ് ഗവൺമെൻറ് ഏറ്റെടുത്തുകൊണ്ട്, അവരുടെ സംരക്ഷണത്തിന് പോർച്ചുഗീസുവൈദികരെ നിയമിച്ചു. അകത്തോലിക്കരുടെയിടയിൽ കത്തോലിക്കർ താമസിക്കുകയോ, അവരുമായി ഏതെങ്കിലും ഇടപാടുകളിലേർപ്പെടുകയോ ചെയ്യരുതെന്നു കല്പനയുണ്ടായി. പോർച്ചുഗീസ് അധീനതയിലുള്ള സ്ഥലങ്ങളിലെ ഇതരമതസ്ഥർ സമീപസ്ഥലങ്ങളിലുള്ള അവരുടെ ദേവാലയങ്ങളിൽ പോകുന്നതു് നിരോധിച്ചു. ഇതര മതസ്ഥരുടെ മതാദ്ധ്യാപകരെയും പുരോഹിതരെയും പോർച്ചുഗീസു് ആധിപത്യമുള്ള പ്രദേശങ്ങളിൽനിന്നും ബഹിഷ്ക്കരിച്ചു. ഖുറാൻ, രാമായണം മുതലായ ഗ്രന്ഥങ്ങൾ ചുട്ടുകരിച്ചു. ഏകഭാര്യാത്വം ഹിന്ദുക്കൾക്കും മുസ്ലീങ്ങൾക്കും നിർബന്ധിതമാക്കി. ഇതരമതസ്ഥർ അവരുടെ മതാനുസാരമുള്ള വിവാഹകർമ്മങ്ങളോ പ്രദക്ഷിണങ്ങളോ നടത്തുന്നതു് നിരോധിച്ചു. പോർച്ചുഗീസ് രാഷ്ട്രത്തിൻെറയും സഭയുടേയും മൗലികപ്രമാണം, Cujus regio, ejus religio (ആരുടെ രാജ്യമോ അയാളുടെ മതം) എന്നായിരുന്നു. എന്നാൽ കാലദേശങ്ങളനുസരിച്ചുള്ള ചില ചില്ലറ വിട്ടുവീഴ്ചകൾ പിന്നാലെ ഉണ്ടായിട്ടുണ്ടെങ്കിലും, മേൽപ്പറഞ്ഞ നിരോധനങ്ങളും മുടക്കുകളും പോർച്ചുഗീസുനയത്തിൻെറ കാതലായ ഭാഗമായിത്തന്നെ നിലനിന്നുപോന്നു.

മാറിമാറിവന്ന വൈസ്രോയിമാരുടേയും ഗോവയിലെ മെത്രാപ്പോലീത്താമാരുടേയും മനോഭാവങ്ങളും രാഷ്ട്രീയതാല്പര്യങ്ങളും അനുസരിച്ചാണ് നിയമങ്ങളുടെ കാർക്കശ്യം വെളിപ്പെട്ടിരുന്നതു്. ഗോവയിലെ ഗവർണ്ണറായിരുന്ന ഫ്രാൻസിസ്ക്കോ ബെറോട്ടോയുടെയും (1555–58) വൈസ്രോയി കോൺസ്റ്റൻറീനോ ദേ ബ്രഗാൻസിയായുടേയും കാലത്തു് (1558–61) ആണ് നിരോധനങ്ങളും പീഡനങ്ങളും അതിശക്തമായതു്. പണസംബന്ധമായ ഇടപാടുകളിൽ ഗുജറാത്തിലെ ഹിന്ദുക്കളായ ബന്ന്യാന്മാരുടെയും അന്താരാഷ്ട്രവാണിജ്യത്തിൽ മുസ്ലീംകച്ചവടക്കാരുടെയും സഹായം ആവശ്യമാണെന്നു തോന്നിയപ്പോൾ, നിയമങ്ങളുടെ കാഠിന്യം കുറെയെല്ലാം കുറയ്ക്കേണ്ടിവന്നു. 1563–ൽ ലിസ്ബൺ മുതലായ

www.malankaralibrary.com

ഏഴെട്ടു സ്ഥലങ്ങളിലെ മെത്രാന്മാർ ഒന്നിച്ചുകൂടി പോർച്ചുഗൽ രാജാവിനു് സമർപ്പിച്ച നിവേദനത്തിൽ, മതപരിവർത്തനത്തിൽ ബലപ്രയോഗം ധാരാളമുണ്ടെന്നും കൂട്ടമായിട്ടുള്ള 'ജ്ഞാനസ്നാനം നല്കൽ' കേവലം ഒരു പ്രഹസനമാണെന്നും പരാതിപ്പെട്ടിരുന്നു. 1623–ൽ ലിസ്ബണിലെ പേപ്പൽ പ്രതിനിധിയായിരുന്ന അന്തോണിയോ അൽബർഗാത്തി, മിഷ്യൻ രംഗങ്ങളിൽ പ്രവർത്തിക്കുന്ന ജസ്യൂട്ടർ ഒഴിച്ചുള്ള സന്ന്യാസിമാർ, രൂപതാവൈദികർ എന്നിവരിൽപ്പെട്ട മിഷ്യനറിമാർ, ക്രൂരപ്രവൃത്തികൾക്കും ദുർമ്മാർഗ്ഗജീവിതത്തിനും കേളികേട്ടവരാണെന്നു് ആരോപിക്കുന്നുണ്ടു്3.

എന്നാൽ സ്ഥിരവും ശക്തവുമായ ഘടകം ഗോവയിലെ പോർച്ചുഗീസു സഭാധികാരികളായിരുന്നു. രൂപതകൾക്കും സന്ന്യാസസഭകൾക്കും ഗോവയിലും മററു കോളണികളിലും ധാരാളം സ്വത്തുക്കളും സുഖകരമായും ആഡംബരപൂർവ്വവും ജീവിക്കുവാനുള്ള സൗകര്യങ്ങളുമുണ്ടായിരുന്നു. പൊതുവേപറഞ്ഞാൽ, കോളണികളിലുണ്ടായിരുന്ന വൈദികരും സന്ന്യാസിമാരും പോർച്ചുഗലിലേയ്ക്കു് മടങ്ങുവാൻ ഇഷ്ടപ്പെട്ടിരുന്നില്ല. ഗവൺമെൻറു് അധികാരികളുടെ ഉദ്യോഗകാലാവധി പരിമിതമായിരുന്നതിനാൽ പോർച്ചുഗീസുശക്തിയുടെ സ്ഥിരമായ ഘടകം സഭാധികാരികൾതന്നെ. ഉദ്യോഗസ്ഥന്മാർ വന്നുംപോയുമിരിക്കും, എന്നാൽ വൈദികാധികാരികൾ സ്ഥിരതാമസക്കാരാണു്. ഇതേപ്പററി ഗോവയിൽ പ്രചാരത്തിലിരിക്കുന്ന ഒരു പാട്ടുണ്ടു്

"വിച്ചേ–റെയി–വാ–വാ–
വിച്ചേ–റെയി–വേം–വേം–
പാദ്രെപൗലോ—
സെംപ്രേ–തേം–തേം–"

വൈസ്രോയി വരും, വൈസ്രോയി പോകും, പൗലോപാതിരിയെന്നുമെന്നും–ഇവിടെത്തന്നെ–തന്നെ–തന്നേ–

## vi) മാമ്മോനും അടിമക്കച്ചവടവും

മനുഷ്യരെല്ലാം ഈശ്വരസന്താനങ്ങളാണെന്നും അവർ പരസ്പരം സഹോദരന്മാരെപ്പോലെ വർത്തിക്കേണ്ടവരാണെന്നുമാ

3. C. R. Boxer P. 234-36

www.malankaralibrary.com

ണ്° ക്രിസ്തുമതത്തിന്റെ മൗലികതത്ത്വം. അജ്ഞതയിലും പാപത്തിലുംപെട്ടവരെ അന്വേഷിച്ചുകണ്ടുപിടിക്കുവാൻ ബദ്ധപ്പെടുന്ന ഒരിടയനോട്° ക്രിസ്തു തന്നെത്തന്നെ ഉപമിച്ചിരിക്കുന്നു. വർഗ്ഗവ്യത്യാസവും വർണ്ണവിവേചനവും ക്രിസ്തുമതത്തിനു° മൗലികമായിത്തന്നെ അന്യവും വിരുദ്ധവുമാണ്°.

പൗരസ്ത്യദേശങ്ങളിലേയ്ക്കു° പോർച്ചുഗീസുകാർ പോയതു° ആത്മാക്കളെ തേടിയായിരുന്നുവെന്നു° അവർ പറയുന്നു. അവരുടെ രാജാവു° അതു° പരസ്യമായി പ്രഖ്യാപിക്കുകയും ചെയ്തുന്നുണ്ടു°. എന്നാൽ ഇതിൽ എത്രമാത്രം ആത്മാർത്ഥതയും സത്യവുമുണ്ടെന്നു° അവരുടെ സാമ്രാജ്യസ്ഥാപനത്തിലെ നയപരിപാടികളും പ്രവൃത്തികളും വെളിവാക്കുന്നു. ഇവയിൽ വളരെ പ്രധാനപ്പെട്ട ഒന്നാണ്° അടിമക്കച്ചവടം. അടിമക്കച്ചവടത്തിന്റെ അടിസ്ഥാനം മനുഷ്യരിൽ ചിലക്കു° ആത്മാവില്ലെന്നും തന്മൂലം മൃഗതുല്യരാണെന്നുമുള്ള സങ്കല്പമോ വിശ്വാസമോ ആണ്°. അവ അല്ലെങ്കിൽത്തന്നെ, ആത്മാവിന്റെ വിലയറിയാത്ത പണക്കൊതിയായിരിക്കാം.

കാട്ടുവർഗ്ഗക്കാരും കാപ്പിരികളും നാട്ടുകാരും ആയ സ്ത്രീകളുമായി പോർച്ചുഗീസുകാർക്കുണ്ടായിരുന്ന അനാശാസ്യവേഴ്ച വർണ്ണവിവേചനത്തിന്റെ അഭാവമായിരുന്നുവെന്നു° C. R. Boxer സമ്മതിക്കുന്നില്ല. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ അതു° പോർച്ചുഗീസുനാവികരുടേയും പട്ടാളക്കാരുടേയും മൃഗീയമായ മാംസദാഹംകൊണ്ടുമാത്രമത്രേ. മിഷ°നറിമാരുടേയും ഉയന്ന പോർച്ചുഗീസു° ഉദ്യോഗസ്ഥന്മാരുടേയും കത്തുകളും പോർച്ചുഗീസുരാജശാസനകളും അതു° തെളിയിക്കുന്നു.

പോർച്ചുഗീസുകാർ 'ബ്രസീൽ' കൈവശപ്പെടുത്തുകയും അവിടെ കുടിയേറിപ്പാർക്കുകയും ചെയ്തപ്പോൾ കൃഷി ചെയ്യുവാനും മററും തൊഴിലാളികളുടെ ആവശ്യമുണ്ടായി. തദ്ദേശീയരായ അമറിന്ത്യക്കാരുടെ (ഇന്ത്യക്കാരെന്നു വിളിക്കപ്പെട്ട അമേരിക്കൻ ആദിവാസികൾ) ഗോത്രങ്ങൾ പലതും യൂറോപ്യന്മാരുമായുള്ള യുദ്ധത്തിൽ നശിച്ചുപോയിരുന്നു. കുടിയേററക്കാരായ പോർച്ചുഗീസുപുരുഷന്മാർ സംഭാവനചെയ്ത ഗുഹ്യരോഗങ്ങൾ മൂലം, ആദ്യം, അമറിന്ത്യൻ സ്ത്രീകളും പിന്നാലെ അവരുടെ കുടുംബാംഗങ്ങളും മരിക്കുകയും ഗോത്രങ്ങൾപോലും നാമാവശേഷമാകുകയും ചെയ്തു. ഈ അവസരത്തിൽ ആഫ്രി

www.malankaralibrary.com

ക്കയിലെ കോംഗോ, അംഗോള മുതലായ സ്ഥലങ്ങളിൽ നിന്നും ധാരാളം നീഗ്രോകളെ വിലയ്ക്കുവാങ്ങി ബ്രസീലിലുള്ള കരിമ്പിൻതോട്ടങ്ങളിൽ ജോലിക്കായി കൊണ്ടുവരുകയും ചെയ്തു. ഇപ്രകാരമാണു്, മാമ്മോൻെറ അടിമക്കച്ചവടം പോർച്ചുഗീസുകാരുടെ കൈകളിൽ വികസിക്കുവാൻ തുടങ്ങിയതു്. ആഫ്രിക്കൻ തീരങ്ങളിൽനിന്നും കപ്പലിൽ അയില പോലെ അടുക്കിക്കയററുന്ന നിർഭാഗ്യരായ നീഗ്രോകൾ, അമേരിക്കൻതീരങ്ങളിലെത്തുമ്പോൾ, 30–40 ശതമാനം മാത്രമേ ജീവനുള്ളവരായി അവശേഷിച്ചുള്ളൂ. സി. ആർ. ബോക്സർ തരുന്ന കണക്കനുസരിച്ചു്, 1450 നും 1500 നും മദ്ധ്യേ ഒന്നരലക്ഷം നിഗ്രോകളുടെ കച്ചവടം പോർച്ചുഗീസുകാർ നടത്തിയിട്ടുണ്ടു്. ഒരു നിഗ്രോ അഥവാ 'പെക്കാ' (Peca) എന്നതിൻെറ തോതു നിശ്ചയിക്കുന്നതു്, യൗവ്വനവും ആരോഗ്യവും കായികശക്തിയുമുള്ള ഒരു നീഗ്രോപുരുഷൻെറ മാനദണ്ഡംവെച്ചാണു്. അതുകൊണ്ടു് മദ്ധ്യവയസ്കരും വൃദ്ധരും കുഞ്ഞുങ്ങളും സ്ത്രീകളുമാകുമ്പോൾ അഞ്ചും, പത്തും പേർ ചേർന്നാൽ മാത്രമേ ഒരു 'പെക്കാ' (Peca) ആകുകയുള്ളു. ഇറക്കുമതി ചെയ്യുന്ന നീഗ്രോകളുടെ ഔദ്യോഗികസംഖ്യയിൽ കാണുന്നതിലധികം മനുഷ്യജീവികൾ അതിലുൾപ്പെടുമെന്നു് ഇതുകൊണ്ടു് വ്യക്തമാണല്ലോ. 1503 മുതൽ അമേരിക്കൻ കോളനികളുടെ ആവശ്യത്തിലേയ്ക്കു് അടിമകളായി പിടിക്കപ്പെട്ട നീഗ്രോകളുടെ കച്ചവടം ശക്തിയായി ആരംഭിച്ചു. 18–ഉം 19–ഉം നൂററാണ്ടുകളിലായി ഒന്നരക്കോടി നീഗ്രോകളെ അമേരിക്കൻ കോളനികളിൽ വിററിട്ടുണ്ടു്4. ഒന്നരക്കോടി നീഗ്രോകളെ അമേരിക്കൻ കോളനികളിൽ വിററിട്ടുണ്ടെങ്കിൽ, മൂന്നു നാലു കോടി നീഗ്രോകളെ ആഫ്രിക്കൻ തീരങ്ങളിൽനിന്നും കപ്പൽ കയററി അയച്ചുകാണും. യാത്രാക്ലേശങ്ങളുടെ കാഠിന്യവും ക്രൂരതയുംമൂലം കുറവു കാണുന്നവരുടെ മൃതശരീരങ്ങൾ കടലിൽത്തന്നെ സംസ്ക്കരിച്ചിരിക്കാം. വളരെ ആദായകരമായ ഈ വ്യവസായത്തിലേപ്പെട്ടിരുന്നവർ യൂറോപ്പിലെ ക്രൈസ്തവരാജ്യങ്ങളാണെന്നുള്ളതു് എത്ര ലജ്ജാകരവും, ഒപ്പം ശോചനീയവുമാണു്. ക്രിസ്തു എവിടെ? ക്രിസ്ത്യാനികൾ എവിടെ? ഈ ബിസിനസ്സു്, പോർച്ചുഗീസു സാമ്രാജ്യവികസനത്തിലെ വളരെ ആദായമുള്ള ഒരു പരിപാടിയായി

4. The new Modern Encyclopedia; 1946, P. 962.

www.malankaralibrary.com

രുന്നു. ചിലപ്പോഴെല്ലാം ആത്മാക്കളെ തേടി പോയിട്ടുള്ള മിഷ്യനറിമാരും ഈ മനുഷ്യക്കരുതിക്കച്ചവടത്തിൽ പങ്കുകാരായിട്ടുണ്ട്. ജസ്യൂട്ട വൈദികർ ഭാഗ്യഹീനരായ അമറിന്ത്യാക്കാരുടേയും നീഗ്രോകളുടേയും ഭാഗത്തായിരുന്നുവെന്നുള്ളതു് ആശ്വാസപ്രദമാണ്.

18–ാം നൂററാണ്ടിന്റെ ആരംഭംവരെ, ഈ മനുഷ്യജീവികളെ വില്പനച്ചരക്കാക്കുന്ന സമ്പ്രദായം നിർബ്ബാധം തുടർന്നു. ക്രിസ്തുവിന്റെ വക്താക്കളെന്നു് അവകാശപ്പെട്ടിരുന്ന റോമൻസഭയാകട്ടെ, പ്രോട്ടസ്റ്റന്റ് സഭയാകട്ടെ, ഒററതിരിഞ്ഞു് അവിടവിടെയുയർത്തിയ വ്യക്തിപരമായ പ്രതിഷേധങ്ങളൊഴിച്ചാൽ, കാര്യമായ ഒരെതിർപ്പും പ്രകടിപ്പിച്ചതായി കാണുന്നില്ല. ഫ്യൂഡലിസത്തിന്റെ ബലിഷ്ഠമായ ചട്ടക്കൂട്ടിൽനിന്ന റോമൻസഭയും സാമ്പത്തികമായ മുതലാളിത്തംകൊണ്ടു് അനുഗ്രഹിക്കപ്പെട്ട പ്രോട്ടസ്റ്റന്റുസഭയും, മാമ്മോന്റെ ചന്തയിൽ പങ്കുകാരായിക്കൂടി. ആ ചന്തയുടെ പുറമ്പോക്കിൽപ്പെട്ടുപോയി, ക്രിസ്തുവും ക്രിസ്തുവിന്റെ ജീവിതവും ക്രിസ്തു പഠിപ്പിച്ച തത്ത്വങ്ങളും. കമ്മ്യൂണിസത്തേയും നിരീശ്വരത്വത്തേയും മാടിവിളിക്കുന്ന വ്യാപാരമായിരുന്നു മാമ്മോന്റെ ചന്തയിൽ നടന്നുകൊണ്ടിരുന്നതു്. വിചിത്രമെന്നു പറയട്ടേ, മനുഷ്യനെ മൃഗമാക്കുന്ന വ്യവസായത്തിനു് വിരാമമിടുവാൻ ആദ്യമായി ശ്രമിച്ചതു് നവോത്ഥാനത്തിന്റെ യുക്തിവാദികളാണ്. അവർ മനുഷ്യന്റെ മൗലികാവകാശങ്ങൾക്കുവേണ്ടി വാദിച്ചു. അവരുടെകൂടെ സുവിശേഷപ്രേമികളായ സംഘടനകളും ചേർന്നു. ഇംഗ്ലണ്ടിലും അമേരിക്കയിലും 1671–ൽ തന്നെ, സഭകളിലും ഏഴു സംസ്ക്കാരങ്ങളിലും (കൂദാശകൾ) വിശ്വസിക്കാത്ത ക്രിസ്തുഭക്തരായ ക്വയിക്കേഴ്സ് (Quakers) ആണ് ഈ അടിമക്കച്ചവടത്തെ ശക്തിയായി എതിർത്തതു്.

## II പ്രാരംഭശ്രമങ്ങൾ

15–ാം നൂററാണ്ടോടുകൂടി, സ്പെയിൻ പോർച്ചുഗൽ രാജ്യങ്ങളിൽനിന്നും മുഹമ്മദീയാധിപത്യം തുരത്തപ്പെട്ടു. ആ വിജയലഹരിയിൽ പോർച്ചുഗീസുജനത ആകമാനവും, ക്രിസ്തീയയൂറോപ്പു് മുഴവനും ആഹ്ലാദഭരിതമായി. അനുഭവത്തിൽനിന്നും വീണ്ടെടുത്ത ആത്മധൈര്യവും വിജയോന്മത്തതയിൽനിന്നും ഉൾക്കൊണ്ട സാഹസികബുദ്ധിയും പുതിയ സംരംഭ

www.malankaralibrary.com

ങ്ങൾക്ക് പ്രേരണനല്കി. 1415–ൽ അവർ വടക്കേ ആഫ്രിക്കയിലേയ്ക്കു നീങ്ങി, സെയൂട്ടാ (Ceuta–ജിബ്രാൾട്ടറിന് എതിർവശം) പിടിച്ചു. ആഫ്രിക്കയിലെ മററു രാജ്യങ്ങൾ കീഴടക്കുന്നതിന് ഇതു് ഒരു ചവിട്ടുപടിയായിത്തീൎന്നു. സുഗന്ധദ്രവ്യങ്ങൾക്ക് പ്രസിദ്ധവും, സമ്പൽസമൃദ്ധവുമായ ഇന്ത്യയിലേയ്ക്ക്, കടൽമാൎഗ്ഗമായുള്ള ഒരു വഴി കണ്ടുപിടിക്കുകയായിരുന്നു അവരുടെ പ്രധാനലക്ഷ്യം. നാവികനായ ഹെൻറി (Prince Henry, The Navigator) രാജകുമാരൻെറ പ്രോത്സാഹനവും സഹകരണവും, സാഹസികപര്യടനങ്ങൾക്ക് ഉത്തേജനം നല്കി. ഇദ്ദേഹം 1420–ൽ ക്രിസ്തുവിൻെറ സമിതി (Order of Christ) എന്നൊരു സമ്പൽസമൃദ്ധമായ സംഘത്തിൻെറ തലവനായി. അതിൻെറ പണമുപയോഗിച്ച് ഭൂമിശാസ്ത്രജ്ഞരെയും, നാവികശാസ്ത്രജ്ഞരെയും അദ്ദേഹം പ്രോത്സാഹിപ്പിച്ചുകൊണ്ടിരുന്നു. അതിൻെറ ഉദ്ദേശ്യം, അമൂല്യവിഭവങ്ങളിൽ മുങ്ങിയിരുന്ന ഇന്ത്യയിലേയ്ക്കുള്ള വഴി കണ്ടുപിടിക്കുകയായിരുന്നു. 1493–ൽ ഒരു സംഘം നാവികർ, ക്രിസ്റ്റഫർ കൊളംബസിൻെറ നേതൃത്വത്തിൽ ഇൻഡ്യയെ ലക്ഷ്യമാക്കി പുറപ്പെട്ടു. പക്ഷേ അവർ ചെന്നെത്തിയതു് അമേരിക്കയ്ക്കടുത്തുള്ള ആൻറിസിലെ ദ്വീപുകൾ (ക്യൂബാ, ഹയിററി, ജമയിക്കാ, പോർട്ടോ റിക്കോ) എന്നിവയായിരുന്നു. ആ നാട്ടുകാരെ ഇൻഡ്യാക്കാർ എന്നു വിളിക്കുകയും ചെയ്തു. അവരാണ് Red Indians എന്നറിയപ്പെടുന്നവർ.

ഇൻഡ്യാ കണ്ടുപിടിക്കുന്നതിനുള്ള ആവേശപൂൎണ്ണമായ ഈ താത്പര്യം പോർച്ചുഗീസുകാൎക്ക് മാത്രമല്ല, യൂറോപ്പിലെ മററു ചില രാജ്യങ്ങൾക്കും ഉണ്ടായിരുന്നു. അങ്ങനെയാണ്, പോർച്ചുഗീസുകാരെ പിൻതുടൎന്നുവന്ന, ഡച്ചുകാരും, ഫ്രഞ്ചുകാരും, അവസാനമായി, ഇംഗ്ലീഷുകാരും ഇന്ത്യയിലെത്തിയതു്. അവൎക്കെല്ലാമുണ്ടായിരുന്ന അതിയായ ആഗ്രഹം, ഇന്ത്യയിലും മററു പൗരസ്ത്യരാജ്യങ്ങളിലുമുള്ള നാടൻ കമ്പോളങ്ങളിൽ തുച്ഛമായ വിലയ്ക്കു കിട്ടുന്ന അമൂല്യവസ്തുക്കൾ വാങ്ങി, യൂറോപ്പിലെ പ്രസിദ്ധ വിപണികളിൽ വിററു് ഭീമമായ ലാഭമുണ്ടാക്കുകയായിരുന്നു. ഉല്പാദനസ്ഥലമായ ഇൻഡ്യയിൽ നിസ്സാരവിലയ്ക്ക് കിട്ടുമായിരുന്ന കുരുമുളക്, കറുവാപ്പട്ട, ഗ്രാമ്പൂ, മുതലായ സാധനങ്ങൾ നേരിട്ടുവാങ്ങുകയായിരുന്നു അവരുടെ ആദ്യകാലലക്ഷ്യം.



www.malankaralibrary.com

എന്നാൽ, പോർച്ചുഗീസുകാക്ക് വാണിജ്യംപോലെയോ അതിലുപരിയായോ ഉണ്ടായിരുന്ന മറെറാരുദ്ദേശ്യമായിരുന്നു മതപ്രചരണം. പൗരസ്ത്യദേശങ്ങളിൽ കച്ചവടത്തിനിറങ്ങിയ പോർച്ചുഗീസുകാർക്ക് അവരുടെ രാജാവു നല്കിയ ശാസനത്തിൽ ഇക്കാര്യം ഊന്നിപ്പറയുന്നുണ്ട്. "മനുഷ്യരാശിയുടെ നിലനില്പിനും സൈ്വരമായ കച്ചവടത്തിനാവശ്യമായ സമാധാനത്തിനും, ഒഴിച്ചുകൂടാൻ പാടില്ലാത്ത വിശ്വാസത്തിൻെറ പ്രമാണങ്ങരം അവർ ധിക്കരിക്കുകയും സമാധാനത്തിൻെറ നിയമങ്ങരം നിഷേധിക്കുകയും ചെയ്യുകയാണെങ്കിൽ, അവരെ അഗ്നിക്കും, വാളിനും ഇരയാക്കുകയും അവക്കെതിരായി ഭയങ്കരയുദ്ധം ചെയ്യുകയും വേണം[5]." ഇതിൻെറ യുക്തിയും ന്യായവും ചോദ്യം ചെയ്യപ്പെടാവുന്നതാണ്. എന്നാലും സാഹസികരായ ആദ്യത്തെ പോർച്ചുഗീസുകച്ചവടക്കാക്ക് നല്കിയ അസഹിഷ്ണുതയുടെ ഈ ഉഗ്രശാസനം, തലമുറകളായുള്ള അവരുടെ പ്രവത്തനങ്ങരംക്ക് പ്രേരകമായിത്തീന്നുവെന്നുള്ളതാണ് ശ്രദ്ധേയമായ കാര്യം. മതപ്രചരണത്തിൽ ബലപ്രയോഗം കടന്നുകൂടുവാൻ ഒരു കാരണം, പ്രാകൃതമായ ഈ വാദമുഖമായിരുന്നു. "ഒരു കൈയിൽ കുരിശും മറുകൈയിൽ വാളുമായിട്ടാണ് പോർച്ചുഗീസുകാർ ഇന്ത്യയിൽ വന്നതെന്ന്" കെ. എം. പണിക്കർ പറയുന്നതു് അതുകൊണ്ടായിരിക്കണം. നെസ്തോറിയൻ പാഷണ്ഡതയിൽപ്പെട്ടുവെന്നു ആരോപിക്കപ്പെട്ടിരുന്ന മാർത്തോമ്മാക്രിസ്ത്യാനികളെ പോർച്ചുഗീസ് മിഷ്നറിമാർ കഠിനമായി പീഡിപ്പിച്ചതിൻെറ അടിവേരും, ഈ ധാരണതന്നെ. കിരാതവും ബീഭത്സവുമായ 'ഇൻക്വിസിഷ'നെ ഗോവായിൽ പ്രസവിച്ചതും ഈ ചിന്താഗതിയാണ്.

മതപ്രചരണത്തിൽ ആവേശഭരിതരായ പോർച്ചുഗീസുകാർ അബിസ്സീനിയാ ആക്രമിച്ച്, അവിടത്തെ കോപ്ടിക് സഭയെ ലത്തീൻ റീത്തിലാക്കുവാൻ വളരെ നഷ്ടത്തിൽ കലാശിച്ച ഒരു പാഴ്വേല നടത്തി. അതിനു നേതൃത്വം നല്കിയ ജസ്യൂട്ട് വൈദികരിൽ പലരും വധിക്കപ്പെടുകയും മററുള്ളവർ നാടുകടത്തപ്പെടുകയുമായിരുന്നു അതിൻെറ ഫലം. ഇതു് നടന്നതു് 1632–38 കാലഘട്ടത്തിലാണ്. അതോടെ, അബി

5. D. Ferroli, The Jesuits in Malabar, Vol. I, P. 92.

www.malankaralibrary.com

സ്റ്റീനിയൻ കവാടങ്ങരം യൂറോപ്യന്മാർക്കെതിരെ മൂന്നുനാലു ശതാബ്ദങ്ങളോളം കൊട്ടിയടച്ചു കിടന്നു.

## III ലക്ഷ്യപ്രാപ്തി

സാഹസികയാത്രകരംക്കും വീരപരാക്രമങ്ങരംക്കും കച്ച കെട്ടിയിറങ്ങിയ പോർച്ചുഗീസ് നാവികർ, ആഫ്രിക്കയുടെ പശ്ചിമതീരത്തുള്ള ദേശങ്ങരം ഒന്നൊന്നായി പിടിച്ചെടുത്തു. 1488—ൽ, ആഫ്രിക്കയുടെ തെക്കേ അററത്തുള്ള ഗുഡ്ഹോപ്പ് മുനമ്പ് (Cape of Good Hope) കടന്നു്, ആഫ്രിക്കയുടെ പൂർവ്വ തീരത്തെത്തി. ആഫ്രിക്കൻമുനമ്പ് കടന്നതോടെ, ഇന്ത്യ കണ്ടുപിടിക്കുന്നതിനുള്ള ആവേശവും ശ്രമങ്ങളും വദ്ധിച്ചു. "മൊംബാസായിൽനിന്നും വാസ്ക്കോഡിഗാമായും അനുചരന്മാരും മെലിൻഡെ (Melinde- കെനിയാ) യിൽ ഈസ്റ്റർ ദിവസം എത്തി........ഇവിടെ അവർ ഇന്ത്യയിലെ കപ്പലുടമകളും കച്ചവടക്കാരുമായ മാർത്തോമ്മാക്രിസ്ത്യാനികളെ കണ്ടു. പോർച്ചുഗീസുകാരെ കണ്ടപ്പോരം, മാർത്തോമ്മാക്രിസ്ത്യാനികരം ആഹ്ലാദഭരിതരാകുകയും അവരുടെ യാത്രയ്ക്കുവേണ്ട ചില മുൻ കരുതലുകരം അവരെ ഗ്രഹിപ്പിക്കുകയും ചെയ്തു. പോർച്ചുഗീസുകാരുടെ കപ്പലുകരം ഇന്ത്യയിലേയ്ക്കു നയിക്കുന്നതിനു്, കപ്പിത്താനായി ഗുജറാത്തുകാരനായ അഹമ്മദ്ഇബ്നിൻ മജീദിനെ രാജാവു് അവക്കു് വിട്ടുകൊടുത്തു. 1498 ഏപ്രിൽമാസം 22-ാം തീയതി അവർ ഇന്ത്യയിലേയ്ക്കു് യാത്രയായി6.

1498—ൽ, അറേബ്യൻ കടലിലെത്തിയ വാസ്ക്കോഡിഗാമായാണു്, ഇന്ത്യ കണ്ടുപിടിക്കുന്നതിനുള്ള ഭാഗ്യം സിദ്ധിച്ചതു്. പൗരസ്ത്യദേശങ്ങളുമായുള്ള വാണിജ്യം വദ്ധിപ്പിക്കുവാനും ദേശീയ ക്രിസ്ത്യൻസമൂഹങ്ങളെ കണ്ടുപിടിക്കുവാനുമുള്ള അഭിലാഷമായിരുന്നല്ലോ, പോർച്ചുഗീസുകാർക്കുണ്ടായിരുന്നതു്. ഇവ രണ്ടും പൂവണിഞ്ഞതു് കേരളത്തിലാണു്. വാസ്ക്കോഡിഗാമായുടെ കപ്പൽ, 1498 മെയ് 28-ാംനു-കോഴിക്കോട്ടിനടുത്തുള്ള കാപ്പാട്ടു നങ്കൂരമിട്ടപ്പോരം, യൂറോപ്പിലെ വിവിധ ജനങ്ങരംക്കു് നൂററാണ്ടുകളായുണ്ടായിരുന്ന സുന്ദരസ്വപ്നങ്ങരം സാക്ഷാല്ക്കരിക്കുകയും, ചിരകാല മോഹങ്ങരം സാഫല്യമണിയുന്നതിനുള്ള നാന്ദി കുറിക്കുകയുമാണു്

6. Purchas, Vol. II, P. 68.

www.malankaralibrary.com



വാസ്ക്കോഡിഗാമാ

www.malankaralibrary.com

ചെയ്തതു്. വാസ്കോഡിഗാമയുടെ വരവു് ചരിത്രപ്രധാനമായ ഒന്നായിരുന്നു. മാസിഡോണിയായിലെ മഹാനായ അലക്സാണ്ടർ പഞ്ചാബ് ആക്രമിച്ചതിനു (ബി. സി. 326) ശേഷം, ഇന്ത്യയിൽ ആധിപത്യം സ്ഥാപിക്കുവാൻ ഒരുമ്പെട്ട ആദ്യത്തെ യൂറോപ്യനാണു് വാസ്കോഡിഗാമാ. വാസ്കോഡിഗാമയുടെ വരവോടുകൂടി ഇന്ത്യാചരിത്രം അന്താരാഷ്ട്രചരിത്രത്തിലെ ഒരദ്ധ്യായമായിത്തീർന്നെന്നു് കെ. എം. പണിക്കർ പറയുന്നു. ഇന്ത്യയിൽ പുരാതനമായ ഒരു ക്രൈസ്തവസമൂഹം നിലനിന്നിരുന്നുവെന്നു് അവരറിഞ്ഞിരുന്നു. മൈലാപ്പൂർ, യൂറോപ്യൻ തീർത്ഥാടകരെ ആകർഷിച്ചിരുന്ന സ്ഥലമാണു്. കച്ചവടത്തിലാകട്ടെ, കേരളത്തിലെ ഉല്പന്നങ്ങൾക്കും കേരളതുറമുഖങ്ങളിൽനിന്നു് കയററി അയച്ചവയുമായ സാധനങ്ങൾക്കുമായിരുന്നു, യൂറോപ്യൻ കമ്പോളങ്ങളിൽ ഏററവും പ്രിയം.

അറബികളുടെ വരവിനുമുമ്പു്, അറേബ്യൻകടലിൽ ഗണ്യമായ നാവികാധിപത്യമുണ്ടായിരുന്നവരാണു് നസ്രാണിക്രിസ്ത്യാനികൾ. വാണിജ്യപ്രമുഖരായ നസ്രാണികൾക്കു് അതു് ആവശ്യവുമായിരുന്നു. എന്നാൽ മഹമ്മദീയരായ അറബികൾ അറേബ്യൻകടലിൽ ആധിപത്യം സ്ഥാപിക്കുവാൻ ശ്രമിച്ചതോടെയാണു്, നസ്രാണികളുടെ നാവികശക്തി ക്ഷയിച്ചുതുടങ്ങിയതു്. അറബികളെ സംരക്ഷിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തിരുന്നതു്, കോഴിക്കോട്ടെ സാമൂതിരിയായിരുന്നു. കൊച്ചിരാജാവിൻെറ പിൻതുണയും ആനുകൂല്യവും നസ്രാണികൾക്കുണ്ടായിരുന്നു. വളരെക്കാലം സാമൂതിരിയും കൊച്ചിരാജാവും ബദ്ധശത്രുതയിലാണു് കഴിച്ചുകൂട്ടിയതു്. കൊച്ചിരാജ്യം പിടിച്ചെടുക്കുവാൻ സാമൂതിരി നിരന്തരമായി ശ്രമിച്ചുകൊണ്ടിരുന്നു. ഈ മത്സരത്തിൻെറ ഫലമാണു് സാമൂതിരി കൊച്ചിരാജാവിനയച്ച ശാസനം, "കപ്പലോട്ടം ഇനി നസ്രാണികൾക്കല്ല. ചോനകമാപ്പിളമാക്കേ ചെയ്യനടക്കാവൂ"7.

## IV പോർച്ചുഗീസ്-നസ്രാണി മധുവിധു

കേരളക്രിസ്ത്യാനികളെസംബന്ധിച്ചു പറയുകയാണെങ്കിൽ, അവർ മതപീഡനങ്ങൾക്കും മഹമ്മദീയരുടെ ആക്രമണ

7. H. Gundert, കേരളപ്പഴമ, 1868, P. 19.

www.malankaralibrary.com

ങ്ങൾക്കും വിധേയരായി ക്ലേശിച്ചിരുന്ന കാലം. അതിനാൽ പോർച്ചുഗീസുകാരുടേയും നസ്രാണികളുടേയും സമാഗമം, ഇരുവക്കും, ഒരുപോലെ ഹർഷോന്മേഷജനകമായിരുന്നു. ശാപമോക്ഷം കിട്ടിയതുപോലെ നസ്രാണികളും, വരപ്രാപ്തി ലഭിച്ചതുപോലെ പോർച്ചുഗീസുകാരും, അന്യോന്യം ആശ്ലേഷിച്ചു. കത്തോലിക്കരായ പോർച്ചുഗീസ് ശക്തിയുടെ സംരക്ഷണവും സഹായവും തങ്ങൾക്ക് കിട്ടുമെന്ന് നസ്രാണികൾ ആശിച്ചു. സാമ്രാജ്യമോഹികളായ പോർച്ചുഗീസുകാർ, നസ്രാണികളുമായുള്ള സഖ്യം അത്യധികം ആവശ്യമായും കണ്ടു. അതിനു കാരണങ്ങളുണ്ട്:

(1) തങ്ങൾ കേട്ടിട്ടുള്ള കഥകളുടെയും സങ്കല്പങ്ങളുടെയും മോഹനസ്വപ്നങ്ങളിൽനിന്ന് ഉയിർത്തെഴുന്നേററ പുരാതന ക്രൈസ്തവസമൂഹത്തിന്റെ ആഭിമുഖ്യം. (2) നസ്രാണിക്രിസ്ത്യാനികൾക്ക് മുപ്പതിനായിരം (ഗോവയാ പറയുന്നത് 50,000 എന്നാണ്) യോദ്ധാക്കളുണ്ടായിരുന്നത്. നാട്ടുരാജാക്കന്മാരുടെ ശക്തി, അവരുടെ കീഴിലുള്ള വിദഗ്ദ്ധരായ നസ്രാണിയോദ്ധാക്കളുടെ സംഖ്യയെ ആശ്രയിച്ചിരുന്നതിനാൽ പോർച്ചുഗീസുകാർക്ക് അവരുടെ സഹായം അത്യാവശ്യമായിത്തോന്നി. (3) നസ്രാണികൾക്കായിരുന്നു, കുരുമുളക് മുതലായ സുഗന്ധദ്രവ്യങ്ങളുടെ കുത്തക; അവർതന്നെയായിരുന്നു, അവയുടെ ഉല്പാദകരും വ്യാപാരികളും. പോർച്ചുഗീസുകാരുടെ വരവിനുമുമ്പ്, അറബികൾക്കാണ് ഈ സുഗന്ധദ്രവ്യങ്ങൾ വിററിരുന്നത്. യൂറോപ്യൻ വിപണികളിൽ ഈ സാധനങ്ങൾ എത്തിച്ചിരുന്ന വെനീസുകാർക്കും ജെനോവക്കാർക്കും ഇവ കൈമാറിയത് അറബികളായിരുന്നു. ഇങ്ങനെ പോർച്ചുഗീസുകാരും നസ്രാണികളും തമ്മിൽ അനിവാര്യമായ സൗഹാർദ്ദബന്ധത്തിനു തുടക്കമിട്ടു. പോർച്ചുഗീസ്—നസ്രാണി മധുവിധുവിന് ഇങ്ങനെ നാന്ദികുറിച്ചു. അതു് എ. ഡി. 1498 മുതൽ 1567 വരെ ഏറെക്കുറെ നിലനില്ക്കുകയും ചെയ്തു.

## V പ്രാരംഭമതപ്രചരണയത്നങ്ങൾ

### i) കേരളരംഗം

മതപ്രചരണവും വാണിജ്യവും മുഖ്യലക്ഷ്യങ്ങൾ ആയിരുന്നതുകൊണ്ട്, പൗരസ്ത്യദേശങ്ങളിലേയ്ക്കു് പുറപ്പെട്ടിരുന്ന എല്ലാ പോർച്ചുഗീസുകപ്പലുകളിലും മിഷ്നറിമാരായ

www.malankaralibrary.com

സന്ന്യാസിമാർ ഉണ്ടായിരുന്നു. ഇന്ത്യയിൽ വന്നെത്തിയ ആദ്യത്തെ കപ്പലിൽത്തന്നെ ഗാമായെ അനുഗമിച്ചവർ ട്രിനിറേററിയൻ (Trinitarian) സന്ന്യാസിമാരാണ്. അവരിലൊരാളായ പീററർ കോവെലാം (Peter Kovelam) വാസ്കോഡിഗാമയുടെ ആത്മീയോപദേഷ്ടാവായിരുന്നു. ഇദ്ദേഹം മലബാറിലെവിടെയോ വച്ച് കൊല്ലപ്പെട്ടു.

## ii) സാമ്രാജ്യമോഹവും മതപ്രചരണവും കൈകോർത്തുകൊണ്ട്

രണ്ടാമത്തെ പോർച്ചുഗീസുസംഘം, കബ്രാളിൻെറ കീഴിൽ, ഏ. ഡി. 1500–ലാണ് പുറപ്പെട്ടതു്. അതിൽ, എട്ടു രൂപതാവൈദികരും എട്ടു ഫ്രാൻസിസ്കൻ സന്ന്യാസിമാരും ഉൾപ്പെട്ടിരുന്നു. അവർ സാമൂതിരിയുടെ അനുവാദത്തോടെ കോഴിക്കോട്ടും പ്രാന്തപ്രദേശങ്ങളിലും നടത്തിയ പ്രസംഗങ്ങൾ, ഹിന്ദുമതാചാരങ്ങളോടും ഇസ്ലാംമതത്തോടും വെറുപ്പും പരിഹാസവും നിറഞ്ഞവയായിരുന്നു. നാട്ടുകാർക്ക് അവ അസഹ്യമായ ഒരു ഭീഷണിയും ആക്ഷേപവും ആയിട്ടാണ് തോന്നിയതു്. ഏതായാലും, 1500–ൽ കോഴിക്കോട്ടു വച്ച്, പോർച്ചുഗീസുകാർക്കെതിരായി ജനങ്ങളുടെ ഒരാക്രമണം ഉണ്ടായപ്പോൾ, മൂന്നു ഫ്രാൻസിസ്കൻ വൈദികർ കൊല്ലപ്പെട്ടു. ''അവരുടെ മരണകാരണം ആദ്ധ്യാത്മികമോ (Purely Spiritual)'' എന്നു ഫാ. ഫെരോളി സംശയിക്കുന്നു[8]. ആയിരുന്നാൽത്തന്നെയും, സഹിഷ്ണുതയും വിവേകവുമില്ലാത്ത ആദ്ധ്യാത്മികതയായിരുന്നു. മററു മൂന്നു ഫ്രാൻസിസ്കൻമാർ കേരളത്തിൽ താമസിച്ചു. അവരിൽ തീക്ഷ്ണനായ സിമാഓ ദെ ഗ്വിമാരെസ്, (Simao de Guimares) മാർത്തോമ്മാക്രിസ്ത്യാനികളുടെ ഇടയിൽ, എരിയുന്ന ഒരു ഭീകര പന്തം പോലെ ചുററിസ്സഞ്ചരിച്ചു.

1501–ൽ, നാലു ഫ്രാൻസിസ്കൻമാർകൂടെ കേരളത്തിൽ വന്നു. അവർ കണ്ണൂരും കൊച്ചിയിലുമായി താമസിച്ചു. അക്കാലത്താണ്, കബ്രാൾ ക്രൂരമായ പ്രതികാരബുദ്ധിയോടെ കോഴിക്കോട്ടുവന്ന് വളരെയധികം നാശനഷ്ടങ്ങൾ വരുത്തിയതു്. അതിൽ നാട്ടുകാർക്കുണ്ടായ തീവ്രമായ പ്രതികരണം മിഷ്നറിമാരും അനുഭവിച്ചു. കോഴിക്കോട്, മിഷ്നറിമാർക്ക് ഒരു 'ബാലികേറാമല'യായിത്തീർന്നു. ക്രൈസ്തവ

8. D. Ferroli, Vol. I, P.93.

www.malankaralibrary.com

മിഷ്നറിമാരെപ്പററിയുള്ള ജനങ്ങളുടെ അഭിപ്രായം കോപവും വെറുപ്പും നിറഞ്ഞതായിരുന്നു. കബ്രാളിൻെറ പ്രതികാരബുദ്ധിയുടെ പതിന്മടങ്ങുമായിട്ടാണ് വാസ്ക്കോഡിഗാമാ 1502–ൽ കേരളത്തിൽ വന്നതു്. അദ്ദേഹം കോഴിക്കോട്ടുവച്ച് അനേകംപേരെ അതിക്രൂരമായി കൊന്നൊടുക്കുകയും പട്ടണത്തിന് നാശനഷ്ടങ്ങൾ വരുത്തുകയും ചെയ്തു.

1503–ൽ കപ്പൽസേനയുടെ നായകനായി ഫ്രാൻസിസ്കോ ദെ അൽബുക്കർക്ക് (Francisco de Albuquerque) വന്നെത്തി. അക്കൂട്ടത്തിൽ അഞ്ചു ഡൊമിനിക്കൻ സന്ന്യാസിമാർ ഉണ്ടായിരുന്നു. 1504–ൽ വന്ന പോർച്ചുഗീസ് നാവികസൈന്യാധിപൻ സ്വാരസ്സ് (Swarez) അനേകം ക്രൂരകൃത്യങ്ങൾ ചെയ്തു. പിന്നീട് 1505–ൽവന്ന പോർച്ചുഗീസ്മേധാവി, അൽമേയ്ദാ (Almeida) ആയിരുന്നു. അദ്ദേഹത്തിൻെറകൂടെയും കുറെ ഫ്രാൻസിസ്ക്കൻ സന്ന്യാസിമാർ ഉണ്ടായിരുന്നു. അദ്ദേഹം കണ്ണൂർരാജാവിൻെറ അനുവാദത്തോടെ അവിടെ ഒരു കോട്ടകെട്ടി; അതോടുചേർത്തു് ഒരു ദേവാലയവും നിർമ്മിച്ചു; ഫ്രാൻസിസ്ക്കൻസന്ന്യാസിമാർക്ക് ഒരാശ്രമവും സ്ഥാപിച്ചു. അവരുടെ ശ്രമഫലമായി, ഏതാനംപേരെ ക്രിസ്ത്യാനികളാക്കി. ഇക്കാലത്തു് കണ്ണൂരും കൊച്ചിയിലുമായി അഞ്ച് ഫ്രാൻസിസ്ക്കൻ സന്ന്യാസിമാർ കൊല്ലപ്പെട്ടിട്ടുണ്ട്. ഈ സന്ന്യാസിമാരുടെ മതപ്രസംഗത്തിൻെറ തീക്ഷ്ണതയിലും വാചാലതയിലും നാട്ടുകാരുടെ മതത്തെപ്പററിയുള്ള പരിഹാസവും, അവജ്ഞയും കലന്നിരുന്നു. ഇതായിരിക്കണം, ജനങ്ങളെ കോപാകുലരാക്കിയതു്. മഹമ്മദീയകേന്ദ്രങ്ങളിൽ വിവേകവും വിവേചനവും കൂടാതെ വിദ്വേഷത്തോടും ധാർഷ്ട്യത്തോടും മതപ്രസംഗം നടത്താൻ ഒരുമ്പെട്ടതിനാലാണ് അവർ കൊല്ലപ്പെട്ടതെന്നു് സാഹചര്യത്തെളിവുകൾ കാണിക്കുന്നു. "അവരുടെ മരണകാരണങ്ങളെപ്പററി കൂടുതൽ പഠിക്കേണ്ടതല്ലേ", എന്നു് ഫാ. ഫെറോളി ചോദിക്കുന്നു[9].

1506–ൽ കുഞ്ഞാ (Cunha)യാണ് പോർച്ചുഗീസുമേധാവിയായി വന്നതു്. അദ്ദേഹത്തിൻെറകൂടെ, രൂപതാവൈദികരും, സന്ന്യാസവൈദികരുമായ കുറെപ്പേർ ഉണ്ടായിരുന്നു. "ആണ്ടുതോറും വന്നുകൊണ്ടിരുന്ന പോർച്ചുഗീസ് കപ്പലുകളിൽ പുതിയ പുതിയ മിഷ്നറിമാരും വന്നുകൊണ്ടിരുന്നു.

9. Ibid, P. 97

www.malankaralibrary.com

എന്നാൽ മിഷ്ൻപ്രവർത്തനം നടത്താൻ കഴിഞ്ഞിരുന്നതു് പോർച്ചുഗീസ് തോക്കുകളുടെ തണലിൽ മാത്രമായിരുന്നു. അതു് സ്വയരക്ഷാർത്ഥം വേണ്ടിവന്നതാണു്. പക്ഷേ അതു ക്രിസ്തുവിന്റെ ചൈതന്യത്തിനു് ചേർന്നതായിരുന്നില്ല!!10

1509-ൽ വൈസ്രോയിയായിവന്ന അൽഫോൻസ് അൽബുക്കർക്ക് കർമ്മകുശലനും, പ്രതിഭാസമ്പന്നനും ആയ ഒരു അസാധാരണ വ്യക്തിയായിരുന്നു. അദ്ദേഹമാണു് പോർച്ചുഗീസുകാരും ഇൻഡ്യൻ സ്ത്രീകളുമായുള്ള വിവാഹം പ്രോത്സാഹിപ്പിച്ചതു്. പടയാളികളും കച്ചവടക്കാരുമായ പോർച്ചുഗീസുകാർ, ആയിരക്കണക്കിനു് ഇൻഡ്യയുടെ പശ്ചിമതീരങ്ങളിൽ വന്നിറങ്ങിക്കൊണ്ടിരുന്നു. ഇവർ ബ്രഹ്മചര്യവ്രതം എടുത്തവരായിരുന്നില്ലല്ലോ. അവരുടെയോ അവർക്ക് വേണ്ടപ്പെട്ടവരോ ആയ സ്ത്രീജനങ്ങൾ യൂറോപ്പിലും ആയിരുന്നു. അതുകൊണ്ടു് സ്വാഭാവികമായും മാനുഷികപ്രശ്നങ്ങൾ ഉണ്ടായി. അവയിൽ പലതും പോർച്ചുഗലിന്റെ അഭിമാനത്തിനും അന്തസ്സിനും ക്ഷതം വരുത്തുന്നവയുമായിരുന്നു. ഈ മിശ്രബന്ധങ്ങൾ അധികവും വിവാഹത്തിന്റെ നൈയാമിക ബന്ധത്തിൽപ്പെടുന്നവയായിരുന്നില്ല.

ഇൻഡ്യയിലെ പോർച്ചുഗീസുകാരിൽ ഭാഗ്യാന്വേഷികളായ കച്ചവടക്കാരെ കൂടാതെ ഉണ്ടായിരുന്ന പടയാളികളിൽ, ജയിൽവിട്ടിറങ്ങിയ കുററവാളികളും പ്രായപൂർത്തിയാകാത്ത ബാലന്മാരുമുണ്ടായിരുന്നു. എട്ടും പത്തും പന്ത്രണ്ടും വയസ്സുള്ള പോർച്ചുഗീസ് പടയാളികൾ സാധാരണമായിരുന്നുവെന്നു് ചരിത്രകാരന്മാർ പറയുന്നു. ലിസ്ബൺ ജയിലിൽനിന്നും മോചിക്കപ്പെട്ട ക്രിമനൽ പുള്ളികളായിരുന്നു പടയാളികളിൽ ഒരു നല്ല പങ്കും. പട്ടാളത്തിലേയ്ക്കു് റിക്രൂട്ടു ചെയ്യപ്പെട്ട പ്രായപൂർത്തിയായ വളരെപ്പേർ ഇൻഡ്യയിൽ വന്നു്, ഫ്രാൻസിസ്ക്കൻ സന്ന്യാസിമാരുടേയോ ജസ്യൂട്ടു് നോവിസ്സുകളുടേയോ വേഷങ്ങൾ ധരിച്ചു്, പടക്കളത്തിലെന്നപ്പോലെ സന്ന്യാസാശ്രമത്തിലും, ഒരുപോലെ അംഗങ്ങളായിരുന്നുവെന്നു് ബോക്സർ പറയുന്നു11. വൈസ്രോയി അൽഫോൻസ് അൽബുക്കർക്ക് മിശ്രവിവാഹത്തിനു് പ്രേരണയും പ്രോത്സാഹനവും നല്കുന്നതിനുമുമ്പുതന്നെ, ഒരു മിശ്രസന്താനപര

10. Ibid, P. 98
11. C. R. Boxer, P. 117

www.malankaralibrary.com

മ്പര പോർച്ചുഗീസു പട്ടാളക്കാരുള്ളിടത്തെല്ലാം ഉയൎന്നുവന്നു. നാട്ടുകാരായ സ്ത്രീകളുമായുള്ള അവിഹിതബന്ധങ്ങളെ നിരോധിക്കുവാൻ പോർച്ചുഗീസ് രാജാവ് ആവൎത്തിച്ച് കല്പനകരം അയച്ചുവെങ്കിലും, അവകൊണ്ട് വലിയ പ്രയോജനമുണ്ടായില്ല. പോർച്ചുഗീസ് അതിർത്തിക്കുള്ളിലുള്ള സ്ത്രീകളെ പോർച്ചുഗീസുകാരുമായുള്ള വിവാഹത്തിനു് നിർബന്ധിക്കുകയുണ്ടായിട്ടുണ്ട്. അതിർത്തിക്കു പുറത്തുള്ള ക്ഷേത്രങ്ങളിലെ ദേവദാസികളെയും വേശ്യാലയങ്ങളിലെ സ്ത്രീകളെയും പോൎച്ചുഗീസ് ഭടന്മാർ ഉദാരമായി ഉപയോഗിച്ചിരുന്നു. ഹിന്ദു–മുസ്ലീം രാജാക്കന്മാൎക്കും പ്രഭുക്കന്മാൎക്കുമുണ്ടായിരുന്നതുപോലെ, പോർച്ചുഗീസുദ്യോഗസ്ഥന്മാൎക്കും അന്തഃപുരങ്ങളും വെപ്പാട്ടികളുമുണ്ടായിരുന്നു.

സൈന്യശക്തി ഇല്ലാതെ പോർച്ചുഗലിന്റെ ആധിപത്യം നിലനിൎത്തുവാനോ വളൎത്തുവാനോ കഴിയുകയില്ലെന്നു് അൽബുക്കർക്കിനു് അറിയാമായിരുന്നു. ആവശ്യമുള്ള പടയാളികളെയെല്ലാം അപ്പപ്പോരം യൂറോപ്പിൽനിന്നു് കൊണ്ടുവരുക, ദുഷ്കരമെന്നും അദ്ദേഹത്തിനു് ബോദ്ധ്യമുണ്ടായിരുന്നു. പോർച്ചുഗലിനോട്ട് കൂറും രക്തബന്ധവുമുള്ള ഒരു ജനസമൂഹം ഇന്ത്യയിലുണ്ടായാൽ, അതു് ഇൻഡ്യയിലെ പോർച്ചുഗീസ് ശക്തിക്കു് പിൻതാങ്ങാകുമെന്നും അൽബുക്കൎക്കു് കരുതിയിരിക്കണം. ഇങ്ങനെയാണു്, മിശ്രബന്ധങ്ങരംക്കു് ഔദ്യോഗികപ്രോത്സാഹനം ഉണ്ടായതു്. എങ്ങനെയായാലും, ഇതുമൂലം നാട്ടുകാൎക്കു് പോർച്ചുഗീസുകാരെപ്പററിയുള്ള അഭിപ്രായം വളരെ ഇടിഞ്ഞുപോയിയെന്നു ഫാ. ഫെറോളി പറയുന്നുണ്ട്.

അദ്ദേഹത്തെ തുടൎന്നു് വൈസ്രോയിയായി വന്നതു്, ഹെൻറി മെനേസിസ് ആയിരുന്നു. 20 കപ്പലുകളിൽ 1500 പട്ടാളക്കാരുമായി അദ്ദേഹം കേരളത്തിലെത്തി. സാമൂതിരിയുമായുള്ള യുദ്ധത്തിൽ ആയിരക്കണക്കിനു നാട്ടുകാർ കൊല്ലപ്പെട്ടു. പോർച്ചുഗീസുകാർ സമ്പൂർണ്ണവിജയം നേടിയ യുദ്ധമായിരുന്നു അതു്. എന്നാൽ ഫാ. ഫെറോളി പറയുന്നു, ''പോർച്ചുഗീസുകാൎക്കെതിരായുള്ള ജനങ്ങളുടെ രോഷം ഒന്നിനൊന്നു വൎദ്ധിച്ചുകൊണ്ടിരുന്നതിനാൽ മതപ്രചരണം ഒന്നിനൊന്നു പ്രയാസമേറിയതായിത്തീൎന്നു[12]''. മതപ്രചരണവും രാഷ്ട്രീയമോഹങ്ങളും കൂട്ടിക്കുഴച്ചാലുള്ള സ്ഥിതി!!

12. Ibid: P. 99.

www.malankaralibrary.com

അൽബുക്കർക്ക് ഈ സങ്കരവർഗ്ഗത്തെ പ്രോത്സാഹിപ്പിച്ചു തുടങ്ങുന്നതു് ഗോവയിലാണ്. ഗോവയിലെ സ്ത്രീകൾ പോർച്ചുഗീസുഭടന്മാരെ വിവാഹം ചെയ്യുന്നതിൽ വളരെ സന്നദ്ധതയും സന്തോഷവും പ്രകടിപ്പിച്ചിരുന്നെന്നും എന്നാൽ കേരളത്തിലെ സ്ത്രീകൾ പോർച്ചുഗീസുകാർക്ക് ഒട്ടും വഴങ്ങാത്തവരായിരുന്നെന്നും ജി. എം. മോറയിസ് പറയുന്നു13. തടവിൽ പിടിക്കപ്പെട്ട 450 സ്ത്രീകളും പോർച്ചുഗീസുഭടന്മാരുമായുള്ള മിശ്രവിവാഹങ്ങൾ നടന്നിട്ടുണ്ടെന്നും അവർക്ക് ഓരോരുത്തർക്കും 18,000 റീയാസ് നാണയവും വീടും വിലയേറിയ ആഭരണങ്ങളും നല്കിയിട്ടുണ്ടെന്നും, വൈസ്രോയി പോർച്ചുഗൽ രാജാവിനെഴുതിയ കത്തിൽ പറയുന്നുണ്ടു്14. 1512 ഏപ്രിൽ 1–ാംനു- വൈസ്രോയി രാജാവിനയച്ച കത്തിൽ മുസ്ലീങ്ങളുടെ അന്തഃപുരത്തിൽനിന്നും പിടിച്ചെടുത്ത സുന്ദരികളായ 500 സ്ത്രീകളെ പോർച്ചുഗീസുകാർ വിവാഹം ചെയ്തതായി പറയുന്നുണ്ടു്. കീഴ്ക്കിടയിലുള്ള പരഃശതം പട്ടാളക്കാരും നാട്ടുകാരായ സ്ത്രീകളുമായുള്ള സമൂഹവിവാഹം ഒരു രാത്രിയിൽ ഗവർണ്ണറുടെ കൊട്ടാരത്തിൽവച്ചു നടത്തുകയും, ചടങ്ങുകൾ കഴിഞ്ഞ ബഹളത്തിൽ, വധൂവരന്മാർ തമ്മിൽ വേർപെട്ടു്, തങ്ങളുടേതല്ലാത്ത ഇണകളെ വീടുകളിലേയ്ക്കു്, കൂട്ടിക്കൊണ്ടു പോകുകയും, പിറേറന്നു് ഈ അബദ്ധം മനസ്സിലാക്കിയപ്പോൾ, അവരവരുടേതായവരെ വീണ്ടെടുക്കുകയും ചെയ്തതായി മോറയിസ് പറയുന്നു.

## B. കുരിശും കിരീടവും–അഥവാ പദ്രവാദോ

ലെയോ പത്താമൻ മാർപ്പാപ്പാ 1514 ജൂൺ 7–ാം തീയതി പുറപ്പെടുവിച്ച ശാസനം അനുസരിച്ചു് പോർച്ചുഗീസ്കാർ അധീനപ്പെടുത്തിയതും ഭാവിയിൽ അധീനപ്പെടുത്തുവാനിരിക്കുന്നതുമായ എല്ലാ പൌരസ്ത്യരാജ്യങ്ങളുടെയും ഭരണാവകാശം പോർച്ചുഗൽ രാജാവിനു കൊടുത്തു. ഇങ്ങനെയാണു് പോർച്ചുഗൽ രാജാവിനു് ഏഷ്യയിലും ആഫ്രിക്കയിലുമുള്ള സഭകളുടെമേൽ ഭരണാവകാശം ലഭിക്കുന്നതു്. ഇതിന്റെ പേരാണു് 'പദ്രവാദോ' എന്നു്–ഇംഗ്ലീഷിലെ Patronage നു് തുല്യമായ പേരു്.

13. G. M. Moraes, P. 155.
14. Ibid: P. 156.

www.malankaralibrary.com

കേരളസഭയെ കഷ്ടതയിലും കണ്ണുനീരിലും ആഴ്ത്തിയ രണ്ടു ഘടകങ്ങളായിരുന്നു പദ്രവാദോയും കമ്മലീത്താ മിഷ്യനറിമാരുടെ ഭരണവും. ഇവ രണ്ടുംകൂടിയാണ് പതിനഞ്ചു നൂററാണ്ടുകളോളം അച്ചടക്കത്തിലും കെട്ടുറപ്പിലും നിന്നിരുന്ന ഒരു അപ്പസ്റ്റോലികസഭയെ പിളക്കുകയും ഛിന്നഭിന്നമാക്കുകയും ചെയ്തതു്. ഇവയിൽ ആദ്യത്തെ ഘടകം പദ്രവാദോതന്നെ. ഇനി ഈ 'പദ്രവാദോ' എന്താണെന്നു നോക്കാം.

മദ്ധ്യശതാബ്ദങ്ങളിലെ ചില ദൈവശാസ്ത്രജ്ഞന്മാരുടെ സിദ്ധാന്തം ലോകത്തിലുള്ള എല്ലാ രാജ്യങ്ങളിലും മാർപ്പാപ്പാമാർക്കു് നേരിട്ടുള്ള ആധിപത്യവും, ഭൗതികവും ആത്മീയവുമായ കാര്യങ്ങളിൽ അധികാരവുമുണ്ടെന്നായിരുന്നു. ഇന്നു്, ആ സിദ്ധാന്തം കാലഹരണപ്പെട്ടതും പരിഹാസ്യവുമായ ഒന്നാണു്. നിക്കോളസ് 5-ാമൻ മാർപ്പാപ്പാ 1452 ജൂൺ 18-ാം തീയതി പുറപ്പെടുവിച്ച Dum Diversas, Divino Amore എന്ന കല്പനകളനുസരിച്ചു് മഹമ്മദീയരുടേയും മററു് അക്രൈസ്തവരുടേയും എല്ലാ രാജ്യങ്ങളും ആക്രമിച്ചു് കീഴടക്കുവാനും അവരുടെ വസ്തുവകകൾ അധീനപ്പെടുത്തുവാനും പോർച്ചുഗീസുകാരെ അധികാരപ്പെടുത്തി. 1455 ജനുവരി 8-ാം തീയതി മാർപ്പാപ്പാ പുറപ്പെടുവിച്ച Romanus Pontifex എന്ന കല്പനയിൽ, ആഫ്രിക്കൻരാജ്യങ്ങൾ മുഴുവൻ പോർച്ചുഗലിനു് വിട്ടുകൊടുക്കുകയും അവിടെ മറെറാരു രാജ്യക്കാരും പ്രവേശിക്കരുതെന്നു് വിലക്കുകയും ചെയ്തിരുന്നു. കൂടാതെ, ആ രാജ്യങ്ങളിൽ കച്ചവടം നടത്തുവാനും മിഷ്യനറിമാരെ അയയ്ക്കുവാനും, പള്ളികളും മററു മതസ്ഥാപനങ്ങളും ഉണ്ടാക്കുവാനും ഉള്ള അവകാശവും ചുമതലയും പോർച്ചുഗൽ രാജാവിനു നല്കി. രാജാവിന്റെ അനുമതികൂടാതെ അവിടെ കച്ചവടം നടത്തുവാൻ തുനിയുന്നവർ, അതിനാൽത്തന്നെ മഹറോൻശിക്ഷയിൽ ഉൾപ്പെടുമെന്നു് പ്രഖ്യാപിക്കുകയും ചെയ്തു. കലീസ്റ്റസ് മൂന്നാമൻ മാർപ്പാപ്പായുടെ 1456 മാർച്ചു് 13-ാം തീയതിയിലെ 'Inter Caetera' എന്ന ശാസനം അനുസരിച്ചു്, പോർച്ചുഗീസു് അധീനതയിലുള്ള സഭകളുടെ ഭരണാധികാരം പോർച്ചുഗൽ രാജാവിനു കൊടുത്തു. പോൾ മൂന്നാമൻ മാർപ്പാപ്പാ 1534-ൽ ഗോവാമെത്രാസനം സ്ഥാപിച്ചു. ഈ രൂപതയ്ക്കു് പോർച്ചുഗീസുകാരുടെ അധീനതയിലുള്ളതും ഉണ്ടാകാനിരിക്കുന്നതുമായ എല്ലാ ദേശങ്ങളിലേയും ഭരണാധികാരം ഉണ്ടായിരുന്നു. പദ്രവാദോ അനുസരിച്ചു്, ഓരോ സ്ഥലത്തേയ്ക്കും വേണ്ടുന്ന മെ

www.malankaralibrary.com

ത്രാന്മാരെ നിയമിക്കുന്നതും ആ സ്ഥലങ്ങളിൽ ദേവാലയങ്ങളും മററു മതസ്ഥാപനങ്ങളും നിർമ്മിക്കുന്നതും അവിടെ ജോലി ചെയ്യുന്ന മിഷ്നറിമാക്കു് ശമ്പളം കൊടുക്കുന്നതും പോർച്ചുഗീസു രാജാക്കന്മാരുടെ ചുമതലയിൽപെട്ടവയായിരുന്നു. പദ്രവാദോയിൽപ്പെട്ട രാജ്യങ്ങളിലെ മെത്രാന്മാരേയും വൈദികശ്രേഷ്ഠന്മാരേയും മാർപ്പാപ്പാ നിയമിച്ചാൽത്തന്നെയും അതിനു പ്രാബല്യവും സാധുത്വവും ലഭിക്കുന്നതിനു് പോർച്ചുഗൽ രാജാവിൻെറ അംഗീകാരം വേണ്ടിയിരുന്നു. റോമിൽനിന്നുള്ള ആരുടെ കല്പനയായാലും ശരി, ഏതു കല്പനയായാലും ശരി, പോർച്ചുഗീസു രാജാവിൻെറ ചാൻസലറിയിൽ അതു് രജിസ്റ്റർചെയ്തു്, Regium Placet (രാജാവു പ്രസാദിച്ചിരിക്കുന്നു) എന്ന സർട്ടിഫിക്കററുവാങ്ങിയില്ലെങ്കിൽ അതു് നിരർത്ഥകമെന്നായിരുന്നു വ്യവസ്ഥ. പദ്രവാദോയുടെ കീഴിലുള്ള രാജ്യങ്ങളിൽ മിഷ്ൻപ്രവർത്തനത്തിനു പോകുന്നവർ, പോർച്ചുഗീസുരാജാവിനോടും അധികാരികളോടും വിധേയത്വം പ്രതിജ്ഞചെയ്യണമെന്നും പോർച്ചുഗീസു കപ്പലുകളിലേ അവർ യാത്രചെയ്യാവൂ എന്നും നിയമമുണ്ടായിരുന്നു. ഇവയോടുകൂടി, രാജാവു് കൊടുക്കുന്ന ശമ്പളവും മററു ധനസഹായങ്ങളും ആയപ്പോഠം, ഈ ഇരുതലഭരണത്തിൻെറ മുതുകു് നിവർന്നുയർന്നു. ചോറുള്ളിടത്തല്ലേ, കൂറുമുള്ളൂ. പദ്രവാദോശീശ്മ അതിൻെറ ഒരു ദൃഷ്ടാന്തമാണു്. പദ്രവാദോതന്നെ മാപ്പാപ്പാമാർ പിടിച്ച പുലിവാലുപോലെയായി. ഈ ഊരാക്കുടുക്കിൽനിന്നും രക്ഷപ്പെട്ടതു്, ശക്തിപ്പെടുത്തിയെടുത്ത പ്രൊപ്പഗാന്താതിരുസംഘം മുഖേനയാണു്.

എന്നാൽ പദ്രവാദോ അക്കാലത്തെ ഒരാവശ്യമായിരുന്നു: ഒന്നാമത്തെ കാരണം പോർച്ചുഗീസുകാർ അതിവേഗത്തിൽ കണ്ടുപിടിച്ചുകൊണ്ടിരുന്ന പുതുപുതു രാജ്യങ്ങളാം. അവ ആഫ്രിക്കയിലും ഏഷ്യയിലും ആയിരുന്നെങ്കിലും തെക്കെ അമേരിക്കയിലെ ബ്രസീലിനെയും അക്കൂട്ടത്തിൽ ഉൾപ്പെടുത്താവുന്നതാണു്. രണ്ടാമതായി, പോർച്ചുഗീസുകാരുടെ തീക്ഷ്ണമായ മതബോധവും മതപ്രചരണത്തിനുള്ള തീവ്രമായ ആവേശവും. ഇവ രണ്ടും പോർച്ചുഗീസുകാരുടെ സ്വന്തം പതിപ്പിലായിരുന്നു. മൂന്നാമത്തെ കാരണം, പോർച്ചുഗലിനുണ്ടായിരുന്ന മത-രാഷ്ട്രബന്ധമാണു്. ഒരു നാണയത്തിൻെറ രണ്ടു വശംപോലെയാണു് അവ പ്രവർത്തിച്ചതു്.

മതപ്രചരണം സഭയുടെ എന്നാളുമുള്ള കാര്യവും കർത്തവ്യവുമാണു്. എന്നാൽ അതു നിർവ്വഹിക്കുവാൻ അസാദ്ധ്യമായ

www.malankaralibrary.com

സാഹചര്യങ്ങളാണ് അന്നുണ്ടായിരുന്നത്. പതിനഞ്ചും പതിനാറും നൂററാണ്ടുകഠം ആത്മീയജീവിതവും സന്മാർഗ്ഗബോധവും അധഃപതിച്ച്, സഭാഭരണം മലീമസമായ കാലഘട്ടമായിരുന്നു. സ്ഥാപനങ്ങളുടെ നിലനില്പിന് ബാഹ്യവും യാന്ത്രികവും ആയ ആചാരങ്ങളും അനുഷ്ഠാനങ്ങളും ഒഴിച്ച്, മററൊന്നും ഇല്ലായിരുന്നു. പാശ്ചാത്യസഭ കാമ്പില്ലാത്ത തോടുപോലെയായി. പോർച്ചുഗീസുകാർ 1498-ൽ ഇൻഡ്യയിൽ എത്തുമ്പോഠം പാശ്ചാത്യസഭയെ ഭരിച്ചിരുന്നത് സഭാചരിത്രത്തിൽ കളങ്കം ചാർത്തിയ അലക്സാണ്ടർ ആറാമൻ മാപ്പാപ്പാ (1492-1503) ആയിരുന്നു. അദ്ദേഹത്തിനു പരസ്യമായിത്തന്നെ വെപ്പാട്ടിയും മക്കളും ഉണ്ടായിരുന്നു. അദ്ദേഹത്തിൻെറ ഒരു മകനെ ശത്രുക്കഠം കുത്തിക്കൊന്ന് ടൈബർ നദിയിൽ ഒഴുക്കിയപ്പോഠം, മാപ്പാപ്പാ കർദ്ദിനാളന്മാരുടെ ഒരു സമ്മേളനം വിളിച്ചുകൂട്ടി, തൻെറ മകൻെറ ഗുണഗണങ്ങഠം പ്രകീർത്തിച്ചുകൊണ്ടു കരഞ്ഞതു് ഒരു ചരിത്രസംഭവമാണ്. എന്നാൽ പത്രോസിൻെറ കസേര, അതിലിരിക്കുന്ന ആളിനേക്കാഠം സജീവവും സാരവത്തും ആണെന്ന് എല്ലാ മാനുഷികബലഹീനതകളേയും പ്രശസ്തമായി അതിജീവിക്കുന്ന ക്രിസ്തുവിൻെറ സഭ, രണ്ടായിരം കൊല്ലങ്ങളായി വെളിപ്പെടുത്തിക്കൊണ്ടിരിക്കുന്നു; ലോകാവസാനംവരെ വെളിപ്പെടുത്തുകയും ചെയ്യും. ക്രിസ്തുവിലുള്ള നമ്മുടെ വിശ്വാസത്തിൽ ഉറച്ചുനില്ക്കുകയാണ് നമ്മുടെ കർത്തവ്യം. യാഹോവായെ തിരഞ്ഞെടുത്ത യഹൂദപുരോഹിതർ ഏററവും ദുഷിച്ചിരുന്ന കാലത്തു്, ക്രിസ്തു ജീവിച്ചിരുന്നതും അവർ ക്രിസ്തുവിനെ കുരിശിലേററിയതും യാദൃച്ഛികമോ നിരർത്ഥകമോ ആയ സംഭവങ്ങളല്ല. ദൈവപരിപാലനയിൽ എവിടെ യാദൃച്ഛികത്വം? സ്പെയിൻകാരായ ബോർജിയാകുടുംബത്തിൻെറ ഭരണവും ശക്തിയും സ്വാധീനവും റോമിൽ പ്രബലമായിരുന്ന ഘട്ടമാണ് നവോത്ഥാനമാർപ്പാപ്പാമാരുടെ (Renaissance Popes) കാലമെന്നറിയപ്പെടുന്നതു്. അവർ കലാപ്രേമികളും രാജ്യതന്ത്രപടുക്കളും കർമ്മകുശലരും ആയിരുന്നു. ഭൗതികസുഖങ്ങളിൽ ആമഗ്നരായ അവരുടെ ജീവിതത്തെ ചൂഴ്ന്നു നിന്നിരുന്നതു്, ലോകായതികത്വമാണ്. പ്രോട്ടസ്റ്റൻറുവിപ്ളവത്തിൻെറ മാതൃത്വം അവർക്കില്ലെങ്കിൽതന്നെയും, അതിൻെറ സൂതികർമ്മിണികളായിരുന്നു അവർ. അന്ന് മാപ്പാപ്പാമാർക്ക് മതപ്രചരണം നേരിട്ടേറെറടുക്കുവാനുള്ള സാഹചര്യങ്ങഠം ഉണ്ടായിരുന്നില്ല. ഒന്നാമതായി, അവർക്ക് അതിൽ താല്പര്യമില്ലായിരുന്നുതന്നെ.

www.malankaralibrary.com

രണ്ടാമതായി, പ്രോട്ടസ്റ്റൻറുവിപ്ളവം പൊട്ടിപ്പുറപ്പെട്ട പ്പോഠം, അതിനെതിരെ ശക്തിയാർജ്ജിച്ച് പ്രതിരോധനിര കെട്ടിപ്പടുക്കേണ്ടിയിരുന്നു. മൂന്നാമതായി, യൂറോപ്യൻ രാഷ്ട്രീയകാര്യങ്ങളിൽ അവർ മൂക്കോളം മുങ്ങിനില്ക്കുന്നകാലം. അവസാനത്തെ കാരണം, ദക്ഷിണയൂറോപ്പിൻെറ പല ഭാഗങ്ങളും തുർക്കികഠം കടന്നാക്രമിച്ചിരുന്നതാണ്. പോർച്ചുഗൽസാമ്രാജ്യത്തിൻെറ വളർച്ചയും റോമൻസിംഹാസനത്തിൻെറ അവശതയും ഒന്നിച്ചുകൂടിയപ്പോഠം പദ്രവാദോ ജന്മമെടുത്തുവെന്നു പറയാം.

ആവശ്യകാലത്തു സ്വീകരിക്കുന്ന സഹായം അനന്തരകാലത്ത് ആപത്താകുന്ന സന്ദർഭങ്ങളുണ്ടല്ലോ. അതാണ്, ഇവിടെയും സംഭവിച്ചത്. സ്വർഗ്ഗത്തിൻെറയും ഭൂമിയുടെയും താക്കോലുകഠം കൈവശംവെച്ചുകൊണ്ടാണ്, കോൺസ്റ്റൻറയിൻചക്രവർത്തി ക്രൈസ്തവസഭയ്ക്ക് സ്വാതന്ത്ര്യത്തിൻെറ കവാടം തുറന്നുകൊടുത്തത്. പിന്നാലെ, രണ്ടു താക്കോലുകളും സഭയുടെ കയ്യിലായി. നശ്വരമായ ശരീരത്തെക്കാഠം അനശ്വരമായ ആത്മാവാണ് മഹത്തരമെങ്കിൽ, ഭൗതികാധികാരം ആത്മീയാധികാരത്തിന് കീഴ്പ്പെട്ടിരിക്കണമെന്ന ന്യായമാണ് അപ്പോഠം ഉന്നയിച്ചത്. ഇപ്പോഠം പദ്രവാദോമൂലം രണ്ടു താക്കോലും പഴയപടി രാജഹസ്തങ്ങളിൽ ചെന്നതുപോലെയായി. രാജാവോ മെത്രാനോ വലുത് എന്നായി പ്രശ്നം. പദ്രവാദോയുടെ പ്രാബല്യകാലത്ത് ഈ ചോദ്യം ഇരുവശത്തുനിന്നും ഉയർന്നുവന്നു – തീവ്രമായ വൈകാരിക ശബ്ദത്തിൽ. ക്രിസ്തുനാഥൻ പണ്ടേതന്നെ അരുഠംചെയ്തതു്, ''ദൈവത്തിനുള്ളത് ദൈവത്തിനും സീസറിനുള്ളത് സീസറിനും കൊടുക്കാനാ''യിരുന്നു. അധികാരക്കൊതി മനുഷ്യന് സഹജമാണ്. അധികാരപ്രാപ്തി അവനെ ഉന്മത്തനാക്കുന്നു. അതോടെ, അവനു കണ്ണും കാതും ഇല്ലാതാകുന്നു.

### i) വാദങ്ങഠം – എതിർവാദങ്ങഠം

പദ്രവാദോപ്രേമികഠം വാദിച്ചത് പോർച്ചുഗൽരാജാവ് മാർപ്പാപ്പായുടെ സ്ഥിരംസ്ഥാനപതിയെന്നാണ്. പോർച്ചുഗലിലെ ഏകാധിപതിയായിരുന്ന പൊംബാൽ, 1774-ൽ ഗോവാമെത്രാപ്പോലീത്തായോടു പറഞ്ഞത്, പോർച്ചുഗൽ രാജാവ് പൌരസ്ത്യരാജ്യങ്ങളിലുള്ള എല്ലാ മെത്രാന്മാരുടേയും മെത്രാപ്പോലീത്താമാരുടേയുംമേൽ സമ്പൂർണ്ണഭരണാധികാരമുള്ള ആത്മീയതലവൻ ("Spiritual Prelate") ആണെന്നത്രേ.

www.malankaralibrary.com

മെത്രാന്മാർക്കും മെത്രാപ്പോലീത്താമാർക്കും രാജാവു നിയമിക്കുന്ന വൈസ്രോയിമാരുടേയും ഗവർണ്ണർമാരുടേയും സ്ഥാനമേ ഉള്ളവെന്നു് പൊംബാൽ പറഞ്ഞു. പോർച്ചുഗലിലെ അവിസു് (Aviz, 1385–1580), ഹാബ്സ്ബർഗ് (Habsburg, 1598-1640), ബ്രഗാൻസാ (Braganza 1640-1826) കുടുംബങ്ങളിലെ രാജാക്കന്മാർ മതപ്രചരണത്തിൽ വളരെ ഉത്സുകരായിരുന്നു. അപവാദമായിട്ടുണ്ടായിരുന്നതു് പതിന്നാലാം വയസ്സിൽ സ്ഥാനാരോഹണംചെയ്ത മന്ദബുദ്ധിയും മാനസികരോഗിയും ആയ അൽഫോൻസോ ആറാമൻ (1656–67) മാത്രമായിരുന്നു. പൌരസ്ത്യരാജ്യങ്ങളിലേയ്ക്കു പോർച്ചുഗീസ്‌രാജാക്കന്മാർ അയച്ചിരുന്ന കല്പനകരം ആരംഭിക്കുന്നതു് ഇപ്രകാരമായിരുന്നു, ‘‘പോർച്ചുഗൽരാജാക്കന്മാരുടെ പ്രഥമവും പ്രധാനവുമായ കർത്തവ്യം തങ്ങളുടെ സർവ്വശക്തിയുമുപയോഗിച്ചുള്ള മതപ്രചരണമാകയാൽ......’’

എന്നാൽ ഒരു കാര്യത്തിൽ അവർ പരാങ്മുഖരായിരുന്നു – ദേശീയവൈദികരെയും ദേശീയവൈദികഭരണമണ്ഡലത്തെയും പടുത്തുയർത്തുന്നതിൽ. അതിനുള്ള ഒരു കാരണം രാഷ്ട്രീയത്തിലെ ഭരണക്കൊതി സഭാഭരണത്തിലും വ്യാപിച്ചതാണു്. മറ്റൊരു കാരണം, മിഷ്‌നറിമാരുടെ അഹന്തയും നാട്ടുകാരോടും നാട്ടുകാരുടെ എല്ലാററിനോടും ഉള്ള അന്ധമായ അവജ്ഞയും വെറുപ്പുമാണു്. രാഷ്ട്രങ്ങരം സ്വതന്ത്രമാകുകയും യൂറോപ്യൻ കൊളോണിയലിസം അവസാനിക്കുകയും ദേശീയപ്രബുദ്ധത പിടഞ്ഞെണീക്കുകയും ചെയ്യുതോടെ, നാട്ടുകാരായ വൈദികരും മെത്രാന്മാരും ഉണ്ടായിത്തുടങ്ങി. പോർച്ചുഗീസുകാരുടെ അധീനതയിൽവന്ന പൌരസ്ത്യരാജ്യങ്ങരംക്കെല്ലാംകൂടി ഒരു മെത്രാനുണ്ടാകുന്നതു് 1514-ലാണു്. അദ്ദേഹത്തിൻെറ ആസ്ഥാനം അററ്ലാൻറിക്മഹാസമുദ്രത്തിലെ വളരെ ചെറിയൊരു ദ്വീപായ ‘മദയിരാ’യിലെ ‘ഫുങ്കൽ’ എന്ന സ്ഥലമായിരുന്നു. 1534-ൽ ഗോവാ ആസ്ഥാനമായി ഒരു രൂപതയുണ്ടായി. അതിൻെറ ഭരണവ്യാപ്തി, കേപ്പു് ഓഫ് ഗുഡ്ഹോപ്പ് മുതൽ ചൈനാവരെയായിരുന്നു. 1557–ൽ, ഗോവാ, മെത്രാപ്പോലീത്തൻ അതിരൂപതയാകുകയും, കൊച്ചി, മലാക്കാ എന്ന രണ്ടു സാമന്തരൂപതകരം ഉണ്ടാകുകയും ചെയ്തു. 1575–ൽ ചൈനയിലെ ‘മക്കാവീ’ൽ ഒരു രൂപതയുണ്ടായി.

www.malankaralibrary.com

## പദ്രവാദോയെ എതിർക്കുന്നു

പദ്രവാദോയ്ക്ക് എതിരായി ആദ്യമായി ശബ്ദം ഉയർത്തിയതു് ഫിലിപ്പിൻസ് ദ്വീപുകളിൽ 1565-ൽ എത്തിയ സ്പാനിഷ് മിഷ്നറിമാരാണു്. പോർച്ചുഗീസുകാർക്കുണ്ടായിരുന്ന 'പദ്രവാദോ'യ്ക്കു് തുല്യമായ അധികാരാവകാശങ്ങളോടുകൂടി, സ്പെയിൻ രാജാവിനും ''രാജകീയ പത്രനാത്തോ'' (Patronato Reale) ഉണ്ടായിരുന്നു. പസഫിക്കുസമുദ്രത്തിന്റെ പടിഞ്ഞാറെ അററത്തുള്ള ചൈനയുടേയും ജപ്പാന്റേയും മുമ്പിലാണു് പദ്രവാദോ–പത്രനാത്തോ സംഘട്ടനം ആരംഭിച്ചതു്. പദ്രവാദോയുടെ കുത്തക അവസാനിപ്പിക്കുവാനായിരുന്നു, പത്രനാത്തോയുടെ ശ്രമം.

ഇതിനു് അനുകൂലമായ അവസരമുണ്ടായതു്, സ്പെയിനിലെ രാജാവായ ഫിലിപ്പു് രണ്ടാമൻ പോർച്ചുഗൽരാജാവായ ഫിലിപ്പു് ഒന്നാമനായിത്തീരുമ്പോഴാണു്. അങ്ങനെ, 1580-ൽ സ്പെയിനും പോർച്ചുഗലും ഒരു രാജാവിന്റെ കീഴിലായി. പദ്രവാദോയുടെ ജസ്വീത്ത്കുത്തക അവസാനിപ്പിക്കുവാൻ പല കാരണങ്ങളുണ്ടായിരുന്നു. പോർച്ചുഗീസുരാജാവായ ജോൺ നാലാമന്റെ പ്രതിനിധിയായ ഫാ. നനോ ദെ കുഞ്ഞായോടു്, പത്താം ഇന്നസന്റു മാർപ്പാപ്പാ, 1648-ൽ പറഞ്ഞതു്, പോർച്ചുഗീസധീനതയിലുള്ള പൌരസ്ത്യദേശങ്ങളിൽ മതപ്രചരണം അവതാളത്തിലാണെന്നും അതിന്റെ കാരണം ആഫ്രിക്കയിലും ഏഷ്യയിലും ആവശ്യമുള്ള മിഷ്നറിമാരെ അയയ്ക്കുവാൻ പോർച്ചുഗലിലെ മുഴുവൻ വൈദികരെക്കൊണ്ടും മതിയാകുകയില്ലെന്നും ആണു്[15]. അതുകൊണ്ടു് മററു രാജ്യക്കാരും സന്ന്യാസസഭക്കാരും (ജസ്വീത്തരല്ലാത്തവർ) ആയ മിഷ്നറിമാരെ പൌരസ്ത്യരംഗങ്ങളിൽ പോകാൻ അനുവദിക്കണമെന്നു് അഭിപ്രായപ്പെട്ടു. പതിനേഴാം നൂററാണ്ടിലെ എട്ടാം ഉറുബൻ (1623-44) മാർപ്പാപ്പായെപ്പോലുള്ളവർ മതപ്രചരണത്തിൽ വളരെ ശ്രദ്ധിക്കുകയും താല്പര്യം കാണിക്കുകയും ചെയ്തിരുന്നു.

പോർച്ചുഗീസുകാരുടെ കുത്തക അവസാനിപ്പിക്കുവാൻ സഹായിച്ച മറെറാരു ഘടകം ഡച്ചുകാരുടെ മുന്നേററമാണു്. പോർച്ചുഗീസു കപ്പലുകളെ തുരത്താനും പോർച്ചുഗീസ് കൈ

15. C. R. Boxer, P. 233.



www.malankaralibrary.com

വശത്തിലുള്ള സ്ഥലങ്ങളും പിടിച്ചെടുക്കാനും ഡച്ചുകാക്ക് കഴിഞ്ഞതോടെ, പോർച്ചുഗീസുശക്തി നിസ്സാരവും നാമമാത്രവും ആയിത്തീന്നു.

പോപ്പ് അഞ്ചാമൻ മാർപ്പാപ്പാ, 1608–ൽ (അന്നു് പോർച്ചുഗൽ സ്പാനിഷ് രാജാവിൻെറ കീഴിലായിരുന്നു) ആഫ്രിക്കയിലും ഏഷ്യയിലും ഉണ്ടായിരുന്ന പോർച്ചുഗീസു കുത്തക അവസാനിപ്പിച്ചു്, അവിടെയുണ്ടായിരുന്ന മതപ്രചരണ രംഗങ്ങൾ സ്പാനിഷ് ഡൊമിനിക്കൻസിനു തുറന്നുകൊടുക്കുകയും പോർച്ചുഗീസുകാരുടേതല്ലാത്ത കപ്പലുകളിൽ യാത്ര ചെയ്യുവാൻ അവരെ അനുവദിക്കുകയും ചെയ്തു. 1633–ൽ മററു സന്ന്യാസസഭക്കാക്കും 1673-ൽ ശ്രുപതാവൈദികക്കും ഈ അനുവാദം നല്കി. മാർത്തോമ്മാക്രിസ്ത്യാനികളും പോർച്ചുഗീസ് ജസ്യൂട്ടരുമായുള്ള ദീർഘസമരത്തിൽ, ഇതര സന്ന്യാസസഭക്കാക്കുവേണ്ടിയുള്ള അഭ്യർത്ഥനകൾ ആവർത്തിച്ചാവർത്തിച്ചുണ്ടായിരുന്നതു് സ്മരണീയമാണു്. അതിൻെറ ഫലമായിട്ടാണു്, പതിനെട്ടാം നൂററാണ്ടിൻെറ ആരംഭത്തിൽ യൂറോപ്യൻ ഡൊമിനിക്കൻ സന്ന്യാസിമാർ കടുത്തുരുത്തിയിൽ വന്നിറങ്ങുകയും ഒരു സിമ്മനാരി സ്ഥാപിക്കുകയും ചെയ്തതു്. ഏഷ്യയുടെ ഇതര ഭാഗങ്ങളിലും ആഫ്രിക്കയിലും, ഫ്രഞ്ചുകാരും ഇററാലിയരും ആയ വിവിധ സന്ന്യാസസഭകൾ മിഷ്ൻപ്രവർത്തനം ഏറെറടുത്തു.

## പ്രൊപ്പഗാന്തായുടെ മുന്നേററം

പോർച്ചുഗീസുജസ്യൂട്ട കുത്തക അവസാനിക്കുവാനുണ്ടായ മറെറാരു കാരണം, 1622–ൽ പ്രൊപ്പഗാന്ത തിരുസ്സംഘം സ്ഥാപിച്ചതും അതിൻെറ ആഭിമുഖ്യത്തിൽ പല രാജ്യങ്ങളിലും മിഷ്ൻ പ്രവത്തനങ്ങൾ തുടങ്ങിയതുമാണു്. പ്രൊപ്പഗാന്ത സംഘത്തിൻെറ ആദ്യകാലസിക്രട്ടറി, കർദ്ദിനാൾ ഫ്രാൻസിസ്ക്കോ ഇംഗോളി ആയിരുന്നു. 1622 മുതൽ 1650 വരെ സിക്രട്ടറി ആയിരുന്ന അദ്ദേഹം പദ്രവാദോയുടെ ബദ്ധശത്രുവായിരുന്നു. പോർച്ചുഗീസ് അധീനതയിലുള്ള മിഷ്ൻരംഗങ്ങളുടെ കൂലങ്കഷമായ സ്ഥിതിവിവരക്കണക്കുകൾ ശേഖരിച്ചു് സഭാഭരണമണ്ഡലങ്ങളിൽ പ്രചരിപ്പിച്ചു. രാഷ്ട്രീയതാല്പര്യങ്ങൾ മുൻനിർത്തിയുള്ള മെത്രാന്മാരുടെ നിയമനങ്ങൾ, നിയമനമില്ലാതെ ദീർഘനാളായി ഒഴിഞ്ഞുകിടക്കുന്ന മെത്രാസനങ്ങൾ, രാജശാസനകൾക്കു നല്കുന്ന കാനോ

www.malankaralibrary.com

നീകസ്ഥാനം, പണമില്ലാത്തതുകൊണ്ടു് പണിയാത്ത ദേവാലയങ്ങാം, അററകുററപ്പണി നടത്താത്ത സ്ഥാപനങ്ങാം, സ്വദേശികളെ, വൈദികരാക്കുന്നതിൽ എതിപ്പ്, നിർബന്ധിതമതപരിവർത്തനങ്ങാം, മററു സന്ന്യാസസഭകളോടു് ജസ്യൂട്ടുകൾക്കുള്ള നിസ്സഹകരണം, ഇങ്ങനെ അക്കമിട്ട ദീർഘമായ കുററപത്രം റോമൻ ഭരണമണ്ഡലങ്ങളിൽ പ്രചരിപ്പിച്ചു.

പദ്രവാദോ അടങ്ങിയിരുന്നില്ല. പോർച്ചുഗലിലെ ജോൺ നാലാമൻരാജാവു്, പ്രൊപ്പഗാന്ത അയയ്ക്കുന്ന മിഷ്നറിമാരെ സ്വീകരിക്കരുതെന്നു് വൈസ്രോയിമാർക്കും ഗവർണ്ണർമാർക്കും കല്പനകൊടുത്തു. 1640 മുതൽ 1700 വരെ പോർച്ചുഗീസുരാജാക്കന്മാർ പദ്രവാദോയെ നിലനിർത്താനും പ്രൊപ്പഗാന്തയുടെ നീക്കങ്ങളെ തടയുവാനും അക്ഷീണശ്രമം ചെയ്തുകൊണ്ടിരുന്നു. പ്രൊപ്പഗാന്ത അയയ്ക്കുന്ന വികാരി അപ്പസ്തോലിക്കമാരോടായിരുന്നു വലിയ എതിപ്പ്. 1666 മുതൽ 1668 വരെ ഇൻഡ്യയിലെ പോർച്ചുഗീസുവൈസ്രോയി ആയിരുന്ന സാവോ വിൻസൻറുപ്രഭു, റോമിലുള്ള കർദ്ദിനാറാം ഒർസീനിക്കെഴുതി, "പോർച്ചുഗൽരാജാവു് അയയ്ക്കാത്ത ഏതെങ്കിലും മെത്രാന്മാർ ഇൻഡ്യയിൽ വരുകയാണെങ്കിൽ, അവരെ ഗോവയിൽവെച്ചു പരസ്യമായി തൂക്കിലിട്ടുകൊല്ലുമെന്നും അവരെ രക്തസാക്ഷികളായ വിശുദ്ധന്മാരായി പ്രൊപ്പഗാന്ത പ്രഖ്യാപിക്കുന്നതിൽ യാതൊരു കുസലുമില്ലെന്നും".

പതിനെട്ടാം നൂററാണ്ടാകുമ്പോറാം, പോർച്ചുഗീസുകാരുടെ പല്ലും ശൗര്യവും പോയിക്കഴിഞ്ഞു; കുരപോലും ഇല്ലാതായി. മതപ്രചരണധ്വജത്തിൽ പാറിപ്പറക്കുന്നതു് പ്രൊപ്പഗാന്തയുടെ പതാകയാണു്. സേവനസന്നദ്ധതയുടെ യാചനയുമായി കേരളസഭയുടെ കഴുത്തിൽ അമന്നിരുന്ന കടൽക്കിഴവനായിരുന്നു ഇററാലിയൻ കർമ്മലീത്താ മിഷ്നറിമാർ. അവരുടെ ഭരണം ആരംഭിക്കുന്നതു് എ. ഡി. 1700 മുതലാണു്.

www.malankaralibrary.com

# മൂന്നാം അദ്ധ്യായം

# കേരളസഭ
# പോർച്ചുഗീസുകാർ വന്നപ്പോൾ

വാസ്കോഡിഗാമാ കേരളത്തിൽ എത്തിയതു് 1498–ലാണല്ലോ. മാർത്തോമ്മാക്രിസ്ത്യാനികളുടെ മഹാമനസ്കതയും ഔദാര്യവും അരനൂററാണ്ടുകാലത്തെ സൗഹാർദ്ദത്തിനു വഴിതെളിച്ചു. അതേത്തുടർന്നു്, പോർച്ചുഗീസുരാജ്യത്തിന്റെ സൈനികവും, മതപരവും സാംസ്കാരികവുമായ ഒരു ആക്രമണം തന്നെ ഉണ്ടായി. തോമ്മാക്രിസ്ത്യാനികളെപ്പററി അറിയുവാനും അവരുമായി സമ്പർക്കം പുലർത്തുവാനും അവരുടെ സഭാകാര്യങ്ങളിൽ ഇടപെടാനും തുടങ്ങിയതു്, പെട്ടെന്നായിരുന്നു. പോർച്ചുഗീസുകാർ, അവരുടെ മിഷ്നറിമാർ ഉൾപ്പെടെ, പൌരസ്ത്യസഭകളെപ്പററി തീർത്തും അജ്ഞരും കടുത്ത മുൻവിധിയുള്ളവരുമായിരുന്നു. വിശാലഭാരതത്തിൽ തങ്ങളെപ്പോലെ ക്രിസ്ത്യാനികളുണ്ടെന്നുള്ളതു് അവരെ സന്തോഷിപ്പിച്ചു. എന്നാൽ തങ്ങളിൽനിന്നും വ്യത്യസ്തമായ സുറിയാനിക്കർമ്മങ്ങളും സാമൂഹ്യാചാരങ്ങളും കണ്ടപ്പോൾ, അതു് ഉന്മൂലനം ചെയ്യുവാനാണു് അവർ ഉദ്ദേശിച്ചതു്. അവ ഗ്രീക്കോ, അർമേനിയനോ മററു് എന്തൊക്കയോ ആണെന്നു് അവർ ധരിച്ചു. തങ്ങളുടേതുപോലല്ലാത്തതെല്ലാം തെററും പരിത്യാജ്യവുമാണെന്ന മുൻവിധി അവരുടെ വീക്ഷണത്തെ കലുഷിതമാക്കിയിരുന്നു.

## 1. ബാബിലോണിയൻ ബന്ധങ്ങൾ— പോർച്ചുഗീസുകാർ വരുമ്പോൾ

കേരളസഭയ്ക്കുണ്ടായിരുന്ന ബാബിലോണിയൻബന്ധം ഒരു മെത്രാന്റെ പരിമിതമായ ആവശ്യത്തെമാത്രം ആസ്പദമാക്കിയുള്ളതായിരുന്നു; എന്നാൽ ആ ആവശ്യമാകട്ടേ, കൂദാശകളുടെ കൈകാര്യത്തിനുവേണ്ടിമാത്രവും. കേരളസഭയുടെ ഭരണം നടത്തിയിരുന്നതു് പകലോമററം കുടുംബത്തിലെ അർക്കദിയാക്കോന്മാരായിരുന്നു: പട്ടവും മാമ്മോദീസായും

www.malankaralibrary.com

കൊടുത്തിരുന്നതു് ബാബിലോണിയൻ മെത്രാന്മാരും. മത ബോധനത്തിന്റെ ചുമതല മെത്രാന്മാരും വൈദികരും കൂടി യാണു് നിർവ്വഹിച്ചുപോന്നതു്. ജനങ്ങളുടെ മതവിശ്വാസം പരമ്പരാഗതമായിരുന്നതുകൊണ്ടു്, പുതിയ വിശ്വാസം അടി ച്ചേല്പിക്കുവാനും, പഴയ വിശ്വാസം ഭേദപ്പെടുത്തുവാനും എളു പ്പമായിരുന്നില്ല. തോമ്മായുടെ പ്രമാണം അന്യൂനമായി സൂക്ഷിക്കേണ്ടതു് വൈദികരുടെയും ജനങ്ങളുടെയും കർത്തവ്യ മായി വിശ്വസിച്ചിരുന്നു.

## 2. ബാബിലോണിയൻ മെത്രാന്മാർ

ഈ ബാബിലോണിയൻ ബന്ധത്തിന്റെ ഒരു നാഴികക്ക ല്ലാണു്, ഒരു മെത്രാനുവേണ്ടി 1490-ൽ പാത്രിയർക്കീസിന്റെ പക്കൽപ്പോയ കേരളനിവേദകസംഘം. മൂന്നു പേരാണു് ആ സംഘത്തിലുണ്ടായിരുന്നതു്. അവരിലൊരാളായ മത്തായി വഴിക്കുവച്ചു മരിച്ചു. ശേഷിച്ച ജോസഫും വറുഗീസും, അന്ന ത്തെ പാത്രിയർക്കീസായിരുന്ന സൈമൺ III-ാമനെ കണ്ടു് ഒരു മെത്രാനുവേണ്ടിയുള്ള അപേക്ഷ സമർപ്പിച്ചു. സന്തുഷ്ടനായ പാത്രിയർക്കീസ്, അവർക്കു രണ്ടുപേർക്കും വൈദികപട്ടം നല്കി. അവരോടൊപ്പം, വി. എവുജിന്റെ സന്ന്യാസാശ്രമത്തിൽ നിന്നും തിരഞ്ഞെടുത്ത രണ്ടുപേരെ, മാർത്തോമ്മാ, മാർ യോഹന്നാൻ എന്നീ സ്ഥാനപ്പേരുകളോടുകൂടി അഭിഷേകം ചെയ്തു് കേരളത്തിലേയ്ക്കയച്ചു. ഇതു് വാസ്കോഡിഗാമാ ഇൻഡ്യയിൽ എത്തുന്നതിനു് എട്ടുവർഷം മുമ്പാണു്.

ഒരു മെത്രാനുവേണ്ടി ആററുനോററിരുന്ന കേരളസഭ യിലെ വൈദികരും ജനങ്ങളും പുതിയ മെത്രാന്മാരെ ആഹ്ലാദ പൂർവ്വം സ്വീകരിച്ചു. അവരെ ദേവാലയത്തിലേയ്ക്കു് ആനയി ച്ചതു്, കുരിശു്, സുവിശേഷഗ്രന്ഥം, മെഴുകുതിരി, ധൂപാർപ്പണം എന്നീ സ്ഥാനോചിതങ്ങളായ ബഹുമാനത്തോടും, സങ്കീർത്ത നാലാപത്തോടുമാണു്. പുതിയ മെത്രാന്മാരുടെ പ്രധാന ജോലി വൈദികവിദ്യാർത്ഥികൾക്കു് പട്ടം കൊടുക്കുകയും ബലിപീഠങ്ങൾ ആശീർവദിക്കുകയും ആയിരുന്നു. 1492-ൽ മാർത്തോമ്മാ ബാബിലോണിലേയ്ക്കു് മടങ്ങിപ്പോയി. കേരള ത്തിലെ പള്ളികളും, ജനങ്ങളും പാത്രിയർക്കീസിനു് നല്കിയ വിലയേറിയ സമ്മാനങ്ങളുമായി ഫാ. ജോസഫും അദ്ദേഹ ത്തെ അനുഗമിച്ചു. ഇവരെക്കൂടാതെ പാത്രിയർക്കീസിനു വേണ്ടി ഒരു മലയാളി പാചകനെയും കൂടെക്കൊണ്ടുപോയി

www.malankaralibrary.com

രുന്നു1. പാത്രിയർക്കീസിനെപ്പോലും, പാചകരെ കിട്ടുവാൻ പ്രയാസം ഉണ്ടായിട്ടോ, കേരളസുറിയാനിക്കാരുടെ പ്രസിദ്ധമായ പലഹാരങ്ങളുടെയും, കറികളുടെയും രുചിയും ഗുണവും പാത്രിയർക്കീസുകൂടി അറിയട്ടെ എന്നു കരുതിയോ ആയിരിക്കാം മലയാളി പാചകനെക്കൂടി കൊണ്ടുപോയതു്.

1493-ൽ ഫാ. ജോസഫ് കേരളത്തിൽ മടങ്ങിവന്നു. 1503-ൽ മാർത്തോമ്മായും തിരിച്ചെത്തി. അദ്ദേഹത്തിന്റെ കൂടെ അന്നത്തെ പാത്രിയർക്കീസായിരുന്ന ഏലിയാ IV-ാമൻ മെത്രാൻപട്ടം കൊടുത്ത മാർ യാബ് ആലാഹാ, മാർ ദെനഹാ, മാർ യാക്കോബ് എന്ന മൂന്നു മെത്രാന്മാരും ഉണ്ടായിരുന്നു. ഇവർ പോർച്ചുഗീസുകാരെ കണ്ടശേഷം, പാത്രിയർക്കീസിനു്, അയച്ചുന്ന എഴുത്തു് ചരിത്രപ്രാധാന്യമുള്ളതാണു്. പോർച്ചുഗീസ്കാരുടെ സൗഹാർദ്ദത്തെപ്പറ്റി ആ കത്തിൽ കൃതജ്ഞതാപൂർവ്വം പ്രശംസിച്ചിട്ടുണ്ടു്.

കണ്ണൂരിൽ 20 പോർച്ചുഗീസുകാർ ഉണ്ടെന്നും അവരോടു കൂടി രണ്ടരമാസം താമസിച്ചുവെന്നും അവരുടെ ചാപ്പലിൽ കർബാന ചൊല്ലിയെന്നും അവർ വിലകൂടിയ സമ്മാനങ്ങൾ മെത്രാന്മാർക്കു് നല്കിയെന്നും പറയുന്നു. ആ കത്തിലെ മററു ചില വിവരങ്ങൾ താഴെ ചേർക്കുന്നു. കേരളത്തിൽ ഏകദേശം 20 പട്ടണങ്ങൾ ഉണ്ടു്. അവയിൽ പ്രധാനപ്പെട്ടവ ക്രിസ്ത്യാനികൾ തിങ്ങിപ്പാർക്കുന്ന കൊടുങ്ങല്ലൂരും കൊല്ലവും പാലയ്യൂരുമാണു്. മാർത്തോമ്മാക്രിസ്ത്യാനികളുടെ മുപ്പതിനായിരം കുടുംബങ്ങൾ ഉണ്ടു്. അവരുടെ വിശ്വാസവും ബാബിലോണിയൻ വിശ്വാസവും ഒന്നാണു്. ജനങ്ങൾ വളരെ ശാന്തരും സമാധാനപ്രിയരുമാണു്. അവർക്കു് നല്ല കഴിവുള്ളതുകൊണ്ടു്, ഇപ്പോൾ അവർ പള്ളികൾ പണിയുവാൻ തുടങ്ങിയിരിക്കുന്നു. മൈലാപ്പൂരിലുള്ള 'ബേഥ്തോമ്മാ' (തോമ്മായുടെ വീടു്) പുനരുദ്ധരിക്കാൻ തുടങ്ങിയിട്ടുണ്ടു്. കേരളത്തിൽ നിന്നും അവിടെയെത്തുന്നതിനു് ഇരുപത്തിനാലു് ദിവസത്തെ യാത്ര വേണം2.

ഈ കത്തു് മോസലിൽ ചെല്ലുമ്പോൾ ഏലിയാസ് പാത്രിയർക്കീസു് ദിവംഗതനായിരുന്നു. അദ്ദേഹത്തിന്റെ

1. Giamil S., Genuinae Realationes, 1902, P. 585-86.
2. Giamil, P. 590-96.

www.malankaralibrary.com

പിൻഗാമി, സൈമൺ IV–ാമനാണ് ആ കത്തു കിട്ടിയതു്. കേരളത്തിൽ മേല്പറഞ്ഞ മൂന്നു മെത്രാന്മാർ വന്നപ്പോഠം സഭയെ ഭരിച്ചിരുന്നതു് മാർത്തോമ്മായോടുകൂടി കേരളത്തിൽ വന്ന മാർ യോഹന്നാനായിരുന്നു. ''പുതിയ മെത്രാന്മാരുടെ വരവോടുകൂടി, കേരളത്തിൽ ഒരു സുറിയാനി ഹൈരാക്കി സ്ഥാപിക്കപ്പെട്ടു. മാർ യാബ് ആലാഹാമെത്രാപ്പോലീത്തായും മാർ യോഹന്നാൻ, മാർ ദനഹാ, മാർ യാക്കോബ് ഇവർ മൂന്നു പേരും സാമന്തമെത്രാന്മാരുമായിരുന്നു''3. ഈ ഹൈരാക്കിയുടെ ദേശീയപുനരുദ്ധാരണമാണ് 1922–ൽ എറണാകുളത്തു വച്ചുനടന്നതു്. അതിനു് ഏകദേശം 400 വഷം വേണ്ടിവന്നുവെന്നു ചിന്തിക്കുമ്പോഠം, വിദേശമിഷ്നറിമാരുടെ കയ്യാങ്കളിയെപ്പററി വിശേഷിച്ചു് പറയേണ്ടതില്ലല്ലോ. മാർ യോഹന്നാൻ 1504–ൽ മരിച്ചു. മാർ യാബാലാഹാ, മാർ ദനഹാ, എന്നിവരെപ്പററി കൂടുതലൊന്നും അറിയുന്നില്ല. അവർ ചൈനയിലേയ്ക്കാ ജാവാദ്വീപിലേയ്ക്കോ പോയിരിക്കാം. മാർ യാക്കോബ് ഏകനായി കേരളസഭ ഭരിക്കുന്നതായിട്ടാണ് അപ്പോഠം നാം കാണുന്നതു്.

## പോർച്ചുഗീസുകാർ കണ്ട മാർത്തോമ്മാക്രിസ്ത്യാനികൾ.

### കൊടുങ്ങല്ലൂർ

'കോഴിക്കോട്ടേയ്ക്കുള്ള യാത്ര' എന്ന ഗ്രന്ഥത്തിൻെറ കത്താവു്, വാസ്ക്കോഡിഗാമായും നസ്രാണിപ്രതിനിധികളുമായുള്ള സംഭാഷണത്തിൽ സന്നിഹിതനായിരുന്ന ആളാണ്. അദ്ദേഹം പറയുന്നു, ''നവംബർ 2–ാം തീയതി (1498) ഞങ്ങഠം കോഴിക്കോട്ടുനിന്നും അറുപതുമൈൽ ദൂരത്തുള്ള കൊല്ലത്തേയ്ക്കു യാത്രതിരിച്ചു. രണ്ടു പട്ടണങ്ങളുടേയും ഇടയ്ക്കു് *ഒരു ക്രിസ്തീയ ദേശമായ കൊടുങ്ങല്ലൂരുണ്ടു്. അവിടെ വളരെയധികം ക്രിസ്ത്യാനികളുമുണ്ടു്............അവർ മററുള്ളവരുമായി ഇടപെടാറില്ല. അവർ നല്ല ക്രിസ്ത്യാനികളാണ്. കടമുള്ള ദിവസങ്ങളിൽ കച്ചവടം നടത്തുകയില്ല. ക്രിസ്ത്യാനികളിൽനിന്നല്ലാതെ, മററുള്ളവരിൽനിന്നും അവർ ഭക്ഷ്യപാനീയങ്ങഠം വാങ്ങിക്കഴിക്കാറില്ല. അവർ സ്വമനസ്സാലെ ഞങ്ങളുടെ കപ്പലുകളിൽ വന്നു: കോഴികളേയും ആടുകളേയും തന്നു് ഞങ്ങളെ സന്തോഷിപ്പിച്ചു............4

3. Tisserant, P. 30.
* അടിവര ഗ്രന്ഥകത്താവിൻേറതു്.
4. Ferroli, Vol. I, P. 99.

www.malankaralibrary.com

## കൊല്ലം

എ. ഡി. 1502-ൽ ആണ് വാസ്കോഡിഗാമ വീണ്ടും കൊല്ലത്തുവരുന്നത്; അദ്ദേഹത്തിന്റെ കുറിപ്പിൽ ഇപ്രകാരം കാണുന്നു, "ഞങ്ങൾ കൊല്ലത്തു വന്നപ്പോൾ വളരെയേറെ ക്രിസ്ത്യാനികൾ ഞങ്ങളെ കാണാൻവന്നു. രണ്ടു കപ്പലുകൾ നിറയെ ഞങ്ങൾക്കു സുഗന്ധദ്രവ്യങ്ങൾ തന്നു. അവിടെ ഇരുപത്തയ്യായിരം ക്രിസ്ത്യാനികളുണ്ട്. യഹൂദന്മാരെപ്പോലെ അവരും ഞങ്ങൾക്കു കാഴ്ചകൾ തന്നു. അവക്കായി മൂന്നൂറോളം പള്ളികൾ ഉണ്ട്; ശ്ലീഹന്മാരുടേയും മററു വിശുദ്ധരുടേയും നാമത്തിലാണവ"5.

## കൊച്ചി

മേൽപറഞ്ഞതു് കൊടുങ്ങല്ലൂരിലേയും കൊല്ലത്തേയും മാർത്തോമ്മാക്രിസ്ത്യാനികളുടെ സ്ഥിതിയാണ്. സുറിയാനി ക്രിസ്ത്യാനികൾ തിങ്ങിത്താമസിച്ചിരുന്ന കൊച്ചിയിലും ഇതുപോലൊരു സന്ദർശനം 1502-ൽ നടന്നു. അതേപ്പററി മാനുവൽ ഡിസൂസ അദ്ദേഹത്തിന്റെ 'ഇൻഡ്യാപോർച്ചുഗീസാ' എന്ന ഗ്രന്ഥത്തിൽ എഴുതുന്നു, "കൊച്ചിയിൽവച്ച്, വാസ്കോഡിഗാമാ, അവിടെയും ചുററുമുള്ള പ്രദേശങ്ങളിലേയും ക്രിസ്ത്യാനികളുടെയും പ്രതിനിധികളെ സ്വീകരിച്ചു. അവരുടെ *തലസ്ഥാനനഗരം കൊടുങ്ങല്ലൂർ ആണ്. ജനസംഖ്യയിൽ അവർ മുപ്പതിനായിരത്തോളംവരും. അവരുടെ പൂർവ്വികന്മാരെ മാർത്തോമ്മാശ്ലീഹായാണ് ക്രിസ്ത്യാനികളാക്കിയതു്. വൈദികഭരണാധിപൻ അർമേനിയൻ (Babylon) പാത്രിയർക്കീസാണ്. അക്രൈസ്തവരായ ആളുകൾ അവരെ വളരെയധികം ഞെരുക്കുന്നുണ്ട്. വാസ്കോഡിഗാമ യൂറോപ്പിലെ ഏററവും കത്തോലിക്കനായ രാജാവിന്റെ ഉദ്യോഗസ്ഥനാണെന്നു തങ്ങൾ അറിയുന്നതുകൊണ്ട് അദ്ദേഹത്തിനു് നീതിയുടെ ചെങ്കോൽ സമർപ്പിച്ചുകൊണ്ട് വിധേയരാകുന്നു. ഈ ചെങ്കോൽ ചെമപ്പുനിറത്തിലുള്ളതും ഒരററത്തു് വെള്ളികെട്ടിയതും ആയിരുന്നു. വെള്ളികെട്ടിയ ഭാഗത്തു് മൂന്നു ചെറിയ മണികൾ ഉണ്ടായിരുന്നു. (ഗാമാ) ശക്തമായ സംരക്ഷണം അവക്ക് നല്കാമെന്നുള്ള ഉറപ്പോടെ അവരെ പറഞ്ഞ

5. Ibid, P. 100.

* അടിവര ഗ്രന്ഥകർത്താവിന്റേതു്.

www.malankaralibrary.com

യച്ചു''6. പോർച്ചുഗീസുകാരുടെ സംരക്ഷണം അഭ്യർത്ഥിച്ചതിനെപ്പററി കെ. എം. പണിക്കർ പറയുന്നതിപ്രകാരമാണ്. ''മാർത്തോമ്മാക്രിസ്ത്യാനികൾ ഈ അഭ്യർത്ഥന നടത്തിയപ്പോൾ അവർ തങ്ങളുടെമേൽതന്നെ ബന്ധനങ്ങളുടെ ഭീകരാധിപത്യം ക്ഷണിച്ചുവരുത്തുകയാണെന്നും അതു് ഉദയംപേരൂർ സൂനഹദോസ്സിൽ മൂർദ്ധന്യത്തിലെത്തുമെന്നും ലവലേശം വിചാരിച്ചിരുന്നില്ല''7. എന്നാൽ ഒരേ മതവിശ്വാസത്തോടും തീക്ഷ്ണമായ പ്രേഷിതാരൂപിയോടുംകൂടിവന്ന മിഷ്നറിമാരിൽ നിന്നു് കേരളത്തിലെ മാർത്തോമ്മാക്രിസ്ത്യാനികൾക്കു് അങ്ങനെ ഒരു വിപത്തു പ്രതീക്ഷിക്കുവാൻ നിവൃത്തിയില്ലായിരുന്നു — പ്രത്യേകിച്ചും ആദ്യഘട്ടത്തിലെ സൗഹാർദ്ദത്തിൽ.

മാർത്തോമ്മാക്രിസ്ത്യാനികൾ തങ്ങളെത്തന്നെ പോർച്ചുഗീസുകാർക്കു് പരിചയപ്പെടുത്തിയതിനെപ്പററി കാര്യസമ്പൂർണ്ണമായും എന്നാൽ സംഗ്രഹിച്ചും കേരളപ്പഴമയിൽ കൊടുത്തിട്ടുണ്ടു്: ''കപ്പിത്താൻ (പോർച്ചുഗീസ്) വിവരം ചോദിച്ചപ്പോൾ അവർ (നസ്രാണികൾ) തങ്ങളുടെ പഴമ (പാരമ്പര്യം) എല്ലാം പറഞ്ഞു. തോമ്മാശ്ലീഹാ ഈ രാജ്യത്തിൽ വന്നു് പള്ളികളെ ഉണ്ടാക്കിയെന്നു് കേട്ടിരിക്കുന്നു. പള്ളിയിൽ ഞങ്ങൾക്കു് ബിംബമില്ല: ക്രൂശ (കുരിശ) ഉള്ളൂ. ഇപ്പോൾ (മുൻപ് സ്വജാതിമെത്രാന്മാരോ പേർഷ്യൻ മെത്രാന്മാരോ?) നമുക്കു് മെത്രാന്മാരെ അയയ്ക്കുന്നതു് സുറിയായിലെ കതോലിക്കോസ്തന്നെ. പട്ടക്കാർക്കു് 'കുടുമ്മ'തന്നെ പട്ടമാകുന്നു. കുട്ടികളെ സ്നാനം ചെയ്യുന്നതിന്നു് 40 നാൾ വേണം. മരിച്ചാൽ 8-ാം ദിവസത്തിൽ പുല നീക്കും. ഒന്നാം ജൂലായിൽ തോമാവിൻ ഉത്സവം പ്രധാനം. വേദപുസ്തകങ്ങളും വ്യാഖ്യാനങ്ങളും വളരെയുണ്ടു്. ഞങ്ങളുടെ വിദ്വാന്മാർ അതു നോക്കി കുട്ടികളെ പഠിപ്പിക്കുന്നു. *ഈ കൊടുങ്ങല്ലൂരിൽതന്നെ ഞങ്ങൾ പണ്ടുമുതലേ കുടിയേറിയിരിക്കുന്നു. യഹൂദരും, മിസ്രു (ഈജിപ്റ്റുകാർ), പാർസി (പേർഷ്യക്കാർ), അറവി (അറബികൾ) മുതലായ കച്ചവടക്കാരുമുണ്ടു്. ഞങ്ങൾക്കും കച്ചവടംതന്നെ വൃത്തിയാകുന്നതു്: അതിന്നു് കൊടുങ്ങല്ലൂർരാജാവിന്നു് കപ്പം കൊടുക്കുന്നു''8.

6. Qtd. Ferroli, Vol. I, P. 100.
7. K. M. Panikkar, History of Kerala, 1498-1801, 1960, P 161.
* അടിവര ഗ്രന്ഥകർത്താവിന്റേതു്.
8. H. ഗുണ്ടർട്ടു്, കേരളപ്പഴമ, 1868, P. 20-21.

www.malankaralibrary.com

കേരളനസ്രാണികളുടെ കപ്പൽവഴിയുള്ള കച്ചവടം ചൈനാവരെ എത്തിയിരുന്നുവെന്ന് ഇന്ത്യാക്കാരനായ ജോസഫിൻെറ പുസ്തകത്തിലുണ്ട്. 16-ാം നൂററാണ്ടിലെ ഈ കേരള സുറിയാനിവൈദികൻ, യൂറോപ്യൻ പര്യടനം കഴിഞ്ഞു് കൊടുങ്ങല്ലൂർ പള്ളിയുടെ വികാരിയായി. കേരള നസ്രാണികളുടെ ഈ കച്ചവടത്തെ സഹായിച്ചതു് ചൈനായിലുള്ള സുറിയാനിക്രിസ്ത്യാനികളായിരുന്നു. ആ പുസ്തകത്തിൽ ഇപ്രകാരം കാണുന്നു, ''പണ്ടു് മഹാചീനത്തുനിന്നും മലയാളത്തിലേയ്ക്കു് കപ്പൽ നിത്യം വരാറുണ്ടു്. അപ്പോൾ ചീനത്തിലുള്ള തരീസാ സഭക്കാർ (സുറിയാനിക്കാർ) പട്ടു്, തുത്തനാകം, ഈയം, കസ്തൂരി മുതലായവ കൊണ്ടുവന്നു് ഇറക്കി വ്യാപാരം ചെയ്യും. എങ്കിലും താമൂരി (സാമൂതിരി) ചേനകമാപ്പിളമാരെ ആശ്രയിച്ചു്, അവക്കു് അപ്രിയം കാട്ടിയപ്പോൾ അവർ നങ്കൂരം എടുത്തുകൊണ്ടുപോയി. കറേക്കാലം കഴിഞ്ഞാറെ, പിന്നെ സന്നാഹങ്ങളോടെവന്നു് കോഴിക്കോട്ടിൽ വളരെ നാശം ചെയ്തു. അന്നുമുതൽ അവർ ഇങ്ങോട്ടു മടങ്ങിവന്നില്ല. ചോഴമണ്ഡലത്തു് മൈലാപ്പൂരിയോളമേ ചീനക്കപ്പൽ ഓട്ടകയുള്ളു''9.

1503-ൽ ആൽഫോൺസ് അൽബുക്കെക്ക് കൊല്ലം റാണിയുടെ ക്ഷണപ്രകാരം കൊല്ലത്തെത്തി. അദ്ദേഹം റാണിയുമായി ഏപ്പെട്ട ഉടമ്പടിയിൽ മാർത്തോമ്മാക്രിസ്ത്യാനികളുടെ പുരാതനമായ അവകാശങ്ങൾ സംരക്ഷിക്കണമെന്നു വ്യവസ്ഥചെയ്തിരുന്നു. എന്നാൽ അവരുടെ നിയമനിർവ്വാഹകനായി നിയമിച്ചതു് 'ആൻറണിസാ' എന്നൊരു പോർച്ചുഗീസുകാരനെയാണു്. 9-ാം നൂററാണ്ടിൽ മാർ സാബോറും മാർ പ്രോത്തും പണിയിച്ച ദേവാലയം അവിടെ ഉണ്ടായിരുന്നു. വൈദികസേവനം വളരെനാളായി ഇല്ലാതിരുന്നതിനാൽ, പ്രായപൂർത്തിയായിട്ടും മാമ്മോദീസാ സ്വീകരിച്ചിട്ടില്ലാത്ത നിരവധിപേർ മാർത്തോമ്മാക്രിസ്ത്യാനികളുടെ ഇടയിലുണ്ടായിരുന്നു. അവരെയെല്ലാം 'റൊഡ്റിഗോ' (Rodrigo) എന്നൊരു ഡൊമിനിക്കൻ സന്ന്യാസി സ്നാനപ്പെടുത്തി. എന്നാൽ നൊയമ്പ്കാലത്തും വർജ്ജനദിവസങ്ങളിലും മത്സ്യം തിന്നുവാനും വിഭൂതിബുധനാഴ്ച മുതൽ വലിയ നൊയമ്പ് ആചരിക്കുവാനും കുർബ്ബാനയ്ക്കു് പുളിക്കാത്ത അപ്പം

---

9. Ibid, P. 21.

www.malankaralibrary.com

ഉപയോഗിക്കുവാനും പോർച്ചുഗീസുമിഷ്യനറിമാർ നിർബന്ധം ചെലുത്തിയപ്പോൾ, അവർ ആ സ്ഥലംവിട്ട്, മലമ്പ്രദേശങ്ങളിലേയ്ക്കുപോയി, ഹിന്ദുക്കളുടെയിടയിൽ താമസിച്ചുവെന്ന്, സമകാലികനായ മാനുവൽ ഡിസൂസ പറയുന്നു10.

1504-ൽ വന്ന സ്വാരസ്സ് മെനേസിസ് കൊടുങ്ങല്ലൂർ പട്ടണംപിടിച്ച്, അതു ചുട്ടുകളയുവാൻ നിശ്ചയിച്ചു. അപ്പോൾ അവിടെയുണ്ടായിരുന്ന ക്രിസ്ത്യാനികൾ അദ്ദേഹത്തിന്റെ അടുക്കൽചെന്ന്, അവിടെ ക്രിസ്ത്യാനികളായി ധാരാളം ആളുകളും, അവക്ക് മാതാവിന്റെയും അപ്പസ്തോലന്മാരുടെയും നാമത്തിൽ പല പള്ളികളും ഉണ്ടെന്നും, അതിനാൽ കൊടുങ്ങല്ലൂർ പട്ടണം ചുട്ടുകളയരുതെന്നും സങ്കടം ബോധിപ്പിച്ചു. മെനേസിസ് മനസ്സലിഞ്ഞ്, അവരുടെ അപേക്ഷ അനുവദിച്ചു: അങ്ങനെ അവിടത്തെ ക്രിസ്ത്യാനികൾ ആ നാശത്തിൽനിന്ന് രക്ഷപെട്ടു11.

പോർച്ചുഗീസുകാക്ക് കിട്ടിയ സമ്പർക്കം മാർത്തോമ്മാ ക്രിസ്ത്യാനികളുമായി മാത്രമല്ലായിരുന്നു. ബാബിലോണിൽ നിന്നുവന്ന അവരുടെ മെത്രാന്മാരുമായി പരിചയപ്പെടാനും അവക്ക് സാധിച്ചിട്ടുണ്ട്. എ. ഡി. 1504-ൽ പോർച്ചുഗീസുകാർ കണ്ണൂർ വന്നപ്പോൾ അവിടെയുണ്ടായിരുന്ന സുറിയാനി മെത്രാന്മാരുമായിട്ടു പരിചയപ്പെടുകയും മെത്രാന്മാർ രണ്ടരമാസത്തോളം അവരുടെ അതിഥികളായി താമസിക്കുകയും ചെയ്തു. ഇതിനെക്കുറിച്ച് മെത്രാന്മാർ എഴുതുന്നതിപ്രകാരമാണ്. ''കണ്ണൂർപട്ടണത്തിൽ പോർച്ചുഗീസുകാരായ ഏകദേശം ഇരുപതു പേരുണ്ട്. ഞങ്ങൾ ഒർമീസ് തുറമുഖത്തുനിന്ന് പുറപ്പെട്ട്, കണ്ണൂർ വന്നപ്പോൾ ഇവരെ കണ്ടുമുട്ടി. അവരോടു ഞങ്ങൾ ക്രിസ്ത്യാനികളാണെന്നും മെത്രാന്മാരാണെന്നുമുള്ള വിവരങ്ങൾ പറഞ്ഞു. അവർ അത്യധികമായ സന്തോഷത്തോടെയാണ്, അതു ശ്രവിച്ചതു്. ക്രിസ്തുവിനോടുള്ള സ്നേഹത്തെപ്രതി അവർ ഞങ്ങൾക്ക് മനോഹരങ്ങളായ വസ്ത്രങ്ങളും ഇരുപതു് സ്വർണ്ണനാണയങ്ങളും തന്നു ബഹുമാനിച്ചു. രണ്ടരമാസത്തോളം ഞങ്ങൾ അവരുടെകൂടെ താമസിച്ചു. നിശ്ചിതദിവസങ്ങളിൽ അവരോടുകൂടെ കുർബ്ബാന ചൊല്ലുവാനുള്ള സൗകര്യങ്ങളും തന്നു''12.

10. Qtd. Ferroli, Vol. I. P. 100.
11. Ibid, P. 100–101.
12. Giamil S., P. 594.

www.malankaralibrary.com

## ഇൻഡ്യയിലെ പോർച്ചുഗീസ് കേന്ദ്രങ്ങൾ

ചരിത്രകാരനായ ജെയിംസ് ഹ്യൂ പറയുന്നുണ്ട്, പോർച്ചുഗീസുകാർക്കു കുറച്ചു വകതിരിവും ബുദ്ധിയും ഉണ്ടായിരുന്നെങ്കിൽ ഗോവപോലുള്ള ഒരു പോർച്ചുഗീസ്കേന്ദ്രം കേരളത്തിലും ഉണ്ടാക്കുവാൻ കഴിയുമായിരുന്നെന്ന്. എന്നാൽ അതല്ല യഥാർത്ഥ കാരണം. മൗലികമായ ക്രൈസ്തവതത്വം അവരുടെ സാമൂഹ്യവും വ്യക്തിപരവും ആയ ജീവിതത്തിൽ കാണുവാനില്ലായിരുന്നുവെന്നതാണ് സാക്ഷാൽ ഹേതു. മതം ദുഷിച്ച് സങ്കീർണ്ണങ്ങളായ ബാഹ്യാചാരങ്ങളിൽ മാത്രമായി, ജീവനററ ജഡംപോലെ അവശേഷിക്കുമ്പോൾ, ചരിത്രത്തിൻെറ താളുകളിൽ അതു് കബറടങ്ങിയേ മതിയാവൂ. കേവലം ആദർശങ്ങളിൽമാത്രം അധിഷ്ഠിതമായ രാഷ്ട്രത്തിനും വന്നുകൂടുന്ന ദുർഗ്ഗതി ഇതുതന്നെ. ധനത്തിലും പ്രതാപത്തിലും സൈന്യശക്തിയിലും അതുല്യമായിരുന്ന പോർച്ചുഗീസ് ശക്തിയുടെ അന്ത്യംകുറിച്ചതും ഇതല്ലാതെ മറെറാന്നല്ല.

കേരളമണ്ണിൽ പോർച്ചുഗീസുസാമ്രാജ്യത്തിൻെറ വേരു പിടിക്കയില്ലെന്നു് അവർ മാർത്തോമ്മാക്രിസ്ത്യാനികളിൽ നിന്നും മനസ്സിലാക്കി. പിന്നെയാണ്, ഗോവയിലേയ്ക്കു തിരിഞ്ഞതു്. അവിടത്തെ മാർത്തോമ്മാക്രിസ്ത്യാനികളുടെ ചരിത്രം ഡാ. മസ്ക്രേനസ്സ് പറഞ്ഞിട്ടുണ്ട്[13]. പോർച്ചുഗീസുകാർ തങ്ങളുടെ സകല ശക്തികളും ഗോവായിൽ കേന്ദ്രീകരിച്ചു. ഗോവ, പോർച്ചുഗീസുസാമ്രാജ്യത്തിൻെറ പൌരസ്ത്യറാണിയായി അറിയപ്പെട്ടു-പ്രത്യേകിച്ചു പോർച്ചുഗീസു സംസ്ക്കാരത്തിൻെറ. എ. ഡി. 1583 മുതൽ 1589 വരെ ഗോവയിലുണ്ടായിരുന്ന Van Linschoten എന്ന സഞ്ചാരിയുടെ വിവരണമാണ് താഴെ കൊടുത്തിട്ടുള്ളതു്.

"ഇൻഡ്യയിൽ ഓരോ മതസ്ഥർക്കും അവരവരുടേതായ പള്ളികളും യഹൂദദേവാലയവും മഹമ്മദീയപള്ളികളും ഉണ്ടു്. എന്നാൽ പോർച്ചുഗീസുകാർ താമസിക്കുകയും ഭരിക്കുകയും ചെയ്യുന്ന സ്ഥലങ്ങളിൽ ഈ ദേവാലയങ്ങൾ പരസ്യമായി ഉപയോഗിക്കാനാവില്ല ............ അവരുടെ വീടുകളിൽ മാത്രമേ രഹസ്യമായി മതകർമ്മങ്ങൾ അനുഷ്ഠിക്കുവാൻ പാടുള്ളൂ ............ അറേബ്യാ, അർമ്മീനിയാ, പേർഷ്യാ, കാംബിയാ,

13. ഒന്നാം വാല്യം, P. 219-230.

www.malankaralibrary.com

ബംഗാൾ, പെഗു, സയാം, മലാക്കാ, ജാവാ, മൊളുക്കാ, ചൈനാ മുതലായ രാജ്യങ്ങളിൽനിന്നുള്ള കച്ചവടക്കാരെ ഗോവയിൽ ധാരാളമായി കാണാം ........ യുദ്ധത്തിൽ പിടിക്കപ്പെട്ടവരേയും അടിമകളായ പുരുഷന്മാരേയും സ്ത്രീകളേയും കുഞ്ഞുങ്ങളേയും പ്രായഭേദമില്ലാതെ ചന്തയിൽ കൊണ്ടുവന്നു നിരത്തിനിർത്തി കന്നുകാലികളെപ്പോലെ വില്ക്കുന്നു. അവക്കോരോരുത്തക്കും ഓരോ വിലയുണ്ട്. ഇഷ്ടമുള്ളവക്കു് അവരെ വിലകൊടുത്തു വാങ്ങാം........ഇവിടെ കുടുംബസഹിതം താമസിക്കുന്ന പോർച്ചുഗീസുകാർ പണമുണ്ടാക്കുന്നതു് ഈ അടിമകളെക്കൊണ്ടാണു്. അവരിൽ ചിലക്കു 12-ം 20-ം 30-ം അടിമകളുണ്ടു്. ഈ അടിമകളെ സൂക്ഷിക്കുവാൻ വലിയ ചെലവൊന്നുമില്ല. ജോലിക്കാവശ്യമുള്ളവക്കു് അടിമകളെ കൂലിക്കു കൊടുക്കും. ചെറുപ്പക്കാരായ അടിമകളെ ഉടുത്തൊരുക്കി ചന്തയിൽകൊണ്ടുപോയി വില്ക്കും''14. Will Durant എന്ന പ്രസിദ്ധ ചരിത്രകാരൻ ഗോവയെപ്പററി പറയുന്നതു്, പോർച്ചുഗീസു് ഇന്ത്യയിലെ ''സോദോം'' പട്ടണമെന്നാണു്; മക്കാവു് ചൈനയിലെ പോർച്ചുഗീസു് "സോദോം" എന്നും. ഇതായിരുന്നു പോർച്ചുഗീസുകാർ പൌരസ്ത്യദേശങ്ങളിൽ കൊണ്ടുവന്ന ക്രൈസ്തവസംസ്ക്കാരം.

14. Purchas, Vol. X, P. 230-31, 272.

www.malankaralibrary.com

# നാലാം അദ്ധ്യായം

# മാർ യാക്കോബ് 1504-1550

16-ാം നൂററാണ്ടിൻെറ ആരംഭത്തിൽ കൊടുങ്ങല്ലൂർ ആസ്ഥാനമായി കേരളസഭയെ ഭരിക്കുന്നതായി നാം കാണുന്നതു്, മാർ യാക്കോബിനെയാണ്. അദ്ദേഹം അവിടെ വച്ചെഴുതിയ സ്വന്തം കൈപ്പടയിലുള്ള പുതിയനിയമം വത്തിക്കാൻ ലൈബ്രറിയിൽ സൂക്ഷിച്ചിട്ടുണ്ടു്.

## 1. മാർ യാക്കോബും പോർച്ചുഗീസ് ആധിപത്യവും

അക്കാലത്തെ ചരിത്രമറിയുന്നതിനു് ആധാരമായിട്ടുള്ള ഒരു രേഖ, 1523-ൽ പോർച്ചുഗൽരാജാവായ ജോൺ മൂന്നാമനു് മാർ യാക്കോബു് അയച്ച ഒരെഴുത്താണ്[1]. അതിൽ പ്രതിപാദിക്കുന്ന പ്രധാന കാര്യങ്ങൾ താഴെ പറയുന്നു.

(1) കേരളത്തിൽ ക്രിസ്തുമതത്തിൻെറ അഭിവൃദ്ധിക്കു് രാജാവിൻെറ സഹായം ആവശ്യമാണ്. (2) മാർത്തോമ്മാക്രിസ്ത്യാനികൾക്കുള്ള കുരുമുളകു മുഴുവനും മഹമ്മദീയക്കു കൊടുക്കാതെയിരിക്കുവാനും പോർച്ചുഗീസുകച്ചവടക്കാർക്കുമാത്രം കൊടുക്കുവാനും ഏർപ്പാടുചെയ്തിട്ടുണ്ടു്. അതിനുവേണ്ടി മാർ യാക്കോബ്തന്നെ, ഗ്രാമങ്ങളിലെല്ലാം നടന്നു്, ജനങ്ങളോടു് വ്യക്തിപരമായി ആവശ്യപ്പെട്ടു. (3) കൊല്ലത്തെ ക്രിസ്ത്യാനികൾ കൊടുങ്ങല്ലൂർ വാങ്ങിച്ച വസ്തു അന്യാധീനപ്പെട്ടുപോയിരിക്കുന്നു; അതു വീണ്ടെടുക്കുവാൻ സഹായിക്കണമെന്നു് ഇൻഡ്യയിലുള്ള പോർച്ചുഗീസു് വൈസ്രോയിയോടു് ആജ്ഞാപിക്കണം. (4) അൽവാരോ പെന്തയാദോ കൊണ്ടുവന്ന എഴുത്തിൽ പറഞ്ഞിരിക്കുന്ന ധനസഹായത്തിനു് നന്ദിപറയുന്നു. (5) മാർത്തോമ്മാക്രിസ്ത്യാനികളെ ജ്ഞാനസ്നാനപ്പെടുത്തുന്നതു് താനായിരിക്കരുതെന്നും മിഷ്നറിയായ പെന്തയാദോ ആയിരിക്കണമെന്നു നിർദ്ദേശിക്കുന്നതിൽ ഖേദമുണ്ടു്. സഭാനിയമങ്ങളെപ്പററിയും കൂദാശകളെപ്പററിയും ഒന്നുമറി

1. Ferroli, Vol. I, P. 110-113.

www.malankaralibrary.com

യാൻ പാടില്ലാത്ത വിസ്സിയല്ല താൻ. എന്നാൽ പെന്ത യാദോതന്നെ ജ്ഞാനസ്നാനപ്പെടുത്തണമെന്നു് നിബ്ബന്ധമാണെങ്കിൽ തനിക്കു് വിരോധമില്ല. പക്ഷേ ഈ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ സ്നേഹം പോർച്ചുഗീസുകാക്കു് നഷ്ടപ്പെടാം. (6) മിഷ്യനറിമാക്കു് തൻെറ പള്ളികളിൽ മതബോധനം നടത്തുവാൻ അനുവാദവും സ്വാതന്ത്ര്യവും നല്കിയിട്ടുണ്ടു്.

മാർ യാക്കോബു് പോർച്ചുഗൽരാജാവിനു് 1530 ഡിസംബർ 18-ാംനു- അയച്ച മററൊരു കത്തിൽ ഫ്രാൻസിസ്കൻ സന്ന്യാസിമാരെ വളരെ പ്രശംസിക്കുന്നുണ്ടു്. പോർച്ചുഗീസു് മിഷ്യനറിമാരെ പ്രീതിപ്പെടുത്തുവാനുള്ള മാർ യാക്കോബിൻെറ ശ്രമങ്ങൾ, സുറിയാനി ക്രമങ്ങൾക്കുപകരം ലത്തീൻ ക്രമങ്ങൾ പ്രവേശിപ്പിക്കുവാനാണു് സഹായിച്ചതു്. ഇതിൽ അതൃപ്തിയും അമഷ്വുമുള്ളവരായിരുന്നു തോമ്മാക്രിസ്ത്യാനികൾ മുഴുവൻതന്നെയും. അതിൻെറ ഫലമായിട്ടാണു്, അദ്ദേഹം സുറിയാനിസഭാപഥത്തിൽനിന്നും ക്രമേണ വഴുതി അകലുകയും ജനങ്ങളുടെ അവഗണനയ്ക്കു് വിഷയമാകുകയും ചെയ്തു്. തൻെറ ജീവിതാന്ത്യത്തിൽ അദ്ദേഹം ഫ്രാൻസിസ്കൻ ആശ്രമത്തിൽ ഏതാണ്ടൊരു അഭയാത്ഥിയെപ്പോലെയായിരുന്നു. ഈ അഭിപ്രായത്തോടു യോജിക്കാത്ത ചില ചരിത്രകാരന്മാരുമുണ്ടു്.

## 2. വിശുദ്ധ ശൗര്യാർ (ഫ്രാൻസിസു് സേവ്യർ) കേരളത്തിലേയ്ക്കു്

1542 മെയു് 6-ാം തീയതി ശൗര്യാർ പുണ്യവാൻ ഗോവയിൽ വന്നിറങ്ങി. അദ്ദേഹം ഇന്ത്യയിൽ വന്നതു് പോർച്ചുഗൽരാജാവിൻെറ പ്രത്യേക പ്രതിനിധിയായും മാപ്പാപ്പായുടെ സ്ഥാനപതി (നുൺസിയോ)യുമായിട്ടാണു്. അദ്ദേഹം ഇന്ത്യയിലേയ്ക്കു് വരുന്നുവെന്നുള്ള വിവരം, ഇന്ത്യയിലുള്ള പോർച്ചുഗീസു് അധികാരികളെയെല്ലാം ലിസ്ബണിൽ നിന്നറിയിച്ചിരുന്നു. തന്മൂലം, അദ്ദേഹം ഗോവയിൽ വന്നിറങ്ങിയപ്പോൾ, രാജകീയ സ്വീകരണമാണു് ഒരുക്കിയിരുന്നതു്. കപ്പലിൽനിന്നു് കരയിലേയ്ക്കുള്ള പടികൾവരെയും, അവിടം മുതൽ അദ്ദേഹത്തിനു് തയ്യാറാക്കി നിത്തിയിരുന്ന പല്ലക്കുവരെയും ഉള്ള വഴികളിൽ വിലകൂടിയ പരവതാനി വിരിച്ചിരുന്നു. എന്നാൽ, നഗ്നപാദനും പരുപ്പരുപ്പൻ വസ്ത്രധാരിയുമായി വന്നിറങ്ങിയ ആ പുണ്യചരിതൻ, പരവതാ

www.malankaralibrary.com

നിയും പല്ലക്കും ഒഴിഞ്ഞുമാറി, തനിക്കു തയ്യാറാക്കിയിരുന്ന മനോഹരമായ അതിഥിമന്ദിരത്തിലേയ്ക്കല്ല, വേദനിക്കുന്ന രോഗികളുടെ ആശുപത്രിയിലേയ്ക്കാണ് കാൽനടയായി പോയതു്. ഉദ്യോഗസ്ഥപ്രമുഖന്മാരും നാട്ടുപ്രമാണികളും കാൽനടയായിത്തന്നെ അദ്ദേഹത്തിന്റെ പിന്നാലെ പോയി. അവിടെച്ചെന്നശേഷം, അദ്ദേഹം അവിടത്തെ രോഗികളുടെ വ്രണങ്ങൾ കഴുകിക്കെട്ടുകയായിരുന്നു ആദ്യം ചെയ്തതു്. വിശുദ്ധ ശൗര്യാർ പുണ്യവാന്റെ ജീവിതം മുഴുവൻ ദരിദ്രരുടേയും നിരാലംബരുടേയും ഇടയിലായിരുന്നു. മൂന്നുവർഷം ഇന്ത്യയിൽ താമസിച്ചശേഷം അദ്ദേഹം ജപ്പാനിലേക്ക് പുറപ്പെട്ടു. 1548–ൽ ഇന്ത്യയിൽ മടങ്ങിവന്ന അദ്ദേഹം 1549–ൽ വീണ്ടും ജപ്പാനിലേയ്ക്കു് പോയി. 1552–ൽ തിരിച്ചു് ഇന്ത്യയിൽവന്നു.

## ു) മതപ്രചരണനയം

ലോകത്തിൽ അറിയപ്പെടുന്ന മിഷ്നറിമാരിൽ, വി. ഫ്രാൻസിസ് സേവിയറിനു് അത്യുന്നതമായ ഒരു സ്ഥാനമുണ്ടു്. അദ്ദേഹത്തെ വിമർശിക്കുന്ന കെ. എം. പണിക്കർ പോലുള്ളവർ അദ്ദേഹത്തിന്റെ ആദർശധീരതയേയും ത്യാഗോജ്ജ്വലതയേയും ആദ്ധ്യാത്മികചൈതന്യത്തേയും പ്രശംസിക്കാതിരിക്കുന്നില്ല. ഊണിലും ഉറക്കത്തിലും എന്നുവേണ്ട, രാപകലില്ലാതെ അദ്ദേഹത്തിന്റെ മനസ്സിനെ മഥിച്ചുകൊണ്ടിരുന്ന ഏകകാര്യം ക്രിസ്തുവിന്റെ ലോകപരിത്രാണത്തിൽ എല്ലാവരെയും പങ്കുകാരാക്കണമെന്നുള്ള ദൃഢവ്രതമായിരുന്നു. പോർച്ചുഗീസ് സാമ്രാജ്യത്തിന്റെ വികസനം പോലും ക്രിസ്തുമതപ്രചരണത്തിന്റെ ഉപാധിയായിട്ടു മാത്രമേ അദ്ദേഹം കണ്ടുള്ളു. രാജ്യഭരണം മതപ്രചരണത്തിനു് സഹായിക്കുന്നില്ലെങ്കിൽ, ഭരണകർത്താക്കളായ വൈസ്രോയിമാരേയും ഗവർണ്ണർമാരേയും മറ്റു് ഉദ്യോഗസ്ഥന്മാരേയും ശിക്ഷിക്കണമെന്നും അദ്ദേഹം പോർച്ചുഗൽരാജാവിനോടു് ആവശ്യപ്പെട്ടു. 1548 ജനുവരിമാസം 20–നു- പോർച്ചുഗൽരാജാവിനു് വി. ഫ്രാൻസിസ് സേവിയർ അയച്ച എഴുത്തിൽ, പോർച്ചുഗീസ് ഉദ്യോഗസ്ഥന്മാരുടെയിടയിലുള്ള അന്തഃച്ഛിദ്രങ്ങളെപ്പററി പ്രസ്താവിച്ചശേഷം, അദ്ദേഹം പറയുന്നു, "ഏതെങ്കിലും പോർച്ചുഗീസ് ഉദ്യോഗസ്ഥൻ ഭരിക്കുന്ന സ്ഥലത്തു് ക്രിസ്തുമതപരിവർത്തനങ്ങൾ വേണ്ടിടത്തോളം നടന്നിട്ടില്ലെങ്കിൽ,

www.malankaralibrary.com

അയാൾ നാട്ടിൽ മടങ്ങിവരുമ്പോൾ അയാളുടെ സകല സ്വത്തുക്കളും പിടിച്ചെടുത്തു് ജീവകാരുണ്യപ്രവർത്തനങ്ങൾക്കു് ചെലവാക്കുകയും അയാളെ ചങ്ങലയിലിട്ടു് വളരെ വർഷങ്ങളോളം കഠിനതടവിലാക്കുകയും ചെയ്യേണ്ടതാണു്''. വി. ശൗര്യാർ തുടർന്നു പറയുന്നു, ''പോർച്ചുഗീസ് ഉദ്യോഗസ്ഥന്മാർ ശുഷ്കാന്തിയോടു് മതപ്രചരണം നടത്തിയാൽ സിലോൺ (ശ്രീലങ്ക) മുഴുവനും മലബാറിലുള്ള രാജാക്കന്മാരും തെക്കേ ഇന്ത്യൻ ഉപദ്വീപത്രയും ഒന്നായി ഒരു കൊല്ലംകൊണ്ടു്, ക്രിസ്തുമതം സ്വീകരിക്കുന്നതാണു്[2]. ഈ വിശുദ്ധന്റെ ദൈവാശ്രയത്തേയും ശുഭാപ്തിവിശ്വാസത്തേയും അഭിനന്ദിക്കാമെങ്കിലും അതിന്റെ പ്രായോഗികതയെപ്പററി നമുക്കു് സംശയം ഉണ്ടാകാതെയിരിക്കുന്നില്ല.

പതിനാറാം നൂററാണ്ടിലെ മറെറാരു ജസ്യൂട്ട് മിഷ്നറി പ്രമുഖനായിരുന്ന ഫാ. അലക്സാണ്ടർ വലിഞ്ഞാനോ വി. ഫ്രാൻസിസ് സേവിയറിന്റെ മതപ്രചരണവിധത്തെപ്പററി എഴുതിയതു് ഇപ്രകാരമാണു്, ''അദ്ദേഹത്തിന്റെ (വി. ശൗര്യാറിന്റെ) ആദ്ധ്യാത്മികത്വവും വിവേകവുംകൊണ്ടു മനസ്സിലാക്കിയതു്, (കറുത്തവരുടെ) പ്രാകൃതത്വവും കഴിവില്ലായ്മയുംകൊണ്ടു് ദൈവകാര്യങ്ങൾ അറിയുവാൻ സാധിക്കുകയില്ലെന്നും ബലപ്രയോഗമല്ലാതെ ബുദ്ധിപൂർവ്വമായ യുക്തികൾ നിഷ്ഫലമാണെന്നും അത്രെ. അതുകൊണ്ടു് കറുത്തവരിൽ ഒരു ക്രിസ്ത്യൻസമൂഹം പടുത്തുയർത്തുവാനും അതു നിലനിർത്താനും പോർച്ചുഗീസുഭരണംകൊണ്ടേ സാധിക്കു. അഥവാ പോർച്ചുഗീസുരാജാവിന്റെ നാവികസൈന്യം കടൽത്തീരങ്ങളിൽ അങ്ങോട്ടുമിങ്ങോട്ടും സഞ്ചരിച്ചു് ജനങ്ങൾ അർഹിക്കുന്നതുപോലെ സമ്മാനങ്ങളും ശിക്ഷകളും നല്കണം. വി. ഫ്രാൻസിസ് സേവിയർ സമ്മാനങ്ങൾകൊണ്ടും ഭയപ്പെടുത്തൽകൊണ്ടും ആണു് മതപ്രചരണം സാധിച്ചിട്ടുള്ളതു്''[3].

മദ്ധ്യശതാബ്ദങ്ങളിലെ യൂറോപ്യൻക്രൈസ്തവാന്തരീക്ഷത്തിന്റെ പശ്ചാത്തലത്തിലാണു് വി. ശൗര്യാർ എല്ലാം കണ്ട

2. Coleridge H. J., The life and letters of St. Francis Xavier, Vol. II, 1872, P. 9-11.
3. Boxer C. R., The Portuguese Seaborne Trade, 1415-1825, 1969, P. 76.



www.malankaralibrary.com

തു്. തെക്കേഅമേരിക്കയിലെ ക്രൈസ്തവമതപ്രചരണത്തിൽ ബലപ്രയോഗം ധാരാളമുണ്ടായിരുന്നു. വ്യക്തികഠം മാത്രമല്ല, വംശങ്ങഠംപോലും അപരിഷ്കൃതതചത്തിൻെറ പേരിൽ കുരുതികഴിക്കപ്പെട്ടു. എന്നാൽ ചിന്താശക്തിയിലും സംസ്ക്കാരത്തിലും ഉയർന്നുനിന്ന ഒരു ജനവിഭാഗത്തിൽ ബലപ്രയോഗം നിഷ്ഫലമാകാനെ വഴിയുള്ളു. ക്രിസ്തു പഠിപ്പിച്ച ധർമ്മ സത്യങ്ങളിൽ മനുഷ്യവ്യക്തിയുടെ മൗലികാവകാശങ്ങഠം ഉഠംക്കൊള്ളുന്നുണ്ടെങ്കിലും, നാം അവയെ സാമൂഹ്യവും നൈയാമികവും ആയ തലത്തിൽ ദശിക്കുന്നതു്, 19-ാം നൂററാണ്ടിൽ ഇന്ത്യയിൽ പ്രവേശിച്ച ഇംഗ്ലീഷ്പ്രോട്ടസ്റ്റൻറു് സംസ്ക്കാരത്തോടുകൂടിയാണെന്നുള്ളതു് മറച്ചുവെയ്ക്കുവാനാവില്ല. ''ഹാബിയസ് കോർപ്പസു്'' (Habeas Corpus) എന്ന നിയമം തന്നെ ബ്രിട്ടീഷു് ഭരണത്തിൻെറ സംഭാവനയാണു്. അതു് മനുഷ്യൻെറ മൗലികാവകാശങ്ങളുടെ മൂലക്കല്ലാണെന്നുള്ളതിൽ സംശയമില്ല. സാക്ഷാത്തായ സ്വാതന്ത്ര്യം മനസ്സാക്ഷിയുടേയും മതവിശ്വാസത്തിൻേറയും സ്വാതന്ത്ര്യമാണു്. അതു കൂടാതെ മററു യാതൊരു സ്വാതന്ത്ര്യവും നിലനില്ക്കുകയുമില്ല.

ഇംഗ്ലീഷിൽ ''കാരററും കമ്പും'' (Carrot and Stick) എന്നൊരു ശൈലിയുണ്ടു്. മലയാളത്തിൽ അതിൻെറ അത്ഥം, ''ചോറും ചൂരലും'' ശിക്ഷണത്തിൽ ഒരുപോലെ ആവശ്യമെന്നാണു്, പോർച്ചുഗീസുകാരുടെ നയം അതായിരുന്നു. എന്നാൽ പലപ്പോഴും ചോറിനെക്കാഠം കൂടുതലായിരുന്നതു് ചൂരലാണു്. ചോറില്ലാത്ത ചൂരൽപ്രയോഗവുമുണ്ടായിരുന്നു. എന്നാൽ മിഷ്നറിമാരുടെ ഔദാര്യം ക്രിസ്തുമതത്തെ ചോററു വേദമാക്കിയെന്നു കരുതുന്നവർ വളരെയുണ്ടു്.

''ചോററുവേദ''ക്കാരായി അറിയപ്പെട്ടിരുന്ന ക്രിസ്ത്യാനികഠം അയിത്തക്കാരായിട്ടാണു്, പ്രത്യേകിച്ചും ഉത്തരേന്ത്യയിൽ, കരുതപ്പെടുന്നതു്. ഈ ഗ്രന്ഥകത്താവു് ജൂബർപൂർ സവ്വകലാശാലയിലെ സാമ്പത്തികശാസ്ത്രസഹപ്രൊഫസ്സറായി (Associated Professor of Economics) നിയമിതനായശേഷം, ആദ്യമായി അദ്ധ്യാപകരുടെ വിശ്രമത്തിനുള്ള മുറിയിൽ (Staff-room) ചെന്നു് ഒരു കസേരയിലിരുന്നപ്പോഠം, അടുത്തിരുന്നവരായ അദ്ധ്യാപകർ, യാതൊരു കാരണവും പറയാതെ, ഓരോരുത്തരായി എണീററു് മാറിപ്പോകുന്നതുകണ്ടു. ഇതൊരു പതിവായപ്പോഠം, യാദൃച്ഛികസംഭവമല്ലെന്നും തോന്നി. സഹാദ്ധ്യാപകന്മാരുടെ വീട്ടിൽ ചെന്നാൽ, ഈ ഗ്രന്ഥ

www.malankaralibrary.com

കാരനെ അവർ ദൂരെവച്ചുകാണുമ്പോഠംതന്നെ, മുറിക്കകത്തു നിന്നു് കസേരകൊണ്ടുവന്നു് മുററത്തിട്ടാണു് കുശലപ്രശ്നങ്ങളും സംഭാഷണവും നടത്തിയിരുന്നതു്. സന്ദർശനാവസരങ്ങഠം പലതുമുണ്ടായിട്ടും, ഈ പതിവിനു് ഒരു അപവാദവും കണ്ടില്ല. കുറെ ആഴ്ചകഠംക്കുശേഷം, ജബൽപൂർ സർവ്വകലാശാലയുടെ വൈസ്ചാൻസലരുടെ അദ്ധ്യക്ഷതയിൽകൂടിയ ഒരു യോഗത്തിൽവച്ചു് ഭാരതസംസ്ക്കാരത്തെപ്പററി പ്രസംഗിക്കുവാൻ ഈ ലേഖകനു് അവസരമുണ്ടായി. അപ്പോഠം കേരളത്തിലെ ക്രിസ്ത്യാനികളെപ്പററിയും അവർ ആചരിച്ചുപോരുന്ന ബ്രാഹ്മണരുടെ ഷോഡശസംസ്ക്കാരത്തെപ്പററിയും വിവരിക്കുകയും കാളിദാസൻെറ കൃതികളിൽനിന്നു് ഏതാനും സംസ്കൃതശ്ലോകങ്ങഠം ഉദ്ധരിക്കുകയും ചെയ്തു. ഇതു് സദസ്യരെ ഒട്ടുക്കു് വിസ്മയിക്കത്തക്കവിധത്തിൽ അപ്രതീക്ഷിതമായിരുന്നുവെന്നു് അവരുടെ പ്രതികരണംകൊണ്ടു് മനസ്സിലായി. ഈ ലേഖകൻെറ പ്രസംഗം അവസാനിപ്പിച്ചു്, ആസനസ്ഥനായപ്പോഠം അടുത്തിരുന്ന വൈസ്ചാൻസലർ ചോദിച്ചു, ''നിങ്ങഠം ക്രിസ്ത്യാനികഠം, സംസ്കൃതം പഠിക്കുമോ?'' സദസ്സിലുണ്ടായ പ്രതികരണം സഹാദ്ധ്യാപകരിൽ പ്രതിഫലിച്ചുവെന്നു് അവരുടെ അനന്തര പെരുമാററം ബോദ്ധ്യപ്പെടുത്തി. പിന്നീടു്, സ്റ്റാഫ്റൂമിൽ വഴിമാറിപ്പോകുകയോ, വീട്ടുമുററങ്ങളിലേക്കു് ആതിഥേയർ കസേര ചുമക്കുകയോ വേണ്ടിവന്നില്ല. ഭാരതത്തിൻെറ ആത്മാവിനെ കാണുവാനുള്ള വെളിച്ചമാണു് അന്നു കിട്ടിയതു്. അപ്പോഠംമുതൽ ഈ ലേഖകൻ എല്ലായിടത്തും എല്ലാവർക്കും അതീവസ്വീകൃതനായിത്തീർന്നുവെന്നുപറയാം.

## b) വി. ശൗര്യാർ–കൊടുങ്ങല്ലൂരിൽ

വി. ശൗര്യാർ 1549 ജനുവരി 14-ാംനു- വി. ഇഗ്നേഷ്യസ് ലയോളായ്ക്കു് കൊച്ചിയിൽനിന്നും എഴുതുന്ന കത്തിൽ തൻെറ കേരളസന്ദർശനത്തെപ്പററി ഇപ്രകാരം പറയുന്നു, ''കൊച്ചിയിൽനിന്നും 20 മൈൽ അകലെയായി, പോർച്ചുഗീസധീനതയിലുള്ള കൊടുങ്ങല്ലൂർ എന്നൊരു പട്ടണമുണ്ടു്. അവിടെ ഗോവാമെത്രാൻെറ മിത്രവും ഈശോസഭയുടെ യഥാർത്ഥസ്നേഹിതനുമായ ഫ്രാൻസിസ്ക്കൻ സഭയിൽപ്പെട്ട ഫാ. വിൻസെൻറ് ഒരു സിമ്മനാരി നടത്തുന്നുണ്ടു്. അവിടെ നാട്ടുകാരായ നൂറു യുവാക്കന്മാരെ പഠിപ്പിക്കുകയും ഭക്തജീവിതത്തിൽ പരിശീലിപ്പിക്കുകയും ചെയ്യുന്നു........ ഇവിടെ താമസിക്കുന്ന

www.malankaralibrary.com

പോർച്ചുഗീസുകാരെ കൂടാതെ ഇതിന്റെ അയൽസ്ഥലങ്ങളിലായി അറുപതു ഗ്രാമങ്ങളിൽ മാർത്തോമ്മാശ്ലീഹാ മാനസാന്തരപ്പെടുത്തിയവരുടെ സന്തതികൾ താമസിക്കുന്നു. സിമ്മനാരിയിലുള്ള അദ്ധ്യേതാക്കൾ ഏററവും കുലീനരായ കുടുംബാംഗങ്ങളാണു്. ഈ പട്ടണത്തിൽ രണ്ടു പള്ളികളുണ്ടു്, അവയിൽ ഒന്നു് മാർത്തോമ്മാശ്ലീഹായുടെയും മററതു്, വി. യാക്കോബിന്റേയും നാമത്തിലാണു്. ഈ രണ്ടു വിശുദ്ധന്മാരുടേയും തിരുനാളുകളിലും അതിനടുത്ത ദിവസങ്ങളിലും മാർപ്പാപ്പായിൽനിന്നു് പരിപൂർണ്ണദണ്ഡവിമോചനം വാങ്ങികൊടുക്കണമെന്നു് ഫാ. വിൻസെന്റ് ആഗ്രഹിക്കുന്നു. അതിന്റെ കാരണം മാർത്തോമ്മാശ്ലീഹാ ക്രിസ്ത്യാനികളാക്കിയവരുടെ സന്തതികളായ ഇവിടത്തെ വിശ്വാസികൾ അവരുടെ ദൈവഭക്തിയിൽ വളരുവാൻവേണ്ടിയാണു്........4

## c) മാർ യാക്കോബും വി. ശൗര്യാരും

1949 ജൂൺ 26-ാം തീയതി മാർ യാക്കോബിനെപ്പററി വി. ശൗര്യാർ പോർച്ചുഗൽ രാജാവിനു് ഇപ്രകാരം എഴുതുന്നു, "ദൈവത്തേയും തിരുമേനി അവിടത്തേയും കഴിഞ്ഞ നാല്പത്തഞ്ചു കൊല്ലമായി സേവിക്കുന്ന ഒരു അമ്മേനിയൻ മെത്രാൻ ഇവിടെയുണ്ടു്. അദ്ദേഹത്തിന്റെ പുണ്യവും പരിശുദ്ധിയും മൂലം അദ്ദേഹം ദൈവത്തിനു് എത്രയോ പ്രിയങ്കരനായിരിക്കുന്നുവോ അത്രയുംതന്നെ തിരുമേനിയാലും, പൊതുവായി പറഞ്ഞാൽ, ഇന്ത്യയിൽ അധികാരമുള്ള എല്ലാവരാലും പരിത്യജിക്കപ്പെട്ടിരിക്കുന്നു. ദൈവം ഇങ്ങനെയാണു് തനിക്കു് ഏററവും യോഗ്യരായവക്കു് ഫലം നല്കുന്നതും പ്രിയപ്പെട്ട തന്റെ ശുശ്രൂഷകർക്കു് എന്തെങ്കിലും ആശ്വാസം നൽകാത്തക്ക യോഗ്യതയില്ലാത്തവരായി നമ്മളെ കരുതുന്നതും. ഫ്രാൻസിസ്ക്കൻ മിഷ്നറിമാർ മാത്രമാണു് അദ്ദേഹത്തോടു് ദയവുകാണിക്കുകയും അദ്ദേഹത്തെ സംരക്ഷിക്കുകയും ചെയ്യുന്നതു്. അതിൽ കൂടുതലായിട്ടൊന്നും ഇപ്പോൾ ചെയ്യുവാനാവില്ല. അവരുടെ സഹായമില്ലാതിരുന്നെങ്കിൽ, പുണ്യവാനായ ഈ വയോവൃദ്ധൻ കഠിനമായ കഷ്ടതകൾകൊണ്ടു് കാലഗതി അടയുമായിരുന്നു...........തിരുമേനിയോടു് ഞാൻ അപേക്ഷിക്കുന്നതു്, അവിടുന്നു് നേരിട്ടു് അദ്ദേഹത്തിനു് ദയവും ബഹുമാനവുംനിറഞ്ഞ ഒരു കത്തെഴുതണമെന്നും അദ്ദേ

4. Coleridge, Letter LXIII, Vol. II, P. 73-74.

www.malankaralibrary.com

ഹത്തിനെന്തെങ്കിലും ആവശ്യമുണ്ടാകുമ്പോഠം അദ്ദേഹത്തിനു് ബഹുമാനവും ആതിഥ്യവും സഹായവും താല്പര്യപൂർവ്വം നല്കുവാൻ പോർച്ചുഗീസ് ഗവണ്ണർമാക്കും മുതൽപിടിക്കാക്കും മററു് ഉദ്യോഗസ്ഥന്മാക്കും ഒരു കല്പന അയയ്ക്കണമെന്നും ആണു്. ഈ കത്തു് ഞാനെഴുതുമ്പോഠം, അദ്ദേഹത്തിനെന്നതിനെക്കാഠം, തിരുമേനിക്കൊരു ഉപകാരം ചെയ്യുന്നതായിട്ടാണു് ഞാൻ കണക്കാക്കുന്നതു്. അതിൻെറ കാരണം, ഫ്രാൻസിസ്കൻ മിഷ്നറിമാരുടെ കാരുണ്യംകൊണ്ടു് അദ്ദേഹത്തിനിപ്പോഠം യാതൊരു കുറവുമില്ല. അതേസമയംതന്നെ, ദൈവത്തിനു് ഇത്രയും പ്രിയങ്കരനായ പുണ്യപുരുഷൻെറ നന്മനസ്സും മദ്ധ്യസ്ഥതയും തിരുമേനിക്കാവശ്യമാണു്. അദ്ദേഹം വളരെക്കാലം മാർത്തോമ്മാക്രിസ്ത്യാനികളുടെ സേവനത്തിൽ ക്ലേശിച്ചിട്ടുണ്ടു്. എന്നാൽ ഇപ്പോഠം അവശതയിലെത്തിയ അദ്ദേഹത്തിൻെറ വാദ്ധക്യത്തിൽ പരിശുദ്ധ റോമാസഭയുടെ ക്രമങ്ങളും ആചാരങ്ങളും അനുഷ്ഠിച്ചു ജീവിക്കുന്നു........[5]

ഈ കത്തുകൊണ്ടു മനസ്സിലാക്കേണ്ടതു്, എ. ഡി. 1504 മുതൽ മാർ യാക്കോബ് കേരളസഭയെ ഭരിക്കാൻ തുടങ്ങിയെന്നാണു്. അതിനുമുമ്പു സഭയെ ഭരിച്ചുകൊണ്ടിരുന്നതു് മാർ യോഹന്നാനായിരുന്നു.

## d) വി. ശൗര്യാരും സൊക്കോട്രായിലെ മാർത്തോമ്മാസഭയും

വി. ശൗര്യാർ സൊക്കോട്രാദ്വീപു് സന്ദർശിച്ചപ്പോഠം, അവിടെകണ്ട മാർത്തോമ്മാസഭയെപ്പററി അദ്ദേഹം എഴുതിയിട്ടുള്ളതു് ഈ പുസ്തകത്തിൻെറ ഒന്നാം വാല്യത്തിൽ ഉദ്ധരിച്ചിട്ടുണ്ടു്[6]. ആ പ്രേഷിതവര്യൻ തങ്ങളുടെകൂടെ താമസിക്കണമെന്നു് ആ ദ്വീപിലുണ്ടായിരുന്ന മാർത്തോമ്മാക്രിസ്ത്യാനികഠം അദ്ദേഹത്തെ നിർബന്ധിച്ചുവെങ്കിലും അദ്ദേഹം യാത്ര ചെയ്തിരുന്ന കപ്പലിലെ കപ്പിത്താൻ അനുവദിക്കാഞ്ഞതിനാൽ, അദ്ദേഹം ഇന്ത്യയിലേക്കു് പോന്നു. എന്നാൽ കരുണയും സഹതാപവും അർഹിക്കുന്ന ആ മാർത്തോമ്മാസഭയെ വിശുദ്ധൻ മറന്നില്ല. ഈ വിശുദ്ധൻ ഫാ. സൈമൺ റോഡ്രിഗസിനു് എഴുതുന്ന കത്തിൽ മറെറാരു മിഷ്നറിയായ

5. Coleridge H. J., Letter, LXV, Vol. II, P. 82-83
6. Vol. I, P. 98-99.

www.malankaralibrary.com

സിപ്രിയാനേയും വേറൊരു മിഷ്യനറിയേയും രണ്ടു തുണ സഹോദരന്മാരേയും സൊക്കോട്രാദ്വീപിലേക്ക് അയയ്ക്കുന്നുണ്ടെന്നു് കാണുന്നു. സത്യത്തിന്റേയും നീതിയുടേയും നിയമങ്ങൾക്ക് വിരുദ്ധമായി മുഷ്ക്കനായ ഒരു മഹമ്മദീയൻ, ബലപ്രയോഗംകൊണ്ടു് ആ ദ്വീപുമുഴവൻ പിടിച്ചടക്കിവെച്ചിരിക്കുന്നുവെന്നും അയാൾ ക്രിസ്ത്യാനികളെ ക്രൂരമായി പീഡിപ്പിക്കുന്നുവെന്നും അവരുടെ കുട്ടികളെ ബലമായി പിടിച്ചുകൊണ്ടുപോയി മഹമ്മദുമതത്തിൽ ചേർക്കുന്നുവെന്നും വിശുദ്ധന്റെ എഴുത്തിൽ പറയുന്നുണ്ടു്. അതുകൊണ്ടു് പോർച്ചുഗൽ രാജാവിന്റെ സഹായം ലഭിക്കുവാൻ തക്കവണ്ണം ശ്രമിക്കണമെന്നു, റോഡ്രിഗസ്സിനോടു് അഭ്യർത്ഥിക്കുന്നു. ആ എഴുത്തിന്റെ മറ്റൊരു ഭാഗത്തു്, സൊക്കോട്രായിലെ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ കൈവശമുണ്ടായിരുന്ന ആയുധങ്ങളെല്ലാം ആ മഹമ്മദീയൻ ബലമായി പിടിച്ചെടുക്കുകയും അവരെ അടിമകളാക്കുകയും ചെയ്തുവെന്നും പറയുന്നു. കടലിൽ അറബികൾക്ക് പ്രാബല്യമുണ്ടായിരുന്നതുകൊണ്ടാണു് അവരിലൊരുത്തൻ ആ ദ്വീപു് ക്രിസ്ത്യാനികളിൽനിന്നും പിടിച്ചെടുത്തതെന്നാണു് വിശുദ്ധന്റെ അഭിപ്രായം[7]. 16–ാം നൂററാണ്ടുവരെ നിലനിന്നിരുന്ന സൊക്കോട്രായിലെ മാർത്തോമ്മാ സഭയുടെ അസ്തമനമാണു് മഹമ്മദീയന്റെ ഈ ക്രൂരമായ ആക്രമണം കുറിക്കുന്നതു്. 1293–നും 1542–നുമിടയ്ക്കു സൊക്കോട്രായിൽ ബാബിലോണിയൻ പാത്രിയർക്കീസിന്റെ കീഴിലുള്ള സുറിയാനി മെത്രാപ്പോലീത്താമാരാണു് ഭരിച്ചിരുന്നതു്. അവരുടെ സാമന്തന്മാരായിരുന്നതു ലക്ഷദ്വീപിലേയും മാലദ്വീപിലേയും മെത്രാന്മാരായിരുന്നു[8].

## e) വി. ശൌര്യാരും കേരളസഭയും

പോർച്ചുഗീസുകാർ കേരളത്തിൽവന്നു് അര ശതാബ്ദം കഴിഞ്ഞപ്പോഴാണു കേരളസഭയിൽ അവർ നെസ്തോറിയൻ പാഷണ്ഡത കണ്ടുപിടിച്ചതും സഭയെ പീഡിപ്പിക്കുവാൻ തുടങ്ങിയതും. ഈ നയംമാററത്തിൽ മിഷ്യനറിമാർക്കുണ്ടായിരുന്ന ഉദ്ദേശ്യം കേരളസഭയെ ലത്തീനീകരിച്ചു് പോർച്ചുഗീസധികാരത്തിൽ കൊണ്ടുവരുകയായിരുന്നു. 45 വർഷം

7. Coleridge H. J., Letter LXVI, Vol. II, P. 87–88.
8. Fr. Hosten, Kerala Society Papers, P. 236.

www.malankaralibrary.com

സഭയെ ഭരിച്ച കേരളസഭാദ്ധ്യക്ഷനായ സുറിയാനിമെത്രാനെ, പുണ്യവാനും പരിശുദ്ധനുമായി വി. ഫ്രാൻസിസ് സേവ്യർ കണ്ടുവെങ്കിൽ, ആ സഭയിൽ എങ്ങനെ പാഷണ്ഡത ആരോപിക്കാൻ കഴിയും? ഇതു് താഴെ നിന്ന ആട്ടിൻകുട്ടി വെള്ളം കലക്കിയെന്നു മുകളിൽനിന്ന ചെന്നായുടെ ആരോപണംപോലെയായിരുന്നു.

വി. ശൗര്യാർ പുണ്യവാൻ സങ്കുചിതവും ദുരുദ്ദേശ്യപരവുമായ ആരോപണങ്ങൾക്ക് വളരെ അതീതനായി ജീവിച്ചിരുന്നുവെന്നുള്ളതിനു് ദൃഷ്ടാന്തങ്ങൾ വളരെയുണ്ടു്. അദ്ദേഹത്തിന്റെ സംസ്ക്കാരമഹിമ മററുള്ളവരുടെ വികാരങ്ങളെ മുറിപ്പെടുത്തുന്നതിൽ വിമുഖമായിരുന്നു. നെസ്റ്റോറിനിസം തന്നെ കോൺസ്റ്റാൻറിനോപ്പിൾ–അലക്സാണ്ഡ്രിയാപാത്രിയാക്കൽ സിംഹാസനങ്ങൾ തമ്മിലുള്ള പരസ്പരവിദ്വേഷത്തിന്റേയും അസൂയയുടേയും ഫലമായിട്ടാണു് ആളിക്കത്തുവാനിടയായതു്. ഗഹനമായ വിഷയങ്ങളെക്കുറിച്ചു് ദുർഗ്രാഹ്യമായ ഭാഷയിൽ മഹാപണ്ഡിതന്മാർ ഇരുഭാഗത്തും നടത്തിയതു്, ഒരു തീയില്ലാപുകപോലുള്ള, വാക്സമരം മാത്രമായിരുന്നുവെന്നു് ആധുനിക ദൈവശാസ്ത്രചിന്തകരും ചരിത്രകാരന്മാരും അഭിപ്രായപ്പെടുന്നുണ്ടു്. വി. ശൗര്യാർ സ്വന്തമായി എഴുതി പ്രചരിപ്പിച്ച മാതാവിനോടുള്ള പ്രാർത്ഥനയായിരുന്നു, ''പരിശുദ്ധയായ മറിയമേ, ദൈവപുത്രനായ ഈശോമിശിഹായുടെ അമ്മേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ'' എന്നതു്. അദ്ദേഹം റോമിലുള്ള സഹോദരന്മാരുടെയിടയിലും ഈ പ്രാർത്ഥന പ്രചരിപ്പിച്ചു. നെസ്റ്റോറിയൻ വിശ്വാസം ആക്കെങ്കിലുമുണ്ടെങ്കിൽ അവരുടെ വികാരങ്ങളെ മുറിപ്പെടുത്താതെയിരിക്കുവാനാണു് ഇങ്ങനെയൊരു പ്രാർത്ഥന രചിച്ചതെന്നു് കർദ്ദിനാൾ തിസറൻറ് പറയുന്നു[9].

## 4. കേരളത്തിലെ പോർച്ചുഗീസ് സിമ്മനാരികൾ

ആദ്യത്തെ സിമ്മനാരി വിൻസെൻറ് എന്ന ഫ്രാൻസിസ്ക്കൻ മിഷ്നറി 1546–ൽ കൊടുങ്ങല്ലൂരിൽ സ്ഥാപിച്ചതാണു്. കാട്ടാനകളെ പിടിക്കുവാനും മെരുക്കി എടുക്കുവാനും ഉപയോഗിക്കുന്ന പാപ്പാന്മാരുടെ ഒരു പരിശീലനക്കളരിപോലെയായിരുന്നു, ഈ പോർച്ചുഗീസ് സിമ്മനാരി. എന്നാൽ

9. Tisserant E., P. 32.

www.malankaralibrary.com

നൂററാണ്ടുകളായി ജനഹൃദയങ്ങളുടെ ആത്മദീപമായി നില നില്ക്കുന്ന ആരാധനാക്രമങ്ങളെ പോർച്ചുഗീസു മോഡലിൽ വാ ർത്തെടുത്ത പുതിയ പാപ്പാന്മാർവന്നു് "തിരി ആനേ, നട ആനേ," എന്നു പറഞ്ഞു് മാററാനാവുമോ?

എന്നാൽ തന്ത്രജ്ഞരും ബുദ്ധിശാലികളുമായ ജസ്യൂട്ടർ 1577-ൽ വൈപ്പിക്കോട്ടു സിമ്മനാരി ആരംഭിച്ചപ്പോരം സുറി യാനിഭാഷയും ക്രമങ്ങളും പാഠ്യപദ്ധതിയിൽ ഉരംക്കൊള്ളി ച്ചിട്ടുള്ളതായി പ്രഖ്യാപിച്ചിരുന്നു. എന്നാൽ അതു് കണ്ണു പററാതിരിക്കുവാനുള്ള കോലമായിരുന്നുവെന്നു് വിളംബ മെന്യേ തെളിഞ്ഞു. അവിടെയും ലത്തീൻറീത്തിൻെറ പരി ശീലനമാണു് യഥാർത്ഥത്തിൽ നടന്നിരുന്നതു്. കായ് കൊണ്ടറിയാം, തായ്മരത്തിൻെറ ഗുണദോഷങ്ങരം. സുറി യാനിഭാഷയുടെ അക്ഷരമാലപോലുമറിയാതെ തനി പോർച്ചു ഗീസു "മോഡലിൽ" ഫാ. വിൻസെൻറിൻെറ കൊടുങ്ങല്ലൂർ സിമ്മനാരിയിൽ വാർത്തെടുത്ത നവവൈദികരെ സുറിയാനി ദേവാലയങ്ങളിൽ പ്രവേശിക്കുവാനും അവിടെ ലത്തീൻകർമ്മ ങ്ങരം അനുഷ്ഠിക്കാനും ജനങ്ങരം അനുവദിച്ചില്ല. ആ സിമ്മ നാരി അതോടെ ഊദ്ധ്വംവലിച്ചു.

ഇതേകാലത്തുതന്നെ, കൊല്ലത്തു് ഡൊമിനിക്കൻ സന്ന്യാസിയായ 'റോഡ്രിക്സ്' എന്നൊരു മിഷ്നറി, സുറി യാനിയുവാക്കന്മാക്കുവേണ്ടി ഒരു സിമ്മനാരി നടത്തിയി രുന്നു. അവിടെ ബാബിലോണിയൻ മെത്രാന്മാരെപ്പററി അല്പം പരിഗണനയുണ്ടായിരുന്നതുകൊണ്ടു്, അത്ര വലിയ പരാജയമായിരുന്നില്ല. 1515-ൽ ഈ മിഷ്നറി കൊല്ലത്തു ണ്ടായിരുന്ന 1200 സുറിയാനിക്കാരെ ലത്തീനിൽ ചേർത്തു. അപ്പോഴാണു് അവർ സാക്ഷാൽ കത്തോലിക്കരായതെന്നു് അദ്ദേഹം വിചാരിച്ചതു്.

## 5. സുലാക്കാപാത്രിയക്കീസ്

മാർ യാക്കോബിൻെറ മരണത്തോടുകൂടി കേരളസഭയിൽ മെത്രാനില്ലാതായി. നമ്മുടെ കണ്ണുകരം വീണ്ടും തിരിയു ന്നതു് ബാബിലോണിയായിലേയ്ക്കാണു്. മാർ ശെമയോൻ പാത്രിയക്കീസു മരിച്ചപ്പോരം ആ സ്ഥാനത്തേയ്ക്കു് രണ്ടു വി രുദ്ധഭാഗക്കാരുണ്ടായി. അവരിൽ ഒരു വിഭാഗത്തിൻെറ നേ താവായിരുന്നു സുലാക്കാ. 1551-ൽ മോസലിൽകൂടിയ ജന ങ്ങളുടെയും വൈദികരുടെയും ഒരു യോഗത്തിൽ സുലാക്കായെ

www.malankaralibrary.com

പാത്രിയക്കിസായി തിരഞ്ഞെടുത്തു. അദ്ദേഹം 1552–ൽ റോമിലെത്തുകയും ജൂലിയസ്സ് III–ാമൻ മാർപ്പാപ്പാ അദ്ദേഹത്തെ കൽദായ പാത്രിയർക്കിസായി അംഗീകരിക്കുകയുംചെയ്തു. അപ്പോഠം കേരളസഭയെ അദ്ദേഹം മറന്നില്ല. റോമിലുള്ള പോർച്ചുഗീസ് രാജാവിൻെറ പ്രതിനിധിയിൽനിന്ന് ഇൻഡ്യയിലെ പോർച്ചുഗീസ്വൈസ്രോയിക്കുള്ള ഏതാനും കത്തുകഠം അദ്ദേഹം സമ്പാദിച്ചു. അദ്ദേഹം റോമിൽനിന്നു പോരുമ്പോഠം അദ്ദേഹത്തിൻെറകൂടെ അംബ്രോസ് ബുട്ടിഗെഗ് (Ambrose Buttigeg) എന്നൊരു മെത്രാനും ആൻറണി സഹാറ (Fr. Antony Zahara) എന്നൊരു വൈദികനും ഉണ്ടായിരുന്നു. പുതിയ പാത്രിയക്കിസ് മെസോപ്പൊട്ടോമിയായിലെത്തിയപ്പോഠം, അവിടത്തെ വൈദികരും ജനങ്ങളുംകൂടി അദ്ദേഹത്തെ ആഘോഷപൂർവ്വം സ്വീകരിച്ചു. ഇതു സംബന്ധിച്ച് പാത്രിയക്കിസ് മാർപ്പാപ്പെയ്ക്കെഴുതുന്ന കത്ത് ജ്യമീൽ ഉദ്ധരിക്കുന്നുണ്ട്. എന്നാൽ എതിർകക്ഷിയുടെ പാത്രിയക്കിസ് സുലാക്കായെ തടവിലാക്കി: പിന്നീട് അദ്ദേഹത്തെ അവർ വധിച്ചു.

## 6. അബ്ദീശോപാത്രിയക്കിസ്

സുലാക്കാ പാത്രിയർക്കിസിനെ പിൻതുടർന്നുവന്നതു അബ്ദീശോപാത്രിയക്കിസായിരുന്നു. ഇദ്ദേഹമാണ് ത്രന്തോസു (Trent) സൂനഹദോസിൽ സംബന്ധിക്കുകയും കേരളസഭയിൽ തനിക്കുള്ള അവകാശത്തെപ്പററി വീറോടെ വാദിക്കുകയും ചെയ്തതു്. ഇദ്ദേഹംതന്നെയാണ് മാർ സുലാക്കാ പാത്രിയക്കിസിൻെറ സഹോദരനും അഗാധപണ്ഡിതനും മഹാഭക്തനുമായ മാർ ജോസഫിനെ, 1556—ൽ കേരളസഭയുടെ മെത്രാനായി അയയ്ക്കുന്നതു്. അദ്ദേഹത്തിൻെറകൂടെ മുൻപ്രസ്താവിച്ച അംബ്രോസ് മെത്രാനെയും ഫാ. സഹാറയേയും അയച്ചിരുന്നു. ഗോവയിൽ മാർ ജോസഫിനു് ഉപദ്രവങ്ങളുണ്ടാകുമെന്നു് ഭയപ്പെട്ടാണ്, ഇവരെ രണ്ടുപേരെയും കൂടെ അയച്ചതു്.

www.malankaralibrary.com

# അഞ്ചാം അദ്ധ്യായം

# മാർ ജോസഫ് 1556-69

## i) സംഘർഷത്തിൻെറ അന്തരീക്ഷം

സുറിയാനിക്കാരുടെ ഉൽക്കർഷബോധവും പോർച്ചുഗീസു കാരുമായി സമ്പക്കം പുലത്തുവാൻ അവർ കാണിച്ച വൈമുഖ്യവും പോർച്ചുഗീസുകാരെ ചൊടിപ്പിച്ചു. സുറിയാനിക്കാരുടെ ബാഹ്യങ്ങളായ ഹൈന്ദവാചാരങ്ങൾ, അവരെ കോപാകുലരാക്കി. സുറിയാനിക്കാക്ക് സ്വതേ ഉണ്ടായിരുന്ന ജാതിബോധത്തിൽ പോർച്ചുഗീസുകാർ അപകൃഷ്ടരായിരുന്നു. തങ്ങളുടെ സ്ത്രീകളെ പോർച്ചുഗീസുകാർ വിവാഹം ചെയ്യുവാൻ അവർ ഒരിക്കലും അനുവദിച്ചിരുന്നില്ല. പൌരസ്ത്യദേശങ്ങളിലെയെല്ലാം, സഭാഭരണവും വൈദികാധികാരവും ഗോവയുടെ കീഴിൽ കൊണ്ടുവരുവാനായിരുന്നു പോർച്ചുഗീസുകാരുടെ നീക്കം. കേരളസഭയെ ഗോവയുടെ നുകത്തിൽ കെട്ടുന്നതിനെ സുറിയാനിക്കാർ എതിർത്തു. വിവാഹിതരായ സുറിയാനി കത്തനാരന്മാരോട് പോർച്ചുഗീസുകാക്ക് കണ്ണുകടിയായിരുന്നു.

## a) മാർ ജോസഫ് കേരളത്തിലേയ്ക്ക്

മാർ ജോസഫിൻെറയും കൂട്ടരുടെയും മലബാറിലേയ്ക്കുള്ള യാത്രയിൽ അവരുടെ കപ്പൽ ഗോവയിലടുത്തു. ഗോവ ഒരു നല്ല സുഖവാസസ്ഥലമാണെന്നു പറഞ്ഞ് ജോസഫിനെ നിർബന്ധപൂവ്വം ഗോവയിലിറക്കി. എന്നിട്ട്, അവർ ലിസ്ബണിലേയ്ക്കും റോമിലേയ്ക്കും എഴുതി അയച്ചത്, പോർച്ചുഗീസുകാർ ഇവിടെയുള്ളപ്പോൾ ബാബിലോണിയായിൽ നിന്നുള്ള മെത്രാന്മാരെ ഇവിടെ ആവശ്യമില്ലെന്നാണ്. മാർ ജോസഫ് തടവിലായി. മാർ ജോസഫുമായി സമ്പക്കം പുലത്തിയ പോർച്ചുഗീസുകാർ അദ്ദേഹത്തോട് ബഹുമാനാദരങ്ങൾ പ്രദശിപ്പിച്ചു.

## b) മാർ ജോസഫിൻെറ വിശ്വാസാചാരങ്ങൾ

ഗോവയിൽ തടങ്കലിൽ കഴിഞ്ഞുകൂടിയ മാർ ജോസഫിനെയും മാർ ഏലിയാസിനെയുംപററി, അവരുടെ സൂക്ഷിപ്പു

www.malankaralibrary.com

കാരനായ ഫാ. അൻേറാണിയോ ദേ പോർത്തേ എന്ന മിഷ്യനറി, 1557 നവംബർ 20–ാം തീയതി, പോർച്ചുഗൽ രാജാവിനെഴുതിയ കത്തിൽ, ഗോവാഗവണ്ണരായ ഫ്രാൻസിസ്കോ ദേ ബറേട്ടോ (Francisco de Barreto) യുടെ കല്പനപ്രകാരമാണ് ഈ രണ്ടു മെത്രാന്മാരും തടങ്കലിലാക്കപ്പെട്ടതെന്നും, അവരർഹിക്കുന്ന സുഖസൗകര്യങ്ങൾ കൊടുക്കുവാൻ ഗവണ്മെൻറുടെ കല്പന അനുവദിക്കുന്നില്ലെന്നും ആമുഖമായി പറയുന്നുണ്ട്.

കത്തിലെ പ്രസക്തഭാഗങ്ങൾ: ''ഞാൻ അവരുമായി പലവുരു പഴയതും പുതിയതുമായ നിയമങ്ങളെപ്പററി ചർച്ച ചെയ്തു: വിശ്വാസസത്യങ്ങളെ സംബന്ധിച്ചിടത്തോളം അവ നമ്മുടേതുപോലെതന്നെയാണ്. ബൈബിളിലെ സംഭവങ്ങൾ നടന്ന സ്ഥലങ്ങളിൽ ജനിച്ചുവളർന്നവരെപ്പോലെയാണ് അവരുടെ വിശ്വാസം. സന്മാർഗ്ഗശാസ്ത്രമാകട്ടെ, വേണ്ടതൊക്കെ അവക്കറിയാം. എന്നാൽ അവർ നമ്മളെപ്പോലെ അഗാധപഠനം നടത്തിയിട്ടുള്ളവരല്ല. ചോദ്യങ്ങൾക്കെല്ലാം അവർ യുക്തിപൂർവ്വം മറുപടി പറയുന്നുണ്ട്; അതിൻെറ കാരണം, നസിയാൻസിലെ വി. ഗ്രിഗരിയുടേയും വി. ബസിലിയൂസിൻെറയും, ലത്തീൻ വിശ്വാസസത്യങ്ങളുമായി യോജിക്കുന്ന മററു പല പിതാക്കന്മാരുടേയും ഗ്രന്ഥങ്ങൾ അവക്കുള്ളതാണ്. വിശ്വാസസത്യങ്ങളെ സംബന്ധിച്ചും ഞാൻ അവരോടു സംസാരിച്ചു. മൗലികവും ആവശ്യവുമായ തത്വങ്ങളെപ്പററി അവരുമായി ചർച്ചചെയ്തു. അവരുടെ വിശ്വാസവും നമ്മുടേതുമായി, യാതൊരു വ്യത്യാസവുമില്ല. അവരുടെ ജീവിതവും നല്ല ശീലങ്ങളും സംബന്ധിച്ചാണെങ്കിൽ, അവർ എനിക്കും പുതിയ ക്രിസ്ത്യാനികൾക്കും ഒന്നാന്തരം മാതൃകയാണ്. ഇവിടെയുള്ള മഹമ്മദീയക്കുപോലും അവരുടെ ജീവിതചര്യകളിലും വിശ്വാസസത്യങ്ങളിലും പ്രവൃത്തികളിലും വളരെ ബഹുമാനമുണ്ട്. ഇവിടെയുള്ള പോർച്ചുഗീസുകാരാണെങ്കിൽ, ഇവരുമായുള്ള സംഭാഷണത്താൽ ഉദ്ബുദ്ധരാവുകയും ഇവരുടെ പ്രവൃത്തികളാൽ നല്ല ജീവിതത്തിനു ഉത്തേജിതരാവുകയും ചെയ്യുന്നു. ഒരു പ്രാവശ്യം അവരുമായി സംസാരിച്ചപോർച്ചുഗീസുകാർ, വീണ്ടും വീണ്ടും അവരെക്കാണാൻ വരുന്നു. അവർ മാംസം ഭക്ഷിക്കുകയില്ല; നൊയമ്പുകാലങ്ങളിൽ മത്സ്യവും വീഞ്ഞും ഉപയോഗിക്കുകയില്ല. അവർ സൈ്വരമായും ശാന്തമായും ജീവിക്കുന്നതുകൊണ്ടു്, അവരുടെ മുറിവിട്ടു്

www.malankaralibrary.com

പുറത്തുപോകുന്നില്ല. അവർ സുറിയാനിയിൽ കുർബാന ചൊല്ലുന്നുണ്ട്. വിശ്വാസപരമായ എല്ലാ കാര്യത്തിലും അവർ നമ്മെപ്പോലെയായതുകൊണ്ട്, ഞാൻ അവരെ ലത്തീൻ കുർബാന ചൊല്ലുവാൻ പഠിപ്പിച്ചു. ഉയിർപ്പുദിവസം വളരെ ഭക്തിതീക്ഷ്ണതയോടും ഉച്ചാരണസൗഷ്ഠവത്തോടുംകൂടിയാണ് ലത്തീനിൽ കുർബാന ചൊല്ലിയതു്. അവർ അഗാധമായ ആത്മീയജീവിതമുള്ളവരും, വാക്കിലും പ്രവൃത്തിയിലും യാതൊരു കാലുഷ്യമില്ലാത്തവരുമാണ്............ഗോവയുടെ മെത്രാൻ കേരളത്തിന്റെയും ഇൻഡ്യമുഴവന്റെയും മെത്രാനായതുകൊണ്ട്, അവർ കേരളത്തിൽ പോകരുതെന്ന് ഞാൻ അവരെ ഉപദേശിച്ചു............"[1].

കേരളസഭയിലെല്ലാം ലത്തീൻആരാധനാക്രമം നടപ്പാക്കണമെന്ന് പോർച്ചുഗീസുകാർ പറഞ്ഞപ്പോൾ മാർ ജോസഫ് അതിനെ ശക്തിയായി എതിർത്തു. അപ്പോഴാണ്, മാർ ഗബ്രിയേൽ എന്നൊരു ബാബിലോണിയൻ മെത്രാൻ കേരളത്തിൽ വന്ന വാർത്ത അറിയുന്നതു്. പരിഭ്രാന്തരായ പോർച്ചുഗീസുകാർ മാർ ഗബ്രിയേലിന് ഒരു മറുമരുന്നായി, മാർ ജോസഫിനെ തടവിൽനിന്നും മോചിപ്പിച്ച് കേരളത്തിലേയ്ക്കയച്ചു.

### ii) മാർ ജോസഫ് കേരളത്തിൽ വന്നപ്പോൾ

കേരളത്തിൽ മാർ ജോസഫ് വന്നപ്പോൾ കേരളസഭ പാഷണ്ഡസഭയാണെന്നും അവരുടെ ആചാരങ്ങൾ അന്ധവിശ്വാസങ്ങളിൽ പെട്ടതാണെന്നും പറഞ്ഞ് ഫാ. കാർണെയ്റോ (Fr. Carneyro) എന്നൊരു ജസ്യൂട്ട് മിഷ്നറി, സുറിയാനിക്കാരെ ആക്ഷേപിച്ചും അവഹേളിച്ചുംകൊണ്ട്, ഇടവകകൾതോറും കയറിയിറങ്ങി, പ്രസംഗിക്കുകയായിരുന്നു. ജനങ്ങൾ രോഷാകുലരായി. തന്മൂലം, കർണെയ്റോയെ ഗോവയിലേയ്ക്ക് ഭാണ്ഡംകെട്ടിച്ചു. അസംതൃപ്തരായ പോർച്ചുഗീസുകാർ കോപിഷ്ഠരായി. മാർ ജോസഫിനെ ബന്ധനസ്ഥനാക്കി ഗോവയിലേയ്ക്കും, അവിടെനിന്ന് ലിസ്ബണിലേയ്ക്കും അയച്ചു. ലിസ്ബണിൽവച്ച് കട്ടിനാം ഹെൻട്രിയും കാതറീൻ രാജ്ഞിയും, മാർ ജോസഫിനെ വിചാരണചെയ്ത്, സത്യവിശ്വാസിയും മഹാഭക്തനുമെന്നുകണ്ട്, വീണ്ടും കേരളത്തിലേയ്ക്കയച്ചു.

---

1. Ferroli, Vol. I, P. 158-61.

www.malankaralibrary.com

### iii) മാർ ജോസഫ് വീണ്ടും കേരളത്തിൽ

മാർ ജോസഫ് കേരളത്തിൽ മടങ്ങിവന്നതിൽ, ഭഗ്നാശരും അസംതൃപ്തരുമായ പോർച്ചുഗീസുകാർ അദ്ദേഹത്തിനെതിരെ ആരോപണങ്ങൾ ഓരോന്നായി വീണ്ടും കൊണ്ടുവന്നു. കൊച്ചിയിലും കൊടുങ്ങല്ലൂരുമുള്ള ജസ്യൂട്ട് വൈദികർ, മാർ ജോസഫിൽ പാഷണ്ഡത ആരോപിച്ചുകൊണ്ട് റോമിലേയ്ക്കും ലിസ്ബണിലേയ്ക്കും, ഇടമുറിയാതെ, പരാതികളയച്ചുകൊണ്ടിരുന്നു. മാർ ജോസഫിനെ അറസ്റ്റു ചെയ്യിക്കുവാൻ വിദേശമിഷ്നറിമാർ കൊച്ചിരാജാവിന്റെ അടുക്കൽ എല്ലാ സമ്മർദ്ദങ്ങളും ചെലുത്തി. എന്നാൽ രാജാവ് അതിനു വഴിപ്പെട്ടില്ല. 1567–ൽ പോർച്ചുഗീസുകാരനായ കൊച്ചിമെത്രാൻ മാർ ജോസഫിനെ ഒരു വിരുന്നിനും സുഹൃത്സംഭാഷണത്തിനുമായി ക്ഷണിച്ചു. അതനുസരിച്ച് അവിടെ ചെന്ന അദ്ദേഹത്തെ പോർച്ചുഗീസുകാർ തടവിലാക്കി. സൗഹാർദ്ദത്തിന്റെയും ആതിഥ്യത്തിന്റെയും മൂടുപടത്തിൽ പതിയിരുന്നതു് വഞ്ചനയായിരുന്നെന്ന് അപ്പോഴായിരുന്നു അദ്ദേഹം മനസ്സിലാക്കിയതു്. മാർ ജോസഫിനെ പോർച്ചുഗീസുകാർ വീണ്ടും ഗോവയിലേയ്ക്ക് കൊണ്ടുപോയി. ഗോവയിൽ വച്ചുനടന്ന ഒന്നാമത്തെ കൗൺസിലിൽവെച്ച് മാർ ജോസഫിനെതിരായുള്ള ആരോപണങ്ങൾ ശരിയാണെന്നുള്ള പ്രമേയം മിഷ്നറിമാർ പാസ്സാക്കി. അനന്തരം മാർ ജോസഫിനെ ലിസ്ബണിലേയ്ക്ക് വീണ്ടും അയച്ചു.

### iv) ഇടക്കാലഭരണം

### a) മാർ അബ്രഹാമിന്റെ വരവ്

മാർ ജോസഫിനെ പോർച്ചുഗീസുകാർ തടവുകാരനാക്കി ഗോവയിലേയ്ക്കും അവിടെനിന്നു ലിസ്ബണിലേയ്ക്കും കൊണ്ടുപോയ വിവരം മാർ അബ്ദീശോ പാത്രിയർക്കീസ് അറിഞ്ഞു. അദ്ദേഹം സുലാക്കാ പാത്രിയർക്കീസിന്റെ പിൻഗാമിയും മാർപ്പാപ്പായോടു് ഐക്യവും വിധേയത്വവുമുള്ള ആളുമായിരുന്നു. ഇദ്ദേഹം മാർ ജോസഫിന്റെ സ്ഥാനത്തു്, മാർ അബ്രഹാം എന്നൊരു മെത്രാനെ കേരളത്തിലേയ്ക്കയച്ചു. 1568–ൽ ഇന്ത്യയിലെത്തിയ അദ്ദേഹത്തിന്റെ വ്യക്തിത്വം മാർ ജോസഫിന്റേതിൽനിന്നും വ്യത്യസ്തമായിരുന്നു. മാർ ജോസഫ് മഹാപണ്ഡിതനും, ഭക്തനും സൗമ്യനും ശാന്തശീലനും ആയിരുന്നു. എന്നാൽ, മാർ അബ്രഹാം അത്രവളരെ സൗ

www.malankaralibrary.com

മൃനോ പണ്ഡിതനോ ആയിരുന്നില്ലെങ്കിലും, കമ്മനിരതനും, ലോകവ്യവഹാരങ്ങളിൽ തഴക്കവും പഴക്കവുമുള്ള ഒരാളായിരുന്നു. അദ്ദേഹത്തിനു പോർച്ചുഗീസുകാരെ അതിശയിക്കുന്ന കുശാഗ്രബുദ്ധിയും നയചാതുര്യവുമാണുണ്ടായിരുന്നത്. ബാബിലോണിയായിൽനിന്നും പുറപ്പെട്ട മാർ അബ്രഹാം, കാവൽകിടന്നിരുന്ന പോർച്ചുഗീസുകാരെയും അവരുടെ കപ്പലുകളെയും അവക്കു പ്രാബല്യമുണ്ടായിരുന്ന തീരപ്രദേശങ്ങളെയും എങ്ങനെയോ മറികടന്നു്, സുറിയാനിക്രിസ്ത്യാനികൾ നിബിഡമായി താമസിക്കുന്ന കേരളത്തിലെ മലയോരപ്രദേശങ്ങളിൽ ഒരു ദിവസം പെട്ടെന്നു പ്രത്യക്ഷപ്പെട്ടു. കടലിൽ പോർച്ചുഗീസ് കപ്പലുകളും കരയിൽ പോർച്ചുഗീസ് ചാരന്മാരും ധാരാളമുണ്ടായിരുന്ന ഒരു കാലത്തു് അതെങ്ങനെ സാധിച്ചുവെന്നതു് അത്ഭുതകരമാണു്. അതു് അദ്ദേഹത്തിൻെറ കുമ്മബുദ്ധിയും നയവൈദഗ്ദ്ധ്യവും ആണു് വെളിപ്പെടുത്തുന്നതു്. അദ്ദേഹം വന്നയുടനെ സുറിയാനിസഭയുടെ ഭരണം ഏറ്റെടുത്തു. ഈ അവസരത്തിൽ മാർ ജോസഫ് ലിസ്‌ബണിലെ വിചാരണക്കോടതികളിൽ തൻെറ നിരപരാധിത്വം വെളിപ്പെടുത്തുകയായിരുന്നു. അചിരേണ നിരപരാധിയായി പ്രഖ്യാപിക്കപ്പെട്ട അദ്ദേഹം കേരളത്തിലെത്തി. അപ്പോൾ മാർ അബ്രഹാമിനു് ഇടമില്ലാതായി. കേരളസഭാഭരണത്തെ രണ്ടായി വിഭജിച്ചു് മാർ ജോസഫിനും തനിക്കും ആയുള്ള ഭരണസംവിധാനമേർപ്പെടുത്തുന്നതിനു മാർ അബ്രഹാം, മാർ ജോസഫിനോടപേക്ഷിച്ചു. എന്നാൽ മാർ ജോസഫ് അതു സ്വീകരിച്ചില്ല. തൽഫലമായി, മാർ അബ്രഹാമിനു കേരളത്തിൻെറ പല ഭാഗങ്ങളിലും അലഞ്ഞുതിരിയേണ്ടിവന്നു.

## b) മാർ അബ്രഹാമിൻെറ പിൻതിരിവു്

തങ്ങളുടെ അറിവും സമ്മതവുമില്ലാതെ നാട്ടിലെത്തിയ മാർ അബ്രഹാമിനെ കുറെക്കാലമായി പോർച്ചുഗീസുകാർ നോട്ടമിട്ടുകൊണ്ടിരിക്കുകയായിരുന്നു. നാട്ടിലങ്ങോളമിങ്ങോളം അലഞ്ഞുതിരിയേണ്ടിവന്ന മാർ അബ്രഹാമിനെ പോർച്ചുഗീസുകാർ വളരെയെളുപ്പം കൂട്ടിലാക്കിയെടുത്തു്, ഗോവയിലേക്കും അവിടെനിന്നു് ശക്തമായ പോലീസ് ബന്തവസ്സോടുകൂടി ലിസ്‌ബണിലേക്കും അയച്ചു. എന്നാൽ ആ കപ്പൽ ഗോവയിൽനിന്നു് ആഫ്രിക്കയുടെ തെക്കെഅററമായ Cape of Good Hope കടക്കുന്നതിനുമുമ്പു്, മാർ അബ്രഹാം ബാബിലോ

www.malankaralibrary.com

ണിയായിലെ അബ്ദീശോ പാത്രിയർക്കിസിൻെറ അടുക്കൽ എത്തിയിരുന്നു.

## v) മാർ ജോസഫിൻെറ രണ്ടാമത്തെ വിചാരണ

മാർ ജോസഫിന് തൻെറ സത്യവിശ്വാസത്തിലും നിഷ്കളങ്കതയിലും ദൃഢബോദ്ധ്യമുണ്ടായിരുന്നു. ധീരനായ അദ്ദേഹം ലിസ്ബണിലെ കോടതികളിലും അന്വേഷണ ക്കമ്മീഷനുകളിലും തൻെറ നിരപരാധിത്വം ഒരിക്കൽകൂടി തെളിയിച്ചു. തൻെറ കത്തോലിക്കാവിശ്വാസത്തെയും അതനുസരിച്ച് കേരളത്തിൽ നടക്കുന്ന സഭാഭരണത്തെയും കുറിച്ച് അവരെ ബോദ്ധ്യപ്പെടുത്തി. ലിസ്ബണിലെ അധികാരികൾ ബഹുമാനപൂർവ്വം അദ്ദേഹത്തെ മാർപ്പാപ്പായുടെ അടുക്കലേക്ക് അയച്ചു. റോമിലെ അധികാരികൾക്കും അദ്ദേഹത്തിൻെറ നിരപരാധിത്വവും സത്യവിശ്വാസദാർഢ്യവും ഭക്തിതീക്ഷ്ണതയും ബോദ്ധ്യപ്പെട്ടു. മാർപ്പാപ്പാ പീയൂസ് അഞ്ചാമൻ, അദ്ദേഹത്തിൻെറ വിശ്വാസസത്യങ്ങൾ പരിശോധിച്ചതിൽ വിശ്വാസത്തിനുവേണ്ടി വളരെയധികം ക്ലേശങ്ങൾ സഹിച്ച പുണ്യവാനും പണ്ഡിതനുമായ ഒരാളെയാണ് കണ്ടത്. അതിൽ സന്തുഷ്ടനായ മാർപ്പാപ്പാ അദ്ദേഹത്തെ കർദ്ദിനാളാക്കുവാൻ തീരുമാനിച്ചുവെന്ന് Oriente Conquistado എന്ന ചരിത്രഗ്രന്ഥത്തിൽ കാണുന്നു. Divi എന്ന ചരിത്രകാരൻ പറയുന്നത്, അദ്ദേഹം ജീവിച്ചിരുന്നെങ്കിൽ ഒരു കർദ്ദിനാൾ ആകുമായിരുന്നു എന്നാണ്. അദ്ദേഹം കർദ്ദിനാൾസ്ഥാനത്തിൻെറ ചെമപ്പുതൊപ്പി വാങ്ങുന്നതിൻെറ തലേരാത്രി, അജ്ഞാതകാരണങ്ങളാൽ മുറിയിൽ മരിച്ചുകിടക്കുന്നതായി കാണപ്പെട്ടു. മെക്കൻസി അതേപ്പററി പറയുന്നത് ഇപ്രകാരമാണ്, "ഇന്ത്യയിലേയ്ക്ക് മടങ്ങുന്നതിനുമുമ്പ്, കർദ്ദിനാളായി അവരോധിക്കപ്പെടുന്നതിൻെറ തലേരാത്രി അദ്ദേഹം മരിച്ചുകിടക്കുന്നതായി കാണപ്പെട്ടു"[2]. ഇതുപോലെതന്നെയായിരുന്നല്ലോ കരിയാററി ജോസഫ് മെത്രാപ്പോലീത്തായും ഗോവായിൽ വച്ച് മരിച്ചത്. നിഗൂഢകാരണങ്ങളാൽ ഇപ്രകാരം മരിക്കാതിരുന്നെങ്കിൽ അദ്ദേഹം ഇന്ത്യയിലെ ആദ്യത്തെ കർദ്ദിനാൾ ആകുമായിരുന്നു. ആ ഭാഗ്യത്തിന് 300 വർഷത്തോളം ഇന്ത്യാക്കാർ കാത്തിരിക്കേണ്ടിവന്നു. വിദേശമിഷ്നറിമാരുടെ അപ്രതിരോധ്യശക്തി!

---

2. Mackenzie, P. 66, Note 43.

www.malankaralibrary.com

എന്നാൽ അന്നു കേരളത്തിലെ ഒരു വിദേശമിഷ്നറി യായിരുന്ന ഫ്രാൻസീസ്ക്കോ ദെ ഡിസൂസാ (Francisco De-Souze) പറയുന്നതിപ്രകാരമാണ്, ''ഈ ചെന്നായ് (മാർ ജോസഫ്) റോമിൽ ചെന്നപ്പോഠം ആടിന്റെ രോമച്ചട്ടയിട്ടു; അങ്ങനെ അധികാരികളുടെ ദൃഷ്ടിയിൽ കത്തനാരം ആകുവാൻ യോഗ്യനും ആയി. പക്ഷേ ദൈവം അദ്ദേഹത്തിന്റെ ഉന്നതവും പ്രശംസാഹ്വമായ പരിപാലനയിൽ, ആ റോമാനഗരത്തിൽവെച്ചുതന്നെ അവന്റെ ജീവന്റെ ചരടുകഠം ഛേദിച്ചുകളഞ്ഞു''3. പോർച്ചുഗീസു് മിഷ്നറിമാരുടെ സംസ്ക്കാരം!! ഗോവയാ എന്ന ചരിത്രകാരൻ മാർ ജോസഫിനെപ്പററി ദീഘമായി പറയുന്നഭാഗം പെട്ടെന്നു അവസാനിപ്പിക്കുകയാണ് ചെയ്യുന്നതെന്നും എങ്ങനെ ആയാലും, ആ ഭാഗം മാർ ജോസഫിന്റെ മരണകാരണത്തെപ്പററി ബലമായ സംശയം ഉളവാക്കുന്നതാണെന്നും Hough എന്ന ചരിത്രകാരൻ പറയുന്നു4.

കേരളസഭയ്ക്കുവേണ്ടി ബാബിലോണിയൻ മെത്രാന്മാർ സഹിച്ച പീഡനങ്ങളും കഷ്ടതകളും കേരളത്തിലെ സുറിയാനി സമുദായത്തിന്റെ പൈതൃകത്തിൽ ഒരമൂല്യഭാഗമായി ചേന്നിരിക്കുകയാണ്. അതു മറക്കുവാൻ ശ്രമിക്കുന്നതു് നിന്ദ്യമായ കൃതഘ്നത ആയിരിക്കും. മാർ ജോസഫിനെപ്പററി കത്തനാരം തിസറന്റ് പറയുന്നതു് ഇപ്രകാരമാണ്. ''അദ്ദേഹത്തിന്റെ വേദനകളുടെ കാസാ നിറഞ്ഞിരുന്നു. ദീഘവും അവധാനവുമായ രക്തസാക്ഷിയുടെ കിരീടം പത്രോസിന്റെയും പൗലോസിന്റെയും കബറുകഠംക്കടുത്തു് അദ്ദേഹം സമ്പാദിച്ചു. അദ്ദേഹത്തിന്റെ രക്തസാക്ഷിത്വം അദ്ദേഹത്തിന്റെ സഹോദരൻ സുലാക്കപാത്രിയക്കീസിന്റേതിനേക്കാഠം വേദനാജനകമായിരുന്നു. അദ്ദേഹം എഴുതിയ പതിനെട്ടു സുറിയാനി കൈയെഴുത്തു ഗ്രന്ഥങ്ങളും, പെർഷ്യൻ ഭാഷയിലും അറബിഭാഷയിലുമുള്ള ഓരോ കൈയെഴുത്തു ഗ്രന്ഥവും, അദ്ദേഹം എപ്പോഴും തന്റെകൂടെ കൊണ്ടുപോയിരുന്നു. അവ ഇന്നു് വത്തിക്കാൻ ഗ്രന്ഥശേഖരത്തിലുണ്ടു്''5.

---

3. Francis De Souza, Orienthe Conquistado, Vol. XI, 1606, P. 75.
4. Vol. I, P. 260.
5. Tisserant, P. 41.

www.malankaralibrary.com

## vi) മാർ അബ്രഹാം വീണ്ടും കേരളത്തിലേയ്ക്ക് (1568)

### a) യാത്രാശകുനങ്ങൾ

അബ്ദീശോ പാത്രിയർക്കിസിന്റെ അടുക്കൽ മാർ അബ്രഹാം എത്തിയശേഷം, കേരളസഭയുടെ വ്യാപ്തി വളരെ വലുതാണെന്നും അതു് രണ്ടായി വിഭജിക്കാതെ കാര്യക്ഷമമായി ഭരിക്കുവാൻ സാധിക്കുകയില്ലെന്നു് പാത്രിയക്കിസിനെ ഉദ്ബോധിപ്പിച്ചു. പാത്രിയക്കിസിനു് അതു് വിശ്വാസയോഗ്യമായി തോന്നി. തന്റെ സാക്ഷിപത്രം പോർച്ചുഗീസുകാർ പരിഗണിക്കുകയില്ലെന്ന ബോദ്ധ്യമുള്ള പാത്രിയക്കിസ്, റോമിലെ അധികാരപത്രത്തിനുവേണ്ടി അബ്രഹാമിനെ മാർപ്പാപ്പായുടെ അടുക്കലേയ്ക്കയച്ചു. മാർ അബ്രഹാമിനെ മാപ്പാപ്പാ കേരളത്തിലേയ്ക്കു് അയയ്ക്കുകയും, ഗോവയിലും കൊച്ചിയിലുമുള്ള മെത്രാന്മാർക്കു്, മാർ അബ്രഹാമിനെ ബഹുമാനപൂർവ്വം സ്വീകരിക്കുവാനും കേരളസഭയിൽ ബാബിലോണിയൻ പാത്രിയക്കിസിനുള്ള അധികാരം അംഗീകരിക്കുവാനും ആവശ്യപ്പെടുകയും ചെയ്തിരുന്നു. ഈ കല്പനകൾ പാത്രിയക്കിസിനു് കേരളസഭയിലുണ്ടായിരുന്ന അധികാരമാണു് കാണിക്കുന്നതു്. എന്നാൽ 'പദ്രവാദോയ'ുടെ അവകാശവാദമനുസരിച്ചു്, ഇന്ത്യയിലെ എല്ലാ ക്രൈസ്തവസമൂഹങ്ങളും പോർച്ചുഗൽരാജാവിനു് കീഴ്പ്പെട്ടിരിക്കേണ്ടതും ഗോവാമെത്രാപ്പോലീത്താ എല്ലാ സഭകളുടെയും അധീശനായിരിക്കുന്നതുമാണു്.

മാപ്പാപ്പായുടെ 1562—ലെ ഒരു കല്പനപ്രകാരം മെത്രാന്മാരെ മാർപ്പാപ്പാ നിയമിച്ചിട്ടില്ലാത്ത സ്ഥലങ്ങളിൽ, മെത്രാന്മാരെ പാത്രിയക്കിസിനു് നിയമിക്കുവാൻ അധികാരമുണ്ടായിരുന്നു. റോമിൽ കിട്ടിക്കൊണ്ടിരുന്ന റിപ്പോർട്ടുകളുടെ നിറത്തിന്റെയും രൂക്ഷത്തിന്റെയും അടിസ്ഥാനത്തിലായിരുന്നു പാത്രിയക്കിസിനോടും പദ്രവാദോയോടുമുള്ള റോമിന്റെ മനോഭാവം. രൂപത രണ്ടായി വിഭജിക്കുന്നതിനാണു് പാത്രിയക്കിസ് കല്പന അയച്ചതെങ്കിലും മാർ ജോസഫ് റോമിൽ വച്ചു മരിച്ചുപോയതുകൊണ്ടു് മാർ അബ്രഹാംതന്നെ കേരളത്തിലെ മെത്രാപ്പോലീത്തയായി അവരോധിക്കപ്പെട്ടു.

### b) ഗോവയിൽ വീണ്ടും തടങ്കലിൽ

മാർ അബ്രഹാം മാപ്പാപ്പായുടേയും പാത്രിയക്കിസിന്റേയും കത്തുകളുമായി (1568) ഗോവയിലെത്തിയപ്പോൾ, പോർ



www.malankaralibrary.com

ച്ചുഗീസുകാർ അദ്ദേഹത്തെ തടങ്കലിലാക്കി. മാർ അബ്രഹാം കൊണ്ടുവന്ന പാത്രിയർക്കീസിന്റെ നിയമനപത്രം, അദ്ദേഹത്തിനു് ഇന്ത്യയിൽ അധികാരമില്ലെന്നു പറഞ്ഞു്, പോർച്ചുഗീസുകാർ തള്ളിക്കളഞ്ഞു. മാർപ്പാപ്പായുടെ അധികാരപത്രത്തെപ്പററി പോർച്ചുഗീസുകാർ പറഞ്ഞതു്, അതു് മാർപ്പാപ്പായെ തെററിദ്ധരിപ്പിച്ചു് വാങ്ങിയതാകയാൽ അതിനു വിലയില്ലെന്നാണു്. അതേസമയം, പദ്രവാദോ അനുസരിച്ചു് മലങ്കരയുടെ ഭരണാധികാരം ഗോവയിലെ മെത്രാപ്പോലീത്തായ്ക്കാണെന്നും അവർ ചൂണ്ടിക്കാട്ടി. മാർപ്പാപ്പായുടെ അധികാരപത്രം ഗോവയിലെ അധികാരികൾ തള്ളിക്കളയുമെന്നു് മാർ അബ്രഹാം ഒരിക്കലും കരുതിയിരുന്നില്ല. ഏതായാലും അദ്ദേഹത്തെ ഗോവയിലെ അധികാരികൾ തടവിൽ പാർപ്പിച്ചു. അവിടെയും അദ്ദേഹത്തിന്റെ ബുദ്ധിയും സാമർത്ഥ്യവും അദ്ദേഹത്തെ കൈവെടിഞ്ഞില്ല.

1569-ലെ പെസഹാവ്യാഴാഴ്ച സായംകാലം, ജസ്യൂട്ടു് മന്ദിരത്തിലെ അംഗങ്ങളെല്ലാം ചാപ്പലിൽ ആരാധനയ്ക്കായി കൂടി. പ്രാർത്ഥനകളെല്ലാം കഴിഞ്ഞു മടങ്ങിവന്നപ്പോൾ, മാർ അബ്രഹാമിനെ കാണാനില്ല. അവിടെയും പരിസരങ്ങളിലും അന്വേഷിച്ചിട്ടും അവർക്കു് ഒരു തുമ്പും പിടിയും കിട്ടിയില്ല. ഏതായാലും, കൂടുവിട്ടുകടന്ന ഈ കിളിയുടെ ലക്ഷ്യം അവർക്കറിയാമായിരുന്നു. അവർ കൊച്ചിയിലെ പോർച്ചുഗീസ് അധികാരികൾക്കു് അടിയന്തിരമായി വിവരങ്ങളെല്ലാം എഴുതി അയച്ചു. ആ കത്തു കൊച്ചിയിലെത്തുന്നതിനു മുമ്പുതന്നെ മാർ അബ്രഹാം കൊച്ചിയിലെ പോർച്ചുഗീസ് അധികാരികളുടെ മുമ്പിൽ സന്നിഹിതനായി, മാർപ്പാപ്പായുടേയും പാത്രിയർക്കീസിന്റേയും സാക്ഷ്യപത്രങ്ങളെല്ലാം അവരെക്കാണിച്ചു ബോദ്ധ്യപ്പെടുത്തി. അവരുടെ സഹായസഹകരണത്തോടുകൂടിത്തന്നെ മാർ അബ്രഹാം അങ്കമാലി മെത്രാപ്പോലീത്തായായി അവരോധിക്കപ്പെട്ടു. അപ്പോഴും ഗോവയിലെ അധികാരികളുടെ അടിയന്തിരക്കത്തു് കൊച്ചിയിലേയ്ക്കുള്ള യാത്രയിലായിരുന്നു. ആ കത്തു് കൊച്ചിയിൽ കിട്ടിയപ്പോൾ, അവിടത്തെ അധികാരികൾക്കു് തങ്ങൾക്കു പററിയ അമളി അപ്പടി വിഴുങ്ങുവാനേ കഴിഞ്ഞുള്ളു. മാർ അബ്രഹാം തങ്ങളുടെ വലയിൽ കിട്ടുന്ന മീൻ അല്ലെന്നും അവർക്കു് ബോദ്ധ്യപ്പെട്ടു.

www.malankaralibrary.com

## ആറാം അദ്ധ്യായം

# മാർ അബ്രഹാം (1568-1597)

കേരളവും കേരളീയരും മാർ അബ്രഹാമിനു് പുത്തരിയായിരുന്നില്ല. പോർച്ചുഗീസു് മിഷ്നറിമാർ മാർ ജോസഫിനെ ലിസ്ബണിലും റോമിലുമുള്ള കോടതികളിൽ ഏത്തമിടീച്ചുകൊണ്ടിരുന്ന കാലത്തു്, മാർ അബ്രഹാം, മാർ ജോസഫിന്റെ സ്ഥാനത്തു് കേരളസഭയെ ഏകദേശം ഒരു കൊല്ലത്തോളം ഭരിച്ചിരുന്നതാണു്. മാർ ജോസഫ് മടങ്ങിവന്നതോടെ മാർ അബ്രഹാമിനു് ഇടമില്ലാത്തതുയാൽ പിൻവാങ്ങേണ്ടിവന്നു. പിന്നീടു് അദ്ദേഹം ഒളിവിലും മറവിലും കഴിച്ചുകൂട്ടി. സൂക്ഷ്മനിരീക്ഷണപടുവായ അദ്ദേഹത്തിനു് കൂടുതൽ ആഴത്തിൽ കേരളത്തെ പഠിക്കുന്നതിനു് അതു് ഒരവസരമായിത്തീരുകയും ചെയ്തു.

കേരളത്തിലെ സുറിയാനിസഭയുടെ നിലനില്പിനും പോർച്ചുഗീസ് മേധാവിത്വത്തിൽനിന്നുള്ള വിമോചനത്തിനും അക്ഷീണയത്നം നടത്തിയ ആളായിരുന്നു മാർ അബ്രഹാമെങ്കിലും, ആ സഭയിൽ പലതും പരിഷ്ക്കരിക്കേണ്ടതായിട്ടുണ്ടെന്നു് അദ്ദേഹം മനസ്സിലാക്കിയിരുന്നു. അദ്ദേഹത്തിന്റെ യൂറോപ്യൻ യാത്രകളും യൂറോപ്യൻ മിഷ്നറിമാരുമായുള്ള സമ്പർക്കങ്ങളും അതിനദ്ദേഹത്തെ സഹായിച്ചിട്ടുമുണ്ടാകണം.

## i) മാർ അബ്രഹാമും ജസ്യൂട്ടു് വൈദികരും

1574–ൽ ജസ്യൂട്ട പ്രൊവിൻഷ്യലും സന്ദർശകനുമായ അലക്സാണ്ടർ വലിഞ്ഞാനോ എന്ന വൈദികശ്രേഷ്ഠൻ 44 ജസ്യൂട്ട വൈദികരോടുകൂടി കേരളത്തിൽ വന്നു. മാർ അബ്രഹാം അവരെ ഹാർദ്ദമായി സ്വീകരിച്ചു. അവർക്കു് തന്റെ പള്ളികളിൽ പ്രസംഗിക്കുന്നതിനും, മതബോധനവും കർമ്മങ്ങളും നടത്തുന്നതിനും പൂർണ്ണസ്വാതന്ത്ര്യം നല്കി. 1577–ൽ വൈപ്പിക്കോട്ടു് ഒരു ജസ്യൂട്ടുഭവനവും, തുടന്നു്, ഒരു ദേവാലയവും ഒരു അച്ചുകൂടവും, 1581–ൽ നസ്രാണികളായ വൈദികാർത്ഥികൾക്കു് ഒരു സിമ്മനാരിയും സ്ഥാപിക്കപ്പെട്ടതു് മാർ അബ്രഹാമി

www.malankaralibrary.com

ൻെറ പ്രോത്സാഹനത്താലാണ്. ജസ്യൂട്ടുസഭയുടെ ജനറാലായിരുന്ന അകചാവിവയുമായി അദ്ദേഹം നിരന്തരം കത്തിടപാടുകളിലേപ്പെട്ടിരുന്നു. വൈപ്പിക്കോട്ടു സിമ്മനാരിയുടെ റെക്ടരായിരുന്ന ഫാ. ഫ്രാൻസിസു റോസ്സിനെ തൻെറ അതിരൂപതയുടെ ഉപദേഷ്ടാവായും മാർ അബ്രഹാം നിയമിച്ചു. ഇക്കാലത്തു് മിഷ്നറിമാർ യൂറോപ്പിലയച്ചുകൊണ്ടിരുന്ന കത്തുകളിൽ, മാർ അബ്രഹാമിനെപ്പററിയുള്ള പ്രശംസകളാണ് കാണുന്നതു്. ജസ്യൂട്ട് വൈദികരാണ്, മാർ അബ്രഹാമിനു പാലിയം കൊടുക്കണമെന്നും, അദ്ദേഹത്തിൻെറ കാലശേഷം അക്ക്ദിയാക്കോനെ അഡ്മിനിസ്ട്രേററായി നിയമിക്കണമെന്നും റോമിൽ അപേക്ഷകൊടുത്തതു്. ഈ ഔദാര്യത്തിൻെറ പിന്നിലുണ്ടായിരുന്ന ഉദ്ദേശ്യം എന്താണെന്നു ഫാ. ഫെറോളി തുറന്നുപറയുന്നുണ്ടു്, "ജസ്യൂട്ട് വൈദികരും പോർച്ചുഗീസുകാരും ആഗ്രഹിച്ചിരുന്നതു്, മാർ അബ്രഹാം ലത്തീൻ റീത്തു സ്വീകരിക്കണെ"മെന്നുള്ളതായിരുന്നു[1]. പതിമ്മൂന്നാം ഗ്രിഗോരിയോസു മാപ്പാപ്പായ്ക്കു്, പ്രൊപ്പഗാന്താസംഘത്തിൻെറ പ്രീഫെക്ററ്, കട്ടിനാൽ സന്തോറി സമപ്പിച്ച നിവേദനത്തിലും ഇക്കാര്യം സ്പഷ്ടമായി പറഞ്ഞിട്ടുണ്ടു്.

മാർ അബ്രഹാമിൻെറ കാലശേഷം, അദ്ദേഹത്തിൻെറ പിൻഗാമിയെ റോമാ നിശ്ചയിക്കുന്നതുവരെ, കുരിശിൻെറ ഗീവറുഗീസ് അക്ക്ദിയാക്കോൻ ഭരണം ഏറെറടുക്കണമെന്നു് ഗ്രിഗരി പതിമ്മൂന്നാമൻ മാപ്പാപ്പാ ഒരു കല്പന പുറപ്പെടുവിച്ചിരുന്നു. 1579 ജനുവരി 3-ലെ ഈ കല്പന അക്ക്ദിയാക്കോനു നല്കിയിരുന്നു. അതനുസരിച്ചു്, ഗീവറുഗീസ് അർക്കദിയാക്കോൻ തൻെറ പിൻഗാമിയായിവരുമ്പോൾ, അദ്ദേഹത്തെ അനുസരിക്കണമെന്നു് ജനങ്ങൾക്കു് മാർ അബ്രഹാം, കല്പന അയച്ചു. മാർ അബ്ദീശോ പാത്രിയക്കീസിൻെറ നേരത്തെയുള്ള നിർദ്ദേശമനുസരിച്ചു്, അക്ക്ദിയാക്കോനെ പുതുതായി രൂപംകൊടുത്ത പാലയൂർ രൂപതയുടെ മെത്രാനായി നിയമിച്ചു. ഗ്രിഗരി പതിമ്മൂന്നാമൻ മാപ്പാപ്പായുടെ 1580 മാച്ച് 4-ലെ കല്പനയിൽ അക്ക്ദിയാക്കോൻെറ ഈ നിയമനം സ്ഥിരീകരിക്കപ്പെട്ടു. മാർ ശെമഓൻ എന്നൊരു നെസ്തോറിയൻ മെത്രാൻ കേരളത്തിൽ വന്നുകൂടിയപ്പോഴാണ് ഈ തീരുമാനമുണ്ടായതെന്നു് ഓക്കണം.

1. Ferroli, Vol. I, P 167.

www.malankaralibrary.com

അതേ മാപ്പാപ്പായുടെ 1580 മാച്ച് 5–ലെ കല്പനയിൽ കേരളസഭയിലെ വൈദികരേയും ജനങ്ങളേയും ആഹ്വാനം ചെയ്യുന്നതു്, ''അവരുടെ ഇടയനായ മാർ അബ്രഹാമിനേയും പാലയൂരിൻെറ മെത്രാനായ ഗീവറുഗീസിനേയും അനുസരിക്കണെ''മെന്നും കേരളത്തിൽ വന്നുകൂടിയ മാർ ശെമഓനുമായി യാതൊരു സമ്പക്കവും പാടില്ലെന്നുമായിരുന്നു. എന്നാൽ ഗീവറുഗീസു് അക്കദിയാക്കോൻ പാലയൂർ മെത്രാനായതുമില്ല, അദ്ദേഹത്തിനു് മെത്രാൻപട്ടം കിട്ടിയതുമില്ല. പാലയൂർ, ഇന്നും വിധവയായ പ്രതിശ്രുതവധുവിനെപ്പോലെ കഴിയുന്നു. കാരണം, ഗോവ–ലിസ്ബൺ റോമാ എന്ന ത്രികോണബന്ധങ്ങളിൽ ദുർമ്മോഹങ്ങളുടെ പല ചരടുവലികളും നടന്നതു തന്നെ. മാപ്പാപ്പായുടെ പിന്നീടുള്ള ഒരു കത്തിൽ അക്കദിയാക്കോൻെറ അഗാധമായ എളിമകൊണ്ടു് അദ്ദേഹം മെത്രാൻ പട്ടം സ്വീകരിക്കുവാൻ വിസമ്മതിച്ചുവെന്നു് ഒരു സൂചനയുണ്ടു്. പച്ചക്കള്ളത്തിൻെറ ഈ പുകമറയിലാണു് മിഷ്നറിമാർ അവരുടെ അധികാരദുർമ്മോഹം മറച്ചുവച്ചതു്. ഏതായാലും ഇതേപ്പററി ''നാട്ടുമെത്രാന്മാരുടെ പരമ്പര തുടങ്ങുന്നതിനുള്ള നല്ല അവസരം നഷ്ടപ്പെടുത്തി''യെന്നു കർദ്ദിനാൾ ടിസ്സറാൻറ് പറയുന്നു2.

## ii) വൈപ്പിക്കോട്ടു സിമ്മനാരി

രാഷ്ട്രീയരംഗത്തായാലും മതമണ്ഡലത്തിലായാലും പരിശീലനകേന്ദ്രങ്ങൾ സവ്വപ്രധാനങ്ങളാണു്. കമ്മ്യൂണിസ്റ്റു നേതാക്കന്മാർ റഷ്യയിൽപോയി പരിശീലനം നേടുന്നതിൻെറ രഹസ്യവും മറെറാന്നുമല്ല. പരിശീലനത്തിൻെറ പ്രാധാന്യം അറിയാത്തവരായിരുന്നില്ലാ ജസ്യൂട്ടർ. ''അഞ്ചുവയസ്സുള്ള ഒരു കുട്ടിയെ ഞങ്ങൾക്കു തരുക: നിങ്ങൾക്കാവശ്യമുള്ള ഒരാളാക്കി മടക്കിത്തരാം'' എന്നായിരുന്നല്ലോ അവരുടെ പ്രമാണം. കേരളസഭയിൽ ലത്തീൻകമ്മങ്ങളും പോർച്ചുഗീസാചാരങ്ങളും നടപ്പിലാക്കി, വഴക്കിഇണക്കി എടുക്കാനായിരുന്നു ജസ്യൂട്ടരുടെ ശ്രമം. കേരളസഭയിൽ ഈ ജസ്യൂട്ടർ ഒരു ''ട്രോജൻ കുതിര''യായിരുന്നതുപോലെ അവരുടെ വൈപ്പിക്കോട്ട സിമ്മനാരി ലത്തീനീകരണത്തിൻെറ ശക്തിയേറിയ യന്ത്രശാലയുമായിരുന്നു. ഭാവിയിൽ സഭാനേതൃത്വം എടു

2. Tisserant, P. 48.

www.malankaralibrary.com

ക്കേണ്ട യുവാക്കളുടെ പരിശീലനം സവ്വപ്രധാനമായ ഒന്നാണല്ലോ. സിമ്മനാരിക്കു് പോർച്ചുഗൽ രാജാവിന്റെ സഹായധനവുമുണ്ടായിരുന്നു. ജസ്യൂട്ടു് പ്രൊഫസ്സറന്മാരുടെ ശമ്പളത്തിനുംപുറമേ, അവിടെയുണ്ടായിരുന്ന 30 വിദ്യാൎത്ഥികൾക്കു് പ്രതിവഷം മുന്നൂറുരൂപയും ലഭിച്ചിരുന്നു. ലത്തീൻകമ്മങ്ങളും ലത്തീൻ അന്തരീക്ഷവും ഉണ്ടായിരുന്ന സിമ്മനാരിയിലെ വിദ്യാൎത്ഥികൾക്കു് ചിലപ്പോഴെങ്കിലും, ലത്തീനല്ലേ നല്ലതെന്നൊരു തോന്നൽ! ഇങ്ങനെയൊരു തോന്നലിനു് പ്രേരണ നല്കുവാൻ പ്രൊഫസ്സറന്മാരും കിണഞ്ഞു പരിശ്രമിച്ചിരുന്നു. സുറിയാനിക്കമ്മങ്ങളും സുറിയാനിഭാഷതന്നെയും പഠിക്കുന്നതിനു് ചില പ്രൊഫസ്സറന്മാരും അവരുടെ പ്രേരണയിൽപ്പെട്ട ചെറിയ ഒരു വിഭാഗം വിദ്യാൎത്ഥികളും എതിരായിരുന്നു. തന്നെയുമോ, സുറിയാനിഭാഷ വേണ്ടെന്നു് റെക്ടരുടെ പക്കലും ചിലർ നിവേദനം നടത്തിയത്രേ[3]. ഫലമോ, കുർബാനപ്പട്ടം സ്വീകരിക്കാൻവന്നവർ സുറിയാനിക്കമ്മങ്ങളും സുറിയാനിഭാഷതന്നെയും അറിഞ്ഞിരുന്നില്ല. കൂടാതെയും, സുറിയാനിഭാഷയിലാക്കിയ റോമൻറീത്തിൽ പട്ടം കൊടുക്കുവാൻ മിഷ്യനറിമാർ മാർ അബ്രഹാമിനെ നിർബ്ബന്ധിക്കുകയും ചെയ്തു. മാർ അബ്രഹാം ഇവക്കു് പട്ടം കൊടുക്കാൻ ന്യായമായും വിസമ്മതിച്ചു. അതോടെ ജസ്യൂട്ടരുടെ ലക്ഷ്യവും ശ്രമങ്ങളും വിഫലമായി. അവക്കു് ഗുരുതരമായ അഭിമാനക്ഷതവും ഏററു. തന്മൂലം ജസ്യൂട്ടർ കോപാകുലരായി. അവരുടെ പ്രതികരണം, മാർ അബ്രഹാമിൽ നെസ്തോറിയൻ പാഷണ്ഡത ആരോപിച്ചു് റോമിലേയ്ക്കും ലിസ്ബണിലേയ്ക്കും തുടരെത്തുടരെ എഴുതുകയായിരുന്നു.

### iii) ഗോവാകൌൺസിലെന്ന കടുവാക്കൂട്

കേരളസഭയെ വിഴുങ്ങുവാൻ വിദേശമിഷ്യനറിമാർ നാനാമാൎഗ്ഗങ്ങളിലും ഭഗീരഥപ്രയത്നം ചെയ്തിരുന്നു. അവയിൽ പ്രധാനപ്പെട്ടതായിരുന്നു, ഗോവാകൌൺസിലുകൾ. കേരളസഭയെ നിയമപരമായി വരിഞ്ഞുകെട്ടി പോർച്ചുഗീസു് ആധിപത്യത്തിന്റെ, ക്രൂരദംഷ്ട്രങ്ങൾക്കു് ഇരയാക്കുക എന്നതായിരുന്നു, ഈ കൌൺസിലുകളുടെ പ്രധാന ഉദ്ദേശ്യം. ഹിററ്ലർക്കു് ഇഷ്ടപ്പെടാതിരുന്ന ഉന്നതവ്യക്തികളെ, അതിഥികളെപ്പോലെ വിളിച്ചുവരുത്തി സ്വീകരിച്ചു് ഒരു

3. Ferroli, Vol I, P. 170.

www.malankaralibrary.com

മുറിയിലിരുത്തും: അവിടെ മേശപ്പുറത്തു്, നിറച്ച ഒരു റിവോൾവറും കാണും. ആ റിവോൾവറിന്റെ ഭാഷ അതിഥിക്ക മനസ്സിലാകുന്നതുതന്നെ—ആത്മഹത്യ. ഏതാണ്ടിതുപോലെയായിരുന്നു മാർ അബ്രഹാമിനു് ഗോവാകൌൺസിലിൽ സംബന്ധിക്കുവാൻ കിട്ടിയ ക്ഷണം.

## a) 1575–ലെ രണ്ടാം ഗോവാകൌൺസിൽ

അതിലെ ഒന്നാമത്തെ നിശ്ചയം ഇപ്രകാരമായിരുന്നു, "മലബാറിലെ മാർത്തോമ്മാക്രിസ്ത്യാനികളുടെ നന്മയ്ക്കുവേണ്ടി അവരെ ഭരിക്കുന്നതു് പോർച്ചുഗീസുരാജാവിനാൽ നിയമിക്കപ്പെട്ട മെത്രാനായിരിക്കണം, സുറിയാനിമെത്രാനായിരിക്കരുതു്; അല്ലാത്തപക്ഷം പല വൈകല്യങ്ങളും വന്നുകൂടും". മറെറാരു നിശ്ചയം, അങ്കമാലി മെത്രാപ്പോലീത്തായ്ക്കു് സാമന്തമെത്രാന്മാരില്ലാത്തതിനാലും വിദൂരസ്ഥമായ സിറിയായിലേയ്ക്കു പോകുവാൻ പ്രയാസമായതുകൊണ്ടും അങ്കമാലി മെത്രാപ്പോലീത്താ ഗോവാപ്രോവിൻസിന്റെ കൌൺസിലിൽ സംബന്ധിക്കുവാൻ അദ്ദേഹത്തോടു് മാപ്പാപ്പാതിരുമേനി നിർദ്ദേശിക്കുവാൻ അഭ്യർത്ഥിക്കുന്നുവെന്നായിരുന്നു[4]. പ്രമേയവിഷയമാകട്ടെ, മാർ അബ്രഹാമിനു് സാമന്തമെത്രാന്മാരില്ലാത്തതിലുള്ള ഉൽക്കണ്ഠയും, സിറിയായിലെ സൂനഹദോസിൽ സംബന്ധിക്കുവാൻ പോയാലുണ്ടാകാവുന്ന യാത്രാക്ലേശത്തിലുള്ള സഹതാപവും!! പ്രതിവിധിയോ, ലത്തീൻറീത്തിൽ ചേർന്നു് ഗോവായുടെ സാമന്തമെത്രാനായിത്തീരുക!!

ഗോവാകൌൺസിലിന്റെ സമാഹൃതബുദ്ധിയെ അതിശയിക്കുന്നതായിരുന്നു ക്രാന്തദർശിയായിരുന്ന മാർ അബ്രഹാം മെത്രാപ്പോലീത്തായുടെ നേത്രങ്ങൾ. അദ്ദേഹം ആ കൌൺസിലിൽ സംബന്ധിച്ചില്ല. സുറിയാനി പാത്രിയർക്കീസിന്റെ കീഴിലുള്ള തനിക്കും താൻ ഭരിക്കുന്ന കേരളസുറിയാനിസഭാപ്രാതിനിധ്യത്തിനും ഗോവയിലെ പ്രൊവിൻഷ്യൽ കൌൺസിലിൽ സംബന്ധിക്കുവാൻ ആഗ്രഹവും ആവശ്യവുമില്ലെന്നും പറഞ്ഞു്, പഞ്ചസാരയിൽപൊതിഞ്ഞ ആ പാഷാണം അദ്ദേഹം ദൂരത്തെറിഞ്ഞു.

## iv) അങ്കമാലി സൂനഹദോസ്

1583–ൽ അദ്ദേഹം അങ്കമാലിയിൽ കേരളസഭയുടെ ഒരു സൂനഹദോസു് വിളിച്ചുകൂട്ടി. അതിൽ മാർ അബ്രഹാം,

4. Ibid, P. 165.

www.malankaralibrary.com

അക്കദിയാക്കോൻ, വൈദികരുടേയും ജനങ്ങളുടേയും പ്രതിനിധികരം, വൈപ്പിക്കോട്ട സിമ്മനാരിയിലെ രണ്ടു മിഷ്യനറിമാർ, ഇത്രയും പേർ സംബന്ധിച്ചിരുന്നു. സഭയുടെ കൌൺസിലിലും സൂനഹദോസുകളിലും അല്മായക്കു പ്രാതിനിധ്യം കൊടുക്കുക, പൌരസ്ത്യസഭകളുടെ പ്രാചീനകാലം മുതലുള്ള നടപടിയാണു്. ലത്തീൻസഭയ്ക്കു് അങ്ങനെയൊരു ഏപ്പാടില്ല. അവിടെ സഭ എന്നു പറഞ്ഞാൽ വൈദികാധികാരികളെന്നാണത്ഥം. കേരളസഭയുടെ അഭിവൃദ്ധിക്കുവേണ്ട പല നിശ്ചയങ്ങളും അങ്കമാലി സൂനഹദോസു് പാസ്സാക്കി. ഈ സൂനഹദോസിനെപ്പററി ഫാ. ഫെറോളി പറയുന്നു, ''റോമാസഭയ്ക്കു് വിരുദ്ധങ്ങളായ ആചാരങ്ങളേയും തെററുകളേയും ഐകകണ്ഠ്യേന തള്ളി പ്രഖ്യാപിച്ചു''5. മാർ അബ്രഹാമും അക്കദിയാക്കോനും വൈദികരും ജനപ്രതിനിധികളും സത്യവിശ്വാസ പ്രതിജ്ഞ ചെയ്തു. വൈപ്പിക്കോട്ട സിമ്മനാരിയിലെ ദൈവശാസ്ത്രപണ്ഡിതന്മാർ അതിൽ സംബന്ധിക്കുകയും, പരസ്യമായി ലത്തീനിൽ കുർബാന ചൊല്ലുകയും ചെയ്തു. ഇവ കൊണ്ടൊന്നും വിദേശമിഷ്യനറിമാർ തൃപ്തരായില്ല. പിൻതുടരുന്ന വേട്ടക്കാരന്റെ ശൗര്യവും ക്രൗര്യവും, പ്രാണഭീതിയോടെ കുതിച്ചുപായുന്ന സാധുമൃഗത്തിനു് നിശ്ചയമില്ലല്ലോ. മാർ അബ്രഹാമിനെ കുട്ടിലാക്കാൻതന്നെ പോർച്ചുഗീസുകാർ നിശ്ചയിച്ചു. അതിന്നായി 1585—ലെ മൂന്നാമത്തെ ഗോവാ കൌൺസിലിനു് ഒരുക്കം തുടങ്ങി.

## v) മൂന്നാം ഗോവാകൌൺസിൽ (1585)

മൂന്നാം കൌൺസിലിലേയ്ക്കു് മാർ അബ്രഹാമിനെ ക്ഷണിച്ചുകൊണ്ടുള്ള കത്തു് അദ്ദേഹത്തിന്റെ തലയ്ക്കുമീതെ തൂങ്ങിയ 'ഡെമോക്ലിയൻ' (Democlean) ഖഡ്ഗമായിരുന്നു. ഈ കൌൺസിൽ തീച്ചയായും തന്റെ സഭയ്ക്കും, ഒരുപക്ഷേ തനിക്കുതന്നെയും, ഒരു കടുവാക്കൂടായിരിക്കുമെന്നു മാർ അബ്രഹാം മനസ്സിലാക്കി. അതുകൊണ്ടു്, പോർച്ചുഗീസുകാരുടെ കൌൺസിൽ മുഖേനയുള്ള അക്രമണത്തിൽനിന്നും കേരള സഭയെ രക്ഷിക്കുവാൻ അദ്ദേഹം താഴെപ്പറയുന്ന പ്രതിരോധ മാഗ്ഗങ്ങരം സ്വീകരിച്ചു.

1. രണ്ടു പ്രാവശ്യം ഗോവയിലെ ജയിലുകളിൽ കഴിഞ്ഞുകൂടിയപ്പോഴുണ്ടായ ക്ലേശങ്ങരം വിവരിച്ചുകൊണ്ടു്, അവി

5. Ibid, P. 170

www.malankaralibrary.com

ടെ വീണ്ടും ചെല്ലുന്നതിന് വൃദ്ധനായ തന്റെ ആരോഗ്യം അനുവദിക്കുന്നില്ലെന്ന്, അദ്ദേഹം മാർപ്പാപ്പായ്ക്ക് എഴുതി. ഗോവയിലെ തടങ്കലുകളിൽനിന്നു വന്നയുടനെതന്നെ മാർ അബ്രഹാം ഇതേ കാര്യങ്ങൾ മാപ്പാപ്പായെ അറിയിച്ചിരുന്നതാണ്. എന്നാൽ അന്ന്, അതിന് യാതൊരു മറുപടിയുമുണ്ടായില്ല. നയതന്ത്രലോകത്തിൽ അവസരോചിതമായി സ്വീകരിക്കുന്ന മൗനമായിരിക്കാം കാരണം. എന്നാൽ ഇത്തവണത്തെ കത്തിന്, 1576 ഡിസംബർ 21-ാംനു-, മാർപ്പാപ്പാ അയച്ച മറുപടിയിൽ, മാർ അബ്രഹാം ഗോവയിലനുഭവിച്ച ജയിൽവാസത്തെയും ക്ലേശങ്ങളെയുംപററി താനൊന്നും അറിഞ്ഞിട്ടില്ലെന്നും, തന്മൂലം നടപടികളെടുക്കാൻ പ്രയാസമാണെന്നും എഴുതി. ഇതിനെ "വിവേകപൂർവ്വമായ" ("Prudent") മറുപടിയെന്ന് കർദ്ദിനാൾ തിസ്സറാൻറ് വിശേഷിപ്പിക്കുന്നതു്[6] അർത്ഥവത്താണ്. ഈ പ്രതിഭാസം നമ്മുടെ ചില അധികാരകേന്ദ്രങ്ങളിലും കാണുന്നുണ്ട്. ചിലപ്പോൾ വായ് മൂടിക്കെട്ടുന്ന കുററബോധംകൊണ്ടായിരിക്കാം ഈ മൗനം.

2. 1578 ജനുവരി 3-ാംനു- മാർ അബ്രഹാം കൊച്ചിയിൽനിന്നും മാപ്പാപ്പായ്ക്കെഴുതിയ കത്തിൽ, "പോർച്ചുഗീസുകാരിൽനിന്നുണ്ടാകുന്ന ഭീഷണിയിലും പീഡനങ്ങളിലും നിന്ന് തന്നെ രക്ഷിക്കണമെന്നും കേരളസഭയുടെ പുരാതനമായ സ്വാതന്ത്ര്യവും വ്യക്തിത്വവും പരിപാലിക്കണമെന്നും" അപേക്ഷിച്ചിരുന്നു[7].

3. മാർ അബ്രഹാം പോർച്ചുഗീസു മിഷ്നറിമാരോട് പ്രത്യേകമായ സ്നേഹാദരവുകൾ കാണിക്കുകയും പള്ളികളിലെ മതബോധനങ്ങളിലും കർമ്മങ്ങളിലും അവക്ക് പരിപൂർണ്ണ സ്വാതന്ത്ര്യം നല്കുകയും ചെയ്തു.

4. സുറിയാനിക്കർമ്മങ്ങളിൽ ചില ലത്തീൻരീതികൾ സ്വീകരിച്ചു.

5. സുറിയാനിസഭയുടെ ഭാവിവൈദികരെ വാർത്തെടുക്കുവാൻ പോർച്ചുഗീസ് മിഷ്നറിമാരെ ഏല്പിച്ചു.

6. ത്രെന്തോസ് സൂനഹദോസിന്റെ സത്യവിശ്വാസപ്രതിജ്ഞ മാപ്പാപ്പായ്ക്കു സമർപ്പിച്ചു.

---

6. Tisserant, P. 431
7. Ferroli, Vol. I, P. 144

www.malankaralibrary.com

7. കേരളസഭയ്ക്കു് തനതായി ഒരു സൂനഹദോസ്, 1583—ൽ മാർ അബ്രഹാം അങ്കമാലിയിൽ വിളിച്ചുകൂട്ടി. അതിനു നേതൃത്വവും നിയന്ത്രണവും നല്കിയതു്, വൈപ്പി ക്കോട്ടുണ്ടായിരുന്ന പോർച്ചുഗീസ് മിഷ്യനറിമാരായിരുന്നു.

8. കൊച്ചിരാജാവു് മാർപ്പാപ്പായ്ക്കയച്ച എഴുത്തിൽ അദ്ദേഹം പറയുന്നതു്, മാർ അബ്രഹാം റോമൻ സിംഹാസനത്തോടു കൂറും അനുസരണയുമുള്ളവനാണെന്നും, ഗോവയിലെ കൌൺസിലിൽ സംബന്ധിക്കാത്തതു് അദ്ദേഹത്തിൻെറ ദേഹരക്ഷയെ കരുതിയാണെന്നുമാണു്.

9. കേരളസഭയിലെ ജനനേതാക്കൾ പാത്രിയർക്കീസിനു നല്കിയ ഒരു നിവേദനത്തിൽ പറഞ്ഞിരിക്കുന്നതു് കേരളസഭയിലെ ജനങ്ങൾ ഒരുകാലത്തും ലത്തീൻ റീത്തും പോർച്ചുഗീസ് അധികാരവും സ്വീകരിക്കുകയില്ലെന്നു് ദൃഢവ്രതം ചെയ്തിരിക്കുന്നുവെന്നാണു്.

10 മാർ അബ്രഹാം ബാബിലോണിയൻ പാത്രിയർക്കിസിനയച്ച എഴുത്തിലെ താല്പര്യം, മലബാറിലെ കാര്യങ്ങൾ അപകടത്തിലാണെന്നും, മലബാർസഭയെ ലത്തീനാക്കി തട്ടിയെടുക്കാൻ ഗോവായിലെ ഭരണാധികാരികൾ ഉററുശ്രമിക്കുകയാണെന്നും, ''പോർച്ചുഗീസുശക്തി തൻെറ തലയ്ക്കുമീതെ ഓങ്ങിനില്ക്കുന്ന കൊല്ലൻെറ കൂടം''പോലെയാണെന്നും, ജനബാഹുല്യമുള്ള കേരളസഭയെ അഞ്ചായി വിഭജിച്ചു് ഓരോന്നിനും ഓരോ മെത്രാനെ നിയമിക്കണമെന്നും ആയിരുന്നു.

എന്നാൽ ഇവകൊണ്ടൊന്നും പോർച്ചുഗീസുകാരുടെ സാമ്രാജ്യമോഹത്തിൻെറ ജഠരാഗ്നി ശമിച്ചില്ല. D'Orsey എന്ന ചരിത്രകാരൻ, കേരളസഭയെ ഉഗ്രമായ സർപ്പദൃഷ്ടിക്കുമുമ്പിൽ നിസ്സഹായതയോടെ വിവശമാകുന്ന ഒരു കുരുവിയോടാണു് ഉപമിച്ചിട്ടുള്ളതു്. അതുതന്നെയായിരുന്നു മാർ അബ്രഹാമിൻെറയും സ്ഥിതി. മാർ അബ്രഹാം ആസൂത്രണംചെയ്ത പ്രതിരോധത്തിൻെറ ദുർഗ്ഗങ്ങളെല്ലാം പാടെ തകന്നു. മൂന്നാം ഗോവാകൌൺസിലിൽ സംബന്ധിക്കുവാൻ, മാർപ്പാപ്പാ മാർ അബ്രഹാമിനോടു നിർദ്ദേശിച്ചു. മാർ അബ്രഹാമിൻെറ ദേഹരക്ഷയ്ക്കുവേണ്ടതെല്ലാം ചെയ്യണമെന്നു് ഗോവമെത്രാപ്പോലീത്തായോടും പോർച്ചുഗീസ്‌രാജാവിനോടും മാർപ്പാപ്പാ ആവശ്യപ്പെട്ടിട്ടുണ്ടെന്നും കൊച്ചിരാജാവിനെ അറിയിച്ചു. കേരളസഭാനേതാക്കളുടെ നിവേദനം അനുസരിച്ചു പ്രവത്തിക്കുവാൻ

www.malankaralibrary.com

പാത്രിയർക്കീസ് അശക്തനായിരുന്നതുകൊണ്ടു് നിവേദന ത്തിനു് യാതൊരു ഫലവുമുണ്ടായില്ല. കേരളത്തിൽ പോർച്ചു ഗീസ്സൈന്യശക്തിയും, ബാബിലോണിയൻസഭയ്ക്കു് മാർപ്പാ പ്പായോടു വിധേയത്വവും ഉണ്ടായിരുന്നതുകൊണ്ടു് പാത്രിയ ർക്കീസിനു് യാതൊന്നും ചെയ്യുവാൻ സാധിച്ചില്ല.

## vi) മാർ അബ്രഹാം– മൂന്നാം ഗോവാകൌൺസിലിൽ

മാർപ്പാപ്പായുടെ കല്പനപ്രകാരം (രണ്ടാം ഗോവാകൌൺ സിൽ നിശ്ചയം) മാർ അബ്രഹാം മൂന്നാം കൌൺസിലിൽ പങ്കെടുക്കുവാൻ നിർബ്ബന്ധനായി. ഗോവയിലേയ്ക്കു പുറപ്പെട്ട ന്നതുമുതൽ കൌൺസിൽ കഴിഞ്ഞു് കേരളത്തിൽ തിരിച്ചെ ത്തുന്നതുവരെയുള്ള അദ്ദേഹത്തിൻെറ ജീവരക്ഷ, ജസ്യൂട്ട്സഭാ ശ്രേഷ്ഠനായ ഫാ. വലിഞ്ഞാനോ ഏറെറടുത്തു. ഇത്രയുമായ പ്പോരം, മാർ അബ്രഹാമിനു് ഗോവയിലേയ്ക്കു പുറപ്പെടുകയ ല്ലാതെ ഗത്യന്തരമില്ലെന്നായി. ഫാ. വലിഞ്ഞാനോ, ഫാ. റോസ്സു് മുതലായവരോടുകൂടി അദ്ദേഹം ഗോവയ്ക്കു പുറപ്പെട്ടു. ഗോവയിലെത്തിയപ്പോരം അവിടത്തെ അധികാരികരം അദ്ദേ ഹത്തെ ബഹുമാനപൂർവ്വം സ്വീകരിച്ചു. അതു് കേരളസഭയുടെ "കൊലച്ചോറാ"യിരുന്നുവെന്നും അദ്ദേഹത്തിനു് അറിയാമാ യിരുന്നു. ലത്തീനും പോർച്ചുഗീസുഭാഷയും വശമില്ലാതി രുന്ന മാർ അബ്രഹാം കൌൺസിലിൽ സംബന്ധിച്ചതു് ഒരു മൂകനാടകം (Dumb show) കാണുന്ന ബധിരനെപ്പോലെയാ യിരുന്നു. ദ്വിഭാഷികളായി വലിഞ്ഞാനോയും റോസ്സും അദ്ദേ ഹത്തെ സഹായിച്ചിരിക്കാം. കൌൺസിൽ യോഗങ്ങരം അവസാനിച്ചപ്പോരം, അവർ അടയാളപ്പെടുത്തിയ സ്ഥാനങ്ങ ളിലെല്ലാം മാർ അബ്രഹാം ഒപ്പുവച്ചുകൊടുത്തു.

ഒന്നാമത്തെ നിശ്ചയം ആരംഭിക്കുന്നതുതന്നെ, അങ്കമാലി യുടെ മെത്രാപ്പോലീത്തായായ മാർ അബ്രഹാം ഗോവാമെത്രാ പ്പോലീത്തായുടെ സാമന്തമെത്രാനെ ("Bishop Comprovincial") ന്നു പ്രഖ്യാപിച്ചുകൊണ്ടാണു്. കൌൺസിലിൻെറ മറെറാരു നിശ്ചയം അങ്കമാലി മെത്രാപ്പോലീത്തായുടെ അധി കാരപത്രം ഗോവാമെത്രാപ്പോലീത്താ പരിശോധിക്കുകയും അംഗീകരിക്കുകയും ചെയ്യണമെന്നായിരുന്നു. "പട്ടംകൊടു ക്കൽ" ഉരംപ്പെടെയുള്ള കേരളസഭയിലെ എല്ലാ കർമ്മങ്ങളും ലത്തീനിൽനിന്നും തർജ്ജിമ ചെയ്തവയായിരിക്കണമെന്നാണു്

www.malankaralibrary.com

ഏഴാമത്തെ നിശ്ചയം. അങ്കമാലി മെത്രാപ്പോലീത്താ, മാർപ്പാപ്പായോ, കത്തോലിക്കനായ പാത്രിയർക്കിസോ, അയയ്ക്കുന്ന ആളായിരിക്കണമെന്നും കേരളസഭ ഭരിക്കുന്ന മെത്രാന്മാരെ നാമനിർദ്ദേശം ചെയ്യുന്നതു് പോർച്ചുഗീസുരാജാവായിരിക്കണമെന്നും ഉള്ള 1575–ലെ കൌൺസിൽനിശ്ചയം ഒന്നുകൂടി ആവർത്തിച്ചു. ഇനിയുണ്ടാകുന്ന ഗോവാകൌൺസിലിൽ മാർ അബ്രഹാം സംബന്ധിക്കണമെന്നു് ആവശ്യപ്പെടുന്ന നിശ്ചയം രണ്ടാം കൌൺസിലിൻേറതാണു്. അന്നുവരെ നടന്നിട്ടുള്ള ഗോവാകൌൺസിലുകളിൽ കേരളസഭയെ സംബന്ധിച്ചു് പാസ്സാക്കിയ നിശ്ചയങ്ങളെല്ലാം, ആ സഭയ്ക്കു് ബാധകമാണെന്നു് തീരുമാനിക്കുന്നുവെന്നും ഒരു നിശ്ചയമുണ്ടു്. പത്താമത്തെ നിശ്ചയത്തിൽ ബാബിലോണിയൻ സഭക്കാരായ മെത്രാന്മാരോ വൈദികരോ അല്മേനികളോ കേരളത്തിൽ പ്രവേശിക്കുന്നതിനെ നിരോധിക്കുന്നു. ഈ നിശ്ചയങ്ങളെല്ലാം നടപ്പിലാക്കുന്നതിനു് ഫാ. റോസ്സിനെ ഔദ്യോഗികനിർവ്വാഹകനായി (Executor) നിയമിക്കുന്നതാണു് എട്ടാമത്തെ നിശ്ചയം. കേരളസഭയുടെ കഴുത്തിൽവീണ ഈ കുരുക്കു് യഥേഷ്ടം മുറുക്കുവാനാണു് റോസ്സിനെ അധികാരപ്പെടുത്തിയതു്. ഈ മൂകനാടകത്തിൻെറ മൂകസാക്ഷിയായിരുന്ന മാർ അബ്രഹാം ഈ നിശ്ചയങ്ങൾക്കെല്ലാം സാഹചര്യസമ്മർദ്ദംമൂലം ഒപ്പുവയ്ക്കുന്നതാണു് ആ കൌൺസിലിൻെറ ഉദ്ദേശ്യവും സാഫല്യവും. അതു സാധിച്ചുകഴിഞ്ഞപ്പോൾ കൌൺസിൽ പിരിഞ്ഞു.

ഗോവയിലെ കൌൺസിൽ കഴിഞ്ഞു് മടങ്ങിവന്നപ്പോൾ മാർ അബ്രഹാം സ്ഥാനത്യാഗംചെയ്ത മെത്രാപ്പോലീത്തായെപ്പോലെയായിരുന്നു. ഗോവാകൌൺസിലിൻെറ കാവൽക്കാരനായ ഫാ. റോസ്സിൻെറ ഇരുണ്ട നിഴലിലാണു് മാർ അബ്രഹാം നിന്നതു്. മാർ അബ്രഹാമിനെ നിഷ്ക്കാസനം ചെയ്യുവാനോ ഇൻകചിസിഷൻെറ തീച്ചൂളയിൽ എറിഞ്ഞുകൊടുക്കുവാനോ ഉള്ള അധികാരം-നിർബന്ധിച്ചൊപ്പു വയ്പിച്ച നിയമത്തിനുണ്ടെങ്കിൽ-അതും അവർ സമ്പാദിച്ചിരുന്നു. മുമ്പേതന്നെ നെസ്തോറിയൻ പാഷണ്ഡത ആരോപിക്കപ്പെട്ടിരുന്ന മാർ അബ്രഹാമിൽ, ഇപ്പോൾ ''ഗോവാകൌൺസിൽ-നിശ്ചയലംഘന''ങ്ങളുടെ കുരമ്പുകളാണു് വന്നുപതിച്ചതു്. ഗോവ–റോമ–ലിസ്ബൺ-അച്ചുതണ്ടു് സജീവമായി ത്വരിതഗതിയിൽ പ്രവർത്തിച്ചുതുടങ്ങി.

www.malankaralibrary.com

## vii) കഴുമരം ഒരുക്കുന്നു–നാലാം ഗോവാകൌൺസിൽ

രണ്ടും മൂന്നും ഗോവാകൌൺസിലുകളിലെ നിശ്ചയങ്ങൾ കേരളസഭയുടെ കഴുത്തിൽ വീണ കുരുക്കാണെന്നു് പറഞ്ഞിട്ടുണ്ടല്ലോ. ഇതിൽ രണ്ടു കാര്യങ്ങളാണു് പരിഗണിക്കാനുള്ളതു്.

(1) 1600 കൊല്ലം പൗരസ്ത്യദേശങ്ങളിലെ ഏകമായ ക്രൈസ്തവദീപസ്തംഭംപോലെ നിന്നിരുന്ന കേരളത്തിലെ സുറിയാനിസഭയെ, ഗോവായുടെ ലത്തീനധികാരത്തിൽ കൊണ്ടുവരാനും ലത്തീനീകരിക്കാനും, പദ്രവാദോസ്സു് അവകാശവും അധികാരവും ഉണ്ടോ? (2) കേരളസഭയ്ക്കു് പ്രാതിനിധ്യമില്ലാത്തതും, ഉണ്ടാകാൻ പാടില്ലാത്തതുമായ രണ്ടാം ഗോവാകൌൺസിലിലെ നിശ്ചയങ്ങളും, മൂന്നാം ഗോവാകൌൺസിലിൽ നിയമവിരുദ്ധമായി മാർ അബ്രഹാമിനെ നിർബന്ധപൂർവ്വം സംബന്ധിപ്പിച്ചു് ബലാൽക്കാരമായി ഒപ്പുവയ്പിച്ച നിശ്ചയങ്ങളും, നീതിപൂർവ്വകവും നിയമസാധുത്വമുള്ളവയും ആണോ? ഈ പ്രശ്നങ്ങൾ രണ്ടും സഭാനിയമശാസ്ത്രജ്ഞന്മാർക്കു് വിട്ടുകൊടുത്തിട്ടു്, ചരിത്രസംഭവങ്ങളുടെ ഗതി തുടരാം.

എല്ലാ മാർഗ്ഗങ്ങളിൽക്കൂടി ശ്രമിച്ചിട്ടും പോർച്ചുഗീസുകാരുടെ പിടി ഒന്നിനൊന്നു മുറുകിയിട്ടും, അതിൽനിന്നെല്ലാം വഴുതിപ്പോകുന്ന മാർ അബ്രഹാമിനെ കുട്ടിലാക്കുവാൻ പോർച്ചുഗീസുകാർ കണ്ട ചക്രായുധമാണു്, നെസ്തോറിയൻ പാഷണ്ഡതയുടെ ആരോപണം. ആരോപണകർത്താക്കൾതന്നെ വിധികർത്താക്കളുമാകുമ്പോൾ, പിന്നെ, ത്രൂക്കുമരമേ വേണ്ടതുള്ളു. അതിനാണു്, 1592-ൽ തന്നെ നാലാമത്തെ ഗോവാകൌൺസിലിനു വട്ടംകൂട്ടിയതു്. 2-ാം ഗോവാകൌൺസിലിൽ കേരളസഭയെ 'ഇൻക്വിസിഷന്റെ' അധികാരത്തിൽ കൊണ്ടുവന്നതുമൂലം, ഗോവയിൽത്തന്നെ പീഡനക്കച്ചേരിയുടെ (ഇൻക്വിസിഷൻ) അഗ്നികുണ്ഡവും തയ്യാറായിരുന്നു.

1585-ലാണല്ലോ മൂന്നാം ഗോവാകൌൺസിൽ നടന്നതു്. ഔദ്യോഗികോപദേഷ്ടാവായ ഫാ. റോസ്സു് കേരളത്തിൽ മടങ്ങിവന്നശേഷം, മാർ അബ്രഹാമിനെതിരായി ഒരു ശീതസമരം തുടങ്ങി. അതിന്റെ ഭാഗമായിരുന്നു, 1586-ൽ പ്രസിദ്ധീകരിച്ച 'നെസ്തോറിയൻ പ്രമാദങ്ങൾ' എന്ന ഫാ. റോസ്സിന്റെ ഗ്രന്ഥം. ആ ഗ്രന്ഥത്തിന്റെ ഉദ്ദേശ്യം മാർ അബ്രഹാമിനെ താഴെ

www.malankaralibrary.com

യിറക്കുകയായിരുന്നുവെന്നു് കർദ്ദിനാൾ തിസ്സറാൻറ് സമ്മതിക്കു ന്നുണ്ടു്[8]. കൂടാതെയും, മെത്രാപ്പോലീത്തായായ മാർ അബ്രഹാ മിനോടു് യാതൊരുവിധ ബഹുമാനമോ ആദരവോ തനിക്കി ല്ലെന്നു് ഫാ. റോസ്സ് പലരോടും പറഞ്ഞുതുടങ്ങി. ഇതിൻെറ ഉദ്ദേശ്യവും മറെറാന്നുമായിരുന്നില്ല.

ഇക്കാലത്തു്, അബ്രഹാം ജോർജ്ജ് എന്നൊരു ജസ്യൂട്ട് വൈദികൻ കേരളത്തിൽ വന്നു. അദ്ദേഹം ജസ്യൂട്ട് ജനറ ലിനു് എഴുതിയ കത്തിൽ കേരളസഭ ആകെപ്പാടെ കഴഞ്ഞു മറിഞ്ഞുകിടക്കുകയാണെന്നും മാർ അബ്രഹാം നെസ്തോറിയ നാണെന്നും കാണിച്ചിരുന്നു. മാർ അബ്രഹാമിൻെറ പാഷ ണ്ഡത പ്രസ്തുത അബ്രഹാം ജോർജ്ജ് മനസ്സിലാക്കിയതു്, രഹ സ്യമായി പിടിച്ചെടുത്ത ഒരു കത്തിൽനിന്നാണെന്നാണു് പറ ഞ്ഞതു്. ഇക്കാലത്തു്, കേരളത്തിലും ഗോവയിലുംനിന്നും റോ മിലേയ്ക്കും ലിസ്ബണിലേയ്ക്കും ഒഴുകിക്കൊണ്ടിരുന്ന കത്തുകളി ലെല്ലാം മാർ അബ്രഹാമിൻെറ പാഷണ്ഡതയായിരുന്നു, തീവ്ര മായി പ്രതിപാദിക്കപ്പെട്ട വിഷയം. റോമിലും ലിസ്ബണി ലുമുള്ള അധികാരകേന്ദ്രങ്ങളിൽ മാർ അബ്രഹാമിനെതിരെ ഒരായിരം കൈകൾ ഉയർന്നു. കാർത്തവീര്യാർജ്ജുനൻെറ സഹ സ്രകരങ്ങൾ സൃഷ്ടിച്ച കൃത്രിമ ജലപ്രളയംപോലെയായിരുന്നു, മാർ അബ്രഹാമിനോടുള്ള രോഷവും പകയും: ആ പ്രളയ ത്തിൽ റോമൻകൂരിയായും മുങ്ങിപ്പോയി.

1595 ജനുവരി 27-ാം നു- ക്ലെമൻറ് VIII-ാം മാർപ്പാപ്പാ നല്കിയ കല്പനയിൽ, മാർ അബ്രഹാമിൻെറ ജീവിതത്തേയും നടപടികളേയുംപററി അന്വേഷിക്കുവാൻ ഗോവാമെത്രാപ്പോ ലീത്തായെ ചുമതലപ്പെടുത്തി. ആ കല്പനയിൽത്തന്നെ, മാർ അബ്രഹാമിനെ "പൂർണ്ണവും ആദരപൂർവ്വവുമായ തടങ്കലിൽ വയ്ക്കുവാനും" ("Sub Tota et honesta Custodia") ആജ്ഞാപി ച്ചിരുന്നു[9]. 1597 ജനുവരി 3-ാം നു- മാർപ്പാപ്പായുടെ മറെറാരു കല്പനയനുസരിച്ച്, കേരളസഭയ്ക്കു് ഒരു ലത്തീൻ വികാരി അപ്പസ്തോലിക്കയെ നിയമിക്കാൻ, മാർപ്പാപ്പാ ഗോവാമെത്രാ പ്പോലീത്തായെ അധികാരപ്പെടുത്തുകയും ചെയ്തു.

1595 ആയപ്പോൾ കേരളത്തിലെ വിദേശമിഷ്യനറി മാരോടും, അവർക്കു പിൻബലം കൊടുത്തിരുന്ന പോർച്ചുഗീ

8. Tisserant, P. 46
9. Ferroli, Vol I, P. 172

www.malankaralibrary.com

സ്ശക്തിയോടും, ലിസ്ബണിലെ ഇന്ത്യൻകാര്യാലോചന സമിതിയോടും ഗോവാകൌൺസിലുകളുടെ കൈയേററങ്ങളോടും, റോമൻക്കൂരിയായോടും, ഏകനായി പടവെട്ടിയ വയോവൃദ്ധനായ മാർ അബ്രഹാം തളൎന്ന് അവശനായി. അദ്ദേഹത്തിൻെറ കൂർമ്മബുദ്ധിയിലുദിച്ച എല്ലാ പ്രതിരോധമാർഗ്ഗങ്ങളും നിഷ്ഫലമായിത്തീൎന്നു. പുരാതനമായ കേരളത്തിലെ അപ്പസ്തോലികസഭ പോർച്ചുഗീസ്ശക്തിയുടെ ഉരുക്കുകരങ്ങളിൽ ഞെരിഞ്ഞമരുന്നതും ആ വൃദ്ധനേത്രങ്ങൾ കണ്ണുനീരോടുകൂടി കണ്ടു. അദ്ദേഹം രോഗാതുരനായി; അവസാനഘട്ടത്തിൽ അദ്ദേഹം കേരളസഭയെ ജസ്യൂട്ട് വൈദികരെ ഏല്പിച്ചുകൊടുത്തുവെന്ന് Fr. Du Jarric പറയുന്നുണ്ട്. എങ്കിലും അത്തവണ, അദ്ദേഹം രോഗവിമുക്തനായി. എന്നാൽ വിളംബമെന്യേ മനഃക്ലേശങ്ങളുടെ ഭാരംമൂലം അദ്ദേഹം വീണ്ടും രോഗശയ്യയെ പ്രാപിച്ചു. അവസാനനാളുകളിൽ കേരളസഭയുടെ ഭരണാധികാരം അക്കദിയാക്കോനെ ഏല്പിച്ചുകൊണ്ട്, 1597—ൽ അദ്ദേഹം നിര്യാതനായി. ഈ അവസരത്തിൽ ഗോവായിലെ പുതിയ മെത്രാപ്പോലീത്തായായി അധികാരമേററിരുന്നത് അലക്സിസ് മെനേസിസ് ആയിരുന്നു. മാർ അബ്രഹാമിൻെറ ഭരണകാലത്തെ പരാമർശിക്കുന്ന ഫാ. ഫെറോളി, അതിനെ ഒരു ശോകാന്തനാടകം (Tragedy) എന്നാണ് വിളിക്കുന്നത്. എന്നാൽ ഗാഗുൽത്തായിലെ 'ട്രാജഡി', സമൂഹങ്ങളിലും വ്യക്തികളിലും ആവർത്തിക്കുമെന്നും അവയ്ക്കു പുനരുത്ഥാനമുണ്ടാകുമെന്നും ഫാ. ഫെറോളിക്ക് അറിയാമായിരുന്നോ?

മാർ അബ്രഹാമിൻെറ വീരോചിതസഹനത്തിൻെറ പൈതൃകതത്വത്തിൽനിന്നും ആത്മവീര്യം ഉൾക്കൊണ്ടാണ്, കേരളസഭയുടെ മക്കൾ പിന്നെയും ഏകദേശം 300 കൊല്ലത്തോളം വിദേശമിഷ്നറിമാരുടെ ക്രൂരമായ സാമ്രാജ്യമോഹത്തിനെതിരെ പടവെട്ടേണ്ടിവന്നത്. മാർ അബ്രഹാം കേരളസഭയുടെ സ്വാതന്ത്ര്യത്തെയും വ്യക്തിത്വത്തെയും സംരക്ഷിക്കുവാനാണ് ധീരമായി പടപൊരുതിയത്. ആ സമരത്തിൻെറ തരംഗങ്ങൾ തലമുറകളോളം ആ സഭയെ പ്രചോദിപ്പിക്കുകയും അതിനു് ആത്മവീര്യം പകരുകയും ചെയ്തതാണ് അദ്ദേഹത്തിൻെറ ജീവിതത്തിൻെറ വിജയമെന്നു പറയാം.

www.malankaralibrary.com

ഏഴാം അദ്ധ്യായം

# ആർച്ചുബിഷപ്പ് അലക്സിസ് മെനേസിസ്

## കഴിവുകൾ, മോഹങ്ങൾ

ദൃഢചിത്തനും, ധീരനും, കർമ്മകുശലനും, ഊർജ്ജസ്വലനും, ഉൽക്കർഷേച്ഛുവും, അഭിനയചതുരനുമായ ഒരു നയതന്ത്രജ്ഞനായിരുന്നു, ഗോവാമെത്രാപ്പോലീത്താ ആയിരുന്ന അലക്സിസ് മെനേസിസ്. ഒരു വൈദികശ്രേഷ്ഠനെന്നതില്പരി, അദ്ദേഹം വലിയൊരു രാഷ്ട്രതന്ത്രജ്ഞനായിരുന്നു. തന്മൂലം, പോർച്ചുഗീസുസാമ്രാജ്യ വികസനത്തിലും ലത്തീൻ സഭയുടെ മഹത്വത്തിലും ആണ് അദ്ദേഹം ഏററവും വിശ്വസിച്ചിരുന്നത്. ലത്തീൻസഭയിൽക്കൂടിയല്ലാതെ ആത്മരക്ഷ പ്രയാസമെന്നും അദ്ദേഹം വിശ്വസിച്ചിരുന്നതായി തോന്നിപ്പോകും. എന്നാൽ ലത്തീൻറീത്തുപോലും ഉണ്ടാകുന്നതു് നാലാം നൂററാണ്ടിലാണെന്നു് അദ്ദേഹം ഓർത്തിരുന്നോ, ആവോ!! ഒരു പ്രത്യേക മതരാഷ്ട്രീയസാമൂഹ്യ ചട്ടക്കൂട്ടിൽ മാത്രമേ അദ്ദേഹം ക്രിസ്തുവിൻെറ സഭയെ കണ്ടുള്ളു. തന്മൂലം, പോർച്ചുഗീസ്സഭയെ കണ്ടുവെങ്കിലും ക്രിസ്തുവിനെ കാണാതെപോയി; ഇതായിരുന്നു മെനേസിസ് മെത്രാപ്പോലീത്തായുടേയും വിദേശമിഷ്നറിമാരുടേയും പരാജയത്തിൻെറ മുഖ്യ ഹേതു.

മെനേസിസിൻെറ വാഗ്മിത്വം പോർച്ചുഗൽ മുഴവൻ പ്രസിദ്ധമായിരുന്നു. പോർച്ചുഗൽ രാജാവിൻെറ സദസ്സായിരുന്നു, അദ്ദേഹത്തിൻെറ ആദ്യത്തെ പ്രവർത്തനരംഗം. രാജകുടുംബത്തിൻെറ ആത്മീയഗുരു (Chaplain) എന്ന നിലയിൽ, ഉന്നതവ്യക്തികളും സ്ഥാപനങ്ങളും ആയി നിരന്തരസമ്പർക്കത്തിലേർപ്പെടുവാൻ അദ്ദേഹത്തിനു കഴിഞ്ഞിരുന്നു. തന്മൂലം, അദ്ദേഹത്തിൻെറ സ്വാധീനവലയത്തിൽപ്പെടാത്ത പ്രമുഖവ്യക്തികളും ഭരണകർത്താക്കളും ഉണ്ടായിരുന്നില്ല. വാസ്ക്കോഡിഗാമായും അൽബുക്കർക്കും പോർച്ചുഗലിൻെറ രാഷ്ട്രീയ

www.malankaralibrary.com

സാമ്രാജ്യം പടുത്തുയർത്തിയവേളയിൽ, പൗരസ്ത്യദേശങ്ങളിൽ ലിസ്ബൺൻെറ വൈദികസാമ്രാജ്യം വിസ്തൃതമാക്കേണ്ടതു് ഒരാവശ്യമായി അദ്ദേഹം വിശ്വസിച്ചു. ''അജ്ഞതയുടെ അന്ധകാരത്തിലും മരണത്തിൻെറ നിഴലിലും'' കഴിഞ്ഞുകൂടുന്ന ലക്ഷോപലക്ഷം പൗരസ്ത്യജനങ്ങളെ ക്രൈസ്തവസഭയുടെ വെളിച്ചത്തിലും നിത്യജീവനിലും കൊണ്ടുവരുന്നതിനെപ്പററി അദ്ദേഹം രാജസദസ്സുകളിലും രാജാവിൻെറ ചാപ്പലിലും ഉജ്ജ്വലമായി പ്രസംഗിച്ചു. ഈ പ്രസംഗങ്ങൾ രാജകുടുംബാംഗങ്ങളെ ആവേശം കൊള്ളിച്ചു. ഗോവാ അതിരൂപതയ്ക്കു് ഒരു മെത്രാപ്പോലീത്തായെ തിരഞ്ഞെടുക്കേണ്ടി വന്നപ്പോൾ, പോർച്ചുഗൽരാജാവു്, 35 വയസ്സു് മാത്രമുള്ള മെനേസിസിനെയാണു് ആ സ്ഥാനത്തേയ്ക്കു നിയോഗിച്ചതു്. സ്ഥാനമാനങ്ങൾക്കുവേണ്ടി കൊതിച്ചിരുന്ന മെനേസിസ്, ലിസ്ബൺൻെറ ആധിപത്യത്തിൽ ഏഷ്യാഭൂഖണ്ഡത്തിൽ വിശാലമായ ഒരു ക്രൈസ്തവസാമ്രാജ്യം സ്ഥാപിക്കുവാൻ മോഹിച്ചു. കേരളത്തിലെ പുരാതന മാർത്തോമ്മാസഭ അദ്ദേഹത്തിൽ അത്യധികമായ കൗതുകവും അഭിലാഷങ്ങളും ഉണർത്തിയ ഒന്നായിരുന്നു. തൻെറ ഇംഗിതങ്ങൾ നടപ്പാക്കുന്നതിൽ ധാർമ്മികവികാരങ്ങൾ അദ്ദേഹത്തെ അലട്ടിയിരുന്നതായി തോന്നുന്നില്ല. തൻെറ അഭിലാഷങ്ങളെല്ലാം ദൈവതിരുമനസ്സനുസരിച്ചാണെന്നു് അദ്ദേഹം വിശ്വസിച്ചുപോന്നു. ചില അധികാരികൾ അങ്ങനെയും ചിന്തിക്കാറുണ്ടല്ലോ.

## ചുടുപിടിപ്പിക്കുന്ന അന്തരീക്ഷം

കേരളസഭ നെസ്തോറിയൻ പാഷണ്ഡതയിലും അനാചാരങ്ങളിലും ആണ്ടുകിടക്കുന്ന ഒരു സഭയാണെന്നു് റോമിനേയും ലിസ്ബണേയും ബോദ്ധ്യപ്പെടുത്തുവാൻ ഒരു ശതാബ്ദക്കാലം പോർച്ചുഗീസ് മിഷ്നറിമാർ ശ്രമിച്ചുകൊണ്ടിരുന്നതാണല്ലോ. കേരളസഭാനേതാക്കന്മാരുടെ നിവേദനങ്ങൾ റോമിലെത്തുവാൻതന്നെ വളരെ പ്രയാസമുണ്ടായിരുന്നു: എത്തിയാൽത്തന്നെയും, അവയെ ചവററുകുട്ടയിൽ എറിയുവാൻതക്കവണ്ണം മിഷ്നറിമാരുടേയും മെനേസിസിൻേറയും ഉപജാപസംഘങ്ങൾ റോമിലും ലിസ്ബണിലും ജാഗ്രതയോടെ പ്രവർത്തിച്ചുകൊണ്ടിരുന്നു. പോർച്ചുഗീസു് അധികാരികളുടെ സമ്മർദ്ദംമൂലം മാർ അബ്രഹാമിനെപ്പററി അന്വേഷിക്കുവാൻ ക്ലെമൻറ് എട്ടാമൻ മാർപ്പാപ്പാ ഗോവാ അധികാരികളെ ചുമത



www.malankaralibrary.com

ലപ്പെട്ടത്തി. മെനേസിസിനെ സംബന്ധിച്ചിടത്തോളം, വൃദ്ധയുടെ കൂടാരത്തിൽ ഒട്ടകത്തിനു് മൂക്കുകടത്താൻ പററിയ പഴുതായിരുന്നു അതു്. ഏതായാലും റോമിനോടു് ഐക്യമുള്ളവനോ ഇല്ലാത്തവനോ ആയ പൗരസ്ത്യറീത്തുകാരനായ ഏതൊരു മെത്രാനും ഇന്ത്യയിലെത്താതിരിക്കുവാൻ, മെനേസിസു് പോർച്ചുഗീസു് മേധാവികൾക്കു നിർദ്ദേശം കൊടുത്തു. മെസപ്പൊട്ടാമിയായിൽനിന്നുവരുന്ന ഏതൊരുവനേയും മടക്കി അയയ്ക്കുവാനോ ബന്ധനസ്ഥനാക്കി ഗോവയിലേല്പിക്കുവാനോ ആയിരുന്നു, കപ്പലുകളിലെ കപ്പിത്താന്മാർക്കുള്ള കല്പന. തന്മൂലം, ഇന്ത്യയിലെ എല്ലാ തുറമുഖങ്ങളിലും വന്നെത്തുന്ന വിദേശിയരെ സുസൂക്ഷ്മം പരിശോധിച്ചുപോന്നു.

## മെനേസിസിൻെറ ആസൂത്രിതപദ്ധതി

എന്നാൽ കേരളസഭയെ സംബന്ധിച്ചിടത്തോളം മെനേസിസിൻെറ ആശയങ്ങൾ എന്തൊക്കെ ആയിരുന്നുവെന്നു്, 1597 ഡിസംബർ 19–ാം തീയതി അദ്ദേഹത്തിൻെറ സ്നേഹിതനായ ജറുസലം പാത്രിയർക്കിസിനയച്ച എഴുത്തു് വ്യക്തമാക്കുന്നുണ്ടു്, ''ആ രാജ്യത്തു് (കേരളത്തിൽ) എനിക്കു് സ്നേഹിതരും സഹപ്രവർത്തകരും ഉണ്ടു്, മാത്രമല്ല, എൻെറ സ്വന്ത അധികാരവും''. എന്തുകൊണ്ടെന്നാൽ, ആ രാജ്യത്തിലെ (പോർച്ചുഗീസു് ഇൻഡ്യയുടെ) രണ്ടാമത്തെ പരമാധികാരി ഞാൻതന്നെയാണു്. അവിടത്തെ ഹിന്ദുരാജാവു് (കൊച്ചിയിലെ രാജാവു്) അയാളുടെ സ്വന്തതാല്പര്യങ്ങൾക്കുവേണ്ടി എൻെറ ഇംഗിതങ്ങൾക്കു വഴങ്ങുവാൻ നിർബന്ധിതനായിരിക്കും. അവിടത്തെ വൈദികരും ജനങ്ങളും യോഗംകൂടുകയും മാപ്പാപ്പാ ഒരു സുറിയാനി മെത്രാനെയാണു് അയയ്ക്കുന്നതെങ്കിൽ അദ്ദേഹത്തെ അനുസരിക്കുമെന്നും, ലത്തീൻ മെത്രാനാണു് വരുന്നതെങ്കിൽ, എന്തു നടപടികളാണു് എടുക്കേണ്ടതെന്നു് അപ്പോൾ നിശ്ചയിച്ചുകൊള്ളാമെന്നു സത്യം ചെയ്തിട്ടുണ്ടെന്നുമാണു് അറിയുന്നതു്........ അവരുടെ പാഷണ്ഡഗ്രന്ഥങ്ങളെല്ലാം ശുദ്ധീകരിക്കുവാൻ ഞാനൊരു സൂനഹദോസു് വിളിച്ചുകൂട്ടുന്നുണ്ടു് ........ അവർക്കുവേണ്ട പുതിയ മെത്രാൻ ഒരു ജസ്യൂട്ടായിരിക്കണം. അദ്ദേഹം ക്രമേണ്ക്രമേണയായി, സ്വാഭാവികമല്ലാത്ത സുറിയാനിഭാഷ നശിപ്പിക്കണം. അവരുടെ വൈദികർ ലത്തീൻഭാഷയാണു് പഠിക്കേണ്ടതു്. കാരണം, ഈ സുറിയാനിഭാഷയാണു് പാഷണ്ഡതകളെല്ലാം

www.malankaralibrary.com

ഒഴുകിവരുന്ന നീർച്ചാൽ. ഒരു നല്ല ഭരണാധികാരിയുടെ കർത്തവ്യം സുറിയാനി മാററി ലത്തീൻ പ്രതിഷ്ഠിക്കുകയാണ്. എന്നാൽ ഏററവും പ്രധാനകാര്യം അവരുടെ ഏററവും അടുത്ത അയല്ക്കാരനായ കൊച്ചിമെത്രാനെപ്പോലെ, സുറിയാനിക്കാരുടെ മെത്രാനും ഗോവാ അതിരൂപതയുടെ കീഴിലായിരിക്കണം............''1. ഇതായിരുന്നു ദൃഢചിത്തനായിരുന്ന മെനേസീസ് മെത്രാപ്പോലീത്താ ആസൂത്രണം ചെയ്തിട്ടിരുന്ന കർമ്മപരിപാടി. അതിൽ തിളച്ചുപൊങ്ങുന്നതു് അദ്ദേഹത്തിൻെറ അസഹിഷ്ണുതയുടേയും അഹന്തയുടേയും വികാരങ്ങളാണ്. ഉദയംപേരൂർ സൂനഹദോസിനു് രണ്ടു വർഷം മുമ്പാണ് ഈ രൂപരേഖ ഉണ്ടാക്കിയതെന്നും ഓർക്കണം.

## മെനേസീസ് കേരളത്തിലേയ്ക്കു തിരിയുന്നു

മാർ ഏബ്രഹാം 1597–ൽ കാലംചെയ്തു. അദ്ദേഹം മരിക്കുമ്പോൾ മെനേസീസ് മെത്രാപ്പോലീത്താ ഗോവയുടെ വടക്കൻ ഭാഗങ്ങളിൽ സഞ്ചരിക്കുകയായിരുന്നു. മരണവാർത്ത അറിഞ്ഞയുടനെ, വൈപ്പിക്കോട്ടു് സെമിനാരിയിലെ റെക്ടറായ ഫാ. റോസ്സിനെ അദ്ദേഹം വികാരിജനറാളായി നിയമിച്ചു. എന്നാൽ ആ കല്പ്, കടന്നൽക്കൂട്ടിലാണ് വീഴാൻ പോകുന്നതെന്നു് ഗോവയിലുള്ള തലമൂത്ത വൈദികർ അദ്ദേഹത്തെ ഉപദേശിക്കുകയാൽ, ആ കല്പന പിൻവലിച്ചു. അദ്ദേഹം ഗോവയിലെത്തിയപ്പോൾ, അർക്കദിയാക്കോനെത്തന്നെ വികാരിജനറാളായും ഫാ. റോസ്സിനെ അദ്ദേഹത്തിൻെറ സഹായിയായും നിയമിച്ചു. ഇതിലും കുഴപ്പം പതിയിരിക്കുന്നുവെന്നു് കണ്ടവരുടെ മുന്നറിയിപ്പനുസരിച്ചു്, അവസാനമായി, അർക്കദിയാക്കോനെത്തന്നെ പൂർണ്ണാധികാരത്തോടെ വികാരിജനറാളായി നിയമിച്ചു. ഈ നിയമനപത്രിക അർക്കദിയാക്കോൻ വൈമുഖ്യത്തോടുകൂടിയാണ് സ്വീകരിച്ചതു്. അദ്ദേഹം പറഞ്ഞതു്, തനിക്കു് മുമ്പുണ്ടായിരുന്നതിൽ കൂടുതലായ അധികാരമൊന്നും ഈ പത്രികമൂലം കിട്ടിയിട്ടില്ലാത്തതിനാൽ ഈ നിയമനപത്രിക പ്രതിഷേധത്തോടുകൂടിമാത്രമേ സ്വീകരിക്കുവാൻ കഴിയുള്ളു എന്നാണ്. കൂടാതെ, റോമിലെ പത്രോസിൻെറ സഭയിൽ (Particular Church) കേരളത്തിലെ മാർത്തോമ്മാസഭയ്ക്കു് (Particular Church) ഇടപെ

1. Nagam Aiya, Vol. II, P. 174.

www.malankaralibrary.com

ടാൻ എന്തുമാത്രം അവകാശമുണ്ടോ അതിൽ കൂടുതൽ അവകാശം റോമിലെ സഭയ്ക്കു് കേരളസഭയിലില്ലെന്നും അക്കദിയാക്കോൻ വികാരവിവശനായി വാദിച്ചു. പ്രത്യേകസഭകളെ സംബന്ധിച്ചിടത്തോളം, ഒരു സഭയ്ക്കു് മറെറാരു സഭയുടെ ആഭ്യന്തര കാര്യങ്ങളിൽ ഇടപെടാൻ അവകാശമില്ല. ഈ വാദം, ബ്രിട്ടണിലെ പുരാതനസഭയുടെ ഭരണരീതിയും ആരാധനാക്രമവും മാററി റോമൻ ആധിപത്യത്തിൽ കൊണ്ടുവരാൻ ശ്രമിച്ചപ്പോഴം, ബ്രിട്ടീഷ് സഭയുടെ മെത്രാനായിരുന്ന, ഡിനോത്തുസ് (Dinothus) 8–ാം നൂററാണ്ടിൽ, പുറപ്പെടുവിച്ചതാണു്. 16–ാം നൂററാണ്ടിലെ അക്കദിയാക്കോൻെറ ഈ വാദം, 20–ാം നൂററാണ്ടിലെ രണ്ടാം വത്തിക്കാൻ സൂനഹദോസിൽ അംഗീകരിച്ചിട്ടുള്ളതാണു്. ഓരോ പ്രത്യേകസഭയുടെയും തലവൻ ആ സഭയുടെ മെത്രാനാണു്. ആ അത്ഥത്തിൽ, അക്കദിയാക്കോൻ പറഞ്ഞതു് ശരിയാണു്. എന്നാൽ മറെറാരത്ഥത്തിൽ, അക്കദിയാക്കോൻ പറഞ്ഞതു് തെററുമാണു്. സാവ്വത്രികസഭയുടെ പരമാദ്ധ്യക്ഷനെന്ന നിലയിൽ പത്രോസിൻെറ പിൻഗാമിയായ റോമാസഭയുടെ മെത്രാനു്, സുനിശ്ചിതമായി സ്ഥാപിക്കപ്പെട്ടിട്ടുള്ള വിശ്വാസത്തെ സംബന്ധിച്ച പ്രതിസന്ധിയിൽ, ആവശ്യമായ പരിധിവരെ, സാവ്വത്രികസഭാദ്ധ്യക്ഷനെന്ന നിലയിൽ പ്രത്യേക സഭകളിൽ ഇടപെടാൻ അവകാശമുണ്ടു്. എന്നാൽ ഒരു കാര്യം ഓക്കണം, ഈ ഇടപെടൽ ആ പ്രത്യേക സഭയുടെ നിലനില്പിനും, നന്മയ്ക്കും അഭിവൃദ്ധിക്കും മാത്രമേ ആകാവൂ: അല്ലാതെ ഒരിക്കലും അതിനെ ഉന്മൂലനം ചെയ്യാനാവരുതു്. മാർപ്പാപ്പായുടെ പ്രതിനിധികളായി നിന്നു പ്രവത്തിച്ച പോർച്ചുഗീസുകാർ കേരളസഭയെ നശിപ്പിക്കുവാനാണല്ലോ ശ്രമിച്ചതു്.

മെനേസിസ് ആവശ്യപ്പെട്ടതനുസരിച്ചു്, വൈപ്പിൻ ദ്വീപിലുള്ള ഫ്രാൻസിസ്കൻ ദേവാലയത്തിൽവച്ചു്, അക്കദിയാക്കോൻ വിശ്വാസസത്യപ്രതിജ്ഞ ചെയ്തു. ഒരു വൈദികൻ, പോർച്ചുഗീസ് ഭാഷയിൽ വിശ്വാസസത്യം വായിച്ചുകൊടുക്കുകയും, പോർച്ചുഗീസറിയാൻ പാടില്ലാത്ത അക്കദിയാക്കോൻ അതിൻെറ ഓരോ ഭാഗത്തിനും ''ഉവ്വ്, ഉവ്വ്'' എന്നു പറയുകയുമാണു് ചെയ്തതു്[2]. ആദ്യത്തെ സത്യപ്രതിജ്ഞകൊണ്ടു് തൃപ്തനാകാത്ത മെനേസിസ് വീണ്ടും

2. Hough, Vol. I, P. 312

www.malankaralibrary.com

ചില ഭേദഗതികളോടെ അതു് ആവർത്തിക്കണമെന്നു് ആവശ്യപ്പെട്ടു. അതും അർക്കദിയാക്കോൻ ചെയ്തു. എന്നാൽ തനിക്കു് ഒട്ടും വശമില്ലാത്ത ഭാഷയിൽ ചൊല്ലിത്തന്ന വിശ്വാസസത്യപ്രതിജ്ഞയ്ക്കാണു് ''ഉവ്വ്,'' ''ഉവ്വ്''യെന്നു് അർക്കദിയാക്കോൻ പറഞ്ഞതായി ആരോ മെനേസീസിനെ ധരിപ്പിച്ചു. മെനേസിസ് കോപാക്രാന്തനായി; താൻതന്നെ കേരളത്തിലേയ്ക്കു പോകണമെന്നു് നിശ്ചയിക്കുകയും ചെയ്തു.

ജസ്യൂട്ട് വൈദികരുടെമുമ്പിൽ സത്യവിശ്വാസപ്രതിജ്ഞ ചെയ്യുവാൻ അർക്കദിയാക്കോനു് ഇഷ്ടമില്ലാത്തതുകൊണ്ടാണു് ഫ്രാൻസിസ്ക്കരുടെ മുമ്പാകെ അദ്ദേഹം സത്യപ്രതിജ്ഞ ചെയ്തതു്. ജസ്യൂട്ടരിൽനിന്നും കേരളസഭയ്ക്കു് ലഭിച്ചിരുന്ന വിദ്വേഷവും പീഡനവുംമൂലം അർക്കദിയാക്കോൻ അവരെ വെറുത്തിരുന്നു. അതേസമയം സഭയുടെ കാര്യത്തിൽ സ്നേഹത്തോടും സൗമ്യതയോടും അനുഭാവത്തോടും പെരുമാറിയിരുന്ന ഫ്രാൻസിസ്ക്കരോടു് അദ്ദേഹത്തിനു് സ്നേഹബഹുമാനങ്ങളാണുണ്ടായിരുന്നതു്. യൂറോപ്പിൽനിന്നുംവന്ന ഈ രണ്ടു കത്തോലിക്കാസന്ന്യാസവിഭാഗങ്ങളും കേരളസഭയോടു് പരസ്പരവിരുദ്ധമായ മനോഭാവം കാണിച്ചതു്, അവ തമ്മിൽ സ്വാഭാവികമായുള്ള കുടിപ്പകയും മത്സരവും മൂലമാണു്. ഫ്രാൻസിസ്ക്കർ ജസ്യൂട്ടക്കെതിരായി അർക്കദിയാക്കോനെ ഉപദേശിക്കുകയും പ്രേരിപ്പിക്കുകയും സഹായിക്കുകയും ചെയ്തിരുന്നു.

മെനേസിസ് മെത്രാപ്പോലീത്താ കേരളത്തിലേയ്ക്കു് വരുന്നുണ്ടെന്നറിഞ്ഞു് അർക്കദിയാക്കോൻ, അങ്കമാലിയിൽ സഭാപ്രതിനിധികളുടെ ഒരു യോഗം വിളിച്ചുകൂട്ടി. അവിടെ കൂടിയവരോടു് അദ്ദേഹം അപ്പോഠം ആവശ്യപ്പെട്ടതു്, തന്നെ മാത്രം അവർ അനുസരിച്ചാൽ മതിയെന്നും ബാബിലോണിയായിൽനിന്നും വരുന്ന മെത്രാനൊഴികെ, മറെറാരു മെത്രാനെയും സ്വീകരിക്കരുതെന്നും ആയിരുന്നു. നാട്ടുരാജാക്കന്മാക്കു് ഈ പോർച്ചുഗീസ് ഇടപെടൽ ഒട്ടും ഇഷ്ടപ്പെട്ടില്ല. എന്നാൽ പോർച്ചുഗീസു് സൈന്യബലത്തെ ഭയപ്പെട്ടും അവരുടെ പണം മോഹിച്ചും നിശ്ശബ്ദരായും ഉൽക്കണ്ഠയോടും കഴിഞ്ഞുകൂടുവാനേ അവക്കു് സാധിച്ചുള്ളൂ.

## മെനേസിസ് കേരളത്തിലേയ്ക്ക്

മെനേസിസ്മെത്രാപ്പോലീത്താ ഗോവയിൽനിന്നും 1598 ഡിസംബർ 27-ാം തീയതി കപ്പൽ കയറി. ആ കപ്പ

www.malankaralibrary.com

ലിലെ കപ്പിത്താൻ അദ്ദേഹത്തിന്റെ സ്വന്തം അനന്തരവനായ അൽവേരോ ദേ മെനേസിസ് ആയിരുന്നു. മലബാർ തീരത്തിന്റെ വടക്കേ അതിർത്തിയിൽ കപ്പൽ എത്തിയപ്പോഠം, കേരളത്തിലുണ്ടായിരുന്ന പോർച്ചുഗീസു നാവീകസേന, സൈനികബഹുമതികളോടെ കപ്പലിനു് അകമ്പടി സേവിച്ചു. യാത്ര തുടൎന്നു്, കുഞ്ഞാലിമരയ്ക്കാരുടെ ശക്തി കേന്ദ്രത്തിനടുത്തെത്തിയപ്പോഠം, യുദ്ധസമിതിയുടെ (War Cabinet) ഒരു അടിയന്തിരയോഗം മെനേസിസിന്റെ ആദ്ധ്യക്ഷ്യത്തിൽ കപ്പലിൽവച്ചുകൂടി. അനന്തരം, കണ്ണൂർവച്ചു്, സാമൂതിരിരാജാവും മെനേസിസു് മെത്രാപ്പോലീത്തായുംകൂടി കുഞ്ഞാലിമരയ്ക്കാൎക്കെതിരായ ഒരു സഖ്യത്തിനു് ആലോചനയും നടത്തി.

## മെനേസിസ് കേരളത്തിൽ

1599 ഫെബ്രുവരി 1-ാം തീയതി മെനേസിസ് മെത്രാപ്പോലീത്താ കൊച്ചിയിൽ വന്നിറങ്ങി. രാജകീയമായ ഒരു സ്വീകരണമാണു് അദ്ദേഹത്തിനു് അവിടെ കിട്ടിയതു്. അടുത്ത രണ്ടു ദിവസങ്ങളിൽ കൊച്ചിയിലുണ്ടായിരുന്ന പോർച്ചുഗീസുകാരായ മജിസ്ത്രേട്ടന്മാർ, മററുദ്യോഗസ്ഥന്മാർ, കച്ചവടക്കാർ, നഗരപിതാക്കന്മാർ മുതലായവൎക്കു് സന്ദർശനം നല്കി. അവരോടെല്ലാം കേരളസുറിയാനിസഭയെ ഗോവ മെത്രാപ്പോലീത്തായുടെ കീഴിൽ കൊണ്ടുവരുമെന്നു് അദ്ദേഹം പരസ്യമായി ശപഥവും ചെയ്തു[3].

അതിനുശേഷം, അൎക്കദിയാക്കോനു് ആളയച്ചു. അൎക്കദിയാക്കോൻ ജനപ്രതിനിധികളെ വിളിച്ചുകൂട്ടി; മെനേസിസിനെ നാടുസന്ദൎശിക്കുന്ന ഒരു മെത്രാനായിമാത്രം സ്വീകരിക്കുന്നതിനു് തീരുമാനിച്ചു. മെനേസിസിനെ കാണുവാൻ അദ്ദേഹം കൊച്ചിയിൽ ചെന്നു. പോർച്ചുഗീസുകാരുടെ ചതിവും വഞ്ചനയും ഭയപ്പെട്ട അൎക്കദിയാക്കോൻ, തന്റെകൂടെ മൂവായിരം പടയാളികളെയും കൊണ്ടുപോയിരുന്നു. മെനേസിസുമായുള്ള അഭിമുഖസംഭാഷണസമയത്തു്, അൎക്കദിയാക്കോന്റെ ഇടത്തും വലത്തും വാളൂരിപ്പിടിച്ചുനിന്നിരുന്ന രണ്ടു് അംഗരക്ഷകരുണ്ടായിരുന്നു. എന്നാൽ കൂടിയാലോചനകഠം പോർച്ചുഗീസുസ്വാധീനമുള്ള കേന്ദ്രങ്ങളിൽവച്ചു നടത്തുന്നതാണു്

3. Ibid, P. 345.

www.malankaralibrary.com

കൂടുതൽ ഫലപ്രദമെന്നു് മെനേസിസിനു തോന്നി. അതിനു ദ്ദേഹം തിരഞ്ഞെടുത്ത സ്ഥലം വൈപ്പിക്കോട്ടു് ആയിരുന്നു. അവിടെ ജസ്യൂട്ടർ നടത്തുന്ന ഒരു സിമ്മനാരിയും, തൊട്ടടുത്തു് ഒരു ഇടവകപ്പള്ളിയും ഉണ്ടായിരുന്നു. കൊച്ചിയിലുള്ള പോർച്ചുഗീസു സൈന്യത്തിനു്, ബോട്ടുമാർഗ്ഗം വളരെ എളുപ്പം വന്നെത്താവുന്ന സ്ഥലമായിരുന്നു അതു്. പിറേറദിവസം, അക്ദിയാക്കോൻ അവിടെ എത്തണമെന്നു നിർദ്ദേശിച്ചുകൊണ്ടു്, മെനേസിസ് കൊച്ചിയിൽനിന്നും വൈപ്പിക്കോട്ടേയ്ക്കു് പുറപ്പെട്ടു. അദ്ദേഹത്തിൻെറകൂടെ, മലാക്കായിലെ പോർച്ചുഗീസ് ഗവർണ്ണറും, അകമ്പടിയ്ക്കു് സൈനികോദ്യോഗസ്ഥന്മാരും, പത്തു വലിയ ബോട്ടുകളിലായി യാത്രചെയ്തു. കൊച്ചിക്കും വൈപ്പിക്കോട്ടിനും ഇടയ്ക്കു്, ഇന്നുകാണുന്ന പല ദ്വീപുകളും അന്നുണ്ടായിരുന്നില്ല. വിശാലമായ ജലപ്പരപ്പിൽക്കൂടി കാണികളുടെ താല്പര്യവും കൗതുകവും കവന്ന ആഘോഷപൂർവ്വമായ ഒരു രാജകീയയാത്രയായിരുന്നു അതു്.

## മെനേസിസ്–വൈപ്പിക്കോട്ടു്

അവിടെ എത്തിയപ്പോഠം, മെത്രാപ്പോലീത്തായ്ക്കു് സിമ്മനാരിയിലെ ജസ്യൂട്ടു് അദ്ധ്യാപകരും വൈദികവിദ്യാർത്ഥികളും ബഹുമാനപൂർവ്വം സ്വീകരണംനൽകി മംഗളപത്രങ്ങഠം സമപ്പിച്ചു. മംഗളപത്രങ്ങഠം എഴുതിയതു് മിഷ്നറിമാരും, വായിച്ചു സമപ്പിച്ചതു് സുറിയാനി വൈദികവിദ്യാർത്ഥികളുമായിരുന്നു. അവയിലെ ഉള്ളടക്കം കേരളസഭയെ, അതിൻെറ പാഷണ്ഡതയിൽനിന്നും രക്ഷിച്ചു്, ഗോവാ അതിരൂപതയുടെ കീഴിൽ ആക്കണമെന്നായിരുന്നു. ശബ്ദം സുറിയാനി വൈദികവിദ്യാർത്ഥികളുടേതെങ്കിലും ആശയങ്ങളെല്ലാം മിഷ്നറിമാരുടെ ഉള്ളിലിരിപ്പു് വെളിപ്പെടുത്തുന്നതായിരുന്നുവെന്നു് സ്പഷ്ടം. മെനേസിസിൻെറ മറുപടിയിൽ താൻ മാത്രമാണു് കേരളസഭയുടെ ഇടയനെന്നും ബാബിലോണിൽനിന്നും വരുന്ന മെത്രാന്മാർ കള്ളന്മാരും കൊള്ളക്കാരും പിശാചിൻെറ ദൂതന്മാരുമാണെന്നു് ഉജ്ജ്വലമായി പ്രസംഗിച്ചു.

പിറേറന്നു്, ഔദ്യോഗികമായി പള്ളിയിൽ പ്രവേശിച്ചു ശേഷം രണ്ടു പ്രസംഗങ്ങഠം ചെയ്തു; അവയിലൊന്നു്, ശുദ്ധീകരണസ്ഥലത്തെപ്പററിയും, മറെറാന്നു്, സ്ഥൈര്യലേപന (മൂമ്പിലത്തെ ഒപ്രിശ്മാ) ത്തെപ്പററിയും ആയിരുന്നു. അനന്തരം ഇടവകയിലുള്ളവക്കെല്ലാം അദ്ദേഹം സ്ഥൈര്യലേപനം കൊ

www.malankaralibrary.com

ടുത്തു. സ്ഥൈര്യലേപനം എന്ന കൂദാശ, കേരളസഭയിലി ല്ലെന്നു് മിഷ്നറിമാർ ആരോപിച്ചിരുന്നു. എന്നാൽ പൗര സ്ത്യസഭകളിലെല്ലാം മാമ്മോദീസായോടുകൂടിയാണു് സ്ഥൈ ര്യലേപനം കൊടുത്തിരുന്നതു്. അതു്, മിഷ്നറിമാക്കും മെനേസിസിനും ബോദ്ധ്യമായിരുന്നില്ല. ലത്തീൻസഭയിൽ മെത്രാന്മാരാണു് സാധാരണ സ്ഥൈര്യലേപനം കൊടുക്കാറു ള്ളതെങ്കിൽ, പൗരസ്ത്യസഭകളിൽ സാധാരണ വൈദികരാണു് അതു് നല്കിയിരുന്നതു്. അതുകൊണ്ടു് വൈപ്പിക്കോട്ടുവച്ചു് ജനങ്ങറം സ്വീകരിച്ച രണ്ടാമത്തെ സ്ഥൈര്യലേപനമായി രുന്നു മെനേസിസ് നല്കിയതു്. പള്ളിയിൽവച്ചു് ജനങ്ങ ളോടു് ചെയ്ത പ്രസംഗത്തിലും റോമാസഭയാണു് എല്ലാ സഭ കളുടേയും മാതാവെന്നും ബാബിലോണിയൻ പാത്രിയക്കീസു മാർ ക്രിസ്തുവിൻെറ ആലയിൽ നുഴഞ്ഞുകയറുന്ന കള്ളന്മാരാ ണെന്നും അവർ നരകാഗ്നിക്കു് അഹ്രരാണെന്നും ആവർത്തിച്ചു.

## മെനേസിസ് – കൂനൻകുരിശിനു് പീഠം പണിയുന്നു.

ഈ അവസരത്തിൽ അക്ക്ദിയാക്കോൻ അവിടെ ഉണ്ടാ യിരുന്നില്ല. അദ്ദേഹം രണ്ടു ദിവസം കഴിഞ്ഞു് വന്നപ്പോറം, അദ്ദേഹത്തോടു് ഉപചാരപൂർവ്വമായിട്ടാണു് മെനേസിസ് പെരുമാറിയതു്. അനന്തരം അക്ക്ദിയാക്കോനും ജസ്യൂട്ടു് വൈദികവിദ്യാർത്ഥികളും ഇടവകവൈദികരും പോർച്ചു ഗീസു് ഉദ്യോഗസ്ഥന്മാരും സംബന്ധിച്ച ഒരു സമ്മേളന ത്തിൽവച്ചു് പാത്രിയക്കീസിനെതിരായി, മെനേസിസ് ഒരു തീപ്പൊരിപ്രസംഗം നടത്തുന്നതിനിടയിൽ, തൻെറ പോക്ക റ്റിൽനിന്നും ഒരു കടലാസു് വലിച്ചൂരിയെടുത്തു്, അതിലുട നെ ഒപ്പുവയ്ക്കുവാൻ അക്ക്ദിയാക്കോനോടും രണ്ടു് മുതിന്ന കത്തനാരന്മാരോടും ആജ്ഞാപിച്ചു. ഇടിവെട്ടേററപോലുള്ള സംഭ്രാന്തിയിൽ, അവർ അസ്തപ്രജ്ഞരായി നിന്നുപോയി. "ഒപ്പുവയ്ക്കൂ കത്തനാരെ, മരത്തിൻെറ വേരിനു് കോടാലി വയ്ക്കേണ്ട സമയം അതിക്രമിച്ചു" മെനേസിസ് അലറി. പ്രജ്ഞയററുനിന്ന അവർ മൂവരും ആ നിമിഷത്തിൽത്തന്നെ ഒപ്പുവച്ചു. ഒപ്പുവച്ച കടലാസ്, മെനേസിസിൻെറ ആജ്ഞ യനുസരിച്ചു് പള്ളിയുടെ വാതില്ക്കൽ ഉടനെതന്നെ പതിക്കു കയും ചെയ്തു.

അക്ക്ദിയാക്കോൻ പുറത്തിറങ്ങി, വാവിട്ടുകരയുവാൻ തുടങ്ങി. ഇതുകണ്ടു് അവിടെ കൂടിയിരുന്ന സ്ത്രീപുരുഷന്മാർ

www.malankaralibrary.com

ആബാലവൃദ്ധം പരിഭ്രാന്തരായി. അപ്പോഠം അക്ദിയാക്കോൻ അവരോടു പറഞ്ഞു, ''നമ്മുടെ തോമ്മായുടെ പ്രമാണത്തെയും 1200 വഷങ്ങളായി നാം അനുസരിക്കുകയും ബഹുമാനിക്കുകയും ചെയ്തുപോന്ന ബാബിലോണിയൻ പാത്രിയക്കിസിനെയും ഞാൻ വഞ്ചിച്ചു.'' അപ്പോഴാണു് ജനങ്ങഠം കാര്യം മനസ്സിലാക്കുന്നതു്. ഒപ്പു് ഇടുവിച്ച കടലാസിൽ എഴുതിയിരുന്നതു്, ബാബിലോണിയൻ പാത്രിയക്കിസിനെ ശപിക്കുന്നുവെന്നും അദ്ദേഹത്തിൻെറ സ്ഥാനത്തു് പോർച്ചുഗീസ് ആധിപത്യത്തെ സ്ഥാപിക്കുന്നുവെന്നുമായിരുന്നു. ജനങ്ങഠം പ്രക്ഷുബ്ധരായി. അക്ദിയാക്കോനാകട്ടെ, അവരെ സാന്ത്വനപ്പെടുത്തി അയച്ചു[4].

രണ്ടുമൂന്നുവർഷംമുമ്പു്, ചരിത്രഗവേഷണാത്ഥം, അതേ ദേവാലയത്തിൽ ഈ ഗ്രന്ഥകത്താവു് നിന്നിരുന്ന അവസരത്തിൽ, ആ ചിത്രം മനസ്സിൽ തെളിഞ്ഞുവന്നു. അധികാരത്തിൻെറയും കാപട്യത്തിൻെറയും കരങ്ങഠം കേരളസഭാമാതാവിൻെറ കഴുത്തിൽ മുറുകുന്ന സമയം; 1500 ൽപ്പരം വഷത്തോളം നിലനിന്നുപോന്ന ഒരു സഭയെ സൈനികശക്തിയും രാഷ്ട്രീയസ്വാധീനവുംമാത്രം ആശ്രയിച്ചു നിഹനിക്കുന്നതിനു് ഉയന്ന ക്രൂരഹസ്തങ്ങഠം; അസഹിഷ്ണുതയുടേയും ആക്രമണത്തിൻേറയും ആ ഘോരഗജ്ജനങ്ങളുടെ മാറെറാലി കാതുകളിൽ മുഴങ്ങുന്നതുപോലെ തോന്നി. പുറത്തിറങ്ങിയപ്പോഠം ആററുമണൽ വിരിച്ച മുററത്തു് വെട്ടിത്തിളങ്ങുന്ന അഭ്രത്തരികളിൽ, ഒരു ശതാബ്ദത്തോളം, സ്വസമുദായത്തിനും സഭയ്ക്കുംവേണ്ടി പിതാക്കന്മാർ പൊഴിച്ച മായാത്ത അശ്രുകണങ്ങഠം കണ്ടു. മുററത്തിൻെറ വടക്കേ അതിർത്തിയിൽ, കോട്ടപോലെ കെട്ടിപ്പടുത്തിരുന്ന വൈപ്പിക്കോട്ട സിമ്മനാരിയുടെ നാശോന്മുഖമായ ഭിത്തികളിൽ, പോർച്ചുഗീസു് ആധിപത്യത്തിൻെറ ശവക്കല്ലറയുടെ സ്മാരകശിലയും കണ്ടു. ഒരു വിളിപ്പാടുദൂരത്തിൽ, ക്രിസ്തുമതപ്രവേശത്തിനു് വഴിയൊരുക്കിയ, യഹൂദദേവാലയത്തിൻെറ മൂകമായ പരിത്യക്തതയും നിഷ്ക്കമ്മവൈധവ്യവും കണ്ടു.

പള്ളിമുററത്തെ മാവിൻചുവട്ടിലുള്ള കല്പടിയിൽ ഇരുന്നുകൊണ്ടു് ചിന്തിച്ചു – റോമാസിംഹാസനവും കേരളസഭയും തമ്മിലുണ്ടായിരുന്ന പരമ്പരാഗതമായ ബന്ധത്തെക്കുറിച്ചു്;

4. Brown, P. 29–30.

www.malankaralibrary.com

മെനേസിസ്സിനു് നാലു ശതാബ്ദങ്ങൾക്കുമുമ്പു്; മാപ്പാപ്പായുടെ പ്രതിനിധിയായ മരിഞ്ഞോളി മെത്രാപ്പോലീത്താസ്സു്, അദ്ദേഹംതന്നെ എഴുതിയിട്ടുള്ളതുപോലെ ''മാപ്പാപ്പായുടെ പ്രതിനിധിയെന്നനിലയിൽ'' കേരളസുറിയാനിക്കാർ നല്കിയ രാജകീയ സ്വീകരണത്തെയും ആതിഥ്യത്തെയുംപററി; കേരളത്തിൽ ആദ്യം കാൽകുത്തിയ പോർച്ചുഗീസ് മിഷ്നറിമാക്കു് സുറിയാനിപ്പള്ളികളും ജനങ്ങളും നല്കിയ സ്വാഗതത്തേയും അനുവദിച്ച പൂൎണ്ണസ്വാതന്ത്ര്യത്തേയുംപററി; വില്ലാർവട്ടം രാജാക്കന്മാർ മാപ്പാപ്പാസ്സു തിരുമുൽക്കാഴ്ചയായി അയച്ചുകൊണ്ടിരുന്ന കേരളോല്പന്നങ്ങളായ കുരുമുളകിനേയും സുഗന്ധദ്രവ്യങ്ങളേയുംപററി; 1578-ൽ ഗ്രിഗറി പതിമ്മൂന്നാമൻ മാപ്പാപ്പാ പ്രഖ്യാപിച്ച അസാധാരണ ജൂബിലിയാഘോഷങ്ങളിൽ വൈപ്പിക്കോട്ടുപള്ളിയിൽകൂടിയ ജനസഹസ്രങ്ങളേയും ആയിരത്തിലധികംപേരുടെ ദിവ്യകാരുണ്യസ്വീകരണത്തേയുംപ്പററി[5]. സുറിയാനി വൈദികരേയും ജനങ്ങളേയും ഒരുപോലെ ഭയവിഹ്വലരാക്കിക്കൊണ്ടിരുന്ന റോമൻ അധികാരികളുടെ മഹറോനെപ്പററി; പിരിഞ്ഞിട്ടും പിരിയാതെ റോമായുമായി പുനരൈക്യപ്പെടുവാൻ അക്ഷീണശ്രമങ്ങൾ ചെയ്തിരുന്ന വിയോജിതസഭയുടെ തലമുറകളെപ്പററി; ഇവയെല്ലാം സുറിയാനിസഭയ്ക്കു് റോമൻസിംഹാസനത്തോടുള്ള സ്നേഹാദരവുകളല്ലേ കാണിക്കുന്നതു്? ഏഷ്യയിലെ ലത്തീൻസഭയുടെ മഹാസമ്രാട്ടായിത്തീൎന്ന മെനേസിസിനു് ഇവയൊന്നും മതിയായിരുന്നില്ല. ഗോവാമെത്രാപ്പോലീത്തായുടെ അധികാരശക്തിയും പ്രഭാവപ്പൊലിമയും വർദ്ധിപ്പിക്കുകയായിരുന്നു അദ്ദേഹത്തിന്റെ ഏകലക്ഷ്യം. റോമൻസിംഹാസനത്തേയും കേരളസഭയേയും ബന്ധിച്ചിരുന്ന സ്നേഹപാശം പൊട്ടിച്ചെറിയുവാൻ ശ്രമിച്ചതു് ഈ മെനേസിസ്തന്നെയാണു്. അതും വൈപ്പിക്കോട്ടുവച്ചുതന്നെ. മെനേസിസ് മുറിച്ചെറിയുവാൻ ശ്രമിച്ച ഈ സ്നേഹപാശത്തിന്റെ അനിവാര്യമായ പരിണതഫലമായിരുന്നു, 60 വൎഷങ്ങൾക്കുശേഷം നടന്ന കൂനൻകുരിശുസത്യം. മെനേസിസ് ഉദ്ഘാടനംചെയ്ത നയമാണല്ലോ വിദേശിയരായ അദ്ദേഹത്തിന്റെ പിൻഗാമികളും തുടൎന്നുപോന്നതു്. അതേ കാല്പാടുകളിൽകൂടിയാണു് ക്രൂരതയും വക്രതയും തികഞ്ഞ കമ്മലീത്താഭരണവും നീങ്ങിയതു്.

---

5. Ferroli, Vol. II, P. 166.

www.malankaralibrary.com

വൈപ്പിക്കോട്ടുവച്ച്, മെനേസിസ് മെത്രാപ്പോലീത്താ നല്കിയ സൈ്ഥര്യലേപനം നാട്ടിലെല്ലാം തെററിദ്ധാരണകളും ഒച്ചപ്പാടും ഉണ്ടാക്കി. ലത്തീൻമുറയിലുള്ള സൈ്ഥര്യലേപനത്തിന നെററിയിലൊരു പൂശലും ചെകിട്ടത്ത് ഒരടിയുമുണ്ട്. ഈ കമ്മം നാടുവാഴികളായ ഹിന്ദുരാജാക്കന്മാരുടെ ഇടയിൽപോലും ഭയാശങ്കകൾ ഉണത്തി. സൈ്ഥര്യലേപനം സ്വീകരിച്ചവരെ പോർച്ചുഗീസ് പ്രജകളായി മാററുന്നവെന്നാണ് അവർ ധരിച്ചത്. ഈ തെററിദ്ധാരണ വളത്തുവാൻ അക്കദിയാക്കോൻ സഹായിച്ചുവെന്നും ചില ചരിത്രകാരന്മാർ പറയുന്നുണ്ട്. മെനേസിസും അക്കദിയാക്കോനുമായുള്ള സംഘട്ടനത്തിൽ ഇത് ആക്കം വിശ്വാസയോഗ്യമായിത്തോന്നുകയും ചെയ്യും. അനന്തരം മെനേസിസ് മെത്രാപ്പോലീത്താ ഇടവകകൾ സന്ദർശിക്കുവാനാണ് പോയത്. മിക്ക സ്ഥലങ്ങളിൽനിന്നും അദ്ദേഹത്തിന് പ്രതിഷേധവും എതിർപ്പുമാണ് നേരിടേണ്ടിവന്നത്. ചില പള്ളികളുടെ കതകുകളിൽ ഒരു വൃത്തവും അതിനുള്ളിൽ ഒരു ക്രൂശമരത്തിൻെറ പടവും ഉണ്ടായിരുന്നു. അതിൻെറ അത്ഥം, ആ പള്ളിയിൽ പ്രവേശിപ്പിക്കുവാൻ പാടില്ലെന്നായിരുന്നു. ചില പള്ളികൾ, മെനേസിസ് ബലമായി തുറപ്പിച്ചു. പൊതുവേ ജനങ്ങൾ നിസ്സഹകരിച്ചതുമൂലം, അവരാരും മെനേസിസിനെ സ്വീകരിക്കുവാനുണ്ടായിരുന്നില്ല.

മെനേസിസ് മെത്രാപ്പോലീത്തായുടെ കേരളപര്യടനത്തിൽ സ്വയംകൃതങ്ങളായ പല അപകടസന്ദർഭങ്ങളേയും അഭിമുഖീകരിച്ചിട്ടുണ്ട്. അപ്പോഴൊക്കെ അദ്ദേഹം സമചിത്തതയോടും വിവേകത്തോടും പെരുമാറിയിട്ടുമുണ്ട്. ധീരതയുടെ മുഖ്യാംശം വിവേകമാണെന്ന് അദ്ദേഹത്തിന നല്ലവണ്ണം അറിയാമായിരുന്നു. ഇതിനെ ഉദാഹരിക്കുന്ന ഒരു സംഭവം വടക്കൻപറവൂർവച്ചുണ്ടായി. വൈപ്പിക്കോട്ടയിൽവച്ച് അക്കദിയാക്കോനെ സന്ദർശിച്ചശേഷം, മെനേസിസ് അടുത്തുണ്ടായിരുന്ന കോട്ടക്കാവ് (വടക്കൻപറവൂർ) പള്ളിയിലേക്കാണു പോയത്. ആഘോഷസമന്വിതമായ രാജകീയയാത്രയായിരുന്നു അത്. കൈയിൽ സ്വർണ്ണവടി, തലയിൽ രത്നഖചിതമായ 'മുതലവായൻ' തൊപ്പി, കഴുത്തിൽ സ്വർണ്ണമാലയും വജ്രംപതിച്ച കനകക്കുരിശും; മിന്നിത്തിളങ്ങുന്ന പട്ടുവസ്ത്രങ്ങൾ, പോർച്ചുഗീസു പട്ടാളക്കാർ ഇരുവശത്തും അകമ്പടിക്ക്. മനുഷ്യമനസ്സിനെ സ്വാധീനപ്പെടുത്തുന്നതിൽ

www.malankaralibrary.com

ആഘോഷങ്ങൾക്കും ആഡംബരങ്ങൾക്കും ആർഭാടങ്ങൾക്കും ഉള്ള സ്ഥാനം വിലമതിച്ചിരുന്ന ഒരാളായിരുന്നു മെനേസിസ്. സ്വേച്ഛാധിപതികളായ ഹിററ്ലറിൻേറയും മുസ്സോലിനിയുടേയും രാഷ്ട്രീയവേദികളിൽ ജനലക്ഷങ്ങളെ മയക്കുന്ന നാടകീയമായ അരങ്ങേററങ്ങൾ സാധാരണമായിരുന്നല്ലോ.

മെനേസിസും പരിവാരങ്ങളും വടക്കൻപറവൂർ എത്തിയപ്പോൾ നടപ്പാതകളെല്ലാം വിജനമായും വീടുകളെല്ലാം കൊട്ടിയടച്ചും കാണപ്പെട്ടു. എന്നാൽ തുറന്നിരുന്ന ദേവാലയം നിറയെ ആയുധധാരികളായ പുരുഷന്മാരാണുണ്ടായിരുന്നതു്. ഇവരെ കണ്ടപ്പോൾ മെനേസിസ് കൂടെയുണ്ടായിരുന്ന പോർച്ചുഗീസ് പട്ടാളക്കാരോട്, അവർവന്ന ബോട്ടുകളിലേക്കു മടങ്ങിപ്പോകുവാൻ ആജ്ഞാപിച്ചു. അവർ അപ്പോൾത്തന്നെ സ്ഥലംവിട്ടു. പള്ളിയിലുണ്ടായിരുന്ന പുരുഷന്മാർ നിശ്ശബ്ദരായിനിന്നുകൊണ്ടു്, മെനേസിസിൻെറ ചലനങ്ങളെല്ലാം സുസൂക്ഷ്മം വീക്ഷിച്ചുകൊണ്ടിരുന്നു. അദ്ദേഹം അവരുടെ അടുക്കലേയ്ക്കു നടന്നുചെന്നു് അവരോടു പറഞ്ഞു:–

"യേശുക്രിസ്തുവിൻെറ ശിഷ്യരെ പഠിപ്പിച്ചതും മാർത്തോമ്മാശ്ലീഹാ ഈ നാട്ടിൽ പ്രസംഗിച്ചതുമായ സത്യമായ കത്തോലിക്കാവിശ്വാസമാണു്, ഞാൻ നിങ്ങളോടു് പ്രസംഗിക്കുന്നതു്. എല്ലാ സത്യക്രിസ്ത്യാനികളും ഈ തത്ത്വങ്ങൾ സ്വീകരിക്കുന്നു. ഞാൻ അതിനുവേണ്ടി മരിക്കാനും തയ്യാറായിട്ടാണു് വന്നിരിക്കുന്നതു്. അതു് എൻെറ പ്രസംഗംകൊണ്ടും എൻെറ രക്തംകൊണ്ടും ഈ നാട്ടിൽ സ്ഥാപിക്കാതെ ഞാൻ മടങ്ങിപ്പോവുകയില്ല. ഈ സത്യം തെളിയിക്കുവാൻ നിങ്ങൾക്കു് എൻെറ രക്തം വേണമെങ്കിൽ, അടുത്തുവരിക; നിങ്ങളുടെ കയ്യിൽ അതിനുള്ള ആയുധങ്ങളുണ്ടല്ലോ. ഞാൻ എതിർക്കുകയില്ല. ഒരു ഇടയൻ പടവെട്ടാനുള്ള ആളല്ല: അയാളുടെ ജോലി ആടുകളെ തീററുക മാത്രമാണു്. എൻെറ പട്ടാളക്കാരെയെല്ലാം ഞാൻ പറഞ്ഞയച്ചുകഴിഞ്ഞു. ഇവിടെ, നിങ്ങളുടെ മദ്ധ്യത്തിൽ ഞാൻ ഏകനായി നില്ക്കുന്നു"[6]. മെനേസിസിൻെറ രക്തസാക്ഷിത്വത്തിൻെറ ഭീഷണിയും രക്തസാക്ഷിത്വത്തിനുവേണ്ടിയുള്ള വെല്ലുവിളിയും അവിടെ കൂടിയിരുന്നവരുടെ മതബോധനത്തിലുള്ള വിശ്വാസത്തിലാണു് ധൈര്യം കണ്ടെത്തിയതു്.

---

6. James Hough, Vol. I, P. 354–55.

www.malankaralibrary.com

മെനേസിസ് വടക്കൻപറവൂർനിന്നും ആലങ്ങാട്ടേയ്ക്കു പോയി. ആലങ്ങാട്ടേയും പറവൂരെയും രാജാക്കന്മാർ തമ്മിൽ യുദ്ധം നടന്നുകൊണ്ടിരുന്നതിനാൽ, അഭയാർത്ഥികളായ വൃദ്ധരും സ്ത്രീകളും കുട്ടികളും പള്ളിക്കകത്ത് തങ്ങളുടെ വിലപിടിച്ച വസ്തുക്കളുമായി തിങ്ങിക്കൂടിയിരുന്നു. അവിടെയും അദ്ദേഹം നടത്തിയതു് ദൈവവിജ്ഞാനീയത്തിലെ നെസ്തോറിയൻ പാഷണ്ഡതക്കെതിരായ പ്രസംഗമാണ്.

അനന്തരം അദ്ദേഹം ചൊവ്വര എത്തി. പള്ളി അടച്ചുപൂട്ടിയിരുന്നു. അക്കദിയാക്കോൻ സ്ഥലത്തുണ്ടായിരുന്നെങ്കിലും മെനേസിസിനെ കാണുവാൻ കൂട്ടാക്കിയില്ല.

## മെനേസിസിൻെറ ഉരുകിയലിയുന്ന ഉടമ്പടി

മെനേസിസിനു് നേരിട്ട ഈ വിഷമസന്ധിയിൽ, അദ്ദേഹം അക്കദിയാക്കോനെ വിളിപ്പിച്ചു്, ഒരു ഉടമ്പടി ഉണ്ടാക്കി. അതനുസരിച്ചു്, ഒരു സന്ദർശകമെത്രാനായി മാത്രമേ താൻ യാത്രചെയ്യുകയുള്ളുവെന്നും പള്ളികളിൽ കർമ്മങ്ങളൊന്നും നടത്തുകയില്ലെന്നും അദ്ദേഹം സമ്മതിച്ചു[7]. അദ്ദേഹം പുറക്കാട്ടു ചെന്നപ്പോൾ ജനങ്ങൾ നിസ്സഹകരിക്കുമെന്നു് ഭയപ്പെട്ടു്, ജനങ്ങൾ സംബന്ധിക്കുവാൻ തക്കവണ്ണം, പുറക്കാട്ടു രാജാവിനെക്കൊണ്ടു് ഒരു കല്പന പുറപ്പെടുവിച്ചു. രാജാവാകട്ടെ, പോർച്ചുഗീസ് ശക്തിയുമായി മൈത്രീബന്ധം അത്യന്തം ആഗ്രഹിച്ചിരുന്ന ആളുമാണ്. മെനേസിസ് മെത്രാപ്പോലീത്താ പുറക്കാട്ടുവന്നപ്പോൾ, ഒരു സുറിയാനി വൈദികൻെറ വീട്ടിലാണു് താമസിച്ചതു്. ഒരു ദിവസം രാത്രി പത്തു മണിക്കു് പുറക്കാട്ടു് (ചെമ്പകശ്ശേരി) രാജാവു് മെത്രാപ്പോലീത്തായെ കാണുവാൻ ആ സുറിയാനി വൈദികൻെറ വീട്ടിൽ ചെല്ലുകയും ദീർഘനേരം സംഭാഷണം നടത്തുകയും ചെയ്തു. കൊച്ചിരാജാവിനെപ്പോലെ പുറക്കാട്ടുരാജാവിനേയും Comrade in arms ആക്കണമെന്നുള്ള അഭ്യർത്ഥനയായിരുന്നു യാത്രയുടെ ഉദ്ദേശ്യം. പ്രൗഢിയും പ്രതാപവും നിറഞ്ഞ യാത്രകളും വേഷഭൂഷാദികളും ജനങ്ങളെ ജിജ്ഞാസുക്കളും കുതുകികളുമാക്കുകയാൽ, അങ്ങനെയും വളരെപ്പേർ മെനേസിസിൻെറ സന്ദർശനങ്ങളിൽ പങ്കുകൊണ്ടു. നാടകീയവിദ്യയിൽ മെനേസിസ് അദ്വിതീയനായിരുന്നു. എല്ലായിടത്തും വെട്ടി

7. Brown, P. 29.

www.malankaralibrary.com

ത്തിളങ്ങുന്ന വേഷഭൂഷാദികളും രത്നഖചിതമായ മുതലവായൻ തൊപ്പിയും സ്വർണ്ണനിർമ്മിതമായ വടിയുമാണ് അദ്ദേഹം ഉപയോഗിച്ചിരുന്നത്. രാജകല്പനകളാലും പ്രചോദനങ്ങളാലും ജനങ്ങൾ, തൻെറ സന്ദർശനങ്ങളിൽ സഹകരിക്കുമെന്നു കണ്ടപ്പോൾ അർക്കദിയാക്കോനുമായുള്ള ഉടമ്പടിവ്യവസ്ഥകൾ അദ്ദേഹം ദൂരത്തെറിഞ്ഞു.

ഉദയംപേരൂർവെച്ച് മെനേസിസ് മെത്രാപ്പോലീത്താ മുപ്പത്തിയെട്ടു വൈദികവിദ്യാർത്ഥികൾക്ക് കർബാനപ്പട്ടം നല്കി. ജനങ്ങളോട് വളരെ സൗമ്യതയോടും ഉപചാരത്തോടുംകൂടിയാണ് അദ്ദേഹം വർത്തിച്ചത്. 1599-ലെ പെസഹാ അദ്ദേഹം കടുത്തുരുത്തിയിൽ കൊണ്ടാടി. ദിവ്യകർമ്മങ്ങളിൽ അരങ്ങുകൂട്ടുവാൻ കൊച്ചിയിൽനിന്നും വിദഗ്ധരായ ഗായകസംഘത്തെ വരുത്തി. ദുഃഖവെള്ളിയാഴ്ചയിലെ കുരിശിൻെറ ആരാധന, കുരിശുഭക്തരായ സുറിയാനിക്കാക്ക് ഹൃദയസ്പൃക്കമായിത്തോന്നി. ജനങ്ങളിലാകെ മാററം വരുത്തുവാൻ ഹൃദയാവർജ്ജകമായ ആ തിരുക്കർമ്മങ്ങൾക്കു സാധിച്ചു.

ഈ സമയം അർക്കദിയാക്കോൻ സ്വസ്ഥനായിരുന്നില്ല. മെനേസിസിനെതിരായി ജനവികാരം ആളിക്കത്തിക്കുവാൻ അദ്ദേഹം ശ്രമിച്ചുകൊണ്ടിരുന്നു. നാടുവാഴികളേയും മെനേസിസിനെതിരായി തിരിച്ചുവിട്ടു. ഇതു് മെനേസിസിനെ അസ്വസ്ഥനാക്കി. നാടുവാഴികളുടെ അധീശനായ കൊച്ചിരാജാവിനെ മെനേസിസ് പോയികണ്ടു്, പോർച്ചുഗീസ് ശക്തിയുടെമുമ്പിൽ രാജാവു് തൃണസമാനനെന്നു പറഞ്ഞു് ഭർത്സിച്ചു. രാജാവിനെക്കൊണ്ടു് ഒരു വാക്കുപോലും പറയിക്കാതെ അദ്ദേഹത്തിൻെറ ദേവീദേവന്മാരെ അപഹസിച്ചു. രാജാവിനെത്തന്നെ നരകാഗ്നിയിലേയ്ക്കു തള്ളുമെന്നു് ഭീഷണിപ്പെടുത്തി. പോർച്ചുഗീസ് സൈന്യശക്തിയെ ഭയപ്പെട്ടിരുന്ന രാജാവു് ഒരു വാക്കുപോലും പറയാതെ, ഈ ആക്ഷേപങ്ങളും അവഹേളനങ്ങളും മൗനമായികേട്ടു് വിഴുങ്ങുകയാണു് ചെയ്തതു്[8].

പോർച്ചുഗീസ് സൈന്യശക്തിയുടെ തണലിലാണു് മെനേസിസിൻെറ അഹന്ത സംഹാരതാണ്ഡവം നടത്തിയതു്. മെനേസിസിൻെറ വെന്നിക്കൊടി ഉയർന്നുയർന്നു വന്നപ്പോൾ

8. Brown, P. 30-32.

www.malankaralibrary.com

അക്ദിയാക്കോൻ നിസ്സഹായനും ഒററപ്പെട്ടവനുമായിത്തീൎന്നു. അദ്ദേഹം മെനേസിസിൻെറ കാല്ക്കൽവീണ്ട് അദ്ദേഹം ആവശ്യപ്പെട്ടതുപോലെയുള്ള പ്രതിജ്ഞാപത്രം എഴുതിക്കൊടുത്തു. ഒരു പൊതുവായ സൂനഹദോസ് വിളിച്ചുകൂട്ടാമെന്നും സമ്മതിച്ചു. അവയിലെ വ്യവസ്ഥകളിൽ സംഗതങ്ങളായിട്ടുള്ളവ താഴെപ്പറയുന്നവയാണ്. രണ്ടാമത്തെ വ്യവസ്ഥ – പത്രോസിൻെറയും തോമ്മായുടെയും പ്രമാണങ്ങരം ഒന്നുതന്നെയാണ്[9]. മാൎത്തോമ്മാക്രീസ്ത്യാനികളുടെ ആസ്തികൃത്തിനും വൃക്തിത്വത്തിനും ദൃഢമൂലമായിരുന്ന തോമ്മായുടെ പ്രമാണം നിഷേധിക്കുവാൻ മെനേസിസിൻെറയും സഹപ്രവൎത്തകരായ ജസ്യൂട്ടരുടെയും ബുദ്ധിശാലയിൽ ആയുധങ്ങരം ഉണ്ടായിരുന്നില്ല. അതുകൊണ്ടാണ് കേരളസഭയുടെ ലത്തീനീകരണത്തിനുള്ള ആ എളുപ്പവഴി – മാൎത്തോമ്മാപ്രമാണത്തിൻെറ നിഷേധം – അവരുടെ മനസ്സിൽപ്പെടാതെപോയതു്. സൈനികശക്തിയും സ്വാധീനവുമുള്ള പ്രമാണവും നിസ്സഹായമായ തോമ്മായുടെ പ്രമാണവും ഒന്നാണെന്ന് (identical) സാധിച്ചുകിട്ടിയാൽ കേരളസഭയുടെ ഭാവി, മുതലവായിൽപ്പെട്ട മുയലിൻെറതുപോലെ (identical) ആകുമെന്ന് മനസ്സിലാക്കുവാനുള്ള ബുദ്ധി അവൎക്കുണ്ടായിരുന്നു.

ആറാമത്തെ വ്യവസ്ഥ ബാബിലോണിയൻ പാത്രിയൎക്കീസിൻെറ അധികാരവും ആ സഭയുമായുള്ളബന്ധവും നിഷേധിക്കുന്നതായിരുന്നു.

എട്ടാമത്തേതു് ബാബിലോണിയൻ മെത്രാന്മാരുടെ സ്ഥാനത്തു് ഗോവാ മെത്രാപ്പോലീത്തായെ പ്രതിഷ്ഠിക്കുന്നതും ഗോവാ അതിരൂപതയുടെ സാമന്തരൂപതയായി കേരളസഭയെ സമൎപ്പിക്കുന്നതുമാണ്.

പത്താമത്തേതു് മെനേസിസിൻെറ യാത്രകളിലെല്ലാം അക്ദിയാക്കോൻ ആയുധധാരികളില്ലാതെ കൂടെ ഉണ്ടായിരിക്കണമെന്നുള്ളതുമാണ്. ഇതു് മെനേസിസിൻെറ ദേഹരക്ഷ കരുതിയായിരുന്നു.

അതിനുശേഷം അക്ദിയാക്കോൻ മാനസാന്തരപ്പെട്ടതുപോലെയാണ് കാണപ്പെട്ടതു്. സൂനഹദോസിനുവേണ്ട എല്ലാ

9. Ferroli, Vol. I, P. 183.

www.malankaralibrary.com

ഒരുക്കങ്ങളിലും അർക്കദിയാക്കോൻ പരിപൂർണ്ണമായി സഹകരിച്ചു. പറവൂർപള്ളിയിൽവച്ച് മെനേസിസ് 50 ശെമ്മാശ്ശന്മാർക്ക് വൈദികപട്ടം നല്കി. ഇങ്ങനെയാണ് ഉദയംപേരൂർ സൂനഹദോസിന് കളമൊരുക്കൽ നടന്നത്[10].

---

10. Brown, P. 30–32.

www.malankaralibrary.com

## ഏട്ടാം അദ്ധ്യായം

# ഉദയംപേരൂർ സൂനഹദോസ്

### i) പശ്ചാത്തലം

കേരളസഭാചരിത്രത്തിലെ ഏററവും കരിപുരണ്ട അദ്ധ്യായമാണ് ഉദയംപേരൂർ സൂനഹദോസ്. എന്നാൽ അതിനു് അങ്ങിങ്ങായി നേരിയ ചില രജതരേഖകൾ ഉണ്ടെന്നുള്ളതും വിസ്മരിക്കുന്നില്ല. ആകെക്കൂടെ നോക്കിയാൽ നീതിയുടെ ത്രാസ്സിൽ ദോഷത്തിനാണു മുൻതൂക്കം; എന്നുവേണ്ട, അതിലെ തുച്ഛഗുണങ്ങൾ അത്രതന്നെ പരിഗണനാർഹങ്ങളായിരുന്നില്ല. 16–ാം നൂററാണ്ടിൽ പോർച്ചുഗീസുകാർക്കുണ്ടായിരുന്ന രാഷ്ട്രീയ ശക്തിയും സൈനികബലവും നീതിവിരുദ്ധമായും ആക്രമണബുദ്ധിയോടും ഉപയോഗിച്ച്, പുരാതനവും സ്വൈരഹികവുമായ കേരളസഭയെ ലത്തീൻസഭയാക്കിമാററി, ഗോവ അതിരൂപതയുടെ നുകത്തിൽ ബന്ധിക്കുന്നതിനുദ്യമിച്ചതാണ്, പ്രധാന കഥാതന്തു. റോമിലെ പരിശുദ്ധസിംഹാസനത്തോട് എന്നും വിധേയത്വവും ബഹുമാനാദരവുമുണ്ടെന്നു് ചരിത്രം വിളിച്ചറിയിക്കുന്ന കേരളസഭയെ കൈകാലുകൾ വരിഞ്ഞുകെട്ടി 'ഏഷ്യയിലെ ലിസ്ബൻ' എന്നറിയപ്പെടുന്ന ഗോവയിലെ മെത്രാപ്പോലീത്തായുടെ കീഴിലാക്കുക, സഭയേയും രാഷ്ട്രത്തേയും ഏകസാമ്രാജ്യമായിമാത്രം കാണാൻ കഴിഞ്ഞ അന്നത്തെ പോർച്ചുഗീസ് മേൽക്കോയ്മയുടെ ഒരാവശ്യമായിരുന്നു. അതിന്നുപയോഗിച്ച മാർഗ്ഗങ്ങളും തന്ത്രങ്ങളും ധാർമ്മികമോ അധാർമ്മികമോ എന്ന ചിന്തയുടെ നിഴൽപോലും അവരിലുണ്ടായിരുന്നില്ല. ഗോവയിലെ 'ഇൻക്വിസിഷൻ' എന്ന ബീഭത്സരക്തരക്ഷസ്സിന്റെ നീരാളിപ്പിടുത്തത്തിൽപ്പെടാത്തതായി ഒരു സ്ഥലമോ വ്യക്തിയോ സമൂഹമോ ഉണ്ടായിരുന്നില്ല. ഇൻക്വിസിഷൻ ശ്വാസംമുട്ടിക്കുന്ന ഒരു പേടിസ്വപ്നമായിരുന്നു – എല്ലാവർക്കും, എല്ലായിടത്തും. ഇവയുടെയെല്ലാം പശ്ചാത്തലത്തിലായിരുന്നു, ഉദയംപേരൂർവെച്ച് 1599–ൽ ഗോവയിലെ മെത്രാപ്പോലീത്തയായിരുന്ന അലക്സിസ് മെനേസിസ് നടത്തിയ "സൂനഹദോസ്" എന്നറിയപ്പെടുന്ന സമ്മേ



www.malankaralibrary.com

ളനം. യൂറോപ്പിലെ രാഷ്ട്രീയമണ്ഡലത്തിൽ മെത്രാന്മാർ ഗവർണ്ണർമാരായും സൈന്യാധിപന്മാരായും പ്രവത്തിച്ചിട്ടുണ്ട്. മെനേസീസ്, ഒരേസമയത്ത് ഗോവാമെത്രാപ്പോലീത്തായും പോർച്ചുഗീസ് ഇന്ത്യയുടെ വൈസ്രോയിയും ആയിരുന്നു. ഫ്രാൻസിസ്ക്കനായ കൊച്ചിമെത്രാൻ ജസ്യൂട്ടർക്കെതിരായി ഒരു സൈന്യത്തെ നയിക്കുകതന്നെ ചെയ്തിട്ടുണ്ട്. ഭാഗ്യാന്വേഷികളായ വൈദികക്ക് (Career-Priest) അധികാരസോപാനത്തിൻെറ ഏററവും ഉയർന്നപടിവരെ എത്താനുള്ള സുവർണ്ണാവസരങ്ങളായിരുന്നു അന്നുണ്ടായിരുന്നത്.

ഈ അവസരത്തിലാണ് അതിസമത്ഥനായ അലക്സിസ് മെനേസീസ് പോർച്ചുഗീസ് പൊതുരംഗത്തുവരുന്നത്. അവിടെനിന്നും അദ്ദേഹം ജന്മസിദ്ധവും സ്വയംശിക്ഷിതവുമായ അഭിരുചികളും ഗുണങ്ങളുംകൊണ്ട്, ഗോവയിലെ മെത്രാപ്പോലീത്തായും പോർച്ചുഗീസ് ഇൻഡ്യയുടെ ഗവർണ്ണറുമായി. ഒരു കൊള്ളിമീൻപോലെയായിരുന്നു അദ്ദേഹത്തിൻെറ ഉയർച്ച. അദ്ദേഹം കാലാതിപാതം കൂടാതെ പോർച്ചുഗീസ് സാമ്രാജ്യമണ്ഡലത്തിലെ ഒരു ഉജ്ജ്വലതാരമായിത്തീർന്നു. കേരളത്തിലെ പുരാതന സുറിയാനിസഭയുടെ 'നെസ്റ്റോറിയനിസം' അവസാനിപ്പിച്ച് റോമാസഭയിൽ കൊണ്ടുവന്നുവെന്ന് അദ്ദേഹം വീമ്പിളക്കി; അദ്ദേഹത്തിൻെറ അനുചരന്മാർ പെരുമ്പറ മുഴക്കി; യൂറോപ്പിലെല്ലാം അതു മാറെറാലിക്കൊണ്ടു. എന്നാൽ അദ്ദേഹത്തിൻെറ ഉത്തമവിശ്വാസം എന്തുതന്നെയായിരുന്നാലും അദ്ദേഹത്തിൻെറ ചെയ്തികളുടെ ബാക്കി പത്രത്തിൽ അനത്ഥങ്ങളുടെ കൂമ്പാരമല്ലാതെ മറെറാന്നും കാര്യമായി കാണുവാനില്ല. അദ്ദേഹത്തിൻെറ ദുഷ്ക്കമ്മങ്ങളുടെ ദുർഭഗ ശിശുവായിരുന്നു സ്വാതന്ത്ര്യകാഹളത്തിൻെറ കൂനൻകുരിശുസത്യം. ഗാർഷ്യാമെത്രാപ്പോലീത്താ കൂനൻകുരിശുസത്യത്തിൻെറ സൂതികമ്മിണി മാത്രമേ ആയിരുന്നുള്ളു.

## ii) സൂനഹദോസിൻെറ പ്രാധാന്യം

ഉദയംപേരൂർ സൂനഹദോസിൻെറ ചരിത്രം കേരളസഭാചരിത്രത്തിലെ, സുപ്രധാനമായ ഒരു രേഖയാണ്. പോർച്ചുഗീസുകാർ കേരളത്തിനു ചെയ്തിട്ടുള്ള ഗുണങ്ങളിൽ ഏററവും വലുതു് അക്കാലത്തെ സ്ഥിതിഗതികളെപ്പററി നമുക്ക് നല്കി

www.malankaralibrary.com

യിട്ടുള്ള ഈ രേഖകളാണ്. അതിന് അവരോട് അഗാധ മായ കടപ്പാടുണ്ട്. ആ രേഖകളിൽ നടുനായകത്വം വഹി ക്കുന്നതാണ് ഉദയംപേരൂർ സൂനഹദോസിലെ നിശ്ചയങ്ങൾ. അതിൻെറ കാരണം പതിനാറാം നൂററാണ്ട് അവസാനിക്കു മ്പോൾ കേരളസഭയുടെ സ്ഥിതിഗതികൾ നമ്മെ മനസ്സിലാ ക്കുന്നുവെന്നുള്ളത് മാത്രമല്ല, പോർച്ചുഗീസുകാർ ഈ നാട്ടിൽ കൊണ്ടുവന്ന ലത്തീൻസഭയുടെ പ്രതികരണങ്ങളും സാമാന്യം വിശദമായി അവ നമുക്ക് വെളിപ്പെടുത്തുന്നുവെന്നുള്ളതുമാ ണ്. അക്കാലത്തെ കേരളസഭയുടെ മതപരവും സാംസ്കാരി കവും, സാമ്പത്തികവും, രാഷ്ട്രീയവുമായ ജീവിതപ്രമാണങ്ങ ളുടേയും ആചാരാനുഷ്ഠാനങ്ങളുടേയും ഒരു ചിത്രം അവ നമുക്കു വരച്ചുകാട്ടുന്നുണ്ട്. ഈ ചിത്രത്തിലൂടെ സൂനഹദോസിൻെറ കഥാനായകനായ മെനേസിസുമെത്രാപ്പോലീത്താ അവസ രാനുസരണം ഉപയോഗിച്ചിട്ടുള്ള നയചാതുര്യവും തന്ത്രവൈദ ഗ്ധ്യവും വെളിപ്പെടുന്നു. സൂനഹദോസ് ആദ്യന്തം നിയമ ത്തിൻെറ വേലിക്കെട്ടിലാണ് നില്ക്കുന്നതെന്ന് മെനേസിസ് നമ്മെ വിശ്വസിപ്പിക്കുവാൻ ബദ്ധപ്പെടുന്നുണ്ടെങ്കിലും ആ വേ ലിക്കെട്ട് നിഷിദ്ധമേഖലയിൽ ഉറപ്പിച്ചിട്ടുള്ളത് അദ്ദേഹം അവഗണിക്കുന്നു. കുളിപ്പിച്ചുകുളിപ്പിച്ച്, കുഞ്ഞില്ലാതാകുന്ന കഥയോടാണ് ഇതിന് സാദൃശ്യം. കേരളസഭയെ പരി ഷ്ക്കരിക്കുവാൻ പുറപ്പെട്ടിറങ്ങിയ അദ്ദേഹം, അതിൻെറ പാ രമ്പര്യത്തേയും സംസ്ക്കാരത്തേയും പതിനാറ് നൂററാണ്ടുക ളോളം ആ സഭ പുലർത്തിപ്പോന്ന പുരാതനവും കുലീനവുമായ വ്യക്തിത്വത്തേയും സ്വാതന്ത്ര്യത്തേയും നശിപ്പിച്ച്, അതിനെ ഗോവാ അതിരൂപതയുടെ പിന്നണിപ്പാട്ടുകാരിയാക്കുകയാണു ചെയ്തത്. സവർണ്ണഹിന്ദുക്കളുടെ സാമൂഹ്യാചാരങ്ങളിൽ കോർത്തിട്ടിരുന്ന കേരളസഭയ്ക്ക് സാർവ്വത്രികവും മൗലികവുമായ ക്രൈസ്തവതത്ത്വങ്ങൾ നിർവ്വചിക്കുന്ന ഒരു വേലിക്കെട്ട് ആവ ശ്യമായിരുന്നുവെന്ന് വേണമെങ്കിൽ സമ്മതിക്കാം. എന്നാൽ അതിൻെറ പരിധികൾ വിട്ടതും അനധികൃതമായി അടിച്ചേ ല്പിച്ച രീതിയും അത്യന്തം പ്രതിഷേധാർഹമാണ്.

## iii) മെനേസിസ് സൂനഹദോസ് വിളിച്ചുകൂട്ടുന്നു

ഗോവാമെത്രാപ്പോലീത്തായായ മെനേസിസ് ഇൻഡ്യ യിൽ കാലുകുത്തിയതു മുതൽതന്നെ അദ്ദേഹത്തിൻെറ പരി ഗണനയിൽ വന്നിട്ടുള്ള വിഷയമാണ് കേരളസഭയ്ക്ക് ഒരു

www.malankaralibrary.com

സൂനഹദോസ് വിളിച്ചുകൂട്ടുകയെന്നതു്. സൂനഹദോസ് കൂടുന്നതിനു രണ്ടുവർഷംമുമ്പ്, അദ്ദേഹത്തിൻെറ സ്നേഹിതനായ ജെറൂസലം പാത്രിയർക്കീസിനയച്ച എഴുത്തിൽ, ഇക്കാര്യത്തെപ്പററിയും സുറിയാനിഭാഷയെ മതകർമ്മങ്ങളിൽനിന്നും ബഹിഷ്ക്കരിച്ച് അതിൻെറ സ്ഥാനത്തു് ലത്തീൻഭാഷയും ലത്തീൻക്രമങ്ങളും സ്ഥാപിക്കേണ്ട ആവശ്യകതയെപ്പററിയും ശക്തമായി എഴുതിയിരുന്നു. അതിൻെറ സാക്ഷാൽക്കാരത്തിനാണ് കേരളത്തിലെത്തിയ അദ്ദേഹം ആദ്യമായി ശ്രമിച്ചതു്.

ഉൽക്കർഷേച്ഛരുവും യശഃപ്രാപ്തിയും ആയിരുന്ന മെനേസിസിനെ സദാ ആകർഷിച്ചിരുന്ന ഒരു കാര്യമുണ്ടു്: അതായിരുന്നു, ഏഷ്യയുടെ തെക്കേഅററത്തു്, ഒരു അത്ഭുതമെന്നപോലെ കണ്ടുപിടിക്കപ്പെട്ട പുരാതനവും കുലീനവുമായ അപ്പസ്തോലികസഭയെ റോമാസഭയിൽ കൊണ്ടുവന്നാൽ, യൂറോപ്പിലാകമാനം ലഭിക്കാവുന്ന പ്രശസ്തിയും അനുമോദനങ്ങളും. അതു് മെനേസിസിൻെറ മനോമുകുരത്തിൽ രക്തംപതിച്ച ദോലകംപോലെ, അങ്ങോട്ടുമിങ്ങോട്ടും മിന്നിത്തിളങ്ങിയാടുന്നുണ്ടായിരുന്നു.

കേരളസഭയെ ഭരിച്ചിരുന്ന ഗീവറുഗീസ് അക്കദിയാക്കോനുമായി മെനേസിസ് ഉണ്ടാക്കിയ ഉടമ്പടിയിൽ വൈദികരുടേയും ജനങ്ങളുടേയും സഹകരണത്തിനുവേണ്ടി അക്കദിയാക്കോൻ സൂനഹദോസ് വിളിച്ചുകൂട്ടുന്നതിനുള്ള ഒരു കല്പന അയയ്ക്കണമെന്നു് വ്യവസ്ഥയുണ്ടായിരുന്നു. ആ കല്പനയുടെ കോപ്പി ഇപ്പോൾ കിട്ടുവാനില്ല. എന്നാൽ മെനേസിസ് മെത്രാപ്പോലീത്തായുടെ കല്പന ഇപ്പോൾ ലഭ്യമാണ്. അതിനെ അടിസ്ഥാനമാക്കിയാണ്, താഴെപ്പറയുന്ന ചർച്ചകൾ.

## a) അഭിവാദ്യങ്ങൾ–ആരുടേതു്?

''ദൈവത്തിൻേറയും റോമാസിംഹാസനത്തിൻേറയും കൃപയാൽ ഗോവായുടെ മെത്രാപ്പോലീത്തായും ഇൻഡ്യയൊക്കയുടേയും പൗരസ്ത്യദേശങ്ങളുടേയും പരമാധികാരിയുമായ ഫ്രെ അലക്സിയോ ദെ മെനേസിസ് പ്രഭു''

## b) അഭിവാദ്യങ്ങൾ–ആർക്കു്?

''മലബാർദേശത്തെ' 'സേര' (Serra) യിൽപ്പെട്ട മാർ ത്തോമ്മാക്രിസ്ത്യാനികളുടെ അക്കദിയാക്കോനും ക്രിസ്തുവിൽ

www.malankaralibrary.com

ബഹുമാനപ്പെട്ടവനമായ ഗീവറുഗീസിനും മററ് എല്ലാ വൈദികർക്കും വികാരിമാർക്കും ആറാംപട്ടക്കാർക്കും അഞ്ചാംപട്ടക്കാർക്കും പട്ടണങ്ങളിലും ഗ്രാമങ്ങളിലും ചെറുഗ്രാമങ്ങളിലുമുള്ള ഈ രൂപതയിൽപ്പെട്ട ക്രീസ്ത്യാനികളെല്ലാവർക്കും നമ്മുടെ കർത്താവായ ഈശോമിശിഹായിൽ സ്വസ്തി''.

## iv) വിളിച്ചുകൂട്ടുവാനുള്ള കാരണങ്ങൾ:–

a) എട്ടാം ക്ലെമൻറ് മാർപ്പാപ്പായുടെ 1595 ജനുവരി 27–ാംനു- യിലെയും, 1597 ജനുവരി 21–ാംനു- യിലെയും കല്പനകളെ അനുസരിച്ച്, മാർ അബ്രഹാമിൻെറ മരണശേഷം, ഈ സഭ അനാഥമാകാതെയിരിക്കുവാൻ വിശുദ്ധ റോമാസഭ ''അങ്കമാലി അതിരൂപതയ്ക്ക് യോഗ്യനായ ഒരു ഇടയനെ നിയമിക്കുന്നതുവരെ, ആ അതിരൂപതയുടെ ആത്മീയവും ഭൗതികവുമായ എല്ലാ കാര്യങ്ങളും നടത്തുന്നതിനു് ഒരു ഗവർണ്ണരെയോ വികാരി അപ്പസ്തോലിക്കയെയോ നിയമിക്കുവാൻ നമ്മെ അധികാരപ്പെടുത്തിയിരിക്കുന്നു....[1]

b) ''ഛരിദ്മക്കാരും പാഷണ്ഡരും നെസ്തോറിയരും മാർപ്പാപ്പായെ അനുസരിക്കാത്തവരുമായ ബാബിലോണിയൻ പാത്രിയർക്കീസുമാർ അയയ്ക്കുന്ന മെത്രാന്മാർക്കുപകരം കേരളസഭയെ ഭരിക്കുവാൻ ഒരു വികാരി അപ്പസ്തോലിക്കാ വേണമെന്നു് മാർപ്പാപ്പായുടെ കല്പനയുള്ളതിനാലും,............''

മെനേസിസിൻെറ ദീർഘകല്പന തുടരുന്നു:– ''അങ്കമാലി അതിരൂപതയുടെ മദ്ധ്യസ്ഥാനത്തു് സൂനഹദോസ് കൂടണമെന്നു് നിശ്ചയിച്ചുകൊണ്ടു്, ഉദയംപേരൂർ പട്ടണവും പള്ളിയുമാണു് നാം തിരഞ്ഞെടുത്തിരിക്കുന്നതു്............അതിനാൽ വിശുദ്ധമായ അനുസരണയുടെയും മഹറോൻ ശിക്ഷയുടേയും കീഴിൽ, നാം ആജ്ഞാപിക്കുന്നതെന്തെന്നാൽ'':–

## മെനേസിസ് കേരളസഭാഭരണത്തിലെ അല്മായ പ്രാതിനിദ്ധ്യം അംഗീകരിക്കുന്നു.

## i) അതിൻെറ പ്രാധാന്യം

മെനേസിസ് മെത്രാപ്പോലീത്തായുടെ വ്യക്തിപ്രഭാവത്തെ തെളിയിക്കുന്ന വിസ്മയകരമായ ഒരു പ്രതിഭാസമാണു്,

1. J. Hough, Vol. II, P. 2

www.malankaralibrary.com

പാശ്ചാത്യസഭയിലെങ്ങുമില്ലാത്ത അല്മായ പ്രാതിനിദ്ധ്യത്തിൻെറ – അതും സുനഹദോസിൽ ഭൂരിപക്ഷംവരുന്ന അല്മായ പ്രാതിനിദ്ധ്യത്തിൻെറ – അംഗീകാരവും പ്രഖ്യാപനവും. അസാധാരണനായ ഒരു ഭരണതന്ത്രജ്ഞൻെറ ആത്മധൈര്യവും ഭാവനാസമ്പത്തും ആണ് അതു് വിളിച്ചറിയിക്കുന്നതു്. രണ്ടാം വത്തിക്കാൻ സുനഹദോസ് കഴിഞ്ഞു് വഷങ്ങൾ പലതും പിന്നിട്ടിട്ടും, സഭാഭരണത്തിൻെറ ഏകാധിപത്യരഹസ്യം അല്മായക്കു് അല്പമെങ്കിലും തുറന്നുകാട്ടാൻ ആ സുനഹദോസ് ആവശ്യപ്പെട്ടിട്ടും, നിഗൂഢരഹസ്യങ്ങളുടെ മാന്ത്രികഗോപുരങ്ങളിലാണു് കേരളത്തിലെ സുറിയാനിസഭാഭരണംപോലും ഇന്നും നിലനില്ക്കുന്നതു്. അല്മായപ്രാതിനിദ്ധ്യത്തിൻെറ നാമമാത്രമായ പരിവേഷം ചാത്തിയാൽപോലും എത്ര ഭയാശങ്കകളോടുകൂടിയാണു് രൂപതകളിലെ ഉപദേശകസമിതികളും പാസ്റ്ററൽ കൌൺസിലുകളും രൂപംകൊള്ളുന്നതെന്നു് കാണാൻ നമ്മുടെ ചുററും നോക്കിയാൽ മാത്രംമതി. അതിൻെറ വെളിച്ചത്തിൽ, പതിനാറാം നൂററാണ്ടിൻെറ അവസാനത്തിൽ, പ്രബുദ്ധമായ ഒരു ജനസമൂഹത്തിൻെറ നേതൃത്വം ഏറെറടുക്കുവാൻ ശ്രമിച്ച ഒരു വിദേശീയൻെറ വ്യക്തിപരമായ കഴിവുകൾ വിസ്മയത്തിനു മാത്രമല്ല, പ്രശംസക്കും ബഹുമാനത്തിനും അർഹമാകുന്നുണ്ടു്. അദ്ദേഹത്തിൻെറ കേരളത്തിലെ ഹ്രസ്വകാലപ്രവത്തനത്തെ ജൂലിയസ് സീസറിലെ മാർക്കു് ആൻറണിയുടെ പ്രഭാഷണഫലത്തോടുമാത്രമേ ഉപമിക്കുവാൻ കഴിയുന്നുള്ളൂ. എന്നാൽ മെനേസിസിൻെറ ലക്ഷ്യത്തോടും ഉദ്ദേശ്യങ്ങളോടും ശക്തിയായ എതിർപ്പാണുള്ളതെന്നു് മറച്ചുവെയ്ക്കുന്നില്ല.

## ii) മെനേസിസിൻെറ കല്പന

*"ഇവിടത്തെ സഭയുടെ പുരാതനമായ ആചാരമനുസരിച്ചു് ഇവിടത്തെ സഭയിൽ നടക്കുന്ന കാര്യങ്ങളെപ്പററി ജനങ്ങൾക്കു കണക്കു കൊടുക്കേണ്ടതാവശ്യമാകയാലും, അതു് സഭയുടെ അഭിവൃദ്ധിക്കു് സഹായകമാകയാലും, ഓരോ ഇടവകയിൽനിന്നും ഏററവും മാന്യന്മാരും യോഗ്യന്മാരും മനഃസാക്ഷിയനുസരിച്ചു് പ്രവത്തിക്കുന്നവരും അനുഭവജ്ഞാനമുള്ളവരുമായ നാലു് അല്മായപ്രതിനിധികളെ വീതം, തിരഞ്ഞെടുത്തു് അവക്കു് ജനങ്ങളുടെ നാമത്തിലും അവരുടെ ഉത്തരവാ

* അടിവര ഗ്രന്ഥകത്താവിൻേറതു്.

www.malankaralibrary.com

ദിത്വത്തിലും സൂനഹദോസിലെ വിഷയങ്ങരം ചർച്ചചെയ്യുവാനും അംഗീകരിക്കുവാനും, സ്ഥിരീകരിക്കുവാനും ഒപ്പിടുവാനും നാം കല്പിക്കുന്നു''.

യോഗപ്രതിനിധികളുടെ യോഗ്യതകളെപ്പററി അക്കമിട്ട് ആദ്യമായി രേഖാമൂലംകുറിക്കുന്ന ആളും മെനേസിസ് മെത്രാപ്പോലീത്താതന്നെ. ജനാധിപത്യത്തിനു് അനുയോജ്യമായ ഗുണങ്ങളോടുകൂടിയ പ്രതിനിധികരം ഉണ്ടെങ്കിൽ മാത്രമേ ആ ഭരണം വിജയിക്കുകയുള്ളു. അല്ലാത്തപക്ഷം അപകടകരമാകാനുമിടയുണ്ട്. ജനാധിപത്യം താനേ വളരുന്ന ഒരു കാട്ടുചെടിയല്ല; വേലികെട്ടി, കളകരം പറിച്ച്, വളമിട്ട്, ജാഗ്രതയോടെ വെട്ടിക്കോതി വളർത്തേണ്ട ഒരു നാഗരികവൃക്ഷമാണ്. എന്നാൽ രാഷ്ട്രീയത്തിലെ ജനാധിപത്യവും സഭയിലെ ജനാധിപത്യവും തമ്മിൽ വ്യത്യാസമുണ്ട്. മാർഗ്ഗമേതായാലും, വിശ്വസിപ്പിച്ച് സാധിക്കുകയാണ് രാഷ്ട്രീയജനാധിപത്യത്തിന്റെ മൂല്യപ്രമാണമായി പലപ്പോഴും കാണുന്നതു്. അവിടെ ബലപ്രയോഗത്തിനു് സ്ഥാനമുണ്ട്. എന്നാൽ ക്രൈസ്തവസഭയുടെ ജനാധിപത്യത്തിൽ ആത്മാവ് ആത്മാവിനോട് സത്യത്തിന്റെ വെളിച്ചത്തിൽ സംസാരിക്കുകയും പരസ്പരമുള്ള സമർപ്പണബോധത്തെ സൃഷ്ടിക്കുകയുമാണ് ചെയ്യുന്നതു്. രാഷ്ട്രീയത്തിൽ ജനാധിപത്യം പൊയ്മുഖങ്ങളുടെ ചൂതുകളിയാണെങ്കിൽ, സഭയിൽ അതു് സത്യരൂപങ്ങളുടെ ഗാഢബന്ധമാണ്. അതുകൊണ്ട് രാഷ്ട്രീയമാർഗ്ഗങ്ങളെല്ലാം സഭയ്ക്കു് സ്വീകരിക്കാവുന്നതല്ല. സഭയിലെ പിതാവിന്റെ ഭരണംപോലെയല്ലല്ലോ രാഷ്ട്രീയത്തിലെ നേതാവിന്റെ ഭരണം.

## iii) അല്മായ പ്രാതിനിധ്യസ്വഭാവം

മെനേസിസിന്റെ ഈ കല്പന അത്യധികം ശ്രദ്ധേയവും പ്രാധാന്യമേറിയതുമാണ്. ഉദയംപേരൂർ സൂനഹദോസിൽ സംബന്ധിച്ച 824 പ്രതിനിധികളിൽ 671 പേരും അല്മേനികളായിരുന്നുവെന്നുള്ളതു് വിചിത്രമായി തോന്നാം. ലത്തീൻസഭയിലെ മതപ്രാധാന്യമുള്ള ഇമ്മാതിരി സമ്മേളനങ്ങളിൽ അല്മായപ്രതിനിധികരംക്കു് യാതൊരു സ്ഥാനവുമില്ലാതെയാണ് കണ്ടിട്ടുള്ളതു്. അതിനു് അല്പം ന്യായീകരണം കണ്ടേക്കാം. ദൈവശാസ്ത്രപരമായ ജ്ഞാനംകൊണ്ടും ഭരണപരമായ അറിവുകൊണ്ടും വൈദികമണ്ഡലത്തിനാണ്

www.malankaralibrary.com

പ്രാധാന്യമുള്ളതു്. അവിടെയെങ്ങും അല്മേനികൾക്കു് സ്വാഭാവികമായി യാതൊരു സ്ഥാനവും കൊടുത്തിരുന്നില്ല. എന്നാൽ പൗരസ്ത്യസഭാഭരണത്തിൽ അല്മേനികൾക്കു് പുരാതനമായുള്ള സ്ഥാനം കുറച്ചിട്ടില്ല. അങ്ങനെ കുറച്ചിട്ടുണ്ടെങ്കിൽത്തന്നെയും, ലത്തീൻസഭയുടെ സ്വാധീനംകൊണ്ടും ഭരണകർത്താക്കളുടെ അധികാരമോഹംകൊണ്ടും ആയിരിക്കാം. ഏതായാലും, സഭയെന്നു പറഞ്ഞാൽ ദൈവജനമാണെങ്കിൽ അവരുടെ ആശയങ്ങളും ആഗ്രഹങ്ങളും ആവശ്യങ്ങളും അറിയുവാൻ ഭരണാധികാരികൾക്കു് ചുമതലയുണ്ടു്. അവ അറിയിക്കുവാനുള്ള ബാദ്ധ്യതയും സംസ്കൃതമായ ഒരു ജനസമൂഹത്തിനുണ്ടു്. അതു് നിഷേധിക്കപ്പെടാവുന്നതല്ല.

ലത്തീൻസഭയിലെ ഏകാധിപത്യഭരണത്തിന്റെ വൻതൂണായ മെനേസിസ് മെത്രാപ്പോലീത്താ കേരളത്തിൽ അല്മായപ്രേമം കാണിച്ചതിനു് ചില പ്രത്യേക കാരണങ്ങളുണ്ടു്. കേരളസഭയിലും സഭാഭരണത്തിലും അല്മേനികൾക്കുള്ള സ്ഥാനം മെനേസിസിനു് സുഗ്രഹമായിരുന്നു. അല്മേനികളുടെ സഹായസഹകരണങ്ങൾ കൂടാതെ കേരളത്തിലെ സുറിയാനിസഭയെ വേരോടെ പിഴുതെടുത്തു്, ലത്തീൻ റീത്തിൽ നട്ടുവളർത്താൻ കഴിയുമായിരുന്നില്ല. ഇതറിഞ്ഞുകൊണ്ടുതന്നെയാണു് രോഗികളുടേയും, അനാഥരുടേയും മാത്രമല്ല, പ്രമുഖരായ അല്മേനികളുടെ ഭവനങ്ങളും സന്ദർശിക്കുകയും അവർക്കു് വിലയേറിയ പാരിതോഷികങ്ങൾ ഉദാരമായി നല്കുകയും ചെയ്തതു്. ചെന്നിടത്തെല്ലാം അല്മേനികളുടെ സുഹൃദ്‌വലയം സൃഷ്ടിക്കുവാൻ അദ്ദേഹം ബദ്ധശ്രദ്ധനായിരുന്നു. കടുത്തുരുത്തിയിലെ ഇട്ടി മാത്തു മാപ്പിളയും, ഇട്ടി മാണി മാപ്പിളയും അദ്ദേഹത്തിന്റെ സുഹൃദ്‌വൃന്ദത്തിൽ പ്രമുഖരായിരുന്നു. നൂറിലധികം വിദ്യാർത്ഥികൾക്കു് മെനേസിസ് വൈദികപട്ടം കൊടുത്തതുതന്നെ, അവരുടേയും അവരുടെ ബന്ധുമിത്രാദികളുടേയും സ്നേഹം സമ്പാദിച്ചു് തന്റെ സ്നേഹിതവലയത്തെ ശക്തമാക്കുവാനും വിപുലമാക്കുവാനും മാത്രമായിരുന്നു. കൃതജ്ഞരായ അവർ സൂനഹദോസിൽവച്ചു്, അദ്ദേഹത്തെ സഹായിക്കുകയും ചെയ്തുവെന്നു് അതിന്റെ നടപടികളിൽ കാണാം. മെനേസിസ്, വൈദികപ്രതിനിധികളുടെ വിമർശനത്തിനു് വിധേയനായപ്പോൾ അദ്ദേഹത്തെ പിൻതാങ്ങിയതും സഹായിച്ചതും ഇടവകപ്രതിനിധികളായി വന്ന അദ്ദേഹത്തിന്റെ ചില അല്മായസുഹൃത്തുക്കളായി

www.malankaralibrary.com

ഉണ്ടുവെന്ന് ചരിത്രകാരനായ J. Hough പറയുന്നു. സഭാഭരണം അല്മായരുടെ കൈകളിൽ ഒരു പരിധിവിട്ട് അത്ര സുരക്ഷിതമല്ലെന്ന് അതു് കാണിക്കുന്നുണ്ട്. നീതിയുടെ പ്രേരണകൊണ്ടു തുറക്കാത്ത പല വാതിലുകൾക്കും സ്വർണ്ണത്താക്കോൽ മതിയാകുമല്ലോ.

## iv) പൌരസ്ത്യസഭകളുടെ പാരമ്പര്യം

അപ്പസ്തോലികകാലത്തിനു തൊട്ടുപിമ്പ്, മെത്രാന്മാരെ തിരഞ്ഞെടുത്തിരുന്നതു് ജനങ്ങളാണ്. അന്ന് മെത്രാന്മാർ വൈദികശ്രേഷ്ഠന്മാരായിരുന്നു — കാര്യാലോചനകൾക്കും തീരുമാനങ്ങളെടുക്കുന്നതിനും സമ്മേളിക്കുന്ന വൈദികസദസ്സുകളിലെ സ്ഥിരാദ്ധ്യക്ഷന്മാർ. ജനങ്ങൾ മെത്രാനെ തിരഞ്ഞെടുക്കുകയും വൈദികർ അതു് അംഗീകരിക്കുകയും സമീപസ്ഥരായ മെത്രാന്മാർ കൈവയ്പ്പ് നടത്തുകയും ആയിരുന്നു ആദ്യകാലത്തെ പതിവ്. റോമിലെ മെത്രാനായ ഫബിയാനോസിനെ തിരഞ്ഞെടുത്തപ്പോഴുണ്ടായ അത്ഭുതസംഭവം ചരിത്രപ്രസിദ്ധമാണ്. ജനങ്ങൾ ഫബിയാനോസിൻെറ പേരു് ആർത്തുവിളിച്ച അവസരത്തിൽ, എവിടെനിന്നെന്നറിഞ്ഞില്ല, വെളുത്തൊരു മാടപ്രാവ് ഫബിയാനോസിൻെറ തലയിൽ വന്നിരുന്നു. പൗരോഹിത്യത്തിൻെറ അവകാശമായ, കൂദാശകൾ നല്കുന്നതിൽ വൈദികരും മെത്രാന്മാരും തുല്യരായി കരുതപ്പെട്ടിരുന്നു. മെത്രാന്മാർക്കുള്ള പ്രത്യേക കൂദാശയായി നാം അറിയുന്നതു് ഭരണാവകാശമാണ്. അതിനുണ്ടായിരുന്ന ആദ്യകാലപ്രമാണം ''ജനശബ്ദം ദൈവശബ്ദം'' (Vox Populi Vox Dei) എന്നതാണ്. മെത്രാനായി വാഴിക്കപ്പെട്ടശേഷം, ആ അഭിഷിക്തനെ സിംഹാസനത്തിലിരുത്തി വൈദികരുടെയും ജനങ്ങളുടെയും പ്രതിനിധികൾ എടുത്തുയർത്തിക്കൊണ്ട്, മൂന്നു പ്രാവശ്യം ''ഓക്സിയോസ്'' (നീ യോഗ്യനാകുന്നു) എന്ന് വിളിച്ചുപറയും. ഭരണകർത്താവിന് ഭരണീയരായ ജനങ്ങളോടും വൈദികരോടുംഉള്ള കടപ്പാടാണ് ഇതു് വിളിച്ചറിയിക്കുന്നതു്.

## അങ്കമാലി ഭദ്രാസനത്തിന് ചാപ്റ്ററില്ല !!

കേരളസഭാഭരണമേറെറടുക്കുവാൻ മെനേസിസ് പറയുന്ന മറെറാരു കാരണം അങ്കമാലി രൂപതയ്ക്കു് ചാപ്ററില്ലെന്നാണ്. പൌരസ്ത്യസഭകളെ സംബന്ധിച്ചിടത്തോളം, ഇതു് വളരെ ബാലിശവും അർത്ഥശൂന്യവുമായ ഒരു വാദമാണ്.

www.malankaralibrary.com

എന്താണ്‌ ഈ ചാപ്‌ററർ? ചാപ്‌ററർ (Chapter) എന്ന പദത്തിൻെറ ഉത്ഭവം 'കാപ്പൂട്ട്'' (Caput) തല എന്ന ലത്തീൻ വാക്കിൽനിന്നാണ്‌. അതിൽനിന്നാണ്‌ 'കാപ്പിററ്യൂളം' (Capitulum) എന്ന പദം വന്നിട്ടുള്ളത്‌. ഫ്രഞ്ചിൽ, അത്‌ ചാപ്പിേററ (Chapitre)യും, ഇംഗ്ലീഷിൽ ചാപ്‌ററും ആകും. രണ്ടു വിധത്തിലുള്ള ചാപ്‌റേറഴ്‌സ്‌ ഉണ്ട്‌. ഒന്നിൻെറ അർത്ഥം സന്ന്യാസസഭാശ്രേഷ്ഠന്മാരുടെ ഉന്നതസമിതിയെന്നാണ്‌. രണ്ടാമത്തെ അർത്ഥം കത്തീഡ്രൽ പള്ളികളിലെ ഭരണസമിതിഅംഗങ്ങളെ അഥവാ കാനൻമാരെ (Canons) ഉദ്ദേശിച്ചാണ്‌. ഇവിടെ പ്രസക്തമായിട്ടുള്ളത്‌ രണ്ടാമത്തെ അർത്ഥമാണ്‌.

കാനൻമാക്കുള്ള പ്രധാന ജോലികരം കത്തീഡ്രലുകളിൽ പരസ്യമായും ആഘോഷപൂർവ്വവും കാനോനികപ്രാർത്ഥനകരം നടത്തുകയും സെനററിലെയും ഭരണസമിതിയിലെയും അംഗങ്ങളായ മെത്രാന്മാരുടെ ഭരണത്തെ സഹായിക്കകയുമാണ്‌. 1917-ൽ പ്രാബല്യത്തിൽവന്ന കാനൻനിയമസംഹിതയിലെ 391 മുതൽ 422 വരെയുള്ള ഖണ്ഡികകളിൽ ഇവയെപ്പററി വ്യക്തമായും വിശദമായും വിവരിച്ചിട്ടുണ്ട്‌.

കത്തീഡ്രലിലെ ഈ ചാപ്‌ററിന്‌ പതിനഞ്ച്‌ ശതാബ്ദങ്ങളിലെ പരിണാമചരിത്രമുണ്ട്‌. ആദ്യകാലത്ത്‌, കാനൻമാർ മെത്രാന്മാരുടെ ഭരണകുടുംബത്തിലെ അംഗങ്ങളായി പരിഗണിക്കപ്പെട്ടിരുന്നു. ഒന്നിച്ചുള്ള ഭക്ഷണവും വാസവുമാണ്‌ അന്നുണ്ടായിരുന്നത്‌. നാലാം നൂററാണ്ടായപ്പോരം, ഗ്രാമങ്ങളിലെ വൈദികരും പട്ടണങ്ങളിലെ വൈദികരുമെന്ന ഒരു വേർതിരിവുണ്ടായി. അതോടെ കത്തീഡ്രലിൽ കാനൻമാക്ക്‌ സ്വതന്ത്രമായ അസ്തിത്വവും സമ്പത്തും ലഭിച്ചു. കാനൻമാരിൽ "പ്രവോസ്‌റ്റ്'' (Provost) കത്തീഡ്രലിൻെറ ബാഹ്യമായ കാര്യങ്ങളും "ഡീൻ'' (Dean) കത്തീഡ്രലിൻെറ ആഭ്യന്തരകാര്യങ്ങളുമാണ്‌ നടത്തിക്കൊണ്ടിരുന്നത്‌.

ആദ്യശതാബ്ദങ്ങളിൽ, മെത്രാന്മാരെ തിരഞ്ഞെടുത്തിരുന്നത്‌ ജനങ്ങളാണെന്ന്‌ പറഞ്ഞുവല്ലോ. പിന്നീട്‌, അല്‌മായരും വൈദികരുംകൂടി തിരഞ്ഞെടുപ്പു നടത്തി. അനന്തരം തിരഞ്ഞെടുപ്പിൻെറ അവകാശം വൈദികക്കു മാത്രമായി. എല്ലാ വൈദികക്കുമുണ്ടായിരുന്ന ഈ അവകാശം, പിന്നീട്‌, കത്തീഡ്രലിലെ കാനൻമാർക്കു മാത്രമായിത്തീന്നു. ഒടുവിൽ

www.malankaralibrary.com

റോമൻസഭയിലെ ഭരണം ഏകാധിപത്യ രൂപമെടുത്തപ്പോഠം, ഈ അവകാശം റോമൻകൂറിയായ്ക്കു് ലഭിച്ചു. കത്തീഡ്രലിലെ ചാപ്ററിനു് ഇപ്പോഠം ബാക്കിയായിരിക്കുന്ന അവകാശം, ഒരു മെത്രാൻ കാലഗതിയടഞ്ഞാൽ (Sede Vacante) ആ സ്ഥാനത്തേയ്ക്കു് റോമാ മറ്റൊരാളെ നിയമിക്കുന്നതുവരെ, താല്ക്കാലികമായി ഭരണം നടത്തുവാൻ 'വികാർ കാപ്പിററുലർ' (Vicar Capitular) എന്ന പേരിൽ ഒരാളെ നിയമിക്കുകയാണു്. അങ്ങനെ ജനങ്ങഠംക്കും വൈദികർക്കും ശാശ്വതമായി ഉണ്ടായിരുന്ന അവകാശം, സങ്കുചിതമായി പരിമിത കാലത്തേയ്ക്കും പരിമിത വ്യക്തികഠംക്കും മാത്രമായിത്തീർന്ന ഒരു ചരിത്രാവശിഷ്ടമാണു് കാണുവാനുള്ളതു്. പുരാതനസഭയിലുണ്ടായിരുന്ന പല ആചാരങ്ങളും സൂചനാരൂപത്തിലുള്ള അവശിഷ്ടങ്ങളായിട്ടാണു് നാം ഇന്നു് റോമൻസഭയിൽ കാണുന്നതു്. അവയിൽ പലതിനേയും പ്രതീകങ്ങളെന്നു് വിളിക്കുവാൻ പ്രയാസമുണ്ടു്. അവ യാഥാർത്ഥ്യങ്ങളിൽനിന്നു് അത്രമാത്രം അകന്നുപോയിരിക്കുന്നു.

എന്നാൽ അവയുടെ ചരിത്രം പുരാതനസഭാചരിത്രത്തിലേയ്ക്കു് വെളിച്ചം വീശുന്നവയാണു്: ഉദാഹരണമായി, ലത്തീൻ മെത്രാന്മാരുടെ വേഷത്തിൽ (നമ്മുടെ സീറോ-മലബാറിലെ മെത്രാന്മാരും അതുതന്നെയാണല്ലോ ധരിക്കുന്നതു്) 'മൊസേട്ട' (Mozzetta) എന്നൊരു വസ്ത്രമുണ്ടു്. മുൻവശത്തു് ബട്ടനിട്ടു് കൈമുട്ടുവരെ നീണ്ടുകിടക്കുന്ന ചുമന്ന ഒരു പട്ടുകുപ്പായമാണതു്. അതും ലുപ്തവസ്തുതന്നെ. ആദ്യകാലത്തു് അതു് കാൽമുട്ടുവരെ എത്തുമായിരുന്നു. ഈ 'മൊസേട്ട'വേഷത്തിൻെറ പിന്നിൽ (കഴുത്തിൻെറ പിൻഭാഗത്തു്) കൈക്കുമ്പിഠംപോലെ നീണ്ടുകിടക്കുന്ന ഒരു വാലുണ്ടു്. പരിണാമവാദത്തിലെ നട്ടെല്ലിൻെറ അധികപ്പററുപോലെ ചരിത്രത്തിലേയ്ക്കു് എത്തിനോക്കുന്ന ഒരു വാലാണതു്. പുരാതനകാലത്തു് ശിരോവസ്ത്രം (hood) ധരിക്കുന്ന സന്ന്യാസിമാരിൽനിന്നാണു് മെത്രാന്മാരെ തിരഞ്ഞെടുത്തിരുന്നതു്. ആ സന്ന്യാസിമാരുടെ ശിരോവസ്ത്രംതന്നെയാണു്, പൌരസ്ത്യസഭയിലെ മെത്രാന്മാരുടെ തലപ്പാവും, തലമൂടിയുമായി കാണുന്നതു്. അന്ത്യോക്യ, ഗ്രീക്കു മുതലായ പൌരസ്ത്യസഭകളിലെ മെത്രാന്മാരിൽ അതു് ഇന്നും കാണാം. അന്ത്യോക്യൻ റീത്തിൽ പന്ത്രണ്ടു തങ്കക്കുരിശോട്ടുകൂടിയ കറുത്ത ശിരോവസ്ത്രത്തിൻെറ പേരു് 'മസ്നേപ്സാ' എന്നാണു്. ലത്തീൻ റീത്തിൽ

www.malankaralibrary.com

ല്യപ്തമായി കാണുന്ന ഈ കൈക്കുമ്പിറം പൂർവ്വരൂപത്തിലും പൂർണ്ണ രൂപത്തിലും കാണുന്നതു് പൌരസ്ത്യസഭകളിലെ ശിരോവസ്ത്ര ത്തിലാണു്.

ലത്തീൻസഭയിൽ മറെറാരു വൈചിത്ര്യംകൂടി കാണുവാനുണ്ടു്. വൈദികർ സന്ന്യാസിമാരാകുമ്പോഠം തങ്ങളുടെ കുടുംബപ്പേരുകഠം ഉപേക്ഷിച്ചു്, വിശുദ്ധന്മാരുടെ പേരുകഠം സ്വീകരിക്കുന്നു. ലോകവും മാനുഷികബന്ധങ്ങളും വിട്ടൊഴിഞ്ഞു എന്നാണു് അതിന്റെ അർത്ഥം. പൌരസ്ത്യസഭയിൽ മെത്രാന്മാരാകുമ്പോഠം ഒരു വിശുദ്ധന്റെ പേരുകൂടി സ്വീകരിക്കാറുണ്ടു്. എന്നാൽ ലത്തീൻസഭയിൽ സന്ന്യാസിമാർ മെത്രാന്മാരാകുമ്പോഠം, (ഫാ. വിൻസൻറ് ബിഷപ്പ് ഡെരേരാ ആകുന്നതുപോലെ) കുടുംബപ്പേരുകളിൽ അറിയപ്പെടുന്നു. ലത്തീൻ മെത്രാന്മാർ മാർപ്പാപ്പാമാരാകുമ്പോഠം പൌരസ്ത്യസഭകളിലെപ്പോലെ കുടുംബപ്പേരു് ഉപേക്ഷിച്ചു് ഒന്നോ രണ്ടോ വിശുദ്ധന്മാരുടെ പേരുകളാണു് സ്വീകരിക്കുന്നതു്. ഏതായാലും, പൌരസ്ത്യസഭകഠംക്കില്ലാത്ത 'ചാപ്ററി'നെച്ചൊല്ലി അങ്കമാലിരൂപത കയ്യേറാൻ ശ്രമിച്ച ആർച്ചുബിഷപ്പിന്റെ ഉദ്യമം നീതീകരിക്കാവുന്നതല്ല.

## ബാബിലോണിയൻ പാത്രിയർക്കീസ് നെസ്തോറിയനോ?

മെനേസിസ് മെത്രാപ്പോലീത്താ കേരളസഭയെ ലത്തീൻ ഭരണത്തിൽ കൊണ്ടുവരുവാനും സുറിയാനിറീത്തു് മാററി ലത്തീൻറീത്തു് സ്ഥാപിക്കുവാനുമുള്ള ശ്രമങ്ങഠംക്കു് കാരണമായി പറയുന്നതു്, ബാബിലോണിയൻ പാത്രിയർക്കീസ് നെസ്തോറിയനായിരുന്നുവെന്നുള്ളതാണു്. അതു് സത്യവിരുദ്ധമാണു്.

ഒന്നാമതായി, പതിനാറാം നൂററാണ്ടാകുമ്പോഠം മിക്കവാറും എല്ലാ റീത്തുകഠംക്കും പ്രതിപക്ഷറീത്തുകളായി ശീശ്മയിലും പാഷണ്ഡതയിലും ഉഠംപ്പെട്ട വിഭാഗങ്ങളുണ്ടായിരുന്നു. പാശ്ചാത്യസഭയിലെ ലത്തീൻറീത്തിൽനിന്നാണു് പ്രോട്ടസ്റ്റൻറ്‌വിഭാഗങ്ങളുണ്ടായിട്ടുള്ളതു്. അന്ത്യോക്യൻ റീത്തിലും കൽദായ റീത്തിലും സാർവ്വത്രികസഭയുമായി ഐക്യമുള്ളവരും ഇല്ലാത്തവരും ഒരേ കാലത്തുണ്ടായിട്ടുണ്ടു്. അതുകൊണ്ടു് കത്തോലിക്കാവിശ്വാസം സംരക്ഷിക്കുവാൻ എല്ലാവരും ഒരേ റീത്തിൽപ്പെട്ടവരാകണമെന്നുള്ള വാദം തെററായിട്ടുള്ളതാണു്.

www.malankaralibrary.com

ഒരു വിഭാഗം കത്തോലിക്കാസഭയിൽനിന്നും പിരിഞ്ഞുപോയിട്ടുണ്ടെങ്കിൽ, പിരിഞ്ഞുപോകാത്ത വിഭാഗത്തിനു് ആ റീത്തിൽ നിലനില്ക്കുവാൻ അവകാശമില്ലെന്നുള്ള വാദം ബുദ്ധിക്കും നീതിക്കും ചേരുന്നതല്ല. അഹന്തയുടേയും ഔദ്ധത്യത്തിൻേറയും വാദമായിട്ടാണു് ഇതു് കാണപ്പെടുന്നതു്.

ഓരോ സഭയ്ക്കും പലപ്പോഴും അപ്പസ്തോലികകാലം മുതൽക്കുള്ള ചരിത്രമുണ്ടു്. കാലം കഴിയുംതോറും, അതു് ദേശീയ മൂല്യങ്ങളുമായി ബന്ധപ്പെട്ടു വളന്നിട്ടുള്ളതും ദേശീയസംസ്കാരം ഉൾക്കൊണ്ടിട്ടുള്ളതുമായിരിക്കും. ആ സഭയുടെ ദേശീയ വ്യക്തിത്വത്തിനു് ആധാരമായിട്ടുള്ള പാരമ്പര്യങ്ങൾ ആ സഭയുടെ ജീവനാഡിയായിത്തീന്നിട്ടുമുണ്ടായിരിക്കും. ഇങ്ങനെയുള്ള ഒന്നിനെ വേരോടെ പറിച്ചുമാററുക; പ്രായോഗികമല്ലെന്നു് മാത്രമല്ല, അപകടസംപൂണ്ണവുമാകാം. മെനേസിസിൻെറ പദ്ധതിയിലെ ഏററവും വലിയ പ്രമാദമായിരുന്നു അതു്.

മെനേസിസ് മെത്രാപ്പോലീത്താ വൈപ്പിക്കോട്ടു് ദേവാലയത്തിൽ ആദ്യംചെന്ന അവസരത്തിൽ, സുറിയാനി വൈദികർ ബാബിലോണിയൻ പാത്രിയർക്കിസിനുവേണ്ടി പ്രാർത്ഥിക്കുന്നതു കേട്ടു. അപ്പോഴാണു്, അദ്ദേഹത്തിനു് വിറളിപിടിച്ചതു്. ഉടൻതന്നെ, പാത്രിയക്കിസിൻെറ പേരു് പ്രാത്ഥനയിൽ ഉൾപ്പെടുത്തുവാൻ പാടില്ലെന്നു് അദ്ദേഹം കശനമായി ശാസിക്കുകയും അതിനുവേണ്ട കല്പനകൾ പുറപ്പെടുവിക്കുകയും ചെയ്തു. അതിൻെറ തുടർച്ചയായിട്ടാണു് സൂനഹദോസ് വിളിച്ചുകൂട്ടുന്ന കല്പനയിൽ പാത്രിയക്കിസിനെതിരായിട്ടുള്ള പ്രസ്താവമുണ്ടാകുന്നതു്. മെനേസിസ് മെത്രാപ്പോലീത്താ നരകത്തിനും പിശാചുക്കൾക്കുമായി വിധിച്ചു തള്ളിയ ബാബിലോണിയൻ പാത്രിയക്കിസ് മാർ സൈമൺ ജനഹാ, റോമാസഭയോടു് ഐക്യവും വിധേയത്വവുമുള്ളവനും മാർപ്പാപ്പായിൽനിന്നു് പാലിയം സ്വീകരിച്ച ആളുമായിരുന്നു. അതിനാൽ അദ്ദേഹം പാഷണ്ഡനോ ശീശ്മക്കാരനോ ആണെന്നുള്ള മെനേസിസിൻെറ ദുരാരോപണം ദുരുദ്ദേശ്യപരമാണെന്നു് സ്പഷ്ടമാണു്.

## അനധികൃതമായ സൂനഹദോസ്

മാർ അബ്രഹാമിൻെറ കാലശേഷം അങ്കമാലി അതിരൂപതയ്ക്കു് ഭരണാധികാരിയില്ലാതായി. അതിനു് ഒരു ഇടയനെ മാപ്പാപ്പാ നിശ്ചയിക്കുംവരെ താല്ക്കാലികമായി ആ ഭരണ

www.malankaralibrary.com

ച്ചുമതല ഏറെറടുക്കുവാൻ മാത്രമേ ഗോവാ മെത്രാപ്പോലീത്താ യായ മെനേസിസിനോട്ട് ആവശ്യപ്പെട്ടുള്ളു. സഭയുടെ പരമ പ്രധാനമായ സൂനഹദോസ് നടത്തുവാൻ ആ നിയമനത്തി ൻെറ അധികാരവ്യാപ്തി അനുവദിച്ചിരുന്നില്ല.

## സംവിധാനം

സൂനഹദോസു തുടങ്ങുന്നതിനുമുമ്പുതന്നെ, 1599 ജൂൺ 9-ാം തീയതി, മെനേസിസ് മെത്രാപ്പോലീത്താ ഉദയം പേരൂർ എത്തി, അതിനുവേണ്ട ഒരുക്കങ്ങൾക്ക് മേൽനോട്ടം വഹിച്ചു. 1599 ജൂൺ 20-ാം തീയതി, പെന്തക്കോസ്തായുടെ മൂന്നാം ഞായറാഴ്ചയാണ്, സൂനഹദോസ് ആരംഭിച്ചതു്. കാലത്തു്, 7 മുതൽ 11 വരെയും, ഉച്ചയ്ക്കു 2 മുതൽ 4 വരെയും ആയിരുന്നു, സമയം. വൈദികരും ശെമ്മാശ്ശന്മാരുമായി 153 പേരും, ഇടവക പ്രതിനിധികളായി 671 പേരും ഈ സൂനഹദോസിൽ പങ്കുകൊണ്ടു. ഇടവക പ്രതിനിധികളുടെ കൂട്ടത്തിൽ കണ്ണൂർ, കോഴിക്കോട്ട്, കൊടുങ്ങല്ലൂർ, തിരുവിതാം കോട്ട്, തളിപ്പറമ്പ്, മട്ടാഞ്ചേരി, തുരുത്തിപ്പുറം എന്നിവിട ങ്ങളിൽ നിന്നുള്ള പ്രതിനിധികളും ഉണ്ടായിരുന്നു. കൂടാതെ, കൊച്ചിയിലുണ്ടായിരുന്ന ലത്തീൻ വൈദികരും, പോർച്ചു ഗീസ് ഭരണാധികാരികളും സൈനികമേധാവികളും പോർച്ചു ഗീസ് കച്ചവടക്കാരും ഔദ്യോഗികമായിത്തന്നെ അതിൽ സംബന്ധിച്ചിരുന്നു[2]. സമ്മേളനവേദിയായി ഉദയംപേരൂർ തിരഞ്ഞെടുത്തതു്, അതു് കൊച്ചിക്കടുത്തും, പോർച്ചുഗീസ് സൈന്യത്തിനു് വളരെയെളുപ്പം ചെന്നെത്താവുന്നതുമായ സ്ഥലമായതുകൊണ്ടാണ്. അർക്കദിയാക്കോൻ അങ്കമാലി യാണ് നിർദ്ദേശിച്ചതെങ്കിലും, അതു് നസ്രാണികളുടെ കേന്ദ്ര മായിരുന്നതിനാൽ, മെനേസിസ് നിരസിച്ചു.

## പ്രാരംഭദിനം

ആദ്യദിവസം, ശീഘ്ര അവസാനിപ്പിക്കാൻവേണ്ടിയുള്ള കുബ്ബാനയാണ് നടന്നതു്. എല്ലാ ക്രിസ്ത്യാനികളും മാർപ്പാപ്പാ യെ അനുസരിക്കണമെന്നു കാണിച്ചു്, ഫാദർ റോസ്സ് ഒരു പ്രസംഗം ചെയ്തു. സൂനഹദോസിൻെറ ഔദ്യോഗികഭാഷ പോർച്ചുഗീസായിരുന്നു. എന്നാൽ അതിൽ സംബന്ധിച്ച വൈദികർ സുറിയാനിയിലും, ഇടവകപ്രതിനിധികൾ മല

2. Fr. Bernard, Vol. II, P. 8

www.malankaralibrary.com

യാളത്തിലുമാണ് സംസാരിച്ചതു്. പോർച്ചുഗീസിലും, സുറിയാനിയിലും നടന്ന പ്രഭാഷണങ്ങൾ ദ്വിഭാഷി മലയാളത്തിൽ വിവർത്തനം ചെയ്തുകൊണ്ടിരുന്നു. പള്ളുരുത്തിപ്പള്ളി വികാരി യാക്കോബ് കത്തനാരായിരുന്നു, ഈ ദ്വിഭാഷി. അദ്ദേഹത്തിന്റെ വിവർത്തനം പരിശോധിക്കുന്നതിനു് പോർച്ചുഗീസുകാരായ ഫാദർ റോസ്സും ഫാദർ അന്റോണിയോ തൊസ്ക്കോനോ (Toskano) യും നിയുക്തരായി.

അനന്തരം സൂനഹദോസ് കൂട്ടുവാനുള്ള ന്യായങ്ങൾ മെനേസിസ് ഇപ്രകാരം വിശദീകരിച്ചു: (1) ''അങ്കമാലി മെത്രാപ്പോലീത്തായായിരുന്ന മാർ അബ്രഹാം മരിച്ചശേഷം ആ അതിരൂപത അനാഥമായി''. (2) ''അങ്കമാലി അതിരൂപതയിൽ മെത്രാപ്പോലീത്തായെ തിരഞ്ഞെടുക്കുവാൻ നിർവ്വാഹകസമിതി (Chapter) ഇല്ല''. (3) ''അങ്കമാലി അതിരൂപത ഗോവയുടെ സഫ്രഗൻ രൂപതയാണു്''. (1585-ലെ ഗോവാകൌൺസിലിൽ മാർ അബ്രഹാമിനെക്കൊണ്ടു് ബലം പ്രയോഗിച്ചു് ഒപ്പിടുവിച്ചതായിരിക്കും മെനേസിസ് ഉദ്ദേശിച്ചതു്.) (4) ''ക്ലെമന്റു് എട്ടാമൻ മാർപ്പാപ്പായുടെ 1579 ജനുവരി 21-ാം തീയതിയിലെ കല്പനപ്രകാരം ഒരു ലത്തീൻ മെത്രാനെ (!) അങ്കമാലിയുടെ വികാരിഅപ്പസ്തോലിക്കായായി നിയമിക്കുവാൻ ഗോവാമെത്രാപ്പോലീത്തായെ അധികാരപ്പെടുത്തിയിരിക്കുന്നു''. (ഇതു്, 1579 ജനുവരി 3-ാം തീയതി ഗീവർഗീസ് അക്ദിയാക്കോനെ മാർ അബ്രഹാമിന്റെ പിൻഗാമിയായി നിയമിച്ചുകൊണ്ടുള്ള മാർപ്പാപ്പായുടെ കല്പനയ്ക്കു വിരുദ്ധമാണു്. മിഷനറിമാർ പറയുന്നതല്ലേ, മാർപ്പാപ്പാ അറിയൂ! (5) മെനേസിസ് തുടന്നു പറയുന്നതു്, ''മേൽപ്പറഞ്ഞ കാരണങ്ങളൊന്നുമില്ലെങ്കിൽത്തന്നെയും, പൗരസ്ത്യരാജ്യങ്ങളിലുള്ള സഭകളുടെയെല്ലാം പരമാധികാരി താനായതുകൊണ്ടു്, കേരളസഭ ഏറ്റെടുക്കുവാൻ തനിക്കവകാശമുണ്ടു്''[3]. (എന്നാൽ പൌരസ്ത്യസഭകളുടെ ഭരണം പോർച്ചുഗീസുക്കോയ്മയുടെ കീഴിലുള്ളതോ കീഴിലാക്കാവുന്നതോ അല്ലെന്നു് മെനേസിസ് മറച്ചുവച്ചിരിക്കുന്നു.) അതിനുശേഷം സൂനഹദോസ് നടന്നുകൊണ്ടിരിക്കെ ആരും സ്ഥലം വിട്ടു, പോകരുതെന്നും, രഹസ്യമായി സംഘം ചേർന്നു് ചർച്ചകൾ നടത്തരുതെന്നും മെനേസിസ് ആജ്ഞാപിച്ചു.

---

3. Ferroli, Vol. I, P. 184

www.malankaralibrary.com

## യോഗനടപടികൾ

രണ്ടാംദിവസം ഉച്ചയ്ക്കുശേഷം, മെനേസിസ് സ്ഥാനവസ്ത്രങ്ങളും അണിഞ്ഞ്, അംശത്താരസ്സൂട്ടത്തു് മുട്ടുകുത്തിക്കൊണ്ടും വേദപുസ്തകത്തിന്മീതെയുള്ള ക്രൂശുപ്പെട്ടരൂപത്തിൽ കൈവെച്ചുകൊണ്ടും 'ത്രെന്തോസ്'' സൂനഹദോസിൻെറ സത്യവിശ്വാസപ്രതിജ്ഞനടത്തി. എന്നാൽ അതിൻെറ അവസാനഭാഗത്തെത്തിയപ്പോഠം, മെനേസിസ് ചിലതെല്ലാം സ്വന്തമായി കൂട്ടിച്ചേർത്തു. അവയാണ്, (1) നെസ്തോറിയൻ പാഷണ്ഡതയെ ശപിക്കുന്നു; (2) തോമ്മായുടെ പ്രമാണവും പത്രോസിൻെറ പ്രമാണവും രണ്ടല്ലാ, ഒന്നുതന്നെയാണ്; (3) ബാബിലോണിയൻ പാത്രിയർക്കീസിനെ ശപിക്കുന്നു; (4) മാർപ്പാപ്പാ നേരിട്ടയയ്ക്കുന്ന മെത്രാനെ മാത്രമേ സ്വീകരിക്കുകയുള്ളൂ: ഈ ''നേരിട്ട്''' അർത്ഥവത്താണ്. കത്തോലിക്കനായ ബാബിലോണിയൻ പാത്രിയർക്കീസയയ്ക്കുന്ന മെത്രാനെ സ്വീകരിക്കുകയില്ല, എന്നാണതിൻെറ അർത്ഥം.

കേരളസഭ നെസ്തോറിയൻ പാഷണ്ഡതയിൽപ്പെട്ടുവെന്ന് ഇന്നത്തെ ചരിത്രകാരന്മാർ പറയുവാൻ ഇടയില്ല. തിസ്സറാൻറ് (Tisserant), ഷുറാമർ (Schurammer), ആററ്വാട്ടർ (Attwater) മുതലായ ചരിത്രകാരന്മാർ അതിനെ നിഷേധിക്കുന്നവരാണ്. 16-ാം നൂററാണ്ടിൽ കേരളത്തിലുണ്ടായിരുന്ന വിദേശ മിഷ്നറിമാർതന്നെയും, കേരളത്തിലെ നസ്രാണികളുടെ വിശ്വാസവും റോമാസഭയുടെ വിശ്വാസവും ഒന്നുതന്നെയായിരുന്നുവെന്നാണ് പറഞ്ഞിട്ടുള്ളത്. എന്നാൽ വല്ല നെസ്തോറിയൻ ഗ്രന്ഥങ്ങളും ചില വൈദികരുടെ ഇടയിൽ കണ്ടേക്കുവരാം. കന്യകാമറിയം ദൈവമാതാവാണെന്നുള്ള വിശ്വാസവും അതനുസരിച്ച് ഭക്തിയുമുള്ള തോമ്മാക്രിസ്ത്യാനികളെ എങ്ങനെ നെസ്തോറിയൻ പാഷണ്ഡത പിടികൂടും? (2) തോമ്മായുടെ പ്രമാണവും പത്രോസിൻെറ പ്രമാണവും ഒന്നാണെന്ന് ''(identical)'' മെനേസിസ് പറയുമ്പോഠം അദ്ദേഹം ഉദ്ദേശിക്കുന്നതു്, തോമ്മായുടെ പ്രമാണം (സുറിയാനി റീത്തു്) ഉപേക്ഷിച്ച്, പത്രോസിൻെറ പ്രമാണം (ലത്തീൻ റീത്തു്) സ്വീകരിക്കണമെന്നാണ്. അതിനുവേണ്ടിയാണ് അദ്ദേഹം പദ്ധതികഠം തയ്യാറാക്കിയതും അവ നടപ്പിലാക്കാൻ ഭഗീരഥപ്രയത്നം ചെയ്തതും.

മെനേസിസിൻെറ വിശ്വാസസത്യപ്രതിജ്ഞയിൽ ബാബിലോണിയൻ പാത്രിയർക്കീസിനെ ശപിക്കുകയും അങ്ങ

www.malankaralibrary.com

നെ ശപിക്കുവാൻ സുനഹദോസിലെ വൈദികരോടും ജനപ്രതിനിധികളോടും ആവശ്യപ്പെടുകയും ചെയ്തതു്, ഒരു വിധത്തിൽ പറഞ്ഞാൽ സൈനികബലത്തെ ആശ്രയിച്ചുള്ള രാഷ്ട്രീയമുഷ്ടാണു്. മെനേസിസ് നടത്തിയ ഈ 'ശപിക്കൽ' കർമ്മം, സത്യത്തിനോ നീതിക്കോ ക്രൈസ്തവസ്നേഹത്തിനോ ഒട്ടും തന്നെ യോജിച്ചതായിരുന്നില്ല. അതിൻെറ കാരണം, ഈ സുനഹദോസ് നടക്കുന്ന അവസരത്തിൽ ബാബിലോണിയൻസഭയെ ഭരിച്ചിരുന്നതു് മാർ സൈമൺ ദെനഹാ എന്ന കത്തോലിക്കാ പാത്രിയർക്കിസായിരുന്നു. അദ്ദേഹത്തിൻെറ വിശ്വാസസത്യം സ്വീകരിച്ച് 'പാലിയം' നൽകിയതു് 13–ാം ഗ്രിഗരി മാർപ്പാപ്പായായിരുന്നു. Le Quin Assemmani, Giamil ഇവരെല്ലാം വത്തിക്കാനിലുള്ള പ്രമാണങ്ങളെ ആധാരമാക്കി, ദെനഹാ ഒരു കത്തോലിക്കാ പാത്രിയർക്കിസായിരുന്നുവെന്നു് സ്ഥാപിച്ചിട്ടുണ്ടു്. അദ്ദേഹം മരിച്ചതു് 1600 ലാണു്. ഗോവയിൽ മെത്രാപ്പോലീത്തയായിവന്ന മെനേസിസ്, റോമാസഭയോടു് വിധേയത്വവും ഐക്യവുമുള്ള കത്തോലിക്കനായ മാർ ദനഹാ പാത്രിയർക്കിസിനെ ശപിക്കുവാൻ ഒരുമ്പെട്ടതും തോമ്മാക്രിസ്ത്യാനികളെക്കൊണ്ടു് അങ്ങനെ ചെയ്യിച്ചതും അദ്ദേഹത്തിൻെറ അധികാരമോഹവും അഹങ്കാരവും ഔദ്ധത്യവും അല്ലാതെ മറ്റൊന്നുമല്ല4.

## പ്രതിനിധികളുടെ വിശ്വാസസത്യപ്രതിജ്ഞ

അനന്തരം അദ്ദേഹം എണീററുനിന്നു്, അതേ സത്യവാചകം ചൊല്ലുവാൻ വൈദികരോടും ജനപ്രതിനിധികളോടും ആവശ്യപ്പെട്ടു. ഇതു് അവരുടെ പ്രതിഷേധത്തിനും, അമർഷത്തിനും ഇടവരുത്തി. അവിടെ കൂടിയിരുന്ന ആളുകൾ പിറുപിറുക്കുകയും ശബ്ദമുണ്ടാക്കുകയും ചെയ്തു. അവർ പറഞ്ഞതു്, തങ്ങൾ സത്യവിശ്വാസികളായി ജനിച്ചുവളർന്നവരാകയാൽ, അങ്ങനെയൊരു പ്രതിജ്ഞയെടുക്കേണ്ട ആവശ്യമില്ലെന്നാണു്. സദസ്സിലുണ്ടായിരുന്ന ചില വൈദികരുൾപ്പെടെ എഴുപതുപേർ എണീററു്, പള്ളിയുടെ ''മോണ്ടല''ത്തിൽ (Porch) ച്ചെന്നു്, ബഹളംകൂട്ടി. മെനേസിസ് അദ്ദേഹത്തിൻെറ പാർശ്വവർത്തികളായ ചിലരെ അയച്ച് അവരെ സമാധാനപ്പെടുത്തി. അതിനുശേഷം, ആദ്യമായി അക്കദിയാക്കോൻ വി

4. Msgr. J. C. Panjikaran, The Syrian Church in Malabar, P. 60



www.malankaralibrary.com

ശ്വാസപ്രതിജ്ഞ ചെയ്യുകയും, മററുള്ളവർ അദ്ദേഹത്തോടൊപ്പം വിശ്വാസസത്യം ഏററുപറയുകയും ചെയ്തു.

## പോർച്ചുഗീസ് സംരക്ഷണം

മെനേസിസ് മെത്രാപ്പോലീത്താ കേരളത്തിൽ വന്ന കാലം തോമ്മാക്രിസ്ത്യാനികൾ നാടുവാഴികളുടെ പീഡനങ്ങളും മഹമ്മദീയരുടെ ആക്രമണങ്ങളും സഹിച്ച് കഷ്ടപ്പെടുന്ന ഒരു ഘട്ടമായിരുന്നു: ഗോവയായും മററുസമകാലീന ചരിത്രകാരന്മാരും പറയുന്നത് 16-ാം നൂററാണ്ടിലെ തോമ്മാക്രിസ്ത്യാനികളുടെ സ്ഥിതി ക്ഷയിച്ചുകൊണ്ടിരിക്കുന്നുവെന്നാണ്. അവരുടെ ശക്തിയുടെയും പ്രതാപത്തിൻെറയും ഉച്ചകോടിയായി ചില ചരിത്രകാരന്മാർ ചൂണ്ടിക്കാണിക്കുന്നത് 9-ഉം, 10-ഉം, 11-ഉം നൂററാണ്ടുകളാണ്. ചരിത്രകാരന്മാരായ Willam Logan-ഉം, Francis Day-യും ഈ ശക്തിക്ഷയത്തിന് കാരണമായി പറയുന്നത് തോമ്മാക്രിസ്ത്യാനികൾക്കുണ്ടായിരുന്ന രാഷ്ട്രീയശക്തിയാണ്. ചില വിദേശമിഷ്നറിമാർ തോമ്മാക്രിസ്ത്യാനികളുടെ ഭരണസംവിധാനങ്ങളെ ആസ്പദമാക്കി, അവരുടേത് ഒരു 'ക്രിസ്ത്യൻ റിപ്പബ്ലിക്' ആണെന്നു പറയുന്നു. ഏതായാലും കേരളത്തിൽ ലത്തീൻസഭ മാത്രമേ പാടുള്ളുവെന്ന് ദൃഢവ്രതം സ്വീകരിച്ച മെനേസിസിൻെറ പക്കൽ തോമ്മാക്രിസ്ത്യാനികൾ തങ്ങളുടെ വിഷമതകളെപ്പററി നിവേദനംനടത്തി. പോർച്ചുഗീസുഭരണത്തിൽ രാഷ്ട്രവും സഭയും കൈകോർത്തു നിന്നതുകൊണ്ട്, ഇക്കാര്യത്തിൽ തോമ്മാക്രിസ്ത്യാനികൾക്ക് സഹായവാഗ്ദാനം ചെയ്യുവാൻ അദ്ദേഹത്തിന് യാതൊരു പ്രയാസവും ഉണ്ടായിരുന്നില്ല. സൂനഹദോസിൽവച്ചുതന്നെ കൊച്ചിയിലെ പോർച്ചുഗീസ് ഗവർണ്ണർ ആയിരുന്ന സൈനികാധികാരിയെ വിളിച്ച് തോമ്മാക്രിസ്ത്യാനികളെ സംരക്ഷിക്കുന്നതിനു ചുമതലപ്പെടുത്തി. ഔദ്യോഗികസ്ഥാനവേഷധാരിയായ അദ്ദേഹം മെനേസിസ് മെത്രാപ്പോലീത്തായുടെ അടുക്കൽവന്ന്, മുട്ടുകുത്തി, മെത്രാപ്പോലീത്തായുടെ അംഗുലീയം മുത്തിക്കൊണ്ട്, പോർച്ചുഗീസ് രാജാവിൻെറ നാമത്തിൽ തോമ്മാക്രിസ്ത്യാനികളെ സംരക്ഷിക്കേണ്ട ചുമതല ഏറെറടുത്തു. ഇത് കണ്ടുനിന്നിരുന്ന സൂനഹദോസ് അംഗങ്ങൾക്കെല്ലാം മെനേസിസിൻെറ ശക്തിയേയും, അധികാരത്തേയുംപററി ബഹുമാനവും, ആദരവും, ഭയവുമുണ്ടായി. സൂനഹദോസ് നടപടികൾ ഇഷ്ടാനുസരണം നിയന്ത്രിക്കുന്നതിന്, ഇത് മെനേസിസിനെ വളരെ സഹായിക്കുകയും ചെയ്തു.

www.malankaralibrary.com

# ഒൻപതാം അദ്ധ്യായം

## A. സുന്നഹദോസു നിശ്ചയങ്ങൾ

### "മഹറോൻ തട്ടും"

"ശ്രുദ്ധമാനപള്ളിയുടെ ഒടുക്കത്തെ ശിക്ഷ മഹറോൻ എന്നതിനെക്കൊണ്ടു അനേകം സൂക്ഷിച്ച കനമായ വസ്തുവും മെലെ മഹറോൻ ചെല്ലാവൂ"1. അത്ര ദുർല്ലഭമായി പ്രയോഗിക്കേണ്ട മഹറോൻ വളരെ സുലഭമായിട്ടാണ് ഉദയംപേരൂർ നിശ്ചയങ്ങളിൽ കാണുന്നത്. ത്രെന്തോസ് സൂനഹദോസിനെ ആസ്പദമാക്കിയുള്ള വിശ്വാസസത്യങ്ങളുടെയും കൂദാശകളുടെയും നിർവ്വചനങ്ങളും വ്യാഖ്യാനങ്ങളും കേരളത്തിലെ മാർത്തോമ്മാക്രിസ്ത്യാനികളുടെ സാമൂഹ്യാചാരങ്ങളുടെ ഭേദഗതികളും, വരിഞ്ഞുകെട്ടിയിരിക്കുന്നത്, മഹറോന്റെ പാശം കൊണ്ടാണ്. സമ്മേളനത്തിൽനിന്നും അനുവാദം കൂടാതെ എണീററുപോയാൽ മഹറോൻ, മൂന്നുനാലുപേർകൂടി ആലോചിച്ചാൽ മഹറോൻ, മാർപ്പാപ്പായോടു വിധേയത്വമുള്ള ബാബിലോണിയൻ പാത്രിയർക്കിസിനെ 'കത്തോലിക്കാ' എന്നു വിളിച്ചാൽ മഹറോൻ, ഒരു കുട്ടി ജനിച്ച് എട്ടു ദിവസങ്ങൾക്കകം മാമ്മോദീസാ നല്കിയില്ലെങ്കിൽ മഹറോൻ, സ്ഥൈര്യലേപനത്തെ പരിഹസിച്ചാൽ മഹറോൻ, ആണ്ടുകുമ്പസാരം മുടക്കിയാൽ മഹറോൻ, തെററുള്ള സുറിയാനിഗ്രന്ഥങ്ങൾ വായിച്ചാലും വായിപ്പിച്ചാലും, കേട്ടാലും കേൾപ്പിച്ചാലും, പകർത്തിയാലും പകർത്തിച്ചാലും മഹറോൻ, പന്ത്രണ്ടു ശതമാനത്തിൽ കൂടുതൽ പലിശ വാങ്ങിയാൽ മഹറോൻ, പുത്രിമാർക്കും, പുത്രന്മാരോടൊപ്പം സ്വത്തിന്റെ വീതംകൊടുത്തില്ലെങ്കിൽ മഹറോൻ, ഇങ്ങനെ മഹറോനുകളുടെ ഒരു നീണ്ട ജാഥായാണ് ഉദയംപേരൂർ നിശ്ചയങ്ങളിൽ കാണുന്നത്. "കനമായ വസ്തു"വെന്നു പറയുന്നുണ്ടെങ്കിലും അവ തെ

1. സ്കറിയാ സ്കറിയാ, രണ്ടു പ്രാചീനഗദ്യകൃതികൾ, 1976, P. 51.

www.malankaralibrary.com

ററായി പരിഗണിച്ചിട്ടുണ്ട്. സാമൂഹ്യാചാരങ്ങളെ സ്പർശിക്കു മ്പോഴാ ഇതു് കൂടുതൽ ദൃശ്യമാണ്.

## മഹറോൻ

എന്താണ് ഈ മഹറോൻ? ലത്തീനിലുള്ള Excommunicatio (ഇംഗ്ലീഷിൽ, Excommunication) യുടെ സുറിയാനി പദമായിട്ടാണ് മഹറോൻ ഉപയോഗിക്കാറുള്ളതു്. രണ്ടിൻേറയും അർത്ഥം മിക്കവാറും ഒന്നുതന്നെ. അതായതു്, ബന്ധം ഛേദിച്ചു പുറത്താക്കുക. എന്നാൽ മഹറോൻ എന്ന സുറിയാനിപദത്തിനു് മൂർച്ചയും കാഠിന്യവും കൂടുമെന്നുതോന്നുന്നു. സുറിയാനി, അറബി മുതലായ സെമിററിക്ഭാഷകളിൽ 'ഹർ' എന്ന ധാതുവിനു് ശപിക്കുക, നശിപ്പിക്കുക, വിസർജ്ജിക്കുക, വാളിനു് ഇരയാക്കുക എന്നീ അർത്ഥങ്ങളുണ്ട്. ആ ധാതുവിൽ നിന്നുമുണ്ടായിട്ടുള്ള സുറിയാനിപദമാണ് 'ഹറിയാ'; അതിൻെറ അർത്ഥം മലം, കാഷ്ഠം എന്നാണ്. 'മഹർണാ' എന്നാണ് സുറിയാനിയിൽ കക്കൂസിൻെറ പേരു്. സഭയിൽനിന്നും വിസർജ്ജിക്കപ്പെടുമ്പോഴാണല്ലോ ''മഹറോൻ തട്ട''ന്നതു്. മുസ്ലീംങ്ങളുടെ ഇടയിൽ ചിലപ്പോഴാ ഉപയോഗിക്കുന്ന ''ഹറാം''പിറപ്പും ഈ ധാതുവിൽനിന്നുള്ളതാണ്. ഗ്രീക്കുഭാഷയിലുള്ള 'അനാത്തമാ' (ശാപം) ആണ് സുറിയാനിയിലുള്ള മഹറോൻെറ അർത്ഥത്തോടു് വളരെ അടുത്തുവരുന്നതു്. ജെസ്യൂട്ട്-കമ്മലീത്താഭരണകാലത്തു്, കേരളസഭയുടെ അംഗങ്ങളായ സുറിയാനിക്കാർക്കു മഹറോൻ ഞെട്ടിക്കുന്ന പേടിസ്വപ്നമായിരുന്നു. അവരുടെ ഈ ഭയപ്പാടിനെപ്പററി മെനേസിസ് മെത്രാപ്പോലീത്താ അറിയാതിരുന്നില്ല. അദ്ദേഹത്തിൻെറ ആവനാഴിയിൽ മഹറോൻെറ അഗ്നേയാസ്ത്രങ്ങളാ ധാരാളം കരുതിയിരുന്നതും ഉദയംപേരൂർ വച്ചു് അവ ഉദാരമായി പ്രയോഗിച്ചതും മറെറാന്നുംകൊണ്ടായിരുന്നില്ല.

സൂനഹദോസിലെ എല്ലാ നിശ്ചയങ്ങളെപ്പററിയും ഇവിടെ കൂലങ്കഷമായി ചച്ച് ചെയ്യേണ്ട ആവശ്യമില്ല. അവയിൽ ശ്രദ്ധേയങ്ങളായ ചിലതിനെപ്പററി മാത്രമേ ഇവിടെ പ്രതിപാദിക്കുന്നുള്ളു. നിശ്ചയങ്ങളെ പൊതുവെ മൂന്നായി വിഭജിക്കാം: (1) വിശ്വാസസത്യസംബന്ധികൾ (2) കൂദാശകളേയും അവയുടെ കൈകാര്യത്തേയുംകുറിച്ചുള്ളവ (3) സാമൂഹ്യാചാരപരമായവ.

www.malankaralibrary.com

### i) വിശ്വാസസത്യങ്ങളെ സംബന്ധിച്ച്:–

ഈ നിശ്ചയങ്ങളെല്ലാം ത്രെന്തോസ് (Trent) സൂനഹദോസിന്റെ മാതൃകയിലായിരുന്നു. പീയൂസ് IV–ാമൻ മാർപ്പാപ്പായുടെ വിശ്വാസസത്യപ്രതിജ്ഞയുടെ ആവർത്തനം മാത്രമായിരുന്നു അവ. എന്നാൽ അവയോടുകൂടി, കേരളത്തെ സംബന്ധിച്ചുള്ള ചില പ്രത്യേകകാര്യങ്ങളും കൂട്ടിച്ചേർത്തു.

അവയിൽപ്പെട്ടവയാണ്, (1) മരിച്ച ആത്മാക്കൾ അവസാനവിധിവരെയും ഭൗമികപറുദീസായിൽ നിവസിക്കുന്നു വെന്നുമുള്ള പ്രമാദം; (2) വിശുദ്ധന്മാരുടെ രൂപങ്ങളും തിരുശേഷിപ്പുകളും വണങ്ങണം; (3) ബന്ധവിമോചനങ്ങളുണ്ട്; (4) റോമാസഭ എല്ലാസഭകളുടെയും മാതാവാണ്; (5) മാർപ്പാപ്പാ ക്രിസ്തുവിന്റെ വികാരിയാണ്; അദ്ദേഹത്തെ അനുസരിക്കാത്തവർക്ക് നിത്യരക്ഷയുണ്ടാകുകയില്ല (6) നെസ്തോറിയൻപാഷണ്ഡതയെ ഉപേക്ഷിക്കുന്നു; (7) ക്രിസ്തുവിന്റെ കഷ്ടാനുഭവത്തെപ്പററി ധ്യാനിക്കണം; (8) തോമ്മായുടെ പ്രമാണവും, പത്രോസിന്റെ പ്രമാണവും ഒന്നുതന്നെ; (9) പുനർജന്മത്തിലും മുജ്ജന്മമനുസരിച്ച വിധിയിലും (കർമ്മം) വിശ്വസിക്കരുത്; (10) ബാബിലോണിയൻ പാത്രിയർക്കീസിന് കേരളത്തിൽ യാതൊരധികാരവുമില്ല; (11) പ്രാർത്ഥനകളിൽ അദ്ദേഹത്തിന്റെ പേരു് ഉൾപ്പെടുത്തുന്നവർക്ക് മഹറോൻ ഉണ്ട്; (12) കത്തോലിക്കാ അന്തരീക്ഷത്തിൽ കുട്ടികളെ വളർത്തണം; (13) ഉപയോഗത്തിലുള്ള ഏതാനും പുസ്തകങ്ങൾ നിരോധിക്കുന്നു; (14) എല്ലാ സുറിയാനിഗ്രന്ഥങ്ങളും മെനേസിസിനെ ഏല്പിക്കണം; (15) ത്രെന്തോസ് ഉൾപ്പെടെയുള്ള എല്ലാ സാർവ്വത്രികസൂനഹദോസുകളും സ്വീകരിക്കുന്നു.

### ii) കൂദാശകളെ സംബന്ധിച്ച്:–

(1) മാമ്മോദീസായുടെ കൂദാശവചനങ്ങൾക്ക്, ലത്തീനിലുള്ളവ സ്വീകരിക്കണം; (2) എത്രയും നേരത്തെ മാമ്മോദീസാ നല്കുവാനുള്ള ചുമതല വൈദികർക്കുണ്ട്; (3) ഹിന്ദുനാമങ്ങളോ പഴയനിയമത്തിലെ പേരുകളോ ഉപയോഗിക്കരുതു്; (4) സ്ഥൈര്യലേപനം ഏഴുവയസ്സിൽ കൊടുക്കണം; (5) കമ്പസാരം കഴിഞ്ഞവർ മാത്രമേ, കുർബ്ബാന സ്വീകരിക്കാവൂ; (6) വൈദികർ ദിവസംപ്രതി കുർബ്ബാന ചൊല്ലണം; (7) സുറിയാനി കുർബാന ദീർഘമായതുകൊണ്ട്, ലത്തീൻ കുർബാന സുറിയാനിയിലാക്കി ചൊല്ലണം; (8) അതിരൂപ

www.malankaralibrary.com

തസ്സു വെളിയിൽ, വൈദികർ ലത്തീൻ കുർബാനയേ ചൊല്ലാവൂ; (9) നല്ല വീഞ്ഞുപയോഗിച്ച് കുർബാന ചൊല്ലണം; വീഞ്ഞ്, പോർച്ചുഗൽ രാജാവ് തരും; (10) ഞായറാഴ്ച കുർബാന കാണാൻ കടപ്പെട്ടിരിക്കുന്നു; (11) കുമ്പസാരം ജനങ്ങളുടെയിടയിൽ നടപ്പിലാക്കണം; (12) പിശാച് ഒഴിപ്പിക്കൽ ക്രിയ മെത്രാന്റെ അനുവാദത്തോടുകൂടെ മാത്രമേ നടത്താവൂ; (13) ജാതകം എഴുതിക്കുക, മുഹൂർത്തങ്ങൾ നോക്കുക ഇവ ഉപേക്ഷിക്കണം; (14) വൈദികർ തൊഴിലുകളിൽ ഉൾപ്പെടരുത്; (15) വിവാഹിതരായ വൈദികർ അവരുടെ ഭാര്യമാരെ ഉപേക്ഷിക്കണം, അങ്ങനെ ചെയ്യില്ലെങ്കിൽ അവരുടെ ഭാര്യമാർക്ക് പള്ളികളിലുള്ള പ്രത്യേക സ്ഥാനവും അവിടെനിന്നും കിട്ടുന്ന വരുമാനങ്ങളും നിർത്തലാക്കണം; (16) കുർബാനയിൽ കൂദാശ ചെയ്യപ്പെട്ട ഓസ്തി വീഞ്ഞിൽ മുക്കരുത്.

### iii) സാമൂഹ്യമായി:-

ഇവയധികവും തോമ്മാക്രിസ്ത്യാനികൾ ആചരിച്ചു പോന്ന ജാതിപരമായ സവർണ്ണാചാരങ്ങളെ സംബന്ധിച്ചായിരുന്നു. (1) മാർത്തോമ്മാക്രിസ്ത്യാനികളുടെ വസ്ത്രധാരണം നായന്മാരിൽനിന്നും വ്യത്യസ്തമായിരിക്കണം. (2) പുരുഷന്മാർ കാതുകുത്തുകയും മുടി നീട്ടിവളർത്തുകയും ചെയ്യരുത്. (3) തിളച്ച എണ്ണയിൽ കൈയിടുക, ചുട്ടുപഴുത്ത ഇരുമ്പിൽ പിടിക്കുക, മുതലകളുള്ള ആററിൽകൂടി നീന്തുക മുതലായ സത്യപരീക്ഷണങ്ങൾ പാടില്ല. (4) തീണ്ടലും തൊടീലും (അയിത്താചാരങ്ങൾ) സവർണ്ണർ കൂടെയുള്ളപ്പോൾ മാത്രംമതി. (5) ഓണാഘോഷങ്ങളിൽ ദ്വന്ദ്വയുദ്ധം ഉള്ളതുകൊണ്ട്, അതിൽ സംബന്ധിക്കരുത്. (6) അവർണ്ണജാതിക്കാർ തൊട്ട പാത്രങ്ങളും കിണറുകളും ശുദ്ധീകരിച്ചെടുക്കേണ്ട ആവശ്യമില്ല. (7) തീണ്ടൽബോധംകൊണ്ടു നടത്തുന്ന, കൂടക്കൂടെയുള്ള കുളി നിർത്തലാക്കണം. (8) പ്രസവിച്ച സ്ത്രീകൾക്ക് യഹൂദർക്കുള്ളതുപോലെ നാല്പതുദിവസത്തെ പുല ശരിയല്ല. (9) കൈകളിൽ മന്ത്രം ജപിച്ചുകെട്ടരുത്. (10) കടംകൊടുക്കുന്ന പണത്തിന് 10% പലിശയിൽ കൂടുതൽ വാങ്ങരുത്. (11) ഏതൊരു ക്രിസ്ത്യാനിയുടെയും മരണപത്രം നടത്തിയെടുക്കുന്നത് മെത്രാന്റെ ചുമതലയാണ്. (12) പുത്രിമാർക്ക് പുത്രന്മാരെപ്പോലെതന്നെ പിതൃസ്വത്തിന് അവകാശമുണ്ട്.

www.malankaralibrary.com

(13) വെപ്പാട്ടികളെ വെച്ചുകൊണ്ടിരിക്കരുത്. (14) സ്ത്രീധനത്തിൻെറ പത്തിലൊന്ന് പള്ളിക്കു കൊടുക്കണം.

ഈ നിശ്ചയങ്ങളെല്ലാം പാസ്സാക്കിയശേഷം, വികാരിമാരായി നിയമിക്കപ്പെട്ട വൈദികർക്ക് ബലിക്കല്ലുകളും (altar-stone) വിശുദ്ധതൈലം സൂക്ഷിക്കുവാനുള്ള പാത്രങ്ങളും നല്കി. അതിനുശേഷം, സൂനഹദോസിൽ സംബന്ധിച്ച എല്ലാവരും പിരിഞ്ഞുപോയി. മെനേസിസ് മെത്രാപ്പോലീത്താ ഇടവകകൾ സന്ദർശിക്കുവാനായി പുറപ്പെടുകയും ചെയ്തു.

## B. വിമർശനങ്ങൾ

ജൂലിയസ്സ്സീസറിൻെറ വധത്തിനുശേഷം ബ്രൂട്ടസിനും കൂട്ടർക്കും എതിരായി, മാർക്ക് ആൻറണി ചെയ്ത പ്രസംഗത്തിനുണ്ടായ പ്രതികരണമാണ് മെനേസിസ് കേരളത്തിൽ കൈവരിച്ചത്. അർക്കദിയാക്കോനെ തളച്ചിടുവാനും തനിക്ക് എതിരായിനിന്ന ജനങ്ങളിൽ ഭൂരിപക്ഷത്തെയും തനിക്കനുകൂലമായി കൊണ്ടുവരാനും കഴിഞ്ഞത്, മെനേസിസിൻെറ നയതന്ത്രത്തിൻെറ വിജയമായിരുന്നു. ആ വിജയത്തിന് നിയമപരമായി മുദ്രവയ്ക്കുന്നതിനാണ് ഉദയംപേരൂർ സൂനഹദോസെന്ന് അദ്ദേഹം വിശ്വസിച്ചു. എന്നാൽ അദ്ദേഹത്തിൻെറ വിശ്വാസം തെററായിപ്പോയെന്നാണ്, സഭാനിയമശാസ്ത്രജ്ഞന്മാർ പറയുന്നത്. എന്തുകൊണ്ടെന്നാൽ, അനധികൃതമായ സൂനഹദോസു വിളിച്ചുകൂട്ടാൻ അർക്കദിയാക്കോനെ ഭീഷണിപ്പെടുത്തി സമ്മതിപ്പിക്കുകയും, കൊട്ടങ്ങല്ലൂരുള്ള തൻെറ വസതിയിൽവച്ച്, പോർച്ചുഗീസ് ഭാഷയിൽ എഴുതിയ നിശ്ചയങ്ങൾ, സൂനഹദോസിലെ അംഗങ്ങളെക്കൊണ്ട്, സ്വതന്ത്രമായി ചർച്ചചെയ്യുവാൻ അനുവദിക്കാതെ, എല്ലാം കൂടി, ഒന്നിനുപിറകെ ഒന്നായി വായിച്ചുകേൾപ്പിക്കുകയും ആണ് മെനേസിസു ചെയ്തത്.

ഇതേപ്പററി സൂനഹദോസിലെ അദ്ദേഹത്തിൻെറ പ്രമുഖ സഹപ്രവർത്തകരായിരുന്ന ഫാദർ റോസും ഫാദർ കമ്പോറിയും തങ്ങളുടെ ജസ്യൂട്ട് ജനറാളിനയച്ച കത്തുകളിൽ താഴെ പറയുന്ന കാര്യങ്ങൾ ചൂണ്ടിക്കാണിക്കുന്നു:—

(1) ഈ സൂനഹദോസിന് നൈയാമികരൂപമില്ലായിരുന്നു; (2) സൂനഹദോസിലെ പ്രതിനിധികൾക്ക് അവിടെ അംഗീകരിക്കപ്പെട്ട നിശ്ചയങ്ങളുടെ വിഷയങ്ങളെപ്പററി

www.malankaralibrary.com

യാതൊരറിവുമുണ്ടായിരുന്നില്ല; (3) അവിടെ സൂനഹദോസു തന്നെ ഉണ്ടായില്ല; കുറെ നിശ്ചയങ്ങൾ വായിച്ചുകൂട്ടിയെന്നു മാത്രം. അതുതന്നെ അവിടെ കൂടിയിരുന്നവക്കു മനസ്സിലായതുമില്ല; (4) മെനേസിസ്തന്നെ പറഞ്ഞതു്, താൻ അങ്ങനെ പ്രവത്തിക്കുവാൻ കാരണം, യാതൊരുത്തൻെറയും ഇടപെടൽ കൂടാതെ, രക്ഷയുടെ മാഗ്ഗം കാണിച്ചുകൊടുക്കുക എന്ന ഉദ്ദേശ്യത്തിൽ പ്രവർത്തിച്ചതുകൊണ്ടാണെന്നത്രേ. (5) നിശ്ചയങ്ങൾ തോമ്മാക്രിസ്ത്യാനികൾക്കു് അസഹ്യങ്ങളും അപ്രായോഗികങ്ങളുമായിരുന്നു; (6) അവിടെ കൂടിയിരുന്നവർ നിശ്ചയങ്ങൾക്കു് ഒപ്പുവച്ചതു്, ഫാദർ റോസ്സിൻെറ നിബ്ബന്ധം കൊണ്ടാണു്. അദ്ദേഹത്തിനു് സുറിയാനി അറിയാമായിരുന്നതുകൊണ്ടു് വൈദികരിലും, മലയാളം അറിയാമായിരുന്നതുകൊണ്ടു് അല്മായപ്രതിനിധികളിലും, സമ്മർദ്ദം ചെലുത്താൻ സാധിച്ചു. (7) മെനേസിസിൻെറ ആവേശം അതിരുകവിഞ്ഞതും വിവേകശൂന്യവുമായിരുന്നു. (8) സൂനഹദോസ് കഴിഞ്ഞു് എല്ലാവരും പിരിഞ്ഞുപോയശേഷവും, മെനേസിസ് സ്വന്തമായ പല നിശ്ചയങ്ങളും അവയിൽ കൂട്ടിച്ചേർത്തു. (9) ഫാദർ റോസ്സിൻെറ കൈവശമുണ്ടായിരുന്നതും, പ്രതിനിധികൾ ഒപ്പിട്ടതുമായ താളുകൾ, പിന്നാലെ, സ്വന്തമായെഴുതിയ നിശ്ചയങ്ങളിൽച്ചേർത്തു് അംഗീകാരത്തിനു് റോമിലേയ്ക്കു് അയച്ചുകൊടുത്തു. (10) സൂനഹദോസിൽ പ്രമുഖനേതൃത്വം വഹിച്ച ഫാദർ റോസ്സും, ഫാദർ കമ്പോറിയും മെനേസിസ് വിളിച്ചുകൂട്ടിയ സൂനഹദോസും അദ്ദേഹം അയച്ച നിശ്ചയങ്ങളും അംഗീകരിക്കരുതെന്നു് മാപ്പാപ്പായോടപേക്ഷിച്ചു. (11) അതിനുപകരം, ബിഷപ്പ് റോസ്സു് അങ്കമാലിയിൽ വിളിച്ചുകൂട്ടിയ സൂനഹദോസ് അംഗീകരിക്കുവാനാണു് അവർ മാപ്പാപ്പായോടഭ്യർത്ഥിച്ചതു്[2].

## C. മെനേസിസും സുറിയാനിരേഖകളുടെ പട്ടടയും

ഇന്ത്യയുടെയും, പ്രത്യേകിച്ചു് കേരളത്തിൻെറയും, ചരിത്രമെഴുതുവാൻ സഹായിക്കുന്ന പുരാതന രേഖകൾ എത്രയോ ശുഷ്ക്കമാണു്!! അപ്പോൾ, കിട്ടുന്ന ദുർല്ലഭംരേഖകൾ അമൂല്യനിധികളായിരിക്കണം. മെനേസിസ് കേരളത്തിൽ വന്ന

2. Fr. Placid, The Thomas Christians, 1970, P. 139-40.

www.malankaralibrary.com

പ്പോഠം മുതൽ തോമ്മാക്രിസ്ത്യാനികളുടെ ഗ്രന്ഥങ്ങളും മററു പുരാതന രേഖകളും പാഷണ്ഡതയുണ്ടെന്ന തീവ്രസന്ദേഹത്തോടെ നിരന്തരമായി തിരയുകയായിരുന്നു. ആദ്യശതാബ്ദം മുതൽ നിലനിന്നുപോന്ന കേരളസഭയ്ക്കു്, പേഷ്യൻ – ബാബിലോണിയൻബന്ധങ്ങരം മുഖേന ധാരാളം രേഖകരം കിട്ടിക്കൊണ്ടിരുന്നുവെന്നു് വിചാരിക്കാം. അവയിൽ ചിലതിനെല്ലാം നെസ്തോറിയൻ ചുവ ഉണ്ടായിരിക്കുവാനും ഇടയുണ്ടു്. മാർത്തോമ്മാക്രിസ്ത്യാനികരം പോർച്ചുഗീസുഭരണനുകം ചുമക്കുവാനും ലത്തീൻറീത്തു സ്വീകരിക്കുവാനും വൈമുഖ്യം കാണിച്ചപ്പോഴാണല്ലോ കേരളത്തിലെ മിഷ്നറിമാർ ഇളക്കിവിട്ട നെസ്തോറിയൻ ആരോപണങ്ങളുടെ കൊടുങ്കാററു് ലിസ്ബണിലും റോമിലും ചുററിയടിച്ചുതുടങ്ങിയതു്. പോർച്ചുഗീസ് അധീനതയിലുള്ള പൌരസ്ത്യദേശങ്ങളിൽ ഏകച്ഛത്രാധിപത്യംസ്ഥാപിക്കുവാൻ വെമ്പൽകൊണ്ടിരുന്ന മെനേസിസിനു് നെസ്തോറിയൻ ആരോപണങ്ങരം സൗകര്യപ്രദവും സഹായകരവുമായ ഒരായുധമായിരുന്നു. അതിനാൽ, കേരളത്തിലുണ്ടെന്നു് അന്നു യൂറോപ്പിൽ പ്രചരിച്ചിരുന്ന, നെസ്തോറിയൻ പാഷണ്ഡതയെ വധിക്കുവാനുള്ള ഖഡ്ഗവും ആയിട്ടാണ് ആ പോർച്ചുഗീസ്സമ്രാട്ടു് കൊച്ചിയിൽ വന്നിറങ്ങിയതു്. അതു് ഏറെക്കുറെ ക്വിക്സോട്ടി(Quixot)ൻെറ നിഴൽയുദ്ധം പോലെ ആയിരുന്നു.

സൂനഹദോസിനുശേഷം, മെനേസിസ് തൻെറ സഹചാരിയായ ഫാ. റോസ്സുമായി പള്ളികളിലും വീടുകളിലുംഉള്ള സുറിയാനിഗ്രന്ഥങ്ങരം തിരയുകയുണ്ടായി. പള്ളിയിലാകട്ടേ വീട്ടിലാകട്ടേ എവിടെച്ചെന്നാലും, അവരുടെ കൈവശമുള്ള സുറിയാനിഗ്രന്ഥങ്ങളെല്ലാം, മെത്രാപ്പോലീത്തായെയോ, ഫാ. റോസ്സിനെയോ ഏല്പിക്കണമെന്നായിരുന്നു, കഠിനമായ ശിക്ഷയിൻകീഴിലുള്ള മെനേസിസിൻെറ കല്പന. കിട്ടുന്ന പുസ്തകങ്ങളോ മററു രേഖകളോ, തിരുത്തേണ്ടവ തിരുത്തിക്കൊടുക്കുമെന്നും, തിരുത്താൻ പാടില്ലാത്തവ ചുട്ടുകളയുമെന്നും ആണു് മെനേസിസ് പറഞ്ഞതു്. അദ്ദേഹം ചെന്നിടത്തെല്ലാം വായ്തോരാതെ പറഞ്ഞിരുന്നതും ഇക്കാര്യം മാത്രമാണു്. ഉദയംപേരൂർ സൂനഹദോസിൻെറ 16-ാം നിശ്ചയം തന്നെ സുറിയാനിഗ്രന്ഥങ്ങരം തിരുത്തുകയോ നശിപ്പിക്കുകയോ ചെയ്യണമെന്നായിരുന്നു.

www.malankaralibrary.com

ഉദയംപേരൂർ സൂനഹദോസിൽവച്ചും മെനേസിസ് സന്ദർശിച്ച പള്ളികളിൽവച്ചും സുറിയാനിയിലുള്ള അനേകം ഗ്രന്ഥങ്ങൾ തീയിലിട്ടു് നശിപ്പിച്ചിട്ടുണ്ടു്. അങ്കമാലിയിലെ പുരാതനഗ്രന്ഥശേഖരത്തിനാണു് വളരെ നാശംവന്നതു്. ഈ കൊടുംപാതകത്തിൽ ദുഃഖിക്കാത്ത ചരിത്രകാരന്മാരോ വിജ്ഞാനദാഹികളോ ഇല്ല. മെനേസിസിനു് ആ ഗ്രന്ഥങ്ങളെല്ലാം ശേഖരിച്ചു്, റോമിലോ ലിസ്ബണിലോ ഉള്ള ഗ്രന്ഥാലയങ്ങളിൽ സൂക്ഷിക്കുവാൻ അയച്ചുകൊടുക്കാമായിരുന്നു. അലക്സാണ്ഡ്രിയായിലെ ഏററവും പുരാതനമായ ഗ്രന്ഥശേഖരം നശിപ്പിച്ച മഹമ്മദീയസുൽത്താൻെറ യുക്തിയാണു് മെനേസിസിനു തോന്നിയതു്. "സത്യമെല്ലാം ഖുറാനിലുണ്ടു്, ഖുറാനിലില്ലാത്ത സത്യത്തിൻെറ ആവശ്യവുമില്ല'' എന്നതായിരുന്നു സുൽത്താൻെറ വാദം. മെനേസിസ് മെത്രാപ്പോലീത്താ പുരാതന ഗ്രന്ഥങ്ങളെ ചുട്ടുകരിച്ചതുകൊണ്ടു് വിജ്ഞാനലോകത്തിനും ചരിത്രജ്ഞാനത്തിനും അപരിഹാര്യമായ നഷ്ടമാണു് സംഭവിച്ചിട്ടുള്ളതു്. അവ എത്രമാത്രമെന്നു് കണക്കിലെടുക്കുവാൻപോലും നിർവ്വാഹമില്ല. ബൃഹത്തായ ആ നഷ്ടത്തിൻെറ ആഴത്തിലേയ്ക്കു് വിരൽചൂണ്ടുന്ന ഒരു കാര്യംമാത്രം പറയാം.

ആർച്ചുബിഷപ്പ് റോസ്സ് കേരളത്തിലായിരുന്ന കാലത്തു്, മെനേസിസിൻെറ അഗ്നികുണ്ഡത്തിൽനിന്നും രക്ഷപ്പെട്ട ഒരു പുരാതനരേഖ കാണുവാനിടയായി. അതു് നിക്യാസൂനഹദോസിലെ (എ. ഡി. 325) അൻപതു കാനോനകളായിരുന്നു. ആ കാനോനകൾ പന്ത്രണ്ടാം നൂററാണ്ടിലുണ്ടായിരുന്ന സൈഗാർ മെത്രാനായ മാർ ഔദിയോ പകർത്തിയെഴുതിയതുമായിരുന്നു. ദുർലഭമായിരുന്ന ഈ അമൂല്യരേഖ പിന്നാലെ കിട്ടിയ അറബി-ഗ്രീക്കു് കാനോനകളുമായി യോജിച്ചിരുന്നതുകൊണ്ടു്, അവയുടെ വിശ്വാസ്യതയെപ്പററി സംശയിക്കുവാനില്ല. ഈ അൻപതു കാനോനകളിൽ നാല്പത്തിയേഴു് എണ്ണം സഭാഭരണത്തെപ്പററിയുള്ളതും, മൂന്നെണ്ണം സന്യാസജീവിതത്തെപ്പററിയുള്ളതുമായിരുന്നു3. കേരളത്തിൽനിന്നും കണ്ടുകിട്ടിയ ഈ കാനോനകൾ സാർവ്വത്രികസഭയും കേരളസഭയും തമ്മിലുള്ള വിജ്ഞാനബന്ധമാണു് കാണിക്കുന്നതു്. അറിഞ്ഞോ, അറിയാതെയോ, ഇതുപോലെ വിലയേറിയ

3. Ferroli: Vol, I, P. 69.

www.malankaralibrary.com

എത്ര രേഖകൾ കേരളത്തിൽവച്ച് നശിപ്പിക്കപ്പെട്ടുവെന്നാക്കറിയാം!!

## ഉദയംപേരൂർ സൂനഹദോസ്– ചില രജതരേഖകൾ

ഉദയംപേരൂർ സൂനഹദോസിനെയും അതിൻെറ നിശ്ചയങ്ങളെയും ആപാദചൂഡം അതിനിശിതമായി വിമർശിക്കുന്നവരുമുണ്ട്, കണ്ണടച്ചു വാനോളം പുകഴ്ത്തുന്നവരുമുണ്ട്. പലപ്പോഴും പരസ്പരവിരുദ്ധങ്ങളായ ഈ നിലപാടുകൾക്കു കാരണം, നിക്ഷിപ്തതാല്പര്യങ്ങളും വികാരങ്ങളുടെ വേലിയേററവുമാണ്. എന്നാൽ ആ സൂനഹദോസും അതിലെ നിശ്ചയങ്ങളും അനധികൃതമായിരുന്നുവെന്നുള്ളതിനു യാതൊരു സംശയവുമില്ല. ഗോവാമെത്രാപ്പോലീത്തയായ മെനേസിസ് പൌരസ്ത്യസഭയായ കേരളസഭയെ ലത്തീനീകരിച്ചതു്, അങ്ങേയററം ആക്ഷേപകരവും പ്രതിഷേധാർഹവുമാണ്. അതിനെ യാതൊരുവിധത്തിലും നീതീകരിക്കാവുന്നതല്ല. ആ നിലയിൽ ഉദയംപേരൂർ സൂനഹദോസിൻെറ അസ്ഥിവാരംതന്നെ തകർന്നതാണ്.

1) 16–ാം നൂററാണ്ടിൽ യൂറോപ്യൻ രാജ്യങ്ങളിൽ ഭൂവിസ്തൃതിയിൽ ഏററവും ചെറുതായ പോർച്ചുഗലിനു്, മററു പലവിധത്തിലും ഒന്നാം സ്ഥാനമാണുണ്ടായിരുന്നതു്. യൂറോപ്യൻ 'കൊളോണിയലിസ'ത്തിനു് വഴിതെളിച്ച മുന്നോടികൾ എന്ന നിലയ്ക്കു്, പോർച്ചുഗീസുകാർക്കു് അഗ്രഗണ്യമായ ഒരു സ്ഥാനമുണ്ടു്; പ്രഗല്ഭരായ ചില നേതാക്കന്മാർ അവർക്കുണ്ടായിരുന്നുവെന്നതും നിഷേധിക്കാനാവില്ല. അവരിൽപ്പെട്ട ഒരാളായിരുന്നു മെനേസിസ് എന്നതും സമ്മതിക്കാം. എന്നാൽ ഇവയൊന്നും അദ്ദേഹത്തിൻെറ പ്രവൃത്തികൾക്കു് സാധൂകരണം നൽകുന്നില്ല. തെററായ ലക്ഷ്യങ്ങൾ, നീതിവിരുദ്ധമായ മാർഗ്ഗങ്ങൾ ഇവയെല്ലാം അദ്ദേഹത്തിൻെറ പ്രവൃത്തികളിൽ കരിനിഴൽ വീശിയിരുന്നുവെന്നതു് ഒരു സത്യമാണ്. എന്നാൽ അതുകൊണ്ടു് അദ്ദേഹത്തിൻെറ കാര്യക്ഷമതയുടെ വിലയിരുത്തലിൽ കുറവൊന്നും വരുന്നതല്ല. യൂറോപ്പിലെ രാജ്യതന്ത്രജ്ഞന്മാരിൽ ഭീമകായനായ ഇദ്ദേഹവുമായിട്ടാണു് കേരളസഭാനേതാക്കന്മാർ ഏററുമുട്ടേണ്ടിവന്നതു് എന്ന സംഗതി സ്മരണീയമാണ്.

2) ഉദയംപേരൂർ സൂനഹദോസ് നിശ്ചയങ്ങൾ വായിച്ചുനോക്കിയാൽ അദ്ദേഹത്തിൻെറ ബുദ്ധിശക്തിയേയും നയ

www.malankaralibrary.com

തന്ത്രജ്ഞതയേയുംപററി ബഹുമാനം തോന്നാതിരിക്കില്ല. ഒരു വഷത്തിൽ കുറഞ്ഞ കാലംകൊണ്ടു് തന്റെ വ്യക്തിമുദ്ര അതു് ഏതുരൂപത്തിലായാലും, കേരളസഭാചരിത്രത്തിൽ പതിപ്പിക്കുവാൻ കഴിഞ്ഞതു് ഒരു അസാധാരണ സംഭവമായിരുന്നു. തന്റെ സൈന്യശക്തിയും രാഷ്ട്രീയബലവും വിപുലമായ ധനശേഷിയുംകൊണ്ടാണു് ഇവ സാധിച്ചതെന്നുള്ളതും മറച്ചുവെയ്ക്കുന്നില്ല. അദ്ദേഹം കേരളത്തോടു് വിടവാങ്ങുന്നതുവരെയുള്ളകാലംകൊണ്ടു്, കേരളസഭാംഗങ്ങളായ അല്പമായപ്രമാണികളെ സ്വാഭിലാഷങ്ങളുടെ ആജ്ഞാനുവത്തികളാക്കുവാൻ കഴിഞ്ഞതു്, അദ്ദേഹത്തിന്റെ വ്യക്തിവിലാസത്തിന്റെ തെളിവാണു്. അദ്ദേഹം ചെയ്തതു്, തെറേറാ ശരിയോ എന്നുള്ളതു് മാററിവെച്ചുകൊണ്ടാണു് ഇത്രയും പ്രസ്താവിച്ചതു്.

3) സൂനഹദോസ് നിശ്ചയങ്ങൾ ബൃഹത്തായ ഒരു രേഖയാണു്. അതിൽ ദൈവശാസ്ത്രം, സന്മാർഗ്ഗശാസ്ത്രം, സാമൂഹ്യശാസ്ത്രം, ആരാധനാക്രമം, ഭക്ത്യാഭ്യാസങ്ങൾ ഈ മേഖലകളെല്ലാം ഉൾപ്പെടുന്നുണ്ടു്. എല്ലാററിനെപ്പററിയും താത്വികാഖ്യാനങ്ങളും ന്യായാന്യായ വിശദീകരണങ്ങളും ഭാവനാപരമായ പ്രായോഗികവിധികളും നല്കുന്നുണ്ടു്. മെനേസിസ് വിഭാവനംചെയ്ത കേരളസഭയുടെ അടിസ്ഥാനശിലകൾ ത്രെന്തോസു സൂനഹദോസ് നിശ്ചയങ്ങളും ലത്തീൻ റീത്തും പോർച്ചുഗീസു് ആധിപത്യവും ആയിരുന്നു. കേരളസഭയ്ക്കു വരുത്തിയ അംഗവിച്ഛേദങ്ങളും ആരാധനാക്രമങ്ങൾക്കുണ്ടാക്കിയ വൈരൂപ്യങ്ങളും ഇവയെ ആസ്പദമാക്കിയുള്ളവയാണു്. സുറിയാനി ഭാഷയെ നിലനിർത്തിയതുൾപ്പെടെ കേരളസഭയിൽ പുരാതനമായിട്ടുള്ള ചിലതെല്ലാം ("പഴയ ഞായം") അദ്ദേഹം സ്വീകരിച്ചു. ഇരുപതാംനൂററാണ്ടിലെ സുറിയാനിസഭാഭരണത്തിൽപ്പോലും സൂനഹദോസിന്റെ നിർദ്ദേശങ്ങളും വിധികളും എത്രമാത്രം ഉൾപ്പെട്ടിട്ടുണ്ടെന്നും ഉൾപ്പെടാത്തിടങ്ങളിൽ എന്തെല്ലാം വിപത്തുകൾ വിലങ്ങുന്നുവെന്നും കാണുമ്പോൾ നമുക്കു് അത്ഭുതംതോന്നും.

## 4. സൈത്തും ഉപയോഗങ്ങളും

ഏഴാം മൗത്വാ ഏഴാം കാനോനയിൽ സൈത്തു് സൂക്ഷിക്കുകയും കൈകാര്യം ചെയ്യുകയും ചെയ്യുന്നതിനെപ്പററി വളരെ വിശദമായി വിവരിക്കുന്നുണ്ടു്[4]. ഇന്നും ആ നിർദ്ദേശങ്ങൾ

4. സ്ക്കറിയാ സ്ക്കറിയാ P. 74.

www.malankaralibrary.com

പരിഷ്ക്കരിക്കാനാവാത്തവിധം അത്ര പൂർണ്ണമാണ്. മെനേസിസ് മെത്രാപ്പോലീത്തായുടെ 16-ാം നൂററാണ്ടിലെ ഈ നിർദ്ദേശം ഇന്നത്തെ നമ്മുടെ പള്ളിവികാരിമാർ വായിച്ചു പഠിച്ചു പ്രാവർത്തികമാക്കേണ്ടതാണെന്നു തോന്നുന്നു. ശ്രുപതാമെത്രാന്മാരുടെ ഔദ്യോഗികസന്ദർശനങ്ങളിൽ ശ്രദ്ധിക്കേണ്ട ഒരു കാര്യവുമാണ്. അവർക്കതു ശ്രദ്ധാവിഷയമാകുമോ, ആവോ!

എന്നാൽ ഏഴാം കാനോനയിൽ സൈത്തിന്റെ ആവശ്യത്തെപ്പററിയുള്ള ഭാഗം ഭക്തിപരമായ ഐതിഹ്യത്തിൽ കവിഞ്ഞു് വിലയുള്ളതായി തോന്നുന്നില്ല. പ്രസ്തുത ഏഴാംകാനോന തുടങ്ങുന്നതു് ഇങ്ങനെയാണ്, "കൂദാശകളും അതിന്ന ഇന്നയിന്ന സൈത്തും വെണം എന്ന ഏടയിൽ ആരും കല്പിച്ചുത അല്ല പിന്നെയൊ ഈശോമിശിഹാ കത്താവതാൻ അത്രെ. ഇത്രകൂട്ടം സൈത്തവെണം എന്നതിനെക്കൊണ്ട എങ്ങനെ പെരുമാറെണ്ട എന്നും മിശിഹാ കത്താവ പെസഹാസ്സു തന്റെ ശ്ലീഹന്മാരെ പടിപ്പിച്ചു. മൂറൊൻ എന്ന സൈത്ത ഒറുശ്രുമാടെ സാധനം ആയി കല്പിച്ചു. ക്ലെശക്കാരുടെ സൈത്ത എന്ന ചൊല്ലുന്നത ഒടുക്കത്തെ ഒപ്രൂശ്രുമാടെ സാധനം ആയി കല്പിച്ചു. മാമ്മൊദീസാടെ സൈത്ത എന്ന ചൊല്ലുന്നതുകൊണ്ട മുങ്ങുംമുൻപെ മുങ്ങുന്നവക്കതൊടണം എന്നും കല്പിച്ചു. ഇതിനെക്കൊണ്ട ശുദ്ധമാന സൂനഹദൊസ കല്പിച്ചു........"5.

ഈ ധാരണവച്ചുകൊണ്ടായിരിക്കണം പോർച്ചുഗീസു മിഷ്നറിമാർ മാർത്തോമ്മാ വൈദികരെ, മാമ്മോദീസയിൽ സൈത്തു് ഉപയോഗിക്കുന്നില്ലെന്നു് കുററപ്പെടുത്തിയതു്. ഈശോമിശിഹാ പഠിപ്പിച്ചുവെന്നു് മെനേസിസ് മെത്രാപ്പോലീത്താ പറയുന്ന ഭാഗമൊന്നും വേദപുസ്തകത്തിൽ കാണുന്നില്ല. പിന്നെ പാരമ്പര്യത്തിന്റെ കാര്യം പറയുകയാണെങ്കിൽ, അപ്പസ്തോലിക കാലത്തു് അവർ അതു് ഉപയോഗിച്ചതായും തോന്നുന്നില്ല. ശ്ലീഹന്മാരിലൊരാളായ വി. പീലിപ്പോസു്, എത്യോപ്യാരാജ്ഞിയുടെ മുഖ്യമുതൽപിടിയായ ഒരു ഷണ്ഡനെ മാമ്മോദീസ മുക്കിയതായി വേദപുസ്തകത്തിലുണ്ടു്. (അപ്പസ്തോലിക നടപടികൾ VIII, 26-40) വെള്ളം കണ്ടപ്പോൾ മാമ്മോദീസാമുക്കിയെന്നല്ലാതെ എണ്ണയുടെ ആവശ്യമുണ്ടായതായി കാണുന്നില്ല. കൂദാശകളിലുള്ള സൈത്തി

5. Ibid, P. 74.

www.malankaralibrary.com

ൻെറ ഉപയോഗം (അന്ത്യലേപനമൊഴിച്ച്) പിന്നാലെ വന്നു കൂടിയതായി തോന്നുന്നു. എന്നാൽ അതിന് ദീർഘമായ പാരമ്പര്യമുണ്ടെന്നുള്ളതു ശരിതന്നെ.

പലിശ വാങ്ങുന്നതിനെപ്പററി സൂനഹദോസു നിശ്ചയം പറയുന്നു: ''തംപുരാൻെറ'' തിരുമുന്നിലേക്കു അനേകം വലിയദോഷം ആകുന്നത പലിശ. ദൈവിക എഴുത്തുകളീന്ന ഉപേക്ഷപെട്ടതും പലിശ. നമ്മുടെ കർത്താവമാറാനീശോ മിശിഹാ അരുളിച്ചെയ്തു: ''നിങ്ങൾ തമ്മിൽ തമ്മിൽ ഉഭയം കൂടാതെ വായ്പ കൊടുപ്പിൻ''6 ഇതും വേദപുസ്തകത്തിൽ കാണുന്നില്ല.

## 5. സൂനഹദോസ് അംഗങ്ങളിൽ അൽമായരുടെ മഹാഭൂരിപക്ഷം

ഇതു് തീർച്ചയായും അത്ഭുതകരമാണ്. മെനേസിസ് മെത്രാപ്പോലീത്തായുടെ കല്പനയനുസരിച്ച്, ഓരോ ഇടവകയിൽനിന്നും നാലു് പ്രതിനിധികളെവീതം സൂനഹദോസിനു് തിരഞ്ഞെടുക്കേണ്ടതുണ്ടായിരുന്നു. വളരെ കുറച്ചുപേർ, പ്രത്യേകം ക്ഷണമനുസരിച്ചും, പ്രതിനിധികളായി സംബന്ധിച്ചു. ആകെക്കൂടി അറുനൂററിഅറുപതു് (660) അൽമായപ്രതിനിധികളാണ് സൂനഹദോസിൽ പങ്കെടുത്തതു്. വൈദികരായി നൂററിമുപ്പതു് (130) അംഗങ്ങളും സംബന്ധിച്ചു. ഇങ്ങനെ ബഹുഭൂരിപക്ഷംവരുന്ന അല്മായപ്രതിനിധികളെകൊണ്ടു് തൻെറ ഇഷ്ടാനുസരണങ്ങളുള്ള നിയമങ്ങൾ സൂനഹദോസിൽ പാസ്സാക്കാമെന്നു നിശ്ചയിച്ചതു്, മെനേസിസ് മെത്രാപ്പോലീത്തായുടെ ആത്മധൈര്യംകൊണ്ടാണ്. അദ്ദേഹം കേരളത്തിൽവന്നു്, കേരളസഭയുടെ നാഡിമിടിപ്പുനോക്കിയപ്പോൾ, യൂറോപ്പിലെങ്ങും ഊഹിക്കുവാൻപോലും പാടില്ലാത്തവിധം, സഭയിൽ അല്മായശക്തി വളരെ പ്രബലമാണെന്നുകണ്ടു. കുശാഗ്രബുദ്ധിയായ അദ്ദേഹം ഈ നാട്ടിൽ കാലുകുത്തിയതു മുതൽ, അൽമായ സുഹൃത്തുക്കളെ സമ്പാദിക്കുവാനാണ് അക്ഷീണം ശ്രമിച്ചതു്. അതിൽ അദ്ദേഹം വളരെ വിജയിക്കുകയും ചെയ്തു. പ്രമുഖ കുടുംബങ്ങളിലെ വൈദികാർത്ഥികൾക്കു് നിർല്ലോഭമായി കുർബാനപട്ടം കൊടുത്തു് വൈദികരാക്കി. അതിൻെറ ഫലമായി, ആ കുടുംബങ്ങളുമായുള്ള മെനേസിസിൻെറ ബന്ധം സുദൃഢമാകുകയും ചെയ്തു. ഉദയംപേരൂർ സൂനഹദോസിൽ

6. സ്കറിയാ സ്കറിയാ, P. 94.

www.malankaralibrary.com

വച്ചു് ഇവരെല്ലാം തന്നോടുകൂടി, തന്റെ പാളയത്തിൽ നില്ക്കുമെന്നു് അദ്ദേഹത്തിനു് ഉറപ്പുണ്ടായിരുന്നു. ഈ ഉറപ്പിൽനിന്നും ഉത്ഭവിച്ചതാണു് മെനേസിസിന്റെ ആത്മധൈര്യം. സർവ്വോപരി അദ്ദേഹത്തിനു് സ്വതഃസിദ്ധമായിരുന്ന വിപദ്ധൈര്യവും അദ്ദേഹത്തെ സഹായിച്ചു.

നമ്മുടെ സഭാഭരണത്തിൽ അൽമേനികൾക്കു് നാം സ്ഥാനം അനുവദിക്കുന്നില്ല. അനുവദിച്ചാൽതന്നെയും അതു് നാമമാത്രമാണു്. അവരുടെ അഭിപ്രായങ്ങളും പ്രവർത്തനങ്ങളും ഭയാശങ്കകളോടെയാണു് വീക്ഷിക്കുന്നതു്. അല്ലെങ്കിൽ, അവർ സഭാധികാരികളുടെ ഏററുപാട്ടുകാരായിരിക്കണം. അൽമായ പ്രാതിനിധ്യമുള്ള ഇന്നത്തെ കൗൺസിലുകളിലും പല രൂപതാപ്രസ്ഥാനങ്ങളിലും ഇപ്പറഞ്ഞ ശികിടികൾ പററംതിരിഞ്ഞ ഒരു പിൻതിരിപ്പൻ വർഗ്ഗമായി കണക്കാക്കപ്പെടുന്നു. സഭാധികാരികൾക്കു് ഔദ്യോഗികമായും അല്ലാതെയും നല്ലാവുന്ന ആനുകൂല്യങ്ങളുടെ ഗുണഭോക്താക്കളാണു് അവർ. എന്നാൽ അവർ സമൂഹത്തിന്റെ പൊതുവായ ചിന്തകളുടേയും വികാരങ്ങളുടേയും സ്രോതസ്സുകളിൽനിന്നും വെട്ടിത്തിരിഞ്ഞ കൈവഴികളായി, മണലാരണ്യത്തിലെ അരുവികളെപ്പോലെ മാഞ്ഞുമറയുന്നു. അവഗണിക്കപ്പെട്ടവരും പലപ്പോഴും അപമാനിതരുമായ തലക്കനമുള്ള ബുദ്ധിജീവികൾ സഭാരംഗം വിട്ടൊഴിഞ്ഞു്, രാഷ്ട്രീയത്തിലോ പൊതുവായ സാമൂഹ്യപ്രസ്ഥാനങ്ങളിലോ ജീവിതസാഫല്യം നേടുവാൻ ശ്രമിക്കുകയാണു്. സഭയുമായുള്ള അവരുടെ ബന്ധം ഞായറാഴ്ചകുർബാനകളിലും, അഞ്ചേയററം, ഇടവകവിട്ടുള്ള (ഇതിൽ വികാരി പലപ്പോഴും അസ്വീകാര്യനായിരിക്കും) ആണ്ടുകുമ്പസാരത്തിലും ആയി ഒതുങ്ങിനില്ക്കുന്നു.

## 6. അൽമായരും സഭയുടെ ഭൗതികസ്വത്തുക്കളും

നാന്നൂറു വർഷത്തെ ലത്തീൻഭരണത്തിന്റെ അവശിഷ്ടമായി നമുക്കു കിട്ടിയിട്ടുള്ളതു് ലത്തീൻസഭയുടെ അയവില്ലാത്ത സ്വേച്ഛാധിപത്യമാണു്. അതെപ്പററി ഒന്നാം വാല്യത്തിന്റെ ആമുഖത്തിൽ സൂചിപ്പിച്ചിട്ടുണ്ടു്. പോർച്ചുഗീസുകാർ കേരളത്തിൽ വന്നപ്പോൾ നമ്മുടെ ഇടവകകൾ വളരെയധികം സ്വതന്ത്രങ്ങളായിരുന്നു. അന്നു് 'പകരം' എന്നർത്ഥമുള്ള 'വികാരി' ഉണ്ടായിരുന്നില്ല. ''എടവകയ്ക്കു് മൂപ്പനായ പട്ടക്കാരനാ''യിരുന്നു ഇടവകയുടെ നാഥൻ. പോർച്ചുഗീസു

www.malankaralibrary.com

കാർ വന്നശേഷം, ലത്തീൻരീതിയിലുള്ള ഭരണക്രമം ആരംഭിച്ചു. മെത്രാൻ നിയമിക്കുന്ന വൈദികരാണ് ഇടവകയ്ക്കു നാഥന്മാരായിത്തീരുന്നത്. അവർക്കു സ്വന്തം ജനങ്ങളോടുണ്ടായിരുന്നതിനേക്കാളും രൂപതയിലെ മെത്രാന്മാരോടായിരുന്നു കൂടുതൽ കടപ്പാട്. സ്ഥലംമാററമുണ്ടാകുന്നതുകൊണ്ട്, അവർ ഭരിക്കുന്ന ഇടവകകളിലൊന്നിലും അവർക്ക് വേരുണ്ടായിരുന്നില്ല. ഈ പരിവർത്തനം വരുത്തിയത് മെനേസിസ് മെത്രാപ്പോലീത്താതന്നെയാണ്. സൂനഹദോസ് നിശ്ചയങ്ങളിൽ അതും കാണാം. അത് പരിപൂർണ്ണമായും പാശ്ചാത്യരുടെ ലത്തീൻമോഡലാണ്.

എന്നാൽ ഭൗതികസ്വത്തിനെ സംബന്ധിച്ചിടത്തോളം അൽമായർക്കുള്ള നിയന്ത്രണവും ഭാഗഭാഗിത്വവും മാററുവാൻ അൽമായ പ്രമാണികളുമായിട്ടുള്ള മെനേസിസിന്റെ ബന്ധം അനുവദിച്ചതായി തോന്നുന്നില്ല. അതുകൊണ്ടായിരിക്കണം അദ്ദേഹം ആ ഭരണരീതിതന്നെ അംഗീകരിച്ചത്. ഏഴാം മൌതാ ഏഴാം കൂടിവിജാരം ഇരുപതാം കാനൊന പറയുന്നത് ഇപ്രകാരമാണ്, ''ഇതിനെക്കൊണ്ടു ശുദ്ധമാന സൂനഹദൊസ പ്രമാണിക്കുന്നു എല്ലാ പള്ളികളിലും ആണ്ടിൽ ഒരിക്കൽ മകരഞായററ ഒന്നാംദിവസി അത അത പള്ളിയിടെ കാര്യം പ്രവൃത്തിക്ക തംപുരാനെ ഭയവും പെടിയും ഉള്ളവരിൽ വെണ്ടുത്തക്കവരെ നാലരെ പള്ളിക്കാര്യത്തിന കല്പിക്കണം എന്ന. എന്നാൽ അവര നാൽവരും വിഗാരിയായിട്ട നില്ക്കുന്ന പട്ടക്കാരനും കൂടിക്കൊണ്ടു ഓരൊരൊ തിങ്ങടെ ഒടുക്കത്തെ ഭണ്ഡാരം തൊറന്ന അതിൽ ഉള്ളത എടുത്ത നാലരിൽ ഒരുത്തൻ അതിനെ ഒര പൊസ്തകത്തിൽ കണക്ക എഴുതുകയും വെണം. ആ മൊതൽ മൂന്ന താഴും താക്കൊലും ഉള്ളൊര പെട്ടകത്തിൽവച്ചു പൂട്ടുകയും വെണം. ആ പെട്ടകം നാലിൽ ഒരുത്തരിടെ അവിടെ വൈക്കയും വെണം. മൂന്ന താക്കൊലിൽ ഒന്ന വിഗാരീടെ പക്കൽ ഇരിക്കണം. മററെത രണ്ടും പണ്ടാരം വൈക്കുന്നടത്തും കണക്കു എഴുതുന്നവരിടെയും പക്കൽ അല്ലാത മററ ഇരിവരിടെയും പക്കൽ ഒരൊന്ന ഇരിക്കണം. കണക്കു എഴുത്തുകാരന്റെറ പക്കൽ രണ്ടു പൊസ്തകം ഉണ്ടായിരിക്കണം. ഒന്ന പള്ളിക്ക വരുന്ന വരവ എഴുതുവാൻ. ഒന്ന പള്ളിക്ക വെണ്ടി അഴിയുന്ന അഴിവ എഴുതുവാൻ. പള്ളിക്കവെണ്ടി അഴിയുന്ന അഴിവ മരിയാതക്ക തക്കവണ്ണം എണങ്ങരെ അറുപത്തിനാലിനെയും ഒപ്പിച്ചുംകൊണ്ടുവെണം. പള്ളിമൊതൽ

www.malankaralibrary.com

പള്ളിപണിക്കും പള്ളിക്ക വെണ്ടുന്ന ചമയത്തിന്നും വെണ്ടി വെണം അഴിപ്പാൻ. മെൽപട്ടക്കാരൻ അത അത പള്ളിക്കലെ അററകുററം നൊക്കുവാൻ ചെല്ലുമ്പൊൾ പൊസ്തകം രണ്ടും മെടിച്ചു കണ്ടു അതിൻെററ വരവും അഴിവും അറികയും വെണം. പള്ളിക്ക ഏതാനും ഒണ്ടാക്കെണ്ടുത ഒണ്ടാക്കണം എന്ന കല്പിക്കയും വെണം. വിഗാരിയും പള്ളിക്കാര്യത്തിനു ഒള്ളവര നാലരും കൂടെ കൂടിയെ പെട്ടകം തൊറക്കാവു. അതിൽ ഒരുത്തക്ക് ഏതാനും മൊടക്കം ഒണ്ടായിട്ട എത്തിക്കൂടാ എംകിൽ അവരുടെ മനുക്ഷ്യംകൂടെ കൂടുകിൽ മതി. ഒര കൂട്ടം പ്രവൃത്തിക്കാരര വച്ചു മററ ചെലര പ്രവൃത്തി ഏല്പക്കുംപൊൾ വൈക്കുന്നവര പെട്ടകവും അതിലെ മൊതലും കണക്കകണ്ടു എണ്ണിവരവ എഴുതുന്ന പൊസ്തകത്തിൽ എഴുതി ഏൽപ്പിക്കയും വെണം. ഏല്ക്കുന്നവര അതിൽ ഒപ്പു ഇടുകയും വെണം, എത്ര മൊതൽ തങ്ങൾ ഏററു എന്നു പിന്നെ അറിവാൻ. എന്നാൽ ശുദ്ധമാന സൂനഹദൊസ പെരികെ പെരികെ ബഹുമാനപ്പെട്ട മെത്രാപൊലീത്തയൊട അപെക്ഷിക്കുന്നു. താൻ ഇപ്പൊൾ നടന്ന കാണുന്ന എടത്ത എല്ലാടത്തും പള്ളിക്ക അനെകം ഉപകാരം ആകുന്ന ഇക്കാര്യം ഇവണ്ണംതന്നെ കല്പിക്കണം എന്നു, പള്ളിക്ക വെണ്ടുന്നത എല്ലാം ഒണ്ടാക്കണം എന്നും കല്പിക്കണം എന്ന–''7.

16–ാം നൂററാണ്ടിലെ ഗദ്യമലയാളത്തിൻെറ മാതൃകയാണ് ഉദയംപേരൂർ സൂനഹദോസിൻെറ ഈ നിശ്ചയങ്ങളിൽ കാണുന്നതു്. ഭാഷാപരമായി ഇന്നത്തെ ഗദ്യമലയാളവുമായി അന്തരമുണ്ടെങ്കിലും, അതിൻെറ ആശയം ദുർഗ്രാഹ്യമായി തോന്നുന്നില്ല. ഉദയംപേരൂർ സൂനഹദോസിനുമുമ്പുള്ള നൂററാണ്ടുകളിൽ, കേരളസഭയിൽ നിലനിന്നിരുന്ന ഭരണസമ്പ്രദായമെന്ന നിലയിലും കേരളസഭയുടെ അധിപനായി സ്വയം പ്രഖ്യാപിച്ച മെനേസിസ് മെത്രാപ്പോലീത്തായുടെ അംഗീകരണം സിദ്ധിച്ച നിലയിലും ഈ നിശ്ചയം പ്രാധാന്യമേറിയതാണ്. നിശ്ചയത്തിൻെറ ഉള്ളടക്കത്തെ സംബന്ധിച്ചിടത്തോളം സാർവ്വത്രികമായ റോമൻസഭയിലെ നവീനയുഗത്തിൻെറ നാന്ദിയായും, അറച്ചും മടിച്ചും രണ്ടാം വത്തിക്കാൻ സൂനഹദോസിൽ പ്രഖ്യാപിക്കപ്പെട്ട അൽമായഭാഗഭാഗിത്വത്തിൻെറ ഏററവും പുരോഗമിച്ചതും അനുകരണീയവുമായ രൂപമായും ഇതിനെ കാണാവുന്നതാണ്. അങ്ങനെ നോക്കുമ്പോൾ,

7. സ്ക്കറിയ സ്ക്കറിയ, P. 83–84.



www.malankaralibrary.com

ഈ നിശ്ചയത്തിൽ കേരളസഭയ്ക്കു് വളരെ അഭിമാനംകൊള്ളവാൻ ന്യായമുണ്ടു്.

നിശ്ചയത്തിൻെറ ഉള്ളടക്കം പള്ളിയുടെ വരുമാനങ്ങളെ സംബന്ധിച്ചാണു്. നല്ല ക്രിസ്ത്യാനികളായി ജീവിക്കുന്ന നാലു് അൽമായ ട്രസ്റ്റികളും വികാരിയുംകൂടിയാണു് പള്ളിയുടെ വരവുചെലവുകളുടെ കണക്കുകൾ സൂക്ഷിക്കേണ്ടതെന്നാണു് നിശ്ചയം. അതു് അറുപത്തിനാലു് (64) ഇടവകപ്രതിനിധികളുടെ സമ്മതത്തോടുകൂടിയായിരിക്കണമെന്നും നിർദ്ദേശിക്കുന്നു. ഭണ്ഡാരപ്പെട്ടിക്കു് മൂന്നു താക്കോലുകൾ ഉണ്ടായിരിക്കണമെന്നും ആ താക്കോലുകളിലൊന്നു് വികാരിയുടെ കൈയിലും മററു രണ്ടു താക്കോലുകൾ ഭണ്ഡാരവും കണക്കുകളും സൂക്ഷിക്കാത്ത രണ്ടു് ട്രസ്റ്റികളുടെ കൈവശവുമായിരിക്കണമെന്നുമായിരുന്നു വ്യവസ്ഥ. ഈ നിശ്ചയത്തിൽ വരവുകളും ചെലവുകളും എഴുതുന്നതിനെപ്പററിയും ട്രസ്റ്റികൾ മാറിവരുമ്പോൾ ചെയ്യേണ്ട കാര്യങ്ങളെപ്പററിയും വിശദമായി പ്രസ്താവിക്കുന്നുണ്ടു്. മെനേസിസിൻെറ സമഗ്രമായ നിർദ്ദേശങ്ങൾ അദ്ദേഹത്തിൻെറ മററുചില പ്രായോഗികവിധികളിലും കാണാം. മെനേസിസിനുണ്ടായിരുന്ന ഭാവനാശക്തിക്കും അനുഭവജ്ഞാനത്തിനും ഇവ ഉദാഹരണങ്ങളാണു്. ഉദയംപേരൂർ സൂനഹദോസിനുശേഷം, സേച്ഛാധിപത്യഭരണം നടത്തിയ ജസ്യൂട്ടു്-കമ്മലീത്താമെത്രാന്മാരുടെ കീഴിലും അൽമായരുടെ അവകാശപ്രമാണ (Laymen's Charter of Rights) മെന്നു പറയാവുന്ന ഈ ഭാഗഭാഗിത്വം നാം ഏറെക്കുറെ സംരക്ഷിച്ചുപോന്നു.

എന്നാൽ നമുക്കു നാട്ടുമെത്രാന്മാരെ കിട്ടിയപ്പോൾ, നാം ആഹ്ലാദഭരിതരായി. പുരാതനമായ കേരളസഭയുടെ പുനരുദ്ധാരണം നാം പ്രതീക്ഷിച്ചു. നമ്മുടെ പിതാക്കന്മാരുടെ മതബോധനത്തിൻെറയും ആത്മികചൈതന്യത്തിൻെറയും ഉറവിടമായിരുന്ന ആരാധനക്രമം പുനഃപ്രതിഷ്ഠിക്കപ്പെട്ടു പൂജിക്കപ്പെട്ടുമെന്നു് നാം പ്രത്യാശിച്ചു. സഭയുടെ പൂർവ്വികമായ ഭരണക്രമം പ്രത്യാഗമിക്കുമെന്നും (പാശ്ചാത്യസഭ രണ്ടാം വത്തിക്കാൻ സൂനഹദോസിലൂടെ വിരൽചൂണ്ടുന്നതു് അങ്ങോട്ടാണു്) നാം വിശ്വസിച്ചു.

എന്നാൽ ലത്തീൻഭരണത്തിൽ സുപരിചിതരായ നാട്ടുമെത്രാന്മാർതന്നെ ഇടവകകളിലെ കമ്മിററികളുടേയും ട്രസ്റ്റികളുടേയും ഭരണരീതികളെ സാവധാനത്തിൽ ഇല്ലാതാക്കു

www.malankaralibrary.com

വാൻ പ്രത്യക്ഷമായും പരോക്ഷമായും ശ്രമിച്ചു. സ്വേച്ഛാധിപത്യത്തിനു് ഏതുവിധത്തിലുള്ള നിയന്ത്രണവും ഭാഗഭാഗിത്വവും സ്വാഭാവികമായും അരോചകമാകുമല്ലോ. അല്മായരുടെ അവകാശങ്ങളും സ്വേച്ഛാധിപത്യവും തമ്മിൽ പല ഇടവകകളിലും ഇന്നു് കൂട്ടിമുട്ടും പടവെട്ടും നടക്കുകയാണു്. ഇതിൻെറ ഫലം വിശ്വാസത്തിൻെറ ക്ഷയവും ഇടവകകളിലെ ആത്മീകചൈതന്യത്തിൻെറ തിരോധാനവും ആണു്. ഇതിൻെറ പ്രത്യാഘാതം വളർന്നുവരുന്ന തലമുറയിൽ ധാരാളം കാണാനുണ്ടു്. ഇതു് തുടന്നാൽ, ഇന്നു് അമേരിക്കയിൽ ഏറെക്കുറെ കാണുന്നതുപോലെ ഒഴിഞ്ഞ ദേവാലയങ്ങളും ശൂന്യമായ സന്ന്യാസാശ്രമങ്ങളും ആയിരിക്കും ഫലം. വൈദികരുടെ സംഖ്യ കുറയുന്നുവെന്നതല്ല, ആത്മീകചൈതന്യവും ത്യാഗശീലവുമുള്ള വൈദികരുടെ സംഖ്യ കുറഞ്ഞാൽ അതു് സഭയുടെ നാശത്തിനു് വഴിയൊരുക്കുമെന്നുള്ളതാണു് യഥാർത്ഥ അപകടം. ഇതുപോലൊരു പ്രതിസന്ധി കേരളസഭയെ ഇന്നു് തുറിച്ചുനോക്കുന്നില്ലേയെന്നു സംശയിക്കേണ്ടിയിരിക്കുന്നു. ഇരിക്കുന്ന കാലത്തോളം തങ്ങളുടെ കസേരകറ ഭദ്രമാണെന്നു് വിചാരിക്കുന്നവക്കും, നിർഭാഗ്യകരമായ ഈ സ്ഥിതിവിശേഷം ബാധകമാണു്. ക്രിസ്തുവിൻെറ ലളിതജീവിതത്തിലേയ്ക്കും ത്യാഗപൂർണ്ണമായ ആത്മാത്ഥസേവനത്തിലേയ്ക്കും മടങ്ങുകമാത്രമാണു് പരിഹാരമാർഗ്ഗം. രാഷ്ട്രീയത്തിൽപ്പോലും അതു് പ്രധാന മൂല്യമായി വിളംബരം ചെയ്തിരിക്കെ, ആദ്ധ്യാത്മികലോകത്തിൽ അതിൻെറ സ്ഥാനത്തെപ്പററി പറയാനുമില്ലല്ലോ. ഭാരതരാഷ്ട്രത്തിൽ ഗാന്ധിജി മഹോന്നതസ്ഥാനം നേടിയതു് അദ്ദേഹത്തിൻെറ കാലുകറ ആദ്ധ്യാത്മികതത്വത്തിൽ ഊന്നിയിരുന്നതുകൊണ്ടാണെന്നുള്ളതു് സുവിദിതമാണു്.

## അൽമായരുടെ പ്രാതിനിദ്ധ്യം

കേരളസഭയിലെ പുരാതനമായ ഒരു ആചാരം, അതും പാശ്ചാത്യസഭാഭരണരീതിക്കു് കടകവിരുദ്ധമായ ഒന്നു്, ഉദയംപേരൂർ സൂനഹദോസിൻെറ തലക്കെട്ടിലും ഉറക്കെട്ടിലും ഉറപ്പെടുത്തുവാൻ മെനേസിസ് മെത്രാപ്പോലീത്താ തീരുമാനിച്ചതു് തീരെ അപ്രതീക്ഷിതവും വളരെ അത്ഭുതകരവുമായി തോന്നുന്നു. പാശ്ചാത്യസഭയിൽ നടന്നിട്ടുള്ള സൂനഹദോസുകളിലൊന്നിലും അല്മായക്കു് യാതൊരു സ്ഥാനവുമുണ്ടായിരുന്നില്ല. സഭയെന്നുപറഞ്ഞാൽതന്നെ, മാർപ്പാപ്പായും കർദ്ദിനാളന്മാരും മെത്രാന്മാരും കൂടുന്ന ഒന്നൊന്നായിരുന്നു ജന

www.malankaralibrary.com

ങ്ങളുടെ ധാരണ; ഈ ധാരണ നൂററാണ്ടുകളായി ഉള്ളതാണ്. നൂററാണ്ടുകളിലെ സഭാചരിത്രം അതിനെ സ്ഥിരീകരിക്കുകയും ചെയ്യുന്നു.

XII-ാം പീയൂസ് മാപ്പാപ്പാ, തന്നെ സന്ദർശിക്കുവാൻവന്ന ഒരു അല്മായസംഘത്തോടു പറഞ്ഞു, ''നിങ്ങളാണ് സഭ''. അതു് ഒരു പുതിയ യുഗത്തിൻെറ ആരംഭമായിരുന്നു. രണ്ടാം വത്തിക്കാൻ കൗൺസിലിൻെറ രണ്ടാം സമ്മേളനം പോൾ VI-ാമൻ മാപ്പാപ്പാ വിളിച്ചുകൂട്ടിയപ്പോൾ, ക്രൈസ്തവലോകത്തെ മുഴുവൻ അമ്പരിപ്പിച്ച ഒരു സംഭവമുണ്ടായി. അതായിരുന്നു, ''ശ്രോതാക്കൾ''(auditors) എന്നു് അറിയപ്പെടുന്ന, കേവലം ശ്രോതാക്കളായ അൽമായപ്രതിനിധികളുടെ സാന്നിദ്ധ്യം. അതൊരു മൂകസാന്നിദ്ധ്യം മാത്രമായിരുന്നു. അവക്കു് സമ്മേളനത്തിൽ സംസാരിക്കുവാൻ അനുവാദമുണ്ടായിരുന്നില്ല. അല്മായപ്രാതിനിദ്ധ്യം പുരാതനമായിത്തന്നെ അംഗീകരിച്ചിരുന്ന പൌരസ്ത്യസഭകൾക്കു് ഇതൊരു പുതുമയായിരുന്നില്ല. അഥവാ പുതുമ ഉണ്ടായിരുന്നെങ്കിൽ, അതു് അല്മായപ്രതിനിധികളെ സംസാരിക്കാൻ അനുവദിക്കാഞ്ഞതിലാവണം.

രണ്ടാം വത്തിക്കാൻസൂനഹദോസ് സഭാഭരണത്തിൽ വളരെ ലഘുവായിട്ടെങ്കിലും, അൽമായരുടെ സ്ഥാനം സമ്മതിച്ചുവെന്നുമാത്രമല്ല, അതിൻെറ നിശ്ചയങ്ങളിൽ അൽമായരെ കാര്യമായി പരിഗണിക്കുകയും ചെയ്തു. അതിൻെറ തെളിവാണ്, നിശ്ചയങ്ങളുടെ നക്കലിൽ (Schema) മെത്രാന്മാക്കു് ഒൻപതു പേജും അൽമേനികൾക്കു് ഏഴു പേജും കൊടുത്തതു്. എന്നാൽ മെത്രാന്മാരോടൊപ്പം ക്രിസ്തുവിൻെറ പൗരോഹിത്യമുള്ള വൈദികർക്കു് കിട്ടിയതു് കേവലം അര പേജാണ്. ഇതു് സൂനഹദോസിൽ സംബന്ധിച്ച ബിഷപ്പ് കോൺവേ (Bishop Conway) സഭാപിതാക്കന്മാരുടെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. കല്ലും മുള്ളും മുരടും നിറഞ്ഞ അജപാലനരംഗത്തിൻെറ ചൂടും ചുമടും താങ്ങുന്ന, ഇടവകകളിലെയും മിഷ്യൻ രംഗങ്ങളിലേയും വൈദികർ അത്ര കടുത്ത അവഗണനയ്ക്കും അപമാനത്തിനും വിധേയരായതു് നിർഭാഗ്യകരമായിപ്പോയി. അവർ ''വെള്ളംകോരികളോ വിറകുവെട്ടി''കളോ അടിമപ്പണിക്കാരോ ആയി കരുതപ്പെട്ടുവെന്നാണ് ഇതിൻെറ അത്ഥം. എന്നാൽ ഭാഗ്യവാന്മാരായ അൽമേനികൾക്കു് 'ദൈവജനം' എന്ന ഓമനപ്പേരുണ്ടായി. ഇതു് വെറും ഓമനപ്പേരല്ല, ക്രിസ്തുവിൻെറ ദിവ്യദൗത്യത്തിൽ അദ്ദേഹം ദർശിച്ച

www.malankaralibrary.com

ദൈവജനം അർഹിക്കുന്ന പേരുതന്നെയാണ്. ഫ്യൂഡലിസത്തിന്റെ ചട്ടക്കൂട്ടിൽ ഭൗതികസ്ഥാപനത്തിന്റെ വൈകല്യങ്ങളോടുകൂടി വളർന്ന സഭയിൽ, മാഞ്ഞും മറഞ്ഞും പോയ 'ദൈവജന'ത്തിന്റെ പുനരുദ്ധാരണമായിരുന്ന അത്. എന്നാൽ, പുനരുദ്ധാരണമായോ? അതൊട്ടില്ലതാനം.

ലത്തീൻസഭയെപ്പററി ഇന്നും പഴഞ്ചൊല്ലായിരിക്കുന്ന ഒരു നർമ്മോക്തി ഉണ്ട്, അതാണ് അൽമായരുടെ ചുമതലയായി പറയുന്ന മൂന്നു കാര്യങ്ങൾ; പ്രാർത്ഥിക്കുക, പണമിടുക, പിരിഞ്ഞുപോകുക. ഇതു് അനുഭവത്തിലും വളരെ ശരിയാണ്. പൊതുവേ പറഞ്ഞാൽ, ലത്തീൻസഭയിൽപ്പെട്ട അൽമായർക്കു് പണംകൊടുക്കുവാൻ ചുമതലയുണ്ടെന്നല്ലാതെ, ആ പണം എങ്ങനെ ചെലവാക്കിയെന്നു് അറിയുവാൻ ഒരു ജിജ്ഞാസയ്ക്കോ കൗതുകത്തിനോപോലും അവകാശമില്ല. ഭൗതികമായ സ്വത്തുക്കളോ വരുമാനങ്ങളോ എവിടെനിന്നും വരുന്നുവെന്നോ എങ്ങനെ ചെലവാക്കുന്നുവെന്നോ അറിയുവാൻ ശ്രമിക്കുന്നതു് ചാവദോഷമെന്നു് പറഞ്ഞാൽ പോരാ, "പിടിക്കപ്പെട്ട" 'ദൈവദോഷ'മാണ്. നിഗൂഢഭദ്രതയിലാണ് സഭയുടെ സ്വത്തും സഭാധികാരികൾ അവ വിനിയോഗിക്കുന്ന വിധവും പരമരഹസ്യമാക്കിവെച്ചിരിക്കുന്നതു്. സഭാഭരണത്തിൽ ആലോചനകളിൽ പങ്കെടുക്കുവാനോ അഭിപ്രായങ്ങൾ പ്രകടിപ്പിക്കുവാനോ യാതൊരു അവകാശവുമില്ലാത്തവരാണ്, അൽമേനികൾ. അഭിപ്രായത്തിനു മുതിരുന്നവരുടെ തലയ്ക്കുമുകളിൽ 'മഹറോൻ' എന്ന വാൾ നേരിയ നൂലിൽ തൂങ്ങിക്കിടപ്പുണ്ട്, ഇല്ലെങ്കിൽ തേജോവധം ചെയ്യാം, കമ്മ്യൂണിസ്റ്റെന്നോ, നിരീശ്വരനെന്നോ പറഞ്ഞു് ദുഷ്കീർത്തി പരത്തുവാൻ, സാമൂഹ്യമായും സാമ്പത്തികമായും സ്വാധീനശക്തിയുള്ളവരാണ് സഭാധികാരികൾ, ഇവയൊക്കെയാണ്, തലക്കനവും തലയെടുപ്പും നേതൃത്വവുമുള്ള അൽമേനികൾ വിശ്വസിക്കുന്നതു്. ഇതു് സഭയ്ക്കാകപ്പാടെ അപകടമാണെന്നു പറയേണ്ടതില്ലല്ലോ.

ദുഃഖകരമായ വൈദികവിദ്വേഷപ്രതിഭാസം കേരളത്തിൽ ഒന്നിനൊന്നു പടർന്നുവളരുകയാണ്. ഈ വിഷയത്തിന്റെ കാതൽ ഫ്യൂഡലിസ്റ്റു ഭരണവും സോഷ്യലിസ്റ്റ് ആദർശവും തമ്മിലുള്ള വൈരുദ്ധ്യമാണ്. ഫ്യൂഡലിസ്റ്റ് ഭരണം മൂത്തു മുരടിച്ചു് കാലഹരണപ്പെട്ട ഒന്നാണ്, ഭാരതത്തിൽ നിലവിലുള്ള ജനാധിപത്യതത്വങ്ങൾക്കും പുരാതനവും പ്രശസ്തവു

www.malankaralibrary.com

മായ ആദ്ധ്യാത്മികപാരമ്പര്യത്തിനും കടകവിരുദ്ധവുമാണ്, 16-ാം നൂററാണ്ടിൽ കേരളത്തിൽ പ്രവേശിച്ച ലത്തീൻസഭയുടെ ഫ്യൂഡലിസ്റ്റ് ഭരണരീതി മിക്കവാറും അധഃകൃതവർഗ്ഗങ്ങളിൽനിന്നും മാത്രമായി ലത്തീൻസഭയ്ക്കു് ഇന്നോളം ലഭിച്ചിട്ടുള്ള നിസ്സാരമായ വളർച്ചയുടെ തെളിവാണ്. ഭാരതത്തിന്റെ ആത്മാവിനെ സ്പർശിക്കുവാനെന്നല്ല ദർശിക്കുവാൻപോലും ഫ്യൂഡലിസ്റ്റ് ചട്ടക്കൂട്ടിൽ ഭാരതത്തിൽവന്ന പാശ്ചാത്യ സഭയ്ക്കു് സാധിച്ചിട്ടില്ല. ലത്തീൻസഭയുടെ ഇന്നത്തെ ഭാരതവൽക്കരണശ്രമങ്ങൾതന്നെ അതു് വിളിച്ചറിയിക്കുകയും ചെയ്യുന്നു. സോഷ്യലിസ്ററുഭരണത്തിൽ ആദർശത്തിലെങ്കിലും, ദരിദ്രരേയും ദീനരേയും അവശരേയും അനാഥരേയും ഉൾക്കൊള്ളുന്നതുകൊണ്ടു് ക്രിസ്തുവിന്റെ രാജ്യമെന്ന് അതിനെ വേണമെങ്കിൽ പറയാം. ആത്യന്തികമായ പ്രശ്നം സ്വേച്ഛാധിപത്യത്തിന്റെ വേഷഭൂഷാദികളുടേയും ആഡംബരാർഭാടങ്ങളുടേയും മാർഗ്ഗമാണോ വേണ്ടതു്, അഥവാ സത്യം സ്ഥാപിക്കുവാനും ധർമ്മം നിലനിർത്താനും സാഹോദര്യം പുലർത്താനും വേണ്ടിയുള്ള കുരിശിന്റെ പാതയാണോ വേണ്ടതു് എന്നാണ്.

16-ാം നൂററാണ്ടിലെ മെനേസിസിന്റെ നിർദ്ദേശത്തെ ആവശ്യമാക്കുന്ന ഒരു സംഭവം അടുത്തകാലത്തു്, അടുത്തു തന്നെ, ഉണ്ടായി. കേരളത്തിലെ മാർത്തോമ്മാസമുദായത്തിൽ കുലീനത്വംകൊണ്ടും ഉന്നതവിദ്യാഭ്യാസംകൊണ്ടും സ്ഥാനമാനങ്ങൾകൊണ്ടും സ്വാധീനശക്തികൊണ്ടും നിസ്തുലസ്ഥാനമുള്ള ഒരു ഇടവക; ലത്തീൻസേച്ഛാധിപത്യത്തിലും സുഖസൗകര്യങ്ങളിലും ആഡംബരാദികളിലും മുങ്ങിക്കുളിച്ചു് കുതിർന്ന ഭരണാധികാരി. അദ്ദേഹം ഒരു സുപ്രഭാതത്തിൽ ആ ഇടവകയിലെ ജനപ്രതിനിധികളുടെ കമ്മിററിയെ ഗളച്ഛേദം ചെയ്തു. കുറെ വികാരിമാരെ ഒരു രസത്തിനെന്നപോലെ മാറി മാറി അയച്ചു. കമ്മിററി ബഹിഷ്കൃതമായപ്പോൾ, വികാരി പള്ളിവക സ്വത്തിന്റെ നിരുത്തരവാദിയായ സർവ്വാധികാരിയായി. ഒരു വികാരി സ്ഥാനമേററശേഷം, പള്ളിയിലെ കപ്യാർ പതിവുപോലെ നേർച്ചപ്പെട്ടിയും ചുമന്നു്, വികാരിയുടെ മുറിയിൽ വച്ചപ്പോൾ, വികാരി പറയുകയാണ്, "താൻ ഇനി ഇവിടെ നില്ക്കണ്ട; ഞാൻ എണ്ണാൻ പഠിച്ചിട്ടുണ്ടു്" കപ്യാരുടെ പിന്നാലെ വികാരിയുടെ വാതിൽ അടഞ്ഞു. പുറത്തായതു് കപ്യാർ മാത്രമല്ലായിരുന്നു, വികാരിയുടെയും

www.malankaralibrary.com

ത്രപതാഭരണത്തിൻെറയും മനഃസാക്ഷികളും പുറത്തായി. പള്ളിയുടെ സ്വത്തും അതിൻെറ കണക്കുകളും മറച്ചുവയ്ക്കുവാൻ അളകളും അറകളും മറകളും തേടിനടക്കുന്ന വ്യഗ്രത, തീർത്തും ദുർഗ്രാഹ്യമായിരിക്കുന്നു. സത്യത്തിൻെറ കാവൽക്കാരാണ് സാക്ഷികൾ – കപ്യാരായാലും കമ്മിററിയായാലും ബഹുജനമായാലും – എന്നതിനെയും കടന്നുനില്ക്കുന്ന വികാരിയുടെ പണക്കൊതി.

ഏതൊരു അവകാശത്തിനും ഭാഗഭാഗിത്വത്തിനും അനിവാര്യമായ ചുമതലകളും സാഹചര്യങ്ങളുമുണ്ട്. അവ ഇല്ലാത്ത അവകാശാനുഭവം ആപത്താണ്. ഏഷ്യൻരാജ്യങ്ങളിലെ രാഷ്ട്രീയജനാധിപത്യപരീക്ഷണങ്ങൾക്ക് ഉണ്ടായ പരാജയം ഇതിന് തെളിവാണ്. അൽമായരുടെ അവകാശങ്ങളേയും ഭാഗഭാഗിത്വത്തേയുംപററി ചർച്ചചെയ്യുമ്പോൾ സഭയുടെ ക്ഷേമത്തിനും അഭിവൃദ്ധിക്കും അവ പര്യാപ്തമാണോയെന്നുള്ളത് ഏററവും പ്രധാനപ്പെട്ട കാര്യമാണ്, പ്രത്യേകിച്ചും ഇക്കാലത്ത്. രാഷ്ട്രീയതലത്തിലുള്ള ജനാധിപത്യരീതികളിൽക്കൂടി സഭാഭരണത്തെ പൂർണ്ണമായി കാണുവാൻ പാടില്ല. ഇന്ന് രാഷ്ട്രീയപ്രസരം നിർഗ്ഗമിക്കുന്നത് അധികവും ബലപ്രയോഗങ്ങളിൽ അവസാനിക്കുന്ന കക്ഷിമൽസരങ്ങളിലൂടെയാണ്. അവ തീർത്തും സഭാസംവിധാനത്തിന് വിരുദ്ധവും അതിൽ നിന്ന് ഒഴിവാക്കേണ്ടതുമാണ്. രാഷ്ട്രീയകക്ഷികളുടെ മാർഗ്ഗങ്ങൾ ഉപയോഗിച്ചുള്ള പ്രചരണങ്ങളും അവരുടെ കൊടികുത്തിതിരിഞ്ഞുള്ള തിരഞ്ഞെടുപ്പും സഭാഭരണസംവിധാനത്തിൽ കടന്നുകൂടുന്നത് ഏററവും വലിയ ആപത്തായിരിക്കും. സഭയുടെ വളർച്ചയെയും നിലനില്പിനെതന്നെയും അത് മാരകമായി ബാധിക്കുമെന്നതിൽ സംശയമില്ല.

## D. നെസ്റേറാറിയൻ ആരോപണത്തെപ്പററി

പൌരസ്ത്യസഭകളെപ്പററി അഗാധപഠനം നടത്തി പല ഗ്രന്ഥങ്ങൾ രചിച്ചിട്ടുള്ള Donald Attwater പറയുന്നു, "കേരളത്തിലെ മാർത്തോമ്മാസഭാനേതാക്കന്മാർ ആദ്യംമുതൽ പോർച്ചുഗീസുകാരെ തങ്ങളുടെ മതത്തിൽപ്പെട്ട സഹോദരന്മാരായി കരുതുകയും റോമിലെ പരിശുദ്ധ സിംഹാസനത്തിൻെറ പരമാധികാരവും അതോടുള്ള ഐക്യവും അവർ സമ്മതിക്കുകയും ചെയ്തിരുന്നുവെന്നുള്ളത് സുവ്യക്തമായ കാര്യമാണ്. 1549-ൽ കേരളത്തിൽവന്ന വി. ശൗര്യാർ പുണ്യവാനെപ്പോലെ കേര

www.malankaralibrary.com

ളത്തിൽ ആദ്യംവന്ന പോർച്ചുഗീസുകാരും മാർത്തോമ്മാക്രിസ്ത്യാനികളുടെ കത്തോലിക്കാവിശ്വാസത്തെക്കുറിച്ച് യാതൊരു സംശയവും പ്രകടിപ്പിച്ചിട്ടില്ല. അവർ സുറിയാനി മെത്രാനായ യാക്കോബിനെ അംഗീകരിക്കുകയും ചെയ്തിരുന്നു. എന്നാൽ പൊട്ടുന്നനവെയാണ് മാർത്തോമ്മാക്രിസ്ത്യാനികളെ ലത്തീനാക്കാനുള്ള ആവേശം തുടങ്ങിയതു്.''

ആററുവാട്ടർ തുടന്നു പറയുന്നു, ''മാർത്തോമ്മാക്രിസ്ത്യാനികൾക്ക് നെസ്തോറിയനിസത്തിനോട് രഹസ്യമായ എന്തെങ്കിലും താല്പര്യമുണ്ടായിരുന്നുവെന്ന് വിശ്വസിക്കുവാൻ യാതൊരു നിർവ്വാഹവുമില്ല. നേരേമറിച്ച്, തെളിവുകളുള്ളതു്, അവർക്ക് മാപ്പാപ്പായോട് ബഹുമാനാദരവുകളുണ്ടായിരുന്നുവെന്നുള്ളതാണ്. അവർക്കുണ്ടായിരുന്നതു്, പോർച്ചുഗീസുകാരുടെ അധികാരപ്രമത്തതയോടും കേരളത്തിൽ നടപ്പാക്കാൻ ശ്രമിച്ച യൂറോപ്യൻ സമ്പ്രദായങ്ങളോടും ഉള്ള അതിയായ എതിർപ്പും അമർഷവുമാണ്''[8].

## E. 'കാടുകയറിയ' സുറിയാനിക്കാർ

ഒരു വ്യക്തിയോ സമൂഹമോ പരിഷ്ക്കാരത്തിൽ എത്രതന്നെ ഉയന്നുനിന്നാലും ബാഹ്യമായ സാഹചര്യങ്ങൾകൊണ്ട് അധഃസ്ഥിതരായിത്തീരുക സ്വാഭാവികമാണ്. ആര്യന്മാരേക്കാൾ സംസ്കാരത്തിൽ ഉയന്നുനിന്നവരായിരുന്നു ദ്രാവിഡർ. എന്നാൽ അവർ കാട്ടിലേക്കു് ഓടിക്കപ്പെട്ടപ്പോൾ അവർ ഇന്നത്തെ ആദിവാസികളായിത്തീന്നു. മാർത്തോമ്മാക്രിസ്ത്യാനികളുടെ ഇടയിലും ഇതുപോലൊരു പ്രതിഭാസം ഉണ്ടായതായി തോന്നുന്നു. കുശാഗ്രബുദ്ധിയും അന്വേഷണവിദഗ്ദ്ധനുമായ മെനേസിസ് മെത്രാപ്പോലീത്താ, മാർത്തോമ്മാക്രിസ്ത്യാനികളിൽ ഒരു വിഭാഗം പീഡനമോ ഞെരുക്കമോമൂലം തങ്ങളുടെ നാടും വീടുംവിട്ട് സ്വൈരജീവിതത്തിന് പററിയതെന്നു തോന്നിയ കാടുകളിലേക്കു പോയതായി കേട്ടു. അവരെ കണ്ടുപിടിക്കുന്നതിന് അദ്ദേഹത്തിനു് അതിയായ ആഗ്രഹമുണ്ടായി. മെത്രാപ്പോലീത്താ കടമാളൂർപള്ളി സന്ദർശിച്ച അവസരത്തിൽ കാടുകേറിപ്പോയ ഈ ക്രിസ്ത്യാനികളെ കണ്ടുപിടിക്കുന്നതിന് വൈദികർ മുന്നോട്ടുവരണമെന്ന് അഭ്യർത്ഥിച്ചു. അതനുസരിച്ച് ആദ്യം ഒരു വൈദികനും പിന്നീട് മററൊരാളും സന്നദ്ധരായി.

8. Christian Churches of the East, 1961, P. 200-202.

www.malankaralibrary.com

അവർ 1599 ജൂലൈ 16–ാം തീയതി ഇടവപ്പാതിയുടെ പെരുംമഴയിലാണു് പുറപ്പെട്ടതു്. എട്ടുദിവസംകൊണ്ടു് കാടും മലയും കടന്നു് നാല്പത്തഞ്ചു മൈൽ പിന്നിട്ടു്, പശ്ചിമപർവ്വതത്തിൻെറ അടിവാരത്തിലെത്തി. അവിടെ അവർ ഒരു സംഘം ക്രിസ്ത്യാനികളെ കണ്ടുമുട്ടി. എന്നാൽ അവക്കു് വൈദികരോ പള്ളികളോ ഉണ്ടായിരുന്നില്ല. അവരുടെ വീടുകളിൽ കുരിശുവെച്ചു് വണങ്ങിയിരുന്നു. തങ്ങൾ മാർത്തോമ്മാ ശ്ലീഹായുടെ മക്കളാണെന്നു് അവർ അഭിമാനപൂർവ്വം പറഞ്ഞു. തങ്ങളെ അന്വേഷിച്ചുചെന്ന രണ്ടു വൈദികരെയും അവർ വളരെ സ്നേഹത്തോടും ബഹുമാനത്തോടും സ്വീകരിച്ചു. മെനേസിസിൻെറ ചരിത്രകാരനായ ഗോവയാ ഈ സംഭവം വിവരിക്കുന്നുണ്ടു്. ആ സ്ഥലത്തിൻെറ പേരു് അദ്ദേഹം കൊടുത്തിരിക്കുന്നതു് "Carthnarat" എന്നും ആ രാജ്യത്തിൻെറ പേരു് "Canarate" എന്നുമാണു്. ഈ രണ്ടു വൈദികരും പത്തുദിവസത്തോളം അവിടെ താമസിച്ചു് അവരെ മതതത്ത്വങ്ങൾ പഠിപ്പിക്കുകയും അവർക്കു് മാമ്മോദീസ നൽകുകയും ചെയ്തു. വി. അഗസ്തീനോസിൻെറ നാമത്തിൽ ഒരു ദേവാലയം അവർ അവിടെ പണിതു. മെനേസിസു് മെത്രാപ്പോലീത്താ അഗസ്റ്റീനിയൻ സഭക്കാരനായിരുന്നു. ഈ വൈദികർ വന്ന വിവരം അറിഞ്ഞു്, അടുത്തുള്ള സ്ഥലങ്ങളിൽ നിന്നും ആളുകൾ വന്നുകൂടി. അവിടത്തെ ആളുകൾ തെക്കുംഭാഗരാണെന്നും യുദ്ധംമൂലം കൊടുങ്ങല്ലൂർ വിട്ടുപോന്നതാണെന്നും തോമസു് വൈററ്ഹൗസു് പറയുന്നു. കാട്ടിലെ ഉല്പന്നങ്ങൾ ശേഖരിച്ചുവില്ക്കുകയായിരുന്നു അവരുടെ തൊഴിൽ. പന്തളംരാജാവിൻെറ കീഴിലുള്ള 'ചുങ്കം' ആണു് ആ സ്ഥലം. തിരുവിതാംകൂറിൽനിന്നും കിട്ടുന്ന സാധനങ്ങൾ മധുരയിൽ കൊണ്ടുപോയി വില്ക്കുകയും ചെയ്തിരുന്നു. അവിടത്തെ ആളുകൾ ആ വൈദികരോടു് ആ ഭാഗത്തു് താമസിച്ചിരുന്ന മല്പിയന്മാരെപ്പററി പറഞ്ഞു. മല്പിയന്മാർ–ഇവർ മലയരയന്മാരായിരിക്കാം–അരയത്തലവൻെറ കീഴിൽ 5000 ആളുകൾ ഉണ്ടെന്നാണു് വൈദികർ മനസ്സിലാക്കിയതു്. വൈദികർ അവരെ അന്വേഷിച്ചു് ഒരു സഹായിയോടുകൂടി പുറപ്പെട്ടു് അരയത്തലവനെ കണ്ടുമുട്ടി. മലയരയൻ അവരോടു് പറഞ്ഞതു് നാട്ടിലെ ക്രിസ്ത്യാനികളെപ്പററി അറിയാമെന്നും, അവർ വളരെ കുലീനരും, ആത്മാർത്ഥതയും സത്യസന്ധതയും ഉള്ളവരും ആക്കും ഒരു ദോഷം ചെയ്യാത്തവരും ആണെന്നുമെത്രെ. വൈദികർ മലയരയനോടും കൂട്ടരോടും ക്രിസ്തുമതം ഉപദേശിച്ചു.

www.malankaralibrary.com

എന്നാൽ അവരെ തിരുവല്ലാരാജാവിൻെറ അനുവാദംകൂടാതെ മതപരിവൎത്തനം നടത്താൻ പാടില്ലായിരുന്നു.

വൈദികർ മടങ്ങിവന്നു് ആർച്ചുബിഷപ്പിനെ വിവരങ്ങൾ എല്ലാം ധരിപ്പിച്ചപ്പോൾ, യെശയ്യാദീർഘദൎശിയുടെ വാക്കുകൾ ഉദ്ധരിച്ചുകൊണ്ടു്, അദ്ദേഹം പറഞ്ഞു, "സുവിശേഷം അറിയിക്കുന്നവരുടെ പാദങ്ങൾ എത്രയോ മനോഹരങ്ങളാണു്". മെത്രാപ്പോലീത്താ ഒരു വൈദികൻ വശം പൂഞ്ഞാററിലേയും തിരുവല്ലായിലേയും രാജാക്കന്മാൎക്കു് രത്നങ്ങൾ സമ്മാനമായി കൊടുത്തുകൊണ്ടു്, അവരുടെ മതപരിവൎത്തനത്തിനു് അനുവാദം വാങ്ങിച്ചു. അനന്തരം അൎക്കദിയാക്കോൻ ഗീവർഗ്ഗീസ്സും ഫാ. ബ്രിട്ടോയും ഏതാനും വൈദികരും മലയരയന്മാരുടെ സങ്കേതങ്ങൾ സന്ദർശിക്കുകയും അവരെ ക്രിസ്ത്യാനികളാക്കുകയും ചെയ്തു[9].

## F. സൂനഹദോസിനുശേഷം

മെനേസിസ് മെത്രാപ്പോലീത്തായുടെ സന്ദർശനപ്രോഗ്രാം താഴെപ്പറയുന്നതുപോലെയായിരുന്നു: ഒരു ദിവസം സായാഹ്നത്തിൽ ഇടവകയുടെ അതിൎത്തിയിലെത്തുക, അപ്പോൾ ജനങ്ങൾ ആഘോഷപൂർവ്വം അദ്ദേഹത്തെ സ്വീകരിച്ചു് പ്രദക്ഷിണമായി പള്ളിയിലേയ്ക്കു കൊണ്ടുവരും; വഴിക്കുവെച്ചു് മെത്രാപ്പോലീത്തായേയും റോമാസഭയേയും പ്രകീൎത്തിച്ചുള്ള പാട്ടുകൾ ഉണ്ടാകും. പള്ളിയിൽ പ്രവേശിച്ചശേഷം മെത്രാപ്പോലീത്താ സ്ഥാനവസ്ത്രങ്ങളണിഞ്ഞു് ആശീർവ്വാദവും ബന്ധവിമോചനവും നല്കും. അനന്തരം ജനങ്ങളുടെ കൈവശമുള്ള പുസ്തകങ്ങളെല്ലാം തിരുത്തുന്നതിനോ തീയിലിടുന്നതിനോ മഹറോൻ ശിക്ഷയുടെ കീഴിൽ കല്പിക്കും: പിറേറദിവസം കാലത്തെയാണു് മെത്രാപ്പോലീത്തായുടെ ആഘോഷപൂർവ്വമായ കുർബ്ബാന. അതിനു മുൻപു് പള്ളിയിൽവച്ചു് ജനങ്ങൾ കാൺകെ, പരസ്യമായി മെത്രാപ്പോലീത്താ ഒരു വൈദികൻെറ മുമ്പാകെ മുട്ടുകുത്തിനിന്നു് കുമ്പസാരിക്കും. അതു് ജനങ്ങൾക്കു് കുമ്പസാരിക്കുന്നതിനുള്ള സങ്കോചം തീൎക്കുവാനാണു്. പിന്നെ മാമ്മോദീസാ സ്വീകരിച്ചിട്ടില്ലാത്തവർക്കു് അതു നല്കും. ഉച്ചയ്ക്കുശേഷം മെത്രാപ്പോലീത്താ ദരിദ്രരുടെയും രോഗികളുടെയും വീടുകൾ സന്ദൎശിച്ചു് അവൎക്കു് ധനസഹായം

9. Thomas Whitehouse, P. 123.

www.malankaralibrary.com

ചെയ്യും. രാത്രിയിൽ വൈദികരെയും ജനപ്രമാണിമാരെയും വിളിച്ചുകൂട്ടി അവരുടെ പരാതികളും വഴക്കുകളുംകേട്ട് തീരുമാനമെടുക്കും. പുസ്തകങ്ങളധികവും മലയാളത്തിലും സുറിയാനിയിലുമായിരുന്നതിനാൽ, ഫാ. റോസ്സാണ് അവ തിരുത്തുകയോ നശിപ്പിക്കുകയോ ചെയ്തിരുന്നത്. പുരാതനരേഖകളും ഗ്രന്ഥങ്ങളും സൂക്ഷിച്ചിരുന്നത് അതിരൂപതയുടെ ആസ്ഥാനമായ അങ്കമാലിയിലാണ്. പള്ളികളിൽ സന്ദർശനത്തിനു വരുമ്പോഠം ഹിന്ദുക്കളായ നായന്മാരും സംബന്ധിച്ചിരുന്നു. അവരുടെ ദേവീദേവന്മാരെ പരിഹസിക്കുവാൻ മെത്രാപ്പോലീത്താ ഒരിക്കലും മറന്നുപോയിട്ടില്ല. ചില ഹിന്ദുക്കഠം കോപാക്രാന്തരായി മെത്രാപ്പോലീത്തായെ കയ്യേററം ചെയ്യുവാനും തുനിഞ്ഞിട്ടുണ്ട്. അദ്ദേഹം തേവലക്കപ്പള്ളിയിൽ ചെന്നപ്പോഠം ക്രിസ്ത്യാനികഠം അദ്ദേഹത്തിന്റെ അടുത്തുപോയില്ല. അദ്ദേഹത്തോട് അടുത്താലും അദ്ദേഹത്തെ തൊട്ടാലും തീണ്ടലുണ്ടാകുമെന്നവർ ഭയപ്പെട്ടിരുന്നു. ഈ അനുഭവംതന്നെ 19-ാം നൂററാണ്ടിൽ സുറിയാനിക്കാരുടെ ഒരു C. M. S. ഇടവകയിൽവച്ച്, ഇംഗ്ലീഷുകാരനായ ആംഗ്ലിക്കൻ ബിഷപ്പിനും ഉണ്ടായി. മെനേസിസ് പാലയൂർപള്ളിയിൽ ചെന്നപ്പോഴാണ്, അവിടത്തെ ആളുകഠം ഉദയംപേരൂർ സൂനഹദോസിനെപ്പററി ഒരു ഹാസ്യനാടകം നടത്തിയത്.

മെനേസിസ് മെത്രാപ്പോലീത്താ കേരളം വിടുന്നതിനു മുമ്പ് അങ്കമാലി മെത്രാപ്പോലീത്തായുടെ ആസ്ഥാനം അവിടെനിന്നും കൊടുങ്ങല്ലൂരേക്കു മാററണമെന്ന് അദ്ദേഹം മാർപ്പാപ്പായോടും പോർച്ചുഗൽ രാജാവിനോടും അഭ്യർത്ഥിച്ചിരുന്നു. അങ്കമാലിയിൽ പോർച്ചുഗീസുകാർക്കു യാതൊരു ശക്തിയും സ്വാധീനവുമില്ലാതിരുന്നതാണ് ഇതിനു കാരണം. അല്ലാതെ, കേരളസഭയിലെ മെത്രാപ്പോലീത്താമാരുടെ പുരാതന ആസ്ഥാനം കൊടുങ്ങല്ലൂർ ആയിരുന്നതുകൊണ്ടല്ല.

അദ്ദേഹത്തിന്റെ അവസാനത്തെ സന്ദർശനം വടക്കൻ പറവൂർപള്ളിയിലായിരുന്നു. മെത്രാപ്പോലീത്തായുടെ അവിടത്തെ ആദ്യസന്ദർശനത്തിന് ജനങ്ങളിൽനിന്നദ്ദേഹത്തിന് കിട്ടിയത് മുഖംതിരിഞ്ഞുള്ള ഒരു സ്വീകരണമായിരുന്നു. എന്നാൽ ഇത്തവണയാകട്ടെ, അദ്ദേഹത്തിന് തന്റെ നയചാതുര്യംകൊണ്ട് ജനങ്ങളെ മുഴുവനായി വശീകരിക്കുവാൻ സാധിച്ചു. മാർപ്പാപ്പാ ഒരു മെത്രാനെ നിയമിക്കുന്നതുവരെ, ആ

www.malankaralibrary.com

സ്ഥാനത്തു് അക്ദിയാക്കോനെ നിയമിച്ചു. അതു് അക്ദിയാക്കോനും ജനങ്ങൾക്കും സന്തോഷകരമായി.

പിന്നീടു് അദ്ദേഹം ജനങ്ങളോടും വൈദികരോടും ചോദിച്ചു: "മാപ്പാപ്പാ നിയോഗിക്കുന്ന മെത്രാനായി നിങ്ങൾക്കു് ആരെയാണു് വേണ്ടതു്? ജനങ്ങൾ വിളിച്ചുപറഞ്ഞു, "തിരുമേനിയെത്തന്നെ." മെത്രാപ്പോലീത്താ പറഞ്ഞു: "എനിക്കു നിങ്ങളുടെ മെത്രാപ്പോലീത്തായായി വരുവാൻ വളരെ സന്തോഷമാണു്. എന്നാൽ വല്ല കാരണവശാലും വരുവാൻ സാധിച്ചില്ലെങ്കിൽ, നിങ്ങൾക്കാരെ വേണം?" ജനങ്ങൾ മെത്രാപ്പോലീത്തായുടെ അടുത്തിരുന്ന വൈദികനെ ചൂണ്ടിക്കാണിച്ചുകൊണ്ടു പറഞ്ഞു, "ഫ്രാൻസിസ് റോസ് പാതിരിയെ തന്നെ." ഈ മറുപടിയിൽ മെത്രാപ്പോലീത്താ അത്യധികം സന്തോഷിച്ചു10. അച്ഛനിച്ഛിച്ചതും പാലു്, വൈദ്യൻ വിധിച്ചതും പാലു്" എന്നായിരിക്കണം മെനേസീസിൻെറ ആത്മഗതം. ജനങ്ങളുടെ മനോവികാരങ്ങളെ വിദഗ്ദ്ധമായി കൈകാര്യം ചെയ്തു് സ്വാഭീഷ്ടം സാധിക്കുവാൻ മെത്രാപ്പോലീത്താ അദ്വിതീയനാണെന്നു് ഇതു തെളിയിക്കുന്നു. മെനേസീസ് പിന്നെ അധികം സമയം കളഞ്ഞില്ല. ബാബിലോണിയൻ മെത്രാപ്പോലീത്തായെ തങ്ങൾ സ്വീകരിക്കുകയില്ലെന്നും മെനേസീസ് മെത്രാപ്പോലീത്തായെതന്നെ തങ്ങൾക്കു് മെത്രാപ്പോലീത്തായായി വേണമെന്നും, അതിനു നിർവ്വാഹമില്ലെങ്കിൽ തങ്ങൾക്കു് സുപരിചിതനും, മലയാളം സുറിയാനി ഭാഷകളിൽ പണ്ഡിതനുമായ ഫാ. റോസ്സിനെതന്നെ മെത്രാനായി വേണമെന്നും കാണിച്ചു് ഉടൻതന്നെ ഒരു നിവേദനം ലത്തീനിൽ എഴുതി അക്ദിയാക്കോനേയും ജനപ്രതിനിധികളേയുംകൊണ്ടു് ഒപ്പിടുവിച്ചു് റോമിലേയ്ക്കു് അയയ്ക്കുകയും ചെയ്തു. മെനേസീസ് മെത്രാപ്പോലീത്താ അതീവസന്തുഷ്ടിയോടും സംതൃപ്തിയോടുംകൂടി വിജയശ്രീലാളിതനായി ഗോവയിലേക്കു് മടങ്ങി.

ചുഴിഞ്ഞുനോക്കിയാലും പുനരാലോചനയിലും മെനേസീസിൻെറ ദൗത്യം ഒരു തികഞ്ഞ പരാജയമായിരുന്നു. ഒരു പ്രശ്നത്തിനു് പരിഹാരം കാണുവാൻവന്ന അദ്ദേഹം അതിൻെറകൂടെ മററനേകം പ്രശ്നങ്ങളും സൃഷ്ടിച്ചുകൊണ്ടാണു്

---

10. Brown, P. 38-39

www.malankaralibrary.com

മടങ്ങിപ്പോയതു്. പിന്നാലെയുണ്ടായ ചരിത്രസംഭവങ്ങൾ അദ്ദേഹത്തിന്റെ മാസ്മരപ്രഭാവത്തിനു തിരശ്ശീലവീണതാണു വെളിപ്പെടുത്തുന്നതു്. നയതന്ത്രജ്ഞതയിൽ ചക്രവർത്തിപ്പട്ടം കെട്ടിയ അദ്ദേഹത്തിന്റെ മാന്ത്രികശക്തിക്കു് അധികനാൾ നിലനില്ക്കുവാൻ കഴിഞ്ഞില്ല. അദ്ദേഹത്തിന്റെ മഹേന്ദ്രജാലം അവസാനിച്ചപ്പോൾ നാടകം കണ്ടുകഴിഞ്ഞ കണ്ണുകൾ, തെളിഞ്ഞ യാഥാർത്ഥ്യത്തിന്റെ കടുത്ത വസ്തുതകളിലേയ്ക്കു് വീണ്ടും തിരിഞ്ഞു. ജനങ്ങളിൽ അവശേഷിച്ചബോധം തങ്ങൾ വഞ്ചിക്കപ്പെട്ടുവെന്നായിരുന്നു. യാഥാർത്ഥ്യങ്ങളുടെ പാറക്കെട്ടുകളിൽ ലത്തീൻ മേധാവിത്വത്തിന്റെ നൗക വീണ്ടും പലപ്രാവശ്യം ചെന്നടിച്ചു. അതാണു് ഉദയംപേരൂർ സൂനഹദോസു മുതൽ കൂനംകുരിശുവരെയും, തുടർന്നു് കർമ്മലീത്തൻ ആധിപത്യത്തിലും കാണുന്ന ചരിത്രസംഭവങ്ങൾ.

www.malankaralibrary.com

## പത്താം അദ്ധ്യായം

# കുരിശിന്റെ ഗീവറുഗീസ് അർക്കദിയാക്കോൻ (1593-1637)

വ്യക്തികളുടെ മാത്രമല്ല, ജനസമൂഹങ്ങളുടേയും രാഷ്ട്രങ്ങളുടേയും ചരിത്രത്തിൽ അവരുടെ ഭാവി ത്രാസിലാട്ടുന്ന വിധി നിർണ്ണായകങ്ങളായ ചില പ്രതിസന്ധികളുണ്ടായിട്ടുണ്ട്. ആ സമൂഹങ്ങളുടെ കഷ്ടതകൾക്കു മാത്രമല്ല, അവയുടെ നാശത്തിനുതന്നെയും അവ ഇടയാക്കിയതായി ചരിത്രത്തിൽ കാണാം. എന്നാൽ ഇങ്ങനെയുണ്ടാകുന്ന സന്ദർഭങ്ങളിൽ, ആ ജനസമൂഹങ്ങളുടെ ഭാഗധേയംകൊണ്ട്, അഥവാ ശരിയായി പറഞ്ഞാൽ, അവയെ താങ്ങുന്ന ദൈവകരത്തിന്റെ കാരുണ്യംകൊണ്ട്, ധീരചിത്തരും പ്രഗല്ഭമതികളുമായ ചില നേതാക്കന്മാർ ഉദയം ചെയ്യുകയും ആ സമൂഹങ്ങളെ രക്ഷപ്പെടുത്തുകയും ഉണ്ടായിട്ടുണ്ട്. വിശാലവും സാന്ദ്രവുമായ അക്രൈസ്തവാന്തരീക്ഷത്തിന്റെ നടുക്ക്, സമുദ്രമദ്ധ്യത്തിലെ പാറക്കെട്ടിൽ നില്ക്കുന്ന ദീപസ്തംഭംപോലെ, കുലുക്കവും ഉലച്ചിലുമില്ലാതെ, 1600 കൊല്ലത്തോളം നിലനിന്നിരുന്ന ഒരു ജനസമൂഹമായിരുന്നു കേരളത്തിലെ മാർത്തോമ്മാക്രിസ്ത്യാനികൾ. ബ്രാഹ്മണവിധിയിലെ ഷോഡശ സംസ്ക്കാരങ്ങളുടെ ചട്ടക്കൂട്ടിൽ നിലനിന്നിരുന്നുവെങ്കിലും ക്രൈസ്തവവിശ്വാസത്തിന്റെ സത്യദീപത്തെ കെടാതെ സൂക്ഷിക്കുവാൻ നൂററാണ്ടുകളോളം അവക്ക് കഴിഞ്ഞുവെന്നുള്ളതാണ് കേരളസഭയുടെ നിസ്തുലമായ മഹാത്മ്യം.

തോമസ് വൈററ്ഹൗസ് (Thomas whitehouse) എന്ന ചരിത്രപണ്ഡിതൻ കേരളസഭയെപ്പററി പറയുന്നു: ''വിദൂരവും അജ്ഞാതവുമായ ദക്ഷിണേന്ത്യൻ തീരങ്ങളിൽ, ക്രൈസ്തവ സഭയുടെ പുരാതനശാഖകളിലൊന്ന്, ഏതൊരു മനുഷ്യസൃഷ്ട സ്ഥാപനത്തിനും വന്നുകൂടാവുന്ന വ്യതിയാനങ്ങളേയും വിപത്ഘട്ടങ്ങളേയും അതിജീവിച്ച സുദീർഘമായി നിലനിന്നുപോന്നതു് ക്രൈസ്തവസഭാചരിത്രത്തിലെ ഏററവും

www.malankaralibrary.com



കുരിശിന്റെ ഗീവർഗ്ഗീസ് അർക്കദിയാക്കോൻ

www.malankaralibrary.com

അത്ഭുതകരവും മനോഹരവുമായ സംഭവമാണ്''[1]. അദ്ദേഹം ചോദിക്കുന്നു: "ക്രൈസ്തവസഭയുടെ മഹാതലവൻ (ദൈവം) ഈ കൈത്തിരിയെ (കേരളത്തിലെ മാർത്തോമ്മാസഭയെ) ഇളക്കമേല്ക്കാതെയും മാററമില്ലാതെയും സംരക്ഷിച്ചുപോന്നതു്, ഭാരതരക്ഷയ്ക്കുവേണ്ടിയുള്ള കാരുണ്യമേറിയ ദൈവപരിപാലനയുടെ ഒരു ഭാഗമായിട്ടല്ലേ?''[2].

കേരളത്തിലെ മാർത്തോമ്മാസഭയെപ്പററി പഠിക്കുവാനും ശ്ലീഹാ സ്ഥാപിച്ച ഏഴരപ്പള്ളികൾ സന്ദർശിക്കുവാനും കേന്ദ്രഗവണ്മെൻറിൻെറ അതിഥിയായി, 1852-ൽ (മാർത്തോമ്മാ ശ്ലീഹാ വന്നതിൻെറ 18-ാം ശതവാർഷികത്തിൽ) കൊടുങ്ങല്ലൂരിൽവന്ന തോമസ് വൈററുഹൗസ് ഉന്നയിച്ച ഈ ചോദ്യം, നൂറുവർഷം കഴിഞ്ഞപ്പോൾ പ്രവചനമായി മാറിയതു് ആശ്ചര്യകരമായിരിക്കുന്നു: കാരണം, 1952 ആകുമ്പോഴേയ്ക്കു്, കേരളത്തിലെ മാർത്തോമ്മാസഭയുടെ ധീരസന്താനങ്ങളായ യുവതീയുവാക്കന്മാർ ഇന്ത്യയുടെ എല്ലാ രൂപതകളുടെയും പ്രേഷിതരംഗങ്ങളിൽ നിരന്നുകഴിഞ്ഞിരുന്നു. ലെയോ XIII-ാം മാർപ്പാപ്പാ, ''ഭാരതമേ നിൻെറ രക്ഷ നിൻെറ സന്താനങ്ങളിൽത്തന്നെ''യെന്നു് പറഞ്ഞപ്പോഴും അതു് കേരളത്തിലെ മാർത്തോമ്മാസഭയെപ്പററിയുള്ള ഒരു പ്രവചനമായിരുന്നുവെന്നു് ഇന്ത്യയിലെ എല്ലാ മിഷ്ൻ രംഗങ്ങളും ഇന്നു് വിളിച്ചറിയിക്കുന്നു.

തോമസ് വൈററ്ഹൗസിൻെറയും മററു പല വിദേശചരിത്രകാരന്മാരുടെയും അത്ഭുതത്തിനും മുക്തകണ്ഠമായ പ്രശംസയ്ക്കും അഭിനന്ദനത്തിനും വിഷയമായ കേരളത്തിലെ മാർത്തോമ്മാസഭ, അതിൻെറ വ്യക്തിത്വം നശിച്ചു നാമാവശേഷമാകുന്ന പ്രതിസന്ധി, 1599-ൽ ഉണ്ടായി. സഭയുടെ അന്നത്തെ ശത്രുക്കൾ ജയിച്ചിരുന്നുവെങ്കിൽ ചരിത്രത്തിൻെറ പഴയ ഏടുകളിൽ മാത്രമേ കേരളത്തിലെ മാർത്തോമ്മാസഭയെ കാണുവാൻ കഴിയുമായിരുന്നുള്ളൂ. ആ ആപദ്ഘട്ടത്തിൽ സഭയെ രക്ഷിച്ചതു് ആരു് എന്ന ചോദ്യത്തിനു മറുപടിയായ പേരാണു്, കുരിശിൻെറ ഗീവറുഗീസ് അക്ക്ദിയാക്കോൻ. വിദേശികളെഴുതിയ ഉദയംപേരൂർ സൂനഹദോസ് ചരിത്രത്തിൽ, ഗീവറുഗീസ് അക്ക്ദിയാക്കോൻെറ സ്ഥാനം അണിയറയി

1. Lingerings of Light in a Dark Land: 1873: P. 1
2. Ibid.

www.malankaralibrary.com

ല്യം, സാന്ദർഭികമായിമാത്രം പരസ്യവേദിയിലുമാണ്. കേരളത്തിലെ സുറിയാനി ക്രമത്തെയും ഭാഷയെത്തന്നെയും ചുവടേ പിഴുതെറിയുമെന്നുള്ള മെനേസിസിൻെറ ഉഗ്രശപഥം തകന്നതു് ഈ അക്കദിയാക്കോൻ എന്ന പാറയിലാണ്. സുറിയാനി റീത്തിനെ പരിച്ഛേദം മാററുവാൻ മെനേസിസിനു കഴിഞ്ഞിരുന്നുവെങ്കിൽ, കത്തോലിക്കരുടേതായ മാർത്തോമ്മാസഭ എന്നൊന്നു്, കേരളത്തിൽ കണികാണുവാൻപോലുമുണ്ടാകുമായിരുന്നില്ല. അതിനെ രക്ഷിച്ചതു്, തീച്ചയായും കുരിശിൻെറ ഗീവറുഗീസ് അക്കദിയാക്കോനാണ്. അതിൻെറ പ്രതികാരമെന്നപോലെ തോന്നുന്നു, പല നൂററാണ്ടുകളോളം കേരളസഭാഭരണത്തിൻെറ അച്ചുതണ്ടായിരുന്ന അർക്കദിയാക്കോൻെറ പേരുപോലും ഉദയംപേരൂർ സൂനഹദോസിൻെറ പ്രമേയങ്ങളിൽ പൂർണ്ണമായും അവഗണിക്കപ്പെട്ടതു്. ലത്തീൻ മോഡലിലുള്ള മെത്രാന്മാരുടെ ഏകാധിപത്യഭരണത്തിൽ അക്കദിയാക്കോന്മാർ അപ്രതിരോധ്യമായ പ്രതിബന്ധമായും മെനേസിസ് മെത്രാപ്പോലീത്താ കണ്ടിരിക്കാം.

## അർക്കദിയാക്കോൻ സ്ഥാനം

'അക്കദിയാക്കോൻ' ഗ്രീക്കിലുള്ള Archdiakonos ൻെറയും ഇംഗ്ലീഷിലുള്ള ആർച്ചുഡീക്കൻെറയും (Archdeacon) ൻെറയും രൂപാന്തരമാണ്. Arch–എന്നു പറഞ്ഞാൽ പ്രധാനി എന്നാണർത്ഥം. Diakonos എന്നതിൻെറ അർത്ഥം 'ശുശ്രൂഷകൻ' അഥവാ 'സേവകൻ' എന്നും. അപ്പസ്തോലന്മാരുടെ കാലത്തുതന്നെയാണ് ഡീക്കൻ സ്ഥാനവും അതിൻെറ ചുമതലകളും നിലവിൽ വന്നതു്[3]. ആ സ്ഥാനത്തിൻെറ ഉത്ഭവംതന്നെ ശ്രദ്ധാർഹമാണ്. ദൈവവചനപ്രചരണത്തിനു് ഭൗതികകാര്യനിർവ്വഹണം തടസ്സമാണെന്നു് ബോദ്ധ്യപ്പെട്ടപ്പോറം, ശ്ലീഹന്മാർതന്നെ ഡീക്കന്മാരെ നിശ്ചയിച്ചു. സഭാഭരണത്തിൽ വന്നുകൂടുന്ന ആത്മീയവും ഭൗതികവുമായ മേഖലകളുടെ നിർവ്വചനവും മാർഗ്ഗരേഖയുമായിരുന്നു ഈ സംഭവം. ഇങ്ങനെ വേർപെട്ട രണ്ടുവകുപ്പുകറം (Portfolios) തന്നെയുണ്ടായി. ഇതിനെ ആസ്പദമാക്കിയാണ് പുരാതനസഭകളിൽ ഡീക്കന്മാർ ആയുഷ്കാലസ്ഥാനികളായതു്. എന്നാൽ ഭൗതികം ആത്മീയതയിൽ ലയിക്കുന്നതിനുപകരം, ആത്മീയത്വം ഭൗ

3. ശ്ലീഹന്മാരുടെ നടപടികറം: VI: 1-7.



www.malankaralibrary.com

തികത്വത്തിൽ ലയിച്ചപ്പോഠം, ഡീക്കൻസ്ഥാനം നാമാവശേഷമായി. ഇന്നു് പാശ്ചാത്യസഭയിൽ ഡീക്കൻസ്ഥാനം വൈദികസ്ഥാനത്തിനുള്ള ഒരു ചവിട്ടുപടി മാത്രമായി ശേഷിക്കുന്നു; അനന്തരം, അതു് പൂർണ്ണമായും വിസ്മൃതമാകുന്നു. എന്നാൽ പൌരസ്ത്യസഭകളിൽ അങ്ങനെയല്ല. ഡീക്കൻപദം അപ്പസ്തോലികകാലത്തെ പാരമ്പര്യമനുസരിച്ചു്, ആയുരന്തം നിലനില്ക്കുന്ന ഒരു സ്ഥാനമാണു്. ഡീക്കൻ വഹിച്ചിരുന്ന ഭൗതിക ചുമതലകഠം കാലക്രമേണ വൈദികരിലേയ്ക്കും, അവസാനം മെത്രാന്മാരിലേയ്ക്കും ചെന്നുകൂടി. അങ്ങനെ രണ്ടുവകുപ്പുകളും ഒരു കൈയിലായി. ഇതിൻെറയും പരിണതഫലമാണു് മെത്രാന്മാരുടെ ഫ്യൂഡലിസ്റ്റിക് (Feudalistic) പ്രഭുത്വമായി കാണുന്നതു്. എന്നാൽ പ്രധാനപ്പെട്ട കാരണം, കോൺസ്റ്റൻറയിൻ ചക്രവർത്തി സഭാധികാരികഠക്കു് രാജ്യഭരണത്തിൽ കൊടുത്ത ഭാഗഭാഗിത്വവും ഭൗതികമായ സ്ഥാനമാനങ്ങളുമാണു്.

എ. ഡി. 4-ാം നൂററാണ്ടു മുതൽ പുരാതനസഭകളിൽ അക്ക്ദിയാക്കോന്മാർ ഉണ്ടായിരുന്നതിനു് രേഖകളുണ്ടു്. വി. ഒപ്ത്താത്തോസ് നാലാംനൂററാണ്ടിൽ വടക്കേ ആഫ്രിക്കൻ സഭയിൽ അക്ക്ദിയാക്കോന്മാരുണ്ടായിരുന്നതായി പറയുന്നു. ഒരു രൂപതയിലെ ഭരണപരവും സാമ്പത്തികവുമായ ചുമതലകളാണു് അവർ വഹിച്ചിരുന്നതു്[4]. ഇപ്പോഴത്തെപ്പോലെ, അന്നത്തെ അക്ക്ദിയാക്കോൻ വൈദികനായിരുന്നില്ല, ഡീക്കൻ മാത്രമായിരുന്നു; ഫ്രാൻസ് മുതലായ പാശ്ചാത്യസഭകളിലും മെത്രാന്മാക്കു് ഭരണസഹായികളായി ആർച്ച് ഡീക്കന്മാരുണ്ടായിരുന്നു. ക്രമേണ അവർ സ്വതന്ത്രഭരണകർത്താക്കളായിത്തീന്നു. അവർ കൊടികുത്തിവാണകാലം 12-ാം നൂററാണ്ടാണു്. ത്രെന്തോസ് (Trent) സൂനഹദോസാണു്, പാശ്ചാത്യസഭയിൽ ഈ സ്ഥാനം നിർത്തലാക്കിയതു്.

ലത്തീൻമെത്രാന്മാർ അക്ക്ദിയാക്കോൻെറ സ്ഥാനത്തു്, വികാരിജനറാളിനെ നിയമിച്ചു. എന്നാൽ ഈ സ്ഥാനം പുരാതനവുമല്ല, പൌരസ്ത്യവുമല്ല. പൌരസ്ത്യസഭകളിൽ അക്ക്ദിയാക്കോൻ സ്ഥാനം തുടന്നുപോന്നു. കേരളസഭയിൽ അക്ക്ദിയാക്കോനുണ്ടാകുവാൻ കാരണമിതാണു്. സുറിയാനി ഇടവകകളിലെ അല്മായപ്രാമുഖ്യമുള്ള ഭരണസമിതി (Trustee) യുടെ

4. H. Chadwick, P. 48.

www.malankaralibrary.com

ആധാരവും ഇതാണ്. പാശ്ചാത്യസഭയ്ക്ക് സ്വേച്ഛാധിപത്യ ഭരണത്തിൽ ദീർഘകാലമായുള്ള വഴക്കവും തഴക്കവുംകൊണ്ട്, അർക്കദിയാക്കോൻസ്ഥാനം ദുർഗ്രാഹ്യമായ ഒരു വിഷയമാണ്. എന്നാൽ രണ്ടാം വത്തിക്കാൻ സൂനഹദോസ് സുറിയാനിസഭാഭരണത്തിലെപ്പോലെയുള്ള അല്പമായപ്രാതിനിധ്യം കുറെയൊക്കെ ലത്തീൻസഭയിലും അംഗീകരിക്കുകയും നിർദ്ദേശിക്കുകയും ചെയ്തു. പാശ്ചാത്യസഭാഭരണത്തിന്റെ ആധാരശില ഏകാധിപത്യമാണ്. ഏകാധിപത്യവും സ്വേച്ഛാധിപത്യവും തമ്മിൽ പ്രായോഗികതലത്തിൽ വ്യത്യാസമൊന്നും കാണാറില്ലല്ലോ. കേരളസഭയിൽ വിദേശഭരണകർത്താക്കളും ജനങ്ങളും തമ്മിൽ നടന്ന ദീർഘസമരത്തിന്റെ ഒരു കാരണവും ഇതായിരുന്നു. സ്വദേശിമെത്രാന്മാരെ ലഭിച്ചിട്ടും, പല ഇടവകകളിലും ഇന്നുണ്ടാകുന്ന വീർപ്പുമുട്ടലുകളുടേയും പ്രതിഷേധശബ്ദങ്ങളുടേയും കാരണം, പാശ്ചാത്യമിഷ്നറിമാർ കേരളക്കരയിൽ നാട്ടിനിറുത്തിയ ലത്തീൻമോഡലിലുള്ള ഏകാധിപത്യഭരണരൂപവും അതിന്റെ വൈകല്യങ്ങളുമാണ്.

## കേരളസഭയിലെ അർക്കദിയാക്കോന്മാർ

കേരളസഭയിലെ അർക്കദിയാക്കോൻസ്ഥാനം വളരെ പുരാതനമായ ഒന്നാണ്. എന്നാൽ എത്ര പുരാതനമെന്ന് പറയുവാനാവില്ല. അർക്കദിയാക്കോൻസ്ഥാനം ബാബിലോണിയൻ സഭയിലും പുരാതനമായ ഒന്നാണ്. കേരളത്തിലെ മാർത്തോമ്മാക്രിസ്ത്യൻ സമൂഹം വ്യതിരിക്തമായിരുന്നതുകൊണ്ട് ''ജാതിക്കു കർത്തവ്യനാ''യി ഒരാൾ എപ്പോഴും ഉണ്ടായിരുന്നു. അദ്ദേഹം രാജാവോ അർക്കദിയാക്കോനോ ആയിരിക്കാം. ബാബിലോൺ പാത്രിയർക്കീസായ തിമോത്തി (780–823) ഇൻഡ്യയിലെ ക്രൈസ്തവസമൂഹത്തിന്റെ നേതാവായ അർക്കദിയാക്കോന് ഒരു കത്തയയ്ക്കുന്നുണ്ട്. എ. ഡി. 345–ൽ കേരളത്തിൽവന്ന ക്നായിതൊമ്മന്റെ കാലംമുതലാണ് അർക്കദിയാക്കോൻസ്ഥാനം ആരംഭിക്കുന്നതെന്ന് W. ജെർമാൻ എന്ന ചരിത്രകാരൻ പറയുന്നു. പക്ഷേ, അദ്ദേഹം അതിന് തെളിവൊന്നും തരുന്നില്ല. കോതമംഗലം പോത്താനിക്കാട്ടുകുടുംബത്തിൽ സൂക്ഷിച്ചിട്ടുള്ള രേഖയനുസരിച്ച് 1509–ൽ ഇട്ടിക്കുരിയത്ത് എന്നൊരു അർക്കദിയാക്കോൻ ഉണ്ടായിരുന്നു[5]. അദ്ദേഹം പകലോമററം കുടുംബാംഗമായിരുന്നോ?

5. Kollaparampil Jacob, The Archdeacon of All India, 1972, P. 81-82.

www.malankaralibrary.com

Rev. George Kurian എഴുതിയ The Syrian Church of Malankara (1908) എന്ന ഗ്രന്ഥത്തിൽ 1502 മുതൽ ഗീവറുഗീസ്, യാക്കോബ്, ചാണ്ടി, വീണ്ടുമൊരു ഗീവറുഗീസ് എന്നിവരെപ്പററി പറയുന്നുണ്ട്. മാർ യാക്കോബിൻെറ കാലത്തെ അർക്കദിയാക്കോന്മാരെപ്പററി ഇതിനുമുൻപു പ്രസ്താവിച്ചിട്ടുണ്ട്.

പാശ്ചാത്യസഭയിൽ ഡീക്കൻസ്ഥാനത്തിൻെറ പുനരുദ്ധാരണം ആരംഭിച്ചിട്ടുണ്ട്. 1967–ജൂൺ മാസത്തിൽ ആറാം പോൾ മാപ്പാപ്പാ ഡീക്കൻസ്ഥാനം പുനരുദ്ധരിക്കുന്നതിനുള്ള അനുവാദം പാശ്ചാത്യസഭയിലെ മെത്രാന്മാക്ക് നല്കി. അങ്ങനെ ഇംഗ്ലണ്ട്, അമേരിക്ക, ഫ്രാൻസ്, ജർമ്മനി, ഇററലി മുതലായ രാജ്യങ്ങളിൽ അല്മേനികൾക്ക് ഡീക്കൻസ്ഥാനം കൊടുത്തുതുടങ്ങി6.

1971 സെപ്ററംബർ മാസത്തോടുകൂടി വിവാഹിതരായ 50 അല്മേനികളെ ഡീക്കന്മാരായി അമേരിക്കയിൽ വാഴിച്ചു. അവർക്ക് കുർബ്ബാനസമയത്ത് സുവിശേഷം വായിക്കുവാനും പ്രസംഗിക്കുവാനും രോഗികളുടെ വീടുകളിൽ വി. കുർബാന കൊണ്ടുപോയി കൊടുക്കുവാനും അധികാരമുണ്ട്. എന്നാൽ പൌരസ്ത്യസഭകളിൽ ഇന്നോളം നിലനിന്നുപോന്ന ഒരു ആചാരം മാത്രമാണിത്. രണ്ടാം വത്തിക്കാൻ സൂനഹദോസിൻെറ നിശ്ചയങ്ങൾ പലതും അപ്പസ്തോലിക കാലത്തേയ്ക്കും, തന്മൂലം, പൌരസ്ത്യസഭകളിലെ ആചാരങ്ങളിലേയ്ക്കുമുള്ള തിരിച്ചുവരവാണല്ലോ കാണിക്കുന്നത്. ഡീക്കൻസ്ഥാനത്തിൻെറ പുനരുദ്ധാരണം അതിലൊന്നാണ്. രണ്ടാം വത്തിക്കാൻ സൂനഹദോസ് പ്രഖ്യാപിക്കുന്നു; "ഇക്കാരണത്താൽ ഇനിമുതൽ ഡീക്കൻപദവി ഹയരാർക്കിയുടെ സ്വകീയവും ഉചിതവും ശാശ്വതവുമായ ഘടകമായി പുനരുദ്ധരിക്കാവുന്നതാണ്"7.

പാലയൂർ മെത്രാനായി നിയമിക്കപ്പെട്ട ഈശോയുടെ ഗീവറുഗീസ് അർക്കദിയാക്കോൻ മെത്രാനാകാഞ്ഞത് അദ്ദേഹത്തിൻെറ അത്യഗാധമായ എളിമകൊണ്ടാണെന്ന് മാപ്പാപ്പായുടെ പിന്നീടുള്ള ഒരു കല്പനയിൽ സൂചനയുണ്ടെന്നു പ്രസ്താവിച്ചിട്ടുണ്ടല്ലോ. എന്നാൽ അർക്കദിയാക്കോനു് മെത്രാൻ

6. Permanent Deacons, U. S. A. Guidelines, 1971.
7. ധർമ്മാരാം വിവർത്തനം, 1968, P. 59.

www.malankaralibrary.com

പട്ടം കൊടുക്കുവാൻ മാർ അബ്രഹാം വഴിപ്പെടാഞ്ഞതുകൊണ്ടാണെന്നു്, ഫെറോളി പറയുന്നു. മെത്രാനാകാഞ്ഞതുകൊണ്ടു് അക്കദിയാക്കോൻ പിണങ്ങിനടന്നുവെന്നും അദ്ദേഹംതന്നെയോ, ഏതാനും സുറിയാനി വൈദികരോ, ഫാദർ റോസിനോടു് അതേപ്പററി ചോദ്യംചെയ്തുവെന്നുംകൂടി ഫെറോളി പറയുന്നുണ്ടു്8. അപ്പോഠം സത്യം എവിടെയെന്നു് എങ്ങനെ അറിയാൻ സാധിക്കും? ഫാ. ഫ്രാൻസിസു് ഡയോനിഷ്യോ എന്ന ജസ്യൂട്ടുവൈദികൻ ജസ്യൂട്ട ജനറാളിനു് 1578 ജനുവരി 2–ാം തീയതി അയച്ച കത്തു് ഡോ. കൊല്ലാപറമ്പിൽ ഉദ്ധരിക്കുന്നുണ്ടു്. അതിൽ, കേരളത്തിലുണ്ടായിരുന്ന വിദേശ സന്ന്യാസസഭകളിലെ പല പ്രമുഖാംഗങ്ങളും കൊച്ചിരാജാവുതന്നെയും മെത്രാൻപട്ടം സ്വീകരിക്കുവാൻ ഈശോയുടെ ഗീവറുഗീസിനെ നിർബ്ബന്ധിച്ചിട്ടും അദ്ദേഹം സമ്മതിച്ചില്ലെന്നും ഒടുവിൽ ജസ്യൂട്ട ഫാദർ വിസിററിൻെറ നിർദ്ദേശമനുസരിച്ചു്, ഫാ. ഡയോനിഷ്യോതന്നെ അക്കദിയാക്കോനെ സമീപിച്ചു് അഭ്യർത്ഥന നടത്തിയെന്നും, എന്നാൽ അദ്ദേഹത്തിൻെറ മറുപടി തന്നോടു് ഇതേപ്പററി സംസാരിച്ചുപോകരുതെന്നുള്ള ശാസന ആയിരുന്നെന്നും പറയുന്നു9.

പാലയൂർ മെത്രാനായി നിയമിക്കപ്പെട്ട ഈശോയുടെ ഗീവറുഗീസ് 1585–ൽ മരിച്ചു. അനന്തരം ലോനാ അക്കദിയാക്കോൻ സ്ഥാനമേററു. കുരിശിൻെറ ഗീവറുഗീസ്, അക്കദിയാക്കോനായതു് 1593–ലാണു്. വിദേശാധിപത്യത്തിൻെറ കുരിശും ചുമന്നുകൊണ്ടു് ഉദയംപേരൂരെന്ന ഗാഗുൽത്തായിൽ എത്തിയതും അദ്ദേഹമായിരുന്നു. പ്രക്ഷുബ്ദമായ ഒരു കാലഘട്ടത്തിൻെറ നടുനായകത്വമാണു് അദ്ദേഹത്തിനുള്ളതു്. സഭയുടെ ഭാവി നിർണ്ണയിക്കുന്ന പല ഗുരുതരസംഭവങ്ങളും അദ്ദേഹത്തിൻെറ കാലത്തുണ്ടായി. ധീരവും വിവേകപൂർണ്ണവുമായ നേതൃത്വംമൂലം, അദ്ദേഹം ഉന്നതശീഷ്നായ കേരള സഭാസംരക്ഷകനായിത്തീർന്നു. ഒടുവിലത്തെ ബാബിലോണിയൻ മെത്രാനായ മാർ അബ്രഹാമിൻെറ അവസാനകാലത്താണു് അദ്ദേഹം അക്കദിയാക്കോനായി രംഗപ്രവേശം ചെയ്യുന്നതു്. ആദ്യകാലത്തു് അദ്ദേഹം മാർ അബ്രഹാമിൻെറ വലംകൈയായിനിന്നു പ്രവർത്തിച്ചു. മാർ അബ്രഹാമും ജസ്യൂ

8. Ferroli, Vol. I, P. 169.
9. Kollaparampil, J. P. 87.

www.malankaralibrary.com

ട്ടരും രസക്ഷയത്തിലായിരുന്ന കാലമാണതു്. ആ വേളയിൽ ജസ്യൂട്ടർ റോമിലേക്കയച്ചിരുന്ന കത്തുകളിൽ അക്ദിയാക്കോനെതിരായ ചില ആരോപണങ്ങളുണ്ട്. അക്ദിയാക്കോൻ ശുദ്ധീകരസ്ഥലത്തിൽ വിശ്വസിച്ചിരുന്നില്ലെന്നും ക്രിസ്തുവിന്റെ ശൈശവകഥകളിൽ (അപ്പോക്രിഫൽ) വിശ്വസിച്ചിരുന്നുവെന്നും ആയിരുന്നു അവരുടെ ആരോപണങ്ങൾ.

മാർ അബ്രഹാമും ജസ്യൂട്ടരും തമ്മിലുള്ള ബന്ധം മെച്ചപ്പെട്ടപ്പോൾ, കുരിശിന്റെ ഗീവറുഗീസിനെ തന്റെ സഹായിയും പിൻഗാമിയും ആക്കുവാൻ മാർ അബ്രഹാം മാപ്പാപ്പായോടപേക്ഷിച്ചു. ഇക്കാര്യത്തിൽ തന്നെ സഹായിക്കണമെന്നു ജസ്യൂട്ട ജനറാളിനുമെഴുതി. ഈ അപേക്ഷകൾ റോമൻകൂറിയായുടേയും സ്വാത്മതല്പരരായ സ്വാധീനശക്തികളുടേയും ഫയലുകളിൽപെട്ടു മുങ്ങിപ്പോയി. ബാബിലോണിയൻ പാത്രിയർക്കിസിന്റെ അധികാരത്താൽ അക്ദിയാക്കോനെ മെത്രാനായി വാഴിക്കണമെന്നും അദ്ദേഹം വിചാരിക്കാതിരുന്നില്ല. എന്നാൽ ജസ്യൂട്ടർ അദ്ദേഹത്തെ അതിൽനിന്നും പിൻതിരിപ്പിച്ചു. 1597–ൽ മാർ അബ്രഹാം കാലംചെയ്തു. അദ്ദേഹത്തിന്റെ മരണശയ്യയിൽവെച്ചു് കേരളസഭയുടെ രക്ഷാകർത്തൃത്വം കുരിശിന്റെ ഗീവറുഗീസിനെ ഏല്പിക്കുകയും ചെയ്തു.

16–ാം നൂററാണ്ടിൽ യൂറോപ്പിലെ അജയ്യശക്തിയായി കരുതപ്പെട്ടിരുന്ന രാഷ്ട്രമാണു് പോർച്ചുഗൽ സാമ്രാജ്യം. അതിന്റെ ദീർഘബാഹുക്കൾ ആഫ്രിക്കയും ഇന്ത്യയും ചുററി മലാക്കായെ കടന്നുപിടിച്ചിരുന്നു. ധാരാളം പണം, നിരുപമമായ പ്രൗഢി, അജയ്യമായ സൈനികശക്തി മുതലായവയാണു് പോർച്ചുഗലിനുണ്ടായിരുന്നതു്. ഇവയെല്ലാം ഉദയംപേരൂർ എന്ന കുരുക്ഷേത്രത്തിൽ പ്രകടിപ്പിക്കുകയും ചെയ്തു. കേരളത്തിലെ നാട്ടുരാജാക്കന്മാരെല്ലാം പണത്തിന്റെയും പ്രതാപത്തിന്റെയും സൈന്യസഹായത്തിന്റെയും പ്രലോഭനങ്ങളിൽപ്പെട്ടു് പോർച്ചുഗീസ് മേൽക്കോയ്മയുടെ ആജ്ഞാനുവർത്തികളായിത്തീർന്നിരുന്നു. രാഷ്ട്രവും മതവും തമ്മിൽ വിവേചനമില്ലായിരുന്നതുകൊണ്ടു്, എല്ലാ അധികാരങ്ങളും ശക്തികളും മെനേസിസിലാണു് കേന്ദ്രീകരിച്ചിരുന്നതു്. അദ്ദേഹം ഏഷ്യയിലുള്ള ക്രൈസ്തവസഭകളുടെ പരമാധികാരിയും പോർച്ചുഗീസ് ഭരണകൂടത്തിന്റെ ഏഷ്യയിലെ വൈസ്രോയിയുമായി.

www.malankaralibrary.com

ഇങ്ങനെയുള്ള ഒരു മഹാശക്തിയുമായി ഏററുമുട്ടേണ്ട നിർഭാഗ്യമാണ് ഗീവറുഗീസ് അർക്കദിയാക്കോനുണ്ടായതു്. അദ്ദേഹത്തിൻെറ അനുയായികളായ നസ്രാണിയോദ്ധാക്കാം തുലോം പരിമിതവും പോർച്ചുഗീസുസൈന്യത്തെ നേരിടു വാൻ അശക്തരുമായിരുന്നു. പോർച്ചുഗീസുകാരുടെ പ്രലോഭ നങ്ങാംക്കു് വഴിപ്പെട്ടും അവരുടെ സൈനികശക്തിയെ ഭയ ന്നും നാട്ടുരാജാക്കന്മാർ അർക്കദിയാക്കോനെ കൈയൊഴിഞ്ഞി രുന്ന ഒരു കാലമായിരുന്നു അതു്. അദ്ദേഹത്തിനുണ്ടായിരു ന്നതു്, കേവലം ധാർമ്മികബലം മാത്രമായിരുന്നു. തൻെറ സഭയുടെ ദൈവദത്തമായ അവകാശങ്ങളിലുള്ള ദൃഢവിശ്വാ സവും താൻ സ്നേഹിച്ചിരുന്ന ജനങ്ങളുടെ ആത്മാർത്ഥമായ സ്നേഹാദരങ്ങളും മാത്രമായിരുന്നു അദ്ദേഹത്തിൻെറ കൈമുതൽ. ഗോലിയാത്തും ദാവീദും തമ്മിലുള്ള യുദ്ധമാണു് ഉദയംപേരൂർ സൂനഹദോസ് നമ്മെ അനുസ്മരിപ്പിക്കുന്നതു്. കേരളസഭയെ ലത്തീനീകരിക്കുവാൻ മെനേസിസ് ദൃഢവ്രതം ചെയ്തിരുന്നു. ഉദയംപേരൂർ സൂനഹദോസിനു് രണ്ടുവർഷംമുമ്പു് തൻെറ സ്നേ ഹിതനായി ജെറുസലേം ലത്തീൻ പാത്രിയക്കീസിനു മെനേ സിസ് അയച്ച എഴുത്തിൽ സുറിയാനി ഭാഷയാണു് എല്ലാ തിന്മകളുടേയും ഉറവിടമെന്നും അതിനെ നിർമ്മാർജ്ജനം ചെയ്യു വാൻ താൻ ദൃഢനിശ്ചയം ചെയ്തിരിക്കുകയാണെന്നും എഴുതി. എന്നാൽ ആ നിശ്ചയത്തിൻെറ നിഴൽപോലും ഉദയംപേരൂർ സൂനഹദോസിൽ കണ്ടില്ല.

ബഹുകാര്യതന്ത്രജ്ഞനായ മെനേസിസ് കേരളത്തിൽ വന്നപ്പോാം തൻെറ ബാഹ്യായുധങ്ങാംകൊണ്ടുമാത്രം അർക്കദി യാക്കോനെ കീഴ്പ്പെടുത്തുവാൻ സാധിക്കുകയില്ലെന്നു് ബോ ദ്ധ്യപ്പെട്ടു. പിന്നെ അദ്ദേഹം ചെയ്തതു്, അർക്കദിയാക്കോ നെൻറ ശക്തിക്കു് തുരങ്കം വയ്ക്കുകയായിരുന്നു. അതിനു് ഉപ യോഗിച്ച മാർഗ്ഗങ്ങാം പലതാണു്.

1) ഒരു കൈകൊണ്ടു് പോർച്ചുഗീസുസൈന്യത്തിൻെറ അജയ്യശക്തി ചൂണ്ടിക്കാണിച്ചു് നാട്ടുരാജാക്കന്മാരെ ഭീഷണി പ്പെടുത്തുക, മറെറ കൈനിറയെ സ്വർണ്ണനാണയങ്ങാം കൊടു ത്തു് അവരെ പ്രലോഭിപ്പിക്കുക. മെനേസിസ് കേരളത്തിൽ വന്നപ്പോാം കൊച്ചിരാജാവിനു് 20,000 സ്വർണ്ണനാണയങ്ങാം കൊടുത്തുവെന്നു് J. Hough എന്ന ചരിത്രകാരൻ പറയുന്നു. അർക്കദിയാക്കോനേയും നാട്ടുരാജാക്കന്മാരേയും തമ്മിൽ അക

www.malankaralibrary.com

റവുവാനുള്ള ഒരു തന്ത്രമായിരുന്നു അതു്. മെനേസിസ് അവി ടംകൊണ്ടും നിന്നില്ല;

2) മാർത്തോമ്മാക്രിസ്ത്യാനികളുടെ കുടാരത്തിൽതന്നെ കടന്നുനോക്കി; നസ്രാണിപ്രമാണികളുടെ വീടുകരം സന്ദർശി ക്കുകയും അവക്കും അവരുടെ കുട്ടികരംക്കും വിലയേറിയതും കൗതുകകരവുമായ സമ്മാനങ്ങരം നൽകുകയും ചെയ്തു.

3) മെനേസിസ് ചെന്ന പള്ളികളിലെല്ലാം വൈദി കാത്ഥികളായികണ്ട യുവാക്കന്മാർക്കെല്ലാം പട്ടം കൊടുത്തു: ഉദയംപേരൂർ സൂനഹദോസിൽ വോട്ടു് എണ്ണും നടക്കുമ്പോരം ഈ നവവൈദികരും അവരുടെ ബന്ധുമിത്രാദികളും തന്നെ സഹായിക്കാമെന്നു് മെനേസിസ് പ്രതീക്ഷിച്ചതുകൊണ്ടാ ണു് ഇങ്ങനെ ചെയ്തതു്.

മെനേസിസിൻെറ ഈ തന്ത്രങ്ങരംമൂലം അക്കദിയാക്കോ ൻെറ ശക്തി വളരെ ക്ഷയിച്ചിരുന്നു. അദ്ദേഹത്തിൻെറ മിത്ര ങ്ങളായിരുന്ന പലരേയും ശത്രുക്കളാക്കിത്തീക്കുവാൻ മെനേസി സിനു കഴിഞ്ഞുവെന്നും അക്കദിയാക്കോനു ബോദ്ധ്യമുണ്ടായി രുന്നു. എന്നാൽ തനിക്കു ലഭിച്ച നേതൃത്വത്തിൻെറ കൊടി ക്കീഴിൽനിന്നും ഓടിപ്പോകുവാൻ അദ്ദേഹം തുനിഞ്ഞില്ല. മെനേസിസ് കൊട്ടുങ്ങല്ലൂർവച്ചെഴുതിയ നിശ്ചയങ്ങരം ഉദയം പേരൂർ സൂനഹദോസിൽവച്ചു് ഒററ ശ്വാസത്തിനെന്നപോ ലെ വായിച്ചുതീർത്തു. അവയെപ്പററി യാതൊരു ചച്ചകളോ വിവാദങ്ങളോ അനുവദിച്ചതുമില്ല. മാത്തോമ്മാക്രിസ്ത്യാനി കളെ കബളിപ്പിക്കുവാൻ അവരുടെ സംരക്ഷണച്ചുമതല കൊ ച്ചിയിലെ പോർച്ചുഗീസ് കപ്പിത്താനെ ഏല്പിക്കുന്ന ലജ്ജാ കരവും അത്ഥശൂന്യവുമായ പ്രഹസനവും നടത്തി. സുറിയാനി കുർബാനയെ ലത്തീൻ കുർബാനയ്ക്കു് അനുരൂപമാക്കാൻ പല വൈകൃതങ്ങളും സൃഷ്ടിച്ചു. ആ അപമാനകരങ്ങളായ വൈകൃ തങ്ങളും പേറികൊണ്ടാണു് 1952-വരെ കേരളസഭ നടന്നതു്.

ഉദയംപേരൂർ ഗോദായിലാണു്, മെനേസിസുമെത്രാപ്പോ ലീത്തായും ഗീവറുഗീസു് അക്കദിയാക്കോനും തമ്മിൽ ഏററു മുട്ടിയതു്. സൂനഹദോസ് കഴിഞ്ഞപ്പോരം, മെനേസിസിൻെറ അഭിലാഷങ്ങളെല്ലാം സാധിച്ചുകിട്ടിയെന്നു പറയാം. എ ന്നാൽ പ്രധാനമായ രണ്ടു കാര്യങ്ങളിൽ അദ്ദേഹം പരാജയ പ്പെട്ടു. ഒന്നു്, സുറിയാനിഭാഷയെ ഗളഹസ്തം ചെയ്യണമെ

www.malankaralibrary.com

ന്നുള്ള ദുഢവ്രതം വിഫലമായി. രണ്ടു്, മാർത്തോമ്മാക്രിസ്ത്യാനികളുടെ ആത്മവീര്യത്തെ മയക്കികളഞ്ഞുവെങ്കിലും നശിപ്പിക്കുവാൻ കഴിഞ്ഞില്ല. ചാരത്തിൽ പൊതിഞ്ഞു കിടന്ന ആത്മവീര്യത്തിൻെറ ആ തീക്കനൽ നീറിക്കൊണ്ടിരുന്നു. 19–ാം നൂററാണ്ടിൻെറ അവസാനംവരെ അതിനെ മൂടിക്കെട്ടി വയ്ക്കാൻ ശ്രമിച്ചുകൊണ്ടിരുന്നതു് കമ്മലീത്തരുടെ നിർദ്ദയവും ക്രൂരവും ആയ ദുർഭരണമാണു്. എന്നാൽ 19–ാം നൂററാണ്ടിൻെറ അവസാനത്തിൽ, അതു് ആളിക്കത്തുകയും വളരെ വൈകിയെങ്കിലും, റോമ്മാസിംഹാസനം അതു് മനസ്സിലാക്കുകയും ചെയ്തു. മാർത്തോമ്മാക്രിസ്ത്യാനികളുടെ ഈ വിജയം അഞ്ചു നൂററാണ്ടുകളോളം അതിനുവേണ്ടി നീരും ചോരയും ചൊരിഞ്ഞവരുടെ വിജയമാണു്. അവർക്കാണു് നമോവാകം അർപ്പിക്കേണ്ടതു്. എന്നാൽ നീണ്ടുനിന്ന വിദേശഭരണം കേരളസഭയുടെ പിളർപ്പുറപ്പെടെ, എന്തെല്ലാം വിനകറം വരുത്തിവച്ചു!

www.malankaralibrary.com

# പതിനൊന്നാം അദ്ധ്യായം

# ഈസ്യൂട്ട് ഭരണം തുടങ്ങുന്നു

## I ഫ്രാൻസിസ് റോസ് മെത്രാൻ (1601-24)

1600-ൽ തന്നെ ഫാ. റോസിനെ അങ്കമാലിയുടെ മെത്രാനായി മാർപ്പാപ്പാ നിയമിച്ചു: കൂടാതെ, അങ്കമാലി അതിരൂപത, ഗോവയുടെ സാമന്തരൂപതയായി തരംതാഴ്ത്തപ്പെടുകയും ചെയ്തു. അങ്കമാലിക്ക് വന്നുകൂടിയ ഈ അപമാനം മാർത്തോമ്മാക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം, ഇടിവെട്ടിയവനെ പാമ്പുകടിച്ചതുപോലെയായി; ഉപദ്രവത്തിനു പുറമേ നിന്ദയും. ലോകത്തിലെ ഏററവും വലിയ ശക്തിയായിരുന്ന പോർച്ചുഗീസുകാരുമായുള്ള ഈ ''പടവെട്ടൽ'' മാർത്തോമ്മാക്രിസ്ത്യാനികളെ ആകമാനം തളർത്തിക്കളഞ്ഞു. ഈ അവസരത്തിലാണ് അപ്രതീക്ഷിതമായ ഒരു സ്ഥാനത്തു നിന്നും ആകസ്മികമായ ഒരു ''സഹായഹസ്തം'' എത്തിയതു്. ബിഷപ്പ് റോസ് അവരുടെ ക്ലേശത്തിൽ സഹതാപം പ്രകടിപ്പിച്ചു. എന്നാൽ ആ സഹതാപം പൂർണ്ണമായും അങ്കമാലിയുടെ പുനഃസ്ഥാപനത്തിനുവേണ്ടിയായിരുന്നില്ല. ചരിത്രപണ്ഡിതനായ ബിഷപ്പ് റോസിനു് മാർത്തോമ്മാസഭാചരിത്രത്തിൽ, കൊടുങ്ങല്ലൂരിനുള്ള സ്ഥാനം നല്ലവണ്ണമറിയാമായിരുന്നു. മാർത്തോമ്മാശ്ലീഹായുടെ സിംഹാസനം കേരളത്തിലാണെന്നും അതു് സുറിയാനിസഭയുടേതാണെന്നും ആദ്യമായി വാദിച്ച വ്യക്തി, ബിഷപ്പ് റോസാണ്. കൊടുങ്ങല്ലൂർ ആസ്ഥാനമാക്കിയുള്ള മെത്രാപ്പോലീത്തൻ സ്ഥാനം അദ്ദേഹം ആഗ്രഹിച്ചുമിരുന്നു.

അതിനു് വേറെയും കാരണങ്ങളുണ്ടായിരുന്നു. ഉൾപ്രദേശത്തുള്ള അങ്കമാലിയിൽനിന്നും രൂപതയുടെ ആസ്ഥാനം കടൽത്തീരത്തേക്ക് മാററിയാൽ, പോർച്ചുഗീസുകാരുടെ സ്വാധീനവും ശക്തിയും ഉപയോഗിക്കാമെന്നും സുറിയാനിക്കാരുടെ കോട്ടയായിരുന്ന അങ്കമാലിയിൽനിന്നു് അകന്നു് നില്ക്കാമെന്നും അദ്ദേഹം കരുതി.

www.malankaralibrary.com

മൂന്നാമതായും ഒരു കാരണമുണ്ടു്, ജസ്യൂട്ടുകാരനായ അങ്കമാലി മെത്രാനും, ഫ്രാൻസിസ്ക്കനായ കൊച്ചിമെത്രാനും തമ്മിൽ-ഇരുവരും പോർച്ചുഗീസുകാരായിരുന്നെങ്കിലും – പലപ്പോഴും ഒരു ശീതസമരത്തിലായിരുന്നു. ഈ അവസരത്തിൽ ബിഷപ്പ് റോസിനു് മെത്രാപ്പോലീത്തൻ സ്ഥാനം, അഭികാമ്യമെന്നല്ല, ആവശ്യവുമായിരുന്നു. വൈദികമേലദ്ധ്യക്ഷന്മാർ തമ്മിലുള്ള വഴക്കിൽ സ്ഥാനവും പ്രശസ്തിയും ഒരു പ്രധാന ഘടകമാണല്ലോ. ബിഷപ്പ് റോസിനു് അതു് നല്ലവണ്ണം അറിയാമായിരുന്നു. ഗോവാ മെത്രാപ്പോലീത്തായുടെ കീഴിലാണെങ്കിലും, ഒരു അപ്പസ്തോലികസഭയുടെ വൈദികാദ്ധ്യക്ഷനെന്ന നിലയിൽ മെത്രാപ്പോലീത്തൻ സ്ഥാനത്തിനു്, നിസ്തുലമായ ആക്കവും തൂക്കവുമുണ്ടല്ലോ. പരമ്പരാഗതമായ കത്തോലിക്കാ വിശ്വാസത്തിലും പാരമ്പര്യത്തിലും ഇന്നു്, ഭൂമുഖത്തു് അവശേഷിച്ചിരിക്കുന്ന അപ്പസ്തോലികസഭകൾ, റോമ്മായിലെ വി. പത്രോസിൻെറയും കേരളത്തിലെ മാർത്തോമ്മായുടെയും സഭകൾ മാത്രമാണു്. മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ലത്തീനിലെഴുതിയ നിവേദനങ്ങൾ റോമിലേയ്ക്കു് ഒഴുകുവാൻ തുടങ്ങി. കൊടുങ്ങല്ലൂർ ആസ്ഥാനമാക്കിയുള്ള അങ്കമാലി അതിരൂപതയ്ക്കുവേണ്ടി ലത്തീൻഭാഷയിലുള്ള അഭ്യർത്ഥനകളായിരുന്നു അവ.

ഇതിൻെറ പിന്നിലുള്ള അടിയൊഴുക്കുകൾ അറിഞ്ഞെങ്കിലേ ഈ നീക്കത്തിൻെറ യഥാർത്ഥരൂപം മനസ്സിലാകുകയുള്ളു. കത്തോലിക്കാസഭയുടെ ചരിത്രത്തിലുടനീളം കാണുന്നതാണു്, സന്ന്യാസസഭകൾ തമ്മിലുള്ള അസൂയയും കിടമത്സരങ്ങളും. ഒന്നിലധികം സന്ന്യാസസഭകൾ പ്രവർത്തിക്കുന്ന സ്ഥലങ്ങളിൽ ഇതിനു ദൃഷ്ടാന്തങ്ങളുണ്ടു്. ബിഷപ്പ് റോസും അദ്ദേഹത്തിൻെറ സഹപ്രവർത്തകരും ജസ്യൂട്ടരായിരുന്നെങ്കിൽ, സമകാലികരായ കൊച്ചിമെത്രാനും അദ്ദേഹത്തിൻെറ മിഷ്യനറിമാരും ഫ്രാൻസിസ്ക്കരായിരുന്നു. ഇവർ രണ്ടുപേരുടെ രൂപതകളിലും മാർത്തോമ്മാക്രിസ്ത്യാനികളുമുണ്ടായിരുന്നു. എന്നാൽ സംഖ്യാബലവും പ്രശസ്തിയും പ്രാബല്യവും അങ്കമാലിക്കായിരുന്നു. ഈ മെത്രാന്മാർ തമ്മിലിടഞ്ഞ ഒരു കാരണം കൊടുങ്ങല്ലൂർ, പള്ളിപ്പുറം (വടക്കേ) മുതലായ ചില ഇടവകകളുടെ ഭരണാധികാരം സംബന്ധിച്ചാണു്. അതിൽ ബലപ്രയോഗങ്ങളും നടന്നിട്ടുണ്ടു്. ഒരു ഫ്രാൻസിസ്ക്കനായ കൊച്ചിമെത്രാൻതന്നെ ഒരു നാവികസേനയുടെ നേതൃത്വമെ

www.malankaralibrary.com

ടുത്തു് ജസ്യൂട്ടരെ അമർച്ചചെയ്യുവാൻ ചോഴമണ്ഡലത്തിലേയ്ക്കു് പോയ ഒരു കഥയുണ്ടു്[1]. മട്ടാഞ്ചേരി, പള്ളുരുത്തി മുതലായ സ്ഥലങ്ങരം സുറിയാനിക്കാരുടെ അധിവാസകേന്ദ്രങ്ങളായിരുന്നു. അവർക്കവിടെ പള്ളികളുമുണ്ടായിരുന്നു. ഈ സുറിയാനിക്കാരും പള്ളികളും കൊച്ചിമെത്രാന്റെ കീഴിലുമായിരുന്നു.

1608–ൽ പോരം അഞ്ചാമൻ മാർപ്പാപ്പാ അങ്കമാലിയിൽനിന്നും കിട്ടിയ നിവേദനം അതനുസരിച്ചു് തരംതാഴ്ത്തപ്പെട്ട അങ്കമാലിയെ, അതിരൂപതയായി പുനഃസ്ഥാപിക്കുകയും കൊച്ചിമെത്രാന്റെ അധീനതയിലിരുന്ന കൊടുങ്ങല്ലൂരിനെ അങ്കമാലിയുടെ കീഴിലാക്കി, റോസു് മെത്രാപ്പോലീത്തായുടെ ആസ്ഥാനമാക്കുകയും ചെയ്തു. ഇങ്ങനെ ബിഷപ്പു് റോസിന്റെ അഭിലാഷം അതോടെ സാധിച്ചു. അതിനു് സഹായിച്ചതു് മാർത്തോമ്മാക്രിസ്ത്യാനികളുടെ ലത്തീൻ ഭാഷയിലുള്ള നിവേദനങ്ങളായിരുന്നു. എന്നാൽ, ഇവയെല്ലാം കൊച്ചിമെത്രാനെ വളരെ ചൊടിപ്പിക്കാൻ കാരണമാക്കി.

പോർച്ചുഗീസുകാരായ ജസ്യൂട്ടരും ഫ്രാൻസിസ്ക്കരും തമ്മിലുള്ള ഈ വഴക്കിൽ, മാർത്തോമ്മാക്രിസ്ത്യാനികരംക്കും ആഘാതങ്ങളേല്ക്കുകയുണ്ടായി. അവക്കുവേണ്ടിയാണല്ലോ ഇരു സന്ന്യാസസഭകളും തമ്മിൽ പടവെട്ടിയതു്. എത്രതന്നെ മറച്ചുവച്ചിട്ടും ഈ സന്ന്യാസസഭകരം തമ്മിലുള്ള ശത്രുതയും കലഹങ്ങളും അന്നത്തെ മാപ്പാപ്പായുടെ ചെവിയിലും എത്താതിരുന്നില്ല. പോരം അഞ്ചാമൻ മാപ്പാപ്പാ 1608–ൽ കൊച്ചി മെത്രാനു് ഇപ്രകാരമെഴുതി, ''ബഹുമാനപ്പെട്ട അവിടുന്നും നമ്മുടെ സഹോദരനായ അങ്കമാലി മെത്രാനും തമ്മിലുള്ള ശക്തമായ ഭിന്നതകരം, ആയുധങ്ങരം ഉപയോഗിച്ചുള്ള അക്രമ പ്രവൎത്തനങ്ങരംക്കു് കാരണമാക്കിയതിൽ നാം അതീവ ദുഃഖിതനായിരിക്കുന്നു. രൂപതകളുടെ ഭരണാധികാരത്തിന്റെ പേരിലാണു് ഇവ നടന്നതെന്നും നാം അറിയുന്നു. ഓരോരുത്തരും അവരവരുടെ രൂപതകളുടെ അവകാശങ്ങരം സംരക്ഷിക്കേണ്ടതു് ശരിയാണു്. എന്നാൽ ആയുധം പ്രയോഗിച്ചുള്ള ആക്രമണം ഒരു സഹോദരമെത്രാന്റെ നേരെയാകുമ്പോരം അതു് ഹീനമായ ഏർപ്പാടാണു്''[2].

---

1. Brown: P. 94.
2. Qtd. Podipara, the Hierarchy of the Syro Malabar Church, P. 129–'30.

www.malankaralibrary.com

ബിഷപ്പ് റോസ്സിനോടുകൂടിയാണല്ലോ ലത്തീൻ മെത്രാന്മാരുടെ ഭരണസംവിധാനം കേരളത്തിൽ ഉടലെടുക്കുന്നതു്. എന്നാൽ ഈ രീതിയും കേരളത്തിൽ നിലനിന്നുപോന്നരീതിയും പരസ്പരവിരുദ്ധമായിരുന്നെന്നുവേണം പറയുവാൻ. ബാബിലോണിയൻ മെത്രാന്മാരുടെ കാലത്തു്, അർക്കദിയാക്കോനായിരുന്നു, സാക്ഷാൽ ഭരണസാരഥി. വൈദികൻ അദ്ധ്യക്ഷനായിട്ടുള്ള കമ്മിററികൾ, കോടതികൾ എന്നിവയാണു് ഇടവകകളുടെ ഭരണം നടത്തിക്കൊണ്ടിരുന്നതു്. സമുദായത്തെ പൊതുവേ സംബന്ധിക്കുന്ന കാര്യങ്ങളൊഴിച്ചു്, മറെറല്ലാത്തിലും ഇടവകകൾക്കു് പരിപൂർണ്ണസ്വാതന്ത്ര്യം ഉണ്ടായിരുന്നു. മതബോധനങ്ങളും മതകർമ്മങ്ങളും നടത്തുകയായിരുന്നു മെത്രാന്മാരുടെ കർത്തവ്യം. പുരാതനമായ ആചാരങ്ങളും പതിവുകളുമായിരുന്നു, നിയമങ്ങളായിട്ടുണ്ടായിരുന്നതു്. തത്ത്വത്തിൽ, ഇവ ബ്രിട്ടീഷ് പാർലമെൻറിൻെറ (അലിഖിതനിയമങ്ങൾ) അഥവാ മാമൂലുകൾ (Conventions) പോലെയായിരുന്നു. എന്നാൽ ലത്തീൻ ഭരണത്തെ ചൂഴ്‌ന്നു നിന്നിരുന്നതു്, ഉരുക്കിൽ വാർത്തെടുത്ത, കണ്ണും കാതും കരളുമില്ലാത്ത ബലിഷ്ഠമായ നൈയാമികത്വവും (Juridicalism) കേന്ദ്രീകൃതമായ അധികാരവും ആയിരുന്നു. രണ്ടാമത്തെ വത്തിക്കാൻ സൂനഹദോസിൽ ഇതിനെ കഠിനമായി വിമർശിക്കുകയും ഭർത്സിക്കുകയും ചെയ്ത പിതാക്കന്മാരുടെ എത്രയെത്ര പ്രസംഗങ്ങൾ നടന്നു! അതിനാൽ, ഈ രണ്ടു ഭരണരീതികൾ– സുറിയാനി സഭയുടെയും ലത്തീൻ സഭയുടെയും – സംഘട്ടനം അനിവാര്യമാക്കിത്തീർത്തു.

1606–ൽ ബിഷപ്പ് റോസ് അങ്കമാലിയിൽ ഒരു യോഗം വിളിച്ചുകൂട്ടി, കേരളസഭയ്ക്കുള്ള നിയമസംഹിത പരസ്യപ്പെടുത്തി. അതു ലത്തീൻമാതൃകയായിരുന്നതുകൊണ്ടു്, മെത്രാൻെറ ഏകാധിപത്യം സ്ഥാപിക്കാനാണു് ബിഷപ്പ് റോസ് ശ്രമിച്ചതു്. ലത്തീൻസഭാഭരണത്തിലെ നൈയാമികത്വത്തെ ബലഹീനവും അസാധുവും ആക്കിത്തീർത്തതു് നിയമനിർമ്മാതാവും (Legislator) നിയമനിർവ്വാഹകനും (Executive) ന്യായാധിപനും (Judge) മെത്രാൻതന്നെയായിരുന്നു എന്നതാണു്. ജനസഞ്ചയങ്ങളുടെ ബുദ്ധിയുടെ വികാസത്തിൽ, മനുഷ്യൻെറ മൗലികാവകാശങ്ങളുടെ ബോധത്തിൽ ഏതൊരു ഭരണകൂടത്തിനും ഇതു് തികച്ചും ആത്മഹത്യാപരമായേ പരിണമിക്കൂ. എന്നാൽ ആത്മാർത്ഥമായ സ്നേഹത്തിൻെറയും ത്യാ-

www.malankaralibrary.com

ഗപൂൎവ്വമായ സേവനത്തിന്റെയും അന്തരീക്ഷത്തിൽ, നിയമത്തിന്റെ മൎമ്മരശബ്ദംപോലും കേൾക്കുകയില്ല. അപ്പോൾ സകല നിയമങ്ങളും സ്നേഹമാധുൎയ്യത്തിന്റെ സേവനനിഷ്യന്ദികളായി മാറും. അതാണല്ലോ ക്രിസ്തു പഠിപ്പിച്ചതും.

ബിഷപ്പ് റോസും അൎക്കദിയാക്കോനുമായുള്ള സംഘട്ടനം സ്വാഭാവികവും അനിവാൎയ്യവുമായിരുന്നു. പഴയതും പുതിയതുമായുള്ള ഭരണരീതികൾ തമ്മിലുള്ള ഏററുമുട്ടലുകളാണ് റോസിന്റെ കാലത്തു് സംഭവിച്ചിട്ടുള്ളതു്. ലത്തീൻ'മോഡലി'ലുള്ള മെത്രാൻസ്ഥാനം അന്നുമിന്നും പൂൎണ്ണമായും ഏകാധിപത്യപരമാണ്. ഏകാധിപത്യത്തിന്റെകൂടെ പോർച്ചുഗീസ് അധികാരികളുടേയും നാട്ടുരാജാക്കന്മാരുടേയും പിൻബലമാണ് റോസിനുണ്ടായിരുന്നതു്. ഇതിനു് കടകവിരുദ്ധമായിരുന്നു, കേരളത്തിലെ പരമ്പരാഗതമായ ബാബിലോണിയൻ മെത്രാന്മാരുടെ ഭരണം. മതബോധനങ്ങളും മതകൎമ്മങ്ങളുമൊഴിച്ചാൽ, ബാബിലോണിയൻ മെത്രാന്റെ അധികാരം നാമമാത്രമായിരുന്നു. വൈദികരുടേയും ജനങ്ങളുടേയും നന്മക്കും അവരെ പ്രതിധാനം ചെയ്തും അർക്കദിയാക്കോന്മാരാണ് ഭരണം നടത്തിയിരുന്നതു്. അതിനാൽ സംഘർഷവും തുടൎന്ന് സംഘട്ടനവും ഒഴിച്ചുകൂടാൻ പാടില്ലാത്തതായിത്തീൎന്നു. ഭരണസംവിധാനത്തിൽനിന്നും അൎക്കദിയാക്കോനെ പുറന്തള്ളാനായിരുന്നു ബിഷപ്പ് റോസിന്റെ ശ്രമം. അദ്ദേഹത്തിന്റെ പ്രവൃത്തികൾ അതു് വ്യക്തമാക്കുകയും ചെയ്തു. ഇതിനുംപുറമേ, ഉദയംപേരൂർ സൂനഹദോസിന്റെ സന്ധിവ്യവസ്ഥകൾ ബിഷപ്പ് റോസ് പാലിക്കാൻ കൂട്ടാക്കിയതുമില്ല. ഇവയെല്ലാം അടിസ്ഥാനമാക്കി അൎക്കദിയാക്കോൻ ലിസ്ബണിലുള്ള പേപ്പൽ നൺഷ്യോയ്ക്കും മററു് അധികാരികൾക്കും പരാതികൾ അയച്ചു. പതിവുപോലെ, അവയിൽ യാതൊന്നിനും മറുപടി ഉണ്ടായില്ല. ഇതിനിടയിൽ, അൎക്കദിയാക്കോനും നാട്ടുരാജാക്കന്മാരെ, പ്രത്യേകിച്ച് കൊച്ചിരാജാവിനെ ജസ്യൂട്ടർക്കെതിരായി പ്രേരിപ്പിക്കുവാൻ സാധിച്ചു. ജസ്യൂട്ടനായ ആർച്ചുബിഷപ്പ് റോസും, ഫ്രാൻസിസ്ക്കനായ കൊച്ചിമെത്രാനും അവരുടെ അനുയായികളും, തമ്മിൽ ബദ്ധശത്രുതയിലായിരുന്നു. തന്മൂലം, ജസ്യൂട്ട് വിരോധികളായ ഫ്രാൻസിസ്ക്കർ, റോസിനെ എതിൎക്കുന്നതിൽ, അൎക്കദിയാക്കോനെ ഉപദേശിക്കുകയും പ്രേരിപ്പിക്കുകയും ചെയ്തുവന്നു. അതുകൊണ്ടു്, അക്കാൎയ്യത്തിൽ അൎക്കദിയാക്കോന് കൂടുതൽ ഉത്സാ

www.malankaralibrary.com

ഹവും ധൈര്യവും ഉണ്ടായി. ഏകാധിപത്യത്തിന്റെ ഒരു സ്വഭാവം തന്നിഷ്ടംപോലെ ഭരണം നടത്തുക മാത്രമല്ലല്ലോ; സങ്കടക്കാരുടെ വായ് മൂടിക്കെട്ടുകകൂടി വേണമല്ലോ. ബിഷപ്പ് റോസ് അക്കദിയാക്കോനെയും അദ്ദേഹത്തിന്റെ സഹപ്രവർത്തകരായ ഏതാനും വൈദികരെയും മഹറോൻ ചൊല്ലുകയും ഗോവയിലെ 'ഇൻക്വിസിഷ'ന്റെ മുൻപാകെ അവക്കെതിരായി ആരോപണം ഉന്നയിക്കുകയും ചെയ്തു.

ഈ ഘട്ടത്തിലാണ്, ബിഷപ്പ് റോസും കൊച്ചിമെത്രാനുമായുണ്ടായ ഭിന്നതകളെല്ലാം അവസാനിപ്പിച്ച് രമ്യതയിലെത്തിയത്. ജസ്യൂട്ട്-ഫ്രാൻസിസ്ക്കൻ സന്ന്യാസസഭകൾ തമ്മിലുള്ള മത്സരവേദിയിൽ അവർ സൗകര്യമായി ഉപയോഗിച്ചിരുന്ന പന്തായിരുന്നു അക്കദിയാക്കോൻ. അവരുടെ സ്വാർത്ഥലാഭത്തിനുവേണ്ടിയുള്ള ഈ മത്സരത്തിൽ താനൊരു ഉപകരണമായിരുന്നുവെന്ന്, പാവം, അക്കദിയാക്കോൻ അറിഞ്ഞിരുന്നോ ആവോ! കൂടാതെ യൂറോപ്യന്മാരായ ഈ മിഷ്നറിമാക്ക് ഇന്ത്യയുടെ മണ്ണിൽ പൊതുവായ താല്പര്യങ്ങൾ ഉണ്ടാകുമ്പോൾ, തന്നെ കറിവേപ്പിലപോലെ ദൂരത്തെറിയുമെന്ന് കരുതിയിരുന്നോ? ഏതായാലും അതാണ് സംഭവിച്ചത്. അക്കദിയാക്കോനെതിരായ ബിഷപ്പ് റോസിന്റെ മഹറോൻകല്പന കൊച്ചിരൂപതയിലുള്ള പള്ളികളിലുംകൂടി വായിച്ചു. കൊച്ചിരാജാവ് നടത്തികൊണ്ടിരുന്ന യുദ്ധത്തിൽ പോർച്ചുഗീസുകാരുടെ ധനസഹായം സ്വീകരിച്ചുകൊണ്ട്, അദ്ദേഹം അക്കദിയാക്കോനെ തള്ളിക്കളഞ്ഞു. ഒരു ക്രിമിനൽ പുള്ളിയെപ്പോലെ അദ്ദേഹം ഒളിഞ്ഞും മറഞ്ഞും അലയേണ്ടിവന്നു. ഒടുവിൽ ഗത്യന്തരമില്ലാതെ, 1615-ൽ അനുതാപപൂർവ്വം ആർച്ചുബിഷപ്പ് റോസിന്റെ മുൻപാകെ ക്ഷമായാചനം ചെയ്യുകയും, ബിഷപ്പ് മഹറോൻ നീക്കുകയും ചെയ്തു. പതിവുപോലെ ജസ്യൂട്ട് വൈദികരെ സ്തുതിച്ചുകൊണ്ടും അവരുടെ പ്രവർത്തനങ്ങൾക്ക് നന്ദിപറഞ്ഞുകൊണ്ടും, ലത്തീനിൽ ഒരു എഴുത്ത് അക്കദിയാക്കോൻ ഒപ്പിട്ട് (ഒപ്പിടുവിച്ചോ?) റോമിലെ ജസ്യൂട്ട് സഭാധികാരികൾക്കയച്ചു.

എന്നാൽ ഈ സന്ധിയും സമാധാനവും പ്രാവർത്തിക മണ്ഡലത്തിൽ വീണ്ടും സംഘട്ടനം ഉളവാക്കി. ബിഷപ്പ് റോസ് ഔദ്യോഗിക കാര്യങ്ങൾക്കായി ഗോവയിൽ രണ്ടു പ്രാവശ്യം പോകേണ്ടിവന്നു. അപ്പോഴൊക്കെ, രൂപതയുടെ അഡ്മിനിസ്ട്രേറ്ററായി അക്കദിയാക്കോനെയല്ലാ, വൈ

www.malankaralibrary.com

പ്പിക്കോട്ടു് സെമിനാരിയിലെ റെക്ടറെ ആയിരുന്ന നിയമിച്ചതു്. പുരാതനവും പരമ്പരാസിദ്ധവുമായ തന്റെ അവകാശത്തെ നിഷേധിച്ചതിൽ അക്കദിയാക്കോൻ ബിഷപ്പ് റോസിനെ വീണ്ടുമെതിർത്തു. അതിനാൽ, ബിഷപ്പ് റോസ് അക്കദിയാക്കോനെ രണ്ടാമത്തും മഹറോൻ ചൊല്ലുകയും നാട്ടുരാജാക്കന്മാരെക്കൊണ്ടു് അദ്ദേഹത്തെ അറസ്ററ് ചെയ്യിച്ചു് പോർച്ചുഗീസുകാരുടെ കയ്യിൽ ഏല്പിക്കുവാനുള്ള ശ്രമങ്ങൾ നടത്തുകയും ചെയ്തു. 1622 ആയപ്പോൾ, കേരളസഭയിൽ പിളപ്പിന്റെ എല്ലാ ലക്ഷണങ്ങളും തെളിഞ്ഞുവന്നു. അക്കാലത്തു് സഭയിലെ മൂന്നിലൊരുഭാഗം അക്കദിയാക്കോന്റെകൂടെയായിരുന്നെന്നു് Dr. Brown പറയുന്നു[3].

ആർച്ചുബിഷപ്പ് റോസ് യൂറോപ്പിലെ തന്റെ അധികാരികൾക്കെഴുതിയ രണ്ടു കത്തുകൾ ഫാദർ ഫെറോളി ഉദ്ധരിക്കുന്നുണ്ടു്. ജസ്യൂട്ട് സഭയുടെ അസിസ്റ്റന്റു് ജനറലായിരുന്ന ഫാ. അൽവാരസി (Fr. Alvarez) നു് എഴുതുന്ന കത്തിലെ ചില ഭാഗങ്ങൾ ഇവയാണു് "........ എന്നെ ആക്രമിക്കുന്ന ആളുകൾ ഹിന്ദുക്കളോ മററു് അക്രൈസ്തവരോ അല്ല. പിന്നയോ ക്രിസ്ത്യാനികളും സന്ന്യാസികളുമാണു്. എന്നെ ഏററവും കൂടുതലായിട്ടു് പീഡിപ്പിക്കുന്നതു് ഫ്രാൻസിസ്ക്കനായ കൊച്ചി മെത്രാൻതന്നെയാണു്. അതും ഈ കഴിഞ്ഞ അനേകം വഷമായി ജസ്യൂട്ടർ അദ്ദേഹത്തിനു ചെയ്തിട്ടുള്ള ഉപകാരത്തിനു പകരമായിട്ടു്. (ഈ ഫ്രാൻസിസ്ക്കൻ സന്ന്യാസിമാരെ കണ്ടാൽ) പിശാചുതന്നെ സന്ന്യാസവേഷമെടുത്തു് ഈ പുതിയ സഭയെ നശിപ്പിക്കുവാൻ വന്നതുപോലെ തോന്നുന്നു. ഈ രൂപതയിലെ പുതുക്രിസ്ത്യാനികളെ മാത്രമല്ല പുരാതനരായ മാർത്തോമ്മാക്രിസ്ത്യാനികളെപ്പോലും ഈ പിശാചു് നശിപ്പിച്ചേ അടങ്ങൂ വെന്നാണു് തോന്നുന്നതു്...........കൊടുങ്ങല്ലൂർ പള്ളിവികാരിയായിരിക്കുന്നതു് ബംഗാളിലെ ഒരു അടിമപ്പെണ്ണിന്റെ മകനാണു്. അയാൾക്കു് ലത്തീൻഭാഷ ലവലേശം അറിഞ്ഞുകൂടാ. അയാളുടെ സ്വഭാവം വളരെ ദൂഷിച്ചതാണു്. അയാൾക്കു് കൊച്ചിമെത്രാൻ എന്തുകൊണ്ടു് പട്ടം കൊടുത്തുവെന്നു് എനിക്കറിഞ്ഞുകൂടാ. എന്നാൽ ഈ വികാരിയും ഫ്രാൻസിസ്ക്കൻ സന്ന്യാസിമാരും ചേർന്നുകൊണ്ടു്, എന്റെ രൂപതയിൽ അനധികൃതമായി പ്രവേശിച്ചു്, ഇല്ലാത്ത

3. Brown, P. 95.

www.malankaralibrary.com

കുഴപ്പങ്ങൾ എല്ലാം ഉണ്ടാക്കുകയും എന്റെ ആത്മമിത്രമായിരുന്ന ("Intimate friend") അക്കദിയാക്കോനെ എന്റെ ബദ്ധശത്രുവാക്കിത്തീർക്കുകയും ചെയ്തിരിക്കുന്നു. എന്റെയോ ഞാൻ നിയമിച്ച വികാരിമാരുടേയോ അനുവാദംകൂടാതെ, ഈ ബംഗാളി അടിമയുടെ മകൻ കൊടുങ്ങല്ലൂർ വികാരിയായി സ്വയം അവരോധിച്ചുകൊണ്ടു് പ്രവർത്തിക്കുകയാണു്. ഇതെല്ലാം ഞാൻ സഹിച്ചു............''4.

ഈശോസഭയുടെ ജനറാളായിരുന്ന അകാവാവീവായ്ക്കു് 1611–ൽ ബിഷപ്പ് റോസ് എഴുതിയ എഴുത്തിൽ ഇപ്രകാരം കാണുന്നു. "...........കത്തോലിക്കാസഭയുടെ മക്കൾതന്നെ സഭയ്ക്കു് ചെയ്യുന്ന ദ്രോഹങ്ങളെപ്പററിയും ആക്ഷേപങ്ങളെപ്പററിയും സഹതാപം ഉണ്ടാക്കുന്ന വിധത്തിലേ പറയാനാവൂ. എന്നെ വേദനിപ്പിക്കാൻവേണ്ടിമാത്രം കൊച്ചിമെത്രാനും കുറെ ഫ്രാൻസിസ്ക്കൻ സന്ന്യാസിമാരും എന്നെ അനുസരിക്കുവാൻ അക്കദിയാക്കോനെ അനുവദിക്കുന്നില്ല............''5. അതേ കത്തിൽ, ഇപ്രകാരംകൂടി കാണുന്നു. കൊടുങ്ങല്ലൂർ വികാരിയെ ആർച്ചുബിഷപ്പ് റോസ് അറസ്റ്റുചെയ്തു് വൈപ്പിക്കോട്ടുകൊണ്ടുവന്നു. ഇതറിഞ്ഞു് കൊച്ചിമെത്രാൻ ഒരു പോർച്ചുഗീസ് സൈന്യാധിപനേയും ഏതാനും ഭടന്മാരേയും കുറെ ഫ്രാൻസിസ്ക്കൻ സന്ന്യാസിമാരെയും വൈപ്പിക്കോട്ടേയ്ക്കു് അയച്ചു. അവർ വന്നു് ആ വികാരിയെ ബലംപ്രയോഗിച്ചു് മോചിപ്പിച്ചു് കൊച്ചിയിൽ കൊണ്ടുവന്നതായും, ബലംപ്രയോഗിച്ചവരുടെ കൂട്ടത്തിൽ ആയുധംധരിച്ച ഫ്രാൻസിസ്ക്കൻ സന്ന്യാസിമാർ ഉണ്ടായിരുന്നതായും പറയപ്പെടുന്നു. സർവ്വജീവജാലങ്ങളേയും സഹോദരീസഹോദരന്മാരെപ്പോലെകണ്ട സ്നേഹമയനായ അസീസ്സിയിലെ വി. ഫ്രാൻസിസ് എവിടെ, അദ്ദേഹത്തിന്റെ അനുയായികളായ പതിനാറാം നൂററാണ്ടിലെ ഫ്രാൻസിസ്ക്കൻ സന്ന്യാസിമാരുടെ അക്രമങ്ങൾ എവിടെ? ഏതായാലും സന്ന്യാസിമാർ തമ്മിലുള്ള പരസ്പരവൈരാഗ്യത്തിന്റെയും പോരാട്ടത്തിന്റെയും നീർച്ചുഴിയിലാണു് പാവപ്പെട്ട മാർത്തോമ്മാക്രിസ്ത്യാനികൾ ദുരിതങ്ങൾ അനുഭവിക്കേണ്ടിവന്നതെന്നു് ഈ കത്തിൽനിന്നും വ്യക്തമാണു്. ആർച്ചുബിഷപ്പ് റോസും അക്കദിയാക്കോനുമായുള്ള ഭിന്നതകൾ വീണ്ടും രൂക്ഷമായി.

4. Ferroli, Vol. I, P. 315.

5. Ibid, P. 317.

12

www.malankaralibrary.com

ബിഷപ്പ് റോസിൻെറ സുഹൃത്തും സഹപ്രവർത്തകനുമായിരുന്ന ഫാ. ഫെനീഷിയോ ഇപ്രകാരം ബിഷപ്പ് റോസിനെഴുതി,'' ആളുകൾ നമ്മെ പുച്ഛിക്കുകയാണ് ........... അവർ പറയുന്നതു് ഇന്ത്യയിലെ ഏററവും മോശമായി ഭരിക്കപ്പെട്ടുന്ന രൂപത നമ്മുടേതാണെന്ന് ........... ഒരു ജസ്യൂട്ട് മെത്രാൻെറ കീഴിലിരിക്കുകയില്ലെന്ന് ജനങ്ങൾ സത്യപ്രതിജ്ഞ ചെയ്തുകഴിഞ്ഞു ........... ഈശോസഭയുടെ ദുർഗന്ധം അവരെ ശ്വാസം മുട്ടിക്കുന്നു ........... ഏററവും പ്രധാനപ്പെട്ട കാര്യങ്ങൾ മെത്രാപ്പോലീത്താതന്നെ നടത്തട്ടെ, മററു കാര്യങ്ങൾ അക്കിദിയാക്കോന് വിട്ടുകൊടുക്കുക''6.

അഗാധപണ്ഡിതനും പരിചയസമ്പന്നനും ബഹുഭാഷാഭിജ്ഞനും ആയ ബിഷപ്പ് റോസ് ഏകദേശം കാൽശതാബ്ദകാലത്തെ കേരളസഭാഭരണത്തിനുശേഷം ഭഗ്നാശനായി, 1624-ൽ കാലം ചെയ്യുമ്പോൾ, സഹതാപാർഹമായ ഒരു ദുരന്തചിത്രമാണ് നമ്മുടെ കണ്ണുകളെ ഈറനണിയിക്കുന്നതു്. മലയാളം, സുറിയാനി ഭാഷകളിൽ ഇത്രത്തോളം പ്രാവീണ്യം കൈവരിച്ച മറെറാരു മിഷ്നറിയെ കേരളം കണ്ടിട്ടില്ല. പോർച്ചുഗീസുകാരുടെ കാലത്തു് കേരളസഭയെ ഭരിച്ചിരുന്ന ബാബിലോണിയൻ മെത്രാന്മാരായ മാർ യാക്കോബ്, മാർ ജോസഫ്, മാർ അബ്രാഹം എന്നിവരുടെയെല്ലാം ഭരണകാലമത്രയും നിരീക്ഷണപടുവായ അദ്ദേഹത്തിൻെറ നേത്രങ്ങൾ ചുഴിഞ്ഞുനോക്കി കണ്ടതാണ്. കോലാഹലങ്ങളുണ്ടാക്കിയ മെനേസിസിൻെറ പര്യടനങ്ങളിലെല്ലാം അദ്ദേഹം നിതാന്തസഹചാരിയും വലംകയ്യുമായിരുന്നു. മലയാളവും സുറിയാനിയും അറിയാമായിരുന്നതുകൊണ്ടു് ജനങ്ങളുമായി അടുത്തു് ഇടപഴകാനും അവരുടെ ഹൃദയസ്പന്ദനങ്ങൾ മനസ്സിലാക്കാനും അദ്ദേഹത്തിന് കഴിഞ്ഞിരുന്നു. പോർച്ചുഗീസ് ഗവണ്മെൻറിൻെറ ഔദ്യോഗിക പ്രതിനിധിയായി സാമൂതിരി മുതലായ നാട്ടുരാജാക്കന്മാരുമായി കൂടിയാലോചനകൾ നടത്തുവാനും ഉടമ്പടികൾ ഉണ്ടാക്കുവാനും അദ്ദേഹത്തിന് അവസരങ്ങളുണ്ടായിരുന്നു. എന്നാൽ വിശാലമായ ഈ അനുഭവസമ്പത്തൊന്നും അദ്ദേഹത്തിൻെറ കേരളസഭാഭരണത്തെ വിജയകരമാക്കുവാൻ ഉതകിയില്ല. സ്വന്തം ജസ്യൂട്ട്സഭാംഗങ്ങളുടെ നിശിതവിമർശനങ്ങൾക്കും ഭരണീയരായ ജനങ്ങളുടെ എതിർപ്പുകൾക്കും വി

6. Placid J. Podipara, The Thomas Christians, 1970, P. 149

www.malankaralibrary.com

ധേയനായി അതീവ ദുഃഖിതനായി അദ്ദേഹം മരിച്ചുവെന്നു് ചരിത്രകാരന്മാർ പറയുന്നു. അദ്ദേഹത്തിന്റെ ഭരണപരാജയത്തിന്റെ കാരണം ഒരുവിധത്തിൽ അദ്ദേഹത്തിന്റെ കുററമായിരുന്നില്ല. ലത്തീൻ മോഡലിലുള്ള സ്വേച്ഛാധിപത്യഭരണത്തിന്റെയും ജനപ്രാതിനിധ്യമുള്ള കേരളസഭാഭരണവ്യവസ്ഥയുടെയും സംഘട്ടനത്തിൽ അദ്ദേഹം കാൽവഴുതി വീഴുകയാണുണ്ടായതു്. ഈ സംഘട്ടനം റോസിന്റെ മരണംകൊണ്ടു് അവസാനിച്ചില്ല. ബ്രിട്ടോയുടെ ഭരണമെന്ന അപവാദമൊഴിച്ചാൽ, അതു് സ്വജാതിമെത്രാനെ കിട്ടുവോളം നീണ്ടുനിന്നു. സ്വജാതിമെത്രാന്മാരും ഏറെക്കുറെ ലത്തീൻഭരണമുറ അനുകരിക്കുന്നതുകൊണ്ടു് ഇന്നോളം അതു് നിലനില്ക്കുന്നു എന്നുവേണം പറയുവാൻ. കേരളമാകെ ഇപ്പോഴും പടർന്നുപിടിച്ചിട്ടുള്ള വൈദികവിദ്വേഷം പോർച്ചുഗീസുകാരുടെ കാലത്തു് തുടങ്ങിയതും അന്നത്തെ സംഘട്ടനത്തിന്റെ സന്താനവുമാണു്.

## II സ്ററീഫൻ ബ്രിട്ടോ (Stephen Britto, 1624–'41)

ബിഷപ്പ് റോസിന്റെ പിൻഗാമിയായി വന്നതു്, വൈപ്പിക്കോട്ടു് സെമിനാരിയിലെ റെക്ടറായിരുന്ന സ്റ്റീഫൻ ബ്രിട്ടോ എന്ന ജസ്യൂട്ടു് വൈദികനായിരുന്നു. അദ്ദേഹം നാലു വർഷം ബിഷപ്പ്റോസിന്റെ സഹായമെത്രാനായിരുന്നു. അദ്ദേഹത്തിനു മലയാളം കുറച്ചൊക്കെ അറിയാമായിരുന്നെങ്കിലും സുറിയാനി ഒട്ടുംതന്നെ വശമായിരുന്നില്ല. സൗമ്യമായും സൗഹാർദ്ദത്തിലും അർക്കദിയാക്കോനെ സമീപിച്ചാൽ, പ്രശ്നങ്ങൾ പരിഹരിക്കാമെന്ന ധാരണയാണു് അദ്ദേഹത്തിനുണ്ടായിരുന്നതു്. അതിന്നനുസരണമായ നയവും പെരുമാററവും അദ്ദേഹം സ്വീകരിച്ചു.

ബിഷപ്പ്ബ്രിട്ടോയുടെ അനുരഞ്ജനനയത്തിൽ പ്രതിഷേധമുള്ള സഹപ്രവർത്തകരുണ്ടായിരുന്നു. അവരിലൊരാളായ ഫാ. ആൻഡ്രൂ പെരേര റോമിലുള്ള തന്റെ ജനറലിനു് 1626 ഡിസംബർ 26-ാം തീയതി ഇപ്രകാരമെഴുതി, "ജസ്യൂട്ട്സഭയ്ക്കു് ദോഷകരമായ വിധത്തിലാണു് കൊടുങ്ങല്ലൂർ ആർച്ചുബിഷപ്പായ ബ്രിട്ടോ തുടങ്ങിയിരിക്കുന്നതു്. ഞങ്ങൾ ആശിച്ചിരുന്നതുപോലൊന്നുമല്ല കാര്യങ്ങൾ നടക്കുന്നതു്. അദ്ദേഹം അർക്കദിയാക്കോനുമായി വളരെ മൈത്രിയിൽ കഴിയുന്നതുകൊണ്ടു്, ഒരു കലാപമുണ്ടാകുമെന്നു് ഭയപ്പെടാൻ ന്യായമുണ്ടു്. കൊടുങ്ങല്ലൂർ മെത്രാപ്പോലീത്തയാകാൻ ശ്രമിക്കുന്ന

www.malankaralibrary.com

ഒരു ഫ്രാൻസിസ്കൻ സന്യാസിയുമായി അർക്കദിയാക്കോൻ സഖ്യത്തിലാണ്. ഈ സന്യാസി കൊടുങ്ങല്ലൂർ മെത്രാപ്പോലീത്തായാകുന്നതിനുവേണ്ടി കൊച്ചിരാജാവിനു് ധാരാളം വീഞ്ഞുകൊടുത്തു്, അദ്ദേഹത്തെക്കൊണ്ടു് സ്പെയിനിലെ രാജാവിനോടു് ശുപാർശ ചെയ്യിക്കുമെന്നു് എനിക്കു് തീർച്ചയായും അറിയാം7''. ഇങ്ങനെ അധികാരത്തിനും ഭരണത്തിനുംവേണ്ടി യൂറോപ്പിലെ രണ്ടു സന്ന്യാസസഭകൾ കേരളത്തിൽ നടത്തുന്ന മത്സരക്കളിയിലെ പന്തായിരുന്നു സുറിയാനിസഭ.

ബ്രിട്ടോയുടെ സൗമനസ്യം കാണിക്കുന്ന ഒരു സംഭവം ഉണ്ടായി. മെനേസിസ് കേരളത്തിൽ വന്നപ്പോൾ വളരെയധികം പേർക്കു് വൈദികപട്ടം കൊടുത്തു. ഇതു് ഉദയംപേരൂർ സൂനഹദോസിൽ തന്റെ കക്ഷിബലം വർദ്ധിപ്പിക്കാനായിരുന്നു. കൂടാതെ ഈ നവവൈദികരുടേയും അവരുടെ കുടുംബങ്ങളുടേയും ബന്ധുമിത്രാദികളുടേയും പിൻബലം കിട്ടുന്നതിനു് വേണ്ടിയുള്ള മെനേസിസിന്റെ ഒരു തന്ത്രമായിരുന്നിതു്. ഇങ്ങനെ വർദ്ധിച്ചുവന്ന വൈദികരുടെ സംഖ്യ, ബ്രിട്ടോയുടെ കാലത്തു്, എഴുപത്തഞ്ചു് പള്ളികൾക്കുവേണ്ടി മുന്നൂറിൽപരം വൈദികരെന്ന നിലയിലായി. ഇതു് രൂപതയ്ക്കു് ദുർവഹമായിരുന്നതിനാൽ, ബ്രിട്ടോ അർക്കദിയാക്കോനുമായി ആലോചിച്ചാണു് വൈദികാർത്ഥികളുടെ സംഖ്യ വെട്ടിക്കുറയ്ക്കുവാൻ തീരുമാനിച്ചതു്. ഇതു് സഹകരണബുദ്ധിയുടെ ഒരു പ്രകടനമായിരുന്നു.

കേരളത്തിൽ ജസ്യൂട്ടുകൾക്കുണ്ടായിരുന്ന ആധിപത്യത്തിൽ, റോമിലെ മററു സന്ന്യാസസഭകൾ അസൂയാലുക്കളായിരുന്നു. ജസ്യൂട്ടരുടെ കുത്തക തകർക്കുവാൻ ഡൊമിനിക്കൻ സന്ന്യാസിമാരാണു് കൂടുതലായും ശ്രമിച്ചതു്. ഇതോടുകൂടി, ജസ്യൂട്ട് ഭരണത്തിൽ നിരാശപ്പെട്ടിരുന്ന അർക്കദിയാക്കോൻ, മററു സന്ന്യാസസഭകളെ കേരളത്തിലേയ്ക്കു് അയയ്ക്കുവാൻ റോമിലേയ്ക്കും ലിസ്ബണിലേയ്ക്കും തുടരത്തുടരെ നിവേദനങ്ങൾ അയച്ചു. 1628–ൽ ഏതാനും ഡൊമിനിക്കൻ സന്ന്യാസിമാർ, ബ്രിട്ടോ മെത്രാപ്പോലീത്തായുടെ അറിവോ സമ്മതമോ കൂടാതെ, കടുത്തുരുത്തിയിലെത്തി. അവരുടെ പ്രിയോർ ബാബിലോണിയായിൽനിന്നും വന്നതാണെന്നും പാത്രിയർക്കീസിന്റെ ഉപദേഷ്ടാവാണെന്നും ജനങ്ങളെ പറഞ്ഞുധരിപ്പിക്കുകയും സുറിയാനി

7. D. Ferroli. Vol. I: P. 361-'62

www.malankaralibrary.com

വൈദികരെപ്പോലെ മീശവളൎത്തുകയും ചെയ്തു. കൂടാതെ, നാട്ടുരാജാക്കന്മാരുടെ പടങ്ങൾ പള്ളികളിൽ സ്ഥാപിക്കുകയും അവൎക്കും അവരുടെ സിദ്ധന്തികൾക്കും കോഴകൊടുക്കുകയും ചെയ്തുതായി ബ്രിട്ടോ റോമിലുള്ള ജസ്യൂട്ടരുടെ ജനറലിന്നു പരാതികളുമയച്ചു[8].

കടുത്തുരുത്തിയിലെത്തിയ ഡൊമിനിക്കൻ സന്ന്യാസിമാർ അവിടെ ഒരു സെമിനാരി സ്ഥാപിക്കുകയും മാർത്തോമ്മാക്രിസ്ത്യാനികളുമായിട്ടു സൗഹാർദ്ദത്തിൽ കഴിയുകയും ചെയ്തു. അൎക്കദിയാക്കോൻ അവരുടെ ഉററമിത്രവും ആയിത്തീൎന്നു. ജസ്യൂട്ടു ഭരണംകൊണ്ടു മനംമടുത്തിരുന്ന അൎക്കദിയാക്കോനും മാർത്തോമ്മാ ക്രിസ്ത്യാനികൾക്കും ഡൊമിനിക്കൻ സന്ന്യാസിമാരുടെ വരവു്, സാന്ത്വനം അരുളിയതിൽ അത്ഭുതപ്പെടുവാനില്ല. പക്ഷേ, കേരളത്തിൽ വിദേശസന്ന്യാസിമാർ നടത്തിയിരുന്ന പന്തുകളിമത്സരത്തിൽ പങ്കെടുത്ത മൂന്നാമത്തെ "ടീം" ഡൊമിനിക്കൻ സന്ന്യാസിമാരാണു്. ഇതുവരെ നേർക്കുനേർ നടന്നിരുന്ന കളി ഇപ്പോൾ ത്രികോണത്തിലായി. അതിന്റെ ഫലമോ, സന്ന്യാസസഭകളുടെകൂടെ ഓരോ കക്ഷിയുംചേൎന്നുനിന്നു് നടത്തുന്ന വഴക്കും കലാപങ്ങളും. ലിസ്ബണിലെ പേപ്പൽ നൺഷ്യോസ്സു് അൎക്കദിയാക്കോൻ വീണ്ടുമെഴുതി: അതിന്റെ ചുരുക്കം, ജസ്യൂട്ടു് വൈദികൎക്കു് വിജാതീയരെ സഭയിൽ കൊണ്ടുവരുവാൻ കഴിവില്ലെന്നും, മലബാറിലെ അവരുടെ മിഷ്യനറികൃത്തക അവസാനിപ്പിക്കണമെന്നും, ഡൊമിനിക്കൻ സന്ന്യാസിയായ ഡൊനാറേറാ (Donatto) യെ ബ്രിട്ടോ മെത്രാപ്പോലീത്തായുടെ സഹായമെത്രാനായി നിയമിക്കണമെന്നുമായിരുന്നു. ഈ അഭ്യൎത്ഥനയിൽ ഡൊമിനിക്കൻ വൈദികരുടെ പ്രേരണയും പ്രോത്സാഹനവും ഉണ്ടായിരുന്നുവെന്നു് ഊഹിക്കാം. ഏതായാലും, അൎക്കദിയാക്കോന്റെ അഭ്യൎത്ഥന, റോമാ അതുപടി സ്വീകരിച്ചു. Donatto യെ മെത്രാനായി നിയമിച്ചു. എന്നാൽ അദ്ദേഹം കേരളത്തിൽ വന്നെത്തുന്നതിനുമുമ്പു്, കടൽക്കള്ളന്മാർ അദ്ദേഹത്തെ വധിച്ചുകളഞ്ഞു.

ബിഷപ്പു് ബ്രിട്ടോ പല നല്ലകാര്യങ്ങളും ചെയ്തിട്ടുണ്ടു്. അതിലൊന്നായിരുന്നു ഇടപ്പള്ളിയിൽ സ്ഥാപിച്ച വൈദികസന്ന്യാസസഭ. പക്ഷേ, അതു് അധികകാലം നിലനിന്നില്ല.

---

8, Ferroli, P. 363–'64.

www.malankaralibrary.com

ഇക്കാലത്തു് (1636) കേരളം സന്ദർശിച്ച ഒരു കർമ്മലീത്താസഭാ ശ്രേഷ്ഠൻ എഴുതുന്നതു്, അക്കാലത്തു് സുറിയാനിക്കാരുടെ ഇടയിൽ ലത്തീനീകരണം ശക്തമായി നടന്നുകൊണ്ടിരുന്നുവെന്നാണു്9.

അർക്കദിയാക്കോനുമായുള്ള ഉടമ്പടിയിൽ അദ്ദേഹത്തിന്റെയും സമ്മതംകൂടാതെ ഒരു വൈദികനെ വികാരിയായി നിയമിക്കുകയോ സ്ഥലംമാററുകയോ ചെയ്യുകയില്ലെന്നു് ബ്രിട്ടോ മെത്രാപ്പോലീത്താ എഴുതിക്കൊടുത്തിരുന്നു. ഇതു് അദ്ദേഹത്തിന്റെ സന്മനസ്സും, അർക്കദിയാക്കോനുമായി രമ്യതയിൽ കഴിയുവാനുള്ള ആഗ്രഹവുമാണു് കാണിക്കുന്നതു്; അതേസമയംതന്നെ, അർക്കദിയോന്മാർക്കു് പുരാതനമായിട്ടുണ്ടായിരുന്ന അധികാരത്തിന്റെ പുനഃസ്ഥാപനവുമായിരുന്നു. എന്നാൽ കൊച്ചിയിലും ഗോവയിലുമുള്ള പോർച്ചുഗീസു് അധികാരികൾ, ഇതറിഞ്ഞപ്പോൾ ഞെട്ടിപ്പോയി. മെത്രാന്റെ ഭരണാധികാരങ്ങൾ വെച്ചൊഴിയുന്നുവെന്നാണു് അവർ അതിനെ വ്യാഖ്യാനിച്ചതു്. ആ എഴുത്തു് തിരികെ വാങ്ങുവാൻ പോർച്ചുഗീസു് അധികാരികൾ ഭഗീരഥപ്രയത്നം നടത്തി. ഒടുവിൽ 1636–ൽ പോർച്ചുഗീസു് വൈസ്രോയി കൊച്ചിയിൽ വന്നപ്പോൾ, ആ എഴുത്തു് തിരികെ കിട്ടുവാൻ വേണ്ടി, കൊച്ചിരാജാവിനെ ചെന്നുകാണുകയും അദ്ദേഹത്തിന്റെ സഹായം അഭ്യർത്ഥിക്കുകയും ചെയ്തു. തദനുസരണം കൊച്ചിരാജാവു് ആർച്ചുഡീക്കനെ വരുത്തി ആ എഴുത്തു് തിരികെ നല്കിച്ചു. എന്നാൽ പിന്നീടാണു് മനസ്സിലാകുന്നതു്, വൈസ്രോയിക്കു് കിട്ടിയതു് ആ കത്തിന്റെ പകർപ്പു മാത്രമായിരുന്നുവെന്നു്!10. കുരിശിന്റെ ഗീവർഗീസു് എന്നറിയപ്പെടുന്ന ഈ അർക്കദിയാക്കോൻ 1637–ലും ബ്രിട്ടോ മെത്രാപ്പോലീത്താ 1641–ലും മരിച്ചു.

9. Podipara, P. 150.

10. Brown, P. 98.

www.malankaralibrary.com

# പന്ത്രണ്ടാം അദ്ധ്യായം

# ഫ്രാൻസിസ് ഗാർഷ്യാ (1641–'59)യും കൂനൻകുരിശുസത്യവും

## A. ഗാർഷ്യാമെത്രാപ്പോലീത്താ

ബ്രിട്ടോയുടെ പിൻഗാമിയായി വന്നതു് അദ്ദേഹത്തിന്റെ സഹായമെത്രാനായിരുന്ന ഗാർഷ്യാ ആയിരുന്നു. ഗാർഷ്യായ്ക്കു് സുറിയാനിയോ മലയാളമോ തീരെ വശമില്ലായിരുന്നു. സുറിയാനിക്കാരുടെ താല്പര്യങ്ങളെ കാണുവാനും അനുഭാവപൂർവ്വം പ്രവർത്തിക്കുവാനും അദ്ദേഹത്തിനു് ഒരിക്കലും കഴിഞ്ഞിരുന്നില്ല. മാത്രമല്ല, അധികാരഖഡ്ഗത്തിൽ (Juridical) അദ്ദേഹം പൂർണ്ണവിശ്വാസവും അർപ്പിച്ചിരുന്നു. അദ്ദേഹം ക്ഷിപ്രകോപിയും അഹങ്കാരിയും നാട്ടുകാരെ അവജ്ഞയോടുകൂടിമാത്രം കാണാൻ കഴിയുന്നവനുമായിരുന്നു. അർക്കദിയാക്കോനോടു് സൗമ്യതയുടേയും സഹകരണത്തിന്റേയും വിട്ടുവീഴ്ചയുടേയും നയം സ്വീകരിച്ച ബ്രിട്ടോ പരാജിതനായി എന്ന ബോധമാണു് ഗാർഷ്യായ്ക്കുണ്ടായിരുന്നതു്. അതുകൊണ്ടു്, വളരെ നിർദ്ദയവും കർക്കശവുമായ ഒരു രീതിയാണു്, ഗാർഷ്യാ സ്വീകരിച്ചതു്. മരിച്ചുപോയ ഗീവർഗ്ഗീസ് അർക്കദിയാക്കോന്റെ പിൻഗാമിയായി വന്ന തോമസ് അർക്കദിയാക്കോനുമായി പല ഏററുമുട്ടലുകളും നടന്നു. ഗാർഷ്യാ വൃദ്ധനും തോമ്മാ അർക്കദിയാക്കോൻ മുപ്പതുവയസ്സുള്ള യുവാവുമായിരുന്നു. അതുകൊണ്ടു്, അഭിപ്രായഭിന്നതകൾ വർദ്ധിക്കുകയും മൂർച്ഛിക്കുകയുമാണു് ചെയ്തതു്. ഫാ. വിൻസൻറ് മേരി പറയുന്നതു് അർക്കദിയാക്കോൻ ലിസ്ബണിലേയ്ക്കും റോമിലേയ്ക്കും തങ്ങളുടെ സങ്കടനിവാരണത്തിനായി തുടരെത്തുടരെ വളരെയേറെ പരാതികളയച്ചുവെന്നാണു്. എന്നാൽ അവയ്ക്കൊന്നിനും മറുപടി കിട്ടായ്കയാൽ നിരാശനായി, നെസ്തോറിയനും, യാക്കോബായും കോപ്റ്റിക്കുമായ പാത്രിയർക്കീസുമാർക്കു്, ഒരു മെത്രാനെ അയച്ചുതരുവാൻ അപേക്ഷകളയച്ചു. ഗതികെട്ടാൽ പുലി പുല്ലും തിന്നുമല്ലോ. വിഷമസന്ധികൾ മൂർദ്ധന്യത്തിലെത്തുന്നതുവരെ സങ്കടനിവേദ

www.malankaralibrary.com

ങ്ങൾക്കു പരിഹാരം കണ്ടെത്തുക അധികാരികൾക്ക് അന്നും ഇന്നും ഉള്ള ഒരു പതിവല്ല. ഇതാണ് അഹത്തല്ലായുടെ വരവിന് വഴിയൊരുക്കിയതും കേരളസഭയിൽ പിളർപ്പുണ്ടാക്കിയതും.

ഗാർഷ്യായെ വെള്ളയടിച്ചുകാണിക്കുവാനാണ് ഫാ. ഫെറോളി ശ്രമിക്കുന്നത്. ഗാർഷ്യാ വളരെക്കാലം സെമിനാരികളിൽ പ്രൊഫസറും റെക്ടറുമായിരുന്നെന്നും കാനൻനിയമത്തിൽ വിദഗ്ദ്ധനായിരുന്നെന്നുമൊക്കെ അദ്ദേഹം പറയുന്നുണ്ട്. ഒരുപക്ഷേ അതുതന്നെയായിരിക്കാം ജനഭരണത്തിൽ അദ്ദേഹത്തിനു വന്നുകൂടിയ പരാജയത്തിനു കാരണവും. സെമിനാരികളിലെ പ്രൊഫസർമാരായും സന്ന്യാസാശ്രമങ്ങളിലെ ശ്രേഷ്ഠന്മാരായും കഴിഞ്ഞിട്ടുള്ളവർ, നിയമത്തിന്റെ മുനയിലും ശിക്ഷണത്തിന്റെ മൂർച്ചയിലും ദൃഢവ്രതമുള്ളവരാകാറുണ്ടല്ലോ. വിശാലമായ ലോകവ്യവഹാരങ്ങളിൽപ്പെട്ട ജനസഹസ്രങ്ങളുടെ വിപുലവും സങ്കീർണ്ണവുമായ പ്രശ്നങ്ങൾ സഹതാപപൂർവ്വം മനസ്സിലാക്കുവാനും അവയ്ക്കു പ്രായോഗികമായ പരിഹാരം കണ്ടെത്തുവാനും, കർശനമായ ചട്ടത്തിന്റേയും ചിട്ടയുടേയും ചാട്ടവാറുമായി ഏറെനാൾ കഴിച്ച സിമ്മനാരിയിലെ അദ്ധ്യാപകർക്ക് സാധാരണമായി സാധിച്ചുവെന്നു വരുന്നതല്ല; എന്നാൽ അപവാദങ്ങളുണ്ടാകാം. ഗാർഷ്യായുടെ കർക്കശബുദ്ധി അപവാദമില്ലാത്ത സ്ഥിതിയാണ് വെളിപ്പെടുത്തുന്നത്.

ഗാർഷ്യായെ വിഷമിപ്പിച്ച ഒരു പ്രധാന പ്രശ്നമായിരുന്നു പണം – ലോകത്തിലെ സ്ഥാപനങ്ങളുടെയെന്നല്ല, എല്ലാ ജീവിതരൂപങ്ങളുടേയും അച്ചുതണ്ട്. മതം സ്ഥാപനരൂപം (Institutionalised) എടുത്തപ്പോൾ, പണം മതത്തിന് ഒരു അവശ്യഘടകമായിത്തീർന്നു. ഉദയംപേരൂർ സൂനഹദോസാണല്ലോ കേരളസഭയെ പദ്രുവാദോയുടെ കീഴിൽ കൊണ്ടുവന്നത്. അതനുസരിച്ച്, മതസ്ഥാപനങ്ങൾ ഉണ്ടാക്കുന്നതിനും വൈദികർക്ക് ശമ്പളം കൊടുക്കുന്നതിനും ഉള്ള ചുമതല പോർച്ചുഗൽ രാജാവിനായിരുന്നു. രാജാവ് ഓരോ കാര്യത്തിനായി നീക്കിവയ്ക്കുന്ന പണം പലവഴിയും കൈമറിഞ്ഞു വരുമ്പോൾ അതിന്റെ പത്തിലൊരംശംപോലും ഉപഭോക്താക്കൾക്ക് ലഭിച്ചിരുന്നില്ല. പോർച്ചുഗൽ രാജാവ് എത്രതന്നെ ഭക്തനും ധർമ്മിഷ്ഠനും ഉദാരമതിയുമായിരുന്നാലും, അദ്ദേ

www.malankaralibrary.com

ഹത്തിന്റെ നിദ്ദേശങ്ങരം പ്രാവത്തികമാക്കാൻ ദുഷിച്ച ഭരണ കൂടത്തിനു് സാധിച്ചില്ല എന്നുള്ളതാണു് സത്യം. അക്ദിയാക്കോനും കത്തനാരന്മാക്കും പ്രതിമാസശമ്പളം പോർച്ചുഗൽ രാജാവാണു് അയച്ചുകൊടുത്തിരുന്നതു്. ഓരോ കത്തനാക്കും നല്കിയിരുന്നതു് ഇരുപതു സറാഫിൻ (പോർച്ചുഗീസ് നാണയം) ആണു്. രാജാവു കൊടുക്കുന്ന 20 സറാഫിൻ പോർച്ചുഗീസു് ഉദ്യോഗസ്ഥന്മാരിൽകൂടി കീഴ്പ്പോട്ടു് കൈമാറിവരുമ്പോരം പത്തായിതീരുന്നു; ചിലപ്പോരം അഞ്ചും മററവസരങ്ങളിൽ പൂജ്യവും. തന്മൂലം, കത്തനാരന്മാർ വളരെ അസംതൃപ്തരായിരുന്നു.

കേരളത്തിലെ കത്തനാരന്മാക്കു് പണം കിട്ടുന്നില്ലെന്നറിഞ്ഞപ്പോരം പോർച്ചുഗൽരാജാവു്, 1645 ജനുവരി 10-ാംനു-, വൈസ്രോയിക്കെഴുതി: ''ഇതു് നീതികേടാണു്, സുവിശേഷസേവകരായ വൈദികർക്കു് യോഗ്യമായി ജീവിക്കുവാൻ തക്ക തുക കൊടുത്തേ തീരൂ''. വീണ്ടും ഇതേപ്പററി ശാസിച്ചുകൊണ്ടു് പോർച്ചുഗൽരാജാവു് 1634 ഡിസംബർ 16-ാംനുയും ഗോവയിലെ വൈസ്രോയിക്കു് എഴുതിയിട്ടുണ്ടായിരുന്നു.

1646 ജനുവരി 10-ാംനു- വൈസ്രോയി പോർച്ചുഗൽ രാജാവിനയച്ച എഴുത്തിൽ, പണസംബന്ധമായ കാര്യത്തിൽ ഗാഷ്യാ അപ്രാപ്തനാണെന്നു് പറയുന്നു. രണ്ടു ജസ്യൂട്ടു് വൈദികർമാത്രം ജോലി ചെയ്യുന്ന സ്ഥലങ്ങളിൽ പത്തുപേരുടെ ശമ്പളം എഴുതി വാങ്ങുന്നുണ്ടെന്നും വൈസ്രോയി കുററപ്പെടുത്തുന്നു[1]. ഇതിനും പുറമേ, പോർച്ചുഗീസ് സാമ്രാജ്യം അധഃപതിച്ചുകൊണ്ടിരുന്ന കാലമായിരുന്നതിനാൽ വേണ്ടിടത്തോളം വരുമാനം അവക്കുണ്ടായിരുന്നുമില്ല. പോർച്ചുഗീസുകാരുടെ രാഷ്ട്രീയസാമ്രാജ്യം മുങ്ങിപ്പോയപ്പോരം, ഗോവയൊഴിച്ചാൽ, അതോടു് കൂട്ടിക്കെട്ടിയിരുന്ന വൈദികസാമ്രാജ്യം നശിക്കുകയാണുണ്ടായതു്. ഇങ്ങനെയാണു് സിലോണിലും, മലാക്കായിലും മററു സ്ഥലങ്ങളിലും ഉള്ള ലത്തീൻസഭകരം പോർച്ചുഗീസ് ഗവണ്മെൻറിന്റെ തിരോധാനത്തോടുകൂടി അപ്രത്യക്ഷമായതു്. നൂററാണ്ടുകളിലെ കാമ്പും കാതലും പാരമ്പര്യവീര്യവുമുള്ള കേരളത്തിലെ മാത്തോമ്മാസഭ കമ്മലീത്താ ദുർഭരണത്തിൽപോലും വീർപ്പുമുട്ടി നിന്നതേ ഉള്ളൂ.

---

1. Ferroli Vol. II, P. 29-30.

www.malankaralibrary.com

## B. അഹത്തള്ളാ

അഹത്തള്ളാമെത്രാൻ ഡമാസ്ക്കസിലെ സ്ഥാനഭ്രഷ്ടനായ ഒരു യാക്കോബായ മെത്രാനായിരുന്നു. ഈ അപമാനം സഹിക്കവയ്യാതെ, അദ്ദേഹം കോപ്റ്റിക് പാത്രിയക്കീസിനെ അഭയം പ്രാപിച്ചു. അപ്പോൾ അദ്ദേഹം കെയ്റോയിലായിരുന്നു. കോപ്റ്റിക് പാത്രിയക്കീസിൻെറ മേശപ്പുറത്തു്, കേരളസഭയിലെ തോമ്മാ അക്കദിയാക്കോനയച്ച ഒരു കത്തു് അഹത്തള്ളാ കാണുവാനിടയായി. കൈവെയ്പുള്ള ഒരു മെത്രാനെ കേരളത്തിലേയ്ക്കു് അയക്കുവാനുള്ള അഭ്യർത്ഥനയായിരുന്നു അതു്. ഇതു് വായിച്ച അഹത്തള്ളായ്ക്കു് അത്യധികമായ സന്തോഷവും ഉത്സാഹവുമാണുണ്ടായതു്. ഭാഗ്യംതേടിവന്ന അദ്ദേഹത്തിനു് തേടിയവള്ളി കാലിൽ ചുററിയതുപോലെയായി. അങ്ങനെയാണു്, മലങ്കരസഭയ്ക്കുള്ള കോപ്റ്റിക് പാത്രിയക്കീസിൻെറ അധികാരപത്രത്തോടുകൂടി ഒരു യാക്കോബായ മെത്രാൻ പൗരസ്ത്യസുറിയാനിക്കാരെ ഭരിക്കുവാൻ കേരളക്കരയിൽ വന്നെത്തുന്നതു്. അഹത്തള്ളാ കെയിറോയിൽനിന്നും ഇന്ത്യയിലേയ്ക്കു് വരുന്നതിനുള്ള അനുമതി കൃത്രിമമായി സമ്പാദിച്ചു. കുശാഗ്രബുദ്ധിയായ അഹത്തള്ളാ പോരുന്നവഴി മൊസൂളിലെത്തി (Mosul) നെസ്റ്റോറിയൻ പാത്രിയക്കീസിനെ കണ്ടു്, അദ്ദേഹത്തിൻെറയും ചില സാക്ഷ്യപത്രങ്ങളും സമ്പാദിച്ചു. സമർത്ഥനായ അഹത്തള്ളാ യാക്കോബായ, കോപ്റ്റിക്, നെസ്റ്റോറിയൻ എന്നീ മൂന്നു സഭകളിലേതെങ്കിലും ഒന്നിൽ ലക്ഷ്യംതെററാതെ കൊള്ളുന്ന മുക്കുഴൽ തോക്കുമായിട്ടാണു് കേരളത്തിലെത്തിയതു്. എന്നാൽ കേരളത്തിലുണ്ടോ കോപ്റ്റിക്കാരും യാക്കോബായക്കാരും!! അദ്ദേഹം മൊസൂളിൽനിന്നും പുറപ്പെട്ടു്, ഒരു സന്ന്യാസിയുടെ വേഷംധരിച്ചു് ഒരു ഡച്ചുകപ്പലിൽ എ. ഡി. 1652–ൽ സൂററിൽ വന്നിറങ്ങി.

സൂററിൽ ഉണ്ടായിരുന്ന കപ്പൂച്ചിൻ ആശ്രമത്തിലേയ്ക്കാണു് അദ്ദേഹം നേരെ പോയതു്. ഒരു അതിഥിയായി അവിടെ സ്വീകരിക്കപ്പെട്ടുവെങ്കിലും, അഹത്തള്ളായെപ്പററി കപ്പൂച്ചിൻ സന്ന്യാസിമാർക്കു് പല സംശയങ്ങളുമുണ്ടായിരുന്നു. ഇതു് അഹത്തള്ളായെ വളരെ അസ്വസ്ഥനാക്കി. ഒളിവിൽ അവിടെനിന്നും കടന്നു്, കരമാർഗ്ഗം മൈലാപ്പൂരിലെ മാർത്തോമ്മാശ്ലീഹായുടെ സമാധിസ്ഥലത്തെത്തിയ അദ്ദേഹത്തെ പോർച്ചുഗീസുകാർ അറസ്റ്റുചെയ്തു് ഈശോസഭക്കാരുടെ ആശ്രമത്തിൽ

www.malankaralibrary.com

തടങ്കലിൽ താമസിപ്പിച്ചു. അവിടെയും അദ്ദേഹം സംശയി ക്കപ്പെട്ടെങ്കിലും അവർ അദ്ദേഹത്തിന്റ് വളരെ സ്വാതന്ത്ര്യം അനുവദിച്ചുകൊടുത്തു.

ആയിടയ്ക്കാണ്, അദ്ദേഹം കേരളത്തിൽനിന്നും മാർത്തോമ്മാശ്ലീഹായുടെ കബറിലേക്ക് തീർത്ഥാടനത്തിനുപോയ, വൈപ്പിക്കോട്ട സിമ്മനാരിയിൽ പഠിക്കുന്ന രണ്ടു സുറിയാനിശെമ്മാശന്മാരെ കണ്ടുമുട്ടുന്നത്. അവർ മുഖേന, കേരളത്തിലെ സുറിയാനി നേതാക്കന്മാക്ക് അഹത്തള്ളാ ഒരു എഴുത്തു കൊടുത്തയച്ചു. ആ കത്ത് ഇപ്രകാരമാണ്, ''അഹത്തള്ളാ പാത്രിയക്കീസായ എന്നെ മാർത്തോമ്മാക്രിസ്ത്യാനികളുടെ ആശ്വാസത്തിനായി പത്താം ഇന്നസെൻറ് മാപ്പാപ്പാ അയച്ചിരിക്കുകയാണ്. പീഡനം തൊഴിലാക്കിയിട്ടുള്ളവർ എന്നെ കലാമിനായിൽ ബന്ധനസ്ഥനാക്കിയിരിക്കുന്നു. വളരെ എളുപ്പം അവർ എന്നെ കൊച്ചിയിലേക്കും അവിടെനിന്ന് ഗോവയിലേക്കും കൊണ്ടുപോകും. ആയുധധാരികളായ നിങ്ങളുടെ കുറെ ആളുകളെ എന്നെ രക്ഷിക്കുവാൻവേണ്ടി അയയ്ക്കുക''2.

1906-ലെ State Manual-ൽ ഈ എഴുത്തിന്റെ മറെറാരു രൂപം മെക്കൻസി ഉദ്ധരിച്ചിട്ടുണ്ട്3. അത് Msgr. Joseph എഴുതിയ Istorio Del Eustache എന്ന ഗ്രന്ഥത്തിൽനിന്നും എടുത്തിട്ടുള്ളതാണ്. ആ കത്തിലേയും ചുരുക്കം ഏതാണ്ട് മേല്പറഞ്ഞപ്രകാരംതന്നെ. കൂട്ടതലായിട്ടുള്ളത് (1) ''ഇന്ത്യയുടെയും ചൈനയുടെയും പാത്രിയക്കീസായ നാം'' എന്ന് സ്വയം പ്രഖ്യാപിക്കുന്നുണ്ട്. (2) ആയുധധാരികളായ 40 പേരെ രണ്ടു വൈദികരോടുകൂടി ഉടനെ അയച്ച്, തന്നെ മൈലാപ്പൂരിലെ ആ തടവിൽനിന്നും മോചിപ്പിക്കണമെന്നും പറയുന്നു. (3) മറെറാരു ഭാഗത്ത് പറയുന്നു, ''വരുവിൻ എന്റെ മക്കളെ, ഞാൻ പറയുന്നതു ദയവായി കേൾക്കുവിൻ. നമ്മുടെ പിതാവായ മാപ്പാപ്പാ എനിക്ക് സർവ്വ അധികാരങ്ങളും തന്നിട്ടുണ്ട്...............നിങ്ങളുടെ ആവശ്യത്തിനു വേണ്ടുന്ന നിധിയും (പണം) എന്റെ കൈവശമുണ്ട്. അതിനാൽ വൈദികരേ, ശെമ്മാശന്മാരേ, നേതാക്കന്മാരേ, ദൈവമാതാവായ

2. Brown, P. 99-100.

3. Nagam Ayya, State Manual of Travancore, 1906, Vol. II P. 182-183.

www.malankaralibrary.com

കന്യകമറിയത്തിന്റെ നാമത്തിൽ ഞാൻ അപേക്ഷിക്കുന്നു വേഗം വരണമെന്നു്!! (4) ''നിങ്ങളറിഞ്ഞാലും 1652 ആഗസ്റ്റ് 2-ാം തീയതിയാണു് ഞാൻ മൈലാപ്പൂരിലെ ഈശോസഭക്കാരുടെ ആശ്രമത്തിൽ വന്നതു്. നിങ്ങളുടെ നാട്ടിൽനിന്നും ഇവിടെവരുന്ന അനേകം വൈദികരും ആളുകളും എന്നെ നിങ്ങളുടെ നാട്ടിലേയ്ക്കു് കൊണ്ടുപോകുമെന്നു ഞാനറിഞ്ഞിരുന്നു. അതിനാൽ എന്നെ സ്വതന്ത്രനാക്കുക!!''

മേൽപ്രസ്താവിച്ചതിൽനിന്നും താഴെപ്പറയുന്ന കാര്യങ്ങൾ വ്യക്തമാകുന്നു. (1) അഹത്തള്ളാ മൈലാപ്പൂരിൽ വന്നപ്പോൾ അസ്വാതന്ത്ര്യനായി തടങ്കലിലെന്നപോലെ ജീവിച്ചിരുന്നു. (2) മൈലാപ്പൂരിൽ നിന്നാണു് അദ്ദേഹം ഈ കത്തെഴുതുന്നതു്. കത്തിന്റെ ഉദ്ദേശ്യം ആയുധസഹായത്തോടെ അദ്ദേഹത്തെ മോചിപ്പിച്ചു് കേരളത്തിലേയ്ക്കു് കൊണ്ടുപോകുകയെന്നതായിരുന്നു. (3) മൈലാപ്പൂരിനു് അദ്ദേഹം കൊടുക്കുന്ന പേരു് 'കലാമിന'യെന്നാണു്. അതിനാൽ മൈലാപ്പൂരിനു് 'കലാമിന' എന്ന പേരു് അന്നുമുണ്ടായിരുന്നു. (4) മൈലാപ്പൂരിനു് 'കലാമിന'യെന്ന പേരു്, അദ്ദേഹം അഭിവാദ്യം ചെയ്യുന്ന കേരളത്തിലെ ജനങ്ങൾക്കും മററുള്ളവക്കും അറിയാമായിരുന്നു. അതുകൊണ്ടു് മൈലാപ്പൂർ 'കലാമിന'യെന്ന പേരിലും 17-ാം നൂററാണ്ടിൽ അറിയപ്പെട്ടിരുന്നു.

ശെമ്മാശ്ശന്മാർ കൊണ്ടുവന്ന കത്തു് സ്വീകരിച്ചശേഷം, തോമ്മാഅർക്കദിയാക്കോൻ കേരളത്തിലെ സുറിയാനി സഭയ്ക്കെല്ലാംകൂടി ഒരു സക്കുലർ അയയ്ക്കുന്നുണ്ടു്. അതിൽ പറയുന്നതു്, ''ദൈവം അവസാനമായി തങ്ങളുടെ പ്രാത്ഥന കേട്ടിരിക്കുന്നു''വെന്നും ''ബാബിലോണിൽനിന്നു് ഒരു മെത്രാനെ തങ്ങളുടെ പക്കലേയ്ക്കു് അയച്ചിരിക്കുന്നുവെന്നും'' ''കുടിലബുദ്ധികളായ ഈശോസഭക്കാർ അദ്ദേഹത്തെ മൈലാപ്പൂർ വച്ചുപിടിച്ചു് ജയിലിലടച്ചു് പീഡിപ്പിക്കുന്നു''വെന്നും ആയിരുന്നു. ഈ സക്കുലർ ജനങ്ങളുടെ ഇടയിലുണ്ടാക്കിയ പ്രതികരണം ദ്രുതവും പ്രക്ഷുബ്ധവും ആയിരുന്നു.

അതേപ്പററി ഫാ. ഫെറോളി സമകാലീനരേഖകളെ ആസ്പദമാക്കി പറയുന്നു. എല്ലായിടത്തും ആവേശഭരിതരായ ആബാലവൃദ്ധം സ്ത്രീപുരുഷന്മാർ ഇളകിവശായി യോഗങ്ങൾ കൂടി, ജാഥാകൾ സംഘടിപ്പിച്ചു. പ്രതിഷേധശൈലികളുടെ

www.malankaralibrary.com

'ബാനറുകം' (Banners) ഉയൎന്നു; മുദ്രാവാക്യങ്ങളം മുഴങ്ങി. ആ മുദ്രാവാക്യങ്ങളിൽ ചിലതു താഴെപ്പറയുന്നവയായിരുന്നു. ''ജസ്യൂട്ട് ഭരണം തകരട്ടെ'' (Down with the Jusuits)'' സ്വേച്ഛാധിപത്യം മുടിയട്ടെ'' (Down with the tyrants), ''ഞങ്ങൾക്കു് ഞങ്ങളുടെ ഇടയനെ വേണം'', ''അഹത്തള്ളായെ വിട്ടുതരിക''4, ഈ മുദ്രാവാക്യങ്ങൾ സുറിയാനിസഭാകേന്ദ്രങ്ങളിലെല്ലാം മാറ്റൊലിക്കൊണ്ടു. ഇന്നു് രാഷ്ട്രീയത്തിലും മറ്റും പ്രചുരപ്രചാരമായിരിക്കുന്ന ഈ സമരമുറ, മൂന്നു നൂററാണ്ടു മുമ്പു് സുറിയാനിസഭാനേതാക്കന്മാരുടെ ബുദ്ധിമണ്ഡലത്തിലാണു് ജന്മമെടുത്തതെന്നതു് അത്യധികം വിസ്മയകരവും, അതിലേറെ കൗതുകകരവും ആയിത്തോന്നുന്നു.

തോമ്മാ ആർച്ചുഡീക്കന്റെ സക്ഷേറാണു്, സുറിയാനി ജനങ്ങളെ ആകമാനം പ്രക്ഷുബ്ധരാക്കിയതു്. കോപാകുലരായ ജനങ്ങൾ അർക്കദിയാക്കോന്റെ നേതൃത്വത്തിൽ മട്ടാഞ്ചേരിയിൽ വന്നുകൂടി. അഹത്തള്ളായെ വഹിച്ചിരുന്ന പോർച്ചുഗീസ്കപ്പൽ അപ്പോൾ കൊച്ചിതുറമുഖത്തു് നങ്കൂരമിട്ടു കിടക്കുകയായിരുന്നു. അർക്കദിയാക്കോൻ ആ കപ്പലിന്റെ കപ്പിത്താനു് അയച്ച സന്ദേശത്തിൽ, അഹത്തള്ളായുടെ സാക്ഷ്യപത്രങ്ങൾ പരിശോധിക്കുവാൻ തങ്ങളെ അനുവദിക്കണമെന്നും എന്നാൽ അവ കള്ളവാണെങ്കിൽ അഹത്തള്ളായെ വിട്ടുതരുവാൻ തങ്ങൾ ആവശ്യപ്പെടുകയില്ലെന്നും പ്രസ്താവിച്ചിരുന്നു. ഇതിനു് പോർച്ചുഗീസുകാർ ആദ്യം സമ്മതിക്കുകയാണുണ്ടായതു്. എന്നാൽ സാക്ഷ്യപത്രങ്ങൾ കൊടുത്തയച്ചില്ല. നിവേദകസംഘം ഗാർഷ്യാമെത്രാപ്പോലീത്തായെ സമീപിച്ചപ്പോൾ അദ്ദേഹം സ്വതഃസിദ്ധമായ അധികാരഗർവ്വോടും അഹന്തയോടുംകൂടി അവരെ ആട്ടിപ്പായിക്കുകയും ചെയ്തു.

അഹത്തള്ളാ കാൽവഴുതി കടലിൽ വീണു മരിച്ചുവെന്നൊരു വാർത്ത ഇതിനിടെ പോർച്ചുഗീസുകാർ പ്രചരിപ്പിച്ചു. അതിനെ അടിസ്ഥാനപ്പെടുത്തി അഹത്തള്ളായെ കടലിൽ താഴ്ത്തിക്കൊന്നുവെന്നുള്ള കിംവദന്തിയാണു് കൊച്ചിയിൽ പ്രക്ഷുബ്ധരായി നിന്നിരുന്ന മാർത്തോമ്മാക്രിസ്ത്യാനികളുടെയിടയിൽ കാട്ടുതീപോലെ വ്യാപിച്ചതു്. ജനങ്ങൾ രോഷാകുലരായി.

4. D. Ferroli, Vol. II, P. 33.

www.malankaralibrary.com

അർക്കദിയാക്കോൻ വീണ്ടും കപ്പിത്താനെഴുതി, "കൂടാതെയും ബഹുമാനപ്പെട്ട കപ്പിത്താനെ, ദൈവസ്നേഹത്തെ പ്രതിയും ക്രൈസ്തവസമൂഹത്തിന്റെ നന്മയെകരുതിയും പൗലീസ്റ്റർ (ജസ്യൂട്ടർ) ആയ വൈദികർ ഞങ്ങളിൽനിന്നും അപഹരിച്ച പാത്രിയക്കീസിനെ വിട്ടുതരുവാൻ അഭ്യർത്ഥിക്കുന്നു. തന്മൂലം, സത്യം എന്താണെന്നു അറിയപ്പെടുകയും ഈ ജനസമൂഹം മുഴുവൻ അതനുസരിക്കുകയും ചെയ്യും. എന്നാൽ ഈ 'പൗലീസ്റ്ററാൽ' (ഈശോസഭക്കാരാൽ) പാത്രിയക്കീസ് കൊല്ലപ്പെട്ടിട്ടുണ്ടെങ്കിൽ, പൗലീസ്തർ ഒഴിച്ചുള്ള ഡൊമിനിക്കനോ, അഗസ്റ്റീനിനോ, ഫ്രാൻസിസ്ക്കനോ, ആയ ആരെങ്കിലും മാർപ്പാപ്പായുടെ കല്പനയാൽ ഇവിടെ വരട്ടെ. എന്നാൽ അദ്ദേഹത്തിനു സുറിയാനി അറിയാമായിരിക്കണം. ഞങ്ങളെ പഠിപ്പിക്കുകയും സഹായിക്കുകയും ചെയ്യുവാൻ കഴിവുള്ളവനും ആയിരിക്കണം. പക്ഷേ, പൗലീസ്റ്റർ ഒരിക്കലും വരരുതെന്നാണു ഞങ്ങളുടെ ആഗ്രഹം: എന്തുകൊണ്ടെന്നാൽ, അവർ ഞങ്ങളുടേയും പരിശുദ്ധ അമ്മയായ റോമാസഭയുടേയും ശത്രുക്കളാകുന്നു. പൗലീസ്റ്റർ ഒഴിച്ചുള്ള ആരെങ്കിലും വരട്ടെ, യാതൊരു സംശയവും കൂടാതെ അദ്ദേഹത്തെ അനുസരിക്കുവാൻ ഞങ്ങൾ തയ്യാറാണു"[5].

മട്ടാഞ്ചേരിയിൽ സമ്മേളിച്ചവരുടെ മഹത്തായ ഉദ്ദേശ്യശുദ്ധിയുടെയും അത്ഭുതകരമായ ആത്മസംയമനത്തിന്റെയും റോമായിലെ പരിശുദ്ധ സിംഹാസനത്തോടുള്ള അചഞ്ചലമായ വിധേയത്വത്തിന്റെയും സുദൃഢമായ പ്രകടനമാണു ഇതിൽനിന്നും വ്യക്തമാകുന്നതു; ഒപ്പം, ജസ്യൂട്ടു വൈദികരുടെനേർക്കു മാത്രമുള്ള പ്രതിഷേധവും.

ഇവയെല്ലാമായിട്ടും പോർച്ചുഗീസു കപ്പൽ അഹത്തള്ളായേയും വഹിച്ചുകൊണ്ടു ഗോവായ്ക്കു പോകുകതന്നെ ചെയ്തു. ഇക്കാലത്തു ഭരിച്ചിരുന്ന ഗാഷ്യാ മെത്രാപ്പോലീത്തായുടെ മനോഭാവം പ്രശ്നങ്ങൾ പരിഹരിക്കുന്നതിനേക്കാളേറെ അവ വഷളാക്കുന്നതിനാണു ഉപകരിച്ചതു. അദ്ദേഹത്തിന്റെ സഹപ്രവർത്തകർപോലും അദ്ദേഹത്തെ ഇതിനു കുററപ്പെടുത്തിയിട്ടുണ്ടു. ഗാഷ്യായുടെ അഹന്തയും ഗർവ്വും നിന്ദാഭാവവും അസഹനീയമായിരുന്നു. ഇങ്ങനെ ഓരോരോ അധികാരികളുടെ

5. Nagam Ayya, T. S. M., Vol. II, 1906, P. 184.

www.malankaralibrary.com

വ്യക്തിഭാവങ്ങൾ എത്രയെത്ര നാശനഷ്ടങ്ങളാണ് സഭയിൽ വരുത്തിയിട്ടുള്ളത്. വ്യക്തികളെ തിരഞ്ഞെടുത്ത് അധികാരത്തിലേററുന്നവർ ഇവയെപ്പററി ചിന്തിച്ചിരുന്നെങ്കിൽ!!

കൊച്ചിയിൽനിന്നും പോർച്ചുഗീസുകാർ കൊണ്ടുപോയ അഹത്തള്ളാമെത്രാൻ ഗോവയിലെ പീഡനകച്ചേരിയുടെ തീച്ചൂളയിൽ വെന്തെരിഞ്ഞു ചാമ്പലായെന്നു ഫാ. പൗളീൻ, കാർഡിനൽ തിസ്സറൻറ്, ഫ്രാൻസീസ് ഡേ, കെ. വെത്ത് (K. Wirth) മുതലായ ചരിത്രകാരന്മാർ പറയുന്നു.

## C. കൂനൻകുരിശുസത്യം – എ. ഡി. 1653

അഹത്തള്ളാമെത്രാനെ തിരിച്ചുകിട്ടുന്നതിനു് അനേകായിരം ജനങ്ങൾ ഒന്നിച്ചുകൂടി, മനംനൊന്തുചെയ്ത ഹൃദയസ്പൃക്കായ അഭ്യൎത്ഥനകൾകൊണ്ടു് യാതൊരു പ്രയോജനവും ഉണ്ടായില്ല. അധികാരഗൎവ്വിന്റെ പ്രതീകമായ ആ പോർച്ചുഗീസ് കപ്പൽ അഹത്തള്ളായെ ഗോവയ്ക്കുകൊണ്ടുപോവുകതന്നെ ചെയ്തു.

മട്ടാഞ്ചേരിയിൽകൂടിയ ജനസഹസ്രങ്ങൾ നിരാശാഭരിതരായി: അവർ അവിടെയുണ്ടായിരുന്ന കുരിശിൽ ("കൂനൻകുരിശ്" എന്നിപ്പോൾ അറിയപ്പെടുന്നു) കയറുകൾ നീട്ടിക്കെട്ടി അവയിൽ ഓരോരുത്തരും പിടിച്ചുകൊണ്ടു് ഒരു സത്യംചെയ്തു. അതു് നടന്നതു് 1653 ജനുവരി 3–ാം തീയതി വെള്ളിയാഴ്ചയായിരുന്നു. അവർ ചെയ്ത സത്യമാകട്ടെ, *തങ്ങളും തങ്ങളുടെ സന്തതികളും ഇനി ഒരിക്കലും ജസ്യൂട്ടരുടെ കീഴിൽ ഇരിക്കുകയില്ലെന്നുമാത്രമായിരുന്നു. റോമാസിംഹാസനത്തോടുള്ള സ്നേഹബഹുമാനങ്ങൾക്കു് യാതൊരു കുറവും അവർ പ്രകടിപ്പിച്ചുമില്ല. നേരെമറിച്ച്, പരീക്ഷണത്തിന്റെ കാഠിന്യത്തിലും വികാരതീവ്രതയിലും റോമിനോടുള്ള വിധേയത്വം കൂടുതൽ ശക്തമായി പ്രകാശിപ്പിക്കുക മാത്രമേ ചെയ്തുള്ളു. ഇതും മാർപ്പാപ്പായോടു്, മാർത്തോമ്മാക്രിസ്ത്യാനികൾക്കു് എന്നുമുണ്ടായിരുന്ന മനോഭാവത്തിന്റെ ഒരു ഭാഗം മാത്രമാണ്. റോമിലും ലിസ്ബണിലുമുള്ള അധികാരികളെ കുതന്ത്രങ്ങൾ പ്രയോഗിച്ചു് തെററിദ്ധരിപ്പിക്കുകയും തങ്ങളെ നിരന്തരമായ പീഡകൾക്കും മട്ടനങ്ങൾക്കും വിധേയമാക്കു

* അടിവര ഗ്രന്ഥകർത്താവിന്റേതു്.

www.malankaralibrary.com

കയ്യും ചെയ്ത ജസ്യൂട്ട് വൈദികരോടുള്ള എതിർപ്പുമാത്രമേ, അതി കഠിനവും അതിദാരുണവുമായ ആ അഗ്നിപരീക്ഷയിൽപോലും, മാർത്തോമ്മാക്രിസ്ത്യാനികൾ പ്രകടിപ്പിച്ചുള്ളുവെന്നതു്, തീർച്ചയായും, അതിശ്രദ്ധേയവും അതിപ്രധാനവുമായ ഒരു സംഗതിയാണു്. മഹത്തായ സംസ്ക്കാരസമ്പത്തും ഉന്നത



കൂനൻകുരിശു മട്ടാഞ്ചേരിയിൽ വന്ദിക്കപ്പെടുന്നു.

www.malankaralibrary.com

മായ ആത്മസംയമനസിദ്ധികളും ഉള്ള ഒരു സമൂഹത്തിനുമാത്രമേ ഇതു സാധിക്കുമായിരുന്നുള്ളു.

## കൂനൻകുരിശുസത്യത്തിനുശേഷം

ഒന്നര നൂററാണ്ടായി നീറിപ്പുകഞ്ഞുകൊണ്ടിരുന്ന ഒരഗ്നി പർവ്വതത്തിൻെറ സ്ഫോടനമായിരുന്നു കൂനൻകുരിശുസത്യം. നീണ്ടവേദനകളുടെ തീജ്വാലകളും പരസഹസ്രം ജനങ്ങഠം വീഴ്ത്തിയ കണ്ണുനീരുകളുടെ 'ലാവ'യുമാണു്, ആ അഗ്നിപർവ്വതത്തിൽനിന്നും പ്രവഹിച്ചതു്. ഉദയംപേരൂർ സൂനഹദോസിൽ ഉയർത്തിപ്പിടിച്ച അധികാരഖഡ്ഗവും, പോർച്ചുഗീസുകാർക്കു് നാട്ടുരാജാക്കന്മാരിലുണ്ടായിരുന്ന സ്വാധീനശക്തിയും, പണത്തിൻെറയും പ്രതാപത്തിൻെറയും പ്രലോഭനങ്ങളും നസ്രാണി ക്രിസ്ത്യാനികഠംക്കു് ശാപമായിരുന്നു. 'പൌലീസ്റ്റ്യർ' എന്നറിയപ്പെട്ടിരുന്ന ജസ്യൂട്ടരോടു് അവർക്കു് കടുത്ത അമർഷവും വെറുപ്പും ഉണ്ടായിരുന്നു. അതേസമയം, മാർപ്പാപ്പായോടുള്ള ബഹുമാനാദരവുകളും കത്തോലിക്കാസഭയിൽ നില്ക്കണമെന്നുള്ള അഭിവാഞ്ഛയും അവരിൽ സുദൃഢവുമായിരുന്നു. പരിശുദ്ധ സിംഹാസനത്തിൻെറയും മാർത്തോമ്മാക്രിസ്ത്യാനികളുടെയും മദ്ധ്യവർത്തികളായി നിന്നിരുന്ന മിഷ്നറിമാർ കേരളത്തിലെ ഈ അപ്പസ്തോലികസഭയുടെ നാഡിമിടിപ്പു് മനസ്സിലാക്കുവാനും, മനസ്സിലാക്കിയാൽത്തന്നെയും വേണ്ടതുപോലെ പ്രവർത്തിക്കുവാനും, മനസ്സും കഴിവും ഇല്ലാത്തവരായിരുന്നുവെന്നുള്ളതു് തീർച്ചയാണു്. ഈ കാര്യത്തിൽ കത്തോലിക്കാസഭയുടെ താല്പര്യങ്ങളല്ല അവരെ നയിച്ചിരുന്നതു്; പ്രത്യുത, സ്വാർത്ഥമോഹങ്ങഠം സാധിക്കുവാനും സ്വേച്ഛാധിപത്യം നിലനിർത്തുവാനുമാണു് അവർ കിണഞ്ഞു പരിശ്രമിച്ചതു്.

കൂനൻകുരിശുസത്യം കഴിഞ്ഞിറങ്ങിയ നസ്രാണികഠം മട്ടാഞ്ചേരി പള്ളിമുററത്തു് യോഗംകൂടി. ഈ പള്ളി സുറിയാനിക്കാരുടെ വകയായിരുന്നു. ജസ്യൂട്ടരിൽനിന്നു് വിമോചിതരായെന്നും ഗാഷ്യായുടെ ഭരണാധികാരം (Power of jurisdiction) അവസാനിച്ചുവെന്നും അവിടെവച്ചു് അവർ ദൃഢനിശ്ചയം ചെയ്തു. അതുകഴിഞ്ഞു് ഇടപ്പള്ളിയിലും ആലങ്ങാട്ടുമുള്ള പള്ളികളിൽ അവർ യോഗംകൂടി. രണ്ടുലക്ഷം സുറിയാനിക്കാരിൽ ഗാർഷ്യായുടെകൂടെ നിന്നിരുന്ന നാനൂറു് പേരൊഴിച്ചാൽ, ബാക്കിയുള്ളവരെല്ലാം മാർത്തോമ്മാ ഒന്നാമൻെറകൂടെ



www.malankaralibrary.com

ആയിരുന്നു എന്നതു് ചരിത്രകാരന്മാരെല്ലാം സമ്മതിക്കുന്ന കാര്യമാണു്. മാപ്പാപ്പായുടെ ഒരു തിരുവെഴുത്തിൽ, അതെടുത്തു് പറയുകയും ചെയ്യുന്നുണ്ടു്. അത്ര വ്യാപകവും ശക്തവും ആയിരുന്ന ഈ ജനസഹസ്രങ്ങളുടെ തീവ്രരോഷം. അനിഷേധ്യവും അതിശക്തവും ആയ ഈ വിധിയാണു് ഗാഷ്യായുടെ സ്ഥാനഭ്രഷ്ടപ്രഖ്യാപനം നടത്തിയതു്.

1653-ലെ പെന്തക്കൊസ്തുദിവസം ആലങ്ങാട്ടുപള്ളിയിൽ വച്ചു്, പന്ത്രണ്ടു വൈദികർക്കൂടി ''കൈവെയ്പുനടത്തി'' തോമ്മാ അക്കദിയാക്കോനെ മാർത്തോമ്മാ ഒന്നാമൻ എന്ന പേരോടുകൂടി മെത്രാനായി വാഴിച്ചു. ആ യോഗത്തിൽവെച്ചു്, മൂന്നു പ്രധാന സംഭവങ്ങൾ നടന്നു. (1) ഗാർഷ്യാമെത്രാപ്പോലീത്തായുടെ കീഴിൽ ഇരിക്കുകയില്ലെന്നു് വേദപുസ്തകം തൊട്ടു് ജനങ്ങൾ സത്യംചെയ്തു. (2) പന്ത്രണ്ടു വൈദികർക്കൂടി തോമ്മാ അക്കദിയാക്കോന്റെ തലയിൽ, കൈവെയ്പു്നടത്തി മെത്രാനായി വാഴിച്ചു. അതിനുശേഷം അദ്ദേഹം മാർത്തോമ്മാ ഒന്നാമൻ എന്നാണു് അറിയപ്പെടുന്നതു്. (3) ഈ മെത്രാന്റെ ആലോചനാസമിതിയിൽ കടുത്തുരുത്തി ഇടവക കടവിൽ ചാണ്ടി കത്തനാർ, കുറവിലങ്ങാട്ടു് ഇടവക പള്ളിവീട്ടിൽ ചാണ്ടികത്തനാർ (പിന്നീടു് മെത്രാനായി), അങ്കമാലി ഇടവക വെങ്ങൂർ ഗീവർഗ്ഗീസ് കത്തനാർ, കല്ലിശ്ശേരി ഇടവക ആഞ്ഞിലിമൂട്ടിൽ ഇട്ടിത്തൊമ്മൻ കത്തനാർ എന്നീ നാലു വൈദികരെ അംഗങ്ങളായി തെരഞ്ഞെടുത്തു. ഈ സമിതിയുടെ കാര്യദർശി എന്നോണം, പോർച്ചുഗീസുകാരനായ ഡയസ് എന്നൊരു വൈദികനുമുണ്ടായിരുന്നു. അദ്ദേഹം കത്തോലിക്കാസഭയിൽനിന്നും വിട്ടുപോന്ന ആളാണു്. ഏതായാലും മിഷ്നറിമാരുമായുള്ള ഇടപാടുകളിൽ ഈ ഫാ. ഡയസ് (Dias) മാർത്തോമ്മാ ഒന്നാമനെ വളരെ സഹായിച്ചിരുന്നു.

പന്ത്രണ്ടു വൈദികർക്കൂടി കൈവെയ്പുനടത്തി വാഴിച്ച മെത്രാൻസ്ഥാനത്തെപ്പററി പോർച്ചുഗീസുകാരനായ ഫ്രാൻസിസ്ക്കൻ മിഷ്നറി, ദൈവമാതാവിന്റെ ആൻറണി പറഞ്ഞതു്: ''ഗോവാമെത്രാപ്പോലീത്തായുടെ മെത്രാൻസ്ഥാനം പോലെ തന്നെയായിരുന്നു മാർത്തോമ്മാ ഒന്നാമന്റെയും മെത്രാൻസ്ഥാന''മെന്നാണു്[6]. വിശദമായ ചരിത്രപഠനത്തി

6. Ferroli, Vol. II, P. 37.

www.malankaralibrary.com

നും അഗാധമായ ദൈവശാസ്ത്രപഠനത്തിനും വകയുള്ളതാണ്, ഈ പ്രസ്താവം.

## D. ആഞ്ഞിലിമൂട്ടിൽ ഇട്ടിത്തൊമ്മൻ കത്തനാർ

നൈസർഗ്ഗികമായ വ്യക്തിപ്രഭാവമുള്ള എത്രയോപേർ ജനിച്ചിട്ടുണ്ട്, ജനിക്കുന്നുണ്ട്. എന്നാൽ അവരിലൊരു നല്ല പങ്കും വനസൂനങ്ങളായി പരിണമിക്കുന്നു. നല്ല മണ്ണിൽ വീണ വിത്തുകൾ എത്രയോ ദുർല്ലഭം; പാറപ്പുറത്തും മുൾക്കാട്ടുകളിലും വീണ വിത്തുകളെപ്പററി നാമറിയുന്നില്ല. ജനസമൂഹങ്ങളുടെ പ്രതിസന്ധികളിൽ, കൊള്ളിമീൻപോലെ നമുക്കു അത്ഭുതാവേശങ്ങൾ പകർന്നുകൊണ്ട് ചില അപൂർവ്വവ്യക്തികൾ പ്രത്യക്ഷപ്പെടാറുണ്ട്. അവരെ വളർത്തുന്ന സാഹചര്യങ്ങൾതന്നെ ചിലപ്പോൾ അവരെ വഴിതെററിക്കുകയും ചെയ്യുന്നു. ഇങ്ങനെയുള്ള മഹാന്മാരിൽ ഒരാളായിരുന്നു, ആഞ്ഞിലിമൂട്ടിൽ ഇട്ടിത്തൊമ്മൻകത്തനാർ.

അദ്ദേഹം പ്രത്യക്ഷപ്പെടുന്നതു്, കേരളസഭയുടെ ഏററവും ഗുരുതരമായ ഒരു പ്രതിസന്ധിയിലാണ്. ഒന്നരശതാബ്ദത്തോളം നീണ്ടുനിന്ന നിരന്തരമായ പീഡനങ്ങൾകൊണ്ടു സഭാഗാത്രം മുറിവുകളേററു പ്രാണവേദനയിൽ പിടഞ്ഞിരുന്ന ഒരവസരമായിരുന്നു അതു്. കേരളസഭയെ ഭരിച്ചിരുന്ന ഗാഴ്സ്യാ മെത്രാപ്പോലീത്താ, മുഷ്ക്കനും നിർബ്ബന്ധബുദ്ധിയും നാട്ടുകാരോട് വളരെ അവജ്ഞയുള്ളവനുമായിരുന്നു. തൻെറ അധികാരം ദൈവത്തിൽനിന്നാണെന്നുള്ള ബോദ്ധ്യത്തിൽ, താൻെറ ഹിതാഹിതങ്ങളെല്ലാം ദൈവകല്പനകളാണെന്നുള്ള ദൃഢ്രാഗ്യത്തിലാണ് അദ്ദേഹം ഉറച്ചുനിന്നതു്.

ഇംഗ്ലണ്ടിലെ Leeds, അമേരിക്കയിലെ Notre Dame, എന്നീ സർവ്വകലാശാലകളിലെ പ്രൊഫസറും പ്രസിദ്ധ ഗ്രന്ഥകർത്താവും ആയ J. M. Cameron പറയുന്നു. ''രാഷ്ട്രത്തിൻെറയും സഭയുടെയും സമുന്നതാധികാരം (Supreme authority) പ്രാതിനിധ്യസ്വഭാവ (vicarious) മുള്ളതാണ്. ദൈവത്തിനാണ് രണ്ടിൻെറയും പരമാധികാരം (Sovereignty) ഉള്ളതു്''7. ഒരു മനുഷ്യനോ, ചക്രവർത്തിയോ, മാർപ്പാപ്പായോ, ഭരണാധികാരിയോ, വൈദികനോ, ദൈവത്തിൻെറ പ്രതിപുരുഷനാ

---

7. J. M. Cameron, Images of Authority, 1966, P. 9.

www.malankaralibrary.com

ണെങ്കിലും അദ്ദേഹത്തിന്റെ പ്രവൃത്തികളെല്ലാം ദൈവത്തിന്റേതാണെന്നു് പരിശോധിച്ചു് സ്ഥാപിക്കുക ക്ലേശഭൂയിഷ്ഠമായ കാര്യമാണു്. പ്രാതിനിധ്യസ്വഭാവത്തോടുകൂടിയതും നിയമാനുസൃതനുമായ ഒരധികാരിയുടെ കല്പനയാണെങ്കിലും, അതു ദൈവകല്പനയാകണമെന്നില്ല. അധികാരം അയാളിൽ ആന്തരികമോ, അഭേദ്യമോ ആയിട്ടുള്ളതല്ല, പിന്നെയോ ചിഹ്നാത്മകം (Sacramental) ആണു്. അധികാരം അയാളെ ഉൾക്കൊള്ളുകയാണു് ചെയ്യുന്നതു്, അല്ലാതെ അയാൾ അധികാരത്തെ ഉൾക്കൊള്ളുകയല്ല. സഭയിലോ രാഷ്ട്രത്തിലോ കേവലം ചിഹ്നമായി കാണുന്ന അധികാരം അധികാരികളുടെ കൈയിലല്ല, അധികാരികൾ അധികാരത്തിന്റെ കൈയിലാണു്............ Salus Populi Prima Lax "ജനരക്ഷയാണു് പരമോന്നതനിയമം"8.

അഹത്തുള്ളാസംഭവത്തിൽ ഒരു സൗഹാർദ്ദസമ്മേളനത്തിനു്, മട്ടാഞ്ചേരിയിൽകൂടിയ ജനനേതാക്കന്മാർ ഗാഴ്സ്യായെ ക്ഷണിച്ചുവെങ്കിലും അദ്ദേഹം അതിനെ പുച്ഛിച്ചുതള്ളി. തന്റെ പ്രതിനിധികളെയെങ്കിലും അയച്ചു് അനുരഞ്ജനത്തിനും സമാധാനത്തിനും വഴിയൊരുക്കുകപോലും അദ്ദേഹം ചെയ്തില്ല. ഇതിന്റെയെല്ലാം അനിവാര്യഫലമായിരുന്നു കൂനൻകുരിശുസത്യം. ഇതും ഇതിന്റെ പരിണതഫലങ്ങളും ചർച്ചചെയ്യുന്ന ചില ചരിത്രകാരന്മാർ ഇട്ടിത്തൊമ്മൻ കത്തനാരോടു് വേണ്ട വിധം നീതിപുലർത്തിയതായി കാണുന്നില്ല. പക്ഷപാതികളായ വിദേശചരിത്രകാരന്മാരെ ആശ്രയിച്ചും അവരുടെ താല്പര്യങ്ങളോടു കൂറുപുലർത്തിയും ചരിത്രമെഴുതുന്നവർക്കു് സംഭവങ്ങളെ നിഷ്പക്ഷമായും വസ്തുനിഷ്ഠമായും വിലയിരുത്താൻ സാധിക്കുകയില്ലല്ലോ. ഇട്ടിത്തൊമ്മൻകത്തനാരെ ചരിത്രഗ്രന്ഥങ്ങളിൽ അപഹാസ്യനായ ഒരു വ്യക്തി ആയിട്ടാണു് ചിലർ ചിത്രീകരിച്ചിട്ടുള്ളതു്.

മാർത്തോമ്മാ ഒന്നാമന്റെ ആലോചനക്കാരിൽ ഒരാളായിരുന്നല്ലോ ആഞ്ഞിലിമൂട്ടിൽ ഇട്ടിത്തൊമ്മൻകത്തനാർ. അദ്ദേഹം കേരളസഭാചരിത്രത്തിലെ ഏററവും പ്രമുഖരായ വ്യക്തികളിലൊരാളാണു്. കൂനൻകുരിശുസത്യമെന്ന സംഭവത്തിലെ പ്രധാന കഥാപാത്രവും അദ്ദേഹമായിരുന്നു. ആ സത്യത്തിനു

8. Ibid, P. 16-15.

www.malankaralibrary.com

ശേഷമുണ്ടായ പിളർപ്പിലെ പ്രധാന സംഭവങ്ങളുടെ സംവിധായകനും അദ്ദേഹംതന്നെ. തികഞ്ഞ വാഗ്മിത്വവും നിശിതമായ യുക്തിബോധവും ജന്മസിദ്ധമായ സാഹിത്യവാസനയും മററു നേതൃത്വഗുണങ്ങളും അദ്ദേഹത്തിൽ സുലഭമായിരുന്നു. അദ്ദേഹത്തിനു സ്വീകാര്യമെന്നു് തോന്നുന്ന ഏതുകാര്യത്തിനു വേണ്ടിയും ജീവനുഴിഞ്ഞു പ്രവർത്തിക്കും. എന്നാൽ ആ കാര്യസാദ്ധ്യത്തിനുപയോഗിച്ച ഉപാധികളുടെ ഗുണദോഷങ്ങളെപ്പററി അദ്ദേഹം അത്രതന്നെ ചിന്തിച്ചിരുന്നില്ലെന്നു് തോന്നുന്നു. അത്രത്തോളം അദ്ദേഹം വിദേശമിഷ്നറിമാരെ അനുകരിച്ചുവെന്നു് മാത്രമേ പറയാനുള്ളു. സമുദായസ്നേഹത്തിൻെറ ഉഗ്രരൂപമായിരുന്നു അദ്ദേഹം. പൗലോസ്ശ്ലീഹായെപ്പററി അദ്ദേഹം ഒരു കവിതതന്നെ രചിച്ചിട്ടുണ്ടു്. കേരളക്രിസ്ത്യാനികളുടെ, പ്രത്യേകിച്ചു് തെക്കുംഭാഗരുടെ ഇടയിൽ പ്രചാരമുള്ള ഒരു കലാരൂപമാണല്ലോ മാർഗ്ഗംകളി. അതു്, പുരാതനരൂപത്തിൽനിന്നും പരിഷ്ക്കരിച്ചെഴുതി, സംവിധാനമുണ്ടാക്കിയതു് ഇട്ടിത്തൊമ്മൻകത്തനാരാണു്. മട്ടാഞ്ചേരിയിൽനിന്നും മടങ്ങിയ സുറിയാനിക്കാരുടെ നേതൃത്വംതന്നെ ഇട്ടിത്തൊമ്മൻ കത്തനാർക്കായിരുന്നു.

അക്ദിയാക്കോനെ മെത്രാനായി വാഴിച്ചശേഷം ഗാഷ്യാപക്ഷക്കാരോടു് അദ്ദേഹം ഒരു പ്രസംഗത്തിൽ ചോദിക്കുകയാണു്, ''പോർച്ചുഗീസ്നുകത്തിൽനിന്നും നമ്മളിപ്പോഠം സ്വതന്ത്രരായി. ആ നുകത്തിൻെറ താഴെ ഇനിയും തലവെച്ചുകൊടുക്കുവാൻ തക്കവിധം അത്ര വിഡ്ഢികളാണോ നാം? നമ്മുടെ സഭ റോമ്മാസഭയോളംതന്നെ പുരാതനമല്ലേ? നമ്മുടെ മെത്രാനെ വാഴിച്ചതിനെപ്പററി അവർ കുററം പറയുന്നു. എന്നാൽ ഞാൻ ചോദിക്കുകയാണു്, മാർപ്പാപ്പായെ വാഴിക്കുന്നതു് കർദ്ദിനാളന്മാരല്ലേ? അവക്കു് അതു് ചെയ്യാമെങ്കിൽ, എന്തുകൊണ്ടു് നമുക്കു് ഇതു് ചെയ്തുകൂടാ? നമ്മുടെ മെത്രാനെ (ഗാഷ്യാ) നമ്മഠം സ്ഥാനഭ്രഷ്ടനാക്കി എന്നു് അവർ പറയുന്നു. എത്രയോ മാർപ്പാപ്പാമാരെ അവരുടെ ജനങ്ങഠം സ്ഥാനഭ്രഷ്ടരാക്കിയിരിക്കുന്നു!! ലത്തീൻകാർ ചെയ്യാത്തതൊന്നും നമ്മഠം ചെയ്തിട്ടില്ല''9. വഴിമുട്ടിയ പ്രതിഭാസമ്പന്നന്മാർ പലപ്പോഴും വാശിയിൽ വഴുതിപ്പോകാറുണ്ടു്. അവരിലൊരാളായിരുന്നു, ആഞ്ഞിലിമൂട്ടിൽ ഇട്ടിത്തൊമ്മൻകത്തനാർ. എന്നാൽ അദ്ദേഹത്തെപ്പോ

9. Ferroli, Vol. II, P. 42.

www.malankaralibrary.com

ലുള്ള പ്രതിഭാസമ്പന്നന്മാരെ വഴിതെററിച്ചവക്കമില്ലേ ഉത്തര വാദിത്വം?

പോർച്ചുഗീസ്മെത്രനങ്ങൾക്കും ഗാഷ്യായുടെ ദുർഭരണത്തിനും എതിരായി ആയിരക്കണക്കിനാളുകളെ സംഘടിപ്പിച്ച്, മമ്മപ്രധാനമായ കൊച്ചിയിലെ പോർച്ചുഗീസ് കോട്ടയുടെ മുമ്പിൽ നിരത്തിനിർത്തിയതിൽ പല നേതാക്കന്മാരും ഉൾപ്പെട്ടിരിക്കാം. അവരുടെയെല്ലാം പേരുകൾ നമുക്കറിഞ്ഞുകൂടാ. അർക്കദിയാക്കോൻെറ പേരുപോലും സന്ദർഭവശാൽ മാത്രം നാം കേൾക്കുന്നു. അഹത്തള്ളായെ സ്വീകരിക്കുവാൻ കൊച്ചിയിൽ എത്തുന്നതിന് എല്ലാ പള്ളികൾക്കും കല്പനകൾ അയച്ചിരുന്നതു് അർക്കദിയാക്കോനായിരുന്നു. എന്നാൽ അക്ദിയാക്കോൻ പരമ്പരാഗതമായ കുടുംബാവകാശംകൊണ്ടു് നേതാവായതാണ്. വ്യക്തിഗുണങ്ങൾകൊണ്ടു നേതാവായെന്നു കരുതുവാൻ ന്യായം കാണുന്നില്ല. രണ്ടു ലക്ഷത്തിലധികം മാർത്തോമ്മാക്രിസ്ത്യാനികളിൽ, കൂനൻകുരിശുസത്യത്തിനുശേഷം ഗാർഷ്യാക്കു കിട്ടിയതു് വെറും നാനൂറുപേരെ മാത്രം. മററുള്ളവരെ സംഘടിപ്പിച്ചതും ഒററക്കെട്ടായി നിർത്തിയതും ആരു്?

ഈ ചോദ്യത്തിനു് സമാധാനം പറയേണ്ടതു് അനന്തര സംഭവങ്ങളാണ്. പോർച്ചുഗീസ് ആധിപത്യത്തേയും ഗാഷ്യാ മെത്രാനേയും ‘‘പൌലീസ്ത്യരേയും’’ (ജസ്യൂട്ടരേയും) ജനങ്ങൾ തള്ളിപ്പറഞ്ഞു. തങ്ങളും തങ്ങളുടെ സന്തതികളും ഉള്ളിടത്തോളംകാലം ‘‘പൌലീസ്ത്യരു’’ടെ (ജസ്യൂട്ടരുടെ) കീഴിൽ ഇരിക്കുകയില്ലെന്നു് മട്ടാഞ്ചേരിപള്ളിയുടെ കുരിശിൽ കയറുകെട്ടി, ആ കയറിൽ പിടിച്ചുകൊണ്ടു് 16,000 ജനപ്രതിനിധികൾ സത്യം ചെയ്തു. അതോടെ, ആ കുരിശിൻെറ മുമ്പിൽ ഒരു വലിയ ചോദ്യചിഹ്നം ഉയന്നു. ജനങ്ങൾ നേതാക്കന്മാരെ നോക്കി, നേതാക്കന്മാർ അക്ദിയാക്കോനേയും. ആ തുറിച്ചുനോട്ടം ഒരു ചോദ്യത്തിൻേറതായിരുന്നു. ആ ചോദ്യം ഇതായിരുന്നു, ‘‘ഇനിയെന്തു്?’’ അക്ദിയാക്കോൻ അപ്പോൾ ആ ചോദ്യം കൈമാറിയതു് ഇട്ടിത്തൊമ്മൻകത്തനാക്കായിരുന്നുവെന്നു് പിന്നീടുള്ള സംഭവങ്ങൾ തെളിയിക്കുന്നു.

കൊച്ചിയിൽനിന്നും പ്രക്ഷുബ്ധരായിപ്പിരിഞ്ഞ ജനപ്രതിനിധികളുടെ നേതൃത്വം ഇട്ടിത്തൊമ്മൻകത്തനാരാണ് ഏറെറടുത്തതു്. ഗാർഷ്യാക്കുപകരം മറെറാരു മെത്രാനുണ്ടാകണം;

www.malankaralibrary.com

അദ്ദേഹത്തിന്റെ സ്ഥാനലബ്ധി ജനങ്ങൾക്ക് നിയമാനുസൃതവും സ്വീകാര്യവും ആയി തോന്നുകയും വേണം; ഇതായിരുന്നു നേതാക്കന്മാരുടെ ലക്ഷ്യം. അതിനാണ്, വൈദികരും അല്മായരും ആയ നേതാക്കൾ തലപുകഞ്ഞാലോചിച്ചതു്. വൈപ്പിക്കോട്ടുസെമിനാരിയിൽ പഠിച്ച വൈദികരുടെ ദൈവശാസ്ത്രവും സഭാചരിത്രവും ഇതിനു സഹായകമായിക്കാണും.

നേതാക്കന്മാർകൂടി ആലോചിച്ചെടുത്ത തീരുമാനത്തിന്റെ ഫലമായി, 1653 മെയ് 22-ാംനു- ആലങ്ങാട്ടുപള്ളിയിൽവച്ച് പന്ത്രണ്ട് വൈദികർകൂടി കൈവച്ച് അർക്കദിയാക്കോനെ വാഴിച്ചു. അഹത്തല്ലാസ്സു കേരളത്തിൽവരാൻ സാധിച്ചില്ലെങ്കിൽ ഇപ്രകാരം ചെയ്തുകൊള്ളുവാൻ അദ്ദേഹം അർക്കദിയാക്കോനോട് ആവശ്യപ്പെട്ടിരുന്നുവെന്നായിരുന്നു ഇട്ടിത്തൊമ്മൻകത്തനാരുടെ വാദം. എന്നാൽ വൈദികപട്ടം കൊടുക്കുന്നതും വിശുദ്ധ തൈലം ആശീർവദിക്കുന്നതും അഹത്തല്ലാ നിരോധിച്ചിരുന്നു10. പട്ടം കൊടുത്താൽ നവവൈദികരുടെ വീട്ടുകാരിൽനിന്നും കിട്ടുന്നതും വിശുദ്ധ തൈലം ആശീർവദിച്ചാൽ അതുപയോഗിക്കുന്ന പള്ളികളിൽനിന്നും ലഭിക്കുന്നതും ആയ വരുമാനമുദ്ദേശിച്ചാണോ, ഈ നിരോധനം എന്നറിഞ്ഞുകൂടാ. അഹത്തല്ലാസ്സു് എന്നെങ്കിലും കേരളത്തിലെത്താമെന്നാഗ്രഹമുണ്ടായിരുന്നിരിക്കാം. പാവം!! അഹത്തല്ലാ!!!

## സഭാപിളർപ്പിലെ 'കാസാബിയാൻകാ'

ചിലയാളുകളുണ്ട്, സത്യത്തിനും തത്ത്വങ്ങൾക്കുംവേണ്ടി ആത്മാർത്ഥതയോടെ സമരമാരംഭിക്കുന്നവർ. അവർ അതിനുവേണ്ടി ഘോരസമരംതന്നെ ചെയ്യും. ആ സത്യത്തിന്റെയും തത്ത്വങ്ങളുടെയും മൂർത്തീഭാവമായി ഒരു വ്യക്തിയെ സങ്കല്പിച്ചുകഴിഞ്ഞാൽ പിന്നെ, ആ വ്യക്തിയായിരിക്കും അവരുടെ നിയാമകശക്തി. തങ്ങളുടെ ആദർശങ്ങൾ ചോർന്നുപോയാൽപ്പോലും അവർ ആ വ്യക്തിയെ അനുഗമിക്കുന്നതിൽ ശാഠ്യം പിടിച്ചുനില്ക്കും. ധീരന്മാരായാലും ചില ശുദ്ധമനസ്ക്കരുടെ ആത്മാർത്ഥതയ്ക്കു വന്നുകൂടുന്ന ഗതികേടാണിതു്. ആഞ്ഞിലിമൂട്ടിൽ ഇട്ടിത്തൊമ്മൻകത്തനാർക്കും ഇതുതന്നെ സംഭവിച്ചു. അദ്ദേഹം പൌലീസ്ത്യരുടെ (ജസ്യൂട്ടരുടെ) ബദ്ധശത്രുവായി

10. Ferroli, Vol. II, P. 35.

www.malankaralibrary.com

രുന്നു; മാർപ്പാപ്പായോടു് വിധേയത്വം പ്രഖ്യാപിക്കുന്നവരുടെ മുന്നിലുമായിരുന്നു. എന്നാൽ ജസ്യൂട്ടർപോയി, കർമ്മലീത്തർ വന്നു. കർമ്മലീത്തരെ അയച്ചതു് മാർപ്പാപ്പാ ആയിരുന്നു, എന്നിട്ടും അദ്ദേഹം കർമ്മലീത്തരെ സ്വീകരിച്ചില്ല. മാർത്തോമ്മാ ഒന്നാമനോടുകൂടിത്തന്നെ നിന്നു. മാർത്തോമ്മാ ഒന്നാമന്റെ കൌൺസിലറന്മാരിൽ മററുള്ളവരെല്ലാം കർമ്മലീത്തരുടെ കൂടാരത്തിൽ ചെന്നുപററി; എന്നിട്ടും അദ്ദേഹം മാർത്തോമ്മാ ഒന്നാമനോടുകൂടിത്തന്നെ കാലുറപ്പിച്ചുനിന്നു. മട്ടാഞ്ചേരിയിൽവച്ചു് അദ്ദേഹം പ്രഖ്യാപിച്ച ആദർശം എവിടെ? മരണം വരെ മാർത്തോമ്മാ ഒന്നാമന്റെകൂടെ നിന്നുകൊണ്ടു് മാർപ്പാപ്പായുടെ പ്രതിനിധികളായിവന്ന കർമ്മലീത്തക്കെതിരായി നടത്തിയ പ്രവർത്തനങ്ങളെവിടെ? ആദ്യത്തെ ലക്ഷ്യത്തിൽ നിന്നും അദ്ദേഹം വേർപെടുകയല്ല ചെയ്തതു്; ആ ലക്ഷ്യം ഒന്നുകൂടെ വിശാലമാക്കുകയാണു് ചെയ്തതു്. അദ്ദേഹത്തിന്റെ സമരം എല്ലാ വിദേശീയമേല്ക്കോയ്മകൾക്കും എതിരായിത്തീർന്നുവെന്നുള്ളതു് സ്പഷ്ടമാണു്. വിദേശഭരണം ജസ്യൂട്ടരുടെ ആയാലും ശരി, കർമ്മലീത്തരുടെ ആയാലും ശരി, അതു് കേരളസഭയ്ക്കു നിത്യശാപമായിരിക്കുമെന്നും ആ ഭരണത്തിൽ കേരളസഭയ്ക്കു് സ്വൈരതയും സമാധാനവും അഭിവൃദ്ധിയും ഉണ്ടാകുകയില്ലെന്നും കാണുവാനുള്ള ദീർഘദൃഷ്ടി അദ്ദേഹത്തിനുണ്ടായിരുന്നുവെന്നു സമ്മതിച്ചേതീരൂ.

കർമ്മലീത്തർ കേരളസഭയ്ക്കു നല്കിയ കാസായിലെ കാകോളം കാണാതെയും കുടിക്കാതെയുംതന്നെ കർമ്മലീത്താഭരണത്തിന്റെ ജാതകം കുറിക്കാൻ ആരംഭത്തിൽതന്നെ ഇട്ടിത്തൊമ്മൻ കത്തനാക്കു് കഴിഞ്ഞുവെന്നുള്ളതു് അത്ഭുതകരമായിരിക്കുന്നു. മാർപ്പാപ്പാ അയച്ച കർമ്മലീത്താമിഷ്യനറിയായ ജോസഫ് സെബസ്ത്യാനിയെ എതിർത്തതു് ഇട്ടിത്തൊമ്മൻകത്തനാരാണു്; സെബസ്ത്യാനി മെത്രാനായി വന്നശേഷം അദ്ദേഹത്തെ എതിരിട്ടതും ഇട്ടിത്തൊമ്മൻകത്തനാർതന്നെ. തൃപ്പൂണിത്തുറ കൊട്ടാരത്തിൽവച്ചു് നടന്ന സംയോജിത – വിയോജിത വിവിഭാഗക്കാരുടെ കോൺഫ്റൻസിൽ മാർത്തോമ്മാ ഒന്നാമന്റെ വക്താവായിനിന്നതും ഇട്ടിത്തൊമ്മൻകത്തനാരാണു്. ഒടുവിൽ മാർത്തോമ്മാ ഒന്നാമനും കൂട്ടരും താമസിച്ചിരുന്ന മുളന്തുരുത്തിപള്ളി, പോർച്ചുഗീസുസൈന്യവും കൊച്ചിരാജാവിന്റെ സൈന്യവും യോജിച്ചു് വളഞ്ഞപ്പോൾ അവിടെനിന്നും, വേഷപ്രച്ഛന്നരായി രക്ഷപ്പെട്ട രണ്ടുപേർ, മാർത്തോമ്മാ ഒന്നാമനും

www.malankaralibrary.com

ഇട്ടിത്തൊമ്മൻ കത്തനാരും ആയിരുന്നു. അതോടെ അദ്ദേഹത്തിൻെറ ജീവിതചരിത്രത്തിനു തിരശ്ശീലവീഴുന്നു. വിദേശാധിപത്യവിരുദ്ധവ്രതത്തിൽ അദ്ദേഹം സ്വാമിഭക്തിയോടെ ഉറച്ചുനിന്ന ഒരു "കാസാബിയാൻകാ"യാണ്. ഒരു കൊള്ളിമീൻപോലെ കേരളസഭാചരിത്രത്തിൽ കടന്നുവന്ന അദ്ദേഹം, അതുപോലെതന്നെ മാഞ്ഞുപോകുകയും ചെയ്തു. എന്നാൽ ദേശീയവ്യക്തിത്വത്തെ നശിപ്പിക്കുന്ന വിദേശാധിപത്യത്തിൻെറ അഴിമതികൾക്കും അനീതികൾക്കും എതിരായുള്ള ഏതൊരു സമരത്തിനും ഇന്നോളം പ്രചോദനവും ഉത്തേജനവും നൽകുവാൻ കഴിയുന്ന മഹൽവ്യക്തിയാണ്, ആഞ്ഞിലിമൂട്ടിൽ ഇട്ടിത്തൊമ്മൻകത്തനാർ.

## ആ കത്ത്

പറമ്പിൽ ചാണ്ടിമെത്രാൻെറ ആലോചനക്കാരനായിരുന്ന കടവിൽ ചാണ്ടി അച്ചനു് ഇട്ടിത്തൊമ്മൻ കത്തനാർ എഴുതിയ ഒരു കത്തു് ഈ. എം. പീലിപ്പോസ് ഉദ്ധരിക്കുന്നുണ്ടു്.

''മട്ടാഞ്ചേരിയിൽവെച്ചു് നമ്മൾ സത്യപ്രതിജ്ഞചെയ്തു ശേഷം ചില അല്മേനികൾ പറഞ്ഞു,'' ഇനി വഴക്കുകളും കലാപങ്ങളും അവസാനമില്ലാതെ ഉണ്ടാകുമെന്നു്–നമ്മുടെ ഇടയിൽ.

അപ്പോൾ ഞാൻ വടി എടുത്തു് രണ്ടായി ഒടിച്ചുകൊണ്ടു പറഞ്ഞു, ഈ കമ്പിൻെറ കഷ്ണങ്ങൾ യോജിക്കുന്ന കാലത്തേ പോർച്ചുഗീസുകാരും നമ്മളും യോജിക്കുകയുള്ളുവെന്നു്. എൻെറ സഹോദരനായ അങ്ങു പറഞ്ഞു. 'ഇട്ടിത്തൊമ്മച്ചൻ പറഞ്ഞതു്, അതു് ഒരിക്കലും തെററാത്ത ദീർഘദർശനമാണെന്നു്.'

"ചുംഗത്തുനിന്നും എഴുതിയതു്"[11]

വിയോജിതരുടെ യാക്കോബായസഭയിൽ ശതാബ്ദങ്ങളായി നടക്കുന്ന വഴക്കുകളും കേസുകളും വ്യക്തമാക്കുന്നതു് അന്നത്തെ അല്മേനികളുടെ അഭിപ്രായം ഒരു പ്രവചനമായിരുന്നെന്നാണു്; ഇട്ടിത്തൊമ്മൻ കത്തനാർ പറഞ്ഞതും ഒരു പ്രവചനമായിരുന്നു. പോർച്ചുഗീസ് ആധിപത്യം പിൻ

11. E. M. Peelipose, The History of the Syrian Church in Malabar, 1907, P. 165.

www.malankaralibrary.com

വാങ്ങിയതിനുശേഷം അവരുടെ സഭാഭരണം ഭാഗികവും ജീവനററതും വിട്ടുവിട്ടുള്ളതും ആയിരുന്നു. ഭരണത്തിന്റെ ജീവൻ പിരിയുന്ന ചേതനകളേ അതിനുണ്ടായിരുന്നുള്ളു.

ഇട്ടിത്തൊമ്മൻ കത്തനാർ 1659 മെയ്മാസം 21-ാം തീയതി ദിവംഗതനായി. അദ്ദേഹത്തിന്റെ സ്വന്ത ഇടവകയായ കല്ലിശ്ശേരി പള്ളിയിൽ അദ്ദേഹത്തെ സംസ്ക്കരിക്കുകയും ചെയ്തു.

www.malankaralibrary.com

## പതിമ്മൂന്നാം അദ്ധ്യായം

# മാർത്തോമ്മാക്രിസ്ത്യാനികളുടെ സാമൂഹ്യസ്ഥിതി

### വംശോദ്ഭവം

കേരളചരിത്രത്തിൽ ഉദ്ദേശം രണ്ടായിരംകൊല്ലം തന്നെ തനതായ ഉന്നതവ്യക്തിത്വവും സാംസ്കാരികമായ ശ്രേഷ്ഠനിലയും പരിപാലിച്ചുപോന്ന ഒരു സമൂഹമാണ്, കേരളത്തിലെ നസ്രാണികൾ, അഥവാ മാർത്തോമ്മാക്രിസ്ത്യാനികളുടെ സമുദായം. രേഖകളിൽ, അത്രത്തോളം നീണ്ട ഒരു ചരിത്രം കേരളത്തിലെ മറെറാരു സമുദായത്തിനും അവകാശപ്പെടാനുണ്ടാകുമെന്ന് തോന്നുന്നില്ല. ''ഒരു കാര്യം തീർച്ചയായിട്ട് അറിയാവുന്നത്, പോർച്ചുഗീസുകാർ കേരളത്തിൽ വന്നപ്പോൾ ഐശ്വര്യത്തിലും പ്രതാപത്തിലും ജീവിച്ചിരുന്ന നാട്ടുക്രിസ്ത്യാനികളുടെ ഒരു പിൻമുറക്കാരെ ആണ് അവിടെ കണ്ടത്'''1. ഗോവയാ മുതലായ പോർച്ചുഗീസു ചരിത്രകാരന്മാരുടെ അഭിപ്രായവും ഇതുതന്നെയാണ്. കേരളത്തിലെ മാർത്തോമ്മാക്രിസ്ത്യാനികളുടെ ഐശ്വര്യത്തിനും പ്രതാപത്തിനും പത്താം നൂററാണ്ടു മുതൽ മങ്ങലേററു തുടങ്ങിയതായി ചില ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നു. അതിന്നു് ഒരു കാരണം കേരളത്തിൽ പ്രവേശിച്ച മുഹമ്മദീയരുടെ ശക്തിയും അവർക്ക് ക്രിസ്ത്യാനികളോടുണ്ടായിരുന്ന ആ ജന്മശത്രുതയുമാണ്. ഫ്രാൻസീസ് ഡേ (Francis Day) പറയുന്നത് ''മാർത്തോമ്മാക്രിസ്ത്യാനികൾക്ക് രാഷ്ട്രീയാധികാരം കൈവന്നപ്പോൾ അവരുടെ ശനിദശ ആരംഭിച്ചുവെന്നാണ്'''2. ദിവ്യമായ അനന്തസ്നേഹത്തിന്റെ ഭിക്ഷാപാത്രത്തിൽ അദ്ധ്യാത്മികതയുടെ തിരുമുൽക്കാഴ്ചകളുമായി കടലും കരയും താണ്ടുന്ന മിഷ്നറിമാർ, അനുഗാമികളും സ്വാധീനശക്തിയും വർദ്ധിക്കുമ്പോൾ പ്രത്യക്ഷമായും പരോക്ഷമായും തങ്ങളുടെ രാഷ്ട്രീയ

1. L. K. Ananthakrishan Iyer, Anthropology of St. Thomas Christians, 1926, P. 14.
2. Francis Day, P. 415.

www.malankaralibrary.com

ബലം പ്രകടിപ്പിക്കുവാൻ തുടങ്ങാറുണ്ട്. അപ്പോൾ പ്രതിപക്ഷനേതാക്കൾ അവരെ ഒതുക്കുവാൻ ശ്രമിക്കുകയും ചെയ്യും. അതിനു പലപ്പോഴും നാം കൊടുക്കുന്ന പേരു് മതപീഡനമെന്നാണ്. ജോൺ പോൾ II-ാമൻ മാർപ്പാപ്പാതന്നെ സഭാനേതാക്കന്മാർ രാഷ്ട്രീയത്തിൽനിന്നു് ഒഴിഞ്ഞുനില്ക്കണമെന്നു് പലപ്പോഴും അനുശാസിക്കുന്നു.

## നസ്രാണി

മാർത്തോമ്മാക്രിസ്ത്യാനികളെ നസ്രാണികളെന്നാണ് വിളിച്ചിരുന്നതു്. ക്രിസ്ത്യാനികളായ യഹൂദരെ ആക്ഷേപിക്കുന്നതിനു്, മററു യഹൂദർ കൊടുത്തിരുന്ന പേരാണിതു്. നസ്രേയനായ (നസ്രത്തുകാരൻ) ഈശോയുടെ അനുഗാമികളെന്നാണ് അതിന്റെ അർത്ഥം. ക്രിസ്തുവിനെതറച്ച കുരിശിൽ എഴുതിവെച്ചിരുന്ന തലക്കെട്ടു് "യൂദന്മാരുടെ രാജാവായ നസ്രായൻ ഈശോ'' എന്നായിരുന്നല്ലോ. രണ്ടു വിധത്തിലുള്ള ആക്ഷേപമാണ് അതു് ധ്വനിപ്പിക്കുന്നതു്. (1) കുരിശിലേററപ്പെട്ടവൻ രാജാവാകുക. (2) യാതൊരു ഗുണവും പ്രതീക്ഷിക്കാനില്ലാത്ത കുഗ്രാമമായ നസ്രത്തിൽനിന്നു് ഒരു പ്രവാചകൻ ഉണ്ടാകുക[3]. അന്ത്യോക്യായിൽവച്ചു് 'നസ്രാണി' എന്ന പേരു് 'ക്രിസ്ത്യാനി'യായി മാറിയെങ്കിലും പൌരസ്ത്യദേശങ്ങളിൽ 'നസ്രാണിയായിത്തന്നെത്തുടന്നു. പേഷ്യൻ ചക്രവത്തിയുടെ വിളംബരങ്ങളിൽ ക്രിസ്ത്യാനികളെ നസ്രാണികളെന്നാണ് വിളിച്ചിരുന്നതു്. പോർച്ചുഗീസുകാർ കേരളത്തിൽ വന്നപ്പോൾ ഇവിടത്തെ ക്രിസ്ത്യാനികൾ മാർത്തോമ്മാനസ്രാണികളെന്നാണ് അറിയപ്പെട്ടിരുന്നതു്. അവരുടെ ഔദ്യോഗികരേഖകളിലും പ്രമാണങ്ങളിലുമെല്ലാം ഇന്നും, ഇന്നിടത്തു്, ''നസ്രാണിമകൻ'' അഥവാ ''നസ്രാണിമകൾ'' ഇന്നാരു്, എന്നാണ് എഴുതുന്നതു്. രണ്ടായിരം കൊല്ലത്തെ പഴക്കവും ചരിത്രവും ആ പേരിന്റെ പിന്നിലുണ്ട്. 'നസ്രത്തു്'' അരമായ പദമാണ്. അതിന്റെ ധാത്വത്ഥം പുഷ്പിച്ചതു്, വികസിച്ചതു്, എന്നാണ്.

## മാർത്തോമ്മാക്രിസ്ത്യാനികളുടെ സവർണ്ണത്വം

കേരളത്തിൽ അവർ സവർണ്ണക്രിസ്ത്യാനികളായിട്ടാണ് ഇന്നും കരുതപ്പെടുന്നതു്. തന്മൂലം പിന്നോക്കസമുദായക്കാർക്കു്

3. യോഹ. 1:46.

www.malankaralibrary.com

കിട്ടുന്ന സാമ്പത്തിക സഹായങ്ങൾക്കും ഉദ്യോഗസംവരണത്തിനും അവർ അർഹരല്ല. കാരണം, സവർണ്ണരിൽനിന്നു് മതപരിവർത്തനം ചെയ്തിട്ടുള്ളവരുടെ സന്തതികളാണെന്നതു തന്നെ. ജാതിവ്യത്യാസം കൊടികുത്തിവാണിരുന്ന കാലങ്ങളിൽക്കൂടി ഈ സമുദായം കടന്നുപോന്നതുകൊണ്ടു്, അതിനു സവർണ്ണത്വം ഉണ്ടാകുകയും അതു് നിലനിർത്താൻ സാഹചര്യങ്ങൾ നിർബ്ബന്ധിക്കുകയും ചെയ്തു. എന്നാൽ സവർണ്ണജാതിയുടെ അവാന്തരവിഭാഗങ്ങളെയെല്ലാം ഏകീകരിച്ചു് ഒരു ജാതിയാക്കാൻ കഴിഞ്ഞതു് നസ്രാണിസമുദായത്തിന്റെ ക്രിസ്തീയ നേട്ടമാണു്.

മാർത്തോമ്മാക്രിസ്ത്യാനികൾ നൂററാണ്ടുകളായി ആചരിച്ചുപോരുന്ന ക്രൈസ്തവൽക്കരിച്ച ഷോഡശസംസ്ക്കാരങ്ങളും[4] അയിത്താചരണവും അവരുടെ സവർണ്ണത്വത്തിന്റെ അനിഷേധ്യതെളിവുകളാണു്. കേരളത്തിലെ ആദ്യക്രിസ്ത്യാനികൾ സവർണ്ണഹിന്ദുക്കളിലെ ഒരു ജാതിയായിത്തീർന്നുവെന്നാണു് ചരിത്രത്തിൽനിന്നും മനസ്സിലാകുന്നതു്. ഇളംകുളം പി. എൻ. കുഞ്ഞൻപിള്ള പറയുന്നു, ''പോർച്ചുഗീസുകാരുടെ കാലംവരെ, ക്രിസ്തുദേവന്റെ ഉപദേശങ്ങളിൽ പരിപൂർണ്ണവിശ്വാസം ഉണ്ടായി ക്രിസ്തുമതത്തിൽ ചേരണമെന്നു് ആശിക്കുന്ന ഉയർന്ന വർഗ്ഗക്കാരെമാത്രം അനുവദിച്ചിരുന്നതുകൊണ്ടും, ഇവിടത്തെ സാമുദായികസ്ഥിതികൾ അതേരീതിയിൽ പരിപാലിച്ചിരുന്നതുകൊണ്ടും കച്ചവടത്തിലും മററും ഉയർന്ന മാനദണ്ഡം പുലർത്തിയിരുന്നതുകൊണ്ടും ക്രിസ്ത്യാനികളെ ഉൽകൃഷ്ടരായ ഹിന്ദുക്കൾക്കുതുല്യം മാനിച്ചിരുന്നു. വൈശികതന്ത്രം തുടങ്ങിയ പ്രാചീനകൃതികളിലെ 'തേററം' മുതലായ പദങ്ങൾ, ക്രിസ്തുമതം സ്വീകരിച്ച നമ്പൂതിരിമാരാണോ അവയുടെ കർത്താക്കൾ എന്നുപോലും സംശയമുളവാക്കാൻ പര്യാപ്തമാണു്. എന്നാൽ ക്രിസ്ത്യാനികൾ പോർച്ചുഗീസുകാരുടെ വരവിനുശേഷം ഗോമാംസം ഉപയോഗിച്ചുതുടങ്ങിയതോടുകൂടി, ഈ സ്ഥിതിക്കു മാററംവന്നു''[5].

## നസ്രാണികളിൽ ആചാര്യത്വം

ഇന്നു്, നസ്രാണികളുടെ ഇടയിലുള്ള ആചാരങ്ങൾ പ്രധാനമായും നമ്പൂതിരിമാരുടെ ക്രൈസ്തവൽക്കരിച്ച ഷോഡശ

4. Thomas N. A., One Territory-One bishop? 1971, pp. 84-98.
5. ഇളംകുളം, ചില കേരളചരിത്രപ്രശ്നങ്ങൾ, രണ്ടാംഭാഗം, 1955, P. 27

www.malankaralibrary.com

സംസ്ക്കാരങ്ങളാണ്. നൂററാണ്ടുകളായി ആചാര്യത്വം ഉള്ള വരും വൈദികകർമ്മങ്ങൾ നിർവ്വഹിക്കുന്നവരുമായ കള്ളി, കാളിയങ്കാവ്, പകലോമററം, ശങ്കരപുരി മുതലായ ആഢ്യബ്രാഹ്മണകുടുംബങ്ങൾ ക്രിസ്തുമതപരിവർത്തനം ചെയ്തവ ആയിരുന്നു. പകലോമററം കുടുംബത്തിനാണല്ലോ ആർച്ചുഡീക്കന്മാരും, മെത്രാന്മാരും ആകാനുള്ള അവകാശം പരമ്പരാഗതമായി കിട്ടിയിരുന്നതു്. അതുകൊണ്ടു് ബ്രാഹ്മണകുടുംബങ്ങളുടെ പാരമ്പര്യമാണു് അവർക്കുള്ളതെന്നു കരുതാം.

നസ്രാണികളുടെ ഇടയിലുള്ള ബ്രാഹ്മണാചാരങ്ങളെപ്പററി 1906-ലെ സെൻസസ് റിപ്പോർട്ടിൽ നാഗമയ്യാ ഇപ്രകാരമെഴുതുന്നു, "എ. ഡി. 1875-ലെ ആദ്യത്തെ സെൻസസ് റിപ്പോർട്ട് എഴുതിയതിൽപിന്നെ തിരുവതാംകൂറിലെ പുരാതന സുറിയാനിക്കാരെപ്പററി ഞാൻ അവഗാഢമായി പഠിച്ചതാണ്............ഇന്നു് നമ്മെ അഭിമുഖീകരിക്കുന്ന ഒരു വസ്തുതയുണ്ടു്. കുന്നങ്കുളം എന്ന ദേശത്തുള്ള സുറിയാനിക്രിസ്ത്യാനിസ്ത്രീകൾ, നമ്പൂതിരിസ്ത്രീകളെപ്പോലെയാണു് വസ്ത്രധാരണം ചെയ്യുന്നതു്. അവർ പുറത്തിറങ്ങുമ്പോൾ നമ്പൂതിരിസ്ത്രീകളെപ്പോലെതന്നെ വലിയ ഓലക്കുടകൊണ്ടു് മററുള്ളവരുടെ ദൃഷ്ടിയിൽനിന്നും തങ്ങളെ മറയ്ക്കുന്നു. ചുരുക്കം ചില അപവാദങ്ങളൊഴിച്ചാൽ, അവരുടെ വിവാഹം വളരെ ആഢ്യത്വവും പ്രഭുത്വവും ഉള്ള കുടുംബങ്ങളിൽ നിന്നാണു് നടക്കുന്നതു്; സുറിയാനിക്രിസ്ത്യാനികളുടെ പാരമ്പര്യത്തെ സ്ഥിരീകരിക്കുന്ന അനർഘമായ ഒരു തെളിവാണിതു്"6.

## നസ്രാണി സമുദായത്തിൻെറ മൂലബിന്ദു

ഈ അവസരത്തിൽ കേവലം ന്യൂനപക്ഷമായിരിക്കുവാനിടയുള്ള ക്രൈസ്തവനമ്പൂതിരിമാരുടെ ആചാരാനുഷ്ഠാനങ്ങൾ ക്രൈസ്തവരായിതീർന്ന ഇതരസവർണ്ണർക്ക് എങ്ങനെ വന്നുകൂടി എന്നൊരു ചോദ്യം ഉദിക്കുന്നു. അതിനു മറുപടി കാണേണ്ടതു് ആദ്യക്രിസ്ത്യാനികളുടെ സാമൂഹ്യഘടനയിലാണു്. കേരളത്തിൽ മാർത്തോമ്മാശ്ലീഹാ ആദ്യമായി മാനസാന്തരപ്പെടുത്തിയതു് യഹൂദരെയാണെന്നു് ലോഗൻ (Malabar Manual) പറയുമ്പോൾ, അതു് സ്വാഭാവികവും യുക്തിസഹവുമാണു്. നസ്രാണിസ്ത്രീകളുടെ വേഷവിധാനവും അവർ കാലിൽ ധരി

6. Nagam Ayya, T. S. M. 1906, Vol. 1, P. 122-23.

www.malankaralibrary.com

ക്കുന്ന തളയും പെസഹാസ്സുള്ള ''ഇൻഡ്ഡറി''യും (I. N. R. I) യഹൂദരുടേതാണ്.

എന്നാൽ യഹൂദർ എവിടെയും എക്കാലത്തും ഒററതിരിഞ്ഞു വിദേശീയരായിക്കഴിഞ്ഞുകൂടുന്നവരാണല്ലോ. അതിനാൽ നാട്ടുക്രിസ്ത്യാനികളുടെ ഒരു സമൂഹം അവരിൽ നിന്നാകാൻ വഴിയില്ല. കേരളക്രൈസ്തവസഭയുടെ മൂലബിന്ദു നമ്പൂതിരിമാർ ആയിരിക്കുവാനേ നിർവാഹമുള്ളു. നമ്പൂതിരിയും നായരും മററു സവർണ്ണവിഭാഗങ്ങളും ചേർന്നതാണല്ലോ ഇന്നത്തെ നസ്രാണിസമുദായം. നായരാണ് ആദ്യ ക്രൈസ്തവസമൂഹമെങ്കിൽ നമ്പൂതിരിയുടെ ഷോഡശസംസ്ക്കാരങ്ങൾക്ക് വ്യാപകമായ സ്ഥിരപ്രതിഷ്ഠ എങ്ങനെ കിട്ടിയെന്നുള്ള ചോദ്യം ഉദിക്കുന്നു. ജാത്യാചാരങ്ങൾ നിഷ്കൃഷ്ടമായി പാലിച്ചിരുന്ന അക്കാലത്ത്, മേൽജാതിക്കാരുടെ ആചാരങ്ങൾ കീഴ്ജാതിക്കാർ സ്വീകരിക്കുക അസാദ്ധ്യമായിരുന്നു. അങ്ങനെ സ്വീകരിച്ചാൽ അതിനു കഠിനവും ക്രൂരവുമായ ശിക്ഷകൾ ഏർപ്പെടുത്തിയിരുന്നു. എന്നാൽ സവർണ്ണരിലെ മേൽജാതിക്കാർക്ക് കീഴ്ജാതിക്കാരെ തങ്ങളുടെ സമൂഹത്തിൽ ചേർക്കുവാൻ അധികാരമുണ്ടായിരുന്നു. ആര്യന്മാർ തെക്കെ ഇന്ത്യയിൽ വന്നപ്പോൾ ദ്രാവിഡക്ഷേത്രങ്ങളിലെ ദ്രാവിഡരായ പൂജാരികളെ പൂണൂൽ ഇടുവിച്ച് ബ്രാഹ്മണരാക്കിയെന്ന് ചില ചരിത്രകാരന്മാർ പറയുന്നുണ്ട്. നായന്മാരായ നാട്ടുവാഴികളെ ഹിരണ്യഗർഭം നടത്തി, പൂണൂൽ ഇടുവിച്ച്, ക്ഷത്രിയരാക്കിയ സംഭവങ്ങളുമുണ്ട്. ക്രൈസ്തവനമ്പൂതിരിമാരുടെ മതത്തിൽ നായന്മാർ ചേർന്നപ്പോൾ അവർക്ക് ഷോഡശസംസ്ക്കാരങ്ങളിൽ ഭാഗഭാഗിത്വം കൊടുത്തു. അങ്ങനെയാണ് നമ്പൂതിരി മുതൽ നായന്മാർവരെ ഉൾപ്പെടുന്ന സവർണ്ണക്രിസ്ത്യാനികൾക്ക് ക്രൈസ്തവല്ക്കരിച്ച ബ്രാഹ്മണരുടെ ഷോഡശസംസ്ക്കാരങ്ങൾ ലഭിച്ചത്. ഇത് മറെറാരു നിഗമനവും സമർത്ഥിക്കുന്നുണ്ട്. അതായത്, നാട്ടുകാരായ ആദ്യക്രിസ്ത്യാനികൾ നമ്പൂതിരിമാരായിരുന്നുവെന്നുള്ളതു തന്നെ.

ഒന്നാം നൂററാണ്ടിനുശേഷവും നമ്പൂതിരിമാർ മാർത്തോമ്മാക്രിസ്ത്യാനികളായിട്ടുണ്ട്. സാമൂഹ്യതലത്തിൽ ഹൈന്ദവാചാരങ്ങളെയും ക്രൈസ്തവവിശ്വാസത്തെയും വേർതിരിക്കുന്ന കഠിനമായ വേലിക്കെട്ടുകൾ അന്നുണ്ടായിരുന്നില്ല. നമ്പൂതിരിമാരും നായന്മാരും മാർത്തോമ്മാക്രിസ്ത്യാനികളായിത്തീർന്നി

www.malankaralibrary.com

ട്ടും, ക്ഷേത്രങ്ങളിൽ മുമ്പുണ്ടായിരുന്ന അവകാശങ്ങളും ഉപേക്ഷിച്ചിരുന്നില്ല. ഡാ. ബ്രൌൺ അതിനു ചില ദൃഷ്ടാന്തങ്ങളും നല്കുന്നുണ്ട്. ഹൈന്ദവക്ഷേത്രങ്ങളിലെ ഭരണസമിതി (ട്രസ്റ്റി) യിൽ സുറിയാനിക്രിസ്ത്യാനികൾ അംഗങ്ങളായിരുന്നതുപോലെതന്നെ, സുറിയാനിപ്പള്ളികളുടെ ഭരണസമിതിയിൽ ഹിന്ദുക്കളായ നമ്പൂതിരിമാരും നായന്മാരും ഉൾപ്പെട്ടിരുന്നു. 18–ാം നൂററാണ്ടിൽ 'ആനപ്രാമ്പ്രാ' (തലവടിക്കടുത്തു്) ഭഗവതിക്ഷേത്രത്തിലെ ഒരു ട്രസ്റ്റി വള്ളേലാട്ടു് പണിക്കർ എന്ന സുറിയാനിക്രിസ്ത്യാനിയായിരുന്നു[7]. ആറന്മുളയിൽ നാലു നമ്പൂതിരികുടുംബങ്ങൾ സുറിയാനിക്രിസ്ത്യാനികളായി. അവയിൽ ഒരു കുടുംബത്തിലെ കാരണവരായിരുന്നു ആറന്മുള ക്ഷേത്രത്തിലെ പൂജാരി. അദ്ദേഹം ക്രിസ്ത്യാനിയായശേഷവും ആ ക്ഷേത്രത്തിലെ പൂജാരിയായിട്ടുതന്നെ തുടൎന്നു. ക്ഷേത്രങ്ങളിലെ ഉത്സവങ്ങൾ ആരംഭിക്കുന്നതിനുമുമ്പു്, പൂജാരി കൊടിമരച്ചുവട്ടിൽ വന്നു് ഊരാണ്മപ്രമാണിയോടു് കൊടികയററാൻ അനുവാദം ചോദിക്കുക പതിവുണ്ടു്. ചില ക്ഷേത്രങ്ങളിൽ പൂൎവ്വികാവകാശം അനുസരിച്ചു് ഈ അനുവാദം കൊടുക്കുന്നതു് സുറിയാനിക്രിസ്ത്യാനികളാണു്.

ഡാ. ബ്രൌൺ ആറന്മുളയിലെ മാൎത്തോമ്മാക്രിസ്ത്യാനിയായ മറെറാരു നമ്പൂതിരിയുടെ കഥ പറയുന്നുണ്ടു്. അദ്ദേഹം ക്രിസ്ത്യാനിയായ ശേഷവും കൊടിയേററാൻ അനുവാദം ചോദിച്ചുകൊണ്ടിരുന്നു. എന്നാൽ പിന്നീടു്, ആ കുടുംബത്തിലെ കാരണവരായി വന്നതു്, ഒരു ക്രൈസ്തവവൈദികനായിരുന്നു. അതോടെ ആ അവകാശം നിന്നുപോയി[8]. 1806–ൽ കേരളത്തിൽവന്ന ഡാ. സി. ബുക്കാനൻ അക്കാലത്തു ക്രിസ്ത്യാനികളായ നമ്പൂതിരിമാരെ കണ്ടതായി പറയുന്നുണ്ടു്[9]. അതിനാൽ 20–ാം നൂററാണ്ടുവരെ, മാൎത്തോമ്മാ സമുദായത്തിൽ ചേൎന്നുകൊണ്ടിരുന്ന നമ്പൂതിരിമാർ ഉണ്ടായിരുന്നതായി തെളിയുന്നു.

ക്ഷേത്രങ്ങളിലെ ഉത്സവങ്ങളിൽ വിഗ്രഹങ്ങൾ എഴുന്നള്ളിച്ചുകൊണ്ടുള്ള ഒരു പ്രദക്ഷിണമുണ്ടല്ലോ. ഈ പ്രദക്ഷിണം പ്രധാന സ്ഥലങ്ങളിൽനിന്നു് വീക്ഷിക്കുന്നതിനുള്ള അവകാശം ചില ഹൈന്ദവകുടുംബങ്ങൾക്കാണു് ഉണ്ടായിരുന്നതു്.

---

7. Brown P. 172.
8. Ibid.
9. Buchanan C, Christian Researches in Asia, 1812, P. 155.

www.malankaralibrary.com

എന്നാൽ പൂർവ്വികമായ കുടുംബാവകാശമനുസരിച്ച്, ചില മാർത്തോമ്മാക്രിസ്ത്യാനികളും ഇതു് അനുഭവിച്ചുപോന്നിരുന്നു. പാറാപ്പാട്ടുക്ഷേത്രത്തിലെ ആറാട്ടിനുള്ള പ്രദക്ഷിണത്തിൽ 'പുള്ളിക്കമാറാട്ടിൽ' എന്ന സുറിയാനി കുടുംബത്തിലെ കാരണവരായ മേനോൻ ആണു് ദേവിവിഗ്രഹത്തിന്റെ മുമ്പിൽ നടന്നു്, ദേവിയ്ക്കുള്ള അരി മുതലായ കാഴ്ചകൾ സ്വീകരിച്ചിരുന്നതു്10.

ക്ഷേത്രങ്ങളിലെ ഉത്സവങ്ങൾക്കു് മാർത്തോമ്മാക്രിസ്ത്യാനികളുടെ സഹകരണവും പള്ളിയിലെ തിരുനാളുകൾക്കു് സവർണ്ണഹിന്ദുക്കളുടെ സഹകരണവുമുണ്ടായിരുന്നു. കുറവിലങ്ങാട്ടുപള്ളിയിലെ തിരുനാളിനു് ഏറ്റുമാനൂർ ക്ഷേത്രത്തിലെ ആനകളെ കൊണ്ടുപോയിരുന്നു. ആ ക്ഷേത്രത്തിലെ ഉത്സവത്തിനു് കുറവിലങ്ങാട്ടുപള്ളിയിലെ മുത്തുക്കുടകളും ആലവട്ടങ്ങളും കൊടുത്തയച്ചിരുന്നു. കുറവിലങ്ങാട്ടുകാർ ദിവാൻ സർ സി. പി. രാമസ്വാമി അയ്യർക്കു് സമർപ്പിച്ച മംഗളപത്രത്തിൽ സമുദായസൗഹാർദ്ദത്തിനും മതസഹിഷ്ണതയ്ക്കും ദൃഷ്ടാന്തമായി ഈ ആചാരം എടുത്തുപറഞ്ഞിരുന്നു. എന്നാൽ സർ സി. പി. കുറവിലങ്ങാട്ടുനിന്നു് ആലുവായിലെത്തിയപ്പോൾ ഏറ്റുമാനൂർക്ഷേത്രത്തിലെ ആനകളെ കുറവിലങ്ങാട്ടു പള്ളിയിലെ തിരുനാളിനു് അയയ്ക്കരുതെന്നു് കല്പന പുറപ്പെടുവിച്ചതായിട്ടാണു് അറിയുന്നതു്.

## നായരും നസ്രാണിയും

നായന്മാരുടെ വിവാഹശേഷമുള്ള 'അടച്ചുതുറ' എന്ന ആചാരം നസ്രാണിക്കുമുണ്ടു്. നായർ–നസ്രാണി സമുദായങ്ങൾക്കല്ലാതെ മററാർക്കും ഈ ആചാരം ഇല്ലതാനും. ഇന്നു് വയോവൃദ്ധരായി ജീവിച്ചിരിക്കുന്ന വിവാഹിതരായ മാർത്തോമ്മാക്രിസ്ത്യാനികൾക്കു്, അവരുടെ വിവാഹകർമ്മങ്ങളിൽ നടന്നിട്ടുള്ള ഈ 'അടച്ചുതുറ' ഓർമ്മിക്കാൻ കഴിയും. വിവാഹം കഴിഞ്ഞു് മൂന്നാം ദിവസം, വധൂവരന്മാർ, തോഴ്മക്കാർ, മറേറതാനും സ്ത്രീപുരുഷന്മാർ, എന്നിവർ മണവറയിൽ പ്രവേശിച്ച് വാതിൽ ബന്ധിച്ചിരിക്കും. കല്യാണപ്പന്തലിൽ അതിഥികളോടുകൂടി സന്നിഹിതരായിരിക്കുന്ന ഗായകസംഘവും മണവറയിലെ പാട്ടുകാരും തമ്മിൽ സംഗീതത്തിൽ ഒരു അവകാശവാദം നടത്തുകയാണു്. മണവറയിലെ പാട്ടു

10. Ibid.



www.malankaralibrary.com

കാർ, മണവാട്ടിക്ക് കിട്ടേണ്ട അവകാശങ്ങളെപ്പററി വാദിക്കുന്നു. ഈ അവകാശങ്ങൾ നൽകേണ്ട (വരന്റെ) അമ്മായിയമ്മയുടെ പ്രതിനിധിയായിട്ടാണ് പന്തലിലെ സംഗീത സംഘം പാടുന്നത്. മണവാട്ടിക്ക് കിട്ടേണ്ട പട്ടുവസ്ത്രങ്ങൾ, ആഭരണങ്ങൾ, ഓട്ടുപാത്രങ്ങൾ, ഗൃഹോപകരണങ്ങൾ, പശുക്കൾ ഇവ അവകാശപ്പെട്ടുകൊണ്ടാണ് മണവറയിൽനിന്നുള്ള പാട്ടുകൾ. അതിനു മറുപടിയായിട്ടാണ് പന്തലിൽനിന്നുള്ള പാട്ടുകൾ. ഇവ അധികവും അപ്പോഴുള്ള മനോധർമ്മവും ഭാവനാശക്തിയുംപോലെയിരിക്കും. നായന്മാരുടെ 'അടച്ചുതുറ' അഥവാ 'വാതിൽതുറപ്പാട്ടി'ന്റെ വിവരണം ഒരു ചരിത്രകാരൻ കൊടുത്തിട്ടുണ്ട്[11]. ഇതിൽ ശ്രദ്ധേയമായ ഒരു സംഗതിയുണ്ട്. വധുവിന്റെ അവകാശങ്ങൾ ആവശ്യപ്പെടുന്നത് വധുവിന്റെ അമ്മയോടാണ്, അച്ഛനോടല്ല: "മണവാളച്ചെറുക്കന്റെ അമ്മാവിയമ്മേ" എന്നു വിളിച്ചുകൊണ്ടാണ് എല്ലാ അവകാശങ്ങളും അവതരിപ്പിക്കുന്നത്. ഇതിൽനിന്നനുമാനിക്കേണ്ടത്, നസ്രാണികളിൽ ചിലർ ഒരു കാലത്ത് മരുമക്കത്തായക്കാരായ നായന്മാരായിരുന്നു എന്നായിരിക്കണം.

നായർസ്ത്രീകളെ നസ്രാണിപുരുഷന്മാർ വിവാഹം ചെയ്തിരുന്നുവെന്നും നായന്മാരുടേയും നസ്രാണികളുടേയും കുട്ടികൾ ഒരേ വിദ്യാലയത്തിലാണ് പഠിച്ചിരുന്നതെന്നും ഡാ: ബ്രൌൺ പറയുന്നു[12]. ആണ്ടുപിറപ്പ്, തിരുവോണം, വിഷു മുതലായ വിശേഷദിവസങ്ങൾ ഇരുസമുദായക്കാരും ഒന്നിച്ചാണ് ആഘോഷിച്ചിരുന്നത്. ഇവയെ എല്ലാം നിരോധിച്ചുകൊണ്ടുള്ള പല നിശ്ചയങ്ങളും ഉദയംപേരൂർ സൂനഹദോസിൽ പാസാക്കിയിട്ടുണ്ടല്ലോ. ഉദയംപേരൂർ സൂനഹദോസിന്റെ 17-ാം നിശ്ചയം നസ്രാണി—നായർ ബന്ധത്തിന്റെ മറെറാരു തെളിവാണ്. "ആചാരങ്ങളിലോ, ശീലങ്ങളിലോ, കേശധാരണത്തിലോ, മറേറതെങ്കിലും വിധത്തിലോ ഈ രൂപതയിൽപ്പെട്ട ക്രിസ്ത്യാനികളും നായന്മാരും തമ്മിൽ യാതൊരുവിധ വ്യത്യാസങ്ങളും കാണാത്തതിനാൽ ഈ സൂനഹദോസ് ആജ്ഞാപിക്കുന്നതെന്തെന്നാൽ ............".

11. കുറുപ്പുംവീട്ടിൽ കെ. എൻ. ഗോപാലപിള്ള കേരളമഹാചരിത്രം: രണ്ടാംഭാഗം, P. 65.

12. P. 171.

www.malankaralibrary.com

''നായന്മാർ സുറിയാനിക്രിസ്ത്യാനികളെ സ്വന്തം സഹോദരന്മാരെപ്പോലെ കരുതുകയും അവരെ അത്യധികമായി സ്നേഹിക്കുകയും ചെയ്യുന്നു''13. എന്നാൽ പറവൂർ രാജാവു് നസ്രാണികൾക്കുണ്ടായിരുന്ന അവകാശങ്ങൾ നായന്മാർക്കും കൊടുത്തതായി പ്രഖ്യാപിച്ചപ്പോൾ, നസ്രാണികൾ പ്രതിഷേധിക്കുകയും എതിർക്കുകയും ചെയ്തു. തൽഫലമായി പറവൂർ രാജാവു് ആ വിളംബരം പിൻവലിക്കുകയാണുണ്ടായതു്14. ''അക്കാലത്തു് മാർത്തോമ്മാക്രിസ്ത്യാനികൾ ഒരു ശൂദ്രനെയോ നായരെയോ തൊട്ടിരുന്നില്ല''....ബ്രാഹ്മണർക്കും മാർത്തോമ്മാ ക്രിസ്ത്യാനികൾക്കും (യഹൂദരൊഴിച്ചു്) മാത്രമേ പടിപ്പുരകൾ വയ്ക്കുവാനും ആനപ്പുറത്തു സഞ്ചരിക്കുവാനും (കിരീടാവകാശിയായ രാജകുമാരനു മാത്രമുള്ള അവകാശം) രാജപ്രതിനിധികളെപ്പോലെ രാജസന്നിധിയിൽ പരവതാനിയിൽ ഇരിക്കുവാനും അവകാശമുണ്ടായിരുന്നുള്ളു15. തട്ടാന്മാർ, കൊല്ലന്മാർ, ആശാരിമാർ, തെങ്ങുകയററക്കാർ, എന്നിവരുടെ സംരക്ഷകരായിരുന്നു മാർത്തോമ്മാക്രിസ്ത്യാനികൾ. ''ഈ ജാതികളിൽ ആർക്കെങ്കിലും ഉപദ്രവമുണ്ടായാൽ, അതിന്റെ പരിഹാരത്തിനു് മാർത്തോമ്മാക്രിസ്ത്യാനികളോടാണു് അഭ്യർത്ഥിച്ചിരുന്നതു്''. അവർ തങ്ങളുടെ സ്വന്തം ശക്തിയാലോ മററുള്ളവരുടെ സഹായത്തിലോ ആവലാതിക്കാർക്കു് എപ്പോഴും പരിഹാരം നല്കിക്കൊണ്ടിരുന്നു. ''മാർത്തോമ്മാക്രിസ്ത്യാനികൾ ഏററവും നല്ല യോദ്ധാക്കളും ധീരന്മാരും തോക്കുകൾ ഉപയോഗിക്കുന്നതിൽ അതിസമർത്ഥരും ആയിരുന്നു''16.

18–ാം നൂററാണ്ടിന്റെ മദ്ധ്യത്തിൽ ഇന്ത്യൻ ക്രൈസ്തവ സമൂഹത്തിന്റെ ചരിത്രമെഴുതിയ La Croze പറയുന്നതു്, കേരളത്തിന്റെ മുൻചക്രവർത്തിയായിരുന്ന ചേരമാൻ പെരുമാൾ ഈ സുറിയാനിക്രിസ്ത്യാനികൾക്കു് കൊടുത്തിട്ടുള്ള അവകാശങ്ങളും സ്ഥാനമാനങ്ങളും കാരണം, അവർക്കു് നായന്മാരേക്കാൾ ഉന്നതമായ സ്ഥാനമുണ്ടായിരുന്നെന്നാണു്. അവരേക്കവിഞ്ഞ സ്ഥാനം നമ്പൂതിരിമാർക്കേ ഉള്ളൂ. La Croze–നെ

---

13. L. Anantha Krishana Iyer, P. 54.
14. Ibid, P. 55.
15. Francis Day, 1863, P. 219, L. A. K. Iyer P. 55.
16. Nagam Ayya, T. S. M., 1906, Vol. I, P. 154.

www.malankaralibrary.com

മെക്കൻസിയും ഫെരോളിയും P. ചെറിയാനും ഉദ്ധരിക്കുന്നുണ്ട്[17].

1656-ൽ കേരളത്തിൽ ഉണ്ടായിരുന്ന Vincent Maria എന്ന ചരിത്രകാരൻ പറയുന്നതു് ''ഈ നസ്രാണികളെപ്പററിയുള്ള പ്രശംസ പ്രകടിപ്പിക്കുവാൻ വാക്കുകൾ പോരാ'' എന്നാണു്. അദ്ദേഹം തുടർന്നു പറയുന്നു, ''കുലീനരായ ഈ നസ്രാണികളേയും, ഇററലിയിലും പോർച്ചുഗീസുകോളനികളിലും നടക്കുന്ന കൊലപാതകങ്ങളേയുംപററി ചിന്തിക്കുമ്പോൾ അവരെ ഈ നസ്രാണികളുമായി താരതമ്യപ്പെടുത്തുവാൻ നിർബന്ധിതനാകുന്നു''.

## മാർത്തോമ്മാക്രിസ്ത്യാനികളുടെ ഷോഡശസംസ്ക്കാരങ്ങൾ

മതം സംസ്ക്കാരത്തിൻെറ ഒരു ഭാഗമാണെന്നു് പറയാറുണ്ടു്. എന്നാൽ അതത്ര ശരിയാണെന്നു പറയുവാൻ നിർവാഹമില്ല, കാരണം, മനുഷ്യസത്തയ്ക്കു് രൂപം കൊടുക്കുന്നതും ജീവിതധർമ്മങ്ങൾ നിശ്ചയിക്കുന്നതും മതമായതുകൊണ്ടു്. ആത്മീയസംസ്ക്കാരമാണല്ലോ, മറെറല്ലാ സംസ്ക്കാരങ്ങളുടെയും വേരു്. ഹിന്ദുക്കളിൽ മതവിശ്വാസവും സാമൂഹ്യാചാരങ്ങളും പരസ്പരം ഗാഢമായി ബന്ധപ്പെട്ടാണു് കാണപ്പെടുന്നതു്; ഒന്നു് മറെറാന്നിൽനിന്നും വേർതിരിക്കുക ക്ഷിപ്രസാദ്ധ്യമല്ല. അങ്ങനെ ചെയ്യുന്നതു് അത്ഭുതകരമായിരിക്കാനേ വഴിയുള്ളൂ. എന്നാൽ മാർത്തോമ്മാനസ്രാണികൾ ആ അത്ഭുതം പ്രവർത്തിച്ചുവെന്നാണു് കരുതേണ്ടതു്. ഹിന്ദുസംസ്ക്കാരത്തിൻെറ നാലു കെട്ടിനകത്തു് ക്രൈസ്തവകുരിശു് സ്ഥാപിച്ചതാണു് അവർ ചെയ്ത അത്ഭുതം. ഒരു കാര്യം ചരിത്രസത്യമായി നിലകൊള്ളുന്നു; അതായതു്, കേരളത്തിലെ നസ്രാണികൾ ഹിന്ദുസംസ്ക്കാരങ്ങളെ ക്രൈസ്തവൽക്കരിച്ചുകൊണ്ടു് രണ്ടായിരം കൊല്ലങ്ങളോളം അവരുടെ വിശ്വാസവും സാമൂഹ്യസ്ഥാനവും നിലനിർത്തിപ്പോന്നു. ആറാം നൂററാണ്ടിലെ കോസ്മോസും പതിമ്മൂന്നാം നൂററാണ്ടിലെ മാർക്കോപോളോയും കേരളത്തിലെ ക്രിസ്ത്യാനികളെ കണ്ടതു് ഹിന്ദുസംസ്ക്കാരത്തിൻെറ ചട്ടക്കൂട്ടിലായിരിക്കണം. ജാതിയുടെ കെട്ടുകൾ മുറുകിയിരുന്ന കാലങ്ങളാണവ. ജാതിയിലും ആചാ

17. Ferroli Vol. II, P. 160, P. Cherian P. 51.

www.malankaralibrary.com

രങ്ങളിലും അവർ ഹിന്ദുക്കളായി നിന്നു; വിശ്വാസത്തിൽ മാത്രം ക്രിസ്ത്യാനികൾ. ബ്രാഹ്മണാചാരങ്ങളെ അവർ മാമ്മോദീസാ മുക്കിയെടുക്കുകയാണുണ്ടായതു്. 16-ാം നൂററാണ്ടിൽ പോർച്ചുഗീസുകാർ കണ്ടപ്പോഴും ഇങ്ങനെതന്നെയായിരുന്ന സ്ഥിതി. ഇരുപതാം നൂററാണ്ടിൽതന്നെയും, അതിനു് വലിയ വ്യത്യാസം വന്നിട്ടില്ല. ഈ അടുത്തകാലത്താണു്, പുരാതന മാർഗ്ഗ സാമൂഹ്യാചാരങ്ങൾ പാശ്ചാത്യസംസ്ക്കാരത്തിൻെറ തിരത്തള്ളലേററു് അലിഞ്ഞൊഴുകുവാൻ തുടങ്ങിയിട്ടുള്ളതു്. എന്നിട്ടും പഴയതിൻെറ വളരെയൊക്കെ അവശേഷിക്കുന്നുണ്ടു്. ക്രൈസ്തവകർമ്മങ്ങളെയും സാമൂഹ്യാചാരങ്ങളെയും ഇഞ്ചിഞ്ചായി ഭാരതവല്ക്കരിക്കുവാനുള്ള ഇന്നത്തെ നമ്മുടെ ബദ്ധപ്പാടിൽ, ബ്രാഹ്മണ്യത്തിൻെറ സങ്കീർണ്ണമായ യാഥാസ്ഥിതികത്വം കൊടികുത്തിവാണ കാലത്തു്, നമ്പൂതിരി സമുദായത്തിൻെറ ആചാരാനുഷ്ഠാനങ്ങൾ ഒന്നടങ്കം ക്രൈസ്തവൽക്കരിക്കുവാൻ കഴിഞ്ഞ ജനസമൂഹത്തിൻെറ പ്രതിഭാശക്തിയേയും പ്രാഗല്ഭ്യവൈശിഷ്ട്യത്തേയുംപററി അത്ഭുതപ്പെടാതിരിക്കാൻ നിർവ്വാഹമില്ല. സാക്ഷാൽ ''ജീനിയസ്സു'' (Genius) കളെ കാണുന്നതു് ഇവിടെയാണു്. പ്രകൃതിയുടെ നിഗൂഢരഹസ്യങ്ങളെ അനാവരണം ചെയ്ത 'ജീനിയസ്സു്' അല്ല, സംസ്ക്കാരസമ്പന്നമായ ഒരു സമൂഹത്തിനു് സമൂലമായ ഉൽകൃഷ്ടപരിവർത്തനം വരുത്തിയ 'ജീനിയസ്സാ'ണു് മാർത്തോമ്മാ ക്രിസ്ത്യാനികളുടേതു്.

കേരളത്തിലെ ബ്രാഹ്മണർ ആണല്ലോ മലയാളബ്രാഹ്മണരെന്നും നമ്പൂതിരിമാരെന്നും അറിയപ്പെടുന്നതു്. 'നമ്പു' എന്ന വാക്കിൻെറ അർത്ഥം വിശുദ്ധം അല്ലെങ്കിൽ വിശുദ്ധതയോടുകൂടിയതു് എന്നാണു്. 'നമ്പുക' എന്ന തമിഴ്പദത്തിൻെറ അർത്ഥം വിശ്വസിക്കുക അഥവാ ആശ്രയിക്കുക എന്നാണു്. 'തിരി' എന്നതു് പൂജകപ്രത്യയമാണു്. അങ്ങനെയാണു് നമ്പൂതിരി, കോലത്തിരി, അക്കിത്തിരി, സാമൂതിരി, ഉണ്ണ്യാതിരി മുതലായ പദങ്ങൾ ഉണ്ടായിട്ടുള്ളതു്. നമ്പൂതിരി ജാതിയിൽ ആഢ്യൻ, വാദ്ധ്യാൻ, ഭട്ടതിരി, ആധിതിരി മുതലായ വിഭാഗങ്ങളും അവയ്ക്കു് അവാന്തരവിഭാഗങ്ങളുമുണ്ടു്. പൊതുവേപറഞ്ഞാൽ മലയാളബ്രാഹ്മണർക്കു് ആര്യവിധിയനുസരിച്ചുള്ള ഷോഡശ (പതിനാറു്) സംസ്ക്കാരങ്ങളാണുള്ളതു്. ഇവയും നസ്രാണികളുടെ ആചാരങ്ങൾക്കുമായുള്ള സാദൃശ്യങ്ങളെപ്പററി സാമാന്യം വിശദമായി ഒരു ഗ്രന്ഥത്തിൽ

www.malankaralibrary.com

പ്രസ്താവിച്ചിട്ടുണ്ട്[18]. ആ ഗ്രന്ഥത്തിൽ പ്രധാനമായി പ്രസ്താവിച്ചിരിക്കുന്നത് നസ്രാണികൾക്കും നമ്പൂതിരിമാർക്കും ഐകരൂപ്യമുള്ള സംസ്ക്കാരങ്ങളെപ്പററിയാണ്.

എന്നാൽ നസ്രാണികളുടെ ബ്രാഹ്മണസംസ്ക്കാരങ്ങളിൽ ചിലതെല്ലാം ഇപ്പോൾ ഭാഗികമായിട്ടെങ്കിലും അന്തർധാനം ചെയ്തിട്ടുണ്ട്.

## പതിനാറു സംസ്ക്കാരങ്ങളിൽ:

### സീമന്തകർമ്മം:

നാലോ അഞ്ചോ മാസം ഗർഭമുള്ള സ്ത്രീകൾക്കുള്ള ഈ കർമ്മം രൂപഭേദംപ്രാപിച്ച നിലയിലാണ് ഇന്നു കാണുന്നത്. അതിനുപകരം, നസ്രാണികൾ ചെയ്തിരുന്നത് ഗർഭിണികളെ പ്രസിദ്ധദേവാലയങ്ങളിലും പുണ്യസ്ഥലങ്ങളിലും കൊണ്ടുപോയി നേർച്ചകൾ സമർപ്പിക്കുകയും ''അടിമവയ്ക്കുക''യും ആണ്.

### പുംസവനം:

ആൺകുട്ടികൾ ജനിക്കുവാൻവേണ്ടിയുള്ള ഈ കർമ്മം നസ്രാണികൾ ഉപേക്ഷിച്ചു. എന്നാൽ ഹിന്ദുനമ്പൂതിരിമാർക്ക് ഉദകക്രിയക്ക് പുരുഷസന്താനം ആവശ്യമുണ്ടായിരുന്നു. കൂടാതെ, പെൺകുട്ടികളുടെ വിവാഹത്തിനു ദുർഭരമായ സ്ത്രീധനവും ആവശ്യമായിരുന്നല്ലോ.

### ജാതകർമ്മം:

നമ്പൂതിരിമാരിലും നസ്രാണികളിലും മാത്രമേ കാണുന്നുള്ളു. സുറിയാനിക്കാർ ചെയ്യുന്നത് ഒരു കുഞ്ഞുജനിച്ച് 36 മണിക്കൂറിനുള്ളിൽ തേനിൽ സ്വർണ്ണം ഉരച്ചുകൊടുത്തശേഷം, ആ കുഞ്ഞിന്റെ ചെവിയിൽ 'മാറൻ ഈശോമിശിഹാ' എന്നു മന്ത്രിക്കുകയാണ്. നമ്പൂതിരിമാരുമായി ബാന്ധവമുള്ള ക്ഷത്രിയ-നായർ കുടുംബങ്ങളിൽ ഹിന്ദുമതപ്രകാരമുള്ള ഈ ബ്രാഹ്മണാചാരം ദുർലഭമായി കാണാനുണ്ട്.

### നാമകരണം:

അതായതു കുഞ്ഞിന്റെ ചെവിയിൽ പേരു് ഓതിവിളിക്കുക. ഇതു് നസ്രാണികളുടെ ഇടയിൽ മാമ്മോദീസായു

18. Thomas N. A. One Territory One Bishop? 1971: pp· 87–98.

www.malankaralibrary.com

മായി സംയോജിക്കപ്പെട്ടിരിക്കുന്നു. എന്നാൽ ഒരു കാര്യം എടുത്തുപറയാനുള്ളതു്, ആദ്യം ജനിക്കുന്ന ആൺകുട്ടിക്കു് പിതാമഹൻെറയും അടുത്തതിനു് മാതാമഹൻെറയും പേരിടുക, പെൺകുട്ടികളായാൽ പിതാമഹിയുടെയും മാതാമഹിയുടെയും പേരിടുക;– നമ്പൂതിരിമാർക്കും നസ്രാണികൾക്കും മാത്രമുള്ള സമ്പ്രദായമാണിതു്.

**അന്നപ്രാശം:**

ഒരു കാലത്തു്, ഇതു് ബ്രാഹ്മണർക്കു മാത്രമുള്ള കർമ്മം ആയിരുന്നു. പിന്നീടു്, അതു് സവർണ്ണഹിന്ദുക്കൾക്കെല്ലാമായി. ഇപ്പോൾ അവർണ്ണഹിന്ദുക്കൾക്കും ഉണ്ടു്. ഒന്നു രണ്ടു നൂററാണ്ടു മുമ്പു് ആഘോഷമായ അന്നപ്രാശം നസ്രാണികൾക്കും ഉണ്ടായിരുന്നു. നമ്പൂതിരിമാരും നസ്രാണികളും മാത്രമാണു്, അന്നപ്രാശം വീട്ടിൽവച്ചു നടത്തുന്നതു്. ഇതു് പൗരോഹിത്യത്തിൻെറ ഒരവകാശമാണു്. മററുള്ളവർ ക്ഷേത്രങ്ങളിൽ വച്ചാണു് നടത്താറുള്ളതു്. നമ്പൂതിരിമാർക്കും നസ്രാണിമാർക്കും അച്ഛൻെറ മടിയിൽവച്ചാണു് ചോറുകൊടുക്കുന്നതു്; മററുള്ളവർ അമ്മയുടെ മടിയിലിരുത്തിയും.

**ചൌളം:**

മൂന്നോ അഞ്ചോ വയസ്സാകുമ്പോൾ നമ്പൂതിരിമാർക്കും നസ്രാണികൾക്കും 'ചൗളം' അഥവാ 'കേശാന്ത' എന്നൊരു കർമ്മം ഉണ്ടു്. എന്നാൽ കാലാന്തരത്തിൽ നസ്രാണികൾ ഈ കർമ്മം മറെറാന്നുമായി, അതായതു്, വിവാഹത്തിൻെറ തലേദിവസം വൈകിട്ടു് വരനുള്ള 'അങ്കം ചാർത്തലു'മായി ബന്ധിച്ചു. വിവാഹത്തിനു വന്നിരിക്കുന്ന അതിഥികളോടു് പരസ്യമായി സമ്മതം വാങ്ങിയശേഷം അവരുടെ സാന്നിദ്ധ്യത്തിൽ, വിവാഹപ്പന്തലിലെ പ്രധാന പീഠത്തിൽ വരനെ ഇരുത്തി, തലമുടി വെട്ടിക്കുകയും മുഖം വടിപ്പിക്കുകയും ചെയ്യുയാണു് ഈ കർമ്മം. എന്നാൽ മുടിവെട്ടു് ഇപ്പോഴില്ല; മുഖം വടിക്കൽ മാത്രമേ ഉള്ളു. അപ്പോൾ ക്ഷുരകൻ തൻെറ കർമ്മം നിർവ്വഹിച്ചശേഷം, വിലയേറിയ സമ്മാനങ്ങൾ വാങ്ങി മടങ്ങുന്നു. ഈ അവസരത്തിൽ വധുവിൻെറ ഗൃഹത്തിൽ ആഘോഷമായി നടക്കുന്ന ചടങ്ങു് വധുവിനു് ചാന്തുചാർത്തൽ ആണു്.

**വിദ്യാരംഭം:**

നസ്രാണികൾക്കും നമ്പൂതിരിമാർക്കും പൊതുവായിട്ടുള്ള ഒരു സംസ്ക്കാരം ആണു് വിദ്യാരംഭം. ബ്രാഹ്മണനു് മാത്ര

www.malankaralibrary.com

മല്ലേ വിജ്ഞാനാജ്ജനം വിധിച്ചിട്ടുണ്ടായിരുന്നുള്ളു. എന്നാൽ നസ്രാണികൾക്കും അതുണ്ടായിരുന്നു. കമ്മങ്ങൾ ഏതാണ്ട് ഒരു പോലെയാണ്. ഇതും ആഘോഷമായി നടത്തുന്ന ഒരു കമ്മമാണ്. കുടുംബത്തിൽ പൂജ്യമായി സൂക്ഷിച്ചിട്ടുള്ള കുരിശ് ഒരു പ്രധാന പീഠത്തിൽ ഉയർത്തിവച്ചശേഷം അതിൻെറ മുമ്പിൽ 12 തിരികളുള്ള നിലവിളക്ക് കത്തിച്ചുവയ്ക്കുന്നു. പ്രശസ്തനായ സവർണ്ണഹിന്ദുവോ ക്രിസ്ത്യാനിയോ ആയ ഒരാശാൻെറ നേതൃത്വത്തിൽ, കുട്ടിയെക്കൊണ്ട് കുരിശു വരപ്പിച്ച ശേഷം, ആശാൻ ഒരു ഓലയിൽ പ്രണാമപ്രാത്ഥനയും അക്ഷരമാലയിലെ ആദ്യക്ഷരങ്ങളും എഴുതിയശേഷം കുട്ടിയുടെ വിരൽപിടിച്ച്, വെള്ളിത്തളികയിൽ നിരത്തിയിരിക്കുന്ന അരിയിൽ, അക്ഷരങ്ങൾ എഴുതിക്കുന്നു. ഹിന്ദുക്കൾക്കുള്ള പ്രണാമപ്രാത്ഥന ''ഹരി: ശ്രീ ഗണപതിയേ നമ:'' എന്നാണെങ്കിൽ ക്രിസ്ത്യാനികൾക്കുണ്ടായിരുന്നതു് ''സവ്വേശ്വരായേ നമ:'' എന്നാണ്.

## ഉപനയനം:

ഈ സംസ്ക്കാരത്തിലാണ് ഒരാൾ സാക്ഷാൽ ബ്രാഹ്മണനും ദ്വിജനും ആകുന്നതു്. ഇതിന്, അത്ഥത്തിൽ സമാന്തരമായി നസ്രാണികൾക്കുള്ള കർമ്മം മാമ്മോദീസായാണ്. നമ്പൂതിരി എപ്പോഴും വൈദികൻ അഥവാ വേദം അറിയാവുന്നവനാണല്ലോ. ആ വേദജ്ഞാനം തന്നെയാണ് മാമ്മോദീസാ എന്ന കമ്മത്തിൽ സ്നാനാത്ഥിയായ കുഞ്ഞിൻെറ പ്രതിനിധിയായി 'തലതൊട്ടപ്പൻ' പ്രഖ്യാപിക്കുന്നതും. ഉപനയനംമൂലം ഒരാൾ രണ്ടാമതു ജനിക്കുന്നുവെങ്കിൽ ക്രിസ്ത്യാനിക്ക് മാമ്മോദീസാമൂലം രണ്ടാമത്തെ ജനനം കിട്ടുന്നു. ഈ രണ്ടാമത്തെ ജീവൻ ദിവ്യജീവൻെറ ഭാഗഭാഗിത്വമാണ്. തന്നെയുമല്ലാ, ക്രിസ്തുവിൻെറ പൗരോഹിത്യത്തിൽ അവൻ പങ്കുകാരനാവുകയും ചെയ്യുന്നു. ഉപനയനംമൂലമാണല്ലോ, ഒരുവൻ ബ്രാഹ്മണനാകുന്നതും. അന്നാണ് ബ്രാഹ്മണൻ പൂണൂൽ ധരിക്കുന്നതു്. മാമ്മോദീസായ്ക്ക് കൊണ്ടുവരുന്ന ആൺകുട്ടികളെ പൂണൂൽ ധരിപ്പിക്കുന്ന ഒരു കമ്മം നസ്രാണികൾക്കുണ്ടായിരുന്നു. Fr. Ferroli പറയുന്നു, ''ബ്രാഹ്മണർ ധരിക്കാറുള്ള പൂണൂൽ അഥവാ വിശുദ്ധസൂത്രം മാമ്മോദീസാ കമ്മത്തിൽ വൈദികൻ ആശീർവദിക്കുകയും ആൺകുട്ടികളെ ധരിപ്പിക്കുകയും ചെയ്യുന്നു. കമ്മത്തിനുശേഷം അതു് ഊരിയെടുക്കുമെങ്കിലും, ആ കുട്ടി കൗമാരപ്രായമെത്തുമ്പോൾ അവനെ വീണ്ടും അതു്

www.malankaralibrary.com

ധരിപ്പിക്കുന്നു''19. ബ്രാഹ്മണരെപ്പോലെ സുറിയാനിക്രിസ്ത്യാനികളുടെ കുട്ടികൾ ആഭരണമായി ധരിക്കുന്നതു് പുലിനഖവും കീരിപ്പല്ലുമാണു്.

## വിവാഹം

### a) വധൂവരന്മാരെ തിരഞ്ഞെടുക്കൽ

വിവാഹത്തിനു വധൂവരന്മാരെ തിരഞ്ഞെടുക്കുന്നതു സംബന്ധിച്ചു് ആര്യന്മാർക്കുണ്ടായിരുന്ന അടിസ്ഥാനതത്ത്വം തറവാടിത്തവും കുടുംബമാഹാത്മ്യവും പ്രശസ്തിയുമാണു്. പാരമ്പര്യശാസ്ത്രത്തിന്റെ പിതാവെന്നറിയപ്പെടുന്ന മെൻഡൽ (Mendel) എന്ന കത്തോലിക്കാസന്ന്യാസിയും മററു പാരമ്പര്യശാസ്ത്രജ്ഞന്മാരും ജനിക്കുന്നതിനു് വളരെ നൂററാണ്ടുകൾക്കു മുമ്പു്, ഇൻഡ്യയിലെ ഋഷിവര്യന്മാർ ആ ശാസ്ത്രത്തിന്റെ മർമ്മം കണ്ടെത്തിയിരുന്നു. ഈ പുസ്തകത്തിന്റെ ഒന്നാം വാല്യത്തിൽ ഇതേപ്പററി പ്രസ്താവിച്ചിട്ടുണ്ടു്20. എന്നാലും, ആവർത്തനം അസംഗതമോ അപ്രസക്തമോ ആവുകയില്ലിവിടെ. ഗൃഹ്യസൂത്രങ്ങളിൽ പറയുന്നു, ''വധൂവരന്മാരുടെ അമ്മയുടെയും അച്ഛന്റെയും മുമ്പു്, പത്തു തലമുറകളിലുള്ള അവരുടെ ആളുകൾ തപശ്ചര്യയിലും പാണ്ഡിത്യത്തിലും പ്രശസ്തപ്രവർത്തനങ്ങളിലും പ്രസിദ്ധരായിരുന്നാൽ ആ കുടുംബങ്ങളെ ബന്ധിക്കുന്ന വിവാഹമാണു് ഏററവും നല്ലതു്''21.

### b) സ്ത്രീധനം

നമ്പൂതിരിമാർക്കും നസ്രാണികൾക്കും മാത്രമേ സ്ത്രീധനം എന്നൊരു ഏർപ്പാടുണ്ടായിരുന്നുള്ളുവെന്നു് തോന്നുന്നു. മററു സമുദായങ്ങൾക്കു്, പ്രത്യേകിച്ചു്, പുടവകൊടുത്തു് വിവാഹം ചെയ്യുന്ന സമ്പ്രദായം നിലനില്ക്കുന്ന സമുദായങ്ങൾക്ക, സ്ത്രീധനം പതിവില്ല.

പോർച്ചുഗീസുകാർ വന്നപ്പോൾ നസ്രാണികൾ അവരുടെ വിവാഹം വധുവിന്റെ വീടുകളിൽവച്ചു നടത്തുന്നതായിട്ടാണു് കണ്ടതു്. ദേവാലയത്തിൽവച്ചു നടത്തണമെന്നുള്ളതു് ഉദയംപേരൂർ സൂനഹദോസ്സിന്റെ നിശ്ചയമാണു്. വിവാഹം

19. Ferroli. Vol. II, P. 57.

20. P. 513.

21. Apte V. M., Social and Religious life in the grihyasutras, 1939; P. 30.

www.malankaralibrary.com

മുഖ്യമായും ഒരു സാമൂഹ്യാചാരമായി നസ്രാണികൾ കരുതിയിരുന്നു. നസ്രാണികളുടേയും നമ്പൂതിരിമാരുടേയും വിവാഹത്തിനു് നാട്ടുപ്രമാണികളുടെ സഹായത്തോടുകൂടി പന്തലിനുള്ള 'കാൽനാട്ടുകർമ്മം' നിർവ്വഹിക്കുന്നു. പന്തലിട്ടശേഷം വിവാഹത്തിന്റെ തലേദിവസമാണു് വരനു് അങ്കംചാർത്തും വധുവിനു് ചാന്തുചാർത്തും നടക്കുന്നതു്. അനന്തരം വധുവിന്റെയും വരന്റെയും ഗൃഹങ്ങളിൽ അവരുടെ ആഘോഷമായ കളി നടക്കുന്നു. ആ അവസരത്തിൽ, സ്ത്രീകൾ കുരവയിടുകയും പാട്ടുപാടുകയും ചെയ്യുന്നു. ഇതു് ആര്യന്മാർക്കുണ്ടായിരുന്ന ഒരാചാരമാണു്22.

## c) 'അയിനിഊൺ'—

ഇതു് നമ്പൂതിരിമാരുടേയും നസ്രാണികളുടേയും ഇടയിൽ മാത്രമേ ഉള്ളൂ. വിവാഹത്തിന്റെ തലേദിവസം വധുവിനെയും വരനെയും അവരവരുടെ ഗൃഹങ്ങളിൽ ഒരു പീഠത്തിലിരുത്തി, സദസ്സിന്റെ സമ്മതംവാങ്ങി മധുരപദാർത്ഥം ഭക്ഷിക്കാൻ കൊടുക്കുന്നതാണു് 'അയിനിഊൺ'.

എന്നാൽ പ്രധാനപ്പെട്ട 'അയിനിഊൺ' വിവാഹദിവസമാണു്. വിവാഹകർമ്മം അവസാനിച്ചശേഷം, വധൂവരന്മാരുടെ ബന്ധുമിത്രാദികൾ തിങ്ങിക്കൂടിയ സദസ്സിൽവച്ചു്, നവദമ്പതിമാരെ ഒരു പീഠത്തിലിരുത്തി, സദസ്സിന്റെ സമ്മതംവാങ്ങി, അവർക്കു് മധുരപദാർത്ഥങ്ങൾ ഭക്ഷിക്കുവാൻ നല്കുന്നതാണു് ഈ ചടങ്ങു്. ഇതിനുശേഷമേ, ക്ഷണിതാക്കളുടെ സദ്യ ആരംഭിക്കുകയുള്ളൂ. ബ്രാഹ്മണവധൂവരന്മാരുടെ ഈ സഹഭോജനം "ആദ്യത്തേതും അവസാനത്തേതും" ആണെന്നു് ഫ്രാൻസിസ് ഡേ എന്ന ചരിത്രകാരൻ പറയുന്നു: കാരണം, ധർമ്മപത്നിക്കു വിധിച്ചിട്ടുള്ള ഭക്ഷണം, ഭർത്താവിന്റെ ഉച്ഛിഷ്ടമാണു്!!

വിവാഹദിവസം ആദ്യമായി വധൂവരന്മാർ അവരവരുടെ ഗൃഹങ്ങളിൽവച്ചു്, തങ്ങളുടെ ആദ്യഗുരുനാഥന്മാരെ നമസ്ക്കരിക്കുകയും അവർക്കു് ഗുരുദക്ഷിണകൾ നല്കുകയും ചെയ്യുന്നു. അനന്തരം മാതാപിതാക്കളുടെയും മററുള്ളവരുടെയും അനുഗ്രഹാശിസ്സുകൾ വാങ്ങുന്നു. ഗുരുനാഥന്മാരും മാതാപിതാക്കളും വധൂവരന്മാരുടെ തലയിൽ കൈവച്ചു് അനുഗ്ര

22. Grihyasutras, P. 33–34.

www.malankaralibrary.com

ഹിക്കുന്നു. മാർത്തോമ്മാക്രിസ്ത്യാനികൾ ഇതു് അവരുടെ ഗൃഹങ്ങളിൽവച്ചാണു് നടത്തുന്നതു്. വിവാഹവേദിയിൽ വധൂവരന്മാർ പ്രവേശിച്ചുകഴിയുമ്പോൾ നടക്കുന്ന കർമ്മം പാണിഗ്രഹണമാണു്.

## പാണിഗ്രഹണം

ഈ പാണിഗ്രഹണത്തെപ്പററി ഋഗ്വേദം വരനേർറതായി പറയുന്നതു് ഇപ്രകാരമാണു്, ''ഞാൻ സൗഭാഗ്യത്തിനുവേണ്ടി നിന്റെ കരം ഗ്രഹിക്കുന്നു. നിന്റെ ഭർത്താവിനോടുകൂടി നീ വാർദ്ധക്യത്തിൽ എത്തണം. ദേവന്മാരാണു് നിന്നെ എനിക്കു് കുടുംബജീവിതത്തിനായി തന്നിട്ടുള്ളതു്''23. പുരാതനമായ ഇൻഡോ–യൂറോപ്യൻ സംസ്ക്കാരത്തിന്റെ ഭാഗമായതുകൊണ്ടായിരിക്കാം, ഇന്നും ഇതു് ഇന്ത്യയിലും യൂറോപ്പിലും കാണുന്നതു്.

## താലികെട്ട്

പിന്നീടു് നടക്കുന്ന കർമ്മം താലികെട്ടാണു്. താലിക്കു് 'മിന്നു'' എന്നൊരു പേരുമുണ്ടു്. മങ്ങാതെ മിന്നുന്ന ദാമ്പത്യമായതുകൊണ്ടു്, മിന്നു്; മംഗളം നല്കുന്നതുകൊണ്ടു് മംഗല്യം: ചരടിൽകെട്ടുന്നതുകൊണ്ടു് മംഗല്യസൂത്രം. താലികെട്ടുന്ന കാര്യത്തിൽ നമ്പൂതിരിമാർക്കൊരു പ്രത്യേകതയുണ്ടു്. നസ്രാണികളുടെ ഇടയിൽ വരനാണു് വധുവിന്റെ കഴുത്തിൽ താലി കെട്ടുന്നതു്. കേരളത്തിനു് പുറത്തുള്ള ബ്രാഹ്മണരുടെ ഇടയിലും ഇതാണു് പതിവു്. എന്നാൽ കേരളത്തിലുള്ള നമ്പൂതിരിമാർക്കു് വരനല്ല, വധുവിന്റെ അച്ഛനാണു് താലികെട്ടുന്നതു്!

## മന്ത്രകോടി

ഈ അവസരത്തിൽ വരൻ വധുവിനു് ഒരു കല്യാണവസ്ത്രം കൊടുക്കുന്നു. ഇതും ആര്യന്മാർക്കുണ്ടായിരുന്ന ഒരാചാരമാണു്. ഗൃഹ്യസൂത്രമനുസരിച്ചു്, സമ്മാനമായിക്കൊടുക്കുന്നതു് കല്യാണവസ്ത്രം മാത്രമല്ല, സൗരഭ്യമേറിയ ലേപനവസ്തുക്കളും ഒരു മുഖക്കണ്ണാടിയുംകൂടിയാണു്24. കല്യാണവസ്ത്രത്തിനു മന്ത്രകോടിയെന്നാണു് പേരു്. നമ്പൂതിരിമാർക്കും നസ്രാണികൾക്കും മാത്രമേ കല്യാണവസ്ത്രത്തിനു് 'മന്ത്രകോടി' എന്ന പേരുള്ളൂ. ഈ കല്യാണവസ്ത്രത്തിൽനിന്നും മൂന്നു് നൂലെ

23, ഋഗ്വേദസംഹിത: വള്ളത്തോൾ: Vol. IV, 1958, P. 369.

24. Grihyasutra P. 35.

www.malankaralibrary.com

ട്ടത്തു് പിരിച്ചാണു് മിന്നു് കെട്ടുന്നതു്. ആ മിന്നിൽ സ്വർണ്ണത്തിലോ രത്നത്തിലോ ഉള്ള പന്ത്രണ്ടു മണികൾ ചേർത്ത ഒരു കുരിശുണ്ടു്. ഇതു് സുറിയാനിക്രിസ്ത്യാനികൾക്കു മാത്രമുള്ളതാണു്. ചിലർ പറയുന്നു, ഏഴോ അതിന്റെ ഗുണിത സംഖ്യയോ മണികളാണുള്ളതെന്നു്. നേരിയ ശിരോവസ്ത്രം കൊണ്ടു് തലമൂടുന്നതു് യഹൂദന്മാർക്കുള്ള ആചാരമായിരുന്നു. കന്യകാത്വത്തിന്റെയും 'അടക്കമൊതുക്ക'ത്തിന്റെയും ഒരു ചിഹ്നമായിരുന്നു ശിരോവസ്ത്രം. പൌരസ്ത്യദേശങ്ങളിലും യൂറോപ്യൻ നാഗരികതകളിലും ഇതു് കാണുന്നുണ്ടു്.

**ഗൃഹപ്രവേശം**

വിവാഹശേഷം ഗൃഹപ്രവേശം നടത്തുമ്പോൾ, ദമ്പതിമാരെ സ്വീകരിക്കുവാൻ വരന്റെ അമ്മയോ ജ്യേഷ്ഠസഹോദരിയോ ആണു് വരാറുള്ളതു്. അവരുടെ കൈവശം മണിദീപം (കോൽവിളക്കു്) കത്തിച്ചിരിക്കും. അവരുടെ കൂടെയുള്ളവർ അരി, പുഷ്പം, തേങ്ങ, പഴം മുതലായ അഷ്ടമംഗല്യങ്ങൾ വെള്ളിത്താലങ്ങളിൽ കൊണ്ടുവരുന്നു. വരന്റെ അമ്മ, വധുവിനെ സമീപിച്ചു്, അവളുടെ നെററിയിൽ ജപമാലയിലെ കുരിശുകൊണ്ടു് കുരിശുവരയ്ക്കുന്നു. ഇതു് വിദേശമിഷ്നറിമാർ ഇവിടെ വന്നതിനു് ശേഷമുള്ള ഒരു ചടങ്ങാണു്. അതിനുമുമ്പു് കുരിശുവരയ്ക്കുന്നതിനുപകരം, തിലകംചാർത്തുകയായിരുന്നു പതിവു്. ആദ്യകാലത്തെ വിദേശമിഷ്നറിമാർ മുഖേന, അന്നത്തെ ഒരു മാർപ്പാപ്പാ 5000 ജപമാലകൾ കേരളത്തിലെ നസ്രാണികൾക്കു് അയച്ചുകൊടുത്തതായി ഒരു ചരിത്രരേഖയിൽ കാണുന്നു. അതിനുശേഷമായിരിക്കണം, തൊട്ടുകുറിക്കുപകരം ജപമാലയിലെ കുരിശു വന്നുകൂടിയതു്. ഈ തൊട്ടുകുറിയിൽ മിഷ്നറിമാർ ഹിന്ദുമതത്തിന്റെ ചുവയും കണ്ടിരിക്കാം. കേരളത്തിൽ ആദ്യം വന്നിറങ്ങിയ വിദേശ ഡൊമിനിക്കൻ സന്ന്യാസിമാർ ജപമാല ഉപയോഗിക്കുവാൻ പ്രേരിപ്പിച്ചിട്ടുമുണ്ടാകാം. വിവാഹാഘോഷങ്ങളിൽ മുത്തുക്കുടകൾ ഉപയോഗിക്കാനുള്ള അവകാശം നമ്പൂതിരിമാർക്കും നസ്രാണികൾക്കും ഒഴിച്ചാൽ, ക്ഷേത്രങ്ങളിലേയും പള്ളികളിലേയും വിഗ്രഹങ്ങൾക്കുംമാത്രമേ ഉണ്ടായിരുന്നുള്ളൂ.

**സേകം:**

വിവാഹം കഴിഞ്ഞു് നാലാം ദിവസം സേകകർമ്മമാണു്. നമ്പൂതിരിമാർക്കും നസ്രാണികൾക്കും ഉള്ള 'നാലാംകുളി'

www.malankaralibrary.com

എന്നറിയപ്പെടുന്ന ഈ ചടങ്ങ് ഋഗ്വേദത്തിലെ ഒരു വിധിയാണ്[25]. വധൂവരന്മാർ ആദ്യമായി ദാമ്പത്യമണിയറയിൽ പ്രവേശിക്കുന്ന (Consummation) നാലാം ദിവസത്തെ ചടങ്ങാണ്. നമ്പൂതിരിമാരെ സംബന്ധിച്ചിടത്തോളം, ഇത് പൂജകളും ഹോമങ്ങളും നടത്തിയശേഷമാണ്. പിന്നീട് ദമ്പതിമാർ മണവറയിൽ പ്രവേശിക്കുന്നു.

എന്നാൽ നസ്രാണികളുടെ സേകകർമ്മത്തിന് ഇപ്പോഴത്തെ നിലയിൽ, ലുപ്തമായ രൂപമേ ഉള്ളൂ. അതായത്, വിവാഹദിവസംതന്നെ, പന്തലിൽവച്ചുള്ള അയിനിഊണിന്(മധുരം വയ്ക്കലിന്)ശേഷം വധുവിന്റെ സഹോദരൻ അഥവാ ബന്ധപ്പെട്ട മറെറാരാരം, സദസ്സിനോട്, ''മണവാളനേയും മണവാട്ടിയേയും മണവറയിൽ ആക്കട്ടേ'' എന്നു ചോദിക്കുന്നു. സദസ്സിന്റെ അനുവാദം കിട്ടിയാലുടൻ വധൂവരന്മാരെ മണവറയിലേയ്ക്കു കൂട്ടിക്കൊണ്ടുപോകും.

## മരണവും മരണാനന്തരവും

കുടുംബത്തിൽ ആരെങ്കിലും മരിച്ചാൽ ആ കുടുംബാംഗങ്ങൾക്ക് 'പുല' ആണെന്നുള്ള വിശ്വാസം ഹൈന്ദവമാണ്. മൂത്തആൺമക്കൾ ഒരു വർഷത്തേയ്ക്കു താടിവളർത്തും. പിതൃക്കളുടെ ആത്മശാന്തിക്ക് ഹിന്ദുമതവിശ്വാസങ്ങളനുസരിച്ച് പല കർമ്മങ്ങളും നടത്താറുണ്ട്. നസ്രാണികളും പുലകുളി നടത്തുന്നുണ്ട്. ഒരാൾ മരിച്ച് പത്തും പതിനാറും (നായന്മാരുടേത്) നാല്പത്തൊന്നും വരുന്ന ദിവസങ്ങളിൽ, പരേതന്റെ ആത്മശാന്തിക്കായി പ്രത്യേകകർമ്മങ്ങൾ നടത്തുന്നു. നസ്രാണികൾക്ക് നമ്പൂതിരിമാരെപ്പോലെ ചരമവാർഷികത്തിൽ ശ്രാദ്ധം ഉണ്ട്.

## കച്ചയിടൽ

നമ്പൂതിരിമാർക്കും നസ്രാണികൾക്കും സാധർമ്മ്യമുള്ള മറെറാരാചാരം ശവശരീരത്തിൽ 'കച്ചയിടൽ' ആണ്. ഈ 'കച്ചയിടൽ' നമ്പൂതിരിമാർ അനുഷ്ഠിച്ചുപോരുന്ന ശവദാഹകർമ്മത്തിന്റെ അവശിഷ്ടമായി തോന്നുന്നു. ശവദാഹം ഇന്ത്യയിൽ കുടിയേറിയ ആര്യന്മാരുടെ ഒരാചാരം ആയിരുന്നു. ഒരാൾ മരിച്ചാൽ അയാളെ ദഹിപ്പിക്കേണ്ടതു ദേശാടകരായ (nomadic) ആര്യന്മാർക്ക് ആവശ്യമായിരുന്നു. കാരണം, അവർ

---

25. V. M. Apte: 1939, P, 23 Grihyasutras.

www.malankaralibrary.com

ഒരു സ്ഥലത്തുനിന്നു് മറെറാരു സ്ഥലത്തേയ്ക്കു് നിരന്തരമായി നീങ്ങുകയാണല്ലോ ചെയ്തിരുന്നതു്. അപ്പോഠം ആരെങ്കിലും മരിച്ചു് അവരുടെ ശവങ്ങഠം വഴിക്കുവച്ചു് മണ്ണിൽ സംസ്ക്കരിച്ചുപോയാൽ അതു് വന്യമൃഗങ്ങഠംക്കു് ഇരയാകുമെന്നുള്ള ഭയംകൊണ്ടാണു് ശവദാഹം ആവശ്യമായിവന്നതു്. പിന്നാലെ, ആര്യന്മാർ ഇന്ത്യയിൽ വന്നശേഷവും അതു് അവരുടെ ആചാരമായി തുടന്നു. ഇങ്ങനെയാണു് ഈ ആചാരം ഇന്ത്യയിൽ നിലവിൽവന്നതു്.

നമ്പൂതിരി മരിച്ചശേഷം അദ്ദേഹത്തിൻെറ ശവശരീരം ചിതയിലേററുന്നതിനുമുമ്പു് കോടിക്കച്ചയിൽ പൊതിയുകയാണു് പതിവു്. ഈ കച്ച നൽകേണ്ട ചുമതല മരിച്ച ആളുമായി വിവാഹംമൂലം ബന്ധുത്വം പ്രാപിച്ചിട്ടുള്ള കുടുംബങ്ങഠംക്കാണു്. നമ്പൂതിരിമാർ ക്രിസ്ത്യാനികളായതോടുകൂടി ശവദാഹം നിന്നുപോയെങ്കിലും, അവരിൽ ആരെങ്കിലും മരിച്ചാൽ ബന്ധുക്കളായിട്ടുള്ളവർ ശവശരീരത്തിൽ കോടിക്കച്ചകഠം സമപ്പിക്കുക ഇന്നും നസ്രാണികളുടെ ഇടയിൽ കാണുന്ന ഒരാചാരമാണു്. ഇപ്പോഠം കച്ചകഠം അല്ല, പട്ടുകളും ടെർലിൻ തുണികളുമാണിടുന്നതു്.

## മിഷ്നറിമാർ കണ്ട സാമൂഹ്യസ്ഥിതി

നസ്രാണികളുടെ അക്കാലത്തെ ചരിത്രം വിദേശമിഷ്നറിമാരുടെ രേഖകളിൽനിന്നെടുത്തിട്ടുള്ളതാണു്. ഇതേപ്പററി ചരിത്രകാരനായ James Hough പറയുന്നതിപ്രകാരമാണു്: ''നസ്രാണിക്രിസ്ത്യാനികളുടെ സ്വഭാവം, പെരുമാററം, ആചാരോപചാരങ്ങഠം എന്നിവയെപ്പററി പറയുന്ന പോർച്ചുഗീസുമിഷ്നറിമാക്കു് നസ്രാണിപക്ഷപാതം ഉണ്ടെന്നു വിചാരിക്കുവാൻ ഒട്ടും ന്യായമില്ലല്ലോ. തങ്ങഠംക്കില്ലാത്ത ഗുണങ്ങഠം സുറിയാനിക്കാക്കുണ്ടെന്നു് മിഷ്നറിമാർ പറയുവാൻ ഇടയില്ല. അതുപോലെതന്നെ മതബോധത്തിലും സന്മാഗ്ഗനിഷ്ഠയിലും പോർച്ചുഗീസുകാർ സുറിയാനിക്കാരേക്കാഠം പിന്നോക്കമാണെന്നു പറയുവാൻ സാദ്ധ്യതയില്ല. എന്നാൽ വിദേശമിഷ്നറിമാർ പറഞ്ഞിട്ടുള്ളതു്, പോർച്ചുഗൽ, ഇററലി മുതലായ രാജ്യങ്ങളിലെ അന്നത്തെ ക്രിസ്ത്യാനികളേക്കാഠം സുറിയാനിക്കാർ ശ്രേഷ്ഠരായിരുന്നുവെന്നാണു്. അവർ പറയുന്നതു്, കേരളത്തിലെ വിവിധ സമുദായങ്ങളിൽവച്ചു്, നസ്രാണികഠം ശാരീരികവും മാനസികവുമായ സൗഭാഗ്യഗുണങ്ങ

www.malankaralibrary.com

ളിൽ ഏററവും മികച്ചനിന്നിരുന്നുവെന്നാണ്. അവരുടെ വ്യക്തിത്വം പരിപക്വതയും, കർമ്മോത്സുകതയും അനുയോജ്യതയും (accomodativeness) പ്രാപിച്ചതായിരുന്നു. മററു ജനങ്ങളേക്കാരം പ്രൗഢിയോടുള്ള നടത്തയായിരുന്നു അവക്കുള്ളതു്. അവരുടെ നിറം മററു കേരളീയരിൽനിന്നും വ്യത്യസ്തമായി, നമ്പൂതിരിമാരുടേതുപോലെയായിരുന്നു''26.

## സുറിയാനി വൈദികരും ജനങ്ങളും

### i) വൈദികർ

നസ്രാണിവൈദികർ വേണ്ടിടത്തോളം അഭ്യസ്തവിദ്യരല്ലെന്നും അവർ കച്ചവടത്തിലും കൃഷിയിലും ഉരംപ്പെടുന്നവെന്നും ചിലർ പടയാളികരംതന്നെയാണെന്നും ചില വിദേശമിഷ്നറിമാർ ആക്ഷേപിക്കുന്നുണ്ടു്. നസ്രാണിവൈദികർ (കത്തനാരന്മാർ) മതകർമ്മങ്ങരം നടത്തുന്നതിനു് പണം വാങ്ങിക്കുന്നുവെന്നും മിഷ്നറിമാർ പരാതിപ്പെടുന്നു. എന്നാൽ ഇതു് ശരിയായ ആരോപണങ്ങളല്ല. തെററിദ്ധാരണകരം, മുൻവിധികരം, വെറുപ്പ് മുതലായവയാണു് ഇവയ്ക്കു് അടിസ്ഥാനം. അവരെപ്പററി പ്രസ്താവിക്കാൻ ഇടയാകുന്ന മററവസരങ്ങളിൽ, പരോക്ഷമായിട്ടെങ്കിലും അവരുടെ ബുദ്ധിശക്തിയേയും, വിദ്യാഭ്യാസത്തേയും ശ്ലാഘിച്ചിട്ടുമുണ്ടു്. ഈ വൈദികർ പോർച്ചുഗീസ് മേഖലയിൽ ചെല്ലുമ്പോരം പോർച്ചുഗീസ് ഭാഷയിൽ സംസാരിക്കുകയും, ലത്തീനിൽ കർബ്ബാന ചൊല്ലുകയും, സ്വന്തം ജനങ്ങളുടെ ഇടയിലാകുമ്പോരം സുറിയാനിയിൽ കുബ്ബാന ചൊല്ലുകയും ചെയ്യുന്നുണ്ടെന്നു് ഈ മിഷ്നറിമാർതന്നെ സമ്മതിക്കുന്നു. കൂടാതെയും, ദൈവശാസ്ത്രം, തത്വശാസ്ത്രം മുതലായ ശിക്ഷണരീതികരം പാശ്ചാത്യസഭയിലും സുറിയാനിസഭയിലും ഏതാണ്ടു് ഭിന്നമാണു്. സത്യവും പ്രകാശവും ജ്ഞാനവും യുക്തിയും പാശ്ചാത്യരാജ്യങ്ങളിൽ മാത്രമേ ഉള്ളൂവെന്നു് ശഠിച്ചിരുന്ന അന്നത്തെ പാശ്ചാത്യമിഷ്നറിമാർക്കു് പൌരസ്ത്യശാസ്ത്രങ്ങളെപ്പററിയുള്ള അജ്ഞതയും അവജ്ഞയും മാത്രമാണു് ഇതുകൊണ്ടു് മനസ്സിലാക്കാവുന്നതു്.

**മതകർമ്മങ്ങരംക്കു് സംഭാവനകരം വാങ്ങിക്കുക എല്ലാ സഭകളിലും ഇന്നു നടന്നുവരുന്ന ഒരാചാരമാണു്. നിർബന്ധ**

---

26. Hough. J. Vol. I: 1839: P. 317-18

www.malankaralibrary.com

മായി പണം വാങ്ങിക്കുന്ന വൈദികരെ അവിടെയുമിവിടെയും കണ്ടേക്കാം. അതു് പൊതുവായ രീതിയായിരുന്നുവെന്നു് പറയുന്നതു് ശരിയല്ല. എന്നാൽ വിദേശമിഷ്നറിമാർ നസ്രാണിവൈദികരെ ആക്ഷേപിക്കുന്നതിനും തരംതാഴ്ത്തി കാണിക്കുന്നതിനുംവേണ്ടിയാണു് ഈ ആരോപണം നടത്തുന്നതു്. ഇതെപ്പററി പൗളി പറയുന്നു, "ഈ കത്തനാരന്മാർ വളരെ അഹങ്കാരികളും അജ്ഞരും ആണു്. അവർ മെത്രാനെതിരായിട്ടു ജനങ്ങളെ ഇളക്കിവിടുന്നു........"27. വേറൊരിടത്തു് "ഇവർ ബുദ്ധിയില്ലാത്ത മൃഗങ്ങളെപ്പോലെ ആണു്" മറെറാരിടത്തു് "ഇടവകകൾ കൊള്ളക്കാരുടെ ഗൃഹകളായി മാററപ്പെട്ടിരിക്കുന്നു". ഈ ആരോപണങ്ങൾക്കെല്ലാം കാരണം നസ്രാണിസമൂഹത്തെ ലത്തീൻ റീത്തിലാക്കുന്നതിനും പാശ്ചാത്യാചാരങ്ങൾ സ്വീകരിപ്പിക്കുന്നതിനും ഏററവും വലിയ തടസ്സമായി നിന്നതു് ഈ വൈദികരായിരുന്നു എന്നതുതന്നെ.

19-ാം നൂററാണ്ടിലെ സുറിയാനിക്കാരെപ്പററി Warden Corner-ഉം വളരെ സ്തുതിച്ചുപറയുന്നുണ്ടു്. "അവർ സൗമ്യരും പരസ്പരധാരണയ്ക്കു് സന്നദ്ധരും അധികാരികളോടു് ബഹുമാനം ഉള്ളവരും മതസ്വാതന്ത്ര്യം അനുവദിച്ചതിൽ രാജാക്കന്മാരോടു നന്ദിയുള്ളവരും സമാധാനപ്രിയരും നിയമം അനുസരിക്കുന്നതിൽ താല്പര്യം ഉള്ളവരും ആണെന്നും" പറയുന്നു28.

സുറിയാനിവൈദികർക്കും ജനങ്ങൾക്കും ഉള്ളതായി പോർച്ചുഗീസുകാർ പറയുന്ന വീഴ്ചകളും ന്യൂനതകളും പൊതുവായിട്ടുള്ളതല്ലായിരുന്നു, ഒററപ്പെട്ടതായിരുന്നു. നസ്രാണികൾക്കെതിരായി ഒരു സമരമുഖം സൃഷ്ടിക്കുവാൻ മിഷ്നറിമാർ ഊതിവീർപ്പിച്ച കാര്യങ്ങളായിരുന്നുവെന്നു് P. Cherian എന്ന ചരിത്രകാരൻ പറയുന്നുണ്ടു്29. "നസ്രാണികളുടെ സ്വഭാവത്തെ സംബന്ധിച്ചിടത്തോളം, ശരീരത്തിന്റെയും മനസ്സിന്റെയും സ്വാഭാവികഗുണങ്ങൾ തികഞ്ഞവരും, അദ്ധ്വാനശീലരും, വളരെയധികം സാമാന്യബുദ്ധിയുള്ളവരും, മാതാപിതാക്കന്മാരോടും പ്രായമായവരോടും അങ്ങേയററം ബഹുമാനവും ആദരവും പ്രകടിപ്പിക്കുന്നവരും കർമ്മകുശലതയിൽ

27. I Paulin P. 200.
28. J Hough: Vol. I, Page 69.
29. P. Cherian Malabar Christians and C. M. S. P. 50.

www.malankaralibrary.com

അദ്വിതീയരും ആണെന്നു് പോർച്ചുഗീസ് മിഷ്യനറിമാർ പറയുന്നുണ്ടു്''. ''തങ്ങടംക്കന്യരായിട്ടുള്ളവരോടു് വളരെ ഉപചാരപൂർവ്വം, അതേസമയം സംയമനത്തോടുകൂടിയും സംസാരിക്കുന്നവരാണു്. അവരുടെ സൗമ്യത മാധുര്യം കലന്നതായിരുന്നു. ഇതു് അന്യരെ വളരെ സന്തോഷിപ്പിച്ചു. വി. പത്രോസിൻെറ 1-ാം ലേഖനത്തിൽ 3-ാം അദ്ധ്യായം 8-ാം വാകൃത്തിൽ ഇപ്രകാരമാണു് പറഞ്ഞിട്ടുള്ളതു്, ''തീർച്ചയായിട്ടും എല്ലാവരും ഐകമത്യവും സഹതാപവും സഹോദരപ്രീതിയും മനസ്സലിവും വിനയബുദ്ധിയുമുള്ളവരായിരിക്കുവിൻ''. പരിഷ്കൃതരെന്നറിയപ്പെടുന്ന യൂറോപ്യൻക്രിസ്ത്യാനികംക്കു് അനുകരണാർഹമായ ഒരു ജീവിതമാണു് കേരളനസ്രാണികടംക്കുണ്ടായിരുന്നതു്''30. വാദപ്രതിവാദങ്ങളിൽ വാചാലരും ഹൃദ്യമായ അംഗവിക്ഷേപങ്ങടം നടത്തുന്നവരും സംസാരത്തിൽ പഴഞ്ചൊല്ലുകളും ചരിത്രസംഭവങ്ങളും കല്പിതകഥകളും ധാരാളം ഉപയോഗിക്കുന്നവരും സ്വാനുഭവങ്ങളെ അടിസ്ഥാനമാക്കിയുള്ള ഉപാഖ്യാനങ്ങടം നടത്തുന്നവരും ആണു്. ഉപചാരത്തിൻെറയും ബഹുമാനത്തിൻെറയും പേരിൽ ഒരു കാര്യം നേരെ തുറന്നുപറയുന്നതിനു് പകരം ചാഞ്ഞുചെരിഞ്ഞുള്ള ദീർഘമായ മുഖവുരയോടുകൂടിയാണു് അവർ ഉദ്ദേശ്യം വെളിപ്പെടുത്തുന്നതു്. അവർ തങ്ങളുടെ അധികാരികളുടെ മുമ്പിൽ അനുവാദത്തോടുകൂടിയല്ലാതെ ഒരിക്കലും ഇരിക്കാറില്ല. ഇരുന്നു കഴിഞ്ഞാൽ, ആവശ്യപ്പെടാതെ അവർ എഴുന്നേററുപോകാറുമില്ല. അവരുടെ സമ്മേളനങ്ങളിൽ പ്രായമായ ആളുകടം മാത്രമേ സംസാരിക്കാറുള്ളൂ; അല്ലെങ്കിൽ പ്രായമായവർ സംസാരിക്കാൻ ആവശ്യപ്പെടണം. മാതാപിതാക്കന്മാരോ അദ്ധ്യാപകരോ തങ്ങളുടെ കീഴിലുള്ളവരോടു സംസാരിക്കാൻ തുടങ്ങുമ്പോടം അവർ കൈകൊട്ടി ഇടത്തുകൈകൊണ്ടു് വായ്പൊത്തി നില്ക്കുന്നു. ഇതു ഹിന്ദുക്കടംക്കുമുള്ള ഒരാചാരമാണു്. ഇതേ ആചാരം യഹൂദന്മാക്കും ഉണ്ടായിരുന്നു31. രണ്ടു സുറിയാനിക്കാർ വഴിയിൽവച്ചു കണ്ടുമുട്ടുമ്പോടം പ്രായം കുറഞ്ഞ ആടം പ്രായംകൂടിയ ആളിൻെറ നേക്കു് കൈനീട്ടി തലകുനിഞ്ഞുനില്ക്കുന്നു. ഇങ്ങനെ അവർ അവരുടെ വൈദികരോടും ഉയന്ന സിവിൽ അധികാരികളോടും ചെയ്യുന്നുണ്ടു്. പരസ്പര

30. Hough P. 318.
31. Job XXIX 9.



www.malankaralibrary.com

ബന്ധങ്ങളുടെ ഈ പെരുമാററം ജനസമൂഹത്തിൽ സമാധാനവും ഐക്യവും ധാരണയും പുലർത്തുവാൻ സഹായിക്കുന്നു. ഇതു് മാർത്തോമ്മാക്രിസ്ത്യാനികൾക്കു് പ്രത്യേകമായി ഉള്ളതാണെന്നു് മിഷ്യനറിമാർ പറയുന്നു.

അവർ കൃഷിക്കർ മാത്രമല്ല, കച്ചവടക്കാരും ആയിരുന്നുവെന്നു് പറയുന്നുണ്ടു്. കൊടുങ്ങല്ലൂരും, കൊച്ചിയിലും, പുറക്കാട്ടും, കൊല്ലത്തും, കായംകുളത്തുമുള്ള കച്ചവടമധികവും ഇവരുടെ കയ്യിലായിരുന്നുവെന്നാണു് മിഷ്യനറിമാർ പറയുന്നതു്. 1295-ൽ കേരളം സന്ദർശിച്ച മാർക്കോപോളോ പറയുന്നതു്, അവർക്കു് ധാരാളം തെങ്ങിൻതോട്ടങ്ങളുണ്ടായിരുന്നുവെന്നും അവരുടെ നസ്രാണിരാജാവിനു് ഓരോ തെങ്ങിൽനിന്നും ഓരോ തേങ്ങാ പ്രതിമാസം കൊടുത്തുകൊണ്ടിരുന്നുവെന്നുമാണു്32. ലോകപ്രസിദ്ധമായ കുരുമുളകിന്റെ-"കറുത്ത പൊന്നി"ന്റെ-കുത്തകതന്നെ അവർക്കായിരുന്നു. കൊച്ചിൻ സ്റ്റേററു് മാനുവൽ പ്രസ്താവിക്കുന്നു, "പോർച്ചുഗീസുകാരുടെ വരവിനു് വളരെ ശതാബ്ദങ്ങൾക്കുമുമ്പുതന്നെ ഈ നാട്ടിലെ സുറിയാനിക്രിസ്ത്യാനികൾ സാമൂഹ്യമായും രാഷ്ട്രീയമായും വാണിജ്യപരമായും ഏററവും ഉയർന്നസ്ഥാനത്താണു് നിന്നിരുന്നതു്"33.

നസ്രാണിയോദ്ധാക്കൾ ഏററവും നല്ല പടയാളികളും ധീരന്മാരും ആയിരുന്നു. ഒരു നാട്ടുരാജാവിന്റെ സൈനികശക്തിയുടെ മാനദണ്ഡമായി എപ്പോഴും കരുതിയിരുന്നതു് ആ രാജാവിനുള്ള നസ്രാണിയോദ്ധാക്കളുടെ സംഖ്യയാണു്. ഒരു രാജാവിനു് എത്രയധികം നസ്രാണിയോദ്ധാക്കൾ ഉണ്ടോ, അത്രയ്ക്കു് ശക്തനാണദ്ദേഹമെന്നു് കരുതപ്പെട്ടിരുന്നു.

## സൈനികപരിശീലനം

നസ്രാണികൾ അരോഗദൃഢഗാത്രരും കർമ്മകുശലരും ആയിരുന്നു. എട്ടുവയസ്സുമുതൽ ഇരുപത്തഞ്ചു വയസ്സുവരെയായിരുന്നു അവരുടെ സൈനികപരിശീലനകാലം. അക്കാലത്തു കായികവ്യായാമങ്ങൾ നടത്തിയും ധാരാളമായി എണ്ണ ഉപയോഗിച്ചും മെയ്‌വഴക്കം നേടിയിരുന്നു. അംഗസന്ധികളിൽ എണ്ണയിട്ടു തിരുമ്മിയാണു് അവർ മെയ്‌വഴക്കം സാധി

32. Nagam Ayya, T. S. M., 1906 Vol. II, P. 144.
33. Cochin State Manual: P. 219.

www.malankaralibrary.com

ച്ചിരുന്നതു്. വീടിനു് പുറത്തിറങ്ങുമ്പോൾ വാളും പരിചയും തോക്കും ധരിച്ചിരുന്നു. ചിലർ ധരിച്ചിരുന്ന കുന്തങ്ങളുടെ തണ്ടിന്റെ അററത്തു് ചങ്ങലയുണ്ടായിരുന്നതിനാൽ അവർ നടക്കുമ്പോൾ സംഗീതാത്മകമായ ശബ്ദം പുറപ്പെടുവിച്ചിരുന്നു. അധികം ആളുകളും ഒരു കയ്യിൽ വാളും മറുകയ്യിൽ പരിചയുമായിട്ടാണു് നടന്നിരുന്നതു്. ഉന്നംതെററാതെ വെടിവെയ്ക്കാൻ അവർ മററാരെക്കാളും വിദഗ്ദ്ധരായിരുന്നു. തന്മൂലം അവർ നല്ല വേട്ടക്കാരുമായിരുന്നു. എപ്പോഴും ഇവർ ആയുധധാരികളും യുദ്ധസന്നദ്ധരും ആയി നടന്നുവെങ്കിലും, അവർ സമാധാനപ്രിയരും സൗമ്യശീലരും ശാന്തന്മാരും ആയിരുന്നുവെന്നു് വിദേശമിഷ്യനറിമാർ പറയുന്നു34. അവരുടെ ഇടയിൽ വഴക്കുകളോ കൊലപാതകങ്ങളോ നടന്നതായി കേൾവിയില്ല.

അവർ പള്ളിയിൽ പ്രവേശിക്കുമ്പോൾ വാളും പരിചയും മററായുധങ്ങളും പള്ളിയുടെ മുഖമണ്ഡപത്തിൽ സൂക്ഷിക്കുകയാണു് ചെയ്തിരുന്നതു്. പള്ളിയിലെ കർമ്മങ്ങൾ തീരുന്നതോടെ ഞൊടിയിടകൊണ്ടു് അവരോരോരുത്തരും അവരവരുടെ ആയുധങ്ങൾ എടുത്തു് അപ്രത്യക്ഷരാകുന്നതു് വിദേശമിഷ്യനറിമാരെ അത്ഭുതപ്പെടുത്തിയിരുന്നു. ജീവിതത്തിന്റെ ചട്ടവും ചിട്ടയും അത്ര കണിശമായിട്ടാണു് അവർ പാലിച്ചുപോന്നതു്. നസ്രാണിയോദ്ധാക്കൾ കേരളത്തിനുള്ളിൽ മാത്രമല്ല; പുറത്തും സൈനികസേവനം നടത്തിയിരുന്നു. ഡാനിഷ് മിഷ്യനിലെ ഒരംഗമായിരുന്ന Scrwartez, തന്നെ മദ്രാസ് ഗവണ്മെന്റ് രാഷ്ട്രീയദൗത്യവുമായി ഒരു നാട്ടുരാജാവിന്റെ പക്കലയച്ചതിനെപ്പററി 1779-ൽ ഇങ്ങനെ രേഖപ്പെടുത്തുന്നു. ''പട്ടാളത്തിൽ ഒരു വിഭാഗം ജർമ്മൻകാരും മറെറാരു വിഭാഗം ഫ്രഞ്ചുകാരുമാണു്. ഇവരെക്കൂടാതെ സൈന്യത്തിൽ കുറെ മാർത്തോമ്മാക്രിസ്ത്യാനികളുമുണ്ടു്'' '35.

## പുരുഷന്മാർ

പുരുഷന്മാർ മുണ്ടുകളാണു് ഉടുത്തിരുന്നതു്. അവർ സ്ത്രീകളെപ്പോലെ തലമുടി നീട്ടിവളർത്തുകയായിരുന്നു പതിവു്. പ്രത്യേകാവസരങ്ങളിൽ സുഗന്ധദ്രവ്യങ്ങൾ ധാരാളം ഉപയോഗിച്ചിരുന്നു. എന്നാൽ വൃദ്ധന്മാരും, മാർത്തോമ്മാ

34. Hough: P. 325.
35. Sharma Rao, Modern Mysore, Vol: 1, 1936, P. 102.

www.malankaralibrary.com

ശ്ലീഹായുടെ കബറിടത്തിലേയ്ക്ക് തീർത്ഥയാത്ര നടത്തുന്നവരും, ബ്രഹ്മചാരികളും തലമുടി മുറിച്ചിരുന്നു. വളർത്തിയിരുന്ന തലമുടി ഉച്ചിയിൽ കെട്ടിവച്ച് അതിൽ സ്വർണ്ണത്തിലോ വെള്ളിയിലോ ഒരു കുരിശ് വെയ്ക്കുകയായിരുന്നു പതിവ്. ധനാഢ്യന്മാർ, തലമുടിയിൽ സ്വർണ്ണംകൊണ്ടുള്ള പൂക്കൾ തിരുകിയിരുന്നു. ചിലപ്പോൾ തലയിൽ സിൽക്കുറുവാല ചുററിക്കെട്ടിയിരുന്നു. അതിൻെറ കോണുകൾ ഇടത്തുവശത്തുള്ള തോളിലേയ്ക്ക് താഴ്ന്നുകിടന്നിരുന്നു. അവർ ചെമന്ന നിറത്തിലുള്ള പട്ടുകൊണ്ടുള്ള കട്ടികൂടിയ അരക്കെട്ടാണ് ധരിച്ചിരുന്നത്. പണം സൂക്ഷിക്കുവാനുള്ള കീശയും അരക്കെട്ടിൽ ഉണ്ടാകും. യഹൂദരും അറബികളും റോമൻപടയാളികളും അരക്കെട്ടിലാണ് തങ്ങളുടെ പണം സൂക്ഷിച്ചിരുന്നത്. ഈ അരക്കെട്ടിൽ താംബൂലവും കാണാം. പക്ഷേ, പണക്കാർ താംബൂലം ഒരു ചെറിയ ചെല്ലത്തിൽ സൂക്ഷിച്ച് അവരുടെ കക്ഷത്തിൽ വയ്ക്കുകയായിരുന്നു പതിവ്. ഈ അരക്കെട്ടിൽതന്നെ മൂച്ച്യേറിയ മനോഹരമായ സ്വർണ്ണപ്പിടിയുള്ള ഒരു കത്തിയും അവർ സൂക്ഷിച്ചിരുന്നു. ആ കത്തിയുടെ ചങ്ങലയിൽ ഒരു ചാണക്കല്ലും ഉണ്ടായിരുന്നു. മററു നാട്ടുകാരെപ്പോലെതന്നെ പല്ലുകുത്തിയും, ചെവിത്തോണ്ടിയും ഒരു ചെറിയ കത്രികയും അരക്കെട്ടിൽ സൂക്ഷിച്ചിരുന്നു.

## നസ്രാണി സ്ത്രീകൾ

സ്വഭാവഗുണത്തിലും രൂപലാവണ്യത്തിലും വിദേശമിഷ്യനറിമാർ ഏററവും അധികം പ്രശംസിച്ചത് മാർത്തോമ്മാക്രിസ്ത്യൻസ്ത്രീകളെയാണ്. സ്ത്രീകളുടെ പെരുമാററത്തിൽ കുലീനത്വവും, ശാലീനതയുമാണ് കാണുന്നതെന്നു മിഷ്യനറിമാർ ഏകസ്വരത്തിൽ പറയുന്നു. അവരുടെ പ്രവൃത്തികളിൽ വിളങ്ങിയിരുന്നതു വിനയവും, അടക്കവും ഒതുക്കവുമായിരുന്നു[36]. സുറിയാനിസ്ത്രീകളെപ്പററി വിദേശമിഷ്യനറിമാർതന്നെ പറയുന്നു. ''ആഡംബരഭ്രമവും, ഭോഗാസക്തിയും അലസതയുമാണ് യൂറോപ്യൻ സ്ത്രീകളുടെ പ്രധാന സ്വഭാവവിശേഷങ്ങളെങ്കിൽ, കേരളത്തിലുള്ള സുറിയാനിസ്ത്രീകളുടെ പ്രത്യേകത ലളിതവും കുലീനവുമായ പെരുമാററം, പരിശ്രമബുദ്ധി, സംതൃപ്തി എന്നിവയാണ്[37]. കേരളത്തിൽ കഠിനമായ ചൂടും,

36. J. Hough: Vol. I, P. 317-32.
37. Fr. Pauline P. 198.

www.malankaralibrary.com



നസ്രാണി വധു

www.malankaralibrary.com

മററുള്ളവരുമായി സമ്പക്കം പുലർത്താനുമുള്ള സ്വാതന്ത്ര്യവും ഉണ്ടായിരുന്നിട്ടും അവരുടെ ചാരിത്ര്യത്തെപ്പററി ഒരിക്കൽ പോലും ഒരു അപവാദം കേട്ടിട്ടില്ലായെന്നു പാശ്ചാത്യമിഷ്നറിമാരെ ഉദ്ധരിച്ചുകൊണ്ടു് Hough പറയുന്നു. അവരുടെ സൽസ്വഭാവത്തിൻെറ ഭദ്രത ചെറുപ്പത്തിലുള്ള വിവാഹംമൂലമാണു് കിട്ടുന്നതു്. എന്നാൽ ഈ സമ്പ്രദായംതന്നെയാണു് മററു സമുദായങ്ങളിലെ സ്ത്രീകാംക്കുള്ളതെങ്കിലും അവരുടെ ചാരിത്ര്യത്തെപ്പററിയുള്ള അപവാദങ്ങാം അനവധിയാണെന്നും ചൂണ്ടിക്കാണിക്കുന്നുണ്ടു്. നസ്രാണിസ്ത്രീകാം ധരിക്കുന്ന കച്ച, ചട്ട, പുതയ്ക്കുന്ന കവണി എന്നിവ Hough-ൻെറ പ്രശംസയ്ക്കു വിഷയമാണു്. പള്ളിയിൽ പോകുന്ന അവസരത്തിലോ മെത്രാനെ കാണുന്ന അവസരത്തിലോ മുഖം ഒഴിച്ചുള്ള ഭാഗങ്ങാം എല്ലാം മൂടിമറച്ചാണു് പ്രത്യക്ഷപ്പെടുന്നതെന്നു പറയുന്നു. ഹിന്ദുക്കളെപ്പോലെയുള്ള ആഭരണങ്ങളാണു് അവർ ധരിച്ചിരുന്നതു്. ധനികർ കട്ടിയായി ചെയ്തിട്ടുള്ള സ്വർണ്ണവളകളും പാവപ്പെട്ടവർ വെള്ളിവളകളും ധരിച്ചിരുന്നു. ചിലപ്പോാം പൊള്ളയായ സ്വർണ്ണവളകളിൽ കിലുങ്ങുന്ന തരികാം ഉണ്ടായിരിക്കും. മററു സ്ത്രീകളെപ്പോലെ അവർ ചിലങ്ക ധരിക്കാറില്ല. അതിനുപകരം തളകാം ധരിക്കുന്നു[38].

നസ്രാണിസ്ത്രീകളെപ്പററി പറയുമ്പോാം അവർ ബുദ്ധിശാലിനികളാണെന്നും ഒരു നസ്രാണിവനിത ഒരു കോടതിയിൽ തുടർച്ചയായി മൂന്നുദിവസം തൻെറ കേസ് വാദിച്ചുവെന്നും വിദേശമിഷ്നറിമാർ രേഖപ്പെടുത്തിയിട്ടുണ്ടു്[39]. അത്ര പ്രഗല്ഭമതികളായിരുന്നു 16-ാം നൂററാണ്ടിലെ നസ്രാണിവനിതകാം. 20-ാം നൂററാണ്ടിൻെറ ഉത്തരാദ്ധത്തിൽ സ്ത്രീകാം കോടതികളിൽ അഭിഭാഷകകളായി വന്നപ്പോാം അതു് അവിശ്വസനീയമായ വലിയൊരു പുതുമയായിരുന്നു. എന്നാൽ നസ്രാണികളുടെ ഈ പാരമ്പര്യമാണു് ഇന്ത്യയിലെ ആദ്യ ഹൈക്കോടതി ജഡ്ജിയായ മിസ്സിസ് അന്നാചാണ്ടി പുലത്തിയതു്. ആ നിലയ്ക്കു് നസ്രാണികളുടെ ബുദ്ധിയുടെ നിലവാരം പിന്നിലാണെന്നു് പറയുവാൻ സാധിക്കുകയില്ല. നേരെ മറിച്ചു്, മുന്നിലാണെന്നുതന്നെവേണം പറയുവാൻ.

38. Hough P. 302.
39. G. M. Moraes: P 181.

www.malankaralibrary.com

സാമ്പത്തിക ഇടപാടുകളിൽ നസ്രാണികൾ പ്രകടിപ്പിക്കുന്ന സത്യസന്ധതയും നിഷ്കൃഷ്ടമായ വിശ്വസ്തതയും മററുള്ളവരിൽ അഗാധമായ ബഹുമാനാദരവുകൾ ഉണ്ടാക്കുന്നുവെന്നു മിഷ്നറിമാർ പറയുന്നു40.

സാമ്പത്തികവും സാമൂഹ്യവുമായ നിലകൊണ്ടു നസ്രാണികൾക്കു അവരുടെ അധീനതയിൽ അടിമകൾ ഉണ്ടായിരുന്നു. ഈ അടിമകളോടും ദരിദ്രരോടും അവർ വളരെ ദയവോടും കാരുണ്യത്തോടുമാണു പെരുമാറിയിരുന്നതു്. മക്കളില്ലാത്തവരും മക്കളുള്ളവർതന്നെയും, അടിമകളുടെയും ദരിദ്രരുടെയും മക്കളെ ദത്തെടുക്കുകയും സ്വന്തമക്കളെപ്പോലെ വളർത്തുകയും ചെയ്തിരുന്നു. ദത്തെടുക്കപ്പെട്ടവർക്കു അവർ സ്വത്തും സ്വാതന്ത്ര്യവും നല്കിയിരുന്നു.

## ഭക്ഷണരീതികൾ

"അവരുടെ ഭക്ഷണം ലഘുവും ലളിതവും ആയിരുന്നു. അവരുടെ പ്രധാന ഭക്ഷണം ചോറും, പാലും, ഇഞ്ചിയും, അല്പം ഉപ്പും, സുഗന്ധദ്രവ്യങ്ങൾ ചേർന്ന കറികളുമായിരുന്നു. സ്നേഹിതന്മാരെ സൽക്കരിക്കുന്ന പ്രധാന അവസരങ്ങളിൽ, അവർ പഞ്ചസാരയും വെണ്ണനെയ്യും മീനും ഉപയോഗിക്കും. അവ പ്രധാന അവസരങ്ങളിലേയ്ക്കു മാററിവച്ചിരിക്കുന്നവയാണു്............മൃഗമാംസം അവർ ഒരിക്കലും ഉപയോഗിച്ചിരുന്നില്ല. അവരുടെ ഇടയിൽ ഏററവും നികൃഷ്ടരായ ആളുകൾ മാത്രമേ കള്ളോ, ചാരായമോ, ഉപയോഗിക്കുകയുള്ളു. അവരെ ബഹുമാനിക്കുന്ന ആളുകളും പാലോ വെള്ളമോ മാത്രമേ കുടിച്ചിരുന്നുള്ളു 41.

## അയിത്താചരണം

നസ്രാണികൾക്കുണ്ടായിരുന്ന സവർണ്ണത്വബോധം മററു സമുദായങ്ങളോടു് ഉള്ള അയിത്താചരണത്തിൽ പ്രകടമായിരുന്നു. അക്കാലത്തു സുറിയാനിക്രിസ്ത്യാനികൾ ശൂദ്രരെയോ, നായന്മാരെപ്പോലുമോ തൊടുകയില്ലായിരുന്നു എന്നു Francis Day പറയുന്നു42. ഉദയംപേരൂർ സൂനഹദോസിലെ ഒരു നിശ്ചയത്തിൽ ഈ അയിത്താചരണം ഒരു വിധത്തിൽ സാധൂകരിക്ക

40. Hough: P. 326.
41. J. Hough: Vol. I, P. 370.
42. F. Day. P. 290.

www.malankaralibrary.com

പ്പെട്ടിട്ടുണ്ട്. അതിൻെറ ഒരു നിശ്ചയത്തിൽ സവർണ്ണഹിന്ദുക്കളുള്ള സംഘത്തിൽവച്ച് നസ്രാണികളെ ഈ അയിത്തം ആചരിക്കുന്നതിന് അനുവദിച്ചിരുന്നു. ജാതിവ്യത്യാസങ്ങൾ ഇന്ന് തകർന്നുകൊണ്ടിരിക്കയാണെങ്കിലും, അക്കാലത്ത് അത് സാമൂഹ്യനില സംരക്ഷിക്കുവാൻ അനുപേക്ഷണീയമായ ഒരു സംഗതിയായി സുനഹദോസിനു തോന്നിയിരിക്കണം.

ഇക്കഴിഞ്ഞ നൂററാണ്ടിൽപോലും അയിത്താചരണം വളരെ രൂക്ഷമായിരുന്നു. അതേപ്പററി 'പാലാക്കുന്നേൽ വല്യച്ചൻെറ നാളാഗമ'ത്തിൽ 1858–ൽ ഉണ്ടായ ഒരു അനുഭവം വിവരിക്കുന്നുണ്ട് ''.... ഈ മുണ്ടിയ (മാമ്മോദീസ) പുലയർക്ക് കുബ്ബാന കാണുന്നതിന് കുത്രപ്പള്ളിയിൽ എൻെറ വീടിനു സമീപിച്ച് ഒരു പുരകെട്ടി ചൊല്ലുന്നതിന് അന്നുതന്നെ മെത്രാൻ അനുവാദം തരുകയും ചെയ്തു. ഇവരെ മുക്കിയ ദിവസം ഞായറാഴ്ച ആയിരുന്നു. ഇവർ പള്ളിയിൽവന്നുകയറി എന്നു കേട്ടതിനാൽ ഇടത്തുവരെയും കുർബ്ബാന കാണ്മാനായിട്ടു വന്നതിൽ ചിലരു് തിരികെ കുർബ്ബാന കാണാതെ പൊയ്ക്കളഞ്ഞു. ചില ക്രിസ്ത്യാനികൾ കുർബ്ബാന കണ്ടുംവച്ച്, വെള്ളം ഇല്ലാ നെട്ടംകുന്നത്ത് ആ സമയമെങ്കിലും, വെള്ളം ഉള്ള സ്ഥലത്ത് ചെന്ന് കുളിച്ചശേഷംമാത്രമേ വീടുകളിൽ പോയുള്ളൂ''43. അക്രൈസ്തവമായ ഈ ജാതിവ്യത്യാസം ക്രിസ്തുവിൻെറ സഭയിൽനിന്ന് പോയേ തീരൂ.

## നസ്രാണികളുടെ ക്ഷയോന്മുഖസാഹചര്യങ്ങൾ

കേരളത്തിൽ ചില നാട്ടുരാജാക്കന്മാരുടെ ഭരണകാലത്ത്, നസ്രാണികൾ ഒരു അജയ്യശക്തിയായിരുന്നു. രാജാക്കന്മാർപോലും അവരെ ഭയപ്പെട്ടിരുന്നു. എന്നാൽ വേണാട്ടധിപനായ മാർത്താണ്ഡവർമ്മമഹാരാജാവ് തിരുവിതാംകൂർ വിസ്തൃതമാക്കിയപ്പോൾ നസ്രാണികളുടെ ശക്തിയും പ്രാബല്യവും ക്ഷയിച്ചുതുടങ്ങി. അതിന് പല കാരണങ്ങളുണ്ട്. പത്മനാഭപുരത്തുനിന്നും തിരുവനന്തപുരത്തേയ്ക്ക് തലസ്ഥാനംമാററിയ മാർത്താണ്ഡവർമ്മമഹാരാജാവ്, മദ്ധ്യകേരളത്തിലെ സുറിയാനി ക്രിസ്ത്യാനികളുടെ പാരമ്പര്യവും ശക്തിയും അറിയുകയോ, പരിഗണിക്കുകയോ ചെയ്തിരുന്നില്ല. രാജകുടുംബങ്ങളിലെ പുരുഷന്മാരും നായർ സ്ത്രീകളുമായുള്ള സംബന്ധങ്ങൾ നായന്മാ

43. P. 18.

www.malankaralibrary.com

രുടെ രാഷ്ട്രീയശക്തിയെ വളരെ വദ്ധിപ്പിച്ചു. കാലക്രമേണ നായർ സമുദായം രാജാവിൻെറ വലംകൈ ആയിത്തീന്നു. നായരും നസ്രാണിയും, ഒരു ജാതി ആയിരുന്നിട്ടും പീഡനങ്ങളാണു് നസ്രാണികരംക്കനുഭവപ്പെട്ടതു്. കരകളായാലും, നിലങ്ങളായാലും അവ രാജാവിൻെറയോ, ക്ഷേത്രങ്ങളുടെയോ നായന്മാരായ ദേശവാഴികളുടെയോ അധീനതയിലായിരുന്നു. ക്ഷേത്രവസ്തുക്കരം അനുഭവിക്കുന്ന നസ്രാണികരം അമ്പലങ്ങളിലെ ഉത്സവാദികളിൽ സംബന്ധിക്കുവാനും നിബ്ബന്ധിത സംഭാവനകരം നല്കുവാനും ഇടയാക്കി.

## ഇടവകഭരണം

എല്ലാ ഇടവകകളിലും പ്രായംകൂടിയ വൈദികൻ അദ്ധ്യക്ഷനായുള്ള അഞ്ചുപേരുടെ ഒരു കോടതിയുണ്ടായിരുന്നു. ഇവരിൽ നാലുപേർ പ്രമാണികളായ അല്മേനികളായിരുന്നു. ഇവരുടെ യോഗങ്ങരം പള്ളിമേടയിൽവെച്ചായിരുന്നു. സഭയ്ക്കും സമുദായത്തിനും ഇടവകയ്ക്കും വിരുദ്ധമായി പ്രവർത്തിക്കുന്ന അംഗങ്ങളെ ഈ കോടതിയാണു് വിചാരണചെയ്തു ശിക്ഷിച്ചിരുന്നതു്. ശിക്ഷ സാധാരണമായി താക്കീതോ, പിഴയോ, പ്രായശ്ചിത്തമോ, ദുർലഭമായി മഹറോൻതന്നെയുമോ, ആയിരുന്നു44. ഫാ. പൌളിൻ പറയുന്നു ''മഹറോൻ ചൊല്ലപ്പെട്ടവരുടെ ശിക്ഷ ഇപ്രകാരമായിരുന്നു. ധനവാനാണെങ്കിൽ, പള്ളിക്കു പിഴകൊടുക്കണം, പാവപ്പെട്ടവനാണെങ്കിൽ, ഒരു കയ്യിൽ കുരിശും മറേറക്കയ്യിൽ തലയോട്ടിയും പിടിച്ചു് കമ്മങ്ങളിൽ സംബന്ധിക്കുക: അല്ലാത്തപക്ഷം തോമ്മാശ്ലീഹാ സ്ഥാപിച്ച മലയാററൂർ കുരിശിലേയ്ക്കു് ഒരു തീത്ഥയാത്ര''45.

ആധുനികകാലത്തിൻേറതെന്നു അഭിമാനിക്കുകയും അവകാശപ്പെടുകയും ചെയ്യുന്ന 'സോഷ്യലിസം' നൂററാണ്ടുകളായി കേരളസഭയ്ക്കുണ്ടായിരുന്നുവെന്നതു് ആരേയും ആശ്ചര്യപ്പെടുത്തുന്നതാണു്. എന്നാൽ അതിൻെറ നിദാനം മൌലികമായ ക്രൈസ്തവതത്ത്വങ്ങരംമാത്രം. ‘‘ഓരോ ഇടവകയിലെ വികാരിയും തൻെറ ഇടവകയിലെ അനാഥരായ പെൺകുട്ടികളുടെ ഒരു ലിസ്ററു് എപ്പോഴും സൂക്ഷിക്കുന്നുണ്ടു്. വികാരിയുടെയും ഇടവകനടത്തിപ്പുകാരുടെയും ചുമതലയാണു്, ആ പെൺ

44. Francis Day, P. 258 & Hough, P. 237.

45. P. 197.

www.malankaralibrary.com

കുട്ടികഠംക്ക് അനുയോജ്യരായ വരന്മാരെ കണ്ടുപിടിച്ചു വിവാഹം നടത്തിച്ചുകൊടുക്കുക എന്നതു്. കല്യാണത്തിനു വധുവിനെ തിരഞ്ഞെടുക്കുന്നതു് കുറിയിട്ടല്ല, പ്രായക്കൂടുതലനുസരിച്ചാണു്. ഇങ്ങനെ ഭർത്താക്കന്മാരെ തിരഞ്ഞെടുക്കുമ്പോഠം പ്രഥമ പരിഗണന സ്വത്തിനല്ല, സ്വഭാവത്തിനും ജോലിചെയ്തു് ഭാര്യയെ പുലത്താനുള്ള കഴിവിനും ആണു്''46. പ്രശംസനീയവും ക്രിസ്തീയവും ആയ ഈ ആദർശത്തിൽനിന്നും നാം ഇന്നു് എന്തുമാത്രം അകന്നുപോയിരിക്കുന്നു!! ലത്തീൻ മോഡലിലുള്ള ഭരണരീതിയാണു് അതിനു കാരണം. ''നിർദ്ധനരായ പെൺകുട്ടികളുടെ സ്ത്രീധനം ഇടവകക്കാരിൽനിന്നും പിരിച്ചെടുത്തോ, പള്ളിയുടെ സ്വത്തിൽനിന്നോ, ധനവാന്മാർ അടയ്ക്കുന്ന പിഴകളിൽനിന്നോ ആണു് കൊടുത്തിരുന്നതു്''47.

ഇടവകയുടെ ഭൗതികവസ്തുക്കളുടെ ഭരണം വൈദികൻ അദ്ധ്യക്ഷനായുള്ള ഒരു സമിതിക്കായിരുന്നു. കൈക്കാരൻ അഥവാ 'ട്രസ്റ്റി' ആയിരുന്നു ഇടവകയുടെ പണസംബന്ധമായ ഇടപാടുകഠം നടത്തിയിരുന്നതു്. പള്ളിവസ്തുക്കളുടെ ക്രയവിക്രയങ്ങഠം പള്ളിക്കാര്യത്തിനുവേണ്ടി ഭരണസമിതിയുടെ നിർദ്ദേശാനുസരണം ട്രസ്റ്റികളാണു് നടത്തിയിരുന്നതു്.

ജനപ്രാതിനിധ്യതത്ത്വം ഉൽകൃഷ്ടവും പ്രശംസാർഹവുമാണു്. എന്നാൽ അതു് വിജയകരമാകണമെങ്കിൽ, അഥവാ ഉപദ്രവകരമാകാതിരിക്കണമെങ്കിൽ, വൈദികരും ജനങ്ങളും ആത്മാർത്ഥതയോടും സത്യസന്ധതയോടും നീതിനിഷ്ഠയോടും പരസ്പരം സഹകരിച്ചു പ്രവർത്തിക്കണം. രാഷ്ട്രീയപാർട്ടികളൊ കുടുംബഭിന്നതകളൊ ആസ്പദമാക്കിയാണു് ഇടവകയിലെ നിർവ്വാഹകസമിതിയംഗങ്ങഠം തിരഞ്ഞെടുക്കപ്പെടുകയും പ്രവർത്തിക്കുകയും ചെയ്യുന്നതെങ്കിൽ അതിൽപരം ആപത്തു് ഒരു ഇടവകയ്ക്കു് ഉണ്ടാകാനില്ല. നല്ലതിൻെറ ദുർവിനിയോഗം നാശത്തിൻെറ വഴിയാണു്.

## പ്രേഷിതചൈതന്യം

ഒന്നാം നൂററാണ്ടിൽതന്നെ ക്രിസ്തുമതം ഇൻഡ്യയിൽ വന്നിട്ടും അതു് വളന്നില്ലല്ലോ; എന്നാൽ യൂറോപ്പിൽ ക്രിസ്തു

46. Paulin, P. 198.
47. Ibid.

www.malankaralibrary.com

മതം എത്രവേഗം വളൻവെന്ന വീമ്പിളക്കുന്ന വിദേശമിഷ്നറിമാരെ ചിലപ്പോഴൊക്കെ കണ്ടുമുട്ടാറുണ്ട്. അഹന്ത നിറഞ്ഞ ഒരു തണ്ടൻ പ്രസ്താവനയാണിതു്. വിദേശമിഷ്നറിമാർ എല്ലാ ഭൗതികകഴിവുകളോടും ഇൻഡ്യയിൽ വന്നിട്ട് അഞ്ഞൂറു വർഷമായിട്ടും, കഷ്ടിച്ച് രണ്ടു ശതമാനംപോലും ആളുകളെ ക്രിസ്ത്യാനികളാക്കുവാൻ കഴിയാഞ്ഞതു് എന്തുകൊണ്ടാണെന്നുള്ള മറുചോദ്യമാണ് അതിനു മറുപടി. സഭയുടെ വിസ്തൃതിയും പ്രവർത്തനങ്ങളും അളക്കുന്ന ഒരു മാനദണ്ഡമാണ് ജനസംഖ്യ. ഇൻഡ്യയിലെ ജനസംഖ്യ 1978-ൽ 62 കോടിയാണ്. കത്തോലിക്കർ 97 ലക്ഷം വരുമെന്നാണ് ഔദ്യോഗികകണക്ക്. കേരളത്തിൽ 30 ലക്ഷം സീറോ-മലബാർ റീത്തുകാരും 3 ലക്ഷത്തോളം സീറോ-മലങ്കര റീത്തുകാരും ഉണ്ട്. ഇൻഡ്യയിൽ ലത്തീൻകാരായി ശേഷിക്കുന്നവർ 64 ലക്ഷമാണ്. അഞ്ഞൂറുവർഷത്തെ അനേകശതം വൈദികരുടേയും അതിലിരട്ടി കന്യാസ്ത്രീമാരുടേയും കഠിനശ്രമങ്ങളും കോടാനുകോടിരൂപയുടെ ചെലവും കണക്കാക്കുമ്പോൾ ലത്തീൻ മിഷ്നറിമാരുടെ പ്രവർത്തനഫലമായി ഇൻഡ്യ ഒട്ടാകെ പ്രതിവർഷം 14,000 ആളുകളെ സഭയിൽ ചേർത്തിട്ടുണ്ടെന്നു കാണാം. അതിൽ സ്വാഭാവികമായ പ്രത്യുല്പാദനസംഖ്യ കുറയ്ക്കണം. ആദിവാസികളുടേയും അധഃകൃതരുടേയും കൂട്ടമായിട്ടുള്ള മതപരിവർത്തനം സുഗമമായിരുന്നകാലവും കണക്കിലെടുക്കേണ്ടതുണ്ട്. ലത്തീൻ റീത്തു സ്വീകരിക്കേണ്ടിവന്ന) പശ്ചിമതീരത്തിലെ (ഗോവാ, മാംഗളൂർ മുതലായ സ്ഥലങ്ങളിൽ) മാർത്തോമ്മാക്രിസ്ത്യാനികളേയും ഒഴിവാക്കിയാൽ പ്രതിവർഷം പതിന്നാലായിരമെന്നുള്ള തുക ഗണ്യമായി കുറയും. വിദേശമിഷൻപ്രവർത്തനത്തിന്റെ ശേഷിക്കുന്ന തുക വേണ്ടത്ര തൃപ്തിയോ സന്തോഷമോ നല്കുന്നതല്ല. വിദേശമിഷൻ പ്രവർത്തനരീതികൾ കാര്യമായ തകരാറുണ്ടായിരുന്നതായി തോന്നുന്നു-കൂടെ, അവരുടെ ദുർഭരണവും ദുർന്നയവുംമൂലം നഷ്ടപ്പെട്ട യാക്കോബായക്കാരുടേയും മാർത്തോമ്മാക്കാരുടേയും പതിനേഴലക്ഷം കൂടെ ചേർത്താൽ വിദേശമിഷൻപ്രവർത്തനത്തിന്റെ ചിത്രം കൂടുതൽ ശോചനീയമാകുന്നു.

യൂറോപ്പിലെ ഏററവും അപരിഷ്കൃതരും സംസ്ക്കാരശൂന്യരുമായ ആളുകളെ രാഷ്ട്രീയസ്വാധീനവും സൈന്യശക്തിയുമുപയോഗിച്ച് മതപരിവർത്തനം ചെയ്തതുപോലെ ലഘുസാ

www.malankaralibrary.com

ദ്ധ്യമല്ലായിരുന്നു, താത്ത്വികദർശനങ്ങളിൽ അവഗാഹം നേടിയവരും സംസ്ക്കാരസമ്പന്നരുമായ ഭാരതജനതയെ ക്രിസ്തുമതത്തിൽ ഉൾക്കൊള്ളിക്കുക. ഭാരതജനസമൂഹത്തിൻെറ പുറമ്പോക്കായ ആദിവാസികളുടേയും അധഃകൃതരുടേയും ഇടയിലാണ് പാശ്ചാത്യസഭയ്ക്കു് ഭാരതജനസംഖ്യയിലെ ഒരു ശതമാനം നേടിയെടുക്കാൻ കഴിഞ്ഞതു്. ഫാ. ഡിനോബിലിയുടെ മധുരമിഷ്നും ഫാ. ഡാൻഡോയിയുടേയും ഫാ. ജൊയാൻസിൻേറയും To Christ through the Vedanta എന്ന ലേഖനപരമ്പരയും മറന്നുകൊണ്ടോ, സ്വാമി ഉപാദ്ധ്യായബ്രഹ്മബന്ധാവിൻെറ ക്രിസ്തുമതപരിവർത്തനം (അദ്ദേഹവും വിദേശമിഷ്നറിമാരുമായി എന്നും വഴക്കിലായിരുന്നു: ഒടുവിൽ അദ്ദേഹം സഭവിട്ടുപോയി) അവഗണിച്ചുകൊണ്ടോ അല്ലാ ഇതു് പറയുന്നതു്. വിദേശമിഷ്നറിമാക്കു് ഭാരതത്തിൻെറ ആത്മാവിനെ കണ്ടെത്താൻ സാധിച്ചില്ലെന്നുള്ളതാണ് സത്യം. രാഷ്ട്രീയബലത്തോടും സൈന്യസന്നാഹങ്ങളോടും പടുത്തുയർത്തിയ ഫ്യൂഡൽപ്രഭുത്വമെന്ന സ്ഥാപനമാണ് ഇൻഡ്യയിലെ പാശ്ചാത്യസഭയായി കാണപ്പെടുന്നതു്. ഈ ഫ്യൂഡൽവ്യവസ്ഥയ്ക്കു് എത്രയോ വിരുദ്ധമാണ് ബത്ലഹമിൻെറ ദാരിദ്ര്യവും ഗലീലിയൻ തീരങ്ങളിലെ ലാളിത്യവും ഗാഗുൽത്തായിലെ മരണവേദനയും. ഇവയുടെ സാക്ഷാൽക്കരണത്തിനുവേണ്ടിയായിരുന്നു, നിത്യപ്രകാശത്തിനുവേണ്ടി കേഴുകയും അമർത്ത്യതയുടെ ആനന്ദത്തിനുവേണ്ടി തപസ്സനുഷ്ഠിക്കുകയും ഉപനിഷത്തുക്കളുടെ ഉന്നതചിന്താശ്രേണിയിലൂടെ കയറാൻ യത്നിക്കുകയും ചെയ്ത ആരണ്യകത്തിലെ മഹർഷിമാരുടെ ലക്ഷ്യം. പാശ്ചാത്യസഭയുടെ മിഷ്ൻപ്രവർത്തനം പരാജയമടഞ്ഞുവെന്നു് പറയാവുന്നതിൻെറ കാരണം ഇതല്ലാതെ മറെറാന്നല്ല. പാശ്ചാത്യസഭയുടെ ഫ്യൂഡലിസ്ററ് വ്യവസ്ഥ ഭാരതത്തിൻെറ ആദ്ധ്യാത്മികപാരമ്പര്യത്തിൻെറ നിഷേധമാണ്. ഭൗതികമായ പാശ്ചാത്യസംസ്ക്കാരത്തിലൂടെ വിദേശമിഷ്നറിമാർ ക്രിസ്തുവിനെ ഭാരതത്തിൽ പ്രതിഷ്ഠിക്കുവാൻ ശ്രമിച്ചു. എന്നാൽ അവർ അതിൽ പരാജയമടഞ്ഞു. മാർത്തോമ്മാ ക്രിസ്ത്യാനികൾക്കു ഭാരതസംസ്ക്കാരത്തിൻെറ ശ്രീകോവിലിൽ ക്രിസ്തുവിനെ സ്ഥാപിക്കുവാൻ സാധിച്ചു എന്നുള്ള സത്യം ഇന്നും വിദേശമിഷ്നറിമാക്കു് ഒരു വഴികാട്ടിയായി നില്ക്കുന്നു.

www.malankaralibrary.com

ഇക്കാര്യത്തിൽ കേരളത്തിലെ മാർത്തോമ്മാക്രിസ്ത്യാനികളുടെ അപ്പസ്തോലികസഭ വിജയിച്ചുവെന്നു പറയുവാൻ മൂന്നു കാരണങ്ങൾ കാണുന്നു. (1) ബ്രാഹ്മണരുടെ ഷോഡശ സംസ്ക്കാരങ്ങളുടെ ക്രൈസ്തവൽക്കരണം. (2) മതപരമായ വാദങ്ങളിൽ ഹിന്ദു–ബുദ്ധമതപണ്ഡിതന്മാരെ തോല്പിക്കുവാനുള്ള ശ്രമങ്ങൾ. അലക്സാണ്ഡ്രിയൻ സർവ്വകലാശാലയുടെ അദ്ധ്യക്ഷനെ വരുത്തിയതു് ഒററപ്പെട്ട സംഭവമായി തോന്നുന്നില്ല. (3) മാർത്തോമ്മാക്രിസ്ത്യാനികൾ എന്ന മാദ്ധ്യമംവഴി ഹിന്ദുമതത്തിൽ പ്രവേശിച്ചിട്ടുള്ള ആശയങ്ങളും ആദർശങ്ങളും. ഇതേപ്പററി പിന്നാലെ പ്രസ്താവിക്കുന്നതാണു്.

ജാതിയുടെ കർശനനിയമങ്ങൾമൂലം മാർത്തോമ്മാക്രിസ്ത്യാനികൾക്കു് അവർണ്ണവിഭാഗങ്ങളെ സ്വന്തം സമുദായത്തിൽ ചേർക്കുവാൻ കഴിഞ്ഞിരുന്നില്ല. തന്മൂലം അതു് സവർണ്ണരുടെ മാത്രമായ സഭയും സമുദായവും ആയിത്തീർന്നു. ഒരേകാലത്തു തന്നെ വളരുകയും തളരുകയും ചെയ്തിരുന്ന ഒന്നാണു് സുറിയാനിസഭ. പ്രേഷിതവീര്യമാണു് കേരളസഭയെ വളരുവാൻ ഇടയാക്കിയതു്. തളരുവാൻ ഇടയാക്കിയതു്, വൈദികസേവനത്തിന്റെ അഭാവവും വിദേശമിഷ്നറിമാരുടെ പീഡനവും ആയിരുന്നു. വൈദികസേവനത്തിന്റെ അഭാവംമൂലം, ജാതിവ്യവസ്ഥയനുസരിച്ചു ജീവിച്ചിരുന്ന നസ്രാണികൾ വിവാഹം മുതലായ സാഹചര്യങ്ങളുടെ സമ്മർദ്ദത്തിൽപ്പെട്ടു് ക്രിസ്തുമതത്തിൽനിന്നും വഴുതി ഹിന്ദുസമുദായത്തിൽ ലയിച്ചു പോയിട്ടുണ്ടു്. ഏകകാലത്തുതന്നെ വളരുകയും തളരുകയും ചെയ്തിട്ടും പതിനാറാം നൂററാണ്ടിൽ അവരുടെ ജനസംഖ്യ രണ്ടുലക്ഷമായിരുന്നുവെന്നു വിദേശമിഷ്നറിമാർ പറയുന്നു. സവർണ്ണരിൽനിന്നുള്ള മതപരിവർത്തനങ്ങൾ നിരന്തരമായി നടന്നുകൊണ്ടിരുന്നുവെന്നുവേണം വിചാരിക്കുവാൻ.

ചരിത്രകാരനായ കർദ്ദിനാൾ ടിസ്സറാണ്ടു പറയുന്നു, "പുരാതനകാലംമുതലേ കേരളത്തിലെ സുറിയാനിക്കാർക്കു് യഥാർത്ഥമായ പ്രേഷിതചൈതന്യം ("Genuine missionary spirit") ഉണ്ടായിരുന്നു. അതു സ്വമേധയാ ഉണ്ടായതുകൊണ്ടു് ശക്തിമത്തും തീക്ഷ്ണവും നിരന്തരവും ആയിരുന്നു. അക്രൈസ്തവരായ സ്വന്തം ജാതിയിലെ ആളുകളെ ക്രിസ്തുമതത്തിലേയ്ക്കു് പരിവർത്തനം ചെയ്തുകൊണ്ടുമിരുന്നു. 1558–ലും 1559–ലും സാധാരണയിൽക്കൂടുതൽ ആളുകൾ ക്രിസ്തുമതം സ്വീകരിച്ചു. നിർഭാ

www.malankaralibrary.com

ഗ്യവശാൽ തുടൎന്നുവന്ന ശതാബ്ദങ്ങളിൽ അവരുടെ മതപരിവ ൎത്തനശ്രമങ്ങൾക്ക തടസ്സം നേരിട്ടു, അഥവാ പറയിൽ മറച്ചു വച്ച ദീപംപോലെയായി: അതിൻെറ കാരണം സുറിയാനി സഭയുടെ സ്വയംപ്രകാശനസ്വാതന്ത്ര്യം നഷ്ടപ്പെട്ടതുതന്നെ48". ആദ്യകാലത്തു് വൈദികരും വൈദികാൎത്ഥികളുമുണ്ടായിരു ന്നതു് മാർത്തോമ്മാക്രിസ്ത്യാനികളിൽനിന്നുമാത്രമായിരുന്നു. കേരളത്തിലെ ലത്തീൻ രൂപതകളിൽ വൈദികസേവനം നട ത്തിയിരുന്ന ധാരാളം സുറിയാനിവൈദികരെ ഇന്നും ഓൎക്കു വാൻ കഴിയുന്നവരുണ്ടു്. കേരളത്തിനുപുറത്തു്, മധുരപ്രൊ വിൻസിൽ കേരളത്തിലെ സുറിയാനിവൈദികർ ജോലി ചെയ്തിരുന്നു.

മദ്രാസ് ഗവൎണ്ണരുടെ പ്രതിനിധിയായ ഡാക്ടർ കേർ (Dr. Kerr) നുണ്ടായ ഒരനുഭവം, ഡാ. ബുക്കാനൻ രേഖപ്പെടു ത്തിയിട്ടുണ്ടു്. 1806 ഒക്ടോബറിലായിരുന്നു സംഭവം. ഡാ. കേർ മധുരയ്ക്കും തൃശ്ശിനാപ്പള്ളിക്കും ഇടയ്ക്കുള്ള അംഗൂർ എന്ന സ്ഥലത്തുകൂടി പോകുകയായിരുന്നു. ഒരു പള്ളികണ്ടു്, അദ്ദേ ഹം അവിടെ കയറി. അൾത്താരയിൽചെന്നു നോക്കിയ പ്പോൾ അവിടെ ഒരു കുബ്ബാനക്രമഗ്രന്ഥം കണ്ടു– സുറിയാനി പൂജാക്രമം. അദ്ദേഹം അത്ഭുതപ്പെട്ടുപോയി. അന്വേഷിച്ച പ്പോൾ, ആ പള്ളിയുടെ വികാരി കേരളീയനായ സുറിയാനി വൈദികനാണെന്നു് മനസ്സിലായി; ആ പള്ളിയിൽ നടന്നി രുന്ന കുബ്ബാന സുറിയാനിയിലും ആയിരുന്നു.

വിശാലമായ ഇന്ത്യയിലെ, അനേകം രൂപതകളിലായി ജോലിചെയ്യുന്ന മിഷ്യനറിമാരായ വൈദികരുടേയും കന്യാ സ്ത്രീകളുടേയും സംഖ്യ നോക്കുകയാണെങ്കിൽ 67% വൈദിക രും 82% കന്യാസ്ത്രീകളും കേരളത്തിലെ മാൎത്തോമ്മാസുറിയാ നിസഭയുടെ സന്താനങ്ങളാണെന്നു് കാണാം. അവൎക്കു് ജന്മ സിദ്ധമായി ലഭിച്ചിട്ടുള്ള അപ്പോസ്തോലികപൈതൃകവും ഉജ്ജ്വ ലമായ പ്രേഷിതാരൂപിയും ഇൻഡ്യയുടെ എല്ലാ ഭാഗങ്ങളിലും പ്രസരിപ്പിക്കുവാനും വികസിപ്പിക്കുവാനും കഴിവില്ലാത്ത നിർഭാഗ്യസ്ഥിതിയാണു് ഇപ്പോഴുള്ളതു്. വിദേശമിഷ്യനറി മാർ 16–ാം നൂററാണ്ടുമുതൽ കേരളത്തിൽ നടത്തിയ ക്രൂരമായ കൊളോണിയൽ ഭരണം, ഇരുപതാം നൂററാണ്ടോടുകൂടി ബാധയൊഴിഞ്ഞുപോയതുപോലെയാണു് നാം കരുതിയിരു

48. Cardinal Tisserant, Eastern Christianity, 1957, P. 38.

www.malankaralibrary.com

ന്നതു്. എന്നാൽ ആ വിദേശവാഴ്ചയോടും വിദേശസംസ്ക്കാരത്തോടും വേഴ്ചയും കൂറുമുള്ള പ്രണേതാക്കൾ ഭാരതകത്തോലിക്കാസഭയിൽ അവസരം കാത്തു കഴിയുന്നുണ്ടെന്നുള്ളതിൻെറ തെളിവാണു്, ഏതാനം മാസങ്ങൾക്കുമുമ്പു്, തൃശ്ശിനാപ്പള്ളിയിൽവച്ചുനടന്ന അഖിലേന്ത്യാ കത്തോലിക്കാമെത്രാന്മാരുടെ സമ്മേളനത്തിൽ സംസാരിച്ച, ആർച്ചുബിഷപ്പു് ഹെൻട്രി ഡിസൂസായുടെ പ്രസംഗം വെളിപ്പെടുത്തുന്നതു്. അതിൽ ഉടനീളം കാണുന്നതു്, രണ്ടായിരം കൊല്ലങ്ങളോളം ഇന്ത്യയിൽ വേരുപിടിച്ചു നിന്നിരുന്നതും ഇന്ത്യയാകെ പ്രചരിച്ചിരുന്നതും ഭാരതകത്തോലിക്കാസഭയുടെ മുഖ്യഘടകമായി ഇന്നും നിലനിന്നു പോരുന്നതുമായ സീറോ-മലബാർ റീത്തിനോടുള്ള അസഹിഷ്ണതയും വൈരാഗ്യബുദ്ധിയുമാണു്, ക്രൈസ്തവമായ സാഹോദര്യത്വത്തിൻെറയോ കത്തോലിക്കാസഭയിലെ അംഗങ്ങളെന്ന നിലയിലുള്ള സഹവർത്തിത്വത്തിൻെറയോ ബോധലേശമില്ലാത്തതോ പോകട്ടെ, മനുഷ്യൻെറ ജന്മാവകാശമായി എല്ലാ പരിഷ്കൃതരാജ്യങ്ങളും പരിഗണിച്ചിട്ടുള്ളതും ഇൻഡ്യൻ ഭരണഘടനയുടെ 25-ഉം 26-ഉം പ്രമാണങ്ങളിൽ സംസ്ഥാപിച്ചു് വ്യക്തമാക്കിയിട്ടുള്ളതുമാണു്, ഏതൊരു പൗരനും ഇഷ്ടംപോലെ ഏതൊരു മതവും ആരാധനക്രമവും തിരഞ്ഞെടുക്കുവാനും ആചരിക്കുവാനുമുള്ള സ്വാതന്ത്ര്യം49. മൺമറഞ്ഞുപോയ പോർച്ചുഗീസാധിപത്യത്തിൻെറ കാലഹരണപ്പെട്ട സ്വപ്നലഹരിയിൽപ്പെട്ടാണു്, സീറോ-മലബാർ റീത്തിനെ ഇന്ത്യയുടെ ഇതരഭാഗങ്ങളിൽ പ്രവേശിപ്പിക്കുകയോ വളർത്തുകയോ ചെയ്യുക ഇല്ലെന്നുള്ള മതഭ്രാന്തു്. ഇതു് നാമ്പിലെ നുള്ളിക്കളയേണ്ടതു് വിവിധ മതങ്ങളും സമുദായങ്ങളും ഉൾക്കൊള്ളുന്ന ഒരു ജനപദത്തിൻെറ ഭദ്രതയ്ക്കും സമാധാനത്തിനും അഭിവൃദ്ധിയ്ക്കും അത്യന്താപേക്ഷിതമാണു്. വിയോജിതസഭയിലെ ഓർത്തഡോക്സുകാരും മാർത്തോമ്മാക്കാരും യാക്കോബായക്കാരും ഇൻഡ്യയുടെ പല ഭാഗങ്ങളിലും സ്വതന്ത്രമായി പ്രവർത്തിക്കുകയും പുരോഗമിക്കുകയും ചെയ്യുന്നു. സീറോ-മലബാർ റീത്തുകാർക്കും ജന്മസിദ്ധമായ ഈ അവകാശം വിനിയോഗിക്കുന്നതിനെ എതിർക്കുന്ന ലത്തീൻ മെത്രാന്മാരുടെ മനോഭാവം ജീർണ്ണിച്ചു് നാമാവശേഷമായ പോർച്ചുഗീസാധിപത്യത്തിൻെറ അവശിഷ്ടമായേ കാണാൻ കഴിയൂ. അരുണാചലപ്രദേശത്തു് ക്രിസ്ത്യൻമിഷ്നറിമാരെ

49. Thomas N. A; One Territory-One Bishop? 1971, Pp: 159-60.

www.malankaralibrary.com

പ്രവേശിപ്പിക്കാത്തതിനെപ്പററി, വായ്തോരാതെ പ്രതിഷേധിക്കുകയും, ഇടതടവില്ലാതെ മുറവിളികൂട്ടുകയും ചെയ്യുന്നവർ, കത്തോലിക്കാസഭയിലെതന്നെ ഒരു പ്രധാന വിഭാഗവും ഇന്ത്യയിലെ ഏററവും പുരാതനസഭയുമായ സീറോ–മലബാർ സഭയെ കൈകാലുകൾ ബന്ധിച്ച്, അവിടവിടെ കുച്ചികെട്ടി ഇടണമെന്ന് വാദിക്കുന്നതിന്റെ യുക്തിയും ആത്മാർത്ഥതയും നീതിബോധവും മനസ്സിലാക്കുവാൻ പ്രയാസമാണ്. അത് ക്രിസ്തീയതത്വത്തിന് പൂർണ്ണമായും വിരുദ്ധവുമാണ്. തന്മൂലം, അത് ഒരിക്കലും അനുവദിച്ചുകൂടാൻ പാടില്ലാത്തതുമാണ്.

## പതിന്നാലാം അദ്ധ്യായം

# ബാബിലോണിയൻസഭയും കേരളസഭയും തമ്മിലുള്ള ബന്ധങ്ങൾ

കേരളസഭയ്ക്കു ബാബിലോണിയൻ സഭയുമായുള്ള ബന്ധം എന്നാരംഭിച്ചുവെന്ന് ക്ലിപ്തമായി പറയുവാൻ പ്രയാസമാണ്. കേരളസഭയ്ക്ക് ആദ്യമായുണ്ടായിരുന്ന ബന്ധം പേർഷ്യയുടെ കിഴക്കുഭാഗത്തുള്ളതും ഇന്ത്യയോടു് തൊട്ടുകിടക്കുന്നതുമായ അവാർദഷീർ സഭയുമായിട്ടാണെന്ന് കോസ്മോസിന്റെ യാത്രക്കുറിപ്പുകളിൽ (എ. ഡി. 567) കാണുന്നു. അക്കാലത്തു്, ഇന്ത്യയുടെ പശ്ചിമതീരത്തുള്ള സഭകളെ ഭരിച്ചിരുന്നതു് പേർഷ്യയിൽനിന്നുവന്നിരുന്ന മെത്രാന്മാരായിരുന്നു. എന്നാൽ ചിലപ്പോഴൊക്കെ, ഇന്ത്യാക്കാരായ മെത്രാന്മാരും ഉണ്ടായിരുന്നുവെന്നാണ് ചരിത്രപരമായ തെളിവുകൊണ്ടു് മനസ്സിലാക്കേണ്ടതു്. ഉദാഹരണമായി, ബാബിലോണിയൻ കാതോലിക്കോസിന്റെ ഇൻഡ്യൻസഭകൾക്കുള്ള ഒരു ശാസനയിൽ മെത്രാന്മാരെ തിരഞ്ഞെടുക്കുമ്പോൾ അതതു സ്ഥലത്തെ നാട്ടുരാജാക്കന്മാരുടെ അനുമതിമാത്രംപോരാ, കാതോലിക്കോസിന്റെ അംഗീകാരവും സമ്മതവും വേണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടു്[1].

1. Naagm Ayya, TSM 1906, Vol. II, P. 142.

www.malankaralibrary.com

കേരളസഭയും പേഷ്യൻസഭയും ഏതാണ്ടു് സമകാലീനമായി ആരംഭിച്ചിട്ടുള്ളവയാണു്. പേഷ്യൻസഭയെന്നു പറഞ്ഞാൽ പേഷ്യയുടെ തെക്കുകിഴക്കേഭാഗവും ഇന്ത്യയുടെ വടക്കുപടിഞ്ഞാറെ ഭാഗവും ഉൾപ്പെട്ടിരുന്നതാണു്. ചില കാലങ്ങളിൽ അതു് പേർഷ്യൻസാമ്രാജ്യത്തിൻെറ ഭാഗമായിരുന്നു. ഇന്ത്യയുടെവടക്കുപടിഞ്ഞാറെ ഭാഗമുൾപ്പെടുന്ന പേഷ്യൻസഭയുടെ സ്ഥാപകൻ മാർത്തോമ്മാശ്ലീഹായായിരുന്നെങ്കിൽ ബാബിലോണിയൻ സഭയുടെ സ്ഥാപകൻ ശ്ലീഹായുടെ ശിഷ്യനായിരുന്ന മാർ മാരിയായിരുന്നു. മാർത്തോമ്മാശ്ലീഹാസ്ഥാപിച്ച അപ്പോസ്തോലികസഭയെന്നനിലയിൽ പേഷ്യൻസഭ ഊററംകൊണ്ടിരുന്നുവെന്നു് അവാർദഷീറിലെ മെത്രാപ്പോലീത്താ ബാബിലോണിയൻ പാത്രിയക്കീസിനയച്ച കത്തു് വ്യക്തമാക്കുന്നു. മതപീഡനങ്ങളും മുഹമ്മദീയാക്രമണങ്ങളും അന്ത:ഛിദ്രങ്ങളും മൂലം പേഷ്യൻസഭ ക്ഷയിച്ചും നശിച്ചും പോയപ്പോഴാണു്, സുറിയാനിസഭകളുടെയെല്ലാം പൂർണ്ണമായ നേതൃത്വം ബാബിലോണിയൻ സഭയ്ക്കു് കൈവന്നതു്.

ബാബിലോണിയൻസഭയും കേരളസഭയും തമ്മിൽ നൂററാണ്ടുകളായുണ്ടായിരുന്ന ബന്ധങ്ങളെപ്പററി ലാഘവബുദ്ധിയോടും പുച്ഛരസത്തോടും സംസാരിക്കുവാനുള്ള പ്രവണത ഈയിടെയായി അവിടവിടെ കാണുന്നുണ്ടു്. സുറിയാനിറീത്തും ബാബിലോണിയൻ ബന്ധവും, കാലപ്രവാഹത്തിൽ, കടവിൽ വന്നടിഞ്ഞ പായലോ മറേറതെങ്കിലും അനിഷ്ടവസ്തുവോ ആണെന്നു വിചാരിക്കുന്നവർ അജ്ഞതയുടെ സാഹസമോ ഔദ്ധത്യത്തിൻെറ ബാലിശതയോ ആണു് കാണിക്കുന്നതു്. ഇതു് ബുദ്ധിശൂന്യവും കൃതഘ്നതാപരവുമായ ഒരു നീക്കവുമാണു്. കേരളസഭയ്ക്കു് ബാബിലോണിയൻ സഭയോടുള്ള കടപ്പാടു് നിസ്സീമമാണെന്നു് പറഞ്ഞാൽ അതു ചരിത്രപരമായ ഒരു സത്യമാണു്.

## 1. വിശ്വാസസംരക്ഷണം

ഇന്ത്യയിലെ ഇതരഭാഗങ്ങളിലുള്ള സുറിയാനിസഭകൾ വിരുദ്ധസാഹചര്യങ്ങളിൽപ്പെട്ടു്, ആഞ്ഞുലഞ്ഞലിഞ്ഞു്, മാഞ്ഞുമറഞ്ഞതുപോലെ കേരളസഭ നിശ്ശേഷം നശിക്കാതിരുന്നതു് ഈ ബാബിലോണിയൻബന്ധം നിമിത്തമാണു്. മാമ്മോദീസായോ മററു കൂദാശകളോ കൂടാതെ നാമമാത്രമായി അവശേഷിച്ച സഭ, പ്രതികൂലസാഹചര്യങ്ങളിൽ കീഴ്പ്പെടാതിരിക്കുവാൻ കാരണവും, ഈ ബാബിലോണിയൻ ബന്ധമാ



www.malankaralibrary.com

ണു്. കേരളത്തിലെ സ്ഥിതിതന്നെ നോക്കിയാൽ, മാർത്തോ മ്മാശ്ലീഹാ സ്ഥാപിച്ച തിരുവിതാംകോട്ടുസഭയിൽ വൈദിക സാന്നിദ്ധ്യമോ സഹായമോ ഇല്ലാതിരുന്നതിനാൽ നാല്പതു് നസ്രാണികുടുംബങ്ങൾ ഹിന്ദുക്കളായി പോയിയെന്നു ഉദയം പേരൂർ സൂനഹദോസിന്റെ ഒരു നിശ്ചയത്തിൽ കാണുന്നുണ്ടു്. സുറിയാനിസഭ പ്രചുരപ്രചാരമായിരുന്ന അനേകസ്ഥലങ്ങളിലും ഇതുതന്നെയാണു് സംഭവിച്ചതു്. ഇതേ ദുർഗതി ഇന്ത്യയിലെ മററു ഭാഗങ്ങളിലും ഉണ്ടായി. എന്നാൽ മദ്ധ്യകേരളത്തിലെ സുറിയാനിക്രിസ്ത്യാനികൾക്കു് ഈ വിധി വൈപരീത്യം ഉണ്ടാകാതിരുന്നതു് ബാബിലോണിയൻ മെത്രാന്മാരുടെ ആഭിമുഖ്യത്തിലുള്ള വൈദികസഹായം നിമിത്തമാണു്. അവരുമായുള്ള ബന്ധം ഇല്ലായിരുന്നുവെങ്കിൽ സുറിയാനിസമുദായം മററു സ്ഥലങ്ങളിലെപ്പോലെ ഹിന്ദുസമുദായത്തിൽ ലയിച്ചുപോകുമായിരുന്നു. എന്നാൽ ആ അപകടത്തിൽനിന്നു കേരളസുറിയാനിസഭയെ രക്ഷിച്ചതു് തീർച്ചയായും ബാബിലോണിയൻ ബന്ധമാണു്.

ഇതേപ്പററി ഒരു ചരിത്രകാരൻ പറയുന്നു, ''മർത്തോമ്മാക്രിസ്ത്യാനികൾക്കു് ബാബിലോണിയൻ പാത്രിയർക്കീസുമായുള്ള ബാഹ്യബന്ധവും അവരുടെ സുറിയാനിഭാഷയുടെ ഉപയോഗവും ആണു് അവരെ രക്ഷിച്ചതു്. അല്ലാത്തപക്ഷം ഒററപ്പെട്ടു പോയ ഈ സഭ മുഴുവൻ, അവരെ വലയം ചെയ്തിരുന്ന ഹിന്ദുമതത്തിൽ തീർച്ചയായും ലയിച്ചുപോകുമായിരുന്നു''2. പൌരസ്ത്യസഭാചരിത്രപണ്ഡിതനായ ആററ്വാട്ടർ (Attwater) പറയുന്നു, ''കേരളസഭ ഏറെക്കുറെ പൌരസ്ത്യസുറിയാനിസഭയുടെ ഭാഗമെന്നു് പ്രത്യക്ഷമാണെങ്കിലും അവരെപ്പോഴും ഔപചാരികമായി നെസ്തോറിയൻകാരായിരുന്നുവെന്നു് പറയുന്നതിൽ അർത്ഥമില്ല. ഭൂമിശാസ്ത്രപരമായി കേരളത്തിന്റെ സമീപ്യം അവാർഭഷീർ (പേർഷ്യായിലെ) മെത്രാസനവുമായി ബന്ധപ്പെടുത്തി, അവർ ഇന്നോളം നിലനില്ക്കുവാനുള്ള കാരണം, ബാബിലോണിയൻസഭയുമായി അവക്കുള്ള ബന്ധമാണു്3. ആററ്വാട്ടർ തുടർന്നു പറയുന്നു, ''കാര്യങ്ങൾ സങ്കീർണ്ണങ്ങളായി കാണപ്പെടുവാനുള്ള ഹേതു നെസ്തോറിയൻ എന്ന പദപ്രയോഗമാണു്. എന്നാൽ യഥാർത്ഥത്തിൽ നെസ്തോറി

2. Stephen Neil, Christian Missions 1965, P. 143.
3. The Christian Churches of the East, D. Attwater: 1961 P. 199.

www.malankaralibrary.com

യൻ എന്ന പദപ്രയോഗത്തിനു് ജാതീയമോ ഭൂമിശാസ്ത്രപരമോ ആയ അർത്ഥമല്ലാതെ ദൈവശാസ്ത്രപരമായ മററു യാതൊരർത്ഥവുമില്ല4.

## 2. കുടിയേററങ്ങൾ

### A. സ്ഥാനമാനങ്ങൾ

കേരളസഭയ്ക്കു് വളരെയേറെ പ്രാധാന്യമർഹിക്കുന്ന മറെറാരു കടപ്പാടു് ബാബിലോണിയൻ സഭയോടുണ്ടു്. അതു് പലസ്തീന, സിറിയ, മെസപ്പൊട്ടോമിയ, പേർഷ്യ, മുതലായ രാജ്യങ്ങളിൽനിന്നു് പലപ്പോഴും ഉണ്ടായിട്ടുള്ള കുടിയേററങ്ങളാണു്. അവയിലാദ്യത്തെ കുടിയേററമായി നമുക്കു് തെളിവുകളുള്ളതു് എ. ഡി. 345–ൽ ഉണ്ടായ ക്നായിതൊമ്മന്റെ വരവാണു്. അതിനുള്ള കാരണം അവരുടെ നാട്ടിലുണ്ടായിരുന്ന മതപീഡനമോ, എദേസ്സായിലെ മെത്രാനുണ്ടായ ദർശനമോ, അല്ലെങ്കിൽ ഇവ രണ്ടും കൂടെയോ ആകാം. ഈ കുടിയേററം കേരളസഭയ്ക്കു് വളരെ സഹായകരമായിരുന്നു. കുടിയേററക്കാരനായ ക്നായിതൊമ്മന്റെകൂടെ ഒരു മെത്രാനും, ഏതാനും വൈദികരും നാന്നൂറോളം സുറിയാനിക്രിസ്ത്യാനികളുമുണ്ടായിരുന്നു. എ. ഡി. 190–ൽ കേരളത്തിലെ അഥവാ തെക്കെയിന്ത്യയിലെ സ്ഥിതി വിഷമകരമായിരുന്നുയെന്നാണു് പന്തേന്യൂസ്സിന്റെ വരവു് തെളിയിക്കുന്നതു്. ക്രിസ്ത്യാനികളെ ആക്രമിക്കാനും ക്രിസ്തുമതതത്ത്വങ്ങളെ ഖണ്ഡിക്കുവാനും ശ്രമിച്ചിരുന്ന ചില ആളുകൾ ഇവിടെയുണ്ടായിരുന്നുവെന്നുള്ളതു് തീർച്ചയാണു്. അതോടൊപ്പം മതപീഡനങ്ങളുമുണ്ടായിരുന്നിരിക്കാം. ഏതായാലും ക്നായിതൊമ്മന്റെയും അനുചരരുടേയും കുടിയേററംകൊണ്ടു് കേരളസഭയ്ക്കു് കിട്ടിയിട്ടുള്ള ഗുണങ്ങൾ താഴെപ്പറയുന്നവയാണു്:

(a) ക്രിസ്ത്യാനികളുടെ സംഖ്യാബലം വർദ്ധിച്ചു.

(b) വർത്തകപ്രമാണിയായ ക്നായിതൊമ്മനും അനുയായികൾക്കും കേരളത്തിൽ കിട്ടിയ ബഹുമാനപൂർവ്വമായ സ്വീകരണം ചെപ്പേടുകളിൽ കാണുന്നുണ്ടു്. അവർക്കു കിട്ടിയ സമുന്നതമായ പദവിയിലും, കേരളത്തിലെ നാട്ടുക്രിസ്ത്യാനികൾ ഭാഗഭാക്കുകളായി. അപ്രകാരം കേരളസഭയുടെ പ്രശസ്തിയും നിലയും ഉയരുവാനിടയായി. ഈ ക്നായിതൊമ്മ

4. Ibid: P. 200.

www.malankaralibrary.com

നെപ്പററി എ. ഡി. 1781–ൽ കൊച്ചിയിൽ ഡച്ചുഗവണ്ണറായിരുന്ന Adrian Moens ഇപ്രകാരമെഴുതുന്നു, ''ക്നായിതൊമ്മൻ തൻെറ പണവും സമ്പത്തുംകൊണ്ടു് നാട്ടുരാജാക്കന്മാരിൽ സമ്പാദിച്ച സ്വാധീനത്തിൽ നാട്ടുക്രിസ്ത്യാനികളും പങ്കുകൊണ്ടു. നാട്ടുക്രിസ്ത്യാനികൾ ക്നായിതൊമ്മനെ തങ്ങളുടെ നേതാവായി സ്വീകരിച്ചിരുന്നു. തന്മൂലം സുറിയാനിക്രിസ്ത്യാനികൾക്കു് പല പദവികളും, ബഹുമതികളും സിദ്ധിക്കുകയും, നാടുഭരിച്ചിരുന്ന നായന്മാരെക്കാൾ ഉന്നതമായ സ്ഥാനം ലഭിക്കുകയും ചെയ്തു. ഈ ക്രിസ്ത്യാനികൾക്കു് രാജ്യത്തിലെവിടെയും കച്ചവടം നടത്തുവാനും കച്ചവടകേന്ദ്രങ്ങൾ സ്ഥാപിക്കുവാനും ദേവാലയങ്ങൾ നിർമ്മിക്കുവാനും മററു ചില ബഹുമതികളുടെ അവകാശികളാകുവാനും സാധിച്ചു. ഇതു സുറിയാനി ക്രിസ്ത്യാനികൾക്കു് മാത്രമുണ്ടായിരുന്ന അപദാനമാണു്''.

എന്നാൽ ഈ അഭിപ്രായം ഭാഗികമായി മാത്രം ശരിയാണു്. കാരണം അവക്കു് നേരത്തെതന്നെ നമ്പൂതിരിമാരുടെ സ്ഥാനങ്ങളും പദവികളുമുണ്ടായിരുന്നു. എന്നാൽ വിദേശിയനായ ക്നായിതൊമ്മൻെറ വരവു് ഏകമതസ്ഥരെന്നുള്ള നിലയിൽ മാർത്തോമ്മാക്രിസ്ത്യാനികൾക്കു് ശക്തിയും സ്വാധീനവും വദ്ധിപ്പിച്ചിരിക്കാം.

c) ക്നായിതൊമ്മൻെറ കുടിയേററം ബാബിലോണിയൻ സഭയിലെ ഒരു ചെറിയ വിഭാഗത്തിൻെറ പറിച്ചുനടീലായിരുന്നു. വൈദികരും, കുദാശകളുമില്ലാതെ, ആത്മീയ ദാഹത്തിൽ കഴിഞ്ഞിരുന്ന കേരളസഭക്കു ഇതെത്ര ആശ്വാസപ്രദമായിരുന്നുവെന്നു പറയേണ്ടതില്ലല്ലോ. ''മെത്രാനെവിടെയോ അവിടെ അദ്ദേഹത്തിൻെറ റീത്തു്'' എന്നൊരു ചൊല്ലുണ്ടു്. അതനുസരിച്ചു് ക്നായിതൊമ്മനുമുമ്പു് പൌരസ്ത്യ സുറിയാനി റീത്തു് കേരളത്തിൽ വന്നിട്ടില്ലായിരുന്നുവെങ്കിൽ തന്നെയും അദ്ദേഹത്തിൻെറ വരവോടുകൂടി സുറിയാനിറീത്തു് ഇവിടെ വേരുറയ്ക്കുവാൻ കാരണമായി.

എന്നാൽ ഈ സംഭവത്തിനുമുമ്പു് എ. ഡി. 295–300–ൽ ബാബിലോണിയായിൽ ബസ്രായുടെ മെത്രാനായ ദാവീദ്, സുവിശേഷപ്രസംഗത്തിനു് ഇന്ത്യയിലേയ്ക്കുപോയി എന്നൊരു ചരിത്രരേഖയുണ്ടു്. അദ്ദേഹം കേരളത്തിൽ വന്നിട്ടുണ്ടെങ്കിൽ, അദ്ദേഹമാണോ ഇവിടെ സുറിയാനിറീത്തു് ആരംഭിച്ചതു്? ഇതിനു് മുമ്പുതന്നെ സുറിയാനിറീത്തിവിടെ ഇല്ലായിരുന്നോ

www.malankaralibrary.com

എന്നൊരു ചോദ്യത്തിനവകാശമുണ്ട്. കോസ്മോസ് (എ. ഡി. 532) പറയുന്ന പേഷ്യൻ മെത്രാന്മാരുടെ ഇന്ത്യയിലെ ഭരണം എന്നാരംഭിച്ചുവെന്നു് നമുക്കറിഞ്ഞുകൂടാ. എന്നായാലും അവരുടെ റീത്തു് സുറിയാനിറീത്തായിരുന്നു. ഒന്നുകൂടി പുറകോട്ടുപോവുകയാണെങ്കിൽ മാർത്തോമ്മാശ്ലീഹാ തന്നെയല്ലേ സുറിയാനിറീത്തിനു് ആരംഭമിട്ടതു്? കൊടുങ്ങല്ലൂർ, പാലയൂർ, കൊല്ലം, ചേന്ദമംഗലം മുതലായ സ്ഥലങ്ങളിൽ തോമ്മാശ്ലീഹാ വന്ന കാലത്തു യഹൂദന്മാർ ധാരാളമുണ്ടായിരുന്നു (Logan). അവർ പ്രതീക്ഷിച്ചിരുന്ന മിശിഹായുടെ സന്ദേശവുമായിട്ടാണു് തോമ്മാശ്ലീഹാ കേരളത്തിലേയ്ക്കു് വരുന്നതു്. ആദ്യമായി ജ്ഞാനസ്നാനം സ്വീകരിച്ചതും അവരായിരുന്നു. അവരുടെ ഭാഷ സുറിയാനിയായിരുന്നു. അതുകൊണ്ടു് തോമ്മാശ്ലീഹാ കർമ്മങ്ങളനുഷ്ഠിക്കാൻ തുടങ്ങിയതു സുറിയാനിഭാഷയിലായിരിക്കണമല്ലോ. അന്നത്തെ കേരളജനതയുടെ ഭാഷ തമിഴായിരുന്നു. ഭാഷാശാസ്ത്രപരമായി നോക്കുകയാണെങ്കിൽ സുറിയാനി, തമിഴിൻെറ മാതാമഹിയാണു്, സുറിയാനിയിൽ സംസാരിച്ചാൽ ഏതാണ്ടൊരു സ്ഥൂലമായ ബോധം തമിഴനും, തമിഴിൽ സംസാരിച്ചാൽ ഏതാണ്ടു് അതുപോലൊരർത്ഥം സുറിയാനിക്കാരനും ഉണ്ടാകുവാൻ വഴിയില്ലായിരുന്നോ? അങ്ങനെയെങ്കിൽ സുറിയാനി റീത്തു കേരളത്തിൽ സ്വതന്ത്രമായും പരസഹായം കൂടാതെയും മുളച്ചുതുടങ്ങിയതല്ലേ? പിന്നെ കേരളത്തിലെ സുറിയാനി റീത്തു് അന്യമെന്നും വിദേശീയമെന്നും, ഒഴുകിവന്നതെന്നും പറയുന്നതിൽ യാതൊരർത്ഥവുമില്ല.

മറെറാരു ചോദ്യംകൂടെ ഇതിൽനിന്നുദിക്കുന്നുണ്ടു്. അതായതു്, ആദ്യത്തെ സുറിയാനിറീത്തിൽ കേരളീയമോ, ഭാരതീയമോ ആയ ഘടകങ്ങൾ ഉണ്ടായിരുന്നുവെന്നതു്. നിർഭാഗ്യവശാൽ നമ്മുടെ അക്കാലത്തെ ചരിത്രം ശുഷ്ക്കവും ശൂന്യം തന്നെയുമാണു്. വിദേശികളുടെ വിവരണങ്ങളിൽനിന്നുമാത്രമാണു് മിന്നലൊളിപോലെ അപ്പപ്പോൾ കേരളത്തെപ്പററിയുള്ള ചില വിവരങ്ങൾ കിട്ടുന്നതു്. ദാവിദ്മെത്രാനും ക്നായിതൊമ്മനും ശേഷവും ആരാധനാക്രമങ്ങളിൽ ചില കേരളീയാചാരങ്ങൾ നിലവിലിരുന്നുയെന്നു വിചാരിക്കുവാൻ ന്യായമുണ്ടു്. ഹിന്ദുക്കൾ അവരുടെ മതഗ്രന്ഥങ്ങൾ പാരായണം ചെയ്യുമ്പോൾ ചമ്രം പടിഞ്ഞിരുന്നാണു് കേൾക്കാറുള്ളതു്. ലക്ഷദ്വീപിൽ ജനിച്ച ആളും ഇന്ത്യാക്കാരനെന്നറിയപ്പെട്ട

www.malankaralibrary.com

ന്നതുമായ തിയോഫിലസ് എന്നൊരു ആര്യൻ മെത്രാൻ എ. ഡി. 384-ൽ കേരളത്തിൽ വന്നു. അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ കേരളത്തിലെ ക്രൈസ്തവരുടെ ആരാധനാക്രമങ്ങളിൽ ചില അനാചാരങ്ങൾ കടന്നുകൂടിയിരുന്നു. അതിലൊന്നാണ് സുവിശേഷം വായിക്കുമ്പോൾ ചമ്രം പടിഞ്ഞിരിക്കുകയെന്നുള്ളത്. അദ്ദേഹം അത് പരിഷ്ക്കരിച്ചുവെന്നു ചരിത്രത്തിൽ കാണുന്നുണ്ട്. അപ്പോൾ ക്നായിതൊമ്മന്റെകൂടെ വന്ന മെത്രാന്മശേഷവും, ചില ഭാരതീയരീതികൾ ചില സ്ഥലങ്ങളിലെങ്കിലും നിലവിലിരുന്നുവെന്നു കാണാവുന്നതാണ്. ഇക്കാരണങ്ങളാൽ സുറിയാനി റീത്തിന്റെ വിത്തു പതിഞ്ഞതും മുളച്ചതും വളന്നതും മാത്തോമ്മാശ്ലീഹായുടെ കാലത്തുതന്നെയാണെന്ന് വിചാരിക്കാനേ ന്യായമുള്ളൂ.

പേർഷ്യാ, ബാബിലോണിയ മുതലായ സ്ഥലങ്ങളിൽ നിന്ന് വേറെയും കുടിയേററങ്ങൾ ഉണ്ടായിട്ടുണ്ട്. അവയിൽ പ്രധാനപ്പെട്ട മറെറാരു കുടിയേററം എ. ഡി. 823-ലാണ്. മാർ സാബോർ, മാർ പ്രോത്ത് എന്നീ രണ്ട് സുറിനായി മെത്രാന്മാരുടെ നേതൃത്വത്തിൽ സബറീസോ (Sabariso) എന്നൊരു പേർഷ്യൻ കച്ചവടപ്രമാണി സ്വദേശികളായ ജനങ്ങളോടുകൂടി പുരാതന വാണിജ്യകേന്ദ്രമായ കൊല്ലത്തു വന്നിറങ്ങി. വേണാട്ടു രാജാവായ അയ്യൻഅടികൾ അവക്ക് കൊടുത്ത സ്ഥാനമാനങ്ങളെ വിവരിക്കുന്ന അഞ്ചു ചെപ്പേടുകൾ ഉണ്ട്. നമുക്കു കിട്ടിയിട്ടുള്ള ആ അഞ്ചു ചെപ്പേടുകളിൽ മൂന്ന് കോട്ടയത്തുള്ള യാക്കോബായ സെമിനാരിയിലും, രണ്ട് തിരുവല്ലായിലുള്ള മാത്തോമ്മാസെമിനാരിയിലുമാണ്. അവ അന്നത്തെ മേൽക്കോയ്മയായിരുന്ന സ്ഥാണുരവിഗുപ്തരാജാവിന്റെ സമ്മതത്തോടുകൂടി കൊല്ലത്തുള്ള തരീസാപ്പള്ളിക്കും, (ചൈനായിലെ സുറിയാനിക്കാർക്കും തരിസാക്കൾ എന്നു പേരുണ്ടായിരുന്നു. ആ പേരിൽ തന്നെയാണ് തിരുവിതാംകോട്ടുള്ള സുറിയാനിക്രിസ്ത്യാനികളും അറിയപ്പെട്ടിരുന്നത്. തരിസാക്കൾ എന്നു പറഞ്ഞാൽ സത്യവിശ്വാസികളെന്നാണർത്ഥം.) സുറിയാനിജനസമൂഹത്തിനും കൊടുത്തിട്ടുള്ളതാണ്. ആ ചെപ്പേടുകളുടെ ഭാഷ അന്നുപയോഗത്തിലിരുന്ന തമിഴ്മലയാളത്തിലും, പേർഷ്യൻപല്ലവിഭാഷയിലുമാണ്. ഈ കുടിയേററം കേരളത്തിലെ സുറിയാനിസഭയെ ബലപ്പെടുത്താനും പുഷ്ടിപ്പെടുത്താനും വളരെയധികം സഹായിച്ചിട്ടുണ്ട്. നമ്മുടെ അറിവിൽപ്പെടാത്തതും രേഖകളിൽ കാണാത്തതു

www.malankaralibrary.com

മായ കുടിയേററങ്ങൾ പേർഷ്യാ, മെസപ്പൊട്ടാമിയ രാജ്യങ്ങളിൽനിന്നും കേരളത്തിലേക്കു് വേറെയും ഉണ്ടായിട്ടുണ്ടെന്നു വേണം വിചാരിക്കുവാൻ. അതിൻെറ കാരണം മൂന്നാം നൂററാണ്ടു മുതൽ പതിന്നാലാം നൂററാണ്ടുവരെ ആ രാജ്യങ്ങളിലെ സുറിയാനിക്കാർ സസ്സേനിയൻ ചക്രവർത്തിമാരുടേയും, അവരുടെ പിന്നാലെ വന്ന മുഹമ്മദീയഭരണകർത്താക്കളുടെയും മർദ്ദനങ്ങളും പീഡനങ്ങളുംകൊണ്ടു് സ്വന്ത രാജ്യങ്ങൾ വിട്ടുപോകാൻ നിർബന്ധിതരായിരുന്നുവെന്നുള്ളതാണു്. അവക്കു ശാന്തിയും ഭദ്രതയും, മതസ്വാതന്ത്ര്യവും നല്കാൻ കേരളംപോലെ മറെറാരു ദേശവുമുണ്ടായിരുന്നില്ല. കൂടാതെ, അവരുടെ വിശ്വാസവും ആരാധനാക്രമവും സ്വീകരിച്ചിട്ടുള്ള പ്രബലമായ ഒരു സുറിയാനി സമൂഹവും കേരളത്തിലുണ്ടായിരുന്നു.

## B. വാണിജ്യാഭിരുചി

കേരളത്തിലെ സുറിയാനിക്രിസ്ത്യാനികളെ സംബന്ധിച്ച ചരിത്രത്തിൽ കാണുന്ന ഒരു പ്രത്യേകത അവക്കു കച്ചവടത്തിലുണ്ടായിരുന്ന – അന്താരാഷ്ട്രവാണിജ്യത്തിൽ – ഉണ്ടായിരുന്ന വൈദഗ്ദ്ധ്യമാണു്. കേരളത്തിലെ വിവിധ രാജാക്കന്മാക്കും നാടുവാഴികൾക്കും അവരെപ്പോഴും പ്രിയങ്കരരായിരുന്നു. അക്കാലത്തു രാജകൊട്ടാരങ്ങളോടടുത്താണു് സുറിയാനിപ്പള്ളികളും, സുറിയാനിക്കാരുടെ കേന്ദ്രങ്ങളും കാണുന്നതു്. വേണാട്ടധിപരായ തിരുവിതാംകൂർ രാജാക്കന്മാരുടെ മൂലഗൃഹം തിരുവിതാംകോട്ടും കേരളവമ്മപുരവും ആയിരുന്നല്ലോ. തിരുവിതാംകോടു രാജധാനിക്കു് തൊട്ടടുത്തായിരുന്നു നസ്രാണികളുടെ തരിസ്സായി (തരിയായി) ത്തെരുവും ദേവാലയവും സ്ഥിതിചെയ്തിരുന്നതെന്നു് ഇപ്പോഴും കണ്ടു ബോദ്ധ്യപ്പെടാവുന്ന കാര്യമാണു്. അതിൻെറ ഒരു കാരണം വിദേശത്തുനിന്നും ലഭിക്കുന്ന അമൂല്യവും ദുർലഭവുമായ വസ്തുക്കൾ ഈ രാജാക്കന്മാക്കു് നല്കുവാൻ സുറിയാനിക്കച്ചവടക്കാക്കു് കഴിഞ്ഞിരുന്നുവെന്നതാണു്. സാധാരണ വസ്തുക്കളെസംബന്ധിച്ചും കേരളരാജാക്കന്മാർ സുറിയാനിക്രിസ്ത്യാനികളുമായി കച്ചവടം ചെയ്യുവാനാഗ്രഹിച്ചിരുന്നു. "കേരളത്തിലെ ഭരണാധികാരികളുടെ എല്ലാ കൊട്ടാരങ്ങളിലും സുറിയാനിക്രിസ്ത്യാനികൾക്കു് ഹാർദ്ദമായ സ്വാഗതമാണുണ്ടായിരുന്നതു്. കാരണം, അവർ പോയിടത്തെല്ലാം അവരുടെ കച്ചവടവും കൂടെയുണ്ടായിരുന്നു. കൂടാതെയും ഉപ്പു്, എണ്ണകൾ, ഉരുക്കുനെയ്യു്

www.malankaralibrary.com

മുതലായ സാധാരണ വസ്തുക്കഠം ഇവർ വളരെ മിതമായ വില സ്റ്റാണ് വിററിരുന്നതു്5. വിദേശകമ്പോളങ്ങളിൽ ഏററവും പ്രിയപ്പെട്ട സുഗന്ധദ്രവ്യങ്ങഠം, പ്രത്യേകിച്ചു്, കുരുമുളകു് നല്കിയിരുന്നതു് സുറിയാനിക്രിസ്ത്യാനികളായിരുന്നു. 1346—ൽ കൊല്ലത്തുവരുകയും 16 മാസം അവിടെ താമസിക്കുകയുംചെയ്ത മാർപ്പാപ്പായുടെ പ്രതിനിധിയായ മരിഞ്ഞോലി കുരുമുളകു് കച്ചവടത്തിൻെറ കുത്തക സുറിയാനിക്രിസ്ത്യാനികഠംക്കാണെന്നും ചുങ്കസ്ഥലങ്ങളിൽ അവരാണു് ഇവ അളക്കുകയും തൂക്കുകയും ചെയ്യുന്നതെന്നു പറയുന്നുണ്ടു്6. അങ്ങനെ കച്ചവടത്തിലുള്ള ഈ താല്പര്യം കേരളസുറിയാനിക്രിസ്ത്യാനികഠംക്കുണ്ടാകുവാൻ കാരണം ഈ കുടിയേററക്കാരുമായിട്ടുള്ള സമ്പർക്കമാണു്. നമ്പൂതിരിമാരിൽനിന്നും, നായന്മാരിൽനിന്നും മതപരിവർത്തനംചെയ്യപ്പെട്ട ആദിമസുറിയാനിക്രിസ്ത്യാനികഠംക്കു് താല്പര്യം വേദാദ്ധ്യയനത്തിലോ, യുദ്ധമുറകളിലോ മാത്രമായിരിക്കാനേ വഴിയുള്ളു. വാണിജ്യത്തിൽ നൂതനമായ ഔത്സുക്യവും അഭിരുചിയും അവർക്കുണ്ടാകുവാൻ കാരണം ബാബിലോണിയൻ ബന്ധമാണു്. കേരളത്തിലെ ക്രിസ്ത്യൻ വർത്തകശൃംഖലയുടെ അവസാനത്തെ കണ്ണിയായിരുന്നു ഹതഭാഗ്യനായ തച്ചിൽ മാത്തുതരകൻ.

## C. അന്താരാഷ്ട്രവീക്ഷണം

പ്രവൃദ്ധമായും, വിശാലമായും വികസിച്ചുകൊണ്ടിരുന്ന ഏഷ്യയിലെ ഏക ക്രൈസ്തവസഭയായിരുന്നു സുറിയാനിസഭ. ആ സഭയുമായി ബന്ധപ്പെടാൻ സാധിച്ചതു് കേരളസഭയ്ക്കു് ഓജസ്സും തേജസ്സും നല്കുവാൻ പര്യാപ്തമായിരുന്നു. ബൃഹത്തായ ഒരു സഭയുടെ ഭാഗമെന്ന നിലയിൽ കേരളസഭയ്ക്കു തിളക്കവും, വിളക്കവും ഉണ്ടാക്കിയതു് ആ ബന്ധമാണു്. ആ ബന്ധത്തിൽക്കൂടി അന്താരാഷ്ട്രബന്ധമുള്ളൊരു സഭയായിത്തീരാനും കേരളസഭയ്ക്കു് സാധിച്ചു. കേരളസുറിയാനിക്കാർ വ്യാപകമായി നടത്തിയിരുന്ന വാണിജ്യബന്ധങ്ങഠംക്കു് അതു വളരെ സഹായകമാവുകയും ചെയ്തു. ഇതേപ്പററി ഫെരിഷ്ടാ (Ferishta) എന്ന മുസ്ലീംഗ്രന്ഥകാരൻ പറയുന്നതിപ്രകാരമാണു്, ''ഇസ്ലാം മതം ഉണ്ടാകുന്നതിനു് വളരെമുമ്പു വിദേശത്തുനിന്നും യഹൂദ

5. Dr. P. J. Thomas: A. Gopala-Menon Commemoration Volume, P. 40.

6. Nagam Ayya, P.

www.malankaralibrary.com

ന്മാരും ക്രിസ്ത്യാനികളും കടൽമാർഗ്ഗം മലബാറിൽ വരുകയും അവിടെ കച്ചവടക്കാരായി അധിവസിക്കുകയും ചെയ്തു[7].

## D. രക്തസാക്ഷിത്വത്തിൻെറ പൈതൃകം

കേരളസുറിയാനിസഭയ്ക്ക് ബാബിലോണിയൻ സഭയോടു മറെറാരു കടപ്പാടുകൂടിയുണ്ട്. ബാബിലോണിയായിൽനിന്നും വന്നിട്ടുള്ള മെത്രാന്മാർ വളരെ കഷ്ടതകളും പീഡനങ്ങളും പോർച്ചുഗീസുകാരിൽനിന്നും സഹിച്ചിട്ടുള്ളതു് കേരളസഭയ്ക്കുവേണ്ടിയാണ്. ചിലരെല്ലാം ദീർഘകാലം പോർച്ചുഗീസുകാരുടെ തടങ്കലിൽ കഴിഞ്ഞുകൂടിയിട്ടുള്ളവരുമായിരുന്നു. കുപ്രസിദ്ധമായ ഗോവയിലെ 'ഇൻക്വിസിഷൻെറ' തീച്ചൂളയിൽപ്പെട്ടു മരണമടഞ്ഞവരും ഇല്ലാതില്ല. ബാബിലോണിയായിൽനിന്നും സുറിയാനിമെത്രാന്മാർ വരാതിരിക്കാൻവേണ്ടിയായിരുന്നു പോർച്ചുഗീസുകാർ സകല ശ്രമങ്ങളും നടത്തിയിരുന്നതു്. നാവികാധിപത്യമുണ്ടായിരുന്ന പോർച്ചുഗീസുകാർക്ക് സുറിയാനിമയമോ മണമോ ഉള്ള ബാബിലോണിയൻകാരെ വേട്ടയാടിപ്പിടിക്കുവാൻ എളുപ്പമായിരുന്നു. അവർ ഒരുതരം കുററാന്വേഷണബുദ്ധിയോടെ ഇന്ത്യയിലേയ്ക്കു് വന്നിരുന്ന സകല കപ്പലുകളിലും ഈ സുറിയാനി മെത്രാന്മാരെയും വൈദികരെയും തിരഞ്ഞുകൊണ്ടിരുന്നു. ഈ മെത്രാന്മാർ വന്നുകൊണ്ടിരുന്നതു്; കേരളസുറിയാനി സഭാനേതാക്കന്മാരുടെ നിർബന്ധപൂർവ്വവും, നിരന്തരവുമായുള്ള അപേക്ഷകൊണ്ടായിരുന്നുവെന്നും ഓർക്കണം. പല മെത്രാന്മാരും പ്രച്ഛന്നവേഷത്തിലാണ് കേരളത്തിലെത്താൻ ശ്രമിച്ചതു്. പോർച്ചുഗീസുകാരുടെ കയ്യിൽ കിട്ടിയ മെത്രാന്മാരെയെല്ലാം അവർ ഗോവയിലെ തുറുങ്കുകളിലടച്ചു. ചിലർ അവിടെനിന്നും ഒളിച്ചോടി, കേരളത്തിലെത്തുകയാണുണ്ടായതു്. ഒരു കത്തോലിക്കാമെത്രാൻ രക്തസാക്ഷിയായി. അദ്ദേഹം സുലാക്കാപാത്രിയർക്കീസിൻെറ അനുജൻ എ. ഡി. 1553–ൽ മരിച്ച മാർ ജോസഫ് ആയിരുന്നു.

''ഇത്തരുണത്തിൽ ബാബിലോണിയൻ ബന്ധത്തെപ്പററി Dr. L. W. Brown പരാമർശിക്കുന്നുണ്ട്. അദ്ദേഹത്തിൻെറ അഭിപ്രായത്തിൽ, മലബാർ സഭയ്ക്കു് എദേസ്സായുമായിട്ടുള്ള ബന്ധമാണ്, കേരളപാരമ്പര്യത്തെപ്പററി ചരിത്രപഠിതാ

7. Francis Day: Land of Perumal P. 214.

www.malankaralibrary.com

ക്കും സംശയാലുക്കളാകാൻ കാരണം''8. എന്നാൽ എദേസ്സാ യിലോ ബാബിലോണിയായിലോ ഉള്ള സഭകൾക്ക് മാർ ത്തോമ്മാശ്ലീഹായുമായി നേരിട്ടുള്ള ബന്ധം ഇല്ലായിരുന്നുവെ ന്നകാര്യം അവർ വിസ്മരിച്ചിരിക്കുന്നു. ആ സ്ഥലങ്ങളിൽ മാർത്തോമ്മാ പ്രസംഗിച്ചതായോ മരിച്ചതായോ യാതൊരു തെളിവുകളുമില്ല. പേർഷ്യയിലേയും ബാബിലോണിയാ യിലേയും സുറിയാനിസഭകൾ തമ്മിൽ സംഘട്ടനമുണ്ടായ പ്പോൾ, പേർഷ്യയിലെ സുറിയാനി സഭാദ്ധ്യക്ഷൻ (7-ാം നൂറ്റാണ്ട്) വെളിവായും ശക്തമായും പറഞ്ഞിട്ടുള്ളത്, ബാ ബിലോണിയൻസഭ സ്ഥാപിച്ചത് തോമ്മാശ്ലീഹായുടെ ശിഷ്യന്മാരായിരുന്ന അദ്ദായിയും മാരിയുമാണെന്നാണ്. എന്നാൽ തങ്ങളുടെ സഭ സ്ഥാപിച്ചത് സാക്ഷാൽ മാർത്തോ മ്മാശ്ലീഹാതന്നെയാണെന്ന് എടുത്തുപറഞ്ഞിട്ടുണ്ട്. മാർത്തോ മ്മാശ്ലീഹാ സമാധിപ്രാപിച്ച് ഒന്നോ രണ്ടോ ശതാബ്ദങ്ങൾ കഴിഞ്ഞാണ് അദ്ദേഹത്തിന്റെ ഭൗതികാവശിഷ്ടത്തിന്റെ ഒരു ഭാഗം മൈലാപ്പൂരിൽനിന്നും എദേസ്സായിലേയ്ക്ക് കൊണ്ടു പോകുന്നത്. ആ ബന്ധമല്ലാതെ നേരിട്ടു മറ്റൊന്നും എദേ സ്സാസഭയ്ക്ക് മാർത്തോമ്മാശ്ലീഹായുമായി ഉള്ളതായിക്കാണുന്നി ല്ല. എന്നാൽ മാർത്തോമ്മാശ്ലീഹായുടെ ശിഷ്യനിൽനിന്നു ക്രിസ്തുമതം സ്വീകരിച്ച എദേസ്സായിലെ സഭ തങ്ങളുടെ പ്രത്യേക മദ്ധ്യസ്ഥനായി മാർത്തോമ്മാശ്ലീഹായെ കരുതുകയും വണങ്ങുകയും ചെയ്യുന്നുണ്ട്. രണ്ടാമതായി മാർത്തോമ്മാശ്ലീഹാ യുടെ മിഷ്യൻ പര്യടനത്തോടു ഗാഢമായി ബന്ധമുള്ളതാണ്, ശ്ലീഹാ കേരളത്തിൽ സ്ഥാപിച്ചിട്ടുള്ള എഴരപ്പള്ളികളും മൈ ലാപ്പൂരിലെ സമാധിസ്ഥലവും. ഈ സ്ഥലകാലബന്ധങ്ങൾ എദേസ്സായിലുണ്ടോ? പിന്നെ കേരളത്തിലെ മാർത്തോമ്മാ പാരമ്പര്യം ഇറക്കുമതിചരക്കാണെന്ന് Dr. Brown വാദിക്കു ന്നതു് വിചിത്രതരമായിരിക്കുന്നു!!

8. Dr. Brown, P. 63.

www.malankaralibrary.com

# കർമ്മലീത്തരുടെ വരവും ഭരണവും

## റോമാ ഉണരുന്നു

പതിവുപോലെ, പതിനൊന്നാം മണിക്കൂറു കഴിഞ്ഞാണ്, റോമിലെ അധികാരികരം കേരളത്തിലെ യഥാർത്ഥ സ്ഥിതിഗതികരം മനസ്സിലാക്കുന്നത്. അപ്പോഴും സമയം വളരെ വൈകിയിരുന്നില്ല.

അതിൻെറ കാരണങ്ങരം: (a) എന്തു് പീഡനങ്ങളും ക്ലേശങ്ങളും സഹിച്ചും, പരിശുദ്ധ സിംഹാസനത്തിനു് വിധേയമായി നില്ക്കണമെന്നുള്ള മാർത്തോമ്മാക്രിസ്ത്യാനികളിൽ ഭൂരിപക്ഷത്തിൻെറയെങ്കിലും ദൃഢനിശ്ചയംതന്നെ: (b) മഹറോനെ പിശാചിനെയെന്നപോലെ അവർ ഭയപ്പെട്ടിരുന്നു; ഈ മഹറോൻെറ ഖഡ്ഗം ഉയർത്തിക്കാണിച്ചായിരുന്നല്ലോ, മെനേസിസ് എല്ലാ കാര്യങ്ങളും നേടിയെടുത്തതു്: (c) കേരളത്തിൽ കാലുകുത്തിയിട്ടുള്ള എല്ലാ സഭാനേതാക്കന്മാരും, അവർ സത്യവാന്മാരോ മറിച്ചോ ആകട്ടെ, അഹത്തള്ളാ വരെ, തങ്ങളുടെ ചൂണ്ടയിൽ കോർത്തിട്ട ഇരയാണു് ''മാപ്പാപ്പായാൽ അയയ്ക്കപ്പെട്ടവൻ'' എന്നതു്. ആ ഇരയിൽ മാത്രമേ മാർത്തോമ്മാക്രിസ്ത്യാനികളെ കിട്ടുകയുള്ളുവെന്നും അവർക്കു് ബോദ്ധ്യമുണ്ടായിരുന്നു: (d) വേർപിരിവുണ്ടായിരുന്നിട്ടും, ദശാബ്ദങ്ങളോളം അകന്നുനിന്നിട്ടും, വേർപെട്ടവർ പുനരൈക്യത്തിനു് അക്ഷീണശ്രമങ്ങരം ചെയ്തുകൊണ്ടിരുന്നതും, സഭയുടെയും സമുദായത്തിൻെറയും ഐക്യം ഭദ്രമാക്കാനായിരുന്നു.

റോമ്മിലെ പത്രോസിൻെറ സിംഹാസനവുമായി ഐക്യത്തിലിരിക്കുന്നതിനു്, 400 വർഷത്തോളം അതായതു് ആറേഴ്തലമുറകളോളം, കേരളത്തിലെ ആബാലവൃദ്ധം മാർത്തോമ്മാക്രിസ്ത്യാനികരം സഹിച്ച ഭീകരങ്ങളായ പീഡനങ്ങളുടേയും കഷ്ടതകളുടേയും ചരിത്രം വീരോചിതമായ ഒരു ഇതിഹാസംതന്നെയാണ്. ഭാരതീയരെയും അവരുടെ കഴിവുകളെപററിയും നല്ലതൊന്നും ഒരിക്കൽപോലും പറയാൻ കഴിഞ്ഞിട്ടില്ലാത്ത 20—ാം നൂററാണ്ടിലെ ജസ്യൂട്ട് പ്രൊവിൻഷ്യലും ചരിത്രകാരനുമായ ഫാ. ഫെറോളി മാർത്തോമ്മാ

www.malankaralibrary.com

ക്രിസ്ത്യാനികളെപ്പററി പറയുന്നതു്, ''അവർ കുലീനരും (''noble'') ദൃഢചിത്തരും (''tenacious'') ക്ഷമയുള്ളവരും (''patient'') ആണെന്നത്രേ![1] എന്നാലിന്നു്, പണത്തിൻെറ മാന്ത്രികദണ്ഡിൽ മതിമറന്നു് മയങ്ങിയ ആ ഉൽകൃഷ്ടജനവിഭാഗം തങ്ങളുടെ പിതാക്കന്മാരുടെ പൗരുഷവും ആത്മവീര്യവും എത്രമാത്രം ഉൾക്കൊള്ളുന്നുവെന്നുള്ളതു് ചിന്താർഹമാണു്.

ജസ്യൂട്ടു് വൈദികരെ മാററിക്കിട്ടുവാൻ മാത്തോമ്മാക്രിസ്ത്യാനികൾ തീവ്രമായി ആഗ്രഹിച്ചു. അവരുടെ സ്ഥാനത്തു്, മറേറതെങ്കിലും സന്ന്യാസസഭയെ അയയ്ക്കുവാൻ അവർ റോമിലേയ്ക്കും ലിസ്ബണിലേയ്ക്കും തുടരെത്തുടരെ അപേക്ഷകളയച്ചുകൊണ്ടിരുന്നു. എന്നാൽ അവരുടെ പരിദേവനങ്ങളെല്ലാം വനരോദനങ്ങളായി കലാശിക്കുകയാണു് ചെയ്തതു്. ഒടുവിൽ, കൂനൻകുരിശുസത്യമെന്ന ദുഃഖസത്യം റോമിലും ലിസ്ബണിലുമുള്ള കവാടങ്ങൾ തട്ടിത്തുറന്നപ്പോഴാണു്, അധികാരലഹരിയിൽ മതിമറന്നിരുന്നവർക്കു് മാത്തോമ്മാക്രിസ്ത്യാനികളുടെ നിവേദനങ്ങൾ കാണുവാൻ കണ്ണുകളും സങ്കടങ്ങൾ കേൾക്കാൻ കാതുകളുമുണ്ടായതു് ഏഷ്യയിൽ അവശേഷിച്ച ഏക അപ്പസ്തോലികസഭയിൽപ്പെട്ട രണ്ടുലക്ഷം ജനങ്ങളുടെ വേർപാടു് റോമായിലും ലിസ്ബണിലുമുള്ള അധികാരികളിൽ സംഭ്രമവും ഉല്ക്കണ്ഠയും ജനിപ്പിച്ചു. അതോടെ, ജസ്യൂട്ടു് ഭരണാധികാരികളെ മാറേറണ്ടതിൻെറ ബോധവും ഉദിച്ചു. അതിൻെറ ഫലമാണു് പിന്നീടു് മുന്നൂറുകൊല്ലത്തോളം കേരളം ജസ്യൂട്ടു്വൈദികർക്കു് ഒരു ബാലികേറാമലയായിത്തീന്നതു്. അതിനുണ്ടായിരുന്ന ഏക അപവാദം ആലപ്പുഴയിലെ ചെറിയ ജസ്യൂട്ടു് ഭവനമായിരുന്നെന്നു തോന്നുന്നു. അതു് അടച്ചുകെട്ടി ഒററപ്പെട്ട ഗോവൻ ഗോപുരംപോലെ നിന്നു. പുരാതനമായ മാർത്തോമ്മാസഭയുടെ ഭരണം ഏതൊരു സന്ന്യാസസഭയേയും ആകഷിക്കുന്ന മാധുര്യമേറിയ പൊൻകനിയായിരുന്നു. ഈ അവസരത്തിൽ റോമൻകൂറിയായുടെ ചരടുവലികളിൽ വിജയിച്ചതു്, ഇററാലിയരായ കർമ്മലീത്തരായിരുന്നു. അങ്ങനെയാണു് ജസ്യൂട്ടരെത്തുടന്നു്, കേരളഭരണം ഏറെറടുക്കുവാൻ ആദ്യം, പിൻവാതിലിൽക്കൂടെയും പിന്നെ, മുൻവാതിൽക്കൂടെയും കർമ്മലീത്തർ വന്നുകയറിയതു്.

പൊതുവേ പറഞ്ഞാൽ, പഠിപ്പും പാണ്ഡിത്യവും വിശാലമനസ്ക്കതയും കർമ്മലീത്തർക്കുപററിയ വിശേഷണങ്ങ

1. Vol. II: P.

www.malankaralibrary.com

ളായിരുന്നില്ല; ഭക്തിമാർഗ്ഗവും തപശ്ചര്യകളുമാണ് തങ്ങളുടെ തറവാട്ടുമുതലെന്ന് അവർ അവകാശപ്പെട്ടിരുന്നു. ആവൃതമന്ദിരങ്ങളിലെ അറകളിൽമാത്രം ഒതുങ്ങിനിന്നിരുന്ന അവരുടെ ജീവിതം ഉന്നതങ്ങളായ ആദ്ധ്യാത്മികസോപാനങ്ങളിലേയ്ക്ക് കയറുവാൻ പലരേയും സഹായിച്ചു. എന്നാൽ വിശാലമായ സഭാഭരണത്തിന്റെ ബഹുമുഖവും സങ്കീർണ്ണവുമായ പ്രശ്നങ്ങളെ കൈകാര്യംചെയ്യുവാൻ അതു് ഒട്ടുംതന്നെ പര്യാപ്തമായിരുന്നില്ല. ഇരുളടഞ്ഞതും ഇടുങ്ങിയതുമായ അറകളിൽനിന്നു് ഈ തപോധനന്മാർ വിശാലമായ ലോകത്തിന്റെ മനംമയക്കുന്ന വൈവിധ്യമാന്ന ജീവിതസങ്കീർണ്ണതകളിലേയ്ക്ക് ചിറകുവിരിച്ചുപറന്നുയന്നപ്പോഠം, അവരുടെ കണ്ണഞ്ചിപ്പോയി. പൊട്ടുന്നനവേ അവക്ക് കൈവന്ന ജീവിതസുഖങ്ങളുടേയും പ്രൌഢിയുടേയും വിനിയോഗവൈകല്യങ്ങരം കുന്നുകൂടി. ജസ്യൂട്ട് അധികാരം കുറേശ്ശെ കുറേശ്ശെയായി മാറുകയും, തൽസ്ഥാനം കമ്മലീത്തർ അപഹരിക്കുകയും ചെയ്തതോടെ, മാത്തോമ്മാക്രിസ്ത്യാനികരംക്ക് കൂടുതൽ കക്കശവും ക്രൂരവുമായ മുന്നൂറുവഷത്തെ ശനിദശയുടെ നാന്ദികുറിച്ചു. അതു് ചരിത്രത്തിന്റെ ഏടുകളിൽ സ്ഫടികസ്ഫുടമായി കാണാവുന്നതാണ്.

ഇത്രയുമായപ്പോഠം, റോമ്മായും മാത്തോമ്മാസമുദായത്തിനുമിടയ്ക്ക് ഒന്നരനൂററാണ്ടായി ജസ്യൂട്ട് മിഷ്നറിമാർ സൃഷ്ടിച്ചിരുന്ന ധൂമയവനിക കൂനൻകുരിശുസത്യത്തിന്റെ പ്രചണ്ഡവാതമേററു് മാഞ്ഞുമറഞ്ഞുപോയി. അപ്പോഴാണ്, അന്നുവാണിരുന്ന അലക്സാണ്ഡർ ഏഴാമൻ മാർപ്പാപ്പാ കേരളത്തിലെ സത്യാവസ്ഥകരം ഏതാണെന്നു മനസ്സിലാക്കുന്നതു്. മാർത്തോമ്മാക്രിസ്ത്യാനികരംക്ക് സാന്ത്വനവും സമാധാനവും നല്കി അവരെ തിരികെ കൊണ്ടുവരുവാൻ കമ്മലീത്താവൈദികനായ ഹയസിന്തിന്റെ (Hyacinth) നേതൃത്വത്തിൽ ഒരു അപ്പസ്റ്റോലിക് കമ്മീസ്സറിയെ അദ്ദേഹം നിയമിച്ചു. അദ്ദേഹത്തിന്റെകൂടെ ഉണ്ടായിരുന്നവർ ഫാദർ ജോസഫും ഫാ. വിൻസെൻറും ഫാ. മാത്യുവും ആയിരുന്നു. ഫാ. ജോസഫും വിൻസെൻറുമാണ് ആദ്യമായി കേരളത്തിലേയ്ക്ക് പുറപ്പെട്ടതു്. ഫാ. മാത്യു (സുപ്രസിദ്ധമായ Hortus Malabaricus എന്ന സസ്യശാസ്ത്രഗ്രന്ഥത്തിന്റെ കത്താവു്) പിന്നാലെ അവരുടെ കൂടെ ചേർന്നു. ഫാ. ഹയസിന്തു് വളരെ താമസിച്ചാണ് കേരളത്തിലെത്തിയതു്. ഇവക്ക് ആവശ്യമായ കല്പനകരം മാർപ്പാപ്പാ കൊടുത്തയച്ചിരുന്നു.

www.malankaralibrary.com

1656 ജനുവരി 19–ാം തീയതിയിലെ 'Cum Sicut' എന്ന കല്പനയിൽ തോമ്മാ അക്കദിയാക്കോനെയും അനുയായികളെയും ഗാർഷ്യാമെത്രാപ്പോലീത്തായുടെ അധികാരത്തിൻ കീഴിൽ കൊണ്ടുവരണമെന്ന് കമ്മീസ്സറിയോട് മാർപ്പാപ്പാ ആവശ്യപ്പെട്ടിരുന്നു.

മററു കല്പനകൾ താഴെ പറയുന്നവക്കായിരുന്നു:

(1) തോമ്മാഅക്കദിയാക്കോന്.

(2) അദ്ദേഹത്തിൻെറ അനുയായികൾക്ക്.

(3) ഗാർഷ്യാ മെത്രാപ്പോലീത്തായെ അനുസരിച്ചിരുന്നവക്ക്.

(4) ഗാർഷ്യാ മെത്രാപ്പോലീത്തായ്ക്ക്.

(5) കൊച്ചിരൂപതാധികാരികൾക്ക്.

ഈ കല്പനകളോടുകൂടിയാണ് കമ്മീസ്സറി കേരളത്തിലേയ്ക്ക് പുറപ്പെട്ടത്. റോമിൽ പെട്ടെന്നുണ്ടായ അസ്വസ്ഥതയുടേയും ഉൽക്കണ്ഠയുടേയും ഫലമായ ഈ നീക്കം, ദശാബ്ദങ്ങളായുള്ള മാർത്തോമ്മാക്രിസ്ത്യാനികളുടെ പരിദേവനങ്ങൾക്ക് നേരെ റോമ്മാ അനുവർത്തിച്ചുപോന്ന അവഗണനയ്ക്ക് തല്ക്കാലം വിരാമമിട്ടു. എന്നാൽ പ്രതിസന്ധി സൃഷ്ടിച്ചിട്ടുവേണമോ ഈ അവഗണന അവസാനിപ്പിക്കാൻ എന്ന് സ്വാഭാവികമായും ചോദിച്ചുപോകുന്നു. അധീശരും അധീനരും തമ്മിലുള്ള ബന്ധങ്ങളിൽ എന്തെല്ലാം വിനകളും വിപത്തുകളും ആണ് അധികാരപ്രമത്തതയുടെ അവഗണന സൃഷ്ടിച്ചിട്ടുള്ളതെന്നതിനു സാക്ഷ്യങ്ങൾ ചരിത്രത്തിൻെറ പുറങ്ങളിൽ ധാരാളമുണ്ട്. ''ഞാൻ സേവിക്കപ്പെടുവാനല്ല, സേവിക്കുവാനാണ് വന്നതെന്ന''ുള്ള ക്രിസ്തുവിൻെറ വാക്യം ഈ അവസരത്തിൽ എത്രയോ അന്വത്ഥമാണ്.

www.malankaralibrary.com

# പതിനഞ്ചാം അദ്ധ്യായം

# കർമ്മലീത്തർ കേരളത്തിലേയ്ക്കു്

## a) കർമ്മലീത്താസഭ

കത്തോലിക്കാസഭയിലെ ഒന്നൊഴികെയുള്ള എല്ലാ സന്ന്യാസസഭകളും സ്ഥാപിക്കപ്പെട്ടതു് സ്വാഭാവികമായും, ക്രിസ്തുവിനുശേഷമാണു്. അപവാദമായുള്ള കർമ്മലീത്താസഭ, ക്രിസ്തു ജനിക്കുന്നതിനു് തൊള്ളായിരം വർഷംമുമ്പു്, ഏലിയാദീർഘദർശി സ്ഥാപിച്ചതാണെന്നു് കർമ്മലീത്താസന്ന്യാസസഭകരം അവകാശപ്പെടുന്നു. ഇക്കാര്യത്തിൽ വേദപുസ്തകമോ മററു രേഖകളോ അവരെ സഹായിക്കുന്നതായി തോന്നുന്നില്ല. കർമ്മലീത്താസഭയുടെ മുദ്രയിൽ വാളും തീനാളവുമുണ്ടു്. അവ ഏലിയാ ദർഘദർശിയുടെ ആത്മചൈതന്യത്തിൻെറ പ്രതീകമാണു്. പഴയനിയമത്തിനു് അതു യോജിച്ചതുമായിരിക്കാം. പക്ഷേ, പുതിയനിയമത്തിലെ കുരിശിനോടും മുരംമുടിയോടും അതു യോജിക്കുമോ എന്നറിഞ്ഞുകൂടാ.

റോമ്മിലെ വി. പത്രോസിൻെറ ബസ്ലീക്കായിൽ, 1227-ൽ, സന്ന്യാസസഭാസ്ഥാപകരുടെ ഭീമാകാരപ്രതിമകരം സ്ഥാപിച്ചു. ഫ്രാൻസീസ്ക്കരുടെ വി. ഫ്രാൻസീസ് അസ്സീസിയും ജസ്യൂട്ടരുടെ ഇഗ്നേഷ്യസ് ലൊയോളായും, അങ്ങനെ ഓരോ സന്ന്യാസസഭാസ്ഥാപകനും സ്ഥലം പിടിച്ചു. കർമ്മലീത്തർ തങ്ങളുടെ സഭാസ്ഥാപകൻെറ പ്രതിമയായി, 13-ാം ബനഡിക്ടു് മാപ്പാപ്പായുടെ അനുവാദത്തോടെ കൊണ്ടുവന്നതു്, പഴയനിയമത്തിലെ ഏലിയാദീർഘദർശിയുടേതായിരുന്നു. എന്നാൽ അതു് പ്രചണ്ഡമായ വാദപ്രതിവാദകോലാഹലങ്ങരംക്കു് വഴിതെളിച്ചു. അങ്ങനെയാണു്, ഈശോസഭയിലെ ബുദ്ധിജീവികളും പുരോഗമനവാദികളുമെന്നറിയപ്പെട്ടിരുന്ന ''ബൊളാൻഡിസ്റ്റു്'' (Bollandist) കാരുടെ വിമർശനങ്ങരം ആരംഭിച്ചതു്. മുപ്പതുവർഷത്തോളം ശക്തമായ ഭാഷയിലും ചൂടേറിയ ശബ്ദത്തിലും ഈ വാദം തുടർന്നു. ഈ വാദപ്രതിവാദം വൈകാരികമൂച്ഛയിലെത്തിയപ്പോരം,

www.malankaralibrary.com

ഇതത്ര പന്തിയല്ലെന്നുകണ്ടു്, മാപ്പാപ്പാ ആധികാരികമായ ഒരു കല്പനമൂലം ഇരുക്കൂട്ടരേയും മൂകരാക്കി. ബൊളാൻഡിസ്റ്റു കാരുടെ അഭിപ്രായത്തിൽ, കർമ്മലീത്താസഭയുടെ സ്ഥാപനം എ. ഡി. 1155 ലാണു്. സ്ഥാപകൻ വി. ബെർത്തോൾഡും (Berthold).

പലസ്തീനയിൽ ആക്രാ (Acra)യ്ക്കു് ഒൻപതുമൈൽ തെക്കു പടിഞ്ഞാറാണു് കർമ്മലമല. അവിടത്തെ പാറക്കെട്ടുകളിലെ ഗുഹകളിൽ ഏകാന്തവാസികളായ ചില ക്രൈസ്തവമുനിമാർ തപസ്സുചെയ്തിരുന്നു. അതു് കുരിശുയുദ്ധങ്ങൾ ആരംഭിക്കുന്നതിനു് വളരെ മുമ്പാണു്. ഈ മുനിമാർ സുറിയാനി – ഗ്രീക്കു റീത്തുകളിൽപെട്ട പൌരസ്ത്യരായിരുന്നു. അന്ത്യോക്യാപാത്രിയർക്കീസിന്റെ അടുത്ത ചാർച്ചക്കാരനായ വി. ബെർത്തോൾഡു്, ഒററതിരിഞ്ഞു താമസിച്ചിരുന്ന ഈ സന്ന്യാസിമാരെയെല്ലാം സംഘടിപ്പിച്ചു് ഒരു സമൂഹമാക്കി പാർപ്പിച്ചു. കുരിശുയുദ്ധത്തോടുകൂടി യൂറോപ്പിൽനിന്നുവന്ന ആത്മീയജീവിതപ്രേമികളും അവരുടെകൂടെച്ചേർന്നു. സന്ന്യാസിമാരായിത്തീർന്ന യൂറോപ്യന്മാർ സ്വന്തം നാടുകളിൽ മടങ്ങിച്ചെന്നപ്പോൾ അവിടെയും അതു പ്രചരിപ്പിച്ചു. അങ്ങനെയാണു് കർമ്മലീത്താസഭയുടെ ഉത്ഭവവും പ്രചാരവും.1.

## കർമ്മലീത്തർ ഭാരതത്തിൽ – ഗോവയിൽ, 1620 കേരളത്തിൽ 1634.

യൂറോപ്പിലുണ്ടായിരുന്ന കർമ്മലീത്തരിൽ ചിലർ 1608–ൽ പേർഷ്യയിലെത്തി, മററു സന്ന്യാസസഭകളോടൊപ്പം മതപ്രചരണം നടത്തിത്തുടങ്ങി. 1620–ൽ കർമ്മലീത്തർ ഗോവയിൽ ഒരാശ്രമം സ്ഥാപിച്ചു പ്രവർത്തനമാരംഭിച്ചു. 1599–ലെ ഉദയംപേരൂർ സൂനഹദോസു് കേരളസഭയെ ഗോവാ അതിരൂപതയുടെ സാമന്തരൂപതയാക്കിയതുമൂലം, രണ്ടുരൂപതകളും തമ്മിൽ സമ്പർക്കങ്ങൾ ധാരാളമുണ്ടായി. വളരെയധികം കേട്ടിരിക്കാനിടയുള്ള പുരാതനമായ കേരളസഭയോടുള്ള കൗതുകം കൊണ്ടോ, മററുവല്ല പ്രത്യേകലക്ഷ്യവും ലാക്കാക്കിയോ, 1634–ൽ ഫാ. ജോസഫു് ഏലിയാസും മറെറാരു കർമ്മലീത്താവൈദികനും കേരളത്തിലെത്തി. മാർത്തോമ്മാക്രിസ്ത്യാനികൾ ജസ്യൂട്ടരെ ശത്രുക്കളെപ്പോലെ വെറുത്തിരുന്ന ഒരു കാല

1. Archdale A king, Liturgies of the Religious orders, 1955; P. 235.

www.malankaralibrary.com

മായിരുന്നു അതു്. തന്മൂലം അവർ ഈ നവാഗതരെ സന്തോഷപൂർവ്വം സ്വീകരിച്ചു. കർമ്മലീത്തർ പുരാതനമായ ഇടവകയായ കുറവിലങ്ങാട്ടു താമസിച്ചു്, കർമ്മലീത്താ ഉത്തരീയത്തിന്റെ സഖ്യം സ്ഥാപിച്ചു. ഇരുപത്തിമൂന്നുവർഷം കഴിഞ്ഞു് കുറവിലങ്ങാട്ടു സന്ദർശിച്ച കർമ്മലീത്താമിഷ്നറി ഉത്തരീയ സഖ്യത്തിൽ അവിടെ അയ്യായിരം അംഗങ്ങളെയാണു് കണ്ടതു്. ഉത്തരീയം, അഥവാ 'വെന്തിങ്ങ', ആളുകൾക്കു് വളരെയിഷ്ടപ്പെട്ടുവെന്നു തോന്നുന്നു. Pr. Ferroli പറയുന്നുണ്ടു്, മാർത്തോമ്മാക്രിസ്ത്യാനികൾ അവരുടെ ആൺകുഞ്ഞുങ്ങളെ മാമ്മോദീസാ മുക്കുമ്പോൾ, സമാപനചടങ്ങായി കാർമ്മികൻ കുഞ്ഞിനെ പൂണൂൽ ധരിപ്പിക്കാറുണ്ടെന്നു് – ആൺകുഞ്ഞുങ്ങൾക്കും പെൺകുഞ്ഞുങ്ങൾക്കും ധരിക്കാവുന്ന പൂണൂലാണല്ലോ ഉത്തരീയം. അതു് സ്ത്രീജനങ്ങളെ വളരെ സന്തോഷിപ്പിച്ചിട്ടുണ്ടാകും.

## കേരളത്തിൽ കർമ്മലീത്തരുടെ ഭരണം


### ഫാ. ജോസഫ് സെബസ്ത്യാനിയും ഫാ. വിൻസെൻറും

നിലവിലിരുന്ന പദ്രവാദോയുടെ അധികാരത്തിനും അവകാശങ്ങൾക്കും വിരുദ്ധമായി പ്രൊപ്പഗാന്താ നൽകിയ അധികാരപത്രവുംകൊണ്ടാണു് ഫാ. ജോസഫ് സെബസ്ത്യാനിയും ഫാ. വിൻസെൻറും യൂറോപ്പിൽനിന്നും പുറപ്പെട്ടതു്. പോർച്ചുഗീസുകാരുമായുള്ള എല്ലാ സമ്പർക്കങ്ങളും ഒഴിവാക്കാൻ വേണ്ടി, അവർ സിറിയ, പേർഷ്യാ മുതലായ രാജ്യങ്ങളിൽക്കൂടി കരവഴി യാത്രചെയ്തു. അനന്തരം പേർഷ്യൻതുറമുഖത്തുനിന്നും കപ്പൽമാർഗ്ഗം, 1656-ൽ അവർ സൂററ്റിൽ വന്നെത്തി. അവിടെനിന്നും ഗോവാവഴിക്കു് ഗോവാസ്സുട്ടത്തെത്തിയപ്പോൾ, ഡച്ചുകാർ അവരുടെ കപ്പൽ പിടിച്ചെടുത്തു. എന്നാൽ ഡച്ചു് നാവികസൈന്യാധിപനായ (Hadrian Totes) ഹദ്രിയാൻ ടോട്ടസ് രഹസ്യമായി ഒരു കത്തോലിക്കനായിരുന്നതുകൊണ്ടു്, അവരെ ബഹുമാനപൂർവ്വം സ്വീകരിക്കുകയും ഒരു മലയാളിയുടെ പത്തേമാരിയിൽ കയററി കണ്ണൂരിലേയ്ക്കു് അയയ്ക്കുകയും ചെയ്തു[2]. കണ്ണൂരിൽനിന്നും അവർ കരമാർഗ്ഗം കോഴിക്കോട്ടു് വന്നുചേർന്നു. വീണ്ടും കരമാർഗ്ഗംതന്നെ യാത്ര തുടങ്ങുവാൻ ഒരുങ്ങുമ്പോൾ,

2. Ferroli: Vol. II, P. 39



www.malankaralibrary.com



മലബാർ പടവ്-മദ്ധ്യശതങ്ങളിൽ

www.malankaralibrary.com

കോഴിക്കോട്ടുണ്ടായിരുന്ന ഒരു പോർച്ചുഗീസ് ഉദ്യോഗസ്ഥൻ, അതു് അപകടകരമായിരിക്കുമെന്നു് ഒരു മുന്നറിയിപ്പുനല്കി. അതിനാൽ അവർ അവിടെനിന്നും വഞ്ചിമാർഗ്ഗം പുറപ്പെട്ടു് പാലയൂർവന്നു.

ശീമക്കാരായ വൈദികർ തന്റെ കടവിലടുത്തുവെന്നു കണ്ടപ്പോൾ, പാലയൂർപ്പള്ളി വികാരി അവിടെനിന്നും ഒളിച്ചുമാറിക്കളഞ്ഞു. എന്നാൽ ഫാ. ജോസഫിന്റെകൂടെ ഉണ്ടായിരുന്ന ദ്വിഭാഷി, വികാരിയച്ചനെ കണ്ടുപിടിക്കുകയും ഈ കമ്മലീത്താവൈദികരുമായി സംസാരിക്കണമെന്നു് നിർബന്ധപൂർവ്വം അപേക്ഷിക്കുകയും ചെയ്തു. അതനുസരിച്ചു്, വികാരിയച്ചൻ ദ്വിഭാഷിമുഖേന, ഈ വൈദികരോടു് സംസാരിക്കുവാൻ തുടങ്ങി. ''കൂനൻകുരിശുസത്യ''ത്തിൽ മാർപ്പാപ്പാ ദുഃഖിതനായിരിക്കുന്നുവെന്നും ജസ്യൂട്ടു് വൈദികർ വരുത്തിവെച്ച വിനകൾ പരിഹരിച്ചു്, സഭയിൽ സമാധാനം സ്ഥാപിക്കുവാനാണു് മാർപ്പാപ്പാ തങ്ങളെ അയച്ചിരിക്കുന്നതെന്നും കമ്മലീത്താവൈദികർ ഹൃദയസ്പർശകമായി പറഞ്ഞപ്പോൾ, വികാരിയച്ചനു് അവരോടു് സൗഹാർദ്ദവും ആത്മാർത്ഥതയും ഉളവായി. സംഭാഷണം പുരോഗമിക്കവേ, വികാരിയച്ചൻ പൊടുന്നനവേ വളരെ സരളമായ പോർച്ചുഗീസ്ഭാഷയിൽ വാചാലമായി സംസാരിക്കുവാൻ തുടങ്ങി. ഇതുകേട്ടു് കമ്മലീത്താ വൈദികരും ദ്വിഭാഷിയും കുറെനേരത്തേക്കു് അത്ഭുതസ്തബ്ധരായിരുന്നുപോയി. തുടർന്നുള്ള യാത്രയിൽ, പോർച്ചുഗീസ് കേന്ദ്രങ്ങൾ ഒഴിവാക്കണമെന്നു് വികാരിയച്ചൻ അവരെ ഉപദേശിക്കുകയും, അക്ദിയാക്കോനു നല്കുവാൻ അവരുടെ പക്കൽ ഒരെഴുത്തു് കൊടുത്തയക്കുകയും ചെയ്തു.

അതനുസരിച്ചു്, പോർച്ചുഗീസ് ആധിപത്യമുണ്ടായിരുന്ന പള്ളിപ്പുറം (വടക്കൻ) മുതലായ ക്രിസ്ത്യൻ കേന്ദ്രങ്ങളിൽ അവർ ഇറങ്ങിയില്ല. അക്ദിയാക്കോൻ താമസിച്ചിരുന്ന ഇടപ്പള്ളിയിലേയ്ക്കാണു് അവർ നേരിട്ടു പോയതു്. അന്നു് ഇടപ്പള്ളിയിൽ വികാരിയായിരുന്നതു്, അക്ദിയാക്കോന്റെ സഹോദരനായിരുന്നു; ഇദ്ദേഹത്തെ പലപ്രാവശ്യം കക്കശബുദ്ധിയായ ഗാർഷ്യാ മെത്രാപ്പോലീത്താ മഹറോനിൽ നിർത്തുകയും വിടർത്തുകയും ചെയ്തിട്ടുണ്ടെന്നു് ഫെറോളി പറയുന്നു. അധികാരികളുടെ സ്വഭാവവൈചിത്ര്യങ്ങൾ അവർക്കുതന്നെയും അനേകം അധീനർക്കും എത്രയോ വലിയ ശാപമായിത്തീരാറുണ്ടു്. കമ്മലീത്താ വൈദികർ, ഇടപ്പള്ളിയിൽ ആളൊ

www.malankaralibrary.com

ഴിഞ്ഞ ഒരു വീട്ടിൽ താമസിച്ചുകൊണ്ടു് ഒന്നാം മാർത്തോമ്മാ യുമായി കൂടിയാലോചനകൾ ആരംഭിച്ചു[3].

## മാർത്തോമ്മാ ഒന്നാമനുമായി കൂടിക്കാഴ്ച

മാർത്തോമ്മാ ഒന്നാമൻെറ പ്രധാന വക്താക്കൾ, ആഞ്ഞിലിമൂട്ടിൽ ഇട്ടിത്തൊമ്മൻ കത്തനാരും പോർച്ചുഗീസുകാരനായ ഫാ. ഡയസ്സുമായിരുന്നു. ഫാ. ഡയസ്സിനു് ലത്തീനും പോർച്ചുഗീസും നല്ല വശമായിരുന്നു. വിദേശിയർക്കുള്ള കത്തുകൾ അവരുടെ ഭാഷകളിൽ തയ്യാറാക്കിക്കൊടുത്തതു് ഫാ. ഡയസ്സാണു്. അവരുടെ വാദം മാർത്തോമ്മായെ മെത്രാനായി സ്വീകരിക്കണമെന്നായിരുന്നു. അതിനവർ ചില ന്യായങ്ങൾ ഉന്നയിക്കുകയുണ്ടായി. സുറിയാനിസഭയിലെ ഒരു പുരാതന കാനൻ അനുസരിച്ചു്, അത്യാവശ്യംവരുന്ന സന്ദർഭങ്ങളിൽ പന്ത്രണ്ടു വൈദികർ കൈവയ്പു നല്കി ഒരു മെത്രാനെ വാഴിക്കുമായിരുന്നു: അലക്സാണ്ട്രിയായിലെ കോപ്ററിക് സഭയിൽ ഇങ്ങനെയൊന്നു് നടന്നിട്ടുള്ളതായി അവർ ചൂണ്ടിക്കാട്ടി. എന്നാൽ ചരിത്രകാരനായ അസ്സേമാനി അതിനെ കാനോൻനിയമത്തിനു വിരുദ്ധമെന്നാണു് പറയുന്നതു്. അക്ക്ദിയാക്കോൻെറ മെത്രാൻസ്ഥാനത്തെ നീതീകരിക്കുവാനും അംഗീകരിക്കുവാനും ഫാ. അന്തോണിയോ എന്നൊരു വിദേശഫ്രാൻസിസ്ക്കൻ മിഷ്നറിയും ഉണ്ടായിരുന്നു. ഈ വിദേശമിഷ്നറി, പന്ത്രണ്ടു വൈദികരുടെ കൈവയ്പുമൂലം മാർത്തോമ്മാ ഒന്നാമനു സിദ്ധിച്ച മെത്രാൻസ്ഥാനം ഗോവാമെത്രാപ്പോലീത്തായുടെ സ്ഥാനത്തിനു തുല്യമെന്നാണു് പ്രഖ്യാപിച്ചതു്.

## പദ്രവാദോയും പ്രൊപ്പഗാന്തായും മുഖാമുഖം

പ്രൊപ്പഗാന്തായിൽനിന്നും അയയ്ക്കപ്പെട്ട കർമ്മലീത്തരുടെ ഈ വരവു് ഗുരുതരങ്ങളായ പല പ്രശ്നങ്ങളും സൃഷ്ടിച്ചു. ഇന്ത്യയിലുള്ള ക്രൈസ്തവസഭകളുടെ ഭരണം പദ്രവാദോമൂലം പോർച്ചുഗൽരാജാവിനു് നേരത്തെതന്നെ മാപ്പാപ്പാമാർ നല്കിയിട്ടുള്ളതാണു്. അതു് വളരെക്കാലമായി പോർച്ചുഗീസുരാജാവു് അനുഭവിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. എന്നാലിപ്പോൾ, പദ്രവാദോയെ മറികടന്നു്, മാപ്പാപ്പായുടെ കീഴിലുള്ള പ്രൊപ്പഗാന്താസംഘം മറെറാരു അധികാരിയെ നിയോഗിക്കുന്നു

3. Hough, P. 314–'16.

www.malankaralibrary.com

വെങ്കിൽ, പദ്രവാദോയുടെ അധികാരം നിലനില്ക്കുന്നിടത്തോളംകാലം, അതു് ന്യായപൂർവ്വമെന്നു് പറയുവാൻ നിവൃാഹമില്ല. എന്നാൽ അതു് നിഗൂഢമായ ഒരു തിരുകികയററൽ കൂടിയാകുമ്പോഴും ആക്ഷേപകരവും പ്രതിഷേധാഹ്വമായിത്തീരുന്നു. കൂടാതെയും, പരസ്പരവിരുദ്ധമായ ഈ ദ്വിഭരണരീതി ഭരണീയരായ മാർത്തോമ്മാക്രിസ്ത്യാനികളുടെ ഇടയിൽ ഗുരുതരമായ ചിന്താക്കുഴപ്പങ്ങളും കലാപങ്ങളും ഇടച്ച്യും സൃഷ്ടിക്കുകയും ചെയ്യും: ഇതായിരുന്നു, പദ്രവാദോയുടെ വാദം.

അതിനെതിരായി, പ്രൊപ്പഗാന്തായ്ക്കു് പറയുവാനുണ്ടായിരുന്നതു് ഇപ്രകാരമാണു്: ജസ്യൂട്ടു് വൈദികർ മാർത്തോമ്മാക്രിസ്ത്യാനികളുമായി ഇടപെടുകയും അവരുടെ പള്ളികളിൽ പ്രസംഗങ്ങളും കർമ്മങ്ങളും നടത്തുകയും ചെയ്യുവാൻ തുടങ്ങിയിട്ടു് 150 വർഷങ്ങളായി. രണ്ടു് പോർച്ചുഗീസ് ജസ്യൂട്ടു് മെത്രാന്മാർ അവരെ ഭരിച്ചുകഴിഞ്ഞു; മൂന്നാമത്തെ മെത്രാൻ ഇപ്പോഴും ഭരിക്കുകയും ചെയ്യുന്നു. ജസ്യൂട്ട ഭരണത്തിൻെറ നയവൈകല്യങ്ങളും പെരുമാററദൂഷ്യങ്ങളുംകൊണ്ടു്, അവരുടെ ഭരണത്തിനെതിരായി തോമ്മാക്രിസ്ത്യാനികൾ ഒന്നടങ്കം, എതിർപ്പിൻെറ കൊടി ഉയർത്തിയിരിക്കുകയാണു്. രണ്ടുലക്ഷം ജനങ്ങളിൽ നാന്നൂറു് പേരൊഴിച്ചാൽ, ബാക്കിയുള്ളവരെല്ലാം ഈ എതിർപ്പിൻെറ കൊടിക്കീഴിൽ നിരന്നുവെന്നു് ചരിത്രകാരന്മാർ പറയുന്നു. 98% ജനങ്ങളും ഗാർഷ്യാമെത്രാപ്പോലീത്തായെ കഠിനമായി എതിർക്കുന്നു. അലക്സാണ്ടർ 7–ാമൻ മാർപ്പാപ്പാ കർമ്മലീത്തരായ അപ്പസ്തോലകമ്മീസറിയെ നിയമിക്കുന്ന "Cum Sicut" എന്ന കല്പനയിൽ ഒന്നരലക്ഷം ജനങ്ങൾ ഗാർഷ്യായെ വിട്ടുപോയതായി പറയുന്നുണ്ടു്[4]. ഈ നിലയിൽ പോർച്ചുഗീസുകാർക്കു് കേരളസഭയെ ഭരിക്കുവാൻ എന്തവകാശം? കേരളസഭയ്ക്കു് റോമാസഭയുമായുള്ള ഐക്യവും കേരളസഭയിലെ സമാധാനവും, പോർച്ചുഗീസ് മേധാവിത്വത്തെക്കാൾ പ്രാധാന്യമുള്ളതല്ലേ? ഒരു വ്യത്യാസംമാത്രം, പോർച്ചുഗലിൻെറ നീക്കം പരസ്യമായിട്ടും നിയമപരമായിട്ടും ആയിരുന്നെങ്കിൽ, പ്രൊപ്പഗാന്തായുടെ നീക്കം രഹസ്യമായിട്ടും പിൻവാതിലിൽക്കൂടിയുമായിരുന്നു. വളരെ മൃദുലവും തന്ത്രപരവുമായിട്ടാണു് പ്രൊപ്പഗാന്താ പ്രവർത്തിച്ചിരുന്നതെങ്കിലും, പദ്രവാദോ–പ്രൊപ്പഗാന്താസംഘട്ടനം അനിവാര്യമായിരുന്നു.

4. Ferroli: Vol. II, P. 51.

www.malankaralibrary.com

ഗാർഷ്യായുടെയും അക്കദിയാക്കോൻെറയും കക്ഷികളെ കൂടാതെയുള്ള മൂന്നാമത്തെ കക്ഷിയായിരുന്നു, കർമ്മലീത്താ വൈദികരുടെ ഭാഗത്തു നിന്നിരുന്നതു്. അവരുടെ നില താഴെപ്പറയുംപ്രകാരമായിരുന്നു. ഗാർഷ്യാമെത്രാപ്പോലീത്താ പോർച്ചുഗീസുകാരനും ജസ്യൂട്ടമായിരുന്നതിനാൽ, ജനങ്ങൾ അദ്ദേഹത്തിൻെറകൂടെ ഒരിക്കലും ചേരുകയില്ല. അക്കദിയാക്കോൻ സ്വയം അധികാരം ഏറെറടുത്തു് സഭയിൽനിന്നും ഭിന്നിച്ചുപോയതുകൊണ്ടു്, അദ്ദേഹത്തിൻെറകൂടെയുമില്ല: മാപ്പാപ്പായോടു് ഐക്യമുള്ള കർമ്മലീത്തരുടെകൂടെ ചേരാൻ വിരോധമില്ല, എന്നാൽ അവർ മാർത്തോമ്മാക്രിസ്ത്യാനികളുടെ പാരമ്പര്യങ്ങളും അവകാശങ്ങളും സംരക്ഷിക്കുമെന്നു് ഉറപ്പുവേണം. ഭൂരിപക്ഷം ജനങ്ങളും, കാലക്രമേണയെങ്കിലും, ഈ നിലയാണു് സ്വീകരിച്ചതു്. ആശകളും വാഗ്ദാനങ്ങളും നൽകുന്നതിൽ കർമ്മലീത്തർ ലുബ്ധരായിരുന്നില്ല. വാഗ്ദാനത്തിൻെറയും അതിൻെറ സാഫല്യത്തിൻെറയും ഇടയ്ക്കു്, കാലത്തിൻെറ ഒരു വിടവുണ്ടല്ലോ. ഈ വിടവിൽ വന്നുകൂടാവുന്ന മാനുഷികവികാരത്തിൻെറ ശീതീകരണവും കാര്യത്തിൻെറ വിസ്മൃതിയും കർമ്മലീത്താക്കാക്കു് അനുകൂലമായിരുന്നു. എന്നാൽ മറന്ന വാഗ്ദാനങ്ങളെ വിളിച്ചുണർത്തുന്ന കടുംകൈകൾ ചെയ്യാതിരിക്കാനുള്ള ബുദ്ധിയും വിവേകവും, ഈ കർമ്മലീത്താ മിഷ്യനറിമാർക്കുണ്ടായിരുന്നില്ല. പോർച്ചുഗീസുകാരനും ജസ്യൂട്ടനുമായ ഗാർഷ്യാമെത്രാപ്പോലീത്തായോടുള്ള എതിർപ്പു് മാത്രമല്ലായിരുന്നു കർമ്മലീത്താവൈദികരുടെ വരവിനുള്ള നീതീകരണം 'O' വട്ടമുള്ള കൊച്ചിരൂപതയൊഴിച്ചു് കേരളത്തിൻെറ മററു ഭാഗങ്ങളിലെല്ലാം കർമ്മലീത്താപ്രവത്തനങ്ങൾ ഒരു വടവൃക്ഷംപോലെ പടന്നുപന്തലിക്കുവാൻ കാരണമാക്കിയതു്, ജസ്യൂട്ടരോടും പോർച്ചുഗീസുകാരോടും മാർത്തോമ്മാക്രിസ്ത്യാനികൾക്കുണ്ടായിരുന്ന വിദ്വേഷവും വിരോധവുമാണു്: വളക്കൂറുള്ള ആ മണ്ണിലാണു് കർമ്മലീത്തരുടെ ദുർഭരണവും അവരുടെ കുതന്ത്രങ്ങളും മുളയെടുത്തതും തഴച്ചുവളന്നതും.

## കർമ്മലീത്തരുടെ നുഴഞ്ഞുകയററം

കർമ്മലീത്താ മിഷ്യനറിമാരായ വിൻസൻറും ജോസഫും വൈപ്പിക്കോട്ടയിൽവന്നു്, നസ്രാണിനേതാക്കന്മാരെ വിളിച്ചുകൂട്ടി, അവരുടെ സങ്കടങ്ങൾ പരിഹരിക്കുവാൻ മാപ്പാപ്പാ ആകാംക്ഷാപൂർവ്വം കാത്തിരിക്കുന്നുവെന്നറിയിച്ചു. കൂടാതെ, പന്ത്രണ്ടു് അച്ചന്മാർകൂടിയുള്ള അക്കദിയാക്കോൻെറ മെത്രാഭി

www.malankaralibrary.com

ഷേകം അസാധുവാണെന്നും അറിയിച്ചു. അക്കിദിയാക്കോൻെറ വലംകൈയ്യായിനിന്ന ഇട്ടിത്തൊമ്മൻകത്തനാരും സെക്രട്ടറിയായിരുന്ന ഫാ. ഡയസ്സും ഇതിനു മറുപടികൊടുത്തതു് മാർത്തോമ്മായെ മെത്രാനായി റോമാ അംഗീകരിക്കുകയാണെങ്കിൽ, എല്ലാ പ്രശ്നങ്ങളും തീരുമെന്നായിരുന്നു. മിഷ്നറിമാർ അതിനു നൽകിയ ഉത്തരം, ''മാർത്തോമ്മാ അനുതപിച്ചു് റോമിൽ അപേക്ഷ സമർപ്പിക്കട്ടെ, അപ്പോൾ ആലോചിക്കാം'' എന്നായിരുന്നു.

അനന്തരം കർമ്മലീത്താമിഷ്നറിമാർ പള്ളികൾതോറും സഞ്ചരിച്ചു്, റോമായുടെ കീഴിൽ ഉറച്ചുനില്ക്കേണ്ടുന്നതിനെപ്പററി ഉൽബോധിപ്പിച്ചുകൊണ്ടിരുന്നു. 'അപ്പസ്തോലിക് കമ്മിസറി'യായ കർമ്മലീത്താവൈദികർ ഗാഷ്യാമെത്രാപ്പോലീത്തയുമായി യാതൊരു ബന്ധവുമില്ലാത്ത നിലയിലാണു് വർത്തിച്ചിരുന്നതു്. ജനങ്ങൾ വെറുത്തിരുന്ന ഗാഷ്യാമെത്രാപ്പോലീത്തായുമായി വല്ല സമ്പക്കവുമുണ്ടെന്നു് അവർ സംശയിച്ചിരുന്നെങ്കിൽ. ഐക്യശ്രമങ്ങൾ പാടെ തകരുമെന്നു് പറയുവാൻ അവക്കു് നല്ലൊരു സമാധാനവുമുണ്ടായിരുന്നു. ജസ്യൂട്ടരെയും പോർച്ചുഗീസുകാരെയും മാററി, ഇററാലിയൻ കർമ്മലീത്തരെ പ്രതിഷ്ഠിക്കുവാനായിരുന്നു കമ്മിസറിയുടെ ഉള്ളിൻെറ ഉള്ളിലെ ഉദ്ദേശ്യം.

ഇതിനിടയിൽ വിൻസെൻറു് പാതിരി, ഗാഷ്യായുടെ അടുക്കൽചെന്നു്, അദ്ദേഹത്തിൻെറ അനുഗ്രഹാശിസ്സുകൾ യാചിച്ചു. അതിനു് തന്ത്രപൂവ്വമായ ഒരു ഉപചാരത്തിൽക്കവിഞ്ഞ യാതൊരർത്ഥവുമുണ്ടായിരുന്നില്ല. വിഘടിച്ചുനില്ക്കുന്ന മാർത്തോമ്മാക്രിസ്ത്യാനികളെ ഗാർഷ്യാമെത്രാപ്പോലീത്തായുടെ ഭരണത്തിൻകീഴിൽ കൊണ്ടുവരണമെന്നായിരുന്നു കർമ്മലീത്താകമ്മിസറിക്കു് മാർപ്പാപ്പാ കൊടുത്ത കല്പന. എന്നാൽ ജസ്യൂട്ടരെ ഗളഹസ്തം ചെയ്തു് അവരുടെ സ്ഥാനത്തു് കയറിപ്പററുവാനായിരുന്നു കർമ്മലീത്താവൈദികർ ഗൂഢമായി ശ്രമിച്ചിരുന്നതു്. മെത്രാപ്പോലീത്തായുടെയും കർമ്മലീത്തരുടെയും അക്കിദിയാക്കോൻെറയും കക്ഷികൾ പരസ്പരം മത്സരിച്ചു്, തങ്ങളുടെ കക്ഷികളിൽ ആളുകളെ ചേക്കുവാൻ ശ്രമിച്ചുകൊണ്ടിരുന്നു. ഗാഷ്യായുടേയും കർമ്മലീത്തരുടേയും അക്കിദിയാക്കോൻേറയും കക്ഷികൾ പണം കൊടുത്താണു് ആളുകളെ വശീകരിക്കുന്നതെന്നു് അവർ അന്യോന്യം ആരോപിച്ചു.

www.malankaralibrary.com

അക്ദിയാക്കോൻെറ കക്ഷികളുടെ ആരോപണത്തെ നേരി ടാൻവേണ്ടി, കർമ്മലീത്താമിഷ്നറിമാർ തങ്ങൾ ദരിദ്രരാണെന്നു് പറഞ്ഞുകൊണ്ടു്, വീടുകൾതോറും ഭിക്ഷാപാത്രവുമായി ഇറങ്ങിനടന്നു. ഇതു് വെറും വേഷമാണെന്നും നാട്ടുരാജാക്കന്മാക്കും അവരുടെ ശിങ്കിടികൾക്കും അവർ വൻതുകകൾ കോഴയായി കൊടുക്കുന്നുവെന്നും അക്ദിയാക്കോൻ കക്ഷികൾ കുററപ്പെടുത്തി. അക്ദിയാക്കോൻ പട്ടം കൊടുത്ത വൈദികരെ, കർമ്മലീത്താമിഷ്നറിമാർ ഗാഷ്യ്യായുടെ അടുക്കൽ കൊണ്ടുചെന്നു് വീണ്ടും പട്ടം കൊടുപ്പിച്ചതൊഴിച്ചാൽ, മെത്രാപ്പോലീത്തായുടെ കീഴിലാണു്. തങ്ങൾ പ്രവത്തിക്കുന്നതെന്നു കാണിക്കുവാൻ അവക്കു് ഒന്നുംതന്നെ ഉണ്ടായിരുന്നില്ല. കർമ്മലീത്താമിഷ്നറിമാർ അവക്കു് സ്വതന്ത്രമായൊരു ഭരണമാണു് നടത്തിക്കൊണ്ടുപോന്നതു്. എല്ലാവരും ചേൎന്നു കഴിഞ്ഞിട്ടു്, മെത്രാപ്പോലീത്തായുടെ കീഴിലാക്കിക്കൊള്ളാമെന്നു് അവർ അദ്ദേഹത്തിനെഴുതി. എന്നാൽ അതിൽ എത്രമാത്രം ആത്മാൎത്ഥതയുണ്ടായിരുന്നുവെന്നു് പിന്നീടുള്ള സംഭവങ്ങൾ തെളിയിക്കുന്നു. ഈ എഴുത്തു് രഹസ്യമായ ഒന്നായിരുന്നെങ്കിലും, മെത്രാപ്പോലീത്താ അതു് പലരേയും പരസ്യമായി കാണിച്ചു. ഇങ്ങനെ ജസ്യൂട്ടു് കർമ്മലീത്താസഭകൾ തമ്മിലും പോർച്ചുഗീസ് – ഇററാലിയൻ ദേശക്കാർ തമ്മിലും (കർമ്മലീത്താക്കാർ മിക്കവാറും എല്ലാവരുംതന്നെ ഇററലിക്കാരായിരുന്നു) ഉള്ള അസൂയയും വിദ്വേഷവും ഒന്നിനൊന്നു വദ്ധിച്ചുകൊണ്ടിരുന്നു. ഐക്യപ്പെട്ട മാർത്തോമ്മാക്രിസ്ത്യാനികൾ പോർച്ചുഗീസുകാരനും ജസ്യൂട്ടും ആയ ഗാഷ്യ്യാ മെത്രാപ്പോലീത്തായുടെ കീഴിലിരിക്കുകയില്ലെന്നു് ശപഥം ചെയ്തു. ഇതു് ഇററാലിയരായ കർമ്മലീത്താവൈദികക്കു് അതീവസന്തോഷവുമായിരുന്നു. പദ്രവാദോ അനുസരിച്ചു് ഇന്ത്യയിലെ ക്രൈസ്തവസഭകളെല്ലാം പോർച്ചുഗീസ്‌രാജാവിൻെറ കീഴിലായിരുന്നതുകൊണ്ടും ഗാഷ്യ്യാമെത്രാനെ പോർച്ചുഗീസ്‌രാജാവു് നിയമിച്ചതായതുകൊണ്ടും, കർമ്മലീത്താമിഷ്നറിമാരുടെ ഉള്ളിലുള്ള ഉദ്ദേശ്യങ്ങളെല്ലാം പുറത്തു കാണിക്കുവാൻ പ്രയാസമായിരുന്നു. അതേസമയംതന്നെ, ഗാർഷ്യ്യായെ ജനങ്ങൾ അങ്ങേയററം വെറുത്തിരുന്നതുകൊണ്ടു് ഇപ്പോഴോ, പിന്നീടോ, അദ്ദേഹത്തിൻെറ കീഴിൽ വരുമെന്നുള്ള സൂചനപോലും പുനരൈക്യത്തിനു് വളരെ തടസ്സം സൃഷ്ടിച്ചിരുന്നു. ഗാഷ്യ്യായും കർമ്മലീത്താവൈദികരുമായിട്ടുള്ള ഈ സംഘട്ടനം, ജന

www.malankaralibrary.com

ങ്ങളുടെ ജടയിൽ വളരെ ഇടച്ച്യുണ്ടാക്കി. അതു പരിഹരിക്കു വാൻ ശ്രമിച്ചതു്, പറമ്പിൽ ചാണ്ടികത്തനാരായിരുന്നു. പരിഹരിക്കാതെ വന്നാൽ പുനരൈക്യത്തിനു് പ്രതിബന്ധ വുമാകുമായിരുന്നു.

ഏതായാലും, കമ്മലീത്താമിഷ്നറിമാർ വൈപ്പിക്കോട്ടു് ഒരു സമ്മേളനം വിളിച്ചുകൂട്ടി. അക്കദിയാക്കോൻ തൻെറ മെത്രാൻസ്ഥാനവേഷങ്ങളോടുകൂടി സൂനഹദോസിൽ സംബന്ധിച്ചുവെങ്കിലും, കാര്യമായ ഒരു പ്രയോജനവും ഉണ്ടായില്ല. അക്കദിയാക്കോൻ കക്ഷിയും, കമ്മലീത്താകക്ഷിയും തമ്മിൽ പല ഏററുമുട്ടലുകളും നടന്നുകൊണ്ടിരുന്നു. കടുത്തുരുത്തിയിൽ അതു് അടിപിടിയിലും രക്തച്ചൊരിച്ചിലിലും അവസാനിച്ച തിനാൽ, സ്ഥലത്തെ രാജാവു് അതിലിടപെടേണ്ടിവന്നു.

ഒടുവിൽ 1657 സെപ്ററംബർമാസം 23-ാം തീയതി, കൊച്ചിയിൽ ജനപ്രതിനിധികളുടെയും വൈദികരുടെയും ഒരു യോഗം നടന്നു. ഗാഷ്യായുടെ കീഴിൽ എല്ലാവരും വരണമെന്നുതാംപ്പെടെ മാർപ്പാപ്പായുടെ പൂണ്ണകല്പന വായിക്കണമെന്നു് പോർച്ചുഗീസ്മിഷ്നറിമാർ വാദിച്ചു. അതു് ജനങ്ങളെ രോഷാകുലരാക്കുകയും പുനരൈക്യത്തെ തടസ്സപ്പെടുത്തുകയും ചെയ്യുമെന്നുള്ളതുകൊണ്ടു്, അതൊഴിച്ചുള്ളഭാഗം വായിച്ചാൽ മതിയെന്നു് കമ്മലീത്തർ ശഠിച്ചു. ഏതായാലും പോർച്ചുഗീസ് പ്രതിനിധിസംഘം വന്നെത്തുന്നതിനുമുമ്പു്, കമ്മലീത്തർ അവർക്കിഷ്ടമുള്ള ഭാഗങ്ങാംമാത്രം വായിക്കുകയും ഫാ. ജോസഫിനെ മാർത്തോമ്മാക്രിസ്ത്യാനികളുടെ ഭരണാധികാരിയായി പ്രഖ്യാപിക്കുകയും ചെയ്തു.

## ഫാ. ഹയസീന്ത് വരുന്നു, ഫാ. സെബസ്ത്യാനി പോകുന്നു

ഈ സമയത്താണു് കമ്മിസറിയുടെ നേതാവായിരുന്ന ഫാ. ഹയസീന്തു് (Fr. Hyacinth) ഗോവയിൽ വന്നിറങ്ങിയതു്. ഫാ. ജോസഫും ഫാ. വിൻസെൻറും അദ്ദേഹത്തിൻെറ മുന്നോടികളായിരുന്നു. ഫാ. ഹയസീന്തിനെ ഭരണമേല്പിച്ചുകൊണ്ടു്, ഫാ. ജോസഫ് റിപ്പോർട്ടു സമപ്പിക്കുവാൻ റോമിലേയ്ക്കുപോയി. മാർത്തോമ്മാക്രിസ്ത്യാനികളുടെ പുനരൈക്യത്തിനു് ഫാ. ഹയസീന്തു് ചതുരുപായങ്ങളും പ്രയോഗിച്ചു. അതേപ്പററി ഫാ. ജോസഫ് (സെബസ്ത്യാനി) പറയുന്നതിപ്രകാരമാണു്. "അദ്ദേഹത്തിനു് (ഹയസീന്തിനു്) ഉപദേശം

www.malankaralibrary.com

കൊണ്ടു സാധിക്കാത്തതു്, നാട്ടുരാജാക്കന്മാരുടെ അധികാരമു പയോഗിച്ചു് സാധിച്ചു; അതായതു്, ജനങ്ങളെ തടവിലാക്കുക, വിഘടിച്ചുനില്ക്കുന്നവരുടെ വസ്തുവകകൾ കണ്ടുകെട്ടുക മുതലായവ. ഇങ്ങനെ അനേകം ആത്മാക്കളെ സഭയിൽ കൊണ്ടുവരികയും രാജ്യത്തെ മുഴുവൻ നേർവഴിയിലാക്കുകയും ചെയ്തു''5.

## ഫാ. ജോസഫ് സെബസ്ത്യാനി മലബാറിന്റെ മെത്രാൻ–1659

റിപ്പോർട്ടിന്റെ രൂപവും സ്വഭാവവും അന്നത്തെ സാഹചര്യങ്ങളാൽ പ്രസ്പഷ്ടമായിരുന്നു. ജസ്യൂട്ടരെ ഇളക്കിമാററി, കർമ്മലീത്തരെ പ്രതിഷ്ഠിക്കുകയായിരുന്നല്ലോ, ആദ്യംമുതലുള്ള ഉദ്ദേശ്യം. ഫാ. ജോസഫ് അതിനു് കാണേണ്ടവരെ കണ്ടു, പറയേണ്ടതുപോലെ പറയുകയും ചെയ്തു. പൂർണ്ണമായും അതു് വിജയകരമായിരുന്നു. കർമ്മലീത്തക്കും കേരളത്തിൽ അധി കാരമണ്ഡലം ഉറച്ചുകിട്ടി; മാത്രമോ, ഫാ. ജോസഫുതന്നെ ആദ്യത്തെ മെത്രാനാകുകയും ചെയ്തു. ഇതു് കുതന്ത്രങ്ങൾമൂലം സാധിച്ചതാണെന്നു് സെബസ്ത്യാനിയുടെ സഹപ്രവത്തകനായിരുന്ന കർമ്മലീത്താവൈദികൻ ഫാ. മാത്യു പറയുന്നു6.

1659 ഡിസംബർ 15–ാം തീയതി, വി. പത്രോസിന്റെ ബസ്ലിക്കായുടെ അഡ്മിനിസ്ട്രേററായ (Sacristan) Msgr, Landuci മെത്രാൻ, സെബസ്ത്യാനിയെ രഹസ്യത്തിൽ മെത്രാനായി വാഴിച്ചു. രഹസ്യമായി വാഴിച്ചതുകൊണ്ടു് സഹകാർമ്മികരായവർ രണ്ടു വൈദികരായിരുന്നു. 1659 ഡിസംബർ 24–ാം തീയതി അലക്സാണ്ടർ ഏഴാമൻ മാപ്പാപ്പാ അദ്ദേഹത്തെ ഹിരോപ്പോളിസിന്റെ മെത്രാനും മലയാളത്തിന്റെ വികാരി അപ്പസ്തോലിക്കയുമായി നിയമിച്ചുകൊണ്ടുള്ള കല്പന നൽകി. അദ്ദേഹത്തെ രഹസ്യത്തിൽ വാഴിക്കുവാൻ കാരണം പദ്രവാദോയുടെ അവകാശങ്ങളെപ്പററിയുള്ള ഭയമായിരുന്നു. ഭയംമൂലമുള്ള വേഷപ്രച്ഛന്നത ജോസഫ് മെത്രാൻ, കൊച്ചിയിൽ വന്നിറങ്ങുന്നതുവരെ നിഷ്ക്കർഷയോടെ പാലിച്ചു. അദ്ദേഹത്തിന്റെകൂടെ യാത്രചെയ്തിരുന്ന കൂട്ടുവൈദികർപോലും അദ്ദേഹമൊരു മെത്രാനാണെന്നു് സംശയിക്കുവാൻ ഇടയാക്കിയില്ല.

5. Brown, P. 105.
6. Ferroli Vol. II, P. 58.

www.malankaralibrary.com

## ഗാർഷ്യായ്ക്കുശേഷം കയ്ക്കുന്ന മധുരക്കനി

ഇതിനെ തുടന്ന് കേരളത്തിൽ എന്തു സംഭവിച്ചുവെന്ന് നോക്കാം. ഗാർഷ്യാ മരിച്ചശേഷം (1659) ഗോവയിലെ വൈദികപ്രവൎത്തകസമിതി സമ്മേളിച്ച്, മാർപ്പാപ്പായുടെ അധികാരത്തോടെ കൊച്ചികത്തീഡ്രലിലുണ്ടായിരുന്ന മാനുവൽ നമ്പായിസിനെ, ഗാഷ്യായുടെ പിൻഗാമിയായി നിയമിച്ചു. ഇതറിഞ്ഞയുടനെ കേരളത്തിലുണ്ടായിരുന്ന കർമ്മലീത്താ വൈദികരുടെ അധിപനായ മാർഷൽ (ഹയസിന്തിൻെറ ജർമ്മൻകാരനായ പിൻഗാമി) നിയുക്തമെത്രാൻെറ അടുക്കൽചെന്ന്, അദ്ദേഹം ആ സ്ഥാനം സ്വീകരിക്കുകയാണെങ്കിൽ മഹറോൻ ചൊല്ലുമെന്ന് ഭീഷണിപ്പെടുത്തി. അതിനു പറഞ്ഞ കാരണം, ഗാഷ്യായുടെ മരണത്തോടുകൂടി കേരളത്തിലെ പോർച്ചുഗീസുഭരണം അവസാനിച്ചുവെന്നും, ആ സ്ഥാനം ഇററാലിയൻ കർമ്മലീത്തർ ഏറെറടുത്തിരിക്കുന്നുവെന്നുമാണ്. ഏതായാലും നിയുക്തമെത്രാൻ ആ സ്ഥാനം സ്വീകരിക്കുവാൻ വിസമ്മതിച്ചു.

ജോൺ നാലാമൻ മാർപ്പാപ്പാ, 1662–ൽ ഒരു പോർച്ചുഗീസ് ജസ്യൂട്ടായ ഫാ. ഫ്രാൻസിക്കോ ബറേട്ടോയെ (Fr. Francisco Barreto) കൊടുങ്ങല്ലൂരിൻെറ മെത്രാപ്പോലീത്താ ആയി നിയമിച്ചു. എന്നാൽ അദ്ദേഹം കേരളത്തിൽ കാലുകുത്താൻ അനുവദിക്കയില്ലെന്ന്, മലബാർ കർമ്മലീത്താ കമ്മിസറി കഠിനമായ ഒരു താക്കീതു നല്കി. അനിഷ്ടസംഭവങ്ങൾക്കൊന്നും ഇടയാക്കാതെ നിയുക്തമെത്രാൻ, 1663–ൽ മരണമടഞ്ഞു. പത്തുവൎഷത്തെ ഇടവേളയ്ക്കുശേഷം ഫാ. ബ്രാസ്ദെ അസ്സീവേഡോ (Fr. Bras de Azevido S. J.) കൊടുങ്ങല്ലൂർ മെത്രാപ്പോലീത്തായായി നിയമിതനായി. അദ്ദേഹം ആ സ്ഥാനം സ്വീകരിച്ചില്ല. പിന്നെയും ഒരു പത്തുവൎഷങ്ങൾക്കുശേഷം 1684–ൽ, കൊടുങ്ങല്ലൂർ മെത്രാപ്പോലീത്തായായി ഫാ. മനോവൽ ദെ സൂസാ (Fr. Monoel de Sousa S. J.) നിയമിതനായി. അദ്ദേഹവും ആ സ്ഥാനം നിരാകരിച്ചു. അദ്ദേഹത്തെ തുടന്ന് ഫാ. ആൻഡ്രേ റഫ്രയിരേയും (Fr. Andre Refreire) ഫാ. ജോൺ ദെ ബ്രിട്ടോയേയും (Fr. John de Britto S. J.) നിയമിച്ചു. അവരും ആ സ്ഥാനം സ്വീകരിച്ചില്ല. പിന്നീട് ജസ്യൂട്ടല്ലാത്ത ഫാ. ഫ്രാൻസിസ്ക്കോ ദോസ് റെയിസ് മത്തെല്ലോയെ (Fr. Francisco Dos Reis Matello) കൊടുങ്ങല്ലൂർ മെത്രാപ്പോലീത്തായായി നിയമിച്ചു. അദ്ദേഹവും അതു തിരസ്ക്കരിച്ചു.

www.malankaralibrary.com

1668-ൽ പതിനൊന്നാം ലെയോ മാപ്പാപ്പാ, ലിസ്ബണി ലെ ബനഡിക്ടൻ ആശ്രമശ്രേഷ്ഠനായ ഫാ. ജെറോണിമോ ദെ ത്യാഗോയെ (Jeronimo de Tiago) കൊടുങ്ങല്ലൂർ അതിമെത്രാസനത്തിലേയ്ക്കു നിയമിച്ചു. ആദ്യം അദ്ദേഹം ആ സ്ഥാനം സ്വീകരിച്ചുവെങ്കിലും, പിന്നീട് ഉപേക്ഷിച്ചു. അനന്തരം ആ സ്ഥാനം നൽകപ്പെട്ടതു് ഫാ. ഡിയോഗോ ദെ അനൻസിയാസോ ജസ്റ്റീനിയാനോ (Fr. Diogo de Annunciaso Justiniano) എന്നൊരു വൈദികനായിരുന്നു. പന്ത്രണ്ടാം ഇന്നസെൻറു മാപ്പാപ്പായാണു് 1694-ൽ അദ്ദേഹത്തെ നിയമിച്ചതു്. അദ്ദേഹം കൊടുങ്ങല്ലൂർ മെത്രാപ്പോലീത്താ ആയി വാഴിക്കപ്പെട്ടു. എന്നാൽ അദ്ദേഹം കേരളത്തിൽ വന്നില്ല.

ഇപ്രകാരം പോർച്ചുഗീസ് അധികാരത്തെ തുരത്തി തുറന്നുകിട്ടിയ ഒരു മാർഗ്ഗത്തിലൂടെയാണു് ബിഷപ്പ് സെബസ്ത്യാനി കമ്മലീത്തൻ ഭരണം കേരളത്തിലുറപ്പിച്ചതു്. 1665 ഡിസംബർ 24-ാം തീയതി അദ്ദേഹത്തെ മലബാറിൻെറ വികാരി അപ്പസ്തോലിക്കയായി നിയമിച്ചു. ഒരു ഇന്ത്യാക്കാരനുൾപ്പെടെ രണ്ടു സഹായമെത്രാന്മാരെ നിയമിക്കുവാൻ അദ്ദേഹത്തിനു മാപ്പാപ്പാ അനുവാദം നല്കിയിരുന്നു. ഏകാധിപത്യപ്രവണതകൊണ്ടോ, വെള്ളക്കാരനുള്ള വർഗ്ഗബോധംകൊണ്ടോ കൂടുതൽ പ്രശ്നങ്ങൾ ഉണ്ടാകുമെന്നു ഭയന്നോ, ഏതായാലും ബിഷപ്പ് സെബസ്ത്യാനി അതു ചെയ്തില്ല. ഒടുവിൽ പ്രശ്നങ്ങളുടെ പരിഹാരത്തിനു് റോമിൻെറ നിർദ്ദേശം സ്വീകരിക്കുവാൻ അദ്ദേഹം നിർബ്ബന്ധിതനാകുന്നതു്, ഡച്ചുകാർ അദ്ദേഹത്തെയും മററു മിഷ്നറിമാരെയും കേരളത്തിൽനിന്നു ബഹിഷ്ക്കരിക്കുമ്പോഴാണു്. സത്യവും നീതിയും നടത്തുവാൻ, ദൈവം ആയുധങ്ങളായി തെരഞ്ഞെടുക്കുന്നതു് എപ്പോഴും തൻെറ ഔദ്യോഗികവക്താക്കളായി അറിയപ്പെടുന്നവരെയല്ല, പലപ്പോഴും ആ വക്താക്കളുടെ ശത്രുക്കളെയാണു്. ഡച്ചുകാരുടെ കല്പന ഇതിനൊരുദാഹരണമായെടുക്കാം.

എന്നാൽ ഈ സംഭവങ്ങൾ കേരളസഭയിൽ ഉളവാക്കിയ ഫലങ്ങൾ ദാരുണങ്ങളായിരുന്നു. ഇതുവരെ പോർച്ചുഗീസു ഭരണം സ്വേച്ഛപോലെ കേരളസഭയെ പന്താടുകയായിരുന്നു. എന്നാൽ ഇപ്പോൾ ആ സഭയുടെ കഴുത്തിനു് പിടിച്ചിരിക്കുന്നതു് ദേശീയമായും സന്ന്യാസപരമായും ശത്രുക്കളെപ്പോലെ കഴിയുന്ന രണ്ടു ശക്തികളാണു്. ദേശീയമായി പോർച്ചുഗീസു

www.malankaralibrary.com

കാരും ഇററലിക്കാരും തമ്മിലും സന്ന്യാസപരമായി, ജസ്യൂട്ട രും കർമ്മലീത്തരും തമ്മിലും ആയിരുന്നു മത്സരം. ഈ ഇരു വിഭാഗക്കാരുടെയും സ്വാത്മമോഹങ്ങാംക്കുവേണ്ടിയുള്ള തീവ്ര മത്സരത്തിൽപ്പെട്ടു് ക്ലേശങ്ങളും ദുരിതങ്ങളും അനുഭവിച്ചുകൊ ണ്ടിരുന്നതു് പാവപ്പെട്ട കേരളക്രൈസ്തവസഭയായിരുന്നു താനും. കേരളസഭയെ മുഴുവനായി പിടിച്ചെടുക്കുവാനും അതിനെ ലത്തീനീകരിക്കുവാനുമുള്ള സാഹസശ്രമങ്ങളിലാ ണു് ജസ്യൂട്ടരും കർമ്മലീത്തരും മാത്സര്യപൂർവ്വം പ്രവർത്തിച്ചു കൊണ്ടിരുന്നതു്. അതു് സുറിയാനിസഭയോടും അവരുടെ ചരിത്രത്തോടും സാമൂഹ്യനിലയോടും ആത്മാഭിമാനത്തോടു മുള്ള ഒരു വെല്ലുവിളിയായിരുന്നു. പതിനെട്ടും പത്തൊൻപതും നൂററാണ്ടുകളിൽ സുറിയാനിക്കാർക്കുണ്ടായ അതിദാരുണമായ അഗ്നിപരീക്ഷണങ്ങാം ഈ രണ്ടു സന്ന്യാസസഭകളും തമ്മിലു ണ്ടായ സംഘട്ടനങ്ങളുടെ ദൂഷിതഫലം കൂടിയാണു്.

## പതിനാറാം അദ്ധ്യായം

# ബിഷപ്പു് സെബസ്ത്യാനി
## മലയാളത്തിൻെറ വികാരി അപ്പസ്തോലിക്കാ

കർമ്മലീത്താവൈദികനായ ജോസഫു്, ബിഷപ്പു് സെ ബസ്ത്യാനിയായി, 1661 മെയ് 14-ാം തീയതി, കൊച്ചി യിൽ വന്നിറങ്ങി. അപ്പോഴേയ്ക്കും കേരളത്തിൻെറ രാഷ്ട്രീയ കാലാവസ്ഥ വളരെ മാറിയിരുന്നു. എന്നാൽ ആളുകളും പ്രശ്ന ങ്ങളും അദ്ദേഹത്തിനു് സുപരിചിതമായിരുന്നു. അദ്ദേഹം അവിടെ കേട്ടതു് ഡച്ചുനാവികസേനയുടെ ഇരമ്പിക്കയറുന്ന ശബ്ദവും, കണ്ടതു് പോർച്ചുഗീസ് ആധിപത്യത്തിൻെറ അസ്ത മയവുമായിരുന്നു. ഇവരണ്ടും ഇററാലിയൻ കർമ്മലീത്തനായ അദ്ദേഹത്തിനു് ഹർഷപുളകമരുളി. കപ്പലിൽ ഒരു സാധാ രണ വൈദികനെപ്പോലെ വർത്തിക്കുകയും അറിയപ്പെടുകയും ചെയ്ത സെബസ്ത്യാനി, മെത്രാൻ വേഷങ്ങളണിഞ്ഞു് കരയ്ക്കി റങ്ങിയപ്പോാം, കപ്പലിലുണ്ടായിരുന്നവർ അത്ഭുതപ്പെട്ടു. കപ്പ

www.malankaralibrary.com

ലിൽനിന്നിറങ്ങിയശേഷം അദ്ദേഹം പോർച്ചുഗീസുകോട്ടയ്ക്കു പുറത്തുണ്ടായിരുന്ന അങ്കമാലിമെത്രാസനംവക അരമനയിലേയ്ക്കാണു പോയതു്. അന്നു് കൊച്ചിയിൽ പോർച്ചുഗീസു കോട്ടയ്ക്കുപുറത്തുള്ള മാർത്തോമ്മാശ്ലീഹായുടെ പള്ളിയും മട്ടാഞ്ചേരിപ്പള്ളിയും സുറിയാനിക്കാരുടേതും, അങ്കമാലി അതിരൂപതയുടെ അധീനതയിലുമായിരുന്നു.



ബിഷപ്പ് ജോസഫ് സെബസ്ത്യാനി

1661–ൽ കേരളത്തിൽ വന്നിറങ്ങിയ ബിഷപ്പ് സെബസ്ത്യാനിയുടെ ആദ്യത്തെ ഔദ്യോഗികകൃത്യം 1659–ൽ രണ്ടു

www.malankaralibrary.com

വർഷം മുമ്പ് – നിര്യാതനായ ഗാർഷ്യാമെത്രാപ്പോലീത്തായെ സ്ഥാനഭ്രഷ്ടനാക്കുന്ന പ്രഖ്യാപനമായിരുന്നു. പോർച്ചുഗീസുഭരണം അവസാനിച്ചുവെന്നും കമ്മലീത്താഭരണം ആരംഭിച്ചുവെന്നും അറിയിക്കുവാൻ ഇത്ര അർത്ഥശൂന്യവും അസംബന്ധവുമായ കല്പന പുറപ്പെടുവിക്കുവാൻ ബിഷപ്പ സെബസ്ത്യാനിയുടെ സംസ്ക്കാരത്തിനു മാത്രമേ കഴിയുമായിരുന്നുള്ളു. കൊച്ചിയിൽ ഏതാനും ദിവസം താമസിച്ചശേഷം അദ്ദേഹം പള്ളികൾ സന്ദർശിക്കുവാനായി പുറപ്പെട്ടു.

ബഹുജനാകർഷണത്തിനു് വേഷഭ്രൂഷാദികളുടെയും ആഡംബരാലങ്കാരങ്ങളുടെയും പ്രതാപപ്രൗഢികളുടെയും വില എന്താണെന്നറിഞ്ഞ ഒരു വ്യക്തിയായിരുന്നു ജോസഫ് സെബസ്ത്യാനി. അക്കാര്യത്തിൽ ആർച്ചുബിഷപ്പ് മെനേസിസിൻെറ ശിഷ്യനായിരുന്നു സെബസ്ത്യാനിയെന്നുതന്നെ പറയാം. അദ്ദേഹം പള്ളികൾ സന്ദശിച്ചപ്പോൾ, നായന്മാരും നസ്രാണികളുമായ യോദ്ധാക്കൾ അദ്ദേഹത്തിൻെറ യാത്രകളിലെല്ലാം അകമ്പടിസേവിച്ചിരുന്നു. ആദ്യം മുട്ടത്തു (ചേർത്തല) പള്ളിയിലേയ്ക്കും അവിടെനിന്നും പുറക്കാട്ടു രാജാവിൻെറ കീഴിലുള്ള കല്ലൂർക്കാട്ടു് (ചമ്പക്കുളം) പള്ളിയിലേയ്ക്കും പോയി. സെബസ്ത്യാനി മെത്രാൻ ഉദയംപേരൂർ, അർത്തുങ്കൽ, ആലങ്ങാട്ട് മുതലായ സ്ഥലങ്ങളും സന്ദശിച്ചു. പലപ്പോഴും അദ്ദേഹത്തിൻെറ ജീവനുപോലും അപകടംവരത്തക്ക സന്ദർഭങ്ങൾ ഉണ്ടായിരുന്നു. ദൈവാധീനംകൊണ്ടു് അദ്ദേഹം അവയിൽനിന്നെല്ലാം രക്ഷപ്പെട്ടു.

## പോർച്ചുഗീസ് ആധിപത്യത്തിൻെറ അവസാനം

ഡച്ചുകാർ 1661-ൽ കൊല്ലം പിടിച്ചശേഷം കൊച്ചിയെ ആക്രമിച്ചു. പുറക്കാട്ടുരാജാവിൻെറ നസ്രാണികളും നായന്മാരുമായ 6000 യോദ്ധാക്കൾ ഒത്തുനിന്നു്, അത്തവണ പോർച്ചുഗീസുകാരെ രക്ഷിച്ചു. 1662-ൽ ഡച്ചുകാർ കൊടുങ്ങല്ലൂർ പിടിച്ചെടുത്തു. അനന്തരം അവർ വീണ്ടും കൊച്ചി ആക്രമിച്ചു. കൊച്ചിയിലെ പോർച്ചുഗീസ് ഗവണ്ണർ ആലോചനകൾക്കു വേണ്ടി സെബസ്ത്യാനിയെ ക്ഷണിച്ചുവെങ്കിലും അദ്ദേഹം അതു സ്വീകരിച്ചില്ല. മുങ്ങുന്ന കപ്പലിൽ ആരാണ് കയറുന്നതു്-പ്രത്യേകിച്ചു് അതു് ശത്രുകപ്പൽക്കൂടിയാകുമ്പോൾ. അദ്ദേഹം നേരെ കടുത്തുരുത്തിയിൽപോയി താമസിച്ചു. കൊച്ചിയിലെ പോർച്ചുഗീസുകാർ വെള്ളക്കൊടി കാണിച്ചു കീഴ

www.malankaralibrary.com

ടങ്ങി. ആ വെള്ളക്കൊടി 165 കൊല്ലം കേരളത്തിലുണ്ടായിരുന്ന പോർച്ചുഗീസ് ആധിപത്യത്തിന്റെ കറുത്ത മരണക്കൊടിയായിരുന്നു. ബിഷപ്പ് സെബസ്ത്യാനി കേരളത്തോട വിടവാങ്ങുന്നതിനു മുൻപ് ഡച്ചുഗവണ്മെന്റിനോട് പറഞ്ഞതു്, പോർച്ചുഗീസുകാരുടെ കൊച്ചിയിലെ ഈ തോൽവിയുടെ കാരണം, രണശൂരന്മാരായ നസ്രാണിയോദ്ധാക്കളുടെ നിസ്സഹകരണമാണെന്നും മാർത്തോമ്മാക്രിസ്ത്യാനികളുടെ മതകാര്യങ്ങളിൽ ഇടപെടുകയില്ലെങ്കിൽ, സമരവിദഗ്ധരായ നസ്രാണിപ്പടയാളികൾ ഡച്ചുകാർക്കു സഹായകരമായിരിക്കുമെന്നുമാണ്[1].

പോർച്ചുഗീസുകാരുടെ തിരോധാനത്തോടുകൂടി നാട്ടുരാജാക്കന്മാരുടെമേൽ പോർച്ചുഗീസ്മിഷ്യനറിമാർക്കുണ്ടായിരുന്ന സ്വാധീനം മിക്കവാറും അവസാനിച്ചു. പിന്നത്തെ ഊഴം കമ്മലീത്തരുടേതായിരുന്നു. മാർത്തോമ്മാക്രിസ്ത്യാനികളെ ലത്തീൻമെത്രാന്മാരുടെ കീഴിൽ കൊണ്ടുവരുന്നതിനു രാഷ്ട്രീയസമ്മർദ്ദം ചെലുത്തുവാൻ കഴിയാതിരുന്ന സെബസ്ത്യാനി, കൈനിറയെ പണം വാരിക്കൊടുത്താണ് അതു സാധിച്ചതു്. സ്വർണ്ണത്താക്കോൽകൊണ്ടു് തുറക്കാനാവാത്ത വാതിലുകൾ ഏറെയില്ലല്ലോ.

## സെബസ്ത്യാനി മെത്രാനും വിയോജിത വിഭാഗവും

സെബസ്ത്യാനിമെത്രാൻ കേരളത്തിൽ വന്നയുടൻ, സ്വാഭാവികമായും അദ്ദേഹത്തിന്റെ ആദ്യത്തെ ശ്രദ്ധാവിഷയം മാർത്തോമ്മാ ഒന്നാമനുമായുള്ള കൂടിക്കാഴ്ചയായിരുന്നു. ഉദയംപേരൂർവച്ചു് മാർത്തോമ്മായെ കാണണമെന്നാഗ്രഹിച്ചു് ബിഷപ്പ് സെബസ്ത്യാനി അദ്ദേഹത്തിനെഴുതി. എന്നാൽ ഉദയംപേരൂർ മാർത്തോമ്മാക്കു് ഒരു പേടിസ്വപ്നമായിരുന്നു. അവിടെവച്ചാണല്ലോ ബാബിലോണിയൻഭരണം ശിരസ്സററുവീണതും, പോർച്ചുഗീസുഭരണം സുറിയാനിസഭയുടെ കഴുത്തിൽ മുറുക്കിക്കെട്ടിയതും, സുറിയാനിറീത്തിനെ അംഗവിച്ഛേദം ചെയ്തു് വികൃതമാക്കിയതും: അവിടെവച്ചുതന്നെയാണു്, ലത്തീനാധിപത്യത്തിന്റെ വെന്നിക്കൊടി പോർച്ചുഗീസു് ധ്വജത്തിൽ പാറിപറപ്പിച്ചതും. തന്മൂലം ഉദയംപേരൂർവച്ചു് സന്ദർശനം നടത്തുന്നതിനു മാർത്തോമ്മാ ഒന്നാമൻ വിമുഖനായി

---

1. Ferroli Vol. II, P. 61.

www.malankaralibrary.com



ഒന്നാം മാർത്തോമ്മാ വിയോജിത സഭാസ്ഥാപകൻ



www.malankaralibrary.com

രുന്നു. പിന്നീടു പരസ്പരാലോചനകളുടെ ഫലമായി മുളന്തുരുത്തി തിരഞ്ഞെടുത്തു. വീണ്ടും അതു്, അടുത്തുള്ള തൃപ്പൂണിത്തുറയിലേയ്ക്കു മാററി.

തൃപ്പൂണിത്തുറയിലേയ്ക്കു് മാററുവാൻ കാരണമുണ്ടായിരുന്നു. മർത്തോമ്മാഒന്നാമനും കൂട്ടരും കൊച്ചി രാജകുടുംബത്തിലെ അമ്മറാണിയേയും രാജാവിൻെറ അനുജൻ വീരകേരളനേയും പണംകൊണ്ടും സ്വാധീനിച്ചിരുന്നു. അവർ 18000 പണംകൊടുത്തുവെന്നാണു് Fr. Bernard പറയുന്നതു്[2]. ഈ ഘട്ടത്തിൽ ബിഷപ്പു് സെബസ്ത്യാനി വിവരങ്ങളെല്ലാം കാണിച്ചു് കൊച്ചിയിലെ പോർച്ചുഗീസ് ഗവണ്ണർക്കെഴുതുകയും അദ്ദേഹം കൊച്ചിരാജാവിനോടു് സഹായം അഭ്യർത്ഥിക്കുകയും ചെയ്തു. രാജാവു് ഈ കാര്യങ്ങളെല്ലാം അന്വേഷിച്ചു തീരുമാനിക്കുന്നതിനായി തൻെറ സഹോദരനായ ഗോദവർമ്മനെ ചുമതലപ്പെടുത്തി. ഗോദവർമ്മൻ സെബസ്ത്യാനിക്കു് അനുകൂലമായിരുന്നെങ്കിൽ, അമ്മറാണിയും വീരകേരളനും മാർത്തോമ്മാഒന്നാമൻെറ പക്ഷത്തായിരുന്നു. വിചാരണ ആരംഭിച്ചപ്പോഠം, സെബസ്ത്യാനി ഒരു വെള്ളിത്തട്ടത്തിൽ മാർപ്പാപ്പായുടെ അധികാരപത്രങ്ങൾ സമർപ്പിച്ചു. മാർത്തോമ്മായുടെ വക്താവായിരുന്ന ഇട്ടിത്തൊമ്മൻ കത്തനാർക്കു് കാര്യമായി യാതൊരു എതിർരേഖയുമുണ്ടായിരുന്നില്ല. ഈ സമയം, മാർത്തോമ്മാ തൻെറ ശക്തികേന്ദ്രമായ മുളന്തുരുത്തിയിൽ താമസിക്കുകയായിരുന്നു. ഗോദവർമ്മൻ, സെബസ്ത്യാനിയ്ക്കനുകൂലമായി തീരുമാനമെടുത്തശേഷം, മാർത്തോമ്മായെ പിടിച്ചുകൊണ്ടുവരുവാനുള്ള പുറപ്പാടായി.

ഗോദവർമ്മരാജകുമാരനും അദ്ദേഹത്തിൻെറ പടയാളികളും ബിഷപ്പു് സെബസ്ത്യാനിയും പോർച്ചുഗീസ് പടയാളികളും കൂടി ഒന്നിച്ചു് മുളന്തുരുത്തിപ്പള്ളി വളഞ്ഞു. പക്ഷേ മാർത്തോമ്മാ തൻെറ പല്ലക്കും സ്ഥാനവസ്ത്രങ്ങളും സ്വന്തമായ സമസ്തവും ഉപേക്ഷിച്ചിട്ടു് അർദ്ധരാത്രിയിൽ വേഷപ്രച്ഛന്നനായി ഓടി രക്ഷപ്പെട്ടു. അദ്ദേഹത്തിൻെറകൂടെ അനുയായികളും ഓടി മറഞ്ഞു. മാർത്തോമ്മായ്ക്കു് അഭയംനൽകിയ മുളന്തുരുത്തിയിലേയും കണ്ടനാട്ടെയും പള്ളിവസ്തുക്കൾ ഗോദവർമ്മൻ കണ്ടുകെട്ടി. വിലപിടിച്ച സാധനങ്ങളെല്ലാം ഗോദവർമ്മൻ സ്വ

2. Vol. II, P. III.

www.malankaralibrary.com

ന്തമാക്കി. പൊന്തിഫിക്കൽ പുസ്തകം, സൈത്ത്, മാർത്തോമ്മായുടെ എഴുത്തുകൾ ഇവയെല്ലാം സെബസ്ത്യാനിക്കു കിട്ടി. ഇവയിൽ വിലയേറിയ ഒരു പ്രമാണരേഖയുണ്ടായിരുന്നതു്, കോൺസ്റ്റാൻറിനോപ്പിൾ സൂനഹദോസിൻെറ (എ.ഡി. 381) നിശ്ചയങ്ങളാണു്. അതിൽ മെത്രാൻപട്ടം കൊടുക്കുമ്പോൾ മൂന്നു് മെത്രാന്മാരുണ്ടായിരിക്കണമെന്ന ഒരു നിശ്ചയമുണ്ടായിരുന്നു. മാർത്തോമ്മായുടെ പല്ലക്കും പട്ടുകുപ്പായങ്ങളുമെല്ലാം സെബസ്ത്യാനി പരസ്യമായി തീയിലിട്ടു ചുട്ടുകരിച്ചു. ആ തീയിലിട്ടു ദഹിപ്പിക്കുവാൻ 'അക്കദിയാക്കോനെ' കിട്ടിയില്ലല്ലോ എന്നു് സെബസ്ത്യാനി വിലപിച്ചുവെന്നു് La Croze നെ ഉദ്ധരിച്ചുകൊണ്ടു് D' Orsey' പറയുന്നു[3]. അപ്പോൾ ഇൻ കിസിഷ്യൻെറ കാലമായിരുന്നല്ലോ. ഇതേപ്പററി ഒരു പഴഞ്ചൊല്ലുമുണ്ടായി, ''പല്ലക്കിനോടിത്രയെങ്കിൽ മെത്രാനോടെത്ര''. അനന്തരം മാർത്തോമ്മാ ഒന്നാമൻെറ ശക്തികേന്ദ്രങ്ങളായിരുന്ന മുളന്തുരുത്തി, കണ്ടനാട്ടു് ഇടവകകളിലെ വിശ്വാസികൾ ഓരോരുത്തരായിവന്നു് സെബസ്ത്യാനിമെത്രാൻെറയും ഗോദവമ്മരാജകുമാരൻെറയും പോർച്ചുഗീസ് സൈന്യാധിപൻെറയും മുമ്പിൽ വിശ്വാസസത്യപ്രതിജ്ഞ ചെയ്യുവാൻ നിർബന്ധിതരായി. കമ്മലീത്താഭരണത്തിൻെറ ഈ പകപോക്കൽ അവിടത്തെ ജനങ്ങളുടെ ഹൃദയത്തിൽ ആഴമായ മുറിവു് ഏൽപ്പിക്കുകയും അവർ ഇന്നും റോമൻ സഭയുടെ ബദ്ധശത്രുക്കളെന്ന പാരമ്പര്യം പുലത്തുകയും ചെയ്യുന്നു. ഒരു സമൂഹത്തെ ഏല്പിക്കുന്ന മുറിവുകൾ കരിയാൻ എത്ര തലമുറകൾതന്നെ വേണ്ടിവരും!!

അതിനുശേഷം, ബിഷപ്പ് സെബസ്ത്യാനി രാജകീയമായ പ്രൗഢിയോടും പ്രതാപത്തോടുംകൂടി ഇടവകകൾ സന്ദർശിക്കുവാൻ പുറപ്പെട്ടു. ആഡംബരപൂവ്വമായ ഈ ഘോഷയാത്രകളെപ്പററി വിമർശിച്ചവരോടു് അദ്ദേഹം പറഞ്ഞതിപ്രകാരമാണു്, ''കുറച്ചൊക്കെ പ്രതാപത്തിൻെറയും വേഷപ്രൗഢിയുടെയും പ്രകടനമില്ലെങ്കിൽ ഇവിടുത്തെ കാടന്മാരായ (''barbarous'') ആളുകൾക്കു് ദൈവത്തെപ്പററി ഒരു ബോധവും ഉണ്ടാകയില്ല[4]''. ഒന്നാം നൂററാണ്ടുമുതൽ പതിനേഴാം നൂററാണ്ടുവരെ കേരളസഭ പാശ്ചാത്യമെത്രാന്മാരുടെ വേഷഭൂഷാ

3. Brown, P. 278.
4. Brown, P. 106-107.

www.malankaralibrary.com

ദികളിൽ ആകൃഷ്ടരായാണല്ലോ സത്യവിശ്വാസത്തിൽ ഉറച്ചു നിന്നിരുന്നതു്!!

## ബിഷപ്പ് സെബസ്ത്യാനി നാടുവിടുന്നു

1663 ജനുവരി 7–ാം തീയതി ഡച്ചുകാർ പോർച്ചുഗീസുകാരുടെ കൊച്ചിക്കോട്ട പിടിച്ചെടുത്തു. പ്രോട്ടസ്റ്റൻറുകാരായ ഡച്ചുകാർ റോമൻസഭയോടും അതിൽപ്പെട്ടവരോടും ശത്രുതയും വെറുപ്പുമാണു് പുലർത്തിയിരുന്നതു്. കൊച്ചിയിൽ കണ്ട പള്ളികളും അവയിലെ വിശുദ്ധസാധനങ്ങളും നശിപ്പിക്കുവാൻ അവർക്കു് യാതൊരു ക്ലേശവുമില്ലായിരുന്നു. ഫ്രാൻസിസ്കൻപള്ളിമാത്രം പൊളിച്ചുകളയാതെ ഒരു പ്രോട്ടസ്റ്റൻറ് ദേവാലയമായി രൂപാന്തരപ്പെട്ടു. ഡച്ചുസൈന്യാധിപനായിരുന്ന റിക്കലോഫ്, ബിഷപ്പ് സെബസ്ത്യാനിയും കൂട്ടരും നാലു ദിവസത്തിനകം കേരളംവിട്ടുകൊള്ളണമെന്നു് കല്പന അയച്ചു. പോകുന്നതിനു് കൂടുതൽ ദിവസങ്ങൾ വേണമെന്നുള്ള സെബസ്ത്യാനിയുടെ അപേക്ഷ റിക്കലോഫ് സ്വീകരിച്ചില്ല. ഡച്ചുസൈന്യാധിപൻെറ കർശനമായ ഈ കല്പനമൂലം നാടുവിടാതെ സെബസ്ത്യാനിക്കു് ഗത്യന്തരമില്ലെന്നായി. മെത്രാഭിഷേകം കഴിഞ്ഞു് സെബസ്ത്യാനി റോമിൽനിന്നു് പുറപ്പെട്ടപ്പോൾ ഒരു കേരളീയനുൾപ്പെടെ രണ്ടു സഹായമെത്രാന്മാരെ നിയമിക്കുവാൻ പരിശുദ്ധസിംഹാസനം അനുമതി നൽകിയിരുന്നല്ലോ. കേരളസഭയുടെ പ്രശ്നങ്ങൾക്കെല്ലാം പരിഹാരമാകുമായിരുന്ന ഈ ഒററമൂലി, ബിഷപ്പ് സെബസ്ത്യാനിയുടെ കീശയിൽ ഇക്കാലമത്രയും അടയിരിക്കുകയായിരുന്നു. അളമുട്ടിയപ്പോഴാണു് ഒരു നാട്ടുമെത്രാനെ വാഴിച്ചിട്ടു പോകാമെന്നു് സെബസ്ത്യാനി തീരുമാനിച്ചതു്.

അദ്ദേഹവും വൈദികരും അല്മായരുംപ്പെടുന്ന ഒരു യോഗം, അദ്ദേഹം താമസിച്ചിരുന്ന കടുത്തുരുത്തി അരമനയിൽ വിളിച്ചുകൂട്ടി. അപ്പോൾ ഒരു നാട്ടുമെത്രാനെ തിരഞ്ഞെടുക്കുവാനുള്ള മാർപ്പാപ്പായുടെ അനുവാദം, അവരെ അറിയിക്കുകയും അതനുസരിച്ചു് ഒരാളെ തിരഞ്ഞെടുക്കാൻ ആവശ്യപ്പെടുകയും ചെയ്തു. സെബസ്ത്യാനി ആഗ്രഹിച്ചിരുന്ന ആളെത്തന്നെയാണു് ജനങ്ങൾ തിരഞ്ഞെടുത്തതും – പറമ്പിൽ ചാണ്ടിക്കത്തനാർ. ഇദ്ദേഹത്തിൻെറ പിതാവു് പള്ളിവീട്ടിൽ കുറിയാക്കോസും മാതാവു് അച്ചണ്ണിഅമ്മയുമായിരുന്നു. 1663 ജനുവരി 31–ാം തീയതി കടുത്തുരുത്തിപള്ളിയിൽവച്ചു് പറമ്പിൽ ചാണ്ടി

www.malankaralibrary.com

ക്കത്തനാർ 'മെഗാറ'യുടെ മെത്രാനും മലയാളത്തിൻെറ വികാരി അപ്പസ്തോലിക്കയുമായി അഭിഷേകം ചെയ്യപ്പെട്ടു. ഈ അഭിഷേകകർമ്മത്തിൽ സഹകാർമ്മികരായിരുന്നതു് രണ്ടു വൈദികരാണു്. സ്ഥാനാഭിഷേകാവസരത്തിൽ സെബസ്ത്യാനിയുടെ മുൻപാകെ പറമ്പിൽ ചാണ്ടിമെത്രാൻ രണ്ടു വാഗ്ദാനങ്ങൾ ചെയ്തു. അവ റോമിൻെറ അനുവാദം കൂടാതെ തൻെറ പിതൃവ്യനായ മാർത്തോമ്മായ്ക്കു മെത്രാൻപട്ടം നല്കുകയില്ലെന്നും, ബാബിലോണിയായിൽ നിന്നുവരുന്ന മെത്രാന്മാരെ സ്വീകരിക്കുകയില്ലെന്നും ആയിരുന്നു. അനന്തരം, സെബസ്ത്യാനി മാർത്തോമ്മാ ഒന്നാമനേയും ഇട്ടിത്തൊമ്മൻ കത്തനാരെയും മഹറോൻ ചൊല്ലി. ബിഷപ്പ് സെബസ്ത്യാനി കപ്പൽ കയറുന്നതിനുമുമ്പു് പറമ്പിൽ ചാണ്ടിമെത്രാനുമായി കൊച്ചിയിൽചെന്നു് അദ്ദേഹത്തെ ഡച്ചുഗവർണ്ണർക്കു് പരിചയപ്പെടുത്തി കൊടുക്കുകയും, അദ്ദേഹത്തിനു് ഡച്ചുകാരുടെ സംരക്ഷണം അഭ്യർത്ഥിക്കുകയും ചെയ്തു.

പോർച്ചുഗീസ് ആധിപത്യത്തേയും കേരളത്തിലെ ജസ്യൂട്ടു ഭരണത്തേയും തുരത്തെറിയുവാനുള്ള ബിഷപ്പ് സെബസ്ത്യാനിയുടെ തന്ത്രങ്ങൾ പോർച്ചുഗീസ് അധികാരികൾ യഥാകാലം അറിഞ്ഞിരുന്നു. ഡച്ചുകാർ അദ്ദേഹത്തെ കേരളത്തിനു പുറത്താക്കിയപ്പോൾ, അദ്ദേഹത്തെ അറസ്ററുചെയ്തു തടങ്കലിൽ ആക്കുവാൻ പോർച്ചുഗീസുകാർ ഗോവയിലും മററും വല വീശിയിരുന്നു. ഭാഗ്യവശാൽ, അദ്ദേഹം തലനാരിഴയ്ക്കു രക്ഷപ്പെട്ടു്, 1653 മെയ് 6-നു് റോമിലെത്തി. ഒരു കൊല്ലത്തേയ്ക്കു് ഏജിയൻ ദ്വീപുകളിലെ "വിസിററർ അപ്പസ്തോലിക്" ആയിരുന്നു. അതുകഴിഞ്ഞു് റോമിലെ 'ബിസിഞ്ഞാനോ' രൂപതയുടെ മെത്രാനായി. അദ്ദേഹം പ്രൊപ്പഗാന്ത തിരുസംഘത്തിൻെറ പ്രധാന ഉപദേഷ്ടാവായിരുന്നു. മലബാർ സഭയെ സംബന്ധിച്ചുള്ള തീരുമാനങ്ങളിൽ വിദഗ്ദ്ധോപദേശം നല്കിയിരുന്നതു് അദ്ദേഹമാണു്. അതിൻെറ വളരെയധികം ദുഷ്ഫലങ്ങൾ കേരളസഭ അനുഭവിക്കുകയും ചെയ്തു. 1689 ഒക്ടോബർ 15-നു് അദ്ദേഹം നിര്യാതനായി. കേരളത്തിലെ കർമ്മലീത്താ മിഷൻെറ സ്ഥാപകൻ എന്ന നിലയിൽ അദ്ദേഹം ഇവിടത്തെ സഭാചരിത്രത്തിൽ സ്മരണീയനാണു്.

www.malankaralibrary.com

# പതിനേഴാം അദ്ധ്യായം

## പറമ്പിൽ ചാണ്ടിമെത്രാൻ (1663-1693)

പോർച്ചുഗീസുകാരുടെ വരവിനുശേഷമുള്ള ആദ്യത്തെ നാട്ടുമെത്രാനാണ്, അലക്സാണ്ടർ ദെ കാമ്പോ എന്നറിയപ്പെടുന്ന പറമ്പിൽ ചാണ്ടിമെത്രാൻ. അദ്ദേഹം സർവ്വസമ്മതനും മാർപ്പാപ്പായോടുള്ള വിധേയത്വത്തിൽ ദൃഢപ്രതനുമായിരുന്നു. Eustache Di. S. Maria എന്ന വിദേശകർമ്മലീത്താമിഷ്നറി എഴുതിയ സെബസ്ത്യാനിയുടെ ജീവചരിത്രത്തിൽ പറമ്പിൽ, ചാണ്ടിമെത്രാനെ വളരെയധികം സ്തുതിച്ചിട്ടുണ്ട്. അതിനു താഴെപ്പറയുന്ന കാരണങ്ങളാണ് പറഞ്ഞിട്ടുള്ളത്.

(1) സ്വന്തം പിതൃവ്യനായ മാർത്തോമ്മാ ഒന്നാമന്റെ പക്ഷത്തു് ആദ്യം ചേർന്നുവെങ്കിലും അദ്ദേഹം ശീശ്മയിലാണെന്നു മനസ്സിലായപ്പോൾ അദ്ദേഹത്തെ ഉപേക്ഷിക്കുകയും ശീശ്മക്കെതിരായി ശക്തിയായി പ്രവർത്തിക്കുകയും ചെയ്തു.

(2) സെബസ്ത്യാനിയും കമ്മിസറിയിലെ മററു വൈദികരും ആദ്യമായി കേരളത്തിലെത്തിയപ്പോൾ അവർക്ക് ആതിഥ്യം നല്കി സ്വീകരിക്കുകയും, നാലു മാസത്തോളം കുറവിലങ്ങാട്ടുള്ള പള്ളിമേടയിൽ താമസിപ്പിക്കുകയും ചെയ്തു.

(3) ഫാ. ജോസഫ് സെബസ്ത്യാനിയും മററും കേരളത്തിൽ വന്നപ്പോൾ സെബസ്ത്യാനിയുടെ വലംകൈയായി നിന്നു് പ്രവർത്തിച്ച് ശീശ്മയിൽനിന്ന പല ഇടവകകളെയും പുനരൈക്യത്തിൽ കൊണ്ടുവന്നു1.

മലയാളത്തിന്റെ വികാരി അപ്പസ്തോലിക്കയായി സ്വന്തജാതിയിലും സ്വന്തറീത്തിലും ഒരു മെത്രാനെ കിട്ടിയപ്പോൾ, മാർത്തോമ്മാക്രിസ്ത്യാനികൾ ആഹ്ലാദഭരിതരായി. ചിരകാലമായുണ്ടായിരുന്ന അവരുടെ അഭിലാഷങ്ങളും പ്രതീക്ഷകളും പൂവണിഞ്ഞതു് അപ്പോഴാണ്. ചാണ്ടിമെത്രാന്റെ ഉപദേശകസമിതിയിലെ അംഗങ്ങളായിരുന്നു, കടവിൽ

1. Fr. Bernard: Vol. II, P. 120.

www.malankaralibrary.com

ചാണ്ടിക്കത്തനാരും കർമ്മലീത്താമിഷ്യനറിമാരായിരുന്ന ഫാ. മാത്യുവും, ഫാ. കൊർണേലിയസും. അദ്ദേഹത്തിൻെറ സഹായിയായിരുന്ന, കടവിൽ ചാണ്ടിക്കത്തനാരുടെ സാഹിത്യവാസനയും വാഗ്‌വിലാസവും പുറക്കാട്ടുരാജാവിൻെറ പ്രശംസയ്ക്കു് കാരണമായിട്ടുണ്ടെന്നു്, ബിഷപ്പ് സെബസ്ത്യാനി അദ്ദേഹത്തിൻെറ ഗ്രന്ഥത്തിൽ പറഞ്ഞിട്ടുണ്ടു്. പറമ്പിൽ ചാണ്ടിമെത്രാൻ താമസിച്ചിരുന്നതു് കുറവിലങ്ങാട്ടും കടവെച്ചൂരും ഉള്ള അരമനകളിലായിരുന്നു. അവിടെ നിന്നാണു് അദ്ദേഹത്തിൻെറ കല്പനകളെല്ലാം പുറപ്പെട്ടിരുന്നതു്.

## ചാണ്ടിമെത്രാനും പുനരൈക്യശ്രമങ്ങളും

വിഘടിച്ചുനിന്നിരുന്ന മാർത്തോമ്മാഒന്നാമനും അദ്ദേഹത്തിൻെറ അനുയായികൾക്കും ചാണ്ടിമെത്രാൻെറ ഈ സ്ഥാനാരോഹണം കടുത്ത ഒരു ആഘാതമായിരുന്നു. വിയോജിച്ചുനിന്ന മാർത്തോമ്മാക്രിസ്ത്യാനികൾ ഓരോരുത്തരായി പുനരൈക്യപ്പെടുവാൻ തുടങ്ങി. ചാണ്ടിമെത്രാൻ ഭരണം കയ്യേററപ്പോൾ, ഏകദേശം അറുപതു ഇടവകകളേ—അവയിൽ പലതും ഭാഗികമായിമാത്രം—അദ്ദേഹത്തിൻെറ അധികാര



പറമ്പിൽ ചാണ്ടി മെത്രാൻ (1663–1693)

www.malankaralibrary.com

ത്തിൽപ്പെട്ടിരുന്നുള്ളൂ. എന്നാൽ അദ്ദേഹത്തിന്റെ ഭരണാന്ത്യത്തിൽ അതു് 89 ആയി വർദ്ധിച്ചു; എഴുപത്തൊന്നു പള്ളികൾ മുഴുവനായും പതിനെട്ടു പള്ളികൾ ഭാഗികമായും — അതായതു് ഇരുകൂട്ടരും കർമ്മങ്ങൾ നടത്തിയിരുന്നവ.

## കേരളത്തിലെ ഒന്നാമത്തെ കർമ്മലീത്താ ആശ്രമം

ചാണ്ടിമെത്രാന്റെ ഭരണകാലം പലവിധത്തിലും പ്രാധാന്യമർഹിക്കുന്നതാണു്. കേരളത്തിലെ ആദ്യത്തെ കർമ്മലീത്തൻ ആശ്രമം എറണാകുളത്തിനടുത്തുള്ള ചാത്യാത്തു് സ്ഥാപിക്കുവാനും അതു തന്റെ അധികാരത്തിൽനിന്നു് ഒഴിവാക്കുവാനും അനുവാദം നൽകിയതു് പറമ്പിൽ ചാണ്ടിമെത്രാനാണു്. ആ രേഖയിൽ 'ഇന്ത്യ ഒക്കെയുടെയും മെത്രാൻ' എന്ന പരമ്പരാഗതമായ സ്ഥാനപ്പേരോടുകൂടിയാണു്, ചാണ്ടി മെത്രാൻ ഒപ്പുവച്ചിരുന്നതു്. സന്ന്യാസസഭകളും രൂപതാധികാരികളുമായിട്ടുള്ള പ്രശ്നങ്ങൾ നൂററാണ്ടുകളായിട്ടുള്ളതാണു്. അധികാരലഹരിയിൽപ്പെട്ട മെത്രാന്മാർ സന്ന്യാസികളെയും സന്ന്യാസമന്ദിരങ്ങളെയും സ്വന്തം അരമനകളെപ്പോലെ ഭരിക്കുവാൻ ശ്രമിക്കാറുണ്ടു്. അതേസമയംതന്നെ, സന്ന്യാസസഭകൾക്കു് അവയുടെ ആദർശം നിലനിർത്തുകയും നിയമങ്ങൾ പാലിക്കുകയും പ്രവർത്തനസ്വാതന്ത്ര്യം ഉണ്ടായിരിക്കുകയും വേണം. സന്ന്യാസസഭകളുടെ വളർച്ച, രൂപതയുടെതന്നെ വളർച്ചയാണു് — ആവൃതമായാലും അനാവൃതമായാലും. ഉച്ചിവച്ച കൈകൾ ഉദകക്രിയയ്ക്കു് ഒരുമ്പെടരുതു്. രൂപതാഭരണം പലപ്പോഴും രൂപതാധികാരികളുടെ വ്യക്തിത്വത്തിന്റെ ഭാവരൂപങ്ങളെ ആശ്രയിച്ചാണല്ലോ നില്ക്കുന്നതു്. ഇങ്ങനെ വരുമ്പോൾ സംഘർഷങ്ങൾ അനിവാര്യങ്ങളാകും. ഫാ. മാത്യു വിദേശമിഷ്നറി ആയിരുന്നതുകൊണ്ടും പറമ്പിൽ ചാണ്ടിമെത്രാൻ ബിഷപ്പ് സെബസ്ത്യാനിയോടുള്ള കടപ്പാടു് മറക്കാത്തതുകൊണ്ടും ഒരു പക്ഷേ, കർമ്മലീത്തക്കു് റോമിലുള്ള സ്വാധീനം പരിഗണിച്ചുമായിരിക്കാം, കേരളത്തിലെ കർമ്മലീത്താമന്ദിരങ്ങളെ പറമ്പിൽ ചാണ്ടിമെത്രാൻ തന്റെ അധികാരപരിധിയിൽനിന്നും ഒഴിവാക്കിയതു്.

## തട്ടാരശ്ശേരി അഥവാ വരാപ്പുഴ

ഡച്ചുകാരുടെ ഭരണകേന്ദ്രങ്ങളിൽ ഏററവും സ്വാധീനമുണ്ടായിരുന്ന ആളായിരുന്നു കർമ്മലീത്താസന്യാസിയായി

www.malankaralibrary.com

രുന്ന ഫാ. മാത്യൂ എന്നു് മുകളിൽ പറഞ്ഞിട്ടുണ്ടു്. കൊടുങ്ങല്ലൂർ അഴി അടയുകയും വൈപ്പിൻദ്വീപു് ഉയരുകയും ചെയ്തതോടുകൂടി സഹ്യാദ്രിയിൽനിന്നു് നദികൾവഴി വന്നുകൊണ്ടിരുന്ന എക്കലും മണലുമടിഞ്ഞു് സമതലങ്ങളിൽ അനേകം ദ്വീപുകൾ രൂപമെടുക്കുകയും മുമ്പുണ്ടായിരുന്നവ വിസ്തൃതമാകുകയുംചെയ്തിരുന്നു. കൊച്ചിയിൽനിന്നും ഒൻപതുമൈൽ വടക്കുകിഴക്കായുള്ള തട്ടാരശ്ശേരി, വിസ്തൃതമായിക്കൊണ്ടിരുന്ന ഒരു ദ്വീപായിരുന്നു. അവിടെ കുറെ സുറിയാനിക്കുടുംബങ്ങളുടെ അങ്ങാടിയെന്നറിയപ്പെടുന്ന ഒരു സങ്കേതമുണ്ടായിരുന്നു: അതിപ്പോഴുമുണ്ടു്. തട്ടാരശ്ശേരിയിലുണ്ടായിരുന്ന കത്തോലിക്കർക്കുവേണ്ടി 1673-ൽ കർമ്മലീത്തർ ഒരു ദേവാലയം സ്ഥാപിച്ചു; അതോടുകൂടി ഒരു സെമിനാരിയും. ഈ സ്ഥലം കരമൊഴിവായിക്കൊടുത്തതു് കൊച്ചിഭരണാധികാരിയായിരുന്ന പെരുമ്പടപ്പാണു്. ഈ സ്ഥലമാണു് ഇപ്പോൾ വരാപ്പുഴ എന്ന പേരിലറിയപ്പെടുന്നതു്. ഈ ദേവാലയം ആസ്ഥാനമാക്കി മിഷ്നറിമാർ അവരുടെ പ്രവർത്തനങ്ങൾ കേന്ദ്രീകരിച്ചിരുന്നു. അവിടെ ആണ്ടുതോറും നാനൂറു് അനാഗതർക്കു് (Pagans) മാമ്മോദീസാ നൽകിയിരുന്നതായി പറയുന്ന ഒരു രേഖ ഫാ. ഫെറോളി ഉദ്ധരിക്കുന്നു2. 1673 മുതൽ പ്രതിവർഷം 400 പേർ കത്തോലിക്കരാകുകയും ജനനനിരക്കനുസരിച്ചു് അവർ വർദ്ധിക്കുകയും ചെയ്തിരുന്നെങ്കിൽ, 20-ാം നൂററാണ്ടാകുമ്പോൾ വരാപ്പുഴ രൂപത പല ലക്ഷം കത്തോലിക്കർ ഉൾക്കൊള്ളുന്ന രൂപതയാകുമായിരുന്നുവെന്നു തോന്നിപ്പോകുന്നു. തന്മൂലം, ആ രൂപതയിൽപ്പെട്ടുപോയ പുരാതന ക്രിസ്ത്യാനികളുടെ അനുപാതം വളരെ കുറയുവാനല്ലേ വഴിയുള്ളൂ.

## അതിഥിയുടെ വരവ്-ഫാദർ പീററർ പോൾ

ചാണ്ടിമെത്രാന്റെ ഭരണകാലത്തു്, 1678-ൽ അദ്ദേഹത്തിനു് വിശിഷ്ടനായ ഒരു അതിഥി റോമിൽനിന്നും വന്നുചേർന്നു. അതിന്റെ കഥയാണു് താഴെപ്പറയുന്നതു്. മധുരയിൽനിന്നും ഒരു സന്യാസിവന്നു് അവിടത്തെ മിഷ്ൻപ്രവർത്തനത്തിന്റെ ശോചനീയസ്ഥിതികളെപ്പററി ചാണ്ടിമെത്രാനെ ധരിപ്പിച്ചു. ഈ സന്യാസി Fr. Fregere-ന്റെ കുതിരക്കാരനായിരുന്നെന്നു് Fr. Ferroli പറയുന്നു! പറങ്കികളായ മി

2. Ferroli Vol. II. P. 72.

www.malankaralibrary.com

ഷ്നറിമാരിൽനിന്നും മാമ്മോദീസാ സ്വീകരിക്കുവാൻ മധുരയിലെ സവർണ്ണർ മടിക്കുന്നുവെന്നും അതിനാൽ കേരളത്തിൽനിന്നും സുറിയാനി കത്തനാരന്മാരെ അയച്ചുകൊടുക്കണമെന്നും ആയിരുന്നു നിവേദനം. ചാണ്ടിമെത്രാന് വിശ്വാസം തോന്നിയില്ല. തന്നെയുമല്ല, അദ്ദേഹത്തിന് ഡച്ചുകാരും വിയോജിതസുറിയാനിക്കാരുമായി ധാരാളം പ്രശ്നങ്ങൾ ഉണ്ടായിരുന്നു. അതുകൊണ്ട്, പുതിയ ഏടാകൂടങ്ങളിൽ തലയിടാൻ അദ്ദേഹം ആഗ്രഹിച്ചില്ല.

ജസ്യൂട്ടർക്കെതിരായ ആരോപണങ്ങളിൽ കർമ്മലീത്തക്ക് സ്വാഭാവികമായും വളരെ താല്പര്യമുണ്ടാകുമല്ലോ. കൂടാതെയും ഫാ. ഡിനോബിലിയുടെ നേതൃത്വത്തിൽ മധുരയിൽ നടന്നുകൊണ്ടിരുന്ന ക്രൈസ്തവകർമ്മങ്ങളുടെ ഭാരതവൽക്കരണത്തിൽ കർമ്മലീത്തർ രോഷാകുലരുമായിരുന്നു. ചാണ്ടി മെത്രാൻ മധുരയിലെ കുഴപ്പങ്ങളിൽ താല്പര്യം കാണിക്കായ്കയാൽ, ആ സന്ന്യാസി കേരളത്തിലുണ്ടായിരുന്ന കർമ്മലിത്താമിഷ്നറിമാരെ സമീപിച്ചു. അവരിൽ പ്രശസ്തനായ ഒരാളായിരുന്നു, ഫാ. പീററർ പോൾ; അദ്ദേഹം ഇററലിയിലെ ഒരു പ്രഭുകുടുംബത്തിന്റെ ഏകാവകാശിയും പതിനൊന്നാം ഇന്നസന്റ് മാർപ്പാപ്പായുടെ ഭാഗിനേയനുമായിരുന്നു. തന്മൂലം റോമിൽ അദ്ദേഹത്തിന് കുറച്ചൊന്നുമല്ല സ്വാധീനമുണ്ടായിരുന്നത്. സവർണ്ണവൈദികരെത്തേടി മധുരയിൽനിന്നും ദൂതൻ വന്നപ്പോൾ ഫാ. പീററർ പോൾ, പറമ്പിൽ ചാണ്ടിമെത്രാന്റെകൂടെയായിരുന്നു താമസിച്ചിരുന്നത്. മധുരയിൽനിന്നും വന്ന സന്ന്യാസിയുടെ വിവരണങ്ങളിൽ അദ്ദേഹം ആകൃഷ്ടനായി. അദ്ദേഹം രണ്ടു കത്തനാരന്മാരോടുകൂടി മധുരയിലേയ്ക്ക് പുറപ്പെട്ടു. കമ്പത്തുചെന്നപ്പോൾ അവിടെയുണ്ടായിരുന്ന ഉപദേശി, തുമ്പും വാലും തലയുമുള്ള തവിട്ടുനിറത്തിലെ കർമ്മലീത്താവേഷംകണ്ട് അന്ധാളിച്ചു. മധുരമിഷ്നിലുണ്ടായിരുന്ന ജസ്യൂട്ട് വൈദികർ ബ്രാഹ്മണരെപ്പോലെ മുണ്ടുടുത്ത് പൂണൂലും മേലങ്കിയും ധരിച്ചാണ് നടന്നിരുന്നത്. മധുരയിലെത്തിയ അദ്ദേഹത്തെ, തങ്ങളുടെ മിഷ്ൻ പ്രവർത്തനങ്ങൾക്ക് തടസ്സംവരുമെന്ന് പറഞ്ഞ്, ജസ്യൂട്ടർ മടക്കി അയച്ചു. ഇന്ത്യയിലെ മിഷ്നിലെല്ലാം അതിഥിയായി ചെല്ലുവാൻ അദ്ദേഹത്തിന്റെ കൈവശം പ്രൊപ്പഗാന്തായുടെ കല്പനയുണ്ടായിരുന്നു. ജസ്യൂട്ടർ അതു് കൂട്ടാക്കിയില്ല. തന്നെ അപമാനിക്ക

www.malankaralibrary.com

കയും വഞ്ചിക്കുകയും ചെയ്തുവെന്ന ബോധത്താൽ, അദ്ദേഹം മരണംവരെ ജസ്യൂട്ടരുടെ ശത്രുവായിക്കഴിഞ്ഞു.

ഫാ. പീററർ പോറം പുറക്കാട്ടു (ചെമ്പകശ്ശേരി) രാജാവിന്റെ കീഴിലുണ്ടായിരുന്ന വിയോജിതക്രിസ്ത്യാനികളെ ഐക്യത്തിൽ കൊണ്ടുവരുന്നതിന് വളരെ ശ്രമിച്ച ആളാണ്. അന്ന് പുറക്കാട്ടുരാജാവിന്റെ കീഴിൽ രണ്ടായിരം വിയോജിതരും ആയിരം സംയോജിതരുമാണുണ്ടായിരുന്നത്. വിയോജിതർ ചെമ്പകശ്ശേരിരാജാവിന് നൂററിയമ്പതു് (150) സ്വർണ്ണനാണയം കൊടുത്തുകൊണ്ട് സംയോജിതക്കെതിരായുള്ള ഒരു കല്പന പുറപ്പെടുവിപ്പിച്ചു. ഈ വിവരമറിഞ്ഞ ഫാ. പീററർ പോറം, രാജാവിന് നൂററിയറുപതു് (160) സ്വർണ്ണനാണയം – പത്തു സ്വർണ്ണനാണയം കൂടുതൽ – കൊടുത്തുകൊണ്ട് ആദ്യത്തെ കല്പന റദ്ദാക്കിക്കുകയും എല്ലാ ക്രിസ്ത്യാനികളും മിഷ്നറിമാരുടെ കീഴിൽവരാൻ നിർബന്ധിക്കുന്ന കല്പന പുറപ്പെടുവിപ്പിക്കുകയും ചെയ്തു. അങ്ങനെ 1682 ഡിസംബർ 2–ാംനു- വിയോജിതസഭാപ്രമാണികറം പുറക്കാട്ടുപള്ളിയിൽകൂടി തങ്ങളുടെ തെററുകറം ഏററുപറഞ്ഞു് മിഷ്നറിമാരുടെ അധികാരത്തിലമന്നു. ഫാ. പീററർ പോളാണ് വിയോജിതരുടെ മഹറോൻ നീക്കിയതു്. ഈ പുനരൈക്യത്തിന് ബിഷപ്പ് റപ്പായേൽ ധനസഹായം ചെയ്തതായി ഒരു രേഖയുണ്ട്[3].

ഫാ. പീററർ പോറം വൈദികവിദ്യാർത്ഥികറംക്ക് ഒരു സെമിനാരി സ്ഥാപിച്ചു. ആ സെമിനാരിക്ക് ചില പ്രത്യേക അവകാശങ്ങറം ലഭിക്കുന്നതിനുവേണ്ടി റോമിലേയ്ക്കെഴുതി. അവയിൽ റീത്തു് സംബന്ധിച്ച ശ്രദ്ധേയമായ രണ്ടു അപേക്ഷകളാണ് താഴെ പറയുന്നവ. ഒന്ന്, വിദേശമിഷ്നറിമാരുറംപ്പെടുന്ന സെമിനാരിയിലെ പ്രഫസ്സർമാക്ക് സുറിയാനിയിൽ കർബാന ചൊല്ലുവാനുള്ള അവകാശം; മറെറാന്ന് സുറിയാനിറീത്തിൽ പട്ടം കൊടുക്കുകയും കേരളത്തിലെ സുറിയാനിറീത്തു മാററുകയില്ലെന്നു പ്രൊപ്പഗാന്താസംഘം പരസ്യമായി പ്രഖ്യാപിക്കുകയും ചെയ്യുക. അന്നും വിശാലഹൃദയതവും മതസഹിഷ്ണുതയും ഉള്ള കർമ്മലീത്താ വൈദികർ അപവാദമായിട്ടെങ്കിലുമുണ്ടായിരുന്നുവെന്നു സ്പഷ്ടം. എന്നാൽ 19–ം 20–ം നൂററാണ്ടുകളിൽ പുത്തൻപ്പള്ളിയിലും

3. Pallipurathukunnel T. P. 45.

www.malankaralibrary.com

പിന്നാലെ മംഗലപ്പുഴയിലും സെമിനാരി നടത്തിയിരുന്ന സ്പാനിഷ് കർമ്മലീത്താമിഷ്നറിമാർക്ക് വെളിച്ചം വീശുവാൻ ഫാ. പീററർ പോളിൻെറ ഈ വിലയേറിയ ഉപദേശം ഒട്ടും ഉതകിയില്ല. അവരുടെ കാലത്തു്, സുറിയാനിക്കത്തോലിക്കർ മിഷ്നറിമാരുടെ ഉദാരമായ സഹിഷ്ണതയിൽ പരിഗണിക്കപ്പെട്ടുകിട്ടിയ ഭിക്ഷാപാത്രത്തിലെ ദാനമായിരുന്നു.

1689-ൽ അദ്ദേഹം റോമിലേയ്ക്കു് മടങ്ങി. അക്കൊല്ലം തന്നെ പ്രൊപ്പഗാന്താ അദ്ദേഹത്തെ മുഗൾഇന്ത്യയുടെ 'അപ്പസ്തോലികകമ്മിസറി'യായി നിയമിച്ചു. എന്നാൽ പോർച്ചുഗീസുകാർ ഈ നിയമനത്തെ എതിർത്തതുകൊണ്ടു് അദ്ദേഹത്തിനു് കപ്പൽവഴി വരുവാൻ കഴിഞ്ഞില്ല. അദ്ദേഹം കരവഴി, ദീർഘയാത്രകഴിച്ചു് ഇന്ത്യയിലെത്തി. 1696-ൽ മെത്രാനായി അവരോധിക്കപ്പെട്ടു. 1700-ൽ സൂററിൽവച്ചു് അദ്ദേഹം മരിച്ചു. അദ്ദേഹത്തിൻെറയും അദ്ദേഹംമൂലം റോമൻ ഭരണമണ്ഡലങ്ങളിൽ കർമ്മലീത്താസഭയ്ക്കു് സിദ്ധിച്ച സ്വാധീനത്തിൻെറയും ഫലമായിട്ടാണു്, കർമ്മലീത്തർ 1700-ൽ കേരളത്തിൽ വീണ്ടും വരാനും ഭരണം തുടങ്ങാനും ഇടയായതു്. ഫ്രാൻസിസ് ആഞ്ചലൂസായിരുന്നല്ലോ ആദ്യത്തെ കർമ്മലീത്താമെത്രാൻ.

## വിലയിരുത്തൽ

പറമ്പിൽ ചാണ്ടിമെത്രാൻെറ ഭരണം വിജയകരമായിരുന്നുവെന്നു് എല്ലാവരും സമ്മതിക്കുന്ന കാര്യമാണു്. കർദ്ദിനാൾ ടിസ്സെറാൻറ് ചാണ്ടിമെത്രാൻെറ ഭരണത്തെ പ്രശംസിക്കുന്നുണ്ടു്[4]. ഫാ. ഫെറോളിക്കുമാത്രം ചാണ്ടിമെത്രാനെപ്പററി മെച്ചമായൊന്നും പറയുവാനില്ല. ''നല്ലോരു മനുഷ്യൻ, പക്ഷേ വലിയ പഠിപ്പില്ലല്ലോ'' എന്നു ഫാ. ഫെറോളി വിലപിക്കുന്നു[5].

ഫെറോളി മറെറാരു വിചിത്രമായ കാര്യംകൂടി പറയുന്നുണ്ടു്; തോമ്മാ ഒന്നാമനെതിരായി സെബസ്ത്യാനിയോടു കൂടിനിന്നവർപോലും പറമ്പിൽ ചാണ്ടിമെത്രാനെ എതിർത്തുവെന്നു്. കാരണം, ഫെറോളിതന്നെ പറയുന്നുണ്ടു്: പറമ്പിൽ ചാണ്ടിമെത്രാൻെറ തൊലി കറുത്തതാണു് (''being dark'')

4. Tisserant, P. 87.
5. Vol. II, P. 60.

www.malankaralibrary.com

തന്മൂലം രാജാക്കന്മാർ ബഹുമാനിക്കുകയില്ല; അവരോടൊപ്പം ഇരുത്തുകയില്ല; കത്തനാരന്മാരും ജനങ്ങളും വണങ്ങുകയില്ല. സഭയുടെ ഭാരതവല്ക്കരണത്തിന് എതിരായി കൂടക്കൂടെ കേട്ടിട്ടുള്ള ന്യായങ്ങളാണിവയെന്നും ഫെറോളി പറഞ്ഞു[6] തന്റെ ഉത്തരവാദിത്വത്തിന് മൂടുപടമിടുന്നു.

മാർത്തോമ്മാക്രിസ്ത്യാനികൾക്കും രാജകീയാവകാശങ്ങൾ അനുഭവിച്ചുകൊണ്ടിരുന്ന അവരുടെ അർക്കദിയാക്കോന്മാർക്കും, പൊതുജീവിതത്തിലും രാജസദസ്സുകളിലുമുണ്ടായിരുന്ന സ്ഥാനം ഫെറോളിക്കു അജ്ഞാതമായിരുന്നോ? "ഇന്ത്യാക്കാരിൽ നിന്ന് എന്തു ഗുണമുണ്ടാകും''? എന്നുള്ള 'നഥാനി'യേൽ യുക്തിയാണ് ഫാ. ഫെറോളിക്ക് എവിടെയും എപ്പോഴുമുണ്ടായിരുന്നത്. ഇരുപതാം നൂററാണ്ടിന്റെ പൂർവ്വാർദ്ധത്തിൽ ഫാ. ഫെറോളി മംഗലാപുരം ജസ്യൂട്ട് പ്രൊവിൻഷ്യലായിരുന്നു. അക്കാലത്തു്, ഈശോസഭയുടെ ഭാരതവല്ക്കരണ പരിശ്രമങ്ങൾക്ക് അദ്ദേഹം എപ്പോഴും എതിരായിരുന്നുവെന്നാണ് പറയപ്പെടുന്നത്. കൂനൻകുരിശുസത്യത്തിനു പിതൃത്വം നൽകിയ ബിഷപ്പ് ഗാഷ്യായെ പൂർണ്ണമായും നീതീകരിക്കുകയും വാനോളം പുകഴ്ത്തുകയും ചെയ്യുന്നതിന്റെ രഹസ്യവും മററൊന്നല്ല:

അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ കേരളസഭയിലെ കുഴപ്പത്തിനെല്ലാം ഒരേയൊരു കാരണമേയുള്ളു: ''എന്റെ വിശ്വാസം, ഈ കുഴപ്പത്തിനെല്ലാം കാരണം ജസ്യൂട്ടരുമല്ല; കർമ്മലീത്തരുമല്ല. പിന്നെയോ, അത്യാഗ്രഹികളായ കുറെ കത്തനാരന്മാരാണ്. അവർ ജനങ്ങളെ തെററായ മാർഗ്ഗത്തിൽ കൂടെ നയിച്ചു; അവരുടെ വികാരങ്ങളെ ഉജ്ജ്വലിപ്പിച്ചു; മാർത്തോമ്മാക്രിസ്ത്യാനികൾക്കുണ്ടായിരുന്ന ഉൽക്കടമായ ദേശീയബോധത്തെ ചൂഷണം ചെയ്തു് സുറിയാനി (ബാബിലോൺ) മെത്രാന്മാരോടു വിചിത്രമായ ചാർച്ച പുലർത്തി''[7]. അധികാരത്തിന്റെ മധുരക്കനിക്കുമാത്രം നോട്ടമിട്ടിരുന്ന കൊളോണിയലിസത്തിന്റെ വിചിത്രമായ വേദാന്തം!!

പതിന്നാലു വർഷത്തെ ഭരണംകഴിഞ്ഞപ്പോൾ ചാണ്ടി മെത്രാന് വാർദ്ധക്യത്തിന്റെ ഭാരവും ബലഹീനതകളും തോ-

6. Ibid P. 61.
7. Ibid P. 123.

www.malankaralibrary.com

ന്നിത്തുടങ്ങി. തനിക്കു് സഹായിയും പിന്തുടച്ച്ക്കാരനുമായിട്ടു് ഒരു മെത്രാനെ വാഴിക്കണമെന്നും, അതു കേരളസഭയുടെ പാരമ്പര്യമനുസരിച്ചു്, തൻെറ അനന്തരവനായ പകലോമററത്തു് മത്തായി കത്തനാരായിരിക്കണമെന്നും കാണിച്ചു് റോമിലേക്കപേക്ഷിച്ചു. ''പ്രൊപ്പഗാന്ത സംഘം 1675 ജനുവരി 29-ാം നു- അതു് അനുവദിച്ചു് തീരുമാനമെടുത്തു''വെന്നു് കട്ടിനാററം ടിസ്സെറാൻറു് പറയുന്നു[8]. അധരങ്ങൾക്കും പാനപാത്രത്തിനും ഇടയിലൂടെ പാനീയം ഋവിപ്പോകാമെന്നു് ഇംഗ്ലീഷിൽ ഒരു പഴഞ്ചൊല്ലുണ്ടു്. അതാണു് ഇവിടെ സംഭവിച്ചതു്.

റോമൻ ക്കുറിയായിൽ സ്വാധീനമുണ്ടായിരുന്ന കമ്മലീത്തർ ഈ വിവരം ഉടൻതന്നെ പിടിച്ചെടുത്തു; പ്രൊപ്പഗാന്തായുടെ ഈ നിശ്ചയത്തെ റദ്ദാക്കുവാനോ സ്വാഭീഷ്ടത്തിനു് വഴക്കിയെടുക്കുവാനോ ആയിരുന്നു കമ്മലീത്തരുടെ അനന്തര ശ്രമം.

## നേരിയ വെളിച്ചവും കനത്ത ഇരുട്ടും

15-ാം നൂററാണ്ടു മുതലുള്ള കേരളസഭയുടെ ചരിത്രം മാറി മാറിവരുന്ന അല്പം വെളിച്ചത്തിൻേറയും ഏറിയ ഇരുട്ടിൻേറയും കഥയാണു്. സഭയുടെ എല്ലാക്കുഴപ്പങ്ങൾക്കും പ്രതിവിധി സ്വജാതിമെത്രാന്മാരുടെ നിയമനമായിരുന്നു. സാമ്രാജ്യമോഹികളായ വിദേശമിഷ്നറിമാർ അതിനെ എപ്പോഴും എതിർത്തു കൊണ്ടിരുന്നു. ഉദ്ദിഷ്ടസിദ്ധിക്കു് അവക്കു് റോമിനെ നിരന്തരമായി തെററിധരിപ്പിക്കുവാനും കഴിഞ്ഞു. വിദൂരസ്ഥരും പൗരസ്ത്യറീത്തുകാരുമായ കേരളീയരുടെ വിലാപം വനരോദനം മാത്രമായേ കലാശിച്ചുള്ളൂ. പറമ്പിൽ ചാണ്ടിമെത്രാൻെറ അഭ്യർത്ഥനകൾ റോമാ അനുവദിച്ചപ്പോൾ, ഏററവും ഭഗ്നാശരും രോഷാകുലരുമായിത്തീന്നതു് കമ്മലീത്താസന്ന്യാസിമാരാണു്. ധ്യാനാലയങ്ങളുടെ ആവൃതികളിൽനിന്നു് പുറത്തിറങ്ങിയ അവർക്കു്, കണ്ണഞ്ചിപ്പിക്കുന്നതായിരുന്നു, ജനലക്ഷങ്ങളുടെമേലുള്ള ആധിപത്യവും ഭരണാധികാരവും. അതോടൊപ്പംതന്നെ, ഭരണീയരുടെ പ്രണാമാച്ച്നകൾക്കുള്ള അഭിവാഞ്ഛയും കുറച്ചൊന്നുമല്ലായിരുന്നു. ഏകദേശം ഇരുന്നൂറു വഷത്തോളം കേരളസഭയെ കൈയടക്കാൻ ശ്രമിച്ചിരുന്ന പോർച്ചുഗീസുമേധാവിത്വത്തെ മിക്കവാറും വിജയകരമായി

8. Ibid P. 87,

www.malankaralibrary.com

ളുത്തെറിയുവാൻ കമ്മലീത്തക്ക സാധിച്ചു. എന്നാൽ ദീർഘകാലമോഹങ്ങളും പ്രതീക്ഷകളും പൂവണിയുന്ന സമയത്താണ് ''അന്യഥാ ചിന്തിതം കാര്യം ദൈവമന്യത്ര ചിന്തയേൽ'', എന്ന മട്ടിൽ ഡച്ചുകാർ സെബസ്ത്യാനിയെ നാടുകടത്തിയതു്.

## കർമ്മലീത്തരുടെ വിപ്രവാസവും പ്രത്യാഗമശ്രമങ്ങളും

1634-ലാണ് രണ്ടു കമ്മലീത്താമിഷ്നറിമാർ ആദ്യമായി കേരളത്തിൽ കാലുകുത്തുന്നതു്. അവക്ക് ഹൃദ്യവും ആഹ്ലാദപൂർവ്വവുമായ ഒരു വരവേൽപ്പാണ് മാത്തോമ്മാസഭയുടെ കേന്ദ്രമായ കുറവിലങ്ങാട്ടുവച്ച് നല്കിയതു്. എവിടെച്ചെന്നാലും കമ്മലോത്തരീയത്തിന്റെ ഉദ്ഘാടകരും പ്രചാരകരുമായിരുന്നു അവർ. കേരളക്രിസ്ത്യാനികളിൽ അത്യധികം കൗതുകവും താല്പര്യവും ജനിപ്പിച്ച ഒന്നായിരുന്നു നവീനമായ ഈ ഭക്താഭ്യാസമെന്നുതന്നെ പറയാം. എന്നാൽ കേരളസഭാംഗങ്ങരം കാണിച്ച സന്തോഷവും ബഹുമാനവും യഥാത്ഥത്തിൽ അപരിചിതരായ ആ കമ്മലീത്താസന്ന്യാസിമാരോടായിരുന്നുവെന്നു പറയുവാൻ പ്രയാസമാണ്. ജസ്യൂട്ടുക്ക് അന്യവും ഒരുപക്ഷേ വിരുദ്ധവുമായ ഒരു സന്ന്യാസസഭാസമൂഹം എന്ന നിലയിലാണ് ഈ വരവേൽപ്പും സന്തോഷവുമെല്ലാം കേരളസഭാംഗങ്ങരം പ്രകടിപ്പിച്ചതു്. യഥാർത്ഥത്തിൽ, ആ പ്രകടനത്തിന്റെ തായ്വേരു് താഴ്ന്നിറങ്ങിയിരുന്നതു് കേരളസഭയ്ക്കു് പോർച്ചുഗീസു ജസ്യൂട്ടരോടുണ്ടായിരുന്ന വിദ്വേഷത്തിലായിരുന്നു. കമ്മലീത്തരെ ഒരു അക്കരപ്പച്ചപോലെ കണ്ടുവെന്നുമാത്രമേയുള്ളൂ. അതു് അക്കരപ്പച്ചയായിത്തന്നെ അനുഭവപ്പെടുകയുംചെയ്തു. ദീർഘദർശനവരമില്ലാതെ മാത്തോമ്മാക്രിസ്ത്യാനികരം പൂജിച്ചിരുത്തി പ്രണമിക്കുകയും പല്ലക്കിലേററി പ്രദക്ഷിണംവെയ്ക്കുകയുംചെയ്ത നവാഗതരുടെ അകക്കാമ്പു കാണുവാൻ അവക്ക കഴിഞ്ഞിരുന്നില്ല. അക്ദിയാക്കോൻ പുതിയതായിവന്ന കമ്മലീത്തരെപ്പററി കലവറകൂടാതെ പ്രസ്താവിക്കുന്നുമില്ല. പോർച്ചുഗീസുകാരുമായുള്ള ആദ്യകാലത്തെ മധുവിധുവും പിന്നീടുണ്ടായ തിക്താനുഭവങ്ങളും മറക്കാൻ മാത്തോമ്മാക്രിസ്ത്യാനികരംക്ക കാലമായിട്ടുമില്ലായിരുന്നു.

www.malankaralibrary.com

കമ്മലീത്തക്ക് തങ്ങളുടെ ആധിപത്യം കേരളസഭയിൽ സ്ഥാപിക്കുന്നതിന് രണ്ടു കാര്യങ്ങളാണ് ആവശ്യമുണ്ടായിരുന്നതു്; ഒന്ന് പോർച്ചുഗീസുകാരെ തുരത്തുക, ഡച്ചുകാരുടെ വരവോടുകൂടി അതു സാധിച്ചുകിട്ടി: ബാബിലോണിയൻ മെത്രാന്മാരുടെ വരവു് പോർച്ചുഗീസുകാർതന്നെ നിർത്തിക്കളയുകയും ചെയ്തു. പിന്നെ വേണ്ടതു്, നാട്ടുമെത്രാന്മാരുടെ വാഴ്ചക്കുള്ള സാദ്ധ്യതകൾ നാമ്പിലെ നുള്ളിക്കളയുകയായിരുന്നു. ബിഷപ്പ് സെബസ്ത്യാനിയുടെ ഭരണം ക്ഷണപ്രഭമാകുകയും ഒരു നാട്ടുമെത്രാനെ നിയമിക്കുവാൻ നിർബ്ബന്ധിതനാക്കുകയും ചെയ്തതു് പരിഹരിക്കുകയായിരുന്നു സെബസ്ത്യാനിയുടെ നേതൃത്വത്തിലുള്ള റോമിലെ കമ്മലീത്തരുടെ ഉദ്യമം. പറമ്പിൽ ചാണ്ടിമെത്രാനെ തുടന്ന് മറെറാരു നാട്ടുമെത്രാൻകൂടി വരുന്നതു് നാട്ടുമെത്രാന്മാരുടെ നീണ്ട ശൃംഖലയ്ക്കു തുടക്കമാകുമെന്ന് കമ്മലീത്തർ ഭയപ്പെട്ടു. അതുകൊണ്ടു്, അതിനെ തടയുവാനായിരുന്നു അവരുടെ പരിശ്രമം. ഈ കാലഘട്ടത്തിലെ സംഭവങ്ങളും അവയെ നിയന്ത്രിച്ച കമ്മലീത്തരുടെ ഉദ്ദേശ്യങ്ങളും വ്യക്തമാക്കുന്ന ഒന്നാണ് ഡോ. തോമസ് പള്ളിപ്പറമ്പുകുന്നേൽ രചിച്ചിട്ടുള്ള A Double Regime in the Malabar Church (1663–1716) എന്ന വിലയേറിയ ചരിത്രഗ്രന്ഥം. അദ്ദേഹം റോമിലെ പ്രസിദ്ധങ്ങളായ പുരാതനരേഖാശേഖരങ്ങളിൽ നിന്നും സമ്പാദിച്ചിട്ടുള്ള സമകാലീനങ്ങളായ പ്രമാണങ്ങളെ അടിസ്ഥാനമാക്കിയാണ് ആ ഗ്രന്ഥം രചിച്ചിട്ടുള്ളതു്. ഈ അദ്ധ്യായത്തിലെ പല പ്രസ്താവങ്ങൾക്കും ആധാരം ആ ഗ്രന്ഥത്തിൽ കൊടുത്തിട്ടുള്ള രേഖകളാണ്.

യഥാർത്ഥത്തിൽ കേരളസഭയും കമ്മലീത്താസന്യാസിമാരുമായുള്ള ബന്ധം മൂന്നു ഘട്ടങ്ങളായി വിഭജിക്കാം:– ഒന്നാം ഘട്ടം ആരംഭിക്കുന്നതു് 1656 ജനുവരി 24–ാം നു- വി. മറിയത്തിൻെറ ജോസഫ് എന്ന കമ്മലീത്താസന്യാസി കേരളത്തിലെ അപ്പസ്തോലിക് കമ്മിസറിയായി വന്നപ്പോഴാണ്. അനന്തരം അദ്ദേഹം 1659 ഡിസംബർ 15–ാം നു- മലബാറിൻെറ വികാരി അപ്പസ്തോലിക്കയായി നിയമിക്കപ്പെട്ടു. അദ്ദേഹം കേരളത്തിൽവന്ന് ഭരണം ആരംഭിച്ചു. എന്നാൽ അധികവർഷം കഴിഞ്ഞില്ല, ഡച്ചുകാർ പോർച്ചുഗീസുകാരെ തോല്പിച്ച് അവരുടെ സ്ഥലങ്ങളെല്ലാം പിടിച്ചെടുക്കുകയും കമ്മലീത്താസന്യാസിമാരെ ബഹിഷ്ക്കരിക്കുകയും ചെയ്തു. അപ്പോഴുണ്ടായ പ്രതിസന്ധിയിൽ, ഗത്യന്തരമില്ലാ

www.malankaralibrary.com

തെ വന്നപ്പോഴാണ് ബിഷപ്പ് സെബസ്ത്യാനി നാട്ടുകാരനായ പറമ്പിൽ ചാണ്ടി കത്തനാരെ മെത്രാനായി വാഴിക്കുകയും മലബാർ വികാരി അപ്പസ്തോലിക്കാസ്ഥാനം അദ്ദേഹത്തിനു ഒഴിഞ്ഞുകൊടുക്കുകയും ചെയ്തതു്.

രണ്ടാമത്തെ ഘട്ടം കമ്മലീത്തരുടെ വിപ്രവാസവും കേരളത്തിലെ സഭാധിപത്യം കൈക്കലാക്കാനുള്ള ശ്രമങ്ങളുമാണ്. റോമിൽ അവക്കു അത്യധികം സ്വാധീനമുണ്ടായിരുന്നതുകൊണ്ടു്, പറമ്പിൽ ചാണ്ടിമെത്രാൻെറ ശ്ലൈഹിക സ്വീകരിച്ച പരിശുദ്ധ സിംഹാസനത്തിൻെറ കല്പനകൾ, വക്രബുദ്ധിയും വ്യാജപ്രസ്താവനകളുംകൊണ്ടു് നിരത്ഥകവും നിഷ്ക്രിയവുമാക്കുവാൻ എങ്ങനെ കഴിഞ്ഞുവെന്നും, കൊച്ചിയിൽ ജനിച്ച 'മിശ്ര'നോ പോർച്ചുഗീസുകാരനോ ആയ ഒരുത്തൻ മെത്രാൻസ്ഥാനത്തിൻെറ മാനദണ്ഡങ്ങളെല്ലാം കാററിൽ പറപ്പിച്ചുകൊണ്ടു് കമ്മലീത്തരുടെ സ്ഥാനാരോഹണത്തിൻെറ ചവിട്ടുപടിയായിത്തീന്നുവെന്നും കാണാവുന്നതാണ്.

1770 മുതൽ 1896 വരെ ഏകദേശം രണ്ടു നൂററാണ്ടോളം നടന്ന കമ്മലീത്തൻ ഭരണം കേരളസഭക്കു് കണ്ണുനീരിൻെറയും കൈയ്പുനീരിൻെറയും കദനകഥയാണ്. ആകെക്കൂടിനോക്കിയാൽ, കേരളത്തിലെ മാത്തോമ്മാസഭയുടെ കമ്മലീത്താധിപത്യം, ആയിരത്തൊന്നു അറബിക്കഥകളിലൊന്നിൽ കാണുന്ന, കടൽക്കിഴവൻെറയും സിൻഡ്ബാഡിൻെറയും കഥയാണ്. ആററരികിൽ അവശനായിക്കണ്ട കടൽക്കിഴവൻ യാചിച്ചതനുസരിച്ചു്, അയാളെ തോളിലേററി അക്കരയെത്തിച്ചപ്പോൾ സിൻഡ്ബാഡിൻെറ കഴുത്തിൽ കാൽപ്പൂട്ടിട്ടു് ഇറുക്കിയ കിഴവൻ തോളിൽനിന്നും ഇറങ്ങാതിരിക്കുകയാണു ചെയ്തതു്. വഷങ്ങളോളം കടൽക്കിഴവൻെറ അടിമയായിത്തീന്ന സിൻഡ്ബാഡിൻെറ ദുരിതംതന്നെയാണ്, മാത്തോമ്മാക്രിസ്ത്യാനികൾക്കു് കമ്മലീത്താഭരണത്തിൽനിന്നും ലഭിച്ചതു്.

ദീർഘകാലത്തെ കൂരിരുട്ടിൽനിന്നും രക്ഷപ്പെട്ടതുപോലെയായിരുന്നു, അരുണോദയംപോലെ വന്നെത്തിയ പറമ്പിൽ ചാണ്ടിമെത്രാൻെറ മലയാളത്തിൻെറ വികാരി അപ്പസ്തോലിക്കായായുള്ള നിയമനവും വാഴ്ചയും. എന്നാൽ, ഇതു് വിദേശ മിഷ്നറിമാരുടെ ഭരണം പുലത്തുവാനും വളത്തുവാനും മോഹിച്ചിരുന്നവക്കു് വളരെയധികം ഇച്ഛാഭംഗവും



www.malankaralibrary.com

അസ്വാസ്ഥ്യവും ഉളവാക്കി. ഡച്ചുകാരും പോർച്ചുഗീസുകാരും തമ്മിൽ, വേഗം സന്ധിയുണ്ടാകുമെന്നും, അപ്പോൾ തനിക്കു് മലയാളക്കരയിലേയ്ക്കു് മടങ്ങിവരുവാൻ സാധിക്കുമെന്നും ബിഷപ്പ് സെബസ്ത്യാനിക്കു് അതിയായ മോഹവും പ്രതീക്ഷയുമുണ്ടായിരുന്നു9. ഡച്ചുകാരും പോർച്ചുഗീസുകാരും തമ്മിൽ ഒരൊത്തുതീർപ്പുണ്ടാക്കുവാൻ സെബസ്ത്യാനി നന്നേ പരിശ്രമിക്കുകയും ചെയ്തു.

പറമ്പിൽ ചാണ്ടിമെത്രാന്റെ ഭാരം ലഘുവായിരുന്നില്ല. വൈദികരുടെ ദൗർല്ലഭ്യം ക്ലേശകരമായിരുന്നു. വിദേശമിഷ്യനറിമാർ നാടുവിടുകയും അവർ മുഖേന കിട്ടിക്കൊണ്ടിരുന്ന പല സഹായങ്ങളും നിലച്ചുപോകുകയും ചെയ്തതാണു് മറെറാരു പ്രയാസം. വിഘടിച്ചിരുന്ന ഒന്നാം മാർത്തോമ്മയും കൂട്ടരും പണംകൊടുത്തു് ഡച്ചുകാരെ പ്രീതിപ്പെടുത്തി ചാണ്ടിമെത്രാനെ ഉപദ്രവിക്കുവാൻ ശ്രമിച്ചിരുന്നതാണു് മൂന്നാമത്തെ ബുദ്ധിമുട്ടു്. വളരെ കരുതലോടും ജാഗ്രതയോടും ഇരുന്നില്ലെങ്കിൽ അദ്ദേഹത്തിന്റെ ആസ്ഥാനവും കീഴിലുള്ള പള്ളികളും എതിർപക്ഷക്കാർ കയ്യേറുമായിരുന്നതു് വേറൊരു പ്രശ്നം; വേർപെട്ടുനിന്നിരുന്ന പന്ത്രണ്ടുപള്ളിക്കാരെ പുനരൈക്യപ്പെടുത്തുന്നതിനു് വടക്കുംകൂർ രാജാവു് സഹായിക്കാമെന്നു് സമ്മതിച്ചു. രാജാവു് അതിനു് പ്രതിഫലമായിട്ടു് അയ്യായിരം പണമാണു് ആവശ്യപ്പെട്ടതു്. അതു കൊടുക്കാമെന്നു് പറമ്പിൽ ചാണ്ടിമെത്രാൻ സമ്മതിച്ചുവെങ്കിലും, ഒന്നാം മാർത്തോമ്മായുടെ പ്രേരണയാൽ ഡച്ചുകാർ അതിൽ ഇടപെടുകയും പുനരൈക്യശ്രമം അലസിപ്പോകുകയും ചെയ്തു. വാർദ്ധക്യവും രോഗവും ബാധിച്ച പറമ്പിൽ ചാണ്ടിമെത്രാൻ പല അവശതകൾക്കും അധീനനായിരുന്നു. ഈ കാരണങ്ങളാൽ അദ്ദേഹത്തിനു് സഹായിയും പിൻഗാമിയുമായി സ്വഭാഗിനേയനായ പറമ്പിൽ മത്തായി കത്തനാരെ നിയമിക്കണമെന്നു് അദ്ദേഹം മാർപ്പാപ്പായോടു് അഭ്യർത്ഥിച്ചു. ഇതേത്തുടർന്നുണ്ടാകുന്ന സംഭവങ്ങൾ വിദേശമിഷ്യനറിമാരുടെ കുതന്ത്രങ്ങൾ വെളിപ്പെടുത്തുന്ന ഒരു നാടകമാണു്.

**ഒന്നാം അങ്കം**

1663 നവംബർ മാസത്തിൽ ഡച്ചുകാരും പോർച്ചുഗീസുകാരും സന്ധിയിലായി. അപ്പോൾതന്നെ, കേരള

9. Pallipurathukunnel Thomas, P. 17.

www.malankaralibrary.com

ത്തിലേയ്ക്കു് തന്നെ അയയ്ക്കണമെന്നുള്ള അപേക്ഷയുമായി സെബസ്ത്യാനി രണ്ടു മിഷ്യനറിമാരെ ഡച്ചു് അധികാരികളുടെ അടുക്കൽ അയച്ചു. എന്നാൽ, ''ഏവം മൊട്ടിനകത്തിരുന്നളി മനോരാജ്യം തുടർന്നീടവേ''യെന്നപോലെയാണു് അതവസാനിച്ചതു്. അനന്തരം സെബസ്ത്യാനിയുടെ ശ്രമം, കേരളസഭയിൽ താൻ തുടങ്ങിവെച്ച വിദേശകർമ്മലീത്തൻ മേധാവിത്വം യൂറോപ്യൻ മെത്രാന്മാരെ കൊണ്ടുതന്നെ തുടരണമെന്നായിരുന്നു. അതിനുവേണ്ടി പ്രൊപ്പഗാന്തയോടു് അദ്ദേഹം അഭ്യർത്ഥന നടത്തി. മിഷ്യനറിയും പിന്നാലെ ബിഷപ്പുമായി പല വർഷങ്ങൾ കേരളത്തിൽ കഴിച്ച സെബസ്ത്യാനിയുടെ അഭിപ്രായങ്ങൾക്കും ശുപാർശകൾക്കും റോമിൽ നല്ല മതിപ്പും കനവുമുണ്ടായിരുന്നു. അതുകൊണ്ടു് അദ്ദേഹത്തിന്റെ ഇഷ്ടാനിഷ്ടങ്ങൾ അധികവും കേരളസഭയ്ക്കു് നിർഭാഗ്യകരങ്ങളായിത്തീർന്നു. ഒരിക്കൽ അദ്ദേഹം പ്രൊപ്പഗാന്തായോടു് അഭിപ്രായപ്പെട്ടതു്, കേരളസഭയെ ഗോവാമെത്രാപ്പോലീത്തായുടെ സാമന്തരൂപതയാക്കണമെന്നും അതിനു് യൂറോപ്യനോ, ഇന്ത്യാക്കാരൻതന്നെയോ ആയ ഒരു മെത്രാനെ നിയമിക്കണമെന്നുമായിരുന്നു. പറമ്പിൽ ചാണ്ടിമെത്രാന്റെകൂടെയുണ്ടായിരുന്ന മാത്യു എന്ന വിദേശമിഷ്യനറി, ഒരു ഫ്രഞ്ചുകാരൻ മെത്രാനുവേണ്ടി ശുപാർശചെയ്യുകയും ഒരു അഗസ്റ്റീനിയൻ വൈദികന്റെ പേരു് പ്രൊപ്പഗാന്താസംഘം നിർദ്ദേശിക്കുകയും ചെയ്തു. ഇവകൊണ്ടൊന്നും തീരുമാനമുണ്ടായില്ല. റോമിലെ ആലോചനാസമിതികളിലാകട്ടെ, ഭിന്നസ്ഥാനങ്ങളിൽനിന്നും വന്നുകൊണ്ടിരുന്ന വ്യത്യസ്തനിർദ്ദേശങ്ങൾ തിളച്ചുമറിയുകയായിരുന്നു; ഒന്നിനും സ്ഥിരമായ രൂപം കിട്ടിയില്ല.

ഫാ. മാത്യു കേരളത്തിൽ ആദ്യമായിവന്ന കർമ്മലീത്താ കമ്മിസറിയിലെ അംഗമായിരുന്നെന്നു ഓർക്കുമല്ലോ. അദ്ദേഹം 1657 മുതൽ 1691 വരെ മിക്കവാറും കേരളത്തിൽതന്നെയുണ്ടായിരുന്ന ആളാണു്. പറമ്പിൽ ചാണ്ടിമെത്രാന്റെകൂടെ അദ്ദേഹം താമസിച്ചിരുന്നതിനാൽ, ചാണ്ടിമെത്രാനേയും, ഭരണകാര്യങ്ങളിൽ അദ്ദേഹത്തെ സഹായിച്ചിരുന്ന അദ്ദേഹത്തിന്റെ അനന്തരവനായ മത്തായി കത്തനാരെയുംപററി നല്ലവണ്ണം അറിയാമായിരുന്നു. അദ്ദേഹം ചാണ്ടിമെത്രാന്റെ സഹായിയും പിൻഗാമിയും അനന്തരവനുമായ പറമ്പിൽ മത്തായി കത്തനാരെ നിർദ്ദേശിച്ചുകൊണ്ടു് പ്രൊപ്പഗാന്താസംഘത്തി

www.malankaralibrary.com

നെഴുതി. മാത്യുവിന്റെ ശുപാർശയിൽ, ''പറമ്പിൽ മത്തായി വളരെ വിനീതനും പണ്ഡിതനും എളിമയുള്ളവനും വിവേകിയും ഭക്തനും സേവനാതല്പരനും എല്ലാവരാലും സ്നേഹിക്കപ്പെട്ടവനും'' ആയിരുന്നു.

ഫാ. മാത്യുവിന്റെ നിർദ്ദേശത്തെപ്പററിയുള്ള അഭിപ്രായം, ആരാഞ്ഞുകൊണ്ട് പ്രൊപ്പഗാന്താസംഘം, 1670 ഓഗസ്റ്റ് 4–ാംനു- ബിഷപ്പ് സെബസ്ത്യാനിക്കെഴുതി. അദ്ദേഹം മറുപടിയായി പ്രൊപ്പഗാന്തായെ അറിയിച്ചതു്, പറമ്പിൽ മത്തായി മുപ്പത്തിമൂന്നു വയസ്സുള്ള ചെറുപ്പക്കാരനും വേണ്ടിടത്തോളം വിദ്യാഭ്യാസമില്ലാത്തവനും മററുള്ളവരുമായുള്ള ഇടപാടുകളിൽ പരുപരുപ്പനുമാണെന്നത്രേ. അതിന്റെകൂടെ, അന്ന് മുട്ടത്തു് (ചേർത്തല) പള്ളിവികാരിയായിരുന്ന ഗീവറുഗീസിന്റെ പേരുകൂടെ പറമ്പിൽ മത്തായിക്കു പകരമായി സെബസ്ത്യാനി നിർദ്ദേശിച്ചിരുന്നു. ബിഷപ്പ് സെബസ്ത്യാനി വയോവൃദ്ധനായ മുട്ടത്തു വികാരിയെ കണ്ടുപിടിച്ചതു്, എപ്പോഴും യൂറോപ്യൻ മെത്രാന്മാർ വേണമെന്നുള്ള തന്റെ അഭിപ്രായത്തിൽ കണ്ണു പററാതിരിക്കുവാനും പറമ്പിൽ മത്തായി കത്തനാരെ താഴ്ത്തിക്കെട്ടാനും ആണെന്നു് തോന്നുന്നു. മുട്ടത്തു വികാരിയെ നിർദ്ദേശിച്ചതോടുകൂടിതന്നെ അദ്ദേഹം പറയുന്നതു്, ഒരു യൂറോപ്യൻ മെത്രാനാണ് എല്ലാവിധത്തിലും ഉത്തമനെന്നത്രേ. പരസ്പരവിരുദ്ധമായ നാനാനിർദ്ദേശങ്ങളുടെ നീർച്ചുഴിയിൽപ്പെട്ടുപോയ കേരളസഭാദ്ധ്യക്ഷന്റെ നാമനിർദ്ദേശം അഞ്ചുവർഷത്തോളം റോമൻകൂരിയായിലെ ആലോചനാസമിതിയുടെ അടുപ്പത്തിരുന്നു വേവുകയായിരുന്നു. അതിനുശേഷം, 1675 ജനുവരി 29–ാംനു- കൂടിയ പ്രൊപ്പഗാന്താസംഘം, പറമ്പിൽ മത്തായികത്തനാരെ ചാണ്ടിമെത്രാന്റെ സഹായിയും പിൻഗാമിയുമായി നിശ്ചയിച്ചു പ്രഖ്യാപിച്ചു.

## രണ്ടാം അങ്കം – ''വിവേക''ത്തിന്റെ മൂടുപടം

റോമൻഭരണകാര്യാലയത്തിൽ കമ്മലീത്തരുടെ സ്വാധീനവും ശക്തിയും പ്രതിഫലിപ്പിക്കുവാൻ പോരുമായിരുന്ന റോമൻകൂരിയായിലെ ഭരണയന്ത്രത്തിന്റെ ചക്രങ്ങളെല്ലാം ഇളകാനും ഉരുളാനും തുടങ്ങി. പറമ്പിൽ ചാണ്ടിമെത്രാന്റെ അഭ്യർത്ഥന പ്രൊപ്പഗാന്താസംഘം അംഗീകരിച്ചു് പ്രഖ്യാപിച്ചശേഷം, ആ കല്പനയുടെ ചുററും കമ്മലീത്താ കഴുകന്മാർ വട്ടമിട്ടു പറന്നു. കമ്മലീത്തർ ഭയവിഹ്വലരായി. അവർ ഒരു

www.malankaralibrary.com

ചോദ്യം ചോദിച്ചു, ''ഇത്ര പ്രധാനപ്പെട്ടതും സങ്കീർണ്ണവുമായ പ്രശ്നത്തിൽ 'ചടപട' ഒരു തീരുമാനം എടുക്കണമോ? കുറച്ചു കൂടി ആലോചിച്ചിട്ടു പോരേ? മലബാറിനെപ്പററി നല്ലവണ്ണം അറിയാവുന്ന ബിഷപ്പ് സെബസ്ത്യാനിയും മററു മിഷ്നറിമാരും ഇവിടെയുണ്ടല്ലോ. അവരോട് ഒന്നുകൂടെ ആലോചിച്ചിട്ട് ആകാമെന്നുവെയ്ക്കരുതേ? എന്തിനിത്ര തിടുക്കം? നമുക്ക് ഒരു കമ്മീഷനെവച്ച് അന്വേഷിപ്പിച്ചിട്ട് ഒരു തീരുമാനത്തിലെത്താം''. എത്ര നിർദ്ദോഷവും പരിപക്വവും വിവേകപൂർണ്ണവുമായ അഭിപ്രായം!! പ്രൊപ്പഗാന്താസംഘം അഞ്ചുവർഷം ആലോചിച്ചെടുത്ത തീരുമാനം കർമ്മലീത്തരുടെ രണ്ടുമാസത്തെ അണിയറതന്ത്രങ്ങൾമൂലം പുകയായി മാഞ്ഞുമറഞ്ഞു. പഞ്ചസാരയിൽ പൊതിഞ്ഞ ഈ പാഷാണഗുളിക പ്രൊപ്പഗാന്താതിരുസംഘം അതുപടി വിഴുങ്ങി. ഏതു് കാര്യവും നടത്താതെയിരിക്കുവാനുള്ള ഫലപ്രദമായ തന്ത്രമാണ് ഒരു കമ്മീഷനെ നിയമിക്കുകയെന്നതു്. പറമ്പിൽ മത്തായിയെ ചാണ്ടിമെത്രാൻെറ സഹായിയും പിൻഗാമിയുമായി നിയമിച്ചു കല്പന നിർത്തിവച്ചുകൊണ്ടു് ഒരു കമ്മീഷൻ നിയമിക്കപ്പെട്ടു. ഈ ആദ്യഘട്ടത്തിൽ കർമ്മലീത്തർ വിജയക്കൊടി പാറിച്ചു.

## കമ്മീഷൻെറ നിയമനം

കമ്മീഷനിൽ ആരൊക്കെയാണു വേണ്ടതു്? ആരൊക്കെയാണ് ഇന്ത്യയിലേയ്ക്കു് പോകുക? പോർച്ചുഗീസുകാരേയും ജസ്യൂട്ടരേയും ഡച്ചുകാർ കടത്തിവിടുകയില്ല. കർമ്മലീത്തർ ഓർമ്മിപ്പിക്കാതെതന്നെ പ്രൊപ്പഗാന്തായ്ക്കു് ഈ വിവരം അറിയാം. അതും കർമ്മലീത്തർക്ക് അനുകൂലം. ഒരു നിഷ്പക്ഷാന്വേഷണത്തിനു് കേരളവുമായി പണ്ടേ ബന്ധമുള്ള ഫ്രാൻസിസ്ക്കരിലും ഡൊമിനിക്കരിലുംനിന്നും എന്തുകൊണ്ടു് അംഗങ്ങളെ സ്വീകരിച്ചുകൂടായെന്ന ചോദ്യത്തിനു് കർമ്മലീത്തർക്ക് റോമൻകൂരിയായിലുള്ള സ്വാധീനശക്തി മാത്രമേ മറുപടിയായി കാണുന്നുള്ളൂ. ഏതായാലും, നാലംഗങ്ങളുള്ള കമ്മീഷൻെറ നിയമനമുണ്ടായപ്പോൾ, ''രോഗി ഇച്ഛിച്ചതും പാലു് വൈദ്യൻ വിധിച്ചതും പാലു്'' എന്നപോലെ അംഗങ്ങൾ നാലും കർമ്മലീത്തർതന്നെ. ഈ കമ്മീഷനിൽപ്പെട്ടവരായിരുന്നു ഡച്ചുകാരനായ ഫാ. സെലസ്റ്റീനിയും ഇററലിക്കാരായ ബർത്തോലൂമ്യോ, ആഞ്ചലൂസ് ഫ്രാൻസിസ്, അഞ്ജല്ലോ, എന്നിവരും. 1675 മാർച്ചുമാസം 30—ാംനു- ആയിരുന്നു കമ്മീ

www.malankaralibrary.com

ഷൻെറ നിയമനം നടത്തിക്കൊണ്ടുള്ള ക്ലെമൻറ് പത്താമൻ മാപ്പാപ്പായുടെ കല്പന. മാർച്ച 31—ാംനു-യായ പിറെറ ദിവസം തന്നെ ഈ കമ്മീഷനിലെ, നാലുപേരും യാത്രയ്ക്കു തയ്യാറായി റോമിൽനിന്നും പുറപ്പെട്ടപ്പോഠം കമ്മീഷൻെറ നിയമനവും വ്യവസ്ഥകളും കർമ്മലീത്തരുടെ അടുപ്പിൽ വേവിച്ചെടുത്തതാണെന്നു് സ്പഷ്ടമായി.

കർമ്മലീത്താ കമ്മീഷൻ ഇന്ത്യയിലേയ്ക്കു പുറപ്പെട്ടതു് മാപ്പാപ്പായുടെ മൂന്നു കല്പനയോടുകൂടിയാണു്. 1) പറമ്പിൽ മത്തായി തിരഞ്ഞെടുക്കപ്പെട്ടാൽ, അദ്ദേഹത്തിനുള്ളതു്; 2) അല്ലാത്തപക്ഷം, മുട്ടത്തു് ഗീവറുഗീസ് കത്തനാർക്കുള്ളതു്; 3) ഇവരണ്ടും സാധിക്കാതെവന്നാൽ, ഇവരെക്കാഠം യോഗ്യനും വിശ്വസ്തനും വിവേകിയും ഭക്തനും ആയ മറെറാരാളെ കമ്മീഷൻെറ മന:സാക്ഷിയനുസരിച്ച് തിരഞ്ഞെടുത്താൽ അദ്ദേഹത്തിനുള്ളതു്. പക്ഷേ അയാഠം നാട്ടുകാരനായിരിക്കണമെന്നു് കല്പനകളിൽ നിർബ്ബന്ധമായി പറഞ്ഞിട്ടുണ്ടു്. ഈ മൂന്നു കല്പനയും എങ്ങനെ കൈകാര്യം ചെയ്യണമെന്നതിനു സെബസ്ത്യാനിതന്നെ വിശദമായ ഒരു ഉപദേശവും അവക്കു് നല്കിയിരുന്നു!!

ഈ മൂന്നു കല്പനകൂടാതെ രണ്ടു കല്പനകൂടെ സെബസ്ത്യാനി പ്രൊപ്പഗാന്തായിൽനിന്നു് പ്രത്യേകമായി സമ്പാദിച്ചിരുന്നു. അതിലൊന്നു്, കർമ്മലീത്തസഭയ്ക്കു് കേരളസഭയെ ഏല്പിച്ചിരിക്കുന്നുവെന്നുള്ളതാണു്; മറെറതു്, കേരളസഭയിലെ വൈദികരും ജനങ്ങളും ഈ കർമ്മലീത്തർ ആധിപത്യം സ്വീകരിക്കണമെന്നുള്ളതായിരുന്നു. യഥാർത്ഥത്തിൽ, ഇവരണ്ടും കേരളസഭയുടെ മൗലികാവകാശങ്ങളേയും കമ്മീഷൻെറ അപ്പസ്തോലികദൗത്യത്തേയും പരിപൂർണ്ണമായി നിഷേധിക്കുന്നതായിരുന്നു. വലംകൈയാൽ കൊടുത്തതു് ഇടംകൈകൊണ്ടു് എടുക്കുന്ന രീതിയായിരുന്നു ഫലം. കർമ്മലീത്തർ തന്ത്രങ്ങളും അവരുടെ നുഴഞ്ഞുകയററവും ഇവിടെ വ്യക്തമായി കാണാം.

പുറപ്പെട്ട നാലുപേരിൽ, സെലസ്തീനി സൂററിൽ എത്തിയപ്പോഠം മരിച്ചു; അഞ്ജല്ലോ സിറിയായിലെ ആലപ്പോയിൽ വന്നപ്പോഠം രോഗാതുരനായി; അദ്ദേഹം ഇന്ത്യയിൽ വന്നെത്തിയില്ല. പിന്നെ, കമ്മീഷനായി പ്രവർത്തിച്ചതു് ബത്തോലൂമ്യോ, ആഞ്ജലൂസ് ഫ്രാൻസിസ് എന്നീ രണ്ടുപേർ മാത്രമായിരുന്നു. ഇവരുടെകൂടെ ട്രിപ്പോളിയിൽനിന്നും ബത്തോലൂമ്യോ അന്ന എന്നൊരു മാറോനീത്താക്കാരനുംകൂടി.

www.malankaralibrary.com

ഇതിനിടയ്ക്കു് രസകരമായ ഒരു സംഭവമുണ്ടായതു് ഡാ. പള്ളിപ്പുറത്തുകുന്നേൽ വിവരിക്കുന്നുണ്ടു്. സ്പെയിൻകാരനായ ഒരു കർമ്മലീത്താ വൈദികൻ വെനീസിലെ ഇൻറർനൻഷിയോയുടെയും ബിഷപ്പ് സെബസ്ത്യാനിയുടെയും എഴുത്തുകളോടെ റോമിൽചെന്നു. അദ്ദേഹം കുറെക്കാലം തെക്കേ അമേരിക്കയിലും ഫിലിപ്പൈൻ ദ്വീപിലുമായിരുന്നു. അദ്ദേഹം സന്ന്യാസിയായിരിക്കെത്തന്നെ അക്രമികളെക്കൂട്ടി ഒരു സംഘമുണ്ടാക്കുകയും അതിൻെറ നേതൃത്വം ഏറ്റെടുക്കുകയും എതിർകക്ഷിയുമായുള്ള സംഘട്ടനത്തിൽ ചിലരെ കൊല്ലുകയും പലരേയും മുറിപ്പെടുത്തുകയും ചെയ്തിരുന്നു. ഇദ്ദേഹം കേരളത്തിൽവന്നു് കുറെനാൾ താമസിക്കുകയും ഡച്ചുകാരുടെ സൗമനസ്യം സമ്പാദിക്കുകയും ചെയ്തിട്ടുണ്ടു്. മുൻപറഞ്ഞ ശുപാർശക്കത്തുകളുമായി റോമിൽ ചെന്നതു് അദ്ദേഹത്തിനെ മലബാറിൻെറ മെത്രാനാക്കി കേരളത്തിലേയ്ക്കു് അയയ്ക്കുവാനുള്ള അഭ്യർത്ഥനയുമായിട്ടായിരുന്നു. ഇങ്ങനെയുള്ള സാഹസികരായ ഭാഗ്യാന്വേഷികളുടെ മേച്ചിൽസ്ഥലമായിട്ടാണു് കേരളസഭയെ അന്നു് കരുതിയിരുന്നതെന്നു് തോന്നുന്നു.

മാർത്തോമ്മാ ഒന്നാമനും വൈദേശികയാക്കോബായ മെത്രാനായ മാർ ഗ്രിഗോരിയും, മരിക്കുംവരെ, പറമ്പിൽ ചാണ്ടി മെത്രാനു് സ്വൈരതയും സമാധാനവുമുണ്ടായിരുന്നില്ല. അദ്ദേഹം താമസിച്ചിരുന്ന കുറവിലങ്ങാടു വിട്ടുപോകുവാൻപോലും പ്രയാസമുണ്ടായിരുന്നു. അതിൻെറ കാരണം അദ്ദേഹം സ്ഥലം വിട്ടാൽ തോമ്മാ ഒന്നാമൻ അനുയായികളുടെ സംഘവുമായി വന്നു്, തൻെറ വാസസ്ഥലത്തു് കുടിയിരിക്കുകയും സ്വത്തുക്കൾ അപഹരിക്കുകയും ചെയ്യുമെന്ന ഭയമായിരുന്നു. മാർത്തോമ്മാ ഒന്നാമൻ 1673 ഏപ്രിൽ 22-ാംനു- കാലം ചെയ്തു; ഗ്രിഗോരി മരിച്ചതു് 1671 ഏപ്രിൽ 24-ാംനു-യും ആയിരുന്നു.

## മൂന്നാം അങ്കം – കർമ്മലീത്താകമ്മീഷനും ഡച്ച് അധികാരികളും

കർമ്മലീത്താകമ്മീഷനിൽപ്പെട്ട ബർത്തോലൂമ്യോ 1676 ഏപ്രിൽ 22-ാംനു- യും ആഞ്ജലൂസ് ഫ്രാൻസിസ് ഒക്ടോബർ 18-ാം തീയതിയും കേരളത്തിൽ എത്തി. തങ്ങളുടെ ദൗത്യമെന്താണെന്നു് അവർ പറമ്പിൽ ചാണ്ടിമെത്രാനേയും ഡച്ചു സൈന്യമേധാവിയേയും അറിയിച്ചു. നവംബർ 23-ാംനു- ഫാ. ബർത്തോലൂമ്യോ ഡച്ചുസൈന്യാധിപനെ സന്ദർശിച്ചു്,

www.malankaralibrary.com

തങ്ങഠം മെത്രാനായി തിരഞ്ഞെടുക്കുവാൻ പോകുന്ന ആളിനു് ഡച്ചുകാരുടെ അംഗീകാരമുണ്ടാകണമെന്നു് അഭ്യർത്ഥിച്ചു. അപ്പോഠം ഡച്ചുസൈന്യാധിപൻ ആജ്ഞാപിച്ചതു്, പറമ്പിൽ മത്തായി കത്തനാരെ മെത്രാനായി തിരഞ്ഞെടുക്കണമെന്നാണു്. മെത്രാനെ തിരഞ്ഞെടുക്കുന്നതിൽ തങ്ങഠംക്കു് സ്വാതന്ത്ര്യം വേണമെന്നും മെത്രാൻസ്ഥാനം പറമ്പിൽ കുടുംബക്കാരുടെ അവകാശമായിത്തീരരുതെന്നും കമ്മീഷൻ വാദിച്ചു. ചാണ്ടിമെത്രാൻ കമ്മീഷനോടു വാദിച്ചതു് തന്റെ സമ്മതം കൂടാതെ റോമിൽനിന്നു് തനിക്കൊരു സഹായിയെ നിശ്ചയിക്കുന്നതു് ശരിയല്ലെന്നാണു്. അതിനു് കമ്മീഷൻ നല്കിയ എതിർവാദങ്ങഠം താഴെപ്പറയുന്നവയായിരുന്നു.

1) സഹായമെത്രാനുവേണ്ടി മാർപ്പാപ്പായോടുള്ള അഭ്യർത്ഥന.

2) ചാണ്ടിമെത്രാനെ നിയമിച്ച കല്പനയിൽ "പരിശുദ്ധ സിംഹാസനത്തിന്റെ കൃപയാലും'' ആണെന്നു് കാണിച്ചിട്ടുണ്ടു്.

3) ചാണ്ടിമെത്രാന്റെ സത്യപ്രതിജ്ഞയിൽ മാപ്പാപ്പാ നിയമിക്കുന്ന ഏതൊരു മെത്രാനേയും സ്വീകരിച്ചുകൊള്ളാമെന്നു് സമ്മതിച്ചിട്ടുണ്ടു്.

4) കമ്മീഷനെ നിയമിക്കുന്ന മാർപ്പാപ്പായുടെ കല്പനയിൽ മെത്രാനെ തിരഞ്ഞെടുക്കുന്നതിനു് ചാണ്ടിമെത്രാന്റെ സമ്മതം വേണമെന്നു് പറഞ്ഞിട്ടില്ല.

തങ്ങളുടെ അഭിപ്രായങ്ങളിൽ ഇരുകൂട്ടരും ദൃഢമായി നിന്നതുകൊണ്ടു് ഇതൊരു പ്രതിസന്ധിയിലേയ്ക്കു് നീങ്ങുന്നതുപോലെ തോന്നി. കമ്മീഷൻ, ആദ്യമായിത്തന്നെ, പറമ്പിൽ മത്തായിയുടെ പേരു് തള്ളിക്കളഞ്ഞു. മുട്ടംപള്ളി വികാരിയായിരുന്ന ഗീവറുഗീസ് കത്തനാർ വിവേകിയും പുണ്യചരിതനും ആയിരുന്നെങ്കിലും വൃദ്ധനും പണമില്ലാത്തവനും ആയിപ്പോയി; തന്നെയുമല്ല, പ്രശസ്തമായ പറമ്പിൽ കുടുംബത്തോടു് മത്സരിക്കത്തക്ക ആഭിജാത്യവും അദ്ദേഹത്തിനുണ്ടായിരുന്നില്ല. അങ്ങനെ ആറുമാസത്തോളം ആലോചനകളും പുനരാലോചനകളും ആലോചനാവത്തനങ്ങളും അന്തമില്ലാതെ തുടന്നു. ഇന്ത്യാക്കാരായ വൈദികർ പണക്കൊതിയന്മാരും വിദ്യാവിഹീനരുമാണെന്നുള്ള ആരോപണത്തിന്റെ മറവിൽ

www.malankaralibrary.com

നിന്നുകൊണ്ടു് എല്ലാ ആലോചനകളുടേയും ആന്തരാർത്ഥത്തിൽ കമ്മീഷൻചെന്നു് നിന്നതു് യൂറോപ്യനായ ഒരു കർമ്മലീത്താമെത്രാനിലാണു്. എന്നാൽ അവിടെയും ഒഴിഞ്ഞുമാറാനാകാത്ത ഒരു കീറാമുട്ടി കണ്ടു. അതായിരുന്നു മാപ്പാപ്പായുടെ കല്പനയിൽ ഒരു ഇന്ത്യാക്കാരൻതന്നെ മെത്രാനായി വേണമെന്നുള്ള ശാസന. അതിനു് ഒരു തല്ക്കാലശാന്തിയായി അവർ വലിയമുഗളിന്റെ വികാരി അപ്പസ്തോലിക്കയായ കസ്റ്റോഡിയൂസ് ദെ പീനോ (Custodius de Pinho) യെ നിർദ്ദേശിച്ചു. അയാളൊരു ഇന്ത്യാക്കാരനാണെങ്കിലും പോർച്ചുഗീസുപ്രജയാകയാൽ കേരളത്തിൽ വരുവാൻ ഡച്ചുകാർ സമ്മതിക്കുകയില്ലെന്നായി.

ഡച്ചുസൈന്യാധിപന്റെ സെക്രട്ടറിയും കർമ്മലീത്തനായ ബർത്തോലൂമ്യോയും ഒന്നിച്ചു് പറമ്പിൽ ചാണ്ടിമെത്രാനെ കാണുവാൻ പോയി. പോകുന്നവഴിക്കു് മെത്രാൻസ്ഥാനം സംബന്ധിച്ചു് അവർ തമ്മിൽ ചൂടുപിടിച്ച ഒരു വാഗ്വാദം നടന്നു. അവർ ചാണ്ടിമെത്രാന്റെ അരമനയിൽ ചെന്നപ്പോഠ, അവിടെ പറമ്പിൽ മത്തായിയെ ശുപാർശചെയ്ത കർമ്മലീത്തനായ ഫാ. മാത്യു ഉണ്ടായിരുന്നു. അദ്ദേഹമായിരുന്നല്ലോ പറമ്പിൽ മത്തായികത്തനാരുടെ പേരു് പ്രൊപ്പഗാന്താസംഘത്തിനു് നിർദ്ദേശിച്ചതു്. ഫാ. മാത്യുവിനെ കണ്ടയുടൻ തന്നെ, ഫാ. ബർത്തോലൂമ്യോ രോഷാകുലനായി, ഫാ. മാത്യുവിന്റെ സാന്നിദ്ധ്യത്തിലുള്ള യാതൊരു സംഭാഷണത്തിലും താൻ പങ്കെടുക്കുകയില്ലെന്നു് ശഠിച്ചു. അതിനാൽ ചാണ്ടിമെത്രാന്റെ അപേക്ഷയനുസരിച്ചു്, ഫാ. മാത്യു ആ മുറിയിൽ നിന്നും ഇറങ്ങിപ്പോയി. ഫാ. ബർത്തോലൂമ്യോ സംഭാഷണത്തിൽ സംബന്ധിക്കുകയും ചെയ്തു. സംഭാഷണത്തിനിടയ്ക്കു് ഫാ. ബർത്തോലൂമ്യോ പറമ്പിൽ ചാണ്ടിമെത്രാനോടു ചോദിച്ചു: ''അങ്ങു് വാളുമായി വന്നിരിക്കുന്ന ഡച്ചുകാരുടെ കൂടെയോ കുരിശുമായി വന്നിരിക്കുന്ന കർമ്മലീത്തരുടെ കൂടെയോ''? പറമ്പിൽ ചാണ്ടിമെത്രാൻ വികാരഭരിതനായി എണീററുനിന്നുകൊണ്ടു പറഞ്ഞു: ''എന്നെ ഒന്നു മരിക്കുവാൻ നിങ്ങഠ അനുവദിക്കുക; പിന്നെ നിങ്ങളുടെ ഇഷ്ടംപോലെ ചെയ്യുക''. (കർമ്മലീത്തർ കേരളത്തിൽ കൊണ്ടുവന്ന കുരിശു് കേരളസഭയുടെ തോളിൽവച്ചുകൊടുക്കുവാനുള്ളതായിരുന്നുവെന്നു് അനന്തരസംഭവങ്ങഠ തെളിയിക്കുന്നു.) ഇതു നടന്നതു് 1676 നവംബർ 30—ാംനു- ആയിരുന്നു.

www.malankaralibrary.com

ഡിസംബർ 2–ാം നു- ഡച്ചുസൈന്യാധിപൻെറ സെക്രട്ടറിയും വേറൊരു ഡച്ചുസൈനികോദ്യോഗസ്ഥനുംകൂടി കമ്മലീത്താ കമ്മീഷനെ കണ്ടു്, പറമ്പിൽ മത്തായിയെത്തന്നെ മെത്രാനായി തിരഞ്ഞെടുക്കണമെന്നും അല്ലാത്തപക്ഷം, കമ്മീഷനെ കപ്പൽ കയററി റോമിലേക്കു് മടക്കി അയയ്ക്കുമെന്നും അറിയിച്ചു. പരിഭ്രമംപൂണ്ട കമ്മീഷൻ ഉടനെയൊരു മറുപടി നല്കുവാൻ പ്രയാസമാണെന്നു് ഡച്ചുപ്രതിനിധികളോടു പറഞ്ഞു. രണ്ടു മണിക്കൂറിനുള്ളിൽ ഒരു തീരുമാനം അറിയിക്കാത്തപക്ഷം, ഗുരുതരമായ മേൽനടപടികളുണ്ടാകുമെന്നറിയിച്ചുകൊണ്ടു് ഡച്ചുപ്രതിനിധികൾ സ്ഥലംവിട്ടു. രണ്ടു മണിക്കൂർ കഴിഞ്ഞു വന്നെത്തിയ കമ്മീഷൻെറ അഭ്യർത്ഥന പിറേറദിവസംവരെ സമയം അനുവദിക്കണമെന്നു് ആയിരുന്നു. ഡിസംബർ 3–ാം നു- യായ പിറേറദിവസം, അവർവന്നു് അറിയിച്ചതു്, ഡച്ചുകാർ ഭീഷണിപ്പെടുത്താതിരിക്കുകയും പറമ്പിൽ മത്തായി കത്തനാക്കുവേണ്ട കാനോനികയോഗ്യതകൾ ഉണ്ടായിരിക്കുകയും ചെയ്താൽ അദ്ദേഹത്തെ മെത്രാനായി തിരഞ്ഞെടുക്കുവാൻ സമ്മതിച്ചിരിക്കുന്നുവെന്നായിരുന്നു.

## നാലാം അങ്കം

ഇതിനിടയ്ക്കു് കേരളസഭാചരിത്രത്തിലെ നിർണ്ണായകമായ ഒരു സംഭവമുണ്ടായി. ആ സംഭവത്തിൻെറ തുടക്കം നിസ്സാരവും അവഗണനാർഹവുമായ ഒരു സാഹചര്യം മാത്രമാണു്. പറമ്പിൽ ചാണ്ടിമെത്രാൻെറ പിൻഗാമിയെ തിരഞ്ഞെടുക്കുവാൻവന്ന കമ്മലീത്താ കമ്മീഷനു് നല്ലൊരു താമസസ്ഥലത്തിൻെറ ആവശ്യമുണ്ടായിരുന്നു. ഈ അവസരത്തിൽ കൊച്ചികത്തീഡ്രലിലെ കാനനായിരുന്ന ഫാ. റപ്പായേൽ ഫിഗറേദോദെ സൽഗാദോ എന്ന വൈദികനു് വരാപ്പുഴയിൽ ഒരു ബങ്കളാവുണ്ടായിരുന്നു. അദ്ദേഹത്തിൻെറ മാതാപിതാക്കന്മാർ പോർച്ചുഗീസുകാരായിരുന്നുവെന്നും അദ്ദേഹം പിറന്നുവീണതു് ഇൻഡ്യൻ മണ്ണിലാകയാൽ ഇൻഡ്യാക്കാരനെന്നുമത്രേ കമ്മലീത്താ കമ്മീഷൻ പിന്നാലെ ഉന്നയിച്ച വാദം. എന്നാൽ ഫാ. റപ്പായേലിനെ തൊപ്പിക്കാരുടെ മിശ്രവർഗ്ഗത്തിൽപ്പെട്ടവനായിട്ടാണു ഡച്ചുകാരുടെ കത്തിടപാടുകളിൽ കാണുന്നതു്[10]. ചരിത്രകാരന്മാർ ''തൊപ്പിക്കാരനായ റപ്പായേൽ'' എന്നാണു് അദ്ദേഹത്തെ വിളിക്കുന്നതു്.

10. Ibid P. 37.

www.malankaralibrary.com

ഏതായാലും അദ്ദേഹത്തിന്റെ ബങ്കളാവിൽ കമ്മലീത്താ കമ്മീഷനംഗങ്ങാംക്ക് താമസിക്കുവാനുള്ള സൗകര്യം ലഭിച്ചു. ഇതോടെ ഫാ. റപ്പായേലിന്റെ വ്യാഴദശയും കേരളസഭയുടെ ശനിദശയും ഒന്നിച്ചുദിച്ചുവെന്നുവേണം പറയുവാൻ. ഈ താമസം, സ്വാഭാവികമായും ഇരുകൂട്ടരും വളരെ അടുത്തറിഞ്ഞിണങ്ങുവാനും അണിയറ ആലോചനകാം നടത്തുവാനും സഹായിച്ചു. ഫാ. റപ്പായേലിന്റെ ഉൽക്കർഷേച്ഛയും നാട്ടുമെത്രാന്മാരെ ഒഴിച്ചുനിർത്തുവാനുള്ള കമ്മീഷന്റെ തീവ്രമായ താല്പര്യവും സന്ധിച്ചതു് ഈ ബങ്കളാവിലാണു്. അവിടെനിന്നാണു് കേരളസഭാചരിത്രത്തിലെ ഒരു ദുരന്തകഥ തുടങ്ങുന്നതു്.

1676–77 വർഷം സംഭവബഹുലമായിരുന്നു. പരസ്പരവിരുദ്ധമായ കിംവദന്തികാം പ്രചരിപ്പിച്ചു് ജനങ്ങളെ ചിന്താക്കുഴപ്പത്തിലാക്കുന്ന പലതും സംഭവിച്ചു. കമ്മലീത്താ വൈദികർ തങ്ങളുടെ കാര്യസാദ്ധ്യത്തിനു് പല തെററിദ്ധാരണകാം പ്രചരിപ്പിച്ചു. മാർത്തോമ്മാ ഒന്നാമനെ മെത്രാനായി വാഴിക്കുവാൻ ചാണ്ടി മെത്രാൻ ഒരുങ്ങുന്നുവെന്നതാണു്, അതിലൊന്നു്: കേരളത്തിലുള്ള വൈദികരെല്ലാം പഠിപ്പില്ലാത്തവരും പണക്കൊതിയന്മാരുമാണെന്നുള്ള ആരോപണമത്രേ മറെറാന്നു്: ഇടപ്പള്ളിയിലെ മൂന്നുനോയമ്പിനു് ചാണ്ടി മെത്രാൻ എഴുപത്തിരണ്ടു പള്ളിക്കാരെ വിളിച്ചുകൂട്ടിയതു് മറെറാരു അനന്തരവനും മട്ടാഞ്ചേരി പള്ളിവികാരിയുമായിരുന്ന ഫാ. ഗീവറുഗീസിനെ മെത്രാനാക്കാനായിരുന്നുവെന്നു് വേറൊന്നു്.

ചാണ്ടിമെത്രാൻ, പറമ്പിൽ മത്തായിക്കത്തനാരെ മെത്രാനാക്കുമെന്നു കമ്മീഷനു് ഭയമുണ്ടായിരുന്നു. അതിന്റെ കാരണം, ചാണ്ടിമെത്രാന്റെ ശുപാർശയെ സ്വീകരിച്ചുകൊണ്ടു് മത്തായികത്തനാരെ അദ്ദേഹത്തിന്റെ സഹായിയും പിൻഗാമിയുമായി നിശ്ചയിച്ചു് റോമിൽനിന്നും കല്പനയുണ്ടായതാണു്. കമ്മീഷനെ നിയമിച്ചതു് ചാണ്ടിമെത്രാനെ അറിയിച്ചിരുന്നില്ല. കമ്മീഷനംഗമായ (രണ്ടുപേരിലൊരാാം) ബർത്തോലൂമ്യോ, 1676–ൽ ഏപ്രിലിൽ കേരളത്തിലെത്തുകയും പല പ്രാവശ്യം ചാണ്ടിമെത്രാനെ സന്ദർശിക്കുകയും ചെയ്തിട്ടു്, കമ്മീഷന്റെ കാര്യം ബർത്തോലൂമ്യോ ഒരു നിഗൂഢരഹസ്യമായി സൂക്ഷിക്കുകയാണു് ചെയ്തിരുന്നതു്. കമ്മീഷനിലെ മറെറാരംഗമായ ആഞ്ചലൂസ് ഫ്രാൻസിസ് ഒക്ടോബറിൽ കേരളത്തിലെത്തിയശേഷമാണു് ഈ വിവരം ചാണ്ടിമെത്രാൻ

www.malankaralibrary.com

അറിയുന്നതു്. അതിനാൽ റോമിൽനിന്നുമുള്ള പറമ്പിൽ മത്തായിയുടെ നിയമനം മാത്രമേ സജീവമായും നിയമപരമായും ചാണ്ടിമെത്രാന്റെ മുമ്പിലുണ്ടായിരുന്നുള്ളൂ. തന്മൂലം, അതനുസരിച്ച് പ്രവർത്തിക്കുവാൻ അദ്ദേഹത്തിനു അവകാശവും അധികാരവും ഉണ്ടായിരുന്നു.

കമ്മീഷനംഗങ്ങൾ മുട്ടുച്ചിറപ്പള്ളിവികാരിയെ കൂട്ടിക്കൊണ്ടു് പറമ്പിൽ ചാണ്ടിമെത്രാന്റെ അടുക്കൽചെന്നു് മാപ്പാപ്പായുടെ കല്പന താൻ അനുസരിക്കുമെന്നുള്ള ഒരു പ്രഖ്യാപനം ജനങ്ങൾക്കു നല്കണമെന്നു് നിർബന്ധിച്ചു. എന്നാൽ ചാണ്ടിമെത്രാൻ അതിന്റെ ആവശ്യം കണ്ടില്ല. അനന്തരം കമ്മീഷനംഗങ്ങൾ കേരളത്തിൽ മെത്രാനാകുവാൻ യോഗ്യരായ വൈദികരില്ലെന്നു് എഴുതികൊടുക്കണമെന്നു് മുട്ടുച്ചിറ ഗീവറുഗീസിനെ നിർബന്ധിച്ചു. അദ്ദേഹമതു നല്കിയില്ല. പറമ്പിൽ മത്തായിയെ മെത്രാനാക്കിയാൽ വിയോജിതസഭകൾ അദ്ദേഹത്തെ സ്വീകരിക്കുകയില്ലെന്നു എഴുതികൊടുക്കുവാനും മുട്ടുച്ചിറ പള്ളിവികാരിയെ നിർബന്ധിച്ചു. പക്ഷേ അദ്ദേഹം അതിനും വഴങ്ങിയില്ല. ഇപ്രകാരം മെത്രാൻ സ്ഥാനാർത്ഥിത്വത്തിൽ നിന്നും കേരളവൈദികരെ പുറന്തള്ളുവാൻ കർമ്മലീത്താകമ്മീഷൻ ആവോളം ശ്രമിച്ചു. ഇവയെല്ലാം ഒരു ഇന്ത്യാക്കാരനെ മാത്രമേ മെത്രാനായി നിയമിക്കാവൂ എന്നു് മാർപ്പാപ്പായുടെ കല്പനയെ നിർവീര്യവും നിഷ്ക്രിയവുമാക്കുവാനുള്ള കർമ്മലീത്തരുടെ തന്ത്രങ്ങളായിരുന്നു. ചിലപ്പോഴെങ്കിലും റോമൻ കൂരിയാസ്സു് നിഷ്പക്ഷമായി കാണുവാനും നീതിപൂർവ്വം പ്രവർത്തിക്കുവാനും കഴിയുമായിരുന്നുവെന്നുള്ളതിന്റെ തെളിവാണു്, പറമ്പിൽ മത്തായികത്തനാരെ ചാണ്ടിമെത്രാന്റെ സഹായിയും പിൻഗാമിയും ആയി നിയമിച്ചുകൊണ്ടുള്ള 1675 ജനുവരി 29-ാംനു- മാപ്പാപ്പായുടെ കല്പനയും, ഒരു ഇന്ത്യാക്കാരനെ മാത്രമേ മെത്രാനായി തിരഞ്ഞെടുക്കാവൂ എന്ന നിർദ്ദേശവും.

**അഞ്ചാം അങ്കം**

റപ്പായേൽ സൽഗാദോപാതിരിയെ പറമ്പിൽ ചാണ്ടിമെത്രാന്റെ സഹായിയും പിൻഗാമിയുമായി തിരഞ്ഞെടുത്തുവെന്നു് കമ്മീഷൻ, 1677 മാർച്ച് 3-ാംനു- പ്രഖ്യാപിച്ചു. കമ്മീഷൻ അതിന്റെകൂടെ ചേർത്തു പ്രസ്താവിച്ചതു്, ''പറമ്പിൽ കുടുംബത്തിലെ കറുത്ത'' (സായിപ്പിന്റെ നിറമില്ലാത്ത) ''ഒരു മലയാളിയെയാണു് ഡച്ചുകാർ ആഗ്രഹിച്ചതെ

www.malankaralibrary.com

കിലും തങ്ങൾ മാർപ്പാപ്പായുടെ കല്പനയനുസരിച്ച് മലബാറിൽ താമസിക്കുന്ന ഒരു ഇടവകവൈദികനെ തിരഞ്ഞെടുത്തു'' വെന്നും അദ്ദേഹത്തെക്കാൾ കൂടുതൽ യോഗ്യനായി വേറൊരാളെ കണ്ടില്ലെന്നു''മാണു്11. കമ്മലീത്താകമ്മീഷൻ ഈ പ്രസ്താവനയിൽ ഏററവും പ്രധാനപ്പെട്ട രണ്ടു കാര്യങ്ങൾ മറച്ചുവച്ചിരിക്കുന്നു. ഒന്നു്, റപ്പായേൽ ഇന്ത്യാക്കാരനല്ലെന്നുള്ളതു് പോർച്ചുഗീസുകാരനാണെങ്കിൽ ഇൻഡ്യാക്കാരനല്ലെന്നതും മിശ്രിതനെങ്കിൽ മാർത്തോമ്മാക്രിസ്ത്യാനികൾക്കു സ്വീകാര്യനല്ലെന്നുള്ളതും മറച്ചുവച്ചു. രണ്ടു്, അയാളെക്കാൾ യോഗ്യതയുള്ള പലരുമുണ്ടായിരുന്നുവെന്നുള്ളതു്. നാട്ടുകാരനായ മാർത്തോമ്മാനസ്രാണിയെ തട്ടിമാററിയെങ്കിൽ മാത്രമേ തങ്ങളുടെ ഇംഗിതം സാദ്ധ്യമാകുകയുള്ളുവെന്നു് കമ്മലീത്തക്കു് അറിയാമായിരുന്നു.

റപ്പായേൽ പാതിരിയുടെ മാതാപിതാക്കന്മാർ നല്ല കത്തോലിക്കരായ പോർച്ചുഗീസുകാരായിരുന്നുവെന്നും റപ്പായേൽ ഇരുപതുവർഷം വൈദികനായിരുന്നുവെന്നും കൊച്ചി രൂപതയുടെ വികാരി ജനറാൾ, അപ്പസ്തോലികസന്ദർശകൻ, എന്ന സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ടെന്നും കൊച്ചി കത്തീഡ്രലിലെ കൂട്ടുകാരനായ ഒരു കാനൻ സാക്ഷ്യപ്പെടുത്തിക്കൊടുത്തു. റപ്പായേൽ പാതിരിയുടെ മറെറാരു കൂട്ടുകാരനായ, കാനൻ മൊന്തേരൊ സാക്ഷ്യപ്പെടുത്തിയതു്, റപ്പായേൽ ''നല്ലവനും മര്യാദക്കാരനും മെത്രാൻസ്ഥാനത്തിനു് യോഗ്യനാണെന്നും'' ആണു്.

മാർപ്പാപ്പായുടെ കല്പന ഇന്ത്യാക്കാരെ തിരഞ്ഞെടുക്കണമെന്നായിരുന്നതിനാൽ, റപ്പായേലിന്റെ തിരഞ്ഞെടുപ്പു് അസാധുവാണെന്നു് പറമ്പിൽ ചാണ്ടിമെത്രാനും മററും പ്രസ്താവിച്ചു. കമ്മീഷന്റെ വാദം മാർത്തോമ്മാ ക്രിസ്ത്യാനിയെ തിരഞ്ഞെടുക്കണമെന്നു് മാർപ്പാപ്പായുടെ കല്പനയിലില്ലെന്നും റപ്പായേലിന്റെ മാതാപിതാക്കന്മാർ പോർച്ചുഗീസുകാരനാണെങ്കിലും അയാൾ പിറന്നുവീണതു് ഇന്ത്യൻമണ്ണിലാകയാൽ ഇന്ത്യാക്കാരനാണെന്നുമത്രേ. അപ്പോൾ കപ്പലിൽ പിറന്നുവീണവൻ ഏതു നാട്ടുകാരനായിരിക്കും?

റപ്പായേൽ ഇന്ത്യാക്കാരനല്ലെന്നു് റോമിൽ സ്ഥാപിച്ചു കിട്ടിയാൽപോലും അതിനു കമ്മലീത്തക്കു മറുപടിയുണ്ടു്:–

11. Thomas Pallipurathukunnel P. 31.

www.malankaralibrary.com

ഒന്നു്, കേരളത്തിൽ മെത്രാനാകാൻ യോഗ്യതയുള്ളവർ നാട്ടുകാരിലാരുമില്ല. ഈ വാദം റോമിലെ അധികാരമണ്ഡലങ്ങളിലെല്ലാം കമ്മീഷൻ വ്യാപകമായി പ്രചരിപ്പിച്ചിരുന്നതും മിഷ്നറിമാക്കു് ആസ്വാദ്യവും ആയിരുന്നു.

രണ്ടു്, നാട്ടുകാരനായ പറമ്പിൽ ചാണ്ടിമെത്രാൻ വിമർശനവിധേയനായിരുന്നു. അതിനാൽ നാട്ടുകാരല്ലാത്തവരാണു് ആവശ്യം. (ബിഷപ്പു റോസു മുതൽ ഗാർഷ്യാവരെയുള്ളവർ കഠിനമായ എതിർപ്പിനും നിശിതമായ വിമർശനങ്ങൾക്കും വിധേയരായിരുന്നില്ലേ? എന്തുകൊണ്ടു് അവർ സ്ഥാനമൊഴിഞ്ഞു നാടുവിട്ടുപോയില്ലാ?)

മൂന്നു്, യൂറോപ്യൻ മെത്രാന്മാക്കു് നല്കുന്ന ബഹുമാനം നാട്ടുമെത്രാന്മാക്കു് ഹിന്ദുക്കൾ കൊടുക്കുകയില്ല. (നാട്ടുകാരായ അക്കദിയാക്കോന്മാക്ക രാജകീയ പദവിയും സ്ഥാനമാനങ്ങളുമാണുണ്ടായിരുന്നതു്, മെനേസിസ് മെത്രാപ്പോലീത്തായ്ക്കുപോലും അറിയാമായിരുന്നു.)

നാലു്, നാട്ടുമെത്രാൻ വേണമെന്നുള്ളതു് കേരളസഭയെ കാൽവിനിസ്റ്റാ (Calvinist) ക്കുവാനുള്ള ഡച്ചുകാരുടെ പദ്ധതിയാണു്!12. പതിനേഴു നൂററാണ്ടോളം കത്തോലിക്കാവിശ്വാസത്തിൽ നിന്നിട്ടുള്ളവരും മാർപ്പാപ്പാമാരുടെ പ്രതിനിധികളോടു് നിരന്തരഭക്ത്യാദരവുകൾ പ്രകടിപ്പിച്ചിട്ടുള്ളവരും ആയ മാർത്തോമ്മാക്രിസ്ത്യാനികൾ, ഡച്ചുകച്ചവടക്കാരുടെ 'കാൽവിനിസ്ററു'മതം സ്വീകരിക്കുകയോ? ഇവിടെ കർമ്മലീത്തർ ബീഭത്സമായ ഒരു വ്യാജപ്രസ്താവനകൊണ്ടു് മാർപ്പാപ്പായുടെ കല്പനയേയും കടത്തിവെട്ടിയിരിക്കുകയാണു്.

കർമ്മലീത്താ കമ്മീഷന്റെ വാദം സത്യവിരുദ്ധമായിരുന്നെന്നു കാണിക്കുവാൻ മററൊരു തെളിവുകൂടിയുണ്ടു്. 1693-ൽ കർമ്മലീത്തക്ക കേരളത്തിൽ പ്രവത്തിക്കുവാൻ ഡച്ചുകാർ ഔദ്യോഗികാനുവാദം കൊടുത്തപ്പോൾ അതിലെ വ്യവസ്ഥ ഇതായിരുന്നു. "മാർത്തോമ്മാക്രിസ്ത്യാനികളുടെ ഭരണാധിപത്യം കർമ്മലീത്തർ കയ്യേറാൻ പാടില്ല. സുറിയാനിക്കാരുടെ ഇടവകകൾ നാട്ടുകാരോ അവർ അംഗീകരിക്കുന്ന ആളുകൾ മാത്രമോ ആണു് ഭരിക്കേണ്ടതു്"13. അപ്പോൾ സമാധാ

12. Ibid P. 33.

13. Podipara P. J. The Thomas Christians, 1970, P. 163.

www.malankaralibrary.com

നത്തിന്റെ കുരിശു വഹിച്ചിരുന്നവർ ഡച്ചുകാരും പീഡനത്തിന്റെ വാളെടുത്തിരുന്നതു് കർമ്മലീത്തരുമല്ലേ? കർമ്മലീത്തരുടെ മേല്പറഞ്ഞ കാരണങ്ങളാൽ മാർപ്പാപ്പായുടെ കല്പനയ്ക്കു് വിരുദ്ധമായിത്തന്നെ നാട്ടുകാരനല്ലാത്തവനെ പറമ്പിൽ ചാണ്ടിമെത്രാന്റെ സഹായിയും പിൻഗാമിയും ആയി തിരഞ്ഞെടുക്കുവാൻ നിശ്ചയിച്ചു. മാർത്തോമ്മാക്രിസ്ത്യാനികളിൽ നിന്നും പറമ്പിൽ കുടുംബത്തിൽനിന്നും തിരഞ്ഞെടുക്കാതിരിക്കുവാനും ചില ന്യായങ്ങളും അവർ ഉന്നയിച്ചിരുന്നു.

ഇവയെല്ലാം റോമിനെ ധരിപ്പിച്ച ദുർവാദങ്ങളാണു്. ഡച്ചുഗവർണ്ണറോടു പറഞ്ഞതെന്താണെന്നു് അറിയാമോ? ഡച്ചുരേഖകൾ ഉദ്ധരിച്ചുകൊണ്ടു് ഡാ. T. J. പുന്നൻ പറയുന്നു, പറമ്പിൽ മത്തായിയെ മെത്രാനാക്കുന്നതിനു് തടസ്സമായി കമ്മീഷൻ രണ്ടു വാദങ്ങളാണു് ഡച്ചുസൈന്യാധിപന്റെ പക്കൽ ഉന്നയിച്ചതു്. ഒന്നാമതായി, പറമ്പിൽ മത്തായി ഒരു ''ഇന്ത്യാക്കാരൻ, രണ്ടാമതായി നമ്പൂരിവംശജനും''14. യൂറോപ്യരെന്ന നിലയിൽ ഡച്ചുകാരുടെ അനുഭാവം കിട്ടാനുള്ള തന്ത്രം!!

## റപ്പായേൽ സൽഗാദോയുടെ മെത്രാൻ വാഴ്ച

റപ്പായേൽ പാതിരിയെ മെത്രാനായി വാഴിക്കുവാൻ പറമ്പിൽ ചാണ്ടിമെത്രാൻ സന്നദ്ധനാകുകയില്ലെന്നു് അദ്ദേഹത്തിനറിയാമായിരുന്നു. പിന്നെ ''കൈവെയ്പു് ''നല്കുവാൻ കഴിയുന്ന മറെറാരു മെത്രാനുവേണ്ടിയായിരുന്നു തിരച്ചിൽ. കോഴിക്കോട്ടുവെച്ചു്, നിയുക്തമെത്രാൻ റപ്പായേൽ പാതിരി കാനാൻവികാരി അപ്പസ്തോലിക്കയായ തോമസ് ദെ കാസ്ത്രോ മെത്രാനോടു് തന്നെ മെത്രാനായി വാഴിക്കണമെന്നു് അഭ്യർത്ഥിച്ചുവെന്നും അദ്ദേഹം അതിനു സമ്മതിച്ചുവെന്നും കമ്മീഷൻ 1677 മാർച്ചു് 18–ാം നു- പ്രൊപ്പഗാന്തായെ അറിയിച്ചു. എന്നാൽ യഥാർത്ഥത്തിൽ തോമസ് ദെ കാസ്ത്രോ മെത്രാൻ റപ്പായേൽ പാതിരിയുടെ തിരഞ്ഞെടുപ്പു് അംഗീകരിച്ചില്ല. അദ്ദേഹം കമ്മീഷനെഴുതിയതു്, മെത്രാൻസ്ഥാനത്തിനു് ഏററവും അയോഗ്യനായ ഒരാളെ തിരഞ്ഞെടുത്തുവെന്നാണു്. മാർപ്പാപ്പായുടെ ഒന്നാമത്തെ കല്പനമാത്രം കണ്ടിട്ടുള്ള അദ്ദേഹം റപ്പായേലിനെ തിരഞ്ഞെടുത്തതിൽ അത്ഭുതം പ്രകടിപ്പിച്ചു.

14. T. J. Poonnen, Rise of Dutch Power in Malabar 1948, P. 280.

www.malankaralibrary.com

അനന്തരം കാസ്ത്രോ മെത്രാനെ രണ്ടു ബത്തോലൂമ്യോമാരും തലശ്ശേരിയിൽവച്ചു് സന്ദർശിച്ചു. ആ അവസരത്തിൽ, കമ്മീഷന്റെ മന:സാക്ഷിയനുസരിച്ചു് തിരഞ്ഞെടുക്കുവാനുള്ള മാപ്പാപ്പായുടെ മൂന്നാമത്തെ കല്പന അവർ കാസ്ത്രോയെ കാണിച്ചു. അപ്പോഴും കാസ്ത്രോ മെത്രാൻ റപ്പായേലിനു് മെത്രാൻപട്ടം കൊടുക്കുവാൻ വിസമ്മതിക്കുകയാണുണ്ടായതു്. അതിനു് അദ്ദേഹം പറഞ്ഞ കാരണങ്ങൾ റപ്പായേലിന്റെ സ്വഭാവദൂഷ്യംമൂലമുള്ള ദുഷ്കീർത്തിയും ഒരു ഇന്ത്യാക്കാരനെ തന്നെ തിരഞ്ഞെടുക്കുവാനുള്ള മാപ്പാപ്പായുടെ ശാസനയുടെ ലംഘനവുമായിരുന്നു. അപ്പോൾ കമ്മീഷന്റെ മട്ടുമാറി. അവർ പറഞ്ഞതു്, തങ്ങളുടെ കമ്മീഷൻ മാപ്പാപ്പാ നിയമിച്ചതാണെന്നും, തന്മൂലം അവരുടെ നിർദ്ദേശം നിരാകരിച്ചാൽ കാസ്ത്രോ മെത്രാനെതിരെ ചില ആരോപണങ്ങൾ റോമിൽ ഉന്നയിക്കുമെന്നും ആയിരുന്നു. ഡച്ചുകാരുമായുള്ള സഖ്യത്തെപ്പററിയും അവർ കാസ്ത്രോയെ കുററപ്പെടുത്തി.

ഏതായാലും, റപ്പായേലിന്റെ തിരഞ്ഞെടുപ്പു പുറത്തുവന്നപ്പോൾ, ഡച്ചുസൈന്യാധിപൻ കമ്മീഷനംഗങ്ങളായ ആഞ്ചലൂസ് ഫ്രാൻസിസിനേയും രണ്ടു ബത്തോലൂമ്യോമാരെയും തടവിലാക്കി കൊച്ചിയിൽ കൊണ്ടുവന്നു. അനന്തരം അവരെ ഡച്ചാധിപത്യമുള്ള സ്ഥലങ്ങളിൽനിന്നു് നാടുകടത്തുകയും ചെയ്തു. പറമ്പിൽ ചാണ്ടിമെത്രാന്റെ സഹായിയായി നിന്നിരുന്ന കർമ്മലീത്താ മിഷ്നറിയായ ഫാ. മാത്യുവിനെ റോമിലേക്കു് കമ്മീഷൻ വിളിപ്പിച്ചു. കമ്മീഷന്റെ ഭീഷണിയിൽ കുരുങ്ങിയ കാസ്ത്രോ മെത്രാൻ, 1677 മേയ്മാസം 8-ാം നു- താന്നൂർവച്ചു് റപ്പായേൽ സൽഗാദോയെ മെത്രാനായി വാഴിക്കുവാൻ നിർബ്ബന്ധിതനാകുകയും ചെയ്തു.

മെത്രാൻ സ്ഥാനമേററ റപ്പായേൽ കൊച്ചിയിൽ വന്നപ്പോൾ, ഇരുപത്തിനാലു മണിക്കൂറിനകം അദ്ദേഹം സ്ഥലം വിട്ടുപോകുവാൻ ഡച്ചുസൈന്യാധിപൻ ആജ്ഞാപിച്ചു. അനന്തരം റപ്പായേൽ ഗോവയിൽപോയി ഒരു വഷം താമസിച്ചു. പറമ്പിൽ ചാണ്ടിമെത്രാനാകട്ടെ, പറമ്പിൽ മത്തായിയെ അക്ദിയാക്കോനായും മട്ടാഞ്ചേരിപള്ളിവികാരി ഗീവറുഗീസിനെ വികാരി ജനറാളായും നിയമിച്ചു. അക്ദിയാക്കോൻ പൌരസ്ത്യവും വികാരിജനറാൾ പാശ്ചാത്യവുമായ സ്ഥാനങ്ങളാണു്. രണ്ടും ഏറെക്കുറെ ഒന്നുപോലെ തോന്നുമെങ്കിലും അക്ദിയാക്കോനു് സ്വന്തവും സ്വതന്ത്രവുമായ ചില അധികാ

www.malankaralibrary.com

രങ്ങളുണ്ട്. വൈദികർക്കും ജനങ്ങൾക്കും സംപ്രീതനെന്നാണ് അതിൻെറ അടിസ്ഥാനം. പാശ്ചാത്യസഭാമെത്രാന്മാർക്ക് റോമൻകേന്ദ്രത്തോടല്ലാതെ, അവരുടെ സ്വന്തം ജനങ്ങളോടൊ വൈദികരോടൊ ഉത്തരവാദിത്വമില്ലാത്തതിനാൽ വികാരി ജനറാളന്മാർ മെത്രാന്മാരുടെ പാവകളായിരിക്കുകയാണ് പതിവ്. സുപ്രസിദ്ധ അമേരിക്കൻ വാഗ്മിയും പണ്ഡിതനുമായ ബിഷപ്പ് ഫുൾട്ടൺഷീൻ റോച്ചസ്റ്ററിലെ മെത്രാനായപ്പോൾ, അദ്ദേഹം വികാരിജനറാളിനെ തിരഞ്ഞെടുത്തത് വൈദികരുടെ വോട്ടനുസരിച്ചായിരുന്നു. ഈ ജനാധിപത്യരൂപത്തിൽ വിറളിപിടിച്ച റോമൻ അധികാരികൾ ബിഷപ്പ് ഷീന് താക്കീതു നല്കുകയും അദ്ദേഹത്തെ ആ മാർഗ്ഗത്തിൽ നിന്നും പിൻവലിപ്പിക്കുകയും ചെയ്തതു പരസ്യമാണ്.

ഏതായാലും, പറമ്പിൽ ചാണ്ടിമെത്രാൻ പാശ്ചാത്യവും പൌരസ്ത്യവുമായ രണ്ടു സ്ഥാനങ്ങളെ കൂട്ടിക്കുഴച്ചതുപോലെ തോന്നുന്നു. അതു് നിരർത്ഥകമായിരുന്നുവെന്നതിൻെറ തെളിവാണ്, സഭാഭരണം നടത്തിക്കൊണ്ടിരുന്നത് പറമ്പിൽ മത്തായി അക്ക്ദിയാക്കോനും കമ്മലീത്താമിഷ്നറിയായ ഫാ. മാത്യുവുമാണെന്നുള്ള വസ്തുത.

വാർദ്ധക്യംമൂലം പറമ്പിൽ ചാണ്ടിമെത്രാൻ ഏറെക്കുറെ വിശ്രമത്തിൽ കഴിയുകയായിരുന്നു. കമ്മലീത്തരുടെ തന്ത്രങ്ങൾ പിന്നെയും തുടർന്നു. പറമ്പിൽ മത്തായി അക്ക്ദിയാക്കോനായിരിക്കുന്നതു് കമ്മീഷന് ദുസ്സഹമായിരുന്നു. അതിനാൽ അവർ വിയോജിതസഭയുടെ നേതാവായ പറമ്പിൽ തോമ്മായെ (ഒന്നാം മാർത്തോമ്മ) അക്ക്ദിയാക്കോനാക്കുവാൻ സമീപിച്ചു. അദ്ദേഹത്തോടു കമ്മീഷൻ പറഞ്ഞതു്, അദ്ദേഹം മാപ്പാപ്പായെ അനുസരിക്കുമെങ്കിൽ അദ്ദേഹത്തെ കേരളസഭയുടെ അക്ക്ദിയാക്കോനാക്കാമെന്നായിരുന്നു. ഇതിനു ചാണ്ടി മെത്രാൻ എതിരായിരുന്നു. പറമ്പിൽ തോമ്മായെ മെത്രാനാക്കുവാനാണ ചാണ്ടിമെത്രാൻ ആഗ്രഹിച്ചതു്. അങ്ങനെ ഭിന്നിച്ചുപോയ സഭകളുടെ യോജിപ്പ് സാധിക്കുമെന്ന് അദ്ദേഹം ആശിച്ചു. എന്നാൽ ഇവയൊന്നും നടന്നില്ല.

കമ്മീഷൻെറ പിന്നത്തെ ശ്രമം പറമ്പിൽ മത്തായി അക്ക്ദിയാക്കോനെ താറടിക്കുകയായിരുന്നു. അതിനുവേണ്ടി അദ്ദേഹത്തിനെതിരായി അനേകം ആരോപണങ്ങൾ തയ്യാറാക്കി റോമിലേക്ക് അയച്ചു. മത്തായി അക്ക്ദിയാക്കോനെ



www.malankaralibrary.com

തിരായ ആരോപണങ്ങൾ നിരത്തിവെച്ചുകൊണ്ടു് കമ്മീഷൻ റോമിലേക്കെഴുതിയതു്, പറമ്പിൽ കുടുംബത്തിലുള്ള ആക്കം കുടുംബാവകാശം പ്രമാണിച്ചു, ഭരണാധികാരം കൊടുക്കരു തെന്നായിരുന്നു. 1680 ഫെബ്രുവരി 1-ാം നു- കമ്മീഷൻ നേതാവായിരുന്ന ബത്തലൂമ്യോ നിര്യാതനായി. അദ്ദേഹത്തിന്റെ മരണകാരണം, റപ്പായേൽ മെത്രാന്റെ നടപടി ദൂഷ്യം മൂലമുള്ള മനോവേദനയാണെന്നു്, അമാന്തോ എന്ന കമ്മലീത്താമിഷ്നറി പ്രൊപ്പഗാന്തായെ അറിയിച്ചു15.

1682-ൽ പറമ്പിൽ ചാണ്ടിമെത്രാൻ രൂപതാഭരണം റപ്പായേൽ മെത്രാനു വിട്ടുകൊടുത്തു. അതു് ചൊവ്വരവെച്ചാണു് നടന്നതു്. ഒരു പുതിയ അദ്ധ്യായം തുടങ്ങുന്നതിനുവേണ്ടി മെത്രാന്മാർ രണ്ടുപേരും പരസ്പരം ആശ്ലേഷിച്ചു. വൈദികരും ജനങ്ങളും റപ്പായേൽ മെത്രാനെ അനുസരിക്കണമെന്നു് ചാണ്ടി മെത്രാൻ കല്പന പുറപ്പെടുവിച്ചു. റപ്പായേൽ മെത്രാനെ കേരളസഭയുടെ ഭരണാധികാരിയായി നിയമിച്ച മാപ്പാപ്പായുടെ കല്പന ആദ്യമായി വായിച്ചതും അപ്പോഴാണെന്നുള്ളതു് ശ്രദ്ധേയമാണു്.

കമ്മീഷന്റെ നേതാവായ ഫാ. ബർത്തലൂമ്യോ മരിച്ചപ്പോൾ ആ സ്ഥാനം ഏറെറടുക്കുവാൻ വന്നതു് കമ്മീഷനംഗമായി ആദ്യം നിശ്ചയിച്ചിട്ടും രോഗംമൂലം ഇന്ത്യയിലേക്കുള്ള യാത്ര മുടങ്ങിപ്പോയ ഫാ. അഞ്ജല്ലോയാണു്. പറമ്പിൽ ചാണ്ടി മെത്രാൻ നിശ്ചയിച്ച മത്തായി അക്കദിയാക്കോനെ സ്ഥാനഭ്രഷ്ടനാക്കുവാൻ സഹായമെത്രാനായ റപ്പായേലിനും കമ്മലീത്താ മിഷ്നറിമാക്കും വളരെ താല്പര്യമുണ്ടായിരുന്നു. അക്കദിയാക്കോനെതിരായി പല ആരോപണങ്ങളും അവർ റോമിൽ സമപ്പിച്ചു.

ആരോപണങ്ങളിൽ പ്രധാനപ്പെട്ടവ താഴെ പറയുന്നവയാണു്: വിയോജിതസഭയുടെ നേതാവായ ഒന്നാം മാത്തോമ്മായുടെ കൈമുത്തിയതു്. മാറോനീത്തനായ ബത്തലൂമ്യോക്കു് വിഷംകൊടുക്കുവാൻ ശ്രമിച്ചുവെന്നുള്ള കിംവദന്തി, ബിഷപ്പു് റപ്പായേലിനെ ഇടപ്പള്ളിസ്വരൂപത്തിൽ പ്രവേശിപ്പിക്കാതിരിക്കുവാൻ അവിടത്തെ രാജാവിനെഴുതിയതു്, കമ്മലീത്താ മിഷ്നറിമാക്കും ഫാ. ബത്തലൂമ്യോയ്ക്കും എതി

15. Pallipurathukunnel P. 43.

www.malankaralibrary.com

രായിട്ട ഡച്ച് അധികാരികറംക്ക് എഴുതിയതു്, ഇരുപതും ഇരുപത്തിയൊന്നും വയസ്സുള്ളവർക്ക് പട്ടം കൊടുക്കുവാൻ ശ്രുപാൾചെയ്തതു്, ഇങ്ങനെ പലതും. തൽഫലമായി, അദ്ദേഹത്തെ വിചാരണ ചെയ്യുന്നതിന് ഫാ. അഞ്ജേലോയുടെ നേതൃത്വത്തിൽ ഒരു കോടതിയുമുണ്ടായി. റോമായും കമ്മലീത്താ വൈദികരും അക്ദിയാക്കോനെ ശിക്ഷിക്കുവാനുള്ള ഏതു് നടപടി സ്വീകരിച്ചാലും പ്രായോഗികമാക്കുവാൻ സാധിക്കുകയില്ലെന്നു് കമ്മലീത്താ മിഷ്നറിമാക്കും റോമിനും കുറേശ്ശെയായി ബോദ്ധ്യപ്പെട്ടു. അതിനുള്ള കാരണങ്ങറം താഴെ പറയുന്നവയാണു്.

ഒന്നു്, ജനപ്രതിനിധികളെ വിളിച്ചുകൂട്ടിയ ഒരു യോഗത്തിൽവച്ച് അവരുടെ ഭൂരിപക്ഷാഭിപ്രായമനുസരിച്ചാണു് ചാണ്ടിമെത്രാൻ പറമ്പിൽ മത്തായിയെ അക്ദിയാക്കോനായി നിയമിച്ചതു്.

രണ്ടു്, ഡച്ച് അധികാരികറംക്ക് അർക്കദിയാക്കോൻ പ്രിയങ്കരനായിരുന്നു.

മൂന്നു്, കൊച്ചീരാജാവിനു് അക്ദിയാക്കോനോടു് അതിയായ സ്നേഹവാത്സല്യങ്ങളുണ്ടായിരുന്നു.

നാലു്, ജനങ്ങറംക്ക് അക്ദിയാക്കോനോടു് അത്യധികമായ സ്നേഹബഹുമാനങ്ങറം ഉണ്ടായിരുന്നു.

ഈ കാരണങ്ങളാൽ കമ്മലീത്താ മിഷ്നറിമാക്കും റോമൻ അധികാരികറംക്കും അക്ദിയാക്കോനെ വിചാരണ ചെയ്യുവാനും ശിക്ഷിക്കുവാനും പ്രയാസമായിരുന്നു. അതിനു തുനിഞ്ഞാൽ, റോമാസിംഹാസനത്തോടു് വിധേയത്വമുള്ള മാർത്തോമ്മാസഭ കേരളത്തിൽ ശേഷിക്കുകയില്ലെന്നു കാണുവാനുള്ള ബുദ്ധി കമ്മലീത്തക്കുമുണ്ടായി.

www.malankaralibrary.com

# പതിനെട്ടാം അദ്ധ്യായം

# റപ്പായേൽ മെത്രാൻെറ ദുരന്തനാടകം

കമ്മലീത്താ കമ്മീഷൻെറ തടസ്സവാദങ്ങൾ അത്ഥവത്താണ്. ഇന്ത്യാക്കാരനെ മെത്രാനാക്കുവാൻ പാടില്ലായെന്നുള്ള അവരുടെ വാദം അന്നത്തെ വൈദിക 'കൊളോണിയലിസ' ത്തിൻെറ ഒരു തെളിവാണ്. ഭരിക്കേണ്ടവർ പാശ്ചാത്യരും ഭരണനുകം ചുമക്കേണ്ടവർ ഇന്ത്യാക്കാരുമെന്നാണ് ഇന്ത്യാ സ്വതന്ത്രമാകുന്നതുവരെ അവർ വിശ്വസിച്ചിരുന്നത്. കമ്മലീത്താവൈദികക്ക് അഭ്യസ്തവിദ്യരും സംസ്ക്കാരസമ്പന്നരുമായ മാർത്തോമ്മാക്രിസ്ത്യാനികളെ ഭയമായിരുന്നുവെന്നു തോന്നിപ്പോകും. അവർ ഭരണത്തിലേറിയാൽ കാലതാമസം കൂടാതെ വിദേശമിഷ്നറിമാർ ഏട്ടകെട്ടി പുറത്തുപോകേണ്ടി വരുമെന്ന് അവക്ക് നിശ്ചയമുണ്ടായിരുന്നു. ഈ നൂററാണ്ടിൽ, ലത്തീൻ രൂപതകളിൽപോലും നാട്ടുമെത്രാന്മാർ അവരോധിക്കപ്പെട്ടപ്പോൾ, വിദേശമിഷ്നറിമാർ ഇടമുറിയാതെ പൊഴിഞ്ഞുപോകുകയാണല്ലോ ഉണ്ടായത്.

പോർച്ചുഗീസു ആധിപത്യത്തോടുകൂടി വന്നുകൂടിയിട്ടുള്ളതാണ്, വിപുലമായ വണ്ണസങ്കലനവും മിശ്രിതസമൂഹവും. സ്ത്രീകൾ കൂടെയില്ലാതെ ഇന്ത്യൻതീരങ്ങളിൽ വന്നിറങ്ങിയ പോർച്ചുഗീസ് ഭടന്മാർ ഈ നാട്ടിലെ സ്ത്രീകളുമായി ഉദാരമായി മിശ്രപ്പെട്ടിരുന്നു. ഗവണ്ണറായിരുന്ന അൽബുക്കെർക്കിൻെറ പൊതുവായ നയംതന്നെ ഈ മിശ്രബന്ധങ്ങളെ പ്രോത്സാഹിപ്പിക്കുകയായിരുന്നല്ലോ. ഇന്ത്യയിൽ പോർച്ചുഗീസുഭരണം ഉറപ്പിക്കുവാൻ ഇങ്ങനെയൊരു സമൂഹത്തിൻെറ ആവശ്യമുണ്ടെന്ന് പോർച്ചുഗീസ് അധികാരികൾക്ക് ബോദ്ധ്യപ്പെട്ടിരുന്നു. ഏതായാലും അതിൻെറ ഫലമായി പോർച്ചുഗീസ് പിതൃത്വവും ഇന്ത്യൻ മാതൃത്വവുമുള്ള ഒരു തലമുറതന്നെ ഉണ്ടായി. ഇവരെ പോർച്ചുഗീസുഭാഷയിൽ വിളിച്ചിരുന്നത് Misce (മിശ്രിതർ) എന്നായിരുന്നു. വണ്ണമിശ്രണങ്ങളെ അവജ്ഞയോടും അമഷത്തോടും നോക്കിയിരുന്ന ഇന്ത്യാക്കാക്ക് ഈ തലമുറയെപ്പററി വലിയ ബഹുമാനമുണ്ടായിരുന്നില്ല.

www.malankaralibrary.com

ഈ മിശ്രസമുദായത്തിൽപ്പെട്ട പലരും കേരളത്തിലെ പോർച്ചുഗീസുകാരുടെ കീഴിലുള്ള ആചാര്യത്വത്തിൽ കയറിപ്പററിയിരുന്നു. പടയാളികളായി വന്നവർ വൈദികരും സന്ന്യാസികളുമാകുകയും, സന്ന്യാസികളും വൈദികരുമായി വന്നവർ പടയാളികളാകുകയും ചെയ്ത സംഭവങ്ങൾ നിരവധിയാണ്. ഗവൺമെൻറുദ്യോഗവും വൈദികസ്ഥാനവും അനായാസേന പരസ്പരം കൈമാറാവുന്നതോ, സംയുക്തമായി നിർവ്വഹിക്കാവുന്നതോ ആയിരുന്നു. വൈദികാർത്ഥിയുടെ അദ്ധ്യാത്മികമോ സാമൂഹ്യമോ ആയ മാനദണ്ഡങ്ങൾ, അന്ന് പോർച്ചുഗീസുകാർക്ക് പരിഗണനീയങ്ങളായിരുന്നില്ല. പോർച്ചുഗീസുകാരുടെ ദൃഷ്ടിയിൽ പോർച്ചുഗീസു പിതൃത്വം വളരെ വിലപ്പെട്ടതായിരുന്നു. അതിനെ ആശ്രയിച്ചുള്ള പരിഗണനയാണ് ഉദ്യോഗങ്ങൾക്കും സ്ഥാനമാനങ്ങൾക്കും നല്കിയിരുന്നത്. കൊടുങ്ങല്ലൂർപള്ളിവികാരിയായിരുന്ന ബംഗാളി അടിമപ്പെണ്ണിൻെറ മകനെപ്പററി ബിഷപ്പ് റോസ് വിലപിക്കുന്നുണ്ടല്ലോ.

റപ്പായേൽ ഫിഗറാദോ പോർച്ചുഗീസു മാതാപിതാക്കന്മാരിൽ ജനിച്ചവനാണെന്ന് അദ്ദേഹത്തിൻെറ കൂട്ടുകാരുടെ സാക്ഷ്യപത്രങ്ങളുണ്ട്. അദ്ദേഹം ''വെളുത്തവനാ''യിരുന്നുവെന്നു കർമ്മലീത്താ കമ്മീഷൻ വിമ്പിളക്കുന്നുണ്ടെങ്കിലും, മാതാപിതാക്കന്മാർ പോർച്ചുഗീസുകാരായിരുന്നോയെന്നു പറയുന്നതായി അറിയുന്നില്ല. ഡച്ചുകാർ അദ്ദേഹത്തെ ''തൊപ്പിക്കാരൻ റപ്പായേൽ'' എന്നാണ് വിളിക്കുന്നത്. 'തൊപ്പിക്കാരെ'ന്നു് പറയുന്നത് മിശ്രവർഗ്ഗത്തെപ്പററിയാണ്. അവരുടെ സാധാരണ തൊഴിൽ പോർച്ചുഗീസുകാരുടെ വീട്ടുജോലിയാണ്. തൊപ്പിക്കാർക്ക് ജാത്യാലുള്ള അപകർഷംമൂലം മാർത്തോമ്മാക്രിസ്ത്യാനികൾക്ക് റപ്പായേൽ അസ്വീകാര്യനായിരുന്നു. ഇതു് മറച്ചുവയ്ക്കുവാനുള്ള ശ്രമം ഉണ്ടായിരിക്കുവാനിടയുണ്ട്. റപ്പായേലിൻെറ തിരഞ്ഞെടുപ്പിനെപ്പററി മാർത്തോമ്മാക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം ദ്രോഹത്തിനുപുറമേ അപമാനവുമായെന്ന് ചരിത്രകാരന്മാർ പറയുന്നുണ്ട്. ചരിത്രകാരനായ ഡോ. ബ്രൗൺ പറയുന്നത് ഇപ്രകാരമാണ്: ''ഇതു് ഏററവും ബുദ്ധിശൂന്യമായ ഒരു പ്രവൃത്തിയായിരുന്നു. പ്രബലരായ സുറിയാനി ക്രിസ്ത്യാനികളുടെ ജാത്യാഭിമാനത്തെ വ്രണപ്പെടുത്തുന്ന സംഗതിയുമായി''1. ഒന്നിലധികം

1. L. W. Brown P. 107.

www.malankaralibrary.com

പോർച്ചുഗീസുമെത്രാന്മാരുടെ ഭരണത്തിലിരുന്നിട്ടുള്ള മാർത്തോമ്മാക്രിസ്ത്യാനികൾക്ക് റപ്പായേൽ സൽഗാദോയുടെ നിയമനം അവരുടെ "ജാത്യാഭിമാനത്തെ വ്രണപ്പെടുത്തണ"മെങ്കിൽ അദ്ദേഹം അപകൃഷ്ടജാതിയിൽപ്പെട്ടവനായിരിക്കാനേ വഴിയുള്ളൂ.

റപ്പായേൽ സൽഗാദോയെ തിരഞ്ഞെടുത്തത് അദ്ദേഹം ഗോവാമെത്രാപ്പോലീത്തായുടെ അധികാരത്തെ ധിക്കരിച്ചും പോർച്ചുഗീസുമേധാവിത്വത്തെ ചെറുത്തും കൊച്ചിരൂപതയുടെ സ്വതന്ത്രഅഡ്മിനിസ്ട്രേറ്ററായി ഭരിച്ചുകൊണ്ടിരുന്നപ്പോഴാണ്. പോർച്ചുഗീസുകാരുടെ ഭരണത്തിനെതിരായ നീക്കത്തിൽ കർമ്മലീത്താകമ്മീഷനും റപ്പായേലും ഏകമനസ്കരായിരുന്നു. ജസ്യൂട്ടരെ തുരത്തുവാൻ റപ്പായേൽ തങ്ങളുടെ ആയുധമായിത്തീരുമെന്ന് കമ്മീഷനും, കമ്മീഷൻ തന്റെ ഉയർച്ചയ്ക്കുള്ള സോപാനമായിത്തീരുമെന്ന് റപ്പായേലും വിശ്വസിച്ചു. ഇവിടെയാണ് ഇരുകൂട്ടരും തങ്ങളുടെ വരണമാല്യങ്ങൾ പരസ്പരം അണിയിച്ചത്. റപ്പായേലിന്റെ നിയമനത്തെപ്പററി പ്രോട്ടസ്റ്റന്റ് മെത്രാനായ ഡോ. ബ്രൗൺ തുടർന്നു പറയുന്നു, "ഈ സഭയിൽ ഒരു നാട്ടുമെത്രാനുണ്ടാവുകയും അദ്ദേഹത്തിന്റെ പിൻഗാമികളായി കാര്യക്ഷമതയുള്ള മെത്രാന്മാർ വരുകയും ചെയ്തിരുന്നെങ്കിൽ *റോമൻ സിംഹാസനത്തിന്റെ കീഴിൽ സുറിയാനി ക്രിസ്ത്യാനികൾ മിക്കവാറും മുഴുവൻതന്നെയും സംഘടിക്കുമായിരുന്നു. എന്നാൽ നിർഭാഗ്യവശാൽ അതു നടന്നില്ല"2. അതിന്റെ കാരണം കർമ്മലീത്താ മിഷനറിമാർ തന്നെയെന്നുള്ളതിൽ യാതൊരു സംശയവുമില്ല. റപ്പായേലിന്റെ നിയമനം മാർത്തോമ്മാക്രിസ്ത്യാനികളെ അപമാനിതരും അതീവദുഃഖിതരുമാക്കി. ജനങ്ങളുടെ ശക്തിയായ പ്രതിഷേധംകൊണ്ട് റപ്പായേലിനെ മെത്രാനായി വാഴിക്കുവാൻ പറമ്പിൽ ചാണ്ടിമെത്രാനു സാധിച്ചില്ല.

## റപ്പായേൽ ഫിഗറാദോ മെത്രാന്റെ പശ്ചാത്തലം

കേരളചരിത്രത്തിലെ അതിവിചിത്രവും അതിവിലക്ഷണവും ആയ ഒരു കഥാപാത്രമാണ് റപ്പായേൽ മെത്രാൻ.

---

* അടിവര ഗ്രന്ഥകർത്താവിന്റേതു്.

2. Brown: P. 109.

www.malankaralibrary.com

റപ്പായേൽ മെത്രാൻ സഭാചരിത്രത്തിൽ പ്രാധാന്യമോ പരിഗണനയോ അർഹിക്കുന്ന ഒരു വ്യക്തിയല്ല; അവഗണിച്ചു തള്ളേണ്ട ആളാണ്. അദ്ദേഹത്തിന്റെ ഭരണം പരിഗണന അർഹിക്കുന്നതു് അദ്ദേഹത്തിനു ജന്മംകൊടുത്തു വളർത്തിയെടുത്ത പോർച്ചുഗീസുകൊളോണിയൽ സഭാസംവിധാനത്തിന്റെ 'സാമ്പിൾ' സന്താനമായതുകൊണ്ടാണ്. ആ കൊളോണിയൽസഭയുടെ പകർപ്പും പ്രതീകവുമാണദ്ദേഹം. അതുകൊണ്ടു്, റപ്പായേൽമെത്രാനെപ്പററിയുള്ള പഠനം ഒരു കാലഘട്ടത്തിന്റേയും ഭരണരീതിയുടേയും വിശദീകരണമായതിനാൽ ആരും പരിഭവിക്കേണ്ടതില്ല.

## ഔന്നത്യസോപാനങ്ങൾ (Careers)

ഭൗതികമായ ഔന്നത്യത്തിനും സുഖകരമായ ജീവിതത്തിനും മറേറതൊരു തൊഴിലിനേയുംകാൾ വൈദികവൃത്തി സഹായിക്കുമെന്നുള്ള ധാരണ ജനങ്ങളിൽ, പ്രത്യേകിച്ച് വൈദികാർത്ഥികളിൽ കടന്നുകൂടുന്നതു് ആപത്താണ്. പോർച്ചുഗീസു ഭരണസംവിധാനത്തിൽ മതവും രാഷ്ട്രവും ഒററക്കെട്ടായി പ്രവർത്തിച്ചിരുന്നു. ഗോവമെത്രാപ്പോലീത്താ പോർച്ചുഗീസു വൈസ്രോയി ആയതും മിഷ്യനറിമാർ, സാമൂതിരിയും മററു നാട്ടുരാജാക്കന്മാരുമായി പോർച്ചുഗീസുരാജാവിനുവേണ്ടി ഔദ്യോഗികമായിത്തന്നെ കൂടിയാലോചനകൾ നടത്തുകയും സന്ധികൾ ഉണ്ടാക്കുകയും ചെയ്തതും സഭാരാഷ്ട്രകാര്യങ്ങൾ വ്യാമിശ്രമാണെന്നു കാണിക്കുന്നു. അന്നു് രാജ്യഭരണവും സഭാഭരണവും പരസ്പരം കൈമാറാവുന്നതായിരുന്നു. ഇതു് പോർച്ചുഗീസ് ഇന്ത്യയുടെ മാത്രമുള്ള ചിത്രമായിരുന്നില്ല. മദ്ധ്യശതാബ്ദങ്ങളിൽ യൂറോപ്പിലും ഇതു തന്നെയായിരുന്നു സ്ഥിതിയെന്നു് കർദ്ദിനാൾ വൂൾസി, കർദ്ദിനാൾ റിച്ച്ലൂ, എന്നിവർ നമ്മെ ഓർമ്മിപ്പിക്കുന്നു.

## പോർച്ചുഗീസു കൊച്ചി

പതിനാറും പതിനേഴും നൂററാണ്ടുകളിൽ കൊച്ചിയിൽ പോർച്ചുഗീസു സങ്കേതവും അതോടനുബന്ധിച്ച് പട്ടാളത്താവളവും ഉണ്ടായിരുന്നു. വർണ്ണമിശ്രണം തിളച്ചുമറിയുന്ന അവിയൽച്ചട്ടിയുമായിരുന്നു അന്നത്തെ കൊച്ചി. അവിടെവിടെയോ ആണ് റപ്പായേൽ സൽഗാദോ ജനിച്ചതെന്നു തോന്നുന്നു. അദ്ദേഹത്തിന്റെ അച്ഛൻ പോർച്ചുഗീസുകാരനും (പട്ടാളക്കാരനായിരിക്കാം) അമ്മ ഒരു നാട്ടുകാരിയുമായിരുന്നു. അദ്ദേഹ

www.malankaralibrary.com

ത്തിൻെറ പോർച്ചുഗീസു പിതൃത്വം ഉയർച്ചയ്ക്കുള്ള എല്ലാവഴികളും അദ്ദേഹത്തിനു തുറന്നുകൊടുത്തു. റപ്പായേൽ സെമിനാരിയിൽ ചേൎന്നു വൈദികനായി; താമസംവിനാ കൊച്ചി കത്തീഡ്രലിലെ കാനനുമായി.

## കാനനും ചാപ്ററും

മെനേസിസു മെത്രാപ്പോലീത്താ അങ്കമാലിപ്പള്ളിക്കു ചാപ്ററില്ലെന്നു പറഞ്ഞാണല്ലോ ആ അതിരൂപത കയ്യേറിയതു്. അതൊരു വൃകവാദമായിരുന്നു. പുരാതന ക്രൈസ്തവസഭയിലെ ആചാരങ്ങളുടെ അവശിഷ്ടമായിട്ടാണു് ലത്തീൻ പള്ളികളിൽ കാനൻമാരെയും ചാപ്ററിനെയും കാണുന്നതു്. ചാപ്റ്റർ എന്നു പറഞ്ഞാൽ ഒരു വൈദികസമിതിയാണു്. കാനൻമാർ അതിൻെറ അംഗങ്ങളും. ആ സമിതി നേതാവിനെ Provost എന്നു പറയും. മെത്രാനില്ലാതെ വരുമ്പോൾ രൂപതാഭരണം നടത്തുവാൻ Vicar Capitularis നെ തെരഞ്ഞെടുക്കുകയാണു് ചാപ്ററിൻെറ ജോലി. ചുണയും ചുറുചുറുക്കുമുള്ള ഫാ. റപ്പായേൽ ആദ്യം കത്തീഡ്രൽ കാനനും പിന്നെ രൂപതയുടെ പ്രൊക്കുറേറ്ററും ആയി. സ്നേഹിതന്മാരെ സമ്പാദിക്കുവാനും സ്വാധീനശക്തി വൎദ്ധിക്കുവാനും ഏററവും അധികം സഹായിക്കുന്ന ഒരു ജോലിയായിരുന്നു പ്രൊക്കുറേററുടേതു്. ഫാ. റപ്പായേൽ അതു നല്ലവണ്ണം ഉപയോഗിച്ചു. അതിനു വേറെയും കാരണമുണ്ടായിരുന്നു.

ഡച്ചുകാർ കൊച്ചി പിടിച്ചടക്കിയ 1663 മുതൽ 1682 വരെ കൊച്ചിരൂപതയെ ഭരിച്ചുകൊണ്ടിരുന്നതു് ആ രൂപതയുടെ ചാപ്ററാണു്—അഥവാ ചാപ്ററിൻെറ പേരിൽ ഒന്നോ രണ്ടോപേർ, കാനൻമാരായ ഡിയോഗോ ലോറൻസും പാസ്ക്കൽ റേഗോയും. ഡിയോഗോ മരിച്ചപ്പോൾ ഗോവാ മെത്രാപ്പോലീത്താ ജസ്യൂട്ടനായ അമാരോ ദെ അൽമെയിഡായെ കൊച്ചിമെത്രാനായി നിയമിച്ചു. കൊച്ചിയിലെ ചാപ്ററിൻെറ നേതാവും വക്താവും ആയ കാനൻ റേഗോ ഈ നിയമനം എതിൎത്തു് തള്ളിക്കളഞ്ഞു. ഡച്ചുകാരുടെ പിൻബലം അദ്ദേഹത്തിനുണ്ടായിരുന്നു. റേഗോ തൻെറ സ്വതന്ത്രഭരണം സ്വച്ഛന്ദം തുടൎന്നു. കത്തീഡ്രൽ ചാപ്ററിൻെറ തലവനായ റേഗോയ്ക്കു അപ്പോൾ എൺപതുവയസ്സു പ്രായമായിരുന്നു. അദ്ദേഹത്തിനു പരസ്യമായ നിലയിൽത്തന്നെ വെപ്പാട്ടിയും മക്കളും ഉണ്ടായിരുന്നു. അവരിൽ ഒരു മകൻ ഗൂഢാലോചന

www.malankaralibrary.com

കൾക്കും കപടതന്ത്രങ്ങൾക്കും വിദഗ്ദ്ധനായിരുന്നുവെന്നു ഫാ. ഫെറോളി പറയുന്നു. ഭ്രൂപതാകാര്യങ്ങളിൽ സ്വാധീനമുള്ള ആളായിരുന്നു, ഈ മകൻ. അയാളുടെ സുഹൃത്തായിരുന്നു ഫാ. റപ്പായേൽ. റേഗോയും റപ്പായേലിനെ പുത്രനിർവ്വിശേഷം സ്നേഹിക്കുകയും എല്ലാവിധ പ്രോത്സാഹനങ്ങളും നല്കുകയും ചെയ്തുപോന്നു. റേഗോയെപ്പററി ഫാ. ഫെറോളി പറയുന്നതു്, ''അയാളുടെ വാദ്ധക്യത്തിൻെറ ബലഹീനത ദുർമ്മാർഗ്ഗജീവിതംകൊണ്ടു പരിഹരിച്ചു''[3] എന്നാണു്. റേഗോയും റപ്പായേലും ആയുള്ള ഗാഢബന്ധംമൂലം, ചാപ്ററററിൻെറ എല്ലാ അധികാരങ്ങളും ഉപയോഗിക്കുവാൻ റപ്പായേലിനെ തിരഞ്ഞെടുത്തു. അതേബന്ധംതന്നെയായിരിക്കാം വൈദികക്കു് വെപ്പാട്ടികളെ വയ്ക്കുവാൻ അനുവാദം നല്കുന്നതിനു് മെത്രാനായ റപ്പായേലിനെ പ്രേരിപ്പിച്ചതും.

റപ്പായേൽമെത്രാൻ, പട്ടാഭിഷേകം സ്വീകരിച്ച ഉടനെ തന്നെ പറമ്പിൽ ചാണ്ടിമെത്രാനോടുള്ള വെറുപ്പും എതിർപ്പും പ്രകടിപ്പിച്ചു തുടങ്ങി. അദ്ദേഹം ചാണ്ടിമെത്രാനെ വകവെയ്ക്കാതെ, താനാണു് മലയാളത്തിൻെറ വികാരി അപ്പസ്തോലിക്ക എന്ന ഭാവത്തിൽ, ഭരണകാര്യങ്ങളിൽ ഇടപെട്ടു. ചാണ്ടിമെത്രാൻെറ വികാരി ജനറാളും മട്ടാഞ്ചേരിപള്ളി വികാരിയുമായിരുന്ന ഗീവർഗ്ഗീസ് കത്തനാരെ, റപ്പായേൽ മഹറോനിൽപ്പെടുത്തി. സ്വന്തം സഹായമെത്രാൻെറ ധിക്കാരവും അഹന്തയും അധികാരാപഹരണവും കണ്ടു്, മനോവേദനയിൽ ആണ്ടുപോയ പറമ്പിൽ ചാണ്ടിമെത്രാൻ 1697–ൽ കാലം ചെയ്തു.

സഹായമെത്രാനായശേഷം റപ്പായേൽ കർമ്മലീത്തരുടെ ഭസ്മാസുരനായിത്തീൎന്നു. അവരോടും അദ്ദേഹം ശത്രുതയോടും സംസ്ക്കാരശൂന്യതയോടും പെരുമാററാൻ തുടങ്ങി. ഈ സ്വയംകൃതാനൎത്ഥത്തിൽ സഹികെട്ട കർമ്മലീത്തർതന്നെ, റപ്പായേലിനെതിരായി റോമിലേയ്ക്കു് തുടരെത്തുടരെ പരാതികളയച്ചു. കേരളസഭയിൽ റപ്പായേൽ വരുത്തിവച്ച കുഴപ്പങ്ങളുടെ ഒരു പരാതിപ്പട്ടികയുമായി ലോറൻസ് മറിയ എന്നൊരു കർമ്മലീത്താവൈദികൻ റോമിലേയ്ക്കുപോയി.

ബിഷപ്പ് റപ്പായേൽ അധികാരം ഏൽക്കുന്നതിനുമുമ്പു തന്നെ അദ്ദേഹവും കർമ്മലീത്താമിഷ്നറിമാരുമായിട്ടുള്ള

3. Ferroli Vol. II, P. 97.

www.malankaralibrary.com

ബന്ധം ഉലഞ്ഞുതുടങ്ങിയിരുന്നു. അദ്ദേഹത്തിനുള്ള കള്ളനാണയത്തിന്റെ ചെമ്പ് തെളിയാൻ കാലതാമസമുണ്ടായില്ല. റപ്പായേലിന്റെ ദുഷിച്ച നടപടികളെയും പ്രാപ്തിയില്ലായ്മയെയുംപററി കർമ്മലീത്താമിഷ്നറിയായ അമാന്തോ വീണ്ടും റോമിലേക്കെഴുതി. അദ്ദേഹം എഴുതിയിരുന്നതു്, വ്യാജസാക്ഷിപത്രങ്ങളോടുകൂടിയാണ് റപ്പായേൽ മെത്രാനായതെന്നും ഗോവയിലുള്ള റപ്പായേലിന്റെ ചില ബന്ധുക്കൾ പറഞ്ഞതു്, മെത്രാനെന്നല്ല ഒരു കപ്യാർ ആകുവാൻപോലും റപ്പായേലിനു് യോഗ്യതയില്ലാതിരുന്നുവെന്നുമാണ്. രൂപതാകാര്യങ്ങൾക്കു് തീരുമാനമെടുക്കുവാൻ റപ്പായേൽ തീരെ അശക്തനാണെന്നും അദ്ദേഹത്തെ മാററി ഒരു യൂറോപ്യൻ മെത്രാനെ നിയമിക്കണമെന്നും അമാന്തോ അഭിപ്രായപ്പെട്ടു. തന്നെയുമല്ല, റപ്പായേലിന്റെ ദുർഭരണം തുടർന്നാൽ കത്തോലിക്കരായ മാർത്തോമ്മാ ക്രിസ്ത്യാനികൾ വിയോജിതസഭയിലേയ്ക്കു് പോകുമെന്നു് റോമിനു് ഒരു താക്കീതും നൽകിയിരുന്നു. ഇതിനിടയ്ക്കു്, ബിഷപ്പു റപ്പായേലും അദ്ദേഹത്തിന്റെ ആത്മസുഹൃത്തായിരുന്ന ബർത്തലൂമ്യോയും തമ്മിൽ ശണ്ഠ തുടങ്ങി. ഈ ബർത്തലൂമ്യോയാണല്ലോ റപ്പായേലിനെ മെത്രാനാക്കുവാൻ ആദ്യമായി നിർദ്ദേശിച്ചതു്. ബർത്തലൂമ്യോയ്ക്കു് കർമ്മലീത്താമിഷ്നറിമാർ ക്രമമായി കൊടുത്തിരുന്ന പ്രതിമാസവേതനം നിറുത്തലാക്കിയപ്പോൾ, അദ്ദേഹവും കർമ്മലീത്തരും ശത്രുതയിലായി. ഈ ഘട്ടത്തിൽ പറമ്പിൽ ചാണ്ടിമെത്രാനും കർമ്മലീത്തരും 22 വൈദികരും 28 ജനപ്രതിനിധികളും യോജിച്ച് ബിഷപ്പ് റപ്പായേലിന്റെയും ബർത്തലൂമ്യോയുടേയും ദുർമ്മാർഗ്ഗജീവിതത്തിന്റെ തെളിവുകൾ ചൂണ്ടിക്കാട്ടി വേണ്ട നടപടികളെടുക്കണമെന്നു് റോമിനോടു് അപേക്ഷിച്ചു. ആ അപേക്ഷയിൽ കാണിച്ചിട്ടുള്ള ആരോപണങ്ങളിൽ ചിലതാണ് താഴെ പറയുന്നവ.

ലത്തീൻഭാഷ തീരെ അറിയാത്തവനും രണ്ടു ഭാര്യമാരുടെ ഭർത്താവുമായ ഗാസ്പർ റോഡ്രിഗസിനു് കുർബാനപട്ടം കൊടുത്തു; രണ്ടു്, അൻപതുകാരനായ ഒരാൾക്കു് എല്ലാ പട്ടങ്ങളും അഞ്ചു ദിവസംകൊണ്ടു കൊടുത്തു; മൂന്നു്, പണം വാങ്ങിച്ചുകൊണ്ടു് ആൻറണി പെരേര എന്നൊരാൾക്കു് ആറാം പട്ടം കൊടുത്തു; നാലു്, വെപ്പാട്ടിമാരും മക്കളുമുള്ള രണ്ടു വൈദികരെ ഗോവയിൽനിന്നും ബഹിഷ്ക്കരിച്ചുവെങ്കിലും, അവരെ ബിഷപ്പ് റപ്പായേൽ കേരളസഭയിൽ സ്വീകരിച്ചു;

www.malankaralibrary.com

അഞ്ചു്, അങ്കമാലി ഇടവകയിൽപ്പെട്ട ആൻറണി പുതുശ്ശേരി യെന്ന വൈദികനെ ദേഹോപദ്രവം ചെയ്ത ഇട്ടികുരുവിളയ്ക്കു് അനുതപിക്കാതെയും പ്രായശ്ചിത്തം ചെയ്യാതെയും മാപ്പു കൊടുത്തു; ആറു്, ബർത്തലൂമ്യോയുടെ കുപ്രസിദ്ധമായ ദുർമാർഗ്ഗജീവിതത്തിനു് കൂട്ടുനിന്നു; അയാളം സെമിനാരിയിൽ പഠിപ്പിച്ചിരുന്ന കാലത്തു് ബിററാനിയാ ജോസററ് വിക്ടോറിയ എന്നൊരു സ്ത്രീയുമായിട്ടാണു് താമസിച്ചിരുന്നതു്. തന്മൂലം അദ്ദേഹത്തെ സെമിനാരിയിൽനിന്നും ബഹിഷ്ക്കരിച്ചു. എന്നാൽ ബിഷപ്പ് റപ്പായേൽ തൻെറ സ്വന്തം അരമനയിൽ അദ്ദേഹത്തെ തന്നോടൊന്നിച്ചു താമസിപ്പിച്ചു. ബർത്തലൂമ്യോയ്ക്കു് വേറൊരു യുവതിയും വെപ്പാട്ടിയായിട്ടുണ്ടായിരുന്നു. അവളെ ആഴ്ചയിൽ രണ്ടു പ്രാവശ്യം ബർത്തലൂമ്യോയുടെ അടുക്കൽ അയയ്ക്കുവാൻ അവളുടെ പിതാവുമായി ബിഷപ്പു റപ്പായേൽ ഏർപ്പാടു ചെയ്തു; ഏഴു്, മാർത്തോമ്മാക്രിസ്ത്യാനികളോടു് ക്രൂരമായി പ്രവർത്തിച്ചു; എട്ടു്, കർമ്മലീത്താമിഷ്യനറിമാർ "കള്ളന്മാരും കപടഭക്തരു"മാണെന്നു് പരസ്യമായി പ്രഖ്യാപിച്ചു4.

ഇവ കൂടാതെയും വേറെയും ചില ആരോപണങ്ങളുണ്ടായിരുന്നു. ഫെറോളിയുടേയും വൈയിററ് ഹൗസിൻേറയും ഗ്രന്ഥങ്ങളിൽ അവ കാണാം.

(1) ചാണ്ടിമെത്രാൻെറ അധികാരത്തെ നിഷേധിച്ചു;

(2) കൊച്ചിരൂപത ഉൾപ്പെടെയുള്ള കേരളം മുഴുവൻെറയും വികാരിഅപ്പസ്തോലിക്ക എന്ന പദവി സ്വയം സ്വീകരിച്ചു;

(3) കൈക്കൂലി വാങ്ങിച്ചു് പട്ടം കൊടുത്തു;

(4) വൈദികർക്കു് വെപ്പാട്ടിമാരെ വയ്ക്കുവാൻ അനുവാദം കൊടുത്തു;

(5) പ്രൊപ്പഗാന്തയിൽനിന്നും കുർബ്ബാനയ്ക്കു് അയച്ചുകൊടുത്തിരുന്ന വീഞ്ഞു് വിററ് പണമുണ്ടാക്കി;

(6) ഗോവയിൽനിന്നും വൈദികർക്കു് അയച്ച കുർബ്ബാനപ്പണം അപഹരിച്ചു;

(7) കർമ്മലീത്താവൈദികരെപ്പററി ദുഷ്പ്രചരണം നടത്തി;

4. Pallipurathukunnel T. P. 51-52.

www.malankaralibrary.com

(8) അർഹരായ വൈദികാൎത്ഥികൾക്കു് കുർബ്ബാനപ്പട്ടം നിഷേധിച്ചു;

(9) ചാണ്ടിമെത്രാൻെറ വികാരിജനറാളായ ഫാ. ഗീവറുഗീസിനെ മഹറോൻ ചൊല്ലി5.

ഈ പരാതികൾ റോമിൽ എത്തിയപ്പോൾ പതിനൊന്നാം ഇന്നസെൻറ് മാർപ്പാപ്പാ വലിയ മൊഗളിൻെറ വികാരി അപ്പസ്തോലിക്കയും ഒരു ഇന്ത്യാക്കാരനുമായിരുന്ന Custodius de Pinha എന്ന മെത്രാനെ, റപ്പായേലിൻെറ ദുർഭരണത്തെപ്പററി അന്വേഷിച്ചു് റിപ്പോർട്ടു് ചെയ്യുവാൻ, 1687 ഫെബ്രുവരി 6–ാം തീയതി നിയമിച്ചു. അദ്ദേഹത്തിൻെറ റിപ്പോർട്ടു് കിട്ടിയ ഉടനെ, 1694 ജനുവരി 16–ാം തീയതി മാർപ്പാപ്പാ റപ്പായേൽ ഫിഗറാഡോയെ സ്ഥാനഭ്രഷ്ടനാക്കുകയും, അദ്ദേഹത്തിനു പകരം വികാരി അപ്പസ്തോലിക്കയായി, കുസ്തോദിയൂസിനെത്തന്നെ നിയമിക്കുകയും ചെയ്തു. റപ്പായേൽ മെത്രാൻ 1695 ഒക്ടോബർ 12–ാം തീയതി മരണമടഞ്ഞു, തെക്കൻ പള്ളിപ്പുറത്തുള്ള സുറിയാനിപ്പള്ളിയിൽ സംസ്ക്കരിക്കപ്പെട്ടു. റോമിലെ ഭരണാധികാരികൾ, കർമ്മലീത്തൻ സ്വാധീനത്തിനു് വശഗതരാകാതെ, കേരളസഭയുടെ സ്ഥിതിഗതികൾ അവധാനപൂർവ്വം പഠിക്കുകയും നീതിപൂർവ്വവും കാര്യക്ഷമമായും പ്രവൎത്തിക്കുകയും ചെയ്തിരുന്നെങ്കിൽ, കേരളസഭയിൽ റപ്പായേൽ മെത്രാൻെറ ദുരന്തനാടകമുണ്ടാകുമായിരുന്നില്ല; മാർത്തോമ്മാ ക്രിസ്ത്യാനികളുടെ വിശ്വാസദാർഢ്യത്തിൻെറ അടിത്തറ മാന്തിനോക്കേണ്ടതുമില്ലായിരുന്നു. റപ്പായേലിൻെറ നിയമനശേഷം, "ഞാൻ പിഴയാളി" ചൊല്ലിയ കർമ്മലീത്തരുടെ അധരങ്ങളിൽ തിക്തചഷകം ചേർത്തുകൊടുക്കേണ്ട അവസരം റപ്പായേലിനും ഉണ്ടാകുമായിരുന്നില്ല.

## കർമ്മലീത്താമിഷൻെറ വിലയിരുത്തൽ

മാർപ്പാപ്പായുടെ അനുവാദത്തോടും പ്രൊപ്പഗാന്തായുടെ ആഭിമുഖ്യത്തിലും കർമ്മലീത്തരുടെ കമ്മിസറി പുറപ്പെട്ടപ്പോൾ, ഫാ. മാത്യു അതിലെ ഒരംഗമായിരുന്നു. അദ്ദേഹം ഒരു ബുദ്ധിജീവിയും സസ്യശാസ്ത്രപഠനത്തിൽ അതീവതല്പരനുമായിരുന്നു. സസ്യശാസ്ത്രത്തിലുള്ള അദ്ദേഹത്തിൻെറ താല്പ

5. Ferroli, Vol. II, P. 103, Thomas White house P. 194.

www.malankaralibrary.com

ര്യമാണ് കേരളത്തിലെ കമ്മലീത്താസഭയെ ഡച്ച് ആധിപത്യമുള്ള തീരപ്രദേശങ്ങളിൽനിന്നും പൂർണ്ണമായി നിർമ്മാർജ്ജനം ചെയ്യാതിരിക്കാൻ സഹായിച്ചതു്. അന്നത്തെ ഡച്ചുഗവർണ്ണരായിരുന്ന വാൻ റീഡും (Van Rheede) കേരളത്തിലെ സസ്യങ്ങളെക്കുറിച്ചു് പഠിക്കുന്നതിൽ ഉത്സുകനായിരുന്നു. ഫാ. മാത്യുവിൻെറ സസ്യശാസ്ത്രപഠനത്തിലുള്ള അഭിരുചിയറിഞ്ഞ ഡച്ചുഗവർണ്ണർ, ബഹിഷ്കൃതരായ കർമ്മലീത്തരിൽനിന്നും അദ്ദേഹത്തെ ഒഴിവാക്കിക്കൊണ്ടു് സസ്യശാസ്ത്രപഠനത്തിനു് അദ്ദേഹത്തെ നിയോഗിച്ചു. ഇതിൻെറ ഫലമാണു് 12 വാല്യങ്ങളുള്ള ഹോർത്തൂസ് മലബാറിക്കൂസ് (Hortus Malabaricus) എന്ന ബൃഹത്തായ ആധികാരികഗ്രന്ഥം. കേരളത്തിലെ സസ്യങ്ങളെ സംബന്ധിച്ചിടത്തോളം അതു് ഇന്നും ഒരു പ്രാമാണികരേഖയാണു്. ഫാ. മാത്യുവിൻെറ അവശിഷ്ടസാന്നിദ്ധ്യത്തിനു് സഭാപരമായും ചില ഗുണങ്ങളുണ്ടായിരുന്നു. ഡച്ചുഗവർണ്ണരോടുള്ള തൻെറ സ്വാധീനമുപയോഗിച്ചു്, അദ്ദേഹം കമ്മലീത്താമിഷ്നറിമാരെ ഓരോരുത്തരെയായിട്ടു് ഡച്ചു് ആധിപത്യമുള്ള സ്ഥലങ്ങളിൽ കൊണ്ടുവരുകയും സഭയ്ക്കു് പല ആനുകൂല്യങ്ങളും സമ്പാദിക്കുകയും ചെയ്തു. അദ്ദേഹം 1691 ലാണു് വരാപ്പുഴവച്ചു് മരിച്ചതു്. നിരന്തരമായ സഹവാസവും സമ്പക്കവുംകൊണ്ടു് സ്വദേശിയരും സഹപ്രവത്തകരും ആയ കമ്മലീത്താമിഷ്നറിമാരെ അദ്ദേഹം വിലയിരുത്തിയിട്ടുള്ളതു് വിശ്വാസയോഗ്യമായ ഒരു രേഖതന്നെയാണു്.

ഫാ. മാത്യൂസ് 1676 ഒക്ടോബർ 11–ാം തീയതി കട്ടിനാററ അൽതിയേറിക്കു് എഴുതി, "കേരളത്തിൻെറ രോഗങ്ങരം മാററാനാവില്ല: വളരെ വഷങ്ങളായി എനിക്കതു് ബോദ്ധ്യമാണു്: ഒരേ ഒരു പരിഹാരം, ജസ്യൂട്ടരെ തിരികെ വരുത്തുകമാത്രമാണു്. സെബസ്ത്യാനി മെത്രാനുശേഷം ജസ്യൂട്ടരുടെ സഹായംകൊണ്ടു് 40 പള്ളികരം കീഴ്പ്പെട്ടു"6.

Fr. Olivia യ്ക്കു് 1670–ൽ ആലങ്ങാട്ടുനിന്നും ഫാ. മാത്യു എഴുതി "എൻെറ ഇപ്പോഴത്തെ അറുപതാമത്തെ വയസ്സും ഇന്നേവരെ കേരളത്തിൽ വന്നിട്ടുള്ള കമ്മലീത്താമിഷ്നറിമാരിൽനിന്നുള്ള അനുഭവങ്ങളും വച്ചുനോക്കുകയാണെങ്കിൽ, കമ്മലീത്താ വൈദികരായ ഞങ്ങരംക്കു് യഥാത്ഥമിഷ്നറി

6. Ferroli: Vol. II, P. 64.

www.malankaralibrary.com

മാരുടെ ഗുണങ്ങളും അപ്പസ്തോലിക ചൈതന്യവും ഇല്ലെന്നു് സമ്മതിച്ചേ തീരൂ. സത്യമായും ഞങ്ങളുടെ ദൈവികദൗത്യം ആവൃതമന്ദിരങ്ങളിലെ അറകളിലാണു്, അല്ലാതെ മിഷ്യൻ രംഗങ്ങളല്ല. ഞാൻ ഇത്രയും എഴുതുന്നതു് എന്റെ മനസ്സാക്ഷിയെ സാന്ത്വനപ്പെടുത്താനുള്ള മരണപത്രമായിട്ടാണു്''7.

''ഈശോസഭക്കാരുടെ കാരാഗൃഹത്തിനു് തുറന്ന വാതിലാണുള്ളതു്. ഏററവും നിസ്സാരമായ കുററത്തിനുപോലും അംഗങ്ങളെ അവർ ബഹിഷ്ക്കരിക്കും. നേരെമറിച്ചു് നമ്മുടെ തിന്മകളായിട്ടുള്ളതിനെ നീതീകരിക്കുകയും മറച്ചുവയ്ക്കുകയുമാണു് ചെയ്തിട്ടുള്ളതു്''8. കർമ്മലീത്താസഭയുടെ ജനറാളിനു് അദ്ദേഹമെഴുതി, ''പെ. ബ. ഫാ. ജനറാളിനോടുള്ള എന്റെ അപേക്ഷ, ജസ്യൂട്ടർ നമ്മുടെ ജോലി ഏറെറടുക്കുകയാണെങ്കിൽ, എന്റെ അഭ്യർത്ഥന നാം മലബാർ വിടണമെന്നാണു്. നമ്മുടെ ഈ മിഷ്യൻ നമുക്കെല്ലാവർക്കും ലജ്ജാകരവും നമ്മുടെ ആത്മാക്കളെ സംബന്ധിച്ചിടത്തോളം വളരെ അപകടകരവുമാണു്. നമ്മുടെ അലസതയും പാപത്തിനുള്ള സുലഭമായ അവസരങ്ങളും മൂലമുള്ള അനുഭവങ്ങൾ നമ്മളെ വളരെ പാഠങ്ങൾ പഠിപ്പിച്ചിട്ടുണ്ടു്. ചില മിഷ്യനറിമാർ നിരന്തരയാത്രയിൽ കാലം കഴിക്കുന്നു. മററു ചിലർ തിന്നും കുടിച്ചും സമയം പോക്കുന്നു; വേറെ ചിലർ പാട്ടുകൾ പാടിയും ഏഷണി പറഞ്ഞും നാളുകൾ നീക്കുന്നു. മിഷ്യനറിമാർ ദൈവസാന്നിദ്ധ്യബോധത്തിലും പ്രായശ്ചിത്തത്തിലും തപസ്സിലും പരിത്യാഗത്തിലും ജീവിക്കുന്നില്ലെങ്കിൽ, അവർ നരകത്തിൽ ചെന്നടിയും. അവർ പലപ്പോഴും പെട്ടെന്നും കുമ്പസാരം കൂടാതെയും ആണു് മരിക്കുന്നതു്......9''.

ഒരു സന്യാസസഭയിൽ വ്രതലംഘനം ആരുടെയും ശ്രദ്ധയിൽപ്പെടാത്ത സാധാരണ രീതിയാകുമ്പോൾ, ന്യൂനപക്ഷമായ ഋജുബുദ്ധികളും സത്യസന്ധരുമായ അംഗങ്ങൾക്കു് സ്ഥാനമുണ്ടാകയില്ല. അവർ വെറുക്കപ്പെടുകയും പീഡിപ്പിക്കപ്പെടുകയും ചെയ്യും; ആരോപണശരവർഷങ്ങൾ അവരിൽ പതിക്കും; അരക്കിറുക്കന്മാരെന്നും മുഴുക്കിറുക്കന്മാരെന്നും അവരെ മുദ്രയടിക്കും; സാധിക്കുമെങ്കിൽ ചിലരെ ഭ്രാന്താശുപത്രിയിലേ

7. Ibid. P. 67.
8. Ibid.
9. Ibid: P. 70.

www.malankaralibrary.com

ക്കയെസ്സും. ഇങ്ങനെയാണല്ലോ ചിലപ്പോഴെല്ലാം സന്യാസ സഭകളിൽ കാണാറുള്ളത്. ഫാ. മാത്യുവിനും ഇതുതന്നെയാണ് സംഭവിച്ചത്. റോമിലെ കർമ്മലീത്താസഭയുടെ പ്രിയോർ ജനറാളിനു് അദ്ദേഹം സഭയുടെ അധഃപതനത്തെപ്പററി കൂടെക്കൂടെ എഴുതിക്കൊണ്ടിരുന്നതു് അദ്ദേഹത്തിനൊട്ടും ഇഷ്ടമായില്ല.

കർമ്മലീത്താസഭയുടെ ഡഫനിത്തോർ ജനറാളായ ഫാ. ആഞ്ചലോ ഇപ്രകാരമെഴുതി: ''ഫാ. മാത്യു ധാരാളം ഗുണങ്ങളും കഴിവുകളും ഉള്ള ഒരു മനുഷ്യനാണ്. എന്നാൽ അദ്ദേഹത്തിൻെറ നാക്കു് വിഷം വമിക്കുന്നതാണു്. അദ്ദേഹം നമ്മുടെ വിശുദ്ധ അമ്മയായ കർമ്മലീത്താസഭയെപ്പോലും വിമർശിക്കുവാൻ മുതിരുന്നു''10. ആത്മാർത്ഥമായും കർമ്മലീത്താസഭയുടെ നന്മയ്ക്കുവേണ്ടി ഫാ. മാത്യു തൻെറ അധികാരികളുടെ മുമ്പിൽ നടത്തിയ ശ്രമങ്ങൾ വിഫലമായെന്നു മാത്രമല്ല, ആ അമ്പുകൾ തിരിഞ്ഞുവന്നു് അദ്ദേഹത്തിൽത്തന്നെ പതിക്കുകയാണു് ചെയ്തതു്. കർമ്മലീത്താസഭയുടെ പ്രൊവിൻഷ്യൽ ജനറാൾ, ഫാ. മാത്യുവിനെ വിസ്തരിക്കുന്നതിനുവേണ്ടി ഒരു കോടതി നിശ്ചയിച്ചു്, 1669-ൽ ഗോവയിലേയ്ക്കു് അയച്ചു. ഗോവയിലെ പീഡനക്കച്ചേരിയുടെ കരിങ്കൽഭിത്തികൾക്കുള്ളിൽ വിസ്താരം എങ്ങനെ നടന്നുവെന്നു് നമുക്കറിവില്ല. അതിനെപ്പററി ഫാ. മാത്യുവും ഒന്നും എഴുതിയിട്ടില്ല. ഒരു കാര്യം നമുക്കറിയാം, അദ്ദേഹം ഗോവയിലെ അഗ്നികുണ്ഡത്തിൽ വീണില്ല. ജീവനോടെതന്നെ പുറത്തുവന്നു. ഒരു കർമ്മലീത്തനായിത്തന്നെ 1691-ൽ വരാപ്പുഴവെച്ചു മരിച്ചു. അദ്ദേഹം പണ്ഡിതൻ മാത്രമല്ല, ഒരു പ്രവാചകൻകൂടി ആയിരുന്നുവെന്നാണു് പിന്നീടുള്ള കർമ്മലീത്താഭരണം തെളിയിച്ചതു്.

കർമ്മലീത്താസഭയുടെ 17—ാം നൂററാണ്ടിലെ സ്ഥിതിയെപ്പററിയാണു് ഇത്രയും പ്രസ്താവിച്ചതു്. 18-ാം നൂററാണ്ടിൽ മിഷ്നറിമാർ നാട്ടുവൈദികരെ ദേഹോപദ്രവം ചെയ്യുകയും ഒരാളെയെങ്കിലും കൊല്ലുകയും അവരുടെ ദുർമ്മാർഗ്ഗജീവിതം കൊണ്ടു് അക്രൈസ്തവരായ ആളുകൾക്കു് ഇടച്ചിൽവരുത്തുകയും ചെയ്തതായി അങ്കമാലിപടിയോലയിൽ കാണുന്നുണ്ടു്. 19-ാം നൂററാണ്ടായപ്പോൾ, ബ്രിട്ടീഷ്ഭരണവും അവരുടെ നീതിന്യായക്കോടതികളും വന്നതോടെ മിഷ്നറിമാരുടെ അക്രമവാസനകൾ തുടരുവാനും വളരുവാനും നിവൃത്തിയില്ലാതെ പോയി.

---

10. Ferroli, Vol. II, P. 71

www.malankaralibrary.com

# പത്തൊൻപതാം അദ്ധ്യായം

## കർമ്മലീത്താഭരണം – കൂരിരുട്ടും കൂരമ്പുകളും (1700–1887)

ഇവിടെ കൂരിരുട്ട് എന്നു പറയുന്നതു് കേരളസഭയുടെ നിസ്സഹായാവസ്ഥയെപ്പററിയാണു്, മുമ്പോട്ടു നീങ്ങുവാൻ വഹിയാത്ത ഘട്ടം. കൂരമ്പുകൾ എന്നു പറയുന്നതു് വിദേശമിഷ്യനറിമാരിൽനിന്നു് സഭയിലെ വ്യക്തികൾക്കും സമൂഹങ്ങൾക്കും അനുഭവിക്കേണ്ടിവന്ന പീഡനങ്ങളാണു്.

ഒരു ജീവിയെ പ്രത്യംഗം വിഛേദിച്ചുനോക്കി ജീവൻ കണ്ടുപിടിക്കുവാൻ ബദ്ധപ്പെടുന്നതുപോലെയാണു് ഒററപ്പെടുത്തിയ അനുദിനസംഭവങ്ങളിൽനിന്നും ചരിത്രം അറിച്ചെടുക്കുവാനുള്ള ശ്രമം. അനുദിനസംഭവങ്ങളുടെ പ്രാധാന്യവും വിലയും നിർണ്ണയിക്കുന്നതു് അവ ഏതൊരു വിശാലസംഭവത്തിന്റെ പശ്ചാത്തലത്തെ അവലംബിച്ചു നില്ക്കുന്നുവെന്നുള്ളതാണു്. അനുദിനസംഭവങ്ങൾ തീയതിയും വർഷവുംവെച്ചു മുറിച്ചെടുത്തു പരിശോധിക്കാമെങ്കിലും, അതു കേവലം ഭാഗികവും കാലികവും ഉപരിപ്ലവവും, അതിനാൽ തെററായതും ആയിരിക്കും.

ശതാബ്ദങ്ങളിലൂടെ നസ്രാണിജനങ്ങളുടെ അടങ്ങാത്ത അഭിലാഷത്തിന്റെയും അവർ നടത്തിയ ത്യാഗോജ്ജ്വലമായ യത്നങ്ങളുടെയും ഏകലക്ഷ്യം സുറിയാനിമെത്രാനെ ലഭിക്കുകയും സ്വന്തം റീത്തു് സംരക്ഷിക്കുകയുമായിരുന്നു. അതിനെ സർവ്വശക്തിയുമുപയോഗിച്ചു് പ്രതിരോധിച്ചുനിന്നതു് വിദേശ കർമ്മലീത്താമിഷ്യനറിമാരാണു്. സുറിയാനിസഭയെ അംഗഛേദനംചെയ്തു് നാമാവശേഷമാക്കുവാനും ലത്തീൻറീത്തിൽ അതിനെ ലയിപ്പിക്കുവാനും ഇന്ത്യയിൽ തങ്ങളുടെ അധികാരം അരക്കിട്ടുറപ്പിക്കുവാനും യാതൊരു നീതിചിന്തയും കൂടാതെ എല്ലാ ഉപാധികളും ഇവർ പ്രയോഗിച്ചു. റോമിൽ ഉപജാപവൃത്തി നടത്തി അധികാരത്തിലേറിയ അവക്കു് അതിനു പ്രയാസമുണ്ടായില്ല. മത്തുപിടിപ്പിക്കുന്ന ലഹരിയാണല്ലോ

www.malankaralibrary.com

അധികാരം. അതിൻെറ രണ്ടു കൈകളാണു് പ്രതാപവും സ്വാധീനശക്തിയും. വിദേശീയ ഭരണകാലത്തു് അവ ശക്തവും പ്രവത്തനനിരതങ്ങളുമായിരുന്നു. അവയെ ആണു് മാർത്തോമ്മാ ക്രിസ്ത്യാനികൾ എതിരിട്ടതു്. അപ്പോൾ ദേശീയത്വത്തിൻെറ കാഹളം ഇന്ത്യയിൽ ആദ്യം മുഴക്കിയതു് കേരളത്തിലെ സുറിയാനി ക്രിസ്ത്യാനികളാണു്. പാറേമ്മാക്കലിനെതിരെ മിഷ്നറിമാർ നടത്തിയ പ്രധാനാരോപണം ''ദേശീയവാദി'' ആയിരുന്നുവെന്നതാണു്. പദ്രവാദോയുടെ പീഡനങ്ങൾ സഹിക്കവയ്യാതായപ്പോഴാണു്, കൂനംകുരിശുസത്യം ഉണ്ടായതു്. മട്ടാഞ്ചേരിയിലെ ആ കുരിശു് പോർച്ചുഗീസുകാരുടെ മറ്റനമുറകളുടെ ഫലവും മാർത്തോമ്മാക്രിസ്ത്യാനികളുടെ വിമോചനേച്ഛയുടെ പ്രതീകവുമായിരുന്നു.

18—ാം നൂററാണ്ടു് ആരംഭിക്കുമ്പോൾ, അന്നേവരെ അക്കദിയാക്കോന്മാരുടെ കീഴിൽ ഒരു സമൂഹമായും ഒററക്കെട്ടായും നിന്നിരുന്ന നസ്രാണിസമൂഹം പദ്രവാദോയെന്നും പ്രൊപ്പഗാന്തായെന്നും രണ്ടു വിഭാഗങ്ങളായി വെട്ടിമുറിക്കപ്പെട്ടിരുന്നു. അതോടുകൂടി മൂന്നാമതൊരു വിഭാഗവും പ്രത്യക്ഷപ്പെട്ടു അതായിരുന്നു വിദേശീയനുകത്തെ വലിച്ചെറിഞ്ഞ വിയോജിത സുറിയാനിക്കാർ. ഇവരുടെ പ്രാരംഭഘട്ടത്തെപ്പററി ഡോ. ബ്രൗൺ പറയുന്നതു്, ''ചുക്കാനില്ലാതെ കടലിൽ നട്ടംതിരിയുന്ന നൗക'' എന്നാണു്. നിരാശയാണു് കടലിൻെറ വിസ്തൃതിയിലേയ്ക്കു് ഈ നൗകയെ തള്ളിവിട്ടതു്. ഇങ്ങനെ മൂന്നു വിഭാഗങ്ങൾ സുറിയാനിസമുദായത്തിലുണ്ടായി. വിഭജിക്കപ്പെട്ടാലും, ഗത്യന്തരമില്ലാതെ വിഭജനം സ്വീകരിക്കേണ്ടിവന്നാലും, നസ്രാണിസമുദായത്തിനു് അതു വരുത്തിവെച്ച വിനകൾ അപാരമാണു്. അതിൻെറ കാരണങ്ങൾ വിദേശമിഷ്നറിമാരായിരുന്നു.

17—ാം നൂററാണ്ടു് അവസാനിക്കുമ്പോൾ കേരളക്രിസ്ത്യാനികളെ ഭരിച്ചുകൊണ്ടിരുന്നതു് മത്തായി അക്കദിയാക്കോനാണു്. രാഷ്ട്രീയകാരണങ്ങളാലാണെങ്കിലും സഭാഭരണം ഒരു കേന്ദ്രത്തെചുററിയാവുകയും മാർത്തോമ്മാക്രിസ്ത്യാനികൾ ഒന്നിക്കുകയും ചെയ്തു. എന്നാലിതു് അധികംനാൾ നീണ്ടുനിന്നില്ല. ഒരു വശത്തു്, നിഷ്ക്കാസിതരായ കമ്മലീത്താക്കാർ ഒളിഞ്ഞും മറഞ്ഞും കേരളത്തിൽ പ്രവേശിച്ചു്, തങ്ങളുടെ പഴയ അധികാരം വീണ്ടെടുക്കുവാൻ ശ്രമങ്ങൾ തുടങ്ങി. A. D· 1700—ൽ പ്രൊപ്പഗാന്താസംഘം കമ്മലീത്താമിഷ്നറി



www.malankaralibrary.com

യായ ആഞ്ചലൂസ് ഫ്രാൻസിസ് (Angelus Francis) നെ ''താ ല്കാലികമായി'' മലബാറിന്റെ വികാരി അപ്പോസ്തലിക്ക യായി നിയമിച്ചു. പിന്നെയും സഭാഭരണം വിദേശിയരായ കർമ്മലീത്താമിഷ്നറിമാരിൽ–അതും ഇററാലിയരിൽതന്നെ– ചെന്നുകൂടി. പൂർണ്ണഇന്ത്യനും, അർദ്ധഇന്ത്യനും കഴിഞ്ഞ്, തനി യൂറോപ്യൻ എന്ന അപരകോടിയിൽ (Anti-climax) എത്തി ച്ചതു് റോമൻഭരണത്തിന്റെ ചരടുവലികളിൽ ഇററാലി യൻ കർമ്മലീത്തർ ചെലുത്തിയ സ്വാധീനമായിരുന്നു. ഏക ദേശം 200 വർഷത്തോളം മാർത്തോമ്മാക്രിസ്ത്യാനികളുടെ അഭി മാനത്തെയും അവകാശങ്ങളെയും ചവിട്ടിത്തേച്ചുകൊണ്ട് അവർ ഭരണം നടത്തി. A. D. 1700 മുതൽ 1877 വരെ പ്രൊ പ്പഗാന്തായുടെ കീഴിൽ മലബാർ അപ്പോസ്തോലിക്കമാരായി രുന്ന 18 പേരും കർമ്മലീത്തരായിരുന്നു. അവരിൽ 16 പേർ ഇററാലിയരും. ഈ ഇററാലിയൻ മേധാവിത്വത്തിനു് എതി രായിട്ടാണു് രണ്ടാം വത്തിക്കാൻ സൂനഹദോസ്സിൽ പ്രതിഷേ ധങ്ങളുയർന്നതു്. പദ്രവാദോയുടെ കീഴിലുള്ള കൊടുങ്ങല്ലൂരി ന്റെയും കൊച്ചിയുടെയും മെത്രാന്മാരായ പോർച്ചുഗീസു കാർക്കു്, അവരുടെ ആസ്ഥാനങ്ങളിൽ താമസിച്ചു ഭരണം നട ത്തുവാൻ ഡച്ചുഗവണ്മെന്റ് അനുവദിച്ചില്ല. തന്മൂലം, പദ്ര വാദോ ജീവനററ ജഡംപോലെ ആയിത്തീർന്നു. കൊച്ചിരൂപ തയ്ക്കു് നിയുക്തനായ മെത്രാൻ ഇംഗ്ലീഷ് ആധിപത്യമുള്ള അഞ്ചുതെങ്ങിലാണു് താമസിച്ചിരുന്നതു്. അദ്ദേഹത്തെ കൊ ച്ചിയിൽ താമസിക്കുവാനും ഭരണം നടത്തുവാനും ഡച്ചുകാർ അനുവദിച്ചില്ല. ആ ദേശങ്ങളിലെ ഭരണം കർമ്മലീത്തരാണു് നിർവ്വഹിച്ചിരുന്നതും. ഇതോടെ കർമ്മലീത്താസന്യാസിമാർ കേരളസഭാഭരണത്തിൽ സർവ്വാധിപതികളായിത്തീർന്നു.

## i) ആഞ്ചലൂസ് ഫ്രാൻസിസ് (1700–1704; 1709–1712)

കല്യാണദല്ലാറ പെണ്ണിനേയും കൊണ്ടുപോയതായി ഒരു കഥയുണ്ടു്. പറമ്പിൽ ചാണ്ടിമെത്രാന്റെ പിൻഗാമി യായി ''ഇൻഡ്യാക്കാരനായ'' ഒരാളിനെ കണ്ടുപിടിക്കുവാൻ പരിശുദ്ധ സിംഹാസനത്തിന്റെ ദൗത്യമേറിവന്ന ആളായി രുന്ന ആഞ്ചലൂസ് ഫ്രാൻസിസ് എന്ന കർമ്മലീത്താ സന്ന്യാസി. ആ കല്യാണദൂതൻ തന്നെ മണവാളനായി ത്തീർന്ന ആമുഖമാണു് ആഞ്ചലൂസ്മെത്രാന്റെ ഭരണത്തിനു ള്ളതു്. ഇങ്ങു്, കേരളത്തിലെ കുലീനരും സംസ്ക്കാരസമ്പ

www.malankaralibrary.com

ന്നരുമായ രണ്ടുലക്ഷം ക്രിസ്ത്യാനികളുടെ ഭാവിഭാഗധേയങ്ങരം നിർണ്ണയിക്കുന്നതു് റോമിൽ കർമ്മലീത്താകേന്ദ്രാശ്രമത്തിലെ അണിയറയിൽ അധികാരത്തിനുവേണ്ടി നടക്കുന്ന ചതുരംഗക്കളിയിൽ ഓരോ സന്ന്യാസിയും നീക്കുന്ന കരുക്കളാണെന്നുള്ളതു് എത്ര ലജ്ജാകരം! അതിലുപരി ശോചനീയവും!!

ആഞ്ചലൂസ് കേരളത്തിൽ വന്നപ്പോരം അദ്ദേഹം പറഞ്ഞതായി 1770—ലെ ഒരു രേഖ ഉദ്ധരിച്ചുകൊണ്ടു് Dr. Brown പറയുന്നതിപ്രകാരമാണു് ''താൻ ഒരു റോമൻ കത്തോലിക്കനെല്ലെന്നും സുറിയാനിക്കാരിൽ ഒരാളായിത്തീരുവാൻ ആഗ്രഹിക്കുന്നുവെന്നുമാണു്. അദ്ദേഹം സുറിയാനിക്കാരെ വളരെ സ്തുതിക്കുകയും അവക്കു് കോഴകൊടുത്തു് അവരെ വശീകരിക്കുകയും ചെയ്തു. ഇതു കൂടാതെ സുറിയാനി വൈദികരെപ്പോലെ നീണ്ട മീശയും അദ്ദേഹം വളത്തി''[1]. ഇവയെല്ലാം ആഞ്ചലൂസ്മെത്രാൻ ആത്മാത്ഥതയോടെ ചെയ്തതായിരിക്കാൻ ഇടയില്ല. വാക്കുകളിൽ ദ്വയാത്ഥമുണ്ടു്; കൂടാതെ, അദ്ദേഹവും അദ്ദേഹത്തിൻെറ പിൻഗാമികളും സുറിയാനിറീത്തിനേയും സുറിയാനിസഭയേയും കേരളക്കരയിൽനിന്നും തുത്തെറിയുവാൻ എന്തെല്ലാം കുതന്ത്രങ്ങരം ഉപയോഗിച്ചുവെന്നുള്ളതു് ചരിത്രത്തിൽനിന്നു് മനസ്സിലാക്കാവുന്നതാണു്.

ആഞ്ചലൂസിനെ വികാരി അപ്പസ്തോലിക്കയായി പ്രഖ്യാപനം ചെയ്തതു് വരാപ്പുഴ പള്ളിയിൽ വച്ചാണു്. അന്നു് അവിടെ സന്നിഹിതനായിരുന്ന മത്തായി അർക്കദിയാക്കോനെ നോക്കിക്കൊണ്ടു്, ''മാർത്തോമ്മാക്രിസ്ത്യാനികളുടെ രാജകുമാരാ'' എന്നാണു് നിയുക്തമെത്രാൻ അഭിസംബോധന ചെയ്തതു്. ഈ അക്ക്ദിയാക്കോൻെറ കത്തുകളിൽ, അദ്ദേഹം തന്നെപ്പററിത്തന്നെ പറഞ്ഞിട്ടുള്ളതു് ''ഇന്ത്യയുടെ വാതിൽ'' എന്നാണു്. അതു് ഇന്ത്യയിലെ പുരാതനസഭയുടെ ഭരണാധികാരികരംക്കുള്ള സ്ഥാനപ്പേരായിരുന്നു. ഇൻഡ്യയുടെ ''പടിവാതൽ'' അഥവാ ''വാതൽ'' എന്നതു് കേരളസുറിയാനി സഭാദ്ധ്യക്ഷന്മാരുടെ പുരാതനമായ സ്ഥാനപ്പേരാണു്, അതിൻെറ അത്ഥമറിയാതെ ചിലർ അതിനെ പുഛിക്കാറുണ്ടു്. പശ്ചിമേഷ്യൻ രാജ്യങ്ങളിലെ രാജാക്കന്മാരും ചക്രവത്തിമാരും സാധാരണ ജനങ്ങളുടെ പരാതികരം കേരംക്കുവാൻ കൊട്ടാ

---

1. Brown, P. 114.

www.malankaralibrary.com

രത്തിൻെറ പടിവാതലിൻെറ മുമ്പിൽ ആഴ്ചയിൽ ചില ദിവസങ്ങളിൽ സന്നിഹിതനാകുന്ന പതിവുണ്ടായിരുന്നു. ഇതിൽ നിന്നാണു് വാതൽ അഥവാ പടിവാതലിനു് ഭരണാധികാരം എന്ന അർത്ഥമുണ്ടായതു്.

ആഞ്ചലൂസിനെ വികാരി അപ്പസ്തോലിക്കയായി നിയമിച്ചുവെങ്കിലും അദ്ദേഹത്തെ മെത്രാനായി അഭിഷേകം ചെയ്യുവാൻ തടസ്സമുണ്ടായിരുന്നു. പദ്രവാദോയുടെ കീഴിൽ ഗോവയിലും കൊച്ചിയിലുമുള്ള മെത്രാന്മാർ അദ്ദേഹത്തെ അഭിഷേകം ചെയ്യുവാൻ വിസമ്മതിച്ചു. ഈ ദുർഘടഘട്ടം തരണം ചെയ്യുവാൻ സഹായിച്ചതു് ബാബിലോണിയായിൽനിന്നു വന്ന മാർ സൈമൺ എന്നൊരു സുറിയാനി മെത്രാനായിരുന്നു. അദ്ദേഹം വിയോജിതരായ നസ്രാണികളെ തിരികെ കൊണ്ടുവരുന്നതിനു്, ബാബിലോണിയൻ പാത്രിയക്കീസ് അയച്ച ആളായിരുന്നു. ആഞ്ചലൂസിനു് മെത്രാൻപട്ടം നല്കുവാൻ മെത്രാന്മാരെ കിട്ടാതെ വിഷമിക്കുമ്പോഴാണു് ഈ സുറിയാനിമെത്രാൻെറ വരവിനെപ്പററി കർമ്മലീത്താ വൈദികർ അറിയുന്നതു്. മാർ സൈമൺ അപ്പോഠം താനൂരിൽ പോർച്ചുഗീസു തടവറയിൽ കഴിയുകയായിരുന്നു. ഉടൻതന്നെ അവർ അദ്ദേഹത്തെ സമീപിച്ചു് സഹായം അഭ്യർത്ഥിച്ചു. 1701-ൽ മാർ സൈമൺ ആലങ്ങാട്ടുപള്ളിയിൽവച്ചു്, ആഞ്ചലൂസ് ഫ്രാൻസിസിനു് മെത്രാൻപട്ടം നല്കി. ഈ മെത്രാൻ പട്ടം സ്വീകരിച്ചതിനെപ്പററി പ്രൊപ്പഗാന്താസംഘം, കുദാശകളെ സംബന്ധിച്ചുള്ള പ്രശ്നങ്ങഠം കൈകാര്യം ചെയ്യുന്ന വിശുദ്ധ സംഘത്തോടു് (Holy office) ഒരുപദേശം തേടി. അതായതു്, ഈ ''മെത്രാൻപട്ടം നല്കൽ'' സാധുവും (Valid) നിയമപരവും (legal) ആണോയെന്നു്. എന്നാൽ അതിനു് ഇന്നേവരെ യാതൊരു മറുപടിയും ഉണ്ടായിട്ടില്ല. ആഞ്ചലൂസ് അഭിഷിക്തനായ ഉടനെതന്നെ മാർ സൈമൺ മെത്രാനെ സുറിയാനിക്കാരുമായി യാതൊരു സമ്പർക്കത്തിനും ഇടയാക്കാതെ, കർമ്മലീത്താമിഷ്യനറിമാർ പൊണ്ടിച്ചേരിയിലേയ്ക്കു് കപ്പൽ കയററി അയച്ചു. അവിടെ അദ്ദേഹം തടങ്കലിലായിരുന്നു. അദ്ദേഹത്തിൻെറ ശിഷ്ടകാലം-പത്തൊൻപതുവർഷം-ദുരിതപൂർണ്ണമായി കഴിച്ചുകൂട്ടി. പുറത്തുള്ളവരെ, പ്രത്യേകിച്ചു് കേരളത്തിൽ നിന്നുള്ളവരെ, കാണാൻ അദ്ദേഹത്തെ അനുവദിച്ചിരുന്നില്ല. ദാരിദ്ര്യത്തിൻെറയും നിസ്സഹായതയുടെയും വിഷമങ്ങഠം സഹിച്ചു്, ഒരു പ്രഭാതത്തിൽ വെള്ളം കോരുവാൻ

www.malankaralibrary.com

പോയപ്പോഠം, കാൽതെററി കിണററിൽ വീണ് അദ്ദേഹം മരിക്കുകയും ചെയ്തു.

ആഞ്ചെലൂസ് ഫ്രാൻസിസ് മെത്രാൻെറ കാലം മുതലാണ്, വരാപ്പുഴ ആസ്ഥാനമാക്കിയുള്ള കർമ്മലീത്താഭരണശൃംഖല തുടങ്ങുന്നതു്. ആ മെത്രാൻ ഭരണത്തിൻെറ തുടക്കം ഒരു സുറിയാനിമെത്രാൻെറ കൈവെപ്പോടുകൂടിയാണെന്നുള്ളതു് വിചിത്രമായിരിക്കുന്നു. ആഞ്ചെലൂസിൻെറ ഭരണസീമയിൽപ്പെട്ടിരുന്നതു് പദ്രുവാദോയിൽ ഉഠംപ്പെടാത്ത സ്ഥലങ്ങളായിരുന്നെങ്കിലും, ഡച്ചുകാരുടെ ആധിപത്യത്തിൽ പോർച്ചുഗീസു മെത്രാന്മാക്കു് അവരുടെ രൂപതകളിൽ പ്രവേശിക്കുവാനോ, ഭരണം നടത്തുവാനോ നിവൃത്തിയില്ലായിരുന്നതുകൊണ്ടു്, ആ സ്ഥലങ്ങളിലെ മാർത്തോമ്മാക്രിസ്ത്യാനികഠം വരാപ്പുഴ വികാരി അപ്പസ്തോലിക്കയുടെ അധികാരത്തിൽ വന്നുകൂടി. പോർച്ചുഗീസുകാരുടെ രാഷ്ട്രീയസാമ്രാജ്യമോഹം ജടായുവിനെപ്പോലെ വെട്ടേററു് താഴെ വീണെങ്കിലും, വൈദികസാമ്രാജ്യം പുനരുദ്ധരിക്കുവാൻ അവർ ശ്രമങ്ങഠം നടത്തിക്കൊണ്ടിരിക്കുകയായിരുന്നു. ഡച്ചു് ഈസ്റ്റിൻഡ്യാകമ്പനിയുമായി 1698-ൽ ഒരു കരാറുണ്ടായി. അതനുസരിച്ചു് ഹംഗറിയിലെ പ്രോട്ടസ്റ്റൻറുകാക്കു് മതസ്വാതന്ത്ര്യം അനുവദിക്കുന്നതിനു പകരമായി, പോർച്ചുഗീസുകാരായ ഒരു മെത്രാനും പന്ത്രണ്ടു വൈദികക്കും കേരളത്തിൽ പ്രവേശനം അനുവദിച്ചു. പോർച്ചുഗീസുരാജാവു് 1701-ൽ ജസ്യൂട്ടു് വൈദികനായ ജോൺ റിബെയ്റോയെ കൊടുങ്ങല്ലൂർ മെത്രാപ്പോലീത്തയായി നിയമിച്ചു.

## ii) പദ്രുവാദോയുടെ പുനഃപ്രവേശനം— ബിഷപ്പു റിബെയ്റോ (1704-1716)

റിബെയ്റോ ഭരണമേററപ്പോഠം തൻെറ അധികാരാതിർത്തിയിലുള്ള ജനങ്ങളുടെ ഭരണം തിരിച്ചുതരുവാൻ ആഞ്ചെലൂസ് മെത്രാനോടു് ആവശ്യപ്പെടുകയും അദ്ദേഹം അതിനു് ഔപചാരികമായി സമ്മതിക്കുകയും ചെയ്തു. ഇങ്ങനെയാണു് മാർത്തോമ്മാക്രിസ്ത്യാനികഠം വീണ്ടും പദ്രുവാദോയുടെ കീഴിലാകുന്നതു്.

പോർച്ചുഗീസ് ജസ്യൂട്ടരുടെ ഈ തിരിച്ചുവരവു് സംയോജിതരും വിയോജിതരുമായ സുറിയാനിക്കാർക്കു് ആകമാനം ദുസ്സഹമായ ഭീഷണിയായി തോന്നി. അവർ ഇരുകൂട്ടരും

www.malankaralibrary.com

യോജിച്ചും വെവ്വേറെയും പല അടിയന്തിരയോഗങ്ങൾ വിളിച്ചുകൂട്ടി. മാർത്തോമ്മാ ഒന്നാമൻെറ കക്ഷിയിൽപ്പെട്ടവർ ഇടപ്പള്ളിയിൽവച്ച് യോഗംകൂടി. അതിൻെറ ഉദ്ദേശ്യം പോർച്ചുഗീസ് ജസ്യൂട്ട് ഭരണത്തെ ചെറുക്കുകയായിരുന്നു. ഇതു് കർമ്മലീത്തക്ക് വളരെ സന്തോഷകരമായിരുന്നുവെന്നു പറയേണ്ടതില്ലല്ലോ. വിയോജിതകക്ഷി മാർപ്പാപ്പാക്കു് ഒരു നിവേദനം തയ്യാറാക്കി. ജസ്യൂട്ടർക്കെതിരായ ആ നിവേദനത്തിൽ ജസ്യൂട്ടരെ പാതാളത്തോളം ഇടിച്ചുതാഴ്ത്തുകയും കർമ്മലീത്തൻ ഭരണത്തോടു് താല്പാലികമായ സഹിഷ്ണത കാണിക്കുകയുമാണു് ചെയ്യുന്നതു്. വിയോജിതകക്ഷിയുടെ ഈ യോഗം ആവശ്യപ്പെട്ടിരുന്നതു് സുറിയാനിറീത്തും പുളിച്ച അപ്പവും മററു് ആചാരങ്ങളും നിലനിർത്തണമെന്നും കേരളത്തിലെ സഭാഭരണം ആഞ്ചലൂസ് മെത്രാനും മാർത്തോമ്മാ ഒന്നാമനുമായി ഭാഗിക്കണമെന്നായിരുന്നു2. എന്നാൽ റോമിലെ അധികാരികൾ ഈ നിവേദനം പരിഗണിച്ചേയില്ല. മാർത്തോമ്മാ ഒന്നാമനുമായി അധികാരം പങ്കിടാൻപോലും, ജസ്യൂട്ടർക്കു് അതുകൊടുക്കരുതെന്നു് കർമ്മലീത്താമിഷ്നറിമാർക്കു് താല്പര്യമുണ്ടായിരുന്നതായി തോന്നുന്നു. കർമ്മലീത്തനായ ആഞ്ചലൂസ് മെത്രാൻമുഖേനയാണു് ഈ നിവേദനം മാർപ്പാപ്പാക്കു സമർപ്പിച്ചതു്. ഈ നിവേദനം കർമ്മലീത്തരോടുള്ള ഇഷ്ടമല്ല, ജസ്യൂട്ടരോടുള്ള വിരോധമാണു കാണിക്കുന്നതെന്നു സ്പഷ്ടമാണല്ലോ. പിശാചിനും കടലിനും മദ്ധ്യേ അകപ്പെട്ടാൽ, നല്ലവണ്ണം അനുഭവിച്ചറിഞ്ഞ പിശാചിനേക്കാൾ ആഴം അറിയാത്ത കടലിനെയാണല്ലോ തെരഞ്ഞെടുക്കുന്നതു്.

അക്കാലത്തുതന്നെ സംയോജിതസഭയിലെ അർക്കദിയാക്കോനും സഭാപ്രതിനിധികളുംകൂടി റോമിലേയ്ക്കു് അയച്ച അഭ്യർത്ഥനയിൽ തങ്ങൾ നിരന്തരമായി അയച്ചുകൊണ്ടിരുന്ന നിവേദനങ്ങൾക്കെല്ലാം റോമ്മാ മൗനവ്രതം കൈക്കൊള്ളുന്നതിൽ ദുഃഖിക്കുന്നുവെന്നും ജസ്യൂട്ടരുടെ ഭരണവും നയപരിപാടികളും സഭയ്ക്കു് ദോഷകരമാണെന്നും ബാബിലോണിയായിൽനിന്നു് ഒരു മെത്രാനെയോ സ്വജാതിയിൽപ്പെട്ട ഒരു മെത്രാനെയോ വേണമെന്നും കാണിച്ചിരുന്നു. ഡച്ചുകാർക്കു് പോർച്ചുഗീസുകാരോടുള്ള ശത്രുതയും അതിനു സഹായിച്ച കർമ്മലീത്തരുടെ പ്രേരണയും ജസ്യൂട്ട് മെത്രാനെതിരായി ജന

2. Brown: P. 114.

www.malankaralibrary.com

ങ്ങൾക്കുണ്ടായിരുന്ന രോഷവുംമൂലം പോർച്ചുഗീസ് ജസ്യൂട്ട് മെത്രാൻ തങ്ങളുടെ അധികാരാതിർത്തികളിൽ പ്രവേശിക്കരുതെന്നു ഡച്ചുഗവണ്മെന്റുകളുടെ കല്പനയുണ്ടായി. കേരളത്തിലെ മാർത്തോമ്മാക്രിസ്ത്യാനികളെ ഭരിക്കുവാൻ പദ്രവാദോയാൽ നിയമിതനായ കൊടുങ്ങല്ലൂർ മെത്രാപ്പോലീത്തായും പ്രൊപ്പഗാന്തായാൽ നിയമിതനായ വരാപ്പുഴ വികാരി അപ്പസ്തോലിക്കായും ഭരണമേറെറടുത്തപ്പോൾ അവരുടെ പരമ്പരാസിദ്ധമായ കുടിപ്പകയും മത്സരബുദ്ധിയും വീണ്ടും പത്തിഉയർത്തുകയും സംഘട്ടനങ്ങൾ ഉണ്ടാകുകയും ചെയ്തു.

ഡച്ചുകാരുടെ നിരോധനംമൂലം ദീർഘകാലത്തേയ്ക്കു് കൊടുങ്ങല്ലൂർ അതിരൂപതയ്ക്കു് സ്ഥലവാസിയായ മെത്രാനില്ലാതെയാണല്ലോ കഴിഞ്ഞുകൂടിയതു്. എന്നാൽ റിബെയ്റോ മെത്രാപ്പോലീത്താ അധികാരമേററയുടൻ തന്റെ കീഴിലുള്ള സുറിയാനിക്കാരെയെല്ലാം തിരിച്ചുകിട്ടണമെന്നു് ആഞ്ചലൂസ് മെത്രാനെഴുതി. കേരളത്തിൽ കർമ്മലീത്തരുടെ കാലുറയ്ക്കാൻ കാലതാമസം വരുമെന്നുകരുതി, ആഞ്ചലൂസ്മെത്രാൻ സുറിയാനിപള്ളിക്കാരെയെല്ലാം വിളിച്ചുകൂട്ടി, അവരെല്ലാം റിബെയ്റോമെത്രാന്റെ കീഴിൽ ഇരിക്കണമെന്നു് പ്രസംഗിച്ചു. പദ്രവാദോഭരണം പുനസ്ഥാപിതമായപ്പോൾ അതിന്റെ അതിർത്തികളിൽപ്പെട്ട നസ്രാണികൾ ഭയചകിതരായി. പഴയസ്മരണകളുടെ കയ്പുനിറഞ്ഞ കാസ അവരുടെ അധരങ്ങളിലേയ്ക്കു് വീണ്ടും അടുക്കുന്നതു കണ്ടു.

തോമ്മാക്രിസ്ത്യാനികൾ വീണ്ടും ഭരണപരമായി രണ്ടായി വിഭജിക്കപ്പെട്ടപ്പോൾ, തങ്ങൾ വഞ്ചിക്കുകയും വെറുക്കുകയും ചെയ്യുന്ന പോർച്ചുഗീസു ജസ്യൂട്ടരുടെ തിരിച്ചുവരവു്, കത്തോലിക്കരും വിയോജിതരും ആയ മാർത്തോമ്മാക്രിസ്ത്യാനികളെ ഒന്നടങ്കം പ്രക്ഷുബ്ധരാക്കി. അതിനു പ്രേരണയും പ്രോത്സാഹനവും നല്കുന്നതിൽ കർമ്മലീത്തർ ഉത്സുകരായിരുന്നു. റിബെയ്റോയുടെ അധികാരത്തിലായ മാർത്തോമ്മാക്രിസ്ത്യാനികളെ തങ്ങളുടെ ആലയിൽ കൊണ്ടുവരുകയായിരുന്നു കർമ്മലീത്തരുടെ ലാക്കു്. ജസ്യൂട്ടക്കെതിരായി മാർത്തോമ്മാക്രിസ്ത്യാനികൾക്കുള്ള പരാതികൾക്കു് ആക്കവും തൂക്കവും കൂട്ടുവാൻ കർമ്മലീത്താവൈദികർ കൗശലപൂർവ്വം പ്രവത്തിച്ചിരുന്നു. ബിഷപ്പ് റിബെയ്റോയ്ക്കു് നിരോധിതമേഖലയായിരുന്ന ഡച്ചുപ്രദേശങ്ങളിലെ മാർത്തോമ്മാക്രിസ്ത്യാനി

www.malankaralibrary.com

കളുടെ ഭരണാവകാശം 1709-ൽ പ്രൊപ്പഗാന്താസംഘം ആഞ്ചെലൂസ് മെത്രാനു നല്കി. കൂടാതെയും, പദ്രവാദോയുടെ കീഴിൽ ഇരിക്കുവാൻ ആഗ്രഹമില്ലാത്ത മാർത്തോമ്മാക്രിസ്ത്യാനികൾക്ക് പ്രൊപ്പഗാന്തായുടെ കീഴിൽ വരുവാനുള്ള അനുവാദവും, കർമ്മലീത്തർ പ്രൊപ്പഗാന്തായിൽനിന്നും സമ്പാദിച്ചു.

കർമ്മലീത്തരുടെ ശക്തി വർദ്ധിക്കുവാൻ മറെറാരു കാരണം കൂടിയുണ്ടായിരുന്നു. പോർച്ചുഗീസുകാരും ഡച്ചുകാരും ആജന്മശത്രുക്കളായിരുന്നല്ലോ. പോർച്ചുഗീസു രാജാവും ഡച്ച് ഈസ്റ്റിൻഡ്യാകമ്പനിയുമായി സന്ധിയുണ്ടായെങ്കിലും, അതു് പ്രാവർത്തികമാക്കേണ്ടതു് ഓരോ സ്ഥലത്തുമുള്ള ഡച്ച് ഉദ്യോഗസ്ഥന്മാരായിരുന്നു. കർണ്ണേജപവിദഗ്ദ്ധരായ കർമ്മലീത്തർ പോർച്ചുഗീസുകാരെപ്പററി പൊതുവെയും, ബിഷപ്പ് റിബെയ്റോയെപ്പററി പ്രത്യേകിച്ചും പറഞ്ഞ ഏഷണിക്കഥകൾ ഡച്ചുകാർക്ക് മധുരവും, അതേസമയംതന്നെ, കർമ്മലീത്തരുടെ സ്വാധീനം വർദ്ധിപ്പിക്കുവാൻ പര്യാപ്തവുമായിരുന്നു. നാട്ടുരാജാക്കന്മാരെ കാണുവാൻ പോകുമ്പോൾ ഡച്ചുഗവണ്മെൻറുടെ എഴുത്തുകളും, ചിലപ്പോഴൊക്കെ ഡച്ച് ഉദ്യോഗസ്ഥന്മാരുടെ അകമ്പടിയും കർമ്മലീത്താവൈദികർക്ക് ലഭിച്ചിരുന്നു. മാർത്തോമ്മാക്രിസ്ത്യാനികളെ കർമ്മലീത്തരുടെ ആജ്ഞാനുവർത്തികളാക്കാൻ അവരോട് സർക്കാരുദ്യോഗസ്ഥന്മാർ ബന്ധനമുറകൾ സ്വീകരിച്ചു. അതിൻെറ കാരണം, കർമ്മലീത്തർക്കു സർക്കാരുദ്യോഗസ്ഥന്മാരിലുണ്ടായിരുന്ന സ്വാധീനശക്തിയാണ്. സുറിയാനിക്കാരുടെ മേലുള്ള ഭരണം കിട്ടുവാൻ അവരിൽ ചിലരെത്തന്നെ ആയുധങ്ങളായി ഉപയോഗിക്കുകയും അധികാരം കിട്ടിക്കഴിഞ്ഞാൽ അവരെ നിലത്തിട്ടു ചവിട്ടി നാമാവശേഷമാക്കുകയുമാണ് കർമ്മലീത്താവൈദികർ ചെയ്തിരുന്നതു്. രാഷ്ട്രീയതന്ത്രത്തിൻെറ ബാലപാഠമായിരുന്നു അതു്.

1704 ജൂൺമാസത്തിൽ സംയോജിതസഭയിലെ ജനപ്രതിനിധികളും വൈദികരും മത്തായി അക്കദിയാക്കോൻെറ അദ്ധ്യക്ഷതയിൽ കടുത്തുരുത്തി ചെറിയപള്ളിയിൽവച്ച് കൂടിയ യോഗനിശ്ചയങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടു് മാർപ്പാപ്പായ്ക്കു് ഒരു അപേക്ഷ സമർപ്പിച്ചു. ഈ അപേക്ഷയിൽ, കർത്താവിനെയും മാതാവിനെയും പന്ത്രണ്ടു ശ്ലീഹന്മാരെയും സാക്ഷിയാക്കി അപേക്ഷിച്ചിരുന്നതു്, തങ്ങൾക്കു്

www.malankaralibrary.com

ജസ്യൂട്ടർ ചെയ്തിട്ടുള്ള ദ്രോഹങ്ങൾ കാരണം അവരുടെ കീഴി ലിരിക്കുവാൻ പ്രയാസമാണെന്നും, അവരേക്കാൾ ഭേദമായി ഭരിക്കുവാൻ ഇടയുള്ള കർമ്മലീത്തരുടെ കീഴിൽ ''തങ്ങളുടെ അപേക്ഷകൾ സാധിക്കുന്നതുവരെ'' തുടരുവാൻ സമ്മതമാണെന്നുമായിരുന്നു. ജസ്യൂട്ടഭരണത്തെ പ്രതികൂലിച്ചും കർമ്മലീത്താഭരണത്തെ സാമാന്യം പ്രശംസിച്ചുമുള്ള ഈ അപേക്ഷയിൽ വരാപ്പുഴക്കാരുടെ കണ്ണും, കാതും, കരളും ഉണ്ടായിരുന്നുവെന്നു സ്പഷ്ടമാണ്. ഈ അപേക്ഷ ലത്തീനിലാണ് എഴുതപ്പെട്ടതു്. യോഗാദ്ധ്യക്ഷനായ അർക്കദിയാക്കോൻ അതിൽ ഒപ്പുവച്ചില്ല. ഒപ്പിട്ടിരുന്നതു് ഏഴു വൈദികർമാത്രം. സാക്ഷിപ്പെടുത്തിയിരുന്നതു് വരാപ്പുഴയിലെ കർമ്മലീത്താമെത്രാനും. ഈ അപേക്ഷയുംകൊണ്ടു റോമിൽ പോയതു് അഗസ്റ്റിൻ എന്ന മറ്റൊരു കർമ്മലീത്താവൈദികൻ. അപ്പോൾ റോമിലെ ഭരണകേന്ദ്രങ്ങളിൽ അടിച്ചുകൊണ്ടിരുന്ന കാറ്റു് ഇററാലിയൻ കർമ്മലീത്തക്കു് അനുകൂലവുമായിരുന്നു. തന്മൂലമായിരിക്കാം, റിബെയ്റോ മെത്രാപ്പോലീത്തായുടെ അവകാശമായപാലിയം കിട്ടുന്നതു് പല വർഷങ്ങൾ പരിശ്രമിച്ചതിനു ശേഷമായിപ്പോയതു്.

നാലു വർഷത്തോളം റിബെയ്റോയുടെ സെക്രട്ടറിയായിരുന്ന അർണോസ് പാതിരി കർമ്മലീത്താമിഷ്നറിമാരുടെ നേരും നെറിയുമില്ലാത്ത കാപട്യങ്ങളെയും കുതന്ത്രങ്ങളെയും പററി ധാരാളം എഴുതിയിട്ടുണ്ടു്[3]. റിബെയ്റോയുടെ ഭരണം അലങ്കോലപ്പെടുത്തുവാനും അസാദ്ധ്യമാക്കുവാനും കർമ്മലീത്തർ തീവ്രയത്നങ്ങൾ ചെയ്തു. ഇവയുടെ അക്കമിട്ട പട്ടിക റിബെയ്റോ റോമിലെ തന്റെ അധികാരികൾക്കു അയച്ചു കൊടുത്തു. ഡച്ചുകാരുടെ പോർച്ചുഗീസു ശത്രുതയും കൊച്ചിരാജാവിലുള്ള സ്വാധീനവും ഉപയോഗിച്ചാണ് കർമ്മലീത്താമിഷ്നറിമാർ പ്രവർത്തിച്ചതു്. അവർ മാർത്തോമ്മാക്രിസ്ത്യാനികളെ ധരിപ്പിച്ചതു്, നുഴഞ്ഞുകയററക്കാരനായ റിബെയ്റോയെ അനുസരിക്കുവാൻ അവർക്കു ധാർമ്മിക ബാദ്ധ്യതയില്ലെന്നാണ്. വൃദ്ധനും രോഗിയുമായ റിബെയ്റോ മെത്രാപ്പോലീത്താ 1714–ൽ അമ്പഴക്കാട്ടുവച്ചു് മരിക്കുകയും അവിടെത്തന്നെ സംസ്ക്കരിക്കപ്പെടുകയും ചെയ്തു. ഇന്നു് അമ്പഴക്കാട്ടുപള്ളിയിലെ സിമിത്തേരിയായിതീർന്ന പഴയ ചാപ്പലിലെവിടെയോ ആയിരിക്കണം അദ്ദേഹത്തെ സംസ്ക്കരിച്ച സ്ഥലം. പണ്ഡിതനായ അർണോസ് പാതിരി കുർബ്ബാന ചൊല്ലിയ അൾത്താര ജീർണ്ണിച്ച തകർന്ന നിലയിലാണെങ്കിലും, ഇന്നും അവിടെ കാണാം.

3. Ferroli, Vol. II, P. 324.

www.malankaralibrary.com

### iii) അർണോസ് പാതിരി

റിബെയ്റോയുടെ കാലം ശാശ്വതസ്മരണാർഹമാകുന്നതു് അർണോസ് പാതിരി എന്നറിയപ്പെടുന്ന Fr. Hanx Leden എന്ന ജർമ്മൻ മിഷ്നറിയുടെ സാന്നിദ്ധ്യമാണ്. അദ്ദേഹം കേരളസഭയിൽ മിഷ്നറി ജോലി ചെയ്യുവാൻ 1699–ൽ കൊടുങ്ങല്ലൂർ വന്നിറങ്ങിയെങ്കിലും ബുദ്ധിമാനായ അദ്ദേഹത്തിൻെറ അഭിരുചി സംസ്കൃതം, മലയാളം, എന്നീ സാഹിത്യങ്ങളിലായിരുന്നു. ഇന്ത്യയിൽവന്നു് സംസ്കൃതം പഠിക്കുന്ന ആദ്യത്തെ യൂറോപ്യൻ ഇദ്ദേഹമാണ്. തൃശ്ശൂർ താമസിച്ചുകൊണ്ടു്, അവിടത്തെ സുപ്രസിദ്ധരായ രണ്ടു് ബ്രാഹ്മണപണ്ഡിതന്മാരിൽനിന്നും അദ്ദേഹം സംസ്കൃതം പഠിച്ചു. ലത്തീൻ ഭാഷയിൽ അദ്ദേഹം സംസ്കൃതവ്യാകരണം നിർമ്മിച്ചു. അതിൻെറ ഒരു പ്രതി റോമിലെ പ്രൊപ്പഗാന്താ കോളേജിലുള്ള ഗ്രന്ഥശേഖരത്തിലുണ്ടു്. അദ്ദേഹം ഒരു പോർച്ചുഗീസ്–മലയാളം നിഘണ്ടുവും രചിച്ചിട്ടുണ്ടു്. അതു് 'S' എന്ന അക്ഷരംവരെ വന്നെത്തിയുള്ളു. അപ്പോഴേയ്ക്കും അദ്ദേഹം നിര്യാതനായി. 'S' മുതലുള്ളഭാഗം എഴുതിച്ചേർത്തതു് ആർച്ചുബിഷപ്പ് അന്തോണിപിമെൻറലാണ്. മലയാളത്തിൽ പ്രസിദ്ധമായ പുത്തൻപാനയുടെ ഗ്രന്ഥകർത്താവു് ഈ അർണോസ് പാതിരിയാണ്. അദ്ദേഹം കേരളത്തിൽ 33 വർഷത്തോളം കഴിച്ചുകൂട്ടിയശേഷം, 1732–ൽ പഴയൂർ പള്ളിയിൽവച്ചു് നിര്യാതനായി. അവിടെത്തന്നെ അദ്ദേഹത്തെ അടക്കംചെയ്തു. അദ്ദേഹത്തെ സംസ്ക്കരിച്ച സ്ഥലത്തു് ഒരു മാർബിൾശില സ്ഥാപിച്ചിട്ടുണ്ടു്.

### iv) അന്തോണി പിമെൻറൽ (1716–1752)

റിബെയ്റോയുടെ പിൻഗാമിയായി 1721–ൽ അന്തോണി പിമെൻറൽ കൊടുങ്ങല്ലൂർ മെത്രാപ്പോലീത്തായായി നിശ്ചയിക്കപ്പെട്ടു. അദ്ദേഹത്തിൻെറ കാലത്താണ് കൊടുങ്ങല്ലൂർ മെത്രാപ്പോലീത്തായുടെ അധിവാസം സാമൂതിരിയുടെ രാജ്യത്തിൽപെട്ട പുത്തൻചിറയായതു്. അദ്ദേഹം അമ്പഴക്കാട്ടു് വൈദികനായിരിക്കുമ്പോൾ കേരളത്തിൻെറ പല ഭാഗങ്ങളിലും പ്രവർത്തിച്ചിട്ടുണ്ടു്. അദ്ദേഹം വളരെ ബുദ്ധിയും വിവേകവും നയവുമുള്ള ആളായിരുന്നതിനാൽ അദ്ദേഹത്തെ 'ബുദ്ധിമെത്രാൻ' എന്നാണ് നാട്ടുകാർ വിളിച്ചിരുന്നതു്. അർണോസ് പാതിരിയെഴുതിയ മലയാളം പോർച്ചുഗീസ്

www.malankaralibrary.com

നിഘണ്ടു അദ്ദേഹമാണ് പൂർത്തിയാക്കിയതു്. ഇദ്ദേഹം കർമ്മലീത്താമിഷ്നറിമാരിൽനിന്നും വിയോജിതസുറിയാനിക്കാരിൽനിന്നും വളരെ ഉപദ്രവങ്ങൾ സഹിച്ചിട്ടുണ്ടെന്നു് ഫെറോളി പറയുന്നു4. എന്നാൽ അവരുടെ സമകാലീനനായ വരാപ്പുഴ മെത്രാൻ മൊറീഷ്യസിനു്, പിമെൻറിൽനിന്നും മസ്കോൺസലിൽനിന്നും ധാരാളം ഉപദ്രവങ്ങൾ ഉണ്ടായിട്ടുണ്ടെന്നു് കർമ്മലീത്തനായ ഫാ. പൌളിൻ എന്ന കർമ്മലീത്താ വൈദികനും പറയുന്നു. എന്നാൽ കേരളസഭയെ ഉദ്ധരിക്കാൻ വന്ന വിദേശസന്ന്യാസമിഷ്നറിമാർ പരസ്പരം ശത്രുതയോടെ പ്രവർത്തിച്ചിരുന്നതിൻെറ ദുരന്തഫലം അനുഭവിച്ചിരുന്നതു് നിരപരാധികളായ മാർത്തോമ്മാക്രിസ്ത്യാനികളാണ്. 1752-ൽ പിമെൻറൽ മരിച്ചു് പുത്തൻചിറപള്ളിയിൽ സംസ്കരിക്കപ്പെട്ടു.

## ൪) ഫ്ളോറൻസ് മെത്രാൻ (1750-1773)

വരാപ്പുഴ മെത്രാന്മാരുടെ നീണ്ട ഇററാലിയൻ ശൃംഖലയ്ക്കു് അപവാദമായി ഇതര ദേശീയരായ രണ്ടു മൂന്നു ഭരണാധികാരികൾ ഉണ്ടായിട്ടുണ്ടു്. അവരിലൊരാളായിരുന്നു പോളണ്ടുകാരനായ ഫ്ളോറൻസ്. പ്രക്ഷുബ്ധമായ ഒരു ഭരണകാലമായിരുന്നു അദ്ദേഹത്തിൻേറതു്. അതിനു് പല കാരണങ്ങളും ഉണ്ടായിരുന്നു.

(1) തിരുവോസ്തിയോ തിരുശേഷിപ്പുകളോ അടങ്ങിയ പ്രഭാപഞ്ജരം (monstrance) എടുത്തു് പ്രദക്ഷിണം നടത്തുന്ന പതിവു് അന്നു് സുറിയാനിപ്പള്ളികളിലുമുണ്ടായിരുന്നു. കർമ്മലീത്താമിഷ്നറിമാരുടെ ഭരണം വന്നപ്പോൾ, പതിവിനു വിരുദ്ധമായി, പ്രഭാപഞ്ജരം എടുക്കുന്നതു് യൂറോപ്യന്മാർ മാത്രമേ ആകാവൂ എന്നവർ നിശ്ചയിച്ചു. അതിൽ, നാട്ടുകാർക്കു് പ്രതിഷേധമുണ്ടായി.

(2) അതിദാരുണമായ മററൊരു സംഭവവും പ്രക്ഷുബ്ധാവസ്ഥയ്ക്കു് ആക്കം കൂട്ടി. ഇടപ്പള്ളി വികാരിയായിരുന്ന ചമ്പക്കുളത്തുകാരൻ ഇക്കാക്കിച്ചനെ (ഇത്താക്കച്ചനെ) മിഷ്നറിമാരും അവരുടെ വേലക്കാരുംകൂടി കൊലപ്പെടുത്തിയതാണു് ആ സംഭവം. അതു പല ഗ്രന്ഥങ്ങളിലും വിവരിച്ചിട്ടുണ്ടു്.

4. Ferroli: Vol. II, P. 91.

www.malankaralibrary.com

a) ബ്ര. ലെയോപ്പോഡ് T. O. C. D. എഴുതിയ കേരളത്തിലെ ലത്തീൻക്രിസ്ത്യാനികാം (1938) എന്ന ഗ്രന്ഥത്തിൽനിന്നുമാണ് താഴെയുള്ള ഉദ്ധരണി ''......ഇങ്ങനെ ഇരിക്കേ, വരാപ്പുഴയിലെ ഫ്ളോറൻസ് മെത്രാനച്ചൻെറ കാലത്തിൽ സുറിയാനിക്കാക്ക് വലുതായ ഒരു സങ്കടം നേരിട്ടു. എന്തെന്നാൽ വരാപ്പുഴപ്പള്ളിയിൽ വിശുദ്ധ കുബ്ബാനയുടെ ഒരു ആരാധന ഏർപ്പെടുത്തി: ആരാധന തുടങ്ങി; സന്ധ്യാസമയം, വിചാരക്കുറവാൽ, പള്ളിവാതിൽ പൂട്ടാതിരുന്നതുനിമിത്തം വിശുദ്ധ കുബ്ബാന എഴുന്നെള്ളിച്ചിരുന്ന സ്വർണ്ണംകൊണ്ടുള്ള പ്രഭാവലി (Monstrance) കള്ളന്മാർ കട്ടുകൊണ്ടുപോയി. നേരം വെളുത്തപ്പോഴ പ്രഭാവലി മോഷണംപോയ വിവരം വരാപ്പുഴ പാദ്രിമാരറിഞ്ഞു, അന്വേഷിക്കുകയും അന്നു് ഇടപ്പള്ളിയിൽ വികാരിയായിരുന്ന കല്ലൂർക്കാട്ടു് (ചമ്പക്കുളം) പള്ളി ഇടവകക്കാരൻ ബഹു. ഇത്താക്കച്ചനെ സംശയിക്കുകയും വിളിച്ചു ചോദ്യം ചെയ്യുകയും ചെയ്തു. അദ്ദേഹത്തിൻെറമേൽ ഉണ്ടായ ആരോപണം തെളിയായ്കയാൽ അദ്ദേഹത്തെ വിട്ടയയ്ക്കുകയും വീണ്ടും രണ്ടാമതു് വിളിച്ചുചോദിക്കുകയും, അപ്പോഴും തെളിയായ്കയാൽ വീണ്ടും വിടുകയും ചെയ്തു. എങ്കിലും ആ സമയത്തു് വരാപ്പുഴയുണ്ടായിരുന്ന ബവേറിയ ദേശക്കാരനായ ഫ്രാൻസിസ് സാലസ് എന്ന പാദ്രി പ്രത്യേകാൽ ഇത്താക്കച്ചൻെറ നേരെയുള്ള സംശയം അധികമായി ധരിച്ചുകൊണ്ടു്, ഇടപ്പള്ളി രാജാവിൻെറ പക്കൽ ആശ്രയിച്ചിരുന്ന ഇത്താക്കച്ചനെ ബലമായി പിടിച്ചുകൊണ്ടുവന്നു ദേഹദണ്ഡനം ചെയ്യണമെന്നു കരുതി. വരാപ്പുഴമാർഗ്ഗം കൂടിയിരുന്ന ജനങ്ങളെ ഭടന്മാരായും, എറണാകുളത്തുകാരൻ കണക്കച്ചേരി മത്തായി പാദ്രി അച്ചനേയും വടുതല വാഴവേലി അവരാ പാദ്രി അച്ചനേയും കൂട്ടായി ശേഖരിച്ചു ഇടപ്പള്ളി രാജാവിൻെറ സ്ഥലം വളഞ്ഞു. ഇത്താക്കച്ചനെ ബലമായി പിടിച്ചുകൊണ്ടുപോവുകയും വരാപ്പുഴകൊണ്ടുചെന്നു് മുറിയിലിട്ടു പൂട്ടുകയും ഹേമദണ്ഡംചെയ്തു മേനിക്ഷയം വരുത്തുകയും, തന്മൂലം അവിടെക്കിടന്നു് അദ്ദേഹം മരിക്കാറായ സമയം കുമ്പസാരം, കുർബ്ബാന, ഒപ്രുശുമാ മുതലായതു് അപേക്ഷിച്ചിട്ടും കൊടുക്കാതെ അദ്ദേഹം മരിക്കുകയും ചെയ്തു. അദ്ദേഹത്തിൻെറ പ്രേതം ഒരു പായിൽകെട്ടി കുളത്തിൻെറ മട്ടയ്ക്കൽ കുഴിച്ചിടുകയും അദ്ദേഹത്തെ സഹായിച്ചിരുന്ന ഇടപ്പള്ളി ക്രിസ്ത്യാനികളുടെ പള്ളിപൂട്ടി മുടക്കം വരുത്തുകയും ചെയ്തു. ഫ്രാൻസി

www.malankaralibrary.com

ക്കോസ് എന്ന പാദ്രിയെ തന്റെ ജീവിതനടപടിമോശത്താൽ തന്റെ സഹോദരന്മാരായ കമ്മലീത്താ പാദ്രിമാരു് യൂറോപ്പിലേയ്ക്കു് കപ്പൽ കയററി അയയ്ക്കുകയും ചെയ്തു''5.

ഇതിൽ ശ്രദ്ധേയങ്ങളായ ഏഴ സംഗതികഠം ഉണ്ടു്. (1) മാർത്തോമ്മാക്രിസ്ത്യാനികളോടു് സാമാന്യാനുഭാവം ഉണ്ടായിരുന്ന പ്രോട്ടസ്റ്റന്റുകാരായ ഡച്ചുകാരുടെ ഭരണമുണ്ടായിരുന്നിട്ടും, വിദേശമിഷ്നറിമാരുടെ രാഷ്ട്രീയസ്വാധീനം വളരെ വലുതായിരുന്നു. (2) എറണാകുളം ഇടവകയിലും വടുതല ഇടവകയിലുംപെട്ട വൈദികർ സുറിയാനിക്കാരായിരുന്നുവെന്നും അവരുടെ പേരുകഠംകൊണ്ടു് വ്യക്തമാകുന്നുണ്ടു്. (3) അവ അന്നു് സുറിയാനി ഇടവകകഠം ആയിരുന്നിരിക്കണം. (4) ബഹു. ഇത്താക്കച്ചനെ ബലമായി പിടിച്ചുകൊണ്ടുപോകുന്നതിനു് നേതൃത്വം നല്കിയ ഈ വൈദികരും ആ കൊലപാതകത്തിനു് ഉത്തരവാദികളാണു്. (5) സ്വാർത്ഥലാഭങ്ങഠംക്കവേണ്ടി സത്യവും, നീതിയും, മനസ്സാക്ഷിയും ബലികഴിച്ചു് അധികാരികഠംക്കു് അടിമപ്പണിചെയ്തവരായിരുന്നു, ഈ വൈദികർ. (6) എറണാകുളത്തും വടുതലയുമുള്ള സുറിയാനി ഇടവകകഠം കാലാന്തരത്തിൽ ലത്തീൻ ഇടവകകളായിത്തീന്നു. എറണാകുളത്തെ സുറിയാനിക്കാരുടെ അഞ്ചിക്കൈമഠം പള്ളി ലത്തീൻകാരായ തൊപ്പിക്കാർക്കു് ലത്തീൻ അധികാരികഠം വിട്ടുകൊടുത്തതായി ഒരു ചരിത്രകാരൻ പറയുന്നു6. (7) വിദേശമിഷ്നറിമാരും, അവർ മാഗ്ഗം ചേർത്ത അനുയായികളും, ഇടപ്പള്ളി രാജാവിനെപ്പോലുള്ള നാട്ടുരാജാക്കന്മാരുടെ ഭദ്രതയ്ക്കും സ്വാതന്ത്ര്യത്തിനും ഒരു ഭീഷണിയായിരുന്നു.

## b) കൊരട്ടിപ്പള്ളി

കൊരട്ടിപ്പള്ളി ഇടവകയിൽ കീഴേടത്തു് വക്കിയെന്ന യുവാവിനു് കൊടുങ്ങല്ലൂരിലെ സാൽവഡോർ മെത്രാപ്പോലീത്താ ശെമ്മാശ്പട്ടവും അനുയുക്തമായ വസ്ത്രവും കൊടുത്തു. എന്നാൽ അതിന്റെശേഷം, ആ ശെമ്മാശനിൽ ആചാരഭ്രഷ്ട്യം ആരോപിച്ചുകൊണ്ടു് ശെമ്മാശന്റെ സ്ഥാനവസ്ത്രം മെത്രാപ്പോലീത്ത എടുത്തുകളഞ്ഞു. ശെമ്മാശന്റെ പിതാവും പ്രബലനു

5. Br. Leopold T. O. C. D. മഞ്ഞുമ്മേൽ: കേരളത്തിലെ ലത്തീൻ ക്രിസ്ത്യാനികഠം 1938: P. 257 to 60.

6. F. Day Land of Perumals, P. 244.

www.malankaralibrary.com

മായ കീഴേടത്തു് ഉതുപ്പു മാത്തു, തിരുവിതാംകൂർ ദളവായേയും പാലിയത്തച്ചനേയും കണ്ടു്, അവരുടെ സ്വാധീനമുപയോഗിച്ചു് കൊരട്ടിപ്പള്ളിയിലെ ഇടവകക്കാൎക്കു് ബുദ്ധിമുട്ടുകളും കഷ്ടപ്പാടുകളും വരുത്തിക്കൂട്ടി; തന്നെയുമല്ല, വളരെ സ്വാധീനവും ശക്തിയുമുള്ള ഉതുപ്പുമാത്തു, തന്റെ മകനെ വരാപ്പുഴകൊണ്ടു ചെല്ലുകയും ഫ്ളോറൻസ് മെത്രാപ്പോലീത്താ സ്ഥാനഭ്രഷ്ടനായ ശെമ്മാശനു് വൈദികപട്ടം കൊടുക്കുകയും ചെയ്തു. പുതിയ വൈദികനെ സ്വീകരിക്കരുതെന്നു് കൊടുങ്ങല്ലൂർ മെത്രാപ്പോലീത്തയായ സാൽവഡോർ തന്റെ കീഴിലുള്ള കൊരട്ടിപ്പള്ളിക്കാൎക്കു് കല്പന കൊടുത്തു. ആ കല്പനയനുസരിച്ചു് അവർ അദ്ദേഹത്തെ സ്വീകരിച്ചില്ല. ഇതിൽ കോപിഷ്ടനായ ഉതുപ്പുമാത്തു കൊച്ചിരാജാവിന്റെയടുക്കൽ അഭയം തേടുകയും, രാജാവു് വക്കീക്കത്തനാരെ കൊരട്ടിപ്പള്ളിയിൽ ബഹുമാനപൂൎവ്വം സ്വീകരിക്കുവാൻ കല്പന നൽകുകയും ചെയ്തു. ഇതു് കൊടുങ്ങല്ലൂർ മെത്രാനു് കിട്ടിയ ഒരടിയായിരുന്നു. അതിരൂപതയുടെ വികാരി ജനറാൾ, കൊച്ചിരാജാവിനെ മുഖംകാണിച്ചു്, അദ്ദേഹത്തിന്റെ കല്പന റദ്ദുചെയ്യിപ്പിക്കുകയും വക്കീക്കത്തനാരെ പള്ളിയിൽ പ്രവേശിപ്പിക്കരുതെന്നുള്ള കല്പന വാങ്ങുകയും ചെയ്തു7. മാറിയും മറിഞ്ഞുമുള്ള ഈ സംഭവങ്ങൾ ജനങ്ങൾക്കു് വളരെ പ്രയാസങ്ങളും ഞെരുക്കങ്ങളും വരുത്തിവച്ചെങ്കിലും ഇതിന്റെ പിന്നിൽ പ്രവൎത്തിച്ചിരുന്നതു് കൊടുങ്ങല്ലൂരും വരാപ്പുഴയുമുള്ള സന്ന്യാസിമാരുടെ ശത്രുതയും മത്സരബുദ്ധിയുമായിരുന്നുവെന്നുള്ളതു് എല്ലാവൎക്കും വ്യക്തമായിരുന്നു. പക്ഷെ അതിനു് ആയുധമായിത്തീൎന്നതും കഷ്ടതകൾക്കു് വിധേയരായിത്തീൎന്നതും സുറിയാനിക്കാരായ പാവപ്പെട്ട ജനങ്ങളും വൈദികരുമായിരുന്നു.

വൈദികാധികാരസ്ഥാനങ്ങൾ നീതിപീഠങ്ങളുമാണല്ലോ. ആ നിലയിൽ കത്തോലിക്കരായ വ്യക്തികളിൽ നിന്നും സമൂഹങ്ങളിൽനിന്നും അരമനകോടതികളിൽ പരാതി സമൎപ്പിക്കുക സാധാരണമാണു്. മനുഷ്യന്റെ മൗലികാവകാശനിയമങ്ങളിൽ പരിജ്ഞാനമുള്ള എത്ര പേരാണു് ആ കോടതികളിൽ സംബന്ധിക്കുന്നുവെന്നുള്ളതോ പോകട്ടെ; പലപ്പോഴും ഈ അധികാരസ്ഥാനങ്ങൾ അരമനകളിലെ അന്തേവാസികളുടേയും അതിന്റെ പ്രാന്തങ്ങൾ ചുററിപ്പററി

7. Fr. Bernard: Vol: II P. 183–'84.

www.malankaralibrary.com

നടക്കുന്ന ഒരു പററം ഉപജാപകന്മാരുടേയും സ്വാധീനത്തിനു് വിധേയമാക്കുന്ന സന്ദർഭങ്ങളും ഉണ്ടാകാറുണ്ടു്. തന്മൂലം, വസ്തു നിഷ്ഠമായി കാര്യങ്ങളും കാണുവാനോ, സഹതാപത്തോടെ മനസ്സിലാക്കുവാനോ, വരാപ്പുഴയിലെ അധികാരികൾക്കു് കഴിഞ്ഞിരുന്നില്ലെന്നുള്ളതാണു് പരമാർത്ഥം. കഠിനമായ കുററം ചെയ്തിരുന്നവർ ഉപജാപപ്രവൃത്തികൊണ്ടു് രക്ഷപ്പെടുകയും നിര പരാധികൾ ശിക്ഷിക്കപ്പെടുകയും ചെയ്തിരുന്ന കാലമായി രുന്നു വിദേശമിഷ്യനറിമാരുടേതു്. അതിനാൽ വരാപ്പുഴ യിലെ അധികാരികളോടു് ജനങ്ങൾക്കുണ്ടായിരുന്ന രോഷ വും അമർഷവും വർദ്ധിച്ചു.

(4) ഫ്ളോറൻസ് മെത്രാൻ 1773 ജൂലൈ 26–ാം തീയതി മരണം പ്രാപിച്ചു. അദ്ദേഹം മരിച്ചിട്ടും അദ്ദേഹത്തിന്റെ ശവ ശരീരം സുറിയാനിക്കാരോടു് പകരം വീട്ടുവാനുള്ള ഉപകരണ മാക്കിത്തീർക്കുകയാണു് മിഷ്യനറിമാർ ചെയ്തതു്. വരാപ്പുഴ മെത്രാന്മാർ മരിക്കുമ്പോൾ, മരണാനന്തരകർമ്മങ്ങളിൽ സംബ ന്ധിക്കുകയും മൃതദേഹം ശവക്കുഴിയോളം ചുമന്നുകൊണ്ടുപോ വുകയും ചെയ്തിരുന്നതു് സുറിയാനി വൈദികരാണു്. അത നുസരിച്ചു് ഫ്ളോറൻസ് മെത്രാന്റെ ശവസംസ്ക്കാരം നട ത്തുവാൻ പതിവുപോലെ അങ്കമാലി, ആലങ്ങാട്ടു്, പറവൂർ, കുത്തിയതോടു് മുതലായ പള്ളിക്കാരും വൈദികരും വന്നു കൂടി. സുറിയാനിപ്പള്ളികളിലെ പൊന്നും വെള്ളിയുംകൊ ണ്ടുള്ള കുരിശുകളും രാജകീയാവകാശമായ നാനാവർണ്ണത്തി ലുള്ള മുത്തുക്കുടകളും ആയിട്ടു്, ആബാലവൃദ്ധം സുറിയാനി ജന ങ്ങളുടെ ഒരു മഹാസമൂഹവും നിരന്നുകഴിഞ്ഞു. ഇഷ്ടമില്ലാത്ത വരെ കാണുമ്പോൾ മുള്ളുവാക്കു പറയുകയും മണ്ണു വാരിയെറി യുകയും ചെയ്യുന്ന ജന്മസിദ്ധമായ പ്രേരണ (Reflex-action) ചില പ്രാകൃതരിൽ കാണാറുണ്ടല്ലോ. മാനസികപക്വതയും ചിന്താശക്തിയുമില്ലാത്ത വൈകാരികജീവികളാണവർ. അവരിൽപ്പെട്ടവരായിരുന്നു വിദേശകർമ്മലീത്താമിഷ്യനറിമാ രായ ഫാ. അനസ്താസിയൂസും (Fr. Anasthasius), ഫാ. ജോൺ സാന്തോമരിയാ (Fr. John Santho Maria) യും. സുറിയാനി ക്കാരുടെ ശക്തിയും പ്രൗഢിയും പ്രതാപവുമെല്ലാം ഫ്ളോറൻ സ് മെത്രാന്റെ ശവസംസ്ക്കാരത്തിൽ തെളിഞ്ഞുവന്നു കണ്ട പ്പോൾ അനസ്താസിയൂസ് എന്ന വിദേശമിഷ്യനറിക്കു് ദുസ്സ ഹമായ 'അലർജി' ഉണ്ടായി. അദ്ദേഹം സുറിയാനി ജനങ്ങ ളെയും വൈദികരെയും നോക്കി അട്ടഹസിച്ചു, ''ഈ സുറി

www.malankaralibrary.com

യാനിക്കാർക്ക് ഇവിടെന്തു കാര്യം?'' ഇതു തീർച്ചയായും സംസ്ക്കാരശൂന്യനായ ഒരു മിഷ്നറിയിൽനിന്നുവന്ന അധിക്ഷേപവാക്കുകളാണ്. അതു് ഒരു നിസ്സാരകാര്യമായിട്ട് എടുക്കാവുന്നതേയുള്ളു. മിഷ്നറിമാരുടെയും അവരുടെ തലവനായ ഫ്ളോറൻസ്മെത്രാൻെറയും ബഹുമാനത്തിനും പ്രശസ്തിക്കുംവേണ്ടിയാണ് സുറിയാനിക്കാർ ക്ലേശങ്ങളും ബുദ്ധിമുട്ടുകളും സഹിച്ച് ഫ്ളോറൻസ്മെത്രാൻെറ ശവസംസ്ക്കാരത്തിന് അണിഞ്ഞൊരുങ്ങിയതു്. സുറിയാനിക്കാരെ കൊഞ്ഞനം കാണിക്കുവാനാണ് മിഷ്നറിമാർ ഒരുമ്പെട്ടതെങ്കിൽ, സുറിയാനിക്കാർക്ക് അവിടെനിന്നും പിരിഞ്ഞുപോയി, മേലിൽ ഒരു സുറിയാനിമെത്രാൻെറ ശവസംസ്ക്കാരത്തിൽ മാത്രമേ പങ്കുകൊള്ളു എന്നു് സത്യം ചെയ്തു് സമാധാനത്തോടുകൂടി പിരിഞ്ഞുപോകാമായിരുന്നു. അതിനവർ ഒരുമ്പെടാഞ്ഞതിൻെറ കാരണം, അവരുടെ വിശ്വാസദാർഢ്യവും തങ്ങളുടെ വൈദികഭരണകൂടത്തിൻെറ പ്രവൃത്തികളും വാക്കുകളും എത്രതന്നെ അധിക്ഷേപകരമായാലും, ആ സ്ഥാനത്തോട് ബഹുമാനാദരവുകരം കാണിക്കേണ്ടതു് തങ്ങളുടെ ചുമതലയാണെന്നുള്ള ബോദ്ധ്യവും ആയിരുന്നു.

## ഇരുപതാം അദ്ധ്യായം

## അങ്കമാലി പടിയോല

ഫ്ളോറൻസ് മെത്രാൻെറ ശവസംസ്ക്കാരത്തിൽ സുറിയാനിക്കാർക്കുണ്ടായ അപമാനം അവരുടെ മനസ്സിൽ നീറിക്കൊണ്ടിരുന്നു. 1773—മുതൽ മാർത്തോമ്മാക്രിസ്ത്യാനികളുടെ ചിന്തകളിലും വികാരങ്ങളിലും ഉണ്ടായിരുന്ന ഈ നീററലിന് ഒരു സ്ഫോടനമുണ്ടാകാൻ ഒട്ടും താമസം വേണ്ടിവന്നില്ല. 1787-ൽ എഴുപത്തിമൂന്നു പള്ളികളിലെ പ്രതിപുരുഷന്മാരും വൈദികരും അങ്കമാലിപള്ളിയിൽ സമ്മേളിച്ച്, കമ്മലീത്തക്ക് എതിരായ കുററപത്രം തയ്യാറാക്കി. ഇതു് മിഷ്നറിമാരുടെ വർണ്ണവിവേചനത്തിനും അവർ കാട്ടിയ അനീതിക്കും അപമാനത്തിനും അഴിമതികരംക്കും എതിരായിരുന്നു. ഏററവും പ്രധാനപ്പെട്ടതു് ഇക്കോക്കിച്ചൻെറ വധം തന്നെ.

www.malankaralibrary.com

ഒരു ശതാബ്ദത്തോളം തങ്ങരം അനുഭവിച്ചുകൊണ്ടിരുന്ന അപമാനങ്ങരംക്കും മർദ്ദനങ്ങരംക്കും, ഒരു വിരാമമിടണമെന്ന് സുറിയാനിക്കാർ നിശ്ചയിച്ചു. ആ നിശ്ചയമനുസരിച്ചാണ്, 1787 ഫെബ്രുവരി 1-ാംനു- അവർ അങ്കമാലിയിൽ യോഗം ചേന്നതു്. കേരളസുറിയാനിസഭയുടെ ചരിത്രത്തിലെ സുപ്രധാനവും സുപ്രസിദ്ധവുമായ ഒരു രേഖയാണ്, അതിലെ തീരുമാനങ്ങളടങ്ങുന്ന ഈ അങ്കമാലി പടിയോല.

കേരളത്തിലുള്ള സുറിയാനി ഇടവകകളുടെ പ്രതിനിധികളും വൈദികരും അങ്കമാലിയിൽക്കൂടി തങ്ങളുടെ സഭയുടെ അന്നത്തെ സ്ഥിതിഗതികളെപ്പററി വിശകലനം ചെയ്തു പഠിച്ച് എഴുതിയുണ്ടാക്കിയ ഒരു പ്രമാണമാണിതു്. കൊടുങ്ങല്ലൂർ അതിരൂപതയുടെ ഗവണ്ണദോരായിരുന്ന പാറേമ്മാക്കൽ തോമ്മാക്കത്തനാരും ഈ യോഗത്തിൽ സന്നിഹിതനായിരുന്നു. പടിയോലയുടെ ഉള്ളടക്കത്തിൽ ലത്തീനാധിപത്യം സ്ഥാപിക്കുന്നതിനും സുറിയാനിക്കാരെ ആക്ഷേപിക്കുന്നതിനുംവേണ്ടി മിഷ്നറിമാർ അനുസൃതം ചെയ്തുപോന്ന ദ്രോഹകൃത്യങ്ങരം എടുത്തുപറയുന്നുണ്ടു്. ആ പടിയോലയുടെ രൂപമാണ് താഴെക്കൊടുത്തിരിക്കുന്നതു്.

''അങ്കമാലി മുതൽ മലങ്കരപള്ളിക്കാർ എല്ലാവരുംകൂടി അങ്കമാലി വലിയ പള്ളിക്കൽവച്ചു പട്ടാങ്ങയുടെ വിശ്വാസത്തിൻെറ വദ്ധിപ്പിനും തമ്പുരാൻെറ മനോഗുണത്താലെന്ന - പരീക്ഷയ്ക്കു നെറിവിൻെറ നിലയും ഒരുമ്പാടും ഉണ്ടാകുവാനും നമ്മുടെ കാരണവന്മാർ നടന്നിരിക്കുന്ന മര്യാദയ്ക്കും ക്രമത്തിനും തക്കവണ്ണും നടക്കേണ്ടതിനും മിശിഹാ പിറന്നിട്ടു 1787-ാം കാലം കുമ്പമാസം (ഫെബ്രുവരി) പഴയകണക്കിൽ 1-ാം ദിവസി എഴുതിയ പടിയോലയാമിതു്.

നമ്മുടെ കാരണവന്മാർ തോമ്മാശ്ലീഹായുടെ കയ്യാലെ ഈശോമിശിഹായുടെ പട്ടാങ്ങയുടെ മാഗ്ഗം കൈക്കൊണ്ടതിൻെറശേഷം 1597-ാം ആണ്ടിൽ അങ്കമാലി കിഴക്കെപള്ളിയിൽ കാലംചെയ്ത മാർ അബ്രാഹാം മെത്രാപ്പോലീത്തായുടെ കാലത്തോളം കൽദായസുറിയാനിക്കാരുടെ മേല്പട്ടക്കാർ മലങ്കരെ വാണ് നമ്മെ ഭരിച്ചതിൻെറശേഷം, പൌലീസ്തക്കാരുടെ ശക്തികൊണ്ടു സുറിയാനിക്കാരുടെ വരവും മുടക്കി, നമ്മുടെ പരിഷക്കാരെ കീഴടക്കി, ഭരിച്ചുവരുമ്പോരം, സുറിയാനിക്കാരിൽ ഒരു മേല്പട്ടക്കാരൻ നമ്മുടെ എടത്തു വരുവാനായി കൊ



www.malankaralibrary.com

ച്ചിയിൽ വന്നതിൻെറശേഷം കടലിൽ താഴ്ത്തി അപായപ്പെട്ടത്തിയപ്രകാരം ബോധിക്കകൊണ്ടു അന്നും നമ്മുടെ കാരണവന്മാർ മട്ടാംചേരിയിൽകൂടി പൌലീസ്ത്താക്കാരെ നാമും നമ്മുടെ അനന്തരവരും കാണുകയില്ലെന്നു സത്യം ചെയ്തു; ആലങ്ങാട്ടു പള്ളിയിൽകൂടി തൊമയെ അൎക്കദിയാക്കോനെ യോഗമായിട്ടു പേരുവിളിച്ചു വാഴിച്ചു. അതിൻെറശേഷം ഗോവയിൽ ഇരുന്ന കർമ്മലീത്തക്കാരെ വരുത്തി യോഗമായിട്ടു പേരുവിളിച്ചു മെത്രാൻ സൈത്തു റൂശ്ശുമായും പട്ടം വഹിയായെന്നും റോമയിൽചെന്നു വാഴ്ച്ചയും കൈക്കൊണ്ടുവന്നു ഇദ്ദേഹത്തെ തികച്ചു വാഴിക്കാമെന്നും യൌസേപ്പെന്ന പാദ്രിയെ അയച്ചു പറയിച്ചാറെ അതിന്മണ്ണം സമ്മതിക്കകൊണ്ടു യൌസേപ്പെന്ന പാദ്രി റോമയിൽചെന്നു വാഴ്ച്ചയും ഏററു മലയാളത്തിൽ വന്നാറെ മാർതോമ്മാമെത്രാൻ പട്ടം കൊടുക്കുകയും സൈത്തു റൂശ്ശുമാ ചെയ്കയും ചെയ്യുകൊണ്ടു് ആയതു അനുസരിക്കാതെ നിന്നു നമുക്കു് മെത്രാനായിട്ടു അലക്സാന്ത്രോസ് എന്ന കത്തനാരച്ചനെ വാഴിക്കയും ചെയ്തു.

അദ്ദേഹത്തിൻെറ ഒടുക്കം അടുത്തപ്പോഠം കമ്മലീത്താക്കാരുടെ ഉപായത്താലെ നമ്മുടെ പരിഷയിൽ സ്ഥാനവും ബഹുമാനവും ഇല്ലെന്നു വരുത്തുവാനായിട്ടു് മലയാളത്തിലുള്ളവരെ വാഴിക്കണമെന്നുള്ള കല്പനയെ സമ്മതിച്ചു എന്നു വരുത്തുവാനായിട്ടു് മലയാളത്തിലുള്ളതിൽ കുപ്പായക്കാരിൽ റപ്പായേൽ എന്ന പാദ്രിയെ മെത്രാനായിട്ടു വാഴിക്കകൊണ്ടു കുപ്പായക്കാരിലുള്ള മെത്രാനെ സമ്മതിക്കയില്ലെന്നു് തുടങ്ങിയകൊണ്ടും നമ്മേ ഭരിപ്പാനായിവന്ന സുറിയാനിക്കാരൻ മാർ ശെമഓൻ മെത്രാനെ പവുലീസ്ത്താക്കാർ താന്നൂരിൽ തടഞ്ഞു പാപ്പിച്ചിരിക്കുമ്പോഠം കമ്മലീത്താദശ്നത്തിലുള്ള പാദ്രിമാർ അവിടെ ചെന്നു്, മലയാളത്തിനു പുറത്തു കളയണമെന്നു പറഞ്ഞു്, പൌലീസ്ത്താക്കാരോടു കയ്യേററുകൊണ്ടുവന്നു ആലങ്ങാട്ടുപള്ളിയിൽ കൊണ്ടുവന്നു പാപ്പിച്ചു ആ ദശനക്കാരിൽ ആഞ്ചലോസ് പാദ്രിയെ മെത്രാനായിട്ടു വാഴിച്ചതിൻെറശേഷം മാർ ശെമഓൻ മെത്രാനെ കപ്പലിൽ കരയേററി പുതുശ്ശേരിയിൽ കൊണ്ടുചെന്നു ഒരു മുറിയിൽ ഇട്ടു പൂട്ടി, മനസ്സു മുടിച്ചു മരണം അകപ്പെടുത്തുകകൊണ്ടും ഇതിന്മണ്ണം പലകൂട്ടം ഏറക്കുറവുകഠം നമ്മുടെ കാരണവന്മാരോടു ഠരം രണ്ടു്, എജമാനന്മാരും ചെയ്തിരിക്കകൊണ്ടും മാർത്തോമ്മാമെത്രാൻ ശുദ്ധമാന പള്ളിക്കൂഴം ചെയ്യാമെന്നും വഴങ്ങിച്ചുകൊള്ളാമെന്നും പലപ്പോഴം അപേക്ഷിച്ചാ

www.malankaralibrary.com

റെയും അതിൻെറ നേരെ രണ്ടിടത്തുനിന്നും കൈക്കൊള്ളായ്കു കൊണ്ടും രണ്ടു മേല്പട്ടക്കാരും ഇപ്പോഠ നമ്മുടെ പരിഷയോടു ഏറ്റെക്കുറവായിട്ടു നേരെ വിചാരിക്കാതെ ബാലിഭക്കാരെ ക്കൊണ്ടു പട്ടക്കാരെ പിടിപ്പിച്ചു മുറിയിലിട്ടു അപായം വരുത്തുകയും ബാലിഭക്കാരെക്കൊണ്ടു പട്ടക്കാരുടെ മേനിദോഷം വരുത്തിക്കയും ചെയ്കകൊണ്ടും, മെത്രാപ്പോലീത്താപട്ടം അഴിക്കയും ഉടനെ മെത്രാൻ അയാഠക്കു പട്ടം കൊടുക്കുകയും; മെത്രാൻ മഹറോൻ ചൊല്ലിയ ഉടനെ മെത്രാപ്പോലീത്താ ആയതിനെ പോക്കുകയും; പാദ്രിമാർ ചില പള്ളികളിൽ ചെന്നിരുന്നാറെ പരസ്യമായിട്ടും രഹസ്യമായിട്ടും 6-ാം പ്രമാണത്തോടു മറുത്തു പലകൂട്ടം ഉതപ്പുകളും അന്യായങ്ങളും ചെയ്യുകകൊണ്ടും ആയതുകൊണ്ടു മാൎഗ്ഗമില്ലാത്തവരുടെ നിന്ദയും പരിഹാസവുംകൊണ്ടു നമ്മുടെ പരിഷെക്കു വന്നിരിക്കുന്ന കുറവും സങ്കടവും ഉതപ്പുംകൊണ്ടും ഠരം സങ്കടങ്ങളൊക്കയും ശുദ്ധമാന മാർപ്പാപ്പായുടെ തിരുമനസ്സിലും എത്രയും വിശ്വാസമുള്ള പോർത്തുഗാഠ രാജസ്ത്രീയേയും ബോധിപ്പിക്കത്തക്കവണ്ണം ബ. നമ്മുടെ കരിയാററി മല്പാനേയും പാറേമ്മാക്കൽ തോമ്മാ ക്കത്തനാരച്ചനെയും നോം എല്ലാവരുംകൂടി അയച്ചതിൻെറ ശേഷം അവർ പോർത്തുഗാളിലും റോമയിലും ചെന്നാറെ, മേല്പറഞ്ഞ ശത്രുക്കഠ എഴുത്താലെയും വചനത്താലെയും പലകൂട്ടം ചടതകഠ വരുത്തുകകൊണ്ടും കാലതാമസംവന്നു എങ്കിലും ഉടയതമ്പുരാൻെറ പ്രത്യേകമുള്ള മനഗുണത്താലെ ശുദ്ധമാന മാർപ്പാപ്പായും എത്രയും വിശ്വാസമുള്ള രാജസ്ത്രീയും നമ്മുടെ അപേക്ഷകളൊക്കെയും കൈക്കൊണ്ടേ മതിയാവൂ എന്നും വെച്ചു, ബഹുമാനപ്പെട്ട കരിയാററിൽ മല്പാനെ മലങ്കരയുടെ മെത്രാപ്പോലീത്തായായി വാഴിച്ചാറെ, അവർ ഗോവയിൽ വന്നതിൻെറ ശേഷം ചതിയാലെ അദ്ദേഹത്തെ അപായം വരുത്തുകകൊണ്ടും ഇതിൻവണ്ണം ഉപദ്രവം ചെയ്യുന്നവരെ മേല്പട്ടക്കാരായിട്ടു സമ്മതിച്ചുവന്നാൽ ഏറിയ സങ്കടങ്ങളും ഞെരുക്കങ്ങളും വരുത്തിക്കയും പന്തിയും കുറും വദ്ധിപ്പിക്കയും ചെയ്യുന്നതല്ലാതെ നമ്മുടെ പരിഷെക്കു ഒരു ഗുണവും ഉപകാരവും ഉണ്ടാകയില്ലെന്നും തോന്നുകകൊണ്ടും മററുള്ള നാടുകളിലും ജാതികളിലും തൻെറ പരിഷയിലും പേച്ചിലും മേല്പട്ടക്കാററു വാഴുന്നപോലെ നമ്മുടെ പരിഷക്കും മേല്പട്ടക്കാർ നമ്മിൽ തന്നെ ഉണ്ടാകണമെന്നു റോമായിലും പോത്തുഗലിലും ബോധിക്കകൊണ്ടും മേലിൽ നമ്മുടെ പരിഷയിൽതന്നെ മേല്പട്ടക്കാർ

www.malankaralibrary.com

ഉണ്ടായേ കഴിയൂ എന്നു നാം വിശ്വസിക്കകൊണ്ടും നമ്മുടെ പരിഷയിൽ മേല്പട്ടക്കാർ ഉണ്ടായിവരുന്നതിനകം ബ. ഗോവ ണ്ണദോരിന്റെ കല്പനപോലെ പട്ടവും സെത്തും വാങ്ങിക്കുന്ന തല്ലാതെ നമുക്കു മേല്പട്ടക്കാരനായിട്ടു മറെറാരു ജാതിയെ കൈ ക്കൊള്ളുകയില്ലെന്നും ഇപ്പോഠം നമ്മുടെമേൽ ഗോവർണ്ണദോരാ യിട്ടു വാണിരിക്കുന്ന പാറേമ്മാക്കൽ തോമ്മാക്കത്തനാരച്ചനെ മെത്രാപ്പോലീത്തായായിട്ടു വാഴിപ്പാൻ നോം എല്ലാവരുംകൂടെ നിശ്ചയിക്കകൊണ്ടും അപ്രകാരം എത്രയും വിശ്വാസമുള്ള പോർത്തുഗാഠം രാജസ്ത്രീയോടു അപേക്ഷിച്ചാൽ നമ്മുടെ അപേക്ഷ കൈക്കൊണ്ടില്ലെങ്കിൽ പോത്തുഗാഠം രാജാവിനു മലങ്കര ഇടവക വഴങ്ങുന്നതിനു മുമ്പെ നമ്മുടെ കാരണവന്മാർ കണ്ടിരുന്നതുപോലെ ശുദ്ധ പള്ളിയ്ക്കു വഴക്കമുള്ള കൽദായക്കാ രുടെ മാർ യൌസേപ്പ് എന്നുപേരുള്ള പാത്രിയക്കിസിനെ വഴങ്ങി അവിടെനിന്നു മെത്രാന്മാരെ വരുത്തി ബ. ഗോവണ്ണ ദോർനെ വാഴിച്ചുകൊള്ളുമാറും ഈ കാര്യത്തിന്റെ നിദാനം വരുന്നതിനുമുമ്പിൽ ഒരു മുടക്കുവന്നാൽ ആയതു അനുസരിക്ക യില്ലെന്നും അപ്രകാരമൊക്കെയും നോം എല്ലാവരുംകൂടി നി ശ്ചയിച്ചുവസ്തുകൊണ്ടു് ഇതിനോടു് മറുത്തു പുറപ്പെടുന്നവരെ പള്ളിയോഗത്തിൽനിന്നും പുറത്തു തിരിച്ചിരിക്കുന്നു എന്ന ശേഷം പള്ളിക്കാർ എല്ലാവരോടും കൂടാതെ ഗുണദോഷമുണ്ടാക യില്ലെന്നും മലങ്കരെയുള്ള 84 ഇടവകക്കാരുംകൂടി ബാവായുടെ യും പുത്രന്റെയും റൂഹാദക്കുദാശായുടെയും നാമത്തിൽ അങ്ക മാലി വലിയപള്ളിക്കൽ മാർ ഗീവറുഗ്ഗീസ് സഹദായുടെ മുമ്പാകെവച്ചു സത്യമാകെ എഴുതിവച്ച പടിയോല –''1

ഈ വിവരം അറിഞ്ഞ ഉടനെ വരാപ്പുഴയുണ്ടായിരുന്ന മിഷ്നറിമാർ സംഭ്രാന്തരായി, മട്ടാഞ്ചേരിയിലെ കൂനം കുരിശിന്റെ കരിനിഴൽ വരാപ്പുഴയിലെ ഭരണകൂടത്തിൽ വന്നുമൂടി. ഒരു 'കൂനംകുരിശി'ൽനിന്നും കേരളസഭയെ രക്ഷി ക്കുവാൻ വന്നവർ മറെറാന്നുകൂടെ സൃഷ്ടിക്കുകയോ? ബുദ്ധിമാ ന്മാരായ ഭരണകത്താക്കഠം ജനസമൂഹത്തിന്റെ മനോഭാവങ്ങ ളെ നിണ്ണയിക്കുവാനും വരാനിടയുള്ള ഗതിവിഗതികളെ മുൻ കൂട്ടിക്കാണുവാനും കഴിവുള്ളവരായിരിക്കണം. എന്നാൽ അക്കൂ ട്ടത്തിൽപ്പെടുന്നവരായിരുന്നില്ല, കേരളസഭാഭരണം ഏറെറ ടുത്ത വിദേശകമ്മലീത്താമിഷ്നറിമാർ. ഒരു പ്രതിസന്ധി

---

1. വത്തമാനപ്പുസ്തകം, P. 378-81,

www.malankaralibrary.com

യുടെ കരിങ്കൽ ഭിത്തിയിൽ തലയിടിച്ചുനില്ക്കുമ്പോഴാണ്, അവക്കു ബോധോദയമുണ്ടാകുന്നതു്. അപകടസമ്പൂർണ്ണമായ പ്രതിസന്ധിയുടെ ഗൗരവം അവക്കു് ഏതാണ്ടു മനസ്സിലായെങ്കിലും, അതു് അപഗ്രഥിച്ചു് അതിന്റെ കാരണങ്ങൾ കണ്ടുപിടിക്കുവാനുള്ള കഴിവു് മിഷ്നറിമാക്കു് ഉണ്ടാകാതെ പോയതിൽ അത്ഭുതപ്പെടാനില്ല. അവർ സ്വാഭാവികമായും താല്ക്കാലിക ശാന്തിക്കാണു് ഒരുങ്ങിയതു്. നിർഭാഗ്യവശാൽ, അതു് സുറിയാനിക്കാരുടെ പ്രതിഷേധങ്ങളെയും എതിപ്പുകളെയും അടിച്ചമത്തുന്നതിനുമായിരുന്നു.

ഇതറിഞ്ഞ മിഷ്നറിമാർ അങ്കമാലിയിൽ ഓടിയെത്തി. അവരിൽ മലബാറിന്റെ നിയുക്തമെത്രാനെന്നും കമ്മലീത്താസഭയുടെ പ്രിയോർ ജനറാളെന്നും വിസിററർ അപ്പസ്തോലിക്കയെന്നും, മാർത്തോമ്മാക്രിസ്ത്യാനികളെ വിശ്വസിപ്പിച്ചു, ലോറൻസ് യൂസ്തീനിയാനി എന്ന വിദേശമിഷ്നറിയായിരുന്നു നേതാവു്. അവർ ഒരു യോഗം വിളിച്ചുകൂട്ടി. ആ യോഗത്തിൽവച്ചു് താഴെ പറയുംപ്രകാരം ഒരു തീപ്പു കല്പിച്ചു. ''പട്ടക്കാരെ തല്ലുകയും തല്ലിക്കുകയും വിലങ്ങിടുകയും അതിൽനിന്നു് ആത്മത്തിനടുത്ത ക്രിയകൂടാതെ ബഹുമാനം ഇല്ലാത്ത ഇടത്തു് വിശുദ്ധ കത്തോലിക്കാപ്പള്ളിയുടെ കല്പന പോലെയും കുററത്തിന്റെ പ്രകാരംപോലെയും മേല്പട്ടക്കാരന്റെ കല്പനയാലെങ്കിലും മുറിയിൽ പൂട്ടുന്നതു് അല്ലാതെ തല്ലുകയും തല്ലിപ്പിക്കുകയും അരുതു്............''

അപ്പോൾ മുറിയിലിട്ടു് പൂട്ടാം? അല്ലേ!!

ഈ വിവരങ്ങൾ പ്രസിദ്ധപ്പെടുത്തിയ 1908-ലെ ''മാർത്തോമ്മാ ക്രിസ്ത്യാനികളുടെ സത്യവിശ്വാസം'' എന്ന പുസ്തകം പുറത്തുവന്നശേഷം റോമിൽനിന്നും ആ സഭയുടെ അധികാരികൾ പുറപ്പെടുവിച്ച ഒരു കത്തിൽ, യൂസ്തീനിയാനി എന്നൊരാൾ മലബാറിലെ നിയുക്തമെത്രാനോ, കമ്മലീത്താസഭയുടെ പ്രിയോർ ജനറലോ ആയിരുന്നിട്ടില്ലാ എന്നു പ്രസ്താവിക്കുന്നുണ്ടു്. ആ കത്തുകൾ ബ്രദർ ലിയോപോൾഡിന്റെ കേരളത്തിലെ ലത്തീൻക്രിസ്ത്യാനികൾ എന്ന പുസ്തകത്തിൽ ഉദ്ധരിക്കുന്നുമുണ്ടു്. എന്നാൽ ഇതു് സത്യവിരുദ്ധമാണ്, കാരണം, യൂസ്തീനിയാനിയുടെ വാദങ്ങളെല്ലാം പ്രോപ്പഗാന്താ സംഘം അംഗീകരിക്കുന്നതായി രേഖയുണ്ടു്. 1775 ഒക്ടോബർ 15 നു് അദ്ദേഹം കേരളത്തിൽവന്നു അധികാരമേററെടുത്തതായും കാണുന്നു.

www.malankaralibrary.com

ആ ഉടമ്പടിയുടെ വ്യവസ്ഥകൾ താഴെപ്പറയുന്നവയായിരുന്നു.

(1) പള്ളികളിൽ നടത്തുന്ന പ്രദക്ഷിണങ്ങളുടെ നേതൃത്വം വിദേശമിഷ്നറിമാക്ക് മാത്രമായിരിക്കുകയില്ല.

(2) ലത്തീൻകാരായ വൈദികവിദ്യാൎത്ഥികൾക്ക് സുറിയാനി റീത്തനുസരിച്ച് പട്ടം കൊടുക്കുകയോ സുറിയാനി വൈദികരുടെ വേഷത്തിൽ അവരെ നടത്തുകയോ ചെയ്യുകയില്ല.

(3) കൊടുങ്ങല്ലൂർ മെത്രാപ്പോലീത്താ വൈദികപട്ടം നിഷേധിച്ചവക്ക് വരാപ്പുഴ വികാരി അപ്പസ്തോലിക്കാ പട്ടം കൊടുക്കുകയില്ല.

(4) കുററമാരോപിക്കപ്പെട്ടവരുടെ സമാധാനം കേൾക്കാതെ അവരെ ശിക്ഷിക്കുകയില്ല. (ഏകാധിപത്യ പ്രവീണതയുള്ള റോമൻ സഭാഭരണത്തിൽ മനുഷ്യൻെറ മൗലികാവകാശം ഏറെയും അംഗീകരിക്കപ്പെട്ടിരുന്നില്ല. രണ്ടാം വത്തിക്കാൻ സൂനഹദോസിൽപോലും ഇതേപ്പററി വളരെ വിമൎശനങ്ങൾ ഉണ്ടായിട്ടുണ്ട്.)

(5) വരാപ്പുഴ വികാരി അപ്പസ്തോലിക്കമാരുടെ സംസ്ക്കാരകൎമ്മങ്ങളിൽ സംബന്ധിക്കുന്നതിൽനിന്നും സുറിയാനിക്കാരെ തടഞ്ഞുനിത്തുകയില്ല.

(6) സുറിയാനിക്കാരും ലത്തീൻകാരുമായ വൈദികവിദ്യാൎത്ഥികൾക്ക് പ്രത്യേകം സെമിനാരികൾ വേണമെന്നുള്ളതിനുപകരം, ഇരുകൂട്ടൎക്കും പ്രത്യേകം താമസസ്ഥലം, ഭക്ഷണശാല, പഠനശാല, അടുക്കള ഇവ മതിയെന്നാണ് റോമിൽ തീരുമാനിച്ചത്.

ചമ്പക്കുളത്തുകാരൻ ഇത്താക്കച്ചനെ സാലസ് എന്ന കർമ്മലീത്താ മിഷ്നറിയും വേലക്കാരുംകൂടി കൊലപ്പെടുത്തിയ വിവരം പ്രൊപ്പഗാന്ത തിരുസംഘം അറിയുവാൻ ഇടയായതുകൊണ്ടായിരിക്കണം, 1774-ൽ താഴെപ്പറയുന്ന ഒരു ശാസനം പുറപ്പെടുവിച്ചത്.

"നമ്മുടെ കൎത്താവായ ഈശോമിശിഹായുടെ എളിമയും സൗമ്യതയും തങ്ങളുടെ ജീവിതത്തിൽ പകൎത്തേണ്ടവരായ കൎമ്മലീത്താസന്ന്യാസിമാരും അവരുടെ മെത്രാനും, ആ നാട്ടുകാരായ (കേരളീയർ) വൈദികരെ തുറുങ്കിലിടുകയും ചങ്ങല

www.malankaralibrary.com

യിൽ ബന്ധിക്കുകയും അതിക്രൂരമാംവിധം അടിക്കുകയും ചെയ്തതായി അവരുടെ നിരന്തരപരാതികളിൽനിന്ന്, ഈ തിരുസംഘം അറിഞ്ഞു ദുഃഖിക്കുന്നു. അതിനാൽ ഈ തിരു സംഘത്തിൻെറ സർവ്വശക്തിയോട് കല്പിക്കുകയും ആജ്ഞാപി ക്കുന്നതും ചെയ്യുന്നതെന്തെന്നാൽ, അവിടത്തെ വികാരി അപ്പ സ്തോലിക്കയും മിഷ്നറിമാരും വൈദികരോട് യാതൊരു ക്രൂരതയും കാണിക്കരുതെന്നാണ്. അവരുടെ കുററത്തിനു വേണ്ടി ശിക്ഷിക്കുകയാണെങ്കിൽ, ആ ശിക്ഷ അർഹിക്കുന്ന തിന് തക്ക തെളിവുകരം ഉണ്ടായിരിക്കണമെന്ന് മാത്രമല്ല, അതിന് ക്രൈസ്തവസ്നേഹമനുസരിച്ചുള്ള എളിമയും മാധുര്യവും ഉള്ളതായിരിക്കുകയും വേണം. വിവേകം അവരെ കോപിഷ്ട രാക്കരുത്. അവർ സ്നേഹമുള്ള പിതാക്കന്മാരായിരിക്കണം. അധികാരത്തിൽ ലഹരി പിടിച്ച മുഷ്ക്കരന്മാരാകരുത്''[2].

കൊച്ചിയുടെയും തിരുവിതാംകൂറിൻെറയും രാഷ്ട്രീയ ഭരണ മണ്ഡലങ്ങളിൽ കമ്മലീത്താമിഷ്നറിമാക്ക് ഒരു ''തുറുപ്പ്'' ഗുലാൻ ഉണ്ടായിരുന്നു. അതാണ് വരാപ്പുഴ രൂപതയുടെ വി കാരിജനറാളും മലയാളം, സംസ്കൃതം മുതലായ ഭാഷകളിൽ പണ്ഡിതനും തിരുവിതാംകൂർ രാജാക്കന്മാരുടെയും ഡച്ചുഗവർണ്ണ രുടെയും ആപ്തമിത്രവുമായിരുന്ന ഫാ. പൗളിൻ. മാർത്തോമ്മാക്രി സ്ത്യാനികളെ അടിച്ചമർത്തുന്നതിൽ അദ്ദേഹത്തെയാണ് മിഷ് നറിമാർ പ്രധാന ആയുധമായി എടുത്തതു്. അങ്കമാലി പടി യോല പുറത്തുവന്നതോടുകൂടി ഭയചകിതരായ മിഷ്നറിമാർ അന്തംവിട്ട് ആലോചനയായി. അതു് 1787 ഫെബ്രുവരി 5–ാം തീയതി ആയിരിക്കണം. അതിൻെറ ഫലമായിട്ടാണ് ഫാ. പൗളീനും അദ്ദേഹത്തിൻെറ രണ്ടുകൂട്ടുകാരുംകൂടി ഓടിക്കി തച്ച് കൊച്ചിയിലുണ്ടായിരുന്ന ഡച്ചുഗവർണ്ണരുടെ കൊട്ടാര ത്തിലെത്തിയതു്. ഫാ. പൗളിൻ ഡച്ചുഗവർണ്ണരെ അറിയി ച്ചതു് ''കറുത്തവരായ സുറിയാനിക്കാർ 'വെളുത്തവരായ യൂറോപ്യന്മാർ'ക്കെതിരായി സമരം ആരംഭിച്ചു'' എന്നാണ്. വർണ്ണഭ്രാന്തും പറഞ്ഞു് ഡച്ചുഗവമെൻണ്ടിൻെറ തോളിൽ കയ്യിട്ടുവാൻ കമ്മലീത്തക്കു സാധിച്ചിരിക്കുന്നു.

സുറിയാനിക്കാരോടുള്ള അനുഭാവം ഇല്ലാതാക്കി, കൊച്ചി രാജാവിനെ തങ്ങളുടെ പക്ഷത്തുകൊണ്ടുവരുവാനും സുറിയാ

---

2. Placid J. Podipara, the Hierarchy of the Syro-Malabar Church 1976, P. 154-55.

www.malankaralibrary.com

നിക്കാരോട്ട് പ്രതികാരം കാണിക്കുവാനുമായിരുന്നു മിഷ്യനറിമാരുടെ ഉദ്ദേശ്യം. അതിനു ഡച്ചുഗവർണ്ണരുടെ സഹായം ആവശ്യമായിരുന്നു. ഫാ. പൗളീനും കൂട്ടരും ഡച്ചുഗവർണ്ണരിൽ നിന്നും അടിയന്തിരമായ ഒരു കത്ത് വാങ്ങി കൊച്ചി രാജാവിനു സമർപ്പിച്ചു. ആ എഴുത്ത് 1787 ഫെബ്രുവരി 7-ാം തീയതിയിലെ ആണ്. പുത്തേഴത്തു രാമൻ മേനോൻ, 'ശക്തൻ തമ്പുരാൻ' എന്ന തന്റെ പുസ്തകത്തിൽ ആ കത്ത് ഉദ്ധരിച്ചിട്ടുണ്ട്[3]. അതിന്റെ പകർപ്പാണ് താഴെകൊടുത്തിരിക്കുന്നത്. അതിൽ മിഷ്യനറിമാരുടെ ദുരുദ്ദേശ്യങ്ങളും കുതന്ത്രങ്ങളും വേണ്ടുവോളം പ്രകടമായിട്ടുണ്ട്.

''ഇന്ത്യയുടെ നിയോഗത്തിൽപ്പെട്ട മലയാളക്കരയ്ക്ക് അധിപതിയായ ഗരാർത്തുവൻ ആങ്കാംബെക്ക് എതിലേ ര എഴുത്തു.

പെരുമ്പടപ്പിൽ സ്വരൂപത്തിൽ മൂത്തതമ്പുരാൻ തിരുവുള്ളത്തിൽ ഏററണ്ടും അവസ്ഥ.

എന്നാൽ അങ്ങേ രാജ്യത്തും (കൊച്ചിയിലും) തൃപ്പാപ്പിസ്വരൂപത്തിങ്കൽ മൂത്തതമ്പുരാന്റെ രാജ്യത്തും (തിരുവിതാംകൂറിലും) രഹസ്യമായിട്ടുള്ള വിചാരങ്ങൾ തുടങ്ങിയിട്ടുണ്ട്. ആയതു മുൻനടത്തിയാൽ അങ്ങേക്കും കുമ്പഞ്ഞിക്കും (ലന്തക്കമ്പനിക്കും) ഏററിയ കാര്യദോഷമായി വരുമെന്നു തോന്നുന്നു എന്നു വരുമ്പോൾ ഈ അവസ്ഥ അങ്ങയെ ഉണർത്തിക്കത്തക്കവണ്ണം വേണ്ടിവന്നു. കുമ്പഞ്ഞിയുടെ കാര്യത്തിനു് നാം അങ്ങോട്ടു ഗ്രഹിക്കുന്നതിനു് ഉതാരത (ഉദാസീനത) ചെയ്തുകൂടാ. അതുതന്നെയല്ലാ നാം അങ്ങേക്കു ഏററിയ മമത ഉണ്ടാക കൊണ്ടും ഇനി മേല്പട്ടു ഒരു അനർത്ഥം വരാതെയിരിക്കത്തക്കവണ്ണം അങ്ങോട്ടുകൂ അറിയിക്ക വേണ്ടിവന്നു.

കുമ്പഞ്ഞി (ഡച്ചുകമ്പനി) മലയാളത്തു വന്നതിൽപിന്നെ, പറങ്കിപാദ്രിമാരെ കുമ്പഞ്ഞി രക്ഷക്കീഴുള്ള റൊമാനു പള്ളികളിൽ അവരെ പതിച്ചു ഇരുത്തി ഭരിപ്പിക്ക ഇല്ലെന്നു ശട്ടം വച്ചിട്ടുണ്ട്. അയതു അവരെക്കൊണ്ടു ഒരു പൈശൂന്യവും ഉണ്ടായിട്ടല്ല. അവര ഏററിയൊരു വികൃതി ഉള്ളവര എന്നു പരീക്ഷിക്കുക (ബോദ്ധ്യപ്പെട്ടുക) കൊണ്ടത്രെ ആകുന്നു. അവര (ഇപ്പോൾ) കോയ്മസ്ഥാനം നടത്തത്തക്കവണ്ണം ക്ലേശിക്ക

3. പുത്തേഴത്തു രാമൻമേനോൻ; ശക്തൻതമ്പുരാൻ, P. 382.

www.malankaralibrary.com

എത്രെ ആകുന്നു. പള്ളികളിലും ദരിശനങ്ങളിലും അവരെ കീഴ അമൎത്തിക്കൊണ്ടുചെന്നിട്ടു, അതുകൾ ജനങ്ങളുടെ ആത്മാവിനെ വിശാരിക്കുന്നതല്ലാതെയും, രാജ്യവിശാരവുംകൂടെ ക്ലേശിച്ചിട്ടു, ഗോവയിലെ മെത്രാപ്പോലീത്തായുടെ കീഴിൽ കൊണ്ടുവരത്തക്കവണ്ണമുള്ള പ്രയത്നം അത്രെ ആകുന്നു. അതുകൊണ്ടു് പറങ്കി പാദ്രിമാരെ കുമ്പഞ്ഞി എല്ലായ്പോഴും മുടക്കിയിട്ടു.

വരാപ്പുഴ മെത്രാനും കൎമ്മലീത്താപാദ്രിമാരെക്കൊണ്ടു നടത്തിവരുന്നു. അവരിപ്പോൾ നൂററിൽ ചിലപാനംകാലം കുമ്പഞ്ഞിക്കീഴുള്ള പള്ളികൾ നടത്തിചെല്ലുന്നു. അവ്വണ്ണംതന്നെ അങ്ങേ രാജ്യത്തും തൃപ്പാപ്പിസ്വരൂപത്തിലെ രാജ്യത്തും ഉള്ള പള്ളികൾ വിശാരിച്ചുവരുന്നു. ഇപ്പോൾ വരാപ്പുഴമെത്രാനും പാദ്രിമാരും ദുഷ്ടതഉള്ളവര ആകുന്നുവെന്നും, രഹസ്യത്തോടുകൂടി വിശാരിക്കേണ്ടതാകുന്നു. ദോം കരിയാത്തു് എന്ന മെത്രാപ്പോലീത്താ പോൎത്തുഗൽ രാജ്യത്തെ വാഴ്ച കഴിഞ്ഞുവന്ന ഗോവായിൽ മരിച്ചുത, ഇവരക്കൂടി ആ മരണത്തിൽ ഉൾപ്പെട്ടവരെന്നു അങ്ങേ കുടിയാന്മാരിൽ ചിലർ ഗ്രഹിച്ചിട്ടുണ്ടായിരിക്കമെല്ലോ. ഈ ദൂഷണം അവര ചതിയായിട്ടു വിശാരിച്ചു, വരാപ്പുഴമെത്രാനും കൎമ്മലീത്താപാദ്രിമാൎക്കും തിരുവുള്ളക്കേടു വരുത്തിയിട്ടു അവരെ കളഞ്ഞ ശുരിയാനും (സിറിയൻ) റോമാനും പള്ളികളും അവരെ കീഴ ഒള്ളത ഒക്കയും നീക്കിയിട്ടു കൊടുത്തു. (അതൊക്കെയും) "പുത്തൻചിറക്കല്ലും പാൎക്കുന്ന പറങ്കിമെത്രാന്മാൎക്കു കൊടുക്കത്തക്കവണ്ണം ഉത്സാഹിക്ക ആകുന്നു. ഇത ഇവ്വണ്ണം വന്നാൽ ഇപ്പള്ളികളൊക്കെയും ഗോവയിലെ മെത്രാപ്പോലീത്തയുടെ കീഴ് അമൎന്നു പോകയും ചെയ്യും. പറങ്കിപാദ്രിമാരുടെ കൈക്സ്സാനം മലയാളത്തിലുള്ള മാൎക്കക്കാൎക്കു (ക്രിസ്ത്യാനികൾ) ഒക്കയും ഉണ്ടാകയും ചെയ്യും. അതു രാജാക്കന്മാൎക്കും കുമ്പഞ്ഞിക്കും കാൎയ്യദോഷമായി വരികയും ചെയ്യും.

കൊല്ലത്തു പാൎക്കുന്ന പറങ്കിമെത്രാൻ എന്തൊരു വ്യാപ്തിയും ദുഷ്പ്രവൃത്തികളും തൃപ്പാപ്പ സ്വരൂപത്തിലെ രാജ്യത്തും പ്രജകളോടും ചെയ്തിരിക്കുന്നതു് അങ്ങെ അറിയാതെ ഇരിക്കയില്ലല്ലോ. ഈ പാദ്രിമാരുടെ കൈക്സ്സാനം ഇവ്വണ്ണം വൎത്തിച്ചാൽ അതുകൊണ്ടു ഏററിയൊരു അനൎത്ഥവും വിപരീതവും മുതിൎന്നു വരുമല്ലോ. ദോം കരിയാത്തു ഗോവായിൽ പറങ്കികളുടെ തലത്തിൽ വെച്ചു മരിച്ച മരണത്തിൽ വരാപ്പുഴമെത്രാനും പാദ്രിമാരും ഒന്നും അറിഞ്ഞവരുമല്ല. ഇത്ര വലുതായിട്ടുള്ള കുററം

www.malankaralibrary.com

ആധാരം കൂടാതെ വിശ്വസിച്ചുകൂടാ എല്ലോ. വരാപ്പുഴമെത്രാനും പാദ്രിമാരും ഇതൊന്നും ചെയ്തിട്ടില്ല എന്നു നിശ്ചയിക്കാമല്ലോ. അവരെ ഗോവയിലെ പാദ്രിമാരായിട്ടു ഒരു ശേർച്ചയുമില്ല. ജാതിഭേദമുണ്ട്. കല്പനയും നടപ്പും മൂപ്പന്മാരും വേറെ പ്രകാരത്തിൽ ആകുന്നു. എന്നും വരുമ്പോൾ ഇവ്വണ്ണമുള്ള ശതിവചനം അനുസരിച്ച് വരാപ്പുഴ മെത്രാനെയും പാദ്രിമാരെയും സങ്കടപ്പെടുത്തുകയുമരുത. അവർ മേൽക്കുമേൽ അങ്ങേ രക്ഷയും സഹായവും ഉണ്ടായിരിക്കണമെന്നു നൊണങ്ങെളുടെ അപേക്ഷിക്കുന്നു. തിരുവായസ്സു വദ്ധിച്ചിരിക്കട്ടെ.''

കൊച്ചിക്കോട്ടയിന്നു 1787 കുംഭം 7–ാംനു- (ഒപ്പ്)

ശുദ്ധബുദ്ധിയായ കൊച്ചി രാജാവ്, ഡച്ചുഗവർണ്ണരുടെ എഴുത്ത് പരിപൂർണ്ണമായി വിശ്വസിച്ചതിനാൽ, വളരെ സുറിയാനിക്കാരെ തടവിലാക്കാനും അവരുടെ വസ്തുവകകൾ കണ്ടു കെട്ടാനും ചിലരെ ദേഹോപദ്രവമേല്പിക്കുവാനും ഇടയാക്കി. എന്നാൽ ശ്രദ്ധേയമായ സംഗതി കമ്മലീത്താമിഷ്നറിമാർ ഈ എഴുത്തിൽ പ്രയോഗിച്ചിട്ടുള്ള തന്ത്രങ്ങളാണ്. ഡച്ചുകാക്ക് പോർച്ചുഗീസുകാരോടു സ്വാഭാവികമായുമുള്ള ശത്രുത ആളിക്കത്തിക്കുവാനും സുറിയാനിക്കാർ പോർച്ചുഗീസ് മെത്രാന്മാരുടെ കീഴിൽ വന്നാൽ അത് ഡച്ചുകാക്കും രാജ്യത്തിനും ദോഷകരമായിരിക്കുമെന്നും വിദഗ്ദ്ധമായി പ്രസ്താവിക്കുന്നു. മറെറാരു സംഗതി, കരിയാററി മെത്രാപ്പോലീത്തായുടെ അകാല നിര്യാണത്തിൽ കമ്മലീത്താമിഷ്നറിമാക്ക് പങ്കില്ലെന്നുള്ളതാണ്. എന്നാൽ കരിയാററിൽ മെത്രാപ്പോലീത്താ കൊല്ലപ്പെട്ടതാണെന്നു പരോക്ഷമായി സമ്മതിക്കുന്നുമുണ്ട്. ഫാ. പൌളിൻ ഡച്ചുവണ്മെൻറിൻെറ ദ്വിഭാഷിയായ വാൻത്രുയെൻസ് (Van Thruyence) മായി തിരുവനന്തപുരത്തുചെന്ന്, രാമവമ്മമഹാരാജാവിനെ മുഖം കാണിച്ച്, സുറിയാനിക്കാർ തങ്ങൾക്കെതിരായി പടവെട്ടുവാൻ ഒരുങ്ങുന്നുവെന്ന് സങ്കടം ബോധിപ്പിച്ചു. ഈ വാത്ത സാത്വികനായ മഹാരാജാവിനെ സ്വാഭാവികമായും വളരെ അസ്വസ്ഥനാക്കുകയും സുറിയാനിക്കാരോട് അപ്രീതി തോന്നാൻ ഇടയാക്കുകയും ചെയ്തു.

സുറിയാനിക്കാർ കൊച്ചിരാജ്യത്തിലുമുണ്ടായിരുന്നല്ലോ. അതിനാൽ വരാപ്പുഴയുള്ള കുറെ മിഷ്നറിമാർ കൊച്ചിരാജാവിൻെറ പ്രത്യേക സ്നേഹിതനായ ഡിസിൽവാ എന്നൊരു വൈദികനുമൊന്നിച്ച്, ചൊവ്വരയെഴുന്നെള്ളിയിരുന്ന രാജാവിൻെറ അടുക്കൽചെന്ന്, കേരളത്തിൽ വിദേശീയരായിരുന്ന

www.malankaralibrary.com

വക്കു ദോഷകരങ്ങളായുള്ള പല നിശ്ചയങ്ങളും രാജാവിൻെറ അനുമതികൂടാതെയും മററും അങ്കമാലിയിൽവച്ചു പാസ്സാക്കിയതിൽ സങ്കടം ബോധിപ്പിച്ചു. തന്മൂലം കൊച്ചി സംസ്ഥാനത്തുള്ള 23 പള്ളിക്കാൎക്കുംകൂടി 2600 പണം പിഴ കല്പിച്ചു. എന്നാൽ തച്ചിൽ മാത്തുത്തരകൻ മുതലായവരുടെ നിവേദനഫലമായി ആ തുക ഇളവു ചെയ്യുകയും പാറേമ്മാക്കൽ തോമ്മാക്കത്തനാൎക്കു തിരുവിതാംകൂർ രാജാവു് അനുവദിച്ചിരുന്ന എല്ലാ ബഹുമതികളും സ്ഥാനമാനങ്ങളും നല്കുകയും ചെയ്തു. എന്നാൽ താമസംവിനാ ഫാ. പൌളിൻ കേരളം വിട്ടുപോകേണ്ടിവന്നു. റോമിലെ അധികാരികൾ കേരളത്തിലെ സ്ഥിതിഗതികളെപ്പററി അജ്ഞരും ഈ മിഷ്നറിമാരുടെ പാവകളുമായി പ്രവൎത്തിച്ചിരുന്നുവെന്നുള്ളതിനു കൂടുതൽ തെളിവു് വേണമോ? കേരളസഭയ്ക്കു് വന്നിട്ടുള്ള ദുരന്തത്തിനു് പ്രധാന കാരണം വിദേശമിഷ്നറിമാരായിരുന്നു.

കൎമ്മലീത്താമിഷ്നറിമാർ കാട്ടിക്കൂട്ടിയ അനീതികൾക്കും ക്രൂരതകൾക്കും എതിരായിട്ടു കൊച്ചിയിലേയും തിരുവിതാംകൂറിലേയും സൎക്കാർ പല കേസുകളും എടുത്തിരുന്നു. 1787 മേയ് ഏഴാം തീയതി കൎമ്മലീത്താവൈദികർ റോമിലേയ്ക്കു് അയച്ച എഴുത്തിൽ പറയുന്നതു്, അവരുടെ പേരിലുള്ള കേസുകളിൽ ഇത്താക്കച്ചൻെറ വധം ഒഴിച്ചുള്ള എല്ലാ കേസുകളും അവസാനിച്ചിരിക്കുന്നുവെന്നും, ഇക്കോക്കിച്ചൻെറ കൊലപാതകക്കേസ്സിൽ പ്രതികളായ കൎമ്മലീത്താ മെത്രാനായ വികാരി അപ്പോസ്തലിക്കായും മററു വൈദികരും മാത്രമേ ശിക്ഷിക്കപ്പെട്ടിട്ടുള്ളുവെന്നും പ്രതികൾ വൈദികാധികാരികളായതുകൊണ്ടു് കോടതിയിൽനിന്നും ഒരു തുക പിഴയായി നിശ്ചയിക്കുകയുണ്ടായെന്നും ആണ്[4]. ഇതിനു പ്രതികാരമായി കൎമ്മലീത്താമിഷ്നറിമാർ അവരുടെ സ്വാധീനവും ശക്തിയും ഉപയോഗിച്ചു് മാൎത്തോമ്മാക്രിസ്ത്യാനികളിൽ പലരേയും കേസുകളിൽ കുടുക്കുകയും ശിക്ഷകളിൽപെടുത്തുകയും ചെയ്തിട്ടുണ്ടു്.

## സാലസ് മെത്രാൻ (1775-1779)

ചമ്പക്കുളത്തുകാരൻ ഇത്താക്കച്ചനെ (ഇക്കോക്കിച്ചനെ) മിഷ്നറിമാരും വേലക്കാരുംകൂടി കൊല്ലുവാൻ ഇടയാക്കുകയും, മരണസമയത്തു് അദ്ദേഹം അഭ്യൎത്ഥിച്ച അന്ത്യകൎമ്മങ്ങൾ

4. Placid J. Podipara 1970:175-76.

www.malankaralibrary.com

നിഷേധിക്കുകയുംചെയ്ത ആളായിരുന്നു ഫാ. സാലസ്. യൂറോപ്പിലേയ്ക്കു് ഭാണ്ഡംകെട്ടിച്ച ഈ സാലസ്പാതിരി, വിളംബംവിനാ, വരാപ്പുഴ വികാരി അപ്പസ്തോലിക്കയായി മടങ്ങിവന്നതു് റോമൻക്കൂറിയായിൽ കരിനിഴൽ പരത്തുന്ന ലജ്ജാകരമായ സംഭവമാണു്. അദ്ദേഹത്തിൻെറ പേരിലുള്ള കൊലക്കേസ്സു് അപ്പോൾ സർക്കാർ കോടതികളിൽ നടന്നുകൊണ്ടിരിക്കുകയായിരുന്നു. കൊലക്കേസിൽ പ്രതിയായ സാലസ് പാതിരി മലയാളത്തിൻെറ മെത്രാനായി മടങ്ങിവന്നതു്, സുറിയാനിക്കാർക്കു് സ്വാഭാവികമായും വേദനാജനകമായിരുന്നു. റോമിൽനിന്നും അയയ്ക്കുന്ന 'ഇടയന്മാ'രെപ്പററി ജനങ്ങൾക്കുള്ള മതിപ്പും ബഹുമാനവും നഷ്ടപ്പെടാൻ വേണ്ടതിലധികവുമായി. അണിയറ സമ്മർദ്ദങ്ങളുടെ ഫലമായി, റോമൻ ക്കൂറിയായിലെ ഫയലുകളിൽനിന്നും പെറുക്കിയെടുക്കപ്പെട്ടവർ ആരായാലും ശരി, അവർ ജനങ്ങളുടെ പാരമ്പര്യങ്ങളോടും താല്പര്യങ്ങളോടും താദാത്മ്യം പ്രാപിച്ച സമർപ്പിതബുദ്ധികളായിരിക്കണമെന്നുള്ളതു് സംശയമററ കാര്യമാണു്. എന്നാൽ സഭാഭരണം ഭൗതികവും സ്വാർത്ഥപരവും ആയ കൊളോണിയൽ സമ്പ്രദായം സ്വീകരിക്കുമ്പോൾ, ഇടയൻ ആരായാലും, അതു് ആടുകളോടു് ചെയ്യുന്ന ഒരു ദ്രോഹമാണു്. ഏകാധിപത്യത്തിൻെറ സാമ്രാജ്യഭരണത്തിൽ, ഭരണീയർ അവഗണ്യരായിത്തീരുന്നതു് സഭാഭരണത്തിൻെറ ഒരു ശാപമാണു്; ആ ഭരണരീതിയുടെ മാത്രമല്ല, ഭരണത്തിൻെറ തന്നെയും അന്ത്യം കുറിക്കുവാൻ അതു് സഹായിക്കുകയും ചെയ്യും. മദ്ധ്യയുഗത്തിലെ യൂറോപ്യൻ സഭാചരിത്രത്തിൽ അതിനു് അനേകം ദൃഷ്ടാന്തങ്ങളുണ്ടു്.

സാലസ് വരാപ്പുഴ വന്നപ്പോൾ, അദ്ദേഹത്തെ യൂറോപ്പിലേയ്ക്കു് ഏടുകെട്ടിച്ചയച്ചവരായിരുന്നു അവിടെയുണ്ടായിരുന്ന മിഷ്നറിമാർ. പട്ടുവസ്ത്രങ്ങളോടും, സ്വർണ്ണാഭരണങ്ങളോടും അധികാരചെങ്കോലും കൂടിയുള്ള സാലസ് മെത്രാൻെറ ഈ ജൈത്രയാത്ര വരാപ്പുഴയിലെ മിഷ്നറിമാരുടെ കന്നത്തു കിട്ടിയ ഒരടിയായിരുന്നു. സാലസുമെത്രാൻെറ വരവുകണ്ടപ്പോൾ, ഇററാലിയരായ മിഷ്നറിമാരുടെ മനസ്സു ചൊടിച്ചു, വികാരം ജ്വലിച്ചു, ശരീരം വിറച്ചു. വരാപ്പുഴയിലെ ചൂടേറിയ അന്തരീക്ഷത്തിൽ സാലസ്മെത്രാൻ വിയർത്തൊലിച്ചു. മറുവശത്തു്, ഭരണീയരായ അജഗണത്തിൻെറ മാനസിക

www.malankaralibrary.com

ചക്രവാളം നിറഞ്ഞുനിന്നതു്, ഇത്താക്കച്ചൻ കൊലക്കേസി ൻെറ ഇടിയും മിന്നലും ആയിരുന്നു.

മലബാറിൻെറ വികാരി അപ്പസ്തോലിക്കയായ സാലസു മെത്രാനും വരാപ്പുഴയിലെ ഇററാലിയൻ മിഷ്നറിമാരുമാ യുള്ള കലഹം റോമിൻെറ ചെവിയിൽ എത്തിയപ്പോഠം, ഇവ രുടെ വഴക്കുകഠം പറഞ്ഞൊതുക്കുവാനും പരസ്പരം രഞ്ജിപ്പിക്കു വാനും ബോംബയിലെ വികാരി അപ്പസ്തോലിക്കയും കമ്മ ലീത്തനുമായ ബിഷപ്പു കാർലോസിനെ വരാപ്പുഴയ്ക്കയച്ചു. ബിഷപ്പ് കാർലോസ് മലബാർ വികാരിയാത്തിൽ 1764 മുതൽ 1773 വരെ സഹായമെത്രാനായിരുന്ന ആളാണു്. എന്നാൽ ഇരുക്കൂട്ടരുടേയും നിർബ്ബന്ധബുദ്ധിയുടേയും, ദുർവാ ശിയുടേയും മുമ്പിൽ ബിഷപ്പു കാർലോസ് തീർത്തും നിസ്സഹാ യനായി, പരാജിതനായി പിൻവലിഞ്ഞു.

വിപത്സന്ദർഭങ്ങളിൽ ചിലർക്കുണ്ടാകാറുള്ള സ്വാത്മത യുടെ പ്രായോഗികബുദ്ധി സാലസിനേയും സഹായിച്ചു. വളരെ വർഷങ്ങളോളം പ്രൊപ്പഗാന്താ കോളേജിൽ പഠിച്ച ശേഷം, അന്നു് ആലങ്ങാട്ടു സെമിനാരിയിലെ മല്പാനായി രുന്ന, ജോസഫ് കരിയാററിയെ അദ്ദേഹം ഓർത്തു. തൻെറ നിരാശ്രയാവസ്ഥയിൽ കരിയാററിയുടെ സഹായഹസ്തം ഉത കാതിരിക്കുകയില്ലെന്നു് അദ്ദേഹം തീരുമാനിച്ചു. കരിയാററി ജോസഫ് മല്പാനെ വരാപ്പുഴ വരുത്തി, തൻെറ ദയനീയസ്ഥി തിയെല്ലാം അദ്ദേഹത്തെ അറിയിച്ചു. മഹാമനസ്കനും ആർദ്ര ചിത്തനുമായ മല്പാൻ വികാരിയാത്തിലെ കമ്മലീത്താ മിഷ് നറിമാർക്കു് സാലസ് മെത്രാനെ വേണ്ടെങ്കിലും, കഴിഞ്ഞ തെല്ലാം ക്ഷമിച്ചും മറന്നും, തങ്ങളുടെ ആത്മീയപിതാവായ സാലസ്മെത്രാനെ യഥോചിതം മാർത്തോമ്മാ ക്രിസ്ത്യാനി കഠം സ്വീകരിച്ചുകൊള്ളുമെന്നു് സാലസിനു് ഉറപ്പുനല്കി. അതേ തുടന്നാണു്, സാലസ്മെത്രാനു് ആലങ്ങാട്ടേയ്ക്കു് ഗംഭീ രവും ആഘോഷപൂർവ്വവുമായ വരവേല്പു നല്കിയതും ആല ങ്ങാട്ടു താമസിക്കുവാൻവേണ്ട സൗകര്യങ്ങഠം കിട്ടിയതും[5].

കരിയാററിമല്പാൻെറ ദീർഘകാലസഹചാരിയും സ്നേ ഹിതനും ആയ ഗവർണദോർ തോമസ് പാറേമ്മാക്കൽ

5. ഫാ. ബെർനാർഡ്, മാർത്തോമ്മാക്രിസ്ത്യാനികഠം: Vol. II: P. 187.

www.malankaralibrary.com

തന്റെ വത്തമാനപ്പുസ്തകത്തിൽ ഇതേപ്പററി എഴുതിയിട്ടുള്ള സജീവവിവരണം ശ്രദ്ധാർഹമാണ്:– "........ഇങ്ങനെ പാതിരിമാരു എല്ലാവരും മെത്രാനോട മറുത്ത അയമപ്പായി മെത്രാൻ വരാപ്പുഴനിന്ന പോകണമെന്ന മുട്ടിച്ചുകൂടിയാറെ മെത്രാന്ന മറെറാരു പോംവഴിയും കാണാഞ്ഞിട്ടു ഉടൻ കരിയാട്ടിൽ മല്പാന്ന കുറി എഴുതി അയച്ചു അദ്ദേഹത്തെ വരാപ്പുഴക്കു വരുത്തി തന്നോട്ട പാതിരിമാരു കാട്ടുന്ന അതിക്രമങ്ങളൊക്കെയും മഹാദുഃഖത്തോടും കണ്ണുനീരോടുംകൂടെ പറകയും കീഴനാളിൽ താൻ ഏതാനും ഉതപ്പുകാട്ടിപോയെങ്കിലും ഇനിമേലിൽ നല്ല വ്യാപാരം വ്യാപരിക്കമെന്ന പറഞ്ഞൊക്കകയും ചെയ്തതിന്റെശേഷം കരിയാട്ടിൽ മല്പാന്ന മെത്രാന്റെമേൽ അയിററപ്പുഴതോന്നി ഉടൻതന്നെ കുത്തിയതൊട്ടുകൽ തച്ചിൽ മാത്തു തരകന്ന കുറി എഴുതി അയച്ചു അയാളെ വരാപ്പുഴ വരുത്തി അയാളോട്ട ഈ അവസ്ഥയൊക്കയും പറഞ്ഞ ബഹുമാനപ്പെട്ട മല്പാനും മാത്തുത്തരകനുംകൂടെ ശ്രമിച്ചു അങ്കമാലിക്കൽ പള്ളിക്കാററേയും ആലങ്ങാട്ടു പള്ളിക്കാററേയും ഇതുമെന്യെ മററു ചില പള്ളിക്കാററേയും വരുത്തി മെത്രാനെയും തനിക്കുള്ള മുണ്ടുമുറികളിൽ ഏതും വരാപ്പുഴ വച്ചേക്കാതെ സവ്വസമസ്തവും എടുത്ത മഹാഘോഷത്തോടും അലങ്കാരത്തോടുംകൂടെ കൊണ്ടുചന്ന ആലങ്ങാട്ടു പാപ്പിക്കയും ചെയ്തു"6.

വരാപ്പുഴയിലെ മിഷ്നറിമാർ സാലസിനു് കിട്ടിയ വരവേല്പിൽ കോപിഷ്ഠരായി; അതു നടത്തിയവരോട്ട് പകവീട്ടാൻ അവർ നിശ്ചയിച്ചു. സാലസിനു കിട്ടിയതുപോലുള്ള ആഘോഷപൂവ്വമായ വരവേല്പിനു് സക്കാർ അനുവാദം വേണമെന്നും എന്നാൽ ഇതിനു് അനുവാദം വാങ്ങിയിരുന്നില്ലെന്നും പരാതിയുണ്ടാകയാൽ വരവേല്പിനു നേതൃത്വം നല്കിയ പള്ളിക്കാരുടെമേൽ, സക്കാർ കുററമാരോപിച്ചു് കേസെടുത്തു. അതിനു പ്രേരണ നല്കിയതു് മിഷ്നറിമാർ ആയിരുന്നു. എന്നാൽ തച്ചിൽ മാത്തുത്തരകൻ ഇടപെട്ടതിനാൽ കേസു തുടന്നില്ല. സാലസ് മെത്രാൻ പ്രൊപ്പഗാന്തായുടെ കല്പനയനുസരിച്ചു്, 1779–ൽ, തന്റെ സ്ഥാനം രാജിവെച്ചു് നാടുവിട്ടുപോവുകയും, ശിഷ്ടകാലം കമ്മലമലയിൽ തപസ്സിലും പ്രാത്ഥനയിലും കഴിച്ചുകൂട്ടുകയും ചെയ്തു.

---

6. വത്തമാനപ്പുസ്തകം, P. 50–51.

www.malankaralibrary.com

## സാലസ് മെത്രാനുശേഷം

1779–ൽ സാലസ് മെത്രാനെ യൂറോപ്പിലേക്കു് തിരിച്ചയച്ചശേഷം, 1784 വരെ വരാപ്പുഴ വികാരിയാത്തിനു് പിൻഗാമികളായ മെത്രാന്മാരുണ്ടായിരുന്നില്ലെന്നുവേണം പറയാൻ. കരോളോ എന്ന ഇററാലിയൻ മിഷ്നറി കുറെനാരം അഡ്മിനിസ്ട്രേററായി ഭരിച്ചു. അതിനുശേഷം, വി. മാർഗ്ഗരെററിന്റെ ജോൺ എന്ന മിഷ്നറി മെത്രാനായി നിയമിക്കപ്പെട്ടു. എന്നാൽ അദ്ദേഹം അക്രമോത്സുകനായിരുന്നുവെന്നു് ആരോപണമുണ്ടാകയാൽ, അദ്ദേഹത്തിന്റെ നിയമനം പിൻവലിക്കപ്പെടുകയും കരോളോതന്നെ അഡ്മിനിസ്ട്രേററായി തുടരുകയും ചെയ്തു. അദ്ദേഹത്തെ പിൻതുടന്ന മെത്രാൻ, വി. തോമ്മസിന്റെ ജോൺമേരിയായായിരുന്നു. അദ്ദേഹത്തിന്റെ ഭരണകാലം മദ്രാസ്സിൽതന്നെ കഴിച്ചുകൂട്ടുകയും 1783–ൽ അവിടെവച്ചുതന്നെ മരിക്കുകയും ചെയ്തു. സ്വന്തം അജഗണത്തേയും അവയുടെ ആലയും അറിയാതെ ഊരുചുററി സുഖിക്കുന്ന ഒരു മെത്രാനായിരുന്നു അദ്ദേഹം. ഇന്നും ആ ചരിത്രം ആവർത്തിച്ചുകൊണ്ടിരിക്കുന്നു. അതേ തുടർന്നു്, കരോളോ മൂന്നാം പ്രാവശ്യവും അഡ്മിനിസ്ട്രേററായി 1783 വരെ വികാരിയാത്തിനെ ഭരിച്ചു. 1784 മുതൽ 1802 വരെ വരാപ്പുഴ വികാരിയാത്തിനെ ഭരിച്ചിരുന്നതു്, അലോഷ്യസ് മേരി എന്ന ഇററാലിയനാണു്. അദ്ദേഹത്തിന്റെ കാലത്താണു് പ്രസിദ്ധമായ അങ്കമാലി പടിയോലയുടെ സ്ഫോടനം സംഭവിക്കുന്നതു്.

## ജോൺ മേരി (1783)

ബവേറിയനായ സാലസ് മെത്രാന്റെ കാലത്തു്, ഇററാലിയരായ കർമ്മലീത്താവൈദികർ (അവരായിരുന്നു ഭൂരിപക്ഷവും, റോമൻ കൂരിയായിൽ സ്വാധീനമുള്ളവരും) അദ്ദേഹത്തിനെതിരായി അനേകം ആരോപണങ്ങരം റോമിൽ സമർപ്പിച്ചുകൊണ്ടിരുന്നു. സാലസ് മെത്രാനെ കുടിയിറക്കാൻ റോമിൽ ചെന്നു് വാദിക്കുവാൻ പോയതു്, ഇററാലിയൻകാരനായ ജോൺ മേരി എന്നൊരു മിഷ്നറിയാണു്. അദ്ദേഹത്തിന്റെ ദൗത്യം ഇരുനൂറു ശതമാനവും വിജയിച്ചു. ഇരുനൂറു ശതമാനമെന്നു് പറഞ്ഞതിൽ, നൂറു ശതമാനവും സാലസിന്റെ കുററങ്ങരം റോമിൽ ബോദ്ധ്യപ്പെട്ടതാണു്: പിന്നെ ശേഷിച്ചിരിക്കുന്ന നൂറു ശതമാനം, ആരോപണകർത്താവായ ജോണിനെ

www.malankaralibrary.com

ത്തന്നെ സാലസിന്റെ സ്ഥാനത്തു് മെത്രാനായി നിയമിച്ചതാണു്; എന്നാൽ ഭാഗ്യവശാൽ, ഈ ജോൺ പാതിരിക്കു് മെത്രാനാകാൻ കഴിഞ്ഞില്ല.

അങ്കമാലിയോഗത്തിനുശേഷം സുറിയാനിക്കാരും കമ്മലീത്താമിഷ്യനറിമാരും തമ്മിലുണ്ടായ ഉടമ്പടിയിൽ, മിഷ്യനറിമാർ നാട്ടുവൈദികരെ ദേഹോപദ്രവം ചെയ്യുകയില്ലെന്നു് സത്യംചെയ്തതാണു്. അതിനുശേഷം, മലയാറ്റൂർ പള്ളിയിൽ പുതുഞായറാഴ്ച തിരുനാളിൽ തിരുശ്ശേഷിപ്പു് വഹിച്ചുകൊണ്ടുള്ള പ്രദക്ഷിണവേളയിൽ, അതുളിക്കാവഹിച്ചിരുന്നതു് പനച്ചിക്കൽ ഗീവർഗ്ഗീസു കത്തനാരായിരുന്നു. പ്രദക്ഷിണത്തിനുശേഷം ജോൺമേരി പാതിരി ഈ സുറിയാനി വൈദികനെ വരാപ്പുഴ വിളിച്ചുകൊണ്ടുപോയി, കഠിനമായി ദേഹോപദ്രവമേല്പിച്ചു. ഈ നിർഭാഗ്യസംഭവം റോമിൽ അറിയുന്നതു്, അവിടെയുണ്ടായിരുന്ന കരിയാററിൽ മല്പാനിൽ നിന്നുമാണു്. അപ്പോഴേയ്ക്കും ജോൺമേരി വരാപ്പുഴയുടെ നിയുക്ത മെത്രാനായി പ്രഖ്യാപിക്കപ്പെട്ടു കഴിഞ്ഞു. അദ്ദേഹത്തെ മെത്രാനായി വാഴിക്കുവാൻ ജനീവായിലെ മെത്രാപ്പോലീത്താക്കു് നിർദ്ദേശവും നല്കിയിരുന്നു. റോമൻ അധികാരികൾക്കു് ജോൺമേരിയുടെ അക്രമവാസന ബോദ്ധ്യമായതിനെത്തുടന്നു്, അദ്ദേഹത്തിനു നല്കിയിരുന്ന ബൂളായും ജനീവാ മെത്രാപ്പോലീത്താക്കു് കൊടുത്ത നിർദ്ദേശവും തന്ത്രപൂർവ്വം പിൻവലിച്ചു. അങ്ങനെ കൊലപാതകക്കേസിലെ പ്രതിയായ സാലസിന്റെ പിൻഗാമിയാകേണ്ട അക്രമാസക്തനായ ജോൺ വരാപ്പുഴ വികാരിയാത്തിന്റെ മെത്രാനായില്ല.

## അലോഷ്യസ് മേരി (1784-1802)

1784-ൽ വരാപ്പുഴ വികാരി അപ്പോസ്തലിക്കയായി നിയമിതനായതു്, അലോഷ്യസു് മേരി എന്നൊരു കമ്മലീത്താ വൈദികനാണു്. ഇദ്ദേഹത്തിന്റെ 1787 മെയ് 7-ാം തീയതിയിലെ കത്തിൽ എഴുതിയിരുന്നതു്, കമ്മലീത്താ മിഷ്യനറിമാരുടെ പേരിൽ സക്കാർ എടുത്തിരുന്ന കേസുകളിൽ ഒന്നൊഴിച്ചുള്ളവയിൽനിന്നെല്ലാം അവർ മോചിതരായി എന്നാണു്. വിമോചിതമാകാത്ത കേസ് സാലസ് മെത്രാൻ പ്രതിയായുള്ള ഇക്കാക്കോച്ചന്റെ (ഇത്താക്കച്ചന്റെ) കൊലക്കേസായിരുന്നു. ഈ കേസ്സിൽ പ്രതികളായ മിഷ്യനറിമാർ വിദേശികളായതുകൊണ്ടു് പിഴയിടുക മാത്രമേ ചെ

www.malankaralibrary.com

സ്സുള്ളു. മിഷ്നറിമാരായ പൗലീനോസ് പാദ്രിയും യോഹന്നാൻ പാദ്രിയുംകൂടിയാണ് വരാപ്പുഴ മെത്രാനും സാലസ് പാദ്രിക്കുംവേണ്ടി ആ പിഴ അടച്ചതു്. അതിന്റെ രേഖ എം. ഒ. ജോസഫിന്റെ പുസ്തകത്തിലുണ്ട്. ''962–ാമാണ്ടു മേടമാസം 2–ാം നു- ശ്രീപണ്ടാരക്കാര്യം ചെയ്‌വാറകാം മുമ്പാകെ വരാപ്പുഴ കമ്മലീത്താ ദർശനത്തിൽ പൗലീനോസ് പാദ്രിയും യോഹന്നാൻ പാദ്രിയുംകൂടി എഴുതിവച്ച കച്ചീട്ടാവിതു്. കല്ലൂർക്കാട്ട് പുതുപ്പറമ്പിൽ ഇത്താക്ക കത്തനാരു വരാപ്പിഴ പള്ളിയിൽ 946–ാമാണ്ടു വന്നതിന്റെശേഷം അവിടെ നിന്നും ഏതാനും മുതൽക്കാര്യം മോഷ്ടിച്ചുകൊണ്ടുപോയി എന്നു വച്ചു ടി. കത്തനാരു ഇടപ്പള്ളിയിൽ പാക്കരമ്പാറ മാപ്പിളക്കാരെയും പ്രഞ്ചീസ്ക്കാസാലസ് പാദ്രിയേയുംകൂടി അയച്ച് പിടിച്ചുകൊണ്ടുവന്നു മുറിയിലിട്ടു പൂട്ടി അപായം വരുത്തിച്ചതിനു് മെത്രാനും ഞങ്ങളുംകൂടി പിഴ സമ്മതിക്കകൊണ്ടു് ആ പിഴയ്ക്കു കല്പിക്കും വണ്ണം പ്രായശ്ചിത്തം ചെയ്തുകൊൾകയും ആം. ഇപ്പടി സമ്മതിച്ച് ഇന്ന കച്ചീട്ട് എഴുതിവച്ച വരാപ്പിഴ പൗലീനോസ് പാദ്രിയും യോഹന്നാൻ പാദ്രിയും.'' ഇതനുസരിച്ച് മെത്രാനും പാതിരിമാരുംകൂടി 1100 രൂപാ തിരുവിതാംകൂർ സക്കാരിൽ പിഴകെട്ടുകയുണ്ടായി7.

7. ജോസഫ് എം. ഒ., തച്ചിൽ മാത്തുത്തരകൻ, 1962, P. 206.



www.malankaralibrary.com

## ഇരുപത്തൊന്നാം അദ്ധ്യായം

# കരിയാററിൽ ജോസഫ് മെത്രാപ്പോലീത്താ

### മിന്നിപ്പൊലിഞ്ഞ പൊൻതാരം

കേരളസഭാചരിത്രത്തിലെ ഒരുജ്ജ്വലതാരമാണ്, കരിയാററിൽ യൗസേപ്പുമെത്രാപ്പോലീത്താ. ആ സ്ഥാനത്തിൽ അദ്ദേഹം ''ഗർഭശ്രീമാൻ'' മാത്രമായിരുന്നു. കേരളം അദ്ദേഹത്തെ മെത്രാപ്പോലീത്താ ആയി കണ്ടിട്ടില്ല. കേരളസഭയെ അദ്ദേഹം ഭരിച്ചിട്ടുമില്ല. എന്നാൽ അദ്ദേഹത്തെ ഒരു മഹാപുരുഷനാക്കുന്നതു്, അദ്ദേഹത്തിൻെറ വ്യക്തിമാഹാത്മ്യവും കേരളസഭയുടെ ജന്മാവകാശങ്ങൾക്കുവേണ്ടി നടത്തിയ ഐതിഹാസികമായ വിദേശയാത്രയും അനുഭവിച്ച ക്ലേശങ്ങളും ത്യാഗങ്ങളുമാണ്. കേരളസഭയുടെ ഐക്യത്തിനും അവകാശങ്ങൾക്കും അഭിവൃദ്ധിക്കുംവേണ്ടി ജീവാർപ്പണംചെയ്ത രക്തസാക്ഷിയായിരുന്നു അദ്ദേഹം. അജ്ഞാതരായ മറെറത്രയോ രക്തസാക്ഷികൾ സഭയ്ക്കുണ്ടായിട്ടുണ്ട്-പല കാലങ്ങളിലും രൂപങ്ങളിലും. അദ്ദേഹം കരസ്ഥൂടുപ്പിച്ചുകെട്ടിയ നൗക ആഞ്ഞടിച്ച തിരമാലയിൽ കയർപൊട്ടി, ആഴിയുടെ ആഴങ്ങളിലേയ്ക്കു് വഴുതിപ്പോവുകയാണുണ്ടായതു്. നിഗൂഢവഞ്ചനയുടെ ആ തിരമാലതന്നെ അദ്ദേഹത്തെ വിഴുങ്ങുകയും ചെയ്തു. ഹതഭാഗ്യയായ കേരളസഭ!!

കരിയാററിൽ യൗസേപ്പ്, ആലങ്ങാട്ട് ഇടവകയിൽ പൈലി-മറിയാമ്മ എന്നീ മാതാപിതാക്കന്മാരിൽനിന്നും 1742 മെയ്മാസം 5-ാം തീയതി ജനിച്ചു. അദ്ദേഹത്തിനു് ജ്ഞാനസ്നാനത്തിൽ യൗസേപ്പ് എന്ന പേരാണ് ലഭിച്ചതെങ്കിലും വാത്സല്യനിധികളായ മാതാപിതാക്കൾ ''കുരൈ്യപ്പ്'' എന്ന ഓമനപ്പേരിട്ടു വിളിച്ചുപോന്നു. പഴയനിയമത്തിലെയും പുതിയനിയമത്തിലെയും പേരുകളായിരുന്നു മാർത്തോമ്മാക്രിസ്ത്യാനികൾക്ക് അന്നുണ്ടായിരുന്നതു്. എന്നാൽ അവയെല്ലാം ക്രമേണ ശ്രവണസുഖവും വ്യക്തിത്വവുമുള്ള ദേശീയ ഓമനപ്പേരുകളാക്കി മാററി. അവയിലൊന്നായിരുന്നു ''കുരൈ്യപ്പ്''.

www.malankaralibrary.com

ബാലനായ കുര്യൈപ്പ് ദൈവഭക്തിയിലും അധ്യയനാസക്തിയിലും അദ്വീതീയനും സമവയസ്ക്കർക്ക് നിസ്തുലമായ ഒരു മാതൃകയും ആയിരുന്നു. വളരെ എളുപ്പത്തിൽ അദ്ദേഹം ജനങ്ങളുടേയും വൈദികാധികാരികളുടേയും ശ്രദ്ധയിൽപ്പെട്ടു. കേവലം പതിമ്മൂന്നുവയസ്സു മാത്രമുള്ളപ്പോഴാണ് റോമിലെ ഉർബ്ബൻ കോളേജിൽ പഠിക്കുവാൻ പോയതു്. പതിനൊന്നുവർഷം അവിടെ പഠനം നടത്തി ദൈവശാസ്ത്രത്തിലും തത്ത്വശാസ്ത്രത്തിലും ഡോക്ടർ ബിരുദുകരം നേടി. ഒരു യൂറോപ്യൻ സർവ്വകലാശാലയിൽനിന്നു് ഡോക്ടർ ബിരുദം നേടുന്ന ആദ്യത്തെ ഇൻഡ്യാക്കാരനാണു് യൗസേപ്പ് കരിയാററിയെന്നു തോന്നുന്നു. 1766–ഫെബ്രുവരി 2–ാംനു- റോമിൽ വച്ചായിരുന്നു അദ്ദേഹത്തിൻെറ ആചാര്യാഭിഷേകവും നവപൂജാർപ്പണവും. അതിനുശേഷം അദ്ദേഹം പോർച്ചുഗലിൽ ഏതാനും മാസങ്ങരം താമസിച്ചു. അക്കാലത്തു് കൊടുങ്ങല്ലൂർ രൂപതയുടെ ഭരണം പോർച്ചുഗീസുകാരുടെ കൈയിലായിരുന്നല്ലോ. യൂറോപ്പിലെ താമസത്തിനിടയിൽ ലത്തീൻ, പോർച്ചുഗീസ്, ഇററാലിയൻ, ഫ്രഞ്ച് എന്നീ യൂറോപ്യൻ ഭാഷകളിൽ അദ്ദേഹം നല്ല പ്രാവീണ്യം നേടിയിരുന്നു. പോർച്ചുഗലിൽ വച്ചു്, രാജ്യത്തിൻേറയും സഭയുടേയും ഭരണാധികാരികളിൽ പ്രമുഖരായ പലരുമായും പരിചയപ്പെടുകയും അവരുടെ സ്നേഹാദരവുകരം സമ്പാദിക്കുകയും ചെയ്തു. അഗാധപണ്ഡിതനും പോർച്ചുഗീസ് ഭാഷാവിശാരദനും ആയിരുന്ന കരിയാററിയുടെ പ്രഭാഷണങ്ങളും ചർച്ചകളും എല്ലാ തലത്തിലുമുള്ള പോർച്ചുഗീസുകാരുടെയും മുക്തകണ്ഠമായ പ്രശംസക്കു വിഷയമായി. പോർച്ചുഗീസ് രാജ്ഞിയുമായുള്ള ആദ്യസന്ദർശനത്തിൽതന്നെ കരിയാററിയുടെ വിജ്ഞാനസമ്പത്തും, ആത്മീകചൈതന്യവും, കുലീനത്വവും രാജ്ഞിയെ അതീവ സന്തുഷ്ടയാക്കുകയും പോർച്ചുഗലിൽ രാജകുമാരന്മാർക്കും മെത്രാന്മാർക്കും മാത്രമുള്ള Dom (ഡോം) എന്ന സ്ഥാനപ്പേരു് യുവാവായ ഈ നവവൈദികനു് നല്കുകയും ചെയ്തു. ഈ സമ്പർക്കങ്ങളും സുഹൃദ്ബന്ധങ്ങളുമാണു്, മാർ ദിവന്നാസ്യോസിനെ പുനരൈക്യപ്പെടുത്തുവാനുള്ള അനുവാദത്തിനുവേണ്ടി വീണ്ടും ലിസ്ബണിൽ ചെന്നപ്പോരം, അദ്ദേഹത്തിനു സഹായകരമായിത്തീർന്നതും അദ്ദേഹത്തിൻെറ ദൗത്യത്തെ വിജയിപ്പിച്ചതും. പ്രബലരായ പോർച്ചുഗീസ് ജസ്യൂട്ടരും ഇററാലിയൻ കർമ്മലീത്തരും പടുത്തുയർത്തിയ പ്രതിരോധനിരകളെ നിഷ്പ്രയാസം

www.malankaralibrary.com

തട്ടിത്തകക്കാൻ കരിയാററിക്കു കഴിഞ്ഞതു് അത്ഭുതകരമായി തോന്നുന്നു. പൗരസ്ത്യദേശത്തു് പദ്രവാദോയുടെ ഭരണത്തിൽ എല്ലാംകൊണ്ടും ഏററവും വലിയ സഭ കേരളത്തിലെ സുറിയാനി സഭയായിരുന്നു. ഗോവപ്പോലും ആ സ്ഥാനമുണ്ടായിരുന്നില്ല. കേരളസഭയ്ക്കു സ്വയംഭരണം ലഭിക്കാൻ ഇടയായതു് കരിയാററിയുടെ വ്യക്തിമാഹാത്മ്യവും അതിനെ അംഗീകരിച്ച പോർച്ചുഗീസ് രാജ്ഞിയുടേയും മററും മനോവിശാലതയും കൊണ്ടാണെന്നുള്ളതിൽ സംശയമില്ല.

നവവൈദികനായ ഡോ. കരിയാററി കേരളത്തിൽ വന്നു്, പ്രസിദ്ധമായ ആലങ്ങാട്ടു സെമിനാരിയുടെ മല്പാൻ സ്ഥാനം സ്വീകരിച്ചു. ഭാരതസംസ്ക്കാരത്തിലെ 'ഗുരുകുലവാസ'ത്രുപവും ഘടനയുമാണു് ഏറെക്കുറെ കേരളത്തിലെ പുരാതന സെമിനാരികൾക്കുണ്ടായിരുന്നതു്. ക്രിസ്തു അരുൾ ചെയ്ത "വഴിയും വെളിച്ചവും ജീവനും" ആയിരുന്നു മല്പാൻ!! കരണത്രയങ്ങളിലും (മനസ്സു്, വചനം, ശരീരം) ക്രിസ്തുവിൻെറ കാല്പാടുകളെ പിഞ്ചെല്ലുന്ന മാതൃകാപുരുഷൻ!! സെമിനാരിക്കു് ആക്കവും തൂക്കവും നല്കിയിരുന്നതു് മല്പാനാണു്. അദ്ദേഹമാണു് ഭാവിവൈദികരെ വാർത്തെടുക്കുന്നതും പുണ്യത്തിലും പഠനത്തിലും സംസ്ക്കാരത്തിലും അവരെ സർവ്വസമ്മതരാക്കുന്നതും. ഇന്നു് വൈദികവിദ്യാർത്ഥികളുടെ സംഖ്യ വർദ്ധിക്കുകയും പഠനകേന്ദ്രങ്ങൾ താരതമ്യേന പരിമിതമാകുകയും ആദർശദാരിദ്ര്യം ഉണ്ടാകുകയും ചെയ്തപ്പോൾ, ഭരണം വേറെ, പഠനം വേറെ, പുണ്യം വേറെ, വചനം വേറെ എന്ന മട്ടായിട്ടുണ്ടു്. ഇവയുടെയെല്ലാം ആകത്തുകയുടെ ശരാശരിയാണു്, ഒരു സെമിനാരിയുടെ വിലയും സ്ഥാനവും നിർണ്ണയിക്കുന്നതു്. മുഷ്ടിബലവും അശ്ലീലശാസനകളും ശിക്ഷണത്തിൻെറ ഘടകങ്ങളാകുമ്പോൾ, "ദാനിയേൽ പ്രവാചകൻ പ്രവചിച്ച വിനാശത്തിൻെറ അശുദ്ധ ലക്ഷണം വിശുദ്ധ സ്ഥലത്തു നില്ക്കുന്നതു കാണുമ്പോൾ"1 എന്ന സുവിശേഷ വചനമാണു് ഓർക്കുക.

ആലങ്ങാട്ടു് സെമിനാരിയിലെ മല്പാനായ ജോസഫ് കരിയാററി ബഹുഭാഷാപ്രവീണനായിരുന്നു. അദ്ദേഹത്തിനു് മാതൃഭാഷയായ മലയാളം കൂടാതെ, സംസ്കൃതം, തമിഴ്, കന്നട, തെലുങ്കു് എന്നീ ഭാഷകളിലും ഏറെക്കുറെ അഗാധ

1. മത്തായി XIV, 15.

www.malankaralibrary.com

മായ പരിജ്ഞാനമുണ്ടായിരുന്നു. അദ്ദേഹം മലയാളത്തിലെഴുതിയ ''വേദതക്കം'' മററു രണ്ടു മലയാളഗദ്യകൃതികളും ലിസ്ബണിലെ ദേശീയഗ്രന്ഥശാലയിൽ സൂക്ഷിച്ചിട്ടുണ്ട്. ആധുനിക മലയാളഗദ്യസാഹിത്യത്തിൻെറ പിതാവാണ് ജോസഫ് കരിയാററി. കരിയാററിൽ മല്പാൻ, ആലങ്ങാട്ടു സെമിനാരിയുടെ മല്പാൻമാത്രം ആയിരുന്നെങ്കിലും, സ്വന്തം സഭയുടെയും സമുദായത്തിൻെറയും അഭിവൃദ്ധിക്കും, ഐശ്വര്യത്തിനുംവേണ്ടി സമർപ്പിതഭാവത്തോടെ തീവ്രയത്നങ്ങൾ ചെയ്തുകൊണ്ടിരുന്നു. അതിൻെറ മകുടംചാർത്തലായിരുന്നു, അദ്ദേഹത്തിൻെറ ജീവാർപ്പണം.

## രണ്ടാം റോമായാത്ര

കരിയാററിൽ മല്പാൻ 1778 മെയ് 6–ാംനു- റോമിലേയ്ക്ക് യാത്ര പുറപ്പെട്ടു. യാത്രയ്ക്ക് ആവശ്യമായ പണം സുറിയാനി കത്തോലിക്കരാണ് പിരിച്ചു കൊടുത്തത്. അദ്ദേഹത്തിൻെറ കൂടെ സഹയാത്രികരായുണ്ടായിരുന്നത് പാറേമ്മാക്കൽ തോമ്മാകത്തനാരും പ്രൊപ്പഗാന്താകോളേജിൽ ചേരുവാനുള്ള വൈദികാത്ഥികളായ തെക്കൻ പള്ളിപ്പുറത്തു് പാലയ്ക്കൽ മാത്തു, കൈപ്പുഴ മലയിൽ ചാക്കോ എന്ന രണ്ടു യുവാക്കന്മാരുമായിരുന്നു. അവരുടെകൂടെ ഇരുപത്തിരണ്ടു പള്ളിപ്രതിനിധികൾ മൈലാപ്പൂർവരെ യാത്ര ചെയ്തു. മാർതോമ്മാശ്ലീഹായുടെ കബറിടത്തിൽ കുർബ്ബാനചൊല്ലി പ്രാത്ഥിച്ചശേഷം, മല്പാനും പാറേമ്മാക്കലും വൈദികാത്ഥികളും പോർച്ചുഗീസ് കപ്പൽവഴി ലിസ്ബണിലേയ്ക്കു പുറപ്പെട്ടു. മനോഹരവും ഹൃദയാവജ്ജകവുമായ യാത്രാവിവരണം പാറേമ്മാക്കലിൻെറ 'വത്തമാനപുസ്തക'ത്തിലുണ്ട്2.

1779–ൽ ലിസ്ബണിൽ എത്തി. അക്കാലത്തു് കൊടുങ്ങല്ലൂർ അതിരൂപതയ്ക്കു് ഭരണാധികാരികൾ ഉണ്ടായിരുന്നില്ല. 1779 ഓഗസ്റ്റ് മാസത്തിൽ, ഇവർ പോർച്ചുഗൽ ഭരിച്ചിരുന്ന രാജ്ഞിയുടെ മുൻപാകെ ഒരു ഹർജി സമർപ്പിച്ചു. അതിൽ ആവശ്യപ്പെട്ടിരുന്നതു് കേരളസഭയുടെ സ്ഥിതി പഠിക്കുന്നതിനായി ഒരു കമ്മീഷനെ നിയമിക്കണമെന്നും കൊടുങ്ങല്ലൂർ അതിരൂപതയ്ക്കു് ഒരു ഭരണാധികാരി വേണമെന്നും പുരാതനമായ അക്കദിയാക്കോൻ സ്ഥാനം പുനരുദ്ധരിക്കണമെന്നും

2. Msgr. Moothedan S. editor P. 65-90.

www.malankaralibrary.com

വൈദികക്ക് കൊടുത്തിരുന്ന ശമ്പളം മുടക്കം കൂടാതെ കൊടുക്കണമെന്നും വൈദികവിദ്യാൎത്ഥികൾക്ക പൊതുവായ ഒരു സെമിനാരി സ്ഥാപിക്കണമെന്നും എൺപതിനായിരത്തിലധികം ജനങ്ങളോടുകൂടി കത്തോലിക്കാസഭയിൽ ചേരുവാൻ ആഗ്രഹിച്ചിരിക്കുന്ന 6–ാം മാർത്തോമ്മായെ, മാതൃസഭയുമായി പുനരൈക്യപ്പെടുന്നതിനു സഹായിക്കണമെന്നുമായിരുന്നു[3]. 1780–ൽ മല്പാനും പാറേമ്മാക്കലും റോമിലേക്കുപോയി.

അന്നു് കത്തോലിക്കാസഭയെ ഭരിച്ചിരുന്നതു് 6–ാം പീയൂസ് മാപ്പാപ്പയായിരുന്നു. അദ്ദേഹത്തിനും ഒരപേക്ഷ സമൎപ്പിച്ചു. അതിൽ മുഖ്യമായും പറഞ്ഞിരുന്നതു് മാർത്തോമ്മായുടെ പുനരൈക്യത്തിന്റെ പശ്ചാത്തലവും അപ്പോഴത്തെ നിലയും അദ്ദേഹത്തിന്റെ മെത്രാൻപട്ടം സാധുവാണെന്നുള്ളതിന്റെ തെളിവുകളും ആയിരുന്നു. അതോടുകൂടി മാർ ദിവന്നാസ്യോസ് മാപ്പാപ്പായ്ക്കു് സമൎപ്പിച്ചിരുന്ന ഒരു അപേക്ഷയും ഉണ്ടായിരുന്നു.

ഈ അപേക്ഷയിൽ കേരളസഭയിലുണ്ടായ ശീശ്മയുടെ ചരിത്രം ചുരുക്കമായിട്ടു പറഞ്ഞശേഷം അതു് ഉപസംഹരിച്ചിരുന്നതു് ഇപ്രകാരമാണു്. ‘‘...........ഞാൻ പഠിച്ചിരുന്ന വിശ്വാസം സത്യമായിട്ടുള്ളതല്ലെന്നും നമ്മുടെ കൎത്താവിന്റെ കാലംമുതൽ ഇന്നുവരെ പരിശുദ്ധമായും മാലിന്യംകൂടാതെയുമിരിക്കുന്ന വിശുദ്ധ കത്തോലിക്കാസഭവഴിയല്ലാതെ യാതൊരുത്തനും സ്വൎഗ്ഗപ്രാപ്തി ഉണ്ടാകുന്നതല്ലെന്നും കത്തോലിക്കാസഭയിലെ ഗുരുക്കന്മാരിൽനിന്നും വിശുദ്ധ സുനഹദോസുകളുടെ ഗ്രന്ഥങ്ങളിൽനിന്നും എനിക്കു് ബോദ്ധ്യപ്പെട്ടിരിക്കുന്നു. എന്നെയും എന്റെ ജനങ്ങളേയും കത്തോലിക്കാ ഐക്യത്തിൽ ചേൎക്കണമെന്നും ഞങ്ങളുടെ പിതാക്കന്മാരുടെ കാലംതുടങ്ങി ഞങ്ങളെ ബാധിച്ചിട്ടുള്ള മഹറോൻ നീക്കണമെന്നും, ഈശോസഭക്കാരനും കൊടുങ്ങല്ലൂർ മെത്രാപ്പോലീത്തയുമായ സാൽവഡോർദോസ്റെയിസിനോടും മലയാളത്തിലെ വികാരി അപ്പസ്തോലിക്ക ആയ കൎമ്മലീത്താസഭയിലെ ഈശോയുടെ ഫ്ളോറൻസിനോടും പ്രസ്തുത വൈദികന്മാർ മുഖേന ഞാൻ നിർബ്ബന്ധപൂൎവ്വം അപേക്ഷിച്ചു. കത്തോലിക്കാവിശ്വാസത്തിൽ എന്നെ സ്വീകരിക്കുന്നതിനു് അവർക്കധികാരമില്ലെങ്കിൽ എന്റെ അപേക്ഷകൾ റോമിലേയ്ക്കു് അയയ്ക്കണമെന്നു്

3. Ibid. P. P, 124-25.

www.malankaralibrary.com

ഞാനവരോട് ആവശ്യപ്പെട്ടു. എന്നാൽ എൻെറ അപേക്ഷ അവർ സ്വീകരിച്ചില്ല............കത്തോലിക്കാസഭ പഠിപ്പിക്കുന്നതും വിശ്വസിക്കുന്നതും ഞാനും എൻെറ ജനങ്ങളും അനുസരിക്കുകയും വിശ്വസിക്കുകയും ചെയ്തുകൊള്ളാമെന്ന് സർവ്വശക്തനായ ദൈവത്തെ സാക്ഷിയാക്കി സത്യം ചെയ്തുകൊള്ളുന്നു''4. ഇത്രയും ആത്മാർത്ഥത നിറഞ്ഞതും ഹൃദയസ്പർശകവുമായ ഒരു അഭ്യർത്ഥന നിഷ്ഫലമായിപ്പോകുവാൻ ഇടയാക്കിയത് കേരളത്തിൽ ക്രിസ്തുവിൻെറ രാജ്യം പരത്തുവാൻവന്ന യൂറോപ്യൻ മിഷ്നറിമാരാണെന്നുള്ളത് തീർത്തും നിർഭാഗ്യകരമായിപ്പോയി.

പിന്നീട് കരിയാററി മല്പാനും തോമ്മാകത്തനാരും പ്രൊപ്പഗാന്താസംഘത്തിൻെറ അദ്ധ്യക്ഷനായ കർദ്ദിനാൾ കസ്റ്റേലിയുടെ അടുക്കലേയ്ക്കാണ് പോയത്. ഇതിനകം മല്പാൻെറയും കൂട്ടുകാരൻെറയും, യാത്രയെ കുററപ്പെടുത്തിയും മാർ ത്തോമ്മായുടെ ആത്മാർത്ഥതയെ നിഷേധിച്ചും മാർ ദിവന്നാസ്യോസിനു പട്ടംകൊടുത്ത മാർ ഗ്രിഗോരിയോസ് കേവലം ഒരു സന്ന്യാസവൈദികൻ മാത്രമാണെന്നാരോപിച്ചും കേരളത്തിലുള്ള മിഷ്നറിമാരുടെ അനേകം കത്തുകൾ റോമിലെ പ്രൊപ്പഗാന്താസംഘത്തിനും ലിസ്ബണിലെ ഭരണാധികാരികൾക്കും കിട്ടിയിരുന്നു. മാർ ദിവന്നാസ്യോസ് പുനരൈക്യം ആഗ്രഹിക്കുന്നത് ലൗകികലാഭത്തിനുവേണ്ടിയാണെന്നും, അദ്ദേഹം കത്തോലിക്കനായാൽ അദ്ദേഹത്തിൻെറ ആളുകൾ അദ്ദേഹത്തെ പരിത്യജിക്കുമെന്നും മിഷ്നറിമാർ തറപ്പിച്ചു പറഞ്ഞിരുന്നു. അവരുടെ റിപ്പോർട്ടു് അപഗ്രഥനം ചെയ്തു പഠിച്ചാൽ, ഈ വാദങ്ങളെല്ലാം കേരളത്തിലെ തങ്ങളുടെ അധികാരം സുരക്ഷിതമാക്കിത്തീർക്കുന്നതിനു് മിഷ്നറിമാർ അവരുടെ ഭാവനയിൽ പടച്ചുണ്ടാക്കിയ വിലങ്ങുതടികളായിരുന്നുവെന്നു കാണാം. ഒരു നാട്ടുകാരൻ മെത്രാൻെറ ആവിർഭാവം തങ്ങളുടെ അധികാരത്തിൻെറയും ആസ്തിത്വത്തിൻെറ തന്നെയും, കുഴിതോണ്ടുമെന്ന് വിദേശമിഷ്നറിമാർക്ക് നല്ലവണ്ണമറിയാമായിരുന്നു. അതുകൊണ്ടു് റോമിലേയ്ക്കയച്ച റിപ്പോർട്ട്, കേരളത്തിലെ വിദേശമേധാവികളായ കർമ്മലീത്തർക്കെല്ലാ (വരാപ്പുഴയിലും കൊച്ചിയിലും) മുണ്ടായിരുന്ന സ്വാർത്ഥപരങ്ങളായ ആശയങ്ങളും ആഗ്രഹങ്ങളും പ്രതിഫലി

4. Bernard: Vol. II, P. 203.

www.malankaralibrary.com

പ്പിച്ചിരുന്നു. വൈദേശികതത്വത്തിൻെറകൂടെ സന്യാസസഭകളുടെ സജാത്യവുംകൂടി ചേർന്നപ്പോഠം പരിപൂർണ്ണമായ അഭിപ്രായയൈക്യമാണുണ്ടായതു്. ഏതായാലും മിഷ്നറിമാക്ക് കേരളസഭയെ ഒന്നുകൂടി വരിഞ്ഞുകെട്ടുവാൻ അതു സഹായിച്ചു. കർദ്ദിനാഠം കസ്റ്റേലിയുമായുള്ള ആദ്യസന്ദർഭത്തിൽത്തന്നെ മിഷ്നറിമാരുടെ ദുരുപദേശങ്ങഠം വിശ്വസിച്ച കർദ്ദിനാഠം, കരിയാററിയെയും പാറേമ്മാക്കലിനെയും വളരെ ശകാരിക്കുകയും റോമിലും കലഹങ്ങഠം ഉണ്ടാക്കുവാനാണു് അവർ ചെന്നിരിക്കുന്നതെന്നു് കുററപ്പെടുത്തുകയും ചെയ്തു. അവർ ഭഗ്നാശരാകാതെ, പ്രൊപ്പഗാന്താ സംഘത്തിൻെറ അതിശക്തനായ സെക്രട്ടറി, Msgr. Borgia യെ കണ്ടു് വിവരങ്ങളെല്ലാം ധരിപ്പിച്ചു. അതോടുകൂടി, ഇന്ത്യയിലുണ്ടായിരുന്ന ഒരു കർമ്മലീത്താമിഷ്നറി, Borgia-യ്ക്കു് കൊടുക്കുവാൻ ഏല്പിച്ചിരുന്ന ഒരു എഴുത്തും അവർ നല്കി. ആ എഴുത്താകട്ടെ, കരിയാററിക്കും അദ്ദേഹത്തിൻെറ യാത്രയുടെ ഉദ്ദേശ്യത്തിനും എതിരായിട്ടുള്ളതായിരുന്നു. തൻെറ ദൗത്യത്തെ വെട്ടിവീഴ്ത്തുവാനുള്ള വാളാണു് സൗഹാർദ്ദത്തിൻെറ പട്ടിൽ പൊതിഞ്ഞു് Msgr. Borgia-യ്ക്കു് കൊടുക്കേണ്ടിവന്നതെന്നു് കരിയാററിൽ മല്പാൻ ലവലേശവും കരുതിയിരുന്നില്ല. കത്തുകളെല്ലാം വായിച്ചശേഷം മല്പാൻ പറഞ്ഞ കാര്യങ്ങഠം വിശ്വാസയോഗ്യങ്ങളല്ലെന്നു്, Borgia മറുപടി നല്കി[5].

ആറുമാസംകൂടി അവർ റോമിൽ കഴിച്ചു. മാർ ദിവന്നാസ്യോസിൻെറ പുനരൈക്യത്തിനു് റോമിൽ യാതൊരു നീക്കവും അവർ കണ്ടില്ല. ഇതിനിടയിൽ പുനരൈക്യകാര്യം ഗോവാമെത്രാപ്പോലീത്തായെ ഏല്പിക്കണമെന്നു് പോർച്ചുഗൽ അധികൃതർ റോമിലേയ്ക്കെഴുതി. ഈവകകാര്യങ്ങഠം കൈകാര്യം ചെയ്തുപോന്ന പ്രൊപ്പഗാന്താസംഘത്തിൻെറ അദ്ധ്യക്ഷനായ കർദ്ദിനാഠം കസ്റ്റേലി മരിക്കുകയും ആ സ്ഥാനത്തു് കർദ്ദിനാഠം അന്തനെല്ലി നിയമിതനാവുകയും ചെയ്തു. അന്തനെല്ലിയാകട്ടെ ലിസ്ബണിലെ നിർദ്ദേശപ്രകാരം മാർ ദിവന്നാസ്യോസിൻെറ പുനരൈക്യത്തെപ്പററി അന്വേഷിക്കുന്നതിനും പഠിക്കുന്നതിനും, 1780-ൽ ഗോവാമെത്രാപ്പോലീത്തായെ ചുമതലപ്പെടുത്തി. ഗോവാമെത്രാപ്പോലീത്താ അപ്പോഠം യൂറോപ്പിലായിരുന്നു. അതിനാൽ ഗോവ അതി

5. വർത്തമാനപുസ്തകം, P. 162-64.

www.malankaralibrary.com

രൂപതയുടെ കാര്യങ്ങൾ നോക്കിയിരുന്നതു് എമ്മാനുവേൽ എന്ന ഒരു കർമ്മലീത്താവൈദികനായിരുന്നു. 1780 മുതൽ 83 വരെ അദ്ദേഹത്തിന്റെ അന്വേഷണങ്ങൾ ഇഴഞ്ഞുനീങ്ങി. അതിന്റെ പ്രധാന കാരണം കർമ്മലീത്തർ എന്നുള്ള നിലയിൽ കൊച്ചിമെത്രാനു് വരാപ്പുഴയുമായി വികാരത്തിലും ആശയത്തിലുമുള്ള ഐക്യമായിരുന്നു. കർമ്മലീത്തരെല്ലാം ഒരുപോലെ ചിന്തിച്ചു: അധികാരത്തിന്റെ ആത്മാഹുതിക്കു് അവർ തയ്യാറായിരുന്നില്ല. മാർ ദിവന്നാസ്യോസ് സുറിയാനി കത്തോലിക്കാമെത്രാനായി സ്വീകരിക്കപ്പെട്ടാൽ, അതു് വിദേശാധിപത്യത്തിന്റെ ഭാണ്ഡം മുറുക്കലാകുമെന്നു് അവർ ഭയപ്പെട്ടു. ഇങ്ങനെ റോമിലെ കവാടങ്ങളെല്ലാം ദിവന്നാസ്യോസിന്റെ പുനരൈക്യത്തിനെതിരായി അടഞ്ഞു.

എന്നാൽ ഭാഗ്യവശാൽ, ചില അനുകൂലസാഹചര്യങ്ങളും ഉണ്ടാകാതിരുന്നില്ല. കരിയാററിൽ മല്പാൻ പ്രൊപ്പഗാന്തായിൽ പഠിച്ചിരുന്ന കാലത്തു് പ്രൊപ്പഗാന്താസംഘത്തിന്റെ സെക്രട്ടറിയായിരുന്നതു് മറേഫോസ്ക്കി ആയിരുന്നു. അദ്ദേഹത്തിനു് കരിയാററി അവിടെ വൈദികവിദ്യാർത്ഥിയായിരുന്നകാലം നല്ലവണ്ണം ഓർമ്മയുണ്ടായിരുന്നു. കരിയാററിയും പാറേമ്മാക്കലുംകൂടി അദ്ദേഹത്തെ ചെന്നുകണ്ടു. കർദ്ദിനാൾ അദ്ദേഹത്തെ തിരിച്ചറിയുകയും വളരെ സന്തോഷം പ്രകടിപ്പിക്കുകയും ചെയ്തു. കരിയാററി മല്പാനും തോമ്മാകത്തനാരും കൂടി പിന്നെ സന്ദർശിച്ചതു്, മാപ്പാപ്പായുടെ വികാരിജനറാളായിരുന്ന ജോർദാൻ മെത്രാനെയാണു്. അദ്ദേഹം വിവരങ്ങളെല്ലാമറിഞ്ഞു് വളരെ സന്തോഷിക്കുകയും അവരെ പ്രോത്സാഹിപ്പിക്കുകയും ക്ഷമയോടെ അവരുടെ പരിശ്രമങ്ങൾ തുടരുവാൻ ഉപദേശിക്കുകയും ചെയ്തു. റോമിലുണ്ടായിരുന്ന പല കാനോനിസ്ററുകളും ദിവന്നാസ്യോസിന്റെ പുനരൈക്യത്തിൽ വളരെ താല്പര്യവും സന്തോഷവും പ്രകടിപ്പിച്ചു. അനന്തരം മല്പാനും പാറേമ്മാക്കലും പോർച്ചുഗലിലേയ്ക്കു പോയി.

അവർ ഇരുവരും പോർച്ചുഗലിൽചെന്നു്, രാജ്ഞിയേയും പോർച്ചുഗീസ് – ഇന്ത്യയുടെ കാര്യങ്ങളന്വേഷിക്കുന്ന ഉദ്യോഗസ്ഥന്മാരെയും കണ്ടു്, അവരെ തങ്ങളുടെ അഭ്യർത്ഥനകൾക്കു് അനുകൂലികളാക്കുവാൻ ശ്രമിച്ചുകൊണ്ടിരുന്നു. ഇതിനിടയിൽ പുനരൈക്യകാര്യങ്ങൾ അന്വേഷിക്കുവാൻ ചുമതലപ്പെടുത്തിയിരുന്ന കർമ്മലീത്തനായ കൊച്ചിമെത്രാൻ, സൊളേ

www.malankaralibrary.com

ദാദിൻെറ റിപ്പോർട്ടും ലിസ്ബണിൽ കിട്ടിയിരുന്നു. ആ റിപ്പോർട്ടിലെ പ്രധാന കാര്യങ്ങളാ ഇപ്രകാരമാണു്.

(1) കരിയാററിയേയും പാറേമ്മാക്കലിനേയും അയച്ചിരുന്നതു് റോമിലേയ്ക്കാണു് പോർച്ചുഗലിലേയ്ക്കല്ല. (2) കേരളത്തിൽ വൈദികസെമിനാരി സ്ഥാപിക്കുന്നതിനുവേണ്ടിയാണു് അയച്ചിരുന്നതു്. (3) കരിയാററിയും കൂട്ടുകാരനും പുറപ്പെട്ടിരിക്കുന്നതു് ലൗകികലാഭങ്ങളാ ഉദ്ദേശിച്ചാണു്. (4) കരിയാററി യൂറോപ്പിനു പോയതിനെപ്പററി തിരുവിതാംകൂർരാജാവു് കോപിച്ചിരിക്കുകയാണു്. തന്മൂലം സക്കാരുദ്യോഗസ്ഥന്മാർ ക്രിസ്ത്യാനികളെ ഞെരുക്കുകയും ചെയ്യുന്നു. (5) അദ്ദേഹം ഉടനെ നാട്ടിലേയ്ക്കു് മടങ്ങിയില്ലെങ്കിൽ അവിടെ കലഹങ്ങളും കലാപങ്ങളും ഉണ്ടാകും. (6) അദ്ദേഹം മെത്രാനായിട്ടാണു് വരുന്നതെങ്കിൽ ''ശ്രേഷ്ഠജാതിക്കാരായ'' അദ്ദേഹത്തിൻെറ ആളുകളാപോലും അദ്ദേഹത്തെ സ്വീകരിക്കുകയില്ല. (7) അറിവില്ലാത്തവരായ കേരളത്തിലെ ജനങ്ങളാ സ്വജാതിമെത്രാന്മാർക്കു് കീഴ്പ്പെട്ടിരിക്കുകയില്ല. (8) മിഷ്നറിമാർ ഈ നാട്ടിൽനിന്നും പോയാൽ വേദപ്രചരണം നടക്കുകയില്ല. (9) മിഷ്നറിമാർ ഇപ്പോഠതന്നെ വളരെ ക്ലേശങ്ങളാ സഹിക്കുന്നുണ്ടു്; നാട്ടു(സുറിയാനി)മെത്രാന്മാർ ഭരണത്തിൽ വന്നാൽ ഇപ്പോഠ മിഷ്നറിമാർ ഭരിക്കുന്ന സുറിയാനിപ്പള്ളികളും ലത്തീൻ പള്ളികളും റോമിലെ പ്രത്യേക കല്പനയില്ലാതെ വിട്ടുകൊടുക്കുകയില്ല. (10) ദിവന്നാസ്യോസ് പുനരൈക്യപ്പെടുവാൻ ആഗ്രഹിക്കുന്നതു് നേരാണെങ്കിലും അതു് തൻെറ ഇഷ്ടാനുസരണം വേണമെന്നു് ശാഠ്യംപിടിക്കുകയും ഉദയംപേരൂർ സൂനഹദോസ് നിശ്ചയങ്ങളാ സ്വീകരിക്കുവാൻ വൈമനസ്യം കാണിക്കുകയും ചെയ്യുന്നു. (11) പള്ളിയിലെ കമ്മങ്ങളാ നടത്തുന്നതിനു് അദ്ദേഹം പണം വാങ്ങുന്നു. (12) അദ്ദേഹം കത്തോലിക്കനാകുവാൻ ആഗ്രഹിക്കുന്നതു്, ഭൗതികമായ ലാഭങ്ങളാ ലാക്കാക്കിയാണു്. (13) മാർ ദിവന്നാസ്യോസ് കത്തോലിക്കനായാൽ അദ്ദേഹത്തിൻെറ ജനങ്ങളാ അദ്ദേഹത്തെ പരിത്യജിച്ചു് തൊഴിയൂരുള്ള മാർ കൂറിലോസിൻെറകൂടെ ചേരും6.

ഈ റിപ്പോർട്ടു് പൊതുവേ പറഞ്ഞാൽ ദുരാരോപണങ്ങളുടെയും, ദുശ്ശങ്കകളുടെയും ഒരു പട്ടികയാണു്. അതിൻെറ

6. Bernard: Vol. II, P. 206.

www.malankaralibrary.com

പ്രധാന ഉദ്ദേശ്യം തങ്ങളുടെ അധികാരം വിട്ടൊഴിയരുതെന്നും കരിയാററിൽ മല്പാൻ മെത്രാനായി കേരളത്തിലേയ്ക്കു് മടങ്ങി വരരുതെന്നുള്ളതുമായിരുന്നു.

ആശങ്കകളുടെ കൂട്ടത്തിൽ താഴെപ്പറയുന്നവകൂടിയുണ്ടു്. കരിയാററിയുടെ കാലം കഴിഞ്ഞാൽ ദിവന്നാസ്യോസ് യാക്കോബായ സഭയിലേയ്ക്കു തിരിച്ചുപോകും. മെനേസ്സിസ് പൂട്ടിയ വാതിൽ തുറന്നുകൊടുത്താൽ മിഷ്നറിമാരുടെ കഷ്ടതകൾ വർദ്ധിക്കും. ലത്തീൻ ഭരണത്തിൽനിന്നും സുറിയാനിക്കാരെ വേർപെടുത്തിയാൽ ലത്തീൻ ഭരണത്തിനു് കിട്ടുന്നതു് കേവലം അജ്ഞരായ കുറെ അധഃകൃതരെ മാത്രമായിരിക്കുകയും തന്മൂലം ലത്തീൻസഭ ക്ഷയിച്ചുപോവുകയും ചെയ്യും. മിഷ്നറിമാരെ നാടുകടത്തുന്ന സുറിയാനിക്കാരുടെ കീഴിൽ അവർ ഒരിക്കലും ഇരിക്കുകയില്ല. ഈ കത്തു് അവസാനിക്കുന്നതു്, കരിയാററിയെ മലയാളത്തിലേയ്ക്കു് അയയ്ക്കാതെ കമ്മലീത്തനായ അലോഷ്യസ് മറിയായെ വികാരി അപ്പസ്തോലിക്കയായി അയയ്ക്കണമെന്ന അഭ്യർത്ഥനയോടുകൂടിയാണു്. പ്രക്ഷുബ്ധവികാരങ്ങളോടുകൂടി എഴുതിയ ഈ കത്തിനുണ്ടായ കാരണം കരിയാററി മല്പാൻ മെത്രാനായി മടങ്ങിവരുന്നുവെന്നു് കേരളക്കരയിൽ കിട്ടിയ അറിവും അതിന്റെ പ്രചുരപ്രചാരവുമാണു്.

ഏതായാലും പോർച്ചുഗൽരാജ്ഞി കരിയാററിൽ മല്പാനെ കൊടുങ്ങല്ലൂർ അതിരൂപതയുടെ മെത്രാപ്പോലീത്തയായി തിരഞ്ഞെടുക്കുകയും 1782 ഡിസംബർ 16-ാംനു-ലെ തിരുവെഴുത്തുപ്രകാരം മാർപ്പാപ്പാ അദ്ദേഹത്തെ നിയമിക്കുകയും ചെയ്തു. എന്നാൽ അതിലും ലത്തീൻസഭയ്ക്കു് പൌരസ്ത്യസഭകളോടുള്ള അയിത്തം കാണാതിരുന്നില്ല. കരിയാററിയെ ലത്തീൻ റീത്തിലെ മെത്രാപ്പോലീത്തയായിട്ടാണു് വാഴിച്ചതു്. അതിനു് രണ്ടു് കാരണങ്ങളുണ്ടാവാം. ഒന്നു്, പൌരസ്ത്യറീത്തിനോടുള്ള ഒരു അയിത്തമനോഭാവം, അഥവാ പൌരസ്ത്യർക്കു് ലത്തീൻറീത്തുകാരെ ഭരിക്കുവാൻ പാടില്ലായെന്നുണ്ടായിരുന്ന നിയമം. ഏതായാലും കൂദാശകളുടെയും ഭരണനിർവ്വഹണത്തിന്റെയും കാര്യത്തിൽ ജാതിവ്യത്യാസം പുലർത്തി എന്നാണു് ഇതിന്റെ അർത്ഥം. രണ്ടു്, ഈശോസഭ സാർവ്വത്രികമായി നിർത്തിയതുമൂലം തുടർച്ചയായി അവർ അനുഭവിച്ചുപോന്ന കൊടുങ്ങല്ലൂർ മെത്രാപ്പോലീത്താസ്ഥാനത്തിനു് അവരുടെ എതിർപ്പുണ്ടായില്ല.

www.malankaralibrary.com

1784 ഏപ്രിൽ മാസം 10—ാംനു- അങ്കമാലി മുതലായ എല്ലാ ഇടവകകളിലേയ്ക്കും കരിയാററി മെത്രാപ്പോലീത്താ ഒരു കല്പന അയച്ചു. അതിൽ ദിവന്നാസ്യോസിന്റെ കാര്യത്തിൽ തീരുമാനമായിട്ടില്ല എന്നു പറയുന്നുണ്ട്. അതിനു കാരണമായി പറയുന്നതു്, മിഷ്നറിമാർ ഉണ്ടാക്കുന്ന പ്രതിബന്ധങ്ങളാണ്. സന്ന്യാസസഭകളിൽപ്പെട്ട യൂറോപ്യൻ മിഷ്നറിമാക്കു് വിശാലവും സംഘടിതവുമായ സ്വാധീനശക്തി ഉണ്ടല്ലോ. അതു് അവർ പോർച്ചുഗലിലും റോമായിലും ധാരാളമായി പ്രയോഗിച്ചു. അവയായിരുന്നു പ്രതിബന്ധങ്ങൾ ഉണ്ടാക്കിയതു്. കരിയാററി മെത്രാപ്പോലീത്തായുടെ പേരിൽ പാറേമ്മാക്കൽ കേരളത്തിലേക്കയച്ച ഒരു എഴുത്തിന്റെ ഒരു സംക്ഷേപം ഫാ. ബെർണാർഡ് അദ്ദേഹത്തിന്റെ ഗ്രന്ഥത്തിൽ കൊടുത്തിട്ടുണ്ടു്. സംക്ഷേപമാണെങ്കിലും അതു് വളരെ ഹൃദയസ്പൃക്കമാണ്, ''............ ഞങ്ങൾ ഇവിടെ താമസിക്കുന്നതു്, നമ്മുടെ പള്ളിയുടെയും മാർ ദിവന്നാസ്യോസിന്റെയും കാര്യങ്ങൾ സാധിക്കുന്നതിനുവേണ്ടിയാണ്. ആ കാര്യങ്ങൾക്കു് യാതൊരു തീർച്ചയുമുണ്ടായില്ല. അധികം താമസിയാതെ തീർച്ചയുണ്ടാക്കി നിങ്ങളുടെ പക്കൽ വരാമെന്നു് പ്രതീക്ഷിക്കുന്നു. ദിവന്നാസ്യോസിന്റെ കാര്യത്തിലും അവിടെ നമുക്കാവശ്യമുള്ള മററു കാര്യങ്ങളിലും മിഷ്നറിമാർ വളരെ വിഘ്നങ്ങൾ വരുത്തിക്കൊണ്ടിരിക്കുന്നു. ഇതാണു് താമസത്തിനുള്ള കാരണം. ഞങ്ങൾ ഉദ്ദേശിച്ചു പുറപ്പെട്ടകാര്യം ദൈവാനുഗ്രഹത്താൽ ഇത്രയൊക്കെ സാധിച്ചതുകൊണ്ടു്, ഇവിടെ താമസിക്കുന്ന മിഷ്നറിമാക്കു് വളരെ അതൃപ്തിയും വിരോധവും ഉണ്ടെന്നും ഞങ്ങളവിടെ വന്നെത്താതിരിക്കുവാൻ വേണ്ടതൊക്കെ അവർ ചെയ്യുമെന്നും ഞങ്ങളെഴുതി അറിയിക്കാതെ നിങ്ങൾക്കറിയാവുന്നതാണ്. അതിനാൽ ഞങ്ങളെപ്പററിയുള്ള നിങ്ങളുടെ ശ്രമം ഒട്ടും കുറയ്ക്കുകയില്ലെന്നും നാമെല്ലാവരും ഒരു ചോരയും മാംസവുമായിരിക്കുന്നതിനാൽ നിങ്ങളാൽ കഴിയുന്നതെല്ലാം നന്മനസ്സോടുകൂടി ചെയ്യുമെന്നും പൂണ്ണമായി വിശ്വസിക്കുന്നു ............ കാഞ്ഞിരപ്പള്ളിക്കാരൻ ചാണ്ടിക്കത്തനാർ 1783-ൽ അയച്ച കത്തിൽനിന്നും ബഹുമാനപ്പെട്ട മെത്രാപ്പോലീത്തായുടെ അമ്മയും എന്റെ കൊച്ചപ്പെങ്ങളും അവിടെ നമ്മുടെ മററാളുകളും മരിച്ച വിവരം അറിയുവാനിടയായി ............ നിങ്ങളുടെ പക്കൽ വന്നുപററുവാൻ ഇനിയും വളരെ വിപത്തുകളിൽനിന്നും ഒഴിയേണ്ടതായിട്ടുണ്ടു്.

www.malankaralibrary.com

അതിനാൽ നിങ്ങളുടെ ജപങ്ങളിലും കുർബ്ബാനകളിലും ഞങ്ങൾക്കുവേണ്ടി എപ്പോഴും പ്രാൎത്ഥിക്കണമേ. നിങ്ങൾക്കു വേണ്ടി ഞങ്ങളും പ്രാൎത്ഥിച്ചുവരുന്നു. ദൈവസഹായത്താൽ കാര്യങ്ങളെല്ലാം ഗുണമായിത്തീൎന്നു് താമസിയാതെ നിങ്ങളുടെ പക്കൽ ഞങ്ങൾ വന്നുചേരുന്നതാണു്. ഇതു് ബഹുമാനപ്പെട്ട മെത്രാപ്പോലീത്ത കല്പിച്ച പടിക്കു് കടനാട്ടു് പള്ളിവികാരി പാറേമാക്കൽ തോമ്മാ കത്തനാർ''.

1778–ലാണല്ലോ കരിയാററിൽമല്പാൻ റോമിലേയ്ക്കു പോയതു്. അദ്ദേഹം ഇന്ത്യയിലേയ്ക്കു് മടങ്ങി വരുന്നതു് 1785 ലുമാണു്. ഈ ഏഴുവൎഷക്കാലം ദേശീയസഭയായ മാൎത്തോമ്മാ സഭയും ലത്തീൻ മിഷ്നറിമാരുടെ മേൽക്കോയ്മയും തമ്മിൽ പൊരിഞ്ഞ പോരാട്ടമാണു് നടന്നിരുന്നതെന്നു് മുകളിൽ പറഞ്ഞ സംഭവങ്ങളിൽനിന്നും വിശദമാണു്. യുദ്ധരംഗങ്ങൾ റോമായും പോർച്ചുഗലുമായിരുന്നു. യുദ്ധത്തിലെ കക്ഷികളിൽ ലത്തീൻ മിഷ്നറിമാൎക്കായിരുന്നു ശക്തിയും പ്രാബല്യവും. അതിന്റെ കാരണങ്ങൾ അവർ യൂറോപ്യന്മാരായിരുന്നുവെന്നതുതന്നെ. നിൎണ്ണായകതീരുമാനങ്ങൾ എടുത്തിരുന്നതു് റോമിലും ലിസ്ബണിലുമായിരുന്നു. അവരും യൂറോപ്യന്മാർ തന്നെ. സ്വന്തം ആളുകളുടെ അഭിപ്രായങ്ങൾക്കു് അസാധാരണമായ വശ്യശക്തിയുണ്ടല്ലോ. ധാരാളം ധനശക്തി ഉണ്ടായിരുന്നതുകൊണ്ടു്, നാട്ടുരാജാക്കന്മാരെയും മററും സ്വാധീനമാക്കുവാൻ അവൎക്കു കഴിഞ്ഞിരുന്നു. അഭീഷ്ടസിദ്ധിക്കായി ന്യായമോ അന്യായമോ ആയ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിൽ അവൎക്കു് യാതൊരു ശങ്കയും മടിയും ഉണ്ടായിരുന്നില്ല. മിഷ്നറിമാർ സന്ന്യാസിമാരായിരുന്നതുകൊണ്ടു് അവൎക്കു് യൂറോപ്പിലെല്ലാം വിപുലമായ സ്വാധീനബലമുണ്ടായിരുന്നു. അവരുടെ സ്ഥിരം 'ലോബി'കളായി പ്രവർത്തിക്കുവാൻ ലിസ്ബണിലും റോമിലും സംഘടിതരായ ആളുകളുമുണ്ടായിരുന്നു. അവരുടെ റിപ്പോർട്ടുകൾക്കാണു്, റോമിലും ലിസ്ബണിലും മുൻതൂക്കമുണ്ടായിരുന്നതു്, ഇത്രയും മിഷ്നറിമാരെപ്പററി.

ഇനി സുറിയാനിസഭയെപ്പററി പറയുകയാണെങ്കിൽ, പാശ്ചാത്യമിഷ്നറിമാരുടെ ശക്തിയെ നേരിടുവാൻ അവർ വളരെ അശക്തരായിരുന്നു. അവർക്കു് പണമില്ലായിരുന്നു: സ്വാധീനമില്ലായിരുന്നു. റോമിലും ലിസ്ബണിലും അവൎക്കു് ലോബിയോ ഏജൻറുമാരോ ഉണ്ടായിരുന്നില്ല. അവരുടെ

www.malankaralibrary.com

ഏക ആയുധം സത്യത്തിൻെറയും സങ്കടത്തിൻെറയും വിലാപം മാത്രം. അവരുടെ ശബ്ദം റോമിലും ലിസ്ബണിലുമെത്തുവാൻ പ്രയാസമുണ്ടായിരുന്നു. അവരുടെ കരച്ചിലിൻെറ മാററൊലി അറേബ്യൻകടലിനപ്പുറം കേട്ടിരുന്നില്ല. അതിനാൽ ഈ യുദ്ധത്തിൻെറ പരിണാമം കുറിക്കുവാൻ പ്രയാസമൊന്നുമില്ലായിരുന്നു.

മിഷ്നറിമാരുടെ റിപ്പോർട്ടുകളുടെയും നിവേദനങ്ങളുടെയും നിരന്തരപ്രവാഹത്തിൽ റോമിലെയും ലിസ്ബണിലെയും ഇന്ത്യൻ കാര്യാലയങ്ങൾ മുങ്ങിപ്പോയ ഘട്ടത്തിൽ, അവക്ക് പ്രതികൂലമുൻവിധിയോടുകൂടി മാത്രമേ കേരളസഭയെ നോക്കാൻ കഴിഞ്ഞിരുന്നുള്ളു. സുറിയാനിസഭയുടെയും മാർത്തോമ്മാസമുദായത്തിൻെറയും ഭാവി മേഘാവൃതമായിത്തീർന്നതിൽ അതിശയിക്കുവാനില്ല. എന്നാലും കേരളത്തിലെ വൈദികരും ജനങ്ങളും ഒത്തുചേർന്ന് ആ ഇരുസ്ഥലങ്ങളിലേയ്ക്കും തങ്ങളുടെ സങ്കടനിവൃത്തിക്കായി തുടരെത്തുടരെ അപേക്ഷകളയച്ചുകൊണ്ടിരുന്നു.

അവയിലൊന്നായിരുന്നു 1785-ൽ അയച്ചിരുന്ന ഹർജി. അതിൽ പറഞ്ഞിരിക്കുന്നതു്, മിഷ്നറിമാർ മിശിഹായുടെ സ്തുതി അന്വേഷിക്കാതെ സ്വന്തം സ്തുതി അന്വേഷിക്കുന്നുവെന്നും അതിനുവേണ്ടി കപടതന്ത്രങ്ങൾ ഉപയോഗിക്കുന്നുവെന്നും തന്മൂലം ജനങ്ങൾ വളരെയധികം കഷ്ടപ്പെടുന്നുവെന്നുമായിരുന്നു. കൂടതെയും, കരിയാററിയും പാറേമ്മാക്കലും സുറിയാനിസഭയുടെ അഭിപ്രായമനുസരിച്ചാണു് റോമിലേയ്ക്കു് പോയിരിക്കുന്നതെന്നും, അവക്ക് വളരെ ഉപദ്രവങ്ങളും മരണംതന്നെയും ഉണ്ടാക്കുന്ന സാഹചര്യങ്ങളാണു ഉള്ളതെന്നും എടുത്തുകാണിച്ചിരുന്നു. ഏകദേശം ഇതേവിധത്തിലുള്ള ഒരപേക്ഷ സുറിയാനിസഭയുടെ വകയായി പോർച്ചുഗൽ രാജ്ഞിക്കും അയച്ചു. അതിൽ, ഏഴു വഷമായിട്ടും തങ്ങളുടെ പ്രതിനിധികൾ മടങ്ങിവരാത്തതിലുള്ള ഉൽക്കണ്ഠയും കാണിക്കുന്നുണ്ടു്.

കരിയാററിമല്പാൻ മെത്രാപ്പോലീത്തയായി കേരളത്തിലേയ്ക്കു് മടങ്ങുമ്പോൾ അദ്ദേഹത്തിൻെറ കീഴിൽ യൂറോപ്യൻ മിഷ്നറിമാർ ജോലി ചെയ്യുകയില്ലെന്നുള്ള അഭിപ്രായമാണു് മിഷ്നറിമാരുടെ കത്തുകളിലുണ്ടായിരുന്നതു്. ഇതു ദുഷിച്ച കൊളോണിയലിസത്തിൻെറ ഒരു ഭാഗമാണു്. എന്നാൽ അതു് ക്രൈസ്തവസഭയിൽ കടന്നുകൂടി കാണുന്നതു് വിചിത്രം

www.malankaralibrary.com

തന്നെ. ബ്രട്ടീഷ് ഭരണകാലത്തു് ബ്രിട്ടീഷ് പൗരന്മാർ എത്ര ക്രൂരമായ കുററങ്ങൾ ചെയ്താലും അവരെ വിസ്തരിക്കുവാനും ശിക്ഷിക്കുവാനും അധികാരമുണ്ടായിരുന്നതു് ബ്രിട്ടീഷുകാർക്കു മാത്രമായിരുന്നു. ഈ ഇരുപതാം നൂററാണ്ടിൽതന്നെ വരാപ്പുഴ ഭരണം ദേശീയമാക്കിയപ്പോൾ, അവിടെ ഉണ്ടായിരുന്ന യൂറോപ്യൻ മിഷ്നറിമാരെല്ലാം വിജയപുരം എന്നൊരു താവളമുണ്ടാക്കി, അങ്ങോട്ടു് ഒന്നടങ്കം മാറുകയാണു ചെയ്തതു്. അപ്പോൾ പിന്നെ, 18-ാം നൂററാണ്ടിലെ കഥ പറയാനുണ്ടോ. തങ്ങൾ നാട്ടുമെത്രാന്മാരുടെ കീഴിൽ ജോലി ചെയ്യുകയില്ല എന്നുള്ള യൂറോപ്യൻ മിഷ്നറിമാരുടെ ഭീഷണി റോമാ പര്യാലോചിച്ചശേഷം, പ്രൊപ്പഗാന്താസംഘത്തിന്റെ അദ്ധ്യക്ഷനായ അന്തൊനെല്ലി 1784 ജാനുവരി 24-ാം നു- പുറപ്പെടുവിച്ച കല്പനയിൽ മിഷ്നറിമാർ എല്ലാ സാംഗതികളിലും രൂപതാദ്ധ്യക്ഷന്മാർക്കു് കീഴ്പ്പെട്ടിരിക്കേണ്ടതാണെന്നു നിർദ്ദേശിച്ചു7.

കരിയാററി മെത്രാപ്പോലീത്തായുടെയും പാറേമ്മാക്കൽ തോമാകത്തനാരുടെയും അശ്രാന്തപരിശ്രമഫലമായി, മാർ ദിവന്നാസ്യോസിനെ കത്തോലിക്കാസഭയിൽ ചേർക്കുന്നതിനുള്ള അധികാരം മെത്രാപ്പോലീത്താ സമ്പാദിച്ചു. ഗോവാ മെത്രാപ്പോലീത്തയാണു് മാർ ദിവന്നാസ്യോസിനെ സ്വീകരിക്കേണ്ടതെന്ന ഒരു വാദമുണ്ടായി. ഇതു് കേരളസഭയിൽ ഗോവാമെത്രാപ്പോലീത്തായ്ക്കു് ആധിപത്യം സ്ഥാപിക്കുവാനുള്ള ശ്രമമായിരുന്നു. എന്നാൽ സ്വീകരണാവസരത്തിൽ ഗോവയുടെ ഒരു പ്രതിനിധിയുടെ സാന്നിദ്ധ്യം മാത്രം മതിയെന്നു് ഒടുവിൽ തീരുമാനിച്ചു. 1785-ൽ പോർച്ചുഗലിൽ നിന്നു പുറപ്പെട്ട മെത്രാപ്പോലീത്താ 1786 മെയ്മാസം ഒന്നാം തീയതി ഗോവയിൽ വന്നെത്തി. ഗോവയും കേരളത്തിലെ പദ്രവാദോയും തമ്മിൽ വളരെ ബന്ധപ്പെട്ടിരുന്നതിനാൽ, അദ്ദേഹത്തിനു് ഏതാനും മാസം അവിടെ കഴിച്ചുകൂട്ടേണ്ടതായി വന്നു. കേരളത്തിലെ സുറിയാനിസഭയുടെ ഉദ്ധാരണത്തിനും അഭിവൃദ്ധിക്കുമായി അനേകം ആസൂത്രിതപദ്ധതികളുമായി പുറപ്പെട്ട കരിയാററി മെത്രാപ്പോലീത്താ 1786 സെപ്ററംബർ 9-ാംനു- സംശയകരമായ സാഹചര്യങ്ങളിൽ, ഗോവയിൽവച്ചു് അകാലനിര്യാണം പ്രാപിക്കുകയാണുണ്ടാ

7. Fr. Bernard: Vol. II, P. 214.

www.malankaralibrary.com

യതു്. വിഷജ്വരംമൂലം മരിച്ചുവെന്നു് ചില വിദേശഗ്രന്ഥ കാരന്മാർ പറയുന്നു. എന്നാൽ അദ്ദേഹത്തിൻെറ സന്തതസഹ ചാരിയായ പാറേമ്മാക്കലിൻെറ അഭിപ്രായം കരിയാററി യുടെ മരണത്തിനു് ഹേതുഭൂതമായതു് ഗൂഢാലോചനയും വഞ്ച നയുമായിരുന്നുവെന്നാണു്. ഏതായാലും കേരളസുറിയാനി സഭയിലെ ഒരു ഉജ്ജ്വലതാരം അതോടെ പൊലിഞ്ഞണഞ്ഞു. അദ്ദേഹത്തിൻെറ മരണം കേരളസഭയ്ക്കു് ദുസ്സഹമായ ഒരു ആഘാതമായിരുന്നു. ഒരു ശതവത്സരംകൂടി ലത്തീൻ മിഷ്നറിമാരുടെ ക്രൂരനഖത്തിൽ കഷ്ടപ്പെടുവാനായിരുന്നു സുറിയാനി സഭയുടെ നിർഭാഗ്യവിധി. കേരളസഭയിലെ നിസ്തുലനായ ഒരു മഹാനായിരുന്നു കരിയാററി. ശോഭനമായ ഒരു പുതിയ യുഗത്തിൻെറ ഉൽഘാടകനായിവന്ന അദ്ദേഹത്തെ വിധി അപഹരിച്ചു കളഞ്ഞു. അപ്രതിഹതങ്ങളായ പ്രതിബന്ധങ്ങളാണു്, അദ്ദേഹത്തിൻെറ മഹാത്മ്യത്തിൻെറ മാററുരച്ചുനോക്കിയതു്. അതിൽ അദ്ദേഹം വിജയശ്രീലാളിതനായി പുറത്തുവന്നു. നിർഭാഗ്യമെന്നു പറയട്ടെ, അതു് മിന്നലൊളിപോലെ ക്ഷണികമായിരുന്നു. ഹതഭാഗ്യയായ സുറിയാനിസഭ!

കേരളസഭാചരിത്രത്തിൽ പുണ്യം, പാണ്ഡിത്യം, ധിഷണാശക്തി, കർമ്മവൈഭവം, വിനയബോധം, സർവ്വോപരി തൻെറ സഭയോടും സമുദായത്തോടുമുള്ള മാതൃതുല്യമായ സ്നേഹം എന്നിവയിൽ അദ്വിതീയനായിരുന്ന കരിയാററിൽ യൗസേഫു് മെത്രാപ്പോലീത്താ. സ്നേഹിക്കുന്നവർക്കുവേണ്ടി സ്വന്തം ജീവൻ കൊടുക്കുന്നതിനേക്കാൾ വലിയ സ്നേഹമുണ്ടോ യെന്നു ക്രിസ്തു ആരെപ്പററി പറഞ്ഞുവോ അവരുടെ മുൻപന്തിയിലാണു് കരിയാററിയുടെ സ്ഥാനം. കേരളസഭയ്ക്കുവേണ്ടിയുള്ള അദ്ദേഹത്തിൻെറ തീവ്രയത്നങ്ങളുടെയും നിസ്തുലത്യാഗങ്ങളുടേയും സാഫല്യമുഹൂർത്തത്തിലാണു് അദ്ദേഹത്തിൻെറ തിരോധാനം. ഉദയാസ്തമയങ്ങൾ ഒന്നിച്ചു കാണാറില്ലല്ലോ. എന്നാൽ കരിയാററിയിൽ അതു സംഭവിച്ചു. ആ ശോകാന്ത നാടകം (Tragedy) ദൈവഹിതമെന്നേ പറയേണ്ടു. അതിൻെറ ഉത്തരവാദികൾ ആരായാലും അവർ ദൈവതിരുമുമ്പിൽ കണക്കു പറയട്ടെ. ലോകത്തിൽ കേവലം അപേക്ഷിതനോ അപരിത്യാജ്യനോ ആയി ആരുമില്ലെന്നു പറയാറുണ്ടു്. ശരിയാണു്. ജീവിച്ചിരിക്കുന്ന ഒരാളിനെപ്പററി അയാൾ മരിച്ചുപോയാൽ ലോകം എങ്ങനെ മുമ്പോട്ടു പോകുമെന്നു് വ്യാകുലപ്പെടുന്നവർതന്നെ അയാളുടെ ശവസംസ്ക്കാരവും പിന്നെ രണ്ടു

www.malankaralibrary.com

നാലു ദിനങ്ങളും കഴിയുമ്പോഠം, അങ്ങനെ ഒരാഠം ജീവിച്ചിരുന്നുവെന്നുപോലും ഓക്കുന്നില്ല. അയാളില്ലാത്ത ലോകം അയാളെ അറിയാത്തപോലെ മുമ്പോട്ടുപോകുകയും ചെയ്യുന്നു. എന്നാൽ കരിയാററിയുടെ മരണത്തോടുകൂടി, പുരാതനവും കുലീനവും പ്രശസ്തവുമായ ഒരു സമുദായം ഒരു നൂറു കൊല്ലത്തേയ്ക്കുകൂടി മരിച്ചുപോയി. തീവ്രമായ യാതനകളുടേയും ക്രൂരമായ പീഡനങ്ങളുടേയും അഗ്നിപരീക്ഷണം തുടർന്നു. ജൂലിയസ് സീസറിൻെറ വധത്തോടുകൂടി "ഞാനും നിങ്ങളും നമ്മളെല്ലാവരും വീണുപോയി" എന്നു മാർക്കു് ആൻറണി പറയുന്നതു്, ഇത്തരുണത്തിൽ സുറിയാനിസഭയെപ്പററിയും ശരിയാണു്. ഒരു നേതാവിനോടൊപ്പം ഒരു സമുദായം ഉയരുകയും താഴുകയും ചെയ്യുന്നുവെങ്കിൽ അതു്, ആ നേതാവിൻെറ മഹാമഹിമയുടെ തെളിവാണു്. അതാണു് കരിയാററിക്കുണ്ടായിരുന്നതു്.

കരിയാററിയെ മഹാനാക്കിത്തീക്കുന്ന മറെറാരു വസ്തുത കൂടിയുണ്ടു്. അനുകൂലസാഹചര്യങ്ങളുടെ പ്രവാഹത്തിൽപ്പെട്ടു് ഭാഗ്യലക്ഷ്മിയുടെ പ്രേമകടാക്ഷം നേടിയ മഹാന്മാരുണ്ടു്. കാര്യകാരണവിചാരത്തിൽ അവർ നഷ്ടതേജസ്വികളായിത്തീരുന്നു. കരിയാററിയാകട്ടെ പ്രതികൂലസാഹചര്യങ്ങളുടെ കുത്തൊഴുക്കിനെതിരെ നീന്തി കിരീടം വാങ്ങിയവനാണു്. റോമായും ലിസ്ബണും കേരളസഭാ ശത്രുക്കളായ വിദേശ മിഷ്നറിമാർ കയ്യടക്കിയിരുന്ന കാലത്താണു്, കേരളസഭയുടെ സ്വാതന്ത്ര്യതീട്ടൂരം വാങ്ങിപ്പോന്നതെന്നോക്കുമ്പോഴാണു് കരിയാററിയുടെ വ്യക്തിമാഹാത്മ്യം പരശ്ശതതേജസ്സായി പ്രകാശിക്കുന്നതു്. വത്തമാനപ്പുസ്തകം എന്ന അമൂല്യചരിത്രഗ്രന്ഥം അദ്ദേഹത്തിനു നേരിടേണ്ടിവന്ന പ്രതിബന്ധങ്ങളുടേയും ക്ലേശങ്ങളുടേയും ഒരു നീണ്ട പട്ടികയാണു്.

വിദേശിയരുടെ രാഷ്ട്രീയശക്തി, സൈന്യശക്തി, സ്വാധീനശക്തി, ധനശക്തി, പ്രതാപശക്തി എന്നീ വ്യൂഹങ്ങളാണു്, നിസ്സഹായയായ കേരളത്തിലെ ദേശീയസഭയെ ആക്രമിച്ചു്, അതിനെ വെട്ടിവിഴുങ്ങുവാൻ കാപ്പുകെട്ടി ഇറങ്ങിയതു്. ഇരുകക്ഷികളും തമ്മിൽ അജഗജാന്തരമുണ്ടായിരുന്നു. നസ്രാണികഠക്കുണ്ടായിരുന്നതു് വെറും ആത്മബലം മാത്രം. ജസ്യൂത്തു്-കമ്മലീത്താ ശക്തികഠ നിരന്തരമായും, നിരങ്കുശമായും നിർദ്ദയമായും ഏകദേശം മൂന്നു ശതാബ്ദങ്ങളോളം നടത്തിയിരുന്ന ആക്രമണങ്ങളെ ചെറുത്തും, തുരത്തിയും കഴിഞ്ഞിരുന്ന നസ്രാണിസമുദായം, പതിനെട്ടാം നൂററാണ്ടിൻെറ മദ്ധ്യ



www.malankaralibrary.com

മായപ്പോൾ തളൻകഴഞ്ഞു. അപ്പോഴാണ് വിമോചനത്തി ൻെറ നവതാരം കരിയാററിയിൽ കണ്ടതു്. എന്നാൽ അതും, നൈമിഷികമായി പൊലിഞ്ഞണഞ്ഞപ്പോൾ ചില ചഞ്ചല ബുദ്ധികളും ഭീരുക്കളും മാർത്തോമ്മാക്രിസ്ത്യാനികൾക്ക വിധി ച്ചതു്, ലത്തീൻ മെത്രാന്മാക്കും ലത്തീൻറീത്തിനുമുള്ള കീഴട ക്കമായിരുന്നു. എന്നാൽ ലക്ഷങ്ങൾ വരുന്ന ഒരു ജനസമൂഹ ത്തെ തീവ്രവേദനകളിലും കഠിനക്ലേശങ്ങളിലുംകൂടെ നയിച്ച നേതാക്കന്മാർ നിരാശരായില്ല. ധീരോദാത്തരും അഭിമാന പ്രണിതരും ആയ നേതാക്കന്മാർ 'സത്യമേവജയതേ' എന്നു വി ശ്വസിച്ചിരുന്നവരാണ്. പിന്നെ ഒരു നൂറുകൊല്ലംകൂടി, കമ്മ ലീത്തരുടെ ദുർഭരണത്തിൽ കൈകളിൽ ചങ്ങലകളും ഹൃദയ ത്തിൽ വേദനകളും മനസ്സിൽ അഭിമാനക്ഷതവുമായി അവർ കഴിച്ചുകൂട്ടി. അധികാരത്തിൻെറ ദുർബുദ്ധിക്ക നല്ലാവുന്ന എല്ലാ പരീക്ഷണങ്ങളിലുംകൂടെ അവർ കടന്നുവന്നു. ഒടുവിൽ 19-ാം നൂററാണ്ടിൻെറ അവസാനം സുറിയാനിസഭയുടെ വ്യ ക്തിത്വവും ദേശീയമെത്രാന്മാക്കുവേണ്ടിയുള്ള അവകാശവും അം ഗീകരിക്കപ്പെട്ടു. രണ്ടാം വത്തിക്കാൻ കൗൺസിൽ ഈ അവകാ ശം അടിസ്ഥാനതത്വമായി പ്രഖ്യാപിക്കുകയും ചെയ്തു. കേരള ത്തിലെ സുറിയാനിസഭയ്ക്കു് അതു് നാനൂറു കൊല്ലത്തെ അടിമ ത്തത്തിനുശേഷമുള്ള പുനരുത്ഥാനമായിരുന്നു. കാരുണ്യവാ നായ ദൈവത്തിൻെറ തിരുമുമ്പിൽ എല്ലാ കുരിശുകളും മുൾമുടി കളും അവസാനം പുഷ്പമഞ്ജരികളാകുന്നു. തീവ്രമായ യാതനക ളുടെ ഉരകല്ലിലാണ്, സുറിയാനിസഭയുടെ മഹത്തായ മാററു് വെളിപ്പെട്ടതു്. ആദശബലവും ധീരോദാത്തതയും ത്യാഗസ ന്നദ്ധതയും കമ്മകുശലതയും നിശ്ചയദാർഢ്യവും നാലു നൂററാ ണ്ടുകളിലെ പുണ്യപാദരായ മാർത്തോമ്മാക്രിസ്ത്യാനികളുടെ സമ്പാദ്യമായിരുന്നു. രണ്ടു വാല്യങ്ങളിലായി The Jesuits in Kerala എന്ന ചരിത്രഗ്രന്ഥമെഴുതിയ D. Ferroli ക്കു് ഇന്ത്യാക്കാ രെപ്പററി യാതൊരു ഗുണവും പറയാനില്ല, പറഞ്ഞിട്ടുമില്ല. ഭരണഭാരതവൽക്കരണത്തിനു് അദ്ദേഹം എതിരായിരുന്നു. എന്നാൽ അദ്ദേഹം മാർത്തോമ്മാക്രിസ്ത്യാനികളെ വിശേഷിപ്പി ക്കുന്നതു് പുരാതനരെന്നും ('ancient') കുലീനരെന്നും ('noble') ദൃഢനിശ്ചയരെന്നും ('tenacious') ക്ഷമയുള്ളവരെന്നും (patient) ആണു്[8]. 17-ഉം 18-ഉം നൂററാണ്ടുകളിലെ വിദേശമിഷ്നറി

8. Ferroli II, P. 42, 55.

www.malankaralibrary.com

മാർ അവരെ വാനോളം വാഴ്ത്തുന്നമുണ്ട്. ഈ പൈതൃകപ്പൊലിമയുടെ ദർപ്പണമായിട്ടാണ് കരിയാററിയെ നാം കാണുന്നതു്. ഇന്നു് ഇവയെല്ലാം ആ സമുദായത്തിന്റെ പിൻതലമുറക്കാർക്കു് അമൂല്യപൈതൃകമായി മാറിയിരിക്കുകയാണു്. ജീവിതത്തെ വലയംചെയ്യുന്ന നാനാവിധ പ്രലോഭനങ്ങൾക്കു വഴിപ്പെടാതെ തങ്ങളുടെ പിതാക്കന്മാരെപ്പോലെ സത്യത്തിനും നീതിക്കുംവേണ്ടി ത്യാഗങ്ങൾ അനുഷ്ഠിക്കുന്നിടത്തോളം കാലം അവരുടെ ഭാവി ഭദ്രവും ഭാസുരവും സുരക്ഷിതവുമാണു്.

## കരിയാററിൽ മെത്രാപ്പോലീത്താ കേരളസഭയുടേയും നസ്രാണിസമുദായത്തിന്റേയും രക്തസാക്ഷി

രക്തസാക്ഷി എന്ന പദത്തിന്റെ നിർവ്വചനം ഒരാൾ വിശ്വസിക്കുന്ന തത്വത്തിനോ ആദർശത്തിനോ താൻ സ്നേഹിക്കുന്ന ജനത്തിന്റെ ക്ഷേമത്തിനോവേണ്ടി സ്വന്തം ജീവൻ ബലികഴിക്കുകയാണു്. കേരളസഭയ്ക്കും നസ്രാണിസമുദായത്തിനുംവേണ്ടി കരിയാററി മെത്രാപ്പോലീത്താ ജീവത്യാഗം ചെയ്യേണ്ടിവന്നു. അതിന്റെ പ്രധാനപ്പെട്ട തെളിവാണു്, ''ഇന്ത്യയുടെ മെത്രാപ്പോലീത്താ'' എന്ന പരമ്പരാഗതമായ സ്ഥാനപ്പേരോടുകൂടി മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്താ 1778 മാർച്ചുമാസം 12-ാം നു- നിരണത്തുനിന്നും ആറാം പീയൂസ് മാർപ്പാപ്പായ്ക്കയച്ച കത്തു്.

ആ കത്തിൽ, വിയോജിതമെത്രാന്മാർ വിവിധ കാലങ്ങളിൽ റോമിന്റെ സിംഹാസനവുമായി ഐക്യപ്പെടുവാൻ ശ്രമിച്ച സന്ദർഭങ്ങൾ എടുത്തുപറയുന്നുണ്ടു്. മാർത്തോമ്മാ മൂന്നാമൻ പുനരൈക്യത്തിനുവേണ്ടി കൊടുങ്ങല്ലൂർ മെത്രാപ്പോലീത്തായായിരുന്ന ആന്റണി പീമെന്റലിനോടും മലയാളത്തിന്റെ വികാരി അപ്പസ്തോലിക്കാ ജോൺ മേറിയോടും അപേക്ഷിച്ചിട്ടു് അവർ ആ അപേക്ഷ നിഷ്ക്കരുണം തള്ളിക്കളഞ്ഞതിനെപ്പററി ആ കത്തിൽ പ്രസ്താവിക്കുന്നുണ്ടു്[9]. അനന്തരം, കരിയാററിൽ മല്പാനെ മാർ ദിവന്നാസ്യോസു് വിളിപ്പിച്ചു്, ''വളരെ കണ്ണുനീരോടും ഹൃദയവേദനയോടുംകൂടെ എന്റെ ഹൃദയം അദ്ദേഹത്തിന്റെ മുമ്പിൽ തുറന്നുവച്ചു: എന്റെ ആത്മരക്ഷ അദ്ദേഹത്തിന്റെ കരങ്ങളിൽ സമർപ്പിച്ചു. എന്റെ

9. വർത്തമാനപ്പുസ്തകം P. 173.

www.malankaralibrary.com

സങ്കടം കണ്ടിട്ടു് അദ്ദേഹത്തിനു ദയതോന്നി. ദൃഢമായി അദ്ദേഹം എന്നോട്ടു് ഇങ്ങനെ വാഗ്ദാനം ചെയ്തു. ജെർമ്മനീസീയായുടെ മെത്രാനും ഇന്ത്യയിലെ വികാരി അപ്പസ്തോലിക്കയുമായ മോൺ. സാലസിനോട്ടു് അങ്ങയെ തിരുസഭയിൽ സ്വീകരിക്കാനും ആത്മീയസഹായങ്ങൾ തരാനും ഞാൻ അഭ്യർത്ഥിക്കാം. അങ്ങയെ സ്വീകരിക്കുവാൻ അദ്ദേഹത്തിനു മനസ്സില്ലെങ്കിൽ അങ്ങയുടെ കാര്യത്തിനുവേണ്ടി ഞാൻ വീണ്ടും റോമയിലേക്കു പോകും.– * മാർഗ്ഗമദ്ധ്യേ മരണം വന്നേക്കുമെന്നു് ശങ്കയുണ്ടായാലും, ഈ അപേക്ഷ പരിശുദ്ധ പിതാവിന്റെ പക്കൽ സമർപ്പിക്കുവാൻ ഞാൻ പരിശ്രമിക്കുന്നതാണു്. എന്നാൽ തിരുസഭ അനുതാപിയെ തിരസ്ക്കരിച്ചതായി കേട്ടിട്ടില്ല.''

---

* അടിവര ഗ്രന്ഥകർത്താവിന്റേതു്. കരിയാററി മല്പാൻ സ്വന്തം മരണത്തെപ്പററി ചെയ്ത പ്രവചനമാണിതു്.

www.malankaralibrary.com

## ഇരുപത്തിരണ്ടാം അദ്ധ്യായം

# ഗവർണദോർ
# പാറേമ്മാക്കൽ തോമ്മാ കത്തനാർ
# (1786–1799)

കേരളസഭയിലെ പ്രമുഖ സുറിയാനി നേതാക്കന്മാരിൽ ഒരാളായിരുന്നു, പാറേമ്മാക്കൽ തോമ്മാകത്തനാർ. അദ്ദേഹം പാലായ്ക്കടുത്തുള്ള കടനാട്ട് എന്ന സ്ഥലത്ത്, 1736 സെപ്റ്റംബർ 10–ാം തീയതി ജനിച്ചു. അദ്ദേഹത്തിന്റെ മാതാപിതാക്കന്മാർ കുരുവിളയും അന്നമ്മയുമായിരുന്നു. അവരുടെ ഏഴു മക്കളിൽ അഞ്ചാമനായിരുന്നു തോമ്മാകത്തനാർ. നാട്ടിലെ പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം, പന്ത്രണ്ടാമത്തെ വയസ്സിൽ മീനച്ചിൽ ശങ്കരൻ കർത്താവിൽനിന്നും സംസ്കൃതം നല്ലവണ്ണം അഭ്യസിച്ചു. അന്നത്തെ വൈദികവിദ്യാഭ്യാസം മല്പാന്മാരോടുകൂടെയുള്ള ഗുരുകുലരൂപത്തിലായിരുന്നല്ലോ. കാനാട്ട് ഐപ്പച്ചൻ അദ്ദേഹത്തെ മൂന്നു കൊല്ലം സുറിയാനി പഠിപ്പിച്ചു. അതിനുശേഷം ആലങ്ങാട്ട് സെമിനാരിയിൽ ചേർന്ന് ദൈവശാസ്ത്രം, തത്വശാസ്ത്രം, സന്മാർഗ്ഗശാസ്ത്രം ഇവയും ലത്തീൻ, പോർച്ചുഗീസ് എന്നീ ഭാഷകളും പഠിച്ചു. 1761–ൽ, തന്റെ 25–ാമത്തെ വയസ്സിൽ, പാറേമ്മാക്കൽ തോമ്മാ വൈദികപട്ടം സ്വീകരിച്ചു. അദ്ദേഹത്തിന്റെ പാണ്ഡിത്യവും കർമ്മശേഷിയും ബുദ്ധിസാമർത്ഥ്യവും സമുദായസ്നേഹവും അപ്പോഴേയ്ക്കും വളരെ പ്രസിദ്ധമായി. കരിയാറ്റിൽ ജോസഫ് മല്പാൻ ആലങ്ങാട്ട് സെമിനാരിയുടെ ഭരണസാരഥ്യം ഏറ്റെടുത്തപ്പോഠം അവിടത്തെ പൂർവ്വവിദ്യാർത്ഥിയായിരുന്ന പാറേമ്മാക്കൽ തോമ്മാച്ചന്റെ നാനാവിധ ഗുണങ്ങളെപ്പററി കേട്ടിരുന്നു. സ്വാഭാവികമായും കരിയാററിൽ മല്പാന്, പാറേമ്മാക്കൽ അച്ചനോട് വളരെ സ്നേഹബഹുമാനാദരവുകഠം തോന്നി. അങ്ങനെയാണ്, അവർ ജീവിതത്തിൽ ഒന്നിച്ചുവരാൻ ഇടയായത്. രണ്ടുപേരുടെയും അഭിപ്രായങ്ങളും ആദർശങ്ങളും തമ്മിൽ ഐകരൂപ്യമുണ്ടായിരുന്നത്, അവരുടെ ബന്ധത്തെ കൂടുതൽ ദൃഢീകരിച്ചു.

www.malankaralibrary.com

ഇദ്ദേഹം പല വിധത്തിൽ പ്രസിദ്ധനായ ഒരാളായിരുന്നു. പ്രധാനമായും കവിതകളിൽമാത്രം ഒതുങ്ങി നിന്നിരുന്ന മലയാളസാഹിത്യത്തിനു് സരളമായ ഗദ്യശൈലി വെട്ടിത്തുറന്നുകൊടുത്ത ''വൎത്തമാനപുസ്തക''ത്തിന്റെ കർത്താവായിരുന്നു ഇദ്ദേഹം. ഭാരതസാഹിത്യത്തിലെ സഞ്ചാരഗ്രന്ഥങ്ങൾ എന്ന വിഭാഗത്തിലെ ആദ്യഗ്രന്ഥം പാറേമ്മാക്കലെച്ചന്റെ വർത്തമാനപ്പുസ്തകം തന്നെ. ഈ പുസ്തകത്തെപ്പറ്റി ഉള്ളൂർ എസ്. പരമേശ്വരയ്യർ പറയുന്നതു് ''അതു് കൈരളിക്കു ഒരു കനകാഭരണമാണെന്നും ഗ്രന്ഥകാരന്റെ നിരീക്ഷണപാടവം, ത്യാജ്യഗ്രാഹ്യവിവേചനസാമൎത്ഥ്യം, വിവരണവൈശദ്യം എന്നിവയ്ക്കു് ആ ഗ്രന്ഥത്തിൽ ധാരാളം ഉദാഹരണങ്ങൾ ഉണ്ടെന്നു''മാണു്. ഹൃദയാവൎജ്ജകമായ അദ്ദേഹത്തിന്റെ ഗദ്യശൈലിയും വൎണ്ണനാചാതുര്യവും നൎമ്മരസവും മലയാളസാഹിത്യത്തിനു തന്നെ ഒരു മുതൽക്കൂട്ടാണു്.



ഗവർണദോർ
പാറേമ്മാക്കൽ തോമ്മാ കത്തനാർ
(1786–1799)

എന്നാൽ ആ വിധത്തിൽ മാത്രമല്ല, അദ്ദേഹം സുറിയാനി സമുദായത്തിനു് പ്രിയങ്കരനായതു്. സഭയുടെ ഒരു പ്രതിസന്ധിയിൽ, സഭാനേതാവായിരുന്ന ജോസഫ് കരിയാററിയുടെ ഉററമിത്രവും വലംകയ്യുമായിനിന്നു്, ഇന്നാട്ടിലും യൂറോപ്പിലും നടന്ന തീവ്രമായ അഗ്നിപരീക്ഷണങ്ങളിൽ സഭയെ നയിച്ച ഒരു നേതാവായിരുന്നു അദ്ദേഹം. ഇളവററ പ്രയത്നങ്ങളുടെയും മിഴികൾ നിറഞ്ഞൊഴുകിയ കണ്ണുനീരിന്റെയും വേദനമുററിനിന്ന നെടുവീൎപ്പുകളുടെയും പരിസമാപ്തിയിൽ, കേരളസഭയുടെ വീരസന്താനം വിജയത്തിന്റെ മെത്രാപ്പോലീത്തൻ മകുടം ചൂടുന്നതു് അദ്ദേഹത്തിന്റെ കണ്ണുകൾകണ്ടു. എന്നാൽ ആ വിജയം ഞൊടിയിടകൊണ്ടു്, മിന്നലൊളിപോലെ മാഞ്ഞുമറയുന്നതിനും അദ്ദേഹം ദൃക്സാക്ഷിയായി. കേര

www.malankaralibrary.com

ളത്തിലെ അപ്പസ്തോലികസഭയുടെ അനിഷേധ്യനേതാവും ആത്മീയപിതാവുമായ കരിയാററി ജോസഫ് മെത്രാപ്പോലീത്താ ഗോവയിലെ ശത്രുകേന്ദ്രത്തിൽവെച്ച് പിടഞ്ഞു മരിക്കുന്നതു്, വേദനയോടെ സ്വജനങ്ങളുടെ ഏകപ്രതിനിധിയായി നോക്കിനിന്നു കണ്ടതും പാറേമ്മാക്കലാണ്. ആ മരണത്തിൻെറ കാരണങ്ങളും അദ്ദേഹത്തിനറിയാമായിരുന്നു. അന്ത്യഘട്ടത്തിൽ ജ്യേഷ്ഠനും അനുജനും – കരിയാററിയും പാറേമ്മാക്കലും–തമ്മിൽ കൈമാറിയ രഹസ്യങ്ങരം എന്തൊക്കെയാണെന്നു് നമുക്കറിഞ്ഞുകൂടാ. എന്നാൽ അവ സഭയുടെ ഭാവിയേയും ജനങ്ങളുടെ ഐശ്വര്യത്തേയുംപററിയുള്ളവയായിരുന്നുവെന്നു് തീച്ചയാണ്. കരിയാററിൽ ജോസഫ് മെത്രാപ്പോലീത്താ കേരളസഭയുടെ വൈദികാദ്ധ്യക്ഷനായി നിയമിതനായതോടുകൂടി, ചിരപ്രതീക്ഷിതമായ അഭിലാഷസാഫല്യമാണ് കൈവന്നതു്. എന്നാൽ മാർത്തോമ്മാസഭയുടെ തലവനായി, മാർത്തോമ്മാക്രിസ്ത്യാനികളുടെ അതുല്യനേതാവായി, വിജയശ്രീലാളിതനായി മടങ്ങിവരുന്ന അദ്ദേഹത്തിനു് വമ്പിച്ച സ്വീകരണം നല്കാൻ, ആബാലവൃദ്ധം ജനങ്ങരം ആറ്റാദിച്ചൊരുങ്ങി കാത്തുനിന്നു. അപ്പോഴാണ് ഇടിവെട്ടേററതുപോലെ, അദ്ദേഹത്തിൻെറ അകാലനിര്യാണവാത്ത ജനങ്ങളിൽ ആഘാതമേല്പിച്ചതു്. കേരളത്തിലെ ഹതഭാഗ്യയായ സുറിയാനിസഭ, ഒരിക്കൽക്കൂടി ദുഃഖത്തിൻെറ കയത്തിൽ മുങ്ങി.

കരിയാററി മെത്രാപ്പോലീത്താ തൻെറ പിൻഗാമിയായി പാറേമ്മാക്കൽ തോമ്മാകത്തനാരെയാണ് നിയമിച്ചതു്. ഗോവാമെത്രാപ്പോലീത്താ, അതിനെ അംഗീകരിച്ച് സ്ഥിരീകരിക്കുകയും ചെയ്തു. മെത്രാൻ സ്ഥാനമില്ലെങ്കിലും കേരളത്തിലെ സുറിയാനിസഭയുടെ മുടിചൂടാമന്നനായി ഇവിടെയൊരു നാട്ടുകാരൻ വന്നതു്, കൊച്ചി ആസ്ഥാനമാക്കിയുള്ള പദ്രവാദോക്കാരെയും വരാപ്പുഴ ആസ്ഥാനമാക്കിയുള്ള പ്രൊപ്പഗാന്താക്കാരെയും ഒരുപോലെ പ്രകോപിപ്പിച്ചു. പോർച്ചുഗീസ് സാമ്രാജ്യത്തിൻെറ കുത്തകയായി കരുതിയിരുന്ന വൈദികമേധാവിത്വം കൈവിട്ടുപോയതിൽ അവരും, ഡച്ചുകാരുടെ ഭരണത്തണലിൽ സർവ്വാധിപത്യം നടത്തിയിരുന്ന കർമ്മലീത്തരും പാറേമ്മാക്കലിനു് എതിരായി അണിനിരന്നു. അവരെ യോജിപ്പിച്ച ഏകഘടകം അവർ യൂറോപ്യന്മാരായിരുന്നുവെന്നുള്ളതുമാത്രമാണ്. ഭഗ്നാശരും കുപിതരുമായ ഇരു

www.malankaralibrary.com

ക്കൂട്ടരും അദ്ദേഹത്തിന്റെ ഭരണത്തിൽ ചെളിവാരിയെറിയു വാൻ തുടങ്ങി. റോമിലേയ്ക്കും ലിസ്ബണിലേയ്ക്കും ധാരമുറിയാതെ അവർ അയച്ചുകൊണ്ടിരുന്ന ആരോപണങ്ങളിലാണ് ഈ ചിത്തവൃത്തി പ്രകടമായി കാണപ്പെട്ടതു്. സങ്കുചിതമനസ്ക്കരും അധികാരമോഹികളുമായ കമ്മലീത്തക്കു്, പാറേമ്മാക്കലിന്റെ നിയമനം പ്രത്യേകിച്ചും, ഹൃദയാരുന്തുദമായിരുന്നു. പാറേമ്മാക്കലിന്റെ വരവോടുകൂടി വരാപ്പുഴയുടെ കീഴിലുണ്ടായിരുന്ന സുറിയാനിക്കാരെല്ലാം അദ്ദേഹത്തിന്റെ ഭരണത്തിലേക്കു ഓടിക്കൂടിയതാണ്, അവരെ പ്രകോപിപ്പിച്ചതു്. തന്നിമിത്തം, കൊടുങ്ങല്ലൂർ അതിരൂപതയുടെ ഭരണാധികാരിയായിത്തീന്ന പാറേമ്മാക്കലിനെ ഒരു കാലത്തും മെത്രാപ്പോലീത്തയായി വാഴിക്കാതിരിക്കാൻവേണ്ടി, അവർ അദ്ദേഹത്തിന്റെ പേരിൽ അടിസ്ഥാനരഹിതങ്ങളായ ആരോപണങ്ങൾ കെട്ടിച്ചമച്ച് റോമിലേയ്ക്കും ലിസ്ബണിലേയ്ക്കും അയച്ചുകൊണ്ടിരുന്നു.

അങ്കമാലിയിൽ താമസിച്ചുകൊണ്ടാണ് ഗവർണദോർ പാറേമ്മാക്കൽ ഭരണം തുടങ്ങിയതു്. എന്നാൽ ടിപ്പുവിന്റെ പടയോട്ടക്കാലത്തു്, അദ്ദേഹം വടയാററു് പള്ളിയിലേയ്ക്കു് താമസം മാററി. ആ താമസം അറിയിക്കുന്ന ഒരു ശിലാരേഖ വടയാററു് പള്ളിയിലുണ്ടാകേണ്ടതായിരുന്നു. എന്നാൽ അപ്രകാരം ഉണ്ടാകേണ്ട എത്ര ശിലാരേഖകൾ, മാന്നാനം ആശ്രമംപോലുള്ള നമ്മുടെ മററെത്രയെത്ര സ്ഥാപനങ്ങളിലും പള്ളികളിലും ഉണ്ടാകേണ്ടതാണ്. നമ്മുടെ ചരിത്രബോധത്തിന്റെയും ആത്മാഭിമാനത്തിന്റെയും അഭാവംകൊണ്ടു് അവ ഇല്ലാതെപോയി. അതിനു്, കാര്യവിവരമുള്ള ഭാവി തലമുറകൾ നമ്മെ പഴിക്കും!!

പാറേമ്മാക്കലിനു് മെത്രാൻസ്ഥാനമില്ലായിരുന്നെങ്കിലും കേരളസഭയുടെ ഭരണകർത്താവെന്ന നിലയിൽ അദ്ദേഹം എല്ലാ അവകാശങ്ങളും ബഹുമതികളും അനുഭവിച്ചുപോന്നു. 1787 ഏപ്രിൽ മാസത്തിൽ തിരുവിതാംകൂർ സക്കാർ അങ്കമാലി മുതലായ സുറിയാനി പള്ളിക്കാക്കു് 'നിനവു്' എന്നറിയപ്പെടുന്ന ഒരു ''രാജസാധനം'' കൊടുത്തിട്ടുണ്ടു്. അതിൽ പറയുന്ന പ്രധാന സംഗതികൾ താഴെ പറയുന്നവയാണ്. (1) ''സുറിയാനി മെത്രാന്മാരുടെ അഭാവം നിമിത്തം വരാപ്പുഴ കമ്മലീത്താമെത്രാന്മാരും പാതിരിമാരുംകൂടി കമ്മങ്ങൾ

www.malankaralibrary.com

നടത്തിയിരുന്നു. (2) അങ്ങനെ നടന്നുവരുമ്പോൾ സുറിയാനിക്കാരുടെയും, പ്രസ്തുത മെത്രാൻ, പാതിരിമാർ എന്നിവരുടെയും, ഇടയിൽ പല സംഗതികൾ നിമിത്തം വിവാദങ്ങൾ ഉണ്ടായി. (3) തന്മൂലം (വാദികളും പ്രതികളുമുൾപ്പെടെ) എല്ലാവരും മഹാരാജാവു് എഴുന്നെള്ളിയിരിക്കുന്ന സ്ഥലത്തു ചെല്ലുകയും തിരുമനസ്സുകൊണ്ടു് കാര്യങ്ങളെല്ലാം കേട്ടറിയുകയും ചെയ്തു. (4) കരിയാററി മല്പാൻ റോമിലെ 'സാധനം' (കല്പന) കൊണ്ടുവന്നുവെന്നു ഗ്രഹിക്കുകയും സുറിയാനിപ്പള്ളികളിന്മേൽ കമ്മലീത്താമെത്രാനും പാതിരിമാർക്കും അവകാശവും അധികാരവും ഇല്ലെന്നു് അവർ സമ്മതിച്ചു തിരുമുമ്പിൽ കച്ചീട്ടു എഴുതിവയ്ക്കുകയും ചെയ്തു. (5) പുത്തൻചിറ, വരാപ്പുഴ എന്നീ ആസ്ഥാനങ്ങളിൽ ഇരുന്നിരുന്ന മെത്രാന്മാരാൽ ഭരിക്കപ്പെട്ടിരുന്ന പള്ളികളെ ഭരിക്കുവാനായി, കരിയാററിൽ മെത്രാൻെറ മരണാനന്തരം പാറേമ്മാക്കൽ തോമ്മാകത്തനാർ ഗവർണദോറായി നിയമിക്കപ്പെട്ടുകകൊണ്ടു അദ്ദേഹത്തിനു തന്നെ മെത്രാൻസ്ഥാനം കൊടുപ്പിച്ചു ജാതി മര്യാദപോലെ പള്ളിക്കാര്യങ്ങൾ നടത്തിച്ചുകൊള്ളണം. (6) തോമ്മാകത്തനാക്കു് പല്ലക്കും അദ്ദേഹത്തിൻെറകൂടെ പാർത്തു പള്ളിക്കാര്യങ്ങൾ നോക്കുന്ന പന്ത്രണ്ടു കത്തങ്ങൾക്കും (കത്തനാരന്മാർ) പള്ളി അധികാരികൾ എന്ന നാമവും 'ഡോലി'യും കുടയും ചങ്ങലവിളക്കും ശേഷം കത്തങ്ങൾക്കൊക്കെ കുടയും ചങ്ങലവിളക്കും ഉപയോഗിക്കുവാനുള്ള സ്ഥാനപദവികൾ ഏല്പിച്ചു കൊടുത്തിരിക്കുന്നു.

അതേ വഷത്തിൽ ഒക്ടോബർ മാസത്തിൽ പാറേമ്മാക്കൽ കത്തനാക്കു് നേരിട്ടും ഒരു 'രാജസാധനം' (തിരുവിതാംകൂർ മഹാരാജാവു്) നല്കുകയുണ്ടായി. അതനുസരിച്ചു് പുത്തൻചിറ (പദ്രുവാദോ) വരാപ്പുഴ (പ്രൊപ്പഗാന്ത) എന്നീ അധികാരസ്ഥാനങ്ങൾക്കു് കീഴ്പ്പെട്ടിരുന്ന സുറിയാനിപള്ളികളെ ഭരിക്കുന്നതിനുള്ള സ്വാതന്ത്ര്യം തോമ്മാക്കത്തനാക്കു കൊടുത്തു. 1787–ൽ തന്നെ കൊച്ചിരാജാവും അദ്ദേഹത്തിൻെറ മന്ത്രിയായിരുന്ന പാലിയത്തച്ചനും വെവ്വേറെ ഓരോ കല്പനകൾ നല്കുകയുണ്ടായി, അവയിലും മേല്പറഞ്ഞ തിരുവിതാംകൂർ 'രാജസാധനം' പോലെയുള്ള കാര്യങ്ങളാണു് ഉൾക്കൊള്ളുന്നതു്.

കൂടുതലായിട്ടുള്ള കാര്യങ്ങൾ താഴെപ്പറയുന്നവയാണു്. (a) മേലിൽ ലത്തീൻ മെത്രാന്മാക്കും പാതിരിമാക്കും സുറി

www.malankaralibrary.com

യാനിപ്പള്ളികളിലും സുറിയാനിക്കാരോടും യാതൊരു സംബന്ധവും കാര്യവുമില്ലാത്ത തരത്തിൽ തീർപ്പുചെയ്തിരിക്കുന്നു. (b) ആകയാൽ മെത്രാന്മാർ നടത്തിവന്നതിൻവണ്ണം കീഴ് മര്യാദപോലെ കാര്യങ്ങളൊക്കെയും സുറിയാനിക്കാരായ നസ്രാണി മാപ്പിളമാൎക്ക് നടത്തിക്കൊടുക്കുന്നതിനും നടത്തിക്കൊള്ളുന്നതിനും തീട്ടൂരം തന്നിരിക്കുന്നു''1.

തിരുവിതാംകൂർ രാജസ്ഥാനത്തുനിന്നും നല്കുന്ന പുരാതനങ്ങളായ അവകാശങ്ങളും അപദാനങ്ങളും നവീകരിച്ചനുഭവിച്ചുപോരുന്നതിന്, പഴയ ആചാരമനുസരിച്ചുള്ള തിരുമുൽക്കാഴ്ചകൾ കൊടുക്കേണ്ടിയിരുന്നു. മാൎത്താണ്ഡവർമ്മരാജാവിന്റെ കാലത്ത് കൈമ്മിറം, കൎത്താവ് മുതലായ സ്ഥാനങ്ങൾ കൊടുത്തിരുന്നത് രാജാവിന് തിരുമുൽക്കാഴ്ചയായി പണം കൊടുത്തിട്ടായിരുന്നു. എന്നാൽ സുറിയാനി ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം ഇവ പുതിയ ബഹുമതികളോ സ്ഥാനമാനങ്ങളോ ആയിരുന്നില്ല. പഴയ അവകാശങ്ങളുടെ തുടൎച്ച അഥവാ ആവൎത്തനം മാത്രമായിരുന്നു. തിരുമുൽക്കാഴ്ചയ്ക്കുള്ള പണം ജനങ്ങളിൽനിന്നും പിരിച്ചും പള്ളികളിൽ നിന്നുള്ള വരുമാനത്തിൽ നിന്നെടുത്തുമാണ് കൊടുത്തിരുന്നത്. ഏകദേശം അറുപതു പള്ളികളിൽ പണപ്പിരിവു നടത്തി. അവയിൽ ഏറ്റവും കൂടുതൽ പണം നല്കിയത് ചമ്പക്കുളം പള്ളിയാണ്. ആ പള്ളിയുടെ വരുമാനത്തിൽനിന്ന് നാലായിരം രൂപ എടുത്തപ്പോൾ ജനങ്ങളിൽനിന്നും പിരിച്ചെടുത്തത് ഒൻപതിനായിരം രൂപയായിരുന്നു. അടുത്തതായി വരുന്നത് കുറവിലങ്ങാട്ട് ഇടവകയാണ്. അവിടെ പള്ളിയിൽനിന്നു കിട്ടിയത് 5350 രൂപായും ജനങ്ങളിൽനിന്നും പിരിച്ചെടുത്തത് ഏഴായിരം രൂപായുമായിരുന്നു. പാലാപള്ളിയിൽനിന്ന് 3550 രൂപായും ജനങ്ങളിൽനിന്ന് 3500 രൂപായും കാഞ്ഞിരപ്പള്ളി പള്ളിയിൽനിന്ന് ആയിരം രൂപായും ജനങ്ങളിൽനിന്നു 3290 രൂപായും കിട്ടി2. ബുദ്ധിശാലികളായ തിരുവിതാംകൂർ കൊച്ചി രാജാക്കന്മാൎക്കുണ്ടായിരുന്ന നീതിബോധത്തിന്റേയും ദീർഘദൃഷ്ടിയുടേയും നയതന്ത്രജ്ഞതയുടേയും വെളിച്ചം ലഭിക്കുവാൻ റോമിലെ അധികാരികൾക്ക് നൂറിൽ

1. Fr. Bernard: Vol. II, P. 226-27.
2. Ibid, P. 234.

www.malankaralibrary.com

പ്പുരം വർഷങ്ങൾകൂടി വേണ്ടിവന്നുവെന്നതു് ശോചനീയമായ ഒരു പരമാർത്ഥമാണു്.

വരാപ്പുഴയിലെയും കൊച്ചിയിലെയും ആവനാഴികളിൽ നിന്നു് പാറേമ്മാക്കലിനെ ലക്ഷ്യമാക്കി എയ്തുവിട്ട ആഗ്നേയാസ്ത്രങ്ങൾ റോമിലും ലിസ്ബണിലും മിഷ്നറിമാരുടെ ആഗ്രഹാനുസരണം കുറിക്കുകൊണ്ടു, തറച്ചിറങ്ങി. കമ്മലീത്താക്കാരുടെ ആരോപണങ്ങളുടെ അടിസ്ഥാനത്തിൽ പാറേമ്മാക്കലിനെ മെത്രാനാക്കുകയില്ലെന്നു് പോർച്ചുഗൽ ഭരണം റോമിലെ പ്രൊപ്പഗാന്താസ്സു് ഉറപ്പു നല്കി[3]. കമ്മലീത്തർ സംതൃപ്തരും സന്തുഷ്ടരുമായി.

കൊച്ചിമെത്രാൻ ഗോവാവൈസ്രോയിക്കു് എഴുതിയതു് പാറേമ്മാക്കൽ തങ്ങളുടെ ശത്രുവാണെന്നും പദ്രവാദോയ്ക്കെതിരായി ഗൂഢാലോചനകൾ നടത്തുന്നുവെന്നും ആയിരുന്നു. അതിന്റെ പ്രതികരണമായി ഗോവയിലെ വൈസ്രോയി കൊച്ചിരാജാവിനെ അറിയിച്ചതു് മെത്രാനാകാൻ കഴിയാത്ത നിരാശയിൽ "ഒരു പാറേമ്മാക്കൽ'' ആണു് കുഴപ്പങ്ങൾ എല്ലാം ഉണ്ടാക്കുന്നതെന്നും പോർച്ചുഗൽ ഭരണത്തേയും കൊച്ചിയേയും എതിർക്കുന്ന അദ്ദേഹത്തെ മെത്രാനാക്കുവാൻ പോർച്ചുഗൽ രാജാവു് ഉദ്ദേശിക്കുന്നില്ലെന്നും കൊച്ചിരാജാവിന്റെ ഉദ്യോഗസ്ഥന്മാർ കൊച്ചിമെത്രാനെ ശല്യപ്പെടുത്തരുതെന്നും ആയിരുന്നു[4].

പാറേമ്മാക്കലിന്റെ ഭരണകാലത്തു്, വരാപ്പുഴയിൽ 60 സുറിയാനി കുടുംബങ്ങൾ ഉണ്ടായിരുന്നുവെന്നു് രേഖയുണ്ടു്. എന്നാൽ അവക്കു് മിഷ്നറിമാരിൽനിന്നും പുത്തുക്രിസ്ത്യാനികളിൽനിന്നും ഉണ്ടായ ഉപദ്രവങ്ങൾമൂലം, അവരെ വരാപ്പുഴ രൂപതയിൽനിന്നും വേർപെടുത്തി ഞാറയ്ക്കൽ ഇടവകയിൽ ചേർത്തു. പിന്നീടു് 1788-ൽ വരാപ്പുഴ പുത്തൻപള്ളിയിൽ സുറിയാനിക്കാർക്കു് പ്രത്യേകമായൊരു ദേവാലയം പണിയിക്കുകയും ഞാറയ്ക്കൽ ഇടവകയിൽ ചേർത്തിരുന്ന അംഗങ്ങളെ പുത്തൻപള്ളിയിലെ അംഗങ്ങളാക്കുകയും ചെയ്തു. ഈ പുത്തൻ പള്ളിയുടെ സ്ഥലത്താണു് പ്രസിദ്ധമായ പുത്തൻപള്ളി സെമിനാരി ആരംഭിച്ചതു്. പാറേമ്മാക്കലിന്റെ കാലത്തു് റോ

3. Podipara: Thomas Christians: 1970: P. 176.
4. Ferroli: Vol. II: P. 93.

www.malankaralibrary.com

മിൽ പഠിച്ചിരുന്ന രണ്ടു വൈദികർ വൈദികപട്ടം സ്വീകരിച്ച് നാട്ടിൽ മടങ്ങിയെത്തിയിരുന്നു. അവരിൽ ഒരാളായ ശങ്കുരിക്കൽ ഗീവറുഗ്ഗീസ് അച്ചനെ പൂക്കോട്ടസെമിനാരിയിലും, അപരനായ പുത്തനങ്ങാടി പൗലോസ് അച്ചനെ അങ്കമാലി സെമിനാരിയിലും മല്പാന്മാരായി നിയമിച്ചു. പാറേമ്മാക്കൽ തോമ്മാക്കത്തനാർ അങ്ങനെ പതിമൂന്നുവഷം കേരളക്കരയിലെ സുറിയാനിസഭയെ ഭരിച്ചശേഷം 1799 മാർച്ച് 20–ാം നു- ചരമം പ്രാപിച്ചു. അദ്ദേഹത്തിന്റെ ഭൗതികാവശിഷ്ടങ്ങൾ സ്വന്തം ഇടവകയായ രാമപുരം (പാലാസ്സുടുത്തു്) പള്ളിയിലാണ് അടക്കം ചെയ്തിട്ടുള്ളതു്.

## പണ്ടാരി പൗലോസ് മെത്രാൻ

പതിനെട്ടാം നൂററാണ്ടിലെ കേരളസഭാചരിത്രത്തിൽ വന്നുകൂടുന്ന ഒരു ഉപകഥയാണ് പണ്ടാരി പൗലോസ് മെത്രാന്റേതു്. ഡച്ചുകാരുടെ ആഗമനത്തിനുശേഷം കൊടുങ്ങല്ലൂർ മെത്രാപ്പോലീത്താമാരുടെ വാസസ്ഥലം പുത്തൻചിറയായിരുന്നുവെന്നു് പറഞ്ഞിട്ടുണ്ടല്ലോ. പണ്ടാരി പൗലോസ് പുത്തൻചിറ ഇടവകയിൽപെട്ട ആളായിരുന്നു. ഇദ്ദേഹം ഒരു സാധാരണ കുടുംബത്തിലെ അജ്ഞാതപുരുഷനായിരുന്നു. എന്നാൽ സുറിയാനി റീത്തു് നിലനിത്തുന്നതിലും സ്വജാതി മെത്രാനെ നേടിയെടുക്കുന്നതിലും അദ്ദേഹം ഒരു തീവ്രവാദിയായിരുന്നു. പാറേമ്മാക്കൽ തോമ്മാകത്തനാർ ഗോവർണദോറായിരുന്ന കാലത്താണ് അദ്ദേഹം ബാഗ്ദാദിൽ പോവുകയും അവിടെ വച്ചു് മെത്രാൻപട്ടം സ്വീകരിക്കുകയും ചെയ്തതു്. കല്ദായ പാത്രിയർക്കീസ് പണ്ടാരി പൗലോസിനെ തന്റെ കീഴിലുള്ള ഒരു രൂപതയുടെ മെത്രാനായിട്ടാണ് വാഴിച്ചതു്. പാത്രിയർക്കീസുമാർക്കു് പരമ്പരാസിദ്ധമായുള്ള അവകാശമനുസരിച്ചു്, തങ്ങളുടെ രൂപതകളിലെ മെത്രാന്മാരെ നിയമിക്കുവാൻ അധികാരമുണ്ടായിരുന്നു. അക്കാര്യത്തിൽ പാത്രിയർക്കീസിനെ നിയന്ത്രിച്ചിരുന്നതു് തങ്ങളുടെ റീത്തുകളിൽപെട്ട മെത്രാന്മാരുടെ സമിതിമാത്രമായിരുന്നു. റോമിന്റെ അംഗീകാരം പിന്നാലെ വന്നുകൂടിയ അനുഷ്ഠാനമാണ്. പൗലോസിനെ ബാഗ്ദാദിൽ അയച്ചതും മെത്രാൻപട്ടം സ്വീകരിക്കുവാൻ ഇടയാക്കിയതും തോമ്മാക്കത്തനാരായിരുന്നുവെന്നു് മെക്കൻസി പറയുന്നതു ശരിയല്ല. അതിനുള്ള തെളിവുകളൊന്നും മെക്കൻസി ഹാജരാക്കുന്നുമില്ല. അദ്ദേഹം മെത്രാനായി വന്നിട്ടും, കൊട

www.malankaralibrary.com

ങ്ങല്ലൂർ അതിരൂപതയിലെ വൈദികവിദ്യാൎത്ഥികളെ കൊച്ചി മെത്രാന്റെ പക്കൽ അയച്ചു അദ്ദേഹത്തിൽനിന്നു പട്ടം വാങ്ങി ക്കുകയായിരുന്നു പതിവു്. ശരിയായ കൈവയ്പും റോമി നോടു പ്രത്യക്ഷമായോ പരോക്ഷമായോ വിധേയത്വമുള്ള ഏതൊരു മെത്രാനും വൈദികപട്ടം കൊടുക്കാവുന്നതുമാണു്.

പണ്ടാരി പൗലോസുമെത്രാനെ മെസപ്പൊട്ടമിയായിലെ ഒരു രൂപതയിലെ മെത്രാനായിട്ടാണു നിയമിച്ചതു്. ഇതു് നിയമവിരുദ്ധമായ ഒരു നടപടി ആയിരുന്നെങ്കിൽ പാത്രി യൎക്കീസും പണ്ടാരി പൗലോസും ശിക്ഷാർഹരാകുമായിരുന്നു. എന്നാൽ അങ്ങനെയൊന്നും സംഭവിച്ചില്ല.

എന്നാൽ എന്തുകൊണ്ടു പാറേമ്മാക്കൽ, വൈദികവിദ്യാ ൎത്ഥികളെ പട്ടത്തിനായി കൊച്ചിമെത്രാന്റെ പക്കൽ അയച്ചു എന്നു ചോദിച്ചാൽ, റോമിലും ഗോവയിലുമുള്ള അധികാരിക ളുടെ വികാരത്തെ മാനിച്ചായിരിക്കണം എന്നായിരിക്കും ഉത്ത രം. പാറേമ്മാക്കൽ കാലം ചെയ്തപ്പോൾ, പണ്ടാരി പൗലോസു മെത്രാൻ രംഗത്തു ഇറങ്ങി, വൈദികഭരണസമിതിയോടു ആലോചിച്ചു് അദ്ദേഹം കട്ടക്കയത്തു അബ്രാഹം കത്തനാരെ പാറേമ്മാക്കലിന്റെ പിൻഗാമിയായി നിയമിച്ചു. തച്ചിൽ മാത്തുതരകനും ഏതാനും പള്ളിക്കാരും കട്ടക്കയത്തെ ഗവർണ ദോറായി സ്വീകരിച്ചു. റോമായുടെ അനുവാദം കൂടാതെയുള്ള നടപടി ആയിരുന്നതിനാൽ, കട്ടക്കയത്തിന്റെ അനുയായി കൾക്കു ശീശ്മയുടെ നിറവും മണവുമുണ്ടായിരുന്നു എന്നു് ചില ൎക്കെങ്കിലും അഭിപ്രായമുണ്ടായിരുന്നു. ഈയവസരത്തിൽ, കൊ ച്ചിരൂപതയെ അഡ്മിനിസ്ട്രേററായി ഭരിച്ചിരുന്നതു്, ലൂയിസ്സ് റിബാമർ എന്നൊരു ഫ്രാൻസിസ്കൻ വൈദികനാ യിരുന്നു. ഗോവയിലെ അധികാരികൾ റിബാമരിനെതന്നെ കൊടുങ്ങല്ലൂർ അതിരൂപതയുടേയും അഡ്മിനിസ്ട്രേററായി നിയമിച്ചു. പാറേമ്മാക്കലിന്റെ പിൻഗാമിയായി ഒരു സുറിയാനിക്കാരനെ നിയമിക്കുന്നതിൽ റിബാമർ സൗമന സ്യം കാണിച്ചു. അതനുസരിച്ചു് നാലുപേരുടെ പേരുകൾ റിബാമർ നല്കുകയും അവരിൽ ഒരാളെ തിരഞ്ഞെടുക്കുവാൻ ആവശ്യപ്പെടുകയും പള്ളിക്കാരെല്ലാം ആലപ്പുഴ മാർ സ്ലീബാ പള്ളിയിൽകൂടി (1801) ശങ്കൂരിക്കൽ ഗീവർഗ്ഗീസ് മല്പാനെ തിരഞ്ഞെടുക്കുകയും ചെയ്തു. ഇതു ഗോവാമെത്രാപ്പോലീത്താ അംഗീകരിച്ചു. ശങ്കൂരിക്കൽ ഗവർണദോറായി നിയമിത

www.malankaralibrary.com

നായതോടുകൂടി, സ്വതന്ത്രരായി നിന്നിരുന്ന കട്ടക്കയവും കൂട്ടരും അദ്ദേഹത്തിനു വിധേയരായി. അതേത്തുടർന്ന്, പണ്ടാരി മെത്രാൻ വരാപ്പുഴമെത്രാന്റെ അടുക്കൽചെന്ന് അദ്ദേഹത്തിനു കീഴ്വഴങ്ങി. പണ്ടാരിയുടെ അനന്തരചരിത്രത്തെപ്പറ്റി നമുക്ക് യാതൊരറിവും ഇല്ല.

## ഗവർണദോർ ശങ്കുരിക്കൽ ഗീവർഗ്ഗീസ് കത്തനാർ

### i) മാർ ദിവന്നാസ്യോസിന്റെ പുനരൈക്യം

പാറേമ്മാക്കലിനെ തുടർന്ന് ഗവർണദോറായിരുന്ന ശങ്കുരിക്കൽ ഗീവർഗ്ഗീസ് കത്തനാർ ഞാറയ്ക്കൽ ഇടവകക്കാരനും റോമിലെ പ്രൊപ്പഗാന്താ കോളേജിലെ പൂർവ്വവിദ്യാർത്ഥിയുമായിരുന്നു. അദ്ദേഹം ഗവർണദോറായിരുന്നപ്പോഴാണ്, വിയോജിതസഭയുടെ തലവനായ മാർ ദിവന്നാസ്യോസ് പുനരൈക്യപ്പെട്ടതു്. കേരളസുറിയാനിസഭയെ ഒന്നിച്ചുകൊണ്ടുവരുന്നതിൽ തീവ്രമായ ആഗ്രഹമുണ്ടായിരുന്ന ഒരാളായിരുന്നു, മാർ ദിവന്നാസ്യോസ്. റോമാസിംഹാസനത്തോട് സ്നേഹബഹുമാനങ്ങളും വിധേയത്വവും ഉള്ള പാരമ്പര്യമായിരുന്നു കേരളസുറിയാനി സഭയ്ക്കുണ്ടായിരുന്നതു്. അതുകൊണ്ടു് റോമാസഭയുമായി പുനരൈക്യപ്പെടാതെ, കേരളസുറിയാനിസഭയെ ഒന്നിച്ചുകൊണ്ടുവരുവാൻ സാദ്ധ്യമല്ലെന്ന് അദ്ദേഹത്തിന് ബോദ്ധ്യമുണ്ടായിരുന്നു. അതിനാൽ അദ്ദേഹം പുനരൈക്യത്തിന് മുൻകൈയെടുക്കുകയും അതിന് സന്നദ്ധനാവുകയും ചെയ്തു. പുനരൈക്യത്തിനുള്ള മാർ ദിവന്നാസ്യോസിന്റെ അപേക്ഷ 1774 ജൂലൈ 22-ാം തീയതി പ്രൊപ്പഗാന്താസംഘം ചർച്ചചെയ്യുകയും അദ്ദേഹത്തെ കത്തോലിക്കാസഭയിലേയ്ക്കു സ്വീകരിക്കുവാൻ വരാപ്പുഴ അപ്പോസ്തോലിക്കായ്ക്കു് അധികാരം കൊടുക്കുകയും ചെയ്തു. എന്നാൽ മിഷ്നറിമാർ ഇക്കാര്യത്തിൽ പുറമേ ഉദാസീനരും അകമേ വിരുദ്ധരുമായിരുന്നു. മിഷ്നറിമാരുടെ സമ്മർദ്ദംകൊണ്ടാണെന്നു തോന്നുന്നു, ഈ സുറിയാനി സമൂഹത്തിന് സ്വജാതിമെത്രാൻ വേണമെന്നുള്ള അഭിലാഷം ദിവന്നാസ്യോസിന്റെ പുനരൈക്യചർച്ചകളിൽ ഉൾപ്പെടുത്തരുതെന്ന് പ്രൊപ്പഗാന്ത അനുശാസിച്ചിരുന്നതു്[5].

---

5. Travancore State Manual 1906: Vol. II, P. 209.

www.malankaralibrary.com

## ii) പുത്തൻചിറ

പോർച്ചുഗീസ് ജസ്യൂട്ടരുടെയും ഇററാലിയൻ കർമ്മലീത്തരുടെയും മത്സരിച്ചുള്ള ഭരണത്തിൽ ജസ്യൂട്ടരുടെ ആസ്ഥാനമായിരുന്നതു് പുത്തൻചിറയും കർമ്മലീത്തരുടെ ആസ്ഥാനമായിരുന്നതു് വരാപ്പുഴയും ആയിരുന്നു. പുത്തൻചിറ, സാമൂതിരിയുടെ രാജ്യത്തിലും ഡച്ചു് അധികാരത്തിനു പുറത്തുമായിരുന്നു. ഡച്ചുകാരുടെ നിരോധനംമൂലം കൊടുങ്ങല്ലൂർ മെത്രാപ്പോലീത്താമാരായിരുന്ന പോർച്ചുഗീസ് ജസ്യൂട്ടർ താമസിച്ചിരുന്നതു്, പുത്തൻചിറയാണു്. പുത്തൻചിറ കൊടുങ്ങല്ലൂരിൽനിന്നും അഞ്ചാറു മൈൽ കിഴക്കായി വള്ളത്തിൽ ചെന്നെത്താവുന്ന ഒരു സ്ഥലമാണു്. കണ്ടാൽ തോടും വയലും ചിറയുമുള്ള കുട്ടനാടിന്റെ പ്രതീതിയാണുണ്ടാവുക. 1700 മുതൽ 1777 വരെ കൊടുങ്ങല്ലൂർ അതിരൂപത ഭരിച്ചിരുന്ന മെത്രാപ്പോലീത്താമാർ താമസിച്ചിരുന്നതു് ഇവിടെയാണു്. നാലു് പോർച്ചുഗീസ് മെത്രാപ്പോലീത്താമാരെ ഈ ദേവാലയത്തിൽ സംസ്ക്കരിച്ചിട്ടുണ്ടു്. അവരുടെ മാഞ്ഞു തുടങ്ങിയ നാലു സ്മാരകശിലാരേഖകളും അവിടെ ഉണ്ടു്. ആ പള്ളിയുടെ കവാടത്തിലുള്ള കരിങ്കൽ കുരിശിനും പള്ളിയുടെ മുമ്പിലുള്ള കുരിശിനും മെത്രാപ്പോലീത്താമാരുടെ കുരിശുപോലെ, രണ്ടു ശിഖരങ്ങളുണ്ടു്. ടിപ്പുവിന്റെ ആക്രമണത്തിൽപ്പെട്ട ആ ദേവാലയം കത്തിയെരിയുകയും ജനങ്ങൾ ചിന്നിച്ചിതറിപ്പോവുകയും ചെയ്ത വ്യസനകരമായ ഒരു ചരിത്രം പുത്തൻചിറയ്ക്കുണ്ടു്. അവിടെ പുതുക്കിപ്പണിയിച്ച ഇന്നത്തെ ദേവാലയം വളരെ മനോഹരമായ ഒന്നാണു്. പുത്തൻചിറയുടെ സന്താനമായ 'ജെയിംസ്' പഴയാററിൽ ഇരിങ്ങാലക്കുട രൂപതയുടെ ഇന്നത്തെ അധിപനാണു്. വിജ്ഞാനസമ്പന്നനായ അദ്ദേഹത്തിനു് കേരളസഭാചരിത്രം അന്യമായിരിക്കുകയില്ല. കേരളസഭാസംഭവങ്ങളുടെ ഓർമ്മകൾ ഉരുണ്ടുകൂടികിടക്കുന്ന ദേശമാണു്, അദ്ദേഹത്തിന്റെ ഭരണതലം. തിരുക്കുടുംബസന്ന്യാസിനീസമൂഹത്തിന്റെ സ്ഥാപകയായ ദൈവദാസി മദർ മറിയം ത്രേസ്യായുടെ ജന്മനാടും പ്രവർത്തനരംഗവും പുത്തൻചിറ ആയിരുന്നു.

കേരളത്തിൽ ഇന്നുള്ള മെത്രാന്മാരിൽനിന്നു് ഭിന്നമായ ഒരു മഹാദൗത്യത്തിന്റെ സംവാഹകനാണു് ബിഷപ്പു് പഴയാററിൽ. ആ ദൗത്യത്തിന്റെ ഒരു ഭാഗം വ്യക്തവും മറെറതു് വ്യംഗ്യവുമാണു്. വ്യക്തമായ ദൗത്യം മറേറതൊരു മെത്രാ

www.malankaralibrary.com

ൻെറയും അജഗണസേവനംപോലെ പ്രകടമാണ്. വ്യംഗ്യ മായ ദൗത്യമാണ് മഹത്തായതും നിസ്തുലമായതും കേരള സഭക്ക മുഴുവൻ അഭിമാനകരമായതും. അദ്ദേഹം ജനിച്ചു വളൎന്ന മണ്ണിൻെറയും ശ്വസിക്കുന്ന വായുവിൻെറയും ചരിത്രപരമായ പ്രചോദനമാണ് അദ്ദേഹത്തിൻെറ വ്യംഗ്യമായ ദൗത്യം. കേരളസഭ മുഴുവൻെറയും ആത്മാൎത്ഥവും ത്യാഗപൂൎണ്ണവുമായ സഹായസഹകരണങ്ങരം അവകാശപ്പെടുന്നതാണ്. ആ ദൗത്യം. ബിഷപ്പ് പഴയാററിൽ ഭരണമേററ് അധികം കഴിയുന്നതിനുമുമ്പ് ഈ ഗ്രന്ഥകൎത്താവ് അദ്ദേഹത്തോട്ട് തലമുറകളെ ആനന്ദത്തിൽ ആറാടിക്കുന്ന ആ ദൗത്യത്തെപ്പററി സംസാരിച്ചപ്പോരം, അദ്ദേഹം അതിന് ആകാശകുസുമത്തിൻെറ വിലയേ നല്കിയുള്ളു. മാസങ്ങരം കഴിഞ്ഞില്ല, ആ ആകാശകുസുമത്തിൻെറ സൗരഭ്യം ബിഷപ്പ പഴയാററിലിൻെറ അംഗുലീയത്തിൽ ഈ ലേഖകൻ മണത്തറിഞ്ഞു. പുണ്യചരിതകളും പ്രശസ്തരും ആയ കന്യാസ്ത്രീമാരുടെ ഔദാൎയ്യവും മഹാമനസ്ക്കതയും, സൎവ്വോപരി പ്രശംസനീയമായ സമുദായാഭിമാനവുമാണ്, ആ ആകാശകുസുമത്തെ കൊടുങ്ങല്ലൂർ മണ്ണിൽ നട്ടുപിടിപ്പിച്ചതു്. അവൎക്ക നമോവാകം അൎപ്പിക്കാതെ, ഈ ഭാഗം അവസാനിപ്പിക്കുവാൻ നിൎവ്വാഹമില്ല. പുത്തൻചിറയുടെ ധീരസന്താനമായ മദർ മറിയം ത്രേസ്യാ ആ പുണ്യഭൂമിയെ കൂടുതൽ ധന്യമാക്കുകയും ചെയ്തിട്ടുണ്ട്.

## ശങ്കുരിക്കലിനുശേഷം

ശങ്കുരിക്കലിനെ തുടൎന്ന് കൊടുങ്ങല്ലൂർ അതിരൂപതയുടെ ഭരണാധികാരികളായി വന്നതു് ഏതാനും പോർച്ചുഗീസുകാരാണ്. അവരുടെ ഭരണകാലം ഈ ചരിത്രത്തിൽ പ്രാധാന്യമർഹിക്കാത്തതിനാൽ ഇവിടെ ഉരംപ്പെടുത്തുന്നില്ല. തോമസ് അക്വിനാസ് എന്ന ഡൊമിനിക്കൻ മെത്രാപ്പോലീത്താ 1821 മുതൽ 23 വരെ കൊടുങ്ങല്ലൂർ മെത്രാപ്പോലീത്തായായി ഭരിച്ചു. അദ്ദേഹം കൊല്ലത്തുവച്ചാണ് മരിച്ചതു്. എന്നാൽ ചങ്ങനാശ്ശേരി പള്ളിയിലാണ് അദ്ദേഹത്തെ സംസ്ക്കരിച്ചതു്. കൊടുങ്ങല്ലൂർ അതിരൂപതയുടെ അവസാനത്തെ മെത്രാപ്പോലീത്തായും അദ്ദേഹമായിരുന്നു. 1838-ൽ പദ്രുവാദോഭരണം നിൎത്തലാക്കിയപ്പോരം സുറിയാനിക്കാരെല്ലാം വരാപ്പുഴയുടെ കീഴിൽ വന്നു. എന്നാൽ 1864-ൽ മാൎപ്പാപ്പായുടെ പ്രതിനിധിയായ Msgr. Saba പോർച്ചുഗലുമായിട്ട് 'കോൺക്ൎദാത്തു്'' ഉണ്ടാക്കുകയും, അതനുസരിച്ച്, പദ്രു

www.malankaralibrary.com

വാദോ കേരളത്തിൽ പുനരാവിർഭവിക്കുകയും ചെയ്തതോടു കൂടി, കേരളത്തിലെ സുറിയാനിസഭ വീണ്ടും രണ്ടായി ഭാഗിക്കപ്പെട്ടു. യൂറോപ്പിലെ രാഷ്ട്രീയ താല്പര്യങ്ങളുടെ കൈകളിൽ കേരളസുറിയാനിസഭയുടെ ഭാഗധേയം, അതിന്റെ പന്താട്ടം വീണ്ടുമാരംഭിച്ചു. ഈ അടുത്തകാലത്താണ് ഒരു മെത്രാൻ തന്റെ ആസ്ഥാനനഗരത്തിൽ സ്വന്തം റീത്തുകാർ കുറവായതുകൊണ്ടു് ആ സ്ഥലത്തുള്ള ഇതരറീത്തുകാരെ തന്റെ രൂപതയിലും റീത്തിലും ചേർക്കുവാൻ റോമിലേയ്ക്കു് അഭ്യർത്ഥനകൾ നടത്തിയതായി റിപ്പോർട്ടുണ്ടായതു്. ശതവർഷങ്ങളായുള്ള ഒരു സമൂഹത്തിന്റെ ആത്മീയവും സാമൂഹ്യവും സാംസ്ക്കാരികവുമായ അന്തസ്സത്തയെ തന്റെ അധികാരമോഹസംതൃപ്തിക്കുവേണ്ടി ചന്തയിൽ കന്നുകാലികളെ എന്നപോലെ കൈമാറിക്കിട്ടുവാൻ ഉദ്യമിച്ചതു്, സഭാഭരണത്തിലെ ചീഞ്ഞളിഞ്ഞ ഒരു വശമാണു് കാണിക്കുന്നതു്. ഈ റീത്തു കച്ചവടത്തിൽ വില്പനച്ചരക്കായി വരുന്നതു് പൌരസ്ത്യറീത്തുകാരായിരുവെന്നുള്ളതു് ഹൃദയഭേദകമായ സംഗതിയാണു്. ലത്തീൻ സാമ്രാജ്യമോഹത്തിന്റെ ആക്രമണങ്ങൾക്കും കയ്യേറ്റങ്ങൾക്കും ഇരയായിത്തീർന്നിട്ടുള്ളതും പൌരസ്ത്യറീത്തുകളാണെന്നുള്ളതു് സ്മരണീയമാണു്. ചില മാർപ്പാപ്പാമാർതന്നെ ഈ ലത്തീനീകരണത്തിനെതിരായി കല്പനകൾ പുറപ്പെടുവിക്കുകയും അതിനൊരുമ്പെടുന്നവർക്കു് കഠിനമായ ശിക്ഷകൾ നിർദ്ദേശിക്കുകയും ഉണ്ടായിട്ടുണ്ടു്. എന്നാൽ അവയൊന്നും വേണ്ടിടത്തോളം ഫലപ്രദമായിത്തീർന്നില്ല.



www.malankaralibrary.com

## ഇരുപത്തിമൂന്നാം അദ്ധ്യായം

# മൈസൂർ ആക്രമണങ്ങളും മാർത്തോമ്മാ ക്രിസ്ത്യാനികളും

മൈസൂർ ആക്രമണം ഇവിടെ സംഗതമാകുന്നതു് ഇരുപതാം നൂററാണ്ടോടുകൂടി മലബാർദേശത്തുനിന്നും നിർമ്മാജ്ജനം ചെയ്യപ്പെട്ട മാർത്തോമ്മാക്രിസ്ത്യാനികളെപ്പററി ചിന്തിക്കുമ്പോഴാണു്.

കേരളചരിത്രത്തെയും കേരളത്തിലെ എല്ലാ സമുദായങ്ങളെയും ഗുരുതരമായി ബാധിച്ച സംഭവമാണു് മൈസൂർ ആക്രമണങ്ങൾ. ശതാബ്ദങ്ങളായി കേരളത്തിൽ നിലനിന്നിരുന്ന മതസഹിഷ്ണുതയേയും സമുദായസൗഹാർദ്ദത്തേയും, നാല്പതു വർഷംകൊണ്ടു് തച്ചുടച്ചു്, കേരളചരിത്രത്തിൽ ക്രൂരവും രക്തപങ്കിലവുമായ ഒരു അദ്ധ്യായമാണു് അതു് കൂട്ടിച്ചേർത്തതു്. ഒൻപതാം നൂററാണ്ടിൽ കേരളത്തിൽവന്ന സുലൈമാൻ (A. D. 851–'52) എന്ന മുഹമ്മദീയ സഞ്ചാരി, കേരളത്തിലും ചൈനയിലും മുസ്ലീമുകളെ കണ്ടില്ലെന്നു പറയുന്നു. "ഇന്ത്യയിലോ ചൈനയിലോ മുഹമ്മദുമതം സ്വീകരിച്ചവരോ അറബി സംസാരിക്കുന്നവരോ ആയി ആരെയും എനിക്കറിവില്ല"1.

നാനാമാർഗ്ഗേണയാണു് മുഹമ്മദുമതം ഇവിടെ വളർന്നിട്ടുള്ളതു്.

(1) ആദ്യശതാബ്ദങ്ങളിൽ, സിറിയാ, അറേബ്യാ മുതലായ സ്ഥലങ്ങളിൽനിന്നും വന്നിട്ടുള്ള കച്ചവടക്കാർ ക്രിസ്ത്യാനികളായിരുന്നു. അനന്തരം ആ രാജ്യങ്ങളിൽ ഇസ്ലാംമതം സ്ഥാപിക്കപ്പെട്ടപ്പോൾ, അവർ മുഹമ്മദീയ കച്ചവടക്കാരായിത്തീർന്നു.

(2) ഈ മുഹമ്മദീയ കച്ചവടക്കാർ ഈ നാട്ടിലെ സ്ത്രീകളുമായി ബാന്ധവം ഉണ്ടായപ്പോൾ അവരുടെ സന്താനങ്ങളും മുഹ

---

1. W. Logan, Malabar, Vol. I, 1951, P. 192.

www.malankaralibrary.com

മ്മദീയരായി. വിദേശിയരോടുള്ള ബഹുമാനംകൊണ്ടു് ആ സന്താനങ്ങളെ 'മഹാപിള്ള' എന്നു വിളിച്ചിരിക്കാൻ ഇടയുണ്ടു്. അതായിരിക്കുമോ 'മാപ്പിള' പേരിന്റെ ഉത്ഭവം? ആദ്യമേ, ഈ പേരുണ്ടായതു് വിദേശിയരായ സുറിയാനിക്കാരും നാട്ടുകാരുമായുള്ള വിവാഹഫലമായ സന്താനങ്ങൾക്കായിരിക്കാം. സുറിയാനി ക്രിസ്ത്യാനികളിൽ ചിലർക്കു് 'മാപ്പിള' എന്ന പേരുകിട്ടാൻ കാരണം അതായിരിക്കുമോ?

(3) ഏഷ്യയുടെ തെക്കുപടിഞ്ഞാറെ ഭാഗത്തു് ആരംഭിച്ച ഇസ്ലാംമതം പ്രചരിപ്പിക്കുവാൻ അവിടെനിന്നും ആളുകൾ ഇവിടെവന്നു. മതപ്രചരണത്തിൽ, മററാരെയുംകാൾ കലശലായ ആവേശമുള്ളവരായിരുന്നല്ലോ മുഹമ്മദീയർ. സാമൂഹ്യമായി അധഃസ്ഥിതരായി പരിഗണിക്കപ്പെട്ട ജാതികൾക്കും ആളുകൾക്കും ഇസ്ലാമിന്റെ മനുഷ്യസമത്വം ഏക രക്ഷാമാൎഗ്ഗമായി തോന്നി. തങ്ങളുടെ സാമൂഹ്യസമത്വം സ്ഥാപിച്ചെടുക്കുവാൻ ഇസ്ലാമിന്റെ പ്രേരണയും ഉണ്ടായി. തന്മൂലം മലബാറിലെ ചെറുമർ സമുദായത്തിൽനിന്നു് വളരെ ആളുകൾ ഇസ്ലാംമതം സ്വീകരിച്ചു. അവഗണിക്കപ്പെട്ട ആ സമൂഹത്തിനു് ഇസ്ലാമിന്റെ സമത്വതത്വം സാമൂഹ്യസുരക്ഷിതത്വം നല്കി. ഇതു് ഏററവും കൂടുതലായി സംഭവിച്ചതു് 19–ാം നൂററാണ്ടിലാണു്. മലബാറിൽ 1871–ലെ ജനസംഖ്യ അനുസരിച്ചു് 99000 ചെറുമർ ഉണ്ടായിരുന്നു. എന്നാൽ 1881–ൽ എടുത്ത ജനസംഖ്യ അനുസരിച്ചു് അതു് 64725 ആയി കുറഞ്ഞു. 10 വൎഷംകൊണ്ടു് 5.71% നഷ്ടപ്പെട്ടുവെന്നു മാത്രമല്ല, അവരുടെ ജനസംഖ്യ 34.63% ആയി കുറയുകയും ചെയ്തു. ഈ നഷ്ടം ഇസ്ലാമിനു് ലാഭമായിത്തീരുകയാണു് ചെയ്തതെന്നു് മലബാർ മാനുവലിന്റെ കൎത്താവായ William Logan പറയുന്നു.

(4) നിർബ്ബന്ധിതമതപരിവൎത്തനം. ഇതു് പ്രധാനമായും ഉണ്ടായതു് മൈസൂർ ആക്രമണകാലത്താണു്. ചരിത്രകാരനായ ലോഗൻ ഇതിനു് തെളിവുകൾ തരുന്നുണ്ടു്. "1788 ജൂലൈ 22–ാംനു- 200 നമ്പൂതിരിമാരെ പിടിച്ചുകൊണ്ടുപോയി മുഹമ്മദീയമതത്തിൽ ചേൎക്കുകയും ഗോമാംസം തീററുകയും ചെയ്തു''2. "1788 ഓഗസ്റ്റ് മാസത്തിൽ പരപ്പനങ്ങാടി രാജാവിനെയും കുടുംബത്തെയും നിലമ്പൂരുള്ള 'തിച്ചേറതെരു

2. Ibid, P. 449.

www.malankaralibrary.com

പ്പാർ' എന്ന നായർ പ്രമാണിയേയും വേറെ അനവധി ആളുകളെയും കോയമ്പത്തൂർ കൊണ്ടുപോയി ഛേദനാചാരം ചെയ്യുകയും ഗോമാംസം തീററുകയും ചെയ്തു''3.

എന്നാൽ അതിദാരുണമായ സംഭവമുണ്ടായതു് കടത്തനാട്ടുരാജാവിന്റെ തലസ്ഥാനമായ കുററിപ്പുറത്തുവച്ചാണു്. രാജാവിന്റെ രണ്ടായിരം നായർ പടയാളികൾ സംരക്ഷിച്ചിരുന്ന കോട്ട ടിപ്പുവിന്റെ സൈന്യങ്ങൾ വളഞ്ഞു. വളരെ ദിവസങ്ങളോളം നായർ പടയാളികൾ കോട്ട സംരക്ഷിച്ചുകൊണ്ടിരുന്നെങ്കിലും, ഒടുവിൽ ഗത്യന്തരമില്ലാതെ അവർ കീഴടങ്ങി. അവരോടു് ടിപ്പു നല്കിയ രണ്ടു വ്യവസ്ഥകളിൽ ഏതെങ്കിലും ഒന്നു് സ്വീകരിക്കുവാൻ ആജ്ഞാപിച്ചു: ഒന്നു്, അവർ സ്വമേധയാ, ഇസ്ലാംമതം സ്വീകരിക്കുക; രണ്ടു്, അന്യനാട്ടിൽ കൊണ്ടുപോയി ഇസ്ലാംമതം സ്വീകരിപ്പിക്കുക. നിർഭാഗ്യരായ രണ്ടായിരം നായർ പടയാളികളെയും അവരുടെ കുടുംബങ്ങളെയും, പിറേറദിവസം, മുഹമ്മദുമതത്തിൽ ചേർക്കുകയും അവരെ ഗോമാംസം തീററുകയും ചെയ്തു4.

ടിപ്പുവിന്റെ ആക്രമണകാലത്തു്, യുദ്ധരംഗങ്ങളിൽ നിന്നും അധികം ദൂരത്തല്ലാതെ താമസിച്ചിരുന്ന ഫാദർ പൗളിനോ ബർത്തലോമിയോ തന്റെ പുസ്തകത്തിന്റെ മുഖവുരയിൽ ഇപ്രകാരം പറയുന്നു. ''എന്റെ കണ്ണുകൊണ്ടു് കണ്ടതോ വിശ്വാസയോഗ്യരായ ദൃക്സാക്ഷികൾ പറഞ്ഞുകേട്ടതോ ആണു് ഞാനെഴുതുന്നതു്'', അനന്തരം ടിപ്പുവിന്റെ കാലത്തെ ആക്രമണം വിവരിക്കുന്നതിപ്രകാരമാണു്, ''ഹിന്ദുക്കളിൽനിന്നും ക്രിസ്ത്യാനികളിൽനിന്നും പിടിക്കപ്പെട്ട സ്ത്രീപുരുഷന്മാരെ തൂക്കിലിട്ടു. ആദ്യം അമ്മമാരെ കെട്ടിത്തൂക്കിയശേഷം, കുഞ്ഞുങ്ങളെ അവരുടെ കഴുത്തിലും തൂക്കിയിട്ടു. ക്രൂരനായ ഈ സ്വേച്ഛാധിപതി (ടിപ്പു) വളരെ ക്രിസ്ത്യാനികളെയും ഹിന്ദുക്കളെയും നഗ്നരാക്കിയശേഷം, അവരുടെ അവയവങ്ങളെ ആനയുടെ കാലുകളിൽ കെട്ടി വലിപ്പിച്ചു. അതുമൂലം അവരുടെ അവയവങ്ങൾ പലതായി ചിന്നിവീണു. അതേസമയം തന്നെ, എല്ലാ ഹിന്ദുക്ഷേത്രങ്ങൾക്കും ക്രിസ്ത്യൻ ദേവാലയങ്ങൾക്കും തീ കൊടുക്കുകയോ മററു വിധത്തിൽ നശിപ്പിക്കുകയോ ചെയ്തു. ഹിന്ദുക്കളും ക്രിസ്ത്യാനികളുമായ സ്ത്രീകളെ മുസ്ലീം

3. Ibid: P. 450.
4. Ibid: P. 417.

www.malankaralibrary.com

കരംക്കു് വിവാഹം ചെയ്തുകൊടുത്തു ........ സവർണ്ണ ഹിന്ദുക്കളുടെ കലീനതത്വത്തിൻെറ അടയാളമായ കുടുമ്മി മുറിച്ചുകളഞ്ഞു. തെരുവുകളിലും ചന്തകളിലും കാണുന്ന ക്രിസ്ത്യാനികളെ പിടിച്ചുകൊണ്ടുപോയി ഛേദനാചാരം ചെയ്തു. വിസമ്മതിച്ചവരെ തൂക്കിക്കൊന്നു''5. ഈ സംഭവങ്ങരം നടന്ന കാലത്തു് അതിൻെറ ദൃക്സാക്ഷികളായ അഭയാൎത്ഥികരം ഒളിച്ചോടി വരാപ്പുഴ വരികയും, അവരിൽനിന്നും ഈ വിവരങ്ങരം നേരിട്ടറിയുകയും ചെയ്തതാണെന്നു് പൗളിൻ പറയുന്നു. അവരെ വള്ളത്തിൽ ആററിനക്കരെ കടത്തി രക്ഷപ്പെടുത്തിയെന്നും പൗളിൻ പറയുന്നുണ്ടു്.

ടിപ്പുസുൽത്താൻ ബ്രിട്ടീഷുകാരുമായുള്ള ശ്രീരംഗം യുദ്ധരംഗത്തുവച്ചാണല്ലോ മരിച്ചതു്. അവർ അദ്ദേഹത്തിനു് ബഹുമാനപൂൎവ്വമായ ഒരു രാജകീയ സംസ്ക്കാരം നല്കി. അന്നവർ ടിപ്പുവിൻെറ കൊട്ടാരത്തിൽനിന്നും പല രേഖകളും പിടിച്ചെടുത്തു. അവയിൽ അദ്ദേഹത്തിൻെറ ചില കത്തുകളും ഉരംപ്പെട്ടിരുന്നു. മൈസൂർ ചരിത്രമെഴുതിയ വിക് (Wick) ഈ കത്തുകളിൽ ചിലതു് പ്രസിദ്ധീകരിച്ചിട്ടുണ്ടു്.

ചരിത്രകാരനായ സർദാർ കെ. എം. പണിക്കർ ലണ്ടനിലെ ഇന്ത്യാ ആഫീസിൽനിന്നും ടിപ്പുവിൻെറ ചില കത്തുകരം പകൎത്തി വിവൎത്തനം ചെയ്തു് ഒരു കുറിപ്പോടുകൂടി 1099 ചിങ്ങത്തിലെ ഭാഷാപോഷിണിയിൽ പ്രസിദ്ധപ്പെടുത്തിയിരുന്നു. അതിൽനിന്നാണു് താഴെ ചേൎത്തിരിക്കുന്ന ഭാഗങ്ങരം ഉദ്ധരിക്കുന്നതു്.

ബദ്രൂസ് ഉസ്മാൻ ഖാനിനു് 1790 ജനുവരി 18–ാം തീയതി ടിപ്പുസുൽത്താൻ അയച്ച കത്തിൽ ഇപ്രകാരം പറയുന്നു, ''ഈ ഇടയ്ക്കു് മലബാർ രാജ്യത്തു് നമുക്കു് വലിയ വിജയം സിദ്ധിച്ചിരിക്കുന്നുവെന്നും നാലു് ലക്ഷത്തിൽപരം ജനങ്ങളെ ഇസ്ലാമിൻെറ ബഹുമാനത്തിനു് പാത്രമാക്കിയെന്നും അറിയാമല്ലോ. ഇനിയും ആ നശിച്ച രാമൻനായരുടെ (തിരുവിതാംകൂറിലെ ധൎമ്മരാജാ) നേക്കു് താമസിയാതെ പുറപ്പെടുന്നതിനു് നിശ്ചയിച്ചിരിക്കുന്നു. അയാളെയും അയാളുടെ പ്രജകളെയും വഴിപോലെ ഇസ്ലാമിൽ ചേക്കുന്നതിലുള്ള സന്തോ

5. Fra Paolino Da Sar Barthalomio, Voyage to the East Indies 1800: P. 141-142.

www.malankaralibrary.com

ഷത്താൽ ഇപ്പോറം ശ്രീരംഗപട്ടണത്തിലേയ്ക്ക് പോകേണ്ടേന്നു് വച്ചിരിക്കുന്നു6. നിർബന്ധിത മതപരിവർത്തനത്തിനു് ആജ്ഞ നല്കുന്ന വേറെയും പല കത്തുകറം ആ മാസികയിലുണ്ടു്. 1758 ഡിസംബർ 21–ാം തീയതി (ടിപ്പു) സുൽത്താൻ എഴുതിയ കത്തിൽ പറയുന്നു, ''കയ്യിൽ പെട്ടിട്ടുള്ളവരിൽ ഇരുപതു് വയസ്സിനു മുകളിലുള്ളവരെയെല്ലാം വൃക്ഷങ്ങളിൽ കെട്ടിത്തൂക്കണം''7.

മൈസൂർ സൈന്യങ്ങറം വരുന്നുവെന്നു കേട്ട പാലയൂർ ഉണ്ടായിരുന്ന ക്രിസ്തീയകുടുംബങ്ങറം ഒന്നൊഴികെ ബാക്കിയെല്ലാം ഓടിപ്പോയി. സ്ഥലം വിടാതിരുന്ന കുടുംബമാകട്ടെ, ഇസ്ലാമിൽ ചേർന്നു. സൈന്യങ്ങറം പിടിച്ചെടുത്ത സ്ഥലങ്ങറം മുഴവനും അവക്കു കിട്ടുകയും ചെയ്തു, മൈസൂർ സൈന്യങ്ങറം പാലയൂർനിന്നും അർത്താററു് പള്ളിയിലേയ്ക്കാണു് പോയതു്. ആ പള്ളിയുടെ ചുററുമുള്ള മരങ്ങളിൽ പ്രായപൂത്തിയായ ക്രിസ്ത്യാനികളെ കെട്ടിത്തൂക്കിയെന്നാണു്, ഡാ. ബുക്കാനനും പറയുന്നതു്. ഫാദർ പൗളിനോയുടെ അഭിപ്രായം, മൈസൂർ ആക്രമണങ്ങളിൽ പതിനായിരം മാർത്തോമ്മാക്രിസ്ത്യാനികറം കൊല്ലപ്പെട്ടുവെന്നാണു്8. അതിനെക്കാറം വളരെ കൂടുതലായിരിക്കണം, മുഹമ്മദുമതത്തിൽ ചേക്കപ്പെട്ടവരുടെ സംഖ്യ. മുഹമ്മദീയരുടെ അന്ത:പുരങ്ങളിൽ പ്രവേശിപ്പിക്കപ്പെട്ട സ്ത്രീകളുടെ സംഖ്യ ഇവയൊക്കെക്കാറം വളരെ കൂടുതലുമായിരിക്കാം.

(5) കോഴിക്കോട്ടെ സാമൂതിരി രാജാക്കന്മാക്കു് യുദ്ധക്കോപ്പുകളും മററും നല്കിക്കൊണ്ടിരുന്നതു് അറബികളായ മുഹമ്മദീയരായിരുന്നു. അറേബ്യൻ കടലിലെ നാവികരുടെ സംഖ്യയിൽ മുഹമ്മദീയർ മുന്നിട്ടുനിന്നിരുന്നു. എങ്കിലും, കേരളത്തിൻെറ തീരപ്രദേശങ്ങളിൽ, പ്രത്യേകിച്ചു് തുറമുഖത്തോടടുത്ത സ്ഥലങ്ങളിൽ, മാർത്തോമ്മാക്രിസ്ത്യാനികറം ധാരാളമുണ്ടായിരുന്നു. പോർച്ചുഗീസുകാർ വരുന്നതിനുമുമ്പു് കണ്ണൂരും കോഴിക്കോട്ടും പാലയൂരും കൊടുങ്ങല്ലൂരും സുറിയാനി മെത്രാന്മാരുണ്ടായിരുന്നുവെന്നു് ത്രെന്തോസു് (Trent) സൂനഹദോസിൽവച്ചു് സുറിയാനി പാത്രിയക്കിസ് പുറപ്പെടുവിച്ച അവ

6. Qtd. by V. R. Rarameswara Pillai, Raja Kesavadas: 1973: P. 47.
7. Ibid: P. 45.
8. Ibid: P. 149.

www.malankaralibrary.com

കാശവാദങ്ങളിൽനിന്നും മനസ്സിലാക്കാം. പോർച്ചുഗീസു കാർ വന്നപ്പോഴും, ഈ സ്ഥലങ്ങരം മാർത്തോമ്മാക്രിസ്ത്യാനിക ളുടെ കേന്ദ്രങ്ങളായിരുന്നു. 1492—ൽ (വാസ്കോഡിഗാമ വരുന്നതിനു് 6 വർഷം മുൻപു്) കോഴിക്കോട്ടുവന്ന Hironimo de Santo Stefano എന്ന ജനോവാക്കാരനായ കച്ചവടക്കാരനെ ഉദ്ധരിച്ചുകൊണ്ടു് മാർത്തോമ്മാക്രിസ്ത്യാനികളുടെ പല ആയി രം കുടുംബങ്ങരം കോഴിക്കോട്ടു കണ്ടെന്നു പറയുന്നു9. ഉദയം പേരൂർ സൂനഹദോസിനെയും ആർച്ചുബിഷപ്പു മെനേസി നെയും. പരിഹസിച്ചുകൊണ്ടു മാർത്തോമ്മാക്രിസ്ത്യാനികരം 1599-ൽ കോഴിക്കോട്ടു് അഭിനയിച്ച നാടകം ആ പട്ടണത്തെ ആകെ ഇളക്കിമറിച്ചുവെന്നു് ലോഗൻ പറയുന്നുണ്ടു്. പോർച്ചു ഗീസുകാർ വന്നപ്പോരം ക്രിസ്ത്യാനികളുടെ കുത്തകയായിരുന്ന കുരുമുളകു് അവർ പോർച്ചുഗീസുകാർക്കു് വിററുതുടങ്ങി. അതു് മുഹമ്മദീയരെ വളരെ ക്ഷോഭിപ്പിച്ചു. തന്മൂലം, അവർ സാമൂ തിരിയോടു് ക്രിസ്ത്യാനികളെപ്പററി ഏഷണി പറഞ്ഞു്, അദ്ദേ ഹത്തെ ക്രിസ്ത്യാനികരംക്കു് എതിരാക്കാൻ ശ്രമിച്ചു. ക്രിസ്ത്യാ നികളും മുഹമ്മദീയരുമായിട്ടുള്ള സംഘട്ടനങ്ങളിൽ ക്രിസ്ത്യാ നികരംക്കെതിരായുള്ള ഒരു മനോഭാവം സാമൂതിരി കൈക്കൊ ള്ളാൻ കാരണമിതാണു്. തൻെറ നാവികശക്തി വർദ്ധിപ്പി ക്കുന്നതിനുവേണ്ടി സാമൂതിരി മുഹമ്മദീയരാകുവാൻ ഹിന്ദുക്ക ളായ മീൻപിടുത്തക്കാരെ പ്രേരിപ്പിച്ചു10.

മൈസൂർ ആക്രമണകാലത്തു് കേടുവരുത്തപ്പെട്ട പള്ളിക ളിൽ പ്രധാനപ്പെട്ടതു് പാലയൂരും പഴയൂരുമാണു്. പഴയൂർ പള്ളിയുടെ തൊട്ടുപിൻവശം, കണ്ണെത്താത്തതരത്തിൽ, വേമ്പ നാട്ടുകായൽപോലെ പരന്നുകിടക്കുന്ന കോരം നിലങ്ങളാണു്. വർഷകാലം വരുമ്പോരം ഈ നിലങ്ങളിൽ വെള്ളം നിറഞ്ഞു വൻകായൽപോലെ കിടക്കും. ടിപ്പുവിൻെറ സൈന്യങ്ങരം പഴയൂർ വരുമ്പോരം, കോരം നിലങ്ങരം വെള്ളം നിറഞ്ഞു് കിടക്കുകയായിരുന്നു. പഴയൂർ പള്ളിയുടെ വിശാലമായ അരം ത്താരയുടെ പിന്നിൽ, മരത്തിൽ ചെയ്തിരിക്കുന്ന ഇരുപതടി പൊക്കമുള്ള അതിമനോഹരങ്ങളായ കൊത്തുപണികരം ഉണ്ടു്. ടിപ്പുവിൻെറ സൈന്യങ്ങരം വരുന്നതറിഞ്ഞു്, പ്രത്യുല്പന്നമതി കളും പ്രഗത്ഭരുമായ പഴയൂർ ഇടവകക്കാർ, അതിൻെറ ചേർപ്പു കരം അഴിച്ചെടുത്തു്, കെട്ടുവള്ളങ്ങളിലാക്കി, വിശാലമായ

9. Ferroli D., Vol. I, P. 57.
10. Logau W., Vol. I P. 197.

www.malankaralibrary.com

കോഠം നിലങ്ങളുടെ ജലപ്പരപ്പിലൂടെ വിദൂരത്തിൽ സഞ്ചരിക്കുകയായിരുന്നു. തന്മൂലം സൈന്യങ്ങളുടെ ശ്രദ്ധ ആകർഷിക്കാതിരിക്കുവാൻ അവർക്കു കഴിഞ്ഞു. സൈന്യങ്ങഠം പഴയൂർ പള്ളിയിലെത്തിയശേഷം പള്ളിക്കുള്ളിൽ വൈക്കോൽ വാരിയിട്ടു് തീ കത്തിക്കുവാൻ ഒരുക്കമായി. പള്ളി ചുട്ടെരിക്കേണ്ട ആവശ്യമില്ലെന്നും അതു് ഒരു 'മദ്രസ്സ'യായി ഉപയോഗിക്കാമെന്നും അന്നാട്ടുകാരനായ ഒരു മുസ്ലീം പറഞ്ഞതനുസരിച്ചു്, അവർ പള്ളിക്കു് തീ കൊളുത്താതെ മുന്നോട്ടു പോകുകയും ചെയ്തു. അതിന്റെ കൃതജ്ഞതാസൂചകമായി അദ്ദേഹത്തിന്റെ കുടുംബത്തിനു് ആണ്ടുതോറും പാരിതോഷികമായി പള്ളിയിൽനിന്നും ഒരു തുക കൊടുക്കുന്നുണ്ടെന്നു് 1976–ൽ ആ സ്ഥലം സന്ദർശിച്ച ഈ ലേഖകനോടു് അവിടത്തെ ബ. വികാരിയച്ചൻ പറയുകയുണ്ടായി. ടിപ്പുവിന്റെ പതനത്തിനു ശേഷം ടിപ്പു നശിപ്പിക്കുകയോ കേടുവരുത്തുകയോ ചെയ്ത പള്ളികളുടെ സ്ഥാനത്തു് പുതിയ പള്ളികഠം ഉയർന്നുവന്നു.

മതപരിവർത്തനത്തിൽ ടിപ്പുവിന്റെ മനോഭാവം തെളിയിക്കുന്ന അദ്ദേഹത്തിന്റെ ഒരു കത്തു് Wilks എന്ന ചരിത്രകാരൻ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്. ''അത്ഭുതകരമായ ഈ വർഷത്തിലെ സ്മരണീയങ്ങളായ സംഭവങ്ങളിലൊന്നു്, നസ്രാണി ക്രിസ്ത്യാനികളെ മുസൽമാന്മാരാക്കിയെന്നുള്ളതാണു്. പറങ്കികളുടെ ഭാഷയിൽ ക്രിസ്ത്യാനി എന്ന പദംകൊണ്ടുദ്ദേശിക്കുന്നതു് യേശുവിന്റെ (ആ വംശത്തിനു് ആശീർവാദവും സമാധാനവും ഉണ്ടാകട്ടെ) (കൂട്ടപദം) ആയിട്ടു് യേശോവിയൻ– യേശുവിന്റെ മതക്കാർ എന്നാണു്– 'ക്രിസ്'' എന്ന പദം നാഥനായ യേശുവിന്റെ പേരാണു്.

പ്രസക്തവിഷയം സംബന്ധിച്ചു പറയാനാണെങ്കിൽ, പോർച്ചുഗീസു നസ്രാണികഠംക്കു, കടൽത്തീരങ്ങളിൽ വാണിജ്യകേന്ദ്രങ്ങളുണ്ടായിരുന്നു. മുന്നൂറു വർഷങ്ങഠംക്കുമുമ്പു്, കച്ചവടത്തിന്റെ പേരു പറഞ്ഞു് സൂണ്ടായിൽ (Soonda) ഒരു വലിയ നദിയുടെ മദ്ധ്യഭാഗത്തുള്ള കരയിലും ആ നദിയുടെ ശാഖയിലും (estuary) (ഗോവ) അതുപോലൊരു വാണിജ്യകേന്ദ്രം ഉണ്ടാക്കി. കാലക്രമേണ, അവസരം പാർത്തു കഴിഞ്ഞിരുന്ന അവർ, അവിടത്തെ രാജാവിൽനിന്നും മൂന്നു നാലു ലക്ഷംരൂപാ വരുമാനമുള്ള ഒരു ദേശം സമ്പാദിച്ചു. അവർ ഇസ്ലാമിക് ആരാധനയെ അവിടെ നിരോധിക്കുകയും മുസ്ലീങ്ങളെ പുറത്താക്കുകയും ചെയ്തു. ബ്രാഹ്മണരോടും മററു ഹിന്ദുക്കളോടും ആയി മൂന്നു ദിവസത്തിനകം സ്ഥലം വിടുകയോ അഥവാ ക്രിസ്ത്യാനികളായിത്തീരുകയോ വേണമെന്നു് ആജ്ഞാപിച്ചു. ഭയവിഹ്വലരായ ചിലർ തങ്ങളുടെ നാടും വസ്തുവകകളും ഉപേക്ഷിച്ചി

www.malankaralibrary.com

പോയി. മററു ചിലർ ഈ കല്പന പൊള്ളയായ ഒരു ഭീഷണി മാത്രമാണെന്ന വിചാരിച്ചു് സ്ഥലം വിട്ടുപോയില്ല. നിശ്ചി തദിവസം കഴിഞ്ഞു് അവരെ ബുദ്ധിശൂന്യമായ ക്രിസ്തുമത ത്തിലെ അംഗങ്ങളുടെ പട്ടികയിൽ ചേർത്തു.

കാലക്രമേണ അവക്ക വിലപിടിച്ച സമ്മാനങ്ങളം നല്കി യും, ഭംഗിവാക്കപറഞ്ഞും ദാനമായി പണംകൊടുത്തും തൃശ്ശൂരി ലേയും (?) കുറിയായിലേയും (മംഗലാപുരം) സൂണ്ടായിലേ യും രാജാക്കന്മാരെ വശീകരിച്ചു് കരിശടികളും പള്ളികളും (Keleesha=Ecclesia) ക്രമേണ പണിതുയർത്താനും ഈ വിഗ്രഹാ ലയങ്ങളിൽ പാതിരിമാരെ നിയമിക്കുവാനും തുടങ്ങി. സന്ന്യാസിമാരായ ഈ പാതിരിമാർ ബലഹീനരായ നിര ക്ഷരകക്ഷികളെ വാചാലതകൊണ്ടു് തെററിദ്ധരിപ്പിച്ചു: സൗ മ്യതയും പാരുഷ്യവും അവർ മാറിമാറി പ്രയോഗിച്ചും, വില കൂടിയ സമ്മാനങ്ങളം ധാരാളമായി നല്കിയും അനേകം ആള കളെ ക്രിസ്തുമതത്തിൽ ചേർത്തു: ഇപ്പോഴും അവർ അങ്ങനെ ചെയ്തുകൊണ്ടിരിക്കുന്നു. ദൈവത്തിന്റെ നിഴലായ ചക്ര വർത്തി (ടിപ്പു) ഈ വിവരം അറിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ ഹൃദയം കോപംകൊണ്ടു ജ്വലിച്ചു. ഓരോ ഡിസ്ട്രിക്ടിലും ഉള്ള ക്രിസ്ത്യാനികളുടെ സംഖ്യയുടെയും അവരുടെ സ്ഥിതി വിവരങ്ങളുടെയും കണക്കെടുക്കുവാൻ ആജ്ഞാപിച്ചു. ഒരേ ദിവസം ഒരേ സമയത്തുമാത്രം തുറക്കാവുന്ന മുദ്രവച്ചടച്ച കല്പനകളോടുകൂടി വിശ്വാസയോഗ്യരായ ഉദ്യോഗസ്ഥന്മാരെ ഓരോ സ്ഥലങ്ങളിലേയ്ക്കയച്ചു. ആ ദിവസം പ്രഭാതപ്രാർത്ഥന ക്കുശേഷം മുദ്രവച്ചടച്ചിരുന്ന കൂടുകൾ തുറന്നുവായിച്ചറിഞ്ഞ കല്പനകളനുസരിച്ചു് ഉദ്യോഗസ്ഥന്മാർ ക്രിസ്ത്യാനികളായ ആബാലവൃദ്ധം സ്ത്രീപുരുഷന്മാരെ പിടികൂടി ചക്രവർത്തിയുടെ മഹോന്നതസന്നിധിയിൽ കൊണ്ടുവന്നു. അവരെ കാവല്ക്കാരെ ഏല്പിച്ചു. വേണ്ടതെല്ലാം കൊടുത്തു. പിന്നീടവരെ രാജകീയ തലസ്ഥാനത്തേയ്ക്കു കൊണ്ടുവന്നു. ഇസ്ലാമിൽ ദൃഢവിശ്വാസ മുള്ള കമാണ്ടറന്മാരുടെ കീഴിൽ പുരുഷന്മാരെ അഞ്ചൂറുപേ രുള്ള വ്യൂഹങ്ങളായി തിരിച്ചു് ബഹുമാനിച്ചു ഇസ്ലാംമതത്തിൽ ചേർത്തു. അനന്തരം അവരെ പ്രധാനപ്പെട്ട സൈനികകേന്ദ്ര ങ്ങളിലായി വീതിച്ചു. അവക്ക ദിനംപ്രതിയുള്ള ഭക്ഷണത്തി നും വസ്ത്രത്തിനും മററാവശ്യങ്ങൾക്കും ഉള്ള ഏർപ്പാടുചെയ്തു. ഇവരെ വിളിക്കുന്നതു് അഹമ്മദി എന്നാണു്11''.

---

11. Mark Wilks History of Mysore Vol. II: 1817. P. 528-30.
ഇതേ സംഭവംതന്നെ Tippu Sultan എന്ന ഗ്രന്ഥം എഴുതിയ (1951) Shaikh Muhammed Ashraff–ന്റെ പുസ്തകത്തിൽ 62–ാം പേജിൽ കൊടുത്തിട്ടുണ്ടു്.

www.malankaralibrary.com

## ഇരുപത്തിനാലാം അദ്ധ്യായം

# റെയ്മോണ്ടു് (1802-16)

അലോഷ്യസ് മേരിയെത്തുടൎന്നു വന്നതു്, ഇററാലിയ നായ റെയ്മോണ്ടു് എന്ന അഡ്മിനിസ്ട്രേററാണു്. അദ്ദേഹത്തിൻെറ നിയമനപത്രം നഷ്ടപ്പെട്ടതുമൂലമാണു് മെത്രാൻ സ്ഥാനാരോഹണം താമസിച്ചതു്. 1808-ൽ അദ്ദേഹം മെത്രാനു മായി. അദ്ദേഹം മരിച്ചതു് 1816-ൽ ആണു്. ഇദ്ദേഹത്തിൻെറ കാലത്താണു് ക്ലോഡിയസ് ബുക്കാനനും, കല്ക്കട്ടായിലെ പ്രോട്ടസ്റ്റൻറ് ബിഷപ്പായ ഹാമിൽട്ടനും കേരളത്തിൽ വന്നതു്. മോഗളിൻെറ വികാരി അപ്പസ്തോലിക്കയായ പീററർ അൽക്കാന്ത്രാ (Petre-Alcantra) വരാപ്പുഴയുടെ അഡ്മിനിസ്റ്റർ (1816-21) ആയിരുന്നപ്പോഠം കേരളത്തിൽ വൈദികവിദ്യാൎത്ഥികൾക്കു് പട്ടം കൊടുത്തിരുന്നു

## പെൻറർഗാസ്ററ് മീലസ് (1821-1826)

(Pentergast Miles)

കൎമ്മലീത്താ മിഷ്നറിമാർ മിക്കവാറും എല്ലാവരുംതന്നെ ഇററാലിയരായിരുന്നുവെങ്കിലും, Miles ഒരു ഐറിഷ്കാരനായിരുന്നു. ഇംഗ്ലീഷുകാർ ഇൻഡ്യ ഭരിച്ചപ്പോൾ ഒരു ഐറിഷ് കാരൻ തങ്ങളുടെ താല്പൎയ്യങ്ങൾക്കു ഉപയുക്തമെന്നു കൎമ്മലീത്തൎക്കു തോന്നി. എന്നാൽ ഇററാലിയൻ മിഷ്നറിമാൎക്കു് ഈ ഐറിഷ്കാരൻ മെത്രാനെ തീരെ പിടിച്ചില്ല. പല പ്പോഴും, രസക്ഷയങ്ങളും വാഗ്വാദങ്ങളും ഈ ഐറിഷ് മെത്രാനും ഇററലിക്കാരായ കൎമ്മലീത്തരും തമ്മിൽ ഉണ്ടായിട്ടുണ്ടു്. ഐറിഷ്കാൎക്കു് പൊതുവായിട്ടുള്ള ഋജുബുദ്ധിയും ജനരഞ്ജനയും സാഹസികതയും നൎമ്മബോധവും ധാരാളമുണ്ടായിരുന്ന ഒരാളായിരുന്നു മീലസ്. അദ്ദേഹവും കൎമ്മലീത്താ ചട്ടക്കൂട്ടിലായിരുന്നെങ്കിലും, ഇററാലിയൻ – ഐറിഷ് ദേശീയഭാവങ്ങൾ തമ്മിലടിസ്ഥടി സംഘട്ടനങ്ങൾ നടന്നുകൊണ്ടിരുന്നു.

മീലസ് ആണു് ആദ്യമായി ഇടവകസന്ദൎശനം ആരംഭിച്ച മെത്രാൻ. അതിനുമുമ്പു് വരാപ്പുഴയുണ്ടായിരുന്ന മെത്രാന്മാർ,

www.malankaralibrary.com

സുറിയാനിക്കാർ തങ്ങളുടെ ഇടയന്മാർക്ക് നല്കിയിരുന്ന രാജകീയവരവേല്പുകളും സ്വീകരിച്ചുകൊണ്ടു സംതൃപ്തരായി കഴിഞ്ഞുകൂടുകയായിരുന്നു പതിവ്. മീലസ് മെത്രാനായ ഉടൻതന്നെ കുടമാളൂർപള്ളി സന്ദർശിച്ചു. പ്രോസ്പർ (മതിലകം സുറിയാനിപള്ളി ലത്തീനാക്കിയ ആൾ) എന്നൊരു കർമ്മലീത്താ മിഷ്നറിയുടെ കഴിവുകേടും ധാർഷ്ട്യവുംകൊണ്ട് വരാപ്പുഴ മിഷ്ൻവക വസ്തുക്കളിൽ ചില കുഴപ്പങ്ങളെല്ലാം വരുത്തിവച്ചിരുന്നു. അവയൊക്കെ തീർക്കുവാനായി പുത്തങ്കൂററുകാരനായ കര്യൻ മെത്രാൻെറയും പ്രോട്ടസ്റ്റൻറ് മിഷ്നറിമാരുടെയും സഹായം അഭ്യർത്ഥിച്ചതു് ഇദ്ദേഹമാണ്.

സുറിയാനിക്കാരുടെ കുർബ്ബാനക്രമത്തിൽ തിരുശരീരം എടുത്തു് തിരുരക്തത്തിൽ മുക്കുന്ന പുരാതനമായ ഒരു കർമ്മം തുടരാൻ പാടില്ലെന്നു് മീലസ് ഒരു കല്പന പുറപ്പെടുവിച്ചു. മെനേസിസിനു് തീരെ ഇഷ്ടപ്പെടാതിരുന്ന ഈ തിരുകർമ്മഭാഗം (Fractrion Ceremony) ഉദയംപേരൂർ സൂനഹദോസു നിരോധിച്ചതാണ്. പക്ഷേ അതിനു് പ്രയോഗത്തിൽ വരാൻ കഴിഞ്ഞില്ലെന്നുമാത്രം. അനധികൃതമായ ആ കല്പന അദ്ദേഹത്തിൻെറ സാഹസികതയാണു് കാണിക്കുന്നതു്. സാഹസികതത്തിൽ വിവേകം കുറവായിരിക്കുമല്ലോ. സുറിയാനിസഭയിലെ മല്പാൻമാരെല്ലാം അതിനെ എതിർത്തു. അങ്ങനെയൊരു കല്പന പുറപ്പെടുവിക്കാൻ മീലസ് മെത്രാനു് യാതൊരധികാരവും ഇല്ലെന്നു്, കൊടുങ്ങല്ലൂർ ഗവർണദോറായിരുന്ന തോമസ് അകവിനാസ് എന്ന ഡൊമിനിക്കനും പ്രസ്താവിച്ചു. പാണ്ഡിത്യത്തെയും പുണ്യതത്തെയും പിടിച്ചൊതുക്കുവാൻ കഴിയുന്നതാണു് തങ്ങളുടെ അധികാരമെന്നു്, ചില ദുർമ്മോഹികൾ വിചാരിക്കാറുണ്ടല്ലോ. അക്കൂട്ടത്തിലായിരുന്നു മീലസ് മെത്രാനും. എന്നാൽ ഋജുബുദ്ധിയായ അദ്ദേഹം വൈദികരുടേയും ജനങ്ങളുടേയും എതിർപ്പുമൂലം തൻെറ കല്പന ഉടൻതന്നെ പിൻവലിച്ചു. ഏതായാലും ഇററാലിയൻ കർമ്മലീത്തരായ സഹപ്രവർത്തകർ റോമിൽ നടത്തിയ ഉപജാപകഫലമായി, അദ്ദേഹത്തെ തിരികെ വിളിച്ചു. കുറെക്കാലം അദ്ദേഹം ബോംബയിൽ കഴിച്ചുകൂട്ടി; അനന്തരം ബ്രസീലിലെ ഒരു ബെനഡിക്ടൻ ആശ്രമത്തിൽ ചേർന്നു്, അവിടെവച്ചു് 1844-ൽ മരിച്ചു.

## മൗറേലിയൂസ് സ്തബിലീനി (1826–1831)

ഇദ്ദേഹം ബോംബെ മെത്രാൻെറ സഹായമെത്രാനായിരുന്നു. തല്ക്കാലനടപടിയെന്ന നിലയിലാണു് അദ്ദേഹം

www.malankaralibrary.com

മലബാർ വികാരി അപ്പസ്തോലിക്കയായി നിയമിതനാകുന്നതു്. ഇദ്ദേഹത്തിൻെറ നിയമനപത്രികയിൽ കൊച്ചി രൂപതയെന്നെടുത്തു പറഞ്ഞതു് പ്രൊപ്പഗാന്തയെ ഭയപ്പെട്ടായിരിക്കും.

ഹ്രസ്വമായ അദ്ദേഹത്തിൻെറ ഭരണം ഒരു കാര്യത്തിൽ അവിസ്മരണീയമാണു്. കേരളത്തിൽ ക്രിസ്തുമതം ആരംഭിച്ചതുമുതൽ സന്ന്യാസജീവിതത്തിനും ആശ്രമവാസത്തിനുമുള്ള അദമ്യമായ പ്രേരണ മാർത്തോമ്മാക്രിസ്ത്യാനികൾക്കു് ധാരാളമുണ്ടായിരുന്നു; ഇതിനെ സഹായിച്ച മററു ഘടകങ്ങളായിരുന്നു, ഭാരതസംസ്ക്കാരത്തിൽ തപോവൃത്തിക്കുള്ള പ്രാധാന്യവും, നൂററാണ്ടുകളായി ബാബിലോണിയായിൽനിന്നും കൂടെക്കൂടെ വന്നുകൊണ്ടിരുന്ന സന്ന്യാസിമാരും. ബാബിലോണിയൻ മെത്രാന്മാർതന്നെ സന്ന്യാസാശ്രമങ്ങളിൽനിന്നും തിരഞ്ഞെടുക്കപ്പെട്ടവരായിരുന്നല്ലോ. കുറവിലങ്ങാട്ടും മററു പല സ്ഥലങ്ങളിലും സന്ന്യാസമന്ദിരങ്ങൾ ഉണ്ടാവാൻ കാരണം അവയാണു്. ക്രൈസ്തവലോകത്തിലെ സന്ന്യാസി–സന്ന്യാസിനികളുടെ സംഖ്യയിൽ ഇന്നു കേരളത്തിനാണു് പ്രഥമസ്ഥാനം.

## സി. എം. ഐ. യുടെ ജനനവും ശൈശവവും

സ്റ്റബിലീനി മെത്രാൻെറ കാലത്തു് ചമ്പക്കുളത്തുകാരൻ പോരൂക്കര അച്ചനും വൈക്കത്തു്, പാലക്കൽ തോമ്മാ മല്പാനച്ചനും സന്ന്യാസജീവിതത്തോടു് ശക്തിയായ അഭിനിവേശമുണ്ടായി. ഇവർ രണ്ടുപേരുംകൂടി, സ്റ്റബിലീനി മെത്രാനോടു് തങ്ങളുടെ തീവ്രമായ അഭിലാഷം അറിയിച്ചു. അദ്ദേഹം അതു് അംഗീകരിച്ചു് അവക്കു് അനുവാദവും നല്കി. ഈ അവസരത്തിൽ നവവൈദികനായ ചാവറ കുറിയാക്കോസച്ചനും അവരോടുകൂടി ചേന്നു. ഇങ്ങനെയാണു് ഇന്നു് കേരളത്തിലും ഇൻഡ്യയുടെ ചില ഭാഗങ്ങളിലും ശക്തിയായി പ്രവത്തിക്കുന്ന C. M. I. (Carmelites of Mary Immaculate) യുടെ ജനനം.

ഈ ജനനത്തിൽ, ബിഷപ്പു് സ്റ്റബിലീനി കേവലം സൂതികർമ്മിണി മാത്രമായിരുന്നില്ല, വളർത്തമ്മകൂടിയായിരുന്നു. 1831 മേയ് 11–ാം തീയതി, അദ്ദേഹം മാന്നാനം ആശ്രമത്തിനു് തറക്കല്ലിട്ടു. ചാവറ കുറിയാക്കോസച്ചനുൾപ്പെടെ ആദ്യമുണ്ടായിരുന്ന പതിനൊന്നംഗങ്ങളും ഇരുപത്തിനാലു വഷത്തെ കാത്തിരിപ്പിനുശേഷം ഫാ. മർസലിൻെറ (പിന്നീടു് മെത്രാൻ) മുമ്പാകെയാണു്, 1855–ൽ സന്ന്യാസവ്രതം എടു

www.malankaralibrary.com

ത്തു്. ആദ്യം അവർ എടുത്ത പേരു് ''അമലോത്ഭവമാതാവി ന്റെ സഭ'' എന്നായിരുന്നു. എന്നാൽ ഈ പുതിയ സന്ന്യാസി മാരുടെ വിധേയത്വം ഉറപ്പിക്കുവാനും തങ്ങളുടെ 'കർമ്മല'നാമം വർദ്ധിപ്പിച്ച് മഹത്വപ്പെടുത്തുവാനും അമലോത്ഭവസഭയെ കർമ്മലീത്താ മൂന്നാം സഭയാക്കി. ഒന്നാം സഭക്കാർ വിദേശ മിഷ്യനറിമാർ തന്നെയാണല്ലോ. കർമ്മലീത്താ മൂന്നാം സഭ ക്കാർ ഇന്നു് തങ്ങളുടെ ആദിപേരായ ''അമലോത്ഭവമാതാവി ന്റെ സഭ''യായിത്തീർന്നപ്പോൾ, ഗർവ്വും അഹന്തയും മുററി നിന്ന വരാപ്പുഴയിലെ വിദേശഭരണത്തിന്റെ ശേഷിച്ച മാറാപ്പു ഒഴിഞ്ഞുമാറി. എന്നാലും, 'കർമ്മലീത്താ' തലപ്പാവു് അറംപററി നില്ക്കുന്നു. ഇന്നവർക്കു് സ്വന്തമായ മേൽവിലാസ മുണ്ടു്. മൂന്നാംകിടയുടെ അധമത്വവും ഇല്ല. വരാപ്പുഴ ഭരണ ത്തിന്റെ ശീതളഛായ വിരിഞ്ഞുനിന്നിരുന്നതു് ''കർമ്മ ലീത്താ'' എന്ന പദത്തിലായിരുന്നു. കാര്യസാദ്ധ്യത്തിനുള്ള ''ഓപ്പൺ സെസമി'' (open sesame) യും ആയിരുന്നു ആ പദം. സന്ന്യാസിമാരുടേതായാലും സന്ന്യാസിനിമാരുടേതായാലും ശരി, അനുഭാവത്തിനും ആനുകൂല്യങ്ങൾക്കും, സർവ്വോപരി മുഖ പ്രസാദത്തിനും അന്നു് ആവശ്യമായിരുന്ന 'കർമ്മലീത്താ'മന്ത്രം.

ബിഷപ്പ് സ്റ്റബിലീനിയുടെ കാലത്തു്, ലത്തീൻ സമു ദായത്തിൽപ്പെട്ട അഞ്ഞൂററിക്കാർക്കു (ആലപ്പുഴ രൂപത) പട്ടം കൊടുത്തപ്പോൾ എഴുനൂററിക്കാർ (വരാപ്പുഴ) ക്ഷോഭിക്കുകയും പ്രതിഷേധപ്രകടനങ്ങൾ നടത്തുകയും ചെയ്തു. ജാതിയുടെ വളക്കൂറുള്ള കേരളമണ്ണിൽ ഇതത്ര പുതുമയുള്ള കാര്യമായിരു ന്നില്ല. അങ്കമാലി പടിയോലയിൽ കർമ്മലീത്താസഭാശ്രേ ഷ്ഠൻ ഒപ്പിട്ടുകൊടുത്ത ഒരു വ്യവസ്ഥ ഇതായിരുന്നു: ''എഴു നൂററിൽ പരിഷക്കു പട്ടം കൊടുത്തു്, സുറിയാനി മര്യാദ പോലെ ഇനി നടത്തുകയില്ല''. എന്നാൽ ഇന്നതു് കാലഹര ണപ്പെട്ട വൈകൃതമാണു്.

## ഫ്രാൻസീസ് സേവ്യർ (1831–1844)

റെയ്മോണ്ടുമെത്രാന്റെ പിൻഗാമിയായി ഇദ്ദേഹത്തെ നിശ്ചയിച്ചതാണു്. എന്നാൽ അന്നു് ഏതോ ചില സാഹ ചര്യങ്ങളാൽ അദ്ദേഹം മെത്രാനാകാതെപോയി. 1831-ൽ വീണ്ടും മെത്രാനായി നിയമിക്കപ്പെടുകയാൽ അദ്ദേഹം കേരള ത്തിൽ വന്നു. ഇദ്ദേഹത്തിന്റെ കാലത്താണു്, പ്രാധാന്യ മർഹിക്കുന്ന പദ്രവാദോ ശീശ്മയുണ്ടായതു്.

www.malankaralibrary.com

## പദ്രവാദോ ശീശ്മ

പദ്രവാദോ അധികാരത്തിന്റെ പാശം മലാക്കാ മുതൽ ലിസ്ബൺവരെയും ലിസ്ബൺ മുതൽ ബ്രസീൽവരെയുമുള്ള രാജ്യങ്ങളെ വരിഞ്ഞുകെട്ടിയിരുന്നു. 1826-ൽ ലിസ്ബണിലെ രാജ്ഞിയായിരുന്നു, മരിയാ, ഗ്ലോറിയ. ഇവരുടെ ഭർത്താവായ മൈക്കിളിന് രാജ്യാവകാശമുണ്ടായിരുന്നില്ല. രാജ്ഞിയുടെ പിതാവ് ബ്രസീൽ ചക്രവർത്തിയുമായിരുന്നു. ഒരു സുപ്രഭാതത്തിൽ, രാജ്ഞിയുടെ ഭർത്താവ് സ്വയം രാജാവായി പ്രഖ്യാപിച്ചു. ഇതറിഞ്ഞ രാജ്ഞിയുടെ അച്ഛൻ, ബ്രസീലിൽനിന്ന് സൈന്യവുമായിവന്ന് മൈക്കിളിനെ തോല്പിക്കുകയും അദ്ദേഹത്തെ സഹായിച്ചവരിൽ വളരെപ്പേരെ കൊല്ലുകയും അവരുടെ വസ്തുക്കൾ കണ്ടുകെട്ടുകയും ചെയ്തു. ഇക്കൂട്ടത്തിൽ പോർച്ചുഗലിലെ പള്ളികളും സന്യാസാശ്രമങ്ങളും അവയുടെ വസ്തുക്കളും ഉൾപ്പെട്ടിരുന്നു. ഇതിന്റെ ഫലമായി, റോമായ്ക്കു് പോർച്ചുഗലുമായിട്ടുണ്ടായിരുന്ന ബന്ധങ്ങളെല്ലാം അററുപോയി. 1838—ൽ Multa Praeclare എന്ന തിരുവെഴുത്തുമൂലം 16-ാം ഗ്രിഗോറിയോസ് മാർപ്പാപ്പാ കൊടുങ്ങല്ലൂർ കൊച്ചി മുതലായ പദ്രവാദോയുടെ കീഴിലുണ്ടായിരുന്ന രൂപതകളെല്ലാം നിർത്തലാക്കിക്കൊണ്ടു്, അവിടത്തെ വിശ്വാസികളെ അടുത്തുണ്ടായിരുന്ന പ്രൊപ്പഗാന്താ രൂപതകളിൽ ചേർത്തു. അങ്ങനെ കൊച്ചിയിലും കൊടുങ്ങല്ലൂരുമുള്ള സുറിയാനിക്കാരെല്ലാം വരാപ്പുഴയുടെ കീഴിൽവന്നു. വരാപ്പുഴ കർമ്മലീത്തർ അതീവസന്തുഷ്ടരായി. ഗോവാ മെത്രാപ്പോലീത്തായുടെ നേതൃത്വത്തിൽ പദ്രവാദോയിലുണ്ടായിരുന്ന സാമന്തമെത്രാന്മാരും വളരെയധികം വൈദികരും ജനങ്ങളും മാർപ്പാപ്പായുടെ കല്പനയെ നിരാകരിക്കുകയും എതിർക്കുകയും ചെയ്തു. ഗ്രിഗോരിയോസ് മാർപ്പാപ്പാ 1845-ലും 9-ാം പീയൂസ് മാർപ്പാപ്പാ 1847 ലും ഗോവാമെത്രാപ്പോലീത്തായെ ശാസിച്ച് കല്പനകൾ പുറപ്പെടുവിച്ചു. അതുകൊണ്ടു് ഫലമൊന്നുമുണ്ടായില്ല. ഒടുവിൽ, ഗോവാമെത്രാപ്പോലീത്തായായിരുന്ന ജോസഫ് സിൽവാതോറസ് തന്റെ തെററുകളിൽ പശ്ചാത്താപം പ്രകടിപ്പിച്ചുകൊണ്ടു് ലിസ്ബണിലേയ്ക്കുപോയി.

ഗോവയിലെ കുഴപ്പങ്ങൾ അതുകൊണ്ടും അവസാനിച്ചില്ല. മലാക്കിയിലുണ്ടായിരുന്ന പോർച്ചുഗീസ് മെത്രാൻ ഗോവയിൽവന്നു്, മെത്രാപ്പോലീത്താസ്ഥാനം സ്വയം ഏറെറ

www.malankaralibrary.com

ടുത്തു് മാപ്പാപ്പായ്ക്കെതിരായി പ്രവർത്തിക്കുവാൻ തുടങ്ങി. 9-ാം പീയൂസ് മാപ്പാപ്പായുടെ കല്പനകൾ ഗോവാമെത്രാപ്പോലീത്താ നിഷേധിച്ചതുകൊണ്ടു് അദ്ദേഹത്തെയും നാലു വൈദികരെയും മഹറോൻ ചൊല്ലി. കേരളത്തിലുണ്ടായിരുന്ന ചില ഇടവകകൾ_സുറിയാനിയും ലത്തീനും-ഈ ശീശ്മയിൽ പെട്ടുപോയി. ശീശ്മയ്ക്കെതിരായി പ്രധാനമായും പ്രവത്തിച്ചിരുന്നതു് മാന്നാനത്തെ കമ്മലീത്താവൈദികരാണു്. അവരുടെ ശ്രമഫലമായി ശീശ്മയിൽ പോയ എല്ലാ പള്ളികളും തിരിച്ചുവന്നു. പോരുക്കര തോമ്മാമല്പാനാണു് കൊല്ലത്തുണ്ടായിരുന്ന ശീശ്മയിൽപ്പെട്ട പള്ളികളെ തിരിച്ചുകൊണ്ടുവരുവാൻ കാരണക്കാരനായതു്.

## വരാപ്പുഴക്കു് മെത്രാപ്പോലീത്തൻ സ്ഥാനം

1839-ൽ ശൗര്യാർ മെത്രാന്റെ സഹായിയായി ലൂദോവിക്കോസ് എന്നൊരു ഇററാലിയൻ മെത്രാൻ നിയമിതനായി. കൊടുങ്ങല്ലൂരും കൊച്ചിയും നിർത്തലാക്കിയതുകൊണ്ടു്, സുറിയാനിക്കാർ കേവലം ഒരു വികാരിയാത്തിന്റെ കീഴിലായിപ്പോയി. അതിൽ അവക്കു വളരെ കുണ്ഠിതമുണ്ടായിരുന്നു. കൂടാതെയും, സഹായമെത്രാൻ ഉണ്ടായതുകൊണ്ടു് വരാപ്പുഴയുണ്ടായിരുന്ന വികാരി അപ്പസ്തോലിക്കാ ഒരു മെത്രാപ്പോലീത്തയാകാനും ശ്രമിച്ചിരുന്നു. അദ്ദേഹം മെത്രാപ്പോലീത്തയാകുവാൻ സുറിയാനിക്കാരെ പ്രേരിപ്പിച്ചു് പല അപേക്ഷകളും റോമിലേയ്ക്കു് അയപ്പിച്ചു. 1840 ഏപ്രിൽ മാസത്തിൽ, ഫ്രാൻസിസ് ശൗര്യാർ മെത്രാപ്പോലീത്തായായി. അദ്ദേഹത്തെ മെത്രാപ്പോലീത്തയായി നിയമിച്ചിട്ടുള്ള കല്പനയിൽ മാപ്പാപ്പാ പറയുന്നതു് "മലബാറിലുള്ള സുറിയാനി കത്തോലിക്കരുടെ അപേക്ഷ അനുസരിച്ചാണു് അദ്ദേഹത്തെ മെത്രാപ്പോലീത്തയാക്കുന്നതു്" എന്നായിരുന്നു[1]. ശൗര്യാർ നിര്യാതനായപ്പോൾ സഹായമെത്രാനായ ലുദോവിക് മെത്രാപ്പോലീത്തൻ സ്ഥാനത്തോടുകൂടി വരാപ്പുഴയുടെ ഭരണാധികാരിയായി.

## പദ്രവാദോ ശീശ്മയുടെ അവസാനം

1857-ൽ പോർച്ചുഗലും റോമാസിംഹാസനവുമായി ഒരു ഉടമ്പടി ഉണ്ടായി. ഈ ഉടമ്പടി നടപ്പിലാക്കാൻ കേരള

1. Placid: P. 186.

www.malankaralibrary.com

ത്തിൽ വന്നതു് ഇററലിക്കാരനായ Msgr. Saba യും ഇംഗ്ലീഷ് രാജവംശത്തോടു് ചാച്ച്വുള്ള Msgr. Haward ഉം (അപ്പോഠം ബ്രിട്ടീഷ് ഭരണമാണു് ഇന്ത്യയിലുണ്ടായിരുന്നതു്) പോർച്ചുഗൽ രാജപ്രതിനിധിയായ ഒരു അൽമായനും ആയിരുന്നു. ഇവരുടെ പ്രഖ്യാപനം പദ്രവാദോയിൽ നിന്നിരുന്ന ഇടവകകഠം അവിടെയും, പ്രൊപ്പഗാന്തായിൽ നിന്നിരുന്നവ വരാപ്പുഴയുടെ കീഴിലും ആയിരിക്കണമെന്നുമായിരുന്നു. എന്നാൽ റോക്കോസു് ''ശീശ്മയിൽ''പെട്ടവർക്കു് ഇവയിലേതിലെങ്കിലും ചേരാൻ സ്വാതന്ത്ര്യമുണ്ടായിരുന്നു. ഇങ്ങനെ സുറിയാനിക്കാർ വീണ്ടും രണ്ടായി വിഭജിക്കപ്പെട്ടു. യൂറോപ്യൻ രാഷ്ട്രീയസംഭവങ്ങളെ അടിസ്ഥാനമാക്കിയുള്ള എത്രയെത്ര വെട്ടിമുറിക്കലും, കൂട്ടിച്ചേർക്കലുകളും സുറിയാനിസഭ അനുഭവിക്കേണ്ടിവന്നു!!

## ലൂദോവിക് (Ludovic– 1844–'53)

ലൂദോവിക്മെത്രാന്റെ കാലത്താണു് മാന്നാനത്തു് അച്ചടിശാല ഉണ്ടാക്കിയതു്. 1846–ൽ മാന്നാനത്തടിച്ച ആദ്യപുസ്തകം 'ജ്ഞാനപീയൂഷം' ആയിരുന്നു. ലൂദോവിക് മെത്രാൻ ചില വൈദികർക്കു് മല്പാൻ സ്ഥാനം കൊടുക്കുകയും ശെമ്മാശന്മാരെ ചേർത്തു് വൈദികവിദ്യാലയം തുടങ്ങാൻ അനുവദിക്കുകയും ചെയ്തു. 1853–ൽ അദ്ദേഹം യൂറോപ്പിലേയ്ക്കു് പോയതു് കൊല്ലം വികാരി അപ്പസ്തോലിക്കയായ ബർണർദീനെ ഭരണം ഏല്പിച്ചിട്ടാണു്. 1859–ൽ ലൂദോവിക് സ്ഥാനം ഒഴിയുകയാൽ ബർണർദീൻ വരാപ്പുഴയുടെ വികാരി അപ്പസ്തോലിക്കയായി.

## ബർണർദീൻ – 1853–'59–'68

### a) സുറിയാനികർമ്മലീത്താസഭയുടെ വളർച്ച

മാന്നാനം കുന്നിൽ ബീജാവാപം ചെയ്ത സുറിയാനി സന്ന്യാസസഭയ്ക്കു് ഭാവവും രൂപവും കൊടുത്തതു് ബർണർദീൻ മെത്രാപ്പോലീത്തയാണു്. മാന്നാനത്തുണ്ടായിരുന്ന ദേശീയ സന്ന്യാസസമൂഹത്തിനു് 'കർമ്മലീത്താ' എന്ന അഭിധാനം നല്കിയതും അദ്ദേഹം തന്നെ. അദ്ദേഹത്തിന്റെ സ്വന്തം സന്ന്യാസസഭ കർമ്മലീത്താനിഷ്പാദുകസഭ (ക. നി. സ.) യായിരുന്നു. എന്നാൽ നിഷ്പാദുകത്വം ഇന്ത്യയിൽ നിരർത്ഥമാണു്. യൂറോപ്പിലെ തണുപ്പുകാലങ്ങളിൽ ചെരുപ്പില്ലാതെ നടക്കുന്ന തപഃക്രിയയാണു് നിഷ്പാദുകത്വംകൊണ്ടുദ്ദേശിക്കു

www.malankaralibrary.com

ന്നതു്. എന്നാൽ ഇന്ത്യയിൽ നിഷ്പാദുകത്വം സാധാരണവും സ്വാഭാവികവുമാണു്. അതിൽ ചിലപ്പോഴെങ്കിലും തപസ്സിന്റെ പ്രതീതി വരുന്നതു് ചെരുപ്പു ധരിക്കുമ്പോഴാണു്. എന്നാൽ മാന്നാനത്തെ സന്ന്യാസസഭയ്ക്കു് കിട്ടിയതു് ക. നി. സ. അല്ലായിരുന്നു, ക. നി. മൂ. സ. ആയിരുന്നു; അതായതു് കർമ്മലീത്താ നിഷ്പാദുകരുടെ മൂന്നാം സഭ. യഥാർത്ഥത്തിൽ കർമ്മലീത്താ മൂന്നാം സഭയിൽ ആർക്കും അംഗങ്ങളാകാം — വിവാഹം കഴിച്ചവർക്കും അല്ലാത്തവർക്കും, കന്യാവ്രതം എടുത്തവർക്കും അല്ലാത്തവർക്കും, കുഞ്ഞുങ്ങൾക്കും പ്രായമായവർക്കും. ഈ മൂന്നാം സഭയിൽ 'വെന്തിങ്ങാ' ധരിക്കുവാനും ചില പ്രാർത്ഥനകൾ നടത്തുവാനും മാത്രമേ കടമയുള്ളൂ. അതോടെ, മൂന്നാം സഭക്കാരനുമായി. ജീവിതം മുഴുവനും ദൈവസ്നേഹത്തിനു് ഉഴിഞ്ഞുവച്ചു്, ബ്രഹ്മചര്യം, ദാരിദ്ര്യം, അനുസരണം, എന്നീ വ്രതത്രയം എടുത്തു് മാന്നാനത്തെ കുന്നിൽ തപസ്സനുഷ്ഠിച്ചിരുന്ന സന്ന്യാസതല്ലജത്തെ ബർണർദീൻ മെത്രാപ്പോലീത്താ ബഹുമാനിച്ചതു് നിഷ്പാദുകരുടെ മൂന്നാം സഭയിൽ ചേർത്തുകൊണ്ടാണു്!!

ബർണർദീൻ കല്പിച്ചുകൊടുത്ത "ന്യായപ്രമാണ"മായിരുന്നു ക. നി. മൂ. സായുടെ ചട്ടക്കൂടു്. ഇതു് നടപ്പിലായതു് 1855 ഡിസം. 8-ാംനു- മുതലാണു്. ആദ്യത്തെ പ്രിയോർ ആയിരുന്ന ചാവറ കുര്യാക്കോസച്ചൻ വ്രതവാഗ്ദാനം ചെയ്തതു് വരാപ്പുഴയിലെ കർമ്മലീത്താ മിഷ്നറിമാരുടെ "ചുണക്കുട്ടി" എന്നറിയപ്പെട്ടിരുന്ന മർസലിൻ പാതിരിയുടെ മുൻപാകെയാണു്. ഇദ്ദേഹത്തെപ്പററി പിന്നാലെ പ്രസ്താവിക്കുവാൻ അവസരമുണ്ടാകും. മാന്നാനത്തുണ്ടായിരുന്ന മററു പത്തു സന്ന്യാസിമാർ, പ്രിയോരായ ചാവറ അച്ചന്റെ സന്നിധിയിൽവച്ചു വ്രതപ്രതിജ്ഞ എടുത്തു. 1860 ഒക്ടോബർ 1-ാംനു- മുതൽ മാന്നാനത്തെ സന്ന്യാസസഭ ക. നി. മൂ. സ. ആയി എന്നു് മെത്രാപ്പോലീത്ത പ്രഖ്യാപനം ചെയ്തു. കുടക്കച്ചിറ അന്തോണിയച്ചൻ തുടങ്ങിയതും പിന്നീടു് ഉപയോഗശൂന്യമായതുമായ പ്ലാശനാൽ ആശ്രമവും ക. നി. മൂ. സ. ക്കാർക്കു് വിട്ടുകൊടുത്തു. ബർണ്ണർദീൻ മെത്രാൻ ഈ സന്ന്യാസസഭയെ വളരെ പ്രോത്സാഹിപ്പിച്ചു. എൽത്തുരുത്തിൽ 1858 ലും, വാഴക്കുളത്തു് 1859 ലും, പുളിങ്കുന്നിൽ 1861 ലും, ക. നി മൂ. സ. ആശ്രമങ്ങളുണ്ടായി. 1857-ൽ ലത്തീൻകാർക്കും കൂനമ്മാവിൽ ഒരു ആശ്രമം തുടങ്ങിയെങ്കിലും



www.malankaralibrary.com

അവിടത്തെ അംഗങ്ങളെല്ലാം ഓരോരുത്തരായി പിരിഞ്ഞു പോകയാൽ, അതു് മാന്നാനത്തോടു് ചേർത്തു. മാന്നാനത്തു നിന്നും സന്ന്യാസിമാർ കൂനമ്മാവിൽ വരുകയും 1857–ൽ അതു് സുറിയാനിക്കാരുടെ അധീനതയിലാക്കുകയും ചെയ്തു. ഇവിടെയായിരുന്നു സുറിയാനിക്കാരായ നവസന്ന്യാസിമാരുടെ പരിശീലനം നടന്നിരുന്നതു്. ഏകദേശം 30 വഷങ്ങളോളം സുറിയാനി കമ്മലീത്താസന്ന്യാസിമാരുടെ പരിശീലനകേന്ദ്രം കൂനമ്മാവായിരുന്നു.

1874–ൽ ഈ കൂനമ്മാവിലെ പുതിയ കമ്മലീത്താസഭയെ നയിക്കുവാനും നിയന്ത്രിക്കുവാനും നിയമിക്കപ്പെട്ടിരുന്ന ഫീലിപ്പോസ് പാതിരിയുടെ ക്രൂരകരങ്ങൾ 15 നവസന്ന്യാസിമാരെ, കൂനമ്മാവിൽനിന്നും അമ്പഴക്കാട്ടേയ്ക്കു് മാററി. എന്നാൽ അതിനു് വേണ്ടിടത്തോളം സൗകര്യങ്ങളും സജ്ജീകരണങ്ങളും അമ്പഴക്കാട്ടു് ഇല്ലാതിരുന്നതിനാൽ അതു വിജയിച്ചില്ല. അതിനാൽ 1875–ൽ അവരെ കൂനമ്മാവിലേയ്ക്കു് തിരിച്ചയച്ചു. പുക കണ്ടാൽ തീയുണ്ടെന്നു നിശ്ചയിക്കാമെന്നതുപോലെ ഈ തകിടം മറിച്ചിലിനു പിന്നിൽ പരസ്പരവിരുദ്ധങ്ങളായ ശക്തികളുടെ മൽപ്പിടുത്തം നടന്നുവെന്നുള്ളതു് സ്പഷ്ടമാണു്.

1889–ൽ കൂനമ്മാവിലെ സുറിയാനികർമ്മലീത്തരുടെ പള്ളിയും ആശ്രമവുമെല്ലാം 2000 രൂപ പ്രതിഫലം പററിക്കൊണ്ടു്, വരാപ്പുഴ മെത്രാപ്പോലീത്തായ്ക്കു് വിട്ടുകൊടുക്കണമെന്നും എട്ടു ദിവസത്തിനകം എല്ലാവരും സ്ഥലം വിട്ടുകൊള്ളണമെന്നും റോമിൽനിന്നു് കല്പനയുണ്ടായി. മുപ്പതിലധികം വഷത്തോളം അനവധി അംഗങ്ങളോടുകൂടി കഴിഞ്ഞുകൂടിയ ഒരു സ്ഥാപനം, എട്ടു ദിവസത്തിനുള്ളിൽ വിദൂരമായ ഒരു സ്ഥലത്തേയ്ക്കു് മാററിക്കൊണ്ടുപോകുക എന്നുള്ളതു് ദുഷ്ക്കരമായ ഒരു യജ്ഞമായിരുന്നു. എന്നാൽ ക്രൂരതയുടെ കിരീടമണിഞ്ഞ വരാപ്പുഴയിലെ കമ്മലീത്താ അധികാരികൾക്കു് മനുഷ്യത്വത്തിന്റെയോ നീതിയുടെയോ ചിന്തയുദിക്കുക സ്വാഭാവികമല്ലല്ലോ. അതിനാൽ ദുഃഖാത്തരും ഭയചകിതരുമായ സുറിയാനികമ്മലീത്തർ ഈ സ്ഥലംമാററത്തിനും ഏതാനും ദിവസങ്ങൾകൂടി അനുവദിക്കണമെന്നു് താണുകേണപേക്ഷിച്ചു. പറയത്തക്ക യാത്രാസൗകര്യങ്ങൾ ഒന്നുമില്ലാതിരുന്ന അക്കാലത്തു്, ഒരു സ്ഥാപനത്തെ അതിന്റെ അംഗങ്ങളോടും സാധനസാമഗ്രികളോടുംകൂടി കൂനമ്മാവിൽനിന്നും അമ്പഴക്കാട്ടേയ്ക്കു

www.malankaralibrary.com

കൊണ്ടുപോവുക ക്ലേശഭൂയിഷ്ഠമായ കാര്യമാണല്ലോ. അതിനാൽ വരാപ്പുഴ അധികൃതർ ആവലാതികൾ കേട്ട് മനമലിഞ്ഞു് ഒരു ദിവസംകൂടി കൂടുതൽ കൊടുത്തുകൊണ്ട്, എട്ടു ദിവസമെന്നുള്ളതു് ഒൻപതു ദിവസമാക്കി!!

ഇതേപ്പററിയുള്ള ഒരു വിവരണം അമ്പഴക്കാട്ട് ആശ്രമത്തിൻെറ ശതാബ്ദീസ്മാരകത്തിൽ കാണുന്നുണ്ട്. ഉടനെ കൊച്ചിയിൽനിന്നു് ആറേഴ വലിയ കൊല്ലവഞ്ചികൾ കൊണ്ടുവന്നു്, നമ്മുടെ സാമാനങ്ങൾ കയററുന്നതിനു് ഒരുക്കങ്ങൾ തുടങ്ങി. പക്ഷെ കൂനമ്മാവിലെ ലത്തീൻജനത ഇതറിഞ്ഞു വളരെ പ്രതിബന്ധങ്ങളും വഴക്കുകൾ തന്നെയുമുണ്ടാക്കി, നമ്മുടെ അച്ചന്മാരെ വിഷമിപ്പിച്ചു. അവർ ബഹളത്തിനുതന്നെ ഒരുങ്ങി. അന്നൊരു ദിവസം ദിവ്യകാരുണ്യത്തിരുന്നാളിൽ സംബന്ധിക്കുവാൻ മർസലീനോസുമെത്രാനുമൊരുമിച്ച് കൂനമ്മാവിൽവന്ന, തൃശ്ശൂർ വികാരിയപ്പസ്തോലിക്കയായ മെഡ്ലിക്കോട്ടുമെത്രാനെ പള്ളിയിൽക്കയററാനനുവദിക്കാതെ, അവർ വരാപ്പുഴയ്ക്കു തിരിച്ചയച്ചു. ലയനാർദുമെത്രാപ്പോലീത്താ വിവരമറിഞ്ഞു്, കൂനമ്മാവുപള്ളിക്കു് പള്ളിക്കുററം (interdict) കല്പിച്ചതും മററും ചരിത്രവസ്തുതകളാണു്. നമ്മുടെ സാമാനങ്ങൾ മാററിയപ്പോൾ ദൈവദാസനായ ചാവറ കുറിയാക്കോസച്ചൻെറ ശരീരാവശിഷ്ടങ്ങൾ കൂനമ്മാവുപള്ളിയിൽനിന്നു മാതൃഭവനമായ മാന്നാനത്തേയ്ക്കു കൊണ്ടുപോകണമെന്നു നമ്മുടെ അച്ചന്മാർ ഏകകണ്ഠമായി അഭിപ്രായപ്പെട്ടു. അതിനായി പള്ളിവാതിലുകളെല്ലാം അടച്ചിട്ടു് കുഴിമാടം തുറന്നു. ഇതറിഞ്ഞ ജനങ്ങൾ പള്ളിമുററത്തു തടിച്ചുകൂടി, വലിയ ബഹളമുണ്ടാക്കി. ജനങ്ങളിൽനിന്നു് നമ്മുടെ അച്ചന്മാക്കു് പലതും സഹിക്കേണ്ടിവന്നിട്ടുണ്ട്. കൂനമ്മാവിലെ നാട്ടുകാരിൽ നമുക്കനുകൂലമായി നിന്നവർ മുണ്ടഞ്ചേരിൽ തൊമ്മൻ, വാകയിൽ ശവരി, കല്ലൂർ കുഞ്ഞുവക്കി മുതലായ ചുരുക്കം ആളുകൾ മാത്രമായിരുന്നു. അറയ്ക്കൽ മുതലാളി എന്ന മാന്യനായ ഒരു ഗൊങ്ങിണിയുടെയും, വടക്കൻ പറവൂർ വികാരിയും സ്വാധീനശക്തിയുള്ള ആളും ആയിരുന്ന തറവട്ടത്തിൽ ഹില്ലാര്യോസച്ചൻ, തളിയത്തു് ഔസേപ്പ് മുതലായവരുടെയും ഉള്ളഴിഞ്ഞ സഹായം നമ്മുടെ അച്ചന്മാക്കുണ്ടായിരുന്നതിനാൽ അമ്പഴക്കാട്ടേയ്ക്കുള്ള വേർപാടിൽ കൂടുതൽ അനിഷ്ടസംഭവങ്ങൾ ഉണ്ടായില്ല. കൊച്ചിയിൽനിന്നു കൊണ്ടുവന്ന എട്ടൊൻപതു കൊല്ലവഞ്ചികളിൽ കൊള്ളാതെവന്ന നമ്മുടെ സാമാനങ്ങൾ മാന

www.malankaralibrary.com

മ്പാടി പുത്തൻപള്ളിയിലും കുനമ്മാവു കന്യകാമഠത്തിലും കൊണ്ടുപോയി സൂക്ഷിച്ചു. കൂനമ്മാവുവിട്ട് എല്ലാവരും അമ്പഴക്കാട്ടേയ്ക്ക് പോന്ന അന്ന്, സന്ധ്യാസമയമായപ്പോഠം വരാപ്പുഴെനിന്നും പീലിപ്പോസുമൂപ്പൻ പാതിരി കൂനമ്മാവു കൊവേന്തയിൽ വന്നുചേൎന്നു. നമ്മുടെ അച്ചന്മാർ കൊവേന്തയും പള്ളിയുമെല്ലാം അദ്ദേഹത്തിനേല്പിച്ചുകൊടുത്തു. മുപ്പതുവർഷക്കാലം വസിച്ച ആ സ്ഥലത്തെ ഊട്ടുമുറിയിലിരുന്ന് ഒടുവിലത്തെ അത്താഴം മൂപ്പച്ചനോടുകൂടി കഴിച്ചു. രാത്രിതന്നെ അമ്പഴക്കാട്ടേയ്ക്ക് പുറപ്പെട്ടു. പുത്തൻപള്ളി തളിയത്തു ക. നി. മൂ. സ. ബസിലിസച്ചന്റെ വീട്ടുകാർ ഈ സന്ദർഭത്തിൽ ലത്തീൻകാരിൽനിന്നുപദ്രവമുണ്ടാകാതെ നമ്മുടെ പിതാക്കന്മാരെ സഹായിക്കുന്നതിനായി ധൈര്യശാലികളായ നൂറു ചെട്ടികളെ വിട്ടുതന്നുവെന്നതു പ്രത്യേകം സ്മരണീയമാണ്. തറവട്ടത്തിൽ ഹില്ലാര്യോസച്ചൻ നമ്മുടെ സഹായത്തിനായി ആ രാത്രി കൂനമ്മാവിൽ വന്നിരുന്നു. രാത്രി ആയിരുന്നെങ്കിലും വലിയ ഒരു ജനക്കൂട്ടം അവിടെ തടിച്ചുകൂടി. പ്രസിദ്ധ വാഗ്മി എന്ന പേരെടുത്ത തറവട്ടത്തിൽ ഹില്ലാര്യോസച്ചൻ സ്വതസ്സിദ്ധമായ വാഗ്ധാടിയോടുകൂടി വികാരഭരിതനായി നിന്നുകൊണ്ട് ഉജ്ജ്വലത്തായ ഒരു പ്രസംഗം ചെയ്തു. ''ഈ സന്ന്യാസികഠം കൂനമ്മാവുവിട്ട് അമ്പഴക്കാട്ടേയ്ക്കു പോകുന്നതു്, പരിശുദ്ധസിംഹാസനത്തിന്റെ കല്പനപ്രകാരമാണെന്നും, അവർ മുപ്പതു വർഷത്തിലധികം ഇവിടെ താമസിച്ചതിനിടയിൽ അവൎക്കുണ്ടായിരുന്ന സകല അവകാശങ്ങളും വിട്ടുപേക്ഷിച്ച്, ത്യാഗപൂൎവ്വം കീഴ്വഴങ്ങി പോകുന്നതിൽ അവർ തികച്ചും പ്രശംസനീയരും മററുള്ളവരുടെ അനുകരണത്തിനു സൎവ്വദാ അർഹരുമാണെന്നും,'' മററും പ്രസംഗകൻ വിശദീകരിച്ച്, ജനങ്ങളെ ധരിപ്പിച്ചു. മൂപ്പച്ചനും മറെറല്ലാവരും വള്ളക്കടവുവരെ വന്നു നമ്മുടെ അച്ചന്മാരെ യാത്ര അയച്ചു. കൂനമ്മാവിലുള്ള നമ്മുടെ പത്രമേനിപ്പറമ്പും മററും സൂക്ഷിക്കുന്നതിനായി ഒന്നുരണ്ടച്ചന്മാർ അവിടെ കൂനമ്മാവുമഠംവക ഒരു ചെറിയ ബംഗ്ലാവിലാണ് പിന്നീട് താമസിച്ചതു്. അവിടെവച്ചു നാട്ടുകാരിൽനിന്നും ആ അച്ചന്മാൎക്ക് പലതും സഹിക്കേണ്ടതായി വന്നിട്ടുണ്ട്''.

കൂനമ്മാവിലെ കന്യകാമഠം സുറിയാനിക്കാരുടേതുതന്നെ ആയിരിക്കുന്നതാണെന്നു റോമയിൽനിന്നു വിധിവന്നു. ലത്തീൻകാർ ഇതേച്ചൊല്ലി അനാശാസ്യങ്ങളായ പലതും

www.malankaralibrary.com

കാട്ടിക്കൂട്ടി. മഠത്തിന്റെ പടിവാതില്ക്കലും പരിസരങ്ങളിലും രാത്രിയും പകലും ജനങ്ങൾ കൂട്ടമായിവന്നുനിന്നു അസഭ്യങ്ങൾ പുലമ്പി. കപ്പേളയിൽചെന്നു കുർബ്ബാന ചൊല്ലുന്നതിനും കുമ്പസാരം മുതലായ ദിവ്യകൃത്യങ്ങൾ നടത്തുന്നതിനും നമ്മുടെ അച്ചന്മാരെ അവർ അനുവദിച്ചില്ല. ഈ നില ആറേഴുദിവസത്തേയ്ക്കു നീണ്ടുനിന്നു. പോലീസിൽ അറിവുകൊടുത്തു. പറവൂരിൽനിന്നു പോലീസ് ഇൻസ്പെക്ടറും പോലീസുകാരും വന്നെങ്കിലും അവർക്കും ജനങ്ങളെ അമച്ച്വരുത്തുവാൻ സാധിച്ചില്ല. അതിനാൽ എടപ്പള്ളിയിൽനിന്നും മററും കൂടുതൽ പോലീസുവന്നു. എന്നിട്ടും ഫലമുണ്ടായില്ല. മഞ്ഞുമ്മേൽ താമസിച്ചിരുന്ന മെത്രാപ്പോലീത്താച്ചൻ വിവരമറിഞ്ഞു. ഒടുവിൽ അദ്ദേഹം കൂനമ്മാവു പള്ളിയിലെ വികാരിയച്ചനു ഒരു കല്പന അയച്ചു. ജനങ്ങൾ ലഹള നിർത്താത്തപക്ഷം അവരെ പള്ളിക്കു നല്കാൻ പാടുള്ള കഠിനശിക്ഷയ്ക്കു് വിധേയരാക്കും എന്നു കല്പനയിൽ തെളിച്ചുപറഞ്ഞിരുന്നു. ആ കല്പന കൂനമ്മാവുപള്ളിയിൽ പരസ്യം ചെയ്തു. അതോടെ ലഹളയും അതിക്രമങ്ങളും അവസാനിച്ചു. അതിനുശേഷം നമ്മുടെ അച്ചന്മാർക്കും കന്യാസ്ത്രീകൾക്കും ഒരുവിധം സമാധാനമായി കഴിയുവാൻ സാധിച്ചു. കൂനമ്മാവിൽനിന്നു അമ്പഴക്കാട്ടേയ്ക്കു നമ്മൾ പോന്ന അവസരത്തിൽ നടന്ന സംഭവങ്ങളിൽ ചിലതെല്ലാമാണിവ''2.

## ബർണർദീന്റെ പരിഷ്ക്കാരങ്ങൾ

ബർണർദീൻ മെത്രാൻ ജനങ്ങളുടെ ആദ്ധ്യാത്മികകാര്യത്തിനു് ഉതകുന്ന പല നല്ല കാര്യങ്ങളും ചെയ്തിട്ടുണ്ടു്. അവയിൽ പ്രധാനപ്പെട്ടവ താഴെപ്പറയുന്നവയാണു്:–

(1) സന്യാസവൈദികരെ പള്ളികളിലയച്ചു് ജനങ്ങൾക്കു വേണ്ടി ധ്യാനപ്രസംഗങ്ങൾ നടത്തുക.

(2) ആണ്ടിലൊരിക്കൽ വൈദികർക്കു് ധ്യാനം നടത്തുക.

(3) പള്ളികളോടുചേർത്തു് മതബോധനത്തിനു് വിദ്യാലയങ്ങൾ സ്ഥാപിക്കുക.

(4) വികാരിമാർതന്നെ തങ്ങളുടെ കുട്ടികളുടെ വേദപാഠം കേൾക്കുക.

2. ശതാബ്ദിസ്മാരകഗ്രന്ഥം: അമ്പഴക്കാട്ടു് ആശ്രമം: 1868–1968; P. 27–28.

www.malankaralibrary.com

(5) എല്ലാ പള്ളികളിലും മതബോധനം നടത്തുന്നുണ്ടോ എന്നു പരിശോധിക്കുവാൻ പത്തോ പന്ത്രണ്ടോ പള്ളികൾക്കു് ഒരാൾ എന്ന തോതുവെച്ചു് വൈദികരായ ഇൻസ്പെക്ടർമാരെ നിയമിക്കുക: ഇവരെ വിളിച്ചിരുന്നതു് ഡെപ്പുത്താത്തൂസ് (Deputatus) എന്നായിരുന്നു.

(6) മാതാവിനും യൗസേപ്പുപിതാവിനുമുള്ള മാസവണക്കങ്ങൾ ആരംഭിച്ചതു് ഇദ്ദേഹമാണു്.

(7) വൈദികരുടെ കുർബ്ബാനധർമ്മം 4 ചക്രം ആയിരുന്നതു് 12 ചക്രമായി വർദ്ധിപ്പിച്ചു.

(8) ശതവർഷങ്ങളോളം കേരളസുറിയാനിക്കാരുടെ ഇടയിൽ നിലനിന്നിരുന്ന ദേശകുറി (വൈദികാർത്ഥിക്കു് ഓരോ പട്ടവും കൊടുക്കുന്നതിനുമുമ്പു് ഇടവക ജനങ്ങൾ കൊടുക്കേണ്ട സമ്മതം. ഇതു് വിവാഹത്തിന്റെ അറിയിപ്പുപോലെ പള്ളിയിൽ പരസ്യമായി അറിയിക്കുമായിരുന്നു.) നിർത്തൽ ചെയ്തു.

(9) പൌരസ്ത്യസഭക്കാർക്കു പ്രത്യേകമായുള്ള പുരാതനമായ എട്ടുനൊയമ്പും പതിനഞ്ചുനൊയമ്പും നീക്കം ചെയ്തു.

(10) ചാവറ പ്രിയോരച്ചന്റെ പ്രേരണയാൽ ഇടവകകളുടെ വരവിൽ 5% ധർമ്മസ്ഥാപനങ്ങൾക്കു് നീക്കിവെയ്ക്കുന്നതിനു് 1865 മെയ് 20–ാംനു- മെത്രാപ്പോലീത്താ എല്ലാ പള്ളികൾക്കും കല്പന അയച്ചു.

(11) കൂനമ്മാവിൽനിന്നും ലത്തീൻ സന്യാസാർത്ഥികൾ പിരിഞ്ഞുപോയെങ്കിലും അവർക്കും ഒരു സന്ന്യാസാശ്രമം ഉണ്ടാക്കുന്നതിനു് ശ്രമങ്ങൾ ആരംഭിച്ചു. അതിന്റെ ഫലമാണു് മഞ്ഞുമ്മേൽ സന്യാസാശ്രമം 1866–ൽ സ്ഥാപിച്ചതു്. ലത്തീൻ സന്യാസാർത്ഥികളെ ആദ്യപരിശീലനത്തിനു്, കൂനമ്മാവു് സുറിയാനി സന്ന്യാസാശ്രമത്തിലാണു് അയച്ചതു്.

(12) അപ്പോഴേയ്ക്കും സ്ത്രീകൾക്കും ഒരു സന്യാസാശ്രമം വേണമെന്നുള്ള അഭിപ്രായം ഉണ്ടാകയാൽ സന്ന്യാസിനികളാകാൻ ആഗ്രഹിക്കുന്ന സുറിയാനിക്കാരും ലത്തീൻകാരുമായ സ്ത്രീകൾക്കുവേണ്ടി പുതുതായി ഒരു കന്യകാമഠം കൂനമ്മാവിൽ തന്നെ ആരംഭിച്ചു.

(13) മല്പാന്മാർ ഓരോരുത്തരും വേർപെട്ടു നടത്തുന്ന ഒററപ്പെട്ട സെമിനാരികൾ നിർത്തലാക്കി, അതിനുപകരം വാഴ

www.malankaralibrary.com

ക്കളം, മാന്നാനം, എൽത്തുരുത്ത്, പുത്തൻപള്ളി എന്നീ സ്ഥലങ്ങളിൽ പൊതുവായ സെമിനാരികൾ സ്ഥാപിക്കുകയും വൈദികാർത്ഥികൾ അവിടെ പഠിക്കണമെന്ന് നിഷ്ക്കർഷിക്കുകയും ചെയ്തു. അദ്ദേഹം സ്ഥാപിച്ച പുത്തൻപള്ളി സെമിനാരി, വരാപ്പുഴ പുത്തൻപള്ളി അഥവാ മാനമ്പാടി പുത്തൻപള്ളിയുടെ സ്ഥാനത്താണ് സ്ഥിതിചെയ്തിരുന്നത്. കർമ്മലീത്താ ഭരണാധികാരികളിൽ ഏതാണ്ട് അപവാദമായി തന്നെയാണ് ബർണർദീൻ നില്ക്കുന്നത്. അദ്ദേഹത്തിന്റെ ഭരണ പരിഷ്ക്കാരങ്ങൾക്ക് അദ്ദേഹത്തോടു സഹകരിച്ച ചാവറ പ്രിയോരച്ചൻ മുതലായവരോടുള്ള കടപ്പാടു് കുറച്ചൊന്നുമല്ല. അല്പമായിട്ടെങ്കിലും തന്റെ അധികാരം അന്നത്തെ വൈദികനേതാക്കന്മാരായ സുറിയാനി വൈദികരുമായി പങ്കിടുവാൻ സമ്മതിച്ചതും അതിൽ നന്മനസ്സോടും ആത്മാർത്ഥതയോടും കൂടി ചാവറ പ്രിയോരച്ചൻ മുതലായവർ സഹകരിച്ചതുമാണ് ബർണർദീൻ മെത്രാപ്പോലീത്തായുടെ ഭരണവിജയത്തിന്റെ രഹസ്യം.

## ഇരുപത്തിയഞ്ചാം അദ്ധ്യായം

## കുടക്കച്ചിറ അന്തോനി അച്ചൻ

ബർണർദീന്റെ കാലത്തെ സുറിയാനി സമുദായത്തിന്റെ വികാരങ്ങളുടെയും വിചാരങ്ങളുടെയും മൂർത്തിമത്ഭാവമായിരുന്ന പ്രസിദ്ധനായ കുടക്കച്ചിറ ബ. അന്തോനി അച്ചൻ. സ്വജാതിമെത്രാനുവേണ്ടിയുള്ള ഐതിഹാസികസമരത്തിന്റെ ഒരു വീരോജ്ജ്വലഭാഗമാണ് അദ്ദേഹത്തിന്റെ ചരിത്രം. അദ്ദേഹം സ്വന്തരീതിക്കും സ്വന്തം സമുദായത്തിനുംവേണ്ടി ജീവാർപ്പണം ചെയ്ത ആളായിരുന്നു. പാലാ ഇടവകക്കാരനായ ഇദ്ദേഹം, പൂണ്ടിക്കുളത്ത് മല്പാനച്ചനിൽനിന്നും സുറിയാനിയിൽ നല്ല പാണ്ഡിത്യം സമ്പാദിച്ചു. അനന്തരം കൊച്ചിയിൽ പോയി മട്ടാഞ്ചേരി വികാരിയായിരുന്ന, 'തൊറീഞ്ഞ്' പാതിരിയിൽനിന്നും ലത്തീനും പോർച്ചുഗീസും നല്ലവണ്ണം വശമാക്കി. അദ്ദേഹം ശെമ്മാശ്പട്ടം ഏററശേഷം, മാന്നാനത്തുണ്ടായിരുന്ന സെമിനാരിയിൽ ചേർന്നു. കർമ്മലീത്താസഭയിൽ ചേരുവാൻ അപേക്ഷിച്ചെങ്കിലും, സുറിയാനിഭരണത്തി

www.malankaralibrary.com

ലും സുറിയാനിറീത്തിലും തീവ്രവാദിയായിരുന്ന അദ്ദേഹം, ശൈശവപ്രായം തികയാത്ത സുറിയാനികമ്മലീത്താസഭയ്ക്കു ഒരു ബോംബായിരിക്കുമെന്നുള്ള ഭയത്താൽ തിരസ്ക്കരിക്കപ്പെട്ടു. ഇതിൽ അതൃപ്തനായ അദ്ദേഹം പാലായിൽ പോയി കുടക്കച്ചിറയത്തു മല്പാന്റെ ശിഷ്യനായി പഠനം പൂർത്തിയാക്കിയ ശേഷം, ലൂദോവിക് മെത്രാനിൽനിന്നും കുബ്ബാനപ്പട്ടം സ്വീകരിച്ചു.

അനന്തരം അദ്ദേഹം പാലാസ്സുകൂടത്തുള്ള റ്റ്പാശനാൽ എന്ന സ്ഥലത്തു് ഒരു പള്ളിയും സന്ന്യാസാശ്രമവും സ്ഥാപിച്ചു. ഈ ആശ്രമത്തിലെ സന്ന്യാസാനുഷ്ഠാനങ്ങൾ വളരെ കഠിനമായിരുന്നുവെന്നു് സിദ്ധനായ ചാവറയച്ചൻതന്നെ പറഞ്ഞിട്ടുണ്ടു്. അദ്ദേഹത്തിന്റെ ആത്മീയഗുണങ്ങളും വാഗ്‌വിലാസവും ബുദ്ധിശക്തിയും അസാധാരണമാണെന്നു് അറിയപ്പെട്ടിരുന്നു. അദ്ദേഹത്തിന്റെ ആശ്രമത്തിൽ പഠിച്ചിരുന്ന വൈദികവിദ്യാർത്ഥികൾക്കു് പട്ടം കൊടുക്കുവാൻ ലൂദോവിക് മെത്രാനോടു് അപേക്ഷിച്ചു. ദേശകുറിയും പിതൃധനവുമില്ലാതെ പട്ടം കൊടുക്കുകയില്ലെന്നു് മെത്രാപ്പോലീത്താ തറപ്പിച്ചു പറഞ്ഞു. മെത്രാപ്പോലീത്തായുടെ അനുമതിയോടും അംഗീകാരത്തോടും കൂടി ആരംഭിച്ചു്, ദാരിദ്ര്യവും തപസ്സും ജീവിതധർമ്മമായി സ്വീകരിച്ചിരുന്ന സന്ന്യാസിമാക്കു്, എങ്ങനെ പിതൃധനവും ദേശകുറിയും ഉണ്ടാകുമെന്നായിരുന്നു കുടക്കച്ചിറ അച്ചന്റെ മറുചോദ്യം. അഹന്തയുടേയും ഗർവ്വിന്റേയും തിരുവായുടെ മുമ്പിൽ എതിർവായില്ലാതെ അദ്ദേഹം ഭഗ്നാശനായി മടങ്ങിപ്പോന്നു.

കേരളസഭാചരിത്രത്തിൽ പേഷ്യൻബന്ധം വിട്ടുതുമുതലുള്ളതാണു്, സുറിയാനി മെത്രാനുവേണ്ടി ബാബിലോണിലേയ്ക്കു് അയച്ചിരുന്ന അപേക്ഷകൾ. പാശ്ചാത്യമിഷ്നറിമാരുടെ സുറിയാനിവിരോധം വദ്ധിച്ചപ്പോൾ, അവ എണ്ണത്തിലും വണ്ണത്തിലും കൂടുതലുമായി. ഈ അപേക്ഷകളുടെ ഫലമായിട്ടോ എന്തോ, 1853-ൽ ''ദനഹാ ബർ യോനാ'' എന്നൊരു കല്ദായ വൈദികൻ കേരളത്തിൽവന്നു. അദ്ദേഹം കുറവിലങ്ങാട്ടെത്തി. ഇതു് കേട്ടറിഞ്ഞ ധാരാളം വൈദികരും ജനങ്ങളും ഉത്സാഹഭരിതരായി അദ്ദേഹത്തിന്റെ ചുററും വന്നുകൂടി. ഒരു സുറിയാനിമെത്രാനെ കിട്ടുകയായിരുന്നു അവരുടെ ഏററവും വലിയ ആവശ്യം. അതിനു് മാർഗ്ഗമുണ്ടോയെന്നു് അവർ കല്ദായവൈദികനോടു് ചോദിച്ചു. വൈദികരുടെയും ജന

www.malankaralibrary.com

ങ്ങളുടെയും വകയായി, പാത്രിയക്കീസിനു് ഒരു അപേക്ഷ കൊടുക്കുകയാണെങ്കിൽ, ഒരു സുറിയാനിമെത്രാനെ കിട്ടുമെന്നായി; ഭനഹാ. അതനുസരിച്ചു്, ഇടവകപ്രതിനിധികളുടെ ഒരു യോഗംകൂടി ഒരു ഹർജി തയ്യാറാക്കി. അവരിൽ പ്രധാനി കുടക്കച്ചിറ അന്തോനി അച്ചനായിരുന്നു. അദ്ദേഹം ഹർജിയുമായി ഇടവകകൾ തോറും നടന്നു് വൈദികരുടെയും ജനങ്ങളുടെയും ഒപ്പുകൾ ശേഖരിച്ചു. ഈ വിവരമെല്ലാം അറിഞ്ഞു് ബർണർദീൻമെത്രാപ്പോലീത്താ (വരാപ്പുഴ), അന്തോനി അച്ചനെ വിളിപ്പിച്ചു്, ഹർജി ഒപ്പിടുവിക്കുന്നതു് നിരോധിച്ചു. എന്നാൽ ദൃഢവ്രതനായ അന്തോനി അച്ചനാകട്ടെ, ഇതൊന്നും വകവയ്ക്കാതെ തന്റെ പ്രവർത്തനങ്ങൾ പൂർവ്വാധികം ശക്തിപ്പെടുത്തുകയാണു് ചെയ്തതു്. അനന്തരം അദ്ദേഹം ഏതാനും വൈദികവിദ്യാർത്ഥികളോടും സമുദായപ്രതിനിധികളോടുംകൂടി മദ്രാസിലേയ്ക്കും അവിടെനിന്നു് ബോംബെയിലേയ്ക്കും പോയി. വൈദിക വിദ്യാർത്ഥികളെ ബാഗ്ദാദിലുള്ള ഒരു സെമിനാരിയിൽ ചേർക്കുവാനാണു് അദ്ദേഹം ഉദ്ദേശിച്ചിരുന്നതു്. വഴിമദ്ധ്യേ, ചില വിദ്യാർത്ഥികൾ മരിച്ചു. ബോംബെയിൽവച്ചു് തൊണ്ടനാട്ടു് അന്തോനി അച്ചനും അദ്ദേഹത്തിന്റെകൂടെ ചേർന്നു. അവിടെനിന്നും യാത്ര പുറപ്പെട്ടു്, 1854-ൽ ബാഗ്ദാദിലെത്തി. 1856—ൽ അദ്ദേഹം ഏകനായി മടങ്ങിവന്നു.

വരാപ്പുഴ ചെന്നപ്പോൾ മെത്രാപ്പോലീത്താ, ആദ്യം അദ്ദേഹത്തിന്റെ അംശം മുടക്കുകയും, പിന്നാലെ, അദ്ദേഹത്തെ മഹറോൻ ചൊല്ലുകയും ചെയ്തു. ഇതുകൊണ്ടൊന്നും അദ്ദേഹം അടങ്ങിയിരുന്നില്ല. തെക്കും വടക്കുമുള്ള ഇടവകകൾതോറും സഞ്ചരിച്ചു് ഒപ്പിടുവിക്കലും പണം പിരിക്കലും നിർബാധം നടത്തിപ്പോന്നു. വീണ്ടും അദ്ദേഹം 1857—ൽ അൽമേനികളുടെ ഒരു പ്രതിനിധിസംഘവുമായി ബാഗ്ദാദിലേയ്ക്കു് പുറപ്പെട്ടു. അവിടെവച്ചു് കുടക്കച്ചിറ അന്തോനിച്ചൻ മരിച്ചു. മരിക്കുന്നതിനുമുമ്പു്, ആ സ്ഥലത്തെ പ്രീഫെക്റ്റു് അപ്പസ്തോലിക്കാ അദ്ദേഹത്തിന്റെ മഹറോൻ നീക്കുകയും അന്ത്യകൂദാശകൾ നല്കുകയും ചെയ്തു.

വിദേശമെത്രാന്മാരുടെ കടുത്ത അനീതിയും ക്രൂരതയും മൂലം സ്വജാതിമെത്രാനുവേണ്ടി ശ്രമിക്കുന്ന ഒരു വൈദികൻ ദൈവസന്നിധിയിൽ മഹറോൻ ശിക്ഷയ്ക്കു് വിധേയനാകുമോ? മനസ്സാക്ഷിയനുസരിച്ചു് പ്രവർത്തിക്കുന്നവരുടെ വിധി

www.malankaralibrary.com

കർത്താവു് ദൈവം മാത്രമല്ലേ? മാനുഷികബലഹീനതകളുള്ള എല്ലാ വിധികളിലുംപോലെ, മഹറോൻ വിധിയിലും നീതിയുടേയും സത്യത്തിൻേറയും കുറവുകരം ഉണ്ടാകാം, പ്രത്യേകിച്ചു വ്യക്തിപരമായ വിധികളാകുമ്പോരം. മനസ്സ് (will) കോപം, അസൂയ, പ്രതികാരേഛ അധികാരമോഹം മുതലായവയാൽ കലുഷിതമായിരിക്കാം. ബുദ്ധി (Intellect) അതിൻെറ പരിമിതത്വത്തിൽ പൂർണ്ണസത്യമോ സത്യം തന്നെയുമോ കണ്ടില്ലെന്നു വരാം. ഇവയെ ആസ്പദമാക്കിയുള്ള വിധി അപ്പടി ദൈവം സ്വീകരിക്കുമെന്നു വിചാരിച്ചാൽ ദൈവം തെററിൻെറ ''റബ്ബർ സ്റ്റാമ്പെ''ന്നാണു് നിഗമനം, അതു് നിഷിദ്ധമായ ദൈവദൂഷണമാണു്. കത്തോലിക്കാസഭയിൽ തന്നെ എത്ര വിധികരം അങ്ങനെ തിരുത്തിയെഴുതിയിട്ടുണ്ടു്. ഇംഗ്ലണ്ടിലേയും, ഫ്രാൻസിലേയും മെത്രാന്മാർ മന്ത്രവാദിനിയെന്നു വിധിച്ചു തീയിലിട്ടു ചുട്ട വി. ജോവാൻ ഓഫ് ആക്ക്, പിന്നീടു് ഫ്രാൻസുരാജ്യത്തിൻെറ വിശുദ്ധയായ മദ്ധ്യസ്ഥയായില്ലേ? വേറെയുമില്ലേ, പലരും പലതും പലയിടത്തും?

കുടക്കച്ചിറ അന്തോനിച്ചൻെറകൂടെയുണ്ടായിരുന്ന തൊണ്ടനാട്ടു് അന്തോനിച്ചൻ മൂന്നു് സംവത്സരം അവിടെ പാത്തു. ഇക്കാലത്തിനിടയിൽ കേരളസുറിയാനിക്കാരുടെ വകയായുള്ള അന്തോനിച്ചൻകൊണ്ടുപോയ ഹർജി പാത്രിയക്കീസിനു് സമപ്പിക്കുകയും ഒരു സുറിയാനിമെത്രാനെ അയക്കുവാൻ നിബ്ബന്ധിക്കുകയും ചെയ്തു.

ബാബിലോണിയായിൽനിന്നും സുറിയാനി മെത്രാന്മാരെ കേരളത്തിലേയ്ക്കയക്കുന്നതിൽ റോമാ എതിരായിരുന്നു. അതുകൊണ്ടു് പാത്രിയർക്കീസിനൊന്നും ചെയ്യുവാൻ കഴിഞ്ഞില്ല. എന്നാൽ മോസലിലുള്ള ജനനേതാക്കന്മാരും വൈദികരും കേരളത്തിലേയ്ക്കു് ഒരു സുറിയാനി മെത്രാനെ അയക്കുന്നതിനു് പാത്രിയർക്കീസിനെ നിർബ്ബന്ധിച്ചുകൊണ്ടിരുന്നു. എന്നിട്ടും പാത്രിയർക്കീസ് അതു് സമ്മതിച്ചില്ല. ഈ ഘട്ടത്തിലാണു്, തൊണ്ടനാട്ടച്ചൻ നെസ്റ്റോറിയൻ പാത്രിയക്കീസിൽനിന്നും ഒരു മെത്രാനെ കൊണ്ടുവരുവാനായി മോസലിലെത്തിയതു്. ഇതറിഞ്ഞ നിസ്സഹായനായ പാത്രിയക്കീസ് തോമസ് റോക്കോസ് എന്നൊരു വൈദികനെ അഭിഷേകംചെയ്തു്, കേരളത്തിലെ സ്ഥിതിഗതികരം പഠിച്ചു്

www.malankaralibrary.com

റിപ്പോർട്ടു് ചെയ്യുവാനായി അയച്ചു. അദ്ദേഹത്തിന്റെ യാത്ര ച്ചെലവുംമററും കുറവിലങ്ങാട്ടു് മുതലായ പള്ളിക്കാരാണു് വഹിച്ചതു്.

## റോക്കോസു് ഭിന്നത 1861-62

തോമസു് റോക്കോസു് മെത്രാനും അനുചരന്മാരും 1861 മെയ്മാസത്തിൽ കൊച്ചിയിൽ വന്നിറങ്ങി. അദ്ദേഹത്തിന്റെ വരവിനെപ്പററി മെസപ്പൊട്ടേമിയായിലെ മാപ്പാപ്പയുടെ പ്രതിനിധിയും പ്രൊപ്പഗാന്താസംഘത്തിന്റെ അദ്ധ്യക്ഷനും, വരാപ്പുഴ മെത്രാപ്പോലീത്താക്കു് മുന്നറിയിപ്പ് നല്കിയിരുന്നു. അതിനെ അടിസ്ഥാനപ്പെടുത്തി, റോക്കോസിനെ സ്വീകരിക്കരുതെന്നു് വരാപ്പുഴ മെത്രാപ്പോലീത്താ പള്ളിക്കാക്കെല്ലാം കല്പനകൾ അയച്ചു. ഇതേപ്പററി സമകാലീനനായ പാലാക്കന്നത്തു വല്യച്ചൻ പറയുന്നതു് ഇപ്രകാരമാണു്, "ഈ ദേഹം (തോമ്മാ റോക്കോസു്) കൊച്ചിയിൽ ഇറങ്ങിയ ഉടൻ തന്നെ എത്രയും പെ. ബ. വരാപ്പുഴ മാർ ബർണർദീനോസു മെത്രാപ്പോലീത്താ മലയാളത്തിലുള്ള കൽദായസുറിയാനിക്കാരായ പള്ളിക്കാരെക്കൊണ്ടും പട്ടക്കാരെക്കൊണ്ടും ഞങ്ങടപ്പെട്ടരൂപംതൊട്ടു് ഒരു സത്യം ചെയ്യിച്ചു. അതായതു് ഈ മെത്രാനെ കാണുകയില്ലാ എന്നും, ഇനിയും ശുദ്ധമാനസിംഹാസനത്തിലെ കല്പനയോടുവന്നാലും, വികാരി അപ്പസ്തോലിക്കയുടെ കല്പനയോടുകൂടെ പോയി കാണുന്നതല്ലാതെ, പോയി കണ്ടു് കീഴ്വഴങ്ങുകയില്ലാ എന്നും അഭിപ്രായമായി. ഒരു സത്യവാചകം എഴുതി ആയതു് ദർശിന പട്ടക്കാരരു (ക. നി. മൂ. സ.) കൊണ്ടു നടന്നു് പള്ളിക്കാരെക്കൊണ്ടു സത്യംചെയ്യിച്ചു. ഈ സത്യം ചെയ്തവരിൽ അനേകംപേരും ഉടൻതന്നെ പോയി (റോക്കോസു്) മെത്രാനെ കാണുകയും കീഴ്വഴങ്ങുകയും ചെയ്തു"3. മാപ്പാപ്പായുടെ കല്പന ഉണ്ടെങ്കിലും അതിനുമീതെ വരാപ്പുഴ വികാരിഅപ്പസ്തോലിക്കായുടെ കല്പന വേണമെന്നു പറയുമ്പോൾ, വി. പത്രോസു് ശ്ലീഹായുടെ തിരുസിംഹാസനം റോമിലോ വരാപ്പുഴയോ?

എന്നാൽ ഇതു് വകവയ്ക്കാതെ, ധാരാളം വൈദികരും പള്ളിപ്രതിനിധികളും കൊച്ചിയിൽചെന്നു്, റോക്കോസു്

---

3. പാലാക്കന്നേൽ വല്യച്ചന്റെ നാളാഗമം, 1972: P. 58.

www.malankaralibrary.com

മെത്രാന്റ് ആഘോഷപൂർവ്വമായ വരവേല്പു നല്കി. അയ്യനാട്ട് അവരാത്തരകൻ, ഇവരിൽ പ്രധാനിയായിരുന്നു. വരാപ്പുഴ പക്ഷക്കാരായ ഏതാനും വൈദികപ്രമാണികൾ, തൈക്കാട്ടുശ്ശേരിയിൽചെന്ന്, റോക്കോസിന് കിട്ടിയിരിക്കുന്ന മാർപ്പാപ്പായുടെ ബൂളാ കാണണമെന്നാവശ്യപ്പെട്ടു. ബൂളായില്ലെന്ന് മനസ്സിലായപ്പോൾ പല പള്ളിക്കാരും റോക്കോസ് മെത്രാനെ വിട്ടുപോയി. എന്നാൽ അദ്ദേഹത്തിന്റെ അനുകൂലികളായ ആളുകളായിരുന്നു ഭൂരിപക്ഷവും. അതിനു കാരണം, സുറിയാനിമെത്രാനോടുള്ള സ്നേഹത്തേക്കാൾ കൂടുതലായി, വരാപ്പുഴയിലെ കർമ്മലീത്താ ഭരണത്തോടുള്ള അവജ്ഞയും അമർഷവുമായിരുന്നു. റോക്കോസ് മെത്രാൻ കടുത്തുരുത്തി പള്ളിയിൽ വച്ച് എട്ടുപേർക്ക് കുർബാനപട്ടം കൊടുത്തു. അനന്തരം മുട്ടുചിറ, കുറവിലങ്ങാട്, അതിരമ്പുഴ, കുമരകം, ചങ്ങനാശ്ശേരി, കോട്ടയം, പുന്നത്തുറ, പൈങ്ങളം മുതലായ പള്ളികൾ സന്ദർശിച്ചു.

സുറിയാനി മെത്രാനുവേണ്ടിയുള്ള അദമ്യമായ ദാഹം പുത്തൻകൂറുകാർക്കും ഉണ്ടായിരുന്നു. അവരുടെ പ്രധാന കേന്ദ്രങ്ങളായ നിരണം, പുതുപ്പള്ളി മുതലായ സ്ഥലങ്ങളിലേക്ക് റോക്കോസ് മെത്രാനെ അവർ എതിരേററു കൊണ്ടുപോവുകയും തങ്ങളുടെ ഭക്ത്യാദരവുകൾ സമർപ്പിക്കുകയും ചെയ്തു. സുറിയാനിസഭയുടെ ഐക്യത്തിനുവേണ്ടിയുള്ള അഭിവാഞ്ഛയായിരുന്നു അതിനു നിദാനം. ജനങ്ങളും വൈദികരിലൊരു നല്ലപങ്കും റോക്കോസിനോട് പ്രദർശിപ്പിച്ച ഭക്ത്യാദരവുകൾ വരാപ്പുഴയെ കിടിലംകൊള്ളിച്ചു. ജനങ്ങളുടെ സമ്മനസ്സും സഹകരണവുംകൂടാതെ സഭയെ ഭരിക്കുവാൻ കഴിയുകയില്ലെന്നുള്ള മൂലപാഠങ്ങൾ കർമ്മലീത്തക്കു കുറേശ്ശേ മനസ്സിലാകാൻ തുടങ്ങി. മിഷ്നറിമാരുടെ ഇംഗിതത്തിനു തുള്ളാൻ പോർച്ചുഗീസ് സൈന്യവും ഡച്ച് ഭരണാധികാരികളും ഇല്ലായെന്നവർക്ക് മനസ്സിലായി. മതനിഷ്പക്ഷതയായിരുന്നു ബ്രിട്ടീഷ് ഭരണത്തിന്റെ ആണിക്കല്ല്, പൗരസ്വാതന്ത്ര്യം അതിന്റെ അടിത്തറയും.

കർമ്മലീത്താ മിഷ്നറിമാർ ഒരു പ്രതിസന്ധിയിലായി. കൂനൻകുരിശിന്റെ പ്രതിസന്ധിയിൽ സഭയെ രക്ഷിക്കുവാൻ വന്നവരായിരുന്നല്ലോ കർമ്മലീത്തർ. എന്നാൽ അവർ തന്നെ മറെറാരു കൂനൻകുരിശിന്റെ ഗുരുതരമായ പ്രതിസന്ധി സൃഷ്ടിച്ചതു് അധികാരദുർമ്മോഹത്തിന്റെ വിരോധാഭാസങ്ങ

www.malankaralibrary.com

ളിലൊന്നാണ്. അപ്പോഴാണ് അവർ ഒരു രാഷ്ട്രീയതന്ത്രം പ്രയോഗിക്കുവാൻ ഉദ്ദേശിച്ചതു്. ശക്തനായവനെ കൂട്ടുപിടിച്ച് ശക്തനാവുകയും, ശക്തിപ്രാപിച്ചാൽ ശക്തനാക്കിയവനെ പുറന്തള്ളുകയും ചെയ്യുക, രാഷ്ട്രമീമാംസയിലെ ഒരു പ്രാഥമിക പ്രമാണമാണല്ലൊ. അതു് പ്രയോഗിച്ചു നോക്കുവാനുള്ള കൗശലം കമ്മലീത്തക്കു ഉണ്ടാകാതിരുന്നില്ല. കർമ്മലീത്താ ഒന്നാംസഭക്കാരനായ മെത്രാപ്പോലീത്തായുടെ പിന്നണിപ്പണിക്കാരായിട്ടാണല്ലോ കമ്മലീത്താ മൂന്നാം സഭയിലെ അംഗങ്ങളെ കരുതിയിരുന്നതു്. കൂടാതെയും, മൂന്നാം സഭയുടെ പ്രിയോരായ പുണ്യശ്ലോകനായ ചാവറയച്ചൻ അനുസരണയിലും വിധേയത്വത്തിലും വിനയബോധത്തിലും അദ്വിതീയനുമായിരുന്നു. അദ്ദേഹവും അദ്ദേഹത്തിൻെറ സഹപ്രവർത്തകരുമായ മററു ക. നി. മൂ. സാക്കാരും കേരളസഭയിൽ പ്രാമാണ്യവും പ്രാധാന്യവുമുള്ള കുലീനകുടുംബങ്ങളിലെ അംഗങ്ങളുമായിരുന്നു. അവരെ ഒരു ഉത്തോലക (fulcrum) മായി ഉപയോഗിച്ചു് തങ്ങളുടെ സ്ഥാനത്തെയും അധികാരത്തെയും രക്ഷിച്ചെടുക്കാമെന്നു് വിദേശമിഷ്നറിമാർ കണ്ടുപിടിച്ചു.

ഇതിൻെറ ഫലമായി സുറിയാനി കമ്മലീത്തരുടെ പ്രിയോരായിരുന്ന ചാവറ കുറിയാക്കോസച്ചനെ സുറിയാനിക്കാരുടെ വികാരി ജനറാളായി നിയമിച്ചു. അധികാര ദുർമ്മോഹികരം ഗതികെട്ടാലല്ലേ തങ്ങളുടെ അധികാരം പങ്കിടൂ! ആ നിയമനപത്രത്തിൻെറ ഒരു ഭാഗമാണ് താഴെ കൊടുത്തിരിക്കുന്നതു്. ''വളരെക്കാലമായി നമ്മുടെ അധികാരത്തിലിരുന്ന എല്ലാ ക്രിസ്ത്യാനികളുടെയും ആവശ്യങ്ങരം നിവ്വഹിക്കാനുള്ള പ്രയാസങ്ങരംകൊണ്ടും വാദ്ധക്യസഹജമായ നമ്മുടെ അവശതകരംകൊണ്ടും, വൈദികരും ജനങ്ങളും നമ്മുടെ ഭരണംകൊണ്ടു് ആദ്ധ്യാത്മികമായി പുരോഗമിക്കുന്നില്ലെന്നു് മനസ്സിലായതുകൊണ്ടും, നിങ്ങളുടെ ധീരതയും അറിവും സാമത്ഥ്യവും വിശുദ്ധിയും നമുക്കു് ബോദ്ധ്യപ്പെട്ടിട്ടുള്ളതുകൊണ്ടും, ഇതോടുകൂടി ചേത്തിരിക്കുന്ന അനുബന്ധത്തിലെ അധികാരങ്ങളോടുകൂടിയും നാം നിങ്ങളെ വികാരിജനറാളായി നിയമിക്കുന്നു''. ഈ നിയമനപത്രത്തിൻെറ ആദ്യഭാഗത്തെ സാഹചര്യവിവരണം ആത്മാർത്ഥതയോടുകൂടി ആയിരുന്നെങ്കിൽ, 150 വഷത്തെ കമ്മലീത്താഭരണത്തിൻെറ പരാജയം ഏററു

www.malankaralibrary.com

പറയുകയാണു്; അതോടെ അവർ ഭാണ്ഡംമുറുക്കി ഈ നാടു വിടേണ്ടതായിരുന്നു.

പ്രിയോരച്ചൻ വികാരിജനറാളായതോടുകൂടി സുറിയാനിസഭയുടെ ശക്തിയും സ്വാധീനവും വരാപ്പുഴയുടെ പിന്നിൽ അണിനിരന്നു. ആ സഭയിലെ അംഗങ്ങൾ ഇന്നാട്ടിലെ പ്രശസ്ത കുടുംബങ്ങളിൽപ്പെട്ടവരായിരുന്നതിനാൽ അവരുടെ ബലംകൂടി വരാപ്പുഴക്കു് കിട്ടി. റോക്കോസ് മെത്രാൻ മാപ്പാപ്പയാൽ അയക്കപ്പെട്ടവനാണോ എന്നറിയിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടു് സുറിയാനിക്കാരുടെ പല കത്തുകളും റോമിൽ ചെന്നിരുന്നു. 1861 സെപ്റ്റംബർ 5-ാം തീയതിയിലെ പീയൂസ് IX-ന്റെ കല്പന റോക്കോസ് കേരളത്തിൽ വന്നിരിക്കുന്നതു്, റോമായുടെ അറിവുകൂടാതെയാണെന്നും അതിനാൽ സ്വീകരിക്കരുതെന്നുമായിരുന്നു.

ഇത്രയുമായപ്പോൾ, റോക്കോസ് കക്ഷിയെന്നും വരാപ്പുഴ കക്ഷിയെന്നും രണ്ടു വിഭാഗങ്ങളുണ്ടായി. ചിലയിടത്തെല്ലാം സംഘട്ടനങ്ങളും നടന്നു. വികാരിജനറാളായ ചാവറയച്ചനും അദ്ദേഹത്തിന്റെ പിൻതുണക്കാരും റോക്കോസ്ഭിന്നത ശക്തി പ്രാപിച്ചിരുന്ന ഇടവകകളെല്ലാം സന്ദർശിക്കുകയും മാപ്പാപ്പായുടെ കല്പനക്കു് വിരോധമായിട്ടാണു് അദ്ദേഹം പ്രവർത്തിക്കുന്നതെന്നു് ജനങ്ങളെ ബോദ്ധ്യപ്പെടുത്തുകയും ചെയ്തു. തുടന്നു്, സുറിയാനികർമ്മലീത്തരുടെ പ്രേരണയാൽ സുറിയാനിപ്രമാണികൾ സമാധാനലംഘനത്തിന്റെ പേരിൽ റോക്കോസിനെ പള്ളികളിൽ പ്രവേശിപ്പിക്കരുതെന്നു് തിരുവിതാംകൂർ ഗവണ്മെന്റിനോടു് അപേക്ഷിച്ചു. ആ അപേക്ഷ അനുവദിച്ചുകൊടുക്കുകയാൽ, റോക്കോസ് തിരുവിതാംകൂർ വിട്ടു് കൊച്ചിയിലേക്കു് പോയി. അവിടെ തൃശ്ശൂർ, അരണാട്ടുകര മുതലായ സ്ഥലങ്ങൾ സന്ദർശിച്ചുകൊണ്ടിരുന്നു. അപ്പോഴേക്കും, റോക്കോസ് മെത്രാൻ തിരികെ വരുവാൻ ആജ്ഞാപിച്ചുകൊണ്ടുള്ള, പാത്രിയർക്കീസിന്റെ കല്പന 1861 സെപ്റ്റംബർ 7-ാം തീയതി കിട്ടി. റോക്കോസ് കേരളംവിട്ടു പോകാതിരുന്നാൽ അദ്ദേഹത്തെ മഹറോൻ ചൊല്ലുവാനുള്ള അധികാരവും വരാപ്പുഴ മെത്രാപ്പോലീത്താക്കു് റോമിൽനിന്നും ലഭിച്ചു. അതനുസരിച്ചു്, 1861 നവംബർ മാസം 30-ാം തീയതി വരാപ്പുഴ പള്ളിയിൽവച്ചു് റോക്കോസിനെ മഹറോൻ ചൊല്ലി.

www.malankaralibrary.com

ആ മഹറോൻെറ രസകരമായ അവസാനഭാഗം നാളാഗമത്തിൽ ഉദ്ധരിക്കുന്നുണ്ടു്: ‘‘വിധിയുടെ ദിവസത്തിൽ അയാളുടെ (റോക്കോസു മെത്രാപ്പോലീത്തായുടെ) ആത്മാവു രക്ഷപെടുവാൻ മാംസത്തിൻെറ നാശത്തിനു അയാളെ നാം വഴങ്ങിക്കൊടുത്തിരിക്കുകയാൽ പിശാചിൻെറ കുടുക്കുകളെ കണ്ടറിഞ്ഞു് നൽവഴിക്കും തേററത്തിനും തിരിഞ്ഞുവരികയും അയാൾ ഉപദ്രവിച്ച തമ്പുരാൻെറ പള്ളിയോടു് പരിഹാരംചെയ്തുദ്ധരിക്കുകയും ചെയ്യുന്നതുവരേക്കും പിശാചിനോടുകൂടെയും അവൻെറ ദൂതന്മാരോടുകൂടെയും നരകവാസികൾ എല്ലാവരോടുകൂടെയും എന്നന്നേക്കുമുള്ള തീർപ്പു് **നാം** അയാളെ വിധിച്ചു കല്പിക്കുകയും ചെയ്യുന്നു.

ഇതു വരാപ്പുഴനിന്നും 1861-ാം കാലം വൃശ്ചികമാസം 30-ാം നു-: മലയാളത്തിൻെറ വികാരി, അപ്പസ്തോലിക്ക, ബർണർദീനോസ് ദെ സാന്ത ത്രേസ്യാ, (ഒപ്പ്)’’4.

ബർണർദീൻ മെത്രാൻെറ ആഗ്നേയാസ്ത്രത്തിൽ കോത്ത പാവം റോക്കോസിൻെറ ആത്മാവു് നരകത്തിൽ പോകുമോ? പോയോ? ആർക്കറിയാം? സൃഷ്ടിസ്ഥിതിസംഹാരകർത്താവിൻെറ സിംഹാസനം അക്കാലത്തു വരാപ്പുഴ ആയിരുന്നെന്നു തോന്നുന്നു.

മഹറോൻെറ വിവരം അന്നു് ഞാറയ്ക്കൽ പള്ളിയിൽ താമസിച്ചിരുന്ന റോക്കോസിനെ അറിയിക്കുവാൻ, കൂനമ്മാവു് ആശ്രമത്തിൻെറ വികാരിയും വരാപ്പുഴക്കാരുടെ ശിങ്കിടി പ്രമുഖനും ആയ തത്തമ്പള്ളി ഇടവക, കാപ്പിൽ മത്തായി അച്ചനും ഏതാനും വൈദികരുംകൂടി ഞാറയ്ക്കലേയ്ക്കു് പുറപ്പെട്ടു. അദ്ദേഹം അവിടെ ചെന്നപ്പോൾ, 42 പള്ളിപ്രതിനിധികൾ സംബന്ധിച്ചിരുന്ന ഒരു സമ്മേളനമാണു് അവിടെ നടന്നുകൊണ്ടിരുന്നതു്. ആ യോഗം പരിപൂർണ്ണമായും റോക്കോസ് മെത്രാനു് അനുകൂലവുമായിരുന്നു. അന്നു്, സുറിയാനി കത്തോലിക്കർക്കുണ്ടായിരുന്ന 154 ഇടവകകളിൽ 86 എണ്ണം പൂർണ്ണമായിട്ടും, ബാക്കി ഇടവകകൾ ഭാഗികമായിട്ടും, റോക്കോസിൻെറ പക്ഷത്തായിരുന്നു. അദ്ദേഹത്തെ കേരളത്തിൻെറ മെത്രാനായി കിട്ടുന്നതിനു് വൈദികരും അൽമേനികളും ഉൾപ്പെടെ പന്ത്രണ്ടുപേരെ ഒരു കമ്മററിയായി തിരഞ്ഞെടുത്തു.

---

4. നാളാഗമം പുറം: 73.

www.malankaralibrary.com

ഈ വിവരം വരാപ്പുഴയെ അറിയിക്കുകയും ചെയ്തു. എന്നാൽ ഞാറയ്ക്കലെത്തിയ കാപ്പിലച്ചൻ കാര്യങ്ങളെല്ലാം റോക്കോസ് മെത്രാനെ ധരിപ്പിച്ചപ്പോൾ, തന്നെ തിരികെ വിളിപ്പിച്ചു കൊണ്ടുള്ള കല്പന തെററിദ്ധാരണകളുടെ ഫലമാണെന്നും അതേപ്പററി റോമിലേയ്ക്കു എഴുതിയിട്ടുണ്ടെന്നും, അതിനാൽ റോമിൽനിന്നു മറുപടി കിട്ടുന്നതുവരെ മഹറോൻ നിർത്തിവ യ്ക്കണമെന്നും കാപ്പിലച്ചനെ അറിയിച്ചു.

തിരികെ പോരുവാൻ കർശനമായി ആജ്ഞാപിച്ചുകൊണ്ടുള്ള പാത്രിയർക്കീസിൻെറ രണ്ടാമത്തെ കല്പനയും 1862–ൻെറ ആരംഭത്തിൽ റോക്കോസിനു് മലയാററൂർവച്ചു കിട്ടി. അദ്ദേഹം ഉടൻതന്നെ ഞാറയ്ക്കലേയ്ക്കു് പുറപ്പെട്ടു. അവിടെനിന്നും അദ്ദേഹം കൊച്ചിയിൽ ചെന്നു്, 1862 മാർച്ചു് മാസത്തിൽ ബാഗ്ദാദിലേയ്ക്കു് പോവുകയും ചെയ്തു. റോക്കോസിൻെറ കൂടെ തൊണ്ടനാട്ടു് അന്തോനിച്ചനും ഏതാനും സുറിയാനി നേതാക്കന്മാരും പോയിരുന്നു. പാത്രിയർക്കീസിൻെറ അടുക്കൽ ചെന്നു് റോക്കോസ് ക്ഷമായാചനം ചെയ്യുകയും ഇടവകഭരണത്തിൽ പ്രവേശിക്കുകയും ചെയ്തു.

## "പാലം കടക്കുവോളം നാരായണ, നാരായണ"

ചാവറ കുര്യാക്കോസച്ചനും അനുയായികളുംകൂടി റോക്കോസിനെ ബസ്രായിലേയ്ക്കു് കപ്പൽകയററി അയച്ചുകഴിഞ്ഞപ്പോൾ, വിദേശമിഷ്നറിമാരുടെ ശ്വാസം നേരെവീണു. പിന്നെ സുറിയാനിക്കാരോടു് പഴയതുപോലെ മർദ്ദനമുറകൾ അഴിച്ചുവിട്ടു നോക്കാമെന്നായി. ഇതിനകം റോക്കോസിനെ നാടുകടത്തുവാൻ ചാവറയച്ചനും അദ്ദേഹത്തിൻെറ അനുയായികളും ചെയ്ത ത്യാഗപൂർവ്വമായ തീവ്രശ്രമങ്ങളെപ്പററി റോമാ അറിഞ്ഞിരുന്നു. ചാവറയച്ചൻെറ സേവനം റോമിലെ അധികാരികൾ അഭിനന്ദിക്കുകയും പ്രശംസിക്കുകയും ചെയ്തു. ഇതു സംബന്ധിച്ചു് മാർപ്പാപ്പാതന്നെ സ്വന്തം കൈപ്പടയിൽ ചാവറയച്ചനു് ഒരു തീട്ടൂരം നല്കുകയും ചെയ്തിട്ടുണ്ടു്. സന്തുഷ്ടമായ പ്രൊപ്പഗാന്താസംഘം ചാവറയച്ചനെ മെത്രാനാക്കുന്നതിനെപ്പററി വരാപ്പുഴ മെത്രാപ്പോലീത്തായായ ബർണർദീനോടു് ആലോചിച്ചു. അദ്ദേഹം പ്രൊപ്പഗാന്തയുടെ ഈ നിർദ്ദേശം തൻെറ സഹപ്രവർത്തകരായ വിദേശമിഷ്നറിമാരുടെ മുമ്പിൽവെച്ചു. ജസ്യൂട്ടു് മിഷ്ൻെറ ശ്രേഷ്ഠനായിരുന്ന ഫാ. പൂച്ചിനെല്ലി (Puchinelli) സുറിയാനിക്കാരനായ ഒരു സഹായ

www.malankaralibrary.com

മെത്രാനെ നിയമിക്കേണ്ടതിൻെറ ആവശ്യകതയും അറിയിച്ചിരുന്നു. എന്നാൽ വിദേശമിഷ്നറിമാരെല്ലാം പ്രൊപ്പഗാന്തായുടെ ഈ നിർദ്ദേശത്തെ ശക്തിയായി എതിർത്തു. കൃതാത്ഥനായ ബർണർദീൻ മെത്രാപ്പോലീത്താ ചാവറയച്ചനെ മെത്രാനാക്കരുതെന്നു് റോമിനെ അറിയിച്ചു. ഇതിനവർ പറഞ്ഞ കാരണം ചാവറയച്ചൻ ''വയസ്സൻ'', ''ശുദ്ധഗതിക്കാരൻ'', ''പാണ്ഡിത്യമില്ലാത്തവൻ'' എന്നൊക്കെയായിരുന്നു. മിഷ്നറിമാരുടെ ''പാലം കടക്കുവോളമുള്ള നാരായണ''മന്ത്രത്തിൻെറ മറെറാരദ്ധ്യായവും കഴിഞ്ഞു.

റോക്കോസിൻെറകൂടെ പോയിരുന്ന തൊണ്ടനാട്ടു് അന്തോനിച്ചനെ പാത്രിയർക്കീസ് സ്വീകരിച്ചില്ല. അതിനാൽ അദ്ദേഹം കർദിസ്ഥാനിൽപോയി നെസ്തോറിയൻ പാത്രിയർക്കീസിൽനിന്നും മാർ അബ്ദീശോ എന്നപേരിൽ മെത്രാൻ പട്ടം സ്വീകരിക്കുകയും, 1863–ൽ കേരളത്തിൽ വരുകയും ചെയ്തു; പക്ഷേ കേരളസുറിയാനിക്കാർ മാർപ്പാപ്പായോടുള്ള വിധേയത്വത്തിൽ പരമ്പരാഗതമായി വിശ്വസിച്ചിരുന്നതിനാൽ സ്വന്തജാതിയിലും സ്വന്തറീത്തിലുംപെട്ട ഈ മെത്രാനെപ്പോലും സ്വീകരിച്ചില്ല. അദ്ദേഹം ദ്ദ്രാശനാൽ പോയി കുറേക്കാലം താമസിച്ചു. അതിൻെറശേഷം മാന്നാനത്തുചെന്നു് ധ്യാനം നടത്തുകയും തൻെറ മെത്രാൻസ്ഥാനം ഉപേക്ഷിക്കുകയും ചെയ്യുകയാൽ, വരാപ്പുഴ മെത്രാപ്പോലീത്താ അദ്ദേഹത്തിൻെറ മഹറോൻ നീക്കുകയും എടമററത്തു പള്ളിവികാരിയായി നിയമിക്കുകയും ചെയ്തു. പിന്നീടു് അദ്ദേഹം വിളക്കുമാടത്തു പള്ളിവികാരിയായി.

അപ്പോഴാണു് കേരളത്തിൽ മേലൂസ് ''ശീശ്മ'' ഉണ്ടാകുന്നതു്. അദ്ദേഹം മേലൂസിൻെറകൂടെ ചേന്നു. ഒരു വഷം കഴിഞ്ഞപ്പോഠ അദ്ദേഹം മേലൂസിനെയും ഉപേക്ഷിച്ചു്, വരാപ്പുഴ ചെന്നു് അനുതപിച്ചു. വരാപ്പുഴ മെത്രാപ്പോലീത്താ അദ്ദേഹത്തിൻെറ രണ്ടാമത്തെ മഹറോനും നീക്കി, ഭരണങ്ങാനം പള്ളിവികാരിയായി നിയമിക്കുകയും ചെയ്തു.



www.malankaralibrary.com

# ഇരുപത്തിയാറാം അദ്ധ്യായം

## ലെയൊനാർഡ്ു് മെല്ലാനോ
## (1868–1887)

ബർണർദീൻ മെത്രാന്റെ പിൻഗാമിയായിട്ടാണു്, ലെയൊനാർഡു ഭരണമേല്ക്കുന്നതു്. അതിന്നു് കാരണം, ബർണർദീന്റെ മുഖപ്രസാദത്തിന്റെയും സ്നേഹവാത്സല്യങ്ങളുടെയും കുളിർമ്മയേറിയ പുഞ്ചിരിപ്പൂനിലാവിൽ അദ്ദേഹം വളൎന്നു എന്നതാണു്. ബർണർദീനു് സർവ്വഥാ പ്രിയങ്കരനായിരുന്നു ലെയൊനാർഡു്. പിൻതുടൎച്ചാവകാശത്തോടുകൂടിയ സഹായമെത്രാനായി ബർണർദീൻ അദ്ദേഹത്തെ നേരത്തെ നിശ്ചയിക്കുകയും ചെയ്തിരുന്നു.

പക്ഷേ ഇതൊരു നല്ല നടപടിയാണോ എന്നു നിശ്ചയമില്ല.

1) ഇങ്ങനെ സഹായമെത്രാന്മാരെ നിശ്ചയിച്ചവർ തന്നെ അതേപ്പററി പിന്നാലെ പലപ്രാവശ്യം പശ്ചാത്തപിച്ചിട്ടുണ്ടു്. കുടുംബനാഥയായ അമ്മാവിയമ്മയും കുടുംബനാഥയാകാൻ പോകുന്ന മരുമകളും തമ്മിലുള്ള ശീതസമരത്തിൽ കലാശിച്ച കഥകൾ അവരെപ്പററിയും, ശബ്ദമടക്കിയും അല്ലാതെയും, പറഞ്ഞുകേട്ടിട്ടുണ്ടു്. സീറോ–മലബാർ ദേശീയഭരണം തുടങ്ങുന്നതുതന്നെ അങ്ങനെയൊരു കഥയോടുകൂടിയാണു്. ഇപ്പോഴും ആ കഥ ആവർത്തിച്ചുകൊണ്ടിരിക്കുന്നുവെന്നു തോന്നുന്നു.

2) പ്രധാനപ്പെട്ട കാരണം പിൻതുടൎച്ചാവകാശമുള്ള ഈ സഹായമെത്രാന്മാർ പിൻതലമുറയുടെ ഭരണകൎത്താക്കളാകേണ്ടവരാണു്. പഴയ അച്ചിൽ വാൎത്തെടുത്ത ഭരണാധികാരികളുടെ പുതിയ രൂപങ്ങളായിരിക്കും, ഈ പിൻതുടൎച്ചാവകാശികൾ. ജനങ്ങളുടെ ആഗ്രഹങ്ങളും പ്രതീക്ഷകളും ആശയങ്ങളും പ്രതിഫലിപ്പിക്കുവാൻ നിയുക്തമെത്രാന്മാൎക്കു് കഴിഞ്ഞെന്നുവരില്ല. വിധേയബോധവും സമാന്തരചിന്തയും വികാരൈക്യവും ആണല്ലോ മുഖപ്രസാദത്തിന്റെയും സംപ്രീതിയുടെയും

www.malankaralibrary.com

നിദാനം. അവയുടെ അടിസ്ഥാനത്തിൽ ഭരണാധിപരുടെ ഒരു വംശത്തെയായിരിക്കും ഈ സമ്പ്രദായം സൃഷ്ടിക്കുക. അതു് ഭരണീയരായ ജനസമൂഹത്തിൻെറ നാനാവിധ പുരോഗതിയ്ക്കു വിലങ്ങുതടിയാകാൻ ഇടയുണ്ടു്. തുച്ഛമായ വിദ്യാഭ്യാസവും സങ്കുചിതമായ സംസ്ക്കാരവും മാത്രം കൈമുതലായുണ്ടായിരുന്ന കമ്മലീത്തരുടെ ഭരണത്തിൽപ്പെട്ട ജനങ്ങൾക്കു് ഇതാണു് സംഭവിച്ചതു്. വിയോജിതസുറിയാനിക്കാർ വേദപുസ്തക പഠനവും ഇംഗ്ലീഷ് വിദ്യാഭ്യാസവുംകൊണ്ടു് സമൂഹത്തിൻെറ ഉന്നതമണ്ഡലത്തിൽ കയറിപ്പററിയപ്പോൾ, വരാപ്പുഴയുടെ കീഴിലുണ്ടായിരുന്ന മാർത്തോമ്മാക്രിസ്ത്യാനികൾ ഭക്ത്യാഭ്യാസങ്ങളുടെ ചില്ലറകൾ അയവിറക്കിക്കൊണ്ടു് വരാപ്പുഴക്കാരുടെ തൊഴുത്തിലെ ഉഴവുകാളകളായി കഴിഞ്ഞുകൂടാൻ നിർബ്ബന്ധിതരായി.

3) അപ്പസ്തോലികകാലത്തു്, സ്വതന്ത്രഭരണാവകാശമുള്ള ദേശീയ സഭകളാണുണ്ടായിരുന്നതു്. എന്നാൽ സഭകളുടെ വിശ്വാസൈക്യവും പൊതുവായ താല്പര്യങ്ങളും പരസ്പരം സഹായിച്ചും സഹകരിച്ചും പ്രവർത്തിക്കുവാൻ അവയെ നിർബ്ബന്ധിച്ചിരുന്നു. സഭാസേവനത്തിനുള്ള വൈദികരേയും അവരുടെ അദ്ധ്യക്ഷനായ മെത്രാനേയും തിരഞ്ഞെടുക്കുന്നതു്, അതതുസഭകളിലെ വൈദികരുടേയും ജനങ്ങളുടേയും ചുമതലയും അവകാശവുമായിരുന്നു. ഓരോ മെത്രാനും തൻെറ തലമുറയുടെമാത്രം ഭരണകർത്താവാണു്; ഭാവിതലമുറയുടെ ഭരണകത്താവിനെ നിശ്ചയിക്കുവാൻ അദ്ദേഹത്തിനു് അധികാരം കിട്ടുന്നതു്, ഭാവിതലമുറയിലെ വൈദികരുടേയും ജനങ്ങളുടേയും അവകാശത്തിൽ കൈകടത്തലാണു്. അതു നീതീകരിക്കാവുന്നതായി തോന്നുന്നില്ല. ഏകാധിപത്യഭരണത്തിൻെറ ഒരു ഭാഗമാണിതു്.

വരാപ്പുഴമെത്രാന്മാരുടെ പട്ടികയിൽ ലെയൊനാർഡിനു ഒരു പ്രത്യേകതയുണ്ടു്. അതു് അദ്ദേഹത്തിൻെറ വ്യക്തിത്വത്തിൻെറയും ഭരണത്തിൻെറയും വൈചിത്ര്യംകൊണ്ടാണു്. ഈ വൈചിത്ര്യം അടങ്ങിയിരിക്കുന്നതു് പരസ്പരവിരുദ്ധമായ ഭാവങ്ങളിലാണു്. പല ഭക്തസഖ്യങ്ങൾ സ്ഥാപിക്കുകയും വണക്കമാസങ്ങൾ പ്രചരിപ്പിക്കുകയും കണക്കില്ലാത്ത ഇടയലേഖനങ്ങളെഴുതി ജനങ്ങളെ ഭക്തിപരവും സാന്മാർഗ്ഗികവും ആയ ജീവിതത്തിനു് ഉൽബോധിപ്പിക്കുകയും ചെയ്ത ഈ വന്ദ്യദേഹം, ജനങ്ങളോടു് വളരെ ക്രൂരനും കിരാതനും ആയി

www.malankaralibrary.com

വൎത്തിച്ചതു് ദുർഗ്രാഹ്യമായിരിക്കുന്നു. വാക്കിലും പ്രവൃത്തിയിലും ഉള്ള പരസ്പരവിരുദ്ധമായ ദ്വിഭാവം വിദേശകൎമ്മലീത്താ ഭരണത്തിൻെറതന്നെ മുഖമുദ്രയായിരുന്നു. അവരുടെ മാത്രമോ?; പല രൂപതാഭരണങ്ങളിലും ഇതല്ലേ നാം കാണുന്നതു്? ഇതിനെയാണു് ക്രിസ്തു കാപട്യമെന്നു വിധിക്കുകയും നിശിതമായി വിമൎശിക്കുകയും അതികഠിനമായി ശപിക്കുകയും ചെയ്തിട്ടുള്ളതു്.

1870-ലെ ഒന്നാം വത്തിക്കാൻ സൂനഹദോസിൽ ലെയൊനാർദ്ധ മെത്രാപ്പോലീത്താ സംബന്ധിച്ചു. എല്ലാ ക്രൈസ്തവ വിഭാഗങ്ങളുടേയും പ്രതിനിധികളെ ഒമ്പതാം പീയൂസ് മാപ്പാപ്പാ കൌൺസിലിനു ക്ഷണിച്ചിരുന്നു. കേരളത്തിലുള്ള പുത്തൻകൂർ മെത്രാന്മാർക്കുള്ള ക്ഷണം നല്കിയതു് ലെയൊനാർഡ് മുഖേനെയാണു്. ആ ക്ഷണത്തിൻെറകൂടെ സ്വന്തം ഒരു ആഹ്വാനംകൂടെ ചേൎത്തിരുന്നു. അതു് പരുപരുത്തതും കൎക്കശവും ഉപചാരമര്യാദകളെ അവഗണിക്കുംവിധം സംസ്കാരശൂന്യവും ആയിരുന്നു. തന്മൂലം മാപ്പാപ്പാ ഉദ്ദേശിച്ചതിൻെറ വിപരീതഫലമാണുണ്ടായതു്.

വരാപ്പുഴ രൂപതയിൽ ഭൂരിപക്ഷംവരുന്ന സുറിയാനിക്കാൎക്കു് എന്നും ദുൎമ്മുഖനായിരുന്നു മെല്ലാനോ; അതേസമയം തന്നെ, ലത്തീൻകാൎക്കു് പുഞ്ചിരിപ്പൂനിലാവൊഴുകുന്ന പൌൎണ്ണമിയും. അദ്ദേഹത്തിൻെറ പീഡനങ്ങൾ ഏററതു് സുറിയാനിക്കാരാണു്. അവരുടെ വിമോചനയത്നങ്ങളെ പരാജയപ്പെടുത്തി, അവരെ എന്നും തൻെറ പാദപീഠങ്ങളാക്കിവെയ്ക്കുവാനുള്ള ലെയൊനാൎഡിൻെറ ശ്രമങ്ങൾ മനുഷ്യത്വത്തിൻെറ കണികപോലും കാണാനില്ലാത്തവയായിരുന്നു. അദ്ദേഹത്തിൻെറ ഈ ദ്വിഭാവത്തെ കൎദ്ദിനാൾ തിസ്സറാൻറ് വിമർശിക്കുന്നുണ്ടു്[1].

സുറിയാനിക്കാരുടെ കുലീനത്വത്തിലും സംസ്കാരത്തിലും ലെയൊനാർഡിനു തോന്നിയിരുന്ന അപകൎഷതാബോധമാണു് അദ്ദേഹത്തിൻെറ അനീതികൾക്കും ക്രൂരതയ്ക്കും കാരണം. ഇടവകജനങ്ങളുടെ ഉൽകൃഷ്ടസംസ്കാരത്തിനും ഉന്നതവിദ്യാഭ്യാസത്തിനും പററാത്ത വികാരിമാരുടെ ഭരണവേളകളിലും ഈ മാതിരി അപകർഷതാബോധം കാണാറുണ്ടു്. ചില മെത്രാന്മാരും ഇതിനു് അപവാദമല്ല.

1. Tisserant, P. 117.

www.malankaralibrary.com

വേറെയും കാരണങ്ങൾ പറയുവാനുണ്ട്, വിദേശമിഷ്യനറിമാരുടെ കേരളസഭാഭരണം രാഷ്ട്രീയത്തിലെപ്പോലെയുള്ള കൊളോണിയൽ ഭരണമായിരുന്നല്ലോ. കോളനികളിൽ ഭരണീയർക്ക് കിട്ടുന്നതു് ഭരണശേഷിയുടെ ഭോജ്യങ്ങളല്ല, ഉച്ഛിഷ്ടങ്ങൾമാത്രം. കർമ്മലീത്തരെ സംബന്ധിച്ചിടത്തോളം ഇതൊരു കാരണമായിപ്പറയാമോ എന്നറിഞ്ഞുകൂടാ.

എന്നാൽ പരിഗണിക്കത്തക്ക മറെറാരു കാരണമുണ്ട്. ലയൊനാർഡിൻെറ മാതാപിതാക്കന്മാർ തൊഴിലാളികളായിരുന്നു. പറയത്തക്ക വിദ്യാഭ്യാസവും അവർക്കുണ്ടായിരുന്നില്ല. പിതാവു് സ്വഭാവത്തിൽ മുൻകോപിയും കർക്കശനും നിർദ്ദയനുമായിരുന്നു; അമ്മ വളരെ ദൈവഭക്തിയുള്ള സ്ത്രീയും. അമ്മയിൽനിന്നു ദൈവവിളിപ്പും അച്ഛനിൽനിന്നു ഭരണസ്വഭാവവും സ്വീകരിച്ചപ്പോൾ വരാപ്പുഴയിലെ ഭരണാധിപനായ ലെയൊനാർഡുമെത്രാപ്പോലീത്താ ആയി.

മദ്ധ്യശതാബ്ദങ്ങളിലുണ്ടായിരുന്ന വൈദികമണ്ഡലത്തിലെ ഫ്യൂഡൽവ്യവസ്ഥ 19-ാം നൂററാണ്ടിലും തുടർന്നുപോന്നു. കുടുംബങ്ങൾക്കു് പ്രശസ്തിയും സമ്പാദ്യവും ലഭിക്കുവാനുള്ള പ്രധാനമാർഗ്ഗം അവർക്കു് വൈദികരുണ്ടാകുകയാണു്. ഫ്രാൻസിലും ഇററലിയിലും ധാരാളം സന്ന്യാസസഭകൾ ഉണ്ടായിരുന്നതുകൊണ്ടു്, ഒരു വൈദികനാകുവാൻ പ്രയാസമുണ്ടായിരുന്നില്ല. വൈദികാർത്ഥികളെ തിരഞ്ഞെടുത്തതും വളരെ ഉദാരമായിട്ടായിരുന്നു. സഭാചരിത്രത്തിലെ കറുത്ത വൈദികമേഖലകളുടെ പ്രധാന കാരണം ഇതായിരുന്നു.

വരാപ്പുഴ മെത്രാപ്പോലീത്തായായിത്തീന്ന ലെയൊനാഡ് സ്വന്തം നാട്ടിലായിരുന്നെങ്കിൽ ആരാകുമായിരുന്നു!! എന്നാൽ അദ്ദേഹത്തിനു് അപകർഷതാബോധത്തിൽനിന്നുള്ള പകവീട്ടൽ വളരെ ശക്തിയായിരുന്നു. 1878 ഡിസംബർ 23-ാംനു മൗറീൻ ബിഷപ്പ് പ്രൊപ്പഗാന്താസംഘത്തിനു് ഇപ്രകാരമെഴുതി; ''സുറിയാനിക്കാരായ അച്ചന്മാർ വിദേശികളായ മിഷ്യനറിമാരുടെ ഒപ്പം ഇരിക്കുവാൻ പാടില്ലെന്നും മെത്രാനോടൊപ്പം ഭക്ഷണം കഴിക്കുവാൻ പാടില്ലെന്നുമുള്ള നിയമം കുറേക്കാലമായി വീണ്ടും നടപ്പിൽ വന്നിരിക്കുകയാണു്''2.

2. Fr. Placid, The Hierarchy of the Syro-Malabar Church, P. 179.

www.malankaralibrary.com

## മേലൂസിൻെറ വിമോചനശ്രമങ്ങൾ

ലെയൊനാർഡിൻെറ ഭരണകാലത്തെ പ്രമുഖസംഭവം മേലൂസിൻെറ വരവാണ്. അതിനു കാര്യക്ഷമമായി കളമൊരുക്കിയതും ലെയൊനാർഡ് തന്നെയാണ്.

ഒരു സുറിയാനിമെത്രാനെ കിട്ടുന്നതിനു് കേരളത്തിൽ നിന്നുള്ള അപേക്ഷകൾ തുടരെത്തുടരെ ബാബിലോണിയൻ പാത്രിയർക്കീസിനു് പോയിട്ടുണ്ടെന്നു് പ്രസ്താവിച്ചിട്ടുണ്ടല്ലോ. അന്ത്യോക്യായിലുള്ള യാക്കോബായസഭയും ബാബിലോണിയായിലെ കല്ദായസഭയും ജനസംഖ്യയിൽ വളരെ പരിമിതവും സാമ്പത്തികസ്ഥിതിയിൽ വളരെ പരാധീനവും ആയിരുന്നു. ഇരുകൂട്ടർക്കും ഉന്മേഷപ്രദങ്ങളായ മേച്ചിൽസ്ഥലങ്ങളായിരുന്നു, സമ്പന്നവും പ്രശസ്തവുമായിരുന്ന കേരളം. റീത്തുപരമായ കുടുംബബന്ധംപറഞ്ഞു്, കേരളസുറിയാനിക്കാരുടെ സാമ്പത്തികശക്തിയെ ചോർത്തിയെടുക്കുവാൻ ഇരുകൂട്ടരിലും ചിലർ ശ്രമിച്ചിരുന്നു. ശീമയിൽനിന്നും വന്നിരുന്ന മെത്രാന്മാർ മാത്രമല്ലാ ഇതു ചെയ്തിരുന്നതു്, അവരുടെ ഏജൻറന്മാരായ, ആശ്രിതരും ഉപജാപകരുമായ വിദേശികളും ഇതിൽ ഉൾപ്പെട്ടിരുന്നു. ഒരു സുറിയാനിമെത്രാനെ കിട്ടുവാൻ എപ്പോഴും ആററുനോററു് കാത്തുകഴിഞ്ഞിരുന്നവരായിരുന്നു കേരളത്തിലെ സുറിയാനിക്കാർ. അതിനെ ഒരു തീററിരയാക്കി തങ്ങളുടെ പണക്കൊതിയുടെ ചൂണ്ടയിൽ കോർത്തിട്ടാണു്, ഈ ഏജൻറന്മാർ കേരളത്തിൽനിന്നും ധാരാളം പണം സമ്പാദിച്ചുകൊണ്ടുപോയിരുന്നതു്.

## മേലൂസിനു വഴിയൊരുക്കൽ

ഏതാണ്ടു് 1870-ൽ ഫിലിപ്പു് അസ്സീസ് (Azizz) എന്നൊരു കല്ദായ വൈദികൻ ധർമ്മശേഖരണത്തിനായി തൃശ്ശൂർ വരുകയുണ്ടായി. അന്നു് തൃശ്ശൂർപള്ളിവികാരിയായിരുന്നതു് പാലാക്കാരനായിരുന്ന പൂത്തേട്ടു് ഈനാസ്കത്തനാരായിരുന്നു. ഇവർ രണ്ടുപേരുംകൂടി കണ്ടുമുട്ടി സംസാരിച്ചപ്പോൾ, സ്വാഭാവികമായും ഒരു സുറിയാനിമെത്രാനെ കൊണ്ടുവരുന്നകാര്യം ഉയർന്നുവന്നു. വേണ്ട പണമുണ്ടാക്കിക്കൊടുക്കാമെങ്കിൽ, ഒരു സുറിയാനിമെത്രാനെ കൊണ്ടുവരാമെന്നു് ശീമക്കാരനായ അസ്സീസ് ഏററു. ഈ സന്തോഷവാർത്ത അറിഞ്ഞയുടനെ ഉന്മേഷചിത്തനായ ഈനാസച്ചൻ, തൃശ്ശൂരും ചുററുപാടുമുള്ള വൈദികരെയും ജനപ്രതിനിധികളെയും വിളിച്ചുകൂട്ടി

www.malankaralibrary.com

ആലോചിച്ചു. തൽഫലമായി പാത്രിയക്കീസിനു് കൊടുക്കുവാനായി സുറിയാനി മെത്രാനുവേണ്ടിയുള്ള ഒരു ഹർജി അസ്സീസിനെ ഏല്പിച്ചു. ഈ ഹർജി പാത്രിയക്കീസിനു് കിട്ടിയപ്പോൾ, വത്തിക്കാൻ സൂനഹദോസിൽ തന്റെ സഹപ്രവർത്തകനായിനിന്നുകൊണ്ടു്, മലബാർ സഭയെ തിരികെ കിട്ടുവാൻ വാദിച്ച ഏലിയാസ് മേലൂസിനെ കേരളത്തിലേയ്ക്കു് അയയ്ക്കുവാൻ നിശ്ചയിച്ചു. അങ്ങനെയാണു് മേലൂസ് കേരളത്തിൽ വരുന്നതു്.

## മേലൂസിന്റെ വരവ്

മേലൂസ് ബോംബെയിൽ വന്നിറങ്ങിയപ്പോൾ അസ്സീസും കേരളത്തിലെ ഏതാനും വൈദികരും അദ്ദേഹത്തെ സ്വീകരിക്കുവാനുണ്ടായിരുന്നു. ഈ വിവരങ്ങളെല്ലാം അറിഞ്ഞ ബോംബെയിലെ വികാരി അപ്പോസ്റ്റലിക്ക ആയിരുന്ന മെയുറീൻ, മേലൂസിനെ മടക്കി അയയ്ക്കുവാൻ ശ്രമിച്ചു. അതു നിഷ്ഫലമായപ്പോൾ, ഈ വിവരങ്ങളെല്ലാം കമ്പിമൂലം വരാപ്പുഴ മെത്രാപ്പോലീത്തായെ അറിയിച്ചു. 1874 ഒക്ടോബർ മാസത്തിൽ മേലൂസ് തൃശ്ശൂരിൽ വന്നിറങ്ങി. അവിടെ ജനങ്ങളും വൈദികരും അദ്ദേഹത്തെ ആഘോഷാഡംബരങ്ങളോടുകൂടി സ്വീകരിച്ചു. റോക്കോസിന്റെ ചരിത്രം, ഒരു വ്യാഴവട്ടത്തിനു ശേഷം മേലൂസ് ആവർത്തിക്കുകയാണുണ്ടായതു്. വരാപ്പുഴയുടെ ദുർഭരണത്തിൽ ദഹിക്കാതെ കിടന്നതിന്റെ തികട്ടൽ.

വരാപ്പുഴ വീണ്ടും ഭയവിഹ്വലമായി. ലെയൊനാർഡ് മെത്രാപ്പോലീത്താ പഴയതുപോലെ സുറിയാനി കമ്മലീത്താ വൈദികരെയും ജനനേതാക്കന്മാരെയും സഹായത്തിനു് വിളിച്ചുകൂട്ടി. അവരിൽ കാപ്പിൽ മത്തായി അച്ചൻ, അരണാട്ടുകര തരകൻ, ചാക്കോള യൗസേഫ്, ആട്ടോക്കാരൻ ദേവസ്സി മുതലായവർ സമ്മേളിച്ചു് പ്രതിരോധമാർഗ്ഗങ്ങൾ ആലോചിച്ചു. മേലൂസ് കക്ഷിയിൽ പ്രധാനമായും ചേർന്നതു് തൃശ്ശൂർ പള്ളിക്കാരാണു്. മനക്കോടം, അത്തുങ്കൽ, ചെല്ലാനം മുതലായ പള്ളികളും മേലൂസിന്റെകൂടെ ചേർന്നു. ലത്തീൻഭരണത്തിൽപെട്ട സുറിയാനിക്കാർ അവിടെ ഉണ്ടായിരുന്നു. മേലൂസിന്റെ രംഗപ്രവേശനത്തോടുകൂടി, തൊണ്ടനാട്ടു് അന്തോണീച്ചനും അണിയറവിട്ടിറങ്ങി. ജനങ്ങളുടെ വിശ്വാസം നേടാൻ അദ്ദേഹം ചെയ്ത ഒരു പ്രസ്താവനയിൽ മേലൂസിനെ മാർപ്പാപ്പ അയച്ചതാണെന്നു് പറഞ്ഞിരുന്നു. എന്നാൽ അതു് പച്ചക്കള്ളമാണെന്നു് പിന്നീടു് തെളിഞ്ഞു. മേലൂസ് മെത്രാന്റെ

www.malankaralibrary.com

മുതൽ പിടിയായിരുന്ന അസ്സീസ് പല വഴക്കുകളിലും അടി പിടികളിലും ഉൾപ്പെട്ടുകയാൽ, അദ്ദേഹത്തെ മാററി, അഗസ്റ്റീനോസ് എന്നൊരു ശീമക്കാരൻ വൈദികനെ ആ സ്ഥാനത്തു നിയമിച്ചു. ഒരു സുറിയാനി മെത്രാനുവേണ്ടിയുള്ള അപേക്ഷകൾ പാലാ മുതലായ സ്ഥലങ്ങളിൽനിന്നും മേലൂസിനു ധാരാളം കിട്ടിക്കൊണ്ടിരുന്നു. അതനുസരിച്ചു് മാർ യാക്കോബ് എന്നൊരു മെത്രാനെ അദ്ദേഹം ശീമയിൽനിന്നു വരുത്തി. ഇരുവരും തിരികെപോകുവാനുള്ള വരാപ്പുഴ മെത്രാപ്പോലീത്തായുടെ ആജ്ഞയെ നിരസിക്കുകയാൽ, മെത്രാപ്പോലീത്താ അവരെ മഹറോൻ ചൊല്ലി. മഹറോൻ വക വെയ്ക്കാതെ രണ്ടു മെത്രാന്മാരുംകൂടി 1876 ജനുവരി 2-ാംനു കുറവിലങ്ങാട്ടു വന്നു. അന്നുതന്നെയായിരുന്നു, നിധിയിരിക്കൽ മാണിയച്ചന്റെ നവപൂജയും. മേലൂസ് വടക്കൻ കേന്ദ്രങ്ങളിലേയ്ക്കു് മടങ്ങിപ്പോയി. മാർ യാക്കോബ് കുറവിലങ്ങാട്ടുതന്നെ താമസിച്ചു.

## മർസലിൻ പാതിരി

വരാപ്പുഴയിലെ കർമ്മലീത്താ ഭരണചരിത്രത്തിന്റെ ഒരു ഉപകഥയാണു് മർസലിന്റേതു്. യൗവ്വനവും കോമളത്വവും കളിയാടുന്ന മുഖം; ഊർജ്ജസ്വലത, കർമ്മോത്സുകത, സംഭാഷണ ചാതുര്യം, മലയാളഭാഷാപരിജ്ഞാനം, നർമ്മബുദ്ധി, ഇവയെല്ലാം മർസലിനെ അനുഗ്രഹിച്ചിരുന്നു. ആരുമായി ഇടപെടാൻ ആരുടെയും മുഖവുര അദ്ദേഹത്തിനു വേണ്ടിയിരുന്നില്ല. എല്ലാമടച്ചു ഭരിച്ചുവാണിരുന്ന വിദേശമിഷ്നറിമാരിൽ ഒരാളായിരുന്നതുകൊണ്ടു് ആത്മവിശ്വാസത്തിനും കുറവുണ്ടായിരുന്നില്ല. ഏതു ദുർഘടപ്രശ്നപരിഹാരത്തിനും ഒരു കുറുക്കുവഴി കണ്ടുപിടിക്കുവാൻ അദ്ദേഹം അതിസമർത്ഥനായിരുന്നു. എന്നാൽ കുറുക്കുവഴിക്കാർ ഋജുബുദ്ധികളായിരിക്കുകയില്ലല്ലോ. അവർ സാധാരണ കുരുട്ടുബുദ്ധികളാണു്. മർസലിൻ പാതിരിയും അതിൽപ്പെടും.

മാർത്തോമ്മാക്രിസ്ത്യാനികൾക്കു സ്വന്തമായി മെത്രാൻ വേണമെന്നുള്ള ചിരാഭിലാഷം മൂർഛിക്കുകയും അതിന്റെ സുറിയാനി വക്താക്കളും മുന്നണിപ്രവർത്തകരും വൈദികരായിത്തീരുകയും ചെയ്യപ്പോൾ, വരാപ്പുഴയിലെ, വിദേശമിഷ്നറിമാരുടെ താല്പര്യങ്ങൾ സംരക്ഷിക്കുവാൻ, അരയും തലയും മുറുക്കി ഇറങ്ങിയതു് മർസലിൻ പാതിരിയാണു്. അദ്ദേഹ

www.malankaralibrary.com

ത്തിൻെറ ചൊടിയും ചുറുചുറുപ്പുംമൂലം മിഷ്നറിമാക്ക് അദ്ദേഹം അതിവത്സലനായിരുന്നു. പുത്തൻപള്ളി സെമിനാരിയുടെ പ്രൊഫസറും പിന്നാലെ റെക്ടറും ആയിരുന്നതുകൊണ്ടു് സുറിയാനി വൈദികരും വൈദികവിദ്യാൎത്ഥികളും അദ്ദേഹത്തിനു സുപരിചിതരും സ്വാധീനരുമായിരുന്നു. ദേശീയ ഭരണത്തിനു മുൻകൈ എടുത്തു പ്രവൎത്തിച്ചതു് ക. നി. മൂ. സ. (ഇന്നു് സി. എം. ഐ.) വൈദികരാണു്. ഇതു വിദേശമിഷ്നറിമാക്ക് അസഹ്യവും അക്ഷന്തവ്യവും ആയിത്തോന്നി. മെത്രാന്മാരുടെ അംഗീകാരത്തോടുകൂടിയുള്ള സന്ന്യാസസഭകൾ ദൈവരാജ്യം പരത്തുവാൻ മാത്രം ഉദ്ദേശിച്ചുള്ളവയായി വരാപ്പുഴക്കാർ കരുതിയില്ല. അവരുടെ മെത്രാന്മാരുടെ മേനിക്കും ഭദ്രതക്കും ഒരു ഉറപ്പുള്ള കോട്ടയുംകൂടിയാവണം അവ. "വേലിതന്നെ വിളവുതിന്നാൻ തുടങ്ങിയാൽ" എന്നാണു് മിഷ്നറിമാർ ചിന്തിച്ചതു്. അതും കമ്മലീത്താ ഒന്നാംകിടക്കാർക്കെതിരെ മൂന്നാംകിടക്കാർ! സ്വന്തം അംഗരക്ഷകരുടെ Mutiny പോലെയാണു് മിഷ്നറിമാർ അതിനെ കണ്ടതു്. പൊറുക്കാനാവാത്ത രാജദ്രോഹം!! തന്നെയുമോ, റോക്കോസ്—മേലൂസ് ഭിന്നതകളുടെ കാലത്തു് ഭിന്നതയുടെ പടുകുഴിയിൽ വീണ അനേകം ഇടവകകളേയും വൈദികരേയും കരസ്ഥകയററി ഇണക്കിയെടുത്ത താപ്പാനകളാണു് സുറിയാനി കമ്മലീത്താസഭാംഗങ്ങൾ. അവരിപ്പോൾ അവരുടെ പാപ്പാന്മാരുടെ നേരെ കൊലവിളി നടത്തുകയോ? പരമദ്രോഹം!!

സ്വാതന്ത്ര്യസംരംഭത്തിനു ഇടവക വൈദികരും ഉണ്ടായിരുന്നു. നാമമാത്രമായ പത്രമേനിയുംപററി സ്വകുടുംബത്തിൽനിന്നു പിരിയുന്ന ചിലക്ക് സാമ്പത്തികപരാധീനത സ്വാഭാവികമാണു്. വരാപ്പുഴ അരമനാധികൃതരുടെ കൈക്കുമ്പിളുകളിൽനിന്നു വീഴുന്ന അപ്പക്കഷണങ്ങൾ ഗണ്യമായ സാമ്പത്തിക മാൎഗ്ഗമായിരുന്നു അവക്ക് സംഘടിക്കുവാനുള്ള സൗകര്യവും സ്വാതന്ത്ര്യവും ഇല്ലായിരുന്നുവെങ്കിലും.

ഒരു ഭീകരഭരണത്തിൻെറ കരിനിഴലിലായിരുന്നു അവർ ജീവിച്ചിരുന്നതു്. അത്യാസന്നനിലയിൽ മരണത്തോടു മല്ലടിച്ചുകിടന്ന തൻെറ അമ്മയെ കാണുവാൻ പോയപ്പോൾ രണ്ടു ദിവസം കൂടുതൽ താമസിച്ചു എന്ന കാരണത്താൽ, വരാപ്പുഴക്കാരുടെ സുഹൃത്തും സഹായിയുമായ പാലാക്കുന്നേൽ വല്യച്ചനെ പത്തുദിവസത്തേക്കു അംശം മുടക്കിയവരാണു് ക്രിസ്തുവിൻെറ കാരുണ്യമോതുവാൻ ഈ നാട്ടിൽവന്ന

www.malankaralibrary.com

വരാപ്പുഴക്കാർ[3]. മുടക്കുകാലത്തു് വല്ല്യച്ചൻ നാടിനേയും നാട്ടുകാരേയും മറന്നു് അജ്ഞാതവാസം കഴിക്കുകയായിരുന്നു. അപ്പോൾ മററുള്ളവരുടെ കാര്യം പറയാനുണ്ടോ!

സ്വാതന്ത്ര്യവാദികളായ സുറിയാനി കർമ്മലീത്തരുടെ അപേക്ഷ റോമിലെത്തിയെന്നറിഞ്ഞപ്പോൾ വരാപ്പുഴയിലെ മിഷ്നറിമാർ വിരണ്ടു. അപേക്ഷകളുടെ ഉപോൽബലകമായി മിഷ്നറിമാരുടെ കുററവും കുറവുകളും ധാരാളമായിട്ടുണ്ടായിരിക്കുമെന്നും അവർ ഭയപ്പെട്ടു. അപേക്ഷകരെ പുകച്ചു പുറത്താക്കുവാൻതന്നെ അവർ തീരുമാനിച്ചു. റോമാ വിദൂരത്തല്ലേ? അവിടെയും പ്രൊപ്പഗാന്തയിലെ ചില വൻതോക്കുകൾ തങ്ങളുടെ സ്വാധീനത്തിലല്ലേ? ക. നി. മൂ. സ. കേവലം ഒരു ശ്രുപതാസമൂഹം: മെത്രാപ്പോലീത്തായുടെ ചെറുവിരലിൽ ആടിയാടിനിൽക്കുന്ന ഒരു ഭക്തസഖ്യത്തിൽ കവിഞ്ഞു് മറെറന്തു്? വരാപ്പുഴ മെത്രാപ്പോലീത്താ അതിന്റെ വൈസ് പ്രോവിൻഷ്യലും. ശ്രുപതാധികാരിയുടേയും വൈസ് പ്രോവിൻഷ്യലിന്റേയും അധികാരം ഒന്നിച്ചുചേന്നാൽ ക. നി. മൂ. സ. കടയററുവീഴും.

വരാപ്പുഴക്കാരെ സഹായിക്കുന്ന മറെറാരു ഘടകംകൂടിയുണ്ടായിരുന്നു. പഴയനിയമത്തിലെ കായേന്റേയും പുതിയനിയമത്തിലെ യൂദാസിന്റേയും കുലദ്രോഹികളുടെ വംശം, അന്യംനിന്നോ കുററിയററോ പോയിരുന്നില്ല. എല്ലാക്കാലത്തും എല്ലാ ദേശങ്ങളിലും എല്ലാ സമൂഹത്തിലും സന്താനസമൃദ്ധമായ ഒരു വംശമാണതു്. സ്വാത്മമോഹസിദ്ധിക്കു് ചില സുറിയാനിവൈദികരും വരാപ്പുഴയെ തുണക്കാൻകൂടി. ബുദ്ധിശാലികളായ മററു ചിലർ കയ്യാലപ്പുറത്തെ തേങ്ങാപോലെയായിരുന്നു. "എല്ലാ അധികാരവും ദൈവത്തിൽ നിന്നല്ലേ; അപ്പോൾ അധികാരത്തെ എതിക്കാമോ" എന്നൊരു കൂട്ടർ: "എല്ലാം ദൈവതിരുമനസ്സു്", എന്നു് മൂന്നാമതൊരു കൂട്ടർ.

വരാപ്പുഴ അരമനയുടെ അണിയറയിൽ അടിയന്തരയോഗംകൂടി തന്ത്രപ്രധാനമായ ചില പദ്ധതികൾക്കു രൂപം കൊടുത്തു. അതിന്റെ സൂത്രധാരനായിരുന്നു, കമ്മകുശലനും "ചുണക്കുട്ടനും" ആയ മർസലിനോസ് പാതിരി. പദ്ധതികളുടെ നിവ്വഹണചുമതലയും അദ്ദേഹം ഏറെറടുത്തു. അദ്ദേഹം ആദ്യ

---

3. നാളാഗമം, P. 113–119.

www.malankaralibrary.com

മായി ചെയ്തതു് ചാരന്മാരുടെ ഒരു ശൃംഖലാവലയം സൃഷ്ടിക്കു കയായിരുന്നു. പണത്തിനും മററു പ്രലോഭനോപാധികാംക്കും. വരാപ്പുഴക്കു പഞ്ഞമുണ്ടായിരുന്നില്ലല്ലോ. ഭദ്രതയില്ലാത്തിട ത്തല്ലേ ഭയം; സുറിയാനിക്കാരുടെ ഭരണം മർസലിനിലായി. അദ്ദേഹം മെത്രാപ്പോലീത്തായുടെ പൂർണ്ണാധികാരത്തോടുകൂടി മാന്നാനം, പുളിങ്കുന്നു് (ഇവിടെയായിരുന്ന സ്വതന്ത്ര്യവാദികളു ടെ കേന്ദ്രങ്ങാം) മുതലായ സുറിയാനി ആശ്രമങ്ങളിലെ ''ഏഴ വ്യാകുലങ്ങളേയും'' ക്രൂരതയോടെതന്നെ ഉടനടി ബഹിഷ്ക്ക രിച്ചു. അവിടെ വാദ്ധക്യത്തിൻേറയോ രോഗത്തിൻേറയോ പരിഗണനന ലവലേശം ഉണ്ടായില്ല. ശിക്ഷിതക്കു വല്ല സമാ ധാനവും പറയാനുണ്ടോ എന്നു അന്വേഷിച്ചുമില്ല. അധികാര ത്തിൻെറ നിശിതമായ ഖഡ്ഗം എത്രയോ ആക്കവും ഊക്കവു മുള്ളതാണു് – പ്രത്യേകിച്ചു്, അതു അന്ധമായ പ്രതികാരേഛ യോടുകൂടിയാകുമ്പോാം. ദൈവത്തിൻെറ സ്ഥാനത്തിരുന്നു് മാനുഷ്യബലഹീനതകളായ വികാരങ്ങളാൽ ഭരിക്കപ്പെടുന്ന അധികാരികളാരായാലും അവർ സമൂഹത്തിനു് ഒരു ശാപ മാണു്.

''ശുദ്ധീകരണ'' പ്രസ്ഥാനത്തിൻെറ നേതാവായ മർസ ലിൻ പാതിരിയുടേയും കൂട്ടരുടേയും തന്ത്രങ്ങളേയും ഭീഷ ണിയേയും ചെറുത്തുനിന്ന വൃദ്ധനായ വൈദികൻ മാന്നാനം കൊവേന്തയിലുണ്ടായിരുന്നു. അദ്ദേഹമായിരുന്ന കൈനകരി ഇടവക ചാവറ യൌസേപ്പച്ചൻ. അദ്ദേഹത്തെ കൊവേന്ത യിൽനിന്നും ബഹിഷ്ക്കരിച്ചുകൊണ്ടുള്ള വരാപ്പുഴ മെത്രാപ്പോ ലീത്തായുടെ കല്പന കിട്ടിയപ്പോാം, അദ്ദേഹം വിലപിച്ചു. "എൻെറ പിതാമഹസഹോദരൻ തൻെറ ശിഷ്യന്മാരിൽ നിന്നും പള്ളികളിൽനിന്നും ഭിക്ഷയാചിച്ചു വാങ്ങി ഈ കൊ വേന്തയും പള്ളിയും പണിയിച്ചു. അദ്ദേഹത്തിൻെറ സ്വന്ത ധനവും ഇതിനായി ചെലവിട്ടു. മൂന്നു നിലയുള്ള ഈ സെമി നാരി പണിയിച്ചതു് ഞാനാണു്. എൻെറ ശൈശവം മുതൽ ഈ വാദ്ധക്യം വരെ ഈ കൊവേന്തയുടെ ക്ഷേമത്തിനായി ഞാൻ വേലചെയ്തു. എന്നാൽ എൻെറ ഈ വാർദ്ധക്യത്തിൽ ഞാൻ ഇറങ്ങിപ്പൊയ്ക്കൊള്ളണമെന്നു വരാപ്പുഴക്കാർ പറയുന്നു. ഞാൻ പോകയില്ല. നശ്വരമായ എൻെറ ജീവിതശേഷം ഞാൻ ഇവിടെത്തന്നെ നയിക്കും. ഈ മതിലുകാംക്കുള്ളിൽ ഞാനെൻെറ തളർന്ന അസ്ഥികളെ നിക്ഷേപിക്കും''. ഇതെ തുടന്നു് ചാവറ യൗസേപ്പച്ചനു കിട്ടിയതു് അദ്ദേഹത്തിൻെറ

www.malankaralibrary.com

അംശം മുടക്കിയുള്ള വരാപ്പുഴ മെത്രാപ്പോലീത്തായുടെ കല്പന യായിരുന്നു. അങ്ങനെ കുർബ്ബാന ചെല്ലുവാൻ നിർവ്വാഹ മില്ലാതെ അദ്ദേഹം ശിഷ്യായുസ്സു കഴിച്ചുകൂട്ടി, മാന്നാനത്തു വച്ചുതന്നെ മരിക്കുകയും അവിടെ അടക്കംചെയ്യപ്പെടുകയും ചെയ്തു4.

ബഹിഷ്കൃതരായ 'ഏഴു വ്യാകുലങ്ങൾ' കേരളത്തിലെ പുരാതനവും പ്രസിദ്ധവും സമ്പൽസമൃദ്ധവുമായ കുടുംബങ്ങ ളിൽനിന്നു് ആത്മോല്ക്കർഷം മാത്രം ലാക്കാക്കി, ത്യാഗബുദ്ധി യോടുകൂടി സന്ന്യാസസഭയിൽ ചേർന്നവരായിരുന്നു. എന്നാൽ അവരുടെ സന്ന്യാസാഭിമുഖ്യം ദൈവം അംഗീകരിച്ചിട്ടില്ലാ യിരിക്കാം. എന്നാലും അവർ ഇടവകവൈദികരെപ്പോലെ അനേകായിരങ്ങളുടെ ആത്മരക്ഷക്കു വഴിയൊരുക്കുമായിരുന്നു. ബഹിഷ്ക്കരണത്തിനു് ഒരു സാമൂഹ്യവശമുണ്ടു്. സമൂഹം വിധിക്കുന്ന പതിതത്വം, അഥവാ അയിത്തം. മെത്രാപ്പോലീ ത്തായാൽ ശിക്ഷിക്കപ്പെട്ടു് സഭയ്ക്കു പുറന്തള്ളപ്പെട്ടവന്റെ സ്ഥിതി ഒരു കുഷ്ഠരോഗിയുടേതാണു്. ആരും അടുത്തു ചെല്ലു കയില്ല, സമ്പർക്കം പുലത്തുകയില്ല. ഈ അപമാനഭാരമായി രുന്നു ഏററവും വേദനാജനകം. സത്യവും നീതിയും നിഴൽ വീശാത്ത ഈ സാമൂഹ്യാന്തരീക്ഷത്തിന്റെ അത്യുഗ്രപീഡനം എല്ലാ സമൂഹത്തിന്റേയും പുരോഗതിയെ തടയുന്നതും കാല ത്തിന്റെ നാഴികമണിയെ നിശ്ചലമാക്കുന്നതും ആയ അവ സ്ഥാവിശേഷമാണു്. എന്നാൽ ഈ സപ്തധീരന്മാർ അതിനെ ദൃഢനിശ്ചയത്തോടുകൂടി നേരിട്ടു. അന്നത്തെ അവരുടെ ത്യാഗ ഫലമാണു് സുറിയാനിസഭയുടെ സ്വാതന്ത്ര്യവും തുടർന്നുള്ള ഉൽ ക്കർഷവും. "ഗോതമ്പുമണി നിലത്തുവീണു ചീയാതിരുന്നാൽ അതിനു ഫലം പുറപ്പെടുവിക്കുവാനാകുമോ?" ആ 'സപ്തർഷി' കളുടെ ത്യാഗഭൂവിൽനിന്നു ഉയിർകൊണ്ടതാണു് ഇന്നത്തെ കേരളസുറിയാനി ഹയരാർക്കി. എന്നാൽ ഇപ്പോൾ അവരുടെ പുണ്യഭൂമിതന്നെ പാശ്ചാത്യർക്കു തീറെഴുതുന്നോ എന്നു സം ശയം.

മർസലിൻ പാതിരിയുടെ ഒരു പദ്ധതി, വരാപ്പുഴക്കെതി രായി റോമിലേയ്ക്കുപോയ ഹർജിക്കു് എതിർഹർജികളുണ്ടാ ക്കുകയായിരുന്നു. അതിനു സ്വാത്മമതികളായ ചില വരാപ്പുഴ ഭക്തന്മാർ സന്നദ്ധരായിരുന്നു. എന്നാൽ എതിർഹർജികൾക്കു

4. I. C. Chacko, P. 175-76.

www.malankaralibrary.com

വണ്ണംമാത്രം പോരല്ലോ, തൂക്കവും വേണമല്ലോ. ഏററവും കൂടുതൽ തൂക്കമുള്ളതു്, വരാപ്പുഴയുടെ മുൻവികാരിജനറാളായിരുന്ന പ്രീയോർ ജനറാറം ചാവറ കുരിയാക്കോസ് ഏലിയാസച്ചനതന്നെ. അദ്ദേഹത്തെ ചാക്കിട്ടു പിടിക്കാനായിരുന്നു മർസലിന്റെ ആദ്യത്തെ ശ്രമം. ആ ഭാഗം ഐ. സി. ചാക്കോയുടെ പുസ്തകത്തിലുണ്ടു്. ''എനിക്കു മററു സ്ഥലത്തേയ്ക്കു പോകേണ്ടിയിരിക്കുന്നു. അതിനാൽ ഹർജിക്കു ഒപ്പുവെച്ചുതരണം'' എന്നു മർസലിനോസു പാതിരി കുര്യാക്കോസച്ചനോടു നിർബന്ധമായി. ഹർജിയുടെ രചനയിൽ ചില സ്ഖലിതങ്ങളുണ്ടു്; അതെല്ലാം തിരുത്തിക്കഴിഞ്ഞിട്ടേ ഒപ്പുവെയ്ക്കുവാൻ നിവൃത്തിയുള്ളൂ. എന്നായി കുര്യാക്കോസച്ചൻ. അതു സാരമില്ല; റോമായിൽ കാര്യം അറിഞ്ഞാൽ മതിയല്ലോ. ഒപ്പുവെച്ചേക്കൂ'' എന്നു് മർസലിനോസ് പാദ്രി. ''അതിനു നിവൃത്തിയില്ല; വ്യാകരണത്തിനുപോലും വിപരീതമായ ഹർജിയിൽ എങ്ങനെ ഒപ്പുവെയ്ക്കും?'' പ്രീയോർ ജനറാളിന്റെ ഈ ഉപരോധങ്ങളിൽ ബഹുവിഭാവവിദ്യനായ പാദ്രി പരാജിതനാകുന്നില്ല. പ്രീയോർ ജനറാളിന്റെ അഭിപ്രായമനുസരിച്ചു്, സ്ഖലിതങ്ങളെല്ലാം തീർത്തു ഹർജി രണ്ടാമതെഴുതാം: ''അപ്പോഠം തന്റെറപേക്ഷ മററാരെങ്കിലും ഒപ്പുവെക്കാനനുവദിച്ചാൽ മതി. പ്രീയോർ ജനറാളിനു ഗത്യന്തരമില്ല. തെററു തീർത്തതിന്റെശേഷം തന്റെറപേക്ഷ ഒപ്പുവെക്കുവാൻ സമ്മതിക്കേണ്ടിവന്നു''5. പുണ്യാത്മജനായ കുറിയാക്കോസച്ചന്റെ കൃത്രിമ ഒപ്പോടുകൂടി വരാപ്പുഴക്കനുകൂലമായ എതിർഹർജി റോമിലേക്കുപോയി. കൃത്രിമ ഒപ്പുകാരനോ, മർസലീൻ പാതിരിയും. പാതിരിയുടെ കുരുട്ടുബുദ്ധിയിലെ കുറുക്കുവഴികഠം!! ഈ കള്ള ഒപ്പു്, വിസിററർ അപ്പസ്തോലിക്കയായിരുന്ന മൗറീൻ മെത്രാന്റെ പരിശോധനയിൽവന്ന ഒരു പ്രധാന വിഷയമായിരുന്നു.

---

5. I. C. C. Page: 163-64.

www.malankaralibrary.com

## ഇരുപത്തേഴാം അദ്ധ്യായം

## റോമ്മാ വീണ്ടും ഉണരുന്നു

### മെയുറീൻ മെത്രാൻെറ ദൗത്യം

ഇത്രയുമായപ്പോൾ, വരാപ്പുഴയിലെ കർമ്മലീത്താ ഭരണത്തിൻെറ ദുർഗ്ഗന്ധം റോമൻകൂരിയായിലെ അധികാരികളുടെ നാസാരന്ധ്രങ്ങളിലും കടന്നു. ആഴികൾക്കപ്പുറത്തു്, തങ്ങളുടേതെന്തോ ചീഞ്ഞളിഞ്ഞു നാറുന്നുണ്ടെന്നു് അവർക്കു ബോദ്ധ്യമായി. തൽഫലമായി, ബോംബെ വികാരി അപ്പസ്തോലിക്കയായിരുന്ന, ലെയോ മെയുറീനെ കേരളത്തിലെ സുറിയാനിക്കാരുടെ കലങ്ങിമറിഞ്ഞ സ്ഥിതിഗതികൾ സസൂക്ഷ്മം പഠിച്ചു റിപ്പോർട്ടുചെയ്യുവാനായി നിയോഗിച്ചു. 1876 മാർച്ചു 24-ാംനു-ലെ oportent എന്ന തിരുവെഴുത്തായിരുന്നു അദ്ദേഹത്തിൻെറ അധികാരപത്രം. ഈ വിവരം സ്വാഭാവികമായും വരാപ്പുഴയെ അറിയിക്കുകയും ചെയ്തിരുന്നു.

1876 മെയ്മാസം 4-ാംനു- മെയുറീൻ കൊച്ചിയിൽ വന്നിറങ്ങി – മാർപ്പാപ്പായുടെ പ്രതിനിധിയായിത്തന്നെ. എന്നാൽ അദ്ദേഹത്തെ സ്വീകരിക്കുവാൻ വരാപ്പുഴമെത്രാപ്പോലീത്തായോ, അദ്ദേഹത്തിൻെറ പ്രതിനിധിയോ അവിടത്തെ മിഷ്നറിമാർ ആരെങ്കിലുമോ ഉണ്ടായിരുന്നില്ല. അവരുടെ സംസ്ക്കാരത്തിൻെറ കാര്യമോ പോകട്ടെ, പരിശുദ്ധസിംഹാസനത്തോടുള്ള അവഹേളനമായിരുന്നില്ലേ ഇതു്? കൊച്ചിയിലെ പള്ളിവികാരി കൊടുത്ത ഉന്തുവണ്ടിയിൽ ബിഷപ്പ് മെയുറീനും സെക്രട്ടറിയും വാസസ്ഥലത്തേയ്ക്കുപോയി.

മെയുറീൻെറ ദൗത്യത്തിൽ രണ്ടു കാര്യങ്ങളാണു് പ്രധാനമായും ഉൾക്കൊണ്ടിരുന്നതു്. ഒന്നു്, കേരളസഭയുടെ മൂർഛിച്ച അസ്വാസ്ഥതയുടെ കാരണങ്ങൾ കണ്ടുപിടിച്ചു് സമാധാനസ്ഥാപനത്തിനുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കുക. രണ്ടു്, മേലൂസിനെയും പരിപാടികളെയും കേരളത്തിനു പുറത്താക്കുക. ആദ്യത്തേതു സാധിക്കുന്നതിൻെറ സംവിധാനത്തിൽ രണ്ടു പ്രശ്നങ്ങൾ ഉണ്ടായിരുന്നു: അവയായിരുന്നു, വിചാരണവേദിയും

www.malankaralibrary.com

ദ്വിഭാഷിയും. വിചാരണരംഗം വരാപ്പുഴയാക്കുവാൻ കർമ്മലീത്തക്ക് മോഹമുണ്ടായിരുന്നു. തങ്ങളുടെ ചിറകിൻകീഴിൽ വന്നാൽ കമ്മീഷനെ സ്വാധീനത്തിലെടുക്കാമെന്നായിരുന്നു അവരുടെ ആന്തരം; അതു നടന്നില്ല. പരാതിക്കാരുമായി ഏററവും കൂടുതൽ സമ്പക്കം പുലത്തുവാൻ കഴിയുന്ന മാന്നാനമാണ് വിചാരണവേദിയായി തിരഞ്ഞെടുത്തതു്.

ദ്വിഭാഷിയെ സംബന്ധിച്ചിടത്തോളം മലയാളത്തിലും പല യൂറോപ്യൻ ഭാഷകളിലും പ്രാവീണ്യമുള്ള നിധിയിരിക്കൽ ബ. മാണിയച്ചനെ മാററിനിത്തുവാൻതക്ക മറെറാരു വ്യക്തിയും കേരളത്തിലുണ്ടായിരുന്നില്ല. അതിനാൽ ആ പ്രശ്നവും പരിഹൃതമായി. ബിഷപ്പ് മെയുറീനു മാന്നാനത്തേക്കു നല്കിയ വരവേല്പിനെപ്പററി, ഫാ. ലൂയിസ് പഴേപറമ്പിൽ എഴുതിയ മനോഹരമായ റിപ്പോർട്ടു ഐ. സി. ചാക്കോയുടെ പുസ്തകത്തിൽ ഉദ്ധരിച്ചിട്ടുണ്ടു്.

### i) കർമ്മലീത്താ ദുർഭരണത്തിൻെറ വിചാരണ—മെയുറീൻെറ കോടതിയിൽ

മെയുറീൻ മെത്രാൻ കേരളത്തിൽ വന്നശേഷം, പരിശുദ്ധ പിതാവായ റോമാ മാപ്പാപ്പായോടെന്നപോലെ, സഭാസംബന്ധമായ എല്ലാക്കാര്യങ്ങളും തന്നോട് സത്യസന്ധമായും ആത്മാത്ഥമായും പറയണമെന്ന് ആവശ്യപ്പെട്ടുകൊണ്ടു്, സുറിയാനിക്കാരായ വൈദികർക്കും ജനങ്ങൾക്കും അദ്ദേഹം ഒരു കല്പന പുറപ്പെടുവിച്ചു. എല്ലാ സങ്കടങ്ങളും പരാതികളും അദ്ദേഹത്തെ അറിയിക്കുവാൻ എല്ലാ വൈദികരെയും, ഓരോ ഇടവകയിൽനിന്നു് തിരഞ്ഞെടുക്കപ്പെട്ട മൂന്നു അല്മായ പ്രതിനിധികളെയും അദ്ദേഹം ചുമതലപ്പെടുത്തി. അവർ 1876 മെയ് മാസം 23–ാംനു മുതൽ 26–ാംനു വരെ, മാന്നാനത്തു് കൂടണമെന്നും ആവശ്യപ്പെട്ടു. അദ്ദേഹം ക്ഷണിച്ചവരുടെ കൂട്ടത്തിൽ ശീശ്മയിൽ പോയവരും മേലൂസിൽനിന്നും പട്ടം സ്വീകരിച്ച വൈദികരും ഉണ്ടായിരുന്നു. അവിടെവച്ചാണു്, സ്വജാതി മെത്രാനുവേണ്ടി 136 വൈദികർ ഒപ്പിട്ട ഒരു ഹർജി മാപ്പാപ്പാക്കു് സമപ്പിക്കുവാൻ മെയുറീൻ മെത്രാനെ ഏല്പിച്ചതു്. മാന്നാനത്തു സംബന്ധിക്കാൻ കഴിയാത്ത വൈദികർ 15 ദിവസത്തിനകം തങ്ങൾക്കുള്ള അഭിപ്രായങ്ങളും അപേക്ഷകളും മെയുറീൻ മെത്രാനെ എഴുതി അറിയിക്കണമെന്നും ആവശ്യപ്പെട്ടിരുന്നു. മെയുറീൻ മെത്രാൻ ജനപ്രതിനിധികളോടും

www.malankaralibrary.com

വൈദികരോടും മാത്രമല്ല, സംഭാഷണം നടത്തിയതു്, അദ്ദേഹം ഗോവാമെത്രാപ്പോലീത്തായേയും വരാപ്പുഴ മെത്രാപ്പോലീത്തായേയും പല പ്രാവശ്യം സന്ദർശിക്കുകയും ആശയവിനിമയം നടത്തുകയും ചെയ്തിട്ടുണ്ടു്. അങ്ങനെ വാദിപ്രതികളുടെ ഒരു വിചാരണതന്നെ ആയിരുന്നു അതു്.

കർമ്മലീത്തരുടെ ദുർഭരണത്തെപ്പററി തെളിവുതരാൻ വൈദികരും ജനങ്ങളും ആവേശപൂർവ്വം തയാററായിരുന്നു. അതിൽ ഒട്ടും കുറഞ്ഞ പ്രാധാന്യമല്ല, മേലൂസ്പ്രശ്നത്തിനും മെയൂറീൻ കൊടുത്തതു്. മേലൂസിൻെറ വരവു് അനിർവാര്യമാക്കിത്തീർത്തതു് വരാപ്പുഴയിലെ ഷണ്ഡബുദ്ധികളുടെ ക്രൂരമായ പീഡനങ്ങളായിരുന്നു. ഒരു ദുഷ്ഫലം നുള്ളിമാററിയതുകൊണ്ടുമാത്രം അതിൻെറ വേരുകൾ ഇല്ലാതാകുന്നില്ലല്ലോ. മേലൂസ്പ്രശ്നം തനിച്ചു കൈകാര്യം ചെയ്യേണ്ടതു് ആവശ്യമായി മെയൂറീനു് തോന്നി. മാന്നാനം സമ്മേളനത്തിൽ ഈ വിഷയം ദീർഘിച്ചുചർച്ചക്കു വന്നതാണു്. മെയൂറീൻ കേരളത്തിൽ വന്നപ്പോൾ മേലൂസ് ശക്തിയാർജ്ജിച്ചു്, കുറവിലങ്ങാട്ടു താമസിക്കുകയായിരുന്നു.

മെയൂറീൻ മെത്രാൻെറ കേരളത്തിലേയ്ക്കുള്ള വരവോടുകൂടി, കേരളത്തിൽനിന്നും റോമിലേയ്ക്കുള്ള നിവേദനങ്ങളുടെ പ്രവാഹമായി. അവ ഏററവും കൂടുതലുണ്ടായതു് 1875 ഏപ്രിൽ മാസം മുതലായിരുന്നു. എല്ലാ നിവേദനങ്ങളുടേയും പ്രമേയം ഒന്നുതന്നെയായിരുന്നു: സുറിയാനിക്കാർക്കു് മാത്രമായി ഒരു രൂപതയുണ്ടാവുക; സ്വജാതിമെത്രാനെ അനുവദിക്കുക. അതിനു നിവൃത്തിയില്ലാത്തപക്ഷം, ഇംഗ്ലീഷ്കാരനോ ഐറിഷ്കാരനോ ആയ ഒരു മെത്രാനെ നിയമിക്കുക. ഈ അപേക്ഷകൾ സാധിച്ചുകിട്ടുവാൻവേണ്ട ശുപാർശകൾ ചെയ്യുന്നതിനു്, ഇന്ത്യയിലുള്ള മെത്രാന്മാർക്കും റോമിലെ പല കർദ്ദിനാളന്മാർക്കും അവർ എഴുതിയിരുന്നു. റോമിലേയ്ക്കുള്ള അപേക്ഷകളിൽ ഒപ്പുവെച്ചവരുടെ നേതൃത്വം ഏതാനും സുറിയാനി കർമ്മലീത്താ വൈദികർക്കായിരുന്നു. അവരിൽ ഏഴുപേരെയാണു്, ക. നി. മൂ. സ. സഭയിൽനിന്നും ബഹിഷ്ക്കരിച്ചതു്. മെയൂറീൻ മെത്രാൻ ഇവരെ വിളിച്ചിരുന്നതു് "ഏഴുവ്യാകുലങ്ങൾ" എന്നാണു്. അവരിലൊരാളായിരുന്നു പിന്നീടു് എറണാകുളം വികാരി അപ്പസ്തോലിക്കയായിത്തീർന്ന പഴേപറമ്പിൽ ലൂയീസ് മെത്രാൻ.

www.malankaralibrary.com

കർമ്മലീത്താമെത്രാന്മാരുടെ ദുർബുദ്ധിയും വഞ്ചനയും വ്യക്തമാക്കുന്ന ഒരു എഴുത്തു്, മെയുറീൻ മെത്രാൻ, 1778 ഡിസംബർ 23-ാംനു-, പ്രൊപ്പഗാന്താ തിരുസംഘത്തിൻെറ അദ്ധ്യക്ഷനായ കർദ്ദിനാളിനു് അയയ്ക്കുന്നുണ്ടു്. ''കർമ്മലീത്താ മൂന്നാം സഭയിലെ ബഹിഷ്കൃതരായ ഈ വൈദികരെ തിരിച്ചെടുത്തുവെന്നു് കർമ്മലീത്താ മിഷ്യനറി ഫാ. വിക്ടർ തിരുമേനിയ്ക്കു് റോമിൽവെച്ചു് ഉറപ്പുനൽകിയിരുന്നതാണല്ലോ. എന്നാൽ അവരിൽ ഒരൊററയാളെപ്പോലും ഇതുവരെ തിരിച്ചെടുത്തിട്ടില്ല. തന്നെയുമല്ല, അവരുടെ 'പത്രമേനി' തിരിയെ കൊടുത്തതുമില്ല. അവരുടെ ആശ്രമത്തിൻെറ പ്രിയോരായ വയോവൃദ്ധനും പുണ്യാത്മാവുമായ വൈദികൻ മുട്ടിന്മേൽ നിന്നുകൊണ്ടു് അവരിലൊരാംക്കുവേണ്ടി പ്രത്യേകമായി അഭ്യർത്ഥിച്ചിട്ടും അതു് നിഷ്ഫലമാകുകയാണുണ്ടായതു്''[1]. സുറിയാനിസഭയെ ദ്രോഹിക്കുക മാത്രമല്ല റോമൻ അധികാരത്തെ കബളിപ്പിക്കുവാനും വഞ്ചിക്കുവാനും ഈ കർമ്മലീത്താ മിഷ്യനറിമാർ എത്ര വിദഗ്ധരായിരുന്നുവെന്നു് ഇതിൽനിന്നും വിശദമാകുന്നുണ്ടല്ലോ.

## മെയുറീനും മേലൂസുകക്ഷികളും

മെയുറീൻ കേരളത്തിൽ വന്നശേഷം മേലൂസിനെ തിരിച്ചയക്കാനുള്ള ശ്രമങ്ങാം വീണ്ടും ആരംഭിച്ചു. വളരെ ഇടവകകളിൽ മേലൂസിൻെറയും വരാപ്പുഴയുടെയും കക്ഷികാം ഉണ്ടായിരുന്നു. ഈ ഭിന്നത പല കലാപങ്ങാംക്കും വഴി തെളിച്ചു. പള്ളികാംക്കുവേണ്ടിയുള്ള അവകാശത്തർക്കങ്ങാം തീവ്രമായി നടന്നുകൊണ്ടിരുന്നു. മേലൂസിനേയും കക്ഷികളേയും ഉപദേശിച്ചതുകൊണ്ടു ഫലമില്ലെന്നു കണ്ടപ്പോാം, പള്ളികളുടെ അവകാശം കോടതികാം മുഖേന സ്ഥാപിച്ചു കിട്ടുവാനായിരുന്നു മെയുറീൻെറ ശ്രമം. ആദ്യമായുണ്ടായതു് ചിററാട്ടുർ പള്ളിക്കേസ്സാണു്. പള്ളികാംക്കുവേണ്ടിയുള്ള സിവിൽകേസുകാം നടത്തുന്നതിനുള്ള ചുമതല മെയുറീൻതന്നെ ഏറെറടുത്തു. വരാപ്പുഴയുടെ കീഴിലുള്ള പള്ളികാം വീണ്ടെടുക്കുവാൻ ബിഷപ്പു മെയുറീനെ കിട്ടിയതു് അനുഗ്രഹമായിരുന്നുവെന്നു മനസ്സിലാക്കത്തക്ക ബുദ്ധിപോലും കർമ്മലീത്തക്കുണ്ടായിരുന്നില്ല. മെയുറീൻെറ വലംകയ്യായിനിന്നു പ്രവർത്തിക്കുവാൻ ഭാഗ്യവശാൽ നിധീരിക്കൽ മാണിയച്ചനേയും കിട്ടി. കോഴി

1. Fr. Placid, The Hierarchy of the Syro-Malabar Church, P. 177



www.malankaralibrary.com

ക്കോട്ട നടന്നുവന്ന ഈ ''ചിററാട്ടൂർ കേസ്'' ബാബിലോണിയൻ മെത്രാന്മാർക്കും ഭിന്ന കക്ഷിക്കും എതിരായിട്ടാണ് വിധിച്ചതു്. ഭിന്നിച്ചവർ, 1675 രൂപ കോടതിച്ചിലവു് കെട്ടിവെയ്ക്കേണ്ടിവന്നു. ഈ കേസ് നടത്തിയിരുന്നതു് മെയുറീൻമെത്രാനും നിധിയിരിക്കൽ മാണിക്കത്തനാരും കൂടിയായിരുന്നു.

## നിധീരിക്കൽ മാണി അച്ചൻ

മേലൂസ് ഭിന്നതയെ തുരത്തുന്നതിൽ നിധീരിക്കൽ മാണിയച്ചൻെറ പങ്കിനെപ്പററി മേലൂസ്മെത്രാൻെറ വികാരി ജനറാളായിരുന്ന പാലാക്കുന്നേൽ വലിയച്ചൻ എഴുതുന്നു; ''വളരെ അപമാനങ്ങൾ നിധീരിക്കൽ മാണിയച്ചനു് സംഭവിച്ചു. മാർ ഏലിയാ (മേലൂസ്) മെത്രാനച്ചൻെറ സ്നേഹാധിക്യംകൊണ്ടുള്ള വിലക്കില്ലായിരുന്നുവെങ്കിൽ മാണിച്ചൻ ആ ദിവസം മരിച്ചുപോകുമായിരുന്നു''2. അപ്പോഴേയ്ക്കും, പാത്രിയക്കീസ് ശീമമെത്രാന്മാരെ രണ്ടുപേരെയും തിരികെ വിളിച്ചു. മാർ യാക്കോബ്, മെയുറീൻമെത്രാൻെറ അടുക്കൽ ക്ഷമായാചനം ചെയ്യുകയും ചെയ്തു.

മെയുറീൻ മന്നാനം സമ്മേളനങ്ങൾകൊണ്ടുമാത്രം തൃപ്തനായില്ല. അദ്ദേഹം സുറിയാനിക്കാരുടെ പല ഇടവകകളും സന്ദർശിച്ചു. ഒക്ടോബർ മാസത്തിൽ ഒല്ലൂർവച്ചും ഒരു സമ്മേളനം നടത്തി. അതിൽവച്ചു് മേലൂസിൻെറ വാദങ്ങളെല്ലാം ഖണ്ഡിച്ചു. അനന്തരം അദ്ദേഹം എൽത്തുരുത്തു് ആശ്രമത്തിലെത്തി താമസിച്ചു. മേലൂസിൻെറ കോട്ടയായ തൃശ്ശൂർ അടുത്തായിരുന്നല്ലോ. അപ്പോൾ അവിടെ താമസിച്ചുകൊണ്ടിരുന്നതു് ശീമയിൽനിന്നും മേലൂസ് വരുത്തിയ മാർ യാക്കോബായിരുന്നു. ഈ മെത്രാൻെറ സെക്രട്ടറി ഒരു ഡീക്കനായിരുന്നു. ഈ ചുററുപാടുകളെല്ലാം സൂക്ഷ്മനിരീക്ഷണം ചെയ്തു പഠിച്ച ശേഷം, മാർ യാക്കോബിൻെറ അരമനക്കടുത്തുള്ള ലത്തീൻ പള്ളിയിൽ നിധീരിക്കൽ ബ. മാണിയച്ചൻ താമസമായി. സെക്രട്ടറി ഡീക്കനുമായി മാണിയച്ചൻ ആരംഭിച്ച പരിചയം സ്നേഹബന്ധമായി വികസിക്കുവാൻ താമസമുണ്ടായില്ല. ആ ബന്ധത്തിൽകൂടെ, ആദ്യം തൻെറയും, പിന്നീടു മെയുറീൻെറയും സന്ദേശങ്ങൾ മാർ യാക്കോബുമായി കൈമാറി. പിന്നീടു്, നേരിട്ടുള്ള പല രഹസ്യസന്ദർശനങ്ങൾതന്നെയും രാത്രി

2. നാളാഗമം, P. 206.

www.malankaralibrary.com

യിൽ നടന്നു. സംശയാലുക്കളായ മേലൂസ് കക്ഷികൾ മാർ യാക്കോബിന്റെ അരമനക്കു ചുററും രാപകൽ ജാഗ്രതയേറിയ കാവലിട്ടു.

ആഴ്ചകൾ അധികം കഴിഞ്ഞില്ല. ഒരു ദിവസം അദ്ധരാത്രിയോടടുത്തു്, എൽത്തുരുത്തു ആശ്രമവാതില്ക്കൽ ഒരു കുതിര വണ്ടി വന്നുനിന്നു. അവിടെ മെയൂറീനും കുറെ കർമ്മലീത്താ (C. M. I.) സന്ന്യാസിമാരും ആരെയോ ആകാംക്ഷയോടെ കാത്തുനില്ക്കുകയായിരുന്നു. വണ്ടിയിൽനിന്നു ഇറങ്ങിവന്നതു് മാർ യാക്കോബും നിധീരിക്കൽ മാണിയച്ചനുമായിരുന്നു. മാർ യാക്കോബ് മെയൂറീൻ മെത്രാനോടു് ശിക്ഷാമോചനം അപേക്ഷിച്ചു.

അതിനുശേഷം, മാർ യാക്കോബ്, മെയൂറീന്റെ കൂടെയാണു് താമസിച്ചിരുന്നതു്. മെയൂറീൻ മടങ്ങിപ്പോയപ്പോൾ മാർ യാക്കോബിനെക്കൂടെ ബോംബെയ്ക്കു് കൊണ്ടുപോവുകയും അവിടെനിന്നു് ബാഗ്ദാദിലേയ്ക്കു് അദ്ദേഹത്തെ കപ്പൽ കയററി അയക്കുകയും ചെയ്തു. മാർ യാക്കോബ് പോയപ്പോൾ, മേലൂസ് തൊണ്ടനാട്ടച്ചനെ തൃശ്ശൂരിൽ വിളിച്ചുവരുത്തി, തന്റെ സഹായമെത്രാനായി തെക്കൻപള്ളികളെ ഭരിക്കുവാൻ നിയമിച്ചു. തൊണ്ടനാട്ടച്ചൻ വീണ്ടും പഴയ അബ്ദീശോ മെത്രാനായി. അധികനാൾ കഴിയുന്നതിനുമുമ്പു്, അദ്ദേഹം പാലായ്ക്കു് മടങ്ങിപ്പോവുകയും ഇളന്തോട്ടത്തിൽവന്നു് താമസം ഉറപ്പിച്ചു്, ആ ദേശത്തുള്ള ശീശ്മക്കാരുടെ മെത്രാനായിത്തീരുകയും ചെയ്തു.

ചിററാട്ടുർ പള്ളിക്കേസിൽ തോററ പള്ളിക്കാർ, മദ്രാസ് ഹൈക്കോർട്ടിൽ അപ്പീൽ കൊടുത്തു. ആ കേസും ഊർജ്ജസ്വലമായി നടത്തിയിരുന്നതു്, ബോംബെയിലെ മെയൂറീൻ മെത്രാനാണു്. ഇക്കാലമെല്ലാം വരാപ്പുഴ കർമ്മലീത്തരുടെ വിരലുകൾ റോമായിലെ അധികാരതന്ത്രികളിൽ ദ്രുതമായി ചലിച്ചുകൊണ്ടിരുന്നു.

കേരളത്തിലെ കത്തോലിക്കരിൽ മഹാഭൂരിപക്ഷമുള്ള സുറിയാനിക്കാർക്കു് ഒരു പ്രത്യേക മെത്രാനെ കൊടുക്കണമെന്നു് മെയൂറീൻ മെത്രാൻ ലെയൊനാഡിനോടു് സൂചിപ്പിച്ചപ്പോൾ, അദ്ദേഹം അതിനെ നഖശിഖാന്തം എതിർത്തു. മാത്രമല്ല, മെയൂറീൻ കമ്മീഷന്റെ പോക്കുമനസ്സിലാക്കിയ കർമ്മലീത്തർ അദ്ദേഹത്തിനെതിരായും അദ്ദേഹത്തിന്റെ അഭിപ്രാ

www.malankaralibrary.com

യങ്ങൾക്കെതിരായും റോമിലേയ്ക്കു് തുടരെത്തുടരെ പരാതികൾ അയച്ചുകൊണ്ടുമിരുന്നു.

## രഹസ്യക്കമ്മീഷൻെറ ചാരവൃത്തി

ആരുമാരുമറിയാതെയും ആരോടുമൊന്നും ആലോചിക്കാതെയും, പൊടുന്നനെയാണു്, 1877–ൽ ഒരു രഹസ്യാന്വേഷണത്തിനു്, ഫ്രാൻസിസ്ക്കൻ മെത്രാനായ ഇഗ്നേഷ്യസ്സ് പെർസിക്കോ (Ignatius Persisco) യുടെ ഏകാംഗക്കമ്മീഷൻ വരുന്നതു്. 1876 നവംബർ 16–ാംനു- ലെ Quae in Partriarchatu എന്ന പീയൂസ് IX–ൻെറ തിരുവെഴുത്തായിരുന്നു അദ്ദേഹത്തിൻെറ അധികാരപത്രം. ആ എഴുത്തിൽ മെയൂറീൻ മെത്രാൻെറ സേവനത്തിനു് നന്ദിപറയുന്നുവെന്നും അദ്ദേഹത്തിൻെറ ജോലി പൂർണ്ണമായി അവസാനിച്ചുവെന്നു് തിരുസംഘം തീരുമാനിക്കുന്നുവെന്നും മദ്രാസ് ഹൈക്കോടതിയിൽ വിചാരണയിലിരിക്കുന്ന ചീററാട്ടുർകേസ് വരാപ്പുഴ മെത്രാപ്പോലീത്തായേയോ മദ്രാസ് കത്തോലിക്കാപ്പള്ളി വികാരിയേയോ!! ഏല്പിച്ചിട്ടു്, ഉടനെ ബോംബെയിലേയ്ക്കു് മടങ്ങിക്കൊള്ളണമെന്നുമായിരുന്നു. മെയൂറീൻ ബിഷപ്പിനെതിരായി വരാപ്പുഴക്കാർ റോമിൽ നടത്തിയ ചരടുവലികൾ ഫലപ്രദമായി എന്നാണിതിൻെറ അർത്ഥം.

പെർസിക്കോ (Persisco) മെത്രാൻ കേരളത്തിലെത്തിയശേഷം വരാപ്പുഴ മെത്രാപ്പോലീത്തായെയും മെയൂറീൻ മെത്രാനെയും പല പ്രാവശ്യം സന്ദർശിച്ചു് സഭയിലെ കുഴപ്പങ്ങളെപ്പററി ചർച്ചചെയ്തു. പെർസിക്കോ പുത്തൻപള്ളി സെമിനാരിയും സന്ദർശിച്ചു. സുറിയാനിക്കാർക്കു മാത്രമായി ഒരു മെത്രാനുണ്ടാകുമെന്ന സൂചന കിട്ടിയപ്പോൾ, അവിടത്തെ റെക്ടറായ 'ചുണക്കുട്ടി' എന്നു വിളിക്കപ്പെട്ടിരുന്ന മർസലീൻ പാതിരിയുടെ ചില ശിഷ്യന്മാർകൂടി, തങ്ങളുടെ റെക്ടറിൻെറ പ്രീതിക്കുവേണ്ടിയോ എന്തോ, അദ്ദേഹത്തെതന്നെ സുറിയാനിക്കാരുടെ മെത്രാനായി കിട്ടണമെന്നു് കാണിച്ചു് ഒരു അപേക്ഷ തയ്യാറാക്കി പ്രചരിപ്പിച്ചു. ഇതിനു് മിഷ്നറിമാരുടെ ഉദാരമായ പ്രേരണയും ആശീർവാദവും ഉണ്ടായിരുന്നുവെന്നു് പറയേണ്ടതില്ലല്ലോ. ഈ അപേക്ഷയിൽ മർസലിൻെറ പൂർവ്വവിദ്യാർത്ഥികളിൽ ചിലരും ഒപ്പുവെച്ചിരുന്നു. ഒടുവിൽ, ഈ അപേക്ഷ മിഷ്നറിമാർക്കു് നല്ലാവുന്ന ഘനഗാംഭീര്യത്തോടുകൂടി പെഴ്സിക്കോയുടെ കയ്യിൽ എത്തി. റെക്ടറച്ചൻെറ

www.malankaralibrary.com

പിള്ളേരുടെ ഈ കളി, ഒടുവിൽ കേരളസഭയ്ക്കു് ദുരന്തകാരണമായിത്തീൎന്നു. 1877 – ഒക്ടോബർ മാസത്തിൽ മർസലിനെ സുറിയാനിക്കാരുടെ മെത്രാനായി നിയമിച്ചുകൊണ്ടുള്ള ബൂളാ വന്നു. ഈ നിയമനത്തെപ്പററി മിസ്റ്റർ എൽ. എം. പൈലി, അദ്ദേഹത്തിൻെറ വരാപ്പുഴ അതിരൂപതാചരിത്രത്തിൽ പറയുന്നു: ''ദേശീയഭരണപ്രസ്ഥാനം നാമ്പിലെ നുള്ളിക്കളയുവാൻ ചുമതലപ്പെടുത്തിയിരുന്നവരുടെ തലവനായിരുന്നു ഈ മർസലിൻ എന്നു് ഓർക്കുമല്ലോ!!''3. സുറിയാനിക്കാരെ സംബന്ധിച്ചിടത്തോളം, പശുവിനെ വളർത്താൻ പുലിയെ ഏല്പിച്ചതുപോലെയായി. പ്രൊപ്പഗാന്തായുടെ ഈ നിയമനം. മൂലം വിശാലമനസ്ക്കതയും നീതിബോധവുമുള്ള മെയൂറീൻ മെത്രാൻ, അപൂൎണ്ണമായിരുന്ന തൻെറ അന്വേഷണങ്ങളെല്ലാം പെട്ടെന്നവസാനിപ്പിച്ചു്, ബോംബെയിലേയ്ക്കു് തിടുക്കമായി പോവുകയും ചെയ്തു.

മർസലിൻ പാതിരി ഏതാനും ദിവസങ്ങൾ കഴിഞ്ഞപ്പോൾ സുറിയാനിക്കാരുടെ മെത്രാനായി അഭിഷേകം ചെയ്യപ്പെട്ടു. ''ചത്താലും മാറാത്ത ബാധ''പോലെ, വരാപ്പുഴയിലെ ദുഷിച്ച കർമ്മലീത്താഭരണനുകം സുറിയാനിസഭയുടെ കഴുത്തിൽ വീണ്ടും മുറുക്കിയുറപ്പിച്ചു.

## മർസലിൻമെത്രാൻ (1877–87)

മർസലിനെ മെത്രാനായി നിയമിക്കുമ്പോൾ സുറിയാനി വൈദികരിൽനിന്നു് ഒരു വികാരി ജനറാളിനെയും ഒരു ഉപദേശസമിതിയെയും നിയമിക്കണമെന്നു് പരിശുദ്ധസിംഹാസനം ആജ്ഞാപിച്ചിരുന്നു. എന്നാൽ മർസലിൻമെത്രാൻ ഒരിക്കലും അതിനു് വഴിപ്പെട്ടില്ല. അദ്ദേഹമെന്നും ലേശവും ഉത്തരവാദിത്വബോധമില്ലാത്ത ഒരു കളിപ്പിള്ളയായി കഴിച്ചുകൂട്ടി. മാർത്തോമ്മാക്രിസ്ത്യാനികളുടെ മെത്രാനായ ഈ മർസലിൻ പിതൃത്വം നല്കിയ ''കേരളത്തിലെ സഭാചരിത്രം'' മെന്ന പുസ്തകത്തിൽ, അദ്ദേഹം എഴുതിപ്പിടിപ്പിച്ചിരിക്കുന്നതു്, മാർത്തോമ്മാശ്ലീഹാ കേരളത്തിൽ വന്നിട്ടില്ലെന്നാണു്!! ബുദ്ധിമാന്മാരായ ജസ്യൂട്ടുകൾക്കുപോലും ഈ മഹാതന്ത്രം തോന്നിയില്ല. മാലാഖാമാർ കയറുവാൻ ഭയപ്പെടുന്നിടത്തു വിഡ്ഢികൾ ചാടിക്കയറുന്നു. അഹന്തയുടെയും അജ്ഞതയുടെയും ഔ

3. St. Thomas Christians and Arch diocese of Verapoly, 1977, P. 319.

www.malankaralibrary.com

ഢത്യത്തിന്റെയും സംസ്ക്കാരശൂന്യതയുടെയും പരമകാഷ്ഠ ഇത്ര നഗ്നമായി പ്രദർശിപ്പിക്കുവാൻ ഈ കർമ്മലീത്താ മിഷ്യനറിക്കു് കഴിഞ്ഞു!! പരിശുദ്ധ സിംഹാസനം തിരഞ്ഞെടുത്ത ഈ ''നല്ലയിടയൻ'' തന്റെ കുഞ്ഞാടുകൾക്ക കൊടുത്തതു് അതിവേദന മാത്രമല്ല അപമാനവും കൂടിയായിരുന്നു. ഇററലിയിലെ ആശ്രമാവൃതികളിൽനിന്നും പുറത്തുവന്ന ഇദ്ദേഹം ഭക്ഷണത്തിലും ജീവിതരീതികളിലും മിഷ്യനറിമാക്കനുവദിച്ചിട്ടുള്ള പ്രത്യേകാവകാശങ്ങൾ ആസ്വദിച്ചുകൊണ്ടും രാജകീയമായ ആഡംബരങ്ങളോടുകൂടിയും സമ്പത്തും പ്രശസ്തിയുമുള്ള സുറിയാനി പള്ളികളിലും സ്ഥാപനങ്ങളിലും കഴിച്ചുകൂട്ടി.

ഇദ്ദേഹത്തിന്റെ ഭരണകാലത്തു് സുറിയാനിക്കാർക്കു് യാതൊരു വികസനത്തിനും അഭിവൃദ്ധിക്കും സാധ്യതയുണ്ടായിരുന്നില്ല. കർമ്മലീത്തരുടെ ഭരണം ജസ്യൂട്ടരുടേതിനോടു താരതമ്യപ്പെടുത്തുമ്പോൾ കർമ്മലീത്തരുടെ അപകർഷബോധം വ്യക്തമാണു്. എന്നാൽ അധികാരദണ്ഡിന്റെ മുട്ടാളത്തരങ്ങൾ അവർ ഒരിക്കലും കുറച്ചിട്ടുമുണ്ടായിരുന്നില്ല. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനു് പോരുക്കര പ്രിയോരച്ചൻ 1874–ൽ ലെയൊനാർഡ് മെത്രാന്റെ പ്രത്യേകാനുവാദത്തോടുകൂടി, മാന്നാനത്തു ഒരു സ്കൂളാരംഭിച്ചു. മർസലിൻപാതിരി മെത്രാനായശേഷം സുറിയാനിക്കാർ ഇംഗ്ലീഷ്സ്കൂൾ തുടങ്ങുന്നതിനായി അദ്ദേഹത്തിൽ സമ്മർദ്ദം ചെലുത്തി. അതിന്റെ ഫലമായി സ്ഥാപിച്ചുകിട്ടിയ ഒരു ഇംഗ്ലീഷ്സ്കൂൾ, കൊച്ചിയിലെ ലത്തീൻകാക്കുവേണ്ടിയുള്ള സാന്താക്രൂസ് വിദ്യാലയമായിരുന്നു. സുറിയാനിക്കാർക്കു് ആദ്യമുണ്ടായ അംഗീകൃതസ്കൂൾ 1885–ൽ മാന്നാനത്തുണ്ടായ സെൻറ് എഫ്രേം ആണു്.

1884–ൽ ഇന്ത്യയിലെ ഒന്നാമത്തെ പേപ്പൽ ഡലിഗേററായി, അന്തോണി അലിയാർദി (Agliardi) നിയമിതനായി. 1885–ൽ അദ്ദേഹം കേരളത്തിൽവന്നു. വളരെ ആഘോഷപൂർവ്വമായിട്ടാണു് അദ്ദേഹത്തെ സ്വീകരിച്ചതു്. വരവേല്പിൽ 25000 ജനങ്ങൾ സംബന്ധിച്ചിരുന്നു. അദ്ദേഹം മാന്നാനത്താണു് താമസിച്ചിരുന്നതു്. അവിടെവച്ചു്, സുറിയാനിസഭാപ്രതിനിധികൾ സ്വജാതിമെത്രാനെ കിട്ടുന്നതിനായി പ്രൊപ്പഗാന്താസംഘത്തിന്റെ അദ്ധ്യക്ഷനും ഡലിഗേററിനും അപേക്ഷകൾ സമപ്പിച്ചു. 1886–ൽ 13–ാം ലെയോൻ മാർപ്പാപ്പാ ഇൻഡ്യയിലെ ലത്തീൻ ഹയരാർക്കി സ്ഥാപിച്ചു. എന്നിട്ടും 19 നൂററാണ്ടുകൾ പഴക്കമുള്ള ഇന്ത്യ

www.malankaralibrary.com

യിലെ സുറിയാനിക്കാരുടെ ദേശീയസഭയ്ക്കു് അതിനു് അവകാശം കണ്ടില്ല. 1887-ൽ റോമിൽനിന്നും ഒരു കമ്മീഷൻ ഇന്ത്യയിലെത്തി. അതിലെ അംഗങ്ങൾ അലിയാർദി, അയൂത്തി (ഇവർ പിന്നീടു് കർദ്ദിനാളന്മാരായി) സെക്രട്ടറിയായ സലേസ്സി (അദ്ദേഹം ഇന്ത്യയിലെ ഡലിഗേററായി) ഇവരായിരുന്നു. അവർ കേരളത്തിൽവന്നു് സഭാകാര്യങ്ങളെപ്പററി ചിന്തിച്ചപ്പോൾ സുറിയാനിക്കാർക്കു് സ്വജാതിമെത്രാനെ കൊടുക്കുന്നകാര്യം ആലോചനയിൽവന്നു. വരാപ്പുഴയിലെ കർമ്മലീത്താമെത്രാപ്പോലീത്താ അതിനെ സർവ്വശക്തിയോടും കൂടി എതിർത്തു. ഇൻഡ്യയിലെ മെത്രാന്മാരും അനുകൂലികളായിരുന്നില്ല. കമ്മീഷൻ അംഗങ്ങൾ റോമിൽ തങ്ങളുടെ റിപ്പോർട്ടു് സമർപ്പിച്ചു. ആ റിപ്പോർട്ടിൻെറ ചുരുക്കം സുറിയാനിക്കാക്കു മാത്രമായി തൃശ്ശൂരും കോട്ടയത്തും ഓരോ ത്രപതകം വേണമെന്നായിരുന്നു. ഈ വിവരം വരാപ്പുഴ മിഷ്നറിമാർ മണത്തറിഞ്ഞപ്പോൾ അധികാരക്കൊതിയുടെ നാക്കുകൾ നുണഞ്ഞു, അധരങ്ങൾ നനഞ്ഞു. വരാപ്പുഴയുടെകൂടെ തൃശ്ശൂരും കോട്ടയത്തുംകൂടി തങ്ങളുടെ അധികാരം സ്ഥാപിച്ചുകിട്ടിയാൽ, കേരളമാകെ തങ്ങളുടെ ഏകച്ഛത്രാധിപത്യത്തിൻെറ വെന്നിക്കൊടി പറപ്പിക്കാമെന്നായിരുന്നു അവരുടെ വ്യാമോഹം. അതിനുള്ള എല്ലാ മാർഗ്ഗങ്ങളും അവർ ഉപയോഗിച്ചു. ലക്ഷ്യസാദ്ധ്യത്തിനു് മാർഗ്ഗങ്ങൾ ഉപയോഗിക്കുമ്പോൾ ഗുണദോഷവിവേചനമുള്ളവരായിരുന്നില്ല, ഈ മിഷ്നറിമാരെന്നു് എത്രയോ പ്രാവശ്യം കണ്ടിരിക്കുന്നു.

കേരളസുറിയാനിസഭയുടെ നിർഭാഗ്യാതിരേകംകൊണ്ടു്, അവരുടെ മെത്രാനായി തലയിൽ കെട്ടിവെയ്ക്കപ്പെട്ട മർസലിൻ മെത്രാനെപ്പററി, മാർപ്പാപ്പായുടെ ഇൻഡ്യയിലെ പ്രതിനിധി 1887 ജനുവരി 25-ാം നു- എഴുതിയതു്, ''മർസലിൻ മെത്രാനു് നല്ല ആരോഗ്യവും മലയാളത്തിൽ പരിജ്ഞാനവുമുണ്ടെന്നും അദ്ദേഹത്തെ പുതിയ തൃശ്ശൂർ ത്രപതയുടെ മെത്രാനാക്കണമെന്നു് എന്നോടു് അഭ്യർത്ഥിച്ചു''വെന്നുമായിരുന്നു. സുറിയാനിക്കാക്കു് തൃശ്ശൂർ മാത്രമല്ലല്ലോ, കോട്ടയത്തും ഒരു വികാരിയാത്തു് വരുന്നുണ്ടല്ലോ. അവിടത്തേയ്ക്കു് കർമ്മലീത്താ മിഷ്നറിയായ പൊളിക്കാർപ്പിനെ നിയമിക്കണമെന്നും പേപ്പൽ പ്രതിനിധിയോടു് മർസലിൻ അഭ്യർത്ഥിച്ചു. ഈ പോളിക്കാർപ്പു് ''വിവേകിയും ജനസമ്മതനുമാണെന്നാണു്''[4]

4. Fr. Placid. The Hierarchy of the syro-Malabar Church: P. 181.

www.malankaralibrary.com

പേപ്പൽ പ്രതിനിധിയെ ധരിപ്പിച്ചതു്. വരാപ്പുഴയിലെ കർമ്മലീത്താമിഷ്നറിമാർ ഇററലിക്കാരായിരുന്നതുകൊണ്ടു് റോമൻ ഭരണകേന്ദ്രങ്ങളിൽ അവക്കു് വളരെയധികം സ്വാധീനമുണ്ടായിരുന്നു. അവയെല്ലാം അവർ നിർലോപമായി ഉപയോഗിക്കുകയും ചെയ്തു.

1887 ജാനുവരിയിലാണല്ലോ, തൃശ്ശൂരും കോട്ടയത്തും കർമ്മലീത്താമിഷ്നറിമാരെ നിയമിക്കണമെന്നുള്ള പേപ്പൽ പ്രതിനിധിയുടെ ശുപാർശയുണ്ടായതു്. ആറുമാസത്തോളം റോമൻ ഭരണകേന്ദ്രങ്ങൾ അവയെപ്പററിയെല്ലാം കൂലങ്കഷമായി പഠിച്ചു് ഒരു തീരുമാനമെടുത്തു. അതിൻെറ ഫലമായി, 1887 ജൂലൈ 23-ാംനു- കർമ്മലീത്തരായ മർസലിനെ തൃശ്ശൂരും, പോളിക്കാർപ്പിനെ കോട്ടയത്തും സുറിയാനിക്കാരുടെ മെത്രാന്മാരായി നിയമിച്ചു. ഇരുനൂറുകൊല്ലമായിട്ടും ജനങ്ങളുടെ ഹൃദയസ്പന്ദനങ്ങൾ മനസ്സിലാക്കാൻ കഴിയാത്ത റോമിലെ ഭരണകൂടത്തെപ്പററി പരിതപിക്കുകയല്ലാതെ മറെറന്തു ചെയ്യും! അഥവാ, ജനങ്ങൾക്കും റോമൻ അധികാരികൾക്കും മദ്ധ്യേ കർമ്മലീത്താമിഷ്നറിമാർ സൃഷ്ടിച്ച പുകമറ അത്രകട്ടിയുള്ളതായിരുന്നോ? ഏതായാലും, അപരാധം റോമൻ ക്കൂരിയായുടേതുതന്നെ. പീഡനം സുറിയാനിക്കാർക്കും.

വരാപ്പുഴ ഭരണത്തിൻെറ ക്രൂരദംഷ്ട്രങ്ങളിൽനിന്നു് രക്ഷപ്പെട്ടു് തൃശ്ശൂരേയ്ക്കും കോട്ടയത്തേയ്ക്കും ഓടിയ സുറിയാനിക്കാർ, ആ രക്തരക്ഷസ്സു് തങ്ങളെ അനുധാവനം ചെയ്യുന്നതു കണ്ടപ്പോൾ അടങ്ങിയിരുന്നില്ല. രണ്ടു നൂററാണ്ടുകളോളം തങ്ങളുടെ അഭിമാനത്തെ ചവുട്ടിതേച്ചു് തങ്ങളുടെ ഊർജ്ജശക്തിയെ ഊററിക്കുടിച്ച ആ ദുഷ്ടവേതാളത്തെ തളച്ചിടുവാൻ എല്ലാ പരിശ്രമങ്ങളും അവർ ചെയ്തു. അതിൻെറ ഫലമാണു്, സുറിയാനിക്കാർക്കു് കർമ്മലീത്താമെത്രാന്മാരെ നിയമിക്കുവാൻ ഏഴുമാസത്തെ ആലോചനകൾക്കുശേഷം ജൂലൈ 23-ാംനു- എടുത്ത തീരുമാനം റദ്ദുചെയ്യുവാൻ ആഗസ്റ്റു് 23-ാംനു- ഡലഗേററു് അപ്പസ്തോലിക്കാ ഒരു അടിയന്തിരസന്ദേശമയയ്ക്കുന്നതു്. ആ കമ്പിസന്ദേശം ഇപ്രകാരമായിരുന്നു, ''മർസലിനെയും പോളികാർപ്പിനെയും സുറിയാനിക്കാരുടെ വികാരി അപ്പസ്തോലിക്കാമാരായി നിയമിച്ചുകൊണ്ടുള്ള കല്പന, ദൈവത്തെയോർത്തു്, മാർപ്പാപ്പായുടെ മുമ്പിൽ അഭ്യർത്ഥിച്ചു് തടയുക, അല്ലാത്തപക്ഷം ഇവിടെ ശീശ്മ ഉണ്ടാകുമെന്നുള്ളതു തീർച്ച

www.malankaralibrary.com

തന്നെ''5. ഇതിനു മറുപടിയായി പേപ്പൽ പ്രതിനിധിക്കു കിട്ടിയ അടിയന്തര കമ്പിസന്ദേശം ഇപ്രകാരമായിരുന്നു, ''സുറിയാനിക്കാരുടെ വികാരിയേററുകളിലേയ്ക്കു് കർമ്മലീത്താമെത്രാന്മാരെ നിയമിച്ചിട്ടില്ലെന്നു് അവരെ അറിയിക്കുവാൻ നിങ്ങളെ അധികാരപ്പെടുത്തുന്നു''6. കത്തോലിക്കാമെത്രാന്മാരെ പ്രസവിക്കുന്ന അമ്മമാരെന്നല്ല, അവരുടെ വല്യമ്മമാർപോലും കേരളത്തിൽ ജനിച്ചിട്ടില്ലെന്നാണു് കർമ്മലീത്താമിഷ്നറിമാർ റോമിനെ അറിയിച്ചിരുന്നതെന്നു് P. കുര്യൻ തന്റെ Orthodoxy of St. Thomas Christians എന്ന പുസ്തകത്തിൽ പറയുന്നു7. ഇററലിയിലും പോർച്ചുഗലിലുമുള്ള സ്ത്രീകൾ പ്രസവിച്ച മെത്രാന്മാരുടെ വികൃതഭരണവും സുഖലോലുപത്വവുംകണ്ടു് മനസ്സു മരവിച്ച കേരളത്തിലെ സ്ത്രീകൾ അങ്ങനെയുള്ള മെത്രാന്മാരെ പ്രസവിക്കുന്ന ദുര്യോഗം തങ്ങൾക്കുണ്ടാകരുതേ എന്നായിരിക്കും പ്രാർത്ഥിച്ചുകാണുക.

ആഗസ്ററ് അവസാനവാരത്തിലെത്തിയ റോമിന്റെ അടിയന്തിര കമ്പിസന്ദേശത്തിലെ വിവരം സെപ്തംബർ ആരംഭത്തിൽതന്നെ വരാപ്പുഴയിൽ അറിഞ്ഞുകഴിഞ്ഞു. മിഷ്നറിമാർ ദുഃഖത്തിലാണ്ടുവെന്നു പറയേണ്ടതില്ലല്ലോ. ഭഗ്നാശനും ദുഃഖിതനും ആയ മർസലിൻമെത്രാൻ സ്വയം സമാശ്വസിച്ചും, ഇഷ്ടജനങ്ങളാൽ സമാശ്വസിക്കപ്പെട്ടും ഒരു കൊല്ലത്തോളം കഴിച്ചുകൂട്ടി. ''അല്ലേലും ഞാൻ അതു വേണമെന്നു് വിചാരിച്ചതല്ലാ'' എന്നൊരു പല്ലവി നിരാശരായ അതിമോഹികൾക്കുണ്ടല്ലോ. 1888 സെപ്റ്റംബർ 15-ാംനു- മർസലിൻ മെത്രാൻ പാലാക്കുന്നേൽ വല്യച്ചനെഴുതി ''എന്റെ ക്ഷീണിക്കപ്പെട്ട തോളിന്മേൽ ചുമന്നിരിക്കുന്ന മഹാഭാരം ഇറക്കുവാൻ താൻ (ദൈവം) തിരുമനസ്സായതിനാൽ എത്രയോ ആശ്വാസം: നല്ല മരണം എന്നതു കഴിഞ്ഞാൽ ഈ ലോകത്തിൽ കിട്ടിയതിനേക്കാൾ ഏററം വല്യമനോഗുണം എനിക്കു ഇനീം കിട്ടുവാനില്ലെന്നു ഉറച്ചു വിശ്വസിക്കുന്നു''8. കുറുക്കനു മുന്തിരിങ്ങാ പുളിക്കും!!

## അധികാരക്കൊതിയുടെ അവസാനക്കൈയ്

തൃശ്ശൂരിൽ ബിഷപ്പു് മെഡ്ലിക്കോട്ടും കോട്ടയത്തു് (പിന്നാലെ ചങ്ങനാശ്ശേരി) ബിഷപ്പ ലവീഞ്ഞും അവരോധിത

5. Ibid: P. 181.
6. Ibid: P. 181.
7. Ibid: P. 181.
8. നാളാഗമം P. 287.

www.malankaralibrary.com

രായി ആസ്ഥാനമുറപ്പിച്ചു കഴിഞ്ഞിട്ടും, സുറിയാനിക്കാരെ ഭരിക്കുവാനുള്ള അധികാരക്കൊതി കമ്മലീത്താമിഷ്യനറിമാരെ വിട്ടുമാറിയില്ല. ഇരുവരുടേയും പുതിയ ഭരണത്തിൽ ആശാഭംഗവും അതൃപ്തിയും ഉള്ളവക്ക്, വരാപ്പുഴ ഔദാര്യമേറിയ ആതിഥേയസങ്കേതമായിരുന്നു. കൈവിട്ടുപോയ സ്ഥാനങ്ങളിൽ നുഴഞ്ഞുകയറുവാനുള്ള ശ്രമം പ്രത്യക്ഷമായിട്ടല്ലെങ്കിലും, പരോക്ഷമായി അവർ നടത്തിയിരുന്നുവെന്ന് വിചാരിക്കുവാൻ ന്യായമുണ്ട്. ആ ഗൂഢാലോചനയുടെ താവളം, മർസലീൻ പാതിരിയെ മെത്രാനാക്കുവാൻ കരുക്കൾ നീക്കിയ പഴയ പുത്തൻപള്ളി സെമിനാരിതന്നെയായിരുന്നു. ബിഷപ്പു ലവീഞ്ഞിന്റെ ഭരണം ജസ്യൂട്ടാധിപത്യത്തിന്റെ (പൌലീസ്തരുടെ) പുനഃസ്ഥാപനമായിരുന്നല്ലോ. പൌലീസ്തഭരണത്തിന്റെ തിക്താനുഭവങ്ങൾ അപ്പോഴും നാവിൽ ഊറിക്കൊണ്ടിരുന്ന മാർത്തോമ്മാക്രിസ്ത്യാനികളിൽ വിശ്വാസ്യതയും സ്നേഹവും ജനിപ്പിക്കുവാൻ ലത്തീൻ മോഡലിലുള്ള ലവീഞ്ഞിന്റെ ഭരണത്തിനു കഴിഞ്ഞില്ല. തന്മൂലം ഭഗ്നാശരും അസംതൃപ്തരും ആയ ആളുകളുടെ സംഖ്യ വർദ്ധിച്ചുകൊണ്ടിരുന്നു.

ഇങ്ങനെ കലങ്ങിത്തുടങ്ങിയ വെള്ളത്തിൽ വരാപ്പുഴ കമ്മലീത്തർ ചൂണ്ടയിട്ടു മീൻപിടിക്കാൻ ഒരുങ്ങി. ചൂണ്ടയ്ക്കൊരു ഇര വേണമല്ലോ. അതു് നിർദ്ദോഷവും ആകർഷകവുമായിരിക്കണം. ഉദ്യോഗമൊഴിഞ്ഞ മർസലീൻ മെത്രാന്റെ അരുമശിഷ്യനും സ്വാമിഭക്തനും ആണ് പുത്തൻപള്ളി സെമിനാരിയിലെ സുറിയാനി അദ്ധ്യാപകനും ആയ വാഴക്കുളം ഇടവക വലിയവീട്ടിൽ ഗീവർഗീസച്ചനാണ് ചൂണ്ടയുമായി വരാപ്പുഴക്കാർക്ക് മീൻപിടിക്കാൻ ഇറങ്ങിയതു്. ചൂണ്ടയിൽ കോർക്കാനുള്ള ഇരയ്ക്കും പ്രയാസമുണ്ടായില്ല. ''തൃശ്ശൂരും ചങ്ങനാശ്ശേരിയും മാർത്തോമ്മാക്രിസ്ത്യാനികളുടെ അധിവാസമേഖലയിലെ വടക്കും തെക്കുമുള്ള അതിർത്തികളാണ്.' തന്മൂലം കാര്യക്ഷമമായി ഭരണം നടത്താൻ ഗുരുതരമായ പ്രതിബന്ധങ്ങൾ: ഭരണീയക്ക്, ബുദ്ധിമുട്ടുകളും ക്ലേശങ്ങളും അനവധി. അതിനാൽ ഈ രണ്ടതിർത്തികൾക്കുംമദ്ധ്യേ, ഇടപ്പള്ളിയോ എറണാകുളമോ ആസ്ഥാനമാക്കി ഒരു രൂപതകൂടിവേണം. മാർത്തോമ്മാക്രിസ്ത്യാനികളുമായി ദീർഘബന്ധമുള്ള മർസലീൻമെത്രാൻ വരാപ്പുഴതന്നെ ഉണ്ടു്. നമ്മുടെ ഈ ആവശ്യസന്ധിയിൽ അദ്ദേഹം നമ്മോടു നന്മനസ്സു കാട്ടാതിരിക്കില്ല. അദ്ദേഹം ആസ്ഥാനം സ്വീകരിക്കുമെന്ന് ഉറപ്പുണ്ടു്''. ഇങ്ങനെ ആയി

www.malankaralibrary.com

രുന്നു, വലിയവീട്ടിൽ ഗീവർഗീസച്ചന്റേയും കൂട്ടരുടേയും വാദം. ഏതായാലും ഗീവർഗീസച്ചന്റെ സ്വാമിഭക്തി അദ്ദേഹത്തെയോ അദ്ദേഹത്തിന്റെ സ്വാമിയെയോ സഹായിച്ചില്ല.

പേപ്പൽ ഡലിഗററിന്റെ നിർദ്ദേശാനുസരണം ബിഷപ്പ മർസലീൻതന്നെയാണ് താൻ സ്ഥാനമൊഴിയുന്ന വിവരം ജനങ്ങളെ അറിയിച്ചതു്. അതിന്റെകൂടെ ഒരു കാര്യംകൂടി ചേർക്കുവാൻ മറന്നില്ല; അതായതു്, അദ്ദേഹത്തിനു വളരെ കാര്യങ്ങൾ പ്ലാനുണ്ടായിരുന്നു. എതിർപ്പുമൂലം ഒന്നും ചെയ്യുവാൻ സാധിച്ചില്ല.

സുറിയാനിക്കാരെയും ലത്തീൻകാരെയും വേർതിരിക്കുന്നതിനുമുൻപ്, വരാപ്പുഴ അതിരൂപതയിലെ ജനസംഖ്യ മൂന്നു ലക്ഷത്തോളം (280,600) ആയിരുന്നു. അവരിൽ രണ്ടുലക്ഷത്തോളം (190,000) സുറിയാനിക്കാർ വിമോചിതരായി, സ്വന്തം രൂപതകളിൽ ചേന്നു. വരാപ്പുഴ മിഷ്നറിമാർക്കു് കിട്ടിയ ലത്തീൻകാർ, കഷ്ടിച്ച് ഒരു ലക്ഷത്തോളംവരും, (90,600)9. പോർച്ചുഗീസുസൈന്യത്തിന്റെയും ഡച്ചു സ്വാധീനത്തിന്റെയും സഹായത്താൽ ഏകദേശം നാന്നൂറുവർഷത്തോളം വിദേശമിഷ്നറിമാർ നടത്തിയ മതപ്രചരണത്തിന്റെ ബാക്കിപത്രം (Balance Sheet) ആണിതു്. ഈ കഷ്ടിച്ചുള്ള ഒരു ലക്ഷത്തിൽ, പ്രേരണയും പ്രലോഭനവും, സമ്മർദ്ദവും പീഡനവുംകൊണ്ടു് ലത്തീൻ റീത്തിലേയ്ക്കു് ചോർത്തി എടുക്കപ്പെട്ട സുറിയാനിക്കാരും ഉൾപ്പെടുന്നു. മിഷ്ൻ പ്രവർത്തനത്തിന്റെ പേരിൽ ഈ മിഷ്നറിമാർ എന്തു ചെയ്യുകയായിരുന്നു? സുറിയാനിരൂപതകളുടെ മാതൃത്വം വരാപ്പുഴ അതിരൂപതയ്ക്കാണെന്നു പറയുന്നതു് ശുദ്ധ അസംബന്ധവും അപമാനകരവുമാണ്. സുറിയാനിക്കാരുടെ ജന്മാവകാശമായ ദേശീയ ഭരണം തന്റെ ആശയോദരത്തിൽ ജന്മംകൊള്ളമ്പോഴെല്ലാം ഗർഭഛിദ്രം നടത്തി അലസിപ്പിക്കുന്നവരാ മാതാവാകുമോ? ശാന്തം!! പാപം!!

വൈദേശികകമ്മലീത്താഭരണവംശം തുടങ്ങുന്നതു് ബിഷപ് സെബസ്ത്യാനിയോടുകൂടിയാണ്. അദ്ദേഹത്തെ കൊടുങ്ങല്ലൂർ അതിരൂപതയുടെ അഡ്മിനിസ്ട്രേററായിട്ടാണ് 1659-ൽ മാർപ്പാപ്പാ നിയമിച്ചതു്. അതു് സുറിയാനിക്കാരുടെ അപ്പസ്തോലിക അതിരൂപതയുമായിരുന്നു. കേരളത്തി

9. Catholic Dierectory L. M. Pylee P. 345-46.

www.malankaralibrary.com

ലെ ത്രുപതകളുടെ മാതൃസ്ഥാനം അപ്പോഠം വരാപ്പുഴയ്ക്കോ കൊടുങ്ങല്ലൂരിനോ?

പോർച്ചുഗീസുകാർ ഇരുനൂറുവഷ്ത്തിലധികം നിഷ്ഠൂര ഭരണം നടത്തി സുറിയാനിസഭയെ ലത്തീനാക്കാൻ ശ്രമിച്ചു, സാധിച്ചില്ല. വിദേശ കമ്മലീത്താമിഷ്നറിമാർ 'Caretaker' ആയി വളരെ ക്രൂരമായവിധത്തിൽ മുന്നൂറുവഷ്ത്തോളം കിരാതഭരണം നടത്തിനോക്കി: അവരും പരാജയപ്പെട്ടു. ഇരുകൂട്ടക്കും സുറിയാനിസഭയിൽ ശീശ്മ ഉണ്ടാക്കുവാനും, സുറിയാനി സഭയുടെ വളച്ചയെ നാനൂറുവഷ്ത്തോളം തടയുവാനുംമാത്രം സാധിച്ചുള്ളൂ. കത്തോലിക്കാസഭയ്ക്ക് അതു് അപരിഹാര്യമായ നഷ്ടവുമായി ഭവിച്ചു. അതുതന്നെ ജസ്യൂട്ട് – കർമ്മലീത്താ ഭരണത്തിൻെറ ബാക്കിപത്രം. നാനൂറുവഷം നീണ്ടുനിന്നതായിരുന്ന കേരള സുറിയാനിസഭയുടെ ദുഃഖവെള്ളിയാഴ്ച.

ഇപ്പോഠം അവരഠം ഉയർത്തെഴുന്നേല്ക്കുകയാണ്. ഇതു് അവരുടെ വളർച്ചക്കോ, തളർച്ചക്കോ? ഹൈരാർക്കിയാണു് അതു നിശ്ചയിക്കുന്നതു്. ഭാവിതലമുറയാണ് അവരുടെയും വിധികർത്താക്കഠം. എന്നാൽ ഹയരാക്കിമാത്രം നിശ്ചയിച്ചാൽ മതിയോ? സഭയെന്നു പറയുന്നതു്, ദൈവജനസമൂഹമാണ്. ഭരണവും വൈദികാധികാരികളും ജനങ്ങഠംക്കു വേണ്ടിയാണ്; അല്ലാതെ, ജനങ്ങഠം അവക്കുവേണ്ടിയല്ല. പാരമ്പര്യത്തിൻെറ അടിത്തറ ജനഹൃദയങ്ങളിലാണ്. വൈദികാധികാരികഠം പാരമ്പര്യത്തിൻെറ കാവല്ക്കാരാണ്. എന്നാൽ ഈ കാവല്ക്കാർതന്നെ പാരമ്പര്യം അറിയാത്തവരായാൽ? അവരുടെ കൂട്ടത്തിൽ ചില ട്രോജൻ കുതിരകളെയും കണ്ടേയ്ക്കാം. സഭയിലെ പ്രതിസന്ധികളിൽ ദൈവജനം മുമ്പോട്ടുവരുകയും ചിലപ്പോഠം നേതൃത്വം എടുക്കുകയും ചെയ്തിട്ടുണ്ട്. അഞ്ചാം കോൺസ്റ്റൻറയിൻ മാപ്പാപ്പായെ തിരഞ്ഞെടുക്കുന്നതിനുമുമ്പ്, കർദ്ദിനാളന്മാർ കോൺക്ലേവ്കൂടി ആഴ്ചകഠം തന്നെ വാദപ്രതിവാദങ്ങളിലും വക്കാണത്തിലും കഴിച്ചുകൂട്ടി. ദീർഘകാലമായിട്ടും മാർപ്പാപ്പായെ തിരഞ്ഞെടുക്കാത്തതിനാൽ നിരാശപൂണ്ട ജനസമൂഹം, കർദ്ദിനാളന്മാർ സമ്മേളിച്ചിരുന്ന കോട്ടയുടെ ചുററും കാവലിട്ട് ഭക്ഷണസാധനങ്ങഠം കൊണ്ടുപോകുന്നതിനെ നിരോധിച്ചു. കർദ്ദിനാളന്മാർ ഭക്ഷണം കിട്ടാതെ പട്ടിണിയിലായപ്പോഠം മാർപ്പാപ്പായുടെ തിരഞ്ഞെടുപ്പും വേഗം നടന്നു.

www.malankaralibrary.com

## സുറിയാനിസഭയുടെ വിമോചനം

1887–ലെ കമ്മീഷൻെറ റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ പതിമൂന്നാം ലെയോൺ മാർപ്പാപ്പാ, 1887 മെയ് 20–ാംനു 'Quod Jam Pridem' എന്ന തിരുവെഴുത്തു് പുറപ്പെടുവിക്കുകയും, അതനുസരിച്ച്, വരാപ്പുഴയ്ക്കും കൊടുങ്ങല്ലൂരിനും അധീനപ്പെട്ടിരുന്ന സുറിയാനിക്കാരെയെല്ലാം വേർപെടുത്തി, തൃശ്ശൂരും കോട്ടയവും ആസ്ഥാനമാക്കി രണ്ടു വികാരിയാത്തുകളിൽ ഉൾപ്പെടുത്തുകയും ചെയ്തു. തൃശ്ശൂരിൻെറ ഭരണകർത്താവ് പ്രസിദ്ധ ചരിത്രകാരനായ മെഡ്‌ലിക്കോട്ടും കോട്ടയത്തിൻേറതു് ഈശോസഭക്കാരനായ ലവീഞ്ഞും ആയിരുന്നു. ഇവർ രണ്ടുപേരെയും പ്രൊപ്പഗാന്തായുടെ നേരിട്ടുള്ള ഭരണത്തിലാക്കി.

# ഇരുപത്തിയെട്ടാം അദ്ധ്യായം

## നടുക്കടലിൽ നട്ടംതിരിയുന്ന നൗക

1659–ലാണല്ലോ ഗാർഷ്യാമെത്രാപ്പോലീത്താ കാലം ചെയ്തതു്. മുൻവാതിലിൽക്കൂടിവന്ന പദ്രവാദോയ്ക്കും (ജസ്യൂട്ടർ) പിൻവാതിലിൽക്കൂടി നുഴഞ്ഞുകയറിയ പ്രൊപ്പഗാന്തായ്ക്കും (കർമ്മലീത്തർ) വേണ്ടി സുറിയാനിസഭ രണ്ടായി വിഭജിക്കപ്പെട്ടിരുന്നു. പദ്രവാദോയുടെ മുൻവാതിലിൽക്കൂടിയുള്ള വരവുതന്നെ നീതിവിരുദ്ധവും നിയമവിരുദ്ധവുമായിരുന്നു. അതിൻെറ കാരണം, ഉദയംപേരൂർ സൂനഹദോസ് നടന്ന കാലത്തുണ്ടായിരുന്ന ബാബിലോണിയൻ പാത്രിയർക്കീസ് റോമാസിംഹാസനത്തോടു് ഐക്യം പുലർത്തിയിരുന്നു എന്നതാണു്. പിന്നെ മലബാർസഭയെ തട്ടിയെടുക്കുവാൻ പദ്രവാദോ എന്തിനു ശ്രമിച്ചു? റോമാ എന്തിനനുവദിച്ചു? 1660 ആകുമ്പോഴം പോർച്ചുഗീസ് കൊടി താഴ്ന്നുകഴിഞ്ഞു. ഡച്ചുകാർ 1662–ൽ കൊച്ചി പിടിച്ചതോടുകൂടി കേരളത്തിലെ പോർച്ചുഗീസ് ശക്തിക്കു് വിരാമമിട്ടു; തൽഫലമായി അതിനെ താങ്ങിനിന്നിരുന്ന പോർച്ചുഗീസ് സഭാഭരണത്തിനും ക്ഷതമേററു. ഗാർഷ്യാമെത്രാപ്പോലീത്തായെ തുടർന്നു് കൊടുങ്ങല്ലൂർ മെത്രാപ്പോലീത്തയായി പദ്രവാദോ പലരേയും നിയ

www.malankaralibrary.com

മിച്ചു. അവരിൽ ചിലർ ആ ചുമതല ഏറെറടുക്കുവാൻ വിസമ്മതിച്ചു. സമ്മതം പ്രകടിപ്പിച്ച മെത്രാന്മാർതന്നെ കേരളത്തിലേയ്ക്കു് തിരിഞ്ഞുനോക്കുകപോലും ചെയ്യാതെ യൂറോപ്പിൽ കഴിച്ചുകൂട്ടി. ഒരു കാലത്തു് അയർലണ്ടിലെ ഭൂഉടമകളായ ഇംഗ്ലീഷ് പ്രഭുക്കന്മാരെപ്പോലെ ഈ മെത്രാന്മാർ അനുപസ്ഥിതമെത്രാന്മാർ (Absentee Bishops) ആയിരുന്നു. ഒരു ഇടയൻെറ ജോലി നിർവ്വഹിക്കുവാൻ ഈ അനുപസ്ഥിതി എത്രമാത്രം പര്യാപ്തമാകുമെന്നു് ഊഹിക്കാവുന്നതേ ഉള്ളു. ഉപസ്ഥിതരായാലും അനുപസ്ഥിതരായാലും നാട്ടുകാരെ മെത്രാന്മാരാക്കില്ല എന്നുള്ള ദുഃശാഠ്യത്തിൽ മിഷ്നറിമാർ, പ്രത്യേകിച്ചു് കമ്മലീത്തർ, ഉറച്ചുനിന്നു. തന്മൂലം സഭയ്ക്കുണ്ടാവുന്ന നഷ്ടത്തെപ്പററി ചിന്തിക്കുവാനും അവർ തയ്യാറായിരുന്നില്ല.

ഇങ്ങനെ അനുപസ്ഥിതരായി നിയമിക്കപ്പെട്ട മെത്രാന്മാരിൽ അവസാനത്തെ ആളാണു് ദെദക്കൂസ് (Dedecus). ഇദ്ദേഹം യൂറോപ്പിൽതന്നെ കഴിഞ്ഞുകൂടിയെങ്കിലും, ചാണ്ടി മെത്രാൻെറ അനന്തിരവനായ മത്തായി അക്കദിയാക്കോൻ മുഖേനയാണു് കേരളസഭയെ ഭരിച്ചിരുന്നതു്. ഈ അക്കദിയാക്കോനായിരുന്നു കേരളത്തിലുള്ള സകല പള്ളികളുടേയും ഭരണാധികാരി. ഇദ്ദേഹമാണു് എറണാകുളത്തെ നടുവിലെ പള്ളി പണിയിച്ചതും സഭയുടെ വരുമാനത്തിനുവേണ്ടി പടിയോല എഴുതി നടപ്പാക്കിയതും. കേരളസഭയിലെ അവസാനത്തെ അക്കദിയാക്കോനും അദ്ദേഹമായിരുന്നു.

ഡച്ചുകാർ കേരളത്തിൽ വന്നശേഷം അവിടെയുണ്ടായിരുന്ന കമ്മലീത്താവൈദികരെയെല്ലാം ഒന്നടങ്കം ബഹിഷ്കരിച്ചുവെന്നു് പറഞ്ഞിട്ടുണ്ടല്ലോ. സസ്യശാസ്ത്രപ്രിയനായ ഡച്ചുഗവർണ്ണർ ഏതത്താല്പര്യമുള്ള ഫാ. മാത്യുവിനെമാത്രം കേരളത്തിൽ താമസിക്കുവാൻ അനുവദിച്ചു. അദ്ദേഹത്തിൻെറ ശുപാശയും സ്വാധീനവുംകൊണ്ടു്, ഒളിഞ്ഞുമറഞ്ഞും കമ്മലീത്തർ ഓരോരുത്തരായി നുഴഞ്ഞുകയറുവാൻ തുടങ്ങി. അവരുടെ പ്രധാന ശ്രമം സെബസ്ത്യാനിമെത്രാനോടുകൂടി അവസാനിച്ചുപോയ കമ്മലീത്താ ഭരണാധികാരം വീണ്ടെടുക്കുവാനായിരുന്നു. അതിനുവേണ്ടി അവർ റോമിൽ തിരക്കിട്ട പരിശ്രമങ്ങളും നടത്തിക്കൊണ്ടിരുന്നു.

1700–ാംമാണ്ടിൽ പ്രൊപ്പഗാന്താസംഘം ആഞ്ചലൂസ് എന്ന കമ്മലീത്താവൈദികനെ കേരളസഭാഭരണത്തിനു് നി

www.malankaralibrary.com

യമിച്ചു. പദ്രവാദോ കൊടുങ്ങല്ലൂർ മെത്രാപ്പോലീത്തയായി ജസ്യൂട്ട് വൈദികനായ റിബെയ്റോ (Ribeiro) യെയും നിയമിച്ചു. ചരിത്രം ആവർത്തിക്കുന്നുവെന്നു പറയുന്നതുപോലെ കേരളസുറിയാനി കത്തോലിക്കരുടെ ശനിദശയും ആരംഭിച്ചു. പദ്രവാദോയുടെയും പ്രൊപ്പഗാന്തായുടെയും ഭരണത്തിൽ കേരളസുറിയാനിസഭ വീണ്ടും രണ്ടായി. എന്നാൽ പോർച്ചുഗീസുകാരനായ റിബെയ്റോ തങ്ങളുടെ അധികാരാതിർത്തികളിൽ പ്രവേശിക്കുന്നതിനെ ഡച്ചുഗവണ്മെൻറ് നിരോധിച്ചു. ഡച്ചുകാരുടെ സുഹൃത്തുക്കളായിത്തീർന്ന ഇററാലിയൻ കർമ്മലീത്തരുടെ താല്പര്യവും ഇതിലുണ്ടായിരുന്നു. കേരളസഭ മുഴുവൻ കൈക്കലാക്കുവാനായിരുന്നല്ലോ അവരുടെ ഉദ്ദേശ്യം. മുടക്കിൽപ്പെട്ട റിബെയ്റോ സാമൂതിരിയുടെ കീഴിലുള്ള അമ്പഴക്കാട്ടു താമസിച്ചു. മറെറാരു പോർച്ചുഗീസുകാരനായ കൊച്ചി മെത്രാൻ പച്ചേക്കോ ബ്രിട്ടീഷ് അധീനതയിലുള്ള അഞ്ചുതെങ്ങിലും താമസമാക്കി.

## ഭിന്നതയുടെ തുടർച്ച

### മാർത്തോമ്മാ ഒന്നാമൻ 1653–'85

ഭിന്നിച്ചുപോയ മാർത്തോമ്മാക്രിസ്ത്യാനികൾക്കുണ്ടായ സർവ്വപ്രധാനമായ ആവശ്യം ആത്മീയകാര്യങ്ങൾമാത്രം നിർവ്വഹിക്കുവാൻ സന്നദ്ധനായ ഒരു മെത്രാൻ ആയിരുന്നു. ആലങ്ങാട്ടുവച്ച് പന്ത്രണ്ട് വൈദികർകൂടി കൈവെയ്പുനടത്തിയ തോമ്മാഅർക്കദിയാക്കോൻെറ മെത്രാൻസ്ഥാനത്തെപ്പററി ഭൂരിപക്ഷം ആളുകളും സംശയിച്ചിരുന്നു. കർമ്മലീത്താമിഷനറിമാർ അതിന്നനുകൂലമായ പ്രചരണവും നടത്തിയിരുന്നു. പരദേശത്തുനിന്നുമുള്ള ഒരു മെത്രാൻെറ കൈവെയ്പ് കിട്ടിയാൽ തനിക്ക് ശരിയായ മെത്രാൻസ്ഥാനമുണ്ടെന്നു് ജനങ്ങളെ ബോദ്ധ്യപ്പെടുത്തുവാൻ കഴിയുമെന്നു് അർക്കദിയാക്കോൻ ആശിച്ചു. അഹത്തള്ളായുടെ വരവിനു കാരണമാക്കിയ കത്തുകൾപോലെ, തോമ്മാ അർക്കദിയാക്കോൻ വീണ്ടും പല റീത്തുകളുടേയും പാത്രിയർക്കീസന്മാർക്കു് എഴുതി. എന്നാൽ ഈ അഭ്യർത്ഥനകൾ അനുസരിച്ച് പ്രവർത്തിക്കുവാൻ ആദ്യമായി സന്നദ്ധനായ പാത്രിയർക്കീസ് യാക്കോബായക്കാരൻ ആയിരുന്നുവെന്നുള്ളതു് കേവലം ഒരു യാദൃച്ഛികസംഭവം മാത്രമാണു്. എന്നാൽ ഇതാണു് കേരളത്തിൽ യാക്കോബായ സഭയ്ക്കു് വാതിൽ തുറന്നുകൊടുത്തതു്.

www.malankaralibrary.com

# യാക്കോബായസഭയുടെ ആവിർഭാവം

## മാർ ഗ്രിഗോറിയോസ് 1665–'72

ഒരു മെത്രാനവേണ്ടിയുള്ള മാർതോമ്മായുടെ അപേക്ഷ ലഭിച്ച 'ദിയാബെക്കറി'ലെ യാക്കോബായ പാത്രിയക്കീസ്, മാർ ഗ്രിഗോരിയോസ് എന്നൊരു മെത്രാനെ കേരളത്തിലേ ക്കയച്ചു. 1665-ൽ അദ്ദേഹം കേരളത്തിൽവന്നിറങ്ങി. അദ്ദേഹത്തിൻെറ വിശ്വാസമോ ആരാധനാക്രമമോ എന്തൊക്കെയാണെന്നുള്ള ചിന്തകഠം തോമ്മാ അക്ദിയാക്കോനെയോ അനുയായികളെയോ ഒട്ടുംതന്നെ അലട്ടിയിരുന്നില്ല. അവർക്കു വേണ്ടിയിരുന്നതു്, കൈവെയ്പുള്ള ഒരു മെത്രാനെമാത്രം. എന്നാൽ അദ്ദേഹം തോമ്മാ അക്ദിയാക്കോനെ മെത്രാനായി വാഴിക്കുകയായിരുന്നു ഏററവും വലിയ ആവശ്യം. മാർ ഗ്രിഗോറിയോസ് കേരളത്തിൽ വന്നപ്പോഠം അദ്ദേഹം കല്ദായ റീത്തിലുള്ള ഒരു കത്തോലിക്കാമെത്രാനായിരുന്നെന്നാണ് ജനങ്ങഠം വിശ്വസിച്ചിരുന്നതു്. എന്നാൽ തങ്ങഠം ഒരിക്കലും കാണുകയോ കേഠക്കുകയോ ചെയ്തിട്ടില്ലാത്ത അന്ത്യോക്യൻ റീത്തിൽ (യാക്കോബായ) കുബ്ബാന ചൊല്ലിയപ്പോഠം, ജനങ്ങഠം അമ്പരന്നുപോയി. തങ്ങഠംക്കു് പരിചയമില്ലാത്ത ഒരു ഭാഷ, പരിചയമില്ലാത്ത ശബ്ദം, പരിചയമില്ലാത്ത അനുഷ്ഠാനങ്ങഠം ഇത്രയുമായപ്പോഠം, മാർ ഗ്രിഗോറിയോസിൻെറ വരവു്, വിയോജിതസഭയെ ഒരു കെണിയിൽപ്പെടുത്തിയിരിക്കുന്നുവെന്നുള്ള ധാരണയാണ് ജനങ്ങഠംക്കുണ്ടായതു്. ഈ കെണിയുടെ ഫലമാണ് ഇന്നു കേരളത്തിൽ കാണുന്ന യാക്കോബായസഭയെന്നുള്ളതു്, നിഷേധിക്കാനാവാത്ത ഒരു ചരിത്രവസ്തുതമാത്രം.

ജനങ്ങളിൽ നിന്നുണ്ടായ പ്രതിഷേധങ്ങളും അപശബ്ദങ്ങളും അർക്കദിയാക്കോൻ മനസ്സിലാക്കാതിരുന്നില്ല. തന്മൂലം അക്ദിയാക്കോൻെറ നിർബ്ബന്ധമനുസരിച്ചു് ''ഉദയംപേരൂർ സൂനഹദോസിൽ പരിഷ്കരിച്ചെടുത്ത'' സീറോമലബാർ റീത്തിലെ കുർബ്ബാനക്രമമാണ് മാർ ഗ്രിഗോറിയോസ് ഉപയോഗിച്ചുതുടങ്ങിയതു്. എന്നാൽ റോമൻ തിരുവസ്ത്രങ്ങളും പുളിക്കാത്ത അപ്പവും അദ്ദേഹം സ്വീകരിച്ചില്ല. കമ്മലീത്താ മിഷ്നറിയായ ഫാ. പോഠം പറയുന്നതു്, മാർ ഗ്രിഗോറിയോസ് യാക്കോബായ വിശ്വാസം മലബാറിൽ കൊണ്ടുവരു

www.malankaralibrary.com

ന്നതുവരെ ഉദയംപേരൂർ സൂനഹദോസ്സിൽ സ്ഥിരീകരിക്കപ്പെട്ട കത്തോലിക്കാവിശ്വാസമാണ് മാർത്തോമ്മാ ഒന്നാമന്റെ അനുയായികളായ വിയോജിതർ സ്വീകരിച്ചിരുന്നതെന്നും ശീശ്മയിൽപ്പെട്ടുപോയ മാർത്തോമ്മായെപ്പററിയുള്ള റോമായുടെ ശാസനകൾ ഒഴിച്ചുള്ള എല്ലാ കാര്യങ്ങളിലും അവർ റോമൻ കത്തോലിക്കരോട് യോജിച്ചിരുന്നുവെന്നുമാണ്[1]. മാർത്തോമ്മാ ഒന്നാമൻ അത്യധികം കാംക്ഷിച്ചിരുന്ന മെത്രാൻപട്ടം മാർ ഗ്രിഗോറിയോസിൽനിന്ന് കിട്ടിയതായി തെളിവില്ല. അതിനു കാരണമുണ്ട്; തോമ്മാ അക്ക്ദിയാക്കോന് ശരിയായ മെത്രാൻപട്ടം കിട്ടിക്കഴിഞ്ഞാൽ, പിന്നെ ഏതൊരു പരദേശമെത്രാനും കേരളത്തിൽ അധികപ്പററായിത്തീരാനേ വഴിയുള്ളു. അതുകൊണ്ട് പച്ചില കാണിച്ച് ആടിനെ നടത്തുന്നതുപോലെ, ആശ കൊടുത്തുകൊണ്ട് മാർ ഗ്രിഗോറിയോസ് കാലം കഴിച്ചുകൂട്ടി. ഏതായാലും വിയോജിതസഭയിലെ ഭരണം നടത്തിയിരുന്നത് മാർത്തോമ്മാ ഒന്നാമൻതന്നെ ആയിരുന്നു. ആദ്ധ്യാത്മികകാര്യങ്ങൾ നിർവ്വഹിച്ചിരുന്നത് മാർ ഗ്രിഗോറിയോസും. 1672—ൽ മാർ ഗ്രിഗോറിയോസ് കാലധർമ്മം പ്രാപിച്ച് വടക്കൻ പറവൂർ പള്ളിയിൽ അടക്കപ്പെട്ടു. അദ്ദേഹത്തിന്റെ ചരമദിനം വടക്കൻപറവൂർ പള്ളിക്കാർ ഇപ്പോഴും ആഘോഷിച്ചുപോരുന്നു.

## മാർ അന്ത്രയോസ് 1676–'82

1676—ൽ മാർ അന്ത്രയോസ് എന്നൊരു സുറിയാനി മെത്രാൻ കേരളത്തിൽ വന്നുകൂടി. അദ്ദേഹം അവകാശപ്പെട്ടതു് കേരളത്തിലെ സുറിയാനിക്കാരെ ഭരിക്കുവാൻ മാർപ്പാപ്പ അയച്ച കത്തോലിക്കാ പാത്രിയക്കീസ് ആണ് താനെന്നായിരുന്നു. ഇദ്ദേഹം കുപ്രസിദ്ധനായ ഒരു മദ്യപാനിയായിരുന്നു. കത്തോലിക്കാസുറിയാനിക്കാർ അദ്ദേഹത്തെ തള്ളിക്കളഞ്ഞു. വിയോജിതസുറിയാനിക്കാർ ഭൂരിപക്ഷവും അദ്ദേഹത്തെ സ്വീകരിച്ചില്ല, കുറേനാൾ അദ്ദേഹം ചമ്പക്കുളത്തു പള്ളിയിൽ താമസിച്ചിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ അമിതമായ മദ്യപാനംമൂലം അവർ അദ്ദേഹത്തെ അവിടെ നിന്നും ഓടിച്ചു. 1682—ൽ ഇദ്ദേഹം കല്ലടയാററിൽ മുങ്ങി മരിച്ചു. ഇദ്ദേഹമാണ് പുത്തങ്കാവ് വല്യപ്പൻ അഥവാ കല്ലട

1. Pauline of St. Bertholomew: India Orientalis Christiana: 1794, P. 98.



www.malankaralibrary.com

മൂപ്പൻ എന്നറിയപ്പെടുന്ന ''സിദ്ധൻ''. ഇദ്ദേഹത്തിൻെറ കബറിടത്തിൽ 1782 വരെ കോഴിനേച്ചകം ഉണ്ടായിരുന്ന തായി Dr. Brown പറയുന്നു[2].

## മാർ ബസീലിയോസും മാർ ഇവാനിയോസും 1678–'94

മാർത്തോമ്മാ ഒന്നാമൻെറ ഭരണകാലത്തിൻെറ അവസാനഘട്ടത്തിലാണ്, യാക്കോബായ മപ്രിയാനായ മാർ ബസീലിയോസും മററൊരു മെത്രാനായ മാർ ഇവാനിയോസും കേരളത്തിലെത്തുന്നത്. 1678-ൽ അവർ കൊച്ചിയിൽ വന്നിറങ്ങി. 13 ദിവസത്തിനുള്ളിൽ മാർ ബസീലിയോസ് ദിവംഗതനാവുകയും കോതമംഗലം പള്ളിയിൽ കബറടങ്ങുകയും ചെയ്തു.

ഐയോജിതസഭയിൽ യാക്കോബായ വിശ്വാസം അടിച്ചേല്പിക്കുവാൻ ശ്രമിച്ചവരിൽ പ്രധാനിയാണ് മാർ ഇവാനിയോസ്. ക്രിസ്തുവിൽ ഏകസ്വഭാവമേ ഉള്ളുവെന്നു് ഇദ്ദേഹം പഠിപ്പിച്ചു. ഇദ്ദേഹം വിഗ്രഹധ്വംസകനായിരുന്നതുകൊണ്ടു്, പള്ളികളിലുണ്ടായിരുന്ന രൂപങ്ങളെല്ലാം തച്ചുടച്ചു. ഇദ്ദേഹമാണ് വൈദികരെ വിവാഹം ചെയ്യുവാൻ പ്രേരിപ്പിക്കുകയും നിർബ്ബന്ധിക്കുകയും ചെയ്തതു്. നിന്നുകൊണ്ടു് പ്രാർത്ഥിക്കുക എന്നതും ഇദ്ദേഹം കൊണ്ടുവന്ന ആചാരമാണ്[3]. 1694-ൽ മുളന്തുരുത്തിയിൽവെച്ച് ഇദ്ദേഹം മരിച്ചു. അവിടെത്തന്നെ സംസ്ക്കരിക്കപ്പെടുകയും ചെയ്തു. മാർത്തോമ്മാ ഒന്നാമൻ 1685-ൽ മരിക്കുമ്പോൾ മാർ ഇവാനിയോസ് കേരളത്തിലുണ്ടായിരുന്നു.

## മാർത്തോമ്മാ രണ്ടാമൻ 1685–'86

മാർത്തോമ്മാ ഒന്നാമൻെറ പിൻഗാമി ആരായിരിക്കണമെന്നതിനെപ്പററി കക്ഷിവഴക്കുകളുണ്ടായി. ഒടുവിൽ അദ്ദേഹത്തിൻെറ അനുജനെ മാർത്തോമ്മാ രണ്ടാമൻ എന്ന പേരോടു കൂടി അവരോധിച്ചു. അദ്ദേഹത്തിനും മെത്രാൻപട്ടം ഉണ്ടായിരുന്നില്ല. ഒരു വഷമേ അദ്ദേഹം ജീവിച്ചിരുന്നുള്ളു.

---

2. Brown P. 112.
3. Brown P. 113.

www.malankaralibrary.com

## മാർത്തോമ്മാ മൂന്നാമൻ 1686–'88

ഇദ്ദേഹത്തിനും മെത്രാൻപട്ടം ഉണ്ടായിരുന്നില്ല. വടക്കൻ പറവൂരിലും നിരണത്തും ഇടപ്പള്ളിയിലും ഇദ്ദേഹം മാറിമാറി താമസിച്ചിരുന്നു. തന്റെ സ്ഥാനത്തിനു് അംഗീകാരം കിട്ടുവാൻ ഇദ്ദേഹം റോമിലേയ്ക്കും അന്ത്യോക്യായിലേയ്ക്കും കത്തുകൾ അയച്ചുകൊണ്ടിരുന്നു.

## മാർത്തോമ്മാ നാലാമൻ 1688–1728

നാല്പതു വർഷത്തോളം വിയോജിതസഭയുടെ തലവനായിരുന്നു മാർത്തോമ്മാ നാലാമൻ. റോമാസഭയുമായി പുനരൈക്യം പ്രാപിക്കുന്നതിനും സുറിയാനിസഭയെ സംയോജിപ്പിക്കുന്നതിനും അദ്ദേഹത്തിനു് തീവ്രമായ ആഗ്രഹമുണ്ടായിരുന്നു. പുനരൈക്യത്തിനുവേണ്ടി 1704–ൽ അദ്ദേഹത്തിന്റെ കീഴിലുള്ള 29 പള്ളിക്കാരുടെ പ്രതിനിധികളുടേയും വൈദികരുടേയും ഒരു യോഗം ഇടപ്പള്ളിയിൽവെച്ചു നടന്നു. അന്നു് റോമിലേയ്ക്കു് അവർ തയ്യാറാക്കി അയച്ച അപേക്ഷയിൽ താഴെപ്പറയുന്ന കാര്യങ്ങളാണു് ബോധിപ്പിച്ചിരുന്നതു്.

(1) ജസ്യൂട്ടരാണു്, ശീശ്മയുടെ കാരണക്കാർ (2) കത്തോലീത്തർ കുറച്ചുഭേദമാണു് (3) പൗരസ്ത്യസുറിയാനിക്രമം കേരളത്തിലെല്ലാം നടപ്പാക്കണം (4) കത്തോലീത്താമെത്രാൻ ആഞ്ചലൂസും മാർത്തോമ്മാ നാലാമനുംകൂടി സഭാഭരണം നടത്തണം (5) പുളിച്ച അപ്പവും പുളിക്കാത്ത അപ്പവും ഉപയോഗിക്കുവാൻ അനുവാദം നൽകണം.

ഈ എഴുത്തു് കത്തോലീത്താസഭയിലെ ഫാ. അഗസ്റ്റിൻ 1704 ഡിസംബർ 19–ാം തീയതി റോമിലേയ്ക്കു കൊണ്ടുപോയി. പിന്നെ ആ കത്തിനെപ്പററിയോ റോമിൽ അതുളവാക്കിയ പ്രതികരണത്തെപ്പററിയോ യാതൊന്നും അറിയുന്നില്ല[4]. റോമിൽനിന്നും അനുകൂലപ്രതികരണം ഉണ്ടാകാഞ്ഞിട്ടോ എന്തോ ഇദ്ദേഹം യാക്കോബായ പാത്രിയർക്കീസിനു് 1709–ൽ ഒരു കത്തയച്ചു. ആ എഴുത്തിൽ, മാർ ഗബ്രിയേലിന്റെ നെസ്റ്റോറിയൻ വിശ്വാസത്തെപ്പററിയും കൂടുതൽ യാക്കോബായ മെത്രാന്മാരെ അയയ്ക്കേണ്ടതിനെപ്പററിയും പറയുന്നുണ്ടു്.

---

4. Fr. Bernard: Vol. II, P. 173.

www.malankaralibrary.com

## മാർ ഗബ്രിയേൽ 1708–'30

പതിനെട്ടാം നൂററാണ്ടിലെ കേരളസഭയുടെ ചരിത്രം വളരെ സങ്കീർണ്ണവും ക്ലേശഭൂയിഷ്ഠവുമാണ്. കുഴപ്പങ്ങളുടെ ശതവർഷമെന്നാണ് Dr. Brown 18-ാം നൂററാണ്ടിനെ വിളിക്കുന്നത്. സുറിയാനിറീത്തിനും ആചാരാനുഷ്ഠാനങ്ങൾക്കുംവേണ്ടി ദൃഢമായി നിലനിന്നുപോന്ന സമുദായത്തെ ഭിന്നിപ്പിക്കുവാൻ പരദേശത്തുനിന്നുവന്ന സുറിയാനിക്കാരനായ ഏതൊരു മെത്രാൻവേഷധാരിക്കും കഴിഞ്ഞുവെന്നുള്ളതാണ് ഒരു കാരണം. മറെറാരു കാരണം, മാർപ്പാപ്പയുടെ കീഴിൽത്തന്നെയെങ്കിലും പരസ്പരവിരുദ്ധമായി നിലകൊണ്ടിരുന്ന പദ്രവാദോയുടേയും പ്രൊപ്പഗാന്തായുടേയും ഭരണങ്ങളും ജസ്യൂട്ടരും കർമ്മലീത്തരും തമ്മിലുള്ള ശത്രുതയുമാണ്. ഇവയൊക്കെയാണ് ഭിന്നതയുടെ വേദനകളിലും ദാരുണങ്ങളായ അനുഭവങ്ങളിലുംകൂടി കേരളത്തിലെ മാർത്തോമ്മാസഭയെ ദുരിതസമ്പൂർണ്ണമാക്കിയത്. റോമൻ കത്തോലിക്കരായ പാശ്ചാത്യഭരണമേധാവികൾ തമ്മിൽ നടന്നുകൊണ്ടിരുന്ന കലഹങ്ങളും ശീശ്മയിൽപെട്ടുപോയ വിയോജിതസുറിയാനിവിഭാഗത്തിലെ കുഴപ്പങ്ങളുംമൂലം ആകുലചിത്തരായി കഴിയേണ്ടിവന്ന തോമ്മാക്രിസ്ത്യാനികൾ വിശ്വസിച്ചിരുന്നത്, ഒരു കത്തോലിക്കാ സുറിയാനിമെത്രാനുമാത്രമേ സഭയിൽ സമാധാനവും ഭദ്രതയും സ്ഥാപിക്കുവാൻ കഴിയുള്ളുവെന്നായിരുന്നു. അതിനാൽ അവർ തുടരെത്തുടരെ ഒരു മെത്രാനുവേണ്ടി കൽദായ പാത്രിയർക്കീസിന് അപേക്ഷകൾ അയച്ചുകൊണ്ടിരുന്നു. അതിൻെറ ഫലമായിട്ടാണ്, മാർ ഗബ്രിയേൽ കേരളത്തിലെത്തുന്നത്. എന്നാൽ ഫലത്തിൽ, അദ്ദേഹത്തിൻെറ വരവ് കുഴപ്പങ്ങൾ വർദ്ധിപ്പിക്കുവാൻ മാത്രമേ ഉപകരിച്ചുള്ളു.

നെസ്റ്റോറിയൻ പാത്രിയർക്കീസ് അയച്ചതെന്നു പറയപ്പെടുന്ന മാർ ഗബ്രിയേൽ എന്നൊരു മെത്രാൻ 1708-ൽ കോഴിക്കോട്ടു വന്നിറങ്ങി, അദ്ദേഹം ഒരു കത്തോലിക്കനാണെന്നു വിളംബരപ്പെടുത്തിക്കൊണ്ടാണ് കേരളത്തിൽ കാലുകുത്തിയത്. ഒരു സുറിയാനിമെത്രാനുവേണ്ടി ആററുനോററിരുന്ന തോമ്മാക്രിസ്ത്യാനികളുടെ ഇടയിൽ മറെറാരു ഭിന്നിപ്പുകൂടി ഉണ്ടാക്കുവാൻ അദ്ദേഹത്തിനു സാധിച്ചതിൽ അത്ഭുതപ്പെടുവാനില്ല. 1709-ൽ ഈ മെത്രാനെപ്പററി മാർത്തോമ്മാ നാലാമൻ യാക്കോബായ പാത്രിയർക്കീസിനു് ഒരെഴുത്തയയ്ക്കുന്നുണ്ട്.

www.malankaralibrary.com

അതിൽ അദ്ദേഹം നെസ്റ്റോറിയൻ വിശ്വാസിയാണെന്നു് എടുത്തുപറയുന്നു. മാർ ഗബ്രിയേൽ 1712–ൽ ചങ്ങനാശ്ശേരിയിൽവെച്ചു് ചെയ്ത കത്തോലിക്കാവിശ്വാസസത്യപ്രതിജ്ഞ കമ്മലീത്താമിഷ്യനറിമാരെ ഏല്പിക്കുന്നുണ്ടു്. എന്നാൽ ആ സത്യപ്രതിജ്ഞ അദ്ദേഹം അധികംനാരം പാലിച്ചതായി തോന്നുന്നില്ല. അദ്ദേഹം പല പള്ളികളിലേയും ഭരണമേറെറടുക്കുകയും ചിലർക്കു് വൈദികപട്ടം കൊടുക്കുകയും ചെയ്തു. 1720–ലുള്ള മാർത്തോമ്മാ നാലാമന്റെ മറെറാരു കത്തിൽ കേരളത്തിലെ സഭ ചുക്കാനില്ലാത്ത കപ്പൽപോലെ നട്ടംതിരിയുകയാണെന്നും ഗബ്രിയേലിനു് കുറെ അനുയായികളെ കിട്ടിയിട്ടുണ്ടെന്നും പരാതി പറയുന്നു5.

കോട്ടയത്തു താമസിച്ചിരുന്ന മാർ ഗബ്രിയേലിനെ സന്ദർശിച്ച ഡച്ചുചാപ്ലയിനായ വിഷർ (Visscher) പറയുന്നതു്, വിയോജിതസഭ മാർ ഗബ്രിയേലിനും മാർ തോമ്മാസ്സുമായി വിഭജിക്കപ്പെട്ടുവെന്നും അവർ മത്സരബുദ്ധിയോടുകൂടി പ്രവർത്തിക്കുന്നുവെന്നും ഗബ്രിയേൽ പൂർണ്ണമായും ഒരു നെസ്റ്റോറിയൻ വിശ്വാസിയാണെന്നുമത്രേ. എന്നാൽ അദ്ദേഹം വളരെ ഉപചാരമുള്ളവനും, ഈശ്വരഭക്തനും, ആഡംബരവിമുഖനും സന്ന്യാസിമാരെപ്പോലെ സസ്യഭുക്കും ആണെന്നും പറയുന്നു. അതേസമയംതന്നെ രാജകീയ പ്രൗഢിയോടുകൂടി ജീവിച്ചിരുന്ന മാർത്തോമ്മാ നാലാമനെപ്പററി വളരെ പുച്ഛമായിട്ടാണു് 'വിഷർ' പറയുന്നതു്6.

## മാർത്തോമ്മാ അഞ്ചാമൻ 1728–1765

സംഭവബഹുലമായ ഒരു കാലഘട്ടമാണു് മാർത്തോമ്മാ അഞ്ചാമന്റെ ഭരണകാലം. അതു തികച്ചും ഒരു ദീർഘകാലവുമായിരുന്നു. അദ്ദേഹത്തെ അഭിമുഖീകരിച്ച ഏററവും ഗുരുതരമായ പ്രശ്നം മെത്രാൻസ്ഥാനത്തിന്റെ കൈവെയ്പു തന്നെ. അതിനുവേണ്ടി അദ്ദേഹം കഠിനമായി യത്നിച്ചു. ഒടുവിൽ ആ കൈവെയ്പു വന്നപ്പോരം അദ്ദേഹം കാലയവനികയിൽ മറഞ്ഞിരുന്നു. അദ്ദേഹത്തിന്റെ പിൻഗാമിക്കാണു് കൈവെയ്പ്പു് കിട്ടിയതു്.

5. Brown: 115–116.
6. Brown 116–117.

www.malankaralibrary.com

## വിസ്തൃതമായ തിരുവിതാംകൂർ

മര്‍ത്തോമ്മാ അഞ്ചാമന്റെ കാലത്താണ്, തിരുവിതാംകൂർ രാജാവായ മാർത്താണ്ഡവർമ്മയുടെ ആക്രമണങ്ങൾ വടക്കോട്ടു വ്യാപിച്ചത്. തന്റെ രാജ്യം വിസ്തൃതമാക്കി ഏകാധിപത്യം സ്ഥാപിക്കുന്നതിൽ അദ്ദേഹം ദൃഢവ്രതനായിരുന്നു. കൊട്ടാരക്കര, കായംകുളം, പന്തളം, തെക്കുംകൂർ, വടക്കുംകൂർ, ചേർത്തല മുതലായ തീരപ്രദേശങ്ങൾ ആക്രമിച്ചു കീഴ്പ്പെടുത്തി. കൊച്ചി രാജാവിന്റെ കീഴിലുണ്ടായിരുന്ന ആലുവാ, വടക്കൻപറവൂർ, ഇടപ്പള്ളി, പുത്തൻചിറ മുതലായ സ്ഥലങ്ങളും അദ്ദേഹത്തിന്റെ കീഴിലായി. ഇവയിലധികവും ക്രിസ്ത്യാനികൾ നിബിഡമായി താമസിച്ചിരുന്ന സ്ഥലങ്ങളാണ്. ക്രിസ്ത്യൻ സമുദായത്തിന് പുരാതനമായിട്ടുണ്ടായിരുന്ന അവകാശങ്ങളും അപദാനങ്ങളും ലേശംപോലും അറിയുകയോ അംഗീകരിക്കുകയോ ചെയ്തിരുന്ന ആളല്ലായിരുന്നു മാർത്താണ്ഡവർമ്മ. ഹിന്ദുക്കൾ ഭൂരിപക്ഷമുണ്ടായിരുന്ന കേരളത്തിന്റെ തെക്കേ അററത്തുനിന്നും പുറപ്പെട്ട അദ്ദേഹം അങ്ങനെ ചെയ്തതിൽ ആശ്ചര്യപ്പെടുവാനില്ല. സവർണ്ണഹിന്ദുക്കൾ ക്രിസ്ത്യാനികളായാൽ അവക്ക് തടവോ മരണശിക്ഷയോ നല്കുമെന്ന് അദ്ദേഹം വിളംബരപ്പെടുത്തി. മാർത്താണ്ഡവർമ്മ രാജാവിന് ബൽജിയംകാരനായ ഡലനോയി (Delenoy) എന്നൊരു കത്തോലിക്കസൈന്യാധിപൻ ഉണ്ടായിരുന്നു. ഡലനോയിയുടെ സ്വാധീനംകൊണ്ട് ക്രിസ്ത്യാനികളുടെ അവശതകൾക്ക് അല്പം മാററമുണ്ടാക്കുവാൻ കഴിഞ്ഞു. പോർച്ചുഗീസുകാർ കേരളത്തിൽ വന്നപ്പോൾ, ശതവർഷങ്ങളായി നിലനിന്നുപോന്ന ചെറിയ ചെറിയ രാജ്യങ്ങളെയും രാജാക്കന്മാരെയുമാണ് കണ്ടത്. ഇന്ന് നാം താലൂക്കുകളായി അറിയപ്പെടുന്ന സ്ഥലങ്ങൾ അന്ന് ഓരോ രാജാവിന്റെയും രാജ്യമായിരുന്നു. അതിൽ ക്രിസ്ത്യൻ ഭൂരിപക്ഷമോ, ക്രിസ്ത്യാനികളുടെ നിർണ്ണായക സ്വാധീനമോ ഉള്ള പല രാജ്യങ്ങളും ഉൾപ്പെട്ടിരുന്നു. അവ അധികവും കൊല്ലം മുതൽ കോഴിക്കോട്ടുവരെയുള്ള പ്രദേശമാണ്.

ക്രിസ്ത്യാനികളുടെ ശക്തിക്കും സ്വാധീനത്തിനും നിദാനമായിട്ടുണ്ടായിരുന്ന മറെറാന്ന് നസ്രാണിയോദ്ധാക്കളുടെ സംഖ്യയും വൈദഗ്ദ്ധ്യവുമാണ്. പോർച്ചുഗീസുകാർ വന്നപ്പോൾ 50000 നസ്രാണിയോദ്ധാക്കളെ കണ്ടതായി ഗോവയാ പറ

www.malankaralibrary.com

യുന്നുണ്ടു്. ഇതു് ക്രിസ്ത്യാനികളുടെ ജനസംഖ്യയിൽ നാലി ലൊന്നുവരും. കൂടാതെയും, ഒരു നാട്ടുരാജാവിന്റെ ശക്തി ആശ്രയിച്ചിരിക്കുന്നതു് അദ്ദേഹത്തെ സേവിക്കുന്ന നസ്രാണി യോദ്ധാക്കളുടെ സംഖ്യയെ അനുസരിച്ചാണെന്നും പോർച്ചു ഗീസു് ചരിത്രകാരന്മാർ പറയുന്നുണ്ടു്.

ഏകാധിപതിയും കക്ഷ്ശബുദ്ധിയും ആയിരുന്ന മാർത്താണ്ഡ വർമ്മരാജാവു് ക്രിസ്ത്യാനികൾ നിബിഡമായി താമസിക്കുന്ന സ്ഥലങ്ങളെല്ലാം ആക്രമിച്ചു് കീഴ്പ്പെടുത്തിയപ്പോൾ ക്രി സ്ത്യാനികളുടെ ഒരു പ്രധാന തൊഴിലായ യുദ്ധസേവനം അവ സാനിച്ചു. അതോടെ അവർക്കുണ്ടായിരുന്ന സ്വാധീനത്തിനും ശക്തിക്കും ക്ഷതം നേരിട്ടു. രാജാവിന്റെ മിത്രങ്ങളും ബന്ധു ക്കളുമായവർ ഭരണം നടത്തുവാൻ തുടങ്ങി. മാർത്തോമ്മാ ക്രിസ്ത്യാനികളുടെ അധഃപതനത്തിന്റെ ഒരു കാരണവും അതായിരുന്നു. യുദ്ധസേവനംവിട്ട നസ്രാണിയോദ്ധാക്കൾ കൃഷിയിലേയ്ക്കും കച്ചവടത്തിലേയ്ക്കും പിൻതിരിഞ്ഞു. ഇതു് മാർത്തോമ്മാക്രിസ്ത്യാനികളുടെ ചരിത്രത്തിൽ വ്യതിയാനം വരുത്തിയ ഒരു സംഭവവും ആയിരുന്നു.

1758-ൽ കേരളത്തിൽവന്ന Anquetil deperou എന്ന ഫ്രഞ്ചുസഞ്ചാരി, മാർത്തോമ്മായ്ക്കു് മെത്രാൻപട്ടം ഇല്ലാത്തതി നാൽ ജനങ്ങൾ അതൃപ്തരാണെന്നു് എഴുതിയിട്ടുണ്ടു്. 1747-ൽ മാർ ഇവാനിയോസു് എന്ന പേരോടുകൂടി വേറൊരു യാക്കോ ബായമെത്രാൻ കേരളത്തിൽ വന്നു. ഇദ്ദേഹം മഹാ കുടിയനും സഭയുടെ മുതൽ ചൂഷണം ചെയ്യുവനുമായതുകൊണ്ടു്, 1751-ൽ അയാളെ ഇവിടെനിന്നും നാടുകടത്തി! ഇദ്ദേഹവും പള്ളിക ളിൽ ഉണ്ടായിരുന്ന രൂപങ്ങൾ തല്ലിയുടച്ച ആളാണു്. വരാ പ്പുഴയിലെ കർമ്മലീത്താമെത്രാനു് പ്രൊപ്പഗാന്ത അയച്ച കത്തിൽ, മാർത്തോമ്മായ്ക്കു് (അഞ്ചാമനു്) യാതൊരു കാരണ വശാലും മെത്രാൻ സ്ഥാനമോ ഭരണാധികാരമോ കൊടുക്കുക യില്ലെന്നെഴുതി, കർമ്മലീത്തരെ സമാധാനിപ്പിച്ചു7. മാർത്തോ മ്മായെ അംഗീകരിച്ചുപോയാൽ കേരളസുറിയാനിസഭ ഒന്നാ കുമെന്നും തങ്ങൾ താമസംവിനാ കേരളത്തിൽനിന്നു് ഭാണ്ഡം കെട്ടേണ്ടിവരുമെന്നുമാണു് കർമ്മലീത്തർ ഭയപ്പെട്ടതു്. അതി നാൽ അവർ പ്രൊപ്പഗാന്തായ്ക്കും തങ്ങളുടെ താല്പര്യങ്ങൾ സംര

7. Travancore State Manual: Vol. II, 1906, P. 206-207.

www.malankaralibrary.com

ക്ഷിക്കുന്ന റോമിലെ തലതൊട്ടപ്പൻമാർക്കും തുടരെത്തുടരെ നിവേദനങ്ങൾ അയച്ചുകൊണ്ടിരുന്നു.

## ട്രാൻകബാർ സംഭവം

മുങ്ങിച്ചാകുന്നവർ വൈക്കോലിലും രക്ഷ കാണുന്നതു പോലെയായിരുന്നു വിയോജിതസഭയിലെ ഒരു ദൗത്യസംഘം ട്രാൻകബാറിൽ (Tranquebar–തമിഴ്നാട്) ഉള്ള ഡാനിഷ് പ്രോട്ടസ്റ്റൻറ് മിഷ്നറിമാരെ സന്ദർശിക്കുന്നത്. അക്കാലത്ത്, ആലപ്പുഴയും പുറക്കാട്ടും ഡാനിഷ് പ്രോട്ടസ്റ്റൻറു മിഷ്ൻ പ്രവ ർത്തിക്കുന്നുണ്ടായിരുന്നു. 1730–നും 1750–നും മദ്ധ്യേ ഡാനിഷ് മിഷ്നറിമാരെ സന്ദർശിച്ച വിയോജിതസമൂഹത്തിൻെറ പ്രതി നിധികൾക്ക് മിഷ്നറിമാരിൽ നല്ല അഭിപ്രായം ഉണ്ടാക്കു വാൻ കഴിഞ്ഞില്ല. ഈ പ്രതിനിധിസംഘത്തിലെ വൈദിക ക്ക് ദൈവശാസ്ത്രജ്ഞാനം ഉണ്ടായിരുന്നില്ല. അവരുടെ സാഹി ത്യപരമായ കഴിവുകളും കുറവായിരുന്നു. അവരുടെ പ്രധാന ശ്രദ്ധ, റീത്തിനെ സംബന്ധിച്ചുള്ള കാര്യങ്ങളിലായിരുന്നു. അവരിൽ ജാതിബോധം വളരെ അധികമായിരുന്നതിനാൽ, ട്രാൻകബാറിൽ വന്നപ്പോൾ അവിടെ ഉണ്ടായിരുന്ന നാട്ടുക്രി സ്ത്യാനികളുമായി ഒന്നിച്ചിരുന്നു ഭക്ഷണം കഴിക്കുവാൻ അവർ വിസമ്മതിച്ചു. മൂന്നു കാര്യങ്ങളിൽ അഭിപ്രായൈക്യം ഉണ്ടാ കാതെ പ്രതിനിധിസംഘം ഭഗ്നാശരായി പോകയാണുണ്ടായ തു്. ആ മൂന്നു കാര്യങ്ങൾ: ''നൊയമ്പ്, കുർബ്ബാന, മാതാ വിനോടുള്ള ഭക്തി'' എന്നിവയായിരുന്നു8. ചുക്കാൻപോയ കപ്പലുപോലെ മാർത്തോമ്മാ അഞ്ചാമൻെറ വിയോജിതസഭ കാററിൽപ്പെട്ടു വട്ടം കറങ്ങുവാൻ തുടങ്ങി.

മാർ ഗബ്രിയേൽ കോട്ടയത്ത് രോഗബാധിതനായി കിടക്കുന്ന അവസരത്തിൽ അദ്ദേഹത്തിൽനിന്ന് മെത്രാൻ പട്ടം കിട്ടുവാൻ മാർത്തോമ്മാ അഞ്ചാമൻ അവിടെ ചെല്ലുകയു ണ്ടായി. എന്നാൽ രോഗം മൂർദ്ധന്യത്തിലായിരുന്നതിനാൽ, അതിനു തരമാകാതെ മടങ്ങിപ്പോരേണ്ടിവന്നു. മെത്രാനാകു ന്നതിനുള്ള അദ്ദേഹത്തിൻെറ പരിശ്രമമെല്ലാം പരാജയമട ഞ്ഞതുകൊണ്ട് അദ്ദേഹം ഡച്ചുകാരെയാണ് പിന്നീടു സമീ പിച്ചതു്.

---

8. D'orsey P. 288.

www.malankaralibrary.com

## വീണ്ടും പുനരൈക്യശ്രമങ്ങൾ

മാർത്തോമ്മാ അഞ്ചാമനും പുനരൈക്യത്തിനുവേണ്ടി ആത്മാർത്ഥമായി പരിശ്രമിച്ചു. 1748–ൽ പുനരൈക്യത്തിന് വേണ്ട സഹായം ചെയ്യണമെന്നു കാണിച്ച് അദ്ദേഹം മാർപ്പാപ്പാക്ക് ഒരു അപേക്ഷ അയച്ചു. ആ കത്തിൽ കേരളസഭയെപ്പററി പ്രതിപാദിക്കുമ്പോൾ, പദ്രവാദോ, പ്രൊപ്പഗാന്താ, വിയോജിതസഭ, ഇങ്ങനെ മൂന്നു ഭരണങ്ങളിലായി സഭ വേർപെട്ടു നില്ക്കുന്നതിൽ ഖേദം പ്രകടിപ്പിക്കുകയും ഗ്രീക്ക് കത്തോലിക്കർക്ക് അനുവദിച്ചിട്ടുള്ളതുപോലെ പുളിച്ച അപ്പം കുർബ്ബാനയിൽ ഉപയോഗിക്കുവാൻ അനുവദിക്കുമെങ്കിൽ മാർപ്പാപ്പായ്ക്ക് കീഴ്പ്പെട്ടിരിക്കുവാൻ തങ്ങൾ സന്നദ്ധരാണെന്ന് അറിയിക്കുകയും ചെയ്തിരുന്നു. പോർച്ചുഗീസുകാരെ തിരികെ വിളിക്കണമെന്നും പുനരൈക്യകാര്യത്തിൽ കർമ്മലീത്തക്കുള്ള അനാസ്ഥയും അലസതയും അവസാനിപ്പിക്കണമെന്നും അഞ്ചാം മാർത്തോമ്മാ ആ എഴുത്തിൽ അപേക്ഷിച്ചിരുന്നു. ബോണിഫാസ്, എന്നൊരു കർമ്മലീത്തനാണ് ഈ എഴുത്ത് റോമിലേയ്ക്ക് കൊണ്ടുപോയത്.

## ഇവാനിയോസ് മെത്രാൻ, വേഷധാരിയോ?

ഒരു പൌരസ്ത്യമെത്രാനെ കൊണ്ടുവരുന്നതിനുവേണ്ടി മാർത്തോമ്മാ അഞ്ചാമൻ കൊച്ചിക്കാരനായ എസക്കിയേൽ എന്നൊരു യഹൂദനുമായി ഉടമ്പടി ചെയ്തു. അതനുസരിച്ച്, ഇവാനിയോസ് എന്നൊരു മെത്രാൻ വന്നു. അയാളൊരു ക്രിസ്ത്യാനിപോലും ആയിരുന്നില്ലെന്നും ഒരു യഹൂദനായിരുന്നുവെന്നുമാണ് ഫാ. പൗളിൻ പറയുന്നത്. ഏതായാലും അയാളൊരു യഹൂദനെപ്പോലെതന്നെയാണ് പ്രവർത്തിച്ചത്. വേർപെട്ട പള്ളികളിലെ കുരിശുകളും കർത്താവിൻെറയും പുണ്യവാന്മാരുടെയും രൂപങ്ങളും തീയിലിട്ടു ചുട്ടു. വൈദികർക്ക് വിവാഹം കഴിക്കുവാൻ അനുവാദം കൊടുത്തു. മുളന്തുരുത്തി, കണ്ടനാട്, പിറവം, മുളക്കുളം മുതലായ പള്ളികളിൽ സ്വർണ്ണത്തിലും വെള്ളിയിലുമുണ്ടായിരുന്ന സാധനങ്ങൾ അപഹരിച്ചു: ഒരു പള്ളിയിലെ വെള്ളിസാമാനങ്ങൾ മോഷ്ടിച്ച് കൊച്ചിയിലെ യൂദന്മാർക്കു കൊടുത്തു. ഇയാൾ മതിമറന്ന ഒരു മദ്യപാനിയായിരുന്നെന്നാണ് ഫാ. പൗളീനോയെ ഉദ്ധരിച്ചുകൊണ്ട് ഫാ. ഫെറോളി പറയുന്നത്[9]. അന്ധവിശ്വാസത്തിൽ

9. Ferroli: Vol. II: P. 147–48.

www.malankaralibrary.com

ജീവിച്ചിരുന്ന സുറിയാനിക്കാരെ നന്നാക്കുവാൻ കൂടുതൽ വൈദികരെ സിറിയായിൽനിന്നും വേണമെന്ന് അദ്ദേഹം ഡച്ചു ഗവർണക്കെഴുതി. അതിനുവേണ്ടിയുള്ള പണവും ആവശ്യപ്പെട്ടു. ശീശ്മക്കാരായ കൂടുതൽ വൈദികർ വരുമ്പോഠം കത്തോലിക്കരുടെ ശക്തി കുറയുമെന്ന് ഡച്ചുകാർ വിചാരിച്ചു. അതനുസരിച്ച് ഇവാനിയോസിനു് അവർ ധാരാളം പണം നല്കി. ഈ ഇവാനിയോസ് മററു ചില പള്ളികളിൽനിന്നും പണവും തിരുവസ്ത്രങ്ങളും അപഹരിക്കുകമൂലം കൊച്ചി രാജാവു് ഇദ്ദേഹത്തെ അറസ്ററുചെയ്യിച്ച് തടവിലാക്കി. ഒടുവിൽ ഡച്ച് അധികാരികഠം അദ്ദേഹത്തെ കപ്പലിൽ കയററി ബസ്രായിലേയ്ക്കു് മടക്കി അയച്ചു. കരയിപ്പിക്കുകയും ചിരിപ്പിക്കുകയും ചെയ്ത ഒരു നാടകത്തിനു്, ഇതോടെ തിരശ്ശീലവീണു.

ശീശ്മയിൽപ്പെട്ടു് 50 വഷം കഴിഞ്ഞിട്ടും, പരദേശികളായ മെത്രാന്മാർ വിയോജിതസുറിയാനിസഭയിൽ യാക്കോബായ വിശ്വാസം കുത്തിച്ചെലുത്തുവാൻ കഠിനയത്നം ചെയ്തിട്ടും, ഈ വേർപെട്ടസഭ റോമാസഭയുമായുള്ള പുനരൈക്യം എത്ര തീക്ഷ്ണമായി കാംക്ഷിച്ചിരുന്നുവെന്നുള്ളതു്, മാർത്തോമ്മാ അഞ്ചാമൻെറ കത്തിൽനിന്നും വെളിവാകുന്നുണ്ടു്. റോമൻ ഭരണത്തിൻെറ അന്തേവാസികളായ കമ്മലീത്തർ മാർത്തോമ്മാ അഞ്ചാമൻെറയും അദ്ദേഹത്തിൻെറ കീഴിലുള്ള ജനങ്ങളുടെയും വൈദികരുടെയും ഈ അപേക്ഷ ശീതീകരിക്കുകയോ നശിപ്പിക്കുകയോ ചെയ്തിരിക്കാം. അതിനു കാരണവുമുണ്ടു്. കുറെ വഷങ്ങഠം കഴിഞ്ഞു് ഇതേപ്പററി എഴുതുന്ന കമ്മലീത്തനായ ഫാ. പൗളിൻ പറയുന്നതു്, മെത്രാൻപട്ടവും അധികാരവും കിട്ടിക്കഴിഞ്ഞാൽ വിദേശീയരായ കത്തോലിക്കാമെത്രാന്മാരെയും യാക്കോബായമെത്രാന്മാരെയും ഓടിക്കുവാനുള്ള തന്ത്രമാണു് ഈ അഭ്യർത്ഥനയെന്നാണു്. അപ്പോഠം ഈ കത്തിൻെറ പരിണാമത്തെപ്പററിയുള്ള അഭ്യൂഹം ശരിയാകാനേ വഴിയുള്ളൂ. സാമ്രാജ്യമോഹമായിരുന്നല്ലോ വിദേശമെത്രാന്മാക്കുണ്ടായിരുന്നതു്, അതിനു് ക്രിസ്തുവിൻെറ സാമ്രാജ്യത്തോടു് എന്തു് ബന്ധം?

## മെത്രാൻപട്ടത്തിനുവേണ്ട ശ്രമങ്ങൾ

ഭിന്നിച്ചുപോയ സഭയും അതിൻെറ തലവനായ മാർത്തോമ്മായും നിരന്തരമായ തലവേദന ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന

www.malankaralibrary.com

ഒരു കാര്യമാണ്, മാർത്തോമ്മാസ്സ് മെത്രാൻപട്ടമില്ലായിരുന്നുവെന്നുള്ളതു്. മെത്രാൻസ്ഥാനമില്ലാത്ത ഒരു ഭരണാധികാരിയുടെ കീഴിൽ ആ സഭയുടെ അടിത്തറ നിരന്തരമായി ഇളകിക്കൊണ്ടിരിക്കുമെന്നും അദ്ദേഹത്തിനറിയാമായിരുന്നു. ഏതൊരു സമൂഹത്തിന്റെയും സഭയുടെയും നിലനില്പിനും ഭദ്രതയ്ക്കും, അംഗീകൃതനും സ്വീകാര്യനുമായ ഒരു തലവൻ കൂടിയേ തീരൂ; വിശ്വാസപരമായ ഐക്യത്തിന് അതിൽക്കൂടുതലാവും. അതുകൊണ്ടാണ് അന്ത്യോക്യായിലെ വി. ഇഗ്നേഷ്യസ്, വി. പോളികാർപ്പ് മുതലായ സഭാപിതാക്കന്മാർ മെത്രാൻസ്ഥാനത്തിന്റെ ആവശ്യകതയെപ്പറ്റി വളരെ ഊന്നിപ്പറഞ്ഞതു്. ഒരു പരദേശമെത്രാനെ വരുത്തി പട്ടം സ്വീകരിക്കുന്നതിന് നാലായിരം രൂപാ കൊടുക്കാമെന്ന വ്യവസ്ഥയിൽ മാർത്തോമ്മാ അഞ്ചാമൻ ഡച്ചുകമ്പനിയുമായി ഉടമ്പടി ഉണ്ടാക്കി. അതനുസരിച്ച് 1751-ൽ ഒരു സംഘം യാക്കോബായ മെത്രാന്മാർ കേരളത്തിൽ വന്നു. അവരായിരുന്നു, മാർ ബസീലിയോസും, മാർ ഗ്രീഗോറിയോസും, മാർ ഇവാനിയോസും; കൂടെ ഒരു കോർ എപ്പിസ്കോപ്പായും രണ്ടു വൈദികരുമുണ്ടായിരുന്നു.

''ഗീവർഗ്ഗീസ് നമെത്താല'' (George Nanietalla) എന്ന ഈ കോർ എപ്പിസ്കോപ്പാ, വാസ്തവത്തിൽ ഒരു വൈദികൻപോലുമായിരുന്നില്ല. ജനങ്ങളുടെ ബഹുമാനം ആർജ്ജിക്കുവാൻ അയാാം കോർ എപ്പിസ്കോപ്പാസ്ഥാനം സ്വയമെടുത്തു. അയാളുടെ ജോലി കച്ചവടവും പണമിടപാടുകളും ആയിരുന്നു. പരദേശമെത്രാന്മാരുടെ പണമിടപാടുകളെല്ലാം ഇയാളാണ് നടത്തിയിരുന്നതു്.

ഇക്കാലത്തു് കേരളത്തിലുണ്ടായിരുന്ന ആൻക്വററിൽ ദ്പെരോ (Anquetil Du Peron) എന്ന ഫ്രഞ്ചുസഞ്ചാരി ഈ ''കോർ എപ്പിസ്കോപ്പാ''യെപ്പറ്റി ഒരു വിവരണം നൽകുന്നുണ്ട്. നമെത്തല്ലാസ്സ് ഏകദേശം 34 വയസ്സുവരും; മെലിഞ്ഞു് പൊക്കംകൂടി സമർത്ഥനും കൗശലക്കാരനും ചതുരഭാഷിയുമായ ഒരാാം; ധാരാളം നേരമ്പോക്കുകാം പറയും; വിവാഹിതനാണ്; പോർച്ചുഗീസ് ഭാഷ സംസാരിക്കും; മാതൃഭാഷ അറബിയാണ്. ഇദ്ദേഹം ഫ്രഞ്ചുസഞ്ചാരിക്കു് പുരാതനമായ ഒരു കൈയെഴുത്തുപ്രതി കൊടുക്കാമെന്നുള്ള കരാറിൽ കുറെ പണം വാങ്ങി. പ്രസ്തുതരേഖ ആവശ്യപ്പെട്ടപ്പോഴൊക്കെ അയാാം പല ഒഴിവുകഴിവുകാം പറഞ്ഞു മാറുകയാണ് ചെയ്തതു്. ഒടു

www.malankaralibrary.com

വിൽ, രേഖ കൊച്ചിയിലാണെന്നു പറഞ്ഞു്, ഫ്രഞ്ചുസഞ്ചാരിയെ അവിടെ കൂട്ടിക്കൊണ്ടുപോയി. അവിടെച്ചെന്നപ്പോഠം നമെത്തല്ലാ പറഞ്ഞതു്, ആ രേഖ അന്ത്യോക്യായിൽവെച്ചു് മറന്നുപോയെന്നാണു്. ഫ്രഞ്ചുസഞ്ചാരിക്കു് ആ പണം തിരികെ കിട്ടിയതുമില്ല10. വൈദികവേഷത്തിൽ ഭാഗ്യാന്വേഷികളായി നടക്കുന്നവരായിരുന്നു ഈ പരദേശവൈദികരിലധികവും!.

മാത്തോമ്മാ അഞ്ചാമനു് മെത്രാൻപട്ടം കൊടുക്കുന്നതിനു വേണ്ടിയാണല്ലോ ഡച്ചുകാർ മുഖേന മാർ ബസിലിയോസ്, മാർ ഗ്രിഗോരിയൂസ്, മാർ ഇവാനിയോസ് എന്ന യാക്കോബായ മെത്രാന്മാരെ വരുത്തിയതു്. എന്നാൽ ഈ മെത്രാന്മാർ മാത്തോമ്മായ്ക്കു് മെത്രാൻപട്ടം കൊടുക്കുവാൻ വിസമ്മതിച്ചതുകൊണ്ടു്, മാത്തോമ്മാ പണവും കൊടുത്തില്ല. കേരളസഭയുടെ ഭരണാധിപത്യം അപഹരിക്കുവാൻ ഒരുമ്പെട്ട ജസ്യൂട്ട്-കമ്മലീത്താമെത്രാന്മാരുടെ ബുദ്ധിയേക്കാഠം ഒട്ടും കുറവല്ലായിരുന്നു യാക്കോബായക്കാരായ പരദേശമെത്രാന്മാരുടേതു്. നാട്ടുകാരായ മെത്രാന്മാരെ വാഴിച്ചുകൊടുക്കുന്നതു് ആത്മഹത്യാപരമായിരിക്കുമെന്നു് ഇരുകൂട്ടർക്കും തികച്ചും ബോദ്ധ്യമുണ്ടായിരുന്നു. അതുകൊണ്ടാണു് മാർത്തോമ്മായെ വാഴിക്കുവാൻ 1750-ൽ വന്ന ഈ മെത്രാന്മാർ ഇരുപതുവഷത്തോളം ഒഴിവുകഴിവുകഠം പറഞ്ഞു് വിയോജിതസഭയുടെ ആതിഥ്യത്തിൽ കാലം പോക്കിയതു്.

## മെത്രാൻപട്ടത്തിൻെറ വില

തട്ടിയും മുട്ടിയുമുള്ള ഈ കാലംപോക്കലിനു് മറെറാരു കാരണവുമുണ്ടായിരുന്നു. ജനസംഖ്യയിലും സാമ്പത്തികശേഷിയിലും ദരിദ്രമെന്നു പറയാവുന്ന ശോഷിച്ച സഭയായിരുന്നു പശ്ചിമേഷ്യയിലെ അന്ത്യോക്യൻ യാക്കോബായസഭ. എന്നാൽ പരമ്പരാസിദ്ധമായ മെത്രാപ്പോലീത്താമാരുടെ സംഖ്യ കാര്യമായി കുറഞ്ഞിരുന്നുമില്ല. ഈ പുരാതന സംവിധാനത്തെ പുലത്തുവാൻ കേരളത്തിലെ സമ്പന്നമായ വിയോജിതസഭക്കു് കഴിയുമെന്നുള്ള ആശയും പ്രതീക്ഷയും ആണു് യാക്കോബായ പാത്രിയക്കീസിനും സഹപ്രവത്തകക്കും ഉണ്ടായിരുന്നതു്. അതാണു് കൈവപ്പുള്ള മെത്രാൻസ്ഥാനത്തിൻെറ വിലയായി വിയോജിതസഭയുടെ ഭൗതികവും ആത്മീയവു

10. D. Ferroli: Vol. II: P. 150-'52.

www.malankaralibrary.com

മായ എല്ലാ അധികാരവും പാത്രിയക്കീസിനു തീറെഴുതണമെന്നുള്ള വാദം ഉയന്നതു്.

1749 ആഗസ്ററുമാസം 15–ാംനു- അന്ത്യോക്യായിലെ യാക്കോബായ പാത്രിയക്കീസ് ഇഗ്നാത്തിയോസ് ഗീവറുഗീസ് ത്രതീയൻ വിയോജിതസഭാദ്ധ്യക്ഷൻ അഞ്ചാം മാത്തോമ്മാക്കു് അയച്ച കത്തു്:–

''അദ്ദേഹത്തിനു് (മാർ ബസീലിയോസ് ശിക്കുള്ളാ മപ്രിയാനാ) നാം മപ്രിയാനാപട്ടം കൊടുക്കുകയും യോഗ്യമായും ദൈവഭയത്തിലും മിശിഹായുടെ (മലബാർ) ഇടവകയെ ഭരിപ്പാൻ തക്കവണ്ണം നാം അദ്ദേഹത്തെ നിങ്ങളുടെ അടുക്കലേയ്ക്കു് അയയ്ക്കുകയും ചെയ്തിരിക്കുന്നു. മലങ്കരയുള്ള സവ്വജനങ്ങളുടേയും ശെമ്മാശ്ശന്മാരുടേയും ആചാര്യന്മാരുടേയും പ്രധാനാചാര്യന്മാരുടേയുംമേൽ ഭരണാധികാരിയായി ഭരണം നടത്തുവാൻ തന്നെ. ആകയാൽ അദ്ദേഹത്തിനു നിങ്ങൾ അനുസരണയുള്ളവനായിരിക്കുകയും അദ്ദേഹത്തിൻെറ അറിവോ കല്പനയോ കൂടാതെ യാതൊരു സംഗതിയും പ്രവത്തിക്കാതിരിക്കുകയും വേണം. നമ്മുടെ പേർക്കും നമ്മുടെ രക്ഷാകരമായ കബറുകളേലേയ്ക്കുമായി പിരിയുന്ന ''റിശീസാ'' അദ്ദേഹത്തിൻെറ കൈവശം സൂക്ഷിക്കപ്പെടുകയും ചെയ്യണം. സവ്വത്തിന്മേലും അദ്ദേഹത്തിനു് അധികാരം നല്കപ്പെട്ടിരിക്കുന്നു ........ നിങ്ങളുടെ പട്ടം അദ്ദേഹം നേരെയാക്കും. അനന്തരം നിങ്ങളുടെ ആചാര്യന്മാരുടേയും ശെമ്മാശ്ശന്മാരുടേയും പട്ടം നിങ്ങൾ നേരെയാക്കണം. അദ്ദേഹത്തിൻെറ ആലോചനയോ കല്പനയോ കൂടാതെ നിങ്ങൾ യാതൊന്നും ചെയ്യരുതു്. ഇൻഡ്യയിലും ആ സവ്വപ്രദേശങ്ങളിലുമുള്ള അധികാരി അദ്ദേഹമാകുന്നു. സവ്വ ആചാര്യന്മാരും ശെമ്മാശ്ശന്മാരും അദ്ദേഹത്തിൻെറ കല്പനയാൽ പട്ടം കെട്ടപ്പെടണം. പ്രധാനാചാര്യനും എപ്പിസ്ക്കോപ്പാമാരും അദ്ദേഹത്തിൻെറ ഉപദേശപ്രകാരം നടക്കണം. സവ്വബഹുമാനവും നിങ്ങൾ അദ്ദേഹത്തിനു നല്കണം ........''11.

വിയോജിതസഭയിലെ മെത്രാന്മാക്കു കൈവയ്പു നല്കുന്നതിൻെറ വിലയാണു് യാക്കോബായ പാത്രിയക്കീസിൻെറ സവ്വാധിപത്യത്തിനുള്ള കീഴടക്കമായി ഈ കത്തിൽ വിശദീ

11. പൌലൂസ് അപ്രേം റമ്പാൻ, ശീമക്കാരായ നമ്മുടെ പിതാക്കന്മാർ, 1963, P. 28.

www.malankaralibrary.com

കരിച്ചിട്ടുള്ളതു്. ഇതിന്റെ അടിസ്ഥാനത്തിലാണു് വിയോജിതസഭയിൽ പാത്രിയക്കീസുമായി ഇന്നോളം നടന്നുവരുന്ന ഭിന്നതകളും വഴക്കുകളും.

ഇതനുസരിച്ചാണു് 1751 മാർച്ച 23-ാംനു- മപ്രിയാനാ മാർ ബസേലിയോസും മററു രണ്ടു മെത്രാന്മാരും കൊച്ചിയിൽ വന്നിറങ്ങിയതു്. വഷങ്ങരം കഴിഞ്ഞിട്ടും അവരുടെ ദൗത്യം ഫലിച്ചതായി കാണുന്നില്ല. 1753 ആഗസ്റ്റു് 21-ാംനു- പാത്രിയക്കീസ് മാത്തോമ്മാ അഞ്ചാമനെഴുതുന്നു.

''........ നിങ്ങളാകട്ടെ ഈ പിതാക്കന്മാരെ അനുസരിക്കുന്നില്ലെന്നു മാത്രമല്ല, അവരുടെമേൽ അഹങ്കരിക്കുന്നതിനായി നിങ്ങളുടെ അനുയായികളെ പഠിപ്പിക്കുകയും പ്രേരിപ്പിക്കുകയും ചെയ്യുന്നു. ഈ രണ്ടു പിതാക്കന്മാരുടെ (മാർ ഗ്രിഗോരിയോസും മാർ ബസേലിയോസും) ഒരു ഒററ രോമം സർവ്വലോകത്തെക്കാളും നമുക്കു വിലപ്പെട്ടതാണെന്നു നല്ലവണ്ണം ധരിച്ചുകൊാംക (sic) ........ നെസ്റേറാറിയരും മററുള്ളവരും വിതച്ച ആചാരങ്ങളാകുന്ന കളകളെ പിഴുതുകളയുവാനായിട്ടാണു് നാം ഇവരെ അയച്ചിട്ടുള്ളതു്............'' 12.

പണം കൊടുക്കാതിരുന്ന മാത്തോമ്മായെ ഇൻഡോനേഷ്യായിലേയ്ക്കു് നാടുകടത്തുമെന്നു് ഡച്ചുകാർ ഭീഷണിപ്പെടുത്തി. മാത്തോമ്മായും ശീമമെത്രാന്മാരുമായി വഴക്കായി. 1765-ൽ ബസേലിയോസ് മരിച്ചു് കണ്ടനാട്ടു് കബറടങ്ങി. മാത്തോമ്മായും യാക്കോബായ മെത്രാന്മാരുമായിട്ടുള്ള വഴക്കു് തുടന്നുകൊണ്ടിരുന്നു. തനിക്കു് മെത്രാൻപട്ടം തരുമെന്നുള്ള വ്യവസ്ഥയിലാണു് അവരെ കൊണ്ടുവന്നതെന്നും എന്നാൽ ഇപ്പോരം അതു് തരാതിരിക്കത്തക്കവിധമാണു് പ്രവത്തിക്കുന്നതെന്നും മാത്തോമ്മാ ഡച്ചുകാരോടു് പറഞ്ഞു. അനന്തരം ഡച്ചുകാർ മാത്തോമ്മായെയും പരദേശമെത്രാന്മാരെയും ഒന്നിച്ചു വരുത്തി അവരോടു് പണം ആവശ്യപ്പെട്ടു. അപ്പോഴും പണം കൊടുക്കുവാൻ സന്നദ്ധത പ്രകടിപ്പിക്കായ്കയാൽ അവരെയെല്ലാവരേയും കൊച്ചിയിൽ ബന്ധനസ്ഥരാക്കിവച്ചു. അപ്പോഴേയ്ക്കും 4000 രൂപായുടെ കടം പലിശകൂടി 12000 രൂപയായിത്തീന്നിരുന്നു.

---

12. Ibid. P. 41.

www.malankaralibrary.com

ഡച്ചുകാരും മാർത്തോമ്മായും തമ്മിലുള്ള ഈ കേസ് തിരുവിതാംകൂർ രാജാവായ മാർത്താണ്ഡവർമ്മയുടെ കോടതിയിലെത്തി. കൊടുക്കാനുള്ള സംഖ്യയിൽ പകുതി മാർത്തോമ്മായും പകുതി പരദേശമെത്രാന്മാരും കൊടുക്കുവാനാണ് അവിടെ വിധിയുണ്ടായത്. ഗത്യന്തരമില്ലാതെവന്ന പരദേശമെത്രാന്മാർ, ഒടുവിൽ മാർത്തോമ്മായ്ക്ക് പട്ടം കൊടുക്കാമെന്നേററു. അപ്പോഴേയ്ക്കും മാർത്തോമ്മാ അഞ്ചാമൻ മരണമടഞ്ഞിരുന്നു. അങ്ങനെയാണ് പരദേശമെത്രാനായ മാർ ഗ്രീഗോറിയോസ്, മാർ ഇവാനിയോസിന്റെ സാന്നിദ്ധ്യത്തിൽ നിരണത്തുവച്ച്, ദിവന്നാസ്യോസ് എന്ന അഭിധാനത്തിൽ മാർത്തോമ്മാ ആറാമനെ 1772-ൽ മെത്രാനായി വാഴിച്ചത്. ആത്മഹത്യചെയ്യുന്ന ഒന്നല്ലല്ലോ അധികാരം. ഒരു കേരളസുറിയാനിമെത്രാനെ വാഴിക്കുവാൻ റോമായുടെ കല്പനയും വാങ്ങി, കീശയിലിട്ടുകൊണ്ട് കുറേവർഷങ്ങളോളം പ്രതാപത്തിലും പ്രൗഢിയിലും നടന്ന ഒരാളായിരുന്നു, സെബസ്ത്യാനിമെത്രാൻ. കർമ്മലീത്തരെ ഡച്ചുകാർ കേരളത്തിൽനിന്നും ഗളഹസ്തം ചെയ്തപ്പോഴാണ്, പറമ്പിൽ ചാണ്ടിമെത്രാനെ വാഴിക്കുവാൻ അവർക്ക് കൈവെയ്പുള്ള ഒരു നാട്ടുമെത്രാനെ കൊടുക്കുവാൻ ബോധോദയം ഉണ്ടായത്!!

www.malankaralibrary.com

## ഇരുപത്തൊൻപതാം അദ്ധ്യായം

# മാർ ദിവന്നാസ്യോസ് I (1772-1808)

120 വർഷത്തോളം വിയോജിതസഭ നടത്തിയ ഭഗീരഥ പ്രയത്നങ്ങൾ, അങ്ങനെ സഫലമായി. എന്നാൽ അതിനു കൊടുക്കേണ്ടിവന്ന വില വളരെ അധികമായിരുന്നു. അതിൽ പ്രധാനപ്പെട്ടതു് സാർവ്വത്രികസഭയിൽനിന്നുള്ള വേർപാടു തന്നെ. കൂടാതെയും ഛിദ്രങ്ങളും കലാപങ്ങളുംകൊണ്ടു് വിയോജിതസഭ ഒന്നിനൊന്നു് അധ:പതിച്ചുകൊണ്ടുമിരിക്കുന്നു.

മാർ ദിവന്നാസ്യോസ് മെത്രാനായി അവരോധിതനായ തോടുകൂടി, അദ്ദേഹവും പരദേശമെത്രാന്മാരുമായിട്ടുണ്ടായിരുന്ന ദീർഘകാലമത്സരങ്ങളും പിടിവലികളും ഒതുങ്ങി. അധികാരക്കൊതിയന്മാരായ പരദേശമെത്രാന്മാരെ ആത്മീയ കൃത്യങ്ങളിൽമാത്രം ഒതുക്കിനിർത്തുവാനായിരുന്നു മാർ ദിവന്നാസ്യോസ് ആദ്യംമുതലേ ശ്രമിച്ചിരുന്നതു്. എന്നാൽ അദ്ദേഹം കൈവെയ്പുള്ള മെത്രാനായിത്തീർന്നപ്പോൾ ഭൗതികവും ആത്മീയവുമായ എല്ലാ അധികാരങ്ങളും അദ്ദേഹത്തിനു കിട്ടി. ഇത്തിക്കണ്ണികളായി വന്ന പരദേശമെത്രാന്മാർ അധികപ്പററുമായി. മാർ ഗ്രിഗോറിയോസും മാർ ഇവാനിയോസും ഗതിമുട്ടിയതുകൊണ്ടാണു് മാർത്തോമ്മായെ മെത്രാനായി വാഴിച്ചതു്. അതു് പരദേശമെത്രാന്മാരെ സംബന്ധിച്ചിടത്തോളം ഔദ്യോഗികമായ ഒരു ആത്മഹത്യയായിരുന്നു. നാട്ടധികാരികളെപ്പററി ഗുണമായിട്ടൊന്നും പറയാത്ത ഫാ. ഫെറോളി മാർ ദിവന്നാസ്യോസിനെപ്പററി പറയുന്നതു്, അദ്ദേഹം ശക്തനും നീതിമാനുമായ ഒരാളായിരുന്നുവെന്നാണു്. ദാവീദിന്റെ ജീവചരിത്രം ദിവന്നാസ്യോസ് മലയാളത്തിലെഴുതിയിട്ടുണ്ടു്. ഇക്കാലത്താണു് ജയ്ക്കബ് മാപ്പിളയുടെ 'ദൃഷിപർവ്വം' എന്ന ഗ്രന്ഥവും ക്രിസ്ത്യാനിയായിത്തീർന്ന കുമാരൻനായരുടെ 'അരുവാടനലടി' എന്ന പുസ്തകവും പ്രസിദ്ധീകരിക്കപ്പെട്ടതു്.

എന്നാൽ മാർ ദിവന്നാസ്യോസ് ഒന്നാമനെ നാം സ്മരിക്കുന്നതു് മറെറാരു കാരണത്താലാണു്, അതായതു് അദ്ദേഹത്തിന്റെ പുനരൈക്യശ്രമങ്ങൾ. മെത്രാനായതോടുകൂടി അദ്ദേ

www.malankaralibrary.com

ഹത്തിന്റെ അഭിലാഷങ്ങളെല്ലാം പൂർത്തിയായിരുന്നില്ല. തോമ്മാക്രിസ്ത്യാനികളെ ഒന്നിച്ചുകൊണ്ടുവരുവാൻ അദ്ദേഹം കഠിനമായി പരിശ്രമിച്ചു. കത്തോലിക്കാസഭയുമായി പുനരൈക്യപ്പെടുന്നതിനുള്ള അഭ്യർത്ഥനകൾ അദ്ദേഹം റോമിലേയ്ക്കു് അയച്ചുകൊണ്ടിരുന്നു. ഇതിന്റെ ഫലമായി പ്രൊപ്പഗാന്ത സംഘം വരാപ്പുഴക്കാരുമായി ആലോചിക്കുകയും 1774 ജൂലൈ 22–ാം തീയതി ഒരു തീരുമാനമെടുക്കുകയും ചെയ്തു. ആ തീരുമാനത്തിൽ മാർ ദിവന്നാസ്യോസിനു് ആദ്ധ്യാത്മികമായ യാതൊരധികാരവും നല്കുകയില്ലെന്നും കേരളസുറിയാനിസഭയുടെ, സ്വജാതിമെത്രാനെ വേണമെന്നുള്ള അഭിലാഷം സംബന്ധിച്ചിടത്തോളം, അതു് യാതൊരുവിധത്തിലുള്ള പരിഗണനയും അർഹിക്കുന്നതല്ലെന്നും എഴുതിയിരുന്നു. ഈ കല്പന പറമ്പിൽ ചാണ്ടിമെത്രാന്റെ ഭരണം കഴിഞ്ഞു് നൂറുവർഷങ്ങൾക്കുശേഷവും കരിയാററിയെ കൊടുങ്ങല്ലൂർ മെത്രാനായി വാഴിക്കുന്നതിനു് എട്ടുവഷം മുമ്പുമാണു്. കമ്മലീത്താ മിഷ്യനറിമാരുടെ ദുർമ്മോഹസിദ്ധിക്കുള്ള സ്വാധീനബലമോ പ്രൊപ്പഗാന്തായുടെ നയവൈകല്യമോ ഏതാണു് കൂടുതൽ കാണുന്നതെന്നു് പറയാൻ നിവ്വാഹമില്ല.

## മാർ ദിവന്നാസ്യോസും അഞ്ചൂർസഭയും

മാർ ദിവന്നാസ്യോസിനെ മെത്രാനായി വാഴിച്ചതോടുകൂടി, പരദേശമെത്രാന്മാക്കു് അദ്ദേഹത്തോടുണ്ടായ പകയും വിരോധവും വർദ്ധിക്കുകയാണു ചെയ്തതു്. യാക്കോബായ സഭയെ ഭിന്നിപ്പിച്ചുകൊണ്ടുമാത്രമേ തങ്ങൾക്കു കേരളത്തിൽ നിലനില്ക്കുവാൻ സാധിക്കുവെന്നു് അവക്കു് ബോദ്ധ്യപ്പെട്ടു. ശക്തനും പ്രഗത്ഭനും ജനസമ്മതനുമായ മാർ ദിവന്നാസ്യോസ് ഒന്നാമനെ ഒതുക്കുവാനും അതു് ഉപകരിക്കുമെന്നു് അവർ വിശ്വസിച്ചു. ദിവന്നാസ്യോസിനെ നിരണത്തുവച്ചു് വാഴിച്ചു് ഏതാനും ആഴ്ചകൾ കഴിഞ്ഞപ്പോൾ, അദ്ദേഹത്തിന്റെ എതിരാളിയായ കാട്ടുമങ്ങാട്ടു കുര്യൻ കത്തനാർക്കു് മുളന്തുരുത്തിയിൽവച്ചു് റമ്പാൻപട്ടവും പിന്നീടു് കൂറിലോസ് എന്ന നാമധേയത്തിൽ രഹസ്യമായി മെത്രാൻപട്ടവും മാർ ഗ്രിഗോറിയോസ് നല്കി. കല്ലടമൂപ്പൻ എന്നറിയപ്പെടുന്ന മാർ അന്ത്രയോസ് എന്ന ശീമമെത്രാനെപ്പററി ഇതിനുമുമ്പു് പ്രസ്താവിച്ചിട്ടുണ്ടല്ലോ. അദ്ദേഹം കേരളത്തിൽ വന്നപ്പോൾ കൂടെ സ്വന്തസഹോദരനേയും കൊണ്ടുപോന്നു. അയാൾ കേരളത്തിലെത്തി

www.malankaralibrary.com

ഈ നാട്ടുകാരിയായ ഒരു സ്ത്രീയെ കല്യാണം കഴിക്കുകയും വൈദികപട്ടം സ്വീകരിക്കുകയും ചെയ്തു. അയാളുടെ പൗത്രനാണ് മാർ കൂറിലോസ് ആയിത്തീന്ന കാട്ടുമങ്ങാട്ടു കുര്യൻ കത്തനാർ. അനന്തരം മാർ ഗ്രീഗോറിയോസ് മാർ കൂറിലോസിനെയും കൂട്ടിക്കൊണ്ടുപോയി കൊച്ചിരാജാവിന്റെ സന്നിധിയിൽവച്ച് യാക്കോബായസഭയെ ഭരിക്കുവാനുള്ള അധികാരപത്രങ്ങളെല്ലാം വാങ്ങുകയും അതനുസരിച്ചുള്ള രാജവിളംബരം 1772-ൽ പുറപ്പെടുവിപ്പിക്കുകയും ചെയ്തു.

ഇതു് യഥാർത്ഥത്തിൽ മാർ ദിവന്നാസ്യോസിനെ സ്ഥാനഭ്രഷ്ടനാക്കുന്നതിനു തുല്യമായിരുന്നു. മാർ ദിവന്നാസ്യോസ് ഇതേപ്പററി തിരുവിതാംകൂർ സക്കാരിൽ പരാതി ബോധിപ്പിക്കുകയും അവർ കൊച്ചിരാജാവിനെ വിവരം തെര്യപ്പെടുത്തുകയും ചെയ്തു. കൊച്ചിരാജാവാകട്ടെ ഇതിനു വിധി പറയുവാൻ ഡച്ചുഗവർണറെ ഏല്പിക്കുകയാണുണ്ടായതു്. അദ്ദേഹം മാർ കൂറിലോസിനെതിരായി വിധി പ്രസ്താവിച്ചു. തൽഫലമായി കൊച്ചിരാജാവു് കൂറിലോസിനെ കൊച്ചിരാജ്യത്തിൽനിന്നും ബഹിഷ്ക്കരിക്കുകയും തീട്ടൂരം പിൻവലിക്കുകയും കൂറിലോസിന്റെ അനുയായികൾക്കു് 18000 പണം പിഴയിടുകയും ചെയ്തു. പിന്നീടുണ്ടായ രാജകീയ വിളംബരത്തിൽ മാർ ദിവന്നാസ്യോസിനെ യാക്കോബായസഭയുടെ പരമാധികാരിയായി അംഗീകരിച്ചു.

കാര്യങ്ങളെല്ലാം അവതാളത്തിലായപ്പോൾ മാർ കൂറിലോസ് ബ്രിട്ടീഷ് മലബാറിലേയ്ക്കു് കടന്നു്, അഞ്ഞൂർ എന്ന സ്ഥലത്തു കുറെ സ്ഥലം വാങ്ങുകയും ഒരു പള്ളിവച്ചു് അവിടത്തെ മെത്രാനാവുകയും ചെയ്തു. 1794-ൽ, അദ്ദേഹം മരിക്കുന്നതിനുമുമ്പു്, സ്വന്തം അനുജനെ കൂറിലോസ് രണ്ടാമൻ എന്ന പേരിൽ അഭിഷേകം ചെയ്തു. ഇദ്ദേഹം 1807-ൽ ചീരൻ കത്തനാരെ പീലക്സിനോസ് ഒന്നാമൻ എന്ന നാമത്തിലും, കിടങ്ങൻ കത്തനാരെ പീലക്സിനോസ് രണ്ടാമൻ എന്ന പേരിലും മെത്രാന്മാരാക്കി. അതേത്തുടർന്നു് കൂറിലോസ് മൂന്നാമൻ, നാലാമൻ, അഞ്ചാമൻ എന്നിങ്ങനെ കൂറിലോസന്മാരുടെ ഒരു നീണ്ട പട്ടികതന്നെയുണ്ടു്. ഇവരെല്ലാം മൂന്നുനാലു ചതുരശ്രമൈലിൽ ഒതുങ്ങുന്ന ഒരു സ്വതന്ത്രരൂപതയുടെ ഭരണാധികാരികളായിരുന്നു. 200 വഷം കഴിഞ്ഞിട്ടും ആ സഭയ്ക്കു് യാതൊരു വിസ്തൃതിയും പുരോഗതിയും ഉണ്ടായിട്ടില്ല. ഈ സ്വതന്ത്ര

www.malankaralibrary.com

സഭ പിന്നാലെ പിരിഞ്ഞുപോയ മാർത്തോമ്മാസഭയുടെ മുന്നോടിയാണെന്നു് വേണമെങ്കിൽ പറയാം. ഇന്നും അവരുടെ ബന്ധുത്വവും ചച്ച്യമെല്ലാം മാർത്തോമ്മാക്കാർ എന്നറിയപ്പെടുന്ന നവീകരണക്കാരോടുതന്നെ.

## വീണ്ടും പുനരൈക്യശ്രമങ്ങൾ

മാർ ദിവന്നാസ്യോസ് ഒന്നാമന് കേരളസുറിയാനി സഭയെ ഒന്നിച്ചുകൊണ്ടുവരുന്നതിൽ തീവ്രമായ ആഗ്രഹമുണ്ടായിരുന്നു. റോമാസിംഹാസനത്തോടു് സ്നേഹബഹുമാനങ്ങളും വിധേയത്വവുമുള്ള ഒരു പാരമ്പര്യമാണല്ലോ കേരളസഭയ്ക്കുണ്ടായിരുന്നതു്. അതുകൊണ്ടു് റോമാസഭയുമായി പുനരൈക്യപ്പെടാതെ കേരളസഭയെ ഒന്നിച്ചുകൊണ്ടുവരുവാനും സമാധാനം നിലനിത്താനും സാദ്ധ്യമല്ലെന്നു് അദ്ദേഹത്തിനു് ബോദ്ധ്യവുമുണ്ടായിരുന്നു. കൂടാതെ സുറിയാനിസഭയിലെ മഹാഭൂരിപക്ഷം ജനങ്ങളും വൈദികരും റോമാസഭയുമായി ഐക്യമുള്ളവരുമായിരുന്നു. അതിനാൽ അദ്ദേഹം പുനരൈക്യത്തിനു് മുൻകൈ എടുത്തു പ്രവർത്തിക്കുകയും അതിനു സന്നദ്ധനാവുകയും ചെയ്തു. പുനരൈക്യത്തിനു് അപേക്ഷിച്ചുകൊണ്ടു് 1771–ൽ അദ്ദേഹം റോമിലേയ്ക്കു് ഒരു അപേക്ഷ അയച്ചു. അതിനു മറുപടിയായി റോമിൽനിന്നുകിട്ടിയ കത്തിൽ അദ്ദേഹത്തെ പ്രോനോട്ടറിയായി (ഉയന്ന മോൺസിഞ്ഞോർ സ്ഥാനം) നിയമിക്കാമെന്നും ആദ്ധ്യാത്മികമായി യാതൊരധികാരങ്ങളും നല്കുകയില്ലെന്നുമാണു് എഴുതിയിരുന്നതു്[1]. അദ്ദേഹം മെത്രാൻപട്ടം സ്വീകരിച്ചതു് 1772–ൽ ആണല്ലോ. അതിനുശേഷവും പുനരൈക്യത്തിനുവേണ്ടി അദ്ദേഹം റോമിലേയ്ക്കു് വീണ്ടും അപേക്ഷകളയച്ചുകൊണ്ടിരുന്നു.

കേരളത്തിലുള്ള യൂറോപ്യൻ മിഷ്യനറിമാരുടെ സാമ്രാജ്യമോഹവും കുതന്ത്രങ്ങളും ഉപജാപവൃത്തിയുംമൂലം റോമായുമായുള്ള പുനരൈക്യത്തിന്റെ കവാടങ്ങൾ അടഞ്ഞുകണ്ടപ്പോൾ അദ്ദേഹം (മാർ ദിവന്നാസ്യോസ്) സാലസ് മെത്രാനും കരിയാററി മല്പാനും ഇതേകാര്യത്തിനുവേണ്ടി കത്തുകളയച്ചു. കരിയാററി മല്പാനുള്ള കത്തിൽ അദ്ദേഹത്തെ കണ്ടു് പുനരൈക്യത്തെപ്പററി സംസാരിക്കുവാൻ ആഗ്രഹിക്കുന്നുവെന്നും ഉടനെ വന്നു് തന്നെ കാണണമെന്നുമായിരുന്നു എഴുതിയിരു

1. State Manual; Mackenzie; Vol. II: P. 209.

www.malankaralibrary.com

ന്നതു്. അതനുസരിച്ചു് കരിയാററി മല്പാൻ, സാലസ് മെത്രാൻെറ അനുമതിയും ഉപദേശവും സ്വീകരിച്ചുകൊണ്ടു് മാർ ദിവന്നാസ്യോസിനെ കാണുവാൻ പുറപ്പെട്ടു. അവിടെ ചെന്നപ്പോഠം, മാർ ദിവന്നാസ്യോസ് പുനരൈക്യത്തിനുവേണ്ടി അന്നേവരെ ചെയ്തിട്ടുള്ള അക്ഷീണപരിശ്രമങ്ങളേയും മിഷ്നറിമാരുടെ നിസ്സഹകരണമനോഭാവത്തേയുംപററി സങ്കടത്തോടെ മല്പാനോടു് പറഞ്ഞു. വികാരവിവശനായ മല്പാൻ എന്തെല്ലാം അപകടസാദ്ധ്യതകളുണ്ടെങ്കിൽത്തന്നെയും, താൻ ഒരിക്കൽക്കൂടി റോമിൽ പോയി, മാർപ്പാപ്പായെയും മററു് അധികാരികളെയും കണ്ടു് പുനരൈക്യത്തിനുള്ള അനുവാദം വാങ്ങാമെന്നു് ദിവന്നാസ്യോസിനു് ഉറപ്പുകൊടുത്തു. മാർ ദിവന്നാസ്യോസിൻെറ മാതൃഗൃഹം ചങ്ങനാശ്ശേരി കല്ലറക്കൽ തരകന്മാരുടെ കുടുംബം ആയിരുന്നു. അദ്ദേഹം മെത്രാനാകുന്നതിനു് മുൻപും പിൻപും ചങ്ങനാശ്ശേരി പള്ളിയിൽ പല പ്രാവശ്യംവന്നു് താമസിച്ചിട്ടുണ്ടു്. ദിവന്നാസ്യോസ്, സാലസ് മെത്രാനു് രണ്ടാമതും ഒരെഴുത്തയച്ചു. ആ കത്തു് ദിവന്നാസ്യോസിൻെറ മാതുലനായ കല്ലറക്കൽ കുഞ്ഞീപ്പത്തരകൻ മുഖേനയാണു് കൊടുത്തയച്ചതു്. ഈ എഴുത്തു് വായിച്ചശേഷം സാലസ്മെത്രാൻ കോപിഷ്ടനാകുകയും ദേഷ്യത്തോടെ തരകനോടു് സംസാരിക്കുകയും ചെയ്തു. എഴുത്തിനു് യാതൊരു മറുപടിയും നല്കിയതുമില്ല. കരിയാററിമല്പാൻെറ ആശ്രയത്തിൽ ആലങ്ങാട്ടു താമസിച്ചിരുന്ന സാലസും വരാപ്പുഴ മിഷ്നറിമാരുടെ കൂടെക്കൂടിയ സാലസും തമ്മിൽ വ്യത്യാസമുണ്ടായിരുന്നു.

കരിയാററിമല്പാൻ അപകടപൂർണ്ണമായ ഒന്നരവഷത്തെ കപ്പൽയാത്രയ്ക്കുശേഷമാണു് റോമിലെത്തിയതു്. മാത്രമല്ല, കേരളസുറിയാനിസഭയുടെ മെത്രാപ്പോലീത്തയായി മടങ്ങിവരികയായിരുന്നു അദ്ദേഹം. എന്നാൽ ഹതഭാഗ്യയായ സുറിയാനിസഭ! കരിയാററിമെത്രാപ്പോലീത്താ യൂറോപ്പിൽനിന്നും മടങ്ങുന്നവഴി ഗോവയിൽവെച്ചു് സംശയജനകമായ സാഹചര്യങ്ങളിൽ 1786-ൽ അകാലചരമം പ്രാപിച്ചു. മാർ ദിവന്നാസ്യോസിൻെറ പുനരൈക്യത്തിനുവേണ്ടി കരിയാററി മെത്രാപ്പോലീത്താ റോമിൽനിന്നുകൊണ്ടുവന്ന കല്പനയും അതോടെ നിഷ്ഫലമായിപ്പോയി.

വൈദികലോകത്തിലായാലും ഭൗതികലോകത്തിലായാലും സാമ്രാജ്യമോഹികഠംക്കു് പ്രിയങ്കരമായ ഒരു തത്വമുണ്ടു്.

www.malankaralibrary.com

അതാണ് ഭരിക്കാൻ അവകാശമുള്ളവൻ തങ്ങളും ഭരിക്കപ്പെടേണ്ടവർ മററുള്ളവരും. ഏഷ്യയിൽ നിലനിന്നിരുന്ന യൂറോപ്യൻ 'കൊളോണലിയസ'ത്തിൻെറ അടിസ്ഥാനതത്വം അതായിരുന്നു. വൈദികമണ്ഡലത്തിലും അതു വ്യത്യസ്തമായിരുന്നില്ല. തങ്ങളുടെ അധികാരവും പ്രതാപവും നിലനിത്താൻ വേണ്ടി യൂറോപ്യൻ മിഷ്നറിമാർ കേരളക്കരയിലും ഏഷ്യയുടെ മററുഭാഗങ്ങളിലും ചെയ്തിട്ടുള്ള ക്രൂരമായ പേക്കൂത്തുകൾ അതിനു ദൃഷ്ടാന്തങ്ങളാണ്. തങ്ങളുടെ അധികാരം നിലനിത്തുവാൻ കളവും ചതിയും മർദ്ദനവും കൊല തന്നെയും ഉപയോഗിച്ച സന്ദർഭങ്ങൾ വിരളമല്ല. നാട്ടുകാരെ അധികാരത്തിൽ കാണുമ്പോൾ മിഷ്നറിമാക്ക് അടക്കാനാവാത്ത അസൂയയും അമർഷവും ഉണ്ടാവുക പതിവായിരുന്നു. മഞ്ഞക്കണ്ണാടിയിൽ കൂടിയായിരുന്നു അവർ നാട്ടുകാരെ കണ്ടതു്.

അതിൻെറ ഒരു ദൃഷ്ടാന്തമാണ് മാർ ദിവന്നാസ്യോസിനെ സന്ദർശിച്ചതിനെപ്പററി ഫാ. പൗളിൻെറ അഭിപ്രായം. ഫാ. പൗളിൻെറ നോട്ടത്തിൽ മറേറതൊരു പൌരസ്ത്യമെത്രാനെയുംപോലെ മാർ ദിവന്നാസ്യോസ് അണിഞ്ഞിരുന്ന ഔദ്യോഗികവേഷം ഹാസ്യജനകമായിരുന്നു2. അതിൽ തെററില്ലായിരിക്കാം. എന്നാൽ പുനരൈക്യത്തെപ്പററി പൗളിനോട്ട് വളരെ വൈദികരുണ്ടായിരുന്ന ആ സദസ്സിൽവച്ച് യാതൊന്നും സംസാരിക്കാഞ്ഞതിൽ അദ്ദേഹം കുററക്കാരനല്ല. മൃദുലവും സങ്കീർണ്ണവുമായ പുനരൈക്യപ്രശ്നം ചർച്ചചെയ്യാവുന്ന രംഗമല്ലായിരുന്നു അതു്. ദിവന്നാസ്യോസ് കുശാഗ്രബുദ്ധി ആയിരുന്നുവെന്ന് ഫാ. പൗളിൻ സമ്മതിക്കുന്നുണ്ട്. എന്നാൽ ''കൊമ്പു കണ്ടപ്പോൾ മൃഗത്തെ മനസ്സിലായി ധൃതിയിൽ പോന്നു''വെന്നു പറയുന്ന ഭാഗം സംസ്ക്കാരത്തിൻെറ അഭാവമല്ലെങ്കിൽ, മുരടിച്ച മുൻവിധിയുടെയും കടുത്ത ജാതിസ്പർദ്ധയുടെയും പ്രതിഫലനമാണ്.

1782 ലും ദിവന്നാസ്യോസിൻെറ പുനരൈക്യത്തെപ്പററി കൊച്ചിമെത്രാൻ ആലോചന നടത്തിയതാണ്. എന്നാൽ അന്നു്, നിയമവിരുദ്ധമായും ബലംപ്രയോഗിച്ചും നടത്തിയ ഉദയംപേരൂർ സൂനഹദോസിൻെറ നിശ്ചയങ്ങൾ സ്വീകരിക്കുവാൻ ദിവന്നാസ്യോസ് തയ്യാറല്ലായിരുന്നു. നീണ്ടുനിന്ന വാദപ്രതിവാദങ്ങൾക്കുശേഷം, ഒടുവിൽ അദ്ദേഹം ഉദയം

2. Brown: P. 124–25.

www.malankaralibrary.com

പേരുർ നിശ്ചയങ്ങൾ സ്വീകരിച്ചു. അപ്പോൾ കൊച്ചിമെത്രാന്റെയും കൂട്ടരുടെയും പിടിവാദം നിശ്ചയങ്ങൾ സ്വീകരിച്ചതു് ആത്മാർത്ഥമായിട്ടല്ലായിരുന്നുവെന്നാണു്. ഈ ആത്മാർത്ഥത നിശ്ചയിക്കുവാൻ പരദേശികൾക്കുണ്ടായിരുന്ന സൂക്ഷ്മദർശിനി ഏതാണാവോ!

കരിയാററി മെത്രാപ്പോലീത്തായുടെ മരണത്തോടുകൂടി പുനരൈക്യശ്രമങ്ങൾ മരിച്ചില്ല. രണ്ടായി പിളർക്കപ്പെട്ട സുറിയാനിസഭയുടെ അന്തരാത്മാവു് ഒന്നായിത്തീരുവാൻ വെമ്പൽകൊള്ളുകയായിരുന്നു. ദിവന്നാസ്യോസ് ഭഗ്നാശനായില്ല. അദ്ദേഹം പുനരൈക്യശ്രമങ്ങൾ തുടർന്നുകൊണ്ടിരുന്നു. ഇത്തവണ അദ്ദേഹത്തോടുകൂടി സഹകരിക്കുവാൻ കൊടുങ്ങല്ലൂർ ഗവർണദോറായ പാറേമ്മാക്കൽ തോമ്മാകത്തനാരും സമുദായനേതാവായ മാത്തുതരകനും മററു ചിലരും ഉണ്ടായിരുന്നു. എന്നാൽ പുനരൈക്യത്തിന്റെ താക്കോലുകൾ കൈയടക്കിവച്ചിരുന്നതു്, കൊച്ചിയിലേയും വരാപ്പുഴയിലേയും പരദേശമെത്രാന്മാരാണു്. അവരുടെ ആനുകൂല്യം കൂടാതെ യാതൊന്നും ചെയ്യുവാൻ നിവ്വാഹമില്ലായിരുന്നു. ആനുകൂല്യം കിട്ടുവാനും പ്രയാസമുണ്ടായിരുന്നു. അതിന്റെ കാരണം നാട്ടുമെത്രാന്മാർ വന്നാൽ പരദേശമെത്രാന്മാർ ഭാണ്ഡംകെട്ടി പുറപ്പെടണമെന്ന ഭീതിതന്നെ. 1796–ൽ കൊച്ചിമെത്രാന്റെ സാന്നിദ്ധ്യത്തിൽ സുറിയാനിസമുദായപ്രേമികൾ സംബന്ധിച്ച ഒരു യോഗം നടന്നു. ഇരുഭാഗത്തേയും സുറിയാനിസമുദായപ്രതിനിധികൾ അതിൽ സംബന്ധിച്ചിരുന്നു. ദിവന്നാസ്യോസിനെ കത്തോലിക്കാസഭയിൽ സ്വീകരിക്കുവാൻ കരിയാററി മല്പാൻ കൊണ്ടുവന്ന കല്പനയെ ആസ്പദമാക്കിയായിരുന്നു ചർച്ചകൾ. എന്നാൽ കൊച്ചിമെത്രാൻ അതിനെ അനുകൂലിക്കായ്കയാൽ യോഗം നിഷ്ഫലമായി ഭവിച്ചു.

1799 ജൂൺ 22–ാം തീയതി മാർ ദിവന്നാസ്യോസും അദ്ദേഹത്തിന്റെ കീഴിലുള്ള വൈദികപ്രമുഖരും പഴയകൂററുകാരുടെ ഭാഗത്തുനിന്നു് ഗവർണദോർ പാറേമ്മാക്കലും തച്ചിൽ മാത്തുതരകനും അവരുടെ പ്രമുഖരായ വൈദികരും അല്മായരായ പ്രതിനിധികളും പണ്ടാരി പൗലൂസ്മെത്രാൻ, കട്ടക്കയം എബ്രാഹാം മല്പാൻ, കല്ദായ പാത്രിയക്കീസിന്റെ പ്രതിനിധിയായ ഒരു ബാബിലോണിയൻ വൈദികൻ എന്നിവരുടെ സാന്നിദ്ധ്യത്തിൽ തത്തമ്പള്ളി, മാർ മിഖായേലിന്റെ ദേവാലയത്തിൽവച്ചു് ഊർബൻ എട്ടാമൻ മാർപ്പാപ്പായുടെ സത്യ

www.malankaralibrary.com

വിശ്വാസപ്രതിജ്ഞ ചൊല്ലിക്കൊണ്ടും ഉദയംപേരൂർ സൂനഹദോസിൻെറ നിശ്ചയങ്ങൾ സ്വീകരിച്ചുകൊണ്ടും മാർ ദിവന്നാസ്യോസ് പുനരൈക്യപ്പെട്ടു. വിദേശമിഷ്നറിമാർ പുനരൈക്യത്തിൽ പറയത്തക്ക യാതൊരു താല്പര്യവും പ്രകടിപ്പിച്ചില്ല.

കത്തോലിക്കാസഭയോട് പുനരൈക്യപ്പെടുന്നതിനു് മറെറാരുപാധിയായി മിഷ്നറിമാർ കരുതിയിരുന്നതു്, പുളിക്കാത്ത അപ്പം ഉപയോഗിച്ചുള്ള കുർബാനയാണു്. ക്രിസ്തു പഠിപ്പിച്ച തത്വങ്ങൾക്കും മനുഷ്യരക്ഷയ്ക്കും എത്രയോ അവശ്യഘടകമായിട്ടാണു് മിഷ്നറിമാർ പുളിക്കാത്ത അപ്പത്തെ കരുതിയിരുന്നതു്!! മാർ ദിവന്നാസ്യോസ് പുളിക്കാത്ത അപ്പമുപയോഗിച്ചു് കുർബ്ബാന ചൊല്ലുകയും ചെയ്തു. അതോടെ, അദ്ദേഹത്തിൻെറ അനുയായികളിൽ അനേകംപേർ അദ്ദേഹത്തെ ഉപേക്ഷിച്ചുവെന്നു് ഡോ. ബ്രൗൺ പറയുന്നു[3].

മാർ ദിവന്നാസ്യോസ് വിയോജിതസഭയിലേയ്ക്കു് തിരികെ പോവുകയാണെങ്കിൽ ഗവണ്മെൻറിലേയ്ക്കു് ഒരു പിഴ പ്രായശ്ചിത്തമായി കെട്ടിവയ്ക്കാമെന്നു് അദ്ദേഹം സമ്മതിച്ചിരുന്നു. മാർ ദിവന്നാസ്യോസിൻെറ പുനരൈക്യം വരാപ്പുഴക്കാർക്കു് വിരസവും അരോചകവുമായിരുന്നു. അതിൻെറ കാരണം, കേരളസുറിയാനിക്കാരനായ മാർ ദിവന്നാസ്യോസ് മെത്രാനായി കത്തോലിക്കാസഭയിൽ സ്വീകരിക്കപ്പെട്ടാൽ, നാട്ടുമെത്രാന്മാരുടെ ഒരു പരമ്പര ആരംഭിക്കുകയും വിദേശികളായ വരാപ്പുഴക്കാരുടെയും മററും ഭരണാധികാരം അവസാനിക്കുമെന്നുമായിരുന്നു അവക്കുണ്ടായിരുന്ന നീറുന്ന ഭയം. തന്മൂലം, കേരളസഭയിലെ പ്രാധാന്യമേറിയ ഈ പുനരൈക്യം വരാപ്പുഴ മിഷ്നറിമാർ പരിപൂർണ്ണമായി അവഗണിച്ചു. റോമാ ഈ പുനരൈക്യസംഭവം അറിഞ്ഞിരുന്നില്ലെന്നും, അറിഞ്ഞിരുന്നെങ്കിൽ സുറിയാനിസഭാചരിത്രത്തിൻെറ ഗതി സന്തോഷപ്രദമായ മറെറാരു വിധത്തിലാകുമായിരുന്നുവെന്നുമാണു് ഫാ. പ്ലാസിഡിൻെറ അഭിപ്രായം. അദ്ദേഹം തുടന്നു പറയുന്നു. മാർ ദിവന്നാസ്യോസിൻെറ മെത്രാൻപട്ടം സാധുവല്ലായിരുന്നെങ്കിൽ, അദ്ദേഹത്തിനു് മെത്രാൻപട്ടം കൊടുക്കുവാൻ റോമാ സന്നദ്ധമാകുമായിരുന്നു. എന്നാൽ ഈ മിഷ്നറിമാരാണു്, മാർ ദിവന്നാസ്യോസിൻെറ മെത്രാൻപട്ടത്തെപ്പററി അനേകം

3. Brown: P: 124.

www.malankaralibrary.com

പ്രശ്നങ്ങരം ഉന്നയിച്ചുകൊണ്ടിരുന്നതു്. മാർ ദിവന്നാസ്യോസിൻെറ പുനരൈക്യാവസരത്തിൽ ബാബിലോണിയൻ പാത്രിയർക്കിസിൻെറ അധികാരത്തെ ഏററുപാടിയിരുന്ന പണ്ടാരിയുടേയും വരാപ്പുഴക്കാക്ഷിഷ്ടമില്ലായിരുന്ന മററു ചിലരുടേയും സാന്നിദ്ധ്യം അവസാനമായി റോമിൽ കിട്ടിയ വിവരങ്ങളിൽ ചിന്താക്കുഴപ്പമുണ്ടാക്കി4.

ഏതായാലും ആറുമാസം കഴിഞ്ഞപ്പോരം, മാർ ദിവന്നാസ്യോസ് യാക്കോബായ സഭയിലേയ്ക്കു് തിരിച്ചുപോയി. തന്മൂലം ഇരുപതിനായിരം രൂപാ പിഴ കെട്ടേണ്ടിവന്നു, അവയിൽ അയ്യായിരം രൂപ അദ്ദേഹത്തിൻെറ സ്ഥാവരജംഗമവസ്തുക്കരം വിററാണുണ്ടാക്കിയതു്. ബാക്കിയുള്ളതു് പിന്നാലെ അടച്ചു. മാത്തുതരകൻെറ പ്രേരണയാലാണു് കോടതിനടപടികരം ഉണ്ടായതെന്നുള്ള ധാരണയിലാണു് അദ്ദേഹത്തെ കരിതേയ്ക്കുവാൻ ചിലർ ശ്രമിക്കുന്നതിൻെറ കാരണമായി പറയുന്നതു്. ഏതായാലും, ഈ പിഴകെട്ടലിൻെറ ഉടമ്പടി വളരെ നിർഭാഗ്യകരമായിപ്പോയി. സുറിയാനി സൗഭ്രാത്വത്തിൻെറ ആത്മാർത്ഥതയിൽ ഈ ഉടമ്പടി ക്ഷതമേല്പിച്ചുവെന്നതിൽ യാതൊരു സംശയവുമില്ല. സുറിയാനിക്കാർ ഒന്നടങ്കം ഒത്തു തള്ളിയാലും നീങ്ങുന്നതായിരുന്നില്ല സഭയിലെ പിളർപ്പിൻെറ പവ്വതം. അതിനുവേണ്ടിയിരുന്നതു് മിഷ്നറിമാരുടെ ചെറുവിരൽ മാത്രമായിരുന്നു. ഈ മിഷ്നറിമാരായിരുന്നല്ലോ, റോമൻക്കുറിയായുടെ തീരുമാനങ്ങളിൽ, നിർണ്ണായകസ്വാധീനം ചെലുത്തിയിരുന്നതു്. അധികാരം ഒരിക്കലും ആത്മഹത്യചെയ്യാറില്ലല്ലോ – മിഷ്നറിമാരുടെ അധികാരം പ്രത്യേകിച്ചും. മാർ ദിവന്നാസ്യോസ് യാക്കോബായ സഭയിലേയ്ക്കു് തിരികെ പോയശേഷം, അദ്ദേഹം നിരാശാഭരിതനായി, ശിഷ്ടകാലം കഴിച്ചുകൂട്ടി.

## വിദേശിയരായ രണ്ടു വിശിഷ്ടാതിഥികൾ

ഇക്കാലത്താണു് (1806) ക്ലോഡിയസ് ബുക്കാനൻ എന്നൊരു ഇംഗ്ലീഷ് പ്രോട്ടസ്റ്റൻറു് മിഷ്നറി കേരളത്തിലേക്കു് വരുന്നതു്. ദിവന്നാസ്യോസ് ബുക്കാനനു് എഴുതിക്കൊടുത്ത ഒരു രേഖയെപ്പററി ബുക്കാനൻ തൻെറ Christian Researches in Asia എന്ന പുസ്തകത്തിൽ പറയുന്നു, "ആംഗ്ലിക്കൻ സഭയുമായിട്ടുള്ള ഒരു യോജിപ്പ് അഥവാ ഇന്ത്യയിലെ

4. Placid: P. 180.

www.malankaralibrary.com

ക്രൈസ്തവസഭയ്ക്കു് സഹായകരമാകുന്ന ഒരു ബന്ധം ഉണ്ടാകുന്നതു് നല്ലതാണു്''5. ബൈബിൾ മലയാളത്തിലാക്കുന്നതിൽ ബുക്കാനൻ പ്രേരണയും പ്രോത്സാഹനവും നല്കി. ആയിരം കൊല്ലങ്ങളായി കേരളത്തിലുപയോഗിച്ചിരുന്നതും കല്ദായലിപികളിൽ തുകലിൽ എഴുതിയിട്ടുള്ളതുമായ ഒരു വേദപുസ്തകം ദിവന്നാസ്യോസ് ബുക്കാനനു് കൊടുത്തു. ബുക്കാനൻ അതിന്റെ മലയാളവിവർത്തനം 1811-ൽ ബോംബെയിൽ അച്ചടിപ്പിച്ചിറക്കി. ഇക്കാലത്തു്, യാക്കോബായ സഭയും ആംഗ്ലിക്കൻ സഭയും യോജിക്കുന്നതിനുള്ള പല ആലോചനകളും നടന്നു.

കേരളത്തിൽ കുറെക്കാലം താമസിച്ചു്, വിയോജിതസഭാനേതാക്കന്മാരുമായി പല ചർച്ചകളും നടത്തിയ ബുക്കാനൻ പ്രാധാന്യമേറിയ ഒരു ചോദ്യം ഉന്നയിക്കുന്നുണ്ടു്. കേരളത്തിൽ യാക്കോബായവിശ്വാസവും യാക്കോബായക്കാരും ഉണ്ടോ? അപ്പോഴേക്കും യാക്കോബായമെത്രാന്മാർ കേരളത്തിൽ വന്നിട്ടും അവരുടെ ഭരണം ആരംഭിച്ചിട്ടും നൂറിൽപ്പരം വർഷങ്ങൾ കഴിഞ്ഞിരിക്കുന്നു. യാക്കോബായക്കാരെ തിരിച്ചറിയുന്നതു് ഏകസ്വഭാവവിശ്വാസംമൂലമാണല്ലോ. ബുക്കാനൻ വൈദികപ്രമുഖരുമായി സംസാരിച്ചിട്ടു് അവർക്കു് ആ വിശ്വാസം ഉള്ളതായി കണ്ടില്ല. എന്നിട്ടു്, അദ്ദേഹം പറയുന്നു, ''ഇംഗ്ലണ്ടിലെ സാധാരണ മനുഷ്യർക്കു് എവുത്തിക്കസ്സി (ഏകസ്വഭാവവാദി) നെപ്പററി അറിയാവുന്നിടത്തോളമത്രെ, ഈ യാക്കോബായക്കാർക്കും അറിഞ്ഞുകൂട്ടു''6. ഇന്നും അതു് വാസ്തവമല്ലേ? പിന്നെ എവിടെ യാക്കോബായ വിശ്വാസം? എവിടെ യാക്കോബായ സഭ? ഒന്നാം മാർത്തോമ്മായുടേയും ആഞ്ഞിലിമൂട്ടിൽ ഇട്ടിത്തൊമ്മൻ കത്തനാരുടേയും യഥാർത്ഥ പിൻഗാമികളായി ഇന്നു നാം കാണുന്നതു് വിയോജിതരായ ഓർത്തഡോക്സുകാരെയാണു്.

മലങ്കരയാക്കോബായസഭയുടെ മെത്രാപ്പോലീത്ത ആയിരുന്ന വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ് എഴുതിയ ''സുറിയാനി സത്യവിശ്വാസസഭയുടെ മതോപദേശസാരങ്ങൾ'' എന്ന ഗ്രന്ഥത്തിൽ7 ചേർത്തിരിക്കുന്നതു് എല്ലാ ക്രൈസ്തവ

5. P. 164-67.
6. Ibid, P. 161.
7. Edtion 1964, P. 46.

www.malankaralibrary.com

സഭകളും സ്വീകരിച്ചിട്ടുള്ള കല്ക്കദോനിയാ[8] സൂനഹദോസിലെ വിശ്വാസമാണു്, ''....താൻ (പുത്രനായ ദൈവം) ഒരു മനുഷ്യനായി തീർന്നുവെന്നുള്ളതു് കന്യകയിൽനിന്നും ജനിച്ച ഒരു നീതിയുള്ള മനുഷ്യനിൽ വസിച്ചു എന്നല്ല, എന്നാലോ, സാക്ഷാൽ ദൈവമായ താൻ പുരുഷസംബന്ധം കൂടാതെ ശുദ്ധമുള്ള റൂഹായിൽ കന്യകയിൽനിന്നും ജന്മമെടുത്തു് സാക്ഷാൽ മനുഷ്യനായിത്തീരുകയും, ദൈവസ്വഭാവം ഭേദപ്പെട്ടു് മനുഷ്യസ്വഭാവമായിത്തീരുകയോ, തമ്മിൽ സമ്മിശ്രപ്പെടുകയോ, കൂടികലർന്നു് വേറൊരു വസ്തുവായിത്തീരുകയോ, ഒന്നിനാൽ ഒന്നു നശിച്ചുപോകയോ ചെയ്യാതെ ദൈവത്വവും മനുഷ്യത്വവും എന്ന രണ്ടു സ്വഭാവങ്ങൾ ഒരിക്കലും വേർതിരിയപ്പെടാത്തപ്രകാരം ദൈവത്വത്തിന്റെയും പാപം ഒഴികെ മനുഷ്യത്വത്തിന്റെയും പൂർണ്ണലക്ഷണങ്ങളോടുകൂടി യോജിപ്പിക്കപ്പെടുകയും ചെയ്തു........'' ഇത്രയും കല്ക്കദോനിയിലെ പ്രഖ്യാപിത വിശ്വാസസത്യം പാരമ്പര്യമുള്ള എല്ലാ ക്രൈസ്തവവിഭാഗങ്ങളും സ്വീകരിക്കുന്നതു തന്നെ. കല്ക്കദോനിയാ സൂനഹദോസിലെ ആ വിശ്വാസസത്യപ്രഖ്യാപനത്തിന്റെ ഇംഗ്ലീഷു വിവർത്തനമാണു് താഴെ കൊടുത്തിരിക്കുന്നതു്.

"Therefore, following the holy Fathers, we all with one accord teach men to acknowledge one and the same Son, our Lord Jesus Christ at once complete in Godhead and complete in manhood, truly God and truly man, consisting also of reasonable soul and body; and of one substance with the Father as regards his Godhead, and at the same time of one substance with regards his manhood begotten for us men and for our salvation, of Mary the Virgin, the God-bearer (Theothokos); one and the same Christ, Son, Lord, Only-begotten, recognised in TWO NATURES WITHOUT CONFUSION, WITHOUT CHANGE, WITHOUT DIVISION, WITHOUT SEPERATION; the distinction of natures in no way annulled by the union, but rather the characteristics of each nature being preserved and coming together to form one person and subsistence not as parted or seperated into two persons, but one and the same Son, and Only-begotten God the Word Lord Jesus Christ; even as the prophets from earliest times spoke of him, and our Lord Jesus Christ himself taught us, and the creed of the Fathers has handed down to us[9].

8. Documents of the Christtian Church, Chalcedon, A. D. 451.
9. The World Classics, 5th edition, 1953, P. 73.

www.malankaralibrary.com

എന്നാൽ മതോപദേശസാരങ്ങളിൽ തുടർന്നുപറയുന്നു, ‘‘യോജിപ്പിന്റെശേഷം, രണ്ടു സ്വഭാവങ്ങളായോ രണ്ടു ക്നൂമ്മാകളായോ (ആളുകൾ – person) വേർതിരിയപ്പെടാവുന്നതല്ല. എന്നാലോ ഏകസ്വഭാവവും ഏകആളും ഏകപർസൂപ്പായും (മുഖം) ഏകഇഷ്ടവും ഏകവ്യാപാരവും അത്രെ. താൻ പൂർണ്ണദൈവവും പൂർണ്ണമനുഷ്യനും ആകുന്നു’’10.

ഈ ഭാഗത്തു കൊടുത്തിരിക്കുന്ന പലതും അവ്യക്തവും ബുദ്ധിക്കും യുക്തിക്കും ചേരാത്തതുമാണെന്നു സ്വയംസിദ്ധമാണല്ലോ. ദൈവസ്വഭാവവുമല്ല, മനുഷ്യസ്വഭാവവുമല്ല, രണ്ടും കൂടെ ചേർന്നൊരു സ്വഭാവവുമല്ല: പിന്നെയുള്ള നാലാമതൊരു സ്വഭാവം എവിടെനിന്ന്? തീർത്തും അഗ്രാഹ്യംതന്നെ. അങ്ങനെ സുവിശേഷത്തിലോ മനുഷ്യബുദ്ധിയുടെ യുക്തിപൂർവ്വമായ നിഗമനത്തിലോ കാണുവാൻ കഴിയുന്നില്ല. ‘‘ഏകഇഷ്ടം (Monothalitism) നാലാമതൊരു സ്വഭാവത്തിന്റെ നിഗമനമായിരിക്കാം. അതും സാർവ്വത്രികസഭ മൂന്നാം കോൺസ്റ്റാൻറിനോപ്പിൾ (A. D. 680) സുനഹദോസിൽവച്ച് ശപിച്ചിട്ടുള്ളതാണ്.

## റവ. റിച്ചാർഡ് കേർ

കേരളത്തിലെ സുറിയാനിസമുദായത്തിന്റെ സ്ഥിതിവിവരങ്ങൾ സൂക്ഷ്മമായി പഠിച്ച് റിപ്പോർട്ടു സമർപ്പിക്കുവാൻ മദ്രാസ് ഗവർണരായിരുന്ന വെല്ലിംങ്ടൻ പ്രഭുവിനാൽ അയയ്ക്കപ്പെട്ട ആളായിരുന്നു റവ. കേർ. ആ റിപ്പോർട്ടിൽ സുറിയാനിക്കാരുടെ കുലീനത്വത്തേയും സംസ്ക്കാരത്തേയുംപററി സ്തുതിച്ചുപറഞ്ഞിട്ടുണ്ട്.

## മാർത്തോമ്മാ ഏഴാമൻ 1808–1809

1796–ൽതന്നെ ദിവന്നാസ്യോസ് തന്റെ അനന്തരവനായ മാത്തൻകത്തനാരെ തന്റെ പിൻഗാമിയായി അഭിഷേകം ചെയ്തു. അദ്ദേഹമാണ്, മാർത്തോമ്മാ ഏഴാമനായിത്തീർന്നത്. രോഗിയായിരുന്ന അദ്ദേഹം 1809–ൽ നിര്യാതനായി. അതേത്തുടർന്ന് സഭാവഴക്കുകൾ വീണ്ടും ആരംഭിച്ചു. അദ്ദേഹത്തിന്റെ കാലത്തു റസിഡൻറായിരുന്ന കേണൽ മെക്കാളെ സുറിയാനി സമുദായത്തിനുവേണ്ടി 3000 പൂവരാഹൻ ഒരു

10. മതോപദേശസാരങ്ങൾ, P. 7.

www.malankaralibrary.com

നിധിയായി ഈസ്ററിഡ്യാകമ്പനിയിൽ നിക്ഷേപിച്ചു. ഇതാണ് വിയോജിതസുറിയാനിക്കാരുടെ ചോരയും നീരും മാത്രമല്ല ആത്മചൈതന്യവും ഊററിയെടുത്ത വട്ടിപ്പണക്കേസിൻെറ നിദാനം.

ഇക്കാലത്തു് അപ്രതീക്ഷിതമായും ആകസ്മികമായും തങ്ങളുടെ കയ്യിൽ കിട്ടിയ നിധി ഉപേക്ഷിച്ചുകളയുവാൻ അന്ത്യോക്യാമെത്രാന്മാർ തയ്യാറായില്ല. കേരളത്തിലെ യാക്കോബായ സഭയിൽ ഒന്നാം ദിവന്നാസ്യോസ് തുടങ്ങിവെച്ച സ്വതന്ത്രഭരണം തങ്ങളുടെ ആദായത്തിൻെറ നീച്ചാല്യകം വററിച്ചു കളയുമെന്നു് അവർ ഭയപ്പെട്ടു. വെറും കാഴ്ചക്കാരായി കൈയും കെട്ടിയിരിക്കാൻ അവർ തയ്യാറല്ലായിരുന്നു. 1807–ൽ മാർ ദിയസ്ക്കോറസ് എന്നൊരു മെത്രാൻ അന്ത്യോക്യായിൽ നിന്നും കേരളത്തിലെത്തി. അദ്ദേഹം കണ്ടനാട്ടെത്തി മാർ ദിവന്നാസ്യോസിൻെറ അതിഥിയായി താമസിച്ചു. അദ്ദേഹം തൻെറ മുൻഗാമികളെപ്പോലെ യാക്കോബായ വൈദികരിൽനിന്നു് പണം ബലമായി പിടിച്ചെടുക്കുകയും മാർ ദിവന്നാസ്യോസുമായി ശണ്ഠകൂടുകയും ചെയ്തുവെന്നു് Dr. Brown പറയുന്നു[11]. പള്ളികളിൽനിന്നും അദ്ദേഹം ധാരാളം പണം അപഹരിച്ചു. ഒടുവിൽ ഗവണ്മെൻറ് ഇടപെട്ടു്, 1807–ൽ അദ്ദേഹത്തെ ആലപ്പുഴ തടങ്കലിൽ കുറേക്കാലം താമസിപ്പിക്കുകയും, പിന്നെ കപ്പൽകയററി ശീമയിലേയ്ക്കു് അയയ്ക്കുകയും ചെയ്തു.

പതിനാറാം നൂററാണ്ടിൻെറ ആരംഭം മുതൽ പതിനേഴാം നൂററാണ്ടിൻെറ മദ്ധ്യംവരെയാണ് പോർച്ചുഗീസ് ആധിപത്യം കേരളത്തിൽ നിലനിന്നിരുന്നതു്. പതിനേഴാം നൂററാണ്ടിൻെറ മദ്ധ്യം മുതൽ പത്തൊൻപതാം നൂററാണ്ടുവരെയുണ്ടായിരുന്നതു് ഡച്ചുഭരണമാണ്. ഡച്ചുകാരുടെ വകയായിരുന്ന കൊച്ചി, ഇംഗ്ലീഷുകാർ 1798–ൽ പിടിച്ചെടുത്തതോടുകൂടി കേരളക്കരയിൽ ബ്രിട്ടീഷ്ഭരണം ആരംഭിച്ചു. ബ്രിട്ടീഷ് മേൽക്കോയ്മയുടെ കാര്യങ്ങൾ നോക്കുന്നതിനുവേണ്ടി തിരുവിതാംകൂർ കൊച്ചി സംസ്ഥാനങ്ങൾക്കു് ഒരു ബ്രിട്ടീഷ് റസിഡൻറുമുണ്ടായി.

പോർച്ചുഗീസ്ഭരണം കേരളസഭയെ സംബന്ധിച്ചിടത്തോളം ക്രൂരമായ പീഡനത്തിൻെറ കാലഘട്ടമായിരുന്നു.

11. P. 126

www.malankaralibrary.com

ഡച്ചുകാർ പ്രോട്ടസ്റ്റൻറുകാരായിരുന്നെങ്കിലും, പൊതുവേ പറഞ്ഞാൽ, അവർ മതസഹിഷ്ണതയുടെ നയമാണ് സ്വീകരിച്ചിരുന്നതു്. എങ്കിലും യൂറോപ്യൻമാർ എന്ന നിലയിൽ വരാപ്പുഴ മിഷ്നറിമാരുടെ പ്രേരണയ്ക്കു വഴിപ്പെട്ടു്, കേരള സുറിയാനിക്കാരെ ഉപദ്രവിക്കാതിരുന്നില്ല. ഡച്ചുഭരണകാലത്തു് മൂന്നു തരത്തിലുള്ള പീഡനങ്ങളാണു് സുറിയാനിസഭ സഹിക്കേണ്ടിവന്നതു്. മൂന്നിൻെറയും കാരണക്കാർ വരാപ്പുഴയിലെ കർമ്മലീത്താമിഷ്നറിമാരായിരുന്നു, ഒന്നാമതായി, നേരിട്ടുള്ള പീഡനങ്ങൾ; അതിൽ കൊലയും ദേഹോപദ്രവങ്ങളും ഉൾപ്പെട്ടിരുന്നു. രണ്ടാമതായി, ഡച്ചു് മേൽക്കോയ്മ മുഖേന നടത്തിയ ഉപദ്രവങ്ങൾ. മൂന്നാമതായിട്ടുള്ള പീഡനങ്ങൾ സുറിയാനിക്കാർക്കുണ്ടായതു് നാട്ടുരാജാക്കന്മാരിൽനിന്നും ഹിന്ദുപ്രമാണികളിൽനിന്നുമാണു്. ധാരാളം പണവും വിലയേറിയ സമ്മാനങ്ങളും വരാപ്പുഴ മിഷ്നറിമാരിൽനിന്നും വാങ്ങിക്കൊണ്ടു്, അവരുടെ ഇംഗിതംപോലെ പ്രവർത്തിക്കുവാൻ നാട്ടുരാജാക്കന്മാരും പ്രമാണികളും സന്നദ്ധരായി. മറെറാരു ഭാഗത്തുനിന്നും കേരളസഭയ്ക്കു് പീഡനങ്ങളും ഉപദ്രവങ്ങളും ഉണ്ടായിട്ടുണ്ടു്. അതാണു് മഹമ്മദീയരുടേതു്. കുരിശുയുദ്ധങ്ങളുടെയും പരസ്പരാക്രമണങ്ങളുടേയും പശ്ചാത്തലത്തിൽ, മഹമ്മദീയർ കേരളസുറിയാനിക്കാരെ ആജന്മശത്രുക്കളായി കരുതി. കുരുമുളകു് ഏലം മുതലായവയുടെ വിദേശവിപണിയിൽ മദ്ധ്യവർത്തികളായ മഹമ്മദീയരെ മാററി, അവരുടെ സ്ഥാനത്തു് പോർച്ചുഗീസ് കച്ചവടക്കാരെ സ്വീകരിച്ചപ്പോൾ, കേരള ക്രിസ്ത്യാനികളോടുള്ള മഹമ്മദീയ ശത്രുത വർദ്ധിക്കുകയും ചെയ്തു.

www.malankaralibrary.com

## മുപ്പതാം അദ്ധ്യായം

# ബ്രിട്ടീഷുഭരണവും വിയോജിതസഭയും

ബ്രിട്ടീഷ്മേൽക്കോയ്മ നാട്ടിൽ വന്നതോടുകൂടി യൂറോപ്യൻ പീഡനങ്ങൾക്കും നാട്ടുരാജാക്കന്മാരുടെ ഞെരുക്കങ്ങൾക്കും മദ്ധ്യേ കഴിഞ്ഞിരുന്ന ക്രിസ്ത്യൻജനങ്ങൾക്ക് ശ്വാസം വിടാമെന്ന നിലയായി. ജനാധിപത്യതത്വങ്ങളിൽ അധിഷ്ഠിതമായ ബ്രിട്ടീഷ്ഭരണം അതിനെ സഹായിക്കുകയും ചെയ്തു. എങ്കിലും ഭൂരിപക്ഷം സുറിയാനിക്കാരും കത്തോലിക്കരായിരുന്നതുകൊണ്ട്, ബ്രിട്ടീഷ്ഭരണത്തിലെ പ്രോട്ടസ്റ്റൻറ് മുള്ളുകളുടെ മൂർച്ചയും വേദനയും അറിയാതിരുന്നില്ല.

ഇംഗ്ലണ്ട് ഒരു ക്രിസ്ത്യൻ രാജ്യമാണല്ലോ. അവിടെനിന്നും ഉദ്യോഗസ്ഥന്മാരായും അനുദ്യോഗസ്ഥന്മാരായും വന്നിട്ടുള്ള ഇംഗ്ലീഷുകാർക്ക് വിദൂരമായ ഏഷ്യാഭൂഖണ്ഡത്തിൻെറ ഒഴിഞ്ഞ കോണിൽ രണ്ടായിരം വർഷങ്ങളായി നിലനിന്നുപോന്ന അപ്പോസ്തലികസഭയിൽ താല്പര്യവും ഔത്സുക്യവും ഉണ്ടായി. കൂടാതെയും, പത്തൊൻപതാം നൂററാണ്ട് ആംഗ്ലിക്കൻസഭയിൽ പ്രേഷിതപ്രവർത്തനങ്ങൾക്ക് മുന്നിട്ടുനിന്ന ഒരു കാലവുമായിരുന്നു. 1810–ൽ ബ്രിട്ടീഷ്റസിഡൻറായിവന്ന കേണൽ മൺട്രോ ഭക്തനായൊരു ക്രിസ്ത്യാനിയും പ്രേഷിതപ്രവർത്തനങ്ങളിൽ താല്പര്യമുള്ള ഒരാളുമായിരുന്നു. അദ്ദേഹത്തിൻെറ ശ്രദ്ധയും താല്പര്യവും കേന്ദ്രീകരിച്ചിരുന്നത് അകത്തോലിക്കാ സുറിയാനിക്കാരിലാണ്. മൂന്നു കാര്യങ്ങളിലായിരുന്നു അദ്ദേഹം ശ്രദ്ധ പതിപ്പിച്ചത്. (1) വൈദികവിദ്യാഭ്യാസം. (2) മലയാളം ബൈബിൾ. (3) സഭയിലെ ശിക്ഷണാബോധം.

അദ്ദേഹം അധികാരം ഏററയുടനെതന്നെ സുറിയാനിക്കാർക്കുണ്ടായിരുന്ന സാമൂഹ്യമായ പല അവശതകളും പരിഹരിക്കാൻ ശ്രമിച്ചു. അദ്ദേഹത്തിൻെറ പ്രോത്സാഹനത്താലാണ് C. M. S. മിഷ്നറിമാർ കേരളത്തിലേയ്ക്കു വന്നത്. തിരുവിതാംകൂർ റാണി ദാനമായി കോട്ടയത്തു കൊടുത്ത സ്ഥലത്ത് ഒരു സെമിനാരി തുടങ്ങുവാൻ ഇടയാക്കിയതു് മൺട്രോ

www.malankaralibrary.com

ആണ്. ഇക്കാലത്തുതന്നെ നോർട്ടൺ (1816), ബെയിലി (1816), ഫെൻ (1818), ബേക്കർ (1819) എന്നീ പ്രോട്ടസ്റ്റന്റ് മിഷ്നറിമാർ കേരളത്തിൽ വന്നു. അവർ സുറിയാനി മെത്രാന്മാരെ ഉപദേശിക്കുവാനും അവരുടെ പള്ളികളിൽ പ്രസംഗിക്കുവാനും സുറിയാനി കുട്ടികളെ പഠിപ്പിക്കുവാനും തുടങ്ങിയതോടുകൂടി പ്രോട്ടസ്റ്റന്റ് തത്വങ്ങൾ സുറിയാനി ജനങ്ങളിൽ കുറേശ്ശെ കുറേശ്ശെയായി പ്രവേശിച്ചു. വൈദികരെ വിവാഹം കഴിപ്പിക്കുന്നതിൽ ഈ മിഷ്നറിമാർ വളരെ താല്പര്യം പ്രകടിപ്പിച്ചു. യാക്കോബായ മെത്രാന്മാർക്ക് അതിൽ എതിർപ്പുണ്ടായിരുന്നില്ല. നോർട്ടൺ സായിപ്പാണ് അവിവാഹിതരായ വൈദികർക്ക് 400 രൂപാ വീതം സമ്മാനം കൊടുത്ത് അവരെ വിവാഹം കഴിപ്പിച്ചത്. അതിനുംപുറമേ, ബ്രിട്ടീഷ് ഗവണ്മെന്റ് വിവാഹം കഴിക്കുന്ന വൈദികനു് 150 രൂപാ മുതൽ 200 രൂപവരെ വിശേഷാലും കൊടുത്തിരുന്നു.

## മാർത്തോമ്മാ എട്ടാമൻ 1809–1816

മാർത്തോമ്മാ ഏഴാമൻ മരിച്ചശേഷം, അദ്ദേഹത്തിന്റെ പിൻഗാമിയെപ്പററി തർക്കമുണ്ടായി. മാർത്തോമ്മായുടെ ബന്ധുവും അർക്കദിയാക്കോനുമായിരുന്ന തോമ്മാക്കത്തനാരെ മെത്രാനാക്കുവാനാണ്, ഒരു കക്ഷിക്കാർ ഉദ്ദേശിച്ചിരുന്നത്, എന്നാൽ മറെറാരു കക്ഷി, തോമ്മാ കത്തനാരെ മാർത്തോമ്മാ ഏഴാമന്റെ ശവശരീരത്തിനടുത്തുകൊണ്ടുവന്ന്, മൃതമായ കൈകളെടുത്ത് തലയിൽവച്ചശേഷം, മെത്രാൻസ്ഥാനവസ്ത്രങ്ങൾ ധരിപ്പിച്ച്, മാർത്തോമ്മാ ഏഴാമന്റെ പിൻഗാമിയായി പ്രഖ്യാപനംചെയ്തു. ഇങ്ങനെ സുറിയാനിസഭയുടെ ശാപമായ കക്ഷിവഴക്ക് വീണ്ടും തുടന്നു.

1810–ൽ കേണൽ മൺറോ റസിഡന്റായി. പരാതിമുഖേന കക്ഷിവഴക്കുകൾ അദ്ദേഹത്തിന്റെ പക്കലുമെത്തി, അദ്ദേഹത്തിന്റെ വിധി (1814) മാർത്തോമ്മായ്ക്കു് പ്രതികൂലമായിട്ടായിരുന്നു. മാർത്തോമ്മാ എട്ടാമന്റെ എതിരാളി ആയിരുന്ന പുലിക്കോട്ട് ഇട്ടൂപ്പ് റമ്പാൻ റസിഡന്റിനെ സ്വാധീനിച്ച് കുടിശ്ശിഖയായിക്കിടന്ന വട്ടിപ്പണത്തിന്റെ പലിശ വാങ്ങുകയും ചെയ്തു. ഈ പണം ചെലവുചെയ്താണ് കോട്ടയത്തുള്ള പഴയ സെമിനാരി 1813-ൽ പണികഴിപ്പിച്ചത്. തിരുവിതാംകൂർ ഭരിച്ചിരുന്ന റാണി പാർവ്വതീഭായി സെമിനാരി

www.malankaralibrary.com

ക്കുള്ള സ്ഥലവും 8000 രൂപയും നേരത്തെതന്നെ ദാനം ചെയ്തിരുന്നു. കൂടാതെയും മൺറോ തുരുത്തും 20000 രൂപായും തിരുവിതാംകൂർ ഗവണ്മെൻറ് പ്രസ്തുത സെമിനാരിക്ക് നല്കുകയുണ്ടായി. 1815-ൽ മാർ പീലക്സിനോസ് മെത്രാൻ ഇട്ടൂപ്പ് റമ്പാനെ മാർ ദിവന്നാസ്യോസ് രണ്ടാമൻ എന്ന അഭിധാനത്തിൽ മെത്രാനായി വാഴിച്ചു. അദ്ദേഹം ഉടൻതന്നെ കോട്ടയത്തു് പഴയ സെമിനാരിയിൽവന്നു് താമസവുമാക്കി. മാർത്തോമ്മാ ഇതിനെപ്പററി റസിഡൻറിൻെറ പക്കൽ പരാതി പറഞ്ഞെങ്കിലും യാതൊരു ഫലവും ഉണ്ടായില്ല.

## മാർത്തോമ്മാ ഒൻപതാമൻ

മാർത്തോമ്മാ 8-ാമൻ മരിക്കുന്നതിനുമുമ്പ് അദ്ദേഹത്തിൻെറ പിതൃവ്യനായ ഐപ്പ് കത്തനാരെ മാർത്തോമ്മാ ഒൻപതാമൻ എന്ന പേരോടുകൂടി മെത്രാനായി വാഴിച്ചു. അദ്ദേഹം കടമററത്താണ് താമസിച്ചിരുന്നതു്. മാർ ദിവന്നാസ്യോസ് അവിടെച്ചെന്നു് മാർത്തോമ്മാ ഒൻപതാമൻെറ മെത്രാൻസ്ഥാനവസ്ത്രങ്ങളെല്ലാം ബലാൽക്കാരമായി എടുത്തുകൊണ്ടുപോന്നു. സ്ഥാനവസ്ത്രങ്ങൾ നഷ്ടപ്പെട്ട മാർത്തോമ്മാ ഒൻപതാമൻ ശിഷ്ടകാലം ഒരു സാധാരണ വൈദികനെപ്പോലെയാണ് ജീവിച്ചുപോന്നതു്. ഇതോടെ പകലോമററം കുടുംബത്തിൽനിന്നുള്ള പുത്തൻകൂർ മെത്രാന്മാരുടെ പരമ്പരയും അവസാനിച്ചു. ഇതിനിടയിൽ ജനങ്ങളെല്ലാം മാർ ദിവന്നാസ്യോസിനെ അനുസരിച്ചുകൊള്ളണമെന്നു് രാജകീയ വിളംബരമുണ്ടായി. ഏതായാലും മാർ ദിവന്നാസ്യോസിൻെറ ഭരണകാലവും അധികം നീണ്ടുനിന്നില്ല. അദ്ദേഹം 1816-ൽ മരിച്ചു.

## ദിവന്നാസ്യോസ് മൂന്നാമൻ 1818-1825

1816-ൽ രണ്ടാം ദിവന്നാസ്യോസ് മരിച്ചപ്പോൾ റസിഡൻറിൻെറ നിർദ്ദേശമനുസരിച്ചു് നോർട്ടൺ സായ്പ് മാർ പീലക്സിനോസിനോട് മെത്രാപ്പോലീത്തൻ സ്ഥാനം സ്വീകരിക്കാമോയെന്നും സ്വീകരിച്ചാൽ സഭയുടെ അഭിവൃദ്ധിക്ക് C. M. S. മിഷ്യനറിമാർ നല്കുന്ന നിർദ്ദേശങ്ങൾ നടപ്പാക്കുമോയെന്നും ചോദിച്ചു. തൻെറ മുൻഗാമിക്ക് കിട്ടിയിരുന്ന സഹായങ്ങൾ തുടരുകയാണെങ്കിൽ അങ്ങനെ പ്രവർത്തിക്കുവാൻ തയ്യാറാണെന്നു് മാർ പീലക്സിനോസ് അറിയിച്ചു. അതേതുടർന്നു്, തിരുവിതാംകൂറിലേയും കൊച്ചിയിലേയും സർക്കാർ അദ്ദേഹത്തെ മെത്രാപ്പോലീത്തയായി പ്രഖ്യാപിച്ചു. സുറി

www.malankaralibrary.com

യാനി ഭാഷയും ആരാധനക്രമവും സഭാഭരണരീതിയും ഒഴിച്ചുള്ള ശിക്ഷണപരമായ എല്ലാ അധികാരങ്ങളും മെത്രാപ്പോലീത്താ ബെയ്‌ലിസായ്പിന് വിട്ടുകൊടുത്തു. ഇതിൽ റസിഡൻറായ മൺറോയുടെ പ്രേരണയും ഉണ്ടായിരുന്നു[1]. മൺറോയുടെ പ്രേഷിതതാല്പര്യംകൊണ്ടുണ്ടായ ഈ ഇടപെടൽ ബ്രിട്ടീഷ് ഗവണ്മെൻറിന്റെയും ആംഗ്ലിക്കൻ സഭയുടേയും മൗലികനയങ്ങൾക്ക് വിരുദ്ധമാണെന്ന് ഡോ. ബ്രൗൺ പറയുന്നു.

മാർ ഫീലക്സിനോസ് മെത്രാപ്പോലീത്താ വയോവൃദ്ധനായിരുന്നു. എട്ടുമാസത്തെ ഭരണശേഷം, അദ്ദേഹം തന്റെ അർക്കദിയാക്കോനായ പുന്നത്തറ ജോർജ്ജ് (ഗീവറുഗീസ്) കുര്യൻ കത്തനാരെ മൂന്നാം ദിവന്നാസ്യോസ് എന്ന അഭിധാനത്തിൽ മെത്രാപ്പോലീത്തായായി വാഴിച്ചശേഷം തൊഴിയൂർ പോയി വിശ്രമിച്ചു. അന്ന് കുര്യൻ കത്തനാർക്കു മുപ്പത്തൊന്നു വയസ്സേ ഉണ്ടായിരുന്നുള്ളൂ. ''അദ്ദേഹം സുമുഖനും സംസ്കൃതനും പെരുമാററത്തിൽ മററുള്ളവരെ ആകർഷിക്കുവാൻ അസാധാരണമാംവിധം പ്രാപ്തനും ആയിരുന്നുവെന്നു ചില ചരിത്രകാരന്മാർ പറയുന്നു. പ്രോട്ടസ്റ്റൻറു മിഷ്നറിമാരുമായി അദ്ദേഹം വളരെ സൗഹാർദ്ദതയിലാണ് കഴിഞ്ഞുകൂടിയതു്. ഈ സൗഹാർദ്ദതയുടെ മറയിൽക്കൂടി C. M. S. മിഷ്നറിമാർ മുതലെടുത്തു്, യാക്കോബായസഭയുടെ നിയന്ത്രണസ്ഥാനത്തു വന്നുകൂടി.

1818-ൽ മാവേലിക്കരവെച്ചുകൂടിയ സുന്നഹദോസിൽ അദ്ധ്യക്ഷം വഹിച്ച മെത്രാപ്പോലീത്തായുടെ ഇടവും വലവുമായിരുന്നതു് പ്രോട്ടസ്റ്റൻറു് മിഷ്നറിമാരായിരുന്ന ഫെന്നും ബെയിലിയുമായിരുന്നു. ആ സുന്നഹദോസിൽ മിഷ്നറിമാരുടെ പ്രേരണയാൽ കൊണ്ടുവന്ന പ്രമേയം സഭയിലുണ്ടായിരുന്ന എല്ലാ കർമ്മങ്ങളും ആചാരങ്ങളും വേദപുസ്തകത്തിന്റെ വെളിച്ചത്തിൽ പുനഃപരിശോധന നടത്തണമെന്നായിരുന്നു. സായ്പിന്റെ ചാക്കിലിരുന്ന ഈ പൂച്ചയെ ആദ്യം കണ്ടതു് സമർത്ഥനും ബുദ്ധിമാനുമായിരുന്ന കോനാട്ടു് മല്പാനാണ്. വൈദികരുടെ വിവാഹം, രൂപങ്ങളുടെ നീക്കം, മലയാളത്തിലുള്ള വേദപുസ്തകവായന, ഇങ്ങനെ ധാരാളം പരിഷ്ക്കാരങ്ങൾ വന്നുവെന്നും, അപ്പോൾ കൂടുതൽ മാററങ്ങൾക്കു ഉടനെ ശ്രമിക്കുന്നതു് ബുദ്ധിപൂർവ്വമല്ലെന്നുമാണ് കോനാട്ടു് മല്പാൻ വാദിച്ചതു്. അതോടെ പൂച്ച ചാക്കിലേക്കു് വലിഞ്ഞു.

1. Brown P. 134.



www.malankaralibrary.com

ബ്രിട്ടീഷ് മേൽക്കോയ്മയുടെ പൊതുയായ നയം മതനിഷ്പക്ഷതയായിരുന്നെങ്കിലും ബ്രിട്ടീഷ് റസിഡൻറുമാരായ മൺട്രോയുടേയും മക്കാളെയുടേയും യാക്കോബായ പക്ഷപാതിത്വം മൂലം കത്തോലിക്കാസുറിയാനിക്കാർക്ക് വളരെ കഷ്ടപ്പാടുകൾ സഹിക്കേണ്ടിവന്നിട്ടുണ്ട്. മാർ ദിവന്നാസ്യോസ് മൂന്നാമൻ പ്രോട്ടസ്റ്റൻറുകാരുടെ ആപ്തമിത്രവും അവരുടെ അഭിപ്രായങ്ങൾക്ക് വശംവദനമായിരുന്നു. അദ്ദേഹം വിവാഹം കഴിച്ചു കാണുവാൻ പ്രോട്ടസ്റ്റൻറു മിഷ്നറിമാർ ആഗ്രഹിച്ചു. അന്ന് കോട്ടയത്തും പിറവത്തുമുള്ള പള്ളികളിൽ കത്തോലിക്കരും യാക്കോബായക്കാരും തവണവച്ച് അവരുടെ കർമ്മങ്ങൾ നടത്തിയിരുന്നു. ആലപ്പുഴയും ചങ്ങനാശ്ശേരിയിലുമുള്ള പള്ളികൾ പൂർണ്ണമായും കത്തോലിക്കരുടെ അധീനതയിലും, അവർ മാത്രമുള്ളവയുമായിരുന്നു. കുര്യൻ മെത്രാൻെറ കണ്ണുകൾ ഈ നാലുപള്ളികളിലും പതിഞ്ഞു. അവ തൻെറ അധീനത്തിലാക്കണമെന്ന് പ്രോട്ടസ്റ്റൻറ് മിഷ്നറിമാരോട് ആവശ്യപ്പെട്ടു. മൺട്രോസായിപ്പിൻെറ കാലവുമായിരുന്നു അത്. പള്ളികൾ അദ്ദേഹത്തിന് വിട്ടുകൊടുക്കുവാൻ ഇടയാക്കിയാൽ അദ്ദേഹം വിവാഹം കഴിക്കുമെന്നുള്ള ധാരണയും ഇതിലുണ്ടായിരുന്നു. ഗവണ്മെൻറിൻെറ സമ്മർദ്ദംമൂലം ഇരുകൂട്ടരും തവണവച്ച് കർമ്മങ്ങൾ നടത്തിക്കൊണ്ടിരുന്ന കോട്ടയത്തും പിറവത്തുമുള്ള പള്ളികൾ യാക്കോബായക്കാർ കൈവശമാക്കി. എന്നാൽ ആലപ്പുഴയും ചങ്ങനാശ്ശേരിയിലുമുള്ള പള്ളിയുടെ കാര്യത്തിൽ യാക്കോബായക്കാരും ഗവണ്മെൻറും ഒരുവശത്തും കത്തോലിക്കർ മറുവശത്തുമായി ഒരു മല്പിടിത്തം തന്നെ നടന്നു. ഈ ഗുസ്തി കുറേക്കാലത്തേയ്ക്ക് നീണ്ടുനിന്നുവെങ്കിലും ഒടുവിൽ കത്തോലിക്കരുടെ അവകാശം സ്ഥിരീകരിക്കപ്പെട്ടു.

മാർ ദിവന്നാസ്യോസ് മൂന്നാമൻ 1825–ൽ മരിച്ചു. അനന്തരം ചേപ്പാട്ട് പീലിപ്പോസ് മല്പാനെ, ജനങ്ങളും വൈദികരും വോട്ടുചെയ്ത് തിരഞ്ഞെടുത്തു. വിശ്രമത്തിൽ കഴിഞ്ഞിരുന്ന മാർ പീലക്സിനോസ് വന്ന്, അദ്ദേഹത്തിന് മെത്രാൻ പട്ടവും നല്കി. 1819–ൽ കേണൽ മൺട്രോ റസിഡൻറ് ഉദ്യോഗത്തിൽനിന്നും ഒഴിഞ്ഞു. തുടന്ന്, കുഴപ്പങ്ങൾ ആരംഭിച്ചു. സുറിയാനിസഭയിൽ ശക്തമായിരുന്ന അദ്ദേഹത്തിൻെറ കരങ്ങളുടെ അഭാവം എല്ലാവക്കും ബോദ്ധ്യമായി. യാക്കോബായസഭയ്ക്ക് സർക്കാരിൽനിന്നും ലഭിച്ചിരുന്ന അവകാശങ്ങളെല്ലാം പിൻവലിക്കപ്പെട്ടു.

www.malankaralibrary.com

1825-ൽ യാക്കോബായ സഭയുടെ ചരിത്രത്തിൽ ഒരു പ്രധാന വർഷമാണ്. ആ വർഷമാണ് കേരളത്തിലെ യാക്കോബായ മെത്രാപ്പോലീത്തായും അന്ത്യോക്യായിലെ യാക്കോബായ പാത്രിയാർക്കീസും തമ്മിലുള്ള ഭിന്നിപ്പിനു തുടക്കമിട്ടത്. അതു 150 വർഷങ്ങൾക്കുശേഷം ഇന്നും തുടരുന്നു. കലാപങ്ങൾക്കും വ്യവഹാരങ്ങൾക്കുംവേണ്ടി ചിലവാക്കിയ ലക്ഷോപലക്ഷം രൂപായുടെ കണക്കുകളോ പോകട്ടെ, സഭയ്ക്കു തന്മൂലം ആദ്ധ്യാത്മികമായും സാമൂഹ്യമായും വന്നുകൂടിയിട്ടുള്ള നാശനഷ്ടങ്ങളുടെ കണക്കു ആർക്കു എടുക്കാൻ സാധിക്കും?

ആ അവസരത്തിൽ തൊഴിയൂർ മെത്രാനായ പീലക്സിനോസ് കോട്ടയത്തേയ്ക്കു വീണ്ടും വന്നു. വൈദികരും ഇടവകപ്രതിനിധികളായ അത്മായരും കോട്ടയം ചെറിയ പള്ളിയിൽ സമ്മേളിച്ച് അനന്തരഗാമിയെ തിരഞ്ഞെടുക്കുന്നതിനെപ്പററി ആലോചിച്ചു. കോനാട്ട് എബ്രാഹാം മല്പാൻ, ചേപ്പാട്ടു പീലിപ്പോസ് മല്പാൻ, അടങ്ങപ്പുറത്തു യൗസേപ്പുകത്തനാർ ഇങ്ങനെ മൂന്നു സ്ഥാനാർത്ഥികളെ നിശ്ചയിച്ചു. അവരുടെ പേരുകൾ കുറിയിട്ടുനോക്കിയപ്പോൾ കിട്ടിയതു ചേപ്പാട്ടുപീലിപ്പോസ് മല്പാന്റേതായിരുന്നു. ഇദ്ദേഹത്തെ ദിവന്നാസ്യോസ് നാലാമൻ എന്ന പേരിൽ തൊഴിയൂർ മെത്രാനായ പീലക്സിനോസ് അഭിഷേകം ചെയ്തു. പണ്ഡിതനും വിനയസമ്പന്നനുമായ ചേപ്പാട്ടു മാർ ദിവന്നാസ്യോസ് മലങ്കര മെത്രാപ്പോലീത്തയായി അഭിഷേകം ചെയ്യപ്പെട്ടുവെങ്കിലും മാർ പീലക്സിനോസിന്റെ സഹായ മെത്രാനായിട്ടാണ് 1829 വരെ ഭരിച്ചതു. 1819-ൽ മൺട്രോ പിരിഞ്ഞുപോയെങ്കിലും പ്രോട്ടസ്റ്റന്റ് മിഷ്നറിമാരും അവരുടെ അനുയായികളും യാക്കോബായ വിശ്വാസത്തിലും സഭാഭരണത്തിലും കയ്യേററം നടത്തിക്കൊണ്ടിരുന്ന ഒരു ദീർഘഘട്ടമായിരുന്നു അതു.

ചേപ്പാട്ടു മാർ ദിവന്നാസ്യോസിനു അഭിമുഖീകരിക്കേണ്ടിവന്ന രണ്ടാമത്തെ സമരമുഖം അന്ത്യോക്യാ പാത്രിയാർക്കീസിനു കേരളത്തിലുണ്ടായിരുന്ന പ്രതിനിധിയുമായിട്ടായിയിരുന്നു. അന്നു തുടങ്ങിയ മലങ്കര–അന്ത്യോക്യൻ സമരമാണ് ഇന്നോളം നിലനില്ക്കുന്നതു. ഇതേപ്പററി Dr. Brown പറയുകയാണ്, ''ഈ സമരം മലങ്കരയും അന്ത്യോക്യയും തമ്മിൽ എന്നതിനേക്കാൾ കേരളത്തിലെ രണ്ടു കക്ഷികളു

www.malankaralibrary.com

മായി നടന്നുവെന്നു പറയുന്നതാണ് ശരി. അന്ത്യോക്യൻ ബന്ധം ഇവിടെ തുടരുവാൻ കാരണം കേരളത്തിലെ ഏതെങ്കിലും ഒരു കക്ഷിക്ക് അതുകൊണ്ട് കാര്യലാഭം ഉണ്ടാകുമെന്നുള്ളതുമാത്രമാണ്''2. എന്നാൽ അന്ത്യോക്യാ പാത്രിയർക്കീസും മലങ്കരമെത്രാപ്പോലീത്തായും തമ്മിലുള്ള ഭിന്നിപ്പായിട്ടാണ് ഇതു് കാണുന്നതു്. രണ്ടുകൂട്ടർക്കും അനുകൂലികളായ ഭിന്നകക്ഷികൾ കേരളത്തിലുണ്ടായിരുന്നു.

## മറെറാരു പരദേശമെത്രാൻ

1825-ൽ മാർ അത്തനാസിയോസ് എന്നൊരു യാക്കോബായ മെത്രാൻ ശീമയിൽനിന്നും ഇവിടെയെത്തി, ബ്രിട്ടീഷ് ആധിപത്യത്തിൻെറ ശക്തി മനസ്സിലാക്കിയിരുന്ന അദ്ദേഹം കേരളത്തിലേക്കുള്ള യാത്രയിൽ കല്ക്കട്ടായിലെ പ്രോട്ടസ്റ്റൻറു് ബിഷപ്പായ ഹീബറിൻെറ ശുപാർശകത്തുകൾ മദ്രാസ് ഗവണ്ണർക്കും തിരുവിതാംകൂർ ഗവണ്മെൻറിനുംവേണ്ടി വാങ്ങി; പിന്നീട് മലങ്കര മെത്രാപ്പോലീത്തയാകുന്നതിനുള്ള ശ്രമങ്ങൾ തുടങ്ങി. എന്നാൽ ആ സ്ഥാനലബ്ധിക്ക് ഗവണ്മെൻറിൻെറ അനുമതി വേണ്ടിയിരുന്നു. റസിഡൻറു് അതിനു് അനുവാദം കൊടുത്തില്ല. എന്നാൽ ദിവന്നാസ്യോസിനോട് വിരോധവും പ്രോട്ടസ്റ്റൻറു് മിഷ്നറിമാരുടെ ഇടപെടലിൽ പ്രതിഷേധവുമുള്ള ഒരു കൂട്ടർ അത്തനാസിയോസിനെ പിൻതാങ്ങി. അത്തനാസിയോസ് യാക്കോബായ മെത്രാന്മാരെയെല്ലാം ''പിശാചിൻെറ മക്കളെ'' എന്നുവിളിച്ചുകൊണ്ട് മുടക്കി. അതിനു മുമ്പുണ്ടായ യാക്കോബായ മെത്രാന്മാരുടെ പട്ടം അസാധുവാണെന്നു പ്രഖ്യാപിച്ചു. പിന്നീട് ഒരു സംഘവുമായി കോട്ടയത്തെ യാക്കോബായ സെമിനാരി ബലമായി കയ്യേറുവാൻ തുടങ്ങി. സ്ഥലത്തെ മജിസ്ട്രേററ് അദ്ദേഹത്തെ അറസ്ററുചെയ്തു് കപ്പൽ കയററി ശീമയ്ക്കു് അയച്ചു.

കേരളയാക്കോബായ സഭാചരിത്രത്തിൽ ഇദ്ദേഹത്തെ സ്മരണീയനാക്കുന്ന ഒരു സംഭവത്തെപ്പററി ഇസഡ്. എം. പാറേട്ട പറയുന്നു: ''അത്തനാസ്യോസ് നടപ്പിൽ വരുത്തിയ ഒരു പരിഷ്ക്കാരം ഒന്നും ഒട്ടെല്ലാം നിലവിലുണ്ട്. ഇവിടുത്തെ വൈദികർ തലയിൽ ''പട്ടം'' വയ്ക്കുക പ്രാചീനകാലം മുതലുള്ള പതിവായിരുന്നു; വേഷം വെള്ളക്കുപ്പായവും. ഇവ

2. Dr. Brown, P. 136.

www.malankaralibrary.com

രണ്ടും മഹാ തെററായ രീതിയാണെന്ന അദ്ദേഹം വിധിച്ചു. തലയിലെ പട്ടം എടുത്തു മുട്ടഅടിക്കുകയും ഇന്നും പ്രചാരത്തിലുള്ള ''മക്കി''ത്തൊപ്പി ധരിക്കുകയുംവേണം. വെള്ളക്കുപ്പായം ഉപേക്ഷിച്ചു് കറുത്തകുപ്പായം ഇട്ടുകൊള്ളണം എന്നും അത്തനാസ്യോസ് ആജ്ഞാപിച്ചു. വെള്ളക്കുപ്പായം അപ്രത്യക്ഷമായില്ലെങ്കിലും പട്ടം പൊയ്പ്പോയി''3.

## C. M. S. വിത്തുകൾ

യാക്കോബായ സഭയിൽ പ്രോട്ടസ്റ്റൻറു മിഷ്നറിമാർ വിതച്ച വിത്തുകറം മുളച്ചുവാൻ തുടങ്ങി. യാക്കോബായ വിശ്വാസത്തിൽ ഉറച്ചുനില്ക്കുവാൻ തയ്യാറായ യഥാസ്ഥിതികരും മതവിശ്വാസത്തിൽ പ്രോട്ടസ്റ്റൻറു് തത്വങ്ങറം സ്വീകരിച്ച ഉല്പതിഷ്ണുക്കളും എന്നിങ്ങനെ രണ്ടു വിഭാഗങ്ങറംതന്നെയുണ്ടായി. ജോസഫ് പീററു് എന്നൊരു പ്രോട്ടസ്റ്റൻറു് മിഷ്നറി, അനേകായിരങ്ങറം സംബന്ധിച്ച മാതാവിൻെറ തിരുനാറം ആഘോഷിച്ചിരുന്ന ഒരു പള്ളിയിൽ ചെന്നു് കന്യകമറിയത്തിനു് ഒന്നിലധികം മക്കളുണ്ടായിരുന്നുവെന്നും മററുമുള്ള ദൈവദൂഷണങ്ങറംപറഞ്ഞു പ്രസംഗിച്ചു. ജനങ്ങളാകമാനം കോപാക്രാന്തരായി. അദ്ദേഹം ജീവനോടെ അവിടെനിന്നും രക്ഷപെട്ടതു് അദ്ദേഹത്തിൻെറ വെളുത്തതൊലിയുടെ സംരക്ഷണയിലാണെന്നു് Dr. Brown പറയുന്നു4. മിഷ്നറിമാർ ഈ വഴക്കിൽ പലപ്രാവശ്യം ഇടപെട്ടു് ജനങ്ങളുടെ രോഷവും വിരോധവും സമ്പാദിച്ചിട്ടുണ്ടു്. സമാധാനപാലനത്തിനു് കേരളത്തിൽവന്ന കല്ക്കട്ടാ ആംഗ്ലിക്കൻ ബിഷപ്പ് വിൽസൺ, രണ്ടു സഭകളുടേയും ഐക്യത്തിനുവേണ്ട ചില നിർദ്ദേശങ്ങറം സഭാനേതാക്കന്മാരുടെ മുമ്പിൽവച്ചു. ദിവന്നാസ്യോസ് നാലാമൻെറയും തൊഴിയൂർ കൂറിലോസിൻെറയും മാവേലിക്കരവെച്ചു കൂടിയ സുനഹദോസ് ബിഷപ്പ് വിൽസൻെറയും നിർദ്ദേശങ്ങറം അപ്പാടെ തള്ളിക്കളയുകയും അന്ത്യോക്യാ പാത്രിയർക്കീസിനോടു് കൂറു് പ്രഖ്യാപിക്കുകയും ചെയ്തു. അങ്ങനെ യാക്കോബായ–ആംഗ്ലിക്കൻ വേഴ്ച ഔദ്യോഗികമായി അവസാനിച്ചു. എന്നാൽ പ്രോട്ടസ്റ്റൻറു് മിഷ്നറിമാരുടേയും യാക്കോബായ മെത്രാൻെറയും ഒന്നിച്ചുള്ള വസ്തുവകകളെപ്പററി തർക്കമുണ്ടായി. മദ്ധ്യസ്ഥസംഘം അതിനും തീരുമാനം ഉണ്ടാക്കി.

3. മലങ്കര നസ്രാണികറം, Vol. III, P. 126
4. Dr. Brown, P. 138.

www.malankaralibrary.com

പ്രോട്ടസ്റ്റൻറ് തത്വങ്ങൾ സ്വീകരിച്ച യാക്കോബായ വൈദികരുടെയും ജനങ്ങളുടെയും വിഭാഗം അപ്പോഴും ഭിന്നിച്ചുതന്നെ നിന്നു. ചിലരെല്ലാം ആംഗ്ലിക്കൻ സഭയിൽ ചേർന്നു. മററുള്ളവർക്ക് ഒരു നേതാവില്ലാതെ വട്ടം തിരിയുകയായിരുന്നു. പ്രോട്ടസ്റ്റൻറു മിഷ്നറിമാരെ യാക്കോബായ പള്ളികളിൽ പ്രവേശിപ്പിക്കരുതെന്ന മാർ ദിവന്നാസ്യോസിൻെറ കല്പനമൂലം കാര്യങ്ങൾ വളരെ മൂർച്ഛിച്ചു. യാക്കോബായസഭയിലെ ഉല്പതിഷ്ണുക്കളെന്നറിയപ്പെടുന്ന വിഭാഗത്തിനു് അപ്പോഴാണ് ഒരു നേതാവു് പ്രത്യക്ഷപ്പെടുന്നതു് – പാലക്കുന്നത്തു് അബ്രാഹം മല്പാൻ.

## നവീകരണക്കാർ

ഈ ഘട്ടത്തിൽ അബ്രാഹംമല്പാൻ മാരമൺപള്ളി വികാരിയായിരുന്നു. ആ പള്ളിയിൽ വണക്കത്തിനു് ഉപയോഗിച്ചിരുന്ന കന്യകമറിയത്തിൻെറ ഒരു പ്രതിമ ഉണ്ടായിരുന്നു. മാതാവിൻെറ പ്രധാന തിരുനാൾദിവസം ആ രൂപം വണങ്ങുന്നതു് വിഗ്രഹാരാധനയാണെന്നു പ്രസംഗിച്ചുകൊണ്ടു് ആ രൂപം പരസ്യമായി തല്ലിയുടയ്ക്കുകയും മാതാവിൻെറ തിരുനാൾ നിർത്തലാക്കുകയും ചെയ്തു[5]. ഇതു് മാർത്തോമ്മാസഭയായി രൂപാന്തരപ്പെട്ട നവീകരണപ്രസ്ഥാനത്തിൻെറ ആരംഭമാണെന്നു് Dr. Brown പറയുന്നു. "1012-ലെ പരിഷ്കാരം" എന്നാണു് ഈ സംഭവം അറിയപ്പെട്ടതു്[6]. പൌരസ്ത്യ സഭകളിൽപ്പെട്ട എല്ലാ വിഭാഗങ്ങൾക്കും, താത്വികമായി നെസ്റ്റോറിയനിസം സ്വീകരിച്ചിരിക്കുന്നവർക്കുപോലും, ക്രിസ്തുവിൻെറ അമ്മയായ കന്യകമറിയം അഭിവന്ദ്യയും പൂജ്യപാദയും പ്രണാമാർഹയുമാണു്. പൌരസ്ത്യവിഭാഗമെന്നറിയപ്പെടാവുന്ന "മാർത്തോമ്മാസഭ"യുടെ പിതാവായ മാർ ഏബ്രഹാം മല്പാൻ പ്രോട്ടസ്റ്റൻറ് തത്വങ്ങളുടെ ലഹരിയിൽ അതു മറന്നു പോയതുപോലെ തോന്നുന്നു.

എന്നാൽ ഈ പുതിയ വിഭാഗത്തെ അഭിമുഖീകരിച്ച പ്രശ്നം കേരളസുറിയാനിക്കാരുടെ പഴയ പ്രശ്നം തന്നെയായിരുന്നു. അതായതു് മെത്രാനില്ലാതെ സഭയില്ല, സഭയില്ലാതെ വളർച്ചയുമില്ല. അതുകൊണ്ടു് ബുദ്ധിമാനായ ഏബ്രഹാംമല്പാൻ

5. Brown: P. 141.
6. Ibid.

www.malankaralibrary.com

മദ്രാസ് ക്രിസ്ത്യൻ കോളേജിൽ പഠിച്ചിരുന്ന തന്റെ സഹോദരപുത്രനായ മത്തായി ശെമ്മാശനെ മർദ്ദീനിലുള്ള അന്ത്യോക്യാ പാത്രിയക്കീസിന്റെ അടുക്കലേയ്ക്കു് അയച്ചു. മത്തായി ശെമ്മാശ്ശൻ മർദ്ദീനിൽ ചെന്നശേഷം രണ്ടു വർഷക്കാലത്തോളം പാത്രിയർക്കീസിന്റെ അരമനയിലെ അന്തേവാസിയായി കഴിച്ചുകൂട്ടി. അക്കാലത്തു് മത്തായി ശെമ്മാശ്ശനെതിരായി മാർ ദിവന്നാസ്യോസും സഭാനേതാക്കന്മാരും കേരളത്തിൽ നിന്നും പാത്രിയക്കീസിനു് മുന്നറിയിപ്പു നല്കിക്കൊണ്ടിരുന്നു. അവയൊന്നും കണക്കിലെടുക്കാതെ പാത്രിയക്കീസ് അത്തനാസ്യോസ് എന്ന അഭിധാനത്തിൽ മത്തായി വൈദികനെ മെത്രാനായി വാഴിച്ചു് കേരളത്തിലേയ്ക്കയച്ചു.

1841 മെയ്മാസത്തിൽ അദ്ദേഹം കേരളത്തിൽ വന്നു. അദ്ദേഹത്തെ സ്വീകരിക്കുവാൻ കോനാട്ടുമല്പാനും മററു സഭാനേതാക്കന്മാരും ഉണ്ടായിരുന്നു. സഭാധികാരികളാകുന്ന മേലദ്ധ്യക്ഷന്മാർ സക്കാരിന്റെ അനുവാദം വാങ്ങണമെന്ന ഒരു പതിവുണ്ടായിരുന്നു. അതനുസരിച്ചു് അദ്ദേഹം മഹാരാജാവിനേയും റസിഡൻറു് സായിപ്പിനേയും കണ്ടു. അത്തനാസ്യോസിനെ സ്വീകരിക്കുകയെന്നുവച്ചാൽ ദിവന്നാസ്യോസിനെ പരിത്യജിക്കുകയാണു്. വിദേശമെത്രാനായ അത്തനാസ്യോസിനോടു് പടവെട്ടിയ ചേപ്പാട്ടു മാർ ദിവന്നാസ്യോസ് നന്നേ തളന്നിരുന്നു. വിദേശിയനായ അദ്ദേഹത്തെ ഭാണ്ഡം മുറുക്കിച്ചു് അയച്ചപ്പോഠം സ്വദേശിയനായ മറെറാരു അത്തനാസ്യോസ് അദ്ദേഹത്തിനു് എതിരാളിയായി വന്നിരിക്കുന്നു! ഒരു സുനഹദോസ് വിളിച്ചുകൂട്ടുവാൻ ദിവന്നാസ്യോസ് നിശ്ചയിച്ചു. അതിനുവേണ്ടി അത്തനാസ്യോസിനു് പാത്രിയക്കീസിൽനിന്നും കിട്ടിയ അധികാരപത്രം (Staticon) പരിശോധിക്കുവാനും പഠിക്കുവാനും അതു കൊടുത്തയയ്ക്കുവാൻ അത്തനാസ്യോസിനോടു് ആവശ്യപ്പെടുകയും ചെയ്തു. എന്നാൽ അദ്ദേഹമതിനു വിസമ്മതിച്ചു. തന്മൂലം സുനഹദോസ് നീട്ടിവെയ്ക്കേണ്ടിവന്നു.

ഈ അവസരത്തിൽ അത്തനാസ്യോസിന്റെ അനുയായികഠം കോട്ടയത്തുവച്ചു് ഒരു യോഗംകൂടി. തങ്ങളുടെ നിയമപ്രകാരമുള്ള മെത്രാൻ അത്തനാസ്യോസ് ആണെന്നും ബൈബിഠം തത്വങ്ങളും ആദ്യത്തെ മൂന്നു സാർവ്വത്രികസുനഹദോസുകളുടെ നിശ്ചയങ്ങളും അനുസരിച്ചാണു് സഭയെ ഭരിക്കേണ്ടതെന്നും, പാത്രിയക്കീസിന്റെ Staticon അധികാരം ഏററെടു

ക്കേണ്ടതിന്° ആവശ്യമാണെന്നും ഒരു നിശ്ചയം പാസ്സാക്കി. ദിവന്നാസ്യോസിന്° കൊടുത്തിട്ടുള്ള അംഗീകാരം പിൻവലിക്കണമെന്നും ആവശ്യപ്പെട്ടു. ഈ വിവരങ്ങളെല്ലാം കാണിച്ച്° ദിവന്നാസ്യോസ്° പാത്രിയക്കീസിന്° എഴുതി. പാത്രിയക്കീസ്° അത്തനാസ്യോസിനെ മഹറോൻ ചൊല്ലി.

കേരളത്തിലെ യാക്കോബായ സഭയിൽ കുഴപ്പങ്ങരം മൂർച്ഛിച്ചപ്പോരം 1846-ൽ പാത്രിയക്കീസ്°, യോയാക്കീം മാർ കൂറിലോസ്° എന്നൊരു മെത്രാനെ കേരളത്തിലെ സ്ഥിതിഗതികരം കണ്ടുപഠിച്ച്° റിപ്പോർട്ടു° ചെയ്യുവാനായി അയച്ചു. ദിവന്നാസ്യോസ്° അപ്പോരം രോഗശയ്യയിൽ അവശനായി കിടക്കുകയായിരുന്നു. ദിവന്നാസ്യോസ്° പുതുതായിവന്ന കൂറിലോസിനെ കേരളത്തിലെ യാക്കോബായസഭയുടെ മെത്രാപ്പോലീത്തയായി പ്രഖ്യാപിക്കുവാൻ റസിഡൻറിനോടു° അഭ്യർത്ഥിച്ചു. പ്രോട്ടസ്റ്റൻറുകാരനായിരുന്ന റസിഡൻറു° ഒരു കമ്മിററി മുഖേന ദിവന്നാസ്യോസിൻെറ അപേക്ഷ പരിശോധിക്കുകയും, ആ കമ്മിററി കൂറിലോസിൻെറ സാക്ഷിപത്രങ്ങളും അത്തനാസ്യോസിനെ മഹറോൻ ചൊല്ലിയുള്ള കല്പനയും തള്ളിക്കളയുകയും ചെയ്തു.

## ഇനിയും പരദേശമെത്രാൻ

ഇത്രയുമായപ്പോരം, പാത്രിയർക്കീസ്° അയച്ച മാർ സ്തേഫാനോസ്° എന്നൊരു വിദേശമെത്രാനും കേരളത്തിൽ എത്തി. അദ്ദേഹം കൂറിലോസിനേക്കാരം കവിഞ്ഞ അധികാരിയായിട്ടാണ്° കാണപ്പെട്ടത്°. മാർ സ്തേഫാനോസ്° സഭാധികാരിയായി തന്നെ നിയമിക്കണമെന്നും യാക്കോബായ സഭയ്ക്കുവകാശമുള്ള പണം തന്നെ ഏല്പിക്കണമെന്നും റസിഡൻറിനോടാവശ്യപ്പെട്ടു. ഈ അപേക്ഷയും തിരസ്ക്കരിക്കുക മാത്രമല്ല ഉണ്ടായത്°, തിരുവിതാംകൂർ കൊച്ചി ഗവണ്മെൻറുകരം മാർ അത്തനാസ്യോസിനെ യാക്കോബായസഭയുടെ മെത്രാപ്പോലീത്തയായി പ്രഖ്യാപിക്കുകകൂടി ചെയ്തു. ഇതിൽനിന്നും മാർ അത്തനാസ്യോസിൻെറ പ്രോട്ടസ്റ്റൻറ്° വിശ്വാസവും തിരുവിതാംകൂർ കൊച്ചി രാജ്യങ്ങളിലെ ബ്രിട്ടീഷ്° റസിഡൻറന്മാരുടെ സ്വാധീനശക്തിയും തമ്മിലുള്ള വേഴ്ച വ്യക്തമാണല്ലോ. പ്രോട്ടസ്റ്റൻറ്° പ്രവണതകളോടു° പടവെട്ടിയിരുന്ന ചേപ്പാട്ടു° ദിവന്നാസ്യോസ്° മനഃക്ലേശങ്ങളോടുകൂടി തൻെറ സ്ഥാനം രാജിവച്ച്°, സ്വദേശമായ പള്ളിപ്പാട്ടു പോയി താമസിച്ചു. തിരുവിതാംകൂർ കൊച്ചി രാജ്യങ്ങളിൽ

www.malankaralibrary.com

നിന്നു് ബഹിഷ്കൃതനായ കൂറിലോസ് ബ്രിട്ടീഷ് കൊച്ചി യിൽ പോയി താമസിച്ചു. മാർ സ്തേഫാനോസ് കല്ക്കട്ടായി ലേയ്ക്കും അവിടെനിന്നു് ലണ്ടനിലേയ്ക്കും പോയി. സഭാകാര്യ ങ്ങളിൽ ഗവണ്മെൻറുകൾ ഇടപെടരുതെന്നു് മദ്രാസ് ഗവണ്മെ ൻറു് കല്പനയായി. അതോടെ പ്രോട്ടസ്റ്റൻറു് വിശ്വാസമുള്ള അത്തനാസ്യോസിൻെറ സ്ഥാനത്തിനു് സ്ഥിരീകരണവു മായി. ചേപ്പാട്ടു് മാർ ദിവന്നാസ്യോസ് 1855-ലും തൊഴി യൂരിലെ മാർ കൂറീലോസ് 1856-ലും ദിവംഗതരായി.

ബ്രിട്ടീഷ് കൊച്ചിയിൽ പതുങ്ങിക്കഴിഞ്ഞിരുന്ന ശീമ ക്കാരനായ മാർ കൂറിലോസ്, യാക്കോബായ സഭയുടെ നൈ യാമികാധികാരിയായി പാത്രിയക്കിസ് നിയമിച്ചിട്ടുള്ളതു് തന്നെയാണെന്നും അതുകൊണ്ടു് താനാണു് യാക്കോബായ സഭയുടെ മെത്രാനെന്നും കാണിച്ചു്, കോഴിക്കോട്ടു് കോടതി യിൽ കേസുകൊടുത്തു. കേരളത്തിൽ അപ്പോൾ കേരളസുറി യാനിക്കാരനായി ശേഷിച്ചിരുന്ന ഏകമെത്രാന്മാർ അത്തനാ സ്യോസ് ആയിരുന്നു. അദ്ദേഹം തൊഴിയൂർ രൂപതയ്ക്കു വേണ്ടി ജോസഫ് മാർ കൂറിലോസിനെ 1856-ൽ വാഴിച്ചു. കോഴിക്കോട്ടെ കോടതിവിധി ശീമക്കാരനായ കൂറിലോ സിനു് അനുകൂലമായിരുന്നു. ആ കേസ് മദ്രാസ് ഹൈക്കോ ടതിയിൽ വന്നപ്പോൾ സ്ഥിരീകരിക്കപ്പെട്ടു. കൂടാതെയും, ഹൈക്കോടതി പ്രസ്താവിച്ചതു് ഏതുമെത്രാനാണു് ശരിയായ മെത്രാനെന്നു് നിശ്ചയിക്കേണ്ടതു്, സഭാംഗങ്ങളാണെന്നും, അതനുസരിച്ചു് അത്തനാസ്യോസും തൊഴിയൂർ രൂപതയി ലെ ജോസഫ് മാർ കൂറിലോസും ആണു് ശരിയായ മെത്രാ ന്മാരെന്നും 1856-ൽ വിധിച്ചു. എന്നാൽ ഭിന്നിപ്പിൻെറ ശി ഖരങ്ങൾ പിന്നെയും വളൎന്നുകൊണ്ടിരുന്നു.

ഈ കേസുകളിൽ ഒരു കക്ഷിയായിരുന്ന പുലിക്കോട്ടു ജോസഫ് കത്തനാർ ശക്തമായ ഒരു വിഭാഗത്തിൻെറ നേതാ വായിരുന്നു. അദ്ദേഹം മർദ്ദീനിൽ പോവുകയും 1865-ൽ മാർ ദിവന്നാസ്യോസ് അഞ്ചാമൻ എന്ന പേരു സ്വീകരിച്ചുകൊ ണ്ടു് മെത്രാനായി കേരളത്തിലേയ്ക്കു് വരുകയും ചെയ്തു. അദ്ദേ ഹവും, തന്നെ മെത്രാനായി പ്രഖ്യാപിക്കണമെന്നു് ഗവ ണ്മെൻറിൽ അപേക്ഷ കൊടുത്തു. കോടതിമുഖേന കാര്യ ങ്ങൾ തീൎക്കുവാനാണു് ഗവണ്മെൻറു് നിർദ്ദേശിച്ചതു്. അതു കൊണ്ടു് അവർ ആലപ്പുഴ കോടതിയെ സമീപിച്ചു. കോടതി വിധി പാത്രിയക്കിസിനു് അനുകൂലമായിരുന്നു. അപ്പീലിനു്

www.malankaralibrary.com

ഹൈക്കോടതിയിൽ വന്നപ്പോഠം അവർ പുനർവിചാരണ യാണ് നിർദ്ദേശിച്ചതു്. തന്നെയുമല്ല കേരളത്തിലെ സുറി യാനിസഭ ഒരു സ്വതന്ത്രസഭയാകയാൽ ആരാണ് ശരിയായ മെത്രാനെന്ന് തീരുമാനിക്കേണ്ടതു് ഗവണ്മെൻറാണെന്ന് കൂട്ടി ച്ചേർത്തു. മാർ ദിവന്നാസ്യോസ് 1866-ൽ വട്ടിപ്പണത്തിൻെറ പലിശക്കുവേണ്ടി അപേക്ഷകൊടുത്തുവെങ്കിലും അതും തള്ള പ്പെട്ടുപോയി. പള്ളിവസ്തുക്കളെ സംബന്ധിച്ച് മാർ അത്ത നാസ്യോസും ചേപ്പാട്ട് മാർ ദിവന്നാസ്യോസും തമ്മിലുള്ള പല കേസുകളും വിചാരണയ്ക്കുവന്നു. അവയുടെ എല്ലാം വിധികഠം അത്തനാസ്യോസിനു് അനുകൂലമായിരുന്നു. 1868-ൽ മാർ അത്തനാസ്യോസ് തൻെറ പിതൃവ്യപുത്രനെ മെത്രാനായി വാഴിച്ചു. 1874-ൽ യോയാക്കീം മാർ കൂറി ലോസ് മരിക്കുകയും ദിവന്നാസ്യോസിൻെറ ശക്തിയും സ്വാ ധീനവും കുറയുകയും ചെയ്തു. മാർ അത്തനാസ്യോസ് ആക ട്ടെ തനിക്കനുകൂലമായിവന്ന സാഹചര്യങ്ങഠം ഉപയോഗിച്ച് യാക്കോബായ സഭയിൽ പ്രോട്ടസ്റ്റൻറു് ആശയങ്ങഠം പ്രചരി പ്പിക്കുവാൻ തുടങ്ങി. ഇതു് യാഥാസ്ഥിതികരായ യാക്കോ ബായക്കാരിൽ പ്രതിഷേധവും അമർഷവും ഉളവാക്കിക്കൊ ണ്ടിരുന്നു.

## പത്രോസ് പാത്രിയർക്കീസ്

1875-ൽ പത്രോസ് പാത്രിയക്കീസുതന്നെ കേരളത്തി ലേയ്ക്കു വന്നു. യാക്കോബായക്കാരിൽ ഒരു വിഭാഗം ആഹ്ലാദ ത്തോടും മറെറഭാഗം ഭയാശങ്കകളോടുംകൂടിയാണ് അദ്ദേഹ ത്തെ സ്വീകരിച്ചതു്. ആഹ്ലാദം കേരളത്തിൻെറ വടക്കേഭാഗ ത്തും ഭയാശങ്കകഠം കേരളത്തിൻെറ തെക്കേഭാഗത്തുമായിരുന്നു. ഗവണ്മെൻറു് മാർ അത്തനാസിയോസിനു് നല്കിയിരുന്ന അംഗീകരണം പിൻവലിക്കുവാൻ ഗവണ്മെൻറിനോടു് അപേ ക്ഷിക്കുകയും അത്തനാസ്യോസിനെ പരസ്യമായി മഹ റോൻ ചൊല്ലുകയും ചെയ്തു. ഒരു ഗണ്യവിഭാഗം ജനങ്ങളുടെ സ്നേഹാദരങ്ങഠംക്കു് പാത്രീഭൂതനായ അത്തനാസ്യോസിനെ പരസ്യമായി മഹറോൻ ചൊല്ലി അപമാനിച്ച മാർഗ്ഗത്തിൽ കൂടി പാത്രിയക്കീസിനോടൊപ്പം പോകുവാൻ ഗവണ്മെൻറു് തയ്യാറായിരുന്നില്ല. എന്നാൽ ഇരുകക്ഷികളും തമ്മിൽ സംഘ ട്ടനങ്ങളും സമാധാനലംഘനങ്ങളും ഉണ്ടാവാതിരിക്കാൻ ഗവ ണ്മെൻറു് ആവതും ശ്രമിച്ചു. 1876 മാർച്ചിലുണ്ടായ രാജകീയ വിളംബരംമൂലം അവകാശവാദങ്ങഠംക്കു് തീരുമാനം ഉണ്ടാക്കു

www.malankaralibrary.com

വാൻ കോടതികളെ സമീപിക്കണമെന്നു് കല്പനയുണ്ടായി. ഇതു് കൊച്ചിയിലും തിരുവിതാംകൂറിലും ബാധകമായിരുന്നു. ബ്രിട്ടീഷ് റസിഡൻറന്മാർക്കു് സഭാകാര്യങ്ങളിലുണ്ടായിരുന്ന സ്വാധീനവും ശക്തിയും അതോടെ അവസാനിച്ചു.

## മുളന്തുരുത്തി സുന്നഹദോസ്

1876–ൽ പാത്രിയർക്കീസ് മുളന്തുരുത്തിയിൽവച്ചു് ഒരു സുന്നഹദോസ് വിളിച്ചുകൂട്ടി. അതിലെ നിശ്ചയങ്ങൾ താഴെ പ്പറയുന്നവയായിരുന്നു. (1) പാത്രിയർക്കീസിനു് സിറിയാ യിലുള്ള ഏതൊരു രൂപതയുംപോലെയാണു് കേരളത്തിലെ യാക്കോബായസഭയും. (2) കേരളത്തിലുള്ള എല്ലാ യാക്കോ ബായ ഇടവകകളും പാത്രിയർക്കീസിനു് വിധേയമായിരുന്നു കൊള്ളാമെന്നു് ഉടമ്പടി എഴുതി രജിസ്റ്റർ ചെയ്തുകൊടുക്കണം. (3) അത്തനാസിയോസുമായിട്ടുള്ള കേസുകൾ നടത്തുന്നതി നുള്ള പണം ഇടവകക്കാർ പിരിച്ചുകൊടുക്കണം. (4) മതപര വും സാമൂഹ്യവുമായ കാര്യങ്ങൾ നടത്തുന്നതിനും നിയന്ത്രിക്കു ന്നതിനും സിറിയൻക്രിസ്ത്യൻ അസോസിയേഷൻ എന്നൊരു കമ്മിററി ഉണ്ടാക്കണം. ഈ കമ്മിററിയിൽ എട്ടു വൈദികരും പതിനാറു് അൽമേനികളും ഉണ്ടായിരിക്കും: ഇതിൻെറ സ്ഥി രാദ്ധ്യക്ഷൻ യാക്കോബായ സഭയിലെ മെത്രാപ്പോലീത്തായാ യിരിക്കും.

1877–ൽ പാത്രിയർക്കീസ് മുളന്തുരുത്തി നിശ്ചയങ്ങൾക്കു് വ്യാഖ്യാനം കൊടുക്കുന്ന കല്പനയിൽ കേരളത്തിലെ സുറി യാനിക്കാരായ പുരുഷന്മാർ താടിമീശ വളർത്തണമെന്നും അവ രുടെ സ്ത്രീകൾ കളസം (pants) ധരിക്കണമെന്നും ആവശ്യപ്പെട്ടി രുന്നു!![7] 16–ാം നൂററാണ്ടിലെ മെനേസിസിനെപ്പോലും കട ത്തിവെട്ടിയ പുരോഗമനമായിരുന്നു 19–ാം നൂററാണ്ടിലെ ഈ വിദേശിയുടെ പരിഷ്കാരം. പാശ്ചാത്യദേശങ്ങളിലെ സ്ത്രീ സ്വാതന്ത്ര്യവാദത്തിൻെറ പ്രചണ്ഡതാണ്ഡവമേററു് ഇപ്പോൾ നമ്മുടെ നാട്ടിലെ യുവതികളിലെങ്കിലും കളസഭ്രമം ബാധി ച്ചിട്ടുണ്ടല്ലോ. ഈ പ്രസ്ഥാനത്തിൻെറ ഉപജ്ഞാതാവു് ശീമ യിൽനിന്നുവന്ന ഈ പാത്രിയർക്കിസാണെന്നു തോന്നുന്നു. 1878–ൽ പരുമലവച്ചുനടന്ന സുന്നഹദോസിൽ പാത്രിയർക്കീ സിൻെറ കല്പനയും അതിനോടു് ജനങ്ങൾക്കുണ്ടായിരുന്ന

7: Brown: P. 147.

www.malankaralibrary.com

എതിർപ്പും വ്യക്തമായിരുന്നു. 1876-ൽ തന്നെ പാത്രിയർക്കീസ് തന്റെ ഇച്ഛാനുസരണം നാമനിർദ്ദേശംചെയ്ത നാലു വൈദികരെ മെത്രാന്മാരായി നിയമിച്ചു. കൂടാതെ കേരളത്തിലെ യാക്കോബായസഭയെ ഏഴു ഭദ്രാസനങ്ങളായി വിഭജിക്കുകയും അവയ്ക്കു മെത്രാന്മാരെ നിയോഗിക്കുകയും അവരോരോരുത്തരേയും പാത്രിയർക്കീസിന്റെ ഭരണത്തിൻകീഴിലാക്കുകയും ചെയ്തു. ഏകാധിപത്യത്തിനു മൂച്ചുകൂട്ടുവാൻ ചെയ്ത പണിയായായിരുന്നു പാത്രിയർക്കീസിന്റേതു്.

പാത്രിയർക്കീസ് അത്തനാസ്യോസിനെ മഹറോൻ ചൊല്ലിയതോടുകൂടി അത്തനാസ്യോസിനുണ്ടായിരുന്ന അനുഗാമികൾ വളരെ കുറഞ്ഞുപോയി. അത്തനാസ്യോസ് 1877-ൽ കാലഗതനായി. തോമസ് മാർ അത്തനാസ്യോസ് അദ്ദേഹത്തിന്റെ പിൻഗാമിയായി വാഴിക്കപ്പെട്ടു. 1877-ൽ മാർ ദിവന്നാസ്യോസ് വട്ടിപ്പണത്തിന്റെ പലിശയ്ക്കുവേണ്ടി വീണ്ടും റസിഡന്റിനു് അപേക്ഷ അയച്ചു. റസിഡന്റ് ആ അപേക്ഷ നിരസിക്കുകയും പണമൊക്കെ മാർ അത്തനാസ്യോസ് കൊടുക്കുകയും ചെയ്തു. 1879-ൽ പള്ളിവക വസ്തുക്കൾക്കും വട്ടിപ്പണത്തിന്റെ പലിശയ്ക്കുംവേണ്ടി കോടതികളിൽ കേസ് രജിസ്റ്റർ ചെയ്തു. കേസുകളിലെ വിധികളെല്ലാം മാർ ദിവന്നാസ്യോസിനു് അനുകൂലമായിരുന്നു. എന്നാൽ അതിന്റെകൂടെ പാത്രിയർക്കീസിനു് കേരളത്തിലുള്ള വസ്തുവകകളിന്മേൽ യാതൊരധികാരവും അവകാശവുമില്ലെന്നു് രേഖപ്പെടുത്തിയിരുന്നു. അതേത്തുടർന്നു് എല്ലാപള്ളികളുടെ വസ്തുക്കളിന്മേലും അതാതു സ്ഥലങ്ങളിൽ കേസുകൾ ഉണ്ടായി. അവയും മാർ ദിവന്നാസ്യോസിനു് അനുകൂലമായിരുന്നു. അങ്ങനെ നിയമപരമായി മാർ അത്തനാസ്യോസ് യാക്കോബായ സഭകളിൽനിന്നും പുറന്തള്ളപ്പെട്ടു.

ശുഷ്കമായ ഒരു സഭയാണു് മാർ അത്തനാസ്യോസിനു് ശേഷിച്ചതു്. 1889-ൽ മാർത്തോമ്മാ സുവിശേഷസഭ എന്ന പേരിൽ ഒരു പ്രവർത്തകസംഘം സംജാതമായി. പ്രോട്ടസ്റ്റന്റു് ചായ്‌വുള്ള ഈ വിഭാഗത്തെ നവീകരണക്കാർ എന്നാണു് വിളിച്ചുവന്നിട്ടുള്ളതു്. പിന്നീടാണു് അവർ മാർത്തോമ്മാക്കാർ എന്നു് പേരു സ്വയംസ്വീകരിച്ചു് അറിയപ്പെടുവാൻ തുടങ്ങിയതു്. എന്നാൽ മാർത്തോമ്മാശ്ലീഹാ സുറിയാനിക്കാരായ എല്ലാവരുടേയും പിതാവായിരുന്നുവെന്നു് അവർ മറന്നുപോയിരിക്കുമോ എന്തോ? ''മാർത്തോമ്മാസഭ''യുടെ വളച്ച് അസാ

www.malankaralibrary.com

ധാരണമായിരുന്നുവെന്നു് സമ്മതിക്കാതിരിക്കുവാൻ നിവ്വാഹമില്ല. ഇന്ത്യയുടെ പല ഭാഗങ്ങളിലും അവരുടെ കമ്മരംഗങ്ങരം ഇന്നു് കാണുവാൻ സാധിക്കും. കുറഞ്ഞൊരുകാലം കൊണ്ടു് മാർത്തോമ്മാസഭയ്ക്കുണ്ടായ അഭിവൃദ്ധിയുടെ കാരണം സംഘടിതമായ ഈ പ്രവത്തനമാണു്. കേരളത്തിലെ സുറിയാനിസഭയുടെ മററുവിഭാഗങ്ങളിൽ ഇത്ര വിപുലമായ മതപ്രചരണം കാണുവാൻ കഴിയുമെന്നു തോന്നുന്നില്ല. കേരളത്തിലെ കത്തോലിക്കാസുറിയാനിസഭയുടെ പ്രവർത്തനബലം–വൈദികരുടെയും കന്യാസ്ത്രീമാരുടെയും–ഇന്ത്യയുടെ നാനാഭാഗങ്ങളിലുള്ള ലത്തീൻരൂപതകളിലേക്കു് ചോൎന്നുപോവുകയാണുണ്ടായിട്ടുള്ളതു്.

## മാർ ദിവന്നാസ്യോസ് അഞ്ചാമൻ

മാർ ദിവന്നാസ്യോസ് അഞ്ചാമൻ പാത്രിയർക്കിസുമായി വലിയ ഇടച്ചിലില്ലാതെ കഴിഞ്ഞുകൂടി. 1908-ൽ ദിവന്നാസ്യോസ് രണ്ടു വൈദികർക്കു് റമ്പാൻപട്ടം കൊടുത്തു് അവരെ മെത്രാന്മാരാക്കുന്നതിനുവേണ്ടി അബ്ദുള്ളാ പാത്രിയർക്കിസിൻെറ പക്കലേക്കു് അയച്ചു. പത്രോസ് പാത്രിയക്കിസിൻെറ (മരണശേഷം) പിൻഗാമിയായി 1895–ൽ വന്നതു് അബ്ദുരംമിശിഹാ പാത്രിയക്കിസായിരുന്നു. ടക്കിസുൽത്താൻ അദ്ദേഹത്തെ സ്ഥാനഭ്രഷ്ടനാക്കിയപ്പോരം അബ്ദുള്ളായാണു് പിന്നീടു് പാത്രിയക്കിസായതു്. ഈ സ്ഥാനഭ്രഷ്ടപ്രശ്നം തിരുവിതാംകൂർ കൊച്ചി കോടതികളിൽ ദീർഘകാലം വ്യവഹരിക്കപ്പെട്ടിട്ടുള്ളതാണു്. പത്രോസ് പാത്രിയക്കിസ് കേരളത്തിൽ വന്നപ്പോരം അദ്ദേഹത്തിൻെറകൂടെ ജറുശലേം മെത്രാനായ ഈ അബ്ദുള്ളായും ഉണ്ടായിരുന്നു. ഇവിടെവെച്ചു് പാത്രിയക്കിസും അബ്ദുള്ളായും തമ്മിൽ കലഹിക്കുവാൻ ഇടയായി. ഒരു കാരണം അബ്ദുള്ളാ പള്ളികരംതോറും നടന്നു് സ്വന്തമായി പണം പിരിച്ചതാണു്. ഇദ്ദേഹം കത്തോലിക്കാസഭയിൽ ചേരുകയും കുറേക്കാലം അതിൽനിന്നിട്ടു് തിരികെ യാക്കോബായിൽ പോവുകയും ചെയ്ത ആളാണു്. ഏതായാലും അദ്ദേഹം യാക്കോബായ സഭയുടെ പാത്രിയക്കിസായിത്തീർന്നു. മാർ ദിവന്നാസ്യോസ് അഞ്ചാമൻ, മെത്രാൻസ്ഥാനത്തേക്കു് നാമനിർദ്ദേശം ചെയ്തവരിൽ ഒരാരം ഫാ. ഗീവർഗ്ഗീസായിരുന്നു. അദ്ദേഹത്തെ മെത്രാനാക്കുമ്പോരം ദിവന്നാസ്യോസിൻെറ പിൻതുടച്ചാവകാശം നല്കണമെന്നു് ദിവന്നാസ്യോസും സുറിയാനിസഭ അസോസിയേഷനും

www.malankaralibrary.com

അബ്ദുള്ളാപാത്രിയക്കീസിനോട് അപേക്ഷിച്ചിരുന്നു. അവരെ പാത്രിയക്കീസ് മെത്രാന്മാരായി വാഴിച്ചുവെങ്കിലും ഗീവർഗ്ഗീസിന്ന് പിൻതുടർച്ചാവകാശം നല്കിയില്ല. മാത്രമല്ല സിറിയാക്കാരനായ ഒരു സന്ന്യാസിയെ മാർ എവുസ്ഥാത്തിയോസ് എന്ന പേരിൽ മെത്രാനായി വാഴിക്കുകയും അദ്ദേഹത്തെ പാത്രിയക്കീസിൻെറ പ്രതിനിധിയായി കേരളത്തിലേയ്ക്ക് അയയ്ക്കുകയും ചെയ്തു. 1909-ൽ ദിവന്നാസ്യോസ് അഞ്ചാമൻ അന്തരിച്ചു. നേരത്തെ നിർദ്ദേശിക്കപ്പെട്ട മാർ ഗീവർഗ്ഗീസിനെ (ദിവന്നാസ്യോസ് ആറാമനെ) മെത്രാപ്പോലീത്തായാക്കണമെന്ന് അസോസിയേഷൻ വീണ്ടും പാത്രിയക്കീസിനോടഭ്യർത്ഥിച്ചു. ഇതിനു മറുപടി ഉണ്ടായില്ല. വളരെനാൾകഴിഞ്ഞ്, മാർ എവുസ്ഥാത്തിയോസിൻെറ പക്കൽനിന്നും നാമനിർദ്ദേശം വന്നപ്പോഴാണ് അദ്ദേഹത്തെ മലങ്കരമെത്രാപ്പോലീത്തയായി പാത്രിയക്കീസ് അംഗീകരിച്ചത്.

1909-ൽ അബ്ദുള്ളാ പാത്രിയർക്കീസ് കേരളത്തിൽ വന്ന്, മുളന്തുരുത്തി സുനഹദോസ് നിശ്ചയങ്ങൾ നടപ്പിലാക്കുന്നതിന് ഒരു യോഗം വിളിച്ചുകൂട്ടി. ആ സുനഹദോസിൽ പാത്രിയക്കീസ് സംബന്ധിക്കുവാൻ ജനങ്ങളനുവദിച്ചില്ല. അതിൽ സംബന്ധിച്ചയാളുകൾ രണ്ടു കക്ഷികളായി തിരിഞ്ഞ് തീവ്രമായ വാദപ്രതിവാദങ്ങൾ നടത്തുകയാണുണ്ടായത്. ഭൂരിപക്ഷം പ്രതിനിധികളും മാർ ദിവന്നാസ്യോസിന്ന് അനുകൂലമായിരുന്നു. വസ്തുക്കളുടെ അവകാശം സംബന്ധിച്ചായിരുന്നു വാശിയോടുകൂടിയ വാദങ്ങൾ നടന്നത്. ട്രസ്റ്റികളായ കോനാട്ട് മല്പാനും സി. ജെ. കുര്യനും ദിവന്നാസ്യോസിനെതിരായിട്ടുനിന്നു. പാത്രിയക്കീസിനോട് നിരുപാധികമായ അനുസരണ വാഗ്ദാനംചെയ്ത ദിവന്നാസ്യോസിൻെറ നില പരുങ്ങലിലായിരുന്നു. പാത്രിയക്കീസ് അബ്ദുള്ളാ കോപാക്രാന്തനായി വാക്കിലും പ്രവൃത്തിയിലും സംയമനമില്ലാതെ പെരുമാറി. സന്ധിയാലോചനകളെല്ലാം വിഫലമായി. ദിവന്നാസ്യോസിനെ 1911 ജൂണിൽ അബ്ദുള്ളാ മഹറോൻ ചൊല്ലുകയും മാർ കൂറിലോസിനെ മലങ്കര മെത്രാപ്പോലീത്തായായും അസോസിയേഷൻെറ അദ്ധ്യക്ഷനായും നിയമിക്കുകയും ചെയ്തു. 1910-ൽ മാർ അത്താനാസ്യോസിനേയും മാർ സെവേറിയൂസിനേയും മെത്രാന്മാരായി വാഴിച്ചു. സെവേറിയൂസ് ഒരു ക്നാനായക്കാരനായിരുന്നു. അങ്ങനെ ആ സമുദായത്തിൻെറ മുഴുവൻ പിൻതുണയും പാത്രിയർക്കീസിന്ന് കിട്ടുവാനി

www.malankaralibrary.com

ടയായി. മാർ സെവേറിയൂസ് 1926-ൽ തന്റെ സഹായ മെത്രാനായി ദിയസ്ക്കാറോസിനെ വാഴിച്ചു. 1941-ൽ ദിയസ്ക്കാറോസ് കത്തോലിക്കാസഭയിൽ ചേർന്നതുമൂലം, 1951-ൽ പാത്രിയർക്കീസ് തന്നെ തെക്കുംഭാഗർക്കായി മാർ ക്ലിമ്മീസ്സിനെ മെത്രാനായി വാഴിച്ചു.

മഹറോൻ ചൊല്ലപ്പെട്ട വട്ടശ്ശേരി മാർ ദിവന്നാസ്യോസിന്റെ അദ്ധ്യക്ഷതയിൽ സുറിയാനി അസോസിയേഷൻ കൂടി പാത്രിയർക്കീസിന്റെ മഹറോന് വിലയില്ലെന്ന് പ്രഖ്യാപിച്ചുകൊണ്ട്, പാത്രിയർക്കീസിന്റെ ഭാഗംചേന്ന രണ്ടു ട്രസ്റ്റികൾക്ക് പകരമായി മററു രണ്ടു പേരെ തിരഞ്ഞെടുത്തു. അസോസിയേഷന്റെ പൊതുയോഗം ഈ നിശ്ചയം അംഗീകരിക്കുകയും പാത്രിയർക്കീസിന് കേരളത്തിൽ യാതൊരധികാരവുമില്ലെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. ഇങ്ങനെയാണ് പാത്രിയർക്കീസിന്റെ ബാവാകക്ഷിയും ദിവന്നാസ്യോസിന്റെ മെത്രാൻകക്ഷിയുമുണ്ടായത്. പാത്രിയർക്കീസ് കക്ഷിയുടെ നേതാവ് മാർ കൂറിലോസും മെത്രാൻകക്ഷിയുടെ നേതാവ് മാർ ദിവന്നാസ്യോസും ആയിരുന്നു. കുറേ നാളത്തേയ്ക്ക് ഇരുകൂട്ടരും പരസ്പരം വാദിച്ച് കഴിഞ്ഞുകൂടി. മാർ അത്തനാസ്യോസിനെ സഭയിൽനിന്നും പാത്രിയർക്കീസ് ബഹിഷ്ക്കരിച്ചതുപോലുള്ള സംഭവങ്ങൾ മെത്രാൻകക്ഷികളെ ദുർബലപ്പെടുത്തുന്നതായിരുന്നു. അംഗീകൃതാധികാരത്തിന്റെ അഭാവം മെത്രാൻകക്ഷികൾക്ക് ദോഷകരവുമായിരുന്നു.

കാര്യങ്ങളെ ഒന്നുകൂടെ വഷളാക്കുവാൻ തക്കവണ്ണം, അപ്പോഴാണ് മറെറാരു സംഭവം ഉണ്ടായത്. സ്ഥാനഭ്രഷ്ടനായ അബ്ദുൾമിശിഹാ പാത്രിയർക്കീസ് മർദ്ദീനിൽ വിശ്രമിക്കുകയായിരുന്നു. അദ്ദേഹത്തെ മഹമ്മദീയനായ തുർക്കി സുൽത്താൻ സ്ഥാനഭ്രഷ്ടനാക്കിയത്, ന്യായരഹിതമാണെങ്കിൽ, അദ്ദേഹം തന്നെയല്ലേ, സാക്ഷാൽ അധികാരമുള്ള പാത്രിയർക്കീസ്? സാക്ഷാൽ പാത്രിയർക്കീസ് അദ്ദേഹമാണെങ്കിൽ, അബ്ദുള്ളാ പാത്രിയർക്കീസിന്റെ സ്ഥാനമെവിടെ? ഈ ഘട്ടത്തിൽ അബ്ദുൾമിശിഹാപാത്രിയർക്കീസിന്റെ അധികാരവിനിയോഗത്തിന് നൈയാമികതയും സാധുത്വവും ഇല്ലെന്നുവരുമോ? ഏതായാലും 1912-ൽ സ്ഥാനഭ്രഷ്ടനായ അബ്ദുൾമിശിഹാപാത്രിയർക്കീസ് കേരളത്തിലെത്തി. തിരുവിതാംകൂറിൽ പാത്രിയർക്കാകക്ഷികൾക്ക് ശക്തിയും സ്വാധീനവും ഉണ്ടായിരുന്ന കാലമായിരുന്നു അത്. അബ്ദുൾമിശിഹായെ

www.malankaralibrary.com

കാണ്മവാൻ തിരുവിതാംകൂർ മഹാരാജാവു് വിസമ്മതിച്ചു. അദ്ദേഹം കോട്ടയം ജില്ലയിൽ പ്രവേശിച്ചുപോകരുതെന്നു് മജിസ്ട്രേററിന്റെ ഉത്തരവുണ്ടായി. അതിനാൽ അബ്ദുല്ല മിശിഹാ നിരണത്തുപോയി, 1912 ജൂലൈ 14-ാം തീയതി മെത്രാൻകക്ഷിക്കാരനായ പൗലോസ് മാർ ഇവാനിയോസിനെ കാതോലിക്കോസായി വാഴിക്കുകയും ചെയ്തു. നെസ്തോറിയൻ സഭയിലാണു് കാതോലിക്കോസ് സ്ഥാനം ഉണ്ടായിരുന്നതു്. അതു് യാക്കോബായക്കാർ വെറുത്തിരുന്ന ഒരു പദവുമാണു്. യാക്കോബായ സഭയിൽ ആ സ്ഥാനത്തിനു് പറയാറുള്ള പേരു് 'മപ്രിയാനാ' എന്നാണു്. ആ പദമുപയോഗിക്കാഞ്ഞതു് വിചിത്രമായിരിക്കുന്നു. 1912 സെപ്റ്റംബറിൽ അബ്ദുല്ലമിശിഹാ മൂന്നു് മെത്രാന്മാരെക്കൂടി വാഴിച്ചു. ഇവരായിരുന്നു മാർ പീലക്സിനോസ്, മാർ ഇവാനിയോസ്, മാർ ഗ്രിഗോറിയോസ്. 1913-ൽ അപ്പോഴത്തെ കാതോലിക്കോസിനുശേഷം മററു കാതോലിക്കോസുമാരെ നിയമിക്കുവാനുള്ള അധികാരവും അദ്ദേഹം മെത്രാൻകക്ഷിക്കുകൊടുത്തു. പുതുതായി വാഴിക്കപ്പെട്ട കാതോലിക്കോസ് താമസംവിനാ കഥാവശേഷനായി. അദ്ദേഹത്തിന്റെ പിൻഗാമിയെ നിയമിക്കുവാൻ വർഷങ്ങളോളം വേണ്ടിവന്നു. അക്കാലമത്രയും മെത്രാൻകക്ഷിയെ ഭരിച്ചിരുന്നതു് വട്ടശ്ശേരി മാർ ദിവന്നാസ്യോസാണു്.

1913-ൽ വട്ടിപ്പണക്കേസ് ആരംഭിച്ചു. കേസ് ജില്ലാക്കോടതിയിൽ മാർ ദിവന്നാസ്യോസിനു് അനുകൂലമായി വിധിച്ചു. 1923-ൽ ഹൈക്കോടതിയിലുണ്ടായ അപ്പീൽ വിചാരണയിൽ ജില്ലാക്കോടതിയിലെ വിധി അധികവും ദുർബലപ്പെടുത്തുകയും മാർ കൂറിലോസിന്റെ പിൻഗാമിയായി വന്ന മാർ അത്തനാസ്യോസിന്റെ മലങ്കരമെത്രാപ്പോലീത്തൻ സ്ഥാനം സ്ഥിരീകരിക്കുകയും ചെയ്തു. 1928-ൽ ഹൈക്കോടതിയിൽ ഇതേവിധിതന്നെ പുനർവിചാരണചെയ്തു് മാർ ദിവന്നാസ്യോസിന്റെ അവകാശങ്ങളെല്ലാം സ്ഥാപിച്ചുകൊടുത്തു. ഇക്കാലത്തിനിടക്കു് അതായതു് 1923-ൽ മാർ ദിവന്നാസ്യോസ്, പാത്രിയർക്കീസായിരുന്ന മാർ ഏലിയാസിന്റെ അടുക്കൽ ചെന്നു് അദ്ദേഹത്തിന്റെയും അദ്ദേഹത്തിന്റെ സാമന്തമെത്രാന്മാരുടെയും മഹറോൻ നീക്കണമെന്നു് അഭ്യർത്ഥിച്ചു. ഇതിന്റെ ഫലമായി, കാര്യങ്ങളെല്ലാം നേരിട്ടു് സ്ഥലത്തുപോയി പഠിക്കുന്നതിനുവേണ്ടി മാർ യൂലി

www.malankaralibrary.com

യോസ് എന്നൊരു ശീമമെത്രാനെ അയച്ചു. യൂലിയോസി ൻെറ റിപ്പോർട്ട് മാർ ദിവന്നാസ്യോസിനു് പ്രതികൂലമായി രുന്നു.

ഇത്രയുമായപ്പോഠ, ഇരുകക്ഷികളും തമ്മിൽ തുറന്ന മത്സര മായി. പാത്രിയക്കീസ് കേരളത്തിൽ മൂന്നു മെത്രാന്മാരെ ക്കൂടെ നിയമിച്ചു. മെത്രാഭിഷേകാവസരത്തിൽ അവരോട് നിരുപാധികമായ അനുസരണമുള്ള ഉടമ്പടിയും എഴുതി വാങ്ങി. എതിർഭാഗത്തെ മെത്രാൻകക്ഷികഠ, 1925-ൽ മാർ പീലക്സിനോസിനെ രണ്ടാമത്തെ കാതോലിക്കോസായി വാ ഴിച്ചു. അദ്ദേഹം 1928-ൽ മരിച്ചു. അദ്ദേഹത്തിൻെറ പിൻ ഗാമിയായി വന്നതു് മാർ ബസീലിയോസ് ആയിരുന്നു. ഈ പുതിയ കാതോലിക്കോസ് 1928-ൽ മാർ ഗ്രീഗോറിയോ സിനെയും 1930-ൽ മാർ പീലക്സിനോസിനേയും മെത്രാ ന്മാരായി വാഴിച്ചു. പുരാതനമായ സുറിയാനിസഭയുടെ ഈ ദയ നീയസ്ഥിതിയിൽ, സഹതാപമുണ്ടായിരുന്ന ഏലിയാസ് മൂന്നാമനെ 1931-ൽ ഇന്ത്യയിലേയ്ക്കു് ക്ഷണിച്ചു് സന്ധിസംഭാ ഷണങ്ങഠ ആരംഭിച്ചു. സന്ധിസംഭാഷണങ്ങഠ പൂർത്തിയാകു ന്നതിനുമുമ്പ് അദ്ദേഹം ദിവംഗതനാവുകയും ഓമല്ലൂരുള്ള മഞ്ഞിനിക്കരപ്പള്ളിയിൽ കബറടങ്ങുകയുംചെയ്തു. അദ്ദേഹ ത്തിൻെറ പിൻഗാമിയായി വന്നതു് മാർ എഫ്രയിം പാത്രി യർക്കിസായിരുന്നു. 1934-ൽ കാതോലിക്കോസായിരുന്ന മാർ ബസീലിയോസ് ശീമമെത്രാനായ മാർ യൂലിയോസി നോടുകൂടി മർദീനിൽ ചെന്നു് പാത്രിയക്കീസിനെ കണ്ടു് സമാ ധാനം സ്ഥാപിക്കുവാനുള്ള ശ്രമങ്ങഠ തുടങ്ങി. പക്ഷെ അതു കൊണ്ടും ഫലമുണ്ടായില്ല. അതേത്തുടന്നു് കാതോലിക്കോസ് കക്ഷിക്കാർ കോട്ടയത്തു് യോഗംകൂടുകയും പുതിയ ഒരു സഭാ ഭരണഘടനയുണ്ടാക്കി കാതോലിക്കോസിനെ മലങ്കരമെത്രാ പ്പോലീത്തയായി നിശ്ചയിക്കുകയുംചെയ്തു. ഇതറിഞ്ഞ പാ ത്രിയർക്കിസ് കക്ഷികഠ അടങ്ങിയിരുന്നില്ല. അവരുടെ പ്രതിനിധികഠ കരിങ്ങാശ്രപ്പള്ളിയിൽ സമ്മേളിക്കുകയും മാർ അത്തനാസ്യോസിനെ മലങ്കരമെത്രാപ്പോലീത്തയായി നിശ്ചയിക്കുകയും ചെയ്തു. തന്നെയുമല്ല ആരാണു് ശരിയായ മെത്രാപ്പോലീത്താ എന്നു് നിശ്ചയിക്കുന്നതിനു് 1938-ൽ കോട്ടയം ജില്ലാക്കോടതിയിൽ ഒരപേക്ഷകൊടുത്തു. 1944-ൽ അതിലുണ്ടായ വിധിയിൽ കാതോലിക്കോസ് ആണു് ശരി യയാ മെത്രാപ്പോലീത്തായെന്നും മലങ്കരസഭാവസ്തുക്കളിൽ

www.malankaralibrary.com

അദ്ദേഹത്തിനു് പൂർണ്ണമായ അവകാശമുണ്ടെന്നും കാണിച്ചിരുന്നു. 1947-ൽ മാർ അത്തനാസ്യോസ് ഹൈക്കോടതിയിൽ അപ്പീൽ കൊടുത്തു. അതനുവദിച്ചുകൊണ്ടു് വിധിയുണ്ടായി. 1951-ൽ കാതോലിക്കോസ് ഹൈക്കോടതിയിൽ പുനർവിചാരണയ്ക്കു് കൊടുത്ത അപേക്ഷ കോടതി തള്ളിക്കളഞ്ഞു. അതിന്റെ ഫലമായി ദിവന്നാസ്യോസിന്റെയും മററു മെത്രാന്മാരുടേയും മഹറോൻ പിൻവലിക്കുകയും ചെയ്തു. എന്നാൽ അധികനാരം കഴിയുന്നതിനുമുൻപു് അബ്ദുറംമിശിഹായുടെ തെററുകരം ചൂണ്ടിക്കാണിച്ചുകൊണ്ടു് മുടക്കുകളെല്ലാം പുനഃസ്ഥാപിച്ചു.

മാർ ദിവന്നാസ്യോസ് മരണംപ്രാപിച്ചപ്പോരം മൂന്നാമത്തെ കാതോലിക്കോസ് ആയിരുന്ന മാർ ബസീലിയോസ് മാർ ഗൂലിയോസിനോടുകൂടി ഹോംസിൽചെന്നു് പാത്രിയക്കീസിനെ കണ്ടു് സന്ധിസംഭാഷണങ്ങരം നടത്തി. അതു് വിഫലമായിപ്പോയി. കാതോലിക്കോസിനേയും മററും പാത്രിയക്കീസായിരുന്ന എഫ്രേം മഹറോൻ ചൊല്ലി. 1935-ൽ മാർ അത്തനാസ്യോസിനെ മലങ്കരമെത്രാപ്പോലീത്തയായി പാത്രിയക്കീസ് പ്രഖ്യാപിച്ചു. കാതോലിക്കോസ് മാർ ബസീലിയോസ് നിഷ്പ്രയോജനമായ ഒരു യാത്രയും കഴിച്ചു് ഹോംസിൽനിന്നും മടങ്ങിവന്നശേഷം, കാതോലിക്കോസ് കക്ഷിക്കാർ ഒരു സ്വതന്ത്രസഭയാകാനാണു് ശ്രമിച്ചതു്. അവർ ഒരു യോഗം വിളിച്ചുകൂട്ടി കാതോലിക്കോസിനെ മലങ്കര മെത്രാപ്പോലീത്തയായി പ്രഖ്യാപിച്ചു. സ്വതന്ത്രമായ ഒരു സഭയ്ക്കുവേണ്ടിയുള്ള ഭരണഘടനയും എഴുതിയുണ്ടാക്കി. ഇരുപത്തേഴു് ഖണ്ഡികകളുള്ള ഈ ഘടനയിൽ പാത്രിയക്കീസിന്റെ പേരുപോലുമില്ല. നാലു ഖണ്ഡികകളിൽ, പാത്രിയക്കീസ് കാതോലിക്കോസിനെ അംഗീകരിക്കുമെങ്കിൽ കാതോലിക്കോസ് പാത്രിയർക്കീസിനെയും അംഗീകരിക്കുമെന്നും പറയുന്നുണ്ടു്. രണ്ടു സഭകളായിത്തീർന്നതോടെ അന്യോന്യം എതിരായ വ്യവഹാരങ്ങളുമാരംഭിച്ചു. 1938-ൽ കോട്ടയം ജില്ലാക്കോടതിയിലുണ്ടായ വിധിയിൽ കാതോലിക്കോസിന്റെ സ്ഥാനത്തെ നിയമപരമായി അംഗീകരിച്ചു. ഇതിന്റെ അപ്പീൽ ഹൈക്കോടതിയിൽ വന്നപ്പോരം പാത്രിയർക്കിസിന്റെ കക്ഷിയായ അത്തനാസ്യോസിനു അനുകൂലമായിട്ടാണു് വിധിച്ചതു്. എന്നാൽ വീണ്ടും ആ കേസ് 1954-ൽ സുപ്രീംകോടതിയിൽ വന്നപ്പോരം പുനർവിചാര

www.malankaralibrary.com

ണയ്ക്കു് ആജ്ഞ നൽകുകയാണുണ്ടായതു്. ഇക്കാലമത്രയും നാനാതരത്തിലുള്ള കേസുകളുടേയും അവയുടെ ഉപകേസുകളുടേയും നീണ്ട ശൃംഖലയിൽപ്പെട്ടു് സാധാരണജനങ്ങൾ വലയുകയായിരുന്നു. കേസുകളുടെ ജയാപജയങ്ങളാണു് സഭയുടെ രൂപഭാവങ്ങൾ നിർണ്ണയിക്കുന്നതെന്നു വന്നപ്പോൾ, ക്രൈസ്തവസഭയുടെ ചൈതന്യംതന്നെ ചോർന്നുപോയി. കക്ഷികളുടെ വാശിയിലും വഴക്കിലും വ്യവഹാരത്തിലും മാത്രമായി, സഭ. ഇതിൽ മനംനൊന്ത നേതാക്കന്മാർ വീണ്ടും സന്ധിക്കുവേണ്ടിയുള്ള ആലോചനകൾ തുടങ്ങി. അതിന്റെ ഫലമായി പാത്രിയർക്കീസ് കക്ഷികളും കാതോലിക്കോസ് കക്ഷികളും ഒരു ഉടമ്പടി ഉണ്ടാക്കി. കക്ഷിമാററങ്ങളും ധാരാളം ഉണ്ടായിരുന്നു. കണ്ടനാട്ടു് മെത്രാനായ മാർ തിമോത്തെയൂസ് പാത്രിയർക്കീസ് കക്ഷിയിൽ നിന്നുമാറി മെത്രാൻകക്ഷിയിൽ ചേർന്നു. കൂനൻകുരിശു മുതൽ തുടങ്ങുന്ന ഭിന്നിപ്പുകളുടേയും ഭിന്നിപ്പിനുള്ളിലുള്ള ഭിന്നിപ്പുകളുടേയും ഗുണപാഠങ്ങൾ നല്കിയ വെളിച്ചത്തിൽക്കൂടി ബഥനിസ്ഥാപകരായ മാർ ഇവാനിയോസും മാർ തിയോഫിലോസും കത്തോലിക്കാസഭയിൽചേർന്നു് പുനരൈക്യപ്പെട്ടു. എന്നാൽ യാക്കോബായസഭയിലെ ഭിന്നിപ്പുകൾ താല്ക്കാലികമായി അവസാനിച്ചുവെങ്കിലും, വീണ്ടും ആ സഭ പഴയ പാതയിൽക്കൂടി ചീററിയും ചിതറിയും പായുകയാണു്, അതിന്റെ അവസാനം എന്തെന്നും എന്നെന്നും ആർക്കും പ്രവചിക്കാവുന്നതല്ല.

www.malankaralibrary.com

# മുപ്പത്തൊന്നാം അദ്ധ്യായം

# സുറിയാനിരൂപതകൾ

## A. തൃശ്ശൂർ വികാരിയാത്ത്

### ബിഷപ്പ് അഡോൾഫ് മെഡ്ലിക്കോട്ട്
### (1887-1896)

സുറിയാനിക്കാക്കു മാത്രമായി രണ്ടു വികാരിയാത്തുകൾ (Vicariates) സ്ഥാപിച്ചപ്പോൾ തൃശ്ശൂർ വികാരിയാത്തിൻെറ മെത്രാനായി വന്നതു് ഒരു ആംഗ്ലോഇന്ത്യനായ അഡോൾഫ് മെഡ്ലിക്കോട്ട് ആയിരുന്നു. 1835-ൽ അദ്ദേഹം ചിററഗോംഗിൽ ജനിച്ചു. വൈദികവിദ്യാഭ്യാസം നടത്തിയതു് റോമിലെ പ്രൊപ്പഗാന്താകോളേജിലായിരുന്നു. അന്നു് അദ്ദേഹം കോളേജ് ലൈബ്രേറിയൻ കൂടിയായിരുന്നു. വൈദികനായി ഇന്ത്യയിൽ വന്നശേഷം, കല്ക്കട്ടായിലും, പുറത്തു് പലസ്ഥലങ്ങളിലും അദ്ദേഹം ജോലി ചെയ്തു. 1887-ൽ തൃശ്ശൂർ വികാരിയാത്തിൻെറ ഭരണാധികാരിയായി അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടു. ഇന്ത്യയിലെ ദലഗാദ് അപ്പോസ്തോലിക്കാ Apostolic Delegate) ആയിരുന്ന മോൺസിഞ്ഞോർ അയൂത്തിയാണു്, അദ്ദേഹത്തെ മെത്രാനായി, 1887 ഡിസം. 11-ാം തീയതി അഭിഷേകം ചെയ്തതു്. ഡിസം. 18-ാം തീയതി അദ്ദേഹം തൃശ്ശൂർവന്നു് അധികാരം ഏറെറടുത്തു. തൃശ്ശൂർ വികാരിയാത്തിൽ മെഡ്ലിക്കോട്ട് മെത്രാനു് കിട്ടിയ ആദ്യ സ്വീകരണം സുറിയാനികർമ്മലീത്തരുടെ എൽത്തുരുത്തു് ആശ്രമത്തിൽവച്ചായിരുന്നു. അതിഗംഭീരവും അത്യാഘോഷപൂർവ്വവുമായ ആ സ്വീകരണത്തിൽ ധാരാളം വൈദികരും കന്യാസ്ത്രീകളും ജനപ്രതിനിധികളും സംബന്ധിച്ചിരുന്നു.

അക്കാലത്തു് തൃശ്ശൂർ വികാരിയാത്തിൻെറ സ്ഥിതി വളരെ ദയനീയമായിരുന്നു. റോക്കോസിൻെറയും മേലൂസിൻെറയും പ്രധാന പ്രവർത്തനരംഗങ്ങൾ തൃശ്ശൂരായിരുന്നതുകൊണ്ടു്, സഭയിലെ വിയോജിതഘടകം അവിടെ പ്രബലവും

www.malankaralibrary.com

പ്രവർത്തനനിരതവുമായിരുന്നു. മെഡ്ലിക്കോട്ടുമെത്രാന്റെ കത്തീഡ്രലാകേണ്ട വ്യാകുലമാതാവിന്റെ പള്ളി വിഘടിച്ചു നിന്ന സ്വാതന്ത്ര്യപ്രക്ഷോഭകരുടെ അധീനതയിലുമായിരുന്നു. അദ്ദേഹത്തിനു താമസിക്കുവാൻപോലും സ്ഥലമുണ്ടായിരുന്നില്ല. ഭിന്നതയെ തുരത്തുവാനും ഐക്യത സംഘടിപ്പിക്കുവാനുമാണ് അദ്ദേഹം ഒന്നാമതായി ശ്രമിച്ചത്. അദ്ദേഹം ദൃഢചിത്തനായിരുന്നെങ്കിലും ആളുകളോടുള്ള പെരുമാററത്തിൽ വളരെ സൗമ്യനും ആർദ്രഹൃദയനുമായിരുന്നു. അദ്ദേഹത്തിന്റെ മാതൃകാപരവും ക്രൈസ്തവചൈതന്യം തുളുമ്പുന്നതുമായ ജീവിതം ആളുകളെ വളരെ ആകർഷിച്ചു. ഭിന്നിപ്പുമൂലം പല പള്ളികളും വിയോജിതരുടെ കയ്യിൽ പെട്ടിരുന്നു. അതു് വീണ്ടെടുക്കുവാൻ അദ്ദേഹം കോടതികളിൽ കേസുകരം നടത്തി. മെഡ്ലിക്കോട്ടുമെത്രാനു് ഇടവകവൈദികരുടെയും സുറിയാനികർമ്മലീത്തരുടെയും ഉദാരമായ സഹായസഹകരണങ്ങരം ലഭിച്ചുവെന്നുള്ളതു് സ്മരണീയമാണ്. അദ്ദേഹത്തിന്റെ ആദ്യവികാരിജനറാളായ ജോർജ്ജ് മാമ്പള്ളി അസാധാരണ പാണ്ഡിത്യവും കഴിവുകളുമുള്ള ഒരാളായിരുന്നു.

മെഡ്ലിക്കോട്ട് ഒരു വിജ്ഞാനദാഹിയായിരുന്നു. അദ്ദേഹത്തിന്റെ ശ്രദ്ധയും ശക്തിയും ആദ്യമായി കേന്ദ്രീകരിച്ചതു്, ഇടവകകളിലെല്ലാംകൂടി സ്കൂളുകളുടെ ഒരു ശൃംഖല ഉണ്ടാക്കുന്നതിലാണ്. തൃശ്ശൂരുള്ള സെൻറ് തോമസ് ഹൈസ്കൂളിന്റെ സ്ഥാപകനും അവിടെയുള്ള അരമന പണിയിച്ചതും ഈ മെത്രാനാണ്. സുപ്രസിദ്ധമായ India and Apostle Thomas എന്ന ഒരു അമൂല്യഗ്രന്ഥത്തിന്റെ കർത്താവാണ് അദ്ദേഹം. ഗവേഷണബുദ്ധിയുടെയും അഗാധപാണ്ഡിത്യത്തിന്റെയും നിത്യസ്മാരകമായി ആ ഗ്രന്ഥം എന്നും നിലകൊള്ളും. മാർത്തോമ്മാശ്ലീഹാ ഇൻഡ്യയിൽ വന്നിട്ടുണ്ടെന്നു സ്ഥാപിക്കുകയാണ് ആ ഗ്രന്ഥത്തിന്റെ പ്രമേയം. മാർത്തോമ്മാക്രിസ്ത്യാനികരംക്കു മാത്രമായി നിയമിക്കപ്പെട്ട, വരാപ്പുഴയിലെ മർസലിൻ എന്നൊരു കർമ്മലീത്താമെത്രാൻ, ആ സ്ഥാനം ഏററശേഷം നടത്തിയ തൂലികായോധനം, മാർത്തോമ്മാശ്ലീഹാ കേരളത്തിൽ വന്നിട്ടില്ലെന്നു് സ്ഥാപിക്കുവാനായിരുന്നു!! അത്രയോഗ്യനും സംസ്ക്കാരസമ്പന്നനും ആയിരുന്ന ആ മാന്യദേഹം തന്റെ ഭരണീയക്ക്!! സംപൂജ്യമായ സന്യാസമന്ദിരങ്ങളിലെ അകത്തളങ്ങളിൽനിന്നും വമിക്കുന്ന വർണ്ണവൈരാഗ്യത്തിന്റെ ദൂഷിച്ച വിഷപ്പുക!!

www.malankaralibrary.com

തൃശ്ശൂർ രൂപതയുടെ കീഴിലുള്ള പല സ്ഥാപനങ്ങളുടെയും ആസ്ഥാനമായ വിശാലമായ 'തോപ്പ്' വാങ്ങിയതും ബിഷപ്പ് മെഡ്ലിക്കോട്ടുതന്നെ. 1896-ൽ തന്റെ സ്ഥാനം രാജിവെച്ചുപോകുമ്പോഠം തൃശ്ശൂരുള്ള സെന്റ് തോമസ് സ്കൂഠം, എറുത്തുരുത്തിൽ ആൺകുട്ടികഠംക്കായുള്ള മിഡിൽ സ്കൂഠം, കുനമ്മാവിൽ പെൺകുട്ടികഠംക്കായുള്ള മിഡിൽസ്കൂഠം, പതിനാലു് ഇടവകകളിലുള്ള ഇംഗ്ലീഷ് സ്കൂളുകഠം, 191 മലയാളം പ്രൈമറിസ്കൂളുകഠം എന്നിവയെല്ലാം അദ്ദേഹത്തിന്റെ ഭരണത്തിന്റെ അഭിമാനകരങ്ങളായ നേട്ടങ്ങളാണ്. കമ്മലീത്താഭരണത്തിലെ വിജ്ഞാനദാരിദ്ര്യത്തിന്റെ വറച്ചട്ടിയിൽനിന്നും സുറിയാനിക്കാരെ അവസാനമായി അങ്ങനെ രക്ഷപെടുത്തിയ ബിഷപ്പ മെഡ്ലിക്കോട്ടിനെ കൃതജ്ഞതയോടു മാത്രമേ ഓക്കാനാവൂ.

മെഡ്ലിക്കോട്ട് തൃശ്ശൂർ വിട്ടശേഷം, ഇംഗ്ലണ്ടിലെ വെസ്റ്റ്മിനിസ്റ്റർ അതിരൂപതയുടെ മെത്രാപ്പോലീത്തയായ കർദ്ദിനാഠം വോണി (Cardl. Vaughn) ന്റെ സഹായമെത്രാനായി. ഈ കർദ്ദിനാഠം മരിച്ചപ്പോഠം, അദ്ദേഹം കല്ലൂട്ടായിലേയ്ക്കു് മടങ്ങിവന്നു് പഠനത്തിലും ഗവേഷണത്തിലുമായി, ശിഷ്ടകാലം കഴിച്ചുകൂട്ടി. 1912-ൽ അദ്ദേഹം തന്റെ മെത്രാൻ സ്ഥാനത്തിന്റെ രജതജൂബിലി ആഘോഷിച്ചപ്പോഠം, തൃശ്ശൂർ രൂപതയുടെ ഒരു പ്രതിനിധിസംഘം കല്ലൂട്ടായിൽ ചെന്നു് അദ്ദേഹത്തിനു് അഭിവാദനങ്ങളും മംഗളോപഹാരങ്ങളും സമർപ്പിച്ചു. അതു് അത്യധികം സന്തോഷകരവും അഭിമാനകരവുമായ ഒരു പ്രവൃത്തിയായിരുന്നു. അദ്ദേഹം ബാംഗ്ളൂർവച്ചു് 1918 മെയ് മാസം 4-ാം തീയതി ദിവംഗതനായി. അദ്ദേഹത്തോടു് സ്നേഹവും നന്ദിയുമുള്ള തൃശ്ശൂർക്കാർ, 1945 മെയ് 4-ാം തീയതി തൃശ്ശൂർ കത്തീഡ്രലിൽ അദ്ദേഹത്തിന്റെ ഭൗതികാവശിഷ്ടങ്ങഠം ആഘോഷപൂർവ്വം സ്ഥാപിച്ചു.

## B. കോട്ടയം വികാരിയാത്തു്

### ബിഷപ്പ് ചാറൽസ് ലവീഞ്ഞ് S. J.

ഒരു ജസ്യൂട്ട് വൈദികനായ മോൺസിഞ്ഞോർ ചാറൽസ് ലവീഞ്ഞാണ്, കോട്ടയം വികാരിയാത്തിലെ ആദ്യമെത്രാൻ. ഇദ്ദേഹം നാലു വർഷത്തോളം ജസ്യൂട്ട് ഫാ. ജനറാളിന്റെ സെക്രട്ടറിയായിരുന്നു. അപ്പോഴാണ് അദ്ദേഹം കോട്ടയം വികാരി

www.malankaralibrary.com

അപ്പസ്തോലിക്കയായി നിയമിതനാകുന്നതു്. 1887 നവംബറിൽ അദ്ദേഹം ഫ്രാൻസിൽവച്ചു് മെത്രാൻപട്ടം സ്വീകരിച്ചു. 1888 ഏപ്രിൽ 30–ാം തീയതി അദ്ദേഹം കേരളത്തിൽ വന്നെത്തി. മാന്നാനത്തുവച്ചു്, അദ്ദേഹത്തിനു പ്രൗഢഗംഭീരമായ ഒരു സ്വീകരണം നല്കി. അതിൽ മുപ്പതിനായിരം ആളുകൾ സംബന്ധിച്ചിരുന്നു. മെയ് 10–ാം തീയതി അദ്ദേഹം കോട്ടയത്തുവന്നു് ഭരണാധികാരം കയ്യേററു. അപ്പോൾ ആ വികാരിയാത്തിൽ 152 പള്ളികളും, 271 വൈദികരും, ഒരു ലക്ഷത്തിലധികം ജനങ്ങളും ഉണ്ടായിരുന്നു. ജനങ്ങളിൽ പതിനായിരത്തോളം തെക്കുംഭാഗരായിരുന്നു. അദ്ദേഹം ഭരണമേററയുടനെ തന്നെ നാലു് വൈദികരെ ഉപദേശകസമിതിയായി തിരഞ്ഞെടുത്തു. അവരിലൊരാളായ ബഹു. നിധീരിക്കൽ മാണിയച്ചനെ വടക്കുംഭാഗരുടേയും ബഹു. മാക്കിൽ മത്തായി അച്ചനെ തെക്കുംഭാഗരുടേയും വികാരി ജനറാളന്മാരായി നിയമിച്ചു. ബിഷപ്പ് ലവീഞ്ഞിൻെറകൂടെ മററു് രണ്ടു ജസ്യൂട്ട വൈദികരും ഉണ്ടായിരുന്നു. അവരായിരുന്ന ഫാ. റിക്കാർഡും ഫാ. ബൊണേലും. അവർ മലയാളം പഠിച്ചു. എന്നാൽ ബിഷപ്പ് ലവീഞ്ഞിനു് അതു് സാധിച്ചില്ല. വൈദികരുടെ വിശ്വാസം സമ്പാദിക്കുവാനാണു് അദ്ദേഹം ആദ്യം ശ്രമിച്ചതു്. അതിലദ്ദേഹം ഭാഗികമായി മാത്രമേ വിജയിച്ചുള്ളു. അദ്ദേഹം ക്ഷിപ്രകോപിയും അധികാരപ്രമത്തനും ആയിരുന്നുവെന്നാണു് ചിലരുടെ ആരോപണം. വൈദികാത്ഥികൾക്ക വേണ്ടി 1888–ൽ ചങ്ങനാശ്ശേരിയിൽ ഒരു സെമിനാരി സ്ഥാപിച്ചു. 1893–ൽ കേന്ദ്രസ്ഥാപനമായ പുത്തൻപള്ളി സെമിനാരിയിൽ പല പരിഷ്ക്കാരങ്ങളും നടപ്പിലാക്കി. വൈദികരെ പ്രോത്സാഹിപ്പിച്ചു. മാന്നാനത്തും മുത്തോലിയിലും അവർ നടത്തിയിരുന്ന സെമിനാരികൾക്കു് സഹായം ചെയ്തു. സുറിയാനി കമ്മലീത്തരുടെ സ്കൂളുകൾക്കും അവർ അധ:കൃതരുടെ ഇടയിൽ നടത്തിയിരുന്ന മിഷ്ൻപ്രവൎത്തനങ്ങൾക്കും പിൻതുണ നല്കി. അദ്ദേഹമാണു് സുറിയാനി കമ്മലീത്താ വൈദികാത്ഥികളെ മംഗലാപുരത്തയച്ചു് പഠിപ്പിക്കുവാൻ തുടങ്ങിയതു്.

ലവീഞ്ഞുമെത്രാൻെറ ഭരണകാലത്തു്, ചങ്ങനാശ്ശേരി വികാരിയാത്തിൻെറ വിസ്തീണ്ണം വടക്കു പെരിയാർ മുതൽ തെക്കു് പമ്പയാർവരെ ആയിരുന്നു. പിന്നീടുണ്ടായ എറണാകുളം, കോതമംഗലം രൂപതകളുടെ ഭാഗവും അതിൽ ഉൾപ്പെട്ടു.

www.malankaralibrary.com

കേരളസഭയ്ക്ക് അന്ന് ആകെക്കൂടിയുണ്ടായിരുന്ന ഏക കന്യകാമഠം തൃശ്ശൂർവികാരിയാത്തിൽപ്പെട്ട കൂനമ്മാവിലായിരുന്നു. അവിടെയുണ്ടായിരുന്ന ചങ്ങനാശ്ശേരിവികാരിയാത്തിൽപ്പെട്ട കന്യാസ്ത്രീമാരെ അവിടെനിന്നും മാററണമെന്ന് തൃശ്ശൂർ മെത്രാൻ മെഡ്‌ലിക്കോട്ട് നിർദ്ദേശിച്ചു. അങ്ങനെയാണ് 1888–ൽ പെരിയാറിനു തെക്ക് പാലായ്ക്കടുത്ത മുത്തോലിയിൽ ആദ്യമായി ഒരു കന്യകാമഠം ഉണ്ടാകുന്നത്. അതിനു നേതൃത്വം കൊടുത്ത മൂന്നുസ്ഥാപക കന്യാസ്ത്രീമാരാണ്, വൈക്കത്ത്, പുത്തനങ്ങാടി സ. ക്ലാരമ്മയും, വെളിയനാട്, തോപ്പിൽ സ. ത്രേസ്യാ കത്രീനാമ്മയും, തോപ്പിൽ (കുന്നമ്പള്ളി) സ. അഗ്നേസമ്മയും. പഴേപറമ്പിൽ ബ. ളൂയിസച്ചനായിരുന്നു കന്യകാമഠങ്ങളുടെയെല്ലാം ഡയറക്ടറായിരുന്നത്. മുത്തോലിയിൽ തുടങ്ങിയ മഠത്തിന് ചങ്ങനാശ്ശേരി, വൈക്കം, ആരക്കുഴ മുതലായ സ്ഥലങ്ങളിൽ ശാഖകളും ഉപശാഖകളും ഉണ്ടായി. സ്ഥാപകരിൽ ഒരാളായ തോപ്പിൽ സ. അഗ്നേസമ്മ 1940–ൽ മരിക്കുമ്പോഠ എറണാകുളം ചങ്ങനാശ്ശേരി രൂപതകളിലെ നിരവധി കന്യകാമഠങ്ങഠ കണ്ട് നിർവൃതി അടയുവാനുള്ള ഭാഗ്യവും ഉണ്ടായി. മററു രണ്ടു പേർ നേരത്തെ മൃതിയടഞ്ഞിരുന്നു. ചങ്ങനാശ്ശേരിയിലെ ക്ലാരമഠവും അനുബന്ധിച്ചുള്ള അനാഥമഠവും ബിഷപ്പു ലവീഞ്ഞാണ് സ്ഥാപിച്ചത്. തെക്കുംഭാഗരായ കന്യാസ്ത്രീകഠക്ക് കൈപ്പുഴയൊരു മഠവും സ്ഥാപിച്ചു.

കോട്ടയത്തേക്കാഠ ചങ്ങനാശ്ശേരിക്കാണ് ഒരു കത്തോലിക്കാ കേന്ദ്രമാകുവാൻ സൗകര്യമുള്ളതെന്നുകണ്ട്, 1891 മാർച്ചുമാസം 21–ാം തീയതി, ലവീഞ്ഞുമെത്രാൻ തന്റെ ആസ്ഥാനം കോട്ടയത്തുനിന്നും ചങ്ങനാശ്ശേരിയിലേയ്ക്ക് മാററി. ചങ്ങനാശ്ശേരിയിലെ അരമന പണിയിച്ചതും സെൻറ് ബെർക്കുമാൻസു കോളേജ് എന്ന പേരിൽ ഹൈസ്കൂഠ തുടങ്ങിയതും ലവീഞ്ഞുമെത്രാനാണ്. ഫ്രഞ്ചുകാരനായ ഫാ. റിക്കാർഡ് ആയിരുന്നു ആദ്യത്തെ പ്രിൻസിപ്പൽ. പരേതനായ ആർച്ചുബിഷപ്പ് കണ്ടത്തിൽ, ബിഷപ്പ് അലക്സാണ്ടർ ചൂളപ്പറമ്പിൽ, മോൺ. സഖറിയാസ് വാച്ചാപ്പറമ്പിൽ, ഫാ. പയ്യനാട്ട്, ജോൺ നിധീരി മുതലായവർ ആദ്യസംഘം വിദ്യാർത്ഥികളിൽ പെട്ടിരുന്നു. അക്കൂട്ടത്തിൽ ഈ ഗ്രന്ഥകർത്താവിന്റെ പ്രിയ പിതാവും ഉണ്ടായിരുന്നുവെന്ന് കൃതജ്ഞതയോടെ സ്മരിക്കുന്നു. ലവീഞ്ഞുമെത്രാന്റെ വിദ്യാ

www.malankaralibrary.com

ഭ്യാസതാല്പര്യംകൊണ്ടു് ധന്യരായവരാണ് മേൽപറഞ്ഞവരെല്ലാം. അവർ മാത്രമോ, മറെറത്രയോ പേരും. ഓരോ ഇടവകയിലും ഓരോ സ്കൂരം ഉണ്ടായിരിക്കണമെന്ന് ബിഷപ്പ ലവീഞ്ഞു് വൈദികരോടു് നിർദ്ദേശിച്ചു.

മതപരിവർത്തനത്തിലും ലവീഞ്ഞു് മെത്രാൻ വളരെ ഉത്സാഹിയായിരുന്നു. ''മേലൂസ് ശീശ്മ''യുടെ നീറികൊണ്ടിരുന്ന അവശിഷ്ടങ്ങരം അവിടവിടെ ഉണ്ടായിരുന്നു. അദ്ദേഹം അവയെ നിർമ്മാജ്ജനം ചെയ്തു. യാക്കോബായക്കാരുടെ പുനരൈക്യത്തിനുവേണ്ടിയും അദ്ദേഹം ശ്രമിച്ചു. ഇക്കാര്യത്തിൽ അദ്ദേഹത്തിനു് പ്രേരണയും ഉത്സാഹവും നല്കിയിരുന്നതു് ബ. നിധീരിക്കൽ മാണിയച്ചനും ബ. പഴേപറമ്പിൽ ളൂയിസച്ചനും ആയിരുന്നു. നസ്രാണി ജാതൈക്യത്തിൻെറ പ്രണേതാവായിരുന്നല്ലോ മാണിയച്ചൻ. അതു സംബന്ധിച്ചുള്ള ബ. മാണിയച്ചൻെറ ചില സംരംഭരീതികരംക്കു എതിരായിരുന്നു ബിഷപ്പ് ലവീഞ്ഞു്. 1890-ലും '91-ലും യാക്കോബായക്കാരുടെ പല പുനരൈക്യങ്ങരം നടന്നു. അതിൽ നാലു് വൈദികരും മാർ ദിവന്നാസ്യോസിൻെറ അനന്തിരവനായ ഒരു ഡീക്കനുമുണ്ടായിരുന്നു. തെക്കുംഭാഗരിൽനിന്നാണ് ഇതു കൂടുതലായും ഉണ്ടായതു്. ആറായിരം ജനങ്ങളും പത്തു വൈദികരും കത്തോലിക്കാസഭയിൽ പ്രവേശിക്കുവാൻ സന്നദ്ധരായി. അവരുടെ നേതാക്കന്മാരും ബ. മാക്കിൽ മത്തായി അച്ചനുമായി ചർച്ചകരം നടന്നു. എന്നാൽ അതെങ്ങനെയോ അതു് അലസിപ്പോയി. പുനരൈക്യപ്പെട്ട വളരെപ്പേർ തിരിച്ചു പോകുകയും ചെയ്തു. കഠിനയത്നങ്ങരംമൂലം പരിക്ഷീണിതനും വയോവൃദ്ധനുമായ ലവീഞ്ഞു് മെത്രാൻ രോഗിയായി ത്തീന്നു.

1895-ൽ സെൻറു് ബക്കുമെൻസ് ഹൈസ്കൂരം പരിഷ്ക്കരിക്കുവാനും അതു് കോളെജായി ഉയത്തുവാനുംവേണ്ട പണത്തിനായി അദ്ദേഹം യൂറോപ്പിലേയ്ക്കു് പോയി. പിന്നെ അദ്ദേഹം മടങ്ങിവന്നില്ല. അക്കാലത്തു്, സുറിയാനിക്കാർ സ്വജാതിമെത്രാനുവേണ്ടി തീവ്രശ്രമങ്ങരം നടത്തുകയായിരുന്നു. ലവീഞ്ഞു്മെത്രാൻെറ അഭാവത്തിൽ, ഫാ. റിക്കാർഡ് ആയിരുന്നു, അഡ്മിനിസ്ട്രേററർ. 1897 മെയ്മാസത്തിൽ റോമൻ അധികാരികരം അദ്ദേഹത്തെ തിരികെ വിളിച്ചു. ചങ്ങനാശ്ശേരി വികാരിയാത്തിനുവേണ്ടി ലവീഞ്ഞു്മെത്രാൻ വി

www.malankaralibrary.com

ഭാവനചെയ്ത പുരോഗമന പദ്ധതികളും അതിനുവേണ്ടി നട ത്തിക്കൊണ്ടിരുന്ന ശ്രമങ്ങളും അതോടെ അവസാനിച്ചു.

ബിഷപ്പ് ലവീഞ്ഞും ബിഷപ്പ് മെഡ്ലിക്കോട്ടും സ്ഥാപിച്ച വിദ്യാലയങ്ങളുടെയും സന്ന്യാസമന്ദിരങ്ങളുടെയും അടിത്തറയിലാണ്, കേരളസുറിയാനിസഭ പിന്നാലെ വളർന്ന് വികസിച്ച് ശാഖോപശാഖകളായി പന്തലിച്ചത്. അഗാധമായ കൃതജ്ഞതയോടും അത്യധികമായ സ്നേഹാദരവുകളോടുംകൂടി മാത്രമേ ക്രിസ്തുവിന്റെ ഈ രണ്ട് നല്ലയിടയന്മാരെപ്പററി ഓർക്കുവാൻ സാധിക്കു. അവർക്കുണ്ടായിരുന്ന ന്യൂനതകളെ വിസ്മരിച്ചുകൊണ്ടല്ലാ, ഇതു പറയുന്നത്. കത്തലീത്തരുടെ അന്ധകാരാവൃതമായ തുറുങ്കുകളിൽനിന്നും മോചിപ്പിക്കപ്പെട്ട സുറിയാനിക്കാർക്ക് വിജ്ഞാനത്തിന്റെയും പുരോഗതിയുടെയും രാജപാത തുറന്നുകൊടുത്തതും ഈ വന്ദ്യവൈദികമേലദ്ധ്യക്ഷന്മാരാണ്. എന്നാൽ, സ്വജാതിമെത്രാന്മാർക്കുവേണ്ടിയുള്ള ആവേശഭരിതമായ സമരത്തിൽ വിവേകം കുറഞ്ഞ ഭരണീയർക്ക് ഈ രണ്ടുപേരുടെയും കഴിവുകളെ ഭാഗികമായി മാത്രമേ ഉപയോഗപ്പെടുത്തുവാൻ കഴിഞ്ഞുള്ളുവെന്ന ദുഃഖസത്യം നിലനില്ക്കുന്നു.

www.malankaralibrary.com

## മുപ്പത്തിരണ്ടാം അദ്ധ്യായം

# നിധീരിക്കൽ മാണിക്കത്തനാർ (1842–1904)

1889 നവംബർ 14–ാം തീയതി പാലാ ദൈവാലയത്തിൽ ചങ്ങനാശ്ശേരി വികാരിയാത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും സഹസ്രകണക്കിനു് ആബാലവൃദ്ധം ജനങ്ങൾ ഒരു മഹാമഹത്തിൽ സംബന്ധിക്കുവാനെന്നപോലെ ആഹ്ലാദഭരി തരായി തടിച്ചുകൂടിയിരുന്നു. നൂററാണ്ടുകളായി, കേരളത്തി ലെ മാർത്തോമ്മാക്രിസ്ത്യാനികൾ ആവേശത്തോടെ ആഗ്രഹി ച്ചിരുന്ന ഒരു കാര്യത്തിന്റെ സാക്ഷാത്ക്കാരമായിരുന്നു അന്നു് പാലായിൽ നടന്നതു്. വിദേശാധിപത്യത്തോടുകൂടി അപ്രത്യക്ഷമായ അർക്കദിയാക്കോൻ കേരളത്തിലെ അപ്പസ്തോ ലികസഭയുടെ നിലനില്പിന്റെയും ഭരണത്തിന്റെയും വിക സനത്തിന്റെയും നട്ടെല്ലായിരുന്നു. അതിന്റെ ബാഹ്യമായ പുനരാഗമനമാണു് സഹസ്രകണക്കിനാളുകളെ പാലായി ലേയ്ക്കു് ആകർഷിച്ചതു്. പൌരസ്ത്യസഭകളെ സംബന്ധിച്ചിട ത്തോളം പുരാതനകാലങ്ങളിൽ സാർവ്വത്രികവും മികവുററതുമാ യിരുന്നു അർക്കദിയാക്കോൻ സ്ഥാനം. പാശ്ചാത്യഭരണ ത്തിന്റെ ആക്രമണഫലമായി ആ സ്ഥാനം കേരളസഭയ്ക്കു് നഷ്ടപ്പെട്ടു. 'ജാതിക്കു തലവൻ' എന്നാണു് അർക്കദിയാക്കോൻ അറിയപ്പെട്ടിരുന്നതു്. സഭാഭരണപരമായി മാത്രമല്ല, സാമൂ ഹ്യമായും സാംസ്ക്കാരികമായും അർക്കദിയാക്കോന്മാർ അധി നാഥന്മാരായിരുന്നു. വളരെയധികം ജനസമ്മതം കലർന്ന ഈ സ്ഥാനം സ്വേച്ഛാധിപത്യത്തിൽ വാർത്തെടുത്ത പാശ്ചാത്യ സഭാഭരണത്തിനു് സഹ്യമായിരുന്നില്ല. ജെസ്വീട്ടരായ ഫ്രാൻസിസ് റോസ് മുതൽ ഫ്രാൻസിസ് ഗാർഷ്യാ വരെ യുള്ള മെത്രാൻ – അർക്കദിയാക്കോൻ ബന്ധങ്ങളിൽ കാണുന്ന സംഘർഷങ്ങളും സംഘട്ടനങ്ങളും രണ്ടു വ്യക്തികളുടേതെന്ന തിനേക്കാൾ ഭിന്നഭരണരൂപങ്ങളുടെ ഏററുമുട്ടലായിരുന്നു. തങ്ങൾക്കു് സ്വീകാര്യനും സംപ്രീതനും ആയ ഒരാൾ തങ്ങളെ ഭരിക്കുക എന്നതു് കേരളസഭയിൽ ഭരണീയരുടെ രക്തത്തിൽ

www.malankaralibrary.com

അലിഞ്ഞുചേന്നിരുന്ന അഭിലാഷമായിരുന്നു. 19–ാം നൂററാണ്ടിൽ അക്ക്ദിയാക്കോൻെറ പുനരുദ്ധാരണത്തിനുള്ള അപേക്ഷകറം കേരളത്തിൽനിന്നു് റോമിലെത്തിയിട്ടുണ്ടു്. 18–ാം നൂററാണ്ടിൻെറ അവസാനത്തിൽ കരിയാററി ജോസഫു് മല്പാൻ കേരളസഭയിൽ അക്ക്ദിയാക്കോൻ സ്ഥാനം പുനരുദ്ധരിക്കണമെന്നുള്ള അപേക്ഷയുമായാണു് റോമിൽ പോയതു്. അങ്ങനെ ആ സ്ഥാനം കേരളസഭയുടെ ചിരകാലാഭിലാഷമായിരുന്നു.

എന്നാൽ പാലായിൽ തടിച്ചുകൂടിയ ജനങ്ങറക്കു് ദൃശ്യനായതു്, മെത്രാൻവേഷമണിഞ്ഞ ഒരു 'അക്ക്ദിയാക്കോനാ' യിരുന്നു, അതായതു്, പൊന്തിഫിക്കൽ വികാരിജനറാറ. ആ ഭാഗ്യം ലഭിച്ചതു് നിധീരിക്കൽ മാണിയച്ചനും. കഴിവുകറകൊണ്ടും സേവനങ്ങറകൊണ്ടും ജനഹൃദയങ്ങളിൽ അത്ര സമാരാധ്യനായി മറെറാരു പുരുഷൻ അന്നുണ്ടായിരുന്നുവെന്നു് തോന്നുന്നില്ല. ചങ്ങനാശ്ശേരി വികാരിയാത്തിൻെറ അദ്ധ്യക്ഷനായ ബിഷപ്പ് ചാറൽസ് ലവീഞ്ഞിൻെറ സാന്നിദ്ധ്യത്തിലാണു് മാണിയച്ചൻെറ പ്രഥമ പൊന്തിഫിക്കൽ കുബ്ബാന പാലായിൽവച്ചു് നടന്നതു്. കുരിശും മാലയും മോതിരവും മുതലവായൻ തൊപ്പിയും അണിഞ്ഞും അംശവടി പിടിച്ചും നടത്തിയ ആ പൊന്തിഫിക്കൽ കുർബ്ബാന, തലമുറകളുടെ പ്രത്യാശകളെ പൂർത്തീകരിച്ച ഒരു മഹൽസംഭവമായിരുന്നു. ജനസഹസ്രങ്ങറ മെത്രാൻ വേഷധാരിയായ നിധീരിക്കൽ മാണിയച്ചനിൽ തലമുറകളായുള്ള തങ്ങളുടെ അഭിലാഷങ്ങളുടെ സാക്ഷാത്ക്കാരം കണ്ടുവെന്നു പറയുന്നതിൽ തെററില്ല. പറമ്പിൽ ചാണ്ടിമെത്രാനുശേഷം കേരളത്തിൽ മെത്രാൻ സ്ഥാനചിഹ്നങ്ങറ ധരിക്കുവാൻ ഭാഗ്യം ഉണ്ടായതു് നിധീരിക്കൽ മാണിയച്ചനുതന്നെയായിരുന്നു എന്നതു് സ്മരണാർഹമാണു്.

എന്നാൽ ഇവയെല്ലാം ബാഹ്യമായ അടയാളങ്ങളായിരുന്നുവെന്നു് തെളിയിക്കുവാൻ അധികകാലം വേണ്ടിവന്നില്ല. പൊന്തിഫിക്കൽ വികാരിജനറാറ ആയിരുന്നതുകൊണ്ടു് മെത്രാൻസ്ഥാനചിഹ്നങ്ങളുടെ ഉടമസ്ഥതയും ഉപയോഗവും വികാരി അപ്പസ്തോലിക്കായുടെ കാരുണ്യത്തെ ആശ്രയിച്ചിരുന്നു. തന്മൂലം, പാലാ കൂടാതെ കുറവിലങ്ങാട്ടും കടുത്തുരുത്തിയിലും തൃപ്പൂണിത്തുറയിലും മാത്രമേ പൊന്തിഫിക്കൽ കർമ്മ

www.malankaralibrary.com

ങ്ങൾ നടത്തുവാൻ ബിഷപ്പ് ലവീഞ്ഞ് അനുവദിച്ചുള്ളു. വിളംബമന്യേ, പൊന്തിഫിക്കൽ വികാരിജനറാൾ സ്ഥാനത്തുനിന്ന് മാണിയച്ചൻ നിഷ്ക്കാസിതനായി. "രണ്ടു നാലുദിനംകൊണ്ടൊരുത്തനെ തണ്ടിലേററി നടത്തുന്നതും ഭവാൻ–മാളികമുകളിലേറിയ മന്നന്റെ തോളിൽ മാറാപ്പു കേററുന്നതും ഭവാൻ''.

എന്നാൽ ലവീഞ്ഞ് മെത്രാന്റെ വികാരിയാത്തു ഭരണകാലമോ മാണിയച്ചന്റെ പൊന്തിഫിക്കൽ സ്ഥാനാരോഹണമോ കൂടാതെതന്നെ മാണിയച്ചൻ കേരളസഭാചരിത്രത്തിലെന്നുമാത്രമല്ല, കേരളചരിത്രത്തിൽ തന്നെയും ഒരു മഹാപുരുഷനാണ്. സുപ്രസിദ്ധവും സുപ്രചരിതവും ബുദ്ധിജീവികളുടെ വ്യവഹാരമാദ്ധ്യമവും ആയിരുന്ന 'ഭാഷാപോഷിണി' എന്ന മാസിക, 1920–ൽ അനുവാചകരിൽ നടത്തിയ അഭിപ്രായാന്വേഷണത്തിൽ കേരളത്തിലെ ഏററവും ഉന്നതരായ പതിനഞ്ചു മഹാന്മാരിൽ ശ്രീ. ശങ്കരാചാര്യർ, ശക്തൻതമ്പുരാൻ, രാജാകേശവദാസൻ, എന്നിവരോടൊപ്പം നിധീരിക്കൽ മാണിയച്ചനുമുണ്ടായിരുന്നു. നാനാമുഖങ്ങളായ സിദ്ധികളുടെ ഉടമയായിരുന്നു അദ്ദേഹം. സഭയുടെയും സമുദായത്തിന്റെയും മേഖലകൾക്ക് അതീതമായിരുന്നു അദ്ദേഹത്തിന്റെ താല്പര്യങ്ങളുടെയും പ്രവത്തനങ്ങളുടെയും ചക്രവാളം. അതാണ് അദ്ദേഹത്തെ മാർ ളൂയീസ് പഴേപറമ്പിൽ നിന്നും വ്യതിരിക്തനാക്കുന്നത്. ധിഷണാസമ്പന്നനായ മാണിയച്ചൻ വിവിധ രംഗങ്ങളിൽ വിശാലമായും ആഴമായും പ്രവത്തിച്ച നേതാവാണ്.

## കുടുംബം

നിധീരിക്കൽ മാണിയച്ചന്റെ ഔന്നത്യത്തിന് കാരണം ജന്മസിദ്ധവും സാഹചര്യസിദ്ധവുമായ ചില ഗുണങ്ങളാണ്. കുറവിലങ്ങാട്ടെ നിധീരികുടുംബം നിരണത്തുള്ള മട്ടയ്ക്കൽ കുടുംബത്തിന്റെ ശാഖയാണെന്ന് പറയപ്പെടുന്നു. മട്ടയ്ക്കൽ കുടുംബമാകട്ടെ, ക്രിസ്തുമതം സ്വീകരിച്ച തൃക്പാലേശ്വരത്തെ ബ്രാഹ്മണവംശത്തിൽപ്പെട്ടതാണെന്നും അവകാശപ്പെടുന്നു. ''1704–ൽ ജനിച്ച ഉലഹന്നാൻ കാരണവരുടെ കാലം മുതലാണ് നിധീരികുടുംബാംഗങ്ങളുടെ മേധാദ്ദശുദ്ധനസനീതം പ്രധാനമായി സഞ്ചയിച്ചുകാണുന്ന''തെന്ന് വി. സി. ജോർജ്ജ് എഴുതിയ "നിധീരിക്കൽ മാണികത്തനാർ'' എന്ന ജീവചരി

www.malankaralibrary.com

ത്രത്തിലുണ്ട്[1]. ''മേധാദ്ദശുദ്ധനസനീതം'' എന്ന വാക്ക ചോറിൽ കടിക്കുന്ന കല്ലുപോലെ തോന്നിയേക്കാം. എന്നാൽ അതിന്റെ അൎത്ഥം വംശപരമോ അഥവാ പാരമ്പര്യസിദ്ധമോ ആയ ബുദ്ധിശക്തിയെന്നാണെന്നു് തോന്നുന്നു. ചെറുതായൊരു വിത്തിൽനിന്നു് ബൃഹത്തായൊരു വൃക്ഷം ഉണ്ടാകുന്നതുപോലെയായിരുന്നു ''കൊച്ചുമാണിയുടെ'' പാരമ്പര്യസിദ്ധികൾക്കു ലഭിച്ച വികസനം.

## ഭാഷാജ്ഞാനം

ബഹുഭാഷാജ്ഞാനം, പാണ്ഡിത്യം, വാഗ്മിത്വം, ധീരത, കൎമ്മകുശലത, ബഹുജനസമ്പൎക്കം എന്നിവയിൽ മാണിയച്ചൻ അധൃഷ്യനായിരുന്നു. ഇവയിൽ അദ്ദേഹം നേടിയ സ്ഥാനം അവകാശപ്പെടാൻ അന്നു് കേരളത്തിൽ മറ്റൊരു വ്യക്തിയും ഉണ്ടായിരുന്നതായി തോന്നുന്നില്ല. ബഹുഭാഷാസമ്പാദനത്തിൽ കേരളീയർ ലോകത്തിലെവിടെയും അജയ്യരെന്നു് പറയാറുണ്ട്. അതിനെ ദൃഷ്ടാന്തീകരിക്കുന്നതായിരുന്നു, കൊച്ചുമാണിയുടെ ബഹുഭാഷാസമ്പാദനപാടവം. അന്നത്തെ കാലത്തു്, ക്രൈസ്തവരുടെ ഭക്തിഗ്രന്ഥങ്ങൾ തമിഴിലായിരുന്നതുകൊണ്ടു് തമിഴും, തിരുകൎമ്മങ്ങളും ബാബിലോൺ കത്തിടപാടുകളും സുറിയാനിയിലായിരുന്നതുകൊണ്ടു് സുറിയാനിയും, വൈദികപഠനസഹായത്തിനു് ലത്തീനും, പദ്രവാദോഭരണം പോർച്ചുഗീസിലായിരുന്നതുകൊണ്ടു് പോർച്ചുഗീസും, ഇംഗ്ലീഷ്ഭരണം തുടങ്ങിയിരുന്നതുകൊണ്ടു് ഇംഗ്ലീഷും, അദ്ദേഹം സാമാന്യത്തിലധികം വശമാക്കിയിരുന്നു. ഇവകൂടാതെ, ഫ്രഞ്ചു്, ജൎമ്മൻ, ഇററാലിയൻ, ഹിന്ദുസ്ഥാനി, തെലുങ്കു് എന്നീ ഭാഷകളും മാണിയച്ചനു് സാമാന്യം വശമായിരുന്നു. തനിക്കു കിട്ടുന്ന സാഹചര്യങ്ങളെ പരമാവധി ഉപയോഗിക്കുവാനുള്ള കഴിവിൽ അദ്ദേഹം അദ്വതീയനായിരുന്നു.

## നിയമപാണ്ഡിത്യം

മാണിയച്ചൻ ജന്മനാ ഒരു വിജ്ഞാനദാഹിയായിരുന്നു. എന്നാൽ, അതു് പുസ്തകപ്പുഴുക്കളുടെ വിജ്ഞാനതൃഷ്ണ മാത്രമായിരുന്നില്ല. പ്രായോഗികലോകത്തിന്റെ വിവിധ തലങ്ങ

1. വി. സി. ജോർജ്, ''നിധീരിക്കൽ മാണിക്കത്തനാർ'', പേജ് 5.

www.malankaralibrary.com

ളിൽ അദ്ദേഹം അസാമാന്യ വ്യക്തിയായി ശോഭിക്കുവാൻ കാരണം താത്ത്വികജ്ഞാനവും പ്രായോഗിക ക്ഷമയും തമ്മിലുള്ള ഫലപ്രദമായ സമന്വയമാണ്. അഭിഭാഷകൻെറ പെൻഗ്വിൻ വേഷമോ (penguin) അഥവാ കാക്കക്കുപ്പായമോ അണിഞ്ഞില്ലെങ്കിലും നലംതികഞ്ഞ നിയമജ്ഞനായിരുന്നു അദ്ദേഹം. സിവിലും ക്രിമിനലും ആയ കേസുകൾ പ്രായോഗിക ബുദ്ധിയോടെ കൈകാര്യംചെയ്ത് വിജയംനേടാൻ സാധിക്കുമെന്ന് ചിററാട്ടൂർ, മനക്കോടം കേസുകൾ തെളിയിച്ചു. മാനശങ്കുവിൻെറ പേരിലുള്ള ക്രിമിനൽ കേസുകളുടെ ചുക്കാൻ പിടിച്ചിരുന്നതു് മാണിയച്ചനാണ്. ക്രിമിനൽ കേസുകൾ നൂലാമാലപോലെ എത്രതന്നെ സങ്കീർണ്ണമായാലും അവയെ കൈകാര്യംചെയ്ത് വിജയത്തിലെത്തിക്കാമെന്ന് മാണിയച്ചൻ തെളിയിച്ചു.

## ജാത്യൈക്യസംഘം

മാണിയച്ചൻെറ ആവേശപൂർവ്വമായ അഭിലാഷവും ആത്മാർത്ഥമായ പ്രയത്നവും പ്രധാനമായി ലഭിച്ചതു് ജാത്യൈക്യസംഘത്തിനാണ്. കേരളസഭാചരിത്രം പഠിക്കുകയും സ്വന്തം സമുദായത്തെ അളവററു സ്നേഹിക്കുകയും ചെയ്തിരുന്ന ആളാണ് മാണിയച്ചൻ. സുറിയാനി സമുദായം ചിന്നിച്ചിതറി പരസ്പരം അകലുന്നതുകണ്ടു് അദ്ദേഹം ദുഃഖിച്ചു. നിസ്തുലമായ പൈതൃകങ്ങളുള്ള ആ സമുദായം ഒന്നിച്ചുനിന്നാൽ അതിന് മഹത്തായ കാര്യങ്ങൾ നേടാമെന്ന് അദ്ദേഹം പ്രത്യാശിച്ചു. ഇതിൽനിന്നാണ് 'ജാത്യൈക്യസംഘം' രൂപം കൊള്ളുന്നതു്. രണ്ടാം വത്തിക്കാൻ സൂനഹദോസ് ആവിഷ്ക്കരിച്ച എക്യുമെനിസത്തിൻെറ മുന്നോടിയായിരുന്നു മാണിയച്ചൻ എന്നു കരുതുന്നതു് അത്രതന്നെ ശരിയല്ല. എക്യുമെനിസം ആശയങ്ങളിലും ജാത്യൈക്യസംഘം രക്തബന്ധത്തിലുമാണ് അധിഷ്ഠിതമായിരുന്നതു്. നിധീരികുടുംബവും പുത്തൻകൂററിലെ പ്രമുഖ കുടുംബങ്ങളുമായുള്ള ബന്ധങ്ങളും ഇതിനു കാരണമെന്ന് വിചാരിക്കേണ്ടതുണ്ടു്. അക്കാലത്തു്, പുത്തൻകൂറും പഴയകൂറും തമ്മിലുള്ള വിവാഹബന്ധങ്ങൾ അസാധാരണമായിരുന്നില്ല. മാണിയച്ചൻെറ പിതാവ് മൂന്നാമതു് വിവാഹം ചെയ്തതു് പുതുപ്പള്ളിയിലെ യാക്കോബായ സഭയിൽപ്പെട്ട ചാഴിപ്പലം കുടുംബത്തിൽനിന്നാണ്. മാണിയച്ചൻ കുറെ മാസങ്ങൾ പഴയ സെമിനാരിയിൽ താമസിച്ച് മാത്യൂസ് മാർ അത്തനാസ്യോസിൽനിന്നും സുറിയാനിയും ഇംഗ്ലീഷും പഠിച്ചിരുന്നു.

www.malankaralibrary.com

ആ താമസവും ബന്ധവും സുറിയാനിസമുദായം ഒന്നാകേണ്ട തിന്റെ ആവശ്യം അദ്ദേഹത്തെ ബോദ്ധ്യപ്പെടുത്തിയിരിക്ക ണം. മാണിയച്ചനു് പുലിക്കോട്ടിൽ മാർ ദിവന്നാസ്യോസു മായി സുഹൃദ്ബന്ധം സ്ഥാപിക്കാനും ജാത്യൈക്യസംഘ ത്തിനു് അദ്ദേഹത്തിന്റെ അംഗീകാരവും പ്രോത്സാഹനവും നേടാനും സാധിച്ചതു് പുത്തൻകൂറ്റുകാരുമായുള്ള സൗഭ്രാത്വം കൊണ്ടാണു്.

ബിഷപ്പു് ലവീഞ്ഞും പുനരൈക്യശ്രമത്തിനു് വളരെ അനുകൂലിയായിരുന്നുവെങ്കിലും, അപ്പോഴത്തെ നിലയിൽ, ഇരുവിഭാഗക്കാരും ചേർന്നുള്ള പ്രസ്ഥാനങ്ങളിൽ അദ്ദേഹ ത്തിനു് വളരെയധികം ആശങ്കകളും, മുൻകരുതലുകളും ഉണ്ടാ യിരുന്നു. യൂറോപ്പിലെയും, പ്രത്യേകിച്ചു് ഫ്രാൻസിലെയും, കത്തോലിക്കരും പ്രോട്ടസ്റ്റന്റുകാരും തമ്മിലുള്ള അകൽച്ച യാണു് ബിഷപ്പിന്റെ ചിന്താഗതിക്കു് പശ്ചാത്തലമായിരു ന്നതു്. ഈ നിലയിൽ, ബിഷപ്പു് ലവീഞ്ഞിന്റെ ഭയാശങ്ക കൾ ഒരു വശത്തും മാണിയച്ചന്റെ ആവേശപൂർണ്ണമായ തീക്ഷ്ണത മറുവശത്തുമായി വന്നതിനാൽ, ജാത്യൈക്യസംഘ ത്തിനു് ദീർഘായുസ്സില്ലാതെ പോയതിൽ അതിശയിക്കുവാ നില്ല. ബിഷപ്പു് ലവീഞ്ഞിന്റെ ഭയാശങ്കകൾ സ്ഥിരീകരി ക്കുന്നവിധം കത്തോലിക്കർ ജാത്യൈക്യവസ്തുക്കളിൽനിന്നു് പ്രത്യക്ഷമായോ പരോക്ഷമായോ പുറംതള്ളപ്പെട്ടപ്പോൾ ആ സംഘത്തിനു് ഊദ്ധം വലിക്കാതെയും ഗത്യന്തരമില്ലാതായി.

### "എന്റെ മന്ദിരം"

[ബിഷപ്പു് ലവീഞ്ഞും ഫാ. നിധീരിയുമായുള്ള കത്തി ടപാടുകൾ.]

ബിഷപ്പു് ലവീഞ്ഞും ഫാ. നിധീരിയും തമ്മിലുള്ള ബന്ധങ്ങൾ ഉലയുന്നതിന്റെ സാമാന്യരൂപം താഴെ പറയുന്ന കത്തിടപാടുകൾ വ്യക്തമാക്കുന്നുണ്ടു്:

"പ്രിയ ഫാദർ നിധീരി,

ഏതാനും ദിവസങ്ങളായി താങ്കൾ കോട്ടയത്തെ എന്റെ മന്ദിരത്തിൽ താമസിച്ചുവരുന്നതായി അറിയുന്നു. ഈ സംഭ വം എന്നെ വിസ്മയാധീനനാക്കുകയും ചെയ്തു. യാതൊരുവനും അന്യന്മാരുടെ വീടുകളിൽ ഉടമസ്ഥരുടെ അനുവാദം കൂടാതെ താമസിക്കാറില്ല. എന്റെ മന്ദിരം പൊതുവിശ്രമാലയമല്ല

www.malankaralibrary.com

(മുസാവരി ബംഗ്ലാവ്). അതിനാൽ ഉടൻതന്നെ നിങ്ങൾ കുട മാളൂരേയ്ക്കു തിരിച്ചുപോകണം. നിങ്ങളുടെ മെത്രാന്റെ പേരിൽ നിങ്ങൾക്കു വേണ്ടതായ ആദരവ് നിങ്ങൾ മനസ്സിലാക്കിയിട്ടില്ലെന്നു പറയേണ്ടിവന്നതിൽ ഞാൻ വ്യസനിക്കുന്നു. നിലവിലിരിക്കുന്ന കാര്യങ്ങളെപ്പററി നിങ്ങളുടെ റിപ്പോർട്ടു ഞാൻ കൂടെക്കൂടെ പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്നു. ഞാൻ ഒരു പട്ടിക തന്ന സംഗതികൾ സംബന്ധിച്ച് എന്തൊക്കെയാണ് ചെയ്തിട്ടുള്ളതു്.

എന്റെ ആശീർവ്വാദത്തോടുകൂടി
ചാറൽസ് എസ്. ജെ. (ഒപ്പ്)
കോട്ടയം വികാരി അപ്പസ്തോലിക്ക.''

കുടമാളൂർ,
1890 ജൂൺ 14.

തിരുമേനി,

ശാസനാപരമായിരുന്ന അവിടുത്തെ കത്തിനു് മറുപടിയായി ഞാൻ അവിടുത്തെ മന്ദിരത്തിൽ പത്തുദിവസം താമസിച്ചു എന്ന സംഗതി ആദ്യമായി പ്രസ്താവിച്ചുകൊള്ളുന്നു. ഞാൻ അവിടെ താമസിച്ചതു എന്റെ സ്വന്തചിലവിന്മേലായിരുന്നു. മാത്രമല്ല എന്റെ ആ പ്രവൃത്തി താഴെപ്പറയുന്ന സംഗതികളാൽ സാധൂകരിക്കപ്പെടുമെന്നു് ഞാൻ വിചാരിക്കയും ചെയ്യുന്നു. ഒന്നാമതായി കൂട്ടുകൈവശവാദവുംകൊണ്ടു കുറവിലങ്ങാട്ടു പള്ളിയിൽ കയ്യേററത്തിനു ഭാവിച്ച ശീശ്മക്കാർക്കെതിരായി തിരുമനസ്സിലെ അധികാരം കോട്ടയം ഒന്നാം ക്ലാസ് മജിസ്ട്രേട്ടുസമക്ഷം സംരക്ഷിക്കുന്നതിനായിരുന്നു ഞാൻ കോട്ടയത്തു താമസിച്ചതു്. ഇപ്രകാരമൊരാവശ്യം നേരിടുമെന്നു മുൻകൂട്ടി അറിയുവാൻ നിവൃത്തി ഇല്ലാതിരുന്നതിനാൽ മുൻകൂട്ടി അനുവാദം ചോദിക്കുവാൻ എനിക്കു സാധിച്ചില്ല. ഈ രാജ്യത്തിന്റെ മുറയനുസരിച്ചു പള്ളിക്കാരോ ഏററവരൊ ശീശ്മക്കാരൊ അല്ലാത്ത യാതൊരു പട്ടക്കാരനും ദുർമ്മാതൃക നൽകാതെ മെത്രാസനമന്ദിരത്തിനു സമീപം ഒരു അൽമായക്കാരന്റെ വീട്ടിൽ താമസിക്കാൻ നിവൃത്തി ഇല്ലാത്തതിനാൽ ഞാൻ അൽമായക്കാരന്റെ വീട്ടിൽ താമസിക്കാതിരുന്നിട്ടുള്ളതാണു്. കേസുസംബന്ധിച്ചു വക്കീലിനു ഉപദേശം നൽകിക്കൊണ്ടിരുന്നതു ദിവസംതോറും കാലത്തും വൈകുന്നേരവുമായിരുന്നതിനാൽ എനിക്കു കുടമാളൂരേയ്ക്കു തിരിച്ചുപോരുവാൻ സാധിച്ചില്ല. അങ്കമാലി, കൊടുങ്ങല്ലൂർ, വരാപ്പുഴ

www.malankaralibrary.com

എന്നീ സ്ഥലങ്ങളിലെ മെത്രാസനമന്ദിരങ്ങളും അവിടങ്ങളിൽ ചെല്ലുന്ന പട്ടക്കാർക്കു മുസാവരി ബംഗ്ലാവുകളായിട്ടല്ല സദാ, പൈതൃകഗൃഹങ്ങളായി കഴിഞ്ഞിരുന്നു. അതിനെതിരായ മനഃസ്ഥിതി തിരുമേനി പ്രദർശിപ്പിച്ചിരുന്നുമില്ല. അന്യന്മാരുടെ അവകാശസംരക്ഷണത്തിനായി പ്രത്യേക പ്രതിഫലമൊന്നുംകൂടാതെ യാതൊരുത്തൻ പോകുന്നുവെങ്കിൽ അയാളുടെ പാർപ്പിടംപോലും നിഷേധിക്കുന്നതു് അപമര്യാദയല്ലെങ്കിൽ കൃതഘ്നതയായിരിക്കുമെന്നുള്ളതിനാൽ അപ്രകാരമൊരു മനഃസ്ഥിതി ഒരുക്ഷണംപോലും തിരുമേനിയുമായി ബന്ധിപ്പിക്കുവാൻ എനിക്കു കഴിഞ്ഞുമില്ല. തിരുമേനി കൂലിക്കു വാങ്ങിയ തിരുമനസ്സിലെ മന്ദിരത്തിന്റെ ഒരു മൂല തിരുമനസ്സിലെ വികാരിജനറാൾ തന്റെ ഏതാനും ദിവസത്തെ അധിവാസത്താൽ അശുദ്ധമാക്കുന്നതിനേക്കാൾ കുറവിലങ്ങാട്ടെ ദേവാലയം ശീശ്മയുടെ ആവേശത്താൽ ദൂഷിതമാകുന്നതു് തിരുമനസ്സിലേയ്ക്കു കൂടുതൽ വ്യസനകരമായിത്തീരുമെന്നു് ഞാൻ ചിന്തിച്ചു. ഈ സാഹചര്യങ്ങളിൽ മെത്രാസനമന്ദിരത്തിൽ താമസിക്കുന്നതിൽ വിരോധമുണ്ടാകയില്ലെന്നു് ഞാൻ വിശ്വസിച്ചുപോയി.

ഏതു സംഗതികളിലാണു് ഞാൻ തിരുമനസ്സിലെ പേരിൽ വേണ്ടുന്ന ആദരം പ്രകടിപ്പിക്കാതിരുന്നതെന്നു് എനിക്കു മനസ്സിലാകുന്നില്ല. യൂറോപ്യൻ ഭാഷകളിൽ നല്ല കൈപ്പട എഴുതുന്നതിനു എനിക്കു സാധിക്കയില്ലെന്നു തിരുമേനിക്കറിവുള്ളതാണല്ലോ. തിരുമേനി പട്ടികതന്ന സകല കാര്യങ്ങളും നിർവ്വഹിച്ചു കഴിഞ്ഞുവെന്നാണു് എന്റെ വിശ്വാസം. ദൈവാനുഗ്രഹത്താൽ ശീശ്മക്കാർക്കു് എതിരായ കേസ് തിരുഹൃദയപ്പെരുന്നാളിന്റെ തലേദിവസം നമുക്കനുകൂലമായി പര്യവസാനിച്ചു. തിരുമനസ്സിലെ ആശീർവ്വാദം അപേക്ഷിച്ചുകൊള്ളുന്നു2.

(ഒപ്പ്) ഫാദർ നിധീരി
വികാരി ജനറാൾ

സ്വേച്ഛാധിപത്യത്തിന്റെ തികവുററ മോഡലുകളായിട്ടാണു് ലത്തീൻ മെത്രാന്മാർ പൊതുവേ കാണപ്പെടുന്നതെന്നു് ഈ ഗ്രന്ഥത്തിന്റെ രണ്ടു വാല്യങ്ങളിലും പ്രസ്താവിച്ചിട്ടുണ്ടു്.

---

2. വി. സി. ജോർജ്, ''നിധീരിക്കൽ മാണിക്കത്തനാർ'', 1950, പേജ് 287.

www.malankaralibrary.com

അതിൻെറ അനിഷേധ്യമായ തെളിവ്, അവർ എവിടെയും നടത്തിയിട്ടുള്ള സ്വേച്ഛാധിപത്യഭരണംതന്നെയാണ്. അതു കൊണ്ട് അപവാദങ്ങൾ ഉണ്ടായിട്ടില്ലെന്ന് അർത്ഥമാക്കേണ്ട തില്ല. ബിഷപ്പ് ലവീഞ്ഞ് ഒരു ഫ്രഞ്ചുകാരൻ, ജെസ്വീട്ട് സഭാ ജനറലിൻെറ പക്വമതിയായ സെക്രട്ടറി, ഒരു മെത്രാൻ, എന്നീ നിലകളിൽ യോഗ്യനായ ഒരാളായിരുന്നു: ചങ്ങനാശ്ശേരി വികാരിയാത്തിനും അവിടത്തെ ജനങ്ങൾക്കും പല നല്ല കാര്യങ്ങളും ചെയ്തിട്ടുള്ള ഇടയനുമാണ്. വിദ്യാഭ്യാസ രംഗത്തായാലും സന്യാസമന്ദിരസ്ഥാപനത്തിലായാലും അദ്ദേഹം പാകിയ അടിത്തറയിലാണ് ചങ്ങനാശ്ശേരി വികാരിയാത്തിന് പിന്നീടുള്ള അത്ഭുതകരമായ വളർച്ചയെന്ന് പറയാമെന്നു തോന്നുന്നു. അദ്ദേഹം വിഭാവനംചെയ്ത പദ്ധതികൾ രൂപപ്പെടുക്കുന്നതിനുമുമ്പുതന്നെ അദ്ദേഹത്തിന് അപ്രതീക്ഷിതമായി നാടുവിടേണ്ടിവന്നു. എതിർപ്പിനെ അഭിമുഖീകരിക്കേണ്ടിവന്നതും ശത്രുക്കളെ സമ്പാദിച്ചുകൊടുത്തതും വ്യക്തിപരമായ അദ്ദേഹത്തിൻെറ ന്യൂനതകളെന്നതിനേക്കാൾ ലത്തീൻ മെത്രാൻസ്ഥാനത്തിൻെറ സ്വേച്ഛാധിപത്യ പ്രവണതകൊണ്ടാണ്. അതിൽ അദ്ദേഹത്തിൻെറ കുററത്തെ ലഘൂകരിക്കാവുന്ന കാരണമായി ലത്തീൻ മെത്രാൻസ്ഥാനത്തിൻെറ ചട്ടക്കൂടിനെ പരിഗണിക്കേണ്ടതുമാണ്.

''എൻെറ മന്ദിരം'' ഒരു പുതിയ പ്രശ്നമല്ല. പാശ്ചാത്യ സഭയിൽ നൂററാണ്ടുകളായുള്ളതും ഇപ്പോൾ നിലനില്ക്കുന്നതുമായ ഒരു പ്രശ്നമാണ്. മദ്ധ്യശതാബ്ദങ്ങളിൽ പാശ്ചാത്യസഭയിൽ ആരംഭിച്ച ഏകാധിപത്യ ഭരണരീതി, മനുഷ്യൻെറ മൗലികാവകാശങ്ങളായി സംസ്കൃതലോകം പരിഗണിക്കുന്ന എല്ലാററിനെയും വെല്ലുവിളിച്ചുകൊണ്ട് ഇപ്പോഴും നിലനില്ക്കുന്നുവെന്നതാണ് ചരിത്രസത്യം. അതിൻെറ കാരണം, പാശ്ചാത്യസഭയ്ക്ക് ഇന്ന് എവിടെയും കാണാറുള്ള സ്വാധീന ബലമാണ്. ചങ്ങനാശ്ശേരി വികാരിയാത്തിലെ സ്വത്തുക്കളും വസ്തുക്കളും ഉപകരണങ്ങളും എല്ലാം ലത്തീൻ ഭരണത്തിൻെറ മുറയനുസരിച്ച് തൻെറ പരിപൂർണ്ണ ഉടമയിലും അധികാരത്തിലും വിനിയോഗസ്വാതന്ത്ര്യത്തിലും ഇരിക്കേണ്ടതാണെന്ന് ബിഷപ്പ് ലവീഞ്ഞ് വിചാരിച്ചു. ഈ നിയമം പാശ്ചാത്യസഭയുടെ പാരമ്പര്യത്തിനും കാനോനികനിയമത്തിനും അനുസൃതമാണെന്ന് സമ്മതിക്കാം. എന്നാൽ ഇതു് ജനപ്രാതിനിധ്യതത്ത്വമുൾക്കൊള്ളുന്ന പൌര

www.malankaralibrary.com

സ്ത്യസഭാ ഭരണരീതിയ്ക്കു് കടകവിരുദ്ധമാണു്. പൌരസ്ത്യ സഭയിൽ ഭരണസംവിധാനത്തിന്നു് മെത്രാനായാലും വൈദികരായാലും ജനപ്രതിനിധികളായാലും, ട്രസ്റ്റികളുടെ സ്ഥാനമേ ഉള്ളൂ. ''എന്റെ മന്ദിരം'', ''എന്റെ അരമന'', ''എന്റെ റബർതോട്ടം'', ''എന്റെ കാറു്'', ''എന്റെ പണം'' (''my money'') ഇവയെല്ലാം പാശ്ചാത്യസഭയുടെ ഫ്യൂഡലിസ്റ്റു് സ്വേച്ഛാധിപത്യത്തിന്റെ അവശിഷ്ടമായ അവകാശവാദമാണു്.

മനുഷ്യന്റെ മൌലികാവശ്യങ്ങളെപ്പററിയുള്ള ആദ്യത്തെ പ്രഖ്യാപനം ക്രിസ്തുവിന്റേതാണു്. എന്നാൽ നിർഭാഗ്യവശാൽ, അധികാരമോഹത്തിന്റെ ലഹരിയിൽപ്പെട്ടു് സഭാചരിത്രത്തിൽ ആ പ്രഖ്യാപനം വിസ്മൃതമായി. ഇന്നു് ആ മൌലികാവകാശങ്ങളുടെ മാറെറാലി മുഴങ്ങുന്നതു്, സഭയുടെ ഭരണത്തിലല്ല, നേരെമറിച്ചു്, അക്രൈസ്തവരായ ചിന്തകരുടെ സ്വാഭാവിക നീതി (Natural justice) യ്ക്കു വേണ്ടിയുള്ള വാദങ്ങളിലും രാഷ്ട്രങ്ങളിലെ നീതിന്യായപീഠങ്ങളിലുമാണു്. മനുഷ്യന്റെ മൌലികാവകാശങ്ങളെ അംഗീകരിച്ചുള്ള ഭരണഘടന സ്വീകരിച്ചിട്ടുള്ള രാഷ്ട്രങ്ങളിൽ, രാഷ്ട്രനിയമവും കാനോൻനിയമവും തമ്മിൽ നടക്കുന്ന സംഘട്ടനത്തിന്റെ കാരണമിതാണു്. മദ്രാസ് — മൈലാപ്പൂർ ആർച്ചുബിഷപ്പു് രായപ്പാ അരുളപ്പാ പ്രതിയായുള്ള കേസിലും (1980), ദാദാറി (ബോംബെ) ലെ സാൽവേഷൻ കത്തോലിക്കാപള്ളി സ്വത്തുക്കളെ സംബന്ധിച്ചു് ബോംബെ ആർച്ചുബിഷപ്പു് സൈമൺ പിമന്റാ പ്രതിയായുള്ള കേസിലും (1983), പ്രതിഭാഗത്തെ വാദങ്ങൾ നിരാകരിച്ചുകൊണ്ടു് വ്യക്തികളുടെയും സമൂഹങ്ങളുടെയും മൌലികാവകാശങ്ങൾ സ്ഥാപിക്കുകയും സംരക്ഷിക്കുകയുമാണു് കോടതികൾ ചെയ്തിട്ടുള്ളതു്. അങ്ങനെ ക്രിസ്തു പഠിപ്പിച്ച തത്വങ്ങൾ നമ്മെ ഓർമ്മിപ്പിക്കുവാൻ സിവിൽ കോടതികൾ വേണ്ടിവന്നതു് സഭാചരിത്രത്തിലെ ശോചനീയമായ പരമാർത്ഥമാണു്.

## തിരുസ്സഭ ക്രിസ്തുവിന്റെ ഒരു ട്രസ്ററ്

മെത്രാൻസ്ഥാനവും അധികാരവും അവകാശവും എല്ലാം തന്നെ യഥാർത്ഥത്തിൽ ഒരു ട്രസ്റ്റിന്റെ നൈയാമികപരിധിയിൽ പെടുന്നതാണു്—ആത്മികമായും ഭൌതികമായും. ദൈവപുത്രൻ ലോകപരിത്രാണാർത്ഥം സമ്പാദിച്ച അനുഗ്രഹഭണ്ഡാ

www.malankaralibrary.com

ഗാരമാണ് കൂദാശകളും കൂദാശാനുകരണങ്ങളുംവഴി സഭയ്ക്കു ലഭിക്കുന്നതു്. പൗരോഹിത്യത്തിനു് അവയുടെ കൈകാര്യകർത്തൃത്വം മാത്രമേയുള്ളു: അതായതു്, ക്രിസ്തു നിർദ്ദേശിച്ച ഉപാധികൾക്കു് വിധേയമായി സഭാംഗങ്ങൾക്കു് ഉപഭുക്തമാക്കാനുള്ള കർത്തവ്യം. അവിടെ കർത്തവ്യമേയുള്ളു; അവകാശമില്ല. അവകാശമുള്ളതു് ഉപഭോക്താക്കൾക്കാണു് – പാപികളായ മനുഷ്യർക്കു്. ''ഞാൻ പാപികൾക്കുവേണ്ടിയാണു്, നീതിമാൻമാർക്കുവേണ്ടിയല്ല, ലോകത്തിലേയ്ക്കുവന്ന''തെന്നു് ക്രിസ്തു പറയുന്നു3. പാപികളാണു് പൗരോഹിത്യത്തിന്റെ നൈയാമികമായ ഉപഭോക്താക്കൾ (Beneficiaries). ഈ കൈകാര്യകർത്തൃത്വത്തിന്റെ അവകാശംതന്നെ പുരോഹിതന്മാർക്കു് അനന്തമായ ദൈവകാരുണ്യത്താൽ ദാനമായി കിട്ടിയ ആത്മീയവരങ്ങളാണു്. ദാനമായി കിട്ടിയ ആത്മീയവരങ്ങൾ ദാനമായിത്തന്നെ കൊടുക്കുവാൻ ക്രിസ്തു കല്പിക്കുകയും ചെയ്യുന്നു4.

ആത്മീയവരങ്ങളെ സംബന്ധിച്ച് പുരോഹിതന്മാർ കേവലം ട്രസ്റ്റികൾ മാത്രമാണെങ്കിൽ ഭൗതികവസ്തുക്കളുടെ ഈ കേവലകൈകാര്യകർത്തൃത്വം പുരോഹിതന്മാരിൽ നിബദ്ധമായിരിക്കുന്നതു് എത്രയോ കൂടുതലായിട്ടാണു്. സഭയുടെ ഭൗതികസമ്പത്തുക്കൾ ദൈവജനത്തിന്റെ ദാനമാണു്. അവയുടെ വിനിയോഗത്തിൽ സഭാധികാരികൾക്കു് ഉപഭോക്താക്കളോടു് ഉത്തരവാദിത്വമുണ്ടു്. ഏതൊരു ട്രസ്റ്റിന്റെയും മർമ്മതത്വമാണതു്. ആർച്ചു ബിഷപ്പു് അരുളപ്പാ കോടതിയിൽ ബോധിപ്പിച്ചതു് താൻ ചിലവാക്കിയ പതിനഞ്ചുലക്ഷം രൂപാസ്സു് ആരോടും ഉത്തരവാദിത്വമില്ലെന്നാണു്. അതു കേട്ട ന്യായപീഠം ഞെട്ടിപ്പോയെന്നു് കോടതിവിധിയിൽ എടുത്തുപറഞ്ഞിട്ടുണ്ടു്. ഇതിൽ ആർച്ചുബിഷപ്പു് അരുളപ്പാ ലത്തീൻസഭയുടെ കാനോൻ നിയമത്തെയും ആചാരങ്ങളെയും പിൻതുടർന്നു എന്നു മാത്രമേ അർത്ഥമുള്ളൂ. അത്രത്തോളം അദ്ദേഹം കുററരഹിതനാണു്. ഈ ലേഖകൻ 1970-ൽ പ്രസിദ്ധപ്പെടുത്തിയ 'One Territory–One Bishop' എന്ന ഗ്രന്ഥത്തിൽ ''നമ്മുടെ മെത്രാന്മാർക്കു് സൂര്യനു താഴെ ആരോടും ഉത്തരവാദിത്വം ഇല്ലെ''ന്നു് പറഞ്ഞിട്ടുള്ളതു് ഇത്തരുണത്തിൽ സ്മര

3. മക്കോ. 2, 17; ലൂക്കാ. 5, 32.

4. മത്താ. 10, 8.

www.malankaralibrary.com

ണീയമാണ്. ഏതൊരു ട്രസ്റ്റിന്റെയും കാതൽ ട്രസ്റ്റികൾക്ക് ''എന്റെതിന്''' സ്ഥാനമില്ലെന്നുള്ളതാണ്; നിങ്ങളുടേതും നമ്മളുടേതും ആവാം. ലത്തീൻ ഭരണഘട്ടത്തിന്റെ ചെരുപ്പുകളിൽ കാലൂന്നി നിന്നിരുന്ന ബിഷപ്പ് ലവീഞ്ഞ് ''എന്റെ മന്ദിരം'' എന്നു പറഞ്ഞപ്പോൾ ഈ തത്വം മറന്നുപോയതിൽ അതിശയിക്കുവാനില്ല. ലവീഞ്ഞ് – നിധീരി കത്തിടപാടുകളിൽ കാണുന്ന മൽപ്പിടുത്തം ആനയും മുതലയുംപോലെ രണ്ടു ഭിന്ന മേഖലാശക്തികൾ തമ്മിലുള്ള പോരാട്ടംപോലിരിക്കുന്നു. ഒരാൾ അധികാരത്തിന്റെ ഗര്‍വ്വേറിയ ഔന്നത്യത്തിൽ നില്ക്കുമ്പോൾ, മറ്റെയാൾ നീതിയുടെ നിശിതമായ യുക്തിവാദംകൊണ്ട് ഔന്നത്യത്തിന്റെ പടികളെ ഒന്നൊന്നായി വിഛേദിച്ചുതള്ളുകയാണ് ചെയ്യുന്നത്. ഇത് ബുദ്ധിജീവികളുടെ സിരകൾക്ക് ഉന്മേഷം കൊടുക്കുന്ന മൽപിടുത്തംപോലിരിക്കുന്നു.

### ''എന്റെ പണം'' (''My money'')

ഏതൊരു ഭ്രപതാദ്ധ്യക്ഷനും ''എന്റെ പണം'' എന്നു പറയുവാൻ അവകാശമുണ്ടോ എന്നതു് ചിന്താർഹമായ ഒരു കാര്യമാണ്. മെത്രാൻ – ഭ്രപതാബന്ധങ്ങൾക്ക് ഒരു ട്രസ്റ്റിന്റെ സ്ഥാനമേയുള്ളുവെന്ന് മുകളിൽ പ്രസ്താവിച്ചുവല്ലോ. എന്നാൽ ക്രിസ്തുവിനെ പൂര്‍ണ്ണമായി അനുഗമിക്കുന്നുവെന്നു നാം വിശ്വസിക്കുന്ന ഭ്രപതാദ്ധ്യക്ഷനായ ഒരു മെത്രാന്, ഭൗതികവസ്തുക്കളെ എന്റേതെന്നു പറയുവാൻ എന്തു ന്യായം? അതിന്റെ കാരണം, മെത്രാൻസ്ഥാനംതന്നെ സേവനത്തിന്റെ പാരമ്യം ഉൾക്കൊള്ളുന്നതാണ്. അതിൽ അനിവാര്യമായി അന്തർഭവിച്ചിരിക്കുന്നതു് ക്രിസ്തുവിന്റെ ത്യാഗപൂർവ്വമായ സ്വയം സമര്‍പ്പണമാണ്. നിഷ്ക്കാമസേവനം എന്നും പറയാം. അതാരും നിഷേധിക്കുമെന്ന് തോന്നുന്നില്ല. നിഷ്ക്കാമസേവനത്തിന്റെ പൂർണ്ണമായ സ്വയം സമർപ്പണത്തിൽ, ''ഞാനും'' ''എനിക്കും'', ''എന്റേതും'', ''എന്റേതിനും'' സ്ഥാനമില്ല. അവയെല്ലാം ഭ്രപതയിലെ ദൈവജനത്തിൽ ലയിച്ചുപോയിരിക്കുകയാണ് ഭരണാധികാരിയായ മെത്രാൻ. അവിടെ 'എന്റേതു'' എന്നു പറയുന്നതു് സ്വന്തം ദൈവവിളിയെ നിഷേധിക്കുകയാണ്. പുരാതനകാലത്തു് പാശ്ചാത്യസഭയിലും പൌരസ്ത്യസഭയിലും സ്വയം സമർപ്പണം നടത്തിയ സന്ന്യാസിമാരെയാണ് മെത്രാന്മാരാക്കിയിരുന്നതു്. സന്ന്യാസസഭയിൽ പ്രവേശിക്കുമ്പോൾ തന്റെയും സ്വകുടും

www.malankaralibrary.com

ബത്തിൻെറയും പേരുകരം കളഞ്ഞു്, പുതിയ പേരാണല്ലോ സന്ന്യാസി സ്വീകരിക്കുന്നതു്. ഈ സന്ന്യാസിമാർ മെത്രാന്മാരാകുമ്പോരം വേറൊരു പേരു സ്വീകരിക്കുന്നു. ജേക്കബ്, അത്തനാസ്യോസും ജോർജ്, ദിവന്നാസ്യോസും ഒക്കെ ആയിത്തീരുന്നതിങ്ങനെയാണ്. സുറിയാനി സഭയിൽ ഇടവക വൈദികരെ (Secular Priests) മെത്രാന്മാരാക്കുന്നതിനുമുൻപ് റമ്പാൻമാരാക്കുകയാണ് പതിവ്; എന്നുപറഞ്ഞാൽ, സവ്വസംഗപരിത്യാഗത്തിൻെറ സന്ന്യാസസഭയിൽ ചേക്കുകയെന്നാണത്ഥം. സന്ന്യാസിമാർ മെത്രാന്മാരാകുമ്പോരം സന്ന്യാസസഭയുമായുള്ള ബന്ധങ്ങരം അവസാനിപ്പിച്ചു്, സാമൂഹ്യസേവനത്തിനു് പരിപൂണ്ണമായി പ്രതിഷ്ഠിക്കപ്പെടുന്നു. മുൻപ് സാവ്വത്രികസഭയിൽ നിലവിലിരുന്ന ഈ പേരുമാററത്തിൻെറ പതിവ് ഇപ്പോരം ലത്തീൻസഭയിലും തുടർന്നുപോകുന്നതു് മാപ്പാപ്പാമാരെ തെരഞ്ഞെടുക്കുമ്പോരം മാത്രമാണ്. ഇങ്ങനെ സ്വയം പ്രതിഷ്ഠയെ, സ്വയം സമപ്പണത്തെ അടിസ്ഥാനമാക്കിയുള്ള ദൈവവിളിപ്പാണ് മെത്രാനാകുകയെന്നതു്. അവിടെ ''എൻെറ പണം'' ("My money") എന്നു പറയുവാൻ എന്തവകാശം? ''എൻെറ പണം'' എന്നു പറയുമ്പോരം സ്വന്തം വിട്ടുമുതലിനെ ഉദ്ദേശിച്ചല്ലല്ലോ പറയുന്നതു്. സ്വന്തം രൂപതയിലെ അവശതകളും കഷ്ടതകളും ഉദാരമതികളായ വിദേശിയരുടെ മുൻപാകെ സമപ്പിച്ചു് അവരിൽനിന്നു കിട്ടുന്ന പണത്തെ ''എൻെറ പണം'' എന്നു പറയുന്നതിൽ യാതൊരു നീതികരണവും കാണുന്നില്ല. പണം ശേഖരിക്കുന്നതിൽ മെത്രാൻമാർ കൂടുതൽകുറവായി വിജയിച്ചേക്കാം. അതു് അവരുടെ സ്ഥാനബദ്ധമായ കത്തവ്യം മാത്രമാണ്. എന്നാൽ ആ വിദേശസഹായത്തിൻെറ ഉപഭോക്താക്കളായ രൂപതയിലെ ദൈവജനമാണ്, മെത്രാന്മാർ സമാഹരിക്കുന്ന അവസാന പൈസയുടെയും ഉടമ. കാരണം, അതു് ജനങ്ങരംക്കായി നല്കപ്പെട്ടിട്ടുള്ളതാണ്.

ലത്തീൻസഭയിൽ വിചിത്രമായിട്ടുള്ള ഒരു നടപടിയുണ്ട്. പൌരസ്ത്യസഭയിൽ രൂപതാവൈദികരെ (Secular priests) സന്ന്യാസിമാരാക്കിയശേഷം മെത്രാന്മാരാകുമ്പോരം അവക്ക് പേരുമാററം സംഭവിക്കുന്നു. എന്നാൽ ലത്തീൻസഭയിൽ സന്ന്യാസിമാർ മെത്രാന്മാരാകുമ്പോരം സന്ന്യാസവും പേരും കളഞ്ഞു് ലൗകികർ (Secular) ആയിത്തീരുന്നു. അങ്ങനെയാണ് ഫാദർ വിൻസെൻറ് എന്ന സന്ന്യാസി മെത്രാനായ

www.malankaralibrary.com

പ്പോൾ കുടുംബപ്പേരെടുത്തു് ഡേരോ ആയതു്; അലോഷ്യസ്, ബെൻസിഗർ ആയതും. മെത്രാൻസ്ഥാനത്തിനു് ഒരു കാലത്തു് ഭൗതികമായ മുൻതൂക്കമാണു് പാശ്ചാത്യസഭയിൽ ഉണ്ടായിരുന്നതെന്നു് ഇതു് തെളിയിക്കുന്നു. ഇപ്പോഴും അതു് തുടൎന്നുപോകുന്നു. പിന്നെങ്ങനെ ഫ്യൂഡലിസത്തിൻെറ ഭൗതികത്തിൽനിന്നും ലത്തീൻമെത്രാൻസ്ഥാനത്തെ കരകയററാനാകും?

## സ്വയംഭരണത്തിൻെറ വിധാതാക്കൾ

കേരളസഭയുടെ സ്വയംഭരണപ്രാപ്തി പല തലമുറകളുടെ യാതനകളുടെയും യജ്ഞങ്ങളുടെയും ഫലമാണു്. പലരുടെയും വെട്ടേററു് വീഴുന്ന മരം, ആരുടെ വെട്ടുകൊണ്ടാണു് വീണതെന്നു് പറയുവാൻ പ്രയാസം കാണും. എന്നാൽ ആസന്ന കാരണങ്ങളായി പറയാവുന്ന ഒന്നോ രണ്ടോ ചിലപ്പോൾ മൂന്നോ വ്യക്തികൾ ഉണ്ടായെന്നുവരാം. കേരളസഭയുടെ സ്വയംഭരണകാര്യത്തിൽ രണ്ടു വ്യക്തികളാണു് മുന്നണിയിൽ നില്ക്കുന്നതായി പറയപ്പെടുന്നതു്: ഫാ. ളൂയിസ് പഴേപറമ്പിലും ഫാ. മാണി നിധീരിക്കലും. ഇവരിൽ ആൎക്കാണു് പ്രാമുഖ്യം അഥവാ മുൻതൂക്കം എന്നതു് അടുത്ത കാലത്തിറങ്ങിയ ഗ്രന്ഥങ്ങൾ വിവാദവിഷയമാക്കിയിട്ടുണ്ടു്. പലപ്പോഴും വെളിച്ചത്തെക്കാൾ ചൂടുപകരുന്നതിനാണു് വൈകാരികമായ ഈ വാദപ്രതിവാദം ഉപകരിച്ചിട്ടുള്ളതെന്നു് ഭയപ്പെടേണ്ടിയിരിക്കുന്നു. സ്വാതന്ത്ര്യസമരത്തിൻെറ അവസാനകാലമായ 19-ാം നൂററാണ്ടിലെ ഉത്തരാൎദ്ധസംഭവങ്ങളെ അപഗ്രഥിച്ചു നോക്കിയാൽ പ്രാമുഖ്യമൎഹിക്കുന്ന വ്യക്തിയെ കണ്ടുപിടിക്കുവാൻ സാധിക്കുമെന്നു തോന്നുന്നു. അന്നത്തെ കേരളസഭ പദ്രുവാദോയുടെയും പ്രോപ്പഗാന്തായുടെയും ഭരണത്തിൻ കീഴിലായിരുന്നു. പദ്രുവാദോയുടെ മേധാവിത്വം ഗവൎണ്ണദോർമാൎക്കും പ്രോപ്പഗാന്തായുടെ ആധിപത്യം വരാപ്പുഴ മെത്രാന്മാൎക്കുമാണു് ഉണ്ടായിരുന്നതു്. ഇങ്ങനെ രണ്ടു സമരമുഖങ്ങൾ ഉണ്ടായിരുന്നതായി കാണാം.

## ഒന്നാം ഘട്ടം (1868-72)

പദ്രുവാദോവിഭാഗത്തിൽ ഗവൎണ്ണദോർമാരുടെ കീഴിൽ സ്വയംപ്രാപ്തിക്കുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരുന്നു. സ്വസമുദായത്തിനും സ്വന്തറീത്തിലുംപെട്ട മെത്രാനായിരുന്നു അന്തിമലക്ഷ്യം. ഈ സംരംഭത്തിൽ പദ്രുവാദോയിൽപെട്ട വൈദിക

www.malankaralibrary.com

പ്രമുഖരും പാറായിൽ തരകൻ മുതലായ അത്മായനേതാക്കന്മാരും പങ്കെടുത്തിരുന്നവരാണ്. മിഷ്നറിമാരുടെ ശക്തിയായ എതിർപ്പുണ്ടായിരുന്നിട്ടും, കരിയാററി ജോസഫ് മല്പാനെ മലബാറിന്റെ മെത്രാപ്പോലീത്തായായി വാഴിച്ച പോർച്ചുഗീസ് ഭരണത്തിന്റെ മഹാമനസ്ക്കത ജനഹൃദയങ്ങളിൽ ആശാവീചികരം പരത്തിയിരുന്നു. വി. സി. ജോർജ്ജ് എഴുതുന്നു: ''ഗോവാ മെത്രാപ്പോലീത്താ ഉടനെ വരുമെന്നും കൊടുങ്ങല്ലൂർ രൂപതയ്ക്കു് ഒരു മെത്രാൻ നിയമിക്കപ്പെടുമെന്നുമുള്ള വർത്തമാനങ്ങരം വിരാമംകൂടാതെ പ്രചരിച്ചുകൊണ്ടിരുന്നു. ഈ കിംവദന്തികരം അനുസരിച്ചുള്ള കാര്യങ്ങരം നടത്തുന്നതിലേയ്ക്കു് പദ്രവാദോ കക്ഷികരം ഗോവയിലേയ്ക്കും പോർച്ചുഗലിലേയ്ക്കും റോമിലേയ്ക്കും ഹർജികരം തുടരെത്തുടരെ അയച്ചു''5. എന്നാൽ പ്രധാനപ്പെട്ട ഒരു കാര്യം വിസ്മൃതമായതുപോലെ തോന്നുന്നു. അന്നു് മലബാർസഭയുടെ ഭാവി പ്രോപ്പഗാന്തയുടെ കൈയിലായിരുന്നു. പദ്രവാദോ കൃഷ്ണപക്ഷത്തിറങ്ങിയ കാലമാണു്. തന്മൂലം, പദ്രവാദോയെ ആശ്രയിച്ചുള്ള ശ്രമങ്ങരം ഏതാണ്ടു് പാഴ്വേലയാകാനെ തരമുണ്ടായിരുന്നുള്ളു. വി. സി. ജോർജ്ജ് സൂചിപ്പിക്കുന്ന തുടരെത്തുടരെയുള്ള ഹർജികളിൽ, കൊടുങ്ങല്ലൂർ സെമിനാരിയിൽനിന്നും ശെമ്മാശ്ശന്മാർ അയച്ച ഹർജിയ്ക്കു് സ്വാഭാവികമായും നിധീരിക്കൽ മാണിശെമ്മാശ്ശന്റെ പ്രേരണയും പ്രചോദനവും ഉണ്ടായിരിക്കാം. എന്നാൽ ''കേരളസഭാചരിത്രത്തിൽ 'ഡീക്കൻസ് പെററിഷൻ' (Decons' petition) എന്നു് ഒരു ചരിത്രകാരൻ വിളിക്കുന്ന ആ ഹർജി'' അതിശയോക്തിയുടെ ഒരു ബലൂൺ ആയിട്ടേ തോന്നുകയുള്ളു. പലതിലൊന്നിൽ കവിഞ്ഞ പ്രാധാന്യം അതിനുണ്ടായിരുന്നില്ല.

ശെമ്മാശ്ശന്മാരുടെ ഹർജിയുടെ കോപ്പി നമുക്കു് കിട്ടിയിട്ടില്ല. മാണിയച്ചന്റെ രേഖകളിൽ അതു കാണുന്നുമില്ല. എന്നാൽ കൊടുങ്ങല്ലൂർ അതിരൂപതയുടെ ഗവർണ്ണദോരായ റോസാരിയോ ഗോമസിന്റെ 1872 തുലാംമാസം 28-ാം തീയതിയിലെ കത്തിൽ, ആ കൊല്ലം ജൂലൈ മാസത്തിൽ തൃശ്ശൂരിൽ കൂടിയതും അടുത്തതാനെ തൃശ്ശൂർ തൈക്കാട്ടുശ്ശേരിയിൽ കൂടാനിരിക്കുന്നതുമായ യോഗങ്ങളെപ്പററിയും ശെമ്മാശ്ശന്മാരുടെ അപേക്ഷയെപ്പററിയും പ്രതിപാദിക്കുന്നുണ്ടു്. അനാഥ

5. നിധീരിക്കൽ മാണിക്കത്തനാർ, പേജ് 87.

www.malankaralibrary.com

മായ കൊടുങ്ങല്ലൂർ അതിരൂപതയ്ക്കു് ഒരു മെത്രാപ്പോലിത്താ യെ റോമിൽനിന്നും കിട്ടുവാനുള്ള ശ്രമമേ അതിൽ കാണുന്നുള്ളൂ. വ്യാപകമായ അഭിലാഷങ്ങളുടെയും അവകാശങ്ങളുടെയും പരാമർശനമാണതു്.

ഡീക്കൻ സേവ്യറിന്റെ കത്തിൽ: "എങ്കിലും നിങ്ങളുടെ (മാണിയച്ചന്റെ) ആലോചനയുംകൂടെ അറിഞ്ഞു് ഈ കാര്യത്തിൽ ചെയ്യണമെന്നു് വിചാരിക്കുന്നു". "കൂടെ" എന്ന വാക്കുകൊണ്ടു് മനസ്സിലാക്കാവുന്നതു് ഭാഗഭാഗിത്വമാണു്: നേതൃത്വവുമല്ല, പ്രാധിനിധ്യവുമല്ല. 1868-ൽ കേരളസഭയിൽ പല കലങ്ങളിലും വെന്തുകൊണ്ടിരുന്ന ചോറാണു് സ്വയംഭരണപ്രമേയമെന്നുള്ളതു് വ്യക്തമാണു്. സ്വയംഭരണനേതാക്കൾ ബഹു. നിധീരി മാണി ശെമ്മാശ്ശന്റെ അഭിപ്രായം അറിയുവാൻവേണ്ടി എഴുതിയതിൽ കവിഞ്ഞ പ്രാമുഖ്യം അതിനുണ്ടെന്നു് തോന്നുന്നില്ല. മാണി ശെമ്മാശ്ശൻ ഗവർണ്ണദോരുടെ സെക്രട്ടറിയായിരുന്നതുകൊണ്ടു് സ്വയംഭരണപ്രസ്ഥാനത്തിൽ നേരിട്ടു പങ്കെടുക്കുവാൻ നിവ്വാഹമില്ലാതിരുന്നതായിരിക്കാം കാരണം.

## രണ്ടാം ഘട്ടം (1872-76)

പദ്രവാദോ ഭരണത്തിന്റെ ഗവർണ്ണദോർ 1873-ൽ കൊടുങ്ങല്ലൂരിൽനിന്നും കൊച്ചിയിലേയ്ക്കു് സ്ഥലംമാറി. അതോടെ നിധീരിക്കൽ മാണി ശെമ്മാശ്ശൻ പദ്രവാദോ ഉപേക്ഷിച്ചു് വരാപ്പുഴഭരണത്തിൻകീഴിൽ വന്നു. എന്നാൽ 1873-74-ൽ കോളിളക്കമുണ്ടാക്കിയ മാനശിങ്കു ക്രിമിനൽ കേസ് നടത്തിയതു് മാണി ശെമ്മാശ്ശനാണു്. അസാധാരണനായ ഒരു നിയമ പടുവിനെയും കമ്മധീരനായ ഒരു പ്രായോഗിക ബുദ്ധിയേയും മാണി ശെമ്മാശ്ശനിൽ കാണുന്നതു് ഈ ഘട്ടത്തിലാണു്. ഈ കേസ്സിൽ അഹോരാത്രം ബദ്ധശ്രദ്ധനായി നടന്ന മാണിശെമ്മാശ്ശനു് കേരളസഭയുടെ സ്വയംഭരണപ്രസ്ഥാനത്തിൽ കാര്യമായി എന്തെങ്കിലും ചെയ്യിരിക്കാൻ വഴിയില്ല.

1874-ൽ മേലൂസ് കേരളത്തിൽ എത്തി. അതോടെ സുറിയാനിക്കാരുടെയിടയിൽ പദ്രവാദോ-പ്രോപ്പഗാന്താ കക്ഷികൾ കൂടാതെ, മേലൂസ് കക്ഷി എന്നൊന്നു് ആവിർഭവിച്ചു. ശിഥിലോന്മുഖമായ ഈ അപകടസ്ഥിതി, സമൂഹത്തിൽ നേതൃത്വമുള്ള കുടുംബങ്ങളിലെ അംഗങ്ങളായ സുറിയാനി കമ്മ

www.malankaralibrary.com

ലീത്താ സന്യാസിമാരുടെ ചിന്തയ്ക്കും ചർച്ചയ്ക്കും പ്രധാനവിഷയമായി. അതിൻെറ ആസ്ഥാനകേന്ദ്രങ്ങൾ മാന്നാനത്തും പുളിങ്കുന്നിലുമുള്ള കർമ്മലീത്താ ആശ്രമങ്ങളായിരുന്നു. വരാപ്പുഴ ഭരണത്തിൽ അനുഭവിച്ചുകൊണ്ടിരുന്ന അധിക്ഷേപങ്ങളുടേയും അവശതകളുടെയും പശ്ചാത്തലത്തിലാണ് പുളിങ്കുന്നിലെയും മാന്നാനത്തെയും സന്ന്യാസികൾ മേലുസ്ഥശിശ്ശയെപ്പററി ചിന്തിച്ചു തുടങ്ങിയത്. കേരളസഭയിലെ അവശതകൾക്കും കലാപങ്ങൾക്കും കാരണം വരാപ്പുഴ ഭരണമാണെന്നുള്ള നിഗമനത്തിലാണ് യുവാക്കന്മാരും വൃദ്ധന്മാരുമായി മാന്നാനത്തുള്ള സന്യാസിമാർ എത്തിച്ചേർന്നത്. വരാപ്പുഴയ്ക്ക് എതിരായുള്ള ഏതു നീക്കവും അപകടകരമായിരിക്കുമെന്ന് പരിപക്വമാനസരായ വൃദ്ധസന്ന്യാസിമാർ മുന്നറിയിപ്പു നല്കി. അതിനെ അവഗണിച്ചുകൊണ്ടായിരുന്നു യുവസന്ന്യാസിമാരുടെ പ്രാരംഭശ്രമങ്ങൾ. മാർപ്പാപ്പയ്ക്ക് തങ്ങളുടെ അവശതകളെയും ക്ലേശങ്ങളെയുംപററി ഒരു നിവേദനം സമർപ്പിക്കണമെന്ന് അവർ തീരുമാനിച്ചു. പ്രധാനപ്പെട്ട ഈ തീരുമാനം മുതല്ക്കാണ് സ്വയംഭരണശ്രമങ്ങളുടെ രണ്ടാമത്തെ ഘട്ടം ആരംഭിക്കുന്നത്. അതിൽ നിധീരിക്കൽ മാണി ശെമ്മാശ്ശൻെറ പങ്ക് എന്തായിരുന്നുവെന്ന് അന്നത്തെ സംഭവങ്ങൾ നമുക്ക് പരിശോധിയ്ക്കാം.

ഈ ഘട്ടത്തിൽ വരാപ്പുഴയുടെ കീഴിൽ മാന്നാനത്തുണ്ടായിരുന്ന സെമിനാരിയിൽ തൻെറ പഠനം പൂർത്തിയാക്കുന്നതിന് മാണി ശെമ്മാശ്ശൻ, 1874 ജൂലൈ 16-ന്, ഒരു വിദ്യാർത്ഥിയായിച്ചേർന്നു. അതു് മംഗലപ്പുഴ സെമിനാരി അദ്ധ്യാപകനും ഗവർണ്ണദോരുടെ സെക്രട്ടറിയുമായിരുന്ന അദ്ദേഹത്തിൻെറ ധീരമായ ഒരു കാൽവെയ്പായിരുന്നു. പുണ്യത്തിലുള്ള അദ്ദേഹത്തിൻെറ ധീരത പ്രകടമായ മററവസരങ്ങളുമുണ്ടായിട്ടുണ്ടു്. അവയിലൊന്ന്, വികാരിജനറാൾസ്ഥാനത്തുനിന്നും താഴത്തിറക്കപ്പെട്ടു് ഏതാണ്ടു് അപമാനിതനായി സ്വന്തം ഇടവകയുടെ വികാരിത്വം ഏറെറടുക്കുമ്പോൾ അദ്ദേഹം പ്രദർശിപ്പിച്ച ആത്മസംയമനത്തിൻെറ പ്രശാന്തത. മറെറാന്ന്, സ്വന്തം ഇടവകയിൽവെച്ച് സ്വന്തം അനുജനെ മഹറോൻ ചൊല്ലിയ കർത്തവ്യബോധം. 1875 മേയ് 6-ാം തീയതി അഞ്ചാം പട്ടവും, 1876 ജനുവരി 3-ാം തീയതി കുർബ്ബാനപട്ടവും അദ്ദേഹം സ്വീകരിച്ചു. അത്രയുംകാലം അദ്ദേഹം സെമിനാരി നിയമങ്ങൾക്ക് വിധേയനായി കഴിച്ചുകൂട്ടിയെന്നാണ് വിചാരിക്കേണ്ടതു്.

www.malankaralibrary.com

മാണി ശെമ്മാശ്ശൻ സെമിനാരി വിദ്യാൎത്ഥിയായിരുന്ന കാലത്തെപ്പററി വി. സി. ജോൎജ്ജ് പറയുന്നതു്: "ഏതായാലും മാണി ശെമ്മാശ്ശൻ പ്രത്യേകമായ വിധത്തിൽ ലെയോണാർദ്ദ് മെത്രാപ്പോലീത്തായുടേയും വരാപ്പുഴ അധികാരികളുടേയും ശ്രദ്ധാവിഷയമായിരുന്നു എന്നതിൽ സംശയമില്ല"6. "മെത്രാപ്പോലീത്താച്ചൻ ശെമ്മാശ്ശനെ പ്രത്യേകമായ വിധത്തിൽ സ്നേഹിച്ചിരുന്നതായി നമുക്കു് ഗ്രഹിക്കുവാൻ കഴിയുന്നുണ്ടു്"7. ഈ കാലഘട്ടത്തിൽ വരാപ്പുഴക്കാരുടെ ആപ്തമിത്രമായിരുന്ന ശെമ്മാശ്ശൻ അവൎക്കെതിരായി ആലോചനകളിൽ പങ്കെടുക്കുകയോ ഹർജി തയ്യാറാക്കുകയോ അവൎക്കു വിരോധം വരുന്ന മററെന്തെങ്കിലും ചെയ്യുമെന്നോ വിചാരിക്കുവാൻ ന്യായം കാണുന്നില്ലാ–പ്രത്യേകിച്ചു്, വരാപ്പുഴക്കാരുടെ ചാരന്മാർ മാന്നാനത്തു് ഒളിഞ്ഞും മറഞ്ഞും വിഹരിച്ചിരുന്നപ്പോൾ. 1875 ജൂലൈയിൽ റോമിലേയ്ക്കു് അയച്ച 'പേരില്ലാ ഹർജി'യിൽ കർബ്ബാനപ്പട്ടത്തിനു് ഒരുങ്ങിക്കൊണ്ടിരുന്ന മാണി ശെമ്മാശ്ശനു് എന്തെങ്കിലും പങ്കുണ്ടായിരുന്നതായി ഈ കാരണങ്ങളാൽ വിചാരിക്കുവാൻ ന്യായവും കാണുന്നില്ല. മാന്നാനത്തു് സെമിനാരി നടത്തിക്കൊണ്ടിരുന്ന കർമ്മലീത്താ വൈദികൎക്കു് വരാപ്പുഴ ഭരണാധികാരത്തോടുള്ള ഉത്തരവാദിത്വം പരിഗണിക്കുമ്പോൾ, അദ്ദേഹത്തെ സ്വയംഭരണസംരംഭത്തിൽനിന്നും ഒഴിച്ചുനിൎത്താനായിരിക്കും സാധ്യത, അത്രയ്ക്കു് ശെമ്മാശ്ശൻ വരാപ്പുഴയ്ക്കു് വത്സലനായിരുന്നെങ്കിൽ. എന്നാൽ, വി. സി. ജോൎജ്ജ് പറയുന്നു: "നിധീരി മാണി ശെമ്മാശ്ശൻ മാന്നാനത്തു് താമസിച്ചിരുന്നപ്പോൾ സന്ന്യാസിവൈദികരെ ചിലരെ വരാപ്പുഴയ്ക്കെതിരായി ഹർജികൾ അയയ്ക്കുന്നതിൽ പ്രേരിപ്പിക്കുകയും സഹായിക്കുകയും ചെയ്തിരുന്നുവെങ്കിലും [ ? ] അദ്ദേഹം വരാപ്പുഴ അധികാരികളുടെ സ്നേഹത്തിലും വിശ്വാസത്തിലും ഉയരുകയും. . . ."8. വി. സി. ജോൎജ്ജ് ആരോപിക്കുന്ന ഈ ഇരട്ടത്താപ്പ് (duplicity) മാണിയച്ചന്റെ സ്വഭാവത്തിൽ കളങ്കം ചേൎക്കുന്നതല്ലേ എന്നു സംശയിക്കണം. വരാപ്പുഴ മെത്രാപ്പോലീത്താ "സ്വവശാൽ" ശെമ്മാശ്ശനയച്ച

---

6. പേജ് 119.
7. പേജ് 120.
8. പേജ് 142.

www.malankaralibrary.com

നവവത്സരമംഗളസന്ദേശം മാണി ശെമ്മാശ്ശനെ ന്യായമായും സ്വയംഭരണപ്രസ്ഥാനത്തിൽ വിമുഖനാക്കാനേ വഴിയുള്ളൂ.

മാന്നാനത്തുനിന്നും പരിശുദ്ധ പിതാവിൻെറ പേർക്ക് റോമിലേയ്ക്കയച്ചതും സംഭവബഹുലമായ പ്രതികരണശൃംഖലയ്ക്ക് (Chain reaction) നിദാനമായതുമായ 'പേരില്ലാഹർജി' രൂപമെടുക്കുന്നതു് മാന്നാനത്തെ യുവവൈദികരുടെ തീക്ഷ്ണമായ അഭിലാഷങ്ങളുടേയും ദീർഘമായ ആലോചനകളുടേയും ഫലമായിട്ടായിരുന്നുവെന്നുള്ളതു് നിസ്തർക്കമാണ്. അതിനു നേതൃത്വം നല്കിയതു് ഫാ. ളൂയിസ് പഴേപറമ്പിൽ ആണെന്നു് ഐ. സി. ചാക്കോ കാരണസഹിതം സ്ഥാപിക്കുന്നുണ്ടു്. അവ അപേക്ഷാരൂപത്തിലാക്കിയതു് ലത്തീനിൽ പ്രാവണ്യമുള്ള പഴേപറമ്പിലച്ചനാണ്. പരമരഹസ്യമായിട്ടാണ് ഇവയെല്ലാം ചെയ്തതെന്നു ഓർക്കണം. അപേക്ഷ തയ്യാറാക്കി കുട്ടിലിട്ടു് വി. കുർബ്ബാനയുടെ ബലിക്കല്ലിൽവച്ചു് പ്രാർത്ഥിച്ചതു്, വൈക്കത്തു്, പാലയ്ക്കൽ സിറിൽ അച്ചനും, പുളിങ്കുന്നു്, കളത്തിൽ സഖറിയാസ് അച്ചനും, കൈനകരി, ചാവറ ജോസഫ് അച്ചനും, പുളിങ്കുന്നു്, പഴേപറമ്പിൽ ളൂയിസ് അച്ചനും, ഭരണങ്ങാനം, തറവട്ടം ഹിലാരിയോൺ അച്ചനുമായിരുന്നു. അതേതുടർന്നു്, പ്രവർത്തനമേഖലകൾ ഒരുക്കുന്നതിനു് കിഴക്കൻ ദേശങ്ങളിൽ മാന്നാനം കൊവേന്തയും പടിഞ്ഞാറൻ ഭാഗങ്ങളിൽ പുളിങ്കുന്നു കൊവേന്തയും ശ്രമങ്ങൾ ചെയ്യുവാനാരംഭിച്ചു.

പിന്നീടു് ഇന്ത്യയിലുള്ള മെത്രാന്മാർക്കെല്ലാം അപേക്ഷയുടെ കോപ്പികൾ അയച്ചതും മാന്നാനം ആശ്രമസ്ഥരാണ്. അതിൻെറ തീയതി 1875 സെപ്റ്റംബർ 10 ആണ്. അപ്പോഴും നിധീരിക്കൽ മാണിശെമ്മാശ്ശൻ മാന്നാനം സെമിനാരിയിൽ വൈദികവിദ്യാർത്ഥിയായി കഴിയുകയായിരുന്നു. ഈ സംരംഭങ്ങളിലെങ്ങും മാണിയച്ചൻ പ്രത്യക്ഷപ്പെടുന്നില്ല. അദ്ദേഹത്തെ പ്രത്യക്ഷപ്പെടുത്തുന്നതു് അദ്ദേഹത്തിൻെറ ജീവചരിത്രകാരന്മാരായ ചിലരുടെ തെളിവില്ലാത്ത പ്രസ്താവനകളാണ്.

ഉദാഹരണങ്ങൾ പലതുണ്ടു്: ''മംഗലപ്പുഴവെച്ചു സമാരംഭിച്ച [?] സ്വയം ഭരണവാദപ്രസ്ഥാനത്തിൽ മാന്നാനത്തെ വൈദികരുടെ വിജയാശംസ സമ്പാദിക്കുവാൻ മാണി

www.malankaralibrary.com

ശെമ്മാശ്ശനു് കഴിഞ്ഞു''9. ''സ്വജാതിയിലൊരു മെത്രാനെ ലഭിക്കുന്നതിനുവേണ്ടി റോമിലേയ്ക്കും മററും ഹർജികളയയ്ക്കാൻ മാണിയച്ചന്റെ സാമർത്ഥ്യത്തിൽ മാന്നാനത്തെ വൈദികരിൽ പലരും സന്നദ്ധരായി''10. ''മാന്നാനം സെമിനാരിയിലെ താമസവും അവിടത്തെ സന്ന്യാസിമാർ സ്വയംഭരണപ്രസ്ഥാനത്തിൽ സഹകരിക്കുവാൻ കാണിച്ച സന്തോഷവും സ്വദേശിമെത്രാനെ കിട്ടുമെന്നുള്ള ശെമ്മാശ്ശന്റെ ആഗ്രഹവും കിട്ടുമെന്നുള്ള ശരണവും വദ്ധിച്ചതേയുള്ളു11.

വീണ്ടും വി. സി. ജോർജ്ജ് എഴുതുന്നു: ''തന്റെ ആപ്തമിത്രവും മംഗലപ്പുഴ സെമിനാരിയിലായിരുന്നപ്പോഠം താൻ സ്വീകരിച്ച സുറിയാനി സ്വയംഭരണവാദത്തിൽ മാന്നാനത്തുവച്ച് തന്റെ സഹകാരിയുമായിത്തീന്നദ്ദേഹവുമായ പഴേപറമ്പിൽ ളൂയിസച്ചൻ ഈ ഹർജി എഴുതിയതിൽ........''12.

മാന്നാനം ആശ്രമത്തിൽ ആരംഭിച്ചതും വരാപ്പുഴ വിരുദ്ധവുമായ വിപ്ലവത്തിന്റെ നാട്ടുനായകത്വം വഹിച്ചിരുന്ന പഴേപറമ്പിൽ ളൂയിസച്ചനോടു് മാണി ശെമ്മാശ്ശനെ വി. സി. ജോർജ്ജ് ബന്ധിക്കുന്നതു് വിചിത്രമായിരിക്കുന്നു. അതിപ്രകാരമാണു്: 'മാന്നാനത്തെ ആശ്രമത്തിൽ അന്നു താമസിച്ചിരുന്ന കമ്മർലീത്താ സന്ന്യാസിമാരിൽ പഴേപറമ്പിൽ ളൂയിസ് കത്തനാർ, ശെമ്മാശ്ശന്റെ ഒരു മിത്രമായിരുന്നു. സന്ന്യാസിമാർ താമസിച്ചിരുന്നതു് വടക്കേ മാളികയ്ക്കും സെമിനാരിക്കാരുടെ അധിവാസസ്ഥാനമായിരുന്ന തെക്കേ മാളികയ്ക്കും മദ്ധ്യേ ഇന്നത്തെപ്പോലുള്ള കൂട്ടിക്കെട്ടുകളും ഭിത്തികളും അന്നില്ലായിരുന്നു. ആകയാൽ സ്വദേശിമെത്രാനെ അഥവാ സ്വജാതി മെത്രാനെ ലഭിക്കുന്ന കാര്യത്തിൽ സെമിനാരിക്കാരനായ മാണി ശെമ്മാശ്ശനും സന്ന്യാസിമാരും തമ്മിൽ കൂടിആലോചിക്കാറുണ്ടായിരുന്നു. ആശ്രമദേവാലയത്തിനും സെമിനാരിക്കെട്ടിടത്തിനും മദ്ധ്യേ അന്നുണ്ടായിരുന്ന പ്ലാവിന്റെ മൂട്ടിൽ ളൂയിസച്ചനും മാണി ശെമ്മാശ്ശനും മെത്രാൻ

9. പേജ് 119.
10. പേജ് 123.
11. പേജ് 124.
12. പേജ് 147.

www.malankaralibrary.com

ഹർജിക്കാര്യത്തെ സംബന്ധിച്ച് ആലോചിച്ചും വിമർശിച്ചു മിരിക്കുന്നതു് താൻ പലപ്പോഴും കണ്ടിട്ടുണ്ടെന്നു് അന്നു സെമിനാരി വിദ്യാർത്ഥിയായി മാന്നാനത്തു് താമസിച്ചിരുന്ന ഇന്നത്തെ വയോവൃദ്ധനും തപോവൃദ്ധനും വിജ്ഞാനവൃദ്ധനു മായ പീടിയേക്കലെ യൗസേപ്പ് കത്തനാർ ഈ എഴുത്തുകാര നോടു് [വി. സി. ജോർജ്ജ്] പറഞ്ഞിട്ടുണ്ടു്''13. ഇതാണെന്നു തോന്നുന്നു, മാന്നാനത്തുണ്ടായിരുന്ന സ്വയംഭരണപ്രസ്ഥാന ത്തിൽ, മാണിയച്ചനുണ്ടായിരുന്നുവെന്നു പറയുന്ന പങ്കിനുള്ള ചരിത്രരേഖ എന്നാലിതെങ്ങനെ ചരിത്രരേഖയാകും? സങ്ക ല്പത്തിൽനിന്നു സങ്കല്പത്തിലേയ്ക്കു തെന്നിച്ചാടുന്നതോ ചരി ത്രം? അവയൊക്കെ അദ്ദേഹത്തിന്റെ wishful thinking എന്നു വേണമെങ്കിൽ പറയാം.

## മൂന്നാം ഘട്ടം (1876–86)

വിസിററർ അപ്പസ്തോലിക്കയായ ബിഷപ്പ് മൗറീന്റെ യും കേരളസഭയിലെ വൈദികാത്മായരുടേയും മദ്ധ്യവർത്തി യെന്ന നിലയിൽ നിധീരിക്കൽ മാണിയച്ചനു് കേരളസഭ യുടെ സ്വയംഭരണപ്രസ്ഥാനത്തിൽ കാര്യമായ സംഭാവനകൾ ചെയ്യുവാൻ സാധിച്ചിട്ടുണ്ടെന്നു് നമുക്കു് ന്യായമായി ഊഹി ക്കാവുന്നതാണ്. അദ്ദേഹത്തിന്റെ സേവനത്തെ വിലമതി ക്കുന്നവയാണ് റോമിന്റെ പ്രതിനിധികളായിരുന്ന അയൂത്തി യുടേയും അലിയാർഡിയുടേയും കത്തുകൾ ചൂണ്ടിക്കാണിക്കു ന്നവ. എന്നാൽ, വ്യക്തമായ ഒരു ലക്ഷ്യം സദാ കൺമുൻപിൽ വച്ചുകൊണ്ടു് അതിനു് തീവ്രവും നിരന്തരവുമായ യത്നങ്ങൾ കൊണ്ടു് സഫലമാക്കിയ അവകാശം ഫാ. ളൂയിസ് പഴേപറ മ്പിലിനുമാത്രമേയുള്ളുവെന്നാണ് സാഹചര്യങ്ങൾ തെളി യിക്കുന്നതു്. സുറിയാനി സമുദായത്തെ വരാപ്പുഴയുടെ ചങ്ങ ലകളിൽനിന്നും വിമോചിപ്പിക്കുവാനുള്ള ശപഥത്തിൽനിന്നു് ഒരു നിമിഷംപോലും പിൻമാറാതെ സന്ധിയില്ലാസമരം ചെയ്തതാണ് ഫാ. ളൂയിസ് പഴേപറമ്പിലിന്റെ പ്രത്യേകത. അതുകൊണ്ടു്, സ്വയംഭരണപ്രസ്ഥാനത്തിൽ ഫാ. ളൂയിസ് പഴേപറമ്പിലിനുള്ള പ്രാമുഖ്യം സമ്മതിച്ചേ തീരൂ. സമുദായ

13. പേജ് 124.

www.malankaralibrary.com

ത്തിന്റെ പൊതുനേതൃത്വത്തിൽ അഗ്രഗണ്യനായി കാണുന്നതു് വിശിഷ്ടസിദ്ധികളുടെ ഉടമയായ നിധീരിക്കൽ മാണിയച്ചനാണെങ്കിൽ, സ്വയംഭരണയത്നങ്ങളുടെ സുപ്രധാന ഘട്ടങ്ങളിൽ അവർക്കു് ആക്കവും ഊക്കവും നല്കി വിജയത്തിലെത്തിച്ചിട്ടുള്ളതു് പഴേപറമ്പിൽ ലൂയിസച്ചനാണെന്നുള്ളതു് നിഷേധിക്കാനാവില്ല. എന്നാൽ, കേരളസഭയിലെ വൈദികനേതൃത്വത്തിൽ അഗ്രിമസ്ഥാനത്തു് ബ. മാണിയച്ചൻ ചെന്നെത്താത്തതു് ആരുടെയെങ്കിലും ഉപജാപവൃദ്ധികൊണ്ടാണെന്നു പറയുന്നതിൽ നീതീകരണമില്ല, പ്രത്യേകിച്ചു് മെത്രാന്മാരുടെ നിയമനത്തിൽ ദൈവപരിപാലന ഉണ്ടെന്നു് നാം വിശ്വസിക്കുമ്പോഴും. മെത്രാന്മാരെ സേവിക്കുന്ന അവരുടെ സെക്രട്ടറിമാർ, അവരുടെ പിൻഗാമികളാവുക സഭയിൽ സാധാരണ കണ്ടുവരുന്ന പതിവാണു്. മാനുഷികബന്ധങ്ങളുടെ ശക്തിയായിരിക്കാം അതിനു കാരണം. ഏതായാലും, നിഗൂഢമായ ദൈവപരിപാലനയെ ആർക്കു് അപഗ്രഥിക്കാനാവും!

www.malankaralibrary.com

# മുപ്പത്തിമൂന്നാം അദ്ധ്യായം

## സ്വജാതിമെത്രാന്മാർ വന്നപ്പോൾ—

വിദേശഭരണത്തിന്റെ ഫലമായി വിദൂരവ്യാപകങ്ങളായ രണ്ടു് ദൂഷ്യഫലങ്ങളാണു് കേരളസഭയ്ക്കു് കിട്ടിയതു്. ഒന്നു്, ലത്തീൻസഭയുടെ സ്വേച്ഛാധിപത്യത്തിന്റെ മാതൃകയിൽ വാർത്തെടുത്ത മെത്രാൻസ്ഥാനങ്ങൾ. കോൺസ്റ്റന്റയിൻ ചക്രവർത്തിയുടെ കാലം മുതലാണു് മെത്രാന്മാർ ഭൗതികമായും പ്രഭുക്കന്മാരും രാജാക്കന്മാരുമായിത്തീർന്നതു്. സ്വേച്ഛപോലുള്ള ഏകാധിപത്യമാണു് അവർ നടത്തിയിരുന്നതു്. അധികാരത്തിന്റെ ഖഡ്ഗമാണു് അവരെപ്പോഴും വഹിച്ചിരുന്നതു്. എന്നാൽ ഈ സ്വേച്ഛാധിപത്യപ്രവണത സഭാഭരണത്തിനു് ഒരു ശാപമായിത്തീർന്നു. ബുദ്ധിശക്തിയിലും സംസ്ക്കാരത്തിലും പ്രബുദ്ധരായ ജനസമൂഹത്തിനു്, മനുഷ്യന്റെ മൗലികാവകാശങ്ങളെ ധ്വംസിക്കുന്ന സ്വേച്ഛാധിപത്യം, അതെത്ര ആത്മീകത്വത്തിന്റെ കട്ടികൂടിയ മേലങ്കികൊണ്ടു മൂടിയാലും, സ്വീകാര്യമാകുകയില്ല. അതിന്റെ ഫലമാകട്ടെ, വൈദികാധികാരികളും അത്മായരും തമ്മിലുള്ള അഭിപ്രായവ്യത്യാസങ്ങളും സംഘട്ടനങ്ങളും, അവസാനം വിശ്വാസക്ഷയവും.

രണ്ടു്, പൌരസ്ത്യസഭകളുടെ അവകാശത്തിനുവേണ്ടി പടപൊരുതിയിരുന്ന കേരളത്തിലെ നസ്രാണികൾക്കു് സ്വജാതിമെത്രാന്മാരെ കിട്ടിയപ്പോൾ ജനങ്ങളുടെ സഹകരണത്തിനും ഭാഗഭാഗിത്വത്തിനുമുള്ള പൌരസ്ത്യപാരമ്പര്യം ഒന്നടങ്കം മറന്നുപോയതുപോലെയാണു് കാണപ്പെട്ടതു്. വേഷത്തിൽ മാത്രമല്ല, ആശയത്തിലും അഭിലാഷങ്ങളിലും അധികാരാവകാശങ്ങളിലും അവർ ലത്തീൻമെത്രാന്മാരെപ്പോലെ തന്നെയായി. ജനാവകാശങ്ങളിൽ അധിഷ്ഠിതമായിരുന്ന സുറിയാനി സഭാഭരണം ലത്തീൻ വേഷമെടുത്തപ്പോൾ ഭിക്ഷാപാത്രങ്ങളിൽ ധർമ്മം നല്കുന്ന മിഷ്യൻ മെത്രാന്മാരുടേതായി.

സാധാരണയായി അധികാരം ഏറ്റെടുക്കുമ്പോൾ മൂന്നു വിധത്തിലുള്ള പരിവർത്തനങ്ങളാണു് അധികാരികൾക്കുണ്ടാകുന്നതു്. ഒന്നു്, അവരുടെ ആദർശസിദ്ധിക്കുള്ള സഹായമാ

www.malankaralibrary.com

യിട്ട്, രണ്ട്, സ്വന്തം വ്യക്തിത്വത്തെ വിജൃംഭിപ്പിക്കുന്ന ലഹരിയായിട്ട്. മൂന്ന്, അധികാരദുരുപയോഗംമൂലം അധികാരത്തിനുതന്നെ വന്നുകൂടുന്ന ശാപമായിട്ട്. ഇവ മൂന്നുമാണ് അധികാരസ്ഥാനികളിൽ സാധാരണ കാണാറുള്ളത്.

ഭരണീയരെ സംബന്ധിച്ചിടത്തോളം സ്വേച്ഛാധിപത്യപ്രവണത അവരുടെ ജീവിതത്തിലെ ഒരു ശാപമായിത്തീർന്നേക്കാം. അതിന്റെ കാരണം അധികാരം ഏറ്റെടുക്കുന്നവർക്കുള്ള സ്വഭാവവൈകല്യങ്ങളാണ്. കോപവും അസൂയയും പ്രതികാരബുദ്ധിയും ആത്മാർത്ഥതയില്ലായ്മയും ഒരു ഭരണാധികാരിക്കുണ്ടായാൽ അദ്ദേഹത്തിന്റെ കീഴിലുള്ള ആളുകൾക്ക് അതൊരു നിത്യശാപമാണ്. സഭാധികാരികളെ വെറുക്കുന്നവർ സ്വാഭാവികമായും സഭയെത്തന്നെ വെറുക്കുന്നവരായിത്തീരും.

വിദേശമേധാവിത്വം കേരളത്തിലെ സുറിയാനി-ലത്തീൻസഭകൾക്ക് സമ്പാദിച്ചുകൊടുത്ത മറ്റൊരു ശാപമാണ്, വിദേശമിഷ്നറിമാർ വളർത്തിപ്പുലർത്തിയെടുത്ത ലത്തീൻ-സുറിയാനി ശത്രുത. സുറിയാനിസഭയുടെ ക്രൂരദംഷ്ട്രങ്ങളിൽനിന്ന് ലത്തീൻസഭയെ സംരക്ഷിച്ചുപോന്നത് വിദേശമിഷ്നറിമാരുടെ വിരിഞ്ഞ ചിറകുകളായിരുന്നുവെന്ന ബോധം മിഷ്നറിമാർ ലത്തീൻകാരിൽ വളർത്തിയെടുത്തു. തങ്ങളുടെ സാന്നിദ്ധ്യം ഇല്ലായിരുന്നെങ്കിൽ ലത്തീൻസഭയെ സുറിയാനിക്കാർ നാമാവശേഷമാക്കുമെന്നായിരുന്നു മിഷ്നറിമാർ അവരെ പഠിപ്പിച്ചിരുന്നത്. എന്നാൽ സുറിയാനിസഭയ്ക്ക് സ്വജാതിമെത്രാനെ കിട്ടി അരനൂററാണ്ടിനുശേഷം ലത്തീൻകാർ തങ്ങൾക്കുവേണ്ടി സ്വാതന്ത്ര്യവാദം ഉന്നയിച്ചപ്പോൾ മിഷ്നറിമാരുടെ തനിനിറം പുറത്തുവന്നു.

കേരളസുറിയാനി സഭയ്ക്ക് സ്വജാതിമെത്രാനെ കിട്ടിയപ്പോൾ, അതിനുവേണ്ടി മൂന്നു രൂപതകൾ സ്ഥാപിച്ചു. മെഡ്ലിക്കോട്ട് ഭരിച്ചിരുന്ന തൃശ്ശൂരും ലവീഞ്ഞ് ഭരിച്ചിരുന്ന ചങ്ങനാശ്ശേരിയും. കൂടാതെ എറണാകുളം എന്നൊരു പുതിയ രൂപതയുംകൂടി ഉണ്ടായി.

## നവവസന്തം-സ്വാതന്ത്ര്യത്തിനുശേഷം

1896 ജൂലൈ 28-ാം തീയതി മാർപ്പാപ്പാ പുറപ്പെടുവിച്ച "Quae Rei Sacrae" എന്ന കല്പനയാണ് 400 കൊല്ലത്തെ കേര

www.malankaralibrary.com

ളസഭയുടെ തടങ്കലും അടിമത്വവും പീഡനങ്ങളും അവസാനി പ്പിച്ചതു്. ആ കല്പനമൂലം സുറിയാനിക്കാക്കു് എറണാകുളം, ചങ്ങനാശ്ശേരി, തൃശ്ശൂർ എന്ന മൂന്നു വികാരിയാത്തുകളുണ്ടായി. അവയുടെ വികാരി അപ്പസ്തോലിക്കാമാരായി, യഥാക്രമം പഴേപറമ്പിൽ മാർ ളൂയിസിനെയും മാക്കീൽ മാർ മത്തായി യേയും മേനാച്ചേരി മാർ യോഹന്നാനേയും നിയമിച്ചു. ഇവ രിൽ മാർ ളൂയിസ് ചങ്ങനാശ്ശേരിക്കാരനും മാർ യോഹന്നാൻ എറണാകുളത്തുകാരനും മാർ മത്തായി ചങ്ങനാശ്ശേരി വികാരി യാത്തിലെ ന്യൂനപക്ഷത്തിൽപ്പെട്ട ആളുമായിരുന്നു.

മേൽപറഞ്ഞ നിയുക്ത മെത്രാന്മാരിൽ പരമോന്നത നായി പരിഗണിക്കേണ്ടതു് മാർ ളൂയിസിനെയാണു്. സ്വജാ തിമെത്രാന്മാക്കുവേണ്ടിയുള്ള ധമ്മയുദ്ധത്തിലെ സേനാനായ കനായിരുന്നു അദ്ദേഹം. നാനാതരങ്ങളും ഗുരുതരങ്ങളുമായ പ്രതിബന്ധങ്ങളോടു മല്ലിട്ടു്, കേരളസഭയുടെ ചരിത്രഗ തിയെ തിരിച്ചുവിടാനും ദീഘപ്രതീക്ഷിതമായ സ്വാതന്ത്ര്യ ത്തിനു് വഴിയൊരുക്കുവാനും കഴിഞ്ഞതു് അദ്ദേഹത്തിനാണു്. മഹാരഥന്മാരുടെ കൂട്ടത്തിൽ അദ്ദേഹത്തിനു് പ്രധാനസ്ഥാനം തന്നെ ഉണ്ടു്. സഭയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി ആരോടു പടവെട്ടിയോ അവരെക്കൊണ്ടുതന്നെ സഭയുടെ സ്വാതന്ത്ര്യ ത്തെയും തന്റെ നേതൃത്വത്തെയും അംഗീകരിപ്പിക്കുവാൻ കഴി ഞ്ഞവർ കത്തോലിക്കാസഭയുടെ ചരിത്രത്തിൽ വളരെ വിര ളമാണു്. അവരിലൊരാളായിരുന്നു മാർ ളൂയിസ്.

മററു രണ്ടുപേരും ഭാഗ്യകരമായ സാഹചര്യങ്ങളുടെ ആനു കൂല്യത്താൽ മെത്രാൻപദം ലഭിച്ചവരാണു്. മാർ ജോഹന്നാൻ മേനാച്ചേരി, ബിഷപ്പ് മെഡ്‌ലിക്കോട്ടിന്റെയും മാർ മത്താ യി മാക്കീൽ ബിഷപ്പ് ലവീഞ്ഞിന്റെയും സെക്രട്ടറിമാരാ യിരുന്നു. ന്യൂനപക്ഷാംഗമായ മാർ മാക്കീൽ അധികാരത്തെ എപ്പോഴും താങ്ങിനിന്ന ആളാണു്. അധികാരത്തിനു് എതി രായുള്ള എല്ലാ സംരംഭങ്ങളെയും അദ്ദേഹം എതിത്തുകൊണ്ടി രുന്നു. അധികാരത്തിൽ ദുർഭരണമായാലും സൽഭരണമായാലും അതിനെ എപ്പോഴും പിൻതാങ്ങുക ന്യൂനസമുദായങ്ങളുടെ ആവശ്യവും ബലഹീനതയും ആണു്. സ്വാതന്ത്ര്യത്തിനുവേ ണ്ടിയുള്ള ദീർഘസമരത്തിൽ മാർ യോഹന്നാനും, മാർ മത്താ യിയും അപ്രധാനരും അജ്ഞാതരുമായിരുന്നു. ഏതൊരു ആദ ശ്ത്തിനുംവേണ്ടിയുള്ള ധമ്മയുദ്ധത്തിന്റെ പരിണാമത്തിൽ,

www.malankaralibrary.com

മുറിവേററവരും യാതന അനുഭവിച്ചവരും വിസ്മരിക്കപ്പെട്ടുകയും കുർക്കംപലിച്ച കിടന്നവർ കിരീടം ധരിക്കുകയും ചെയ്യുക ചരിത്രത്തിലെ ഒരു നൂതനസംഭവമല്ല. ഈ പ്രതിഭാസത്തിൻെറ അർത്ഥം നാം മനസ്സിലാക്കുന്നതു്, എല്ലാം കാണുകയും എല്ലാം അറിയുകയും ചെയ്യുന്ന ദൈവത്തിൻെറ പരിപാലനയിൽ നാം വിശ്വസിച്ചുകൊണ്ടാണു്.

നിയുക്തമെത്രാന്മാരുടെ അഭിഷേകം കാൻഡിയിൽ (സിലോൺ) വെച്ചുനടത്തുവാൻ നിശ്ചയിച്ചിരുന്നു. കാൻഡിയ്ക്കുള്ള യാത്രയിൽ, മാർ ളൂയിസ് തൃശ്ശൂരെത്തിയപ്പോഠം, മാർ യോഹന്നാൻ പുറപ്പെട്ടുകഴിഞ്ഞിരുന്നു. തൂത്തുക്കുടിയിൽ വച്ചാണു് അവർ മൂന്നുപേരും സന്ധിച്ചതു്. കാൻഡിയിൽവച്ചു് ഡെലഗാദപ്പസ്തോലിക്കയായ മോൺ. സലേസ്സിയാണു് മൂവരുടേയും അഭിഷേകം നടത്തിയതു്. അഭിഷേകം കഴിഞ്ഞു നാട്ടിലെത്തിയ മെത്രാന്മാർക്കു് പട്ടണപ്രവേശനമെന്നൊരു ചടങ്ങുണ്ടല്ലോ. അതനുസരിച്ചു് ആസ്ഥാനനഗരങ്ങഠം ക്കടുത്തുള്ള സ്ഥലങ്ങളിൽ അവർ താമസിക്കുക പതിവാണു്. മാർ ളൂയിസ് താമസിച്ചിരുന്നതു് വടക്കൻ പറവൂരാണു്. പുരപ്രവേശനത്തിൽ സ്വന്തവികാരിയാത്തുകളിൽപ്പെട്ടവരല്ലല്ലോ തങ്ങളുടെ മെത്രാന്മാരായതെന്നുള്ള ചിന്ത ജനഹൃദയങ്ങളിൽ കുറെയൊക്കെ തങ്ങിനിന്നിരുന്നു. എന്നാൽ ഈ ബോധത്തെ തോല്പിക്കുന്ന താദാത്മികത്വവും ഭരണനൈപുണ്യവും ദത്തെടുക്കപ്പെട്ട ഭരണാധികാരികഠം കാണിക്കുന്നുവെങ്കിൽ, ഭയാശങ്കകഠംക്കു് അടിസ്ഥാനമില്ലാതാകും. ചങ്ങനാശ്ശേരിയുടെ ഭരണാധികാരിയായി വന്ന മാർ മത്തായി ഒരു ന്യൂനപക്ഷസമുദായാംഗമായിരുന്നതുകൊണ്ടു്, ജനങ്ങളുടെ ഉൽക്കണ്ഠക്കു് അടിസ്ഥാനമുണ്ടായിരുന്നു. അതു പരിഹരിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞുമില്ല. ഏതായാലും വിളംബമെന്യേ, ചങ്ങനാശ്ശേരി വികാരിയാത്തിലെ ജനങ്ങഠം അസ്വസ്ഥരായി. സ്വജാതി മെത്രാനുവേണ്ടിയുള്ള നിവേദനങ്ങഠം റോമിലേയ്ക്കു് ഒഴുകിത്തുടങ്ങി. അതിൻെറ ഫലമായിട്ടു്, 1911 ആഗസ്റ്റ് 29-ാം തീയതിയിലെ തിരുവെഴുത്തനുസരിച്ചു് തെക്കുംഭാഗക്കാർക്കുവേണ്ടി മാത്രമായി, കോട്ടയം വികാരിയാത്തു് പുനരുദ്ധരിക്കപ്പെട്ടു. മാർ മത്തായിയെ അതിൻെറ ഭരണകർത്താവായി നിയമിക്കുകയും ചെയ്തു. ഭൂരിപക്ഷഭരണത്തിൽ അഗണ്യരായിത്തീരാറുള്ള ന്യൂനപക്ഷങ്ങളുടെ വിധി തെക്കുംഭാഗക്കാർ അനുഭവിക്കേണ്ടിവന്നില്ല. സ്വതന്ത്രമായ കോട്ടയംരൂപതയുടെ ഇന്നോളമുള്ള അത്ഭുതകരമായ പുരോഗതി അതിനു സാക്ഷിയാണു്.

www.malankaralibrary.com

ചങ്ങനാശ്ശേരി വികാരിയാത്തിന്റെ വിഭജനശേഷം ചങ്ങനാശ്ശേരിയുടെ ഭരണാധികാരിയായി വന്നതു് കുര്യാളശ്ശേരി മാർ തോമ്മായാണു്. മാർ ളൂയിസ് 1905–ൽ റോമാ സന്ദർശിച്ചപ്പോഠം അദ്ദേഹത്തിന്റെ സെക്രട്ടറിയായി കൊണ്ടുപോയതു് ചങ്ങനാശ്ശേരി വികാരിയാത്തിൽപ്പെട്ട ഫാ. തോമസു് കുര്യാളശ്ശേരിയെ ആയിരുന്നു. മാർ ളൂയിസു് പഴേപറമ്പിലിന്റെ മാതാമഹിയും ഫാ. തോമസ് കുര്യാളശ്ശേരിയുടെ മാതാവും, കൈനകരി മാമ്പ്രാ കുടുംബത്തിലെ അംഗങ്ങളായിരുന്നു. മെത്രാന്മാരുടെ നിയമനത്തിൽ സമീപസ്ഥരായ മെത്രാന്മാരുടെ അഭിപ്രായവും റോമാ ആരായുക പതിവാണല്ലോ. ഫാ. കുര്യാളശ്ശേരിയുടെ സൗമ്യശീലവും ഭക്തിതീക്ഷ്ണതയും വിധേയത്വവും മാർ ളൂയിസിന്റെ മനസ്സിൽ ഗാഢമായി പതിഞ്ഞുകാണും. ഏതായാലും 1911–ൽ ചങ്ങനാശ്ശേരി വികാരിയാത്തിൽ മാർ മത്തായിയുടെ സ്ഥലംമാററംമൂലം ഒഴിവുവന്ന സ്ഥാനത്തേയ്ക്കു് ഫാദർ കുര്യാളശ്ശേരിയെ നിയമിച്ചു. അദ്ദേഹം കാൻഡിയിൽവച്ചു് 1911–ൽ മെത്രാനായി വാഴിക്കപ്പെട്ടു. അദ്ദേഹത്തിന്റെ കൂടെയാണു് എറണാകുളം സഹായമെത്രാനായ കണ്ടത്തിൽ മാർ അഗസ്റ്റിനും വാഴിക്കപ്പെട്ടതു്.

സ്വദേശമെത്രാന്മാരെ കിട്ടിയെങ്കിലും കേരളസഭാഭരണം അപൂർണ്ണമായിരുന്നു. വികാരിയാത്തെന്നുപറയുന്നതു് പുതുക്രിസ്ത്യാനിസമൂഹങ്ങളുടെ ഭരണസംവിധാനമാണു്. രണ്ടായിരം കൊല്ലങ്ങളോളം നിലനിന്നുപോന്ന ഒരപ്പസ്തോലിക സഭയുടെ ഭരണരൂപം വികാരിയാത്തായിപ്പോയതിന്റെ കാരണം, അന്നു് കത്തോലിക്കാസഭയെന്നു പറഞ്ഞാൽ ലത്തീൻ സഭയായിരുന്നു. സഭാഭരണമെന്നുപറഞ്ഞാൽ ലത്തീൻഭരണവും. ഏതായാലും 400 കൊല്ലത്തെ അഗ്നിപരീക്ഷണം കഴിഞ്ഞാണു് കേരളത്തിലെ മാർത്തോമ്മാസഭയെ സ്വയം ഭരണത്തിനു് യോഗ്യമെന്നു് റോമാ വിധിച്ചതു്. ഹൈരാർക്കിയുടെ സ്ഥാപനത്തോടുകൂടി മാത്രമേ സ്വയംഭരണസംവിധാനം പൂർണ്ണമാകുകയുള്ളു. അതിനുവേണ്ടി പ്രയത്നിച്ചവരിൽ മുന്നണിനേതാവായി നില്ക്കുന്നതു് മാർ ളൂയിസ് പഴേപറമ്പിൽതന്നെയാണു് സലേസ്കിയുടെ പിൻഗാമിയായ മോൺ. ഫ്യൂമസോണി ബിയോണ്ടി 1917–ൽ കേരളത്തിൽ വന്നപ്പോഠം, ജനങ്ങളും വൈദികരുംകൂടി ഹൈരാർക്കിസ്ഥാപനത്തിനുള്ള അപേക്ഷകഠം അദ്ദേഹത്തിനു സമർപ്പിച്ചു. പൌരസ്ത്യസഭകളുടെ കാര്യ

www.malankaralibrary.com

ത്തിൽ അലംഭാവവും അവജ്ഞയുമുള്ള ഒരാളായിരുന്ന മോൺ. ബിയോണ്ടി. അതിൻെറ ഫലമായോ എന്തോ, ആറേഴുവർഷത്തോളം ഹൈരാർക്കിക്കുള്ള അപേക്ഷ റോമൻക്കൂരിയായുടെ ''ഫ്രിജിൽ'' തപസ്സ് അനുഷ്ഠിച്ചു കഴിഞ്ഞുകൂടി. അതിനെ സജീവമാക്കി തീരുമാനത്തിൽ എത്തിച്ചതു് പൌരസ്ത്യസഭകളോടു് അനുഭാവമുള്ള XI-ാം പീയൂസ് മാർപ്പാപ്പായാണു്. അദ്ദേഹത്തിൻെറ, 1923 ഡിസംബർ 21-ാംനു-ലെ 'Romani Pontifices' എന്ന തിരുവെഴുത്തുമൂലം സീറോ-മലബാർറീത്തുകാർക്കു് ഹൈരാർക്കി സ്ഥാപിക്കുകയും അതിൻെറ മെത്രാപ്പോലീത്തയായി മാർ ളൂയിസിൻെറ പിൻഗാമിയായ കണ്ടത്തിൽ മാർ അഗസ്റ്റിനെ നിയമിക്കുകയും ചെയ്തു. ഹൈരാർക്കിസ്ഥാപനത്തിൻെറ ഔപചാരികകർമ്മം നടത്തിയതു് വിസിററർ അപ്പസ്തോലിക്കായായിരുന്ന ആർച്ചുബിഷപ്പു് ലെപ്പീസിയേയാണു്. മാർ ളൂയിസിൻെറ തീക്ഷ്ണമായ അഭിലാഷങ്ങളും തീവ്രമായ പരിശ്രമങ്ങളും സാഫല്യമാകുന്നതു കാണാൻ അദ്ദേഹം ജീവിച്ചിരുന്നില്ല: 1919-ൽ മാർ ളൂയിസ് ദിവംഗതനായി.

## എറണാകുളം അതിരൂപത

### മാർ ളൂയീസ് പഴേപറമ്പിൽ (1896-1919)

മാർ ളൂയിസ് പഴേപറമ്പിൽ പ്രഗത്ഭനും സ്ഥിരചിത്തനും അശ്രാന്തപരിശ്രമിയും ദീർഘവീക്ഷകനും ആയ അസാധാരണ വ്യക്തിയായിരുന്നു. അങ്കമാലി അതിരൂപതയുടെ പുരാതനത്വത്തെ അവഗണിച്ചു്, എറണാകുളം തൻെറ വികാരിയാത്തിൻെറ ആസ്ഥാനമായി തിരഞ്ഞെടുത്തതുതന്നെ അദ്ദേഹത്തിൻെറ ദീർഘവീക്ഷണത്തിൻെറ തെളിവാണു്. അന്നു് എറണാകുളത്തു് സുറിയാനി കുടുംബങ്ങൾ വളരെ കുറച്ചുമാത്രമേ ഉണ്ടായിരുന്നുള്ളു. കൊച്ചിയിലും സമീപസ്ഥലങ്ങളിലും വിദേശമിഷ്നറിമാരുടെ മാനസാന്തരശ്രമഫലമായുണ്ടായ കത്തോലിക്കരിലധികവും ലത്തീൻറീത്തുകാരായിരുന്നു. കൂടാതെയും, നാനാവിധ പ്രലോഭനങ്ങൾക്കും സമ്മർദ്ദങ്ങൾക്കും വിധേയരായ കുറെ സുറിയാനിക്കാരും ലത്തീൻറീത്തിൽ ചെന്നുകൂടി. വരാപ്പുഴയിലെ ലത്തീൻഭരണത്തിൻെറ അസൂയയും അമർഷവും എറണാകുളം സുറിയാനി വികാരിയാത്തിനു് ''പൈതൃക''മായും കിട്ടിയിരുന്നു. ഇങ്ങനെയുള്ള പ്രതികൂലസാഹചര്യങ്ങളെ അവഗണിച്ചുകൊണ്ടാണു് അദ്ദേഹം തൻെറ

www.malankaralibrary.com

ആസ്ഥാനം എറണാകുളത്താക്കിയതു്. ഇന്നുമാത്രമേ അദ്ദേഹത്തിന്റെ ദീർഘവീക്ഷണത്തിന്റെ ചരിത്രപ്രാധാന്യം നമുക്കു മനസ്സിലാക്കുവാൻ കഴിയുന്നുള്ളു.

മാർ ളൂയിസിന്റെ പ്രതിഭാവിലാസത്തെ ഉജ്ജ്വലമാക്കിതീർക്കുന്ന മറെറാരു സംഗതി തന്റെ ആസ്ഥാനത്തിന്റെ സംവിധാനമാണു്. ചങ്ങനാശ്ശേരി, തൃശ്ശൂർ മെത്രാന്മാർക്കു് യഥാക്രമം ബിഷപ്പ് ലവീഞ്ഞും ബിഷപ്പ് മെഡ്ലിക്കോട്ടും നിർമ്മിച്ച മനോഹരങ്ങളായ അരമനകളും അവയോടനുബന്ധിച്ച സ്ഥാപനങ്ങളും ഉണ്ടായിരുന്നു. എന്നാൽ മാർ ളൂയിസിനു് ഈ സംവിധാനത്തിന്റെ അക്ഷരമാല മുതലാണു് തുടങ്ങേണ്ടിയിരുന്നതു്. ഒരു കാൽശതാബ്ദത്തെ ഭരണത്തിനുശേഷം, അദ്ദേഹം ലോകത്തോടു് വിടവാങ്ങുമ്പോൾ, മറേറതൊരു മെത്രാന്റെയും ആസ്ഥാനത്തോടും കിടപിടിക്കത്തക്ക സ്ഥാപനങ്ങളാണു് തന്റെ പിൻതലമുറക്കാർക്കു് അദ്ദേഹം സമ്പാദിച്ചിരുന്നതു്. ഇക്കാര്യത്തിൽ അദ്ദേഹത്തോടു് സമതുലിതനായി പുനരൈക്യപ്രസ്ഥാനത്തിന്റെ സ്ഥാപകനായ മാർ ഇവാനിയോസ് മെത്രാപ്പോലീത്താമാത്രമേയുള്ളു.

മാർ ളൂയിസിന്റെ സ്ഥിരചിത്തതയേയും നിശ്ചയദാർഢ്യത്തേയുംപററി പറയുമ്പോൾ, in medio stat virtus എന്ന ലത്തീൻ പഴഞ്ചൊല്ലു് ഓർത്തുപോകുന്നു. എല്ലാ ഗുണങ്ങളുടേയും ജീവൻ മിതത്വമാണു്. നിശ്ചയദാർഢ്യം ദുശ്ശാഠ്യമായും ദുർവാശിയായും മാറാം. മാർ ളൂയിസിന്റെ ഭരണത്തിൽ ആരോപിക്കപ്പെട്ടിട്ടുള്ള പാകപ്പിഴകളുടെ കാരണം അദ്ദേഹത്തിന്റെ അമിതമായ അധികാരബോധമാണെന്നു തോന്നുന്നു. അദ്ദേഹം ഭരണമേറെറടുത്തു് അഞ്ചുവർഷം കഴിഞ്ഞപ്പോൾ (1911) അദ്ദേഹത്തിനൊരു സഹായമെത്രാനുണ്ടായി. ആശയങ്ങളിലും നയങ്ങളിലുമുള്ള ഐക്യവും ഭരണശേഷിയുമാണല്ലോ സഹായമെത്രാന്മാരെ തിരഞ്ഞെടുക്കുന്നതിലുള്ള മാനദണ്ഡം. കണ്ടത്തിൽ മാർ അഗസ്റ്റിനായിരുന്നു സഹായമെത്രാൻ. ഇരുവരും അവരുടെ ഭിന്നാഭിപ്രായങ്ങളിൽ ഉറച്ചുനിന്നവരാണെന്നു തോന്നിപ്പോകുന്നു. ഏതായാലും മാർ അഗസ്റ്റിൻ കുറെകൊല്ലത്തേയ്ക്കു് എറണാകുളം അരമനവിട്ടു് കൊരട്ടി പള്ളിയിൽ അജ്ഞാതവാസം കഴിക്കേണ്ടിവന്നു. മാർ ളൂയിസിന്റെ ജീവിതാന്ത്യത്തിലാണു് അദ്ദേഹം മടങ്ങിവന്നതു്. ഇതു് ചന്ദ്രനിലെ കളങ്കംപോലൊരു കഥയായി തോന്നും, ജനങ്ങൾക്കു് വല്ലാത്തൊരു ഇടച്ചിലും കാരണവും!

www.malankaralibrary.com

മാർ ളൂയിസിൻെറ ഭരണത്തിൽ നിഴൽവീണ മറ്റൊരു സംഭവം ഞാറയ്ക്കൽപള്ളി മൂന്നു വർഷത്തോളം പൂട്ടിയിട്ടിരുന്നതാണ്. കത്തോലിക്കാസഭയിൽ നിരോധനം (Interdict) എന്നൊരു ശിക്ഷയുണ്ട്. ഇതു് വൈദികാധികാരികൾ അത്മേനികളിൽ ചുമത്തുന്ന ശിക്ഷയാണ്. ഈ ശിക്ഷ കിട്ടുന്നതു് ഒരു വ്യക്തിക്കോ കുടുംബത്തിനോ ആണെങ്കിൽ, അവക്ക് പള്ളികളിൽ പ്രവേശിക്കുവാനും കർമ്മങ്ങളിൽ സംബന്ധിക്കുവാനും അവകാശമില്ല. ഒരു ഇടവകക്കോ ഒരു ദേശത്തിനോ ഒരു രാജ്യത്തിനോ ആണ് ഈ ശിക്ഷ കിട്ടുന്നതെങ്കിൽ അവിടെയുള്ള പള്ളികളെല്ലാം പൂട്ടിയിടും, മതകർമ്മങ്ങളൊന്നും നടത്തുകയുമില്ല. ഇടവകകൾക്കു ഈ ശിക്ഷ നല്കാൻ മെത്രാന് അധികാരമുണ്ട്; രൂപതകളോ രാഷ്ട്രങ്ങളോ ആണെങ്കിൽ മാർപ്പാപ്പക്കു മാത്രമേ അതിനധികാരമുള്ളു. മദ്ധ്യശതാബ്ദങ്ങളിലെ വൈദികാധികാരികൾ ഈ ചക്രായുധം സുലഭമായ ലാഘവബുദ്ധിയോടെ ഉപയോഗിച്ചിട്ടുണ്ടെന്നു് ചരിത്രത്തിൽ കാണാം. ഇന്നു്, അതിൻെറ പ്രായോഗികത വളരെയധികം നഷ്ടപ്പെട്ടുപോയിരിക്കുകയാണ്.

19–ാംനൂററാണ്ടിൻെറ അവസാനത്തിൽ വരാപ്പുഴ കർമ്മലീത്തർ ഭരിച്ചിരുന്ന കാലത്തു് ഞാറയ്ക്കൽപള്ളി പതിനൊന്നുവർഷത്തേയ്ക്കു് പൂട്ടിയിട്ടു. അതിൻെറ കാരണം നിസ്സാരമായിരുന്നു. ഓരോ ഇടവകയിൽനിന്നും അരമനയ്ക്കു് ഓരോ തുക കൊടുക്കണമെന്നുണ്ടല്ലോ. വരാപ്പുഴക്കാർ ആ തുക വർദ്ധിപ്പിച്ചു. ഞാറക്കൽ ഇടവകയിലെ പള്ളിപ്രതിപുരുഷയോഗം അതു് അംഗീകരിച്ചില്ല. രഞ്ജനത്തിനുള്ള യാതൊരു കൂടിയാലോചനയും കൂടാതെയാണ് ആ പള്ളി പൂട്ടിയതു്. തന്മൂലം ആ ഇടവകയിലെ ആബാലവൃദ്ധം ജനങ്ങൾക്കുണ്ടായ ക്ലേശങ്ങളും കഷ്ടതകളും അവർണ്ണനീയങ്ങളാണ്.

മറെറാരവസരത്തിൽ, മാന്നാനം ആശ്രമത്തിനു് ദാനമായികിട്ടിയ വസ്തുവിനും പുറമേ, കൂടുതൽ സ്ഥലം ആവശ്യമായി വന്നു. ആവശ്യമായ സ്ഥലം, ദാനംചെയ്തവരുടെ വകയുമായിരുന്നു. അവരോടു് ബാക്കിയുള്ള സ്ഥലംകൂടി കൊടുക്കണമെന്നു് വരാപ്പുഴയിലെ കർമ്മലീത്തർ ആവശ്യപ്പെട്ടു. എന്നാൽ ആ കുടുംബക്കാർ അതിനു വഴിപ്പെട്ടില്ല. തന്മൂലം, കുടുംബത്തെ മുഴുവൻ Interdict–ൽ പെടുത്തുമെന്നു് ഭീഷണിപ്പെടുത്തി. ഗത്യന്തരമില്ലാതെ വന്നതിനാൽ ആ കുടുംബക്കാർ ആവശ്യപ്പെട്ട വസ്തു മുഴുവൻ എഴുതിക്കൊടുക്കുകയും ചെയ്തു.

www.malankaralibrary.com

ഈ പശ്ചാത്തലം മാർ ളൂയിസിൻെറ മനസ്സിലുണ്ടായിരുന്നുവെന്ന തോന്നുന്നു. ഞാറസ്സൽ പള്ളിവക സ്കൂളിൽ പല തലമുറകളെയും പഠിപ്പിച്ചിട്ടുള്ള ഒരു ഹിന്ദു അദ്ധ്യാപകനു് ഉദ്യോഗകാലാവധി നീട്ടികൊടുക്കണമെന്നു് പള്ളിയോഗം നിശ്ചയിച്ചു. എന്നാൽ അന്നത്തെ വികാരി അതിനു് എതിരായിരുന്നു. മാർ ളൂയിസ് അദ്ദേഹത്തെ അനുകൂലിച്ചു. പള്ളിയോഗക്കാർ അവരുടെ യോഗനിശ്ചയത്തിൽ ഉറച്ചുനിന്നതിനാൽ ഞാറസ്സൽപള്ളി മൂന്നു വർഷത്തേയ്ക്കു് പൂട്ടിയിടുവാൻ മാർ ളൂയിസിൻെറ കല്പനയുണ്ടായി. മഹറോനിൽപ്പെട്ട ഒരാൾ മാർ ളൂയിസിനെ കോടതി കയററി ആക്ഷേപിക്കുവാൻ ഉദ്യമിച്ചു. ഇതു് അത്യധികം നിന്ദ്യവും ആക്ഷേപാർഹവും ആയ പ്രവൎത്തിയായിരുന്നു. എന്നാൽ സാധാരണ ആളുകളുടെ വികാരങ്ങൾ ആളിക്കത്തുന്ന സന്ദർഭങ്ങൾ ഉണ്ടാക്കാതിരിക്കുവാൻ ശ്രമിക്കേണ്ടതു് ഏതൊരു ഭരണാധികാരിയുടേയും പ്രാഥമിക ചുമതലയാണു്. പള്ളി പൂട്ടിക്കിടന്ന മൂന്നുകൊല്ലത്തേയ്ക്കു ഞാറസ്സൽപള്ളി ഇടവകക്കാർ അടുത്തുണ്ടായിരുന്ന കത്തോലിക്കാ ദേവാലയങ്ങളിൽ തങ്ങളുടെ മതകൎമ്മങ്ങൾ അനുഷ്ഠിച്ചു കഴിഞ്ഞു. എന്നാൽ അവരിൽ ഒരു കുടുംബമോ ഒരാൾപോലുമോ സഭ വിട്ടുപോയിട്ടില്ലെന്നുള്ളതു്, അഭിമാനകരമായ വിശ്വാസദാർഢ്യത്തെ വിളിച്ചുപറയുന്നു.

മാർ ളൂയിസിൻെറ ഭരണത്തിൽ മറെറാരു നിഴൽചേൎത്ത സംഭവം അദ്ദേഹവും വടക്കൻപറവൂർ പള്ളിക്കാരുമായുള്ള ബന്ധത്തിലാണു്. അരമനയ്ക്കു് കിട്ടേണ്ട അഞ്ചു ശതമാനം തൃശ്ശൂരോ എറണാകുളത്തോ കൊടുക്കേണ്ടതെന്നതിനെപ്പററിയാണു് ഭിന്നിപ്പു് ആരംഭിച്ചതു്. അതിൻെറ കാരണം എറണാകുളം രൂപത ഉണ്ടാകുന്നതിനുമുമ്പു്, വടക്കൻപറവൂർ, തൃശ്ശൂർ വികാരിയാത്തിലും, അതിനുശേഷം എറണാകുളം വികാരിയാത്തിലും ആയിരുന്നു. ആ പള്ളിവികാരി തൃശ്ശൂർക്കാരനായ വൈദികനായിരുന്നു. അദ്ദേഹം എറണാകുളം വികാരിയാത്തുണ്ടാകുന്നതിനു തൊട്ടുമുമ്പു്, അരമനയ്ക്കു ചെല്ലേണ്ട പണം മുൻകൂറായി തൃശ്ശൂർ അരമനയിൽ ഏല്പിച്ചു. ഇതിനും പുറമേ, തൃശ്ശൂർമെത്രാൻെറ അംഗീകാരം ലഭിച്ച പള്ളിപ്രതിപുരുഷന്മാരാണു് ആ ഇടവകയുടെ ഭരണനിൎവ്വാഹകരായിരുന്നതു്. അതേപ്പററിയും തൎക്കമുണ്ടായി. പല കേസ്സുകളും നടന്നു. ഒടുവിൽ, ഒരു മദ്ധ്യസ്ഥൻെറ തീരുമാനത്തിനു വിട്ടുകൊടുക്കുവാൻ ഇരുകൂട്ടരും സമ്മതിച്ചു. മദ്ധ്യസ്ഥനായി നിയമിക്കപ്പെട്ടതു് പാറായിൽ

www.malankaralibrary.com

വർക്കി തരകനായിരുന്നു. മാർ ളൂയിസിന്റെ ഭാഗിനേയൻ വിവാഹം കഴിച്ചിരുന്നതു് വർക്കി തരകന്റെ കുടുംബത്തിൽ നിന്നാണു്. അതുകൊണ്ടു് മാർ ളൂയിസിന്റെ ആശയങ്ങളും അഭിലാഷങ്ങളും മദ്ധ്യസ്ഥന്റെ തീരുമാനത്തിൽ പ്രതിഫലിക്കുമെന്നു് ഒരു പക്ഷക്കാർ സംശയിച്ചു. തീരുമാനം വന്നപ്പോഠം, അതേ പക്ഷക്കാർ മുഴുവൻ പള്ളിയോഗത്തിൽ പ്രതിപുരുഷസ്ഥാനം വഹിക്കുവാൻ അനർഹരാണെന്നു ഒരു ഞായറാഴ്ച പരസ്യമായി പ്രഖ്യാപിക്കപ്പെട്ടു. അടുത്ത ഞായറാഴ്ച അവരും അവരുടെ കുടുംബങ്ങളും യാക്കോബായപള്ളിയിലാണു് കുർബാന കണ്ടതു്. ഇപ്പോഴും അവർ അവിടെത്തന്നെ. അതേപ്പററി ദുഃഖിച്ചിട്ടു് ആവശ്യമില്ല. അത്ര ലോലമായിരുന്നു അവരുടെ വിശ്വാസം!! എങ്കിലും അവരെ തിരികെ കൊണ്ടുവരാൻ മാർ ളൂയിസു എന്തു ചെയ്തുവെന്നു അറിയുന്നില്ല. ഒന്നും ചെയ്തിരിക്കാനും ഇടയില്ല. മരണംവരെ, മാർ ളൂയിസ് ഇക്കാര്യത്തെപ്പററി പശ്ചാത്തപിച്ചിരുന്നുവെന്നു് ഐ. സി. ചാക്കോ പറയുന്നുണ്ടു് – ''ഒന്നിൽമാത്രം ഞാൻ തെററിപ്പോയി; ആ പറവൂർ കേസിൽ. മദ്ധ്യസ്ഥന്റെ തീരുമാനം ശരിയല്ലായിരുന്നു; ഞാൻ അതു് അപ്പാടെ സ്വീകരിച്ചതു് തെററായിപ്പോയി''1. സന്ദർഭവശാൽ ഐ. സി. ചാക്കോ സാരവത്തായ ഒരു ഉപദേശം ഭരണാധികാരികഠംക്കു നല്കുന്നുണ്ടു്, ''ഏതെങ്കിലും ഒരു സംഗതിയെക്കുറിച്ചു് അതൃപ്തിയുണ്ടാകുമ്പോഠം ആ അതൃപ്തി പല മാർഗ്ഗങ്ങളിലേയ്ക്കു പ്രസരിക്കുന്നതു് നാം കാണാറുണ്ടല്ലോ''2. വൈദികാധികാരികളുടെ തെററായ തീരുമാനങ്ങളും ആശാസ്യമല്ലാത്ത പെരുമാററങ്ങളുംമൂലം എത്രയോപേർ വൈദികരിൽനിന്നു മാത്രമല്ല, ക്രൈസ്തവജീവിതത്തിൽനിന്നുതന്നെയും അകന്നുപോകുന്നു. തൊണ്ണൂററൊൻപതു് ആടുകളെയും വഴിയിൽ നിർത്തിയിട്ടു്, കാണാതെപോയ ഒരാടിനെ തിരഞ്ഞുപോകുന്ന ന്യായാധിപതിയുടെ മുമ്പിൽ അവർ കണക്കുപറയേണ്ടതല്ലേ?

ഞാറയ്ക്കൽ ഇടവകയെ മാർ ളൂയിസിനോടു ബന്ധിക്കുന്ന മറെറാരു സംഭവമുണ്ടു്. ഞാറയ്ക്കൽ ഇടവകക്കാർ സ്വാതന്ത്ര്യേച്ഛുക്കളും വിദ്യാസമ്പന്നരും ഉല്പതിഷ്ണുക്കളും നൈയാമികബോധമുള്ളവരും ആയിട്ടാണു് അറിയപ്പെടുന്നതു്. മാർ ളൂയി

1. P. 628.
2. P. 696.

www.malankaralibrary.com

സിന്റെ ഭരണകാലത്തു്, അവിടെവച്ചു് സുറിയാനിവികാരി യാത്തുകളിലെ നേതാക്കന്മാർ ഒരു സാമുഹ്യസമ്മേളനം നടത്തുവാൻ നിശ്ചയിച്ചു. അതു് ഞാറയ്ക്കൽപള്ളി പൂട്ടിയിടപ്പെട്ട കാലവുമാണു്. സ്വാഭാവികമായും ഇതു് മാർ ളൂയിസിനു് വിഷമമുണ്ടാക്കുന്ന ഒരു കാര്യമാണെന്നു പറയേണ്ടതില്ലല്ലോ: പലരുടേയും ഉപദേശങ്ങൾ കൂട്ടാക്കാതെ, അദ്ദേഹം ഒരു പരസ്യകല്പനമൂലം ഞാറയ്ക്കലെ സമ്മേളനം നിരോധിച്ചു. എന്നാൽ സമ്മേളനം മംഗളകരമായി നടക്കുകയാണുണ്ടായതു്. അവിടെ പ്രസംഗിക്കുമെന്നു് നോട്ടീസിൽ അറിയിച്ചിരുന്ന ഐ. സി. ചാക്കോ സന്നിഹിതനായിരുന്നില്ല. അദ്ദേഹത്തിന്റെ പ്രസംഗം മററാരോ അദ്ദേഹത്തിനുവേണ്ടി സദസ്സിൽ വായിക്കുകയാണുണ്ടായതു്. അന്മായരുടെ സാമൂഹ്യസാമ്പത്തികരാഷ്ട്രീയ സമ്മേളനങ്ങളും വൈദികാധികാരികളും തമ്മിലുള്ള ബന്ധത്തെപ്പററി പല പ്രശ്നങ്ങളും ഉയൎന്നുവന്നു. മനുഷ്യന്റെ (പൗരന്റെ) മൗലികാവകാശങ്ങളിൽ വൈദികാധികാരത്തിന്റെ ശക്തി ഉരച്ചുനോക്കുവാനുള്ള മുദ്ദലവും സങ്കീൎണ്ണവും അപകടകരവുമായ ഒരു അവസരവുമുണ്ടായി. എന്നാൽ ഭാഗ്യവശാൽ ആ ചാണംഘഷ്ണം ഉണ്ടായില്ല. അതു് ഭാവിയിലേയ്ക്കു മാററിവച്ചതുപോലെ തോന്നുന്നു.

മാർ ളൂയിസ് എറണാകുളം വികാരി അപ്പസ്തോലിക്കയായപ്പോൾ പ്രതികാരേഛുക്കളായ വിദേശകൎമ്മലീത്താ വൈദികർ സ്വാഭാവികമായും അദ്ദേഹത്തിന്റെ ഭരണത്തിൽ കരിതേയ്ക്കുവാൻ പലതും ചെയ്തുവെന്നതു് സ്പഷ്ടമാണു്. സുറിയാനി മെത്രാന്മാരെ പരസ്പരം ഭിന്നിപ്പിക്കുന്നതിലും ഞാറയ്ക്കൽ കേസ്സിലും അവരുടെ കരങ്ങൾ പ്രവൎത്തിച്ചിരുന്നതായി കാണാം. മാർ ളൂയിസിനെമാററി കർമ്മലീത്തനായ ഫാ. ബോണിഫാസ്സിനെ എറണാകുളം വികാരി അപ്പസ്തോലിക്കയായി നിയമിക്കുമെന്നുള്ള കിംവദന്തിയുടെ ഉത്ഭവം വരാപ്പുഴയായിരുന്നു. ഞാറയ്ക്കൽ, വടക്കൻപറവൂർ എന്നീ ഇടവകകളിലുണ്ടായ പ്രശ്നങ്ങൾ ആ കിംവദന്തിയേയും കിംവദന്തിപ്രശ്നങ്ങളേയും വളരെ സഹായിച്ചിരിക്കണം.

ഗംഭീരപ്രതാപവാനും വിദൂരവീക്ഷകനുമായിരുന്ന മാർ ളൂയിസിന്റെ ഭരണത്തിൽ കളങ്കംവന്നുകൂടിയതിനു് രണ്ടു കാരണങ്ങളുണ്ടെന്നു തോന്നുന്നു. (1) അദ്ദേഹത്തിനു് സ്വന്തം തീരുമാനങ്ങളിലുണ്ടായിരുന്ന അപ്രമാദിത്വബോധം (2) പൌ

www.malankaralibrary.com

രസ്ത്യസഭാനിയമങ്ങളും കേരളസഭാപാരമ്പര്യവും വിസ്മരിച്ചു കളഞ്ഞതു്. കേരളസഭയിൽ ഒരു പരിധിവരെ ജനപ്രാതിനിധ്യം അംഗീകരിച്ചിരുന്നു. എന്നാൽ മാർ ളൂയിസിൻെറ ബുദ്ധിയും മനസ്സും ആശ്രയിച്ചതു്, 1599 മുതൽ കേരളസഭ കണ്ടിട്ടുള്ള ലത്തീൻമെത്രാന്മാരുടെ മോഡലിനെയാണെന്നു തോന്നുന്നു. ലത്തീൻഭരണത്തിൽ ജനങ്ങൾക്കു് യാതൊരുവിധ പ്രാതിനിധ്യമോ അംഗീകരണമോ ഇല്ലായെന്നുള്ള വസ്തുത സർവ്വവിദിതമാണു്.

## കണ്ടത്തിൽ മാർ അഗസ്ററിൻ (1919–1956)

മാർ ളൂയിസ് കാലം ചെയ്തതു് 1919 ഡിസംബർ 9–ാംനു ആയിരുന്നു. തുടർന്നു്, സഹായമെത്രാനായിരുന്ന മാർ അഗസ്റ്റിൻ എറണാകുളം വികാരി അപ്പസ്തോലിക്കയായി നിയമിക്കപ്പെട്ടു. തൻെറ മുൻഗാമിയെ തുടർന്നു്, അദ്ദേഹവും കേരളസഭയ്ക്കു് ഹൈരാർക്കി സ്ഥാപിച്ചുകിട്ടുവാൻ കഠിനയത്നങ്ങൾ ചെയ്തിരുന്നു. സ്വദേശിമെത്രാന്മാരെ കൊടുക്കുന്നതുപോലെ ദേശീയസഭയ്ക്കു് ഹൈരാർക്കി സ്ഥാപിച്ചുകൊടുക്കുന്നതും വരാപ്പുഴക്കാർ ശക്തിയായി എതിർത്തു. മാർ അഗസ്റ്റിനിൽ ഏററവും പ്രധാനമായി തിളങ്ങിയ ഗുണം തൻെറ സഭയോടുള്ള അഗാധവും തീവ്രവുമായ സ്നേഹമാണു്. പൌരസ്ത്യസഭകളുടെ അവകാശങ്ങളെപ്പററിയുള്ള ബോധം അദ്ദേഹത്തിൻെറ മനസ്സിൽ സദാ നിറഞ്ഞുനിന്നിരുന്നു. കേരളത്തിലെ അപ്പസ്തോലികമായ ദേശീയസഭയുടെ മാഹാത്മ്യത്തെ എടുത്തുകാണിക്കുവാനും അതിൻെറ അവകാശങ്ങൾക്കുവേണ്ടി സർവ്വശക്തിയോടുംകൂടി പോരാടുവാനും അദ്ദേഹം സദാ സന്നദ്ധനായിരുന്നു. പൌരസ്ത്യസഭകളെപ്പററി പൊതുവേയും, കേരളസഭയെപ്പററി പ്രത്യേകിച്ചും അദ്ദേഹത്തിനുണ്ടായിരുന്നതു് സങ്കോചമോ അപകർഷബോധമോ അല്ലായിരുന്നു, നേരെമറിച്ചു് ആത്മവിശ്വാസത്തോടുകൂടിയ ഉൽക്കർഷബോധമായിരുന്നു.

ആതുരസേവനത്തിൽ അദ്ദേഹം വളരെ തല്പരനായതുകൊണ്ടു്, എറണാകുളം അതിരൂപതയിൽ പല ആശുപത്രികളും ഡിസ്പെൻസറികളും ഉണ്ടായി, അനാഥമന്ദിരങ്ങളുടെ സംഖ്യയും വർദ്ധിച്ചു. പുതിയ സന്ന്യാസസഭകൾ പലതും ഉണ്ടായി. കേരളസഭയുടെ പൈതൃകത്തിൽ അദ്ദേഹത്തിൻെറ ഭരണം ഒരു മുതൽക്കൂട്ടായിരുന്നുവെന്നു് നിസ്സംശയം പറയാം.

www.malankaralibrary.com

1923 ഡിസംബർ 21-ാംനു കേരളസുറിയാനിസഭയുടെ ഹൈരാക്കി സ്ഥാപിച്ചതോടുകൂടി, അതിൻെറ മെത്രാപ്പോലീത്തായായി മാർ അഗസ്റ്റിൻ അവരോധിക്കപ്പെട്ടു. ഹൈരാക്കി സ്ഥാപനത്തിനു് മാർപ്പാപ്പായുടെ പ്രതിനിധിയായിവന്ന ആർച്ചുബിഷപ്പ് ലെപ്പീസിയെ ആണു് (പിന്നാലെ കർദ്ദിനാൾ) മാർ അഗസ്റ്റിനു് പാലിയം നല്കിയതു്. ഹൈരാക്കി സ്ഥാപനത്തോടുകൂടി തൃശ്ശൂർ, ചങ്ങനാശ്ശേരി, കോട്ടയം വികാരിയാത്തുകൾ എറണാകുളം അതിരൂപതയുടെ സാമന്തരൂപതകളായിതീർന്നു. ഇതിനുശേഷം കേരളസഭയിലെ എല്ലാ രൂപതകളിലുമുണ്ടായ പുരോഗതി അത്ഭുതാവഹമാണു്. എന്നാൽ ഈ ഹൈരാക്കിസ്ഥാപനം പതിനാറാം നൂററാണ്ടിലോ, പതിനേഴാം നൂററാണ്ടിൽ പറമ്പിൽ ചാണ്ടിമെത്രാനു് ശേഷമോ, പതിനെട്ടാം നൂററാണ്ടിൽ കരിയാററിൽ മാർ ജോസഫ് മെത്രാപ്പോലീത്തായെ തുടർന്നോ, പത്തൊൻപതാം നൂററാണ്ടിൽ റോക്കോസ് ഭിന്നതയ്ക്കു് ശേഷമോ, ആയിരുന്നുവെങ്കിൽ കേരളത്തിലെ കത്തോലിക്കാസഭയുടെ വികസനം എത്ര വിദൂരവ്യാപകമായിരുന്നേനേ. ഈ നിർഭാഗ്യതയുടെ ഉത്തരവാദികൾ വിദേശമിഷ്യനറിമാരല്ലാതെ മററാരു്?

1952 ഡിസംബർ 28-31 വരെയുള്ള ദിവസങ്ങളിൽ വി. തോമ്മാശ്ലീഹായും വി. ശൗര്യാർ പുണ്യവാനും ഇന്ത്യയിൽ വന്നിറങ്ങിയതിൻെറ ശതവാർഷികങ്ങൾ ആഘോഷിക്കുന്നതിനു് നേതൃത്വം നല്കിയതു് മാർ അഗസ്റ്റിനാണു്. അവരുടെ കേരളപ്രവേശനത്തിൽ വി. തോമ്മാ, വി. ശൗര്യാരെക്കാൾ പതിനാറുനൂററാണ്ടിനു് മുമ്പനാണു്. എന്നാൽ ഈ ആഘോഷകാര്യങ്ങൾ റോമൻകൂരിയായിൽ രൂപമെടുത്തപ്പോൾ, വി. തോമ്മാശ്ലീഹാ വിസ്മൃതനായിപ്പോയി. പിന്നീടുള്ള സമ്മർദ്ദഫലമായിട്ടാണു് വി. തോമ്മായെ ജൂബിലിരംഗത്തു കയററിയതെന്നു് ഓക്കുമ്പോൾ, റോമൻ കൂരിയായുടെ അഗാധമായ അജ്ഞതയോ അസൂയാലുക്കളുടെ പ്രതികാരബുദ്ധിയോ, ഏതാണു് കൂടുതലെന്നു് പറയുവാൻ നിവ്വാഹമില്ല. ഏതായാലും, മട്ടാഞ്ചേരിയ്ക്കുക്കരെ, എറണാകുളത്തു് മറെറാരു കൂനൻകുരിശുസത്യം ഉണ്ടാകാതെ കേരളസഭ രക്ഷപെട്ടു. അതിനുകാരണം മാർ അഗസ്റ്റിൻെറ നയവൈദഗ്ധ്യമാണു്.

മാർ അഗസ്റ്റിൻ മെത്രാപ്പോലീത്തായുടെ ഭരണം ആരോപണരഹിതമായിരുന്നില്ല. അദ്ദേഹത്തേയും ഗ്രസിച്ചിരുന്ന

www.malankaralibrary.com

ഒരു ന്യൂനതയായി പറയപ്പെടുന്നതു് അദ്ദേഹത്തിന്റെ ലത്തീൻ മോഡലിലുള്ള ഏകാധിപത്യബോധമാണ്. ആ നിലയിൽ അദ്ദേഹം മദ്ധ്യശതാബ്ദങ്ങളിലെ യൂറോപ്യൻ മെത്രാന്മാരുടെ പിൻഗാമിയായി തോന്നിപ്പോകും. അദ്ദേഹം ചില ഇടവക കളിലെ അത്മായരുൾപ്പെടുന്ന ഭരണസമിതികൾ നിറുത്തലാക്കിയെന്നു് ആരോപണമുണ്ടു്. അദ്ദേഹത്തിന്റെ കല്പനകളും അതിന്റെ നിർവ്വഹണരീതികളും ഏകാധിപത്യപ്രവണതയാണു് കാണിക്കുന്നതെന്നു് സംശയിക്കത്തക്ക സന്ദർഭങ്ങളുണ്ടായിട്ടുണ്ടു്. ഏതു നിലയിലായാലും സഭാഭരണം പങ്കിട്ടുകൊടുക്കത്തക്കവിധം വൈദികരും ജനങ്ങളും വളർന്നിട്ടില്ലെന്നു് അദ്ദേഹം വിശ്വസിച്ചിരുന്നത്രെ. പെരുമാററത്തിലും ശിക്ഷണരീതികളിലും അദ്ദേഹം വൈദികരോടും അത്മേനികളോടും വളരെ കർക്കശനായിരുന്നുവെന്നു് പറയപ്പെടുന്നു.

1956 ജനുവരി 10–ാംനു- കണ്ടത്തിൽ മാർ അഗസ്റ്റിൻ മെത്രാപ്പോലീത്താ കാലംചെയ്യുകയും 1956 ജൂലൈ 20–ാംനു- സഹായമെത്രാനായിരുന്ന പാറേക്കാട്ടിൽ മാർ ജോസഫിനെ മെത്രാപ്പോലീത്തയായി നിയമിക്കുകയും ചെയ്തു.

## തൃശ്ശൂർ രൂപത

### മേനാച്ചേരി മാർ യോഹന്നാൻ (1896–1919)

ഇദ്ദേഹം ഞാറയ്ക്കൽ ഇടവകയിലെ പുരാതനമായ മേനാച്ചേരി കുടുംബത്തിലെ അംഗമായിരുന്നു. കേരളസഭയ്ക്കു് സ്വദേശിമെത്രാന്മാരെ നിയമിച്ചുള്ള റോമിലെ കല്പനയനുസരിച്ചു്, തൃശ്ശൂർ വികാരി അപ്പസ്തോലിക്കയായിരുന്ന ഡോക്ടർ മെഡ്ലിക്കോട്ടു് കേരളത്തിൽനിന്നും വിടവാങ്ങേണ്ടിവന്നു. ആ സ്ഥാനത്തു്, 1896 ആഗസ്റ്റ് 11–ാം തീയതി തൃശ്ശൂരിന്റെ വികാരി അപ്പസ്തോലിക്കയായി മാർ യോഹന്നാൻ നിയമിക്കപ്പെട്ടു. ഡോക്ടർ മെഡ്ലിക്കോട്ടു് വിഭാവനംചെയ്ത തൃശ്ശൂർ രൂപതയുടെ പുരോഗതി ഭാഗികമായി സഫലമാകുന്നതു് മാർ യോഹന്നാന്റെ കാലത്താണ്. സെൻറു് തോമസ് കോളെജ് എന്നു് അറിയപ്പെടുന്ന മിഡിൽസ്കൂളിനെ ഒരു ഹൈസ്കൂളും പിന്നാലെ കോളെജുമാക്കിയതു് മേനാച്ചേരി ബിഷപ്പിന്റെ കാലത്താണ്. വേറെ പല സ്കൂളുകളും ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വേണ്ടി അദ്ദേഹം സ്ഥാപി

www.malankaralibrary.com

ച്ചിട്ടുണ്ടു്. അദ്ദേഹത്തിൻെറ കാലത്തു് തൃശ്ശൂർ രൂപതയിലെ സന്ന്യാസാശ്രമങ്ങളുടേയും കന്യകാമഠങ്ങളുടേയും സംഖ്യ വളരെ വർദ്ധിച്ചു. ഇദ്ദേഹം 1919 ഡിസംബർ 19-ാം നു- ദിവംഗതനായി. മേനാച്ചേരി മെത്രാൻെറ മരണത്തിനുശേഷം രണ്ടുകൊല്ലത്തോളം മോൺ. ആൻറണി പുതുശ്ശേരി രൂപതയുടെ അഡ്മിനിസ്ട്രേററായിരുന്നു.

## വാഴപ്പിള്ളി മാർ ഫ്രാൻസിസ് (1921–1942)

ഇദ്ദേഹത്തിൻെറ ഭരണകാലം സ്മരണീയമായിട്ടുള്ളതു് കൂടുതൽ സ്കൂളുകളുടെയും ഒരു മേജർ സെമിനാരിയുടെയും സ്ഥാപനം മൂലമാണു്. ഗ്രാമപ്രദേശങ്ങളിലെ ജനങ്ങളുടെ ആവശ്യങ്ങരം പരിഗണിച്ചു് അവക്കു് കൂടുതൽ ദേവാലയങ്ങരം അദ്ദേഹം പണിയിച്ചുകൊടുത്തു. അദ്ദേഹത്തിൻെറ പെരുമാററത്തിലുള്ള വൈശിഷ്ട്യംകൊണ്ടു് നാനാജാതി മതസ്ഥരും Gentleman Bishop എന്നാണു് അദ്ദേഹത്തെ വിളിച്ചിരുന്നതു്. 1942 മേയ് മാസം 12—ാംനു- അദ്ദേഹം പരലോകപ്രാപ്തനായി.

അനന്തരം ബിഷപ്പ് ഫ്രാൻസിസിൻെറ വികാരി ജനറാളായിരുന്ന, മോൺ. മാത്യൂ ഇടക്കളത്തൂർ രണ്ടുകൊല്ലത്തോളം അഡ്മിനിസ്ട്രേററായി ഭരിച്ചു.

## ആലപ്പാട്ടു് മാർ ജോർജ്ജ് (1944–1970)

മാർ ജോർജ്ജ് മെത്രാൻ തൻെറ മുൻഗാമികളുടെ കാൽപ്പാടുകളെ പിൻതുടന്നു് കൂടുതൽ സ്ഥാപനങ്ങരം ഉണ്ടാക്കുന്നതിൽ ഉത്സുകനായിരുന്നു. തൃശ്ശൂരുള്ള പ്രസിദ്ധമായ ജൂബിലി മെമ്മോറിയൽ ആശുപത്രി അദ്ദേഹം സ്ഥാപിച്ചതാണു്. അദ്ദേഹത്തിൻെറ നിത്യസ്മാരകമായി എന്നും നിലനില്ക്കുന്നതാണു് തെക്കേ ഇൻഡ്യയിലെ ഏററവും വലിയ ദേവാലയമായ ലൂർദ്ദ്പള്ളി. അതിൻെറ ശിലാസ്ഥാപനവും ആശീർവ്വാദകമ്മവും നടത്തിയതു് മാർ ജോർജ്ജ് മെത്രാനാണു്. തൃശ്ശൂർ ഇടവകയിൽ ഇന്നു് 3000-ത്തിലധികം കത്തോലിക്കാ കുടുംബങ്ങളുണ്ടു്.

## കുണ്ടുകുളം മാർ ജോസഫ് (1970– )

തൃശ്ശൂർ രൂപതയുടെ പ്രസിദ്ധ സാമൂഹ്യപ്രവർത്തകനായിരുന്ന ഫാദർ ജോസഫ് കുണ്ടുകുളമാണു് ബിഷപ്പ് ആല

www.malankaralibrary.com

പ്പാട്ടിന്റെ പിൻഗാമിയായി വന്നതു്. അദ്ദേഹം ഇടവകകളിലും അനാഥശാലകളിലും പ്രവർത്തിച്ചു് ധാരാളം പരിചയസമ്പത്തുള്ള ആളാണു്. സാമൂഹ്യപ്രവർത്തനമണ്ഡലത്തിൽ കണ്ടുമുട്ടുന്ന കുചേലരും കുബേരരും അഗതികളും ആതുരരും ആയിട്ടുള്ള ആളുകളുമായുള്ള സമ്പർക്കം അദ്ദേഹത്തിന്റെ ഭരണത്തിനു് വിജയം കുറിക്കുന്ന സമ്പത്താണു്. എന്നാൽ ഉന്നതസ്ഥാനങ്ങളിലേറുമ്പോൾ പലപ്പോഴും അനുഭവപ്പെടുന്നതു്, കൂടുമാറുമ്പോൾ കുറുമാറുകയാണു്. മാർ ജോസഫു് കുണ്ടുകുളം ഇതിനൊരു അപവാദമാണെന്നു പറയപ്പെടുന്നു. അദ്ദേഹം കേരള സഭാചരിത്രത്തിൽ അനശ്വരനായിത്തീരുന്നതു് പാലക്കാടു്, ഇരിങ്ങാലക്കുട എന്നീ രൂപതകളുടെ സ്ഥാപനത്തോടുകൂടിയാണു്. പരിമിതമായ അതിർത്തികൾക്കുള്ളിൽ ജനസാന്ദ്രമായ തൃശ്ശൂർരൂപത ജനസംഖ്യയിൽ ഇൻഡ്യയിലെ രണ്ടാമത്തെ രൂപതയായിരുന്നു. അതിന്റെ വിഭജനം അനിർവാര്യമായ ഒന്നും. പല പ്രതിബന്ധങ്ങളെയും തരണംചെയ്തു് ഈ രണ്ടു രൂപതകൾക്കും ജന്മംകൊടുത്ത മാർ ജോസഫു് കുണ്ടുകുളം കേരളസഭാചരിത്രത്തിൽ ശാശ്വതമായ മുദ്രപതിച്ചുവെന്നതിൽ യാതൊരു സംശയവുമില്ല.

## ചങ്ങനാശ്ശേരി അതിരൂപത

### കുര്യാളശ്ശേരി മാർ തോമ്മാമെത്രാൻ (1911-1925)

കേരളസഭയ്ക്കു് എന്നും സ്മരണീയനായ ഒരു മഹാവ്യക്തിയാണു് കുര്യാളശ്ശേരി മാർ തോമ്മാമെത്രാൻ. അദ്ദേഹം ചമ്പക്കുളത്തു പള്ളിവികാരിയായിരുന്നപ്പോഴാണു് അദ്ദേഹത്തിന്റെ മെത്രാൻസ്ഥാന നിയമനപ്രഖ്യാപനമുണ്ടായതു്. ഹ്രസ്വകായനും സുസ്മേരവദനനും ദീനദയാലുവും പുണ്യചരിതനും ആയ ഈ വന്ദ്യപുരുഷനെ ഒരിക്കൽ കണ്ടാൽ പിന്നൊരിക്കലും മറക്കാൻ സാധിക്കുകയില്ല. അദ്ദേഹം ഒരു താംബൂലപ്രിയനായിരുന്നു. അദ്ദേഹത്തിന്റെ ഓർമ്മശക്തി അസാധാരണമായിരുന്നു. വിശാലമായ ചങ്ങനാശ്ശേരി രൂപതയിലെ ഏറ്റവും പാവപ്പെട്ടവരെപ്പോലും അദ്ദേഹത്തിനു് അറിയാമായിരുന്നു. അവരെ കണ്ടാൽ ഹൃദ്യമായ കുശലപ്രശ്നംനടത്താതെ അദ്ദേഹം കടന്നുപോകുകയില്ല. മൺമറഞ്ഞുപോയ ദിവ്യാചാര്യന്മാരുടെ തലമുറയിൽപെട്ടയാളായിരുന്നു, ഈ മാർ തോമ്മാമെത്രാൻ.

www.malankaralibrary.com

മാർ തോമ്മാമെത്രാൻ ചങ്ങനാശ്ശേരി അരമനയിലുള്ള കാലത്തു് അതിനുചുററും വൃത്താകൃതിയിലുള്ള റോഡിൽകൂടി സായാഹ്നവേളകളിൽ, കായികായാസത്തിനുവേണ്ടി ധ്രുതഗതിയിൽ നടക്കാറുണ്ടു്. അക്കാലത്തു് ഈ ഗ്രന്ഥകർത്താവു് സെയിൻറു് ബെർക്കുമാൻസു് ഹൈസ്കൂളിലെ അഞ്ചാംഫാറം വിദ്യാർത്ഥിയാണു്. ആ സ്കൂൾബോർഡിംഗിലുണ്ടായിരുന്നവർ കുളിച്ചിരുന്നതു് അരമന കിണററുകരയിലാണു്. അവർ കുളിയ്ക്കാൻ വരുന്ന അവസരങ്ങളിൽ പിതാവിനെ കണ്ടുമുട്ടി കൈമുത്തുക പതിവുണ്ടു്. ഒരു ദിവസം ഈ ലേഖകനുംപ്പെടെയുള്ള വിദ്യാർത്ഥികൾ കുളികഴിഞ്ഞു മടങ്ങുമ്പോൾ, ആ റോഡിൽവെച്ചു് അദ്ദേഹത്തെക്കണ്ടു് കൈമുത്തി. അപ്പോൾ അദ്ദേഹം ഈ ലേഖകനോടു പറയുകയാണു്, “നിന്നെ കണ്ടിട്ടു് ഒരു പ്രഫസറെപ്പോലെയിരിക്കുന്നല്ലോ”. ഇതു് 1923 ലാണു്: ദീർഘകാലം കോളേജ് അദ്ധ്യാപകനായി കഴിച്ച ഈ ലേഖകൻ ആ വാക്കുകളെപ്പററി–അല്ലാ, അനുഗ്രഹത്തെപ്പററി കൃതജ്ഞതാപൂർവ്വം സ്മരിക്കാറുണ്ടു്. ദിവ്യചക്ഷുസ്സുകൾക്കു് ഭാവികാലദർശനം അസാധാരണമല്ലല്ലോ.

സ്വദേശിഭരണത്തിൽ വികസിച്ചുവന്ന ചങ്ങനാശ്ശേരി രൂപതയുടെ സാമ്പത്തികാവശ്യങ്ങൾ വളരെയധികമായിരുന്നു. അവയെല്ലാം വേണ്ടിവന്നതു് ഭരണാധിപൻെറ ത്യാഗോജ്ജ്വലമായ ജീവിതമാണു്. സ്വന്തം രൂപതയെ സാമ്പത്തികമായി ഉദ്ധരിക്കുവാൻ അദ്ദേഹം വളരെ ക്ലേശങ്ങൾ സഹിക്കേണ്ടിവന്നിട്ടുണ്ടു്. അദ്ദേഹത്തിൻെറ കാലത്താണു് സെയിൻറു് ബക്ക്മാൻസ് കോളേജും വളരെ സ്കൂളുകളും ഉണ്ടായതു്. ആശ്രമങ്ങളുടേയും കന്യകാമഠങ്ങളുടേയും സംഖ്യകൾ വളരെ വർദ്ധിച്ചു. ഡോക്ടർ ലവീഞ്ഞിൻെറ ഭാവനാരൂപത്തിൽകൂടിയാണു് അദ്ദേഹത്തിൻെറ ഭരണം പുരോഗമിച്ചതു്. ചങ്ങനാശ്ശേരിരൂപതയുടെ അടിത്തറപാകിയതു് ഡോക്ടർ ലവീഞ്ഞാണെങ്കിലും, അതിൻെറ സാക്ഷാൽ ജനയിതാവെന്ന ബഹുമാനം അന്വർത്ഥമാകുന്നതു് മാർ തോമ്മാമെത്രാനിലാണു്. അദ്ദേഹത്തിൻെറ ഭരണത്തിൽ ചങ്ങനാശ്ശേരി രൂപതയുടെ സാമ്പത്തികസ്ഥിതി സംപുഷ്ടമായി. എന്നാൽ മുൻഗാമികളുടെ അദ്ധ്വാനഫലമാണല്ലോ പിൻഗാമികളുടെ ആസ്വാദനവിഭവം.

ഉരുളുന്ന ഭരണചക്രത്തിൽ അറിയാതെ കടന്നുപോകുന്ന ഭരണാധിപന്മാരുണ്ടു്. അവരുടെ ‘ആൽഫയും’ ‘ഒമേഗാ’യും



www.malankaralibrary.com

കാലത്തിന്റെ വിരല്യകരം കുറിക്കുന്നതു മാത്രമാണ്. ഇവരാണ് നിറവും രൂപവുമില്ലാത്ത ഗതാനുഗതികന്മാർ. എന്നാൽ മാർ തോമ്മാമെത്രാൻ ആ കൂട്ടത്തിൽപ്പെട്ടിരുന്നില്ല. അദ്ദേഹം വി കുർബ്ബാനയുടെ മഹാഭക്തനായിരുന്നു. അദ്ദേഹത്തിന്റെ ഭക്തിപ്രചുരിമയുടെ പ്രവാഹത്തിലാണ് ആരാധനസഭയുടെ ഉത്ഭവം. അദ്ദേഹം സ്ഥാപിച്ച ആരാധനമഠത്തിലെ അംഗങ്ങരം ഇന്നു കേരളത്തിലും പുറത്തുമായി പല സാമൂഹ്യപ്രവർത്തനങ്ങളിലും ഏർപ്പെട്ടിരിക്കുന്നു. 2700-ൽപരം അംഗങ്ങളും 100-ൽപരം ഭവനങ്ങളുമുള്ള ഈ സന്ന്യാസിനിസഭ ഇൻഡ്യയിലെ സന്ന്യാസിനിസഭകളുടെ മുൻപന്തിയിൽതന്നെ നില്ക്കുന്നു.

1925 മേയ്മാസത്തിൽ മാർ തോമ്മാമെത്രാൻ തന്റെ ഔദ്യോഗികസന്ദർശനത്തിനായി (Ad Limina) അദ്ദേഹത്തിന്റെ സെക്രട്ടറിയായ ഫാ. ജെയിംസ് കാളാശ്ശേരിയുമൊന്നിച്ച റോമിലേയ്ക്കുപോയി. പെട്ടെന്നുണ്ടായ രോഗത്താൽ ജൂൺ 2-ാംനു- അദ്ദേഹം ദിവംഗതനായി. ശവസംസ്കാരത്തിൽ പ്രധാന കാർമ്മികത്വം വഹിച്ചതു്, അപ്പോരം അവിടെയുണ്ടായിരുന്ന കണ്ടത്തിൽ മാർ അഗസ്റ്റിൻ മെത്രാപ്പോലീത്തായായിരുന്നു. അദ്ദേഹത്തിന്റെ ഭൗതികാവശിഷ്ടങ്ങരം പിന്നീട് ചങ്ങനാശ്ശേരി കത്തീഡ്രലിൽ കൊണ്ടുവന്നു സ്ഥാപിച്ചു. മാർ തോമ്മായുടെ കാലശേഷം രണ്ടുവർഷത്തോളം ചങ്ങനാശ്ശേരിരൂപത ഭരിച്ചിരുന്നതു് മോൺ. ജേക്കബ് കല്ലറയ്ക്കലാണ്.

## കാളാശ്ശേരി മാർ ജെയിംസ് മെത്രാൻ (1927-1949)

1927 ഒക്ടോബർ 29-ാം തീയതി കാളാശ്ശേരി മാർ ജെയിംസ് ചങ്ങനാശ്ശേരിരൂപതയുടെ മെത്രാനായി നിയമിക്കപ്പെട്ടു. പണ്ഡിതനും വാഗ്മിയും നയബുദ്ധിയുമായിരുന്നു അദ്ദേഹം.

അദ്ദേഹത്തിന്റെ ഭരണം സ്മരണീയമായിത്തീരുന്നതു് അധികാരപ്രമത്തനും ക്ഷിപ്രകോപിയും ആയിരുന്ന തിരുവിതാംകൂർ ദിവാൻ, സർ സി. പി. രാമസ്വാമി അയ്യരുമായി ഏററുമുട്ടിയതോടുകൂടിയാണ്. ക്രൈസ്തവവിരോധിയായിരുന്ന സർ സി. പിയുമായി രഞ്ജനയിൽ കഴിയുവാൻ തിരുവിതാംകൂറിലെ ക്രൈസ്തവവിഭാഗം ആവോളം ശ്രമിച്ചു.

www.malankaralibrary.com

എന്നാൽ ആ ശ്രമങ്ങളെല്ലാം നിഷ്ഫലമാകുകയാണുണ്ടായതു്. അതു് ഒടുവിൽ മാർ ജെയിംസ് മെത്രാൻെറ സുപ്രസിദ്ധമായ ഇടയലേഖനത്തിനു വഴിതെളിച്ചു.

അന്നു തിരുവിതാംകൂർ മുഴുവൻ സി. പിക്കു് എതിരായി നീറിപ്പുകയുന്ന ഒരു അഗ്നിപർവ്വതമായിരുന്നു. തന്മൂലം തിരുവിതാംകൂറിലെ ആബാലവൃദ്ധം ജനങ്ങളും മാർ ജെയിംസ് മെത്രാൻെറ വെല്ലുവിളിയെ സ്വാഗതംചെയ്തു. അദ്ദേഹം അവരുടെ ആരാദ്ധ്യപുരുഷനായിത്തീരുകയും ചെയ്തു. സ്വേച്ഛാധിപതിയായ സർ സി. പി. തൻെറ ആവനാഴിയിലുള്ള എല്ലാ അസ്ത്രങ്ങളും ഉപയോഗിച്ചുനോക്കി. അദ്ദേഹത്തെ അറസ്റ്റുചെയ്യുമെന്നു് ഭീഷണിപ്പെടുത്തി. ഇതുകൊണ്ടൊന്നും ധീരനും ദൃഢചിത്തനുമായിരുന്ന മാർ ജെയിംസ് മെത്രാൻ കുലുങ്ങിയില്ല. ദൈവവും ജനങ്ങളും അദ്ദേഹത്തിൻെറകൂടെയായിരുന്നു. ഒടുവിൽ, മാർ ജെയിംസിൻെറ തിരുനാൾ ദിവസം, സ്വാതിതിരുനാൾ സംഗീതവിദ്യാലയത്തിലെ ഒരു സമ്മേളനം കഴിഞ്ഞു സർ സി. പി. ഇറങ്ങിവരുമ്പോൾ, അജ്ഞാതനായ ഒരാളിനാൽ മുഖത്തു് വെട്ടേററ് അദ്ദേഹം തിരുവിതാംകൂർ രംഗത്തുനിന്നും അപ്രത്യക്ഷനായി.

മാർ ജെയിംസിൻെറ ഭരണം ഏകാധിപത്യത്തിൻെറ പകർപ്പായി തോന്നിക്കുന്ന അനേകം സംഭവങ്ങൾ ഉണ്ടു്. ദൈവത്തിലും ദൈവപരിപാലനയിലും അദ്ദേഹത്തിനു് അടിയുറച്ച വിശ്വാസമുണ്ടായിരുന്നു. സജീവമായ ഒരു ഭക്തിയാണു് അദ്ദേഹത്തിനു് വി. കുർബാനയോടുണ്ടായിരുന്നതു്. ദൈവവിശ്വാസത്തിലെന്നപോലെ തൻെറ അധികാരത്തിലും അദ്ദേഹത്തിനു് അതിരററ വിശ്വാസമുണ്ടായിരുന്നു. അദ്ദേഹത്തിൻെറ ഭരണത്തിൽ കാണുന്ന കാർക്കശ്യത്തിനു ഉത്തരവാദിത്വം തൻെറ സ്വന്ത അധികാരത്തിലുള്ള അഗാധമായ ബോധമാണു്. തിരുസഭയുടെ രാജകുമാരനെന്നു് അദ്ദേഹം സ്വയം വിശ്വസിച്ചു. കർക്കശമായ ശിക്ഷണരീതികൾമൂലം അത്മായരും വൈദികരും ഒരുപോലെ അടുക്കാൻ ഭയപ്പെടുന്ന ദൂരത്തിലാണു് അദ്ദേഹം നിന്നിരുന്നതു്. ആലപ്പുഴ ഇടവകക്കാരുടെ മരക്കുരിശുപ്രസ്ഥാനം കേരളത്തിലെ വൈദികവിദ്വേഷത്തിൻെറ നാന്ദിയും നാമ്പുമായിരുന്നു. ഇന്നു് അതു് കേരളമാകെ പടർന്നുപിടിച്ച ഒരു പ്രശ്നമായി തീർന്നിരിക്കുന്നു. കേരളസഭയുടെ ഭാവിതന്നെ അതിനെ ആശ്രയിച്ചി

www.malankaralibrary.com

രിക്കുന്നുവെന്നുപറയാം. 1949 ഓക്ടോബർ 27–ാം തീയതി അദ്ദേഹം ദിവംഗതനായി.

## കാവുകാട്ടു മാർ മത്തായി മെത്രാപ്പോലീത്താ (1950–1969)

കാളാശ്ശേരി മാർ യാക്കോബ് മെത്രാൻെറ ഭരണകാലത്തു തന്നെ പാലാ കേന്ദ്രമാക്കിയുള്ള ഒരു പ്രത്യേകരൂപതയ്ക്കു വേണ്ടി മലയോരക്കാർ അശ്രാന്തപരിശ്രമം ചെയ്തുകൊണ്ടിരുന്നു. വരാപ്പുഴഭരണത്തെ അനുസ്മരിപ്പിക്കുമാറു് അതിനു് ശ്രമിച്ചിരുന്ന പലരും മാർ യാക്കോബ്മെത്രാൻെറ പ്രത്യക്ഷവും പരോക്ഷവുമായ ശിക്ഷകൾക്കു വിധേയരായിട്ടുണ്ടു്. അദ്ദേഹത്തിൻെറ മരണശേഷം, പാലാക്കാരുടെ അഭ്യർത്ഥനകളെ പരിഗണിച്ചു്, രൂപതയെ രണ്ടായി വിഭജിച്ചു് റോമിൽ നിന്നും കല്പനയുണ്ടായി. 1950 ജൂലൈ 25–ാം തീയതിയിലെ XII–ാം പീയൂസ് മാർപ്പാപ്പായുടെ Quo Ecclesiarum എന്ന തിരുവെഴുത്തുമൂലം, ചങ്ങനാശ്ശേരി രൂപതയുടെ വടക്കുകിഴക്കേ ഭാഗം വേർതിരിച്ചു്, പാലാ ആസ്ഥാനമാക്കിയുള്ള ഒരു പുതിയ രൂപതയുണ്ടായി. ആ രൂപതയിൽപെട്ട കാവുകാട്ട് മാർ മത്തായിയെ ചങ്ങനാശ്ശേരിയുടെയും വയലിൽ മാർ സെബാസ്ത്യനെ പാലായുടെയും മെത്രാന്മാരായി തിരഞ്ഞെടുത്തു. മാർ മത്തായിയുടെ നിയമനം പ്രാദേശിക ചിന്തകൾക്കു വിരുദ്ധമായിരുന്നതിനാൽ, പതിഞ്ഞൊതുങ്ങിയ ചില പ്രതിഷേധശബ്ദങ്ങൾ അവിടവിടെ ഉണ്ടാകാതിരുന്നില്ല. എന്നാൽ അതു് അസ്ഥാനത്തായിരുന്നുവെന്നു് മാർ മത്തായി മെത്രാൻെറ വ്യക്തിമാഹാത്മ്യവും സ്നേഹമാധുര്യവും തെളിയിച്ചു. മാർ ജെയിംസ് മെത്രാൻെറ ഭരണത്തിൽ അധികാരത്തെ ചൂഴ്നിന്ന പല്ലും നഖവുമായിരുന്നതു് ഫ്യൂഡലിസ്ററു ഭരണത്തിൻെറ ഭീകരതയമാണു്. അദ്ദേഹത്തിൻെറ നിർദ്ദാക്ഷിണ്യഭരണം അവസാനിച്ചപ്പോൾ കിട്ടിയതു് ഋജുബുദ്ധിയും അഗാധവിനീതനും ആത്മാർത്ഥതനിറഞ്ഞവനും സാക്ഷാൽ മനുഷ്യസ്നേഹിയുമായ മാർ മത്തായി മെത്രാനെയാണു്. ജീവിതലാളിത്യം, സമഭാവന, പൈതൃകസ്നേഹം, ആർദ്രത എന്നിവയിൽ അദ്ദേഹം അദ്വിതീയനായിരുന്നു. അദ്ദേഹം റോമിലെ സാങ്കേതികപരിശോധനയിൽ ഒരു പുണ്യവാനെന്നു് പ്രഖ്യാപിക്കപ്പെട്ടില്ലെങ്കിലും, ജനലക്ഷങ്ങൾക്കു് അദ്ദേഹം ഒരു മഹാസിദ്ധനായിരുന്നു. തിമിർത്തടിച്ച ജൂബിലി ആഘോഷങ്ങ

www.malankaralibrary.com

ളുടെ റിപ്പോർട്ടുകൾ പത്രങ്ങളിൽ വായിക്കുന്ന നമുക്ക് കാവുകാട്ടു പിതാവു് തൻെറ ജൂബിലി ആഘോഷിച്ചതു്, പാവങ്ങൾക്ക് വീടുകൾ പണിയിച്ചുകൊണ്ടായിരുന്നുവെന്നുള്ളതു് സമാശ്വാസകരമാണു്.

സ്നേഹത്തിൻെറ മാത്രമായ ചെങ്കോൽ ധരിച്ചിരുന്ന മാർ മത്തായി മെത്രാൻെറ ഭരണം വിജയകരമായിരുന്നുവെന്നു പറയുവാൻ നിവ്വാഹമില്ല. അദ്ദേഹത്തിൻെറ അപാരമായ ദാക്ഷിണ്യബുദ്ധിയും സ്നേഹാതിരേകവും ചൂഷണംചെയ്യുവാൻ കാത്തിരുന്ന ആളുകളാണു്, അദ്ദേഹത്തിൻെറ ഭരണാധികാരത്തിൻെറ കെട്ടുറപ്പു് ഉലച്ചതു്. അതിൻെറ. പ്രതികരണം ചങ്ങനാശ്ശേരി രൂപതയിൽ ഇപ്പോഴും ഏറെക്കുറെ കാണാം. 1969 ഒക്ടോബർ 9-ാം തീയതി അദ്ദേഹം പരലോകപ്രാപ്തനായി. അദ്ദേഹത്തിൻെറ ഭൗതികാവശിഷ്ടങ്ങൾ വിശ്രമിക്കുന്ന ചങ്ങനാശ്ശേരി കത്തീഡ്രൽ ഇന്നു് അനേകായിരങ്ങളുടെ തീൎത്ഥാടനകേന്ദ്രമാണു്.

## കർദ്ദിനാൾ തിസ്സറാൻറും കേരളസഭയും

പൌരസ്ത്യസംഘത്തിൻെറ സെക്രട്ടറിയായ കർദ്ദിനാൾ തിസ്സറാൻറു് 1953 നവംബർ മാസത്തിൽ കേരളം സന്ദർശിച്ചു. ഇതു് ചരിത്രപ്രാധാന്യമേറിയ ഒരു സംഭവമാണു്. പൌരസ്ത്യസഭകളുടെ ചരിത്രത്തിലും നിയമസംഹിതകളിലും അഗാധപണ്ഡിതനായിരുന്നു അദ്ദേഹം. പൌരസ്ത്യസംഘത്തിൻെറ ചുക്കാൻ പിടിക്കാൻ അദ്ദേഹത്തെപ്പോലെ മററാരും ഉണ്ടായിട്ടില്ലെന്നു പറയുന്നതു് അതിശയോക്തിയാവില്ല. അതിൻെറ കാരണം അദ്ദേഹം പൌരസ്ത്യസഭാചരിത്രപണ്ഡിതനായിരുന്നുവെന്നു് മാത്രമല്ല, ഗ്രീക്കു്, സുറിയാനി, അൎമ്മീനിയൻ, കോപ്ററിക്, അറബി, മുതലായ ഭാഷകളിൽ അദ്ദേഹത്തിനു് അസാമാന്യ പ്രാവീണ്യമുണ്ടായിരുന്നുവെന്നതുമാണു്. തന്മൂലം ആ റീത്തുകളിലുള്ള എല്ലാ കൎമ്മങ്ങളും അവസരോചിതമായി അദ്ദേഹം നിവ്വഹിച്ചുപോന്നു. അദ്ദേഹത്തിനു് കേരളസഭയുടെ സ്ഥിതി നേരിട്ടുകണ്ടു മനസ്സിലാക്കുവാൻ കഴിഞ്ഞതു് ശുഭോദൎക്കമായി.

തലമുറകളോളം നീണ്ടുനില്ക്കുന്ന കടപ്പാടാണു് കേരളസഭയ്ക്കു് കൎദ്ദിനാൾ തിസ്സറാൻറിനോടുള്ളതു്. നിർഭരമായ കൃതജ്ഞതയോടുകൂടിമാത്രമേ അദ്ദേഹത്തിൻെറ പേരു സ്മരിക്കു

www.malankaralibrary.com

വാൻപോലും നിർബ്ബന്ധമുള്ളൂ. അദ്ദേഹം കേരളസഭയിൽ ആകൃഷ്ടനാകുവാനും അതിനെ സ്നേഹിക്കുവാനും ഇടയായതു് രണ്ടു കാരണങ്ങളാലാണെന്നു തോന്നുന്നു. ഒന്നു്, പൌരസ്ത്യസഭകളെപ്പററി അദ്ദേഹത്തിനുള്ള അഗാധമായ ചരിത്രജ്ഞാനം. രണ്ടു്, കേരളസഭ 400 കൊല്ലങ്ങളോളം സഹിച്ച പീഡനങ്ങളിലും ഞെരുക്കങ്ങളിലും അദ്ദേഹത്തിനുള്ള സഹതാപം.

കേരളസഭയിൽ അദ്ദേഹത്തെ അനശ്വരനാക്കിത്തീർക്കുന്ന മൂന്നു സംഭവങ്ങളുണ്ടായിട്ടുണ്ടു്. അവയാണു്:–

(1) ഷൊർണ്ണൂരിനും പമ്പയാററിനും മദ്ധ്യേ തടവറയിൽ കഴിഞ്ഞ കേരളസഭയുടെ ചങ്ങലകൾ പൊട്ടിച്ചുമാററിയതു് അദ്ദേഹമാണു്. പൌരസ്ത്യസംഘത്തിൻെറ 1955 ഏപ്രിൽ 29-ാം തീയതിയിലെ താഴെപ്പറയുന്ന ഡിക്രികളാണു് അതിനു് ആധാരമായിട്ടുള്ളതു്.

(a) 'Multorum Fidelium'—ചങ്ങനാശ്ശേരി രൂപതയുടെ അതിർത്തി കൊല്ലം, തിരുവനന്തപുരം, കോട്ടാർ എന്നീ രൂപതാപ്രദേശങ്ങൾ മുഴുവനും ഉൾപ്പെടുത്തി, തെക്കോട്ടു കന്യാകുമാരി വരെ വികസിപ്പിച്ചു.

(b) 'Saepe Fidelium'—തൃശ്ശൂർ രൂപതയുടെ അതിർത്തി കോയമ്പത്തൂർ രൂപതാപ്രദേശങ്ങൾകൂടി ഉൾപ്പെടത്തക്കവിധം വിപുലമാക്കി.

(c) 'Pro Fidelibus'—തലശ്ശേരിരൂപത മൈസൂർ, മംഗലാപുരം എന്നീ രൂപതാപ്രദേശങ്ങൾകൂടി ഉൾപ്പെടത്തക്കവിധം വിസ്തൃതമാക്കി.

(d) 'Quae Suddistica gens'—കോട്ടയം മെത്രാനു് വികസിതമായ മലയാളസുറിയാനിപ്രദേശത്തുള്ള തെക്കുംഭാഗരായ സുറിയാനികത്തോലിക്കരുടെമേൽ അധികാരം (Personal Jurisdiction) കൊടുത്തു.

(2) ഇൻഡ്യയിലുള്ള വിവിധ ലത്തീൻരൂപതകളിൽ നൂറുകണക്കിനു സുറിയാനിവൈദികരും കന്യാസ്ത്രികളും മിഷൻപ്രവർത്തനം നടത്തുന്നുണ്ടു്. എന്നാൽ സുറിയാനിക്കാരായ ഈ മിഷനറിമാരെ ലത്തീൻറീത്തിൽ ശുദ്ധീകരിച്ചെടുത്താണു് മിഷൻപ്രവർത്തനം നടത്തുവാൻ അനുവദിച്ചിരുന്നതു്. സുറിയാനി റീത്തിൻെറ കഴുത്തിൽ കെട്ടിത്തൂക്കിയി

www.malankaralibrary.com

രുന്ന ഈ അപമാനഭാരം അറുത്തുമുറിച്ച് കടലിലെറിഞ്ഞതു് കർദ്ദിനാം തിസ്സറാൻറാണ്. കണ്ടത്തിൽ മാർ അഗസ്റ്റിൻ മെത്രാപ്പോലീത്തായുടെ പ്രേരണയും സമ്മർദ്ദവും ഇതിൻെറ പിന്നിലുണ്ടായിരുന്നു. ചില സാമ്രാജ്യമോഹികളുടെ രീതികളിൽ പാലിച്ചുപോന്ന ജാതിവ്യത്യാസത്തിനു് കഠിനമായ ആഘാതമേററു എന്നു് പറയാം.

(3) വിശുദ്ധന്മാരുടെ ഭൗതികഅവശിഷ്ടങ്ങളിൽ ഇൻഡ്യൻ ക്രിസ്ത്യാനികൾക്കു് ഏററവും സംപൂജ്യമായതു് മാർ തോമ്മാശ്ലീഹായെ സംബന്ധിച്ചുള്ളതാണ്. ഇററലിയിലെ (ortona) പട്ടണത്തിൽ സൂക്ഷിച്ചിരിക്കുന്ന മാർതോമ്മാശ്ലീഹായുടെ ഭൗതികാവശിഷ്ടങ്ങളിൽനിന്നും, ആ പുണ്യവാൻെറ ഒരു കൈ ഇൻഡ്യയിലെ ക്രൈസ്തവസഭയ്ക്കു സമ്മാനിച്ചതു് റോമൻ സിംഹാസനത്തിൻെറ കാരുണ്യംകൊണ്ടും കർദ്ദിനാം തിസ്സറാൻറിൻെറ സഹായത്താലുമാണ്. അതു സ്ഥാപിച്ചിരിക്കുന്നതു്, കൊടുങ്ങല്ലൂർ അഴിമുഖത്തുള്ള മാർ തോമാ നഗറിലുമാണ്. അതിൻെറ സംരക്ഷകരായി നിയമിക്കപ്പെട്ടിരിക്കുന്നതു്, കമ്മലീത്താസന്ന്യാസിമാരുടെ തൃശ്ശൂർ വിഭാഗമാണ്. റോമിലെ വി. പത്രോസിൻെറ ദേവാലയത്തിൻെറ മാതൃകയിലാണ് അഴിമുഖത്തുള്ള മനോഹരമായ ദേവാലയത്തിൻെറ വാസ്തുരൂപം. മാർതോമ്മാശ്ലീഹായുടെ കാലത്തു് ദേവാലയം ഇരിക്കുന്ന അഴിമുഖം ആഴിയിലായിരുന്നുവെന്നു ഭൂഗർഭശാസ്ത്രജ്ഞന്മാർ പറയുന്നു. ഒന്നാം ശതാബ്ദത്തിലെ കൊടുങ്ങല്ലൂരിനു് പിന്നീടുണ്ടായ കരവെയ്പാണ് ഈ അഴിമുഖപ്രദേശമെന്നും അവർക്കഭിപ്രായമുണ്ടു്. ആ സ്ഥലത്തിൻെറ ന്യൂനതകൾകൊണ്ടോ പ്രവർത്തിക്കുന്ന കരങ്ങളുടെ ബലഹീനതകൊണ്ടോ പ്രതീക്ഷിച്ച പുരോഗതി ആ സ്ഥലത്തിനുണ്ടായിട്ടുണ്ടെന്നു പറയുവാൻ നിർവ്വാഹമില്ല.

www.malankaralibrary.com

# മുപ്പത്തിനാലാം അദ്ധ്യായം

## കേരളസഭയുടെ ഭരണസ്വാതന്ത്ര്യം— പമ്പയ്ക്കു തെക്കു്

ആറാംനൂററാണ്ടിൽ ഇന്ത്യ സന്ദർശിച്ച കോസ്മോസിൻെറ കാലംമുതൽ, ഇന്ത്യൻമണ്ണിൽ കാലുകുത്തുന്ന ആദ്യത്തെ ലത്തീൻ മിഷ്നറിയായ 13-ാം നൂററാണ്ടിലെ മോന്തെകൊർവീനോയുടെ (അദ്ദേഹം ചൈനയിലേയ്ക്കു പോകുന്ന വഴിയായിരുന്നു) കാലംവരെയും, അതിൽ പിന്നീടും, ഇന്ത്യയിൽ സന്ദർശകരായും സഞ്ചാരികളായും മിഷ്നറിമാരായും വന്നിട്ടുള്ളവർ നല്കുന്ന തെളിവു്, ആ നീണ്ടകാലഘട്ടത്തിൽ ഇന്ത്യയിൽ വ്യാപകമായുണ്ടായിരുന്ന ക്രൈസ്തവസഭ പൌരസ്ത്യസുറിയാനിസഭയും അതു മാത്രവുമായിരുന്നുവെന്നാണു്. ഒന്നാം നൂററാണ്ടിലെ മാർത്തോമ്മാസംഭവത്തിനും തുടർന്നുള്ള അഞ്ചു ശതാബ്ദങ്ങളിലെ ചരിത്രത്തിനും സുദൃഢവും അവിച്ഛിന്നവും ചരിത്രശാസ്ത്രതത്ത്വങ്ങളനുസരിച്ചു് തെളിവായി സ്വീകരിക്കാവുന്നതുമായ ദേശീയപാരമ്പര്യവും, സമകാലീനരോ സമീപകാലീനരോ ആയിരുന്ന സാർവ്വത്രികസഭാപിതാക്കന്മാരുടെ സാക്ഷ്യങ്ങളും, ഇവയെയെല്ലാം പരസ്പരാനുയോജ്യമായി സ്ഥിരീകരിക്കുന്ന (dove-tail proof) കേരളത്തിൻെറ ദേശകാല ചരിത്രവും ഉണ്ടു്.

ഇന്ത്യയിൽ പല ഭാഗങ്ങളിലുണ്ടായിരുന്ന മാർത്തോമ്മാസഭകൾ ഒന്നൊന്നായി അപ്രത്യക്ഷമായിക്കൊണ്ടിരുന്നപ്പോഴും, ഒരു കെടാവിളക്കുപോലെ ഭാരതത്തിൻെറ അപ്പസ്തോലിക സംഭവത്തെ ലോകമെങ്ങും വിളിച്ചറിയിച്ചുകൊണ്ടിരുന്നതു്, മാർത്തോമ്മാശ്ലീഹാ സ്ഥാപിച്ച കൊടുങ്ങല്ലൂർ ആസ്ഥാനമാക്കിയുള്ള കേരളസുറിയാനിസഭയായിരുന്നു. സൊക്കോട്രായിലും ചൈനയിലും ഉള്ള സഭകൾ കൊടുങ്ങല്ലൂരിൻെറ സാമന്തരൂപതകളായിരുന്നുവെന്നു് ചരിത്രകാരന്മാർ പറയുന്നുണ്ടു്. ഇന്ത്യമുഴവൻേറയും ('കൊലഹോൻ ഹെന്തോ') സഭയെന്നും അതിൻെറ പടിവാതലെന്നും (Porte-ന്യായപീഠം) ഉള്ള വിശേഷണങ്ങളാണു് കൊടുങ്ങല്ലൂർ അതിരൂപതയ്ക്കുണ്ടായിരുന്നതു്.

www.malankaralibrary.com

## കേരളസഭയുടെ അംഗവിച്ഛേദനം

പതിനഞ്ചാം നൂററാണ്ടിൽ പാശ്ചാത്യമിഷ്യനറിമാർ കേരളത്തിൽ വന്നപ്പോഠം, കണ്ണൂർ മുതൽ കൊല്ലംവരെയും കൊല്ലം മുതൽ കന്യാകുമാരിവരെയും കന്യാകുമാരിമുതൽ മൈലാപ്പൂർ വരെയും മാത്തോമ്മാക്രിസ്ത്യാനികളുടെ അധിവാസശൃംഖല, കണ്ണിമുറിഞ്ഞും കണ്ണിമുറിയാതെയും, കണ്ടതായി അന്നത്തെ ചരിത്രരേഖകളിൽനിന്നും മനസ്സിലാക്കാം. ലത്തീൻ ഭരണത്തിൻെറ നാനൂറുവഷത്തിനുശേഷം, മാത്തോമ്മാക്രിസ്ത്യാനികഠംക്ക് സ്വജാതിമൈത്രാനെ കൊടുക്കാതിരിക്കുവാൻ നിർവ്വാഹമില്ലാതെ വന്നപ്പോഠം, മാത്തോമ്മാസഭയെ ഭാരതപ്പുഴയ്ക്കും പമ്പയാറിനും മദ്ധ്യേ കുത്തിക്കെട്ടിയിട്ടതു് ലത്തീൻ വിദേശാധിപത്യം കാണിച്ച അഹന്തയുടേയും അനീതിയുടേയും പ്രകടനമായിരുന്നു. തന്മൂലം, പമ്പയാറിനു തെക്കും ഭാരതപ്പുഴയ്ക്കു വടക്കും ഉണ്ടായിരുന്ന കത്തോലിക്കരായ മാത്തോമ്മാക്രിസ്ത്യാനികഠംക്ക് ലത്തീൻ ഭരണത്തിൽപ്പെടാതെ നിവ്വാഹമില്ലെന്നായി. ലത്തീൻ റീത്തിനോടും ഭരണരീതിയോടും അസഹ്യമായ എതിർപ്പുള്ളവരിൽ ചിലർ യാക്കോബായ സഭയിലേയ്ക്കും പോയി. മുൻശതാബ്ദങ്ങളിൽ വൈദികസേവനത്തിൻേറയും മതബോധനത്തിൻേറയും അഭാവംമൂലം ഗണ്യമായ സംഖ്യ ഹിന്ദുമതത്തിലും ലയിച്ചുപോയിട്ടുണ്ടു്. തിരുവിതാംകോട്ടും, കായംകുളത്തും, കൊല്ലത്തും ഇതു് സംഭവിച്ചതിനു് തെളിവുകളുണ്ടു്[1]. ഭാരതപ്പുഴയ്ക്കു വടക്കുള്ള സുറിയാനി ഇടവകകളെ കോയമ്പത്തൂർ ലത്തീൻ രൂപതയ്ക്കു്, തൃശ്ശൂർ വികാരി അപ്പസ്തോലിക്ക ആയിരുന്ന ബിഷപ്പു് മെഡ്ലിക്കോട്ടു് വിട്ടുകൊടുത്തു. അതിനുമുൻപു്, പല മാത്തോമ്മാ നസ്രാണിസമൂഹങ്ങളും ലത്തീനിൽ ലയിച്ചുപോയിട്ടുണ്ടു്. തിരുനൽവേലിജില്ലയിലെ വടക്കംകുളത്തും തിരുച്ചെന്തൂരും അതിൻെറ ചില അവശിഷ്ടങ്ങളുണ്ടു്. സുറിയാനിയിലും ലത്തീനിലുമുള്ള ആരാധനാക്രമങ്ങളുടേയും ഭരണരീതികളുടേയും വ്യത്യാസംകൊണ്ടു് കോയമ്പത്തൂർ രൂപതയിൽ ചേക്കപ്പെട്ട സുറിയാനി ഇടവകകഠംക്കു് സൈ്വരതയും സമാധാനവും അനുഭവിക്കുവാനിടയായില്ല. ലത്തീൻസഭയിലെ സ്വേച്ഛാധിപത്യഭരണവും സുറിയാനി ഇടവകകഠം പരമ്പരാഗതമായി ശീലിച്ചിരുന്ന ജനപ്രാതിനിധ്യഭരണവും തമ്മിലുള്ള സംഘട്ടനമായിരുന്നു അതിനു പ്രധാന ഹേതു.

---

1. Thomas Whitehouse, P. 48 ff.

www.malankaralibrary.com

## തിരുവനന്തപുരം പട്ടണം

തിരുവനന്തപുരം പട്ടണത്തിൻെറ ആരംഭം A. D. 1049–ൽ ആണ്. അന്ന് ഒരു സപ്പക്കാവായിരുന്ന സ്ഥലത്തു് നാഗ രാജാവായ അനന്തൻെറ ഒരു ചെറിയ അമ്പലത്തോടുകൂടിയാ ണ് തിരുവനന്തപുരം പട്ടണത്തിൻെറ ആരംഭം. സമതല മായി കിടന്ന സ്ഥലത്തിൻെറ തെക്കുകിഴക്കേമൂലയിലുള്ള ഉയൻ സ്ഥലത്താണ് ഈ അമ്പലം പണിതതു്. ആ സ്ഥല ത്താണ് ഇന്നു് ശ്രീ പത്മനാഭസ്വാമിക്ഷേത്രം ഇരിക്കുന്നതും. അനന്തനിൽ ശയനംകൊള്ളുന്ന മഹാവിഷ്ണുവാണ് (ശ്രീ പത്മ നാഭൻ) അവിടെ പ്രതിഷ്ഠ. ദ്രാവിഡരുടെ സപ്പാരാധനയും ബ്രാഹ്മണരുടെ വൈഷ്ണവാരാധനയും സമന്വയിച്ചതാണല്ലോ അനന്തശയനത്തിൻെറ കഥ. സപ്പങ്ങളുടെ അധിരാജനാണ് അനന്തൻ. തിരുവനന്തപുരം എന്നതിൻെറ അർത്ഥംതന്നെ 'അനന്തൻെറ നഗരം' എന്നാണ്. അനന്തൻകാടെന്നായി രുന്നു അതിൻെറ ആദ്യത്തെ പേരു്. ഇപ്രകാരമാണ് തിരു വനന്തപുരം എന്നപേരു് ഈ പട്ടണത്തിനുണ്ടായതു്. 1335–ൽ ഭരണമേററ വീരമാത്താണ്ഡവമ്മ രാജാവാണ് തിരുവനന്ത പുരം പട്ടണം സ്ഥാപിച്ചതും കൊട്ടാരവും കോട്ടകളും നിമ്മി ച്ചതും.

പതിനെട്ടാം നൂററാണ്ടിൻെറ അവസാനത്തിൽ തിരുവന ന്തപുരം തിരുവിതാംകൂറിൻെറ തലസ്ഥാനമായി. അന്നു് തി രുവനന്തപുരംനഗരമെന്നു നാം മനസ്സിലാക്കുന്നതു് പ്രധാന മായും ശ്രീ പത്മനാഭസ്വാമിക്ഷേത്രവും അതേച്ചുററിയുള്ള കോ ട്ടകളും കോട്ടയ്ക്കുള്ളിലുള്ള പല കൊട്ടാരങ്ങളും ദിവാൻെറ ആഫീസും വസതിയായ പത്മവിലാസവും കമ്മട്ടവും ജയി ലുംഉൾപ്പെടെയുള്ള ഭരണസ്ഥാപനങ്ങളും കോട്ടയ്ക്കു് മുൻവശത്തുള്ള ചാലക്കമ്പോളവുമാണ്. കിഴക്കുപടിഞ്ഞാറു് 3000 അടിയും തെക്കുവടക്കു് 2430 അടിയും വിസ്തീർണ്ണമുള്ളതാണ് ഈ കോ ട്ടയ്ക്കകം. കോട്ടയുടെ കിഴക്കുവശത്തുള്ള ചാലക്കമ്പോളമാണ് ഈ പട്ടണത്തിൻെറ മുററം. കോട്ടയ്ക്കു് മുൻവശത്തുനിന്നും വട ക്കോട്ടുള്ള പാത അവസാനിച്ചിരുന്നതു് നക്ഷത്രബംഗ്ലാവു്, കനകക്കുന്നു കൊട്ടാരം, ബാർട്ടൺ ഹിൽ മുതലായ കുന്നുകളി ലാണ്. ഇവയിൽ പ്രധാനപ്പെട്ടതു് നക്ഷത്രബംഗ്ലാവിലേ യ്ക്കുള്ള പാതയാണ്. കൊല്ലത്തുനിന്നും തിരുവനന്തപുരത്തേ യ്ക്കുള്ള പാതയും ഈ റോഡിൽ സന്ധിച്ചിരുന്നു[2]. കോട്ടയ്ക്കു മുൻ

2. The handbook of Travancore, Vol. I, 1881, P. 3.

www.malankaralibrary.com

വശത്തു നിന്നും വടക്കോട്ടുള്ള പാതയുടെ ഇരുവശങ്ങളിലും ഉണ്ടായിരുന്ന ചുരുക്കം ചില സ്ഥാപനങ്ങൾ ഒഴികെ അവിടവിടെയായി സവർണ്ണഹിന്ദുക്കളുടെ ഒററതിരിഞ്ഞുള്ള ഭവനങ്ങളാണുണ്ടായിരുന്നതു്. ചില സ്ഥലങ്ങളിൽ കുററിക്കാടുകളും വൻമരങ്ങളും ഉണ്ടായിരുന്നു. അന്നും, ഇക്കഴിഞ്ഞ ഏതാനും കൊല്ലങ്ങൾക്കു മുൻപുവരെയും, ഈ സ്ഥലങ്ങളിൽ ഉണ്ടായിരുന്ന ശല്യം കുറുക്കന്മാരുടേയും, പാമ്പുകളുടേയും, കൊള്ളക്കാരുടേയും ആയിരുന്നു. 1940 വരെ തിരുവനന്തപുരം പട്ടണത്തിൻെറ പലഭാഗങ്ങളിലും രാത്രികാലങ്ങളിൽ സൃഗാലവീരന്മാർ നടത്തിയ ഗാനമേളകളുടെ ശ്രോതാക്കൾ ഇന്നും ആ പട്ടണത്തിൽ ജീവിച്ചിരിപ്പുണ്ടു്. തിരുവനന്തപുരം സെൻറു് മേരീസ് കത്തീഡ്രലിൻെറ തെക്കേ ചരുവിലായിരുന്നു, 1934 മുതൽ മാർ ഇവാനീയോസു് മെത്രാപ്പോലീത്തായുടെ അരമനയായി ഉപയോഗിച്ചിരുന്ന കെട്ടിടം. 1938–ൽ ഈ ഗ്രന്ഥകാരൻ അരമന ഓഫീസിൽ മററുള്ളവരോടൊപ്പം ഒരു ദിവസം മദ്ധ്യാഹ്നത്തോടടുത്തു് ജോലിചെയ്തുകൊണ്ടിരിക്കെ, ഒരു കുറുക്കൻ, ഏതോ കാര്യാന്വേഷണത്തിനെന്നോണം, അനായാസമായും ലാഘവരീതിയോടെയും അവിടെ കടന്നുവന്നു്, മുറികൾതോറും കയറിയിറങ്ങി, എല്ലാററിനേയും അവലോകനം ചെയ്തിട്ടു് അപ്രത്യക്ഷമാകുകയും ചെയ്തു.

18–ാം നൂററാണ്ടിലെ തിരുവനന്തപുരംപട്ടണത്തിനും അതിനു പടിഞ്ഞാറുള്ള പൂന്തുറ, വലിയതുറ, കണ്ണാന്തുറ, വെട്ടുകാടു്, വേളി മുതലായ കടൽത്തീരപ്രദേശങ്ങൾക്കും മദ്ധ്യേ ഒരു മൈലോളം വീതിയിൽ വിജനമായ മണൽക്കാടുകളായിരുന്നു. അതിൻെറ ഒരു ഭാഗത്താണു് ഇന്നു നാം കാണുന്ന വിമാനത്താവളം. ഈ മണൽക്കാടുകൾ ശവങ്ങൾ മറവുചെയ്യുവാനും ദഹിപ്പിക്കുവാനും ഉപയോഗിച്ചിരുന്നു. മറവുചെയ്ത മൃതദേഹങ്ങൾ, രാത്രിയായാലും പകലായാലും, നരികൾ മാന്തി വലിച്ചുപുറത്തിട്ടു് തിന്നുന്ന കാഴ്ചയും അസാധാരണമല്ലായിരുന്നുവെന്നു് മററീയർ പറയുന്നു. ഈ മണൽക്കാടുകളിൽ ഒന്നാണു് ഇപ്പോൾ മണക്കാടായി അറിയപ്പെടുന്നതു്. അവിടെയാണു് മഹാരാജാവിൻെറ കുതിരാലയം ഉണ്ടായിരുന്നതു്. 1870–ൽ The Land of Charity എന്ന ചരിത്രഗ്രന്ഥം എഴുതിയ റവ. സാമുവൽ മററീയർ പറയുന്നതു്, അന്നു് ആ മണൽക്കാടിനു് മുക്കാൽ മൈൽ വീതിയുണ്ടായിരുന്നുവെന്നാണു്. പോർച്ചുഗീസ് മിഷ്നറിമാർ മാനസാന്തരപ്പെടുത്തിയ

www.malankaralibrary.com

മത്സ്യത്തൊഴിലാളികളായിരുന്ന തീരപ്രദേശങ്ങളിൽ താമസിച്ചിരുന്നത്. ഇവരെല്ലാം പദ്രവാദോയുടെ ഭരണത്തിൻ കീഴിലായിരുന്നു. തിരുവനന്തപുരംപട്ടണത്തിന്റെ പടിഞ്ഞാറെ അതിർത്തിയിലായിരുന്നു പേട്ടയെന്നു് അറിയപ്പെടുന്ന സ്ഥലം.

## തിരുവനന്തപുരത്തെ ആദ്യത്തെ ക്രൈസ്തവ ദൈവാലയം–തച്ചിൽ മാത്തൂത്തരകൻ പണിയിച്ച സുറിയാനിപ്പള്ളി

പത്മനാഭപുരം തലസ്ഥാനമാക്കിയിരുന്ന തിരുവിതാംകോട്ട രാജാക്കന്മാരാണല്ലോ, പിന്നീടു്, തിരുവിതാംകൂർ രാജാക്കന്മാരായപ്പോൾ തിരുവനന്തപുരം തലസ്ഥാനമാക്കിയതു്. തിരുവനന്തപുരത്തുണ്ടായിരുന്ന കൊട്ടാരം നേരത്തെതന്നെ തിരുവിതാംകോട്ട രാജാക്കന്മാരുടെ വേനൽക്കാലവസതിയായിരുന്നുവെന്നു് ഫാ. പൌളിൻ പറയുന്നു. മാർത്തോമ്മാക്രിസ്ത്യാനികളധികവും കൊട്ടാരക്കരയ്ക്കു വടക്കുള്ള താലൂക്കുകളിലും കൊച്ചിസംസ്ഥാനത്തും അധിവസിച്ചിരുന്നവരാണു്. കായംകുളം, അമ്പലപ്പുഴ, വടക്കുംകൂർ, തെക്കുംകൂർ, ആലങ്ങാടു് മുതലായ സ്ഥലങ്ങൾ മാർത്താണ്ഡവർമ്മ രാജാവു് പിടിച്ചെടുത്തതോടുകൂടിയാണു് തിരുവിതാംകൂർ രാജകുടുംബവും അഥവാ സർക്കാരുമായി മാർത്തോമ്മാക്രിസ്ത്യാനികൾക്കു് കൂടുതൽ സമ്പർക്കമുണ്ടാകുന്നതു്. മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ കാലത്തുതന്നെ, ലന്തക്കാരുടെ സഹായത്താൽ വിയോജിതസഭാനേതാക്കന്മാർ കൈവെയ്പുള്ള വിദേശമെത്രാന്മാരെ വരുത്തുകയും അതു സംബന്ധിച്ചുണ്ടായ കേസ്സിൽ മഹാരാജാവു് തീരുമാനം എടുക്കുകയും ചെയ്തതായി ചരിത്രത്തിൽ കാണുന്നുണ്ടു്.

## ധർമ്മരാജാവും ക്രിസ്ത്യാനികളും

മാർത്താണ്ഡവർമ്മരാജാവിന്റെ പിൻഗാമിയായി വന്നതു്, മഹാസാത്വികനും പ്രജാവത്സലനും ധർമ്മരാജാവെന്നു് സുപ്രസിദ്ധനുമായ കാർത്തികതിരുനാൾ രാമവർമ്മരാജാവാണു്. അദ്ദേഹത്തിന്റെ കാലം 1758 മുതൽ 1798 വരെ ആണു്. അദ്ദേഹത്തിന്റെ ഭരണത്തിന്റെ അവസാനഘട്ടത്തിലാണു് തിരുവിതാംകൂറിന്റെ തലസ്ഥാനം പത്മനാഭപുരത്തുനിന്നും തിരുവനന്തപുരത്തേയ്ക്കു് പൂർണ്ണമായും ഔദ്യോഗികമായും മാററി

www.malankaralibrary.com

യതു്. അതോടെ, ക്രിസ്ത്യൻ സമുദായങ്ങളുമായിട്ടുള്ള ബന്ധങ്ങൾ പൂർവ്വാധികം വർദ്ധിക്കുകയും ചെയ്തു.

അതിനു് പ്രത്യേകമായി രണ്ടു കാരണങ്ങളാണുള്ളതു്: ഒന്നു്, കർമ്മലീത്താമിഷ്നറിയായ പൗളിൻ ബർത്തലൂമ്മയോടു് ധർമ്മരാജാവിനുണ്ടായിരുന്ന വ്യക്തിപരമായ സ്നേഹബഹുമാനങ്ങൾ; രണ്ടു്, രാജ്യത്തെ സാമൂഹ്യസാമ്പത്തികരംഗങ്ങളിൽ തച്ചിൽ മാത്തുത്തരകനുണ്ടായിരുന്ന നിസ്തുലമായ സ്ഥാനം.

നിഷ്കൃഷ്ടമായ സത്യസന്ധതയോടും, നീതിനിഷ്ഠയോടും, എന്നാൽ, അഗാധമായ കാരുണ്യത്തോടും തിരുവിതാംകൂർ ഭരിച്ചിരുന്ന ജനസ്നേഹിയായിരുന്നു ധർമ്മരാജാവു്. അദ്ദേഹം പ്രജാക്ഷേമകാര്യത്തിൽ, ഏററവും പാവപ്പെട്ടവനുപോലും നീതിലഭിക്കുന്നതിൽ ദൃഢനിഷ്ഠയോടെ പ്രവർത്തിച്ച മഹാനായിരുന്നു. അമ്പലപ്പുഴ മജിസ്ട്രേട്ടു് ചമ്പക്കുളം (കല്ലൂർക്കാടു്) പള്ളിയിൽനിന്നു് കടംവാങ്ങിയ രൂപായും ചെമ്പുപാത്രങ്ങളും വളരെക്കാലമായിട്ടും തിരിച്ചുകൊടുക്കായ്കയാൽ മഹാരാജാവു് പ്രത്യേക ഉദ്യോഗസ്ഥനെ നേരിട്ടയച്ചു് പണം പലിശയോടുകൂടിയും ചെമ്പുപാത്രങ്ങൾ കേടുപാടുകൾ പോക്കിയും മടക്കിക്കൊടുപ്പിക്കുകയും മജിസ്ട്രേട്ടിനെ ശിക്ഷിക്കുകയും ചെയ്തു. പള്ളികളിൽനിന്നു് പണമാകട്ടെ മററു സാധനങ്ങളാകട്ടെ കടം വാങ്ങരുതെന്നു് ഗവണ്മെൻറു് ഉദ്യോഗസ്ഥർക്കു് കല്പനയും കൊടുത്തു[3].

വൈദികനും ജനങ്ങളുമായുള്ള ബന്ധങ്ങളെ സംബന്ധിച്ചു് സ്മരണീയമായ ഒരു സംഭവം അദ്ദേഹത്തിൻെറ ഭരണകാലത്തുണ്ടായി. 1783 ലെ ആ സംഭവം ഇവിടെ സൂചിപ്പിക്കുന്നതു് അപ്രസക്തമാകാൻ വഴിയില്ല. പാലായിൽവെച്ചു നടന്ന കേരളകത്തോലിക്കാ കോൺഗ്രസ്സിൻെറ വാർഷികയോഗത്തിൽ, അദ്ധ്യക്ഷനായിരുന്ന പരേതനായ ഐ. സി. ചാക്കോ പറഞ്ഞ ഒരു വാചകം ഇതിനോടു് ഗാഢമായി ബന്ധപ്പെട്ടതാണു്. അദ്ദേഹം പറഞ്ഞു, ''കത്തോലിക്കാ സഭയിൽ നീതികിട്ടുകയില്ലെന്നുള്ള ബോദ്ധ്യത്തിൽ, ആളുകൾ സിവിൽ കോടതികളെ അഭയം പ്രാപിക്കേണ്ടിവരുന്നതു് സഭയ്ക്കു് വളരെ അപകടകരമായ ഒന്നാണു്.''

3. പി. ശങ്കുണ്ണിമേനോൻ, തിരുവിതാംകൂർ ചരിത്രം, മലയാള വിവർത്തനം, 1973, P. 209-10.

www.malankaralibrary.com

ആദ്യകാലത്തു്, കടൽത്തീരത്തുണ്ടായിരുന്ന ലത്തീൻ ഇടവകകളെ ഭരിച്ചിരുന്നതു് പോർച്ചുഗീസ് മിഷ്നറിമാരായിരുന്നു. അവർ പോയപ്പോൾ, ഗോവായിൽനിന്നുംവന്ന പണക്കൊതിയന്മാരായ കുറെ നാട്ടുവൈദികർ അവരുടെ സ്ഥാനമേറെറടുത്തു. പുതിയ അധികാരികളുടെ ആദ്യപ്രവൃത്തികളിലൊന്നു്, മതകർമ്മങ്ങൾക്കും മററും വിശ്വാസികൾ വൈദികനും പള്ളിക്കും കൊടുക്കുന്ന ഫീസുകൾ വർദ്ധിപ്പിക്കുകയായിരുന്നു. മത്സ്യത്തൊഴിലാളികളായ ആ പാവപ്പെട്ടവർ സമർപ്പിച്ച ആവലാതികളും പ്രകടിപ്പിച്ച പ്രതിഷേധങ്ങളും വൈദികാധികാരികൾ ഒട്ടും ചെവിക്കൊണ്ടില്ല. തന്മൂലം, അവർ അവരുടെ പരാതിയുമായി പത്മനാഭപുരം കൊട്ടാരത്തിന്റെ തീണ്ടാട്ടൂരത്തുനിന്നുകൊണ്ടു്, മഹാരാജാവിനെ തങ്ങളുടെ സങ്കടം ഉണർത്തിച്ചു. അവരുടെ സങ്കടംകേട്ടു് ആർദ്രമാനസനായ രാജാവു് അവരുടെ മേലധികാരിയായ കൊച്ചി മെത്രാൻ കാർലോസു് സാങ്തോ കൊൺറാഡിനു് എഴുതിയതു്, ''തന്നെ (രാജാവിനെ) ഉടനെ വന്നുകാണണമെന്നും അദ്ദേഹത്തിന്റെ (കൊച്ചി രൂപതയുടെ) അഞ്ചു ഇടവകകളും വരാപ്പുഴ വികാരിഅപ്പസ്തോലിക്കായെ ഏല്പിക്കുവാൻ താൻ നിശ്ചയിച്ചിരിക്കുന്നുവെന്നും, പിരിവു വർദ്ധിപ്പിച്ച വൈദികരെ ശിക്ഷിക്കണമെന്നും'' ആയിരുന്നു.

ബിഷപ്പു് കൊൺറാഡോ സുഖക്കേടിന്റെ കാരണം പറഞ്ഞു് രാജാവിനെ കാണുവാൻ പോയില്ല. തനിക്കു പകരം, തന്റെ പ്രതിനിധിയായി രാജാവിന്റെ സുഹൃത്തായ ഫാ. പൌളിനെയാണു് അയച്ചതു്. അതേപ്പററി ഫാ. പൌളിൻ പറയുന്നതിപ്രകാരമാണു്:–

''ഞാൻ വസതിയോടടുത്തപ്പോൾ (കൊട്ടാരം) രാജാവിന്റെ രക്ഷാസൈന്യത്തിൽപ്പെട്ട 500 ഭടന്മാർ രണ്ടുവരിയായി നിരന്നുനിന്നു. എനിക്കു് ഇതിനിടയിലൂടെ വേണം പോകേണ്ടിയിരുന്നതു്. യൂറോപ്യൻ രീതിയിലുള്ള കസേരയിലിരുന്ന രാജാവു് മമത പ്രദർശിപ്പിച്ചുകൊണ്ടു് എന്നോടിപ്രകാരം പറഞ്ഞു: ''എന്റെ ക്രൈസ്തവപ്രജകളും അവിടുത്തെ പള്ളിയും തമ്മിലുണ്ടായ തക്കം പരിഹരിക്കുവാനാണു് ഞാൻ അച്ചനെ വിളിപ്പിച്ചതു്. പള്ളിക്കു് സുഭിക്ഷമായി കഴിയുവാനുള്ള സ്വത്തുണ്ടെന്നു് എനിക്കറിയാം. പിഴയും മററും വസൂൽചെയ്തു് എന്റെ പ്രജകളെ ഉപദ്രവിക്കരുതു്. ഇവിടെ എന്റെ മന്ത്രിയും (സർവ്വാധികാര്യക്കാർ നാഗംപിള്ള) എന്റെ

www.malankaralibrary.com

സെക്രട്ടറിയും (സമ്പ്രതി കേശവപിള്ള) ഉണ്ട്. അവരുമായി സംസാരിച്ച് പോംവഴി കണ്ടുപിടിച്ച് ഫലം എന്നെ അറിയിക്കുക.'' രാജാവിൻെറ താല്പര്യാനുസരണം ഞങ്ങരം വേണ്ടതുപോലെ ചെയ്തു. ഈ അഞ്ചു് ഇടവകകളുടെ ഉത്തരവാദിത്വമേറെറടുക്കുകയെന്ന ശ്രമകരമായ ബാദ്ധ്യതയിൽനിന്നും വിമുക്തനാകുവാൻവേണ്ടി ഗോവയിലെ ആർച്ചുബിഷപ്പിനെഴുതി. (കൊച്ചി മെത്രാൻ ഗോവാ മെത്രാപ്പോലീത്തായുടെ കീഴിലായിരുന്നു). കാര്യം രമ്യമായി പരിഹരിക്കുവാൻ വേണ്ട ഏർപ്പാടുകരം ചെയ്യുന്നതിനു് മന്ത്രിമാരെ സമ്മതിപ്പിക്കുവാൻ എനിക്കു കഴിഞ്ഞു. പരാതിക്കു വിധേയരായ പാതിരിമാർ ശിക്ഷയായി കുറച്ചു പിഴയടയ്ക്കുവാൻ തീരുമാനിക്കുകയും ഒരു പുതിയ പടിസാധനം (നിരക്കു്) ഉണ്ടാക്കുകയും ചെയ്തു. മതപരമായ ചടങ്ങുകരം നടത്തുന്നതിനു് ന്യായമായും പാതിരിമാക്ക് വാങ്ങാനവകാശപ്പെട്ടതും ക്രിസ്ത്യപ്രജകരം നല്കേണ്ടതുമായ തുകകരം കൃത്യമായി ഇതിൽ വ്യവസ്ഥ ചെയ്തിരുന്നു. ഈ കാര്യങ്ങരം അവസാനിക്കുന്നതുവരെ തിരിച്ചു പോകുവാൻ രാജാവു് എന്നെ അനുവദിക്കാതിരുന്നതിനാൽ പതിനാറു ദിവസം പത്മനാഭപുരത്തു് താമസിക്കുവാൻ ഞാൻ നിർബ്ബന്ധിതനായി.'' പി. ശങ്കുണ്ണിമേനോൻെറ വിവത്തനത്തിൽ 75 പള്ളികളെന്നാണു് കൊടുത്തിരിക്കുന്നതു്; മൂലഗ്രന്ഥത്തിൽ 5 മാത്രമേയുള്ളൂ4.

## ധർമ്മരാജാവും തച്ചിൽ മാത്തൂത്തരകനും

ധർമ്മരാജാവിൻെറ കാലത്തു്, തലസ്ഥാനനഗരിക്കു് വരുത്തിയ വികസനം, ആലപ്പുഴ തുറമുഖത്തിൻെറ സ്ഥാപനം, രാജ്യത്തിൻെറ സാമ്പത്തികാഭിവൃദ്ധിക്കുള്ള വിവിധ പദ്ധതികരം, ഇവയ്ക്കെല്ലാം ധാരാളമായി പണം ആവശ്യമായി വന്നു. അപ്പോരം രാജ്യത്തെ സഹായിച്ചതു് അന്നത്തെ ഏററവും മുന്തിയ വർത്തകപ്രമുഖവും വ്യവസായിയുമായ തച്ചിൽ മാത്തുത്തരകനാണു്. ആകയാൽ ഇദ്ദേഹം മഹാരാജാവിനു് പ്രിയങ്കരനും രാജ്യഭരണത്തിൽ സ്വാധീനമുള്ളവനുമായിത്തീന്നു. മാത്തുത്തരകൻ ദിവാനായിരുന്ന രാജാകേശവദാസിൻെറ ഉററമിത്രംകൂടെയായിരുന്നു.

---

4. പി. ശങ്കുണ്ണിമേനോൻ, തിരുവിതാംകൂർ ചരിത്രം, മലയാള വിവത്തനം 1973, P. 207-208; Fr. Paulino de san Barthlomeo, Voyage to the East Indies, 1800, P. 183.

www.malankaralibrary.com

മഹാരാജാവു് പലപ്പോഴും പേട്ടയിലുള്ള കാളിക്ഷേത്രത്തിൽ തൊഴാൻ പോകുമായിരുന്നു. അപ്പോഴൊക്കെ, കൊട്ടാരംവക പേട്ടയിലുണ്ടായിരുന്ന കെട്ടിടത്തിൽ താമസിച്ചിരുന്ന മാത്തുത്തരകൻ, മഹാരാജാവിനെ അനുഗമിച്ചിരുന്നു. ഒരിക്കൽ ദേവീദർശനംകഴിഞ്ഞു് മഹാരാജാവു് പുറത്തേയ്ക്കു വന്നപ്പോൾ, മാത്തുത്തരകൻ അല്പം അകലേയ്ക്കു മാറി നില്ക്കുന്നതുകണ്ടു്, മഹാരാജാവു് തരകനോടു ചോദിച്ചു, ''നീ എന്താണു് മാറിനില്ക്കുന്നതു്?''. ''അടിയനു് ഇവിടെ ക്ഷേത്രം ഇല്ല,'' എന്നു് മാത്തുത്തരകൻ മറുപടി നല്കി. ''എന്നാൽ നീ ഇവിടെ നിന്റെ ഒരു ക്ഷേത്രം പണിയിച്ചോ'' എന്നു് മഹാരാജാവു് കല്പിച്ചു. ഈ കല്പനയനുസരിച്ചു് മാത്തുത്തരകൻ തനിക്കും തന്റെ അനുയായികൾക്കുംവേണ്ടി പണിയിച്ച പള്ളിയാണു് ഇന്നു നാം കാണുന്ന തിരുവനന്തപുരത്തെ പേട്ടയിൽപ്പള്ളി. ഇപ്പോൾ അതു് ലത്തീൻരൂപതയിലാണു്. ഇതിന്റെ തൊട്ടടുത്താണല്ലോ കാളിക്ഷേത്രവും. ഈ പള്ളി തന്നെയാണു് തിരുവനന്തപുരം പട്ടണത്തിലെ ആദ്യത്തെ ക്രൈസ്തവ ദൈവാലയവും. മഹാരാജാവു് മാത്തുത്തരകനു് കരമൊഴിവായിട്ടാണു് ആ സ്ഥലം കൊടുത്തതു്. അടുത്ത കാലംവരെ പേട്ടയിൽ പള്ളി ആ കരമൊഴിവു് അനുഭവിച്ചുകൊണ്ടിരുന്നു. തിരുവനന്തപുരം ലത്തീൻരൂപതയിലെ കരമൊഴിവുള്ള ഏക സ്ഥാപനവും അതുതന്നെയായിരുന്നു. ഇതു് പേട്ടയിലുള്ള പുരാതന ക്രിസ്ത്യൻ കുടുംബങ്ങൾക്കും ചാലക്കുടിയ്ക്കടുത്തു്, കുത്തിയതോട്ടുള്ള തച്ചിൽ കുടുംബങ്ങൾക്കും ഉള്ള പാരമ്പര്യമാണു്. മാത്തുത്തരകന്റെ അടുത്ത ബന്ധുക്കളിലാരെയോ പേട്ടയിൽ പള്ളിസെമിത്തേരിയിൽ സംസ്ക്കരിച്ചിട്ടുണ്ടു്. ആ പരേതന്റെ അനന്തരാവകാശികൾ കുത്തിയതോട്ടുനിന്നും പേട്ടയിൽ ആണ്ടുതോറും വന്നു് മരിച്ചയാളിന്റെ ആത്മശാന്തിയ്ക്കായി തിരുക്കർമ്മങ്ങൾ നടത്തിപ്പോരുന്നു. കൂടാതെ, തിരുവിതാംകൂർ രാജാവു് രാജപ്രമുഖനാകുന്നതുവരെ ആ പള്ളിയിൽ വിളക്കു കത്തിക്കുന്നതിനുവേണ്ട എണ്ണയുടെ പണം സക്കാരിൽനിന്നാണു് കൊടുത്തുകൊണ്ടിരുന്നതു്. വിദൂരങ്ങളും ഭിന്നങ്ങളുമായ രണ്ടു സ്ഥലങ്ങളിലെ പാരമ്പര്യവും, പേട്ടയിൽപള്ളി അനുഭവിച്ചുപോന്ന കരമൊഴിവും, പള്ളിയിൽ വിളക്കുവെയ്ക്കുന്നതിനു് സക്കാരിൽനിന്നു കൊടുത്തുകൊണ്ടിരുന്ന അനുഭോഗവും മേല്പറഞ്ഞവയ്ക്കു് ആധാരമാണു്.

www.malankaralibrary.com

പള്ളിവീട്ടിൽ കുര്യൻ, 1906–ൽ (പള്ളി സ്ഥാപിച്ചതിന്റെ രണ്ടാം തലമുറയിൽ) പ്രസിദ്ധംചെയ്ത ''മാർത്തോമ്മാനസ്രാണികളുടെ സത്യവിശ്വാസം'' എന്ന ഗ്രന്ഥത്തിൽനിന്നും ചരിത്രകാരനായ എം. ഒ. ജോസഫ് ഉദ്ധരിക്കുന്ന, ''കുത്തിയതോട്ട പള്ളി ഇടവകക്കാരൻ തച്ചിൽ മാത്തുത്തരകൻ തിരുവനന്തപുരത്ത് തന്റെ ക്രിസ്ത്യാനികൾക്കുവേണ്ടി പേട്ടയിൽ തന്റെ പേരിൽ കരംഒഴിവായി വസ്തുവാങ്ങി പള്ളി പണിയിക്കുകയും അതിനുവേണ്ടി വസ്തുക്കൾ ഏർപ്പെടുത്തിക്കൊടുക്കുകയും ചെയ്തിട്ടുണ്ട്. ടി. തച്ചിൽ മാത്തുത്തരകൻ ഗവണ്മെൻറിലേയ്ക്ക് 14 ലക്ഷം രൂപാ കടമായി കൊടുക്കുകയും പിന്നീട് ഇംഗ്ലീഷ് ഗവണ്മെൻറ് ആ തുകയുടെ ആദായം സുറിയാനി ക്രിസ്ത്യാനികളുടെ സമുദായത്തിനു വീതിച്ചുകൊടുക്കുന്നതിനു തീർച്ചപ്പെടുത്തുകയും ചെയ്തു[5]''. ഇതായിരിക്കാം, കേണൽ മൺട്രോ നല്കിയ വട്ടിപ്പണത്തിന്റെ നിദാനം. മാത്തുത്തരകൻ പദ്രവാദോയിൽപ്പെട്ടിരുന്നതുകൊണ്ട്, പേട്ടയിൽപ്പള്ളിയും പദ്രവാദോയുടെ കീഴിലാണ് വന്നത്. എന്നാൽ, പമ്പയ്ക്കു തെക്കുള്ള സുറിയാനിപ്പള്ളികൾ കൊല്ലം രൂപതയിൽ ചേർക്കപ്പെട്ടപ്പോൾ, പദ്രവാദോയും കൊല്ലം രൂപതയുമായി പള്ളി കൈമാററം നടത്തിയതുമൂലം പേട്ടയിൽപള്ളി കൊല്ലംരൂപതയിൽപ്പെടുകയാണുണ്ടായത്.

## തിരുവനന്തപുരത്തെ ആദിമക്രൈസ്തവ സമൂഹങ്ങളും വളർച്ചയും

പേട്ടയിൽ പള്ളി പണിത കാലഘട്ടത്തിൽ, അതായത് 18–ാം നൂററാണ്ടിന്റെ അവസാനത്തിൽ, തിരുവനന്തപുരം പട്ടണത്തിൽ ക്രിസ്ത്യാനികളുടെ സംഖ്യ വളരെ തുച്ഛമായിരുന്നു. ജനനിബിഡമായ ഒരു താഴ്ന്ന പ്രദേശമായിരുന്നു പേട്ട. പോർച്ചുഗീസ്–ഡച്ച് വംശജരായ യൂറേഷ്യരായിരുന്നു പേട്ടയിലേയും കുന്നുകുഴിയിലേയും ക്രിസ്ത്യാനികളിലധികവും. അടുത്തകാലംവരെ അവക്ക് പോർച്ചുഗീസും ഡച്ചും പേരുകളാണുണ്ടായിരുന്നത്. ഈ യൂറേഷ്യരെക്കൂടാതെ, തൈക്കാട്ടും പാളയത്തും ഏതാനും ക്രിസ്ത്യൻ കുടുംബങ്ങൾ ഉണ്ടായിരുന്നു. ഇവരുടെ ആത്മീയാവശ്യങ്ങൾ നിർവ്വഹിച്ചിരുന്നത് പൂന്തുറ, വലിയതുറ മുതലായ സ്ഥലങ്ങളിലെ പോർച്ചുഗീസ് മിഷ്യനറിമാരായിരുന്നു.

5. എം. ഒ. ജോസഫ്, തച്ചിൽ മാത്തുത്തരകൻ, 1962, P. 273.

www.malankaralibrary.com

പരേതനായ ജഡ്ജി കെ. കെ. ലൂക്കോസിൻെറ ഒരു ഗ്രന്ഥത്തിൽ, ചാലയിൽ സുറിയാനിക്കാരും അവർക്കൊരു പള്ളിയും പുരാതനമായിട്ടുണ്ടായിരുന്നുവെന്ന് വായിച്ചതോർമ്മയുണ്ട്. തിരുവനന്തപുരം മലങ്കര അതിരൂപതയ്ക്ക് ഇന്ന് ചാലയിൽ ഒരു പള്ളിയും വിശ്വാസികളുടെ ഒരു സമൂഹവുമുണ്ട്. ആ പള്ളിയുടെ സ്ഥാനം മുൻപ് അവിടെയുണ്ടായിരുന്ന സുറിയാനിപ്പള്ളിയുണ്ടായിരുന്നിടത്തോ, അഥവാ അതിനടുത്തോ ആണെന്നു പറയപ്പെടുന്നു. ആ പള്ളിക്കടുത്ത് ഇപ്പോഴുള്ള ഏതാനും മുസ്ലീംകുടുംബങ്ങളിൽനിന്നും കിട്ടിയ അറിവ്, അവരുടെ പൂർവ്വികന്മാർ തിരുവിതാംകോട്ടുനിന്നുവന്ന 'തരിസായിക്രിസ്ത്യാനികൾ' ആയിരുന്നുവെന്നാണ്. 1852-ൽ കേരളം സന്ദർശിച്ച തോമസ് വൈററ് ഹൗസ് തിരുവിതാംകോട്ടുണ്ടായിരുന്ന സുറിയാനി ക്രിസ്ത്യാനികൾ (തരിയാക്കൾ) തിരുവനന്തപുരം നഗരത്തിൽ കച്ചവടം നടത്തിയതായി പ്രസ്താവിക്കുന്നുണ്ട്. എന്നാൽ, ഇവർ പറയത്തക്ക സ്വാധീനമോ പ്രാബല്യമോ ഉള്ളവരായി അറിയപ്പെട്ടിട്ടില്ല. മററു ക്രിസ്ത്യാനികൾ തമിഴ്പ്രദേശത്തുനിന്നു കുടിയേറിപ്പാർത്ത വെള്ളാളരും മററുമായിരുന്നു. തരിസായ്കളുടെ പിൻഗാമികളെന്നവകാശപ്പെടുന്ന ഏതാനും സുറിയാനി കുടുംബങ്ങൾ ഇന്ന് തിരുവനന്തപുരത്ത് കൈതമുക്കിലുണ്ട്.

## L. M. S., C. M. S. സമൂഹങ്ങൾ

കേരളത്തിലെ ക്രൈസ്തവസഭകളുടെ ചരിത്രത്തിൽ, 19-ാം നൂററാണ്ടിൻെറ ആരംഭത്തിൽവന്ന പ്രോട്ടസ്റ്റൻറ് മിഷ്നറിമാർക്ക് സുപ്രധാനമായൊരു സ്ഥാനമുണ്ട്. സാക്ഷരതത്തിൻേറയും ആധുനികവിജ്ഞാനത്തിൻേറയും ആതുരസേവനത്തിൻേറയും സാമ്പത്തികോദ്ധാരണത്തിൻേറയും കാഹളം മുഴക്കിക്കൊണ്ടാണ് അവർ കേരളത്തിൻെറ ഒരു ഭാഗമായ അന്നത്തെ തിരുവിതാംകൂറിൻെറ തെക്കേഅററത്ത് പ്രവേശിച്ചത്. വിദേശിയരായ ലത്തീൻ മിഷ്നറിമാർ 16-ാം നൂററാണ്ടിൻെറ ആരംഭംമുതൽ മിഷ്ൻപ്രവർത്തനം നടത്തിയിട്ടുള്ളവരാണ്. അതിൻെറ ഫലമായി അനേകായിരം ആളുകൾ ലത്തീൻ സഭാംഗങ്ങളായിത്തീർന്നു. എന്നാൽ ലത്തീൻസമുദായത്തിന് സാമ്പത്തികമായും സാമൂഹ്യമായും കൈവന്നിട്ടുള്ള വികാസം, പ്രോട്ടസ്റ്റൻറ് മിഷ്നറിമാരുടെ അനുഗാമികളുടേതുമായി തട്ടിച്ചുനോക്കുമ്പോൾ, നിർഭാഗ്യകരമെന്നേ പറയേണ്ടൂ.

www.malankaralibrary.com

വി. ഫ്രാൻസിസ് സേവ്യർ ഇന്നു് പഴയ തിരുവിതാംകൂറി ൻെറ കടൽത്തീരത്തുകൂടി കടന്നുപോയാൽ അദ്ദേഹത്തിനു് 16–ാം നൂററാണ്ടിലെ ക്രൈസ്തവരുടെ സാമ്പത്തികവും സാമൂഹ്യവുമായ സ്ഥിതി അല്പമെങ്കിലും മെച്ചപ്പെട്ടതായി കാണുവാൻ സാധിക്കുകയില്ല. എന്നാൽ, പുരാതനമായി പനയിൽ കയറി കള്ളു് എടുത്തിരുന്ന വിഭാഗത്തെ ഒരു നൂററാണ്ടു കൊണ്ടു് താഴെയിറക്കി, വിദ്യാഭ്യാസം ചെയ്യിച്ചു് സർവ്വകലാശാലാബിരുദസമ്പാദനത്തിലും സാമ്പത്തികനിലയിലും മറേറതൊരു സമുദായത്തോടും കിടപിടിക്കത്തക്കവിധത്തിൽ ആക്കിയതു്, പ്രോട്ടസ്റ്റൻറ് മിഷ്നറിമാർ നടത്തിയ അത്ഭുതമെന്നേ പറയാനുള്ളു. ഇതു് സംബന്ധിച്ചു് നാഗമയ്യാ പറയുന്നു, ''ഇംഗ്ലീഷുകാർക്കു മുൻപേ യൂറോപ്പിൽനിന്നും ആദ്യമായി വന്ന പോർച്ചുഗീസുകാരും ഡച്ചുകാരുമായ മിഷ്നറിമാർ തിരുവിതാംകൂറിൻെറ ചരിത്രത്തിനു് കാര്യമായ സംഭാവനയൊന്നും നല്കിയിട്ടില്ല. കത്തോലിക്കരായ പോർച്ചുഗീസു് മിഷ്നറിമാർക്കു് വിദ്യാഭ്യാസം ജനങ്ങൾക്കു കൊടുക്കുന്നതിൽ യാതൊരു താല്പര്യവുമുണ്ടായിരുന്നില്ല''6.

മിഷ്ൻപ്രവർത്തനങ്ങളിൽ അതീവ ബോധവാന്മാരായ ഇംഗ്ലണ്ടിലെ പ്രോട്ടസ്റ്റൻറ്കാർ ഏഷ്യൻ ആഫ്രിക്കൻഭൂഖണ്ഡങ്ങളിലേയ്ക്കു് മിഷ്നറിമാരെ അയച്ചുതുടങ്ങിയതു് 19–ാം നൂററാണ്ടിലാണു്. ഇംഗ്ലണ്ടിലെ പ്രോട്ടസ്റ്റൻറ് വിഭാഗത്തിൽ High Church, Low Church എന്നിങ്ങനെ രണ്ടു വിഭാഗങ്ങളുണ്ടായിരുന്നു. High Church കാർ ആംഗ്ലിക്കൻസ് എന്നറിയപ്പെടുന്നു. അവർ മെത്രാൻസ്ഥാനത്തിൻെറയും ആരാധനാക്രമത്തിൻെറയും പാരമ്പര്യം ആചരിച്ചുപോരുന്നവരാണു്. എന്നാൽ, Low Church കാർക്കു് അങ്ങനെയല്ല. High Church കാർ വിശ്വസിക്കുന്ന പലതും Low Church കാർ വിശ്വസിക്കുന്നില്ല. തിരുവിതാംകൂറിൻെറ വടക്കുഭാഗത്തു് മിഷ്ൻ പ്രവർത്തനങ്ങൾ ആരംഭിച്ചതു് High Church കാരായിരുന്നു. കോട്ടയമായിരുന്നു അവരുടെ ആസ്ഥാനം. അവരാണു് Church Missionary Society (C. M. S.) എന്നറിയപ്പെട്ടതു്. Low Church അഥവാ London Mission Society (L. M. S.) യാണു് തിരുവിതാംകൂറിൻെറ തെക്കേ അററത്തു് മിഷ്ൻപ്രവർത്തനം ആരംഭിച്ചതു്. ഇങ്ങനെയാണു് ഇംഗ്ലണ്ടിൽനിന്നുവന്ന പ്രോട്ട

6. State Manual, Vol. 2, 1906, P. 445.

www.malankaralibrary.com

സ്റ്റൻറ് മിഷ്ൻപ്രവത്തനങ്ങളുടെ തിരുവിതാംകൂറിലെ തുടക്കം. L. M. S. ഉം C. M. S. ഉം കൂടിയോജിച്ച് Church of South India (C. S. I.) എന്നാണ് ഇപ്പോറം അറിയപ്പെടുന്നതു്. ഇതിൻെറ വടക്കേ ഇന്ത്യയിലെ സമാന്തരവിഭാഗം C. N. I. അഥവാ Church of North India ആണ്.

## എൽ. എം. എസ്. പ്രവർത്തനങ്ങൾ

ടാങ്കെബാർ ഡാനിഷ് മിഷ്നിൽ ജോലിചെയ്തിരുന്ന റവ. റിംഗിറംടോബ്ബ് (W. T. Ringletaube) എന്ന പ്രഷ്യൻ മിഷ്നറി L. M. S. ൻെറ ആഭിമുഖ്യത്തിൽ, 19-ാം നൂററാണ്ടിൻെറ ആരംഭത്തിൽ, തിരുവിതാംകൂറിൽ പ്രവേശിച്ച് മിഷ്ൻ പ്രവത്തനം തുടങ്ങി. അദ്ദേഹത്തിന് സവർണ്ണഹിന്ദുക്കളുടെയും സക്കാരിൻെറയും ശക്തിയായ എതിപ്പ് നേരിടേണ്ടിവന്നു. അനേകപ്രതിബന്ധങ്ങറംക്കും ക്ലേശങ്ങറംക്കും ശേഷം, 1806-ൽ അദ്ദേഹം നാഗർകോവിലിനടുത്തുള്ള മൈലാടിയിൽ പണിയിച്ചതാണ് കേരളത്തിലെ ആദ്യത്തെ പ്രോട്ടസ്റ്റൻറ് ദൈവാലയം. ജാതിമതഭേദമെന്യേ വിദ്യാഭ്യാസം നല്കുവാനും ആതുരസേവനം നടത്തുവാനും സാങ്കേതിക തൊഴിലുകളിൽ പരിശീലിപ്പിക്കുവാനും (Industrial Schools) ആയിരുന്നു അവരുടെ യത്നങ്ങറം. മിഷ്ൻപ്രവത്തനങ്ങളിൽ അഗ്രഗണ്യരായ രണ്ടുപേർ 1817-ൽ ഈ പ്രസ്ഥാനത്തിൽച്ചേന്നു. അവരാണ് റവ. ചാറംസ് മീഡും (Rev. Charles Mead) ഭാര്യയും. റിംഗിറംടോബിൻെറ പിൻഗാമികളായും നെയ്യൂർ L. M. S. മിഷ്ൻേറയും സുപ്രസിദ്ധമായ നെയ്യൂർ ആശുപത്രിയുടേയും ജനയിതാക്കളായും അറിയപ്പെടുന്നതു് മീഡ് ദമ്പതിമാരാണ്. അക്കാലത്തു്, തിരുവിതാംകൂറിലുണ്ടായിരുന്ന ഏക സ്വകാര്യ ആശുപത്രിയും ഇതായിരുന്നു. തെക്കൻതിരുവിതാംകൂറിലെ L.M.S. മിഷ്ൻെറ 'പിതാവ്' എന്നു് റവ. മീഡ് അറിയപ്പെടുന്നെങ്കിൽ7, 'മാതാവ്' എന്നാണ് അദ്ദേഹത്തിൻെറ ഭാര്യ അറിയപ്പെടുന്നതു്. ഇവരായിരുന്നു തിരുവിതാംകൂറിലെ ആദ്യത്തെ പ്രോട്ടസ്റ്റൻറ് വനിതാമിഷ്നറി. അവർ നെയ്യൂരിൽ 27 വഷം പ്രേഷിതവേല ചെയ്തു.

1940-ലെ State Manual-ൽ ടി. കെ. വേലുപ്പിള്ള പറയുന്നു; "തിരുവിതാംകൂർ രാജ്യത്തിലെ വിദ്യാഭ്യാസപ്രവത്തന

7. C. M. Agur, Church History Part III P. 497.

www.malankaralibrary.com

ങ്ങളിൽ ഏററവും പ്രധാനമായി പരിഗണിക്കേണ്ട പേരു് 1817—ൽ ഒരു L. M. S. മിഷ്യനറിയായി നാഗർകോവിലിൽ വന്ന റവ. ചാറംസ് മീഡ്യ് ആണ്......1818-ൽ അദ്ദേഹം നാഗർകോവിലിൽ ഒരു സെമിനാരി സ്ഥാപിച്ചു. അതായിരുന്നു, തിരുവിതാംകൂറിലെ ആദ്യത്തെ വിദ്യാലയം. അവിടെ ഇംഗ്ലീഷു്, മലയാളം, തമിഴ്, സംസ്കൃതം എന്നിവ പഠിപ്പിച്ചിരുന്നു. ഈ സെമിനാരിയാണു് കാലാന്തരത്തിൽ സ്കോട്ട ക്രിസ്ത്യൻ എന്നപേരിൽ ഒരു സെക്കൻറു് ഗ്രേഡ് കോളേജായതു്. അദ്ദേഹം തൊഴിൽപരമായ സാങ്കേതിക വിദ്യാലയങ്ങഠ ഉറപ്പെടെ പല സ്കൂളുകളും സ്ഥാപിച്ചു. സ്ത്രീ വിദ്യാഭ്യാസത്തിൽ നേതൃത്വം കൊടുത്തതു് അദ്ദേഹമാണു്8''.

L. M. S. ന്റെ പ്രഥമ മിഷ്യനറിയായ റിംഗിറംടോബ് 1806–ൽ ത്തന്നെ തിരുവനന്തപുരത്തെത്തി. സവർണ്ണഹിന്ദുക്കളുടെ എതിർപ്പും സക്കാരിന്റെ തടസ്സങ്ങളും തിരുവനന്തപുരം പട്ടണത്തിലെ അയിത്താചരണവും കാരണം, മിഷ്യൻ പ്രവത്തനങ്ങഠ അവിടെ അസാദ്ധ്യമായിക്കണ്ടതിനാൽ അദ്ദേഹവും അനുയായികളും വടക്കോട്ട നീങ്ങി, കൊല്ലം ആസ്ഥാനമാക്കി മിഷ്യൻപ്രവത്തനങ്ങഠ ആരംഭിച്ചു. ഇങ്ങനെയാണു്, കൊല്ലം ചാപ്പൻസിയുടെ ഒരു കീഴ്ഘടകമായി തിരുവനന്തപുരം മിഷ്യൻ തീന്നതു്9. തിരുവനന്തപുരം പട്ടണത്തിനു പുറത്തുള്ള വലിയതുറയിൽ L. M. S. മിഷ്യൻ തുടങ്ങുവാനുള്ള റവ. കോക്സിന്റെ കുറെക്കാലത്തെ ശ്രമങ്ങഠ നിഷ്ഫലമായിരുന്നു. ഒടുവിൽ, റസിഡണ്ടു് ഫ്രെയിഡറും ഇടപെട്ടാണു് ഗവണ്മെൻറു നിരോധനം നീക്കിയതു്. റവ. കോക്സു് 23 വഷം വലിയതുറയിലെ മിഷ്യനറിയായിരുന്നു.

ബ്രിട്ടീഷ് മേൽക്കോയ്മയുടെ പ്രതിനിധികളായ റസിഡൻറുമാർ തിരുവിതാംകൂറിൽ ഉണ്ടായിരുന്നുവെങ്കിലും, രാജ്യത്തിന്റെ ആഭ്യന്തരകാര്യങ്ങളിൽ പ്രത്യക്ഷമായി ഇടപെടുവാൻ അവക്കു് നിവ്വാഹമില്ലായിരുന്നു. എന്നാൽ, 1811 ജൂണിൽ കേണൽ മൺറോ തിരുവിതാംകൂർ ദിവാനായതോടുകൂടി, ക്രൈസ്തവരോടുള്ള സക്കാരിന്റെ മനോഭാവത്തിൽ മാററംവന്നു. 1823–ലാണു് ഒരു ചെറിയ L. M. S. സമൂഹം തിരുവനന്തപുരത്തു് ഉണ്ടാകുന്നതു്10.

---

8. T. K. Velu Pilla, State Manual P. 698-99.
9. S. Mateer Land of Charity, P. 279.
10. Ibid, P. 270.

www.malankaralibrary.com

അന്നു്, നാഗർകോവിലിലെ സെമിനാരിയുടെ പ്രിൻസിപ്പലായിരുന്ന റവ. റോബർട്ട്. നാനാജാതിമതസ്ഥർക്കും ഇംഗ്ലീഷ് വിദ്യാഭ്യാസം കൊടുത്തിരുന്ന സ്കൂളിനെയാണു് സെമിനാരിയെന്നു് അന്നു് പറഞ്ഞിരുന്നതു്. ആ സെമിനാരി സന്ദർശിച്ച സ്വാതിതിരുനാൾ മഹാരാജാവു് അവിടെ കണ്ട വിദ്യാഭ്യാസസമ്പ്രദായത്തിൽ വളരെ ആകൃഷ്ടനും സംതൃപ്തനും ആയി. മഹാരാജാവിന്റെ ക്ഷണപ്രകാരം റവ. റോബർട്ടു് തിരുവനന്തപുരത്തുവന്നു് 1834–ൽ ഒരു മിഷ്യൻ സ്കൂൾ സ്ഥാപിച്ചു. പിറ്റെവർഷം ഗവണ്മെൻറു് അതേറ്റെടുത്തു് മഹാരാജാസ്സ്കൂൾ എന്ന പേരിൽ നടത്തിത്തുടങ്ങി. അതിനു് 1866–ൽ ഉണ്ടായ വികസനമാണു് മഹാരാജാസ് കോളേജ് (ഇന്നത്തെ യൂണിവേഴ്സിററി കോളേജ്) എന്നതു്.

1855–ൽ തെക്കൻ തിരുവിതാംകൂറിൽനിന്നും തിരുവനന്തപുരത്തേയ്ക്കു് റവ. മീഡ് തന്റെ മിഷ്യൻ പ്രവർത്തനം മാററി. ഇതിനു് രണ്ടു കാരണങ്ങളുണ്ടായിരുന്നു. ഒന്നു്, 1846–ൽ ഭാര്യ മരണമടഞ്ഞു. അഞ്ചുവർഷത്തോളം അദ്ദേഹം വിഭാര്യനായിക്കഴിഞ്ഞശേഷം, ഒരു നാട്ടുകാരിയെ വിവാഹംചെയ്തു. ഇതു് സഹപ്രവർത്തകരായ വിദേശമിഷ്യനറിമാർക്കു് അവജ്ഞയും അമർഷവും ഉണ്ടാക്കുവാനിടയായി. ഈ നിലയിലിരിക്കുമ്പോഴാണു്, അദ്ദേഹത്തിന്റെ സുഹൃത്തായ റസിഡൻറു് കല്ലൻ തിരുവനന്തപുരത്തേയ്ക്കു് അദ്ദേഹത്തെ ക്ഷണിച്ചതു്. തിരുവനന്തപുരത്തുവന്നയുടനെ റവ. മീഡ് രാജ്യത്തെ സ്കൂളുകളുടെയെല്ലാം സൂപ്രണ്ടു് ആയി നിയമിതനായി. 1856–ൽ ആദ്യത്തെ ഗവണ്മെൻറു് പ്രസ്സിന്റെ സ്ഥാപകനും സൂപ്രണ്ടുമായി അദ്ദേഹം. കൂടാതെ, അദ്ദേഹം സദാർ കോടതിയിലെ ജഡ്ജിയുമായിരുന്നു. തിരുവനന്തപുരത്തു് മൃൂസിയം ഉണ്ടായതിൽ പ്രധാനപങ്കു് അദ്ദേഹത്തിനുണ്ടു്. ഉദാരനിധിയായ റവ. മീഡിനെ അനുഗമിച്ചു്, അദ്ദേഹത്തിന്റെ ആശ്രിതരായ വളരെയാളുകൾ നാഗർകോവിലിൽനിന്നും നെയ്യൂരിൽനിന്നും തിരുവനന്തപുരത്തു വരുകയും അദ്ദേഹം അവർക്കു് അവിടെ ജോലിയുണ്ടാക്കിക്കൊടുക്കുകയും ചെയ്തു. അവരാണു് തിരുവനന്തപുരത്തെ C. S. I. യുടെ മൂലഘടകം. പുലയരായ ബാലികാബാലന്മാർക്കുവേണ്ടി പാളയത്തു് അദ്ദേഹം ഒരു സ്കൂൾ സ്ഥാപിച്ചു എന്നാൽ ആ സ്കൂൾ അധികനാൾ നടന്നില്ല. കാരണം, തിരുവനന്തപുരത്തെ ജാതിബോധത്തിന്റെ ശക്തിതന്നെ. സ്കൂൾ നടന്നിരുന്ന സ്ഥലത്താണു് ഇന്നു്

www.malankaralibrary.com

യൂണിവേഴ്സിററി ലൈബ്രറി സ്ഥിതിചെയ്യുന്നതു്. 1873 ജനവരി 19-ാം തീയതി റവ. മീഡ് നിര്യാതനായി. അദ്ദേഹത്തിൻെറ ശവകുടീരം ക്രൈസ്റ്റ് ചർച്ച് സിമിത്തേരിയിൽ ഇപ്പോഴും കാണാം. ഇന്നു് വി. ജെ. ററി. ഹാളിൽനിന്നും കിഴക്കോട്ടു് കാത്തലിക് ഹോസ്റ്റലിനെ സ്പർശിച്ചുപോകുന്ന റോഡിൻെറ പേരു് മീഡ്ലെയിൻ എന്നാണു്. റവ. മീഡ് ഇന്നു് കാത്തലിക് ഹോസ്റ്റൽ ഇരിക്കുന്ന സ്ഥലത്താണു് താമസിച്ചിരുന്നതു്.

L. M. S. മിഷ്യനറിമാർ തിരുവനന്തപുരത്തു് മിഷ്യൻ പ്രവർത്തനം ആരംഭിക്കുന്നതു് പിശാചുബാധിതപ്രദേശമെന്നു ഗണിക്കപ്പെട്ടിരുന്ന കണ്ണമ്മൂലയിലാണു്. കുററിക്കാടുകളും വൻമരങ്ങളും ധാരാളം ഉണ്ടായിരുന്ന സ്ഥലമായിരുന്നു അതു്. അവിടെ 1870-കളിൽ പ്രവർത്തിച്ചിരുന്ന മിഷ്യനറിയായിരുന്നു റവ. സാമുവേൽ മററിയർ. കണ്ണമ്മൂലയിൽനിന്നും, ഇന്നു് മ്യൂസിയത്തിനു് പടിഞ്ഞാറുവശത്തു്, L. M. S. കോമ്പൗണ്ടു് എന്നും ബെയിൻസ് കോമ്പൗണ്ടു് എന്നും അറിയപ്പെടുന്ന 20 ഏക്കറോളം ഉള്ള സ്ഥലത്തേയ്ക്കു് മിഷ്യൻ കേന്ദ്രങ്ങൾ വ്യാപിച്ചു. അവിടെയാണു് റവ. മററിയറിൻെറ പേരിലുള്ള പള്ളിയും മററു C. S. I. സ്ഥാപനങ്ങളും ഇന്നു നാം കാണുന്നതു്. കണ്ണമ്മൂലയിൽ Union Theological Seminary യും ഒരു ഇടവക ദൈവാലയവുമാണു് ഇപ്പോഴുള്ളതു്. ഇതുകൂടാതെ, നന്തൻകോട്ടു് ഏഴെട്ടേക്കറോളം വരുന്ന മറെറാരു ബെയിൻസ് കോമ്പൗണ്ടും ഉണ്ടു്. അവിടെ തെക്കൻ തിരുവിതാംകൂറിൽനിന്നുവന്ന L. M. S. ക്രിസ്ത്യാനികളും വടക്കുനിന്നുവന്ന ചുരുക്കംചില സുറിയാനി ക്രിസ്ത്യാനികളും താമസിക്കുന്നു.

1865-ൽ എടുത്ത കനേഷുമാരിയനുസരിച്ചു് തിരുവനന്തപുരം പട്ടണത്തിൽ 51718 ആളുകളും അവരിൽ 4043 ക്രിസ്ത്യാനികളും ഉണ്ടായിരുന്നു11. റവ. മററിയർ 1870-ൽ പ്രസിദ്ധീകരിച്ച അദ്ദേഹത്തിൻെറ ഗ്രന്ഥത്തിൽ കൊടുത്തിരിക്കുന്ന കണക്കു്: തിരുവനന്തപുരം പട്ടണത്തിലെ ജനസംഖ്യ 50718 ആണു്. അതിൽ 5700 പേർ ബ്രാഹ്മണരാണു്. 3500 ശൂദ്രന്മാരും, 4600 നാട്ടുക്രിസ്ത്യാനികളും, 4600 മുഹമ്മദീയരും, 70 യൂറോപ്യൻസും ഉള്ളതായി കാണുന്നു12. ഇതു് ഏകദേശ കണക്കായിട്ടാണു് തോന്നുന്നതു്.

---

11. The Handbook of Travancore, Vol. I, 1881, P. 6.
12. S. Mateer P. 270.

www.malankaralibrary.com

തിരുവനന്തപുരം നഗരത്തിലെ ജനസംഖ്യാവർദ്ധനവ് വളരെ ശീഘ്രതയിലായിരുന്നു. 1901–ൽ ഏകദേശം അര ലക്ഷമായിരുന്നു ജനസംഖ്യ. 1941–ൽ ഒരു ലക്ഷം കവിഞ്ഞു. 1961–ൽ രണ്ടു ലക്ഷവുമായി. എന്നാൽ ഏററവും കൂടുതലായ വദ്ധനവ് 1961–നും 1971–നും മദ്ധ്യേയാണ്. അതായതു് 61–ലെ രണ്ടു ലക്ഷത്തിൽനിന്നും 71–ലെ നാലു ലക്ഷമായതാണ്. പത്തുകൊല്ലംകൊണ്ടു ജനസംഖ്യ ഇരട്ടിക്കുവാൻ കാരണം തിരുവനന്തപുരം പട്ടണത്തിന്റെ പ്രാന്തങ്ങളായ കടൽത്തീരദേശങ്ങളും മററു ഭാഗങ്ങളിലുള്ള സ്ഥലങ്ങളും തിരുവനന്തപുരം കോർപ്പറേഷനിലുൾപ്പെടുത്തിയതാണ്. കൂടാതെ തിരുക്കൊച്ചിയുടേയും കേരളത്തിൻേറയും തലസ്ഥാനം തിരുവനന്തപുരമായപ്പോൾ അവിടെ ജനവർദ്ധനവും ഉണ്ടായി. 1983–ലെ ജനസംഖ്യ അഞ്ചു ലക്ഷത്തോളമായിരിക്കുന്നു.

ആംഗ്ലിക്കൻ സഭയിലെ മിഷ്നറിമാർ (C. M. S. കാർ 1816–ൽ കോട്ടയത്തും പ്രവത്തനം തുടങ്ങി. ഇവരുടെകൂടെ മാർത്തോമ്മാക്രിസ്ത്യാനികളുടെ ഒരു ചെറിയ വിഭാഗംചേന്നു. അവർ മിഷ്നറിമാരുടെ സഹായത്തോടെ ഉന്നതവിദ്യാഭ്യാസംചെയ്തു് ഗവണ്മെൻറ് ഉദ്യോഗങ്ങളിൽ കയറിപ്പററി. അവരിൽ ചിലർ തിരുവനന്തപുരത്തുവന്നു താമസിക്കുകയും ചെയ്തു.

തിരുവനന്തപുരത്തെ L. M. S. കാർക്കു് ഉണ്ടായിരുന്ന പള്ളിയിൽ ചില തക്ക്ങ്ങൾ ഉണ്ടാകുകയാൽ, വടക്കുനിന്നും വന്ന സുറിയാനിക്കാരായ C. M. S. കാർ, ഇന്നു നാം കാണുന്ന ക്രൈസ്റ്റ് ചച്ചിലേയ്ക്കു മാറി. ഈ പള്ളി പണിയുവാൻ ആവശ്യമായ തടി മഹാരാജാവു് ദാനമായി കൊടുത്തതായിരുന്നു. ആദ്യത്തെ L. M. S. പള്ളി 'മററിയർ' (Mateer) എന്ന മിഷ്നറിയുടെ പേരിലാണറിയപ്പെട്ടിരുന്നതു്. 'മററിയർ' പള്ളി തമിഴ്കാരായ L. M. S. കാക്കും, ക്രൈസ്റ്റ് ചച്ച് സുറിയാനിക്കാരായ C. M. S. കാർക്കും വേണ്ടിയായിരുന്നു. ബ്രിട്ടീഷു ഉദ്യോഗസ്ഥന്മാക്കുവേണ്ടിയാണ് ക്രൈസ്റ്റ് ചച്ചിന്റെ സ്ഥാപനം. എന്നാൽ, മററിയർ പള്ളി തിരുവനന്തപുരം C. S. I. ബിഷപ്പിന്റെ കീഴിലും അടുത്തുള്ള ക്രൈസ്റ്റ് ചച്ച് കോട്ടയം C. S. I. ബിഷപ്പിന്റെ കീഴിലുമാണ്.

## സാൽവേഷൻ ആർമി

ഈ വിഭാഗം തിരുവനന്തപുരത്തു വരുന്നതു് 1896–ൽ ആണ്. എന്നാൽ, അവരുടെ പ്രധാന പ്രവത്തനം അധഃകൃ

www.malankaralibrary.com

തർ എന്നറിയപ്പെട്ടിരുന്ന പുലയരുടെയും മററും ഇടയിലായിരുന്നു. തന്മൂലം സവർണ്ണഹിന്ദുക്കളുടെ എതിർപ്പുണ്ടാകയാൽ മാവേലിക്കരയിലേയ്ക്കു് പ്രവർത്തനം മാററി. അവിടെയുണ്ടായിരുന്ന പൗരേത്തു്, വിലനിലം എന്ന രണ്ടു് സുറിയാനികുടുംബങ്ങളിലെ ചില അംഗങ്ങൾ സാൽവേഷൻ ആർമിയിൽ ചേർന്നു. തിരുവനന്തപുരത്തെ സവർണ്ണരുടെ എതിർപ്പ് കാലക്രമേണ മാറിയപ്പോൾ, സാൽവേഷൻ ആർമി വീണ്ടും അവിടെവന്നു്, കവടിയാർ കൊട്ടാരത്തിനു മുൻവശത്തു് 14 ഏക്കർ സ്ഥലം വാങ്ങി. ഇവിടെയാണു് ഇപ്പോൾ മെഡിക്കൽ സെൻറർ, ഹൈസ്കൂൾ, അനാഥശാല, വികലാംഗർക്കുള്ള അഭയസ്ഥാനം, തൊഴിൽപരിശീലനകേന്ദ്രങ്ങൾ മുതലായവ നടത്തുന്നതു്. ഇന്നു് കേരളത്തിൽ 253 കേന്ദ്രങ്ങൾ അവക്കുണ്ടു്. അവശരായ അധഃകൃതരെന്നു അറിയപ്പെടുന്നവരുടെ ഇടയിൽ അവർ ചെയ്യുന്ന പ്രവർത്തനങ്ങൾ പ്രശംസാർഹമാണു്.

## ലൂഥറൻസ്

ഇവക്കു് തിരുവനന്തപുരത്തു് ഒരു ഹൈസ്കൂളും, കേരളത്തിലെ ഇതരസ്ഥലങ്ങളിൽ മററു സ്ഥാപനങ്ങളുമുണ്ടു്.

പെന്തക്കോസ്റ്റു്, ചർച്ച് ഓഫ് ഗോഡ് മുതലായവയ്ക്കും തിരുവനന്തപുരത്തു് ആസ്ഥാനങ്ങളും കുടുംബങ്ങളുമുണ്ടു്.

www.malankaralibrary.com

## മുപ്പത്തഞ്ചാം അദ്ധ്യായം

## പമ്പയ്ക്കു തെക്ക് (തുടർച്ച)

# തിരുവനന്തപുരത്തെ ലത്തീൻ ക്രിസ്ത്യാനികൾ

### ജനസമൂഹങ്ങൾ

തിരുവനന്തപുരം പട്ടണത്തിൽ ആദ്യലത്തീൻ ക്രിസ്ത്യാനികളെ കാണുന്നതു് പത്തൊൻപതാം നൂററാണ്ടിൻെറ ആരംഭത്തിലാണു്. അവർ താമസിച്ചിരുന്നതു് കുന്നുകുഴിയിലും അവരുടെ തൊഴിൽ മത്സ്യവില്പനയുമായിരുന്നു. അതിനു മുൻപു്, പേട്ടയിൽ ഏതാനും യൂറേഷ്യൻ കുടുംബങ്ങൾ ഉണ്ടായിരുന്നിരിക്കാം. അവർക്കു് രാജധാനിയും പൊതുനിരത്തുകളും നിരോധിതമേഖലയായിരുന്നു. എങ്കിലും മത്സ്യവില്പനക്കാരെ കുന്നുകുഴിയിൽ താമസിക്കുവാൻ അനുവദിച്ചതു്, അതിനടുത്തു് പാളയത്തു് താവളമടിച്ചിരുന്ന ഇംഗ്ലീഷ് പട്ടാളത്തിൻെറ ആവശ്യത്തിനു് അവർ മത്സ്യം നല്കിയിരുന്നതുകൊണ്ടാണു്. പാളയംപള്ളിയിലെ ഔദ്യോഗിക ചടങ്ങുകളിലെല്ലാം, ഈ സമൂഹത്തിനാണു് ഇന്നും പ്രാമുഖ്യം. അവർക്കു് ദൈവാലയമെന്നു പറയത്തക്കവിധത്തിൽ ഒന്നും അന്നുണ്ടായിരുന്നില്ല. പാളയം കത്തീഡ്രലിൻെറ മുൻവശത്തു് ഇന്നു കാണുന്ന കുരിശടി സ്ഥാപിച്ചു് പ്രാർത്ഥനകൾ നടത്തിപ്പോരുകയായിരുന്നു പതിവു്. ആദ്യം അതു് കന്യകമറിയത്തിൻെറ അമ്മയായ വി. അന്നയുടെ നാമത്തിലായിരുന്നു. പിന്നീടതു് വി. അന്തോനീസിൻെറ പേരിലായി മാറി.

മത്സ്യവില്പനക്കാർക്കുശേഷം തിരുവനന്തപുരത്തു് പ്രവേശിച്ച ലത്തീൻകാർ അധികവും പാണ്ടിയിലും ലങ്കയിലും നിന്നുംവന്ന തമിഴരായിരുന്നു. വെള്ളാളർ, ഭരതർ, തട്ടാന്മാർ എന്നിവർ ഇവരിൽ ഉൾപ്പെടുന്നു. പാണ്ടിത്തട്ടാന്മാർ കൂട്ടമായിവന്നു്, ഒരു വിഭാഗം തൈക്കാട്ടു് സ്വന്തമായി ഒരു പള്ളി സ്ഥാപിച്ചു്, സ്ഥിരതാമസമാക്കി. മറേറവിഭാഗം, വാണിജ്യ

www.malankaralibrary.com

കേന്ദ്രമായിത്തുടങ്ങിയ ആലപ്പുഴയിലേയ്ക്കു നീങ്ങി, തത്തമ്പള്ളി സുറിയാനി ഇടവകക്കാരായിത്തീർന്നു. ശക്തമായ പ്രലോഭനങ്ങൾ ഉണ്ടായിട്ടും അവർ ഇന്നും സുറിയാനിക്കാരായി കഴിയുന്നു. തത്തമ്പള്ളിയുമായി കൂടുതൽ ബന്ധമുള്ള തിരുവനന്തപുരത്തുള്ളവരിൽ ചിലർ ഞായറാഴ്ച കുർബ്ബാനകൾക്ക് സീറോ-മലബാർ റീത്തിലുള്ള ലൂർദ്ദുപള്ളിയിലാണ് വരാറുള്ളതു്.

തിരുവനന്തപുരം കടൽത്തീരത്തുള്ള ലത്തീൻകാർ പോർച്ചുഗീസ് മിഷ്നറിമാരുടെ പ്രവർത്തനഫലമായിരുന്നു. അതിനാൽ അവർ പദ്രവാദോ (കൊച്ചി) ഭരണത്തിലാണ് ഉൾപ്പെട്ടിരുന്നതു്. ഉൾപ്രദേശങ്ങളിൽ കർമ്മലീത്താമിഷ്നറിമാർ പ്രവർത്തനം നടത്തിയിരുന്നതുകൊണ്ടു്, അവിടത്തെ കത്തോലിക്കർ കൊല്ലം മെത്രാന്റെ കീഴിലായി. പേട്ടയിൽ പള്ളി കടൽത്തീരത്തല്ലെങ്കിലും അതു് പദ്രവാദോയിൽപ്പെടാൻ കാരണം ആ പള്ളി സ്ഥാപിച്ച തച്ചിൽ മാത്തുത്തരകൻ പദ്രവാദോയിൽപ്പെട്ട കൊടുങ്ങല്ലൂർ രൂപതക്കാരനായിരുന്നതുകൊണ്ടാണ്. ഏതായാലും കൊച്ചിയും കൊല്ലവും തമ്മിൽ നടത്തിയ ചില പള്ളികളുടെ വെച്ചുമാററത്തിൽ പേട്ടയിൽ പള്ളി കൊല്ലം രൂപതയിലായി.

## പാളയം പള്ളി

1855-ൽ ഫാ. മിരാൻഡാ എന്ന വൈദികൻ പാളയത്തുള്ള ലത്തീൻ കത്തോലിക്കരുടെ ആത്മിയാവശ്യങ്ങൾ നടത്തിക്കൊടുത്തിരുന്നതായി രേഖയുണ്ടു്. അവിടെ ഒരു ദൈവാലയം പണിയുന്നതിന് പണം ശേഖരിക്കാൻ, 1868-ൽ, ഫാ. മിരാൻഡായുടെ അദ്ധ്യക്ഷതയിൽ ഒരു കമ്മിററി ഉണ്ടായതായും കാണുന്നു. കൊല്ലം വികാരി അപ്പസ്തോലിക്കാ ആയിരുന്ന ബിഷപ്പ് മരിയാ അപ്രേമിന്റെ അരമന, ഇന്ന് അക്കൗണ്ടു് ജനറൽസ് ആഫീസിരിക്കുന്ന സ്ഥലത്തായിരുന്നു. കൊല്ലം വികാരിഅപ്പസ്തോലിക്കാ ആയിരുന്നെങ്കിലും അദ്ദേഹത്തിന്റെ താമസം അധികവും തിരുവനന്തപുരത്തായിരുന്നു. അരമനസ്ഥലം ലോകോളേജ് സ്ഥാപിക്കുവാൻ ഗവണ്മെൻറ് എടുത്തിട്ടു്, പകരം കൊടുത്ത സ്ഥലത്താണ് ഇന്ന് ഹോളി എയിഞ്ചൽസ് കോൺവെൻറും അവരുടെ ഹൈസ്കൂളും മററു സ്ഥാപനങ്ങളും നടത്തുന്നതു്.

www.malankaralibrary.com

പാളയം പള്ളിക്കുള്ള ഏകദേശം ഒന്നര ഏക്കർ സ്ഥലം രണ്ടുതവണകളായി, രണ്ടു ഉടമകളിൽനിന്നാണ് വാങ്ങിയതു്. കുരിശടിയുള്ള സ്ഥലം 1858–ൽ ഒരു ക്ഷുരകനോട് വാങ്ങിയതാണ്. പിന്നീട് വാങ്ങിയ രണ്ടു ഭാഗങ്ങളിൽ ആദ്യത്തേതു് 1864–ൽ 1041 പണത്തിനും, രണ്ടാമത്തേതു് 1865–ൽ 315 രൂപായ്ക്കും വാങ്ങിയതായി രേഖകളിൽ കാണുന്നു. പാളയം പള്ളിയുടെ ശിലാസ്ഥാപനം കൊല്ലം വികാരി അപ്പസ്തോലിക്കാ കാർലോസ് 1864–ൽ നിർവ്വഹിച്ചു. 1873 മെയ് 4–ാം തീയതി ബിഷപ്പ് ഇൻഡഫോൺസ് പാളയംപള്ളി ആശീർവ്വദിച്ചു്, ആരാധനായോഗ്യമാക്കി. ആ ദൈവാലയത്തിന്റെ ഇടത്തോട്ടും വലത്തോട്ടും ഉള്ള നീട്ടുകരം നിർമ്മിച്ചതു് 1916–ലായിരുന്നു. ഇന്നത്തെ രൂപത്തിലുള്ള ഗോപുരമുണ്ടാക്കിയതു് 1933–ലും. തിരുവനന്തപുരം ഡിസ്ട്രിക്റ്റിലുള്ള ലത്തീൻകാർക്കു പുതിയതായ ഒരു രൂപത, 1937–ൽ രൂപംകൊണ്ടപ്പോൾ, പാളയംപള്ളി സെൻറ് ജോസഫ് കത്തീഡ്രലായി. കേരളത്തിന്റെ നാനാഭാഗങ്ങളിൽനിന്നും വിവിധ ആവശ്യങ്ങൾക്ക് തലസ്ഥാനനഗരിയിൽ ദിനംപ്രതി വന്നുകൊണ്ടിരിക്കുന്ന നൂറുകണക്കിനു് കത്തോലിക്കരുടെ ആത്മികാവശ്യങ്ങൾ നിർവ്വഹിക്കുന്ന പുണ്യസ്ഥലമായി പാളയം പള്ളി തീർന്നിരിക്കുന്നു.

## ബൽജിയം കർമ്മലീത്തർ

ഇററാലിയൻ-സ്പാനിഷ് കർമ്മലീത്തരിൽനിന്നു സമാശപാസേന വ്യത്യസ്തരാണ് ബൽജിയം അഥവാ ഫ്ളാൻഡേഴ്സ് (Flanders) കർമ്മലീത്തർ. പലനിറത്തിലുള്ള ഗ്ലാസ്സുകളിൽ ഒരേ വെള്ളം പകന്നാൽ വെള്ളത്തിനു് ഗ്ലാസ്സിന്റെ നിറമാണല്ലോ കാണുക. പലനിറത്തിലുള്ള ഗ്ലാസിനുപകരം, നിറമില്ലാത്ത ഗ്ലാസുകളിൽ പലനിറങ്ങളുടെ പൊടിചേർത്താലും പല നിറത്തിലുള്ള വെള്ളമായി കാണാം. ഒരേ നിയമസംഹിതയാൽ നിബന്ധിതരായ സന്യാസിമാരിൽ ദേശീയതത്വത്തിന്റെ രൂപരേഖകൾ ഉൾക്കൊള്ളുമ്പോഴാണ്, ബവേറിയൻ കർമ്മലീത്തരും, ഇററാലിയൻ കർമ്മലീത്തരും, ബൽജിയം കർമ്മലീത്തരും വ്യത്യസ്തരായി കാണപ്പെടുന്നതു്. വരാപ്പുഴ കർമ്മലീത്തരിൽനിന്നു് മാർത്തോമ്മാക്രിസ്ത്യാനികൾക്ക് അനുഭവപ്പെട്ട കാർക്കശ്യവും ക്രൂരതയും വക്രബുദ്ധിയും ബൽജിയൻ കർമ്മലീത്തരിൽനിന്നുണ്ടായതായി അറിവില്ല.

www.malankaralibrary.com

1900–ൽ കർമ്മലീത്തരുടെ ബൽജിയം പ്രോവിൻസ് നിയമാനുസരണമായ ഒരു ആവൃതഭവനം മലബാറിൽ സ്ഥാപിക്കണമെന്നു നിശ്ചയിച്ചു. റോമിൽനിന്നു് അതിനു് അംഗീകരണവും നേടി. അതിനു നിയുക്തരായ ഫാ. ഫിലിപ്പ്സ്, ഫാ. പോരം, ബ്ര. അർനോഡ് എന്നീ പ്രഥമസംഘം, 1901 മാർച്ചു് 12-ാം തീയതി ബൽജിയത്തുനിന്നും പുറപ്പെട്ടു്, മെയ് 24-ാം തീയതി തങ്കശ്ശേരിൽ വന്നെത്തി. അന്നു്, ബിഷപ്പ് ഫെർഡിനാൻഡ് ഓസ്സി (ഇററാലിയൻ) ആയിരുന്നു കൊല്ലം മെത്രാൻ. ആശ്രമത്തിനു് സ്ഥലമന്വേഷിച്ചു് പ്രസ്തുത സംഘം തിരുവനന്തപുരത്തുവന്നു. പരുത്തിക്കുന്നു് അഥവാ Cotton Hill എന്ന കുന്നു്, അന്നു് കുററിക്കാടുകളും കാട്ടുമരങ്ങളും മുൾപ്പടർപ്പും നിറഞ്ഞ ജംബൂകസങ്കേതമായിരുന്നു. ആ കുന്നിനെ ചുററിപ്പററി പ്രേതങ്ങളുടേയും യക്ഷികളുടേയും ഭീകരകഥകൾ പ്രചരിച്ചിരുന്നു. 1901 ഒക്ടോബർ 19-ാം തീയതി കർമ്മലീത്താസംഘം ആ കുന്നിൻെറ തെക്കുഭാഗത്തു കുറച്ചു സ്ഥലം വാങ്ങി. 20-ാം തീയതി താല്ക്കാലികമായ ചെറിയ ഭവനം നിർമ്മിച്ചു. 1902 മാർച്ചു് 19-ാം തീയതി ഒരു ചെറിയ താല്ക്കാലിക ചാപ്പലും പണിതു. ബിഷപ്പ് ഓസ്സിയാണു് അതു് ആശീർവ്വദിച്ചതു്. ഇന്നു് പാങ്ങോട്ടു കാണുന്ന മനോഹരവും ഗംഭീരവുമായ ദൈവാലയവും ആശ്രമവും പണിയിച്ചതും ബിഷപ്പ് ബെൻസിഗറിൻെറ കാലത്താണു്. വാസ്തുശില്പം മികച്ചുനിന്നിരുന്ന ആ ദൈവാലയം കാണുവാൻ 1910 ഏപ്രിൽ 10-ാംനു- തിരുവിതാംകൂർ മഹാരാജാവുതന്നെ എഴുന്നെള്ളുകയുണ്ടായി.

## ബൽജിയം കർമ്മലീത്തരും

## തെക്കുള്ള മാർത്തോമ്മാക്രിസ്ത്യാനികളും

## ബിഷപ്പ് അലോഷ്യസ് ബൻസിഗർ

ബൽജിയം കർമ്മലീത്താപ്രോവിൻസിലെ ഉജ്ജ്വലപ്രേഷിതതാരമായിരുന്നു, അതിൽചേർന്ന സ്വിററ്സർലണ്ടുകാരനായ ബിഷപ്പ് അലോഷ്യസ് ബൻസിഗർ. അദ്ദേഹത്തിനു് തിരുവിതാംകൂറിൻെറ രണ്ടാമത്തെ ഫ്രാൻസിസ് സേവ്യർ എന്ന പേരു് അന്വർത്ഥമാണു്. മുപ്പതുവർഷമാണു് (1906–1937) അദ്ദേഹം കൊല്ലം രൂപതയുടെ മെത്രാനായിരുന്നതെങ്കിലും, അക്കാലത്തിനുള്ളിൽ കോട്ടാർ, തിരുവനന്തപുരം എന്നീ രൂപതകൾക്കു ജന്മം കൊടുക്കത്തക്കവിധത്തിൽ ജനങ്ങ

www.malankaralibrary.com

ളുടെയും ദൈവാലയങ്ങളുടെയും വൈദികരുടെയും സന്യാസാശ്രമങ്ങളുടെയും സംഖ്യ വദ്ധിക്കുവാൻ കാരണം, അദ്ദേഹത്തിന്റെ ജീവിതത്തിലെ ആത്മികചൈതന്യപ്രസരമാണ്. തിരുവിതാംകൂർ മഹാരാജാവായിരുന്ന ശ്രീമൂലംതിരുനാൾ ബിഷപ്പ് ബെൻസിഗറിനെ ഋഷിവര്യനായി കരുതുകയും അദ്ദേഹത്തിന് ബഹുമാനാദരവുകൾ സമപ്പിക്കുകയും ചെയ്തിരുന്നു. രാജകുടുംബത്തിൽ ഒരു ശിശുജനിച്ചാൽ ബൻസിഗർ ബിഷപ്പിനെ വരുത്തി, അദ്ദേഹത്തിന്റെ അനുഗ്രഹങ്ങൾ വാങ്ങുക പതിവായിരുന്നു. മെത്രാന്മാർക്ക് എഴുപത്തഞ്ചു വയസ്സു തികയുമ്പോൾ രൂപതാഭരണത്തിൽനിന്നും പിരിയണമെന്ന് ഇപ്പോൾ നിയമമുണ്ട്. ആ നിയമം വരുന്നതിന് വളരെമുമ്പുതന്നെ, സ്വമേധയാ, ഭരണാധികാരത്തിൽനിന്നും പിരിഞ്ഞു്, ആശ്രമത്തിൽ പ്രവേശിച്ച്, ശിഷ്ടകാലം തപസ്സിലും പ്രാത്ഥനയിലും കഴിച്ചുകൂട്ടിയ യതിവര്യനായിരുന്നു ബിഷപ്പ് ബെൻസിഗർ.

പുണ്യവാന്മാരുടെ ജീവചരിത്രത്തിന് അപസ്പകാഖ്യായികകളുടെ ആസ്വാദ്യതയും Thriller കഥകളുടെ അനുഭവവേദ്യതയും ഉണ്ടാകാറുണ്ട്. അപ്രതീക്ഷയുടെ ചരടിൽകോത്ത സന്തോഷത്തിന്റെയും ആഹ്ളാദത്തിന്റെയും അത്ഭുതത്തിന്റെയും അനുഭവസുമങ്ങൾ. ദാനംകിട്ടിയ കാറ് ദാനംചെയ്തിട്ട്, കാളവണ്ടിയിൽ സഞ്ചരിക്കുന്ന മെത്രാൻ, തീവണ്ടിയാത്രകളിലെല്ലാം മൂന്നാം ക്ലാസ്സ് ടിക്കററെടുക്കുന്ന മെത്രാൻ, വൈദികവേഷപ്രച്ഛന്നനായ മെത്രാൻ–ഇന്നല്ല, ദശവർഷങ്ങൾക്കുമുൻപ്, കത്തീഡ്രൽപള്ളിയിൽ കുമ്പസാരത്തിനുള്ള ദിവസങ്ങളിൽ മണിക്കൂറുകളോളം കുമ്പസാരം കേൾക്കുന്ന മെത്രാൻ, തന്റെ കയ്യിൽ തൂങ്ങുന്ന സഞ്ചിയിൽ തന്റെ വേഷഭൂഷാദികളേയും പരിവാരങ്ങളേയും ഒതുക്കിവെയ്ക്കുന്ന മെത്രാൻ, സജ്ജമാക്കിയിരിക്കുന്ന ആഘോഷപൂർവ്വമായ വരവേല്പിന്റെ സംവിധാതാക്കളുടെ കണ്ണുവെട്ടിച്ച് കടന്നിട്ട്, ഉദ്ദിഷ്ടസ്ഥാനത്തെത്തുന്ന മെത്രാൻ, ഇവയെല്ലാമായിരുന്നു, ബിഷപ്പ് ബൻസിഗറിന്റെ സവിശേഷതകൾ.

അദ്ദേഹവും ചങ്ങനാശ്ശേരിമെത്രാൻ മാർ തോമസ് കുര്യാളശ്ശേരിയും ഉററമിത്രങ്ങളായിരുന്നു. ബിഷപ്പ് ബൻസിഗർ ആലപ്പുഴനിന്നുള്ള ബോട്ടിൽ ഒരു സായാഹ്നത്തിൽ ചങ്ങനാശ്ശേരിയിൽ എത്തുമെന്ന് അറിയിച്ചിരുന്നു. അതനുസരിച്ച്, കുര്യാളശ്ശേരി മെത്രാന്റെ ഔദ്യോഗിക വാഹനമായ കാള

www.malankaralibrary.com

വണ്ടി ചങ്ങനാശ്ശേരി ബോട്ടുകടവിൽ കാത്തുനിന്നിരുന്നു. മണിക്കൂറുകൾ പലതു കഴിഞ്ഞിട്ടും അന്നത്തെ ആവിബോട്ടു വന്നില്ല. സിക്രട്ടറിയച്ചനും വണ്ടിക്കാരനും തിരിച്ചുപോയി. അരമനയിൽ പാതിരാവരെ കാത്തിട്ടും കൊല്ലം ബിഷപ്പു വന്നെത്തിയില്ല. ചങ്ങനാശ്ശേരി അരമനയിൽ സിക്രട്ടറിയച്ചൻ, പിറേറദിവസം വെളുപ്പിനു, അഞ്ചുമണിക്കു വാതിൽ തുറന്നപ്പോൾ വരാന്തയിൽ തുണിയിൽ പൊതിഞ്ഞ എന്തോ കിടക്കുന്നതുപോലെ തോന്നി. അടുത്തുചെന്നു് സൂക്ഷിച്ചു നോക്കിയപ്പോഴാണു് ബിഷപ്പ് ബൻസിഗർ, തന്റെ വസ്ത്രത്തിന്റെ ഉത്തരീയം വിരിച്ചു തലയ്ക്കൽ സഞ്ചിയുംവെച്ചു കിടന്നുറങ്ങുന്നതായി കണ്ടതു്. ആവിബോട്ടു് വഴിക്കു് കേടായതുമൂലം പാതിരാകഴിഞ്ഞാണു് അതു് ചങ്ങനാശ്ശേരിയിലെത്തിയതു്. ബിഷപ്പ് ബൻസിഗർ നടന്നു് അരമനയിലെത്തി ആരേയും ഉപദ്രവിക്കരുതെന്നു കരുതി വരാന്തയിൽ തന്റെ ഉത്തരീയം വിരിച്ചു കിടന്നുറങ്ങുകയും ചെയ്തു.

കേരളത്തിലെ പ്രമുഖനായ ഒരു മെത്രാൻ ചില മഹാസമ്മേളനങ്ങളിൽ ആവർത്തിച്ചു പ്രസംഗിക്കുന്ന ഒരു കാര്യമുണ്ടു്.

മെത്രാന്മാർക്കു് മൂന്നു ഭാഗ്യങ്ങളാണു് ഉള്ളതെന്നു്—''ഏതവൻ ഗേലിക്കട്ടെത്ത ഭാഗ്യങ്ങള''ല്ല. ഒന്നു്, എവിടെ ചെന്നാലും കെങ്കേമമായ വരവേല്പുകൾ; രണ്ടു്, എവിടെയായാലും ആസ്വാദ്യകരവും വിഭവസമൃദ്ധവുമായ ഭക്ഷണം; മൂന്നു്, മരിച്ചുകഴിഞ്ഞാൽ രാജകീയമായ ശവസംസ്കാരം. ഈ മൂന്നു ഭാഗ്യവും ലഭിക്കാത്ത ''നിർഭാഗ്യവാനാ''യിരുന്നു ബിഷപ്പ് ബൻസിഗർ. ഒന്നും രണ്ടും കാര്യങ്ങൾ അദ്ദേഹം പരിത്യജിച്ചവയായിരുന്നു. മൂന്നാമത്തേതു്, അദ്ദേഹം ജീവിതാന്ത്യകാലത്തു് ആശ്രമസ്ഥനായിരുന്നതിനാൽ ഒട്ടുംതന്നെ ''രാജകീയമായി''രുന്നില്ല.

ബൻസിഗർ—കര്യാളശ്ശേരി മെത്രാന്മാരുടെ വ്യക്തിപരമായ സൗഹാർദ്ദബന്ധം രൂപതകൾ തമ്മിലുള്ള പരസ്പരസഹായത്തിനു വഴിതെളിച്ചു. ഈ നൂററാണ്ടിന്റെ ആരംഭത്തിലും ചങ്ങനാശ്ശേരി വികാരിയാത്തിലെ പല വൈദികരും കൊല്ലം രൂപതയിൽ മിഷ്യൻ പ്രവർത്തനം നടത്താനിടയായതു് ബിഷപ്പ് കര്യാളശ്ശേരിയുടെ പ്രേരണയും പ്രോത്സാഹനവുംകൊണ്ടാണു്. ചങ്ങനാശ്ശേരിയിൽ ബിഷപ്പു കര്യാളശ്ശേരി സെൻറ് ബെർക്കുമെൻസ് കോളെജ് ആരംഭിച്ചപ്പോൾ,

www.malankaralibrary.com

ബിഷപ്പ് ബൻസിഗർ ഇരുപത്തയ്യായിരം രൂപായുടെ ഒരു സഹായം നല്കി. അതിനെ ഒരു നിധിയാക്കി, അതിൻെറ പലിശകൊണ്ടു് കൊല്ലം രൂപതാംഗങ്ങളായ വിദ്യാർത്ഥികൾക്ക് പഠനസഹായം ചെയ്യുവാനായിരുന്നു ഏർപ്പാട്. 1926-ൽ ബിഷപ്പ് ബൻസിഗറിൻെറ മെത്രാഭിഷേകരജതജൂബിലി കൊല്ലത്തുവച്ച്, തിരുവിതാംകൂർ ദിവാൻ, പരേതനായ വാട്ട്സിൻെറ അദ്ധ്യക്ഷതയിൽ ആഘോഷിച്ചപ്പോൾ, അതിൽ സംബന്ധിക്കുവാൻ നിയോഗിക്കപ്പെട്ട സെൻറ് ബെർക്കുമെൻസ് കോളെജിലെ മൂന്നു വിദ്യാർത്ഥിപ്രതിനിധികളിൽ ഒരാളായി ഈ ഗ്രന്ഥകർത്താവിനും ഭാഗ്യമുണ്ടായതു് പ്രസ്തുത ദാനത്തിൻെറ ഫലമാണ്.

ബിഷപ്പ് ബൻസിഗർ പഴയ തിരുവിതാംകൂറിൻെറ രണ്ടാമത്തെ ഫ്രാൻസിസ് സേവ്യറാണെന്നു് പറഞ്ഞുവല്ലോ. അദ്ദേഹം സാക്ഷാൽ അപ്പോസ്തലനെപ്പോലെയാണ് ജീവിച്ചതും പ്രവർത്തിച്ചതും. അദ്ദേഹത്തിൻെറ ജീവിതവിശുദ്ധിയുടെ പരിമളം ഇന്നും നാടാകെ മുററിനില്ക്കുന്നു. ജീവിതലാളിത്യത്തിൻെറ വീരരസം തുളുമ്പുന്ന എത്രയെത്ര സംഭവങ്ങളുടെ ഉടമയാണ് ആ പുണ്യചരിതൻ. വരാപ്പുഴ കർമ്മലീത്തർ തങ്ങളുടെ കൊളോണിയൽ ഭരണത്തിൻെറ കോട്ടയായി പൂർണ്ണകർമ്മലീത്തനുമല്ല, പൂർണ്ണഅൽമേനിയനുമല്ലാത്ത "ക. നി. മൂ. സ." എന്ന നപുംസകപ്പേരിൽ ഒരു സമൂഹത്തെ സൃഷ്ടിച്ചപ്പോൾ, 1928-ൽ ബിഷപ്പ് ബൻസിഗറിൻെറ നിർദ്ദേശമനുസരിച്ചാണ്, ഒ. സി. ഡി. സഭയുടെ വാതിലുകൾ നാട്ടുകാരായ സന്യാസാർത്ഥികൾക്ക് തുറന്നുകൊടുത്തതു്. തന്മൂലം പുണ്യപൂർണ്ണതയ്ക്കും സഭാസേവനത്തിനും, ഫാ. ഫിലിപ്പ് കൈപ്പൻപ്ലാക്കൽപോലുള്ള പ്രഗത്ഭമതികളെ കർമ്മലീത്താസഭയ്ക്കു ലഭിച്ചു. നങ്കൂരമററു നട്ടംതിരിയുന്ന എത്രയെത്ര ജീവിതനൗകകൾക്ക് അദ്ദേഹം ഒരു ദീപസ്തംഭമായിരുന്നു.

കോളെജ് വിദ്യാഭ്യാസത്തിനിറങ്ങുന്ന സീറോ-മലബാർ റീത്തുകാരായ വിദ്യാർത്ഥിനീവിദ്യാർത്ഥികൾക്കെല്ലാം തൃശ്ശൂർ സെൻറ് തോമസ്സിലും ചങ്ങനാശ്ശേരി സെൻറ് ബെക്കുമെൻസിലും പ്രവേശനം കൊടുക്കുവാൻ സാദ്ധ്യമായിരുന്നില്ല. അതുകൊണ്ടു് വളരെപ്പേർ തിരുവനന്തപുരത്തുള്ള ഗവണ്മെൻറു കോളെജുകളിൽ ചേർന്നു. എന്നാൽ ഇന്നത്തെപ്പോലെ അന്നുമുണ്ടായിരുന്ന വിഷമപ്രശ്നം താമസത്തിനുള്ള ഹോസ്റ്റലുകളുടെ അഭാവമായിരുന്നു. ബിഷപ്പ് കര്യാളശ്ശേരി അതിനൊരു

www.malankaralibrary.com

പരിഹാരമുണ്ടാക്കാൻ ബിഷപ്പ് ബൻസിഗറിനോടപേക്ഷിച്ചു. ആ അഭ്യർത്ഥന അനുസരിച്ചു തുടങ്ങിയതാണ്, തിരുവനന്തപുരത്തു് മീഡ്ലെയിനിലുള്ള ലൂയീസ് കാത്തലിക് ഹോസ്റ്റൽ. എൽ. എം. എസ്സ്. മിഷ്നറിയായ റവ. മീഡ് താമസിച്ച സ്ഥലത്താണ്, കാത്തലിക് ഹോസ്റ്റലിൻെറ സ്ഥാനം. അതിനുമുൻപ്, അതു് ഒരു ഗവണ്മെൻറുസ്കൂളിരുന്ന സ്ഥലമായിരുന്നു. സുറിയാനി കത്തോലിക്കാവിദ്യാർത്ഥികളെ പ്രഥമമായും പ്രധാനമായും ഉദ്ദേശിച്ചു തുടങ്ങിയ ഹോസ്റ്റലിൻെറ ആദ്യത്തെ വാർഡൻ തിരുവിതാംകൂർ നിയമസഭാംഗമായിരുന്ന ഫാ. സിറിയക്ക് വെട്ടിക്കാപ്പള്ളിയായിരുന്നു. നിയമസഭാചരിത്രത്തിലെ ഏക ക്രൈസ്തവവൈദികാംഗവും അദ്ദേഹംതന്നെ. ബിഷപ്പ് ബൻസിഗറിൻെറ ആ ഉദാരബുദ്ധി അദ്ദേഹത്തിൻെറ പിൻഗാമികരം ഇന്നോളം തുടർന്നു പോരുന്നതു് കൃതജ്ഞതയോടെ സ്മരിക്കേണ്ടതാണ്.

തിരുവനന്തപുരത്തു വിദ്യാർത്ഥികളായും ഉദ്യോഗസ്ഥന്മാരായും വരുന്ന സീറോ–മലബാർ റീത്തുകാക്കുള്ള താമസസൗകര്യപ്രശ്നം ബിഷപ്പ് കര്യാളശ്ശേരിയുടെ കാലത്തേതിനെക്കാരം എത്രയോ ഗുരുതരവും രൂക്ഷവും ആയിട്ടുണ്ട് ഇപ്പോരം. ഇതിനു പരിഹാരം കാണേണ്ട ചുമതല ചങ്ങനാശ്ശേരി രൂപതാധികാരികരംക്കാണെന്നുള്ളതു് നിസ്തർക്കമാണ്. കാവുകാട്ടു മെത്രാപ്പോലീത്തായുടെ കാലത്തു്, ഈ പ്രശ്നം ചങ്ങനാശ്ശേരി അരമനയുടെ ശ്രദ്ധയിലും പരിഗണനയിലും പെട്ടതായിരുന്നു. ലൂർദ്ദുസെൻറർ അതിൻെറ പരിഹാരത്തിനുള്ള തുടക്കംമാത്രമാണ്. മാർ മാത്യു കാവുകാട്ടിൻെറ നിര്യാണത്തോടുകൂടി നീറുന്ന ആ പ്രശ്നവും ചങ്ങനാശ്ശേരി അരമനയുടെ ശ്രദ്ധയിലും ഫയലിലും അന്തരിച്ചുകിടക്കുന്നതായിട്ടാണ് കാണപ്പെടുന്നതു്.

## ഫാ. അദയോദാത്തൂസ് O. C. D.

താപസവര്യനും പ്രേഷിതവീരനുമായിരുന്നു, പാങ്ങോട്ടു ആശ്രമാരാമത്തിലെ പുണ്യത്തിൻെറ സൗരഭ്യവും ദാരിദ്ര്യത്തിൻെറ സൗന്ദര്യവും തികഞ്ഞ ഫാദർ അദയോദാത്തൂസ്. നെയ്യാററിൻകര താലൂക്കിൽ കുടിയേറിപ്പാർത്ത മാർത്തോമ്മാക്രിസ്ത്യാനികരംക്ക് അദ്ദേഹത്തോടുള്ള കടപ്പാടു് നിസ്സീമമാണ്. അന്നു് കരയായിരുന്ന നെയ്യാർ ഡാമിലും അതിൻെറ മലയോരപ്രദേശങ്ങളിലും വടക്കുനിന്നുവന്ന മാർത്തോമ്മാക്രി

www.malankaralibrary.com

സ്ത്യാനികരം, മലയോട്ടം മലമ്പനിയോട്ടം വന്യമൃഗങ്ങളോട്ടം മല്ലിട്ടു്, ഇഞ്ചിഞ്ചായി മരിച്ചുകൊണ്ടിരുന്നപ്പോരം, അവരുടെ കുടിലുകളിലെല്ലാം ഒരു മാലാഖയെപ്പോലെ കയറിയിറങ്ങി, ആശ്വാസത്തിന്റെയും ധൈര്യത്തിന്റെയും അമൃതു് പകന്നു കൊടുത്തതു് ബൽജിയൻ കർമ്മലീത്താമിഷ്നറിയായ ഈ ഫാ. അദയോദാത്തുസാണു്. ഒരിക്കലും പിരിയാത്ത തന്റെ തോരം സഞ്ചിയുടെ ഉള്ളടക്കം, മലമ്പനിക്കംമററുമുള്ള അത്യാവശ്യമരുന്നുകളും കുട്ടികരംക്കുള്ള മിഠായിയും മതകർമ്മങ്ങരംക്കുള്ള ഊറാലയും ആയിരുന്നു. പകലിരവുകളിൽ വയലും തോട്ടംതാണ്ടി, കുന്നുംമലയും കയറിയിറങ്ങുന്ന ഈ ധന്യാത്മാവിനെ പാവങ്ങളുടെ ചെററക്കുടിലുകളിലാണു് സാധാരണ കാണാറുള്ളതു്. അവരുടെ സുഖദുഃഖങ്ങളിലെന്നപോലെ, അവരുടെ പുഴുങ്ങിയ കപ്പയും വേവിച്ച മീനിനും ചമ്രംപടഞ്ഞിരുന്നു പങ്കുകൊണ്ടു്, എല്ലാ കുടുംബത്തിലേയും അംഗമായിക്കഴിഞ്ഞു്, ''മുതിയാവിള വല്യച്ചൻ'' എന്നറിയപ്പെട്ടു് ജനസഹസ്രങ്ങരംക്കു് പ്രിയങ്കരനായ സാക്ഷാൽ പിതാവായിരുന്നു പുണ്യപുരുഷനായ ഫാ. അദയോദാത്തുസ്. അദ്ദേഹത്തിന്റെ പ്രവർത്തനരംഗങ്ങരം കമ്മ്യൂണിസ്ററുകാർ എത്തിനോക്കുവാൻപോലും ഭയപ്പെട്ടിരുന്ന മേഖലയാണു്. അത്രസ്സദ്ദേഹം പാവങ്ങളുടെ വത്സലപിതാവായിരുന്നു.

തിരുവനന്തപുരം കർമ്മലീത്താ ഒന്നാം സഭയുടെ ഭൗതികവും ആത്മീയവും ആയ വികാസത്തിന്റെ ശില്പികളാണു്, ദീർഘകാല പ്രൊവിൻഷ്യൽ ആയിരുന്ന പരേതനായ ഫാ. കോൺസ്റ്റൻറയിനും ഇപ്പോരം ബാംഗ്ളൂർ സ്പിരിച്വാലിററി സെൻററിന്റെ ഡയറക്ടറായ ഫാ. എലിസെവൂസും.

കർമ്മലീത്താ ഒന്നാംസഭയുടെ നിശിതനിയമങ്ങരം പാലിക്കുന്നതിലും പാലിപ്പിക്കുന്നതിലും ആശ്രമശ്രേഷ്ഠനായ ഫാ. കോൺസ്റ്റൻറയിൻ നിഷ്ക്കർഷിച്ചിരുന്നു. സന്യാസസഭകളുടെ സാമൂഹ്യദൗത്യം നിർദ്ദേശിക്കുന്ന രണ്ടാം വത്തിക്കാൻ സൂനഹദോസിനുമുമ്പേ അദ്ദേഹം പരലോകപ്രാപ്തനായി. അദ്ദേഹത്തിന്റെ നിയമപാലനത്തിലുള്ള കാക്ശ്യം അറിയുവാൻ ഈ ഗ്രന്ഥകാരനും ഒരിക്കൽ അവസരമുണ്ടായി. കുടുംബാരാധനയുടെ അപ്പോസ്തലനെന്നു വിശ്വപ്രസിദ്ധനായ ഫാ. മാത്യു ക്രൗളി തിരുവനന്തപുരം അതിരൂപതയിലെ വൈദികക്കു് അഞ്ചാറുദിവസത്തെ ധ്യാനം അരമനയിൽവച്ചു് നടത്തിക്കൊണ്ടിരിക്കുന്ന സമയം; ഫാ. ക്രൗളി ഇംഗ്ലീഷിൽ

www.malankaralibrary.com

പ്രസംഗിക്കും; ഓരോ വാചകത്തിനുശേഷം മാർ ഇവാനിയോസ് തിരുമേനി മലയാളത്തിൽ പരിഭാഷപ്പെടുത്തും; ഇതായിരുന്നു പരിപാടി. ഫാ. ക്രൌളി താമസിച്ചിരുന്നത് പാങ്ങോട്ടു കർമ്മലീത്താ ആശ്രമത്തിലായിരുന്നു. എല്ലാ ദിവസവും കാലത്ത്, ഫാ. ക്രൌളിയെ പാങ്ങോട്ടുനിന്നും അരമനയിൽ കൊണ്ടുവരുന്നതും വൈകിട്ട് തിരിയെ ആശ്രമത്തിലാക്കുകയും ചെയ്യുന്നത് ആർച്ചുബിഷപ്പിൻെറ സിക്രട്ടറിയെന്ന നിലയിൽ ഈ ഗ്രന്ഥകർത്താവിൻെറ ചുമതലയായിരുന്നു. ധ്യാനഗുരുവിൻെറ "വി. കുബ്ബാനയും വൈദികനും" എന്ന പ്രഭാഷണം ആവേശനിർഭരമായിരുന്നു. അതിൽ ആകൃഷ്ടനായ ഈ ഗ്രന്ഥകർത്താവ് അദ്ദേഹത്തിൻെറ ഒരു കുബ്ബാനയിൽ ശുശ്രൂഷകനാകാൻ അഭ്യർത്ഥിക്കുകയും അദ്ദേഹം അനുവദിക്കുകയും ചെയ്തു. എന്നാൽ പിറേറദിവസം ധ്യാനഗുരുവിൻെറ കുബ്ബാനയ്ക്കു കൂടുവാൻചെന്ന ഈ ഗ്രന്ഥകർത്താവിനെ കാഴ്ചമുറിക്ക് അപ്പുറം കടത്തിവിടാൻ ഫാ. കോൺസ്റ്റൻറയിൻ അനുവദിച്ചില്ല; കാരണം സന്യാസാവ്രതം. ഫാ. ക്രൌളി താണുകേണുയാചിച്ചിട്ടും ഫാ. കോൺസ്റ്റൻറയിന് അല്പംപോലും ഇളക്കമുണ്ടായില്ല. പാങ്ങോട്ടെ കർമ്മലീത്താ ആശ്രമത്തിന് തിരുവനന്തപുരത്തെ സാമൂഹ്യജീവിതത്തിനും കേരളത്തിലെ കത്തോലിക്കാസഭയ്ക്കും വിലയേറിയ സംഭാവനകൾ ഇനിയും നല്കുവാനുണ്ട്.

## തിരുവനന്തപുരത്തെ വിയോജിത സുറിയാനിക്കാർ

വിദ്യാസമ്പന്നരും, തന്മൂലം ഉദ്യോഗസ്ഥരുമായ C. M. S. സുറിയാനിക്കാരെ അനുകരിച്ച് മാർത്തോമ്മാക്കാരും, അവരുടെ പിറകെ യാക്കോബായക്കാരും ഇംഗ്ലീഷ് വിദ്യാഭ്യാസത്തിൽ ഉത്സുകരാകുകയും അചിരേണ അവരും ബിരുദധാരികളായി സർക്കാർസ്ഥാപനങ്ങളിലും മററിടങ്ങളിലും ഉന്നതസ്ഥാനങ്ങൾ വഹിക്കുവാൻ ഇടയാകുകയും ചെയ്തു. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനെതിരെ വരാപ്പുഴ മെത്രാൻെറ വിലക്കുണ്ടായിരുന്നതുകൊണ്ട്, സുറിയാനികത്തോലിക്കർ പൊതുവേ ഇംഗ്ലീഷ്‌വിദ്യാഭ്യാസംകൂടാതെ കഴിഞ്ഞുപോന്നുവെങ്കിലും ചിലർ ആ മുടക്കിനെ അവഗണിച്ച്, സർക്കാർ വിദ്യാലയങ്ങളിൽ കടന്നുകൂടി. ഒരു കാലത്ത് ഹൈക്കോടതിയുടേയും മെഡിക്കൽ ഡിപ്പാർട്ടുമെൻറിൻേറയും തലവന്മാരായിത്തീർന്ന തളിയത്ത് സഹോദരന്മാർ വിദ്യാർത്ഥികളായിരുന്ന കാലത്ത്

www.malankaralibrary.com

ഗവണ്മെൻറ് ഹോസ്റ്റലിൽ താമസിച്ചതിനു് ശിക്ഷയും അവരുടെ കുടുംബാംഗങ്ങൾക്ക് ക്രൂദാശമുടക്കം കിട്ടിയിട്ടുണ്ടു്. അത്ര കഠിനമായിരുന്നു, ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനെതിരെ കമ്മലീത്തർ ഉയർത്തിയ അധികാര ഖഡ്ഗം. എന്നാൽ, കാലാന്തരത്തിൽ ആ മുടക്കിനു് മയവും ഇളവുമുണ്ടായി.

## ഓർത്തഡോക്സ്കാർ

തച്ചിൽ മാത്തുത്തരകൻ പണിയിച്ച പേട്ടയിലെ സുറിയാനിപ്പള്ളിക്കുശേഷം തിരുവനന്തപുരത്തുണ്ടാകുന്ന ആദ്യത്തെ സുറിയാനിപ്പള്ളി യാക്കോബായക്കാരുടേതാണു്. സ്പെൻസർ ജംഗ്ഷനിലുള്ള ഈ പള്ളി ഓർത്തഡോക്സ് പള്ളിയെന്നാണു് അറിയപ്പെടുന്നതു്. ഇതിൻെറ സ്ഥാപനം 1900–ാംമാണ്ടാണു്. പരുമല തിരുമേനി എന്നറിയപ്പെടുന്ന സിദ്ധനായ മാർ ഗ്രിഗോറിയോസാണു് ഈ പള്ളി ആശീർവ്വദിച്ചതു്. അന്നു് കൊട്ടാരത്തിലും ഗവണ്മെൻറിലും ഓർത്തഡോക്സുകാർക്കു് സ്വാധീനമുണ്ടായിരുന്നു. തിരുവനന്തപുരം നഗരത്തിൽ അവർക്കു് നാലു പള്ളികളും അവരുടെ വിയോജിതവിഭാഗമായ യാക്കോബായക്കാർക്കു് രണ്ടു പള്ളികളുമുണ്ടു്. അവരുടെ രണ്ടു മെത്രാന്മാരുടെ ആസ്ഥാനവും തിരുവനന്തപുരംതന്നെ. ഇരുകൂട്ടർക്കുംകൂടി ഏകദേശം ആയിരം വീട്ടുകാരുമുണ്ടു്. സ്പെൻസർ ജംഗഷനിൽനിന്നു് കിഴക്കോട്ടുള്ള റോഡു് അന്നുണ്ടായിരുന്നതായി തോന്നുന്നില്ല. യാക്കോബായക്കാർ പള്ളിക്കുവേണ്ടി വാങ്ങിച്ച സ്ഥലത്തിൻെറ നടുവിൽക്കൂടി പിന്നാലെ റോഡു് വന്നപ്പോഴാണു് പള്ളിയുടെ സ്ഥലം റോഡിൻെറ ഇരുവശങ്ങളിലുമായിപ്പോയതു്.

കൊട്ടാരം കണ്ണുവൈദ്യന്മാരായ തേവലക്കരയിലെ ഒരു സുറിയാനികുടുംബത്തിനു് തിരുവിതാംകൂർ മഹാരാജാവു സമ്മാനിച്ചതാണു് സ്പെൻസർ ജങ്ഷനിലെ ഓർത്തഡോക്സു പള്ളിയിരിക്കുന്ന സ്ഥലം. ആ കുടുംബക്കാർ അതു് പുലിക്കോട്ടു മാർ ദിവന്നാസ്യോസിനു നല്കി. പരേതനായ ഈ. ജെ. ജോൺ വക്കീലിൻെറ നേതൃത്വത്തിൽ ഇപ്പോഴത്തെ പള്ളി പണിയിച്ചു.

## മാർത്തോമ്മാക്കാർ അഥവാ നവീകരണക്കാർ

തിരുവനന്തപുരത്തുള്ള സുറിയാനിക്രിസ്ത്യാനികളിൽ ഏററവും ഐക്യബോധത്തോടും സംഘടിതമായും കമ്മനിരതയോടും മററുള്ളവരെക്കാൾ സ്വാധീനബലത്തോടുംകൂടി പ്രവ

www.malankaralibrary.com

ത്തിക്കുന്നതു് മാർത്തോമ്മാക്കാരെന്നു സ്വയം വിളിക്കുന്ന നവീകരണക്കാർ ആണെന്നു തോന്നുന്നു. അവരിൽ ഇവാൻജെലിക്കൽ എന്നൊരു ന്യൂനപക്ഷവുമുണ്ടു്. ഇരുകൂട്ടർക്കുംകൂടി ആറു പള്ളികളും, സ്ഥിരംതാമസക്കാരായ ആയിരം വീട്ടുകാരും, താത്ക്കാലിക താമസക്കാരായ ഇരുന്നൂറു വീട്ടുകാരുമുണ്ടു്. അവരുടെ പ്രവർത്തനങ്ങളുടെ വിജയത്തിനു കാരണം ഇടയൻ ആടുകളേയും ആടുകൾ ഇടയനേയും അറിയുന്നുവെന്നതാണു്. ഓരോ പള്ളിയുടേയും ചുമതല വഹിക്കുന്ന വൈദികൻ ഓരോ ഇടവകാംഗമായും സമ്പർക്കം പുലർത്തുന്നതാണു് അവരുടെ പ്രവർത്തനശൈലി. അതു് അജപാലനത്തിൽ അത്യധികം വിജയകരമായി കാണുന്നു.

## സുറിയാനി കത്തോലിക്കർ

കേരളത്തിലെ ദേശീയമെത്രാന്മാരുടെ കാലംമുതല്ക്കാണു് സീറോ-മലബാർ സഭയുടെ സങ്കുചിതമാക്കപ്പെട്ട ഭരണാതിർത്തികളെപ്പററിയുള്ള ചിന്തയും വ്യഥയും തുടങ്ങിയതു്. അതിനു പരിഹാരം കാണാനുള്ള ശ്രമങ്ങൾക്കു നേതൃത്വം നല്കിയതു് മാർ ളൂയീസ് പഴേപറമ്പിലായിരുന്നു. ഹൈറാർക്കിയുടെ സ്ഥാപനംകൂടാതെ അതു സാദ്ധ്യമല്ലെന്നും അദ്ദേഹത്തിനറിയാമായിരുന്നു. ആകയാൽ ഹൈരാർക്കിയെ മുൻനിർത്തിയാണു് ശ്രമങ്ങൾ ആരംഭിച്ചതു്. എന്നാൽ, ഹൈരാർക്കി സ്ഥാപിച്ചിട്ടും ഭരണവ്യാപ്തിക്കായി 32 വർഷത്തോളം പരിശ്രമിക്കേണ്ടിവന്നതിനു് സീറോ-മലബാർ സഭയോടുള്ള റോമൻ കൂരിയായുടെ അവഗണനയോ അലസതാമനോഭാവമോ കാരണമായിരിക്കാം.

മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ കാലത്താണല്ലോ കൊല്ലംമുതൽ ആലുവാവരെ സ്വതന്ത്രമായിരുന്ന പല ദേശങ്ങളും ആക്രമിച്ചു കീഴ്പ്പെടുത്തി തിരുവിതാംകൂറിനോടു് ചേർത്തതു്. അന്നുമുതൽ സർക്കാരിനേയും കോടതിയേയും സംബന്ധിച്ച കാര്യങ്ങളിൽ തിരുവിതാംകൂറിന്റെ വടക്കേഭാഗങ്ങളിൽനിന്നും വളരെയാളുകൾ കാൽനടയായും വഞ്ചിവഴിയും തിരുവനന്തപുരത്തെത്തിയിരുന്നു. ഇതുകൂടാതെ ഫലപ്രദമായ വൈദ്യസഹായത്തിനും തിരുവനന്തപുരം തേടിവരുന്നവരുടെ സംഖ്യയും കുറവല്ലായിരുന്നു. ഈ ഗ്രന്ഥകർത്താവിന്റെ ബാല്യകാലസ്മരണകളിൽ ഗാഢമായി പതിഞ്ഞിട്ടുള്ള ചിത്രങ്ങളിലൊന്നു്, 1912-ൽ തന്റെ മാതാവിന്റെ ചികിത്സയ്ക്കു്

www.malankaralibrary.com

വീട്ടപോലെ സംവിധാനം ചെയ്യപ്പെട്ട ഒരു കേവുവള്ളത്തിൽ കൈനകരി (ആലപ്പുഴ) മുതൽ തിരുവനന്തപുരംവരെ ചെയ്ത യാത്രയാണു്.

1955–ന മുൻപുവരെ കേരളത്തിലെ സുറിയാനി കത്തോലിക്കക്കു് തിരുവനന്തപുരത്തു് സ്വന്തമെന്നു പറയാവുന്ന ഒരു പൊതുഭവനമോ പൊതുസ്ഥാപനമോ ഇല്ലാതെ വിദേശിയരെപ്പോലെ ക്ലേശിക്കുന്ന ഒരു കാലഘട്ടമായിരുന്നു. രണ്ടായിരം കൊല്ലങ്ങളായി തങ്ങളുടെ സനാതനവിശ്വാസത്തിനും സാമൂഹ്യവ്യക്തിത്വത്തിനും സാംസ്കാരികഭദ്രതയ്ക്കും അടിസ്ഥാനമായിരുന്ന റീത്തു്, അഥവാ ആരാധനാക്രമം. തങ്ങളുടെ സ്വന്തം കേരളത്തിന്റെ തലസ്ഥാനമായ തിരുവനന്തപുരത്തു് ഒരു വിദേശചരക്കിന്റെ കൗതുകത്തോടെ വീക്ഷിക്കത്തക്കവിധം അത്ര അന്യമായിരുന്നു. കേരളസംസ്ഥാനത്തിന്റെ ഇതരഭാഗങ്ങളിൽ സ്വന്തം ഭവനം കണ്ടെത്തുവാൻ കഴിഞ്ഞ അപ്പസ്തോലികമായ സുറിയാനിറീത്തിനു് പമ്പയ്ക്കു് തെക്കോട്ടും, പ്രത്യേകിച്ചു് തലസ്ഥാനത്തും, ആരാധനാസ്വാതന്ത്ര്യം നിഷേധിക്കുവാൻ കാരണം ലത്തീൻഭരണത്തിന്റെ ഹുങ്കല്ലാതെ മറ്റൊന്നുമായിരുന്നില്ല.

## ലത്തീൻരൂപതകളിൽ സുറിയാനിവൈദികർ

കേരളത്തിനും പുറത്തുമുള്ള ലത്തീൻരൂപതകളുടെ വികസനത്തിൽ സുറിയാനിവൈദികർ വഹിച്ചിട്ടുള്ള പങ്കു് വളരെ പ്രാധാന്യമേറിയതാണു്. മദ്രാസ് ഗവണ്മെന്റുടെ പ്രതിനിധിയായി കേരളത്തിലെ സുറിയാനി സഭയെപ്പററി പഠിക്കുവാൻ 1806–ൽ വന്ന Dr. Kerr, മദ്രാസ്സിനും തൃശ്ശിനാപ്പള്ളിയ്ക്കുംമദ്ധ്യേ യാത്രചെയ്ത അവസരത്തിൽ, അങ്കൂർ എന്ന സ്ഥലത്തുള്ള ലത്തീൻ ദൈവാലയം കാണുവാൻ ഇടയായി. അവിടുത്തെ വികാരിയായിരുന്ന ഫാ. ജോസഫ് അദ്ദേഹത്തെ ബഹുമാനപൂർവ്വം സ്വീകരിച്ചു് പള്ളിയുടെ അകമെല്ലാം കാണിച്ചുകൊടുത്തു. എന്നാൽ, അദ്ദേഹം അംത്താരയുടെ അടുത്തുവന്നപ്പോഠം അവിടെ ഒരു സുറിയാനിപ്പുസ്തകംകണ്ടു് അത്ഭുതപ്പെട്ടു. ആ പുസ്തകം സുറിയാനി കുർബ്ബാനക്രമം (തക്സാ) ആണെന്നും ഫാ. ജോസഫ് കേരളത്തിൽനിന്നുള്ള സുറിയാനി വൈദികനാണെന്നും അദ്ദേഹം മനസ്സിലാക്കിയപ്പോഴാണു് അത്ഭുതപ്പെട്ടതു്[1]. ഫാ. ജോസഫ് മധുര രൂപതയിൽ ജോലി

1. C. Buchanan, Christian Researches in Asia, 1812, P. 185.

www.malankaralibrary.com

ചെയ്ത ഒററപ്പെട്ട സുറിയാനിക്കാരനല്ല, വേറെയും സുറിയാനി വൈദികർ മധുരമിഷ്യനിൽ ജോലിചെയ്തിരുന്നു.

കൊല്ലം, കൊച്ചി രൂപതകളിൽ 19-ാം നൂററാണ്ടിൽ മിഷ്യൻപ്രവർത്തനം നടത്തിയിരുന്ന സുറിയാനി വൈദികരുടെ എണ്ണം ഒട്ടും കുറവല്ല. ബുക്കാനൻ പറയുന്നു: ''തിരുവനന്തപുരത്തുനിന്നും കടൽത്തീരംവഴി ഞാൻ പൂന്തുറയിലേയ്ക്കു പോയി. ഇവിടെ കണ്ടതു് സുറിയാനി പള്ളിയാണു്. ഇതു് തിരുവിതാംകൂറിലാണു്. തൃശ്ശിനാപ്പള്ളിക്കടുത്തുള്ള സുറിയാനിപ്പള്ളിയെപ്പററി ഞാൻ നേരത്തെ പറഞ്ഞിട്ടുണ്ടല്ലോ. കടൽത്തീരംവഴിതന്നെ ഞാൻ പൂന്തുറയിൽനിന്നും അഞ്ചുതെങ്ങിലേയ്ക്കുപോയി. ഓരോ അഞ്ചുമൈലിനുശേഷവും ഓരോ ക്രൈസ്തവദൈവാലയം കാണുവാൻ സാധിച്ചതു് സന്തോഷകരമായിരുന്നു. കന്യാകുമാരിമുതൽ കൊച്ചിവരെ കടൽത്തീരത്തു് നൂറു് പള്ളികളുണ്ടു്. ഇവയിലധികവും സുറിയാനി-ലത്തീൻ അഥവാ സുറിയാനി-റോമൻ പള്ളികളാണു്. കർമ്മങ്ങൾ നടത്തുന്നതു് സുറിയാനി ആരാധനാക്രമം അനുസരിച്ചാണു്. എന്നാൽ, അതിൽ ഒരുവാക്കുപോലും ജനങ്ങൾക്കു് മനസ്സിലാകുന്നില്ലാ. കർമ്മങ്ങൾക്കുശേഷം വൈദികൻ പോകുന്നു. ലത്തീൻ ആയാലും ആ പാവപ്പെട്ട ക്രിസ്ത്യാനികൾക്കു് ഒന്നും മനസ്സിലാകുന്നില്ല''2. ഇവിടെ ബുക്കാനൻ സുറിയാനി-റോമൻ പള്ളികൾ എന്നു പറയുന്നതു് സുറിയാനി വൈദികർ നടത്തുന്നവയെപ്പററി ആയിരിക്കാം.

19-ാം നൂററാണ്ടിൻെറ അവസാനത്തിലും 20-ാം നൂററാണ്ടിൻെറ ആരംഭത്തിലും ഇന്നത്തെ തിരുവനന്തപുരം ലത്തീൻ രൂപത ഉൾപ്പെട്ടിരുന്ന കൊല്ലം രൂപതയിൽ പ്രശസ്തമായി ജോലി ചെയ്തിരുന്നവരിൽ ചിലരാണു് താഴെ പറയുന്നവർ: പുത്തൻതോപ്പുപള്ളിപണിയിച്ച ഫാ. മത്തായി നെല്ലുവേലി (വേഴപ്രാ), മാവേലിക്കര വികാരിയായിരുന്ന ഫാ. ഐസക് കാളാശ്ശേരി (കൈനകരി), കോഴിത്തോട്ടം വികാരിയായിരുന്ന ഫാ. തോമസ് ശ്രാമ്പിക്കൽ (പുളിങ്കുന്നു്), ഫാ. തോമസ് ശ്രാമ്പിക്കൽ (മുട്ടാർ), ഫാ. ജോസഫ് അങ്ങാടിശ്ശേരി (പരിപ്പ്), ഫാ. ജോർജ് കാരിക്കഴി (കാവാലം), തോപ്പ് വികാരിയായിരുന്ന ഫാ. സേവ്യർ പയ്യമ്പള്ളി (കിടങ്ങറ,

2. Quoted by V. A. Paschal, The Latin and Syrian Churches of Malabar, 1937, P. 84.

www.malankaralibrary.com

ഗ്രന്ഥകർത്താവിൻെറ മാതൃമാതുലൻ), ഫാ. ജേക്കബ് കണ്ട ങ്കുളം (ചമ്പക്കുളം, ഗ്രന്ഥകർത്താവിൻെറ പിതൃമാതുലൻ). സുറി യാനി റീത്തിന് (സീറോ–മലബാർ) സ്വാതന്ത്ര്യവും സമത്വ വും എന്നല്ല, അസ്തിത്വംപോലും നിഷേധിച്ചിരുന്ന ഈ സ്ഥല ങ്ങളിൽ സുറിയാനി വൈദികർ ചെയ്തിരുന്ന സേവനം ക്രിസ്തുവിനുവേണ്ടിയുള്ള ത്യാഗപൂർണ്ണമായ ബലിയായിരുന്നു. എന്നാൽ സുറിയാനി റീത്തിന് അവിടെയെല്ലാം അയി ത്തവും!!

## തിരുവനന്തപുരത്തു സീറോ–മലങ്കര സഭ

1930–ൽ ബഥനി മെത്രാപ്പോലീത്താ ആയിരുന്ന മാർ ഇവാനിയോസ് കത്തോലിക്കാ സഭയുമായി പുനരൈക്യ പ്പെട്ടു. അദ്ദേഹത്തിൻെറ ആസ്ഥാനം തിരുവനന്തപുരമായി രുന്നു. ഇവിടംമുതലാണ് തിരുവനന്തപുരത്തെ സുറിയാനി കത്തോലിക്കരുടെ ഔദ്യോഗികമായ ആരംഭം. മാർ ഇവാ നിയോസ് തിരുവനന്തപുരം ആർച്ച് ബിഷപ്പ് ആയി ആഗ തനായപ്പോഠം മലങ്കര റീത്തിൽപ്പെട്ട അദ്ദേഹത്തിൻെറ അനു യായികഠം തിരുവനന്തപുരത്ത് വിരലിലെണ്ണാവുന്നവരേ ഉണ്ടായിരുന്നുള്ളു. യാക്കോബായക്കാർക്കെന്നപോലെ, മററു കാരണങ്ങളാൽ, ലത്തീൻകാർക്കും മാർ ഇവാനിയോസ് അസ്വീകാര്യനായിരുന്നു. ഇരുക്കൂട്ടരുടേയും പ്രഥമ പ്രതികര ണം വൈകാരികവും വിചിത്രവുമായിരുന്നു. മാർ ഇവാനി യോസിനു ലഭിച്ച പതിനൊന്നാം പീയൂസ് മാർപ്പാപ്പായുമാ യുള്ള രണ്ടാമത്തെ സന്ദർശനത്തിൽവച്ചാണ് അദ്ദേഹത്തെ തിരു വനന്തപുരം മെത്രാപ്പോലീത്തായായി കല്പിച്ചനുവദിച്ചത്. സന്ദർശനത്തിൽ ദ്വിഭാഷിയായിരുന്ന പൌരസ്ത്യസഭാതിരു സംഘം 'അസ്സസ്സർ' (Assessor) മോൺ. ചിക്കോഞ്ഞാനിയോ ട് മാപ്പ്പാപ്പാ നേരിട്ടനുവദിച്ച കാര്യങ്ങഠം കുറിച്ചെടുക്കുവാൻ പരിശുദ്ധപിതാവ് ആജ്ഞാപിച്ചു. തിരുസഭയുടെ ഭരണ ചരിത്രത്തിൽ, ഔപചാരികമായ മാർഗ്ഗംവിട്ട്, മാർപ്പാപ്പാ നേരിട്ട് ഒരു ഹൈരാർക്കി അനുവദിക്കുക അത്ഭുതപൂർവ്വമായ സംഭവമാണ്. പൌരസ്ത്യസഭാസ്നേഹിയായ പതിനൊന്നാം പീയൂസിൻെറ ധീരചിത്തതയും മലങ്കരസഭയോടുള്ള സ്നേഹവാ ത്സല്യങ്ങളും ആണ് അതിനു കാരണം. ഒരു ദിവസം മദ്ധ്യാ ഹ്നത്തിനുശേഷം, പതിനൊന്നാം പീയൂസ് കാലംചെയ്തുവെ ന്ന് മാർ ഇവാനിയോസ് കേട്ടയുടനെ എണീററ് ചാപ്പലിൽ ചെന്ന് വിങ്ങിവിങ്ങി കരഞ്ഞതിൻെറ ദൃക്സാക്ഷിയാണ്

www.malankaralibrary.com

ഈ ഗ്രന്ഥകർത്താവ്. മാർ ഇവാനിയോസിനെ തിരുവനന്ത പുരം മെത്രാപ്പോലീത്തായായി മാർപ്പാപ്പാ കല്പിച്ചനുവദിച്ചതു് വാക്ക്രൂപത്തിലും രഹസ്യമായിട്ടും ആയിരുന്നെങ്കിലും, വിളം ബമെന്യേ, ഈ തീരുമാനം റോമിലെ കമ്മലീത്തൻ കേന്ദ്രാല യംവഴി കൊല്ലത്തും തിരുവനന്തപുരത്തും വരാപ്പുഴയിലും പ്ര സിദ്ധമായി. കമ്മലീത്താക്കാരനായ കർദ്ദിനാൾ റോസ്സി മുഖേ നയാണു് വിവരം പുറത്തായതെന്നു പറയപ്പെടുന്നു. ക്ഷണാ ന്തരേ ഉണ്ടായ പ്രതികരണം ശക്തിമത്തും തീവ്രവുമായിരുന്നു. ഇത്തവണ കൊല്ലം രൂപതയിലുള്ള ബൽജിയൻ കമ്മലീത്തരും രോഷംപൂണ്ടു് രംഗത്തിറങ്ങി. പുനരൈക്യം നല്കിയ പുണ്യാ ത്മാവു് ബിഷപ്പ് ബൻസിഗർ ദുഃഖിതനായി. വൈകാരിക ത്തുടിപ്പുള്ള ലത്തീൻ കത്തോലിക്കർ ഇളകിവശായി. തിരു വനന്തപുരം ആസ്ഥാനമാക്കിയുള്ള മാർ ഇവാനിയോസിൻെറ നിയമനത്തെ എതിർത്തുകൊണ്ടു് നൂറോളമോ അതിൽ കൂടുത ലോ വാക്കുകളുള്ള നൂറുകണക്കിനു് കേബിളുകൾ റോമിനെ ലക്ഷ്യമാക്കി വിദ്യുത്‌വേഗത്തിൽ പാഞ്ഞു.

യാക്കോബായസഭയെ "വഞ്ചിച്ച" മാർ ഇവാനിയോസ് റോമ്മാസഭയേയും "വഞ്ചിച്ച" എന്നായി ഓർത്തഡോക്സു കാരുടേയും ലത്തീൻകാരുടേയും സംയുക്ത പല്ലവി. മാർ ഇവാ നിയോസിൻെറ കാസായിൻ തിക്തകം കൂടി. അദ്ദേഹത്തി ൻെറ ഗാഗുൽത്തായാത്ര അവസാനിച്ചിട്ടില്ലായിരുന്നു. നിര ക്ഷരകുക്ഷികളായ ആയിരങ്ങളുടെ ഗദ്യനാളങ്ങളിൽനിന്നും "വഞ്ചന"യുടെ പല്ലവി ഉതിർന്നുയർന്നു. അജ്ഞതയും വൈ കാരികതവും ചൂഷണം ചെയ്യുക സ്വാർത്ഥമതികളായ നേതാ ക്കന്മാരുടെ തന്ത്രമാണു്, അതിൻെറ വികലവും വിചിത്രവും ആയ രൂപമായിരുന്നു ഈ അപവാദവ്യവസായത്തിൽകണ്ട കൂട്ടു കെട്ടു്. ദുരുദ്യോഗവേളകളിൽ വിരുദ്ധശക്തികൾ കിടപ്പറയിൽ കൂട്ടുകാരാകുമെന്നു് ഇംഗ്ലീഷിൽ ഒരു പഴഞ്ചൊല്ലുണ്ടു്. എന്നാൽ സുറിയാനിക്കാരെ മുമ്പോട്ടു വിടുകയില്ലെന്നു് ലത്തീൻ ആധി പത്യവും കത്തോലിക്കരെ മുമ്പോട്ടുവിടുകയില്ലെന്നു് ഓർത്ത ഡോക്സു നേതാക്കളും നിശ്ചയിച്ചതിൻെറ നിദാനമായ കൂട്ടു കെട്ടു് അന്തിമവിശകലനത്തിൽ ആത്മഹത്യാപരമായിരിക്കു മെന്നു് കാണുവാൻ, എലിയെ തോല്പിച്ചു ഇല്ലംചുടുന്നവരുടെ മസ്തിഷ്ക്കത്തിനു ശേഷിയില്ലായിരുന്നു. മാർ ഇവാനി യോസ് തിരുവനന്തപുരം മെത്രാപ്പോലീത്തായായിവരുന്നതു് തിരുവനന്തപുരം നഗരത്തിലെ ക്രൈസ്തവചൈതന്യത്തേയും

www.malankaralibrary.com

സ്വാധീനത്തേയും ശക്തിയേയും വദ്ധിപ്പിക്കുമെന്നുള്ള നഗ്നസത്യം ഇരുകൂട്ടരുടേയും വികാരതീവ്രതയിൽ ദഹിച്ചുപോയി. എന്നാൽ കട്ടിനാറം ടിസ്സറാണ്ടിന് തിരുവനന്തപുരം ലത്തീൻ കത്തോലിക്കർ സമർപ്പിച്ച മംഗളപത്രത്തിൽ, വൈകിവന്ന ആ നഗ്നസത്യം ബോദ്ധ്യപ്പെട്ടു സമ്മതിക്കുകയും ചെയ്തിട്ടുണ്ട്.

ഈ എതിർപ്പിന്റെ ഒരു ഉപകഥയാണ് മാർ ഇവാനിയോസ് തിരുവനന്തപുരം മെത്രാപ്പോലീത്തായായി തീവണ്ടിയിൽ വന്നിറങ്ങുമ്പോഠം, ഒരു വിഭാഗത്തിന്റെ ശക്തിമത്തായ നിസ്സഹകരണമദ്ധ്യേ, മഹാകവി വള്ളത്തോളിന്റെ നേതൃത്വത്തിൽ വേണ്ടിവന്ന സ്വീകരണവും തുടന്നുണ്ടായ വിരുന്നുവേളയിലെ തമസ്ക്കരണവും. പുനരൈക്യവിരുദ്ധ പ്രചരണത്തിന്റെ വേലിയേററം ശക്തമായിരുന്നിട്ടും, മാർ ഇവാനിയോസ് തിരുമേനിയും അനുഗാമികളും പാറപോലെ ഉറച്ചുനിന്നു. കാരണം, അവർ പത്രോസിന്റെ പാറയിൽ കരപററികയറിയതായിരുന്നു. അവരുടേയും അവക്കുവേണ്ടി കത്തോലിക്കസഭയിലെങ്ങും ഉള്ളവരുടേയും പ്രാർത്ഥനകളും ത്യാഗങ്ങളും അവക്കു ശക്തിയും ആത്മധൈര്യവും നല്കി.

ഈ ഇരുകൂട്ടരും ദ്വിതീയഘട്ടത്തിൽ മാർ ഇവാനിയോസിനെയും അദ്ദേഹത്തിന്റെ പ്രസ്ഥാനത്തെയും അവഗണിക്കുകയും അഭ്യവകഷ്ണം (boycott) ചെയ്യുകയുമാണുണ്ടായത്. അന്ന് അദ്ദേഹത്തെ സഹായിക്കുകയും അദ്ദേഹത്തോട്ട് ഗാഢമായി സഹകരിക്കുകയും ചെയ്തിരുന്നതു് സീറോ–മലബാർ റീത്തുകാരായ ഐ. സി. ചാക്കോ, തളിയത്തു് സഹോദരന്മാർ മുതലായ നേതാക്കന്മാരായിരുന്നു. അവരിൽ പലരും പാളയത്തുള്ള ബഥനി പള്ളി (മലങ്കര കത്തോലിക്കാ പള്ളി) യിലാണ് മതകർമ്മങ്ങഠംക്കു പൊയ്ക്കൊണ്ടിരുന്നതു്. സുറിയാനി കത്തോലിക്കാ മെത്രാപ്പോലീത്തായായ മാർ ഇവാനിയോസിന് തിരുവനന്തപുരത്തു് ഭരണാധികാരമുള്ളപ്പോഠം, സീറോ–മലബാർ റീത്തുകാർ ലത്തീൻ മെത്രാന്റെ ഭരണപരിധിയിലായിരുന്നതു് തികച്ചും വിചിത്രമായ വിരോധാഭാസമെന്നേ തോന്നുകയുള്ളൂ. പൗരസ്ത്യസഭയുടെ കാനോൻ നിയമമനുസരിച്ചു് സ്വന്തം റീത്തിൽ മെത്രാനില്ലാതെയായാൽ, ആ റീത്തിനോട്ട് കൂടുതൽ സാധമ്മ്യം ഉള്ള റീത്തു് അവിടെ ഉണ്ടെങ്കിൽ അതിന്റെ ഭരണാധികാരത്തിലുഠംപ്പെടും എന്നുണ്ട്. അതനുസരിച്ചു്, മാർ ഇവാനിയോസു് റോമിൽ നിവേദനങ്ങഠം നടത്തുന്നതിന് പ്രാരംഭമായി, ഈ ഗ്രന്ഥകാരനുഠംപ്പെ

www.malankaralibrary.com

ടന്ന മൂന്നംഗകമ്മീഷനെ തിരുവനന്തപുരത്തുള്ള സീറോ–മലബാർ റീത്തുകാരുടെ ജനസംഖ്യ എടുക്കുവാൻ നിയോഗിച്ചു. അതു് 1938–ലാണു്. അന്നു് 27 കുടുംബങ്ങൾ മാത്രമേ തിരുവനന്തപുരത്തുള്ളതായി വിവരം ലഭിച്ചുള്ളൂ.

## തടവറഭിത്തികൾ തകരുന്നു

ഭാഗ്യസ്മരണാർഹനായ കർദ്ദിനാൾ ടിസ്സറൻറ് പൌരസ്ത്യ തിരുസംഘത്തിൻെറ സെക്രട്ടറിയും മാർ മത്തായി കാവുകാട്ട ചങ്ങനാശ്ശേരി രൂപതാദ്ധ്യക്ഷനുമായിരുന്ന കാലത്താണു് ചങ്ങനാശ്ശേരി രൂപതയുടെ ഭരണാധികാരം 1955–ൽ കന്യാകുമാരിവരെ എത്തിയതു്. അങ്ങനെ ചിരകാലമായുണ്ടായിരുന്ന ഒരു അനീതിക്കു് ഭാഗികമായ ഒരറുതിവന്നു. 18–ാംനൂററാണ്ടിൻെറ അവസാനത്തിൽ കേരളത്തിലുണ്ടായിരുന്ന ഫാ. പൌളീൻ എന്ന കർമ്മലീത്താ വൈദികൻ, കൊല്ലം മുതലായ തെക്കൻ ദേശങ്ങളിലെ സുറിയാനി കത്തോലിക്കരുടെ ഭരണാധികാരം അങ്കമാലി രൂപതയ്ക്കാണെന്നു പറയുന്നുണ്ടു്—അന്നു് അങ്കമാലി രൂപത, കൊടുങ്ങല്ലൂർ അതിരൂപതയിൽ ലയിച്ചിരുന്നുവെങ്കിലും. അന്നു് കൊല്ലം ഭാഗങ്ങളിലുള്ള ലത്തീൻ ക്രിസ്ത്യാനികളുടെമേലുള്ള ഭരണാധികാരം വരാപ്പുഴയ്ക്കായിരുന്നതുകൊണ്ടു്, ഫാ. പൌളീൻ മാർത്തോമ്മാക്രിസ്ത്യാനികളെപ്പററി പറയുമ്പോൾ റീത്തനുസരിച്ചുള്ള ഭരണാധികാരം (Personal juridiction) എന്ന ആശയമാണു് ഉന്നയിച്ചതെന്നു തോന്നുന്നു.

## തിരുവനന്തപുരത്തെ ലൂർദ്ദുപള്ളി

ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ ഏററവും മനോഹരമായ പ്രദേശമാണു് കേരളം. സുഖപ്രദമായ കാലാവസ്ഥയും പ്രകൃതിരമണീയതയും ഇത്രത്തോളം ഒത്തിണങ്ങിയ ഒരു ദേശം ഇന്ത്യയിൽ മറെറവിടെയെങ്കിലും ഉണ്ടെന്നു തോന്നുന്നില്ല. ഇതിൻെറ തിലകമാണു് തലസ്ഥാനമായ തിരുവനന്തപുരം നഗരം. ഒരു രാജ്യത്തിലെ വിവിധ സമുദായങ്ങളുടെ രാഷ്ട്രീയ സ്വാധീനം സാധാരണമായി നിശ്ചയിക്കുന്നതു് തലസ്ഥാനത്തു് ആ സമൂഹത്തിനുള്ള ജനസംഖ്യയും സ്ഥാപനങ്ങളുംകൊണ്ടാണു്. രാഷ്ട്രീയമായിട്ടുള്ള പ്രവർത്തനങ്ങളിൽ ഇതു വളരെ കൂടുതലായും കാണാം. ഇംഗ്ലണ്ടിൻെറ ചരിത്രത്തിൽ ലണ്ടനിലെ ജനസമൂഹങ്ങൾക്കും ഫ്രാൻസിൻെറ ചരിത്രത്തിൽ പാരീസിലെ ജനസമൂഹങ്ങൾക്കും ഉണ്ടായിരുന്ന

www.malankaralibrary.com

പ്രമുഖമായ പങ്ക് ചരിത്രപ്രസിദ്ധമാണല്ലോ. തിരുവനന്തപുരത്തെ ഒരു ഡഫേദാക്ക് അധികാരികളെ അഭിമുഖമായി കണ്ടു് സമ്പക്കം പുലത്തി കാര്യങ്ങറം സാധിക്കാനുള്ള കഴിവു് പുറത്തുനിന്നും അവിടെ വന്നെത്തുന്ന ഒരു M. L. A. ക്കു് ചിലപ്പോറം ഉണ്ടായെന്നു വരുന്നതല്ല.

പ്രശസ്തവും പ്രബലവുമായ സീറോ–മലബാർ റീത്തിനും ലൂർദ്ദ് ഇടവകക്കും അനുയോജ്യവും അഭിമാനകരവുമായ ഒരു ദൈവാലയം തിരുവനന്തപുരം തലസ്ഥാനനഗരിയിൽ കാൽ ശതാബ്ദം കഴിഞ്ഞിട്ടും ഉണ്ടായിട്ടില്ലെന്നുള്ളതു്, അതിലുറപ്പെട്ടുന്ന ഏതൊരംഗത്തിനും ദുഃഖവും ലജ്ജയും ഉളവാക്കാതിരിക്കുകയില്ല. ഗ്രാമങ്ങളിൽ കാണുന്ന ''വണക്കമാസ''പ്പുരയുടെ ഒരു പരിഷ്ക്കരിച്ച പതിപ്പാണു് ഇന്നു തിരുവനന്തപുരത്തു കാണുന്ന ലൂർദ്ദുപള്ളി. മററുരൂപതകളിൽനിന്നു വന്നിട്ടുള്ളവരുടെ ആദ്ധ്യാത്മികവും സാംസ്ക്കാരികവുമായ സേവനത്തിന്റെ പരിപാവനകത്തവ്യം ഏറെറടുത്തിട്ടുള്ള ചങ്ങനാശ്ശേരി അതിരൂപത, തങ്ങളുടെ കത്തവ്യം എന്തെന്നു മനസ്സിലാക്കുകയോ മനസ്സിലാക്കിയാൽത്തന്നെ നിവ്വഹിക്കുകയോ ചെയ്തിട്ടില്ലെന്നു്, ഉൽകൃഷ്ടമായ ഒരു സമൂഹത്തിന്റെ പ്രതീകമെന്നു കരുതപ്പെടുന്ന ലൂർദ്ദുപള്ളിയുടെ ഇന്നത്തെ ദയനീയാവസ്ഥ ഏവരേയും വിളിച്ചറിയിക്കുന്നു. അനർഹങ്ങളായ കരങ്ങളിലല്ലേ ഇതര രൂപതകളിലെ കത്തോലിക്കാവിശ്വാസികറം ഏല്പിക്കപ്പെട്ടതെന്നു് ചിന്തിക്കുവാൻ ഒരവസരം ഇതുമൂലമുണ്ടായിട്ടുണ്ടു്. സമചിത്തതയോടും നിഷ്പക്ഷമായും അവലോകനം ചെയ്യുന്ന ഏതൊരു ക്രൈസ്തവനും അവഗണനയോ അനാസ്ഥയോ പ്രതികാരബുദ്ധിയോ നിസ്സഹകരണമോ കഴിവുകേടോ മറെറന്തെങ്കിലുമോ ആയിരിക്കാം ഈ ദയനീയ സ്ഥിതിക്കു് കാരണമെന്നു് ചിന്തിച്ചുപോകാവുന്നതാണു്.

പരേതനായ ഫാ. മാത്യു പുരയ്ക്കലിനു് തിരുവനന്തപുരത്തുണ്ടായിരുന്ന സ്ഥലം ചങ്ങനാശ്ശേരി അതിരൂപത 1959-ൽ വാങ്ങി, അവിടെയുണ്ടായിരുന്ന വീടു് പള്ളിയാക്കി ഉപയോഗിക്കുന്നതു മുതല്ക്കാണു് ലൂർദ്ദ് ഇടവകയുടെ ആരംഭം. ആദ്യവികാരിമാരായിരുന്ന രണ്ടുമൂന്നുപേരുടെ കാലത്തു് പള്ളിയായി ഉപയോഗിച്ച വീടിനു് എന്തെങ്കിലും വ്യത്യാസമോ ഇടവകപ്രവത്തനങ്ങറംക്കു് അവസരമോ ഉണ്ടായതായി അറിവില്ല. കർമ്മകുശലനായ ഫാ. മാത്യു കാട്ടടിയുടെ കാലത്താണു് പള്ളിയായി ഉപയോഗിച്ചിരുന്ന വീടിന്റെ സ്ഥാ

www.malankaralibrary.com

നത്തു് ഇന്നു കാണുന്ന മൂന്നുനിലയിലുള്ള ലൂർദ്ദു സെൻററും, അതോടുചേർന്നു് താല്ക്കാലികമായി ഉപയോഗിക്കത്തക്ക പ്രാർത്ഥനാലയവും ഉണ്ടായതു്. 1938-ൽ തിരുവനന്തപുരത്തുണ്ടായിരുന്ന സീറോ-മലബാർ റീത്തുകാരുടെ ജനസംഖ്യ ഉദ്ധരിച്ചിരുന്നല്ലോ. എന്നാൽ ബ. കാട്ടടിയച്ചൻ ചാർജ്ജെടുത്തപ്പോൾ 34 കുടുംബങ്ങളുടെ ലിസ്റ്റു് ആണു് അദ്ദേഹത്തിനു മുൻഗാമികളിൽനിന്നും ലഭിച്ചതു്. പക്ഷേ, അദ്ദേഹത്തിന്റെ അന്വേഷണത്തിൽ 350 വീട്ടുകാരെ കണ്ടുപിടിക്കുവാൻ കഴിഞ്ഞു. അതിന്റെ അനുമാനം മുൻഗാമികളായ ഇടയന്മാർ തങ്ങളുടെ ആടുകളെ അറിയുവാൻ ശ്രദ്ധിക്കുകയോ ശ്രമിക്കുകയോ ചെയ്തിട്ടില്ലെന്നാണു്. അത്രസ്സുണ്ടായിരുന്നു ഇടയനും ആടുകളുമായുള്ള ബന്ധം. രാഷ്ട്രീയത്തിൽ ഭരണകൂടങ്ങൾ മാറും, മാറുമ്പോൾ "casualties" ഉണ്ടാകാറുണ്ടു്. സ്വേച്ഛാധിപത്യം നിലവിലിരിക്കുന്ന മണ്ഡലങ്ങളിൽ ഇങ്ങനെയുള്ള casualties പ്രത്യേകമായും കാണും. ചങ്ങനാശ്ശേരി അതിരൂപതയിൽനിന്നുള്ള ഫാ. മാത്യു കാട്ടടിയുടെ താല്ക്കാലിക നിഷ്ക്രമം ഇതിൽപ്പെടുമോ എന്നു് നിശ്ചയമില്ല.

പിന്നാലെവന്ന വികാരിമാരിൽ ബ. പറപ്പള്ളിൽ ജെയിംസച്ചൻ കുചേലകുബേരഭേദമോ ജാതിമതവ്യത്യാസമോ കൂടാതെ ഭവനസന്ദർശനങ്ങൾ നടത്തുകയും അവരുടെ ക്ഷേമാദികൾ അന്വേഷിക്കുകയും ചെയ്തിരുന്നതുകൊണ്ടു് ഇന്നും അദ്ദേഹത്തെ സ്നേഹാദരവുകളോടുകൂടി സ്മരിക്കുന്ന വളരെ ആളുകൾ തിരുവനന്തപുരത്തുണ്ടു്. കാഞ്ഞിരത്തുംമൂട്ടിൽ ബ. തോമസച്ചന്റെ കാലത്താണു് ലൂർദ്ദു പള്ളിയിലെ ഗായകസംഘം കേരളത്തിലെ ക്രൈസ്തവ ഗായകസംഘങ്ങളിൽ ഒന്നാംസ്ഥാനം പ്രാപിക്കുകയും തിരുവനന്തപുരം ആകാശവാണിനിലയനം അവരുടെ പാട്ടുകൾക്കു് പ്രാമുഖ്യം കൊടുത്തു വിക്ഷേപണം നടത്തുകയും ചെയ്തുതുടങ്ങിയതു്. മറെറാരു വിധത്തിലും അദ്ദേഹം സ്മരണാർഹനാകുന്നതു്, ലൂർദ്ദുപള്ളിയിൽ നടന്നിരുന്ന വിവാഹകർമ്മത്തിൽ പുതിയൊരു ചടങ്ങു് കൂട്ടിച്ചേർത്തതോടെയാണു്. വിവാഹകർമ്മത്തിനു് നവദമ്പതിമാർ പള്ളിയുടെ വാതല്ക്കൽ വന്നുനില്ക്കുകയും കാർമ്മികൻ കാപ്പ ധരിച്ചുകൊണ്ടു് അവരെ പള്ളിയിലേക്കു സ്വീകരിക്കുകയുമായിരുന്നു ആ ചടങ്ങു്. നവദമ്പതിമാർക്കും അവരുടെ ബന്ധുമിത്രാദികൾക്കും അത്യധികം സന്തോഷകരവും അഭിമാനകരവുമായിരുന്നു ഈ ചടങ്ങെന്നു പറയേണ്ടതില്ലല്ലോ-ഒരു പുതിയ

www.malankaralibrary.com

കുടുംബത്തിൻെറ സ്ഥാപനത്തിൽ ഇടവകയുടെ ബഹുമാന പൂർവ്വമായ സ്വാഗതം. അദ്ദേഹത്തിൻെറ വേർപാടോടുകൂടി, ആ ചടങ്ങും നിലച്ചുപോയി. ഇവരിരുവരും നടത്തിയ സെൻസസിൽ ലൂർദ്ദ് ഇടവകയിലെ കുടുംബസംഖ്യ അഞ്ഞൂറോളമായി. ബ. കാട്ടടിയച്ചനുശേഷം ഒരു വ്യാഴവട്ടം കഴിഞ്ഞു; വികാരിമാർ പലരും മാറിമാറിവന്നു, പുതിയ രൂപതാദ്ധ്യക്ഷനും എത്തി. എങ്കിലും ലൂർദ്ദ് സ്ഥാപനങ്ങളിൽ ബഹു. കാട്ടടിയച്ചൻ അവസാനംവെച്ച കല്ലിനുമീതെ മറെറാരു കല്ലും ആരും വെച്ചിട്ടില്ല. അന്നു് വികാരിയും ജനങ്ങളും ഏകയോഗമായിക്കഴിഞ്ഞതിനുശേഷം ഉണ്ടായ ആഴമായ പിളപ്പ് വലിയ വ്യത്യാസമില്ലാതെ ഇന്നും നിലനില്ക്കുന്നു. ആഴമായ ആ പിളർപ്പ് നികത്താൻ ഇന്നേവരെ ഭാവനാസമ്പത്തും വിശാലമനസ്ക്കതയും ഭരണനൈപുണ്യവും ഉള്ള ഒരു വികാരിയും ലൂർദ്ദുപള്ളിയിൽ എത്തിയിട്ടില്ലെന്നുള്ളതാണു് പരമാർത്ഥം. അത്രക്കു് പാപ്പരതവമോ, ചങ്ങനാശ്ശേരി അതിരൂപതാഭരണത്തിനു്? തന്മൂലം ഇടവകയ്ക്കു് യാതൊരു പുരോഗതിയും ഉണ്ടായിട്ടില്ലെന്നു് പറയേണ്ടതില്ലല്ലോ. ഇടവകയിലെ കൂട്ടായ്മയ്ക്കും ക്രൈസ്തവചൈതന്യത്തിനും ഗുരുതരമായ ക്ഷതമേററിട്ടുണ്ടു്. ഇതാണു് ലൂർദ്ദ്ഇടവകയുടെ ഇന്നു കാണുന്ന നിർഭാഗ്യസ്ഥിതി. എന്നാൽ, ഇത്രയും വികസനസാദ്ധ്യത മാത്രമല്ല, വികസനാവശ്യമുള്ള മറെറാരിടവകയെ ഇന്ത്യയിലെ മറെറാരു സംസ്ഥാനതലസ്ഥാനത്തും കാണുവാൻ കഴിയുമെന്നും തോന്നുന്നില്ല.

തിരുവനന്തപുരത്തെ താമസക്കാരായ സീറോ–മലബാർ റീത്തുകാരുടെ ജനസംഖ്യയെ പരാമർശിക്കുമ്പോൾ, കേരള കത്തോലിക്കാ കോൺഗ്രസ്സിൻെറ നേതൃത്വത്തിൽ 1983–ൽ നടത്തിയ സെൻസസിൽ സീറോ–മലബാറുകാരായ എണ്ണൂറോളം വീട്ടുകാർ തിരുവനന്തപുരം പട്ടണത്തിൽ താമസിക്കുന്നതായി വെളിപ്പെടുന്നു.

ഇതുവരെ കണക്കിൽ പെടാത്ത ഇരുന്നൂറു വീട്ടുകാർകൂടി ഉണ്ടെന്നു വിചാരിക്കുവാൻ ന്യായമുണ്ടു്. അതിനുള്ള കാരണങ്ങൾ താഴെ പറയുന്നവയാണു്.

1. സീറോ–മലബാർ റീത്തുകാരുടെ കുടുംബങ്ങൾ തിരുവനന്തപുരം നഗരത്തിൻെറ നാനാഭാഗങ്ങളിലുമായി ചിതറി കിടക്കുകയാണു്. തന്മൂലം എല്ലാ കോണിലും മൂലയിലും അന്വേഷിച്ച സമ്പൂർണ്ണമായ ഒരു സെൻസസെടുക്കുവാൻ പ്രയാ

www.malankaralibrary.com

സമുണ്ട്. 2. രണ്ടും മൂന്നും തലമുറകളായി തിരുവനന്തപുരത്തു താമസമാക്കിയിട്ടുള്ളവർ വേർതിരിയാത്തവണ്ണം ലത്തീൻ റീത്തിൽ ലയിച്ചുപോയിട്ടുണ്ട്. 3. ജോലികൾക്കും മററുമായി തിരുവനന്തപുരത്തുവന്ന് ലത്തീൻ സ്ത്രീകളെ വിവാഹം കഴിച്ചിട്ടുള്ളവർ പൊതുവേ പറഞ്ഞാൽ ലത്തീൻ റീത്തിൽചേൎന്ന കഴിയുന്നവരാകയാൽ അവരേയും വേർതിരിച്ചറിയാൻ വിഷമമുണ്ട്. 4. തിരുവനന്തപുരം പട്ടണത്തിൽ ഉദ്യോഗസ്ഥന്മാരായിട്ടുള്ളവർ സ്ഥലംമാററംമൂലം താത്കാലികമായോ സ്ഥിരമായോ മററു സ്ഥലങ്ങളിൽ പോകുന്നതിനാൽ അവരുടേയും സ്ഥിരമായ മേൽവിലാസം സൂക്ഷിക്കാൻ ബുദ്ധിമുട്ടുണ്ട്.

## ലൂർദ് ഇടവകയുടെ സാമൂഹ്യരൂപം

തിരുവനന്തപുരത്തു താമസക്കാരായ സീറോ-മലബാർ റീത്തുകാർ ഏകദേശം മുഴുവൻതന്നേയും ഉദ്യോഗസ്ഥരോ, ഉദ്യോഗത്തിൽനിന്നു വിരമിച്ചവരോ ആണ്. വ്യവസായങ്ങൾക്കു വന്നിട്ടുള്ള ആളുകൾ വിരലിൽ എണ്ണാവുന്നവരേയുള്ളു. ഭൂരിപക്ഷവും ഉദ്യോഗസ്ഥരായതുകൊണ്ട് അവർ ബിരുദധാരികളും (ഒരു കുടുംബത്തിൽ ശരാശരി മൂന്നു ബിരുദധാരികൾ ഉണ്ടെന്നാണ് കണക്ക്) സംസ്കാരസമ്പന്നരും സാമ്പത്തികശേഷിയുള്ളവരും ആണെന്നത്രെ കരുതേണ്ടതു്. അവരിൽ I. A. S. കാരും I. P. S. കാരും M. R. C. P. ക്കാരും F. R. C. S. കാരും മററു ഡാക്ടർമാരും അഭിഭാഷകരും ഉണ്ട്. ഇംഗ്ലീഷിൽ The Cream of Society എന്നു പറയാറുള്ളതു് (സമൂഹത്തിൻെറ ഉത്തമാംശം) ഇവരെ സംബന്ധിച്ചിടത്തോളം അന്വത്ഥമാണ്. ഇൻഡ്യയിലുള്ള സംസ്ഥാനങ്ങളുടെ തലസ്ഥാനങ്ങൾ നോക്കുമ്പോൾ കത്തോലിക്കരുടെ ജനസംഖ്യകൊണ്ടും മററും ഇത്രയും പരിഗണനീയമായ ഒരു സമൂഹത്തിൻെറ ഉത്തമാംശം കാണുവാൻ മറെറാരു തലസ്ഥാനത്തും സാധിക്കുമെന്നും തോന്നുന്നില്ല.

## ലൂർദ് ഇടവക – സീറോ – മലബാർ സഭയുടെ പരിച്ഛേദനതലം (Cross-Section)

തിരുവനന്തപുരത്തെ ഈ സമൂഹത്തിനുള്ള മറെറാരു പ്രത്യേകത, കേരളത്തിലെ സീറോ-മലബാർ രൂപതകൾക്കുള്ള സമഗ്രമായ പ്രാതിനിധ്യസ്വഭാവമാണ്. കേരളത്തിലെ ഓരോ രൂപതാഭരണത്തിനും പാരമ്പര്യസിദ്ധവും സാഹചര്യസിദ്ധവുമായ വ്യത്യസ്തരീതികളുണ്ടാകാം. ഒരു രൂപത

www.malankaralibrary.com

യിൽത്തന്നെയും ഓരോ ഇടവകയ്ക്കും അതിൻേറതായ വ്യക്തിത്വവും ഭാവരീതികളും കാണാൻ സാധിക്കും. പട്ടണങ്ങളിലും കുഗ്രാമങ്ങളിലുമുള്ള ഇടവകാംഗങ്ങളുടെ മനഃശാസ്ത്രം വ്യത്യസ്തമായിരിക്കാനേ വഴിയുള്ളു. അവയെപ്പററി പഠിച്ചു മനസ്സിലാക്കി ഓരോ ഇടവകയ്ക്കും അനുയോജ്യനായ വൈദികനെ വികാരിയായി നിയമിക്കുന്നതാണ് ഒരു ഭദ്രാസനാദ്ധ്യക്ഷൻെറ പ്രധാന കത്തവ്യവും അദ്ദേഹത്തിൻെറ യോഗ്യതയുടെ മാനദണ്ഡവും. സംസ്കൃതമായ ഒരു ഉന്നതസമൂഹത്തിൻെറ വികാരിയായി അധികാരലഹരി പിടിച്ച കിഞ്ചിജ്ഞന്മാർ വികാരിമാരായി വരുമ്പോഴുണ്ടാകുന്ന കുഴപ്പങ്ങൾ പലയിടത്തും കാണാനുണ്ട്. തിരുവനന്തപുരത്തു് ലൂർദ്ദ് ഇടവകയിലും ഇതുണ്ടായിട്ടുണ്ടെന്നു് പറയാതിരിക്കാൻ നിർവ്വാഹമില്ല. ജനങ്ങളോടുള്ള സമീപനത്തിൽ മുരടിച്ചതും കക്കശവും പ്രാകൃതവുമായ ഭാവരീതികൾ അപകടങ്ങളെ വിളിച്ചുവരുത്തുന്നതാണ്. അതിനും ദൃഷ്ടാന്തങ്ങൾ ലൂർദ്ദ് ഇടവകയിൽത്തന്നെയുണ്ടായിട്ടുണ്ട്.

## ലൂർദ് ഇടവകയും സ്ഥാപനങ്ങളും

ക്രൈസ്തവസ്ഥാപനങ്ങൾ ഇതരമതസ്ഥരിൽ ഉളവാക്കുന്ന പ്രതികരണങ്ങളെപ്പററി പ്രതിപാദിക്കുമ്പോൾ, ഒരു പഴയ സംഭവം ഓമ്മയിൽ തെളിയുന്നു. 1938-ലെ ഒരു സായാഹ്നസമയം അത്യദ്ധ്യാനിയായിരുന്ന മാർ ഇവാനിയോസ് അദ്ദേഹത്തിൻെറ സിക്രട്ടറിയായിരുന്ന ഈ ഗ്രന്ഥകർത്താവിൻെറ കൈയ്ക്കുപിടിച്ചുകൊണ്ട് വിനീതമായ ആ അരമനയുടെ മുററത്തു് അങ്ങോട്ടുമിങ്ങോട്ടും ഉലാത്തുവാൻ തുടങ്ങി. അപ്പോൾ മെത്രാപ്പോലീത്താ ഈ ഗ്രന്ഥകത്താവിനോട്ട് ഒരു ചോദ്യമുന്നയിച്ചു.

''നമുക്കിവിടെ വളരണമല്ലേ! എന്താണ് മാർഗ്ഗം?'' ഗ്രന്ഥകത്താവു പറഞ്ഞു: ''നമ്മുടെയാളുകൾ തിരുവനന്തപുരത്തുവന്നു താമസിക്കുവാൻ സൗകര്യമുണ്ടാകണം''.

''അതത്രയെളുപ്പം സാദ്ധ്യമല്ലാ! നമുക്കു സ്ഥാപനങ്ങളുണ്ടാകണം''—അതായിരുന്നു തിരുമേനിയുടെ മറുപടി.

എന്നാൽ അതൊരു പ്രവചനമായിരുന്നു. പതിനഞ്ചു വഷം കഴിഞ്ഞപ്പോൾ തിരുവനന്തപുരം പട്ടണത്തിലും അതിൻെറ പ്രാന്തങ്ങളിലും തിരുമേനിക്കുണ്ടായ സ്ഥാപനങ്ങൾ പലതായിരുന്നു. തിരുവനന്തപുരം അതിരൂപതയ്ക്കു് തല

www.malankaralibrary.com

സ്ഥാനത്തുള്ള അസൂയാർഹമായ സ്വാധീനം പ്രധാനമായും അതിൻെറ സ്ഥാപനങ്ങളെ ആശ്രയിച്ചിരിക്കുന്നുവെന്നു പറയുന്നതിൽ തെററില്ല. കട്ടിനാഠം തിസ്സറാൻറിന് തിരുവനന്തപുരത്തെ ലത്തീൻ കത്തോലിക്കർ സമപ്പിച്ച മംഗളപത്രത്തിൽ മാർ ഈവാനിയോസ് തിരുവനന്തപുരത്തു വന്നശേഷം ആ നഗരത്തിലെ ക്രൈസ്തവസ്വാധീനം ഉജ്ജ്വലമായിട്ടുണ്ടെന്നു് എടുത്തുപറയുവാൻ കാരണം ഇതാണു്.

ദൈവാലയം കൂടാതെ ഒരു ക്രിസ്ത്യൻ സമൂഹവും വളരുകയില്ല, നിലനില്ക്കുകപോലുമില്ല. ആദ്ധ്യാത്മികജീവിതത്തിൻെറ ഉറവിടമാണു് ദൈവാലയം; അതിനോടു ബന്ധപ്പെട്ടിരിക്കുന്ന സാമൂഹ്യപ്രവത്തനങ്ങളുടെ കേന്ദ്രവും. ഇടവകാംഗങ്ങളുടെ വളച്ചക്കം വികസനത്തിനുമുള്ള പദ്ധതികഠം ആസൂത്രണം ചെയ്യപ്പെടുന്നതും ഇടവകപ്പള്ളി എന്ന സിരാകേന്ദ്രത്തിലാണു്; അവ പ്രാവർത്തികമാക്കുന്നതു്, ഇടവകാംഗങ്ങഠം എന്ന അവയവങ്ങളുടെ സഹകരണത്തിലൂടെയുമാണു്. സുറിയാനി സഭാഭരണത്തിലുള്ള ജനപ്രാതിനിധ്യത്തിൻെറ ആവശ്യവും ഇവിടെ വ്യക്തമായി കാണാം. ഇടവകയിലെ ഓരോ അംഗത്തിൻേറയും സുഖദുഃഖങ്ങളിൽ ശീഘ്രഗ്രഹണക്ഷമമായ സചേതനത്വം (sensitivity) പള്ളി എന്ന സ്ഥാപനത്തിലുണ്ടായിരിക്കണം. അഞ്ഞൂറു വീടുകളുള്ള ഇടവകയിൽ അഞ്ചുവർഷം വികാരിത്വത്തിൻെറ ''രാജ്യഭാരം'' നടത്തിയിട്ടും, അൻപതു വീട്ടുകാരെ കാണാൻ കഴിയാത്തവർ അജപാലനത്തിനു് യോഗ്യരാണെന്നു് പറയുവാൻ നിവ്വാഹമില്ല. ഇവരാണു് കൂദാശകഠംക്കും ദിവ്യകമ്മ്ങ്ങഠംക്കും 'ടോഠം' (Toll) പിരിക്കുന്ന ചുങ്കക്കാരായി അധഃപതിക്കാറുള്ളതു്, സഭയുടെ മരണമണി മുഴക്കുന്നതും ഇവർതന്നെ!

ആച്ചുബിഷപ്പു് മാർ മാത്യു കാവുകാട്ടു തിരുമേനി പുരക്കലച്ചൻെറ സ്ഥലം വാങ്ങിയശേഷം, തിരുവനന്തപുരം നഗരത്തിൽ ചിതറിക്കിടക്കുന്ന തൻെറ ജനങ്ങഠംക്കുവേണ്ടി വേറെയും സ്ഥലങ്ങളന്വേഷിച്ചു. തിരുവനന്തപുരത്തു് ''ബെൽഹെവൻ'' ഭാഗത്തും കുറെ സിറിയൻ കത്തോലിക്കാ കുടുംബങ്ങളുണ്ടായിരുന്നു. അവിടെ അദ്ദേഹം രണ്ടു് ഏക്കർ 15 സെൻറു് സ്ഥലം വാങ്ങി. എന്നാൽ അതിനു വളരെ ദൂരത്തല്ലാത്ത സുറിയാനി കമ്മലീത്താ ആശ്രമം വികസിച്ചു തുടങ്ങിയപ്പോഠം
8 'ബെൽഹെവൻ'ലെ പള്ളിക്കുള്ള ആവശ്യം കുറഞ്ഞു. ആ

www.malankaralibrary.com

സ്ഥലത്തിൻെറ അധികപങ്കും പെൺകുട്ടികൾക്കുള്ള ഹൈസ്കൂൾ നടത്തുന്നതിന് ആരാധനമഠം കന്യാസ്ത്രീകൾ വിലയ്ക്കു വാങ്ങി. ഇന്ന് സ്ഥലദൗർല്ലഭ്യംമൂലം, ഹൈസ്കൂൾ വികസനത്തിന മാർഗ്ഗമില്ലാതെ ശ്വാസംമുട്ടി കഴിയുന്നു. കുറഞ്ഞ ഏതാനും വർഷങ്ങൾകൊണ്ട് തിരുവനന്തപുരത്തെ മറേറതു സ്ഥാപനത്തോടും കിടപിടിക്കത്തക്ക രീതിയിൽ നൂറുശതമാനം പരീക്ഷാവിജയത്തോടും, അവയിൽ ഭൂരിപക്ഷം ഫസ്റ്റ്ക്ലാസ്സോടും കൂടി പരിലസിക്കുന്ന ഒരു മഹൽസ്ഥാപനമായി അതു് തീന്നിരിക്കുകയാണ്. അഭിമാനം പകരുന്ന ഒരു സ്ഥാപനം.

കേരളത്തിൻെറ പല ഭാഗങ്ങളിൽനിന്നും വിദ്യാത്ഥികളായും ഉദ്യോഗസ്ഥകളായും തിരുവനന്തപുരത്തു് താമസിക്കുന്ന സീറോ–മലബാർ റീത്തുകാരായ വനിതകൾക്ക് ഒരു ഹോസ്റ്റൽ ഉണ്ടാക്കണമെന്ന ആശയം ലൂർദ്ദ് സെൻറർ പണിതതിനുശേഷം, കാവുകാട്ടുപിതാവു് പ്രകടിപ്പിച്ചതാണ്. ആ ആവശ്യം തിരുവനന്തപുരത്തു് അടിയന്തരമായ കാര്യവുമാണ്. അതിൻെറ കാരണം, വടക്കുനിന്നും വന്നിട്ടുള്ള യുവതികളിൽ ചിലർ അനഭിലക്ഷണീയവും അപകടകരവുമായ ഹോസ്റ്റലുകളിൽ താമസിച്ചു് മതവും സമുദായവും ഉപേക്ഷിച്ചു് പോയിട്ടുള്ളതു് പരസ്യമായ ഒരു രഹസ്യമാണ്. അതിൻെറ പരിഹാരത്തിനാണ് തിരുമേനിയിൽ ഈ ആശയമുദിച്ചതു്. എന്നാൽ, അതു സഫലമാകുന്നതിനുമുൻപ് അദ്ദേഹം പരലോകഗതനായി. അതേറെറടുക്കുവാൻ തക്ക താത്പര്യവും പ്രാപ്തിയുമുള്ളവരായി പിന്നീട് വൈകിയവേളയിൽ (1983) വന്നതു് തിരുഹൃദയസന്ന്യാസിനിമാരാണ്—അതു് ചങ്ങനാശ്ശേരി അതിരൂപതയുടെ ഗുരുതരമായ കത്തവ്യമായിരുന്നെങ്കിലും.

## ലൂർദു പള്ളിയും സെമിത്തേരിയും

വിശാലക്രൈസ്തവസഭ ലോകത്തിലെവിടെയും ചെറിയ ചെറിയ സമൂഹങ്ങളിൽനിന്നാണല്ലോ വളന്നിട്ടുള്ളതു്. അതിൻെറ മൗലികഘടകം കുടുംബമാണ്. ആ ഘടകത്തിൻെറ പ്രാഥമികമായ ആവശ്യവും കത്തവ്യവും പ്രാത്ഥനയാണ്; അതായതു്, പ്രാത്ഥനയ്ക്കു് സ്ഥലവും സമയവും ഉണ്ടായിരിക്കുക. ഈ കുടുംബത്തിൻെറ വികസനമാണ് ഓരോ ഇടവകയായി നാം കാണുന്നതു്. അവിടെയും പ്രഥമവും പ്രധാനവുമായ ആവ

www.malankaralibrary.com

ശ്യം ആരാധനയ്ക്കും പ്രാർത്ഥനയ്ക്കുമുള്ള സ്ഥലവും ക്ലിപ്തസമയവും ഉണ്ടാകുകയാണ്. മററു കൂദാശകൾക്കും കർമ്മങ്ങൾക്കുമെല്ലാം സ്ഥലത്തിൻേറയും സമയത്തിൻേറയും പരിധികളില്ല. പൌലോസ് ശ്ലീഹാ ''അപ്പം മുറിക്കൽ'' നടത്തിയതു് പല കുടുംബങ്ങളും സംബന്ധിച്ച വീടുകളിൽവെച്ചായിരുന്നു. ഇതു് സമൂഹത്തിൻെറ ആത്മീയമായ ഒരാവശ്യമാണ്.

എന്നാൽ, ആത്മീയവും, അതിനെക്കാൾ കൂടുതൽ സാമൂഹ്യവുമായ തലത്തിൽ അത്യാവശ്യവുമായ മറെറാരു ഘടകം ക്രൈസ്തവമായ ശവസംസ്ക്കാരവും അതിനൊരു സ്ഥലവുമാണ്. ക്രൈസ്തവസഭയുടെ തുടക്കംമുതൽക്കേ, പൊതുവായ സെമിത്തേരികൾ ഉണ്ടായിരുന്നു. അവ ഓരോ സമൂഹത്തിൻെറ വിശുദ്ധന്മാരുടേയും പ്രിയപ്പെട്ടവരുടേയും ഭൗതികാവശിഷ്ടങ്ങൾ ഉൾക്കൊള്ളുന്ന പൂജ്യസ്ഥലങ്ങളായാണ് കരുതപ്പെട്ടിരുന്നതു്. റോമിലെ മതപീഡനകാലത്തു്, ഭൂഗർഭാലയത്തിലെ സെമിത്തേരികളിലാണ് (catacomb) മതകർമ്മങ്ങളനുഷ്ഠിച്ചിരുന്നതു്. ആ ഭൂഗർഭാലയ സെമിത്തേരികൾ രക്തസാക്ഷികളുടേയും മററു വിശുദ്ധന്മാരുടേയും ഭൗതികാവശിഷ്ടങ്ങളുടെ പാവനപേടകമായിരുന്നു. അതിൽ റോമ്മാക്കാർ എന്നും അഭിമാനംകൊണ്ടിരുന്നു.

ലൂർദ്ദ് ഇടവകയും പള്ളിയും ആരംഭിച്ചിട്ട് കാൽ ശതാബ്ദമായി. എന്നാൽ, ആ പള്ളിക്ക് ഇതേവരെ സെമിത്തേരിയുണ്ടായിട്ടില്ലെന്നു പറഞ്ഞാൽ, ആളുകൾ അമ്പരക്കും. ഈ കാൽ ശതാബ്ദക്കാലത്തു്, തിരുവനന്തപുരത്തുവെച്ചു മരിച്ച സീറോ–മലബാർ റീത്തുകാരുടെ ജഡങ്ങൾ എന്തുചെയ്തു എന്ന ചോദ്യമുണ്ടാകും. ഇതു് അതിനിശിതമായ ഒരു ചോദ്യവുമാണ്. അതിനുള്ള മറുപടി, ഉദാരമതികളായ മലങ്കര കത്തോലിക്കർക്കും ലത്തീൻകത്തോലിക്കർക്കും സെമിത്തേരികൾ ഉണ്ടെന്നുള്ളതുതന്നെ. അവരുടെ അനുകമ്പയും കാരുണ്യവുംകൊണ്ടാണ് മൃതദേഹങ്ങൾ മറവുചെയ്തുപോരുന്നതു്. സെമിത്തേരികളുടെ വിസ്തീർണ്ണം പരിമിതമായിരിക്കുമ്പോൾ, ഇടവകയിലെ ജനസംഖ്യാവർദ്ധനവ് പ്രശ്നങ്ങളുണ്ടാക്കാതിരിക്കില്ല. ആ പ്രശ്നം തിരുവനന്തപുരത്തെ ലത്തീൻ–മലങ്കര സെമിത്തേരികളെയും ബാധിക്കുന്നുമുണ്ട്. മരിച്ച വിശ്വാസികളെ മറവു ചെയ്യുവാൻ, വിശുദ്ധീകരിക്കപ്പെട്ട പൊതുസ്ഥലം വേണമെ

www.malankaralibrary.com

ന്നനുശാസിക്കുന്ന കത്തോലിക്കാസഭയിൽപ്പെട്ട സീറോ–മലബാർ സഭ അതിനു സ്ഥലം സജ്ജീകരിക്കുകയില്ലെന്നു വന്നാൽ ഗുരുതരമായ ഒരു പ്രതിസന്ധി സംജാതമാകാതിരിക്കുകയില്ല. ലൂർദ്ദുപള്ളിയുടെ ഇന്നത്തെ സ്ഥിതിയാണിതു്. ഗവണ്മെൻറ് അനുവാദംകൂടാതെ സെമിത്തേരികൾ ഉണ്ടാക്കാൻ പാടില്ലാതിരുന്ന സർ. സി. പി. രാമസ്വാമി അയ്യരുടെ ഭരണകാലത്തു്, പരേതയായ M. L. A. ആനിമസ്ക്രീൻ സി. പി. യോടു് നിയമസഭയിൽവെച്ചു ചോദിച്ചു: ''സർ, ഞങ്ങളേയും ഞങ്ങൾക്കുള്ളവരേയും സംസ്ക്കരിക്കുവാൻ സെമിത്തേരിക്കു് അനുവാദം നല്കാത്ത അവിടുന്നു്, ഞങ്ങളും ഞങ്ങൾക്കുള്ളവരും മരിച്ചാൽ എന്തു ചെയ്യണമെന്നാണു് പറയുന്നതു്? ഉപ്പിലിട്ടുവെയ്ക്കണമെന്നോ?''. കേരളത്തിലെ വിവിധ സീറോ–മലബാർ രൂപതകളിൽനിന്നു് തിരുവനന്തപുരത്തു താമസമാക്കിയിട്ടുള്ളവരും തിരുവനന്തപുരത്തുവെച്ചു് മരിക്കാനിടയുള്ളവരുമായ ആബാലവൃദ്ധം സീറോ–മലബാർ റീത്തുകാർ ചങ്ങനാശ്ശേരി അതിരൂപതാദ്ധ്യക്ഷനോടു് ചോദിക്കുന്ന ചോദ്യവും ഇതുതന്നെയാണു്. കാൽ ശതാബ്ദമായിട്ടും മറുപടി കിട്ടാത്ത ചോദ്യം!!

കാവുകാട്ടു മെത്രാപ്പോലീത്തായുടെ കാലത്തു് സെമിത്തേരിക്കൊരു സ്ഥലം വാങ്ങിയിരുന്നു. എന്നാൽ, ചില സാങ്കേതിക തടസ്സങ്ങളുണ്ടായതുമൂലം അതു് ഉപയോഗിക്കുവാൻ നിർവ്വാഹമില്ലാത്ത സ്ഥിതിയിലായി. പിന്നെയുമൊരു ശ്രമം നടന്നു. അതു് മറെറാരു കൂട്ടരുടെ സെമിത്തേരിക്കടുത്തു്, സൗകര്യമായൊരു സ്ഥലമായിരുന്നു. ആ സ്ഥലം വാങ്ങുന്നതിലേയ്ക്കു് 2000/– രൂപാ അഡ്വാൻസും കൊടുത്തു. എന്നാൽ അവസാന നിമിഷത്തിൽ, ആ ശ്രമവും അലസിപ്പോയെന്നു പറഞ്ഞാൽ മതിയല്ലോ. മൃതരാകുന്ന സീറോ–മലബാർ റീത്തുകാർക്കുവേണ്ടി ഇന്നു് അവരുടെ ബന്ധുമിത്രാദികൾ മലങ്കരക്കാരുടെയും ലത്തീൻകാരുടെയും സെമിത്തേരികളുടെ വാതില്ക്കൽചെന്നു് മുട്ടി യാചിക്കുകയാണു്. ഇതു് വ്യസനകരവും അതിലേറെ ലജ്ജാകരവുമായ സ്ഥിതിവിശേഷമാണെന്നു പറയേണ്ടതില്ലല്ലോ.

വിശ്വാസികൾക്കു് സെമിത്തേരികൾ ഇല്ലാതെവന്നാലുള്ള വിഷമതകളെപ്പററി ഉത്തരവാദികളായ അധികൃതർ ചിന്തിക്കാത്തതു് വിസ്മയകരമായി തോന്നുന്നു. ജനങ്ങളുടെ

www.malankaralibrary.com

ദുഃഖത്തിലും സന്തോഷത്തിലും ഹൃദയപൂർവ്വം പങ്കുകൊള്ളുകയും അവരുടെ ആവശ്യങ്ങളിൽ ത്യാഗപൂർവ്വം സേവനം ചെയ്യുകയുമാണ് ഒരിടയന്റെ അടിസ്ഥാനപരമായ കർത്തവ്യം. റഷ്യയിൽ ജനങ്ങൾക്ക് ഉപ്പിനു ക്ഷാമം വന്നപ്പോൾ, ലെനിൻ സഹതാപപൂർവ്വം ഉപ്പുപേക്ഷിച്ചു ഭക്ഷണം കഴിച്ചിരുന്നതായി ഒരു കഥയുണ്ട്. ആ കഥ ശരിയാണെങ്കിലും അല്ലെങ്കിലും, രൂപതാധികാരികളായ മെത്രാന്മാർക്ക് കത്തീഡ്രലിന്റെ സംപൂജ്യമായ മദ്ബഹാ തങ്ങളുടെ സുനിശ്ചിതമായ സംസ്കാരസ്ഥലമാണെന്നു് ഉറപ്പുണ്ട്. എന്നാൽ മരണമടയുന്ന വൈദികരേയും ജനങ്ങളേയും സംസ്കരിക്കാൻ സ്ഥലമില്ലാതെവരുന്ന ദുർഘടാവസ്ഥയെപ്പററി രൂപതാദ്ധ്യക്ഷൻ ചിന്തിക്കാതെയിരിക്കുന്നതു് ദുർഗ്രാഹ്യമായ ഒരു പ്രശ്നമാണ്. ഈ പ്രശ്നം വിളംബമന്യേ, രൂപതാദ്ധ്യക്ഷനെ തന്നെയും പ്രശ്നമാക്കുന്ന കാര്യവുമാണ്. മെത്രാന്മാരുടെ ഒപ്പം ഒരേ പൗരോഹിത്യത്തിൽ ഭാഗഭാക്കുകളാകുന്ന വൈദികർ മരിച്ചാൽ അവരെ പള്ളിക്കകത്തുതന്നെയായിരുന്നു സംസ്കരിക്കാറുള്ളതു്. ഇന്നു്, അതൊക്കെ മാറി, പള്ളിമുററത്തും പൊതുസെമിത്തേരിയിലുമായിതീർന്നിരിക്കുന്നു എന്നു പറഞ്ഞാൽ, പൗരോഹിത്യത്തിന്റെ ദിവ്യത്വത്തെ ആശ്രയിച്ചല്ല ശവസംസ്കാരസ്ഥാനനിർണ്ണയം, പിന്നെയോ, ഭരണദണ്ഡിന്റെ നീളമനുസരിച്ചെന്നു വ്യക്തം. കാരണം, മെത്രാനായാലും വൈദികനായാലും പുരോഹിതന്മാരും ഭരണാധികാരികളും തന്നെയാണല്ലോ.

## തിരുവനന്തപുരത്ത് C. M. I. സ്ഥാപനങ്ങൾ

തിരുവനന്തപുരത്തു് C. M. I. വൈദികർ പ്രവേശിക്കുന്നതു് 1946–ലാണ്. പുളിങ്കുന്നിലെ പരേതനായ പുത്തൻപുരയ്ക്കൽ കുഞ്ചെറിയ മുഖേന അദ്ദേഹത്തിന്റെ സ്യാലനായ കാഞ്ഞിരപ്പള്ളി പള്ളിവാതുക്കൽ ഇട്ടിയവരായോട്, പ്രഗത്ഭനും ദീർഘവീക്ഷകനും ആയ ഫാ. ആൻഡ്രൂസ് പൂണോളി വാങ്ങിയതാണ്, വെള്ളയമ്പലത്തു് സുറിയാനി കമ്മലീത്തക്കുണ്ടായ ഒൻപതു് ഏക്കർ സ്ഥലവും മൂന്നു കെട്ടിടങ്ങളും. അന്നു് അവിടെ സീറോ–മലബാർ റീത്തിനു്, ഭരണാധികാരമില്ലാതിരുന്നതുകൊണ്ട് തിരുവനന്തപുരം ലത്തീൻമെത്രാന്റെ ദാക്ഷിണ്യത്തിൽ അവർ വെള്ളയമ്പലത്തു് താമസം തുടങ്ങി. കുറെക്കാലത്തോളം, സുറിയാനി കമ്മലീത്താസന്യാസിമാരുടെ താമസസ്ഥലമെന്നതിൽ കവിഞ്ഞു് അതിനു് പ്രാധാന്യമൊന്നുമുണ്ടായിരുന്നില്ല.

www.malankaralibrary.com

എന്നാൽ ചങ്ങനാശ്ശേരിയുടെ ഭരണാതിർത്തി കന്യാകുമാരിവരെയായപ്പോഠം, ക്രൈസ്റ്റ്ഹോഠം എന്നറിയപ്പെട്ടിരുന്ന ആ സന്ന്യാസാശ്രമവും സജീവമായി. അവരുടെ പ്രവർത്തനം മിഷ്ൻരംഗത്തേയ്ക്കും വിദ്യാഭ്യാസരംഗത്തേയ്ക്കും വ്യാപിച്ചു. ഇതിനുമുൻപു്, മാർ ഇവാനിയോസിന്റെ തിരുവനന്തപുരം അതിരൂപതയിൽ സുറിയാനികത്തോലിക്കരായ പന്ത്രണ്ടു വൈദികർ ജോലി ചെയ്തിരുന്നു. സീറോ-മലബാർ റീത്തു് വിമോചിതമായതോടുകൂടി അവരുടെ പ്രവർത്തനം ചങ്ങനാശ്ശേരി അതിരൂപതയിലും സീറോ-മലബാർ റീത്തിലും ആയി. അഴകിയമണ്ഡപം, വിഴിഞ്ഞം, കളിയൽ, മണ്ഡപത്തുംകടവു് എന്നീ സ്ഥലങ്ങഠം കേന്ദ്രമാക്കി അവക്കു് ഇരുപതോളം മിഷ്ൻ രംഗങ്ങളുണ്ടു്. അപ്പപ്പോഠം മാറിമാറിവരുന്ന ഭരണനേതൃത്വത്തിന്റെ ദർശനഭേദങ്ങളും നയവ്യത്യാസങ്ങളുംകൊണ്ടു് ഋതുഭേദങ്ങഠംപോലെ വളർച്ചയും തളർച്ചയും മാറിമാറി വരുന്നു. ഇപ്പോഠം നിഷ്ക്രിയത്വത്തിന്റെ ശീതകാലമാണു്. വസന്തകാലം എന്നു വരുമെന്നോ, വരുമെന്നുതന്നെയോ നിശ്ചയമില്ല.

സീറോ-മലബാർ റീത്തിനു് സ്വാതന്ത്ര്യം കിട്ടിക്കഴിഞ്ഞപ്പോഠം സി. എം. ഐ ക്കാരുടെ ശ്രദ്ധ വിദ്യാഭ്യാസ രംഗത്തേയ്ക്കും തിരിഞ്ഞു. ഫാ. ജോബു് വള്ളിപ്പാലമാണു് ഹൈസ്കൂളിനുള്ള ശ്രമങ്ങഠം ആരംഭിച്ചതു്. ഇന്നവക്കു്, പ്രശസ്തമായി നടത്തുന്ന ക്രൈസ്റ്റ്നഗർ ഹൈസ്കൂളുണ്ടു്. ഫാദർ ഡാമിയൻ തുരുത്തുമാലിയുടെ കാലത്താണു് ആ സ്കൂഠം സ്ഥാപിതമായതു്. അതിന്റെ സ്ഥാപനത്തിൽ പല പ്രതിബന്ധങ്ങളും തരണംചെയ്യുവാൻ ഫാദർ ഡാമിയന്റെ വ്യക്തിവിശേഷം സഹായിച്ചു. എക്യുമിനിസത്തിലും പൊതുജനസമ്പർക്കത്തിലും അദ്ദേഹം നല്കിയ നേതൃത്വം തിരുവനന്തപുരത്തെ ക്രൈസ്തവജനവിഭാഗത്തിനു് ഒരു മുതൽക്കൂട്ടാണു്. ക്രൈസ്റ്റ്ഹാഠം ആശ്രമത്തിലെ ദൈവാലയം ലത്തീടവകഭരണത്തിൽ കാണുന്ന പല വൈകല്യങ്ങഠംക്കും പരിഹാരമാണെന്നു പറയാം. ആ ആശ്രമദൈവാലയം പ്രായോഗികമായി കുറെയൊക്കെ ഒരിടവകപ്പള്ളിയുടെ സഹായമാണു് ചങ്ങനാശ്ശേരി രൂപതയ്ക്കു് ചെയ്യുന്നതു്. ഇന്നു് സെൻറ് ജോസഫ്സ് കത്തോലിക്കാ പ്രോവിൻസിന്റെ മാതൃഭവനവും തിരുവനന്തപുരത്തായിട്ടുണ്ടു്.

www.malankaralibrary.com

## തിരുവനന്തപുരം നഗരത്തിലെ ക്രൈസ്തവ വിഭാഗങ്ങൾ (ഏകദേശ കണക്ക്)

| വിഭാഗം | മെത്രാൻ | ആരാധന സ്ഥലം | കുടുംബങ്ങൾ | ജനങ്ങൾ |
|---|---|---|---|---|
| ലത്തീൻ | ഒന്ന് | 17 | 4500 | 30000 |
| സീറോ-മലങ്കര | രണ്ട് | 9 | 300 | 1500 |
| സീറോ-മലബാർ | | 2 | 1000 | 5000 |
| ഓർത്തഡോക്സ് | ഒന്ന് | 7 | 1000 | 5000 |
| യാക്കോബായ | ഒന്ന് | 2 | 300 | 1500 |
| മാർത്തോമ്മാ (എവാൻജലിക്കൻ ഉൾപ്പെടെ) | ഒന്ന് | 6 | 1000 | 5000 |
| സി. എസ്സ്. ഐ. | ഒന്ന് | 7 | 1000 | 5000 |
| മററു വിഭാഗങ്ങൾ | | 10 | 600 | 3500 |
| ആകെ | ഏഴ് | 60 | 9700 | 56500 |

## പോർച്ചുഗീസ് "കൊളോണിയലിസം" വീണ്ടും രംഗത്ത്

മുകളിൽ കൊടുത്തിട്ടുള്ള പട്ടിക നോക്കുമ്പോൾ, മെത്രാൻ സ്ഥാനം അംഗീകരിക്കുന്ന കേരളത്തിലെ ക്രൈസ്തവസഭകളിൽ (episcopalian churches) സീറോ-മലബാർ സഭയ്ക്കുമാത്രം തിരുവനന്തപുരത്ത് മെത്രാസനമില്ല. എന്നാൽ, സീറോ-മലബാർ സഭ പുരാതനത്വവും പ്രശസ്തിയും സംഖ്യാബലവും (1981-ൽ മുപ്പത്തഞ്ചു ലക്ഷം) കൊണ്ട്[3] മുന്നിൽ നില്ക്കുന്ന സമൂഹമാണ്. തിരുവനന്തപുരത്ത് ഒരു സീറോ-മലബാർ മെത്രാനുണ്ടാകാൻ നിർബ്ബന്ധിക്കുന്ന സാഹചര്യങ്ങളാണ് താഴെപ്പറയുന്നവ:

1) കൊട്ടാരക്കരയ്ക്കു തെക്കുള്ള പ്രദേശങ്ങളിലെ സീറോ-മലബാർ കുടിയേററം,

2) തിരുവനന്തപുരം നഗരത്തിലും പ്രാന്തങ്ങളിലുമുള്ള സീറോ-മലബാർ റീത്തുകാരുടെ വർദ്ധനവ്,

3) തലസ്ഥാനത്തെ ഗവണ്മെണ്ട്, ആസ്പത്രികൾ, സർവ്വകലാശാല മുതലായ സ്ഥാപനങ്ങളും ആയുള്ള ഇടപാടുകൾക്ക്

---

3. ''ഭാരതസഭ ഇന്ന്'', P. 53.

www.malankaralibrary.com

തിരുവനന്തപുരത്തു ദൈനംദിനം എത്തുന്ന സീറോ-മലബാർ കാരുടെ തിരക്ക്,

4) വിദ്യാലയങ്ങരം സന്ന്യാസാശ്രമങ്ങരം, കന്യാസ്ത്രീ മഠങ്ങരം മുതലായവക്കു പ്രേരണയും പ്രചോദനവും നല്കാൻ മെത്രാസനം ആവശ്യം

5) സീറോ-മലബാർ മെത്രാൻ തിരുവനന്തപുരത്തു് ആസ്ഥാനമാക്കിയാൽ തലസ്ഥാനത്തു് വിദ്യാഭ്യാസപരമായും സാമൂഹ്യക്ഷേമകരമായും ഉണ്ടാകാവുന്ന വളച്ച്യും ക്രൈസ്തവ ചൈതന്യത്തിൻെറ പ്രസരണവും.

6) ലൂർദ്ദ് ഇടവകയിലെ ഭിന്നരൂപതാംഗങ്ങളുടെ വ്യത്യസ്ത ഭാവരൂപങ്ങളെ സമന്വയിച്ച് ഏകയോഗമാക്കവാനും തിരുവനന്തപുരത്തു് ഒരു മെത്രാസനം ആവശ്യമാണ്.

സീറോ-മലബാർ ഹൈരാർക്കിയുടെ സ്ഥാപനശേഷം ഇതിനുവേണ്ടി പല പരിശ്രമങ്ങളും നടന്നുകൊണ്ടിരുന്നു. എറണാകുളം മെത്രാപ്പോലീത്താ ആയിരുന്ന പരേതനായ മാർ അഗസ്റ്റിൻ കണ്ടത്തിൽ ഇതിനുവേണ്ടി വളരെ ഉത്സുകനായി പ്രവത്തിച്ചിട്ടുണ്ട്. പലപ്പോഴും തിരുവനന്തപുരത്തു് സീറോ-മലബാർ മെത്രാൻ നിയമിതനായെന്നും ഇല്ലെന്നും ഉള്ള കിംവദന്തികരം മാറിമാറി പ്രചരിച്ചിരുന്നു. അതു് നിശ്ശേഷം കെട്ടടങ്ങിയതു് 1970-ൻെറ ഉത്തരാർദ്ധത്തിലാണ്. എങ്കിലും അതിനുവേണ്ടിയുള്ള ആശയും ആഗ്രഹവും പ്രതീക്ഷയും ജനഹൃദയങ്ങളിൽ സജീവമായിത്തന്നെ നിലനിന്നുപോന്നു.

7) കന്യാകുമാരി ഡിസ്ട്രിക്റ്റിലുള്ള അവരുടെ ജനസംഖ്യയും (ഏകദേശം ഇരുപതിനായിരം) സ്ഥാപനങ്ങളും.

## കുസൃതിക്കുട്ടനായ കുട്ടിച്ചാത്തൻ

അങ്ങനെയിരിക്കെ, 1970 മേയ് 19-ാംനു- ലെ മലയാള മനോരമയിൽ വാത്താരൂപത്തിൽ ഒരു കുട്ടിച്ചാത്തൻ പ്രത്യക്ഷപ്പെട്ടു. അതിൻെറ കുസൃതിക്കുമ്പുവിടന്നതു് മനോരമയുടെ ബാംഗ്ലൂർ ലേഖകൻെറ കൈകളിലാണ്. ''കേരളത്തിനു് പുതിയ കത്തോലിക്കാ രൂപതകരം'' എന്ന തലക്കെട്ടിൽ, മനോരമയുടെ ബാംഗ്ളൂർ ലേഖകൻ അറിയിച്ചതു്, ചങ്ങനാശ്ശേരിരൂപത വിഭജിച്ച് തിരുവനന്തപുരം ആസ്ഥാനമായും തൃശ്ശൂർരൂപത വിഭജിച്ച് കൊടുങ്ങല്ലൂർ ആസ്ഥാനമായും രണ്ടു പുതിയ രൂപതകരം ഉണ്ടാകുമെന്നായിരുന്നു. ഒരു ബോംബി

www.malankaralibrary.com

ട്ടാലുള്ള സ്ഫോടനംപോലെയായിരുന്നു ലത്തീൻ വിഭാഗത്തിൻെറ പ്രതികരണം.

1970 മേയ്മാസം 26-ാംനു- തിരുവനന്തപുരം ലത്തീൻ മെത്രാൻ തൻെറ അരമനയിൽ വിളിച്ചുകൂട്ടിയ ആ രൂപതയിലെ വൈദികരുടെ യോഗത്തിൽവെച്ച് പുതിയ സുറിയാനി രൂപതകഠം ഉണ്ടാക്കുന്നതിനെതിരായും സുറിയാനി–ലത്തീൻ രൂപതകളുടെ ഇടകലർന്നുള്ള ഭരണാധികാരം (double jurisdiction) ഉടനെ അവസാനിപ്പിക്കുന്നതിനു് അഭ്യർത്ഥിച്ചും നിശ്ചയങ്ങഠം പാസ്സാക്കി. തുടർന്നുള്ള കൗതുകമേറിയ പ്രമേയം, തിരുവനന്തപുരത്തു സീറോ–മലബാർ മെത്രാനു് ആസ്ഥാനം കൊടുക്കുകയാണെങ്കിൽ, തങ്ങളെ രാജിവെയ്ക്കുവാൻ അനുവദിച്ച് ദ്വിഭരണം ഇല്ലാത്ത സ്ഥലങ്ങളിലേയ്ക്കു് മാററണമെന്നുമായിരുന്നു. റോമിലേയ്ക്കയച്ച ഈ പ്രമേയങ്ങഠംക്കു് മററു ലത്തീൻ മെത്രാന്മാരുടെ അംഗീകരണം ഉണ്ടെന്നും ബിഷപ്പു നടത്തിയ പത്രസമ്മേളനത്തിൽ പ്രസ്താവിച്ചു.

ഇതുപോലൊരു പ്രതികരണം കൊടുങ്ങല്ലൂരും ഉണ്ടായി. അവിടെ കോട്ടപ്പുറത്തും സമീപസ്ഥലങ്ങളിലുമുള്ള ലത്തീൻകാർ സംഘടിച്ച് സുറിയാനിക്കാക്കെതിരായ മുദ്രാവാക്യങ്ങഠം വിളിച്ച് ജാഥകഠം നടത്തുകയുണ്ടായി.

ഈ നിശ്ചയങ്ങഠം വ്യക്തമാക്കുന്നതു് ലത്തീൻഭരണമുള്ളിടത്തെങ്ങും സുറിയാനിഭരണം പാടില്ലെന്നാണ്. പോർച്ചുഗീസുകാരുടെ കാലത്തു്, ഇൻഡ്യമുഴുവൻ ലത്തീൻഭരണം വീതിച്ചെടുത്തു. പിന്നെ സുറിയാനിക്കാരും അവരുടെ ഭരണവും എവിടെപ്പോകും! ഇത്ര ബാലിശവും വിവേകശൂന്യവും ബുദ്ധിഹീനവും ആയ പ്രമേയങ്ങഠം ഉന്നതമായ ഒരു സ്ഥാനത്തുനിന്നുണ്ടാകുന്നതു് കത്തോലിക്കർക്കെല്ലാം അപമാനകരമാണ്. ഈ പ്രമേയങ്ങഠം പുതിയ നിയമത്തിലെ ശാസനകഠംക്കും സഭാനിയമങ്ങഠംക്കും വിരുദ്ധമെന്നതോ പോകട്ടെ, മനുഷ്യൻെറ മൗലികാവകാശങ്ങളെയും ഇൻഡ്യൻ ഭരണഘടനയെത്തന്നെയും വെട്ടിവീഴ്ത്തിയിരിക്കുന്നതു് പ്രോസിക്യൂഷനു വകതരുന്നുണ്ടോ എന്നു് അഭിഭാഷകർക്കു് പരിശോധിക്കാവുന്നതാണ്. വളരെ വർഷങ്ങളോളം തിരുവനന്തപുരവുമായി ബന്ധപ്പെട്ടുകഴിയുന്ന ഈ ഗ്രന്ഥകാരനെപ്പോലുള്ളവക്കു്, ഈ പ്രമേയങ്ങഠം എത്രതന്നെ അർത്ഥശൂന്യങ്ങളായിരുന്നാലും, വേദനാജനകമായിരുന്നു. മററു മതങ്ങളോടും ആരാധനാരൂപങ്ങളോടും അസഹിഷ്ണുത പ്രദർശിപ്പിക്കുന്ന ഈ പ്രമേ

www.malankaralibrary.com

യങ്ങൾ ഭൂരിപക്ഷ സമുദായങ്ങളുടേതോ ശക്ത സമുദായങ്ങളുടേതോ ആയിത്തീന്നാൽ, ഇന്ത്യയിലെ ക്രിസ്തുമതത്തിന്റെയും ക്രിസ്ത്യാനികളുടേയും ഭാവി എന്തായിരിക്കുമെന്നു ചിന്തിക്കുവാൻതക്ക സാമാന്യബുദ്ധി പ്രമേയകർത്താക്കൾക്കുണ്ടായില്ല. പുരാതനമായ സുറിയാനിസഭയുടെ ജന്മസിദ്ധമായ അവകാശങ്ങൾ സ്ഥാപിക്കുന്നതിനും സാധാരണജനങ്ങൾ വഞ്ചിതരാകാതിരിക്കുന്നതിനും സഭാചരിത്രത്തിലും ആരാധനക്രമത്തിലും പണ്ഡിതരായ ചില സെമിനാരി പ്രൊഫസറന്മാരോട്ട് ഈ പ്രമേയങ്ങൾക്ക് മറുപടി എഴുതാൻ ഈ ഗ്രന്ഥകാരൻ അഭ്യർത്ഥിച്ചു. അതു വിഫലമായതോടെ, ഈ ഗ്രന്ഥകർത്താവ് 1970–ൽ ചെയ്ത സാഹസികയത്നത്തിന്റെ ഫലമാണ്. One Territory-One Bishop? or shall the Syrian Rites Die? എന്ന ഗ്രന്ഥം.

ഏതായാലും പ്രമേയകർത്താക്കൾ ജയിച്ചു. മനോരമയുടെ ബാംഗ്ളൂർ ലേഖകനെ വിശ്വസിക്കാമെങ്കിൽ, റോമൻ കൂരിയായുടെ ഗർഭഗൃഹത്തിൽ ഒരു ഗർഭഛിദ്രം നടന്നതായി അനന്തരസംഭവങ്ങളിൽനിന്നു മനസ്സിലാക്കാവുന്നതാണ്. അതിന്റെ കാരണം, ലത്തീൻമേധാവിത്വത്തിന്റെ സമ്മർദ്ദം തന്നെ. തിരുവനന്തപുരത്തു സീറോ–മലബാർ മെത്രാൻ ഉണ്ടായില്ല. ആ പ്രശ്നം 'ഫ്രിജി'ൽ വെച്ചു പൂട്ടി. ഊട്ടിയിൽനിന്നു കൊണ്ടുവന്ന ഫ്രിഡ്ജാണെന്നും ശക്തിയായ ആരോപണമുണ്ട്. ഒരു കാര്യം തീർച്ചയായി പറയാം. തിരുവനന്തപുരത്ത് സീറോ–മലബാർ മെത്രാനുണ്ടാകുക, ചങ്ങനാശ്ശേരി അതിരൂപതയുടെയോ രൂപതാദ്ധ്യക്ഷന്റെയോ മാത്രം കാര്യമല്ല. സീറോ–മലബാർ ഹൈറാർക്കിയുടേയും ജനങ്ങളുടെ മുഴുവന്റേയും കാര്യമാണ്—പ്രത്യേകിച്ച് ലൂർദ്ദ് ഇടവകാംഗങ്ങളുടെയും മുൻരൂപതാദ്ധ്യക്ഷന്മാരുടേയും. ഇക്കഴിഞ്ഞ ഒരു വ്യാഴവട്ടത്തിലധികമായി, ഭാവനാശൂന്യവും കർത്തവ്യവിമുഖവും ആയ ചങ്ങനാശ്ശേരി അതിരൂപതാഭരണം ലൂർദ്ദ് ഇടവകയുടെ ഒരു നൂററാണ്ടിലെ വളർച്ചയും വികസനവും അപരിഹാര്യമായി നഷ്ടപ്പെടുത്തിയിരിക്കുകയാണ്. ഭാവിയിൽ ഫലം നേടുവാനും കൊയ്തെടുക്കുവാനും ഉള്ള ലൂർദ്ദ് ഇടവകയുടെ വിപുലവും വിശാലവും ആയ കഴിവുകളുടെ കന്നിമണ്ണ്, മദ്ധ്യശതാബ്ദങ്ങളിലെ, പണ്ടേ കാലഹരണപ്പെട്ട ഫ്യൂഡലിസ്റ്റു ഭരണത്തിന്റെ കൊടും വരൾച്ചയിൽ ശൂന്യമായ മരുഭൂമിയായിത്തീന്നിരിക്കുന്നു. ഈ നിർഭാഗ്യം, ദൈവത്തിന്റെയും ദൈവജനങ്ങളുടെയും കോടതികളിൽ ചങ്ങനാശ്ശേരി അതിരൂപതാ ഭരണ

www.malankaralibrary.com

ത്തെ പ്രതിക്കൂട്ടിൽ കയററുകയും ചെയ്തിട്ടുണ്ട്. ഭൗതികമായ സാമൂഹ്യതലങ്ങളിൽ, ഉന്നതസ്ഥാനങ്ങളിലെ ഗുരുതരമായ കൃത്യവിലോപങ്ങൾ തടയുവാനും, ഉണ്ടായാൽ ശിക്ഷിക്കു വാനും സംവിധാനമുണ്ട്. രാജാക്കന്മാരെ തൂക്കിലിടുകയും മന്ത്രിമാരെ 'ഇംപീച്ച്'' (impeach) ചെയ്യുകയും ഉണ്ടായിട്ടുണ്ട്. കത്തോലിക്കാസഭയിലെ ആദ്ധ്യാത്മിക രാജാക്കന്മാരായ ഇടയന്മാർ ഗുരുതരമായ കൃത്യവിലോപം കാണിച്ചാൽ, പാവപ്പെട്ട ഭരണീയർക്കു മുട്ടുകുത്തി, കൈകൾവിരിച്ച്, ''നിൻെറ തിരുമനസ്സു നിറവേറട്ടെ,'' എന്നു പ്രാർത്ഥിക്കുകയേ ഗത്യന്തരമുള്ളു.

ഏതായാലും ഇന്നത്തെനിലയിൽ, ലൂർദ്ദ് ഇടവകയെ കുറെ വർഷത്തേയ്ക്കു ചങ്ങനാശ്ശേരി അതിരൂപതയിൽനിന്നും വിമോചിപ്പിച്ച് (extra territorial) സീറോ–മലബാർ ഹൈരാക്കിയുടെ നേരിട്ടുള്ള ഭരണത്തിൽ ആക്കുകയാണ് കേരളസഭയുടെ സുസ്ഥിതിക്കും ജനങ്ങളുടെ ആത്മീകാഭിവൃദ്ധിക്കും നല്ലതെന്നു തോന്നുന്നു. തിരുവനന്തപുരം കേരളതലസ്ഥാനമാകയാൽ അതിനു ന്യായവുമുണ്ട്.

ലത്തീൻ സമ്മർദ്ദംകൊണ്ട് കൊടുങ്ങല്ലൂർക്കു കരുതിയിരുന്ന മെത്രാനെ ഇരിങ്ങാലക്കുടയ്ക്ക് അയയ്ക്കുകയും ചെയ്തു.

## പോർച്ചുഗീസ് ഏകാധിപത്യ ദുർഭൂതം വീണ്ടും പൊങ്ങുന്നു

തിരുവനന്തപുരത്തു മുങ്ങിയ ദുർഭൂതം ഒരു വ്യാഴവട്ടത്തിനുശേഷം പൊങ്ങിയതു് തൃശ്ശിനാപ്പള്ളിയിലാണ്. അതും വിചിത്രമായ വേദിയിൽ. 1982 ജനുവരി 9 മുതൽ 16 വരെ തൃശ്ശിനാപ്പള്ളിയിൽ നടന്ന ഇൻഡ്യയിലെ കത്തോലിക്കാമേലദ്ധ്യക്ഷന്മാരുടെ സമ്മേളനത്തിൽ (Catholic Bishops' Conference of India) കാഞ്ഞിരപ്പള്ളി ബിഷപ്പ് മാർ ജോസഫ് പൗവ്വത്തിൽ, ദെൽഹി, ബോംബെ, മദ്രാസ്, പൂനാ, കൽക്കട്ട, ബാംഗ്ളൂർ എന്നീ സ്ഥലങ്ങളിൽ ഉദ്യോഗവശാലും വ്യവസായ താല്പര്യങ്ങൾക്കായും കുടിയേറിപ്പാർത്തിട്ടുള്ള രണ്ടുലക്ഷം സീറോ—മലബാർ റീത്തുകാർക്കു് ആരാധനാസ്വാതന്ത്ര്യത്തിനും ഭരണാവകാശങ്ങൾക്കുംവേണ്ടി വാദിച്ചു. ബത്തേരി ബിഷപ്പ് സിറിൽ മാർ ബസീലിയോസ്, ബിഷപ്പ് പൗവ്വത്തിലിനെ പിൻതാങ്ങി പ്രസംഗിച്ചു. ലത്തീൻ വിഭാഗത്തിൻെറ വക്താവായിരുന്നതു്, ദീർഘകാലം C. B. C. I. യുടെ സെക്രട്ടറിയായിരുന്നശേഷം, ഇപ്പോൾ കട്ടാക്ക്–ഭുവനേശ്വർ അതി

www.malankaralibrary.com

രൂപതയുടെ മെത്രാപ്പോലീത്താ ആയിരിക്കുന്ന ഹെൻട്രി ഡിസൂസാ ആയിരുന്നു. ഇന്ത്യയുടെ പ്രധാന നഗരങ്ങളിൽ കുടിയേറിപ്പാർത്ത മലയാളികളായ മാർത്തോമ്മാക്രിസ്ത്യാനികളുടെ ആദ്ധ്യാത്മികമായ ഭരണാവകാശം സ്ഥലത്തുള്ള ലത്തീൻ മെത്രാന്മാർക്കാണെന്നു വാദിച്ചുകൊണ്ടായിരുന്നു, അദ്ദേഹത്തിന്റെ പ്രസംഗം. ലത്തീൻ മെത്രാന്മാർ പൗരസ്ത്യറീത്തുകാരെ ഏറെറടുത്താൽ, പുലി പശുവിനെ വളർത്താൻ ഏററതുപോലെ ആയിരിക്കുമെന്നു് കേരളസഭയുടെ നാന്തുറ വർഷത്തെ ലത്തീൻഭരണം തെളിയിക്കുന്നു. ആർച്ചുബിഷപ്പ് തുറന്നുപറയുന്നു, ''ലത്തീൻ മെത്രാന്മാർ ശക്തിയായി വാദിക്കുന്ന തത്ത്വം'', ''ഒരു പ്രദേശം, ഒരു മെത്രാൻ, ഒരു അജപാലനം എന്നതാണു്''. ഇതനുസരിച്ചു്, കത്തോലിക്കാസഭയിൽ ഉൾപ്പെടുന്ന ഏതൊരു പൗരസ്ത്യവിഭാഗത്തിനും ലത്തീൻ മെത്രാന്മാർ മാത്രമേ ആകാവൂ. കാരണം, ഇൻഡ്യൻ ഉപഭൂഖണ്ഡം മുഴവൻ ലത്തീൻ സഭ വീതിച്ചെടുത്തിരിക്കുകയാണു്. അടുത്തകാലത്തു്, ലത്തീൻഭരണത്തിന്റെ നിസ്സഹായതയിൽ വടക്കെ ഇൻഡ്യയിലെ ഏററവും ശുഷ്കമായ രൂപതകളിൽ ചിലതു് കേരളസഭയെ ഏല്പിച്ചിട്ടുണ്ടെന്നു വിസ്മരിക്കുന്നില്ല. തൃശ്ശിനാപ്പള്ളിയിലെ C. B. C. I. സമ്മേളനത്തിൽ മാർ ജോസഫ് പൗവ്വത്തിൽ പറഞ്ഞു, ''ഇപ്പോൾ ഇന്ത്യയിൽ ജോലിചെയ്യുന്ന 70 ശതമാനത്തോളം മിഷ്നറിമാരും, സന്ന്യാസ–പൗരോഹിത്യ ദൈവവിളികളാൽ സമൃദ്ധമായി അനുഗൃഹീതയായ സീറോ–മലബാർ റീത്തുകാരാണു്''4. ''ഇവരിൽ ഏകദേശം 2000 വൈദികരും 8000 കന്യാസ്ത്രീകളും ഉണ്ടു്''5. കത്തോലിക്കാസഭയിൽ ''ദൈവവിളിപ്പിന്റെ'' സേവനചൈതന്യം ഇന്നു് ഏററവും കൂടുതലായുള്ളതു് കേരളത്തിലെ സീറോ–മലബാർ സഭക്കാണെന്നുള്ളതു് സർവ്വവിദിതമായ സംഗതിയാണു്. കേരളസഭക്കുള്ള ഈ സമൃദ്ധമായ ദൈവവിളികളെ മാർപ്പാപ്പാമാർതന്നെ പ്രശംസിച്ചിട്ടുണ്ടു്. ലത്തീൻ സാമ്രാജ്യമോഹം കേരളസഭയെ നിഷ്ക്രിയമാക്കി ശ്വാസം മുട്ടിച്ചുകൊല്ലുവാൻ ഒരുമ്പെടുന്നതു് അനീതി മാത്രമല്ലാ, കടുത്ത കൃതഘ്നതയുമാണു്. പൊൻമുട്ടയിടുന്ന താറാവിനെ തുറന്നുനോക്കുവാനുള്ള ബുദ്ധിയാണോ ലത്തീൻ മേധാവിത്വത്തിനു്?

---

4. ഭാരതസഭ ഇന്നു്, P. 15.

5. Ibid P. 25.

www.malankaralibrary.com

## മുപ്പത്താറാം അദ്ധ്യായം

## വീണ്ടും തെക്കോട്ട്—

## സീറോ–മലബാർ സഭയുടെ മിഷ്യൻ പ്രവർത്തനം

കേരളസഭ സ്ഥാപിച്ചത് അപ്പസ്തോലനായ മാർത്തോമ്മാശ്ലീഹായാണെന്നു പറയുമ്പോൾ ''നിങ്ങളീ രണ്ടായിരം കൊല്ലം എന്തു ചെയ്യുകയായിരുന്നു'' എന്ന ചോദ്യം പലപ്പോഴും കേൾക്കാറുണ്ട്. യൂറോപ്യൻ രാജ്യങ്ങളിൽ കേരളത്തെക്കാൾ താമസിച്ചു പ്രവേശിച്ച ക്രിസ്തുമതം വളരെ വേഗത്തിൽ പ്രചരിച്ച് ക്രിസ്ത്യൻരാജ്യങ്ങൾക്കടിസ്ഥാനമിട്ടു. എന്നാൽ കേരളത്തിൽ ഭൂമിയിൽ കുഴിച്ചിട്ട നാണയംപോലെ കിടന്നു. ഈ ആരോപണം ഇൻഡ്യയിലേയും പ്രത്യേകിച്ച് കേരളത്തിലേയും ചരിത്രവസ്തുതകളുടെ അജ്ഞതയിൽനിന്നുമുണ്ടായിട്ടുള്ളതാണ്. പ്രധാന കാരണം ചാതുർവർണ്ണ്യം നടമാടിയിരുന്ന കാലത്ത് ക്രിസ്തുമതം സവർണ്ണവർഗ്ഗക്കാരുടേതു മാത്രമായിരുന്നതാണ്. ഇതല്ലാതെയും വേറെ കാരണങ്ങൾ പറയാനുണ്ട്.

എന്നാൽ പതിനാറാം നൂററാണ്ടിന്റെ ആരംഭംമുതൽ പത്തൊൻപതാം നൂററാണ്ടിന്റെ അവസാനംവരെ കേരളസഭയുടെ കൈകളിൽ പാശ്ചാത്യഭരണത്തിന്റെ ചങ്ങലകളുണ്ടായിരുന്നതിനാൽ മിഷ്യൻപ്രവർത്തനത്തിൽ ഔദ്യോഗികമായിട്ടൊന്നും ചെയ്യുവാൻ നമുക്ക കഴിഞ്ഞിട്ടില്ല. എങ്കിലും ഇരുപതാം നൂററാണ്ടിന്റെ ആരംഭംമുതൽക്കേ മാർത്തോമ്മാസഭയുടെ ധീരസന്താനങ്ങളായ യുവതീയുവാക്കന്മാർ ഇൻഡ്യയിലുള്ള എല്ലാ രൂപതകളിലുംതന്നെ ധാരാളമായി ചെന്നുകൂടിയതു് സഭയ്ക്കുള്ള ഉജ്ജ്വലമായ പ്രേഷിതചൈതന്യത്തിന്റെ തെളിവാണ്. എന്നാൽ കേരളത്തിലെ സീറോ–മലബാർ സഭയുടേതായ കേരളത്തിനുപുറത്തെ പ്രേഷിതപ്രവർത്തനം ആദ്യമായി ഏറെറടുക്കുന്നതു് ചങ്ങനാശ്ശേരി അതിരൂപതയാണ്; അതിന്റെ വേദി തമിഴ്നാട്ടിലെ കന്യാകുമാരി ഡിസ്ട്രിക്ടുമാണ്. ആ മിഷ്യന്റെ ആരംഭത്തെപ്പററി

www.malankaralibrary.com

ചങ്ങനാശ്ശേരി അതിരൂപതയുടെ ഔദ്യോഗിക ജിഹ്വയായ മദ്ധ്യസ്ഥന്റെ 1973 ഏപ്രിൽ 'മിഷ്യൻ സ്പെഷ്യൽ' ലക്കത്തിൽ ഈ ഗ്രന്ഥകർത്താവെഴുതിയിട്ടുള്ള ലേഖനമാണ് താഴെ കൊടുത്തിരിക്കുന്നത്.

## "നമ്മുടെ തെക്കൻ മിഷ്യന്റെ ആരംഭം


(റവ. ഡോ. തോമസ് നങ്ങച്ചിവീട്ടിൽ)

തെക്കൻ മിഷനും ഞാനുമായുള്ള ബന്ധത്തെപ്പറ്റി ചിന്തിക്കുമ്പോൾ രണ്ടു കാലഘട്ടങ്ങളാണ് എന്റെ ഓർമ്മയിൽ വരുക. ഒന്ന്, ദിവംഗതനായ മാർ ഇവാനിയോസ് തിരുമേനിയുടെ സെക്രട്ടറിയായി, തെക്കൻ തിരുവിതാംകൂറിലെ നാടാർ സമുദായവുമായി അടുത്തുപെരുമാറിയ കാലം. രണ്ട്, എസ്. ബി. കോളെജിൽ വൈസ് പ്രിൻസിപ്പാളായിരിക്കുമ്പോൾ കന്യാകുമാരി ജില്ലയിലെ നാടാർസമൂഹവുമായി വീണ്ടും ബന്ധപ്പെടുവാൻ ലഭിച്ച സന്ദർഭം. തിരുമേനിയുടെ സെക്രട്ടറിയായിരുന്നപ്പോൾ ലഭിച്ച അനുഭവസമ്പത്ത്, നമ്മുടെ തെക്കൻ മിഷ്യന്റെ പ്രാരംഭദശയിൽ വളരെ പ്രയോജനപ്പെട്ടിട്ടുണ്ട് എന്ന സംഗതി കൃതാർത്ഥതയോടെ സ്മരിച്ചുകൊള്ളുന്നു.

1960 ജൂൺ മാസത്തിൽ തിരുവനന്തപുരം അതിരൂപതയിലെ ഒരു നാടാർ പ്രമുഖനായിരുന്ന ജോഷ്വാ കൺട്രാക്ടർ (അദ്ദേഹം 67-ൽ നിര്യാതനായി) തന്റെ മകനെ എസ്. ബി. കോളെജിൽ ചേർക്കുവാൻ വന്നു. അനേകം കോളെജുകൾ പിന്നിട്ട് അദ്ദേഹം എസ്. ബി. യിൽ വന്നത് ഞാൻ അവിടെയുണ്ട് എന്നറിഞ്ഞാണ്. സംഭാഷണമദ്ധ്യേ, ചങ്ങനാശ്ശേരി രൂപത കന്യാകുമാരിവരെ വികസിപ്പിച്ച കാര്യവും പരാമർശിക്കപ്പെട്ടു. പുതിയ സാഹചര്യത്തിൽ ചങ്ങനാശ്ശേരി രൂപതയിലെ വൈദികർക്ക് കന്യാകുമാരിജില്ലയിൽ മിഷ്യൻ പ്രവർത്തനത്തിനുള്ള സാധ്യതയെപ്പററിയും ഞങ്ങൾ സംസാരിച്ചു.


രണ്ടാഴ്ചയ്ക്കുശേഷം ജോഷ്വാ ഒരു ദൂതൻവശം എനിക്ക് ഒരെഴുത്തു കൊടുത്തയച്ചു. അതിന്റെ ചുരുക്കം, ആയിരത്തോളം ആളുകൾ സ്നാനപ്പെടുവാൻ തയ്യാറായിട്ടുണ്ടെന്നും ഞാൻ ഉടനെ അവിടെ ചെല്ലണമെന്നും ആയിരുന്നു. എഴുത്തുമായി ഞാൻ അരമനയിൽ ചെന്നു. കാവുകാട്ടു പിതാവു് ആ സമയം റോമിലായിരുന്നു. അഡ്മിനിസ്ട്രേറ്റർ ബ. ചിററൂര

www.malankaralibrary.com



തെക്കൻ മിഷ്യനിലെ ആദ്യത്തെ മാമ്മോദീസാ നിദ്രവിളവെച്ച്
ഫാ. എൻ. എ. തോമസ് നങ്ങച്ചിവീട്ടിൽ നടത്തുന്നു.

www.malankaralibrary.com



മാമ്മോദീസാസ്ലശേഷമുള്ള ഉപദേശം

ഫാ. നങ്ങച്ചിവീട്ടിലും, ഫാ. സഖറിയാസ് കായിത്രയും.

www.malankaralibrary.com

ച്ചൻ വളരെ സന്തോഷവും ഉത്സാഹവും പ്രദശിപ്പിച്ചു. കൂടുതൽ ആലോചനകൾക്കായി ബ. തൈച്ചേരിലച്ചനേയും ബ. കായിത്തറ അന്തോനി അച്ചനേയും വിളിപ്പിച്ചു. സുദീർഘമായ ചച്ചകൾക്കശേഷം ബ. തൈച്ചേരിലച്ചനും കായിത്തറ അച്ചനും ഞാനുംകൂടെ സ്ഥലത്തുപോയി കാര്യങ്ങൾ പഠിച്ചു റിപ്പോർട്ടുചെയ്യുവാൻ നിശ്ചയിച്ചു.

അതനുസരിച്ച് ഞങ്ങൾ മൂവരും ഒരു കാറിൽ തെക്കൻ തിരുവിതാംകൂറിലേയ്ക്കു തിരിച്ചു. നേരെ ജോഷ്വായുടെ വീട്ടിലേയ്ക്കാണു പോയതു്. അവിടെനിന്നു് അദ്ദേഹവുമൊരുമിച്ച് അനുകൂലസാഹചര്യങ്ങളുള്ള നിദ്രവിള, പാഞ്ചുവിള, കാക്കവിള എന്നീ സ്ഥലങ്ങൾ ഞങ്ങൾ സന്ദശിച്ചു. മാർ ഇവാനിയോസ് കോളെജിലെ എന്റെ ചില പൂവ്വവിദ്യാത്ഥികളേയും അവരുടെ രക്ഷാകത്താക്കളേയും ഈ യാത്രയിൽ കണ്ടുമുട്ടി. അവരും എല്ലാവിധ പിൻതുണയും വാഗ്ദാനംചെയ്തു. ബ. തൈച്ചേരിലച്ചനും കായിത്തറ അച്ചനും അന്നുതന്നെ മടങ്ങി. ഞാൻ മാത്താണ്ഡത്തു് ബ. കുഴിഞ്ഞാലിൽ അച്ചന്റെകൂടെ താമസിച്ച് മുൻപറഞ്ഞ സ്ഥലങ്ങളിൽ പ്രവത്തനം ആരംഭിച്ചു.

എന്റെ പൂവ്വവിദ്യാത്ഥികളായ കത്തോലിക്കാ, C. S. I. യുവാക്കന്മാരും എന്റെ ദീർഘകാല സ്നേഹിതനായ Ex MLA ശ്രീ ഗബ്രിയേൽ നാടാരും, കോട്ടാർ രൂപതയിലെ ഉപദേശി പ്രമുഖനായ ശ്രീ ഉത്തരീയമുത്തുവും ഈ സംരംഭത്തിൽ വളരെ ഉത്സാഹത്തോടെ പ്രവത്തിച്ചു. അവർ ചെറിയ സംഘങ്ങളായി, വിവിധ നാടാർ കേന്ദ്രങ്ങളിൽ പോയി ആളുകളുമായി കണ്ടു മിഷന്റെ കാര്യം സംസാരിച്ചു. താല്പര്യം കാണിച്ചവരെ ശ്രീ. ഗബ്രിയേൽ നാടാരും ഞാനും പോയി സന്ദർശിച്ചു പ്രോത്സാഹിപ്പിച്ചുകൊണ്ടിരുന്നു.

സെപ്റ്റംബർ ആദ്യവാരം കഴിഞ്ഞപ്പോൾ ശ്രീ. ജോഷ്വാ നല്കിയ പ്രത്യാശ സാക്ഷാൽക്കരിക്കപ്പെടുമെന്നു വ്യക്തമായി. രണ്ടുമൂന്നു കേന്ദ്രങ്ങളിലായി ആയിരത്തോളംപേർ കത്തോലിക്കാസഭയിൽ ചേരാൻ സന്നദ്ധത പ്രകടിപ്പിച്ചു. എന്നാൽ അവരെ മതതത്വങ്ങൾ പഠിപ്പിച്ച്, വിശ്വാസത്തിൽ സ്ഥിരചിത്തരാക്കുവാൻ കുറേ സമയംകൂടെ വേണമെന്നും ബോദ്ധ്യമായി. സംഘാതമായ മാനസാന്തരം വലിയ
9 ഒച്ചപ്പാടിനു കാരണമാകാതെ സൂക്ഷിക്കുകയും വേണമല്ലോ.

www.malankaralibrary.com

അതിനാൽ തല്ക്കാലം ഏററവും ചുരുങ്ങിയ കുറച്ചുപേർക്കുമാത്രം ജ്ഞാനസ്നാനം നല്കുവാൻ നിശ്ചയിച്ചു.

സെപ്ററംബർ 16–ാം തീയതി ബ. കായിത്തറ സഖറിയാസച്ചൻ വന്നുചേൎന്നു. 18–ാം തീയതി 'നിദ്രവിളവച്ചു' നടന്ന പ്രഥമ ജ്ഞാനസ്നാനങ്ങൾവഴി നമ്മുടെ തെക്കൻ മിഷ്യൻ ഉദ്ഘാടനം ചെയ്യപ്പെട്ടു. സ്ഥലം പാട്ടത്തിനെടുക്കുന്നതിലും ഓലമേഞ്ഞ ഷെഡ്ഡ് കെട്ടിയുണ്ടാക്കുന്നതിലും ജോഷ്വായും കൂട്ടുകാരും നിർല്ലോഭമായ സഹകരണം നല്കി. നിദ്രവിള ഷെഡ്ഡിൽ ഞാൻ കുൎബ്ബാന ചൊല്ലി. സഖറിയാസച്ചനും ഞാനുംകൂടെ നവാഗതൎക്കു മാമ്മോദീസാ നല്കി. ജയമാതാവിന്റെ സംരക്ഷണയിലാണ് മിഷ്യൻ ആരംഭിച്ചതു്. ഇന്നു് മനോഹരമായ ഒരു ദൈവാലയവും സോഷ്യൽവൎക്കു സെൻററും ജയമാതാമിഷ്യനെ അലങ്കരിക്കുന്നു.

ഏതാനും ദിവസങ്ങൾക്കുശേഷം പ്രസിദ്ധ ഹിന്ദുകേന്ദ്രമായ പാഞ്ചുവിളയിൽ സേക്രഡ് ഹാട്ട് മിഷൻ ഉദ്ഘാടനം ചെയ്തതു് ബ. കായിത്തറ അന്തോനിച്ചനായിരുന്നു. അവിടെ, കുർബാനസമയത്തു് പനമുകളിൽനിന്നു ചില കൂക്കുവിളികൾ ഉണ്ടായി. അന്നു എതിൎത്തവരെല്ലാം ഇന്നു നമ്മെ അനുകൂലിക്കുന്നവരാണു്. പാഞ്ചുവിളയിൽ ഷെഡ്ഡ് കെട്ടിയ സ്ഥലത്തു് ഇന്നു്, ഒരു കനേഡിയൻ ഇൻസ്റ്റിട്യൂട്ടിന്റെ ആഭിമുഖ്യത്തിൽ ഹോം സയൻസ് സെൻറർ നിലകൊള്ളുന്നു. പാഞ്ചുവിള മിഷ്യൻ വികസിച്ചു് ഇപ്പോൾ പടന്താലുമൂട്ട് എന്ന സ്ഥലത്തു്, കേരളവും തമിഴ്നാടും സന്ധിക്കുന്ന മുഖത്തു് മനോഹരമായ ഒരു ദൈവാലയം ഉയൎന്നിരിക്കുന്നു.

കുറെ ദിവസങ്ങൾക്കുശേഷം വി. യൗസേപ്പുപിതാവിനു് പ്രതിഷ്ഠിച്ചിട്ടുള്ള കാക്കവിള മിഷ്യൻ ഉദ്ഘാടനം ചെയ്തതു് പരേതനായ ബ. തൈച്ചേരിൽ ഗ്രിഗറിയച്ചനായിരുന്നു. കൂടുതൽ വിദ്യാസമ്പന്നരായ ആളുകളും ചൈതന്യമുള്ള ഭക്തസംഘടനകളും കാക്കവിള മിഷ്യന്റെ പ്രത്യേകതകളായി ചൂണ്ടിക്കാണിക്കാവുന്നതാണു്. മനോഹരമായ ദൈവാലയം, കുടിൽ വ്യവസായശാല, തഴച്ചുവളരുന്ന തെങ്ങിൻതോപ്പു് എന്നിവ കാക്കവിളയുടെ മുഖച്ഛായ മാററിക്കഴിഞ്ഞു.

ഈശോയുടെ തിരുഹൃദയം, മാതാവു്, യൗസേപ്പുപിതാവു് എന്നീ അഭിധാനങ്ങളിൽ ആരംഭിച്ച നമ്മുടെ തെക്കൻ മിഷ്യൻ ഒരു വ്യാഴവട്ടം പൂൎത്തിയാക്കുകയാണു്. വളരെ പരിമിതമായ

www.malankaralibrary.com

സാമ്പത്തിക സംവിധാനത്തിൽ, അംഗുലീപരിമിതരായ വൈദികരുടെ സേവനത്തിൽ ഇതിനകം 24 കേന്ദ്രങ്ങൾ നമ്മൾ ആരംഭിച്ചു കഴിഞ്ഞു. (ഇതിൽ നാലെണ്ണം C. M. I. വൈദികരുടെ നേതൃത്വത്തിലാണ്). ഈ കേന്ദ്രങ്ങളിലെല്ലാം വളരെ സുശക്തമായ പ്രവർത്തനങ്ങൾ ഇനിയും നടത്തേണ്ടതുണ്ട്. അടുത്ത വ്യാഴവട്ടത്തിനുള്ളിൽ അൻപതോ നൂറോ പുതിയ കേന്ദ്രങ്ങൾ ഉണ്ടാകുവാനുള്ള സാധ്യതകളും വളരെയുണ്ട്, അതിന് സംഘടിതവും വ്യവസ്ഥാപിതവും നിശ്ചിതവുമായ കർമ്മപരിപാടികൾ ആവിഷ്ക്കരിച്ചു മുന്നേറുക ആവശ്യമാണ്.

പ്രോട്ടസ്റ്റന്റ് മിഷ്നറിമാരും ലത്തീൻ റീത്തിൽപ്പെട്ട മിഷ്നറിമാരും നമുക്കുമുമ്പേ പ്രവർത്തിച്ച് കളമൊരുക്കിയിട്ടുള്ള ഒരു പ്രദേശമാണ് കന്യാകുമാരി. പുരാതനമായ സുറിയാനി സഭയുടെ പ്രവർത്തനലക്ഷണങ്ങളും ഈ ജില്ലയിൽ കാണാനുണ്ട്; ഉദാ: തിരുവാങ്കോട് എന്ന സ്ഥലത്തെ ഓർത്തഡോക്സ് പള്ളി. മലബാർ സുറിയാനി റീത്തിനോട് എന്തെന്നില്ലാത്ത ഒരാകർഷണവും നാടാർ സമുദായത്തിനുണ്ട്. നമ്മെക്കുറിച്ചു മതിപ്പും നമ്മോടു ചേരുവാനുള്ള താല്പര്യവും അവർ പ്രദർശിപ്പിക്കുന്നു. ഈ നല്ല ആഭിമുഖ്യങ്ങൾ കണക്കിലെടുത്തുകൊണ്ട്, കൊയ്ത്തിനു പാകമായി വിളഞ്ഞു പഴുത്തുകിടക്കുന്ന വയൽ നാം കാണുകയും സർവ്വശക്തിയും ശ്രദ്ധയും ഉപയോഗിച്ച് അവിടെ പണിയെടുക്കുകയും വേണം. ഭാരതത്തിൽ ഒരു പുതിയ പെന്തക്കുസ്താ ഉദയംചെയ്തിരിക്കുന്നതു് കന്യാകുമാരി ജില്ലയിലാണ്. ഇവിടെ നമുക്കു ദിഗ്‌വിജയം ആരംഭിക്കാം. ചങ്ങനാശ്ശേരി അതിരൂപതയ്ക്കും ഭാരതമിഷനും കന്യാകുമാരി മിഷൻ ഒരു തിലകമായിത്തന്നെ പരിശോഭിക്കും''.

ഇതെഴുതിയിട്ട് ഒരു ദശവഷം കഴിഞ്ഞു. അന്നത്തെ പ്രത്യാശകളധികവും സഫലമാകാതെതന്നെ കിടക്കുന്നു. അപക്വമായ നയവും ദീർഘദൃഷ്ടിയില്ലാത്ത പ്രവത്തനവുംമൂലം പല നല്ലയവസരങ്ങളും നഷ്ടപ്പെട്ടു. മിഷൻ പ്രവത്തനത്തിൽ ആവേശത്തോടെ പ്രവർത്തിക്കുന്നവർ, വിദേശസഹായത്തിന്റെ ലഹരിയിൽ പ്രേഷിതത്വത്തിന്റെ ചൈതന്യംതന്നെ നഷ്ടപ്പെടുത്തുക, ഇവിടെത്തന്നെയല്ല, വടക്കേഇൻഡ്യയിലും കണ്ടിട്ടുള്ള നിർഭാഗ്യപ്രതിഭാസമാണ്. മതപരിവത്തനം

www.malankaralibrary.com

ഒരു 'ബിസിനസ്സിൻെറ' രൂപമെടുക്കുമ്പോഠം അങ്ങനെയാകാതിരിക്കാനും വഴിയില്ല.

എന്നാലും, 1960 സെപ്റ്ററമ്പർ 18-ാം തീയതി കന്യാകുമാരി ഡിസ്ട്രിക്റ്റിലെ നിദ്രവിളയിൽ വീണ വിത്തു്, ദൈവാനുഗ്രഹത്താൽ കിളിർത്തു് വളൎന്നു് ഇന്നു് കുറെയൊക്കെ കൃതാൎത്ഥതക്കും അഭിമാനത്തിനും വകതരുന്നുണ്ടു്. അതു് തെളിയിക്കുന്ന സ്ഥിതിവിവരക്കണക്കുകളാണു് താഴെ കൊടുത്തിരിക്കുന്നതു്. അതിനു ഈ ഗ്രന്ഥകൎത്താവു് കടപ്പെട്ടിരിക്കുന്നതു്, അവിടെ പ്രശംസാൎഹനായ പ്രേഷിതവീരനെന്നു് അറിയപ്പെടുന്ന ഫാ. മാത്യു വാക്കയിലിനോടാണു്.

| | | | |
|---|---|---|---|
| വിശ്വാസികഠം | 20,000 (ഏകദേശം) | | |
| മിഷ്ൻപള്ളികഠം | 34 | വൈദികർ | 14 |
| കന്യകാലയങ്ങഠം | 12 | വൃദ്ധമന്ദിരം | 1 |
| ഡിസ്പൻസറികഠം | 6 | മാതൃശിശുക്ഷേമകേന്ദ്രം | 35 |
| ഹൈസ്കൂളുകഠം | 4 | ഇംഗ്ലീഷ്മീഡിയം | 2 |
| പ്രൈമറി സ്കൂളുകഠം | 6 | മററു സ്കൂളുകഠം | 6 |

www.malankaralibrary.com

# മുപ്പത്തേഴാം അദ്ധ്യായം

## മലബാർ കുടിയേററം
## പുനരധിവാസമോ? കുടിയേററമോ?

### 1) പുനരധിവാസം

സാർവ്വത്രികസൂനഹദോസുകളിൽ വളരെ പ്രധാനപ്പെട്ടതും പ്രശസ്തവും ആയിരുന്നു, 1563-ൽ ഓസ്ട്രിയായിലെ ററീറോളിൽ ട്രെൻറ് എന്ന സ്ഥലത്തുവച്ചു നടന്നതും "ത്രെന്തോസ്" എന്ന പേരിൽ അറിയപ്പെടുന്നതുമായ സൂനഹദോസ്. പാശ്ചാത്യസഭാഭരണത്തിലെ ജീർണ്ണതയ്ക്കും പ്രൊട്ടസ്റ്റൻറ് വിപ്ലവത്തിൻെറ ആക്രമണങ്ങൾക്കും എതിരായിട്ടാണ് ആ സൂനഹദോസ് സമ്മേളിച്ചതു്. പ്രസിദ്ധമായ ആ സമ്മേളനത്തിൽ വച്ച് ബാബിലോണിയൻ പാത്രിയർക്കീസായ എബദ്ജേസൂസ് (Ebedjesus) തൻെറ വിശ്വാസസത്യപ്രഖ്യാപനം നടത്തി. തത്സമയത്തു് അദ്ദേഹം പറഞ്ഞു, നൂററാണ്ടുകളായി മലബാർ സഭയുടെ ആധിപത്യം വഹിച്ചുകൊണ്ടിരുന്ന ബാബിലോണിയൻ പാത്രിയർക്കീസിൻെറ കീഴിൽ മലബാർ സുറിയാനിസഭയ്ക്കു് കണ്ണൂരു്, കോഴിക്കോട്ട്, ഗോവ എന്നിവിടങ്ങളിൽ ഓരോ മെത്രാപ്പോലീത്തായും കൊടുങ്ങല്ലൂരിൽ ഒരു മെത്രാനും ഉണ്ടായിരുന്നുവെന്നു്. അതുകൊണ്ടു് മലബാർ സഭയിൽ പോർച്ചുഗീസ് ഭരണം നടത്തുന്ന കൈയേററങ്ങളെ പാത്രിയർക്കീസ് അപലപിച്ചു. അപ്പോൾ അവിടെ സന്നിഹിതനായിരുന്ന പോർച്ചുഗീസ് രാജാവിൻെറ പ്രതിനിധി, പാത്രിയർക്കീസിൻെറ പ്രസ്താവനയെ പ്രതിഷേധിച്ചുകൊണ്ടു് പോർച്ചുഗീസു് സ്വാധീനത്തിൽ വന്നിട്ടുള്ള ഇന്ത്യയിലെ രാജ്യങ്ങളെല്ലാം പോർച്ചുഗീസു് രാജാവിൻേറതാണെന്നും അവിടെയുള്ള ക്രൈസ്തവസമൂഹങ്ങൾ ഏവയായാലും, ഗോവാ മെത്രാപ്പോലീത്തായുടെ കീഴിലാണെന്നും മറുപടി പറഞ്ഞു[1].

---

1. Meckenzie, Travancore State Manuel 1906, Vol. II, P. 161.

www.malankaralibrary.com

എന്നാൽ ഇരുപതാം നൂററാണ്ടു് ആരംഭിക്കുമ്പോഠം, മലബാർ ദേശത്തു് ഒരൊററ മാർത്തോമ്മാ ക്രിസ്ത്യാനിയെയോ, അല്ലെങ്കിൽ അവരുടെ അധിവാസകേന്ദ്രങ്ങളുടെ അവശിഷ്ടങ്ങളോ ഇതേവരെ കണ്ടുപിടിക്കാൻ സാധിക്കാത്തതുകൊണ്ടു് ഈ പ്രസ്താവന വിശ്വസിക്കുവാൻ പ്രയാസമായിത്തോന്നാം. മെക്കൻസിതന്നെ പാത്രിയർക്കീസിന്റെ ഈ അഭിപ്രായത്തെ അതിശയോക്തിപരമായിട്ടാണു് കാണുന്നതു്. മലബാറിന്റെ ചരിത്രം നോക്കുകയാണെങ്കിൽ, മെക്കൻസിയുടെ അതിശയോക്തിപരമായ കാഴ്ചപ്പാടുതന്നെ അതിശയോക്തിയായിട്ടേ കാണുവാൻ ന്യായമുള്ളു. അതിന്റെ കാരണം കേരളത്തിന്റെ ആറു മുതൽ പതിനാറു വരെ നൂററണ്ടുകളിലെ ചരിത്രം വളരെ ശുഷ്ക്കമെന്നതാണു്.

അക്കാലത്തെ ചരിത്രത്തെപ്പററി നമുക്കറിയാവുന്നതധികവും വിദേശചരിത്രകാരന്മാരിൽനിന്നാണു്. അവരുടെ അഭിപ്രായമനുസരിച്ചു് മാർത്തോമ്മാക്രിസ്ത്യാനികഠം മദ്ധ്യശതാബ്ദങ്ങളിൽ ഇന്ത്യയിലെ എല്ലാ ഭാഗങ്ങളിലും ഉണ്ടായിരുന്നതായിക്കാണാം. അതിന്റെ പ്രധാന കാരണം, പടിഞ്ഞാറൻ രാജ്യങ്ങളുമായുള്ള ഇന്ത്യയുടെ വാണിജ്യബന്ധമാണു്. അതിനു് മികവുററ തെളിവുകഠം നല്കുന്നതു് പെരിപ്ലസ്, പ്ലീനി, ടോളമി മുതലായവരാണു്. അവരുടെ അഭിപ്രായത്തിൽ, കേരളത്തിന്റെ തീരങ്ങളിൽനിന്നും കുരുമുളകു്, ഇലവങ്ഗം, ചുക്കു്, മുതലായ സാധനങ്ങഠം പാശ്ചാത്യരാജ്യങ്ങളിലേയ്ക്കു് കൊണ്ടുപോയിരുന്നു. പുരാതനമായ വാണിജ്യമാർഗ്ഗത്തിൽ കൂടിയാണു് ക്രിസ്തുമതം ഏഷ്യയിൽ വ്യാപിച്ചിട്ടുള്ളതെന്നു് ഒരു ചരിത്രകാരൻ പറഞ്ഞിട്ടുള്ളതിനെ ഇതിന്റെ ഒന്നാം വാല്യത്തിൽ ഉദ്ധരിച്ചിട്ടുണ്ടു്. അങ്ങനെ വാണിജ്യത്തിന്റെ ഗതാഗതമാർഗ്ഗങ്ങഠംവഴി മതപ്രചാരണം നടന്നതിന്റെ കഥയാണു് ഇൻഡ്യയിലെ ആദ്യകാലക്രിസ്തുമതത്തിനുള്ളതു്.

കണ്ണൂർ ഡിസ്ട്രിക്ടിലുള്ള ''ഏഴിമല'' പുരാതനകാലത്തെ റോമൻ വാണിജ്യത്തിന്റെ ഒരു കേന്ദ്രമായി ചരിത്രകാരന്മാർ പ്രസ്താവിക്കുന്നുണ്ടു്. പ്ലീനി (A. D. 23–79) പ്രസ്താവിക്കുന്ന ''നിത്രിയാസ്'' തലശ്ശേരിക്കടുത്തുള്ള ''നെട്ടൂർ'' ആണെന്നാണു് ചരിത്രകാരന്മാരുടെ അഭിപ്രായം. ഒന്നാം നൂററാണ്ടിൽ കേരളത്തിൽ എത്തിയിരുന്ന പെരിപ്ലസ് പറയുന്ന ''മണ്ടകര'', ഇപ്പോഴത്തെ മലബാറിലുള്ള ''മടായി'' ആണെന്നു് ചില ചരിത്രകാരന്മാർ പറയുന്നു. ''മുസ്സീരിസിനു്'' (കൊടുങ്ങല്ലൂർ) വടക്കെന്നു് ടോളമി (A. D. 150) പ്രസ്താ

www.malankaralibrary.com

വിക്കുന്ന നൗറാ (Naura) പ്രസിദ്ധ ചരിത്രകാരനായ Shoeff ന്റെ അഭിപ്രായത്തിൽ കണ്ണൂർ ആണത്രെ. പെരിപ്ലസ് കൗവു ബാ (Kouba) എന്നൊരു പട്ടണം ഉള്ളിലേയ്ക്കു കയറിയുണ്ടെന്നു പറയുന്നു. അതു കണ്ണൂരിനു പത്തു മൈൽ വടക്കുള്ള കൗവായ് (Kauvai) ആണെന്നാണു വിശ്വസിക്കപ്പെടുന്നതു. പെരിപ്ലസ് കൊടുങ്ങല്ലൂരിനു 14 മൈൽ വടക്കുള്ള ''മർത്തനൂരി'' (Martanour) നെപ്പറ്റി പറയുന്നുണ്ടു. അതു ഇപ്പോഴത്തെ "മട്ടനൂർ" ആയിരിക്കണം എന്നു ചില ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നു. പെരിപ്ലസ് പ്രസ്താവിക്കുന്ന ''കൊട്ട നറ'' കുട്ടനാടു ആണെന്നും മലബാറിലെ "കോലത്തുനാടു" ആണെന്നും ചരിത്രകാരന്മാരിൽ വ്യത്യസ്താഭിപ്രായങ്ങളുണ്ടു. ഈ നിലയിൽ നോക്കുമ്പോൾ, പാശ്ചാത്യദേശങ്ങളും ഇന്ത്യയു മായുള്ള വാണിജ്യബന്ധം വളരെ പ്രബലവും സാധാരണവു മായിരുന്നുവെന്നു കാണാം. വിശദവിവരങ്ങൾ ഒന്നാം വാല്യ ത്തിലെ പേജ് 429 മുതൽ 440 വരെ കൊടുത്തിട്ടുണ്ടു. ആക യാൽ, ആദ്യശതാബ്ദങ്ങളിൽത്തന്നെ മലബാർ പ്രദേശങ്ങളിൽ മാർത്തോമ്മാ ക്രിസ്ത്യാനികളുടേയും അവരുടെ ആനുപാതിക മായ മെത്രാന്മാരുടേയും സംഖ്യ ഗണനീയമായിരുന്നുവെന്നു വിചാരിക്കുവാൻ ന്യായമുണ്ടു. അക്കാരണത്താൽ, ബാബി ലോണിയൻ പാത്രിയർക്കീസിന്റെ അവകാശവാദം നിഷേ ധിക്കുവാനോ അതിശയോക്തിപരമെന്നു സ്ഥാപിക്കുവാനോ കാരണം കാണുന്നില്ല.

പാശ്ചാത്യരാജ്യങ്ങളുമായുള്ള വാണിജ്യബന്ധത്തിന്റെ മറ്റൊരു തെളിവു, കണ്ണൂർ ഡിസ്ട്രിക്ടിന്റെ വിവിധ ഭാഗ ങ്ങളിൽ ധാരാളമായിക്കാണുന്ന റോമൻ സ്വർണ്ണനാണയങ്ങ ളാണു. ഈ റോമൻ സ്വർണ്ണനാണയങ്ങളിൽ A. D. 491 വരെ യുള്ളവ ഉൾപ്പെടുന്നുണ്ടു[2].

ക്രിസ്തുവർഷം ആറാം നൂററാണ്ടിനുശേഷം ഇന്ത്യയിലെ മാർത്തോമ്മാ സഭകളെപ്പററി നമുക്കു കിട്ടുന്ന വിവരങ്ങൾ ശുഷ്ക്കവും ഛിന്നഭിന്നവുമായിട്ടാണു. എന്നാൽ, ഇന്ത്യ യിൽ മാർത്തോമ്മാസഭകളുടെ വ്യാപ്തിയെപ്പററി വേണ്ടിട ത്തോളം അറിവു അവ നമുക്കു നല്കുന്നുണ്ടു. അക്കാലത്തു കി ട്ടിയിട്ടുള്ളിടത്തോളം വിവരങ്ങൾ ഈ പുസ്തകത്തിന്റെ ഒന്നാം

2. എ. ശ്രീധരമേനോൻ, Cannanore Gazetteer, p. 16.

www.malankaralibrary.com

വാല്യത്തിൽ കൊടുത്തിട്ടുണ്ട്. അവയിൽ പ്രധാനപ്പെട്ട ഒന്നാണ് പതിമൂന്നാം നൂററാണ്ടിൽ ഇന്ത്യയിൽവന്ന മാർക്കോപോളോ എന്ന വെനീഷ്യൻ സഞ്ചാരി നല്കുന്ന വിവരങ്ങൾ. അദ്ദേഹത്തിന്റെ യാത്രാവിവരണക്കുറിപ്പ് അനുസരിച്ച് മദ്ധ്യഇന്ത്യയിൽ മൂന്നു സിറിയൻ ക്രിസ്ത്യൻ രാജാക്കന്മാരുണ്ടായിരുന്നു. 1222-ൽ പാററ്നായിൽ ഒരു സുറിയാനി മെത്രാപ്പോലീത്താ ഉണ്ടായിരുന്ന കാര്യം ഈ പുസ്തകത്തിന്റെ ഒന്നാം വാല്യത്തിൽ കൊടുത്തിട്ടുണ്ട്. ഇന്നു ഒറീസ്സാ എന്നറിയപ്പെടുന്ന ദേശത്തു് എസ്ലപ്പാൻ എന്നൊരു സിറിയൻ ക്രിസ്ത്യൻ രാജാവു് ഉണ്ടായിരുന്ന കാര്യവും ഒന്നാം വാല്യത്തിൽ ഉണ്ട്. വാസ്ക്കോഡിഗാമാ ഇൻഡ്യയിൽ വരുന്നതിനു് ആറേഴവർഷംമുമ്പു് കേരളത്തിൽവന്ന സ്റ്റെഫാനോ ദി സാന്തോ ഹെരോണിമോ എന്ന യൂറോപ്യൻ സഞ്ചാരി കോഴിക്കോട്ടു് ആയിരം മാത്തോമ്മാ ക്രിസ്ത്യൻ കുടുംബങ്ങൾ ഉണ്ടായിരുന്നു എന്നു് പറയുന്നുണ്ട്. ചരിത്രകാരനായ ഫാദർ ഫെറോളി ആ പ്രസ്താവനയ്ക്കു് ഒരു ചോദ്യചിഹ്നം ഇട്ടിട്ടുണ്ട്. ഇങ്ങനെ ഇന്ത്യയുടെ നാനാഭാഗങ്ങളിൽനിന്നും കിട്ടുന്ന ഛിന്നഭിന്നങ്ങളായ തെളിവുകൾ വച്ചുനോക്കുമ്പോൾ, മാത്തോമ്മാ സഭകൾ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ ഉണ്ടായിരുന്നുവെന്നു് വിചാരിക്കുവാൻ ന്യായമുണ്ട്. പതിനാലാം നൂററാണ്ടിൽ ഇന്ത്യയിൽവന്ന ഒരു വിദേശസഞ്ചാരി പറയുന്നതു് യൂറോപ്പിലെ യഹൂദന്മാരെപ്പോലെ ഇന്ത്യയിലെ എല്ലാ ഭാഗങ്ങളിലും മാത്തോമ്മാ ക്രിസ്ത്യാനികളെ കാണാൻ കഴിയുമെന്നാണ്. ഇവയെല്ലാം പരിഗണിക്കുമ്പോൾ മാത്തോമ്മാ ക്രിസ്ത്യാനികൾ ഏററവും കൂടുതലായി വസിച്ചിരുന്ന കേരളത്തിൽ കണ്ണൂരും കോഴിക്കോട്ടും കൊടുങ്ങല്ലൂരും അവർക്കു് മെത്രാന്മാരുണ്ടായിരുന്നുവെന്നു് പറയുന്നതിൽ അസാംഗത്യമില്ല.

മലബാറിൽ മാർത്തോമ്മാക്രിസ്ത്യാനികളുടെ പുരാതന അധിവാസകേന്ദ്രങ്ങൾ കണ്ടുപിടിക്കുവാനുള്ള ശ്രമം കാര്യമായ തോതിൽ നടന്നിട്ടില്ലെന്നതാണ് പരമാത്ഥം. മാർത്തോമ്മാ ക്രിസ്ത്യാനികൾ ഇന്നാട്ടുകാർ മാത്രമല്ലായിരുന്നു. ഒരു നല്ല വിഭാഗം പേഷ്യയിൽനിന്നോ ബാബിലോണിൽനിന്നോ വന്നിട്ടുള്ളവരായിരുന്നു. അവർ കാലാന്തരത്തിൽ ഇവിടെയുണ്ടായിരുന്ന മാത്തോമ്മാ ക്രിസ്ത്യാനികളിൽ ലയിച്ചുപോയി. വിദേശീയരായ സുറിയാനിക്കാർ വാണിജ്യ പ്രമുഖരായിരുന്നതുകൊണ്ടു് അവരുടെ പുരാതന കേന്ദ്രങ്ങളും

www.malankaralibrary.com

താവളങ്ങളും തുറമുഖങ്ങളിലോ അവസ്ഥകളോ ആയിരുന്നിരിക്കണം. കേരളത്തിലെ പുരാതന തുറമുഖങ്ങരം അടിസ്ഥാനമാക്കിയിട്ടുള്ള ഗവേഷണങ്ങരം കൊടുങ്ങല്ലൂരിൽ അല്ലാതെ മറെറങ്ങും നടന്നിട്ടില്ല.

തലശ്ശേരിയ്ക്കടുത്തു് $2\frac{1}{2}$ മൈൽ വടക്കുമാറി ''ധർമ്മപട്ടണം'' അഥവാ ''ധമ്മടം'' എന്ന ഒരു സ്ഥലമുണ്ടു്. ''അഞ്ചരക്കണ്ടിയാറു്'' അറേബ്യൻ കടലിൽ വീഴുമ്പോരം ഉണ്ടായിട്ടുള്ള ഒരു ദ്വീപാണു് ഈ സ്ഥലം. ഒന്നും രണ്ടും നൂററാണ്ടുകളിൽ ഇതു് പ്രസിദ്ധമായ ഒരു വാണിജ്യകേന്ദ്രമായിരുന്നു. ഇന്നു് അവിടെ ഒരു പള്ളിയുണ്ടു്, ആ പള്ളി പുരാതനമല്ലെങ്കിലും പള്ളിയിരിക്കുന്ന സ്ഥലം പുരാതനമായ ഒരു പള്ളിയുടെ സ്ഥാനമാണു്. ആ സ്ഥാനത്തു് പല പള്ളികളും രൂപമെടുത്തിട്ടുണ്ടു്. ആദ്യനൂററാണ്ടുകളിൽ അതു് സുറിയാനി ദൈവാലയങ്ങളായിരിക്കാനേ വഴിയുള്ളു. ആ പള്ളിയുടെ മുമ്പിൽ ഇന്നും ഒരു കുരിശടിയുണ്ടു് – സുറിയാനി പള്ളികരംക്കു മാത്രമുള്ള പ്രത്യേകത. മൂന്നു നാലു് തലമുറകളായി ആ പള്ളിയുടെ സൂക്ഷിപ്പുകാരായിട്ടുള്ളതു് ഒരു തീയ്യകുടുംബമാണു്. 1974–ൽ ഈ ഗ്രന്ഥകർത്താവു് ആ സ്ഥലം സന്ദർശിച്ചപ്പോരം, ഇന്നത്തെ തലമുറക്കാർ പറഞ്ഞതു്, പോർച്ചുഗീസുകാരുടെ കാലംമുതൽ ആ പള്ളി തങ്ങളുടെ സൂക്ഷിപ്പിലായിരുന്നുവെന്നാണു്. അതിനു് ഓലയിൽ എഴുതിയ ചില രേഖകളും അവർ ഹാജരാക്കി. അവ വായിക്കുവാൻ പ്രയാസമായിരുന്നതുകൊണ്ടു്, ഈ ലേഖകനു് അവയുടെ സഹായം ലഭിച്ചില്ല. എന്നാൽ ഒരു കാര്യം തീർച്ചയായിട്ടും പറയാമെന്നു തോന്നുന്നു. നദീമുഖത്തുള്ള ഈ ദ്വീപു് റോമാക്കാരുടേയും ഗ്രീക്കുകാരുടേയും വാണിജ്യകേന്ദ്രമായിരുന്നു; അവിടെ ഒരു ക്രൈസ്തവദൈവാലയവും ഉണ്ടായിരുന്നു. ആ പള്ളി പോർച്ചുഗീസുകാരുടെ അധീനതയിലായി; ഇന്നതു് കോഴിക്കോട്ടു് രൂപതയിലാണു്. മലബാർ തീരത്തുണ്ടായിരുന്ന പുരാതന തുറമുഖങ്ങളെപ്പററി ഗാഢമായ ഗവേഷണമോ പഠനമോ നടത്തുകയാണെങ്കിൽ മാർത്തോമ്മാക്രിസ്ത്യാനികളുടെ ചരിത്രശൃംഖലയിൽ നഷ്ടപ്പെട്ടുപോയ പല കണ്ണികളും കണ്ടുപിടിക്കുവാൻ സാധിക്കുമെന്നു തോന്നുന്നു.

## മലബാറിലെ പുരാതന മാർത്തോമ്മാക്രിസ്ത്യാനികൾ എവിടെപ്പോയി?

ഇതു് ആഴമായ പഠനത്തിനുള്ള വിഷയമാണു്. മൈസൂറിന്റെ ആക്രമണത്തെപ്പററി പ്രതിപാദിക്കുന്ന അദ്ധ്യായ

www.malankaralibrary.com

ത്തിൽ, വളരെ മാർത്തോമ്മാക്രിസ്ത്യാനികളെ നിർബ്ബന്ധപൂർവ്വം മുഹമ്മദുമതത്തിൽ ചേർത്തുവെന്നു് പ്രസ്താവിച്ചിട്ടുണ്ടു്. മുഹമ്മദീയാക്രമണം ഉണ്ടായിട്ടുള്ള മിക്കവാറും എല്ലാ സ്ഥലങ്ങളിലും നിർബ്ബന്ധിതമതപരിവർത്തനം ഒരു സാധാരണ സംഭവമാണു്. ടിപ്പുസുൽത്താന്റെ ആക്രമണകാലത്തു്, മതപരിത്യാഗത്തിനു് വിസമ്മതിച്ച പതിനായിരത്തോളം മാർത്തോമ്മാക്രിസ്ത്യാനികൾ കൊല്ലപ്പെട്ടുവെന്നു് ടിപ്പുവിന്റെ സമകാലീനനായ ഫാ. പൌളീൻ പറയുന്നു. 1806—ൽ കേരളത്തിൽ വന്ന സി. ബുക്കാനൻ തന്റെ സ്വതന്ത്രപഠനത്തിൽ പതിനായിരത്തിൽ കുറയാത്ത മാർത്തോമ്മാക്രിസ്ത്യാനികൾ ടിപ്പുവിന്റെ ആക്രമണത്തിൽ കൊല്ലപ്പെട്ടിട്ടുണ്ടെന്നു് കണ്ടെത്തി. മതത്യാഗംചെയ്തു് മുസ്ലീം ആയിട്ടുള്ള മാർത്തോമ്മാക്രിസ്ത്യാനികൾ ഇതിന്റെ പലമടങ്ങു് ഉണ്ടായിരിക്കാനിടയുണ്ടു്. മാർത്തോമ്മാക്രിസ്ത്യാനികളായ സ്ത്രീകളെ സംബന്ധിച്ചിടത്തോളം, മുഹമ്മദീയ അന്തഃപുരങ്ങളിൽ പ്രവേശിക്കപ്പെട്ടവരായിരിക്കും ഏററവും കൂടുതലാകാൻ ന്യായമുള്ളതു്.

മാർത്തോമ്മാക്രിസ്ത്യാനികൾ മലബാറിൽനിന്നു് അപ്രത്യക്ഷമാകുവാനുള്ള മറെറാരു കാരണം വൈദികസേവനത്തിന്റെ അപര്യാപ്തതയോ അഭാവമോ ആണു്. ഭാരതത്തിൽ വ്യാപകമായുണ്ടായിരുന്ന ഭാരതസഭ അപ്രത്യക്ഷമാകുവാനുള്ള കാരണവും അതുതന്നെയാണല്ലോ. വൈദികനും ദൈവാലയവുമാണു് ഏതൊരു ക്രൈസ്തവസമൂഹത്തിനും വ്യക്തിത്വം നല്കുന്നതു്. പ്രസക്തമായ മലബാർ കുടിയേററത്തിന്റെ അച്ചുതണ്ടും അവതന്നെ. അതില്ലാതെവന്നാൽ വ്യക്തിത്വം നശിക്കുന്നു. അപ്പോൾ സഭയില്ലാതാകും. അതു കേരളത്തിലും ഏറെക്കുറെ സംഭവിച്ചു. വൈദികാഭാവത്തിൽ ക്രൈസ്തവസമൂഹങ്ങൾ മററു മതങ്ങളുടെ സാഹചര്യസമ്മർദ്ദത്തിനു വിധേയമായി ഇതര സമുദായങ്ങളിൽ ലയിച്ചുപോയിക്കാണും.

## ii) കുടിയേററം

മലബാർ കുടിയേററം കേരളസഭാചരിത്രത്തിലെ ഒരു സുവർണ്ണാദ്ധ്യായമാണു്. എന്നാൽ അതിനു ദുഃഖരേഖകളും പലതുണ്ടു്. ശാശ്വതമായ എല്ലാ നല്ല കാര്യത്തിനും അതു് ഉണ്ടാകാതെ തരമില്ലല്ലൊ, പ്രത്യേകിച്ചു് അവ ക്രൈസ്തവസംരംഭങ്ങളാകുമ്പോൾ. ഈ കുടിയേററം സംസ്ഥാനാന്തരകുടിയേററമാണെന്നും അല്ലെന്നും പറയുവാൻ കഴിയും. അന്നു് മദ്രാസ്

www.malankaralibrary.com

സംസ്ഥാനത്തിന്റെ ഒരു ഭാഗമായിരുന്നു മലബാർ. തിരുവിതാംകൂർ മറെറാരു സംസ്ഥാനമായിട്ടാണ് പരിഗണിക്കപ്പെട്ടിരുന്നത്. എന്നാൽ കുടിയേററത്തിന്റെ തരംഗങ്ങൾ മലബാറിന്റെ അതിർത്തികളും കടന്ന്, കർണ്ണാടകത്തിലും, കൂർഗിലും പ്രവേശിച്ചപ്പോൾ അത് ഒരു സംസ്ഥാനാന്തരകുടിയേററമായി. എന്നാൽ അവിടെ കടന്നുകൂടിയവർ കുടിയേററക്കാരുടെ തുച്ഛമായ ഒരു ഭാഗമെ ഉണ്ടായിരുന്നുള്ളു.

1) ഈ കുടിയേററത്തിനു പല പ്രത്യേകതകളുമുണ്ട്. കുടിയേററക്കാർ പുറപ്പെട്ടിട്ടുള്ളത് മദ്ധ്യതിരുവിതാംകൂറിൽ നിന്നായിരുന്നു—പ്രധാനമായും മീനച്ചിൽ, തൊടുപുഴ താലൂക്കുകളിൽനിന്ന്. കുടിയേററങ്ങൾ പുരോഗമിച്ചപ്പോൾ ചങ്ങനാശ്ശേരി, വൈക്കം, കാഞ്ഞിരപ്പള്ളി മുതലായ താലൂക്കുകളിൽ നിന്നും ആളുകൾ മലബാറിലേയ്ക്കു പുറപ്പെട്ടു.

2) കുടിയേററക്കാരിൽ മഹാഭൂരിപക്ഷവും സുറിയാനി കത്തോലിക്കർ ആയിരുന്നു. യാക്കോബായക്കാരും മാർത്തോമ്മാക്കാരും വളരെ കുറച്ചുമാത്രമെ കുടിയേററത്തിനു ഒരുമ്പെട്ടുള്ളു. N. S. S. കാർ 1951-ൽ കാഞ്ഞങ്ങാടിന്റെ വടക്കെ അററത്ത്, പനത്തടിയിൽ, 5000 ഏക്കർ സ്ഥലം വാങ്ങി, തിരുകൊച്ചിയിലെ കുറെ നായർ കുടുംബങ്ങൾക്ക് വീതിച്ചുകൊടുത്തു. അവരിൽ പലരും മടങ്ങിപ്പോയെങ്കിലും ഇപ്പോഴും 800-ൽപരം നായർ കുടുംബങ്ങൾ അവിടെയുണ്ട്. അവർക്കു കൃഷിചെയ്തു ജീവിക്കുവാൻ 6000 രൂപാവീതം പല ഗഡുക്കളിലായി N. S. S. കൊടുത്തിട്ടുണ്ട്. പൂഞ്ഞാർ തമ്പുരാനും വിപുലമായ തോതിൽ കുറെ സ്ഥലം വാങ്ങി.

3) കുടിയേററക്കാരെല്ലാം കൃഷിക്കാരുമായിരുന്നു. മണ്ണിനോടുള്ള ദാഹമായിരുന്നു നാടുവിടാൻ അവരെ പ്രേരിപ്പിച്ചത്. ഐതിഹാസികമായ ഈ മഹായജ്ഞത്തിൽ വൻതോട്ടങ്ങൾ അന്വേഷിച്ചുപോയ മുതലാളിമാരെ ഉൾപ്പെടുത്താമെന്നു തോന്നുന്നില്ല. ജീവിക്കുവാൻവേണ്ടി തങ്ങൾക്കുള്ളതെല്ലാം വിററ് കന്നിമണ്ണു തേടിപുറപ്പെട്ടവരാണ് കുടിയേററക്കാരിൽ സിംഹഭാഗവും. അവരുടേതായിരുന്നു യജ്ഞവും ത്യാഗവും. അവരുടെ ത്യാഗോജ്ജ്വലമായ സാഹസികത്തിൽ ഭൂപ്രഭുക്കന്മാരെ ഉൾപ്പെടുത്താൻ പാടില്ലെങ്കിലും അവരിൽ ചിലരുടെ ഗണ്യമായ സഹായം കുടിയേററക്കാർക്കുണ്ടായിട്ടുണ്ട്. ദൈവപരിപാലനയെന്നു തോന്നുന്ന, അന്നത്തെ സർ. സി. പി. രാമ

www.malankaralibrary.com

സ്വാമി അയ്യരുടെ ഗവണ്മെൻറ് ഭൂമി പതിച്ചുകൊടുക്കുകയി ല്ലെന്നുള്ള നിയമം നടപ്പിലാക്കിയതു്. അതു് ക്രിസ്ത്യാനി കളെ ലക്ഷ്യംവച്ചുള്ള ദ്രോഹമായിരുന്നു. ഏതായാലും അതു് അഞ്ചുലക്ഷം ക്രിസ്ത്യാനികളുടെ മലബാർ കുടിയേററത്തിനു കാരണമാക്കി. അവക്കല്ലേ മണ്ണും കൃഷിയും വേണ്ടതു്. തിന്മ കളെ നന്മകളാക്കി മാററാൻ കാരുണ്യമൂർത്തിയായ ദൈവത്തിനു കഴിയും.

4) ഈ കുടിയേററം ഒരു സമൂഹത്തിൻെറ സംഘടിത ശ്രമമായിരുന്നില്ല. അതിനാൽ കുടിയേററത്തിൻെറ നാനാ വശങ്ങളെപ്പററി പഠിച്ചു് വേണ്ട മുൻകരുതലോടുകൂടി നീങ്ങിയ ഒരു സംരംഭമല്ലായിരുന്നു അതു്. തന്മൂലം അതിനു കൊടുക്കേ ണ്ടിയ വില, ആളിലും അർത്ഥത്തിലും ഭീമവും ഭീകരവുമായി രുന്നു. ഒററയായിട്ടുപോയ കുടുംബങ്ങൾ തന്നെയല്ല, രണ്ടും മൂന്നും കുടുംബങ്ങൾ ആയിട്ടുപോയ സംഘങ്ങളിൽ ഒരാൾപോ ലും ശേഷിക്കാതെ നിർമ്മാർജ്ജനം ചെയ്യപ്പെട്ടിട്ടുണ്ടു്. ആദ്യ ത്തെ കുടിയേററക്കാർ കാട്ടുമൃഗങ്ങളോടും മലമ്പനിയോടും മല്ലിട്ടു് തങ്ങളുടെ പിൻതലമുറക്കാർക്കുവേണ്ടി ആത്മാഹുതി ചെയ്കയാണുണ്ടായതു്. മണ്ണിൽവീണ ഗോതമ്പുമണി സ്വയം നശിച്ചാലല്ലേ പുതിയ കതിരുകൾക്കു് ജീവൻ കൊടുക്കുവാൻ സാധിക്കു.

എല്ലാ കുടിയേററങ്ങൾക്കും ലോകചരിത്രത്തിൽ നേതാ ക്കന്മാർ ഏറെക്കുറെ ഉണ്ടായിട്ടുണ്ടു്. എന്നാൽ മലബാർ കുടി യേററത്തിനു് അങ്ങിനെ ആരും ഉണ്ടായിരുന്നില്ല. അതേ പ്പററി മോൺ. തോമസ്സ് പഴേപറമ്പിൽ പറയുന്നു, ''മല ബാർ കുടിയേററത്തിനു് അങ്ങിനെ ആരും ഉണ്ടായിരുന്നില്ല. ഒരു സർക്കാരോ, സമൂഹമോ, മതാധികാരിയോ സംഘടി പ്പിച്ച ഒന്നല്ല മലബാർ കുടിയേററം. എല്ലാവരും യാത്ര പുറ പ്പെടുന്നതിനുമുമ്പ് ദൈവാലയങ്ങളിൽചെന്നു് ആരാധന നട ത്തി. ഈശ്വരാനുഗ്രഹം അവർ അഭ്യർത്ഥിച്ചു. അർഹിച്ച വക്കു് അനർഗ്ഗളമായി അതു ലഭിച്ചു ......പക്ഷേ ഈ സ്വാശ്രയ സംരംഭത്തിൻെറ അനിഷ്ടഫലങ്ങൾ അതിദാരുണങ്ങളായി രുന്നു. അതു മറക്കാനാവില്ല''3.

എന്നാൽ കോട്ടയം രൂപതയിൽനിന്നുണ്ടായ കുടിയേ ററത്തിനു് ബിഷപ്പു് അലക്സാണ്ടർ ചൂളപ്പറമ്പിലും ഷെവലി

3. മോൺ. തോമസ് പഴേപറമ്പിൽ, സ്വപ്നഭൂമിയിൽ, 1978 p. 2.

www.malankaralibrary.com

യർ വി. ജെ. ജോസഫും നേതാക്കന്മാരായിരുന്നു. ആസൂത്രിതമായ ഒരു പദ്ധതിയുടെ ഫലമായിരുന്നു അതു്. കാഞ്ഞങ്ങാട്ടിനു വടക്കു്, നീലേശ്വരം കോവിലകംവക 2000 ഏക്കർ ആണു് കോട്ടയം രൂപതയിലെ കുടിയേററക്കാർക്കു ലഭിച്ചതു്. അതിനു് രാജപുരം കോളനി എന്നു പേരിട്ടു. ആദ്യം 72 വീട്ടുകാർ കുടിയേറി. കോട്ടയം രൂപതയ്ക്കു് വേറൊരു കോളനി ഉള്ളതു് പയ്യാവൂരാണു്. 1970-ൽ റാണിപുരം എന്നൊരു കോളനിയും ഉണ്ടായി. അവിടെ 40 വീട്ടുകാർ ഉണ്ടായിരുന്നു. ആസൂത്രിതമായ ഒരു പദ്ധതിയുടെ ഫലമായിരുന്നു അതു്. എന്തുകൊണ്ടു് അതു് തൊടുപുഴ, മീനച്ചിൽ, വൈക്കം, കാഞ്ഞിരപ്പള്ളി മുതലായ താലൂക്കുകളിൽനിന്നുമുള്ള വടക്കുംഭാഗം കുടിയേററക്കാർക്കു് ഉണ്ടായില്ല എന്നതു് ചിന്താർഹമായ ഒരു ചോദ്യമാണു്. ദൈവാലയഭിത്തികൾക്കുള്ളിലെ സേവനം മാത്രമാണോ ഒരു ഇടയനുള്ളതു്?. ഇടയന്മാരുടെ ഇടയനായ ക്രിസ്തു അതാണോ പഠിപ്പിച്ചതു്?

5) പുതിയ ഒരു സാമൂഹ്യരൂപത്തിനുവേണ്ടിയുള്ള ശ്രമങ്ങളിൽ ഉദാരമായ പരിശ്രമങ്ങളും സംഭാവനകളും കുടിയേററക്കാർ പ്രകടിപ്പിച്ചതു് സ്തുത്യർഹമായിരുന്നുവെന്നു മാത്രമല്ല, കേരളസഭയുടെ പാരമ്പര്യത്തിനു് അനുയോജ്യവുമായിരുന്നു. ദൈവാലയങ്ങൾ, സ്കൂളുകൾ, ആശുപത്രികൾ, അനാഥാലയങ്ങൾ മുതലായ സ്ഥാപനങ്ങൾക്കു സ്ഥലവും പണവും കർത്തവ്യബോധത്തോടുകൂടി ദാനംചെയ്തതു് കുടിയേററക്കാർ തന്നെയായിരുന്നു. ഇവ കൊടുക്കുവാൻ കഴിവില്ലാത്തവർ ശ്രമദാനങ്ങൾകൊണ്ടു സഹായിച്ചിട്ടുണ്ടു്.

## കുടിയേററത്തിൻെറ കാലഘട്ടം

നിഷ്പക്ഷമായി പറഞ്ഞാൽ, കുടിയേററത്തിൻെറ കാലഘട്ടം ആരംഭിക്കുന്നതു് 1926 മുതലാണു്. അതിൻെറ മുന്നോടിയായി വന്നതു് പാലായിൽ ജോലി അന്വേഷിച്ചുപോയ അയ്യനത്തുകാരൻ ജോസഫു് കപ്യാരാണു്. അദ്ദേഹത്തിൻെറ കുടുംബത്തിനുണ്ടായ അതിദാരുണമായ അനുഭവം ഒററയായ ഒന്നല്ല. ഈ അനുഭവം മററനേകം കുടുംബങ്ങൾക്കുമുണ്ടായിട്ടുണ്ടു്. അവരാണു് കുടിയേററത്തിൻെറ ആദ്യഘട്ടത്തിൽ നിർമ്മാർജ്ജനം ചെയ്യപ്പെട്ടവർ, അഥവാ കുടുംബത്തിൽ ശേഷിച്ച ഒന്നോ രണ്ടോ അംഗങ്ങളുമായി നാട്ടിലേയ്ക്കു മടങ്ങിയവർ. അയ്യനത്തുകാരൻ ജോസഫു് കപ്യാരുടെ സാഹസികശ്രമങ്ങ

www.malankaralibrary.com

ളെപ്പററി മോൺ. പഴേപറമ്പിൽ വളരെ ഹൃദയസ്പൃക്കമായി തന്റെ പുസ്തകത്തിൽ വിവരിച്ചിട്ടുണ്ട്[4]. അദ്ദേഹത്തിന്റെ സാഹസികശ്രമങ്ങളെയും അവസാനം തന്റെ കുടുംബത്തിലെ പൗത്രന്മാരുൾപ്പെടെ ഭൂരിപക്ഷം അംഗങ്ങളെയും കുററിയാടിയിലെ കൊടുങ്കാട്ടിൽ സ്വന്തം കൈകൊണ്ട് കുഴികുഴിച്ച് മറവുചെയ്ത കഥയും പഴേപറമ്പിൽ തന്റെ പുസ്തകത്തിൽ വിവരിച്ചിട്ടുണ്ട്.

കുടിയേററം ശക്തിപ്പെട്ടുകാണാൻ തുടങ്ങിയത് 1928 മുതലാണ്. അപ്പോഴും ഒററയായ വ്യക്തികളും കുടുംബങ്ങളുമാണ് കുടിയേററത്തിന്റെ പ്രവാഹത്തിലെ തരംഗങ്ങളായിതീർന്നത്. കേട്ടറിഞ്ഞും അന്വേഷിച്ച മനസ്സിലാക്കിയും ഓരോ കുടുംബമായിട്ടോ, അഥവാ ആ കുടുംബത്തിന്റെ അടുത്ത ചാർച്ചയിൽപ്പെട്ട മററു രണ്ടുമൂന്ന കുടുംബങ്ങളുമായിട്ടോ ആയിരുന്നു ആ കന്നിമണ്ണിനുവേണ്ടിയുള്ള തീർത്ഥയാത്ര. തിരുവിതാംകൂറിലെ റബ്ബർതോട്ടങ്ങളിൽ ജോലിചെയ്യാൻ വന്ന മലപ്പുറം മുസ്ലീമുകളിൽനിന്നാണ് കുടിയേററക്കാർക്ക് മലബാറിന്റെ ചിത്രം ആദ്യമായി ലഭിച്ചത്. മലബാറിലെ കുററിയാടി പ്രദേശത്ത് കനകകുംഭങ്ങൾ പേറിനിന്ന കല്പവൃക്ഷങ്ങളെപ്പററി കേട്ടാണ് ആളുകൾ ആ പ്രദേശത്തേയ്ക്കു കുതിച്ചു പാഞ്ഞത്.

അന്ന് ഭൂമിയുടെ വില ഏക്കറിനു രണ്ടു രൂപായായിരുന്നു. ഇതു കേട്ടറിഞ്ഞ്, മീനച്ചിൽ, തൊടുപുഴ, ചങ്ങനാശ്ശേരി താലൂക്കുകളിൽനിന്ന് കുടിയേററക്കാർ ധാരാളമായി വന്നുതുടങ്ങി. കുടിയേററത്തിന്റെ ആദ്യതരംഗത്തിൽപ്പെട്ട എല്ലാവരുംതന്നെ മലേറിയായ്ക്കും വന്യമൃഗങ്ങൾക്കും ഇരയായി എന്നുപറയാം. രണ്ടാമത്തെ കുടിയേററക്കാർ കുററ്യാടിക്കടുത്തുള്ള മരുതുംകരയാണ് വന്നത്. 1928-ൽ കോളയാടിനടുത്തുള്ള പേരാവൂർ വേറൊരു കുടിയേററമുണ്ടായി. അതേ ആണ്ടിൽതന്നെ, മൂന്നാമത്തൊരു കോളനി തളിപ്പറമ്പുതാലൂക്കിൽ പ്രവേശിച്ചു.

കുടിയേററക്കാരെ അഭിമുഖീകരിച്ച പ്രധാന പ്രശ്നം മൂലധനത്തിന്റെ കുറവായിരുന്നു. 1929 മുതൽ കാർഷികോല്പന്നങ്ങളുടെ വിലക്കുറവും അന്താരാഷ്ട്രത്തിലെ സാമ്പത്തികമാന്ദ്യവും കാരണം കുടിയേററം മന്ദീഭവിച്ചു. കുരുമുളക്, ചുക്ക്,

---

4. p. 10-20.

www.malankaralibrary.com

തേങ്ങാ, റബ്ബർ മുതലായവയുടെ വില ഇടിഞ്ഞതു കാരണം, മൂലധനം ശേഖരിക്കുവാൻ സാധിച്ചില്ല. സ്ഥലത്തിന്റെ വിലയും കുറയുകയാണുണ്ടായതു്. 1935 ന ശേഷം കാഷികോല്പന്നങ്ങളുടെ വില വദ്ധിക്കുകയാൽ കുടിയേററത്തിനു് ആക്കം കൂടി. ഇക്കാലത്താണു് വയനാട്ടിലേയ്ക്കുള്ള ജനപ്രവാഹം ഉണ്ടായതു്. മുൻപറഞ്ഞ താലൂക്കുകളിലെ ആളുകളെ കൂടാതെ മൂവാററുപുഴ, വൈക്കം താലൂക്കുകളിൽനിന്നും കുടിയേററത്തിനു പുറപ്പെട്ടവരുടെ സംഖ്യ ഗണ്യമായിരുന്നു.

1939–ൽ രണ്ടാം ലോകമഹായുദ്ധം ആരംഭിച്ചപ്പോഠം, ബമ്മ, സയാം മുതലായ രാജ്യങ്ങളിൽ ജപ്പാന്റെ ആക്രമണം ഉണ്ടായതുമൂലം അവിടെനിന്നും കേരളത്തിലേയ്ക്കുള്ള അരിവരവു് നിലച്ചു. 19–ാം നൂററാണ്ടിന്റെ അവസാനം മുതലേ തിരുവിതാംകൂറിൽ അരിക്ഷാമം കൂടിക്കൊണ്ടിരുന്നതാണു്. 1920–ൽ $1\frac{3}{4}$ ലക്ഷം ടൺ അരിയാണു് വിദേശത്തുനിന്നും തിരുവിതാംകൂറിൽ വരുത്തിയിരുന്നതു്. അതു് 1931—40 വരെയുള്ള വഷങ്ങളിൽ $5\frac{1}{2}$ ലക്ഷം ടൺ വീതമായി വദ്ധിച്ചു. ഇതു നെല്ലിനു വില കൂടുവാനും മരച്ചീനിയുടെ ആവശ്യം വർദ്ധിക്കാനും ഇടയാക്കി. തന്മൂലം കൃഷിക്കുവേണ്ടി മണ്ണു തേടിവന്ന കുടിയേററക്കാക്കു് പൂവ്വാധികം ഉത്സാഹവും ഉന്മേഷവും ഉണ്ടായി. വയനാടൻ മലകളുടെ മടക്കുകഠക്കിടയിലുള്ള വിസ്തൃതമായ സ്ഥലം നെൽകൃഷിക്കു് ഏററവും പററിയതായിരുന്നു. അതുകൊണ്ടു് അങ്ങോട്ടുള്ള കുടിയേററമാണു് പ്രധാനമായും സംഭവിച്ചതു്. മലബാറിലെ സാമ്പത്തികവ്യവസ്ഥയിൽ, പ്രത്യേകിച്ചും പാവങ്ങളുടെ ഭക്ഷ്യകാര്യത്തിൽ, മഹാവിപ്ലവം വരുത്തിയ ഒന്നാണു് ''തിരുവിതാംകൂർകാർ ചേട്ടന്മാർ'' മലബാറിൽ തങ്ങളോടുകൂടി കൊണ്ടുപോയ മരിച്ചീനികമ്പുകഠ അഥവാ, മലബാറുകാരുടെ ഭാഷയിൽ പറയുന്ന ''പൂള''. ആദ്യഘട്ടത്തിൽ മലബാറിലെ കന്നിമണ്ണിന്റെ ഗുണം കണ്ടുകൊണ്ടു് കൃഷി ചെയ്തുതുടങ്ങിയതും മരച്ചീനിയായിരുന്നു. അത്ഭുതകരമായ ഒരു വിളവാണു് അതിൽനിന്നും കിട്ടിയതു്. എന്നാൽ കുതിരയ്ക്കുമുമ്പിൽ വണ്ടി കെട്ടിയതുപോലെ വിപണിയിൽ വിററഴിക്കുവാനുള്ള പ്രയാസമാണതിൽ നിന്നുണ്ടായതു്. അതിന്റെ കാരണം, മരച്ചീനിയെപ്പററി മലബാർകാക്കു് യാതൊന്നും അറിയാൻ പാടില്ലായിരുന്നു. മലബാർകാർ വിചാരിച്ചതു് അതു മൃഗങ്ങളുടെമാത്രം തീററിസാധനമെന്നാണു്. തന്മൂലം, ലോറികഠ നിറച്ചു തല

www.malankaralibrary.com

ശ്ശേരിയിലും മററും കൊണ്ടുപോയിരുന്ന മരച്ചീനി വാങ്ങാനാളില്ലാതെ ആററിൽ എറിയുകയാണുണ്ടായതു്. എന്നാൽ ഇന്നു് മലബാറിലെ പാവങ്ങളുടെ പ്രധാനഭക്ഷണം മരച്ചീനിയാണു്. അതിനു് അവർ തിരുവിതാംകൂറിലെ ചേട്ടന്മാരോടാണു് കടപ്പെട്ടിരിക്കുന്നതു്. എന്നാൽ മലബാറുകാക്കു് ഈ മരച്ചീനിപ്രേമമുണ്ടാകുവാൻ പ്രേരിപ്പിച്ചതു് ഭക്ഷ്യക്ഷാമമായിരുന്നു. അടുത്തകാലത്തു് ബംഗാളിൽ ഉണ്ടായ ഭക്ഷ്യക്ഷാമം മൂലം പല ലക്ഷം ആളുകരം മരിച്ചു. അങ്ങനെയൊരു ദുരന്തം മലബാറിൽ ഉണ്ടാകാതെ അവിടുത്തെ ആളുകളെ രക്ഷിച്ചതു് ചേട്ടന്മാരുടെ മരച്ചീനിയാണെന്നുള്ളതിൽ യാതൊരു സംശയവുമില്ല.

''തിരുവിതാംകൂർ ചേട്ടന്മാർ'' മലബാറിൽ വരുത്തിയ മറെറാരു വിപ്ലവം മാനസികമായിരുന്നു. തങ്ങളുടെ വീടുകളിലെ ''മുണ്ടുമുറി'' സാധനങ്ങരം വിററുണ്ടാക്കിയ തുച്ഛമായ പണവും തങ്ങളുടെ ഭാര്യമാർ അണിഞ്ഞിരുന്ന ആഭരണങ്ങളും മാത്രം മൂലധനമായി, മലബാറിലേയ്ക്കു പുറപ്പെട്ട ചേട്ടന്മാർ കുറഞ്ഞൊരു കാലംകൊണ്ടു് മണിമേടകളുടെയും, റബ്ബർ തോട്ടങ്ങളുടെയും വിലകൂടിയ കാറുകളുടെയും ഉടമകളായിത്തീർന്നതിൻെറ രഹസ്യം അവരുടെ പതറാത്ത മനസ്സും ഇളവില്ലാത്ത അദ്ധ്വാനവും ആണെന്നു് മലബാറുകാക്കു മനസ്സിലാക്കുവാൻ അധികകാലം വേണ്ടിവന്നില്ല. ഇതായിരുന്നു മലബാർ ജനസമൂഹത്തിൽ ചേട്ടന്മാർ വരുത്തിവച്ച മാനസികപരിവത്തനം.

1951—ലെ സെൻസസ്സു് അനുസരിച്ചു് തിരുകൊച്ചിയിൽ നിന്നും മലബാറിൽ കുടിയേറിപ്പാത്തവരുടെ സംഖ്യ 80275 ആണു്. ഇതു് പൂണ്ണമായ സംഖ്യയെന്നു വിചാരിക്കാൻ ന്യായമില്ല. ഏകദേശം 1 ലക്ഷം എന്നു പറയുന്നതായിരിക്കും ശരി. ഈ സെൻസസ്സു് അനുസരിച്ചു് ചിറയ്ക്കൽ താലൂക്കിൽ ഒരു ശതമാനവും കോട്ടയം താലൂക്കിൽ നാലു ശതമാനവും വയനാട്ടിൽ 14 ശതമാനവും കുറുമ്പ്രനാടു താലൂക്കിൽ 2 ശതമാനവും കോഴിക്കോട്ടു താലൂക്കിൽ 4 ശതമാനവുമായിട്ടാണു് കാണുന്നതു്. വയനാട്ടിലാണു് കൂടുതൽ ആളുകരം കുടിയേറിപാത്തതു്. അതു് നെൽകൃഷിയിലുള്ള താല്പര്യംകൊണ്ടാണു്.

## മലബാർ കുടിയേററത്തിൻെറ വിവിധ ഘട്ടങ്ങളിൽ അവരെ സഹായിച്ചിട്ടുള്ള ഘടകങ്ങൾ

(1) ഒന്നാമത്തെ ഘടകം, കുടിയേററക്കാരായ സുറിയാനി കത്തോലിക്കരുടെ ദൈവകാരുണ്യത്തിലുള്ള ദൃഢവിശ്വാ

www.malankaralibrary.com

സവും ലക്ഷ്യസിദ്ധിക്കുള്ള സ്ഥിരനിശ്ചയവും, അവിശ്രമമായ അദ്ധ്വാനശീലവുമാണ്. ഈ ഗുണങ്ങൾ ഒരു സമൂഹത്തിന്റേതെന്നുമാത്രം പറഞ്ഞാൽ പോരാ. കുടിയേററത്തിനു പുറപ്പെട്ട ഓരോ കുടുംബത്തിന്റെയും അതിലെ ഓരോ അംഗത്തിന്റെയും സദ്ഗുശക്തിയായിരുന്നു.

അങ്ങനെ കപ്യാർ ഔസേപ്പിന്റെ ഭാര്യ അന്നമ്മയെ സുറിയാനി സമുദായത്തിന്റെ സദ്ഗുണങ്ങളെ പ്രതിഫലിപ്പിക്കുന്ന ധീരവനിതയായിട്ടുവേണം കണക്കാക്കുവാൻ. കപ്യാർ ഔസേപ്പും വിവാഹിതരായ ആൺമക്കളും, അവരുടെ ഭാര്യമാരും ഇളയകുഞ്ഞുങ്ങളും കുടിയേററത്തിനു തീരുമാനമെടുക്കാൻ വിഷമിക്കുന്ന അവസരത്തിൽ അന്നമ്മ പറഞ്ഞു, ''കഷ്ടത സഹിക്കാതെ വയറു നിറയ്ക്കാനും പറമ്പുവാങ്ങുവാനും സാധ്യമാണോ? പ്രായമായ നമ്മുടെ സുഖമല്ല നാം നോക്കേണ്ടതു്. നമ്മുടെ മക്കളുടെയും അവരുടെ മക്കളുടെയും അഭിവൃദ്ധി നാം കണക്കിലെടുക്കണം. നാം അവർക്കുവേണ്ടിയാണ് ജീവിക്കുന്നതു്''5. തരംഗങ്ങളായി കുടിയേറിപ്പാർത്ത ധീരന്മാരുടെ ഹൃദയങ്ങളിൽ മാറെറാലിക്കൊണ്ട സമരകാഹളമായിരുന്നു ആ അമ്മയുടേതു്. കുററിയാടി കൊട്ടകാട്ടിലെ മലമ്പനിയുടെ താണ്ഡവനൃത്തത്തിൽ അന്നമ്മയുടെ ജീവിതം ആഹുതിചെയ്യപ്പെട്ടു. തന്റെ മക്കളോടും മരുമക്കളോടുമൊപ്പം കുററിയാടി മണ്ണിൽ വീണലിഞ്ഞ ഗോതമ്പുമണിയായിരുന്നു അന്നമ്മ. കുടിയേററത്തിനു പുറപ്പെട്ട കപ്യാർ ഔസേപ്പിന്റെ കുടുംബത്തിലെ പതിനൊന്നുപേരിൽ മൂന്നുപേർമാത്രം ശേഷിച്ചു. അവർ തോൽവി സമ്മതിച്ച് ഉള്ളതെല്ലാം പെറുക്കിവിററു യാത്രയ്ക്കുള്ള പണമാക്കി മടങ്ങിപ്പോന്നു. ആ ദീപനാളം കെട്ടടങ്ങിയെങ്കിലും ആ സ്ഥാനത്തു് നൂറു നൂറു് മററു ദീപനാളങ്ങൾ ജ്വലിച്ചുയന്നു. കുടിയേററക്കാരിൽ ഓരോരുത്തർക്കും ഉണ്ടായിരുന്ന അജയ്യമായ സദ്ഗുശക്തിയാണ് അതു് കാണിക്കുന്നതു്. ഇതിന്റെ ഉറവിടം ദൈവാശ്രയവും.

2) ഉദാരമനസ്കനായ കോഴിക്കോട്ടു മെത്രാനും ആരൂപതയിലെ ത്യാഗസമ്പന്നരായ വിദേശിയരും സ്വദേശികളുമായ വൈദികരുമാണ് രണ്ടാം ഘടകം. സ്വദേശികളായ വൈദികരിൽ സുറിയാനിക്കാരായ അച്ചന്മാരും പ്രമുഖ

5. മോൺ, പഴേപറമ്പിൽ p. 7.



www.malankaralibrary.com

രായുണ്ട്. അവരിൽ നേതാക്കന്മാരായി കാണുന്നവർ ഫാ. ജോസഫ് കട്ടക്കയം, ഫാ. ജോസഫ് പീടിയേക്കൽ, ഫാ. ജോർജ്ജ് കഴിക്കുച്ചാലിൽ മുതലായവരാണ്. ഇവരുടെ കൂടെ ഫാ. സർഗീസ്, ഫാ. ഹഡ്രിയാൻ മുതലായ കർമ്മലീത്താ വൈദികരും ഉൾപ്പെടുന്നു. കർമ്മലീത്താ വൈദികർ 1952–നു മുമ്പുതന്നെ കൊയിലാണ്ടിയിൽ ഒരാശ്രമം സ്ഥാപിച്ച് കുടിയേററക്കാരുടെ ഇടയിൽ ജോലി ചെയ്യാൻ തുടങ്ങിയവരാണ്.

ബഹുമുഖങ്ങളും ത്യാഗോജ്ജ്വലങ്ങളുമായ സേവനങ്ങളാണ് കോഴിക്കോട്ട് പ്രൊസർപ്പിയോ മെത്രാനും അവിടുത്തെ വൈദികരും സുറിയാനിക്കാരായ കുടിയേററക്കാർക്കു ചെയ്തിട്ടുള്ളതെന്നതിൽ യാതൊരു സംശയവുമില്ല. എന്നാൽ അതിൽ ലത്തീൻ സാമ്രാജ്യമോഹത്തിന്റെ തെല്ലൊരു മായം ചേർന്നിരുന്നുവെന്നു സംശയിക്കാൻ ന്യായമുണ്ട്. 1938–ൽ ഈ ഗ്രന്ഥകർത്താവു പരേതനായ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ ഒരു കത്തും ദൗത്യവുമായി കോഴിക്കോട്ടു മെത്രാന്റെ അടുക്കൽ ചെന്നു. ബിഷപ്പ് പ്രൊസർപ്പിയോ എഴുത്തുവാങ്ങി ഒന്നോടിച്ചുവായിച്ചശേഷം, വൈകിട്ട് അത്താഴംകഴിഞ്ഞു കാണാമെന്നു നിർദ്ദേശിച്ച് പിരിഞ്ഞു. ഗ്രന്ഥകാരന്റെ ദൗത്യവും അതിന്റെ ഉപോദ്ബലകമായ കത്തും മലബാർപ്രദേശത്തു കുടിയേറിപ്പാർത്ത മലങ്കരറീത്തുകാരായ കത്തോലിക്കർക്ക് ആത്മീയസേവനം നടത്താൻ, അതേ റീത്തുകാരായ വൈദികരെ അനുവദിക്കുന്നതിനുള്ള അഭ്യർത്ഥനയായിരുന്നു. കത്തിന്റെ അനവധാനമായ ആദ്യത്തെ വായനയിൽ ബിഷപ്പിന്റെ മുഖത്തുകണ്ട പ്രതികരണം, വിൻസ്റ്റൺ ചർച്ചിൽ റഷ്യൻ സ്വേഛരാധിപതിയായ സ്റ്റാലിന്റെ മന്ദസ്മിതത്തെപ്പററി പറഞ്ഞിട്ടുള്ള സൈബീരിയായിലെ ശീതകാല സൂര്യനെപ്പോലെ ആയിരുന്നു. അത്താഴശേഷം കണ്ടപ്പോഴും, അതു വഷോപലമായി മാറി. മലബാർപ്രദേശത്തു് സുറിയാനിക്കാരുടെ ആത്മീയാവശ്യങ്ങൾ നിവ്വഹിക്കുവാൻ സുറിയാനി വൈദികരെ അനുവദിക്കുന്ന പ്രശ്നമില്ലെന്ന് ദലഗാദപ്പസ്തോലിക്കയുടെ കത്തുകളിലെ ചില ഭാഗങ്ങൾ ഉദ്ധരിച്ചുകൊണ്ടു ബിഷപ്പ് പ്രൊസർപ്പിയോ തറപ്പിച്ചു പറഞ്ഞു. എന്നാൽ കാലമെത്രമാറി. ഇപ്പോൾ സുറിയാനിക്കാരായ വൈദികർ മാത്രമല്ല, മെത്രാന്മാർ തന്നെ എത്ര ആയി!!

3) കുടിയേററത്തെ വിജയത്തിലെത്തിച്ച മൂന്നാമത്തെ ഘടകം സുറിയാനി രൂപതാദ്ധ്യക്ഷന്മാരും ചങ്ങനാശ്ശേരി,

www.malankaralibrary.com

പാലാ രൂപതകളിൽനിന്നും മലബാർ സേവനത്തിനു പുറപ്പെട്ട വൈദികരുമാണ്. രൂപതാദ്ധ്യക്ഷന്മാരിൽ പ്രമുഖൻ പാലാ രൂപതയുടെ മാർ സെബാസ്റ്റ്യൻ വയലിൽ തിരുമേനിതന്നെ. മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളിയെയും അനുയായികളെയും തലശ്ശേരിക്കു യാത്ര അയയ്ക്കുമ്പോൾ അദ്ദേഹം പറഞ്ഞു. "സ്നേഹിതരെ, നിങ്ങൾ പോകുവിൻ. മൂന്നൂറുകൊല്ലംമുമ്പ് പറങ്കികൾ അപഹരിച്ചെടുത്തതിൽ തിരിച്ചുകിട്ടിയ സ്ഥലത്തു താമസിക്കുവാനാണ് നിങ്ങൾ പോകുന്നത്. ഇതൊരു വിജയമാണ്. വിഷമങ്ങളും, അസൗകര്യങ്ങളും അനുഭവിക്കേണ്ടിവരും. ധീരതയോടു് അവയെ നേരിടുവിൻ. നിങ്ങളുടെ ആവശ്യങ്ങളിൽ സഹായിക്കുവാൻ ഞങ്ങളുണ്ടു്. കൂടുതൽ ആളുകളും അർത്ഥവും ഞങ്ങൾ അയയ്ക്കും. ആരും ചഞ്ചലപ്പെടാതെ പുറപ്പെടുവിൻ"6. ചരിത്രപ്രധാനമായ ആശംസകളായിരുന്നു ഇവ.

## വള്ളോപ്പിള്ളി തിരുമേനിയുടെ നേതൃത്വം

4) ഒരു സമൂഹത്തിന്റെ ആദ്ധ്യാത്മികവും ഭൗതികവുമായ വളർച്ചയിൽ സുപ്രധാനമായ സ്ഥാനം അതിന്റെ നേതൃത്വത്തിനുണ്ടു്. കത്തോലിക്കരെ സംബന്ധിച്ചിടത്തോളം ഈ നേതൃത്വം മെത്രാന്മാർക്കാണ്. മെത്രാന്മാരുടെ നിയമനം റോമൻ കൂറിയായുടെ ഫയലുകളിൽക്കൂടിയാണ് നടക്കുന്നത്. ജനങ്ങളുടെ അഭിലാഷങ്ങളിലും പ്രതീക്ഷകളിലും താദാത്മ്യം പ്രാപിച്ച് അവരുടെ ജീവിതസരണികളിൽ തോളോടു തോൾചേർന്നു പ്രവർത്തിച്ചിട്ടുള്ളവരാണ് യഥാർത്ഥ നേതാക്കന്മാർ. ഈ നേതൃത്വം സാമൂഹികജീവിതത്തിന്റെ വിവിധ മേഖലകളിൽക്കൂടി ഉരുത്തിരിഞ്ഞു് പൊന്തിവരുന്നതാണ്, അഥവാ വരേണ്ടതാണ്. അങ്ങനെയല്ലാതെ വരുമ്പോൾ ജനങ്ങളുടെ അഭിലാഷങ്ങളും റോമൻകൂറിയായുടെ നിയമനങ്ങളും തമ്മിൽ വൈരുദ്ധ്യങ്ങളുണ്ടാവും, അഥവാ ഉണ്ടായിട്ടുണ്ടു്. അതിനു പലയിടത്തും ഇപ്പോഴും ദൃഷ്ടാന്തങ്ങളുണ്ടു് – പ്രത്യേകിച്ച്, പ്രബുദ്ധമായ ഒരു സമൂഹത്തെ സംബന്ധിച്ചാകുമ്പോൾ. ജനങ്ങളുടെ പാരമ്പര്യവും സാമൂഹ്യനിലയും അവരുടെ അഭിലാഷങ്ങളും പ്രതീക്ഷകളും കണക്കിലെടുക്കാതെ കൊളോണിയൻ ഭരണത്തിന്റെ രീതിയിൽ നേതൃത്വം ജനസമൂഹത്തിൽ

6. മോൺ. പഴേപറമ്പിൽ p. 167.

www.malankaralibrary.com

കെട്ടിവയ്ക്കുമ്പോഠം, അതു് ജനങ്ങഠംക്കു് അതൃപ്തിക്കും അമർഷത്തിനും ഇടയാക്കുവാനെ തരമുള്ളു. കാലാന്തരത്തിൽ ഭരണമണ്ഡലങ്ങളിലും ഭരണീയമണ്ഡലങ്ങളിലും കുഴപ്പങ്ങഠം സൃഷ്ടിക്കുവാൻ ഇതു് വഴിയൊരുക്കുമെന്നുള്ളതു് തീർച്ചയാണു്. കേരളസഭയുടെ നാന്നൂറുവർഷത്തെ വിദേശാധിപത്യത്തിൻെറ ചരിത്രംതന്നെ ഇതിനു തെളിവാണു്.

തലശ്ശേരി പട്ടണത്തിൻെറ വടക്കുഭാഗത്തുള്ള രൂപതാകേന്ദ്രത്തിൽ കടന്നുചെല്ലുമ്പോഠം, സായംകാലമാണെങ്കിൽ, ചെടികഠംക്കു് വെള്ളം കോരുകയോ, മണ്ണിളക്കി വളമിടുകയോ ചെയ്യുന്ന ഒരു സാധാരണ വൈദികനെ കാണാനിടയുണ്ടു്. വള്ളോപ്പിള്ളി തിരുമേനിയെ കാണാനാണു് വന്നതെന്നു പറഞ്ഞുകഴിഞ്ഞാൽ, അദ്ദേഹം സുസ്മേരവദനനായി നിങ്ങളെ കൂട്ടിക്കൊണ്ടുപോയി സന്ദർശനമുറിയിൽ ഇരുത്തും. ഇതിനിടയ്ക്കു് പല കുശലപ്രശ്നങ്ങളുമുണ്ടാകും. ഇരുന്നുകഴിഞ്ഞാൽ നിങ്ങഠം അക്ഷമതയോടെ പിതാവിനെ കാണണമെന്നു് വീണ്ടും ആവർത്തിച്ചു പറയുമ്പോഴാണു്, നിങ്ങളെ കൂട്ടിക്കൊണ്ടുവന്ന വൈദികൻതന്നെയാണു് വള്ളോപ്പിള്ളി തിരുമേനി എന്നു് മനസ്സിലാക്കുക. ലളിതമായ വസ്ത്രധാരണം, സ്നേഹവാത്സല്യങ്ങഠം തുളുമ്പുന്ന സംഭാഷണം, ഏററവും നിസ്സാരകാര്യത്തിൽപോലുമുള്ള സേവനബുദ്ധി, വരുന്നവരുടെ സുഖസൗകര്യങ്ങഠംക്കുവേണ്ടി ആകാംക്ഷയോടെയുള്ള അന്വേഷണം, നിങ്ങളുടെയും നിങ്ങഠംക്കു് അടുത്തവരുടെയും ക്ഷേമാദികഠം അറിയുവാനുള്ള താല്പര്യം. ഇവയെല്ലാം തലശ്ശേരി രൂപതാദ്ധ്യക്ഷനായ വള്ളോപ്പിള്ളി തിരുമേനിയുടെ കൈമുതലാണു്. സേവനം കൂടാതെ ആതിഥ്യമില്ല എന്നതാണു് അദ്ദേഹത്തിൻെറ മുദ്രാവാക്യമെന്നു തോന്നുന്നു. അദ്ദേഹത്തിൻെറ വിനയബുദ്ധിയും, സമത്വബോധവും നിങ്ങളെ ആശ്ചര്യപരതന്ത്രരാക്കുക മാത്രമല്ല, സ്നേഹമയങ്ങളായ സ്മരണകളുടെ മുദ്രകളെ ആജീവനാന്തം പതിച്ചുനിർത്തും. അദ്ദേഹത്തെ ഒരിക്കൽ കണ്ടാൽ വീണ്ടും കാണുവാനുള്ള താല്പര്യം നിങ്ങളിൽ നിക്ഷേപിച്ചിട്ടേ അദ്ദേഹം വേർപെടുകയുള്ളു. അത്രമാത്രം വശ്യശക്തിയാണു് അദ്ദേഹവുമായിട്ടുള്ള സന്ദർശനത്തിൽ പ്രസരിച്ചുകാണുന്നതു്. വള്ളോപ്പിള്ളി പിതാവിനോടാണു് നിങ്ങഠം സംസാരിക്കുന്നതെങ്കിലും നിങ്ങഠം കേഠംക്കുന്ന സ്നിഗ്ധവും മൃദുലവും ആയ ശബ്ദം ഒരു മാതാവിൻേറതായി തോന്നും: സാന്ദ്രമായ ഗാർഹ്യബന്ധത്തിൻെറ കുളുർമ്മയാണു് നി

www.malankaralibrary.com

ങ്ങാക്കു അനുഭവപ്പെടുക. വള്ളോപ്പിള്ളി പിതാവിനെ കാണുവാൻ 'ക്യൂ' വിൽ നില്ക്കണമെന്നില്ല, ക്കുപ്പൺ എടുക്കണമെന്നുമില്ല. അദ്ദേഹം സ്ഥലത്തുണ്ടെങ്കിൽ, മടക്കം തപാലിൽ തന്നെ നിങ്ങളുടെ കത്തിനു മറുപടി കിട്ടും.

മീനിച്ചിൽ താലൂക്കിലെ ദൃഢതരമായ കത്തോലിക്കാ വിശ്വാസത്തിന്റെ കാമ്പും കാതലുമാണ് അദ്ദേഹത്തിന്റെ ജീവിതദീപം. മതവിശ്വാസത്തിൽ അദ്ദേഹം യാഥാസ്ഥിതികനാണ്. എന്നാൽ മാറിമാറിവരുന്ന ദേശകാലാന്തരങ്ങളെ അറിയുവാൻ കഴിയാത്ത യാഥാസ്ഥിതികത്വമല്ല അതു്. സമൂഹത്തിന്റെ പുരോഗമനത്തിൽ അദ്ദേഹം അഭിവാഞ്ഛയോടെ പ്രവത്തിക്കുന്നു.

## കർഷക പ്രാതിനിധ്യം

കുടിയേററക്കാരുടെ മെത്രാനായിട്ടാണല്ലോ അദ്ദേഹം അറിയപ്പെടുന്നതു്. അദ്ദേഹംതന്നെ കർഷകദമ്പതിമാരുടെ വത്സലസന്താനമാണ്. കുടിയേററക്കാരായ കഷ്കരെ പ്രതിനിധാനം ചെയ്യുവാൻ വള്ളോപ്പിള്ളി തിരുമേനിയെപ്പോലെ മററാരേയും കാണുവാൻ കഴിയുകയില്ല. മണ്ണും, ചെളിയും, ചെടിയും, കലപ്പയും ആണല്ലോ കൃഷിക്കാരന്റെ ജീവിതായോധനോപാധികൾ. അദ്ദേഹം ആണ്ടുവട്ടത്തിലെ അധികസമയവും കൃഷിക്കാരുടെയിടയിലാണ് താമസിക്കുന്നതു്. വേനൽക്കാലം തുടങ്ങിയാൽ കുടിയേററക്കാരുടെ ചെറുതോ വലുതോ ആയ എല്ലാ സമൂഹങ്ങളിലും അദ്ദേഹം പാഞ്ഞെത്തുകയാണ് പതിവു്. ജീപ്പ് ചെന്നെത്തുന്ന സ്ഥലങ്ങളിൽ മാത്രമല്ല, കാൽനടയ്ക്കു് എത്താവുന്ന എല്ലാ കുടിയേററ ഭവനങ്ങളും അദ്ദേഹത്തിന്നു് സുപരിചിതമാണ്. കർഷകരായ കുടിയേററക്കാരുടെ പ്രശ്നങ്ങളെല്ലാം മനസ്സിലാക്കുവാൻ അദ്ദേഹത്തിനു് അനിതരസാധാരണമായ കഴിവുണ്ടു്. പ്രശ്നങ്ങൾ മനസ്സിലാക്കുക മാത്രമല്ല, അവയ്ക്കു് സഹതാപപൂർവ്വം പരിഹാരം കാണാനും അദ്ദേഹം അക്ഷീണമായി യത്നിക്കും.

## മലബാർസഭയുടെ ശില്പി

മലബാർ പ്രദേശത്തെ സുറിയാനി കത്തോലിക്കാരൂപതകളുടെ ഉന്നതനായ ശില്പിയാണ് അദ്ദേഹം. തലശ്ശേരി രൂപതാദ്ധ്യക്ഷനായി അദ്ദേഹം അവരോധിക്കപ്പെട്ടപ്പോൾ അദ്ദേഹത്തെ അഭിമുഖീകരിച്ച മൂന്നു പ്രധാന പ്രശ്നങ്ങൾ ദൈവാ

www.malankaralibrary.com

ലയം, വിദ്യാലയം, ഗതാഗതസൗകര്യം എന്നിവയായിരുന്നു. അവയെല്ലാം അദ്ദേഹം അനായാസേന കൈകാര്യം ചെയ്തു. ഇത്രയധികം ദൈവാലയങ്ങൾ സ്ഥാപിച്ചിട്ടുള്ള ഒരു രൂപതാദ്ധ്യക്ഷനെ കാണുവാൻ പ്രയാസമാണ്. കുടിയേറ്റക്കാർ നുഴഞ്ഞുകയറിയ എല്ലാ മുക്കിലും മൂലയിലും ദൈവാലയങ്ങൾ സ്ഥാപിച്ച് മതകർമ്മങ്ങൾ സുഗമ്യമാക്കി. ജനങ്ങളെക്കൂട്ടി സഹകരിപ്പിച്ചുകൊണ്ട് വളരെ വിദ്യാലയങ്ങൾ ഉണ്ടാക്കി. കുടിയേറ്റസ്ഥലങ്ങളെ പൊതുവീഥികളും കച്ചവടസ്ഥലങ്ങളുമായി ബന്ധിപ്പിക്കുവാൻ മൈലുകളോളം ദൂരം വരുന്ന റോഡുകൾ ജനസഹകരണത്തോടെ നിർമ്മിച്ചു. മാനന്തവാടി രൂപത സ്ഥാപിതമായതോടുകൂടി, കുടിയേറ്റക്കാരുടെ ഇടയിലുള്ള പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കിത്തീർക്കാൻ കഴിഞ്ഞു. അങ്ങനെ വള്ളോപ്പിള്ളി തിരുമേനിയുടെ നേതൃത്വത്തിൽ മലബാറിലെ സുറിയാനി കത്തോലിക്കാസഭ ഉത്തരോത്തരം പുരോഗമിച്ചുകൊണ്ടിരിക്കുന്നു. വിളംബമെന്യേ മലബാർ പ്രദേശത്ത് വൈദികഭരണം വള്ളോപ്പിള്ളി തിരുമേനിയുടെ അദ്ധ്യക്ഷതയിൽ ഒരു പ്രോവിൻസായിത്തീരട്ടെയെന്നുള്ളത് ഒരു പ്രസക്തമായ പ്രാർത്ഥനയാണ്. ആടുകളെ അറിയുകയും ആടുകൾ അറിയുകയും ചെയ്യുന്ന കേരളത്തിലെ ദുർലഭം ഇടയന്മാരിൽ ഒരാളാണ് വള്ളോപ്പിള്ളി തിരുമേനിയെന്ന് കരുതുന്നതിൽ ഒരു തെറ്റുമില്ല.

## ജന്മി – കുടിയാൻ സമ്പ്രദായം

5) മലബാറിൽ നിലനിന്നിരുന്ന ജന്മി – കുടിയാൻ സമ്പ്രദായം കുടിയേറ്റത്തെ പ്രോത്സാഹിപ്പിക്കുന്നതായിരുന്നു. വനങ്ങളായും കൃഷിചെയ്യാത്തതായും പതിനായിരക്കണക്കിന് ഏക്കർസ്ഥലം ഏതാനും ജന്മിമാരുടെ കൈയ്യിലായിരുന്നു. കോഴകൊടുത്തും പ്രീണിപ്പിച്ചും തുച്ഛമായ വിലയ്ക്ക് എത്ര ഏക്കറെങ്കിലും വാങ്ങാൻ എളുപ്പമായിരുന്നു. എന്നാൽ ഇതിൽ ഗുരുതരമായ ഒരു അപകടമുണ്ടായിരുന്നു. കാടുകൾ തെളിച്ചും കാട്ടുമൃഗങ്ങളെ ഓടിച്ചും സമൃദ്ധമായ വിളവുണ്ടായിക്കഴിഞ്ഞാൽ, കുടിയാന്മാരെ നിസ്സാരമായ കാരണം പറഞ്ഞ് ഇറക്കിവിടാനുള്ള പ്രവണത പല ജന്മികൾക്കും ഉണ്ടായിരുന്നു. കുടിയേറ്റക്കാരുടെ അദ്ധ്വാനഫലമായ വിളവുകൾ മോഹിച്ചും, കുടിയേറ്റക്കാർ വിദേശിയരെന്ന ബോധത്തിലും പല ജന്മികളും കുടിയേറ്റക്കാരെ ക്രൂരമായി ഒഴിപ്പിച്ച് അവരുടെ

www.malankaralibrary.com

വസ്തുക്കൾ കൈക്കലാക്കിയിട്ടുണ്ട്. എന്നാൽ മലബാർ കേരളത്തോടു ചേർന്നശേഷം ഉണ്ടായ 1957 ലെയും 1963 ലെയും കാർഷികബില്ലുകൾ കുടിയേററക്കാർക്ക് സമ്പൂർണ്ണ അവകാശം നേടിക്കൊടുത്തു. ബില്ലുകൾ വരുന്നു എന്നു് കേട്ടപ്പോൾമുതൽ പരിഭ്രാന്തരായ ജന്മികൾ കുറഞ്ഞ വിലയ്ക്കു് കൈവശമുള്ള സ്ഥലങ്ങൾ വില്ക്കുവാൻ തുടങ്ങിയതു് കൂടുതൽ കുടിയേററക്കാരെ അവിടേയ്ക്കു് ആകർഷിച്ചു.

ആകെക്കൂടി നോക്കുമ്പോൾ, ഇന്നു് കുടിയേററക്കാരെ അഭിമുഖീകരിക്കുന്ന ഒരു മഹാദുരന്തമുണ്ടു്. അതു് അർബുദംപോലെ മലബാർ സഭാഗാത്രത്തിൽ വ്യാപിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. അതാണു് മദ്യപാനം. സഭയുടെയും സമുദായത്തിൻെറയും നേതാക്കന്മാർ ജാഗ്രതരായി പ്രവർത്തിച്ചില്ലെങ്കിൽ ലഹരിയുടെ ഈ ദുർഭൂതം മലബാർസഭയുടെ ശക്തിയേയും പ്രസക്തിയേയും വിഴുങ്ങിക്കളയുമെന്നു് തീർച്ചയാണു്.

www.malankaralibrary.com

## മുപ്പത്തിയെട്ടാം അദ്ധ്യായം

# പുനരൈക്യശ്രമങ്ങൾ 1653-1930

ശതാബ്ദങ്ങളുടെ വേർപെട്ട കണ്ണികളെ കൂട്ടിയിണക്കുന്ന ചരിത്രപ്രധാനമായ ഒരു മാർബിൾശില കൊല്ലം ബിഷപ്പിന്റെ ചാപ്പലിൽ, ബിഷപ്പ് ജറോം ഫെർണാണ്ടസ് സ്ഥാപിച്ചിട്ടുണ്ട്. അതിലെ രേഖയാണ് താഴെ കൊടുത്തിരിക്കുന്നത്:-

''കർത്താവിന്റെ വർഷം 1930 സെപ്റ്റംബർ 20-ന് ഈ മെത്രാസനകപ്പേളയിൽ, അഭിവന്ദ്യ ആർച്ചു ബിഷപ്പ് മാർ ഈവാനിയോസ് ഒ. ഐ. സി., വന്ദ്യതിരുമേനി ബിഷപ്പ് മാർ തിയോഫിലസ് ഒ. ഐ. സി., റവ. ഫാദർ ജോൺ ഒ. ഐ. സി., ക്ലേരി ബ്രദർ അലക്സ് എന്നിവരും അല്മായൻ ശ്രീ ചാക്കോ കിളിലേത്ത്-യാക്കോബായ സഭാംഗങ്ങളായ ഇവരെ എല്ലാവരേയും, കൊല്ലം ബിഷപ്പ് അലോഷ്യസ് മരിയ ബൻസിഗർ ഒ. സി. ഡി. തിരുമേനി കത്തോലിക്കാസഭയിലേയ്ക്കു സ്വീകരിച്ചു. ഇദ്ദേഹത്തെയാണ് സഹായത്തിനായി ആർച്ചു ബിഷപ്പ് തിരുമേനി സമീപിച്ചത്. ഇദ്ദേഹത്തെത്തന്നെ പരിശുദ്ധ സിംഹാസനം അധികാരപ്പെടുത്തുകയും ചെയ്തു. തുടർന്ന്, കത്തോലിക്കാ സീറോ-അന്ത്യോക്യൻ റീത്തിൽ കുർബ്ബാന അർപ്പിക്കുകയും ചെയ്തു''.

കത്തോലിക്കാസഭയിലെ മഹത്തായ ഒരു ചരിത്രസംഭവത്തെ കുറിക്കുന്ന രേഖയാണിതെന്നതിൽ യാതൊരു സംശയവുമില്ല. കൊല്ലം രൂപതാദ്ധ്യക്ഷനായിരുന്ന ബിഷപ്പ് ബൻസിഗർ തിരുമേനിക്കും പുനരൈക്യശ്രമത്തിൽ അദ്ദേഹത്തോടു സഹകരിച്ചു പ്രവർത്തിച്ച എല്ലാവർക്കും ഇത് വളരെ അഭിമാനകരമായ സംഭവമാണ്. പുനരൈക്യത്തിന്റെ മാതൃവേദിയെന്നു പറയപ്പെടാവുന്ന കൊല്ലം മെത്രാസന ചാപ്പലിനു ചരിത്രപ്രസിദ്ധിയുടെ അവകാശവുമുണ്ട്. മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടേയും അനുഗാമികളുടേയും പുനരൈക്യശ്രമങ്ങൾ സഫലമാകാൻ അക്ഷീണയത്നംചെയ്ത ബിഷപ്പ് ബൻസിഗറും സഹായികളും കേരളസഭയുടെ കൃതജ്ഞതയ്ക്കു നിതരാം അർഹരുമാണ്.

www.malankaralibrary.com

എന്നാൽ ഈ ശിലാരേഖ പുനരൈക്യശ്രമങ്ങളുടെ ആകമാനചരിത്രത്തെ സംബന്ധിച്ചിടത്തോളം വളരെ അപൂർണ്ണവും തന്മൂലം തെററിദ്ധാരണകളുണ്ടാകുവാൻ പര്യാപ്തവുമാണ്. അതിൻെറ കാരണം, അന്നത്തെ പുനരൈക്യകർമ്മത്തിൽ സന്നിഹിതരായിരുന്ന ചങ്ങനാശ്ശേരി മെത്രാൻ, മാർ ജെയിംസ് കാളാശ്ശേരിയേയും, കോട്ടയം മെത്രാൻ മാർ അലക്സാണ്ടർ ചൂളപ്പറമ്പിലിനേയും അവരുടെ രൂപതകളിൽ ശൈവർഷങ്ങളായി നടന്നുകൊണ്ടിരുന്ന പുനരൈക്യപ്രവർത്തനങ്ങളേയും ഒരു സൂചനകൂപോലും ഇടംകൊടുക്കാത്ത വിധത്തിൽ വിസ്മരിക്കുകയോ അവഗണിക്കുകയോ ചെയ്തതുകൊണ്ടു മാത്രമല്ല, പഴയകൂറെന്നും പുത്തൻകൂറെന്നും രണ്ടായിപ്പിളർത്തിയ കൂനൻകുരിശോളം പഴക്കമുള്ളതാണ്, പുനരൈക്യശ്രമങ്ങളുടെ ചരിത്രം എന്നതുകൊണ്ടുമാണ്. സജീവമായ ശരീരത്തിൽ ഏല്ക്കുന്ന മുറിവോടുകൂടിത്തന്നെയാണ് അതു് സുഖമാക്കാനുള്ള സ്വയം പ്രതികരണവും ആരംഭിക്കുന്നതു്.

പതിനാറു നൂററാണ്ടുകളോളം സുദൃഢമായ സാമൂഹ്യഘടനയോടും പരമ്പരാഗതമായ വിശ്വാസാചാരങ്ങളോടും ഏകയോഗമായിക്കഴിഞ്ഞുപോന്ന ഒരു കുലീനസമുദായത്തെ ഒരു വിദേശാധിപത്യത്തിനു്, അതെത്രതന്നെ ക്രൂരവും ദീർഘവും ആയിരുന്നാലും, രണ്ടായി വിഭജിച്ചു് വേർപെടുത്തി നിലനിറുത്തിക്കൊണ്ടുപോകുവാൻ സാധിക്കുകയില്ലെന്നുള്ളതു് സാമൂഹ്യശാസ്ത്രത്തിലെ പ്രാഥമികപാഠമാണ്. അങ്ങനെയുണ്ടാകണമെങ്കിൽ, ഏതെങ്കിലും വിഭാഗത്തിനെങ്കിലും മൗലികവും വിപ്ളവകരവും ആയ സാംസ്ക്കാരിക പരിവർത്തനം ഉണ്ടായേ തീരൂ. മാർത്തോമ്മാക്രിസ്ത്യൻ സമുദായം, വിയോജിപ്പിൻെറയും വിഭാഗീയതയുടേയും ഫലമായി പലതായി പൊട്ടിച്ചിതറിപ്പോയിട്ടുണ്ടെങ്കിലും, മാർത്തോമ്മാശ്ലീഹായുടെ ആഭിമുഖ്യത്തിൽ ഐക്യത്തിൻെറ ആവേശത്തിലും തറവാടിൻെറ കൂട്ടായ്മയിലും തങ്ങളെത്തന്നെ ഒന്നായി കണ്ടുകൊണ്ടാണിരുന്നതു്. ആലങ്ങാട്ടുവെച്ചുനടന്ന പന്ത്രണ്ടച്ചന്മാരുടെ കൈവയ്പോടുകൂടി മാർത്തോമ്മാസമുദായം രണ്ടു കൈവഴികളിലായി പിരിഞ്ഞെങ്കിലും, തറവാട്ടിൽ നിന്നവരും തറവാട്ടിൽനിന്നു പിരിഞ്ഞവരും ആയ ആബാലവൃദ്ധം ജനസഹസ്രങ്ങളുടെ ഹൃദയങ്ങളിൽ, മാതൃഭവനത്തിൽ ഒന്നിച്ചുചേരാനുള്ള അദമ്യമായ അഭിലാഷവും അപ്രതിരോദ്ധ്യമായ അദ്ധ്യവസായവും ശക്തിമത്തായ അടിയൊഴുക്കുപോലെ നൂററാണ്ടുകളെ പിന്നിട്ടു

www.malankaralibrary.com

കൊണ്ടിരുന്നു. അതുകൊണ്ടാണ് ഔദ്യോഗികമായി പുന രൈക്യത്തിന്റെ ഉദ്ഘാടനം കൊല്ലത്തുവച്ചായിരുന്നെങ്കിലും അതിനു് ഊർജ്ജവും പ്രേരണയും പകന്നിരുന്നതു്, കൊല്ലത്തി ന്റെയും കൊല്ലങ്ങളുടേയും അതിരുകളെ അതിലംഘിക്കുന്ന തലമുറകളുടെ തീവ്രമായ അഭിലാഷമായിരുന്നതു്.

## വിയോജിപ്പിന്റെ പ്രശ്നങ്ങൾ

1653-ലെ കൂനൻകുരിശുസത്യംമുതൽ തുടങ്ങുന്നതാണ ല്ലോ, മാത്തോമ്മാക്രിസ്ത്യൻ സമൂഹത്തിന്റെ പിളപ്പ്. അതി നു് കളമൊരുക്കിയ ഗാർഷ്യാ മെത്രാപ്പോലീത്തായുടെ അഹ ന്തയേയും അധികാരമോഹത്തേയും വെറുത്തവർപോലും സഭ യുടെ ഈ പിളപ്പിനെ എതിർത്തു. ഗാർഷ്യായുടെ ഭരണത്തെ നിഷേധിച്ചവരുടെ നേതൃത്വത്തിൽ ഒരു ശൂന്യതയാണ് അവ ശേഷിച്ചതു്. ഏതൊരു സമൂഹത്തിന്റെയും നിലനില്പി നും ഭദ്രതയ്ക്കും പുരോഗതിക്കും ഒരു തലവൻ കൂടിയേ തീരൂ. സഭയുടെ തലവൻ മെത്രാനാണ്. സ്വന്തം മെത്രാനെ തള്ളി ക്കളഞ്ഞവക്കു് വേറൊരു മെത്രാനെ കണ്ടുപിടിക്കേണ്ടിയി രുന്നു. മററൊരു മെത്രാനെ കിട്ടാതെ വന്നാൽ, പുതിയൊരു മെത്രാനെ സൃഷ്ടിക്കുകയും വേണം. അങ്ങനെയാണ്, തോമ്മാ അക്കദിയാക്കോൻ ആലങ്ങാട്ടുവച്ചു് മാത്തോമ്മാ ഒന്നാമനാ യതു്. പന്ത്രണ്ടച്ചന്മാർ കൈവെച്ചു് വാഴിച്ചാൽ ഒരാം മെ ത്രാനാകുമോ? ഇല്ലെന്നാണ് പാശ്ചാത്യപൗരസ്ത്യസഭകൾക്കു ണ്ടായിരുന്ന വിശ്വാസവും ആചാരവും. കേരളത്തിലെ മാ ത്തോമ്മാ സമൂഹവും അതുതന്നെ വിശ്വസിച്ചിരുന്നു. സഭ യിൽനിന്നും വേർപെട്ടവർ റോമ്മിൽനിന്നും തങ്ങൾക്കു ശരി യായ കൈവെപ്പുള്ള മെത്രാൻസ്ഥാനം കിട്ടുകയില്ലെന്നു ബോ ദ്ധ്യപ്പെട്ടപ്പോഴാണ്, ഇതരസഭകളിലെ മെത്രാന്മാരുടെ കൈ വയ്പിനുവേണ്ടി ശ്രമിച്ചതു്. ആ വഴിതിൽക്കൂടി, യാക്കോ ബായസഭയും കേരളത്തിലെത്തി. ഏതായാലും, മെത്രാൻ- വൈദികസ്ഥാനങ്ങളേയും അവയുടെ പരസ്പരബന്ധങ്ങളേയും പററി ചരിത്രപരമായും ദൈവശാസ്ത്രപരമായും പഠിക്കുന്നതു് വളരെ വിജ്ഞാനപ്രദം ആയിരിക്കും. മെത്രാൻസ്ഥാനം- അതിന്റെ സത്തയിലല്ല-അതിന്റെ ഭാവരൂപങ്ങളിൽ പല പരിണാമങ്ങളേയും പിന്നിട്ടാണ് ഇന്നത്തെ നിലയിൽ എത്തിയിട്ടുള്ളതു്. മതപീഡനകാലത്തു്, ഭൂഗർഭാലയങ്ങളി ലുണ്ടായിരുന്ന വൈദികാധികാരികളെ കോൺസ്റ്റന്റയിൻ

www.malankaralibrary.com

ചക്രവർത്തി പുറത്തിറക്കിക്കൊണ്ടുവന്നു്, പ്രഭുത്വത്തിൻെറ പരിവേഷങ്ങൾ അണിയിച്ചു് ഭരണാധികാരപീഠങ്ങളിൽ ബഹുമാനപൂർവ്വം സ്ഥാപിച്ചതിൻെറ അവശിഷ്ടമാണു്, പാശ്ചാത്യസഭയിലേയും അവിടെനിന്നും പകർത്തിയെടുത്ത ഭാരതസഭയിലേയും മെത്രാൻസ്ഥാനത്തിൻെറ ഭൗതികരൂപങ്ങൾ. ഭാരതത്തിൻെറ തനതായ ആദ്ധ്യാത്മികചൈതന്യത്തിനും പ്രവർത്തനശൈലിക്കും വിരുദ്ധമായിട്ടല്ലേ ഈ സംവിധാനമെന്നു തോന്നുന്നു. ഭാരതത്തിലെ ക്രിസ്തുമതപ്രചാരണശ്രമങ്ങൾ അത്രത്തോളം പരാജയത്തിൻെറ പടവുകൾ നിരങ്ങി ഇറങ്ങുകയല്ലേ എന്നും സംശയിക്കണം.

മാർത്തോമ്മാ ഒന്നാമൻതന്നെ പുനരൈക്യത്തിനുവേണ്ടി ആവോളം പരിശ്രമിച്ചു. പരമ്പരാഗതമായ അദ്ദേഹത്തിൻെറ നേതൃത്വത്തിനു് ചില നാട്ടുരാജാക്കന്മാരുടേയും ജനപ്രമാണികളുടേയും ഒരു ഗണ്യഭാഗം മാർത്തോമ്മാക്രിസ്ത്യാനികളുടേയും അംഗീകാരമുണ്ടായിരുന്നു. അവക്കെല്ലാം അദ്ദേഹം ഒരു മെത്രാനോ മെത്രാനെപ്പോലെയോ ആയിരുന്നു. പുനരൈക്യചർച്ചകളിൽ അപ്പസ്തോലിക് കമ്മീസറി ജോസഫ് സെബസ്ത്യാനി ഒന്നാം മാർത്തോമ്മായോടു് നിർദ്ദേശിച്ചതു്, അദ്ദേഹം മെത്രാൻ സ്ഥാനത്തിൻെറ ഉടുപ്പും മററും അഴിച്ചുവച്ചു് ചാക്കുടുത്തു ചാരംപൂശി പശ്ചാത്തപിച്ചാൽ, അപ്പോൾ എന്തുചെയ്യണമെന്നു് റോമ്മാ നിശ്ചയിച്ചുകൊള്ളുമെന്നായിരുന്നു. ഇതിൽ അധികാരധാർഷ്ട്യവും പ്രതികാരബുദ്ധിയും അല്ലാതെ അനുരഞ്ജനത്തിൻെറ നിഴൽപോലും വീശിയിരുന്നില്ല.

തുടർന്നുവന്ന മാർത്തോമ്മാമാരിൽ നാലാമൻ (1688–1723) പുനരൈക്യത്തിനുവേണ്ടി ആത്മാർത്ഥമായി യത്നിച്ച ആളാണു്. (പുറം 451 കാണുക) മാർ ദിവന്നാസ്യോസ് ഒന്നാമൻ (1772–1808) പുനരൈക്യത്തിനുവേണ്ടി ഹൃദയപൂർവ്വം യത്നിക്കുകയും അനേകം ത്യാഗങ്ങൾ സഹിക്കുകയും ചെയ്തിട്ടുണ്ടു്. വിശദവിവരങ്ങൾ പുറം 467 മുതൽ കൊടുത്തിട്ടുണ്ടു്.

പുനരൈക്യത്തിനുവേണ്ടി തീവ്രമായി പരിശ്രമിച്ച മറെറാരു വിയോജിതസഭാദ്ധ്യക്ഷനായിരുന്നു ചേപ്പാട്ടു് നാലാം മാർ ദിവന്നാസ്യോസ് (1825–1855). പ്രോട്ടസ്റ്റാണ്ടു മിഷ്യനറിമാരുടെ പ്രബോധനങ്ങളുടേയും അന്ത്യോക്യാപാത്രിയർക്കീസിൻെറ സ്വേച്ഛാധിപത്യത്തിൻേറയും ഇടയ്ക്കു് ആപ്പിലായിഞെരുങ്ങിവലഞ്ഞതോടെ, അദ്ദേഹത്തിൻെറ കണ്ണുകൾ

www.malankaralibrary.com

മാതൃഭവനത്തിലേയ്ക്കു തിരിഞ്ഞു. മലങ്കരസഭയുടെ രക്ഷാമാർഗ്ഗം കത്തോലിക്കാസഭയുമായി പുനരൈക്യപ്പെടുന്നതിലാണെന്നു് അദ്ദേഹത്തിനു ബോദ്ധ്യപ്പെട്ടു. തദനുസരണം, വരാപ്പുഴ അധികാരികളുമായി കത്തിടപാടുകൾ നടത്തി പുനരൈക്യത്തിനുവേണ്ടി യാചിച്ചു. എന്നാൽ വരാപ്പുഴയുടെ ഭരണാധികാരികൾ ചേപ്പാട്ടു മാർ ദിവന്നാസ്യോസിനെ ഒരു വൈദികനായിപ്പോലും സ്വീകരിക്കുവാൻ തയ്യാറായിരുന്നില്ല. അങ്ങനെ ആ യത്നവും വിഫലമായി. ആഗ്രഹത്താലുള്ള മാമ്മോദീസാ രക്ഷയ്ക്കു് മതിയാകുമെങ്കിൽ, ആഗ്രഹത്താലുള്ള പുനരൈക്യം സഫലമാകാതെ വരുമോ? വരാപ്പുഴ മെത്രാപ്പോലീത്തായ്ക്കു മുൻപു് ചേപ്പാട്ടു മാർ ദിവന്നാസ്യോസ് സ്വർഗ്ഗത്തിലെത്തിക്കാണണം. സുറിയാനിയും സുറിയാനിക്കാരും വരാപ്പുഴയ്ക്കു് അരോചകമായിരുന്നെങ്കിലും സ്വർഗ്ഗകവാടം സൂക്ഷിക്കുന്ന ഗലീലിയാക്കാരൻ പത്രോസിനു് അങ്ങനെ ആകാൻ വഴിയില്ലല്ലോ.

## കാരണവരുടെ ആഗ്രഹം സാധിച്ച അനന്തരവൻ

ചേപ്പാട്ടെ കാരണവർ മെത്രാപ്പോലീത്തായുടെ ആഗ്രഹം സഫലമാകുന്നതു് അദ്ദേഹത്തിൻെറ സഹോദരപുത്രൻ, ചേപ്പാട്ടു പീലിപ്പോസ് റമ്പാനിലാണു്. അദ്ദേഹം മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ മുമ്പാകെ പുനരൈക്യപ്പെട്ടു. ചേപ്പാട്ടു റമ്പാച്ചൻ ഒരസാധാരണ വ്യക്തിയായിരുന്നു. സഭയുടെ എതിരാളികളെ ന്യായവും യുക്തിയും ഫലിതവും സമഞ്ജസമായിചേർത്തു് എതിരിടുവാൻ അദ്ദേഹത്തിനുള്ള കഴിവു് അന്യാദൃശമായിരുന്നു. ഫലിതത്തിൽ ചിലപ്പോഴെല്ലാം കൂർത്ത മുള്ളുകളുണ്ടായിരുന്നു. തന്മൂലം, പുനരൈക്യം ആഗ്രഹിക്കുന്നവരെ പിൻതിരിപ്പിക്കുമെന്നുള്ള സംശയത്തിൽ അദ്ദേഹത്തിൻെറ പ്രസംഗങ്ങൾ കുറെക്കാലംമുടക്കിൻെറ തടവറയിലായിരുന്നു. റമ്പാച്ചൻെറ നർമ്മബുദ്ധി പ്രസിദ്ധമായിരുന്നു. അദ്ദേഹത്തിൻെറ രസകരമായ ഉപമകളിലും നിശിതമായ യുക്തിയിലും തറപറ്റുന്ന എതിരാളികൾ കിടന്നു പിടയ്ക്കുന്നതു കണ്ടിട്ടുണ്ടു്. യാത്രകളിൽ അദ്ദേഹത്തിനു് അധികവും അവലംബമായിരുന്നതു് പൊതുവാഹനങ്ങളാണു്. കൂട്ടയാത്രക്കാർക്കു് അങ്കലാപ്പുണ്ടാകാതിരിക്കാൻ, റമ്പാച്ചൻ ബസ്സിൽ കയറുമ്പോൾ തൻെറ ശിരോവസ്ത്രം അഥവാ "മസ്നെപ്പാ" ചുരുട്ടി "ഇനി, റമ്പാച്ചൻ കുറെനേരം പോക്കററിലൊന്നു വിശ്രമിക്കട്ടെ" എന്നു പറഞ്ഞുകൊണ്ടു്, കീശയിലിടുമായി

www.malankaralibrary.com

രുന്നു. അന്ത്യോക്യൻ രീതിയിലെ മെത്രാന്മാരും, റമ്പാന്മാരും ധരിക്കുന്ന 'മസനെപ്പാ' മറയ്ക്കാനും മടക്കാനും ഒളിക്കുവാനും ഒതുക്കുവാനും വയ്യാത്ത വെട്ടിത്തിളങ്ങുന്ന വൈജയന്തിയുടെ ഉൽഘോഷരൂപമാണ് (blazing banner). ധ്യാനത്തിലും പ്രാർത്ഥനയിലും തപസ്സിലും റമ്പാച്ചനുണ്ടായിരുന്ന അനന്യസാധാരണമായ നിഷ്ഠ പ്രസിദ്ധമായിരുന്നു. അദ്ദേഹത്തിന്റെ ലളിതജീവിതം പ്രശംസാർഹമായിരുന്നു. മുൻകോപം വന്നാലും മിന്നലൊളിപോലെ കടന്നുപോകും. സ്വതേ ശാന്തനും സൗമ്യനും ഫലിതപ്രിയനുമായിരുന്നു റമ്പാച്ചൻ.

അദ്ദേഹം ഏററവും കൂടുതലായി അറിയപ്പെടുന്നതു് അദ്ദേഹത്തിന്റെ നിസ്തുലമായ ത്യാഗംകൊണ്ടാണ്. അദ്ദേഹത്തിനു് ഓർത്തഡോക്സ് സഭ സജ്ജമാക്കിയിരുന്ന മെത്രാൻസ്ഥാനം സ്വീകരിക്കുവാൻ ഏതാനും ദിവസങ്ങൾ മാത്രമുള്ളപ്പോഴാണ്, യാക്കോബായ സഭാധികാരികളുടേയും സ്വന്തം ബന്ധുമിത്രാദികളുടേയും നിർബ്ബന്ധത്തിനു വഴങ്ങാതെ, ''യാക്കോബായസഭയിലെ മെത്രാനാകുന്നതിനെക്കാൾ കത്തോലിക്കാസഭയിലെ കപ്യാരാകുന്നതാണ് നല്ലതു്'' എന്നു പറഞ്ഞു് ഇറങ്ങിപ്പോന്നതു്. സ്വർഗ്ഗീയസമ്മാനത്തിനുവേണ്ടി ഈ ബലി ദൈവം സ്വീകരിച്ചതുപോലെ തോന്നുന്നു. ആയുഷ്കാലപര്യന്തം അദ്ദേഹം റമ്പാനായിത്തന്നെ കഴിഞ്ഞുകൂടി.

ചേപ്പാട്ടു റമ്പാച്ചനു് തൊണ്ണൂറു വയസ്സു കഴിഞ്ഞിട്ടും അദ്ദേഹത്തിൽ വിളങ്ങിയിരുന്ന വിജ്ഞാനദാഹം അത്ഭുതകരമായിരുന്നു. അദ്ദേഹം പ്രസിദ്ധീകരിച്ചിട്ടുള്ള ലേഖനങ്ങൾ അനവധിയാണ്.

## പുലിക്കോട്ടു മാർ ദിവന്നാസ്യോസ്

അനുസ്യൂതമായ പുനരൈക്യശ്രമങ്ങളുടെ അടുത്ത കണ്ണി വിയോജിതസഭയുടെ ഭരണമേറെറടുത്ത പുലിക്കോട്ട് മാർ ദിവന്നാസ്യോസിനോട് (1866–1909) കൂടിയാണ് ആരംഭിക്കുന്നതു്. സമാനചിന്തകളോടുകൂടിയ സഹപ്രവർത്തകനായി കത്തോലിക്കാവിഭാഗത്തിൽനിന്നും പ്രഗല്ഭനായ നിധീരിക്കൽ ബ. മാണിച്ചനേയും അദ്ദേഹത്തിനു കിട്ടി. സമുദായോദ്ധാരണത്തിനുവേണ്ടിയുള്ള ഇരുവരുടേയും ആലോചനാഫലമായുണ്ടായതാണ് നസ്രാണിജാത്യൈക്യസംഘം. വിദ്യാഭ്യാസാദിസാമൂഹ്യകാര്യങ്ങളിലെ ഐക്യപ്രവർത്തനം സഭൈക്യത്തിനു വഴിതെളിക്കുമെന്നുള്ള സങ്കല്പത്തിലാണ് പ്രവർത്തന-

www.malankaralibrary.com

ങ്ങൾ ആരംഭിച്ചതു്. പുനരൈക്യാലോചനകൾ പുരോഗമിച്ചു് പുരോഗമിച്ചു്, നേരിട്ടുള്ള ആലോചനകൾക്കായി പുലിക്കോട്ടു മാർ ദിവന്നാസ്യോസ്, ഊട്ടിയിലുണ്ടായിരുന്ന മാപ്പാപ്പായുടെ പ്രതിനിധി മോൺ. അലിയാർഡിയുടെ അതിഥിയായി ഏതാനും ദിവസം താമസിച്ചു് ചർച്ചകൾ നടത്തി.

മാർ ദിവന്നാസ്യോസ് മാപ്പാപ്പായ്ക്കു സമർപ്പിക്കുവാനായി പുനരൈക്യത്തിനുള്ള അപേക്ഷ പേപ്പൽ പ്രതിനിധിയെ ഏല്പിച്ചു. അദ്ദേഹം അതു് റോമിലേയ്ക്കയയ്ക്കുകയും ചെയ്തു. എന്നാൽ റോമൻ കൂറിയായുടെ "സാവധാനഗതി" സുപ്രസിദ്ധമാണല്ലോ. അവിടെ "ചടപടാ" ഒന്നും ഇല്ല--പ്രത്യേകിച്ചു്, പൌരസ്ത്യസഭകളുടെ കാര്യമാകുമ്പോൾ. അടിയന്തര സ്വഭാവമുള്ള അഗ്നിശമനസംഘമോ (fire force) ഉടനടി പ്രവർത്തകസംഘമോ (Emergency squad) റോമൻ കൂറിയായിൽ ഇല്ലെന്നാണു് പറയപ്പെടുന്നതു്!! നിത്യത്വത്തിലേയ്ക്കു നീങ്ങുന്ന യുഗങ്ങളുടെ സമയസൂചികളെ അവിടെ കാണാനുള്ളൂ. ഏതായാലും പുലിക്കോട്ടു മാർ ദിവന്നാസ്യോസിന്റെ അപേക്ഷയ്ക്കു റോമിൽ കിട്ടിയ ചലനം സാവധാനത്തിന്റേതായിരുന്നു. ടൈബർ നദിയിൽക്കൂടി കുറെ അധികം വെള്ളവും ഒഴുകിപ്പോയി!

ഇതിനിടയിൽ രണ്ടു സംഭവമുണ്ടായി. ജാത്യൈക്യസംഘംവക കോട്ടയത്തെ വുഡ്‌ലൻഡ് എസ്റ്റെയിററ് ഏതാനും യാക്കോബായ വൈദികർ കളത്രപുത്രാദികളോടുകൂടി കയ്യേറുവാൻ തയ്യാറായതോടുകൂടി കത്തോലിക്കാ വൈദികർ അവിടംവിടാതെ ഗത്യന്തരമില്ലെന്നായി. ജാത്യൈക്യസംഘം അതോടെ അപമൃത്യു അടഞ്ഞു. രണ്ടാമത്തെ സംഭവം കോടതികളിൽ നടന്നുകൊണ്ടിരുന്ന സെമിനാരിക്കേസുകളിൽ പുലിക്കോട്ടു മാർ ദിവന്നാസ്യോസ് വിജയം വരിച്ചതാണു്. ആ വിജയാഹ്ളാദത്തിൽ, കാമ്പും കാതലുമില്ലാതെ കേവലം സാഹചര്യബദ്ധമായി റോമിനെ ലക്ഷ്യമാക്കിയിരുന്ന പുനരൈക്യത്തിന്റെ ചൂണ്ടുപലക വീണ്ടും പഴയ അന്ത്യോക്യായിലേയ്ക്കു തിരിഞ്ഞു. പുനരൈക്യശ്രമം വീണ്ടും പഴങ്കഥയായി. ഈ നാടകം ഇനിയും എത്ര തവണ ആവർത്തിക്കാനിരിക്കുന്നു!!

## ഇരുപതാം നൂററാണ്ടിലേയ്ക്കു കടക്കുമ്പോൾ

കേരളസഭയുടെ ഇരുപതാം നൂററാണ്ടിന്റെ പശ്ചാത്തലം, വിയോജിതസഭയെ സംബന്ധിച്ചിടത്തോളം ആരംഭി

www.malankaralibrary.com

കുന്നത്തു് മുളന്തുരുത്തി സൂനഹദോസിൽ (1876) യാക്കോബായ പാത്രിയക്കീസിന്റെ ആത്മീയവും ഭൗതികവും ആയ പരമാധികാരം അരക്കിട്ടുറപ്പിക്കുവാനുള്ള ശ്രമങ്ങളോടും അതിനെ ചെറുക്കുവാനുള്ള വട്ടശ്ശേരി മാർ ദിവന്നാസ്യോസിന്റെയും അനുയായികളുടേയും യത്നങ്ങളോടുംകൂടിയാണു്. ഈ പിരിമുറുക്കത്തിന്റെ ഫലമായുണ്ടായ പുനരൈക്യചിന്തകളുടെ പാതയായിരുന്നു മാർ ഈവാനിയോസു തിരുമേനിയെ ഔദ്യോഗികമായി വഴികാട്ടിയതെന്നു പിന്നീടു കാണുവാൻ സാധിക്കും. കത്തോലിക്കരെ സംബന്ധിച്ചിടത്തോളം, കേരളസഭയുടെ വ്യക്തിത്വത്തെ അംഗീകരിക്കുവാനും മാനിക്കുവാനും സന്നദ്ധനായ പതിമ്മൂന്നാം ലെയോൻ മാപ്പാപ്പാ, അതിനെ 1887-ൽ വരാപ്പുഴ കർമ്മലീത്തരുടെ ഭരണനുകത്തിൽനിന്നും മോചിപ്പിച്ചു. 1896-ൽ കേരളസഭയെ മൂന്നു വികാരിയത്തുകളായി തിരിച്ചു്, സ്വജാതിമെത്രാന്മാരെയും നല്കി. ഇതോടെ പുനരൈക്യത്തിനുള്ള ആക്കം വദ്ധിച്ചു. തൃശ്ശൂർ വികാരിയത്തിലെ പുനരൈക്യശ്രമങ്ങൾ മേലൂസ് ഭിന്നതയിൽ പോയ വിയോജിത സുറിയാനിക്കാരെ തിരിയെ കൊണ്ടുവരുന്നതിനായിരുന്നു. അന്യാധീനതയിൽപോയ പള്ളികൾ കോടതികൾ മുഖേന വീണ്ടെടുക്കുന്നതിനു് തൃശ്ശൂർ കത്തോലിക്കർ പല ക്ലേശങ്ങളും സഹിച്ചു. യാക്കോബായക്കാരുടെ പുനരൈക്യത്തിൽ അവക്കു പ്രവത്തിക്കുവാൻ കഴിഞ്ഞില്ല.

ബിഷപ്പു ലവീഞ്ഞിന്റെ ഭരണകാലത്തു് വടക്കുംഭാഗരുടെ ഇടയിൽ ഫാ. നിധീരി മാണിച്ചനും തെക്കുംഭാഗരുടെ ഇടയിൽ ഫാ. മാത്യു മാക്കീലും പുനരൈക്യത്തിനുവേണ്ടി പരിശ്രമിച്ചു. ബ. നിധീരി മാണിച്ചന്റെ ജാത്യൈക്യപ്രസ്ഥാനം സമുജ്ജ്വലമായ ആശയമായിരുന്നെങ്കിലും, അതിനു് വിവേകത്തെക്കാൾ മുൻതൂക്കം ആവേശത്തിനായിരുന്നു. പാറപ്പുറത്തുവീണ വിത്തുപോലെ മുളച്ചെങ്കിലും വേരില്ലാതെ അതു് കരിഞ്ഞുപോയി. അതിന്റെ അകാലമൃത്യു ഭാവിയിലെ ഐക്യപ്രസ്ഥാനങ്ങൾക്കു ജാതകക്കുറിപ്പെഴുതുകയും ചെയ്തു. പുറം 505-ം 511-ം കാണുക. ആ ഐക്യപ്രസ്ഥാനത്തിന്റെ ശോകപൂർണ്ണമായ പരിസമാപ്തി പിന്നീടുള്ള ബന്ധങ്ങളിലും ഏറെക്കുറെ അറംപററിനില്ക്കുകയാണെന്നു പറയാം.

## കണ്ടത്തിൽ മാർ ആഗസ്തീനോസും പുനരൈക്യയത്നങ്ങളും

കേരളസഭയോടുള്ള സ്നേഹത്തിലും അതിന്റെ അവകാശങ്ങൾ സംരക്ഷിക്കുന്നതിലും കണ്ടത്തിൽ മാർ അഗസ്റ്റിൻ മെ

www.malankaralibrary.com

ത്രാപ്പോലീത്താ അതുല്യനായിരുന്നു. വിദേശികളുടെ ലത്തീൻ ഭരണത്തിൽ കേരളസഭയ്ക്കു നഷ്ടപ്പെട്ടുപോയ അവകാശങ്ങൾ വീണ്ടെടുക്കുന്നതിൽ അദ്ദേഹം ധൈര്യവും വീര്യവും ഉൾക്കൊള്ളുന്ന ഒരു സേനാനിയെപ്പോലെയാണ് പ്രവർത്തിച്ചത്. തറവാട്ടുവിട്ടുപോയ സഭകളെ സ്വന്തം സഭയെപ്പോലെ ഇത്രമാത്രം സ്നേഹിക്കുകയും അവരുടെ പുനരൈക്യത്തിന് ആകാംക്ഷയോടെ പ്രവർത്തിക്കുകയും ചെയ്ത മറെറാരു വൈദികമേലദ്ധ്യക്ഷനെ കാണുവാൻ സാധിക്കുമെന്ന് തോന്നുന്നില്ല. അദ്ദേഹം കേരളത്തിലെ സഭകളുടെ പുനരൈക്യത്തിനുവേണ്ടി ആവേശത്തോടെയാണ് പ്രത്യക്ഷമായും പരോക്ഷമായും പ്രവർത്തിച്ചിട്ടുള്ളത്. അതിൻെറ വിഫലമായ ഒരു ദൃഷ്ടാന്തമാണ് താഴെ കൊടുത്തിരിക്കുന്ന സംഭവം.

## പുനരൈക്യക്കടവിൽ അടുക്കാതെപോയ വഞ്ചി

ഓർത്തഡോക്സ് സഭയിൽപ്പെട്ട കണ്ടനാട്ട് ഇടവകയുടെ മെത്രാപ്പോലീത്താ ആയിരുന്ന യൂയാക്കിം മാർ ഈവാനിയോസ് തിരുമേനി മഹാഭക്തനും നിഷ്കളങ്കഹൃദയനും സഭാചരിത്രത്തിൽ അവഗാഹം സമ്പാദിച്ച ആളുമായിരുന്നു. യാക്കോബായ സഭയിലെ കാനോനിക പ്രാർത്ഥനകളിലും ഗ്രന്ഥങ്ങളിലുംനിന്ന്, മിശിഹാ സ്ഥാപിച്ച സഭയുടെ തലവൻ പത്രോസിൻെറ പിൻഗാമിയായ റോമ്മാ മാപ്പാപ്പായാണെന്ന അദ്ദേഹത്തിനു ബോദ്ധ്യപ്പെടാൻ പ്രയാസമുണ്ടായില്ല. തന്മൂലം, കണ്ടനാട്ടു സുറിയാനി കത്തോലിക്കാപ്പള്ളി വികാരി ഫാ. ജോസഫ് തോട്ടുങ്കലുമായി പുനരൈക്യാലോചനകൾ ആരംഭിച്ചു. കണ്ടനാട്ടുകാരൻ ഫാ. ജോസഫ് പൈനുങ്കൽ അന്ന് ഡലഗാദ് അപ്പസ്തോലിക്കയുടെ സിക്രട്ടറിയായിരുന്നതുകൊണ്ട് അദ്ദേഹവും ഈ കൂടിയാലോചനകളിൽ പങ്കുകാരനായി. അദ്ദേഹത്തിൻെറ സഹായത്താൽ റോമിൽനിന്നും പുനരൈക്യത്തിനുവേണ്ട അനുമതിയും സമ്പാദിച്ചു. എന്നാൽ ഇവയെല്ലാം ആദ്യന്തം നിയന്ത്രിച്ചുകൊണ്ടിരുന്നത് എറണാകുളം മെത്രാപ്പോലീത്താ മാർ അഗസ്റ്റിൻ കണ്ടത്തിലായിരുന്നു. ഇദ്ദേഹവും യൂയാക്കിം മാർ ഈവാനിയോസുമായി ചില രഹസ്യസന്ദർശനങ്ങളും നടന്നിരുന്നു. ഒടുവിൽ എറണാകുളം അരമനയിൽവെച്ച് യൂയാക്കിം മാർ ഈവാനിയോസിൻെറ പുനരൈക്യം നടക്കേണ്ട തീയതിയും നിശ്ചയിച്ചു. എറണാകുളത്തുനിന്നും കാർ ചെല്ലുമ്പോൾ അതിൽ തൻെറ സാമാനങ്ങളും കയററി മാർ ഈവാനിയോസ് ചെല്ലണമെ

www.malankaralibrary.com

ന്നായിരുന്ന നിശ്ചയിച്ചുറപ്പിച്ചിരുന്നതു്. ഈ സംഭവങ്ങൾ നടന്നതു് 1923–ൽ ആയിരുന്നു.

എന്നാൽ മാർ ഈവാനിയോസിൻെറകൂടെ റോമ്മാസഭയെ പിശാചിനെക്കാളും വെറുത്തിരുന്ന അദ്ദേഹത്തിൻെറ സഹോദരപുത്രൻ സൈമൺ എന്നൊരാരാൾ താമസിച്ചിരുന്നു. ഒരു ചതിവിലൂടെ തൻെറ പിതൃസഹോദരനെ "റോമ്മായുടെ ആപത്തി"ൽനിന്നും രക്ഷിക്കുവാൻ അയാൾ തീച്ചയാക്കി. പരമാത്മബുദ്ധിയായ തൻെറ പിതൃവ്യനോടു് അയാൾ പറഞ്ഞതു്, കാറിൽ എറണാകുളത്തു പോകുന്നതു് ആപത്തായി തീരുമെന്നും അതിനാൽ വള്ളത്തിൽ പോകാമെന്നും, രാത്രിയിൽ വഞ്ചിക്ക പുറപ്പെട്ടാൽ കാലത്തു് എറണാകുളം അരമനയിൽ സുരക്ഷിതമായി എത്താമെന്നും ആയിരുന്നു. അതനുസരിച്ചു് സജ്ജീകരണങ്ങളെല്ലാം രഹസ്യമായി പൂത്തിയാക്കി, വഞ്ചി കണ്ടനാട്ടുനിന്നും എറണാകുളത്തേയ്ക്കു നീങ്ങി. നേരം വെളുക്കുന്നതിനു മുൻപു്, തിരുമേനി പ്രഭാതപ്രാത്ഥന കഴിഞ്ഞു് ണീററു്, നട്ടപ്പന്നകം നീക്കി, മുഖം കഴുകി ചുററും നോക്കിയപ്പോൾ കണ്ടതു് വൈക്കം കരയാണു്! കണ്ടനാട്ടുനിന്നും വടക്കോട്ടു് പോകേണ്ട വഞ്ചി തെക്കോട്ടു പോയിരിക്കുന്നു! തിരുമേനി ചോദിച്ചു, "എറണാകുളത്തിനു പോകേണ്ട നാം എങ്ങനെ തെക്കോട്ടുവന്നു്, വൈക്കത്തെത്തി?" ഈ കെണിയൊരുക്കിയ ഭാഗിനേയൻ യാതൊരു കൂസലുംകൂടാതെ പറഞ്ഞു, "നമ്മൾ എറണാകുളത്തേക്കല്ല, പരുമല സെമിനാരിയിലേക്കാണു് പോകുന്നതു്" "നിങ്ങളുടെ എല്ലാം ഇഷ്ടംപോലെയാകട്ടെ", എന്നു് തിരുമേനി വാവിട്ടുകരഞ്ഞുകൊണ്ടു പറഞ്ഞു. ഈ കെണിയൊരുക്കിയ ഭാഗിനേയൻതന്നെ പിന്നീടു് കാരോട്ടു സൈമൺ ഡി. കോർ എപ്പിസ്കോപ്പായായി കത്തോലിക്കാസഭയിൽ ചേർന്നു! അദ്ദേഹം തന്നെ "ചതിവു ചെയ്ത കടുംകൈ" എന്ന തലക്കെട്ടിൽ "സത്യസഭാകാഹളം" വിശേഷാൽ പ്രതിയിൽ ഈ വസ്തുതകൾ വിവരിച്ചെഴുതിയിട്ടുണ്ടു്.

പുനരൈക്യശ്രമത്തിൽ ചതിക്കപ്പെട്ട ഈ തിരുമേനി മൂന്നുവഷം പരുമലയിൽ താമസിച്ചു. പിന്നീടു് പരലോകപ്രാപ്തനായി. ദൈവപരിപാലനയെന്നു പറയട്ടെ, അന്നു് ഈ തിരുമേനിയുടെ പുനരൈക്യാഭിലാഷത്തിൻെറ വരപ്രസാദം കൈവെയ്പിലൂടെ സ്വീകരിച്ചു് മെത്രാനാകുകയും അദ്ദേഹത്തിൻെറ സ്വന്തം പേരുതന്നെ സ്വീകരിക്കുകയും ചെയ്ത



www.malankaralibrary.com

ബഥനി തിരുമേനിയാണ്, 1930-ൽ പുനരൈക്യത്തിന്റെ ഔദ്യോഗികകവാടം കടന്ന്, കണ്ടനാട്ടുനിന്നും പുറപ്പെട്ട ആ വഞ്ചി, ഏഴു വർഷത്തിനുശേഷം കൊല്ലം മെത്രാസനത്തിന്റെ പുനരൈക്യക്കടവിൽ അടുപ്പിച്ചത്.

യൂയാക്കിം മാർ ഈവാനിയോസ് തിരുമേനിയുടെ പിതൃസഹോദരനായിരുന്ന സൈമൺ മാർ ഡയനീഷ്യസ് മെത്രാപ്പോലീത്താ. അദ്ദേഹവും പുനരൈക്യത്തിനുവേണ്ടി വളരെ ആഗ്രഹിക്കുകയും പരിശ്രമിക്കുകയും ചെയ്ത ആളാണെന്ന് അദ്ദേഹത്തിന്റെ ഡയറിയുടെ പല ഭാഗങ്ങളിൽനിന്നും തെളിയുന്നതായി കാരോട്ടു് സൈമൺ കോർ എപ്പിസ്കോപ്പാ പ്രസ്താവിക്കുന്നുണ്ട്[1].

## ബിഷപ്പ് ചൂളപ്പറമ്പിലും പുനരൈക്യ ശ്രമങ്ങളും

കേരളസഭയ്ക്ക് സിദ്ധിച്ചിട്ടുള്ള സമുന്നതരായ ദേശീയ മെത്രാന്മാരുടെ പന്തിയിൽ ബിഷപ്പ് ചൂളപ്പറമ്പനും ഒരു സ്ഥാനമുണ്ടെന്നതു് നിസ്സംശയമാണ്. പ്രചാരത്തിലുള്ള കേരള സഭാചരിത്രഗ്രന്ഥങ്ങളിൽ അദ്ദേഹം അർഹിക്കുന്ന പ്രാമുഖ്യം നൽകിയിട്ടില്ലെന്നു തോന്നുന്നു. തെക്കുംഭാഗക്ക് മാത്രമായുണ്ടായ കോട്ടയം രൂപതയുടെ ആദ്യമെത്രാൻ മാർ മാത്യു മാക്കീൽ ആയിരുന്നുവെങ്കിലും, ആ രൂപതയുടെ സാക്ഷാൽ ജനയിതാവായി കണക്കാക്കേണ്ടതു് മാർ അലക്സാണ്ടർ ചൂളപ്പറമ്പിലിനെയാണ്. ആ രൂപതയുടെ മാത്രമല്ല, ക്നാനായ സമുദായത്തിന്റേയും പിതാവായി അദ്ദേഹത്തെ പരിഗണിക്കാവുന്നതാണ്. തെക്കുംഭാഗക്ക് സ്വന്തമായ ഒരു പാരമ്പര്യമുണ്ട്. അവരുടെ ആചാരങ്ങാം മററു സുറിയാനിക്കാരിൽ നിന്നും കുറെയൊക്കെ ഭിന്നവുമാണ്. അവയെ സംരക്ഷിച്ചും വികസിപ്പിച്ചും കൊണ്ടുപോകുവാൻ ബിഷപ്പ് ചൂളപ്പറമ്പിൽ കാണിച്ചിട്ടുള്ള ജാഗ്രതയും താത്പര്യവും പ്രശംസാർഹമാണ്. ചരിത്രഗ്രന്ഥങ്ങളിൽ അദ്ദേഹം അർഹിക്കുന്ന സ്ഥാനം കിട്ടാതെ പോയതു് അദ്ദേഹം ഒരു ന്യൂനപക്ഷസമുദായാംഗവും അദ്ദേഹത്തിന്റെ പ്രവർത്തനമേഖല വളരെ പരിമിതവുമായിരുന്നതിനാലാണെന്ന് തോന്നുന്നു.

തെക്കുംഭാഗക്കായി കോട്ടയം രൂപത രൂപമെടുക്കുമ്പോഴുള്ള കോട്ടയം പട്ടണത്തിലെ കത്തോലിക്കരുടെ സ്ഥിതി

1. ഫാ. ഇഞ്ചയ്ക്കലോടി, Vol. I, P. 241-44

www.malankaralibrary.com

പരിതാപകരമായിരുന്നുവെന്നു് പറയാം. ജനസംഖ്യയിൽ കത്തോലിക്കർ വളരെ തുച്ഛമായിരുന്നു. ക്രിസ്ത്യാനികളിൽ മഹാഭൂരിപക്ഷവും അകത്തോലിക്കർ ആയിരുന്നു. കോട്ടയം കേന്ദ്രമാക്കി പ്രോട്ടസ്റ്റന്റു് മിഷ്നറിമാർ നടത്തിയ ദുഷ് പ്രചരണം "പാപ്പാ മതക്കാരെന്നു്" അറിയപ്പെട്ടുന്ന കത്തോലിക്കരെ എല്ലാ വിധത്തിലും അപഹാസ്യരാക്കിയിരുന്നു. അന്നു്, കോട്ടയം പട്ടണത്തിൽക്കൂടി 'വെന്തിങ്ങ' ഇട്ടുകൊണ്ടു് നടക്കുന്നതു് അപകടമായിരുന്നുവെന്നാണു് പറയപ്പെടുന്നതു്. ഉന്നതവിദ്യാഭ്യാസത്തിന്റെ കുത്തക പ്രോട്ടസ്റ്റാണ്ടുകാർക്കു് ആയിരുന്നതുകൊണ്ടു് കത്തോലിക്കർ വിജ്ഞാനമണ്ഡലത്തിലെ അധഃകൃതരായിരുന്നു. ഇങ്ങനെ അതിസാന്ദ്രമായ കത്തോലിക്കാവിരുദ്ധ അന്തരീക്ഷത്തിലാണു് കോട്ടയം മെത്രാനായ മാർ അലക്സാണ്ടർ ചൂളപ്പറമ്പിൽ അകപ്പെട്ടതു്. എന്നാൽ കുറഞ്ഞൊരു കൊല്ലങ്ങൾകൊണ്ടു് നാനാജാതിമതസ്ഥരുടെ സ്നേഹബഹുമാനാദികൾ സമ്പാദിക്കുവാൻ കഴിഞ്ഞതു് അദ്ദേഹത്തിന്റെ വ്യക്തിപ്രഭാവവും മനോവിശാലതയുംകൊണ്ടാണു്. കോട്ടയം പട്ടണത്തിലെ പൗരപ്രമുഖർ അദ്ദേഹത്തിന്റെ സ്മരണ നിലനിർത്തുന്നതിനുവേണ്ടി പണം പിരിച്ചെടുത്തു് ഡിസ്ട്രിക്റ്റ് ആശുപത്രിയിൽ അദ്ദേഹത്തിന്റെ പേരിൽ ഒരു വാർഡു് സ്ഥാപിച്ചതു് അദ്ദേഹത്തിന്റെ ജനസമ്മതിയുടെ തെളിവാണു്.

കേരളത്തിലെ കത്തോലിക്കാ മെത്രാന്മാർ, പൊതുവെ പറഞ്ഞാൽ പൂർവ്വഗാമികളായ വിദേശമെത്രാന്മാരെ അനുകരിച്ചു് അടച്ചുകെട്ടിയ ദന്തഗോപുരങ്ങളിലിരുന്നു് "രാജ്യഭാരം നടത്തുക"യായിരുന്നുവെന്നാണു് ഇതരമതസ്ഥർ കരുതുന്നതു്. കത്തോലിക്കാമെത്രാന്മാർ, സാധാരണയായി, അനഭിഗമ്യരും അപ്രാപ്യരുമായിട്ടാണു് ജനങ്ങൾ കണ്ടിട്ടുള്ളതു്. ഈ അവസ്ഥയിൽ നമ്മുടെ മെത്രാന്മാരെപ്പറ്റി വളരെ തെറ്റിദ്ധാരണകൾ ഇതരമതസ്ഥരിൽ പ്രചരിച്ചിരുന്നതിൽ അതിശയിക്കുവാനില്ലല്ലോ. കേരളസഭയിൽ ഇതിനു് അപവാദമുണ്ടാക്കുവാൻ ശ്രമിച്ച ആദ്യത്തെ കത്തോലിക്കാ മെത്രാൻ മാർ അലക്സാണ്ടർ ചൂളപ്പറമ്പിലാണെന്നു് പറയാം. കത്തോലിക്കരുടെ മാത്രമല്ല, അകത്തോലിക്കരുടേയും വിശാലമായ ഒരു സുഹൃദ് വലയമാണു് അദ്ദേഹത്തിനു് ചുറ്റുമുണ്ടായിരുന്നതു്. ജാതിമത ഭേദമെന്യേ കോട്ടയത്തെ എല്ലാ പ്രമുഖകുടുംബങ്ങളുടേയും സുഹൃത്തും അതിഥിയുമായിരുന്നു ബിഷപ്പ് ചൂളപ്പറമ്പിൽ.

www.malankaralibrary.com

ഒരു ജനസമൂഹത്തിൻെറ പൊതുജീവിതത്തിൽ ഒരു കത്തോലിക്കാമെത്രാന്ന് നേതൃത്വം നൽകുവാൻ കഴിയുമെന്ന് ആദ്യമായി തെളിയിച്ചതു് ചൂളപ്പറമ്പിൽ മെത്രാനാണ്. രാഘവയ്യാ ദിവാനായിരുന്ന കാലത്തു് അദ്ദേഹം നാമനിർദ്ദേശം ചെയ്യപ്പെട്ട നിയമസഭാംഗം ആയിരുന്നു. വിദ്യാഭ്യാസത്തിൻെറ പുനഃസംവിധാനത്തിനുവേണ്ടി നിയമിക്കപ്പെട്ട 'സ്ട്രാത്താം കമ്മിററി'യിലെ മൂന്നംഗങ്ങളിലെ ഒരാ൯ കൂടിയായിരുന്നു അദ്ദേഹം.

ബിഷപ്പ് ചൂളപ്പറമ്പിൽ യാക്കോബായക്കാരുടെയിടയിൽ പുനരൈക്യശ്രമങ്ങൾ ശക്തിമത്താക്കിയതു് 1920 മുതലാണ്. അതു് അധികവും തെക്കുംഭാഗരായ യാക്കോബായക്കാരുടെ ഇടയിലായിരുന്നു. ഇതരമതസ്ഥരുമായി ഇടപെടാനും അവരുമായി സ്നേഹബന്ധം സ്ഥാപിക്കുവാനും ബിഷപ്പ് ചൂളപ്പറമ്പിലിനുള്ള കഴിവ് അസാധാരണമായിരുന്നു. അദ്ദേഹത്തിനു ലഭിച്ച വിപുലമായ സുഹൃദ്സമ്പത്തുതന്നെ അതിനു് തെളിവാണ്, ബിഷപ്പ് ചൂളപ്പറമ്പിലിൻെറ സാമൂഹ്യബന്ധങ്ങളിൽ അദ്ദേഹം കൈവരിച്ച വിജയത്തിൻെറ രഹസ്യം അദ്ദേഹത്തിൻെറ Protocol (നയതന്ത്രമണ്ഡലത്തിലെ പെരുമാററ മര്യാദകൾ) മനുഷ്യബന്ധങ്ങളിൽ ക്രിസ്തു പഠിപ്പിച്ച സാഹോദര്യത്വഭാവമായിരുന്നതാണ്. 1599-ൽ മെനേസിസ് മെത്രാപ്പോലീത്തായെ കല്ലെറിഞ്ഞ പമ്പയാറിൻെറ തീരങ്ങളിൽക്കൂടിയാണ് 1920-ൽ ബിഷപ്പ് ചൂളപ്പറമ്പിൽ അകത്തോലിക്കാ സമുദായാംഗങ്ങളെ കാണുവാനായി പുറപ്പെട്ടതു്. കല്ലിശ്ശേരിമുതൽ റാന്നിവരെ ബിഷപ്പ് ചൂളപ്പറമ്പിലിനെ കാണുവാൻ ജനങ്ങൾ പമ്പയാറിൻെറ തീരങ്ങളിൽ പലയിടത്തും തിങ്ങിക്കൂടിയിരുന്നു. കത്തോലിക്കരായ യാക്കോബായക്കാർക്ക് അന്ത്യോക്യൻ റീത്തു് അനുവദിക്കുവാൻ റോമിനോട്ട് അപേക്ഷിക്കണമെന്നുള്ള പ്രേരണ ബിഷപ്പ് ചൂളപ്പറമ്പിൽനിന്നുമാണുണ്ടായതു്. ചങ്ങനാശ്ശേരിയിൽവച്ചു കൂടിയ സുറിയാനി കത്തോലിക്കാ മെത്രാന്മാരുടെ യോഗത്തിൽ ഇതിനുവേണ്ടി മാർപ്പാപ്പായ്ക്കു് ഒരു അപേക്ഷ തയ്യാറാക്കി അയച്ചു. ക്നാനായ സമുദായത്തിലെ യാക്കോബായ നേതാക്കന്മാരും അവരുടെ മെത്രാനായ മാർ സേവേറിയോസുമായി പുനരൈക്യത്തിനുവേണ്ടി പല കൂടിയാലോചനകൾ നടത്തുവാനും ബിഷപ്പ് ചൂളപ്പറമ്പിലിനു് സാധിച്ചു. ഇവയെല്ലാം അത്ര ഫലപ്രദമായിരുന്നില്ലെങ്കിലും ആ സമുദായ

www.malankaralibrary.com

ത്തിലെ പ്രമുഖരായ പല വൈദികരും ജനപ്രമാണികളും കത്തോലിക്കാസഭയെ ആശ്ലേഷിച്ചു. 1920 മുതൽ, ചിങ്ങവനം (1928), ചെങ്ങളം (1922), കല്ലിശ്ശേരി (1941), തുരുത്തിക്കാട് (1922), കറേറാട് (1926), ഇരവിപേരൂർ (1928) മുതലായ സ്ഥലങ്ങളിൽ പുനരൈക്യപ്പെട്ട തെക്കുംഭാഗക്ക് പള്ളികളും ഇടവകകളും ഉണ്ടായി. മാർ ഈവാനിയോസ് തിരുമേനിയുടെ പുനരൈക്യത്തിനു് ബിഷപ്പ് ചൂളപ്പറമ്പിലിനു് പ്രധാനമായ ഒരു പങ്കുണ്ടായിരുന്നു.

പുനരൈക്യപ്പെട്ട വൈദികരിൽ പ്രമുഖനായിരുന്ന ഫാ. ജേക്കബ് നെടുഞ്ചിറ. അദ്ദേഹം പുനരൈക്യത്തിനുവേണ്ടി വളരെ പരിശ്രമിച്ചിട്ടുണ്ട്. 1922 ജനവരി 18–ാം തീയതി ഫാ. ജേക്കബ് നെടുഞ്ചിറ, സീറോ-മലങ്കര റീത്തിലാണ് കുർബ്ബാന ചൊല്ലിയതു്.

## ചങ്ങനാശ്ശേരി രൂപതയും പുനരൈക്യ ശ്രമങ്ങളും

ഇരുപതാം നൂററാണ്ടിന്റെ ആദ്യശതകങ്ങളിൽ മല്ലപ്പള്ളി, കല്ലൂപ്പാറ, എടത്വാ മുതലായ സ്ഥലങ്ങളിൽനിന്നും യാക്കോബായക്കാർ ചങ്ങനാശ്ശേരി രൂപതാദ്ധ്യക്ഷരായ കുര്യാളശ്ശേരി മാർ തോമ്മായുടേയും കാളാശ്ശേരി മാർ ജെയിംസിന്റേയും കാലത്തു് ഒററയായും കുടുംബങ്ങളായും കത്തോലിക്കാസഭയിൽ പ്രവേശിച്ചിരുന്നു. എന്നാൽ, പുനരൈക്യത്തിന്റെ അഭിനിവേശമുള്ളയാളുകൾ അധികവും താമസിച്ചിരുന്നതു് പമ്പക്ക് തെക്കുള്ള സ്ഥലങ്ങളിലായിരുന്നതിനാൽ അവർ കൊല്ലം രൂപതയുടെ ഭരണപരിധിയിൽപ്പെട്ടിരുന്നു. തന്മൂലം, പുനരൈക്യത്തിനു് പ്രേരിതരായ വൈദികരുടേയും കുടുംബങ്ങളുടേയും പരിശ്രമങ്ങൾ കൈകാര്യം ചെയ്തിരുന്നതു് കൊല്ലം രൂപതയുടെ മെത്രാനാണ്. ചങ്ങനാശ്ശേരി രൂപതയിലെ പുനരൈക്യപ്രവർത്തനം നടന്നിട്ടുള്ളതു് പ്രധാനമായും മാന്നാനത്തും ചെത്തിപ്പുഴയിലുമുള്ള കർമ്മലീത്താ ആശ്രമങ്ങളിലെ വൈദികർ മുഖേനയാണ്. അവരോടൊപ്പംതന്നെ പ്രാധാന്യമർഹിക്കുന്ന മറെറാരു പുനരൈക്യശ്രമം നടത്തിയിട്ടുള്ളതു് ഫാ. ഡോമിനിക് തോട്ടാശ്ശേരിയാണ്.

## ഫാ. ഡോമിനിക് തോട്ടാശ്ശേരിയും പുനരൈക്യ ശ്രമങ്ങളും

പുനരൈക്യമേഖലയിൽ ദിവ്യപ്രചോദിതനായി ആവേശപൂർവ്വം പ്രേഷിതദൌത്യം സ്വയം ഏറെറടുത്ത ഒരു മിഷ്

www.malankaralibrary.com

ററി ശ്രേഷ്ഠനായിരുന്ന ഫാ. ഡോമിനിക് തോട്ടാശ്ശേരി. അദ്ദേഹം തിരുവല്ല, മല്ലപ്പള്ളി, ചെങ്ങന്നൂർ, മാരാമൺ മുതലായ സ്ഥലങ്ങളിലെ യാക്കോബായക്കാർ, മാർത്തോമ്മാക്കാർ മുതലായവരുമായി സമ്പക്കം പുലത്തിയും സംഭാഷണം നടത്തിയും തെററിദ്ധാരണകഠം നീക്കുവാനും മതപരമായ അവരുടെ അപഥം ചൂണ്ടിക്കാണിക്കുവാനും അക്ഷീണയത്നം ചെയ്തിരുന്നു. പുനരൈക്യത്തിനുവേണ്ടിയുള്ള അദ്ദേഹത്തിൻെറ സൈക്കിളിലെ രാപകലില്ലാതെയുള്ള ക്ലേശകരമായ ദീർഘയാത്രകഠം ഒരു ഇതിഹാസംതന്നെ സൃഷ്ടിച്ചിട്ടുണ്ട്. ''തോട്ടാശ്ശേരിലച്ചൻെറ സൈക്കിഠം'' കാലക്രമേണ പുനരൈക്യശ്രമങ്ങളുടെ പ്രതീകമായിത്തീന്നു. പലപ്പോഴം തിരുവല്ല S. C. കവലയിൽ രാത്രിയിൽ വൈകിയെത്തുന്ന തോട്ടാശ്ശേരിലച്ചൻ കടയിൽ തൻെറ സൈക്കിഠം ചാരിവെച്ചിട്ട്, അതിൻെറ തിണ്ണയിൽ കിടന്നുറങ്ങുന്നതു് കണ്ടിട്ടുള്ള വളരെപ്പേരുണ്ട്. അന്നു് അദ്ദേഹം ചങ്ങനാശ്ശേരി മുൻസിപ്പൽ ചെയർമാനും സെൻറു് ബെക്കുമാൻസ് ഹൈസ്കൂഠം അദ്ധ്യാപകനുമായിരുന്നു. ക്ലേശപൂവ്വമായ യാത്രകഠം കഴിഞ്ഞെത്തുന്ന തോട്ടാശ്ശേരിലച്ചൻ ക്ലാസ്സെടുക്കുമ്പോഴം കുബ്ബാന ചൊല്ലുമ്പോഴം നിന്നുറങ്ങുന്നതിൻെറ ദൃക്സാക്ഷികളിലൊരാളാണു് ഈ ഗ്രന്ഥകത്താവു്. ഉറക്കത്തിൽനിന്നും ഉണന്നാൽ, അവസാനം പറഞ്ഞു നിത്തിയതുമുതൽ തുടരാൻ അദ്ദേഹത്തിനു് അനായാസം സാധിച്ചിരുന്നതു് ഇന്നും ഒരു അത്ഭുതമായി തോന്നുന്നു.

തൻെറ പ്രവത്തനം ശക്തിപ്പെടുത്തുവാനും ക്രമീകരിച്ചു് അതിനു് ആക്കം കൂട്ടുവാനും ബ. തോട്ടാശ്ശേരിലച്ചൻ ഹൈസ്കൂളിലും കോളേജിലും പ്രേഷിതതാൽപര്യമുള്ള കത്തോലിക്കാവിദ്യാത്ഥികളെ 'മാർത്തോമ്മാ ദാസസംഘം' എന്ന പേരിൽ സംഘടിപ്പിച്ചു് അദ്ദേഹത്തിൻെറ പ്രേഷിതപ്രവത്തനങ്ങഠംക്കു് സഹായികളാക്കി. പ്രാരംഭകാലത്തെ അംഗങ്ങളിൽ ഈ ഗ്രന്ഥകത്താവും ഉഠംപ്പെട്ടിരുന്നതുകൊണ്ടു് തോട്ടാശ്ശേരിലച്ചൻെറ പ്രേഷിതാവേശത്തിൽ പങ്കുകൊള്ളുവാൻ ഈ എഴുത്തുകാരനും ഭാഗ്യമുണ്ടായി. മാർത്തോമ്മാദാസന്മാരുടെ പ്രധാന ചുമതല ചങ്ങനാശ്ശേരിയിലും പ്രാന്തപ്രദേശങ്ങളിലുമുള്ള സണ്ടേസ്കൂളുകളിൽ മതബോധനം നൽകുകയും കല്ലൂപ്പാറ, മല്ലപ്പള്ളി, ചെങ്ങന്നൂർ മുതലായ സ്ഥലങ്ങളിൽ തോട്ടാശ്ശേരിലച്ചൻെറ നേതൃത്വത്തിൽ നടത്തിക്കൊണ്ടി

www.malankaralibrary.com

രുന്ന കത്തോലിക്കാപ്രസംഗയോഗങ്ങളും സംവിധാനം ചെയ്തു് സഹായിക്കുകയുമായിരുന്നു. 'മാർത്തോമ്മാ ദാസാംഗങ്ങൾ' മല്ലപ്പള്ളി, ചെങ്ങന്നൂർ, കല്ലൂപ്പാറ മുതലായ സ്ഥലങ്ങളിലേയ്ക്കു പോകുമ്പോഴും അവിടെനിന്നു മടങ്ങുമ്പോഴും ജപമാലയും ചൊല്ലി നടത്തിയിട്ടുള്ള പദയാത്രകൾ – പ്രത്യേകിച്ചു് രാത്രികളിലെ – ഈ ഗ്രന്ഥകാരന്റെ സ്മരണയിൽ ഇന്നും സജീവമായിട്ടുണ്ടു്. ഇതു കൂടാതെ, രോഗികളുടെ സന്ദർശനം, തിരുമണിക്കൂർ ആരാധന മുതലായവയും ദാസ സംഘാംഗങ്ങൾ നിർദ്ദിഷ്ട കാലങ്ങളിൽ നിർവ്വഹിക്കേണ്ടിയിരുന്നു. തോട്ടാശ്ശേരിലച്ചന്റെ പ്രവർത്തനപാതയിൽപെട്ടു് കത്തോലിക്കാസഭയിൽ പ്രവേശിച്ചവരിൽ പ്രമുഖനായിരുന്നു, മാർ ഈവാനിയോസ് തിരുമേനിയുടെ ജീവചരിത്രകർത്താവായ ഫാ. തോമസ് ഇഞ്ചയ്ക്കലോടി. ഋജുബുദ്ധിക്കും ആത്മാർത്ഥതയ്ക്കും അദ്ദേഹം സർവ്വസമ്മതനായിരുന്നു. അദ്ദേഹത്തിന്റെ വിയോഗം സഭക്കു് അപരിഹാര്യമായ നഷ്ടമാണു്.

ഫാ. ഡോമിനിക് തോട്ടാശ്ശേരിയുടെ ജീവിതാന്ത്യം ദൈവപരിപാലനയുടെ ഒരു ഭാഗമായിത്തോന്നാം. 1938–ൽ അദ്ദേഹം രോഗിയായി കഴക്കൂട്ടം മിഷ്യൻ ഹോസ്പിററലിൽ കഴിയുന്ന സമയത്തു്, മാർ ഈവാനിയോസ് തിരുമേനിയുടെകൂടെ ഈ ഗ്രന്ഥകാരനും അദ്ദേഹത്തെ സന്ദർശിച്ചു. ഫാ. തോട്ടാശ്ശേരി ഏതൊരു കാര്യത്തിനുവേണ്ടിയാണോ തന്റെ ജീവിതം ത്യാഗപൂർവ്വം ഉഴിഞ്ഞുവെച്ചു് പ്രവർത്തിച്ചുവോ ആ പുനരൈക്യശ്രമങ്ങളുടെ സാഫല്യം ആ സന്ദർഭത്തിൽ കൺനിറയെ കണ്ടുകൊണ്ടു്, മാർ ഈവാനിയോസ് തിരുമേനിയുടെ ആശീർവ്വാദത്തോടുകൂടി ആ മഹാത്മാവു് പരലോകം പ്രാപ്തനായി. തോട്ടാശ്ശേരിലച്ചൻ മിഷ്യൻ സ്ഥലങ്ങളിൽ പല പള്ളികളും സ്ഥാപിച്ചിട്ടുണ്ടു്. തിരുവല്ലായിൽ സ്ഥാപിച്ച പള്ളിയുടെ സ്ഥാനത്താണു് ഇന്നു് ആ രൂപതയുടെ കത്തീഡ്രൽ നാം കാണുന്നതു്.

## സി. എം. ഐ. വൈദികരുടെ പുനരൈക്യശ്രമങ്ങൾ – ചങ്ങനാശ്ശേരി രൂപത

സുറിയാനി കത്തലീത്താസഭയുടെ ആരംഭം മുതലേ അവരിൽ പ്രമുഖരായ പല വൈദികരും യാക്കോബായക്കാരുടെ പുനരൈക്യത്തിൽ അത്യുത്സുകരായിരുന്നു. പ്രസിദ്ധ ചരിത്രകാരനായ ഫാ. ബെർണാർഡ് കേരളത്തിലെ വേർപെട്ട

www.malankaralibrary.com

പോയ സഭകളുടെ പുനരൈക്യത്തിനുവേണ്ടി ഒരു പ്രാർത്ഥന എഴുതി അച്ചടിപ്പിച്ച്, അതിന്റെ ധാരാളം പ്രതികൾ ആശ്രമങ്ങളിലും കന്യകാമഠങ്ങളിലും ഇടവകകളിലും വിതരണംചെയ്തു പ്രാർത്ഥിപ്പിച്ചു. കര്യാളശ്ശേരിമെത്രാൻ സ്ഥാനമേററ ഉടൻതന്നെ പുനരൈക്യത്തിനുവേണ്ടിയുള്ള പ്രാർത്ഥനയെഴുതി വി. കുർബാനയുടെ ആശീർവാദം നടത്തുമ്പോൾ ചൊല്ലുവാനായി കല്പന അയച്ചു.

പമ്പയുടെ കരയിൽ അയിരൂർ എന്ന സ്ഥലത്ത് ചെത്തിപ്പുഴ ഉണ്ടായിരുന്ന സന്ന്യാസാർത്ഥികൾക്ക് ഒരു വേനൽക്കാല വസതി 1925-ൽ ഉണ്ടാക്കി. അതിന്റെ ഉദ്ദേശ്യം യാക്കോബായക്കാരുമായി സമ്പർക്കം പുലർത്താനും അവരുടെ തെററിദ്ധാരണകൾ നീക്കാനുമായിരുന്നു. 1929 ആകുമ്പോൾ നാനൂറിൽപരം ആളുകൾ പുനരൈക്യപ്പെട്ട് അയിരൂർ ആശ്രമദേവാലയത്തിലെ അംഗങ്ങളായിത്തീർന്നു2. ഈ മിഷ്യനുവേണ്ടി പ്രധാനമായും പ്രവർത്തിച്ചിട്ടുള്ളതു് പുളിങ്കുന്ന് പാട്ടത്തിൽ ബ. കര്യാക്കോസച്ചനും എടത്വാ കരിക്കമ്പള്ളിൽ ബ. എവുസേബിയൂസച്ചനുമായിരുന്നു. അയിരൂരിനടുത്തുള്ള എഴുമററൂർ, തെള്ളിയൂർ, പെരിനാട്ട് എന്ന സ്ഥലങ്ങളിലും സി. എം. ഐ. അച്ചന്മാരുടെ പ്രയത്നഫലമായി ഗണ്യമായ തോതിൽ യാക്കോബായക്കാർ പുനരൈക്യപ്പെട്ടിട്ടുണ്ട്. മലങ്കരറീത്തും മലങ്കരവൈദികസംസ്ഥാനവും (ഹയരാർക്കി) സ്ഥാപിതമായതോടുകൂടി അവർ മലങ്കരകത്തോലിക്കാസഭയിൽ ചേർന്നു. എന്നാൽ ഇപ്പോൾ അയിരൂർ കർമ്മലീത്താ ആശ്രമ പള്ളി അംഗങ്ങളായി 198 പേരുണ്ട്. പ്രസിദ്ധ വാഗ്മിയും താർക്കികനും സഭയുടെ ധീരയോദ്ധാവും ആയിരുന്ന വില്ലോത്തു നൈനാൻ വറുഗീസ്, അയിരൂർ കർമ്മലീത്താ മിഷ്യന്റെ സന്താനമാണ്. മറെറാരു പുനരൈക്യമിഷ്യൻ കർമ്മലീത്തർ കോട്ടയം പുത്തുപ്പള്ളിയിലും ആരംഭിച്ചു.

## സി. എം. ഐ. അച്ചന്മാർ – കൊല്ലം രൂപതയിൽ

ബിഷപ്പ് ബൻസിഗർ തന്റെ വാർഷികധ്യാനം പലപ്പോഴും നടത്തിയിരുന്നതു്, പുളിങ്കുന്ന് സുറിയാനികർമ്മലീത്താ ആശ്രമത്തിലായിരുന്നു. പൊതുവാഹനങ്ങളിൽമാത്രം യാത്ര ചെയ്തിരുന്ന ബിഷപ്പിന്റെ കുരിശും മാലയും മോതിരവും

2. സി. എം. ഐ. യുടെ ചരിത്രസംക്ഷേപം 1829-1969, P.197.

www.malankaralibrary.com

അണിഞ്ഞിരുന്നതു് അദ്ദേഹത്തിന്റെ ഉടുപ്പിന്റെ പോക്കററാണു്. പുളിങ്കുന്നിലെ കർമ്മലീത്താവൈദികരുമായുള്ള ബിഷപ്പ് ബൻസിഗറിന്റെ സമ്പക്കം അവരോടുള്ള അദ്ദേഹത്തിന്റെ സ്നേഹബഹുമാനങ്ങാം വദ്ധിപ്പിക്കുവാൻ ഇടയാക്കി. തന്മൂലം, കൊല്ലം രൂപതാതിത്തിയിൽപ്പെട്ട യാക്കോബായ അച്ചന്മാരും അത്മേനികളും പുനരൈക്യത്തിനുള്ള ആഗ്രഹം പ്രകടിപ്പിച്ചു തുടങ്ങിയപ്പോഠം, അവരുടെയിടയിൽ ജോലി ചെയ്യുവാൻ സുറിയാനി കർമ്മലീത്താ വൈദികരെയാണു് ക്ഷണിച്ചതു്. അതനുസരിച്ചു് പ്രേഷിതതീക്ഷ്ണതയുള്ള ഫാ. എസ്തപ്പാനോസ് അച്ചനേയും (പാലാ, തയ്യിൽ) ബ. യസ്സീന്തു് അച്ചനേയും (ആലപ്പുഴ, കുന്നങ്കൽ) 1921 ഡിസംബർ 21-ാം തീയതി പന്തളം, കാരസ്ഥാട്ടേയ്ക്കു് അയച്ചു. പുനരൈക്യപ്പെടുവാൻ തയ്യാറായിരുന്ന വിഭാര്യനായ പമ്പൂരേത്തു് ബ. ചാണ്ടപ്പിള്ള അച്ചന്റെ കൂടെയാണു് അവർ താമസിച്ചിരുന്നതു്. ബ. യസ്സീന്തച്ചൻ ഏതാനും ആഴ്ചകഠംക്കശേഷം തിരിയെപ്പോയി. അദ്ദേഹത്തിന്റെ സ്ഥാനത്തു്, മുട്ടചിറ, നീരാക്കൽ ബ. ഗ്രിഗോറിയോസച്ചൻ നിയമിതനായി. അദ്ദേഹവും ബ. എസ്തപ്പാനോസച്ചനുംകൂടി കുളനട ഒരു വീടെടുത്തു് താമസമായി. അവിടെയുള്ള യാക്കോബായക്കാരുടേയും മാർത്തോമ്മാക്കാരുടെയും വീടുകഠം സന്ദശിക്കുകയും അവരുമായി മതപരമായ കാര്യങ്ങഠം സംസാരിക്കുകയും ചെയ്തു. ഇതു് അത്ര സുഗമമോ സുഖകരമോ ആയ കാര്യമായിരുന്നില്ല, കാരണം, അവക്കു് പലയിടത്തും ആക്ഷേപങ്ങളും അവഹേളനങ്ങളുമാണു് ലഭിച്ചതു്. വിളംബമെന്യേ, അവർ കുളനട വിട്ടിട്ടു്, തുമ്പമണ്ണിൽ ഒരു വാടകവീട്ടിൽ താമസിച്ചുകൊണ്ടു് പുനരൈക്യശ്രമങ്ങഠം നടത്തി. പ്രസിദ്ധനായ പുത്തൻവീട്ടിൽ ബ. യാക്കോബച്ചൻ അവക്കു് വളരെ അനുകൂലിയും സഹായിയുമായിരുന്നു. മൂന്നു വഷത്തിനുശേഷം, എസ്തപ്പാനോസച്ചൻ മാന്നാനം ആശ്രമത്തിലേയ്ക്കു് മടങ്ങിപ്പോയി. ഫാ. ഗ്രിഗറിക്കു് കൂട്ടായി, പുളിങ്കുന്നു് വടക്കേടത്തു് ബ. ഹെൻറി അച്ചൻ വന്നുചേർന്നു. അനന്തരം ഇവരുടെ പ്രവത്തനരംഗം തുമ്പമണ്ണിൽനിന്നും കൊട്ടാരക്കര പുലമൺ ജംഗ്ഷനിലേയ്ക്കു് മാററി. പന്തളം—കൊട്ടാരക്കര മിഷ്ൻ ബാഹ്യമായി ഒരു വലിയ വിജയമായിരുന്നില്ല. കത്തോലിക്കരെ സംബന്ധിച്ചു് യാക്കോബായക്കാക്കുണ്ടായിരുന്ന വളരെ തെററിദ്ധാരണകഠം നീക്കുവാനും മാർ ഈവാനിയോസ് തിരുമേനിയുടെ പുനരൈക്യശ്രമങ്ങഠം ത്വരിത

www.malankaralibrary.com

പ്പെടുത്താനും സഹായിച്ചുവെന്നുള്ളതാണ് അതിന്റെ ഏററവും വലിയ നേട്ടം. യാക്കോബായക്കാരുടെ തെററിദ്ധാരണകളും അവയുടെ വാദമുഖങ്ങളും അവരുടെ ഇടയിൽ പ്രോട്ടസ്റ്റാണ്ടുകാർ പ്രചരിപ്പിച്ചവയായിരുന്നു. പമ്പൂരേത്തു ബ. വല്യച്ചൻ പുനരൈക്യപ്പെട്ട വൈദികരിൽ ഒരനർഘരത്നമായിരുന്നു, മററൊരു പ്രമുഖനായ വൈദികനായിരുന്നു, പത്തനംതിട്ട ഫാ. ഗീവറുഗീസ് പീടികയിൽ. ഫാ. ഗ്രിഗരി സി. എം. ഐ. യെ ''വളരെ അധികം സഹായിച്ചിട്ടുള്ള ധീരാത്മാവും പ്രേഷിതവര്യനുമായിരുന്ന ചന്ദനപ്പള്ളി അയ്യനേത്തു് പീലിപ്പോസ് വാദ്ധ്യർ''3. 1925 ജനുവരി 8—ാംനു- സി. എം. ഐ. ക്കാരുടെ പന്തളം – കൊട്ടാരക്കര മിഷ്യൻ അവസാനിക്കുമ്പോഠം, പന്തളം, തുമ്പമൺ, കൊട്ടാരക്കര, തലവൂർ, കിഴക്കെത്തെരുവ്, അടൂർ, ചന്ദനപ്പള്ളി, ഓമല്ലൂർ, നീർലോകം, പുത്തൻകാവ്, ചെങ്ങന്നൂർ, എന്നീ സ്ഥലങ്ങളിൽ സി. എം. ഐ. അച്ചന്മാർ വിതച്ച പുനരൈക്യത്തിന്റെ വിത്തുകഠം അധികവും ബഥനിപ്രസ്ഥാനത്തിന്റെ പുനരൈക്യത്തേയും കാത്തുകിടക്കുകയായിരുന്നു. എന്നാൽ മുളച്ചുനാമ്പെട്ടത്തവരിൽ അഗ്രഗണ്യനായിരുന്ന ചക്കാലമണ്ണിൽ വല്യപ്പൻ.

## ചക്കാലമണ്ണിൽ വല്യപ്പൻ

പുനരൈക്യചരിത്രത്തിലെ ഒരു ഐതിഹാസികപുരുഷനാണ് ദൃഢവിശ്വാസിയും മഹാധീരനും ഉദാരബുദ്ധിയും ആയിരുന്ന ചക്കാലമണ്ണിൽ വല്യപ്പൻ, അഥവാ തുമ്പമൺ വല്യപ്പൻ എന്നറിയപ്പെട്ടിരുന്ന ചക്കാലമണ്ണിൽ ഇടയിലെ വീട്ടിൽ തൊമ്മൻകോരുതു്. അദ്ദേഹത്തെപ്പററി തുമ്പമണ്ണിലും സമീപസ്ഥലങ്ങളിലും പ്രചരിച്ചിരുന്ന ഐതിഹ്യങ്ങഠം അനവധിയാണ്. ദിഗന്തങ്ങഠം മുഴക്കുന്ന പുനരൈക്യത്തിന്റെ സമരകാഹളമായിരുന്നു വല്യപ്പൻ എന്നു പറഞ്ഞാൽ തെററില്ല. റോമ്മാസഭയെപ്പററിയുള്ള ദുഷ്പ്രചരണങ്ങളിൽ വിശ്വസിച്ചു മനം മയങ്ങികിടന്നവരുടെ ശ്രവണപുടങ്ങളെ ഭേദിക്കുന്നതായിരുന്നു വല്യപ്പന്റെ കാഹളശബ്ദം. കത്തോലിക്കനായതിനെക്കാഠം കൂടുതലായി വല്യപ്പനുണ്ടായിരുന്ന സംതൃപ്തി എല്ലാ ഭീഷണികളേയും ചെറുത്തു്, താൻ കത്തോലിക്കനാണെന്നു വിളംബരപ്പെടുത്തുന്നതിലായിരുന്നു. സത്യാന്വേഷ

3. ഫാ. ഗ്രിഗരി C. M. I. മിഷ്യൻ സ്മരണകഠം, P. 41.

www.malankaralibrary.com

കനായ വല്യപ്പൻ താൻ ജനിച്ചുവളൎന്ന മാൎത്തോമ്മാസഭയുടെ മൂലകുടുംബം അന്വേഷിച്ച് യാക്കോബായയിൽ ചേൎന്നു; അതിൻെറയും മൂലകുടുംബം അന്വേഷിച്ചാണ് കത്തോലിക്കാ സഭയിൽ പ്രവേശിച്ചതു്. 1923 മെയ് 8-ാംനു- 71-ാമത്തെ വയസ്സിൽ കൊട്ടാരക്കര പള്ളിയിൽവച്ച് കത്തോലിക്കാ സഭയിൽ അംഗമായി ചേൎന്നു. കുടുംബാംഗങ്ങൾ പിന്നെയും വൎഷങ്ങൾ കഴിഞ്ഞാണ് പുനരൈക്യപ്പെട്ടതു്. അവർ സ്വയം സത്യം ഗ്രഹിച്ചു ചേരട്ടെ എന്നായിരുന്നു വല്യപ്പൻെറ നിശ്ചയം. മാർ ഈവാനിയോസിൻെറ കത്തോലിക്കാ സഭാപ്രവേശത്തോടുകൂടി, പുനരൈക്യത്തിൻെറ നിറകുടം കണ്ടു് ആത്മനിൎവൃതിയോടുകൂടി വല്യപ്പൻ 1936-ൽ പരലോകം പ്രാപിച്ചു.

ഈ വല്യപ്പനെ മനസ്സിലാക്കുവാൻ ഇന്നത്തെ തലമുറയ്ക്കു് പ്രയാസമായിരിക്കും. വല്യപ്പൻ സഭാപ്രവേശം നടത്തിയപ്പോഴുള്ള ദേശകാലസ്ഥിതികൾ മനസ്സിലാക്കിയെങ്കിൽ മാത്രമേ അദ്ദേഹത്തിൻെറ ത്യാഗത്തിൻെറ ആഴവും വിശ്വാസത്തിൻെറ ദാൎഢ്യവും സ്വഭാവത്തിൻെറ മഹിമയും മനസ്സിലാക്കുവാൻ കഴിയൂ. സത്യദാഹിയായ അദ്ദേഹം സത്യാന്വേഷകനായിരുന്നു. അതിനു് അദ്ദേഹം കൊടുത്ത വില അപാരമായിരുന്നിട്ടും, അതു് അദ്ദേഹത്തിൻെറ മനസ്സിനെ ലവലേശവും കലുക്കിയില്ല. കത്തോലിക്കാസഭയോടുള്ള വിദ്വേഷം മുററിനിന്ന അക്കാലത്തു്, പ്രത്യേകിച്ചും തുമ്പമൺ ദേശത്തു്, രക്തസാക്ഷിത്വത്തിൻെറ കവചമില്ലാതെ കത്തോലിക്കനാകുവാൻ കഴിയുമായിരുന്നില്ല. അന്നു് വല്യപ്പനെ വലയം ചെയ്തിരുന്ന സഭാവിരുദ്ധരെ വെല്ലുവിളിച്ചുകൊണ്ടായിരുന്നു അദ്ദേഹത്തിൻെറ ജൈത്രയാത്ര. അകത്തോലിക്കാകേന്ദ്രങ്ങളിൽ ഒരു കത്തോലിക്കൻ മരിച്ചാൽ ഒരു സിമിത്തേരി വേണമല്ലോ. കഴുത്തിൽ ക്രൂശിതനായ ക്രിസ്തുവിൻെറ വലിയൊരു രൂപവും ധരിച്ചുകൊണ്ടു് ചന്തകളിലും മററു പരസ്യസ്ഥലങ്ങളിലും വിജയഭാവത്തിൽ സഞ്ചരിച്ചിരുന്ന വല്യപ്പൻെറ ചുററും ആളുകൾകൂടി പരിഹസിക്കും, "വല്യപ്പാ, മരിച്ചാലെങ്ങനെയാ?" വല്യപ്പൻ ഒരു മന്ദസ്മിതത്തോടെ മറുപടി പറയും, "എൻെറ കുഞ്ഞുങ്ങളേ, അതുതന്നെയാണ് ഞാനും ചിന്തിച്ചതു്. മരിച്ചുകഴിഞ്ഞാൽ സ്വൎഗ്ഗത്തിലെത്താനുള്ള വഴി തന്നെയാ ഞാൻ തിരഞ്ഞെടുത്തതു്'". അതോടെ വഴിമുട്ടിയ ബുദ്ധിയുമായി അവർ അട്ടഹാസത്തോടെ പിരിയും.

www.malankaralibrary.com

എല്ലാ ആക്ഷേപങ്ങളേയും അവഹേളനങ്ങളേയും, തുമ്പമൺ വല്യപ്പൻ, തന്റെ ഒരിക്കലും വിട്ടൊഴിയാത്ത നർമ്മരസത്തിലാണ് സ്വീകരിച്ചത്. ഇതായിരുന്നു സാക്ഷാൽ തുമ്പമൺ വല്യപ്പൻ. ഇന്ന് പുഷ്പദലങ്ങൾ വിരിച്ച മെത്തയാണ് പുനരൈക്യമെങ്കിൽ അന്ന് കാരമുള്ളുകളുടെ കിരീടമായിരുന്നു പുനരൈക്യത്തിനു കിട്ടിയിരുന്ന പ്രതിഫലം. ത്യാഗത്തിന്റെ മാനദണ്ഡം നഷ്ടപ്പെട്ടവർക്ക് ഈ വല്യപ്പനെ എങ്ങനെ അളക്കുവാനും അറിയുവാനും സാധിക്കും. തുമ്പമൺ വല്യപ്പന്റെ പൗത്രനായ ഫാ. സി. കെ. കോശി ചക്കാലമണ്ണിൽ ഇന്ന് തിരുവനന്തപുരം അതിരൂപതയിലെ ഒരു വൈദികനാണ്.

## പൗവ്വത്ത് (സ്ക്കറിയാ) വല്യപ്പൻ

1920-കളിലാണ് യാക്കോബായക്കാരുടെ ഇടയിൽ പുനരൈക്യത്തിന്റെ ചലനങ്ങളും തരംഗങ്ങളും പൂർവ്വാധികം വ്യാപകമായി കാണുന്നത്. ത്യാഗത്തിന്റെ ഈ മറിഞ്ഞുരുണ്ടുയർന്ന തിരമാലകളിൽ മകുടംചാർത്തിനില്ക്കുന്ന മറെറാരു വല്യപ്പനാണ്, കൈപ്പട്ടൂർ പൗവ്വത്ത് ഉണ്ണിയുടെ മകൻ സ്ക്കറിയാ വല്യപ്പൻ. പലവിധത്തിലും പ്രശസ്തിയും പ്രാമുഖ്യവും കൈവരിച്ച കുടുംബമായിരുന്നു വല്യപ്പന്റേത്. കൈപ്പട്ടൂർ യാക്കോബായപള്ളി പണിയിച്ചവരിൽ പ്രധാനിയായിരുന്നു, വല്യപ്പന്റെ അപ്പൻ ഉണ്ണി. കൈപ്പട്ടൂർ വന്നിട്ടുള്ള ശീമക്കാരായ 'ബാവാ'മാരും നാട്ടുകാരായ മെത്രാന്മാരും പവ്വത്തെ ഉണ്ണിയുടേയും, അദ്ദേഹത്തിനുശേഷം, മകൻ സ്ക്കറിയായുടേയും വീടു സന്ദർശിക്കാതെ പോയിട്ടില്ല. അവർ യാത്ര ചെയ്തിരുന്നതും പൗവ്വത്തെ വില്ലുവണ്ടിയിലായിരുന്നു.

സ്ക്കറിയാ വല്യപ്പൻ ജനിച്ചത് 1870-ലാണ്. സുറിയാനിയും തമിഴുമായിരുന്നു പഠിച്ച പ്രധാന ഭാഷകൾ. സുറിയാനിഭാഷ സാമാന്യം നന്നായി പഠിച്ചിരുന്നതുകൊണ്ട് വായിച്ചു മനസ്സിലാക്കുവാനും നന്നായി സംസാരിക്കുവാനും കഴിഞ്ഞിരുന്നു. ചെറുപ്പം മുതൽ മതകാര്യങ്ങളിൽ തല്പരനും പള്ളിക്കർമ്മങ്ങളിൽ ശുശ്രൂഷിക്കുവാൻ തീക്ഷ്ണനും ആയിരുന്നതുകൊണ്ട് വൈദികർക്കും മെത്രാന്മാർക്കും അദ്ദേഹം സുപരിചിതനും പ്രിയംകരനും ആയിത്തീർന്നു. അന്ന്, പള്ളിക്കർമ്മങ്ങളെല്ലാം സുറിയാനിഭാഷയിലായിരുന്നു.

പൗവ്വത്തു വല്യപ്പന് 1915 മുതൽ പാണ്ടിദേശങ്ങളുമായി തടിക്കച്ചവടമുണ്ടായിരുന്നു. തത്സംബന്ധമായി അദ്ദേഹം

www.malankaralibrary.com

ത്തുക്കടിയിൽ താമസിച്ചിരുന്ന കാലത്തു്, ദിനംപ്രതിയെ ന്നോണം വി. കർബ്ബാന കണ്ടിരുന്നതു് കത്തോലിക്കാ ദേവാ ലയങ്ങളിലാണു്. കമ്മങ്ങളിൽനിന്നും അനുഭൂതമായ ദിവ്യ പ്രചോദനവും അവിടത്തെ സാധാരണ ആളുകളുടെ നിഷ്ക്ക ളങ്കവും സുദൃഢവുമായ വിശ്വാസവുമാണു് വല്യപ്പനെ കത്തോ ലിക്കാസഭയിലേയ്ക്കു് ആകർഷിച്ചതു്.

അദ്ദേഹം നാട്ടിലെത്തിയപ്പോൾ പന്തളത്തു സുറിയാനി കമ്മലീത്താ വൈദികർ നടത്തിയിരുന്ന പുനരൈക്യശ്രമങ്ങ ളെപ്പററി കേട്ടു. ഉടൻതന്നെ, അദ്ദേഹം അവിടെ എത്തി. എന്നാൽ ബൻസിഗർ മെത്രാൻ സമക്ഷം പുനരൈക്യത്തിനു അപേക്ഷകൊടുത്തു കല്പനവാങ്ങിയാൽ മാത്രമേ തങ്ങൾക്കു സഭയിൽ ചേരുവാൻ അധികാരമുള്ളു എന്നു് സുറിയാനി കമ്മലീത്താ വൈദികർ പറഞ്ഞു. തന്മൂലം, പുനരൈക്യം അഭ്യത്ഥിക്കുന്ന പതിനഞ്ചു വീട്ടുകാരുടെ അപേക്ഷയുമായി വല്യപ്പൻ കൊല്ലം മെത്രാസന അരമനയിലെത്തി. അപേ ക്ഷകരുടെ ആഗ്രഹദാർഢ്യത്തേയും വിശ്വാസസ്ഥിരതയേയും പരീക്ഷിക്കേണ്ട ആവശ്യം കൊല്ലം മെത്രാനുണ്ടായിരുന്നു. വല്യപ്പൻ വകയാററിൽ വാടകയ്ക്കെടുത്ത വീട്ടിൽ ബൽജിയം മിഷ്നറി, ഫാ. ജോൺ മേരി കുബ്ബാന ചൊല്ലിയും ഉപദേശ ങ്ങൾ നല്കിയും ഒരുക്കിയശേഷം, 1923-ൽ പൗവ്വത്തു വല്യപ്പ ൻേറതുൾപ്പെടെയുള്ള 15 കുടുംബങ്ങളെ കത്തോലിക്കാസഭ യിൽ ചേത്തു. അതോടെ, യാക്കോബായക്കാരുടെയും മാ ത്തോമ്മാക്കാരുടേയും അവഹേളനങ്ങൾക്കും ആക്ഷേപങ്ങൾ ക്കും പാത്രമായെന്നും അവയ്ക്കു ശമനം കിട്ടിയതു്, മാർ ഈവാനി യോസു തിരുമേനിയുടെ പുനരൈക്യത്തോടുകൂടിയാണെന്നും വല്യപ്പൻെറ ഓമ്മക്കുറിപ്പിൽ കാണുന്നു.

പഴയ കൂററുകാരായ മെത്രാന്മാരുടേയും വൈദികപ്രമുഖ രുടേയും പ്രോത്സാഹനങ്ങളും അനുമോദനങ്ങളും കിട്ടിയിരുന്നു വെന്നും വല്യപ്പൻ പറയുന്നുണ്ടു്. അദ്ദേഹത്തിൻെറ വീട്ടി ൻെറ മുററത്തു് നിരവധി പുനരൈക്യപ്രസംഗമഹായോഗ ങ്ങൾ നടത്തിയിരുന്നു. ഫാ. പ്ലാസിഡ്, ഫാ. ഡൊമിനിക് തോട്ടാശ്ശേരി, ഫാ. ഗീവറുഗീസ് പീടികയിൽ, ഫാ. ജേ ക്കബ്ബ് പുത്തൻവീട്ടിൽ, ഫാ. മാത്യു പുരക്കൽ മുതലായ വൈ ദികപ്രമുഖരും വില്ലോത്തു നൈനാൻ വറുഗീസ് മുതലായ സമുദായ പ്രമാണികളും ഈ പ്രസംഗയോഗങ്ങളിൽ പങ്കെടു ത്തിട്ടുള്ളവരാണു്. കോട്ടയം മെത്രാൻ, മാർ അലക്സാണ്ടർ

www.malankaralibrary.com

ഏതാനും വൈദികരോടുകൂടി വല്യപ്പന്റെ കോന്നിയിലുള്ള വീടു സന്ദർശിച്ച് ആതിഥ്യം സ്വീകരിച്ചിട്ടുണ്ട്. വല്യപ്പന്റെ ഏക പുത്രി സി. ഏലിയാമ്മ രാമപുരം കർമ്മലീത്താ മഠത്തിലെ അംഗമായി സി. വിൻസന്റ് എന്ന പേരു സ്വീകരിച്ചു. പുനരൈക്യാലോചനകളുടെ ആരംഭംമുതലേ സ്വന്തം കുടുംബാംഗങ്ങൾ അനുകൂലിക്കയും സഹകരിക്കുകയും ചെയ്തിരുന്നതുകൊണ്ട്, ചക്കാലമണ്ണിൽ വല്യപ്പനുണ്ടായ ത്യാഗങ്ങളും ക്ലേശങ്ങളും പൗവ്വത്തു വല്യപ്പന് അനുഭവിക്കേണ്ടി വന്നില്ല.

## കൊല്ലം രൂപതയിലെ പുനരൈക്യശ്രമങ്ങൾ

കൊല്ലം രൂപതയുടെ പുനരൈക്യശ്രമങ്ങളിൽ സി. എം. ഐ. അച്ചന്മാരുടെ പങ്ക് ഒരുഭാഗം മാത്രമായിരുന്നു. ഔദ്യോഗികമായിത്തന്നെ ബിഷപ്പ് ബൻസിഗറും രൂപതയിലുള്ള ''....ഫാ. ലോറൻസ് പെരേയിരാ (പിന്നീട് കോട്ടാർ മെത്രാൻ) ഫാ. ജോൺ മേരി O.C.D., ഫാ. ജോൺ റിബെരോ എന്നിവരും പുനരൈക്യത്തിനുവേണ്ടി പൊതുവായും മാർ ഈവാനിയോസു തിരുമേനിക്കും അനുയായികൾക്കുംവേണ്ടി പ്രത്യേകമായും പ്രയത്നിച്ചിട്ടുള്ളവരുടെ മുൻപന്തിയിലാണ്. യാക്കോബായക്കാരുടെ പുനരൈക്യത്തിനുവേണ്ടി 1914-ൽ ബൻസിഗർ തിരുമേനി കററാനത്ത് തിരുഹൃദയമിഷ്യൻ ആരംഭിച്ചു. 1916-ൽ ആന്നിയിൽ (വീട്ടിനാൽ) ബ. നൈനാച്ചനും ബന്ധുക്കളും കത്തോലിക്കസഭയുമായി പുനരൈക്യപ്പെട്ടു. അധികം താമസിയാതെ, വള്ളിക്കുന്നത്തുനിന്നും 17 കുടുംബങ്ങളും ചാരുമ്മൂട്ടിൽനിന്നും 12 കുടുംബങ്ങളും കത്തോലിക്കാസഭയിൽ പ്രവേശിച്ചു. 1922-ൽ കുടശ്ശനാട്ടു കൊററം പള്ളിയിൽ മെല്പ്പുറമ്പിൽ ബ. ജയിക്കബെച്ചനും കുടുംബവും മററു രണ്ടു കുടുംബങ്ങളും പുനരൈക്യപ്പെട്ടു. തുടർന്ന് കൊററം പള്ളിയിൽനിന്നും അഞ്ചു കുടുംബങ്ങൾകൂടി സഭാപ്രവേശനം നടത്തി. ഫാ. അബ്രാഹം തരകൻ ബൻസിഗർ തിരുമേനിയിൽനിന്നാണ് വൈദികപട്ടം സ്വീകരിച്ചത്.

ഫാ. ജോൺ മേരി O. C. D. യുടെ ശ്രമഫലമായി കത്തോലിക്കാസഭയെ ആശ്ലേഷിച്ചിട്ടുള്ള വൈദികരാണ്, പത്തനംതിട്ട പീടികയിൽ ബ. ഗീവറുഗീസച്ചൻ, കൊട്ടാരക്കര തെക്കേടത്തു ബ. സഖറിയാസച്ചൻ, ഇലന്തൂർ പതാപിൽ ബ. എ. കെ. തോമസച്ചൻ, അഞ്ചൽ ചങ്ങരപ്പള്ളി ബ. സി. കെ. മത്തായി അച്ചൻ (കൊല്ലം ഫാത്തിമാ കോളേജിന്റെ

www.malankaralibrary.com

പ്രിൻസിപ്പലായിരുന്ന ഫാ. സി. എം. ജോർജ്ജിന്റെ പിതാവ്) 1929-ൽ ബിഷപ്പ് ബൻസിഗറിൽനിന്നും വൈദികപട്ടം സ്വീകരിച്ച ഫാ. വി. റ്റി. തോമസ് എന്നിവർ. കൊല്ലംരൂപതയിലും മററു രൂപതകളിലും പുനരൈക്യപ്പെട്ടവരെ മലങ്കര കത്തോലിക്കാരൂപതകളിലേയ്ക്കു കൈമാറുന്ന കല്പന 1955-ൽ റോമിൽനിന്നുംവന്നു. ''ഈ ഡിക്രിപ്രകാരം 10,000 പുനരൈക്യപ്പെട്ട യാക്കോബായക്കാരും 9 വൈദികരും ഉണ്ടായിരുന്നു – കൊല്ലംരൂപത മലങ്കരരൂപതയ്ക്കു കൈമാറുവാൻ''4.

ഫാ. സിറിൽ മോത്താ ഒരു ഇഛാഭംഗംകൂടെ രേഖപ്പെടുത്തുന്നു. ''1980 ഡിസംബറിൽ പുനരൈക്യസുവർണ്ണജൂബിലി കോട്ടയത്തുവച്ച് അത്യന്തം ആർഭാടപുരസ്സരം കൊണ്ടാടുകയുണ്ടായി. ഇതിൽ ശ്രദ്ധേയമായിട്ടുള്ളതു് മാർ ഗ്രിഗോറിയോസാകട്ടെ, മററു പ്രധാനപ്പെട്ട പ്രസംഗകരാകട്ടെ ആരുംതന്നെ ഒന്നും പറഞ്ഞിട്ടില്ല, നിശ്ശബ്ദമായും എന്നാൽ സുശക്തമായും പ്രവർത്തിച്ച് വൈദികമേലദ്ധ്യക്ഷന്മാരെയും ജനനേതാക്കളേയും കത്തോലിക്കൈക്യത്തിലേയ്ക്കു കൂട്ടിക്കൊണ്ടുവന്ന സാക്ഷാൽ പുനരൈക്യവിധാതാവായ ബിഷപ്പ് ബൻസിഗറിനെക്കുറിച്ച്''5. അസ്ഥാനസ്ഥിതമായ ഇഛയോ? അധഃസ്ഥിതമായ ഭംഗമോ?

---

4. ഫാ. സിറിൽ മോത്താ, ആർച്ചു ബിഷപ്പ് ബൻസിഗർ, 1983, P. 65.

5. Ibid P. 61.

www.malankaralibrary.com

# മുപ്പത്തൊൻപതാം അദ്ധ്യായം

## വിജയമണിഞ്ഞ പുനരൈക്യശ്രമത്തിന്റെ പൂർണ്ണിമ

ഇരുപതാം നൂററാണ്ടിന്റെ ആദ്യദശകങ്ങളിൽ മദ്ധ്യ തിരുവിതാംകൂറിൽ പലയിടങ്ങളിലും, വേർപെട്ടുപോയ യാക്കോബായ–മാർത്തോമ്മാ സഭാംഗങ്ങൾക്കിടയിൽ പുനരൈക്യത്തിനുള്ള കാര്യമായ ശ്രമങ്ങൾ നടന്നതായി മുകളിൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. വ്യക്തിനിഷ്ഠവും കുടുംബത്തോടെയുമുള്ള പുനരൈക്യങ്ങൾ പ്രായേണ ആത്മാർത്ഥവും ത്യാഗപൂർവ്വവും ആയിരുന്നു. എന്നാൽ സഭാതലത്തിലെ ഔദ്യോഗികമായ പുനരൈക്യശ്രമങ്ങളെ സംബന്ധിച്ചിടത്തോളം, അവ സാഹചര്യബദ്ധമായിരുന്നുവെന്നുവേണം പറയുവാൻ. അതിന്റെ കാരണം, ഔദ്യോഗികമായ പുനരൈക്യശ്രമങ്ങൾ നടന്നപ്പോഴെല്ലാം, അതിന്റെ പിന്നിൽ യാക്കോബായ സഭയിൽ കൊടുമ്പിരിക്കൊണ്ടിരുന്ന സമുദായ വഴക്കുകളുമുണ്ടായിരുന്നു. പുനരൈക്യാഭിലാഷം തിളച്ചുപൊങ്ങിയപ്പോഴെല്ലാം അതിനു് വീറും ചൂടും നല്കിയിരുന്നതു് ബാവാ–മെത്രാൻ വഴക്കുകളാണു്. ഈ വഴക്കുകൾ കെട്ടടങ്ങുമ്പോൾ പുനരൈക്യശ്രമങ്ങളുടെ ചൂടും അവസാനിക്കുകയായിരുന്നു പതിവു്. ഈ അടുത്ത കാലത്തു് ഓർത്തഡോക്സ് സഭയിലെ കാതോലിക്കോസും ഏതാനും മെത്രാന്മാരും റോമിൽപോയി മാർപ്പാപ്പായെ സന്ദർശിച്ചു്, സംഭാഷണങ്ങൾ നടത്തുകയും ഏതാനും ദിവസം അവിടെ താമസിക്കുകയും ചെയ്തതായി റിപ്പോർട്ടുണ്ടായിരുന്നു. അതു് പുനരൈക്യശ്രമങ്ങളെക്കാൾ ഓർത്തഡോക്സ് സഭയുടെ ഭാവിക്കുവേണ്ടിയുള്ള മുൻകരുതൽ എന്നേ കരുതേണ്ടതുള്ളു.

ഇവയിൽനിന്നെല്ലാം വളരെ വ്യത്യസ്തമായിരുന്നു, മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടേയും അനുയായികളുടേയും പുനരൈക്യശ്രമങ്ങൾ. കാതോലിക്കോസ് ഉൾപ്പെടുന്ന മെത്രാന്മാരാണു് കത്തോലിക്കാസഭയുമായി പുനരൈക്യപ്പെടുവാനുള്ള നീക്കങ്ങൾ ആരംഭിച്ചതു്. 1926 നവംബറിലും, 1927 ജനവരിയിലും ഈ ഓർത്തഡോക്സ് മെത്രാന്മാർ പുന

www.malankaralibrary.com

വിജയമണിഞ്ഞ പുനരൈക്യ സാരഥി



മാർ ഈവാനിയോസ് മെത്രാപ്പോലീത്താ
തിരുവനന്തപുരം അതിരൂപതാദ്ധ്യക്ഷൻ

www.malankaralibrary.com

രൈക്യത്തിനുവേണ്ടിയുള്ള അപേക്ഷകൾ റോമിൽ സമപ്പിക്കുകയുണ്ടായി. എന്നാൽ അന്നു് മെത്രാൻകക്ഷിക്കു ഹാനികരമായിരുന്നുവെന്നു് ഭയപ്പെട്ടിരുന്ന കോടതിവിധി അവക്കു് അനുകൂലമായി വന്നപ്പോൾ പുനരൈക്യത്തിനുള്ള ചൂടും ആറിത്തണുത്തു. അതോടെ പുനരൈക്യത്തിനു് നേതൃത്വം നല്കിയിരുന്ന യാക്കോബായ മെത്രാന്മാരിൽ, മാർ ഈവാനിയോസു് ഒഴികെയുള്ളവർ പിന്മാറി. എന്നാൽ കോടതിവിധികളൊന്നും കണക്കിലെടുക്കാതെ, പുനരൈക്യത്തിനുവേണ്ടിയുള്ള നിശ്ചയത്തിലും അതിനുള്ള ശ്രമങ്ങളിലും ഉറച്ചുനിന്നു് അതിനെ പ്രാവത്തികമാക്കാൻ ശ്രമിച്ചതു് മാർ ഈവാനിയോസു് മെത്രാപ്പോലീത്താ ആയിരുന്നു. ദീർഘകാലപഠനംകൊണ്ടു ലഭിച്ച ഏകസഭയെപ്പററിയുള്ള ആഴമേറിയ ബോദ്ധ്യവും ദീർഘാലോചനയ്ക്കുശേഷമെടുത്ത നിശ്ചയത്തിൽ ഉലയാതെ ഉറച്ചുനില്ക്കുവാനുള്ള ക്ഷാത്രവീര്യവും സവ്വോപരി, തൻെറ അമ്മയായ അന്നമ്മയിൽനിന്നു ലഭിച്ച ദൈവാശ്രയശീലവും ആയിരുന്നു, ആത്യന്തികാപഗ്രഥനത്തിൽ മാർ ഈവാനിയോസിൽ കാണുന്ന മൂന്നു് മൗലിക സവിശേഷതകൾ. വിജയമണിഞ്ഞ പുനരൈക്യശ്രമങ്ങളുടെ ജീവനാഡിയായിരുന്നു മാർ ഈവാനിയോസ്. അദ്ദേഹത്തിൻെറ നേതൃത്വം സ്വീകരിച്ച മാർ തിയോഫിലോസും സന്യാസിനിസന്യാസിമാരും വൈദികരും അൽമായപ്രമുഖരും പുനരൈക്യത്തിൻെറ മൂലബിന്ദുവിൽ ഉൾപ്പെടും. സംയുക്തരും വിയുക്തരും ആയ മാർത്തോമ്മാ ക്രിസ്ത്യൻ വിഭാഗങ്ങളുടെ, ഏതാണ്ടു് മുന്നൂറുകൊല്ലത്തെ പുനരൈക്യശ്രമങ്ങൾ ഫലപ്രാപ്തിയിലെത്തുന്നതു് മാർ ഈവാനിയോസിൻെറ നേതൃത്വത്തിലാണെന്നതു്, അദ്ദേഹത്തെ സഭാചരിത്രത്തിൽ ശാശ്വതസ്മരണയ്ക്കർഹനായ മഹാപുരുഷനാക്കിത്തീക്കുന്നു.

## മാർ ഈവാനിയോസ്–(പ്രവചിതൻ) (?)

മഹാപുരുഷന്മാരെപ്പററി പ്രവചിതരെന്നും പ്രതീക്ഷിതരെന്നും പ്രതിഷ്ഠിതരെന്നും വിശേഷിപ്പിക്കാറുണ്ടു്. പ്രവചിക്കപ്പെട്ടവരിൽ നിസ്തുലനായവൻ ക്രിസ്തുനാഥൻതന്നെ. ക്രിസ്തുവിൻെറ അമ്മയായ കന്യകമറിയത്തേയും മുന്നോടിയായ യോഹന്നാനെയുംപററി പ്രവചനങ്ങളുണ്ടായിട്ടുണ്ടു്. ദൈവപരിപാലനയിൽ വിശ്വസിക്കുന്നവർക്കു്, അത്യാപത്തുകളിലും അതിക്ലേശങ്ങളിലും ദൈവത്തിൻെറ കരുത്തുള്ള കരം പ്രത്യക്ഷപ്പെടുമെന്നു് ആശയും പ്രതീക്ഷയും ഉണ്ടു്. ഇതിനു്



www.malankaralibrary.com

പ്രവചനത്തിൻെറ ഏതാണ്ടൊരു നിദാനം കാണുവാൻ കഴിയുമെന്നു തോന്നുന്നു. ലോകത്തിൽ അധർമ്മങ്ങൾ ദുസ്സഹമായിത്തീരുമ്പോൾ ഈശ്വരൻ അവതരിക്കുമെന്നു് ഗീതയിൽ പറയുന്നു. ഇങ്ങനെ വ്യാപകമായ അർത്ഥം പ്രവചനത്തിനുണ്ടെന്നു വേണമെങ്കിൽ പറയാം. പ്രവചനം എപ്പോഴും പ്രസ്പഷ്ടവും പ്രത്യക്ഷവും ലളിതവും ആയിരിക്കണമെന്നില്ലല്ലോ. രൂപകാലങ്കാരത്തിലോ ലാക്ഷണികമായ ഭാവാർത്ഥത്തിലോ ഒക്കെ പ്രവചനം കണ്ടു എന്നു വരാം. വേദപുസ്തകത്തിൽത്തന്നെ ഇതിനു് ധാരാളം ദൃഷ്ടാന്തങ്ങൾ ഉണ്ടു്.

പ്രവചിക്കപ്പെട്ടവനല്ലെങ്കിൽത്തന്നെയും മംഗളസൂചനകളുടെ സംഗമം ഉണ്ടാകുമ്പോൾ അതിനു് പ്രവചനത്തിൻെറ പ്രതീതിയുണ്ടാകാം. മാർ ഈവാനിയോസ് ജനിച്ചതു് 1882–ലെ മാതാവിൻെറ ജനനത്തിരുനാളിൽ; ശെമ്മാശുപട്ടം സ്വീകരിച്ചതു് 1900–ലെ മാതാവിൻെറ പുകഴ്ച്ചയുടെ തിരുനാളിൽ; വൈദികനായതു് 1908–ലെ മാതാവിൻെറ സ്വർഗ്ഗാരോപണത്തിരുനാളിൽ; നിര്യാതനാകുന്നതു് 1953–ലെ കർമ്മലമാതാവിൻെറ തിരുനാളിൽ; ജനിച്ച കുടുംബമോ മാതാവിനോടു് ഭക്തിയുള്ളതു്: പാലൂട്ടിവളർത്തിയ അമ്മ, മാതാവിനോടു് തീക്ഷ്ണഭക്തിയുള്ളവൾ: ഇവയെല്ലാം ആകസ്മികമായിരുന്നോ?

മാർ ഈവാനിയോസ് തിരുമേനിയുടെ അമ്മ, അന്നമ്മ ദിവ്യപ്രേരണയാലെന്നപോലെ അസാധാരണ വീക്ഷണമുള്ള ഒരു സാദ്ധ്വിയായിരുന്നു. തമിഴും ചരിത്രവും കണക്കും പഠിപ്പിച്ചിരുന്ന സമർത്ഥനായ ഒരു നാട്ടാശാൻെറ ഏക സന്താനമായിരുന്നു അന്നമ്മ. തന്മൂലമായിരിക്കണം, ഗ്രന്ഥപാരായണത്തിൽ അന്നമ്മയ്ക്കു് വളരെ താല്പര്യമുണ്ടായിരുന്നതു് എന്നു് മാർ ഈവാനിയോസിൻെറ ജീവചരിത്രമെഴുതിയ മിസ് മാർഗരററ് ഗിബ്ബൺസ് പറയുന്നതു്. സഭാചരിത്രത്തിലും അവർക്കു് വിശദമായ ജ്ഞാനമുണ്ടായിരുന്നു. മിസ് മാർഗരററു് ഗിബ്ബൺസ് പറയുന്നു: അന്നമ്മ തൻെറ കൊച്ചുമകൻ കീവച്ചനോടു് പറഞ്ഞതിപ്രകാരമാണു്–"കൂനൻകുരിശിനു് മുൻപു് സുറിയാനിക്കാരായ നമ്മളെല്ലാം ഒരു സഭയിൽപ്പെട്ടവരായിരുന്നു. അന്നു് സഭയെ ഭരിച്ചിരുന്നതു് റോമിൽനിന്നാണു്[1]". പുനരൈക്യമെന്ന ആശയംതന്നെ തൻെറ അമ്മയിൽനിന്നു്

1. Mis Margaret Gibbons: Mar Ivanios, 196 P2–. 4.

www.malankaralibrary.com

കിട്ടിയതാണെന്നു് മാർ ഈവാനിയോസ് പറയുമായിരുന്നെന്നു് ഫാ. ഇഞ്ചയ്ക്കലോടി പ്രസ്താവിക്കുന്നു2. അതിനുള്ള ഒരു സാക്ഷ്യവും അദ്ദേഹത്തിൻെറ പുസ്തകത്തിൽ കൊടുത്തിട്ടുണ്ടു്.

മാവേലിക്കര ഒരു ലത്തീൻപള്ളിയുണ്ടായിരുന്നു. തിരുമേനി ബാലനായിരുന്നപ്പോഠം, ചികിത്സയ്ക്കൊന്നും വഴങ്ങാത്ത രോഗവുമായി അദ്ദേഹത്തിൻെറ സഹോദരി കിടപ്പിലായി. ആ സഹോദരിക്കുവേണ്ടി കൊച്ചു കീവർച്ചനും (ബാലനായ മാർ ഈവാനിയോസും) അമ്മയുംകൂടി മാവേലിക്കരയുള്ള ലത്തീൻപള്ളിയിൽ കയറി പ്രാർത്ഥിച്ചു. കത്തോലിക്കാദൈവാലയത്തിൻെറ അന്തരീക്ഷത്തിൽ ദിവ്യാനുഭൂതി നേടിയ അമ്മ, വീട്ടിലേയ്ക്കു് മടങ്ങുമ്പോഠം മകനോടു് പറയുകയാണു്—''മകനേ, സാക്ഷാൽ പള്ളി അതാണു്. നമുക്കും ആ പള്ളിയിൽ ചേരണം'' – ആ പിഞ്ചുബാലനോടു് അമ്മ പറഞ്ഞ വാക്കുകഠം ഒരു ആഗ്രഹത്തേയും നിർദ്ദേശത്തേയുംകാഠം ഒരു പ്രവചനമായിരുന്നു. നാല്പതുവഷത്തെ തീത്ഥയാത്രയ്ക്കു ശേഷം അമ്മയും മകനും ''സാക്ഷാൽ പള്ളിയിൽ'' എത്തിച്ചേർന്നു. അമ്മയുടെ കൈയ്ക്കുപിടിച്ചു് ലത്തീൻ പള്ളിയിൽ പ്രവേശിച്ച മകനും, മകൻെറ കൈയ്ക്കുപിടിച്ചു്, നാല്പതു വഷത്തെ തീത്ഥാടനം നടത്തിയ അമ്മയും, 1930–ൽ കത്തോലിക്കാപ്പള്ളിയിലെ അംഗങ്ങളായി.

ഇതൊരസാധാരണ സംഭവമായി തോന്നുന്നു. ലത്തീൻ പള്ളികളെ ''പറങ്കിപള്ളി''കളെന്നാണു് സുറിയാനിക്കാർ വിളിച്ചുപോന്നിരുന്നതു്. ഇടവകാംഗങ്ങഠം അധികവും മത്സ്യബന്ധനത്തിലേർപ്പെട്ടിരുന്നവരുമായിരുന്നു. പൂർവ്വശതകങ്ങളിൽ ലത്തീൻ പള്ളികഠം സുറിയാനിക്കാക്കു് അയിത്തമായിരുന്നുവെന്നു് ചരിത്രകാരനായ ഫ്രാൻസിസ് ഡേ പറയുന്നുണ്ടു്. മാർ ഈവാനിയോസിൻെറ അമ്മയായ അന്നമ്മ തൻെറ പിഞ്ചുമകനോടുകൂടി ലത്തീൻപള്ളിയിൽ പ്രാത്ഥിക്കുവാൻ കയറിയതും മകനു് പുനരൈക്യത്തിനുള്ള ഉപദേശം കൊടുത്തതും അത്ഭുതകരമായി തോന്നുന്നു. അമ്മയുടെ ഉപദേശമാണു് മകനു് പത്രോസിൻെറ വഞ്ചിയിൽ കയറുവാൻ വഴിയൊരുക്കിയതു്.

2. Vol. I Page 31.

www.malankaralibrary.com

## വഴുവാടിക്ക് ദൂരം ഒരു മൈൽ, റോമായ്ക്ക് ദൂരം നാല്പതു വർഷം

ദേശവാചിയായി ദൂരം നാഴികകണക്കിൽ പറയുന്ന നമുക്കു്, നാല്പതു വഷം ദുർഗ്രഹമാകുവാനിടയില്ല. 1895–ൽ, പുലിക്കോട്ടു് ദിവന്നാസ്യോസ് തിരുമേനി മാവേലിക്കര പുതിയകാവ് പള്ളിയിൽ എഴുന്നള്ളിയിരുന്നു. രാത്രിസമയം; എല്ലാററിനേയും കിടുകിടെ വിറപ്പിച്ചുകൊണ്ടുള്ള കൊടു കാററു്; തുമ്പിക്കൈ വണ്ണത്തിൽ തോരാതെ പെയ്യുന്ന മഴ, അപ്പപ്പോഠം വെട്ടിത്തെളിയുന്ന മിന്നലൊളി ഇരുട്ടിനെ കൂടുതൽ ഭീകരമാക്കുന്നു. ദിവന്നാസ്യോസ് തിരുമേനിയുടെ ചുററും പുതിയകാവിലെ ധാരാളം പ്രമാണികളും യുവാക്കളും കൂടിയിട്ടുണ്ടു്. പുലിക്കോട്ടു് തിരുമേനി ചോദിച്ചു–"വഴവാടിക്കു് എന്തുദൂരം?" കൂടിയിരുന്നവർ ആകാംക്ഷയോടെ പറഞ്ഞു–"ഒരു മൈൽ". തിരുമേനി തുടന്നു, "നമുക്കൊരത്യാവശ്യകാര്യം. വീട്ടിനാൽ അച്ചനെ ഉടനെ കാണണം. ആരുണ്ടു്, പോയി വിളിച്ചുകൊണ്ടുവരാൻ?" തിരുമേനിയുടെ ചുററും തിങ്ങിക്കൂടിയിരുന്നവർ ഓരോരുത്തരായി തലതാഴ്ത്തി പിന്നോക്കം വലിഞ്ഞു. കുറേ നേരത്തേക്കു് ആരും ഒന്നും സംസാരിച്ചില്ല. അപ്പോഴാണു്, ഒരു ബാലൻ മുന്നോട്ടു് കടന്നു വന്നു് തിരുമേനിയോടു് ഉണർത്തിച്ചതു്, "അടിയൻ പോകാം". അതു നാലാം ഫാറത്തിൽ പഠിക്കുന്ന പി. ടി. ജോർജ്ജായിരുന്നു—പിന്നീടു് പി. ടി. ഗീവർഗീസും, എം. എ. അച്ചനും, ആബോ ഗീവർഗീസും ബഥനി മെത്രാപ്പോലീത്താ മാർ ഈവാനിയോസും. പി. ടി. ജോർജ്ജ് ആ കൂരിരുട്ടത്തു് പോയി വീട്ടിനാൽ അച്ചനേയുംകൂട്ടിക്കൊണ്ടു് പുലിക്കോട്ടു് മാർ ദിവന്നാസ്യോസിൻെറയടുക്കൽ വന്നു. മാത്തോമ്മാസഭകളുടെ പുനരൈക്യം അതിയായി ആഗ്രഹിക്കുകയും അതിനുവേണ്ടി ശ്രമിക്കുകയും ചെയ്ത ഒരാളാണു് പുലിക്കോട്ടു് മാർ ദിവന്നാസ്യോസ്. എന്നാൽ അതും മററുപലതുംപോലെ സാഹചര്യബദ്ധമായിരുന്നു, എന്നുപറഞ്ഞാൽ കോടതിവിധികളിലെ ജയാപജയങ്ങളെ ആശ്രയിച്ചു്. അതുകൊണ്ടു് തൻെറ അഭിലാഷം സഫലീകരിക്കാൻ അദ്ദേഹത്തിനു് കഴിഞ്ഞില്ല. അതു് സാധിച്ചതു് കൂരിരുട്ടിലും പേമാരിയിലും വഴവാടിക്കു പോയ പി. ടി. ജോർജ്ജിനാണു്–നാല്പതു വഷത്തിനുശേഷം.

ഇതു് മാർ ഈവാനിയോസിൻെറ ജീവിതത്തിലെ നിർണ്ണായക സംഭവമായിരുന്നു. പി. ടി. ജോർജ്ജിൻെറ അസാ

www.malankaralibrary.com

ധാരണമായ ധീരതകണ്ടു് മാർ ദിവന്നാസ്യോസ് അതീവ സന്തുഷ്ടനായി. 1898 ജനുവരിയിൽ ദിവന്നാസ്യോസ് തിരുമേനി അദ്ദേഹത്തെ എം. ഡി. സെമിനാരിയിൽ ചേർക്കണമെന്നു് നിർദ്ദേശിച്ചു. അതനുസരിച്ചു് എം. ഡി. സെമിനാരിയിൽ ചേർക്കുകയും മാർ ദിവന്നാസ്യോസിൻെറ താത്പര്യമനുസരിച്ചു് ജോർജ്ജ് എന്ന പേരുമാററി ഗീവർഗീസ് എന്നാക്കുകയും ചെയ്തു. എം. ഡി. സെമിനാരിയിലെ വിദ്യാഭ്യാസശേഷം പുലിക്കോട്ടു് മാർ ദിവന്നാസ്യോസിൻെറ ആഗ്രഹമനുസരിച്ചാണു്, പി. ടി. ഗീവർഗീസ് സി. എം. എസ്. കോളേജിലും മദ്രാസ് ക്രിസ്ത്യൻ കോളേജിലും പഠിക്കുവാൻ പോയതു്.

മാവേലിക്കരയിലെ കളരിപ്പയററുകാരായ മല്ലിട്ടിപ്പണിക്കരുടെ ജന്മസിദ്ധമായ ക്ഷാത്രവീര്യമാണു് ഈ ബാലൻ (പി. ടി. ഗീവർഗീസ്) പ്രകടിപ്പിച്ച ധീരോദാത്തതയുടെ രഹസ്യം. അമ്മയിൽനിന്നു് ആത്മീയവും ബൌദ്ധികവുമായ ഗുണങ്ങളാണു് കിട്ടിയതെങ്കിൽ, അപ്പനിൽനിന്നു് ലഭിച്ചതു് ക്ഷാത്രഗുണങ്ങളായിരുന്നു. മാർ ഈവാനിയോസ് തിരുമേനിയുടെ പിതാവു്, തോമ്മാ പണിക്കർ 94-ാം വയസ്സിലാണു് മരിച്ചതു്. നവതി കഴിഞ്ഞ വയോവൃദ്ധനായിട്ടും, അദ്ദേഹത്തിൻെറ ആജ്ഞാശക്തി അധൃഷ്യമായിരുന്നു. അന്നും അദ്ദേഹത്തിൻെറ ശബ്ദത്തിനു് സിംഹഗർജ്ജനംപോലുള്ള മുഴക്കമുണ്ടായിരുന്നതു്. നേതൃത്വത്തിൻേറയും നായകത്വത്തിൻേറയും പാരമ്പര്യസിദ്ധമായ പ്രതിദ്ധ്വനിയായിരുന്നു അതു്.

## ദിവ്യ ശ്രീ തര്യതു സ്കറിയ കത്തനാർ

ഫാ. തോമസ് ഇഞ്ചയ്ക്കലോടിയുടെ ഗ്രന്ഥത്തിൽ മാർ ഈവാനിയോസിൻെറ പിതൃസഹോദരനായ തര്യതു സ്കറിയാ കത്തനാരേപ്പററി പ്രസ്താവിച്ചിട്ടുള്ള ഭാഗം മൂന്നു വാചകത്തിൽ മാത്രം ഉൾക്കൊള്ളിച്ചുള്ളതാണു്[3]. രേഖകളുടെ ദൗർലഭ്യംകൊണ്ടു് അതു് ചുരുക്കിയതാണെങ്കിലും മാർ ഈവാനിയോസിൻെറ പിതൃവ്യൻെറ സ്വാധീനം അദ്ദേഹത്തിൻെറ വൈദികജീവിതത്തിൽ വളരെയുണ്ടായിരുന്നുവെന്നു് ചിന്തിക്കുവാനുള്ള സാഹചര്യമാണു് കാണുന്നതു്.

3. Vol. I, Page 26.

www.malankaralibrary.com

സ്കറിയാ കത്തനാർ ഒരു ബ്രഹ്മചാരിയായിരുന്നു. യാക്കോബായക്കാരുടെയിടയിൽ ഇതൊരു വിരളമായ പ്രതിഭാസം തന്നെ. പോർട്ടുഗീസുകാർ വരുന്നതിനുമുൻപ് പൌരസ്ത്യ സഭകളുടെ വഴക്കമനുസരിച്ച്, കേരളസഭയിലെ വൈദികരധികവും വിവാഹം ചെയ്തിരുന്നു. പോർട്ടുഗീസുകാർ അത് നിർത്തലാക്കി. വിദേശിയരായ യാക്കോബായ മെത്രാന്മാർ കേരളത്തിൽ വന്നപ്പോൾ, അവർ വൈദികരെ വിവാഹം കഴിക്കുവാൻ നിർബ്ബന്ധിച്ചു. വിവാഹം കഴിക്കാതിരിക്കണമെങ്കിൽ, യാക്കോബായ വൈദികക്ക്, പാത്രിയർക്കീസിന്റെ പ്രത്യേക അനുവാദം വേണ്ടിയിരുന്നു. പുറകേവന്ന പ്രോട്ടസ്റ്റന്റു മിഷ്നറിമാർ ഉദാരമായ പാരിതോഷികം കൊടുത്താണ് യാക്കോബായ വൈദികരെ വിവാഹം കഴിക്കുവാൻ പ്രേരിപ്പിച്ചതു്. എങ്കിലും, സുവിശേഷത്തിലെ ക്രിസ്തുവിന്റെ മാതൃക, കേരളസഭയിലെ പല കുടുംബങ്ങളിലേയും വൈദികക്ക് ഒരാദർശവും പാരമ്പര്യവുമായിരുന്നു. യാക്കോബായക്കാരുടെ പല പുരാതന കുടുംബങ്ങളിലും അതിന്നും നിലനിന്നു പോരുന്നു. ഇങ്ങനെയായിരിക്കണം സ്കറിയാ കത്തനാർ ബ്രഹ്മചാരിയായതു്. തന്റെ പിതൃവ്യന്റെ ആദർശപരമായ മാതൃക പി. ടി. ഗീവർഗീസിനെയും പ്രചോദിപ്പിച്ചിരിക്കണം. അതിന്, അമ്മ അന്നമ്മയുടെ പ്രോത്സാഹനവുമുണ്ടായിരുന്നു.

പുലിക്കോട്ട് മാർ ദീവന്നാസ്യോസ്, പി. ടി. ഗീവർഗീസിനെ വൈദികപദത്തിന് തിരഞ്ഞെടുത്തു് കോട്ടയത്തിനയച്ചതു്, ആ കുടുംബത്തിലെ വൈദികശൃംഖലയുടെ, പ്രത്യേകിച്ച് ബ്രഹ്മചര്യത്തിന്റെ പിന്തുടർച്ചക്കാരനായിട്ടായിരുന്നു. ഇതു് സ്വാഭാവികമായും പി. ടി. ഗീവർഗീസിനോട് പ്രത്യേക പരിഗണനയും സ്നേഹവാത്സല്യങ്ങളും ഉണ്ടാകുവാൻ പിതൃവ്യനായ സ്കറിയ കത്തനാരെ പ്രേരിപ്പിച്ചിരിക്കണം. തന്റെ അനന്തരവന്റെ വിദ്യാഭ്യാസത്തിലും സ്വഭാവരൂപവൽക്കരണത്തിലും സ്കറിയാ കത്തനാർ അതീവ ശ്രദ്ധാലുവായിരുന്നുവെന്നു് വിചാരിക്കേണ്ടിയിരിക്കുന്നു. കോട്ടയത്തു് പഠനം നടത്തിയിരുന്ന പി. ടി. ഗീവർഗീസ് അവധിക്കാലത്തു് ചുരുക്കമായേ വീട്ടിൽ വന്നിരുന്നുള്ളു. എങ്കിലും, മാവേലിക്കര ചെന്നാൽ, കൂടുതൽ സമയം തന്റെ പിതൃവ്യനോടു കൂടി കഴിച്ചുകൂട്ടുകയും അദ്ദേഹത്തിന്റെ ഉപദേശങ്ങൾ ശ്രദ്ധിക്കുകയും ചെയ്തിരുന്നതു് സ്വാഭാവികമാണ്. കുടുംബപരമായ

www.malankaralibrary.com

ഗാഢബന്ധവും സഹവാസവും പി. ടി. ഗീവർഗീസ് ശെമ്മാശ്ശന്റെ ഭാവിയെ കരുപ്പിടിപ്പിക്കുന്നതിൽ സ്ലീബാ കത്തനാർക്ക് പ്രേരകമായിരുന്നു.

## മാർ ഈവാനിയോസ്–പ്രതീക്ഷിതൻ

മുന്നൂറു കൊല്ലങ്ങളായുള്ള തീക്ഷ്ണമായ ആഗ്രഹമായിരുന്നു മാർത്തോമ്മാ സമുദായം ഒന്നിച്ച് അതിന്റെ മൂലകുടുംബവുമായി യോജിക്കുകയെന്നുള്ളത്. അതിനുള്ള ശ്രമങ്ങളെല്ലാം വിഫലമായ ചരിത്രമാണ് ഇതിനുമുമ്പ് പ്രതിപാദിച്ചിട്ടുള്ളത്, വിഫലമാകുമ്പോഴും ജനഹൃദയങ്ങളിൽനിന്നുയർന്നിരുന്ന ചോദ്യം, പുനരൈക്യം നേടിത്തരുന്ന ആ നേതാവ് ഇനി എന്നു വരുമെന്നായിരുന്നു. എന്നാൽ സമുദായം മുഴുവൻ, സംയോജിതരും വിയോജിതരും, ഭിന്നിച്ചുപോയ സഭകളെ ഒന്നിപ്പിക്കുവാൻ ജന്മമെടുക്കുന്ന ആ നേതാവിനുവേണ്ടി കൂപ്പുകൈകളോടെ പ്രാർത്ഥിച്ചു കാത്തിരുന്നു. ഇരുപതാം നൂററാണ്ടിലെ ഒററതിരിഞ്ഞുള്ള പുനരൈക്യശ്രമങ്ങളെ ഏകീകരിക്കുവാനും സാന്ദ്രമാക്കുവാനും ഒരു നേതാവിന്റെ ആവശ്യമുണ്ടായിരുന്നു. നിയുക്തസാഹചര്യങ്ങൾക്കു മാത്രമേ അങ്ങനെയൊരു നേതാവിനെ നൽകുവാൻ സാധിക്കൂ എന്ന് ജനസഹസ്രങ്ങൾ വിശ്വസിച്ചിരുന്നു. പി. ടി. ഗീവർഗീസ് അച്ചൻ എം. ഡി. സെമിനാരിയുടെ (1908–1913) പ്രിൻസിപ്പലായും സമുദായകാര്യങ്ങളിൽ ബദ്ധശ്രദ്ധനായും ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്തുകൊണ്ടിരുന്ന കാലമായിരുന്നു അത്. അദ്ദേഹത്തിന്റേയും യാക്കോബായയിലെ മററനേകം നേതാക്കന്മാരുടേയും ഏക ആഗ്രഹം സഭയിലെ വഴക്കുകൾ അവസാനിപ്പിച്ച് ആദ്ധ്യാത്മികമായ പുരോഗതിക്ക് വഴിയൊരുക്കണമെന്നതായിരുന്നു. ഫാ. പി. ടി. ഗീവർഗീസ് ജന്മസിദ്ധവും കർമ്മസിദ്ധവുമായ ഗുണങ്ങൾകൊണ്ട് സമുദായത്തിന്റെ നേതൃസ്ഥാനത്തെത്തിയ ആളാണ്. അദ്ദേഹവും തലപുകഞ്ഞാലോചിച്ചതു് യാക്കോബായ സഭയിലെ സമാധാനത്തെപ്പററി ആയിരുന്നു. അദ്ദേഹം അരയും തലയും മുറുക്കി രംഗത്തിറങ്ങി സമാധാനത്തിനുവേണ്ടിയുള്ള ആയോധനങ്ങളിൽ പങ്കുകൊണ്ടു. എന്നാൽ യാക്കോബായസഭയിലെ സമാധാനം മരീചികപോലെ മാറിപ്പോകുന്നതായിട്ടാണ് കണ്ടതു്. 1912-ലെ കാതോലിക്കോസ് സ്ഥാപനം എല്ലാ പ്രശ്നങ്ങൾക്കും അറുതിവരുത്തുമെന്ന് വളരെയാളുകൾ വിചാരിച്ചു. എന്നാൽ അതുമുണ്ടായില്ല. സഭയുടെ സമാധാ

www.malankaralibrary.com

നത്തിനുവേണ്ടി അടുക്കുമ്പോൾ അകലുകയും അകലുമ്പോൾ അടുക്കുകയും ചെയ്യുന്ന മൃഗതൃഷ്ണയുടെ പ്രതീതിയാണ് നേതാക്കന്മാർക്ക് അനുഭവപ്പെട്ടിരുന്നത്.

## ഫാ. പി. ടി. ഗീവർഗീസ് സെറാംപൂരിൽ

അമേരിക്കൻ ബാപ്റ്റിസ്റ്റുകാർ നടത്തുന്ന സെറാംപൂർ കോളേജിൽ 1912-ൽ ഒരു ക്രൈസ്തവ ഐക്യസമ്മേളനം നടന്നു. അതിൽ അകത്തോലിക്ക മെത്രാന്മാരുടെ പ്രതിനിധികളും സംബന്ധിച്ചിരുന്നു. വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസിൻെറ പ്രതിനിധിയായിട്ടാണ് ഫാ. പി. ടി. ഗീവർഗീസ് അതിൽ എത്തിയത്. അവിടെ നടന്ന സമ്മേളനത്തിൽ ഫാ. പി. ടി. ഗീവർഗീസ് വഹിച്ച പങ്ക് അതിൻെറ സംവിധായകനായ ഡോ. ഹവ്വൽസിൻേറയും മററുള്ളവരുടേയും പ്രശംസയ്ക്ക് പാത്രമായി. സെറാംപൂർ കോളേജിൽ പ്രിൻസിപ്പലായിരുന്ന ഡോ. ഹവ്വൽസിൻെറ നിർബ്ബന്ധപ്രകാരം, 1913-ൽ ഫാ. പി. ടി. ഗീവർഗീസ് അവിടെ പ്രഫസറായിത്തീർന്നു. ഇത് യാദൃച്ഛികമായിരുന്നെങ്കിലും മാർ ഈവാനിയോസിൻെറ ജീവിതത്തിൽ പല ചിന്താസരണികളും പ്രവർത്തനമേഖലകളും വെട്ടിത്തുറന്ന ഒരു സംഭവമായിരുന്നു. അദ്ദേഹത്തിന് വമ്പിച്ച ഒരു തുക ശമ്പളമായി കിട്ടിയിരുന്നു. അതിനും പുറമേ പരീക്ഷക്കടലാസ്സ് പരിശോധിച്ചും പ്രോട്ടസ്റ്റൻറ് മിഷ്നറിമാരുടെ ദാനമായും ഒരു നല്ല തുകകൂടെ സമ്പാദിക്കുവാൻ കഴിഞ്ഞിരുന്നു. ഈ പണമെല്ലാം അദ്ദേഹം കേരളത്തിൽനിന്ന് സെറാംപൂരിൽ കൊണ്ടുചെന്ന യാക്കോബായ യുവാക്കന്മാരുടെ വിദ്യാഭ്യാസത്തിനാണ് വിനിയോഗിച്ചത്. അക്കൂട്ടത്തിൽ പെട്ടവരാണ്, പിന്നീട് മെത്രാന്മാരായിത്തീർന്ന 6 പേരും, വൈദികരായിത്തീർന്ന 13 പേരും, ഇതുകൂടാതെ അൽമേനികൾ വേറെയുമുണ്ടായിരുന്നു. ഇവയുടെയെല്ലാം ഉദ്ദേശ്യം തൻെറ സഭയുടെ ആത്മീയവും സാമൂഹ്യവുമായ ഉദ്ധാരണവും സമാധാനവുമായിരുന്നു.

ഏതൊരു സമുദായത്തിൻേറയും സുപ്രധാന ഘടകം സ്ത്രീകളാണല്ലോ. അമ്മമാരെന്ന നിലയ്ക്ക് ഭാവിതലമുറയ്ക്കും രൂപം കൊടുക്കുന്നത് സ്ത്രീകളാണ്. ഒരു തലമുറയെ എന്നല്ല സമുദായത്തെ ആകമാനം ഉടച്ചുവാർക്കുവാൻ കഴിയുന്നത് സമർപ്പിത സേവിനികളെന്ന നിലയിൽ കന്യകമാരായ സ്ത്രീകൾക്കാണ്. ലോകത്തിലെ ഏററവും വിപുലമായ കത്തോലിക്കാ

www.malankaralibrary.com

സഭയിൽ വിവിധ പ്രവർത്തനങ്ങൾക്ക് കന്യാസ്ത്രീമാർക്കുള്ള പങ്ക് അളവററതാണ്. ബ. പി. ററി. ഗീവർഗീസച്ചൻ സമുദായസേവനത്തിന് സന്നദ്ധരായ വനിതകളെ കൽക്കട്ടയിലുള്ള ബാരിസോളിൽ കൊണ്ടുപോയി ആംഗ്ലോ-കാത്തലിക് കന്യാസ്ത്രീകളുടെ ഒരു സമൂഹത്തിൽ പരിശീലിപ്പിച്ചു. അതായിരുന്നു ബഥനി കന്യാസ്ത്രീമാരുടെ ആരംഭം. 1920-ൽ പെരിനാട്ടുള്ള മുണ്ടൻമലയിൽ സന്യാസജീവിതത്തിനും സമുദായസേവനത്തിനും സന്നദ്ധരായ യുവാക്കന്മാരെ കൂട്ടിച്ചേർത്ത് ഒരാശ്രമം സ്ഥാപിച്ചു. ഇതു് എം. എ. അച്ചൻ, വാർദ്ധായിലും ശാന്തിനികേതനിലും കണ്ട ഭാരതീയ സംസ്ക്കാരത്തിന്റെ മാതൃകയിലാണ്. ഇതിനകം അദ്ദേഹം കത്തോലിക്കാസഭയിലെ സന്യാസജീവിതം സംബന്ധിച്ച അനേകം ഗ്രന്ഥങ്ങൾ വായിച്ചുകഴിഞ്ഞിരുന്നു. ബാരിസോളിൽ ഉണ്ടായിരുന്ന കന്യാസ്ത്രീമാരെ തിരുമൂലപുരത്തു് അവർക്കുവേണ്ടിയുണ്ടാക്കിയ മഠത്തിൽ കൊണ്ടുവന്നു താമസിപ്പിച്ചു. ഇങ്ങനെ എം. എ. അച്ചന്റെ പ്രസ്ഥാനത്തിൽ സഹകരിക്കുവാൻ തന്റെ ഇടംവലംകൈകളായി രണ്ടു സ്ത്രീപുരുഷസമൂഹങ്ങളെ സമുദായോദ്ധാരണാത്ഥം ഒരുക്കിനിർത്തി. യാക്കോബായ സമുദായത്തിന്റെ ആദ്ധ്യാത്മികവും മാനസികവുമായ പരിവർത്തനത്തിന് പര്യാപ്തമായ വിധമാണ് ഈ രണ്ടു സമൂഹത്തെയും അദ്ദേഹം സജ്ജമാക്കിയതു്. എന്നാൽ ഇവ യാക്കോബായ സഭയുടെ ഭാഗങ്ങളായിത്തീരുന്നപക്ഷം, അവ സഭയുടെ ഛിദ്രങ്ങളിൽപെട്ട് ഛിന്നഭിന്നമാകുമെന്ന് ബോദ്ധ്യമായിരുന്നതിനാൽ, ബഥനിപ്രസ്ഥാനത്തെ സഭാധികാരികളുടേയും സമുദായനേതാക്കന്മാരുടേയും നിയന്ത്രണത്തിൽനിന്ന് വേർപെടുത്തി സ്വതന്ത്രമാക്കുവാനായിരുന്നു അദ്ദേഹത്തിന്റെ യത്നം. ഇതുകൊണ്ടൊന്നും ഉദ്ദിഷ്ടഫലം ലഭിക്കായ്കയാൽ മൗലികമായ എന്തോ ഒരു തകരാറ് യാക്കോബായ സഭയ്ക്കുണ്ടെന്ന് അദ്ദേഹത്തിനു മനസ്സിലായി. അതു് യാക്കോബായ സഭ ഒരു വിച്ഛേദിതസഭയായതുകൊണ്ടാണെന്നും അദ്ദേഹത്തിന് ബോദ്ധ്യപ്പെട്ടു. തന്മൂലം മൗലികമായ ഒരു പരിവർത്തനംകൊണ്ട് മാത്രമേ സമാധാനവും പുരോഗതിയും കൈവരിക്കുവാൻ സാധിക്കുകയുള്ളു എന്നും അദ്ദേഹം നിശ്ചയിച്ചു. ആ പരിവർത്തനമാകട്ടെ, തായ്ത്തണ്ടായ കത്തോലിക്കാസഭയുമായുള്ള പുനരൈക്യവുമായിരുന്നു. അതിനുവേണ്ടി അദ്ദേഹം തന്നെത്തന്നെ പ്രതിഷ്ഠിച്ചു. ആ പ്രതിഷ്ഠയുടെ ചരിത്രമാണ് പുനരൈക്യ ചരിത്രമായി മാറുന്നതു്.

www.malankaralibrary.com

## മാർ ഈവാനിയോസ്–പ്രതിഷ്ഠിതൻ

വികസിക്കുവാൻ വെമ്പുന്ന ചക്രവാളത്തിൻെറ കേന്ദ്രബിന്ദുവാണ് വഴവാടി യാത്രയിൽ കണ്ടതു്. സഭാധികാരത്തോടുള്ള വിധേയത്വം, സേവനത്തിലുള്ള ഔത്സുക്യം, സാഹസികമായ ധീരത, ഇവ മൂന്നും വഴവാടി യാത്രയിൽ വിളങ്ങിനിന്നു. പുലിക്കോട്ടു മാർ ദിവന്നാസ്യോസ് പി. റ്റി. ജോർജ്ജിനെ സഭാസേവനത്തിനു തിരഞ്ഞെടുക്കുകയും ചെയ്തു. ജന്മനാ വിജ്ഞാനദാഹിയും ആദർശാരാധകനും ആയ പി. റ്റി. ജോർജ്ജിനോടു വഴവാടിയാത്രയിൽ കണ്ട അന്തർലീനമായ ഗുണങ്ങൾ ചേർന്നാൽ, മഹത്തായ സമുദായോദ്ധാരണത്തിന് സ്വയം പ്രതിഷ്ഠിതനായ ഒരു അതികായകൻെറ ബീജാങ്കുരം കാണുവാൻ കഴിയും. ദൈവാശ്രയത്തിലുള്ള നിഷ്ഠയായിരുന്നു ഈ സ്വയം പ്രതിഷ്ഠയുടെ ബലിപീഠം.

## മാർ ഈവാനിയോസിൻെറ സൂക്ഷ്മദർശനം

സ്വതസിദ്ധമായ മേല്പറഞ്ഞ ഗുണങ്ങളോടുകൂടെ മററു രണ്ടു അപദാനങ്ങളും പ്രത്യക്ഷപ്പെട്ടു; അവയായിരുന്നു സൂക്ഷ്മദർശനവും ദീർഘദൃഷ്ടിയും. പലതവണ സൂക്ഷിച്ചുനോക്കി സമാഹരിച്ചിട്ടുകുന്ന വസ്തുതകളെല്ലാം അദ്ദേഹത്തിൻെറ നൈമിഷിക ദൃഷ്ടിക്ക്, ക്യാമറായിലെന്നപോലെ, പൂർണ്ണമായും വിശദമായും ഉൾക്കൊള്ളുവാൻ കഴിയുമായിരുന്നു. ചുഴിഞ്ഞിറങ്ങുന്ന ആ അപഗ്രഥനദൃഷ്ടിയിൽനിന്നും ഒന്നിനും രക്ഷപെടുവാൻ കഴിയുമായിരുന്നില്ല. സർവ്വപ്രസിദ്ധവും അപ്രതിരോദ്ധ്യവും ആയിരുന്നു ആ ഗൃദ്ധ്രനേത്രങ്ങൾ.

1911–ൽ പഴയ സെമിനാരിയിൽ താമസിച്ചിരുന്ന പാത്രിയർക്കീസ് ബാവാ അടുത്ത മുറിയിൽ താമസിച്ചിരുന്ന വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസിനെ അഞ്ചൽമാർഗ്ഗം രജിസ്റ്റർ കല്പന അയച്ചു മുടക്കി. അടുത്ത ഞായറാഴ്ച മുടക്കുകല്പന പള്ളിയിൽ പരസ്യമായി വായിക്കുമെന്നുള്ള വാർത്ത പ്രചരിച്ചു. അന്നേദിവസം പരസ്പരം വെട്ടാൻ വാളോങ്ങിനില്ക്കുന്ന ബാവാ–മെത്രാൻ കക്ഷികൾ പള്ളിപ്പുറമ്പിലും പരിസരങ്ങളിലും നിറഞ്ഞുകവിഞ്ഞൊഴുകി. പള്ളിയുടെ മദ്ബഹായിൽ പാത്രിയർക്കീസും മെത്രാന്മാരും റമ്പാന്മാരും വൈദികരും ശ്വാസം വിടാൻ നിർവ്വാഹമില്ലാത്തവിധം തിങ്ങിക്കൂടിനിന്നിരുന്നു. ഭയങ്കരമായ ഒരു സ്ഫോടനത്തിൻെറ വക്കിലെത്തിയെന്നു മനസ്സിലാക്കിയ ബാവാകക്ഷി നേതാവ്, സി. ജെ. കുര്യൻ

www.malankaralibrary.com

കൈയ്യിൽ കിട്ടിയ ഒരു തുണ്ടു കടലാസ്സിൽ, ചെറിയൊരു കുറിപ്പെഴുതി, ഒരു ശെമ്മാശ്ശൻവശം മദ്ബഹായിൽ നിന്നിരുന്ന കോനാട്ടു മല്പാനു് കൊടുത്തയച്ചു. മദ്ബഹായിൽ തിങ്ങിനിന്നിരുന്ന വൈദികപ്രമുഖരുടെ ഇടയിൽക്കൂടി ഊളിയിട്ടു കയറിയ ശെമ്മാശ്ശൻ, കോനാട്ടു മല്പാൻെറ കൈയ്യിൽ ആ കുറിപ്പു് എത്തിച്ചുകൊടുത്തു. അദ്ദേഹം ഒരു നിമിഷം കൊണ്ടു് അതു് വായിച്ചശേഷം, നുള്ളിക്കീറി പല കഷണങ്ങളാക്കി ചുരുട്ടിക്കൂട്ടി താഴെ ഇട്ടു. മദ്ബഹായിൽ ആഘോഷമായ ചടങ്ങുകൾ നടന്നുകൊണ്ടിരുന്നതിനാൽ, ഇതു് ആരുടേയും ദൃഷ്ടിയിലും ശ്രദ്ധയിലും പെട്ടില്ല. കെ. സി. മാമ്മൻ മാപ്പിള അതേപ്പററി പറയുകയാണു്, 1956 ഒക്ടോബർ 6–ാം തീയതിയിലെ മലയാളമനോരമ ആഴ്ചപ്പതിപ്പിൽ: ''എന്നാൽ തദവസരത്തിൽ മദ്ബഹായിലുണ്ടായിരുന്ന വൈദികവൃന്ദത്തിൽ ഒരാളിൻെറ കൂമ്മദൃഷ്ടി അവിടെ നടക്കുന്നതെല്ലാം സൂക്ഷിച്ചുകൊണ്ടിരുന്നു. ഫാ. പി. ററി. ഗീവർഗീസായിരുന്ന അതു്. വളരെദൂരെ പായുന്ന അദ്ദേഹത്തിൻെറ ദൃഷ്ടിപാതം ഒടുവിൽ യാക്കോബായസഭയുടെ അതിർത്തികളെത്തന്നെ കടന്നു് അപ്പുറം പോവുകയുണ്ടായല്ലോ. അദ്ദേഹം മദ്ബഹായിൽ മററു വൈദികരോടൊപ്പം നിന്നനില്പിൽ കുനിഞ്ഞു്, ആ കടലാസുകഷണങ്ങൾ കൈയിലെടുത്തു സൂക്ഷിച്ചു. പിന്നീടു് അവയെല്ലാം കൂട്ടിച്ചേർത്തു വായിച്ചുനോക്കിയപ്പോൾ, അന്നേദിവസം മുടക്കുകല്പന പള്ളിയോഗത്തിൽ വായിക്കേണ്ടതില്ലെന്നൊരു നിർദ്ദേശമായിരുന്നു സി. ജെ. കുര്യൻ കുറിച്ചുകൊടുത്തതെന്നു കാണപ്പെട്ടു''4. ആളുകളേയും സാഹചര്യങ്ങളേയും സസൂക്ഷ്മം പഠിക്കുവാനും വിലയിരുത്തുവാനും അസാധാരണ പാടവമുള്ള ഒരാളായിരുന്നു മാർ ഈവാനിയോസെന്നു വെളിപ്പെടുത്തുന്ന പല സംഭവങ്ങളും ഉണ്ടായിട്ടുണ്ടു്.

## മാർ ഈവാനിയോസിൻെറ ദീർഘദൃഷ്ടി

വർത്തമാനകാലത്തെ ശരിയാംവണ്ണം വിലയിരുത്തി ഭവിതങ്ങളെ ദർശിക്കുവാനുള്ള കഴിവാണല്ലോ ദീർഘദൃഷ്ടി. അക്കാര്യത്തിൽ മാർ ഈവാനിയോസു് ധന്യനായിരുന്നു. അതുമാത്രമല്ല ഉദ്ദേശ്യത്തിനുതകുംവിധം സാഹചര്യങ്ങളെ നിയന്ത്രിക്കുവാനും അദ്ദേഹത്തിനു കഴിഞ്ഞിരുന്നു. എന്നാൽ

4. ഫാ. ഇഞ്ചയ്ക്കലോടി, Vol. I, P. 103–104.

www.malankaralibrary.com

അദ്ദേഹത്തിന്റെ എല്ലാ ശ്രമങ്ങളും വിജയം നേടിയതു് അവ സ്ഥവലംബമായിരുന്ന ദൈവാശ്രയത്തിലുള്ള ശക്തികൊണ്ടാണു്. അദ്ദേഹത്തിനു് ചരിത്രം സൃഷ്ടിക്കുവാൻ കഴിഞ്ഞുവെന്നു പറയാവുന്നതു് പ്രതികൂലസാഹചര്യങ്ങളെ അനുകൂലസാഹചര്യങ്ങളാക്കിത്തീർക്കുന്നതിൽ വിജയിച്ചതുകൊണ്ടാണു്. തന്നെയുമല്ല, തലമുറകൾ ആററുനോററിരുന്ന പുനരൈക്യ സ്ഥാപകനുമായിരുന്നു അദ്ദേഹം.

## പുനരൈക്യത്തിനുള്ള ആഗ്രഹം

മാർത്തോമ്മാസമുദായത്തെ എപ്പോഴും ഒന്നായി കാണുവാൻ കഴിയുകയും അതിന്റെ ഭിന്നിപ്പിൽ ക്ലേശിക്കുകയും ചെയ്തിരുന്ന ഒരമ്മയുടെ മകനായി ജനിച്ച മാർ ഈവാനിയോസിന്റെ പുനരൈക്യാഭിലാഷം എന്നു തുടങ്ങിയെന്നു കണ്ടുപിടിക്കുവാൻ ദൂരെ പോകേണ്ടതില്ല5. പ്രത്യേകിച്ചു് ആ മകൻ ഒരു സഭാചരിത്രപണ്ഡിതൻകൂടി ആയിരുന്നതുകൊണ്ടു്. ഫാ. പി. ററി. ഗീവർഗീസ് തന്റെ എം. എ. പരീക്ഷക്കു സമപ്പിച്ചിരുന്ന പ്രബന്ധംതന്നെ മാർത്തോമ്മാക്രിസ്ത്യാനികൾ ഒരിക്കലും നെസ്റ്റോറിയരല്ലായിരുന്നു എന്നു സ്ഥാപിച്ചുകൊണ്ടായിരുന്നു. നെസ്റ്റോറിയരല്ലായിരുന്നെങ്കിൽ പിന്നെ അവർ ആരായിരുന്നു? 'യാക്കോബായ' എന്ന ശബ്ദം കേൾക്കുന്നതുതന്നെ 16–ാം നൂററാണ്ടിന്റെ അവസാനം മെത്രാൻ സ്ഥാനത്തിന്റെ കൈവെപ്പുനൽകുവാൻ കേരളത്തിൽ ആഗതനായ മാർ ഗ്രിഗോറിയോസിനോടുകൂടി മാത്രമാണു്. അന്ത്യോക്യൻ (പാശ്ചാത്യ) സുറിയാനിക്രമവും 16–ാം നൂററാണ്ടിന്റെ അവസാനത്തിലാണു് കേരളത്തിലെത്തുന്നതു്. അതിനു മുൻപു് കേരളത്തിലെ മാർത്തോമ്മാക്രിസ്ത്യാനികളുടെ ആരാധനക്രമം പൌരസ്ത്യസുറിയാനിയുടേതായിരുന്നു.

മാർ ഈവാനിയോസ് തിരുമേനിയിൽ ചരിത്രാധിഷ്ഠിതമായ ഐക്യബോധം സുപ്രതിഷ്ഠിതമായിരുന്നു. 1953–ലാണെന്നു തോന്നുന്നു, ഫാ. പ്ലാസിഡ് പൊടിപാറ മാർ ഈവാനിയോസ് തിരുമേനിയെ സന്ദർശിക്കുവാൻ തിരുവനന്തപുരത്തു വന്നതു്. അന്നു്, തിരുമേനിയുടെകൂടെ ഉണ്ടായിരുന്നതു് ഫാ. സെറാഫിയോൻ ഒ. ഐ. സിയും ഫാ. മാത്യു ഏഴാനിക്കാട്ടും ഈ ഗ്രന്ഥകർത്താവുമായിരുന്നു. സംഭാഷണത്തിന്റെ

5. ഫാ. ഇഞ്ചയ്ക്കലോടി, Vol. I, P. 256.

www.malankaralibrary.com

ആവേശകരമായ ഒരു സന്ദർഭത്തിൽ 'മാർ ഈവാനിയോസ് പറഞ്ഞു' ''പ്ലാസീഡച്ചാ, ഉദയംപേരൂർ സൂനഹദോസ് ആരാധനക്രമത്തിൽ വരുത്തിയ വൈകൃതങ്ങൾ മാററി നമ്മുടെ പിതാക്കന്മാരുടെ പുരാതനറീത്തിലേയ്ക്കു നിങ്ങൾ പോകുക. ഞാനും എന്റെ വൈദികരും ജനങ്ങളും നിങ്ങളുടെകൂടെ ഉണ്ടായിരിക്കും''. പ്രായോഗികതയേക്കാൾ ആദർശവും ആവേശവും സുദൃഢമായ ചരിത്രബോധവും ആണ് തിരുമേനിയെ നയിച്ചതെന്നു തോന്നുന്നു.

ഒരു പുതിയ സംരംഭത്തിന്റെയെന്നല്ല, യാക്കോബായ സഭയുടെ നവീകരണത്തിന് മാർ ഈവാനിയോസ് ബഥനി സന്യാസിമാരുടേയും സന്യാസിനികളുടെയും സമൂഹങ്ങൾ, സ്ഥാപിച്ചു. വി. ബസലിയൂസിന്റെയും വനവാസിയായ വി. അന്തോണീസിന്റെയും അസ്സീസ്സിയിലെ വി. ഫ്രാൻസിസിന്റെയും ആദർശങ്ങളായിരുന്നു മാർ ഈവാനിയോസിനുണ്ടായ കർമ്മപഥം. റമ്പാനെന്നും ദയറായെന്നും ഉള്ള സംജ്ഞകൾ സന്യാസപരമെങ്കിലും അവ യാക്കോബായ സഭയിൽ കേവലം ചരിത്രാവശിഷ്ടങ്ങളാണ്. ഫാ. പി. ററി. ഗീവർഗീസ് സെറാംപൂർവച്ച് സന്യാസിമാരുടേയും സന്യാസിനികളുടേയും സമൂഹങ്ങൾ തുടങ്ങുവാൻ വട്ടശ്ശേരി മാർ ദിവന്നാസ്യോസിനോട് അനുവാദം ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞത്, ''അതിനേക്കാൾ ഭേദം അവരെ അറബിക്കടലിൽ കൊണ്ടുപോയി താഴ്ത്തുകയാണ്''6. ബഥനിപ്രസ്ഥാനം സന്ന്യാസജീവിതത്തെ സജീവമാക്കിത്തീർക്കുന്നത് യാക്കോബായ സഭയുടെ അഭിരുചിക്കു വിരുദ്ധമായിട്ടാണ്. ''ഈ സന്ന്യാസസഭകൾ റോമിൽ ചെന്നേ അവസാനിക്കൂ'' എന്ന് ശാസിക്കുവാനും ആളുകളുണ്ടായി. ഒടുവിൽ അത് കയ്യാപ്പായുടെ (John XVIII:14) പ്രവചനംപോലെയായി.

ഒരു പ്രേഷിതസമൂഹത്തിന്റെ പ്രവർത്തനം സ്വതന്ത്രവും വികസനോന്മുഖവും ആകണമെങ്കിൽ, അതിനേറതായ ഒരു സഭാധികാരിയും കൂടിയേ തീരൂ. വഴക്കുകളുടേയും കലാപങ്ങളുടേയും നീർച്ചുഴിയിൽപ്പെട്ട യാക്കോബായസഭയിൽ അത് ഒരു അടിയന്തിരാവശ്യമായിരുന്നു. അതിനുവേണ്ടിയാണ് ബഥനി ആശ്രമാദ്ധ്യക്ഷൻ മെത്രാനായത്. എന്നാൽ അഭിഷേകത്തിന് മുൻപ് കല്ലുദോനിയാ സൂനഹദോസിനേയും

6. Malankara Balan; 1983 March-April P. 21.

www.malankaralibrary.com

ലെയോൻ മാപ്പാപ്പായേയും ശപിക്കുന്ന ഭാഗം പലരേയും അമ്പരപ്പിച്ചുകൊണ്ടു് മാർ ഈവാനിയോസ്സ് നിർബന്ധപൂർവ്വം ഉപേക്ഷിച്ചുകളഞ്ഞതു് പ്രത്യേകം ശ്രദ്ധാർഹമാണു്.

ആബോ ഗീവർഗീസിന്റെ മെത്രാഭിഷേകം 1925 മെയ് 1–ാം നു- നിരണം പള്ളിയിൽവച്ചാണു് നടന്നതു്. തുടർന്നുണ്ടായ അനുമോദനയോഗത്തിൽവച്ചു് മാർ ഈവാനിയോസ് പ്രസംഗിച്ചതു്, ''കേരളത്തിലുള്ള സുറിയാനിക്രിസ്ത്യാനികളെല്ലാവരും പഴയകാലത്തു് ഒരു സഭയായിരുന്ന പ്രകാരം വീണ്ടും യഥാർത്ഥമായ പുനരൈക്യം സാധിച്ചു് ഒരു സഭയും ഒരു ഇടയനും ആയിത്തീരുവാൻ കാതോലിക്കാബാവാ തിരുമേനിയും മററും ശ്രമിക്കണമെന്നുള്ള ആഹ്വാനത്തോടുകൂടിയാണു്7.

ചൂളപ്പറമ്പിൽ മാർ അലക്സാണ്ടർ മെത്രാൻ, മാരേട്ടു് പീലിപ്പോസ് ജഡ്ജിയുടെ ഒരു ചോദ്യത്തിനു് മറുപടിയായി പറഞ്ഞതു്, ''ഒരു റീത്തും മെത്രാനും കത്തോലിക്കാസഭയിൽ ശാശ്വതമായി അംഗീകരിക്കപ്പെടണമെങ്കിൽ അതിനു പത്തു നൂറുപള്ളികളും അതിനടുത്ത അച്ചന്മാരും പത്തുപതിനായിരം ജനങ്ങളുംകൂടെ ചേർന്നിരിക്കണമെന്നായിരുന്നു8. ഈ ആശയം പീലിപ്പോസ്ജഡ്ജി മാർ ഈവാനിയോസിനു് കൈമാറിയിരുന്നു. ഒരു പൂർണ്ണഹൈരാർക്കിയുടെ പരിച്ഛേദിതരൂപമായിട്ടായിരുന്നല്ലോ കൊല്ലം മെത്രാസന ചാപ്പലിൽ വച്ചു നടന്ന പുനരൈക്യം. ബഥനിമെത്രാനായ മാർ ഈവാനിയോസ് മാർ തിയോഫിലോസിനെ വാഴിച്ചപ്പോഠം ബഥനി മെത്രാൻ മെത്രാപ്പോലീത്താ ആയി. ഒരു ഹൈരാർക്കിയും പൂർണ്ണമായി. ഇവയെല്ലാം ദീർഘദൃഷ്ടിയുടെ ഫലങ്ങളായിരുന്നു.

## ദീർഘദൃഷ്ടിയെ സഹായിച്ച ദൈവകരം

മാർ ഈവാനിയോസ് തിരുമേനി ദൈവനിയുക്തനായിരുന്നു. ദൈവദത്തമായ ഒരു വിശിഷ്ടദൗത്യമാണു് അദ്ദേഹം നിർവ്വഹിച്ചതു്. മൂന്നു നൂററാണ്ടുകളിലെ പ്രയത്നങ്ങളിൽ പല പ്രഗത്ഭന്മാരും തോററിടത്തു് അദ്ദേഹം ജയിച്ചു. അദ്ദേഹം വിഭാവനചെയ്തു് പാകിയ അടിത്തറയിലാണു് ഇന്നു് മലങ്കര കത്തോലിക്കാസഭ കുതിച്ചുയരുന്നതു്. ഇത്രയുംമതി,

7. ഫാ. ഇഞ്ചക്കലോടി Vol. I P. 176.
8. ഏ. പീലിപ്പോസ്, ആത്മകഥ P. 50-51.

www.malankaralibrary.com

അദ്ദേഹത്തെ സഭാചരിത്രത്തിലെ മഹാപുരുഷനാക്കുവാൻ. എന്നാൽ അദ്ദേഹത്തിന്റെ കണ്ണുകൾ ചെന്നെത്താത്തിടത്തു്, മററുള്ളവരുടെ കണ്ണുകളുടെ സഹായം കാരുണ്യവാനായ ദൈവം അദ്ദേഹത്തിനു നൽകി. അവരിൽ പ്രഥമഗണനീയൻ എറണാകുളം മെത്രാപ്പോലീത്താ മാർ അഗസ്റ്റിൻ കണ്ടത്തിൽ ആയിരുന്നു.

മാർ ഈവാനിയോസ് യാക്കോബായ സഭയിലെ അംഗമായിരുന്നിടത്തോളംകാലം അചഞ്ചലവും സുദൃഢവും പുത്രനിർവ്വിശേഷവുമായ സ്നേഹബഹുമാനങ്ങൾ അർപ്പിച്ചുപോന്നതു് വട്ടശ്ശേരി മാർ ദിവന്നാസ്യോസിനായിരുന്നു. പുനരൈക്യത്തിനുള്ള ദൃഢനിശ്ചയത്തിൽനിന്നും മാർ ഈവാനിയോസിനെ പിൻതിരിപ്പിക്കുവാൻ സാധിക്കുകയില്ലെന്നു കണ്ടപ്പോൾ, വട്ടശ്ശേരി തിരുമേനി തന്റെ അരുമശിഷ്യനും ആത്മീയ പുത്രനും ആയ മാർ ഈവാനിയോസുമായുള്ള എല്ലാ ബന്ധങ്ങളും അവസാനിപ്പിച്ചു പിരിഞ്ഞു. ആ പിതൃസ്ഥാനം പിന്നീടു് കണ്ടത്തിൽ മാർ ആഗസ്തീനോസിലാണു് സമർപ്പിതമായതു്. ഇരുവരുടേയും പരസ്പരഭാവങ്ങളിൽ ഈ പിതൃപുത്രബന്ധം സുവ്യക്തവും സുപ്രകാശിതവുമായിരുന്നു. മാർ അഗസ്റ്റിൻ കണ്ടത്തിലിന്റെ തിരുവനന്തപുരം സന്ദർശനവേളകളിൽ രണ്ടു് സുറിയാനി കത്തോലിക്കാ സഭകളുടെയും ഈ തറവാട്ടു മൂപ്പന്മാർ പിതൃപുത്രന്മാരെപ്പോലെ അടുത്തിരുന്നു് സ്നേഹാദരങ്ങളുടെ പാത്രത്തിൽ സഭാരഹസ്യങ്ങൾ പരസ്പരം കൈമാറുന്നതു് അകലെനിന്നു കാണുമ്പോൾ അസ്മാദൃശർ പുളകം അണിയാറുണ്ടായിരുന്നു. ബഥനി സന്യാസികളുടെ സുവർണ്ണജൂബിലി ഉൽഘാടനംചെയ്തുകൊണ്ടു് ആർച്ചുബിഷപ്പ് ബെനഡിക്ട് മാർ ഗ്രിഗോറിയോസ് ഇപ്രകാരം പ്രസ്താവിച്ചു, "കണ്ടത്തിൽ തിരുമേനി ഒരു വത്സലപിതാവിനെപ്പോലെയാണു് ഈവാനിയോസ് തിരുമേനിയോടു് വർത്തിച്ചിരുന്നതു്"9.

## കണ്ടത്തിൽ മാർ അഗസ്ററിൻ

i) "മാർപ്പാപ്പാ മതി, പാത്രിയർക്കീസു വേണ്ട"

ഓർത്തഡോക്സ് കാതോലിക്കായും മെത്രാന്മാരും പുനരൈക്യശ്രമം ആരംഭിച്ചപ്പോൾ, അന്ത്യോക്യയിലെ സുറി

9. Golden Jubilee Souvnier, 1975, P. 167.

www.malankaralibrary.com

യാനി കത്തോലിക്കാപാത്രിയർക്കീസ് റഹമാനിയുടെ കീഴിൽ പുനരൈക്യപ്പെട്ടുവാനാണ് അവർ ആഗ്രഹിച്ചതും ശ്രമിച്ചതും. കണ്ടത്തിൽ മാർ ആഗസ്റ്റിനാണ് അതിനെ പ്രത്യക്ഷമായും പരോക്ഷമായും എതിർക്കുകയും മാർപ്പാപ്പായുടെ നേരിട്ടുള്ള ഭരണത്തിൻ കീഴിലാക്കുവാൻ ശക്തിയായി ഉപദേശിക്കുകയും ചെയ്തതു്. മാർ ഈവാനിയോസ് ഈ ഉപദേശം സ്വീകരിക്കുകയും മാർപ്പാപ്പായുടെ പ്രതിനിധി, ഡലഗാദ് അപ്പസ്തോലിക്കയുമായി കത്തിടപാടുകൾ ആരംഭിക്കുകയും ചെയ്തു.

ii) ''തലസ്ഥാനനഗരം വേണം, ആസ്ഥാനനഗരമായിട്ടു്''.

മാർ അഗസ്റ്റിൻ കണ്ടത്തിൽ മുഖേന ദൈവകരം പ്രവർത്തിച്ച വളരെ പ്രധാനപ്പെട്ട ഒരു സംഭവം സീറോ–മലങ്കര മെത്രാപ്പോലീത്തായുടെ ആസ്ഥാനനഗരമായിത്തീർന്ന തിരുവനന്തപുരത്തെ സംബന്ധിച്ചാണ്. 1932–ന്റെ ഏകദേശം മദ്ധ്യത്തിലാണ് സാർവ്വത്രികസഭാദ്ധ്യക്ഷനായ മാർപ്പാപ്പാ പീയൂസ് പതിനൊന്നാമനെ ആദ്യമായി സന്ദർശിക്കുവാൻ മാർ ഈവാനിയോസ് തിരുമേനി റോമിലേക്കു പുറപ്പെട്ടതു്. ചരിത്രപ്രധാനമായ ഒരു സംഭവമായിരുന്നു അതു്. സീറോ–മലങ്കര ഹൈരാർക്കിയും അവയുടെ ആസ്ഥാനനഗരങ്ങളും മാർ ഈവാനിയോസിന്റെ ചിന്താമണ്ഡലത്തിൽ പൊന്തിനിന്ന കാര്യങ്ങളാണ്. മെത്രാപ്പോലീത്തായുടെ ആസ്ഥാനം തെക്കെ യാക്കോബായ മേഖലയുടെ മദ്ധ്യസ്ഥാനമായ അടൂർ ആക്കുവാൻ നിശ്ചയിച്ച്, അതിനു് നല്ല ഒരു സ്ഥലവും വാങ്ങി വേണ്ട സജ്ജീകരണങ്ങൾ ചെയ്തതാണ്. എന്നാൽ മാർ ഈവാനിയോസ് എറണാകുളത്തു് മാർ അഗസ്റ്റിൻ കണ്ടത്തിലിനോടു് യാത്ര പറയുവാൻ എത്തിയപ്പോൾ അദ്ദേഹം അടൂർ ആശയത്തെ ശക്തിയായി എതിർത്തുകൊണ്ടു്, "തിരുവനന്തപുരം തന്നെ മെത്രാപ്പോലീത്തൻ ആസ്ഥാനമാക്കിത്തരുവാൻ മാർപ്പാപ്പായോടു് നേരിട്ടു് അപേക്ഷിക്കണെ"മെന്നു് നിർബ്ബന്ധിച്ചു[10]. ഒരു പുത്രനെപ്പോലെ വിധേയനായിരുന്ന മാർ ഈവാനിയോസ്, മാർപ്പാപ്പ അനുവദിച്ച രണ്ടാം സന്ദർശനത്തിൽ ഈ അപേക്ഷ മാർപ്പാപ്പയ്ക്കു് നേരിട്ടു സമർപ്പിച്ചു. പരിശുദ്ധ പിതാവു് പതിനൊന്നാം പീയൂസ് "You have it my son" (നിനക്കു് ഞാൻ അതു് തന്നുകഴിഞ്ഞു) എന്നു് അരുളിയതോടെ

10. ഫാ. ഇഞ്ചയ്ക്കലോടി Vol. II P. 77.

www.malankaralibrary.com

മാർ ഈവാനിയോസ് തിരുമേനി ഗ്രന്ഥകർത്താവിനയച്ച കത്ത്

UNIVERSITY OF SAN FRANCISCO

SAN FRANCISCO 17, CALIFORNIA

April 25, 1948

Reverend Father N.A. Thomas
Convent of the Handmaids of Mary
15 West 124th Street, New York

Reverend Dear Father,

I am writing to thank you for all the assistance you rendered to me, and much more for that spir it of filial affection and cordial devotion during all the time that I was with you. To me this is only a continuation of that intimacy and friendship which I have had at all times from you . I pray God to bless you richly in every way.

.......... ir aw
from .......... ch
you .......... ary
perm .......... erside
Driv .......... is
lett .......... ly
be t .......... for
him ..........
writ .......... ngs

.......... Air
Line .......... s
30tl ..........
leav ..........
writ .......... lia.
Arch .......... able
to a .......... couple
off w ..........

Please convey to the Reverend Mother Dorothy and the good Sisters as well as to Mrs. Martin and to all her dear ones who are also dear ones to me my cordial blessings. God Bless you .

Yours affectionately in our Blessed Lord ,

Archbishop Mar Ivanios

Archbishop Mar Ivanios , O.I.C.

www.malankaralibrary.com

മലങ്കര സുറിയാനിസഭയുടെ മെത്രാപ്പോലീത്തൻ ആസ്ഥാനം തിരുവനന്തപുരമായിത്തീരുകയും ചെയ്തു. ഇതിനുണ്ടായ പ്രതികരണം മുകളിൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ11.

മാർപ്പാപ്പാ ഒരു രഹസ്യസന്ദർശനത്തിൽ ഒരു ഹൈരാക്കിയും അതിന്റെ ആസ്ഥാനവും കല്പിച്ചനുവദിക്കുക അഭൂതപൂർവ്വമായ സംഭവമാണ്. അതിന് സഭാചരിത്രത്തിൽ മറെറാരു സംഭവം ചൂണ്ടിക്കാണിക്കാനുണ്ടെന്നു തോന്നുന്നില്ല. സ്നേഹസമ്പന്നനായ ഒരു പിതാവ് പിതൃഭവനത്തിലേയ്ക്കു മടങ്ങിവന്ന പുത്രനു അകമഴിഞ്ഞു നല്കിയ നിസ്തുലമായ സമ്മാനമായിരുന്നു അത്. ഏതായാലും റോമൻ ക്കൂരിയായെ അത് അമ്പരപ്പിച്ചു, പ്രത്യേകിച്ച്, കേരളത്തിലെ കത്തോലീത്താ താല്പര്യങ്ങളുടെ സമ്മർദ്ദം അതിനെതിരായി അണിനിരന്നപ്പോൾ. മാർപ്പാപ്പായുടെ തീരുമാനം മാററി എടുപ്പിക്കാനും ശ്രമങ്ങൾ നടന്നു. പ്രതിഷേധങ്ങളുടെ ആഗ്നേയാസ്ത്രങ്ങൾ റോമൻ ക്കൂരിയായെ ലക്ഷ്യമാക്കി പാഞ്ഞു. ഒന്നുകൊണ്ടും ഫലമുണ്ടായില്ല. പാണ്ടൻ നായുടെ പല്ലിനു ശൗര്യം പണ്ടേപ്പോലെ ഫലിക്കുന്നില്ലായിരുന്നു. മാർ ആഗസ്റ്റിൻ കണ്ടത്തിലിന്റെ ദീർഘദൃഷ്ടിയേയും പ്രായോഗികബുദ്ധിയേയും എത്രതന്നെ പ്രശംസിച്ചാലും മതിയാകുകയില്ല.

ആരുടെ നിശ്ചയമായാലും ശരി, ഏതു തീരുമാനമായാലും കൊള്ളാം, അവ പ്രാവർത്തികമാക്കുന്നതിന് റോമൻ ക്കൂരിയായിൽ ചില നടപടിക്രമങ്ങളുണ്ട്. അവ അവശ്യം അനുസരിച്ചേ തീരൂ. അഭീഷ്ടം സാധിച്ചെട്ടത്തെങ്കിലും അതിന്റെ അഭൂതപൂർവ്വതയും അതിനോട് എതിർപ്പുള്ളവരുടെ സ്വാധീനശക്തിയും തിരുമേനിയെ ഉൽക്കണ്ഠാകുലനാക്കിയിരുന്നു. അധരങ്ങൾക്കും പാനപാത്രത്തിനും ഇടയ്ക്ക് അപകടം പതിയിരിക്കുമെന്ന് അറിയാത്ത ആളല്ലായിരുന്നു തിരുമേനി. വേവിച്ചെട്ടത്ത സാധനങ്ങൾ നടപടിക്രമങ്ങളുടെ പാത്രത്തിൽ വീണ്ടും വേവിച്ചെടുക്കുകയാൽ മാർപ്പാപ്പായുടെ കല്പനയനുസരിച്ചുള്ള ബൂളാ പുറപ്പെടാനുണ്ടായ വിളംബംമൂലം തിരുമേനി പല വാതല്ക്കലും ചെന്നുമുട്ടി. എല്ലായിടത്തും ഉള്ള മറുപടി, ''ക്ഷമിക്കൂ. പരിശുദ്ധ പിതാവ് കല്പിച്ചതല്ലേ, തീർച്ചയായും നടക്കും'' എന്നായിരുന്നു. തിരുമേനിക്കുണ്ടായ ഉറപ്പ് പൂർണ്ണമായിരുന്നില്ല.

11. P. 585.



www.malankaralibrary.com

തിരുമേനി അന്നു് സ്റ്റേറ്റയിററു സിക്രട്ടറിയായിരുന്ന കർദ്ദിനാൾ പച്ചേല്ലിയെ (പിന്നീടു് പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പ) കണ്ടു് ബൂളയുടെ കാലവിളംബത്തെപ്പററി സംസാരിച്ചു. കർദ്ദിനാൾ പറഞ്ഞു, ''എനിക്ക എന്തു ചെയ്യാനാവും? അതു് പൌരസ്ത്യതിരുസംഘം ചെയ്യേണ്ട കാര്യമാണു്. മാർപ്പാപ്പായുടെ നേരിട്ടു് കീഴിലുള്ള ഒരു സംഘമാണതു്''. മാർ ഈവാനിയോസ് തിരുമേനി പറഞ്ഞു, ''പൌരസ്ത്യതിരുസംഘം ചെയ്യുന്നതും ചെയ്യേണ്ടതും ആയ കാര്യങ്ങളിൽ അങ്ങേയ്ക്കു് ആഴമായ താല്പര്യമുണ്ടെന്നാണു് ഞാൻ വിശ്വസിക്കുന്നതു്; പ്രത്യേകിച്ചും പുനരൈക്യത്തിനു് തയാറായി നില്ക്കുന്ന പരസഹസ്രം യാക്കോബായക്കാരിൽ. അതാ, അവിടുത്തെ മുമ്പിൽ ഇരിക്കുന്ന ഫോൺ എടുത്തു് പൌരസ്ത്യസംഘത്തെ അറിയിക്കു, എന്നെ ബൂളായും തന്നു് എന്റെ ആടുകളുടെ അടുക്കലേയ്ക്കു് വേഗം അയയ്ക്കുവാൻ''. കർദ്ദിനാൾ പച്ചേല്ലി പിന്നെ ഒട്ടും മടിച്ചില്ല. മാന്ത്രശക്തിയാലെന്നപോലെ ഫോൺ എടുത്തു് പൌരസ്ത്യസംഘത്തെ വിവരം അറിയിച്ചു. രണ്ടാഴ്ചയ്ക്കുള്ളിൽ ബൂളാ ഇൻഡ്യയിലെ ഡലഗാഡപ്പസ്തോലിക്കയുടെ പക്കൽ വന്നു ചേരുകയും ചെയ്തു. സാധാരണ നടപടിക്രമങ്ങളനുസരിച്ചു് രണ്ടും മൂന്നും വഷം വേണ്ടിവരുന്ന കാര്യമാണിതു്. മാർപ്പാപ്പായ്ക്കു നിവേദനം സമർപ്പിച്ചതു് 1932 മെയ് 2-ാം തീയതിയും ബൂളാ തയ്യാറാക്കി അയച്ചതു് 1932 ജൂൺ 11-ാം തീയതിയുമായിരുന്നു. കേവലം നാല്പതു ദിവസം മാത്രം!!

iii) ''അജ്ഞാതവാസം അവസാനിപ്പിക്കാൻ''—

തിരുവിതാംകൂർ ദിവാൻ, സർ സി. പി. യുടെ പ്രതികാരഫലമായ ''അജ്ഞാതവാസത്തിൽനിന്നും'' മാർ ഈവാനിയോസിനെ രക്ഷിക്കുവാനുള്ള പരിപാടിക്കു്, ഉപദേശങ്ങളും പിൻബലവും നല്കുകയും സീറോ-മലബാർ ഹൈരാക്കിയുടെ ആനുകൂല്യം സമ്പാദിക്കുവാൻ ഇടയാക്കുകയും ചെയ്തതു് കണ്ടത്തിൽ മാർ അഗസ്റ്റിൻ തിരുമേനിയാണു്. മിസ്സ് ഗിബ്ബൺസു് മാർ ഈവാനിയോസിനെ വിമർശിക്കുന്ന ഘട്ടത്തിൽ സീറോ-മലബാർ ഹൈരാക്കിയൊഴിച്ചു് മററാരും അദ്ദേഹത്തെ അനുകൂലിക്കാനും സഹായിക്കുവാനും ഇല്ല എന്നു പറയുന്നുണ്ടു്. ഇതു് മാർ അഗസ്റ്റിൻ-മാർ ഈവാനിയോസ് ബന്ധത്തിന്റെ മറെറാരു തെളിവാണു്.

www.malankaralibrary.com

## പോർക്കളത്തിൽ രണ്ടു ഗജവീരന്മാർ

മാർ ഈവാനിയോസ് തിരുമേനിയെ ഒരു വിവാദപുരുഷനായിക്കാണുന്ന ചില ആളുകൾ ഇന്നും ഉള്ളതു് വിചിത്രമായിരിക്കുന്നു. ഇതിൻെറ പിന്നിൽ ചില തല്പരകക്ഷികൾ ഉണ്ടാകാനും വഴിയില്ലാതില്ല. സ്വേച്ഛാധിപതിയും ക്രിസ്തുമതവിരോധിയും ആയിരുന്ന തിരുവിതാംകൂർ ദിവാൻ, സർ സി. പി. രാമസ്വാമി അയ്യരുടെ ഷഷ്ട്യബ്ദപൂർത്തിക്കു്, മാർ ഈവാനിയോസിൻെറ നേതൃത്വത്തിൽ ഒരു വിഭാഗം ക്രിസ്ത്യാനികൾ നല്കിയ സ്വീകരണവും വിരുന്നും തങ്കത്തകിടിൽ സമർപ്പിച്ച മംഗളപത്രവും ആണു് തിരുമേനിയെ വിവാദപുരുഷനാക്കിയിട്ടുള്ളതു്. അന്നു്, പൊതുജനങ്ങളിൽ മുററിനിന്ന വികാരങ്ങൾ തിരുവിതാംകൂർ സ്വാതന്ത്ര്യസമരചരിത്രകർത്താവും ആ സമരത്തിൻെറ ഒരു സേനാനിയും ആയ സി. നാരായണപിള്ള തീക്ഷ്ണമായ വാക്കുകളിൽ പ്രകടിപ്പിക്കുന്നതു് ഇങ്ങനെയാണു്:–"ഈ ഘട്ടത്തിൽ മംഗളപത്രങ്ങളും പ്രതിമകളും സ്മാരകങ്ങളും, സർവ്വോപരി സ്വർണ്ണത്തകിടുകളുമായി അദ്ദേഹത്തിൻെറ (സർ സി. പി. യുടെ) പടിക്കൽ പാടുകിടന്ന രാജ്യദ്രോഹികളെയും അവസരസേവകന്മാരെയും മനുഷ്യൻ ശ്രേഷ്ഠമെന്നും ശ്രേയസ്കരമെന്നും വിശ്വസിക്കുന്ന എല്ലാ ധർമ്മനീതികളേയും വിലകൊടുത്ത പുരോഹിതന്മാരെയും പററി എന്തു പറയുവാനാണു്. ആ നികൃഷ്ടമായ ചരിത്രം കൂടുതൽ വിവരണംകൂടാതെ വിടുന്നു"12. മാർ ഈവാനിയോസിൻെറ ജീവചരിത്രമെഴുതിയ മിസ് മാർഗരററു ഗിബ്ബൺസിൻെറ ശ്രദ്ധയെ പിടിച്ചുകുലുക്കിയതും ഉത്തരം കാണാതെ വഴിമുട്ടിച്ചതുമായ ഒരു പ്രശ്നവും ഇതുതന്നെ.

1938 ആഗസ്റ്റ്മുതല്ക്കേ ഈ ഗ്രന്ഥകാരൻ മാർ ഈവാനിയോസിൻെറ സെക്രട്ടറിയായിരുന്നു. അതുകൊണ്ടു്, സ്വാഭാവികമായും, പട്ടത്തുവച്ചുനടന്ന ആ ചടങ്ങുകളിലും അതിൻെറ സംവിധാനത്തിലും അഭേദ്യമായി ബന്ധപ്പെട്ടിരുന്നു. അതിനുശേഷം നാല്പതിൽപ്പരം വർഷം പിന്നിട്ടുവെങ്കിലും, ആ ആഘോഷം സംബന്ധിച്ച് പലയിടത്തും പോകുകയും പലരേയും കണ്ടു് സംഭാഷണം നടത്തുകയും ചെയ്തതു്, ഈ എഴുത്തുകാര

12. സി. നാരായണപിള്ള, തിരുവിതാംകൂർ സ്വാതന്ത്ര്യസമരചരിത്രം, 1972, P. 885.

www.malankaralibrary.com

ൻെറ സ്മൃതിപഥത്തിൽ തെളിഞ്ഞുനില്പുണ്ട്. മിസ്സ് ഗീബ്ബൺസ് ആ ചോദ്യത്തിന സമാധാനം കണ്ടുപിടിക്കുന്നത് പരേതനായ ബിഷപ്പ് മാത്യു പോത്തനാമൂഴിയെ ഉദ്ധരിച്ചുകൊണ്ടാണ്, ''മാർ ഈവാനിയോസിന സമാധാനം വേണ്ടിയിരുന്നു. അതിന സർ സി. പി. യെ പ്രശംസിക്കുന്ന ഒരു ചടങ്ങു നടത്തി''13. കാര്യമാത്രപ്രസക്തമായ ഈ പ്രസ്താവനയുടെ പിന്നിൽ സങ്കീർണ്ണങ്ങളായ പല പ്രശ്നങ്ങളും ഉണ്ടായിരുന്നു.

കറയററതും കളങ്കലേശമില്ലാത്തതും ആയ ജീവിതം സ്വർഗ്ഗത്തിലും അപൂർവ്വസ്വർഗ്ഗീയവരമോടെ ജഡമുടുത്ത മനുഷ്യർക്കുമാണ്. ജഡത്തിലും ജഡത്തോടുകൂടിയും ജീവിക്കുന്ന മനുഷ്യനെ വരിഞ്ഞുകെട്ടിയിരിക്കുന്നത് ഭൗതികശക്തികളാണ്–കാമക്രോധാദികൾ. വനാന്തരത്തിൽ ഏകനായി തപസ്സു ചെയ്താലും ജഡത്തിൻെറ വരിച്ചിലുകൾ വിട്ടുപോകുന്നില്ല. മനുഷ്യസമൂഹത്തിൻെറ സാഹചര്യങ്ങളിലെ പ്രലോഭനങ്ങളെപ്പററി പറയാനുമില്ല. പണവും സുഖസൗകര്യങ്ങളും അധികാരവും ഭൗതികത്വത്തിൻെറ ചങ്ങലകളാണ്. പുണ്യമേറിയവരെന്നു കരുതപ്പെടുന്ന വൈദികരിൽ ചിലർ മെത്രാന്മാരാകുമ്പോൾ മാററുകുറഞ്ഞ ക്രിസ്ത്യാനികളായി മാറുവാൻ കാരണമിതാണെന്നു തോന്നുന്നു. ഓരോ ക്രിസ്ത്യാനിയും ഓരോ ക്രിസ്തുവാണെന്നോ, ആയിരിക്കണമെന്നോ, തെർത്തുല്യൻ പറഞ്ഞിട്ടുണ്ട്. അപ്പോൾ വൈദികരുടേയും മെത്രാന്മാരുടേയും കാര്യം പറയാനുണ്ടോ?. മെത്രാനായാലും വൈദികനായാലും അല്മേനിയായാലും തങ്ങളുടെ ക്രിസ്തീയധർമ്മങ്ങൾ നാടകവേദിയിലെ ഒരു കലപോലെ എത്രതന്നെ വികസിപ്പിച്ചെടുത്താലും അതിന് ദീർഘായുസ്സുണ്ടായിരിക്കുകയില്ല. കാരണം വ്യക്തം: ആത്മാർത്ഥതയില്ലായ്മതന്നെ. സ്വർണ്ണം കൊണ്ടു പൂശിയാലും കാലാന്തരത്തിൽ ചെമ്പു തെളിയാതിരിക്കുമോ? സാക്ഷാത്തായ ക്രിസ്തീയ വ്യക്തിത്വത്തിൻെറ പ്രസരണമാണ് (radiation) ക്രിസ്തീയധർമ്മനിർവ്വഹണം. അന്തഃസത്തയിലെ ക്രിസ്തീയചൈതന്യത്തിൻെറ അപ്രതിരോദ്ധ്യമായ ബഹിർപ്രവാഹമാണ് ക്രൈസ്തവജീവിതത്തിൽ അന്തർഭവിച്ചിരിക്കുന്നത്. അവിടെ തിരയും തിരശ്ശീലയും വേഷംചാർത്തലും അണിയറയും ഒന്നുമില്ല. സത്യത്തിൻെറ ഋജുരേഖ

13. P. 83.

www.malankaralibrary.com

യിൽക്കൂടി മൂലരൂപംവരെ കാണാവുന്ന വീക്ഷണകോണമാണു് ക്രിസ്തീയജീവിതത്തിനുള്ളതു്. അവിടെ സത്യവിരുദ്ധമായ അഭിനയത്തിനു സ്ഥാനമില്ല.

ഈ അഭിനയകലയ്ക്കു് ഒരു ഇഷ്ടതോഴിയുണ്ടു്. അതാണു് പ്രചരണമാദ്ധ്യമം—പ്രഭാതഭക്ഷണത്തോടുകൂടി നാം ആവേശപൂർവ്വം വിഴുങ്ങുന്ന പത്രക്കുറിപ്പുകളും പടങ്ങളും. നിക്ഷിപ്ത താല്പര്യങ്ങളുടെ സ്വാധീനത്തിൽപ്പെട്ടു് വളച്ചൊടിച്ചും മായം ചേർത്തും പ്രഭാതപത്രത്തിൽ കാണുന്ന വിവരങ്ങളാണു് നമ്മുടെ വിജ്ഞാനമണ്ഡലത്തെ കരുപ്പിടിപ്പിക്കുന്നതു്. അത്രത്തോളം നാം പത്രങ്ങളുടെ അടിമയാണു്. ഒരു വ്യതിയാനമെന്നപോലെ ഇത്രയും എഴുതാൻ കാരണം ക്രൈസ്തവധർമ്മനിർവ്വഹണത്തിൽ രൂപതകൾക്കുള്ള സ്തുതിഗീതങ്ങളുടെ സ്ഥിരമായ ഓക്കസ്ട്രായും (orchestra) പത്രങ്ങളിലെ റിപ്പോർട്ടുകളും യഥാർത്ഥമായ ക്രൈസ്തവധർമ്മനിർവ്വഹണമറിയുന്നതിൽ നമ്മെ പലപ്പോഴും വഴിതെററിക്കുന്നുവെന്നു വെളിപ്പെടുത്താനാണു്. പ്രസിദ്ധമായ ഐ. സി. ദാനിയേൽ കേസിനു നിദാനമായ ലഘുലേഖയിൽ, പരേതനായ ഐ. സി. ചാക്കോ പറഞ്ഞു, സത്യമെന്തെന്നു് പീലാത്തോസു് കെ. എൻ. ദാനിയേലിനോടു ചോദിച്ചിരുന്നെങ്കിൽ അഭിനയംകൊണ്ടു വിശ്വസിപ്പിക്കാവുന്നതെന്നു് പറയുമായിരുന്നു. അതാണോ ക്രൈസ്തവധർമ്മനിർവ്വഹണം?

തലമുറകളായുള്ള ജനസഹസ്രങ്ങളുടെ ദീർഘപ്രതീക്ഷകൾക്കു സാഫല്യം നല്കിയ പുനരൈക്യസാരഥി, രണ്ടു സന്ന്യാസിനീസന്ന്യാസസമൂഹങ്ങളുടെ സ്ഥാപകൻ, തന്റെ സഭയുടെ ശോഭനമായ ഭാവിക്കു ദീർഘദൃഷ്ടിയോടെ അടിത്തറ പാകിയവൻ, ദൈവാശ്രയപ്രതിഷ്ഠിതൻ, ത്യാഗസമ്പന്നൻ എന്നിവയെല്ലാം കത്തോലിക്കാസഭ അംഗീകരിക്കുന്ന വിശുദ്ധ പദത്തിലേയ്ക്കു മാർ ഈവാനിയോസിനെ ഉയർത്തിയേക്കാം. എന്നാൽ അതിന്റെ നടപടികളിൽ പ്രതിപക്ഷ അഭിഭാഷകന്റെ (Devil's Advocate) എതിർന്യായം മാർ ഈവാനിയോസിനുണ്ടെന്നു പറയാവുന്ന സ്വാത്മാഭിമാനം (Vanity) ആയിരിക്കാം. മിസ്സു് ഗിബ്ബൺസു് ഇതേപ്പററി തന്റെ പുസ്തകത്തിൽ പരാമർശിച്ചിട്ടുണ്ടു്. സ്വാത്മാഭിമാനം മഹാന്മാരുടെ ആഡംബര (Vanity is the luxury of great men) മെന്നാണു് പറയാറുള്ളതു്. എം. ഡി. സെമിനാരി പ്രിൻസിപ്പലായിരുന്നപ്പോൾ കുതിരവണ്ടിയിൽ യാത്രചെയ്തുതുടങ്ങിയതും ക്ലാ

www.malankaralibrary.com

സ്കൂട്ടുകന്ന മുറികളിലെല്ലാം ''പ്രിൻസിപ്പലിൻെറ കസേര'' ചുമന്നുകൊണ്ടുപോയതും ഇതിനു ദൃഷ്ടാന്തങ്ങളായി പറയുന്നു. മാർ ഈവാനിയോസിൽ ഈ ആത്മാഭിമാനവിജൃംഭണം ആരോപിക്കാമെങ്കിൽത്തന്നെയും അവസ്ഥ് നീർക്കുമിളകളുടെ ആയുസ്സേ ഉണ്ടായിരുന്നുള്ളുവെന്ന് തെളിയിക്കുന്ന പല സംഭവങ്ങളുമുണ്ട്. ദൈവാശ്രയം ജീവിതവ്രതമായി സ്വീകരിച്ചിരുന്ന ആളിന് അഗാധമായ വിനയബോധം ഉണ്ടാകാതിരിക്കാൻ വഴിയില്ലല്ലോ.

## വീക്ഷണകോണത്തിൽ ഒരു കരട്—
## അഥവാ നിർഭാഗ്യകരമായ ആ കത്ത്

ഫാ. ഇഞ്ചയ്ക്കലോടി ആ കത്ത് ഉദ്ധരിക്കുന്നുണ്ട്[14] മാർ ഈവാനിയോസ് തിരുമേനി സർ. സി. പി. രാമസ്വാമി അയ്യരെ സന്ദർശിച്ചതിന് ''പ്രതിസന്ദർശനം നടത്താത്തതിന് അദ്ദേഹത്തെ ഒരു പാഠം പഠിപ്പിക്കുവാൻതന്നെ തീരുമാനിച്ചെഴുതിയ കത്തെന്ന്'' ഫാ. ഇഞ്ചയ്ക്കലോടി അതിനെ വിശേഷിപ്പിക്കുന്നു. അതൊരു പരുപരുപ്പൻ പ്രസ്താവനയാണ്. അത്രത്തോളം സത്യമാണെന്നും തോന്നുന്നില്ല.

സർ. സി. പി. തിരുവിതാംകൂർ നിയമോപദേഷ്ടാവായിരുന്നകാലം. രാജകുടുംബത്തിലുള്ള സ്വാധീനംകൊണ്ട് അദ്ദേഹം സർവ്വാധിപത്യം നേടിയിരുന്നു. മാർ ഈവാനിയോസ് വിജയകരമായ യൂറോപ്യൻ പര്യടനം നടത്തി ഉന്നതശീർഷരായ നേതാക്കന്മാരുടെ സ്നേഹബഹുമാനങ്ങൾ സമ്പാദിച്ച് നാട്ടിൽ മടങ്ങിയെത്തിയ അവസരം. മാർ ഈവാനിയോസ് സർ സി. പി. യെ സന്ദർശിച്ചിട്ട് അദ്ദേഹം പ്രതിസന്ദർശനം നടത്തിയില്ല. കുറെക്കഴിഞ്ഞു, ദിവാൻ ഉദ്യോഗത്തിൽനിന്നും പിരിയുന്ന ആസ്റ്റിൻ സായ്പിന് മാർ ഈവാനിയോസ് ഉദ്യാനവിരുന്നു നല്കി. ഉന്നതന്മാരെയൊക്കെ നേരത്തെ ക്ഷണിച്ചിരുന്നു. സർ. സി. പി. യെ ക്ഷണിച്ചതു് വിരുന്നിനു രണ്ടു മണിക്കൂർമുമ്പ് മാത്രം. ഒരു ഭൃത്യൻവശം കൊടുത്തയച്ച അച്ചടിച്ച ക്ഷണക്കത്തുമുഖേന. അതിനുള്ള മുഖക്കുറിപ്പിൽ തൻെറ സന്ദർശകരുടെ ഡയറിയിൽ സർ. സി. പി. യുടെ പേരു കാണാഞ്ഞതിനാൽ ക്ഷണക്കത്തു താമസിച്ചുപോയി എന്നുകൂടെ എഴുതിപ്പിടിപ്പിച്ചു. ഉദ്ദണ്ഡനും, അഹങ്കാരിയും,

14. ഫാ. ഇഞ്ചയ്ക്കലോടി Vol. II, P. 151.

www.malankaralibrary.com

അധികാരപ്രമത്തനും ആയ സർ സി. പി. യെ പ്രകോപിപ്പിക്കുവാൻ മററെന്തുവേണം? സ്വേച്ഛാമതിയും സ്വച്ഛാധിപതിയും ക്രിസ്തുമതവിദ്വേഷിയും ആയിരുന്ന സർ സി. പി. സടകുടഞ്ഞെണീററു.

ഈ പ്രതികരണത്തിനു ആക്കംകൂട്ടാൻ മറെറാരു സംഭവമുണ്ടായി. ബ്രിട്ടീഷു പാർലിമെൻറിൽ ഫിററ്സ് ആലൻ പ്രഭുവും ആതോറം പ്രഭ്വിയും തിരുവിതാംകൂറിൽ നടക്കുന്ന ക്രിസ്തുമതപീഡനത്തെപ്പററി അന്വേഷിച്ചു. വിവരം ഉടനെ അന്വേഷിച്ചറിയിക്കാമെന്നു മറുപടിയുണ്ടായി. ഇതേപ്പററിയാണ് പരേതനായ സി. കേശവൻ, "തിരുവിതാംകൂർ സർക്കാരിൻെറ ഗർഭഗൃഹത്തിലെ പത്താമുത്സവം'' എന്നു പറഞ്ഞതു്.

പള്ളികൾ, സെമിത്തേരികൾ, വിദ്യാലയങ്ങൾ ഇവയാണ്, പുനരൈക്യപ്പെട്ട തിരുമേനിക്കുവേണ്ടിയിരുന്നതു്. അവയെല്ലാം ഗവണ്മെൻറിൻെറ സൗമനസ്യത്തേയും ദാക്ഷിണ്യബുദ്ധിയേയും ആശ്രയിച്ചിരുന്നു. യൂറോപ്യൻ കത്തോലിക്കരുടെ ഔദാര്യമേറിയ നന്മനസ്സും സുഹൃദ്ബന്ധവും തിരുമേനിയുടെ യൂറോപ്യൻ പര്യടനംകൊണ്ടു സിദ്ധിച്ചുവെങ്കിലും അവ ഉപയോഗിക്കുന്നതിനു തക്ക രാഷ്ട്രീയകാലാവസ്ഥ സി. പി. ക്കെഴുതിയ കത്തുമൂലം നഷ്ടപ്പെട്ടുപോയി. സർ. സി. പി. യുടെ ശത്രുതാമനോഭാവമാണ് ഭരണതലങ്ങളിലെല്ലാം വിലങ്ങടിച്ചുനിന്നതു്. സുറിയാനി കത്തോലിക്കരും മററേതാനും സൽബുദ്ധികളുംമാത്രം തിരുമേനിക്കു. തിരുമേനിയുടെ താല്പര്യങ്ങൾക്കു പച്ചക്കൊടി കാണിച്ച് സ്വാഗതമരുളി. ഗവണ്മെണ്ടു് ആഭിമുഖ്യമോ ആനുകൂല്യമോ ഉള്ള രംഗങ്ങളിൽനിന്നെല്ലാം തിരുമേനി ബഹിഷ്കൃതനായി. തിരുവനന്തപുരത്തെ വർണ്ണശബളമായ ഡർബാർ ചടങ്ങുകളിൽ കോട്ടയം ബിഷപ്പ് മാർ അലക്സാണ്ടർ ചൂളപ്പറമ്പിലും തിരുവനന്തപുരം ലത്തീൻ മെത്രാൻ ഡാക്ടർ വിൻസൻറു ഡെരേയീരായും ക്ഷണിക്കപ്പെട്ടിരുന്നു. എന്നാൽ തിരുവനന്തപുരം ആർച്ചു ബിഷപ്പ് മാർ ഈവാനിയോസ് അവഗണിക്കപ്പെട്ടു. ഡർബാറിനു വരുമ്പോൾ ബിഷപ്പു ചൂളപ്പറമ്പിൽ ചോദിക്കും, "Your Grace is still in the Catacombs? (തിരുമേനി ഇപ്പോഴും ഭൂഗർഭാലയത്തിലോ?) ആർച്ചു ബിഷപ്പ് മാർ അഗസ്റ്റിൻ കണ്ടത്തിൽ തിരുവനന്തപുരത്തു വരുമ്പോൾ ചോദിച്ചിരുന്നതു മറെറാന്നായിരുന്നു, ''തിരുമേനി

www.malankaralibrary.com

യുടെ അജ്ഞാതവാസം അവസാനിക്കണമല്ലോ'' ദുഃഖം കലന്ന സ്വരത്തിലായിരുന്ന സ്നേഹനിർഭരമായ ആ ആശാ പ്രകടനം: ക്രൈസ്തവവിരുദ്ധമായ സി. പി. ഭരണത്തിൽ പ്രബലവും പ്രശസ്തവുമായ പുരാതന കത്തോലിക്കാ സമൂഹങ്ങഠം ശ്വാസംമുട്ടുമ്പോഠം, തൊട്ടിലിൽ പിറന്നുവീണ പുനരൈക്യശിശുവിനെപ്പററി എന്തുപറയാനാണ്. വരിഞ്ഞു കെട്ടിയ കൈകാലുകളും മൂടിക്കെട്ടിയ വായുമായി അതിനെന്തു ചെയ്യാനാവും? പോരെങ്കിൽ, സർ സി. പി. യുടെ ചാരപ്പുള്ളുകഠം അതിനെ വട്ടമിട്ടു പറന്നുകൊണ്ടുമിരുന്നു.

## വേലിക്കിടയിൽക്കൂടി

സർ. സീ. പി. യുടെ ദുർഭരണത്തിനെതിരെ ഉയന്ന ജനസ്വരം, ക്രൂരനായ ആ സ്വേച്ഛാധിപതിയുമായുള്ള എല്ലാവിധ അനുരഞ്ജനങ്ങഠംക്കും സൗമനസ്യപ്രകടനങ്ങഠംക്കും എതിരായി കള്ളിമുള്ളുകൊണ്ടു് വേലികെട്ടിയിരുന്നു. അതു് നൈയാമികമായ മൗലികതത്വങ്ങളെപ്പററി ചിന്തിക്കുവാൻ ഒരവസരം നല്കി. വേലിപൊളിക്കാതെ വേലിക്കിടയിൽക്കൂടി അനുരഞ്ജനത്തിൻെറ വിടവുണ്ടാക്കി സമാധാനം സ്ഥാപിക്കാമോ എന്നായി ചിന്ത. മാർ ഈവാനിയോസിൻെറ സ്വാത്മാഭിമാനക്ഷതത്തിനുണ്ടായ പ്രതികരണമായിരുന്നു സർ സി. പി. ക്കെഴുതിയ കത്തു്. അതിൻെറ ഫലം സർ സി. പി. യുടെ പ്രതികാരബുദ്ധിയെ ഉജ്ജ്വലിപ്പിക്കുകയായിരുന്നു. തിരുമേനിയെ അവഗണനയുടെ പൂജ്യത്തിലിറക്കി പുനരൈക്യപ്രസ്ഥാനത്തെ ശ്വാസംമുട്ടിച്ചു കൊല്ലുവാനായിരുന്നു പ്രതികാരേച്ഛുവായ ആ സംഹാരരുദ്രൻ ശ്രമിച്ചതു്. അസാധാരണ വ്യക്തിവൈഭവമുള്ള സർ സി. പി., ഇൻഡ്യൻ രാഷ്ട്രീയത്തിലും തിരുവിതാംകൂർ രാജകുടുംബവുമായുള്ള ബന്ധത്തിലും അജയ്യനായി കാണപ്പെട്ടു.

നൈയാമികവും വ്യവസ്ഥാപിതവും ആയ ഭരണാധികാരത്തോടു് അനുസരണയും വിധേയത്വവും പുലത്തണമെന്നുള്ളതു് ക്രൈസ്തവശാസനയാണ്. ക്രിസ്തുമതപീഡനം അതിൻെറ പൈശാചികമായ ക്രൂരതയോടെ നടമാടിയിരുന്ന റോമ്മിലെ ക്രിസ്ത്യാനികളോടു്, വി. പൌലോസ് ശ്ലീഹാ ഉപദേശിച്ചതു്, എല്ലാ അധികാരവും ദൈവത്തിൽനിന്നുള്ളതാണെന്നും അതുകൊണ്ടു്, അതിനെ എതിക്കരുതെന്നും ആയിരുന്നു (റോമ്മാ XIII, 1-2) സ്വേച്ഛാധിപത്യത്തെ പ്രണയിച്ച

www.malankaralibrary.com

ഭൗതികവും ആത്മീയവും ആയ ഭരണാധികാരികൾക്കു്, പൌലോസ് ശ്ലീഹായുടെ ഈ വാക്കുകൾ കുളമ്മയേറിയ താവളമായിരുന്നു. എന്നാൽ പൌലോസിന്റെ പ്രബോധനം നിരുപാധികമായിരുന്നില്ല. ഈശ്വരദത്തമായ പ്രാതിനിധ്യത്തോടുകൂടിയതാണു് എല്ലാ അധികാരവുമെങ്കിൽ, പ്രത്യക്ഷമായ ഈശ്വരഹിതത്തിനു് വിരുദ്ധമായി ആ അധികാരത്തിനു് പ്രവർത്തിക്കുവാൻ പാടുള്ളതല്ലല്ലോ. മതസ്വാതന്ത്ര്യവും മനുഷ്യന്റെ മററു മൗലികാവകാശങ്ങളും ഈശ്വരദത്തങ്ങളാണു്. അവ നിർവിഘ്നലക്ഷ്യത്തിലെത്തിക്കുവാൻ സഹായിക്കുകമാത്രമാണു് അധികാരത്തിന്റെ കർത്തവ്യം. ചെയ്യേണ്ടതു ചെയ്യാതെയും ചെയ്യാൻ പാടില്ലാത്തതു് ചെയ്യും (sins of omission and commission) അധികാരദുർവിനിയോഗം സംഭവിക്കുമ്പോൾ അതു് ദുർബലവും അർത്ഥശൂന്യവുമായിത്തീരുന്നു. അപ്പോൾ അധികാരത്തെ എതിർക്കുക ഭരണീയരുടെ അവകാശംതന്നെയല്ല, കടമയുമായിത്തീരുന്നു. ''ഞങ്ങൾ മനുഷ്യരെക്കാൾ ദൈവത്തെയാണു് അനുസരിക്കേണ്ടതു്'' (നടപടികൾ, V, 29) എന്നു് യഹൂദപുരോഹിതരുടെ അടികൊണ്ട പത്രോസും മററു ശിഷ്യന്മാരും പറയാൻ കാരണം. ഇതായിരുന്നു, സർ സി. പി. യെ എതിർക്കുന്നവരുടെ ന്യായവും.

സർ സി. പി. യുടെ ദുർഭരണം ദുസ്സഹമായിട്ടും, ക്ഷമയുടെ പ്രണേതാക്കളായ ഒരുകൂട്ടം യാഥാസ്ഥിതികർ, ''നമുക്കു അവസാനകൈയ്യായി ഒരു വിധേയത്വപ്രകടനം നടത്തി സമാധാനം സ്ഥാപിക്കരുതോ?'' എന്നൊരു ചോദ്യവുമായി മുന്നോട്ടുവന്നു. അതിനു് ഉപോൽബലകമായി മറെറാന്നുകൂടി പറയാനുണ്ടായിരുന്നു. അധികാരദുർവിനിയോഗം എത്രതന്നെ നീതിവിരുദ്ധമായാലും അതിന്റെ ദുഷ്ഫലങ്ങൾ അപരിഹാര്യങ്ങളായിത്തീരുന്നു—പ്രത്യേകിച്ചു് ന്യൂനപക്ഷസമുദായങ്ങൾക്കു്; ഈ ചിന്താഗതി അനുരഞ്ജനത്തിന്റെ പാതയെ വലുതാക്കുകയാണു് ചെയ്തതു്. വൈദികാധികാരസ്ഥാനങ്ങളിൽ ഇതിനു് പ്രാബല്യം സിദ്ധിച്ചു—പ്രത്യേകിച്ചു് എറണാകുളം, തൃശ്ശൂർ മെത്രാസനങ്ങളിൽ. മററു സുറിയാനി മെത്രാസനങ്ങളിൽ അതിനു പ്രേരണ നല്കിയതും ഊർജ്ജം പകർന്നതും എറണാകുളം അതിമെത്രാസനമാണു്.

സർ സി. പി. യുടെ ഗവണ്മെണ്ടുമായി അനുരഞ്ജനം വേണമെന്നു് തീർച്ചയാക്കിക്കഴിഞ്ഞപ്പോൾ, മാർ ഈവാനിയോസിന്റെ കത്തുകൾ എറണാകുളം മെത്രാപ്പോലീത്താസ്സു കൊ

www.malankaralibrary.com

ണ്ടുപോയി കൊടുക്കുകയും അദ്ദേഹത്തിൻെറ കത്തുകൾ കോട്ടയം—ചങ്ങനാശ്ശേരി മെത്രാന്മാക്ക് വാങ്ങിക്കൊടുക്കുകയും അവയുടെ ഉള്ളടക്കങ്ങൾക്ക് വിശദീകരണം നല്കുകയും ചില വാദമുഖങ്ങളെപ്പററിയുള്ള ചർച്ചയിൽ പങ്കെടുക്കുകയും ചെയ്ത 1938–39-ലെ സംഭവങ്ങളെപ്പററി ഈ ഗ്രന്ഥകത്താവിനു നല്ല ഓർമ്മയുണ്ട്. സർ സി. പി. യുമായി രഞ്ജനത്തിനു നീങ്ങുവാൻ, പൊതുജനാഭിപ്രായം ഭയപ്പെട്ട് ചങ്ങനാശ്ശേരിക്കും, സ്വന്തം പൊതുജനസമ്മതിയെ ബലികഴിക്കുവാൻ കോട്ടയത്തിനും വൈമുഖ്യമുണ്ടായിരുന്നു, എറണാകുളവും തൃശ്ശൂരും കൊച്ചി സംസ്ഥാനത്തായിരുന്നതുകൊണ്ട് ചങ്ങനാശ്ശേരിയുടെയും കോട്ടയത്തിൻെറയും പ്രശ്നങ്ങൾ അവരെ ബാധിച്ചില്ല. ഏതായാലും എറണാകുളത്തിൻെറ പ്രേരണയും സ്വാധീനവും ഒടുവിൽ വിജയിച്ചുവെന്നുവേണം മനസ്സിലാക്കേണ്ടതു്. അതിൻെറ ആത്യന്തികമായ ഉദ്ദേശം മാർ ഈവാനിയോസിൻെറ ''അജ്ഞാതവാസം'' അവസാനിപ്പിച്ച് പുനരൈക്യപ്രസ്ഥാനത്തെ തടവറയിൽനിന്നും പുറത്തിറക്കുകയായിരുന്നു. അതിൻെറ മൂലഘടകമായി പ്രവർത്തിച്ചതു് എറണാകുളം മെത്രാപ്പോലീത്താ മാർ അഗസ്റ്റിൻ കണ്ടത്തിലും.

## കലങ്ങിയ കുളത്തിൽ മീൻപിടിക്കാൻ

സർ സി. പി. യുടെ മനോഭാവവും ഗവണ്മെണ്ടു നയവും ക്രിസ്തുമതവിരുദ്ധമെന്നു പ്രത്യക്ഷമായതോടെ, തിരുവിതാംകൂറിലെ വർഗ്ഗീയരാഷ്ട്രീയത്തിനു് മുന്നേററമായി. സമുദായങ്ങളേയും ജാതികളേയും തമ്മിൽത്തല്ലിച്ച് സ്വാത്ഥമതികളായ ഭരണാധിപന്മാരും സമുദായനേതാക്കന്മാരും സ്വന്തം കാര്യം നേടാറുണ്ടല്ലോ? സർ സി. പി. ആരംഭിച്ച ക്രിസ്തുമതവിദ്വേഷത്തിൽക്കൂടി മുതലെടുക്കാൻ മുന്നിട്ടുപ്രവത്തിച്ചതു് മന്നത്തു പത്മനാഭനും എൻ. എസ്സ്. എസ്സ് നേതാക്കന്മാരും ആയിരുന്നു.

സി. നാരായണപിള്ള പറയുന്നു, ''നിസർഗ്ഗസിദ്ധമായ വാണീവിലാസംകൊണ്ട് പൊതുജനാഭിപ്രായമുണത്തുകയും ചെയ്ത മന്നത്തുപത്മനാഭൻപോലും ഏതോ അജ്ഞാതശക്തിയുടെ പ്രേരണകൊണ്ടെന്നപോലെ പ്രസംഗപീഠങ്ങളിൽനിന്നുകൊണ്ട് വർഗ്ഗീയപ്രചരണം നടത്തിയിരുന്നതു് നായർ സമുദായത്തിനുതന്നെ കളങ്കമുണ്ടാക്കിയ നടപടിയാണ്''15.

15. Ibid, P. 182.

www.malankaralibrary.com

''നായർസർവ്വീസു സൊസൈററിയും ആ സംഘടനയുടെ അനു യായികളും സർ സി. പി. യിൽനിന്നു്, അദ്ദേഹത്തിനു ക്രി സ്ത്യാനികളോടുള്ള വിദ്വേഷമനോഭാവത്തെ ചൂഷണംചെയ്തു് കൂടുതൽ ആനുകൂല്യങ്ങരം നേടുവാൻ കഴിയുമെന്നു് വ്യാമോ ഹിച്ചു് അദ്ദേഹത്തിനു പിൻതുണ നല്കണമെന്നുള്ള അഭിപ്രാ യം പ്രചരിപ്പിച്ചിരുന്നു''16.

ആത്മീയഭരണമായാലും ഭൗതികഭരണമായാലും അധി കാരിയുടെ മുഖപ്രസാദമാണു് എല്ലാ അനുഭോഗങ്ങളുടേയും അടിസ്ഥാനമെന്നും അതിനുള്ള അനിവാര്യമായ മാർഗ്ഗം വ്യക്തിപൂജയാണെന്നും വന്നാൽ, ആ സമൂഹത്തിൻെറ ധാർമ്മി കാധഃപതനത്തിനു് ഏറെസമയം വേണ്ടിവരില്ല. എന്നാൽ അതു് ഗുരുതരമായ ഒരു പരീക്ഷണഘട്ടമാകുമ്പോരം, മൗലിക തത്വങ്ങളും വ്യക്തിത്വവും ബലികഴിക്കാതെ രണ്ടു തിന്മകരം വികല്പമായി വന്നാൽ, അവയിൽ ലഘുവായതിനെ തിര ഞ്ഞെടുക്കുക എന്നു് ധർമ്മനീതി അംഗീകരിക്കുന്ന പ്രായോ ഗികബുദ്ധിയുണ്ടു്; അതാണു് സർ സി. പി. യുടെ ഷഷ്ട്യബ്ദി ആഘോഷത്തിൽ മാർ ഈവാനിയോസു് തിരഞ്ഞെടുത്തതു്. ഇന്ത്യയിലെ ലഘുന്യൂനപക്ഷമാണു് ക്രിസ്ത്യാനികരം എന്ന വസ്തുതയും ആ ന്യായത്തിനു് ആക്കം കൂട്ടുന്നു.

മാർ ഈവാനിയോസു് തിരുമേനിയുടെ വമ്പിച്ച ആതി ഥ്യത്തിൻെറ നടുനായകമായി സർ സി. പി. ബഹുമാനിക്ക പ്പെട്ടു. തങ്കത്തകടിലെ പ്രശസ്തിയുടെ കനകരേഖകരം സർ സി. പി. യെ കോരംമയിർകൊള്ളിച്ചുകാണും. മറുപടി പറ യാൻ അദ്ദേഹം എണീററുനിന്നപ്പോരം, ആ തലപ്പാവിനടി യിലെ സുഭഗമുഖത്തിൻെറ സുപ്രസിദ്ധമായ നീണ്ട നാസിക, വാദ്ധ്യോരണിക്കു അകമ്പടി സേവിക്കുവാൻ താളലയങ്ങളനു സരിച്ചു് ഇടംവലം ചലിച്ചു. വാണീവിലാസത്തിൻെറ നിർ ഝരിണിയിൽ മുഴങ്ങിക്കേട്ടതു് വി. പൌലോസ്ശ്ലീഹായുടെ ഉപവിയെപ്പററിയുള്ള (I കൊറിന്ത്യ. XIII) ആഹ്വാനത്തിൻെറ പ്രകീർത്തനമായിരുന്നു. വത്തിക്കാൻ റേഡിയോ അതു് ലോക മെല്ലാം വിളംബരപ്പെടുത്തുകയും ചെയ്തു.

## പിന്നേം ചങ്കരൻ തെങ്ങേൽ

മതസഹിഷ്ണതയുടെ എന്നല്ല, മതാവകാശങ്ങളുടെ പ്രതീ ക്ഷയോടെയാണു് പട്ടത്തെ ഷഷ്ട്യബ്ദിപൂർത്തിയാഘോഷങ്ങ

16. Ibid

www.malankaralibrary.com

ളോട്ട് മുഴമനസ്സായും അരമനസ്സായും സംബന്ധിച്ചവർ പിരിഞ്ഞുപോയതു്. അന്ന് സർ സി. പി. ഉൽഘോഷിച്ച ക്രിസ്തീയ ഉപവിയുടെ ശബ്ദതരംഗങ്ങൾ വായുവിൽ ലയിച്ച് സ്വവസതിയായ ഭക്തവിലാസത്തു അദ്ദേഹം മടങ്ങി എത്തുന്നതിനു മുൻപുതന്നെ സഹ്യാദ്രിയും കടന്ന് അദ്ദേഹത്തിന്റെ ജന്മനഗരമായ മൈലാപ്പൂരിലേയ്ക്കു നീങ്ങുകയായിരുന്നു. കാരണം, അതു് രാഷ്ട്രീയതന്ത്രത്തിന്റെ ആത്മാർത്ഥതയില്ലാത്ത ശബ്ദതരംഗങ്ങളായിരുന്നതു തന്നെ. ഏതായാലും അവ മൈലാപ്പൂർ കടൽത്തീരത്തുള്ള സാന്തോം ദൈവാലയത്തിന്റെ സ്തൂപികയിൽ മുട്ടിത്തിരിഞ്ഞു്, ഒൻപതു വർഷം കഴിഞ്ഞപ്പോൾ മാർ ജെയിംസ് കാളാശ്ശേരിയുടെ ഇടയലേഖനത്തോടുകൂടി തിരിച്ചടിച്ച്, തിരുവനന്തപുരത്തെ സ്വാതിതിരുനാൾ കലാലയാഘോഷങ്ങളിൽ ഒരു വാളിന്റെ വായ്ത്തലയായി മാറി, സർ സി. പി. യുടെ മുഖത്തു നിപതിച്ചു. അദ്ദേഹം അറസ്ററു ചെയ്യുവാനൊരുങ്ങിയ ചങ്ങനാശ്ശേരി രൂപതയുടെ കാളാശ്ശേരി മാർ ജെയിംസുമെത്രാന്റെ തിരുന്നാൾ ദിനമായിരുന്നു അന്നു്. ആ വാളാണ് സർ സി. പി. യുടെ തിരുവിതാംകൂർ ബന്ധവും രാഷ്ട്രീയജീവിതം തന്നെയും ഒന്നാകെ അവസാനിപ്പിച്ചതു്. "വീണിതല്ലോ കിടക്കുന്നു ധരണിയിൽ ശോണിതവുമണിഞ്ഞയ്യോ" എന്ന ശോകാന്ത നാടകത്തിന്റെ ഭരതവാക്യമായിരുന്നു അതു്. വെട്ടേററ സർ സി. പി. യെ ചോരയിൽ കുളിച്ചാണ് ജനറൽ ഹോസ്പിററലിൽ കൊണ്ടുവന്നതു്. അവിടെ എത്തിയ ഉടൻ അദ്ദേഹം ആജ്ഞാപിച്ചു, "കന്യാസ്ത്രീമാരല്ലാതെ മറെറാരു നഴ്സും തന്നെ ശുശ്രൂഷിക്കരുതെന്നു്." എന്നാൽ സർ. സി. പി. ആസ്പത്രികളിൽ ജോലി ചെയ്തിരുന്ന കന്യാസ്ത്രീമാരെ ബഹിഷ്ക്കരിച്ചിട്ട്, അപ്പോഴേയ്ക്കും വർഷങ്ങൾ കുറെ ആയിരുന്നു!! സർ സി. പി. യെ തിരുവിതാംകൂർ സ്വാതന്ത്ര്യസമരചരിത്രം എഴുതിയ സി. നാരായണപിള്ള ഒരു ഭീകര 'വില്ലൻ' (villain) ആയിട്ടാണ് ചിത്രീകരിച്ചിരിക്കുന്നതു്. എന്നിട്ട്, സർ സി. പി. യെ അദ്ദേഹം വിശേഷിപ്പിക്കുന്നു: "അഖിലേന്ത്യാ പ്രശസ്തനും ഇന്ത്യയിലുള്ള ഏതുദ്യോഗത്തിനും അർഹനും ലോകവ്യാഖ്യാതനുമായ രാജ്യതന്ത്രജ്ഞനും പ്രതിഭാശാലിയും തൊഴിലിൽ ഭാരിച്ച സംഖ്യകൾ ആർജ്ജിച്ചുകൊണ്ടിരുന്ന അഭിഭാഷക വിദഗ്ധനുമായ......"17.

17. P. 33.

www.malankaralibrary.com

പട്ടത്തെ ആഘോഷങ്ങരം കഴിഞ്ഞു് ഭക്തവിലാസത്തെത്തിയ സർ സി. പി. ക്രിസ്ത്യാനികളോടുള്ള മനോഭാവത്തിൽ പഴയ സി. പി. തന്നെയായിരുന്നെങ്കിലും മാർ ഈവാനിയോസിനോടും അദ്ദേഹത്തിൻെറ താല്പര്യങ്ങളോടും അനുഭാവം കാട്ടാൻ തയ്യാറായി. ആശ്രിതരായ ക്രിസ്ത്യാനികരംക്കു് കുറെ എല്ലുമ്പുകരം എറിഞ്ഞുകൊടുത്തു തൃപ്തിപ്പെടുത്തി. ഗവണ്മെൻറിൻെറ ശത്രുതയുടെ കരിനിഴലിൽനിന്നും മാർ ഈവാനിയോസ് പുറത്തുവന്നതാണു് പ്രഥമവും പ്രധാനവും ആയ നേട്ടം. അതോടെ, നവോന്മേഷഭരിതമായ ഒരു സഭയുടെ വളച്ച്യ്ക്കു് സൗകര്യം കിട്ടി. വിദേശത്തുനിന്നും കിട്ടിക്കൊണ്ടിരുന്ന ഉദാരമായ സംഭാവനകരം ദൈവാലയങ്ങരം, വിദ്യാലയങ്ങരം, ആസ്പത്രികരം, മററു ധർമ്മസ്ഥാപനങ്ങരം എന്നിവ കെട്ടിപ്പടുക്കുവാൻ സഹായകരമായിത്തീൎന്നു. ഗവണ്മെൻറാഫീസുകളിലെല്ലാം മാർ ഈവാനിയോസിൻെറ താല്പര്യങ്ങരംക്കു് മുൻഗണനയുടെ പച്ചക്കൊടി ഉയൎന്നുകണ്ടു. ഉന്നതതലത്തിലുള്ള കാര്യസാദ്ധ്യത്തിനു മാർ ഈവാനിയോസിൻെറ സ്വാധീനം തേടി ആളുകരം ധാരാളമായി പട്ടത്തു വന്നുകൊണ്ടിരുന്നു.

എന്നാൽ, ഗവണ്മെൻറിൻെറ പൊതുവായ ക്രൈസ്തവവിരുദ്ധനയത്തിനു മാററമൊന്നും വന്നില്ല. നിയമം കർക്കശമല്ലെങ്കിൽത്തന്നെയും അതു് പ്രയോഗത്തിൽ വരുത്തുന്ന കീഴ്ക്കിടയിലുള്ള ഉദ്യോഗസ്ഥന്മാരുടെ കാർക്കശ്യം നിയമത്തെത്തന്നെ കക്കശമാക്കുകയാണു് അനുഭവം. ഭൂരിപക്ഷവും അക്രൈസ്തവരായ ഉദ്യോഗസ്ഥന്മാരുടെ മേശകളിൽക്കൂടി നീങ്ങുന്ന ഫയലുകളധികവും ക്രൈസ്തവവിദ്വേഷനയത്തിൻെറ പൊള്ളലേററു കരിയുകയോ കാണാതാവുകയോ ആണു് ചെയ്തിട്ടുള്ളതു്. ഈ ദുർവിധിക്കു വിധേയമായിട്ടുള്ളതധികവും വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറിലാണു്.

ക്രിസ്തുമതത്തിൻെറ കാതൽതന്നെ വിജ്ഞാനവിതരണമാണു്. സുവിശേഷോൽഘോഷണം എന്ന പേരുതന്നെ അതിനെ അന്വത്ഥമാക്കുന്നു. സ്വകാര്യവിദ്യാലയങ്ങളധികവും ക്രിസ്ത്യാനികരം നടത്തുന്നവയാണു്. ചങ്ങനാശ്ശേരി മെത്രാൻ മാർ ജെയിംസിൻെറ കീഴിലാണു് ഏററവും കൂടുതൽ സ്കൂളുകരം ഉണ്ടായിരുന്നതു്. തന്മൂലം, സർ സി. പി. യുടെ ക്രൈസ്തവവിരുദ്ധനയം ഏററവും കൂടുതലായി ബാധിച്ചതു് മാർ ജെയിംസിനെ ആയിരുന്നു. അദ്ദേഹം പട്ടത്തുവെച്ചു നടന്ന സർ

www.malankaralibrary.com

സി. പി. യുടെ ഷഷ്ട്യബ്ദപൂർത്തി ആഘോഷങ്ങൾക്ക് ഗണ്യമായ ദ്രവ്യം നല്കിയ ആളുമാണ്. സർ സി. പി. യുമായുള്ള അനുരഞ്ജനശ്രമങ്ങളെല്ലാം അപജയത്തിലായപ്പോൾ, മാർ ജെയിംസ് തിരുമേനി ഉൽക്കണ്ഠാഭരിതനും അസ്വസ്ഥനും ആയിത്തീർന്നു. "കത്തനാരന്മാർക്കും കന്യാസ്ത്രീകൾക്കും സ്വകാര്യവിദ്യാലയങ്ങളിൽനിന്നും കിട്ടുന്ന പണത്തെപ്പററി'' കലങ്ങിയ വെള്ളത്തിൽ മീൻപിടിക്കാൻ വന്നവർ വീറോടെ ആക്രോശിച്ചു. ഇവയെല്ലാം പരോക്ഷമായെങ്കിലും സമുദായവൈരത്തിനു മൂർച്ചകൂട്ടുവാൻ ഗവണ്മെൻറു് ആവിഷ്ക്കരിച്ച പദ്ധതിപോലെ തോന്നി. ഈ അവസരത്തിലാണ് ക്ഷമയുടെ നെല്ലിപ്പലക കണ്ട മാർ ജെയിംസിൻെറ ഇടയലേഖനമുണ്ടായതു് (പുറം 546–547 കാണുക).

ഉദ്ദണ്ഡനും അധികാരപ്രമത്തനും ആയ സർ സി. പി. യെ ആ ഇടയലേഖനം സ്വാഭാവികമായും വിളറിപിടിപ്പിച്ചു. നമ്മബുദ്ധിയായ മാർ ജെയിംസ് മെത്രാൻെറ ഇടയലേഖനത്തിലെ പരിഹാസം അവിടവിടെ നിഴലിച്ചിരുന്നതു് അഹന്തപെരുകിയ സി. പി. യെ പ്രക്ഷുബ്ധനാക്കി. ''അണുബോംബി''ൻേറയും ''വാളെടുക്കലി''ൻേറയും ശൈലികൾ സി. പി. യെ കലികൊള്ളിച്ചു. അപ്പോഴാണ് അറസ്റ്റുചെയ്യുമെന്നുള്ള ഭീഷണി ഉയന്നതു്. ചങ്ങനാശ്ശേരി അരമനക്കുചുററും ആയിരക്കണക്കിനാളുകൾ കാവലിട്ടപ്പോൾ ഫണമുയർത്തിയ പാമ്പു് ഓലപ്പാമ്പാണെന്നു തെളിഞ്ഞു.

കേരളസഭാചരിത്രത്തിൽ സർ സി. പി. യെ കഥാപുരുഷനാക്കുന്നതു് അദ്ദേഹം റോമിലെ നീറോയുടെ ഒരു ചെറിയ തിരുവിതാംകൂർ പതിപ്പായിരുന്നതുകൊണ്ടാണ്. ആര്യസമാജസ്ഥാപകനായ ദയാനന്ദസരസ്വതിസ്വാമികളുടെ ആരാധകനായിരുന്നു സർ സി. പി. അതുകൊണ്ടായിരിക്കണം സർ സി. പി. തിരുവിതാംകൂർ ദിവാനായശേഷം ഗവണ്മെൻറു ഗസററുകളിൽ ഹിന്ദുമതത്തിലേയ്ക്കു പരിവത്തനം ചെയ്യപ്പെട്ട നൂറുകണക്കിനു് അധഃകൃതക്രിസ്ത്യാനികളുടെ പേരുകൾ തുടച്ചയായി പ്രസിദ്ധം ചെയ്തിരുന്നതു്. പിന്നോക്ക ഹിന്ദുസമുദായങ്ങളുടെ മതപരമായ ചാതുർവർണ്യത്തിൻെറ ദുഷ്ഫലങ്ങളിൽനിന്നു രക്ഷപെടുവാൻ ഈഴവസമുദായ നേതാവായ പരേതനായ സി. വി. കുഞ്ഞുരാമൻ, കോട്ടയം ആംഗ്ലിക്കൻ ബിഷപ്പിൻെറ പക്കൽ മതപരിവത്തനത്തെ

www.malankaralibrary.com

പ്പററി ആലോചിച്ചതിൻെറ രാഷ്ട്രീയവും മതപരവുമായ പ്രതികരണമായിരുന്നു ക്ഷേത്രപ്രവേശനവിളംബരം. രാഷ്ട്രീയത്തിൽ, നാഷണൽ കോൺഗ്രസ്സിൽനിന്നും സാമ്രാജ്യപക്ഷത്തിലേയ്ക്കും തിരിച്ച് അങ്ങോട്ടും കണ്ടംചാടിയ ആളായതുകൊണ്ട് പണ്ഡിററ് ജവഹർലാൽ നെഹ്രുവിനു സി. പി. യെ വളരെ പുച്ഛമായിരുന്നു; തന്നെയുമല്ല, സ്വാതന്ത്ര്യമതിയായ സ്വേച്ഛാധിപതിയും. അണിയറ രാഷ്ട്രീയത്തിൽ അഴിഞ്ഞാടുവാൻ കഴിവുമായിരുന്ന സർ സി. പി., വെല്ലിംഗ്ടൻ ദമ്പതി പ്രഭുക്കളുടെ മുഖപ്രസാദത്തിലാണ് സാമ്രാജ്യസ്ഥാനങ്ങളിൽ കയറിപ്പററിയതു്. മഹാറാണി ലക്ഷ്മീഭായിയുടെ റീജൻസി ഭരണം വെട്ടിച്ചുരുക്കി ശ്രീചിത്തിരതിരുനാളിനെ നേരത്തെ സിംഹാസനത്തിലേററാൻ സഹായിച്ചതു് സർ സി. പി. യാണ്. അതിനു് വെല്ലിംഗ്ടൻ നിർദ്ദേശിച്ച ഉപാധി സർ സി. പി. യെ നിയമോപദേഷ്ടാവാക്കുകയെന്നാണ് കേട്ടിട്ടുള്ളതു്.

വിജ്രംഭിതമായ തൻെറ അഹന്തയുടേയും ഗർവ്വിൻേറയും ഉള്ളിൽ കുത്തിനോക്കിയ മാർ ജെയിംസ് മെത്രാനോടുള്ള പ്രതികരണം ഉടനടിയായിരുന്നു. സെൻറ് ബെക്ക്മാൻസ് കോളേജിലെ ചില ബ്രാഹ്മണ അദ്ധ്യാപകർ രാജിവെച്ചു. പെരുന്നയിലുണ്ടായിരുന്ന ക്രിസ്ത്യൻ കുടുംബങ്ങളെ കുടിയിറക്കി അവിടെ എൻ. എസ്സ്. എസ്സിനു കോളേജനുവദിച്ചു. തിരുവനന്തപുരത്തു് സീയോൺ കുന്നും പ്രാന്തപ്രദേശങ്ങളും പത്തും പതിനഞ്ചും സെൻറ് ഉടമകളായ ക്രിസ്ത്യാനികളുടെ മാത്രമായിരുന്നു. അവിടെനിന്നും അവരേയും കുടിഇറക്കിച്ച് എം. ജി. കോളേജ് സ്ഥാപിക്കുവാൻ വഴിയൊരുക്കി. സർ സി. പി. യുടെ വൈരനിര്യാതനബുദ്ധി നൂറു മാർഗ്ഗങ്ങളിലൂടെ ക്രിസ്ത്യാനികൾക്കെതിരായി തിരിഞ്ഞു. സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ അർദ്ധകായപ്രതിമ തിരുവനന്തപുരം നഗരത്തിൽ സ്ഥാപിക്കുവാൻ ഗവണ്മെൻറ് തടസ്സം പുറപ്പെടുവിച്ചപ്പോൾ ആ സംരംഭത്തിൻെറ നേതാവായ കുമ്പളത്തു ശങ്കുപിള്ള, സർ സി. പി. യെ വെട്ടിയ അജ്ഞാതനെ തനിക്കറിയാമെന്നും അയാൾക്കും തിരുവനന്തപുരത്തു് ഒരു പ്രതിമ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുവെന്നും പ്രസ്താവിക്കുകയുണ്ടായി. ഏതായാലും സർ സി. പി. യുടെ രാഷ്ട്രീയജീവിതത്തിനു തിരശ്ശീല ഇട്ടതു് ആ അജ്ഞാതനായിരുന്നു. ദൈവപരിപാലനയുടെ നിഗൂഢവും അപ്രതീക്ഷിതവുമായ അത്ഭുതമാണിതു്.

www.malankaralibrary.com

## വിശദാംശവീക്ഷണം

മനോമുകുരത്തിലുദിക്കുന്ന ഏതൊരു സങ്കീർണ്ണപദ്ധതിയുടെ വിശദാംശങ്ങൾപോലും ഭാവനയിൽ കണ്ടെത്തുവാനുള്ള കഴിവ് മാർ ഈവാനിയോസിന്റെ അസാധാരണ സിദ്ധികളിലൊന്നായിരുന്നു. 1918-ൽ കേരളത്തിൽവന്ന ആംഗ്ലോ കാത്തലിക് കന്യാസ്ത്രീമാരായ മദർ ഈഡിത്തു്, സി. ഹെലൻ, സി. ഡോറിയാ എന്നിവർ പുനലൂർ റയിൽവേസ്റ്റേഷനിൽ ഇറങ്ങി പെരിനാട്ടു് മുണ്ടൻമലയിലെത്തുംവരെയും അവിടെ താമസിച്ചുമടങ്ങുവോളം ചെയ്യേണ്ട സജ്ജീകരണങ്ങളെപ്പററി മാർ ഈവാനിയോസ് നൽകിയിട്ടുള്ള നിർദ്ദേശങ്ങൾതന്നെ അതിനു തെളിവാണു്[18]. ഇംഗ്ലീഷിൽ പറയാറുള്ള "an eye for details" എന്നതു് മാർ ഈവാനിയോസിനെ സംബന്ധിച്ചിടത്തോളം അന്വർത്ഥമായിരുന്നു.

## വിസ്മയകരമായ ഏകാഗ്രബുദ്ധി

ഒരേസമയം പല എഴുത്തുകൾ പറഞ്ഞുകൊടുക്കുകയും, ഇടയ്ക്കു് ആരെങ്കിലും സന്ദർശിക്കുവാൻ വന്നാൽ അവരോടു് സംഭാഷണം നടത്തി തിരിച്ചെത്തിയശേഷം അതേകത്തുകൾ തുടർന്നു പറഞ്ഞുകൊടുക്കുകയും ചെയ്യുക മാർ ഈവാനിയോസിനെ സംബന്ധിച്ചിടത്തോളം അസാധാരണമല്ലായിരുന്നുവെന്നു് മാർഗരററ് ഗിബ്ബൺസും ഇഞ്ചക്കലോടിയും പറയുന്നുണ്ടു്. ഈ അസാധാരണ കഴിവിന്റെ ദീർഘകാലത്തെ അനുഭവസ്ഥനാണു് ഈ ഗ്രന്ഥകർത്താവു്.

മററൊന്നുകൂടിയുണ്ടു്; ഒരു ചിന്താസരണിയുടെ ഏകാഗ്രതയിൽ ലയിച്ചാൽ മാർ ഈവാനിയോസിനു് പരിസരബോധംപോലും നഷ്ടപ്പെടുക സാധാരണമായിരുന്നു. എപ്പോഴും ഗാഢമായി ചിന്തയിലാണ്ടിരുന്ന ഒരു ബുദ്ധിജീവിയായിരുന്നു അദ്ദേഹം. ഫാ. ഇഞ്ചയ്ക്കലോടി അതിനൊരു ദൃഷ്ടാന്തം നല്കുന്നുണ്ടു്: വട്ടശ്ശേരി ഗീവറുഗീസു മല്പാൻ ദൂരെനിന്നേ തുടങ്ങി അടുത്തെത്തി ആവർത്തിച്ചു വിളിച്ചിട്ടും അറിയാതെ ഗ്രന്ഥപാരായണത്തിൽ ആമഗ്നനായിരുന്നു പി. ററി. ഗീവറുഗീസ് ശെമ്മാശ്ശൻ[19]. മനസ്സിലെപ്പോഴും ഉദിച്ചുയർന്നുകൊണ്ടിരിക്കു

18. Margaret Gibbons P. 28-30.
19. Vol. I, P. 42.

www.malankaralibrary.com

ന്നതു് നവംനവമായ ആശയങ്ങളും പുതിയ പുതിയ പദ്ധതി കളുമായിരിക്കും. മാർ ഈവാനിയോസിന്റെ ഭക്ഷണം എപ്പോഴും ദാരിദ്ര്യത്തിന്റെ ലാളിത്യം ഉൾക്കൊണ്ടിരുന്നു. രുചിയറിയാത്ത നിസ്സംഗത്വം ഭക്ഷണത്തിൽ ഇതുപോലെ പുലർത്താൻ കഴിയുന്ന മറ്റൊരു വ്യക്തിയെ കണ്ടെത്താൻ പ്രയാസമാണു്. ഭക്ഷണവേളയിൽ സാധാരണമായി പത്രങ്ങൾ വായിച്ചുകൊണ്ടിരിക്കും, അഥവാ മൗനമായി എന്തെങ്കിലും ചിന്തിച്ചുകൊണ്ടിരിക്കും, അല്ലെങ്കിൽ സന്ദർശകരോടു് കാര്യാന്വേഷണങ്ങൾ നടത്തും; ഇതായിരുന്നു പതിവു്. മദ്ധ്യാഹ്നഭക്ഷണം കഴിക്കുന്നതുപോലും യാന്ത്രികമായ ഒരു ചടങ്ങുപോലെയായിരുന്നു. ഭക്ഷണശേഷം, ഒരു മണിക്കൂർ കഴിയുംമുൻപ് തന്റെ നിത്യസഹവാസിയായ ഭൃത്യനെ വിളിച്ചുചോദിക്കും, "എടാ ചാക്കോ, ഞാൻ ഉച്ചഭക്ഷണം കഴിച്ചോ?" ഭക്ഷണത്തിന്റെ സംതൃപ്തി ചാക്കോയുടെ മറുപടിയാണു് നൽകിയിരുന്നതു്. അത്രമാത്രം ജഡവിമുക്തമായ ജീവിതം!!

## അത്ഭുതകരമായ അദ്ധ്വാനശക്തി

ഫാ. പി. ററി. ഗീവറുഗീസച്ചനു് സെറാംപൂർവച്ചു് വാതരോഗംപിടിപെട്ടു് ചികിത്സയ്ക്കായി കോട്ടയത്തുകൊണ്ടുവന്നു് പിഴിച്ചിലും മററും നടത്തി. അദ്ദേഹത്തിന്റെ ആയുസ്സിനെപ്പററി ആശങ്ക തോന്നത്തക്കവിധത്തിലായിരുന്നു രോഗകാഠിന്യമെന്നു് അദ്ദേഹത്തെ അപ്പോൾ ശുശ്രൂഷിച്ചിരുന്ന മാരേട്ടു് എ. പീലിപ്പോസു് പറയുന്നു. "മാർ ഈവാനിയോസു് തിരുമനസ്സിലെ കൃത്യനിർവ്വഹണതല്പരത അത്ഭുതകരമായിരുന്നു. അദ്ദേഹത്തിന്റെ ആയുസ്സിന്റെ ഒരു വിനാഴികയെങ്കിലും നഷ്ടപ്പെടുത്തിയിട്ടുണ്ടോ എന്നു് എനിക്കു് സംശയമുണ്ടു്. ചെറുപ്പംമുതലേ എനിക്കു് അദ്ദേഹത്തെ പരിചയമുള്ളതുകൊണ്ടു് ഈ സംഗതി ധൈര്യമായി പറയാൻ എനിക്കു കഴിയും. എപ്പോഴും അദ്ദേഹം കൃത്യോന്മുഖനായിരുന്നു. കൃതകൃത്യങ്ങളെപ്പററി, ഒന്നുകിൽ തനിച്ചിരുന്നു് ആലോചിച്ചു് ഒരു രൂപം എടുക്കുക, അല്ലെങ്കിൽ പ്രവർത്തിക്കുക, ഇതുരണ്ടുമല്ലാതെ മറെറാന്നു് അദ്ദേഹത്തിന്റെ ജീവിതത്തിൽ ഉണ്ടായിട്ടില്ല. അനാരോഗ്യത്തിൽപ്പോലും ഇതുതന്നെയായിരുന്നു അദ്ദേഹത്തിന്റെ സ്ഥിതി"[20]. മാർ ഈവാനിയോസിന്റെ സെക്രട്ടറി

---

20. എ. പീലിപ്പോസ്, ആത്മകഥ P. 82–83.

44

www.malankaralibrary.com

യായി ദീർഘകാലം കഴിച്ചിട്ടുള്ള ഈ ഗ്രന്ഥകാരനും പീലിപ്പോസ് ജഡ്ജിയുടെ അഭിപ്രായം അക്ഷരാർത്ഥം സത്യമാണെന്നു് നിർവ്വിശങ്കം പറയുവാൻ കഴിയും. ക്ഷീണിക്കുമ്പോൾ വിശ്രമിക്കുകയല്ലാതെ, മണിനോക്കി വിശ്രമിക്കുക അദ്ദേഹത്തിനില്ലായിരുന്നു. ദിനംപ്രതി നാലുമണിക്കൂറിൽ കൂടുതൽ അദ്ദേഹം ഉറങ്ങിയിരുന്നില്ല[21].

കൃത്യനിർവ്വഹണവ്യഗ്രതയിൽ തന്നോടുതന്നെ കാണിച്ചു നിർദ്ദാക്ഷിണ്യത സ്നേഹത്തിന്റെ മാധുര്യംചേർത്തു സഹപ്രവർത്തകരോടും തിരുമേനി പാലിച്ചിരുന്നു. വൈകിട്ട് 9–10 മണിക്കു തുടങ്ങുന്ന കത്തെഴുത്തുകൾ വെളുപ്പിനു് 2–3 മണിയാകുമ്പോൾ അവസാനിപ്പിച്ചു് ഉറങ്ങാൻ പോവുക പതിവുണ്ടായിരുന്ന ഈ ഗ്രന്ഥകർത്താവു്, കിടക്കവിരിച്ചു് ഉറങ്ങാൻ തുടങ്ങുമ്പോൾ, പിതാവിന്റെ വേലക്കാരൻ ഓടിയെത്തുകയായി, ഒരടിയന്തിരസന്ദേശവുമായി; ''ഉടനെ വരണം, പിതാവു വിളിക്കുന്നു''. തിരിയെ ചെല്ലുമ്പോൾ സ്നേഹമസൃണമായ ഒരു പുഞ്ചിരിയിൽ കുഴച്ചുവെച്ച ക്ഷമാപണം നല്കുവാൻ തിരുമേനി ഒരിക്കലും മറന്നിട്ടുമില്ല. എന്നിട്ട പറയും, ''ഇന്നാൾ പറഞ്ഞ കാര്യത്തിനു് ഒരു പുതിയ മാർഗ്ഗം മനസ്സിൽ കടന്നുവന്നു. ഇപ്പോഴതു് എഴുതിവച്ചില്ലെങ്കിൽ പിന്നീടതു മറന്നുപോയെന്നുവരും.'' ഇതുപോലുള്ള സന്ദർഭങ്ങൾ അനവധിയാണു്. മാർ ഈവാനിയോസിനെ സേവിക്കുന്നതിലും അദ്ദേഹവുമായുള്ള സഹവർത്തിത്വത്തിലും ഈ ലേഖകനു് ഒരിക്കലും മടുപ്പോ ക്ഷീണമോ തോന്നിയിട്ടില്ല. നേരെമറിച്ചു്, ഔത്സുക്യത്തിന്റെ ചിറകുകളിൽ സംവഹിക്കുന്ന ഒരജ്ഞാതകരമാണു് എപ്പോഴും അനുഭവപ്പെട്ടിട്ടുള്ളതു്. മഹത്തായ വ്യക്തിത്വത്തിൽനിന്നും പ്രസരിക്കുന്ന വശ്യശക്തിയായിരിക്കാം ഇതിനു കാരണം. അമേരിക്കയിൽ കർദ്ദിനാളന്മാരുടെയും, മെത്രാന്മാരുടെയും അരമനകളിലോ, സന്ന്യാസാശ്രമങ്ങളിലോ, തിരുമേനി അതിഥിയായി ചെന്നാൽ ''എന്റെ സെക്രട്ടറിയുടെ മുറി ഒന്നു കാണട്ടെ'' എന്നു പറഞ്ഞുകൊണ്ടു് ഈ ഗ്രന്ഥകർത്താവിനു് നിർദ്ദേശിച്ചിട്ടുള്ള മുറിയാണു് ആദ്യമായി കാണുക.

മാർ ഈവാനിയോസ് തിരുമേനി ചിക്കാഗോ (U.S.A.) യിൽ വന്നശേഷം, ന്യൂയോർക്കിലുണ്ടായിരുന്ന ഈ ലേഖക

21. ഫാ. ഇഞ്ചയ്ക്കലോടി, Vol I, 19–75.

www.malankaralibrary.com

നെ ഫോണിൽവിളിച്ച്, ഏഴെട്ടുമാസത്തോളം തിരുമേനിയോടുകൂടി സഞ്ചരിക്കുവാനും തിരുമേനിയെ സഹായിക്കുവാനും അദ്ധ്യയനത്തിൽനിന്നു് അവധി എടുക്കണമെന്നു് നിർദ്ദേശിച്ചു. അന്നു് ഈ ലേഖകൻ കൊളംബിയാ സർവ്വകലാശാലയിലെ ഗവേഷണ വിദ്യാർത്ഥി ആയിരുന്നു. ആ സർവ്വകലാശാലയിലെ പ്രസിഡണ്ടിനോടു് തിരുമേനി നേരിട്ടുതന്നെ ചോദിച്ചു അനുവാദം വാങ്ങിത്തന്നു– പ്രസിഡണ്ടിനെക്കാൾ വളരെ താഴ്ന്ന തലത്തിൽമാത്രം സാധിക്കേണ്ട കാര്യമായിരുന്നിട്ടും.

പിന്നീടു്, തിരുമേനിയൊന്നിച്ചുള്ള അവിശ്രാന്തമായ യാത്രകളും അവിരാമമായ കത്തെഴുത്തുകളും ആയിരുന്നു പരിപാടി. തിരുമേനി താമസിച്ചിരുന്നതു് ന്യൂയോർക്ക്നഗരത്തിൽ മൻഹാട്ടനിലെ ഒരു സന്ന്യാസ (Manhatten) മന്ദിരത്തിൽ; ഈ ലേഖകൻ, ഏഴെട്ടുമൈൽ ദൂരത്തുള്ള 124–ാം റോഡിൽ കന്യകാമഠത്തിലെ ചാപ്ളയിനായിരുന്നതുകൊണ്ടു് അതോടനുബന്ധിച്ചുള്ള കെട്ടിടത്തിലും. പകൽതുടങ്ങുന്ന കത്തെഴുത്തുകളും മററു പരിപാടികളും പാതിരാവിലും അവസാനിക്കാറുണ്ടായിരുന്നില്ല. തിരുമേനി അമേരിക്കയിൽ എത്തുന്നതിനുമുമ്പുതന്നെ അവിടുത്തെ കത്തോലിക്കാപത്രങ്ങൾ മാത്രമല്ല, ലൈഫ്, ടൈം, ന്യൂയോർക്ക് ടൈംസ് മുതലായ പ്രധാന പത്രങ്ങളും തിരുമേനിയുടെ ആകർഷകമായ ചിത്രങ്ങളും വിശദവിവരങ്ങളും പ്രസിദ്ധീകരിച്ചിരുന്നതുകൊണ്ടു് തിരുമേനി അമേരിക്കൻ വാർത്താകുതുകികൾക്കും അഭ്യസ്തവിദ്യർക്കും സാമാന്യം പരിചിതനായിക്കഴിഞ്ഞിരുന്നു. പോരെങ്കിൽ ബഹുമാനാദരവുകൾ പിടിച്ചുപററുന്ന നീണ്ടമുഖവും അതിലേറെ നീണ്ടമീശയും ചൂഴ്ന്നിറങ്ങുന്ന ദൃഷ്ടികളും സർവ്വോപരി, പഴയനിയമത്തിലെ ശ്രേഷ്ഠാചാര്യന്മാരെ അനുസ്മരിപ്പിക്കുന്ന തികച്ചും പൌരസ്ത്യമായ വേഷവും, അമേരിക്കയിൽ എവിടെയും എപ്പോഴും തിരുമേനിയെ ശ്രദ്ധാർഹനാക്കിത്തീർത്തു. സംസാരിച്ചുതുടങ്ങിയാൽ, പാശ്ചാത്യപണ്ഡിതന്മാരെ അത്ഭുതപ്പെടുത്തുന്ന വിജ്ഞാനഭണ്ഡാരം തുറന്നുകാട്ടുവാൻ അദ്ദേഹത്തിനു കഴിഞ്ഞിരുന്നു– അതും ലളിതവും സംസ്കൃതവും ആയ ഇംഗ്ലീഷു ശൈലിയിൽ. ഇത്രമാത്രം വശ്യശക്തിയുള്ള ഒരു മഹാപുരുഷൻെറ അമേരിക്കൻ സന്ദർശനകാലത്തു് പ്രൊപ്പഗാന്തസംഘത്തിൻെറ അമേരിക്കൻ ശാഖയിലെ സംഭരണത്തുക കുറഞ്ഞുപോയതിൽ അത്ഭുതപ്പെടുവാനി

www.malankaralibrary.com

ല്ലല്ലോ. കൂടാതെയും, പൊതുവേ പറഞ്ഞാൽ, നൂതനമായയതേതും അമേരിക്കരെ ലഹരിപിടിപ്പിക്കുന്നതാണ്.

ഒരിക്കൽ തിരുമേനിയുടെ അടുക്കൽനിന്നും ജോലികഴിഞ്ഞു് ഈ ലേഖകൻ താമസസ്ഥലത്തേയ്ക്കു മടങ്ങിവരുമ്പോൾ രാത്രി രണ്ടരമണിയായി കാണും. സബ്‌വേ (ഭൂഗർഭ റെയിൽവേ) വഴി താമസസ്ഥലത്തു് എത്തി, വാതല്പഴുതിൽ താക്കോലിട്ടു് തുറക്കുവാൻ ഭാവിക്കുമ്പോൾ, പിന്നിൽ ഭയങ്കരമായ വെടിപൊട്ടുന്ന ശബ്ദവും "Hands up" (കൈകൾ ഉയർത്തുക) എന്നൊരലർച്ചയും. ഈ ലേഖകൻ ഇരുകൈകളും ഉയർത്തിനിന്നു. തെരുവുവിളക്കുകളിലെ അർദ്ധനിമീലിത നേത്രങ്ങളുടെ നിഴലിൽക്കൂടി ഒരു ഭീമകായൻ ഈ ലേഖകൻെറ നേരെ ഒരു റിവോൾവർ ചൂണ്ടിക്കൊണ്ടു് നടന്നടുത്തു. അതൊരു പോലീസുകാരനായിരുന്നു. അദ്ധരാത്രിക്കു് കന്യകാമഠത്തിൻെറ കെട്ടിടത്തിൽ പ്രവേശിക്കുവാൻ തുനിയുന്ന ഈയാൾ ആരാണെന്നും മററും ക്രാസ്സുചെയ്തുകൊണ്ടു് പാസ് പോർട്ടു കാണിക്കുവാൻ ആവശ്യപ്പെട്ടു. എന്നാൽ പാസ് പോർട്ടു കൈവശമില്ലായിരുന്നു. ഒടുവിൽ ഒരു താക്കീതു തന്നുകൊണ്ടു് പോലീസുകാരൻ സ്ഥലംവിട്ടു. ന്യൂയോർക്കു നഗരത്തിലെ പോലീസുകാർ മഹാഭൂരിപക്ഷവും കത്തോലിക്കരും ഐറിഷ്‌വംശജരുമായതു ഭാഗ്യം.

പിറെറദിവസം കാലത്തു്, പതിവുപോലെ തിരുമേനിയെ സന്ദർശിച്ചപ്പോൾ തലേരാത്രിയിലെ വിവരങ്ങളെല്ലാം ധരിപ്പിച്ചു. തിരുമേനി ചിരിച്ചുകൊണ്ടു്, ഈ ലേഖകൻെറ തോളിൽത്തട്ടി പറഞ്ഞു, "അച്ചനു് പോലീസുകാരൻെറ വെടിയുണ്ട ഏററില്ലല്ലോ, ദൈവകൃപ." ഏതായാലും അതിൽ പിന്നെ പാതിരാവാകുമ്പോൾ, ജോലിനിർത്തി ഈ ലേഖകനെ താമസസ്ഥലത്തേയ്ക്കു് പറഞ്ഞയയ്ക്കുമായിരുന്നു. എന്നാൽ കൂടുതൽ ജോലികളുള്ളപ്പോൾ തിരുമേനിയുടെകൂടെ താമസിപ്പിച്ചിട്ടു്, കാലത്തുള്ള മഠത്തിലെ കുർബ്ബാനക്കു് എത്തത്തക്കവിധം അയയ്ക്കുകയും ചെയ്തിരുന്നു.

## പ്രത്യുല്പന്നമതിയായ മാർ ഈവാനിയോസ്

തിരുമേനി അമേരിക്കയിലെത്തിയതുമുതൽ അമേരിക്കൻ പ്രസിഡണ്ടു ട്രൂമാനെ സന്ദർശിക്കുവാൻ അതിയായി ആഗ്രഹിച്ചിരുന്നതാണ്. എന്നാൽ പ്രത്യക്ഷമായോ പരോ

www.malankaralibrary.com

ക്ഷമായോ അന്താരാഷ്ട്രപ്രാധാന്യമുള്ള കാര്യങ്ങളോടു ബന്ധിച്ചേ വിദേശികൾക്ക സന്ദർശനാനുമതി നൽകിയിരുന്നുള്ളു. അമേരിക്കൻ പ്രസിഡണ്ടു് അനുവദിക്കുന്ന സന്ദർശനങ്ങൾ ലോകവാർത്തയാണു്. ലോകത്തിലെ പ്രധാന പത്രങ്ങളിലെല്ലാം വിശിഷ്ട സന്ദർശകരുടെ പേരുകൾ വരും. ഒരു വിദേശിയനു് സന്ദർശനാനുമതി കിട്ടണമെങ്കിൽ, അതു് അയാളുടെ രാജ്യത്തിൻെറ സ്ഥാനപതിമുഖേനയാണു് സാധിക്കേണ്ടതു്. അതിനാൽ അന്നത്തെ ഇൻഡ്യൻ സ്ഥാനപതി ആയിരുന്ന ആസഫ് ആലിയെ തിരുമേനി ചെന്നുകണ്ടു് അഭ്യർത്ഥന നടത്തി. എന്നാൽ അദ്ദേഹം മാർ ഈവാനിയോസിനെ നിരുത്സാഹപ്പെടുത്തി പിൻതിരിപ്പിക്കുവാൻ ശ്രമിക്കയാണു് ചെയ്തതു്. അങ്ങനെ പിൻതിരിയുന്ന ആളല്ല മാർ ഈവാനിയോസെന്നു മനസ്സിലാക്കാൻ ആസഫ് ആലിക്കു കുറെ ദിവസങ്ങൾ വേണ്ടിവന്നു.

ഏതെങ്കിലും ആശയമോ അഭിലാഷമോ മനസ്സിലുദിച്ചാൽ, ആ ആശയത്തിൻെറ പൂർണ്ണതയോ അഭിലാഷത്തിൻെറ സാഫല്യമോ ലഭിക്കുന്നതുവരെ തിരുമേനി കൂട്ടിലടയ്ക്കപ്പെട്ട വെരുകിനെപ്പോലെ അസ്വസ്ഥനാണു്; അങ്ങോട്ടുമിങ്ങോട്ടും നടന്നു ചിന്തിച്ചുകൊണ്ടിരിക്കും! പരിസരങ്ങൾക്കു് തീർത്തും അന്യനാകുന്ന അവസരവുമാണതു്.

ഏതാനും ദിവസങ്ങൾ കഴിഞ്ഞപ്പോൾ പ്രസിഡണ്ടു് സന്ദർശനത്തിനു സ്വീകരിക്കുവാൻ പോകുന്നവരുടെ പേരുകളും തീയതികളും പത്രത്തിൽവന്നു. അതിൽ തിരുമേനിയുടെ പേരും സന്ദർശനത്തീയതിയും ഉണ്ടായിരുന്നു. ഇൻഡ്യയിലെ അമേരിക്കൻ സ്ഥാനപതി മിസ്റ്റർ ഓ. ഗ്രാഡിയുമൊന്നിച്ചായിരുന്നു സന്ദർശനം. ഇതിൽ പരിഭ്രാന്തനായതു് ആസഫ് ആലി ആയിരുന്നു. ഇൻഡ്യയിലെ പ്രധാനപ്പെട്ടവരെന്നു് (V I P.) അമേരിക്കൻ പ്രസിഡൻറു് അറിയുന്നവരെ അമേരിക്കയിലെ ഇൻഡ്യൻ സ്ഥാനപതിക്കു അറിഞ്ഞുകൂടാ എന്നു വന്നാൽ ആസഫ്ആലി കുഴപ്പത്തിലാകും.

സന്ദർശനത്തീയതി അറിയിക്കുന്ന വർത്തമാനപ്പത്രം ഈ ലേഖകൻ വായിച്ചുകൊണ്ടിരിക്കുമ്പോഴാണു്, തകൃതിയായി ഫോൺ അടിക്കുന്നതു്. തിരുമേനി അപ്പോൾ കുളിമുറിയിലാണു്. ലേഖകൻ ഫോണെടുത്തു. ആസഫ്ആലിക്കു തിരു

www.malankaralibrary.com

മേനിയോടു സംസാരിക്കണം. തിരുമേനി കുളിമുറിയിലാണെന്നു പറഞ്ഞപ്പോൾ, ഫോൺ നമ്പർ തന്നിട്ട് അങ്ങോട്ടു വിളിക്കുവാൻ നിർദ്ദേശിച്ചു. തിരുമേനി വന്നപ്പോൾ വിവരം പറഞ്ഞു. പക്ഷേ തിരുമേനി അത്ര വളരെ താല്പര്യം കാണിച്ചില്ല.

കുറച്ചുകഴിഞ്ഞപ്പോൾ വീണ്ടും ഫോൺ അടിച്ചു. അതും ആസഫ്ആലി തന്നെ. തിരുമേനി സംസാരിച്ചു തുടങ്ങി. പ്രസിഡണ്ടുമായുള്ള സന്ദശ്നത്തിന് ആസഫ്ആലിക്കുംകൂടി വരണമെന്ന് നിർബന്ധം. ഇത്തവണ നിരുത്സാഹപ്പെടുത്തലിൻെറയും പിൻവലിപ്പിക്കലിൻെറയും ഭാഗം നിർവ്വഹിച്ചതു് തിരുമേനി ആയിരുന്നു. ഏതായാലും പ്രസിഡണ്ടുമായുള്ള കൂടിക്കാഴ്ചയിൽ ആസഫ്ആലിയും സംബന്ധിച്ചു. ബഥനി പ്രസ്ഥാനത്തിൻെറ സമാന്തരമായ ഒന്നാണ് ന്യൂയോക്കിനടുത്തുള്ള ഗ്രേമൂർ (Greymur) സന്ന്യാസിമാരുടേയും സന്ന്യാസിനികളുടേയും പുനരൈക്യം. പ്രോട്ടസ്റ്റണ്ട് ഹൈ ചർച്ചിൽ ആരംഭിച്ച ഈ സന്ന്യാസസഭകൾ കത്തോലിക്കാസഭയിലാണ് അവസാനിച്ചതു്, അവർ മുഖേനെയാണ് അമേരിക്കൻ സ്ഥാനപതി ഗ്രാഡിയെ സ്വാധീനിച്ച് പ്രസിഡണ്ടുമായുള്ള സന്ദശ്നം സൗകര്യപ്പെടുത്തിയതു്.

## പ്രസിഡണ്ട് ട്രൂമാനോടുകൂടി

അമേരിക്കൻ പ്രസിഡണ്ടു ട്രൂമാനുമായുള്ള സന്ദർശനം മാർ ഈവാനിയോസ് ആകാംക്ഷയോടെ കാത്തിരിക്കുവാൻ കാരണം, ഭാരതത്തിലെ പ്രത്യേകിച്ച് കേരളത്തിലെ അപ്പസ്തോലികസഭയേയും അതിൻെറ ദീർഘകാല ചരിത്രത്തേയും ഉന്നത സംസ്ക്കാരത്തേയുംപററി പ്രസിഡണ്ടിനെ അറിയിക്കണമെന്നുള്ള ആഗ്രഹമായിരുന്നു. ഔപചാരികമായ സന്ദശ്നമായിരുന്നതിനാൽ പന്ത്രണ്ടു മിനിട്ടു മാത്രമേ അനുവദിച്ചുള്ളൂ. പന്ത്രണ്ടു മിനിട്ടു കഴിഞ്ഞപ്പോൾ, ഒരു പോലീസുദ്യോഗസ്ഥൻ സന്ദർശനമുറിയുടെ വാതൽ കടന്നുവന്ന് സല്യൂട്ടു ചെയ്തു. സന്ദശ്നം അവസാനിപ്പിക്കാനുള്ള മുന്നറിയിപ്പായിരുന്നു അതു്. പ്രസിഡണ്ടു ട്രൂമാൻ അയാളോടു പറഞ്ഞു, "എനിക്കു് ആർച്ചു ബിഷപ്പുമായി കുറെക്കൂടെ സംസാരിക്കണം". അതോടെ, ആ ഉദ്യോഗസ്ഥൻ അപ്രത്യക്ഷനായി. ഈ സന്ദശ്നത്തെപ്പററി തിരുമേനിയുടെ ജീവചരിത്രമെഴുതിയ മിസ്സ് മാർഗരററ് ഗിബ്ബൺസ് പറയുന്നു:

www.malankaralibrary.com

''മുകളിൽ പറഞ്ഞ സീറോ മലബാർ റീത്തുകാരനായ റവ. എൻ. എ. തോമസുമൊന്നിച്ചാണ്ട് പ്രസിഡണ്ട ട്രൂമാനെ സന്ദർശിക്കുവാൻ പോയതു്. സന്ദർശനത്തിനുവേണ്ട ഏർപ്പാടുകരം ചെയ്തതു്, ഇൻഡ്യയിലെ അമേരിക്കൻ പ്രതിനിധി മിസ്റ്റർ ഓ. ഗ്രാഡിയായിരുന്നു. പലപ്പോഴും സംഭവിച്ചിട്ടുള്ളതുപോലെ അദ്ദേഹത്തിന്റെ (മാർ ഈവാനിയോസിന്റെ) വചോവിലാസത്തിന്റെ മാന്ത്രികവലയത്തിൽ ശ്രോതാക്കരം അത്ഭുതപരതന്ത്രരായി ഇരുന്നു. ഏതാനും മിനിട്ടുകളുടെ ഔപചാരികസന്ദർശനം ഒരു മണിക്കൂറോളം നീണ്ടു''.22

ഭാവനയിലും വിശദാംശവീക്ഷണത്തിലും മാർ ഈവാനിയോസ് തയ്യാറായിത്തന്നെയാണ് പ്രസിഡണ്ട് ട്രൂമാനെ സന്ദർശിക്കുവാൻ പോയതു്. ഏതാനും പഴയ വെള്ളിച്ചക്രവും തിരുമേനി കരുതിക്കൊണ്ടു പോന്നിരുന്നു. സന്ദർശനത്തിന്റെ പ്രാരംഭത്തിൽ, ഇൻഡ്യയിലെ സുപ്രസിദ്ധങ്ങളായ Rope-trick പോലുള്ള മായാവിദ്യകളേയും കൺകെട്ടുകളേയുംപററി പറഞ്ഞ സന്ദർഭത്തിൽ, തിരുമേനി വെള്ളിച്ചക്രം ഓരോന്നായെടുത്തു് കൺപോളകളിലിട്ടു് യാതൊരു ഭാവഭേദങ്ങളും കൂടാതെ സംസാരിച്ചുകൊണ്ടിരുന്നു. പ്രസിഡണ്ട് ട്രൂമാൻ ഇതുകണ്ടു് അത്ഭുതസ്തബ്ധനായി. വെള്ളിച്ചക്രത്തിൽ, അമേരിക്കൻ സംസ്ഥാനങ്ങളുടെ സംഖ്യയോളം എണ്ണം പ്രസിഡണ്ട് ട്രൂമാനും വിശേഷാൽ അഞ്ചെണ്ണം മിസ്സിസ്സ് ട്രൂമാനും സമ്മാനിച്ചു.

പ്രോട്ടസ്റ്റണ്ടുകാർ, പൊതുവേപറഞ്ഞാൽ, ബൈബിരം പഠനത്തിൽ ഉത്സുകരാണു്. പ്രസിഡണ്ട ട്രൂമാൻ തികഞ്ഞ ഒരു ബൈബിരംപഠനപ്രേമിയുമായിരുന്നു. ബി. സി. ആയിരാമാണ്ടു് സോളമൻ രാജാവിനാവശ്യമുള്ള പൊന്നു്, ചന്ദനം, ആനക്കൊമ്പു്, കുരങ്ങു്, മയിൽ എന്നിവ തർശീസ്സു് കപ്പലുകരം കയററിയ 'ഒഫീർ' തുറമുഖം തിരുമേനിയുടെ ജന്മസ്ഥലമായ മാവേലിക്കരെയ്ക്കു സമീപമാണെന്നു പറഞ്ഞപ്പോരം, പ്രസിഡണ്ടു് ട്രൂമാൻ കസേരയിൽനിന്നും ഒന്നിളകി ദത്തശ്രദ്ധനായി ഇരുന്നു. തിരുവനന്തപുരത്തിനടുത്തുള്ള "പൂവാർ'' ആണു് പഴയനിയമത്തിലെ 'ഒഫീർ' എന്നു് നാഗമയ്യാ മുതലായ ചരിത്രകാരന്മാർ പറഞ്ഞിട്ടുണ്ടു്. പ്രസി

---

22. M. Gibbons, Mar Ivanios, 1962, P. 111.

www.malankaralibrary.com

ഡണ്ടിൻെറ സന്ദർശനമുറിയിലുണ്ടായിരുന്ന പ്രകാശപൂർണ്ണമായ ഒരു വലിയ ഭൂഗോളത്തിലേയ്ക്കു വിരൽചൂണ്ടിക്കൊണ്ടു്, തിരുമേനി മാവേലിക്കര–ഒഫീർ ബന്ധം പ്രസ്താവിച്ചപ്പോൾ, ഭൂഗോളത്തിൻെറ ആ ഭാഗത്തു് ഒരു മൊട്ടുസൂചി പതിച്ചാൽ മാവേലിക്കരയും പൂവാറും ആ സൂചിയുടെ മൊട്ടിൽ തൊട്ടുരുമ്മി ഇരിക്കുന്നതായി കാണാമായിരുന്നു.

'ഒഫീർ' കേരളത്തിലായിരുന്നുവെന്നതിനു തെളിവായി, പഴയനിയമത്തിൻെറ ഏററവും പുരാതന ഗ്രീക്കുവിവർത്തനമായ Septuaginta (285–246 B. C.) യിലെ ആനക്കൊമ്പു്, കുരങ്ങു്, മയിൽ എന്നിവയുടെ പേരുകൾ അക്കാലത്തെ കേരള ദ്രാവിഡ പദങ്ങളാണെന്നും മാർ ഈവാനിയോസ് സമർത്ഥിച്ചു. പ്രസിഡണ്ടു ട്രൂമാൻെറ ആശ്ചര്യത്തിനു അതിരില്ലായിരുന്നു.


പ്രസിഡണ്ടു ട്രൂമാൻെറ ഏററവും കൂടുതലായ ബഹുമാനാദരങ്ങൾ അർഹിക്കുവാൻ കാരണം മറെറാന്നായിരുന്നു. മൂവായിരം കൊല്ലങ്ങളോളം എല്ലാ ലോകോത്തരനാഗരികതകളോടും ബന്ധംപുലർത്തിയിട്ടുള്ളതും യഹൂദ–ക്രിസ്ത്യൻ പരിണാമങ്ങൾക്കു സാക്ഷ്യം വഹിച്ചിട്ടുള്ളതും സ്വന്തമായ വ്യക്തിത്വത്തിൻെറ തനിമ അനുസ്യൂതമായി സംരക്ഷിച്ചിട്ടുള്ളതും ആയ ഭാരതസംസ്ക്കാരത്തിൻെറ അവകാശിയും പ്രതിനിധിയും ആയി മാർ ഈവാനിയോസിനെ പ്രസിഡണ്ടു് ട്രൂമാൻ കണ്ടു എന്നതുതന്നെ. തിരുമേനിയുടെ രൂപഭാവങ്ങൾ സംബന്ധിച്ചിടത്തോളം പഴയനിയമത്തിലെ ലേവ്യാപുസ്തകത്തിൻെറ താളുകളിൽനിന്നു് ജീവലോകത്തിലേയ്ക്കു ചാടിയിറങ്ങിയ ശ്രേഷ്ഠാചാര്യനായ അഹറോൻെറ പ്രതീതിയാണു് പ്രസിഡണ്ടു ട്രൂമാനിൽ ഉളവായതു്. തിരുമേനി സന്ദർശനം കഴിഞ്ഞു വാസസ്ഥലത്തു എത്തുമ്പോൾ, ട്രൂമാൻെറ കൈപ്പടയിൽ മംഗളാശംസകൾ നേന്ന പ്രസിഡണ്ടിൻെറ വലിയൊരു ചിത്രം തിരുമേനിയെ പ്രതീക്ഷിച്ചിരിക്കുകയായിരുന്നു.

## വിഷമമേറിയ വർഷങ്ങൾ (1940–1945)

ഈ തലക്കെട്ടിൽ മിസ്സ് ഗിബ്ബൺസ് (പുറം 89–96) മാർ ഈവാനിയോസിനെ ചിത്രീകരിച്ചിരിക്കുന്ന അദ്ധ്യായത്തിൽ കാർശ്ശ്യം കുറെ കൂടുതൽ ചേർത്തിട്ടുണ്ടെന്നു തോന്നുന്നു. നാനാവിധ ഗുണങ്ങളാൽ സമാലംകൃതനെന്നു് മുൻ

www.malankaralibrary.com

## മാർ ഈവാനിയോസ് ന്യൂയോർക്കിൽ (1948)




ഇടത്തു്:– ഫാ. എൻ. എ. തോമസ് നങ്ങച്ചിവീട്ടിൽ, Ph. D. വിദ്യാത്ഥി
(കൊളംബിയാ സവ്വകലാശാല)

വലത്തു്:- കെ. എം. ജോർജ്ജ്, M. B. A. വിദ്യാത്ഥി
(ന്യൂയോക്കു സവ്വകലാശാല)

www.malankaralibrary.com

## കർദ്ദിനാൾ തിസ്സറാൻറ്
## മാർ ഈവാനിയോസ് കോളേജിൽ (1953)



വലത്തുനിന്ന്:- ബനഡിക്റ്റ് മാർ ഗ്രിഗോരിയോസ്, കർദ്ദിനാൾ തിസ്സറാൻറ്,
ഫാ. എൻ. എ. തോമസ് നഞ്ചിവീട്ടിൽ (പ്രിൻസിപ്പൽ),
ചേപ്പാട്ടു പീലിപ്പോസ് റമ്പാൻ (വികാരി ജനറാൾ)
പിൻനിര:- ഫാ. പ്ലാസിഡ് പൊടിപാറ, ഫാ. ജോർജ്ജ് മലഞ്ചെരുവിൽ.

www.malankaralibrary.com

അദ്ധ്യായങ്ങളിൽ പ്രതിപാദിക്കപ്പെട്ട മാർ ഈവാനിയോസിനെ പൊടുന്നനവേ ഒന്നു് തരംതാഴ്ത്തുന്നതിനു് മുതിർന്നതു് പണ്ഡിതയായ ആ ഗ്രന്ഥകർത്രിക്കു് ആസ്വാദ്യമല്ലാത്ത വല്ലതും ആ അദ്ധ്യായത്തിൽ വിഷയമായതുകൊണ്ടാകാം. മാർ ഈവാനിയോസ് പാരമ്പര്യവും സാഹചര്യവുംകൊണ്ടു സ്വേച്ഛാധിപതിയെന്നു് മിസ്സ് ഗിബ്ബൺസ് ക്ലേശലില്ലാതെ ആരോപിക്കുന്നു23. മാർ ഈവാനിയോസ് തന്റെ അഭിപ്രായവും ആജ്ഞാശക്തിയും തന്റെ കൂട്ടുകാരിലും മല്പാന്മാരിലും സാമന്തരായ മെത്രാന്മാരിലും കെട്ടിവെച്ച ആളാണെന്നും പറയുന്നുണ്ടു്. മാർപ്പാപ്പായോടും രാജാധികാരത്തോടും വിധേയനായി പ്രവർത്തിച്ച മാർ ഈവാനിയോസ് ബഥനി സന്യാസ സഭാംഗങ്ങളുടെ കാര്യത്തിൽ നീതിയും ക്രമവും അനുസരിച്ചു് പ്രവർത്തിച്ചില്ലായെന്നാണു് മിസ്സ് ഗിബ്ബൺസിന്റെ പരാതി. അതിനു്, ചില സംഭവങ്ങൾ നിറംകൊടുത്തു വിവരിക്കുന്നുണ്ടു്. എന്നാൽ, അവയിലെല്ലാം സർവ്വോപരി തെളിഞ്ഞുനില്ക്കുന്നതു് മൃദുലവും സ്നേഹമയവും ആയ ഒരു പിതൃഹൃദയമാണു്. തന്റെ വൈകാരിക പ്രതികരണമോ ശിക്ഷാനടപടികളോ തെററാണെന്നു തോന്നിയാലുടൻ മാർ ഈവാനിയോസ് അവയെല്ലാം പിൻവലിക്കാൻ സന്നദ്ധനാകുമെന്നു് മിസ്സ് ഗിബ്ബൺസ് വിവരിക്കുന്ന സംഭവങ്ങളിൽനിന്നുതന്നെ തെളിയുന്നുണ്ടു്. പിന്നെ ആ ഗ്രന്ഥകർത്രി ആരോപിക്കുന്ന സ്വേച്ഛാധിപത്യമനോഭാവവും ("autocracy") നിർബ്ബന്ധബുദ്ധിയും ("obstinacy")24 എവിടെ? ജൂലിയസ് സീസറിനെപ്പററി മാർക്കു് ആന്റണി പറഞ്ഞതുപോലെ സ്വേച്ഛാധിപത്യത്തിന്റേയും നിർബ്ബന്ധബുദ്ധിയുടേയും ഉൾക്കാമ്പു് ഇതിനേക്കാൾ കട്ടപ്പമേറിയ ഇരുമ്പുനാരുകളുടെ ഘടകങ്ങൾ കൊണ്ടാകാനേ വഴിയുള്ളൂ. മിസ്സ് ഗിബ്ബൺസ് ജീവചരിത്രം എഴുതിയ സ്ഥലകാലസാഹചര്യങ്ങളുടെ പ്രതിഫലനമായിരിക്കണം, മാർ ഈവാനിയോസിനെതിരായ ആരോപണങ്ങളെന്നു വിചാരിക്കുവാനേ നിവ്വാഹമുള്ളൂ.

## മാർ ഈവാനിയോസ് തിരുമേനിയും സുറിയാനി കർമ്മലീത്താ (സി. എം. ഐ.) വൈദികരും.

മാർ ഈവാനിയോസ് തിരുമേനിയുടെ പുനരൈക്യശേഷം അദ്ദേഹത്തെ അഭിമുഖീകരിച്ച പ്രധാന പ്രശ്നം മിഷൻ

23. P. 90.
24· P. 91.

www.malankaralibrary.com

പ്രവർത്തനത്തിന് കഴിവുള്ള വൈദികരുടെ കുറവായിരുന്നു. പുനരൈക്യപ്പെട്ട വിവാഹിതരായ വൈദികരിൽ പ്രഗല്ഭന്മാരുണ്ടായിരുന്നെങ്കിലും അവരുടെ കുടുംബബാദ്ധ്യതകൾ പ്രവർത്തനമണ്ഡലത്തെ പരിമിതപ്പെടുത്തിയിരുന്നു. സെമിനാരികളിൽ പ്രവേശിപ്പിക്കപ്പെട്ട വൈദികവിദ്യാർത്ഥികൾക്ക് എട്ടൊൻപതു വർഷം പരിശീലനം വേണ്ടിയിരുന്നു. ഓ. ഐ. സി. സന്ന്യാസിമാർ അന്ന് സംഖ്യയിൽ ഗണ്യമായിരുന്നില്ല. ഈ അവസരത്തിൽ സഹായത്തിനെത്തിയത് സുറിയാനി കർമ്മലീത്താ വൈദികരായിരുന്നു. അതേപ്പറ്റി ഈ നൂറ്റാണ്ടിന്റെ ഇരുപതുകളിൽ പന്തളം-കൊട്ടാരക്കര മിഷ്നിൽ പ്രവർത്തിച്ച ഫാ. ഗ്രിഗരി നീരാക്കൽ എഴുതുന്നു:

"തിരുവനന്തപുരം അതിരൂപതയിൽ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ ആവശ്യപ്പെട്ടപ്രകാരം 1942 ജനുവരി മുതൽ നമ്മുടെ സഭാംഗങ്ങളിൽ ചിലർ പാലാക്കുന്നേൽ ബ. അമ്പ്രോസിച്ചന്റെ നേതൃത്വത്തിൽ തെക്കൻ തിരുവിതാംകൂറിൽ, നെയ്യാറ്റിൻകരയ്ക്കു സമീപം നെല്ലിക്കാക്കുഴിയിൽ മിഷ്ൻ പ്രവർത്തനം നടത്തിത്തുടങ്ങി. അക്കൊല്ലംതന്നെ ബാലരാമപുരത്തു വേറൊരു കേന്ദ്രം തുറന്ന് ഏതാനുംപേർ അങ്ങോട്ടു മാറി........".

"നെല്ലിക്കാക്കുഴിയിൽ താമസിച്ചിരുന്നവർ ഏഴു പള്ളികൾ, ഒരു കന്യകാമഠം, ഒരു ഗേൾസ് ഹൈസ്കൂൾ, ഒരു പ്രൈമറി സ്കൂൾ എന്നിവയുടെ കാര്യം അന്വേഷിച്ചിരുന്നു. ഇവരുടെ പ്രവർത്തനഫലമായി 1664 പേരെ കത്തോലിക്കാ സഭയിൽ ചേർത്തു മാമ്മോദീസാ മുക്കിയിട്ടുണ്ട്. ബാലരാമപുരത്തു താമസിച്ചവർ എട്ടു പള്ളികൾ, ഒരു കന്യകാമഠം, ഒരു മിഡിൽ സ്കൂൾ എന്നിവ അന്വേഷിച്ചിരുന്നു. ഇവരുടെ പ്രവർത്തനഫലമായി 2527 പേർ കത്തോലിക്കാ സഭയിൽ ചേർന്നിട്ടുണ്ട്....".

"1942-ൽ കിരാത്തൂരും 1944-ൽ കളിക്കവിളയിലും ഓരോ മിഷ്ൻ കേന്ദ്രങ്ങൾ തുറക്കുകയുണ്ടായി. രണ്ടു സ്ഥലങ്ങളിൽ നാലു പള്ളികളും ഒരു കന്യകാമഠവും നമ്മുടെ ശ്രമഫലമായി ഉടലെടുത്ത ഒരു പ്രൈമറി സ്കൂളും നടത്തിയിരുന്നു. ഇരുസ്ഥലങ്ങളിലുംകൂടെ 3000-ൽ പരം പേരെ നമ്മുടെ സഭാംഗങ്ങൾ മാനസാന്തരപ്പെടുത്തിയിട്ടുണ്ട്"[25].

---

25. ഫാ. ഗ്രിഗരി നീരാക്കൽ, സി. എം. ഐ. യുടെ ചരിത്രസംക്ഷേപം, P. 135.

www.malankaralibrary.com

സി. എം. ഐ. അച്ചന്മാരുടെ പ്രേഷിതപ്രവൎത്തനഫല മായി മലങ്കര കത്തോലിക്ക സഭാംഗങ്ങളായിത്തീൎന്ന അയ്യാ യിരത്തോളം ആളുകൾ നാല്പതു വൎഷത്തിനുശേഷം എത്ര ആയി രമായിക്കാണണം!!

## മററു വൈദികരും കന്യാസ്ത്രീമാരും

സീറോ–മലബാർ റീത്തുകളിൽനിന്നു് പുനരൈക്യപ്ര സ്ഥാനത്തെ സഹായിക്കുവാൻ വന്നിട്ടുള്ള വൈദികരും കന്യാ സ്ത്രീമാരും നിരവധിയായിരുന്നു. അവരെല്ലാംതന്നെ പഴയ എറണാകുളം, ചങ്ങനാശ്ശേരി രൂപതകളിൽനിന്നു വന്നിട്ടുള്ള വരാണു്. അവരിൽ പ്രമുഖരാണു് പിന്നീടു് കോതമംഗലം മെത്രാനായിത്തീൎന്ന മാർ മാത്യു പോത്തനാമൂഴിയും ദീൎഘ കാലം തിരുവനന്തപുരം അതിരൂപതയുടെ വികാരിജനറാളാ യിരുന്ന റൈററ് റവ. മോൺ. സി. ററി. കുരുവിളയും.

## പുനരൈക്യപ്രസ്ഥാനത്തിനു രണ്ടു ചിറകുകൾ

ക്രിസ്തുവനുകരണസഭയിലെ സന്ന്യാസിമാരുടെയും സന്ന്യാസിനിമാരുടേയും രണ്ടു വിഭാഗങ്ങൾ പുനരൈക്യ പ്രസ്ഥാനത്തിന്റെ ഇടംവലം കൈകളായിരുന്നുവെന്നു പറ ഞ്ഞിട്ടുണ്ടല്ലോ. എന്നാൽ അവരുടെ സംഖ്യ വളരെ കുറവാ യിരുന്നതിനാൽ കന്യാകുമാരിവരെ നീണ്ടുകിടക്കുന്ന വിശാ ലമായ പ്രേഷിതരംഗത്തേയ്ക്കു് അവർ ഒട്ടും പര്യാപ്തരായി രുന്നില്ല. ബഥനി കന്യാസ്ത്രീമാർ വിദ്യാഭ്യാസരംഗത്താണു് ശ്രദ്ധ പതിച്ചതു്. വിവാഹിതരായ വൈദികൎക്കു് വീടും നാടുംവിട്ടു് തെക്കൻ തിരുവിതാംകൂറെന്നു അറിയപ്പെട്ടി രുന്ന കന്യാകുമാരി ഡിസ്ട്രിക്റ്റിലെ വിജാതീയരുടെ ഇട യിൽ ജോലിചെയ്യുന്നതിനു സൗകര്യമില്ലായിരുന്നു. "വയൽ വിളഞ്ഞു കിടക്കുന്നു, കൊയ്ത്തിനു വേലക്കാർ ചുരുക്കം" എന്ന നിലയിലായിരുന്നു തിരുവനന്തപുരം അതിരൂപത. ദൈവാശ്രയം ജീവിതദീപമായി വിശ്വസിച്ചിരുന്ന മാർ ഈവാനിയോസിനു് കിഴക്കുനിന്നും വടക്കുനിന്നും രണ്ടു ദേ വദൂതന്മാർ പ്രത്യക്ഷപ്പെട്ടു. ഇവരായിരുന്നു ഫ്രാൻസിസ്കൻ സഹോദരസമൂഹത്തിലെ നേതാവായിരുന്ന ബ്രദർ ഏലി യാസും (തൃശ്ശൂർ രൂപത), പ്രേഷിതചൈതന്യത്തിൽ കുളിച്ചു നിന്നിരുന്ന യുവവൈദികൻ ഫാ. ജോസഫ് കുഴിഞ്ഞാലി യും (ചങ്ങനാശ്ശേരി രൂപത). ഇവരും ഇവരുടെ പ്രസ്ഥാന

www.malankaralibrary.com

ങ്ങളുമാണ്‌ വിജാതീയമാനസാന്തരത്തിന്റെ രണ്ടു ചിറകുക ളായിത്തീന്നതു്.

വി. ഫ്രാൻസീസ് അസ്സീസിയുടെ ആഭിമുഖ്യത്തിൽ മാർ ഈവാനിയോസ് തിരുമേനിയ്ക്കു ലഭിച്ച സഹായത്തിനു് ഉപോദ്ബലമായി തിരുമേനിയിൽനിന്നുതന്നെ ഈ ഗ്രന്ഥ കർത്താവു് കേട്ടിട്ടുള്ള ഒരു സംഭവം ഇവിടെ പ്രസക്തമാണെന്നു തോന്നുന്നു. മാർ ഈവാനിയോസ് പെരിനാട്ടു് ആശ്രമം സ്ഥാപിക്കുന്നതിനു തൊട്ടുമുൻപ്, ചങ്ങനാശ്ശേരി മെത്രാൻ മാർ തോമസ് കുര്യാളശ്ശേരി ആലപ്പുഴയിലെ മാർ സ്ലീവാ പള്ളിയിൽ ഇടവക സന്ദർശനാത്ഥം ചെന്നിരുന്നു. അന്നൊരു രാത്രിയിൽ ഫാ. പി. ടി. ഗീവർഗീസ്, ബിഷപ്പ് കുര്യാള ശ്ശേരിയെ സന്ദർശിക്കുവാനായി ചെന്നു് താൻ പെരിനാട്ടു് സ്ഥാപിക്കുവാൻ പോകുന്ന സന്ന്യാസസഭയുടെ വിശദവിവര ങ്ങടം തിരുമേനിയെ ധരിപ്പിച്ചു്, അനുഗ്രഹാശിസ്സുകടം അഭ്യ ത്ഥിച്ചു. കുര്യാളശ്ശേരിമെത്രാൻ തന്റെ ഇരുകൈകളും ബ. പി. ററി. ഗീവർഗീസച്ചന്റെ തലയിൽ വെച്ചുകൊണ്ടു് വി. ഫ്രാൻസീസ്സു് അസ്സീസ്സിയുടെ എല്ലാ അനുഗ്രഹങ്ങളും ഉണ്ടാകട്ടെയെന്നു പ്രാത്ഥിച്ചു. തിരുവനന്തപുരം അതിരൂപത യിലെ ഏകദേശം അദ്ധഭാഗം ജനങ്ങളും രണ്ടു ഫ്രാൻസി സ്ക്കൻ മക്കളുടെ പ്രേഷിത പ്രവത്തനഫലമായിട്ടുള്ളതാണെ ന്നുള്ളതു് ഇത്തരുണത്തിൽ ശ്രദ്ധാർഹമാണ്.

## പുനരൈക്യവും ഫ്രാൻസിസ്ക്കൻ സഹോദര സമൂഹവും

പുണ്യവാനായി കരുതപ്പെട്ടിരുന്ന കുര്യാളശ്ശേരി മാർ തോമ്മാ മെത്രാന്റെ അനുഗ്രഹവും ആശിസ്സും സഫലമായെന്നു തോന്നുന്നു. മാർ ഈവാനിയോസിന്റെ ഏററവും വലിയ അഗ്നിപരീക്ഷണം നടന്നതു് 1928–നും 1930–നും മദ്ധ്യേ ആണു് – പെരിനാട്ടുനിന്നും ഇറങ്ങിപ്പോന്നതു മുതൽ മാർ ഈ വാനിയോസിനേയും അനുയായികളേയും കത്തോലിക്കാ സഭ യിൽ സ്വീകരിക്കുവാൻ റോമിൽനിന്നും കല്പന വന്നതുവരെ. ഇംഗ്ലീഷിൽ പറയാറുള്ള ഇരുട്ടിലേയ്ക്കുള്ള എടുത്തുചാട്ടമായി രുന്നുവെന്നു തോന്നിയേക്കാം. യാക്കോബായസഭ വിടുകയും ചെയ്തു; പുനരൈക്യത്തിന്റെ കടമ്പകടം കടന്നതുമില്ല. അതു് മനസ്സിൽ ഉൽക്കണ്ഠയും വേദനയും മുററിനിന്ന ത്രിശങ്കുസ്വർഗ്ഗ മായിരുന്നു. റോമിനും മാർ ഈവാനിയോസിനും പുനരൈ

www.malankaralibrary.com

കൃത്തിനു്, വെവ്വേറെയുള്ള ഉപാധികളുണ്ടായിരുന്നു. അവ സന്ധ്യായോഗ്യമാകുന്നതുവരെയുള്ള സമയമാണു് മാർ ഈവാനിയോസിനു് ശരശയ്യ തയ്യാറാക്കിയതു്. ആകുലതയുടെ ഈ കാലഘട്ടത്തിൽ അസ്സീസ്സിയുടെ ഒരു ദേവദൂതൻ മാർ ഈവാനിയോസ് താമസിച്ചിരുന്ന തിരുമൂലപുരത്തു് ഒരു സന്ദർശകനായി എത്തി: ദീർഘകായൻ, ഉദരത്തോളം എത്തുന്ന താടിമീശ, നീണ്ടമുഖം, വിശാലമായ നെററിത്തടം, ദീർഘബാഹുക്കം, നേതൃത്വത്തിൻെറ ശബ്ദം, അനിഷ്ടത്തിൽ അക്ഷാന്തിയും നീണ്ടുപോകുന്ന എതിപ്പും. ഈ ദേവദൂതൻ ഫ്രാൻസിസ്കൻ സഭ (C. M. S. F.) യിലെ ബ്ര. ഏലിയാസാ (തൃശ്ശൂർ രൂപത) യിരുന്നുവെന്നത്രേ മിസ്സ് മാർഗരററ് ഗിബ്ബൺസ് പറയുന്നതു്. മാർ ഈവാനിയോസിൻെറ പുനരൈക്യപ്രസ്ഥാനത്തിൽ ആവേശപൂർവ്വം ആകൃഷ്ടനായിരുന്ന ബ്ര. ഏലിയാസും അദ്ദേഹത്തിൻെറ സഹപ്രവർത്തകരായിരുന്ന മററു പല ഫ്രാൻസിസ്കൻ സഹോദരസഭാംഗങ്ങളും. ഇതിനു് സുറിയാനിക്കാരെന്ന സജാതീയബോധവും അവരെ സഹായിച്ചിരിക്കണം.

മാർ ഈവാനിയോസും അനുയായികളും പുനരൈക്യപ്പെടുകയും അവർക്കു ഒരു വൈദികസംസ്ഥാനം (hierarchy) സ്ഥാപിക്കപ്പെടുകയും ചെയ്തശേഷം ബ്ര. അക്വിനാസ് (കോട്ടയം രൂപത), ബ്ര. ജേക്കബ് (പാലാ രൂപത) എന്നിവർ 1936 ഏപ്രിലിൽ പന്തളത്തുവന്നു് മിഷ്യൻ പ്രവർത്തനം തുടങ്ങി. അതു് പ്രതീക്ഷിച്ച ഫലം നല്കിയില്ല. 1937-ൽ അവർ പാറശ്ശാലക്കടുത്തുള്ള അമ്പിളികോണത്തു് താമസിച്ചുകൊണ്ടു് അവിടെയും കിരാത്തൂർ, കുളത്തൂർ, വന്ന്യൻകോടു്, കുളപ്പുറം, മെതുകുമ്മേൽ, സൂര്യകോട്ടു് എന്നീ സ്ഥലങ്ങളിൽ മിഷ്യൻ പ്രവർത്തനം നടത്തി, 500 കുടുംബങ്ങളെ കത്തോലിക്കാസഭയിൽ ചേർത്തു. 1936-ൽത്തന്നെ ബ്ര. എഫ്രേമിൻെറ നേതൃത്വത്തിൽ ബാലരാമപുരത്തും പരിസരങ്ങളിലും സുവിശേഷം അറിയിച്ചു. 1937-ൽ തുടങ്ങിയതാണു് നെല്ലിക്കാക്കുഴി മിഷ്യൻ. അതിൻെറ കീഴിൽ 12 മിഷ്യൻ രംഗങ്ങളും നാനൂറിൽപരം കുടുംബങ്ങളും ഉണ്ടായി. ആ മിഷ്യൻെറ നേതൃത്വം വഹിച്ചതു് ബ്ര. എഫ്രേം ആയിരുന്നു. അക്കാലത്തു ചേർന്നതാണു് തിരുവനന്തപുരം അതിരൂപതയുടെ സഹായമെത്രാൻ ലോറൻസ് മാർ എഫ്രേമിൻെറ കുടുംബം. എഫ്രേം എന്ന പേരു് സഹായമെത്രാൻ സ്വീകരിച്ചതു് അന്നു് മിഷ്യൻ സൂപ്പീ

www.malankaralibrary.com

രിയറായിരുന്ന ബ്ര. എഫ്രേമിനോടുള്ള കടപ്പാടു് കൊണ്ടാണെന്നു പറയപ്പെടുന്നു. 1937–ൽ കാഞ്ഞിരംപാറ മിഷ്ൻ ആരംഭിച്ചു. അതിൻെറ കീഴിൽ 18 സ്ഥലങ്ങളിൽ പ്രവത്തനം ഉണ്ടായിരുന്നു. തൽഫലമായി 900 വീട്ടുകാർ സഭയിൽ ചേന്നു. 1940–ൽ നെടുമങ്ങാട്ടിനടുത്തുള്ള മുണ്ടേല മിഷ്ൻ തുടങ്ങി. അതിൻെറ കീഴിൽ ഒൻപതു ഉപരംഗങ്ങളും 450 കുടുംബങ്ങളുമുണ്ടായിരുന്നു.

കേരള ഫ്രാൻസിസ്ക്കൻ പ്രോവിൻസിൻെറ ആസ്ഥാനമായിത്തീന്ന നാലാഞ്ചിറ ആശ്രമത്തിൻെറ ജനനം 1952–ൽ മാർ ഈവാനിയോസ് ദാനമായി നല്കിയ പത്തേക്കറോടുകൂടിയാണു്. ഇന്നു്, അതു് ആശ്രമം കൂടാതെ, Boy's Town, അച്ചടിശാല, വിവിധ വ്യവസായ പരിശീലനകേന്ദ്രങ്ങൾ എന്നിവയായി വികസിച്ചിരിക്കുന്നു.

1967–ൽ ആരംഭിച്ച കിളിമാനൂർ മിഷ്ൻെറ കീഴിൽ 12 രംഗങ്ങളും 1968–ൽ ആരംഭിച്ച തോന്നയ്ക്കൽ മിഷ്ൻെറ കീഴിൽ എട്ടു പ്രവത്തനരംഗങ്ങളുമുണ്ടു്. 1978–ൽ എട്ടു വേദികളോടുകൂടിയ മഞ്ചുവിളാകവും 1982–ൽ ഏഴു രംഗങ്ങളോടുകൂടിയ ചെമ്പൂരും സ്ഥാപിക്കപ്പെട്ടു.

തിരുവനന്തപുരം അതിരൂപതയിൽ വിജാതീയ നാടാന്മാരുടെ മാനസാന്തരത്തിനു ആരംഭമിട്ടതു് പ്രൊദോത്തു് ബ. സി. കെ. മററം ആണെന്നു തോന്നുന്നു. ഫ്രാൻസിസ്ക്കൻ സഹോദരന്മാരാണു് അതിനെ വളത്തിയെടുത്തു് ഒരു പ്രധാന ശക്തിയാക്കിത്തീത്തതു്. തിരുവനന്തപുരം അതിരൂപതയിലെ ജനസംഖ്യയിൽ ഏകദേശം പകുതിയോളം നാടാർ സമുദായത്തിൽപ്പെട്ട സുറിയാനി ക്രിസ്ത്യാനികളാണു്. ഇന്നു് അവക്കു് ഒരു മെത്രാനും ഏതാനും വൈദികരും ഉണ്ടു്. സന്ന്യാസിനിമാരായി ആരെങ്കിലും ഉള്ളതായി അറിവില്ല. എന്നാൽ, ഇവയെല്ലാം പുനരൈക്യപ്രസ്ഥാനം സീമാതീതമായി കടപ്പെട്ടിരിക്കുന്നതു് ഫ്രാൻസിസ്ക്കൻ സഹോദരന്മാരോടും ഫ്രാൻസിസ്ക്കൻ മേരിമക്കൾ എന്ന സന്ന്യാസിനി സമൂഹത്തോടുമാണു്. അതിരൂപതയുമായി ഫ്രാൻസിസ്ക്കൻ സഹോദരസമൂഹം ബന്ധപ്പെടുവാൻ മൗലികമായി സഹായിച്ചതു് മാർ ഈവാനിയോസും ബ്രദർ ഏലിയാസും തമ്മിലുണ്ടായിരുന്ന വ്യക്തിപരമായ ബന്ധമാണു്. അവർ ആകൃതിയിലും പ്രകൃതിയിലും ജ്യേഷ്ഠാനുജന്മാരായി കാണപ്പെട്ടു. അതവസാ

www.malankaralibrary.com

നിച്ചപ്പോറം അതിരൂപതയ്ക്കു കിട്ടാമായിരുന്ന പ്രാധാന്യമേറിയ ചില സഹായങ്ങറം വഴിമുട്ടിനിന്നു് നഷ്ടപ്പെടുകയാണുണ്ടായതു്. മേല്പറഞ്ഞ കണക്കുകളും വിവരങ്ങളും ഫ്രാൻസിസ്കൻ സഹോദരന്മാരുടെ രേഖകളിൽനിന്നെടുത്തിട്ടുള്ളതാണു്.

## ഫാ. ജോസഫ് കുഴിഞ്ഞാലിയും മേരി മക്കളും

പ്രേഷിതപ്രവത്തനത്തിൽ ആകൃഷ്ടരായ പല സീറോ-മലബാർ വൈദികരും തിരുവനന്തപുരം അതിരൂപതയിൽ ചേൻറിട്ടുണ്ടെന്നു് ഇതിനു മുൻപു് പ്രസ്താവിച്ചിട്ടുണ്ടു്. അവരിൽ അദ്വിതീയനായിരുന്നു ഫാ. ജോസഫ് കുഴിഞ്ഞാലി. വൈദികനായി ഏതാനും മാസങ്ങറം കഴിഞ്ഞപ്പോറം കാളാശ്ശേരി മാർ ജെയിംസ് മെത്രാൻെറ അനുവാദത്തോടുകൂടി മാർ ഈവാനിയോസിൻെറ പക്കൽ വന്നു. അന്നു് അദ്ദേഹത്തെ തിരുവനന്തപുരം കത്തീഡ്രലിൻെറ അസിസ്റ്റൻറ് വികാരിയായോ അരമനയിലെ ഏതെങ്കിലും സ്ഥാനത്തോ നിയമിക്കുന്നതിനായിരുന്നു മാർ ഈവാനിയോസ് ഉദ്ദേശിച്ചതു്. എന്നാൽ, അവയെല്ലാം നിരസിക്കയാൽ അദ്ദേഹം മിഷ്ൻ പ്രവത്തനത്തിനു് ഏററവും സൗകര്യമുള്ള മാത്താണ്ഡത്തേയ്ക്കു് 1934-ൽ നിയുക്തനായി. അദ്ദേഹം അവിടെ ജോലി ആരംഭിക്കുമ്പോറം നെയ്യാററിൻകരയ്ക്കു തെക്കു് നാലു് ഷെഡ്ഡുകളും 35 വിശ്വാസികളും മാത്രമാണുണ്ടായിരുന്നതെന്നു് അദ്ദേഹത്തിൻെറ ഒരു ജീവചരിത്രത്തിൽ കാണുന്നു. നാലു വഷം കഴിഞ്ഞപ്പോറം അദ്ദേഹത്തിൻെറ ശ്രമഫലമായി 3000 പേരെ കത്തോലിക്കാസഭയിൽ ചേത്തുവെന്നും അതിൽ കാണുന്നുണ്ടു്. എന്നാൽ, തൻെറ പ്രവത്തനം കൂടുതൽ സുഗമവും ശാശ്വതവും സാന്ദ്രവും ആക്കുന്നതിനു് കന്യാസ്ത്രീമാരുടെ സേവനം അനിർവാര്യമാണെന്നു ബോദ്ധ്യപ്പെട്ടതിനാൽ, അദ്ദേഹം പല സന്ന്യാസിനിസമൂഹങ്ങളേയും സഹായത്തിനു വിളിച്ചു. അവരാരും സഹായത്തിനെത്തായ്കയാൽ തൻെറ സ്വദേശിനിയായ കല്പറമ്പിൽ ഏലിയാമ്മയുടെ നേതൃത്വത്തിൽ മേരിമക്കറം എന്ന സന്ന്യാസിനിസമൂഹം തിരുവനന്തപുരം അതിരൂപതയിൽ ആരംഭിച്ചു. 1938-ൽ മാർ ഈവാനിയോസ് അവക്കു് സഭാവസ്ത്രം നല്കി. ഇന്നവർ കന്യാകുമാരി ഡിസ്ട്രിക്ററിൻെറ പല ഭാഗങ്ങളിലും മികച്ച പ്രേഷിതപ്രവത്തനം നടത്തുന്നു. ഈ സന്ന്യാസിനീസമൂഹം ഫ്രാൻസിസ്കൻ സഭയുടെ ഭാഗമായി അംഗീകരിക്കപ്പെട്ടിട്ടുള്ളതാണു്. അവരുടെ

www.malankaralibrary.com

മാതൃഭവനം മാത്താണ്ഡത്തു തന്നെ. ഇന്നവക്ക് 48 മഠങ്ങളും 341 അംഗങ്ങളും ഉണ്ട്. കേരളത്തിനു പുറത്തുള്ള ഏഴു രൂപതകളിലും അവർ പ്രവർത്തിക്കുന്നു. കന്യാകുമാരി ഡിസ്ട്രിക്റ്റിലെ മിഷ്യൻ പ്രവർത്തനത്തിനു് തിരുവനന്തപുരം അതിരൂപത അവരോട് വളരെ കടപ്പെട്ടിട്ടുണ്ട്. ഭവനസന്ദർശനങ്ങളാണു് അവരുടെ മുഖ്യപ്രവർത്തനശൈലി. തന്മൂലം പുതിയ വിശ്വാസം സ്വീകരിച്ചവരുടെ കാവൽ മാലാഖാമാരായി അവർ നിലകൊള്ളുന്നു. അവരുടെ പ്രധാന പ്രവർത്തനരംഗങ്ങൾ ആതുരസേവനം, അദ്ധ്യാപനം, വിവിധ സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾ, മതബോധനം മുതലായവയാണു്.

## മാർ ഈവാനിയോസിന്റെ ജീവിതസായാഹ്നം

അമേരിക്കയിലും ആസ്ട്രേലിയായിലും നടത്തിയ പര്യടനങ്ങളുടെ അനസ്യൂതമായ പരിപാടികൾ, മാർ ഈവാനിയോസിന്റെ ആരോഗ്യത്തേയും ശക്തിയേയും വളരെ കാർന്നുതിന്നു. തിരുമേനിയെ ഒരിക്കലും വിട്ടുപിരിയാതിരുന്ന യുവസഹജമായ ചുറുചുറുപ്പിനും ഉന്മേഷത്തിനും കാതലായ മങ്ങലേററു. 1949 ഏപ്രിൽ 26-ാം നു- അദ്ദേഹം കോട്ടയം മെത്രാൻ തോമസ് തറയിലിനെഴുതി, ''എന്റെ അതിയായ ക്ഷീണത്താൽ ചുരുങ്ങിയ വാക്കുകൾകൊണ്ടു നിർത്തുകയാണു്''. ആ ഘട്ടംമുതൽ മാർ ഈവാനിയോസ് തിരുമേനിയുടെ ആരോഗ്യം ഒന്നിനൊന്നു ക്ഷയിച്ചുവരുകയായിരുന്നു. ജീവിതം മുഴുവൻ കർമ്മയോഗിയായി കഴിച്ച തിരുമേനിക്കു് തന്നെ വലയംചെയ്തിരുന്ന ഗവണ്മെണ്ടും ക്രൈസ്തവവിദ്യാലയങ്ങളും പോലെയുള്ള നീറുന്ന പ്രശ്നങ്ങളുടെ നേരെ കണ്ണടയ്ക്കുവാൻ സാധിച്ചില്ല. ഇവയെപ്പററിയുള്ള ആകുലചിന്തകൾ തിരുമേനിയുടെ ആരോഗ്യത്തേയും ബാധിച്ചു. 1950-ൽ തിരുമേനിയുടെ മെത്രാഭിഷേകരജതജൂബിലി ആരോഗ്യം വീണ്ടെടുക്കുവാനുള്ള പ്രാർത്ഥനയോടുകൂടി ആഘോഷിച്ചു. തിരുമേനിയെ ചികിത്സയ്ക്കായി മദ്രാസ്സിൽ കൊണ്ടുപോയെങ്കിലും അതു ഫലപ്രദമായില്ല. തിരുമേനി മടങ്ങിവന്നശേഷം, എപ്പോഴെങ്കിലും വന്നെത്താവുന്ന മരണത്തെ പ്രതീക്ഷിച്ചും അതിനു് തയ്യാറായും ആണു് ജീവിച്ചതു്. ആഘോഷമായ കന്തീലാ നടത്തി. ഏതാവശ്യത്തിലും പുത്രസവിധത്തിൽ ഓടിയെത്തുന്ന സ്നേഹധന്യനായ പിതാവിനെപ്പോലെ കണ്ടത്തിൽ മാർ ആഗസ്തീനോസും അതിൽ സംബന്ധിച്ചു.

www.malankaralibrary.com

കന്തീലായ്ക്കുശേഷം ദ്രുപതാവൈദികരുടെ ആവശ്യ പ്രകാരം തിരുമേനിയെ നാലാഞ്ചിറ ആശ്രമത്തിൽനിന്നും പട്ടത്തുള്ള തന്റെ എളിയ ഭവനത്തിൽ കൊണ്ടുവന്നു താമസി പ്പിച്ചു. തിരുവനന്തപുരം മെത്രാപ്പോലീത്തായെന്ന നില യിൽ അദ്ദേഹത്തിന്റെ "പാലസ്" (palace) ഒരു ചെറുഭവന മായിരുന്നു—സബർമതിക്കും ഭാരതസംസ്ക്കാരത്തിനും ഇണ ങ്ങിയ ഭവനം. മാർ ഈവാനിയോസ് മരിക്കുന്നതുവരെ ആധു നികസജ്ജീകരണങ്ങളോടുകൂടിയ ഒരുന്നത സൗധത്തെ തന്റെ ഭവനമായി വിഭാവനംചെയ്യുവാൻ അദ്ദേഹത്തിനു കഴിഞ്ഞി രുന്നില്ല. അദ്ദേഹത്തിന്റെ ആസൂത്രണപദ്ധതികളിൽ അതു് അവസാനത്തേതായിരുന്നു.

## ആ അനർഘനിമിഷവും സാന്നിദ്ധ്യത്തിന്റെ ഭാഗ്യവും

തിരുമേനിയെ പട്ടത്തു് അരമനയിൽ കൊണ്ടുവന്നശേഷം അദ്ദേഹത്തിന്റെ അനുഗ്രഹാശിസ്സുകൾതേടി സംസ്ഥാനത്തി ന്റെ നാനാഭാഗങ്ങളിലുംനിന്നു് സന്ദർശകർ എത്തിക്കൊണ്ടി രുന്നു. 1953 ജൂലൈ 15-ാം നു- മാർ ഈവാനിയോസ് കോ ളേജിലെ ക്ലാസ്സുകൾ കഴിഞ്ഞു. ഫാ. ജോൺ മാത്യു ചാക്കട വിൽ, ഫാ. ജോർജ്ജ് മലഞ്ചെരുവിൽ എന്നിവരോടുകൂടി ഈ ഗ്രന്ഥകർത്താവു് പട്ടത്തു് അരമനയിൽവന്നു് രോഗശയ്യയിൽ അവശനായി കിടന്നിരുന്ന മാർ ഈവാനിയോസിനെ സന്ദ ർശിച്ചു. പലപ്രാവശ്യം ഞങ്ങൾ ആ മുറിയിൽ കയറിയിറങ്ങി. മണി എട്ട്-എട്ടരയായപ്പോൾ അത്താഴത്തിനു കോളേജിലെ ത്തിയില്ലെങ്കിൽ വേലക്കാർക്കുണ്ടാകാവുന്ന ബുദ്ധിമുട്ടിനെ പ്പററി ആരോ ഓർമ്മിപ്പിച്ചു. എന്നിട്ടു് അതു മനസ്സിൽ പതി യാതെപോയി. ചേപ്പാട്ടു റമ്പാച്ചന്റേയുംമററും മുറികൾ അവ ധാനതയോടെ കയറിയിറങ്ങുകയും ഇടക്കിടയ്ക്കെല്ലാം തിരുമേ നിയുടെ മുറിയിൽ പോകുകയും ചെയ്തിരുന്നു. മണി ഒൻപ തിനും ഒൻപതരയ്ക്കും മദ്ധ്യേ ആയിരിക്കണം തിരുമേനിയുടെ അടുത്തു് ഈ ഗ്രന്ഥകർത്താവു് ഏകാകിയായി നില്ക്കുന്നുണ്ടു്. പെട്ടെന്നു് തിരുമേനിയുടെ കണ്ണുകൾ വലുതായി തുറന്നു. മിഴി കൾ മറിയുന്നതുപോലെ തോന്നി. മുറിക്കു പുറത്തുള്ളവരേയും തിരുമേനിയുടെ സഹോദരപുത്രനായ ഡോക്ടർ ചാക്കോച്ച നേയും വിളിച്ചു. സഹായമെത്രാൻ തിരുമേനിയും എത്തി. ഏതാനും മിനിട്ടുകൾക്കിടയിൽ ക്രൈസ്തവസഭയിലെ ഉജ്ജ്വ ലമായ തേജപുഞ്ജം അദ്ധ്വാനത്തിന്റേയും ക്ലേശത്തിന്റേയും

www.malankaralibrary.com

ഭൗതിക താഴ്‌വരയിൽ പൊലിഞ്ഞടഞ്ഞു — ഭൗതികമായി മാത്രം അദൃശ്യമായിത്തീൎന്നു. ആ പ്രകാശത്തിൽനിന്നും കൊളുത്തിയ എത്രയോ ആയിരം ദീപങ്ങളുടെ മദ്ധ്യത്തിൽ നാം ജീവിക്കുന്നു. ദിവ്യമായ പ്രേരണയും പ്രചോദനവും നല്കിയ ആ ചൈതന്യത്തിൽ മാർ ഈവാനിയോസ് ഇന്നും ജീവിക്കുന്നു.


മാർ ഈവാനിയോസ് ദിവംഗതനാകുമ്പോൾ പുനരൈക്യപ്രസ്ഥാനം ബാല്യദശയും കഴിഞ്ഞു് കൗമാരത്തിലേയ്ക്കു പ്രവേശിച്ചിരിക്കയായിരുന്നു. ദൈവാലയങ്ങളുടെയും വിദ്യാലയങ്ങളുടെയും സംഖ്യ വളരെ വൎദ്ധിച്ചു. വൈദികരാകാനും സന്ന്യാസസഭകളിൽ ചേരുവാനും പുനരൈക്യപ്പെട്ടവരിൽനിന്നുതന്നെ വളരെ യുവതീയുവാക്കന്മാർ മുമ്പോട്ടു വന്നു. ദ്രുപതാവൈദികരായവർ ഭൂരിപക്ഷം ഇടവകകളുടേയും ചുമതലയേററു. ആശ്രമങ്ങളുടെയും മഠങ്ങളുടെയും സംഖ്യയും അവയിലെ അംഗങ്ങളുടെ സംഖ്യയും ഒരുപോലെ വൎദ്ധിച്ചു. സീറോ–മലങ്കര സഭയ്ക്കു് സ്വന്തകാലിൽ നില്ക്കുവാനും സ്വതന്ത്രമായി പ്രവൎത്തിക്കുവാനും ഉള്ള കഴിവും പക്വതയും ലഭിച്ചതാണു് മാർ ഈവാനിയോസ് പുനരൈക്യപ്രസ്ഥാനത്തിനു് കൈവരുത്തിയ ഏററവും വലിയനേട്ടം. ഇന്നു് സീറോ–മലങ്കര സഭ വിയോജിത സുറിയാനിക്കാരിൽനിന്നല്ലെങ്കിൽത്തന്നെയും സീറോ–മലങ്കര റീത്തു സ്വീകരിച്ച നാടാർ സമുദായത്താൽ സുശക്തമായി വരികയാണു്. മാൎത്തോമ്മാസഭയുടെ വിവിധ വിഭാഗങ്ങളിൽ സീറോ–മലങ്കര സഭയ്ക്കു് പ്രാധാന്യമേറിയൊരു സ്ഥാനമുണ്ടു്.

www.malankaralibrary.com

## നാല്പതാം അദ്ധ്യായം

# കേരള അസ്സീസ്സി
# അഥവാ
# പുത്തൻപറമ്പിൽ തൊമ്മച്ചൻ

പണ്ടൊക്കെ, ചരിത്രമെന്നതു് രാജാവിന്റെയും, രാജകുടുംബാംഗങ്ങളുടേയും, പ്രഭുപ്രമുഖരുടേയും ജീവിതകഥകളായിരുന്നു. ഏകാധിപത്യവും അധികാരകേന്ദ്രീകരണവും നില



പുത്തൻപറമ്പിൽ തൊമ്മച്ചൻ
(ഫ്രാൻസീസ്ക്കൻ മൂന്നാംസഭയുടെ വേഷത്തിൽ)

www.malankaralibrary.com

വിലുണ്ടായിരുന്നപ്പോരം അതിനു് കുറെയൊക്കെ ന്യായീകരണം ഉണ്ടായേക്കാം. സഭാചരിത്രമെന്നുപറഞ്ഞാലും മാപ്പാപ്പാമാരുടേയും മെത്രാന്മാരുടേയും ഭരണകഥകളാണു്; സാന്ദർഭികമായിട്ടു്, സന്ന്യാസസഭകളുടെ ചരിത്രവും മേമ്പൊടിയായിട്ടു കാണാം. ആരുടെ ഭരണമായാലും ജനങ്ങളുടെമേലുള്ള ഭരണമായതുകൊണ്ടു് ഭരണചരിത്രത്തിൽ ജനങ്ങളും ഉരംപ്പെട്ടുമല്ലോ എന്നൊരു സമാധാനവുമുണ്ടതിനു്. പുണ്യത്തിൻെറ വിലയിരുത്തലിൽ ബ്രഹ്മചാരികളോടും സന്ന്യസ്തരോടും പക്ഷപാതമുണ്ടെന്നു തോന്നത്തക്കവിധത്തിലാണു് പ്രഖ്യാപിത വിശുദ്ധരുടെ പട്ടിക. രണ്ടാം വത്തിക്കാൻ സൂനഹദോസു് പല നൂതനാശയങ്ങരംക്കും വഴിയൊരുക്കിയ കൂട്ടത്തിൽ സാധിച്ച കാര്യമാണു്, അല്മേനിയെക്കണ്ടെത്തൽ (discovery of the layman). ആ സൂനഹദോസിൻെറ പ്രമേയങ്ങളിൽ അല്മേനിക്കു നീക്കിവച്ചിരിക്കുന്ന ദീർഘഭാഗം വായിച്ചാൽ ഇതു വ്യക്തമായും കാണാം. ഈ അല്മേനിയെ കണ്ടെത്തൽ പ്രസ്ഥാനം ജീവലോകത്തേയും കടന്നു് കുഴിമാടത്തിനപ്പുറത്തേയ്ക്കും എത്തിയിട്ടുള്ളതു് ശുഭാവഹമാണു്. സിദ്ധന്മാരുടെ പട്ടികയിൽ ചേർക്കാൻ പരിഗണനാർഹരായി അറിയപ്പെടുന്ന കേരളസന്താനങ്ങരം, ഒരു വൈദികനും രണ്ടു കന്യാസ്ത്രീമാരും ഒരു അല്മായനുമാണു്. പകുതിയും കന്യാസ്ത്രീമാർ. സ്വർഗ്ഗത്തിൽ സ്ത്രീകരംക്കായിരിക്കും ഭൂരിപക്ഷമെന്നു തോന്നുന്നു. അല്മായനായ പുത്തൻപറമ്പിൽ തൊമ്മച്ചൻെറ കാര്യത്തിൽ ചങ്ങനാശ്ശേരി മെത്രാപ്പോലീത്തായായിരുന്ന കാവുകാട്ടുപിതാവിനു് വളരെ താല്പര്യമുണ്ടായിരുന്നു.

ഭൂപടത്തിൽ നോക്കിയാൽ കേരളമാതാവിൻെറ ഒക്കത്തിരിക്കുന്ന ശിശുവാണു് കുട്ടനാട്ടു്. ജന്മവും ആ മാതാവിൻെറ ഉദരത്തിൽത്തന്നെ. സഹ്യാദ്രിയുടെ മലയിടുക്കുകളിൽനിന്നു് നദികരംവഴി ഒഴുകിവരുന്ന മണ്ണും ചരലും എക്കലും ആണു് കുട്ടനാടിനു് ജന്മംകൊടുത്തിട്ടുള്ളതു്. ചരിത്രകാരനായ ശ്രീധരമേനോൻെറ നിർവ്വചനത്തിൽ കുട്ടനാടിൻെറ വ്യാപ്തി വിപുലമാണു്. അദ്ദേഹം പറയുന്നു, "ഇന്നത്തെ എറണാകുളം–കോട്ടയം–ആലപ്പുഴ ജില്ലകളും കൊല്ലം ജില്ലയിലെ ചില പ്രദേശങ്ങളും ചേർന്നതായിരുന്നു കുട്ടനാട്ടു്. ജലാശയങ്ങളുടെ നാടായതുകൊണ്ടായിരിക്കണം ഈ പേരു വന്നതു്"[1]. ഇതനുസരിച്ചു്, വടക്കു ചേററുവാ മുതൽ കൊല്ലംവരെ കുട്ടനാടാണു്.

---

1. ശ്രീധരമേനോൻ, കേരളചരിത്രം, 1969, P. 91.

www.malankaralibrary.com

പുത്തൻചിറയിലെ മറിയം ത്രേസ്യായും, കുടമാളൂരെ സിസ്റ്റർ അൽഫോൻസായും കൈനകരിയിലെ ചാവറ കുറിയാക്കോസ് ഏലിയാസച്ചനും എടത്വാ പുത്തൻപറമ്പിൽ തൊമ്മച്ചനും ഈ മേഖലയിൽപ്പെട്ടവരായിരുന്നു. ദേശീയ മെത്രാൻ സ്ഥാനം പുനരുദ്ധരിക്കപ്പെട്ടപ്പോഴം ലഭിച്ച ളൂയിസ് പഴേപറമ്പിലും, ആഗസ്റ്റിൻ കണ്ടത്തിലും, മാത്യു മാക്കീലും, തോമസ് കുര്യാളശ്ശേരിയും, അലക്സാണ്ടർ ചൂളപ്പറമ്പിലും, ജോൺ മേനാച്ചേരിയും, ജെയിംസ് കാളാശ്ശേരിയും കുട്ടനാട്ടുകാരാണ്. എന്നാൽ ഇപ്പോഴം മെത്രാൻ സ്ഥാനത്തിന്റെ ചെങ്കോൽ ഏറ്റെടുത്തിരിക്കുന്നതു് മീനച്ചൽ താലൂക്കാണ്. മിഷ്നറിമാരുടെ കാര്യത്തിൽ മാപ്പാപ്പാമാരുടെ പ്രശംസ പോലും സമ്പാദിച്ചിരിക്കുന്ന, പാലാ രൂപത!

നദീമുഖങ്ങളും നദീതീരങ്ങളുംവഴിയാണ് മനുഷ്യസംസ്ക്കാരത്തിന്റെ ഉദയവും വളർച്ചയുമെന്നു് ചരിത്രം പഠിപ്പിക്കുന്നു. കേരളം അതിനു് അപവാദമായിരുന്നില്ല. കേരളത്തിനു് സഹസ്രാബ്ദങ്ങളുടെ ചരിത്രമുണ്ട്. അതധികവും വിദേശസമ്പർക്കംമൂലം ലഭിച്ചതാണ്. വിദേശികളെ കേരളത്തിലേയ്ക്കാകർഷിച്ച കാന്തമായിരുന്നു, കുരുമുളക്, ഇലവർങം മുതലായ സുഗന്ധദ്രവ്യങ്ങൾ. ഈ വാണിജ്യത്തിന്റെ മാദ്ധ്യമം ഏറ്റെടുത്ത സ്ഥലമായിരുന്നു കുട്ടനാട്. കച്ചവടസാധനങ്ങൾ കൂടാതെ, ആശയങ്ങളും ആചാരങ്ങളും മററു സാംസ്ക്കാരിക രൂപങ്ങളും കൈമാറിയിരുന്നതും കുട്ടനാട്ടിലാണ്. ലോകചരിത്രത്തിൽ അറിയപ്പെടുന്ന എല്ലാ പുരാതന സംസ്ക്കാരങ്ങളുടേയും പ്രതിനിധികൾ കേരളത്തിൽ എത്തിയിരുന്നതായി ചരിത്രമുണ്ട്. ഏ. ഡി. ഒന്നും രണ്ടും നൂററാണ്ടുകളിലെ റോമൻ ഗ്രീക്കുചരിത്രകാരന്മാരായ പെരിപ്ളസും പ്ളീനിയും മററും പേരെടുത്തുപറയുന്ന നിരണവും, പ്രക്കാടും, കൊതവറയും (വെച്ചൂരിനടുത്തു്) ചെമ്പും (വൈക്കത്തിനടുത്തു്) ഉദയംപേരൂരും കൊടുങ്ങല്ലൂരും പാലയൂരും കടലുണ്ടിയും പുരാതന കുട്ടനാട്ടിലാണ്. ഏ. ഡി. ഒന്നാം നൂററാണ്ടിൽ നിരണത്തുവന്ന ഗ്രീക്ക് നാവികൻ, പെരിപ്ളസ്, പ്രക്കാട്ടു ആററുമുഖത്തുകണ്ട നീക്കോലികളുടെ കണ്ണു ചെമന്നതാണെന്നു പറയുന്നു. വിദേശസംസ്ക്കാരങ്ങളുടെ സമ്പർക്കത്താൽ ധന്യമായിരുന്നു കുട്ടനാട്. എന്നാൽ ഇവയോടൊന്നുമല്ലായിരുന്നു, പുത്തൻപറമ്പിൽ തൊമ്മച്ചന്റെ മഹത്വത്തിനുള്ള കടപ്പാട്. ലോകത്തിന്റെ കണക്കിൽപ്പെടുന്ന പരിഷ്ക്കാരികളിലും

www.malankaralibrary.com

പണ്ഡിതന്മാരിലും അപൂർവ്വംപേർക്കുമാത്രമല്ലേ ദൈവദർശനവും ആത്മീയചൈതന്യവും ലഭിക്കാറുള്ളൂ.

തൊമ്മച്ചന്റെ സമ്പർക്കം ക്രിസ്തുവും ക്രിസ്തുവിന്റെ ജീവിതവും മാത്രമായിട്ടായിരുന്നു. മനുഷ്യവിജ്ഞാനീയത്തിലെ കിടയററ സത്യവും മനുഷ്യവ്യാപാരങ്ങളിലെ അതിരററ ശക്തിയും ആയിരുന്ന ഈ സമ്പർക്കം ദൈവവുമായുള്ള ഹൃദയബന്ധംപോലെ ലളിതമായിരുന്നു. എന്നാൽ അതിനും ഒരു മാദ്ധ്യമം ഉണ്ടായി. സനാതനവും ലളിതവും ആയ ക്രൈസ്തവചൈതന്യം റോമൻസഭയുടെ ഫ്യൂഡലിസ്ററു സംവിധാനത്തിൽ ചോർന്നുപോയപ്പോൾ അതിനെ വീണ്ടെടുക്കാൻ ശ്രമിച്ച ത്യാഗസമ്പന്നനും കർമ്മയോഗിയുമായിരുന്നു അസ്സീസ്സിയിലെ വി. ഫ്രാൻസിസ്. ക്രിസ്തുവിനെ സ്വന്തം ജീവിതത്തിൽ പകർത്താൻ ശ്രമിച്ചതിന്റെ വിജയമാണ്, അദ്ദേഹത്തിന്റെ പേരിലും മാദ്ധ്യസ്ഥത്തിലും ഉള്ള സ്ത്രീകളുടേയും പുരുഷന്മാരുടേയും നിരവധി സന്ന്യാസസമൂഹങ്ങൾ. സന്ന്യസ്തർക്കു മാത്രമല്ല, അല്മായർക്കും അദ്ദേഹം ആദർശദീപവും ശക്തിധാരയുമായിരുന്നു. ഭാരതത്തിൽ അതിനു രൂപം കൊടുക്കുവാനും ശക്തി നല്കുവാനും ആദ്യമായി ശ്രമിച്ചതു് എടത്വാ തെക്കേടത്തുപുത്തൻപറമ്പിൽ തൊമ്മച്ചനാണ്. ആയിരത്തിൽപ്പരം കുടുംബങ്ങളുള്ള തെക്കേടത്തു തറവാട്ട് കേരളസഭയിലെ ഒരു വടവൃക്ഷമാണെന്നു പറയാം. ഈ അദ്ധ്യായത്തിലെ ചില വിവരങ്ങൾക്കു് ഗ്രന്ഥകാരൻ കടപ്പെട്ടിരിക്കുന്നതു് തെക്കേടത്തു കുടുംബയോഗം അദ്ധ്യക്ഷൻ, ഫാ. ഏബ്രഹാം തെക്കേടത്തിനോടും എടത്വാ തെക്കേടത്തു കണ്ടത്തിപ്പറമ്പിൽ, ശ്രീ ഏബ്രഹാം ജോർജ്ജിനോടുമാണ്.

## തൊമ്മച്ചന്റെ കുടുംബം

എടത്വാ, തെക്കേടത്തു പീലിപ്പോസിന്റെയും ചമ്പക്കുളത്തു കറുകയിൽ ത്രേസ്യാമ്മയുടേയും ഏകസന്താനമായ തൊമ്മച്ചൻ 1836 ജൂലൈ 8-ാം നു- ജനിച്ചു. കുഞ്ഞിനു് രണ്ടര വയസ്സായപ്പോൾ പിതാവു് പരലോകപ്രാപ്തനായി. ദുഃഖാർത്തയും വിധവയുമായ ത്രേസ്യാമ്മയുടെ ജീവിതസർവ്വസ്വമായ തൊമ്മച്ചൻ, അമ്മയുടെ സ്നേഹവാത്സല്യങ്ങളിൽ വളർന്നുവന്നു. മാതൃകാമാതാവും ദൈവഭക്തയും തപസ്വിനിയുമായ ത്രേസ്യാമ്മയാണ് തൊമ്മച്ചന്റെ സ്വഭാവം കരുപ്പിടിപ്പിച്ചതു്. തൊമ്മച്ചൻ മലയാളവും തമിഴും നന്നായിപഠിച്ചു വശമാക്കി. ഇംഗ്ലീഷുഭാഷാഭ്യസനം അന്നു് പ്രചാരത്തിലായിരുന്നില്ല.

www.malankaralibrary.com

വഷങ്ങടം കഴിയുന്തോറും, അടുക്കളയിൽ തനിക്കൊരു സഹായിയും ഭാവിജീവിതത്തിൽ തുണയ്ക്കു് ഒരു മരുമകളും ഉണ്ടാകുവാൻ ത്രേസ്യാമ്മ ആകാംക്ഷയോടെ കാത്തിരുന്നു. എന്നാൽ ആദ്ധ്യാത്മികജീവിതത്തിൽ ദത്തശ്രദ്ധനായിരുന്ന തൊമ്മച്ചൻ വിവാഹജീവിതം അഭിലഷിച്ചില്ല. അമ്മയും മകനും തമ്മിൽ വിവാഹകാര്യത്തെപ്പററി നീണ്ടനാളുകളിൽ ദീർഘസംഭാഷണങ്ങടം നടന്നുകാണണം. 15–ഓ 16–ഓ വയസ്സിൽ നടക്കേണ്ട തൊമ്മച്ചൻെറ കല്യാണം 20–ാം വയസ്സിലാകാൻ കാരണം മറെറാന്നാകാൻ വഴിയില്ല. ഏതായാലും സ്നേഹനിധിയായ അമ്മയുടെ ആഗ്രഹത്തിനു വഴങ്ങി, തൊമ്മച്ചൻ പുളിങ്കുന്നു് പള്ളിക്കൂട്ടമ്മേൽ അന്നമ്മയെ വിവാഹം കഴിച്ചു. അതിൽ ഒരു പുത്രനും രണ്ടു പുത്രിമാരും ജനിച്ചു. ഒരു പൌത്രി ബസിലിയാമ്മ ഒരു കന്യാസ്ത്രീയാണ്. സാമാന്യം നല്ല കുടുംബസ്വത്തുണ്ടായിരുന്നതുകൊണ്ടു് മക്കടംക്കു് സാമ്പത്തികമായി വിഷമിക്കേണ്ടിവന്നിട്ടില്ല. ആദ്ധ്യാത്മിക പൈതൃകത്തിൽ അവർ അതീവധന്യരുമായിരുന്നു.

## തൊമ്മച്ചൻെറ ഭക്തിമാർഗ്ഗവും കർമ്മമാർഗ്ഗവും ഒന്നിച്ച്

വിവാഹജീവിതത്തിലും, തൊമ്മച്ചൻ ഭക്തിമാർഗ്ഗത്തിലും ആതുരസേവനത്തിലും മുന്നേറുകയായിരുന്നു. അതിലേയ്ക്കു് പൂർണ്ണമായും തിരിയുന്നതു് തൊമ്മച്ചൻെറ 28–ാം വയസ്സിലാണ്, അതായതു് 1864–ൽ. "1865 മുതൽ തൊമ്മച്ചൻ ഭക്തജീവിതം നയിക്കുവാൻ ആഗ്രഹമുണ്ടായിരുന്ന ഏതാനും ആളുകളെ കൂട്ടിച്ചേർത്തു്, അരഞ്ഞാണത്തിനുപകരം ചകിരികൊണ്ടുള്ള കയറുകെട്ടി, സ്വയംകൃതമായ ചില വ്യവസ്ഥകളോടു കൂടി ജീവിതവിശുദ്ധീകരണം, അധഃകൃതരുടെ മാനസാന്തരം, വിശുദ്ധ ദിവസങ്ങടം ശരിയായി ആചരിക്കുക മുതലായ സൽപ്രവൃത്തികടം ചെയ്യുവാൻ തുടങ്ങി"2. എന്നാൽ കാലാന്തരത്തിൽ, ജ്ഞാനവായനയ്ക്കു ഉപയോഗിച്ചിരുന്ന അസ്സീസ്സിയിലെ വി. ഫ്രാൻസിസിൻെറ ജീവചരിത്രത്തിൽ ആകൃഷ്ടനാകുകയും, ആ പുണ്യവാൻെറ ജീവിതത്തെപ്പററിയുള്ള ഉപരിപഠനത്തിൽ, ഫ്രാൻസിസ്ക്കൻ മൂന്നാംസഭ, വിവാഹിതരായ തനിക്കും സമാനതല്പരരായ കൂട്ടുകാർക്കും പററിയതാണെന്നു

2. ഫാ. മാത്യു കണിപ്പിള്ളിൽ, കേരള അസ്സീസ്സി, 1959, P. 6.

www.malankaralibrary.com

ബോദ്ധ്യപ്പെടുകയും ചെയ്തു. ഇങ്ങനെ ആയിരുന്നു ഇൻഡ്യയിൽ ഫ്രാൻസിസ്ക്കൻ മൂന്നാം സഭയുടെ ആരംഭം.

തൊമ്മച്ചൻ അരയ്ക്കുകെട്ടിയ ചകിരിക്കയറ്, ചായക്കോപ്പയിലെ കൊടുങ്കാററുപോലെ, ഒരു പ്രക്ഷോഭണത്തിനു വഴിതെളിച്ചു. വെള്ളിഅരഞ്ഞാണം മാറിയിട്ടാണ് ചകിരിക്കയറെടുത്തതെന്നു ചിന്തിക്കുവാൻതക്ക ക്രൈസ്തവബോധം എതിർപ്പുകാർക്കുണ്ടായിരുന്നില്ല. ക്രിസ്തീയമൂല്യങ്ങൾ അത്രമാത്രം ഭൗതികമായ ഉച്ചനീചത്വഭാവങ്ങളോട് വരിഞ്ഞുകെട്ടപ്പെട്ടിരുന്നു. സ്ഥാനമാനങ്ങൾ നിർണ്ണയിക്കുന്നത് ആത്മീയവരങ്ങളല്ല, വിലയേറിയ വേഷവിധാനങ്ങളാണെന്നു തോന്നി. തൊമ്മച്ചനേയും കൂട്ടരേയും "കയറുകെട്ടിയവരുടെകൂട്ടം" എന്ന് ആക്ഷേപിച്ചു തുടങ്ങി. പുതുമ എപ്പോഴും പ്രശ്നങ്ങൾ സൃഷ്ടിക്കാറുണ്ടല്ലോ–പ്രത്യേകിച്ച്, യാഥാസ്ഥിതികരുടെ മദ്ധ്യത്തിൽ. പുതുമയുടെ പടവുകളാണ് പലപ്പോഴും പുരോഗമനത്തിൻെറ പാത എന്ന് നാം ഓർക്കാറില്ല. കയറുകെട്ടുന്നത് കഴുത്തിലല്ലെങ്കിൽ കുഴപ്പമൊന്നും വരാനില്ല. എന്നാൽ കുഴപ്പം കാത്തിരിക്കുന്നവരെ ഈ അരക്കയറ് വിറളിപിടിപ്പിച്ചു. അവർ തൊമ്മച്ചൻെറനേരെ പരിഹാസശരങ്ങൾ എയ്തു; സമൂഹത്തിൽ അദ്ദേഹത്തേയും കൂട്ടുകാരേയും അധിക്ഷേപവർഷംകൊണ്ട് ശ്വാസംമുട്ടിക്കാൻ നോക്കി. ആദർശധീരനായ തൊമ്മച്ചൻ ഇവകൊണ്ടൊന്നും കുലുങ്ങിയില്ല. അദ്ദേഹത്തിൻെറ ആത്മാവിൻെറ നങ്കൂരം ക്രൂശിക്കപ്പെട്ട ഈശോയിലായിരുന്നു. തൊമ്മച്ചൻ ഒരു പടികൂടെ മുന്നോട്ടുനീങ്ങി.

ഇററലിയിലെ ഫ്രാൻസിസ്ക്കൻ മൂന്നാംസഭക്കാർക്ക്, പാദത്തോളം എത്തുന്ന പരുക്കൻ തവിട്ടുകുപ്പായമുണ്ടായിരുന്നു. ഇൻഡ്യയിലെങ്ങും ഈ സഭ അന്നുണ്ടായിരുന്നില്ല. കേരളത്തിൽ പുരുഷന്മാർ ഉടുമുണ്ടിൻെറകൂടെ, ദുർല്ലഭമായി, കവണിയോ തോർത്തോ മാത്രമേ ധരിച്ചിരുന്നുള്ളു. തൊമ്മച്ചൻ മുട്ടോളം എത്തുന്ന ജൂബാപോലുള്ള "അങ്കറക്കാ" സഭയുടെ അടയാളമായി, 1868–ൽ കുറുമ്പനാടത്തു പള്ളിയിൽവച്ചു ധരിച്ചു. ധരിപ്പിച്ചത്, തൊമ്മച്ചനെപ്പററി വിലയേറിയ പല വിവരങ്ങളും നമുക്കു നല്കുന്ന പാലാക്കുന്നേൽ വല്യച്ചനായിരുന്നു. അരക്കയറുകണ്ട് വിരണ്ടവർക്ക് ഈ മുക്കാൽക്കുപ്പായം സഹിക്കാൻ കഴിഞ്ഞില്ല. ഉടുപ്പ് ഊരണമെന്നും ഇല്ലെങ്കിൽ ഊരിക്കുമെന്നും ആയി അവർ.

വരാപ്പുഴ മെത്രാപ്പോലീത്താ ഇടവകസന്ദർശനാർത്ഥം ചേന്നങ്കരി പള്ളിയിൽ എത്തിയിട്ടുണ്ട്. തൻെറ സഭയുടെ ആവ

www.malankaralibrary.com

ശ്യങ്ങൾ ഉണർത്തിക്കാൻ പുത്തൻപറമ്പിൽ തൊമ്മച്ചനും വന്നു ചേർന്നു. അപ്പോൾ അവിടെയുണ്ടായിരുന്ന കട്ടക്കയത്തു വല്യ ചാണ്ടിയച്ചൻ 'അങ്കറക്കാ' ഇട്ട തൊമ്മച്ചനെ കണ്ടപ്പോൾ പ്രക്ഷുബ്ധനായി. ഉടുപ്പ് ഊരണമെന്നും ഇല്ലെങ്കിൽ ഊരിക്കു മെന്നുമായി വല്യച്ചൻ. തൊമ്മച്ചൻ ശാന്തനായി പറഞ്ഞു, മെത്രാപ്പോലീത്താ കല്പിച്ചാൽ മാത്രമേ ഊരുകയുള്ളു വെന്ന്. ഇരുവരും മെത്രാപ്പോലീത്തായുടെ സവിധത്തിലെത്തി. വല്യ ച്ചൻ തൊമ്മച്ചനെതിരെ ശക്തമായ ആരോപണങ്ങൾ നടത്തി. മെത്രാപ്പോലീത്താ അവ കേട്ടഭാവംപോലും നടിച്ചില്ല. സദാ ഉടുപ്പിട്ടു നടക്കുന്ന ലോകത്തിൽനിന്നുവന്ന യൂറോപ്യനായ മെത്രാപ്പോലീത്താ, വല്യച്ചൻെറ ആരോപണംകേട്ട്, ഉള്ളിൽ ഊറിയൂറി ചിരിക്കുന്നുണ്ടാവണം. മെത്രാപ്പോലീത്തായുടെ അടുക്കൽനിന്നുപോന്നിട്ടും തൊമ്മച്ചൻെറ ഉടുപ്പ് ഊരിക്കു വാൻ വല്യചാണ്ടിയച്ചൻ ശ്രമിച്ചുകൊണ്ടിരുന്നു. ഏതായാ ലും മെത്രാപ്പോലീത്താ വരാപ്പുഴയിലെത്തിയ ഉടൻ അയച്ച കല്പന, പുരുഷന്മാരെല്ലാം ഉടുപ്പിടണമെന്നായിരുന്നു. ഇതു് നടപ്പിലാക്കാൻ ഏററവും കൂടുതൽ ശ്രമിച്ചതു് കട്ടക്കയത്തിൽ വല്യചാണ്ടിയച്ചനാണെന്ന്, പാലാക്കുന്നേൽ വല്യച്ചൻെറ ഡയറിയിൽ കാണുന്നു!! പുരുഷന്മാരുടെ ഉടുപ്പിടീലിന് നേ തൃത്വവും പ്രേരണയും നല്കിയതു് പുത്തൻപറമ്പിൽ തൊമ്മച്ച നായിരുന്നോ?

## തൊമ്മച്ചൻ പള്ളിക്കു പുറത്തും അകത്തും

കത്തോലിക്കാസഭയിലെ ഏതൊരു സ്ഥാപനത്തിനും, അതു് എത്രതന്നെ ഭക്തിപ്രദമായിരുന്നാലും, ഔദ്യോഗിക മായ അംഗീകാരമില്ലാതെ അതിന് വളരുവാനെന്നല്ല, നില നില്ക്കുവാൻപോലും സാദ്ധ്യമല്ല. 1868 മുതൽ 1875 വരെ തൊമ്മച്ചൻ ഈ അംഗീകരണത്തിനു ശ്രമിക്കുകയായിരുന്നു. എല്ലാ നല്ല ആളുകൾക്കും നല്ല കാര്യങ്ങൾക്കും ശത്രുക്കളുണ്ടാ കുക അസാധാരണമല്ല. തൻെറ ചെവിട്ടത്തടിച്ച സ്ത്രീയോടു് പ്രതികാരം ചെയ്യുവാൻ ക്രുദ്ധരായിവന്ന ആളുകളെ ശാന്ത രാക്കി പറഞ്ഞയച്ച തൊമ്മച്ചനും ശത്രുക്കളുണ്ടായിരുന്നു. അവ രുടെ ദുരാരോപണത്താലും ദുഷ്പ്രേരണയാലും വരാപ്പുഴ മെ ത്രാപ്പോലീത്താ ''1873 വൃശ്ചികം 30-ാം നു- എടത്വാ പള്ളി പുത്തമ്പറമ്പിൽ തൊമ്മച്ചനെ പള്ളിക്കു പുറത്തുനിത്തുകയും ചെയ്തു.'' മൂന്നു ദിവസം കഴിഞ്ഞപ്പോൾ പാലാക്കുന്നേൽ വല്യച്ചൻ തൊമ്മച്ചനെ ആശ്വസിപ്പിക്കാൻ എടത്വായിൽ

www.malankaralibrary.com

ചെന്നു. എല്ലാത്തിലും ദൈവതിരുമനസ്സിനു കീഴ്‌വഴങ്ങി, സന്തോഷത്തോടെ കഴിയുന്ന തൊമ്മച്ചൻ അപ്പോൾ വല്യച്ചനെ ആശ്വസിപ്പിക്കുന്നതായിട്ടാണ് കണ്ടതു്!!

ജലവും ജലജപത്രവും (താമരയില) തമ്മിലുള്ള പൊരുത്തക്കേട് സഭയിലെ ആത്മീയചൈതന്യവും ഭരണസംവിധാനവും തമ്മിൽ ഉണ്ടാകാറുണ്ട്. അതിന്റെ പ്രത്യക്ഷതെളിവുകളാണ് വി. ജോവാൻ ദെ ആക്കിനെപ്പോലുള്ളവരുടെ ജീവിതകഥകൾ. ഭരണസംവിധാനം ഭൗതികമാണ്—കാര്യക്ഷമമായ ലക്ഷ്യപ്രാപ്തിക്ക്, ഭൗതികഘടകങ്ങളുടെ സംഘടിപ്പിക്കൽ. ആത്മീയചൈതന്യം അഭൗതികവും അമേയവും അത്രേ, എന്നാൽ അദൃശ്യമായ വിദ്യുച്ഛക്തിപോലെ സമുജ്ജ്വലവും. തന്നെയുമോ, ആത്മീയചൈതന്യം ലക്ഷ്യമെങ്കിൽ ഭരണസംവിധാനം കേവലം ഒരു മാർഗ്ഗം മാത്രം. പൊരുത്തക്കേടുവരുന്നതു് ലക്ഷ്യം മറന്നുള്ള ഭരണത്തിലാണ്, അതായതു്—ഭരണത്തിനുവേണ്ടിയുള്ള ഭരണം. പുത്തൻപറമ്പിൽ തൊമ്മച്ചനെ പള്ളിക്കു പുറത്താക്കിയതോടുകൂടി, കേരളമണ്ണിൽ തിമിർത്തുവളരാൻ തുടങ്ങിയ പ്രസ്ഥാനം അനാഥമായി. വരാപ്പുഴ അധികൃതർ തൊമ്മച്ചനു പകരക്കാരായി രണ്ടുമൂന്നു വൈദികരെ മാറിമാറി നിയമിച്ചു. അതുകൊണ്ടൊന്നും ഫലമുണ്ടായില്ല. പ്രസ്ഥാനത്തിൽ അംഗങ്ങൾ കുറഞ്ഞു; ശാഖകൾ ചുരുങ്ങി; പ്രവർത്തനങ്ങൾ ഒതുങ്ങി അസ്തമയമായി. തൊമ്മച്ചൻ നല്കിയ ഉജ്ജ്വലചൈതന്യവും ധീരനേതൃത്വവും വ്യക്തിപ്രഭാവത്തിന്റെ വശ്യശക്തിയും ഔദ്യോഗിക പകരക്കാർക്കു നല്കുവാൻ കഴിഞ്ഞില്ല. അപ്പോൾ വരാപ്പുഴ ഭരണത്തിന്റെ ചക്രവാളത്തിൽ പ്രഭാതനക്ഷത്രം ഉദിച്ചു.

രണ്ടുമാസം കഴിഞ്ഞപ്പോൾ, വരാപ്പുഴയിലെ കാർമേഘം നീങ്ങി സൂര്യപ്രകാശം കണ്ടുതുടങ്ങി. അതോടെ, തൊമ്മച്ചന്റെ മുടക്കം അവസാനിച്ചു. തൊമ്മച്ചന്റെ ശത്രുക്കൾ ഓരോരുത്തരായിവന്ന്, തൊമ്മച്ചനോടു മാപ്പുപറഞ്ഞു. 1874 മിഥുനമാസം തൊമ്മച്ചന്റെ ശ്രമഫലമായി മൂന്നാംസഭയ്ക്കു് ഔദ്യോഗികമായ അംഗീകാരവും കിട്ടി.

മൂന്നാംസഭക്കാരുടെ ആവശ്യത്തിനു് തൊമ്മച്ചന്റെ ശ്രമഫലമായി ആലപ്പുഴ പൂന്തോപ്പിൽ പണിത ദൈവാലയം 1878 ആഗസ്റ്റുമാസം 13-ാം നു- ആശീർവ്വദിക്കപ്പെട്ടു. അന്നുമുതൽ മൂന്നാംസഭക്കാരുടെ ധ്യാനയോഗങ്ങൾ, സമ്മേളനങ്ങൾ,

www.malankaralibrary.com

പൊതുവായ ഭക്തകൃത്യങ്ങരം, ഇവയുടെ വേദിയും പൂന്തോപ്പി ലായി. ആലപ്പുഴയിലെ നേതാക്കന്മാരായ കപ്പാമൂട്ടിൽ ഇട്ടി യവിരാ, കുന്നുങ്കൽ വക്കി, കാഞ്ഞിരത്തിങ്കൽ കുഞ്ഞുവക്കി മുതലായവർ മൂന്നാംസഭയിലെ അംഗങ്ങളായി ചേൎന്നു.

1889 ഒക്ടോബർ 4-ാം നു- ചങ്ങനാശ്ശേരി വികാരി അപ്പ സ്തോലിക്കാ ബിഷപ്പ് ലവീഞ്ഞ് പൂന്തോപ്പുപള്ളി സന്ദർശി ക്കുകയും അദ്ദേഹത്തിന്റെ ആദ്ധ്യക്ഷ്യത്തിൽ നടന്ന സഭാംഗ ങ്ങളുടെ പൊതുയോഗത്തിൽവച്ച്, പുത്തൻപറമ്പിൽ തൊമ്മ ച്ചനെ സഭയുടെ പൊതുശ്രേഷ്ഠനായി തിരഞ്ഞെടുക്കുകയും ചെയ്തു. അന്നുമുതൽ 1908 വരെ തൊമ്മച്ചനായിരുന്നു കേരള ത്തിലെ ഫ്രാൻസിസ്ക്കൻ മൂന്നാംസഭയുടെ പൊതുശ്രേഷ്ഠൻ. ഇക്കാലയളവിൽ സഭാംഗങ്ങരംക്കായി പല സ്ഥലങ്ങളിൽ വച്ച് അദ്ദേഹം നല്കിയിട്ടുള്ള ഉപദേശങ്ങളും നിർദ്ദേശങ്ങളും ആദ്ധ്യാത്മികവിജ്ഞാനീയത്തിലെ അനർഘരത്നങ്ങളാണ്. ആന്തരികജീവിതത്തിൽ ഉരംക്കാഴ്ച ലഭിച്ച ഒരു താപസവര്യ നായിരുന്നു തൊമ്മച്ചനെന്ന് അവ വെളിപ്പെടുത്തുകയും ചെ യ്യുന്നു.

## പുത്തൻപറമ്പിൽ തൊമ്മച്ചനും കുര്യാളശ്ശേരി ബ. തോമ്മാച്ചനും

പിന്നീട് ചങ്ങനാശ്ശേരി രൂപതയുടെ മെത്രാനായി ത്തീൎന്ന കുര്യാളശ്ശേരി ബ. തോമ്മാച്ചൻ എടത്വാപള്ളി വികാ രിയായിരുന്നതു് 1906 മുതൽ 1910 വരെ ആണ്. ബ. തോ മ്മാച്ചന് മുപ്പത്തിമൂന്നുവയസ്സ് പ്രായം. തപോവൃദ്ധൻകൂടി യായ തൊമ്മച്ചൻ എഴുപതുകാരനായിരുന്നു. ബ. തോമ്മാ ച്ചൻ എടത്വാപള്ളി വികാരിത്വം ഏല്ക്കുമ്പോരം ചങ്ങനാ ശ്ശേരി, കൊച്ചി, എറണാകുളം രൂപതകളിൽ തൊമ്മച്ചന്റെ തപോനിഷ്ഠയും വ്യക്തിപ്രഭാവവും ആതുരസേവനവും പ്രസി ദ്ധമായിരുന്നു. ആ രൂപതകളിൽ ഫ്രാൻസിസ്ക്കൻ മൂന്നാം സഭക്കാരുടെ അമ്പതു ശാഖകരം സ്ഥാപിച്ചിരുന്നു. അവ യിൽ മൂവായിരത്തിലേറെ അംഗങ്ങളുമുണ്ടായിരുന്നു. അന്ന ത്തെ ഗതാഗതസൗകര്യങ്ങളോർത്താൽ നാടിന്റെ വിലങ്ങും തലങ്ങുമായി നടന്നലഞ്ഞ്, മൂവായിരത്തിൽപ്പരം യോദ്ധാ ക്കളെ ക്രിസ്തുവിന്റെ ആദ്ധ്യാത്മികസൈന്യത്തിൽ ചേൎത്തു സംഘടിപ്പിച്ച ഒരു അല്പമായ മഹാത്മാവിനെ കേരളസഭ അതിനുമുമ്പു കണ്ടിട്ടില്ല. ഇത്രയും വീരോചിതകഥകളുടെ നായകനായി മററാരെയും കേട്ടിട്ടുമില്ല.

www.malankaralibrary.com

വികാരിയച്ചനു് സിദ്ധനെന്നറിയപ്പെടുന്ന തൊമ്മച്ചന്റെ പുണ്യബലം അളക്കുവാൻ ഒരു കൌതുകമുണ്ടായി. പുണ്യത്തിന്റെ ആത്മാർത്ഥതയും മാററും നിർണ്ണയിക്കുവാൻ തെററാത്ത ഒരു 'ടെസ്റ്റു്' (test) അഥവാ പരീക്ഷണമുണ്ടു്. അതാണു് എളിമയുടെ 'ടെസ്റ്റു്'. ഒരു സാധാരണ ക്രിസ്ത്യാനിയുടേയും മാറററിയുവാൻ അതുമതി. ഏതൊരു വൈദികനിലും മെത്രാനിലും ഈ 'ടെസ്റ്റു്' ഫലപ്രദമായി കാണാവുന്നതാണു്.

പുത്തൻപറമ്പിൽ തൊമ്മച്ചൻ എല്ലാ ദിവസവും ആരംഭിച്ചിരുന്നതു് ദിവ്യബലിയിൽ സംബന്ധിച്ചുകൊണ്ടാണു്. അതു കഴിഞ്ഞാലും, പത്തുമണിവരെ ധ്യാനത്തിലും പ്രാർത്ഥനയിലും പള്ളിയിൽത്തന്നെ കഴിച്ചുകൂട്ടും. അനന്തരം ബ. വികാരിയച്ചനു ബഹുമാനാദരവുകൾ സമർപ്പിച്ചേ തൊമ്മച്ചൻ പോകുകയുള്ളു. അപ്പോഴാണു്, എളിമയുടെ പരീക്ഷണങ്ങൾ നടക്കുന്നതു്. ചട്ടിയിൽ ഭക്ഷണം കൊടുക്കുക, നിലത്തിരുത്തുക, പാത്രം കഴുകിക്കുക എന്നിവയാണു് ചില ഇനങ്ങൾ. തൊമ്മച്ചൻ അവയെല്ലാം സന്തോഷത്തോടെ ചെയ്യും. പാവപ്പെട്ട രോഗികളെ സ്വന്തം വീട്ടിൽ താമസിപ്പിച്ചു ശുശ്രൂഷിക്കുകയും കുഷ്ഠരോഗികളോടൊന്നിച്ചു് ഭക്ഷണം കഴിക്കുകയും ചെയ്തിട്ടുള്ള തൊമ്മച്ചനു് ഇവയൊന്നും പ്രയാസമുള്ള കാര്യമായിരുന്നില്ല.

എടത്വാപള്ളി യോഗപ്രതിപുരുഷനായ തൊമ്മച്ചൻ ഒരു യോഗത്തിനു് അല്പം താമസിച്ചു വന്നതിനാൽ, ബ. വികാരിയച്ചൻ യോഗത്തിലുണ്ടായിരുന്ന ഓരോരുത്തരുടേയും മുമ്പിൽ മുട്ടുകുത്തി മാപ്പപേക്ഷിക്കുവാൻ തൊമ്മച്ചനോടു് ആജ്ഞാപിച്ചു. തൊമ്മച്ചൻ സന്തോഷപൂർവ്വം അതു നിർവ്വഹിച്ചു. ഇതിൽ സംപ്രീതനായ ബ. വികാരിയച്ചൻ തൊമ്മച്ചനെ സ്വന്തം കസേരയിൽ ഇരുത്തി തന്റെ തൊപ്പിയും ധരിപ്പിച്ചു്, തൊമ്മച്ചന്റെ എളിമയെ പ്രശംസിച്ചു് ഒരു പ്രസംഗം ചെയ്തു. പുണ്യസമ്പാദനത്തിന്റെ 'ഒളിംപിക്സിൽ' ഇരുവരും മത്സരിച്ചുള്ള ഓട്ടക്കാരായിരുന്നുവെന്നു തോന്നുന്നു. ആരോഗ്യകരവും പ്രതിയോഗികൾ ഇല്ലാത്തതുമായിരുന്ന ഓട്ടപ്പന്തയമായിരുന്നു അതു്.

എടത്വായിലെ ഒരു വീട്ടടിയന്തിരത്തിൽ വികാരിയച്ചനും തൊമ്മച്ചനും സംബന്ധിച്ചു. ദൂരെ നില്ക്കുന്ന പിച്ചക്കാരെ ചൂണ്ടിക്കാണിച്ചുകൊണ്ടു് ബ. വികാരിയച്ചൻ തൊമ്മ

www.malankaralibrary.com

ച്ചനോട്, ''അവരുടെകൂടെ ഭക്ഷണം കഴിക്കാമോ'' എന്നു ചോദിച്ചു. ''വികാരിയച്ചൻ തലയ്ക്കൽ ഇരിക്കാമെങ്കിൽ ഭക്ഷണം കഴിക്കാ''മെന്നായിരുന്നു തൊമ്മച്ചന്റെ മറുപടി. ഭക്ഷണസമയമായപ്പോൾ വികാരിയച്ചൻ പിച്ചക്കാരുടെ നിരയുടെ തലയ്ക്കലെത്തി; കൂടെ തൊമ്മച്ചനും.

## തൊമ്മച്ചന്റെ നോമ്പുകാലങ്ങളിലെ തപസ്സ്

സാധാരണ വളരെ ലളിതമായ ഭക്ഷണമാണ് തൊമ്മച്ചൻ കഴിച്ചിരുന്നത്. സ്വാദിഷ്ടമായതെല്ലാം വർജ്ജിച്ചിരുന്നു. നോമ്പുകാലങ്ങളിൽ ധ്യാനത്തിനും ഉപവാസത്തിനുംവേണ്ടി വന്യമൃഗസങ്കേതങ്ങളാണ് തൊമ്മച്ചൻ തെരഞ്ഞെടുത്തിരുന്നത്. നെടുങ്കുന്നത്തിനടുത്തുള്ള മുളമലയും കൊരട്ടിക്ക സമീപമുള്ള ആഴംമലയും മുല്ലപ്പെരിയാറിനുതൊട്ടുള്ള അരയൻ മലയും ആയിരുന്നു അവയിൽ പ്രധാനം. അക്കാലത്തെ ദൃക്സാക്ഷിയായ പാലാക്കുന്നേൽ വല്യച്ചൻ അദ്ദേഹത്തിന്റെ ഡയറിയിൽ രേഖപ്പെടുത്തിയിരിക്കുന്നത്, കാട്ടുമൃഗങ്ങളുടെ നടുവിൽ ഭക്ഷണമൊന്നും കൂടാതെ നെടുനാളുകൾ കഴിച്ചിട്ടും അവർ വന്യമൃഗങ്ങളുടെ ഉപദ്രവമേല്ക്കാതെയും ആരോഗ്യവാന്മാരായും തിരിച്ചുവന്നത് അത്ഭുതകരമെന്നാണ്, മുളമലയിൽ തൊമ്മച്ചനും കൂട്ടുകാരും ധ്യാനത്തിലും ഉപവാസത്തിലും ആയിരുന്നപ്പോൾ അവരെ സന്ദർശിച്ച പാലാക്കുന്നേൽ വല്യച്ചന്റെ അഭിപ്രായമാണത്. ''ആഴംമലയിൽ തൊമ്മച്ചനും കൂട്ടുകാരും തപസ്സനുഷ്ഠിക്കുമ്പോൾ ആ മലയുടെ അടിവാരത്തിൽ ഒട്ടലു വെട്ടാൻപോയ രണ്ടുപേരെ രണ്ടുതവണകളിലായിട്ട് കടുവാ കൊണ്ടുപോകുകയും ചെയ്തു'' എന്നും വല്യച്ചൻ പറയുന്നു. ഇവയെല്ലാം ''കണ്ടാറെ ഉടയതമ്പുരാൻ മലയാളത്തിലും ചില അത്ഭുതങ്ങളെ നടത്തുവാൻ തുടങ്ങുന്നു'' എന്നാണ് വല്യച്ചന്റെ നിഗമനം.

## ക്രൈസ്തവചൈതന്യത്തിന്റെ നാനാമുഖങ്ങൾ

തൊമ്മച്ചന്റെ ക്രൈസ്തവചൈതന്യത്തിന്റെ നാനാമുഖങ്ങളിൽ പ്രധാനപ്പെട്ടത് അദ്ദേഹത്തിന്റെ ഭക്തിയായിരുന്നു, പ്രത്യേകിച്ച്, വി. കുർബ്ബാനയോടും പരിശുദ്ധ കന്യകാമറിയത്തോടും ഉള്ള ഭക്തി. വി. കുർബ്ബാന അദ്ദേഹത്തിന് സജീവസത്യമായിരുന്നു—അദ്ദേഹം ശ്വസിക്കുന്ന വായുവും ഉണ്ണുന്ന ചോറുംപോലെ. കുർബ്ബാനയിൽ സർവ്വാംഗപീഡിതനായി ക്രൂശുമരണം വരിച്ച രക്ഷകനായ ക്രിസ്തുവിനെ അദ്ദേഹം സദാ കണ്ടുകൊണ്ടിരുന്നു. ''നിങ്ങൾക്ക് ഒരു മണിക്കൂറെങ്കിലും

www.malankaralibrary.com

എൻെറക്കൂടെ പ്രാത്ഥിക്കരുതോ'' എന്ന ഗെദ്സെമോനിൽ കേട്ട വിലാപത്തിൻെറ പ്രതിദ്ധ്വനിയാണ് ഒരു മണിക്കൂർ ആരാധന തുടങ്ങുവാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചതു്. ഇന്നു് അതു സാവ്വത്രികമായ ഒരു ഭക്തകൃത്യമായി തീന്നിരിക്കുന്നു. വി. കുബ്ബാന അനന്തസ്നേഹത്തിൻെറ അത്ഭുതപ്രവാഹമാണ്. സവ്വശക്തനെ നേരിൽ കണ്ടാൽ കരിഞ്ഞുപോകുന്ന മനുഷ്യ കീടത്തിനു്, തന്നെ അറിയുവാനും അനുഭവിക്കുവാനുംവേണ്ടി ആനന്ദനിർവൃതിയുടെ ഈ നിഗൂഢരഹസ്യത്തിനു് ഭൗതികവ സ്തുക്കളുടെ – അപ്പത്തിൻെറയും വീഞ്ഞിൻെറയും–കവചമിട്ടു് സുപ്രാപ്യമാംവിധം സജ്ജമാക്കിയിരിക്കുന്നു–സക്രാരിയിൽ. അനന്തശക്തിയെ പാപ്പരാക്കിയെന്നു വി. ആഗസ്തീനോസു് പറയുന്ന ദൈവത്തിൻെറ ഈ സ്വയംദാനം വിരിച്ചുനിൎത്തിയ അനന്തസ്നേഹത്തിൻെറ പുൽത്തകിടികളിലായിരുന്നു, തൊമ്മച്ചനെപ്പോലെയുള്ള പുണ്യാത്മാക്കരം മേഞ്ഞിരുന്നതു്. സക്രാരിയുടെ മുന്നിൽ പരിസരബോധംവിട്ടു്, ഏകാഗ്രധ്യാനനിരതനായി തൊമ്മച്ചൻ നീണ്ട മണിക്കൂറുകളോളം കഴിച്ചതിൻെറ രഹസ്യം, തന്നോളംതന്നെ യഥാൎത്ഥ സത്യമായി ദേവാലയത്തിലെ സക്രാരിയിലിരുന്ന ക്രൂശിക്കപ്പെട്ട ഈശോയുടെ സാന്നിദ്ധ്യത്തിലുള്ള ആഴമേറിയ ദൃഢവിശ്വാസമായിരുന്നു. തോമ്മച്ചൻെറ വികാരിയായിരുന്ന കുര്യാളശ്ശേരി ബ. തൊമ്മാച്ചനും വി. കുബ്ബാനയോടു് അതീവഭക്തിയുള്ളവനായിരുന്നു. പരസ്പരം പ്രേരണയും പ്രചോദനവും നല്കുന്നവയായിരുന്നു, ഇരുവരുടേയും സംഭാഷണങ്ങരം.

ബ. തോമ്മാച്ചൻ സ്ഥാപിച്ച ആരാധനസഭയിലെ ആദ്യ സംഘം സന്ന്യാസാൎത്ഥിനികരം ആദ്യം താമസിച്ചിരുന്നതു് മുത്തോലിയിലായിരുന്നു. ചങ്ങനാശ്ശേരി രൂപതയിലെ സന്ന്യാസിനീസമൂഹങ്ങളുടെ തൊട്ടിലായിരുന്നു മുത്തോലി. അവിടെയാണ് ആദ്യമായി ഒരു സന്ന്യാസിനീമന്ദിരം തുടങ്ങുന്നതു്–കമ്മലീത്തരുടെ. മുത്തോലിയിലെ ഒൻപതംഗങ്ങളുടെ താമസം പ്രയാസകരമെന്നു കണ്ടപ്പോരം, എടത്വായിൽ പോയി താമസിക്കുവാൻ മാക്കീൽ മാർ മത്തായി മെത്രാൻ അവരെ അനുവദിച്ചു. ആ കല്പനയുമായി സിസ്റ്റർ ഷന്താരം എടത്വായിലെത്തി. സിസ്റ്റർ പറയുന്നു, ''ഞാൻ എടത്വാ പള്ളി വികാരിയച്ചൻെറ മുറിയിൽ ചെന്നപ്പോരം, മൂന്നാം സഭക്കാരനായ തൊമ്മച്ചൻ അപ്പാപ്പൻ അവിടെ ഉണ്ടായിരുന്നു. ഞാൻ അദ്ദേഹത്തെ "അപ്പാപ്പാ'' എന്നാണ് വിളി

www.malankaralibrary.com

ച്ചിരുന്നതു്. കല്പന വായിച്ചശേഷം അച്ചൻ ഇപ്രകാരം ചോദിച്ചു, ''എടാ തൊമ്മാ, ഇവരെ എവിടെയാണു് താമസിപ്പിക്കുന്നതു്?'' ഇരുവരും അല്പനേരം ചിന്താമഗ്നരായി കാണപ്പെട്ടു. ''അച്ചനു സമ്മതമുണ്ടെങ്കിൽ എന്റെ വീട്ടിൽ താമസിപ്പിച്ചു കൊള്ളുക'' എന്നു് അപ്പാപ്പൻ മറുപടി പറഞ്ഞു. ഈ മറുപടികേട്ടു് അച്ചൻ വളരെ സന്തോഷിച്ചു. എന്നാൽ സന്ന്യാസജീവിതത്തിനായി മുന്നോട്ടുവന്നിട്ടുള്ളവരെ ആരംഭത്തിൽത്തന്നെ വേണ്ടുവോളം ത്യാഗത്തിലും എളിമയിലും പരിശീലിപ്പിക്കുന്നതിനുവേണ്ടി ബ. വികാരിയച്ചൻ തിരഞ്ഞെടുത്തതു് തൊമ്മച്ചൻ അപ്പാപ്പന്റെ കന്നുകാലിക്കൂടായിരുന്നു''3. കന്നുകാലിക്കൂടു് വൃത്തിയാക്കി 1908 ജനുവരി 29–ാം നു- ഈ നവതല്പജങ്ങൾ വികാരിയച്ചന്റെ നിയന്ത്രണത്തിന്റെയും തൊമ്മച്ചന്റെ ആദ്ധ്യാത്മിക മാതൃകയുടെയും സരസ്സിൽ വളർന്നു. ആരാധനസഭയുടെ ബെതു്ലെ്ഹേം ആയിരുന്നു തൊമ്മച്ചന്റെ ഭവനം.

ജപമാലാഭക്തനായിരുന്ന തൊമ്മച്ചൻ ക്രിസ്തുവിന്റെ ജീവിതരംഗങ്ങളുടെ ധ്യാനമണ്ഡലത്തിൽ സഹരക്ഷകയായ കന്യകാമാതാവിനോടൊപ്പമുണ്ടായിരുന്നു. തൊമ്മച്ചന്റെ ആത്മീയജീവിതത്തിന്റെ ഊർജ്ജകേന്ദ്രമായിരുന്നു, വി. കുർബ്ബാനയും ജപമാലയും.

## തൊമ്മച്ചന്റെ തീർത്ഥയാത്രകൾ

വിശുദ്ധന്മാരുമായി ബന്ധപ്പെട്ട സ്ഥലങ്ങൾ സന്ദർശിക്കുകയും അവിടെ പ്രാർത്ഥനകൾ നടത്തുകയും ചെയ്യുന്നതു് വളരെ അനുഗ്രഹദായകമാണു്. തീർത്ഥയാത്രയുടെ ഫലം അതിനുവേണ്ടിവരുന്ന ക്ലേശങ്ങളുടേയും പ്രയാസങ്ങളുടേയും തോതനുസരിച്ചായിരിക്കും. തൊമ്മച്ചൻ കാൽനടയായിട്ടാണു് മൈലാപ്പൂരുള്ള തോമ്മാശ്ലീഹായുടെ കബറിടത്തിലും വി. ശൗര്യാർ പുണ്യവാന്റെ ഭൗതികാവശിഷ്ടങ്ങളുള്ള ഗോവയിലേയ്ക്കു തീർത്ഥയാത്ര നടത്തിയതു്. പിന്നീടു് പലസ്തീനാ, റോമ്മാ മുതലായ പുണ്യസ്ഥലങ്ങൾ സന്ദർശിക്കുവാൻ കാൽനടയായി ത്തന്നെ പുറപ്പെട്ടു്, ഹൈദ്രബാദോളം എത്തി. അപ്പോഴാണു് പാസ്പോർട്ടു കൂടാതെ പോകാൻ സാധിക്കയില്ലെന്നു മനസ്സിലായതു്. തന്മൂലം അദ്ദേഹം മടങ്ങിപ്പോന്നു.

3. സി. ഷന്താൾ, കേരള അസ്സീസ്സി P. 93.

www.malankaralibrary.com

മദ്ധ്യകേരളത്തിൻെറ ഊടും പാവും നടന്നളന്ന തൊമ്മച്ചൻെറ ഉദ്ദേശം 'പതിവിൻപടി' ക്രിസ്ത്യാനികളെ യഥാൎത്ഥ ക്രിസ്ത്യാനികളാക്കണമെന്നുള്ളതു് മാത്രമായിരുന്നില്ല; ക്രൈസ്തവേതരരെ സനാതനസത്യത്തിൻെറയും അനന്തസ്നേഹത്തിൻെറയും പ്രകാശത്തിലേയ്ക്കു് കൊണ്ടുവരണമെന്നുള്ളതും കൂടിയായിരുന്നു. ഫ്രാൻസിസ്ക്കൻ മൂന്നാംസഭയിൽ പുതിയ അംഗങ്ങളെ ചേൎക്കുന്നതോടുകൂടിത്തന്നെ സ്ഥലത്തെ അധഃകൃതരെന്നു ഗണിക്കപ്പെട്ടിരുന്ന പുലയരാദി പിന്നോക്കസമുദായങ്ങളെ സുവിശേഷം അറിയിക്കാൻ തുടങ്ങി. ''1874-ൽ രണ്ടുമാസക്കാലത്തെ പരിശ്രമഫലമായി അതിരമ്പുഴയിൽ 200-ൽപരം ആളുകളെ മാനസാന്തരപ്പെടുത്തുന്നതിനു സാധിച്ചു''4. വേറെയും പല ഇടവകകളോടും അനുബന്ധിച്ചു പുതുക്രിസ്ത്യാനികളെന്നൊരു വിഭാഗം ഉണ്ടായതു് തൊമ്മച്ചൻെറ ശ്രമഫലമാണു്. മൂന്നാംസഭാംഗങ്ങളെ സുവിശേഷപ്രവൎത്തനത്തിനുത്തേജിപ്പിക്കാനും അദ്ദേഹത്തിനു സാധിച്ചു.

## മററു ക്രിസ്തീയ സേവനങ്ങൾ

ശത്രുതയിൽ ഇരിക്കുന്നവരെ പരസ്പരം രമ്യപ്പെടുത്തുക, കുടുംബകലഹങ്ങൾ പറഞ്ഞൊതുക്കുക, രോഗികളെ ശുശ്രൂഷിക്കുക, കുട്ടികൾക്കു് മതബോധനം നല്കുക, ഭക്തകൃത്യങ്ങൾക്കു് നേതൃത്വം നല്കുക, ദരിദ്രരെ സഹായിക്കുക, മുതലായവയെല്ലാം തൊമ്മച്ചൻെറയും സഭാംഗങ്ങളുടെയും പ്രവൎത്തനപരിപാടിയിൽപ്പെട്ടിരുന്നവയാണു്.

## ജീവിതാന്ത്യഘട്ടം

1908-ൻെറ ആരംഭം മുതൽ തൊമ്മച്ചൻ താടിമീശ വളൎത്താൻ തുടങ്ങി. അന്നു വികാരിയായിരുന്ന കര്യാളശ്ശേരി ബ. തോമ്മാച്ചൻ ചോദിച്ചു, "ഇതങ്ങു കളയരുതോ?'' തൊമ്മച്ചൻ പറഞ്ഞു, "നവംബർ 1-ാം നു- അപ്രകാരം ചെയ്യാം''. 1908 ജനുവരി മുതൽ തൊമ്മച്ചനെ സന്ദർശിക്കുവാൻ വരുന്നവരോടെല്ലാം അതു് തൻെറ അവസാനവർഷമാണെന്നു പറയാറുണ്ടായിരുന്നു. 1908 ഒക്ടോബറിൽ, പൂന്തോപ്പുപള്ളിയിലെ തിരുനാളിൽ സംബന്ധിക്കുവാൻ വന്നപ്പോൾ സഭാംഗങ്ങൾക്കു കൊടുത്ത ഉപദേശത്തിൽ, ''1908 ഒക്ടോബർ 2-ാംനു- ആദ്യവെള്ളിയാഴ്ചയും.... ആയ ഇന്നു്, പുത്തൻപറമ്പിൽ തൊ

4. ഫാ. കണിപ്പിള്ളിൽ, P. 18.

www.malankaralibrary.com

മ്മനായ ഞാൻ പറഞ്ഞുതരുന്ന കടശി ഉപദേശം''. വി. കുർബാനയെപ്പററിയായിരുന്നു ആ ഉപദേശം. 1908 ഒക്ടോബർ 29–ാംനു- തൊമ്മച്ചനു് രോഗം ആരംഭിച്ചു. 31–ാംനു- രോഗനില ഗുരുതരമായി. ബ. വികാരിയച്ചൻ അന്ത്യകൂദാശകളും കൊടുത്തു്, മരണാവസരത്തിലെ ആശീർവാദം കൊടുക്കാൻ കാത്തിരുന്നു. നവംബർ 1–ാം നു-ലെ സകല വിശുദ്ധന്മാരുടേയും തിരുന്നാളു താൻ സ്വർഗ്ഗത്തിൽ ചെന്നാഘോഷിക്കുമെന്നും എന്നാൽ അതിനുള്ള സമയമായിട്ടില്ലെന്നും അതുകൊണ്ടു്, അച്ചൻ പോയി വിശ്രമിക്കണമെന്നും സമയമാകുമ്പോഴു വിളിക്കാമെന്നും തൊമ്മച്ചൻ വികാരിയച്ചനോടു പറഞ്ഞു. രാത്രി മണി പന്ത്രണ്ടു കഴിഞ്ഞപ്പോഴു, തൊമ്മച്ചൻ വികാരിയച്ചനെ വിളിപ്പിച്ചു് അന്ത്യാശീർവാദം വാങ്ങി. ഉടൻതന്നെ ക്രീസ്തുവിനെ തന്നിൽ പകർത്താനും ക്രിസ്തുവിൻെറ ദൗത്യം തുടരാനും അക്ഷീണയത്നംചെയ്ത തൊമ്മച്ചൻെറ പാവനാത്മാവു് സ്വർഗ്ഗത്തിലേക്കു പറന്നുപോകുകയും ചെയ്തു5.

## ഭൂമിയിലെ സ്വർഗ്ഗീയ മദ്ധ്യസ്ഥൻ

വിശുദ്ധ കൊച്ചുത്രേസ്യാപുണ്യവതിയുടെ ഐഹികജീവിതത്തിൽ, താൻ സ്വർഗ്ഗത്തിൽ ചെല്ലുമ്പോഴു ദൈവദാനങ്ങളുടെ റോസാപുഷ്പങ്ങളു വർഷിക്കുമെന്നു പറഞ്ഞിരുന്നു. തൊമ്മച്ചൻ കുറെക്കൂടി വ്യക്തവും ഖണ്ഡിതവും ആയ ഒരുദാനം വാഗ്ദാനം ചെയ്തു.

ആരാധനാസഭയുടെ പ്രാരംഭ പ്രവർത്തകയും തൊമ്മച്ചനു് സുപരിചിതയും ആയ സിസ്റ്റർ ഷന്താളു ആണു് ഈ സാക്ഷ്യം നമുക്കു് നൽകുന്നതു്. ''മരണത്തെക്കുറിച്ചു്, അപ്പാപ്പനു് (തൊമ്മച്ചനു്) നല്ല നിശ്ചയമുണ്ടായിരുന്നു. മഠംവക കാര്യങ്ങളു എല്ലാം ഞാൻ അദ്ദേഹത്തോടു് തുറന്നു പറഞ്ഞിരുന്നു. ആ പുണ്യപുരുഷൻെറ മരണക്കിടക്കയിലും ചില ആവശ്യങ്ങളു അദ്ദേഹത്തെ ഓർമ്മിപ്പിച്ചു. കർമ്മലീത്താ, ക്ലാര, വിസിറേറഷൻ എന്നീ മൂന്നു മഠങ്ങളിൽ ഒന്നിൻെറ ശാഖയായി ആരംഭിച്ചാൽ മതിയെന്നായിരുന്നു ചങ്ങനാശ്ശേരി മെത്രാനച്ചൻ (മാക്കീൽ മാർ മത്തായി) തിരുമനസ്സിലെ ആഗ്രഹം. പുതുതായി ഒരു ''ആരാധനാമഠം'' സ്ഥാപിക്കണമെന്നായി

5. ഫാ. കണിപ്പിള്ളിൽ, P. 48–49.



www.malankaralibrary.com

തുന്ന ബ. കുര്യാളശ്ശേരിൽ അച്ചൻെറയും ഞങ്ങളുടെയും ആഗ്രഹം. കൂടാതെ, ഞങ്ങൾക്ക് സ്ഥിരമായി ഒരു വാസസ്ഥലം ഉണ്ടാകുക, ശിരോവസ്ത്രം ലഭിക്കുക എന്നീ കാര്യങ്ങളും സാധിക്കേണ്ടിയിരുന്നു. അപ്പാപ്പൻ മരിച്ച് സ്വർഗ്ഗത്തിൽ പ്രവേശിച്ചാലുടൻ ഞങ്ങളുടെ ഈ കാര്യങ്ങൾ മറക്കാതെ സാധിച്ചുതരണമെന്നു പ്രത്യേകം അപേക്ഷിച്ചു. അല്പസമയം മൗനമായിരുന്നശേഷം, ''അപ്പാപ്പാ, മറന്നുപോയോ?'' എന്നു ഒന്നുകൂടി ചോദിച്ചു. ''ഇല്ല, സഹോദരീ, ഞാൻ അവിടെ ചെന്നാലുടൻ അതു സാധിച്ചു തരാം''. എന്നെനിക്കു മറുപടി തന്നു''6 ഈ വാഗ്ദാനം, 1908 ഒക്ടോബർ 31-ാംനു- ആയിരുന്നു. നവംബർ 23-ാംനു- ശിരോവസ്ത്രം ധരിക്കുന്നതിനു അനുവാദം ലഭിച്ചു. ഡിസംബർ 10-ാംനു- ചമ്പക്കുളത്തു് സ്ഥിരമായ വാസസ്ഥലം ഉണ്ടാകുകയും ചെയ്തു. കേരളത്തിലെ ആരാധനാസഭയ്ക്കാണ്, തൊമ്മച്ചൻെറ സ്വർഗ്ഗീയ മാദ്ധ്യസ്ഥത്തിൻെറ ആദ്യഫലം അനുഭവിക്കുവാൻ ഭാഗ്യമുണ്ടായതു്.

## ആധുനിക ലോകത്തിൽ തൊമ്മച്ചൻെറ ദൗത്യം

ക്രിസ്തുവിൻെറ ജീവിതവും അവിടുന്നു പഠിപ്പിച്ചതുമെല്ലാം ഒററവാക്കിൽ സമാഹരിക്കാം-സ്നേഹം, അനന്തമായ സ്നേഹം. തൊമ്മച്ചൻെറ ജീവിതവും തൊമ്മച്ചൻെറ ഉപദേശങ്ങളുമെല്ലാം ഒററവാക്കിൽ ചുരുക്കാം—വിശ്വാസം, ആത്മാർത്ഥമായ വിശ്വാസം. വിശ്വാസത്തിന് ആത്മാർത്ഥതയുണ്ടെങ്കിൽ വിശ്വസിക്കുന്നതുപോലെ പ്രവർത്തിക്കും. വിശ്വസിക്കുന്നതുപോലെ മാത്രമേ പ്രവത്തിക്കുകയുള്ളതാനും. ക്രിസ്തുവിലും ക്രിസ്തു പഠിപ്പിച്ചതിലും തൊമ്മച്ചൻ ആത്മാർത്ഥമായി വിശ്വസിച്ചു. തന്മൂലം ക്രിസ്തുവിനെ തൻെറ ജീവിതത്തിൽ പകർത്താൻ തൊമ്മച്ചനു സാധിച്ചു. ഓരോ ക്രിസ്ത്യാനിയും മറെറാരു ക്രിസ്തുവാണെന്നു തെർത്തുല്യൻ പറഞ്ഞിട്ടുണ്ട്. അതു് തൊമ്മച്ചനിൽ സാക്ഷാൽക്കരിക്കപ്പെട്ടിരിക്കുന്നു. പുണ്യവാന്മാർക്കല്ലാതെ അതു് സാധിക്കുമോ?

## ശവസംസ്കാരം

സെമിത്തേരികളിൽ അനാഥരേയും ദരിദ്രരേയും അടക്കുന്ന പ്രത്യേക സ്ഥലമുണ്ട്. അവിടെമാത്രം, തന്നെ അടക്കി

6. ഫാ. കണിപ്പിള്ളിൽ, P. 95.

www.malankaralibrary.com

യാൽ മതിയെന്നു തൊമ്മച്ചൻ പ്രത്യേകം നിർദ്ദേശിച്ചിരുന്നു. എന്നാൽ പുണ്യചരിതനും താപസവീരനുമായ ഒരു മഹാത്മാവിൻെറ ജനനത്താൽ അതീവ ധന്യമായ എടത്വാ ഇടവകക്കാരുടെ അഭിമാനബോധത്തിൽ തൊമ്മച്ചൻെറ അഭിലാഷം ആവിയായിപ്പോയി. മററാരേയും അടക്കിയിട്ടില്ലാത്തതും ഇനി ആരേയും അടക്കാൻ പാടില്ലാത്തതുമായ ഒരു വിശിഷ്ട സ്ഥാനത്തു് ഒരു കല്ലറ കെട്ടി തൊമ്മച്ചൻെറ ഭൗതികാവശിഷ്ടങ്ങൾ തികഞ്ഞ ആഘോഷത്തോടെ നിക്ഷേപിച്ചു. ഇന്നു് അനേകരുടെ തീർത്ഥാടനകേന്ദ്രമാണു്, ആ കബറിടം. അത്ഥിതകാര്യങ്ങൾ സാധിച്ചു കൃതജ്ഞതാപ്രകടനത്തിനു വരുന്നവരും വളരെയുണ്ടു്. പുത്തൻപറമ്പിൽ തൊമ്മച്ചനെ വിശുദ്ധരുടെ പദവിയിലേക്കുയർത്തുന്നതിനുള്ള ഔദ്യോഗിക നടപടികൾ തുടങ്ങേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. മാർ തോമ്മാശ്ലീഹായുടെ ചുടുനിണമണിഞ്ഞ ഭാരതമണ്ണിലെ ആദ്യത്തെ അൽമായ പുണ്യസുമം എടത്വാ ഇടവക പുത്തൻപറമ്പിൽ തൊമ്മച്ചനാകാൻ വളരെ സാദ്ധ്യതകളുണ്ടു്.

www.malankaralibrary.com

## നാല്പത്തൊന്നാം അദ്ധ്യായം

# മാർത്തോമ്മാക്രിസ്ത്യാനികളും ഹിന്ദു-ബുദ്ധമതഗ്രന്ഥങ്ങളും

ചരിത്രാതീതകാലംമുതൽ ഇന്ത്യാ കുടിയേററക്കാരുടെ നാടാണ്. ആഫ്രിക്കയിലെ നെഗ്രീറോസുമുതൽ (Circa 8000 B. C.) മദ്ധ്യേഷ്യയിലെ മൊംഗോളിയരും തുർക്കികളും അഫ്ഗാനിസ്ഥാനിലെ പട്ടാണികളുംവരെയും, അടുത്തകാലത്ത് ടിബററിലെ ലാമാമാരോടുകൂടി സഹസ്രക്കണക്കിനു വന്നവരും ഉൾപ്പെടെ എല്ലാവരും ഇവിടെ കുടിയേറിപ്പാർത്തവരാണ്. ഇതിൽ, ആരു് ആരുടെ മുമ്പിൽ, അഥവാ പിമ്പിൽ വന്നവരെന്ന ചോദ്യമേ ശേഷിക്കുന്നുള്ളു. ഭാരതമാതാവിനു് ഇവരെല്ലാം ഒത്തുമക്കളാണ്. ഇവരിൽ, ഏറിയ ജനസംഖ്യയോ ശക്തമായ ഭുജബലമോ സംസ്ക്കാര വിശേഷതയോ കൊണ്ടു് ഏററവും പ്രബലരും മററുള്ളവരുടെമേൽ തങ്ങളുടെ ആധിപത്യം സ്ഥാപിച്ചവരും ഭാരതചരിത്രത്തിൽ മായാത്ത മുദ്ര പതിച്ചവരും ആയവർ ദ്രാവിഡരും ആര്യന്മാരും മാത്രമാണ്. History and Culture of Indian Peoples എന്ന അമൂല്യഗ്രന്ഥസഞ്ചയത്തിൻെറ ഒന്നാം വാല്യത്തിൽ (Vedic India) ഡോ. S. K. ചാററർജി ഇൻഡ്യയിലെ പുരാതന കുടിയേററങ്ങളെപ്പററിയും ആ കുടിയേററക്കാർ ഭാരതത്തിനു നല്കിയ മതവിശ്വാസങ്ങളെയും ആചാരാനുഷ്ഠാനങ്ങളെയും ഭാഷാപദങ്ങളെയുംപററി വിവരിക്കുന്നുണ്ട്.

സഹസ്രാബ്ദങ്ങൾക്കുമുമ്പ്, ആസ്ട്രിക്കുകാരും ആസ്ട്രലോയിഡുകാരും ഇൻഡ്യയിൽ കൊണ്ടുവന്ന ചില പദങ്ങളാണ് നാം നിത്യവും ഉപയോഗിച്ചു പോരുന്നതെന്നുള്ളത് വിസ്മയകരമായിരിക്കാം. അവയിൽ ചിലതു് ഒന്നാം വാല്യത്തിൽ കൊടുത്തിട്ടുണ്ട് (P. 69).

പദങ്ങൾപോലെതന്നെ പുറത്തുനിന്നും വന്നതാണ്, നെല്ലും, കരിമ്പും, വെററിലയും, മഞ്ഞളും, സിന്ദൂരവുമൊക്കെ[1].

1. S. K. Chatterjee, P. 152.

www.malankaralibrary.com

കല്ലും, കാവും, ആലും, അരുവിയും മാത്രമല്ല, കാളയും, കുരങ്ങും, പാമ്പും, പശുവും തിര്യക് ജന്തുക്കളിൽ പലതും കൂടിയേറിയ ആസ്ട്രിക്കാരുടേയും പ്രോട്ടോ ആസ്ട്രലോയിഡുകാരുടേയും ആരാധനാവിഷയങ്ങളായിരുന്നു. കൂടാതെയും, അർദ്ധ മൃഗവും അർദ്ധമനുഷ്യനുമായ (Zoomorphic) സങ്കല്പങ്ങൾ അവരുടെ മതാനുഷ്ഠാനത്തിൽ ഉൾപ്പെട്ടിരുന്നു. * Anthropomorphic സങ്കല്പങ്ങളും വളരെയുണ്ടായിരുന്നു. ഈ ഗ്രന്ഥത്തിൻെറ ഒന്നാം വാല്യത്തിൽ ഭാരതസംസ്ക്കാരത്തിൻെറ നീരുറവുകൾ എന്ന തലക്കെട്ടിൽ (P. 62) പൂർവ്വമെഡിററേനിയൻ ദേശങ്ങളിൽ നിന്നും ഈജിപ്ററിൽനിന്നും (P. 65) മെസൊപ്പൊട്ടേമിയായിൽനിന്നും (P. 69) ഭാരതസംസ്ക്കാരത്തിനു കിട്ടിയിട്ടുള്ള മതപരമായ സംഭാവനകളെപ്പററി ചുരുക്കമായി പ്രസ്താവിച്ചിട്ടുണ്ട്.

ബി. സി. 1500–നടുത്താണ്, ദേശാന്തരികരായ ആര്യന്മാർ ഇന്ത്യയിൽ പ്രവേശിച്ചതു്. അവർ ദ്രാവിഡരോളം പരിഷ്കൃതരായിരുന്നില്ലെന്നുള്ളതു്, മൊഹേൻജദാരോയിലെയും ഹാരപ്പായിലെയും അവശിഷ്ടങ്ങൾ തെളിയിക്കുന്നു. എന്നാൽ അവർക്കും മതവും മതചിന്തകളും മതാനുഷ്ഠാനങ്ങളും ഉണ്ടായിരുന്നു. പ്രകൃതിശക്തികളെയാണ് പൊതുവേ ആരാധിച്ചിരുന്നതെങ്കിലും, കുറഞ്ഞൊരു കാലത്തേയ്ക്കു് വരുണൻ എന്നൊരു ഏകദൈവസങ്കല്പം അവർക്കുണ്ടായിരുന്നു. പുരാതന ഭാരത സാഹിത്യത്തിലെ മനോഹരമായ ഭാഗങ്ങൾ വരുണനോടുള്ള സ്തുതിഗീതങ്ങളാണ്. വള്ളത്തോളിൻെറ ഋഗ്വേദസംഹിതയിൽ അതിൻെറ പരിഭാഷ കൊടുത്തിട്ടുണ്ട്. ആര്യമതം "ക്രിസ്തുമതത്തോടു് ഏററവും അടുത്തുവരുന്ന ഘട്ടമാണ"തെന്നു് ഡാ. F. N. ഫാർക്കുഹാർ പറയുന്നു2. അന്നു് ഹിന്ദുക്കൾക്കു് പുനഃർജ്ജന്മവിശ്വാസം ഇല്ലായിരുന്നു. അതു് അനാര്യന്മാരുടേതാണ്. ഉപനിഷത്തുകളിൽക്കൂടി സംക്രമിച്ചു് അതു് ആധുനികഹിന്ദുമതത്തിൽ പ്രവേശിച്ചതാണ്. പിതൃക്കൾക്കു് പിണ്ഡംവെച്ചു് പ്രാർത്ഥിക്കുന്നവർക്കു് പുനഃർജ്ജന്മവിശ്വാസമുണ്ടാകുമോ? അന്നത്തെ വരുണനെപ്പററിയുള്ള വിശ്വാസം ഡാ. ഫാർക്കുഹാർ സംക്ഷേപിച്ചുകൊടുത്തിട്ടുണ്ട്! വരുണദേവൻ എല്ലാററിൻെറയും സ്രഷ്ടാവും സംരക്ഷകനും ഭരണകർത്താവും

---

* ദൈവത്തിനു് മനുഷ്യനെപ്പോലെ രൂപവും വികാരവും ഉണ്ടെന്നുള്ള സങ്കല്പം.

2 The crown of Hinduism 1930, P. 71.

www.malankaralibrary.com

എല്ലാം അറിയുന്നവനും എല്ലാം കാണുന്നവനും കാരുണ്യംനിറഞ്ഞ സംരക്ഷകനും സഹായിയും: പരിശുദ്ധനായ അദ്ദേഹത്തിൽനിന്നു് എല്ലാ നിയമവും സമ്പ്രദായവും (രീതിയും) പുറപ്പെടുന്നു. നീതിമാന്മാരെ അനുഗ്രഹിക്കുന്നവനും പാപികളെ ശിക്ഷിക്കുന്നവനും അനുതാപികൾക്കു പാപമോചനം നല്കുന്നവനും, വിശ്വാസത്തോടെ മരിച്ചവനു് അമർത്ത്യത നല്കുന്നവനും ആണു് വരുണദേവൻ. സത്യമതത്തിന്റെ കൊടുമുടിയിലേയ്ക്കു് ഹിന്ദുമതം ഏററവും അടുത്തുവന്ന ഘട്ടമായിരുന്നു അതു്3. നിർഭാഗ്യവശാൽ, വരുണൻ അപകൃഷ്ടനായി. തുടർന്നുവന്നതു്, നിരവധി ദേവസങ്കല്പങ്ങളായിരുന്നു.

ആര്യന്മാർ ആക്രമണംകൊണ്ടു് ഇൻഡ്യയിൽ കടന്നവരാണെങ്കിലും അവരുടെ ആധിപത്യം ഭാരതത്തിൽ ഉറപ്പിക്കുന്നതിനു് മുൻകുടിയേററക്കാരുടെ വൈവിധ്യവും വൈരുദ്ധ്യവും വൈകൃതവുംനിറഞ്ഞ മതവിശ്വാസങ്ങളും ആചാരങ്ങളും തങ്ങളുടെ മതവിശ്വാസങ്ങളിൽ സമന്വയിപ്പിക്കാൻ ഒരു ശ്രമം നടത്തി. അതേപ്പററി ഡോക്ടർ എസ്സു്. രാധാകൃഷ്ണൻ പറയുകയാണു്, "ഒന്നുകിൽ ആര്യേതരന്മാരുടെ മതവിശ്വാസത്തിനും ആചാരങ്ങൾക്കും അനുയോജ്യമായി ആര്യമതത്തെ വികസിപ്പിക്കുകയോ രൂപാന്തരപ്പെടുത്തുകയോ ചെയ്യുക, അല്ലെങ്കിൽ ആര്യമതം സ്വയം നശിച്ചു് അപ്രത്യക്ഷമാകുക, ഇവയിലൊന്നു് അനിവാര്യമായിരുന്നു. ആര്യന്മാരുടെ ആസ്തിത്വത്തിനു് അനാര്യന്മാരുടെ മതവിശ്വാസങ്ങൾ സ്വീകരിക്കുക ഒഴിച്ചുകൂടാൻ പാടില്ലാത്തതായിത്തീർന്നതിനാൽ അരോചകവും ("repugnant") ഉപദ്രവകരവും ("troublesome") ആണെങ്കിലും ആ ഭഗീരഥയത്നം ചെയ്യുവാൻതന്നെ ആര്യന്മാർ തയ്യാററായി"4.

ഡോക്ടർ എസ്സു്. രാധാകൃഷ്ണന്റെ ഈ പ്രസ്താവനയെ ദൃഷ്ടാന്തീകരിക്കുന്നതാണു്, ബൃഹത്തായ മഹാഭാരതവും പിന്നാലെവന്ന വൈവിദ്ധ്യമാർന്ന പുരാണങ്ങളും. എന്നാൽ ഈശ്വരനെ ഏകനായി സങ്കല്പിക്കുന്ന മനോഭാവത്തിൽ ജനങ്ങൾ സ്വാഭാവികമായും തല്പരരായിരുന്നു. മാക്സ്മുള്ളർ പറയുന്ന Henotheism (അഥവാ പല ദൈവങ്ങളിൽ ഒരാളെ ആരാധിക്കുമ്പോൾ ആ ദൈവമാണു് ഏക ദൈവമാണെന്നുള്ള സങ്ക

3. Ibid.
4. Dr. S. Radhakrishnan Indian Philosophy. Vol. I., P. 477.

www.malankaralibrary.com

ല്പം) ഏകദൈവവിശ്വാസത്തിലുള്ള ചവിട്ടുപടിയായിത്തീൎന്നു. സർ. ആർ. ജി. ബന്ധർക്കർ പറയുന്നു, ''ഉപനിഷത്തുകൾ ദൈവത്തിൽ ആരോപിച്ച ദിവ്യഭാവങ്ങൾകൊണ്ടു് സാധാരണ മനുഷ്യർ തൃപ്തിപ്പെട്ടിരുന്നില്ല. ഗഹനങ്ങളായ താത്ത്വികചിന്തകൾ അവരുടെ പ്രായോഗികാവശ്യങ്ങൾ നിൎവ്വഹിച്ചുമില്ല. അവൎക്കു് ദൈവമായി വേണ്ടിയിരുന്നതു് വ്യക്തിത്വം തികഞ്ഞ ഒരു വിശിഷ്ട പുരുഷനെ ആയിരുന്നു''5. ആ സങ്കല്പങ്ങൾക്കു് ആധാരമായിനിന്ന കേന്ദ്രബിന്ദുക്കൾ ദ്രാവിഡസംസ്ക്കാരത്തിലും ആൎയ്യസംസ്ക്കാരത്തിലുമുണ്ടായിരുന്നു. ആൎയ്യസംസ്ക്കാരത്തിനു നിദാനമായ വേദങ്ങൾ പുരുഷപ്രധാനങ്ങളായിരുന്നെങ്കിൽ, ദ്രാവിഡസംസ്ക്കാരത്തിന്റെ ആധാരം സ്ത്രീപ്രാമുഖ്യമുള്ളതായിരുന്നു. ദ്രാവിഡവൎഗ്ഗത്തിന്റെ മൂലദേശങ്ങളിൽനിന്നും കൊണ്ടുവന്ന അംബികാദേവി (Mother Godess) അഥവാ 'എമ്മ' അല്ലെങ്കിൽ 'ഉമ', അമ്മയുടെ രൂപത്തിൽ ദ്രാവിഡപ്രധാനമായ തെക്കെയിന്ത്യയിൽ പലയിടത്തും ഗ്രാമസംരക്ഷകയായി പ്രത്യക്ഷപ്പെട്ടു. ആ ദേവി രക്തദാഹത്തിന്റെ ബീഭത്സരൂപമെടുത്തു് ദുൎഗ്ഗയായി. ഈ ദേവി വിന്ധ്യാപർവ്വതത്തിലെ ആദിവാസികളുടെ ദേവിയായ വിന്ധ്യാവിലാസിനി ആയെന്നു് ഡാ. രാധാകൃഷ്ണൻ പറയുന്നു6. ഈ ദുൎഗ്ഗയുടെ ഭൎത്താവാണു് ചിവൻ (ചെമന്നവൻ) അഥവാ ശിവൻ. ആൎയ്യവത്ക്കരണത്തിൽ, ദുൎഗ്ഗയുടെ ഭീകരരൂപം പാടെ മറഞ്ഞു്, സൗമ്യതനിറഞ്ഞ പൎവ്വതപുത്രിയായ ഹൈമവതി അഥവാ പാൎവ്വതിയായി. ആ ദേവിക്കു് മാൎക്കണ്ഡേയ പുരാണത്തിൽ ശക്തിരൂപവും ലഭിച്ചു. ഇങ്ങനെയാണു് ഏകദൈവത്തിനുവേണ്ടിയുള്ള മനുഷ്യനിലെ ആത്മതൃഷ്ണ രൂപമെടുത്തതു്. മൊഹേൻജദാരോയിലെ മഹായോഗിയാണു് ശിവന്റെ മൂലരൂപം എന്നു പറയപ്പെടുന്നു.

ശിവനും ഉമയെപ്പോലെതന്നെ പരസ്പരവിരുദ്ധമായ രണ്ടു ഭാവങ്ങളുണ്ടു്. ''റിഗ്വേദത്തിലുള്ള രുദ്ര–ശിവൻ ദിവ്യനും, പിന്നാലെയുള്ളവൻ രക്തദാഹിയായ ഭൗതികനും'' എന്നാണു് Dandekar–ന്റെ വിഭജനം7. ശിവൻ സംഹാരമൂൎത്തിയാണു്. സൎവ്വതും ഭസ്മീകരിക്കുന്ന മുക്കണ്ണനാണു്. അതേസമയംതന്നെ

5. Sir. R. G. Bhandarkar, Collected works, Vol. IV 1929, P. 3.

6. P. 485.

7. Vedic Mythological Tracts, 1979, P. 199.

www.malankaralibrary.com

സൗമ്യനും ദയാലുവും. അപ്പോശം ശിവന്റെ പേരു് ശംഭുവെ ന്നാണു് (ചെമ്പിന്റെ നിറമുള്ളവൻ) ശിവൻ പൂർണ്ണമായും ദ്രാവിഡദേവനാണെന്നു് എസ്സ്. കെ. ചാററർജി പറയുന്നു. ആര്യന്മാർ അദ്ദേഹത്തെ ഋഗ്വേദത്തിൽ രുദ്രദേവനാക്കുകയാൽ രുദ്ര–ശിവനായും അറിയപ്പെടുന്നു. കൊടുങ്കാററിന്റെയും ഇടിമിന്നലുകളുടെയും കൊടുങ്കാടിന്റെയും മണലാരണ്യങ്ങളുടെയും വിജനഭൂമികളുടെയും ചുടുകാടിന്റെയും അധിനാഥനായിട്ടാണു് ശിവൻ അറിയപ്പെട്ടിരുന്നതു്. ദേഹത്തണിഞ്ഞിരിക്കുന്നതു് സമ്പൂർണ്ണനാശത്തിന്റെ പ്രതീകമായ ചാരം: കഴുത്തിലണിഞ്ഞിരിക്കുന്നതു് സർപ്പം: കയ്യിൽ വഹിച്ചിരിക്കുന്നതു് തലയോട്ടി: മറെറക്കൈയ്യിൽ ത്രിശ്ശൂലവും. ദ്രാവിഡദേശമായ തെക്കെയിന്ത്യയിലാണു് ശിവന്റെ ആവിഷ്ക്കരണം.

ക്രിസ്ത്വാബ്ദത്തിനു മുമ്പെന്നു പറയപ്പെടുന്നു, വടക്കുപടിഞ്ഞാറെ ഇൻഡ്യയിലും ഏകദൈവമെന്ന ആശയം രൂപമെടുക്കുകയായിരുന്നു. അതിന്റെ വികാസത്തിൽ മാർത്തോമ്മാ ക്രിസ്ത്യാനികൾക്കു പ്രത്യക്ഷമായ പങ്കുണ്ടായിരുന്നതിനു് തെളിവുകൾ പോരാ. മനുഷ്യനാക്കപ്പെട്ട ദിവ്യന്റെയും ദിവ്യനാക്കപ്പെട്ട വീരപുരുഷന്റെയും (humanised divinity and divinised hero) പരിണാമപാതയിൽക്കൂടി ഏറെനടന്നു്, വാസുദേവ–നാരായണനും വാസുദേവ–കൃഷ്ണനുമെന്നൊക്കെ രൂപാന്തരമുണ്ടായി. ഡോ. രാധാകൃഷ്ണൻ വിശേഷിപ്പിക്കുന്ന "അരോചകവും ഉപദ്രവകരവും" ആയ പരിവർത്തനത്തിൽ, വേദങ്ങളിൽ നിന്ദിക്കുന്ന കൃഷ്ണവർണ്ണവും അനാസികതയും ശിശ്നാരാധനയും ആര്യന്മാർക്കു് വിഴുങ്ങേണ്ടിവന്നു. കൃഷ്ണവർണ്ണത്തെ വെറുത്തിരുന്നവർ, സമന്വയത്തിന്റെ ഈ പുതിയ വഴിത്താരയിൽ, ഒരു ദ്രാവിഡഗോത്രത്തലവനും കൃഷ്ണവർണ്ണനുമായ ശ്രീകൃഷ്ണനെ ഈശ്വരാവതാരമാക്കിത്തീർത്തു. ടോട്ടമിക്കു (tatemic) ദേവന്മാരായ അനാസികനായ ഹനുമാനും അതിനാസികനായ ഗണപതിയും ഈശ്വരാംശങ്ങളായി. ശിശ്നാരാധനയെ വെറുത്തിരുന്നവർ ശിശ്നദേവനായ ശിവനെത്തന്നെ ഈശ്വരാവതാരമായി സ്വീകരിച്ചു. ഇതു് ആര്യന്മാരുടെ ഹിന്ദുമതമായിരുന്നില്ല. എന്നാൽ കാടും, കല്ലും, മുള്ളും നിറഞ്ഞ ഈ സമ്മിശ്ര വിശ്വാസങ്ങളുടെയും ആരാധനകളുടെയും വൈരുദ്ധ്യങ്ങളുടെ കയത്തിൽനിന്നു് രക്ഷപ്പെട്ടു് ഏകസത്തയായ ഈശ്വരനെ കണ്ടെത്താനുള്ള തീർത്ഥയാത്രകളിൽ മാർത്തോമ്മാ ക്രിസ്ത്യാനികൾ സഹായിച്ചുവെന്നുള്ളതാണു് ഈ അദ്ധ്യായ

www.malankaralibrary.com

ത്തിന്റെ പ്രമേയം. മഹായാന-ബുദ്ധമതത്തിനു് വഴികാട്ടിയതു ഏഷ്യയിലും പ്രത്യേകിച്ചു് ഇന്ത്യയിലും വ്യാപകമായിരുന്ന സുറിയാനിസഭയായിരുന്നെങ്കിൽ, മതബോധത്തിന്റെ ജീവനാഡിയായ ഏകദൈവവിശ്വാസവും ഈശ്വരഭക്തിപ്രസരണവും ലഭിക്കുന്നതിനു്, തങ്ങളുടെ സഹോദരരായ ഹിന്ദുക്കളെ സുറിയാനിക്രിസ്ത്യാനികൾ സഹായിച്ചുവെന്നുള്ളതാണു് ഈ അദ്ധ്യായംകൊണ്ടു് വെളിപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നതു്.

## മതപ്രധാനങ്ങളായ ഇതിഹാസങ്ങൾ

1) രാമായണം

ഭാരതസംസ്ക്കാരത്തിന്റെ മൂലക്കല്ലും അഭിമാനസ്തംഭവുമാണു് രാമായണവും മഹാഭാരതവും. അവ ലോകത്തിലെ ഏററവും പുരാതനങ്ങളായ ഇതിഹാസങ്ങളാണെന്നു് പറയുവാൻ സാധിക്കും. അവയിൽ രാമായണം നമ്മുടെ പ്രമേയത്തിൽ അത്രതന്നെ പ്രസക്തമല്ല. എങ്കിലും ഭാരതസംസ്ക്കാരത്തിൽ പ്രാധാന്യമേറിയതാണു്. അതിനു് ഏഴ് ഭാഗങ്ങളുണ്ടു്. അവയിൽ രണ്ടുമുതൽ ആറുവരെയുള്ള ഭാഗങ്ങൾ വാല്മീകി എഴുതിയതാണു്. ഒന്നും, ഏഴും ഭാഗങ്ങൾ പിന്നാലെ കൂട്ടിച്ചേർക്കപ്പെട്ടവയാണെന്ന പരക്കെ സമ്മതിക്കപ്പെട്ടിട്ടുണ്ടു്. ഡോ. രാധാകൃഷ്ണന്റെ വാക്കുകളിൽ പറഞ്ഞാൽ, ''രണ്ടുമുതൽ ആറുവരെയുള്ള ഭാഗങ്ങളിൽ കാണുന്ന ശ്രീരാമൻ ഒരു നല്ല മനുഷ്യനും മഹാനും മഹാമനസ്ക്കനുമായ ഒരു വീരപുരുഷനായിരുന്നു. അദ്ദേഹം ദക്ഷിണേന്ത്യയിലെ ആദിവാസികളെ ഉപയോഗിച്ചു് ആ ദേശത്തെ സാംസ്ക്കാരികമായി ഉയർത്തുവാൻ ശ്രമിച്ചു.'' രാമായണത്തിന്റെ മൂലഗ്രന്ഥത്തിൽ ശ്രീരാമൻ വിഷ്ണുവിന്റെ അവതാരപുരുഷനായി കാണപ്പെടുന്നില്ലെന്നു ഡോ. രാധാകൃഷ്ണൻ പറയുന്നു8. ശ്രീരാമനെ വിഷ്ണുവിന്റെ അവതാരമാക്കിത്തീർക്കുന്നതു് പിന്നാലെ കൂട്ടിച്ചേർക്കപ്പെട്ട ഒന്നും ഏഴും ഭാഗങ്ങളാണു്. രാമായണത്തിൽ വേദങ്ങളിലെ ഇന്ദ്രനെ കൂടാതെ പുതിയ ദേവന്മാരും ദേവിമാരും ദേവസ്ഥാനത്തുയർത്തപ്പെട്ടു. ദേവവാഹനങ്ങളായി സർപ്പം, കുരങ്ങു്, ഗരുഡൻ, കാള മുതലായ ജന്തുക്കളും ആരാധനാപാത്രങ്ങളായിത്തീർന്നു9. ഇവയിലു് പുരാതന ഈജിപ്ഷ്യൻ മതത്തിന്റെ സ്വാധീനം കാണുന്നു.

8. Dr. Radhakrishnan, Vol I, P. 482.
9. Ibid

www.malankaralibrary.com

രാമായണത്തിലെ കഥാതന്തു താരതമ്യേന ലളിതവും ഹ്രസ്വവുമാണ്. അതുതന്നെ മൂന്നു കഥകളുടെ സമന്വയമാണെന്നു് പ്രഫ. ജേക്കോബി പറയുന്നു10. ഒന്നാമത്തേതു്, ദശരഥജാതകമാണ്. അതിൽ സീത രാമന്റെ സഹോദരിയാണ്11. ദശരഥരാജാവിന്റെ കൊട്ടാരത്തിലെ ഗൂഢാലോചനകൾ നിമിത്തം രാമനെ ഹിമാലയത്തിലേയ്ക്കു നാടുകടത്തുകയും പന്ത്രണ്ടു വർഷത്തിനുശേഷം അദ്ദേഹം മടങ്ങിവന്നു് രാജ്യഭരണം ഏറ്റെടുക്കുകയും ചെയ്യുന്നു. ഇതിൽ രാവണന്റേയും ഹനുമാന്റേയും കഥകളൊന്നുമില്ല.

രണ്ടാമത്തെ പോഷകഭാഗം തെക്കേയിന്ത്യയിലാണുണ്ടായതു്. ജയിമിനിരാമായണത്തിലാണ് അതു കാണുന്നതു്. ലങ്കാവതാരസൂത്രത്തിൽ രാവണനും ബുദ്ധനുമായിട്ടുള്ള സംഭാഷണത്തെപ്പററി പറയുന്നുണ്ടു്. അതിൽ രാവണനെ മഹായാനബുദ്ധമതസ്ഥനായിട്ടാണ് ചിത്രീകരിച്ചിരിക്കുന്നതു്.

മൂന്നാമത്തേതിലാണ്, ശൈവയിസവുമായി ബന്ധമുള്ള ഹനുമാൻ പ്രത്യക്ഷപ്പെടുന്നതു്. രാമന്റെ സേവനത്തിനു് ശിവൻ ഹനുമാനെ ലക്ഷ്മണനു വിട്ടുകൊടുക്കുന്നു. ഈ കഥയിൽ രാമൻ തന്റെ സഹോദരിയായ സീതയെ വിവാഹം കഴിച്ചു. എന്നാൽ വാല്മീകി ഈ ഭാഗം ഉപേക്ഷിച്ചുകളഞ്ഞു. അത്ഭുതരാമായണത്തിലെ ഉത്തരപർവ്വത്തിൽ സീത രാവണന്റെ പുത്രിയാണ്. തുളസീദാസന്റെ രാമചരിതമാനസത്തിലും തമിഴിലെ കമ്പരാമായണത്തിലും അവയുടെ കർത്താക്കളായ കവികളുടെ മനോധർമ്മവും ഭാവനാവിലാസവും ആണ് ഹൈന്ദവഹൃദയങ്ങളിൽ അവയെ സജീവമാക്കി പ്രതിഷ്ഠിച്ചതു്.

2) മഹാഭാരതം

മഹാഭാരതം ലോകത്തിലെ ഏററവും ബൃഹത്തായ ഇതിഹാസമാണ്. യഥാർത്ഥ കഥാതന്തു ഇപ്പോഴുള്ളതിന്റെ അഞ്ചിലൊന്നു മാത്രമേ ഉള്ളു. പിന്നീടുള്ളതെല്ലാം ഉപകഥകളും ഐതിഹ്യങ്ങളും നാടോടിക്കഥകളും പുരാണങ്ങളും സന്മാർഗ്ഗോപദേശങ്ങളും വീരപുരുഷേതിഹാസങ്ങളും ആത്മീയചിന്തകളും രാജ്യതന്ത്രവിധികളും തൊടുത്തു തൊടുത്തു ചേർത്തു് ശൃംഖലപോലെ നീട്ടിബന്ധിക്കപ്പെട്ടവയാണ്. മഹാഭാരതത്തിൽ

10. J. R. A. S., 1922 P. 135.
11. Indian Antiquary Vol. I, P. 121.

www.malankaralibrary.com

ഇപ്പോൾ ഒരു ലക്ഷം ശ്ലോകങ്ങളുണ്ട്. മൂലഗ്രന്ഥത്തിൽ 24,000 ശ്ലോകങ്ങളേ ഉണ്ടായിരുന്നുള്ളു. നാട്ടിലുടനീളം ഇതു് പ്രചരിപ്പിച്ചതു് നാനാഭാഗങ്ങളിലുമുള്ള വിശേഷാവസരങ്ങളിലും ഉത്സവവേളകളിലും ജനങ്ങളെ രസിപ്പിക്കുവാൻ വേണ്ടി ഊരു ചുററിനടന്നിരുന്ന നാടക അഥവാ ഗായകസംഘങ്ങളാണ്. ജനങ്ങളെ രസിപ്പിക്കുന്നതിനു മുൻതൂക്കം കൊടുത്തിരുന്നതിനാൽ മഹാഭാരതത്തിലെ ചരിത്രാംശം ശോഷിച്ചു കഷ്ടിയായിപ്പോയി.

മഹാഭാരതത്തിൻെറ മൂലരൂപങ്ങൾ അവഗാഢം പഠിച്ച ജർമ്മൻകാരായ രണ്ടു സംസ്കൃതപണ്ഡിതന്മാരാണ് Bühler-ം Kriste-യും. അവരുടെ സംയുക്തപഠനഫലമായി Indian Studies രണ്ടാം ഭാഗം 30 മുതലുള്ള പേജുകളിൽ പറയുന്നു, "കവിതകൾ എഴുതുന്നതിൽ കവികളെടുക്കുന്ന സ്വാതന്ത്ര്യം മഹാഭാരതത്തിൻെറ പാഠാന്തരങ്ങളിൽ കാണുന്നുണ്ടെന്നു്"12

ഒരു വ്യാഴവട്ടക്കാലത്തിലധികം കഠിനയത്നം ചെയ്തു്, ഒരു പണ്ഡിതസമിതിയുടെ ആഭിമുഖ്യത്തിൽ പ്രതാപചന്ദ്ര റോയി പ്രസിദ്ധീകരിച്ച മഹാഭാരതത്തിൻെറ ഇംഗ്ലീഷു വിവർത്തനത്തിൻെറ അവതാരികയിൽ പറയുന്നു, "നൂററാണ്ടുകളിലൂടെ വന്നിട്ടുള്ള എല്ലാ പുരാതന ഗ്രന്ഥങ്ങളുംപോലെ, പകർത്തിയെടുക്കുമ്പോൾ ധാരാളം കൂട്ടിച്ചേർക്കലുകളും മഹാഭാരതത്തിലും ഉണ്ടായിട്ടുണ്ട്. വളരെ വൈകിയ ഈ പത്തൊൻപതാം നൂററാണ്ടിൻെറ അവസാനത്തിൽ, ഏതാണ് കലപ്പില്ലാത്ത ചരിത്രസത്യമെന്നും ഏതാണ് കൃത്രിമമായി കൂട്ടിച്ചേർത്തതെന്നും കണ്ടുപിടിക്കുവാൻ, വളരെ കുറച്ചുകാര്യങ്ങളൊഴിച്ച് തീർത്തും അസാദ്ധ്യമാണ്".

പുരാതന ഭാരതഗ്രന്ഥങ്ങളെപ്പററി പണ്ഡിതന്മാർക്കു രണ്ടു പരാതികളുണ്ട്; (1) കാലാനുഗതമായ ചരിത്രം (Chronology) ഇല്ല, (2) കടം വാങ്ങലുകൾ നടത്തിയിട്ടുണ്ടെങ്കിലും എവിടെനിന്നാണെന്നു പറയുന്നില്ല. തന്മൂലം, ശതാബ്ദാന്തരമുള്ള വ്യക്തികളേയും സംഭവങ്ങളേയും ഒട്ടിച്ചുവെച്ച് (സമന്വയിച്ച്) ഒന്നാക്കുക അപൂർവ്വമല്ല. രാമായണത്തിൽ ആ സമന്വയം കണ്ടു കഴിഞ്ഞു. പേരിലോ പ്രവൃത്തിയിലോ സാമ്യം ഉണ്ടായോ ഉണ്ടാക്കിയോ വീരപുരുഷസൃഷ്ടിയും പുരാതനസാഹിത്യങ്ങളിൽ കാണാറുണ്ട്.

---

12. Quoted by Sukthanker V. S., the Mahabharatha, 1933, P 26.

www.malankaralibrary.com

അമേരിക്കരായ ആറും ഇൻഡ്യാക്കാരായ മൂന്നും സംസ്കൃതപണ്ഡിതന്മാർ ചേർന്ന്, 1966–ൽ, Krishna, Myths, Rites and Attitudes എന്നൊരു ഗവേഷണഗ്രന്ഥം പ്രസിദ്ധം ചെയ്തു. മതപ്രധാനമായ ശ്രീകൃഷ്ണൻ എന്ന ചോദ്യം ബുദ്ധിശൂന്യമാണെന്നു പറഞ്ഞുകൊണ്ട്, ചരിത്രത്തിലെ കൃഷ്ണനെ കണ്ടുപിടിക്കാനായിരുന്നു അവരുടെ ശ്രമം. അവരുടെ അഭിപ്രായത്തിൽ മൂന്നു കൃഷ്ണന്മാരുണ്ട്. (1) യാദവഗോത്രത്തലവനായ കൃഷ്ണൻ, അദ്ദേഹമാണ് അർജ്ജുനന്റെ സാരഥി ആയത്, (2) ഗീതോപദേശം ചെയ്ത ഈശ്വരാവതാരമായ കൃഷ്ണൻ, (3) ഇടയന്മാരുടെ ഇടയിൽ വളർന്ന ഗോകുലകൃഷ്ണൻ. ഈ മൂന്നു കൃഷ്ണൻമാരേയും വേർതിരിക്കാനുള്ള ആദ്യശ്രമം നടത്തിയത് സർ R. G. ബന്ധക്കരും അമേരിക്കനായ S. W. ഹോപ്കിൻസുമാണ്. അതിന്റെ തുടർച്ചയായ ഒൻപതു പണ്ഡിതന്മാരുടെ ഗവേഷണത്തിൽ, ചരിത്രപുരുഷനായ കൃഷ്ണനിൽ, യാദവകൃഷ്ണൻ ബി. സി. മൂന്നാം നൂററാണ്ടിനുമുമ്പും ഗീതാകൃഷ്ണൻ അതിനുശേഷവും, ഗോകുലകൃഷ്ണൻ എ. ഡി. രണ്ടാം നൂററാണ്ടിനുശേഷവുമാണ്. ഈ മൂന്നു പേരെ സംബന്ധിച്ച സംഭവങ്ങളും, കൂട്ടിച്ചേർക്കലുകളും വെട്ടിക്കുറക്കലുകളും വിധേയമായിരുന്നുവെന്നും മറന്നുകൂടാ.

പുരാതനഗ്രന്ഥങ്ങളിൽ കൃഷ്ണൻ എന്ന പേരു് പല ശതാബ്ദങ്ങളിലായി പ്രത്യക്ഷപ്പെടുന്നുണ്ട്. ഛന്ദോഗ്യോപനിഷത്തിൽ ഗോറാ അൻഗീറാസായുടെ ശിഷ്യനായി ദേവകീപുത്രനായ ഒരു കൃഷ്ണനെ നാം കാണുന്നു. ഈ ശിഷ്യന് ഗുരു ഗോറാ കൊടുത്ത ഉപദേശം ഇപ്രകാരമായിരുന്നു, ‘‘മരണമടുക്കുമ്പോൾ നീ ധ്യാനിക്കുക: ഓ! മരണമില്ലാത്തവനേ, ഓ! നിത്യനായോനേ, ഓ! ജീവന്റെ സത്യസത്തയായോനേ,’’13 ഇതു് സുറിയാനി പ്രാർത്ഥനയിലെ trisagion (ത്രിത്വൈകസ്തുതി) പോലിരിക്കുന്നു. ഈ ഉപനിഷത് ഭാഗത്തു് പുനർജ്ജന്മവിശ്വാസത്തിന്റെ കണികപോലും കാണാനില്ലെന്നുള്ളതു് ശ്രദ്ധേയമാണ്.

റിഗ്വേദത്തിൽ വേറെയും ഒരു കൃഷ്ണനെ കാണാം. അംശുമതിനദിയുടെ തീരത്തു് പതിനായിരം ഭടന്മാരുമായി ഇന്ദ്രനെ എതിരിടുവാൻ നില്ക്കുന്ന അനാര്യഗോത്രനേതാവായ

13. Hemachandra Roy Chauduri; Materials for the Early History of the Vaishnava Sect, 1975, P. 48.

www.malankaralibrary.com

കൃഷ്ണൻ[14] ആര്യനായ ക്ഷത്രിയനും ദ്രാവിഡരാജകുമാരിയിൽ ഉണ്ടായ പുത്രനാണു് കൃഷ്ണനെന്നും പറയപ്പെടുന്നുണ്ടു്. ഇതു് ആര്യ-ദ്രാവിഡസമന്വയത്തിൻെറ ഒരു ഭാഗമായിരിക്കാം. ഹിന്ദുമതപരിണാമത്തിൽ ഒരു ദേവനിൽ പല ദേവന്മാരെ കാണുകയും പല ദേവന്മാരിൽ ഒരു ദേവനെ കാണുകയും ചെയ്യുന്ന പ്രക്രിയ സാധാരണയാണു്. അതനുസരിച്ചാണു്, യാദവ അഥവാ വൃഷ്നി അഥവാ സക്വത വംശജനായ വാസുദേവനും പൊതുജനാരാധന നേടിയ കൃഷ്ണനും തമ്മിലുള്ള ഏകീകരണം. ഏതായാലും ഡാ. രാധാകൃഷ്ണൻ പറയുന്നു, ''ഇന്നു് ഇൻഡ്യയിലെ ഏററവും ജനപ്രീതി നേടിയ ദേവൻ ശ്രീകൃഷ്ണനാണെങ്കിൽ, അതിൻെറ കാരണം ഭഗവദ്ഗീതയുടെ കർത്താവു് ശ്രീകൃഷ്ണനെ ഏററവും ഉന്നതമായ മതത്തിൻെറയും തത്വശാസ്ത്രത്തിൻെറയും വക്താവാക്കിയതുകൊണ്ടാണു്''[15].

മഹാഭാരതം രേഖാരൂപത്തിലായതു് ബി. സി. അഞ്ചാം നൂററാണ്ടു മുതലാണെന്നു് Mcdonnel മുതലായ പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. അതിൻെറ മൂലകഥയായ കൗരവപാണ്ഡവ യുദ്ധം ആര്യന്മാരുടേതല്ലായിരുന്നുവെന്നാണു് രാധാകൃഷ്ണൻ, ബന്ധ്ക്കർ ഉൾപ്പെടെയുള്ള പല പണ്ഡിതന്മാരുടെയും അഭിപ്രായം. ഭീമൻെറ രക്തദാഹം, പാഞ്ചാലിയുടെ ബഹുഭർത്തൃത്വം മുതലായവ ഇതിനാധാരമായി ഡാ. രാധാകൃഷ്ണൻ ചൂണ്ടിക്കാണിക്കുന്നു. പിന്നീടാണു്, അതു് ആര്യന്മാരുടെ കഥയാക്കിത്തീർത്തതെന്നും രാധാകൃഷ്ണൻ പറയുന്നുണ്ടു്[16].

മഹാഭാരതമെന്നല്ല, പുരാതന ഭാരതഗ്രന്ഥങ്ങളെപ്പററി പഠിക്കുമ്പോൾ ചില ഇൻഡ്യൻ ചരിത്രകാരന്മാർ ആവേശം പൂണ്ട ദേശീയ ബോധത്തിൽ ചരിത്രസത്യങ്ങളെ കുറയ്ക്കുകയോ മറയ്ക്കുകയോ ചെയ്യാറുണ്ടു്. നമ്മുടെ പുരാതന ഗ്രന്ഥങ്ങൾ വെളിച്ചത്തു കൊണ്ടുവന്നു് ഗവേഷണം നടത്തി അവഗാഢം പഠിക്കുന്നതിൽ നമുക്കു നേതൃത്വം നല്കിയിട്ടുള്ളതു് പാശ്ചാത്യരായ, പ്രത്യേകിച്ചു് മാക്സ്മുള്ളറെപ്പോലെയുള്ള ജർമ്മൻകാരായ സംസ്കൃത-പാലിപണ്ഡിതന്മാരാണു്. ഇന്നും അവരുടെ നേതൃത്വം അവസാനിച്ചിട്ടില്ല. ആര്യന്മാരുടെ ആഗമനം, മഹാ

14. Dr. Radhakrishnan Vol. I, P. 494.
15. Ibid P. 446.
16. Ibid P. 478–79.

www.malankaralibrary.com

ഭാരതം, രാമായണം, പുരാണങ്ങൾ, ബുദ്ധമതഗ്രന്ഥങ്ങൾ എന്നിവയുടെ കാലം നിർണ്ണയിക്കുമ്പോൾ, അതു പിറകോട്ടു പിറകോട്ടു തള്ളിമാററാനുള്ള പ്രവണത കാണാറുണ്ട്. അതു വസ്തുനിഷ്ഠമായും ചരിത്രരേഖകളെ ആസ്പദമാക്കിയും ആണെങ്കിൽ വളരെ നല്ലതുതന്നെ. അല്ലാതെവന്നാൽ, നാം ബുദ്ധിജീവികളുടെ ദൃഷ്ടിയിൽ പരിഹാസപാത്രമാകുകയേ ഉള്ളൂ.

മഹാഭാരതത്തിൻെറ കാലത്തെ സംബന്ധിച്ചിടത്തോളം ഈ വിഷയത്തിൽ നിരവധി ആധികാരികോദ്ധൃതങ്ങളെക്കൊണ്ടു ഡാ. രാധാകൃഷ്ണൻ ബഹുമാനിക്കുന്ന R. ഗാർബെയെ ഉദ്ധരിച്ചുകൊള്ളട്ടെ. അദ്ദേഹം പറയുന്നു, ''മഹാഭാരതം ഇന്നത്തെ അവസാനരൂപം പ്രാപിച്ചതു് എ. ഡി. ആറാം നൂററാണ്ടിലോ ഏഴാം നൂററാണ്ടിലോ എന്ന Georg Bühler–ൻെറ അഭിപ്രായം ആരും ചോദ്യം ചെയ്യുന്നില്ല. അതിനാൽ ക്രിസ്ത്യൻ ഘടകങ്ങൾ അതിൽ പ്രവേശിക്കുവാനുള്ള സാദ്ധ്യതകൾ സംശയാതീതമാണ്''17. എ. ഡി. ആറോ, ഏഴോ നൂററാണ്ടുവരെ ധാരാളം കൂട്ടിച്ചേർക്കലുള്ള ഒരു ഗ്രന്ഥമായി മഹാഭാരതത്തെ നാം പരിഗണിക്കുമ്പോൾ, എ. ഡി. ഒന്നാം നൂററാണ്ടു മുതൽ ഇൻഡ്യയിൽ പ്രചരിച്ചിരുന്ന ബ്രാഹ്മണപാരമ്പര്യമുള്ള ക്രിസ്തുമതത്തിനു്, സ്വാഭാവികമായും അതിനെ സ്വാധീനിക്കാതിരിക്കുവാൻ നിവ്വാഹമില്ല. അങ്ങനെ ആയിരിക്കണം, സുവിശേഷത്തിലും അപ്പോക്രിഫൽ ഗ്രന്ഥങ്ങളിലും ഉള്ള പല ഭാഗങ്ങളും മഹാഭാരതത്തിലും പുരാണങ്ങളിലും കടന്നുകൂടുവനിടയായതു്.

എന്നാൽ ഇൻഡ്യയിൽ ക്രിസ്ത്യാനികളുണ്ടായിരുന്നാൽ തന്നെയും അവരുടെ സ്വാധീനം സവർണ്ണഹിന്ദുക്കളിൽ ഉണ്ടാകാൻ ഇടയില്ലെന്നാണു് സർ ജോർജ്ജ് എലിയട്ടു് വിചാരിക്കുന്നതു്. കാരണമായി അദ്ദേഹം പറയുന്നതു് സവർണ്ണഹിന്ദുക്കളുടെ അയിത്തബോധംതന്നെ18 കേരളത്തിലും മററുമുള്ള നമ്പൂരിക്രിസ്ത്യാനികൾ തങ്ങളുടെ സാമൂഹ്യസ്ഥാനം നിലനിർത്തിപ്പോന്നുവെന്നു സർ എലിയട്ടിനറിഞ്ഞുകൂടാ. തന്നെയുമല്ല, യഥാർത്ഥ വിജ്ഞാനദാഹികളായ ബ്രാഹ്മണർക്കു് ജാതി ഒരു തടസ്സമായിരുന്നില്ല

17. Garbe Richard, India and Christendom, 1959, P. 186.

18. Eliot Sir George, Hinduism and Buddhism, Vol. I 1954, P. 420

www.malankaralibrary.com

## മതഗ്രന്ഥങ്ങളിലെ സാദൃശ്യങ്ങൾ

ഏകദേശം രണ്ടു നൂററാണ്ടുകളായി ഇന്ത്യയിലെ ഹിന്ദു-ബുദ്ധമതസാഹിത്യങ്ങൾ പഠിക്കുവാൻ തുടങ്ങിയ പാശ്ചാത്യ പണ്ഡിതന്മാരെ വളരെയധികം അത്ഭുതപ്പെടുത്തിയിട്ടുള്ള ഒരു സംഗതി, ഹിന്ദു-ബുദ്ധമത സാഹിത്യങ്ങളുടേയും ക്രൈസ്തവ മതഗ്രന്ഥങ്ങളുടേയും ചില ഭാഗങ്ങൾ തമ്മിലുള്ള സാദൃശ്യങ്ങളാണ്. ഈ സാദൃശ്യങ്ങളിൽ പലതും വളരെ സ്പഷ്ടവും പദാനുപദവിവർത്തനങ്ങൾപോലെ കാണപ്പെടുന്നവയും ദേശാനുസൃത സംഭവങ്ങളായി ഭേദപ്പെടുത്തിയതും ആയി തോന്നുന്നവയാണ്. ബുദ്ധിയുടെ സ്വാഭാവിക പ്രവർത്തനങ്ങൾക്ക് ചിന്താവിഷയങ്ങളായിട്ടുള്ള ഈശ്വരൻെറ അസ്തിത്വം, ആത്മാവിൻെറ അമരത്വം, മുതലായ പൊതുതത്ത്വങ്ങളെ സംബന്ധിച്ചിടത്തോളം, ഒന്ന് മറെറാന്നിനോടു കടംവാങ്ങിയതാകണമെന്നില്ല. വിശദാംശങ്ങൾ വിവരിക്കുന്ന സംഭവകഥകൾ ഒരുപോലെയിരിക്കുമ്പോൾ, അവിടെ കടംവാങ്ങലുകൾക്ക് സ്ഥാനമുണ്ടാകാം. അപ്പോൾ എവിടെനിന്ന് എങ്ങോട്ട് കടംവാങ്ങി എന്ന പ്രശ്നം ഉദിക്കുന്നു. കടംവാങ്ങലിൻെറ മാദ്ധ്യമവും കണ്ടുപിടിക്കേണ്ടിയിരിക്കുന്നു. ക്രിസ്തുമതം ഇന്ത്യയിൽ പ്രവേശിച്ചതു് ആറാം നൂററാണ്ടിലോ അതിനു ശേഷമോ എന്നു വിചാരിക്കുന്ന പണ്ഡിതന്മാർക്ക് ക്രൈസ്തവസാഹിത്യത്തിൽ കാണുന്ന സാദൃശ്യങ്ങൾ, ആറാം നൂററാണ്ടിനു മുമ്പുണ്ടായിട്ടുള്ള ഗ്രന്ഥങ്ങളെ സംബന്ധിച്ചിടത്തോളം അമ്പരപ്പ് ഉണ്ടാക്കുന്നവയാണ്. എന്നാൽ ക്രിസ്തുമതം ഒന്നാം നൂററാണ്ടിൽത്തന്നെ ഇന്ത്യയിൽ പ്രവേശിച്ചുവെന്നും അതു് അന്നത്തെ വിജ്ഞാനസമ്പന്നരായ ബ്രാഹ്മണരുടെ ആദ്ധ്യാത്മിക സ്വത്തായിത്തീർന്നുവെന്നും അതേതുടർന്ന്, ഇന്ത്യയുടെ എല്ലാ ഭാഗങ്ങളിലും പ്രബലരും സ്വാധീനശക്തിയുള്ളവരും പണ്ഡിതന്മാരും ഉൾപ്പെടുന്ന ഒരു ക്രൈസ്തവസമൂഹം ഉടലെടുത്തുവെന്നും മനസ്സിലാക്കുന്നവർക്ക് മേൽപ്പറഞ്ഞ അമ്പരപ്പിന് സ്ഥാനമില്ല; അവർക്ക് ഈ സാദൃശ്യങ്ങളുടെ നിഗൂഢരഹസ്യത്തിൻെറ താക്കോൽ കിട്ടുകയും ചെയ്യും.

ഇന്ത്യയിൽ ക്രിസ്തുമതം ആദ്യമായി സ്ഥാപിച്ചതു് ക്രിസ്തുശിഷ്യനായ മാർത്തോമ്മാശ്ലീഹായാണെന്നും, കാലക്രമേണ, അതു് ഇന്ത്യയുടെ എല്ലാ ഭാഗങ്ങളിലും വ്യാപിച്ചിരുന്നുവെന്നുമുള്ളതു് ചരിത്രസത്യമാണ്. ജനസംഖ്യയിൽ അവർ ഒരു ന്യൂനപക്ഷമായിരുന്നുവെന്നുള്ളതു് ശരിതന്നെ. എന്നാൽ അവർ

www.malankaralibrary.com

പ്രശസ്തവും, പ്രബുദ്ധവും പ്രബലവുമായ സമുദായത്തിൻെറ ഉടമകളായിരുന്നുവെന്നുള്ളതിനു സംശയമില്ല.

എന്നാൽ ഇതിനുപരിയായി, അവരുടെ സാംസ്ക്കാരിക നിലയും മതസാഹിത്യവും ഹിന്ദു–ബുദ്ധമതചിന്തകളെയും ആചാരങ്ങളെയും സ്വാധീനിക്കുകയും ചെയ്തു. ബ്രിട്ടീഷ് സംസ്ക്കാരം ഭാരതസംസ്ക്കാരത്തെ തട്ടിയുണർത്തുകയും കർമ്മോന്മുഖമാക്കുകയും ചെയ്തുവെന്നു സ്പഷ്ടമാണല്ലോ. എന്നാൽ അതിനുമുമ്പുള്ള ശതാബ്ദങ്ങളിൽ ഹിന്ദു ബുദ്ധമതചിന്തകളിൽ ക്രൈസ്തവാശയങ്ങൾ പ്രവേശിച്ചതിൽ മദ്ധ്യവർത്തികളായിരുന്നതു് മാർത്തോമ്മാക്രിസ്ത്യാനികളായിരുന്നു. ക്രൈസ്തവമതഗ്രന്ഥങ്ങളിലെ പല ഭാഗങ്ങളും ഹിന്ദു–ബുദ്ധമതഗ്രന്ഥങ്ങളിൽ പ്രവേശിച്ചിട്ടുണ്ടു്.

ഇവ പ്രധാനമായും മൂന്നു മാർഗ്ഗങ്ങളിൽക്കൂടിയാണു്; 1) കർമ്മങ്ങൾ 2) കഥകൾ, 3) തത്ത്വങ്ങൾ.

## 1) വിശിഷ്ടദ്വൈതത്തിലെ സുറിയാനിക്കുർബാന അഥവാ മഹാപ്രസാദം

മാർത്തോമ്മാക്രിസ്ത്യാനികളുടെ സുറിയാനിക്കുർബ്ബാന വിശിഷ്ടദ്വൈതാചാര്യനായ രാമാനുജൻെറ പ്രശസ്തമായ ഭക്തിമാർഗ്ഗത്തിൽ സ്വീകരിച്ചിട്ടുള്ളതു് അത്ഭുതകരമായി തോന്നാം.

സുറിയാനിക്കുർബ്ബാനപോലെ "മഹാപ്രസാദം" എന്ന പേരിൽ ഭഗവത് സമുദായത്തിൻെറ ഒരു കർമ്മമാണുതു്. അതേപ്പററി Garbe പറയുന്നതിപ്രകാരമാണു്: ''നിശ്ചയിക്കപ്പെട്ട ഏതെങ്കിലും ഒരു ദിവസം വൈകിട്ടു്, മതവിശ്വാസികൾ ഒരു സ്ഥലത്തുകൂടുന്നു. പ്രധാന കാർമ്മികൻ അവിടെ കൂടിയിരിക്കുന്നവരോടു് ആദ്ധ്യാത്മിക വിഷയത്തെപ്പററി ഒരു പ്രഭാഷണം നടത്തുന്നു. അനന്തരം അവരോടു് അല്പസമയത്തേയ്ക്കു് പ്രാർത്ഥിക്കുവാനും ധ്യാനിക്കുവാനും ആവശ്യപ്പെടുന്നു''. ഇതു് സുറിയാനിക്കുർബ്ബാനയിലെ സ്ലാനാത്ഥികളുടെ ഭാഗത്തിനു സമാന്തരമാണു്. ''അനന്തരം, ആ കർമ്മത്തിൽ സംബന്ധിക്കുവാൻ അർഹതയില്ലാത്തവർ പുറത്തുപോകട്ടെയെന്നു പറയുന്നു''.

സുറിയാനിക്കുർബ്ബാനയിൽ മാത്രമുള്ള ആ ഭാഗം ഇപ്രകാരമാണു്, ''ഡീക്കൻ ജനങ്ങളോടു് വിളിച്ചു പറയുന്നു,'' മാമ്മോദീസാ സ്വീകരിക്കാത്തവൻ പുറത്തുപോകട്ടെ. ജീവൻെറ

www.malankaralibrary.com

മുദ്രയില്ലാത്തവൻ പിരിഞ്ഞുപോകട്ടെ. അതു സ്വീകരിക്കുവാൻ മനസ്സില്ലാത്തവരും പുറത്തുപോകട്ടെ. കോവിക്കാരെ നിങ്ങൾ പോയി വാതിലുകൾ അടച്ച് കാവലിരിക്കുവിൻ''.

ഈ ഹൈന്ദവപൂജയിൽ ഉപയോഗിക്കുന്നതു് അപ്പവും വെള്ളവുമാണ്. വീഞ്ഞു് ലഹരിപാനീയമായതുകൊണ്ടു്, ഹിന്ദുപുരോഹിതന്മാർക്കു് നിഷിദ്ധമായിരിക്കണം. പൂജയിൽ സംബന്ധിക്കുന്നവർ ഓരോരുത്തരായിവന്നു് അവരുടെ ഇടതു കൈയ്യുടെ മുകളിൽ വലതു കൈയ്യ്‌വച്ച് ഉള്ളംകൈയ്യിൽ വിശുദ്ധീകരിക്കപ്പെട്ട ഒരപ്പവും രണ്ടു് അപ്പക്കഷണങ്ങളും സ്വീകരിക്കുന്നു. ''ഇതു് പോർച്ചുഗീസുകാർ ഇന്ത്യയിൽ വന്നപ്പോൾ സുറിയാനിക്കാർ കുർബാന സ്വീകരിച്ചിരുന്ന രീതിതന്നെയാണ്''. അനന്തരം അടുത്തു നില്ക്കുന്ന ശുശ്രൂഷകനിൽനിന്നോ (ഡീക്കൻ) പുരോഹിതനിൽനിന്നോ വിശുദ്ധീകരിക്കപ്പെട്ട ജലത്തിലെ ഏതാനും തുള്ളികൾ കൈയ്യിൽ സ്വീകരിക്കുന്നു. ഇവ രണ്ടും ''ആത്മരക്ഷയ്ക്കും നിത്യജീവനും ഉപകരിക്കുമെന്നും വിശ്വസിച്ചിരുന്നു'': Garbe തുടരുന്നു, ''അവശേഷിക്കുന്ന വിശുദ്ധ അപ്പവും വിശുദ്ധ ജലവും രോഗികൾക്കു് അവരുടെ വീടുകളിൽ കൊടുത്തയയ്ക്കുന്നു''. ഇതും മാർത്തോമ്മാക്രിസ്ത്യാനികളുടെ പുരാതനാചാരമാണ്. സുറിയാനി കുർബാനയുടെ ബാഹ്യരൂപം ഹിന്ദുപൂജയിൽ പകർത്തിയതു് മാർത്തോമ്മാ ക്രിസ്ത്യാനികൾക്കു് ഹിന്ദുക്കളുടെ മതചിന്തകരിലും അദ്ധ്യാത്മിക നേതാക്കളിലുമുണ്ടായിരുന്ന സ്വാധീനത്തിന്റെ ആശ്ചര്യകരമായ തെളിവാണ്[19]. Sir George Grierson വിശിഷ്ടദൈവതസമൂഹത്തിന്റെ മഹാപ്രസാദകർമ്മം തെക്കേയിന്ത്യയിലെ മാർത്തോമ്മാ ക്രിസ്ത്യാനികളോടു് കടം വാങ്ങിയതായി പറയുന്നു[20].

മഹാപ്രസാദകർമ്മത്തെപ്പററി ഗാർബെ മൂന്നു കാര്യങ്ങൾ കൂടി പറയുന്നുണ്ടു്. (1) മഹാപ്രസാദകർമ്മം ഇൻഡ്യയിൽ സാർവ്വത്രികമായി ആചരിച്ചുപോരുന്നു. (2) ഭക്തമാല എന്ന ഗ്രന്ഥത്തിൽ ഈ കർമ്മത്തെപ്പററി കൂടെക്കൂടെ പരാമർശമുണ്ടു്. (3) കബീർ പാന്തികളെന്നറിയപ്പെടുന്ന മതവിഭാഗത്തിൽ മഹാപ്രസാദത്തിന്റെകൂടെ പുരാതന ക്രൈസ്തവസഭകളിൽ അറിയപ്പെടുന്ന 'അഗാപ്പേ' (Agape) അഥവാ സ്നേഹവിരുന്ന

19. Garbe P. 267.
20. Ibid.



www.malankaralibrary.com

കൂടി ഉണ്ട്. കേരളത്തിൽവന്ന വിദേശമിഷ്നറിമാർ കുറവിലങ്ങാട്ടും മററും കണ്ട ഈ സ്നേഹവിരുന്നിനെ പ്രശംസിച്ചിട്ടുണ്ടല്ലോ.

വിശിഷ്ട ദൈവതത്തിലെ ഈ സുറിയാനി ക്കർബാന അക്ബർ ചക്രവർത്തിയുടെ രാജസദസ്സിൽനിന്നു കിട്ടിയതാണെന്നു ചില പാശ്ചാത്യപണ്ഡിതന്മാർ പറയുന്നു!! കാരണം, അവർ ഇന്ത്യയിലെ ആദ്യത്തെ ക്രിസ്ത്യൻ മിഷ്നറിമാരെ കാണുന്നതു് അക്ബർ ചക്രവർത്തിയുടെ രാജസദസ്സിലാണ്!! അതും സുറിയാനിക്കർബാനയിലൂടെ!!!

ക്രൈസ്തവകർമ്മങ്ങളുടെയും ആശയങ്ങളുടെയും ഹിന്ദുമതത്തിലേക്കുള്ള സംക്രമണം ഒരു കാര്യം നമ്മെ ബോദ്ധ്യപ്പെടുത്തുന്നുണ്ട്. പൊതുവെ പറഞ്ഞാൽ, അടുത്തകാലംവരെ മതചിന്തകളുടെ ഉറവിടം ബ്രാഹ്മണമണ്ഡലമായിരുന്നു. ബ്രാഹ്മണരായിരുന്നു വേദജ്ഞാനത്തിൻേറയും ആദ്ധ്യാത്മിക ചിന്തകളുടേയും അവകാശികളും കാവൽക്കാരും. വേദം കേൾക്കാനിടയായ അബ്രാഹ്മണൻെറ ചെവിയിൽ ഈയ്യം ഉരുക്കി ഒഴിക്കണമെന്നു് 'മനു' അനുശാസിക്കുന്നുണ്ട്! അപ്പോൾ ഈ ബ്രാഹ്മണരുടെ ചിന്തകളിൽ കടന്നു ചെല്ലുവാനും അവയെ സ്വാധീനിക്കുവാനും കഴിഞ്ഞിട്ടുള്ള മാർത്തോമ്മാ ക്രിസ്ത്യാനികൾക്കു് ബ്രാഹ്മണ പാരമ്പര്യമാണുണ്ടായിരുന്നതെന്നു് സ്പഷ്ടമാണ്. അതു ആദ്യക്രിസ്ത്യാനികൾ നമ്പൂതിരിമാരായിരുന്നു എന്ന വാദം സമർത്ഥിക്കുകയും ചെയ്യുന്നു.

എ. ഡി. 190-ൽ അലക്സാണ്ഡ്രിയൻ സർവ്വകലാശാലയുടെ അദ്ധ്യക്ഷനായ പന്തേനൂസിനെ ബ്രാഹ്മണരുമായുള്ള മതവിവാദങ്ങളിൽ പങ്കെടുപ്പിക്കാൻ തെക്കേയിന്ത്യയിൽ കൊണ്ടുവരുവാൻപോയ നിവേദകസംഘം ക്രിസ്ത്യാനികളായ ബ്രാഹ്മണരുടേതായിരിക്കുവാനേ വഴിയുള്ളൂ. പന്തേനൂസ് പോയതു് ഇന്ത്യയിലല്ലെന്നു പറയുന്ന ചരിത്രകാരന്മാർക്കുള്ള മറുപടി പന്തേനൂസ് പോയതു് "ബ്രാഹ്മണരുടെ ഇന്ത്യ"യിലാണെന്നുള്ള വി. ജെറോമിൻെറ സാക്ഷ്യമാണ്. അക്കാലത്തു് അവർ മാത്രമായിരുന്നു ബുദ്ധിപരമായ ആദ്ധ്യാത്മികകാര്യങ്ങൾ കൈകാര്യം ചെയ്തിരുന്നതു്. എ. ഡി. രണ്ടാം നൂററാണ്ടിൽ അലക്സാണ്ഡ്രിയായിൽ ബ്രാഹ്മണരുടെ ഒരു കോളനി ഉണ്ടായിരുന്നുവെന്നു് Diw Christolem-നെ ഉദ്ധരിച്ചുകൊണ്ട് MaCrindle പറയുന്നുണ്ട്[21].

---

21. MaCrindle, Ancient India, P. 177.

www.malankaralibrary.com

വളരെയധികം സൂക്തങ്ങളുടെയും, ഉപമകളുടെയും, കഥകളുടെയും സാദൃശ്യങ്ങൾ, കഴിഞ്ഞ രണ്ടു നൂററാണ്ടുകളായി പണ്ഡിതന്മാരുടെ ഇടയിൽ വളരെ വാദപ്രതിവാദങ്ങൾക്ക് ഇടയാക്കുന്നുണ്ട്. ഈ ചർച്ചകളിൽ സ്വീകരിക്കാവുന്ന അടിസ്ഥാനതത്വങ്ങൾ മൂന്നാണ്. 1) ക്രൈസ്തവഗ്രന്ഥങ്ങളിലെ കർമ്മങ്ങളും തത്വങ്ങളും. സൂക്തങ്ങളും സുവിശേഷസംഭവങ്ങളും വിവരിക്കുന്ന ഹൈന്ദവ–ബുദ്ധഗ്രന്ഥഭാഗങ്ങൾ ക്രിസ്തുവിനു മുമ്പോ പിമ്പോ ഉണ്ടായിട്ടുള്ളത്? 2) പിൻപ് ഉണ്ടായിട്ടുള്ളവയാണെങ്കിൽ ഭാരതമതസാഹിത്യങ്ങളിൽ സർവ്വസാധാരണമായി കാണുന്ന കൂട്ടിച്ചേർക്കലുകളിലും ദേശവൽക്കരണങ്ങളിലും, ഭേദഗതികളിലും ഇവ ഉൾപ്പെടുമോ? 3) ക്രൈസ്തവസാഹിത്യത്തിൽനിന്നുമുള്ള ഈ സംക്രമണത്തിന്റെ മാദ്ധ്യമസ്ഥാനം ആർക്കായിരുന്നു? ഈ മാദ്ധ്യമത്തെപ്പററിയാണ്. അമേരിക്കൻ ഇൻഡോളജിസ്റ്റ് ആയ ആൽബെട്ട് എഡ്മൺഡ്സ് (Albert Edmunds) "missing link" അഥവാ 'കാണാത്ത കണ്ണി' എന്നു പറയുന്നതു് ഇൻഡ്യയിലെ മാർത്തോമ്മാ സഭയെപ്പററി അറിയാവുന്നവർക്ക് ഈ "missing link" ഉണ്ടാകുകയില്ല. മഹാഭാരതത്തെപ്പററി ജർമ്മൻ സംസ്കൃതപണ്ഡിതനായ Kosgarten പറയുന്നു, "Quot codices tot textus"–എത്ര പ്രതികളുണ്ടോ അത്രയും ഗ്രന്ഥങ്ങൾ. തന്മൂലം സാദൃശ്യങ്ങളുടെ സംഖ്യ വളരെ കൂടുതലായി കാണാം. ഉദാഹരണമായി 19–ാം നൂററാണ്ടിന്റെ പൂർവ്വഭാഗത്തു് ദക്ഷിണേന്ത്യയിൽ സഞ്ചരിച്ചിരുന്ന M. L' Abbe Huc, അദ്ദേഹം കണ്ട മഹാഭാരതത്തിലെ അരണ്യപർവ്വത്തിൽനിന്നുദ്ധരിക്കുന്നു. "അപ്പോൾ സമ്പാല എന്ന നഗരത്തിൽ ഒരു ബ്രാഹ്മണൻ ജനിക്കും: അവന്റെ പേരു് വിഷ്ണു–യേശു എന്നായിരിക്കും"22. ഇതു് ഇവിടെ പ്രചാരത്തിലുള്ള മഹാഭാരതഗ്രന്ഥങ്ങളിൽ കാണുന്നില്ല.

## 2) കഥകൾ

പതിനഞ്ചാം നൂററാണ്ടിൽ നാഭദാസൻ എഴുതിയ ഭക്തമാലയെന്നൊരു ഗ്രന്ഥമുണ്ട്. അതു് ക്രൈസ്തവരുടെ വിശുദ്ധന്മാരുടെ ജീവചരിത്രംപോലെയാണെന്നു് സർ ജോർജ്ജ് ഗ്രിയേർസൺ പറയുന്നു, "അതിലെ പ്രധാന തത്വങ്ങൾ മാ

22. Christianity in China Tartary and Tibet 1857, P. 10.

www.malankaralibrary.com

ത്തുമല്ല, വിശദാംശങ്ങളംപോലും ക്രിസ്തുമതസ്വാധീനം കാണിക്കുന്നുണ്ട്''23.

ഒരു ചെകിട്ടിൽ അടികൊണ്ട ഗോപാലൻ മറേറ ചെകിട കാണിച്ചുകൊടുക്കുന്ന (മത്തായി V:39) വിഷയത്തോടുകൂടി ഒരു സ്ത്രീയെ നോക്കിയ വിൽവ മംഗളത്തിൻെറ കണ്ണ് സ്വയം പൊട്ടിക്കുന്നു (മത്തായി V:29): പുരിയിലെ രാജാവു് ഇടച്ചിലുണ്ടാക്കിയ ഒരു കരം ഛേദിച്ചുകളയുന്നു (മത്താ. V:30). മഹാഭാരതത്തിൽ ശ്രീകൃഷ്ണൻ ബ്രാഹ്മണരുടെ കാലുകഠം കഴുകുന്നു (ജോൺ, XIII:5). എന്നാൽ ഭക്തമാലയിൽ തൻെറ ഭക്തരുടെ കാലുകളാണ് കഴുകുന്നതു്24. ''ഭാഗവത അഥവാ വൈഷ്ണവപ്രസ്ഥാനത്തിൻെറ പതിനാറാം നൂററാണ്ടുവരെയുള്ള വളർച്ചക്കു് തെക്കേഇന്ത്യയിലെ മാർത്തോമ്മാക്രിസ്ത്യാനികളോടു കടപ്പെട്ടിട്ടുള്ളതെന്നു് തീർച്ചയാണ്''25.

വീണ്ടുമുണ്ടു്, സാദൃശ്യങ്ങഠം. വിഷ്ണുപുരാണത്തിൽ പറയുന്നതു് നന്ദൻ എന്ന ഇടയൻ കരമടയ്ക്കുവാൻ പോകുന്ന യാത്രയിലാണു് അദ്ദേഹത്തിൻെറ ഗർഭിണിയായ ഭാര്യ യശോദ പ്രസവിക്കുന്നതു് (ലൂക്കാ III:4-5). ദുശ്ശാലൻെറ മകൻ മരിച്ചപ്പോഠം ശ്രീകൃഷ്ണൻ അയാളെ ഉയിർപ്പിച്ചു .... മഹാഭാരതത്തിൽ ഈ ഭാഗം കാണുന്നില്ല, പുരാണത്തിലാണുള്ളതു്..... ഒരു പാത്രത്തിൻെറ മൂലയിൽ ശേഷിച്ചിരുന്ന ഒരു ഇലയിലുണ്ടായിരുന്ന അല്പംമാത്രം ഭക്ഷണസാധനംകൊണ്ടു് അനേകം സന്യാസിമാക്കു ഭക്ഷണം കൊടുത്തു തൃപ്തിപ്പെടുത്തി....രക്തസ്രാവമുള്ള ഒരു സ്ത്രീ ശ്രീകൃഷ്ണൻെറ കാല്ക്കൽവീണു സുഖം പ്രാപിക്കുന്നു......കംസൻ കുഞ്ഞുങ്ങളെ വധിക്കുന്നതു് ഹേറോദേസിൻെറ കാലത്തെ ശിശുവധംപോലെയാണു്....ശ്രീകൃഷ്ണൻ ആഘോഷപൂർവ്വം മഥുരയിൽ പ്രവേശിക്കുമ്പോഠം കൂനിയായ ഒരു സ്ത്രീ എതിരെവന്നു് ഒരു കുപ്പി സുഗന്ധതൈലം സമ്മാനിക്കുകയും ശ്രീകൃഷ്ണൻ അവളുടെ താടിക്കുപിടിച്ചുയർത്തി കൂനില്ലാതാക്കുകയും ചെയ്യുന്നു....ഇങ്ങനെ പലതും.

13-ാം നൂററാണ്ടാണല്ലോ വിശിഷ്ടദ്വൈതസ്ഥാപകനായ രാമാനുജൻെറ കാലം. രാമാനുജൻ ജനിച്ചതും വളന്ന

23. R. Garbe, P. 272.
24. Ibid, P. 273.
25. Garbe, R., P. 274.

www.malankaralibrary.com

ത്തും പെരിംപൂരായിരുന്നു. അദ്ദേഹം പഠിച്ചതു് കാഞ്ചീപുരത്തും. ഈ രണ്ടു സ്ഥലങ്ങളും അനേകായിരങ്ങളുടെ തീർത്ഥാടനകേന്ദ്രമായ മൈലാപ്പൂരെ മാർത്തോമ്മാശ്ലീഹായുടെ സമാധിസ്ഥലത്തിനു സമീപമായിരുന്നു. 11–ാം നൂററാണ്ടുമുതൽ 16–ാം നൂററാണ്ടുവരെയുള്ള ഭഗവത് അഥവാ വൈഷ്ണവസിദ്ധാന്തികൾ തെക്കെ ഇന്ത്യയിൽനിന്നാണു്. അതിന്റെ പ്രബോധകരും പ്രണേതാക്കളും പന്ത്രണ്ടുപേരാണു്. അവരുടെ പേരു് അൽവാരന്മാർ അഥവാ ദൈവത്തിൽ ലയിച്ചവരെന്നാണു്, അവരുടെ കാലം അഞ്ചാം നൂററാണ്ടുമുതലാണെന്നു രാധാകൃഷ്ണൻ പറയുന്നു26. ക്രിസ്തുമതം താരതമ്യേന തെക്കേ ഇന്ത്യയിൽ പ്രബലമായിരുന്ന കാലമായിരിക്കണം അതു് പ്രസിദ്ധ പണ്ഡിതനായ ഡാ. കീത്തു് (Keith) ന്റെ അഭിപ്രായത്തിൽ ഏകദൈവത്തിനുവേണ്ടിയുള്ള ഭാരതമനസ്സിന്റെ തിരച്ചിൽ ആദ്യമായി സഫലമാകുന്നതു് രാമാനുജനിലൂടെയും, അതു് തെക്കെ ഇന്ത്യയിലെ മാർത്തോമ്മാക്രിസ്ത്യാനികളുടെ സഹായത്തോടും ആണു്27.

ഇപ്രകാരമുള്ള സാദൃശ്യങ്ങൾ മഹാഭാരതത്തിലും ജെയ്മിനി ഭാരതത്തിലും ഹരിവംശത്തിലും പുരാണങ്ങളിലും ആണു് കാണുന്നതു്. അവയെല്ലാം ക്രിസ്ത്വാബ്ദത്തിന്റെ ആദ്യ ശതകങ്ങൾ കഴിഞ്ഞുള്ള നൂററാണ്ടുകളിലെയാണു്. ഭഗവത് പുരാണത്തെപ്പററി ബെയ്റൂണി (Beiruni A. D. 1030) പ്രസ്താവിക്കുന്നുണ്ടു്. ശ്രീകൃഷ്ണന്റെ ജീവചരിത്രമാണു് അതു് ഉൾക്കൊള്ളുന്നതു്. ഹരിവംശത്തിലും വിഷ്ണുപുരാണത്തിലും ഉള്ളതിനെക്കാൾ കൂടുതൽ ഭഗവത്പുരാണത്തിലുണ്ടു്. അതെഴുതിയ കാലത്തെപ്പററി അഭിപ്രായവ്യത്യാസമുണ്ടു്; R. C. ഹസ്റാ – ആറാം നൂററാണ്ടു്; P. E. സാർജിത്തർ ഒൻപതാം നൂററാണ്ടു്; R. K. മുക്കർജി – തെക്കെ ഇൻഡ്യയിൽ എവിടെയോവച്ചു് 9–ം 10–ം നൂററാണ്ടുകൾക്കിടയ്ക്കു്: നീലകണ്ഠശാസ്ത്രി പത്താം നൂററാണ്ടു്. ഭവിഷ്യ പുരാണത്തിൽ ഉല്പത്തി പുസ്തകത്തിലെ ആദാം മുതൽ അബ്രാഹം വരെയുള്ള ചരിത്രം സംക്ഷേപിച്ചുചേർത്തിട്ടുണ്ടു്. ഭവിഷ്യോത്തര, വായു, മത്സ്യ, അഗ്നി, മാർക്കണ്ഡേയ പുരാണങ്ങളൊന്നും ക്രി. വ. ഏഴാം നൂററാണ്ടിനു മുമ്പുള്ളവയല്ല. ഹിന്ദുമതഗ്രന്ഥങ്ങളുടെ കാലം കഴിയുന്നത്ര

26. Dr. Radhakrishnan P. 496.
27. J R A S 1915, P. 836–837.

www.malankaralibrary.com

പിറകോട്ടു മാററാൻ ശ്രമിക്കുന്നതുപോലെ തോന്നുന്ന H. C. റായി ചൌധരിപോലും Vincent Smith നെ ഉദ്ധരിച്ചുകൊണ്ടു ഇതു സമ്മതിക്കുന്നുണ്ടു്28.

## മധുരയിലെ തിരുക്കുടുംബവണക്കം

ഇൻഡ്യയിലെ വിവിധ മതവിഭാഗങ്ങളിൽ "കൃഷ്ണാരാധന" (Krishnaism) ആണു് സ്വാഭാവികമായും ക്രിസ്ത്യൻ സ്വാധീനത്തിനു കൂടുതൽ വിധേയമായതെന്നു് R. ഗാർബേ പറയുന്നു29. തന്നെയുമല്ല, ക്രിസ്തുമതത്തിൽനിന്നുള്ള കടംവാങ്ങലുകൾക്കു് ആധാരമായിട്ടുള്ളതു് ക്രിസ്തുമസ്സിനെ അനുകരിച്ചുള്ള ശ്രീകൃഷ്ണ ജയന്തി ആഘോഷങ്ങളാണെന്നും അദ്ദേഹത്തിനു് അഭിപ്രായമുണ്ടു്30. അതിനു് ഉപോൽബലകമായിട്ടുള്ളതു് A. Weber എന്ന ജർമ്മൻ പണ്ഡിതന്റെ ueber die Krishnajanmashttami എന്ന ഗ്രന്ഥമാണു്. അതിൽ അദ്ദേഹം പറയുന്നതു് കംസനെ കൊന്നശേഷം, ശ്രീകൃഷ്ണൻ ശൂദ്രർ ഉൾപ്പെടെ എല്ലാ ജാതിക്കാരും തന്റെ ജന്മദിനം ആഘോഷിക്കുവാൻ കല്പന അയച്ചുവെന്നു ഭവിഷ്യ പുരാണത്തിലും ഭവിഷോത്തര പുരാണത്തിലും കാണുന്നുവെന്നാണു്. എന്നാൽ ഭഗവത പുരാണത്തിൽ ആഘോഷങ്ങളൊന്നും നടന്നതായി കാണുന്നില്ല. ശ്രീകൃഷ്ണജയന്തി ആഘോഷങ്ങൾ നടന്നിട്ടുള്ളതു് പതിനൊന്നാം നൂററാണ്ടിലാണെന്നു Weber പറയുന്നു. അതു് തന്നെ അലക്സാണ്ഡ്രിയായിലും മററുമുള്ള ക്രിസ്ത്യാനികളെ അനുകരിച്ചു്, ഗാർബേ ചോദിക്കുന്നു; എന്തിനു് ക്രിസ്ത്യാനികളെ തേടി അലക്സാണ്ഡ്രിയാവരെ പോകണം? നാലാം നൂററാണ്ടിൽ തന്നെ ഇൻഡ്യയിൽ സുറിയാനി ക്രിസ്ത്യാനികളുണ്ടല്ലോ. അവരുടെ ക്രിസ്തുമസ്സു് ആഘോഷത്തെ അനുകരിച്ചാണു് ശ്രീകൃഷ്ണ ജന്മാഷ്ടമി തുടങ്ങിയതു്.

മറെറാന്നു കൂടിയുണ്ടു്. ശ്രീകൃഷ്ണൻ ജനിച്ചതു് കാരാഗൃഹത്തിലും കംസന്റെ ശത്രുതയുടെ മരണനിഴലിലുമാണല്ലോ. എന്നാൽ ജന്മദിനാഘോഷങ്ങളിൽ, പടങ്ങളിലും പ്രതിമകളിലും കാലിത്തൊഴുത്തിൽ ജനിച്ച ശിശുവായിട്ടാണു് ശ്രീകൃഷ്ണനെ അവതരിപ്പിക്കുന്നതു്. അടുത്തുള്ളതു് അച്ഛനായ വാസുദേവനും അമ്മയായ ദേവകിയും; ഇടയന്മാരും കന്നുകാലികളും

28. H. C. Roy Chaudhry, P. 90.
29. P. 246.
30. Ibid.

www.malankaralibrary.com

ഉണ്ടു്. നിലം തൊടാതെ കാണപ്പെടുന്നതു് മാലാഖാമാരെ പ്പോലെയുള്ള പരലോകജീവികൾ. ഏററവും മുകളിൽ തിള ങ്ങുന്ന ഒരു നക്ഷത്രവുമുണ്ടു്. ഈ "പുൽക്കൂടിനു" മുമ്പിൽ ഭക്ത ജനങ്ങൾ ഫലമൂലാദികൾ കാഴ്ചവച്ചു് പ്രാർത്ഥിക്കുന്നു. ഇതു് ഇൻഡ്യയിലെ സുറിയാനി ക്രിസ്ത്യാനികളിൽനിന്നു പകർത്തി യതാണെന്നു R. ഗാർബേ ഉറപ്പിച്ചു പറയുന്നു.

## 3) തത്ത്വങ്ങൾ

### ഹിന്ദുമതത്തിലെ ഏകദൈവവിശ്വാസം

വരുണ ദേവനെപ്പററി ഇതിനുമുമ്പു് പ്രസ്താവിച്ചിട്ടുണ്ടു്. അദ്ദേഹത്തിന്റെ രംഗപ്രവേശവും അന്തർദ്ധാനവും മിക്കവാറും ഒന്നിച്ചുകഴിഞ്ഞു. പിന്നീടു്, മൂന്നു ചുവടുകൾവെച്ചു് മൂന്നു ലോ കത്തേയും കടന്ന വിഷ്ണു, യാദവഗോത്രത്തലവനായ വാസുദേ വൻ, കൗരവ – പാണ്ഡവയുദ്ധത്തിലെ മദ്ധ്യസ്ഥനായ കൃഷ്ണൻ, ഇങ്ങനെ മൂന്നു പേർ പ്രത്യക്ഷപ്പെട്ടു. ഇവരിൽ ആർക്കാ ണു് പ്രാമുഖ്യമെന്നു നിർണ്ണയിക്കുവാൻ കാലമേറെ എടുത്തു. ഒടുവിൽ വിഷ്ണു–വാസുദേവ–കൃഷ്ണന്മാർ സമന്വയിക്ക പ്പെട്ടു് ഒരേ പുരുഷനായിത്തീർന്നു. ഈ പരസ്പര ലയനത്തി ന്റെ അടിസ്ഥാനമായി പാശ്ചാത്യരും ഇൻഡ്യാക്കാരും ആയ പണ്ഡിതന്മാർ ചൂണ്ടിക്കാണിക്കുന്ന സംഭവം മാർത്തോമ്മാ ക്രി സ്ത്യാനികളെ നേരിട്ടു് സംബന്ധിച്ചുള്ളതാണു്.

ഈ സംഭവം മഹാഭാരതത്തിലെ ശാന്തിപർവ്വത്തിൽ നാരായണീയം എന്ന ഭാഗത്താണു് കാണുന്നതു്. വളരെ പാഠ ഭേദങ്ങൾ ഉള്ള ഒരു ഗ്രന്ഥമാണു് മഹാഭാരതം എന്നു പരക്കെ അറിയപ്പെട്ടിട്ടുള്ളതാണല്ലോ. സ്വാഭാവികമായും, അദ്ധ്യായ ങ്ങളുടേയും വിഭാഗങ്ങളുടേയും വകുപ്പുകളുടേയും സംഖ്യ കുറി ക്കുന്നതിലും പാഠാന്തരം വളരെ കാണാനുണ്ടു്. പ്രാരംഭപഠന ത്തിൽ ഈ ഗ്രന്ഥകാരൻ ആലംബമായി സ്വീകരിച്ചതു് പ്രതാപ ചന്ദ്രറോയിയുടെ പ്രസിദ്ധമായ ഇംഗ്ലീഷു വിവർത്തന മാണു്. അതിന്റെ ചുവടു പിടിച്ചു് സംസ്കൃതമൂലത്തിലേക്കു കടന്നപ്പോൾ അദ്ധ്യായങ്ങളുടെ സംഖ്യകൾക്കു് പൊരുത്തമി ല്ലാതെ കണ്ടു.

### മഹാഭാരതത്തിലെ സുറിയാനിക്കുർബാന

നാരായണീയത്തിൽ രണ്ടു ഭാഗത്തായിട്ടാണു് ഈ വിഷ യത്തെപ്പററിയുള്ള പ്രസ്താവനകൾ: ഒന്നു് നാരദമഹർഷിയുടേ യും, രണ്ടു്, മററു മൂന്നു മഹർഷിമാരുടേയും ശ്വേതദ്വീപസന്ദർശ

www.malankaralibrary.com

നമാണ് കഥാതന്ത്രം. ഇവ രണ്ടും ശാന്തിപവ്വം പന്ത്രണ്ടാം അദ്ധ്യായത്തിലാണ് കാണുന്നത്. ഏകദൈവത്തിനുവേണ്ടിയുള്ള ഹിന്ദുമതത്തിൻെറ തിരച്ചിലിലെ പ്രാധാന്യമേറിയ വഴിത്തിരിവാണ് ഈ സംഭവം. ഏകദൈവമായി, ദേവാധിദേവനായി വ്യക്തിപരമായ സങ്കല്പങ്ങരം ഉണ്ടായിരുന്നിരിക്കാം. ഏകദൈവസങ്കല്പമായ വിഷ്ണു ഋഗ്വേദത്തിലെ അപ്രധാന ദേവനാണ്. വാസുദേവൻെറയും കൃഷ്ണൻെറയും പേരിലുള്ള അവകാശികരം പലരായിരുന്നു. ഹിന്ദുമതത്തിനു സംപൂർണ്ണവും സംപുഷ്ടവും ആയ ഏക ദൈവാശ്രയത്തിനുള്ള വഴി തുറന്നു കൊടുത്തതു് ശ്വേതദ്വീപും അവിടെ നടന്നതായി കണ്ട സുറിയാനിക്കുർബാനയും ആണെന്നുള്ളതു് സ്പഷ്ടമാണ്. ഈ ആശയത്തെ അവലംബമാക്കിയാണ് വൈഷ്ണവ–വാസുദേവ–കൃഷ്ണയിസം വളർന്നിട്ടുള്ളതെന്നു് പാശ്ചാത്യരും ഇൻഡ്യാക്കാരുമായ പണ്ഡിതന്മാർ സമ്മതിക്കുന്നുണ്ടു്.

## i) നാരദമഹർഷിയുടെ ശ്വേതദ്വീപു സന്ദർശനം

നാരദൻ നരനേയും നാരായണനേയും കാണുവാൻ ഹിമാലയത്തിലെ ബദരികാശ്രമത്തിൽ ചെന്നു: അപ്പോരം നാരായണൻ ഏതോ പൂജ ചെയ്തുകൊണ്ടിരിക്കുകയായിരുന്നു. നാരദൻ ചോദിച്ചു, ''സർവ്വേശ്വരനായിരിക്കുന്ന അങ്ങു് ആർക്കാണു പൂജ നടത്തുന്നതു്''? അപ്പോരം നാരായണൻ പറഞ്ഞു, "ഇതേവരെ ഉണ്ടായിട്ടുള്ളതും ഉണ്ടാകാനിരിക്കുന്ന എല്ലാത്തിൻെറയും കാരണമായ മൂല പ്രകൃതിക്കാണ്, ഞാൻ പൂജ അർപ്പിക്കുന്നതു്''.

പിന്നീടു്, നാരദൻ ഈ മൂല പ്രകൃതിയെ കാണുവാൻ ആകാശത്തിലേയ്ക്കു പറന്നു്, മേരുമഹാപർവ്വതത്തിൻെറ കൊടുമുടിയിൽ ചെന്നെത്തി. അവിടെനിന്നും വടക്കുപടിഞ്ഞാട്ടു നോക്കിയപ്പോരം മനോഹരമായ ഒരു കാഴ്ച കണ്ടു; വടക്കായി പാൽക്കടലും അതോടുചേർന്നു ശ്വേതദ്വീപും. ആ ദ്വീപിലുള്ളവർ ഇന്ദ്രിയാതീതരാണ്. അവർ യാതൊരു ഭക്ഷണവും കഴിക്കുന്നില്ല. അവരുടെ ഇമകരം അടയുന്നില്ല: അവരിൽ നിന്നും എപ്പോഴും സുഗന്ധം പുറപ്പെട്ടുകൊണ്ടിരിക്കുന്നു. അവർ വെളുത്ത നിറമുള്ളവരാണ്. അവർ ലേശവും പാപമില്ലാത്തവരാണ്. അവരെ നോക്കുന്ന പാപികളുടെ കണ്ണുകരം പൊട്ടിപ്പോകും. അവരുടെ ശരീരവും അസ്ഥികളും വജ്രംപോലെ ബലമുള്ളതാണ്. ബഹുമാനവും അപമാനവും അവർ ഒരു

www.malankaralibrary.com

പോലെ കരുതുന്നു. അവർ സ്വർഗ്ഗീയജീവികളെപ്പോലെ കാണപ്പെടുന്നു. അവരുടെ ശബ്ദം മേഘഗർജ്ജനംപോലെയാണ്........31.

## ii) മൂന്നു മഹർഷിമാരുടെ ശ്വേതദ്വീപു സന്ദർശനം

പ്രജാപതി അഥവാ ബ്രഹ്മന്റെ പുത്രന്മാരാണ് ഏകത, ദൈ്വത, ക്യത, എന്ന മഹഷിമാർ. അവരും സർവ്വേശ്വര ദർശനത്തിനായി വടക്കോട്ടു പോയി എന്നു പറഞ്ഞുകൊണ്ടാണ് കഥ തുടങ്ങുന്നതു്. അവർ സഹസ്രവഷങ്ങളോളം മഹാമേരുവിന്റെ വടക്കുള്ള പാൽക്കടലിന്റെ തീരത്തു് തപസ്സുചെയ്തു: തപസ്സവസാനിച്ചപ്പോരം, കാതുകരംക്കു മാധുര്യവും ഹൃദയത്തിനു ആനന്ദവും നല്കുന്ന മേഘഗജ്ജനം പോലുള്ള അശരീരിയുണ്ടായി. അതിപ്രകാരമായിരുന്നു; "ഹേ ബ്രാഹ്മണരേ, നിങ്ങരം സന്തോഷത്തോടെ തപസ്സുചെയ്തിരിക്കുന്നു. സർവ്വേശ്വരനായ നാരായണദർശനത്തിനാണ് നിങ്ങരം അതു് ചെയ്തതു്. ഈ പാല്ക്കടലിന്റെ വടക്കെക്കരയിൽ മഹിമയോടെ പ്രകാശിക്കുന്ന ഒരു ദ്വീപുണ്ടു്. അവിടുത്തെ ജനങ്ങരം ചന്ദ്രരശ്മിപോലെ വെളുത്തവരാണ്. അവർ നാരായണന്റെ (മനുഷ്യപുത്രന്റെ) ഭക്തരാണ്. അവർ എല്ലാ സൃഷ്ടികളുടേയും ആദികാരണമായ പരാശക്തിയോടു് സവ്വാത്മനാ ഭക്തിയുള്ളവരാണ്. അനന്തവും പ്രശസ്തവും ആയിരമായിരം രശ്മികളുമുള്ള ആ പരാശക്തിയിൽ അവർ ജീവിക്കുന്നു. അവക്കു് ഇന്ദ്രിയങ്ങളില്ല: ഭക്ഷണവുമില്ല: അവർ കണ്ണു ചിമ്മുന്നില്ല: അവരുടെ ദേഹത്തുനിന്നും മാധുര്യമേറിയ സൗരഭ്യം പ്രസരിക്കുന്നു. ശ്വേതദ്വീപിലെ ആളുകരം വിശ്വസിക്കുന്നതും ആരാധിക്കുന്നതും ഏകദൈവത്തെയാണ്. അതുകൊണ്ടു് മഹർഷിമാരേ, നിങ്ങരം അങ്ങോട്ടു ചെല്ലുവിൻ, ഞാൻ എന്നെത്തന്നെ അവക്കു വെളിപ്പെടുത്തിയിട്ടുണ്ടു്." ഈ അശരീരി കേട്ടു് മഹഷിമാർ അടങ്ങാത്ത സന്തോഷത്തോടും പ്രതീക്ഷയോടുംകൂടി ശ്വേതദ്വീപിലേക്കു പോയി.

അവർ അവിടെ എത്തിയപ്പോരം അവർക്കു് ഒന്നും കാണാൻ കഴിഞ്ഞില്ല—അവിടെ മുററിനിന്നിരുന്ന ഏകദൈവത്തിന്റെ ശക്തിപ്രഭാവത്താൽ. അതിനാൽ അവർ ഒരു നൂറു

31. P. C. Roy, Vol X, Chapter 335 P. 534.

www.malankaralibrary.com

വഷംകൂടി തപസ്സുചെയ്തു. അതവസാനിച്ചപ്പോരം ചില ശുഭ ലക്ഷണങ്ങരം കണ്ടു തുടങ്ങി. ചന്ദ്രരശ്മിയെപ്പോലെ പ്രകാശി ക്കുന്ന ആ ഭക്തജനങ്ങരം പ്രത്യക്ഷരായി അവർ എപ്പോഴും അഞ്ജലീബദ്ധരായി ചിലർ കിഴക്കോട്ടും മററു ചിലർ വട ക്കോട്ടും നോക്കി പ്രാത്ഥിച്ചുകൊണ്ടിരുന്നു. അവർ ഏകദൈവ ത്തെക്കുറിച്ചു ധ്യാനിച്ചുകൊണ്ടിരുന്നു. ഈ വിശിഷ്ടാത്മാക്കളു ടേതു് മനഃപ്രാത്ഥനയായിരുന്നു. അവരുടെ മനസ്സു് ഈശ്വര നിൽ ദത്തശ്രദ്ധമായിരുന്നതിനാൽ ഹരി അവരിൽ പ്രസാദി ച്ചിരുന്നു. അവരെല്ലാം തുല്യരായിരുന്നു....

പെട്ടെന്നു് ആയിരം സൂര്യന്മാർ ഒരുമിച്ചുദിച്ചതുപോലെ പ്രഭാപ്രവാഹം പ്രത്യക്ഷമായി. അപ്പോരം അവർ ആനന്ദ പൂരിതരായി അഞ്ജലീബദ്ധരായി അങ്ങോട്ടു് ഓടി ഭക്തിപൂവ്വം വിളിച്ചുപറഞ്ഞു, ''അങ്ങേ ഞങ്ങരം ആരാധിക്കുന്നു''. പി ന്നീടു് അവരെല്ലാവരുംകൂടിയുള്ള പ്രാത്ഥനാഗാനങ്ങരം കേട്ടു. അവരൊന്നിച്ചുള്ള ഒരു പൂജ സവ്വേശ്വരനു അവർ സമപ്പിക്കുക യായിരുന്നുവെന്നു് ഞങ്ങരംക്കു തോന്നി. ഞങ്ങരം അന്ധരായി, ഞങ്ങളുടെ ഇന്ദ്രിയങ്ങരം നഷ്ടപ്രായമായതുപോലെ കാണ പ്പെട്ടു. വളരെ ഉച്ചത്തിലുള്ള പ്രാത്ഥനാഗീതം ഞങ്ങരം കേട്ടു. അതിപ്രകാരമായിരുന്നു:

''ജിതം തേ പുണ്ഡരീകാക്ഷ  
നമസ്തേ വിശ്വഭാവന  
നമസ്തേ സ്തു ഹൃഷീകേശ  
മഹാപുരുഷ പൂവ്വജ''

(ജയജയ! താമരാക്ഷാ  
പ്രപഞ്ച സ്രഷ്ടാവേ,  
ഹൃഷീകേശാ, അങ്ങേക്കു സ്തുതി!  
ആദ്യസത്തയേ, ആദ്യജാതാ!  
അങ്ങേക്കു സ്തുതി!)

കണ്ണാനന്ദകരമായ ഒരു സംഗീതമായിരുന്നു അതു്. ഇത്ര യുമായപ്പോരം സ്വഗ്ഗീയ കുസുമങ്ങളുടെ സൗരഭ്യം വഹിക്കുന്ന മന്ദമാരുതൻ ഞങ്ങളെ തലോടി. ആ ശബ്ദംകേട്ട സ്ഥലത്തു് സവ്വശക്തനായ ഹരി സന്നിഹിതനായിരുന്നുവെന്നു ഞങ്ങരം ക്കു ബോദ്ധ്യപ്പെട്ടു. ഈശ്വരഭക്തിയിൽ മുഴുകിയിരുന്ന അവർ ഞങ്ങളെ കണ്ടതുപോലുമില്ല, അപ്പോരം മറെറാരു ശബ്ദമു ണ്ടായി. ''മുനിമാരെ നിങ്ങരം എവിടെനിന്നും വന്നോ

www.malankaralibrary.com

അവിടത്തേക്കു തിരിയെ പോകുവിൻ. ദൈവഭക്തിയുള്ള വക്കു മാത്രമേ ഈശ്വരദർശനം ഉണ്ടാകുകയുള്ളൂ''32.

സർ. ജോർജ്ജ് ഗ്രീയേർസണിന്റെ മേല്പറിച്ച ലേഖനത്തിന്റെ തലക്കെട്ടുതന്നെ, ''ആധുനിക ഹിന്ദുമതവും അതിന്ന് നെസ്തോറിയൻ ക്രിസ്ത്യാനികളോടുള്ള കടപ്പാടും'' എന്നാണ്. പൌരസ്ത്യ സുറിയാനിക്രിസ്ത്യാനികളെല്ലാവരും നെസ്തോറിയരായിരുന്നുവെന്നു പാശ്ചാത്യപണ്ഡിതന്മാർക്കുണ്ടായിരുന്ന തെററിദ്ധാരണ മൂലമാണ്, സുറിയാനിക്രിസ്ത്യാനികൾ എന്നതിനു പകരം നെസ്തോറിയൻ ക്രിസ്ത്യാനികളെന്ന് അവരെ വിളിക്കുന്നത്. ഏതായാലും, മഹാഭാരതത്തിലെ ഈ ഭാഗം ഇന്ത്യയിലും പാശ്ചാത്യരാജ്യങ്ങളിലുമുള്ള ചരിത്രപണ്ഡിതന്മാരുടെ ഗാഢമായ പഠനത്തിനും ചർച്ചയ്ക്കും വിമർശനത്തിനും വിഷയമായിത്തീന്നു. ഇന്ത്യയുടെ വടക്ക്–പടിഞ്ഞാറു് ഏതോ ഭാഗത്തുണ്ടായിരുന്ന സുറിയാനിക്കുമ്പാനയിൽ മൂന്നു ഹിന്ദുമഹർഷിമാർ സംബന്ധിച്ചതാണ് ഇതിന്റെ വിഷയമെന്ന് ഭൂരിപക്ഷം പണ്ഡിതന്മാരും പറയുന്നു.

ഡോക്ടർ സീൽ (Seal) പറയുന്നതു് ഭാരതീയവൈഷ്ണവരിൽ ചിലർ ഈജിപ്ററിലോ ഏഷ്യാമൈനറിലോ പോയി ക്രൈസ്തവാരാധനയിൽ "Eucharist" സംബന്ധിച്ചതിന്റെ നിർണ്ണായക തെളിവെന്നാണ്33. Dr. Seal ന്റെ അഭിപ്രായത്തിൽ, ''സൂര്യപ്രഖ്യം വിശ്വവക്ത്രം ദേവഃ'' എന്ന മൂന്നു വാക്കുകളും സൂര്യനെപ്പോലെ പ്രകാശിക്കുന്ന മാംസമായ വചനത്തെപ്പററി സുറിയാനി ക്രിസ്ത്യാനികൾ അവരുടെ ആരാധനയിൽ ഉപയോഗിച്ച പദങ്ങളാണ്34. ഇതിനോടു് ജർമ്മൻ പണ്ഡിതനായ Weber യോജിക്കുന്നുണ്ടു്. ഈ രണ്ടു പണ്ഡിതന്മാരും സുറിയാനി ആരാധനാക്രമങ്ങളെ അന്വേഷിച്ചു് ഈജിപ്ററിലും, ഏഷ്യാമൈനറിലും പോകുവാൻ കാരണം, ആദ്യശതാബ്ദങ്ങളിൽ ഇന്ത്യയിൽ ക്രിസ്ത്യാനികൾ ഇല്ലായിരുന്നുയെന്നുള്ള അവരുടെ തെററിദ്ധാരണയാണ്.

---

32. P. C. Roy, Chapter 337, P. 540-542; Grierson Sir George, JRAS, 1907, P. 315; Bhandarkar; Sir R. G. Collected Works, Vol. IV, 1929, P. 9.

33. Dr. Radhakrishnan Vol. I. P. 499.

34. Dr. Seal, Comparative Studies in Vaishnavaism and Christianity, P. 53.

www.malankaralibrary.com

സർ ജോർജ്ജ് ഗ്രിയേർസൺ-ൻെറ അഭിപ്രായത്തിൽ ഇതു് വടക്കുപടിഞ്ഞാറെ ഇൻഡ്ധ്യയിൽ നടന്ന സുറിയാനി കുബ്ബാന ("Eucharist") തന്നെയാണു്. Lassen എന്ന മറെറാരു ജമ്മൻ പണ്ഡിതൻെറ അഭിപ്രായത്തിൽ വൈഷ്ണവ ബ്രാഹ്മണർ വടക്കുപടിഞ്ഞാറെ ഇന്ത്യയിൽക്കണ്ട നാരായണീയത്തിലെ ആരാധനാക്രമം സുറിയാനിക്രിസ്ത്യാനികളുടെ കുബ്ബാന ("Eucharist") തന്നെയാണു്. അതിനു് അദ്ദേഹം നല്കുന്ന കാരണങ്ങൾ താഴെപ്പറയുന്നവയാണു്:-

1) വൈഷ്ണവ മുനിമാർ കണ്ട ശ്വേതദ്വീപും അവിടെ കണ്ട വെളുത്ത ആളുകളും ഭാരതീയരിൽനിന്നു വളരെ ഭിന്നരാണു് .... (2) അദൃശ്യനായ ഈശ്വരനോടുള്ള ശ്വേതദ്വീപിലെ ആരാധന പുരാതനകാലത്തെ വിഗ്രഹങ്ങളോടുകൂടിയ ഹൈന്ദവാരാധനയിൽനിന്നും വളരെ വ്യത്യസ്തമാണു് .... (3) ദൈവവിശ്വാസത്തിനു് ശ്വേതദ്വീപിലെ ആരാധന നല്കിയിരിക്കുന്ന പ്രാധാന്യം ഹിന്ദുമതത്തിൽപ്പെടുന്നതല്ല .... (4) ശ്വേതദ്വീപിലെ ആരാധനയിൽ പ്രാത്ഥനക്കു നല്കിയിട്ടുള്ളടത്തോളം സ്ഥാനം ഹിന്ദുമതത്തിലില്ല. . . . . (5) ശ്വേത ദ്വീപിൽനിന്നും അവക്കു ലഭിച്ച ഏകദൈവജ്ഞാനം ഹിന്ദുമതത്തിൽ പ്രവേശിക്കുന്നതു് വളരെ താമസിച്ചാണു്.

വേറെയും പല കാരണങ്ങൾ പറയാവുന്നതാണു്. (1) ഹിന്ദുക്കൾക്കു് സാമൂഹ്യാരാധനയും സമൂഹപ്രാത്ഥനകളും ഇന്നോളം ഉണ്ടായിട്ടില്ല .... (2) ജീവിതലക്ഷ്യമായ ഈശ്വരദശനം ക്രിസ്ത്യാനികളുടേതാണു്, ഹിന്ദുക്കളുടേതല്ല. പുനജ്ജന്മങ്ങളുടെ അന്ത്യം പരബ്രഹ്മത്തിൽ ലയിക്കുകയാണല്ലോ .... (3) സ്രഷ്ടാവിനേയും സൃഷ്ടിയേയും വേർതിരിക്കുന്ന ആശയം 'തത്വമസി', 'അഹം ബ്രഹ്മാസ്മി' എന്നിവയിൽനിന്നും എത്രയോ വിദൂരമാണു് .... (4) ഏററവും പ്രധാനപ്പെട്ടതു് 'പൂവ്വജ' എന്ന പദമാണു്. ആദ്യജാതൻ അഥവാ കടിഞ്ഞൂൽ പുത്രൻ എന്നാണതിൻെറ അത്ഥം. ആ അത്ഥത്തിൽ ഒരു ഈശ്വരസങ്കല്പവും ഹിന്ദുമതഗ്രന്ഥങ്ങളിൽ കാണുന്നില്ല. ഉള്ളതു് ക്രിസ്തുവിനും ക്രിസ്തുമതഗ്രന്ഥങ്ങളിലും (സുവിശേഷത്തിലും പൌലോസിൻെറ ലേഖനങ്ങളിലും) ആണു്. ഈ പദം ഏകേശ്വരനെപ്പററിയാകുമ്പോൾ ഹിന്ദുമതത്തിനു് അന്യവും അപ്രസക്തവും ആണു്. ക്രൈസ്തവാശയസംക്രമത്തിൽ കൂടിയേ അതു മനസ്സിലാക്കുവാൻ സാധിക്കൂ. ശ്വേതദ്വീപു് സംഭവത്തിൻെറ ചരി

www.malankaralibrary.com

ത്രാധികാരികത്വം തെളിയിക്കുന്നതാണ് 'പൂർവജ' എന്ന വാക്ക്.

അതുപോലെതന്നെയുള്ള മറെറാരുപദമാണ് 'നാരായണൻ' അഥവാ മനുഷ്യപുത്രൻ എന്നതു്. റിച്ചാർഡ് ഗാർബേ പറയുന്നതു്, നാരായണൻ എന്ന പദത്തിനു് ''യഥാർത്ഥം കൊടുക്കാൻ പാടില്ലെന്നാ''ണു്. എന്നാലും ആ പദം ഹിന്ദുമതസാഹിത്യത്തിനു് തീർത്തും അന്യമായിത്തന്നെ നില്ക്കുന്നു. ഹിന്ദുമതത്തിലെ അവതാരകഥകളിലൊന്നും ഈ മനുഷ്യപുത്രനെ കാണുന്നില്ല. ഡാക്ടർ മൃണനാഥദാസ് ഗുപ്താ പറയുന്നു, ''നാരായണൻ വിഷ്ണുവിനെപ്പോലെയുള്ള പുരാതന ദൈവമല്ല. നാരായണൻ എന്ന പേരു് ശതപഥബ്രാഹ്മണത്തിലാണു് ആദ്യമായി കാണുന്നതു്. മൈത്രീയ അരണ്യകത്തിലും കാണുന്നുണ്ടെങ്കിലും അതു് വളരെ സംശയാസ്പദമാണ്. എങ്ങനെയായാലും നാരായണൻെറ പുരാതനചരിത്രം ഇരുളിലാണ്ടു കിടക്കുന്നു. ഹൈന്ദവദൈവങ്ങളിൽ നിന്നും വളരെ വ്യത്യാസപ്പെട്ട ഒരാളാണു് ഈ നാരായണൻ''36. (5) ഒരു കാര്യം തീർച്ചയാണ്. ശ്വേതദ്വീപിലെ ആളുകൾക്കു് ഏകദൈവമായ ഈശ്വരനോടുള്ള 'ഭക്തി' ഹിന്ദുസങ്കല്പത്തിലുണ്ടായിരുന്നില്ല, 'ഭക്തി' എന്ന പദത്തിനു പാണിനി കൊടുത്തിട്ടുള്ള അർത്ഥം വസ്തുക്കളോടോ ജീവികളോടോ ഉള്ള 'താല്പര്യം', 'പ്രീതി' എന്നു മാത്രമായിരുന്നു. ശ്വേതദ്വീപിൽ ഈശ്വരഭക്തിക്കു് തികച്ചും ഭിന്നവും അലൗകികവും ദിവ്യവും ആയ ഒരർത്ഥമാണു് അനാവരണം ചെയ്യപ്പെട്ടതു്. ആ അർത്ഥമാണു് പിന്നാലെ ഭഗവദ്ഗീത സ്വീകരിച്ചതും ഒരു ദർശനത്തിൻെറ കേന്ദ്രബിന്ദുവായിത്തീർന്നതും.

ഭഗവദ് അഥവാ വൈഷ്ണവ പ്രസ്ഥാനത്തെപ്പററി Gierson പറയുന്നു, ''അന്ധകാരത്തിൽ പെട്ടെന്നുണ്ടായ ഒരു ഇടിമിന്നൽപോലെയാണു് ഈ ആശയം വന്നതു്. എവിടെനിന്നാണു് വന്നതെന്നു് ഒരു ഹിന്ദുവിനും അറിഞ്ഞുകൂടാ. അതു് വന്നതിൻെറ കാലം നിർണ്ണയിക്കുവാനും ഒരുവനും കഴിവില്ല. എന്നാൽ അതു സംബന്ധിച്ചുള്ള കാലമറിയാവുന്ന എല്ലാ ഔദ്യോഗിക രേഖകളിലും നിന്നു് മനസ്സിലാകുന്നതു് അതിൻെറ ഉത്ഭവം ക്രിസ്ത്വാബ്ദത്തിനു വളരെ ശേഷമെന്നാണ്. ഈ പുതിയ ആശയത്തിൻെറ പേരാണു് ഭക്തി. ഇനി മുതൽ

36. Indian Historical Quarterly June 1931 P. 346.

www.malankaralibrary.com

മതം വിജ്ഞാനത്തിൻെറ സംഗതിയല്ല, വികാരത്തിൻേതാണ്''37. ഈ പുതിയ ആശയത്തിൻെറ ഉത്ഭവം ശ്വേതദ്വീപിൽ കണ്ട സുറിയാനിക്കുർബാനയിൽ നിന്നല്ലേ? ഭഗവദ്ഗീതയിൽ ഉടനീളം തിളങ്ങുന്നതു് ഭക്തി എന്ന ആശയമല്ലേ?

ജെ. കെന്നഡി ബാക്ട്രിയാസ്ഥലത്തു് ഉറച്ച മഞ്ഞുകട്ടയുള്ള ഇസ്സിക്-കുലം എന്ന തടാകമാണ് പാൽക്കടൽ എന്നഭിപ്രായപ്പെട്ടു. ഗാർബെ പറയുന്നതു്, അതിനടുത്തുള്ള ബാൽകാഷ് എന്ന മറെറാരു തടാകമെന്നാണ്. അന്നാട്ടുകാർ അതിനെ വിളിച്ചുപോരുന്നതു് അൽ-ഡെൻഗിസ് (Al-Dengis) അഥവാ പാൽക്കടൽ എന്നാണ്. അതിൻെറ തീരങ്ങളിൽ സുറിയാനി ക്രിസ്ത്യാനികൾ ആദ്യകാലം മുതലേ ഉണ്ടായിരുന്നു. അവിടെ സുറിയാനി ഭാഷയിൽ ലിഖിതങ്ങളുള്ള നൂറുക്കണക്കിനു ശവകുടീരങ്ങൾ കാണാം. ബർദസാനസ് (Bardesanes) മൂന്നാം നൂററാണ്ടിൻെറ ആരംഭത്തിൽ പറയുന്നതു് ആ സ്ഥലത്തു് ബ്രാഹ്മണരുണ്ടായിരുന്നുവെന്നാണ്. ശ്വേതദ്വീപു് കഥയുടെ ആധാരമായി ആ ഭാഗത്തു് സുറിയാനി ക്രിസ്ത്യാനികൾ ഉണ്ടായിരുന്നുവെന്നതിൽ തനിക്കു യാതൊരു സംശയവുമില്ല എന്നു് R. ഗാർബെ പറയുന്നു38.

## ഗോകുലകൃഷ്ണൻ

ഗോകുലകൃഷ്ണനെപ്പററി നമുക്കു കിട്ടുന്ന അറിവു് ഹരിവംശത്തിൽനിന്നാണ്. ഈ ഹരിവംശം ക്രിസ്തുവർഷം മൂന്നാം നൂററാണ്ടിൽ എഴുതപ്പെട്ടതാണെന്നു് ആർ. ജി. ബന്ധർക്കർ പറയുന്നു. ആറാം നൂററാണ്ടിലാണെന്നു് മററു ചിലരും. ഗോകുലകൃഷ്ണൻ മഹാഭാരതത്തിലുള്ളതല്ല. ഹരിവംശത്തിൽ നിന്നും എടുത്തതാണ്. ഡോക്ടർ ബന്ധർക്കറുടെ അഭിപ്രായത്തിൽ ഒന്നാം നൂററാണ്ടിലോ, രണ്ടാം നൂററാണ്ടിലോ, ഇന്ത്യയിൽ പ്രവേശിച്ച 'അഭീരന്മാർ' എന്നൊരു ദേശാന്തര ഗോത്രമുണ്ടായിരുന്നു. അവർ ഒരുപക്ഷേ ക്രിസ്ത്യാനികളായിരിക്കാം. അവരുടെ കൈവശം ക്രിസ്ത്യൻ ഗ്രന്ഥങ്ങളും അപ്പോക്രിഫലുകളും ഉണ്ടായിരിക്കാം. അവർ കന്നുകാലികളെ തീററി ഉപജീവനം കഴിച്ചിരുന്നവരായിരുന്നു. അവരിൽനിന്നാണ് ശ്രീകൃഷ്ണൻെറ കഥകൾ ഉത്ഭവിക്കുന്നതു്. അതിൽ പെട്ടതാണ്

37. Grierson Sir George, JRAS, 1907, P. 313.
38. P. 192.

www.malankaralibrary.com

ഉണ്ണിദേവനോടുള്ള ആരാധന. (ഉണ്ണിക്രിസ്തുവിനോടുള്ളതു് ഉണ്ണികൃഷ്ണനോടായി) എളിയ നിലയിലുള്ള ജനനം; അച്ഛൻ എന്നറിയപ്പെട്ടിരുന്ന ആം വളർത്തുപിതാവു് മാത്രം; കംസ ന്റെ ശിശുവധം മുതലായ കഥകൾ. ആർ. ജി. ബണ്ഡർക്കർ പറയുന്നു. ''ഇവരിൽക്കൂടെ ആയിരിക്കണം ക്രിസ്തുവിന്റെ കഥകൾ വാസുദേവ-കൃഷ്ണന്റെ കഥകളായിത്തീർന്നതു്. ബംഗാളിലും ഗോവയിലുമുള്ള ജനങ്ങളെല്ലാം കൃഷ്ണൻ എന്ന തിനുപകരം ക്രിസ്തുവെന്നാണു് പറയുന്നതു്. ഇപ്രകാരം അഭീ രന്മാർ കൊണ്ടുവന്ന ക്രിസ്തുമതത്തിലെ ക്രിസ്തു, സംസ്കൃതത്തി ലെ കൃഷ്ണനായിത്തീർന്നു''39. ഹരിവംശം എ. ഡി. 600-മാ ണ്ടിനടുത്താണു് എഴുതിയതെന്നു് E. W. ഹോപ്കിൻസ് പറ യുന്നു40. ഹരിവംശത്തിൽ ദെനാറിയസ് (denarius) എന്ന ഒരു ലത്തീൻവാക്കുണ്ടു്. അതിന്റെ അർത്ഥം നാണയമെന്നാണു്. അതുകൊണ്ടു് ഹരിവംശം അത്ര പുരാതന ഗ്രന്ഥമൊന്നുമല്ലെന്നു തെളിയുന്നു.

ജെ. കെന്നഡിയുടെ അഭിപ്രായത്തിൽ ക്രി. വ. 500 നടുത്തു്, മദ്ധ്യ ഏഷ്യയിൽനിന്നുംവന്ന ഗുജാറന്മാരാണു് ക്രി സ്തുവിന്റെ ശൈശവ-ബാല്യ-കൗമാരകഥകൾ ഇൻഡ്യയിൽ കൊണ്ടുവന്നു് കൃഷ്ണന്റേതാക്കി പ്രചരിപ്പിച്ചതു്41. ഇവർ പിടിച്ചെടുത്ത രാജ്യമാണു് ഗുജറാത്തു് ആയതു്.

ഇവയെ എല്ലാം വിമർശിച്ചുകൊണ്ടു് ആർ. ഗാർബെ പറ യുന്നതു്, ആറാം നൂററാണ്ടിൽ ഇൻഡ്യയിലുണ്ടായിരുന്ന സുറി യാനിക്രിസ്ത്യാനികളിൽനിന്നാണു് ക്രിസ്തുവിന്റെ ശൈശവ കഥകൾ ഇൻഡ്യയിൽ ലഭിക്കുകയും അങ്ങനെ അവ കൃഷ്ണ ന്റേതാക്കിത്തീർക്കുവാൻ അവസരം ലഭിക്കുകയും ചെയ്തതെന്നു മാണു്42.

മാർത്തോമ്മാക്രിസ്ത്യാനികളെപ്പററി പ്രമുഖ ചരിത്രകാര നായ K. A. നീലകണ്ഠശാസ്ത്രി പറയുന്നു:-''കേരളത്തിലെ സുറിയാനിക്രിസ്ത്യാനികൾ അവരുടെ സാമൂഹ്യാചാരങ്ങളി ലും ജാത്യാചാരങ്ങളിലും നായന്മാരെപ്പോലെതന്നെയാണു്.

---

39. R. G. Bhandarkar Ibid: P. 53.
40. E. W. Hofkins, Religious of India, 1894, P. 431.
41. The Child Krishna, Christianity and Gujars J R A S, 1907 P. 478-487.
42. P. 219.

www.malankaralibrary.com

അവരുടെ സഭയിലുണ്ടായിരുന്ന ജാതിബോധത്തിനു് എതിരായിട്ടു് തീവ്രമായി യുദ്ധം ചെയ്തെങ്കിലും അതുകൊണ്ടു് എന്തെങ്കിലും ഫലം ഉണ്ടായതായി തോന്നുന്നില്ല. ഹൈന്ദവസാഹിത്യത്തിലും ഹിന്ദുമതത്തിലുമുള്ള പല നല്ല കാര്യങ്ങൾക്കും നാം ആ ക്രിസ്ത്യാനികളോടാണു് കടപ്പെട്ടിട്ടുള്ളതു്. തെക്കെഇന്ത്യാക്കാരുടെ ബൈബിൾ എന്നറിയപ്പെടുന്ന ''തിരുക്കുറളും'' ഭഗവത്ഗീതയിലെ ''ഭക്തി'' പ്രസ്ഥാനവും ക്രൈസ്തവാശയങ്ങളുടെ സ്വാധീനഫലമാണെന്നു ചൂണ്ടിക്കാണിക്കപ്പെടുന്നു. എന്നാൽ ചിലർ അതു് അംഗീകരിക്കുന്നില്ല. ഈ പരസ്പരബന്ധത്തിന്റെ യഥാർത്ഥനില ഗ്രിയേർസൺ-ന്റെ വാക്കുകളിൽ ചുരുക്കിപ്പറയാവുന്നതാണു്: ''ക്രൈസ്തവതത്ത്വങ്ങൾ ഏററവും കൂടുതലായി സ്വാധീനിച്ചിട്ടുള്ളതു് തെക്കെ ഇന്ത്യയിലാണു്. ദൈവത്തിന്റെ പിതൃത്വവും മനുഷ്യന്റെ സാഹോദര്യത്വവും ഇന്നാട്ടിൽത്തന്നെയുള്ള ആശയങ്ങളാണെങ്കിലും (?) അവസ്ഥു് ആക്കവും ത്തുക്കവും കൂട്ടിയതു് ഭഗവദ്പ്രസ്ഥാനത്തിനു് മാർത്തോമ്മാക്രിസ്ത്യാനികളുടെ വിശ്വാസസത്യങ്ങൾ സൃഷ്ടിച്ച പ്രതികരണങ്ങളാണു്[43].

## ഭഗവദ്ഗീതയും സുറിയാനിസഭയും

ഹിന്ദുമതസാഹിത്യത്തിലെ അമൂല്യരത്നമാണു് ഭഗവദ്ഗീത. അനേകലക്ഷം ഹിന്ദുക്കളുടെ ആദ്ധ്യാത്മികശക്തിയുടെ ഉറവിടവുമാണു് ഗീത. ക്രിസ്ത്യാനികളുടെ പുതിയനിയമത്തിലുള്ളതെല്ലാം ഗീതയിലുണ്ടെന്നു് ചിലർ അവകാശപ്പെടുന്നു. അവർ രണ്ടിനെപ്പററിയുമോ, ഏതെങ്കിലും ഒന്നിനെപ്പററിത്തന്നെയുമോ വേണ്ടത്ര ജ്ഞാനമുള്ളവരെന്നു പറഞ്ഞുകൂടാ. ക്രിസ്തുവിന്റെ മനുഷ്യാവതാരം മററു മതാശയങ്ങളിൽനിന്നു് ഒററപ്പെട്ട നിഗൂഢരഹസ്യമായിത്തന്നെ നില്ക്കുന്നു.

ഭഗവദ്ഗീതയിൽ കാണുന്ന ക്രിസ്ത്യൻ സ്വാധീനത്തെപ്പററി വളരെ ഗ്രന്ഥങ്ങൾ പുറത്തിറങ്ങിയിട്ടുണ്ടു്. ഗീതയിലെ ചില ഭാഗങ്ങൾ യോഹന്നാന്റെ സുവിശേഷത്തിൽനിന്നുമുള്ള ഉദ്ധരണികളെപ്പോലെ കാണുന്നു. ഏതായാലും ഇവിടെ അതെപ്പററി ദീർഘമായ ചർച്ചയ്ക്കു് ഉദ്ദേശ്യമില്ല. R. ഗാർബെ പറയുന്നു, ''യൂറോപ്പിലെ പണ്ഡിതന്മാർ പറയുന്നതു് ഭഗവദ്ഗീതയിലെപ്പോലെ ഇത്ര ധാരാളമായ ക്രിസ്ത്യൻ

43. K. A. N. Sastri, Development of Religion in S. India, 1963, P. 76.

www.malankaralibrary.com

സ്വാധീനം മറ്റൊരു ഹിന്ദുഗ്രന്ഥത്തിലും കാണാനില്ല''44, ഗീതയും സുറിയാനിസഭയും ആയുള്ള ബന്ധം സ്ഥാപിക്കുന്നതു്, ഈ ക്രൈസ്തവസ്വാധീനത്തിൽ മാർത്തോമ്മാക്രിസ്ത്യാനികൾ പ്രത്യക്ഷമായോ പരോക്ഷമായോ മാദ്ധ്യമം വഹിച്ചുകൊണ്ടാണു്. പാശ്ചാത്യരുടെ ലത്തീൻസഭ ഇവിടെ കാര്യമായി പ്രവേശിക്കുന്നതു് ക്രി. വ. പതിനാറാം നൂററാണ്ടിനു ശേഷമാണു്. സുറിയാനിസഭയുടെ സ്വാധീനത്തോടുകൂടിത്തന്നെ വി. ക്രിസോസ്തോമും തിയോഡെററും (Theodoret) പറയുന്നതു് ക്രി. വ. മൂന്നോ നാലോ നൂററാണ്ടുകളോടുകൂടി ക്രൈസ്തവഗ്രന്ഥങ്ങൾ ഇൻഡ്യൻ ഭാഷകളിലേയ്ക്കു തർജ്ജമ ചെയ്തിട്ടുണ്ടെന്നാണു്.

ഭഗവദ്ഗീതയുടെ കർത്താവിനെയും കാലത്തെയും അതിന്റെ സംഗ്രഹത്തെയും സംബന്ധിച്ചിടത്തോളം അതു് ഒരു വിവാദഗ്രന്ഥമാണു്. പ്രഫ. H. C. റായി ചൌധരി പറയുന്നു, ''ഭഗവദ്ഗീത ബാഹ്യമായി ഒരു ലളിത ഗ്രന്ഥമായി തോന്നുമെങ്കിലും അതിന്റെ വ്യാഖ്യാതാക്കളെയും വിമർശകരേയും വളരെ അന്ധാളിപ്പിച്ചിട്ടുള്ള ഗ്രന്ഥമാണു്. ചിലർക്കു്, ആ ഗ്രന്ഥം പരസ്പര വൈരുദ്ധ്യം നിറഞ്ഞതാണു്: മററു ചിലക്കു് ഇതു് ഒന്നിനുമീതെ മറ്റൊന്നായി കണ്ടംവെച്ചുചേർത്തിട്ടുള്ളതാണു്. വേറെ ചിലക്കു് കേന്ദ്രതന്തു വ്യക്തമാണെങ്കിലും ആവർത്തനങ്ങളും വ്യതിയാനങ്ങളുംകൊണ്ടു നിറഞ്ഞതാണു്''45.

ഭഗവദ്ഗീത ഏതു കാലത്തെഴുതിയതാണെന്നു് പറയുവാൻ രാധാകൃഷ്ണനുൾപ്പെടെ ആർക്കും സാധിക്കുന്നില്ല. ബി. സി. അഞ്ചാം നൂററാണ്ടു മുതൽ എ. ഡി. ആറാം നൂററാണ്ടുവരെ ധാരാളം കൂട്ടിച്ചേർക്കലുകൾ നടന്നിട്ടുള്ള മഹാഭാരതത്തിൽ, അതിന്റെ മൂലതന്തുക്കളിൽ ഏതിന്റെയെങ്കിലും കാലനിർണ്ണയം ചെയ്യുക അസാദ്ധ്യമാണു്.

Garbe പറയുന്നു, 'ഭഗവദ്ഗീതയുടെ മൂലരൂപം നമുക്കറിഞ്ഞുകൂടാ. അതിന്റെ കാരണം മൗലികമായ പല കൂട്ടിച്ചേർക്കലുകളും ഭേദഗതികളും അതിൽ വന്നിട്ടുണ്ടു്. ഏകദൈവവാദവും ബഹുദേവവാദവും അതിൽ ഇണക്കിച്ചേർത്തിട്ടുണ്ടു് – അവ പരസ്പരവിരുദ്ധമാണെങ്കിലും ഇവയ്ക്കും പുറമേ സാംഖ്യാ–യോഗ തത്ത്വങ്ങളും ചേർത്തിട്ടുണ്ടു്. ഇവയിൽ സാംഖ്യയിൽ നിരീശ്വ

44. P. 222.
45. H. C. Ray Chaudhari, P. 54.



www.malankaralibrary.com

രത്വമാണ്; യോഗവിദ്യ മാനസികവികാസത്തിൻെറയും. ഭഗവദ്ഗീതയിലെ ചിന്താഗതി അങ്ങോട്ടുമിങ്ങോട്ടും ഉലഞ്ഞു ലക്ഷ്യം തെററി ആടിക്കൊണ്ടിരിക്കുന്നതിനാൽ, വായനക്കാർക്ക് ചിന്താക്കുഴപ്പം ഉണ്ടാക്കുന്നു'വെന്നു ഗാർബേ പറയുന്നു.

കൗരവ—പാണ്ഡവന്മാരുടെ യുദ്ധക്കളത്തിൽവച്ച് ശ്രീകൃഷ്ണൻ അർജ്ജുനനുപദേശിച്ചതാണ് ഭഗവദ്ഗീത എന്ന് രാധാകൃഷ്ണനുൾപ്പെടെ ആരും സമ്മതിക്കുന്നില്ല, അദ്ദേഹത്തിൻെറ അഭിപ്രായത്തിൽ, ''ഭഗവദ്ഗീതയുടെ കർത്താവായ കവി, ഗുരുവിനെ സ്വർഗ്ഗത്തിൽനിന്ന് വന്ന ദൈവം തന്നെ ആയി അവതരിപ്പിച്ചിരിക്കുന്നു''46. അത് ശ്രുതിയല്ല സ്മൃതി അഥവാ പാരമ്പര്യം എന്നാണ് രാധാകൃഷ്ണൻ പറയുന്നത്. Talboys wheeler പറയുന്നു ''കൗരവന്മാരുടേയും പാണ്ഡവന്മാരുടേയും സൈന്യങ്ങൾ ഇരുവശത്തും അണിനിരന്നു യുദ്ധാരംഭത്തിനുള്ള കാഹളം കേൾക്കാൻ ചെവി കൂർപ്പിച്ചു നില്ക്കുമ്പോൾ ശ്രീകൃഷ്ണനും അർജ്ജുനനും ആത്മമുക്തി സംബന്ധിച്ച എഴുന്നൂറു ശ്ലോകങ്ങളോളം വരുന്ന ദീർഘമായ താത്വികസംഭാഷണത്തിനു ഒരുമ്പെടുമെന്നു വിചാരിക്കുവാൻ യാതൊരു ന്യായവും കാണുന്നില്ല. Telang ഇതിനെ ഭാഗികമായി അംഗീകരിച്ചുകൊണ്ടു പറയുന്നത്, ഭഗവദ്ഗീത ഒരു സ്വതന്ത്രപദ്യമായി മറെറവിടെയോ ഉണ്ടായിരുന്നതാണെന്നും പിന്നാലെ മഹാഭാരതത്തോടു ചേർത്തതെന്നുമാണ്. ശ്രീകൃഷ്ണൻെറ ഈ ഗീതോപദേശത്തെ, ഗീതയുടെ പ്രസിദ്ധ വിവർത്തകനും വ്യാഖ്യാതാവുമായ Franklin Edgerton വിളിക്കുന്നത് "dramatic absurdity" നാടകീയഅസംബന്ധം എന്നാണ്47.

## ബുദ്ധമതത്തിൽ

ക്രിസ്തുമതഗ്രന്ഥങ്ങളും ബുദ്ധമതഗ്രന്ഥങ്ങളും തമ്മിൽ വളരെ സാദൃശ്യമുണ്ടെന്നു പറഞ്ഞുവല്ലോ. ബുദ്ധമതഗ്രന്ഥങ്ങൾക്ക് രണ്ടു വിഭാഗങ്ങളുണ്ട്, ഹീനയാനയുടേയും, മഹായാനയുടേയും ഗ്രന്ഥങ്ങൾ. ഇവയിൽ ആദ്യത്തേത് ദക്ഷിണബുദ്ധമതമെന്നും രണ്ടാമത്തേത് ഉത്തരബുദ്ധമതമെന്നും അറിയപ്പെടുന്നു. ആദ്യത്തെ കൂട്ടരുടെ മതഗ്രന്ഥങ്ങൾ പാലിഭാഷയിലും രണ്ടാമത്തവരുടെത് സംസ്കൃതത്തിലുമാണെഴുതിയിട്ടുള്ളത്. ഹീന

46. Dr. Radhakrishnan Vol. I, P. 521
47. Bhagavad Gita, 1925, P. 2.

www.malankaralibrary.com

യാന ഗ്രന്ഥങ്ങളിൽ ഈശ്വരനില്ല. ബുദ്ധൻ ഒരു ഗുരുനാഥനോ, അദ്ധ്യാപകനോ, വഴികാട്ടിയോ മാത്രം. അദ്ദേഹം പുനഃർജന്മശൃംഖലയിൽ നിന്നുള്ള മോചനത്തിനു മനുഷ്യനു വഴികാണിച്ചുകൊടുത്തു. പിന്നെയുള്ള ജീവിതത്തെപ്പററി ബുദ്ധൻ യാതൊന്നും പറയുന്നില്ല. നിർവ്വാണമെന്താണെന്നു തന്നെ അദ്ദേഹം വ്യക്തമാക്കുന്നില്ല. അദ്ദേഹം ലോകത്തോടു വിടവാങ്ങുമ്പോഠം പറയുന്നതു്, ''ഞാൻ പഠിപ്പിച്ച തത്ത്വങ്ങളും സ്ഥാപിച്ച സംഘവുമായിരിക്കും നിങ്ങളുടെ ഗുരു''വെന്നു് മാത്രമായിരുന്നു.

ഹീനയാനതത്ത്വങ്ങഠം സാധാരണ മനുഷ്യരെ ഒട്ടും തൃപ്തരാക്കിയില്ല. പഞ്ചേന്ദ്രിയബദ്ധമായ മതാനുഷ്ഠാനം അവക്കു വേണ്ടിയിരുന്നു. ഹീനയാനതത്ത്വങ്ങഠം അഭിലാഷങ്ങളുടെയെല്ലാം നിഷേധമാണു്. സാധാരണ മനുഷ്യരെ അതു് ദീർഘനാഠം തൃപ്തരാക്കുകയില്ല, പ്രത്യേകിച്ചും, അവരുടെ ചുററും വികാരങ്ങളെയും അഭിലാഷങ്ങളെയും ഉണത്തുന്ന മററു മതരൂപങ്ങളുള്ളപ്പോഠം. ക്രിസ്ത്വാബ്ദം രണ്ടാം നൂററാണ്ടിൻെറ ഉത്തരാദ്ധത്തിൽ മഹായാന ബുദ്ധമതം നാഗാജ്ജ്ജുനനോടുകൂടിയാണു് രൂപമെടുക്കുന്നതു്[48]. അതു് ബുദ്ധനെ ഈശ്വരാവതാരമാക്കിത്തീത്തു. തൽഫലമായി, ആരാധനകളും അർച്ചനകളും ആഘോഷങ്ങളും ഉടലെടുത്തു. സാധാരണക്കാരുടെ മാനസികവികാരങ്ങഠം തൃപ്തിയടഞ്ഞു.

മഹായാന ബുദ്ധമതത്തിൻെറ ഉത്ഭവത്തിൽ, പഞ്ചാബ്—സിൻഡ്ദേശങ്ങളിലെ മാത്തോമ്മാക്രിസ്ത്യൻ വിഭാഗത്തിൻെറ സ്വാധീനം വളരെ ഉണ്ടായിട്ടുണ്ടെന്നു് ഈ പുസ്തകത്തിൻെറ ഒന്നാം വാല്യം 210-ാം പേജ് മുതൽ 218-ാം പേജ് വരെ വിശദീകരിച്ചെഴുതിയിട്ടുണ്ടു്. മഹായാന ഗ്രന്ഥങ്ങളായ ലളിതവിസ്താരം (എ. ഡി. നാലാം നൂററാണ്ടു്) മഹാവസ്തു (എ. ഡി. അഞ്ചാം നൂററാണ്ടു്) ജാതകങ്ങഠം (എ. ഡി. ആറാം നൂററാണ്ടു്) മുതലായ ഗ്രന്ഥങ്ങളിലാണു് മേല്പറഞ്ഞ സാദൃശ്യങ്ങഠം കാണുന്നതു്.

ബുദ്ധമതത്തെപ്പററി ആധികാരികമായി സംസാരിക്കുവാൻ കഴിയുന്ന രമേശ്ദത്ത, ലളിതവിസ്താരത്തെപ്പററി പറയുന്നു, ''ഈ ഗ്രന്ഥം മിക്കവാറും നിപ്പാളിൽവച്ചു് ക്രിസ്തുവഷം രണ്ടോ, മൂന്നോ, നാലോ, ശതാബ്ദങ്ങളിലേതിലോ എഴുതിയി

48. Richard Garbe, P. 157.

www.malankaralibrary.com

ട്ടുള്ളവയായിരിക്കണം – അതിലുള്ള ഗാഥകൾക്ക് (അഭിസംബുദ്ധഗാഥ) കുറെക്കൂടി പഴക്കമുണ്ടെങ്കിലും49. റിച്ചാർഡ് ഗാർബേ പറയുന്നു, ''ലളിതവിസ്താരമാകട്ടെ മഹാവസ്തുവാകട്ടെ എ. ഡി. 200 നു് മുമ്പ് എഴുതപ്പെട്ടിട്ടുള്ളവയല്ല''50.

ഇവ കൂടാതെ നാം മറെറാരു കാര്യവുംകൂടി ഓർക്കേണ്ടതുണ്ട്. മാക്സ്മുള്ളർ ചൈനയിലെ സുറിയാനിസഭയേയും ബുദ്ധമതത്തേയുംപററി പ്രസ്താവിക്കുമ്പോൾ, അവർ അതീവ സാഹോദര്യത്തോടുകൂടി വർത്തിച്ചിരുന്നുവെന്നും ബുദ്ധമതഗ്രന്ഥങ്ങൾ തർജ്ജമ ചെയ്യുന്നതിലും അവയ്ക്കു ഭാഷ്യമെഴുതുന്നതിലും സുറിയാനി സഭാംഗങ്ങൾ അവരോടു് സഹകരിച്ചുവെന്നും പറയുന്നുണ്ട്51. ഈ പശ്ചാത്തലത്തിൽ ക്രൈസ്തവഗ്രന്ഥങ്ങളിലെ ചില ഭാഗങ്ങൾ ബുദ്ധമതഗ്രന്ഥങ്ങളിൽ കടന്നുകൂടിയതു് എങ്ങനെയാണെന്നു് മനസ്സിലാക്കാൻ എളുപ്പമാണ്. സാദൃശ്യങ്ങൾ പലതുണ്ടെങ്കിലും പ്രധാനപ്പെട്ടതുമാത്രമേ ഇവിടെ പ്രസ്താവിക്കുന്നുള്ളു.

(1) ബുദ്ധന്റെ ജനനം അത്ഭുതകരമാംവിധം പുരുഷസംബന്ധം കൂടാതെയാണ്. സ്വർഗ്ഗത്തിലിരുന്ന ബോധിസത്വൻ ബുദ്ധനായിട്ടു ജനിക്കുവാൻ തീരുമാനിച്ചപ്പോൾ ദേവന്മാർ അതു് വിളംബരപ്പെടുത്തി. ബുദ്ധന്റെ അമ്മയായ മായാദേവി നിദ്രചെയ്യുമ്പോൾ ബോധിസത്വൻ ഒരു വെള്ളാനയുടെ രൂപമെടുത്തു് തുമ്പിക്കൈയ്യിലൊരു താമരപ്പൂവുമായി മായായുടെ കട്ടിലിനു ചുററും മൂന്നു പ്രദക്ഷിണം വച്ചശേഷം അവളുടെ ഉദരത്തിൽ പ്രവേശിച്ചു. ബുദ്ധന്റെ ജനനത്തിൽ വളരെ അത്ഭുതങ്ങൾ നടന്നു. അദ്ദേഹം ജനിച്ചയുടനെ പ്രസംഗിക്കുവാൻ തുടങ്ങി. ഈ കഥകളൊന്നും ഹീനയാന ബുദ്ധമതഗ്രന്ഥങ്ങളിലോ ക്രിസ്തുവിനു മുമ്പുള്ള മറേറതെങ്കിലും ബുദ്ധമതഗ്രന്ഥങ്ങളിലോ കാണുന്നില്ല.

R. A. Garirazboy, പറയുന്നു ബുദ്ധന്റെ ജനനകഥ പുരാതന ഗ്രീസ്സിലെ ''അപ്പോളോ'' ദേവന്റെ കഥയുമായി സാമ്യമുണ്ടെന്നു്. ജനനദേവിയായ Eilethyia (എയിലേത്യാ) ഒരു പനമരം ചുററിപ്പിടിച്ചപ്പോൾ അപ്പോളോ ദേവൻ ലോകത്തിലേയ്ക്കു എടുത്തുചാടിയെന്നാണു് ആ കഥ. അതുപോലെ

49. Budhism and Budhist Civilisation, 1983, P. 8.

50. P. 174.

51. Max Muller, Last Essays P. 309.

www.malankaralibrary.com

ഗൗതമന്റെ അമ്മയായ മായാദേവി 'പടാശ' (Butea Forndosa) മരത്തിൽ പിടിച്ചപ്പോൾ ഗൗതമനെ പ്രസവിച്ചു. ഈ കഥ ക്രിസ്തുവിന്റെ ശൈശവകഥയിൽനിന്നും എടുത്തതാകാനാണു് വഴിയുള്ളതു്. ഗർഭിണിയായ മറിയം പനമരത്തിന്റെ ചുവട്ടിൽ വന്നപ്പോൾ അതിന്റെ ശിരസ്സു് ചായിച്ചുനിന്നുവെന്നാണു് ആ കഥ. (Apocryphal Gospel of Infancy) മറിയവും ബുദ്ധന്റെ അമ്മയായ മായാദേവിയും അത്ഭുതകരമായിട്ടാണു് ഗർഭം ധരിക്കുന്നതു്. പ്രസവശേഷവും അവർ കന്യകമാരായിരുന്നു. ഈ കഥ 'ലളിതവിസ്താര' (എ. ഡി. നാലാം നൂററാണ്ടു്) എന്ന ഗ്രന്ഥത്തിൽ കാണുന്നുണ്ടു്. ഇവയുടെകൂടെ ക്രിസ്തുവിനേയും ബുദ്ധനേയും ദേവാലയത്തിൽ കൊണ്ടുചെല്ലുമ്പോൾ അവിടെ ഉണ്ടായിരുന്ന വിഗ്രഹങ്ങൾ മറിഞ്ഞു് താഴെ വീണു എന്നുള്ളതു് അപ്പോക്രിഫൽ കഥയുമായി സാമ്യമുള്ളതാണെന്നു് പ്രസ്താവിച്ചിട്ടുണ്ടു്52. ബുദ്ധമതകഥകൾ ക്രിസ്തുബ്ദത്തിലെ പിന്നിട്ട നൂററാണ്ടുകൾക്കുശേഷം കാണപ്പെടുന്നതുകൊണ്ടു് അവ ക്രിസ്തുമതഗ്രന്ഥത്തിൽനിന്നും കടംവാങ്ങിയതാണെന്നു വിചാരിക്കുവാനാണു് ന്യായമുള്ളതു്.

.... മാതാവിന്റെ ഗർഭത്തിൽവച്ചുതന്നെ ബുദ്ധൻ ഉജ്ജ്വലഗോളംപോലെ പ്രകാശിച്ചിരുന്നു. ശ്രീകൃഷ്ണനെപ്പററിയും ഇതുപോലൊരു കഥയുണ്ടു്. ഈ കഥയുടെ ഉത്ഭവം മത്തായിയുടെ അപ്പോക്രിഫൽ സുവിശേഷത്തിൽ ക്രിസ്തുവിനെപ്പററി ഉള്ളതാണു്.

.... ശിശുവായ ക്രിസ്തുവിനെ ദേവാലയത്തിൽവച്ചു് വൃദ്ധനായ ശെമയോൻ കൈയ്യിലെടുത്തു പ്രവചിച്ചതുപോലെ വൃദ്ധനായ അസീത എന്ന താപസൻ ശിശുവായ ഗൗതമനെ കൈയ്യിലെടുത്തു ലോകമെല്ലാം ധമ്മം പ്രചരിപ്പിക്കുമെന്നു് പ്രവചിക്കുന്നു.

.... ബുദ്ധൻ തന്റെ മതം പ്രസംഗിക്കുന്നതിനു്മുമ്പു് 'മാര' എന്ന പിശാചു് മൂന്നു പ്രാവശ്യം പരീക്ഷിക്കുന്നുണ്ടു്. ബുദ്ധനെ പരീക്ഷിച്ച പിശാചു് ബുദ്ധനോടു് ഹിമാലയപവ്വതം സ്വർണ്ണമാക്കുവാൻ ആവശ്യപ്പെട്ടു....

.... ബാലനായ ഗൗതമൻ പണ്ഡിതസദസ്സിൽ പ്രത്യക്ഷപ്പെട്ടപ്പോൾ അദ്ദേഹത്തിനു് 64 ഭാഷകൾ അറിയാമായിരുന്നു....

52. J. Kenndy JRAS 1917, P. 512-14.

www.malankaralibrary.com

.... കിണററിന്റെ കരയിൽവച്ച് ക്രിസ്തു ശമറായക്കാരി സ്ത്രീയോട് വെള്ളം ചോദിച്ചതുപോലെ കിണററിൻ കരയിൽവച്ചുതന്നെ ബുദ്ധൻ ചണ്ഡാലസ്ത്രീയോട് വെള്ളം ചോദിക്കുന്നു.

ബുദ്ധമതഗ്രന്ഥത്തിലുള്ളതാണ് ധൂർത്തപുത്രന്റെ കഥ. കൈനിറയെ പണവുമായി വീടുവിട്ടുപോയ മകൻ തെരുവുതെണ്ടിയായി മടങ്ങിവരുന്ന ഈ കഥ എ. ഡി. രണ്ടാം നൂററാണ്ടിനു ശേഷമെന്നു തറപ്പിച്ചു പറയുന്ന ''സദ്നിയമങ്ങളുടെ താമര'' എന്ന ബുദ്ധമതഗ്രന്ഥത്തിലാണ് കാണുന്നത്. വെള്ളം വീഞ്ഞാക്കിയ കഥ 'രസവാഹിനി' എന്ന ബുദ്ധമതഗ്രന്ഥത്തിലാണ്. ഇതു് ആധുനികകാലത്തു് പാലി ഭാഷയിൽ എഴുതിയ ഗ്രന്ഥമാണെന്നു ഗാർബേ പറയുന്നു[53]. മഹായാന ബുദ്ധമതത്തിന്റെ ഏഴും എട്ടും നൂററാണ്ടുകളിലെ ഗ്രന്ഥങ്ങളിലും മനുഷ്യരായ മത്സ്യങ്ങളെ പിടിക്കുന്ന മീൻപിടുത്തക്കാരനായിട്ടാണ് ബുദ്ധനെ വിവരിച്ചിരിക്കുന്നതു്. ചൂണ്ടക്കോലുമായി നില്ക്കുന്ന ബുദ്ധന്റെ ചിത്രങ്ങളും പ്രതിമകളും ഉണ്ടു്[54]. ഒരു ശിശുവിന്റെ മാതൃത്വം അവകാശപ്പെടുന്ന രണ്ടു സ്ത്രീകൾ സോളമൻ രാജാവിന്റെ മുമ്പിലെത്തിയല്ലോ. അതുപോലൊരു കഥ ടിബററൻ ജാതകങ്ങളിലുണ്ടു്. ബുദ്ധമതം ഉണ്ടാകുന്നതിനു ശതവർഷങ്ങൾക്കു മുമ്പുള്ള പഴയനിയമത്തിലെ ഒരു കഥയാണതു്.

## ബുദ്ധമതത്തിലെ ജാതകകഥകൾ

ബുദ്ധജാതകകഥകളിൽ ഒരു ഭാഗം മുകളിൽ പ്രസ്താവിച്ച ക്രൈസ്തവ – ബുദ്ധസാദൃശ്യങ്ങളാണ്. നിദാനകഥകൾ എന്നു പറയുന്ന അവതാരികകളിലാണ് ഇവ അധികവും കാണുന്നതു്. എന്നാൽ ഇവയുടെ കാലം എ. ഡി. അഞ്ചാം നൂററാണ്ടാണെന്നു് ഗാർബേ പറയുന്നു.

ബുദ്ധൻ മുപ്പത്തിരണ്ടു അത്ഭുതകരമായ രോഗശാന്തികൾ നടത്തിയിട്ടുണ്ടു് .... ക്രിസ്തുവിനെപ്പോലെ രൂപാന്തരപ്പെട്ടിട്ടുണ്ടു് .... അഞ്ഞൂറുപേരെ ഒരു ചെറിയ അപ്പംകൊണ്ടു് തൃപ്തരാക്കി .... ബുദ്ധന്റെ ഒരു ശിഷ്യൻ വെള്ളത്തിനുമീതെ നടന്നു്, കുറച്ചുകഴിഞ്ഞപ്പോൾ താണുപോയി .... ബുദ്ധന്റെ ഒരു ശിഷ്യ

53. R. Garbe P. 46.
54. Garbe, P. 174.

www.malankaralibrary.com

നായ ദേവദത്തൻ തൻെറ ഗുരുവിനെ കൊല്ലുവാൻ മുപ്പതു കൊലയാളികളെ ഏർപ്പാടു ചെയ്തു. എന്നാൽ അവർ ബുദ്ധനെ കണ്ടപ്പോഠം നിലംപതിച്ചു .... ക്രിസ്തു ജെറുസലേം ദേവാലയത്തിൽ പ്രവേശിച്ചതുപോലെ ബുദ്ധനും സ്വന്തം നഗരത്തിലേയ്ക്കു ആഘോഷപൂർവ്വമായ വരവേല്പുണ്ടായി .... ബുദ്ധൻ മരിക്കുമ്പോഠം ഭൂകമ്പം ഉണ്ടായി .... ഗൗതമൻ നാല്പത്തി ഒൻപതു ദിവസം നൊയമ്പ് നോററു. ജാതകകഥകളെ സംബന്ധിച്ചിടത്തോളം അവ ബോധിസത്വൻ വിവിധ ജന്മങ്ങളിൽ നല്കിയിട്ടുള്ള സൂക്തങ്ങളാണ്. സൂക്തങ്ങഠം എഴുതിയിട്ടുള്ള പ്രാചീനഭാഷകളിലും കഥകഠം ആധുനികഭാഷയിലും. സൂക്തങ്ങളോടു് ചേർത്തു് ചെറിയ കഥകളും കാണും. ഇവ തമ്മിലുള്ള ബന്ധം ചുരുക്കമാണ്. മൂലഭാഗം സിംഹളഭാഷയിൽ എഴുതിയതും A. D. 430–ൽ അശ്വഘോഷൻ പാലിഭാഷയിലേയ്ക്കു് തർജ്ജമ ചെയ്തിട്ടുള്ളവയുമാണ്. ആ മൂല തർജ്ജമ നഷ്ടപ്പെട്ടുപോയിരിക്കുന്നു. ഈ കഥകഠംക്കു് നിദാന കഥകളെന്നാണ് പറയുന്നതു്. 1895–ൽ E. V. Cowell ജാതക കഥകഠം ഇംഗ്ലീഷിലേയ്ക്കു് തർജ്ജമ ചെയ്തു. അതിൽ അദ്ദേഹം നിദാനകഥകളെപ്പററി പറയുന്നു, ''ചരിത്രപരമായി എനിക്കു് ഈ കഥകളിൽ യാതൊരു വിശ്വാസവുമില്ല''. ജാതക കഥകളധികവും പല നാട്ടിലെ നാടോടി കഥകളാണ് – കേട്ടതും, കണ്ടതുമെല്ലാം. ഈ കഥകളിലാണ് ക്രിസ്തുവിൻെറ ചില സുവിശേഷഭാഗങ്ങഠം വരുന്നതു്[55].

55. E. V. Cowell, Jathakas Vol. I, P. VII.

www.malankaralibrary.com

## നാല്പത്തിരണ്ടാം അദ്ധ്യായം

# മേഘപടലങ്ങളും പ്രകാശവീചികളും

ഈ രണ്ടു വാല്യങ്ങളിലും കാണുന്നതു് ഏഷ്യയിലെ മാർത്തോമ്മാസഭകളെ അന്വേഷിച്ചും അറിഞ്ഞും ഉള്ള രണ്ടായിരം കൊല്ലത്തെ ചരിത്രത്താളുകളിലൂടെയുള്ള പര്യടനമാണു്. ഇരുപതാം നൂററാണ്ടു് ആരംഭിക്കുമ്പോഴ്, 27 മെത്രാപ്പോലീത്താമാരോടും 200–ൽ പരം മെത്രാന്മാരോടുംകൂടി ഏഷ്യാമുഴവനും വ്യാപിച്ചിരുന്ന മഹാവിശാല മാർത്തോമ്മാസഭകൾ ചുരുങ്ങി ച്ചുരുങ്ങി കേരളത്തിൽ മാത്രമായി ഒതുങ്ങിനില്ക്കുന്ന വ്യസനകരമായ കാഴ്ചയാണു്. അനേകായിരം രക്തസാക്ഷികളേയും പുണ്യവാന്മാരേയും വളരെ സഭാപിതാക്കന്മാരേയും നല്കിയ ഈ വിശാലസുറിയാനിസഭ ഈ പരിണാമത്തിലെത്തിയതിന്റെ രഹസ്യം സർവ്വജ്ഞനായ ദൈവത്തിനു മാത്രമേ അറിഞ്ഞുകൂടൂ.

എന്നാലും ക്രൈസ്തവസഭാചരിത്രത്തിൽ കേരളത്തിലെ മാർത്തോമ്മാസഭയ്ക്കു് നിസ്തുലമായ പൈതൃകത്തിന്റെയും പാരമ്പര്യത്തിന്റെയും വിശിഷ്ടമായ ഒരു അദ്ധ്യായമുണ്ടു്. അതിൽപ്പെടുന്ന പ്രധാനപ്പെട്ടവയാണു് താഴെപ്പറയുന്നവ. (1) ക്രിസ്തുവിന്റെ പന്ത്രണ്ടുശിഷ്യന്മാർ സ്ഥാപിച്ച സഭകളിൽ ഇന്നോളം സത്യവിശ്വാസത്തിൽ നിലനിന്നിട്ടുള്ള സഭകൾ, റോമിലെ പത്രോസിന്റെയും ഇന്ത്യയിലെ തോമ്മായുടെയും സഭകൾ മാത്രമാണു്. (2) ശ്ലീഹന്മാരുടെ കബറിടങ്ങളിൽ, പത്രോസിന്റെ റോമിലേയും തോമ്മായുടെ മൈലാപ്പൂരേയും സമാധിസ്ഥലങ്ങൾക്കുമാത്രമേ അനുസ്യൂതമായ ചരിത്രമുള്ളൂ. (3) കേരളത്തിലെ മാർത്തോമ്മാക്രിസ്ത്യാനികളുടെ പാരമ്പര്യവും സംസ്കാരവും വിശാല ഭാരതസംസ്കാരത്തിന്റെ ഉത്തമാംശങ്ങൾ ഉൾക്കൊള്ളുന്നതാണു്. (4) ഇന്ത്യയിലെ ബ്രാഹ്മണസമുദായത്തെപ്പോലെ വിജ്ഞാനത്തിലും സാമൂഹ്യസ്ഥാനങ്ങളിലും ഉദ്യോഗങ്ങളിലും മുന്നണിയിൽ നിന്നിട്ടുള്ള സമുദായമാണു് മാർത്തോമ്മാക്രിസ്ത്യാനികളുടേതു്. (5) വിദേശദുർഭരണത്തിനെതിരായി നാനൂറുകൊല്ലം നിർഭയമായും

www.malankaralibrary.com

വീരോചിതമായും പോരാടിയ ചരിത്രം സമുദായത്തിന്റെ പൈതൃകത്തിനു് ഒരു മുതൽക്കൂട്ടായിത്തീർന്നുവെന്നു മാത്രമല്ല, രാഷ്ട്രീയസ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള പോരാട്ടത്തിനു് വഴി കാട്ടിയുമായി ഭവിച്ചു.

## പരിവർത്തനവും പ്രതിസന്ധിയും

### i) ഭരണസ്വാതന്ത്ര്യം

നാനൂറുകൊല്ലത്തെ പീഡനങ്ങൾക്കും കഷ്ടതകൾക്കും ശേഷം റോമ്മാസിംഹാസനം കേരളസഭയുടെ വ്യക്തിത്വത്തെ അംഗീകരിച്ചു. അതിന്റെ ഫലമാണു് സുറിയാനിക്കാരെ വേർതിരിച്ചു് കോട്ടയവും തൃശ്ശൂരും ആസ്ഥാനമാക്കി രണ്ടു മെത്രാന്മാരെ നല്കിയതു്. അവർ ലത്തീൻ റീത്തിൽപ്പെട്ടവരായിരുന്നതു് ഒരു പരീക്ഷണഘട്ടത്തെക്കുറിക്കുന്നതായിരുന്നു. വിളംബമെന്യേ, ആ രണ്ടു വികാരിയാത്തുകളുടെ സ്ഥാനത്തു് ചങ്ങനാശ്ശേരി, എറണാകുളം, തൃശ്ശൂർ എന്നു മൂന്നും, പിന്നാലെ കോട്ടയം പുനരുദ്ധരിച്ചുകൊണ്ടു് നാലും വികാരിയാത്തുകളായി. വികാരിയാത്തുകൾ ഭരണസംവിധാനത്തിൽ താല്ക്കാലികങ്ങളും അപൂർണ്ണങ്ങളുമാണു്. ഇവയെ പരിഹരിച്ചുകൊണ്ടു് 1924 നവമ്പർ 15-ാംനു- സീറോ-മലബാർ സഭയെ ഒരു വൈദികസംസ്ഥാനമായി ഉയർത്തി. കത്തോലിക്കാസഭയിലെ മറ്റേതു വൈദികസംസ്ഥാനത്തിനുമുള്ള അവകാശങ്ങൾക്കും അപദാനങ്ങൾക്കും കേരളസഭ അർഹയായി. കേരളത്തിലെ അപ്പസ്തോലികസഭയെ സംബന്ധിച്ചിടത്തോളം ഇതു് കേവലം ഭാഗികമായ സ്വാതന്ത്ര്യവും വിജയവും മാത്രമേ ആയിരുന്നുള്ളു.

### ii) സഭയുടെ അംഗീകരണം

വളരെ ശതാബ്ദങ്ങളോളം മാർത്തോമ്മാക്രിസ്ത്യാനികളെ ഒററക്കെട്ടായി, ഒരു സമുദായമായി, ഒരു സഭയായി നിലനിർത്തിപ്പോന്നതു് അവരുടെ റീത്തു് അഥവാ ആരാധനാക്രമങ്ങളാണു്. സാമൂഹ്യാചാരങ്ങൾ അവർക്കും സവർണ്ണഹിന്ദുക്കൾക്കും ഒരുപോലെ ആയിരുന്നതുകൊണ്ടു് അതിനു് വ്യതിരിക്തസ്വഭാവം ഉണ്ടായിരുന്നില്ല. മെത്രാന്മാരുടെ അഭാവത്തിൽ സംയോജിപ്പിക്കുന്ന അധികാരവും ചിലപ്പോൾ ഉണ്ടാകാതിരുന്നിട്ടുണ്ടു്. അതുകൊണ്ടു് സമുദായത്തിന്റെ കെട്ടുറപ്പിന്റെ ആധാരശില ''തോമ്മായുടെ പ്രമാണം'' എന്നു വിളിച്ചിരുന്ന ആരാധനാക്രമമാണു്.

www.malankaralibrary.com

പോർച്ചുഗീസുകാർ വന്നശേഷമുള്ള ആദ്യഘട്ടത്തിൽ അവർ സുറിയാനിറീത്തു് അംഗീകരിച്ചുള്ള നിലപാടാണു് എടുത്തതു്. അതിനുശേഷം ആരാധനാക്രമത്തിലുള്ള ഐകരൂപ്യം ഒരു രാഷ്ട്രീയാവശ്യമായി അവർക്കു തോന്നി. അന്നുമുതലാണു് പോർച്ചുഗീസുകാരും കേരളസഭയുമായുള്ള സംഘട്ടനം ആരംഭിക്കുന്നതു്. അതു മൂർദ്ധന്യത്തിലെത്തുന്നതു് ഉദയംപേരൂർ സൂനഹദോസിൽവച്ചു് മെനസീസു് മെത്രാപ്പോലീത്താ സുറിയാനി റീത്തിനെ വെട്ടിമുറിച്ചു് വികലവും വികൃതവും ആക്കി, ലത്തീൻറീത്തിനു് അനുരൂപമാക്കുവാൻ ശ്രമിച്ചപ്പോഴാണു്. 1599–മുതൽ 1896–വരെ നമ്മുടെ സഭ ലത്തീനീകരണത്തിൻെറ സമ്മർദ്ദത്തിൽ കഴിയുകയായിരുന്നു. എന്നാൽ സ്വന്തം റീത്തിലുള്ള മെത്രാന്മാരെ കിട്ടിയതോടുകൂടി സീറോ–മലബാർസഭ തൻെറ സ്വന്തം പാരമ്പര്യത്തിൻെറ തനിമയിലേയ്ക്കും അതിൻെറ സ്വാതന്ത്ര്യത്തിലേയ്ക്കും മടങ്ങിവന്നു. എന്നാൽ ഇരുപതാം നൂററാണ്ടിലെ അതിൻെറ ചരിത്രത്തിലെ ഏററവും ദുർഭഗഭാഗം ഇക്കഴിഞ്ഞ രണ്ടു മൂന്നു ദശവഷങ്ങളായി കേരളസഭയ്ക്കുണ്ടായിരുന്ന നിർഭാഗ്യ നേതൃത്വമാണു്. തന്മൂലം കേരളസഭയുടെ സുരക്ഷിതത്വത്തിനും പുരോഗതിക്കും ഉള്ള പല മാർഗ്ഗങ്ങളും അടഞ്ഞുപോയി എന്നു പറയുന്നതിനെക്കാൾ അടച്ചുകളഞ്ഞു എന്നു പറയുന്നതാണു് യുക്തം. അത്രത്തോളം ആ നേതൃത്വം ദൈവത്തിൻെറയും സഭയുടെയും മുമ്പാകെ പ്രതിക്കൂട്ടിലാണു്.

## മേഘലപടലങ്ങൾ

## സഭാനേതൃത്വം

പാരമ്പര്യസിദ്ധമായ സംസ്ക്കാരവും മനോപക്വതയും വിവേകത്തിൻെറ വിവേചനാശക്തിയും ഭാവനയുടെ പ്രായോഗികബുദ്ധിയും ഏതൊരു നേതൃത്വത്തിനും കൂടിയേതീരൂ. പാരമ്പര്യമില്ലാത്തവർക്കു് പക്വതയുടേയും വിവേകമില്ലാത്തവർക്കു് വിവേചനയുടേയും ഭാവനയില്ലാത്തവർക്കു് പ്രായോഗികതയുടേയും പ്രശ്നങ്ങൾ ഉണ്ടാകുന്നില്ലെന്നു സ്പഷ്ടം. സഭാനേതൃത്വത്തിൻെറ ദുരന്തപരാജയത്തിൻെറ പ്രധാന ഹേതു അജ്ഞതയാണു്. അതിൻെറയും കാരണം പാരമ്പര്യത്തിൻെറ അഭാവമാണു്. ഒരു സമുദായത്തിൻെറ അഥവാ കുടുംബത്തിൻെറ പാരമ്പര്യം ഒരു പഠനക്കളരിയും സ്വഭാവരൂപവൽക്കരണത്തിലെ പ്രധാന ഘടകവുമാണു്. കേരളസഭാപാരമ്പര്യത്തിൻെറ നട്ടെല്ലാണു് 'തോമ്മായുടെ പ്രമാണം' എന്നറിയപ്പെ

www.malankaralibrary.com

ടുന്നതു്. രണ്ടായിരം കൊല്ലത്തെ എല്ലാ പ്രതികൂലസാഹചര്യങ്ങളേയും അതിജീവിച്ചു് അതിശക്തമായിരുന്ന വിദേശമേധാവിത്വത്തോടു നാനൂറു കൊല്ലം സമരംചെയ്തു് അതിനെ തോല്പിച്ചു് വിജയമകുടമണിയിച്ചതു് തോമ്മായുടെ പ്രമാണമാണെന്നുള്ളതു് കേരളസഭാചരിത്രത്തിന്റെ ഹരിശ്രീയാണു്. അത്രപോലും അറിയാത്തവർ നേതൃസ്ഥാനത്തു എത്തുന്നതു് സഭയ്ക്കും സമുദായത്തിനും ഒരു ശാപമായിരിക്കും. ആ ശാപത്തിന്റെ പല രൂപങ്ങളും ഭാവങ്ങളും ഇന്നും സഭയിൽ കാണാനുണ്ടു്.

ലത്തീൻഭരണത്തിന്റെ അടിമത്തത്തിൽ ജീവിച്ചിരുന്ന കാലത്തു് നമ്മുടെ വൈദികാർത്ഥികൾക്കു കിട്ടിയിരുന്ന ശിക്ഷണവും ബോധനവും ലത്തീൻമുറയനുസരിച്ചായിരുന്നു. പൌരസ്ത്യസഭകളും അവരുടെ ആരാധനാക്രമവും ദൈവശാസ്ത്രവും കത്തോലിക്കാസഭയുടെ കൌതുകാഗാരത്തിലെ പ്രദർശനവസ്തുക്കളായിട്ടാണു് (museum pieces) കരുതപ്പെട്ടിരുന്നതു്. ഇൻഡ്യയുടെ ഡെലിഗേററും പ്രൊപ്പഗാന്താസംഘത്തിന്റെ അദ്ധ്യക്ഷനമായിരുന്ന കർദ്ദിനാൾ ഫ്യൂമസോണി ബിയോണ്ടി ഈ അഭിപ്രായം ഒരിക്കൽ പ്രകടിപ്പിക്കുകയുണ്ടായി. ലത്തീൻ അന്തരീക്ഷത്തിൽ ലത്തീൻ ബോധനങ്ങൾമാത്രം ലഭിക്കുകയും പാശ്ചാത്യസഭയുടെ പ്രൌഢിയിലും പ്രതാപത്തിലും ആഡംബരാലങ്കാരങ്ങളിലും വിഭ്രമിക്കുകയും ചെയ്തിട്ടുള്ളവക്കു് തങ്ങളുടെ മാതൃസഭയായ സീറോ-മലബാർ സഭയോടു വേണ്ടത്ര സ്നേഹവും ബഹുമാനവും ഉണ്ടാകാൻ ഇടയില്ല. ഉപരിപ്ളവമായ തിളക്കംകണ്ടും കിലുക്കംകേട്ടും ഭ്രമിക്കുക, ശൈശവചാപല്യമാണു്. അതിനും നമ്മുടെ നേതൃത്വം വിധേയമായിട്ടുണ്ടോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു.

നേതൃത്വത്തിന്റെ ദൌബ്ബല്യത്തിൽ വന്നുകൂടുന്ന മറെറാരു വിപത്തുണ്ടു്—അതാണു് അധികാരലഹരി. അജ്ഞതയും അധികാരലഹരിയുംകൂടി ഒത്തുചേന്നാൽ വാളെടുത്തു പുറത്തു ചാടിയ ഭ്രാന്തനേർറതായിരിക്കും ഫലം: അഥവാ വാനരസ്യ സുരാപാനംപോലെയെങ്കിലുമുള്ള ചാപല്യങ്ങൾ.

ഇന്നു്, ഈ നാട്ടിൽ വൈദികവിദ്വേഷം വളത്തുന്നതു് വൈദികഭരണത്തിന്റെ അജ്ഞതയും അധികാരലഹരിയും തമ്മിലുള്ള വേഴ്ചയാണു്. ജനങ്ങൾ പലപ്പോഴും വൈദികരെക്കാൾ പ്രബുദ്ധരും വിജ്ഞാനികളും ആണു്. ജനങ്ങളെ കവിഞ്ഞ പ്രബുദ്ധതയും വിജ്ഞാനവും വൈദികക്കുവേണ്ട

www.malankaralibrary.com

കാലഘട്ടമാണിതു്. അതിലുപരി, വിനയബോധവും. നമ്മുടെ അജ്ഞതയും കഴിവുകേടും മറക്കാൻ അധികാരഖഡ്ഗമാണു് കയ്യിലെടുക്കുന്നതു്. ഇതു് അധികാരത്തിന്റെ ആത്മഹത്യയ്ക്കു വഴിതെളിക്കുകയേ ഉള്ളു. ചരിത്രം പഠിപ്പിക്കുന്ന പാഠമാണിതു്. സഭാധികാരവുമായി സാധാരണ പൊരുത്തപ്പെടാറുള്ളതല്ല, പുണ്യവും പാണ്ഡിത്യവും. ഗലീലിയോ മുതലുള്ള പാരമ്പര്യം പാണ്ഡിത്യത്തെ നിഷേധിക്കുന്നതാണു്. ഫ്യൂഡലിസത്തിന്റെ ചട്ടക്കൂട്ടിൽ വാർത്തെടുത്ത സഭാഭരണം ഭൗതികപ്രലോഭനങ്ങളുടെ ചുഴിയിൽപ്പെട്ടു് എല്ലാ പുണ്യഭാവങ്ങളേയും വെല്ലുവിളിച്ചുകൊണ്ടുനില്ക്കുന്നു. പ്രസിദ്ധ ചരിത്രശാസ്ത്രജ്ഞനായ ആക്റ്റൺപ്രഭു പറഞ്ഞതാണു്, "എല്ലാ അധികാരവും ദുഷിക്കുന്നു! പരമാധികാരം, പരമമായും.'' പാണ്ഡിത്യമുള്ളിടത്തു (intelligence) കാണാൻ കണ്ണുകളുണ്ടു്. പുണ്യമുള്ളടത്തു ഇച്ഛാശക്തിക്കു് (will) കടിഞ്ഞാണുമുണ്ടു്. ഇവ രണ്ടുമില്ലാതെ വന്നാൽ അധികാരത്തിന്റെ പോക്കു് എങ്ങോട്ടായിരിക്കും? ഈ പ്രതിസന്ധിയിലാണു് സീറോ-മലബാർ സഭാനേതൃത്വത്തിന്റെ നില്പു്. അധികാരലഹരിയ്ക്കു മൂർച്ഛിച്ചഭാവമുണ്ടു്. അപ്പോഴാണു് അതു് അധികാരക്കലി ആകുന്നതു്. ഇവയ്ക്കെല്ലാം ഈ നാട്ടിൽത്തന്നെ എത്ര വിശിഷ്ടമായ അപവാദമുണ്ടായിരുന്നു—കാലംചെയ്ത കാവുകാട്ടു പിതാവു്. മെത്രാൻ സ്ഥാനം അദ്ദേഹത്തിനു ഭൂഷണമായിരുന്നതിനെക്കാറം അദ്ദേഹം മെത്രാൻസ്ഥാനത്തിനു ഭൂഷണമായിരുന്നുവെന്നാണു് പറയേണ്ടതു്.

ചരിത്രപണ്ഡിതനായ ഡാ. സേവ്യർ കൂടപ്പുഴ പറയുന്നു, "ഏതു സമൂഹത്തിനും സംഘടനയ്ക്കും തനതായൊരു നേതൃത്വമുണ്ടു്. ആ സമൂഹത്തിന്റെ ആശങ്കകളും അഭിലാഷങ്ങളും ആദർശങ്ങളും അന്തഃസത്തയും സ്വാംശീകരിച്ചുകൊണ്ടായിരിക്കണം നേതൃത്വം പ്രവർത്തിക്കുക. ഈ ദർശനമുള്ള നേതൃത്വത്തിനു ലക്ഷ്യവും മാർഗ്ഗവും വ്യക്തമായി കാണാൻ കഴിയും. ഇപ്രകാരമുള്ളവർക്കേ ശരിയായ നേതൃത്വം നൽകാനൊക്കൂ. അല്ലെങ്കിൽ. . . .''1 ഈ "അല്ലെങ്കിൽ'' ആണു് കുറഞ്ഞൊരു വർഷങ്ങളംകൊണ്ടു് കേരളസഭയ്ക്കു സംഭവിച്ചിരിക്കുന്നതു്.

ഡാ. കൂടപ്പുഴ തുടർന്നുപറയുന്നു, "ഓരോ സഭയുടേയും നേതൃത്വം ആ സഭയ്ക്കൊത്തതാവണമെങ്കിൽ അവർ പ്രതിനിധാനം

---

1. സേവ്യർ കൂടപ്പുഴ, ഭാരതസഭാചരിത്രം, 1980, P. 610-11.

www.malankaralibrary.com

ചെയ്യുന്ന സഭയുടെ ചരിത്രവും പാരമ്പര്യവും അദ്ധ്യാത്മികതയും വ്യക്തിത്വവും അവരുടെ ജീവിതത്തിൽ പ്രതിഫലിക്കണം. അല്ലെങ്കിൽ ആർക്കും ഏതു സഭയിലും വൈദികനും മെത്രാനുമൊക്കെ ആയി 'ഭരണം' നടത്താവുന്ന വെറുമൊരു തസ്തികയായി സഭാനേതൃത്വം അധഃപതിക്കും''2. ഇന്നത്തെ സഭാനേതൃത്വത്തിന്റെ വികലവും ദ്രോഹകരവുമായ കാഴ്ചപ്പാടിൽ കേരളസഭയിലെ മെത്രാൻസ്ഥാനമെന്നല്ല മെത്രാപ്പോലീത്തൻസ്ഥാനംപോലും നേതൃത്വത്തിന്റെ ഇഷ്ടാനിഷ്ടങ്ങൾ അനുസരിച്ച് അമ്മാനമാടുവാനുള്ള കേവലം തസ്തികയായി മാറിക്കഴിഞ്ഞുവെന്നു കാണാൻ ദൂരെ പോകേണ്ടതില്ല. വിദേശിയർ ഭരിച്ചിരുന്ന കാലത്തുപോലും കേരളസഭയ്ക്ക് ഇതുപോലൊരു ശോചനീയമായ അധഃപതനം ഉണ്ടായിട്ടില്ല. നേതൃത്വത്തിന്റെ ഈ തസ്തികപൂരണത്തിൽ ഡോ. കൂടപ്പുഴ പറയുന്ന ചരിത്രജ്ഞാനം എവിടെ? പാരമ്പര്യമെവിടെ? പൌരസ്ത്യമായ അദ്ധ്യാത്മികത്വവും വ്യക്തിത്വവും എവിടെ? പ്രബുദ്ധമായ ഒരു സമുദായത്തിന്റെ ലക്ഷക്കണക്കിനു വിശ്വാസികളെ പട്ടവിസ്റ്റികളും കോവർകഴുതകളും ആയി കരുതാനുള്ള ധാർഷ്ട്യവും അഹന്തയും ഉള്ള നേതൃത്വത്തെപ്പററിയെന്നപോലെ അതിനു വിധേയമായ പല ലക്ഷം ജനങ്ങളുടെ നിർഭാഗ്യത്തെപ്പററിയും പരിതപിക്കുകയല്ലാതെ മററെന്തു ചെയ്യുവാൻ!! കത്തോലിക്കസഭയുടെ ഭരണകേന്ദ്രത്തിന് തെക്കെ അമേരിക്കൻ രാഷ്ട്രീയത്തിലെ വിമോചന ദൈവശാസ്ത്രം വലിയൊരു തലവേദനയായിരിക്കുകയാണ്. സഭാഭരണത്തിലും അതു് പ്രവേശിച്ചിട്ടുണ്ടെന്ന് ബാംഗ്ളൂർ മെത്രാപ്പോലീത്തായുടെ നിർബന്ധിതരാജി തെളിയിക്കുന്നു. കേരളത്തിലും അതു് ഉണ്ടാകാൻ നിർബന്ധിക്കുന്ന സാഹചര്യങ്ങൾ സിറോ-മലബാർ സഭാനേതൃത്വം സജ്ജമാക്കിക്കൊണ്ടിരിക്കുന്നുവെന്നുതോന്നുന്നു.

## മെത്രാനും റീത്തും

റീത്തു് അഥവാ ആരാധനക്രമവും മെത്രാനും തമ്മിലുള്ള അഭേദ്യമായ ബന്ധത്തെപ്പററി സഭാചരിത്രത്തിന്റെ എ.ബി.സി. പോലും അറിയാവുന്നവരോട് പ്രത്യേകം പറയേണ്ടതില്ല. മെത്രാനും ആരാധനക്രമവുമായുള്ള ബന്ധം രണ്ടാം നൂററാണ്ടിലെ രക്തസാക്ഷിയായ വി. ജസ്റ്റിന്റെ കാലം മുത

2. Ibid.

www.malankaralibrary.com

ലുണ്ടു്. ആരാധനാക്രമത്തിന്റെ ജനയിതാവായ ക്രിസ്തുതന്നെയാണു് അതിന്റെ മൗലികരൂപം തന്നിട്ടുള്ളതു്. ദേശീയ സംസ്ക്കാരത്തിലൂടെ റീത്തിന്റെ കാതലായ രൂപം വളർത്തി വികസിപ്പിച്ചെടുത്തിട്ടുള്ളതു് മെത്രാനാണു്. അതിന്റെ സംരക്ഷകനും കാവല്ക്കാരനുമായി മെത്രാൻസ്ഥാനം നിലനില്ക്കുകയും ചെയ്യുന്നു. അതിന്റെ രൂപഭാവങ്ങൾക്കു് എന്തെങ്കിലും, വ്യത്യാസം വരുത്തണമെങ്കിൽ അതിനു മെത്രാന്റെ അംഗീകാരവും സമ്മതവും വേണ്ടിയിരിക്കുന്നു. പൌരസ്ത്യസഭക്കാർ റീത്തിന്റെ കാര്യത്തിൽ കടുത്ത യാഥാസ്ഥിതികരാണു്. റീത്തിന്റെ മൂർത്തഭാവം ഒരു മെത്രാനിലാണു് കാണുന്നതു്. റീത്തെന്നു പറയുന്നതു് ദീർഘപാരമ്പര്യത്തിന്റെയും സഭാചരിത്രത്തിന്റെയും മുഖമാണു്. ആ മുഖത്താണു് ''തസ്ലികാപൂരണം''കൊണ്ടു് സിറോ—മലബാർ സഭാനേതൃത്വം കരിതേച്ചിട്ടുള്ളതു്. അതു് ഘോരമായ ഒരപരാധമായി വിധിക്കുവാൻ മതിയായതാണു്. സഭയ്ക്കും സഭയുടെ പാരമ്പര്യത്തിനും അതിന്റെ അവകാശങ്ങൾക്കും സഭാംഗങ്ങൾക്കോരോരുത്തക്കും എതിരായ അപരാധം.

## സംയോജകശക്തി

നേതൃത്വത്തിനുവേണ്ട പ്രഥമവും പ്രധാനവും ആയ യോഗ്യത സമൂഹത്തിന്റെ ഘടകങ്ങളെ സംയോജിപ്പിച്ചു് പാരമ്പര്യസിദ്ധമായ ഉന്നത ലക്ഷ്യത്തിനു കമ്മോന്മുഖമാക്കുകയാണു്. അതിൽ സഭാനേതൃത്വം പൂർണ്ണമായും പരാജയപ്പെട്ടിരിക്കുന്നു. സഭയുടെ പുരോഗതിക്കുതകുന്ന ഏതു പരിഷ്ക്കാരവും പാശ്വസ്ഥിതരായ സഹപ്രവത്തകരുടെ സമ്മതവും സൗമനസ്യവും സഹകരണവും സമ്പാദിച്ചശേഷമേ നടപ്പിലാക്കുവാൻ ശ്രമിക്കാവൂ. അല്ലാത്തപക്ഷം നേതൃത്വം അത്ഥശൂന്യവും പരിഹാസ്യവും ആയ ഒരു 'ഒററയാൻ' പ്രസ്ഥാനമാകും. നിർഭാഗ്യവശാൽ, അതാണു് സംഭവിച്ചിരിക്കുന്നതു്. ഇതിനെ എത്രമടക്കു് ചെമന്ന വീരാളിപ്പട്ടുകൊണ്ടു മൂടിയാലും പരിഹൃതമാകുകയില്ല.

## അധികാരലഹരി

ആക്ടൺപ്രഭുവിനെ അനുകരിച്ചു പറയുകയാണെങ്കിൽ, എല്ലാ അധികാരവും ഓരോ ലഹരിയാണു്; മാററുകൂടിയ അധികാരം മാററുകൂടിയ ലഹരിയും. വിനയബോധത്തിനും സേവനബുദ്ധിക്കും മാത്രമേ ഈ ലഹരിപിടിപെടാതുള്ളൂ.

www.malankaralibrary.com

ഈ ലഹരിപിടിച്ചാൽ വന്നുകൂടുന്നതു് പഞ്ചേന്ദ്രിയങ്ങൾക്കും ബുദ്ധിക്കും ഉള്ള മാന്ദ്യമാണു്. ഇതു് മൂത്താൽ അധികാരക്കലിയാകും. അധികാരലഹരി നന്നായി പിടിച്ചാൽ സർവ്വജ്ഞപീഠത്തിലിരിക്കുന്നുവെന്നു് ഒരു തോന്നൽ ഉണ്ടാകും. മാനസികവിഭ്രമത്തിൽ പച്ച ചെമപ്പായും ചെമപ്പു് പച്ചയായും തോന്നുന്നതുപോലെതന്നെ, പണ്ഡിതൻ പാമരനായും പാമരൻ പണ്ഡിതനായും തോന്നും. എന്നാലും ഉള്ളിന്റെ ഉള്ളിലെ അപകർഷബോധംകൊണ്ടു് ചിലതിനോടും ചിലരോടും 'അല്ലെർജി'' (allergy) യും ഉണ്ടാകും. ചിലതെന്നു പറയുന്നതു് പൌരസ്ത്യലിററർജിയാണു്: ചിലരെന്നു പറയുന്നതു് പൌരസ്ത്യലിററർജിയിലെ പ്രമുഖ പണ്ഡിതനായ ഡാക്ടർ വെള്ളിയാനെപ്പോലെയുള്ളവരാണു്. സഭാനേതാക്കന്മാർ ദൈവശാസ്ത്രം, കാനൻനിയമം, ആരാധനക്രമം ഇവയിൽ പാണ്ഡിത്യമുള്ളവരുടെ ഉപദേശംതേടിയും അവരുമായി ചർച്ചചെയ്തും ആണു് സ്വന്തം അഭിപ്രായം രൂപവൽക്കരിക്കുന്നതു്. അവരെ ഭയപ്പെടുകയും വിരട്ടിഓടിക്കുകയും ചെയ്യുന്നവർ പരസഹസ്രം ജനങ്ങൾക്കാണു് ദോഷം ചെയ്യുന്നതു്.

## സഭയിലെ 'ട്രോജൻ' കുതിരകൾ

വിദേശമിഷ്നറിമാരുടെ ഭരണവും സെമിനാരികളിലെ അവരുടെ ബോധനവും പരിശീലനവുംകൊണ്ടു് ആത്മവീര്യവും പൌരുഷവും തറവാട്ടുബോധവും നശിച്ചവരാണിവർ. കാണുന്ന എല്ലാ തിളക്കത്തിന്റെയും കേൾക്കുന്ന എല്ലാ കിലുക്കത്തിന്റെയും പിറകെ ഓടുന്നവർ. എന്നാൽ അവരെപ്പററി അവർക്കു് തന്നെ ഒന്നും അറിഞ്ഞുകൂടാ. ലത്തീനോടും ലത്തീനിൽ കണ്ടതിനോടും വല്ലാത്തൊരു മമത. ഉച്ഛിഷ്ടംതിന്നു ശീലിച്ചവർക്കു് സദ്യയെക്കാൾ ആസ്വാദ്യം അതിന്റെ ഉച്ഛിഷ്ടമാണു്. രണ്ടാം വത്തിക്കാൻ സൂനഹദോസോടുകൂടി പാശ്ചാത്യസഭ ഒരു തിരിഞ്ഞുനോട്ടത്തിനും തിരിച്ചോട്ടത്തിനും തയ്യാറായി. അതിന്റെ ഫലം പൌരസ്ത്യആരാധനക്രമങ്ങളിലെ പലതിനേയും സ്വീകരിക്കുകയായിരുന്നു. പൌരസ്ത്യദേവാലയങ്ങളിലെപ്പോലെ മദ്ബഹായിൽ നിത്യബഹുമാനത്തിനായി വിശുദ്ധ വേദപുസ്തകം പ്രതിഷ്ഠിക്കപ്പെട്ടു. കുർബ്ബാന ക്രമത്തിൽ സ്ഥാനാർത്ഥികളുടെ ഭാഗത്തെ കാറോസൂസാ അവർ ഉപയോഗിച്ചുതുടങ്ങിയിട്ടുണ്ടു്. മററു കർമ്മങ്ങളിലും കാറോസൂസാ പ്രവേശിച്ചിട്ടുണ്ടു്. ലത്തീൻ കുർബ്ബാനയിൽ കൂദാശകർമ്മം കഴിഞ്ഞുകാണുന്ന പരസ്യപ്രഖ്യാപനം കിഴക്കൻ

www.malankaralibrary.com

റീത്തുകളിൽനിന്നും എടുത്തതാണ്. കൂദാശചെയ്ത അപ്പവും വീഞ്ഞും പരിമിതാവസരങ്ങളിലെങ്കിലും ഇരുരൂപത്തിലും വിശ്വാസികൾക്ക് കൊടുക്കാമെന്നു റോമൻസഭ നിശ്ചയിച്ചതു് രണ്ടാം വത്തിക്കാൻ സൂനഹദോസിനുശേഷമാണ്. അതു് പൌരസ്ത്യസഭയിലെ ആചാരത്തിലേയ്ക്കുള്ള തിരിച്ചുവരവാണ്. റോമൻസഭാചരിത്രത്തിലെ ഒരു പ്രത്യേക കാലഘട്ടത്തെക്കുറിക്കുന്ന രണ്ടാം വത്തിക്കാൻ സൂനഹദോസിൽവെച്ച് ഒന്നിലധികം ലത്തീൻപിതാക്കന്മാർ പറഞ്ഞു, ''ലത്തീൻകാരായ നമ്മളെ പരിശുദ്ധാത്മാവിൻെറ പ്രവർത്തനത്തെപ്പററിയും മെത്രാന്മാരുടെ ഏകയോഗത്തെപ്പററിയും (Collegiality of Bishops) പഠിപ്പിച്ചതും സുറിയാനിക്കാരും ഗ്രീക്കുകാരുമായ പിതാക്കന്മാരാണ്.'' പാശ്ചാത്യസഭയുടെ പ്രതിസന്ധികളിലും വിഷമഘട്ടങ്ങളിലും പൌരസ്ത്യസഭകളുടെ പാരമ്പര്യങ്ങളും പൌരസ്ത്യപിതാക്കന്മാരുടെ ബോധനങ്ങളും അവക്ക് സഹായകരമായിട്ടുണ്ട്.

## സ്വേച്ഛാധിപത്യനേതൃത്വവും സഭകളുടെ (രൂപതകളുടെ) അവകാശലംഘനവും

പ്രാദേശികസഭകൾക്കെന്നപോലെ രൂപതകൾക്കും സ്വയംഭരണാവകാശമുണ്ട്. പുരാതനകാലത്തു് എല്ലാ സഭകളിലും ഏറെക്കുറെ ജനങ്ങളാണ് തങ്ങളുടെ ഇടയന്മാരെ തിരഞ്ഞെടുത്തിരുന്നതു്–പരമമായ ബോധനാധികാരം (magisterium) പത്രോസിൻെറ സിംഹാസനത്തിനായിരുന്നെങ്കിലും. കേരളസഭയുടെ പാരമ്പര്യമനുസരിച്ച് ഓരോ ഇടവകയ്ക്കും വേണ്ട വൈദികവിദ്യാർത്ഥികളെ തിരഞ്ഞെടുത്തിരുന്നതു് ഇടവകയോഗമായിരുന്നു. അതു് അംഗീകരിച്ച് പട്ടം കൊടുക്കുകമാത്രമേ മെത്രാനു ചെയ്യുവാനുണ്ടായിരുന്നുള്ളൂ. കേരളത്തിൽ ലത്തീൻഭരണം വന്നതോടാണ്, ജനങ്ങളുടെ ആവശ്യങ്ങളും ആഗ്രഹങ്ങളും ആദരിക്കുന്ന ഭരണസമ്പ്രദായം കടപുഴകി വീണതു്. പോർച്ചുഗീസു ഭരണകാലത്തു 'പദ്രവാദോ' ആയിരുന്നു സംവിധാനം. അതു് ചെറിയൊരു കച്ചവടത്തിൻെറ അടിസ്ഥാനത്തിലുള്ള ഭരണമായിരുന്നു. പോർച്ചുഗീസു രാജാവു് പള്ളികൾ പണിതുകൊടുക്കും, വൈദികർക്ക് ശമ്പളവും നല്കും. അതിനുപകരം മെത്രാന്മാരെ നിയമിക്കുന്ന അധികാരം രാജാവിനു കിട്ടി. അക്കാലത്തു് മെത്രാൻസ്ഥാനങ്ങൾക്ക് ധാരാളം വരുമാനമുള്ള സ്വത്തുക്കളുണ്ടായിരുന്നു. മെത്രാന്മാർ പ്രഭുക്കളെപ്പോലെയാണ് ജീവിച്ചിരുന്നതു്. രാജാക്ക

www.malankaralibrary.com

ന്മാരുടെ ബന്ധുമിത്രാദികൾക്ക് പ്രഭുക്കന്മാരെപ്പോലെ ജീവിക്കുവാനുള്ള അവസരങ്ങൾ കിട്ടി. സഭയിലെ ഉന്നതന്മാരായ ആളുകളുമായുള്ള വ്യക്തിപരമായ ബന്ധങ്ങളും രാഷ്ട്രീയപരിഗണനകളും ആണ് മെത്രാന്മാരെ നിയമിക്കുന്നതിൽ രാജാക്കന്മാർ സ്വീകരിച്ചിരുന്നത്, ഈ സാഹചര്യത്തിൽ രാജാവിന്റെ മെത്രാൻനിയമനങ്ങളെല്ലാം പരിശുദ്ധാത്മാവിന്റെ പ്രേരണയിലായിരുന്നുവെന്നു പറഞ്ഞാൽ വിശ്വസിക്കുവാൻ വളരെ പ്രയാസമാണ്. പക്ഷേ അങ്ങനെയൊരു വിശ്വാസം ജനങ്ങളിൽ പ്രചരിപ്പിച്ചെടുത്താൽ സഭകളിലെ സ്വേച്ഛാധിപത്യത്തിനു് നില്ക്കള്ളിയുണ്ടാക്കാമെന്നു മാത്രമല്ല ഉറപ്പിച്ചുനിർത്തുകയും ചെയ്യാം.

## റോമൻ കൂറിയായും കേരളസഭയും

പദ്രവാദോഭരണം അവസാനിച്ചപ്പോൾ റോമൻകൂറിയാ പ്രബലമായിവന്നു. തിരുസ്സഭയുടെ ഭരണം മാർപ്പാപ്പായുടെ പേർക്കും നാമത്തിലും നടത്തുന്നതു് റോമൻകൂറിയാ ആണ്. രാഷ്ട്രീയരംഗത്തും സാമൂഹ്യതലങ്ങളിലും മതപരമായും ലോകത്തിലെ മഹച്ഛക്തികളിൽ ഒന്നായ റോമൻ കൂറിയാ യൂറോപ്യൻ ചരിത്രത്തിൽ, നൂററാണ്ടുകളായി ഒരു പ്രധാന ഘടകമായി കരുതപ്പെട്ടുപോന്നു. രണ്ടാം വത്തിക്കാൻ സൂനഹദോസിൽ, ലത്തീൻ പിതാക്കന്മാർതന്നെ അതിനെ നെറിവില്ലാത്തതെന്നും ("unfair") നീതികെട്ടതെന്നും ("unjust") ഇടച്ച് യുണ്ടാക്കുന്നതെന്നും ("scandalous") വിശേഷിപ്പിച്ചു. ഈ മൂന്നു ഇംഗ്ലീഷുവാക്കുകളും UNIVERSE പത്രത്തിൽനിന്നും എടുത്ത തർജ്ജിമകളാണ്. നിക്ഷിപ്തതാല്പര്യങ്ങളുടെ വടംവലികളും നയതന്ത്രങ്ങളുടെ നിഗൂഢതയും സുഖസൗകര്യങ്ങൾക്കുള്ള അതിമോഹവും ഉന്നതസ്ഥാനങ്ങളിലേയ്ക്കുള്ള മത്സരവും എല്ലാമാണ് റോമൻകൂറിയായുടെ ഊടും പാവും. ഇരുന്നൂറിൽപ്പരം വർഷങ്ങളോളം കേരളസഭയുടെ കഴുത്തിൽ കമ്മലിത്തർ കെട്ടി ഇരുത്തിയിരുന്ന ദുർഭരണം ഈ റോമൻകൂറിയായുടേതാണ്. പല മാർപ്പാപ്പമാരുടേയും കണ്ണിൽ പൊടിയിട്ടാണ് അവർ ഇതു സാധിച്ചതു്. ഒടുവിൽ കേരളസഭയുടെ ആവശ്യവും അഭിലാഷങ്ങളും അവകാശങ്ങളും പരിശുദ്ധ സിംഹാസനം അംഗീകരിച്ചനുവദിച്ചു. നാന്നൂറുകൊല്ലത്തെ നമ്മുടെ പിതാക്കന്മാരുടെ ത്യാഗപൂർണ്ണമായ പരിശ്രമങ്ങളുടെ പരമകോടിയിലാണ് അതു് സാധിച്ചതു്.



www.malankaralibrary.com

എന്നാൽ ദുർവിധിയുടെ വിനോദമെന്നു പറയട്ടെ, സ്വാതന്ത്ര്യത്തിന്റെ പരമകോടി (climax) ഇന്നു് നമ്മളെ എത്തിച്ചിരിക്കുന്നതു് അടിമത്തത്തിന്റെയും കഷ്ടതയുടെയും അപരകോടി (anti-climax) യിലാണു്. സ്വേച്ഛാധിപത്യത്തിന്റെ പ്രതീകമായി തലകുത്തിനില്ക്കുന്ന 'പിറമിഡിനെ' ചിത്രീകരിക്കാറുണ്ടു്. അതാണു് സീറോ-മലബാർ സഭാനേതൃത്വത്തിന്റെ ഇന്നത്തെ രൂപം. വിയർപ്പുകണങ്ങളും രക്തത്തുള്ളികളും മനുഷ്യജീവനും വിലയായി കൊടുത്തുവാങ്ങിയ സഭാസ്വാതന്ത്ര്യം ഒരു വ്യക്തിയിൽ കേന്ദ്രീകരിച്ചു് പാരമ്പര്യത്തിനും സമൂഹസ്വാതന്ത്ര്യത്തിനും എതിരായി സംഹാരതാണ്ഡവം നടത്തുകയാണു്. സഭയുടെ നേതൃത്വം സഭയുടെ ഭസ്മാസുരനായി തീർന്നിരിക്കുന്നു.

ചങ്ങനാശ്ശേരി അതിരൂപത സീറോ-മലബാർ സഭയുടെ പ്രഥമവും പ്രമുഖവും ആയ രൂപതയാണു്. പ്രബുദ്ധരും പ്രശസ്തരും വിദ്യാസമ്പന്നരും ആണു് ആ രൂപതയിലെ അംഗങ്ങൾ. ജനസംഖ്യയിലും ഇൻഡ്യയിലെ രൂപതകളിൽ മുന്നണിയിൽ നില്ക്കുന്നു. കേരളസഭാചരിത്രത്തിലെ വിധിനിർണ്ണായകങ്ങളായ രംഗങ്ങൾ പലതും ചങ്ങനാശ്ശേരി രൂപതയിലാണു് നടന്നിട്ടുള്ളതു്. സ്വാതന്ത്ര്യസമരത്തിനു് നേതൃത്വം നല്കിയ ധീരസേനാനികളുടെ ജന്മദേശങ്ങളും ചങ്ങനാശ്ശേരി രൂപതയിലുണ്ടു്. സീറോ-മലബാർ സഭയുടെ വികലമായ നേതൃത്വം ഇന്നവളെ നിർഭാഗ്യവതിയാക്കിയിരിക്കുന്നു. പാലാ-ചങ്ങനാശ്ശേരി വിഭജനം നടന്നപ്പോഴെങ്കിലും അവളുടെ സ്വന്തമായ ഒരാൾ ചങ്ങനാശ്ശേരിയുടെ മെത്രാനാകേണ്ടതായിരുന്നു. എന്നാൽ അതുണ്ടായില്ല. പുതിയ പാലാരൂപതയ്ക്കുവേണ്ടി നിർദ്ദേശിക്കപ്പെട്ട രണ്ടുപേരിൽ ഒരാൾ പാലായുടേയും മറ്റെയാൾ ചങ്ങനാശ്ശേരിയുടേയും മെത്രാന്മാരായിത്തീർന്നു. ന്യൂഡെൽഹിയിലെ നൺഷ്യേച്ചറിൽ (Nunciature) പാലാക്കാർക്കുണ്ടായിരുന്ന സ്വാധീനത്തിന്റെ ഫലമാണതെന്നു്, ശരിയോ തെറ്റോ ആയ ആരോപണമുണ്ടു്. ഏതായാലും ചങ്ങനാശ്ശേരിക്കാർക്കു പുണ്യവാനായ ഒരു ഭരണകർത്താവിനെ കിട്ടിയെന്നു അവർ സമാശ്വസിച്ചു.

മാർ മാത്യു കാവുകാട്ടു് കാലംചെയ്തശേഷം ചങ്ങനാശ്ശേരി രൂപതയോടു് സഭാനേതൃത്വവും റോമൻ കൂറിയായും കാണിച്ച നീതികേടിനു അവസാനമുണ്ടാകുമെന്നു ആശിച്ചു. എന്നാൽ കൂടുതൽ ക്രൂരമായ നീതികേടാണു് പിന്നാലെ വന്നതു്.

www.malankaralibrary.com

വൈദികശിക്ഷണത്തിൽ ആറേഴവഷം തത്ത്വശാസ്ത്രവും ദൈവശാസ്ത്രവും പഠിക്കാറുണ്ടു്, അവയോടനുബന്ധിച്ചു് ഓരോ സഭയുടേയും ആരാധനക്രമം അഥവാ ലിററർജിയും. തത്ത്വശാസ്ത്ര–ദൈവശാസ്ത്രബോധനങ്ങൾ വൈദികാർത്ഥിയുടെ വ്യക്തിപരമായ ബോദ്ധ്യത്തിനും (intellectual conviction) ദൃർഢ്ഭമായി, വാദപ്രതിവാദങ്ങൾക്കുപകരിക്കുവാനുമാണു്, വിശ്വാസികളുമായുള്ള അനുദിനസമ്പക്കത്തിൻെറ മാദ്ധ്യമവും ആദ്ധ്യാത്മികജീവിതത്തിൻെറ ഉറവിടവും ആരാധനക്രമമാണു്. ആ മാദ്ധ്യമം അകത്തോലിക്കരെക്കാൾ കൂടുതൽ ആവശ്യം കത്തോലിക്കക്കാണു്. എന്നാൽ ആരാധനക്രമത്തിലുള്ള ദൃഢനിഷ്ഠ കത്തോലിക്കരെക്കാൾ കൂടുതൽ അകത്തോലിക്കവിഭാഗങ്ങൾക്കു കാണുന്നതു് വിചിത്രമായി തോന്നുന്നു. ലത്തീൻ സഭയുടെ ആശയഗതിയിലും പ്രവത്തനത്തിലും ദേശീയ വിരുദ്ധമെന്നുതോന്നുന്ന അഭിപ്രായം ഏഷ്യയിലേയും യൂറോപ്പിലേയും പല നേതാക്കൾക്കുമുണ്ടു്. ലത്തീൻ സഭയുടെ ഏകാധിപത്യ ഭരണസംവിധാനം ആ അഭിപ്രായത്തിനു് ബലം കൂട്ടുകയും ചെയ്യുന്നു.

മാപ്പ്ാപ്പാമാരിൽ പലരും പൌരസ്ത്യറീത്തുകളെ വാനോളം പുകഴ്ത്തിയിട്ടുമുണ്ടു്. അവയെ ഭംഗംകൂടാതെ സംരക്ഷിച്ചുകൊള്ളാമെന്നു് വാഗ്ദാനം ചെയ്തിട്ടുമുണ്ടു്. നാന്നൂറുകൊല്ലം നമ്മുടെ പിതാക്കന്മാർ ജീവന്മരണസമരം നടത്തിയതു് നമ്മുടെ ആരാധനക്രമത്തിൻെറ ഭദ്രതയ്ക്കുവേണ്ടിയാണു്. പോർച്ചുഗീസുസാമ്രാജ്യത്തിൻെറ അതിശക്തനായ പ്രതിനിധിയും അന്താരാഷ്ട്രലോകത്തിലെ കീടയററ നയതന്ത്രകോവിദനും ആയ ആർച്ചുബിഷപ്പു് മെനസീസ്, 1599-ൽ കേരളത്തിൽ വന്നു് സുറിയാനി റീത്തുമാററി ലത്തീൻ റീത്തു സ്ഥാപിക്കുവാൻ ഒരു ശ്രമം നടത്തി. അതിനു കൈവെച്ചപ്പോൾത്തന്നെ ധീരനും ശക്തനും ആയ അദ്ദേഹത്തിൻെറ കൈകൾ പൊള്ളിപ്പോയി. ആരാധനക്രമത്തിൽ ചില ഭേദഗതികൾമാത്രം അവിടവിടെ വരുത്തിയിട്ടു് അദ്ദേഹം മടങ്ങിപ്പോയി. സഭാസ്വാതന്ത്ര്യത്തിനും നമ്മുടെ സ്വന്തമായ ആരാധനക്രമത്തിനും ആയി നമ്മുടെ സമരം തുടങ്ങി നാം വിജയശ്രീലാളിതരായി. നമ്മുടെ അപ്പസ്തോലികസഭ പുരോഗതിയുടെ പാതയിലൂടെ കുതിച്ചുയരുമെന്നും മൺമറഞ്ഞുപോയ നമ്മുടെ ഏഷ്യയിലെ വിശാലസുറിയാനിസഭ ഉയിർത്തെഴുന്നേല്ക്കുമെന്നും നാം പ്രതീക്ഷിച്ചു. അപ്പോഴാണു് ചങ്ങനാശ്ശേരി വൈദിക

www.malankaralibrary.com

സംസ്ഥാനത്തിന്റെ സഭാനേതൃത്വത്തിൽനിന്നും അശനിപാതമുണ്ടായതു്. ഇടിത്തീ വീണതു് ചങ്ങനാശ്ശേരി അതിരൂപതക്കായിരുന്നെങ്കിലും അതിന്റെ ആഘാതം സീറോ–മലബാർ സഭയ്ക്കു മുഴുവനുമായിരുന്നു. ചങ്ങനാശ്ശേരി വൈദികസംസ്ഥാനാദ്ധ്യക്ഷനായി കാലഹരണപ്പെട്ട ഫ്യൂഡലിസത്തിന്റെ ഉടുംകെട്ടിയുള്ള ഒരു ലത്തീൻ മെത്രാൻ!! ആദ്ധ്യക്ഷണത്തിൽ അവിശ്വാസ്യത. പിന്നെ അവമാനബോധവും നീറിക്കൊണ്ടിരിക്കുന്ന വേദനയും. സീറോ–മലബാർ നേതൃത്വവും റോമൻ ക്യൂറിയായുംകൂടി എടുത്ത ഈ തീരുമാനം കേരളസഭയുടെ ചരിത്രത്തിൽ വന്നുകൂടിയിട്ടുള്ള വിപത്തുകളിൽ ഏററവും കഠിനവും ക്രൂരവും ആയി തോന്നുന്നു. തോമ്മായുടെ പ്രമാണത്തിനുവേണ്ടി നാനൂറുകൊല്ലം സമരംചെയ്ത നമ്മുടെ പിതാക്കന്മാരേയും അവരുടെ ത്യാഗങ്ങളേയും ക്ലേശങ്ങളേയും അവഹേളിക്കുകയും ആക്ഷേപിക്കുകയും ചെയ്യുന്ന ഇന്നത്തെ സഭാനേതൃത്വത്തിന്റെ ലജ്ജാകരവും വേദനാജനകവും ആയ ഒരു ദ്രോഹകൃത്യമായിട്ടേ ഇതിനെ കണക്കാക്കുവാൻ നിവ്വാഹമുള്ളൂ. അത്രത്തോളം ഒരു യൂദാസിന്റെ മുഖം തെളിഞ്ഞു വന്നിട്ടുണ്ടു്. ഏതായാലും കേരളസഭാചരിത്രത്തിലെ ഒരു കടംകഥയാണു് ഈ നിയമനം – കടിച്ചാൽ പൊട്ടാത്ത കടംകഥ.

## മറുദേശക്കാരായ മാർത്തോമ്മാക്രിസ്ത്യാനികൾ

ഒരു കാലത്തു് ഇൻഡ്യയുടെ എല്ലാ ഭാഗങ്ങളിലും മാർത്തോമ്മാസഭകളും മാർത്തോമ്മാക്രിസ്ത്യാനികളും ഉണ്ടായിരുന്നതായി ഒന്നാം വാല്യത്തിൽ പ്രസ്താവിച്ചിട്ടുണ്ടു്. പതിമൂന്നാം നൂററാണ്ടിൽ മാർക്കോപോളോ കണ്ടതായി പറയുന്ന മദ്ധ്യഇൻഡ്യയിലെ മൂന്നു സുറിയാനി ക്രിസ്ത്യാനി രാജാക്കന്മാർ Peutingen Tables-ൽ പറയുന്ന ഒറീസ്സായിലെ എസ്സപ്പാൻ രാജാവു്, 1222–ലെ പാററ്നായിലെ സുറിയാനി മെത്രാപ്പോലീത്താ ഇങ്ങനെ പലതും മാർത്തോമ്മാസഭ ഇൻഡ്യയിലെങ്ങും വ്യാപിച്ചിരുന്നതിന്റെ തെളിവുകളാണു്. പോർച്ചുഗീസുകാർ വന്നപ്പോഴം അവരുടെ സ്വാധീനത്തിലും സമ്മർദ്ദത്തിലുംപെട്ടു് വളരെ സഭകൾ ലത്തീനായി. അതിനെ ചെറുത്തുനിന്നവർ ഹിന്ദുക്കളായി. മുഹമ്മദീയരുടെ നിർബന്ധിത പരിവർത്തനത്തിനും ചിലർ ഇരയായി.

സഭയെന്നതു് ദൈവജനസമൂഹമാണു്. പുരോഹിതർ അതിന്റെ അനുബന്ധഘടകം, മെത്രാനും ഹൈരാർക്കിയും ഭരണനിർവഹണത്തിന്റെ സംവിധാനരൂപം. ദൈവജനത്തെ ഒഴിച്ചുകൂടാൻ പാടില്ലാത്തവിധം പിൻതുടരുന്നവരാണു് വൈ

www.malankaralibrary.com

ദികരും മെത്രാനും. ഈ വീക്ഷണത്തിൽ, ഇൻഡ്യയിലെ പ്രധാന നഗരങ്ങളിലെല്ലാം സഹസ്രക്കണക്കിന് കാണുന്ന മാർത്തോമ്മാക്രിസ്ത്യാനികളുടെ സ്ഥിതി പ്രത്യേകം പ്രാധാന്യമർഹിക്കുന്നു. ഈ മറുദേശക്കാർ നമ്മുടെ മാംസത്തിന്റെ മാംസവും രക്തത്തിന്റെ രക്തവുമാണ്. അവക്കും നമുക്കും ഒരേ പാരമ്പര്യവും ഒരേ ആചാരങ്ങളുമാണുള്ളത്, എന്നാൽ അവക്കും നമുക്കും മദ്ധ്യേ വലിയൊരു കരിങ്കൽകോട്ട കെട്ടി വേർതിരിച്ച്, നാമും അവരുമായുള്ള ആദ്ധ്യാത്മിക-സാമൂഹ്യബന്ധങ്ങൾ നിരോധിച്ചിരിക്കുന്നത് ലത്തീൻ കോളോണിയൽ ഭരണമേധാവിത്വമാണ്. പോർച്ചുഗീസുകാരോടുകൂടിയാണ് ലത്തീൻഭരണം ഇൻഡ്യയിൽ പ്രവേശിച്ചത്. അത് കേവലം നാനൂറുവർഷങ്ങൾക്കുമുമ്പാണ്, അതിനുമുമ്പ് ആയിരത്തിഅറുനൂറു വർഷത്തോളം ഇൻഡ്യയിലെന്നല്ല, മിക്കവാറും ഏഷ്യ മുഴുവനും ഉണ്ടായിരുന്നത് സുറിയാനിറീത്തും സുറിയാനി ഭരണവുമായിരുന്നു. കൊടുങ്ങല്ലൂർ മെത്രാപ്പോലീത്താ ഇൻഡ്യ മുഴുവന്റെയും മെത്രാപ്പോലീത്താ ആയിരുന്നു. അദ്ദേഹം അറിയപ്പെട്ടിരുന്നത് ഇൻഡ്യയുടെ "പടിവാതൽ" (Porte=ഭരണാധികാരി) എന്നായിരുന്നു. ദക്ഷിണചൈനയുടേയും സൊക്കോട്രായുടേയും മെത്രാന്മാർ കൊടുങ്ങല്ലൂർ മെത്രാപ്പോലീത്തായുടെ സാമന്ത മെത്രാന്മാരായിരുന്നുവെന്നു പോർച്ചുഗീസു ചരിത്രകാരന്മാർതന്നെ സമ്മതിക്കുന്നുണ്ട്.

പോർച്ചുഗീസുകാർ വന്നപ്പോൾ, രാജ്യവും ഭരണവും മതവും എല്ലാം അവരുടേതാക്കാൻ ശ്രമിച്ചു. അവക്ക് പോർച്ചുഗീസ് രാജാധികാരവും ലത്തീൻ റീത്തും ഒരു നാണയത്തിന്റെ രണ്ടു വശങ്ങൾ മാത്രമായിരുന്നു. തന്മൂലം, ലത്തീനൊഴിച്ചുള്ള റീത്തുകളോടും സഭകളോടും കടുത്ത അസഹിഷ്ണുത ആണ് കാണിച്ചത്. ലത്തീൻ റീത്തും ലത്തീൻ ഭരണവുമല്ലാതെ മറെറാന്നും അവർ അംഗീകരിച്ചില്ല. ഇൻഡ്യയിലെ സംസ്ഥാനതലസ്ഥാനങ്ങളിലും മററു പ്രധാന നഗരങ്ങളിലും ഉള്ള നമ്മുടെ സഹോദരങ്ങളെ നമ്മിൽനിന്നും വേർപെടുത്തിയിരിക്കുന്നത് പോർച്ചുഗീസുകാരുടെ ഈ അസഹിഷ്ണുതാനയമാണ്. ഈ നയമനുസരിച്ച് ന്യൂനപക്ഷമെന്നൊരു വിഭാഗമേ ഇല്ല, ഉണ്ടാകാനും പാടില്ല. ആത്മരക്ഷ ആഗ്രഹിക്കുന്നവർ ലത്തീൻ റീത്തിൽ ചേരണം, ലത്തീൻ ഭരണത്തിനു വിധേയരാകയും വേണം. മനുഷ്യന്റെ മൗലികാവകാശങ്ങളും എല്ലാ ജനാധിപത്യതത്ത്വങ്ങളും നിഷേധിക്കുന്ന ഒരു നയമാണിത്.

www.malankaralibrary.com

ലത്തീൻഭൂരിപക്ഷമുള്ള ഇൻഡ്യൻ കത്തോലിക്ക ബിഷപ്പ്സ് കോൺഫ്രൻസ് (C. B. C. I.) അസഹിഷ്ണുതയുടെ ഈ കിരാതനയത്തിൽ മുറുകെ പിടിച്ചുകൊണ്ടിരിക്കുന്നുവെന്ന് തൃശ്ശിനാപ്പള്ളിയിലും ബോംബയിലുംവച്ചു നടന്ന യോഗങ്ങൾ തെളിയിച്ചു. മേല്പറഞ്ഞ നഗരങ്ങളിലെ മാർത്തോമ്മാക്രിസ്ത്യാനികളുടെ ഭരണാധികാരം സുറിയാനിസഭക്ക വിട്ടുകൊടുക്കുകയില്ലെന്നാണ് ലത്തീൻ ഹൈരാർക്കിയുടെ ദുശ്ശാഠ്യം. ഈ ദുശ്ശാഠ്യത്തിന് അടിവര ഇട്ടിരിക്കുന്നതു് ലത്തീൻസഭാധികാരികളുടെ സാമ്രാജ്യമോഹമാണ്. സുവിശേഷോൽഘോഷണം പൌരസ്ത്യമോ പാശ്ചാത്യമോ ആയ എല്ലാ സഭകളുടേയും അവകാശം മാത്രമല്ല, ചുമതലകൂടിയാണ്. രണ്ടാം വത്തിക്കാൻ കൗൺസിൽ ഇതിനെ സ്ഥിരീകരിച്ചിട്ടുണ്ട്. പൌരസ്ത്യസഭക്കാർ എത്ര തലമുറകൾതന്നെ ലത്തീൻ ആരാധനക്രമത്തിൽ പങ്കെടുത്തുകൊണ്ടിരുന്നാലും അവരുടെ സ്വന്തം റീത്തു് അവക്ക് നഷ്ടപ്പെടുകയില്ലെന്നു മാപ്പാപ്പാമാർ പ്രഖ്യാപിച്ചിട്ടുണ്ട്. പക്ഷേ പലപ്പോഴും ഏട്ടിലപ്പടി പയററിലിപ്പടി എന്നത്രെ അനുഭവം. ഇത്തരുണത്തിൽ ഇൻഡ്യയിലെ ലത്തീൻ മിഷ്നറിമാരിൽ 60 ശതമാനവും കന്യാസ്ത്രീമാരിൽ 72 ശതമാനവും കേരളത്തിലെ സുറിയാനി സഭാംഗങ്ങളാണെന്നുള്ളതു് സ്മരണീയമാണ്.

ഇൻഡ്യയിലെ പ്രധാന നഗരങ്ങളിൽ ഉദ്യോഗവശാലും തൊഴിലന്വേഷിച്ചും ചെന്നിട്ടുള്ള മാർത്തോമ്മാക്രിസ്ത്യാനികളെ അവരുടെ പാരമ്പര്യവും ആചാരങ്ങളും റീത്തും അനുസരിച്ചു ജീവിക്കുവാൻ അനുവദിക്കുകയില്ലെന്നു ലത്തീൻ ഹൈരാർക്കി പറയുന്നതു് കടുത്ത അനീതിയാണ്. കേവലം നാനൂറുകൊല്ലംമുമ്പ് വന്ന പാശ്ചാത്യ സഭാധികാരികൾ രണ്ടായിരം കൊല്ലത്തെ പഴക്കമുള്ള അപ്പസ്തോലികവും ദേശീയവും ആയ സഭയോടാണ് ഇതു പറയുന്നതെന്നു് വരുമ്പോൾ, അതു് വിവേകശൂന്യമായ അഹന്തയുടെയും ധിക്കാരത്തിൻെറയും പ്രകടനമാണ്. പോർച്ചുഗീസ് സാമ്രാജ്യമോഹത്തിൻെറ അവശിഷ്ടമാണ് ലത്തീൻ ഹൈരാർക്കിയുടെ ഈ നിരോധനനയം. ഇതു് തന്നെയുമല്ല, ഇൻഡ്യൻ ഭരണഘടനക്ക് കടകവിരുദ്ധവുമാണ്. ഇൻഡ്യൻ ഭരണഘടനയിലെ 25-ം 26-ം ഖണ്ഡികകളാണ് മതസ്വാതന്ത്ര്യത്തെപ്പററിയുള്ളതു്. ഇതിനു ഭാഷ്യമെഴുതിയ നിയമപണ്ഡിതൻ, A. S. ചൌധ്രി "കർമ്മങ്ങൾ, ആചാ

www.malankaralibrary.com

രങ്ങൾ'' എന്നിവയുടെകൂടെ ''ഭക്ഷണം, വസ്ത്രധാരണരീതി'' എന്നിവപോലും മൗലികാവകാശങ്ങളിൽ ഉൾപ്പെടുത്തുന്നുണ്ടു്[3].

ഇതു സംബന്ധിച്ചു് റോമിൽ സമർപ്പിച്ച നിവേദനങ്ങളുടെ ഫലമായി, വേണ്ട അന്വേഷണങ്ങൾ നടത്തി റിപ്പോർട്ടു ചെയ്യുവാൻ ഒരു ഏകാംഗകമ്മീഷനെ നിയമിച്ചു. ഈ നിയമനം പല സ്ഥലങ്ങളിലും ഭയാശങ്കകളാണു് ഉണത്തിയതു്. കാരണം, ആ ഏകാംഗകമ്മീഷനു് ലത്തീൻറീത്തിനോടുള്ള ദീർഘകാലവേഴ്ചയും ലത്തീൻസഭയോടുള്ള കടപ്പാടുകളുമാണു്. കമ്മീഷൻ കല്ക്കട്ടാ സന്ദർശിച്ചതിനുശേഷം, New Leader-ൽ ഒരു റിപ്പോർട്ടുവന്നു. അതിൽ കമ്മീഷൻെറ അഭിപ്രായമായി പറഞ്ഞിരുന്നതു് കല്ക്കട്ടായിലെ ലത്തീൻഭരണം അവിടത്തെ സുറിയാനിക്കാരെ വളരെ നന്നായി സംരക്ഷിക്കുന്നു ("They are well taken care of") വെന്നാണു് ഓർമ്മ. അതിൻെറ അർത്ഥം, പിന്നെന്തിനു കമ്മീഷനും അന്വേഷണങ്ങളും എന്നായിരിക്കാനല്ലേ വഴിയുള്ളു. ഏതായാലും ആ ഏകാംഗകമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടു് മാർത്തോമ്മാക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം ഫലത്തിൽ ഒരു ചാവുപിള്ളയാണു്.

എന്നാൽ സി. ബി. സി. ഐ. എന്നറിയപ്പെടുന്ന ലത്തീൻ ഭൂരിപക്ഷം, സുറിയാനിക്കാരുടെ ഭരണാധികാരത്തെ ചുരുക്കിച്ചുരുക്കി ശ്വാസംമുട്ടിക്കാനുള്ള ശ്രമത്തിലാണെന്നു ചിലപ്പോൾ തോന്നിപ്പോകും. സി. ബി. സി. ഐ. യുടെ കമ്മിററികളിൽ മാർത്തോമ്മാസഭയുടെ പ്രാതിനിദ്ധ്യം തീരെ ഇല്ല, അഥവാ ഉണ്ടെങ്കിൽത്തന്നെയും, നാമമാത്രവും നിസ്സാരവുമായിരിക്കും. സുറിയാനിരൂപതകൾക്കുള്ള ധനസഹായം ഗണ്യമായി വെട്ടിക്കുറച്ചിട്ടുണ്ടു്. പ്രൊപ്പഗാന്തസംഘമാണു് ധനശേഖരം നടത്തുന്നതു്. അവരുടെ ദാക്ഷിണ്യബുദ്ധിയിൽ നിന്നും കിട്ടുന്നതാണു് പൌരസ്ത്യസഭകൾക്കുള്ള വീതം. പ്രൊപ്പഗാന്തയുടെ തലപ്പത്തിരിക്കുന്നവർ പൌരസ്ത്യസഭകളോടു് അനുഭാവമില്ലാത്തവരാകുമ്പോൾ കിട്ടുന്ന തുകയും കുറഞ്ഞിരിക്കും. മൂന്നും നാലും അക്കം ജനസംഖ്യയുള്ള സ്ഥലങ്ങളിൽ ലത്തീൻരൂപതകൾ അനുവദിക്കുന്നു. എന്നാൽ ആറക്കം സംഖ്യയുള്ള സുറിയാനിരൂപതകളെ കാര്യക്ഷമതയ്ക്കും പ്രബുദ്ധമായ മിഷ്ൻപ്രവർത്തനത്തിനുംവേണ്ടി വിഭജിക്കുവാൻ സമ്മതിക്കു

3. A. S. Choudhri, Law of write and Fundamental Rights, Vol. I 1965, P. 320.

www.malankaralibrary.com

ന്നില്ല. പൌരസ്ത്യതിരുസംഘത്തിനുള്ള ഉപദേശസമിതിയിൽ കേരളസഭയുടെ ആവശ്യങ്ങറം അറിയുന്നവരും അവയോട്ട് അനുഭാവമുള്ളവരും ദുർല്ലഭം. ചിലർ കേരളസഭാവിരുദ്ധരെന്നു സംശയിക്കുവാൻ ന്യായമുള്ളവരാണ്. ഇൻഡ്യയിലെ സംസ്ഥാനതലസ്ഥാനങ്ങളിൽ സീറോ-മലബാർ ഭരണത്തിനുവേണ്ടി മുറവിളികൂട്ടുന്നവർ, കേരളസഭയുടെ നടുമുററമായ തിരുവനന്തപുരത്ത് അതിൻെറ ഭരണാധികാരി ചെയ്തിട്ടുള്ളതെന്താണെന്നു നോക്കട്ടെ. സഭാനേതൃത്വത്തിൻെറ ലജ്ജാകരമായ പരാജയം വിളിച്ചറിയിക്കുന്ന ഒന്നാണ് തിരുവനന്തപുരത്തെ ലൂർദ്ദ് ഇടവക.

## കന്യാസ്ത്രീമാരുടെ നവോത്ഥാനം

കത്തോലിക്കസഭ അഭിമുഖീകരിക്കുന്ന മറെറാരു പ്രശ്നം, അമേരിക്കയിൽ ആരംഭിച്ച് ഇതര രാജ്യങ്ങളിലേയ്ക്കു സംക്രമിക്കുവാൻ തുടങ്ങിയിട്ടുള്ള കന്യാസ്ത്രീമാരുടെ നവോത്ഥാനസംരംഭമാണ്. ബൈബിളിലെ യഹൂദപാരമ്പര്യത്തിൽ, സ്ത്രീ അടുക്കളപ്പണിക്കും ദാസ്യവൃത്തിക്കും വിധിച്ചിട്ടുള്ളവളാണ്. പൌലോസ്സ്ലീഹാ സഭാകാര്യങ്ങളിൽ സ്ത്രീകഠ നിർദ്ദേശിച്ചതു് വായ്മൂടികളാണ്[4]. എന്നാൽ ലോകത്തിലുള്ള കത്തോലിക്കദേവാലയങ്ങളിലെല്ലാം മുഴങ്ങികേറംക്കുന്നതു് ഒരു സ്ത്രീയുടെ Magnificat (എൻെറ ആത്മാവു് കർത്താവിനെ മഹത്വപ്പെടുത്തുന്നു) എന്ന മനോജ്ഞ ഗീതമാണ്. മാതൃത്വത്തിൻെറ നിസ്തുല മാഹാത്മ്യം ക്രിസ്തുവിൻെറ അമ്മയായ കന്യകമറിയത്തിലേ നാം കാണുന്നുള്ളൂ. എന്നാൽ അതു് ഓരോ കന്യാസ്ത്രീക്കും അവകാശപ്പെട്ടതാണ്--വിശിഷ്ടമായ രീതിയിൽത്തന്നെ. മാംസബന്ധമല്ലാത്ത ദിവ്യവും വിശാലവും ആയ വിശ്വമാതൃത്വത്തിൻെറ ഉടമയാണ് ഓരോ കന്യാസ്ത്രീയും. ത്യാഗോജ്വലമായ തൻെറ ജീവിതാഗ്നിയിൽ എല്ലാററിനേയും എല്ലാവരേയും പാവനമാക്കുകയാണ് അവളുടെ കർത്തവ്യം. തിളക്കമൊന്നു മുഖത്തിൻെറ അഭൗതികതേജസ്സൊഴിച്ചാൽ, അവറം ലോകത്തിനു മരിച്ചവളാണെന്ന് അവളുടെ കറുത്ത ശിരോവസ്ത്രം വിളിച്ചറിയിക്കുന്നു. ഭൂമിയിൽ ഊന്നുന്ന പാദങ്ങറം അവറംക്കില്ല. അവളുടെ കണ്ണുകറം പരതുന്നതു് കരയുന്നവരേയും കഷ്ടപ്പെടുന്നവരേയും തേടിയാണ്. ദുഃഖിക്കുന്നവരോടുകൂടി ദുഃഖിക്കുവാനും സന്തോഷിക്കുന്നവരോടുകൂടി സന്തോഷിക്കുവാനും

---

4. 1 Cor. XIV-34.

www.malankaralibrary.com

എവിടെയും എത്താൻ അവൾക്കു ചിറകുകളുണ്ടു്. അവ എല്ലാ കുടുംബത്തിന്റെയും അംഗമാണു്, എന്നാൽ ഒരു കുടുംബത്തിന്റെയും അംഗമല്ലതാനും. മനുഷ്യാവതാരമെന്ന ദിവ്യവിരോധാഭാസത്തിന്റെ (divine Paradox) ഒരു ഭാഗമാണു് കന്യാസ്ത്രീ. പൌരോഹിത്യമൊഴിച്ചുള്ള എല്ലാ കൂദാശകൾക്കും വിശ്വാസികളെ ഒരുക്കുന്ന അപ്പസ്തോലിക ധർമ്മമാണു് അവളുടേതു്. സഭാഭരണത്തിന്റെ ഭൗതികച്ചട്ടക്കൂട്ടിൽ കുടുങ്ങിപ്പോയ ക്രിസ്തുവിന്റെ മനുഷ്യസ്നേഹത്തെ ഈ യുഗത്തിന്റെ ചക്രവാളത്തിൽ പ്രകാശിപ്പിച്ചതു് ലോകാരാധ്യയും പാവങ്ങളുടെ അമ്മയെന്നറിയപ്പെടുന്നവളും ആയ മദർ തെരേസാ എന്ന കന്യാസ്ത്രീയാണു്. ക്രിസ്തുവിന്റെ മനുഷ്യസ്നേഹമാണല്ലോ നമ്മുടെ വിശ്വാസത്തിന്റെ കാതൽ. അതു് ജനകോടികളെ ബോധ്യപ്പെടുത്താൻ നമ്മുടെ ആദ്ധ്യാത്മികനേതാക്കന്മാരെക്കാൾ കൂടുതൽ സാധിച്ചിട്ടുള്ളതു് മുഖത്തു് വാർദ്ധക്യത്തിന്റെ തെളിഞ്ഞ ചാലുകൾ വീണ ഈ കൃശാംഗിക്കാണു്.

ആമുഖത്തിലൊരാമുഖമായി ഇത്രയും എഴുതിയതു് ഒരു ചോദ്യം ചോദിക്കുവാനാണു്. അതായതു് നമ്മുടെ സഭയിലും സമുദായത്തിലും നാം കന്യാസ്ത്രീമാർക്കു് അനുവദിച്ചിട്ടുള്ള സ്ഥാനമെന്താണു്? നിശ്ശബ്ദപ്രാണികളുടേതോ? സർവ്വപ്രധാനമായ ആദ്ധ്യാത്മിക കർമ്മങ്ങൾക്കും മററും ഒരു വൈദികന്റെ സന്മനസ്സിനേയും കാരുണ്യബുദ്ധിയേയും ആശ്രയിക്കണമെന്നുള്ളതാണു് അവരുടെ ഒന്നാമത്തെ പാരതന്ത്ര്യം. എത്രതന്നെ മുണ്ടുമുറുക്കി ഉടുത്താലും (സ്ത്രീകൾക്കു് അതിനു് അപാരമായ ജന്മസിദ്ധിയുണ്ടല്ലോ), മഠത്തിലെ വരവും ചെലവും സംയോജിപ്പിച്ചു കൊണ്ടുപോകാൻ സാധിക്കാത്തതാണു് മറെറാന്നു്. വിദ്യാഭ്യാസരംഗം സ്വാഭാവികമായും അവരുടേതാണു്, ജാതിമതഭേദമെന്യേ മാതാപിതാക്കളെല്ലാം കോൺവെൻറു സ്കൂളുകളിൽ തങ്ങളുടെ കുട്ടികളെ ചേർക്കാൻ ആകാംക്ഷയോടും ആവേശത്തോടും പരിശ്രമിക്കുന്നതെന്തിനു്? ഇൻഡ്യയിലെ പ്രമുഖപത്രങ്ങളിൽ വധുവിനുവേണ്ടിയുള്ള നാനാജാതിമതസ്ഥരുടെ വിവാഹപ്പരസ്യങ്ങളിൽ "Convent-educated girl" എന്നു് എടുത്തുപറയുന്നതെന്തിനു്? സ്വഭാവത്തിലും സംസ്കാരത്തിലും അതുല്യമായ പരിശീലനം നല്കാൻ കന്യാസ്ത്രീമാർക്കു സാധിക്കുമെന്നാണതിന്റെ അർത്ഥം. എന്നാൽ ഉദരംഭരികളായ നമ്മുടെ ചില കിലുക്കാംപെട്ടിനേതാക്കന്മാർ ആക്രോശിക്കുന്നു, കന്യാസ്ത്രീമാർ വിദ്യാലയങ്ങൾ വിട്ടുപോകണമെന്നു്,

www.malankaralibrary.com

അഥവാ അവരുടെ സംഖ്യ നിയന്ത്രിക്കണമെന്നു്. അതു് സമുദായദ്രോഹം മാത്രമല്ല രാജ്യദ്രോഹംകൂടിയാണു്. ചരിത്രത്തിൽ സഭയുടെ നെടുംതൂണുകളെന്നു പറയപ്പെടുന്നവരുണ്ടു്. ക്രിസ്തു നല്കിയ പ്രാർത്ഥനയുടേയും തപസ്സിന്റെയും ത്യാഗത്തിന്റെയും ചൈതന്യത്തെ തങ്ങളിൽത്തന്നെ മൂർത്തഭാവമാക്കി സമൂഹത്തിന്റെ ഓരോ അംഗത്തിനും പകർന്നുകൊടുക്കുന്ന സന്യസ്തരാണു് സഭയുടെ സാക്ഷാൽ നെടുംതൂണുകൾ. മാർപ്പാപ്പായുടെ കത്തീഡ്രലായ ലാററിൻ ബസിലിക്കാ മറിഞ്ഞുവീഴാൻ തുടങ്ങുമ്പോൾ അതിനെ താങ്ങി നേരേ നിർത്തുന്ന ഒരാളുടെ പ്രതിമ ആ ബസിലിക്കായുടെ മുമ്പിലുണ്ടു്—വി. ഫ്രാൻസീസ് അസ്സീസ്സി.

## പ്രകാശവീചികൾ

i) കേരളസഭ—മിഷ്യനറിമാരുടെ വിളനിലം

ഇന്നു്, ഇന്ത്യയുടെ ഏതുഭാഗത്തു ചെന്നാലും, മഠങ്ങളിലാകട്ടെ ആശ്രമങ്ങളിലാകട്ടെ, മുഴവനല്ലെങ്കിൽ മഹാഭൂരിപക്ഷം അംഗങ്ങളും മാർത്തോമ്മാശ്ലീഹായുടെ മക്കൾതന്നെ. ഒരു കാലത്തു്, ഒരുപക്ഷേ ഇപ്പോഴും, കത്തോലിക്കാസഭയ്ക്കു് ഏററവും കൂടുതൽ കന്യാസ്ത്രീമാരേയും വൈദികരേയും സഹോദരന്മാരേയും നല്കുന്നതു് പാലാ രൂപതയാണു്. രണ്ടാമത്തെ സ്ഥാനം കോതമംഗലത്തിനായിരിക്കാം. തൊടുപുഴയിൽ എട്ടു പുത്രിമാരുള്ള ധനാഢ്യനായ ഒരു സ്നേഹിതൻ എനിക്കുണ്ടു്. ആ എട്ടു പുത്രിമാരും ഇപ്പോൾ വിവിധ സഭകളിലെ കന്യാസ്ത്രീമാരാണു്.

എറണാകുളം ലിസ്യൂ ഹോസ്പിററൽ ചാപ്പൽ, 1985 ഫെബ്രുവരി 5-ാം നു- രാത്രി ഒൻപതു മണിക്കു്, വിശ്വാസദാർഢ്യത്തിന്റെയും പ്രേഷിതചൈതന്യത്തിന്റെയും തരംഗങ്ങൾ ഉയന്ന ഒരു സംഭവത്തിനു സാക്ഷിയായിരുന്നു. ആറു വൈദികരേയും അഞ്ചു കന്യാസ്ത്രീമാരേയും സഭയ്ക്കു നല്കിയ സൗഭാഗ്യശാലികളായ ദമ്പതിമാരുടെ വിവാഹകനകജൂബിലിയോടനുബന്ധിച്ചുള്ള കുർബ്ബാനയാണു് അവിടെ നടന്നതു്. യൗവനത്തികവിൽ പോളിയോ ബാധിച്ചു് ശ്വാസോച്ഛ്വാസംപോലും ചെയ്യാനാവാത്ത മകനേയും അവർ ബലിപീഠത്തിനടുത്തുകിടത്തിയിരുന്നു. കുരിശും കിരീടവും, അഥവാ ദുഃഖവെള്ളിയാഴ്ചയും ഉയിർപ്പു ഞായറാഴ്ചയും പരസ്പരം ആശ്ലേഷിച്ചുനില്ക്കുന്ന ഹൃദയസ്പർശിയായ കാഴ്ചയാണു് അവിടെ

www.malankaralibrary.com

കണ്ടതു്. വികാരാധീനതയാൽ കണ്ണുകൾ നിറയാത്തവരായി അപ്പോൾ ആരും ആ ചാപ്പലിൽ ഉണ്ടായിരുന്നില്ല.

എന്നാൽ ഇപ്പോൾ കാററു് മാറിവീശുകയാണു്. ശുപതാ വൈദികരിൽ മാത്രമല്ല, മഠങ്ങളിലും ആശ്രമങ്ങളിലും അംഗങ്ങളാകുവാൻ ആഗ്രഹിക്കുന്നവരുടെ സംഖ്യ കുറഞ്ഞുവരുന്നു. ഇതിനു് പല കാരണങ്ങളുമുണ്ടു്: "ഒന്നോ രണ്ടോ മതി" എന്ന ഗവൺമെൻറുനയം; ജീവിതച്ചെലവിന്റെ ദുസ്സഹമായ വദ്ധനവു്; കുട്ടികൾ കൂടിയാൽ തങ്ങളുടെ സുഖസൗകര്യങ്ങൾ കുറയുമെന്നുള്ള ദമ്പതിമാരുടെ സ്വാത്ഥചിന്ത; സന്യാസജീവിതത്തിനെന്നല്ല സാധാരണ ആദ്ധ്യാത്മികജീവിതത്തിനുപോലും പ്രേരണയും പ്രചോദനവും നല്കുന്ന മാതൃകാവൈദികരുടെ കുറവു് അഥവാ അഭാവം; ശുപതയുടേയും ഇടവകകളുടേയും ഭരണതലങ്ങളിൽ വിളയാടുന്നതെന്നാരോപിക്കപ്പെടുന്ന അനീതിയും അസത്യവും; കാലഹരണപ്പെട്ട ഫ്യൂഡലിസ്ററു സ്വേച്ഛാധിപത്യവും സുഖസൗകര്യമോഹങ്ങളും കെട്ടിപ്പൊക്കിക്കൊണ്ടുള്ള എഴുന്നള്ളത്തു്; മാംസവും രക്തവും ഇല്ലാത്ത സക്കാരേർപ്പാടുപോലുള്ള അരമനനടപടികളും സാമാന്യമര്യാദ (etiquette) തൊട്ടുതേച്ചിട്ടില്ലാത്ത, "അരമനത്തമ്പുരാക്കന്മാരെ"ന്നറിയപ്പെടുന്ന ഒരുപററം അന്തേവാസികളുടെ ഗർവ്വും അഹന്തയും നിറഞ്ഞ പെരുമാററവും; രാഷ്ട്രീയരംഗത്തിന്റെ പ്രലോഭനങ്ങൾ: ഇങ്ങനെ പലതും. കേരളസഭയെ അഭിമുഖീകരിക്കുന്ന ഗുരുതരമായ പ്രശ്നങ്ങളാണിവ.

സഭാദ്ധ്യക്ഷന്മാരുടേയും സമുദായനേതാക്കന്മാരുടേയും ശ്രദ്ധയിൽ വന്നിട്ടില്ലാത്ത ഗൗരവമേറിയ മറെറാരു പ്രശ്നം നമ്മുടെ സ്ത്രീധനയേർപ്പാടാണു്. സ്ത്രീധനം ഭയപ്പെട്ടു് പ്രഗത്ഭരും ബുദ്ധിശാലികളും കുലീനരും ആയ നമ്മുടെ യുവതികൾ നമ്മുടെ സഭയും സമുദായവും ഉപേക്ഷിച്ചു് ഇതരമതസ്ഥരായ യുവാക്കന്മാരെ വിവാഹം കഴിക്കുക ഇപ്പോൾ അത്ര അപൂവ്വമല്ലാതായിത്തീർന്നിട്ടുണ്ടു്. സ്വന്തം ആടുകളുടെ ആലകൾ കാക്കുന്ന ഇടയന്മാർ എവിടെ? സാഹചര്യങ്ങളുടെ സമ്മർദ്ദം കൊണ്ടു് വഴിതെററിപ്പോകുന്ന ഈ യുവതികളുടെ പട്ടിക ഏതെങ്കിലും ഇടവകയിൽ സൂക്ഷിക്കുന്നുണ്ടോ?

ii) കേരളസഭാംഗങ്ങളുടെ സാമ്പത്തികശേഷി

ഇൻഡ്യാ ഒരു ദരിദ്രരാജ്യമാണു്, മിഷൻ ദേശമാണു്, പട്ടിണി കിടന്നു് മരിക്കുന്നവർ അസംഖ്യമാണു്, എന്നൊ

www.malankaralibrary.com

ക്കെയുള്ള ധാരണ യൂറോപ്പിലും അമേരിക്കയിലും പ്രചുരപ്രചാരത്തിലുണ്ട്. അതിന്റെ കാരണം അർദ്ധസത്യങ്ങളും അതിശയോക്തികളും അസത്യങ്ങളും തന്നെയും ഉൾപ്പെടുത്തി ശരവർഷം പോലെ ആ നാടുകളിൽ ചെന്നിട്ടുള്ള യാചനകളാണ്. വികസിച്ചുവരുന്ന സഭകൾക്ക് ദേശീയ സഹായസംഭരണംകൊണ്ട് മതിയാകുകയില്ലെന്നുള്ളതും ശരിയാണ്. അപ്പോൾ വിദേശസഹായം കൂടിയേ തീരുവെന്നുള്ളതും സമ്മതിക്കാം. വിദേശസഹായം തേടൽ വളരെ സാങ്കേതികജ്ഞാനം ആവശ്യമുള്ള ഒരു കാര്യമാണ്. കറവപശുക്കളെ കണ്ടുപിടിച്ചാൽ മാത്രം പോരാ, വിജയകരമായി കറക്കുവാനുള്ള ടെക്നിക്കും മനസ്സിലാക്കിയിരിക്കണം.

ഇവിടെ രണ്ടു ചോദ്യങ്ങളാണുദിക്കുന്നത്. 1) നമ്മുടെ ജനങ്ങളുടെ സാമ്പത്തികശേഷിയെ പരമാവധി നാം പ്രയോജനപ്പെടുത്തുന്നുണ്ടോ? 2) നമ്മുടെ പണമായാലും ശരി, വിദേശസഹായമായാലും ശരി, നാം അവയെ നിർദ്ദിഷ്ടകാര്യങ്ങൾക്ക് നീതിബോധത്തോടും കാര്യക്ഷമതയോടും ആണോ ഉപയോഗിക്കുന്നത്? ഇവയെപ്പററി നമ്മുടെ ആളുകൾക്കുള്ള ധാരണയാണ് നിലവിലുള്ള വൈദികവിദ്വേഷത്തിന്റെ ഭാഗികമായ കാരണം. ഇതിന്റെ മറുമരുന്നാണ് വളരെ നൂററാണ്ടുകളായി കേരളസഭാഭരണത്തിലുള്ള അല്മേനികളുടെ ഭാഗഭാഗിത്വം അഥവാ ട്രസ്റ്റിഭരണം,

ഭാഗഭാഗിത്വം ഇരുപത്തഞ്ചുലക്ഷം അംഗങ്ങളുള്ള—ചോദ്യ്കൾ—വർദ്ധിച്ചുവരുന്നുണ്ടെങ്കിലും – കേരളത്തിലെ സീറോ-മലബാർ സഭ ആളൊന്നുക്ക് ഒരു രൂപാ വീതം സംഭരിച്ചാൽ എത്ര രൂപായാകും? പൊതുവേ പറഞ്ഞാൽ സാമ്പത്തികമായി വളരെ മെച്ചപ്പെട്ട സമുദായമാണ് നമ്മുടേത്. തീരെ കഴിവില്ലാത്തവർക്കുവേണ്ടി കൊടുക്കാൻ കഴിവുള്ള വളരെ ധനാഢ്യന്മാർ നമ്മുടെ ഇടയിലുണ്ട്. അല്മായരെ അവഗണിച്ചുള്ള ലത്തീൻ മോഡൽ ഭരണം നടത്തുന്നവർക്ക് എങ്ങനെ അല്മായരുടെ നന്മനസ്സും സഹായസഹകരണങ്ങളും സമ്പാദിക്കുവാൻ കഴിയും? പഴയ ഫ്യൂഡലിസത്തിന്റെ അധികാരാഡംബരങ്ങളുടെയും ഉദാരമായ വിദേശസഹായത്തിന്റെയും മാംസളഭാഗങ്ങൾ രുചിച്ചാസ്വദിച്ച് മതിമറന്നിരിക്കുന്ന നാം തപസ്സിന്റെയും പ്രാർത്ഥനയുടേയും പുതിയ യുഗത്തിലേയ്ക്കും ചക്രവാളത്തിലേയ്ക്കും പ്രവേശിക്കേണ്ടിയിരിക്കുന്നു. ത്യാഗപൂർവ്വമായ സേവനംകൊണ്ട് പ്രേരണയും പ്രചോദനവും നല്കാൻ നമുക്കു

www.malankaralibrary.com

നേതാക്കന്മാരില്ല – നേതാക്കന്മാരെന്നു സ്വയം ഭാവിക്കുന്നവർ പലരുണ്ടെങ്കിലും. മുഖക്കണ്ണാടിയിൽ സ്വന്തം മുഖം കണ്ടു് ആത്മസംതൃപ്തി അടയുന്നവർക്കു് മററു മുഖങ്ങളെപ്പററി വല്ലതും അറിയാമായിരിക്കുമോ?

## സ്വാതന്ത്ര്യത്തിൻെറ വില – നിതാന്തജാഗ്രത

രണ്ടായിരം കൊല്ലത്തെ ദീർഘചരിത്രമുള്ള കേരളസഭ നാനാവിധ സാഹചര്യങ്ങളിലും അഗ്നിപരീക്ഷണങ്ങളിലും കൂടിയാണു് ഇന്നത്തെ നിലയിൽ എത്തിയിട്ടുള്ളതു്. അതിനു് അകത്തും പുറത്തും ഇപ്പോഴും ധാരാളം ശത്രുക്കളുണ്ടു്. സാമ്രാജ്യമോഹികൾ അതിനെ നിമ്മാജ്ജനം ചെയ്യുവാൻ ശ്രമിക്കുന്നുണ്ടു്, സ്വാത്മമതികൾ അതിനെ ശത്രുക്കൾക്കു് ഒററിക്കൊടുക്കുവാനും. ശക്തിയും, ധൈര്യവും ആർജ്ജിക്കത്തക്ക പാരമ്പര്യമാണു് നമുക്കുള്ളതു്. അതെന്താണെന്നു് നാം അറിയുകയും പഠിക്കുകയും ഉൾക്കൊള്ളുകയും വേണം. നമ്മുടെ സഭയുടെ എല്ലാ ഘടകങ്ങളും – മെത്രാന്മാരും വൈദികരും സന്ന്യാസിനിസന്ന്യാസിമാരും ജനങ്ങളും–ഒററക്കെട്ടായി നിന്നു് നമ്മുടെ അപ്പസ്തോലികസഭയുടെ സംരക്ഷണത്തിനും പുരോഗതിക്കും വേണ്ടി ത്യാഗപൂർവ്വം പ്രവർത്തിക്കുവാൻ തയ്യാറാകുന്നില്ലെങ്കിൽ ഏഷ്യയിലെ ഇതര മാർത്തോമ്മാസഭകൾക്കു സംഭവിച്ച വിപത്തുതന്നെ ആയിരിക്കും നമ്മെയും അഭിമുഖീകരിക്കുക. കാരുണ്യമൂർത്തിയായ ദൈവം അതിനു് ഇടയാക്കാതിരിക്കട്ടെ. നമ്മുടെ പിതാവായ മാർത്തോമ്മാശ്ലീഹാ നമ്മെ അതിനു സഹായിക്കട്ടെ.

www.malankaralibrary.com

# BIBLIOGRAPHY

## Vol. I & II


Achuthan Pillai P. S., Law of Evidence, 1975

Adncy W. F., The Greek and Eastern Churches, 1908

Afuan M. Robin, The Great prophets, 1960

Agur C. M., Church History of Travancore

Anantha Krishna Aiyer, Lectures in Ethnology, 1925

Ananthakrishna Aiyyar, Anthropology of St. Thomas Christians, 1926

Apte V. M., Gribiya Sutras, 1939

Arokkiaswamy M., Classical Age of Tamils, 1967

Attiya A. S., Eastern Christianity, 1968

Attwater Donald, Dissident Eastern Churches

Attwater. D., Eastern Liturgies, 1960

അമ്പഴക്കാട്ടു ആശ്രമം ശതാബ്ദിസ്മാരകം, 1965

Baum G., The Constitution of the Church, 1968

Banerjee C, India as known to the Ancient World, 1921

Bhandarkar R. G. Sir, Colleeted Works Vol. IV, 1929

Belloc Hillaire, The Great Heresies

Bernard J. B., Dictionary of the Bible Vol. IV

Bernard of St. Thomas (Fr) Vol. II

Bethmann W. E., Bridge to Islam, 1950

Bristow R., Cochin Saga, 1959

Bruce Henry, Letters from Malabar and on the way, 1909

Brourigg Ronald, The Twelve Apostles, 1974

Brown L. W., the Indian Christians of St. Thomas, 1956

Buchanan C., Journey through Mysore, Madras, Canara Malabar, 1805

Budhacharitham, Sacrcd Books of thc East Vol. XIX

Buchanan C., Christian Researches in Asia, 1812

Bultmann Rudolf, History and Eschatalogy, 1957

The lost Books of the Bible, 1949

Boxer C. R., Portugal sea-borne Empire, 1969


www.malankaralibrary.com

ഭാരതസഭ ഇന്ന്, കതിരൊളി 1980
Cameron M., Images of Authority, 1966
Carter C. O., Human Heredity, 1963
Catholic Encyclopedia, Vol. IV, 1967
Catholic Register, Octob. I, 1915
Census of India, 1970, Vol. VII
Chacko I. C., Records of the Department of Geology, 1921
Chadwick Henry, History of the Church, Vol. I, 1967
Chatterjee S. K., History and culture of Indian People Vol. I
Choudhiri, H. R., Materials for the Study of the Early History of Vaishnava Sect, 1975
Cherian P., Malabar Christians and the C. M. S., 1935
Coldwell, Dravidian Comparative grammar, 1956
Cochin State Manual
Coleridge H. J., Life and Letters of St. Francis Xavier, 1872
Collins Robert, Christianity in the East, 1808
Corvino Monte-Letters-Qtd. by A. M. Rovebp, 1956
Cosmos Indicopleustes, Christian Topography, 1897
Cowell E. B., Jathakas Vol. I, 1985
Curzon G. N., Persia and the Persian Question
Cultural Heritage of India, Ramakrishna Centenary, Vol. I
ചൂളപ്പറമ്പിൽ ബിഷപ്പ്, തീർത്ഥയാത്ര, 1933
Dalmais I. H., Eastern Liturgies, 1960
Das Bhuvana, Ancient Idndia, Vol. II
Dawson C., The Mongol Mission, 1955
Dawson C., The Making of Europe, 1962
Day Francis, Land of Perumals, 1863
D'Costa Antony, The Christians of Goa Island, 1965
D'Orsey, Portuguese Discoveries and Dependencies, 1893
Dictionary of Islam
Dikshlthar R., Origin and the Spread of Tamil, 1947
Documents of the Christian Church, Chalcedon
D'Souza H., In the steps of St. Thomas, 1952
Dunne G. H., The Contribution of Chinese Culture towards the Future of Christianity
Duschene L., Churches Seperated from Rome, 1907
Dutt R. C., Budhism and Budhist Civilisation, 1983

www.malankaralibrary.com

Easil Emel, Mecca the Blessed, Medina the Radiant, 1963
Elamkulam Kunjan Pillai, Studies in Kerala History, 1970
Encyclopaedia Brittanica Vol. VIII, 1974
Esslemont J. E., Bahai-Ulla and the New Era, 1971
Farquahar, J. N., The Apostle Thomas in S. India, 1972
Ferroli, D., Jeruits in Malabar Vol. I & II
Filson V. Floid, Commentary of the Gospel according to St. Mathew, 1960
Fleet J. F., JRAS, 1905
Foster John, Begining from Jerusalem, 1956
Francke A. H., Indian Antiquary, 1903
Gale W. B., Philosophy and Historical understanding, 1964
Garbe Richard, India and Christendom, 1959
Carter C. O., Human Heredity, 1963
George V. C. നിധീരിക്കൽ മാണിക്കത്തനാർ, 1950
Giamil S., Genuinae Relations, 1902
Gibbons Margaret, Mar Ivanios, 1962
Gillie O., who do you think you are, 1976
Golden Jubilee Souvenir of Bethany Sisters
Glubb J. B., Times of Mohammed, 1971
Greenlade S. L., Schism in the Early Church, 1953
Griffiths Bede, Christian Asram, 1946
Gundert H., കേരളപഴമ, 1868
Gurtarson Carl G, Preface to History, 1955
Herder J. G., Theories of History
Hitti Philip K., Islam and the west, 1962
Hosten, Antiquities of San Thome and Mylapore, 1956
Hosten, Kerala Society Papers, Series-3
Hough James, History of Christianity in India, 1859
Huc M. L. Abbe, Christianity in China Tartary and Tibet Vol. I, 1857
Hussain Athar, Prophet Mohammed and his Nation, 1967
ഇടമറുക്, കേരളസംസ്കാരം
Indian Antiquary, 1903
ഇഞ്ചക്കലോടി തോമസ്, മാർ ഇവാനിയോസ്, Vol I & II
Iqbal Sheik M, The Mission of Islam, 1977
Jackson F. J. Foakes, History of Christian Church, 1942

www.malankaralibrary.com

Jackson William, The Prophet of Ancient Iran, 1965
Jellard T. G., Origin and Evoluation of the Christian Church, 1948
Jones Veronica, Egyptian Mythology, 1968
Joseph M. O. തച്ചിൽ മാത്തുത്തരകൻ
Joseph T. K. Journal of Indian History-1950
,, Ports and Marts of Malabar
,, Six St. Thomases of S. India - 1955
Kanakasabha Pillai, Tamils 1800 years ago,
Kennady I, JRAS 1917
Kleitus J. A., Didache, 1948
Kleahy W. & Massimin M. F., Speeches of Vatican II, 1966
കോട്ടയം നഗരസഭാ സുവനീർ, 1971
Kollaparampil J., Archdeacon of all India, 1971
Krishnaswamy, Ayiangar K., Evolution of Hindu Administrative Institutions in S. India, 1931
Krishnaswamy Aiyngar S., Contributions of S. India to Indian Culture, 1923
Krishna Aiyer K. V., Ancient History of Kerala
Kurup K.K.N., Aspects of Kerala History and Culture, 1977
കുറുപ്പംവീട്ടിൽ ഗോപാലപിള്ള, കേരളമഹാചരിത്രം Vol. II
Latourette K. S., History of the Expansion of Christanity 1947
Latourette K. S., Chinese their History and Culture, 1945
Legge James, Christianity in China, 1888
Leopold (Br.), കേരളത്തിലെ ലത്തീൻക്രിസ്ത്യാനികൾ, 1938
Leroy Jules, Monks and Monasteries of the near East, 1963
Li Dan J., Ageless Chinese - 1965
Ling Trover, World History of Religions, East and West, 1961
Logan W., Malabar Mannual Vol. I, 1951
Mackenzie, Travancore State Mannual, 1906
Majeed Syed Abdul, A brief History of Persia
മാർ ദിവന്നാസിയോസ്, മതോപദേശസാരങ്ങൾ
Monle A. C., Christians in China before A. D. 1550, 1930
Mathew C. P. & Thomas A. M., Indian Churches of St. Thomas



www.malankaralibrary.com

Marwick Arthur, Nature of History, 1968
Maulavi C. N. Ahmed, പരിശുദ്ധ ഖുറാൻ, 1962
,, ,, മുഹമ്മദ് നിബിയും പ്രായോഗിക ജീവിതവും, 1969
Malankara Balan–March–April, Balan 1983
Marshall John, A guide of Taxila, 1918
Mateer S., Land of Charity, 1871
മദ്ധ്യസ്ഥൻ മാസിക, ഏപ്രിൽ 1973
മാത്യു കണിപ്പള്ളിൽ (Fr) കേരള അസ്സീസ്സി, 1959
Max Muller, Last Essays, 1901
Medlycott A. E., India and the Apostle Thomas, 1905
Milne–Rae, The Syrian Church in India, 1982
Mingana, Early spread of Christianity, J. R. L. Bulletin 1926
Misheim Von, Historia Ecclesiae
മിഷൻസ്മരണകം–ഫാ. ഗ്രിഗരി C. M. I.
Metha Cyril, Archbishop Benziger, 1983
Monier Williams M., Hinduism, 1950
Moraes G. M., History of Christianity in India, 1964
Mukherjee, JRAS, 1928
Mukherjee R. K., Indian shipping, 1921
മഹാദേവശാസ്ത്രി–കേരളചരിത്രം, 1939
Montague Ashley, Human Heredity, 1963
Muhammed Seid P. A., ചരിത്രകേരളം, 1957
Mundadan, മാർത്തോമ്മായുടെ കബറിടം
Mundadan, Traditions of St. Thomas Christians, 1970
Mythology of All Races, Vol. VI
Nagam Aiya, Travancore state Manual, 1906
Narayana Pillai C-, തിരുവിതാംകൂർ സ്വാതന്ത്ര്യസമരചരിത്രം
Neale John Mansu, History of the Holy Eastern Church, 1863
Neill T. P. & Schamand R. H., History of the Catholic Church; 1957
Neelakanta Sastri K. N., Development of Religion in S. India.
Neelakanta Sastri K.A., Sources of Indian History, 1964
Neelakanta Sastti K. A., History of South India
Nehru Jawharlal, Glimpses, of India, 1934
Neil Steaphen, History of Christian Missions, 1965

www.malankaralibrary.com

New Leader, 20*th* June 1970, Maserenhas H. O.
New Modern Encyclopedia
നീരാക്കൽ ഗ്രിഗരി (Fr.) C. M. I. യുടെ ചരിത്രസംക്ഷേപം
Nicholson, R. A., The Legacy of Islamic Mysticism, 1960
Nowell E Charles, History of Portugal
Ogilive I. N., The Apostles of India
Olcott H. S., The Spirit of Zorostrianism, 1913
പതിററിപ്പത്തു്, വിവ. വൈദ്യനാഥഅയ്യർ, 1961
Padmanabha Menon K. P., History of Kerala, Vol. III, 1933
Palmer P. Paul, Sacraments and worship - 1963
Panikker K. M., Survey of Indian History, 1947
Panikker Raymond, Unknown Christ in Hinduism, 1964
Panjikkaran J., The Syrian Church in Malabar
Panikkaserry V., കേരളംപെരുമാക്കന്മാരുടെ കാലത്തു്, 1963
പാലാക്കുന്നേൽ വല്യച്ചൻ, നാളാഗമം, 1972
Paremmakkel Thomas വത്തമാനപ്പുസ്തകം
പരമേശ്വരപിള്ള, രാജാകേശവദാസൻ
Parrinder Geoffrey, Jesus in the Quran, 1965
Parjitter F. E., Ancient Indian Historical Tradition, 1922
Fr. Paulin of Barthalomew, Voyage to East Indies, 1800
Pascal, The Latin and Syrian Churches of Malabar, 1937
പഴേപറമ്പിൽ തോമസ്സ്, സ്വപ്നഭൂമിയിൽ
Peelipose A. ആത്മകഥ
Sreenivasa Aiyangar, Tamil Studies, 1914
Sykes P. M., History of Persia, Vol. I
Sreenivasachari C. S., Indian Historical Quarterly, 1931
ശ്വേതാശ്വതരോപനിഷത്തു്
Sreedhara Menon A., Cannanore Gazetteer
Sreedhara Menon A. History of Kerala, 1967
Subrahmanya Ayer K. V., Ancient History of Conjeevaram, 1917
Sree Ramakrishna Centenary Memorial
Stewart John, The Church on Fire, 1961
Students of Church History - 1969
Subrahamanya Ayer, JRAS, 1922
Tapasloki Jerry, Methodology of History, 1976
Tennent J. E. Sir, Ceylon, 1860
Time magazine 30th Octob. 1978

www.malankaralibrary.com

Thomas P. J., Kerala Studies

Thomas N. A., One Territory One Bishop? 1971

Thompson David, The Aims of History, 1969

Thomas P., Christians and Christianity in India, 1954

Tobias V. P., I. Q. and the Nurture-Nature Controversy, 1977

Tisserant Cardinal, Eastern Christianity in India, 1957

Toynbee Arnold, Study of History, Vol. VII

Travancore Archaeological Series, Vol VI, Part II, 1927

Travancore State Manual 1906

,, ,, 1940

Trimingham J. S., Christianity among the Arabs in Pre-Islamic Times, 1979

Vallathol-ഋഗ്വേദസംഹിത, 1958

Varthema Ludovico, Travels, 1763

Vellanikkal Mathew, C. B. C. I. Report, 1974

രണ്ടാം വത്തിക്കാൻ കൗൺസിൽ, ധർമ്മാരാം കോളേജ്, 1968

Velu Pillai, Travancore State Manual 1940

Villavarayan J. M., Kottar Diocese Silver Jubilee Souvenir 1927.

Waddel L. A, Budhism in Tibet 1959

Walsh Joachim, Religious Experience, Christian & non-Christian, 1951

Warmington E. H., Commerce between the Roman Empire and India - 1929

Waterfield Robin E., Christians in Persia, 1973

Waterhouse W. John, Zorostrianism, 1934

Peelipose E. M. History of the Syrian Church in Malabar, 1907

Perumalil A. C., The Apostles in India, 1952

Permanent Deacons in U. S. A. Guidelines

Philipps W. R., Indian Antiquary, Vol. XXXII, 1930

Pillai K. K. ദക്ഷിണേന്ത്യൻ ചരിത്രം, 1960

പുത്തേഴത്തു രാമൻ മേനോൻ, ശക്തൻതമ്പുരാൻ

www.malankaralibrary.com

Podipara J. Placid, The Thomas Christians, 1970
Podipara Placid Syro-Malabar Hierarchy, 1976
Purchas Vol. II, X
Popper Karl J., Theories of History, 1960
Pyke Royston E., Muhammed
Pylee L. M., വരാപ്പുഴ അ. രൂ. മാർത്തോമ്മാക്രിസ്ത്യാനികം
പൌലൂസ് അപ്രേം റമ്പാൻ, ശീമക്കാരായ പിതാക്കന്മാർ, 1963
Radhakrishnan S., East and West in Religion, 1958
Radhakrishnan S., Indian Philosophy Vol. I
Raghavachariya B., History of Pre-Musalman India, Vol. I, 1929
Rahner R. C., Living Faith, 1959
Rangachari V., Pre-Historic India, 1929
Rawlinson H. G., Intercourse between India and the Western World, 1916
Ricci Mathew, Journals, 1953
Robinson Wheeler H., The Old Testament, 1961
Riencourt Amaury de, The Soul of India, 1960
Robinson, India and the Western World
Rombay A. M., Mission to Cathay, 1956
Sacred Books of the East, Vol. XIX
Salaville Pere, Eastern Liturgies, 1938
Sankunni Menon, തിരുവിതാംകൂർ ചരിത്രം, 1973
Sarkar D. C., Inscriptions of Asoka, 1957
സത്യദീപം - Aug. 1977
Scheinfeld Amram, The Basic Facts of Human Heredity, 1961
Schoff W. H., Periplus of the Erittrean Sea, 1912
Sen E., Pageant of India's History, Vol. I, 1949
Sesha Aiyer, K. G., Chera Kings of the Sanghom Period
Sharama Rao - Modern Mysore Vol. I, 1936
Singer Milton (Edltor), Krishna, Myths, Rites and Attitudes: 1966
Somasundaram S., History of Tamil Literature - 1968
സ്കറിയാ സ്കറിയാ രണ്ടു പ്രാചീന ഗദ്യകൃതികൾ, 1978
Watts Alan W., Myths and Ritual Christianity

www.malankaralibrary.com

Wheeler Mortimer, Rome beyond the Inperial Frontiers, 1955
Whitehouse Thomas, Lingerings of Light in a Darkland
Widgong Alban G., Meanings in History, 1967
William Harry, Ceylon, Pearl of the East, 1953
Wilson I., The Shroud of Turin, 1975
Young William G., Hand book of source Materials for
Yule Henry, The Book of Marco Polo Vol. II, 1903
Zaleski L. M., The Martyrs of India - 1913

www.malankaralibrary.com